അപ്പം കൊണ്ടു മാത്രമല്ല

വേദപുസ്തക ഉപദേശങ്ങൾ പഠിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള രൂപരേഖ

അതിന്നു അവൻ : "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ
വായിൽകൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു"
എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു.
(മത്തായി. 4:4)

ഡോക്ടർ സ്റ്റീവെൻ വാട്ടർഹൗസ്

Th. M., D.Min.

Other Bookd By Steven Waterhouse

Strength For His People, A Ministry
For the Families of the Mentally Ill

The Sancity of Life

Blessed Assurance: A Defence of the Docterine of Eternal Security

What Must I Do To Be Saved?
The Bible's Definition of Saving Faith

Life's Tough Questions

Holy Matrimony: The Image of God in the Family

For additional unpublished research and theological study questions for Not By Bread Alone, see www.webtheology.com

ഗ്രന്ഥകർത്താവിനെക്കുറിച്ച്

Dr. സ്റ്റീവൻ വാട്ടർഹൗസ് 1985 മുതൽ ടെക്സാസിലെ അമറില്ലോയിലുള്ള വെസ്റ്റ്ക്ലിഫ് ബൈബിൾ ചർച്ചിന്റെ ശുശ്രൂഷകനായി സേവനം അനുഷ്ഠിക്കുന്നു. അദ്ദേഹം ഡാളസ് തിയോളജിക്കൽ സെമിനാരിയിൽ നിന്നു D. Min. ക്യാപ്പിറ്റൽ ബൈബിൾ സെമിനാരി ലാൻഹാമിൽ നിന്നു M.D ഉം (എബ്രായ ഗ്രീക്ക് ഭാഷകളിൽ Th.M); മിച്ചിഗണിലുള്ള സ്പ്രിങ് ആർബർ യൂണിവേഴ്സിറ്റിയിൽ നിന്ന്(B.A., Social Science) ഗ്രാൻഡ് റാപ്പിഡ്സിലുള്ള കോർണർ സ്റ്റോൺ യൂണിവേഴ്സിറ്റിയിൽ നിന്ന് MI ഡിഗ്രികളും സമ്പാദിച്ചിട്ടുണ്ട്.

Dr. സ്റ്റീവൻ വാട്ടർഹൗസിനും ഭാര്യ മർലിനും മൂന്ന് മക്കളാണുള്ളത്; കാൾട്ടൺ, നാഥാൻ, റെയ്ച്ചൽ.

ഈ പുസ്തകത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്:
http://www.webtheology.com

ഈ പുസ്തകത്തെക്കുറിച്ച് കൂടുതൽ അറിയുവാൻ
താത്പര്യമുള്ളവർ ചുവടെ കൊടുത്തിരിക്കുന്ന വിലാസത്തിൽ
ഞങ്ങളുമായി ബന്ധപ്പെട്ടാലും :

Christian Mission Society
Post Box No. 230
Kottayam - 686 001
Kerala; India
Cell: 09447289458
E - mail: villagevoice2010@gmail.com

ആമുഖം

ദൈവത്തിനു മാത്രമേ പൂർണ്ണതയുള്ള ഒരു പുസ്തകം എഴുതുവാൻ സാധിക്കയുള്ളു. ഞാൻ പഠിപ്പിക്കുന്നത് ദൈവീക സത്യത്തിന്റെ അടിസ്ഥാനം അതായതു ക്രൂശിന്റെ ദൈവശാസ്ത്രം മാത്രമേ നമുക്ക് മനസ്സിലാക്കുവാൻ കഴിയൂ എന്നായിരുന്ന ലൂഥർ വിശ്വസിച്ചിരുന്നത്. എന്നാൽ കാൽവിൻ ശ്രമിച്ചത് ഒരു ക്രമാനുഗതമായ വേദശാസ്ത്രം പൂർത്തീകരിക്കുവാനാ യിരുന്നു എന്നുമാണ്. രണ്ടു പേരും ശരിയായിരുന്നു. ഒരു പൂർണ്ണമായ വേദശാസ്ത്രം എന്നതു അസ്സാദ്ധ്യമാണ് എന്നിരുന്നാലും ദൈവവചനത്തിൽ ഏറ്റവും കൃത്യമായ ഉപദേശം അടങ്ങിയിട്ടുണ്ട്.

നമ്മുടെ ഏറ്റവും നല്ല പ്രയത്നങ്ങൾ "ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു" (1 കൊരി. 13:12) എന്നെഴുതിയിരിക്കുന്നതിന് തുല്യമാണ്. വീഴ്ച ഭവിച്ച മനസ്സുകളും പരിമിതികളുള്ള ജീവിതവും ഉള്ളവരായ നമുക്ക് തിരുവെഴുത്തിലെ എല്ലാ ഉപദേശങ്ങളെയും മനസ്സിലാക്കുവാനോ വക തിരിക്കുവാനോ കഴിയുന്നതല്ല. "ഭോഷനു തന്റെ വഴി ചൊവ്വായി തോന്നുന്നു"(സദൃ. 12:15) എന്നാണ് സദൃശ്യവാക്യം തരുന്ന മുന്നറിയിപ്പ്. വികാരധ്വനി ഉളവാക്കുവാൻ പ്രസിദ്ധീകരണങ്ങൾക്ക് കഴികയില്ലന്നതു പോലെ ഈ ഉപദേശി ഗ്രന്ഥത്തിന്റെ എഴുത്തുകാരനും ഈ കുറവുകൾ ഉള്ളതാണെന്ന് തെളിയിച്ചു പറയുന്നുണ്ട്. അതുപോലെ വായനക്കാരായ കൂട്ടു വിശ്വാസികൾ പുരുഷനും സ്ത്രീയും ഇതു എല്ലാ പ്രകാരത്തിലും അങ്ങനെ ഒന്നാണെന്ന് ചിന്തിക്കരുത്. യഥാർത്ഥത്തിൽ ആഴമേറിയ തിരുവചനപഠനവും അന്വേഷണവും (ഗവേഷണം) തന്നെപ്പോലെ സത്യാ ന്വേഷണം നടത്തിയവരും ഉപദേശ സത്യങ്ങളോടു യോജിക്കുവാൻ കഴിയാത്തവരോടും സഹതാപവും സ്നേഹവും കാണിക്കുവാനാണ് സഹായിച്ചിട്ടുള്ളത്. ദൈവീക സത്യ ങ്ങളുടെ ഈ കണ്ടെത്തൽ മറ്റുള്ളവരുടെ പരിശ്രമങ്ങൾക്ക് മേൽ സമ്മർദ്ദം ചെലുത്തി അവരെക്കൊണ്ടിതു അംഗീകരിപ്പിക്കുന്നതിനായിട്ടല്ല. നമ്മുടെ പാപങ്ങളുടെ പരിഹാരത്തി നായി മരിച്ചടക്കപ്പെടുകയും, മരിച്ചവരുടെ ഇടയിൽ നിന്ന് വീണ്ടും ഉയിർത്തെഴുന്നേൽക്കു കയും ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവിൽ നമ്മൾ വിശ്വസിക്കുന്നു എങ്കിൽ രക്ഷയേയും കൂട്ടായ്മയേയും മനസ്സിലാക്കുവാനുള്ള ഉപദേശങ്ങളുമായി യോജിക്കുവാൻ പ്രയാസമുണ്ടാകയില്ല.

എന്നിട്ടും ദൈവം നമ്മെ ഓർമ്മെപ്പെടുത്തുന്നത് നാം പൂർണ്ണഹൃദയത്തോടെ അവനെ അന്വേഷിക്കണം എന്നാണ്(യിരെ. 29:13). അവൻ നമ്മോട് കൽപ്പിക്കുന്നത് രാവും പകലും അവന്റെ വചനം നാം ധ്യാനിക്കണമെന്നാണ്(യോശുവാ. 1:8). പൗലോസ് തിമോഥേയോസിനോടു പറഞ്ഞതു അവൻ പൂർണ്ണമായി തിരുവെഴുത്തിൽ ശ്രദ്ധാലു ആയിരിക്കണം (1 തിമൊ. 4:13; 15-16). ദൈവവചനം നമുക്ക് ജീവന്റെ അപ്പം ആകുന്നു(മത്തായി 4:4). തിരുവെഴുത്തിനെ ദൈവവചനമായി വാസ്തവമായി നാം വിശ്വസിക്കുന്നുവെങ്കിൽ അതിലെ ഏറ്റവും ചെറുതായ വിവരണം പോലും നമ്മിൽ ആവേശം ഉളവാക്കും. ബൈബിളിനെ സമ്പൂർണ്ണമായി നമുക്ക് മനസ്സിലാക്കുവാൻ കഴിയാതെ വന്നാലും, ദൈവത്തിനു കൊള്ളാവുന്ന വേലക്കാരനായി നിന്നുകൊണ്ട് "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാൻ" നമുക്ക് സാധിക്കണം(2 തിമൊ. 2:15). നമ്മുടെ മുഴുവൻ ശ്രദ്ധയും ബൈബിളിൽ നൽകികൊണ്ട് പൂർണ്ണശക്തിയോടെ അതിനെ പഠിക്കണം. കൂടുതൽ ക്രിസ്ത്യാനികളും ഒന്നും മാറ്റി വയ്ക്കാതെയും പൂർണ്ണമായി ദൈവവചനം പഠിക്കണമെന്നുള്ള കല്പനയെ ഉപേക്ഷിക്കുന്നു. അപ്രകാരം തന്നെ ധാരാളം ക്രിസ്ത്യാനികൾ തങ്ങളുടെ വികാരങ്ങൾക്കും പരിചയങ്ങൾക്കും പ്രാധാന്യം നൽകികൊണ്ടാണ് പഠിക്കുന്നത്. വികാരങ്ങൾക്ക് വിലയുണ്ടെങ്കിൽ അത് ദൈവവചന സത്യങ്ങൾക്കു യോജിച്ചപ്രകാരം ആയിരിക്കേണം എന്നു സഭ മുന്നറിയിപ്പു കൊടുക്കേണം. എല്ലാ വിശ്വാസികളും പ്രത്യേകിച്ച് ക്രിസ്തീയ പ്രവർത്തകർ ദൈവസന്നിധിയിൽ കണക്കു ബോധിപ്പിക്കേണ്ടിയവരാണെന്നറിഞ്ഞു "തിരുവെഴുത്തുകളെ അതു അങ്ങനെ തന്നെയോ എന്നു ദിനം പ്രതി പരിശോധിക്കേണ്ടതാണ്"(അപ്പോ. പ്ര. 17:11). ആവുന്നത്ര വിശദീകരണം ഓരോന്നിനെക്കുറിച്ചും നൽകുന്നതിന് പൂർണ്ണ ശ്രമം നടത്തിയിട്ടു നടന്നു എന്നു പറയുവാൻ ഞാൻ ഭയപ്പെടുന്നില്ല. ഞാൻ വിനയപൂർവ്വം പറയട്ടെ എന്റെ ഈ ഗവേഷണം കുറ്റമില്ലാതാകുവാൻ വ്യക്തിപരമായി വലിയ ത്യാഗം സഹിച്ചു കൊണ്ടാണ് ദീർഘ വർഷങ്ങൾ ബൈബിൾ പഠനം പൂർണ്ണശക്തിയോടെ നടത്തിയത്.

നാം ദൈവമുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടവരാണെന്നറിഞ്ഞു ദൈവവചനത്തെ അലക്ഷ്യമാക്കരുത്. അതിനെ ജീവന്റെ അപ്പമാക്കിയാൽ നമുക്ക് പ്രതിഫലവും അനുഗ്രഹവും ലഭിക്കും. ക്രിസ്തീയ നേതാക്കന്മാർക്കു ഒരു ശുശ്രൂഷ ലഭിക്കുന്നതിനു മുന്നമേ ഒരു സന്ദേശം ആയിരിക്കും ലഭിക്കുന്നത്. ദൈവത്തിനുവേണ്ടി സംസാരിക്കുന്നു എന്ന അവകാശവാദം ഭയാനകമാണ്. ഇയ്യോബിന്റെ പുസ്തകത്തിൽ മാനുഷിക അഭിപ്രായങ്ങളും, ഊഹാപോഹങ്ങളുംകൊണ്ടു ആലോചന കൊടുക്കുകയും പഠിപ്പിക്കുകയും ചെയ്തവരോടുകൂടെയും ദൈവം ജീവിക്കുന്നതായി വായിക്കുന്നു(ഇയ്യോ. 38:2). സത്യ സന്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്യാത്തവർക്ക് ശിക്ഷാവിധി വരുമെന്ന് ദൈവം മുന്നറിയിപ്പ് നൽകുന്നു(യാക്കോ. 3:1).

അർഹതപ്പെട്ട ശുഷ്കാന്തിയും, ശ്രദ്ധയും, ബഹുമാനവും ദൈവത്തിന് നിങ്ങൾ നൽകുന്ന പക്ഷം ഈ പഠനം മൂലം നിങ്ങൾക്ക് സഹായവും അനുഗ്രഹവും പ്രാപിക്കുവാൻ കഴിയുമെന്നാണ് എന്റെ പ്രത്യാശ.

ഡോ. സ്റ്റീവൻ വാട്ടർഹൗസ്

അംഗീകാരങ്ങൾ

ദൈവത്തിന്റെ വിശ്വസ്തരായ അനേകം ദാസന്മാർ ഈ വിഷയത്തിൽ പ്രവർത്തിച്ചിട്ടുണ്ട്.
എന്നാൽ നിന്നെ കൂടാതെ എന്റെ സ്വന്ത ശക്തിപോലും
പരാജയപ്പെടുമായിരുന്നു.

Hugh Akin
Daphne Barry Cox
Dan Bentley
Mary Daily
Dwight Davis
Stephen Hayward
Janet Kampschroeder
Alan N. Good, Editor

സമർപ്പണം

കോൺഗ്രിഗേഷൻ ഓഫ് വെസ്റ്റ് ക്ലിഫ് ബൈബിൾ ചർച്ച്, അമറില്ലോ, ടെക്സാസ്. ദൈവം നിങ്ങളുടെ ആത്മാർത്ഥമായ തീരുമാനത്തെ അംഗീകരിച്ചിരിക്കുന്നു, എന്തെന്നാൽ വിശ്വസ്തതയോടെ ദൈവവചനത്തിന്റെ അദ്ധ്യാപക ശുശ്രൂഷയ്ക്കായി സമർപ്പണം ചെയ്തിരിക്കുന്നു. കൂടാതെ ദൈവവചനത്തോടുള്ള നിങ്ങളുടെ ആഴമേറിയ സ്നേഹത്താൽ വർഷങ്ങളായി നടത്തുന്ന ബൈബിൾ സ്റ്റഡിയും രണ്ടാം തരക്കാരായി പുറകിൽ നിൽക്കുന്നവരോ ആകാതെ മിനിസ്ട്രിയുടെ മുൻപന്തിയിൽ നിന്നുള്ള സഹായവും പ്രശംസനീയം തന്നെ. സാമ്പത്തിക സഹായവും വിലപ്പെട്ടതു തന്നെ. എങ്കിലും അതിലേക്കാളുപരിയായി നിങ്ങൾ കാണിച്ച ആത്മാർത്ഥമായ സഹകരങ്ങളാണ് തിരുവെഴുത്തിന്റെ ഈ ഗവേഷണ പദ്ധതിയെ സാദ്ധ്യമാക്കിത്തീർത്തത്. അതുപോലെ ഞാൻ സർവ്വദാ സ്മരിക്കുന്ന മറ്റൊരാളാണ് എന്റെ ഫാദർ ഇൻ ലൊ. പാസ്റ്റർ റസ്സൽ. ഡി. അസേൽട്ടിന്റെ ക്രിസ്തീയ മാതൃകയും, ജീവിതവും, ഉദാഹരണങ്ങളും (1937–1990). ഈ പുസ്തകത്തിന്റെ കവർ പേജിൽ കൊടുത്തിരിക്കുന്ന ബൈബിൾ അദ്ദേഹത്തിന്റേതാണ്.

സ്റ്റീവൻ വാട്ടർഹൗസ്

വിഷയവിവരം

അദ്ധ്യായം 1:	ബിബ്ളിയോളജി, വേദപുസ്കത്തെപ്പറ്റിയുള്ള ഉപദേശം	13
അദ്ധ്യായം 2:	തിയോളജി പ്രോപ്പർ, ദൈവത്തെപ്പറ്റിയുള്ള ഉപദേശം	27
അദ്ധ്യായം 3:	എയ്ഞ്ചലോളജി, ദൂതന്മാരെപ്പറ്റിയുള്ള ഉപദേശം	43
അദ്ധ്യായം 4:	സാറ്റാനോളജി, സാത്താനെപ്പറ്റിയുള്ള ഉപദേശം	51
അദ്ധ്യായം 5:	ഡീമനോളജി, ഭൂതങ്ങളെപ്പറ്റിയുള്ള ഉപദേശം	63
അദ്ധ്യായം 6:	അന്ത്രപ്പോളജി, മനുഷ്യനെപ്പറ്റിയുള്ള ഉപദേശം	73
അദ്ധ്യായം 7:	ഹാമറ്റോളജി, പാപത്തെപ്പറ്റിയുള്ള ഉപദേശം	85
അദ്ധ്യായം 8:	ക്രിസ്റ്റോളജി, യേശുക്രിസ്തുവിനെപ്പറ്റിയുള്ള ഉപദേശം	95
അദ്ധ്യായം 9:	സോറ്റീരിയോളജി, രക്ഷയെപ്പറ്റിയുള്ള ഉപദേശം	
ഭാഗം 1:	ഒരുക്കപ്പെട്ട രക്ഷ	111
ഭാഗം 2:	പ്രയോഗികമാക്കിയ രക്ഷ	139
ഭാഗം 3:	രക്ഷയുടെ ഫലങ്ങൾ	187
അദ്ധ്യായം 10:	ന്യൂമറ്റോളജി	
ഭാഗം 1:	പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ഉപദേശം	251
ഭാഗം 2:	പരിശുദ്ധാത്മാവിന്റെ വരങ്ങൾ	295
അദ്ധ്യായം 11:	എക്ലീസ്സിയോളജി, സഭയെപ്പറ്റിയുള്ള ഉപദേശം	329
അദ്ധ്യായം 12:	എസ്കറ്റോളജി, ഭാവികാല സംഭവങ്ങളെപ്പറ്റിയുള്ള ഉപദേശം	399

അദ്ധ്യായം 1

ബിബ്ലിയോളജി

വേദപുസ്തകത്തെപ്പറ്റിയുള്ള ഉപദേശം

രൂപരേഖ

I. ആമുഖം
   A. വേദപുസ്തകശാസ്ത്രവും തർക്കശാസ്ത്രവും തമ്മിലുള്ള വ്യത്യാസം
   B. വേദപുസ്തകത്തിന്റെ അപ്രമാദിത്വത്തെ തെളിയിക്കുന്ന ഉത്തമ രീതി
      1. വേദപുസ്തകത്തിന്റെ വിശ്വാസീയത
      2. ക്രിസ്തുവിന്റെ സാക്ഷ്യം
      3. വേദപുസ്തകത്തിന്റെ ദൈവീക ആരംഭം

II. വെളിപ്പാട്
   A. നിർവ്വചനം
   B. വെളിപ്പാടും ദൈവനിശ്വാസീയതയും തമ്മിലുള്ള വ്യത്യാസം
   C. വിവിധ തരം വെളിപ്പാടുകൾ
      1. പൊതുവെളിപ്പാട് അഥവാ പ്രകൃത്യായുള്ള വെളിപ്പാട്
      2. പ്രത്യേക വെളിപ്പാട്
         a. ദൈവീക പ്രത്യക്ഷതകൾ
         b. കേൾക്കപ്പെടുന്ന സന്ദേശം
         c. കാണപ്പെട്ട അത്ഭുതങ്ങൾ, അടയാളങ്ങൾ വീര്യ പ്രവൃത്തികൾ
         d. ദൂതസന്ദേശവാഹികൾ
         e. ചീട്ട്
         f. ഉറീമും തുമ്മിമും
         g. സ്വപ്നങ്ങൾ
         h. ദർശനങ്ങൾ
         i. ഇസ്രായേൽ ചരിത്രം
         j. കർത്താവായ യേശുക്രിസ്തുവിന്റെ വാമൊഴിയാലുള്ള പഠിപ്പിക്കലുകളും ജീവിതവും
         k. പഴയ നിയമവും പുതിയ നിയമവും
   D. എഴുതപ്പെട്ട വെളിപ്പാട്
      1. ക്രമാനുഗതമായ
      2. സമഗ്രമായ തെളിവുകൾ ഇല്ലാത്തവ
      3. ലളിതമാക്കപ്പെട്ടത്
      4. ദൈവത്തിൽ നിന്നു മനുഷ്യനു ലഭിച്ച പ്രത്യേക വെളിപ്പാട്

III. ദൈവ നിശ്വാസീയത
   A. നിർവ്വചനം
   B. ദൈവനിശ്വാസിയതയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ
      1. തെറ്റായ കാഴ്ചപ്പാടുകൾ
         a. കേട്ടെഴുത്ത്
         b. ആശയപരമായതു
         c. ഭാഗികമായത്
         d. പ്രകൃത്യായുള്ളത്
      2. ശരിയായ കാഴ്ചപ്പാട്(ഇരട്ട ഗ്രന്ഥകർത്തൃത്വം)
   C. തിരുവെഴുത്തിനെക്കുറിച്ചുള്ള പഴയ നിയമ ഉപദേശം
      1. പ്രധാന ശൈലി
      2. പ്രവാചകന്മാരുടെയും ന്യായപ്രമാണത്തിന്റെയും പ്രസ്താവന
      3. കാവ്യപുസ്തകങ്ങളിലെ പ്രസ്താവനകൾ
   D. പുതിയനിയമം പഴയനിയമത്തോട് തുല്യമെന്ന അവകാശവാദം
      1. പഴയനിയമ എഴുത്തുകാരനെപ്പോലെ തന്നെയുള്ള അനുഭവങ്ങൾ പുതിയനിയമ എഴുത്തുകാർക്കുമുണ്ടെന്നുള്ള വാദം
      2. പുതിയനിയമം സ്വയമേ തിരുവെഴുത്ത് എന്ന് വിളിക്കുന്നു
         a. പത്രോസിൽ നിന്ന്
         b. പൗലോസിൽ നിന്ന്
   E. തിരുവെഴുത്തിനെക്കുറിച്ചുള്ള പുതിയനിയമ ഉപദേശം
      1. തിരുവെഴുത്തുകളെക്കുറിച്ച് ക്രിസ്തുവിന്റെ കാഴ്ചപ്പാട്
         a. മാറ്റപ്പെടാത്ത വിവരണം
         b. സത്യത്തിനുവേണ്ടിയുള്ള വലിയ വാഞ്ച

C. തെറ്റിക്കൂടായ്മ

2. തിരുവെഴുത്തിനെക്കുറിച്ചുള്ള അപ്പോസ്തലന്മാരുടെ കാഴ്ചപ്പാട്

IV. ആത്മപ്രകാശനം

V. കാനോനികത

A. പഴയനിയമ കാനോൻ

B. പുതിയനിയമ കാനോൻ

VI. വേദപുസ്തകത്തിന്റെ മൂലഗ്രന്ഥം

VII. വേദപുസ്തക ശാസ്ത്രവും തുടർ വെളിപ്പാടും

A. സഭയ്ക്കുള്ള അധികാരത്തിന്റെ അടിസ്ഥാനം

B. സഭയുടെ സമകാലിക അധികാരം

C. മറ്റു പരിഗണനകൾ

VIII. വേദപുസ്തക ശാസ്ത്രവും സഭാചരിത്രവും

ബിബ്ലിയോളജി: വേദപുസ്തകത്തെപ്പറ്റിയുള്ള ഉപദേശം

I. ആമുഖം

A. വേദപുസ്തക ശാസ്ത്രവും തർക്കശാസ്ത്രവും തമ്മിലുള്ള വ്യത്യാസം

വേദപുസ്തക ശാസ്ത്രവും തർക്കശാസ്ത്രവും തമ്മിൽ വ്യത്യാസമുണ്ടെന്നു മനസ്സിലാക്കേണ്ടതു വളരെ അത്യാവശ്യമാണ്. പഠനത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള വസ്തുനിഷ്ഠമായ സത്യങ്ങളുടെ അടിസ്ഥാനങ്ങളിലാണ് വേദപുസ്തകത്തിന്റെ നിസ്തുല്യതവും വിശ്വസനീയതയും തെളിയിക്കപ്പെടുന്നത്. പഠനത്തിന്റെ ഈ ലക്ഷ്യത്തെയാണ് തർക്കശാസ്ത്രം എന്നു വിളിക്കുന്നത്. തർക്കശാസ്ത്രജ്ഞന്മാർ അവസാനിപ്പിക്കുന്നിടത്തു നിന്നാണ് വേദപുസ്തകശാസ്ത്രം ആരംഭിക്കുന്നത്. ഇതാണ് ഇവ തമ്മിലുള്ള വൈരുദ്ധ്യം വേദപുസ്തകം വിശ്വാസയോഗ്യമെന്നു കണ്ടെത്തിയതിലൂടെയാകുന്നു ഒരു വിദ്യാർത്ഥി പഠനം ആരംഭിക്കുന്നത്. തിരുവെഴുത്തിന്റെ ആരംഭം സ്വഭാവം എന്നീ തിരുവചന പഠിപ്പിക്കലിനെക്കുറിച്ചുള്ള ഗവേഷണത്തിലേയ്ക്കായിരിക്കും അവൻ പിന്നീട് ചുവട് വയ്ക്കുന്നത്. വേദപുസ്തക ശാസ്ത്രത്തിന്റെ ഉദ്ദേശ്യം തിരുവെഴുത്തിനെ തീർച്ചപ്പെടുത്തുകയോ നിയമ സാധുത വരുത്തുകയോ അല്ല, പ്രത്യുത തിരുവെഴുത്തിനെക്കുറിച്ചുള്ള വേദപുസ്തക പഠനത്തെ വികസിപ്പിച്ചെടുക്കുക എന്നതാണ്. തിരുവെഴുത്തുകൊണ്ട് തിരുവെഴുത്തിനെ സാധൂകരിക്കുവാൻ തർക്കങ്ങളിലൂടെ ശ്രമിക്കുന്നവർക്ക് യാഥാസ്ഥിതിക ദൈവശാസ്ത്രജ്ഞന്മാർ ഉപയോഗിക്കുന്ന രീതി മനസ്സിലാക്കാൻ കഴിയുന്നില്ല. വേദപുസ്തകത്തിന്റെ അപ്രമാദിത്യം സ്ഥാപിക്കുവാൻ ഉപയോഗിക്കുന്ന ചില രീതികൾ ചുരുക്കമായി ഇവിടെ വിശദമാക്കുന്നു.

B. വേദപുസ്തക അപ്രമാദിത്വം സ്ഥാപിക്കുന്ന ചില രീതി

1. പരീക്ഷിക്കുവാൻ കഴിയുന്ന എല്ലാ മേഖലകളിലും വേദപുസ്തകം സത്യസന്ധവും വിശ്വാസീയവുമാണെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. (താർ ശാസ്ത്രജ്ഞന്മാരുടെ ചിന്താമണ്ഡലമാണ്)

2. ഈ വിശ്വസനീയമായ പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ യേശുക്രിസ്തുവും തന്റെ അംഗീകൃത നേതാക്കന്മാരും വേദപുസ്തകത്തെക്കുറിച്ചും ഇതര ദൈവശാസ്ത്രസംബന്ധ കാര്യങ്ങളെക്കുറിച്ചും പഠിപ്പിച്ചത് നാം വിശ്വസിക്കേണ്ടതാണ്.

മിക്ക ദൈവശാസ്ത്രപരമായ തത്വങ്ങളും മറ്റു പരിശോധനകൾ കൂടാതെ ക്രിസ്തുവിന്റെ അധികാരത്തിലുള്ള വിശ്വാസത്താൽ അംഗീകരിക്കേണ്ടതാണ് (എല്ലാ ദൈവശാസ്ത്രത്തിന്റെയും അടിസ്ഥാനമിതാണ്).

3. തിരുവെഴുത്തിന്റെ ദൈവിക ആരംഭം കുറ്റമറ്റതെന്ന് ക്രിസ്തുവും, അപ്പോസ്തലന്മാരും, പ്രവാചകന്മാരും പഠിപ്പിച്ചു. (ഇതാണ് വേദപുസ്തക ശാസ്ത്രത്തിന്റെ ചിന്താധാര)

II. വെളിപ്പാട്

A. നിർവ്വചനം

ദൈവം മനുഷ്യനു നൽകുന്ന സത്യമായ ആശയവിനിമയമാണ് വെളിപ്പാട്.

B. വെളിപ്പാടും ദൈവനിശ്വാസീയതയും തമ്മിലുള്ള വ്യത്യാസം

വെളിപ്പാട് ഒരിക്കലും ദൈവ നിശ്വാസിയതയെയല്ല. ദൈവം മനുഷ്യനു, പ്രത്യേകിച്ച് പ്രവാചകന്മാർക്കും അപ്പോസ്തലന്മാർക്കും സത്യം പകർന്നു കൊടുക്കുമ്പോഴാണ് വെളിപ്പാട് ഉണ്ടാകുന്നത്. മറ്റുള്ളവർക്ക് പ്രയോജനപ്രദമാകുന്നതിനുവേണ്ടി വെളിപ്പാട് കൃത്യതയോടെ രേഖപ്പെടുത്തുന്നതിനെ ദൈവം സ്ഥിരീകരിക്കുമ്പോഴാണ് ദൈവനിശ്വാസീയത സംഭവിക്കുന്നത്.

C. വിവിധതരം വെളിപ്പാടുകൾ

1. സൃഷ്ടി, മനസ്സാക്ഷി എന്നിവയിലൂടെ എല്ലാക്കാലത്തും എല്ലാ മനുഷ്യർക്കും വെളിപ്പെടുത്തുന്ന സത്യമാണ് പൊതുവെളിപ്പാട് (ഈയ്യോബ് 12: 7–9; സങ്കീ. 19: 1–3; യോഹ. 1:4; അപ്പോ. 14: 15–17; 17: 24–28; റോമ. 1:19–20; 2: 14–15; 2 പത്രോ.3: 5)

ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. പകൽ പകലിനു വാക്കു പൊഴിക്കുന്നു. ഭാഷണമില്ല, വാക്കുകളില്ല, ശബ്ദം കേൾപ്പാനുമില്ല (സങ്കീ. 19:1-3).

ദൈവത്തെക്കുറിച്ച് അറിയാകുന്നത് അവർക്ക് വെളിവായിരിക്കുന്നു; ദൈവം അവർക്ക് വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടു വരുന്നു. അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നെ (റോമാ. 1:19-20).

ന്യായപ്രമാണമില്ലാത്ത ജാതികൾ ന്യായപ്രമാണത്തിലുള്ളതു സ്വഭാവത്താൽ ചെയ്യുമ്പോൾ ന്യായപ്രമാണമില്ലാത്ത അവർ തങ്ങൾക്കു തന്നെ ഒരു ന്യായപ്രമാണം ആകുന്നു. അവരുടെ മനസാക്ഷിയുടെ സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കുകയോ ചെയ്തുകൊണ്ടും അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തി തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു (റോമ. 2:14-15).

2. ഒരു വ്യക്തിക്കോ പ്രത്യേക സമൂഹത്തിനോ (ചുരുക്കം സമൂഹങ്ങൾക്കോ) ദൈവം ഒരു പ്രത്യേക സന്ദേശം നൽകിയപ്പോഴാണ് പ്രത്യേക വെളിപ്പാട് സംഭവിച്ചത്. താഴെക്കൊടുത്തിരിക്കുന്നത് പ്രത്യേക വെളിപ്പാടിന്റെ രൂപങ്ങളാകുന്നു.

a. ദൈവിക പ്രത്യക്ഷതകൾ(കർത്താവിന്റെ ദൂതനെപ്പോലെ ഭൂമിയിലുണ്ടായ ദൈവത്തിന്റെ പ്രത്യക്ഷതകൾ)

b. കേൾക്കപ്പെടുന്ന സന്ദേശം

c. കാണപ്പെട്ട അത്ഭുതങ്ങൾ, അടയാളങ്ങൾ, വീര്യപ്രവൃത്തികൾ

d. ദൂത സന്ദേശവാഹികൾ

e. ചീട്ട്

f. ഉറീമും തുമ്മിമും

g. സ്വപ്നങ്ങൾ

h. ദർശനം

i. യിസ്രായേലിന്റെ ചരിത്രം

j. കർത്താവായ യേശുക്രിസ്തുവിന്റെ വാമൊഴിയാലുള്ള പഠിപ്പിക്കലുകളും ജീവിതവും

k. പഴയ നിയമവും പുതിയ നിയമവും

D. എഴുതപ്പെട്ട വെളിപ്പാട്(തിരുവെഴുത്ത്)

പ്രത്യേക വെളിപ്പാടിന്റെ മറ്റൊരു ശാഖയാണ് എഴുതപ്പെട്ട വെളിപ്പാട്

1. എഴുതപ്പെട്ട വെളിപ്പാടുകൾ ക്രമാനുഗതമായുള്ളതായിരുന്നു. ദൈവം തന്റെ സത്യം ചെറുഭാഗങ്ങളായി ദീർഘമായ കാലഘട്ടങ്ങൾകൊണ്ട് നൽകിയതാണ്. (ദാനി. 12:8-9,13; മത്താ. 13:17; യോഹ. 16:12-13; 1 പത്രൊ. 1:10-12)

2. സമഗ്രമായി തെളിവുകൾ ലഭിക്കാത്തവ (ആവ. 29:28; യെശ. 40:13-17; റോമ. 11:33).

3. ദൈവത്തെക്കുറിച്ചുള്ള സത്യം നാം അറിയേണ്ടതിനുള്ള ലളിതമാക്കി എഴുതപ്പെട്ട വെളിപ്പാട് (യെശ്ശയ്യാ. 55:8-9; 1 കൊരി. 13:12).

4. ദൈവം മനുഷ്യനു നല്കിയ പ്രത്യേക വെളിപ്പാടുകളെ ദൈവവചനം സാധൂകരിക്കുന്നു (പ്രകാശനം, കാണുക, മൂന്നാം ഭാഗം C).

III. ദൈവ നിശ്വാസീയത

A. നിർവ്വചനം

തിരുവെഴുത്തിന്റെ യഥാർത്ഥ കൈയ്യെഴുത്തുപ്രതികളിൽ തെറ്റുകൾ കടന്നുകൂടാതെ തയ്യാറാക്കപ്പെട്ടതിൽ ദൈവത്തിന്റെ നിയന്ത്രണമുണ്ടായിരുന്നു എന്നതാണ് ദൈവ നിശ്വാസീയത. വേദപുസ്തകം ദൈവശ്വാസം ഉൾക്കൊണ്ടാതകുന്നു എന്ന അർത്ഥത്തിലാണ് ദൈവ നിശ്വാസീയം എന്നു പറയുന്നത്. അതായത് ദൈവത്തിന്റെ സൃഷ്ടി, ദൈവീക ഉൽപ്പന്നം ഇവ ദൈവത്തിന്റെ പ്രവൃത്തിയാകുന്നു. സത്യ ദൈവത്തിന്റെ പ്രവർത്തിയാകുന്നതിൽ വേദപുസ്തകം വസ്തുതാപരമായി തെറ്റുകളില്ലാതാകുന്നു എന്നതാണ് തെറ്റിക്കൂടായ്മകൊണ്ട് അർത്ഥമാക്കുന്നത്. അപ്രമാദിത്യവും തെറ്റിക്കൂടായ്മയും ഒരുപോലെ ഉപയോഗിക്കാറുണ്ടെങ്കിലും വസ്തുതാപരമായ സത്യത്തിൽ മാത്രമല്ല പ്രായോഗികമായ ആശ്രയത്തിലും ഇവയ്ക്ക് പ്രാധാന്യമുണ്ട്. വേദപുസ്തകത്തിലെ വസ്തുതകൾ സത്യമാണെന്നു മാത്രമല്ല അതിലെ വാഗ്ദത്തങ്ങൾ എല്ലാം പൂർണ്ണമായി ആശ്രയിക്കാവുന്നതാണ്. അവ നമ്മെ പരാജയപ്പെടുത്തുന്നില്ല.

B. ദൈവ നിശ്വാസിയതയുടെ കാഴ്ചപ്പാടുകൾ

തിരുവെഴുത്തിന്റെ പൂർണ്ണവും കൃത്യവുമായ അറിവിനായി ദൈവ നിശ്വാസിതയെപ്പറ്റിയുള്ള തെറ്റായ ധാരണകൾ തിരിച്ചറിയുകയും ഉപേക്ഷിക്കുകയും ചെയ്തെങ്കിലേ ദൈവ നിശ്വാസിയതയെപ്പറ്റി ശരിയായി മനസ്സിലാക്കുവാൻ കഴിയുകയുള്ളു.

1. ദൈവ നിശ്വാസിയതയെപ്പറ്റിയുള്ള തെറ്റായ കാഴ്ചപ്പാടുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

a. കേട്ടെഴുത്ത്. ദൈവം മനുഷ്യനു വേദപുസ്തകത്തിലെ എല്ലാ വാക്കുകളും പറഞ്ഞുകൊടുത്തു അവരതു കേട്ട് എഴുതി.

b. ആശയപരമായത്. ദൈവം മനുഷ്യർക്ക് അവരവരുടെ കഴിവിനനുസരിച്ച് രേഖപ്പെടുത്തുന്നതിനുവേണ്ട ആശയങ്ങൾ നൽകി എന്ന വാദഗതിയാണ്.

c. സ്വാഭാഗീക ദൈവ നിശ്വാസീയതാ വാദം. വേദപുസ്തകം മതപരമായ മേഖലകളിൽ ദൈവ നിശ്വാസീയമെങ്കിലും മതേതര വിഷയങ്ങളിൽ തെറ്റുകളുണ്ടാകാൻ സാധ്യതയുണ്ട് എന്ന കാഴ്ചപ്പാടാണിത്.

d. സ്വാഭാവിക ദൈവ നിശ്വാസിയതവാദം

നല്ല ഒരു കവിയോ സംഗീതജ്ഞനോ തനിക്കു ലഭിച്ചിരിക്കുന്ന സ്വയസിദ്ധമായ കഴിവുപയോഗിക്കുന്നതു പോലെ തിരുവെഴുത്ത് എഴുതപ്പെട്ടതും എഴുത്തുകാർക്ക് പ്രകൃത്യായുള്ള കഴിവുകൊണ്ടാണന്നുള്ള കാഴ്ചപ്പാടാണിത്

2. ശരിയായ കാഴ്ചപ്പാടുകൾ(ഇരട്ടഗ്രന്ഥ കർത്തൃത്വം)

മനുഷ്യനും ദൈവവും ഒരുമിച്ചു ചേർന്നുകൊണ്ടുള്ള ഗ്രന്ഥകർത്തൃത്വമാണ് തിരുവെഴുത്തിനുള്ളത് എന്നതാണ് ശരിയായ കാഴ്ചപ്പാട്. ദൈവം വെളിപ്പെടുത്തിയതിനാലും ഇതിന്റെ എഴുത്തിന്നു മേൽനോട്ടം വഹിച്ചതിനാലും ഇത് തെറ്റുകളിൽനിന്ന് വിമുക്തമാണ്. എന്നിരുന്നാലും എഴുത്തുകാരന്റെ ഭാഷാരീതിയും വിജ്ഞാനവും മറ്റും അനുവദിച്ചു. എഴുത്തുകാരുടെ ശൈലികളിൽ എഴുതിയെങ്കിലും ദൈവം കല്പിക്കപ്പെട്ട വിനിമയരീതിയിൽ തെറ്റുകൂടാതെ വസ്തുതകൾ പര്യവസാനിച്ചു എന്ന് ഇരട്ടഗ്രന്ഥ കർതൃത്വത്തിന്റെ ഫലമാണ് മിക്ക വാക്യങ്ങളും ദൈവവും മനുഷ്യനും ഒരുമിച്ചു ചേർന്ന് എഴുതി എന്ന് പറയുന്നു. (മത്തായി 1:22; 2:15; 12:17; 19:4-5; 22:43; മർക്കോ. 12:36; അപ്പോ. 1:16; 2:16; 3:18; 4:25; 28:25; 1 കൊരി. 14:37; 1 തിമൊ. 4:1; എബ്രാ. 1:5-13; 2:12-13; 3:7; 4:7; 10:15).

> "...**പരിശുദ്ധാത്മാവ് ദാവീദ് മുഖാന്തിരം** മുൻപറഞ്ഞതിരുവെഴുത്തിനു നിവൃത്തി വരുവാൻ ആവശ്യമായിരുന്നു" (അപ്പോ. 1:6).
>
> "... യോവേൽ **പ്രവാചകന്മാർ മുഖാന്തിരം അരുളിചെയ്തതത്രെ"** (അപ്പോ. 2:16).
>
> "...**സകല പ്രവാചകന്മാരും മുഖാന്തിരം മുന്നറിയിച്ചത്** ഇങ്ങനെ നിവർത്തിച്ചു" (അപ്പോ. 3:18).
>
> "...നിന്റെ ദാസനായ **ദാവീദ് മുഖാന്തരം പരിശുദ്ധാത്മാവിനാൽ അരുളിചെയ്തവനെ''** (അപ്പോ. 4:26).
>
> "...**യെശ്ശയ്യാ പ്രവാചകന്മാർ മുഖാന്തരം** നിങ്ങളുടെ പിതാക്കന്മാരോടു പറഞ്ഞിരിക്കുന്നതു ശരിതന്നെ..." (അപ്പോ. 28:27).

C. തിരുവെഴുത്തിനെക്കുറിച്ചുള്ള പഴയനിയമ ഉപദേശം

1. ''യഹോവ ഇപ്രകാരം അരുളിചെയ്യുന്നു'' ''കർത്താവിന്റെ വചനം വന്നു'' എന്നിങ്ങനെയുള്ള പ്രധാന ശൈലി ആയിരക്കണക്കിനു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.

2. പ്രവാചകന്മാരിലൂടെയും ന്യായപ്രമാണത്തിലൂടെയും പഴയനിയമം ദൈവിക വെളിപ്പാടെന്നു പറയുക മാത്രമല്ല, പ്രത്യുത വ്യത്യസ്ത സമയങ്ങളിൽ അതിലെ വാക്കുകൾ ദൈവം പറഞ്ഞുകൊടുക്കുകയും എല്ലാ സമയങ്ങളിലും നിയന്ത്രിക്കുകയും ചെയ്തു. ഇതാണ് അക്ഷരനിവേശിത നിശ്വാസിയത.

> ''നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്നു എഴുന്നേല്പിച്ച് എന്റെ വചനങ്ങളെ **അവന്റെ നാവിന്മേൽ ആക്കും.** ഞാൻ അവനോട് കല്പിക്കുന്നതൊക്കെയും അവൻ അവരോട് പറയും" (ആവ. 18:18).
>
> യഹോവ അഭിമുഖമായി അറിഞ്ഞ മോശയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല(ആവ. 34:12).
>
> "ദാവീദിന്റെ അന്ത്യാവക്കുകളാവിത്: യിശ്ശായിപുത്രൻ ദാവീദ് ചൊല്ലുന്നു; ഔന്നത്യം പ്രാപിച്ച പുരുഷൻ ചൊല്ലുന്നു; യാക്കോബിന്റെ ദൈവത്താൽ അഭിഷിക്തൻ, യിസ്രായേലിന്റെ മധുരഗായകൻ തന്നെ. **യഹോവയുടെ ആത്മാവ് എന്നിൽ സംസാരിക്കുന്നു. അവന്റെ വചനം എന്റെ നാവിന്മേൽ ഇരിക്കും"**(2 ശമു. 23:1-2).
>
> **"യഹോവ ബലമുള്ള കൈകൊണ്ട് എന്നെ പിടിച്ച് എന്നോടു അരുളിചെയ്തതു** ഞാൻ ഈ ജനത്തിന്റെ വഴിയിൽ നടക്കാതിരിക്കേണ്ടതിന്..." (യെശ. 8:11).
>
> "ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ! അവർ ഈ വാക്കുപോലെ പറയുന്നില്ലയെങ്കിൽ-അവർക്ക് അരുണോദയം ഉണ്ടാകുകയില്ല'' (യെശ. 8:20).
>
> "ഞാൻ അവരോട് ചെയ്തിരിക്കുന്ന നിയമമോ ഇതാകുന്നു എന്നു യഹോവ അരുളിചെയ്യുന്നു. **നിന്റെമേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും** നിന്റെ വായിൽ നിന്നും നിന്റെ സന്തതിയുടെ വായിൽ നിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽ നിന്നും ഇന്നുമുതൽ ഒരുനാളും വിട്ടുപോകയില്ല എന്നു യഹോവ അരുളിചെയ്യുന്നു'' (യെശ. 59:21).

"പിന്നെ യഹോവ കൈനീട്ടി എന്റെ വായെ തൊട്ടു: **ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ തന്നിരിക്കുന്നു"** (യിര. 1:9).

"ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; **നിന്റെ വചനങ്ങൾ** എനിക്ക് സന്തോഷവും എന്റെ ഹൃദയത്തിനു ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ" (യിര. 15:16).

"യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. **ഞാൻ നിന്നോടു അരുളിചെയ്തിരിക്കുന്ന സകല വചനങ്ങളെയും** ഒരു പുസ്തകത്തിൽ എഴുതി വയ്ക്കുക" (യിരെ. 30:2).

"അവൻ എന്നോട്: മനുഷ്യപുത്രാ, നീ കാണുന്നതു തിന്നുക, ഈ ചുരുൾ തിന്നിട്ട് ചെന്ന് യിസ്രായേൽ ഗൃഹത്തോട് സംസാരിക്ക എന്നു കല്പിച്ചു. ഞാൻ വായ് തുറന്നു. അവൻ ആ ചുരുൾ എനിക്ക് തിന്മാൻ തന്നു എന്നോട്: മനുഷ്യപുത്രാ, ഞാൻ നിനക്ക് തരുന്ന ഈ ചുരുൾ നീ വയറ്റിൽ ആക്കി ഉദരം നിറയ്ക്ക എന്നു കല്പിച്ചു; അങ്ങനെ ഞാൻ അതു തിന്നു; അതു പാലിൽ തേൻ പോലെ മധുരമായിരുന്നു. പിന്നെ അവൻ എന്നോട് കല്പിച്ചതു, മനുഷ്യപുത്രാ, നീ യിസ്രായേൽ ഗൃഹത്തിന്റെ അടുക്കൽ ചെന്നു **എന്റെ വചനങ്ങളെ അവരോട് പ്രസ്താവിക്ക"** (യെഹെ. 3:1-4).

3. കാവ്യ പുസ്തകത്തിലെ വിവരണങ്ങളിലും തിരുവെഴുത്ത് സത്യവും നിർമ്മലവും പൂർണ്ണവുമാണെന്നു പ്രസ്താവിച്ചിരിക്കുന്നു (സങ്കീ. 12:6; 18:30; 19:7-9; 119:140, 142, 151, 160; സദൃ. 30:5).

"യഹോവയുടെ ന്യായപ്രമാണവും തികവുള്ളതു; അതു പ്രാണനെ തണുപ്പിക്കുന്നു യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു; അതു അല്പ ബുദ്ധിയെ ജ്ഞാനിയാക്കുന്നു. യഹോവയുടെ അജ്ഞതകൾ നേരുള്ളവ; അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; യഹോവയുടെ കല്പന നിർമ്മലമായതു; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു" (സങ്കീ. 19:7-8).

"...നിന്റെ ന്യായപ്രമാണം **സത്യമാകുന്നു"** (സങ്കീ. 119:142).

"...**നിന്റെ കല്പനകളൊക്കെയും സത്യം തന്നെ**" (സങ്കീ. 119:151).

"...നിന്റെ **വചനത്തിന്റെ സാരം സത്യം** തന്നെ; നിന്റെ നീതിയാലുള്ള **വിധികൾ ഒക്കെയും** എന്നേക്കുമുള്ളവ" (സങ്കീ. 119:160).

D. പുതിയ നിയമം പഴയ നിയമത്തോടൊപ്പം തുല്യമെന്നു അവകാശവാദം

ക്രിസ്തു മുന്നമെ തന്റെ ശിഷ്യന്മാരോട് പരിശുദ്ധാത്മാവെന്ന കാര്യസ്ഥൻ എന്നേക്കും കൂടെ ഇരുന്നു സത്യത്തിൽ വഴി നടത്തുന്നതിനെപ്പറ്റി സാക്ഷ്യം പറഞ്ഞിരിക്കുന്നു (യോഹ. 14:16). ആയതിനാൽ പഴയ നിയമം തിരുവെഴുത്തായിരിക്കുന്നതുപോലെ പുതിയനിയമവും ആകുന്നു.

1. പഴയനിയമ എഴുത്തുകാരുടെ അതേ അനുഭവവുമായി ബന്ധപ്പെട്ടു വെളിപ്പാടുകളും പരിശുദ്ധാത്മാവിന്റെ നിയന്ത്രണവുമാണ് പുതിയ നിയമ എഴുത്തുകാർ സ്വായത്തമാക്കിയതു. മാത്രമല്ല അവർ പഴയ നിയമവുമായി തുല്യ അധികാരം അവകാശപ്പെട്ടു (യോഹ. 14:26; 15:26-27; 16:12-14; റോമ. 16:25-26; 1 കൊരി. 2:10, 13, 4:1; 11:23; 14 37 ; 2 കൊരി. 12:7; ഗലാ. 1:11-12; എഫെ. 3:2-5; കൊലൊ. 1:25-26; 1 തെസ്സ. 2:13, 2 തെസ്സ. 2:15; 3:6, 14; 1 തിമൊ. 4:1; 2 പത്രൊ. 3:1-2; 1 യോഹ. 4:6; വെളി. 1:1) .

2. പുതിയനിയമം തന്നെ തിരുവെഴുത്ത് എന്നു വിളിച്ചിരിക്കുന്നു. തിരുവെഴുത്തിനെക്കുറിച്ചു പഠിപ്പിക്കുന്ന പ്രധാനഭാഗങ്ങൾ രണ്ടു നിയമങ്ങളെയും കുറിച്ച് പറഞ്ഞിരിക്കുന്നു.

a. 2 പത്രൊ. 3:15-16-ൽ പൗലോസിന്റെ ലേഖനങ്ങളെ തിരുവെഴുത്ത് എന്നു വിളിച്ചിരിക്കുന്നു.

b. 1 തിമൊ. 5:18 പൗലോസ് ലൂക്കോസിന്റെ സുവിശേഷം 10:7 ഉദ്ധരിച്ച് വേദപുസ്തകത്തെ തിരുവെഴുത്ത് എന്ന് വിളിച്ചിരിക്കുന്നു.

E. തിരുവെഴുത്തിനെക്കുറിച്ചുള്ള പുതിയനിയമ ഉപദേശം

1. കർത്താവിന്റെ വീക്ഷണമാണ് തിരുവെഴുത്തിലെ ദൈവശാസ്ത്ര രൂപീകരണത്തിന് നിദാനം. ക്രിസ്തുവിന്റെ സാക്ഷ്യം തന്നെ വെളിവാക്കുന്നത് പഴയ നിയമം കുറ്റമറ്റതാണെന്നു അംഗീകരിക്കുകയും പുതിയ നിയമ എഴുത്തുകളെ മുൻപെ പ്രമാണിക്കുകയും ചെയ്കയായിരുന്നു.

"ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞു പോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നു **ഒരു വള്ളി എങ്കിലും പുള്ളി** എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല" (മത്താ. 5:17-18).

മത്തായി 5:17-18 പഠിപ്പിക്കുന്നത് മനുഷ്യനു വേദപുസ്തകത്തിലെ ചെറിയ ഒരു കാര്യത്തിനു

പോലും നീക്കം വരുത്തുവാൻ അധികാരം നൽകിയിട്ടില്ല എന്നതാണ്. ഇതു നേരിട്ട് അബദ്ധരാഹിത്യം പഠിപ്പിക്കലല്ല പ്രത്യുത ഒഴിവാക്കാനാവാതെ നിവർത്തിക്കുന്നതാണ്. താഴെ പറയുന്ന വാദഗതി പരിശോധിക്കുക.

a. തിരുവെഴുത്തുകളിൽ ഒരുചെറിയ തിരുത്തുപോലും നടത്തുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. മാത്രമല്ല പഴയ നിയമ തിരുവെഴുത്തുകളെ പിൻവലിക്കുകയോ കൂട്ടിചേർക്കുകയോ, തിരുത്തൽ വരുത്തുകയോ ചെയ്യുന്നത് ദൈവത്തിന് ഇഷ്ടമില്ലായിരുന്നു.

b. ദൈവം സത്യത്തിന്റെ ദൈവവും സത്യത്തെക്കുറിച്ച് വലിയ വാഞ്ചയുള്ളവനുമാണ് (ഉദാ. സംഖ്യ. 23:19; യോഹ. 17:17; തീത്തോ. 1:2; എബ്രാ. 6:18).

c. ആകയാൽ വേദപുസ്തകത്തിലെ ഒരു ചെറിയ വിവരണം പോലും സത്യസന്ധമായിരുന്നു കാരണം അപൂർണ്ണത ദൈവത്തെ തൃപ്തിപ്പെടുത്തുന്നില്ല. അതുകൊണ്ടാണ് മത്തായി 5:17-18-ൽ മനപൂർവ്വം ഉദ്ദേശിക്കുന്നതു തെറ്റിക്കൂടായ്മയാണ്. ഇതിനു സമാനമായ വാക്യമാണ് ലൂക്കോ. 16:17-ൽ പ്രതിപാദിക്കുന്നതു. പ്രസ്തുത വാക്യങ്ങൾ വേദപുസ്തകത്തിന്റെ അപ്രമാദിത്യത്തെക്കുറിച്ചു ക്രിസ്തു വെളിപ്പെടുത്തുകയാണ്.

> "ന്യായപ്രമാണത്തിൽ ഒരു പുള്ളി **വീണുപോകുന്നതിനെക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നതു** എളുപ്പം" (ലൂക്കോ. 16:17).

ഈ വേദഭാഗം തെറ്റിക്കൂടായ്മയെ പ്രതിപാദിച്ചിരിക്കുന്നതിൽ വെച്ച് വളരെ ഗൗരവമർഹിക്കുന്നതാണ്. മത്താ. 15:17 ലും ലൂക്കോ. 16:17 വളരെ തുല്യത പാലിക്കപ്പെടുന്ന വാക്യങ്ങളാണ്. ലൂക്കോ. 16:17 - ൽ അപ്രമാദിത്യം പറയുകയല്ല പ്രത്യുത വ്യക്തമായി പ്രസ്താവിക്കുകയാണ്. കർത്താവ് പഠിപ്പിക്കുന്നത് തിരുവെഴുത്തിൽ ഒരു ചെറിയ കാര്യം പോലും വിട്ടുകളയരുത് എന്നാണ്. അർത്ഥാൽ/തെറ്റുകൂടാതെ സത്യം വെളിപ്പെടുത്തണം എന്ന മുഖ്യധാര ചിന്തയാണ് വേദപുസ്തകത്തെ കുറ്റമറ്റതാക്കുന്നത്. ഒരു ചെറിയ തെറ്റുണ്ടെങ്കിൽ അടിസ്ഥാനമായ ബോധത്തെ അതില്ലാതാക്കും. അതിനാലാണ് ക്രിസ്തു ഒരു തെറ്റിലൂടെ പോലും തിരുവെഴുത്ത് ഒഴിഞ്ഞുപോകുവാൻ സാദ്ധ്യമല്ല എന്ന് പറയുന്നത്. ഈ വാക്യം അപ്രമാദിത്യത്തിന്റെ ദൃഡപ്രഖ്യാപനമാണ്. ഒരാൾക്ക് തിരുവെഴുത്തിന്റെ എല്ലാ വിവരണങ്ങളും സത്യസന്ധമായി ആശ്രയിക്കാം.

> "....(തിരുവെഴുത്തിനു നീക്കം വന്നുകൂടായല്ലോ) യോഹ. 10:35).

"ന്യായപ്രമാണം ലംഘിക്കുന്നു" "ശബ്ബത്തിനെ ലംഘിക്കുന്നു" എന്നു നിരന്തരം യഹൂദന്മാർ സംസാരിക്കുന്നു. ന്യായപ്രമാണത്തെ ന്യായ പ്രമാണത്തെ അവഗണിക്കുകയോ ഗൗരവത്തിലെടുക്കുകയോ ചെയ്യാതിരിക്കുന്നതിനാണ് ന്യായപ്രമാണ ലംഘനം എന്നു പറയുന്നത്. അതുപോലെ തന്നെ കർത്താവായ യേശുക്രിസ്തുവും "തിരുവെഴുത്തിന്നു നീക്കം വന്നു കൂടായല്ലോ" എന്നു പറയുമ്പോൾ ഒരുത്തരും തിരുവെഴുത്ത് പറയുന്നത് അവഗണിക്കരുത് എന്നാണ് അർത്ഥമാക്കുന്നത്. തിരുവചന പ്രസ്താവനകളെ ആധികാരികവും അന്തിമവും ഏതൊരു തർക്കത്തിന്റെയും അവസനാവുമായി ഒരു വ്യക്തി സ്വീകരിക്കേണ്ടതാണ്. തിരുവെഴുത്ത് പറയുന്നതിനോട് ഒരു വിയോജിപ്പുണ്ടാകാൻ പാടില്ല. തന്റെ എതിരാളികളോട് സംവാദിക്കുമ്പോൾ ക്രിസ്തു തിരുവെഴുത്ത് ഉദ്ദരിച്ചശേഷം സംവാദത്തിനു തിരശ്ശീല വീഴുകയായിരുന്നു. തിരുവെഴുത്തുമായുള്ള വിയോജിപ്പ് കർത്താവ് അനുവദിക്കായ്കയാൽ വേദപുസ്തകം തെറ്റില്ലാത്തതാണെന്ന് യേശു മനസ്സിലാക്കിയിരുന്നു. തിരുവെഴുത്തിൽ ഏതെങ്കിലും തെറ്റുകൾ ഉണ്ടായിരുന്നെങ്കിൽ അതിലെ പ്രസ്താവനകളുമായി ന്യായമായി വിയോജിക്കുവാൻ കഴിയുമായിരുന്നു. തിരുവെഴുത്ത് സത്യമെന്ന് സാക്ഷ്യപ്പെടുത്തിയതിനെ അവഗണിക്കുവാൻ കർത്താവ് ഒരിക്കലും സമ്മതിക്കുകയില്ല.

> "അവൻ അവരോട്, അയ്യോ ബുദ്ധിഹീനരെ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതു **എല്ലാം** വിശ്വസിക്കാത്ത ബുദ്ധിഹീനരെ" (ലൂക്കോ. 24:25).

പ്രവാചകന്മാർ പറഞ്ഞത് വിശ്വസിക്കാത്തവരെ ദൈവം അഭിസംബോധന ചെയ്യുന്നത് ''ബുദ്ധിഹീനരെ'' എന്നാണ്. പഴയ നിയമത്തിലെ വിഷയങ്ങൾ നിരസ്സിക്കുന്നത് ക്രിസ്തുവിനു ചിന്തിക്കാൻ കഴിയില്ലായിരുന്നു. പഴയ നിയമത്തിൽ തെറ്റുകൾ ഉണ്ടായിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ പ്രമാണങ്ങൾ അപഹാസ്യമാകുമായിരുന്നു. തെറ്റിൽ വിശ്വസിക്കാത്ത ബുദ്ധിഹീനരെ എന്നു ക്രിസ്തു വിളിക്കുമായിരുന്നു.

> "...നിന്റെ വചനം സത്യമാകുന്നു" (യോഹ. 17:17).

കർത്താവിന്റെ പ്രസ്താവനയെക്കാൾ അപ്പുറമായി ദൈവവചനം സത്യമെന്നു പറയാൻ നമുക്കു മറ്റെന്താണ് വേണ്ടത്? ഇതു സത്യമാണെങ്കിൽ, തെറ്റില്ലാത്ത നിർവ്വചനം ആകുന്നു.

"കർത്താവു എന്റെ കർത്താവിനോട്: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം എന്റെ വലത്തു ഭാഗത്തിരിക്ക എന്നു അരുളിച്ചെയ്തു" എന്നു **ദാവീദ് താൻ പരിശുദ്ധാത്മാവിലായി പറയുന്നു''** (മർക്കോ. 12:36).

(മത്താ. 22:43-44 കാണുക)

ഈ വിവക്ഷയിലൂടെ ക്രിസ്തു പഠിപ്പിക്കുന്നതു ദാവീദ് എഴുതിയതു പരിശുദ്ധാത്മ നിയോഗത്താലാണ്.

> ''അതിനു അവൻ:സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ച് എന്നും അതുനിമിത്തം മനുഷ്യൻ അവനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിചെയ്തു" (മത്താ. 19:4-5).

ക്രിസ്തു പറഞ്ഞു ദൈവം ''ആണിനെയും പെണ്ണിനെയും സൃഷ്ടിച്ചു, വീണ്ടും **(ദൈവം) പറഞ്ഞു,** 'ഇക്കാരണത്താൽ ഒരുവൻ അപ്പനെയും അമ്മയെയും വിട്ടു പിരിയണം..." ക്രിസ്തു ഉദ്ധരിക്കുന്നത് ഉല്പ. 2:24 ആണ്; എന്നാൽ ഉല്പത്തിയുടെ പശ്ചാത്തലത്തിൽ നേരിട്ടു ദൈവം സാസാരിക്കുന്നതായി നമുക്കു കാണാൻ സാധിക്കുന്നില്ല. ഉല്പത്തി 2: 24 മോശെ തന്നെ എഴുതി എന്നു വായിക്കുന്നവർ അനുമാനിക്കണം. ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ദൈവം ഏതെങ്കിലുമൊരു പഴയനിയമ ഭാഗമെടുത്ത് അതു ദൈവം എഴുതിയതാണ് എന്ന് ഉറപ്പിച്ച് പറയാനുള്ള സ്വാതന്ത്ര്യമെടുത്തു.

മത്താ. 22:29-33 വരെ സദൂക്യരുമായുള്ള സംവാദത്തിൽ കർത്താവ് ഒരു ക്രിയാപദത്തിന്റെ കാലം അടിസ്ഥാനമാക്കിയാണ് തന്റെ വാദം സ്ഥാപിക്കുന്നത്. മോശെയുടെ കാലത്തുള്ള ദൈവത്തിന്റെ പ്രസ്താവനയിൽ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും പുനരുത്ഥാനവും അമർത്യതയും എന്ന വിഷയത്തിൽ "ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമാകുന്നു" എന്നു അരുളിചെയ്തു. ഈ ഗോത്രപിതാക്കന്മാർക്ക് മരണാനന്തര ജീവിതം ഇല്ലായിരുന്നുവെങ്കിൽ "ഞാൻ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായിരുന്നു" എന്ന് ദൈവം മോശയോട് പറയുമായിരുന്നു.

തിരുവെഴുത്തിലെ ചെറിയ വിവരണങ്ങൾ പോലും സത്യവും പ്രാധാന്യവുമുള്ളതായി കർത്താവ് കരുതിയിരുന്നു.

എഴുതപ്പെട്ട തിരുവെഴുത്തുകളുടെ ആധികാരികതയെ സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ ക്രിസ്തു കൂടെ കൂടെ ഉപയോഗിച്ചിട്ടുണ്ട്. "തിരുവെഴുത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.." "നിങ്ങൾ വായിച്ചിട്ടില്ലയോ..." "തിരുവെഴുത്തിറിയായ്കയാൽ നിങ്ങൾ തെറ്റിപ്പോകുന്നു"

2. തിരുവെഴുത്തിനെക്കുറിച്ചുള്ള അപ്പോസ്തലന്മാരുടെ വീക്ഷണം

> "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു. ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവു ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ച് കൊണ്ട് ആത്മികന്മാർക്ക് ആത്മികമായതു തെളിയിക്കുന്നു" (1 കൊരി. 2:10, 13).

സർവ്വനാമങ്ങളായ *ഞങ്ങൾ, നമുക്ക്* എന്നിവ 1 കൊരിന്ത്യർ പ്രാരംഭ അദ്ധ്യായങ്ങളിൽ പറയുന്നത് അപ്പോസ്തലന്മാരെക്കുറിച്ചാണ് (ഉദാ. 1 കൊരി. 4:9). തന്റെ സന്ദേശങ്ങൾ മാനുഷിക തത്വജ്ഞാനങ്ങളിൽ നിന്നല്ല, മറിച്ച് ദൈവീക വെളിപ്പാടിനാലാണ് എന്നു പൗലോസ് പറയുന്നു. സാങ്കേതികമായി തിരുവെഴുത്തിന്നു മാത്രമായി പരിമിതപ്പെടുത്താതെ വാമൊഴിയായി നൽകിയ സന്ദേശത്തിനാണ് പ്രാധാന്യം നൽകുന്നത്. (വാക്യം 13) മാത്രമല്ല എഴുതപ്പെട്ട എല്ലാ തിരുവെഴുത്തും പരിശുദ്ധാത്മ നിയന്ത്രണത്താലുള്ളതാണ് എന്ന് ഈ വേദഭാഗം പറയുന്നു.

> "... ദൈവത്തിന്റെ **അരുളപ്പാടുകൾ** അവരുടെ (യഹൂദന്മാരുടെ) പക്കൽ സമർപ്പിച്ചിരിക്കുന്നതു തന്നെ" (റോമ. 3:2).
>
> "കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്ക് ദൈവത്തിന്റെ **അരുളപ്പാടുകളുടെ** ആദ്യ പാഠങ്ങളെ തന്നെ വീണ്ടും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നു; കട്ടിയായുള്ള അഹാരമല്ല, പലത്രെ നിങ്ങൾക്കു ആവശ്യമെന്നു വന്നിരിക്കുന്നു" (എബ്രാ. 5:12).
>
> "നീയോ ഇന്നവരോട് പഠിച്ച് എന്നോർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതു കൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക. **എല്ലാ തിരുവെഴുത്തും ദൈവനിശ്വാസീയമാകയാൽ** ദൈവത്തിന്റെ മനുഷ്യൻ സകല സത്പ്രവർത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു" (2 തിമൊ. 3:14-17).

ഇതിന്റെ കാതലായ ആശയം ഗ്രീക്കിൽ പ്രകടമാക്കിയിരിക്കുന്നത് *Pasa graphe theopneustos* (പസാ ഗ്രഫെ തിയോഫെനസ്റ്റസ്) എന്നാണ്.

'Pasa' എന്നതു *Pan* എന്നതിന്റെ രൂപമാണ്. അർത്ഥാൽ *'all'* ഓരോന്നും പാൻ- അമേരിക്കയെപോലെയോ, പനോരമയെപ്പോലെയോ എല്ലാം എന്നർത്ഥമാണുള്ളത്. ഈ വ്യാകരണചട്ടക്കൂട്ടിൽ പദത്തിന്റെ അർത്ഥം "മുഴുവൻ," "ഓരോന്ന്" "എല്ലാം" എന്നിവയാണ്. തൻനിമിത്തം "എല്ലാ" തിരുവെഴുത്തും ദൈവനിശ്വാസിയം എന്നു പറഞ്ഞാൽ അതിലുള്ളതെല്ലാം ദൈവനിശ്വാസീയം

എന്നാണ്. മുഴുവൻ എന്നതിന്റെ ആശയം എല്ലാ ചെറിയ കാര്യങ്ങളിലും എന്നാണ്. വേദപുസ്തകത്തിലെ എല്ലാ വിവരണങ്ങളും ദൈവ നിശ്വാസിയമാണ്. മാത്രമല്ല, ശ്രദ്ധയൂന്നിയുള്ളതുമാണ്. "നാം തിരഞ്ഞെടുക്കുന്ന എല്ലാ തിരുവെഴുത്തു ദൈവ നിശ്വാസിയമാണ്" എന്നതാണ് നല്ല രീതി. പൗലോസ് പറയുന്നതുപോലെ "എല്ലാ തിരുവെഴുത്തും ഓരോ ഭാഗങ്ങളും ദൈവ നിശ്വാസിയമാണ്" എന്ന് പൗലോസ് പറയുന്നു.

തിരുവെഴുത്ത് എന്നതിന്റെ ഗ്രീക്ക് പദം 'ഗ്രാഫെ' എന്നാണ്. പശ്ചാത്തല പഠനം ഓർപ്പിക്കുന്നതു പഴയ നിയമ ഗ്രന്ഥത്തെയാണ്. തിമോത്തിയോസിന്റെ ബാല്യ കാല വായനാ പുസ്തകമാണ് ഈ പഴയ നിയമം. ലൂക്കോ. 10:7, പ്രതിപാദിക്കുന്ന തിരുവെഴുത്ത് പുതിയ നിയമതിരുവെഴുത്തു തന്നെയെന്നെ പൗലോസിന്റെ 1 തിമൊ. 2:18 – ൽ നിന്നു വളരെ വ്യക്തമാണ്. ആയതിനാൽ പഴയ നിയമവും പുതിയ നിയമവും ദൈവനിശ്വാസീയതയുടെ പരിധിയിലുള്ളതാണ്.

അക്ഷര ദൈവ നിശ്വാസിയം (*Theopneustos*)എന്നതു ഗ്രീക്കു പദമാണ്. ഇതിന്റെ ഇംഗ്ലീഷ് ഭാഷാന്തരം ഇൻസ്പിറേഷൻ (*Inspiration*) (മലയാളം ദൈവനിശ്വാസീയത) എന്ന പദത്തിന്റെ ഉത്ഭവം ലാറ്റിൻ പദമായ 'ഇൻസ്പെയർ' എന്നതിൽ നിന്നാണ്. ഇതിന്റെ അർത്ഥം 'പെരുകുക' ഇതിൽ നിന്ന് മുൻപ് എഴുതപ്പെട്ട ചില ഗ്രന്ഥ ഭാഗങ്ങളിൽ നിന്നും ഗുണമേൻമ കൂട്ടാൻ ദൈവം കണ്ണോടിച്ചിട്ടുണ്ടെന്നുള്ള ധാരണയാണ് ലഭിക്കുന്നത്. ഇതു ശരിയായ പരിഭാഷയല്ല. ഗ്രീക്കു പദത്തിന്റെ അർത്ഥം "ദൈവം ഉച്ഛരസിച്ചു" "ദൈവം ശ്വാസം പുറത്തേക്കു വിട്ടു" എന്നിങ്ങനെയാണ്: തിയോസ് (*Theos*. ദൈവം) ന്യൂമ (*Pneunonia*) - ശ്വാസം) ന്യൂമോണിയപോലെ. മേൻമ പെരുപ്പിച്ചു കാട്ടാൻ പണ്ടു എഴുതപ്പെട്ട പുസ്തകങ്ങളിൽ ദൈവം ശ്വസിച്ചു എന്നല്ല ഇതുവെളിപ്പെടുത്തുന്നത് ശരിയായി പറഞ്ഞാൽ ദൈവത്താൽ ഉച്ഛ്വസിക്കപ്പെട്ടതു എന്നാണ്. ഇതിന്റെ ആരംഭം ദൈവത്തിലാണ്. തിരുവചനം ദൈവത്തിന്റെ സൃഷ്ടിയും, വേലയും ഉല്പന്നവുമാണ്. മറ്റു ഭാഗങ്ങളിൽ ദൈവം ഉച്ഛ്വസിച്ചു എന്നത് അവന്റെ സൃഷ്ടിപ്പിന്റെ ശക്തിയുമായി ബന്ധപ്പെട്ടതാണ് (ഉദാ. ഉല്പ. 2:7, സങ്കീ. 33:6; യെഹ. 37:5; യോഹ. 3:8) **തിരുവെഴുത്തിന്റെ എല്ലാ ഭാഗങ്ങളും അതിന്റെ അനുബന്ധങ്ങളും എല്ലാം ദൈവത്തിന്റെ സൃഷ്ടിയാണ്.**

1 തിമൊ. 3:16-ലെ തെറ്റിക്കൂടായ്മ വാദപ്രതിവാദ ആവിർഭാവം ചുവടെ കൊടുക്കുന്നു. ഈ ഭാഗം പഠിപ്പിക്കുന്നതു വേദപുസ്തകത്തിലെ എല്ലാ വർണനയും ദൈവത്തിന്റെ പ്രവൃത്തിയാണ്. ഇതു നേരിട്ടു തെറ്റിക്കൂടായ്മ പഠിപ്പിക്കുകയല്ല എന്നിരുന്നാലും മറ്റൊരു നിഗമനത്തിലെത്തുക സാദ്ധ്യമല്ല.

അടിസ്ഥാന പ്രമേയം: തിരുവെഴുത്തിലെ എല്ലാ വിവരണവും ദൈവത്തിന്റേതാണ്.

ചെറിയ പ്രമേയം: ദൈവത്തിന്റെ വചനം സത്യമാകുന്നു (യോഹ. 17:17).

ഉപസംഹാരം: തിരുവെഴുത്തിലെ എല്ലാ വിവരണങ്ങളും സത്യമാണ് (തെറ്റിക്കൂടായ്മ)

വേദപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തെറ്റായ പ്രമേയം യുക്തിഹീനമായ ഫലങ്ങൾ 2 തിമൊ. 3:16-ൽ നിന്നാരംഭിക്കുന്നു.

അടിസ്ഥാനപ്രമേയം: തിരുവെഴുത്തിലെ എല്ലാ വിവരണങ്ങളും ദൈവത്തിന്റെ വേലയാണ്.

ചെറിയപ്രമേയം: ദൈവപുസ്തകത്തിൽ തെറ്റുകൾ ഉണ്ട്.

ഉപസംഹാരം: ദൈവം എഴുതുമ്പോൾ തെറ്റുകൾ ഉണ്ടാകുന്നു.

(ദൈവ നിശ്വാസീയത കാണുക, P. 18 ഇരട്ടഗ്രന്ഥ കർതൃത്വം

> "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നെ അറിഞ്ഞുകൊള്ളണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യൻ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ" (2 പത്രൊ. 1:20-21).

ഈ വാക്യം തിരുവെഴുത്തിനെക്കുറിച്ച് കുറഞ്ഞത് മൂന്നു പ്രധാനകാര്യങ്ങൾ പഠിപ്പിക്കുന്നു. മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായ ഒന്നല്ല, മനുഷ്യൻ എഴുതിയത് ദൈവം സംസാരിച്ചതാണ്, പരിശുദ്ധാത്മാവിനാൽ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതാണ്.

ഇംഗ്ലീഷിൽ 'മൂവ്ഡ്' (*moved*)എന്ന വാക്കിനർത്ഥം മുകളിലേക്ക് എടുത്തുയർത്തുക, കൊണ്ടുപോകുക എന്നാണ്. അപ്പോ. 27:15-17 വാക്യങ്ങളിൽ കപ്പൽ കാറ്റിനാൽ ഓടുന്നതുപോലെ എന്ന പ്രയോഗം തന്നെയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പത്രോസിന്റെ ഭാഷയിൽ പരിശുദ്ധാത്മാവായ ദൈവം അതിന്റെ എഴുത്തുകാരെ വേദപുസ്തകത്തിന്റെ ഉള്ളടക്കത്തിനാവശ്യമായ ദിശകളിലേക്ക് തള്ളിവിടുകയായിരുന്നു എന്നാണ്. 2 പത്രൊ. 1:20-21; 2 തിമൊ. 3:16 ഭാഗങ്ങൾ ഓർമ്മിപ്പിക്കുന്നത് ദൈവിക ആരംഭവും പദ്ധതിപ്രകാരവുമാണ് തിരുവെഴുത്തിന്റെ ഉത്ഭവം. തെറ്റിക്കൂടായ്മയുടെ സത്യം അവരെ പിന്തുടരും. അതിനാൽ തിരുവചനത്തിന്റെ ആഭിർഭാവത്തിന് പരിശുദ്ധാത്മാവിന്റെ നിയന്ത്രണവും മാർഗ്ഗദർശ്ശനവവും ഉള്ളതിനാൽ അപൂർണ്ണത തിരുവെഴുത്തിനില്ല. 2 പത്രൊ. 3:15-16 വരെ ഭാഗങ്ങൾ പുതിയ നിയമത്തെ തിരുവെഴുത്തായി പത്രൊസ് കണക്കാക്കുന്നു എന്നുള്ളത് നാം മനസ്സിലാക്കേണ്ട കാര്യമാണ്.

IV. ആത്മപ്രകാശനം

തിരുവചനത്തിന്റെ പ്രകാശനം എന്നത് വെളിപ്പാടിൽ നിന്നും ദൈവ നിശ്വാസിയതിൽ നിന്നും വിഭിന്നമാണ്. പ്രകാശനം അർത്ഥമാക്കുന്നത് തിരുവചനസത്യങ്ങൾ ഗ്രഹിക്കുന്നതിന് വിശ്വാസികളെ പരിശുദ്ധാത്മാവ് സഹായിക്കുന്നതിനെയാണ്. കൂടാതെ അതിന്റെ സൗന്ദര്യത്തെയും, പ്രാധാന്യതയെയും ആധികാരികതയെയും ഉറപ്പിക്കുകയും ചെയ്യുന്നു (സങ്കീ. 119:18; യോഹ. 14:26; 16: 12–13; 1 യോഹ. 220, 27; 1 കൊരി. 2:15).

V. കാനോനികത

കാനോൻ എന്ന പദം 'കാനെ' (*cane*)എന്ന ഗ്രീക്ക് പദത്തിൽനിന്നുള്ള ഉത്ഭവമാണ്. തങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുകയും പരിശോധിക്കുകയും ചെയ്യുന്നതു എന്നു ക്രിസ്ത്യാനികൾ കരുതുന്ന പുസ്തകങ്ങളെ പരാമർശിക്കുന്നതിനാണ് വേദപുസ്തകകാനോൻ എന്ന പദം ഉപയോഗിക്കുന്നത്. വേദപുസ്തകത്തിലുൾപ്പെടുത്തേണ്ട പുസ്തകങ്ങളെ സംബന്ധിച്ച സംഗതികളാണ് കാനോനികത കൊണ്ടർത്ഥമാക്കുന്നത്.

A. പഴയനിയമ കാനോൻ

നവീകരണ വിഭാഗക്കാരെക്കാളും യഹൂദന്മാരെക്കാളും റോമൻ കാത്തോലിക്കാ വിഭാഗക്കാർ പതിനൊന്ന് പുസ്തകങ്ങളും പൗരസ്ത്യ സഭക്കാർ നാലു പുസ്തകങ്ങളും അധികമായി പഴയനിയമത്തിന്റെ കാനോനിക നിയമത്തിൽ നിന്നും കണ്ടുപിടിച്ചിട്ടുണ്ട്. നവീകരണ വിഭാഗക്കാരും യഹദന്മാരും പഴയനിയമപുസ്തകങ്ങളെല്ലാം പിന്തുടരുന്നുണ്ടെങ്കിലും അവ വ്യത്യസ്തമായ ക്രമത്തിലാണ് ചേർത്തിരിക്കുന്നത്. ഏറ്റവും പ്രധാന കാര്യം ക്രിസ്തു ഏതു പുസ്തകമാണ് പിൻതുടർന്നത് എന്നാണ്. ക്രിസ്തു പിൻതുടർന്നത് യഹൂദന്മാരുടെ പഴയ നിയമ കാനോൻ ആയിരുന്നു എന്നതു വ്യക്തമാണ് (ഇക്കാരണത്താൽ നവീകരണക്കാരും).

> "നിങ്ങൾ അറിയാത്തതിനെ നമസ്ക്കരിക്കുന്നു; ഞങ്ങളോ അറിയുന്നതിനെ നമസ്ക്കരിക്കുന്നു; രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്" (യോഹ. 4:22).

മോശെയുടെ ന്യായപ്രമാണം ഒഴികെ പഴയനിയമ തിരുവെഴുത്തിലെ മറ്റെല്ലാ കാനോനിക പുസ്തകങ്ങളെയും ശമര്യർ ഒഴിവാക്കിയിരുന്നു. ഇതിനു കാരണം "രക്ഷ വരുന്നതു യഹൂദന്മാരുടെ ഇടയിൽ നിന്നാണ്" എന്നു അവർ പറയുന്നു. ശമര്യരും യഹൂദരന്മാരും തമ്മിലുള്ള തർക്കത്തിൽ യേശു യഹൂദന്റെ പക്ഷം ചേർന്നു. പ്രസ്തുത ഭാഗം അവസാനിച്ചു എങ്കിലും അതു പഴയ നിയമത്തിലാണുള്ളത്.

> "ഹാബേലിന്റെ രക്തം തുടങ്ങി യാഗപീഠത്തിനും ആലയത്തിനും നടുവിൽ വച്ച് പട്ടുപോയ സെഖര്യാവിന്റെ രക്തം വരെ ലോകസ്ഥാപനം മുതൽ ചൊരിഞ്ഞിരിക്കുന്നത സകല പ്രവാചകന്മാരുടെയും രക്തം ഈ തലമുറയോട് ചോദിപ്പാൻ ഇടവരേണ്ടതിനു തന്നെ" (ലൂക്കോ. 11:50, 51).

(സമാന്തര വേദഭാഗമായ മത്തായി 23: 35 കാണുക)

ഈ വാക്യത്തിന്റെ മേന്മ അറിയണമെങ്കിൽ എബ്രായ കാനോൻ തിരുവെഴുത്തിൽ ആരംഭം ഉല്പത്തിയും അവസാനം 2 ദിനവൃത്താന്തവുമാണ്. ഹാബേലിന്റെ മരണം രേഖപ്പെടുത്തിയിരിക്കുന്നത് ഉല്പ. 4:8; സെഖര്യാവിന്റെ മരണം രേഖപ്പെട്ടിയിട്ടുള്ളത് 2 ദിന. 24:21 ആണ്. ദൈവത്തിന്റെ മനുഷ്യരിൽ കൊല്ലപ്പെട്ട ആദ്യത്തെ വ്യക്തി ഹാബേലാണ്. എബ്രായ കാനോൻ പ്രകാരം ദൈവത്തിന്റെ ഭക്തന്മാരിൽ അവസാനമായി കൊലപ്പെട്ട വ്യക്തി സെഖര്യാവാണ്. യേശു പറഞ്ഞു ഉല്പത്തി മുതൽ ദിനവൃത്താന്തം വരെ നിങ്ങൾ പ്രവാചകന്മാരെ കൊന്ന കുറ്റവാളികളാണ്. തൻനിമിത്തം യഹൂദന്മാരുടെ പഴയനിയമ കാനോൻ യേശു ചൂണ്ടികാട്ടുകയും അതു പരിപൂർണ്ണമായി ഉറപ്പിക്കുകയും ചെയ്തു.

> "ഇതാകുന്നു നിങ്ങളോട് കൂടെയിരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്, മോശെയുടെ ന്യായപ്രമാണപുസ്തകങ്ങളിലും എന്നെക്കുറിച്ച് എഴുതിയതൊക്കെയും നിവൃത്തിയാകേണം എന്നു ഇതു തന്നെ" (ലൂക്കോ. 24:44).

എബ്രായ കനോന്റെ മൂന്നായുള്ള ആധുനികവിഭജനം ക്രിസ്തു അംഗീകരിച്ചു എന്നതിന് തെളിവാണ്. ''എഴുത്തുകൾ'' എന്ന വിഭാഗത്തിലെ വലിയതും ഒന്നാമത്തതുമായ പുസ്തകമാണ് സങ്കീർത്തനങ്ങൾ എന്നു നാം ഓർക്കുമെങ്കിൽ, യേശു യഹൂദകാനോനിലെ മൂന്നു വിഭാഗങ്ങളായ ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, എഴുത്തുകൾ എന്നിവയെ പരമാർശിക്കുന്നു എന്നു മനസ്സിലാക്കാം. ആധുനിക എബ്രായ കാനോൻ തിരുവെഴുത്തുകളിൽ 'കെതൂബിം' (The Kethubim)എഴുത്തുകൾ ആരംഭിക്കുന്നതു സങ്കീർത്തനങ്ങളാണ്.

> "യേശു അവരോട്, നിങ്ങൾ ദേവന്മാർ ആകുന്നു എന്നു ഞാൻ പറഞ്ഞു എന്നു നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നില്ലയോ? ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായിട്ടുള്ളവരെ ദേവന്മാർ എന്നു പറഞ്ഞുവെങ്കിൽ തിരുവെഴുത്തിനു നീക്കം വന്നു കൂടായല്ലോ" (യോഹ. 10:34, 35).

ഈ വാക്യത്തിൽ യേശു പറയുന്നു "നിങ്ങളുടെ ന്യായപ്രമാണം" യഹൂദന്മാരുടെ ഔപചാരികമായ ന്യായപ്രമാണം എന്നാണ്. ഈ ന്യായപ്രമാണത്തെ ക്രിസ്തു

'തിരുവെഴുത്ത്' എന്നു വിളിച്ചു. പഴയനിയമത്തിലെ പുസ്തകങ്ങളെക്കുറിച്ചു ക്രിസ്തു ഒരു സമയത്തും യഹൂദന്മാരുമായി വാദ പ്രതിവാദം നടത്തിയിട്ടില്ല. യഹൂദന്മാരുടെ ആധികാരിക പുസ്തകങ്ങളെ അവൻ അംഗീകരിക്കുകയും ഉപയോഗിക്കുകയും ചെയ്തു. അതിനാൽ ആധുനിക സുവിശേഷ വിഹിത സഭകളും ഇതു പിൻതുടർന്നു.

B. പുതിയ നിയമ കാനോൻ

പുതിയനിയമ കാനോനിൻപ്രകാരം തിരുവെഴുത്തിൽ 27 പുസ്തകങ്ങൾ ഉണ്ടെന്നു റോമൻ കത്തോലിക്കരും പാശ്ചാത്യ സഭാവിഭാഗവും വേർപ്പെട്ടകൂട്ടരും ഒരുപോലെ അംഗീകരിച്ചിരിക്കുന്നു. പുതിയ നിയമ അപ്പോസ്തലന്മാരുടെമേൽ ക്രിസ്തു സഭയ്ക്ക് അടിസ്ഥാനമിട്ടു (എഫെ. 2:20). പുതിയ നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഓരോ പുസ്തകത്തിനും അപ്പോസ്തലന്മാരുടെ ആരംഭമാണ്. അപ്പോസ്തലന്മാർ എഴുതിയതാണോ? അതോ അവരുടെ മേൽനോട്ടത്തിൽ എഴുതിയതാണോ? 27 പുസ്തകങ്ങളിൽ 20 പുസ്തകങ്ങൾക്ക് അതിനു വേണ്ട തെളിവുകളുണ്ട്. ആരും അവയുടെ അപ്പോസ്തല ആരംഭത്തെ സംശയിക്കുന്നില്ല. പുതിയ നിയമത്തിലെ 7 പുസ്തകങ്ങൾ തർക്കമുള്ളവയാണ് (എബ്രായർ, യാക്കോബ്, 2 പത്രൊസ്, 2 യോഹന്നാൻ, യൂദ, വെളിപ്പാട്). എന്നാൽ ഇവയ്ക്ക് എല്ലാം അപ്പോസ്തല ആരംഭം ഉണ്ട് എന്നതിന് ധാരാളം തെളിവുകളുണ്ട്. യാഥാസ്ഥിതികരായ ക്രിസ്ത്യാനികൾ ഈ 7 ഗ്രന്ഥങ്ങളെ നിരാകരിക്കാൻ (നിർമ്മൂലമാക്കാൻ) ഒരു തെളിവും നിരത്താൻ സാധിക്കില്ല. ആയതിനാൽ ഈ തെളിവുകൾ പ്രകാരം അവയെ ഉത്തമ സൃഷ്ടിയായി അഥവാ പ്രാമാണ്യമുള്ളതായി അംഗീകരിക്കാം, മാത്രമല്ല ഒരാൾക്ക്, ദൈവത്തിന്റെ പരമാധികാരത്തിലുള്ള വിശ്വാസം വഴി സർവ്വ ലൗകികമായി 27 പുസ്തകങ്ങൾ യാദൃശ്ചികമായോ സമയോചിതമായോ ഉണ്ടായതല്ല എന്നു ദൃഢമായി വിശ്വസിക്കാം.

VI. വേദപുസ്തകത്തിലെ എഴുതപ്പെട്ട ഭാഗം

വിമർശകർ (Textual criticism) ചൂണ്ടിക്കാട്ടുന്നത് വേദ പുസ്തകശാസ്ത്രത്തിനു കേവലം ഒരു അതിരുകടന്ന വ്യാപനം ഉണ്ടെന്നാണ്.ശരിയായ തെളിവുകൾ ഇല്ലാത്തതിനാൽ വിമർശകർ ചൂണ്ടിക്കാട്ടുന്നത് തെറ്റിക്കൂടായ്മയുടെ തത്വങ്ങൾ വിലയില്ല എന്നാണ്. ഏതുവിധമായാലും നിലനില്ക്കുന്ന ഗ്രന്ഥങ്ങളുടെ യഥാർത്ഥ പുസ്തകങ്ങളുമായി സാമ്യമുള്ളതും, യഥാർത്ഥ പ്രമാണങ്ങളുടെ ആശ്രയത്വം വളരെ പ്രധാനപ്പെട്ടതുമാണെന്ന ചിന്തയിൽ കൊണ്ടെത്തിക്കുന്നതിന് ഇടയാകും.

പഴയ നിയമ ബന്ധത്തിൽ ക്രിസ്തുവിന്റെ സമയത്തിനു മുമ്പുണ്ടായിരുന്നതിന്റെ പകർപ്പ് നമുക്കു ലഭിച്ചു, അതിന്റെ ഫലമായി ക്രിസ്തു ചെയ്തതുപോലെ അതേ പഴയ നിയമ പുസ്തകമാണ് നാമും ഉപയോഗിക്കുന്നത്. അത് അവന് അംഗീകാരയോഗ്യമായിരുന്നങ്കിൽ നമുക്കും അംഗീകരിക്കാൻ പറ്റുന്ന നിലയിൽ അത് സൂക്ഷിക്കപ്പെട്ടിരുന്നു എന്ന് നാം അറിയുന്നു.

പുതിയ നിയമത്തെ സംബന്ധിച്ചു പറഞ്ഞാൽ, കൈയ്യെഴുത്തുപ്രതികളുടെ എണ്ണത്തിലും(ഗ്രീക്കിൽ 5000 ഉം ആകെ 25,000 ഉം)എഴുതിയ സമയത്തോടുള്ള അടുപ്പത്തിലും(ആദ്യ കൈയ്യെഴുത്തുപ്രതി എ.ഡി. 125-ലെതാകുന്നു)പുരാതനലോകത്തിലെ ഏറ്റവും നന്നായി സൂക്ഷിക്കപ്പെട്ട പുസ്തകമാകുന്നു ഇത്. ഏതാണ്ട് 98-നും 99.5 ശതമാനത്തിനുമിടയിൽ കൃത്യത ആദ്യ കൃതിയുമായുണ്ടന്ന് വേദപണ്ഡിതർ കണക്കാക്കുന്നു. പുരാതനഗ്രീക്കു കൈയ്യെഴുത്തു പ്രതികൾ തമ്മിലുള്ള വ്യത്യാസങ്ങൾ കിംഗ് ജെയിംസ് വേർഷൻ ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിൾ, ന്യൂ ഇന്റർനാഷണൽ വേർഷൻ എന്നിവയുടെ വ്യത്യാസത്തെക്കാൾ വലുതല്ല. ഉപദേശസംബന്ധമായ ഈ പഠനത്തിനും ഇതേ പരിഗണന നൽകി തുടർന്നുള്ള കാര്യം വിശദീകരിക്കുന്നു.

VII. വേദപുസ്തക ശാസ്ത്രവും തുടർ വെളിപ്പാടും

ആധുനിക കാലത്ത് ദൈവം പുതിയ തിരുവെഴുത്തുകൾ നൽകി തരുമെന്നു ഒരു വേദ വിദ്യാർത്ഥിക്കു കരുതുവാൻ സാധിക്കുമോ? പുതിയ എഴുത്തുകാർക്ക് നേരിട്ടുള്ള ദൈവിക വെളിപ്പാട് ലഭിക്കുമോ? ഏതെങ്കിലും പുതിയ എഴുത്തുകൾക്ക് ദൈവ നിശ്വാസിയത ലഭിക്കുമോ?

A. സഭയ്ക്കുള്ള അധികാരത്തിന്റെ അടിസ്ഥാം

ഒരു ക്രിസ്ത്യാനി യേശുവിനെ നോക്കുന്നത് അധികാരത്തിന് വേണ്ടിയാണ്. കർത്താവായ യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ അവസാന നാളുകളിൽ അപ്പോസ്തലന്മാരോട് ഉത്ഘോഷിച്ചത് പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ അദ്ധ്യാപകനായി വരുമെന്നാണ്. അവൻ അവരെ സകലസത്യത്തിലും വഴി നടത്തും. കർത്താവിന്റെ പരസ്യശുശ്രൂഷയുടെ സമയത്തുണ്ടായ സംഭവങ്ങളെയും പഠിപ്പിക്കലുകളെയും പരിശുദ്ധാത്മാവ് അവരെ ഓർമ്മിപ്പിക്കുകയും മനസ്സിലാക്കികൊടുക്കുകയും ചെയ്യുമെന്നു സാരം. "വരുവാനുള്ള കാലങ്ങളെ" അവർക്കു പരിശുദ്ധാത്മാവ് കാണിച്ച് കൊടുക്കും. യോഹ. 14-16 നിന്നുള്ള മുൻപ്രമാണികത അപ്പോസ്തലന്മാർക്ക് വിശുദ്ധ വെളിപ്പാടു ലഭിക്കുകയും സഭയ്ക്ക് അധികാരമായി തീരുകയും ചെയ്യും. അതുപോലെ യോഹ. 14: 26; 15: 26, 27; 16:12-14 ഈ വാക്യങ്ങൾ എല്ലാ വിശ്വാസികൾക്കും വേണ്ടിയുള്ള പരിശുദ്ധാത്മാവിന്റെ പ്രകാശനം സംബന്ധിച്ചുള്ളതാണ്. അതു അപ്പോസ്തലന്മാർക്ക് വേണ്ടി പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ പ്രമാണങ്ങൾ അപ്പോസ്തലന്മാർക്ക് നൽകുന്നത് ചുവടെ ചേർക്കുന്നു.

> "ഞാൻ നിങ്ങളോടുകൂടെ വസിക്കുമ്പോൾ ഇതു നിങ്ങളോടു സംസാരിച്ചിരുന്നു" (യോഹ. 14:25).
>
> "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹ. 14:26).
>
> "നിങ്ങളും ആദിമുതൽ എന്നോടുകൂടെ ഇരിക്കകൊണ്ട് സാക്ഷ്യം പറവിൻ" (യോഹ. 15:27).
>
> "ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല" (യോഹ. 16:12).

ക്രൂശിക്കപ്പെടുന്നതിനു മുമ്പുള്ള സന്ധ്യയിൽ മാളിക മുറിയിലെ പ്രഭാഷണത്തിൽ, ശിഷ്യന്മാരോടു മാത്രമാണ് ക്രിസ്തു സംസാരിച്ചത്. പരിശുദ്ധാത്മാവിൽ നിന്നുള്ള ദൈവീകവെളിപ്പാടു ലഭിക്കേണ്ടവർ എന്നു ക്രിസ്തു അവരെ ചൂണ്ടിക്കാട്ടുന്നു. അപ്പോസ്തലന്മാർ സഭയുടെ അടിസ്ഥാനമെന്ന് എഫെ. 2:20 പഠിപ്പിക്കുന്നു. മാത്രമല്ല 2 പത്രൊ. 3:2 പഠിപ്പിക്കുന്നതു നമ്മുടെ ദൈവവും രക്ഷകനുമായവന്റെ കല്പനകൾ സംസാരിച്ചത് അപ്പോസ്തലന്മാരാണ് എന്നാണ്. 1 കൊരി. 12:28 പ്രതിപാദിക്കുന്നത് "ഒന്നാമത് അപ്പോസ്തലന്മാർ എന്നാകുന്നു, മത്തായി 16:18 വിഭന്നമായ അഭിപ്രായങ്ങൾ തരുന്നവയാണ്. എന്നിരുന്നാലും മറ്റുള്ള അപ്പോസ്തലന്മാരെക്കാൾ പത്രോസിനു ഒരാൾ മുൻഗണന നൽകുന്നില്ലെങ്കിൽ ക്രിസ്തു പറയുന്നത് അവൻ പത്രോസിന്റെയും മറ്റു അപ്പോസ്തലന്മാരുടെയും മേൽ കൂടെ സഭയെ പണിയുമെന്നാണ്. ഒരു പുസ്തകം കാനോനികമായി അംഗീകരിക്കുന്നതിനു മുമ്പായി അത് അപ്പോസ്തലികമായി തെളിയിക്കപ്പെടണമെന്ന സഭയുടെ താത്പര്യം നല്ല അടിസ്ഥാനത്തിന്മേലായിരുന്നു. ആകമാന സഭയുടെ ആധികാരികമായ എല്ലാ പഠിപ്പിക്കലിന്റെയും അടിസ്ഥാനം അപ്പോസ്തലന്മാരാകുന്നു. സഭയെക്കുറിച്ചുള്ള ആധികാരികമായ എല്ലാം പഠനങ്ങളുടെയും അടിസ്ഥാനം അപ്പോസ്തലന്മാരാണ്. (അപ്പോസ്തലത്വം അവകാശപ്പെട്ട് പൗലോസ് എങ്ങനെ അധികാരം ഉപയോഗിച്ചു എന്നു താരതമ്യം ചെയ്യുക).

B. സഭയുടെ സമകാലിക അധികാരം

അപ്പോ. പ്രവ. 1:21–22, 1 കൊരി. 9:1 എന്നീ വാക്യങ്ങൾ സൂചിപ്പിക്കുന്നത് ഒരുവൻ അപ്പോസ്തലൻ ആയിത്തീരണമെങ്കിൽ അവൻ ഉയിർപ്പിന്റെ സാക്ഷിയാകണം. യേശു ക്രിസ്തുവിന്റെ ഉയിർപ്പിന് ശേഷം ക്രിസ്തുവിനെ നേരിട്ടു കണ്ടവർ ഈ കാലഘട്ടങ്ങളിൽ ജീവിച്ചിരുപ്പില്ല. അതുപോലെ നാം സഭാസ്ഥാപന സമയത്താണ് ജീവിക്കുന്നത് എന്ന് കരുതുന്നത് യുക്തിഹീനമാണ് (എഫെ. 2:20). പരിശുദ്ധാത്മാവിൽ നിന്നു ദൈവീക വെളിപ്പാടു പ്രാപിക്കുവാൻ ക്രിസ്തു അപ്പോസ്തലന്മാരെ മുൻകൂട്ടി അധികാരപ്പെടുത്തി. മറ്റുള്ള ആർക്കും ഈ അധികാരം അവൻ നൽകിയിട്ടില്ല. ഇന്നു അപ്പോസ്തലന്മാർ ഇല്ലാത്തതിനാൽ സാർവ്വത്രിക സഭയെപ്പറ്റിയുള്ള വെളിപ്പാടു ലഭിച്ചു എന്നു ആർക്കും അവകാശപ്പെടുവാൻ സാധ്യമല്ല. വേദപുസ്തകത്തിലേക്ക് ഇനിയും പുസ്തകങ്ങൾ ചേർക്കുവാൻ ആർക്കും അധികാരവുമില്ല.

C. ഒരിക്കൽ നൽകുകയും മാറ്റുവാൻ സാധിക്കാത്തതുമായ മറ്റു പരിഗണനകൾ

വിശ്വാസത്തെ പ്രതിപാദിക്കുന്ന ഒരുപാടു വാക്യങ്ങളുണ്ട് (അതായത് സഭയുടെ ഉപദേശത്തിന്റെ പ്രധാന ഭാഗം). വെളിപ്പാടിന്റെ പ്രമാണം സാങ്കേതികമായി പ്രതിപാദിക്കുന്നതു വെളിപ്പാടു പുസ്തകത്തിലാണ്. വേദപുസ്തകത്തിന്റെ അവസാനമാണ് ഇതു രേഖപ്പെടുത്തിയിരിക്കുന്നത്, എന്നതു യാദൃശ്ചികത്തിനപ്പുറമാണ്.

> "പ്രിയരെ, നമുക്ക് പൊതുവിലുള്ള രക്ഷയെക്കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്ക് **ഒരിക്കലായിട്ടു** ഭരമേല്പിച്ചിരിക്കുന്ന **വിശ്വാസത്തിനുവേണ്ടി** പോരാടേണ്ടതിനുവേണ്ടി പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്നു എനിക്കു തോന്നി" (യൂദ. 3).
>
> "എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിന് വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" (ഗലാ. 1:8).
>
> "ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും, ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്നു ആരെങ്കിലും വല്ലതും നീക്കികളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കികളയും" (വെളി. 22:18, 19).

VIII. സഭാ ചരിത്രവും വേദപുസ്തകശാസ്ത്രവും

വേദപുസ്തകത്തിന്റെ അപ്രമാദിത്വത്തെക്കുറിച്ചുള്ള ഉപദേശങ്ങളായിരുന്നു എല്ലാ പ്രധാന സംഘടനകളുടെയും അടിസ്ഥാനം.

വേദപുസ്തകത്തിന്റെ ദൈവ നിശ്വാസിയതയെ തള്ളിപ്പറഞ്ഞവരെല്ലാം ദുരുപദേശമെന്നു പറഞ്ഞു തള്ളിയ വേദപുസ്തകതത്വങ്ങളെ പിൻതാങ്ങുകയും

തൻനിമിത്തം അവരവരുടെ സംഘടനകളുടെ സ്ഥാപകരും ആയി. എന്നാൽ ഉദാരമായവരുടെ അവകാശവാദപ്രകാരം തെറ്റിക്കൂടായ്മ എന്നതൊരു ആധുനിക പുരോഗതിയാണെന്നും അതിന്റെ അടിസ്ഥാനം അറിവില്ലായ്മയാണെന്നും അല്ലെങ്കിൽ മനഃപൂർവ്വമുള്ള ദുർവ്യാഖ്യാനമാണെന്നും പ്രഖ്യാപിച്ചു.

> ''പരിശുദ്ധ തിരുവെഴുത്തുകളിൽ തെറ്റുകൾ ഉണ്ടെന്നു നാം വിശ്വസിച്ചാൽ, എനിക്കു തോന്നുന്നതു ഏറ്റവും നിർഭാഗ്യകരമായ കാര്യങ്ങൾ സംഭവിച്ചേക്കാം; എന്നു പറഞ്ഞാൽ ഈ വചനങ്ങൾ എഴുതാൻ ബാധ്യസ്ഥരായ ആളുകൾ തിരുവെഴുത്തുകളിൽ ഏതെങ്കിലും തെറ്റു വരുത്തിയിട്ടുണ്ട് എന്നുതന്നെയാണ്... [1]
> അഗസ്റ്റിൻ, (നവീകരണകാലത്തിനു മുമ്പ്)

> അഗസ്റ്റിൻ ജെറോമിന് എഴുതിയ കത്തിൽനിന്നു ലൂഥർ ഉദ്ധരിച്ചിരിക്കുന്നത്, ''വിശുദ്ധ എഴുത്തുകൾക്കൊന്നും തെറ്റുവരാതെ തന്നെ എനിക്കു പൂർണ്ണബോധ്യമുള്ള വചനങ്ങൾ മുറുകെ പിടിക്കാൻ ഞാൻ പഠിച്ചിട്ടുണ്ട്. ലൂഥർ അഗസ്റ്റിന്റെ വീക്ഷണത്തെ പിന്താങ്ങിക്കൊണ്ട് പറഞ്ഞു,'' ''വചനങ്ങൾ തെറ്റില്ല പരസ്പരം യോജിക്കാതിരിക്കാൻ അതിനു തന്നെ ആവില്ല മാത്രമല്ല അതിനെ തന്നെ എതിർക്കാനുമാവില്ല. അതു മടയന്മാർക്കും അധികപ്രാസംഗികർക്കും അങ്ങനെയാകാം കാണപ്പെടുന്നത്. [2]

> എങ്കിലും നമുക്കു അതു പൂർണ്ണമായോ, മുഴുവനായോ, പൊതുവായോ ഉറച്ചു വിശ്വസിക്കാം.'' അല്ലെങ്കിൽ ഒന്നും വിശ്വസിക്കരുത്. ഒരു ഭാഗം തെറ്റായും മറുഭാഗം സത്യമായി വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുവാൻ പരിശുദ്ധാത്മാവ് അനുവദിക്കുകയില്ല. പൊതുവേ എല്ലാ ദുരുപദേശകരുടെയും രീതി, എന്നത് അവർ കേവലം ഒരു ലേഖനംകൊണ്ട് ആദ്യം ആരംഭിക്കും, എന്നാൽ അവരെ ആകെക്കൂടെ നിഷേധിച്ചേ മതിയാവൂ. ഒരു വളയം ഉടയുകയോ മുറിയുക യോ ചെയ്താൽ അതിനു യാതൊരു വിലയും ഇല്ലാത്തതുപോലെ. മാർട്ടിൻ ലൂഥർ (ലൂഥറൺ സഭകളുടെ സ്ഥാപകൻ).[3]

ജോൺ കാൽവിൻ, തിരുവെഴുത്തിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: [4]

- ഉറപ്പുള്ള അപ്രമാദിത്ത രേഖകൾ.
- തെറ്റു വരാത്ത രീതി.
- ദൈവത്തിന്റെ ശുദ്ധമായ വചനങ്ങൾ
- മാറാത്തതും വിശുദ്ധവുമായ സത്യങ്ങൾ.
- സത്യത്തിന്റെ തെറ്റുവരാത്ത.
- തെറ്റാത്ത വെളിച്ചം.
- ദൈവത്തിന്റെ മാറാത്ത വചനങ്ങൾ.
- മനുഷ്യനുള്ളതൊന്നുമായി കൂട്ടിക്കുഴയാത്തത്.
- പരിശുദ്ധവും മാറാത്തതുമായ പ്രവചനങ്ങൾ.
- ഉറച്ചതും മാറ്റപ്പെടാത്തതുമായ സത്യങ്ങളാണ്.
- മാറ്റമില്ലാത്ത എഴുത്തുകൾ

(കാൽവിൻ – പ്രിസ്ബിറ്റേറിയൻ – നവീകരണ നേതാവ്)

തോമസ് ക്രയ്മർ, അമേരിക്കയിലെ ആംഗ്ലിക്കൽ സഭയുടേയും, അമേരിക്കൻ എപ്പിസ്ക്കോപ്പൽ സഭയുടേയും സ്ഥാപകൻ ഇപ്രകാരം തന്നെ അദ്ദേഹം രേഖപ്പെടുത്തുന്നു:

> ''വിശുദ്ധ ഗ്രന്ഥങ്ങളിൽ കാണുന്നതെല്ലാം ഉറച്ചതും മാറ്റപ്പെടാത്തതുമായ സത്യങ്ങളാണെന്ന് ഉറപ്പ് നൽകുന്നു. ഇത് ഉറപ്പുള്ള പശ്ചാത്തലത്തിൽ തകരാത്ത സത്യങ്ങളായി എടുക്കണം. ഇതിന്റെ പശ്ചാത്തലത്തിലല്ലാതെ നമ്മുടെ വിശ്വാസത്തിൽ തൊടുന്നതെല്ലാം മനുഷ്യരുടെ ഉപകരണവും മാറ്റാവുന്നതും തീർച്ചയില്ലാത്തതുമാകും'' [5]

> ''നമുക്ക് ശാന്തമായി നിന്നു നമ്മുടെ മനസാക്ഷിയിൽ ലഭിക്കുന്ന ബോധ്യത്തോടെ മാറ്റമില്ലാത്ത സത്യത്തിൽ അതു(തിരുവെഴുത്ത്) തരുന്ന ഉറപ്പിനോടും ചേർന്നു നില്ക്കാം.'' [6]

ജോൺ വെസ്ലി പറയുന്നു:

> ''ഈ വേദപുസ്തകത്തിൽ ഏതെങ്കിലും ഒരു തെറ്റുണ്ടെങ്കിൽ ഒരായിരം തെറ്റുകൾ ഉണ്ടായേക്കാം. ഒരു തെറ്റെങ്കിലും ഉണ്ടെങ്കിൽ അതു

---

1. Harold Lindsell, God's *Incomparable word (Wheaton, Illinois:* Victor Books, 1977) 55.
2. Ibid., 58
3. John Gerstner, "The Church's Doctrine of Biblical Inspiration," *The Foundation of Biblical Authority*, ed. James Montgomery Boice, (Grand Rapids: Zondervan Publishing Co. 1978) 35
4. John Gerstner, "The View of the Bible Held by the church:Calvin and the Westminster Divines," *Summit papers International Council of Biblical Inerrancy*, ed. Norman Geisler, (Oakland, California: ICBI , 1978), Paper 14, P.8).
5. Philip E. Hughes, *The Theology of the English Reformers* (Grand Rapids: Eerdmans publishing Co., 1965) 20
6. Ibid., 22

ദൈവത്തിൽ നിന്നു വന്നതല്ല." (ജോൺ വെസ്ലി, മെതോഡിസത്തിന്റെ സ്ഥാപകൻ).

ചാൾസ് സ്പർജൻ പറയുന്നത്

ദൈവത്താൽ എഴുതപ്പെട്ടിട്ടുള്ളതുകൊണ്ട് അതിന്റെ സത്യത്തെ ഉറപ്പിച്ചു കൊള്ളുക. ഇതു ഞാൻ എഴുതിയതു ആയിരുന്നുവെങ്കിൽ, അതു വിമർശകർ കീറി പറത്തുമായിരുന്നു. പക്ഷെ ഇതു ദൈവത്തിന്റെ വചനങ്ങളാണ്. വിമർശകർ വരെ ഒരു തെറ്റു കണ്ടുപിടിക്കുകയില്ല. അതു ഭൗതിക മായ ഒന്നുകൊണ്ടും മലിനപ്പെടാത്ത ശുദ്ധ സ്വർണ്ണമാണ്. കറുപ്പ് വീഴാത്ത സൂര്യൻ, ഇരുട്ടി ല്ലാത്ത വെളിച്ചം, വിളർച്ച ഇല്ലാത്ത ചന്ദ്രൻ- മങ്ങലില്ലാത്ത മഹത്വം- അതാണ് തിരുവെഴുത്ത്! ഇതുപോലെ ഇത്ര കൃത്യതയും, ശുദ്ധവുമായ മറ്റൊരു പുസ്തകത്തെക്കുറിച്ച് പറയാൻ കഴിയില്ല. പക്ഷെ എല്ലാ ജ്ഞാനവും സ്വരൂപിച്ചിരിക്കുന്നത് ഇവിടെയാണ് എന്ന് നമുക്ക് പ്രഖ്യാപിക്കുവാൻ കഴിയും. ഒരു തെറ്റും വരുത്താതെ അവസാനി പ്പിക്കുന്ന ന്യായാധിപൻ. ഇതാണ് തെറ്റ് തൊട്ടു തീണ്ടാത്ത ശുദ്ധമായ സത്യം. എന്തുകൊണ്ട ന്നാൽ ദൈവമാണ് ഇതിന്റെ എഴുത്തുകാരൻ. തെറ്റുണ്ടെങ്കിൽ ദൈവത്തെ കുറ്റപ്പെടുത്താം! അതല്ല ഈ പുസ്തകത്തിൽ ഉദ്ദേശിക്കുന്നതെ ങ്കിൽ അതും. അനുഗ്രഹിക്കപ്പെട്ട തിരുവെഴുത്തു ഇതു പൂർണ്ണമായും സത്യമാണ്. [7]

ചാൾസ് ഹാഡ്ഡൻ സ്പർജൻ (പ്രധാന ബാപ്റ്റി സ്റ്റുകാരൻ)

[7] Lindsell, 77.

അദ്ധ്യായം 2

തിയോളജി പ്രോപ്പർ

ദൈവത്തെപ്പറ്റിയുള്ള ഉപദേശം

രൂപരേഖ

I. ദൈവത്തെ സംബന്ധിച്ച വീക്ഷണങ്ങളുടെ നിർവ്വചനങ്ങൾ
   A. നാസ്തിക വാദം
   B. അജ്ഞേയ വാദം
   C. ഈശ്വരവാദം
      1. ദൈവ വാദം
      2. ബഹുദൈവ വാദം
      3. വിശ്വദേവതാ വാദം
      4. ഏകദൈവ വാദം

II. ദൈവാസ്തിക്യം
   A. പ്രപഞ്ച വാദം
   B. ക്രമീകരണ വാദം
   C. ധാർമ്മിക ന്യായ വാദം
   D. സദാത്മകവാദം

III. ദൈവത്തെക്കുറിച്ചുള്ള നിർവചനം

IV. ദൈവിക സാരാംശത്തിലെ ഏകത്വവും ത്രിത്വവും
   A. ദൈവത്തിന്റെ ഏകത്വം
   B. ദൈവത്തിന്റെ ത്രിത്വ പ്രകൃതം
      1. ത്രിത്വം പഴയനിയമത്തിൽ
         a. ദൈവം-എബ്രായ പ്രയോഗം ബഹുവചനരൂപത്തിൽ
         b. ദൈവസംബന്ധമായ ബഹു വചന പരാമർശങ്ങൾ
         c. ഏക ദൈവമെ ഉള്ളുവെങ്കിലും ദൈവം ദൈവത്തിൽനിന്ന് വ്യത്യസ്തനായിരിക്കുന്നു
         d. ദൈവത്തിന് ഒരു പുത്രനുണ്ടെന്ന് പഴയ നിയമം സൂചിപ്പിക്കുന്നു
         e. യഹോവയുടെ ദൂതൻ ദൈവത്തിൽനിന്ന് വ്യത്യസ്തനെങ്കിലും ദൈവമാകുന്നു
            (1) യഹോവയുടെ ദൂതൻ ദൈവത്തിൽ നിന്ന് വ്യത്യസ്തനാകുന്നു
            (2) യഹോവയുടെ ദൂതനെ ദൈവമായി മറ്റുള്ളവർ തിരിച്ചറിഞ്ഞു
            (3) ദൈവമാണെന്ന കർത്താവിന്റെ ദൂതന്റെ അവകാശവാദം
            (4) ഉപസംഹാരം
         f. മശിഹ ദൈവത്താൽ അയയ്ക്കപ്പെട്ടവൻ, അവൻ ദൈവവും ആകുന്നു
            (1) മശിഹ ദൈവത്തിൽ നിന്ന് വ്യത്യസ്തനാകുന്നു
            (2) മശിഹ ദൈവമാകുന്നു
         g. ദൈവത്തിന് ഉപയോഗിച്ചിട്ടുള്ള ബഹുവചന പരാമർശങ്ങൾ
      2. ത്രിത്വം പുതിയ നിയമത്തിൽ
         a. ത്രിത്വത്തിലെ ഓരോ വ്യക്തിയെയും ദൈവമെന്ന് സംബോധനചെയ്തിരിക്കുന്നു
            (1) പിതാവ്
            (2) പുത്രൻ
            (3) പരിശുദ്ധാത്മാവ്
         b. ദൈവികസാരാംശത്തിലെ രണ്ടു ആളത്വങ്ങൾ ഒന്നായിരിക്കുന്നു
         c. ദൈവിക സാരാംശത്തിലെ മൂന്നു ആളത്വങ്ങൾ ദൈവമെന്ന നിലയിൽ ഒന്നായിരിക്കുന്നു

V. ദൈവത്തിന്റെ നാമങ്ങൾ
   A. എലോഹിം
      1. ഏൽഷദ്ദായി
      2. ഏൽ എല്യോൻ
      3. ഏൽ ഒലാം
      4. ഏൽ ഗിബ്ബോർ
   B. യഹോവ
      1. ഉച്ചാരണം
      2. ആരംഭം
      3. അർത്ഥം
      4. യഹോവയിൽ നിന്നും ഉരിതിരിഞ്ഞ ഉപനാമങ്ങൾ
         a. യഹോവ- സെബായോത്ത്
         b. യഹോവ- യിരെ

c. യഹോവ- റൊഫെ

d. യഹോവ- നിസ്സി

e. യഹോവ- ശാലോം

f. യഹോവ- റോയി

g. യഹോവ- ട്സിദ്ക്കെനൂ

C. അഡോണായ്

VI. ദൈവത്തിന്റെ സ്വഭാവ സവിശേഷതകൾ

A. ദൈവത്തിന്റെ സാരാംശ സ്വഭാവ സവിശേഷതകൾ

1. ദൈവം ആത്മാവാകുന്നു
2. ദൈവം നിത്യനാകുന്നു
3. ദൈവം സർവ്വവ്യാപിയാകുന്നു
4. ദൈവം മാറ്റമില്ലാത്തവനാകുന്നു
5. ദൈവം സർവ്വജ്ഞാനിയാകുന്നു
6. ദൈവം സ്വയാസ്തിക്യമുള്ളവൻ ആകുന്നു
7. ദൈവം സർവ്വശക്തൻ ആകുന്നു
8. ദൈവം ഏകത്വമുള്ളവൻ ആകുന്നു

B. ദൈവത്തിന്റെ സദാചാര സ്വഭാവ സവിശേഷതകൾ

1. ദൈവം പരിശുദ്ധൻ ആകുന്നു
2. ദൈവം സത്യവാൻ ആകുന്നു
   a. വസ്തുതാപരമായി സത്യമാകുന്നു
   b. ധാർമ്മികമായി സത്യമാകുന്നു
   c. അഭൗമീകമായി സത്യമാകുന്നു
3. ദൈവം നല്ലവൻ ആകുന്നു
   a. ദൈവം കരുണയുള്ളവൻ ആകുന്നു
   b. ദൈവം ദീർഘക്ഷമയുള്ളവൻ ആകുന്നു
   c. ദൈവം കൃപയുള്ളവൻ ആകുന്നു
   d. ദൈവം സ്നേഹം ആകുന്നു.
4. ദൈവം നീതിയുള്ളവൻ, അഥവാ ന്യായമുള്ളവൻ ആകുന്നു
5. ദൈവം ബുദ്ധിമാൻ ആകുന്നു
6. ദൈവം ധന്യൻ ആകുന്നു
7. ദൈവം മഹത്വവാൻ ആകുന്നു

തിയോളജി പ്രോപ്പർ: ദൈവത്തെപ്പറ്റിയുള്ള ഉപദേശം

I. ദൈവത്തെ സംബന്ധിച്ച വീക്ഷണങ്ങളുടെ നിർവചനങ്ങൾ

A. നാസ്തികവാദം

ഒരു ദൈവവമുണ്ടെന്നുള്ള വസ്തുത നാസ്തിക വാദം നിഷേധിക്കുന്നു. മാനവമതവും ഉറച്ച ഭൗതിക വാദവും നാസ്തിക വാദത്തോടു വളരെ യോജിക്കുന്നു. മാനവമതത്തിന്റെ വിശ്വാസം എന്തെന്നാൽ മനുഷ്യൻ സ്വയകേന്ദ്രീകൃത അധികാരം ഉള്ളവനും അവന്റെ മഹത്വമാണ് ഏറ്റവും ഉത്തമം എന്നുമാണ്. ഭൗതികമായ ഒരു പ്രപഞ്ചത്തെ മാത്രമാണ് ഭൗതികവാദം യാഥാർത്ഥ്യമായി പരിഗണിക്കുന്നത്.

B. അജ്ഞേയവാദം

ദൈവം ഉണ്ടോ എന്ന് നിശ്ചയമില്ലാത്ത അവസ്ഥ; ദൈവാസ്തിക്യത്തെ മനുഷ്യനു എന്നെങ്കിലും അറിയുവാൻ കഴിയുമെന്ന വസ്തുത അജ്ഞേയവാദം തള്ളിക്കളയുന്നു. ഈ വാദവും മാനവമതമായും ഭൗതികവാദമായും വളരെ പൊരുത്തപ്പെട്ടിരിക്കുന്നു. ഒരു മാനവമതവാദി ദൈവം ഉണ്ടെന്ന സാധ്യത സമ്മതിച്ചേക്കാം. എന്നാൽ, ദൈവസംബന്ധമായി നമുക്ക് അറിയുവാൻ കഴിയാത്തതിനാൽ, ദൈവമെന്ന വസ്തുത ജീവിതത്തിൽ അപ്രസക്തമായ ഒന്നാണ്. അപ്രകാരം തന്നെ, ഒരു ഭൗതിക വാദിയും സൈദ്ധാന്തികമായി ദൈവം ഉണ്ടായിരിക്കുവാൻ സാധ്യതയുണ്ടെന്നു വിചാരിക്കുന്നെങ്കിലും ഒരിക്കലും ദൈവത്തിന് യാതൊരു വിധ പരിഗണനയും കൊടുക്കാതെയാണ് ജീവിതം തള്ളിനീക്കുന്നത്.

C. ഈശ്വരവാദം

ഏതെങ്കിലും ഒരുദൈവത്തിൽ വിശ്വസിക്കുന്നതിനെയാണ് ഈശ്വരവിശ്വാസം എന്നു പറയുന്നത്

1. ദൈവവാദികൾ ഒരു ദൈവമുണ്ടെന്ന് തീർച്ചപ്പെടുത്തുന്നു; എന്നിരുന്നാലും ദൈവം പ്രപഞ്ചകാര്യങ്ങളിൽ തല്പരനോ, മനുഷ്യനുമായി ആശയവിനിമയം നടത്തുന്നവനോ അല്ല. അതായത് സൃഷ്ടാവായ ദൈവം നിയന്ത്രിതാവ് അല്ല.

2. ബഹു ദൈവ വാദം ഒന്നിൽകൂടുതൽ ദൈവങ്ങളിലുള്ള വിശ്വാസത്തെ അംഗീകരിക്കുന്നു.

3. വിശ്വദേവതാ വാദികൾ ഈ പ്രപഞ്ചം തന്നെ ദൈവമാണെന്നു വിശ്വസിക്കുന്നവരാണ്. നാസ്തിക ഭൗതിക വാദവുമായി വളരെ യോജിക്കുന്ന ഒരു വാദമുഖമാണിത്. ഈ ഭൗതിക പ്രപഞ്ചം മാത്രമാണ് യാഥാർത്ഥ്യമെന്ന്

വിശ്വദേവതാ വാദികളും യഥാർത്ഥ ഭൗതിക വാദികളും വിശ്വസിക്കുന്നു. ഈ ഭൗതിക പ്രപഞ്ചം 'ദൈവം' എന്ന് വീക്ഷിക്കുന്നവരാണ് മുൻകൂട്ടരെല്ലാം തന്നെ.

4. ഏക ദൈവവാദികളുടെ വിശ്വാസം ഒരേ ഒരു ദൈവമെയുള്ളൂ. യഹൂദർ, ക്രിസ്ത്യാനികൾ, മുസ്ലിങ്ങൾ കൂടാതെ വിവിധ മതക്കാരും ഏകദൈവ വിശ്വാസികളാണ്.

II. ദൈവാസ്തിക്യം

ദൈവാസ്തിക്യത്തെ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങളും, ദൈവശാസ്ത്രത്തിലുള്ളതിനെക്കാൾ, ക്രിസ്തീയ തെളിവുകൾക്കുള്ളിലാണ് നിലനിൽക്കുന്നത്. തിരുവെഴുത്തുകളുടെ അതുല്യവും അസാധാരണവുമായ പ്രത്യേകതയും കർത്താവായ യേശുക്രിസ്തുവെന്ന വ്യക്തിത്വവുമാണ് ദൈവാസ്തിക്യത്തിന് ഏറ്റവും മഹത്തായ തെളിവ്. ഈ ദൈവശാസ്ത്രവിഭാഗത്തിൽ, ദൈവത്തെ സംബന്ധിച്ച തിരുവെഴുത്തുകളുടെ പഠിപ്പിക്കലുകൾ വ്യക്തമാക്കുകയാണ് ഉദ്ദേശ്യം, മറിച്ച് ദൈവം ഉണ്ടെന്ന് തെളിയിക്കുവാൻ ശ്രമിക്കുകയല്ല. ദൈവം ഉണ്ടെന്ന യാഥാർത്ഥ്യത്തിലാണ് തിരുവെഴുത്തുകൾ അടിസ്ഥാനപ്പെട്ടിരിക്കുന്നത്, മാത്രമല്ല ദൈവാസ്തിക്യത്തെ നിഷേധിക്കുന്നവരെ മൂഢൻ എന്നു തിരുവെഴുത്ത് വിളിക്കുന്നു (സങ്കീ. 14:1; 53:1). ദൈവാസ്തിക്യം എന്ന വിഷയം ഗവേഷണം നടത്തുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥി ക്രിസ്തീയ തെളിവുകൾ പഠനവിധേയമാക്കിയേ തീരൂ. എന്നിരുന്നാലും, ദൈവശാസ്ത്രജ്ഞന്മാർ അടിസ്ഥാന ദൈവശാസ്ത്രത്തിൽ ദൈവാസ്തിക്യത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോൾ അടിസ്ഥാനപരമായ തത്വശാസ്ത്രവാദമുഖങ്ങളും ഉൾപ്പെടുത്താറുണ്ട്. വ്യക്തമാക്കുവാൻ വേണ്ടി നാമും അവയെ പരിശോധിക്കും; എന്നാലും ദൈവാസ്തിക്യത്തെ സംബന്ധിച്ച ഏറ്റവും ഉത്തമമായ വാദമുഖങ്ങൾ ക്രിസ്തുശാസ്ത്രം ക്രിസ്തുവിന്റെ ജീവിതം എന്ന ഒരേ ഒരു പഠനവിഭാഗത്തിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

A. പ്രപഞ്ചവാദം

പ്രപഞ്ചവാദമനുസരിച്ച് എല്ലാ കാര്യങ്ങൾക്കും പര്യാപ്തമായ ഒരു കാരണമുണ്ട്. പ്രപഞ്ചം ഒരു കാര്യമാണ്. അതിനാൽ, കാരണില്ലാത്ത ആദികാരണം ദൈവമായിരിക്കും.

B. ക്രമീകരണവാദം

ക്രമീകൃതമാതൃകയിൽ കാണപ്പെടുന്ന ഏതിനു പിന്നിലും രൂപകല്പന ചെയ്ത പ്രാപ്തനായ ഒരു വ്യക്തിത്വമുണ്ടെന്നാണ് ഈ വാദഗതി ഉദ്ദേശിക്കുന്നത്. പ്രപഞ്ചത്തിൽ മുഴുവനും ഒരു ക്രമവും താളവും ശരിയായ ഒരു രൂപകല്പനയും ദൃശ്യമാണ്. രൂപകല്പന ചെയ്തവൻ ഉണ്ടായേ മതിയാകൂ, അത് ദൈവമാണ്.

C. ധാർമ്മിക ന്യായവാദം

മനുഷ്യനിലുള്ള നൈസ്സർഗ്ഗികമായ ഒരു ധാർമ്മിക നിയമവ്യവസ്ഥ ഒരു നിയമദാതാവിലേക്ക് വിരൽ ചൂണ്ടുന്നു എന്ന് നൈതിക വാദം പഠിപ്പിക്കുന്നു. സർവ്വരുടെയും അന്തരംഗത്തിൽ ധാർമ്മിക വ്യവസ്ഥാപിത ബോധവും ബോദ്ധ്യവും ഉണ്ട്. പ്രത്യേകിച്ച് ഏതെങ്കിലും തെറ്റിലകപ്പെടുമ്പോൾ മനസാക്ഷിയിൽ കുത്തുണ്ടാകുന്നു. നീതിപൂർവ്വമായ ഒരു ന്യായവ്യവസ്ഥാ ബോധം ഉള്ളതിനാൽ ദൈവമെന്ന ഒരു നിയമദാതാവ് ഉണ്ടായേ മതിയാകൂ.

D. സദാത്മകവാദം

സദാത്മകവാദം സ്പഷ്ടമാക്കുന്നത് ഒരു ആവശ്യം ഉണ്ടെന്ന ബോധ്യം ആ ആവശ്യം നിർവ്വഹിക്കപ്പെടുമെന്ന യാഥാർത്ഥ്യത്തിലേക്ക് വിരൽചൂണ്ടുന്നുവെന്നാണ്. ഒരു കുഞ്ഞിന് വിശക്കുമ്പോൾ തന്നെ ആഹാരം ഉണ്ടെന്ന് അവന്റെ ഉള്ളിൽ ബോദ്ധ്യമുണ്ട്. ഭൂരിപക്ഷം ആളുകളും ഈശ്വരവാദികളായതിനാൽ തീർച്ചയായും ഒരു ദൈവമുണ്ട്.

III. ദൈവത്തെക്കുറിച്ചുള്ള നിർവചനം

തിരുവെഴുത്തികളിലൊരിടത്തും ദൈവത്തെ പൂർണ്ണമായി നിർവ്വചിച്ചിട്ടില്ല. "ആത്മാവ്" (യോഹ. 4: 24); "വെളിച്ചം" (1 യോഹ. 1: 5) ; "സ്നേഹം" (1 യോഹ. 4: 16); "ദഹിപ്പിക്കുന്ന അഗ്നി" (എബ്രാ. 12: 29) തുടങ്ങിയ വിശേഷണങ്ങൾ ദൈവത്തിന് നല്കപ്പെട്ടിരിക്കുന്നു. വ്യക്തിയെന്ന നിലയിൽ സാധാരണ നൽകുന്ന നിർവചനം, ബുദ്ധി, വികാരം, ഇച്ഛ എന്നിവയുള്ള ഒരു വ്യക്തിയാണ് ദൈവം. "ജീവനുള്ള ദൈവം" എന്ന് ദൈവത്തെ സംബോധന ചെയ്തിരിക്കുന്നു (1 ശമു. 17: 26; മത്തായി.16: 16; 1 തെസ്സ. 1: 9 കാണുക). സംക്ഷിപ്തമായ ഒരു നിർവചനം ദൈവത്തെ സംബന്ധിച്ചു നൽകുന്നതിൽ ദൈവശാസ്ത്രജ്ഞന്മാർ വൈഷമ്യം നേരിടുന്നുണ്ട്. ആ പരമോന്നതമായ വ്യക്തിത്വത്തിനു നൽകിയിട്ടുള്ള നിർവ്വചനങ്ങളിൽ വളരെ യോഗ്യമായി തോന്നുന്നത് തുടർന്നും കുറിക്കുന്നു.

"സകലത്തിന്റെയും സ്രോതസ്സും ആധാരവും അവസാനവുമായിരിക്കുന്ന അപരിമേയനും സർവ്വസമ്പൂർണ്ണനുമായ ആത്മാവാണ് ദൈവം" [1]

"അപരിമേയൻ, നിത്യനായവൻ, സ്രഷ്ടാവ്, സംരക്ഷകൻ, ആത്മാവാകുന്ന പ്രപഞ്ച നിയന്ത്രിതാവ്, സ്നേഹം, വെളിച്ചം, സർവ്വത്തിനും സ്രോതസ്സും അവസാനവുമായ അതുല്യവ്യക്തി പ്രഭാവമാണ് ദൈവം".[2] വീഴ്ചയ്ക്കും

[1]. Augustus H . Strong, *Systematic Theology,* 3 Vols. in 1, reprint edition (Old Tappan, N.J: Fleming H. Revell Co., 1976) 52.

[2]. John Miles, "Doctrine," Unpublished class notes, Grand Rapids School of The Bible and Music, 1974) 16.

പാപ പ്രവേശനത്തിനും ദൈവം നേരിട്ടുള്ള കാരണമല്ല, മറിച്ച് അവിടുന്ന് അനുവദനീയ കാരണം മാത്രമായിരുന്നു. അതിനാൽ തുടർ പ്രതിപാദിച്ചിരിക്കുന്ന വസ്തുതയും സ്വീകര്യമാണ്: സ്വയംഭൂവും, പാപമൊഴികെ സകലത്തിനും കാരണനും, അപരിമേയനും നല്ലവനുമായ ദൈവം അദൃശ്യനും ആത്മരൂപിയുമാണ്.

IV. ദൈവിക സാരാംശത്തിലെ ഏകത്വവും ത്രിത്വവും

ദൈവം ഏകനും പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ തുല്യരായ മൂന്നു ആളത്വങ്ങൾ ഉള്ള വ്യക്തിത്വവുമാണെന്ന് തിരുവെഴുത്ത് പഠിപ്പിക്കുന്നു. ഈ ആളത്വങ്ങൾ മൂന്നു ദൈവങ്ങളല്ല; ഏകദൈവം വ്യത്യസ്ഥ കാലഘട്ടങ്ങളിൽ തൃതീയ ഭാവങ്ങളിൽ വെളിപ്പെട്ടതുമല്ല. ദൈവം മൂന്നു ഭാഗങ്ങളായി ആസ്തിക്യമുള്ളവനായിരിക്കുന്നു എന്നല്ല ഇതിനർത്ഥം, കാരണം ദൈവത്തെ വിഭാഗിക്കാനാവില്ല. ദൈവത്തിന്റെ അനേക ഭാവങ്ങൾ മനസ്സിലാക്കാനാവും, ചിലതോ, തികച്ചും അഗ്രാഹ്യവുമാണ്. അജ്ഞാതനായ ഒരു എഴുത്തുകാരൻ ഇപ്രകാരം സംക്ഷിപ്തപ്പെടുത്തിയിരിക്കുന്നു, "ക്രിസ്തീയ സഭയ്ക്കു ലഭിച്ചിരിക്കുന്ന അടിസ്ഥാന ഉപദേശം തിരുവെഴുത്തുകൾ ഇപ്രകാരം പഠിപ്പിക്കുന്നു; ഏകദൈവം, ആ ദൈവത്തിൽ വ്യക്തികൾ എന്ന നിലയിൽ വിവരിക്കപ്പെടുന്ന, സാരാംശത്തിൽ ഒന്നായ മൂന്നു ആളത്വങ്ങൾ ഉൾപ്പെട്ടിരിക്കുന്നു, എന്നാൽ അവർ ഏതർത്ഥത്തിൽ വ്യത്യസ്ഥമായിരിക്കുന്നെന്നോ ഏതർത്ഥത്തിൽ ഒന്നായിരിക്കുന്നെന്നോ നമുക്ക് നിശ്ചയിക്കാനാവില്ല."

A. ദൈവത്തിന്റെ ഏകത്വം

തിരുവെഴുത്തുകൾ ഏക ദൈവവിശ്വാസത്തെ പഠിപ്പിക്കുന്നു. ഏക ദൈവത്തിൽ മൂന്നു ആളത്വങ്ങൾ ഐക്യപ്പെട്ടിരിക്കുന്നു (ആവ. 4: 35; 6: 4; 1 രാജാ. 8: 60; 2 രാജാ. 19: 15; യെശ. 43: 10; 44: 6,8; സെഖ. 14: 9; 1 കൊരി. 8: 6; ഗലാ. 3: 20; 1 തിമൊ. 2: 5; യാക്കോബ് 2:19).

> യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ **ഏകൻ** തന്നെ (ആവ. 6: 4).
>
> ....**ഏക** ദൈവമേ നമുക്കുള്ളൂ (1 കൊരി. 8: 6).
>
> ... ദൈവമോ **ഒരുത്തൻ** മാത്രം (ഗലാ. 3: 20).
>
> ദൈവം **ഒരുവനല്ലോ**.. (1 തിമൊ. 2: 5).
>
> ദൈവം **ഏകൻ** എന്നു നീ വിശ്വസിക്കുന്നുവോ; കൊള്ളാം....(യാക്കോബ്. 2: 19).

B. ദൈവത്തിന്റെ ത്രിത്വപ്രകൃതം

ത്രിത്വമെന്ന മർമ്മം പരിപൂർണ്ണമായി ഗ്രഹിക്കുവാനാവില്ലെങ്കിലും, ആവർത്തിച്ച് പഠിപ്പിക്കപ്പെടുന്ന ഒരു വേദപുസ്തക ഉപദേശമായി അതിനെ സ്വീകരിക്കണം.

1. ത്രിത്വം പഴയ നിയമത്തിൽ

ത്രിത്വോപദേശം പുതിയ നിയമത്തിലാണ് വിശദമായി പ്രതിപാദിച്ചിരിക്കുന്നതെന്നു വരികിലും, പഴയനിയമത്തിലും ത്രിത്വോപദേശം പരോക്ഷമായി അവതരിപ്പിച്ചിട്ടുണ്ടെന്ന വസ്തുത വളരെ പ്രസക്തമാണ് (യെശ. 9: 6; സങ്കീ. 110: 1; യിരെ. 23: 5-6 എന്നീ വാക്യങ്ങൾ കാണുക).

a. ദൈവത്തെക്കുറിക്കുന്ന എബ്രായ വാക്ക് (ഏലോഹിം) ബഹുവചന രൂപത്തിലാണ്. എബ്രായ പദത്തിന്റെ ബഹുവചനപ്രയോഗം **അതിൽ തന്നെ** ത്രിത്വത്തിന് തെളിവാകുന്നില്ല. വ്യാകരണ കർത്താക്കൾ വിളിക്കുന്ന "ബഹുമതിപദത്തിന്റെ ബഹുവചന രൂപം" ആയിരിക്കാം അത്. മുഖം, വെള്ളം, ആകാശം എന്നിവയ്ക്കുള്ള എബ്രായ പദങ്ങളും ബഹുവചന പ്രയോഗത്തിലാണ്. എങ്കിലും ദൈവത്തെ സംബന്ധിച്ച് ഉപയോഗിച്ചിരിക്കുന്ന പദത്തിന്റെ വ്യാകരണ പ്രയോഗത്തിന് ത്രിത്വ ആശയം വരുന്നുണ്ട്. ഒപ്പം ത്രിത്വത്തെക്കുറിച്ചുള്ള മറ്റു തെളിവുകളും വ്യക്തമായി നിലകൊള്ളുമ്പോൾ, ദൈവസംബന്ധമായ ബഹുവചനപ്രയോഗത്തിന് തൃപ്തമായ ഒരു വിശദീകരണമെന്തെന്നാൽ *ദൈവത്തിന്റെ* ത്രിത്വ പ്രകൃതത്തിനു മാർമ്മികമായ ഒരു സൂചനയായിരുന്നു അത്.

b. ദൈവത്തിൽ ഒരു ബഹുത്വമുണ്ടെന്നു സ്പഷ്ടമാക്കുന്ന ഒരു കൂട്ടം പഴയനിയമ സംബോധനകൾ ശ്രദ്ധേയമാണ്. ഇതര വിശദീകരണങ്ങൾ സാധ്യമായതിനാൽ, ആ ഭാഗങ്ങൾ അവയിൽ തന്നെ ത്രിത്വത്തെ സ്ഥാപിക്കുന്നില്ല. എങ്കിലും, വ്യക്തമായ വേദഭാഗങ്ങളുടെ പ്രകാശനത്താൽ ത്രിത്വോപദേശത്തെ സംബന്ധിച്ച രണ്ടാം തര തെളിവുകളായി നിലകൊള്ളുന്നു.

> **നാം നമ്മുടെ** സ്വരൂപത്തിൽ **നമ്മുടെ** സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക (ഉല്പ. 1: 26).
>
> ....നന്മ തിന്മകളെ അറിവാൻ തക്കവണ്ണം **നമ്മിൽ** ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു... (ഉല്പ. 3: 22).
>
> അപ്പോൾ യഹോവ:.... **നാം** ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക എന്നു അരുളിചെയ്തു (ഉല്പ. 11: 6, 7) അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടു? ആർ **നമുക്കു** വേണ്ടി പോകും....? (യെശ. 6:8).

യെശയ്യാവ് 6-ൽ സിംഹാസനസ്ഥനായി അരുളിചെയ്യുന്ന വ്യക്തി **ക്രിസ്തു** ആണെന്നു യോഹന്നാൻ 12: 41-42 സൂചിപ്പിക്കുന്നു. പ്രവൃത്തി. 28: 25 മുതലുള്ള ഭാഗങ്ങളിൽ **പരിശുദ്ധാത്മാവ്** ഈ കാര്യങ്ങൾ പറഞ്ഞിരിക്കുന്നതായി കാണുന്നു. യെശ്ശയ്യാ പ്രവചന പശ്ചാത്തലത്തിൽ **പിതാവാം ദൈവം** തിരുവായ്മൊഴിഞ്ഞതായി ഒരുവന് മനസ്സിലാക്കാം. ഈ ഭാഗങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ ത്രിത്വത്തിന്റെ സൂചന ലഭിക്കും.

c. ഏകസത്യദൈവമേ ഉള്ളുവെങ്കിലും ദൈവം ദൈവത്തിൽ നിന്ന് വ്യത്യസ്തനായിരിക്കുന്നു.

> ...യഹോവ അവനോട്.... അവരുടെ ദൈവമായ യഹോവയെക്കൊണ്ടു അവരെ രക്ഷിക്കും എന്ന് അരുളിചെയ്തു (ഹോശേയ 1: 6-7).

d. ദൈവത്തിന് ഒരു പുത്രനുണ്ടെന്ന് പഴ യനിയമവും സൂചിപ്പിക്കുന്നു (യെശ. 9: 6 കാണുക).

> ഞാൻ ഒരു നിർണ്ണയം പ്രസ്താവിക്കുന്നു; യഹോവ എന്നോടു അരുളിച്ചെയ്തത്: "നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു"(സങ്കീ. 2: 7).
>
> അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽ വച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ (സങ്കീ. 2:12).
>
> .....ഭൂമിയുടെ അറുതികളെയൊക്കെയും നിയമിച്ചവൻ ആർ? അവന്റെ പേരെന്തു? അവന്റെ മകന്റെ പേർ എന്തു? നിനക്കറിയാമോ? (സദൃശ്യം. 30: 4).

e. യഹോവയുടെ ദൂതൻ ദൈവത്തിൽ നിന്ന് വ്യത്യസ്തനായി പ്രത്യക്ഷപ്പെടുന്നുവെങ്കിലും ദൈവമായിരിക്കുന്നു.

(1) യഹോവയുടെ ദൂതൻ ദൈവത്തിൽ നിന്ന് വ്യത്യസ്തനായിരിക്കുന്നു.

> എന്നാറെ യഹോവയുടെ ദൂതൻ: "സൈന്യങ്ങളുടെ യഹോവേ.... (സെഖ. 1: 12).

(2) യഹോവയുടെ ദൂതനെ ദൈവമായി മറ്റുള്ളവർ തിരിച്ചറിഞ്ഞു

- ഹാഗാർ- "**ദൈവമെ**, നീ എന്നെ കാണുന്നു എന്നു പേർ വിളിച്ചു" (ഉല്പ. 16: 13).
- ഉല്പത്തി പുസ്തകത്തിന്റെ ഗ്രന്ഥകർത്താവായ മോശ "തന്നോട് അരുളിചെയ്ത **യഹോവയ്ക്കു"** (ഉല്പ. 16: 13).
- ന്യായാധിപന്മാരുടെ ഗ്രന്ഥകർത്താവ് -"അപ്പോൾ **യഹോവ** അവനെ നോക്കി .... (ന്യായാ. 6: 14); **യഹോവ** അവനോട് (ന്യായ.6: 16).
- ഗിദെയോൻ- അയ്യോ. **കർത്താവേ**, ഞാൻ യിസ്രായേലിനെ എങ്ങനെ രക്ഷിക്കും? (ന്യായാ. 6: 15).
- ശിംശോന്റെ മാതാപിതാക്കൾ - **ദൈവത്തെ** കണ്ടതുകൊണ്ടു നാം... (ന്യായാ. 13: 22).

(3) യഹോവയുടെ ദൂതൻ ദൈവമെന്ന് സ്വയം പ്രഖ്യാപിക്കുന്നു (ഉല്പ. 22: 11- 12 കാണുക).

> ..ബെഥേലിന്റെ **ദൈവം** ആകുന്നു ഞാൻ... (ഉല്പ. 31:13).
>
> ....നിന്റെ പിതാവിന്റെ **ദൈവം** (പുറ. 3: 6).
>
> അനന്തരം യഹോവയുടെ ഒരു ദൂതൻ ഗില്ഗാലിൽ നിന്നു ബോഖീമിലേക്കു വന്നു പറഞ്ഞതു: ഞാൻ നിങ്ങളെ മിസ്രയിമിൽ നിന്നു പുറപ്പെടുവിച്ചു; നിങ്ങളുടെ പിതാക്കന്മാരുടോ സത്യം ചെയ്ത ദേശത്തേക്കു നിങ്ങളെ കൊണ്ടുവന്നു: നിങ്ങളോടുള്ള എന്റെ നിയമം ഞാൻ ഒരിക്കലും ലംഘിക്കയില്ല എന്നും... (ന്യായ. 2:1).

(4) ഉപസംഹാരം

യഹോവയുടെ ദൂതൻ ദൈവമാണെങ്കിലും ദൈവത്തിൽ നിന്ന് വ്യത്യസ്തനായിരിക്കുന്നു. സാധ്യമായ രണ്ടു നിർണ്ണയങ്ങൾ: ഒന്നുകിൽ, രണ്ടു ദൈവങ്ങളുണ്ട് (തിരുവെഴുത്ത് അംഗീകരിക്കാത്ത കാര്യം), അല്ലെങ്കിൽ ദൈവത്തിൽ ഒരു ആളത്വത്തിൽ കൂടുതലുണ്ടെന്ന് പഴയനിയമം സൂചിപ്പിക്കുന്നു.

f. മശിഹ ദൈവത്താൽ അയക്കപ്പെട്ടവനെങ്കിലും ദൈവമാകുന്നു (സങ്കീ. 110:1; യിരെ. 23:5-6; യെശ. 7:4; 9:16).

(1) മശിഹ ദൈവത്തിൽ നിന്ന് വ്യത്യസ്തനായിരിക്കുന്നു: അവൻ ദൈവത്തിന്റെ ദാസനാകുന്നു.

> ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ മൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെമേൽ വെച്ചിരിക്കുന്നു; അവൻ ജാതികളോട് ന്യായം പ്രസ്താവിക്കും (യെശ. 42:1).

(2) മശിഹ ദൈവമാകുന്നു

> നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവനു അത്ഭുത മന്ത്രി, **വീരനാം ദൈവം,** നിത്യ പിതാവ്, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും (യെശ. 9:6).

g. ദൈവസംബന്ധമായി ഒരു കൂട്ടം ബഹുവചന പ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നു (ഉദാ. ഉല്പ. 20:13 ലും 35:7 ലെയും ക്രിയാ പ്രയോഗങ്ങൾ; സഭാ. 12:1, യെശ. 54:5 ലെ നാമങ്ങൾ). ആ ഭാഗങ്ങൾ അതിൽ തന്നെ ത്രിത്വം തെളിയിക്കുന്നില്ല. ത്രിത്വോപദേശത്തെ നിഷേധിക്കുന്നവർക്കാർക്കും അതെല്ലാം വ്യാകരണത്തിന്റെ ബഹുമുഖ പ്രയോഗങ്ങളാണെന്ന് വാദിച്ച് തള്ളിക്കളയാനാകും. എന്നാൽ, മറ്റനേകം ഭാഗങ്ങൾ ത്രിത്വത്തെ വ്യക്തമായി സ്ഥാപിക്കുന്നതിനാൽ ആ ബഹുവചന സംബോധനകളെല്ലാം തന്നെ ത്രിത്വമെന്ന യാഥാർത്ഥ്യത്തിന്റെ മനഃപൂർവ്വമായ ആത്മനിശ്വസ്ത സൂചനകളായിരിപ്പാൻ ഏറെ സാധ്യതയുണ്ട്.[3]

[3](F. H.W Gesenius, *Gesenuis Hebrew Grammar*, ed. and trans. F. Kautzch, rev. A.F Cowley, 2nd ed. (Oxford: Clarendon Press, 1910) 273, 399.

നിന്റെ യൗവ്വനകാലത്തു നിന്റെ സ്രഷ്ടാവിനെ (എബ്രാ: ''സ്രഷ്ടാക്കൾ'') ഓർത്തുകൊൾക (സഭാ. 12: 1).

നിന്റെ സ്രഷ്ടാവാകുന്നു (എബ്രാ. "സ്രഷ്ടാക്കൾ) നിന്റെ ഭർത്താവ് (യെശ. 54: 5).

2. ത്രിത്വം പുതിയനിയമത്തിൽ

a. ത്രിത്വത്തിലെ ഓരോ വ്യക്തികളെയും ദൈവമെന്ന് സംബോധന ചെയ്തിട്ടുണ്ട്, അല്ലെങ്കിൽ അവരിൽ ദൈവത്വം അവകാശപ്പെട്ടിട്ടുണ്ട്.

(1) പിതാവ് (റോമ. 1:7; ഗലാ. 1: 3; എഫെ. 1:2; ഫിലി. 1:2 തുടങ്ങിയവ)

(2) പുത്രൻ (യോഹ. 1:1, 18; 5:18; 8:58; 10:30; 14, 9:20: 28; പ്രവൃത്തി 20:28; റോമർ 9:5; ഫിലി. 2:6; കൊലൊ. 1:15 -16; 2:9; തീത്തൊ 2:13; എബ്രാ. 1:8; 2 പത്രൊ. 1:1; 1 യോഹ. 5:20). (ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ച് കൂടുതൽ പഠനത്തിനായി ''ക്രിസ്തുശാസ്ത്രം'' അദ്ധ്യായം 8 കാണുക).

ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; **വചനം ദൈവമായിരുന്നു** (യോഹ. 1:1).

തോമസ് അവനോട്: എന്റെ കർത്താവും എന്റെ **ദൈവവും** ആയുള്ളോവേ എന്നു ഉത്തരം പറഞ്ഞു (യോഹ. 20:28).

അവനിലല്ലോ **ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും** ദേഹരൂപമായി വസിക്കുന്നത് (കൊലൊ. 2:9).

നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും **മഹാദൈവവും നമ്മുടെ രക്ഷിതാവുമായ** യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷത.. (തീത്തൊസ് 2:12).

പുത്രനോടോ: **"ദൈവമേ,"** നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളത്; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ (എബ്രാ. 1:8).

(3) പരിശുദ്ധാത്മാവ്

അപ്പോൾ പത്രൊസ്: അനന്യാസേ, **പരിശുദ്ധാത്മാവിനോട്** വ്യാജം കാണിപ്പാനും നിലത്തിന്റെ വിലയിൽ കുറെ എടുത്തുവെപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതു എന്തു? അതു വില്ക്കും മുമ്പെ നിന്റേതല്ലായിരുന്നില്ലയോ? വിറ്റ വിശേഷവും നിന്റെ കൈവശം അല്ലാഞ്ഞുവോ? ഈ കാര്യത്തിനു നീ മനസ്സുവെച്ചതു എന്തു? മനുഷ്യരോടല്ല **ദൈവത്തോടത്രെ** നീ വ്യാജം കാണിച്ചതു എന്നു പറഞ്ഞു (പ്രവൃ. 5:3-4).

കർത്താവു ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ട് (2 കൊരി. 3:17).

b. ദൈവിക സാരാംശത്തിലെ രണ്ടു ആളത്വങ്ങൾ ഒന്നായിരിക്കുന്നു.

"....ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു..." (മത്താ. 17:5).

"ഞാനും പിതാവും ഒന്നാകുന്നു" (യോഹ. 10:30).

"....എന്നെ കണ്ടവൻ പിതാവിന്റെ കണ്ടിരിക്കുന്നു..." (യോഹ. 14:9).

c. ദൈവിക സാരാംശത്തിലെ മൂന്നു ആളത്വങ്ങൾ ദൈവമെന്ന നിലയിൽ ഒന്നായിരിക്കുന്നു. ത്രിത്വത്തിലെ മൂന്നു ആളത്വങ്ങളെയും ഒരുമിച്ച് സൂചിപ്പിക്കുന്ന ധാരാളം വേദഭാഗങ്ങളുണ്ട് (മത്താ. 3:16-17; 28:19; യോഹ. 14:16-17; 15: 26; 16:7-15; റോമ. 8:14-17; ഗലാ. 4:4-6; എഫെ. 1:3-14; 4: 4-6; 1 കൊരി. 12:4-6; 2 കൊരി. 1:21-22; 13:14; എബ്രാ. 9: 14; 1 പത്രൊ. 1:2).

യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു **ദൈവാത്മാവു** പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു; "ഇവൻ എന്റെപ്രിയ **പുത്രൻ**; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു **ശബ്ദവും** (പിതാവ്) ഉണ്ടായി (മത്താ. 3:16-17).

.... പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചു (മത്താ. 28:19).

എന്നാൽ **ഞാൻ** (പുത്രനാം ദൈവം) **പിതാവിനോടു** ചോദിക്കും; അവൻ **സത്യത്തിന്റെ ആത്മാവു** എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും (യോഹ. 14:16).

എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ **ദൈവം** തന്റെ **പുത്രനെ** സ്ത്രീയിൽ നിന്നു ജനിച്ചവനായി നിയോഗിച്ചയച്ചതു... നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാ **പിതാവെ** എന്നു വിളിക്കുന്ന സ്വപുത്രന്റെ **ആത്മാവിനെ** ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു (ഗലാ. 4:4, 6).

കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും **ദൈവത്തിന്റെ** സ്നേഹവും **പരിശുദ്ധാത്മാവിന്റെ** കൂട്ടായ്മയും നിങ്ങളെല്ലാവരോടും ഇരിക്കുമാറാകട്ടെ (2 കൊരി. 13:14).

.... **പിതാവായ ദൈവത്തിന്റെ** മുന്നറിവു ഒത്ത വണ്ണം **ആത്മാവിന്റെ** വിശുദ്ധീകരണം പ്രാപിച്ചു അനുസരണം കാണിപ്പാനും **യേശുക്രിസ്തു** വിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായി വ്യത ന്മാരായവർക്ക് എഴുതുന്നത്... (1 പത്രൊ. 1:2).

V. ദൈവത്തിന്റെ നാമങ്ങൾ

വേദപുസ്തകം മിക്കപ്പോഴും ഒരു വ്യക്തിയെ പേരിനാലാണ് അവതരിപ്പിക്കുന്നത്. എന്നാൽ ദൈവത്തെ സംബന്ധിച്ച്, അവിടത്തെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ വിശദമാക്കുവാനാണ് വ്യത്യസ്ത നാമങ്ങൾ ഉപയോഗിച്ചിരിക്കുന്നത്. ദൈവിക നാമരൂപങ്ങളെക്കുറിച്ച് പഠിക്കുന്നതിലൂടെ ദൈവിക വ്യക്തിത്വത്തെ മനസ്സിലാക്കുവാനാകും.

A. *എലോഹിം*

എലോഹിം പഴയനിയമത്തിൽ ഏകദേശം 2,570 തവണ ദർശിക്കാം. അതിനു തുല്യമായ ഗ്രീക്ക് പദം തിയോസ് (Theos) ആണ്. സാങ്കേതികപരമായി, ഇതൊരു നാമമല്ല. ഒരു വ്യക്തിയുടെ യഥാർത്ഥ നാമം റിച്ചാർഡ് എന്നായിരിക്കെ അദ്ദേഹത്തെ "ഉപദേശി" എന്ന് സംബോധന ചെയ്യുന്ന രീതിയിലാണ് ഈ നാമവിശേഷണവും. *എലോഹിം* ഒരു ബഹുവചനരൂപമാണ് (താരതമ്യം ചെയ്യുക: സാറാഫുകൾ, കെരൂബുകൾ). അത് അതിൽ തന്നെ ത്രിത്വത്തെ തെളിയിക്കുന്നില്ലെങ്കിലും ദൈവത്തിന്റെ ത്രിത്വ സ്വഭാവത്തിന് ഒരു സൂചനയാകാം. എലോഹിം ദൈവത്തിന്റെ "സ്രഷ്ടാവ്" എന്ന കർമ്മ പദവിയെ വ്യക്തമാക്കാനുപയോഗിച്ചിരിക്കുന്നു (ഉല്പ. 1:1; യെശ. 45:18; യോഹ. 1:9). ഇസ്രായേലിന്റെ മാത്രമല്ല സർവ്വമനുഷ്യരുടെയും ദൈവമായി ഈ നാമത്താൽ ദൈവത്തെ വിശേഷിപ്പിക്കാം(ഉല്പ. 24:7; യെശ. 37:16; 54:5; യിരെ. 32:27). ഭൂമിയുടെ മുഴുവൻ ന്യായാധിപനായും ഈ വിശേഷണത്താൽ സൂചിപ്പിച്ചിരിക്കുന്നു (സങ്കീ. 50:6; 58:11; 75:7). കൂടാതെ ദൈവത്തെ വ്യക്തിപരമായ രക്ഷിതാവായും *എലോഹിം* ചിത്രീകരിക്കുന്നു (ഉല്പ. 17:8; പുറ. 3:6; യിരെ. 23:23). [4]

എലോഹിം ദൈവത്തെ സൃഷ്ടിതാവായും പരമാധികാരിയായും സർവ്വഭൂമിയുടെയും രക്ഷകനായും അവതരിപ്പിക്കുന്നു.

1. *എൽഷ്ദ്ദായി അല്ലെങ്കിൽ ഷദ്ദായി* (ഉല്പ. 17:1; പുറ. 6:3) പഴയനിയമത്തിൽ നാല്പത്തി എട്ട് പ്രാവശ്യം കാണുന്നു (മുപ്പത്തിയൊന്നു പ്രാവശ്യം ഇയ്യോബിൽ). ഗ്രീക്കിൽ തത്തുല്യമായ പദം *പാന്റോക്രാറ്റർ* (വെളി. 1:8; 19:6). "സർവ്വശക്തൻ" എന്നാണ് ഈ വിശേഷണത്തിന്റെ അർത്ഥം. ഈ എബ്രായ പ്രയോഗത്തിന്റെ ഉല്പത്തി നിർണ്ണയിക്കുക പ്രയാസമാണ്. *ഷദ്ദാദ്* എന്നാൽ സംഹാരകൻ. *ഷദ്ദിന്റെ* അർത്ഥം *മാറ്* എന്നാണ്. പർവ്വതത്തിന്റെ അക്കേടിയൻ പ്രയോഗമാണ് *ഷാദു.* ഈ വിശദീകരണങ്ങളോരോന്നും ശരിയാണ്. സർവ്വശക്തന്റെ അടിസ്ഥാന അർത്ഥം ഇപ്രകാരം വിവക്ഷിക്കാം: ദുഷ്ടന്മാരെ നശിപ്പിക്കുവാൻ ശക്തിയുള്ളവൻ, പരിപൂർണ്ണനായ പരിപോഷകൻ, പർവ്വതം പോലെ ശക്തൻ[5] എബ്രായ പദോല്പത്തിയൊന്നും പരിഗണിക്കാതെ തന്നെ LXX (Septuagint പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷ) *ഏൽഷദ്ദായിക്കു* നൽകുന്ന "സർവ്വശക്തൻ" എന്ന അടിസ്ഥാന അർത്ഥം ഉൾക്കൊള്ളുവാനാകും. *എൽഷദ്ദായിയുടെ* അർത്ഥസൂചകം പോലെ തന്നെ ദൈവം സർവ്വശക്തനും മനുഷ്യനെ കരുതുവാൻ മതിയായവനുമാണ്.

> അബ്രാമിനു തൊണ്ണൂറ്റൊമ്പതു വയസ്സായപ്പോൾ യഹോവ അബ്രാമിനു പ്രത്യക്ഷനായി അവനോട്: ഞാൻ **സർവ്വശക്തിയുള്ള ദൈവം** ആകുന്നു; നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്ക (ഉല്പ. 17:1).
>
> ഞാൻ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും **സർവ്വശക്തിയുള്ള ദൈവമായിട്ടു** പ്രത്യക്ഷനായി; എന്നാൽ യഹോവ എന്ന നാമത്തിൽ ഞാൻ അവർക്കു വെളിപ്പെട്ടില്ല (പുറ. 6:3).

2. *ഏൽ എല്യോൺ* (ഉല്പ. 14:18) അർത്ഥം അത്യുന്നതായ ദൈവം. ഈ വിശേഷണം തിരുവെഴുത്തുകളിൽ ജാതിയരോ, ജാതിയരോടു ബന്ധപ്പെട്ടോ ആണ് ഉപയോഗിച്ചിട്ടുള്ളത്. ആയതിനാൽ, സർവ്വഭൂമിയെയും ഭരിക്കുന്നവനായി ഈ നാമരൂപം ദൈവത്തെ ചിത്രീകരിക്കുന്നു. *എൽ എല്യോണെ* മൽക്കീസേദെക്ക് വിശേഷിപ്പിക്കുന്നത് "സ്വർഗ്ഗത്തിനും ഭൂമിക്കും നാഥൻ" എന്നാണ് (ഉല്പ. 14:19). **"അത്യുന്നതനായവൻ** മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും അതിനെ തനിക്കു ബോധിച്ചവനു കൊടുക്കുകയും" ചെയ്യുന്നവനെന്ന് ദാനിയേൽ പഠിപ്പിക്കുന്നു (ദാനി. 4:17). ബാബിലോണിലെ ദുഷ്ടനായിരുന്ന രാജാവും ദുഷ്ടാത്മാവും അത്യുന്നതോനോടു സമരാകുവാൻ ആഗ്രഹിച്ചു (യെശ. 14:14). *ഏൽ എല്യോൺ* എന്ന നിലയിൽ ദൈവം സകലത്തിന്റെയും സർവ്വമനുഷ്യരുടെയും ഉടമസ്ഥനാകുന്നു.

> ശാലോം രാജാവായ മൽക്കിസേദെക് അപ്പവും വീഞ്ഞും കൊണ്ടുവന്നു; അവൻ **അത്യുന്നതനായ ദൈവത്തിന്റെ** പുരോഹിതനായിരുന്നു. അവൻ അവനെ അനുഗ്രഹിച്ചു. സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി **അത്യുന്നതായ ദൈവ**

[4] (കാണുക, Harris, Aercher, Waltake, ed. *Theological Wordbook of the Testament*, 2 vols, Chicago: Moody Press, 1980), 1:44-45.

[5] Ibid., 2:907

> **ത്താൽ** അബ്രാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ; നിന്റെ ശത്രുക്കളെ നിന്റെ കയ്യിൽ ഏല്പിച്ച **അത്യുന്നതനായ ദൈവം** സ്തുതിക്കപ്പെടുമാറാകട്ടെ എന്നു പറഞ്ഞു. അവനു അബ്രാം സകലത്തിലും ദശാംശം കൊടുത്തു (ഉല്പ. 14:18-20).

3. *ഏൽ ഒലാം* (ഉല്പ. 21:33) മലയാളത്തിൽ, "നിത്യനായ ദൈവം, അനാദിയായ ദൈവം" എന്നൊക്കെയാണ്. ദൈവം എന്നും ഉണ്ടായിരുന്നവനും അന്തമില്ലാതെ ഉണ്ടായിരിക്കുന്നവനുമാണ്.

> "....നിത്യ ദൈവമായ യഹോവയുടെ നാമത്തിൽ അവിടെവച്ചു ആരാധന കഴിച്ചു ...." (ഉല്പ. 21:33).

4. *ഏൽ ഗിബ്ബോർ* (യെശ. 9:6), മശീഹയോടു ബന്ധപ്പെട്ടാണ് ഈ വിശേഷണം ഉപയോഗിച്ചിരിക്കുന്നത്. അവിടുന്ന് വീരനാം ദൈവമാണ്. പല ഭാവങ്ങളിലും വേഷങ്ങളിലും യുദ്ധം ചെയ്യുന്ന ധീരന്മാരെ സംബോധന ചെയ്യുന്ന പ്രയോഗമാണിത്. മശിഹയായ കർത്താവ് ധൈര്യവാനും പരാക്രമശാലിയുമാണ്.

B. *യഹോവേ*

ദൈവത്തെ സംബന്ധിച്ച ഏറ്റവും പൊതുവായ സംബോധനയാണ് യഹോവ. പഴയനിയമത്തിൽ ഏകദേശം 5,321 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. കിംഗ് ജെയിംസ് തർജ്ജിമയിൽ ഏഴുപ്രാവശ്യം Jehovah [6] എന്നുപയോഗിച്ചിരിക്കുന്നതൊഴികെ ഇംഗ്ലീഷിൽ LORD (എല്ലാം വലിയ അക്ഷരത്തിലെന്നു ശ്രദ്ധിക്കുക) എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. ഗ്രീക്ക് പദം *കുറിയോസ്* എന്നാണ്. *എലോഹിം* ദൈവത്തെ സംബന്ധിച്ച വിവരണം നൽകുമ്പോൾ അവിടുത്തെ യഥാർത്ഥ നാമമാണ് യഹോവ(YHWH).

1. അത്യാദരം, കാരണം പുരാതന യഹൂദന്മാർ ദൈവനാമം ഉച്ചരിക്കുവാൻ ഭയപ്പെട്ടിരുന്നു. തത്ഫലമായി ആ നാമത്തിന്റെ സ്വരാക്ഷരങ്ങൾ നഷ്ടപ്പെട്ടു. Ya Ho Wai എന്ന് രൂപപ്പെടുത്തുവാൻ YHWH എന്ന വ്യഞ്ജനാക്ഷരങ്ങൾക്കിടയിൽ Adonai-ടെ സ്വരാക്ഷരങ്ങൾ ചേർത്തു. ജർമ്മൻകാർ Y യെ J എന്നാണ് ഉച്ചരിക്കുന്നത്, W നെ V യായിട്ടുമാണ്. അവർ മുകളിൽ ചേർത്തിരിക്കുന്ന സങ്കീർണ്ണപദത്തിന് J യും V യും ചേർത്ത് 'Je HoVeh'എന്നു വിളിച്ചു. എന്നാൽ ഇംഗ്ലീഷുകാർ J യെ Y യെന്നുപയോഗിക്കേണ്ടതായിരുന്നു. (ഉദാ. hallelujah), എന്നാൽ നുഴഞ്ഞുകയറിയ J യും V യും അവരും സ്വീകരിച്ചു. അപ്രകാരം *അദോനായിയുടെ* സ്വരാക്ഷര മിശ്രിതവും ജർമ്മൻകാരന്റെ W നുപകരം V യും Y യ്ക്കു വേണ്ടി J യുടെ പ്രയോഗവും ഇംഗ്ലീഷുകാരന്റെ ജർമ്മൻ കടമെടുപ്പുമെല്ലാം YHWH - ൽ ലയിച്ചുചേർന്നു. ഫലമോ, എബ്രായ- ജർമ്മൻ - ഇംഗ്ലീഷ് "സങ്കര" പ്രയോഗം "Jehovah " എബ്രായ ഭാഷയിൽ J എന്ന അക്ഷരമേയില്ല! വാസ്തവത്തിൽ, ദൈവത്തിന്റെ നാമം എപ്രകാരം സംബോധന ചെയ്യണമെന്ന് നമുക്ക് അറിയില്ല. യഹോവ എന്ന നാമം നല്ല അനുമാനമാണ്. കാരണം യാഹ് എന്ന ശബ്ദം പ്രധാനപ്പെട്ട പേരുകൾക്കൊപ്പം വരുന്നു (ഉദാ. യെശയ്യാവ്, യിരെമ്യാവ്, യെഹോശാഫാത്ത്, യോനാഥാൻ, ഹല്ലേലുയ്യാ etc).

2. യാഥാസ്ഥിതിക വേദപണ്ഡിതർ ദൈവിക നാമത്തിന്റെ ഉല്പത്തി വിവരണത്തെ അംഗീകരിക്കുന്നില്ല. നാമോല്പത്തിയെ സംബന്ധിച്ച ചിലരുടെ വാദം, പ്രയോഗലുപ്തമായ ഒരു എബ്രായ പ്രയോഗത്താൽ (HWH) Qal അല്ലെങ്കിൽ Hiphil ക്രിയാരൂപങ്ങൾ *YHWH* ആയി തീർന്നതാകണം. ഇതിൽ അല്പം വാസ്തവമുണ്ട്, മോശെ ദൈവത്തിന്റെ പേരു ചോദിച്ചപ്പോൾ ലഭിച്ച മറുപടി, "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" (പുറ. 3: 14-15) "ഞാൻ ആകുന്നു" എന്നരുളിചെയ്ത് ക്രിസ്തു സ്വയം ദൈവത്വം വെളിപ്പെടുത്തി (യോഹ. 8:58; വെളി. 1:8 കാണുക). ദൈവത്തിന്റെ സ്വായാസ്തിക്യവും സകലത്തിന്റെ ശ്രോതസ്സുമായി വെളിപ്പെടുത്തുവാൻ ദൈവനാമത്തെ *YHWH* ഉച്ചരിക്കുവാൻ ഉപയോഗിച്ചതാകാം.

3. അതിന്റെ പ്രത്യേക പ്രയോഗരീതി നിരീക്ഷിച്ചിട്ട് "ഉടമ്പടികളുടെ ദൈവമായി" ദൈവത്തെ ചിത്രീകരിക്കുവാൻ *YHWH* വരുന്നതായി ചിലർ ന്യായവാദം ഉന്നയിച്ചിട്ടുണ്ട്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവായി മാത്രം നിലകൊള്ളാതെ ചില വ്യക്തികളുമായി പ്രത്യേകം ബന്ധങ്ങളിലേർപ്പെടുന്ന ഒരു ദൈവമായി അവിടുന്ന് വിരാചിക്കുന്നു. മുകൾ സൂചിപ്പിച്ച നാമോല്പത്തി ശരിയാണെങ്കിൽ *YHWH* ഒരു സ്വായാസ്തിക്യമുള്ള വ്യക്തിയെക്കുറിച്ചാണ് പറയുന്നത്. അവിടുത്തെ ആസ്തിക്യത്തിന് ആരും കാരണക്കാരല്ല. ദൈവത്തിന്റെ നിലനില്പിന് ഒന്നിലും ആരിലും ആശ്രയിക്കുന്നില്ല.

4. *YHWH* - ൽ നിന്ന് മറ്റു ചില ഉപനാമങ്ങൾ ഉത്ഭവിച്ചിട്ടുണ്ട്.

a. യഹോവ - സെബായോത്ത് (1 ശമൂ. 17:45; സങ്കീ. 24: 10; യാക്കോബ്. 5:4) "സൈന്യങ്ങളുടെ യഹോവ" എന്നാണ് ഇതിന്റെയർത്ഥം. ഗ്രീക്കിൽ *കുറിയോസ് ശാബ്ബോത്ത്*. "സൈന്യങ്ങളുടെ യഹോവ" എന്ന് മോശയുടെ ന്യായപ്രമാണത്തിൽ ദൈവത്തെ സംബോധന ചെയ്തിട്ടില്ലെന്ന വസ്തുത ശ്രദ്ധേയമാണ്, എന്നാൽ പ്രവാചകന്മാർക്ക് ആ നാമം വളരെ പരിചിതമാണ്. 62 തവണ യെശ്ശയ്യാവിൽ, 77 യിരെമ്യാവിൽ, 53 സെഖര്യാവിൽ, 24 മലാഖിയിൽ- ഇതെല്ലാം ഉൾപ്പെടുത്തിയാൽ ഏകദേശം 285 പ്രാവശ്യം ഈ പ്രയോഗം ഉപയോഗിച്ചിട്ടുണ്ട്. [7] ദൂത ഗണങ്ങളുടെയും മാനുഷിക ശക്തികളു

[6] Ibid., 1:210-11.

[7] Ibid., 2:750.

ടെയും സൈനാധിപനായും ഒരു യുദ്ധവീരനായും "സൈന്യങ്ങളുടെ യഹോവ" എന്ന സംബോധനയാൽ ദൈവത്തെ അവതരിപ്പിക്കുന്നു. ദുഷ്ടാത്മ ശക്തികളോടുള്ള യുദ്ധത്തിൽ അവിടുന്ന് ഒരിക്കലും പരാജയപ്പെടില്ല.

> ദാവീദ് ഫെലിസ്ത്യനോട് പറഞ്ഞത്: നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു; ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ **സൈന്യങ്ങളുടെ യഹോവയുടെ** നാമത്തിൽ നിന്റെ നേരെ വരുന്നു (1 ശമൂ. 17:45).
>
> മഹത്വത്തിന്റെ രാജാവ് ആർ? **സൈന്യങ്ങളുടെ യഹോവ** തന്നെ; അവനാകുന്നു മഹത്വത്തിന്റെ രാജാവ് (സങ്കീ. 24:10).

b. *യഹോവ – യിരെ* (ഉല്പ. 22:13–14) "ദൈവം നോക്കിക്കൊള്ളും" ദൈവം തന്റെ ജനത്തെ പോറ്റി പുലർത്തി നിലനിർത്തുന്നവനും സംരക്ഷിക്കുന്നവനുമാണ്.

> അബ്രഹാം ആ സ്ഥലത്തിനു **യഹോവ- യിരെ** എന്നു പേരിട്ടു... (ഉല്പത്തി. 22:14).

c. *യഹോവ – റൊഹെക്കാ* (പുറ. 15:26) അർത്ഥം "സൗഖ്യദായകനായ യഹോവ" യഹോവയായ ദൈവം ആത്മികവും ശാരിരികവുമായ സൗഖ്യത്തിന്റെ ശ്രോതസ്സാണ്.

> ....ഞാൻ നിന്നെ **സൗഖ്യമാക്കുന്ന യഹോവ** ആകുന്നു എന്നു അരുളിചെയ്തു (പുറ. 15:26).

d. *യഹോവ – നിസ്സി* (പുറ. 17:15) വിവക്ഷ, "യഹോവ എന്റെ കൊടി" "സൈന്യങ്ങളുടെ യഹോവ" എന്ന വിശേഷണവുമായി ഇതിനു ഒരു സാമ്യ ആശയമുണ്ട്: യഹോവ സംരക്ഷിക്കുന്നു, കാവൽ ചെയ്യുന്നു, സ്വന്ത ജനത്തിനായി പോരാടുന്നു.

> പിന്നെ മോശെ ഒരു യാഗപീഠം പണിതു, അതിനു **യഹോവ നിസ്സി** (യഹോവ എന്റെ കൊടി) എന്നു പേരിട്ടു (പുറ. 17: 15).

e. *യഹോവ- ശാലോം* (ന്യായ. 6:24), "യഹോവ നമ്മുടെ സമാധാനം" എന്നർത്ഥം. യഹോവയായ ദൈവം നമ്മുടെ ജീവിതങ്ങളിൽ സമാധാനം നൽകുന്നു. രക്ഷിക്കപ്പെടുമ്പോൾ ദൈവത്തോടു സമാധാനം ഉണ്ടാകുന്നു (റോമ. 5:1). ക്രിസ്തീയ ജീവിത പടവുകളിലും അവിടുന്നു നൽകുന്ന സമാധാനം ഹൃദയങ്ങളിൽ പെയ്തിറങ്ങുന്നു (ഫിലി. 4:7).

> യഹോവയ്ക്കു ഒരു യാഗപീഠം പണിതു അതിനു **യഹോവ ശാലോം** എന്നു പേരിട്ടു(ന്യായ. 6:24).

f. *യഹോവ – റോയി* (സങ്കീ. 23:1) "യഹോവ എന്റെ ഇടയനാകുന്നു" എന്ന ശ്രദ്ധേയമായ പ്രയോഗമാണിതിനർത്ഥം. യഹോവ നമ്മുടെ വഴികാട്ടി, സംരക്ഷകൻ, ദാതാവ് എന്നൊക്കെ വിവക്ഷിക്കാം.

> **യഹോവ എന്റെ ഇടയനാകുന്നു...** (സങ്കീ. 23:1).

g. *യഹോവ – ട്സിദ്ക്കെനൂ* (യിരെ. 23: 6) "യഹോവ നമ്മുടെ നീതി" നാം ദൈവത്തിൽ ആശ്രയിക്കുമ്പോൾ പുത്രനാം ദൈവം നമ്മുടെ നീതി ആയിത്തീരുന്നു (2 കൊരി. 5:21).

> ....അവനു **യഹോവ നമ്മുടെ നീതി** എന്നു പേർ പറയും... (യിരെ. 23:6).

C. *അഡോനായ്*

പഴയനിയമത്തിലെ യഹോവ (*YHWH- LORD*)എന്ന വിശേഷണത്തിന്റെ വിവർത്തനമാണിത്. 'Lord' എന്ന പദമാണ് അദോനായ് എന്ന് പരിഭാഷപ്പെടുത്തപ്പെട്ടത്. സാങ്കേതികമായി, അഡോനായ് ഒരു നാമമല്ല. "യജമാനൻ" എന്ന സംബോധനയുടെ ഒരു രൂപഭേദമാണ്. മാനുഷിക യജമാനന്മാർ അല്ലെങ്കിൽ ദൈവിക യജമാനൻ എന്നീ നിലകളിൽ ഈ പ്രയോഗം ഉപയോഗിക്കാം. ഏകദേശം 300 പ്രാവശ്യം ഈ വിശേഷണം കാണുന്നു. ഇത്, ദൈവം നമ്മുടെ ജീവിതത്തിന്റെ സമ്പൂർണ്ണമായ അധികാരി എന്ന് പഠിപ്പിക്കുന്നു.

VI. ദൈവത്തിന്റെ സ്വഭാവ സവിശേഷതകൾ

ദൈവത്തിന്റെ വ്യത്യസ്തമായ വ്യക്തിത്വ സവിശേഷതകൾ, നിത്യമായതും അത്യന്താപേക്ഷിതവുമായ ഗുണങ്ങളുമാണ് ദൈവിക സ്വഭാവ സവിശേഷതകൾ. ഈ സ്വഭാവഗുണങ്ങളെ രണ്ടായി തിരിക്കുമ്പോൾ കൂടുതൽ ബോദ്ധ്യപ്പെടും: സാരാംശ സ്വഭാവങ്ങൾ, സദാചാര (ധാർമ്മിക) സ്വഭാവങ്ങൾ. എല്ലാ സ്വഭാവ സവിശേഷതകളെയും രണ്ടു പട്ടികയിലാക്കാവുന്ന സാധ്യമായ മറ്റൊരു തരംതിരിവ്, "അപരിമേയം" "നന്മ". മൂന്നാമതായി, പങ്കുവെക്കാനാവത്തതും (മനുഷ്യർക്ക് ഒരിക്കലും പങ്കുചേരാനാവാത്ത സ്വഭാവ സവിശേഷതകൾ) പങ്കുവയ്ക്കാനാകുന്നതുമായ (രക്ഷിക്കപ്പെട്ടവരുമായി പങ്കുവയ്ക്കാവുന്ന സ്വഭാവ സവിശേഷതകൾ) സ്വഭാവ സവിശേഷതകൾ എന്ന് രണ്ടായി വിഭാഗിക്കാം.

A. ദൈവത്തിന്റെ സാരാംശ സ്വഭാവ സവിശേഷതകൾ

1. ദൈവം ആത്മാവാകുന്നു

താത്ക്കാലികമായി യഹോവയുടെ ദൂതന്റെയും എന്നേക്കുമായി ക്രിസ്തുവിന്റെയും ശരീരിക രൂപങ്ങളിൽ അനുമാനിക്കാമെങ്കിലും ദൈവം ഒരു ശരീരിക രൂപിയല്ല. ദൈവത്തിന് ഒരു ശരീരം ആവശ്യമായി വരുന്നില്ലെന്നു മാത്രമല്ല അവിടുത്തെ സാരാംശത്തിന് ഒരു ശരീരത്തിനുള്ളിൽ ഒതുങ്ങുവാനുമാവില്ല. ദൈവത്തിന്റെ ആത്മിക സാരാംശം അവിടുത്തെ അദൃശ്യസാന്നിദ്ധ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ദൈവം **ആത്മാവ്** ആകുന്നു... (യോഹ. 4:24).

അവൻ **അദൃശ്യനായ** ദൈവത്തിന്റെ പ്രതിമ.. (കൊലൊ. 1:15).

നിത്യരാജാവായി അക്ഷയനും **അദൃശ്യനുമായ** ഏകദൈവത്തിനു... (1 തിമൊ. 1:17).

.....മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ... (1 തിമൊ. 6:16).

2. ദൈവം നിത്യനാകുന്നു

ദൈവം കാലത്തിന് അതീതനാണ്. അവിടുത്തേക്ക് ആരംഭവും അവസാനവുമില്ല. കഴിഞ്ഞ നിത്യത മുതൽ വരുവാനുള്ള നിത്യതയോളം ആദ്യന്തം ഇല്ലാതെ ദൈവം നിലനിൽക്കുന്നു എന്നു മാത്രമല്ല നിത്യതകൊണ്ട് വിവക്ഷിക്കുന്നത്, മറിച്ച് കാലത്തിന് അതീതനായി, മാനുഷിക മാനദണ്ഡങ്ങൾക്കപ്പുറം, മറ്റൊരു പരിമാണത്തിലാണ് ദൈവം ആവസിക്കുന്നതെന്നുള്ള വസ്തുതയും ഈ സ്വഭാവ സവിശേഷതകൊണ്ട് വിശദമാക്കുന്നു. ദൈവത്തിന് സകല ചരിത്രവും ഭൂതകാലമായിട്ടാണ് ആയിരിക്കുന്നത്. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട് (വെളി. 13:8); വിളിച്ചവരെ നീതികരിച്ചും നീതീകരിച്ചവരെ തേജസ്സ്ക്കരിച്ചുമിരിക്കുന്നു (റോമ. 8:30 – ലെ ഭൂതകാല പ്രയോഗങ്ങൾ ശ്രദ്ധിക്കുക). സകല ചരിത്രവും ദൈവത്തിന് വർത്തമാനകാലത്തിലെന്നപോലെയാണ് (പുറ. 3:14; യോഹ. 8:58). സമയരഥ ചക്രങ്ങളുടെ ചലനം നാം ഒരു തെരുവിന്റെ മൂലയിൽ നിന്നാണ് വീക്ഷിക്കുന്നത്. എന്നാൽ ദൈവം സകലത്തിനുമപ്പുറം സകല കാലഘട്ടങ്ങളും ഭൂത- വർത്തമാന- ഭാവികാല വ്യത്യാസമില്ലാതെ ഒരേ സമയത്ത് കാണുന്നു. നിത്യത ദൈവത്തിന്റെ "അപരിമേയമായ" സ്വഭാവ സവിശേഷതയാണെങ്കിലും ഭാഗികമായി വിശ്വാസികളുമായി അത് പങ്കുവയ്ക്കുന്നു (ഉല്പ. 21:33; പുറ. 3:14; ആവ. 32:40; ഇയ്യോബ് 36:26; സങ്കീ. 90:2; 93:2; 10:27; യെശ. 9:6; 40:28; 41:4; 57:15; മീഖാ. 5:2; യോഹ. 1:1; 2 പത്രൊ. 3:8; വെളി. 1:4, 8; 10: 6; 15:7).

....നീ **അനാദിയായും ശാശ്വതമായും ദൈവം ആകുന്നു** (സങ്കീ. 90:2).

നീ കേട്ടിട്ടില്ലയോ? യഹോവ **നിത്യദൈവം;** ഭൂമിയുടെ അറുതികൾ സൃഷ്ടിച്ചവൻ തന്നെ... (യെശ. 40:28).

ഉന്നതനും ഉയർന്നിരിക്കുന്നവനും **ശാശ്വതവാസിയും** പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിചെയ്യുന്നു... (യെശ. 57:15).

നിത്യരാജാവായി അക്ഷയനും അദൃശ്യനും... (1 തിമൊ. 1:17).

....നീയോ അനന്യൻ; നിന്റെ **സംവത്സരങ്ങൾ അവസാനിക്കുകയില്ല** (എബ്രാ. 1:12).

.....ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിചെയ്യുന്നു (വെളി. 1:8).

3. ദൈവം സർവ്വവ്യാപിയാകുന്നു

സമയത്തോട് ബന്ധപ്പെട്ടു മാത്രമല്ല ദൈവം അപരിമേയനായിരിക്കുന്നത്, സ്ഥലത്തോട് ബന്ധപ്പെട്ടും അവിടുന്ന് അപരിമേയനാണ്. ദൈവം കാലത്തിന് അതീതനാണ്, അവിടുന്ന് സ്ഥലത്തിനും അതീതനാണ്. ദൈവം ഒരു സ്ഥലത്തു മാത്രം ഒതുങ്ങി നിൽക്കുന്നവനല്ല. അവിടുന്നില്ലാത്ത ഒരു സ്ഥലവുമില്ല. സമയത്തും സ്ഥലത്തും അവിടുന്ന് എപ്പോഴും സന്നിഹിതനാണ്, സമയത്തെക്കാളും സ്ഥലത്തെക്കാളും ഉന്നതനുമായിരിക്കുന്നു. എന്നിരുന്നാലും ദൈവത്തിന്റെ പ്രത്യേക സാന്നിധ്യമുള്ള ചില സ്ഥലങ്ങളെപ്പറ്റി വേദപുസ്തകം വെളിപ്പെടുത്തുന്നു: സ്വർഗ്ഗം (മത്താ. 6:9; കൊലൊ. 3:1; എബ്രാ. 1:3; 12:2), സമാഗമന കൂടാരം (പുറ. 25:8; 40:34-35), ദേവാലയം (മത്താ. 23:25), കെരൂബുകൾക്കു മദ്ധ്യേ (സങ്കീ. 80: 1), യെരുശലേമിൽ (മത്താ. 5:35), വിശ്വാസികൾക്കുള്ളിൽ (യോഹ. 14:16-17, 23; റോമ. 8:9-10; 1 കൊരി. 6: 19-20), താഴ്മയുള്ളവനോടൊപ്പവും (യാക്കോബ് 4: 6-8; യെശ. 57:15). ദുഷ്ടന്മാർ, അഹങ്കാരികൾ എന്നീ തരക്കാരിൽ നിന്ന് ദൈവസാന്നിധ്യം എടുത്തുകളയുമെന്നും വേദപുസ്തകം പഠിപ്പിക്കുന്നു (യെശ. 59:1-2; ഹബ. 1: 13; 2 തെസ്സ. 1:8,9; 1 പത്രൊ. 3:12). ഗ്രഹിക്കുവാൻ പ്രയാസമാണെങ്കിലും ദൈവത്തിന്റെ പൊതുവായ സാന്നിദ്ധ്യം എല്ലാ സ്ഥലങ്ങളിലും പ്രത്യേക സാന്നിദ്ധ്യം ചില സ്ഥലങ്ങളിലും മാത്രമുണ്ടെന്ന വസ്തുതകൾ തമ്മിൽ വേർതിരിച്ചറിയണം. സർവ്വ വ്യാപകത്വത്തിന് തെളിവായി ചില വേദഭാഗങ്ങൾ: 1 രാജാ. 8:27; 2 ദിന. 2:6; 6:18; സങ്കീ. 139: 7; സദൃശ്യം. 15:3; യെശ. 66:1; യിരെ. 23:34; മത്താ. 18:20; 28:20; പ്രവ. 17:27; എബ്രാ. 4:13; 13:5.

എന്നാൽ ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? **സ്വർത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലോ;** പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നതു എങ്ങനെ? (1 രാജാ. 8:21).

നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻഎവിടേക്കു പോകും? **തിരുസന്നിധി വിട്ട് ഞാൻ എവിടേക്ക് ഓടും?** ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ട്; പാതാളത്തിൽ എന്റെകിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട് (സങ്കീ. 139:7-8).

യഹോവയുടെ കണ്ണ് **എല്ലാടവും** ഉണ്ട്; ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു (സദൃ. 15:3).

ഞാൻ കാണാതെവണ്ണം ആർക്കെങ്കിലും മറയത്തു ഒളിപ്പാൻ കഴിയുമോ? എന്നു യഹോവയുടെ അരുളപ്പാട്; ഞാൻ **ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ** എന്നു യഹോവയുടെ അരുളപ്പാട് (യിരെ. 23:24).

4. ദൈവം മാറ്റമില്ലാത്തവൻ ആകുന്നു

ദൈവം വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യുവാൻ പ്രാപ്തനും ചെയ്യുന്നവനുമാണെങ്കിലും അവിടുത്തെ സ്വഭാവ സവിശേഷതകൾക്ക് ഒരിക്കലും വ്യത്യാസം വരുന്നില്ല. ദൈവം പരിപൂർണ്ണതയിൽ അപരിമേയനാണ്. അവൻ പരിപൂർണ്ണനായിരിക്കുന്നതുകൊണ്ട് ഉത്തമമായ ഒരു സ്വഭാവ സവിശേഷതയിലേക്ക് ദൈവത്തിന് ആയിത്തീരേണ്ട ആവശ്യമില്ല, അവൻ പരിപൂർണ്ണനല്ലാതായിതീരുമെന്നതിനാൽ മോശമായ കാര്യങ്ങൾക്കു വേണ്ടി അവിടുത്തേക്ക് സ്വയം മാറ്റം വരുത്തുവാനാവില്ല. ദൈവിക വാഗ്ദത്തങ്ങളിലുള്ള ആശ്രയവും, അവിടുത്തെ മാനദണ്ഡങ്ങളുടെ സവിശേഷതയുമായി ഈ സ്വഭാവ സവിശേഷത ബന്ധപ്പെട്ടിരിക്കുന്നു (മലാഖി 3:6; യാക്കോബ്. 1:17; എബ്രാ. 1:12; 13:8).

യഹോവയായ **ഞാൻ മാറാത്തവൻ;** അതുകൊണ്ട് യാക്കോബിന്റെ പുത്രന്മാരെ, നിങ്ങൾ മുടിഞ്ഞു പോകാതിരിക്കുന്നു (മലാഖി. 3:6).

.....നീയോ **അനന്യൻ...** (എബ്രാ. 1:12).

യേശുക്രിസ്തു **ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ** തന്നെ (എബ്രാ. 13:8).

...അവനു വികാരമോ **ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല** (യാക്കോബ്. 1:17).

5. ദൈവം സർവ്വജ്ഞാനിയാകുന്നു

ദൈവം ജ്ഞാനത്തിൽ അപരിമേയനാണ്. ബൃഹത്തായ സൃഷ്ടി (സങ്കീ. 147:4), മൃഗങ്ങൾ (മത്താ.10:29), പാതാളം (ഇയ്യോ 26:6, സങ്കീ. 139:8; സദൃശ്യം. 15:11), മനുഷ്യന്റെ ആയുസ്സ് (ഇയ്യോബ് 14:5, സങ്കീ. 139:16), ശിരസ്സിലെ രോമങ്ങൾ (മത്താ. 10:30) എന്നിവയെക്കുറിച്ചെല്ലാം ദൈവം മുന്നമെ അറിയുന്നു. ഭാവിയെക്കുറിച്ചുള്ള സകല കാര്യങ്ങളും (യെശ. 41:22; 42:9; 44:7; 46:10; പ്രവൃത്തി. 2:23), നാം മനസ്സിലാക്കുന്നതിനു മുമ്പെ നമ്മുടെ സകല ആവശ്യങ്ങളും (മത്താ. 6:8, 32) ദൈവത്തിനറിയാം. ഭാവിയെ സംബന്ധിച്ച സകല കാര്യങ്ങളും അറിയാമെന്നു മാത്രമല്ല, ഭാവിയിൽ സംഭവ സാധ്യതയുള്ള കാര്യങ്ങളെക്കുറിച്ചു പോലുമുള്ള അറിവ് ദൈവത്തിന്റെ സർവ്വജ്ഞത്തിൽ ഉൾപ്പെട്ടിരിക്കുന്നു(1 ശമു. 23:11–12; 2 ശമു. 12:8; 2 രാജാ. 13:19; സങ്കീ. 81:14–15; യിരെ. 1:5; 38:17–20; യെഹെ. 3:5–7; മത്താ. 11:21–24). ദൈവത്തിന് സകല രഹസ്യങ്ങളും നിനവുകളും അന്തരേന്ദ്രിയങ്ങളുടെ വ്യതിചലനവുമെല്ലാം അറിയാം (1 ശമൂ. 16:7; 1 രാജാ. 8:39; 2 ദിന. 16:9; ഇയ്യോ. 34:22; സങ്കീ. 44:21; 139:1, 4, 23–24; സദൃശ്യ. 16:2; യിരെ. 11:20; 17:9–10; 20:12; യെഹെ. 11:5; ലൂക്കോ. 16:15; റോമ. 8:27; 1 കൊരി. 3:20). ദൈവത്തിന്റെ സർവ്വജ്ഞാനത്തെ ഉറപ്പിക്കുന്ന അനേക വേദഭാഗങ്ങളുണ്ട് (സങ്കീ. 147:5; യെശ. 40:13–14, 28; യോഹ. 2:24; 16:30; 21:17; റോമ. 11:33–34; 1 യോഹ 3:20).

നമ്മുടെ കർത്താവ് വലിയവനും ശക്തിയേറിവനും ആകുന്നു. അവന്റെ **വിവേകത്തിനു അന്തമില്ല** (സങ്കീ. 147:5).

....അവന്റെ **ബുദ്ധി അപ്രമേയമത്രെ** (യെശ. 40:28).

...കർത്താവെ, **നീ സകലവും അറിയുന്നു** (യോഹ. 21:17).

ഹാ ദൈവത്തിന്റെ ധനം, **ജ്ഞാനം, അറിവ്** എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര **അപ്രമേയവും** അവന്റെ വഴികൾ എത്ര **അഗോചരവും** ആകുന്നു (റോമ. 11:33).

....**എല്ലാം അറിയുന്നവനും** എന്നു നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം (1 യോഹ. 3:20).

6. ദൈവം സ്വയാസ്തിക്യമുള്ളവൻ ആകുന്നു

"സ്വയംഭൂ" എന്ന് ചിലർ ഈ അവസ്ഥയെ വിളിക്കുന്നു. ദൈവം സ്വയം പര്യാപ്തനാണ്. അവിടുത്തെ നിലനില്പിന് മറ്റൊരു അസ്തിത്വത്തിൽ ഒരിക്കലും ആശ്രയിച്ചിട്ടില്ല. അവിടുന്ന് കാരണമില്ലാത്ത ആദ്ധ്യകാരണനാണ്. അവിടുത്തെ പര്യാപ്തതയിൽ അവിടുന്ന് അപരിമേയനാണ്.

പിതാവിനു **തന്നിൽത്തന്നെ ജീവനുള്ളതുപോലെ...** (യോഹ. 5: 26)

...**ഞാൻ ആകുന്നവൻ ഞാൻ ആകുന്നു** (പുറ. 3:14 (യോഹ. 8:58 കാണുക).

സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ.... (റോമ. 11:36).

....സർവ്വസൃഷ്ടിക്കും **ആദ്യജാതനും ആകുന്നു...** (കൊലൊ. 1:15).

7. ദൈവം സർവ്വശക്തൻ ആകുന്നു

ദൈവം തന്റെ ശക്തിയിൽ അപരിമേയനാണ്. അവിടത്തെ സ്വഭാവത്തിനു വിരുദ്ധമായി അവിടുന്ന് ഒന്നും പ്രവർത്തിക്കുകയില്ലെന്ന വസ്തുതയും ഇതിനാൽ വ്യക്തമാണ്. ദൈവത്തിനു തന്റെ സ്വഭാവം ത്യജിക്കുവാനാവില്ല (2 തിമൊ. 2:13), വ്യാജം സംസാരിക്കുകയില്ല (സംഖ്യ 23:19; 1 ശമു. 15:29; തീത്തൊ. 1:1; എബ്രാ. 6:18), ദോഷ

ങ്ങളാൽ പരീക്ഷിക്കപ്പെടുന്നില്ല (യാക്കോ. 1:13), ഗതിഭേദത്താലുള്ള ആഛാദനമില്ല (യാക്കോ. 1:17), പാപത്തെ സഹിക്കാനാവില്ല (എബ്രാ. 1:13). ഇതിൽ നിന്ന് ഉത്തരമർഹിക്കാത്ത ചില രസകരമായ ചോദ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ദൈവത്തിന് ഒരു ചെറിയ പെട്ടിക്കുള്ളിൽ ഒതുങ്ങുവാൻ കഴിയുമോ? അവിടുത്തേക്ക് പൊക്കുവാൻ കഴിയാത്ത ഒരു പാറ സൃഷ്ടിക്കാനാവുമോ? ദൈവിക നാമങ്ങൾ പഠന വിധേയമാക്കുമ്പോൾ ദൈവത്തിന്റെ സർവ്വശക്തിയെ തെളിയിക്കുന്ന ചില വേദഭാഗങ്ങൾ ലഭിക്കും (ഉല്പ. 17:1; 18:14; പുറ. 6:3; ഇയ്യോ. 42:2; സങ്കീ. 62:11; യെശ. 9:6; 26:4; യിരെ. 32:17, 27; മത്താ. 19:26; 28:18; ലൂക്കോ. 1:37; 18:27; എഫെ. 3:20; വെളി. 1:8; 4:8, 11; 16: 14; 17:14; 19:15–16).

"യഹോവയിൽ കഴിയാത്ത കാര്യം ഉണ്ടോ? (ഉല്പ. 18:14).

...നിനക്കു അസാദ്ധ്യമായതു ഒന്നുമില്ല... (യിരെ. 32:17).

...എനിക്കു കഴിയാത്ത വല്ല കാര്യവും ഉണ്ടോ? (യിരെ. 32:27).

അതു മനുഷ്യർക്കും അസാദ്ധ്യം എങ്കിലും **ദൈവത്തിനു സകലവും സാദ്ധ്യം** എന്നു പറഞ്ഞു (മത്താ. 19:26).

ദൈവത്തിനു ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ.... (ലൂക്കോ. 1:37).

എന്നാൽ നാം ചോദിക്കുന്നതിലും നിനക്കുന്നതിലും **അത്യന്തം പരമായി** ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന **ശക്തിയാൽ കഴിയുന്നവനു**.... (എഫെ. 3:20).

.... സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു അവർ രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു (വെളി. 4:8).

...ഹല്ലേലൂയ്യാ! **സർവ്വശക്തിയുള്ള** നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു (വെളി. 19:6)

....സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്കു അവൻ മെതിക്കുന്നു. **രാജാധിരാജാവും കർത്താധികർത്താവും** എന്ന നാമം അവന്റെ ഉടുപ്പിന്മേലും എഴുതിയിരിക്കുന്നു (വെളി. 19:15,16).

8. ദൈവം ഏകത്വമുള്ളവൻ

("ദൈവത്തിന്റെ ഏകത്വവും ത്രിയേകത്വവും" കാണുക)

B. ദൈവത്തിന്റെ സദാചാര സ്വഭാവ സവിശേഷതകൾ

1. ദൈവം പരിശുദ്ധൻ ആകുന്നു

ദൈവം തന്റെ സൃഷ്ടികളിൽ നിന്നെല്ലാം വ്യത്യസ്തനും അതിശ്രേഷ്ഠനും വിശിഷ്ടനുമാണെന്ന് ഈ സ്വഭാവം വ്യക്തമാക്കുന്നു. അവിടുന്നു സകല പാപങ്ങളിൽ നിന്നും അശുദ്ധിയിൽ നിന്നും സമ്പൂർണ്ണമായി വേർപെട്ടിരിക്കുന്നു എന്നും പരിശുദ്ധി അർത്ഥമാക്കുന്നു. "വല്ലഭത്വ പരിശുദ്ധി," "ധാർമ്മിക പരിശുദ്ധി" എന്നീ രണ്ടുവിധത്തിൽ ഈ ഗുണത്തെ ദൈവശാത്രജ്ഞന്മാർ തരംതിരിക്കാറുണ്ട്. വല്ലഭത്വ പരിശുദ്ധിയെന്നാൽ ദൈവം തന്റെ സൃഷ്ടികളിൽ നിന്ന് വ്യത്യസ്തനും അത്യുന്നതനും ആകുന്നു. ധാർമ്മിക പരിശുദ്ധിയെന്നാൽ സകല പാപങ്ങളിൽ നിന്നും സമ്പൂർണമായി വേർപെട്ടിരിക്കുന്നു. പരിശുദ്ധി എന്ന പദം ഏകദേശം 699 തവണ പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു, അതിൽ 111 പ്രാവശ്യത്തോളം ദൈവിക സ്വഭാവത്തോടു ബന്ധപ്പെട്ടതാണ്. പുതിയ നിയമത്തിൽ ഏകദേശം 230 പ്രാവശ്യം ഈ പ്രയോഗം കാണുന്നു(ഏകദേശം 94 പ്രാവശ്യം പരിശുദ്ധാത്മാവിനോടും, 6 പ്രാവശ്യം പിതാവിനോടും, 3 തവണ പുത്രനോടുമുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നു). ചിലപ്പോൾ ദൈവിക പരിശുദ്ധിയെ സൂചിപ്പിക്കുന്നെങ്കിലും പരിശുദ്ധി എന്ന പ്രയോഗമില്ല, എന്നാൽ പുത്രനാം ദൈവം "പാപം ഇല്ലാത്തവൻ" എന്ന സത്യം ഉറപ്പിക്കുന്നു (പുറ. 15:11; ലേവ്യ. 11:44; 19:2; 20:26; 21:8; യോശു. 24:19; 1 ശമു. 2:2; 6:20; ഇയ്യോ. 6:10; സങ്കീ. 22:3; 30:4; 47:8; 60:6; 89:35; 92:15; 97:12; 99:3, 5, 9; 145:17; യെശ. 5:16; 6:3; 43:14; 47:4; 49:7; 57:15; യെഹ. 39:7; ഹോശേ. 11:9; ഹബ. 1:12–13; ലൂക്കോ. 1:49; യോഹ. 17:11; എബ്രാ. 12:10; 1 പത്രോ.1:15–16; വെളി. 4:8; 15:4; മർക്കൊ. 1:24; ലൂക്കൊ. 4:34; യോഹ. 6:69; 8:46; 2 കൊരി. 5:21; എബ്രാ. 4:15; 1 പത്രോ. 2:22).

.....**വിശുദ്ധിയിൽ മഹിമയുള്ളവനെ,** സ്തുതികളിൽ ഭയങ്കരനെ, അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനെ, നിനക്കു തുല്യൻ ആർ? (പുറ. 15:11).

ഞാൻ വിശുദ്ധനാകയാൽ നിങ്ങൾ നിങ്ങളെതന്നെ വിശുദ്ധീകരിച്ചു വിശുദ്ധന്മാരായിരിക്കേണം (ലേവ്യ. 11:44).

ഒരുത്തനോട് ഒരുത്തൻ: **സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ പരിശുദ്ധൻ;** സർവ്വ ഭൂമിയും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു (യെശ. 6:3).

ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വത വാസിയും **പരിശുദ്ധൻ എന്ന നാമമുള്ളവനുമായവൻ** ഇപ്രകാരം അരുളിചെയ്യുന്നു... (യെശ. 57:15).

എന്റെ ദൈവമായ യഹോവേ, നീ പുരാതനമേ എന്റെ **പരിശുദ്ധനല്ലയോ?** ദോഷംകൂടാതെവണ്ണം **നിർമ്മല** ദൃഷ്ടിയുള്ളവനും **പീഡനം** കാൺമാൻ കഴിയാത്തവനുമായുള്ളവേ (ഹബ. 1:12-13).

അവൻ നിലവിളിച്ചു: നസറായനായ യേശുവെ, ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? ഞങ്ങളെ നശിപ്പിപ്പാൻ വന്നുവോ? നീ ആർ എന്നു ഞാൻ അറിയുന്നു: ദൈവത്തിന്റെ **പരിശുദ്ധൻ തന്നെ** എന്നു പറഞ്ഞു (മർക്കോ. 1:24).

...**പരിശുദ്ധ പിതാവേ,** അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമെ (യോഹ. 17:11).

അവൻ **പാപം ചെയ്തിട്ടില്ല;** അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല (1 പത്രോ. 2:22).

2. ദൈവം സത്യവാൻ

ദൈവം സത്യമാകുന്നു എന്ന വസ്തുത കുറഞ്ഞത് മൂന്നു വിവരണങ്ങൾ നൽകുന്നു. ഒന്ന്, ദൈവം യഥാർത്ഥ വസ്തുതകളെ മാത്രം നൽകുന്നു. രണ്ട്, "യഥാർത്ഥ സ്നേഹിതൻ" എന്ന നിലയിൽ പൂർണ്ണമായി വിശ്വാസയോഗ്യനും ആശ്രയിക്കുവാൻ പ്രാപ്തനുമാണ്. മൂന്നാമതായി, വ്യാജ ദേവന്മാരിൽ നിന്ന് വ്യത്യസ്തനായി അവിടുന്നു സത്യ ദൈവവും അത്യന്തം സത്യ സന്ധതയുള്ളവനും ആകുന്നു. വസ്തുതാപരമായി - ധാർമ്മികമായി- അതിഭൗതികമായി സത്യമാകുന്നു എന്ന അർത്ഥത്തിൽ ദൈവം സത്യമാകുന്നുവെന്ന് ഒരുവന് പറയുവാനാകും. ഈ യാഥാർത്ഥ്യങ്ങൾ തെളിയിക്കുന്ന വേദഭാഗങ്ങൾ വചനത്തിലുണ്ട്.

a. ദൈവം വസ്തുതാപരമായി സത്യമാകുന്നു (പുറ. 34:6; യോഹ. 14:6, 17; 15:26; 16:13; 17:17; 1 യോഹ. 4:6). ഈ വാക്യങ്ങളിൽ തുടർന്നുള്ള പ്രയോഗങ്ങൾ ദർശിക്കും; **"ഞാൻ ആകുന്നു സത്യം, നിന്റെ വചനം സത്യമാകുന്നു, സത്യത്തിന്റെ ആത്മാവ്".** ദൈവം വസ്തുതാപരമായി തെറ്റു വരുത്തുന്നില്ല. അവിടുന്ന് എപ്പോഴും കൃത്യമാണ്. അബദ്ധരാഹിത്യനും അപ്രമാദിത്യം ഉള്ളവനുമാണ്.

b. ദൈവം ധാർമ്മികമായി സത്യമാകുന്നു. ദൈവം ആശ്രയയോഗ്യനും വിശ്വാസ യോഗ്യനുമാണ്. അവിടുത്തെ ധാർമ്മികപരമായ സത്യസ്വഭാവം ദൈവിക വിശ്വസ്തതയുടെ പര്യായ പദപ്രയോഗമാണ്. ദൈവം ഒരിക്കലും വ്യാജം പറയുകയോ നമ്മെ തെറ്റായി നയിക്കുകയോ ചെയ്യില്ല. വസ്തുതാപരമായി അവിടുന്ന് കൃത്യമാണെന്നു മാത്രമല്ല തന്റെവാഗ്ദത്തങ്ങളോട് പരിപൂർണ്ണ വിശ്വസ്തനുമാണ് (സംഖ്യ. 23:19; ആവ. 32:4; 1 ശമൂ. 15:29; 2 ശമു. 7:28; സങ്കീ. 19:9; 25:10; 31:5; 33:4; 36:5; 57:3; 89:14; 111:7; 119:86, 142, 151; 138:2; യെശ. 25:1; യിരെ. 5:3; വിലാ. 3:23; റോമ. 1:25; 3:4; 1 കൊരി. 1:9; 2 കൊരി. 1:20; 1 തെസ്സ. 5:24; തീത്തൊ. 1:2; എബ്രാ. 6:18).

വ്യാജം പറയുവാൻ ദൈവം മനുഷ്യ**നല്ല;** അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല; താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിചെയ്തതു നിവർത്തിക്കാതിരിക്കുമോ?(സംഖ്യ. 23:19).

യിസ്രായേലിന്റെ മഹത്വമായവൻ ഭോഷ്ക്കു പറയുകയില്ല; അനുതപിപ്പാൻ അവൻ മനുഷ്യനല്ല എന്നു പറഞ്ഞു (1 ശമൂ. 15:29).

യഹോവേ, നിന്റെ ദയ ആകാശത്തോളവും **നിന്റെ വിശ്വസ്തത മേഘങ്ങളോളവും എത്തുന്നു** (സങ്കീ. 36:5).

അതു രാവിലെതോറും പുതിയതും **നിന്റെ വിശ്വസ്തത വലിയതും ആകുന്നു (**വിലാ. 3:23).

...ദൈവം **സത്യവാൻ,** സകല മനുഷ്യരും ഭോഷ്ക്കു പറയുന്നവർ എന്നേ വരൂ (റോമ. 3:4).

...ദൈവം **വിശ്വസ്തൻ** (1 കൊരി. 1:9).

നിങ്ങളെ വിളിക്കുന്നവൻ **വിശ്വസ്തൻ** (1 തെസ്സ. 5:24).

ഭോഷ്ക്കില്ലാത്ത ദൈവം ... (തീത്തൊ. 1:2).

..... ദൈവത്തിനു **ഭോഷ്ക്കു പറവാൻ കഴിയാത്തതുമായ...** (എബ്രാ. 6:18).

c. ദൈവം അഭൗമികമായി സത്യമാകുന്നു. ദൈവമെന്ന് അവകാശ പ്രഖ്യാപനം നടത്തുന്ന മറ്റുള്ളതെല്ലാം വ്യാജമാണ്.

യഹോവയോ **സത്യദൈവം...** (യിരെ. 10:10).

ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു (യോഹ. 17:3).

ജീവനുള്ള **സത്യദൈവത്തെ** സേവിപ്പാനും അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിച്ച പുത്രനും വരുവാനുള്ള കോപത്തിൽനിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു.. (1 തെസ്സ. 1:9).

ദൈവപുത്രൻ വന്നു എന്നും **സത്യദൈവത്തെ** അറിവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു; നാം **സത്യദൈവത്തിൽ** അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നെ ആകുന്നു.

അവൻ **സത്യദൈവവും** നിത്യജീവനും ആകുന്നു (1 യോഹ. 5:20).

3. ദൈവം നല്ലവൻ ആകുന്നു

ദൈവം നല്ലവൻ എന്ന വസ്തുത അസംഖ്യം സ്വഭാവ സവിശേഷതകളെ വെളിപ്പെടുത്തുന്നു (ദയ, ദീർഘക്ഷമ, കൃപ, സ്നേഹം, കരുണ, സൗമ്യത, താഴ്ച, ധാർമ്മിക വിശുദ്ധി പാപരാഹിത്യത്തിനും ധാർമ്മിക സത്യം വിശ്വസ്തതയ്ക്കും തത്തുല്യമായിരിക്കുന്നു). മുകൾ പറഞ്ഞിരിക്കുന്ന ഓരോ സ്വഭാവവും ഓരോ വ്യത്യസ്ത സ്വഭാവ സവിശേഷതയായി തരം തിരിക്കാമെങ്കിലും ദൈവിക നന്മയുടെ ആത്യന്തിക വിശേഷതകളായി അവയെ വീക്ഷിക്കുന്നതാണ് കൂടുതൽ യുക്തിപരം.

യഹോവ **നല്ലവനല്ലോ, അവ**ന്റെ ദയ എന്നേക്കുമുള്ളത്; അവന്റെ വിശ്വസ്തത തലമുറതലമുറയായും ഇരിക്കുന്നു (സങ്കീ. 100:5).

യഹോവ എല്ലാവർക്കും **നല്ലവൻ;** തന്റെ സകല പ്രവൃത്തികളോടും അവനു കരുണ തോന്നുന്നു (സങ്കീ. 145:9).

..... **ദൈവം ഒരുത്തൻ അല്ലാതെ നല്ലവൻ ആരുമില്ല** (മർക്കൊ. 10:18).

എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്ന് വെളിച്ചങ്ങളുടെ **പിതാവിങ്കൽ നിന്നു** ഇറങ്ങി വരുന്നു (യാക്കോ. 1:17).

a. ദൈവം കരുണയുള്ളവൻ. ഖേദങ്ങൾ മൂലം എരിയുന്ന മാനസമുള്ളവരോടും നന്മ പ്രകടിപ്പിക്കുന്ന ഒരു സ്വഭാവസവിശേഷതയാണ് ദൈവിക കരുണ. സഹതാപം അല്ലെങ്കിൽ മനസ്സലിവിനോട് ഇതിനു സാദൃശ്യമുണ്ട് (സങ്കീ. 103:13; 116:5; യെശ. 55:7; വിലാ. 3:22; മത്താ. 9:13,36; ലൂക്കൊ. 1:50; റോമ. 11:32; 12:1; 15:9; 2 കൊരി. 1:3–4; എഫെ. 2:4; ഫിലി. 1:8; തീത്തൊ. 3:5; എബ്രാ. 2:17; 4:16; യാക്കോ. 5:11; 1 പത്രൊ. 1:3).

അപ്പനു മക്കളോടു കരുണ തോന്നുന്നതുപോലെ **യഹോവയ്ക്കു** തന്റെ ഭക്തന്മാരോട് **കരുണ തോന്നുന്നു** (സങ്കീ. 103:13).

....**അവന്റെ കരുണ** തീർന്നുപോയിട്ടില്ലല്ലോ (വിലാ. 3:22).

...കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ടു അവരെക്കുറിച്ചു **മനസ്സലിഞ്ഞു** ... (മത്താ. 9:36).

ദൈവം എല്ലാവരോടും **കരുണ ചെയ്യേണ്ടതിനു ..** (റോമ. 11:32).

കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം... (എഫെ. 2:4).

... തന്റെ **കരുണപ്രകാരമത്രെ** രക്ഷിച്ചതു (തീത്തോ. 3:5).

അതുകൊണ്ട് **കരുണാധിക്യ പ്രകാരം** നമ്മെ ജീവനുള്ള പ്രത്യാശയ്ക്കായി ...(1 പത്രോ. 1:3).

b. ദൈവം ദീർഘക്ഷമയുള്ളവൻ ആകുന്നു. ശിക്ഷായോഗ്യരായിരിക്കുന്നവരോട് കാണിക്കുന്ന ദൈവിക നന്മയുടെ പ്രകടനമാണ് ദീർഘക്ഷമ. ശിക്ഷയ്ക്കു വിധിക്കപ്പെടുന്നവരോട് ക്ഷമിക്കുന്നവനാണ് ദൈവം(പുറ. 34:6; സംഖ്യ. 14:8; നെഹ. 9:17; സങ്കീ. 80:15; 103:8; 145:8; യോവെ. 2:13; യോന. 4:2; നഹൂം. 1:3; റോമ. 2:4; 3:25; 9:22; 1 തിമൊ. 1:16; 2:4; 2 പത്രൊ. 3:9, 15).

.... യഹോവയായ ദൈവം കരുണയും കൃപയും ഉള്ളവൻ; **ദീർഘക്ഷമയും** മഹാദയയവും വിശ്വസ്തതയുമുള്ളവൻ (പുറ. 34:6).

.... യഹോവയായ ദൈവം കരുണയും കൃപയും ഉള്ളവൻ; **ദീർഘക്ഷമയും** മഹാദയയവും വിശ്വസ്തതയുമുള്ളവൻ (സങ്കീ. 103:8).

....**ദീർഘക്ഷമയും** മഹാശക്തിയുള്ളവൻ (നഹൂം. 1:3).

... നീ അവന്റെ ദയ, ക്ഷമ **ദീർഘശാന്തി** എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? (റോമ. 2:4).

...സകല **ദീർഘക്ഷമയും ഒന്നാമനായ** എന്നിൽ കാണിക്കേണ്ടതിനു എനിക്കു കരുണ ലഭിച്ച (1 തിമൊ. 1:16).

....നിങ്ങളോടു **ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ** (2 പത്രൊ. 3:9).

c. ദൈവം കൃപയുള്ളവൻ. ശിക്ഷായോഗ്യരായവരോട് കാണിക്കുന്ന ദൈവിക നന്മയുടെ പ്രകടനം തന്നെയാണ് ദൈവിക കൃപയും. എന്നിരുന്നാലും, കൃപയും ദീർഘക്ഷമയും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ദീർഘക്ഷമയിൽ ശിക്ഷയ്ക്കു യോഗ്യനായ ഒരുവനെ ദൈവം അതിൽ നിന്ന് വിടുവിക്കുന്നു. എന്നാൽ കൃപയുടെ പ്രദർശനത്തിൽ ദൈവം ശിക്ഷയിൽ നിന്ന് മോചനം നൽകുന്നുവെന്നു മാത്രമല്ല, കോപത്തിനു പാത്രിഭൂതനും ശിക്ഷയ്ക്കു യോഗ്യനുമായ വ്യക്തിയോടു അവനുവേണ്ട വിധത്തിൽ അനിഷേധാത്മകമായി ദയ കാണിക്കുകയും അതിനു പരിഹാരം വരുത്തുകയും ചെയ്യും. ദൈവിക കൃപയെന്നത് അർഹതയില്ലാത്ത ഉപകാരവും അമൂല്യമായ ദയയുമാണ് (പുറ: 34:6; യോഹ. 1:14, 17; റോമ. 3:24; 5:20; എഫെ. 2:7–9; തീത്തൊ. 2:11; 1 പത്രൊ. 5:10).

..യഹോവ, യഹോവയായ ദൈവം കരുണയും **കൃപയുമുള്ളവൻ** (പുറ. 34:6).

കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവൻ തേജസ്സ്

പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു. ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; **കൃപയും** സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു (യോഹ. 1:14,17).

..... തന്റെ **കൃപയുടെ അത്യന്തധനത്തെ** വരും കാലങ്ങളിൽ കാണിക്കേണ്ടതിനു.. (എഫെ. 2:6).

....**സർവ്വ കൃപാലുവായ ദൈവം** തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തികരിക്കും (1 പത്രൊ. 5:10).

d. ദൈവം സ്നേഹമാകുന്നു. ദൈവിക നന്മയുടെ പ്രകടനമാണ് ദൈവസ്നേഹം. വിലയോ വേതനമോ ഗണ്യമാക്കാതെ സ്നേഹത്തിനു പാത്രി ഭൂതരാകുന്നവർക്ക് ഏറ്റവും ഉത്തമമായത് ചെയ്തു കൊടുക്കുന്ന സമർപ്പണമാണിത്. ദൈവസ്നേഹം നിത്യമായതും ത്യാഗപരവും നിരുപാധികവുമാണ്.

സൗമ്യതയും ദയയും സ്നേഹത്തിന്റെ അധീനതയിൽ വരുന്നതാണെന്ന് പറയാം (യോഹ. 3:16; 15:13; റോമ. 5:8; ഗലാ. 2:20; 1 യോഹ. 3:1; 4:8–10).

....ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ **സ്നേഹിച്ചു** (യോഹ. 3:16).

സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള **സ്നേഹം** ആർക്കും ഇല്ല (യോഹ. 15:13,14).

ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള **സ്നേഹത്തെ** പ്രദർശിപ്പിക്കുന്നു. (റോമ. 5:8).

....എന്നെ **സ്നേഹിച്ചു** എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത..... (ഗലാ. 2:20).

...ദൈവം സ്നേഹം തന്നെ(1 യോഹ. 4:8).

4. ദൈവം ന്യായവും നീതിയുള്ളവൻ ആകുന്നു

ദൈവത്തിന്റെ നീതിയും പരിശുദ്ധിയും ഒരേ പട്ടികയിലാക്കുന്നവരുണ്ട്, പ്രത്യേകിച്ച് ധാർമ്മിക വിശുദ്ധി. എന്നിരുന്നാലും, എബ്രായ-ഗ്രീക്കു ഭാഷകളിൽ നീതിയെക്കുറിക്കുന്ന വാക്കുകൾ വിശുദ്ധിയെക്കുറിക്കുന്നവയിൽ നിന്നും വ്യത്യസ്തമാണ്. വിശുദ്ധിയിൽ നിന്ന് വ്യത്യസ്തമാണ് നീതി. അത് പ്രവർത്തനനിരതമാണ്. ദൈവം പരിശുദ്ധനെന്നു പറഞ്ഞാൽ അവിടുന്നു പാപത്തിൽ നിന്നു വേർപെട്ടവനാണ്. ദൈവം പ്രവർത്തിക്കാത്ത കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് അവിടുന്ന് പരിശുദ്ധനായിരിക്കുന്നത്. ദൈവം നീതിമാനെന്നു പറഞ്ഞാൽ അവിടുന്ന് നീതിയോടെ പ്രവർത്തിക്കന്നവനും തന്റെ സൃഷ്ടികൾ അങ്ങനെ ചെയ്യുവാൻ ആവശ്യപ്പെടുന്നവനുമാണ്. ദൈവത്തിന്റെ അതിശ്രേഷ്ഠത വെളിപ്പെടുത്തുന്ന, അധികം പ്രവൃത്തി പഥത്തിൽ കൊണ്ടുവരുവാൻ ആവശ്യമില്ലാത്ത സ്വഭാവ സവിശേഷതയാണ് പരിശുദ്ധി, അതാകുന്നു ദൈവം. നീതിയെയാണ് ''കാർമ്മിക വിശുദ്ധി" എന്നു വിളിക്കുന്നത്. പരിശുദ്ധനായ ദൈവം തന്റെ സൃഷ്ടികൾ ചെയ്യുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ദൈവത്തിനോടടുത്തിരിക്കുന്നു എന്നതാണിത്.[8] ദൈവിക നീതി എന്നതുകൊണ്ടർത്ഥമാക്കുന്നത് അവിടുത്തെ സൃഷ്ടികളോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ വിശുദ്ധിയുടെ പ്രകടനമാണ്. ദൈവം നീതിമാനാണെന്ന് ഏകദേശം 112 തവണ പഴയനിയമത്തിലും 44 തവണ പുതിയനിയമത്തിലും വിളിക്കപ്പെട്ടിരിക്കുന്നു (ആവ. 10:17; 32:4; ഇയ്യോ. 37:23; സങ്കീ. 19:9; 33:5; 89:14; 92:15; 96:13; 103:6; 111:7; യിരെ. 9:23–24; യോഹ. 17:25; പ്രവൃ. 3:14; 17:31; റോമ. 3:26; 1 തെസ്സ. 1:5–9; 1 യോഹ. 2:1).

...അവന്റെ **വഴികൾ ഒക്കെയും ന്യായം;** അവൻ വിശ്വസ്തതയുള്ള ദൈവം, വ്യാജമില്ലാത്തവൻ **നീതിയും നേരുമുള്ളവൻ** തന്നെ (ആവ. 32:4).

അവൻ **നീതിയും ന്യായവും** ഇഷ്ടപ്പെടുന്നു (സങ്കീ. 33:5).

....അവനിൽ **നീതികേടില്ല** എന്നു കാണിക്കേണ്ടതിനു തന്നെ (സങ്കീ. 92:15).

യഹോവയായ ഞാൻ ഭൂമിയിൽ ദയയും **ന്യായവും നീതിയും** പ്രവർത്തിക്കുന്നു (യിരെ. 9:24).

നീതിയുള്ള പിതാവേ....(യോഹ. 17:25).

പരിശുദ്ധനും **നീതിമാനുമായവനെ** നിങ്ങൾ തള്ളിപ്പറഞ്ഞു....(പ്രവൃത്തി. 3:14).

.....**നീതിമാനായ** യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട് (1 യോഹ. 2:1).

5. ദൈവം ബുദ്ധിമാൻ ആകുന്നു

ദൈവിക ബുദ്ധി ദൈവത്തിന്റെ സർവ്വജ്ഞാനത്തിൽ നിന്നു വ്യത്യസ്തമാണ്. ഒരു ''അപരിമേയമായ കമ്പ്യൂട്ടറി" നെക്കാൾ അതിശ്രേഷ്ഠനായ ദൈവം. അവിടുത്തേക്ക് സകലതും അറിയാം, എന്നാൽ ഒരു ഉത്തമമായ മാർഗ്ഗം തിരഞ്ഞെടുക്കുവാനും ദൈവത്തിന് അറിയാം.

ദൈവം തന്റെ സർവ്വജ്ഞാനം അവിടുത്തെ ബുദ്ധിയിലൂടെ പ്രകടമാക്കി ഈ മഹാ പ്രപഞ്ചത്തിന്റെ സുഗമ

[8] The author is indebted to GerogePardington for these thoughts. (Geroge Pardington, *Outline studies in Christian Doctrine* (Harrisburg, PA: Christian publications, Inc., 1926) 80.

മായ നിയന്ത്രണം നടത്തുന്നു (സങ്കീ. 19:7; സദ്യ. 1:7; 8: 22, 27; റോമ. 16:27; 1 കൊരി. 1:24, 30).

....തന്റെ പ്രവൃത്തികളുടെ ആദ്യമായി എന്നെ (ജ്ഞാനം) ഉളവാക്കി.... അവൻ ആകാശത്തെ ഉറപ്പിച്ചപ്പോൾ ഞാൻ (ജ്ഞാനം) ഉണ്ടായിരുന്നു (സദ്യ. 8:22, 27).

.....അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു **ജ്ഞാനവും ...** (1 കൊരി. 1:30).

6. ദൈവം ധന്യൻ ആകുന്നു

ദൈവത്തിന്റെ ആന്തരിക സ്വഭാവങ്ങളുടെ അടിസ്ഥാനത്തിൽ, *ധന്യൻ* എന്നതിന്റെ അർത്ഥം, ദൈവം പരിപൂർണ്ണമായും നിത്യമായും തന്നിൽ തന്നെ സംതൃപ്തനാണ്. അവിടുത്തെ സമ്പൂർണ്ണതയൽ ദൈവം ആനന്ദചിത്തനും മതിയായവനുമാണ്. ഇതിനെ ഒരു സ്വഭാവ സവിശേഷതയായി വീക്ഷിക്കാതിരിക്കുന്നതാണ് ഉത്തമം. മറിച്ച് ദൈവിക സ്വഭാവ സവിശേഷകളുടെ പരിപൂർണ്ണതയാൽ അവിടുന്നു ആന്തരികമായി ധന്യനാണ്. മാനുഷിക സന്തോഷം ദൈവിക വ്യക്തിത്വത്തിലാണ് അടിഉറച്ചിരിക്കുന്നത്. നമ്മുടെ ദൈവം, വ്യക്തിത്വത്തിലും പ്രവർത്തിയിലും പരിപൂർണ്ണനും, ജീവിതത്തിൽ നമ്മുടെ സംതൃപ്തിയുടെ സ്രോതസ്സും ആനന്ദഹേതുവുമാകുന്നു. അവിടുത്തെ സ്വഭാവ ഗുണങ്ങൾ പരിപൂർണ്ണതയ്ക്കു തുല്യമാരിക്കുന്നു. ഈ പരിപൂർണ്ണത ദൈവത്തെ ആന്തരികമായി "ധന്യനാക്കുന്നു"

....**ധന്യനായ** ദൈവത്തിന്റെ മഹത്വമുള്ള സുവിശേഷത്തിനു അനുസാരമായതു തന്നെ'' (1 തിമൊ. 1:11).

ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും... (1 തിമൊ. 6:15).

7. ദൈവം മഹത്വവാനാകുന്നു

പുറമെ മഹത്വവാനും ആന്തരീകമായി ധന്യതയും ദൈവത്തിന്റെ പൂർണ്ണതയുടെ ആകെയുള്ള ഫലമാണ്. വാസ്തവത്തിൽ, മഹത്വം ദൈവത്തിന്റെ ഒരു സ്വഭാവ സവിശേഷതയല്ല. ദൈവം തന്റെ എല്ലാ സ്വഭാവഗുണങ്ങളിലും മഹത്വധാരിയാണ്. മനുഷ്യൻ ദൈവത്തിന്റെ മഹത്വം മനസ്സിലാക്കുകയും അവിടുത്തെ മഹത്വപ്പെടേണ്ടതുമാണ്. (സങ്കീ. 24:7–10; 96:3; 138:5; യെശ. 6:3; 42:8; മത്താ. 25:31; യോഹ. 1:14; 17:5; റോമ. 3:23; എഫെ. 1:17; എബ്രാ. 1:3; യാക്കോബ്. 2:1).

ഞാൻ എന്റെ **മഹത്വം** മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കുകയില്ല (യെശ. 42:8).

....ഞങ്ങൾ അവന്റെ **തേജസ്സ്** പിതാവിൽ നിന്നു ഏകജാതനായവന്റെ **തേജസ്സായി** കണ്ടു (യോഹ. 1:14).

...**മഹത്വമുള്ള പിതാവുമായവൻ** നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ... (എഫെ. 1:17).

അവൻ അവന്റെ (പിതാവിന്റെ) **തേജസ്സിന്റെ** പ്രഭ..... (എബ്രാ. 1:3).

സഹോദരന്മാരെ, **തേജസ്സുള്ളവനായി** നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുത് (യാക്കോ. 2:1).

അദ്ധ്യായം 3

എയ്ഞ്ചലോളജി

ദൂതന്മാരെപ്പറ്റിയുള്ള ഉപദേശം

രൂപരേഖ

I. ദൂതന്മാരുടെ അസ്തിത്വം

II. ദൂതന്മാരുടെ ഉത്ഭവം

- A. സകലവും ദൈവത്തിന്റെ സൃഷ്ടി
- B. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ ദൂതന്മാരെ സംബന്ധിച്ച സൂചന
- C. ദൂതന്മാരുടെ സൃഷ്ടിസമയം
- D. ദൂതന്മാർ ദൂതന്മാരായി തന്നെ സൃഷ്ടിക്കപ്പെട്ടവർ
- E. ദൂതന്മാരുടെ എണ്ണം
  1. ആകാശ സൈന്യം
  2. ദൂതന്മാരുടെ സർവ്വസംഘം
  3. ക്രിസ്തുവിന്റെ 12 ലെഗിയോൻ ദൂതന്മാർ
- F. ദൂതന്മാരുടെ സൃഷ്ടിയുടെ ലക്ഷ്യം
- G. ദൂതന്മാരും പാപവും
- H. ദൂതന്മാരുടെ പരിമിതികൾ

III. ദൂതന്മാരുടെ പ്രകൃതി

- A. ദൂതന്മാരുടെ വ്യക്തിത്വം
- B. ദൂതന്മാരുടെ വിശുദ്ധി
- C. ദൂതന്മാരുടെ ശക്തി
  1. മനുഷ്യരോടുള്ള ബന്ധത്തിൽ
  2. ദൈവത്തോടുള്ള ബന്ധത്തിൽ
- D. ദൂതന്മാരും ശാരീരിക അവസ്ഥയും
- E. ദൂതന്മാരുടെ അമർത്യതയും ലിംഗഭേദവും

IV. ദൂതന്മാരുടെ പ്രത്യക്ഷതകൾ

- A. ഭൂമിയിൽ
- B. അഭൗമികതലങ്ങളിൽ
  1. സാറാഫുകൾ
  2. കെരൂബുകൾ
  3. ജീവികൾ
  4. വെളി. 10: 1–3 ലെ ദൂതൻ

V. ദൂതന്മാരുടെ നാമങ്ങളും വേർതിരിവുകളും

- A. പൊതുനാമങ്ങൾ
- B. പ്രത്യേക നാമങ്ങളും വേർതിരിവുകളും
  1. കെരൂബുകൾ
  2. സാറാഫുകൾ
  3. മീഖായേൽ
  4. ഗബ്രിയേൽ

VI. ദൂതന്മാരുടെ വാസസ്ഥലം

VII. ദൂതന്മാരുടെ ശുശ്രൂഷകൾ

- A. ഭൂതകാല പ്രവർത്തനങ്ങൾ
- B. വർത്തമാനകാല പ്രവർത്തനങ്ങൾ
  1. വിശ്വാസികളുടെ സംരക്ഷകർ
  2. പ്രാർത്ഥനയ്ക്കുത്തരം നൽകുവാൻ സഹായിക്കുന്നു
  3. ആത്മാക്കളെ സ്വർഗ്ഗത്തിലേക്കാനയിക്കുന്നവർ
  4. ഭൗമിക ഭരണത്തിലെ ഉൾപ്പെടൽ
- C. ഭാവി പ്രവർത്തനങ്ങൾ

എയ്ഞ്ചലോളജി: ദൂതന്മാരെപ്പറ്റിയുള്ള ഉപദേശം

I. ദൂതന്മാരുടെ അസ്തിത്വം

ദൂതന്മാർ തിരുവെഴുത്തുകളിലെ പ്രധാന കഥാപാത്രങ്ങളല്ല, എന്നാൽ, വേദപുസ്തകത്തിൽ നിന്ന് അവരെ മാറ്റി നിർത്തിയാൽ പ്രധാനപ്പെട്ട അനേക വേദപുസ്തക ഭാഗങ്ങൾ അടർത്തി മാറ്റേണ്ടി വരും. (ഉദാ. ക്രിസ്തുവിന്റെ ജനനം, പരീക്ഷണം, ഗത്സമന തോട്ടത്തിലെ മരണ വേദന, ഉയിർത്തെഴുന്നേല്പ്പ്, സ്വർഗ്ഗാരോഹണം). അറുപത്താറു പുസ്തകങ്ങളിൽ മുപ്പത്തിനാലിലും ദൂതന്മാരെക്കുറിച്ചും കെരൂബുകളെക്കുറിച്ചും സൂചകങ്ങൾ ഉണ്ട് (പഴയ പുതിയ നിയമങ്ങളിൽ പതിനേഴുവീതം). ദൂതൻ എന്നതിന്റെ എബ്രായ പദമാണ് *മലാഖ്*. ഇത് "എന്റെ ദൂതൻ" എന്നർത്ഥമുള്ള മലാഖിയുമായി ബന്ധപ്പെട്ടിരിക്കുന്നു. കുറഞ്ഞപക്ഷം 108 പ്രാവശ്യം ദൂതന്മാരോടു ബന്ധപ്പെട്ട സൂചനകൾ പഴയനിയമത്തിലുണ്ടെന്ന് ചെയ്ഫർ കണക്കാക്കുന്നു.[1] *അങ്ങ്ഗെലൊസ്* ആണ്

[1] Lewis Sperry Chafer, *Systematic Theology*, Vol. 2 (Dallas: Dallas Seminary Press, 1947) 3. ഇദ്ദേഹത്തിന്റെ

ദൂതനുപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം. പുതിയ നിയമത്തിൽ ഏകദേശം 165 പ്രാവശ്യം ദൂതസംബന്ധമായ സൂചനകൾ ഉണ്ട്.[2] കർത്താവായ യേശു ക്രിസ്തു ദൂതന്മാരുടെ അസ്തിത്വത്തെ സംബന്ധിച്ച് വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. സാദൂക്യർ പുനരുത്ഥാനത്തിലും ദൂതന്മാരിലും വിശ്വസിച്ചിരുന്നില്ല. വിവാഹത്തോടു ബന്ധപ്പെടുത്തി പുനരുത്ഥാനം പ്രാപിക്കുന്നവർ ദൂതന്മാരെപ്പോലെയായിരിക്കും എന്ന് ചൂണ്ടിക്കാട്ടി ഒരു രീതിയിൽ അവരുടെ രണ്ടു അബദ്ധ ചിന്താഗതികളെയും കർത്താവ് ഖണ്ഡിച്ചു (മത്താ. 22: 30). രണ്ടാം വരവിങ്കൽ ദൂതന്മാർ തന്നോടൊപ്പം വരുമെന്ന് കർത്താവ് വ്യക്തമാക്കി (മത്താ. 24:31; 25:31). തന്റെ ക്രൂശുമരണം തടയുവാൻ 12 ലെഗ്യോനിലും അധികം ദൂതന്മാരെ തനിക്കു വിളിക്കാനാവുമെന്ന് അവിടുന്നു പറഞ്ഞു (മത്താ. 26:53). കർത്താവിനെ ആദരിക്കുന്നവർ ദൂതന്മാരുടെ അസ്തിത്വവും അംഗീകരിക്കും.

II. ദൂതന്മാരുടെ ഉത്ഭവം

A. സകലവും ദൈവത്തിന്റെ സൃഷ്ടി

ദൈവം മാത്രമാണ് നിത്യനും അനശ്വരനും. അവിടുന്നാണ് സകലവും സൃഷ്ടിച്ചത്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ദൂതന്മാരുൾപ്പെടെ സകലവും സൃഷ്ടിക്കപ്പെട്ടതാണ്.

> സകലവും അവൻ മുഖാന്തിരം ഉളവായി.... (യോഹ. 1:13).
>
> **സ്വർഗ്ഗത്തിലുള്ളതും** ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ **സകലവും** അവൻ മുഖാന്തരം **സൃഷ്ടിക്കപ്പെട്ടു;** അവൻ മുഖാന്തരവും അവന്നായിട്ടും **സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു** (കൊലൊ. 1:15,16).
>
> താൻ മാത്രം അമർത്യതയുള്ളവനും... (1 തിമൊ. 6:16).

B. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ ദൂതന്മാരെ സംബന്ധിച്ച സൂചന

> അവന്റെ സകല **ദൂതന്മാരുമായുള്ളോരെ**, അവനെ സ്തുതിപ്പിൻ; അവന്റെ സർവ്വസൈന്യവുമേ, അവനെ സ്തുതിപ്പിൻ... അവൻ കല്പിച്ചിട്ടു **അവ സൃഷ്ടിക്കപ്പെട്ടിരിക്കയാൽ** അവ യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ (സങ്കീ. 148:2, 5).

കണക്കുകൾ പൊതുവെ കൃത്യമായതാണ്, എന്നാൽ കെരൂബുകളെയും സാറാഫുകളെയുംക്കുറിച്ചുള്ള സൂചകങ്ങളും ഉൾപ്പെടുത്തുകയാണെങ്കിൽ അതിലുമധികം ഉണ്ട്.

[2] I bid

C. ദൂതൻമാരുടെ സൃഷ്ടി സമയം

ഇയ്യോബിന്റെ ആദ്യ രണ്ടു അദ്ധ്യായങ്ങളിൽ പിശാച് ഉൾപ്പെടുന്ന ആത്മരൂപികളുടെ സംഘത്തിന് *ദൈവപുത്രന്മാർ* എന്ന പ്രയോഗം ഉപയോഗിച്ചിരിക്കുന്നു. *ആകാശസൈന്യം* എന്ന ശൈലി നക്ഷത്രങ്ങളും ദൂതന്മാരും ഉൾപ്പെടുന്ന സംഘത്തെ സൂചിപ്പിക്കുന്നതാകാം.[3] **ഭൂമിയുടെ സൃഷ്ടിക്കു മുമ്പുതന്നെ** ദൂതന്മാർ സൃഷ്ടിക്കപ്പെട്ടു എന്ന കാര്യം ഇയ്യോബ് 38: 4–7 വ്യക്തമാക്കുന്നു എന്ന വസ്തുതയിലേക്കാണ് മുകളിൽ സൂചിപ്പിച്ച സത്യങ്ങൾ ഒരുവനെ നയിക്കുന്നത്.

> "ഞാൻ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു? നിനക്കു വിവേകമുണ്ടെങ്കിൽ പ്രസ്താവിക്ക... പ്രഭാത **നക്ഷത്രങ്ങൾ** ഒന്നിച്ചു ഘോഷിച്ചുല്ലസിക്കുകയും **ദൈവപുത്രന്മാരെല്ലാം** സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ...." (ഇയ്യോബ് 38:4,6).

ഇയ്യോബ് 38 ലെ *ദൈവപുത്രന്മാർ, ദൂതന്മാർ* അല്ലെങ്കിൽ പിന്നെ അവർ ആരാണ്? ഭൂമിയുടെ ഉത്ഭവത്തിനു മുമ്പെ ഉള്ളവരായിരുന്നതിനാൽ അവർ മനുഷ്യരായിരിക്കില്ലല്ലോ! സങ്കീ. 148:2 മുതലുള്ള വാക്യങ്ങളിൽ ദൂതന്മാരുടെ സൃഷ്ടി ഭൗതിക പ്രപഞ്ചത്തിന്റെ സൃഷ്ടിയോടു ബന്ധപ്പെടുത്തിയിരിക്കുന്നു. "ആറു ദിവസം കൊണ്ടു ദൈവം **ആകാശവും** ഭൂമിയും സമുദ്രവും **അവയിലുള്ളതൊക്കെയും ഉണ്ടാക്കി..."** എന്ന് പുറപ്പാട് 20:11 വ്യക്തമാക്കുന്നു. അങ്ങനെയെങ്കിൽ സൃഷ്ടിയുടെ ഒന്നാം ദിനത്തിൽ തന്നെ ദൂതന്മാരും സൃഷ്ടിക്കപ്പെട്ടതായി മനസ്സിലാക്കാം, ഒരു പക്ഷെ ആകാശങ്ങൾ സൃഷ്ടിക്കപ്പെട്ട ശേഷം, ഭൂമി ഉണ്ടാക്കപ്പെടുന്നതിനു മുമ്പ്.

D. ദൂതന്മാർ ദൂതന്മാരായി തന്നെ സൃഷ്ടിക്കപ്പെട്ടവർ

തേജസ്ക്കരണം പ്രാപിച്ച മനുഷ്യരാണ് ദൂതന്മാരെന്ന് വെറുതെ അനുമാനിക്കുന്നവരുണ്ട്. ദൂതന്മാർ മറ്റേതെങ്കിലും സൃഷ്ടികളിൽ നിന്ന് രൂപാന്തരം പ്രാപിച്ച വരല്ലെന്ന് വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുന്നു. എബ്രാ. 12:22–23 വാക്യങ്ങളിൽ സ്വർഗ്ഗത്തിൽ വസിക്കുന്നവരുടെ പട്ടിക നൽകുന്നതിൽ, "ദൂതന്മാരുടെ സർവ്വസംഘവും" "സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കളും," വ്യത്യസ്തരായ രണ്ടു കൂട്ടരാണെന്നു സ്പഷ്ടമാണ്. വെളി. 21,22 അദ്ധ്യായങ്ങളിലെ സ്വർഗ്ഗോന്നതങ്ങളെക്കുറിച്ചുള്ള വിവരണങ്ങളിലും ദൂതഗണങ്ങളും മനുഷ്യരും വ്യത്യസ്തരാണെന്ന് ദർശിക്കാം. ഭാവിയിൽ മനുഷ്യർ ദൂതന്മാരായി രൂപാന്തരപ്പെടുകയില്ല, മറിച്ച്

[3] ആവ. 4:19 ലും സെഫ. 1:5 ലും *'സൈന്യം' എന്നത് നക്ഷത്രത്തെയാണ് അർത്ഥമാക്കുന്നത്,* എന്നാൽ 1 രാജാ. 22:19 ലും ലൂക്കോ. 2:13 ലും *'സൈന്യം' ദൂതന്മാരെയാണ്* സൂചിപ്പിക്കുന്നത്. വെളി. 12:1–4 ഉം കാണുക

കർത്താവിൽ വിശ്വസിക്കുന്ന മനുഷ്യർ ദൂതന്മാരെ ന്യായം വിധിക്കും (1 കൊരി. 6:3).

E. ദൂതന്മാരുടെ എണ്ണം

സൃഷ്ടിയിങ്കൽ തന്നെ ദൂതന്മാരുടെ എണ്ണം എന്നേക്കുമായി ഉറപ്പിച്ചിരുന്നു. അവർ ഒരിക്കലും മരിക്കുകയില്ല. അവർ ഒരിക്കലും പ്രത്യുത്പാദനം നടത്തുകയില്ല (മത്താ. 22:30; മർക്കൊ. 12:25; ലൂക്കൊ. 20:35-36). ദൈവം സൃഷ്ടികർമ്മം തുടരുന്നില്ല എന്ന് ഉല്പത്തി രണ്ടാം അദ്ധ്യായം വ്യക്തമാക്കുന്നതിനാൽ ദൂതന്മാരുടെ സംഖ്യ വർദ്ധിക്കുന്നില്ല എന്ന് ഉറപ്പിക്കാം.

> ''എങ്കിലും ആ ലോകത്തിന്നും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തിനും യോഗ്യരായവർ വിവാഹം കഴിക്കയുമില്ല വിവാഹത്തിനു കൊടുക്കപ്പെടുകയുമില്ല; അവർക്കു ഇനി മരിപ്പാനും കഴികയില്ല. അവൻ പുനരുത്ഥാന പുത്രന്മാരാകയാൽ ദൈവദൂത തുല്യരും ദൈവപുത്രന്മാരും ആകുന്നു" (ലൂക്കോ. 20:35-36).

ദൂതന്മാരുടെ കൃത്യമായ എണ്ണം ഒരു മർമ്മം ആണ്, എന്നാൽ അവരുടെ എണ്ണം വളരെ വലുതാണെന്ന് ധാരാളം സൂചനകളുണ്ട്.

1. "ആകാശ സൈന്യം" നക്ഷത്രങ്ങളെയും ദൂതന്മാരെയും സൂചിപ്പിക്കുന്നതാകയാൽ നക്ഷത്രങ്ങളെപ്പോലെ തന്നെ എണ്ണികൂടുവാൻ കഴിയാതെവണ്ണം അനവധിയാണ് ദൂതന്മാരുടെ എണ്ണവുമെന്ന് അനുമാനിക്കാം.

2. എബ്രാ. 12:22-ൽ "ദൂതന്മാരുടെ സർവ്വസംഘം" എന്ന് കാണുന്നു. ആയതിനാൽ അവർ പതിനായിരകണക്കിനു സംഘങ്ങളായി നിലകൊള്ളുന്നു സങ്കീ. 68:17; ദാനി. 7:10; വെളി. 5:11; 2 രാജാ. 6:17; ലൂക്കോ. 2:13 ഈ ഭാഗങ്ങളിലെ പ്രയോഗങ്ങളെല്ലാം തന്നെ സൂചിപ്പിക്കുന്നത് ദൂതന്മാരുടെ എണ്ണം "ബഹുത് സംഖ്യയാണ്." നമുക്ക് എണ്ണിതിട്ടപ്പെടുത്താനാവില്ല.

> ദൈവത്തിന്റെ രഥങ്ങൾ ആയിരമായിരവും കോടികോടിയുമാകുന്നു.... (സങ്കീ. 68:17).
>
> ''...ആയിരമായിരം പേർ അവനു ശുശ്രൂഷ ചെയ്തു; പതിനായിരം പതിനായിരം പേർ അവന്റെ മുമ്പാകെ നിന്നു...." (ദാനി. 7:10).
>
> പിന്നെ ഞാൻ ദർശനത്തിൽ സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു; അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു (വെളി. 5:11).

3. പന്ത്രണ്ടു ലെഗ്യോനിലും അധികം ദൂതന്മാർ തന്റെ ആജ്ഞ നിർവ്വാഹകരായി ഉണ്ടെന്ന് കർത്താവ് സൂചിപ്പിച്ചു (മത്താ. 26:53).

F. ദൂതന്മാരുടെ സൃഷ്ടി ലക്ഷ്യം

ദൈവത്തിന്റെ ശുശ്രൂഷകരായിട്ടാണ് ദൂതന്മാർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സൃഷ്ടിയെ സംബന്ധിച്ച പൊതുവായ പ്രസ്താവനകളിൽ നിന്നും ഇത് അനുമാനിക്കാം (റോമ. 11:36; കൊലൊ. 1:16; വെളി. 4:11). എന്നിരുന്നാലും, ദൂതസൃഷ്ടിയോടു ബന്ധപ്പെട്ട് ചില പ്രത്യേക പ്രതിപാദനങ്ങൾ വേദപുസ്തകം നൽകുന്നു.

> "അവൻ കാറ്റുകളെ തന്റെ **ദൂതന്മാരും** അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു" എന്നു ദൂതന്മാരെക്കുറിച്ചു പറയുന്നു.... അവർ ഒക്കെയും രക്ഷപ്രാപിപ്പാനുള്ളവരുടെ **ശുശ്രൂഷയ്ക്കു അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?** (എബ്രാ. 1:7,14).

G. ദൂതന്മാരും പാപവും

ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനും (യാക്കോ. 1:13) പാപസാന്നിദ്ധ്യത്തിൽ അവിടുത്തേക്ക് നിലകൊള്ളുവാൻ കഴിയാത്തവനുമാകയാൽ (ഹബ. 1:12-13). ദൂതന്മാരെ പാപത്തോടെയല്ല അവിടുന്ന് സൃഷ്ടിച്ചതെന്ന് വ്യക്തമാണ്; അവർ പരിശുദ്ധിയോടെയാണ് സൃഷ്ടിക്കപ്പെട്ടത്.

H. ദൂതന്മാരുടെ പരിമിതികൾ

ദൂതന്മാർക്ക് അമാനുഷിക കഴിവുകളുണ്ടെന്ന് തുടർ സൂചകങ്ങൾ സ്ഥാപിക്കും, എന്നിരുന്നാലും അവരും സൃഷ്ടികൾ മാത്രമാണ്. അവർക്ക് ഒരേ സമയത്ത് ഒന്നിൽ കൂടുതൽ സ്ഥലങ്ങളിലായിരിപ്പാൻ കഴികയില്ല. ഗബ്രിയേൽ ദൂതന് യാത്ര ചെയ്യുവാൻ സമയം ആവശ്യമായിരുന്നു (ദാനി. 9:21-23). പേരു സൂചിപ്പിച്ചിട്ടില്ലാത്ത ഒരു ദൂതന് തന്റെ യാത്രയിൽ താമസം നേരിട്ടു. ദൂതന്മാർക്ക് അവരുടെ ശക്തിയിൽ പരിമിതികളുണ്ടായിരുന്നു (ദാനി. 10:13). വിശുദ്ധരും അശുദ്ധരുമായ ദൂതന്മാർ തമ്മിലുള്ള പോരാട്ടം വെളി. 12:7-ൽ ദർശിക്കാം. ദൂതന്മാർക്ക് അറിവിലും പരിമിതികൾ ഉണ്ട്. രണ്ടാം വരവിന്റെ സമയം അവർക്ക് അറിയില്ല (മത്താ. 24:36). അവർ സഭയെ വീക്ഷിച്ച് അനേക കാര്യങ്ങൾ ഗ്രഹിക്കുന്നു (എഫെ. 3:10; 1 തിമ. 3:10; 5:21; 1 പത്രൊ. 1:12). ചുരുക്കത്തിൽ, ദൂതന്മാർ കേവലം ദൈവസൃഷ്ടികൾ മാത്രമാണ്, അല്ലാതെ അവർ സർവ്വവ്യാപികളോ, സർവ്വ ശക്തരോ, സർവ്വജ്ഞാനികളോ അല്ല.

III. ദൂതന്മാരുടെ പ്രകൃതി

A. ദൂതന്മാരുടെ വ്യക്തിത്വം

സ്വയബോധത്തോടുകൂടി ബുദ്ധി, വികാരം, ഇച്ഛ ഉള്ള ഒരുവനാണ് വ്യക്തി എന്ന നിർവചനത്തിനു യോഗ്യനാകുന്നത്. ഈ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ ദൂതന്മാർ വ്യക്തികളാണ് എന്ന് വിശേഷിപ്പിക്കാം.

അവർക്ക് ഗ്രഹിക്കുവാനുള്ള ബുദ്ധി (എഫെ. 3:10; 1 പത്രൊ. 1:12), സ്തുതിക്കുവാനും ആരാധിക്കുവാനും വികാരം (ഇയ്യോ. 38:7; യെശ. 6:3; വെളി. 5:11–12), ദൈവിക സന്തോഷത്തിൽ പങ്കുചേരാനുള്ള കഴിവ് (ലൂക്കൊ. 15:10), ദൈവിക കല്പന അനുസരിക്കുവാനുള്ള ഇച്ഛ എന്നിവ ഉണ്ട് (മത്താ. 24:31; എബ്രാ. 1:6).

B. ദൂതന്മാരുടെ വിശുദ്ധി

വിശുദ്ധനായ ദൈവം ദൂതന്മാരെ വിശുദ്ധിയോടുകൂടിയെ സൃഷ്ടിക്കുകയുള്ളൂ എന്നത് ദൈവിക പ്രകൃതിയിൽ അന്തർലീനമായിരിക്കുന്ന വസ്തുതയാണ്. *ദൈവപുത്രന്മാർ* എന്ന് ദൂതന്മാരെ വിളിച്ചിരിക്കുന്നതിനാൽ (ഇയ്യോ. 1:6; 2:1; 38:7) അവർ ദൈവ സാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടത് എന്ന കാര്യം സംശയരഹിതമാണ്. എന്നാൽ ഒരു കൂട്ടം ദൂതന്മാർ അവരുടെ ഇച്ഛാശക്തിയാൽ പാപം തിരഞ്ഞെടുത്ത് അശുദ്ധരായി തീർന്നു. വലിയൊരു കൂട്ടം ഇപ്പോഴും വിശുദ്ധിയുള്ളവരാണെന്നും ക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ വിശുദ്ധിയോടു കൂടിയവരായിരിക്കുമെന്നും ബൈബിൾ പഠിപ്പിക്കുന്നു (മർക്കൊ. 8:38; ലൂക്കൊ. 9:26; പ്രവൃത്തി 10:22; വെളി. 14:10). ശ്രേഷ്ഠദൂതന്മാർ അഥവാ തിരഞ്ഞെടുക്കപ്പെട്ട ദൂതന്മാർ എന്ന് ചില ദൂതന്മാർ വിശേഷിപ്പിക്കപ്പെടുന്നതിനോടൊപ്പം (1 തിമൊ. 5:21) കർത്താവിന്റെ രണ്ടാം വരവിങ്കലും ദൂതന്മാർ വിശുദ്ധരായിരിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ വേദപഠിതാക്കൾ ചൂണ്ടിക്കാണിക്കുന്ന വസ്തുത വിശുദ്ധ ദൂതന്മാർ അവരുടെ വിശുദ്ധിയിൽ ഉറപ്പിക്കപ്പെട്ടവരാണ്. ഇനി ഒരിക്കലും പാപം ചെയ്ത് ദൈവിക വിശുദ്ധി നഷ്ടപ്പെടുത്തുവാൻ അവർക്ക് സാധിക്കുകയില്ല. വിശുദ്ധ ദൂതന്മാർ പാപം ചെയ്യുവാൻ കഴിവില്ലാത്തവരാണ്.

C. ദൂതന്മാരുടെ ശക്തി

1. മനുഷ്യനോടുള്ള ബന്ധത്തിൽ

ദൂതന്മാർ അമാനുഷിക ശക്തിയുള്ളവരാണെന്ന സത്യം വ്യക്തമായും ഉദാഹരണത്താലും ബൈബിൾ പഠിപ്പിക്കുന്നു. മനുഷ്യർ ദൂതന്മാരെക്കാൾ "അല്പം മാത്രം" (അല്പസമയത്തേക്കുമെന്നാകും) താഴ്ത്തപ്പെട്ടുവെന്ന് എബ്രാ. 2:7,9 വാക്യങ്ങൾ സൂചിപ്പിക്കുന്നു. സൊദോം നശിപ്പിച്ചത് ദൂതന്മാരാണ് (ഉല്പ. 19). ഒരു ദൂതൻ 185,000 അശ്ശൂർ സൈനികരെ കൊന്നൊടുക്കി (യെശ. 37). 70,000 എബ്രായരെയും ഒരു ദൂതൻ കൊന്നതായി തിരുവെഴുത്ത് വിവരിക്കുന്നു (2 ശമൂ. 24). കേവലം ഒരു ദൂതന് യെരുശലേം നശിപ്പിക്കാനാകുമായിരുന്നു (2 ശമൂ. 24). ഏലീശ പ്രാർത്ഥിച്ചപ്പോൾ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സൈന്യമുമ്പാകെ അരാമ്യ സൈന്യം ഒന്നുമില്ലെന്ന് അദ്ദേഹത്തിന്റെ ബാല്യക്കാരൻ മനസ്സിലാക്കി (2 രാജാ. 6). മറ്റേതു പുസ്തകത്തെക്കാളും വെളിപ്പാടിലാണ് ദൂതന്മാരെക്കുറിച്ച് അധികം തവണ വിശദീകരിക്കുന്നത്. അന്ത്യനാളുകളിൽ അവരുടെ ശക്തി തികച്ചും അവാച്യവും അതുല്യവുമായിരിക്കും. സൂര്യൻ, അഗ്നി, കാറ്റ് തുടങ്ങിയ പ്രകൃതി ശക്തി ശ്രോതസ്സുകളുടെമേൽ അവർക്ക് അധികാരമുണ്ടായിരിക്കും (വെളി. 7:1; 14:18–19; 16:8–9). അർമ്മഗെദ്ദോൻ യുദ്ധത്തിൽ എതിർ-ക്രിസ്തുവിനെ പരാജയപ്പെടുത്തുവാൻ അവർ സഹായികളായി തീരും (വെളി. 14:18). ഭാവിയിൽ, തേജസ്ക്കരിക്കപ്പെട്ട മനുഷ്യർ ദൈവദൂതന്മാരെ ഭരിക്കുന്നവരായി തീരും (എബ്രാ. 2:5; റോമ. 8:17).[4]

> അവന്റെ വചനത്തിന്റെ ശബ്ദം കേട്ട് അവന്റെ ആജ്ഞ അനുസരിക്കുന്ന **വീരന്മാരായി** അവന്റെ ദൂതന്മാരായുള്ളരേ യഹോവയെ വാഴ്ത്തുവിൻ (സങ്കീ. 103:20)
>
> **ബലവും ശക്തിയും ഏറിയ** ദൂതന്മാർ.... (2 പത്രൊ. 2:11).

2. ദൈവത്തോടുള്ള ബന്ധത്തിൽ

ദൂതന്മാർ മനുഷ്യരെക്കാൾ അതിശക്തന്മാരാണെങ്കിലും അവർ അനേക പരിമിതികളുള്ളവരും ദൈവിക അധികാരത്തിനു വിധേയരുമാണ് (2 ശമൂ. 24:16; വെളി. 7:1–4). ദൂതന്മാരുടെ പോരാട്ടങ്ങൾ അവരുടെ ശക്തിയുടെ പരിമിതിയെ സൂചിപ്പിക്കുന്നു (ദാനി. 10:13, 20; യൂദാ. 9; വെളി. 12:7–9). എബ്രാ. 1:4 മുതലുള്ള വാക്യങ്ങൾ വ്യക്തമാക്കുന്ന വസ്തുതയാണ് ഇവിടെ പ്രസക്തം, ക്രിസ്തു ദൂതന്മാരെക്കാൾ ഉന്നതനാണ്.

> **...ക്രിസ്തു...**എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും... അത്യന്തം മീതെ... (എഫെ. 1:20, 21).
>
> ...**ദൂതന്മാരും** .. അധികാരങ്ങളും **അവനു കീഴ്പ്പെട്ടിരിക്കുന്നു** (1 പത്രൊ. 3:22).

D. ദൂതന്മാരും ശരീരിക അവസ്ഥയും

ദൂതന്മാർ ശാരീരിക രൂപങ്ങളിൽ പ്രത്യക്ഷപ്പെടുമെങ്കിലും അവരുടെ പ്രകൃതി അനുസരിച്ച് അവർ ആത്മജീവികളാണ് (സങ്കീ. 104:4; എബ്രാ. 1:7, 14; വീണുപോയ ദൂതന്മാരെ സംബന്ധിച്ച സൂചന (എഫെ. 6:12). ഭൂതാത്മാക്കൾ വീണുപോയ ദൂതന്മാരെന്ന നിലയിൽ ഒരു

[4] എബ്രായ ഭാഷയിൽ "യഹോവയുടെ ദൂതൻ" "യഹോവയുടെ ഒരു ദൂതൻ" എന്നീ പ്രയോഗങ്ങൾ ഒന്നായതിനാൽ, "യഹോവയുടെ ദൂതൻ" എന്ന നിലയിൽ പ്രത്യക്ഷപ്പെട്ട ദൈവപുത്രനാണോ, സാധാരണ ഒരു ദൂതനാണോ ഈ സംഹാരം നടത്തുന്നതെന്നു വേർതിരിച്ചറിയുവാൻ ചിലപ്പോൾ പ്രയാസമുണ്ട്. ചില വിവരണങ്ങളിൽ മഹാസംഹാരങ്ങൾ നടത്തുന്നത് സാധാരണ ദൂതനല്ല, ദൈവപുത്രനാണെങ്കിലും ദൂതന്മാർ മനുഷ്യരെക്കാൾ ശക്തന്മാരാണെന്നുള്ളതിന്റെ സാമ്പിൾ തെളിവുകൾ ധാരാളമുണ്ട്.

ലെഗ്യോൻ വിശുദ്ധ ദൂതന്മാർക്കും അതേ അവസ്ഥയി ലായി തീരുവാനാകും (മർക്കൊ. 5:9, 13; ലൂക്കൊ. 8:30). അതിനാൽ ഒരു സ്ഥലത്തുമാത്രം പരിമിതപ്പെട്ടു നിൽക്കാ വുന്ന ശരീര ജീവികളല്ല അവർ. ദൂതന്മാർ ആത്മരൂപിക ളാണെങ്കിലും സർവ്വവ്യാപികളല്ലെന്നവസ്തുതയും ശ്രദ്ധി ക്കണം. ഒരു ദൂതന് യാത്ര ചെയ്യുവാൻ മൂന്നാഴ്ച വേണ്ടി വന്നു, വേറൊരു ദൂതന് യാത്രയിൽ താമസം നേരിട്ടു (ദാനി. 10:12 ff; 9:21–23).

> "അവൻ കാറ്റുകളെ തന്റെ **ദൂതന്മാരും** അഗ്നിജ്വാ ലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു" എന്നു ദൂതന്മാരെക്കുറിച്ചു പറയുന്നു.... അവർ ഒക്കെയും രക്ഷപ്രാപിപ്പാനുള്ളവരുടെ **ശുശ്രൂഷയ്ക്കു അയ യ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?** (എബ്രാ. 1:7,14).

E. ദൂതന്മാരുടെ അമർത്യതയും ലിംഗഭേതവും

ദൂതന്മാർ അമർത്യരാണ് (ലൂക്കൊ. 20:35–36). പ്രത്യക്ഷ ത്തിൽ പുരുഷന്മാരായും പുല്ലിംഗ വിശേഷണങ്ങളിലു മാണ് രംഗത്തുവരുന്നതെങ്കിലും (ഉല്പ. 19) ദൂതന്മാർക്ക് ലിംഗഭേദമില്ലെന്നുള്ളതാണ് സാധ്യമായ വസ്തുത. പുല്ലിംഗ പ്രയോഗം പരിശുദ്ധാത്മാവിന് ഉപയോഗിച്ചിട്ടു ണ്ടെങ്കിലും അവിടുന്ന് ഒരു പുരുഷനല്ല. അവർ ലിംഗഭേ ദമില്ലാത്തവരാണെന്നും, പുരുഷന്മാരാണെന്ന ചിന്താഗതി അബദ്ധമാണെന്നും തെളിയിക്കുന്ന സൂചനയാണ് അവർക്ക് പ്രത്യുത്പാദനശേഷിയില്ലെന്ന പ്രസ്താവന യിൽ നിന്ന് വെളിവായി വരുന്നത്. ആത്മരൂപികളുടെ പ്രത്യക്ഷതയും സാരാംശവും തമ്മിൽ ഒരു വ്യത്യാസം വരുത്തണം. [5]

IV. ദൂതന്മാരുടെ പ്രത്യക്ഷതകൾ

ദൂതന്മാർ ആത്മരൂപികളും അതിനാൽ അദൃശ്യരുമാണ്. എന്നാൽ, അവർ ആർക്കെങ്കിലും പ്രത്യക്ഷപ്പെടണമെന്ന് ദൈവം ഇച്ഛിച്ചാൽ അവർക്ക് മനുഷ്യരുടെ മുമ്പാകെ ദൃശ്യരായിത്തീരുവാൻ കഴിയും.

A. ഭൂമിയിൽ

ദൂതന്മാർ ഭൗമിക തലങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ മനുഷ്യരൂപത്തിലും പുരുഷരൂപത്തിലുമാണ് അവർ കാണപ്പെടുന്നത് (സെഖ. 5:9 മുതലുള്ള വാക്യങ്ങൾ മാത്രം വ്യത്യസ്തമായി വ്യാഖ്യാനിക്കപ്പെടണം). ദൂതന്മാർ അബ്രഹാമിനെയും സാറായെയും സന്ദർശിച്ച പ്പോൾ അവർ നടന്നു, ഇരുന്നു, കഴിച്ചു, സാധാരണ മനു ഷ്യരെപ്പോലെ സംഭാഷണം ചെയ്തു (ഉല്പ. 18). ".... ചിലർ അറിയാതെ ദൈവദൂതന്മാരെ സല്ക്കരിച്ചിട്ടു ണ്ടല്ലോ" എന്നെഴുതിയപ്പോൾ എബ്രായ ലേഖകന്റെ മന സ്സിൽ ആ സംഭവമായിരിക്കും ഉണ്ടായിരുന്നത് (13:2). ദൂത ന്മാരെ മനുഷ്യരെപ്പോലെ കണ്ടപ്പോഴാണ് ദുഷ്ടന്മാരായ സൊദോമ്യർ അവരെ ഭോഗിക്കേണ്ടതിന് ആവശ്യപ്പെട്ടത് (ഉല്പ.19:1, 5). മർക്കൊ. 16:5; ലൂക്കൊ. 24:4; പ്രവൃത്തി 1:10 മുതലായ വാക്യങ്ങളിലും ദൂതന്മാർ പുരുഷന്മാരായി പ്രത്യക്ഷപ്പെടുന്ന രംഗങ്ങൾ ദർശിക്കാം. ദൂതന്മാർ "പുരു ഷന്മാരായി" പ്രത്യക്ഷപ്പെട്ടപ്പോൾ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശവലയത്തിനുള്ളിൽ അമാനുഷിക വ്യക്തിപ്രഭാ വങ്ങളായിട്ടാണ് കൂടുതലും രംഗപ്രവേശനം ചെയ്തത് (ദാനി. 10:5; മത്താ. 28:3; ലൂക്കോ. 24:4).

B. അഭൗമിക തലങ്ങളിൽ

ദൂതന്മാർ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അടിസ്ഥാനപ രമായി മനുഷ്യരൂപത്തിലായിരുന്നു; എന്നാൽ മറ്റു തല ങ്ങളിൽ അസാധാരണ ഭാവങ്ങളിലാണ് പ്രത്യക്ഷ പ്പെടുന്നത്.

1. യെശയ്യാവ് 6-ൽ ആറു ചിറകുള്ള സാറാഫുകൾ
2. യെഹെസ്ക്കേൽ 1, 10 അദ്ധ്യായങ്ങളിൽ കെരൂബുക ളായി പലഭാവങ്ങളിൽ
   - ഒരു ശിരസ്സിൽ ചതുർമുഖങ്ങൾ (മനുഷ്യൻ, സിംഹം, കാള, കഴുകൻ)
   - നാലു ചിറകുൾ
   - ചുറ്റും കണ്ണുകൾ
   - കുളമ്പുപോലുള്ള കാലടി
   - തിരിവാൻ ആവശ്യമില്ലാതെ ചക്രം (ഒരു ആലങ്കാരിക യാന്ത്രിക ഘടന?)
   - ചിറകുകൾക്കു കീഴെ കൈകൾ
3. ജീവികൾ -വെളിപ്പാട് 4:6–8-ൽ കാണുന്ന കാര്യ ങ്ങൾ:
   - അനേകം കണ്ണുകൾ
   - ആറു ചിറകുകൾ
   - സിംഹം, കാള, മനുഷ്യൻ, കഴുകൻ മുഖങ്ങൾ
4. വെളിപ്പാട് 10: 1–3 ലെ ദൂതൻ
   - മേഘം ഉടുത്തിരിക്കുന്നു
   - ആകാശവില്ലു കിരീടം

[5] ദൂതന്മാർ ആത്മാക്കളാണ് (എബ്രാ. 1:14). ആത്മാവ് എന്ന നിർവചനം വിവക്ഷിക്കുന്നത് മാംസവും രക്തവുമില്ലാത്ത വ്യക്തിത്വത്തെയാണ് (ലൂക്കൊ. 24:39 ലെ ക്രിസ്തുവിന്റെ പ്രസ്താവന കാണുക). ഭൗമിക തലങ്ങളിൽ പുരുഷന്മാർ എന്ന നിലയിലാണ് ദൂതന്മാർ എപ്പോഴും പ്രത്യക്ഷപ്പെടുന്ന ത്. എന്നാൽ, സ്വർഗ്ഗീയ തലങ്ങളിൽ പുരുഷന്മാരായിട്ടല്ല അവർ പ്രത്യക്ഷപ്പെടുന്നത്. അവർ സാരാംശത്തിൽ ലിംഗഭേദമി ല്ലാത്തവരായിട്ടാണ് കാണപ്പെടുന്നത്. തത്തുല്യരായ സ്ത്രീലിം ഗഭേദമുള്ള ദൂതന്മാരില്ലാതെ അസംഖ്യം പുല്ലിംഗഭേദമുള്ള ദൂത ന്മാരെ ദൈവം സൃഷ്ടിച്ചു എന്ന നിഗമനത്തിലെത്തുന്നതി നെക്കാൾ ലിംഗഭേദമില്ലാതെയാണ് (പ്രത്യുത്പാദന ഘടന യില്ലാത്ത അവസ്ഥ) അവിടുന്ന് ദൂതന്മാരെ സൃഷ്ടിച്ചതെന്ന് ചിന്തിക്കുന്നതാണ് യുക്തിഭദ്രം.

V. ദൂതന്മാരുടെ നാമങ്ങളും വേർതിരിവുകളും

A. പൊതുനാമങ്ങൾ

- *ദൂതന്മാർ* = സന്ദേശവാഹകർ
- *സേവകാത്മാക്കൾ* (എബ്രാ. 1:14) = ശുശ്രൂഷകർ
- *സ്വർഗ്ഗീയ സൈന്യം* (ലൂക്കൊ. 2:13 = ദൈവത്തിന്റെ സൈന്യം
- *ഒരു ദൂതൻ* (watchers- കാവൽക്കാരൻ) (ദാനി. 4:13-17= മാനുഷിക ഭരണകൂടങ്ങളെ നിയന്ത്രിക്കുന്നവൻ
- *ദൈവപുത്രന്മാർ* (ഇയ്യോ. 1:6; 2:1; 38:7) = ദൈവസാദൃശ്യമുള്ളവർ
- *നക്ഷത്രങ്ങൾ* (വെളി. 12:3-4, 9) = സ്വർഗ്ഗത്തിൽ വസിക്കുന്നവർ

B. പ്രത്യേക നാമങ്ങളും വേർതിരിവുകളും

1. പഴയനിയമത്തിൽ അതിശയിപ്പിക്കുംവിധം അനേകം പ്രാവശ്യം (തൊണ്ണൂറിലധികം) കെരൂബുകളെക്കുറിച്ചുള്ള (ഏകവചനം, കെരൂബ്) പ്രതിപാദനങ്ങൾ ഉണ്ട്. വേദപുസ്തകത്തിൽ പ്രഥമമായി സൂചിപ്പിക്കുന്ന ദൂതന്മാർ കെരൂബുകളാണ്, ഏദൻതോട്ടത്തിലേക്ക് മനുഷ്യൻ തിരികെ വരാതെ കാവൽ നിന്നവർ (ഉല്പ. 3:24). സമാഗമനകൂടാരത്തിലെ തിരശ്ശീലകളിൽ കെരൂബുകളുടെ രൂപങ്ങൾ നെയ്തു ചേർത്തിരുന്നു. പൊന്നുകൊണ്ടുള്ള കെരൂബുകളുടെ രൂപങ്ങളും ഉണ്ടായിരുന്നു (പുറ. 25:17-22; 26:1, 31). യെഹെസ്ക്കേൽ 10: 1 മുതലുള്ള വാക്യങ്ങളിൽ കെരൂബുകളുടെ പ്രത്യക്ഷതകൾ വിവരിച്ചിരിക്കുന്നു (യെഹെ. 1:4-28 കാണുക). *കെരൂബുകളുടെ മദ്ധ്യേ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവ* അല്ലെങ്കിൽ *കെരൂബുകളുടെ മീതെ അധിവസിക്കുന്നവനായ യഹോവ* എന്നൊക്കെയാണ് ദൈവിക സാന്നിദ്ധ്യത്തെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരുന്ന പ്രയോഗങ്ങൾ (1 ശമൂ. 4:4; 2 ശമൂ. 6:2; 2 രാജാ. 19:15; 1 ദിന. 13:6; സങ്കീ. 80:1; 99:9-10 ഉം കാണുക). ദൈവിക വിശുദ്ധിയുടെ സംരക്ഷകരായി കെരൂബുകളെ സൂചിപ്പിക്കുന്നു (ഉല്പ. 3:24). ദൈവിക സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നവരുമാണവർ. സമാഗമനകൂടാരം സ്വർഗ്ഗത്തെ ആലങ്കാരികമായി പ്രതിനിദാനം ചെയ്യുന്നു. പെട്ടകത്തിനു ചുറ്റിനും ദൈവസാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്ന കെരൂബിന്റെ രൂപങ്ങൾപോലെ സ്വർഗ്ഗീയ സിംഹാസനത്തിലെ ദൈവസാന്നിദ്ധ്യത്തിനു ചുറ്റും കെരൂബുകൾ ഉണ്ടായിരിക്കും.

2. സാറാഫുകൾ എന്ന് രണ്ടു പ്രാവശ്യം മാത്രമെ ദൂതന്മാരോടുള്ള ബന്ധത്തിൽ സൂചിപ്പിക്കുന്നുള്ളൂ (യെശ. 6: 2, 6). *കത്തിക്കുക* എന്നർത്ഥം വരുന്ന എബ്രായ പദത്തിൽ നിന്നായിരിക്കും ഈ വാക്കുണ്ടായത്. സാറാഫുകൾ അഗ്നിമയരായ തേജോരൂപികളാണ്. ദൈവത്തെ ആരാധിക്കുക എന്നതായിരിക്കും അവരെ സംബന്ധിച്ച ലക്ഷ്യം.

3. മീഖായേൽ തിരവെഴുത്തുകൾ പേരുകൾ നൽകിയിട്ടുള്ള രണ്ടു ദൂതന്മാരിൽ ഒരുവനാണ്. "ദൈവത്തെപ്പോലെ ആരുള്ളൂ?" എന്നാണ് ഈ പേരിനർത്ഥം. അഞ്ചു പ്രാവശ്യം മീഖായേലിനെ തിരുവെഴുത്തുകളിൽ ദർശിക്കാം (ദാനി. 10:13, 21; 12:1; യൂദാ. 9; വെളി. 12:7).

ഒരു സൈനിക ക്രമീകരണം പോലെ ദൂതന്മാരിലും സ്ഥാനവ്യത്യാസങ്ങളുണ്ടാകും (റോമ. 8: 38; എഫെ. 1: 21; 3:10; 6:12; കൊലൊ. 1:16; 2:10; 10, 15). പ്രധാന പ്രഭുക്കന്മാരിൽ ഒരാളായി ദാനി. 10:13-ൽ മീഖായേലിനെ കാണാം. അതേ സമയം പ്രധാനദൂതൻ എന്ന് വിളിക്കപ്പെടുന്നത് അവൻ മാത്രമേയുള്ളൂ (യൂദാ. 9). മഹാപീഡനകാലത്ത് പിശാചിനെതിരെ ദൂതന്മാരുടെ സൈന്യത്തെ നയിക്കുന്നത് മീഖായേൽ ആയിരിക്കും (വെളി. 12:7). അവനോടു തുല്യരായ മറ്റു ദൂതന്മാരും ഉണ്ടായിരിക്കും, എന്നാൽ യിസ്രായേലിനെ സംരക്ഷിക്കുന്നവൻ പ്രധാന ദൂതനെന്ന നിലയിൽ അവനായിരിക്കും (ദാനി. 10:21; 12:1). കർത്താവിന്റെ വരവ് പ്രഖ്യാപിക്കുന്നത് മീഖായേൽ ആയിരിക്കും (1 തെസ്സ. 4:16).

4. "ദൈവപുരുഷൻ" എന്നർത്ഥമുള്ള ഗബ്രിയേലിനെ നാലുപ്രാവശ്യം തിരുവെഴുത്തുകളിൽ കാണുന്നു (ദാനി. 8:16; 9:21; ലൂക്കോ. 1:19, 26). ഗബ്രിയേലിനെ പ്രധാനദൂതൻ എന്ന് സംബോധന ചെയ്തിട്ടില്ല. അവൻ ഒരു പ്രത്യേക സന്ദേശവാഹകനായിരുന്നു. അവൻ ദാനീയേലിനുവേണ്ടി ദർശനങ്ങളെ വ്യാഖ്യാനിച്ചു. യോഹന്നാൻ സ്നാപകന്റെയും ക്രിസ്തുവിന്റെയും ജന്മം മുൻകൂട്ടി അറിയിച്ചു.

VI. ദൂതന്മാരുടെ വാസസ്ഥലം

ദൂതന്മാർ ഭൂമി സന്ദർശിക്കുമെങ്കിലും നക്ഷത്രങ്ങൾ നിറഞ്ഞ ആകാശങ്ങളിൽ വസിക്കുമെങ്കിലും (നക്ഷത്രങ്ങളും ദൂതന്മാരും പലയിടത്തും ഒരുമിച്ച് വരുന്നു) അവരുടെ പ്രധാന വാസസ്ഥലം സ്വർഗ്ഗമാണെന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. ലൂക്കൊസ് 1:19 - ൽ പറയുന്നു, " ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്ന ഗബ്രിയേൽ ആകുന്നു..." (ലൂക്കൊ. 15:10 ഉം കാണുക). "സ്വർഗ്ഗത്തിലെ ദൂതന്മാർ" എന്ന പ്രയോഗവും ശ്രദ്ധിക്കണം (മത്താ. 22:30). "സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ" എന്നും കാണുന്നു (ഗലാ. 1:8).

VII. ദൂതന്മാരുടെ ശുശ്രൂഷകൾ

A. ഭൂതകാല പ്രവർത്തനങ്ങൾ

ഭൂതകാലത്തിൽ ദൂതന്മാർ നിർവ്വഹിച്ച കാര്യങ്ങൾ വിശദമാക്കാനാവാത്ത വിധം അസംഖ്യമാണ്. അവർ സൃഷ്ടികർമ്മത്തിന് ദൃക്സാക്ഷികളായിരുന്നു (ഇയ്യോ. 38:7).

മിസ്രയിമിൽ ബാധകളെ അയയ്ക്കുവാനും ന്യായപ്രമാണം നൽകുന്നതിലും അവർ സഹായികളായിരുന്നു (സങ്കീ. 78:43, 49; ഗലാ. 3:19; എബ്രാ. 2:2). യോഹന്നാൻ സ്നാപകന്റെയും ക്രിസ്തുവിന്റെയും ജന്മങ്ങൾ അവർ മുമ്പുകൂട്ടി പ്രഖ്യാപിച്ചു (ലൂക്കോ. 1:11–13; 26–37). കർത്താവ് നേരിട്ട പരീക്ഷണത്തിലും ഗത്സമന തോട്ടത്തിലും അവനെ ശക്തിപ്പെടുത്തി (മത്താ. 4:11; ലൂക്കൊ. 22:43). അവർ ഉയിർത്തെഴുന്നേല്പ് പ്രഖ്യാപിക്കുകയും (മത്താ. 28:1–2, 6) സ്വർഗ്ഗാരോഹണം നിരീക്ഷിക്കുകയും ചെയ്തു (പ്രവൃത്തി 1:10).

B. വർത്തമാനകാല പ്രവർത്തനങ്ങൾ

1. ദൂതന്മാർ വിശ്വാസികളെ സംരക്ഷിക്കുന്നു. കാവൽക്കാരായ ദൂതന്മാരുണ്ടെന്ന് വിശ്വസിക്കുവാൻ കാരണമുണ്ട്. അവർ എപ്പോഴും സന്നിഹിതരാണെന്നോ ഓരോ പ്രത്യേക ദൂതൻ ഓരോ വിശ്വാസിക്കും ഉണ്ടെന്നോ അറിയില്ല. എന്നാൽ ഒരു കാര്യം നമുക്കറിയാം, ദൂതന്മാർ വിശ്വാസികളെ അപകടങ്ങളിൽ നിന്ന് സംരക്ഷിക്കുന്നവരായി കൂടെയുണ്ട്.

> യഹോവയുടെ ദൂതൻ **അവന്റെ ഭക്തന്മാരുടെ ചുറ്റും** പാളയമിറങ്ങി അവരെ വിടുവിക്കുന്നു (സങ്കീ. 34:8).
>
> **നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്** അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോട് കല്പിക്കും നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന്നു അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും (സങ്കീ. 9:11, 12).
>
> "സ്വർഗ്ഗത്തിൽ **അവരുടെ ദൂതന്മാർ** സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്താ. 18:11).
>
> അവർ ഒക്കെയും **രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്കു അയയ്ക്കപ്പെടുന്ന സേവകാത്മാക്കളെല്ലയോ?** (എബ്രാ. 1:14).

2. ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുമ്പോൾ അത് പ്രാവർത്തികമാക്കുന്നവരാണ് ദൂതന്മാർ. ദാനിയേലിന്റെ ജീവിതത്തിലെ ഒരു ഉദാഹരണമാണ് ഇതിനു തെളിവ്. ദാനിയേലിന്റെ പ്രാർത്ഥനയിൽ മീഖായേലിനെ സഹായിപ്പാൻ വന്നവനായി സൂചിപ്പിച്ചിരിക്കുന്നു (ദാനി. 10:13). ഈ കാലത്തും ദൈവം അപ്രകാരം തന്നെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുവാൻ എല്ലാ കാരണവുമുണ്ട്.

> നീ ഏറ്റവും പ്രിയനാകയാൽ **നിന്റെ യാചനകളുടെ ആരംഭത്തിങ്കൽ തന്നെ കല്പന പുറപ്പെട്ടു, നിന്നോടു അറിയിപ്പാൻ ഞാൻ വന്നുമിരിക്കുന്നു....** (ദാനി. 9:23).
>
> **ആദ്യദിവസം മുതൽ നിന്റെ വാക്ക് കേട്ടിരിക്കുന്നു; നിന്റെ വാക്കു ഹേതുവായി തന്നേ ഞാൻ വന്നിരിക്കുന്നു** (ദാനി. 10:12).

3. ആത്മാക്കളെ സ്വർഗ്ഗത്തിലേക്കാനയിക്കുന്നവരാണ് ദൂതന്മാർ. ധനവാന്റെയും ലാസറിന്റെയും സംഭവം വിശ്വാസികളുടെ ആത്മാക്കളെ സ്വർഗ്ഗത്തിലെത്തിക്കുന്ന ദൂതന്മാരുടെ ശുശ്രൂഷ വ്യക്തമാക്കുന്നു.

> ആ ദരിദ്രൻ മരിച്ചപ്പോൾ **ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി** (ലൂക്കൊ. 16:22).

4. ഭൗമിക ഭരണതലങ്ങളിൽ ദൂതന്മാർ ഉൾപ്പെടും. വിശുദ്ധ ദൂതന്മാരിലും വീണുപോയ ദൂതന്മാരിലും ലോകരാജ്യങ്ങളെ സ്വാധീനിക്കുവാൻ വേർതിരിക്കപ്പെട്ടവർ ഉണ്ടാകാം. "പാർസി രാജ്യത്തിന്റെ പ്രഭു" "യവന പ്രഭു" എന്നൊക്കെ കാണുന്നു (ദാനി. 10:13, 20). വിശുദ്ധ ദൂതനായ മീഖായേൽ ഇസ്രായേലിനെ പരിപാലിക്കുവാൻ നിയോഗിക്കപ്പെട്ടവനാണ് (ദാനി. 10:21; 12:1).

C. ഭാവികാല പ്രവർത്തനങ്ങൾ

ദൂതന്മാർ ഉത്പ്രാപണത്തിങ്കൽ പ്രധാന പങ്കുവഹിക്കും (1 തെസ്സ. 4:16). മനുഷ്യർ അവരെ ന്യായം വിധിക്കും (1 കൊരി. 6:3). മഹാപീഡനകാലത്ത് ദൈവിക ന്യായവിധി നടപ്പിലാക്കുന്നതിൽ ദൂതന്മാരും ഉൾപ്പെടും (വെളി. 8:2; 16:1). അർമ്മഹെദ്ദോൻ യുദ്ധത്തിൽ ദൂതന്മാരുടെ സൈന്യവും ഉണ്ടാകും (വെളി. 14:18–19). ലോകജനതയെ ന്യായം വിധിക്കുവാനുള്ള മടങ്ങിവരവിങ്കൽ അവർ ക്രിസ്തുവിനൊപ്പം വരും (മത്താ. 24:31; 25:31). വേദപുസ്തകത്തിന്റെ അവസാനഭാഗത്തോടടുത്ത് പിശാചിനെ ബന്ധിച്ച് പാതാളത്തിലാക്കുന്ന ഒരു ദൂതനെക്കുറിച്ച് യോഹന്നാൻ എഴുതിയിരിക്കുന്നു (വെളി. 20:1–2).

അദ്ധ്യായം 4

സാറ്റാനോളജി

സാത്താനെപ്പറ്റിയുള്ള ഉപദേശം

രൂപരേഖ

I. സാത്താന്റെ അസ്തിത്വം
II. സാത്താന്റെ വ്യക്തിത്വം
  A. വ്യക്തിത്വ ഘടകങ്ങൾ
  B. വ്യക്തിത്വ സർവ്വനാമങ്ങൾ
  C. ധാർമ്മിക ഉത്തരവാദിത്തം
III. പിശാചിന്റെ നാമങ്ങളും നാമവിശേഷണങ്ങളും
  A. ലൂസിഫർ
  B. സാത്താൻ
  C. പിശാച്
    1. *ഡയബൊലൊസിന്റെ* പ്രയോഗങ്ങൾ
    2. *ഡയബൊലൊസിന്റെ* അർത്ഥം
  D. പഴയ പാമ്പ്
  E. സംഹാരകൻ
  F. മഹാസർപ്പം
  G. ദുഷ്ടൻ
  H. ബെലിയാൽ
  I. അഭിഷിക്തനായ മറെക്കുന്ന കെരൂബ്
  J. ഈ ലോകത്തിന്റെ പ്രഭു
  K. ആകാശത്തിലെ അധികാരി
  L. ഈ ലോകത്തിന്റെ ദൈവം
  M. ബെയെത്സെബൂൽ
  N. പരീക്ഷകൻ
  O. സഹോദരന്മാരെ കുറ്റം ചുമത്തുന്ന അപവാദി
IV. ഉത്ഭവം, ഉത്ഭവാവസ്ഥ, സാത്താന്റെ ആദ്യപാപം
  A. സാത്താന്റെ ഉത്ഭവാവസ്ഥ
  B. സാത്താന്റെ ആദ്യപാപം
  C. സാത്താന്റെ ആദ്യപാപത്തിന്റെ പരിണിത ഫലങ്ങൾ
  D. സാത്താന്റെ ആദ്യ പാപവും ദൂതന്മാർ നേരിട്ട പരിണിത ഫലങ്ങളും
  E. സാത്താൻ ആദ്യപാപം ചെയ്ത സമയം
V. സാത്താന്റെ പ്രവർത്തനങ്ങൾ
  A. സാത്താന്റെ ഭൂതകാല പ്രവർത്തികൾ
    1. ആദാമിനോടും ഹവ്വയോടും നുണ പറഞ്ഞു
    2. മനുഷ്യവർഗ്ഗത്തെ ദുഷ്ടരാക്കുവാൻ ശ്രമിച്ചു
    3. ഇയ്യോബിനെ ബാധിച്ചു
    4. മീഖായേലുമായി പോരാടി
    5. യിസ്രായേലിന്നു വിരോധമായി നിന്നു (ദാവീദിന്റെ കണക്കെടുപ്പ്)
    6. യോശുവയെ കുറ്റം ചുമത്തി
    7. ക്രിസ്തുവിനെ പരീക്ഷിച്ചു
    8. പത്രൊസിനെ പരിശോധിച്ചു, യൂദായെ അധീനതയിലാക്കി
    9. പൗലോസിനെ തടസ്സപ്പെടുത്തി
    10. അനന്യാസിനെയും സഫീറയെയും സ്വാധീനിച്ച് നുണം പറയിച്ചു
  B. സാത്താന്റെ വർത്തമാനകാല പ്രവർത്തികൾ
    1. അവിശ്വാസികളുടെ മനസ്സു കുരുടാക്കുന്നു
      a. കപട മതങ്ങളാൽ
        (1) ദുരുപദേശങ്ങളാൽ
        (2) കള്ള ശുശ്രൂഷകന്മാരാൽ
        (3) എതിർ ക്രിസ്തുക്കളാൽ
        (4) വ്യാജ വിശ്വാസികളാൽ
        (5) വ്യാജ സുവിശേഷത്താൽ
        (6) വ്യാജ ശക്തിയാൽ
      b. ക്രൈസ്തവ വിരുദ്ധ മതങ്ങളാൽ
        (1) ഭൗതിക വാദം
        (2) സുഖാനുഭൂതി
        (3) ആത്മാക്കളെ ആരാധിക്കുന്ന രീതി
          (a) നേരിട്ട് സാത്താനെ ആരാധിക്കൽ
          (b) വിഗ്രഹാരാധന
          (c) സ്വയാരാധന, മനുഷ്യവർഗപ്രേമം
    2. സാത്താൻ ദൈവജനത്തെ എതിർക്കുന്നു
      a. പരീക്ഷകളിലൂടെ
        (1) ഭൗതിക കാര്യങ്ങളാൽ
        (2) അധാർമ്മികതയാൽ
        (3) അഹങ്കരിക്കുവാൻ
        (4) നുണ പറയുവാനുള്ള പ്രേരണ
        (5) സംശയിക്കുവാൻ
      b. ഭിന്നത സൃഷ്ടിച്ച്
      c. അപവാദം പറഞ്ഞ്

d. ക്രിസ്തീയ നേതൃത്വത്തിലായിരിക്കുന്ന വരെ തകർത്ത്

e. അവിശ്വാസികളെ സഭയിൽ പ്രവേശിപ്പിച്ച്

f. ശാരീരിക അസ്വസ്ഥകളാൽ

g. അധികാരികളിൽ നിന്നുള്ള പീഡനങ്ങളാൽ

h. പൊതുവായ കാര്യങ്ങളിലൂടെ: കള്ളം വ്യാജ അത്ഭുതം

C. സാത്താന്റെ ഭാവി പ്രവർത്തനങ്ങൾ

സാറ്റാനോളജി: സാത്താനെപ്പറ്റിയുള്ള ഉപദേശം

I. സാത്താന്റെ അസ്തിത്വം

പഴയ നിയമത്തിൽ പിശാചിനെപ്പറ്റി എടുത്തുപറയുന്നില്ലെങ്കിലും അവന്റെ അസ്തിത്വം ഉറപ്പിക്കുവാൻ ധാരാളം സൂചനകളുണ്ട്. പിശാചിന് തത്തുല്യമായ എബ്രായപദം ഇല്ല. മൂന്നു പഴയനിയമ ഭാഗങ്ങളിൽ ഏകദേശം പതിനാറു പ്രാവശ്യം ദൈവത്തിന്റെ ദുഷ്ട ശത്രുവായി സാത്താൻ എന്ന പ്രയോഗം ഉപയോഗിച്ചിട്ടുണ്ട് (1 ദിന. 21:1; ഇയ്യോ. 1–2; സെഖ. 3). ഉല്പത്തി 3– ലെ പാമ്പിനെ സാത്താൻ എന്ന് പഴയനിയമത്തിൽ വിളിച്ചിട്ടില്ലെങ്കിലും വെളിപ്പാട് 12: 9–ൽ നിന്ന് വ്യക്തമാണ് ആ പാമ്പ് സാത്താനാണ്, സാത്താന്റെ അസ്തിത്വത്തെ പുതിയനിയമം വ്യക്തമായി വിശദീകരിക്കുന്നു. എല്ലാ പുതിയ നിയമ എഴുത്തുകാരും "പിശാച്" അല്ലെങ്കിൽ "സാത്താൻ" എന്നുപയോഗിച്ചിട്ടുണ്ട്. ഇരുപത്തിയേഴിലെ പത്തൊമ്പത് പുസ്തകങ്ങളിലും പിശാച് എന്ന നാമം തന്നെ ഉപയോഗിച്ചിരിക്കുന്നു. ഇരുപത്തിമൂന്നു പുസ്തകങ്ങളിൽ പിശാച്, അശുദ്ധാത്മാവ് എന്നൊക്കെ കാണാം. ഏകദേശം ഇരുപത്തിയഞ്ചു പ്രാവശ്യം കർത്താവ് പിശാചിനെപ്പറ്റി സംസാരിച്ചിട്ടുണ്ട്.[1] ക്രിസ്തുവിനെയും വേദപുസ്തകത്തിന്റെ ആധികാരികതയെയും ആദരിക്കുന്നവർക്ക് സാത്താന്റെ അസ്തിത്വം പരിഹരിക്കപ്പെട്ട ഒരു വിഷയമാണ്.

II. സാത്താന്റെ വ്യക്തിത്വം

"സാത്താൻ" ഒരു വ്യക്തിയല്ലെന്നും കേവലം ഒരു ശക്തിയോ സ്വാധീനമോ മാത്രമാണെന്നും ചിന്തിക്കുന്നവരുണ്ട്. പാപം, പരീക്ഷണം എന്നീ വാക്കുകളുടെ പര്യായപദമായും സാത്താൻ പലപ്പോഴും നിലകൊള്ളുന്നു. സാത്താൻ ഒരു വ്യക്തിയാണെന്ന് തിരുവെഴുത്തുകൾ പഠിപ്പിക്കുന്നു.

[1] C.Fred Dickason, *Angels Elect and Evil* (Chicago: Moody Press, 1975)116.

A. വ്യക്തിത്വ ഘടകങ്ങൾ

സാത്താന് ബുദ്ധിശക്തിയുണ്ട്. അവൻ ജ്ഞാനസമ്പൂർണ്ണനാണ് (യെഹ. 28:12, 17), കൗശലമുള്ളവനും ചതിക്കുന്നവനുമാണ് (ഉല്പ. 3:1; 2 കൊരി. 11:3; വെളി. 12:9). സാത്താന് വികാരങ്ങളുണ്ട്. അവന് "മഹാക്രോധം" ഉണ്ടാകും (വെളി. 12:12). സാത്താന് ഇച്ഛാശക്തിയുണ്ട്. പരീക്ഷകൻ എന്ന നിലയിൽ, അവൻ തിരഞ്ഞെടുപ്പുകളെ സ്വാധീനിക്കുവാൻ ശ്രമിക്കുന്നു (ഉദാ. ലൂക്കോ. 4: 3, 9). പ്രയോജനമില്ലെന്നറിഞ്ഞിട്ടും ദൈവത്തെ എതിർക്കുന്നതിൽ അവൻ വളരെ ദുർവാശിക്കാരനായിരിക്കും (വെളി. 20:7–9).

B. വ്യക്തിത്വ സർവ്വനാമങ്ങൾ

സാത്താനെ സൂചിപ്പിക്കുവാൻ വേദപുസ്തകം വിവിധ സർവ്വനാമങ്ങൾ ഉപയോഗിക്കുന്നു (മത്താ. 4:10; യോഹ. 8:44; 2 കൊരി. 11:14–15).

C. ധാർമ്മിക ഉത്തരവാദിത്വം

ജീവനില്ലാത്ത വസ്തുക്കൾ ആരോടും കടപ്പെട്ടിട്ടില്ല, ആർക്കും കണക്കു കൊടുക്കേണ്ടതുമില്ല. ജീവനുള്ളവർ മാത്രമെ ധാർമ്മിക ന്യായവ്യവസ്ഥിതികളിൽ ഉൾപ്പെടുകയുള്ളൂ. സാത്താൻ തന്റെ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുവാൻ പോവുകയാണ് (മത്താ. 25:41; യോഹ. 12:31; 16:11).

III. പിശാചിന്റെ നാമങ്ങളും നാമവിശേഷണങ്ങളും

A. ലൂസിഫർ (യെശ. 14:12–14)

തത്തുല്യമായ എബ്രായപദം *ഹെലെൽ* –ന്റെ അർത്ഥം "പ്രഭ", "അരുണോദയ പുത്രൻ" "ഉദയനക്ഷത്രം" എന്നൊക്കെയാണ്. യെശ്ശയ്യാവ് 14–ൽ സാത്താനെ സംബന്ധിച്ച ചില സൂചനകൾ കാണാം (ഈ താരതമ്യം അംഗീകരിക്കാത്തവരുമുണ്ട്). യെശ. 14 സാത്താനെക്കുറിച്ചാണെങ്കിൽ "അരുണോദയപുത്രൻ" എന്ന വിശേഷണം അവന്റെ യഥാർത്ഥ മഹത്വപ്രതാപത്തെ വെളിപ്പെടുത്തുന്നു. ബാബിലോണിലെ രാജാവിനെ സംബന്ധിച്ചതാണെന്നും സാത്താനെപ്പറ്റിയുള്ള സൂചനയല്ലെന്നു വച്ചാൽ പോലും "വെളിച്ച ദൂതൻ" എന്ന പൗലോസിന്റെ പ്രയോഗം അവന്റെ മഹത്വത്തെ വെളിപ്പെടുത്തുന്നു (2 കൊരി. 11:14).

> അരുണോദയപുത്രനായ **ശുക്രാ,** നീ എങ്ങനെ ആകാശത്തു നിന്നു വീണു... (യെശ. 14:12).

B. സാത്താൻ

സാത്താൻ എന്ന എബ്രായപദത്തിന് "എതിരാളി", "പ്രതിയോഗി" എന്നൊക്കെ അർത്ഥമുണ്ട്. പഴയ നിയമത്തിൽ ഇരുപത്തിയഞ്ചു പ്രാവശ്യവും(പതിനാറു പ്രാവശ്യവും സാത്താൻ എന്നി വ്യക്തമായി) പുതിയ നിയമത്തിൽ മുപ്പത്തിയാറു പ്രാവശ്യവും ഈ പദം

ഉപയോഗിച്ചിരിക്കുന്നു. [2] സാത്താൻ എന്ന നാമം "പ്രതിയോഗി" എന്നർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതിൽ നിന്ന് സാത്താന്റെ സ്വഭാവം വ്യക്തമാണ്.

> അവൻ പോകുന്നതു കൊണ്ടു ദൈവത്തിന്റെ കോപം ജ്വലിച്ചു; യഹോവയുടെ ദൂതൻ വഴിയിൽ അവന്നു **പ്രതിയോഗിയായി** നിന്നു (എബ്രാ. *സാത്താൻ)*...(സംഖ്യ. 22:22; 32 ഉം കാണുക).
>
> .... യുദ്ധത്തിൽ അവൻ നമുക്കു **ദ്രോഹിയായി** (എബ്രാ. *സാത്താൻ)* തീർന്നേക്കാം (1 ശമൂ. 29:4). സാത്താൻ അവനെ **കുറ്റം ചുമത്തുവാൻ** (എബ്രാ. *സാത്താൻ)* അവന്റെ.... (സെഖ. 3:1).

C. പിശാച്

പിശാച് എന്ന പ്രയോഗം പഴയനിയമത്തിലില്ല. പുതിയ നിയമത്തിൽ മുപ്പത്തിയെട്ടു പ്രാവശ്യം കാണുന്നു. അതിൽ മുപ്പത്തിയഞ്ചു തവണയും ഒരു വ്യക്തിയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. വെളി. 12:9 -ൽ സാത്താനും പിശാചും ഒരു വ്യക്തിയാണെന്ന് വ്യക്തമാക്കുന്നു. മത്താ. 4:1-11; മർക്കൊ. 4:15; ലൂക്കൊ. 8:12 വാക്യങ്ങളിലും ഇത് കാണുന്നു. *ഡയബൊലൊസ്* എന്ന ഗ്രീക്കു പദം *"ഡയബോളിക്കൽ"* എന്ന ധാതുവിൽ നിന്നുണ്ടായതാണ്. പിശാച് എന്ന നാമത്തിന്റെ അർത്ഥം "അപവാദി" അഥവാ "ദൂഷകൻ" എന്നാണ്. വെളി. 12:10-ൽ പിശാചിനെ "കുറ്റം ചുമത്തുന്ന അപവാദി" എന്ന് വിളിച്ചിരിക്കുന്നു. *"ഡയബോലൊസിന്റെ"* അർത്ഥം സാത്താന്റെ യഥാർത്ഥ സ്വഭാവത്തെ വെളിപ്പെടുത്തുന്നു.

1. *ഡയബൊലൊസിന്റെ* പ്രയോഗങ്ങൾ

> ....**ഏഷണി** പറയാതെ (ഗ്രീ. *ഡയബൊലൊസ്)*... (1 തിമൊ. 3:11).
>
> അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ.... **വമ്പു പറയുന്നവരും** (ഗ്രീ. *ഡയബൊലൊസ്*) (2 തിമൊ. 3:1-3).
>
> ... നടപ്പിൽ പവിത്ര യോഗ്യരും **ഏഷണി** പറയാത്തവരും (ഗ്രീ. *ഡയബൊലൊസ്)* (തീത്തൊ. 2:3).

2. ഡയബൊലൊസിന്റെ അർത്ഥം

ഡയ അർത്ഥം "ഇടയിലൂടെ" ഒരു വ്യത്തത്തിന്റെ മദ്ധ്യത്തുകൂടി കടന്നുപോകുന്ന രേഖപോലെ. *ബൊലൊസ്* എന്നാൽ എറിയുക, ഇത് *ബാലോയുമായി* ബന്ധപ്പെട്ടിരിക്കുന്നു. ഒരു *ഡയബൊലോസ്,* വാസ്തവത്തിൽ വാക്കുകൾക്കൊണ്ടു ചാട്ടുളി വീശുന്നവനോ, ആളുകളെ തമ്മിൽ തെറ്റിക്കുവാൻ പാരവെക്കുന്നവനോ ആണ്. തമ്മിൽ പിരിക്കുവാൻ നുണകൾ ചമച്ച് അപവാദം പറയുന്ന വ്യക്തിയാണ്. വിശ്വാസികൾ ദൈവത്തോട് അകലുവാൻ, സഹോദരന്മാർ തമ്മിൽ പിരിയുവാൻ, സ്വയം ഛിദ്രിക്കപ്പെടുവാൻ പിശാച് ആഗ്രഹിക്കുന്നു.

D. പഴയ പാമ്പ് (വെളി. 12:9; 20:2).

വെളിപ്പാട് 12: 9; 20: 2 വാക്യങ്ങളിൽ പിശാചിനെ *പഴയ പാമ്പ്* എന്നു വിളിക്കുന്നതിലൂടെ ഉല്പ. 3 ലെ വീഴ്ചയുമായി യോഹന്നാൻ ബന്ധപ്പെടുത്തുകയാണ്. ആദ്യമെ തന്നെയുള്ള പിശാചിന്റെ സ്വഭാവ ഗുണത്തെ ഓർമ്മിപ്പിക്കുന്നു. പിശാച് തന്ത്രശാലിയും ചതിയനുമാണ്. പ്രലോഭിപ്പിച്ച് തെറ്റിക്കുന്നവനാണ്. അവൻ സത്യത്തെ വളച്ചൊടിക്കുവാൻ സമർത്ഥനാണ് (ഉല്പ. 3:1; 2 കൊരി. 11:3; 1 തിമൊ. 2:14). ദൈവത്തെ തെറ്റായി ഉദ്ധരിക്കുവാനും മിടുക്കനാണ് (ഉല്പ. 3: 1; മത്താ. 4:6).

> അവൻ പിശാചും സാത്താനും എന്നുള്ള **പഴയ പാമ്പായ** മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു (വെളി. 20:2).

E. സംഹാരകൻ

വെളി. 9:11-ൽ പിശാചിന്റെ രണ്ടു നാമങ്ങൾ എബ്രായ, ഗ്രീക്ക് ഭാഷകളിൽ യോഹന്നാൻ നൽകുന്നു.

എബ്രായ ഭാഷയിൽ *അബദ്ദോൻ* എന്നും ഗ്രീക്കിൽ *അപ്പൊല്ലുവോൻ* എന്നുമാണ്. രണ്ടിന്റെയും അർത്ഥം സംഹാരകൻ അഥവാ നശിപ്പിക്കുന്നവൻ എന്നാണ്. പിശാച് ദൈവത്തെയും ദൈവരാജ്യത്തെയും നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ വാസ്തവത്തിൽ, അവൻ സ്വന്തം നാശത്തിനും തന്നെ അനുഗമിക്കുന്നവരുടെ നാശത്തിനുമുള്ള പാത ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

> അഗാധദൂതൻ അതിനു രാജാവായിരുന്നു; അവന്നു എബ്രായ ഭാഷയിൽ **അബദ്ദോൻ** എന്നും യവനഭാഷയിൽ **അപ്പൊല്ലുവോൻ** എന്നും പേർ (വെളി. 9:11).

F. മഹാസർപ്പം (വെളി. 12:3, 7, 9).

മഹാസർപ്പമെന്നു പറയുമ്പോൾ തന്നെ പിശാച് ഒരു സംഹാരകൻ ആണെന്ന ചിത്രമാണ് കിട്ടുന്നത്. അവൻ നിഷ്ഠുരനും മൃഗീയ സ്വഭാവമുള്ളവനുമാണ്. അവൻ കുലപാതകനുമാണ്.

> ഭൂതലത്തെ മുഴുവൻ തെറ്റിച്ചു കളയുന്ന പിശാചും സാത്താനും എന്ന **മഹാസർപ്പമായ** പഴയ പാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു; അവന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞു (വെളി. 12:9).

G. ദുഷ്ടൻ (യോഹ. 17:15; 1 യോഹ. 5:18-19)

വിതയ്ക്കുന്നവന്റെ ഉപമയിൽ നിന്ന് ദുഷ്ടനെ സാത്താ

[2] സങ്കീ. 109: 6 ഉം ചേർക്കാം

നായി മനസ്സിലാക്കുവാനാകും (cf. മത്താ. 13:19; 38–39 മർക്കൊ. 4:15; ലൂക്കൊ. 8:12). സാത്താൻ കേവലം ദുഷ്ടത നിറഞ്ഞവൻ മാത്രമല്ല, മറിച്ച് ദുഷ്ടതയെ അതിന്റെ ഉന്നതിയിലെത്തിക്കുവാൻ ആഗ്രഹിക്കുന്നവനും, മറ്റുള്ളവരെ സ്വാധീനിച്ച് തന്റെ ദുഷ്ട വലയത്തിനുള്ളിൽ ഉൾപ്പെടുവാൻ പ്രേരിപ്പിക്കുന്നവനുമാണ്. അവൻ ഒരു ദുഷിച്ചവനാണ്.

> നാം ദൈവത്തിൽ നിന്നുള്ളവർ എന്നു നാം അറിയുന്നു. സർവ്വലോകവും **ദുഷ്ടന്റെ** അധീനതയിൽ കിടക്കുന്നു (1 യോഹ. 5:19).

H. ബെലിയാൽ (2 കൊരി. 6:15)

എബ്രായ പ്രയോഗമായ *ബേലിയാലിന്റെ അർത്ഥം* "നിസ്സാരത" അഥവാ "മൂല്യരഹിതം" എന്നാണ്. പുതിയനിമയകാലത്ത് ഇത് സാത്താന്റെ ഒരു പേരായി തീർന്നു. ദൈവിക വീക്ഷണത്തിൽ പിശാചിന്റെ സ്വഭാവമാണ് ഈ പേര് നമുക്ക് പറഞ്ഞു തരുന്നത്. അവൻ ഒട്ടും തന്നെ "മൂല്യമില്ലാത്തവനാണ്."

> ക്രിസ്തുവിനും **ബെലിയാലിനും** തമ്മിൽ എന്തു പൊരുത്തം? (2 കൊരി. 6:15).

I. അഭിഷിക്തനായ മറെക്കുന്ന കെരൂബ് (യെഹെസ്കേൽ 28:14, 16)

അഭിഷിക്തനായ കെരൂബ് എന്ന നിലയിൽ സാത്താൻ ദൂതഗണങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ഉന്നതിയിൽ വിരാചിച്ചിരുന്നവനാണ്. ഒരു കെരൂബായിരുന്ന അവൻ ദൈവസന്നിധിയുടെ കാവൽക്കാരനായിരുന്നു. യെഹെ. 28:11–19 ലെ വിഷയം സാത്താനാണെന്നാണ് പ്രമുഖ വ്യാഖ്യാതാക്കളെല്ലാം തന്നെ പറയുന്നത്. അല്ലെങ്കിൽ ഈ അഭിഷിക്തനായ കെരൂബ് ആരെന്ന് തിരിച്ചറിയാനാവില്ല.

> നീ ചിറകു വിടർത്തി **മറെക്കുന്ന**(anointed) **കെരൂബ്** ആകുന്നു.. (യെഹെ. 28:14).

J. ഈ ലോകത്തിന്റെ പ്രഭു (യോഹ. 12:31; 14:30; 16:11).

വീണുപോയ ദൂതന്മാരും രക്ഷിക്കപ്പെടാത്ത മനുഷ്യരും അടങ്ങിയ ഒരു ദുഷ്ടാത്മസേനയുടെ തലവനാണ് പിശാച്. ദൈവം അനുവദിക്കുന്ന പരിമിതികൾക്കുള്ളിൽ മാത്രമെ വിഹരിക്കുവാൻ ആവുകയുള്ളുവെങ്കിലും (ഇയ്യോ. 1–2; 2 തെസ്സ. 2:6). ഒരു തരത്തിൽ സാത്താനാണ് ഈ ലോകത്തെ ഭരിക്കുന്നത്. രക്ഷിക്കപ്പെടാത്തവരുടെ പിതാവാണ് പിശാച് (യോഹ. 8:44). ലോകം മുഴുവൻ അവന്റെ അധീനതയിലാണ് (1 യോഹ. 5:19). ലോകരാജ്യങ്ങളുടെമേൽ ആത്യന്തിക നിയന്ത്രിതാവ് ദൈവം തന്നെയാണ് (ദാനി. 4:17; റോമ. 13:1–4). അതേ സമയം, പാപത്തിന്റെ സ്വാധീനത്താൽ പിശാചിനും ലോകത്തിന്റെ മേൽ അല്പം നിയന്ത്രണമുണ്ട് (മത്താ. 4:8–9; ദാനി. 10:13). പിശാചിന്റെ പ്രവർത്തികളെ തകർക്കുവാനാണ് ക്രിസ്തു ലോകത്തിലേക്ക് വന്നത് (1 യോഹ. 3:8; എബ്രാ. 2:14–15).യോഹന്നാൻ 12:31–ൽ അവനായിരിക്കും മനസ്സിലുണ്ടായിരുന്നത്.

> ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ **ഈ ലോകത്തിന്റെ പ്രഭുവിനെ** പുറത്തു തള്ളിക്കളയും (യോഹ. 12:31).

K. ആകാശത്തിന്റെ അധികാരി (എഫെ. 2:2).

ഈ ആത്മാവിനെ തിരിച്ചറിയുവാൻ പിശാചുതന്നെയാണ് കൃത്യമായ വ്യക്തി. ഭൂമിയുടെ മേലുള്ള നിയന്ത്രണം പരിമിതപ്പെട്ടിരിക്കുന്നതിനാൽ പിശാച് തന്റെ ഭരണവലയത്തിനുള്ളിൽ ഈ അന്തരീക്ഷവും ആകാശവും ഉൾപ്പെടുത്തിയിരിക്കുന്നു. പൂർണ്ണാധികാരം ഇല്ലെങ്കിലും അവിടെയെല്ലാം അവൻ വിരാചിക്കുന്നു. ദൂതന്മാർ തമ്മിലുള്ള സംഘട്ടനത്തിന്റെ ദൃശ്യമാണിത് (ദാനി. 10).

> ... ഈ ലോകത്തിന്റെ കാലഗതിയെയും **ആകാശത്തിലെ അധികാരത്തിനും..** ആത്മാവിനും അധിപതിയായവനെയും അനുസരിച്ചു നടന്നു (എഫെ. 2:2).

L. ഈ ലോകത്തിന്റെ അഥവാ യുഗത്തിന്റെ ദൈവം (2 കൊരി. 4:4).

ഈ പ്രത്യേക കാലഘട്ടത്തിൽ അധീനത ചെലുത്തുന്ന വ്യക്തി പിശാചാണ്. *ഈ ലോകത്തിന്റെ ദൈവം* എന്ന വിശേഷണം അവനാണ് ചേരുന്നത്. അവനാണ് ആരാധന ആഗ്രഹിച്ചവൻ (മത്താ. 4:9). സുവിശേഷം വിശ്വസിക്കുന്നതിനു തടസ്സമായി അവൻ നിലകൊള്ളുന്നു (മർക്കൊ. 4:15), ലോകത്തെ നിയന്ത്രിക്കുന്നു (1 യോഹ. 5:19). **സാത്താന്യ യുഗമായിട്ടാണ്** ദൈവം ഈ കാലഘട്ടത്തെ വിശേഷപ്പിക്കുന്നത്. വേദപുസ്തക വിരുദ്ധമായ സകല സമ്പ്രദായങ്ങളെയും നേരിട്ടും അല്ലാതെയും സാത്താനെയും സാത്താന്യ ആരാധനയെയും പ്രോത്സാഹിപ്പിക്കുന്നതാണ്.

> **ഈ ലോകത്തിന്റെ** (യുഗം) **ദൈവം** അവിശ്വാസികളുടെ മനസ്സു കുരുടാക്കി (2 കൊരി. 4:4).

M. ബെയോത്സെബൂൽ, ഭൂതങ്ങളുടെ തലവൻ (മത്താ. 12:24; ലൂക്കൊ. 11:15)

പുരാതന എബ്രായർ ഒരു ഫെലിസ്ത്യ ദേവനെ "ബാൽ സെബൂബ്" എന്നു വിളിച്ചിരുന്നു (2 രാജാ. 1:2). "ഈച്ചകളുടെ തമ്പുരാൻ" എന്നാണ് ആ പേരിനർത്ഥം. ചിലപ്പോൾ ആ ദേവനെ നിന്ദ്യമായി സംബോധന ചെയ്തതായിരിക്കും, ഒരു എബ്രായ ഭേദഗതി. പുതിയ നിയമത്തിൽ "ബെയെത്സെബൂൽ" എന്ന് വ്യക്തമായി വായിക്കാം. "ഈച്ചകളുടെ തമ്പുരാൻ" എന്നുതന്നെ വേറൊരു തരത്തിൽ വിളിക്കുന്നതാണെന്ന് പറയുന്നവരുണ്ട്. എന്നാൽ, "നിവാസ ദേവൻ" എന്നും നിഷ്പാദിപ്പിക്കുന്നുണ്ട്. ആ

ദേവന്റെ പേര് ബെയെത്സെബൂൽ എന്നു തന്നെയായിരുന്നുവെന്ന് ചിന്തിക്കുന്നതാണുത്തമം, നിന്ദ്യമായി ബാൽസെബൂബ് എന്നു വിളിച്ചു എന്ന് മാത്രം. മത്താ. 10:25 ''വീട്ടുടയവൻ'' എന്ന അർത്ഥം ഈ പേരിന് നൽകുന്നു. മത്താ. 12 ലും ലൂക്കൊ 11 ലും ബെയെത്സെബൂലിനെ സൂചിപ്പിച്ചശേഷം ''ചിദ്രിക്കപ്പെട്ട ഭവന''ത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ''ഭൂതങ്ങളുടെ തലവൻ'' എന്നും അവനെ വിശേഷിപ്പിക്കുന്നു. ബെയെത്സെബൂൽ എന്നു വിളിക്കപ്പെട്ട ശേഷം മറുപടിയായി കർത്താവ് പിശാചിനെക്കുറിച്ച് പറയുന്നു. ഈ കാരണത്താൽ, ബെയെത്സെബൂൽ എന്നത് പിശാചിന്റെ ഒരു പേരായി പരിഗണിക്കപ്പെടുന്നു. പിശാചിന്റെ പ്രതിരൂപങ്ങളായ ദേവന്മാരിൽ ഒരുവനെ പിശാചിന്റെ പേര് ചേർത്ത് പുരാതന യഹൂദർ വിളിച്ചെന്നു മാത്രം.

> അവരിൽ ചിലരോ: **ഭൂതങ്ങളുടെ തലവനായ ബെയെത്സബൂലെക്കൊണ്ടാകുന്നു** അവൻ ഭൂതങ്ങളെ പുറത്താക്കുന്നത് എന്നു പറഞ്ഞു (ലൂക്കോ. 11:15).

N. പരീക്ഷകൻ (മത്താ. 4:3; 1 തെസ്സ. 3:5)

ഇത് പിശാചിനു നൽകുന്ന വിശേഷണമാണ്. അവന്റെ അടിസ്ഥാനപരമായ ഒരു പ്രവൃത്തിയെ ഇത് സൂചിപ്പിക്കുന്നു. അവന്റെ പരീക്ഷണം ദുഷ്ടത പ്രവർത്തിക്കുവാനുള്ള പ്രലോഭനവും പരാജയം സമ്മതിപ്പിക്കുവാനുള്ള ഒരു ശ്രമവുമാണ്.

> അപ്പോൾ **പരീക്ഷകൻ** അടുത്തു വന്നു; നീ ദൈവപുത്രൻ എങ്കിൽ ഈ കല്ലു അപ്പമായി തീരുവാൻ കല്പിക്ക എന്നു പറഞ്ഞു (മത്താ. 4:3).

O. സഹോദരന്മാരെ കുറ്റം ചുമത്തുന്ന അപവാദി (വെളി. 12:10)

ഡയബോലൊസ് എന്ന നിലയിൽ ഈ വിശേഷണം പിശാചിന്റെ സ്വഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. ''കോതമ്പുപോലെ പാറ്റുന്ന'' പ്രവർത്തിയുമായി ഇതിനു ബന്ധമുണ്ടാകാം (ലൂക്കൊ. 22:31). വിശ്വാസികളുടെ ജീവിതത്തിലെ കുറവുകൾ മുഴപ്പിച്ചു കാണിക്കുവാൻ പിശാച് ഇഷ്ടപ്പെടുന്നു. അങ്ങനെയുള്ള അപവാദങ്ങളാൽ തരംതാഴ്ത്തുവാനും നിരുത്സാഹപ്പെടത്തുവാനും അവന് കഴിയും.

> അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടതു: ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു. നമ്മുടെ **സഹോദരന്മാരെ** രാപ്പകൽ ദൈവസന്നിധിയിൽ **കുറ്റംചുമത്തുന്ന അപവാദിയെ** തള്ളിക്കളഞ്ഞുവല്ലോ (വെളി. 12:10).

IV. ഉത്ഭവം, ഉത്ഭാവാവസ്ഥ, സാത്താന്റെ ആദ്യ പാപം

A. സാത്താന്റെ ഉത്ഭാവസ്ഥ

> യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: "മനുഷ്യപുത്രാ, നീ സോർ രാജാവിനെക്കുറിച്ചു ഒരു വിലാപം തുടങ്ങി അവനോടു പറയേണ്ടത്: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു! നീ മാതൃകാ മുദ്രയാകുന്നു; നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നെ. നീ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു; താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം, നീലക്കല്ലു, മാണിക്യം, മരതകം മുതലായ സകലരത്നങ്ങളും നിന്നെ മൂടിയിരുന്നു. നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും കൂടുകളുടെയും പണി പൊന്നു കൊണ്ടുള്ളതായിരുന്നു. നീ ചിറകു വിടർത്തി മറെക്കുന്ന കെരൂബ് ആകുന്നു. ഞാൻ നിന്നെ വിശുദ്ധദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു; നീ അഗ്നിമയ രഥങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചു പോന്നു. നിന്നെ സൃഷ്ടിച്ച നാൾമുതൽ നിങ്കൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നിഷ്കളങ്കനായിരുന്നു. നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തർഭാഗം സാഹസം കൊണ്ടുനിറഞ്ഞു നീ പാപം ചെയ്തു; അതുകൊണ്ടു ഞാൻ നിന്നെ അശുദ്ധൻ എന്നു എണ്ണി ദേവപർവ്വതത്തിൽ നിന്നു തള്ളിക്കളഞ്ഞു; മറെക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയരഥങ്ങളുടെ മദ്ധ്യേ നിന്നു മുടിച്ചുകളഞ്ഞു. നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭ നിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി; ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു, രാജാക്കന്മാർ നിന്നെ കണ്ടു രസിക്കത്തക്കവണ്ണം നിന്നെ അവരുടെ മുമ്പിൽ ഇട്ടുകളഞ്ഞു. നിന്റെ അകൃത്യബാഹുല്യം കൊണ്ടും നിന്റെ വ്യാപാരത്തിന്റെ നീതികേടുകൊണ്ടും നീ നിന്റെ വിശുദ്ധമന്ദിരങ്ങളെ അശുദ്ധമാക്കി; അതുകൊണ്ട് ഞാൻ നിന്റെ നടുവിൽ നിന്നു ഒരു തീ പുറപ്പെടുവിക്കും; അതു നിന്നെ ദഹിപ്പിച്ചുകളയും, ജാതികളിൽ നിന്നെ അറിയുന്നവരെല്ലാവരും നിന്നെ കണ്ടു സ്തംഭിച്ചു പോകും; നിനക്കു ശീഘ്രനാശം ഭവിച്ചിട്ടു നീ സദാകാലത്തേക്കും ഇല്ലാതെയാകും" (യെഹെ. 28:11–19).

സാത്താൻ ഒരു സൃഷ്ടിയാണെന്നും അവൻ പാപമില്ലാതെയാണ് സൃഷ്ടിക്കപ്പെട്ടതെന്നും യുക്തിപരമായി ഗ്രഹിക്കാം. ദൈവം സകലവും സൃഷ്ടിച്ചു എന്ന് വേദ

പുസ്തകം വ്യക്തമാക്കുന്നു (യോഹ. 1:3; കൊലൊ. 1:16 -17), ദൂതന്മാരും സൃഷ്ടിയിൽ ഉൾപ്പെടുന്നു (സങ്കീ. 148: 2-5). ദൈവം പാപമില്ലാതെയാണ് സകലത്തെയും സൃഷ്ടിച്ചതെ വസ്തുതയും യുക്തിഭദ്രമാണ്. അതി നാൽ, തിരുവെഴുത്തിലെ ഏതെങ്കിലും ഭാഗമില്ലാതെ തന്നെ സാത്താന്റെ സൃഷ്ടിയെ സംബന്ധിച്ചും പാപ ത്തെക്കുറിച്ചും ഗ്രഹിക്കുവാനാകും.

സാത്താന്റെ ഉത്ഭവത്തെക്കുറിച്ച് യെഹെസ്ക്കേൽ 28 എടുത്തു പറയുന്നതായിരിക്കും. യെഹെ. 28: 11-19 സാത്താനെയല്ല സൂചിപ്പിക്കുന്നതെങ്കിൽ ആ ഭാഗം വിശ ദീകരിക്കാനാവാത്ത വിധം നിഗൂഢമാകും. രണ്ടു പ്രാവശ്യം അവനെ കെരൂബ് എന്ന് വിളിച്ചിരിക്കുന്നു (വാക്യം 14, 16) "നിന്നെ **സൃഷ്ടിച്ച നാൾമുതൽ.... നിഷ്കളങ്കനായിരുന്നു"** എന്ന് യെഹ., 28:15 പറയുന്നു. മറ്റു ഭാഗങ്ങളിൽ സാത്താനെ ദൂതന്മാരോടു ബന്ധപ്പെടു ത്തിയിരിക്കുന്നു (ഉദാ.മത്താ 25:41; വെളി. 12:7, 9). അവ രെപ്പോലെ അവനും ഒരു സൃഷ്ടിയാണ്.

ഒരു ദൂതനായിരുന്ന സാത്താന് ദൂതന്മാരുടെ സകല ഗുണങ്ങളും പ്രാരംഭത്തിൽ ഉണ്ടായിരുന്നു. ഇപ്പോഴും അനേക ഗുണങ്ങളുണ്ടെങ്കിലും അവന്റെ വിശുദ്ധി നഷ്ട പ്പെട്ടു. അമാനുഷികമായ ബുദ്ധിയോടും ശക്തിയോടും കൂടെ പാപമില്ലാത്ത ഒരു ആത്മാവായിട്ടാണ് അവൻ സൃഷ്ടിക്കപ്പെട്ടത്. ഇപ്പോഴും സാത്താൻ സുന്ദരനും (2 കൊരി. 11: 14-15) ശക്തനുമാണ് (യൂദാ. 9).

ദൂതനായിരുന്നെന്നു മാത്രമല്ല ദൂതന്മാരുടെ മദ്ധ്യത്തിൽ സമുന്നത പദവിയിൽ (അഭിഷിക്തനായിരുന്ന കെരൂബ്) വിരാചിച്ചിരുന്നവനുമാണ്. അവൻ കാവൽക്കാരനായി രുന്ന ദൂതനെന്ന് യെഹെസ്ക്കേൽ 28 പഠിപ്പിക്കുന്നു (വാ. 14, 16 'മറെക്കുന്നു'), അവൻ ജ്ഞാന സമ്പൂർണ്ണനും സൗന്ദര്യ സമ്പൂർണ്ണനുമായിരുന്നു (വാ. 12), പറുദീസ യിലാണ് വസിച്ചിരുന്നത് (വാ. 13), പാപമില്ലാതെയാണ് സൃഷ്ടിക്കപ്പെട്ടത് (വാ. 15), മീഖയേൽ സാത്താനോടുള്ള യുദ്ധത്തിൽ ജയിക്കുമെങ്കിലും (വെളി. 12:7) സാത്താൻ അവനോടു തത്തുല്യനോ അല്ലെങ്കിൽ അവനെക്കാൾ ഉയർന്നവനോ ആണ് (യൂദാ. 9).സൃഷ്ടിക്കപ്പെട്ട ജീവി കളിൽ സാത്താൻ ആണ് അതിബുദ്ധിമാനും അതി ശക്തനും.

B . സാത്താന്റെ ആദ്യപാപം

സാത്താന്റെ പാപത്തെ സംബന്ധിച്ച് നേരിട്ടുള്ള തിരു വെഴുത്ത് ഭാഗങ്ങളിലില്ലെങ്കിലും യുക്തിയുടെ സഹായ ത്താൽ അങ്ങനെ ഒരു പാപമുണ്ടെന്ന നിഗമനത്തിലെ ത്തുവാൻ സാധിക്കും. യെഹെ. 28 ഒരുപക്ഷെ ചില പ്രത്യേക കാര്യങ്ങൾ വ്യക്തമാക്കുന്നു. വേദപുസ്തക ത്തിൽ സാത്താന്റെ ആദ്യപാപത്തെ വ്യക്തമാക്കുന്ന ഒരേ ഒരു വേദഭാഗമാണിത്. [3] അവന്റെ ആദ്യപാപം അടി സ്ഥാനപരമായ അഹംഭാവം ആയിരുന്നെന്ന് യെഹെ. 28:17 പഠിപ്പിക്കുന്നു (1 തിമൊ. 3:6 ഉം കാണുക).

> നിന്റെ സൗന്ദര്യം നിമിത്തം **നിന്റെ ഹൃദയം ഗർവ്വി ച്ചു,** നിന്റെ പ്രഭനിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി (യെഹെ. 28:17).

C. സാത്താന്റെ ആദ്യ പാപവും പരിണിതഫലങ്ങളും

"ദേവപർവ്വതത്തിൽ" നിന്ന് സാത്താനെ "തള്ളിയിട്ടു" വെന്ന് യെഹ. 28:16-17 വാക്യങ്ങൾ വ്യക്തമാക്കുന്നു. ഒരു കെരൂബായിരുന്ന് ദൈവസന്നിധിയിൽ കാവൽക്കാരനാ യിരുന്നവൻ തന്റെ ഉള്ളിൽ ഉത്ഭവിച്ച അഹങ്കാരത്തിന്റെ ഫലമായി പുറംതള്ളപ്പെട്ടു. ഈ അർത്ഥത്തിൽ സാത്താൻ സ്വർഗ്ഗത്തിൽ നിന്ന് "വീണു" എന്ന് പറയാം. എങ്കിലും, അവന് പരിമിതപ്പെട്ട പ്രവേശനം സ്വർഗ്ഗത്തി ലേക്കുണ്ട്,ശുശ്രൂഷകൾക്കുവേണ്ടിയല്ല ആശയവിനിമയം നടത്താൻ മാത്രം (ഇയ്യോ. 1:6; 2:1; സെഖ. 3:1; വെളി. 12:10). മഹാപീഡനകാലത്ത് അവൻ സ്വർഗ്ഗത്തിൽ ഒരു യുദ്ധം ചെയ്യും (വെളി. 12:7), അപ്പോൾ പൂർണ്ണമായും സ്വർഗ്ഗത്തിൽ നിന്ന് എറിയപ്പെടും. ധാർമ്മികമായി സാത്താൻ വീണു. എന്നാൽ, വീഴും എന്ന പ്രയോഗം സൂചിപ്പിക്കുന്നത് ഭാവിയിൽ പൂർണ്ണ അർത്ഥത്തിൽ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കപ്പെടുമെന്നാണ്.

D. സാത്താന്റെ ആദ്യപാപവും ദൂതന്മാർ നേരിട്ട പരി ണിത ഫലങ്ങളും

ദുഷ്ടരായ ദൂതന്മാരുടെ നേതാവാണ് സാത്താനെന്ന് നമുക്ക് ഉറപ്പായിട്ടും അറിയാം (മത്താ. 25:41; വെളി. 12: 7-9). മൂന്നിലൊരു കൂട്ടം ദൂതന്മാർ സാത്താന്റെ പിന്നാലെ പോയതായി വെളി. 12:4 സൂചിപ്പിക്കുന്നു. നേരിട്ടുള്ള ഒരു ചെറിയ അറിവും ഈ വിഷയത്തിൽ ലഭിക്കുന്നുണ്ട്.

---

[3] യെഹെ. 28:2-ൽ സോർപ്രഭുവിനെയാണ് സംബോധന ചെയ്തിരിക്കുന്നത്. യെഹെ. 28:12-ൽ സോർ രാജാവിനെയാണ് സംബോധന ചെയ്തിരിക്കുന്നത്. ഈ അദ്ധ്യായത്തിൽ സാത്താനെ സംബന്ധിച്ച യാതൊരു വിധ സൂചനയുംചില വ്യാഖ്യാതാക്കൾ കാണുന്നില്ല. ആദ്യ പത്തു വാക്യങ്ങൾ ഭൂമി യിലെ ഒരു ഭരണാധികാരിയെ മാത്രമാണ് സൂചിപ്പിക്കുന്നത് എന്നാകാം (വാ. 2, 9, കാണുക). എന്നാൽ 11-ാം വാക്യം മുതൽ കേവലം ഒരു ഭൗമിക രാജാവിനെക്കുറിച്ചല്ല പറഞ്ഞി രിക്കുന്നത്, മറിച്ച് ആ രാജാവിനെ ശക്തിപ്പെടുത്തുന്ന ഒരു അമാനുഷിക വ്യക്തിത്വത്തെ സംബന്ധിച്ചാണ്. ആ ഭാവ ത്തിൽ അറിയപ്പെടുന്ന ഒരേ ഒരു വ്യക്തിയേയുള്ളൂ, സാത്താൻ. അല്ലെങ്കിൽ, ഈ ഭാഗം അഗ്രാഹ്യമായിരിക്കും. 14, 16 വാക്യ ങ്ങളിൽ ആ രാജാവ് ഒരു കെരൂബാണെന്നു പറഞ്ഞിരിക്കുന്നു; 12-ാം വാക്യത്തിൽ ജ്ഞാന സമ്പൂർണ്ണനും സൗന്ദര്യസ മ്പൂർണ്ണനും എന്ന് കാണുന്നു; 13-ൽ ഏദൻ തോട്ടത്തിൽ അവൻ വസിച്ചിരുന്നതായി പറയുന്നു. 14, 16 വാക്യങ്ങളിൽ ദേവപർവ്വതത്തിൽ കഴിഞ്ഞിരുന്നവനായി ചിത്രീകരിക്കപ്പെ ടുന്നു. വാക്യം 15-ൽ പാപമില്ലാത്തവനായി സൃഷ്ടിക്കപ്പെട്ട തായും ദർശിക്കാം. ഈ വിവരണങ്ങൾ ഒരു വ്യാഖ്യാതാവിനെ

അനേക ദൂതന്മാർ പാപം ചെയ്തതായി നമുക്കറിയാം. സാത്താനാണ് അവരുടെ നേതാവെന്നും അറിയാം. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ, സാത്താന്റെ അദ്യ പാപത്തിന്റെ പരിണിതഫലങ്ങൾ കണ്ട മറ്റു ദൂതന്മാർ അതിനുശേഷം പാപം ചെയ്തുകാണുകയില്ല. സാത്താനോടൊപ്പം പാപം ചെയ്തവർ അവന്റെ വശീകരണ വലയത്തിനുള്ളിൽ പെട്ടുപോയവരാണെന്ന് മനസ്സിലാക്കുവാനാകും.

E. സാത്താൻ ആദ്യപാപം ചെയ്ത സമയം

പുറ. 20:11, സങ്കീ. 148:2–5 എന്നീ ഭാഗങ്ങൾ സൂചിപ്പിക്കുന്നതുപോലെ മറ്റു സൃഷ്ടികൾക്കൊപ്പം ദൂതന്മാരും സൃഷ്ടിക്കപ്പെട്ടെങ്കിൽ ഭൂമി ഉണ്ടാകുന്നതിനു മുമ്പെ സൃഷ്ടിയുടെ ആദ്യനാളിൽ തന്നെ സാത്താനും സൃഷ്ടിക്കപ്പെട്ടു (ഇയ്യോ. 38:7). ഉല്പ. 3:1-ൽ പാമ്പ് സ്ത്രീയെ പരീക്ഷിക്കുന്നതിനു മുമ്പ് അവൻ ആദ്യപാപം ചെയ്തിരിക്കണം. അങ്ങനെയെങ്കിൽ, സൃഷ്ടിയുടെ ഒന്നാം ദിവസത്തിനും മനുഷ്യന്റെ വീഴ്ചയ്ക്കുമിടയിൽ സാത്താൻ പാപം ചെയ്തു. സൃഷ്ടിദിവസങ്ങളിലെല്ലാം തന്നെ ദൈവം തന്റെ സൃഷ്ടി നല്ലത് എന്നു പറഞ്ഞു. ആറാം ദിവസത്തിന്റെ അന്ത്യത്തിങ്കൽ താൻ സൃഷ്ടിച്ചത് ഒക്കെയും നോക്കിയിട്ട് "എത്രയും നല്ലത്" എന്ന് പറഞ്ഞു (ഉല്പ. 1:31). സൃഷ്ടിപ്പിനിടയിൽ അരുതാത്തത് എന്തെങ്കിലും സംഭവിച്ചിരുന്നെങ്കിൽ "എത്രയും നല്ലത്" എന്ന് പറയുക സാധ്യമല്ലായിരുന്നു. അതിനാൽ സാത്താന്റെ ആദ്യപാപം സൃഷ്ടി ദിനങ്ങൾ കഴിഞ്ഞിട്ട് ഹവ്വായുടെ പരീക്ഷയ്ക്കു മുമ്പ് ആണ്.മനുഷ്യന്റെ സൃഷ്ടിക്കും വീഴ്ചയ്ക്കുമിടയിലുള്ള കാലഘട്ടം എത്ര മാത്രമെന്ന് അറിയില്ല. [4] (ഗ്യാപ് തിയറി വിശ്വസിക്കുന്നവർ അത് ഉപേക്ഷിക്കണം).

V. സാത്താന്റെ പ്രവർത്തനങ്ങൾ

സാത്താന്യ പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്ന അനേക വേദഭാഗങ്ങളുണ്ട്. ചുരുക്കമായി, ഭൂതകാല- ഭാവികാല പ്രവർത്തികളുടെ പട്ടികയോടൊപ്പം വർത്തമാനകാല പ്രവർത്തനങ്ങൾക്ക് വ്യക്തമായ പ്രാധാന്യം നൽകി മുന്നറിയിപ്പുകളായി, ഈ പാഠ്യഭാഗത്ത് വിശദമാക്കുന്നു.

A. സാത്താന്റെ ഭൂതകാല പ്രവർത്തികൾ

1. ആദാമിനോടും ഹവ്വയോടും നുണപറഞ്ഞ് അവരെ മരണയോഗ്യരാക്കി തീർത്തു (ഉല്പ. 3:1; യോഹ. 8:44; 1 യോഹ. 3:8).
2. മശീഹ ജനിക്കാതിരിപ്പാൻ മനുഷ്യകുലത്തെ മുഴുവൻ ദുഷ്ടരാക്കി തീർക്കുവാൻ സാത്താൻ ഒരു പക്ഷെ ശ്രമിച്ചു കാണും (ഉല്പ. 6:1–4).
3. സാത്താൻ ഇയ്യോബിനെതിരെ അപവാദം പറഞ്ഞു. അവനെ കഷ്ടപ്പെടുത്തുവാൻ സാത്താന് അനുവാദം കിട്ടി. കൊടുങ്കാറ്റ്, ആകാശത്തു നിന്ന് തീ, രോഗം എന്നിവ വരുത്തുവാൻ അവന് ശക്തിയുണ്ടായിരുന്നു (ഇയ്യോ. 1–2).
4. മോശയുടെ ശരീരത്തിനു വേണ്ടി സാത്താൻ മീഖായേലുമായി പോരാട്ടം നടത്തി (യൂദാ. 9).
5. സാത്താൻ യിസ്രായേലിനു വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിനു തോന്നിച്ചു (1 ദിന. 21:1).

കൊണ്ടെത്തിക്കുന്ന വസ്തുത എന്തെന്നാൽ, യെഹെ. 28: 11 മുതലുള്ള വാക്യങ്ങൾ മനുഷ്യനായ സോർ രാജാവിനെക്കുറിച്ചുള്ളതല്ല, മറിച്ച്അദ്ദേഹത്തിന്റെ പിന്നിൽ ശക്തിയായി നിലകൊണ്ട ദുഷ്ടനായ ഒരു അമാനുഷിക വ്യക്തിത്വത്തെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. ആയതുകൊണ്ട്, യെഹെ. 28 സാത്താന്റെ ഉത്ഭവാവസ്ഥയെയും ആദ്യപാപത്തെയുംകുറിച്ചുമാണ് പഠിപ്പിക്കുന്നത്. ഈ പഠനം ആ നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ്. അഥവാ, യെഹെ. 28 സാത്താനെക്കുറിച്ചുള്ളതല്ലെങ്കിലും അടിസ്ഥാനപരമായ പാഠങ്ങളെ അത് ബാധിക്കുകയില്ല.

യെശ. 14:4 "ബാബേൽ രാജാവിനെയാണ്" സംബോധന ചെയ്യുന്നത്. യെശ. 14 ബാബേലിലെ ഒരു പഴയരാജാവിനെക്കുറിച്ചാണ് സൂചിപ്പിക്കുന്നതെങ്കിൽ, അത് സാത്താനെ സംബന്ധിച്ച് ഒന്നുംതന്നെ പറയുന്നില്ല. യെഹെ. 28-ൽ നിന്ന് വ്യത്യസ്തമായി, ഭൂമിയിലെ ഒരു ഭരണാധിപനുള്ള ശിക്ഷാവിധിയല്ലാതെ അദ്ദേഹത്തെ ശക്തിപ്പെടുത്തിയ ഒരു അസാധാരണ വ്യക്തിത്വത്തെ സംബന്ധിച്ചാണ് യെശ്ശയ്യാവ് സൂചിപ്പിക്കുന്നതെന്ന് പറയുവാൻ യാതൊരുവിധ പ്രേരണയും വായനക്കാരന് പാരായണത്തിൽ തോന്നുന്നില്ല.

യെശ. 14 ദ്വിവിധമായ സൂചനയാണെന്നു പറയുവാൻ സാധിക്കും. ബാബേലിൽ പണ്ടുണ്ടായിരുന്ന രാജാവിനെക്കുറിച്ചുമാത്രമല്ല, ഭാവിയിൽ വരുവാൻ പോകുന്ന ഒരുവനെയും സൂചിപ്പിക്കുന്നു. യെശ്ശയ്യാവിന്റെ പ്രഖ്യാപനങ്ങളിൽ അന്ത്യകാലത്തെ ന്യായവിധിയെ സംബന്ധിച്ച സൂചകങ്ങൾ യെശ്ശയ്യാവ് 13 ലും 14 ലും ഉണ്ട്. വെളിപ്പാട് 17–18 അദ്ധ്യായങ്ങളും ബാബിലോണിൽ വരാൻ പോകുന്ന ഒരു ഭാവി ന്യായവിധിയെ വ്യക്തമാക്കുന്നു. (അന്ത്യകാല ന്യായവിധിയുടെ സൂചനങ്ങൾക്കായി കാണുക- യെശ. 13:4, 6, 9, 10, 11, 13, 20; 14:2, 3, 7, 15, 17). യെശ്ശയ്യാവും അന്ത്യകാല സംഹാരത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നതെങ്കിൽ, ബാബേലിലെ രാജാവിന്റെ പിന്നിൽ ശക്തിശ്രോതസ്സായി നിലകൊള്ളുന്ന ഒരു അമാനുഷിക വ്യക്തിത്വമായി സാത്താനെ വീക്ഷിക്കാം. (വെളി. 17:16 സാത്താന്യ മൃഗം ബാബിലോണിനെ വെറുക്കുന്നതായും കാണുന്നു). എന്നിരുന്നാലും, ഈ നിഗമനങ്ങൾ വാസ്തവമെങ്കിൽ യെശ. 14 സൂചിപ്പിക്കുന്നത് സാത്താന്റെ **കഴിഞ്ഞ കാലവീഴ്ചയെക്കാൾ ഒരു ഭാവി പരാജയത്തെയാണ്** (വെളി. 12:7 ; ഒരു ഭാവി വീഴ്ചയെപ്പറ്റി പറഞ്ഞിരിക്കുന്നത് കാണുക) അതിനാൽ, സാത്താന്റെ ഉത്ഭവാവസ്ഥയെക്കുറിച്ച് പഠിപ്പിക്കുവാൻ യെശ്ശയ്യാവ് 14 ഈ പാഠത്തിൽ ഉപയോഗിച്ചിട്ടില്ല.

[4] സാത്താൻ ഏദൻ തോട്ടത്തിൽ നടന്നുവെന്ന് യെഹെ, 28: 13 പറയുന്നു. *ഏദൻ* സൂചിപ്പിക്കുന്നത്, ഏദൻ തോട്ടമല്ല. "ദേവപർവ്വതത്തിൽ" നിന്നും "അഗ്നിമയരഥങ്ങളുടെ" മദ്ധ്യേ നിന്നും സാത്താൻ എറിയപ്പെട്ടതായി യെഹെസ്കേൽ പഠിപ്പിക്കുന്നു. യെഹെ. 28-ലെ *ഏദൻ* ദൈവത്തിന്റെ സന്നിധി ആയിരിക്കും. ഏദൻ തോട്ടത്തിലെ സാത്താന്യ സാന്നിധ്യം സാത്താന്റെ ആദ്യപാപത്തിനു മുമ്പ് ഭൂമി സൃഷ്ടിക്കപ്പെടുന്നുവെന്ന് തെളിയിക്കുന്നില്ല.

6. മഹാപുരോഹിതനായ യോശുവയെ അവൻ കുറ്റം ചുമത്തി (സെഖ. 3:1-3).

7. പിശാച് ക്രിസ്തുവിനെ പരീക്ഷിച്ചു (മത്താ. 4:1-11; മർക്കൊ.1: 12-13; ലൂക്കൊ. 4:1-13).

8. പത്രൊസിനെ പരീക്ഷിച്ചു, യൂദയിൽ കടന്നുകൂടി (മത്താ. 16:22-23; മർക്കൊ. 8:33; ലൂക്കൊ. 22:31-32).

9. സാത്താൻ പൗലോസിനെ തടസ്സപ്പെടുത്തി ശാരിരിക മായി കഷ്ടപ്പെടുത്തി (1 തെസ്സ. 2:18; 2 കൊരി. 12:7).

10. അനന്യാസിനെയും സഫീറയെയും സ്വാധീനിച്ച് കള്ളം പറയിപ്പിച്ചു (പ്രവൃ. 5:3-4, 8).

സാത്താന്റെ, കഴിഞ്ഞകാലത്തോടു ബന്ധപ്പെട്ട്, ക്രിസ്തു അവന്റെ തലയെ ക്രൂശിൽ തകർത്തു എന്ന വസ്തുതയും ഉൾപ്പെടുത്തണം; ക്രിസ്തു പാപത്തെ പരാജയപ്പെടുത്തി. കർത്താവിന്റെ മരണത്തിനു മുമ്പ് സാത്താനോടൊപ്പം സകലമനുഷ്യരും പാപകാരണത്താൽ നശിപ്പിക്കപ്പെടണമെന്ന് ദൈവിക വിശുദ്ധി ആവശ്യപ്പെട്ടു. ക്രൂശുമരണത്താൽ മനുഷ്യരെ പിശാചിൽ നിന്ന് കർത്താവ് വിടുവിച്ചു. കാൽവറി മുതൽ സാത്താന്റെ ന്യായവിധി ആരംഭിച്ചുകഴിഞ്ഞു. രക്ഷയുടെ കാര്യപരിപാടി അവസാനിക്കുമ്പോൾ ദൈവം സാത്താനെ നശിപ്പിക്കും. (യോഹ. 12:31; 16:11; കൊലൊ. 2:14-15; എബ്രാ. 2:14-15; 1 യോഹ. 3:8).

B. സാത്താന്റെ വർത്തമാനകാല പ്രവർത്തികൾ

സാത്താനെ സംബന്ധിച്ച പഠനം അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ട ഒന്നാണ്. കാരണം അവൻ ശക്തനും സജീവമായി പ്രവർത്തിക്കുന്നവനുമാണ്. എങ്കിലും അവൻ പരിമിതപ്പെട്ടിരിക്കുന്നു. ആരംഭം മുതൽ പോലെ തന്നെ, സാത്താൻ കള്ളനും കുലപാതകനും പാപിയുമാണ് (യോഹ. 8: 44; 1 യോഹ. 3:8). ഇപ്പോഴും ദൈവത്തെയും ദൈവജനത്തെയും അവൻ എതിർക്കുന്നു (1 പത്രൊ. 5:8). ലോകത്തിന്റെ പ്രഭു (യോഹ. 12:31; 16:11; 1 യോഹ. 5:19), ഈ ലോകത്തിന്റെ ദൈവം (2 കൊരി. 4:4), വീണുപോയ ദൂതന്മാരുടെ നേതാവ് (മത്താ. 25:41; വെളി. 12:9), ഭൂതങ്ങളുടെ തലവൻ (മത്താ. 12:24; ലൂക്കൊ.11:15) തുടങ്ങിയ സ്ഥാനങ്ങളിൽ വിരാചിക്കുന്നുവെങ്കിലും അവൻ ദൈവത്താൽ തടുത്തു നിർത്തപ്പെട്ടിരിക്കുന്നു (2 തെസ്സ. 2:6), ദൈവിക അധികാരത്തിനുള്ളിൽ അനുവദിക്കപ്പെട്ട കാര്യങ്ങൾ മാത്രമെ അവന് ചെയ്യാനാവുകയുള്ളൂ (ഇയ്യോ. 1:12; 2:6; യോഹ. 17:15; 1 യോഹ. 4:4; 5:18).

സാത്താന്റെ നിയന്ത്രിത മേഖലകൾ പരിമിതപ്പെട്ടിരിക്കുന്നെങ്കിലും അവന്റെ പ്രവർത്തനരീതികൾ ശക്തമാണ്.

1. സാത്താൻ അവിശ്വാസികളുടെ മനസ്സു കുരുടാക്കുന്നു (മത്താ. 13:19; മർക്കൊ. 4:15; ലൂക്കൊ. 8:12; 2 കൊരി. 4:4).

വചനം വിതച്ചിട്ടു വഴിയരികെ വീണതു, കേട്ട ഉടനെ സാത്താൻ വന്നു ഹൃദയങ്ങളിൽ വിതെക്കപ്പെട്ട വചനം എടുത്തുകളയുന്നതാകുന്നു (മർക്കൊ. 4:15).

ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി (2 കൊരി. 4:4).

a. യഥാർത്ഥ ക്രിസ്ത്യാനിത്വത്തെ പേരിനുമാത്രം അനുകരിക്കുന്ന മതങ്ങളിലൂടെ സാത്താൻ അനേകരുടെ മനസ്സു കുരുടാക്കുന്നു.

(1) ദുരുപദേശങ്ങളാൽ (1 തിമൊ. 4:1)

എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മക്കളുടെയും **ഭൂതങ്ങളുടെ ഉപദേശങ്ങളെയും** ആശ്രയിച്ച് ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും... (1 തിമൊ. 4:1).

(2) കള്ള ശുശ്രൂഷകന്മാരാൽ (മത്താ. 7:15, 21-23; 2 കൊരി. 11:13-15)

സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ **അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷകന്മാരുടെ** വേഷം ധരിച്ചാൽ അതിശയമില്ല....(2 കൊരി. 11:14-15).

(3) എതിർക്രിസ്തുക്കളാൽ (മത്താ. 24:23-24; 1 യോഹ. 2:18; 22; 4:3)

കുഞ്ഞുങ്ങളെ, ഇതു അന്ത്യനാഴിക ആകുന്നു; **എതിർക്രിസ്തു വരുന്നു** എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം **എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ** അന്ത്യനാഴിക ആകുന്നു എന്നു നമുക്കു അറിയാം (1 യോഹ. 2:18).

പ്രിയമുള്ളവരെ, **കള്ളപ്രവാചകന്മാർ** പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ (1 യോഹ. 4:1).

യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽനിന്നുള്ളതല്ല. **എതിർക്രിസ്തുവിന്റെ ആത്മാവുതന്നെ** (1 യോഹ. 4:3).

(4) വ്യാജ വിശ്വാസികളാൽ (മത്താ. 13:25; 36-39)

"...നല്ല വിത്തു രാജ്യത്തിന്റെ പുത്രന്മാർ; കള **ദുഷ്ടന്റെ പുത്രന്മാർ;** അതു വിതച്ച ശത്രു പിശാചു... (മത്താ. 13:38-39).

(5) വ്യാജ സുവിശേഷത്താൽ (2 കൊരി. 11:3-4; ഗലാ. 1:8).

> എന്നാൽ സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു. ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത **മറ്റൊരു യേശുവിനെ** പ്രസംഗിക്കുയോ നിങ്ങൾക്കു ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത **വേറൊരു സുവിശേഷമെങ്കിലും** ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നതു ആശ്ചര്യം (2 കൊരി. 11:3-4).

(6) വ്യാജ ശക്തിയാൽ

> സാത്താന്റെ അനുവാദത്താൽ ദുഷ്ടാത്മാക്കളെ വശീകരിച്ച് അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ "അത്ഭുതം" പ്രവർത്തിക്കുന്നവർക്ക് സാധിക്കും (മത്താ. 12:27; 2 തിമൊ. 3:8; വെളി. 2:9).
>
> ഞാൻ ബെയെത്സെബൂലിനെക്കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ, നിങ്ങളുടെ മക്കൾ ആരെക്കൊണ്ടു പുറത്താക്കുന്നു? അതുകൊണ്ട് അവർ നിങ്ങൾക്കു ന്യായാധിപന്മാർ ആകും (മത്താ. 12:27).
>
> ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും - നീ ധനവാനാകുന്നു താനും - തങ്ങൾ യെഹൂദർ എന്നു പറയുന്നെങ്കിലും യെഹൂദരല്ല, **സാത്താന്റെ പള്ളിക്കാരായവരുടെ** ദൂഷണവും അറിയുന്നു (വെളി. 2:9).

b. തികച്ചും ക്രൈസ്തവ വിരുദ്ധമായ മതങ്ങളാലും തത്വചിന്തകളാലും സാത്താൻ അനേകരുടെ മനസ്സു കുരുടാക്കുന്നു.

(1) ഭൗതികവാദം, കൺമോഹത്താൽ

"ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും" കാരണമെങ്കിൽ ഭൗതികവാദം ദുഷ്ടനായവന്റെ ആയുധമാണെന്നു യുക്തിപരമായി ചിന്തിക്കാം. ഭൗതിവാദത്തിൽ ഉൾപ്പെടുന്ന ലോകസ്നേഹത്തെ ദൈവം ശാസിക്കുന്നതായി 1 യോഹ. 2:15 മുതലുള്ള വാക്യങ്ങളിൽ ദർശിക്കാം. സർവ്വ ലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു (1 യോഹ. 5:19). വിഗ്രഹാരാധന സാത്താന്യ ആരാധനയാണെങ്കിൽ, അത്യാഗ്രഹം വിഗ്രഹാരാധനയാണെങ്കിൽ (കൊലൊ. 3:5). ദൈവത്തിനുള്ള ആരാധനയ്ക്കു തടസ്സമായി നിലകൊള്ളുന്നു ഉപകരമാണ് ഭൗതികവാദം. ഭൗതികവാദം അഥവാ ഭൗതിക കാര്യങ്ങളോടുള്ള സ്നേഹം സാത്താൻ ഉണ്ടാക്കുന്നതാണെന്നതിന്റെ ഉത്തമ ഉദാഹരണം യൂദാ ഈസ്കര്യയ്യോത്താവാണ്.

> അത്താഴം ആയപ്പോൾ **പിശാചു,** ശിമോന്റെ മകനായ യൂദാ ഈസ്കര്യയ്യോത്താവിന്റെ **ഹൃദയത്തിൽ അവനെ കാണിച്ചുകൊടുപ്പാൻ തോന്നിച്ചിരുന്നു** (യോഹ. 13:2)**.**
>
> ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു... (യോഹ. 13:27).

(2) സുഖാനുഭൂതി , ജഡമോഹത്താൽ (എഫെ. 2:1-3; യോഹ. 3:19-20)

> അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിനും **അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും** അധിപനുമായവനെയും അനുസരിച്ചു നടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ **ജഡമോഹങ്ങളിൽ നടന്നു ജഡത്തിനും** മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തുംകൊണ്ടു മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു (എഫെ. 2:1-3).

(3) ആത്മാക്കളെ ആരാധിക്കുന്നതിലൂടെ (അദ്ധ്യായം 5, "ഭൂതശാസ്ത്രം" നോക്കുക)

(a) നേരിട്ട് സാത്താനെ ആരാധിക്കൽ (ലേവ്യ. 19:31; 20:6, 27; ആവ. 18:9-12).

(b) വിഗ്രഹാരാധന

വിഗ്രഹാരാധന സാത്താന്യ ആരാധന തന്നെയാണ് (ആവ. 32:16-17; സങ്കീ. 106:36-37). **സകല വ്യാജമതങ്ങളും വിഗ്രഹാരാധനയാണ്.** വാസ്തവത്തിൽ, ദൈവഭക്തിക്ക് തടസ്സമായി നിൽക്കുന്ന എന്തും ഒരു വിഗ്രഹമാണ്.

(c) സ്വയം പുകഴ്ച്ച, മനുഷ്യവർഗ്ഗപ്രമം, ജീവനത്തിന്റെ പ്രതാപം

ദൈവത്തോടുള്ള മത്സരം മന്ത്രവാദം പോലെയാണെന്ന് ശമുവേൽ വ്യക്തമാക്കുന്നു (1 ശമു. 15:53). സ്വയത്തെ പുകഴ്ത്തുന്നത് അഥവാ ആരാധിക്കുന്നത് വിഗ്രഹാരാധനയുടെ ഒരു രൂപഭേദമാണ്. സകല തരത്തിലുള്ള വിഗ്രഹാരാധനയും പരോക്ഷമായി സാത്താനോടുള്ള ആരാധനയാണ്. കൂടുതൽ വ്യക്തമാക്കിയാൽ, സാത്താനാണ് രക്ഷിക്കപ്പെടാത്ത ഏവരുടെയും ആത്യന്തിക യജമാനൻ (1 യോഹ. 5:19; എഫെ. 2:2). അതിനാൽ, സ്വയാരാധന അഥവാ മനുഷ്യവർഗ്ഗപ്രേമം ഈ ലോകത്തിന്റെ പ്രഭുവിനോടുള്ള ആദരസൂചകമാണ്. അവസാനമായി, മനുഷ്യന്റെ ആത്മാവ് കേവലം ഒരു ആത്മാവു മാത്രമാണ്. മനുഷ്യനെ സ്വയം ആരാധിക്കുന്നത് ആത്മാരാധനയുടെ ഒരു രൂപഭേദമാണ്.

2. സാത്താൻ ദൈവജനത്തെ എതിർ ക്കുന്നു (മത്താ. 16: 23; 2 കൊരി. 2:11; എഫെ. 6:11–12)

സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ (2 കൊരി. 2:11).

പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. **നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോഗങ്ങളിലെ ദുഷ്ടാത്മസേനയോടും** അത്രെ (എഫെ. 6:11–12)

a. സാത്താൻ വിശ്വാസികളെ പരീക്ഷകളിലൂടെ എതിർക്കുന്നു (മത്താ. 4:1; 1 തെസ്സ. 3:5)

(1) ഭൗതികകാര്യങ്ങളോടുള്ള പരീക്ഷണം (മത്താ. 6: 24; 1 യോഹ. 2:15–17)

ദ്രവ്യാഗ്രഹത്താൽ സാത്താൻ മനുഷ്യനെ നിയന്ത്രിക്കുന്നതിൽ വിരുതനാണ്. ഈ ലോകത്തിന്റെ തലവൻ അവനാണ്. അതിനാലാണ് ലോകത്തെ സ്നേഹിക്കരുതെന്ന് വിശ്വാസികളോട് പറഞ്ഞിരിക്കുന്നത് (1 യോഹ. 2: 15–17; 5:19). ഭൗതികവാദം ഉൾപ്പെടെ സകലവിധമായ വിഗ്രഹാരാധനയുടെയും അടിസ്ഥാനം അവനാണ് (കൊലൊ. 3:5).

രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല (മത്താ. 6:24).

(2) അധാർമ്മികതയോടുള്ള പരീക്ഷണം

...നിങ്ങളുടെ **അജിതേന്ദ്രിയത്വം** (Self- Control) **നിമിത്തം സാത്താൻ** നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിനു വീണ്ടും ചേർന്നിരിപ്പിൻ (1 കൊരി. 7:5).

(3) അഹങ്കരിക്കുവാനും സ്വയപ്രാപ്തിയിൽ ആശ്രയിക്കുവാനുമുള്ള പരീക്ഷണം

യിസ്രായേലിനെ എണ്ണുവാൻ ദാവീദിനെ തോന്നിച്ച സാത്താന്റെ സമീപന രീതിയാണിത് (1 ദിന. 21: 1 ff).

നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ **അകപ്പെടാതിരിക്കാൻ** പുതിയ ശിഷ്യനും അരുത് (1 തിമൊ. 3:6).

(4) നുണ പറയുവാനുള്ള പരീക്ഷണം

അവൻ ഭോഷ്ക്കിന്റെ പിതാവാണ് (യോഹ. 8:44).

അപ്പോൾ പത്രൊസ്; അനന്യാസേ, പരിശുദ്ധാത്മാവിനോടു **വ്യാജം കാണിപ്പാനും...** സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതു എന്തു? (പ്രവൃത്തി 5:3).

(5) സംശയിക്കുവാനുള്ള പരീക്ഷണം

ദൈവവചനത്തിന്റെ സത്യം ആദാമും ഹവ്വയും സംശയിക്കണമെന്നു മാത്രമല്ല ദൈവകല്പനയു കൃത്യതയും അവർ സംശയിക്കണമെന്ന് സാത്താൻ ആഗ്രഹിച്ചു. ദൈവം ചില കാര്യങ്ങൾ പറഞ്ഞിട്ടില്ല, ചിലത് പറഞ്ഞത് നുണയാണ്, പാപത്തിന്റെ സന്തോഷം നിങ്ങൾ ആസ്വദിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല- തുടങ്ങിയ വ്യത്യസ്തരീതിയിലുള്ള തോന്നലുകൾ അവരിൽ ഉണ്ടാക്കികാണും.

യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പു കൗശലമേറിയതായിരുന്നു. അതു സ്ത്രീയോട്: തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് **ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ** എന്നു ചോദിച്ചു. സ്ത്രീ പാമ്പിനോട്: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം; എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിനു തോട്ടത്തിന്റെ നടുവിലെ വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയും അരുത് എന്നും ദൈവം കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു. പാമ്പു സ്ത്രീയോട്: **നിങ്ങൾ മരിക്കയില്ല നിശ്ചയം..... എന്നു ദൈവം അറിയുന്നു** (ഉല്പ. 3:1–5).

b. ഭിന്നത സൃഷ്ടിച്ച് സാത്താൻ വിശ്വാസികളെ എതിർക്കുന്നു. കോപവും കൈപ്പും അവൻ ഇഷ്ടപ്പെടുന്നു.

കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ; സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ **കോപം** വെച്ചുകോണ്ടിരിക്കരുത്. **പിശാചിനു ഇടം കൊടുക്കരുത്** (എഫെ. 4:26–27).

എന്നാൽ നിങ്ങൾക്കു ഹൃദയത്തിൽ **കൈപ്പുള്ള** ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിനു വിരോധമായി പ്രശംസിക്കുകയും ഭോഷ്ക്കു പറയുകയുമരുത്. ഇതു ഉയരത്തിൽ നിന്നു വരുന്ന ജ്ഞാനമല്ല, ഭൗമികവും പ്രാകൃതവും **പൈശാചികവും** ആയതത്രെ (യാക്കോ. 3:14–16).

c. അപവാദം പറഞ്ഞും അധൈര്യപ്പെടുത്തിയും സാത്താൻ വിശ്വാസികളെ എതിർക്കുന്നു. "കോതമ്പു പോലെ പാറ്റിക്കളക" എന്നത് സൂചിപ്പിക്കുന്നത്

സാത്താൻ നമ്മെ കേവലം "ഉമി" യാക്കി തീർക്കുകയാണ് (മൂല്യമില്ലാത്ത ജീവിതശൈലി). അതിനാൽ നാം അധൈര്യപ്പെട്ടുപോകും (ലൂക്കൊ. 22:31). കർത്താവാണ് നമ്മുടെ സഹായിയും പ്രതിരോധവും (1 യോഹ. 2:1-2). നമ്മുടെ സകല ചിന്താകുലവും അവൻ മേൽ ഇട്ടുകൊള്ളുവാൻ 1 പത്രൊ. 5:7-ൽ പറയുവാനുള്ള കാരണം 1 പത്രൊ. 5:8-ൽ വ്യക്തമാണ്, "പ്രതിയോഗിയായ സാത്താൻ നമ്മെ നശിപ്പിക്കുവാൻ ശ്രമിക്കുന്നു. ഡയബൊലോസ് നുണയനും അപവാദിയുമാണ്. തുടർച്ചയായി നമ്മെ ദു:ഖത്തിലാഴ്ത്തി തകർക്കുവാൻ അവൻ ആഗ്രഹിക്കുന്നു (വെളി. 12:10 കാണുക).

> ശീമോനേ, ശീമോനേ, സാത്താൻ നിന്നെ **ഗോതമ്പു പോലെ പാറ്റേണ്ടതിനു** കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു; എന്നാൽ നീ ഒരു സമയം തിരിഞ്ഞു വന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക (ലൂക്കൊ 22:31-32).

d. ക്രിസ്തീയ നേതൃത്വത്തിലിരിക്കുന്നവരെ തകർക്കുവാൻ ശ്രമിച്ച് സാത്താൻ വിശ്വാസികളെ എതിർക്കുന്നു (1 ദിന. 21:1-1 തിമൊ. 3:7).

> അനന്തരം **സാത്താൻ യിസ്രായേലിന്നു വിരോധമായി എഴുന്നേറ്റു** യിസ്രായേലിനെ എണ്ണുവാൻ **ദാവിദിനു തോന്നിച്ചു** (1 ദിന. 21:1).

e. അവിശ്വാസികളെ സഭയിൽ നുഴഞ്ഞുകയറുമാറാക്കി സാത്താൻ വിശ്വാസികളെ എതിർക്കുന്നു (മത്താ. 13:25; 36-39; പ്രവൃത്തി. 20:29).

> കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു (മത്താ. 7:15).
>
> ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടി ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു (പ്രവൃ ത്തി. 20:29).

f. ശാരിരിക അസ്വസ്ഥതകൾ നൽകി സാത്താൻ വിശ്വാസികളെ എതിർക്കുന്നു (ഇയ്യോ. 1-2; ലൂക്കോ. 13:11, 16; 2 കൊരി. 12:7).

> അങ്ങനെ **സാത്താൻ** യഹോവയുടെ സന്നിധിവിട്ടു പുറപ്പെട്ടു **ഇയ്യോബിനെ ഉള്ളങ്കാൽ മുതൽ നെറുകവരെ വല്ലാത്ത പരുക്കളാൽ ബാധിച്ചു** (ഇയ്യോ. 2:7).
>
> ...ഞാൻ നിഗളിച്ചു പോകാതിരിക്കേണ്ടതിനു **എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെ തന്നെ** (2 കൊരി. 12:7).

g. അധികാരികളിൽ നിന്നുള്ള പീഡനങ്ങളാലും സാത്താൻ വിശ്വാസികളെ എതിർക്കുന്നു (ദാനി. 10:10; വെളി. 2:10).

> നീ സഹിപ്പാനുള്ളതു പേടിക്കണ്ടാ. നിങ്ങളെ പരീക്ഷിക്കേണ്ടതിനു **പിശാചു** നിങ്ങളിൽ ചിലരെ **തടവിൽ ആക്കുവാൻ പോകുന്നു;** പത്തു ദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും; മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ജീവ കിരീടം നിനക്കു തരും (വെളി. 2:10).

h. നുണപോലുള്ള പൊതുവായ കാര്യങ്ങളാൽ സാത്താൻ വിശ്വാസികളെ എതിർക്കുന്നു (യോഹ. 8:44). വ്യാജ അത്ഭുതങ്ങളാൽ (2 തെസ്സ. 2:9). പ്രത്യേകം പറഞ്ഞിട്ടില്ലാത്ത തടസ്സങ്ങളായും അവൻ എതിർക്കുന്നു (1 തെസ്സ. 2:18).

(വിശ്വാസികളെ തകർക്കുവാനുള്ള സാത്താന്റെ "പ്രവർത്തനങ്ങളുടെ" പരിമിതികളെക്കുറിച്ച് അദ്ധ്യായം 5, "ഭൂതശാസ്ത്രം" വ്യക്തമാക്കുന്നുണ്ട്).

C. സാത്താന്റെ ഭാവികാല പ്രവർത്തികൾ

സാത്താന്റെ ഭാവികാല പ്രവർത്തികളുടെ പൂർണ്ണമായ പട്ടിക ഈ പഠനവിഭാഗത്തെ വീണ്ടും വിശാലമാക്കും (അദ്ധ്യായം 12, "ഭാവികാലശാസ്ത്രം" കാണുക). സഭായുഗം അവസാനിച്ചശേഷം എതിർ ക്രിസ്തുവിന്റെ നേതൃത്വത്തിൽ ലോകഭരണകൂടത്തെ നിയന്ത്രിക്കുവാൻ സാത്താനും കഴിയും (2 തെസ്സ. 2:3-10; വെളി. 13:3-4). അവൻ വിശ്വാസികളെ ഉപദ്രവിക്കും (വെളി. 13:7-8). അർമെഹദ്ദോൻ യുദ്ധത്തിൽ പങ്കെടുക്കുവാനുള്ള ക്രിസ്തുവിന്റെ രണ്ടാം വരവിനെ അവൻ എതിർക്കും (വെളി. 17:14; 19:11; 20:3). മഹോപദ്രവകാലത്തിനുശേഷം, സഹസ്രാബ്ദ വാഴ്ചകാലത്ത് 1,000 വർഷത്തേക്ക് സാത്താൻ പാതാളത്തിൽ ബന്ധിതനായിരിക്കും (വെളി. 20:1-3). സഹസ്രാബ്ദത്തിനുശേഷം ഒരിക്കൽകൂടെ എതിർക്കുവാൻ അവൻ ശ്രമിക്കും. അതിനുശേഷം, നിത്യമായ അഗ്നി തടാകത്തിലേക്കു എറിയപ്പെടും (വെളി. 20:7-10).

അദ്ധ്യായം 5

ഡീമനോളജി

ഭൂതങ്ങളെപ്പറ്റിയുള്ള ഉപദേശം

രൂപരേഖ

I. ഭൂതങ്ങളുടെ അസ്തിത്വം

II. ഭൂതങ്ങളുടെ ഉത്ഭവം

A. ആദാമിനു മുമ്പുള്ള മനുഷ്യരുടെആത്മാക്കൾ

B. വീണുപോയ ഭൂതന്മാരും സ്ത്രീകളും തമ്മിലുള്ള വേഴ്ചയിൽ ഉണ്ടായ അമാനുഷിക സന്തതികളുടെ ആത്മാക്കൾ

C. പാപപ്രകൃതമുള്ള ഭൂതന്മാർ

III. ഭൂതങ്ങളുടെ വ്യക്തിത്വം

IV. ഭൂതങ്ങളുടെ സ്വഭാവ സവിശേഷതകൾ

A. ഭൂതങ്ങൾ ആത്മരൂപികളാണ്

B. ഭൂതങ്ങൾ ധാർമ്മികമായി കളങ്കപ്പെട്ടവരാണ്

C. ഭൂതങ്ങൾ അദൃശ്യരെങ്കിലും വെളിപ്പെടുവാൻ പ്രാപ്തർ

V. ഭൂതങ്ങളുടെ ശക്തി

A. ഭൂതങ്ങൾ അമാനുഷികരെങ്കിലും ശക്തിയിൽ പരിമിതർ

B. ഭൂതങ്ങൾ അമാനുഷികരെങ്കിലും ബുദ്ധിയിൽ പരിമിതർ

C. ഭൂതങ്ങൾ സ്ഥല പരിമിതകൾക്കുള്ളിൽപ്പെടുന്നവരല്ല

VI. ഭൂതങ്ങളുടെ പ്രവർത്തനങ്ങൾ

A. പൊതുവായ പ്രവർത്തനങ്ങൾ

1. സാത്താന്റെ ശക്തിയെ വർദ്ധിപ്പിക്കുന്നു
2. തത്വജ്ഞാനത്തെയും ലോകനേതാക്കന്മാരെയും സ്വാധീനിക്കുന്നു
3. ആധാർമ്മികതയെ വളർത്തുന്നു
4. തെറ്റായ മതങ്ങളെ വളർത്തുന്നു
5. മനുഷ്യമനസ്സിനെയും ശരീരത്തെയും ബാധിക്കുന്നു

B. ഭൂതങ്ങളുടെ ഭാവികാല പ്രവചനങ്ങൾ

1. ഭാവികാലത്തെക്കുറിച്ച് പൈശാചിക സഹായത്താൽ പ്രവചനം
   a. ഭാവിപ്രവചന സമ്പ്രദായത്തെ തിരുവെഴുത്ത് വ്യക്തമാക്കുന്നു.
   b. ജ്യോതിഷത്തെ സംബന്ധിച്ച് തിരുവെഴുത്ത് വ്യക്തമാക്കുന്നു
   c. ഉപസംഹാരം
2. പരേതാത്മബന്ധം
3. മന്ത്രവാദം
4. മന്ത്രവാദപരമായ മയക്കുമരുന്നുപയോഗം

VII. ഭൂതബാധ

A. നിർവചനവും കാരണവും

B. ഭൂതബാധയുടെ പ്രത്യേകതകൾ

1. ഭൂതബാധയുടെ പ്രത്യേകതകളെ സംബന്ധിച്ച തിരുവെഴുത്തിന്റെ വ്യക്തമാക്കൽ
   a. അസാധാരണമായ ശക്തി
   b. സമൂഹത്തിൽ നിന്ന് ഒറ്റപ്പെടൽ
   c. രാപ്പകൽ നിലവിളി
   d. വിഭക്ത വ്യക്തിത്വം
   e. ആത്മിക കാര്യങ്ങളോട് അവഗണന
   f. അസാധാരണമായ ഗ്രാഹ്യശക്തി
   g. ശബ്ദ വ്യത്യാസം
   h. നുരെച്ചു പല്ലുകടിക്കുന്നു
   i. ആശുദ്ധമാക്കുന്നു
   j. ആത്മഹത്യ പ്രവണത
2. ഭൂതബാധയുടെ പ്രത്യേകതകൾ മിഷനറിമാരും ക്രിസ്തീയ ഉപദേശകരും ചൂണ്ടിക്കാണിക്കുന്നു.

C. ഭൂതബാധയും ക്രിസ്തുവിശ്വാസികളും

1, സാത്താന്റെ നാശം
2. വിശ്വാസിയുടെ വീണ്ടെടുപ്പും സംരക്ഷണവും
3. ഉപസംഹാരം

ഡീമനോളജി: ഭൂതങ്ങളെപ്പറ്റിയുള്ള ഉപദേശം

I. ഭൂതങ്ങളുടെ അസ്തിത്വം

ഭൂതങ്ങൾ അഥവാ ഭൂതാത്മാക്കളെ സംബന്ധിച്ച് പുതിയനിയമത്തിലേതുപോലെ പഴയനിയമത്തിൽ പ്രതിപാദിച്ചിട്ടില്ലെങ്കിലും ചുരുക്കം ചില സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട് (ആവ. 32:17; സങ്കീ. 106:37). പുതിയ നിയമത്തിൽ ഭൂതാത്മാക്കളെക്കുറിച്ച് നൂറു പ്രാവശ്യത്തിലധികം പരാമർശിച്ചിട്ടുണ്ട്. ഭൂതങ്ങൾ, ഏകദേശം അറുപത്തിമൂന്നു തവണ; ഭൂതം ബാധിക്കുക, പതിമൂന്നു പ്രാവശ്യം; അശുദ്ധാത്മാവ് അഥവാ ദുരാത്മാവ് ഏകദേശം നാല്പത്തിമൂന്നു പ്രാവശ്യം. എബ്രായ ലേഖകൻ ഒഴികെ മറ്റെല്ലാ പുതിയ എഴുത്തുകാരും ഭൂതങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.

ക്രിസ്തുവിന്റെ അധികാരത്തെ അംഗീകരിക്കുന്നവരെല്ലാം തന്നെ ഭൂതങ്ങളുടെ അസ്തിത്വത്തിലും വിശ്വസിക്കും. അവിടുന്നു ഭൂതങ്ങളുമായി സംഭാഷിച്ചിട്ടുണ്ട് (മത്താ. 8:29) തന്റെ ശിഷ്യന്മാർക്ക് ഭൂതങ്ങളുടെ മേൽ അധികാരം കൊടുത്തു (മത്താ. 10:1 ff), കർത്താവ് "ഭൂതങ്ങളുടെ തലവൻ" എന്ന് സാത്താനെ വിളിക്കുന്നു (മത്താ. 12:24-30).

II. ഭൂതങ്ങളുടെ ഉത്ഭവം

ഭൂതങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് ബൈബിൾ നേരിട്ട് പഠിപ്പിക്കുന്നില്ല സാത്താനൊപ്പം വീണുപോയ ദൂതന്മാരാണ് ഭൂതങ്ങളെന്ന് കൂടുതലും വേദപുസ്തക പഠിതാക്കൾ വിശ്വസിക്കുന്നെങ്കിലും അവരുടെ ഉത്ഭവത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്.

A. ആദാമിനു മുമ്പുള്ള മനുഷ്യരുടെ ആത്മാക്കൾ

ഉല്പത്തി 1:1 നും 1:2 നും മദ്ധ്യേ ഒരു വിടവ് (gap) ഉണ്ടെന്ന് അംഗീകരിക്കുന്നവരാണ് ഈ ആശയം മുന്നോട്ടു വയ്ക്കുന്നത്. അതായത് മനുഷ്യവർഗ്ഗത്തിന്റെ സൃഷ്ടിക്കു മുമ്പുതന്നെ ജീവിച്ചിരുന്ന പൂർവ്വ ആദാമ്യ വർഗ്ഗത്തിന്റെ ആത്മാക്കളാണുപോൽ ഭൂതങ്ങൾ. ദൈവം ആ ലോകത്തെ ന്യായം വിധിച്ചു; കൂടെ മരിച്ചവരെയും. ശരീരരഹിതരായി തീർന്ന ആ ആത്മാക്കൾ മനുഷ്യ ശരീരങ്ങൾ പ്രാപിക്കുവാൻ അലഞ്ഞുതിരിയുന്നു. ഈ വീക്ഷണ പ്രകാരം വീണുപോയ ദൂതന്മാരും ഭൂതങ്ങളും വ്യത്യസ്തരാണ്.

ഈ വിടവ് സിദ്ധാന്തം (gap theory) തെളിയിക്കാനാവാത്ത ഒരു വീക്ഷണം മാത്രം. അസംഭവ്യമായ ഒരു നിഗമനമാണ് ഭൂതങ്ങളെക്കുറിച്ച് ഈ വീക്ഷണം നൽകുന്ന ആശയം.

B. വീണുപോയ ദൂതന്മാരും സ്ത്രീകളും തമ്മിലുള്ള വേഴ്ചയിൽ ഉണ്ടായ അമാനുഷിക സന്തതികളുടെ ആത്മാക്കൾ

വീണുപോയ ദൂതന്മാർ മനുഷ്യശരീരം പ്രാപിച്ച് സ്ത്രീകളുമായി വിവാഹബന്ധത്തിലേർപ്പെട്ട് ഒരു സങ്കരസന്തതി പരമ്പര ഉണ്ടായി എന്നു വിശ്വസിക്കാവുന്ന തരത്തിൽ ചില കാരണങ്ങൾ ഉല്പത്തി 6-ൽ ദർശിക്കാം.[1] ജലപ്രളയത്തിങ്കൽ ആ സങ്കര മനുഷ്യവർഗ്ഗം നശിച്ചു പോവുകയും അവരുടെ ആത്മാക്കളാണ് ഭൂതങ്ങളെന്നു പറയുന്നവരുമുണ്ട്. ഉറപ്പിച്ചു പറയുവാനുള്ള തെളിവില്ല. ഉല്പത്തി 6-ന്റെ വ്യാഖ്യാനം പരിഗണിക്കാതെ തന്നെ, ഭൂതങ്ങളുടെ ഉല്പത്തിയെ സംബന്ധിച്ച തെളിവുകളില്ലാത്ത വ്യാഖ്യാനങ്ങൾ മാത്രമാണിത്. വീണുപോയ ദൂതന്മാർക്ക് ഈ വ്യാഖ്യാനവുമായി ബന്ധമുണ്ടെങ്കിലും ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഭൂതങ്ങളുടെ ഉല്പത്തിയെ ഉറപ്പിക്കാനാവില്ല.

C. പാപ പ്രകൃതമുള്ള ദൂതന്മാർ

തിരുവെഴുത്തുകൾ നേരിട്ട് പഠിപ്പിച്ചിട്ടില്ലാത്ത വിഷയങ്ങൾ വിശാലമായി മനസ്സിലാക്കുവാൻ തിരുവെഴുത്തിലധിഷ്ഠിത അനുമാനങ്ങളാണ് അടുത്ത ഏറ്റവും നല്ല മാർഗ്ഗം. ഭൂതങ്ങൾ വീണുപോയ ദൂതന്മാരാണെന്ന് വേദപുസ്തകം നേരിട്ട് പറയുന്നില്ല, എന്നാൽ വേദപുസ്തക വെളിപ്പെടുത്തൽ പ്രകാരം ആ അനുമാനമായിരിക്കും ഏറ്റവും വിശ്വാസ്യമായ വ്യാഖ്യാനം. സാത്താൻ ഭൂതങ്ങളുടെ തലവനായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു (മത്താ. 12:24). ദുഷ്ട ഭൂതന്മാരുടെ നേതാവും അവൻ തന്നെ (മത്താ. 25:41; വെളി. 12:7-9). ഭൂതങ്ങളെയും (മത്താ. 8:16; ലൂക്കോ. 10:17-20). ഭൂതന്മാരെയും ആത്മരൂപികളായിട്ടാണ് വിളിച്ചിരിക്കുന്നത് (എബ്രാ. 1:14). പാപം ചെയ്ത ദൂതനായ സാത്താന്

[1] വിശുദ്ധ ദൂതന്മാർ സന്തത്യുത്പാദനം നടത്തുന്നില്ല (ലൂക്കോ. 20:35-36, അദ്ധ്യായം 3, കാണുക) അവർ പുല്ലിംഗ ഭാവമുള്ളവരായും (സ്ത്രീലിംഗ വർഗ്ഗമില്ലാത്തവർ) നപുംസകഭാവമുള്ളവരായും നമുക്ക് മനസ്സിലാക്കാം. ഭൗമിക തലങ്ങളിൽ അവർ പുരുഷന്മാരായ മാത്രമെ **പ്രത്യക്ഷപ്പെടാറുള്ളൂ.** എന്നിരുന്നാലും, വിശുദ്ധ ദൂതന്മാരുടെ പ്രവർത്തികളടിസ്ഥാനമാക്കി വീണുപോയ ദൂതന്മാരുടെ സന്തത്യുത്പാദന സാധ്യതയെ തള്ളിക്കളയാനാവുന്നില്ല. അങ്ങനെയെങ്കിൽ ഭൗമിക തലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഭൂതന്മാർക്ക് സന്തത്യുത്പാദനം നടത്തുവാൻ കഴിയുന്നമെന്ന് സങ്കല്പിക്കാം, അല്ലെങ്കിൽ വീണുപോയ ദൂതന്മാർക്ക് പുരുഷ ശരീരങ്ങൾ സ്വീകരിച്ച് മനുഷ്യവർഗ്ഗത്തിനുള്ളിൽ കയറിപ്പറ്റുവാനാകും. വിശുദ്ധ ദൂതന്മാർക്ക് സന്തത്യുത്പാദന ശേഷിയില്ലാത്തതിനാൽ വീണുപോയ ദൂതന്മാരും സ്ത്രീകളും തമ്മിലുള്ള ബന്ധത്തിലുണ്ടായെതന്നു വാദിക്കുന്ന ഉല്പത്തി 6-ന്റെ വ്യാഖ്യാനം തള്ളിക്കളയുവാനാവില്ല. എന്നാൽ ഭൂതങ്ങളുടെ ഉത്ഭവത്തെ സംബന്ധിച്ച ഒരു അപൂർണ്ണമായ വ്യാഖ്യാനമാണിത്.

മനുഷ്യരുടെ ഉള്ളിൽ പ്രവേശിച്ച് അവരെ നിയന്ത്രിക്കാനാകും (ലൂക്കോ. 22:3; യോഹ. 13:27). ഭൂതങ്ങളും അതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു (മത്താ. 12: 22; ലൂക്കോ. 11:14–15). ഭൂതങ്ങളും വീണുപോയ ദൂതന്മാരും തുല്യമായി ഗണിക്കപ്പെട്ടിട്ടില്ലെങ്കിലും അനേക സാദൃശ്യ ങ്ങളുടെ അടിസ്ഥാനത്തിൽ ഭൂതങ്ങൾ വീണുപോയ ദൂതന്മാരാണെന്ന് ഗ്രഹിക്കുവാനാകും.

ഭൂതങ്ങൾ ദുഷ്ടരായ ദൂതന്മാരാണെന്ന അനുമാനപ്രകാരം, ആദിയിങ്കൽ പാപം ചെയ്തപ്പോൾ തന്നെ അവർ ഭൂതങ്ങളായി തീർന്നു. ചെറിയ സൂചന മാത്രമെയുള്ളുവെങ്കിലും പിശാചിനൊപ്പം, മറ്റു ദൂതന്മാരും പാപം ചെയ്തു എന്ന് അനുമാനിക്കുന്നതാണ് യുക്തി ഭദ്രം. (ഭൂതന്മാരിൽ മൂന്നിലൊരു ഭാഗം ആ കൂട്ടത്തിലുണ്ടായിരുന്നിരിക്കാം, വെളി. 12:4). പിശാചായിരുന്നു അവരുടെ നേതാവ്. പാപം ചെയ്തതിന്റെ അനന്തരഫലമായി അവനുണ്ടായ അനുഭവം കണ്ടുകൊണ്ട് ആ ദൂതന്മാർ ദൈവത്തിനെതിരെ മത്സരിച്ചു എന്ന ആശയം അനുയോജ്യമല്ല.

ദുഷ്ട ദൂതന്മാരിൽ രണ്ടു കൂട്ടരുണ്ട്: ഒരു കൂട്ടർക്ക് ഭൂമിയിൽ ഊടാടി സഞ്ചരിച്ച് പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യമുണ്ട്, സുവിശേഷങ്ങളിൽ ഇക്കൂട്ടരുടെ പ്രവർത്തനങ്ങൾ ദർശിക്കാം. മറ്റു കൂട്ടർ പാതാളത്തിൽ ബന്ധനാവസ്ഥയിലായിരിക്കുന്നു (2 പത്രൊ. 2:4; യൂദാ. 6; വെളി. 9:2). അഗ്നിതടാകത്തിലേക്ക് എറിയപ്പെടുന്ന ശിക്ഷ ലഭിക്കുന്നതിനു മുമ്പ് ബന്ധനത്തിലായിരിക്കുന്ന യാതനാസ്ഥലമാണത്(ലൂക്കോ. 8:31). ഒരു സങ്കരസന്തതി പരമ്പര ഉണ്ടാകാതെവണ്ണം സ്ത്രീകളുമായി ബന്ധത്തിലേർപ്പെട്ടു വീണുപോയ ദൂതന്മാരായിരിക്കും അന്ധതമസ്സിൽ ബന്ധനസ്ഥരായിരിക്കുന്നവർ.

III. ഭൂതങ്ങളുടെ വ്യക്തിത്വം

ഭൂതങ്ങൾ കേവലം ഒരു ദുഷ്ടസ്വാധീനതയെയാണ് സൂചിപ്പിക്കുന്നതെന്ന് ചിന്തിക്കുന്നവരുണ്ടാകും. അജ്ഞരായ പുരാതന മനുഷ്യർ മാനസിക അസ്വസ്ഥതയെ വിവരിക്കുവാനുപയോഗിച്ച പ്രയോഗ മായും കരുതുന്നവരുണ്ട്. [2] ബുദ്ധി, ഇച്ഛ, വികാരം, എന്നിവ ഉള്ള വ്യക്തികളാണ് ഭൂതങ്ങളെന്ന് വേദ പുസ്തകം പഠിപ്പിക്കുന്നു. അവർക്ക് ബുദ്ധിയുണ്ട് ക്രിസ്ത്യാനികളെക്കുറിച്ച് അറിയുകയും ചെയ്യാം (മർക്കോ. 1:24, 34; ലൂക്കോ. 4:34; 8:28; പ്രവ. 19:15). അവർക്ക് ദൈവശാസ്ത്രമറിയാം (യാക്കോ. 2:19). ഭൂതങ്ങൾക്ക് വികാരമുണ്ട്. അവരുടെ ഭയത്തെക്കുറിച്ച് ബൈബിൾ വ്യക്തമാക്കുന്നു (ലൂക്കോ. 8:28; യാക്കോ. 2:19). ഭൂതങ്ങൾക്ക് ഇച്ഛാശക്തിയുണ്ട്. പാതാളത്തിലേക്ക് പോകുന്നതിനു പകരം പന്നികളിൽ പ്രവേശിപ്പാൻ അവർ തിരഞ്ഞെടുപ്പു നടത്തി (ലൂക്കോ. 8:22). അവരുടെ ഇച്ഛ ക്രിസ്തുവിന്റെ അധികാരത്തിനു വിധേയമാണ് (മത്താ. 8:16; 10:1; മർക്കോ. 1:27). വ്യക്തിത്വ സർവ്വനാമങ്ങൾ ഭൂതങ്ങൾക്കു പകരം ഉപയോഗിച്ചിരിക്കുന്നതാണ് അവർ വ്യക്തികളാണെന്നു പറയുവാനുള്ള മറ്റൊരു തെളിവ്.

> "നസറയനായ യേശുവെ, **ഞങ്ങൾക്കും** നിനക്കും തമ്മിൽ എന്തു? **ഞങ്ങളെ** നശിപ്പിപ്പാൻ വന്നുവോ? നീ ആർ എന്നു **ഞാൻ,** അറിയുന്നു; ദൈവത്തിന്റെ പരിശുദ്ധൻ തന്നെ" എന്നു പറഞ്ഞു (മർക്കോ. 1:24).

IV. ഭൂതങ്ങളുടെ സ്വഭാവ വിശേഷതകൾ

A. ഭൂതങ്ങൾ ആത്മരൂപികളാണ്

ഭൂതങ്ങൾ ആത്മാക്കളാണെന്ന് ഏകദേശം നാല്പത്തി മൂന്നു പ്രാവശ്യം പുതിയനിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നു (ഉദാ. മത്താ. 8:16; ലൂക്കോ. 10:17–20). അവർ ജഡരക്തങ്ങൾക്ക് വ്യതിരേകമാണെന്ന് പറഞ്ഞിട്ടുണ്ട് (എഫെ. 6:1–2). ആത്മാക്കളെന്ന നിലയിൽ അവർ അദൃശ്യരും സ്ഥലപരിമിതികൾക്കുള്ളിൽ പരിമിതപ്പെടുന്നവരുമല്ല. ഒരു മനുഷ്യശരീരത്തിനുള്ളിൽ രണ്ടായിരത്തോളം ഭൂതങ്ങൾക്ക് വസിക്കാമെന്ന് അനുമാനിക്കാം. (മർക്കോ. 5:9 കാണുക).

B. ഭൂതങ്ങൾ ധാർമ്മികമായി കളങ്കപ്പെട്ടവരാണ്.

ഭൂതങ്ങൾ ആത്മാക്കളാണെന്നു മാത്രമല്ല, അവർ അശുദ്ധാത്മാക്കളെന്ന് വിളിക്കപ്പെട്ടിരിക്കുന്നു (മത്താ. 10:1; മർക്കോ. 1:23; ലൂക്കോ. 11: 24), ദുരാത്മക്കൾ (ലൂക്കോ. 7:21), അന്ധകാരത്തിന്റെ ലോകാധിപതികൾ, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേന (എഫെ. 6:12) എന്നൊക്കെ വിശേഷിക്കപ്പെട്ടിട്ടുണ്ട്. ചില ഭൂതങ്ങൾ മറ്റുള്ളവയെക്കാൾ ദുഷ്ടത നിറഞ്ഞതാണ് (മത്താ. 12:45).

C. ഭൂതങ്ങൾ അദൃശ്യരെങ്കിലും വെളിപ്പെടുവാൻ പ്രാപ്തർ

ഭൂതങ്ങൾ സാരാംശത്തിൽ ആത്മജീവികളായതിനാൽ അവർ സ്വഭാവികമായി അദൃശ്യരുമാണ്. അവർക്ക് വെളിച്ച ദൂതന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടാനാവും (2 കൊരി. 11:14). എന്നാൽ പ്രവചന സംഭവങ്ങളിൽ ഭൂതങ്ങൾ അറപ്പുതോന്നിക്കുന്ന വിധത്തിൽ ബീഭത്സമായാണ് വെളിപ്പെടുന്നത് (വെളി. 9:7–10; 17; 16:13–16).

V. ഭൂതങ്ങളുടെ ശക്തി.

A. ഭൂതങ്ങൾ അമാനുഷികരെങ്കിലും ശക്തിയിൽ പരിമിതർ

ഭൂതബാധിതർക്കു സാധാരണ മനുഷ്യരെക്കാൾ

[2] See Steven Waterhouse, *strength For His People; A ministry To Families of the mentally III (*Amarillo, TX: Westcliff Press, 2002) 91- 101- for the distinction between mental illness and demon possession.

ശക്തിയുണ്ട്. ചങ്ങലകണ്ണികൾ പൊട്ടിച്ചെറിയുവാൻ അവർക്ക് കഴിയും (മർക്കോ. 5:3-4; ലൂക്കോ. 8:29). മന്ത്രവാദികളെ അവർ വേഗത്തിൽ കീഴ്പ്പെടുത്തി (പ്രവ. 19:16). മഹാ പീഡനത്തിങ്കൽ പാതാളത്തിൽ നിന്നെഴുന്നേറ്റു വരുന്ന ഭൂതങ്ങളുടെ കൂട്ടത്തിന് കൊല്ലുവാൻ അനുവാദം ദൈവം നൽകുകയില്ല. എങ്കിലും അവരുടെ ഉപദ്രവം അസഹ്യ വും ജനം മരിക്കുവാൻ ആഗ്രഹിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യും (വെളി. 9:1-11). ഭൂതങ്ങൾ അമാനുഷിക ശക്തിയുള്ളവരെങ്കിലും അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള അവരുടെ ശക്തി പരിമിതമാണ് (മന്ത്രവാദികൾ പുറ. 7-8; മത്താ. 7:21-23; 24:24; പ്രവ. 8:9; 16: 16; 2 തെസ്സ. 2:9; 2 തിമൊ. 3:8; വെളി. 13:13; 16:13-14).

> മഹാസർപ്പത്തിന്റെ വായിൽ നിന്നും മൃഗത്തിന്റെ വായിൽ നിന്നും കള്ളപ്രവാചകന്റെ വായിൽ നിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറത്തു വരുന്നതു ഞാൻ കണ്ടു. ഇവ സർവ്വ ഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വ ശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നെ (വെളി. 16:13, 14).

B. ഭൂതങ്ങൾ അമാനുഷികരെങ്കിലും ബുദ്ധിയിൽ പരിമിതർ

ഭൂതങ്ങൾ സൃഷ്ടിയുടെ ആരംഭം മുതൽക്കുതന്നെ നിലവിലുള്ളവരായിരുന്നതിനാൽ മനുഷ്യരെക്കാൾ കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞു. ദൂതന്മാർക്ക് മനുഷ്യരെക്കാൾ മഹാജ്ഞാനം ഉള്ളതിനാൽ ഭൂതങ്ങൾക്കും അങ്ങനെതന്നെയുണ്ട് (2 ശമു. 14:20).

C. ഭൂതങ്ങൾ സ്ഥലപരിമിതികൾക്കുള്ളിൽ പെടുന്നവരല്ല.

രണ്ടായിരത്തിലധികം ഭൂതങ്ങൾക്ക് ഒരു സ്ഥലത്ത് വസിക്കുവാൻ കഴിയുന്നതിനാൽ അവർ സ്ഥലത്തിനധീനരാണ് (മർക്കോ. 5:9). ഒരു ശരീരത്തെ ബാധിക്കുവാൻ അവർക്കു കഴിയുമെന്നതുകൊണ്ട് ശാരീരിക അതിരുകളെ മറികടക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുന്നു. എങ്കിലും ദൂതന്മാർ സർവ്വവ്യാപികളല്ലാത്തതുപോലെ ഭൂതങ്ങളും സർവ്വശക്തരല്ല.

VI. ഭൂതങ്ങളുടെ പ്രവർത്തനങ്ങൾ

A. പൊതുവായ പ്രവർത്തനങ്ങൾ

1. സാത്താന് വിധേയപ്പെട്ട് അവന്റെ ശക്തിയെ വിശാലമാക്കുകയും (മത്താ. 12:24, 25:41; വെളി. 12:7), അവനോടു ഐക്യപ്പെട്ടും അന്യോന്യം കൈകോർത്തും പ്രവർത്തിക്കുന്നവരാണ് ഭൂതങ്ങൾ (മത്താ. 12:26,45; എഫെ. 6:11-12; 1 തിമൊ. 4:1). ഫ്രാങ്കിൻ പറഞ്ഞതു പോലെ അലസന്റെ മനസ്സ് "സാത്താന്റെ പ്രവർത്തനശാല" ആയിരിക്കും, എന്നാൽ സാത്താൻ ഒരിക്കലും അലസനല്ല. ഇയ്യോബ് 1:7 ൽ കാണുന്ന സാത്താൻ ഒരിക്കലും അലസനല്ല. ഇയ്യോബ് 1:7-ൽ കാണുന്ന സാത്താൻ ഭൂമിയിലങ്ങോളമിങ്ങോളം ഊടാടി സഞ്ചരിക്കുന്നു. പിശാചു അലറുന്ന സിംഹം പോലെ ചുറ്റിത്തിരിഞ്ഞു നടക്കുന്നതായി 1 പത്രൊ. 5:8 പറയുന്നു. തന്റെ ദൂതഗണങ്ങളുടെ സഹായത്താൽ അനേക സ്ഥലങ്ങളിൽ സ്വാധീനം ചെലുത്തുവാൻ സാത്താന് കഴിയും. സഹായമില്ലാതെ ഇത്രമാത്രം ശക്തി പ്രാപിക്കുവാൻ അവന് കഴിയില്ല.

2. ഭൂതങ്ങൾ തത്വജ്ഞാനത്തെയും ലോകനേതാക്കന്മാരുടെ പ്രവൃത്തികളെയും സ്വാധീനിക്കുന്നു. ദാനിയേൽ 10-ൽ പേർഷ്യയിലെ പൈശാചികനായ പ്രഭുവിനെ ക്കുറിച്ച് പറഞ്ഞിരിക്കുന്നു (വാ. 13). വാക്യം 20-ൽ ഗ്രീസിലെ പൈശാചികനായ പ്രഭുവിനെപ്പറ്റി സൂചിപ്പിച്ചിരിക്കുന്നു. പേർഷ്യ ഗ്രീക്കു സമൂഹങ്ങൾ ദുഷ്ടന്റെ മഹാപ്രവർത്തനങ്ങളിലും ഉപദേശങ്ങളിലും വലിയ പങ്കു വഹിച്ചിട്ടുണ്ട്. "ഈ ലോകത്തിന്റെ ദൈവം" ദുഷ്ടാത്മാക്കളിലൂടെ ഇന്നും ലോകഭരണതലത്തെ നിയന്ത്രിക്കുന്നു."

3. ഭൂതങ്ങൾ തെറ്റായ മതങ്ങളെ വളർത്തുന്നു (ആവ. 32:17; സങ്കീ. 106:38; 1 കൊരി. 10:20 തുടങ്ങിയ ഭാഗങ്ങൾ ജാതിയമതങ്ങളുടെ ഭൂതാരാധനയുടെ യാഥാർത്ഥ്യത്തെ വ്യക്തമാക്കുന്നു. ഇന്നും ജാതിയ മതാചാരങ്ങളുടെ വളർച്ചയ്ക്കു പിന്നിൽ ഭൂതങ്ങളാണെന്ന് വിശ്വസിക്കുവാൻ എല്ലാ കാരണവുമുണ്ട്.

4. ഭൂതങ്ങൾ അധാർമ്മികതയെ വളർത്തുന്നു. സാത്താൻ അസന്മാർഗ്ഗികതയെ വളർത്തുന്നതായി എഫെ. 2:1-3 പഠിപ്പിക്കുന്നു. ഭൂതങ്ങളും അതിൽ ഉൾപ്പെട്ടിരിക്കുന്നു എന്നത് യുക്തിവഹമാണ്.

5. ഭൂതങ്ങൾക്ക് മനുഷ്യമനസ്സിനെയും ശരീരത്തെയും ബാധിക്കുവാനാകും. ശാരീരികമായി ബാധിക്കുന്ന സാത്താന്റെ ദൂതനെക്കുറിച്ച് പൗലോസ് എഴുതിയിരിക്കുന്നു (2 കൊരി. 12:7). ലൂക്കോസ് 13:11-ൽ ഒരു ദുഷ്ടാത്മാവ് മുഖാന്തരം ഉണ്ടായ ഒരു അസുഖത്തെക്കുറിച്ച് കാണാം. അത് സാത്താൻ കാരണം ഉണ്ടാക്കുന്നതാണെന്ന് ബൈബിൾ **പഠിപ്പിക്കുന്നില്ല.** എങ്കിലും ചിലരുടെ അന്ധത, ബധിരത, മൂകത തുടങ്ങിയ ഭൂതാത്മാ വിലൂടെയാകാം (മത്താ. 12:22; മർക്കോ. 9:20-29; ലൂക്കോ. 13:11). ശരീരത്തെ ബാധിക്കുന്നതുകൂടെ മനുഷ്യരുടെ വികാരങ്ങളെ മുറിപ്പെടുത്തുവാനും ഭൂതത്തിനു കഴിയും. സുവിശേഷങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ഭൂത ബാധിതർ ഓടി ഒളിക്കുന്നവരും, വൃത്തിയില്ലാത്തവരും (ശ്മശാനങ്ങളിൽ വസിക്കുന്നവർ)

സ്വയം ഹത്യ ചെയ്യുന്നവരുമാണ് (മർക്കോ. 5:3, 5; മർക്കോ. 9:22; ലൂക്കോ. 8:27, 9:39).

> അവന്റെ **പകർപ്പു കല്ലറകളിൽ** ആയിരുന്നു; ആർക്കും അവനെ ചങ്ങലകൊണ്ടുപോലും ബന്ധിച്ചു കൂടാഞ്ഞു... അവൻ രാവും പകലും കല്ലറകളിലും മലകളിലും ഇടവിടാതെ നിലവിളിച്ചും **തന്നെത്താൻ കല്ലുകൊണ്ടു ചതെച്ചും** പോന്നു (മർക്കോ. 5:3, 5).

> **അതു അവനെ നശിപ്പിക്കേണ്ടതിനു പല പ്പോഴും തീയിലും വെള്ളത്തിലും തള്ളിയിട്ടു;** നിന്നാൽ വല്ലതും കഴിയും മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കേണമെ എന്നു പറഞ്ഞു (മർക്കോ. 9:22).

B. ഭൂതങ്ങളും ഭാവികാല പ്രവചനങ്ങളും

പൈശാചിക സഹായത്താൽ വരുവാനുള്ള കാര്യങ്ങൾ വെളിപ്പെടുത്തുന്ന രീതിയെ oocult എന്നാണ് വിളിക്കുന്നത്. ഗുപ്തം, നിഗൂഢം, ദൈവിക സത്യത്തിൽ നിന്ന് ആളുകളെ വഴിതെറ്റിക്കുവാൻ ഭൂതങ്ങളുടെ സഹായത്താൽ സാത്താൻ പ്രയോഗിക്കുന്ന തന്ത്രമാണിത്.

1. ഭാവികാലത്തെക്കുറിച്ച് പൈശാചിക സഹായത്താൽ പ്രവചിക്കുന്ന സംവിധാനമാണിത്. പലവിധ മാർഗ്ഗങ്ങ ളിലൂടെ ഭാവികാലം പ്രവചിക്കുന്നവരുണ്ട്. ഹസ്തരേഖാ, ജ്യോതിഷം, ജനിച്ച നാളിന്റെ അടിസ്ഥാനത്തിൽ, നക്ഷത്രങ്ങളുടെ കിടപ്പനുസരിച്ച്, സ്വപ്നങ്ങളുടെ സഹായത്താൽ, പക്ഷികളെക്കൊണ്ട്, തിരുവെഴുത്തുകൾ ശക്തമായി എതിർക്കുന്ന കാര്യമാണ് ജ്യോതിഷം. ആഭിചാര ക്രിയയിലൂടെയുള്ള ഭാവികാല പ്രവർത്തനത്തെ ദൈവം എതിർക്കുന്നു.

a. ഭാവിപ്രവചന സമ്പ്രദായങ്ങളെ തിരുവെഴുത്ത് വ്യക്തമാക്കുന്ന രീതി.

> ഞാൻ **ജല്പകരന്മാരുടെ ശകുനങ്ങളെ** വ്യർത്ഥമാക്കുകയും **പ്രശ്നക്കാരെ** ഭ്രാന്തന്മാരാക്കുകയും....” (യെശ. 44:25).

> “യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. നിങ്ങളുടെ ഇടയിലുള്ള നിങ്ങളുടെ **പ്രവാചകന്മാരും പ്രശ്നക്കാരും** നിങ്ങളെ ചതിക്കരുത്; നിങ്ങൾക്കു കാണുന്ന സ്വപ്നങ്ങളെ കൂട്ടാക്കുകയും അരുത്. അവർ എന്റെ നാമത്തിൽ നിങ്ങളോടു ഭോഷ്ക്കു പ്രവചിക്കുന്നു. **ഞാൻ അവരെ അയച്ചിട്ടില്ല** എന്നു യഹോവയുടെ അരുളപ്പാട് (യിരെ. 29:8-9).

> ഗൃഹബിംബങ്ങൾ മിത്ഥ്യാത്വം സംസാരിക്കുകയും **ലക്ഷണം പറയുന്നവർ വ്യാജം ദർശിച്ചു** വ്യർത്ഥ സ്വപ്നം പ്രസ്താവിച്ചു വൃഥാ ആശ്വസിപ്പിക്കുകയും ചെയ്യുന്നു; അതുകൊണ്ട് അവർ ആടുകളെപ്പോലെ പുറപ്പെട്ടു ഇടയൻ ഇല്ലായ്കകൊണ്ടു വലഞ്ഞിരിക്കുന്നു (സെഖ. 10:2).

> ഞങ്ങൾ പ്രാർത്ഥനാ സ്ഥലത്തേക്കു ചെല്ലുമ്പോൾ വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞു യജമാനന്മാർക്ക് വളരെ ലാഭം വരുത്തുന്ന ഒരു ബാല്യക്കാരത്തി ഞങ്ങളെ എതിരേറ്റു (പ്രവൃ.16:16).

(യെഹെസ്ക്കേൽ 21 : 21 ff കാണുക)

b. ജ്യോതിഷത്തെ സംബന്ധിച്ച് തിരുവെഴുത്തുകൾ കൂടുതൽ വ്യക്തമാക്കുന്നു.

> നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ഏതൊരു പട്ടണത്തിലെങ്കിലും നിന്റെ ദൈവമായ യഹോവയ്ക്കു അനിഷ്ടമായുള്ളതുചെയ്തു അവന്റെ നിയമം ലംഘിക്കുകയും ഞാൻ കല്പിച്ചിട്ടില്ലാത്ത അന്യ ദൈവങ്ങളെയോ സൂര്യചന്ദ്രന്മാരെയോ ആകാശത്തിലെ ശേഷം സൈന്യത്തെയോ ചെന്നു **സേവിച്ചു നമസ്ക്കരിക്കുകയും** ചെയ്ത പുരുഷനാകട്ടെ സ്ത്രീയാകട്ടെ നിങ്ങളുടെ ഇടയിൽ കണ്ടു പിടിക്കുകയും.. പട്ടണവാതിലിനു പുറത്തു കൊണ്ടുപോയി **കല്ലെറിഞ്ഞു കൊല്ലണം (**ആവ. 17:2, 3, 5).

> നിന്റെ ആലോചനാ ബാഹുല്യംകൊണ്ടു നീ വലഞ്ഞിരിക്കുന്നു; **ജ്യോതിഷക്കാരും നക്ഷത്രം നോക്കുന്നവരും** നിനക്കു വരുവാനുള്ള മാനസാന്തരം അറിയിക്കുന്നവരും ഇപ്പോൾ എഴുന്നേറ്റു നിന്നെ രക്ഷിക്കട്ടെ; ഇതാ, അവർ താളടിപോലെ ആയി തീക്കു ഇരയാകും; അവർ **അഗ്നിജ്വാലയിൽ നിന്നു** തങ്ങളെ തന്നെ **വിടുവിക്കുകയില്ല;** അതു കുളിർ മാറ്റുവാൻ തക്ക കനലും കായുവാൻ തക്ക തീയുമില്ല (യെശ. 47:13-14).

> ജാതികളുടെ വഴി പഠിക്കരുത്; **ആകാശത്തിലെ ലക്ഷണങ്ങൾ കണ്ടു ഭ്രമിക്കരുത്;** ജാതികൾ അല്ലോ അവ കണ്ടു ഭ്രമിക്കുന്നതു (യിരെ. 10:2).

> ഞാൻ യെഹൂദയുടെ മേലും യെരൂശലേമിലെ സകല നിവാസികളുടെ മേലും കൈ നീട്ടും; ഞാൻ ഈ സ്ഥലത്തു നിന്നു ബാലിന്റെ ശേഷിപ്പിനെയും പുരോഹിതന്മാരോടുകൂടെ പൂജാരികളുടെ പേരിനെയും മേൽപുരകളിൽ **ആകാശത്തിലെ സൈന്യത്തെ നമസ്ക്കരിക്കുന്നവരെയും** യഹോവയെച്ചൊല്ലിയും മല്ക്കാമിനെച്ചൊല്ലിയും സത്യം ചെയ്തു നസ്ക്കരിക്കുന്ന വരെയും.. ഛേദിച്ചുകളയും (സെഫ. 1:4-6).

(2 രാജാ. 23:1; ആമോസ് 5:26; പ്രവൃത്തി 7:41-43 കാണുക).

C. ഉപസംഹാരം

പഴയ-പുതിയ നിയമങ്ങൾ കള്ളപ്രവാചകന്മാരെപ്പറ്റി ഒരുപോലെ വിശ്വാസികൾക്ക് മുന്നറിയിപ്പു നൽകുന്നു. മാന്ത്രിക വിദ്യകളാൽ ഭാവികാലപ്രവചനം നടത്തുന്നവർ അനേകരുണ്ടെന്നും അവരുടെ പ്രവചനം ചിലപ്പോൾ സത്യമായി വരുമെന്നും വേദപുസ്തകം വ്യക്തമാക്കുന്നു. എന്നിരുന്നാലും, ഭാവിയെ സംബന്ധിച്ച് സാത്താന് പൂർണ്ണമായ അറിയില്ല. അതിനാൽ അവന്റെ പ്രവചനങ്ങൾ എപ്പോഴും കൃത്യമായി വരില്ല. പഴയനിയമ വിശുദ്ധന്മാർക്ക് തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിൽ ഇത്തരം പ്രവചനങ്ങൾ ശരിയോ തെറ്റോ എന്നു വേർതിരിച്ചറിയാനാകുമായിരുന്നു (ആവ. 13:1-5; 18:20-22; യെശ. 19:20). സഭയുടെ ക്രമമനുസരിച്ച് ഇത്തരം പ്രവചനങ്ങളെയും പ്രവാചകന്മാരെയും തള്ളിക്കളയണം. കാരണം അപ്പോസ്തലന്മാരും പ്രവാചകന്മാരും സഭയുടെ അടിസ്ഥാനത്തിന്റെ ഭാഗമായിരുന്നു (എഫെ. 2:20). പ്രവാചകരെന്നു അവകാശപ്പെടുന്നവരെ സഭയിൽ നിന്ന് പുറത്താക്കണം. ദൈവിക വെളിപ്പാടെന്നു പറഞ്ഞു പ്രവചിക്കുന്നവർക്കു വാസ്തവത്തിൽ ക്രിസതുവിനെ അറിയുകയില്ല (മത്താ. 7:15; 24:24). (ഇന്നത്തെ പ്രവാചകന്മാരുടെ കറക്കിക്കുത്തുപോലുള്ള പ്രവചനങ്ങൾ സത്യമായി വന്നാലും അംഗീകരിക്കാനാവില്ല! കള്ളപ്രവാചകന്മാർക്ക് ചിലപ്പോൾ കൃത്യമായി പ്രവചിക്കാനാകുമെന്ന് പഴയനിയമം മുന്നറിയപ്പു നൽകുന്നു. ഭൂതങ്ങൾ അവരുടെ തെറ്റായ സന്ദേശങ്ങൾ അറിയിക്കുവാൻ കള്ളപ്രവാചകന്മാരെ ഉപയോഗിക്കുന്നു. ഏതു സന്ദേശവും തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു മാത്രമെ അംഗീകരിക്കാവൂ (1 യോഹ. 4:1).

2. പരേതാത്മ ബന്ധം

മരിച്ചുപോയവരുടെ ആത്മാക്കളുമായി ബന്ധപ്പെടുവാനുള്ള ശ്രമമാണ് spiritism അഥവാ പരേതാത്മ ബന്ധം. പരേതാത്മാക്കളുമായി ബന്ധം പുലർത്തുവാൻ ശ്രമിക്കുന്നവരെ വിളിക്കുന്നത്. മരിച്ചുപോയ ഒരു വ്യക്തിയുമായി ബന്ധം പുലർത്തുവാനാവില്ലെന്ന് പ്രഥമതാ: മനസ്സിലാക്കണം, ലാസറിന്റെയും ധനവാന്റെയും സംഭവം അതു വ്യക്തമാക്കുന്നു, വേർപെട്ടുപോയ ആത്മാക്കൾക്ക് ഭൂമിയുമായി ബന്ധപ്പെടാനാവില്ല (ലൂക്കോ. 16:24; സങ്കീ. 88:10; എബ്രാ. 9:27 കാണുക). [3] ഏതു തരത്തിലുള്ള ആശയവിനിമയം നടന്നാലും അത് ഭൂതങ്ങളുമായിട്ടാണ്. സൃഷ്ടിയുടെ ആരംഭം മുതൽക്കുതന്നെയുള്ള ഭൂതങ്ങൾക്ക് ജീവിച്ചിരുന്ന മനുഷ്യരെ സംബന്ധിച്ച് അനേക കാര്യങ്ങൾ അറിയാം. അവരുടെ ശബ്ദം പോലും അനുകരിക്കുവാൻ കഴിഞ്ഞേക്കാം. പരേതാത്മബന്ധമെന്ന നിലയിൽ മനുഷ്യമനസ്സുകളെ വശീകരിച്ച് ആഭിചാര ശക്തിയാൽ നിയന്ത്രിക്കുവാൻ ഭൂതങ്ങൾക്ക് കഴിയും. അങ്ങനെ ക്രൂശിന്റെ രക്ഷണ്യശക്തി മനുഷ്യർക്ക് മറവായി തീരുന്നു. നാം മോശയുടെ ന്യായപ്രമാണത്തിൻ കീഴിലല്ലാത്തതിനാൽ പരേതാത്മ ബന്ധം സൂക്ഷിക്കുന്നവർക്ക് അതിൽ പറഞ്ഞിരിക്കുന്ന മരണശിക്ഷ നടപ്പാക്കുവാനാവില്ല. എങ്കിലും ഇത്തരം കാര്യങ്ങളോടുള്ള ദൈവത്തിന്റെ മനോഭാവം ന്യായപ്രമാണത്തിൽ നിന്ന് ഗ്രഹിക്കാനാകും (1 ശമു. 28:7; 1 ദിന. 10:13-14; രാജാ. 23:24 കാണുക).

> **വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും** അടുക്കൽ പോകരുത്. അവരാൽ അശുദ്ധരായി തീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കുകയും ചെയ്യരുത്. നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു (ലേവ്യ. 19:31).
>
> **വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും** പിന്നാലെ പരസംഗം ചെയ്വാൻ പോകുന്നവന്റെ നേരെയും ഞാൻ ദൃഷ്ടി വെച്ച അവനെ അവന്റെ ജനത്തിൽ നിന്നു ഛേദിച്ചുകളയും (ലേവ്യ. 20:6).
>
> **വെളിച്ചപ്പാടോ മന്ത്രവാദമോ,** ഉള്ള പുരുഷൻ ആകട്ടെ സ്ത്രീയാകട്ടെ മരണശിക്ഷ അനുഭവിക്കേണം; അവരെ കല്ലെറിഞ്ഞു കൊല്ലേണം; അവരുടെ രക്തം അവരുടെമേൽ ഇരിക്കും (ലേവ്യ. 20:27).
>
> **വെളിച്ചപ്പാടന്മാരോടു** ചിലെക്കുകയും ജപിക്കുകയും ചെയ്യുന്നവരായ ലക്ഷണവാദികളോടു അരുളപ്പാടു ചോദിപ്പിൻ എന്നു അവർ നിങ്ങളോടു പറയുന്നുവെങ്കിൽ ജനം തങ്ങളുടെ ദൈവത്തോടല്ലയോ ചോദിക്കേണ്ടത്? ജീവനുള്ളവർക്കുവേണ്ടി മരിച്ചവരോടോ ചോദിക്കേണ്ടത്? (യെശ. 8:19-20).

3. മന്ത്രവാദം

ഭാവികാല പ്രവചനത്തോടുള്ള ബന്ധത്തിൽ വീക്ഷിക്കുമ്പോൾ മന്ത്രവാദം ദൃശ്യമായ എന്തെങ്കിലും ദൃഷ്ടാന്തമല്ല, മറിച്ച് മനുഷ്യന്റെ സ്വഭാവിക കഴിവിനുമപ്പുറം ഭൂതങ്ങളുടെ സഹായത്താൽ ചെയ്യുന്ന വിദ്യയാണത്, പൈശാചിക സഹായത്താൽ സാധിച്ചെടുക്കുന്ന കർമ്മം. ''ആഭിചാരകർ'', ''ക്ഷുദ്രക്കാർ'', ''മന്ത്രവാദികൾ'' എന്നൊക്കെ ഇത്തരം വിദ്യകൾ ചെയ്യുന്നവരെ വേദ പുസ്തകം വിളിക്കുന്നു. മന്ത്രത്തകിട്, മോഹനിദ്ര, സന്താനഭാഗ്യം, മയക്കുമരുന്ന്,

[3] Communication with the prophet Samuel in I Sam. 28 was a special exception allowed by God. Notice the witch was surprised to see Samuel (1 Sam. 28: 12).

പ്രേമസാഫല്യം എന്നിങ്ങനെ അനേകം കാര്യങ്ങൾ മന്ത്രവാദ കർമ്മങ്ങളിൽ ഉൾപ്പെടുന്നു. അത്ഭുതം ചെയ്യുവാനുള്ള സാത്താന്റെയും ഭൂതങ്ങളുടെയും ശക്തിക തിരുവെഴുത്ത് പൂർണ്ണമായും വ്യക്തമാക്കുന്നുണ്ട് (ഭാഗം-5 ഭൂതങ്ങളുടെ ശക്തികാണുക 2 രാജാ. 21:6;2 ദിന. 33:6 കാണുക).

> **"ക്ഷുദ്രക്കാരത്തിയെ** നീ ജീവനോടെ വെക്കരുത്" (പുറ. 22:18).
>
> ''ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും പ്രമാണിച്ചു നടപ്പിൻ; അതിനോടു കൂട്ടരുത്; അതിൽ നിന്നു കുറെക്കയും അരുത്. നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനോ സ്വപ്നക്കാരനോ എഴുന്നേറ്റു; നീ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു സേവിക്ക എന്നു പറഞ്ഞുകൊണ്ടും ഒരു അടയാളമോ **അത്ഭുതമോ** മുന്നറിയിക്കുകയും അവൻ പറഞ്ഞ അടയാളമോ അത്ഭുതമോ, സംഭവിക്കുകയും ചെയ്താൽ ആ പ്രവാചകന്റെയോ സ്വപ്നക്കാരന്റെയോ വാക്കു നീ കേട്ടനുസരിക്കരുത്; നിങ്ങളുടെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ നിങ്ങൾ സ്നേഹിക്കുന്നുവോ എന്നു അറിയേണ്ടതിനു നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ പരീക്ഷിക്കുകയാകുന്നു" (ആവ. 13:1-4).
>
> "തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ **ആഭിചാരകൻ , ക്ഷുദ്രക്കാരൻ, മന്ത്രവാദി,** വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അജ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ **നിങ്ങളുടെ ഇടയിൽ കാണരുത് "** (ആവ. 18:10-11).

4. മന്ത്രവാദപരമായ മയക്കുമരുന്നുപയോഗം

മന്ത്രവാദകർമ്മങ്ങളിൽ മയക്കു മരുന്നുപയോഗവും ഉൾപ്പെടുന്നതായി തിരുവെഴുത്തു സൂചിപ്പിക്കുന്നു. കൈവിഷവും മറ്റും ഇറക്കുന്നെന്ന് അവകാശപ്പെടുന്ന 'മന്ത്രവാദ വൈദ്യന്മാരെ" ശ്രദ്ധിച്ചാൽ ഈ കാര്യം വ്യക്തമാകും. മയക്കുമരുന്നിനടിയപ്പെട്ടവരെ ഭൂതങ്ങൾ വേഗം സ്വാധീനിച്ച് വശത്താക്കും. അവരുടെ മനസ്സുകളുടെ നിയന്ത്രണം ഏറ്റെടുക്കും. മന്ത്രവാദ കർമ്മങ്ങളിൽ മയക്കുമരുന്നുപ്രയോഗങ്ങളുടെ കടന്നുകയറ്റം ഈ തലമുറകളിൽ വർദ്ധിച്ച വസ്തുതയാദൃശ്ചികമല്ല. മയക്കുമരുന്നുപയോഗത്തെ സൂചിപ്പിക്കുന്ന ഗ്രീക്കു പ്രയോഗം/ *Pharmakia* എന്നാണ്. ഇതിൽ നിന്നാണ് *Pharmacy* എന്ന വാക്കുരുവായത്. മന്ത്രവാദി എന്ന സംബോധനയിൽ തന്നെ ഉൾപ്പെട്ടിരിക്കുന്ന കാര്യമാണ് മയക്കുമരുന്നു പ്രയോഗം. (വെളി. 9:21; 18:23 കാണുക).

> ജഡത്തിന്റെ പ്രവൃത്തികളോ.... **ആഭിചാരം (**Pharmakia, **ഫാർമാകിയാ)** (ഗലാ. 5:19-20).
>
> എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, **ക്ഷുദ്രക്കാർ** (വെളി. 21:8).
>
> നായ്ക്കളും **ക്ഷുദ്രക്കാരും** ദുർന്നടപ്പുകാരും കുലപാതകന്മാരും.. ഏവനും പുറത്തു തന്നെ (വെളി. 22:15).

VII. ഭൂതബാധ

A. നിർവചനവും കാരണവും

ഒരു വ്യക്തിയുടെ ശരീരത്തിൽ ഒന്നൊ അതിലധികമോ ഭൂതങ്ങൾ പ്രവേശിച്ച് ആ വ്യക്തിയെ പൂർണ്ണമായി നിയന്ത്രിക്കുന്ന അവസ്ഥയാണ് ഭൂതബാധ. ഭൂതബാധയ്ക്ക് ഒരു പ്രത്യേകകാരണം തിരുവെഴുത്ത് നൽകുന്നില്ലെങ്കിലും മന്ത്രവാദാചരങ്ങളിൽ താല്പര്യം പ്രഥമതാ: പ്രകടിപ്പിക്കുകയും അല്ലെങ്കിൽ സ്വയം അമാനുഷിക ശക്തികൾക്ക് വിധേയപ്പെടുകയും ചെയ്യുന്നതിലൂടെയാണ് ഇതു സംഭവിക്കുന്നതെന്ന് അനേകർ വിശ്വസിക്കുന്നു. കുട്ടികളെ സംബന്ധിച്ച് മാതാപിതാക്കളുടെ ആഭിചാരബന്ധത്തിലായിരിക്കും അവരെ ഭൂതം ബാധിക്കുന്നത് (മർക്കോ. 9:21).

B. ഭൂതബാധയുടെ പ്രത്യേകതകൾ

പൈശാചിക സ്വാധീനമില്ലാതെ തന്നെ പാപത്തിന്റെ മായാവലയത്തിനുള്ളിൽ അകപ്പെടുവാൻ തക്കവണ്ണം മനുഷ്യഹൃദയം ഏറ്റവും ദുഷ്ടത നിറഞ്ഞതാണ് (യിരെ. 17:9; മത്താ. 15:19). ഭൂതബാധയെ കൈകാര്യംചെയ്യുന്നത് വളരെ കരുതലോടുകൂടി വേണം. ഭൂതം ബാധിച്ച ഒരുവൻ തകർക്കപ്പെടുവാൻ ഒരു ക്രിസ്തു വിശ്വാസിയുടെ സാന്നിദ്ധ്യം കാരണമായേക്കും. കാരണം പൈശാചികന് ഏറ്റവും ഇഷ്ടമല്ലാത്ത വ്യക്തിയാണ് ക്രിസ്തുവിശ്വാസി. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂതബാധിതരുടെ പ്രത്യേകതകൾ വ്യത്യസ്ഥമാണ്.

1. ഭൂതബാധയുടെ പ്രത്യേകതകൾ തിരുവെഴുത്ത് വിവിധ ഭാഗങ്ങളിൽ കൂടെ വ്യക്തമാക്കുന്നു (മത്താ. 8:28 ff; മർക്കോ. 5:1; 9:17 ff; ലൂക്കോ. 8:26). തുടർ പ്രതിപാദിച്ചിരിക്കുന്ന പ്രത്യേകതകൾ ഒരു ഭൂതബാധിതനായ വ്യക്തിയെ സംബന്ധിച്ചുള്ളതാണ്.

a. അസാധാരണമായ ശക്തി (ചങ്ങലകളാൽ ബന്ധിക്കുവാനായില്ല)

b. സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടു (കല്ലറകളിൽ വാസം)

c. രാപ്പകൽ നിലവിളി

d. വിഭക്ത വ്യക്തിത്വം (കർത്താവിനെ ആരാധി

ക്കുവാൻ ഓടിച്ചെല്ലുന്നു, അതേ സമയം കർത്താവിനെ എതിർക്കുന്നു).

e. ആത്മിയ കാര്യങ്ങളോട് അവഗണന (കർത്താവ് വേഗം അവനെ വിട്ടുപോകണമെന്ന് അവൻ ആഗ്രഹിക്കുന്നു).

f. അസാധാരണമായ ഗ്രാഹ്യശക്തി (ക്രിസ്തു ആരെന്നും ശിക്ഷിക്കുവാനാകുന്ന അവിടത്തെ ശക്തിയെയും മനസ്സിലാക്കുന്നു).

g. ശബ്ദ വ്യത്യാസം (ഭൂതങ്ങൾ ശബ്ദം പുറപ്പെടുവിക്കുന്നു).

h. നുരെച്ചു പല്ലു കടിക്കുന്നു (മർക്കോ. 9:18 ff).

i. അശുദ്ധമാക്കുന്നു (കല്ലറകളിൽ വാസം)

j. ആത്മഹത്യ പ്രവണത (കല്ലുകൊണ്ട് സ്വയം മുറിവേല്പ്പിക്കുന്നു, തീയുടെയും വെള്ളത്തിന്റെയും അടുത്തേക്ക് ഓടുന്നു).

2. ഭൂതബാധയുടെ പ്രത്യേകതകൾ മിഷനറിമാരും ക്രിസ്തീയ ഉപദേശകന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭൂതബാധിതരെന്നു നീരീക്ഷിക്കപ്പെട്ട ചിലരുടെ പ്രത്യേക സ്വാഭാവരീതികൾ തുടർന്നു നൽകുന്നു.

- പുതിയ വ്യക്തിത്വ ഭാവ പ്രകടനം
- അമാനുഷികമായ അറിവ്.ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഭാഷകളിൽ സംസാരം
- അമാനുഷിക ശക്തി
- ധാർമ്മിക അധപതനം
- നൈരാശ്യം
- ആഹ്ലാദ ചിത്തൻ അല്ലെങ്കിൽ രൗദ്രഭാവം
- അബോധ മനസ്സിലെ സംഭാഷണം
- നുരപ്പിക്കൽ
- പ്രാർത്ഥനയോടും വചനപാരായണത്തോടും അവഗണന
- കർത്താവിന്റെ നാമത്തെ എതിർക്കൽ
- ഭയം
- രോഗമോ മുറിവോ ഇല്ലാതെ വേദനാനിർഭരമായ തോന്നൽ [4]

C. ഭൂതബാധയും ക്രിസ്തു വിശ്വാസികളും

ക്രിസ്തുവിശ്വാസികളെ ഭൂതങ്ങൾ ബാധിക്കുകയില്ലെന്നാണ് യാഥാസ്ഥിതിക വേദപണ്ഡിതന്മാർ പഠിപ്പിക്കുന്നത്. പരിശുദ്ധാത്മാവ് ഒരു വിശ്വാസിയുടെ ഉള്ളിൽ വസിക്കുന്നതിനാൽ ക്രിസ്തു വിശ്വാസിയെ ഭൂതത്തിന് ബാധിക്കുവാനാവില്ലെന്നാണ് സാധാരണ പറയുന്ന വസ്തുത. എന്നിരുന്നാലും, അതേ ആശയമെടുത്ത് ഒരു വിശ്വാസിയുടെ ഉള്ളിൽ പാപത്തിനും വസിക്കുവാൻ കഴിയുകയില്ലെന്ന് വാദിക്കാം. പരിശുദ്ധാത്മാവ് ഉള്ളപ്പോൾ തന്നെ പാപത്തെ പരിപോഷിപ്പിക്കുവാൻ സാധിക്കുമെന്നതിനാൽ വിശ്വാസികളിൽ ഭൂതബാധ അസാദ്ധ്യമെന്ന് തീർച്ചപ്പെടുത്തി പഠിപ്പിക്കാനാവില്ല. ക്രിസ്തു വിശ്വാസികളും ഭൂതബാധിതരാകുവാൻ സാദ്ധ്യതയുണ്ടെന്ന് ഉപസംഹരിക്കുന്നതാണ് ഉത്തമം. എന്നാൽ രക്ഷ അതിനാൽ നഷ്ടപ്പെടുകയില്ല. ഇത്തരത്തിലുള്ള ബാധയുടെ തുടക്കം വിശ്വാസിയുടെ ഏതെങ്കിലും തരത്തിലുള്ള പൈശാചികനോടുള്ള സഹകരണത്താൽ മാത്രമാണ്.

1. സാത്താനെയും ഭൂതങ്ങളെയും ക്രൂശിൽ കർത്താവ് പരാജയപ്പെടുത്തിയെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു.

> ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ **ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും** (യോഹ. 12:31).
>
> **ഈ ലോകത്തിന്റെ പ്രഭു** വിധിക്കപ്പെട്ടിരിക്കകൊണ്ടു ന്യായവിധിയെക്കുറിച്ചും തന്നെ (യോഹ. 16:11).
>
> വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ **ജയോത്സവം കൊണ്ടാടി** അവരെ പരസ്യമായ കാഴ്ചയാക്കി (കൊലൊ. 2:15).
>
> മക്കൾ ജഡരക്തങ്ങളുടുകൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ **പിശാചിനെ** തന്റെ മരണത്താൽ **നീക്കി...** (എബ്രാ. 2:14).
>
> **..പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ ദൈവപുത്രൻ പ്രത്യക്ഷനായി** (1 യോഹ. 3:8).

2. ക്രൂശിലെ കർത്താവിന്റെ മരണത്താൽ പിശാചിന് നേരിട്ട പരാജയം മൂലം ജനത്തെ പിശാചിന്റെ നിയന്ത്രണത്തിൽ നിന്ന് വിടുവിക്കുവാൻ ദൈവത്തിന് നീതിപൂർവ്വമായ ഒരു അടിസ്ഥാനം ലഭിച്ചു. ആ മറുവില നൽകപ്പെടുന്നതിനു മുമ്പ് പൈശാചികന് വീണുപോയ മനുഷ്യവർഗ്ഗത്തിനുമേൽ അവകാശമുണ്ടായിരുന്നു. ക്രൂശുമരണം മനുഷ്യന്റെ വീണ്ടെടുപ്പിന് അടിസ്ഥാനമായി തീർന്നു. കർത്താവ് പൂർണ്ണമായ വില കൊടുത്ത് മനുഷ്യവർഗ്ഗത്തിനുമേലുള്ള പിശാചിന്റെ നിയന്ത്രണം ഇല്ലാതാക്കി. ക്രൂശുമരണത്താൽ പിശാചിനല്ല മറുവില നൽകിയത്, മറിച്ച് ദൈവിക നീതിയുടെ നിവർത്തിയായിരുന്നു അത്. ഭൂതാത്മാക്കൾ സജീവ

[4] See.C. Fred Dickason, *Angels: Elect and Evil* (Chicago: Moody Press, 1975) 185- 86).

മാണെങ്കിലും ക്രൂശിങ്കൽ അവരുടെ ശക്തി നഷ്ട പ്പെട്ടവരാണ്.

സാത്താന്റെയും അവന്റെ ദൂതന്മാരുടെയും ആധിപത്യ ത്തിൽ നിന്ന് ഒരു വിശ്വാസി മോചനം പ്രാപിച്ചിരിക്കുന്നു. **പിശാചിനോട് സഹകരിക്കാത്ത, അവനോട് ഒട്ടും താ ല്പര്യം കാണിക്കാത്ത ഒരു വിശ്വാസി ഭൂതബാധിതനാ യി തീരുകയില്ല.** ഒരു വിശ്വാസി ഭൂതബാധിതനായി തീർന്നാൽ അവൻ തികച്ചും പരിശുദ്ധാത്മ നിയന്ത്രണം ഉപേക്ഷിച്ചവനും പിശാചിനോട് വളരെ താല്പര്യ മുള്ളവനും അവന്റെ പ്രവൃത്തികളിൽ സഹകരിക്കുവാൻ ആഗ്രഹിച്ചവനുമായിരിക്കും.

വിശ്വാസി ആയിത്തീർന്ന ഒരുവൻ ഒരിക്കലും അന്ധകാര ത്തിന്റെ പങ്കുകാരനാവില്ല. യഥാർത്ഥത്തിൽ ക്രിസ്തു വിൽ വിശ്വസിച്ചവനാണെങ്കിൽ പിശാചിനെ ഉപേക്ഷിച്ച് ക്രിസ്തുവിനെ പിൻതുടരും. അവൻ ക്രിസ്തുവിന്റെ രാജ്യത്തിനവകാശിയും ദൈവ മകനുമാണ്. പിശാചിന്റെ ദാസനായ ക്രിസ്ത്യാനിയെന്നോ ഇല്ല. ആയതിനാൽ, ഒരു വിശ്വാസി ഭൂതബാധിതനായിത്തീർന്നാൽ **അത് താല്ക്കാലികഅവസ്ഥ മാത്രമാണെന്നും ക്രിസ്തുവി ലുള്ള ക്രിസ്ത്യാനിയുടെ സ്ഥാനം നഷ്ടപ്പെടില്ലെന്നും മനസ്സിലാക്കിയിരിക്കണം.** ഒരു ക്രിസ്ത്യാനി ഭൂതബാധി തനാകുമെന്ന് വേദപുസ്തകം നേരിട്ട് പഠിപ്പിക്കുന്നില്ല. അത് സംഭവിച്ചാൽ തന്നെ ആ വിശ്വാസിയുടെ താല്പര്യം അതിലുണ്ടായിരുന്നെന്നും അത് അവന്റെ ഏറ്റവും പരിതാപകരമായ അവസ്ഥയാണെന്നും ഓർക്കണം. എന്നാൽ അത് താത്ക്കാലിക നിയന്ത്രണം മാത്രമാണ്, ആ അവസ്ഥ ഒരിക്കലും തുടരുകയില്ല.

> "സത്യം അറികയും **സത്യം നിങ്ങളെ സ്വതന്ത്രരാ ക്കുകയും** ചെയ്യും എന്നു പറഞ്ഞു" (യോഹ. 8:32). ''പുത്രൻ നിങ്ങൾക്കു **സ്വാതന്ത്ര്യം വരുത്തിയാൽ** നിങ്ങൾ **സാക്ഷാൽ സ്വതന്ത്രർ ആകും"** (യോഹ. 8:36).
>
> ''അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല **ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം അവരെ കാത്തുകൊള്ളേണം** എന്നത്രെ ഞാൻ അപേക്ഷിക്കുന്നത്" (യോഹ. 17:15).
>
> എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നു വെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു **പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു** നീതി ക്കു ദാസന്മാരായി തീർന്നതുകൊണ്ടു ദൈവത്തി നു സ്തോത്രം. പാപത്തിനു ദാസന്മാരായിരുന്ന പ്പോൾ നീതിയെ സംബന്ധിച്ചു സ്വതന്ത്രരായിരു ന്നുവല്ലോ (റോമ. 6:17–18, 20).
>
> മരണത്തിനോ, ജീവനോ, **ദൂതന്മാർക്കോ, വാഴ്ച കൾക്കോ അധികാരങ്ങൾക്കോ** ഇപ്പോഴുള്ള തിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു **യാതൊരു സൃഷ്ടിക്കോ** നമ്മുടെ കർ ത്താവായ യേശു ക്രിസ്തുവിലുള്ള **ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരി പ്പാൻ കഴികയില്ല** എന്നു ഞാൻ ഉറെച്ചിരിക്കുന്നു (റോമ. 8:38–39).
>
> മുമ്പെ **നിങ്ങൾ ഇരുളായിരുന്നു;** ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു (എഫെ. 5:8).
>
> നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു **വിടുവിച്ചു;** തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി" (കൊലൊ. 1:13).
>
> ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; **പിശാചിനോടു എതിർത്തു നില്പ്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും''** (യാക്കോ. 4:7).
>
> ...തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും **വിടുവിച്ചു** (എബ്രാ. 2:15).
>
> ...നിങ്ങളുടെ പ്രതിയോഗിയായ **പിശാച്** അല റുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു.. അവനോടു **എതിർത്തു നില്പ്പിൻ"** (1 പത്രൊ. 5:8–9).
>
> **നിങ്ങളിലുള്ളവർ ലോകത്തിൽ ഉള്ളവനെ ക്കാൾ വലിയവനല്ലോ** (1 യോഹ. 4:4).
>
> ...ദൈവത്തിൽ നിന്നു ജനിച്ചവൻ തന്നെത്താൻ **സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്ന തുമില്ല** (1 യോഹ. 5:18).

3. ഉപസംഹാരം

ഒരു ക്രിസ്തു വിശ്വാസിയെയും ഭൂതബാധയെയും പരിഗണിക്കാതെ തന്നെ വിശ്വാസികൾ പിശാചിനാൽ ഭൂതഗണങ്ങളിലൂടെ നിയന്ത്രിക്കപ്പെടുമെന്ന് എല്ലാവരും അംഗീകരിക്കുന്നു (2 കൊരി. 11:13–15; എഫെ. 4:27; യാക്കോ. 3:15). വിശ്വസ്തനായ ഒരു വിശ്വാസി ആഭിചാര ത്തിന്റെ നിഴൽപോലും അവഗണിക്കും. അപ്പോൾ ഭൂതബാധ കേവലം ഒരു പാഠ്യ വിഷയമായിരിക്കും, ഒരിക്കലും ഒരു പ്രായോഗിക പ്രശ്നമാവുകയില്ല.

അദ്ധ്യായം 6

അന്ത്രപ്പോളജി

മനുഷ്യനെപ്പറ്റിയുള്ള പഠനം

രൂപരേഖ

I. മനുഷ്യന്റെ ഉല്പത്തി
   A. സൃഷ്ടിപ്പിന്റെ യാഥാർത്ഥ്യം
   B. സൃഷ്ടിപ്പിന്റെ സമയം
II. മനുഷ്യന്റെ ആരംഭ പ്രകൃതം
   A. ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട
   B. ദൈവിക സാദൃശ്യത്തോട് ബന്ധപ്പെട്ട മനുഷ്യന്റെ അവസ്ഥ
      1. മനുഷ്യൻ ദൈവത്തിന്റെ ധാർമ്മിക സാദൃശ്യത്തിൽ
      2. മനുഷ്യൻ ദൈവത്തിന്റെ വ്യക്തിപരമായ സാദൃശ്യത്തിൽ
III. മനുഷ്യന്റെ വീഴ്ച
   A. വീഴ്ചയുടെ വസ്തുത
   B. വീഴ്ചയുടെ പരിണിത ഫലം
      1. വേർപാട്
      2. ശാരീരിക മരണം
      3. ആത്മീക മരണം
         a. ആത്മീക മരണത്തിന്റെ ഉത്ഭവം ആദാമിൽ.
         b. ജനിച്ചിട്ടുള്ള ഏവരും ആത്മീകമായി മരിച്ചവർ
         c. വ്യക്തിപരമായ പാപവും, ആത്മീക മരണവും തമ്മിലുള്ള ബന്ധം
         d. ആത്മീക മരണത്തെകുറിച്ചുള്ള വേദപുസ്തകത്തിലെ മറ്റ് ഭാഗങ്ങൾ
      4. സാർവ്വത്രികവും പൂർണ്ണവുമായ അധ:പതനം
         a. ഹൃദയത്തിന്റെ പ്രശ്നം
         b. സാർവ്വത്രിക പ്രശ്നങ്ങൾ
      5. സ്ത്രീയോടുള്ള ബന്ധത്തിൽ വീഴ്ചയുടെ പരിണിതഫലം
      6. പുരുഷനോടുള്ള ബന്ധത്തിൽ വീഴ്ചയുടെ പരിണിത ഫലം
      7. വീഴ്ചയുടെ പരിണിതഫലം മറ്റ് സൃഷ്ടികളിൽ
IV. ദേഹിയുടെ ഉത്ഭവം
V. മനുഷ്യന്റെ അഭൗതിക സ്വഭാവത്തിന്റെ ഘടന
   A. ഡൈക്കോട്ടമിസ്റ്റ്(ദ്വിഭാജന) വാദത്തിന്റെ തെളിവുകൾ
      1. ദേഹിയും, ആത്മാവും പര്യായങ്ങളായി ഉപയോഗിച്ചിരിക്കുന്നു.
      2. ചിലപ്പോൾ ദേഹവും ആത്മാവും ഒരു പൂർണ്ണ വ്യക്തിയെ കാണിക്കുന്നു.
      3. ട്രൈക്കോട്ടമിസ്റ്റ്(ത്രിഭാജന) കാഴ്ചപ്പാടിനെ ഖണ്ഡിക്കൽ
   B. ത്രിഭാജന ആശയത്തിനുള്ള തെളിവുകൾ
   C. വിഷയത്തെ അടിസ്ഥാനമാക്കിയ ആശയങ്ങൾ.
VI. മനുഷ്യന്റെ ഭൗമികഅസ്തിത്വം

അന്ത്രപ്പോളജി: മനുഷ്യനെപ്പറ്റിയുള്ള പഠനം

I. മനുഷ്യന്റെ ഉല്പത്തി

പരിണാമസിദ്ധാന്തം ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിൽ ഉപദേശസംരക്ഷകർ വേദപുസ്തകശാസ്ത്രത്തെക്കാൾ തർക്കശാസ്ത്ര വിജ്ഞാനമേഖലയ്ക്ക് പ്രാധാന്യം നൽകുന്നു. സൃഷ്ടിവാദത്തിന് അനുകൂലമായ ശാസ്ത്രീയ സത്യങ്ങൾ ആരായുന്നവർക്ക് സൃഷ്ടി ശാസ്ത്രം പ്രചരിപ്പിക്കുന്ന സംഘടനകളിൽ നിന്നും വിവിരപ്പട്ടിക ലഭിക്കും. എന്നാൽ വേദപുസ്തകശാസ്ത്രത്തിന്റെ പഠിതാവ് എന്ന നിലയിൽ നമ്മുടെ ഉടനെയുള്ള ആവശ്യം മനുഷ്യന്റെ ഉല്പത്തിയോടുള്ള ബന്ധത്തിൽ ദൈവ വചനം എന്തു പഠിപ്പിക്കുന്നു എന്നതാണ്. പരിണാമ വാദത്തിന്റെ യാന്ത്രിക പ്രക്രിയ ഏതും ഇല്ലാതെ ദൈവം മനുഷ്യനെ നേരിട്ട് സൃഷ്ടിച്ചു എന്ന് ദൈവ വചനം ഉറപ്പിക്കുന്നു.

A. സൃഷ്ടിപ്പിന്റെ വസ്തുത

മനുഷ്യന്റെ സൃഷ്ടിപ്പിനെ കുറിച്ചു വസ്തുത തിരസ്ക്കരിക്കാനാവാത്ത വിധം സ്പുടതയോടും ആവർത്തിച്ചും ദൈവവചനത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു. ഈ ഉപദേശത്തെ നിരസിക്കുവാൻ ദൈവവചനത്തിലുള്ള വിശ്വാസം അനുവദിക്കുന്നില്ല. ഇത് കൂടാതെ, യേശു ക്രിസ്തു ആദിമ മനുഷ്യനായ ആദാമിന്റെ ആക്ഷരിക സൃഷ്ടിപ്പിനെ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരിക്കുന്നതിനാൽ യേശുക്രിസ്തുവിന്റെ ആധികാരികത ഉറപ്പിക്കപ്പെടുന്നു (കാണുക ഈയ്യോ. 38; സങ്കീ. 8, 148; മർ. 10:6; എബ്രാ. 2:7).

അനന്തരം ദൈവം: "**നാം നമ്മുടെ** സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ **ഉണ്ടാക്കുക**...." (ഉല്പ. 1:26).

"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് **മനുഷ്യനെ നിർമ്മിച്ചിട്ടു** അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിതീർന്നു" (ഉല്പ. 2:7).

"ആറുദിവസംകൊണ്ട് **യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി...**" (പുറ. 20:11).

"നീ, നീ മാത്രം യഹോവ ആകുന്നു. നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും **അവയിലുള്ള സകലത്തെയും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു.... ആകാശത്തിലെ സൈന്യം നിന്നെ നമസ്കരിക്കുന്നു**" (നെഹ. 9:6).

"യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി, **അവൻ അരുളി ചെയ്തു അങ്ങനെ സംഭവിച്ചു; അവൻ കല്പിച്ചു;** അങ്ങനെ സ്ഥാപിതമായി (സങ്കീ. 33:6,9).

"അതിന് അവൻ, **സൃഷ്ടിച്ചവൻ** ആദിയിൽ അവരെ **ആണും പെണ്ണുമായി സൃഷ്ടിച്ചു** എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ" (മത്താ. 19:4).

"അതുകൊണ്ട് **ഏക മനുഷ്യനാൽ** പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു; എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദാമിന്റെ ലംഘനത്തിന് തുല്യമായി പാപം ചെയ്യാത്തവരിലും മരണം **ആദാം** മുതൽ മോശെവരെ വാണിരുന്നു (റോമ. 5:12,14).

"**ആദാമിൽ** എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും; .....**ഒന്നാം മനുഷ്യനായ ആദാം** ജീവനുള്ള ദേഹിയായിതീർന്നു...." (1 കൊരി. 15:22,45).

"കർത്താവേ **നീ സർവ്വവും സൃഷ്ടിച്ചവനും** എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും, സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈകൊള്ളുവാൻ യോഗ്യൻ എന്നു പറഞ്ഞുകൊണ്ട് തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന് മുമ്പിൽ ഇടും" (വെളി. 4:11).

B. സൃഷ്ടിപ്പിന്റെ സമയം

ജനിപ്പിച്ചു എന്നതിന്റെ എബ്രായ ആശയം "പൂർവ്വികൻ ആകുക" എന്നാണ്. അതുപോലെ ഒരുമനുഷ്യന്റെ പുത്രൻ എന്നതുകൊണ്ട് അവന്റെ സന്തതി എന്നും അർത്ഥമാകുന്നു. ("അബ്രഹാം പിതാവ്," "ദാവീദിന്റെ സന്തതി" ഇവ ചിന്തിക്കുക) വേദപുസ്തക വംശാവലിയിൽ സാരമല്ലാത്ത വിടവുകൾ വന്നിട്ടുണ്ട് (ഉദാ. മത്താ. 1:8-ൽ യോരാം ഉസ്സിയാവെ ജനിപ്പിച്ചു എന്ന് പറഞ്ഞിരിക്കുന്നെങ്കിലും യോരാമിന്റെ കൊച്ചുമകന്റെ മകനാണ് ഉസ്സിയാവ്)[1]. യഥാർത്ഥത്തിൽ കുടുംബത്തിലെ പ്രമുഖരുടെ പേരുകൾ മാത്രം ചേർക്കുവാനെ ഗ്രന്ഥകർത്താവ് ശ്രമിച്ചിട്ടുള്ളു.

ഉല്പത്തി 5 മുതൽ 11 വരെയുള്ള വംശാവലി പഠനത്തിൽ ബിഷപ്പ് അഷേർ വിശ്വസിക്കുന്നതുപോലെ B.C.4004 -ലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് എന്ന് നിഷ്കർഷിച്ച് വിശ്വസിക്കേണ്ട. കുടുംബത്തിലെ പ്രമുഖരുടെ പേരുകൾ മാത്രം ഉൾകൊണ്ട്കൊണ്ട് മാനവരാശിയുടെ ഞെട്ടിപ്പിക്കുന്ന കാല ദൈർഘ്യത്തിന്റെ കണക്കുകൾ അംഗീകൃതമല്ല. മാനവരാശിയുടെ ദൈർഘ്യം 10 ലക്ഷം വർഷങ്ങളാണ് എന്ന് കാണിക്കുവാൻ, ആദം മുതൽ അബ്രഹാംവരെയുള്ള ഓരോരുത്തരുടെയും ജീവിതകാലങ്ങളിൽ 50,000 വർഷങ്ങൾ വ്യത്യാസം ഉണ്ടായിരുന്നു എന്ന് പറയുന്നു. ഇത് സത്യത്തിൽ വംശാവലിയിൽ ഉള്ള വിടവിനെ അർത്ഥശൂന്യമായി പൊരുപ്പിച്ചുകാണിക്കുന്നു. അത്തരത്തിലുള്ള ഒരു വംശാവലി ഉപയോഗശൂന്യമായ ഒന്നാണ്. ഇതിൽ അറിയപ്പെടാത്ത ഇടവേള B C 4004-ന് മുമ്പുള്ള വളരെ ചുരുങ്ങിയ ആയിരം വർഷങ്ങൾ മാത്രമാകാം. നിലവിലുള്ള ഇടവേളകൾ കൂടി ഉൾപ്പെടുത്തിയാലും മാനവരാശി ഇപ്പോഴും ചെറുപ്പമാണ്.

II. മനുഷ്യന്റെ ആരംഭ പ്രകൃതം

A. ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടു.

'ദേഹി'ക്കുപയോഗിച്ചിരിക്കുന്ന, എബ്രായ യവന വാക്കുകൾ മൃഗങ്ങൾക്കും ഉപയോഗിച്ചിരിക്കുന്നു (ഉദാ. ഉല്പ. 1:20-21, 24, 30; വെളി. 8:9; 16:3) മൃഗങ്ങൾക്കും ജീവശ്വാസം ഉണ്ടന്ന് പറഞ്ഞിരിക്കുന്നു (ഉല്പ. 6:17; 7:15,22)[2] മൃഗങ്ങളിൽ നിന്ന് മനുഷ്യനെ വ്യത്യസ്ഥനാക്കുന്നത് മനുഷ്യൻ ദൈവീകസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടു എന്നതാണ്.

[1]കാണുക, J. Dwight Pentecost, *The Words and Works of Jesus Christ*(Grand Rapids, Zondervan Publishing, 1981) 33-39 for an excellent treatment of genealogies

[2] മനുഷ്യനും, മൃഗങ്ങൾക്കും ഒരേപോലെയുള്ള ദേഹിയാണ് എന്ന് വ്യാഖ്യാനിക്കുവാൻ കഴികയില്ല. മൃഗങ്ങളിൽനിന്നും മനുഷ്യനുള്ള അടിസ്ഥാപരമായ ഔന്നത്യം ദൈവത്തിന്റെ സാദൃശ്യത്തിൽ അവൻ സൃഷ്ടിക്കപ്പെട്ടു എന്നതാണ്.

പൊടികൊണ്ട് സൃഷ്ടിച്ച മനുഷ്യനിൽ ദൈവം പ്രത്യേകമായി ഊതി എന്നത് അവൻ മൃഗത്തെക്കാളും പ്രാധാന്യം ഉള്ളവൻ എന്ന് കാണിക്കുന്നു. ജീവശ്വാസം അവയിൽ ഉണ്ടെങ്കിലും അവന്റെ ജീവൻ നല്കുന്ന ശ്വാസം ഉള്ളതായി ഒരിക്കലും പറഞ്ഞിട്ടില്ല (ഉല്പ. 2:7). എന്തായിരുന്നാലും മനുഷ്യന്റെ അപ്രമേയ സവിശേഷത അവൻ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടു എന്നതാണ് (ഉല്പ. 1:26). ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടു എന്നതിന്റെ നിർവ്വചനം വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്നത് മനുഷ്യന്റെ വീഴ്ചയിലൂടെ ആ സാദൃശ്യം നഷ്ടമായി എന്ന വാക്യത്തിലൂടെയാണ്.

> "അനന്തരം ദൈവം; **നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക"** (ഉല്പ. 1:26).

B. ദൈവിക സാദൃശ്യത്തോട് ബന്ധപ്പെട്ട് മനുഷ്യന്റെ ഇപ്പോഴത്തെ അവസ്ഥ

ഉല്പ. 9:6; 1 കൊരി. 11:7, യാക്കോബ് 3:9 മുതലായ വേദഭാഗങ്ങൾ പഠിപ്പിക്കുന്നത് വീഴ്ചക്ക് ശേഷവും ദൈവീക സാദൃശ്യത്തിൽ ചില ഘടകങ്ങൾ അവനിൽ ഉണ്ടെന്നത് അവന്റെ ഔന്നത്യത്തെ കാണിക്കുന്നു. അതിനാൽ ശപിക്കുന്നതും, കൊല്ലുന്നതും ദൈവത്തിന് സ്വീകാര്യമല്ല, അത് ഒരു രക്ഷിക്കപ്പെടാത്തവൻ കൂടിയാണെങ്കിലും അവനിൽ ദൈവിക സാദൃശ്യത്തിന്റെ ചില ഘടകങ്ങൾ ഉണ്ട്. ഈ ഉപദേശത്തിന് വിരോധമായി ശബ്ദമുയർത്തുന്ന സമൂഹം മനുഷ്യജീവന്റെമൂല്യം നഷ്ടമാക്കുന്നു. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതാണ് മനുഷ്യജീവന്റെ വിലയ്ക്ക് ആധാരം. ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്ന ഉപദേശം വിലകുറച്ച് കാണുമ്പോൾ സൃഷ്ടിയായ മനുഷ്യനും അതേ മൂല്യച്യുതി സംഭവിക്കുന്നു.

> "ആരെങ്കിലും മനുഷ്യന്റെ രക്തം ചൊരിയിച്ചാൽ അവന്റെ രക്തം മനുഷ്യൻ ചൊരിയിക്കും. **ദൈവത്തിന്റെ സ്വരൂപത്തിലല്ലോ** മനുഷ്യനെ ഉണ്ടാക്കിയത്" (ഉല്പ. 9:6).
>
> **പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും** ആകയാൽ മൂടുപടം ഇടേണ്ടതില്ല..." (1 കൊരി 11:7).
>
> **"...ദൈവത്തിന്റെ സാദൃശ്യത്തിലുണ്ടായ** മനുഷ്യരെ അതിനാൽ ശപിക്കുന്നു" (യാക്കോ. 3:9).

മേൽപ്പറഞ്ഞ വാക്യങ്ങൾ വീണുപോയ മനുഷ്യനിലും (രക്ഷിക്കപ്പെടാത്തവനിലും) ദൈവിക സാദൃശ്യത്തിന്റെ ചില ഘടകങ്ങൾ ഉണ്ടെന്ന് തെളിയിക്കുന്നു, എഫേ. 4:24 ഉം, കൊലോ. 3:10ഉം പഠിപ്പിക്കുന്നത് വിശ്വാസികൾ സ്ഥാനീയമായി ദൈവത്തിൽ നിന്നു തന്റെ യഥാർത്ഥ സാദൃശ്യത്തിന്റെ ഒരു ഭാഗം പ്രാപിച്ചു, പ്രായോഗികമായി ഇത് ദൈവ സാദൃശ്യത്തോട് ഇടവിടാതെ സമീപിക്കുന്നു. ഈ രണ്ട് വേദഭാഗങ്ങളും സമന്വയിപ്പിക്കുന്നത് മനുഷ്യന്റെ വിഴ്ചയിൽ ദൈവികസാദൃശ്യത്തിലെ സത്യവും, വിശുദ്ധിയും മനുഷ്യന് നഷ്ടമായി എന്നാണ്.

> "സത്യത്തിന്റെ ഫലമായ നീതിയിലും, വിശുദ്ധിയിലും **ദൈവാനുരൂപമായി** സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ" (എഫേ. 4:23-24).
>
> **"തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിന്നായി പുതുക്കം പ്രാപിക്കുന്ന** പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നവല്ലോ" (കൊലോ. 3:10).

പ്രസക്തമായ വേദഭാഗങ്ങൾ ഒന്നിച്ചു ചേർത്ത് മനുഷ്യന്റെ വിഴ്ചയിലൂടെ അവന് നഷ്ടമായ സാദൃശ്യങ്ങളും നിലനിർത്തിപ്പോരുന്ന വശങ്ങളും തമ്മിൽ വേർതിരിച്ച് മനസ്സിലാക്കുവാൻ സഹായിക്കുന്നു. ഈ രണ്ട് വിഭാഗങ്ങൾ **ദൈവത്തിന്റെ ധാർമ്മിക സാദൃശ്യങ്ങൾ എന്നും, ദൈവത്തിന്റെ വ്യക്തിപരമായ സാദൃശ്യങ്ങൾ** എന്നുമാണ്. വീണുപോയ മനുഷ്യന് ധാർമ്മിക സാദൃശ്യങ്ങൾ നഷ്ടമായി അത് ക്രിസ്തുവിലൂടെ വീണ്ടെടുത്തു. എന്നാൽ രണ്ടാമത് പറഞ്ഞിരിക്കുന്നത് ഒരിക്കലും നഷ്ടമായില്ല. അതിനാൽതന്നെ സകല മനുഷ്യരും ഇപ്പോഴും വിലയുള്ളവരാണ്.

1. മനുഷ്യൻ ദൈവത്തിന്റെ ധാർമ്മിക സാദൃശ്യത്തിൽ

വീഴ്ചയിലൂടെ **ഈ ധാർമ്മിക സാദൃശ്യം** നഷ്ടമായി മനുഷ്യന് ദൈവത്തെ കുറിച്ചുള്ള അറിവും, ദൈവത്തിന്റെ സത്യങ്ങളും നഷ്ടമായി. (അതിൽ തെറ്റും ശരിയും ഉൾപ്പെടുന്നു) (കൊലോ. 3.10) . എഫേ. 4:24 അനുസരിച്ച് മനുഷ്യന് വിശുദ്ധിയും, നീതിയും നഷ്ടമായി. മനുഷ്യന്റെ യഥാർത്ഥ അവസ്ഥയിൽ ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ചും, ദൈവത്തെക്കുറിച്ചുമുള്ള ആഴമായ അറിവോടും കൂടിയാണ് സൃഷ്ടിച്ചിരിക്കുന്നത് എന്നതാണ് ദൈവികസാദൃശ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവത്തെപോലെ വിശുദ്ധിയിലും, നീതിയിലും സൃഷ്ടിക്കപ്പെട്ടു. അവൻ പാപം ചെയ്തപ്പോൾ ദൈവികസാദൃശ്യത്തിൽ നിന്നും വളരെ വിഭിന്നമായി, പ്രത്യേകാൽ വിശുദ്ധിയിലും, നീതിയിലും ആത്മീകപരിജ്ഞാനത്തിലും.

2. മനുഷ്യൻ ദൈവത്തിന്റെ വ്യക്തിപരമായ സാദൃശ്യത്തിൽ

വീണുപോയ മനുഷ്യനും ദൈവീക സാദൃശ്യങ്ങളിൽ ചിലതുണ്ടെന്ന് നാം പഠിച്ചുവല്ലോ? പ്രത്യേകമായി ഒന്നും പറഞ്ഞിട്ടില്ല. മനുഷ്യനെ ദൈവത്തോട് താരതമ്യം ചെയ്യുന്നതിൽ യുക്തിപരമായ കുറവുകൾ നല്ല ആശയങ്ങൾ

ലഭ്യമാക്കുന്നു. ദൈവം ഒരു വ്യക്തിയാണ് (ഇച്ഛ, വികാരം, ബുദ്ധി) മനുഷ്യൻ ഒരു വ്യക്തിയാണ് (ബുദ്ധി, വികാരം, ഇച്ഛ) ദൈവം ആത്മാവാകുന്നു. മനുഷ്യൻ അടിസ്ഥാന പരമായി ഒരു ആത്മജീവിയാണ്. ദൈവം അനശ്വരനാണ്. മനുഷ്യന്റെ ആത്മാവും നാശമില്ലാത്തതാണ്. ദൈവം എല്ലാറ്റിന്റെയും അധികാരിയാണ്. അതുപോലെ മനുഷ്യനും ചില കാര്യങ്ങളിൽ ദൈവത്തെപ്പോലെയാണ്.

ദൈവം ആശയവിനിമയം ചെയ്യുന്നതുകൊണ്ട് ഒരു സാമൂഹ്യസ്വഭാവം ഉണ്ട്. ദൈവത്തിന്റെ സാദൃശ്യമായ ആശയവിനിമയം മനുഷ്യനിൽ ഉള്ളതുകൊണ്ട് മനുഷ്യനും സാമൂഹ്യജീവിയാണ്. വീണുപോയ മനുഷ്യനും ദൈവത്തിന്റെ സാദൃശ്യത്തിൽ ചിലതുള്ള നശിക്കാത്ത ആത്മാവുള്ളവനാണ്. അതുകൊണ്ട് എല്ലാ മനുഷ്യരും, രക്ഷിക്കപ്പെട്ടവനും, അല്ലാത്തവനും വിലയേറിയവനും വിലയുള്ളവനുമാണ്.[3]

III. മനുഷ്യന്റെ വീഴ്ച

A. വീഴ്ചയുടെ വസ്തുത

മനുഷ്യനെ സംബന്ധിച്ച ഉപദേശം പാപത്തെ സംബന്ധിച്ച ഉപദേശങ്ങളിൽ കൂട്ടിപിരിഞ്ഞു കിടക്കുന്നതുകൊണ്ട് അതിനെ പൂർണ്ണമായി വേർതിരിക്കുവാൻ കഴികയില്ല. മനുഷ്യന്റെ വീഴ്ചയെ സംബന്ധിച്ച വസ്തുത ലഘുവായി ഇവിടെ പരാമർശിക്കും. കൂടുതൽ വിശദമായി സാർവ്വത്രിക അധഃപതനം എന്ന ഭാഗത്ത് തുടർന്ന് വിശദീകരിക്കുന്നുണ്ട്.

> "യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാകാട്ടുജന്തുക്കളെക്കാളും പാമ്പു കൗശലമേറിയതായിരുന്നു. അതു സ്ത്രീയോടു: തോട്ടത്തിലെയാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. സ്ത്രീ പാമ്പിനോട്: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം: എന്നാൽ ഞങ്ങൾ മരിക്കാതിരിക്കേണ്ടതിനു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയും അരുത് എന്ന് ദൈവം കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു. പാമ്പു സ്ത്രീയോടു: നിങ്ങൾ മരിക്കുകയില്ല നിശ്ചയം; അതുതിന്നുള്ള നാളിൽ നിങ്ങളുടെ കണ്ണുതുറക്കുകയും നിങ്ങൾ നന്മ തിന്മകളെ അറിയുന്നവരായി ദൈവത്തെപോലെ ആകുകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു. ആ വൃക്ഷഫലം തിന്നാൻ നല്ലതും കാൺമാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചുതിന്നു ഭർത്താവിനും കൊടുത്തു; അവനും തിന്നു" (ഉല്പ. 3:1-6).

B. വീഴ്ചയുടെ പരിണിതഫലം

ഈ ഭാഗത്ത് മനുഷ്യന്റെ വീഴ്ചമൂലമുണ്ടായ ദുഃഖകരമായ ഫലങ്ങളെ വിവരിക്കുന്നു. ആദാമിന്റെ പാപം എങ്ങനെ സന്തതിപരമ്പരകളിലേക്കു കണക്കിട്ടു എന്ന പ്രയാസമുള്ള വിഷയം ഏഴാം അദ്ധ്യായത്തിൽ "പാപതത്വശാസ്ത്ര"ത്തിൽ കാണാവുന്നതാണ് (ഹാമർട്ടോളജി).

1. വേർപാട്

ആദ്യ ദമ്പതികൾ തോട്ടത്തിൽ നിന്നും, ജീവന്റെ വൃക്ഷത്തിൽനിന്നും ദൈവത്തിൽ നിന്നും വേർപെട്ടു (ഉല്പ. 3:22-24).

2. ശാരീരിക മരണം

ശരീരത്തിൽനിന്നും ആത്മാവ് വേർപെടുന്നതാണ് ശാരീരിക മരണം (യാക്കോ. 2:26). ദൈവം ആദാമിനോട് പറഞ്ഞതിൽ അവന്റെ പാപത്തിന്റെ ഒരു പരിണിത ഫലം പൊടിയിലേക്ക് തിരികെ ചേരുക എന്നതായിരുന്നു (ഉല്പ. 3:19; കാണുക ഉല്പ. 5:5). ആദാമിന്റെ പാപം സകല മനുഷ്യനിലും ശാരീരിക മരണം വിതച്ചു എന്ന് പൗലൊസ് പഠിപ്പിക്കുന്നു (റോമ. 5:12-14, 1 കൊരി. 15:21-22).

> "അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും **ലോകത്തിൽ** കടന്നു ഇങ്ങനെ എല്ലാവരും പാപംചെയ്കയാൽ **മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു.** ....എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദാമിന്റെ ലംഘനത്തിന് തുല്യമായി പാപം ചെയ്യാത്തവരിലും **മരണം** ആദാംമുതൽ മോശെ വരെ വാണിരുന്നു" (റോമ. 5:12,14).
>
> **മനുഷ്യൻ മൂലം മരണമുണ്ടാകയാൽ** മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻമൂലം ഉണ്ടായി. **ആദാമിൽ എല്ലാവരും മരിക്കുതുപോലെ...."** (1 കൊരി. 15:21,22).

പാപം മരണത്തിന് കാരണമാകുന്നു എന്ന് മറ്റ് വാക്യങ്ങൾ പഠിപ്പിക്കുന്നു. എന്നാൽ ആദാമിന്റെ പാപം ശാരീരിക മരണത്തിന് കാരണമായി എന്ന് പഠിപ്പിക്കുന്നതിനു പകരം പൊതുവായി പാപത്തെ ആദാമിന്റെ പാപത്തിൽനിന്ന് കണക്കിടപ്പെട്ടതോ അഥവാ എല്ലാവരിലും പരന്നിരിക്കുന്ന പാപപ്രമാണമോ വ്യക്തിപരമായ പാപമോ മരണത്തിന് കാരണമായി എന്ന് പഠിപ്പിക്കുന്നു.

[3] ചിലർ പറയുന്നത് ദൈവം മൂന്ന് വ്യക്തിത്വങ്ങൾ ഒരുമിച്ച് ചേർന്ന ഒരു സത്ത എന്നതുപോലെ മനുഷ്യനും ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്നു ഘടകങ്ങൾ ചേർന്ന ഒന്നാണ്. എന്നാണ്. ഈ താരതമ്യം കൃത്യമായി കാണുവാൻ കഴിയുന്നില്ല. ഓരോ മനുഷ്യനും അന്യോന്യം സംസാരിക്കുവാനും ഇടപെടുവാനും കഴിയുന്ന മൂന്ന് വ്യക്തിത്വങ്ങൾ ഒന്നിച്ചു ചേർന്ന ഒരു അസ്തിത്വമല്ല.

വ്യക്തിപരമായ പാപം ന്യായപ്രമാണം വരെ കണക്കിട്ടിരുന്നില്ല(റോമ. 5:13). എങ്കിലും ന്യായപ്രമാണത്തിന് മുമ്പുള്ളവരും **ആദാമിന്റെ പാപത്താൽ** മരിച്ചിരുന്നു. ന്യായപ്രമാണം വന്നതിനുശേഷം ശാരീരിക മരണം സംഭവിച്ചത് താഴെപറയുന്ന കാരണങ്ങളാലായിരിക്കും. ആദാമിന്റെ പാപം കണക്കിട്ടു, ഓരോ വ്യക്തിയുടെയും പാപസ്വഭാവം, വ്യക്തിപരമായ പാപം. [4]

> ഞങ്ങളുടെ അപ്പൻ മരുഭൂമിയിൽവെച്ച് മരിച്ചുപോയി. എന്നാൽ അവൻ യഹോവക്കുവിരോധമായി കോരശിനോടു കൂടിയവരുടെ കൂട്ടത്തിൽ ചേർന്നിരുന്നില്ല; **അവൻ സ്വന്തപാപത്താൽ അത്രെ മരിച്ചത്** (സംഖ്യ. 27:3).
>
> ആകയാൽ നിങ്ങളുടെ **പാപങ്ങളിൽ നിങ്ങൾ മരിക്കും** എന്നുഞാൻ നിങ്ങളോടു പറഞ്ഞു; ഞാൻ അങ്ങനെയുള്ളവൻ എന്ന് വിശ്വസിക്കാഞ്ഞാൽ **നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും** എന്നു പറഞ്ഞു" (യോഹ. 8:24).
>
> **..... ശരീരം പാപം നിമിത്തം മരിക്കേണ്ടതാകുന്നു...** (റോമ. 8:10).
>
> **മരണത്തിന്റെ വിഷമുള്ള് പാപം**...(1 കൊരി. 15:56).

3. ആത്മിക മരണം

ദൈവം ഈ ദമ്പതികൾക്ക് അനുസരണക്കേട് കാണിക്കുന്ന നാളിൽ മരിക്കും എന്ന് മുന്നറിയിപ്പ് കൊടുത്തിരുന്നു (ഉല്പ. 2:17). ആദവും, ഹവ്വയും പാപം ചെയ്തപ്പോൾ അവൻ ആത്മികമായി മരിച്ചു, മനുഷ്യവർഗ്ഗത്തിൽ പിറന്ന ഏവരിലും അതിന്റെ പരിണിതഫലം പ്രതിഫലിച്ചു. ഒരു മനുഷ്യൻ ജനിക്കുമ്പോൾ ആത്മികമായി മരിച്ചിരുന്നു എന്ന് പറഞ്ഞാൽ അവൻ ദൈവത്തിൽ നിന്നും വേർപെട്ടു എന്നർത്ഥം. ലൂക്കോ. 15:24,32 തെളിയിച്ചുതരുന്നത് മരണം വേർപാടിന് തുല്യം എന്നാണ്. നിത്യമായ മരണത്തെ സംബന്ധിച്ച ഒരു പഠനം ഈ സൂചികയ്ക്ക് ഉതകുന്നതല്ല. എന്നാൽ ദൈവ

[4] രക്ഷിക്കപ്പെടാത്തവരിൽ പാപ സ്വഭാവവും പാപ പ്രവർത്തികളും മരണത്തിന് കാരണമാകുന്നു. വിശ്വാസികൾക്ക് പാപ ക്ഷമ ലഭിച്ചിരിക്കുന്നു. എന്നിട്ടും അവർ ശാരീരികമായി മരിക്കുന്നു. ഒരു ആത്മാവിന്റെ ശാരീരികമരണത്തിന് കാരണം മിക്കവാറും പകരപ്പെട്ട പാപമാണ്. വ്യക്തിപരമായ പാപങ്ങൾ ആയിരിക്കില്ല. ഒരു ആത്മികന് മരണം എന്നത് ഒരു ശിക്ഷയല്ല അതിലുപരി അനുഗ്രഹമാണ് (ഫിലി. 1:23;വെളി. 14:13) . മരണം എന്നത് പാപത്തിന്റെ ഒരു സ്വാഭാവിക ഫലമാണ്, ഒരു ശിഷയല്ല. പാപത്തിന്റെ സ്വാഭാവിക പരിണിതഫലം ദൈവം റദ്ദാക്കിയില്ല. മറിച്ച് അതൊരു മഹത്വമായി ദൈവം മാറ്റി. എന്നാൽ ഒരു വിശ്വാസി പാപങ്ങൾ ഏറ്റുപറയാതെയും വ്യക്തിപരമായ പാപങ്ങളിൽ തുടരുകയും ചെയ്താൽ അത് ശാരീരിക മരണത്തിന് ഒരു ഘടകമാകും (1 കൊരി. 11:30; 1 യോഹ. 5:16).

[5] രചയിതാവ് വളരെ വ്യക്തമായി നിത്യശിക്ഷാവിധി എന്ന ഉപദേശങ്ങളിൽ വിശ്വസിക്കുന്നു. നിത്യശിക്ഷ വീഴ്ചയുടെ പരിണിത ഫലം എന്ന് വേർതിരിക്കുവാൻ കഴിയില്ല. അനേകരും വിശ്വസിക്കുന്നത് നരകത്തിലെ നിത്യശിക്ഷ ആദാമിന്റെ പാപത്തിന്റെ ഫലമോ വ്യക്തിപരമായ പാപത്തിന്റെ ഫലമോ എന്നാണ്. എഴുത്തുകാരൻ വിശ്വസിക്കുന്നത്, ഒരുവൻ നിത്യ നരകത്തിലേക്ക് പോകുന്നത് ക്രിസ്തുവിനെ തിരസ്ക്കരിക്കുന്നതുകൊണ്ടാണ് (ഒന്നുകിൽ നേരിട്ട് ക്രിസ്തുവിനെ തിരസ്ക്കരിക്കുന്നതുകൊണ്ടോ അല്ലെങ്കിൽ ആ വ്യക്തിക്രിസ്തുവിനെ ഒരിക്കലും സ്വീകരിക്കില്ല എന്ന ദൈവത്തിന്റെ മുന്നറിവിന്റെ അടിസ്ഥാനത്തിലോ). ഒരു മനുഷ്യന്റെ നിത്യത എന്നത് അവന്റെ സ്വന്തം തീരുമാനമാണ് മറിച്ച് ആദം എന്തുചെയ്തു എന്നോ ചെയ്തില്ല എന്നോ അടിസ്ഥാനമാക്കിയല്ല. റോമ. 5:12 -20 വേദപുസ്തകത്തിലെ മർമ്മങ്ങളിൽ ഏറ്റവും ഉന്നതവും, ദൈവശാസ്ത്രജ്ഞന്മാർ ഏവരെയും എളിമപ്പെടുത്തുന്നതുമാണ്. എല്ലാ ദൈവശാസ്ത്രീയ നിരീക്ഷണങ്ങളിലും ഒരു വിഷയം വ്യക്തമായിരിക്കുന്നു. ഒരുവന് മാത്രമേ ജീവൻ നല്കുവാൻ കഴിയൂ. ഒരു ജീവന് എല്ലാ മനുഷ്യരെയും വ്യത്യാസപ്പെടുത്തുവാൻ കഴിയും എന്ന് ആദാമിന്റെ വസ്തുത വിശദീകരിക്കുന്നു. പൌലോസ് ആദാമിനെ കുറിച്ച് ഒരു പഠനം നല്കുകയല്ല. ആദാമിന്റെ ജീവിതം സകലമനുഷ്യരുടെയും ജീവിതത്തെ സ്പർശിച്ചു എങ്കിൽ ഒരു രക്ഷകന്റെ ജീവൻ സകലലോകത്തിനും ജീവദായകമാണ്. പൌലോസ് തന്റെ രണ്ടാമത്തെ താരതമ്യത്തിലൂടെ അനന്തരാവകാശമായി ലഭിച്ച അകൃത്യത്തെ കുറിച്ച് വിവരിക്കുകയല്ല റോമർ 5-ൽ ആദാമിനുണ്ടായിരുന്ന ശരീരത്തെ കുറിച്ച് എല്ലാ വ്യാഖ്യാതാക്കളും മൗനം ദീക്ഷിക്കുന്നു. എപ്രകാരമാണ് മനുഷ്യന്റെ ദേഹി ഒരു തലമുറയിൽ നിന്നും അടുത്തതിലേക്ക് പകരപ്പെട്ടുന്നത്?. കുടുംബാസൂത്രണത്തിനും, ഗർഭം അലസിപ്പിക്കുന്നതിനും എന്ത് ഉത്തരം/ ഒരു ശിശു അനന്തരാവകാശമായ പാപത്തിൽ മരിക്കാതെ രക്ഷിക്കപ്പെടുവാൻഎന്ത് വഴി? റോമർ. 5-ൽ കൃത്യമായി ഉത്തരം ലഭിക്കാത്ത ഒരു ചോദ്യമാണ് നിത്യന്യായവിധിക്ക് അർഹമായ വിലയേറിയ നീതിപത്രം. റോമർ 5 പഠിപ്പിക്കുന്നത് ഏകമനുഷ്യന്റെ പാപത്താൽ മരണം സകലരിലും പ്രവേശിച്ചു എന്നാണ്. ഇവിടെ പറയുന്ന മരണം ആത്മികവും ശാരീരികവുമാണ്, നിത്യമരണം അല്ല എന്ന് പൌലൊസ് സമർത്ഥിക്കുന്നു എന്നതിന് ഈ ആശയം മതി. ആദാം ആത്മീക, ശാരീരിക മരണം ലോകത്തിലേക്കു കൊണ്ടുവന്നതുപോലെ ക്രിസ്തു സകല മനുഷ്യർക്കും ജീവന്റെ ആധാരമാണ്. പൌലൊസിന്റെ തുടർന്നുള്ള 14-ാം വാക്യത്തിലെ വിവരണം നിത്യമരണത്തെ ഉൾപ്പെടുത്തിയാകില്ല. ഹാനോക്ക് ഒഴികെ, ആദാം മുതൽ മോശെവരെയുള്ള എല്ലാവരും ശാരീരികമായി മരിച്ചു. ആത്മീകമായി മരിച്ചവരായിട്ടാണ് അവർ ജനിച്ചത്(ദൈവത്തിൽ നിന്ന് വേർപെട്ടവർ). എന്നാൽ ഈ കാലയളവിൽ നിത്യമരണം എല്ലാവരിലും വാണിരുന്നില്ല. എബ്രാ. 11:1-22 പ്രമുഖമായ വ്യക്തികളുടെ പേരുകൾ നല്കുന്നു. 14-ാം വാക്യത്തിൽ ശാരീരിക, ആത്മിക മരണമാണ് പറഞ്ഞിരിക്കുന്നതെങ്കിൽ, 12-ാം വാക്യത്തിലും അത്തരത്തിലുള്ള മരണമാണ് പറഞ്ഞിരിക്കുന്നത്.

റോമർ 5 പഠിപ്പിക്കുന്നത് യേശുക്രിസ്തുവിനെകൂടാതെ ആദാമിൽനിന്നും വ്യാപരിച്ച പാപം സാർവ്വത്രിക ആത്മിക മരണത്തിന് (ദൈവത്തിൽനിന്നുള്ള വേർപാട്) ഹേതുവാകുന്നു. അതുപോലെ നമ്മുടെ ന്യായാധിപധിയായ ദൈവത്തിനുമുമ്പിൽ ന്യായവിധിയ്ക്കും (വാക്യങ്ങൾ 16, 18). മനുഷ്യർ ഏവരുടെയും സ്ത്രീയാകട്ടെ പുരുഷനാകട്ടെ അവരുടെ സ്വാഭാവിക അവസ്ഥ എന്നത് നീതികരിക്കപ്പെടാത്തത് എന്നാണ്. ഈ സത്യം നിത്യമരണത്തെ സൂചിപ്പിക്കുന്നു. ഇവിടെ പൌലൊസ് ആഗ്രഹിക്കുന്നത് കർത്താവായ ക്രിസ്തുയേശു ഇല്ലാത്ത നമ്മുടെ ജീവിതത്തിന്റെ

പരിണിതഫലമായിരക്കുന്ന നിത്യമരണത്തിനും ന്യായവിധിക്കും ഉതകുന്ന സ്വാഭാവിക അവസ്ഥ ആദാമിൽ നിന്നും കൈവരിച്ചു എന്ന് നാം മനസ്സിലാക്കണം എന്നാണ്. നമ്മുടെ സ്വാഭാവിക അവസ്ഥയിൽ നാം നിത്യമരണം ഇല്ലാതാക്കുവാൻ ഒന്നും ചെയ്യേണ്ടതില്ല. റോമർ 5-ൽ പറഞ്ഞിരിക്കുന്ന കുറ്റപത്രം അനന്തരാവകാശമായി കിട്ടിയ പാപം നിത്യന്യായവിധിക്ക് ഇടവരുത്തുന്നു. എന്നിരുന്നാലും നമുക്ക് പാപത്തിന്റെ അനന്തരാവകാശമായി ലഭിച്ചിരിക്കുന്ന അവസ്ഥയിൽ നാം ഒന്നും ചെയ്യാതിരുന്നാൽ അത് നമ്മെ നിത്യമായ മരണത്തിന്റെ അവസ്ഥയിൽ എത്തിക്കുമെന്ന് പൗലോസ് അവകാശപ്പെടുന്നു. ദൈവിക കോടതിയുടെ മുമ്പാകെ ന്യായവിധിക്കുള്ള പ്രത്യേക കാരണങ്ങൾ എന്താണെന്ന് റോമർ 5-ാം അദ്ധ്യായത്തിൽ വിശദമാക്കുന്നില്ല. സ്വാഭാവിക നിലവാരത്തിൽ നാം നിത്യമായ മരണത്തിന് അവകാശിയാണെന്നും വിടുതലിനുള്ള ഏക പ്രതീക്ഷ യേശുക്രിസ്തുവാണെന്നുമുള്ളതാണ് ഇതിനുള്ള വ്യക്തമായ അനുകൂല വ്യാഖ്യാനം. അതിന് അനുയോജ്യമായ കൃത്യതയാർന്ന വിവരണം താഴെകൊടുക്കുന്നു. എഴുത്തുകാരന്റെ അഭിപ്രായത്തിൽ റോമ. 5 നമ്മുടെ സ്വാഭാവിക അവസ്ഥയിൽ ഉയർന്നു വരുന്ന നിത്യമരണം എന്ന വിഷയത്തിനെതിരെയുള്ള ഒരു മുന്നറിയിപ്പാണ്, മറ്റ് വേദഭാഗങ്ങൾ സുവ്യക്തമായ അറിവ് നിത്യശിക്ഷാവിധിയെ കുറിച്ച് നല്കുന്നു. ഇതിലെ പ്രധാന ആശയം എന്നത് എല്ലാവരും ആദാമിനാൽ ആത്മീകമായി മരിച്ചവരും നീതീകരിക്കപ്പെടാത്തവരുമായി ജനിക്കുന്നു. എന്തുകൊണ്ടെന്നാൽ ജീവൻ നൽകുവാൻ ഒരുവന് മാത്രമേ കഴികയുള്ളു. വിശ്വാസത്താലുള്ള നീതികരണം (റോമ. 5:1) നിരസിക്കുന്നവൻ കൃപയുടെ ബഹുത്വത്തെയും നീതിദാനത്തെയും അംഗീകരിക്കുകയില്ല. (റോമ. 5:17). അവർക്ക് ദൈവകോപത്തിൽനിന്ന് വിടുവിക്കപ്പെടാൻ കഴികയില്ല(റോമ. 5:9). എന്തുകൊണ്ടെന്നാൽ അവന്റെ ജീവനാൽ രക്ഷിക്കപ്പെടുവാൻ അവർക്ക് കഴിയുന്നില്ല(റോമ. 5:10). നിത്യമായ ന്യായവിധി വാസ്തവമായി സംഭവിക്കുമ്പോൾ ദൈവത്തിന്റെ നീതി സംവിധാനത്തിൽ എന്തായിരിക്കും നിയമപരമായ ന്യായീകരണം? ആദാം സകല മനുഷ്യ വർഗ്ഗത്തെയും പാപത്തിലേക്ക് നയിച്ചു. എന്നാൽ സ്വാഭാവികമായ അപകട സാദ്ധ്യത യാഥാർത്ഥ്യമാകുമ്പോൾ ജീവൻ നൽകുന്ന ഏക വ്യക്തിയുമായുള്ള ബന്ധത്തിൽ വരാത്തതുകൊണ്ടും നിത്യതയോടുള്ള നമ്മുടെ ഉത്തരവാദിത്വം വ്യക്തിപരമായതിനാലും വലിയ നാശം ഏതൊരാൾക്കും സഭവിക്കയില്ലേ? നേരിട്ട് നിഷേധിച്ചതു കൊണ്ടോ, അലക്ഷ്യമായതുകൊണ്ടോ ദൈവത്തിന്റെ മുന്നറിവിൽ അവനോ അവളോ ക്രിസ്തുവിനെ ഒരുക്കലും അംഗീകരിക്കയില്ല എന്നതുകൊണ്ടോ ഈ പരാജയം ഉണ്ടാകാം. ആദാം എല്ലാവരെയും നരകത്തിന്റെ പാതയിൽ ഇട്ടു. എന്നാൽ ഓരോ വ്യക്തിയും സ്വാഭാവിക അവസ്ഥയിൽ തുടരുന്നത് ആരുടെ കുഴപ്പമാണ്? വെള്ള സിംഹാസനത്തിന്റെ മുമ്പിൽ വ്യക്തമാക്കുന്ന നിയമപരമായുള്ള കുറ്റം "മനുഷ്യവർഗ്ഗത്തിന്റെ സ്വാഭാവിക അവസ്ഥയല്ല" പിന്നെയോ "കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരില്ല" എന്നുള്ളതാണ്. പഴയ പാപങ്ങളെ മരണവുമായി ബന്ധപ്പെടുത്തുന്ന വാക്യങ്ങൾ ഈ വിലവാരത്തിൽ മനസ്സിലാക്കാവുന്നതാണ്. ഒരു അവിശ്വാസിയുടെ വ്യക്തിപരമായ പാപങ്ങൾ ശാരീരിക മരണത്തിലേക്ക് നയിക്കുകയും തേജസ്കരിക്കപ്പെട്ട ഉയിർത്തെഴുന്നേൽപ്പ് ഇല്ലാതാക്കുകയും ചെയ്യുന്നു. കൂടാതെ റോമ. 6:16, 21, 23; യാക്കോ. 1:15 എന്നീ വാക്യങ്ങളിൽ വ്യക്തിപരമായ പാപം വർത്തമാനകാല ജീവിതത്തിൽ ആത്മീയ മരണത്തിന് (ആത്മാവ് ദൈവത്തിൽനിന്നും അകലുക) കാരണമാകുന്നു എന്ന് ഊന്നി പറയുന്നു. കൂടാതെ നിത്യമായ മരണത്തിലേക്ക് (നരകത്തിൽ ദേഹിക്ക് ദൈവത്തിൽനിന്ന് നിത്യമായ വേർപ്പാട്) നയിക്കുന്ന ദിശയിൽ എത്തിക്കുകയും ചെയ്യുന്നു. വ്യക്തിപരമായ പാപം നമ്മെ പ്രതീക്ഷയില്ലാത്ത അപകടകരമായ സ്ഥിതിയിൽ എത്തിക്കുന്നു എന്ന് വായനക്കാർ മനസ്സിലാക്കേണ്ടതാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസത്താലാണ് ഈ അവസ്ഥ മാറ്റുവാൻ കഴിയുന്നത്. അല്ലെങ്കിൽ നിത്യമായ മരണത്തിന് വ്യക്തമായ കാരണം വ്യക്തിപരമായ പാപമല്ലെങ്കിലും നമ്മുടെ പാപജീവിതം നിത്യമായ മരണത്തിലേക്ക് നയിക്കും. ഈ ഭാഗം വ്യക്തിപരമായ പാപം നിത്യമായ മരണത്തിന് കാരണമാകുന്നു എന്ന് പഠിപ്പിക്കുവാൻ ശ്രമിക്കുന്നു എങ്കിലും അവസാനമായി **നിത്യമരണത്തിന് കാരണമാകുന്ന അടിസ്ഥാനപരമായ വ്യക്തിപരമായ പാപം നിരസിക്കൽ** (മുൻകൂട്ടിയുള്ള നിരസിക്കൽ) ആയിരിക്കും. വ്യക്തിപരമായ പാപം നരകത്തിലെ ശിക്ഷയുടെ നിലവാരത്തിനുള്ള ഘടകവും അത് ഈ ജീവിതത്തിൽ ദൈവത്തിന്റെ താത്കാലിക കോപത്തിന്(ശിക്ഷ) കാരണമായിത്തീരുകയും ചെയ്യും. അനന്തരാവകാശമായി ലഭിച്ചിരിക്കുന്ന പാപവും വ്യക്തിപരമായ പാപവും നിമിത്തം നമ്മെ ശിക്ഷിക്കുന്നത് ദൈവമുമ്പാകെ നീതിയായിരിക്കും. എന്തായാലും നിത്യമായ ശിക്ഷാവിധിയുടെ അടിസ്ഥാനത്തെക്കുറിച്ച് പഠിക്കുമ്പോൾ, ഒരു വ്യക്തിക്ക് താൻ അങ്ങനെ ചെയ്യുന്നുണ്ടോ എന്ന് സംശയം തോന്നാം. വിശ്വസിക്കുമ്പോൾ എങ്ങനെ ഒരാൾ രക്ഷിക്കപ്പെട്ടു എന്ന ഉപദേശത്തെക്കുറിച്ചോ, നിത്യശിക്ഷാവിധിയുടെ വാസ്തവത്തെക്കുറിച്ചോ പൂർണ്ണമായ അറിവ് ഉണ്ടാകയില്ല. എന്തായിരുന്നാലും ഈ വിഷയം ദൈവത്തിന്റെ നീതി, കൃപ എന്നിവയെക്കുറിച്ചുള്ള അറിവിനെയും പാപത്തിന്മേലുള്ള ക്രൂശിന്റെ പൂർണ്ണശക്തി യെക്കുറിച്ചുള്ള കാഴ്ചപ്പാടിനെയും സാരമായി ബാധിക്കുന്നു. യേശുക്രിസ്തു വന്നില്ലായിരുന്നുവെങ്കിൽ മനുഷ്യൻ അവന്റെ വ്യക്തിപരമായ പാപവും, ആദാമിന്റെ പാപത്തിലുള്ള മാർമ്മിക ബന്ധവും നിമിത്തം നിത്യമായി ശിക്ഷിക്കപ്പെടേണ്ടവനായിരുന്നു എന്ന് ദൈവവചനം ഓർപ്പിക്കുന്നു. (അദ്ധ്യായം 7. ഹാമർറ്റോളജി - പാപത്തിന്റെ ഉപദേശം) എന്നാൽ ബൈബിൾ പറയുന്നത് ദൈവം മനുഷ്യനെ ആദാമിന്റെ പാപത്തിനനുസരിച്ചല്ല ന്യായം വിധിക്കുന്നത്. മറിച്ച് ഒരുവൻ നരകത്തിൽ പോകുന്നത് യേശുക്രിസ്തുവിനെ തിരസ്ക്കരിക്കുന്നതുകൊണ്ടാണ് വ്യക്തിപരമായ പാപങ്ങൾകൊണ്ടും അല്ല. ദൈവം മനുഷ്യനെ ന്യായം വിധിക്കുവാൻ പോകുന്നത് അതിക്രമത്തിനാണ് - ക്രിസ്തുവിനെ തിരസ്ക്കരിച്ചതിന്. ചെറിയ അതിക്രമങ്ങളാ കുന്ന അനന്തരാവ കാശമായി ലഭിച്ച പാപം, വ്യക്തിപരമായ പാപം ഇവയ്ക്ക് ശിക്ഷ നൽകുവാനല്ല ദൈവം താല്പര്യപ്പെടുന്നത്. യോഹന്നാൻ 3:18 ഉം 2 തെസ്സ. 1:8 ഉം ക്രിസ്തുവിനെ തിരസ്ക്കരിക്കുന്നതുകൊണ്ടായിരിക്കും നിത്യമരണം എന്ന് പഠിപ്പിക്കുന്നു. (കൂടാതെ യോഹ. 3:36) "....അവനിൽ വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ **പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ** ന്യായവിധി വന്നു കഴിഞ്ഞു". (യോഹ. 3:18) യോഹ. 16:9 കാണിക്കുന്നത്; പരിശുദ്ധാത്മാവ് ബോധ്യപ്പെടുത്തുമ്പോൾ ക്രിസ്തുവിൽ വിശ്വസിക്കാൻ കഴിയാത്തത് പാപമാണ്. ഈ പാപമാണ് ദൈവം വളരെ ശക്തമായി കണക്കിടുന്നത്. വ്യക്തിപരമായ പാപങ്ങൾ നിത്യമായ കോപത്തിനുള്ള മൂലകാരണമല്ല എന്ന് പറയാനുള്ള തെളിവ് 1 യോഹ. 2:2 പറയുന്നു അവൻ **സർവ്വ ലോകത്തിന്റെയും പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു.** അതുകൊണ്ട് മനുഷ്യൻ തന്റെ വ്യക്തിപരമായ പാപപ്രവൃത്തികളാൽ കുറ്റക്കാരനാണെന്നും അതിനാൽ നിത്യമായ ശിക്ഷയ്ക്ക് അർഹനാണെന്നും ചില വ്യാഖ്യാതാക്കൾ ചിന്തിക്കുന്നു,

ശാസ്ത്രജ്ഞരുടെ ആശയം താഴെ കൊടുത്തിരിക്കുന്നു.[5]

a. ആത്മികമരണത്തിന്റെ ഉത്ഭവം ആദാമിൽ

> അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു (റോമർ. 5:12). [6]

b. ജനിക്കുന്ന ഏവരും ആത്മികമായി മരിച്ചവർ

പാപം സാർവ്വത്രികമായതിനാലും സൃഷ്ടിയുടെ ആരംഭത്തിൽതന്നെ പ്രവേശിച്ചതിനാലും ആത്മീയ മരണത്തിന് അടിസ്ഥാനമായിരിക്കുന്നതിനാലും ആത്മീയമായി മരിച്ചവരായിട്ടാണ് എല്ലാവരും ജനിക്കുന്നത്.

> അതിക്രമങ്ങളാലും, **പാപങ്ങളാലും മരിച്ചവരായി**രുന്ന നിങ്ങളെയും ... (എഫേ. 2:1)
>
> **"നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു** എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതാനാൽ നമുക്കറിയാം ....(1 യോഹ. 3:14).

(കാണുക. സങ്കീ. 51:5; 58:3; ഇയ്യോ. 14:4; 15:14, കൂടാതെ III - ലെ B യും)

c. വ്യക്തിപരമായ പാപം ആത്മിക മരണത്തോട് ബന്ധപ്പെട്ടിരിക്കുന്നു.

റോമർ 6:23 യാക്കോ. 1:15 ഇവിടെ എല്ലാവരിലും കണക്കിട്ട ആദാമിന്റെ പാപമോ അല്ലെങ്കിൽ വ്യക്തിപരമായ പാപമോ തമ്മിൽ വേർതിരിക്കുന്നില്ല. ഇത് വ്യക്തിപരമായ പാപ സ്വഭാവത്തെയും പാപപ്രവർത്തിയെയും ഊന്നിപ്പറയുന്നു. ആത്മികമരണത്തിൽ ഈ രണ്ടു തരത്തിലുള്ള പാപങ്ങളും ഘടകങ്ങളാണ്.

> നിങ്ങൾക്ക് അന്ന് എന്തൊരു ഫലം ഉണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്കു ലജ്ജ തോന്നുന്നതു തന്നെ. **അതിന്റെ**(വ്യക്തിപരമായ പാപം) **അവസാനം മരണമല്ലോ** (റോമ 6:21).
>
> **പാപത്തിന്റെ ശമ്പളം മരണമത്രെ...** (റോമ. 6:23).
>
> മോഹം ഗർഭം ധരിച്ചു **പാപത്തെ** പ്രസവിക്കുന്നു പാപം മുഴുത്തിട്ടു **മരണത്തെ പെറുന്നു"** (യാക്കോ. 1:15).

d. ആത്മിക മരണത്തെ കുറിച്ച് വേദപുസ്തകത്തിലെ മറ്റ് ഭാഗങ്ങൾ

> ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ **മരണത്തിൽനിന്ന് ജീവങ്കലേക്കു കടന്നിരിക്കുന്നു.** ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു. മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു" (യോഹ. 5:24,25).
>
> "അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം ഹൃദയ കാഠിന്യം നിമിത്തം തന്നെ **ദൈവപുത്രന്റെ ജീവനിൽ**നിന്ന് അകന്ന് മനം തഴമ്പിച്ചുപോയവർ" (എഫേ. 4:18).

(കാണുക; മത്താ.8:22; യോഹ. 8:51; 11:26)

4. സാർവ്വത്രികവും പൂർണ്ണവുമായ അധ:പതനം

ആദാമിന്റെയും, ഹവ്വയുടെയും പാപം മരണത്തിൽ മാത്രമല്ല സാർവ്വത്രിക ധാർമ്മിക അധ:പതനത്തിനും വഴിതെളിച്ചു. സാർവ്വത്രികം എന്നതുകൊണ്ട് വ്യാപ്തിയും, 'പൂർണ്ണമായ' എന്നതുകൊണ്ട് യേശുക്രിസ്തു ഇല്ലാത്ത ആശയറ്റ അവസ്ഥയും കാണിക്കുന്നു. മനുഷ്യന് പാപം ചെയ്യുവാനുള്ള പ്രവണതയുണ്ട്. അവന് പാപത്തോട് താത്പര്യവും അതിനോട് ഇഴുകി ചേർന്നു ഇരിക്കുന്നു.

എന്നാൽ ദൈവത്തെ നിത്യമായ അവസ്ഥയിൽ മനുഷ്യന്റെ വ്യക്തിപരമായ പാപങ്ങളാൽ കോപിക്കുന്നവനായി കണ്ടിട്ടില്ല. **ദൈവം ലോകത്തിന്റെ അതിക്രമങ്ങളെ അവരിൽ കണക്കിടുന്നില്ല**(2 കൊരി. 5:19). യേശു ലോകത്തിന്റെ പാപങ്ങളെ ചുമന്നൊഴിച്ചവനാണ്. യോഹ. 1:29. ദൈവം പാപത്തിന് മേൽ, അല്ലെങ്കിൽ മനുഷ്യരുടെമേൽ കോപിച്ചു എന്ന് പറയുമ്പോൾ വ്യക്തിപരമായ പാപങ്ങൾക്ക് ശിക്ഷിച്ചു എന്നാണർത്ഥം (റോമ.1:18; എഫേ. 5:6; കൊലോ. 3:6; 1 യോഹ. 2:2; 2 കൊരി. 5:19; യോഹ. 1:29 ഇവയിലെ പഠിപ്പിക്കൽ ദൈവകോപം എന്നത് നിത്യമല്ല താല്ക്കാലികമാണ്. അതായത് ഈ ജീവിതത്തിലെ ശിക്ഷ.

ഒരു വ്യക്തി നരകത്തിൽ പോകുവാനുള്ള പ്രാഥമിക അടിസ്ഥാനം അതല്ലായെങ്കിലും, ഒരു വ്യക്തിയുടെ പാപത്തിന്മേലുള്ള ദൈവത്തിന്റെ കോപം നരകത്തിലുള്ള ഒരു അവിശ്വാസിക്കു ലഭിക്കുന്ന ശിക്ഷയുടെ നിലവാരത്തെ സ്വാധീനിക്കുന്നു.(കൊലൊ. 3:6, എഫെ. 5:6) ചില കാര്യങ്ങളിൽ(ഉദാ. റോമർ 2) നിത്യയമായ കോപത്തെക്കുറിച്ച് എഴുത്തുകാരൻ ഓർപ്പിക്കുന്നുണ്ടെങ്കിലും, സാങ്കല്പിക നിലയിൽ ചിന്തിച്ചാൽ, കർത്താവായ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന് പ്രാപ്യമായ രക്ഷാസംവിധാനവുമായി വന്നില്ലായിരുന്നു എങ്കിൽ എന്ത് സംഭവിക്കുമായിരുന്നു. (ശിശുക്കളുടെ രക്ഷയും മാനസിക വളർച്ചയില്ലാത്തവരുടെയും അവസ്ഥയും ഈ വാദഗതിയുടെ അടിസ്ഥാനത്തിൽ ചിന്തിക്കുക.(ഗ്രാന്റ് റാപ്പിഡ്: സോണ്ടർവാൻ, 1973). നിത്യമായ ശിക്ഷാവിധിക്ക് ഇതേ നിലയിലുള്ള നിർണ്ണയത്തിൽ എത്തുവാൻ കഴിയും.

[6] ആത്മികമരണം ആദാമിന്റെ പാപംനിമിത്തം ഉണ്ടായി, ഇത് സാർവ്വത്രികമാണ്, ഇത്ആദാമിൽ ഉണ്ടായി ലോകം മുഴുവനും പരന്നു. റോമർ 5:12,14 പഠിപ്പിക്കുന്നത് ആത്മികമരണവും, ശാരീരികമരണവും ഉണ്ടായത് ആദാമിൽകൂടി എന്നാണ്. വാക്യങ്ങൾ 18,21-ൽ വിഷയം നിത്യമരണമാണ്. അതിനാൽ തന്നെ നിത്യജീവന്റെ ഉചിതമായ വൈരുദ്ധ്യം 17-ാം വാക്യത്തിലെ ആത്മിക മരണമാണ്.

അവൻ ഏറ്റവും വഷളായ ശത്രുവായതുകൊണ്ട് തന്റെ സ്വന്തമായ ഒരു നന്മകൊണ്ടും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴികയില്ല. പാപം ചെയ്യുവാനുള്ള പ്രവണത ആദാമിലേക്ക് ചെല്ലുമ്പോൾ അത് വചനാടിസ്ഥാനത്തിൽ സാർവ്വത്രികമാണ്. എല്ലാമനുഷ്യരും ഇതോടുകൂടെ ജനിക്കുന്നു. എന്നിരുന്നാലും റോമർ 5:12 നേരിട്ട് പഠിപ്പിക്കുന്നത് എല്ലാ പാപവും ആദാമിൽനിന്നും ലോകത്തിൽ പ്രവേശിച്ചു എന്നാണ്. ഇവിടെ 'പാപം' ഏകവചനത്തിൽ ഉപയോഗിച്ചിരിക്കുന്നതിനാൽ അത് ഒരു പൊതുതത്വമായി ഊന്നിപ്പറയുന്നു. (അതായത് ഓരോ വ്യക്തികളിലെ പാപ "സ്വഭാവം") അതിന്റെ ഉത്ഭവം ഏദനിലെ വീഴ്ചയും. പാപത്തിന്റെ സർവ്വവിധ പ്രത്യേക പ്രവർത്തികളും ഉളവാകുന്നത് ആദാമിന്റെ ആദിപാപത്തിന്റെ ഫലമായുള്ള സാർവ്വത്രിക അധപതനത്തിൽ നിന്നാണ്.[7]

a. ഒരു ഹൃദയത്തിന്റെ പ്രശ്നം.

താഴെ പറയുന്ന വാക്യങ്ങൾ പഠിപ്പിക്കുന്നത്, മനുഷ്യന്റെ വ്യക്തിപരമായ പാപപ്രവർത്തികൾ പാപം പറ്റിപിടിച്ച ഹൃദയത്തിൽ നിന്നും ഉണ്ടാകുന്നു എന്നാണ്. മറ്റൊരാശയത്തിൽ അവ പാപം ചെയ്യുവാൻ അവനെ നിർബന്ധിക്കുന്നു എന്നല്ല മറിച്ച് സ്വഭാവം കൊണ്ട് പാപത്തിന്റെ സ്വാധീനത്തിൽ അടിമപ്പെട്ട ഒരു കൊടും പാപിയാണ്. ഇത്തരത്തിൽ ഒരു സാർവ്വത്രിക അധ:പതനം ഉണ്ടായത് ആദാം മൂലമെന്ന് കൂടുതൽ വാക്യങ്ങളും സ്ഥാപിക്കുന്നില്ല (കാണുക; ഉല്പ. 8:21; സങ്കീ. 51:5; 58:3; മത്താ. 12:33-35, ലൂക്കോ. 6.43-45; റോമ. 7:5; 14-24; എഫേ. 2:3; കൊലൊ. 3:5-7; തീത്തോ. 3:3; 1 പത്രോ. 4:4).

> ഭൂമിയിൽ മനുഷ്യന്റെ **ദുഷ്ടത വലിയതെന്നും** അവന്റെ **ഹൃദയ വിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രെ** എന്നും യഹോവ കണ്ടു (ഉല്പ. 6:5).
>
> ഹൃദയം എല്ലാറ്റിനെക്കാളും **കപടവും വിഷമവുമുള്ളത്;** അത് ആരാഞ്ഞറിയുന്നവൻ ആർ? (യിര. 17:9).
>
> "... വായിൽനിന്ന് പുറപ്പെടുന്നതോ **ഹൃദയത്തിൽ നിന്ന് വരുന്നു; അതു മനുഷ്യനെ അശുദ്ധമാക്കുന്നു.** എങ്ങനെയെന്നാൽ ദുശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്നു വരുന്നു (മത്തായി. 15:18-19).
>
> **അങ്ങനെ ദോഷികളായ** നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും (ലൂക്കൊ. 11:13).
>
> അതിനു യേശു ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. **പാപം ചെയ്യുന്നവനെല്ലാം പാപത്തിന്റെ ദാസനാകുന്നു** (യോഹ. 8:34).
>
> എന്നാൽ നിങ്ങൾ **പാപത്തിന്റെ ദാസന്മാരായിരുന്നു** എങ്കിലും ... (റോമ. 6:17).
>
> നിങ്ങൾ **പാപത്തിനു ദാസന്മാരായിരുന്നപ്പോൾ** ... (റോമ. 6:20).

b. ഒരു സാർവ്വത്രിക പ്രശ്നം

താഴെപ്പറയുന്ന വാക്യങ്ങൾ അധഃപതിച്ച മനുഷ്യ ഹൃദയത്തിന്റെ സാർവ്വത്രിക വ്യാപനത്തെ കാണിക്കുന്നു. ധാർമ്മിക അധ:പതനം എന്നത് ഓരോ വ്യക്തികളും ക്രൂരരും പരുക്കരും ആയിരിക്കു എന്നല്ല. മനുഷ്യന്റെ നന്മയിൽ ബന്ധപ്പെട്ട വസ്തുതകൾ ഉണ്ട് (ഉദാ: അപ്പോ. 10:1-2 രക്ഷിക്കപ്പെടാത്തവനായിട്ടും കൊർന്നല്ലിയോസ് ഒരു ഭക്തൻ ആയിരുന്നു റോമർ. 2:14-15). രക്ഷിക്കപ്പെടാത്ത എല്ലാവരും ദൈവത്തിന് ശത്രുക്കളാണ്. അതിനാൽ അവന്റെ നല്ല പ്രവർത്തികളും ദൈവത്തിന് പ്രസാദകരമല്ല, കാരണം ഒരു ശത്രുതാ മനോഭാവത്തിൽ അവ ചെയ്യുന്നു (സദൃ. 15:8, 21:4; 21:27). മനുഷ്യന്റെ നന്മപ്രവർത്തികൾ ദൈവത്തിന്റെ മുമ്പിൽ കറപുരണ്ട തുണിപോലെയാണ് (യെശ. 64:6). ധാർമ്മിക അധ:പതനം എന്നാൽ എല്ലാമനുഷ്യരും ഉപയോഗശൂന്യരായി എന്നതിനേക്കാൾ ദൈവത്തിൽ നിന്നും അകന്ന ഹൃദയത്തിന് അടിമയാക്കപ്പെട്ട ഒരു ശത്രു എന്നാണർത്ഥം. ദൈവത്തിന്റെ വഴിയിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആരും ശ്രമിക്കുന്നില്ല. ഒരുവനും രക്ഷ പ്രാപിക്കുവാൻ കഴിയുന്നില്ല. വെറുതെയുള്ള ഭൗതികവാദ പ്രവർത്തികളാൽ രക്ഷ ലഭിക്കും എന്ന് വിശ്വസിക്കുകയും ഇത് പഠിപ്പിക്കുന്ന സഭകളിൽ പങ്കുചേരുന്നതും മനുഷ്യന്റെ വിലയിരുത്തലിൽ അധാർമ്മികമല്ല. എന്നാൽ ദൈവത്തിന് അവൻ അസ്വീകാര്യനായ ഉപദ്രവകാരിയാണ്. താൻ തുടർന്നു വരുന്ന പാത ദൈവത്തിന് വിരോധമാണ് (ചിലപ്പോൾ അടിസ്ഥാനപരമായി വലിയ പാപങ്ങൾ ഇല്ലാതെ)[8]

[7] മനുഷ്യന്റെ ധാർമ്മിക അധ:പതനം മൂലം അവന്റെ ഹൃദയം ഇരുണ്ടുപോയി അതിനാൽ മനുഷ്യന് ആത്മീക കാര്യങ്ങളെ കാണുവാൻ കഴിയാതെ ഹൃദയം ഇരുണ്ട്പോയി (1 കൊരി. 1:18; 2:14; 2 കൊരി. 4:4; എഫേ. 4:18).

[8] ക്രിസ്തുവിനെ കൂടാതെയുള്ളവർക്ക് സാർവ്വത്രിക ന്യായവിധി ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത് സാർവ്വത്രിക അധ:പതനം തെളിയിക്കുന്നു (യോഹ. 3:18, 36; റോമ. 11:32; ഗലാ. 3:22; 1 യോഹ. 5.12). സകലമനുഷ്യരും ധാർമ്മികമായി അധ:പതിച്ചു എന്നത് നിയമത്തിന്റെയും, ഗവൺമെന്റിന്റെയും തീരുമാനം വെളിപ്പെടുത്തുന്നു. വചനത്തിന് വിരുദ്ധമായ മാനുഷികമായ ആശയങ്ങൾ മനുഷ്യനെ ബുദ്ധിപരമല്ലാത്ത തീരുമാനങ്ങളിലേക്ക് നയിക്കുന്നു.

"അവർ നിന്നോട് പാപം ചെയ്യുകയും - **പാപം ചെയ്യാത്ത മനുഷ്യൻ ഇല്ലല്ലോ**..." (1 രാജ. 8:46).

"ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാൺമാൻ യഹോവ സ്വർഗ്ഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു. എല്ലാവരും വഴി തെറ്റി ഒരുപോലെ കൊള്ളരുതാത്തവരായി തീർന്നു. **നന്മ ചെയ്യുന്നവനില്ല ഒരുത്തൻ പോലുമില്ല"** (സങ്കീ. 14:23).

എല്ലാവരും പാപം ചെയ്തു ഒരുപോലെ കൊള്ളരുതാത്തവരായി തീർന്നു; **നന്മ ചെയ്യുന്നവനില്ല ഒരുത്തൻ പോലുമില്ല** (സങ്കീ. 53:3).

യഹോവേ നീ അകൃത്യങ്ങളെ ഓർമ്മവെച്ചാൽ കർത്താവേ, ആർ നിലനില്ക്കും" (സങ്കീ. 130:3).

അടിയനെ ന്യായവിസ്താരത്തിൽ പ്രവേശിപ്പിക്കരുതെ **ജീവനുള്ളവൻ** ആരും **തിരുസന്നിധിയിൽ നീതിമാനാകുകയില്ലല്ലോ** (സങ്കീ. 143:2).

ഞാൻ എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചു പാപം ഒഴിഞ്ഞു നിർമ്മലനായിരിക്കുന്നു എന്നു ആർക്കു പറയാം (സങ്കീ. 20:9).

"പാപം ചെയ്യാതെ **നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിൽ ഇല്ല"** (സഭാ. 7:20).

നാം **എല്ലാവരും** ആടുകളെപ്പോലെ **തെറ്റിപോയി**രുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി" (യെശ. 53:6).

ആകയാൽ എന്ത്? നമുക്കു വിശേഷതയുണ്ടോ? അശേഷമില്ല; **യെഹൂദന്മാരും യെവനന്മാരും ഒരുപോലെ പാപത്തിന്** കീഴാക്കുന്നു എന്നുനാം മുമ്പേ തെളിയിച്ചുവല്ലോ; **നീതിമാൻ ആരും ഇല്ല ഒരുത്തൻ പോലുമില്ല** (റോ. 3:9,10).

ന്യായപ്രമാണം പറയുന്നത് എല്ലാം ന്യായപ്രമാണത്തിൽ കീഴുള്ളവരോടു പ്രസ്താവിക്കുന്നു എന്നു നാം അറിയുന്നു. അങ്ങനെ എതു വായും അടഞ്ഞു. **സർവ്വലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായി** തീരേണ്ടതത്രെ (റോമ. 3:19).

ഒരു വ്യത്യാസവുമില്ല; **എല്ലാവരും പാപം ചെയ്തു** ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു (റോമ. 3:23).

.... തിരുവെഴുത്ത് **എല്ലാവരെയും പാപത്തിൽ കീഴടച്ചുകളഞ്ഞു** (ഗലാ. 3:22).

നാം എല്ലാവരും പലതിലും **തെറ്റിപ്പോകുന്നു...** (യാക്കോ. 3:2).

നമ്മുക്ക് പാപം ഇല്ല എന്നു പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നു എങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി (1 യോഹ. 1:8,10).

5. വീഴ്ചയുടെ പരിണിതഫലം സ്ത്രീയിൽ.

വേദനയോടെ മക്കളെ പ്രസവിക്കും, തന്റെ ഭർത്താവിന് അവൾ കീഴ്പ്പെടും. പാപ പ്രവണതയാൽ ഈ വിഷയം ഇപ്പോൾ സങ്കീർണ്ണമായിരിക്കുന്നു.

> സ്ത്രീയോടു കല്പിച്ചത്: "ഞാൻ നിനക്കു കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും. **നീ വേദനയോടെ മക്കളെ പ്രസവിക്കും;** നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടാകും. അവൻ നിന്നെ ഭരിക്കും" (ഉല്പ. 3:16).

6. വീഴ്ചയുടെ പരിണിതഫലം പുരുഷനിൽ

മനുഷ്യന് ഇപ്പോൾ കഷ്ടതയും, അസംതൃപ്തിയും, അദ്ധ്വാനവും ലഭിച്ചു.

> മനുഷ്യനോടു കല്പിച്ചതോ: "നീ നിന്റെ ഭാര്യയുടെ വാക്ക് അനുസരിക്കുകയും തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ട് നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ആയുഷ്ക്കാലമൊക്കെയും **നീ കഷ്ടതയോടെ അതിൽ നിന്നു അഹോവൃത്തി കഴിക്കും.** മുള്ളും പറക്കാരയും നിനക്കതിൽ നിന്നും മുളക്കും വയലിലെ സസ്യം നിനക്കാഹാരമാകും. നിലത്തുനിന്നു നിന്നെ എടുത്തിരിക്കുന്നു, അതിൽ തിരികെ ചേരുവോളം **മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും.** നീ പൊടിയാകുന്നു, പൊടിയിൽ തിരികെച്ചേരും" (ഉല്പ. 3:17-19).

7. വീഴ്ചയുടെ അനന്തരഫലം മറ്റ് സൃഷ്ടികളിൽ

വീഴ്ച സകല മൃഗങ്ങളിലും വേദനയും മരണവും നിലത്തിന് ശാപവും നല്കി. ഈ ശാപം സഹസ്രാബ്ദ കാലത്ത് ഭാഗികമായി പരിഹരിക്കപ്പെടും (കാണുക. യെശ. 11:6 ff; 65:25 സഹസ്രാബ്ദത്തിലെ കാർഷിക അനുഗ്രഹം).

> "... നീ നിമിത്തം **ഭൂമി ശപിക്കപ്പെട്ടിരി**ക്കുന്നു (ഉല്പ. 3:17).
>
> **സർവ്വസൃഷ്ടിയും** ഇന്നുവരെ ഒരുപോലെ ഞരങ്ങി **ഈറ്റുനോവോടിരിക്കുന്നു** (റോമ. 8:22).

IV. ദേഹിയുടെ ഉത്ഭവം

നരവംശശാസ്ത്രമായാലും, പാപതത്വശാസ്ത്രമായാലും മനുഷ്യന്റെ അഭൗമിക ഭാഗത്തിന്റെ നിർമ്മാണം ഒരു കൃത്യതയാർന്ന പഠനവിഷയമാണ്. ഓരോ കുഞ്ഞ് ജനിക്കുമ്പോഴും ദൈവം ഓരോ പുതിയ ആത്മാവിനെ സൃഷ്ടിക്കുന്നുവോ? മനുഷ്യആത്മാവിന്റെ നിർമ്മാണത്തിന് മാതാപിതാക്കളിൽ ഏതെങ്കിലും പ്രക്രിയകൾ നടക്കുന്നുവോ, അതുപോലെ ഒരു ശിശുവിന്റെ ശരീരവും? ആത്മാവിന്റെ ഉത്ഭവ്തതെക്കുറിച്ച് ഏഴാം അദ്ധ്യായത്തിൽ" പാപതത്വശാസ്ത്രത്തിൽ" വിവരിക്കുന്നതായിരിക്കും.

V. മനുഷ്യന്റെ അഭൗമിക ഭാഗത്തിന്റെ നിർമ്മിതി.

മനുഷ്യന്റ അഭൗമിക ഭാഗത്തിന്റെ നിർമ്മിതിയെകുറിച്ച് യഥാസ്ഥിതിക ക്രൈസ്തവരിൽ രണ്ട് ആശയങ്ങൾ ഉണ്ട്. ചിലർ വിശ്വസിക്കുന്നത് മനുഷ്യനെ ദ്വിഭാജ്യ ഘടകമായി (രണ്ട് ഘടകം) സൃഷ്ടിച്ചു എന്നാണ് . ആത്മാവ്, ദേഹി ഇത് ഇടകലർത്തിഉപയോഗിച്ചിരിക്കുന്നു. ഈ ആശയം അറിയപ്പെടുന്നത് **ദ്വിഭാജ്യഘടനാ** സിദ്ധാന്തം (ഡൈക്കോട്ടമി) എന്നാണ്. മറ്റുള്ളവർ പറയുന്നത് മനുഷ്യൻ ദേഹം, ദേഹി, ആത്മാവ് **ഇങ്ങനെ മൂന്ന് ഭാഗങ്ങൾ** കൂടിചേർന്ന സത്ത എന്നാണ്. ഈ ആശയം **ത്രിഭാജ്യ** ഘടനാ സിദ്ധാന്തം(ട്രൈക്കോട്ടമി) എന്നും അറിയപ്പെടുന്നു.

A. മനുഷ്യനിലെ ദ്വിഭാജ്യഘടകത്തിനുള്ളതെളിവുകൾ.

1. ദേഹി, ആത്മാവ് ഈ പദങ്ങൾ പരസ്പരം മാറ്റി ഉപയോഗിച്ചിരിക്കുന്നു (ഒത്തുനോക്കുക; ഉല്പ. 41:8 ff ഉം സങ്കീ. 42:6 20).

> പ്രഭാതകാലത്ത് അവൻ(ആത്മാവ്) **വ്യാകുലപ്പെ**ട്ടു യിസ്രായേലിലെ മന്ത്രവാദികളെയും ജ്ഞാനികളെയും ആളയച്ചുവരു ത്തി അവരോടു തന്റെ സ്വപ്നം പറഞ്ഞു. എന്നാൽ വ്യാഖ്യാനിപ്പാൻ ആർക്കും കഴിഞ്ഞില്ല (ഉല്പ. 41:8).
>
> എന്റെ ദൈവമേ എന്റെ ആത്മാവ് എന്നിൽ വിഷാദിച്ചിരിക്കുന്നു... (സങ്കീ. 42:6).

യോഹ 12:27 ഉം 13:21 ഉം വാക്യങ്ങൾ ഒത്തു നോക്കുക.

> ഇപ്പോൾ **എന്റെ ഉള്ളം** (Soul) കലങ്ങിയിരിക്കുന്നു... (യോഹ. 12:27).
>
> ഇതുപറഞ്ഞിട്ട് യേശു **ഉള്ളം** (Spirit) കലങ്ങി... (യോഹ. 13:21).

മത്തായി 20:28 ഉം 27:50 ഒത്തുനോക്കുക.

> മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ (ഇതിന്റെ ഗ്രീക്കിൽ Soul, ദേഹി എന്ന് പറഞ്ഞിരിക്കുന്നു) മറുവിലയായി കൊടുപ്പാനും വന്നിരിക്കുന്നതുപോലെ തന്നെ എന്നു പറഞ്ഞു" (മത്താ. 20:28).
>
> യേശു പിന്നെയും ഉറക്കെ നിലവിളിച്ചു **പ്രാണനെ** (ആത്മാവിനെ) വിട്ടു (മത്തായി. 27:50).

വെളി. 6:9 ഉം എബ്രാ. 12:23 ഒത്തുനോക്കുക.

> അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ **ആത്മാക്കളെ** ഞാൻ യാഗപീഠത്തിൻ കീഴിൽ കണ്ടു (വെളി. 6:9).
>
> സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപതിയ്ക്കും സിദ്ധന്മാരായ നീതിമാന്മാരുടെ **ആത്മാക്കൾക്കും** (എബ്രാ. 12:23).

2. ചിലപ്പോൾ ദേഹവും ദേഹിയും, അല്ലെങ്കിൽ ദേഹവും, ആത്മാവും ഒരു പൂർണ്ണ മനുഷ്യനെ കാണിക്കുന്നു.

> **ദേഹിയെ** കൊല്ലുവാൻ കഴിയാതെ **ദേഹത്തെ** കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ (മത്താ. 10:28).
>
> ഞാനോ **ശരീരം** കൊണ്ട് ദൂരസ്ഥൻ എങ്കിലും **ആത്മാവുകൊണ്ട്** കൂടെയുള്ളവനായി... (1 കൊരി. 5:3).
>
> പ്രിയനെ നിന്റെ **ആത്മാവ്** ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും **ശുഭമായും** സുഖമായും(ശരീരം) ഇരിക്കേണം എന്നുഞാൻ പ്രാർത്ഥിക്കുന്നു (3 യോഹ. 2).

3. ത്രിഭാജന ആശയത്തെ ഖണ്ഡിക്കൽ

ത്രിഭാജന ആശയവാദികൾ സാധാരണ പറയുന്നത് ആത്മാവ് എന്നത് ഒരു മനുഷ്യന്റെ അഭൗതിക ഘടകത്തിലെ മതപരമായ ഭാഗമെന്നാണ്. അതേ സമയം ദേഹി, ബുദ്ധി, ഇച്ഛ, വികാരം എന്നിവയുടെ ഉറവിടവും. ദ്വിഭാജന ആശയവാദികൾ എടുത്ത് പറയുന്നത് മൃഗങ്ങൾക്ക്പോലും ആത്മാവ് ഉണ്ട് (സഭാ. 3:21) മതത്തിന്റെ ഉന്നത സ്വാധീനത ദേഹിയോട് ബന്ധപ്പെടുത്തിയിരിക്കുന്നു (മർ. 12:30; ലൂക്കൊ. 1:46; എബ്രാ6:18–19; യാക്കോ. 1:21). ദൈവം ആത്മസ്വരൂപനാകുന്നു, എന്നാൽ തനിക്ക് ദേഹിയുണ്ടെന്ന് പറഞ്ഞിരിക്കുന്നു (ആമോ. 6:8 – എബ്രായ ഭാഷയിൽ). ദേഹരഹിതരായ ആത്മാക്കളെ കുറിച്ച് പറഞ്ഞിരിക്കുന്നു (വെളി. 6:9;20:4). അതുകൊണ്ട് ആത്മാവ് ദൈവത്തോട് ബന്ധപ്പെട്ടഭാഗം എന്ന് നിഷ്കർഷിച്ച് പറഞ്ഞിട്ടില്ല. അതുപോലെ ദേഹി എന്നത് കൂട്ട് സഹോദരനോടുള്ള ബന്ധത്തെകുറിച്ചും ആണെന്ന്

പറഞ്ഞിട്ടില്ല. ദേഹി എന്നത് ആത്മീയ താല്പര്യത്തോട് ബന്ധപ്പെട്ട മനുഷ്യന്റെ ഒരു ഭാഗമാണ്.

ദ്വിഭാജന ആശയത്തോടുള്ള ബന്ധത്തിൽ 1 തെസ്സ. 5:23 -ലെ ആത്മാവും, പ്രാണനും രണ്ടാണെന്ന് തെളിയിക്കുന്നില്ല. ദേഹം, ദേഹി, ആത്മാവ് എന്ന ഉപയോഗത്തിൽ, അവസാനത്തെ രണ്ട് വാക്കുകൾ പര്യായമായി ഉപയോഗിച്ചിരിക്കുന്നു മർക്കോസ് 12:30-ലെ പോലെ (നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണആത്മാവോടും, പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം) അതുപോലെ എബ്രാ. 4:12-ലെ ആത്മാവും, പ്രാണനും പര്യായമായി ഉപയോഗിച്ചിരിക്കുന്ന എന്ന് ദ്വിഭാജന ആശയക്കാർ പറയുന്നു. എന്നാൽ ദൈവവചനത്തിൽ പ്രാണനും, ആത്മാവും വിഭജിച്ചു പറഞ്ഞിരിക്കുന്നതും പ്രാണനെ ആത്മാവിൽ നിന്ന് വേർപെടുത്തുന്നതും ഒന്നല്ല. ഇത് ലളിതമായി പറഞ്ഞാൽ മനുഷ്യന്റെ അഭൗതിക ഭാഗത്തെ രണ്ടായിതിരിച്ച് പറഞ്ഞിരിക്കുന്നു. (ആത്മാവും പ്രാണനും പര്യായമാക്കാം) ദൈവവചനം മനുഷ്യന്റെ അഭൗമിക ഭാഗത്തെ തരംതിരിച്ച് പറഞ്ഞിരിക്കുന്നത് ആത്മാവ് അല്ലെങ്കിൽ പ്രാണൻ എന്നാണ്.

B. ത്രിഭാജന ആശയത്തിനുള്ള തെളിവുകൾ

നിരവധി പ്രാവശ്യംആത്മാവും, പ്രാണനും ആയി വിഭജിച്ചിട്ടുണ്ട്. നിരവധിതവണ വേർതിരിച്ചുപറഞ്ഞിരിക്കുന്നു.

> സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ നിങ്ങളുടെ **ആത്മാവും പ്രാണനും** ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ (1 തെസ്സ്. 5:23).
>
> ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും **പ്രാണനെയും, ആത്മാവിനെയും** സന്ധിമജ്ജകളെയും **വേർവിടുവിക്കുവരെ** തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രാ. 4:12).
>
> എന്നാൽ പ്രാകൃതമനുഷ്യൻ (ഗ്രീക്കിൽ സോളിഷ്) **... ആത്മാവിനോ** സകലത്തെയും വിവേചിക്കുന്നു (1 കൊരി 2:14-15).
>
> **പ്രാകൃതശരീരം**(ഗ്രീക്കിൽ സോളിഷ്) വിതക്കപ്പെടുന്നു. **ആത്മീക ശരീരം** ഉയിർക്കുന്നു... (1 കൊരി. 15:44).

1 തെസ്സ. 5: 23-ൽ പൌലൊസ് മനുഷ്യനെ ത്രിഭാജക ഘടകമായി പറയുന്നതുപോലെ എബ്രായ ലേഖന കർത്താവും, (എബ്രാ. 4:12) ആത്മാവിനെ പ്രാണനിൽ നിന്നും വേർതിരിച്ച് പറഞ്ഞിരിക്കുന്നു. 1കൊരി. 2ലും, 1 കൊരി 15-ലും ആത്മാവും, പ്രാണനും രണ്ടാണ് എന്നതിന് ഒരു ആശയം കൊടുത്തിരിക്കുന്നു. ദേഹി എന്നത് മനുഷ്യന് ഐഹിക ബന്ധം കാണിക്കുവാനും, ആത്മാവ് എന്നത് മനുഷ്യന്റെ സ്വർഗ്ഗീയ ബന്ധം കാണിക്കുവാനും ഉപയോഗിച്ചിരിക്കുന്നു. ഒരു ത്രിഭാജക ആശയവാദി പറയുന്നത് ദേഹി എന്നത് മനുഷ്യന് മനുഷ്യനോടുള്ള ബന്ധത്തെ കാണിക്കുന്ന അഭൗതിക ഭാഗം; ആത്മാവ് എന്നത് മതപരമായ ബന്ധം സ്ഥാപിക്കുവാൻ കഴിവുള്ള മനുഷ്യന്റെ അഭൗമിക സ്വഭാവത്തിന്റെ ഭാഗം. [9]

C. ഈ വിഷയത്തിന്മേലുള്ള ചിന്തകൾ

ഈപ്പറഞ്ഞ രണ്ട് ആശയങ്ങളിലും പ്രാധാന്യതയുണ്ട്. ഒരു വസ്തുവിനെ രണ്ടായി വിഭജിച്ച് മനസ്സിലാക്കുന്നതിലുള്ള പരാജയമാണ് പ്രശ്നത്തിന് കാരണം. അതിന്റെ വ്യത്യസ്തമായ പ്രവർത്തനം മനസ്സിലാക്കാത്തതും. ഒരു ചോക്ലേറ്റും, വാനിലയും കൂടിയ ഐസ്ക്രീമിൽനിന്നു വാനില തന്നെയോ, ചോക്ലേറ്റ് തനിയെയോ വേർതിരിക്കുവാനോ കഴിയുകയില്ല. എന്നാൽ ഒരുവന് ഇതിലെ വ്യത്യാസം മനസ്സിലാക്കാം.

ദ്വിഭാജന ആശയത്തിൽ മനുഷ്യന്റെ അഭൗമിക ഘടകം ആത്മാവും ദേഹിയും എന്ന് വ്യക്തമാക്കിയിട്ടില്ല. അഭൗമികഘടകം സമുന്വയിച്ച് ഒന്നാണ്. അതുകൊണ്ട് മനുഷ്യന്റെ അഭൗമിക ഘടകത്തെകുറിച്ച് പൊതുവായി പറയുമ്പോൾ *ആത്മാവും, പ്രാണനും* എന്ന് ആശയത്തിൽ വ്യത്യാസമില്ലാതെ ഇടകലർത്തിപ്പറയുന്നു. വേദപുസ്തക എഴുത്തുകാർ അത് ചെയ്തിരിക്കുന്നു.

ഒരുവന് കൃത്യമായ ഭാഷയിൽ ആത്മാവും, പ്രാണനും വേർതിരിച്ചുപറയണമെങ്കിൽ ആകാം. ചില പ്രത്യേക സാഹചര്യങ്ങളിൽ വേദപുസ്തക എഴുത്തുകാർ കൃത്യമായും പ്രായോഗികമായും കാര്യങ്ങൾ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ആയതിന് ആത്മാവും, ദേഹിയും തമ്മിൽ വേർതിരിച്ച് പറയുന്നു. അത്തരത്തിലുള്ള സാഹചര്യങ്ങളിൽ പ്രാണൻ എന്ന മനുഷ്യന്റെ അഭൗമിക ഘടന (ബുദ്ധി, വികാരം, ഇച്ഛ), ഈ ലോകത്തിലെ കാര്യങ്ങളോടും, സ്വയത്തോടും, മറ്റുമനുഷ്യരോടും ബന്ധപ്പെടുന്നതാണ്. ആത്മാവ് എന്നത് അഭൗമികകാര്യങ്ങളുമായി (പ്രകൃത്യാതീത

[9] ഒരു രക്ഷിക്കപ്പെടാത്ത മനുഷ്യനും ആത്മാവ് ഉണ്ടെന്നാണ് രചയിതാവിന്റെ വിശ്വാസം. അവന് ആത്മാവ് ഉണ്ടെങ്കിലും കൃത്യമായി പ്രവർത്തിക്കുന്നില്ല. ഒരുവന് ഒരു കാർ ഉള്ളതും, കാറിന്റെ പ്രവർത്തനവും വ്യത്യസ്ഥമാണ്. രക്ഷിക്കപ്പെടാത്തവർക്ക് ആത്മാവ് ഉണ്ടെങ്കിലും അവർ തെറ്റായി ആരാധിക്കുന്നു (ഒരു ദുരാത്മാവിനെ കുറിച്ച് ചിന്തിക്കുന്ന ഭാഗം 1 കൊരി. 2:11; 2 കൊരി. 7:1; എബ്രാ. 12:9; യാക്കോ. 4:5; ഇവ ആത്മാവ് ദുരാത്മാവാണെന്നു തെളിയിക്കുന്നു).

യാഥാർത്ഥ്യം) ബന്ധപ്പെടുന്ന മനുഷ്യന്റെ അഭൗമിക ഘടനയാണ്(ബുദ്ധി, വികാരം, ഇച്ഛ). മനുഷ്യന്റെ അഭൗമിക സ്വഭാവത്തിന്റെ പ്രവർത്തനങ്ങൾ രണ്ട് വ്യത്യസ്ത ഘടകങ്ങളായി വിഭജിച്ചില്ലെങ്കിലും വേർതിരിച്ച് മനസ്സിലാക്കുവാൻ കഴിയും എന്നതാണ് ഈ ആശയത്തിന്റെ പ്രത്യേകത.

VI. മനുഷ്യന്റെ ഭൗമിക ഭാഗം

ദ്വൈതഭാവ തത്വശാസ്ത്രം, വസ്തു ദോഷവും ആത്മാവ് നല്ലത് എന്നും പറയുന്നതിന് വ്യത്യസ്തമായി ശരീരം ഭൗമികമായതുകൊണ്ടു മാത്രം ബൈബിൾ അതിനെ കുറ്റം വിധിക്കുന്നില്ല. പാപത്തിന് ശരീരത്തെ നിയന്ത്രിക്കുവാൻ കഴിയും (റോമ. 6:12-13), എന്നാൽ ശരീരം പൂർണ്ണമായി ദോഷമുള്ളതാണെന്ന് ക്രിസ്ത്യാനികൾ പറയരുത്. ഇതിൽ പ്രധാന കാര്യം ഒരുവൻ എങ്ങനെ തന്റെ ശരീരം ഉപയോഗിക്കുന്നു എന്നാശ്രയിച്ചാണ്. ഇത് ദൈവത്തിന് പ്രസാദകരമായ ഒരു വിശുദ്ധയാഗമായിരിക്കണം (റോമ. 12:1-2). ഒരു വിശ്വാസിയുടെ ശരീരം പരിശുദ്ധാത്മാവ് വസിക്കുന്ന ആലയമാണ് (1 കൊരി. 6:19-20).[10]

[10] ശിശുക്കളുടെ രക്ഷ ജനിക്കാത്തവരുടെ വില മുതലായ വിഷയങ്ങൾ പഠിക്കുവാൻ "ജനിക്കാത്തവരെ കുറിച്ചുള്ള ദൈവത്തിന്റെ ആശയം" എന്ന ടേപ്പ് വെസ്റ്റ്ക്ലിഫ് ബൈബിൾ ചർച്ചിൽ നിന്നും സ്വീകരിക്കുക. *God's view of the Unborn* (March 10, 1985) and also 2 sam. 12:15-31 (June17, 1987).

അദ്ധ്യായം 7

ഹാമറ്റോളജി

പാപത്തെപ്പറ്റിയുള്ള ഉപദേശം

രൂപരേഖ

I. പാപത്തിന്റെ നിർവ്വചനം
  A. പാപത്തെക്കുറിച്ച് വേദപുസ്തക വിവരണം
    1. അധർമ്മം
    2. അനീതി
    3. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തത്
    4. ഗർവ്വുള്ള കണ്ണും അഹങ്കാര ഹൃദയവും
    5. ശരി അറിഞ്ഞിട്ടും ചെയ്യാത്തത്
    6. സ്വയം പ്രാണഹാനി
  B. പാത്തിന് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന തിരഞ്ഞെടുത്ത വാക്കുകളെ കുറിച്ചുള്ള പഠനം
    1. പാപത്തിന് നിർദ്ദേശിച്ചിട്ടുള്ള എബ്രായ വാക്കുകളുടെ പഠനം
      a. ഹാട്ടാ (പാപം)
      b. പാഷാ(ലംഘനം)
      c. ആവൊൻ (അധർമ്മം)
      d. റാ (ദുഷ്ടത)
      e. പഴയനിയമ വാക്കുകളുടെ രത്ന ചുരുക്കം
    2. പാപത്തെ കാണിക്കുന്ന ഗ്രീക്കു പദങ്ങൾ
      a. ഹമാർട്ടിയ, ഹമാർട്ടാനോ (പാപം)
      b. ഹമാർട്ടിയ അല്ലാതെയുള്ള പദങ്ങൾ
        (1) അഡിക്കിയോ, അഡിക്കിയ (അനീതി)
        (2) പരാപ്റ്റോവ (അതിക്രമം)
        (3) അനോമിയ (അകൃത്യം)
        (4) പരാബാസിസ് (തെറ്റ്)
        (5) അസെബിയ (ഭക്തികേട്)
        (6) കാക്കോസ് (തിന്മ)
        (7) പൊനേറോസ് (ദുഷ്ടത)
    3. സംക്ഷിപ്തം
II. പാപത്തിന്റെ ഉത്ഭവം
  A. പ്രപഞ്ചത്തിൽ പാപത്തിന്റെ ഉത്ഭവം
  B. മനുഷ്യനിൽ പാപത്തിന്റെ ഉത്ഭവം
  C. പാപത്തിന്റെ ആരംഭം വ്യക്തികളിൽ
    1. ഓരോ തലമുറകളിലേക്കും പാപത്തിന്റെ വ്യാപനം
      a. സൃഷ്ടിവാദ ആശയം
      b. ട്രഡ്യുഷൻ സിദ്ധാന്തം
    2. ആദാമിന്റെ പാപം നമ്മളിലേക്ക് ചുമത്തൽ
      a. പെലജിയൻ സിദ്ധാന്തം
      b. സെമി-പെലാജിയൻ സിദ്ധാന്തം
      c. ഫെഡറൽ സിദ്ധാന്തം
      d. അഗസ്റ്റീനിയൻ അല്ലെങ്കിൽ സ്വാഭാവിക സിദ്ധാന്തം.
      e. ആദാമിന്റെ പാപം നമ്മളിലേക്കു ചുമത്തി എന്നതിന്റെ സംക്ഷിപ്തം.
III. പാപത്തിന്റെ വ്യാപ്തി
IV. ഒരു വിശ്വാസിയിലെ രണ്ട് സ്വഭാവങ്ങൾ
  A. സ്വഭാവം എന്ന പദത്തിന്റെ യഥാർത്ഥ്യം
  B. പഴയ സ്വഭാവം
  C. പുതിയ സ്വഭാവം

ഹാമറ്റോളജി: പാപത്തെപ്പറ്റിയുള്ള ഉപദേശം

I. പാപത്തിന്റെ നിർവചനം

A. പാപത്തെകുറിച്ച് വേദപുസ്തക വിവരണം

വേദപുസ്തകം പാപത്തിന് കൃത്യതയാർന്ന നിർവചനം നല്കുന്നില്ല, എന്നാൽ പാപത്തെകുറിച്ച് നിരവധി വിവ രണം നല്കുന്നു.

1. അധർമ്മം

.... പാപം അധർമ്മം തന്നെ (1 യോഹ. 3:4).

2. അനീതി

".... ഏത് അനീതിയും പാപമാകുന്നു" (1 യോഹ. 5:17).

3. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തത്

"... വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രെ" (റോമ. 14:23).

4. ഗർവ്വുള്ള കണ്ണും, അഹങ്കാരഹൃദയവും

"ഗർവ്വുള്ള കണ്ണും, അഹങ്കാരഹൃദയവും ദുഷ്ടന്മാരുടെ ദീപവും പാപംതന്നെ" (സദൃ. 21:4).

5. ശരി അറിഞ്ഞിട്ടും ചെയ്യാത്തത്.

"നന്മ ചെയ്വാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപം തന്നെ" (യാക്കോ. 4:17).

6. സ്വയം പ്രാണഹാനി

"എന്നോടു പിഴക്കുന്നവനോ തനിക്കു പ്രാണഹാനി വരുത്തുന്നു..." (സദ്യ. 8:36).

B. പാപത്തിന് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന പദങ്ങളെകുറിച്ചുള്ള പഠനം.

1. പാപത്തിന് നിർദ്ദേശിച്ചിട്ടുള്ള എബ്രായ വാക്കുകളുടെ പഠനം.

a. ഹാട്ടാ, കാട്ടാ എന്ന് ഉച്ചരിക്കും (പാപം)

പഴയനിയമത്തിൽ വളരെ സാധാരണമായി പാപത്തിന് ഉപയോഗിക്കുന്ന പദമാണിത്. ഇത് ഏകദേശം 580 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. പൊതുവായ ഉപയോഗത്തിൽ ഇതിന്റെ അർത്ഥം "ലക്ഷ്യം തെറ്റുക അല്ലെങ്കിൽ വഴി തെറ്റുക" എന്നാണ്. ന്യായ. 20:16-ൽ ലക്ഷ്യം തെറ്റാതെ എറിയുവാൻ കഴിയുന്ന ഇടങ്കയ്യരായ കവിണക്കാരെ കുറിച്ച് പറഞ്ഞിരിക്കുന്നു. (അക്ഷരാർത്ഥത്തിൽ പാപമല്ല!) സദ്യ. 19:2-ൽ ശ്രദ്ധയില്ലാത്ത മനസ്സുള്ളവൻ തന്റെ പാദംകൊണ്ട് പാപം ചെയ്യുന്നു. അർത്ഥം - തന്റെ പാദം ശരിയായ വഴികളിൽ അല്ല. സാന്മാർഗിക പശ്ചാത്തലത്തിൽ പ്രതീക്ഷകൾക്ക് അനുസരണയായി ജീവിക്കുവാൻ കഴിയാത്തത്. മറ്റുള്ളവരുടെ നീതിയും, താത്പര്യങ്ങളും സംരക്ഷിക്കുവാൻ കഴിയാതിരിക്കുന്നത്. ശക്തമായ വ്യക്തിപരമായ എതിർപ്പ് എന്ന് ഓർപ്പിക്കുന്നു![1]

b. പാഷാ (അതിക്രമം)

ഈ വാക്ക് ഏകദേശം 93 പ്രാവശ്യം നാമമായിട്ടും, 41 പ്രാവശ്യം ക്രിയയായിട്ടും ഉപയോഗിച്ചിട്ടുണ്ട്. രാഷ്ട്രീയ പശ്ചാത്തലത്തിൽ ഇതിനർത്ഥം അധികാരത്തിന് നേരെയുള്ള എതിർപ്പ്, പ്രക്ഷോഭം എന്നാണ്. (1 രാജ -12:19; 2 രാജ. 3:7; 8:20). ദൈവത്തോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ പരമാധികാരത്തെ തിരസ്ക്കരിക്കൽ. ദൈവത്തോടുള്ള ബന്ധത്തെ എതിർക്കുക. ഇതിന്റെ സാധാരണ തർജ്ജിമ "അതിക്രമം" എന്നാണ്.

c. ആവൊൻ (അധർമ്മം)

ഈ ന്യായം 231 പ്രാവശ്യവും, ക്രിയയായി 17 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു? [2] ഇതിന്റെ പ്രധാന ഇംഗ്ലീഷ് തർജ്ജിമ "ഇനിക്യുറ്റി" (അധർമ്മം) എന്നാണ്. ഇതിന്റെ അടിസ്ഥാന ആശയം" വളക്കുക, ഒടിക്കുക, ക്രമം തെറ്റിക്കുക". സങ്കീ. 38;6" ഞാൻ **കുനിഞ്ഞ്** ഏറ്റവും കൂനിയിരിക്കുന്നു, ഞാൻ ഇടവിടാതെ ദു:ഖിച്ചു നടക്കുന്നു" (വിലാ. 3:9) ദൈവത്തിന്റെ ബാലശിക്ഷയായി പറയുന്നു. "വെട്ടുകല്ലുകൊണ്ട് അവൻ എന്റെ വഴി അടച്ച് എന്റെ പാതകളെ വികടമാക്കിയിരിക്കുന്നു". ഇതിന്റെ പശ്ചാത്തല ആശയത്തിൽ കപടസ്വഭാവം - എബ്രായ ഭാഷയോടുള്ള ബന്ധത്തിൽ അധർമ്മവും അതിനുള്ള ശിക്ഷയും എന്ന് അർത്ഥം. അധർമ്മം എന്ന വാക്കിന് വളരെ സുദീർഘമായ അർത്ഥവും ഉണ്ട്. **കുറ്റവും ശിക്ഷയും** (യെശ. 53:6) "നാം എല്ലാവരും ആടുകളെ പോലെ തെറ്റിപ്പോയിരുന്നു നാം ഓരോരുത്തനും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു. എന്നാൽ യെഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം(അകൃത്യത്തിനുള്ള ശിക്ഷ) അവന്റെ മേൽ ചുമത്തി".[3] ഒരു പാപപ്രവൃത്തിയെക്കാളും മനുഷ്യന്റെ തെറ്റായ പ്രവൃത്തികളുടെ ആകെത്തുകയെ കാണിക്കുന്ന ഒരു പൊതുവായ വാക്കാണ് അധർമ്മം എന്നത്.

d. റാ (ദുഷ്ടത)

ഈ വാക്ക് ഏകദേശം 444 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. [4] എബ്രായ ഭാഷയിൽ നല്ലത് എന്നതിന്റെ എതിർപദമാണിത്. (ഉല്പ. 3:5; സദ്യ. 14:22). ദൈവശാസ്ത്രത്തിന് വെളിയിൽ ഇത് 'നാശം' 'മുറിവ്' 'വിപത്ത്' എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. 'റാ' എന്നതുകൊണ്ട് ക്ഷീണിച്ച, രോഗം ബാധിച്ച മൃഗം എന്ന് കാണിക്കുന്നു. (ഉല്പ. 41:21, 27) വിഷം കലർന്ന പായസമോ, വെള്ളമോ (2 രാജ. 2:19; 4:41), പ്രകൃതിക്ഷോഭം (യെശ. 45:7) ഒന്നിനും കൊള്ളാത്തത് (സദ്യ. 20:14) അല്ലെങ്കിൽ ഒരു തെറ്റായ സന്ദേശകൻ (സദ്യ. 13:17). ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് പാപം മുറിവ് ഉണ്ടാക്കുന്ന സ്വന്തനാശത്തിനും മറ്റുള്ളവരുടെ നാശത്തിനും ഇടയാകുന്നു. അതിനാൽ 'റാ' ദൈവത്തിന് സ്വീകാര്യമല്ല (മലാ. 2:17). ദൈവവും, ദൈവജനവും ഇതിനെയും ഇതു മുഖാന്തിരം ഉണ്ടാകുന്ന നാശത്തെയും വെറുക്കണം (സങ്കി. 97:10; സദ്യ. 8:13).

e. പഴയനിയമ വാക്കുകളുടെ സംക്ഷിപ്തം.

പഴയനിയമത്തിൽ പാപത്തിനുപയോഗിച്ചിരിക്കുന്ന വാക്കുകൾ നിലവാരത്തിൽനിന്നും വ്യതിചലിക്കുക എന്ന അർത്ഥത്തിലാണ്. പാപം എന്നാൽ നിലവാരം

[1] Harris, Arther & Waltke, editors, *Theological Word Book of the Old Testament*, 2 vols, (Moody Press, 1980) 1:277-79

[2] Ibid. 2:650-51

[3] ഹാട്ടാ എന്ന വാക്കിന് വളരെ വിപുലമായ അർത്ഥം ഉണ്ട് അതിൽ ശിക്ഷ എന്ന ആശയവും ഉൾപ്പെടുന്നു. സംഖ്യ. 32:23" എന്നാൽ നിങ്ങൾ അങ്ങനെ ചെയ്കയില്ല എങ്കിൽ നിങ്ങൾ യഹോവയോടുപാപം ചെയ്തിരിക്കുന്നു". ഇതിനർത്ഥം നിങ്ങളുടെ കുറ്റത്തിന് ശിക്ഷ നിങ്ങളെ കണ്ടെത്തും. കുറ്റവും ശിക്ഷവും വളരെ അധികം കൂടികലർന്നിരിക്കുന്നു. അതായത് പാപത്തിന്റെ വാക്കുകൾ ശിക്ഷക്കുള്ള നിർവ്വചനവും കൂടെ തരുന്നു.

[4] Charles C. Ryrie, *Basic Theology* (Wheaton, IL: Victor Books, 1986) 209.

നഷ്ടപ്പെടുകയാണ്. അകൃത്യം എന്നാൽ നിലവാര ത്തിൽനിന്ന് വ്യതിചലിക്കുകയോ എതിർക്കുകയോ ആണ്. അധർമ്മം എന്നാൽ നിലവാരത്തെ മാറ്റി ജീവിതവഴിയിൽ നിന്ന് മാറിപ്പോകുന്നതാണ്.

2. പാപത്തെ കാണിക്കുന്ന ഗ്രീക്കുപദങ്ങൾ.

a. ഹമാർട്ടിയ, ഹമാർട്ടാനോ (പാപം)

പാപത്തെ കാണിക്കുവാൻ പുതിയ നിയമത്തിൽ പൊതു വായി ഉപയോഗിച്ചിരിക്കുന്ന പദമാണ് ഹമാർട്ടിയ. ഇതിന്റെ ക്രിയാപദം ഏകദേശം 43 പ്രാവശ്യവും, നാമ പദം 174 പ്രാവശ്യവും കാണുന്നു. സെപ്റ്റുജന്റിൽ (എബ്രായ ബൈബിളിന്റെ ഗ്രീക്ക് തർജ്ജിമ) ഹാട്ടാ എന്ന എബ്രായ വാക്ക് 238 പ്രാവശ്യം തർജ്ജിമ ചെയ്തിരി ക്കുന്നു.[5] ഇത് പ്രാധമികമായി കാണിക്കുന്നത് "ലക്ഷ്യം തെറ്റുക" എന്നാണ്.

പ്രാചീന ഗ്രീക്ക് ഭാഷാ പ്രയോഗത്തിൽ ഈ നിർവ്വചനം തന്നെ കാണുന്നു. കുന്തം ഉപയോഗിക്കുന്ന ഒരു പടയാ ളികളുടെ ലക്ഷ്യംതെറ്റിയ കുത്തലുകളെ കാണിക്കുവാൻ ഹോമർ ഈ പദം നൂറിലധികം പ്രാവശ്യം ഉപയോഗിച്ചി രിക്കുന്നു. കൃത്യമായി ഒരു വിഷയത്തെ ആസ്പദമാക്കി കാവ്യരചന നടത്തുവാൻ കഴിയാത്ത ഒരു കവിയുടെ പരാജയത്തെ കാണിക്കുവാൻ റ്റ്യൂസൈഡിഡസ് ഈ പദം ഉപയോഗിച്ചിരിക്കുന്നു. പ്ലേറ്റോയും, സെനെ ഫോണും ധാർമ്മികമായ പരാജയത്തെ കാണിക്കുവാൻ ഉപയോഗിച്ചിരിക്കുന്നു.[6] ഹീബ്രുവിലെയും, ഗ്രീക്കിലെയും സാഹിത്യപശ്ചാത്തലവും "ലക്ഷ്യം തെറ്റുക" എന്ന നിർവ്വചനം കാണിക്കുന്നു. റോമർ. 3:23 ഈ നിർവചന ത്തിന് ഉത്തമഉദാഹരണമാണ്.

> ".... എല്ലാവരും പാപംചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു" (റോമ. 3:23).

b. ഹമാർട്ടിയ കൂടാതെയുള്ള പദങ്ങൾ.

(1) അഡിക്കിയോ, അഡിക്കിയ (അനീതി)

ക്രിയ 26 പ്രാവശ്യവും, നാമം 26 പ്രാവശ്യവും ഉപയോ ഗിച്ചിരിക്കുന്നു. ഈ വാക്കിന് "അനീതി" എന്നും "ദുഷ്പ്രവൃത്തി" എന്നും അർത്ഥമുണ്ട്. മറ്റുള്ളവരെ ഉപദ്രവിക്കുക എന്ന ആശയവും ഉൾപ്പെടുന്നു. ദൈവത്തിന്റെ നീതി, സ്വഭാവം, നിലവാരം എന്നീ ആശയങ്ങളുടെ ഭിന്നമായ അർത്ഥമാണ്.

(2) പാരപ്പറ്റോമ(അതിക്രമം, എതിര്)

പുതിയനിയമത്തിൽ 21 പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ അർത്ഥം "ഒരു വശത്തേക്ക് വീഴുക"(*പാരപ്പറ്റോമ*), ഗ്രീക്ക് കലാസാഹിത്യത്തിൽ വളരെ ചുരുക്കമായിട്ടേ ഉപയോഗിക്കു. ചിലപ്പോൾ സാഹിത്യപിശക് കാണിക്കുവാൻ ഉപയോഗിക്കാറുണ്ട്. പോളിബിയസ് നാമമായി ഉപയോഗിച്ചപ്പോൾ "തെറ്റ്, അബദ്ധം, വിഡ്ഢിത്തം" എന്നീ അർത്ഥങ്ങൾ വരുന്ന രീതിയിൽ ഉപയോഗിച്ചിരിക്കുന്നു.[7]

പുതിയ നിയമ പദം ഉപയോഗിച്ചിരിക്കുന്നത് രൂക്ഷമായ പാപത്തെ കാണിക്കുവാനല്ല (ഗലാ. 6:1). എന്നാൽ എല്ലാ യ്പ്പോഴും അങ്ങനെയല്ല (എഫേ. 2:1). ഇംഗ്ലീഷ് വിവർത്ത കർ ഇത് അതിക്രമം എന്നോ, ആക്രമിക്കുക എന്നോ തർജ്ജമചെയ്തിരിക്കുന്നു. "വശത്തേക്കു വീഴുക" എന്നത് ലക്ഷ്യം തെറ്റുക എന്നതിന് ഏകദേശം സമാന മാണ്; അതിനാൽ തന്നെ ഈ രണ്ടു പദങ്ങളും പര്യായ മായി ഉപയോഗിച്ചിരിക്കുന്നു. അതിക്രമം എന്നാൽ "തെന്നുക" , "വീഴുക" എന്നർത്ഥം.

(3) അനോമിയ (അകൃത്യം, നിയമരാഹിത്യം)

ഈ പദം 15 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു നിയമ ത്തിന് എതിരായി പ്രവർത്തിക്കുക അല്ലെങ്കിൽ നിയമ മില്ലാതിരിക്കുക എന്നർത്ഥം.

(4) പരാബാസിസ് (തെറ്റ്)

ഈ പദം "പാപ"ത്തിൽ നിന്നും വ്യത്യസ്തമായി തെറ്റി ക്കുവാൻ നിയമം ഉണ്ടെങ്കിൽ മാത്രം ബാധകമാണ്.[8] റോമ. 4:15 പഠിപ്പിക്കുന്നത് "ന്യായപ്രമാണം ഇല്ലാത്തേ ടത്തു ലംഘനം ഇല്ല". അതുകൊണ്ട് സാധാരണ നില യിൽ മനുഷ്യൻ പറയുന്നതുപോലെ മനുഷ്യന്റെ തെറ്റു കൾ നിഷ്കളങ്കമായ തെറ്റുകൾ അല്ല(മാനുഷിക സ്വാഭാവിക ഒഴുക്ക്). അറിയപ്പെടുന്ന നിയമം അറിഞ്ഞു കൊണ്ട് തെറ്റിക്കുന്നതാണ്. ഗ്രീക്ക് സാഹിത്യത്തിൽ ഈ പദം ഒരു ഉടമ്പടി ലംഘിക്കുന്നതിനായി ഉപയോഗിച്ചിരി ക്കുന്നു. ഉദാ: സമാധാനഉടമ്പടി, അല്ലെങ്കിൽ കീഴടങ്ങൽ ഉടമ്പടി. തെറ്റ് എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥം അതിർലംഘിക്കുക.[9] എന്നാണ്. പരാബാസിസ് തെറ്റ്

---

[5] G. Kittel and G. Freidrich, eds., *The Theologycal Dictionary of the New Testament*, 10 vols., (Grand Rapids: Wm. B. Eerdmans Publishing Co., 1967) 1:268.

[6] Ibid., 1: 293; see also Richard C. Trench, *Synonyms of the New Testament*, reprint ed. (Grand Rapids: Wm. B Eerdmans Publishing Co., 1976) 214.

[7] Ibid. 246

[8] റോമർ 5:13 ന്യായപ്രമാണം ഇല്ലാത്തിടത്ത് പാപം ഉണ്ടായി ദൈവം കൃപയുള്ളവനായിരുന്നതുകൊണ്ട് മോശയുടെ ന്യായ പ്രമാണത്തിന്റെ അസാന്നിദ്ധ്യത്തിൽ വ്യക്തിപരമായ പാപ ങ്ങൾ കണക്കിട്ടില്ല. ആളുകൾ ഇപ്പോഴും **ആദാമിന്റെ പാപ ത്തിൽ** മരിക്കുന്നു ന്യായപ്രമാണത്തിന് മുമ്പ് വ്യക്തിപരമായ പാപം ഇല്ല. അതുകൊണ്ട് പ്രമാണത്തിന്റെ അസാന്നിദ്ധ്യത്തി ലും പാപം ഉണ്ടാകാം. തെറ്റ് ഒരു ധാർമ്മിക മേഖല(പ്രമാണം) അർത്ഥമാക്കുന്നു.

[9] D. Kittle and G. Freidrich, Editors, . *The Theological Dictionary of the New Testament* 10 vols.(Grand Rapids: Wm. B, Eerdmans Publishing Co.,1967, 5:736ff)

എന്ന അർത്ഥത്തിൽ സാധാരണ വിവർത്തനം ചെയ്തിരിക്കുന്നു. ഇത് 7 പ്രാവശ്യവും, സമാനമായ പരാബാറ്റിസ് എന്നത് 5 പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നു.

(5) അസെബിയ (ഭക്തികേട്)

പ്രവർത്തിയിലും, മനോഭാവത്തിലും ദൈവത്തിന് കൊടുക്കേണ്ട ബഹുമാനം കൊടുക്കാതിരിക്കുന്നത് ഇത് 6 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു.

(6) കാക്കോസ് (തിന്മ)

ദരിദ്രനായ ഭിക്ഷക്കാരൻ ലാസർ തന്റെ ജീവിതത്തിൽ തിന്മയും രക്ഷിക്കപ്പെടാത്ത ധനവാൻ നന്മയും അനുഭവിച്ചു. (ലൂക്കോ. 16:25).

'കാക്കോസ്' എന്നപദം മോശം ശാരീരിക അവസ്ഥ കാണിക്കുവാനും ഉപയോഗിക്കുന്നു. (മർക്കോ. 1:32). ഒരു ധാർമ്മി ക നിലവാരത്തിൽ ഈ പദം കാണിക്കുന്നത് പാപം സ്വയത്തിലും, മറ്റുള്ളവർക്കും, വേദനയും, മുറിവും, ദോഷവും ഉണ്ടാക്കുന്നു. പാപികൾ അവരുടെ സ്വാതന്ത്ര്യം പാപം ചെയ്യാൻ ഉപയോഗിക്കുമ്പോൾ അവർ അവരെ തന്നെ യും മറ്റുള്ളവരെയും നശിപ്പിക്കാൻ ആഗ്രഹിക്കുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമാകുന്നു (1 തിമൊ. 6:10).

(7) പൊനേറോസ് (ദുഷ്ടത)

ഈ ഗ്രീക്ക് വാക്ക് വളരെ സാധാരണയായി ഉപയോഗിച്ചിരിക്കുന്നു. ഇതിൽ മറ്റുള്ളവരെകൂടി അധികമായി പാപത്തിൽ ചേർത്ത് വരുന്ന ഒരു അർത്ഥ വ്യാപ്തികാണാം. ദുഷ്ട ജീവി ഏകാന്തതയിൽ പാപം ചെയ്ത് തൃപ്തിപ്പെടുന്നില്ല. അവൻ പാപം ചെയ്ത് മറ്റുള്ളവരെ കൂടി അതിലേക്ക് വലിച്ചിഴക്കുന്നു. പിശാചിന്റെ പേരുകളിൽ ഒന്ന് "ദു:ഷ്ടൻ" എന്നാണ് (മത്താ. 13:19, 38; 1 യോഹ. 2:13,14; 5:18).

3. സംക്ഷിപ്തം

വേദശാസ്ത്രജ്ഞന്മാർ പാപത്തിന് നിരവധി നിർവചനങ്ങൾ നല്കിയിട്ടുണ്ട്. പാപത്തിന് ഒറ്റ വാചകത്തിൽ അർത്ഥം കൊണ്ടുവരുവാൻ വരുന്ന പ്രയോഗമാണ് താഴെ തന്നിട്ടുള്ളത്. "പാപം ദൈവത്തിന്റെ വിശുദ്ധ സ്വഭാവത്തോട് ചേരാതെ അധർമ്മം പ്രവർത്തിക്കുന്നതാണ്."

II. പാപത്തിന്റെ ഉത്ഭവം

A. പ്രപഞ്ചത്തിൽ പാപത്തിന്റെ ഉല്പത്തി.

മനുഷ്യന്റെ സൃഷ്ടിപ്പിൽ ദൈവപുത്രന്മാർ (ദൂതന്മാർ) സന്തോഷത്താൽ പാടി (ഈയ്യോ. 38:7). അതുകൊണ്ട് ആ സമയത്ത് പാപത്തിന്റെ അവസ്ഥ ഇല്ലാതിരുന്നു. ആറാം ദിവസത്തിലും ദൈവം സകലവും സൃഷ്ടിച്ച ശേഷം 'വളരെ നല്ലത്'എന്ന് കണ്ടു (ഉല്പ. 1:31), ഇത് കാണിക്കുന്നത് ആ സമയത്തും പ്രപഞ്ചത്തിൽ പാപം പ്രവേശിച്ചിരുന്നില്ല. പിശാചിനെ ഭോഷ്കിന്റെ അപ്പനായിട്ടും ആദ്യകുലപാതകനായും പറഞ്ഞിരിക്കുന്നു (യോഹ. 8:44). പാപത്തെ കുറിക്കുന്ന ജീവിയായി ആദ്യം ബൈബിളിൽ പറഞ്ഞിരിക്കുന്നത് അവനെയാണ്. (ഉല്പ. 3:1, ഒത്തു നോക്കുക. വെളി. 12:9). ആദ്യപാപം മിക്കവാറും ഉടലെടുക്കുന്നത് മനുഷ്യസൃഷ്ടിക്ക് ശേഷവും, എന്നാൽ ഏദൻ തോട്ടത്തിലെ പരീക്ഷക്ക് മുൻപും പ്രപഞ്ചത്തിൽ പാപം ഉണ്ടായതിനെ കുറിച്ചുള്ള കൃത്യസമയത്തെ കുറിച്ച് പല സംശയങ്ങളും ഉണ്ട്; എന്നാൽ അതിന്റെ ആരംഭകനെ കുറിച്ച് ഒരു സംശയവുമില്ല. സാത്താനെ ഉത്തമമായി സൃഷ്ടിച്ചു, എന്നാൽ അകൃത്യം അവനിൽ കണ്ടെത്തി. (യെഹ. 28:12 ff) പ്രത്യേകമായി യെഹ. 28:17 പറയുന്നു "നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു. നിന്റെ പ്രഭനിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി... ."

B. മനുഷ്യനിൽ പാപത്തിന്റെ ഉത്ഭവം

മാനവരാശിയിൽ പാപം ഉടലെടുത്തത് ആദാമിൽകൂടിയാണ്. ഇത് ആറാം അദ്ധ്യായത്തിൽ നരവംശശാസ്ത്രത്തിൽ വിവരിച്ചിരിക്കുന്നു (കാണുക. ഉല്പ. 3; റോമ. 5:12 ff; 1 കൊരി. 15:21 ff; 1 തിമൊ. 2:14).

C. പാപത്തിന്റെ ആരംഭം വ്യക്തികളിൽ

വ്യക്തികളിൽ പാപത്തിന്റെ ഉത്ഭവത്തെ കുറിച്ച് രണ്ട് പ്രധാന ചോദ്യങ്ങൾ ഉണ്ട്. ഒന്ന്, ഈ ലോകത്തിൽ ജനിക്കുന്ന ഒരേ വ്യക്തികളിലേക്കും പാപം എപ്രകാരം വ്യാപരിക്കുന്നു. രണ്ട്, ഏദൻതോട്ടത്തിൽ ആദാം ചെയ്ത പാപം ഇപ്പോഴുള്ള ആളുകളിൽ എപ്രകാരം കണക്കിടുന്നു.

1. ഓരോ തലമുറകളിലേക്കും പാപത്തിന്റെ വ്യാപനം

പാപത്തിന്റെ പകർച്ചയെകുറിച്ച് ബൈബിൾ പറയുന്നത് മനസ്സിലാക്കുവാൻ മനുഷ്യന്റെ ആത്മാവിന്റെ ഉത്ഭവത്തേക്കുറിച്ച് വിശാലമായി പഠിക്കണം. ആത്മാവിന്റെ ഉത്ഭവത്തെകുറിച്ച് പ്രധാനമായും രണ്ട് ആശയങ്ങൾ നിലനില്ക്കുന്നു.

a. സൃഷ്ടിവാദ ആശയം

ഈ ആശയം അനുസരിച്ച് പ്രകൃതിനിയമങ്ങൾക്ക് വിധേയമായി മാതാപിതാക്കളിലൂടെ ജനിക്കുന്ന കുഞ്ഞിന് ഒരു ദേഹം ലഭിക്കുന്നു. എന്നാൽ ഒരു കുഞ്ഞ് ഉരുവാകുമ്പോൾ തന്നെ ദൈവം ഒരു ആത്മാവിനെ സൃഷ്ടിച്ച് ഈ കുഞ്ഞിന് നല്കുന്നു. ഈ വാദത്തെ ശക്തിപ്പെടുത്തുവാൻ പൊതുവായി പറയുന്ന വാക്യം "ദൈവം ആത്മാക്കളുടെ ഉടയവൻ" എന്നതാണ്. (സംഖ്യ. 16:22; സഭാപ്ര. 12:7; യെശ. 57:16; സെഖ. 12:1; എബ്രാ. 12:9)[10].

[10] കാൾവിന്റെ പാരമ്പര്യം സൃഷ്ടി വാദത്തിലേക്ക് നയിക്കുന്നു. ഇത് അനുയോജ്യമാകുന്നത് പാപം കണക്കിടുന്നതും ഉടമ്പടി ചെയ്യുന്നതുമായ ഏക നേതൃത്വ ആശയത്തോടാണ്.

ഈ ആശയവാദത്തിന് പ്രധാനമായും ചില പോരായ്മകൾ ഉണ്ട്. ഒരു പ്രകൃതിദത്തമായ വംശവർദ്ധനവിന് ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നു മാത്രമേ മേൽപ്പറഞ്ഞ വാക്യങ്ങൾ അർത്ഥമാക്കുന്നുള്ളു. ജനിക്കാത്ത ഒരു കുഞ്ഞിന്റെ ശാരീരികവളർച്ചയിൽ സംഭവിക്കുന്ന കാര്യം. പ്രകൃതിദത്തമായിട്ട് മാതാപിതാക്കൾ ആ ശിശുവിന് ഒരു ശരീരം ഒരുക്കുന്നു. എന്നാൽ ഇത് സത്യമാണെങ്കിലും ഒരു ശിശുവിന്റെ ശരീരത്തിന്റെ സൃഷ്ടിതാവും ദൈവമാണ് (സങ്കീ. 139:13-16). അതുകൂടാതെ ഉല്പ. 2;1-ലും എബ്രാ. 4:4-ലും പഠിപ്പിക്കുന്നത് ദൈവം തന്റെ സൃഷ്ടിപ്പ് വേലയിൽനിന്നും വിശ്രമിക്കുന്നു എന്ന്. ഓരോദിവസവും ദൈവം ആയിരക്കണക്കിന് പുതിയ മനുഷ്യ ആത്മാക്കളെ സൃഷ്ടിക്കുന്നു എന്നത് അവിശ്വസനീയം. അവസാനമായി ഈ ആശയത്തോട് ശക്തമായി വിയോജിക്കുന്ന അടുത്ത കാര്യം എന്നത് ഈ ആശയം അനുസരിച്ച് ദൈവമാണ് ഓരോരുത്തർക്കും പാപം ചെയ്യുവാൻ മൂലകാരണം അല്ലെങ്കിൽ പാപം ഓരോ വ്യക്തിയിലും വസിക്കുവാൻ കാരണം.

b. ട്രഡ്യുഷൻ ആശയം (സിദ്ധാന്തം)

ഈ സിദ്ധാന്തം അനുസരിച്ച് ജനിക്കുന്ന കുഞ്ഞിന് ആത്മാവ് ലഭിക്കുന്നത് മാതാപിതാക്കളിലൂടെയാണ്. അതുമുഖേന മനുഷ്യനിൽ പാപം കടന്ന് വരുന്നത് മാതാപിതാക്കളിലൂടെയാണ്. മറിച്ച് ദൈവത്തിന്റെ പ്രത്യേക പ്രവർത്തിയിലൂടെയല്ല എന്ന് കാണാം. ഈ ആശയം ദൈവം തന്റെ സൃഷ്ടിപ്പുകളിൽ നിന്നും സ്വതന്ത്രനാണെന്നും കാണിക്കുന്നു.

ട്രഡ്യുഷൻ സിദ്ധാന്തം അനുസരിച്ച് മാതാപിതാക്കളിലൂടെ (അറിയപ്പെടാത്ത ഒരു പ്രവർത്തനത്തിലൂടെ) മനുഷ്യനിൽ ഭൗമികവും, അഭൗമികവുമായ ഘടകങ്ങൾ രൂപീകരിക്കുന്നു. ഇതിനെ നിരവധി വാക്യങ്ങൾ സാധൂകരിക്കുന്നു (എന്നാൽ ട്രഡ്യുഷൻ സിദ്ധാന്തം തള്ളിക്കളയാനാവാത്ത വിധം തെളിയിക്കപ്പെട്ടിട്ടില്ല). ഉല്പ. 2:7-ന്റെ യഥാർത്ഥ വിവർത്തനം പഠിപ്പിക്കുന്നത് "ദൈവം ആദാമിൽ ജീവന്റെ ശ്വാസം ഊതി (ശ്വാസം എന്നത് ബഹുവചനത്തിൽ) ഈ ബഹുവചനം കാണിക്കുന്നത്, ജനിച്ച സകല തലമുറകളെയും രൂപാന്തരപ്പെടുത്തുവാനുള്ള അഭൗമിക ഘടകം തന്നിൽ നിന്നും വ്യാപരിച്ചു. ഉല്പ. 5:3 പഠിപ്പിക്കുന്നത് തന്റെ സ്വരൂപത്തിലുള്ള ഒരു മകനെ ആദം ജനിപ്പിച്ചു. ഇത് ശാരീരിക ഘടകത്തെക്കാൾ കൂടുതൽ വെളിപ്പെടുത്തുന്നു. ആദം തന്റെ പാപാവസ്ഥയിലുള്ള ശരീരത്തോട് അനുരൂപമായ രീതിയിൽ ഒരു മകനെ ജനിപ്പിച്ചു. മനുഷ്യൻ പാപത്തിൽ ഗർഭം ധരിക്കുകയും ജനിക്കുകയും ചെയ്യുന്നു എന്ന് അനേകവാക്യങ്ങൾ പഠിപ്പിക്കുന്നു. (സങ്കീ. 51:5; 58:3 ഇയ്യോ. 14:1,4; 15:14; എഫേ. 2:1) . ദൈവം ആത്മാവിനെ സൃഷ്ടിച്ചപ്പോൾ ഈ പാപം ആത്മാവിന്മേൽ വെച്ചു എന്ന് എവിടെയും പറയുന്നില്ല. എന്നാൽ അനുവാചകർ ഉൾകൊള്ളേണ്ടത് ഗർഭപാത്രത്തിൽ ഉരുവായ ഒരു കുഞ്ഞിന് അതിന്റെ മാതാപിതാക്കളിൽ നിന്നും പാപം അവകാശമാക്കുന്നു. എബ്രാ. 7:9,10 ജനിക്കാത്ത കുഞ്ഞുങ്ങളുടെ ആത്മാക്കളെ അവരുടെ മാതാപിതാക്കളിൽ കാണുവാൻ ദൈവത്തിന് കഴിയും. ലേവി മൽക്കിസദേക്കിന് അബ്രഹാമിലൂടെ ദശാംശം കൊടുക്കുന്നത്(ലേവിയുടെ പൂർവ്വപിതാവ്) ദൈവം കണ്ടു. ഇത് കാണിക്കുന്നത് ആത്മാക്കളെ ദൈവം സൃഷ്ടിക്കുന്നതല്ല മറിച്ച് മാതാപിതാക്കളിലൂടെയാണ് കുഞ്ഞുങ്ങൾക്ക് ആത്മാക്കളെ ലഭിക്കുന്നത്. പാപതത്വശാസ്ത്രത്തിന്റെ താക്കോൽ വാക്യം റോമർ 5:12 ആണ്.[11]

> "അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ **എല്ലാവരും പാപം ചെയ്കയാൽ** മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" (റോമ. 5:12.)

"എല്ലാവരും പാപം ചെയ്കയാൽ" എന്ന പദപ്രയോഗത്താൽ ഒരു യഥാർത്ഥ്യം, ആദാമിന്റെ പാപത്തിലെ പങ്ക്(പ്രാതിനിധ്യം) വെളിപ്പെടുന്നു. ഇത് കാണിക്കുന്നത് ഒരു കുഞ്ഞിന്റെ ആത്മാവ് മാതാപിതാക്കളിൽ നിന്ന് ലഭിക്കുന്നു.[12]

ട്രഡ്യുഷൻ സിദ്ധാന്തം മനുഷ്യആത്മാവിന്റെ പകരൽ വ്യക്തമായി വിവരിക്കുന്നു. അതുകൊണ്ട് പാപത്തിന്റെ ആരംഭവും വ്യക്തിയിലാണെന്ന് വ്യക്തമാക്കുന്നു. മനുഷ്യന്റെ അടിസ്ഥാന ഘടകമായ അഭൗമിക ഭാഗങ്ങളും ശരീരവും മാതാപിതാക്കളിൽ നിന്ന് രൂപപ്പെട്ടതുപോലെ അവനിൽ അധിവസിക്കുന്ന പാപത്തിന്റെ പ്രവണതയും മാതാപിതാക്കളിൽ നിന്ന് ശിശുവിലേക്ക് പകരപ്പെടുന്നു. ഇതിൽനിന്ന് വ്യത്യാസം യേശുക്രിസ്തുവിനു മാത്രം. എന്തുകൊണ്ടെന്നാൽ താൻ പരിശുദ്ധാത്മാവിനാൽ ഉരുവായി. പരിശുദ്ധാത്മാവ് മറിയയുടെ മീതെ നിഴലിട്ടു അതുകൊണ്ട് ക്രിസ്തു പാപരഹിതനായി ജനിച്ചു. മറ്റെല്ലാവരിലും വ്യക്തിപരമായ പാപം മാതാപിതാക്കളിൽ നിന്നും ഉണ്ടാവുകയും ഗർഭപാത്രത്തിൽ ഉരുവാകുമ്പോൾ അത് പ്രത്യക്ഷമാകുകയും ചെയ്യുന്നു.[13]

2. ആദാമിന്റെ പാപം നമ്മളിലേക്കു ചുമത്തൽ.

ആദാമിന്റെ പാപം എപ്രകാരം നമ്മളിൽ കണക്കിട്ടു എന്നതിന് ട്രഡ്യുഷൻ സിദ്ധാന്തം മതിയായ തെളിവ്

[11] ഏക നേതൃത്വത്തിലെ കണക്കിടൽ അംഗീകരിച്ചാൽ റോമ. 5:12-ൽ സൃഷ്ടിവാദ ആശയം വെളിപ്പെടുത്തുവാൻ കഴിയും.

[12] ലൂദറൺ ദൈവശാസ്ത്രം ട്രഡ്യുഷൻ സിദ്ധാന്തത്തോട് ആഭിമുഖ്യം കാണിക്കുന്നു.

[13] എഴുത്തുകാരൻ വിശ്വസിക്കുന്നത് പിതാവിൽ നിന്നെന്നപോലെ പാപസ്വഭാവം മാതാവിലൂടെയും കടന്നു വരുന്നു. എന്നാൽ മറിയയുടെ കാര്യത്തിൽ പരിശുദ്ധാത്മാവ് നിഴലിട്ടിരുന്നതുകൊണ്ട് അതിൽ നിന്നും തന്റെ മകനോടുള്ള

നൽകുന്നു എന്ന് തീസൻ പറയുന്നു.[14] ഇതിൽ വലിയ സത്യം ഉണ്ട്. മാതാപിതാക്കളിലൂടെ കുഞ്ഞുങ്ങളുടെ ശരീരം ഉണ്ടാകുന്നതുപോലെ ആത്മാവും ഉണ്ടാകുന്നുവെങ്കിൽ നാം ഏവരും അതേ മാർമ്മിക രീതിയിൽ ആദാമിൽ ഉണ്ടായിരുന്നു, താൻ പാപം ചെയ്യുമ്പോൾ. ഇതിന്റെ സകല കാര്യങ്ങളും രഹസ്യമാണ്. പിതാവായ ആദാമിൽ നാം ഉണ്ടായിരുന്നതുകൊണ്ട് പാപം നമ്മിലേക്ക് പ്രവേശിച്ചു. കഴിഞ്ഞ നൂറ്റാണ്ടുകളിൽ പാപം കണക്കിടുന്നതിനെ കുറിച്ച് നിരവധി ആശയങ്ങൾ ഉടലെടുത്തു. ഇത് പ്രാധാന്യം നൽകി ചിന്തിക്കുന്നത് സഹായകരമാണെങ്കിലും ചില അതി പ്രധാന വിഷയങ്ങളുടെ വിവരണം അനിവാര്യമാണ്.

a. പെലാജിയൻ സിദ്ധാന്തം

ഈ സിദ്ധാന്തം അനുസരിച്ച് ആദാമിന്റെ പാപം ആദാമിനെ മാത്രമെ ബാധിച്ചുള്ളു. ആദാമുമായുള്ള നമ്മുടെ ബന്ധത്തിൽ ആദാം നമുക്ക് തെറ്റായ മാതൃകയാണ്. പെലാജിയൻ സിദ്ധാന്തം വിശ്വസിക്കുന്നവർ പറയുന്നത് ഓരോ ആത്മാക്കളും സ്വന്തമായി പാപം ചെയ്വാൻ കഴിയാത്ത നിർദ്ദോഷിയായി സൃഷ്ടിക്കപ്പെടുന്നു. അവന്റെ വ്യക്തിപരവും സുബോധവുമായ പാപമാണ് അവനിൽ ശിക്ഷാവിധി വരുത്തുന്നത്. ഈ ആശയം പൂർണ്ണമായും വചന വിരുദ്ധമാണ്. (ആറാം അദ്ധ്യായം കാണുക - നരവംശശാസ്ത്രം - മനുഷ്യന്റെ സാർവ്വത്രിക അധ:പതനം.)

b. സെമി-പെലാജിയൻ സിദ്ധാന്തം

ഇവർ പറയുന്നത് എല്ലാ മനുഷ്യരും പാപപ്രേരണയോടെ ജനിക്കുന്നു, എന്നാൽ അത് വ്യക്തിപരമായി ചെയ്യാത്തിടത്തോളം കുറ്റബോധമോ, ശിക്ഷയോ ഇല്ല. ആദാമിന്റെ പാപം തന്റെ തലമുറകളിൽ പാപപ്രേരണ ഉണ്ടാക്കുമെങ്കിലും ഒരു ശിക്ഷയും കൊണ്ടുവന്നില്ല.

റോമർ. 5:14-ന്റെ ഊന്നൽ എന്നത്, ആദാമിന്റെ പാപത്താൽ മോശയുടെ ന്യായപ്രമാണത്തിന് മുമ്പുതന്നെ ആളുകൾ ശാരീരികമായി മരിച്ചു. പ്രമാണം ഇല്ലാതിരുന്ന കാലത്തു കൂടി വ്യക്തി പാപത്തിന് ആളുകൾ കണക്കുകൊടുക്കേണ്ടിവന്നില്ലെങ്കിലും (കാണുക. റോമ. 4:15;5:13), ആളുകൾ ആദാമിന്റെ പാപം നിമിത്തം മരിച്ചുകൊണ്ടിരുന്നു. ആയതിനാൽ മനുഷ്യകുലത്തിൽ ആദാമിന്റെ പാപം മോശമായ ധാർമ്മിക പ്രേരണ മാത്രമല്ല പാപത്തിന്റെ പ്രാഥമിക തലത്തിലുള്ള കുറ്റബോധവും, ന്യായവിധിയും, മരണവും - ആത്മീകവും, ശാരീരികവും ഉളവാക്കി. ഈ സിദ്ധാന്തം ദൈവവചന വ്യാഖ്യാനത്തെ അടിസ്ഥാനമാക്കാതെ വൈകാരികതയെ അടിസ്ഥാനമാക്കിയുള്ളതാണ്.[15]

c. ഫെഡറൽ ഹെഡ്ഷിപ്പ് സിദ്ധാന്തം

ഈ സിദ്ധാന്തം വിശ്വസിക്കുന്നവർ പറയുന്നത് മാനവരാശിയുടെ നാശത്തിന് കാരണം ആദാമിന്റെ പാപം എന്നാണ്. ഇത് മുഖേന ആത്മിക, ശാരീരിക മരണവും പാപസ്വഭാവവും കടന്നുവന്നു. ഏദനിലെ വീഴ്ചയുടെ ഫലമായി കുറ്റവും, ന്യായവിധിയും നാം ഏറ്റുവാങ്ങി.

ഫെഡറൽ സിദ്ധാന്തം അനുസരിച്ച് ആദം മനുഷ്യവർഗ്ഗത്തിന്റെ **പ്രതിനിധിയാണ്.** ദൈവം ആദാമുമായി ഒരു ഉടമ്പടി ചെയ്തു അങ്ങനെ ആദാം സർവ്വമനുഷ്യർക്കും പ്രതിനിധിയായി. നമ്മുടെ നിയമവാഴ്ചക്ക് തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതുപോലെ ആദാം നമുക്ക് വേണ്ടി വോട്ട് ചെയ്തു. ഒരു നിയമനിർമ്മാണത്തിൽ നമ്മുടെതായ ശബ്ദം ഇല്ല, നമ്മുടെ പ്രതിനിധി എന്ത് തീരുമാനിക്കുന്നുവോ അത് നമ്മെ ബാധിക്കുന്നു. ആദം പാപം ചെയ്തപ്പോൾ നമുക്ക് വേണ്ടി ഒരു തിരഞ്ഞെടുപ്പ് നടത്തി. അതോടുകൂടി ദൈവം സകലമനുഷ്യരും പാപികളെന്ന് വിധിക്കയും ഓരോ ആത്മാക്കളെയും പാപസ്വഭാവത്തോട് കൂടി സൃഷ്ടിക്കയും ചെയ്തു. ഇതിന് കാരണം നമ്മുടെ പ്രതിനിധിയുടെ തീരുമാനം നാം പാപവും, ന്യായവിധിയും മരണവും ഏറ്റുവാങ്ങണം എന്നതായിരുന്നു. ഈ ഏകനേതൃത്വ സിദ്ധാന്തം, ആദാം പാപം ചെയ്യുന്ന സമയം നാം ആദാമിലുണ്ടായിരുന്നു എന്ന് അംഗീകരിക്കുന്നില്ല, ഇത് സൃഷ്ടിവാദവുമായി പല മേഖലകളിലും, പ്രത്യേകിച്ച് ആത്മാവിന്റെ ഉത്ഭവത്തോടു ബന്ധപ്പെട്ട് സംയോജിച്ചു വരുന്നു. (ട്രഡ്യൂഷൻ സിദ്ധാന്തവും ഫെഡറൽ ഹെഡ്ഷിപ്പ് സിദ്ധാന്തവും വ്യക്തമായി വേർതിരിക്കാവുന്നതല്ല).

ഫെഡറൽ ഹെഡ്ഷിപ്പ്സിദ്ധാന്തം, കണക്കിടൽ സംബന്ധിച്ച് പാരമ്പര്യമൂല്യമുള്ളതും, ചില സത്യങ്ങൾ ഉള്ളതുമാണ്. ആദാം ഒരു പ്രതിനിധിയാണല്ലോ, എന്നാലും നിരവധി പോരായ്മകൾ ഉണ്ട്. ആദം സകല മനുഷ്യരുടെയും പ്രതിനിധി എന്ന നിലയിൽ ദൈവവുമായി ചെയ്ത ഒരു ഉടമ്പടിയെ കുറിച്ച് ഒന്നുംതന്നെ ബൈബിളിൽ കാണുന്നില്ല. പാപസ്വഭാവം നേരിട്ട് മാതാപിതാക്കളിൽനിന്ന് ഉത്ഭവിക്കുന്നു(ആദാമിൽ നിന്നു തുടങ്ങി) എന്ന ആശയത്തിന് വിരുദ്ധമായി ഓരോ ആത്മാവിനും പാപസ്വഭാവം സൃഷ്ടിക്കുന്നതിൽ ദൈവത്തിന് നേരിട്ട് ഉത്തരവാദിത്വമുണ്ടെന്നുള്ള ആശയം ഫെഡറൽ കാഴ്ചപ്പാടിന്റെ പ്രക്ഷുബ്ദത പ്രകടമാകുന്നു.

ബന്ധത്തിൽ വ്യത്യാസം ഉണ്ടായി. ഭാവിയിൽ പുരുഷബന്ധമില്ലാതെ കുഞ്ഞുങ്ങളെ ജനിപ്പിക്കുവാൻ ശാസ്ത്രത്തിന് കഴിഞ്ഞാലും അത്തരത്തിലുള്ള തലമുറയിലും പാപസ്വഭാവം ഉണ്ടായിരിക്കും.

[14] Henry Thiessen, *Lectures in Systamatic Theology*, (Grand Rapids: Wm. B, Eerdmans Publishing Co.,1949), 260

[15] സെമി-പെലാജിനിസം അനേക മെതോഡിസ്റ്റുകാർ വിശ്വസിക്കുന്നു.

അവസാനമായി, റോമ. 5:12 ആദാം നമ്മുടെ പ്രതിനിധിയായതുകൊണ്ട് **എല്ലാവരെയും** പാപികളായി ചിത്രീകരിച്ചതായി പറയുന്നില്ല. ഇത് പറയുന്നത് ... "ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" 'എല്ലാവരും' എന്നതിൽ ചില വ്യക്തിപരമായ പങ്കാളിത്തം കാണുന്നു. ചുരുക്കത്തിൽ ചില സിദ്ധാന്തങ്ങൾകൊണ്ട് പാപം ചുമത്തൽ വിവരിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ അടുത്ത സിദ്ധാന്തം ഇതിനെക്കാൾ മേന്മയുള്ളതാണ്.

d. അഗസ്റ്റീനിയൻ, സ്വാഭാവിക സിദ്ധാന്തം അല്ലെങ്കിൽ സെമിനൽ സിദ്ധാന്തം.

മനുഷ്യകുലത്തിന്റെ ഏകത്വംമൂലം, ആദാം പാപം ചെയ്ത ആ നിമിഷത്തിൽ നാം ഏവരും അവിടെ ഉണ്ടായിരുന്നു. നാം അവന്റെ പാപത്തിൽ പങ്കാളികളായി ആയതിനാൽ നമ്മിൽ പാപസ്വഭാവവും, കുറ്റവും, മരണവും ആദാമിന്റെ പാപം മുഖേന കടന്നുവന്നു.

ഈ സിദ്ധാന്തത്തിന്റെ മേന്മ എന്നത് ആത്മാവിന്റെ ഉത്ഭവത്തെകുറിച്ചുള്ള സൃഷ്ടിവാദത്തെ പിൻതാങ്ങുന്നില്ല എന്നതാണ്. ആദ്യമനുഷ്യന്റെ പാപത്തിൽ ഏതോതരത്തിലുള്ള ബന്ധം നമുക്ക് ഉണ്ട്. നമ്മുടെ ആദ്യപിതാവ് പാപം ചെയ്തപ്പോൾ നാം ഏത് അണുരൂപത്തിൽ അവിടെ സന്നിഹിതരായിരുന്നു എന്നത് മനസ്സിലാകുന്നില്ല. എന്നിരുന്നാലും അഗസ്റ്റീനിയൻ സിദ്ധാന്തം വീഴ്ചയിൽ മനുഷ്യന് ഒരു ബന്ധം ഉണ്ടെന്ന് പറയുന്നതിലൂടെ റോർ 5:12-ന്റെ അധികാരികതയെ ന്യായീകരിക്കുന്നു. സെമിനൽ സിദ്ധാന്തം എബ്രായർ 7:9,10 അടിസ്ഥാനമാക്കി നിർമ്മിച്ചിരിക്കുന്നു. മനുഷ്യന്റെ ആത്മാവിന്റെ സൃഷ്ടിപ്പും, പാപപ്പകർച്ചയെയും കുറിക്കുന്ന ട്രഡ്യൂഷൻ സിദ്ധാന്തത്തോട് വളരെ രമ്യത പുലർത്തുന്നു ഈ സിദ്ധാന്തം.

e. ആദാമിന്റെ പാപം നമ്മളിൽ ചുമത്തി എന്നതിന്റെ സംക്ഷിപ്തം.

ആദാമിന്റെ പാപം നമ്മളിലേക്ക് കണക്കിട്ടു എന്നത് വിവരിക്കുവാൻ ഏത് സിദ്ധാന്തം സ്വീകരിച്ചാലും മാനവരാശിയുടെ ആത്മിക, ശാരീരിക മരണത്തിനും, ധാർമ്മിക അധ:പതനത്തിനും കുറ്റത്തിനും അടിസ്ഥാനമായത് ആദാമാണ് എന്ന് ദൈവവചനം പ്രസ്താവിക്കുന്നു. ഏത് സിദ്ധാന്തങ്ങളെ ആശ്രയിച്ച് ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തിലേക്ക് ചുമത്തി എന്ന് കണ്ടുപിടിക്കുന്നത് ശ്രമകരമാകും. ആദാം നമ്മുടെ പ്രതിനിധിയായിരുന്നുവെങ്കിൽ നാം അവനെ തിരഞ്ഞെടുത്തിട്ടില്ല. ആദാം പാപം ചെയ്യുന്ന സാഹചര്യത്തിൽ നാം ഏതോ മാർമ്മിക അവസ്ഥയിൽ സന്നിഹിതരായിരുന്നു എങ്കിൽ സുബോധ അവസ്ഥയിൽ ആദാമിന്റെ പാപത്തിങ്കൽ നാം പങ്കാളികളല്ലായിരുന്നു. ഒരു ബൈബിൾ വിദ്യാർത്ഥിയുടെ മനസ്സിൽ മനുഷ്യന്റെ ജന്മനായുള്ള പാപം നിത്യ ശിക്ഷക്ക് കാരണമല്ല എന്ന് ചിന്തിച്ചാൽ ആദാമിന്റെ പാപം നമ്മുടെ മേൽ കണക്കിടുന്ന ദൈവനീതിയെ സംബന്ധിച്ച ഏത് പ്രശ്നവും പരിഹരിക്കാൻ അത് സഹായകരമാകും.[16]

III. പാപത്തിന്റെ വ്യാപ്തി

ഈ വിഷയത്തിന് ആറാം അദ്ധ്യായം "നരവംശ ശാസ്ത്രം: മനുഷ്യനെപ്പറ്റിയുള്ള" ഉപദേശം കാണുക.

IV. ഒരു വിശ്വാസിയിലെ രണ്ട് സ്വഭാവങ്ങൾ.

A. *സ്വഭാവം* എന്ന പദത്തിന്റെ യാഥാർത്ഥ്യം.

പുതുസ്വഭാവം, *പഴയ സ്വഭാവം* എന്ന് ഉപയോഗിക്കുന്നതിന് മുൻമ്പ്, സ്വഭാവം എന്നാൽ എന്ത് എന്ന് നിർവചിക്കുകയാണെങ്കിൽ അത് പഠനത്തിന് സഹായകരമാകും. '*സ്വഭാവം*' എന്നതുകൊണ്ട് മനുഷ്യന്റെ അഭൗമിക ഭാഗത്തെ നാം കാണിക്കുന്നു എങ്കിൽ ഈ പദം മോശമായ നിലയിൽ ഉപയോഗിക്കുന്നു. ഒരു മനുഷ്യൻ മാനസാന്തരപ്പെടുമ്പോൾ ദൈവം ആത്മാവിൽ ഒരു പുതിയ ഭാഗം ഉണ്ടാക്കി പഴയതിനോട് ചേർക്കുകയല്ല ചെയ്യുന്നത്. അതുപോലെ നമ്മുടെ മരണസമയത്തോ. തേജസ്സ്കരണത്തിലോ, നമ്മുടെ അഭൗമിക ഭാഗത്തിന്റെ ഒരു ഭാഗം (പഴയ പാപസ്വഭാവം) നമ്മിൽ നിന്ന് വേർപെട്ട് ഭൂമിയിലോ, നരകത്തിലോ എത്തുന്നു എന്നുമല്ല. ദൈവം തന്റെ സൃഷ്ടിപ്പ് തികച്ചിരിക്കയാൽ രക്ഷിക്കപ്പെടുമ്പോൾ വീണ്ടും മനുഷ്യ ആത്മാവിൽ പുതിയ ഒരു ഭാഗം സൃഷ്ടിച്ച്(പുതിയ സ്വഭാവം) പഴയ ആത്മാവിനോട് ചേർക്കുന്നതായി കാണാൻ കഴിയുകയില്ല. ഒരു ക്രിസ്ത്യാനിയും ഭാഗികമായി രക്ഷിക്കപ്പെട്ടതായി കാണുന്നില്ല. അതായത് പുതിയ സ്വഭാവം(ആത്മാവിന്റെ ഭാഗം) രക്ഷിക്കപ്പെട്ട് സ്വർഗ്ഗത്തിന് അവകാശിയാകുന്നു. പഴയ സ്വഭാവം (ആത്മാവിന്റെ ഭാഗം) ഒന്നുമല്ല. 'സ്വഭാവം' എന്ന പദം ശരിയായി പഠിച്ചില്ല എങ്കിൽ തെറ്റായ ധാരണകൾ ഉണ്ടാകും.

പഴയ പാപസ്വഭാവം എന്താണ് അർത്ഥമാക്കുന്നത്, ഇത് രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള ജീവിതത്തിലെ ഒരു സ്വഭാവ പ്രക്രിയയോ, സ്വഭാവ പ്രവർത്തന രീതിയോ മാത്രമാണ്. ഇത് ക്രിസ്തുവിൽ വിശ്വസിക്കുന്നതിനു മുമ്പുള്ള സ്വഭാവ രീതിയാണ്. 'പുതിയസ്വഭാവം' എന്നത് ഒരു പുതിയ സ്വഭാവരീതി ആണ് അല്ലെങ്കിൽ ഒരു പുതിയ സ്വഭാവ പ്രക്രിയയോ ആണ്. ഒരു വിശ്വാസിയുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നതുപോലെ രക്ഷിക്കപ്പെട്ട ഒരു വ്യക്തിക്ക് പാപത്തിന്റെ ഒഴിച്ചുകൂടാത്ത അധികാരത്തെ ചെറുത്ത് ജയിക്കുവാൻ കഴിയും. പഴയ സ്വഭാവ രീതിയെ ഉപേക്ഷിച്ച് ജീവിക്കുകയും ചെയ്യുവാൻ

[16] ആറാം അദ്ധ്യായത്തിലെ അടിക്കുറിപ്പ് 5 കാണുക.

കഴിയും. മനുഷ്യന്റെ ആത്മാവിലെ മുഖ്യ ഘടകമായ സ്വഭാവരീതിയെ കുറിച്ച് തെറ്റിദ്ധാരണ ഉളവാക്കാത്ത പല പദങ്ങളും ഉപയോഗിക്കുവാൻ കഴിയും

പഴയസ്വഭാവം പുതിയസ്വഭാവം

പ്രക്രിയ..... പ്രക്രിയ

പഴയ പാപഅവസ്ഥ.....പുതിയ അവസ്ഥ

പഴയ പ്രവർത്തനം..... പുതിയപ്രവർത്തനം

പഴയരീതി.....പുതിയരീതി

പഴയ സ്വഭാവും, പുതിയ സ്വഭാവവും ഈ പഠനത്തിൽ നിലനിർത്തുന്നു, കാരണം അത് സാധാരണ ഉപയോഗമാണ്. എന്നിരുന്നാലും ഇത് മനുഷ്യആത്മാവിന്റെ സുസ്ഥിര ഘടകത്തെക്കാൾ ഒരു സ്വഭാവ പ്രക്രിയയോ, രൂപീകരണമോ ആണ്.

B. പഴയ സ്വഭാവം

ജനിക്കുന്ന ഏത് മനുഷ്യനും പാപം ചെയ്യുവാനുള്ള ഒരു വാസന ഉണ്ടെന്ന് മുൻ പേജുകളിൽ പറഞ്ഞിട്ടുണ്ട്. രക്ഷിക്കപ്പെടാത്ത ആളുകളിൽ പാപത്തിന്റെ പൊതു തത്വം (പാപസ്വഭാവം) അതിശക്തമായി സ്വാധീനിക്കുന്നു. രക്ഷിക്കപ്പെടാത്തവരെ യേശുക്രിസ്തു വിളിക്കുന്നത് "പാപത്തിന് ദാസന്മാർ" എന്നാണ് (യോഹ. 8:34-36). അതുപോലെ പൌലൊസും (റോമ. 6:14, 16-18, 20-22; 7:15,25)[17]. റോമർ 7:5 പഠിപ്പിക്കുന്നു "നാം ജഡത്തിൽ ആയിരുന്നപ്പോൾ ന്യായപ്രമാണത്താൽ ഉളവായ പാപരാഗങ്ങൾ മരണത്തിന് ഫലം കായ്ക്കാത്ത വണ്ണം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചു പോന്നു. റോമ. 6:14 വിചാരിക്കുന്നത് രക്ഷിക്കപ്പെടുന്നതിന് മുമ്പ് മനുഷ്യർ പാപത്തിന്റെ കർത്തൃത്വത്തിൻ കീഴിലായിരുന്നു.

ഈ പഴയ സ്വഭാവം, *പഴയ സ്വഭാവരീതി* ഒരു വിശ്വാസിയുടെ ജീവിതത്തിൽ തുടരുമോ? അതിനു അത് തീർച്ചയായും തുടരും എന്നാണ്. പഴയസ്വഭാവപ്രക്രിയകൾ പുതുതായി ജനിക്കാത്ത ഒരുവന്റെ ജീവിതത്തിൽ ക്രിയചെയ്യുന്നതുപോലെ ഒരു വിശ്വാസിയുടെ ജീവിത്തിലും പ്രവർത്തിക്കുവാൻ സാദ്ധ്യതയുണ്ട്. എന്നാൽ രക്ഷിക്കപ്പെട്ടതിന് ശേഷം അതേ അളവിൽ പാപം പ്രവർത്തിക്കുകയില്ല. ഒരു ക്രിസ്ത്യനിയുടെ സാഹചര്യങ്ങൾ വളരെ വ്യത്യസ്തമാണ് എന്തുകൊണ്ടെന്നാൽ ഇപ്പോൾ തന്റെ സ്വഭാവത്തിന് യോജിച്ച ഒരു പുതിയ സംവിധാനം ഉണ്ട്. രക്ഷക്ക് മുൻപ് പാപത്തിന്റെ സ്വാധീനം ഒഴിവാക്കാമായിരുന്നില്ല. രക്ഷക്ക് ശേഷം പാപത്തിന്റെ നിയന്ത്രണം ഉണ്ടാകുന്നു എങ്കിലും ഒഴിവാക്കാൻ പറ്റാത്തതല്ല. വിശ്വാസിയുടെ അനുവാദത്തോടെ മാത്രമേ ഇപ്പോൾ പാപത്തിന് സ്വാധീനിക്കുവാൻ കഴിയൂ.

വിശ്വാസിയുടെ മാറ്റം വന്ന ആ അവസ്ഥകാണിക്കുവാൻ ഒരുദാഹരണം സഹായകമാകും. അമേരിക്കയിലെ ആഭ്യന്തരയുദ്ധത്തിന് മുൻപ് അടിമകൾ അവരുടെ യജമാനന്മാരെ സേവിക്കുവാൻ നിയമപരമായി കടപ്പെട്ടവരായിരുന്നു. എന്തായിരുന്നാലും ഒഴിവുകഴിവ് ഇല്ലായിരുന്നു. അവരുടെ യജമാനന്മാരുടെ കീഴിൽ ആയിരുന്നു അവർ.

എന്നാൽ സ്വാതന്ത്ര്യവിളംബരത്തിന് ശേഷം അടിമകളുടെ നിയമപരമായ അവസ്ഥമാറി. പഴയ യജമാനനെ സേവിക്കുവാൻ അവനൊരു കടപ്പാടും ഇല്ല, അയാൾ ഇപ്പോൾ നിയമപരമായി തന്റെ യജമാനനും അല്ല. എന്നിരുന്നാലും അടിമകൾക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ചതിന് ശേഷവും അനേക അടിമകൾ അവരുടെ പഴയ യജമാനനെ സേവിക്കുവാൻ തീരുമാനിച്ചു. നിയമപരമായി അവരത് ചെയ്യേണ്ട ആവശ്യം ഇല്ല. എന്നാൽ പ്രായോഗികമായി അവർക്ക് സ്വാതന്ത്ര്യം ലഭിച്ച ശേഷവും അവരുടെ പഴയ യജമാനനെ സേവിക്കുവാൻ തീരുമാനിച്ചു. ആത്മികലോകത്ത് നിരവധി സമാനതകൾ കാണാം. ക്രിസ്ത്യാനികൾ പാപത്തിന്റെ അധീനതയിലല്ല. പാപത്തിന്റെ പഴയസ്വഭാവം ഭരണം നടത്തുവാൻ അവർ അനുവദിക്കേണ്ട. രക്ഷിക്കപ്പെടാത്തവരിൽ നിന്നും വ്യത്യസ്ഥമായി ഒരു പുതിയ സ്വഭാവ പ്രക്രിയ പ്രവർത്തിക്കുന്നു. ക്രിസ്ത്യാനികൾക്ക് ഇപ്പോഴും പഴയ യജമാനനെ, നിയമപരമായും സ്ഥാനീയമായും യജമാനനല്ലാതിരുന്നിട്ടും, സേവിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. വിശ്വാസികൾക്ക് ഇപ്പോഴും പഴയ സ്വഭാവ രീതി, പഴയ അവസ്ഥ ഇവ നിലനില്ക്കുന്നു, എന്നാൽ അത് ചെയ്വാനുള്ള ശക്തിയും അധികാരത്തിന്റെ സ്ഥാനീയ അവകാശവും നശിപ്പിക്കപ്പെട്ടു. വിശ്വാസികൾക്ക് ഇപ്പോഴും പാപം ചെയ്യുവാനുള്ള സാദ്ധ്യതകൾ ഉണ്ടെന്ന് കാണിക്കുന്ന വാക്യങ്ങൾ റോമ. 6:12-13; ഗലാ. 5:13, 16-17; ഫിലി. 3:12-15; യാക്കോ. 3:2; 1 യോഹ. 1:8,10. പാപം ചെയ്യുന്നതിനെതിരായ എല്ലാ പുതിയനിയമ കൽപനകളും പരിശുദ്ധാത്മാവ് വിശ്വാസികളെ ശക്തീകരിച്ച് നടത്തണം എന്ന ഉപദേശവും വിശ്വാസി ഇപ്പോഴും പാപം ചെയ്യുന്നു എന്ന് കാണിക്കുന്നു.

C. പുതിയ സ്വഭാവം

ആളുകൾ ക്രിസ്തുവിൽ ആശ്രയിക്കുമ്പോൾ അവർ വീണ്ടും ജനിക്കുന്നു അല്ലെങ്കിൽ പുതുതായി ജനിക്കുന്നു. (യോഹ. 3:3-7; തീത്തോ. 3:5; യാക്കോബ് 1:18; 1 പത്രോ. 1:3, 23; റോമ 6:4). അവർ ദൈവത്തിന്റെ മക്കളാകുന്നു (യോഹ. 1:12; 1 യോഹ. 5:14). ദത്തെടുപ്പ് സാദൃശ്യമായി (റോമർ. 8:15-16 ലും ഗലാ. 4:5-7). പുതുജനനം എന്നാൽ യേശുക്രിസ്തുവിന്റെ ഉയർപ്പിൻ ജീവനിൽ പങ്കാളികളാകുന്നതിലൂടെ ദൈവത്തിന്റെ ജീവൻ ഒരു

[17] റോമർ. 7:25 വ്യത്യസ്തമായ വേർതിരിവിന് സാധിക്കും എങ്കിലും തന്റെ മാനസാന്തരത്തിന് മുൻപ് പാപത്തിന് പൗലോസ് അടിമപ്പെട്ടിരുന്ന അവസ്ഥ കാണിക്കുന്നു.

വിശ്വാസിയിൽ ലഭിക്കുവാനിടയാകുന്ന അവസ്ഥയാണ് (കാണുക. റോമ. 6:1). പുതിയതായി മാനസാന്തരപ്പെട്ട ഒരു വ്യക്തി യേശുക്രിസ്തുവിനോടുകൂടെ പുതുജീവൻ പങ്കുവെക്കുന്നു. കൂടാതെ പരിശുദ്ധാത്മാവാൽ സ്നാന മേല്ക്കുകയും, അവനിൽ പരിശുദ്ധാത്മ അധിവാസം ഉണ്ടാവുകയും ചെയ്യുന്നു; ഇതിലൂടെ ആ വ്യക്തിയിൽ ഒരു പുതിയ സ്വഭാവരീതി ഉണ്ടാകുകയും പഴയതിൽ നിന്നും വളരെ വ്യത്യസ്തമായ മാർഗ്ഗത്തിൽ ജീവിതം നയിക്കുകയും ചെയ്യുന്നു. ഈ വ്യക്തിക്ക് പരിപൂർണ്ണ മായി ദൈവത്തിൽ ആശ്രയിക്കുവാനും പരിശുദ്ധാത്മാ വിൽ ആശ്രയിച്ച് ജീവിക്കാനും ക്രിസ്തുവിനോടു ചേർന്ന് ജീവിതം നയിക്കുവാനും കഴിയുന്നു. (റോമ. 6:11–13: ഗലാ. 5:22–25).

ഇത്തരത്തിലുള്ള പുതിയ സ്വഭാവ പ്രക്രിയയാണ് പുതു മനുഷ്യൻ എന്ന് അറിയപ്പെടുന്നത് (കാണുക. റോമർ 6:4–6; എഫേ. 4:24: കൊലോ 3:10). ഒരു 'ക്രിസ്ത്യാനിക്ക് രണ്ട് സ്വഭാവങ്ങൾ ഉണ്ടാകുന്നു. ഒന്നികിൽ തന്റെ ഇച്ഛ പ്രകാരം തനിക്കുണ്ടായിരുന്ന പഴയസ്വഭാവം പ്രാവർത്തി കമാക്കുവാനും, അല്ലെങ്കിൽ ജീവനുള്ള ക്രിസ്തുവി ന്റെയും അവനിൽ ജീവിക്കുന്ന പരിശുദ്ധാത്മാവിന്റെയും ശക്തിക്ക് കീഴ്പ്പെട്ട് പുതുവഴിയിലൂടെ നടക്കുവാനും കഴിയും. ഇപ്പോൾ അവൻ **പാപം ചെയ്യുവാനും ചെയ്യാ തിരിക്കുവാനും കഴിവുള്ളവനാണ്** (യോഹ. 8:36; റോമ. 6:14; 1 കൊരി. 10:13) വലിയ പരിമിതികളിലും ഒരു വിശ്വാസിക്ക് തന്റെ ദേഹവും, ആത്മാവും ഏതെല്ലാം സാഹചര്യങ്ങളിൽ നിയന്ത്രിക്കണം എന്ന് തീരുമാനി ക്കാം.[18] ഒരു ക്രിസ്ത്യാനി യജമാനനില്ലാത്തവൻ എന്ന നിലയിൽ സ്വതന്ത്രനല്ല. അവൻ ഇപ്പോൾ പുതിയ യജ മാനനെ അനുസരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് നടത്താൻ തക്കവണ്ണം സ്വതന്ത്രനാണ്. ഒരിക്കലും പഴയ യജമാനന് അടിമയുമല്ല.

[18] ഒരു വിശ്വാസിയുടെ സ്വഭാവം (ഇടപെടൽ) ദോഷ മുള്ളതായാൽ ദൈവം ബാലശിക്ഷ നല്കും. എന്നിരുന്നാലും പരിമിതികൾക്കുള്ളിൽ ഒരു വിശ്വാസിക്ക് നന്മയും തിന്മയും തിരഞ്ഞെടുക്കുവാൻ ദൈവം അവസരം കൊടുക്കുന്നു.

അദ്ധ്യായം 8

ക്രിസ്റ്റോളജി

യേശുക്രിസ്തുവിനെപ്പറ്റിയുള്ള ഉപദേശം

രൂപരേഖ

I. ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യവും നിത്യതയും
   A. ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യത്തെ സംബന്ധിച്ചുള്ള പ്രത്യക്ഷ പ്രസ്താവനകൾ
   B. ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യത്തിന് പരോക്ഷ തെളിവുകൾ

II. മനുഷ്യാവതാരവും കന്യകാ ജനനവും
   A. മനുഷ്യാവതാരം
   B. കന്യകാജനനം
      1. കന്യകാ ജനനത്തിന് തെളിവുകൾ
      2. കന്യകാ ജനനത്തിന്റെ പ്രാധാന്യം

III. ക്രിസ്തുവിന്റെ ദൈവത്വം
   A. ക്രിസ്തുവിനെ "ദൈവം" എന്ന് അഭിസംബോധന ചെയ്തിരിക്കുന്ന വേദഭാഗങ്ങൾ
   B. പഴയ നിയമത്തിലെ ദൈവം പുതിയനിയമത്തിലെ ക്രിസ്തുവിന് തുല്യൻ
      1. യെശയ്യാവ് 40: 3/ ലൂക്കോസ് 1:76
      2. സങ്കീർത്തനം 102: 24–28/ എബ്രാ. 1: 8, 10–12
      3. സെഖര്യാവ് 12:10/ വെളി. 1:7
      4. സങ്കീർത്തനം 68:17–18/ എഫെ. 4:7–8
      5. യെശ്ശയ്യാവ് 8:13–14/ 1 പത്രൊ. 2:7–8
      6. യെശ്ശയ്യാവ് 6:1, 3/ യോഹന്നാൻ 12:41–42
      7. യോവേൽ 3:1–2/ മത്തായി 25:31–32
      8. യെശ്ശയ്യാവ് 44:6/ വെളിപ്പാട് 22:13
   C. പഴയനിയമത്തിലെ യഹോവയുടെ ദൂതൻ ദൈവവും ക്രിസ്തുവും ആയിരുന്നു.
   D. ക്രിസ്തു ശബ്ദത്തിന് കർത്താവ് എന്ന നിലയിൽ
   E. ക്രിസ്തു ദൈവത്തിന്റെ പ്രവൃത്തികളെ ചെയ്യുന്നു
      1. ക്രിസ്തു സകലത്തിന്റെയും സൃഷ്ടാവ്
      2. ക്രിസ്തു സകലത്തിന്റെയും പരിപാലകൻ
      3. ക്രിസ്തു ജീവനായകൻ
      4. ക്രിസ്തു സർവ്വഭൂമിയ്ക്കും ന്യായാധിപതി
      5. ക്രിസ്തു പാപത്തെ ക്ഷമിക്കുന്നു
   F. ദൈവത്തിന്റെ ഗുണവിശേഷങ്ങൾ ക്രിസ്തുവിൽ വസിക്കുന്നു
      1. ക്രിസ്തു നിത്യനും സ്വയാസ്തിക്യം ഉള്ളവനും
      2. ക്രിസ്തു അനന്യൻ
      3. ക്രിസ്തു സർവ്വവ്യാപി
      4. ക്രിസ്തു സർവ്വജ്ഞാനി
      5. ക്രിസ്തു സർവ്വശക്തൻ
   G. ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന് പഠിപ്പിച്ച ക്രിസ്തു ആരാധന സ്വീകരിച്ചു
   H. ത്രിത്വ പ്രമാണം ക്രിസ്തുവിന്റെ ദൈവത്വത്തെ പിന്താങ്ങുന്നു

IV. ക്രിസ്തുവിന്റെ മനുഷ്യത്വം
   A. ക്രിസ്തുവിന്റെ മനുഷ്യത്വത്തെ സംബന്ധിച്ച പ്രസ്താവനകൾ
   B. ക്രിസ്തുവിന്റെ മനുഷ്യത്വത്തിനു തെളിവുകൾ
      1. ശൈശവത്വത്തിൽ നിന്നും പൗരഷത്വത്തിലേക്കുള്ള വളർച്ച
      2. മാനുഷിക വിശപ്പനുഭവിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു
      3. ക്ഷീണിതൻ
      4. കരഞ്ഞു
      5. സാധാരണ മനുഷ്യനെപ്പോലെ പ്രത്യക്ഷപ്പെട്ടു
      6. ശരീരം ഉണ്ടായിരുന്നു
      7. കഷ്ടാനുഭവങ്ങൾ, രക്തച്ചൊരിച്ചിൽ മരണം ക്രിസ്തുവിന്റെ മനുഷ്യത്വത്തെ ഉറപ്പിക്കുന്നു.
   C. സ്വയം പരിത്യാഗം (*കെനോസിസ്*) എന്നതിന്റെ അർത്ഥം
   D. ക്രിസ്തുവിന്റെ മനുഷ്യത്വത്തിന്റെ അനന്തത
      1. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പാനന്തര പ്രത്യക്ഷതകൾ
      2. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണവും അനന്തര ദർശനങ്ങളും
      3. ക്രിസ്തു മഹാപുരോഹിതനായിരിക്കുന്നതിനാൽഇപ്പോഴും മനുഷ്യൻ തന്നെ.
      4. ദാവീദിന്റെ സന്തതിയായി മനുഷ്യപുത്രനായി വീണ്ടും വരും
      5. ഉത്പ്രാപണത്തിൽ വിശ്വാസികൾ ക്രിസ്തുവിനോട് സദൃശ്യന്മാരായിരിക്കും എന്ന

വസ്തുത അവിടുന്ന് മനുഷ്യനാണെന്ന് വ്യക്തമാക്കുന്നു

V. ക്രിസ്തുവിന്റെ പരീക്ഷകൾ

VI. പ്രധാന പേരുകൾ
- A. കർത്താവ്
- B. യേശു
- C. ക്രിസ്തു
- D. ദൈവപുത്രൻ
- E. മനുഷ്യപുത്രൻ
- F. വചനം അഥവാ ദൈവവചനം
- G. രക്ഷകൻ
- H. ദൈവത്തിന്റെ കുഞ്ഞാട്
- I. യജമാനൻ

VII. ക്രിസ്തുവിന്റെ പ്രധാന പ്രവർത്തനങ്ങളും സ്ഥാനങ്ങളും
- A. ക്രിസ്തു പ്രവാചകൻ എന്ന നിലയിൽ
- B. ക്രിസ്തു പുരോഹിതൻ എന്ന നിലയിൽ
- C. ക്രിസ്തു രാജാവ് എന്ന നിലയിൽ
- D. മറ്റു സ്ഥാനങ്ങൾ, പ്രവർത്തനങ്ങൾ, നാമങ്ങൾ
- E. ക്രിസ്തു നിയമസംരക്ഷകൻ എന്ന നിലയിൽ
- F. ക്രിസ്തുവിന്റെ മരണത്തിലെ പ്രവൃത്തികൾ
- G. ഉയിർത്തെഴുന്നേല്പ്പ്
  1. ഉയിർത്തെഴുന്നേറ്റ യേശുവിനെ സംബന്ധിച്ചു തിരുവചന സത്യങ്ങൾ
  2. ഉയിർത്തെഴുന്നേല്പ്പിനെ സംബന്ധിച്ചുള്ള സുപ്രധാന വസ്തുതകൾ
     - a. ക്രിസ്തുവിന്റെ ദൈവത്വം വെളിപ്പെട്ടു
     - b. ദൈവം സംതൃപ്തനായെന്ന് തെളിയിക്കപ്പെട്ടു
     - c. വിശ്വാസികളുടെ ശരീരവും ഉയിർത്തെഴുന്നേല്ക്കുമെന്ന് വ്യക്തമാക്കപ്പെട്ടു
     - d. ക്രിസ്തു ജീവിക്കുന്നു
     - e. ക്രിസ്തു വിശ്വാസികൾക്ക് ആത്യന്തിക മരണം ഇല്ല
     - f. ക്രിസ്തു വീണ്ടും വരും.
  3. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേറ്റ ശരീരത്തിന്റെ പത്യേകതകൾ
- H. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം, മഹത്വീകരണം, വർത്തമാനകാല പ്രവർത്തനങ്ങൾ
  1. ക്രിസ്തു, സഭയുടെ തല
  2. മഹാപുരോഹിതൻ, മദ്ധ്യസ്ഥൻ
  3. കാര്യസ്ഥൻ
  4. പരിശുദ്ധാത്മാവിൽ കൂടി കൃപാ വരങ്ങൾ നല്കുന്ന ദാതാവ്
- I. രണ്ടാം വരവിലുള്ള ക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ

ക്രിസ്റ്റോളജി: യേശുക്രിസ്തുവിനെ പ്പറ്റിയുള്ള ഉപദേശം

I. ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യവും നിത്യാവസ്ഥയും

A. ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യത്തെ സംബന്ധിച്ച പ്രത്യക്ഷ പ്രസ്താവനകൾ

ബേത്ലഹേമിൽ ഒരു ശിശുവായിട്ട് തുടങ്ങിയതല്ല ക്രിസ്തുവിന്റെ ആസ്തിക്യം എന്ന് ബൈബിൾ വ്യക്തമാക്കുന്നു. പുരാതന നിത്യതയിൽ കർത്താവായ യേശു ക്രിസ്തുവിന് പൂർവ്വാസ്തിക്യമുള്ളവനായിരുന്നു. താൻ പൂർവ്വാസ്തിക്യമുള്ളവനായിരുന്നു എന്നും സ്വർഗ്ഗത്തിലെ ദൈവത്തിന്റെ അടുക്കൽ നിന്നുമാണ് താൻ വന്നതെന്നും ക്രിസ്തു പല പ്രാവശ്യം വ്യക്തമാക്കിയിട്ടുണ്ട് (യോഹന്നാൻ 3:13; 6:38, 41, 42, 50, 51, 58; 7:29; 8:23, 42). വെളിപ്പാട് പുസ്തകത്തിൽ ക്രിസ്തു "**ആദ്യനും** അന്ത്യനും" ആരംഭവും അവസാനവും ആണെന്ന് ആവർത്തിച്ചിരിക്കുന്നു (വെളിപ്പാട് 1:8,17; 2:8; 21:6; 22:13).

> നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു **മകൻ നല്കപ്പെട്ടിരിക്കുന്നു;** ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവനു അത്ഭുത മന്ത്രി, വീരനാം ദൈവം, **നിത്യപിതാവ്**, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും (യെശയ്യാവ് 9:6).
>
> "നീയോ ബേത്ത്ലഹേം എഫ്രാത്തെ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചു വരും; **അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ"** (മീഖാ. 5:2).
>
> ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവം ആയിരുന്നു. **അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു.** സകലവും അവൻ മുഖാന്തിരം ഉളവായി; ഉളവായതു ഒന്നും അവനെക്കൂടാതെ ഉളവായതല്ല (യോഹ. 1:1-3).

യേശു അവരോട്: "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: അബ്രഹാം ജനിച്ചതിനു മുമ്പെ **ഞാൻ ഉണ്ട്"** എന്നു പറഞ്ഞു (യോഹ. 8:58).

സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തിരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തിരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. **അവൻ സർവ്വത്തിനും മുമ്പെ യുള്ളവൻ;** അവൻ സകലത്തിനും അധാരമായിരിക്കുന്നു (കൊലൊ. 1:16, 17).

അവൻ ദൈവരൂപത്തിൽ **ഇരിക്കെ** (ഫിലി. 2:6).

പുത്രനോടോ: "ദൈവമെ, നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളത്; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ" "കർത്താവെ, നീ **പൂർവ്വകാലത്തു** ഭൂമിക്കു അടിസ്ഥാനം ഇട്ടു, ആകാശം നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു' (എബ്രാ. 1:8, 10).

B. ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യത്തെ സംബന്ധിച്ച പരോക്ഷ തെളിവുകൾ

പഴയനിയമത്തിൽ പ്രത്യക്ഷപ്പെടുന്ന യഹോവയുടെ ദൂതൻ ദൈവം തന്നെയാണെന്ന് വ്യക്തമാക്കുന്നുണ്ട്.[1] എങ്കിലും യോഹന്നാൻ 1:18 പറയുന്നു, ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു.[2] അതുകൊണ്ട് പഴയനിയമത്തിൽ കാണുന്ന യഹോവയുടെ ദൂതന്റെ പ്രത്യക്ഷതകൾ ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യ പ്രത്യക്ഷതകളാണെന്ന് വ്യക്തമാക്കുന്നു (നോക്കുക. അദ്ധ്യായം 2. "അടിസ്ഥാന ദൈവശാസ്ത്രം: ദൈവത്തെ സംബന്ധിച്ച ഉപദേശം").

II. മനുഷ്യാവതരാവും കന്യകാജനനവും

അനാദിയായ ദൈവപുത്രൻ കന്യകാ ജനനത്തിലൂടെ ജഡശരീരം സ്വീകരിച്ചു. മാത്രമല്ല മനുഷ്യാവതാരം സ്ഥായിയായ ഒന്നാകയാൽ ക്രിസ്തുവിന് ഇപ്പോഴും മനുഷ്യത്വം ഉണ്ട്. നിത്യതയോളം മനുഷ്യപ്രകൃതിയും തേജസ്സ്ക്കരിക്കപ്പെട്ട ശരീരവും അവന് ഉണ്ടായിരിക്കും. (സെഖ. 12:10: അപ്പോ. പ്രവ. 1:11).

[1] ഉല്പ. 16:13, 22:11–12; പുറ. 3:2,6; ന്യായാധി. 2:1,6:11–16, 13:21–22. എന്നിവ നോക്കുക.

[2] 1 തിമോ.1:17, 6:16; യോഹ.6:46; 1 യോഹ. 4:12, ആരും പിതാവായ ദൈവത്തെ കണ്ടിട്ടില്ല എന്ന പോയിന്റ്. താരതമ്യപഠനത്തിനു യോഹ. 8:58, പുറ. 3:14 കാണുക. ഇവിടെ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനു മുമ്പുണ്ടായിരുന്ന അസ്തിത്വം കാണാം.

A. മനുഷ്യാവതാരം

ക്രിസ്തു മനുഷ്യനായി തീർന്നു എന്നു വ്യക്തമാക്കുന്ന വാക്യങ്ങൾ നിരവധി ഉള്ളതുകൊണ്ട് എല്ലാം ഇവിടെ രേഖപ്പെടുത്തുന്നില്ല; ചിലത് പരാമർശിക്കുന്നു(ഉല്പ. 3:15; യെശ. 9:6–7; മത്താ. 1:23; ലൂക്കോ. 2:11; യോഹ. 1:14; റോമ. 8:3; ഗലാ. 4:4; ഫിലി. 2:6; കൊലൊ. 1:22; 2:9; 1 തിമൊ. 3:16; എബ്രാ. 2:14; 10:5).

വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു (യോഹ. 1:14).

എന്നാൽ കാല സമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ **സ്ത്രീയിൽനിന്നു ജനിച്ചവനായി** ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചയച്ചതു അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലെക്കു വാങ്ങിട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ (ഗലാ. 4:4).

മക്കൾ **ജഡരക്തങ്ങളോടു** കൂടിയവർ ആകകൊണ്ടു അവനും **അവരെപ്പോലെ ജഡരക്തങ്ങളോടു** കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു (എബ്രാ. 2:14).

B. കന്യകാ ജനനം

1. കന്യകാ ജനനത്തിന്റെ തെളിവ്

കന്യകാജനനത്തെ സംബന്ധിച്ച് സുവ്യക്തമായി പ്രവചിക്കുന്ന തിരുവചന ഭാഗമാണ് യെശയ്യാവ് 7:14. അൽമാഹ് (almah) എന്ന എബ്രായപദത്തിന് "കന്യക" എന്നുൾപ്പെടെ നിരവധി അർത്ഥങ്ങളുണ്ട്. 'കന്യകാ എന്ന അർത്ഥം പൊതുവായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ബെഥുല എന്ന പദമാണ് റിബെക്കയെ വിളിക്കാൻ ഉല്പ. 24:16-ൽ കൊടുത്തിരിക്കുന്നത്. എന്നാൽ 43-ാം വാക്യത്തിൽ അൽമാഹ് എന്ന പദവും കാണുന്നു. അതുകൊണ്ട് അൽമാഹ് എന്ന പദത്തിന് '**കന്യക**' എന്ന് അർത്ഥമാക്കുന്നു.[3] എബ്രായ പദമായ 'അൽമാഹ്' ന് സെപ്റ്റ്വൂജന്റ് പരിഭാഷക്കാർ യെശ. 7:14-ൽ 'പാർത്തനോസ്' എന്നാണ് ഗ്രീക്കിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. അർത്ഥം "കന്യക" എന്നുതന്നെ. യെശയ്യാവിലുള്ള ആ സന്ദർഭം അസാധാരണമായ ഒന്നാണെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടിരുന്നു. പാതാളം പോലെ താഴ്ചയുള്ളതും സ്വർഗ്ഗംപോലെ ഉയരമുള്ളതോ ആയ ഒന്നിനോട്

[3] ആൽമാ (Almah) എന്ന ഉഗാർട്ടിക് പദമാണ് 'കന്യക' എന്ന വാക്കിനായി ഉപയോഗിക്കാവുന്നത്. കാണുക Cyrus H. Gordon, Ugartic Hand book, (Rome pontifical Bible Institute, 1965)183.

താരതമ്യം ചെയ്യേണ്ടത് എന്നാണർത്ഥം. യൗവനക്കാരിയായ ഒരു സ്ത്രീ ഗർഭം ധരിക്കുന്നതും ജനനം കൊടുക്കുന്നതും അസാധാരണമല്ല: എന്നാൽ യെശയ്യാവ് പ്രവചിക്കുന്നത് ഒരു കന്യകജനനത്തെക്കുറിച്ചാണ്.

പുതിയ നിയമത്തിലെ *പാർത്തനോസ്* (കന്യക) എന്ന പദം മൂന്നു പ്രാവശ്യം മറിയയെ ഉദ്ദേശിച്ച് ആവർത്തിച്ചിട്ടുണ്ട്. മത്താ. 1:23; ലൂക്കോ. 1:27 (2 പ്രാവശ്യം) *പാർത്തനോസ്* എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്താണെന്ന് സംശയലേശ്യമെന്യേ സ്ഥിരീകരിക്കുന്ന മറ്റുചില വാചകങ്ങൾകൂടി ശ്രദ്ധിക്കുക. ..

> അവർ കൂടിവരുമുമ്പെ... (മത്താ. 1:18).
>
> അവൻ അവളെ പരിഗ്രഹിച്ചില്ല (മത്താ. 1:25).
>
> "ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങനെ സംഭവിക്കും എന്നു പറഞ്ഞു" (ലൂക്കോ. 1:34).

കന്യകാജനനനിഷേധം വ്യാഖ്യാന അബദ്ധം എന്ന നിലയിൽ പരിഗണിക്കാവുന്ന ഒന്നല്ല. വ്യക്തമായും ആവർത്തിച്ചും വരുന്ന ഉപദേശത്തെ നിഷേധിക്കൽ തന്നെയാണത്.

2. കന്യകാ ജനനത്തിന്റെ പ്രാധാന്യം

ചില നിഷ്കളങ്കർ കന്യകാ ജനനത്തെ ഒരു രണ്ടാംതര ഉപദേശക വിഷയമായി ചിന്തിക്കാറുണ്ട്. എന്നാൽ ക്രിസ്തു ശാസ്ത്രത്തിലെ സുപ്രധാന ഉപദേശങ്ങളിൽ നിന്നും ഒരിക്കലും വേർപ്പെടുത്താനാവാത്ത ഉപദേശമാണ് കന്യകാ ജനനം എന്നതാണ് വാസ്തവം. കന്യകാ ജനനം നിഷേധിച്ചാൽ ക്രിസ്തുവിന്റെ ദൈവത്വവും നിഷേധിക്കപ്പെടും, കാരണം ക്രിസ്തുവിന്റെ ജനനത്തിന് വേറൊരു നിസ്തുല്യതയുമില്ല. "അത്യുന്നതന്റെ ശക്തി നിഴലിട്ട്" സംഭവിച്ച കന്യകാ ജനനം നടന്നില്ലെങ്കിൽ, ക്രിസ്തുവിന്റെ പാപരാഹിത്യവും അസാദ്ധ്യമാണെന്നു വരും. ക്രിസ്തുവിന്റെ പാപപരിഹാര ബലിയെ ഈ ഉപദേശങ്ങൾ കാര്യമായി സ്വാധീനിക്കുന്നു. അവിടുന്ന് ദൈവമല്ലെങ്കിൽ സർവ്വമാനവരാശിക്കും വേണ്ടി മരിക്കുവാനോ, ചുരുങ്ങിയ മണിക്കൂറുകൾക്കുള്ളിൽ നിത്യമായ ശിക്ഷ അനുഭവിക്കുവാനോ സാദ്ധ്യമാകുമായിരുന്നില്ല. ക്രിസ്തു പാപരഹിതനല്ലായിരുന്നുവെങ്കിൽ രക്ഷകനാകാനുള്ള യോഗ്യത ഉണ്ടാവുകയില്ല. ക്രിസ്തീയ വിശ്വാസത്തിന്റെ ഒരടിസ്ഥാനംതന്നെയാണ് ക്രിസ്തുവിന്റെ കന്യകാ ജനനം എന്ന് വളരെ വ്യക്തമായിരിക്കുന്നു.

III. ക്രിസ്തുവിന്റെ ദൈവത്വം

ഒരു കൾട്ടിന്റെ സുപ്രധാന അടയാളമാണ് ക്രിസ്തുവിന്റെ ദൈവത്വ നിഷേധം. ക്രിസ്തുവിന്റെ ദൈവത്വത്തെ വ്യക്തമാക്കുന്ന നിരവധി വാക്യങ്ങളാണ് തിരുവചനത്തിലുള്ളത്.

A. ക്രിസ്തുവിനെ "ദൈവം" എന്ന് അഭിസംബോധന ചെയ്തിരിക്കുന്ന വേദഭാഗങ്ങൾ

ക്രിസ്തുവിന്റെ ദൈവത്വത്തെ സൂചിപ്പിക്കുന്നതും ദൈവമെന്ന് സംബോധന ചെയ്തിരിക്കുന്നതുമായ അനവധി വാക്യങ്ങളാണുള്ളത്. (നോക്കുക. യെശ. 7:14; സങ്കീ. 110:1; യിരെ. 23:5-6; മത്താ. 1:23; യോഹ. 5:18; 8:58; 10:30; 14:9; പ്രവൃത്തി 16:31-34; റോമ. 9:5; 2 കൊരി. 4:4; ഫിലി. 2:5-8; കൊലൊ. 1:15; എബ്രാ. 3:4; സന്ദർഭത്തിൽ നിന്ന് മനസ്സിലാകുന്നു; 2 പത്രൊ. 1:1; 2:20).

> നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുത മന്ത്രി, **വീരനാം ദൈവം** നിത്യപിതാവ്, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും (യെശ്ശയ്യാവ് 9:6).
>
> ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; **വചനം ദൈവം ആയിരുന്നു** (യോഹ. 1:1).
>
> ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന **ഏകജാതനായ പുത്രൻ** അവനെ വെളിപ്പെടുത്തിയിരിക്കുന്നു (യോഹ. 1:18).
>
> "തോമസ് അവനോട്: എന്റെ കർത്താവും എന്റെ **ദൈവവും** ആയുള്ളോവെ എന്ന് ഉത്തരം പറഞ്ഞു" (യോഹ. 20:28).
>
> നിങ്ങളെത്തന്നെയും **താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ** മേയ്ക്കുവാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കി വച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ (അപ്പോ. പ്രവ. 20:28).
>
> "അവനിലല്ലോ **ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്**" (കൊലൊ. 2:9).
>
> നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും **മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ** യേശു ക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും" (തീത്തൊസ് 2:13).
>
> "അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും..." (എബ്രായർ 1:3).
>
> **പുത്രനോടോ: "ദൈവമേ,** നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളതു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ" (എബ്രാ. 1:8).
>
> ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിവാൻ നമുക്കു വിവേകം തന്നു എന്നും നാം

അറിയുന്നു; നാം സത്യദൈവത്തിൽ **അവന്റെ പുത്രനായ യേശുക്രിസ്തുവിൽ** തന്നെ ആകുന്നു. അവൻ **സത്യദൈവവും** നിത്യജീവനും ആകുന്നു (1 യോഹ. 5:20).

B. പഴയനിയമത്തിലെ ദൈവം പുതിയ നിയമത്തിലെ ക്രിസ്തുവിന് തുല്യൻ

പഴയനിയമത്തിലെ ദൈവത്തോട് സമനായി ക്രിസ്തുവിനെ വ്യക്തമാക്കിയിരിക്കുന്ന നിരവധി സന്ദർഭങ്ങൾ വേദപുസ്തകത്തിൽ കാണുന്നു. [4]

1. യെശ്ശയ്യാവ് 40:3/ലൂക്കോസ് 1:76

...ഒരുത്തൻ വിളിച്ചുപറയുന്നതു; മരുഭൂമിയിൽ **യഹോവയ്ക്കു** വഴി ഒരുക്കുവിൻ; നിർജ്ജന പ്രദേശത്തു നമ്മുടെ **ദൈവത്തിനു** ഒരു പെരുവഴി നിരപ്പാക്കുവിൻ

"നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിന്റെ വഴി ഒരുക്കുവാനും... നീ അവനു മുമ്പായി നടക്കും"

യേശുക്രിസ്തുവിന്റെ വരവിനായി ഹൃദയങ്ങളെ ഒരുക്കുമ്പോൾ ദൈവത്തിന്റെ വരവിനെ ആയിരുന്നു യോഹന്നാൻ വിളിച്ചറിയിച്ചത്

2. സങ്കീർത്തനം 102:24-28/ എബ്രാ. 1:8; 10-12.

എന്റെ **ദൈവമേ,** ആയുസ്സിന്റെ മദ്ധ്യത്തിൽ എന്നെ എടുത്തുകളയരുതെ എന്നു ഞാൻ പറഞ്ഞു; നിന്റെ സംവത്സരങ്ങൾ തലമുറ തലമുറയായി ഇരിക്കുന്നു. പൂർവ്വകാലത്തു നീ ഭൂമിക്ക് അടിസ്ഥാനമിട്ടു; ആകാശം നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. അവ നശിക്കും നീയോ നിലനില്ക്കും; അവയെല്ലാം വസ്ത്രംപോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ മാറ്റും; അവ മാറിപ്പോകയും ചെയ്യും. നീയോ അനന്യനാകുന്നു; നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല. നിന്റെ ദാസന്മാരുടെ മക്കൾ നിർഭയം വസിക്കും; അവരുടെ സന്തതി നിന്റെ സന്നിധിയിൽ നിലനില്ക്കും."

പുത്രനോടോ, ദൈവമെ....നീ പൂർവ്വകാലത്തു ഭൂമിക്ക് അടിസ്ഥാനം ഇട്ടു. ആകാശവും നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. അവ നശിക്കും; നീയോ നിലനില്ക്കും; അവ എല്ലാം വസ്ത്രം പോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ ചുരുട്ടും; വസ്ത്രംപോലെ അവ മാറിപ്പോകും; നീയോ അനന്യൻ; നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല.

3. സെഖ. 12:10/വെളി. 1:7

"ഞാൻ ദാവീദ് ഗൃഹത്തിൻമേലും യെരൂശലേം നിവാസികളുടെ മേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും; **തങ്ങൾ കുത്തിയിട്ടുള്ളവനിലേക്കു അവർ നോക്കും;** ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യ ജാതനെക്കുറിച്ചു വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വ്യസനിക്കും;

ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, **അവനെ കുത്തിത്തുളച്ചവരും അവനെ കാണും;** ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും ഉവ്വ്, ആമേൻ.

4. സങ്കീർത്തനം 68:17-18/ എഫെസ്യർ 4:7-8

ദൈവത്തിന്റെ രഥങ്ങൾ ആയിരമായിരവും കോടികോടിയുമാകുന്നു; കർത്താവു അവരുടെ ഇടയിൽ, സീനായിൽ, വിശുദ്ധമന്ദിരത്തിൽ തന്നെ. നീ ഉയരത്തിലേക്ക് കയറി, ബദ്ധന്മാരെ പിടിച്ചു കൊണ്ടുപോയി. **യാഹ് എന്ന ദൈവം** അവിടെ വസിക്കേണ്ടതിനു നീ മനുഷ്യരോടു, മത്സരികളോടു തന്നെ, കാഴ്ച വാങ്ങിയിരിക്കുന്നു.

എന്നാൽ നമ്മിൽ ഓരോരുത്തന് ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന് ഒത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു. അതുകൊണ്ട്: ''അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തും" എന്നു പറയുന്നു.

5. യെശയ്യാവ് 8:13-14/1 പത്രൊസ് 2:7-8)

സൈന്യങ്ങളുടെ യഹോവയെ ശുദ്ധീകരിപ്പിൻ; അവൻ തന്നെ നിങ്ങളുടെ ഭയവും നിങ്ങളുടെ ഭീതിയും ആയിരിക്കട്ടെ. എന്നാൽ അവൻ ഒരു വിശുദ്ധ മന്ദിരമായിരിക്കും; എങ്കിലും യിസ്രായേൽ ഗൃഹത്തിനു രണ്ടിനും അവൻ ഒരു **ഇടർച്ചക്കല്ലും തടങ്ങൽ പാറയും** യെരുശലേം നിവാസികൾക്കു ഒരു കുടുക്കും കണിയും ആയിരിക്കും.

യെശയ്യാ പ്രവചനത്തിൽ കാണുന്ന കല്ല്, സൈന്യങ്ങളുടെ യഹോവയാണെന്ന് സന്ദർഭ ത്തിൽ നിന്നും വ്യക്തമാണല്ലോ.

വിശ്വസിക്കുന്ന നിങ്ങൾക്കു ആ മാന്യതയുണ്ട്; വിശ്വസിക്കാത്തവർക്കോ "വീടു പണിയുന്നവർ

[4] പഴയനിയമത്തിലെ യഹോവയും (LORD) പുതിയ നിയമത്തിലെ ക്രിസ്തുവും "നീതിമാൻ" എന്നു വിളിക്കപ്പെട്ടിരിക്കുന്നു. ഇതിനുള്ള സമാന്തര വാക്യങ്ങൾ യിരെ. 23:1-6; 33:15-16; 1 കൊരി. 1:30 എന്നീ വാക്യങ്ങളിൽ കാണുക.

തള്ളിക്കളഞ്ഞ കല്ലു തന്നെ, മൂലക്കല്ലും **ഇടർച്ച കല്ലും** തടങ്കൽ പാറയുമായിത്തീർന്നു."

പത്രോസ് 1—ാം ലേഖനത്തിൽ കല്ല്, യേശു ക്രിസ്തു ആണ്.

6. യെശ്ശയ്യാവ് 6:1, 3/യോഹന്നാൻ 12:41-42

ഉസ്സിയാ രാജാവു മരിച്ച ആണ്ടിൽ കർത്താവു ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു. ഒരുത്തനോടു ഒരുത്തൻ, **സൈന്യങ്ങളുടെ യഹോവ** പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു.

''**യെശ്ശയ്യാവ്** അവന്റെ തേജസ്സു കണ്ടു **അവനെക്കുറിച്ചു സംസാരിച്ചതുകൊണ്ടാകുന്നു** ഇതു പറഞ്ഞതു.(യെശയ്യാവ് കർത്താവായ യേശുവിനെ കണ്ടു) എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു. പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം **ഏറ്റുപറഞ്ഞില്ലതാനും".**

7. യോവേൽ 3:1-2/മത്താ. 25:31-32

"ഞാൻ (ദൈവം) യെഹൂദയുടെയും യെരൂശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും കാലത്തിലും ഞാൻ **സകല ജാതികളെയും കൂട്ടി** യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു വ്യവഹരിക്കുകയും ചെയ്യും. അവർ അവരുടെ ജാതികളുടെ ഇടയിൽ ചിതറിച്ചു എന്റെ ദേശത്തെ വിഭാഗിച്ചു കളഞ്ഞുവല്ലോ.

"**മനുഷ്യപുത്രൻ തന്റെ തേജസ്സോടെ** സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും; സകല **ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും;** അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതു പോലെ വേർതിരിക്കും."

8. യെശ്ശയ്യാവ് 44:6/ വെളിപ്പാട് 22:13

"യിസ്രായേലിന്റെ രാജാവായ യഹോവ, അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു; ഞാൻ **ആദ്യനും അന്ത്യനും** ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല"

(യെശ്ശയ്യാവ് 41:4; 48:12 വാക്യങ്ങളും നോക്കുക)

ഞാൻ **അല്ഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും** ആദിയും അന്തവും ആകുന്നു."

(വെളിപ്പാട് 1:8, 17; വാക്യങ്ങളും നോക്കുക).

C. പഴയനിയമത്തിലെ യഹോവയുടെ ദൂതൻ ദൈവവും ക്രിസ്തുവും ആയിരുന്നു.

പിതാവിനെ ആരും ഒരുനാളും കണ്ടിട്ടില്ല എന്ന് ക്രിസ്തു പറഞ്ഞു (യോഹ. 1:18, 6:46)[5] എങ്കിലും പഴയ നിയമത്തിൽ അനേക ദൈവ പ്രത്യക്ഷതകൾ കാണുന്നുണ്ട് (ഉല്പത്തി. 16:13; 18:1; 31:13; 32:30; പുറ. 3:6; ന്യായാ. 2:1; 6:14-16; 13:22)[6]. അതിൽ നിന്നും വ്യക്തമാകുന്നത് പഴയ നിയമ ദൈവപ്രത്യക്ഷതകൾ (യഹോവയുടെ ദൂതൻ ഉൾപ്പെടെ) ക്രിസ്തുവിന്റെ പ്രത്യക്ഷതകൾ തന്നെയാണെന്നാണ്. ക്രിസ്തുവിന്റെ ദൈവത്വത്തെ പിൻതാങ്ങുന്ന പരോക്ഷ വസ്തുതയാണിത്.

D. ക്രിസ്തു ശബ്ബത്തിന് കർത്താവ് എന്ന നിലയിൽ

പഴയനിയമ കാലഘട്ടത്തിലെ ഒരു സുപ്രധാന ആചാരമായിരുന്നു ശബ്ബത്തിന് ''കർത്താവ്'' എന്നു പറയുമ്പോൾ അത് തികച്ചും ഹൃദയഹാരിയായ ഒരു പ്രയോഗം തന്നെയാണ്. ശബ്ബത്തിന്മേൽ അധികാരം അവകാശപ്പെടുന്നത്, ദൈവിക അധികാരം അവകാശപ്പെടുന്നതിന് തുല്യമാണ്. മത്തായി 12:8; ലൂക്കോസ് 6:5 വാക്യങ്ങളും ശ്രദ്ധിക്കുക).

അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവു ആകുന്നു എന്നു പറഞ്ഞു (മർക്കോ. 2:28).

E. ക്രിസ്തു ദൈവത്തിന്റെ പ്രവൃത്തികളെ ചെയ്യുന്നു

1. ക്രിസ്തു സകലത്തിന്റെയും സ്രഷ്ടാവ്

അനന്തരം ദൈവം: "**നാം** നമ്മുടെ സ്വരൂപത്തിൽ **നമ്മുടെ** സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" (ഉല്പത്തി 1:26).

സകലവും അവൻ മുഖാന്തരം ഉളവായി, ഉളവായത് ഒന്നും അവനെ കൂടാതെ ഉളവായതല്ല (യോഹ. 1:3).

സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർതൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു (കൊലൊ. 1:16).

[5] വാക്യങ്ങൾ അടിക്കുറിപ്പിനോടു ചേർന്നു കാണുക.

[6] കൂടാതെ ഈ വാക്യങ്ങളും അടിക്കുറിപ്പ് 1 നടിയിൽ കാണുക. പഴയനിയമത്തിലെ ചില ദൈവീക പ്രത്യക്ഷതകളിൽ യഹോവയുടെ ദൂതൻ (Angel of the LORD) എന്നപ്രയോഗം ഉപയോഗിച്ചിട്ടില്ല. ഇതിനായി മറ്റു ചില പ്രത്യേക വാക്യങ്ങൾ ഉപയോഗിച്ചിട്ടുണ്ട് (ഉദാ: ഉല്പ. 18:1).

"**പുത്രനോടോ,** "ദൈവമെ, നീ പൂർവ്വകാലത്തു ഭൂമിക്ക് **അടിസ്ഥാനം** ഇട്ടു. ആകാശവും നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു (എബ്രാ. 1:8,10).

2. ക്രിസ്തു സകലത്തിന്റെയും പരിപാലകൻ

അവൻ സർവ്വത്തിനും മുൻപേയുള്ളവൻ; **അവൻ സകലത്തിനും ആധാരമായിരിക്കുന്നു.** (കൊലൊ. 1:17).

അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും **സകലത്തെയും** തന്റെ ശക്തിയുള്ള വചനത്താൽ **വഹിക്കുന്നവനും** ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കുകയും... (എബ്രാ. 1:3).

3. ക്രിസ്തു ജീവനായകൻ

അവനിൽ ജീവനുണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു (യോഹ. 1:4).

"പിതാവിനു **തന്നിൽതന്നെ ജീവനുള്ളതുപോലെ** അവൻ **പുത്രനും തന്നിൽ തന്നെ ജീവനുള്ളവൻ** ആകുമാറുവരം നല്കിയിരിക്കുന്നു (യോഹ. 5:26).

"ഞാൻ തന്നെ പുനരുത്ഥാനവും **ജീവനും** ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ. 11:25).

യേശു അവനോട്: "ഞാൻ തന്നെ വഴിയും സത്യവും **ജീവനും** ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല (യോഹ. 14:6).

ജീവനായകനെ (ജീവന്റെ ആധാരമായവൻ) കൊന്നുകളഞ്ഞു; ദൈവം മരിച്ചവരിൽ നിന്ന് എഴുന്നേല്പിച്ചു; അതിനു ഞങ്ങൾ സാക്ഷികൾ ആകുന്നു (അപ്പൊ. പ്രവൃ. 3:15)

ആദാമിൽ എല്ലാവരും മിരിക്കുന്നതുപോലെ **ക്രിസ്തുവിൽ** എല്ലാവരും **ജീവിപ്പിക്കപ്പെടും** (1 കൊരി. 15:22).

4. ക്രിസ്തു സർവ്വഭൂമിയ്ക്കും ന്യായാധിപതി

ദൈവത്തെ സർവ്വഭൂമിയ്ക്കും ന്യായാധിപതിയായി ഉല്പത്തി 18:25 ലും സങ്കീർത്തനം 9:7-8 ലും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പുതിയ നിയമത്തിൽ വായിക്കുന്നത് ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു എന്നാണ്. അതുകൊണ്ട് **പുത്രൻ** ദൈവം തന്നെയാണ്.

മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും. അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതു പോലെ വേർതിരിച്ചു... (മത്താ. 25:31-32).

എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതു പോലെ പുത്രനെയും ബഹുമാനിക്കേണ്ടതിനു പിതാവ് ആരെയും ന്യായം വിധിക്കാതെ **ന്യായവിധി എല്ലാം പുത്രനു** കൊടുത്തിരിക്കുന്നു (യോഹ. 5:22).

''താൻ നിയമിച്ച **പുരുഷൻ മുഖാന്തിരം** ലോകത്തെ നീതിയിൽ **ന്യായം വിധിപ്പാൻ** അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു; **അവനെ** മരിച്ചവരിൽ നിന്ന് **ഉയിർത്തെഴുന്നേല്പിച്ചതിനാൽ** എല്ലാവർക്കും അതിന്റെ ഉറപ്പ് നല്കിയിരിക്കുന്നു" (അപ്പോ. പ്രവ. 17:31).

"നമ്മുടെ **കർത്താവായ യേശുവിന്റെ** സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ." (2 തെസ്സലോനികൃർ 1:7-8).

5. ക്രിസ്തു പാപത്തെ ക്ഷമിക്കുന്നു

അവരുടെ വിശ്വാസം കണ്ടിട്ട് അവൻ മനുഷ്യാ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു. ശാസ്ത്രിമാരും പരീശൻമാരും ദൈവദൂഷണം പറയുന്ന ഇവൻ ആർ? **ദൈവം ഒരുവൻ അല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ** എന്നു ചിന്തിച്ചു തുടങ്ങി. യേശു അവരുടെ ചിന്തകളെ അറിഞ്ഞ് അവരോട്: നിങ്ങൾ ഹൃദയത്തിൽ ചിന്തിക്കുന്നതു എന്ത്? **നിന്റെ പാപങ്ങൾ മോചിപ്പിച്ചു തന്നിരിക്കുന്നു** എന്നു പറയുന്നതോ എഴുന്നേറ്റു നടക്ക എന്നു പറയുന്നതോ ഏതാകുന്നു എളുപ്പം എന്നു ചോദിച്ചു. എങ്കിലും ഭൂമിയിൽ **പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരം ഉണ്ട്** എന്ന് നിങ്ങൾ അറിയേണ്ടതിനു അവൻ പക്ഷവാതക്കാരനോട് എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കുപോക എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു (ലൂക്കോസ് 5:20-24).

സ്ത്രീയുടെ നേരെ തിരിഞ്ഞു ശിമോനോടു പറഞ്ഞത്: ഈ സ്ത്രീയെ കാണുന്നുവോ? ഞാൻ

നിന്റെ വീട്ടിൽ വന്നു, നീ എന്റെ കാലിനു വെള്ളം തന്നില്ല; ഇവളോ കണ്ണുനീർകൊണ്ട് എന്റെ കാൽ നനച്ചു തലമുടികൊണ്ടു തുടച്ചു: നീ എനിക്കു ചുംബനം തന്നില്ല; ഇവളോ ഞാൻ അകത്തു വന്നതുമുതൽ ഇടവിടാതെ എന്റെ കാൽ ചുംബിച്ചു. നീ എന്റെ തലയിൽ തൈലം പൂശിയില്ല; ഇവളോ പരിമള തൈലംകൊണ്ടു എന്റെ കാൽ പൂശി. ആകയാൽ ഇവളുടെ അനേകമായ പാപ ങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു അവൾ വളരെ സ്നേഹിച്ചുവല്ലോ; അല്പം മോചിച്ചു കിട്ടിയവൻ അല്പം സ്നേ ഹിക്കുന്നു.'' പിന്നെ അവൻ അവളോടു: നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറ ഞ്ഞു. അവനോടുകൂടെ പന്തിയിൽ ഇരുന്നവർ: **പാപമോചനവും കൊടുക്കുന്ന ഇവൻ ആർ എന്നു തമ്മിൽ** പറഞ്ഞു തുടങ്ങി (ലൂക്കോസ് 7:44-49).

(മത്തായി 9:1-6; മർക്കോസ് 2:5 നോക്കുക)

F. ദൈവത്തിന്റെ ഗുണവിശേഷങ്ങൾ ക്രിസ്തുവിൽ വസിക്കുന്നു.

1. ക്രിസ്തു നിത്യനും സ്വയാസ്തിക്യം ഉള്ളവനും

''നീയോ, ബേത്ലേഹെം എഫ്രാത്തെ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന് അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്ന് ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം പണ്ടേ ഉള്ളതും **പുരാതനമായതും തന്നെ"** (മീഖാ. 5:2).

ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; (യോഹ. 1:1).

യേശു അവരോട്: ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. അബ്രഹാം ജനിച്ചതിനു **മുൻപെ ഞാൻ ഉണ്ട് എന്നു** പറഞ്ഞു (യോഹ. 8:58).

ഞാൻ അല്ഫയും ഒമേഗയും **ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും** ആകുന്നു (വെളി. 22:13).

(കാണുക. യെശയ്യാവ് 9:6; യോഹ. 5:26)

2. ക്രിസ്തു അനന്യൻ

പുത്രനോടോ: നീയോ അനന്യൻ; നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല (എബ്രായർ 1:8, 12).

യേശുക്രിസ്തു ഇന്നലെയും ഇന്നും **എന്നെന്നേക്കും** അനന്യൻ തന്നെ. (എബ്രായർ 13:8).

3. ക്രിസ്തു സർവ്വവ്യാപി

"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നിടത്തൊക്കെയും **ഞാൻ അവരുടെ നടുവിൽ ഉണ്ട്** എന്നും ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 18:19).

''ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; **ഞാനോ** ലോകാവസാന ത്തോളം **എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്** എന്ന് അരുളിചെയ്തു" (മത്തായി 28:20).

യേശു അവനോട്: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസം ചെയ്യും" (യോഹ. 14:23).

...എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന (എഫെ. 1:23).

(എബ്രായർ 13:5 കാണുക).

4. ക്രിസ്തു സർവ്വജ്ഞാനി

യേശുവോ **എല്ലാവരെയും അറികകൊണ്ടു** തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ച് ഏല്പിച്ചില്ല (യോഹ. 2:24).

"നീ സകലവും അറിയുന്നുവെന്നും ആരും നിന്നോടു ചോദിപ്പാൻ നിനക്ക് ആവശ്യം ഇല്ല എന്നും ഞങ്ങൾ ഇപ്പോൾ അറിയുന്നു'' (യോഹ. 16:30).

...പത്രോസ് ദു:ഖിച്ചു; "കർത്താവെ, നീ സകലവും അറിയുന്നു..." (യോഹ. 21:17).

(നോക്കുക. മത്തായി 12:25; മർക്കോസ് 2:8; 9:34; ലൂക്കോസ് 5:22; 6:8; 7:39 ff; 9:47; 11:17; യോഹ. 1:47- 48; 4:17-19).

5. ക്രിസ്തു സർവ്വശക്തൻ

യേശു അടുത്തു ചെന്നു; ''സ്വർഗ്ഗത്തിലും ഭൂമിയിലും **സകല അധികാരവും** എനിക്കു നല്കപ്പെട്ടിരിക്കുന്നു" (മത്താ. 28:18).

"നീ അവനു നല്കിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവനെ കൊടുക്കേണ്ടതിനു **നീ സകല ജഡത്തിന്മേലും അവന് അധികാരം** നല്കിയിരിക്കുന്നുവല്ലോ" (യോഹ. 17:2).

സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്ത് എല്ലാ **വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും**

കർതൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും (എഫെ. 1:21).

അവൻ സകലവും തനിക്കു **കീഴ്പ്പെടുത്തുവാൻ** കഴിയുന്ന തന്റെ വ്യാപാര ശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും (ഫിലി. 3:21).

എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു (കൊലൊ. 2:10).

അവൻ തന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും **തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും** ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത്.... (എബ്രായർ 1:3)

"ഞാൻ അല്ഫയും ഒമേഗയും ആകുന്നു" എന്ന് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി **സർവ്വശക്തിയുള്ള** ദൈവമായ കർത്താവ് അരുളി ചെയ്യുന്നു (വെളി. 1:8; നോക്കുക. വെളി. 1:17; 22:13 യേശു കർത്താവാണെന്ന് തെളിയുന്നു വെളി. 1:8).

G. ക്രിസ്തു ആരാധന സ്വീകരിച്ചപ്പോൾ തന്നെ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന് പഠിപ്പിച്ചു.

യേശു അവനോട്: "സാത്താനേ, എന്നെ വിട്ടു പോ; നിന്റെ ദൈവമായ കർത്താവിനെ **നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ"** എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു (മത്തായി 4:10).

"നീ ദൈവപുത്രൻ സത്യം" എന്നു പറഞ്ഞു **അവനെ നമസ്കരിച്ചു"** (മത്തായി. 14:33).

അവനെ പുറത്താക്കി എന്നു യേശു കേട്ടു; അവനെ കണ്ടപ്പോൾ "നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ" എന്ന് ചോദിച്ചു. അതിനു അവൻ: "യജമാനനേ, അവൻ ആർ ആകുന്നു? ഞാൻ അവനിൽ വിശ്വസിക്കാം" എന്നു ഉത്തരം പറഞ്ഞു. യേശു അവനോട് : "നീ അവനെ കണ്ടിട്ടുണ്ട്; നിന്നോട് സംസാരിക്കുന്നവൻ അവൻ തന്നേ" എന്നു പറഞ്ഞു. ഉടനെ അവൻ "കർത്താവേ, ഞാൻ വിശ്വസിക്കുന്നു" എന്നു പറഞ്ഞ് അവനെ നമസ്കരിച്ചു (യോഹന്നാൻ. 9:35-38).

തോമസ് അവനോട് "എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളേവേ" എന്നു ഉത്തരം പറഞ്ഞു (യോഹന്നാൻ 20:28).

പുറപ്പാട് 34:14; യെശയ്യാവ് 42:8 വാക്യങ്ങൾ കാണുക.

H. ട്രിനിറ്റേറിയൻ ആശയം ക്രിസ്തുവിനെ ത്രിയേക ദൈവമായി പറയുമ്പോൾ ദൈവമാണെന്നും തെളിയിക്കുന്നു. (ദൈവതത്വശാസ്ത്രത്തിൽ രണ്ടാം അദ്ധ്യായത്തിൽ കാണുവാൻ കഴിയുന്നതാണ്) [7]

IV. ക്രിസ്തുവിന്റെ മനുഷ്യത്വം

A. ക്രിസ്തുവിന്റെ മനുഷ്യത്വത്തെക്കുറിച്ചുള്ള പ്രസ്താവന

(നോക്കുക:- സെക്ഷൻ 2എ, ബി, മനുഷ്യാവതാരവും കന്യകാ ജനനവും)

---

[7] ചില പ്രത്യേക ദുരുപദേശക്കാർ "ആദ്യജാതൻ" (റോമ. 8:29; കൊലോ. 1:15,18; എബ്രാ. 1:6; വെളി. 1:5) "ഏകജാതൻ" (യോഹ. 1:14,18; 3:16,18; 1 യോഹ. 4:9) എന്നീ പ്രയോഗങ്ങളെ ദുരുപയോഗപ്പെടുത്തുന്നതു യേശുക്രിസ്തു ആദ്യമായി സൃഷ്ടിക്കപ്പെട്ടവനാണെന്നു സ്ഥാപിക്കുന്നതിനായിട്ടാണ്. "ആദ്യജാതൻ" എന്നതിനെ ആദ്യമായി ജനിച്ചവൻ എന്നു പറയുന്നതിനോടു തർക്കമില്ല; എന്തെന്നാൽ മത്താ.1:25 ന്റെ ചില കൈയ്യെഴുത്തുപ്രതികളിൽ ഇങ്ങനെ കാണാവുന്നതാണ്. അതുപോലെ ലൂക്കോ. 2:7 ഉം എന്തായിരുന്നാലും ചില ഭാഗങ്ങളിൽ അല്പമായിട്ടോ ഒട്ടുംതന്നെയോ ജനനം അഥവാ ആരംഭം എന്നിവയുടെ പരാമർശങ്ങളില്ല. പകരം 'പരമോന്നതം, മുഖ്യമായ, ആദരണീയൻ" എന്നീ അർത്ഥങ്ങളാണ്. ആജ്യജാതൻ എന്നതിന്റെ എബ്രായ പദത്തിന് ഇയ്യോബ് 18:13-ൽ "മരണത്തിന്റെ കടിഞ്ഞൂൽ" എന്നും യെശ. 14:30-ൽ" എളിയവരുടെ ആദ്യജാതന്മാർ" എന്നുമാണ് പറഞ്ഞിരിക്കുന്നത്. (NASB മാർജിനൽ ഒന്നു കാണുക). ഈ ഒന്നാം ഭാഗത്തും ജനനസമയത്തിന്റെ ആശയം ഉപേക്ഷിച്ച് പരമോന്നതമായ എന്ന ആശയം വന്നിരിക്കുന്നതു എബ്രായ ഭാഷയിൽ "ആദ്യജാതൻ" എന്നതിന് അനന്തരാവകാശത്തിലുള്ള പരമോന്നത സ്ഥാനം എന്ന ആശയത്തിൽ നിന്നാണ്. ഇയ്യോ. 18:13-ൽ "മരണത്തിന്റെ കടിഞ്ഞൂൽ" എന്നതിനെ "മരണകരമായ രോഗം" "വ്യാധിപിടിച്ചവൻ" എന്നും .... 14:30 ലെ "എളിയവരുടെ ആദ്യജാതന്മാർ" എന്നതിനെ "പരമദരിദ്രൻ" എന്നുമാണ് അർത്ഥം. സെപ്റ്റുവജിന്റിലെ (LXX) *പ്രോട്ടോടോക്കോസ്* (Protokos)നു തുല്യപദമാണ് പുതിയനിയമത്തിൽ ക്രിസ്തുവിനുവേണ്ടി ഉപയോഗിച്ചിരിക്കുന്നത്. അവിടെ സ്ഥാനത്തിനാണ്, ആരംഭത്തിനല്ല പ്രാധാന്യം. പഴയ യിസ്രായേലിനെ "ആദ്യജാതൻ" എന്നു വിളിച്ചിരിക്കുന്നതു അവർ പ്രഥമ രാഷ്ട്രം ആയതു കൊണ്ടല്ല പിന്നെയോ വംശങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ടവരാകയാലാണ്. അർത്ഥാൽ അവർ സകല രാഷ്ട്രങ്ങളെക്കാളും പരമോന്നത സ്ഥാനം ഉള്ളവരാണ്. (പുറ. 4:22; യിരെമ്യാ 31:9; 38:9; in LXX) ആവർത്തനം 21:16-ൽ രണ്ടാമത് ജനിച്ച പുത്രനെ "ആദാജാതൻ" എന്ന പദവിയിൽ അംഗീകരിക്കുവാനുള്ള സാദ്ധ്യത എന്താണെന്ന് ഓർപ്പിക്കുന്നു. സങ്കീ. 89:27 കാണുക. (സങ്കീ. 89:27 LXX) ഇവിടെ ദൈവം ദാവീദിനെ (അവന്റെ സന്തതികളും) തന്റെ ആദ്യജാതൻ ആക്കുമെന്ന് പറഞ്ഞി

രിക്കുന്നു. ഇതുചൂണ്ടിക്കാട്ടുന്നതു ദാവീദിന്റെ പരമോന്നത പദവിയെയാണ് മറിച്ച് ജനനസമയത്തെയോ ആരംഭത്തെയോ ഉദ്ദേശിച്ചല്ല. LXX ചില തർജ്ജിമകളിൽ "ആദ്യജാതൻ" എന്ന പ്രയോഗം അവൻ തന്റെ വീരന്മാരായിരിക്കുന്ന "മുപ്പതു പേരിൽ പ്രധാനി" ആകുന്നു (chief of the thirty) എന്ന പ്രയോഗത്തിൽ ഉപയോഗിച്ചിരിക്കുന്നു (1 ദിന. 11:11).

തിരുവെഴുത്തിലല്ലാതെയും ഈ പദത്തിന്റെ അർത്ഥവ്യാപ്തി വെളിച്ചം വീശുന്നതാണ്. 4 എസ്ഡ്രാസ് 6:58-ൽ യിസ്രായേലിനെ "എന്റെ ആദ്യജാതൻ, ഏകൻ, തിരഞ്ഞെടുക്കപ്പെട്ടവരുടെ, പ്രിയനായവൻ" എന്നു വിളിച്ചിരിക്കുന്നു. വീണ്ടും *പ്രോട്ടോടോക്കോസ്* വെളിപ്പെടുത്തുന്നത് പദവി, സർവ്വാധിപത്യം എന്നിവയാണ്. റബ്ബി ബെക്കായി (Rabbi Bechai) എന്നയാൾ എഴുതിയിരിക്കുന്നത് "ലോകത്തിന്റെ ആദ്യജാതൻ ദൈവമാകുന്നു" എന്നാണ്. (J.B. Lightfoot, Saint Pauls Epistles to the Colossians and to Philemon. rev. ed. (Grand Rapids: Zonderran 1977) 146-47 കാണുക. ഇതിന്റെ അർത്ഥം ദൈവം സർവ്വാധിപതിയാകുന്നു എന്നല്ലാതെ ഒന്നാമതു ജനിച്ചവൻ എന്നല്ല. ആദ്യകാല സഭാപിതാക്കന്മാർ നാസതികനായ മാർസിയനെ (Marcion) "പിശാചിന്റെ ആദ്യജാതൻ" എന്നാണ് വിളിച്ചത്. ഇതിന്റെ അർത്ഥം സാത്താന്യ പ്രവർത്തനങ്ങളിൽ പ്രമുഖൻ അവനായിരുന്നു എന്നല്ലാതെ അവന്റെ ജനനത്തെ കുറിച്ചല്ല. (പോളികാർപ്പ്, ഐറേനിയസിന്റെ ഉദ്ധരണി, Against Heresies, 3;3;4) ഒടുവിലായി ദത്തെടുക്കുന്ന കുഞ്ഞുങ്ങളെയും "ആദ്യജാതൻ" എന്നു വിളിച്ചിരുന്നു. *The Theological Dictionary of the New Testament* ൽ ദത്തെടുക്കലിനെക്കുറിച്ചുള്ള പുരാതന രേഖയുടെ ഉദ്ധരണി ഇപ്രകാരമാണ്: "നിങ്ങളുടെ യഥാർത്ഥ മകനും ആദ്യജാതനും, നിങ്ങളുടെ സ്വന്തം രക്തത്തിൽ നിന്നു ജനിച്ചിരിക്കുന്ന ഏക ജാതനായ മകനെപ്പോലെ. withelm Michaelis, Theological Dictionary of the New Testament കാണുക. അതിന്റെ എഡിറ്റർ Gerhard Kittel and Gerhard Friedrich ആണ്. വിവർത്തനം ചെയ്തിരിക്കുന്നത് Geoffrey Bromiley യും (Grand Rapids Wm. B. Eerdmans Publishing Co. 1968) VI 872, (മൂലഗ്രന്ഥമായ ഗ്രീക്കിൽ നിന്നുള്ള വിവർത്തനം എന്റെ സ്വന്തമാണ്) നാം പരിശോധിച്ചതായ എല്ലാ രേഖകളിൽ നിന്നും മനസ്സിലാകുന്നത് "ആദ്യജാതൻ" എന്ന പ്രയോഗം ഒരാളുടെ പരമാധികാരത്തെ മാനിക്കുന്നതല്ലാതെ ജനനവുമായി ബന്ധപ്പെട്ടതല്ല എന്നാണ്.

ഇനി കൊലോ. 1:15 ലെ പ്രസ്താവന നോക്കാം. 16-ാം വാക്യത്തിലാണ് പ്രസ്താവനയുടെ കാരണം കാണുന്നത്. "സകലവും അവനാൽ (മുഖാന്തിരം) സൃഷ്ടിക്കപ്പെട്ടിരിക്കുന്നു". സകലവും അവനാൽ സൃഷ്ടിക്കപ്പെട്ടതിനാലാണ് ക്രിസ്തു ആദ്യജാതൻ ആയത്. ഈ സന്ദർഭത്തിലാണ് പരമാധികാരത്തിന്റെ അർത്ഥം ശരിയായി യോജിക്കുന്നത്. ഏതായാലും ഇവിടെ ഒന്നാമതു സൃഷ്ടിക്കപ്പെട്ടു എന്ന ആശയത്തെ അവൻ സകലത്തിന്റെയും സൃഷ്ടിതാവ് എന്ന ആശയത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. കൊലോ. 1:15 നമ്മെ പഠിപ്പിക്കുന്നത്, ക്രിസ്തു സകല സൃഷ്ടികൾക്കും ഉന്നതൻ ആകുന്നു എന്നാണ്. അതൊരിക്കലും അവന്റെ ആരംഭ (ഉത്ഭവ) സമയത്തെയല്ല ചൂണ്ടിക്കാട്ടുന്നത്. ഇതുപോലെ തന്നെ "ഏകജാതൻ" എന്ന പ്രയോഗവും യേശുവിനു ഒരു ഉത്ഭവ (തുടക്കം) സമയം ഉണ്ടെന്നല്ല കാണിക്കുന്നത്. ഈ പദം (*monogenees*) ഒരിക്കലും അവന്റെ ജനനത്തെയോ തുടക്കത്തെയോ പരാമർശിക്കുന്നില്ല. ഏതുപ്രകാരം "ആദ്യജാതൻ" എന്നതു അവന്റെ പരമാധികാരത്തെ കാണിക്കുന്നുവോ അതുപോലെ ഇതും അവന്റെ ഉന്നതമായ അവസ്ഥയെയാണ് കാണിക്കുന്നതു. എബ്രായർ 11:17-ൽ ഇസ്സഹാക്കിനെ അബ്രഹാമിന്റെ "ഏകജാതൻ" എന്നു വിളിച്ചിരിക്കുന്നു. എന്നാൽ

B. ക്രിസ്തുവിന്റെ മനുഷ്യത്വത്തിന്റെ തെളിവുകൾ

1. ക്രിസ്തു ശിശുത്വത്തിൽ നിന്ന് പുരുഷപ്രാപ്തിയിലേക്ക് വളർന്നു (ലൂക്കോ. 2:40-52).

2. അവൻ മാനുഷിക വിശപ്പനുഭവിച്ചു, ഭക്ഷണം കഴിച്ചു (മത്തായി. 4:2; മർക്കോസ് 11:12; ലൂക്കോ. 22:19 ff; 24:30; യോഹ. 21:12).

3. ക്രിസ്തുവിന് ക്ഷീണം അനുഭവപ്പെട്ടു (മത്തായി. 8:24; മർക്കോ 4:38; യോഹ. 4:6).

4. അവൻ കണ്ണുനീർ വാർത്തു (മത്തായി 23:37; യോഹ. 11:35)

5. അവൻ സാധാരണ മനുഷ്യനെ പോലെ ജീവിച്ചു (യെശ. 53:2 ff; /യോഹ. 4:9; ഫിലി. 2:7-8)

6. അവന് ഒരു ശരീരം ഉണ്ടായിരുന്നു (യോഹ. 1:14), ദേഹി ഉണ്ടായിരുന്നു. (മത്തായി 26:38) ആത്മാവു ഉണ്ടായിരുന്നു (ലൂക്കോ. 23:46)

7. അവന്റെ കഷ്ടത, രക്തച്ചൊരിച്ചിൽ, മരണം എന്നിവ മനുഷ്യത്വത്തെ സ്ഥാപിക്കുന്നു (മത്തായി 26:26-29).

C. *കെനോസിസിന്റെ* അർത്ഥം

കെനോസിസ് എന്ന പദം *കെനാവോ* എന്ന ക്രിയാധാതുവിൽ നിന്നാണ് (ഫിലി. 2:7). അതിനർത്ഥം ഒഴിക്കുക, ശൂന്യമാക്കുക എന്നൊക്കെയാണ്. ചിലർ വാദിക്കുന്നത്

അബ്രഹാം യിശ്മായേലിനെയും ജനിപ്പിച്ചു (ഉല്പ. 16:16). കൂടാതെ മറ്റു വേറെ ആറു മക്കൾ കൂടെയുണ്ടായിരുന്നു. (ഉല്പ. 25:1-2) അതുകൊണ്ട്, യിസ്സഹാക്ക് ഒരു "ഏക ജാതൻ" ആയിരുന്നതു ജനിച്ച ഏക മകൻ മാത്രമായിരുന്നു എന്ന അർത്ഥത്തിലല്ല പിന്നെയോ സവിശേഷമായ പദവിയും മുൻഗണനയും എന്ന അർത്ഥത്തിലാണ്. ക്രിസ്തു പിതാവായ ദൈവത്തിനു "ഏകാജാതനയാരിക്കുന്നതു അവന്റെ ആരംഭത്തിന്നു (ജനനത്തിനു) ഒരു കാലം ഉണ്ടായിരുന്നു എന്ന ആശയത്തിലല്ല മറിച്ച് അവൻ പിതാവിന്റെ പ്രത്യേക പുത്രൻ എന്ന നിലയിലാണ്.

ഇവിടെ ഒരു ചോദ്യം ഉദിക്കുന്നത് monogenees ന്റെ ഉത്ഭവം mono (only) and gennao (to be born) എന്നതിൽ നിന്നാണോയെന്നാണ്. എന്നാൽ അതു നന്നായി മനസ്സിലാക്കുവാൻ കഴിയുന്നതു, mono (only) and gen "to be". എന്നതാണ്. gennao എന്നതിന് രണ്ട് n ഉണ്ട്. എന്നാൽ stem gen ലും monogeness ലും ഒറ്റ n മാത്രമേ ഉള്ളൂ എന്നതു ഓർത്തിരിക്കേണ്ടതാണ്. ആകയാൽ ഈ തർജ്ജിമയിൽ "അതുല്ല്യൻ" അവന്റെ തരത്തിലുള്ള എന്ന് കാണാം. NIV പകരമായുള്ള ഈ ശബ്ദോല്പത്തിക്ക് പിൻതുണ നല്കുന്നു. (യോഹ. 1:14,18; 3:16, 18; 1 യോഹ. 4:9) ഒരുവിശ്വാസിയെ ദൈവമകൻ (1 യോഹ. 1:12; 1 /യോഹ. 5:1) എന്നു വിളിക്കുന്നതിനേക്കാൾ അതുല്യവുമായ അർത്ഥമാണ് ക്രിസ്തു ദൈവപുത്രൻ എന്ന നിലയിൽ നാം മനസ്സിലാക്കേണ്ടതെന്നാണ് യോഹന്നാൻ ആഗ്രഹിച്ചത്. പൗലോസും ഇതേ പ്രകാരത്തിലാണ് വിശ്വാസികളെ "ദത്തുപുത്രന്മാർ" എന്നുവിശേഷിപ്പിച്ചിരിക്കുന്നത്. (റോ. 8:15; ഗലാ. 4:5, 6).

ക്രിസ്തു മനുഷ്യനായപ്പോൾ അവൻ ദൈവത്വം ഒഴിച്ചു എന്നാണ്. എന്നാൽ ഈ ഉപദേശത്തെ പിന്തുണയ്ക്കുന്ന യാതൊരു പ്രസ്താവനകളും പശ്ചാത്തല വിവരണങ്ങളും തിരുവെഴുത്തിൽ ഇല്ല.

അനന്യൻ എന്നുള്ളത് ദൈവത്തിന്റെ സ്വഭാവമാണ് (മലാ ഖി. 3:6; യാക്കോബ് 1:17) ദൈവം എന്ന നിലയിൽ യേശു ക്രിസ്തുവിന് തന്റെ സ്വഭാവം മാറ്റുവാൻ കഴിയില്ല (എബ്രാ. 1:8–12; 13:8). അതുകൊണ്ട് ഫിലി. 2:7– ൽ ക്രിസ്തു തന്റെ ദൈവിക ഗുണവിശേഷങ്ങൾ തന്നെത്താൻ ഒഴിച്ചുവച്ചു എന്ന് പഠിപ്പിക്കുക അസാദ്ധ്യം.

പശ്ചാത്തലമനുസരിച്ച്, ലളിതമായി വ്യാഖ്യാനിച്ചാൽ ഫിലി. 2:7–ൽ പറഞ്ഞിരിക്കുന്നത്, ക്രിസ്തു തന്റെ സ്വന്തമായ താല്പര്യങ്ങളെല്ലാം മാറ്റിവച്ചിട്ട് ഒരു മനുഷ്യനായിത്തീർന്നു എന്നാണ്. ക്രിസ്തുവിന്റെ താഴ്മയെക്കുറിച്ച് പഠിപ്പിക്കുന്ന അനേക വേദഭാഗങ്ങൾ ഉണ്ട് (മത്തായി 11:29; യോഹ. 13:3 ff). സാധ്യതയുള്ള മറ്റൊരു വ്യാഖ്യാനമിങ്ങനെയാണ്. ക്രിസ്തു തന്റെ ദൃശ്യമായ മഹത്വവും (തേജസ്സും) തന്റെ ദൈവിക ഗുണവിശേഷങ്ങളുടെ സ്വതന്ത്രമായ ഉപയോഗവും മാറ്റിവച്ചു. ദൈവിക ഗുണവിശേഷങ്ങൾ മാറ്റുവാൻ കഴിയാത്തതുകൊണ്ട്, ക്രിസ്തു ദൈവമായിരിക്കെ തന്നെ മനുഷ്യനായിത്തീർന്നു

D. ക്രിസ്തുവിന്റെ മനുഷ്യത്വത്തിന്റെ അനന്തത

ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ മനുഷ്യത്വം തനിക്ക് നഷ്ടപ്പെട്ടു എന്നത് ശരിയായ ഉപദേശമല്ല. എല്ലാ തെളിവുകളും തിരുവെഴുത്തും ശക്തമായി ചൂണ്ടിക്കാണിക്കുന്നത് ക്രിസ്തു ഇപ്പോഴും എപ്പോഴും ഭാവിയിലും മനുഷ്യത്വത്തിൽ തുടരുന്നു എന്ന് തന്നെയാണ്.

1. പുനരുത്ഥാന ശേഷമുള്ള പ്രത്യക്ഷതയിൽ ക്രിസ്തുവിന് മനുഷ്യത്വം ഉണ്ടായിരുന്നു (മത്തായി 28: 9; ലൂക്കോ. 24:39; യോഹ. 20:14–15).

2. സ്വർഗ്ഗാരോഹണ സമയത്തും, അനന്തര ദർശനങ്ങളിലും മനുഷ്യത്വത്തോടെയാണ് ക്രിസ്തു പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. പോയതുപോലെ തന്നെ മടങ്ങിവരും (പ്രവ. 1: 11). *മനുഷ്യപുത്രൻ* എന്ന പ്രയോഗം (പ്രവ. 7:56). *മനുഷ്യപുത്രനെന്നപോലെ* (വെളി. 1:13).

3. ക്രിസ്തു നമ്മുടെ മഹാപുരോഹിതനായതുകൊണ്ട്, അവന് ഇപ്പോഴും മനുഷ്യത്വം അനിവാര്യമാകുന്നു (റോമ. 8:34; എബ്രാ. 3:1; 4:14–16; 7:23; 9:24).

4. ദാവീദ് പുത്രനായും, മനുഷ്യപുത്രനായും താൻ മടങ്ങിവരും ഏത് കണ്ണും കുത്തിത്തുളച്ചവരും അവനെ കാണും (2 ശമു. 7:12–16; സങ്കീ. 89:2–4; 132:11; യെശ. 9: 6–7; യിരെ. 23:5–6; ദാനി. 7:13–14; സെഖ. 12:10; മത്തായി 24:30; 25:31; 26:64; വെളി. 1:7).

5. ഉത്പ്രാപണ സമയത്ത് വിശ്വാസികൾ ക്രിസ്തുവിനെപ്പോലെയായിത്തീരുന്നു. അതുകൊണ്ട് ഇപ്പോഴും താൻ മനുഷ്യത്വം ഉള്ളവനാകുന്നു (റോമ. 8:29; 1 കൊരി. 5: 49; ഫിലി. 3:21; 1 യോഹ. 3:2).

V. ക്രിസ്തുവിന്റെ പരീക്ഷ

ക്രിസ്തു പരീക്ഷിക്കപ്പെട്ടു എന്നത് വിശ്വാസികളെല്ലാം പൂർണ്ണമായി അംഗീകരിക്കുന്ന കാര്യമാണ് (മത്തായി 4: 1; മർക്കോ. 1:12; ലൂക്കോ. 4:1; എബ്രാ. 2:18; 4:15;) പാപത്തിന്റെ ലാഞ്ഛനപോലുമില്ലാത്ത ക്രിസ്തു എല്ലാ പരീക്ഷകളെയും അതിജീവിച്ചു (2 കൊരി. 5:21; എബ്രാ. 4: 15; 1 പത്രൊ. 2:22). ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആയതുകൊണ്ട് തന്റെ മനുഷ്യത്വത്തിന് നേരെ തൊടുത്തുവിട്ടതാകണം പരീക്ഷകൾ (യാക്കോ. 1:13). തന്റെ മനുഷ്യത്വത്തിന്റെ ഭാഗമായി പാപപ്രകൃതം ഇല്ലായിരുന്നു കാരണം പരിശുദ്ധാത്മാവിലാണ് യേശുവിന്റെ ജനനം. അതുകൊണ്ട് കർത്താവിന് പാപം ചെയ്യുവാൻ കഴിയുമായിരുന്നോ എന്ന ചോദ്യം ഉയർന്നു വരുന്നു. താൻ പാപസഹിതനോ? പാപ രഹിതനോ? [8] തന്റെ പരീക്ഷകൾ യഥാർത്ഥമായിരുന്നുവോ?

ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും വേർതിരിക്കുന്നില്ലെങ്കിൽ, തന്റെ ദൈവത്വം അവകാശപ്പെടുന്നതുപോലെ മുഴുവ്യക്തിത്വവും പാപ രഹിതമാണെന്ന് ചിന്തിക്കാൻ കഴിയും. ദൈവത്തിന് പാപം ചെയ്യുവാനോ, പാപം ചെയ്യുവാൻ പ്രലോഭിക്കപ്പെടുവാനോ സാധിക്കുകയില്ല. [9]

അതിനാൽ പരീക്ഷ യഥാർത്ഥമാകുവാനാണ് സാധ്യത. തന്റെ ദൈവത്വത്തിന് പരീക്ഷയ്ക്ക് യാതൊരു സ്ഥാനവുമില്ല. അപ്പോൾത്തന്നെ മനുഷ്യത്വത്തിന് അതിനുള്ള ഇടമുണ്ട്. അതുകൊണ്ട് തന്റെ മനുഷ്യത്വം പാപപ്രവണതയുള്ളതായിരുന്നു അതാണ് പരീക്ഷയെ യാഥാർത്ഥ്യമാക്കിതീർക്കുന്നത്. അവന്റെ മുഴു ആളത്വത്തിൽ പാപം ചെയ്യുവാൻ കഴിയുമായിരുന്നില്ല. ഒരു അദൃശ്യ സൈന്യത്തെ ആക്രമിക്കാൻ കഴിയാത്തതുപോലെ പാപം ചെയ്യാൻ കഴിയാത്ത ഒരു വ്യക്തിക്ക് പരീക്ഷയെ നേരിടുവാൻ കഴിവും എന്നത് അസാധാരണമല്ല. ഒരു കമ്പ് എളുപ്പത്തിൽ ഒടിക്കാം പക്ഷെ ഒരു കെട്ടാക്കി വെച്ച കമ്പിനെ ആർക്കും ഒടിക്കാൻ കഴിയുകയില്ല. ഒരു പേപ്പർ കീറിക്കളയാൻ എളുപ്പമാണ് എന്നാൽ പല പേപ്പർ ഒരു

[8] പെക്കബ്ൾ (Peccable) എന്നതിന് പാപം ചെയ്യുന്നതിനുള്ള കഴിവ് അഥവാ പാപം ചെയ്യുന്ന അവസ്ഥ എന്നാണ് അർത്ഥം. ഇംപെക്കബ്ൾ എന്നാൽ പാപം ചെയ്യാനുള്ള കഴിവില്ലാത്ത പാപമില്ലാത്ത അവസ്ഥ എന്നാണ്.

[9] ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള മദ്ധ്യസ്ഥൻ ക്രിസ്തു ആകുന്നു (1 തിമോ. 2:5) വേദശാസ്ത്രപരമായി അവന്റെ ആളത്വത്തിലെ രണ്ടു സ്വഭാവങ്ങളുടെ ഐക്യത്തിലാണ് "ഹൈപ്പൊസ്റ്റാറ്റിക് യൂണിയൻ ("Hypostatic-union") എന്നാണു പറയുക.

ബുക്കിനോട് തുന്നിച്ചേർത്താൽ കീറുക അത്ര എളുപ്പ മല്ല. അതുപോലെ യേശുക്രിസ്തുവിന്റെ മനുഷ്യത്വം പരീക്ഷിക്കപ്പെടുവാൻ കഴിയും. എന്നാൽ രണ്ടു സ്വഭാവങ്ങളും ചേർന്ന മുഴുവ്യക്തിത്വം പാപം ചെയ്യാൻ കഴിവില്ലാത്തതാണ്.

> താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചി രിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായി പ്പാൻ കഴിവുള്ളവനാകുന്നു (എബ്രാ. 2:18).
>
> നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീ നതകളിൽ സഹതാപം കാണിക്കാൻ കഴിയാത്ത വനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത് (എബ്രാ. 4:15).

VI. പ്രധാനപ്പെട്ട പേരുകൾ

ക്രിസ്തുവിന്റെ നാമങ്ങൾ മുഴുവനും എടുത്ത് പഠിച്ചാൽ ഈ പഠനം അധികം നീണ്ട് പോകും. എന്നിരുന്നാലും കർത്താവിന്റെ പ്രധാനപ്പെട്ട പേരുകൾ വിശദീകരിക്കേ ണ്ടതാണ്.

A. കർത്താവ്

കുറിയോസ് *എന്ന ഗ്രീക്ക് പദത്തിൽ നിന്നുമാണ് കർ ത്താവ്* എന്ന പദം ഉരുത്തിരിഞ്ഞിട്ടുള്ളത്. അതിന്റെ അർ ത്ഥം വിശാലമാണ്. "സാർ എന്നു തുടങ്ങി ദൈവത്തെ" വരെ സംബോധന ചെയ്യാവുന്ന പദമാണ്. (യോഹ. 4:1; 20:15 മത്തായി 14:10; വെളി. 1:8). പല പ്രാവശ്യം പഴയനി യമത്തിലെ കർത്താവായിട്ട് പുതിയ നിയമത്തിലെ യേശു ക്രിസ്തുവിനെ നാം കാണുന്നു. അത് ക്രിസ്തുവിന്റെ നാമത്തിൽ **ദൈവത്വം** ചാർത്തുന്ന പേരായിട്ടിരിക്കുന്നു.

B. യേശു

ഈ പേരിന് മാനുഷികവും ദൈവികവുമായ അർത്ഥം വിവക്ഷിക്കുന്നുണ്ട്. *ജോഷുവാ* എബ്രായ പദത്തിന്റെ ഗ്രീക്കു വിവർത്തനമാണ് യാസോസ്. അതിന്റെ അർത്ഥം 'യഹോവ രക്ഷിക്കുന്നു' അഥവാ "രക്ഷ യഹോവയുടെ" എന്നാണ്. പരോക്ഷമായി പറഞ്ഞാൽ ദൈവമായി രിക്കുന്ന ക്രിസ്തു രക്ഷിക്കുന്നു. എന്നാൽ യേശു എന്നത് ക്രിസ്തുവിന്റെ **മാനുഷിക** നാമമാണ്.

C. ക്രിസ്തു

മെസയ്യ (മിസിയ) എന്ന എബ്രായ പദത്തിന്റെ ഗ്രീക്കു പദം ക്രിസ്റ്റോസ് ആണ്. അർത്ഥം അഭിഷിക്തൻ എന്നാ കുന്നു. പഴയനിയമത്തിൽ മശിഹ എന്ന വാക്ക് അഭിഷേ കം ചെയ്യപ്പെട്ട പുരോഹിന്മാരെയോ രാജാക്കന്മാരെയോ സംബന്ധിച്ച് സാധാരണ ഉപയോഗിച്ചിരുന്നു. (ലേവി. 4: 3; 5:16; 1 ശമു. 16:6; 2 ശമു. 23:1). **മിശിഹായെക്കുറിച്ച്** ദാനിയേൽ പ്രവചനത്തിലും സങ്കീർത്തനത്തിലും, കാണുന്ന വാക്യങ്ങൾ ദൈവത്തിന്റെ പ്രധാന അഭിഷി ക്തന് മാത്രമായി ഉദ്ദേശിച്ചിട്ടുള്ളവയാകുന്നു (ദാനി. 9:25 -26; സങ്കീ. 2:2). പുതിയനിയമ സമയമായപ്പോൾ "അഭിഷിക്തൻ" എന്നത് വാഗ്ദത്തം ചെയ്യപ്പെട്ട **അഭി ക്ഷിക്തനായ** വീണ്ടെടുപ്പുകാരനെ തന്നെയാണ് വ്യക്ത മാക്കുന്നത്.

D. ദൈവപുത്രൻ

ദൈവം വിവാഹം കഴിച്ച് ഒരു മകനുണ്ടായി എന്നും ഈ പദത്തിനർത്ഥം ഇല്ല. പൊതുവെ യിസ്രായേല്യർ എന്തി നെയെങ്കിലും പുത്രൻ എന്ന സംബോധന ചെയ്യുന്നത് അതിന്റെ സ്വഭാവത്തെ അർത്ഥമാക്കിക്കൊണ്ടാണ്. പഴയ നിയമത്തിലും, പുതിയ നിയമത്തിലും മതിയായ തെളി വുകൾ ഈ കാര്യത്തോടുള്ള ബന്ധത്തിലുണ്ട്:

- ആവർത്തന. 25:2 – "അടിയുടെ പുത്രൻ" അർത്ഥം അടിക്ക് അർഹനായ കുറ്റവാളി
- 2 ശമു. 13:28 – "ശൂരപുത്രൻ" അർത്ഥം ധൈര്യം
- ഇയ്യോബ് 41:34 – "നിഗളത്തിന്റെ പുത്രൻ" അർത്ഥം അഹങ്കാരി
- യിരെമ്യാവ് 48:45– "ഇമുലപുത്രൻ" അർത്ഥം പെട്ടെന്ന് കോപിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ
- മർക്കോ. 3:17 "ഇടിമക്കൾ അർത്ഥം ദേഷ്യക്കാർ
- അപ്പോ. പ്രവൃത്തി : 4:36 – "പ്രബോധനപുത്രൻ" അർത്ഥം പ്രോത്സാഹിപ്പിക്കുന്നവൻ, ധൈര്യപ്പെടുത്തു ന്നവൻ

ക്രിസ്തുവിനെ *ദൈവപുത്രൻ* എന്ന വിളിച്ചിരിക്കുന്ന തിന്റെ അർത്ഥം. ക്രിസ്തുവിന് ദൈവത്തിന്റെ **സ്വഭാവ ഗുണങ്ങളും** ഉണ്ട് എന്നാണ്. യെഹൂദ അധികാരികൾ ഈ പേരിന്റെ അർത്ഥം മുഴുവനായി മനസ്സിലാക്കിയിരി ക്കുന്നു.

> **ദൈവം സ്വന്തപിതാവ്** എന്നു പറഞ്ഞ് **തന്നെ ത്താൻ ദൈവത്തോട് സമമാക്കിയതുകൊണ്ടും**... യഹൂദന്മാർ അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചു പോന്നു(യോഹന്നാൻ 5:18).

E. മനുഷ്യപുത്രൻ

ഇത് ക്രിസ്തുവിന്റെ ഏറ്റവും പ്രിയപ്പെട്ട നാമമാണ്. മനു ഷ്യത്വത്തെ കുറിക്കുന്ന പേരാണെങ്കിലും ഇതിന്റെ ഊന്നൽ മറ്റെവിടെയോ ആണ്. ദാനിയേൽ 7:13 ൽ കാണുന്നത് മനുഷ്യപുത്രനെ **വരാനിരിക്കുന്ന നിത്യ രാജ്യത്തിന്റെ** ഭരണാധികാരിയായിട്ടാണ്. അതിനർത്ഥം മനുഷ്യപുത്രൻ എന്ന നാമം ക്രിസ്തു ഉപയോഗി

ക്കുമ്പോൾ പ്രഥമമായി മേൽപ്പറഞ്ഞ അർത്ഥമാണ് ഉദേശിക്കുന്നത് (നോക്കുക. മത്തായി. 24:30; 25:31; 26: 64; യോഹ. 1:51).

> രാത്രി ദർശനങ്ങളിൽ **മനുഷ്യപുത്രനോടു** സദൃശ്യനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു. അവൻ വയോധികന്റെ അടുക്കൽ ചെന്നു. അവർ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി. **സകല** വംശങ്ങളും **ജാതികളും** ഭാഷക്കാരും **അവനെ സേവിക്കേണ്ടതിന് അവന് ആധിപത്യവും** മഹത്വവും രാജത്വവും ലഭിച്ചു. **അവന്റെ ആധിപത്യം** നീങ്ങിപ്പോകാത്ത **നിത്യാധിപത്യവം** അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു (ദാനി. 7: 13–14).

F. വചനം, ദൈവത്തിന്റെ വചനം (യോഹ. 1: 1, 14; വെളി. 19:13).

യോഹന്നാന് ഈ പേരുപയോഗിച്ചതിന് ധാരാളം കാരണങ്ങൾ ഉണ്ടാകും. ഈ പേരിന്റെ അർത്ഥം എന്തായിരുന്നാലും ദൈവത്തിന്റെ അകമെയുള്ള മനസ്സിന്റെയും ചിന്തയുടെയും പുറമെയുള്ള പ്രകാശനവും വെളിപ്പാടുമാണ് യേശുക്രിസ്തു എന്ന ഉപദേശം വ്യക്തമാക്കുവാൻ യോഹന്നാൻ ആഗ്രഹിക്കുന്നു.

G. രക്ഷകൻ(തീത്തോ. 2:13; ഫിലി. 3:20)

അദ്ധ്യായം 9-ൽ **രക്ഷ** എന്ന വിഷയം വിശകലനം ചെയ്തിട്ടുണ്ട്. (രക്ഷാശാസ്ത്രം) ഈ പേരിന്റെ അർത്ഥം ക്രിസ്തു വീണ്ടെടുപ്പുകാരൻ, പാപത്തിൽ നിന്ന് രക്ഷിക്കുന്നവൻ, അതിന്റെ ശിക്ഷയിൽ നിന്നും, ശക്തിയിൽ നിന്നും, ഒടുവിലായി പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും എന്നേക്കുമായി വിശ്വാസികളെ **രക്ഷിക്കുന്നവൻ** എന്നൊക്കെയാണ്.

H. ദൈവത്തിന്റെ കുഞ്ഞാട് (യോഹ. 1:29; 1 പത്രോ. 1: 18, 19; വെളി. 5:6).

പഴയ നിയമ രീതിയനുസരിച്ചുള്ള **പാപത്തിനുള്ള പ്രായശ്ചിത്തയാഗത്തിൽ നിന്നു രൂപപ്പെട്ടിട്ടുള്ള** പുതിയനിയമ പദമാണ് കുഞ്ഞാട് എന്നുള്ളത്:

I. ഗുരു (യോഹ. 13:13).

ഇംഗ്ലീഷ് വായനക്കാരൻ ഈ വാക്കിന്റെ അർത്ഥം അവഗണിച്ചേക്കാം. ഈ ഗ്രീക്ക് വാക്കിന്റെ അർത്ഥം ഉപദേഷ്ടാവ് എന്നുള്ളതാണ്.

VII. ക്രിസ്തുവിന്റെ പ്രവർത്തനങ്ങളും പദവികളും

A. അവൻ പ്രവാചകൻ ആകുന്നു

ഒരു വലിയ പ്രവാചകനെക്കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ക്രിസ്തു (ആവ. 18:15; യോഹ. 1:21, 45; 6:14; പ്രവ. 3:22; 7:37). ദൈവത്തെ മനുഷ്യന് വെളിപ്പെടുത്തിയ ആത്യന്തിക പ്രവാചകനാണ് ക്രിസ്തു (യോഹ. 1:18; എബ്രാ. 1:1–2; വെളി. 1:1; 19:10). ക്രിസ്തു തന്റെ ഐഹിക കാലത്ത് പ്രവചിച്ചിട്ടുണ്ട് (മത്തായി 13:24, 25). തന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം പ്രവചന ശുശ്രൂഷ പരിശുദ്ധാത്മാവ് മുഖാന്തിരം തുടരുന്നു (യോഹ. 16:13).

> നിന്റെ ദൈവമായ യഹോവ നിനക്ക് എന്നെപ്പോലെ ഒരു **പ്രവാചകനെ** നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേല്പിച്ചു തരും. അവന്റെ വചനം നിങ്ങൾ കേൾക്കണം (ആവ. 18:15).
>
> **ദൈവം** പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോട് അരുളിചെയ്തിട്ട് ഈ അന്ത്യകാലത്ത് **പുത്രൻ മുഖാന്തിരം അരുളിചെയ്തിരിക്കുന്നു** (എബ്രാ. 1:1–2).

B. അവൻ പുരോഹിതൻ ആകുന്നു

110-ാം സങ്കീ. 4-ാം വാക്യം പ്രവചിച്ച പറഞ്ഞിരിക്കുന്നത് ദാവീദ് പുത്രൻ ലേവിയുടെയല്ല മല്ക്കിസെദേക്കിന്റെ ക്രമപ്രകാരം ഉള്ള പുരോഹിതനാണ്. നമ്മുടെ മഹാപുരോഹിതൻ എന്ന നിലയ്ക്ക് അവൻ യാഗവും യാഗാർപ്പകനും, ഇനി ആവർത്തിക്കുവാൻ ആവശ്യമില്ലാത്ത പരമയാഗം കഴിച്ചവനുമാകുന്നു (1 കൊരി. 15:3–4; എബ്രാ. 1:3, 7:27; 9:12, 28; 10:10–14, 18; 1 പത്രോ. 3:18). അവൻ മദ്ധ്യസ്ഥ ശുശ്രൂഷയും അല്ലെങ്കിൽ മഹാപുരോഹിതന്റെ ശുശ്രൂഷയും ചെയ്യുന്നു(റോമർ 8:34; എബ്രാ. 7:25), അവൻ മദ്ധ്യസ്ഥനുമാണ്(1 തിമൊ. 2:5). ക്രിസ്തുവിന്റെ മദ്ധ്യസ്ഥ ശുശ്രൂഷ ക്രൂശ് മരണത്തിന് മുമ്പേ ഉണ്ടായിരുന്നു(ലൂക്കോ. 22:32; യോഹ. 17). ക്രിസ്തു മഹാപുരോഹിതനായി എന്നേക്കും തുടരുന്നു(സങ്കീ. 110:4, എബ്രാ. 5:6, 9–10, 7:16, 17, 23–25). [10]

ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളും പുരോഹിതന്മാരാണ് (1 പത്രോ. 2:5, 9; വെളി. 1:6; 5:10; 20:6) അതുകൊണ്ട് നമുക്ക് അർപ്പിക്കുവാൻ യാഗങ്ങളുണ്ട്, നമ്മുടെ ശരീരങ്ങൾ (റോമ. 12:1, 2) സ്തോത്രം (എബ്രാ. 13:15), ഭൗതികദനം (ഫിലി. 4:18). പുരോഹിതന്മാരായ നമുക്ക് മാനുഷിക മധ്യസ്ഥന്മാരില്ലാതെ പ്രാർത്ഥനയിൽ ദൈവത്തിങ്കലേക്ക് പ്രവേശനമുണ്ട് (യോഹ. 14:13, 14; 16:24; എഫെ. 2:18; എബ്രാ. 4:16; 10:19–22)

> നീ മല്ക്കിസെദേക്കിന്റെ ക്രമപ്രകാരം **എന്നേക്കും ഒരു പുരോഹിതൻ** എന്നു യഹോവ സത്യം ചെയ്തു (സങ്കീ. 110:4).

[10] ക്രിസ്തുവിന്റെ നിത്യ പൗരോഹിത്യം എന്ന അവസ്ഥ വെളിപ്പെടുത്തുന്നത്, അവന്റെ നിലനില്ക്കുന്ന മനുഷ്യത്വത്തെയാണ്. അവൻ എന്നും നമ്മുടെ പുരോഹിതൻ ആയിരിക്ക

തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു. മല്ക്കിസെദേക്കിന്റെ ക്രമപ്രകാരം **മഹാപുരോഹിതൻ** എന്നുള്ള നാമം ദൈവത്താൽ ലഭിച്ചുമിരിക്കുന്നു (എബ്രാ. 5:9, 10).

C. അവൻ രാജാവാകുന്നു

ക്രിസ്തു ഇന്നു ലോകത്തിലെ ഒരു ആത്മീയ രാജ്യത്തിന്റെ തലയാകുന്നു അതായത് സഭ (റോമ. 14:17; 1 കൊരി. 4:20; കൊലൊ. 1:13; 4:11). എന്നിരുന്നാലും ലോകവ്യപകമായ രാഷ്ട്രീയ രാജ്യത്തിന്റെ ഏകാധിപതിയാകുകയും യെരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിലിരുന്ന് സർവ്വഅധികാരത്തോടും കൂടെ അവൻ ഭരിക്കുകയും ചെയ്യും (2 ശമു. 7:12–16; സങ്കീ. 2, 45, 72, 89; യെശ. 9:6–7; 33:22; യിരെ. 23:5, 6; 33:22; ദാനി. 7:13, 14; മീഖാ. 5:2; സെഖ. 9:9; 14:9; മത്തായി 2:2; ലൂക്കോസ് 1: 32; 33 യോഹ. 1:49; റോമ. 11:26; 1 കൊരി. 15:25; വെളി. 1: 5, 6; 17:4; വെളി. 19:16).

യഹോവ നമ്മുടെ ന്യായധിപൻ, യഹോവ നമ്മുടെ ന്യായദാതാവ്, യഹോവ നമ്മുടെ **രാജാവ്,** അവൻ നമ്മെ രക്ഷിക്കും(യെശ. 33:22).

അവൻ വലിയവനാകും, അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ **സിംഹാസനം** അവനു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിനു **എന്നേക്കും രാജാവായിരിക്കും**. അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകുകയില്ല എന്നു പറഞ്ഞു (ലൂക്കോ. 1:32).

D. ഇതര പദവികൾ, പ്രവർത്തികൾ, നാമങ്ങൾ

- ഒടുക്കത്തെ ആദാം (1 കൊരി. 15:21 ff)
- പുതിയ സൃഷ്ടിയുടെ തല (2 കൊരി. 5:17)
- ശരീരത്തിന്റെ തല (1 കൊരി. 12:12 ff; എഫെ. 4:15,16)
- ആടുകളുടെ വലിയ ഇടയൻ (യോഹ. 10:11 ff; എബ്രാ. 13:20; 1 പത്രൊ. 5:4)
- മുന്തിരിവള്ളി (യോഹ. 15)
- കെട്ടിടത്തിന്റെ മൂലക്കല്ല് (മത്തായി 21:42, 1 കൊരി. 3:11; എഫെ. 2:20; 1 പത്രൊ. 2:5 ff).
- കാന്തയ്ക്കു കാന്തൻ (എഫെ. 5:22 ff)

E. ക്രിസ്തു ന്യായപ്രമാണ പാലകൻ

ക്രിസ്തു ന്യായപ്രമാണം നിവർത്തിക്കാനാണ് വന്നത് മത്തായി 5:17. അവൻ ന്യായപ്രമാണം പരിപൂർണ്ണമായി അനുസരിച്ചു (2 കൊരി. 5:21; എബ്രാ. 4:15; 1 പത്രൊ. 2:22). അവനിൽ വിശ്വസിക്കുന്നവർക്ക് അവന്റെ പരിപൂർണ്ണ നീതി കണക്കിടുന്നു (2 കൊരി. 5:21). ഇപ്രകാരം ന്യായപ്രമാണ പാലകൻ എന്ന ക്രിസ്തുവിന്റെ പദവി വിശ്വാസികൾക്ക് അപ്രസക്തമായ ഒന്നല്ല. റോമ. 5:10 പഠിപ്പിക്കുന്നത് അവന്റെ ജീവനാൽ നാം രക്ഷിക്കപ്പെടും എന്നാണ്. കാരണം ക്രിസ്തു പൂർണ്ണമായും നിത്യമായും നീതിമാനാകുന്നു. നാം അവന്റെ നീതിയാൽ നമ്മുടേതല്ല, രക്ഷിക്കപ്പെട്ടിരിക്കുന്നു അതുകൊണ്ട് വിശ്വാസികൾക്ക് നിത്യമായതും പൂർണ്ണമായതുമായ രക്ഷ കിട്ടി.

F. ക്രിസ്തുവിന്റെ മരണം

സൊറ്റീരിയോളജി അദ്ധ്യായം 9 പ്രായശ്ചിത്ത മരണം വിശദീകരണം നോക്കുക

G. പുനരുത്ഥാനം (ഉയിർത്തെഴുന്നേല്പ്പ്)

1. തിരുവെഴുത്തിലെ സത്യങ്ങൾ

സുവിശേഷങ്ങൾ വ്യക്തമായി യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് പഠിപ്പിക്കുന്നു (മത്തായി 28:5 ff; മർക്കോസ് 16:6 ff; ലൂക്കോ. 24:1 ff; യോഹ. 20–21). മറിയയ്ക്കും പിന്നീട് കല്ലറ കണ്ടു മടങ്ങിയവർക്കും പത്രൊസിനും എമ്മൗസിലേക്കു പോയ ശിഷ്യന്മാർക്കും ഉയിർത്തെഴുന്നേറ്റ ക്രിസ്തു പ്രത്യക്ഷനായി. ആദ്യം തോമസ്സില്ലാതെ മറ്റു ശിഷ്യന്മാർക്ക് പിന്നെ തോമസിനോടുകൂടെ ശിഷ്യന്മാർക്ക്, ഗലീല കടൽ കരയിൽവെച്ച് ഏഴ് ശിഷ്യന്മാർക്ക്, യാക്കോബിന് തുടർന്ന് അഞ്ഞൂറോളം പേർക്ക് ഒരേ സമയത്തും പ്രത്യക്ഷനായി (1 കൊരി. 15: 1–18)[11].

അവൻ ഇവിടെ ഇല്ല താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു; അവൻ കിടന്ന സ്ഥലം വന്നു കാൺമീൻ(മത്താ. 28:5).

2. പുനരുത്ഥാനത്തിന്റെ പ്രാധാന്യം

ക്രിസ്ത്യാനിത്വത്തിന്റെ മുഖ്യവിഷയമാണ് യേശുവിന്റെ ഉയിർത്തെഴുന്നേല്പ്പ് 1 കൊരി. 15:14. ആദിമസഭയുടെ പ്രധാന പ്രസംഗവിഷയമായിരുന്നു ഇത്. അപ്പോസ്തല പ്രവൃത്തിയിൽ സാക്ഷി എന്ന പദം പഠിച്ചാൽ മനസ്സിലാകുന്നത് ആദിമവിശ്വാസികൾക്രിസ്തുവിന്റെ പുനരുത്ഥാ

യാൽ എപ്പോഴും നമുക്കു വേണ്ടി പക്ഷപാതം ചെയ്യുകയും അവന്റെ രക്തം എന്നും പ്രായശ്ചിത്തം നടത്തുകയും ചെയ്യുന്നതാണ് (എബ്രാ. 7:25) ഇതു രക്ഷയുടെ ഭദ്രത (eternal security) എന്ന ഉപദേശവുമായി ബന്ധപ്പെട്ടിരിക്കുന്നു.

[11] ഉയിർത്തെഴുന്നേല്പ്പിനെക്കുറിച്ചുള്ള ചരിത്രപരമായ തെളിവുകളാണ് ഉപദേശത്തെക്കാൾ കൂടുതൽ ക്രിസ്തീയ സാക്ഷ്യത്തോടു ബന്ധപ്പെട്ടിരിക്കുന്നത്. സംക്ഷിപ്തമായി പറഞ്ഞാൽ ഒന്നാമത്തെ ഈസ്റ്റർ ദിനത്തിൽ തന്നെ ക്രിസ്തുവിന്റെ കല്ലറ ശൂന്യമാക്കപ്പെട്ടിരുന്നു. അല്ലെങ്കിൽ അവന്റെ ശത്രുക്കൾ പുനരുത്ഥാനത്തിന്റെ അവകാശവാദങ്ങൾക്കെതിരായി

നത്തിന് സാക്ഷ്യം പറഞ്ഞുവന്നുവെന്നാണ് (പ്രവ. 2:32; 3:15; 5:30–32) etc.

a. പുനരുത്ഥാനം ക്രിസ്തുവിന്റെ ദൈവത്വം വെളിപ്പെടുത്തുന്നു (റോമ. 1:5)

> ജഡം സംബന്ധിച്ച് **മരിച്ചിട്ട് ഉയിർത്തെഴുന്നേല്ക്കയാൽ** വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ച് **ദൈവപുത്രൻ** എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നു (റോമ. 1:5).

ഇതിനെ പ്രദർശിപ്പിക്കുമായിരുന്നു. യേശുവിന്റെ ശരീരം പ്രദർശിപ്പിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ അവർ തീർച്ചയായും അതു കാണിച്ചു വിജയം ആഘോഷിക്കുമായിരുന്നു. എങ്ങനെയാണു കല്ലറ ശൂന്യമായതു? യേശു ഉയിർത്തെഴുന്നേറ്റു എന്ന ഏക തെളിവല്ലാതെ മറ്റെല്ലാ വാദങ്ങളെയും ലോജിക് (തർക്കശാസ്ത്രം) തള്ളിക്കളയുന്നു. ശിഷ്യന്മാർ തെറ്റായ മറ്റൊരു കല്ലറക്കൽ പോകയോ വല്ലപ്രകാരമുള്ള വിഭ്രമത്തിനടിമപ്പെടുകയോ ചെയ്തിരുന്നെങ്കിൽ തന്നെ ശരിയായ കല്ലറയിൽ ശരീരം കാണേണ്ടതും അതു ജനത്തെ അറിയിക്കേണ്ടതുമായിരുന്നു. ഇനി യേശുവന്റെ ശരീരം ശിഷ്യന്മാർ മോഷ്ടിച്ചു എന്ന പേരിൽ പീലാത്തോസ് ആരെയും അറസ്റ്റു ചെയ്തിട്ടുമില്ല. ഒന്നാമത്, ആ കാലത്തു കാവൽക്കാർ ജോലി സമയത്തു ഉറങ്ങുമായിരുന്നില്ല, എന്തെന്നാൽ അങ്ങനെ കണ്ടെത്തിയാൽ മരണശിക്ഷ നല്കുകയായിരുന്നു റോമൻ നിയമം. യഹൂദ കാവല്ക്കാൽ ഉറങ്ങിപ്പോയാൽ അവരുടെ വസ്ത്രത്തിനു തീ കൊളുത്തുമായിരുന്നു (വെളി. 16:15). വീണ്ടും മറ്റൊരു കാര്യം, ഉറങ്ങുന്നവർ യാതൊന്നും കാണുന്നില്ല, ഉറക്കത്തിൽ ഒരു വലിയ മോഷണം നടക്കുന്നതു കണ്ടു എന്നു അവർക്കെങ്ങനെ സാക്ഷിപറയാൻ കഴിയും. വാതുക്കൽ നിന്നു വലിയ കല്ലു ഉരുട്ടിമാറ്റുകയും അകത്തുകയറി ശവം എടുക്കുകയും ചെയ്യുന്ന ശബ്ദം തീർച്ചയായും കാവല്ക്കാരെ ഉണർത്താതിരിക്കുമോ? വാസ്തവത്തിൽ കാവല്ക്കാർ കെട്ടിചമച്ച കഥ തെളിവായി പീലാത്തോസ് സ്വീകരിച്ചില്ല എന്നതാണ് സത്യം.

ഉയിർത്തെഴുന്നേല്പിനെ സംബന്ധിച്ച മറ്റൊരു തടസ്സം "Swoon" Theory (ബോധക്കേട് ആണ്). ഇക്കൂട്ടർ പറയുന്നതു യേശു കുരിശിൽ മരിച്ചില്ലായിരുന്നു, മോഹാലസ്യത്തിലായിരുന്നു, വീണ്ടും ബോധം തെളിഞ്ഞപ്പോൾ താൻ ഉയിർത്തെഴുന്നേറ്റു എന്ന് സ്വയം പ്രഖ്യാപിക്കയായിരുന്നു. എന്നാൽ അവന്റെ മരണത്തെക്കുറിച്ചു പടയാളികൾ നല്കിയ ഉറപ്പ് "അവൻ മരിച്ചു" എന്നായിരുന്നു. (മർക്കോ. 15:43–45; യോഹ. 19:34) see also Edwards act al, "on the Physical Death of Jesus Christ", Journal of the American Medical Association, March 21, 1986, Vol. 255, No.11; 1463; "...യേശു കുരിശിൽ മരിച്ചില്ല എന്ന ഭാവനയുടെ അടിസ്ഥാനത്തിലുള്ള വ്യാഖ്യാനം നവീന വൈദ്യ ശാസ്ത്രത്തിന്റെ പരിജ്ഞാനത്തിൽ വളരെ വിചിത്രമാണ്."

കല്ലറയുടെ ശൂന്യാവസ്ഥയ്ക്ക് യോജിച്ച വിശദീകരണം യേശുവിന്റെ ഉയിർത്തെഴുന്നേല്പ്പാണ്. നീതിമാന്മാരായ ശിഷ്യന്മാർ യേശുവിന്റെ ഉയിർപ്പിനെ തെളിയിച്ചത് അവരുടെ ജീവിതങ്ങളെ മരണത്തിനു ഏല്പിച്ചുകൊണ്ടായിരുന്നു. ഇതിൽ കൂടുതലായ ഒരു തെളിവു ആർക്കും ചരിത്രത്തിൽ നിന്നു ചോദിക്കാൻ കഴികയില്ല.

b. നീതീകരണത്തിനുള്ള വഴി ഉറപ്പാക്കപ്പെട്ടതിൽ ദൈവം തൃപ്തനായി എന്ന് തെളിയിക്കുന്ന സംഗതിയാണ് (റോമ. 4:25).

> നമ്മുടെ കർത്താവായ യേശുവിനെ മ**രിച്ചവരിൽ നിന്ന് ഉയിർപ്പച്ചവനിൽ** വിശ്വസിക്കുന്ന നമുക്കും കണക്കിടുവാനുള്ളതാകയാൽ തന്നേ (റോമ. 4:25).

c. വിശ്വാസികളുടെ ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പ്പിന് ഇതൊരു അടിസ്ഥാനം (യോഹ. 14:19; 1 കൊരി. 15:20).

> കുറഞ്ഞോന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല; നിങ്ങളോ എന്നെ കാണും; **ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കും** (യോഹ. 14:19).
>
> എന്നാൽ **ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു** (1 കൊരി. 15:20).

d. നമ്മുടെ മഹാപുരോഹിതനും പക്ഷവാദം ചെയ്യുന്നവനുമായി ക്രിസ്തു ജീവിക്കുന്നു എന്ന സത്യം പുനരുത്ഥാനം അർത്ഥമാക്കുന്നു (എബ്രായർ 7:25).

> താൻ മുഖാന്തിരമായി ദൈവത്തോടു **അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്യുവാൻ** സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു (എബ്രാ. 7:25).

e. പുനരുത്ഥാനം അർത്ഥമാക്കുന്നത് വിശ്വാസികൾക്ക് ആത്യന്തികമായി മരിക്കുവാൻ കഴികയില്ലെന്നാണ്. അവന്റെ ജീവിതം നാം പങ്കുവയ്ക്കുകയും അവന്റെ "ജീവിതം ഒരിക്കലും അവസാനിക്കുകയുമില്ല." എന്നുമാണ് (യോഹ. 11:25, 26; റോമ. 6:9–10).

> ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന് അവന്റെമേൽ ഇനി കർതൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ (റോമ. 6:9).

f. പുനരുത്ഥാനം അർത്ഥമാക്കുന്നത് ക്രിസ്തു വീണ്ടും വരുമെന്നും(പ്രവ. 1:11) മനുഷ്യലോകത്തെ മുഴുവനും മനുഷ്യപുത്രൻ ഭരിക്കുമെന്നുമാണ് (യെശ. 9:6; ദാനി. 7:13, 14; ലൂക്കോ. 1:32–33).

> ഗലീലപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു(അപ്പോ. പ്ര. 1:11).

3. യേശുക്രിസ്തുവിന്റെ പുനരുത്ഥാന ശരീരത്തിന്റെ സ്വഭാവം

വിശ്വാസികൾക്ക് ഒരു തേജസ്ക്കരിക്കപ്പെട്ട ശരീരം ലഭിച്ച് ക്രിസ്തുവിനെപ്പോലെ ആയിത്തീരും എന്നതുകൊണ്ട് അവന്റെ പുനരുത്ഥാന ശരീരത്തിന്റെ സ്വഭാവം മനസ്സിലാക്കുന്നത് രസകരമായ ഒരു അനുഭവമാണ്(1 കൊരി. 15:49; 1 യോഹ. 3:2), ആ ശരീരത്തിൽ മാംസവും അസ്ഥികളും ഉണ്ട് (ലൂക്കോ. 24:39). വളരെ വേഗത്തിൽ സഞ്ചരിക്കുവാനും ഭൗമിക തടസ്സങ്ങൾ ബാധകവുമല്ലാത്ത ശരീരവുമാണ് (യോഹ. 20:19, 26). ഭക്ഷണം കഴിക്കാൻ കഴിയും (ലൂക്കോ. 24:30; യോഹ. 21:12, 13) തേജസ്സുള്ള ശരീരമാണ് (ഫിലി. 3:21).

H. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം, മഹത്വീകരണം വർത്തമാനകാല ശുശ്രൂഷ

സ്വർഗ്ഗാരോഹണം പ്രവർത്തി 1:11-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ക്രൂശീകരണത്തിനു മുമ്പ് താൻ പ്രാർത്ഥിച്ചത് മുമ്പുണ്ടായിരുന്ന മഹത്വത്തിൽ തന്നെ ചേർക്കണമെ എന്നാണ് (യോഹ. 17:1, 5). ബൈബിൾ പഠിപ്പിക്കുന്നത്. ക്രിസ്തു ഇപ്പോൾ ദൈവത്തിന്റെ വലത്തുഭാഗത്ത് തേജസ്സിൽ ഇരിക്കുന്നുവെന്നാണ് (പ്രവൃത്തി 7:56; കൊലൊ. 3: 1; എബ്രാ. 1:3; 8:1; 12:2). ബൈബിൾ പഠിപ്പിക്കുന്നത് അവൻ ഒരിക്കലും നിഷ്ക്രിയനായിരിക്കു ന്നില്ല.

1. ക്രിസ്തു, സഭയുടെ തലയാകുന്നു എഫെ. 1:20-23; കൊലൊ. 2:10

> അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്ത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിനും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെയിരുത്തുകയും സർവ്വവും അവന്റെ കാല്ക്കീഴാക്കിവച്ച് അവനെ **സർവ്വത്തിനും മീതെ തലയാക്കി** എല്ലാറ്റിനും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമാകുന്ന **സഭയ്ക്കു** കൊടുക്കുകയും ചെയ്തിരിക്കുന്നു (എഫെ. 1:20-23).

2. അവൻ നമ്മുടെ മഹാപുരോഹിതനും പക്ഷവാദം ചെയ്യുന്നവനുമാകുന്നു(റോമ. 8:34; എബ്രാ. 7:25).

> ശിക്ഷ വിധിക്കുന്നവൻ ആർ? **ക്രിസ്തുയേശു** മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുകയും **നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും** ചെയ്യുന്നു(റോമർ 8:34).

3. അവൻ നമ്മുടെ കാര്യസ്ഥനാകുന്നു, അതായത് സഹായിക്കുന്നവനും സാത്താന്റെ ആരോപണങ്ങൾക്ക് എതിരെ നമുക്കുവേണ്ടി വാദിക്കുന്നവനുമാകുന്നു.

> എന്റെ കുഞ്ഞുങ്ങളെ, നിങ്ങൾ പാപം ചെയ്യാതിരിക്കുവാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ **യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ** അടുക്കൽ ഉണ്ട്(1 യോഹ. 2:1).

4. അവൻ പരിശുദ്ധാത്മാവു മുഖാന്തിരം ദാനങ്ങളെ കൊടുക്കുന്നു(എഫെ. 4:7).

> നമ്മിൽ ഓരോരുത്തന് ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിനൊത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു(എഫെ. 4:7).

I. ക്രിസ്തുവിന്റെ പ്രവൃത്തി രണ്ടാം വരവിങ്കൽ

ക്രിസ്തുവിന്റെ ഭാവിപ്രവർത്തികൾ, അന്ത്യകാല ശാസ്ത്രം 12-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

അദ്ധ്യായം 9

സോറ്റീരിയോളജി

രക്ഷയെപ്പറ്റിയുള്ള ഉപദേശം

ഭാഗം I : ഒരുക്കപ്പെട്ട രക്ഷ

രൂപരേഖ

I. രക്ഷയെന്ന പദത്തിന്റെ പഠനം
   A. രക്ഷയുടെ പ്രയോഗം
      1. രക്ഷിക്കുക
      2. രക്ഷ
      3. രക്ഷകൻ
      4. രക്ഷ
   B. രക്ഷയുടെ അർത്ഥം
      1. ദൈവശാസ്ത്രപരമല്ലാത്ത പശ്ചാത്തലങ്ങൾ
         a. രോഗത്തിൽ നിന്നുള്ള വിടുതൽ
         b. പിശാചുക്കളിൽ നിന്നുള്ള വിടുതൽ
         c. ശത്രുക്കളിൽ നിന്നുള്ള രക്ഷ
         d. മരണത്തിൽ നിന്നുള്ള രക്ഷ
         e. അപകടത്തിൽ നിന്നുള്ള വിടുതൽ
      2. ദൈവശാസ്ത്രപരമായ പശ്ചാത്തലങ്ങൾ
         a. പാപത്തിൽ നിന്നുള്ള രക്ഷ
         b. ക്രോധം, ന്യായവിധി, ശിക്ഷാവിധി ഇവയിൽ നിന്നുള്ള രക്ഷ
         c. ദുഷ്ടലോകത്തിൽ നിന്നുള്ള രക്ഷ
         d. നഷ്ടപ്പെട്ടുപോകുന്നതിൽ നിന്നുള്ള രക്ഷ
         e. മരണത്തിൽ നിന്നു രക്ഷിക്കപ്പെട്ടു
         f. നശിച്ചുപോകാതെ രക്ഷ പ്രാപിച്ചു
   C. രക്ഷയുടെ കാലം
      1. ഭൂതകാലം: പാപത്തിന്റെ ശിക്ഷയിൽ നിന്നു വിശ്വാസികൾ രക്ഷിക്കപ്പെട്ടു
      2. വർത്തമാനകാലം: പാപത്തിന്റെ ശക്തിയിൽ നിന്നു വിശ്വാസികൾ രക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു.
      3. ഭാവി: പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും എല്ലാ കോപത്തിൽ നിന്നും രക്ഷിക്കപ്പെടും
   D. സംഗ്രഹം
II. പ്രതിപകരയാഗം (പ്രതിനിധി) പ്രായശ്ചിത്തം
   A. ആകസ്മിക പ്രായശ്ചിത്ത സിദ്ധാന്തം
   B. മാതൃകാ പ്രായശ്ചിത്ത സിദ്ധാന്തം
   C. ധാർമ്മികസ്വാധീന പ്രായശ്ചിത്ത സിദ്ധാന്തം
   D. ആധിപത്യ പ്രായശ്ചിത്ത സിദ്ധാന്തം
   E. പ്രതിപകര പ്രായശ്ചിത്ത സിദ്ധാന്തത്തെ പ്രതിരോധിക്കുന്നു
      1. ആന്റി *(Anti)*എന്ന വാക്ക്
      2. ഹൂപ്പർ*(Huper)* എന്ന വാക്ക്
      3. ആന്റി *(Anti)*, ഹൂപ്പർ *(Huper)*എന്നീ വാക്കുകൾ ഉൾപ്പെടാത്ത നിലയിൽ പ്രതിപകര പ്രായശ്ചിത്തസിദ്ധാന്തം സ്ഥാപിക്കപ്പെടുന്നു.
      4 പ്രതിപകരയാഗ പ്രായശ്ചിത്തസിദ്ധാന്തത്തിന്റെ നിഗമനം
III. വീണ്ടെടുപ്പ്: പാപപരിഹാരത്തിന്റെ പാപത്തിലേക്കുള്ള*(sinward)* തലം
   A. അഗോറാസോ *(Agoraza)*
      1. പൊതുവായ ഉപയോഗം
      2. ദൈവവചനത്തിലെ ഉപയോഗം
      3. നിഗമനം
   B. എക്സാഗോറാസോ *(Exagorazo)*
      1. പൊതുവായ ഉപയോഗം
      2. ദൈവവചനത്തിലെ പ്രയോഗം
   C. ല്യൂട്രോ *(Lutrao)*
      1. പൊതുവായ ഉപയോഗം
      2. ദൈവവചനത്തിലെ പ്രയോഗം
   D. ല്യൂട്രൺ *(Lutron)*
      1. പൊതുവായ ഉപയോഗം
      2. ദൈവവചനത്തിലെ പ്രയോഗം
   E. *ല്യൂട്രോസിസ് (Lutrosis)*
   F. *അപ്പോല്യൂട്രോസിസ് (Apolutrosis)*

1. പൊതുവായ പ്രയോഗം
2. ദൈവവചനത്തിലെ പ്രയോഗം

G. വീണ്ടെടുപ്പിനെക്കുറിച്ചുള്ള ചുരുക്കമായ വിവരണങ്ങളും നിഗമനങ്ങളും
1. ആർക്കാണ് വീണ്ടെടുപ്പ് വില നൽകിയത്
2. വീണ്ടെടുപ്പ് പാപത്തോടുള്ള ബന്ധത്തിലുള്ള പ്രായശ്ചിത്തം
3. പദങ്ങളുടെ കൂട്ടങ്ങൾ തമ്മിലുള്ള ശ്രദ്ധേയമായ വ്യത്യാസങ്ങൾ
   a അഗോറാസോ കൂട്ടം
   b ല്യൂട്രോ കൂട്ടം

IV. നിരപ്പ്- പാപപരിഹാരം മനുഷ്യരോടുള്ള ബന്ധത്തിൽ
A. നിരപ്പെന്ന ആശയത്തിന്റെ പശ്ചാത്തലം
B. നിരപ്പ് എന്ന ആശയം നൽകുന്ന വാക്കുകളുടെ അർത്ഥം
1. പുരാതന മതേതര ലോകത്തിലെ പ്രയോഗം
2. ദൈവവചനത്തിലെ പ്രയോഗം
   a. രക്ഷയോടു ബന്ധമില്ലാത്ത പശ്ചാത്തലം
   b. രക്ഷയോടു ബന്ധമുള്ള പശ്ചാത്തലം

C. നിരപ്പെന്ന ഉപദേശത്തിന്റെ വിശദ വിവരങ്ങൾ
1. നിരപ്പിന്റെ രണ്ട് വശങ്ങൾ നിരീക്ഷിക്കപ്പെടുന്നു.
2. നിരപ്പിന്റെ രണ്ട് വശങ്ങൾ വിശദീകരിക്കപ്പെടുന്നു.
   a. ക്രൂശിലൂടെയുള്ള സാർവ്വത്രികമായ നിരപ്പ്
   b. രക്ഷയുടെ സമയത്തുള്ള വ്യക്തിപരമായ നിരപ്പ്
3. നിരപ്പിൽ ദൈവത്തിന്റെ മുൻകൈ
4. സംഗ്രഹം

V. പ്രായശ്ചിത്തം: ദൈവത്തോടുള്ള ബന്ധത്തിലുള്ള പ്രതിപകരയാഗം/പാപപരിഹാരം
A. *പ്രായശ്ചിത്തത്തിന്റെ* നിർവചനം
1. പുരാതന മതേതര ലോകത്തിലെ *പ്രായശ്ചിത്തത്തോടുള്ള* ബന്ധപ്പെട്ട വാക്കുകളുടെ ഉപയോഗം
2. പ്രായശ്ചിത്തത്തോടു ബന്ധപ്പെട്ട വാക്കുകളുടെ ദൈവവചനത്തിലെ ഉപയോഗം
   a. പാപത്തോടുള്ള ദൈവത്തിന്റെ കോപം
   b. സെപ്റ്റുജന്റിലിലുള്ള പ്രായശ്ചിത്തം
   c. പുതിയനിയമത്തിൽ കാണുന്ന പ്രായശ്ചിത്തം

B. *പ്രായശ്ചിത്തത്തിന്റെ* മൂന്നു സ്വാധീന മേഖലകൾ
1. സർവ്വലോകത്തിനും വേണ്ടിയുള്ള ക്രൂശിലെ പ്രായശ്ചിത്തം
2. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ സംഭവിക്കുന്ന വ്യക്തിപരമായ പ്രായശ്ചിത്തം
3. വിശ്വാസി പാപം ഏറ്റു പറയുമ്പോൾ സംഭവിക്കുന്ന പ്രായശ്ചിത്തം

C. പ്രായശ്ചിത്തം എന്ന ഉപദേശത്തിന്റെ വലിയ പ്രായോഗികതകൾ

VI. പാപപരിഹാരത്തിൽ ക്രിസ്തുവിന്റെ രക്തത്തിലുള്ള പങ്ക്
A. രക്തത്തെക്കുറിച്ചുള്ള ബൈബിളിലുള്ള നിരീക്ഷണങ്ങൾ
B. പാപപരിഹാരത്തിൽ ക്രിസ്തുവിന്റെ രക്തത്തിന്റെ പങ്കിനെക്കുറിച്ചുള്ള നിഗമനങ്ങൾ
1. രക്തം ഒരു പ്രതിരൂപത്തെക്കാൾ ഉപരിയാണ്
2. രക്ഷ നൽകുന്നതിൽ മറ്റു ഘടകങ്ങളുടെ പങ്ക്

VII. പാപപരിഹാര യാഗത്തിന്റെ അർത്ഥവും വ്യാപ്തിയും
A. പാപപരിഹാര യാഗം പഴയ നിയമത്തിൽ
1. പാപത്തെ മറയ്ക്കുന്നതിന്
2. കോപത്തെ വഴിതിരിച്ചുവിടുന്നതിന്
3. പ്രീതി ഉറപ്പാക്കുവാൻ നൽകുന്ന ദാനം
4. നിരപ്പിക്കുന്നതിന്
5. സംക്ഷിപ്തം

B. പാപപരിഹാരം ഒരു ദൈവശാസ്ത്രപരമായ പ്രയോഗം എന്ന നിലയിൽ
C. പാപപരിഹാരത്തിന്റെ വ്യാപ്തി
D. പാപപരിഹാരത്തിന്റെ തീർപ്പ്

ഭാഗം 1 :
ഒരുക്കപ്പെട്ട രക്ഷ

I. *രക്ഷ* എന്ന പദത്തിന്റെ പഠനം
A. ഉപയോഗം

1. *രക്ഷിക്കുക (Sozo)* എന്ന പ്രയോഗം 106 മുതൽ 108 വരെ പ്രാവശ്യം ഉപയോഗിക്കുന്ന കൈയെഴുത്തു പ്രതി

കൾക്ക് അനുസരിച്ച് പുതിയ നിയമത്തിൽ കാണാം.

2. *രക്ഷ (Soteria)*45 മുതൽ 46 വരെ പ്രാവശ്യം ഉപയോഗിക്കുന്ന പുതിയ കൈയ്യെഴുത്തു പ്രതികൾക്ക് അനുസരണമായി പുതിയനിയമത്തിൽ കാണാം

3. *രക്ഷകൻ (Soter)* ഏകദേശം 24 പ്രാവശ്യം പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

4. രക്ഷ (Soterion) 4 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.

ഉപയോഗിക്കുന്ന കൈയ്യെഴുത്ത് വിമർശനപരമൊ ഭൂരിപക്ഷംപേരും ഉപയോഗിക്കുന്നതോ ഏതുമാവട്ടെ എല്ലാ വാക്യങ്ങളും ചേർന്ന് രക്ഷയോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്ന മൊത്തം പദങ്ങൾ 180 ആണ്.

B. രക്ഷയുടെ അർത്ഥം

1. ദൈവശാസ്ത്രപരമല്ലാത്ത പശ്ചാത്തലത്തിൽ രക്ഷ എന്ന വാക്ക് വിവിധ നിലകളിൽ ഉപയോഗിച്ചിട്ടുണ്ട്, അതൊന്നും പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള രക്ഷയെക്കുറിച്ചല്ല പറയുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ രക്ഷ എന്നാൽ 'വിടുവിക്കുക' 'മോചിപ്പിക്കുക' തുടങ്ങിയ ആശയങ്ങൾ അടങ്ങിയതാണ്.

a. പുതിയനിയമത്തിൽ പൊതുവായ പ്രത്യേകിച്ച് സുവിശേഷങ്ങളിൽ രക്ഷയെ 'രോഗസൗഖ്യം' ലഭിക്കുന്നതിനോടു ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നു. ആരോഗ്യം വീണ്ടെടുക്കുന്നതിനോടു ബന്ധപ്പെട്ടും രക്ഷയെക്കുറിച്ച് പറഞ്ഞിരുന്നു. ഒരു വ്യക്തിയുടെ സമ്പൂർണ്ണമായ ആരോഗ്യം വീണ്ടെടുക്കുന്നതിനോടു ബന്ധപ്പെട്ടും കാണാം. (കാണുക മത്തായി. 9:21, 22; മർക്കോ 3:4; 5: 23, 28, 34; 6:56; 10:52; ലൂക്കോ. 6:9; 7:50; 17:19; 18:42 യോഹന്നാൻ 11:12; അപ്പോസ്തലപ്രവൃത്തി. 4:9; 14:9; 27:34; 2 കൊരി. 1:6; യാക്കോ. 5:15).

> ..അവന്റെ വസ്ത്രം മാത്രം ഒന്നു തൊട്ടാൽ എനിക്കു സൗഖ്യം വരും എന്നു ഉള്ളം കൊണ്ടു പറഞ്ഞു. പിറകിൽ വന്ന് അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. യേശു തിരിഞ്ഞു അവളെ കണ്ടപ്പോൾ മകളേ ധൈര്യപ്പെടുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു എന്നു പറഞ്ഞു. ആ നാഴിക മുതൽ സ്ത്രീക്കു സൗഖ്യം വന്നു (മത്തായി. 9: 21–22).
>
> ....എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും (യാക്കോബ്. 5:15).

b. ഭൂതങ്ങളിൽ നിന്നുള്ള വിടുതലിനും രക്ഷ എന്ന പദം ഉപയോഗിച്ചിരിക്കുന്നു (ലൂക്കോ. 8:36).

c. ശത്രുക്കളിൽ നിന്നുള്ള വിടുതലിനു രക്ഷ എന്ന പദം ഉപയോഗിച്ചിരിക്കുന്നു (ലൂക്കോസ്. 1:70; അപ്പോ. പ്രവ. 7:25).

> "നമ്മെ പകയ്ക്കുന്ന ഏവരുടെയും കയ്യിൽ നിന്നു നമ്മെ രക്ഷിപ്പാൻ" (ലൂക്കോ. 1:71).

d. യേശുക്രിസ്തു രക്ഷിക്കുവാൻ പറയുന്നു. ഇതിൽ നിന്നു 'വിടുതൽ' എന്ന ആശയം എങ്ങനെ ലഭിക്കുന്നു എന്നു മനസ്സിലാക്കാം.

> 'ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു പിതാവേ, ഈ നാഴികയിൽ നിന്ന് എന്നെ **രക്ഷി**ക്കേണമെ; എങ്കിലും ഇതുനിമിത്തം ഞാൻ ഈ നാഴികയിലേക്കു വന്നിരിക്കുന്നു' (യോഹ. 12:27).
>
> ക്രിസ്തു തന്റെ ഐഹിക ജീവിതകാലത്തു തന്നെ മരണത്തിൽ നിന്നു **രക്ഷി**പ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷിക്കുകയും അഭയയാചന കഴിക്കുകയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു(എബ്രാ. 5:7).

e. വിവിധ സാഹചര്യങ്ങളിലുണ്ടാകുന്ന അപകടങ്ങളിൽ നിന്നു ലഭിക്കുന്ന രക്ഷപ്പെടലിനും രക്ഷ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. കടലിൽ ആഞ്ഞടിച്ച കൊടുങ്കാറ്റിൽ (മത്തായി. 8:25, 14:30; അപ്പോ. പ്രവ. 27:20, 31); മഹാപീഡന കാലഘട്ടത്തിന്റെ അവസാനം ലഭിക്കുന്ന വിടുതൽ (മത്തായി. 10:22; 24:13, 22; മർക്കോ. 13:13, 20); ക്രൂശിൽ നിന്നുള്ള വിടുതൽ (മത്തായി. 27:40, 42, 49; മർക്കോ. 15: 30,31; ലൂക്കോ. 23:35, 37, 39); കഷ്ടതയിൽ നിന്നു (യൂദ 5) ജലപ്രളയത്തിൽ നിന്ന് (എബ്രാ. 1:7).

രക്ഷ എന്ന വാക്ക് പുതിയനിയമം എഴുതിയ ക്രിസ്തീയ എഴുത്തുകാർ ഉപയോഗിക്കുന്നതിനു മുമ്പ് മനുഷ്യനു സംഭവിക്കുന്ന സാധാരണയായ അപകങ്ങളോടുള്ള ബന്ധത്തിലായിരുന്നു ഉപയോഗിച്ചിരുന്നത്. *രക്ഷ*യുടെ വിവിധ ഉപയോഗങ്ങൾ 'വിടുതൽ' രക്ഷപ്പെടുത്തൽ, സൂക്ഷിക്കൽ, സഹായം, നേർവഴി നടത്തുക, പ്രശ്നങ്ങളിൽ നിന്നു രക്ഷപ്പെടുക' തുടങ്ങിയവയാണ്.

2. ദൈവവചനം എഴുതിയവർ 'വിടുതൽ' എന്ന സാധാരണ അർത്ഥം നൽകുന്ന വാക്ക് എടുക്കുകയും ദൈവശാസ്ത്രപരമായി ഉപയോഗിക്കുകയും ചെയ്തു. വിശ്വാസികൾ അനേക പ്രശ്നങ്ങളിൽ നിന്നു രക്ഷിക്കപ്പെട്ടു.

a. വിശ്വാസികൾ പാപത്തിൽ നിന്നു രക്ഷിക്കപ്പെട്ടു. (മത്തായി. 1:21; ലൂക്കോ. 1:77; 7:50, 1 തിമൊ. 1:15).

> "അവൾ ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ **അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ട്** നീ അവനു യേശു എന്നു പേർ ഇടേണം"(മത്താ. 1:21).
>
> **'ക്രിസ്തുയേശു' പാപികളെ രക്ഷിപ്പാൻ** ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും

എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ (1 തിമൊ. 1:15).

b. വിശ്വാസികൾ കോപം ന്യായവിധി (ശിക്ഷാവിധി) നാശം ഇവയിൽ നിന്നു രക്ഷിക്കപ്പെട്ടു (യോഹ. 3:17; റോമ. 1:16; പശ്ചാത്തലത്തിൽ കാണുന്ന വാക്യം 18; 5 9; 1 തെസ്സ. 5:9; 1 പത്രോ. 4:17–18).

അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി **കോപത്തിൽ നിന്നു രക്ഷിക്കപ്പെടും** (റോമ. 5:9).

c. വിശ്വാസികൾ വക്രതയുള്ള ലോകത്തിൽ നിന്നു രക്ഷിക്കപ്പെടുന്നു (അപ്പൊ. പ്രവ. 2:40).

...ഈ **വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ** (അപ്പൊ. പ്രവ. 2:40).

d. നഷ്ടപ്പെട്ടുപോയ അവസ്ഥയിൽ നിന്നു രക്ഷിക്കപ്പെടുന്നു.

"കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത് എന്നു പറഞ്ഞു"(ലൂക്കോ. 19:10).

e. വിശ്വാസികൾ മരണത്തിൽ നിന്നു രക്ഷിക്കപ്പെട്ടു (മത്തായി 16:25; മർക്കോ. 8:35; ലൂക്കോ. 9:24). മരണത്തിൽ നിന്നുള്ള വിടുതലിനെക്കുറിച്ച് പറഞ്ഞിരിക്കുന്ന തുടർന്നുള്ള വാക്യങ്ങളും കാണുക. എന്നാൽ അവിടെയൊന്നും രക്ഷ എന്ന പദം ഉപയോഗിച്ചിട്ടില്ല (യോഹ. 5:24; റോമ. 6:23; എഫെ. 2:1).

"ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും, എന്റെ നാമം നിമിത്തം ആരെങ്കിലും **തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും**" (ലൂക്കോ. 9:24).

f. വിശ്വാസികൾ നശിച്ചുപോകാതെ രക്ഷ പ്രാപിക്കുന്നു (1 കൊരി. 1:18; 2 കൊരി. 2:15–16, യാക്കോ. 4:12).

രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും **നശിക്കുന്നവരുടെ** ഇടയിലും ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു (2 കൊരി. 2:15).

ന്യായപ്രമാണകർത്താവും ന്യായാധിപതിയും ഒരുവനേയുള്ളൂ: **രക്ഷിപ്പാനും നശിപ്പിപ്പാനും** ശക്തനായവൻ തന്നെ; കൂട്ടുകാരനെ വിധിപ്പാൻ നീ ആർ? (യാക്കോ. 4:12).

C. രക്ഷയുടെ കാലം

ദൈവവചനം രക്ഷയെ ഭൂതകാലത്തിലും വർത്തമാനകാലത്തിലും ഭാവികാലത്തിലുമാണ് പറഞ്ഞിരിക്കുന്നത്. ഇത് ദൈവവചനം പഠിക്കുന്നവർ മനസ്സിലാക്കേണ്ടതാണ്.

1. **ഭൂതകാലത്തിൽ** ക്രിസ്തുവിലായിരിക്കുന്ന **വിശ്വാസികൾ പാപത്തിന്റെ ശിക്ഷയിൽ നിന്നു രക്ഷിക്കപ്പെട്ടു** (റോമർ. 8:24; എഫെ. 2:5, 8; 2 തിമൊ. 1:9; തീത്തോസ് 3:5).

കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം **രക്ഷിക്കപ്പെട്ടിരിക്കുന്നത്** (ഭൂതകാലം) അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രെ ആകുന്നു (എഫെ. 2:8).

എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല തന്റെ കരുണ പ്രകാരമത്രെ **രക്ഷിച്ചത്** (ഭൂതകാലം) (തീത്തോ. 3:5).

2. വർത്തമാനകാലം, വിശ്വാസികൾ പാപത്തിന്റെ ശക്തിയിൽ നിന്നു രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു (ഫിലി. 2:12; 1 പത്രോ. 2:2).

അതുകൊണ്ട് പ്രിയമുള്ളവരേ നിങ്ങൾ എല്ലായ്പ്പോഴും അനുസരിച്ചതുപോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല ഇന്നു ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ **നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ** (ഫിലി. 2:12).

3. **ഭാവികാലത്തിൽ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും** എല്ലാ കോപത്തിൽ നിന്നും രക്ഷിക്കപ്പെടും (റോമ. 5:10; 13:11; 1 തെസ്സ. 5:9; 2 തിമൊ. 4:18; എബ്രാ. 1:14; 9:28; 1 പത്രോ. 1:5, 4:18).

... നാം അവന്റെ ജീവനാൽ എത്ര അധികമായി **രക്ഷിക്കപ്പെടും** (ഭാവികാലം) (റോമർ: 5:10).

D. സംഗ്രഹം

രക്ഷിക്കുക എന്നാൽ വിടുവിക്കുക, മോചിപ്പിക്കുക, സഹായിക്കുക, നേർവഴി കാട്ടുക തുടങ്ങിയവയാണ്. ഇത് ദൈവശാസ്ത്രപരമല്ലാത്ത പശ്ചാത്തലത്തിലാണ്(രോഗത്തിൽ നിന്ന്, ഭൂതങ്ങളിൽ നിന്ന്, ശത്രുക്കളിൽ നിന്ന്, കൊടുങ്കാറ്റിൽ നിന്ന് അടിമത്തത്തിൽ നിന്ന് തുടങ്ങിയവയിൽ നിന്നുള്ള വിടുതൽ). ദൈവശാസ്ത്രപരമായ പശ്ചാത്തലങ്ങളിൽ അർത്ഥം ഒന്നുതന്നെയാണ്. ക്രിസ്തീയ വിശ്വാസികൾ പാപം, കോപം, ശിക്ഷാവിധി നിത്യനാശം, ഒരു ദുഷ്ടലോകം, നഷ്ടപ്പെട്ട മരണം എന്നിവയിൽ നിന്നു മോചനം നേടുന്നു. വിശ്വാസികൾ പാപത്തിന്റെ ശിക്ഷയിൽ നിന്നു **രക്ഷിക്കപ്പെട്ടു**. ഇപ്പോൾ അതിന്റെ ശക്തിയിൽ നിന്നു **രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു**. ഭാവിയിൽ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നു രക്ഷിക്കപ്പെടും.

II. പ്രതിപകര(പ്രതിനിധി) പാപപരിഹാരം

യാഗം ഒരു ദൈവശാസ്ത്രപരമായ പ്രയോഗമാണ്. ഇത് ക്രിസ്തു ക്രൂശിൽ ചെയ്ത സകലത്തെയും പരാമർശിക്കുന്നു. ഈ അദ്ധ്യായത്തിന്റെ III മുതൽ IV വരെ ഭാഗങ്ങളിൽ യാഗത്തെക്കുറിച്ചുള്ള പൂർണ്ണപഠനം കാണാവുന്നതാണ്. ഈ ഭാഗം വളരെ ചുരുക്കമാണ്. താഴെപ്പറയുന്ന ചോദ്യങ്ങളാണ് ഇവിടെ പരിഗണിക്കുന്നത്. ക്രിസ്തുവിന്റെ മരണത്തിന്റെ ലക്ഷ്യമെന്തായിരുന്നു? യേശുക്രിസ്തു ക്രൂശിൽ പൂർത്തിയാക്കുവാൻ ശ്രമിച്ചതെന്താണ്? അനേകം സിദ്ധാന്തങ്ങൾ മുന്നോട്ടു വന്നിട്ടുണ്ട്. അവയെല്ലാം ഒന്നുകിൽ പോരായ്മകൾ നിറഞ്ഞതൊ അല്ലെങ്കിൽ തെറ്റോ ആണ്.

A. ആകസ്മിക പാപപരിഹാരസിദ്ധാന്തം

ആകസ്മിക പാപപരിഹാരസിദ്ധാന്തം അടിസ്ഥാനപരമായി ദൈവവചനം പൂർണ്ണമായി വിശ്വസിക്കാത്ത ആധുനിക ചിന്താഗതിക്കാരുടേതാണ്. ഇവരുടെ ചിന്താഗതി ക്രിസ്തു ഒരു നല്ല ധാർമ്മികനായ ഗുരുവാണ് എന്നാൽ അദ്ദേഹത്തിന്റെ ജീവിതം വേഗം അവസാനിക്കാനായിരുന്നു വിധി. ഗാന്ധി, കിങ്, കെന്നഡി, ലിങ്കൺ തുടങ്ങിയവർക്ക് സംഭവിച്ചതുപോലെ. ക്രിസ്തുവിന്റെ മരണത്തിനു വേറെ പ്രത്യേകിച്ച് അർത്ഥമോ ലക്ഷ്യമോ ഒന്നുമില്ല. ദൈവവചനപ്രകാരം ഈ സിദ്ധാന്തം തികച്ചും അപര്യാപ്തമാണ്.

B. മാതൃകാ പാപപരിഹാര സിദ്ധാന്തം

മാതൃകാ പാപപരിഹാരസിദ്ധാന്തം ശരിയാണെങ്കിൽ, ക്രിസ്തുവിന്റെ മരണം സത്യത്തോടും കർത്തവ്യത്തോടുമുള്ള ഏറ്റവും ഉന്നതമായ സമർപ്പണത്തിന്റെ മാതൃകയാണ്. ഈ കാഴ്ചപ്പാടുള്ളവർ വിശ്വസിക്കുന്നത് നമുക്ക് ക്രിസ്തീയ വിശ്വാസത്തോടു വലിയ സമർപ്പണം ഉണ്ടാകത്തക്കനിലയിൽ, വിശ്വാസ പ്രമാണങ്ങൾക്കു വേണ്ടി മരിക്കുവാൻ വരെ ഒരുക്കം ഉണ്ടാകുവാൻ വേണ്ടി മനഃപൂർവ്വമായി (ആകസ്മിക സിദ്ധാന്തത്തിനെതിരായി) രക്തസാക്ഷി മരണം വരിച്ച് നല്ല മാതൃക കാട്ടിത്തന്നു യെന്നാണ്.

ക്രിസ്തു നമ്മുടെ മാതൃകയാണെന്നുള്ളത് സത്യമാണ്. എന്നാൽ ക്രിസ്തുവിന്റെ മരണത്തിന്റെ ലക്ഷ്യം ഒരു രക്തസാക്ഷിയായിത്തീരുവാൻ വേണ്ടിയായിരുന്നില്ല. ഇതു ക്രിസ്തുവിനെ, രക്തസാക്ഷിത്വത്തിന്റെ മഹത്വത്തിൽ പ്രവേശിക്കുന്നതിനു മരണം കൊതിക്കുന്ന ഒരു മതഭ്രാന്തനാക്കിമാറ്റുന്നു.

C. ധാർമ്മികസ്വാധീന പാപപരിഹാരസിദ്ധാന്തം

ധാർമ്മികസ്വാധീനസിദ്ധാന്തം മാതൃകാ സിദ്ധാന്തത്തെപ്പോലെയുള്ളതാണ്. ഈ സിദ്ധാന്തമനുസിച്ച് ഒരു ഡോക്ടർ പകർച്ച വ്യാധിയിലുള്ളവരെ സഹായിക്കുവാൻ ശ്രമിച്ച് മരിക്കുന്നതു പോലെയും, തീര സംരക്ഷണ സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ കടലിൽ അകപ്പെട്ട് മുങ്ങിത്താഴുന്നതുപോലെയും ക്രിസ്തു നമ്മെ സഹായിച്ചുകൊണ്ടിരുന്നപ്പോൾ മരിച്ചതാണ്. യേശുക്രിസ്തുവിന്റെ മരണം ഒരു പ്രത്യേക ലക്ഷ്യത്തിനു വേണ്ടിയുള്ള രക്ഷസാക്ഷിമരണമല്ല, പിന്നെയോ തന്റെ വലിയ സ്നേഹത്തിന്റെ പ്രദർശനമാണ്. തന്റെ മരണത്തിന്റെ ലക്ഷ്യം തന്റെ സ്നേഹത്തിന്റെ സ്വാധീനംമൂലം നമ്മുടെ ഹൃദയങ്ങളെ മയപ്പെടുത്തുന്നതാണ്. അങ്ങനെ തന്റെ മരണംമൂലം യേശുക്രിസ്തു പ്രതീക്ഷിക്കുന്നത് അത് നമ്മെ നമ്മുടെ പാപവഴികൾ ഉപേക്ഷിക്കുന്നതിനും വിശുദ്ധജീവിതത്തിലൂടെ രക്ഷനേടുവാൻ പരിശ്രമിക്കുന്നതിനുമാണ്.

ക്രിസ്തുവിന്റെ മരണം തന്റെ സ്നേഹത്തിന്റെ പ്രദർശനമാണ്. അത് നമ്മുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുക തന്നെ ചെയ്യും. എന്നാൽ ഈ കാഴ്ചപ്പാട് ദൈവത്തിന്റെ പാപത്തോടുള്ള കോപം അംഗീകരിക്കുന്നില്ല. അതുപോലെ ക്രിസ്തുവിന്റെ പാപപരിഹാരവേലയെ കണക്കിലെടുക്കുന്നില്ല. ഇത് ക്രിസ്തുവിന്റെ മരണത്തിന്റെ ഒറ്റക്കാരണം തന്റെ സ്നേഹംമാത്രമാണ് എന്നു കരുതുന്നു. അതുകൊണ്ട് ഈ സിദ്ധാന്തം ദൈവവചനത്തോടു നീതിപുലർത്തുന്നില്ല.

D. ആധിപത്യ പാപപരിഹാര സിദ്ധാന്തം

ആധിപത്യസിദ്ധാന്തവും രക്ഷ പ്രവൃത്തിയിലാണെന്നു വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഈ സിദ്ധാന്തമനുസരിച്ച് ദൈവത്തിനു തന്റെ നിയമങ്ങളാലുള്ള ആധിപത്യമുണ്ട്. ക്രിസ്തു മരണം വരിക്കാതെ ഈ നിയമങ്ങളോടു അനാദരം പുലർത്തിയാൽ മനുഷ്യവർഗ്ഗവും ദൈവത്തോടും തന്റെ നിയമങ്ങളോടും ആദരം കാണിക്കാതെ വരും. എന്നാൽ യഥാർത്ഥത്തിൽ നിയമങ്ങൾ ശക്തിയായി നടപ്പാക്കുന്നു. ഈ സിദ്ധാന്തപ്രകാരം ക്രിസ്തുവിന്റെ മരണം മൂലം ജനങ്ങളെ നിയമങ്ങൾ പ്രമാണിച്ച് രക്ഷയ്ക്കുവേണ്ടി ബോധ്യമാക്കുകയാണ്. അല്ലാതെ ദൈവകോപം പരിഹരിക്കുവാനുള്ളതല്ല. ചിലർ ഒരുപക്ഷേ ക്രിസ്തുവിന്റെ മരണം കൂടാതെ രക്ഷപ്പെട്ടിരിക്കാം. എന്നാൽ അനേകർ ക്രിസ്തുവിന്റെ മരണംമൂലം രക്ഷയെ പിന്തുടരുന്നു അതുകൊണ്ട് ക്രിസ്തുവിന്റെ മരണം ദൈവത്തിന്റെ നിയമങ്ങളോടുള്ള ബഹുമാനം വർദ്ധിപ്പിക്കാനും അവ അനുസരിക്കാതിരുന്നാലുള്ള ദോഷങ്ങൾ വെളിപ്പെടുത്താനുമാണ്. ക്രിസ്തുവിന്റെ മരണം മൂലം ആളുകൾ രക്ഷനേടുവാൻ ദൈവത്തിന്റെ നിയമങ്ങൾ അനുസരിക്കുവാൻ കഠിനാദ്ധ്വാനം ചെയ്യണം.

ഈ സിദ്ധാന്തം യാഥാസ്ഥിതികമാണെന്നു ചിലർക്കു തോന്നാം. എന്നാൽ അത് പൂർണ്ണമായും പോരായ്മകളുള്ളതാണ്. ദൈവിക നിയമങ്ങളോടുള്ള വർദ്ധിച്ച ആദരം മൂലം ദൈവത്തിന്റെ ആധിപത്യം സുഗമമായി

മുന്നോട്ടു പോകുന്നതിനുവേണ്ടിയല്ല ക്രിസ്തു മരിച്ചത്. ലംഘിക്കപ്പെട്ട നിയമങ്ങളോടു ക്രിസ്തുവിന്റെ മരണത്തിനു ബന്ധമുണ്ടെങ്കിലും, തന്മൂലം ദൈവിക നിയമങ്ങളോടുള്ള ബഹുമാനം വർദ്ധിക്കുമെങ്കിലും, രക്ഷയ്ക്കുവേണ്ടി ആളുകൾ പ്രവർത്തിക്കുവാൻ ഈ വർദ്ധിച്ച ബഹുമാനം സഹായകമാകുമെന്ന് യാതൊരു ലക്ഷ്യവുമില്ല. ഈ സിദ്ധാന്തം അനുസരിച്ച് നമുക്ക് ക്രിസ്തുവിന്റെ മരണം അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം എന്നാൽ ദൈവത്തിന്റെ ആധിപത്യത്തിന്റെ ക്രമം നിലനിർത്തുവാൻ അത് സഹായകരമാണ്. മാത്രമല്ല ഇത് പ്രവൃത്തിയാലുള്ള രക്ഷയെ പ്രാധാന്യത്തോടെ കാണിക്കുന്നു. മനുഷ്യന്റെ ലംഘനം ദൈവിക നിയമങ്ങൾ മാത്രമല്ലെന്നും, ദൈവത്തിന്റെ സ്വഭാവത്തിനെതിരായിട്ടാണ് മനുഷ്യൻ പാപം ചെയ്തതെന്നും, രക്ഷയ്ക്ക് യേശുക്രിസ്തുവിന്റെ മരണം ഒഴിച്ചുകൂടാനാവാത്തതാണെന്നും പഠിപ്പിക്കുന്നതിൽ ഈ സിദ്ധാന്തം പരാജയപ്പെട്ടു. യേശുക്രിസ്തുവിന്റെ മരണം പ്രവൃത്തിയാലുള്ള രക്ഷയെയല്ല കാണിക്കുന്നത്, പിന്നെയോ മാനുഷിക പരിശ്രമത്താൽ സാധിക്കാത്ത രക്ഷ നേടുവാൻ അത് അത്യാവശ്യമാണെന്നുമാണ്. ദൈവിക നിയങ്ങളോടുള്ള ബഹുമാനം വളർത്തുവാനല്ല ക്രിസ്തു മരിച്ചത് പിന്നെയോ അവ ലംഘിച്ചതു മൂലമുള്ള പിഴയടയ്ക്കുന്നതിനായിരുന്നു.

E. പ്രതിപകര(പ്രതിനിധി) പാപപരിഹാര സിദ്ധാന്തത്തെ സംരക്ഷിക്കുന്നു

മറ്റുള്ള പാപപരിഹാര സിദ്ധാന്തങ്ങളൊക്കെ ഭാഗിക സത്യങ്ങൾ മാത്രമാണ്, ക്രിസ്തു നല്ല മാതൃകയാണ്. ഒരു സവിശേഷ കാര്യത്തിനുവേണ്ടിയുള്ള ഉത്തരവാദിത്വം അവൻ വെളിപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു തന്റെ സ്നേഹം വെളിപ്പെടുത്തി ദൈവത്തിന്റെ നിയമങ്ങളുടെ പ്രാധാന്യവും അവയെ ബഹുമാനിക്കേണ്ടതിന്റെ ആവശ്യകതയും വെളിപ്പെടുത്തി. എന്നാൽ ഇതൊന്നും പ്രധാനപ്പെട്ടതല്ല. മാത്രമല്ല ഇതൊന്നും പൂർണ്ണവുമല്ല.

ദൈവവചനപ്രകാരമുള്ള പാപപരിഹാരം, അഥവാ പ്രതിപകരയാഗം ക്രിസ്തു നമ്മുടെ **പകരക്കാരനായി** എന്നതാണ്. അവൻ നമ്മുടെ ശിക്ഷ അനുഭവിക്കുകയും പിഴ കൊടുക്കുകയും ചെയ്തു. അങ്ങനെ ദൈവത്തിന്റെ കോപം അടക്കി. ക്രിസ്തുവിന്റെ മരണത്തോടുള്ള ബന്ധത്തിലുള്ള മറ്റു ലക്ഷ്യങ്ങളൊക്കെ അതിനെക്കാൾ പ്രാധാന്യം കുറഞ്ഞതാണ്.

പ്രതിപകരപാപപരിഹാരം എന്ന ഉപദേശം സ്ഥാപിക്കുവാൻ "വേണ്ടി" എന്ന പ്രയോഗം പകരമായി (മറ്റൊരാളുടെ സ്ഥാനത്ത്) "ക്രിസ്തു നമുക്കു*വേണ്ടി* മരിച്ചു" തുടങ്ങിയ വാക്യങ്ങളിൽ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ആധുനിക ചിന്താഗതിക്കാരും, പ്രവൃത്തിയാലാണ് രക്ഷ എന്നു പഠിപ്പിക്കുന്നവരും 'ക്രിസ്തു നമുക്കുവേണ്ടി മരിച്ചു' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. "ക്രിസ്തു നമ്മുടെ പ്രയോജനത്തിനായി മരിച്ചു എന്നാണ്.'' "ക്രിസ്തു നമുക്കുവേണ്ടി മരിച്ചു" എന്നു പഠിപ്പിക്കുന്ന വേദഭാഗങ്ങൾ പ്രതിപകരപാപപരിഹാരമാണെന്ന് അർത്ഥമാക്കുന്നതെന്ന് എങ്ങനെ ഒരാൾക്ക് അറിവാൻ കഴിയും?

1. പകരമായി എന്നതിന് ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് *ആന്റി* (anti) എതിർക്രിസ്തു (Anti-christ) ക്രിസ്തുവിനു പകരമായി വരുന്നു. "പകരമായി എന്നതിന് *ആന്റി* (anti) എന്ന വാക്ക് ഉപയോഗിക്കുന്നതിന് വളരെ അധികം തെളിവുണ്ട്. ഈ ഉദാഹരണങ്ങൾ പരിഗണിക്കാം.

> "....'കണ്ണിനു **പകരം** (അർത്ഥം വേണ്ടി) കണ്ണും പല്ലിനു **പകരം** പല്ലും എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ' (മത്തായി 5:38).
>
> "....മീനിനു **പകരം** പാമ്പിനെ കൊടുക്കുമോ? (ലൂക്കോസ് 11:11).
>
> ".... തിന്മയ്ക്കു(മടക്കി, തൽസ്ഥാനത്ത്) **പകരം** തിന്മ ചെയ്യാതെ.." (റോമർ 12:17).
>
> ...തിന്മയ്ക്കു **പകരം** തിന്മ... (1 തെസ്സ. 5:15).
>
> ....ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും **പകരം** ചെയ്യാതെ (1 പത്രോസ് 3:9).
>
> ...ഒരു ഊണിന് (പകരം, വേണ്ടി) ജ്യേഷ്ഠാവകാശം വിറ്റു കളഞ്ഞ ഏശാവിനെപ്പോലെ ... (എബ്രായർ 12:16).

പ്രതിപകര പാപപരിഹാരത്തിന്റെ പ്രധാന വേദഭാഗങ്ങൾ മത്തായി 20:28, മർക്കോസ് 10:45 തുടങ്ങിയവയാണ്. *ആന്റി* (anti) എന്ന വാക്കിന്റെ അർത്ഥം 'പകരമായി' എന്നു കാണുമ്പോൾ, ''അനേകർക്കു**വേണ്ടി** തന്റെ ജീവനെ മറുവിലയായി" എന്നുള്ള വാക്യം അർത്ഥമാക്കുന്നത് അനേകർക്കു[1] **പകരമായി** ക്രിസ്തു തീർന്നു എന്നതാണ്." പാപികളുടെ **സ്ഥാനത്ത്** ക്രിസ്തു മരിച്ചെന്നാണ്. നഷ്ടപ്പെട്ട നമ്മുടെ ജീവനു **പകരമായി** ക്രിസ്തു തന്റെ ജീവനെ നല്കി.

> "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കു **വേണ്ടി** തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ എന്നു പറഞ്ഞു" (മത്തായി 20:28).

[1] *അനേകർക്ക്* എന്ന് ഈ വേദഭാഗങ്ങളിൽ കാണുന്നത് തിരഞ്ഞെടുക്കപ്പെട്ടവർ എന്നു പരിമിതപ്പെടുത്താം. മറ്റു വേദ ഭാഗങ്ങൾ വായിക്കുന്നത് മുഴുവൻ ലോകത്തിനു വേണ്ടി ക്രിസ്തു മരിച്ചതായിട്ടാണ്. കർത്താവിന്റെ മരണം ഒരു പകരക്കാരനായിട്ടാണ് എന്നാണ് നമ്മുടെ പ്രധാനപ്പെട്ട നിഗമനം.

"മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കു **വേണ്ടി** തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്" (മർക്കോസ്. 10:45).

''ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ എല്ലാവർക്കും **വേണ്ടി** (anti) മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ (1 തിമൊ. 2:5-6).

2. "വേണ്ടി"(for) എന്നതിന് ഉപയോഗിച്ചിരിക്കുന്ന മറ്റൊരു വാക്ക് *ഹൂപ്പർ*(huper)-'പ്രയോജനത്തിനുവേണ്ടി' എന്നും ഈ വാക്ക് അർത്ഥമാക്കുന്നു. എന്നാൽ 'മറ്റൊരാളുടെ സ്ഥാനത്ത്' എന്നും ഈ വാക്കിന് അർത്ഥമുണ്ട്. ഫിലെമോൻ 13, 2; കൊരി. 5:14-15 ഈ രണ്ടു വേദഭാഗങ്ങളാണ് ഹൂപ്പർ എന്നതിനു പകരമായി എന്ന അർത്ഥം കല്പിക്കുന്നത്. പൗലോസ് ഇവിടെ പറയുന്നു "സുവിശേഷം നിമിത്തമുള്ള തടവിൽ എന്നെ ശുശ്രൂഷിക്കേണ്ടതിനു അവനെ **"നിനക്കു പകരം"** (*huper*) എന്റെ അടുക്കൽ തന്നെ നിർത്തിക്കൊൾവാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. (ഫിലെമോൻ 13). ഇവിടെ പൗലോസ് പറയുന്നത് ഫിലെമോന്റെ അഭാവത്തിൽ **അവന്റെ സ്ഥാനത്ത്** തന്നെ ശുശ്രൂഷിക്കുവാൻ ഒനേസിമോസിനെ നിർത്തുവാൻ ആഗ്രഹമുണ്ടായിരുന്നുയെന്നാണ്.

2 കൊരിന്ത്യരിൽ പറയുന്ന തുടർന്നുള്ള വേദഭാഗം കൂടുതൽ പ്രധാനപ്പെട്ടതാണ്. കാരണം, ക്രിസ്തുവിന്റെ മരണത്തെക്കുറിച്ച് പറയുന്ന പശ്ചാത്തലങ്ങളിൽ ഹൂപ്പർ (*huper*) എന്ന വാക്ക് പകരമായി തീർന്നു എന്ന ആശയത്തെ തെളിയിക്കുന്നു.

ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു; എല്ലാവർക്കുംവേണ്ടി (*huper*) ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചുയെന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ച് ഉയർത്തപ്പെട്ടവനായിട്ടുതന്നെ ജീവിക്കേണ്ടതിനു അവൻ എല്ലാവർക്കും വേണ്ടി (*huper*) മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു (2 കൊരി. 5:14-15).

ഈ പശ്ചാത്തലത്തിൽ ക്രിസ്തു എല്ലാവർക്കും **വേണ്ടി** മരിച്ചതുകൊണ്ട് എല്ലാവരും ക്രിസ്തുവിനോടുകൂടെ മരിച്ചുവെന്നാണ് പൗലോസ് സമർത്ഥിക്കുന്നത്. ഇതിന്റെ അർത്ഥം **എല്ലാവരുടെയും സ്ഥാനത്ത്** ക്രിസ്തു മരിച്ചെന്നാണ്. അതുകൊണ്ട് എല്ലാവരും അവനോടൊപ്പം മരിച്ചു. മാത്രമല്ല, നമ്മുടെ ജീവനുവേണ്ടി ക്രിസ്തു തന്റെ ജീവനെ നൽകിയെങ്കിൽ, ജീവിക്കുന്നവർ അവനോടു കടപ്പെട്ടിരിക്കുന്നു എന്നാണ്. പൗലോസ് പറയുന്നത്. ഇവിടെ തെളിവാകുന്ന കാര്യം ക്രിസ്തു നമ്മുടെ ജീവനു പകരം ജീവനെ നൽകിയെന്നാണ്. അതിനു പകരമായി കർത്താവിനുവേണ്ടി ജീവിക്കുവാൻ കടപ്പെട്ടവരാണ്.

മത്തായി 20:28; മർക്കോസ് 10:45 എന്നീ വേദഭാഗങ്ങളിലെപ്പോലെ അടുത്തുവരുന്ന മൂന്നാമത്തെ ഭാഗത്തും പ്രതിപകരപാപപരിഹാരത്തെ വളരെ വ്യക്തമായി പഠിപ്പിക്കുന്നു. ഫിലെമോൻ 13; 2 കൊരിന്ത്യർ 5:14-15 വെളിപ്പെടുത്തുന്നത് ഹൂപ്പർ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്ന വേദഭാഗങ്ങളിലും പ്രതിപകരയാഗത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. മറ്റുള്ള അനേകം വേദഭാഗങ്ങളിലും ഹൂപ്പർ പാപപരിഹാരത്തിന് ഉപയോഗിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന പ്രധാന വേദഭാഗങ്ങളുടെ തെളിവില്ലാതെ ഈ വേദഭാഗങ്ങൾ നൽകുന്ന ആശയം ക്രിസ്തു നമ്മുടെ സ്ഥാനത്തു പകരക്കാരനായി മരിച്ചുവെന്നൊ അല്ലെങ്കിൽ ക്രിസ്തു നമ്മുടെ നന്മയ്ക്കുവേണ്ടി മാത്രം മരിച്ചുവെന്നോ, മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ടായേനെ. എന്നാൽ ഫിലെമോൻ 13; 2 കൊരി. 5:14-15 എന്നീ വേദഭാഗങ്ങളിൽ എഴുത്തുകാരൻ വിശ്വസിച്ചിരിക്കുന്നത് പ്രതിപകരപാപപരിഹാരം എന്ന ആശയം ഉൾക്കൊള്ളുന്ന അധികം വ്യക്തമല്ലാത്ത വേദഭാഗങ്ങളും ഉൾക്കൊണ്ടിരിക്കുന്നുയെന്നാണ്. അവയിൽ അധികവും **ക്രിസ്തു നമ്മുടെ സഹായത്തിനായി മരിച്ചുവെന്നും** അർത്ഥമാക്കാം, എന്നാൽ ദൈവവചനം പ്രതിപകരയാഗം എന്നുള്ള നിലയിൽ ശക്തമായി വെളിപ്പെടുത്തുന്നത് **ക്രിസ്തു നമ്മുടെ സ്ഥാനത്ത് നമ്മുടെ പകരക്കാരനായി മരിച്ചു** എന്നാണ്. താഴെപ്പറയുന്ന വേദഭാഗങ്ങളുടെ അർത്ഥത്തിന്റെ ഭാഗമായി ഇതും ഉൾപ്പെടുത്താം.

"ഇത് അനേകർക്കു**വേണ്ടി** പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം" (മത്തായി. 26:28).

"ഇത് അനേകർക്കു **വേണ്ടി** ചൊരിയുന്നതായി നിയമത്തിനുള്ള എന്റെ രക്തം '' (മർക്കോസ് 14:24).

"... ഈ പാനപാത്രം നിങ്ങൾക്കു **വേണ്ടി** ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു" (ലൂക്കോസ് 22:20).

"... ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനു **വേണ്ടി** (പകരമായി, പ്രയോജനത്തിനായി) ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു (യോഹ. 6:51).

"... നല്ല ഇടയൻ ആടുകൾക്കു **വേണ്ടി** തന്റെ ജീവനെ കൊടുക്കുന്നു" (യോഹ. 10:11).

"... സ്നേഹിതർക്കു **വേണ്ടി** ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല" (യോഹ. 5:13).

....ക്രിസ്തു തക്കസമയത്ത് അഭക്തർക്കു **വേണ്ടി** മരിച്ചു (റോമ. 5:6).

... ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു **വേണ്ടി** മരിക്കയാൽ... (റോമർ 5:8).

സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും **വേണ്ടി** ഏല്പിച്ചു തന്നവൻ'' (റോമ. 8:32)

ക്രിസ്തു നമ്മുടെ പാപങ്ങൾക്കു **വേണ്ടി** തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു" (1 കൊരി. 15:3).[2]

പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു അവൻ നമുക്കു വേണ്ടി (ഹൂപ്പർ എന്ന പദം പ്രയോഗിച്ചിരിക്കുന്ന വേദഭാഗത്ത് പകരക്കാരൻ എന്ന ആശയമാണ് പ്രധാനമായിട്ടുള്ളത്) പാപമാക്കി" (2 കൊരി. 5:21).

നമ്മുടെ പാപങ്ങൾ **നിമിത്തം (വേണ്ടി)** തന്നെത്താൻ ഏല്പിച്ചുകൊടുത്തവനായി'' (ഗലാത്യർ 1:4).

എന്നെ സ്നേഹിച്ചു എനിക്കു **വേണ്ടി** തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത് (ഗലാത്യർ 2:20).

ക്രിസ്തു നമുക്കു **വേണ്ടി** ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ വിലയ്ക്കുവാങ്ങി (ഗലാത്യർ 3:13).

തന്നെത്താൻ നമുക്കു **വേണ്ടി** കൊടുത്തു (തിത്തൊസ് 2:14).

എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും **വേണ്ടി** മരണം ആസ്വദിപ്പാൻ... (എബ്രായർ 2:9).

...നീതിമാനായി നീതികെട്ടവർക്കു **വേണ്ടി** പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു (1 പത്രൊസ് 3:18).

3. **ആന്റി, ഹൂപ്പർ** എന്നീ പ്രയോഗങ്ങളില്ലാതെ മറ്റുള്ള അടിസ്ഥാനങ്ങളാൽ പ്രതിപകരവീക്ഷണം സ്ഥാപിക്കുവാൻ കഴിയും. പ്രതിപകരമരണം എന്ന ആശയത്തെ സഹായിക്കുവാൻ, നമ്മുടെ പാപം ചുമക്കുന്ന ക്രിസ്തു ദൈവകുഞ്ഞാട് എന്നുള്ള വിശേഷണം സഹായിക്കും. റോമർ 6-ൽ, ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ വിശ്വാസികളും മരിച്ചുവെന്നു പൗലോസ് പഠിപ്പിക്കുന്നു. അവൻ നമ്മുടെ സ്ഥാനത്താണ് മരിച്ചതെന്നുള്ള ആശയത്തോട് ഈ സത്യവും വളരെ അടുപ്പത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.

> സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ **വഹിച്ചു** നമ്മുടെ വേദനകളെ അവൻ ചുമന്നു (യെശ്ശയ്യാവ് 53:4).
>
> നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെ **അകൃത്യം അവന്റെമേൽ ചുമത്തി** (യെശ്ശയ്യാവ്. 53:6).
>
> ...**എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം** അവനു ദണ്ഡനം വന്നു..(യെശ്ശയ്യാവ് 53:8).
>
> ...എന്നാൽ അവനെ തകർത്തു കളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി അവൻഅവനു കഷ്ടം വരുത്തി അവൻ പ്രാണൻ ഒരു **അകൃത്യയാഗമായിത്തീർന്നിട്ട്** (യെശ്ശയ്യാവ് 53:10).
>
> "...അവൻ തന്റെ **ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട്** ക്രൂശിന്മേൽ കയറി" (1 പത്രൊ. 2:24).
>
> അങ്ങനെ തന്നെ **അനേകരുടെ പാപങ്ങളെ ചുമപ്പാൻ** ഒരിക്കൽ അർപ്പിക്കപ്പെട്ടു"... (എബ്രാ. 9:28)
>
> **അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചവരായെങ്കിൽ** പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിനു അടിമപ്പെടാതെവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു **നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു** എന്നു നാം അറിയുന്നു (റോമ. 6:5-6).

4. സമാപനം. പാപ പരിഹാരം എന്ന വിഷയത്തിൽ മറ്റു സിദ്ധാന്തങ്ങളെല്ലാം ഭാഗികസത്യങ്ങൾ മാത്രമാണ്. ക്രിസ്തു നമ്മുടെ സ്ഥാനത്തു മരണം അനുഭവിക്കുക എന്നതായിരുന്നു ക്രിസ്തുവിന്റെ മരണത്തിന്റെ പ്രധാന ലക്ഷ്യമെന്നു ബൈബിൾ വ്യക്തമാക്കുന്നു. പ്രതിപകര പാപപരിഹാരം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലൊന്നായി അംഗീകരിക്കുന്നു.

III. വീണ്ടെടുപ്പ്: പ്രായശ്ചിത്തത്തിന്റെ (പാപ പരിഹാരത്തിന്റെ) പാപത്തോടുള്ള ബന്ധം.

വീണ്ടെടുപ്പ് ദൈവത്തോടും മനുഷ്യനോടും ചേർന്നിരിക്കുന്നതാണെങ്കിലും, ക്രിസ്തുവിന്റെ ബലിയർപ്പണത്തിന്റെ പാപത്തോടുള്ള ബന്ധത്തിലുള്ള പ്രധാന

[2] ഇതിന്റെ അർത്ഥം ഒരുപക്ഷേ പാപത്തോടുള്ള ബന്ധത്തിൽ നമുക്ക് പ്രയോജനം ഉണ്ടായിരിക്കണമെന്നാണ്. എന്നാൽ ക്രിസ്തു മരിച്ച് **പാപം** എന്ന പ്രയോജനം ഉണ്ടാക്കുവാനല്ല. എന്നിരുന്നാലും ക്രിസ്തു മരിച്ച് നമ്മുടെ കുറ്റം ഏറ്റെടുത്ത് അതായത് ഒരു പകരക്കാരനായി തീർന്നു എന്നു അർത്ഥമാണ് ഈ പ്രസ്താവനയെ കൂടുതൽ വ്യക്തതയുള്ളതാക്കി തീർക്കുന്നത്. അവൻ നമ്മുടെ കുറ്റം വഹിച്ചു (ഗലാത്യർ 1: 4 കാണുക).

കാര്യമിതാണ്. ക്രിസ്തു വീണ്ടെടുപ്പു വില കൊടുക്കുകയും മനുഷ്യനെ പാപത്തിന്റെ അടിമത്തത്തിൽ നിന്നു വിടുവിക്കുകയും ചെയ്തു. ക്രിസ്തു നമ്മെ പാപത്തിൽ നിന്നു വീണ്ടെടുത്തു എന്നു പറഞ്ഞാൽ അവൻ നമ്മെ വിലക്കു വാങ്ങിയെന്നാണ്. കൂടുതൽ വ്യക്തമായി പറഞ്ഞാൽ ഒരു ബന്ദിയെയോ, അടിമയെയോ, ഒരു യുദ്ധത്തടവുകാരനെയോ മോചനദ്രവ്യം കൊടുത്തു വീണ്ടെടുക്കുന്നതുപോലെ ക്രിസ്തു നമ്മെ വിലകൊടുത്തു പാപത്തിന്റെ (ന്യായപ്രമാണത്തിന്റെ ശാപത്തിന്റെ) അടിമത്തത്തിൽ നിന്നു വിലയ്ക്കുവാങ്ങി. വീണ്ടെടുപ്പിൽ രണ്ടു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു വില നൽകുന്നതും പൂർണ്ണമായ അർത്ഥത്തിൽ അടിമയെ മോചിപ്പിക്കുന്നതുമാണ്.

വീണ്ടെടുപ്പെന്ന വാക്കിനു മൂലഭാഷയിൽ രണ്ടു പദകുടുംബത്തിൽ ഉൾപ്പെട്ട വിവിധ രൂപത്തിലുള്ള നിരവധി വാക്കുകളുണ്ട്. കാരണം, *വീണ്ടെടുപ്പ്* (*redemption*) പുരാതനലോകത്തിൽ സാധാരണയായി ഉപയോഗിച്ചു കൊണ്ടിരുന്ന വാക്കുകളിലൂടെ ആളുകൾ ആശയ വിനിമയം നടത്തിയിരുന്നു. ഇതിന്റെ ലൗകികവും ആത്മീയവുമായ ഉപയോഗങ്ങളെപ്പറ്റി പഠിക്കുന്നത് സഹായകരമാണ്. പുതിയ നിയമ എഴുത്തുകാർ ലൗകികമായി ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു വാക്കെടുത്ത് അതിന് ഒരു വേദശാസ്ത്രപരമായ അർത്ഥം നൽകി.

A. *അഗോറാസ്മോ*(ക്രിയാ) - വീണ്ടെടുക്കുക, വില കൊടുത്തു വാങ്ങുക

1. ലൗകികമായ ഉപയോഗം - അഗോറാസോ അഗോറയുമായി "ചന്തസ്ഥലം" (പ്രവൃ. 17:17). ബന്ധപ്പെട്ടിരിക്കുന്നു. കച്ചവടം ഉറപ്പിക്കുന്നതിനു സാധാരണയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു വാക്കാണിത്. [3] ഭവനങ്ങൾ, ഗോതമ്പ്, അടിമകൾ ഇവയൊക്കെ വാങ്ങുന്നതിന് ഇത് ഉപയോഗിച്ചതിന്റെ അനേകം തെളിവുകളുണ്ട്. *അഗോറാസ്മോ* അടിമകളെ വാങ്ങുന്നതിനുപയോഗിക്കുമെങ്കിലും, പൊതുവായി വാങ്ങലിനുപയോഗിക്കുന്ന ഒരു അടിസ്ഥാന പദമാണിത്. [4]

2. ദൈവവചനത്തിലെ ഉപയോഗം - സെപ്റ്റുജിന്റിൽ *അഗോറാസ്മോ* ഉപയോഗിച്ചിരിക്കുന്നത് പൊതുവായി എന്തെങ്കിലുമൊക്കെ വാങ്ങുന്നതിനാണ്. (ഉദാഹരണം യോസേഫിന്റെ സഹോദരന്മാർ അവനിൽ നിന്നു ധാന്യം വാങ്ങുന്നു ഉല്പ. 41-46 അദ്ധ്യായങ്ങൾ) ഉപയോഗിക്കുന്നകയ്യെഴുത്ത് പ്രതിക്കനുസരിച്ച് പുതിയ നിയമത്തിൽ അഗോറാസോ 30-31 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം വാങ്ങുക, മേടിക്കുക തുടങ്ങിയവയാണ്. സാധാരണയായി ദൈവശാസ്ത്രപരമായും അല്ലാതെയും ഉപയോഗിച്ചിട്ടുണ്ട്. (ഉദാ. ഒരു വയലോ, നിധിയോ വാങ്ങുക മത്താ. 13:44, 46; 27:7; ഭക്ഷണം-മത്തായി 14:15, യേശുവിന്റെ ശവസംസ്ക്കാരത്തിനാവശ്യമായ സുഗന്ധവർഗ്ഗം-മർക്കോസ് 15:46; 16:1; ദൈവാലയത്തിൽ വിൽക്കുന്നവരും വാങ്ങുന്നവരും-മർക്കോ. 11:15; നിലവും കാളയും ലൂക്കോസ് 14:18-19).

അഗോറാസ്മോ എന്ന വാക്ക് അനേകം പ്രാവശ്യം പുതിയ നിയമ എഴുത്തുകാർ വിശ്വാസികളുടെ രക്ഷയോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നു (1 കൊരി. 6:20, 7:23; വെളി. 5:9; 14:3, 4). ഈ വാക്യങ്ങളിലെല്ലാം നാം കാണുന്നത് വീണ്ടെടുപ്പ് ഭൂതകാലത്തിൽ സംഭവിച്ചതായിട്ടാണ്. രക്ഷിക്കപ്പെടാത്തവരോടുള്ള ബന്ധത്തിൽ *അഗോറാസ്മോ* ഒരു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (2 പത്രൊ. 2:1).

> ...നിങ്ങളെ വിലയ്ക്കു **വാങ്ങിയിരിക്കയാൽ** (1 കൊരി. 6:20).
>
> പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ട് സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിൽ നിന്നുള്ളവരെ ദൈവത്തിനു വിലയ്ക്കു **വാങ്ങി**" (വെളി. 5:9).
>
> എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ചു തങ്ങളെ വിലക്കു **വാങ്ങിയ** നാഥനെ തള്ളിപ്പറഞ്ഞ് തങ്ങൾക്കു തന്നെ ശീഘ്രനാശം വരുത്തും (2 പത്രൊ. 2:1).

3. സമാപനം: *''ചിലത് വാങ്ങുന്നതിന്''* ഉപയോഗിക്കുന്ന ഒരു സാധാരണ വാക്കാണ് *അഗോറാസ്മോ*. ആളുകളെ മേടിക്കുന്നതിനു ഇത് ഉപയോഗിക്കാം എന്നാൽ വസ്തുക്കൾ വാങ്ങുന്നതിനോടു ബന്ധപ്പെട്ടാണ് ഇതു സാധാരണയായി ഉപയോഗിക്കാറുള്ളത്. വിലകൊടുത്ത് വാങ്ങുന്നതിനും (ക്രിസ്തുവിന്റെ തകർന്ന ശരീരവും ഒഴുകിയ രക്തവും) അതിന്റെ ഫലമായി സംഭവിക്കുന്ന ഉടമസ്ഥാവകാശത്തിലുള്ള മാറ്റത്തിനുമാണ് *അഗോറാസ്മോ* പ്രാധാന്യം കൊടുക്കുന്നത്. തുടർന്നു വരുന്ന വീണ്ടെടുപ്പിന് ഉപയോഗിച്ചിരിക്കുന്ന ചില വാക്കുകളെപ്പോലെ ഇത് അടിമത്തത്തിൽ നിന്നുള്ള മോചനം എന്ന ആശയത്തിനു വലിയ പ്രാധാന്യം നൽകുന്നില്ല. അതുകൊണ്ട് അവിശ്വാസികളുടെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ

---

[3] James Hope Moulton and George illigan, *The Vocabulary of the Greek Testament* (1930; Glasgow, Scotland: Hodder and Stroughton Limited, 1972) 6.

[4] Leon Morrsi, *The Apostolic Preaching of the Cross*, 3 rd ed. (1965; Grand Rapids: Wm B. Eerdman publishing Co. 1980) 53- 55.

ഉപയോഗിക്കുവാൻ അനുയോജ്യമായ വാക്കാണിത്. ക്രിസ്തു വീണ്ടെടുപ്പു വില നൽകി. അവരെ വില നൽകി സ്വന്തമാക്കിയെങ്കിലും അവരെ മോചിപ്പിച്ചില്ല

B. *എക്സാഗോറാസോ*(ക്രിയാ) - ഈ വാക്ക് *അഗോറാസോ*യുടെ മുമ്പിൽ *എക്സ്* (പുറത്തേക്ക്) ചേർത്ത താണ്. ഇതിന്റെ അർത്ഥം ''വീണ്ടെടുക്കുക" "വാങ്ങുക" തുടങ്ങിയവയാണ്.

1. ലൗകികമായി (പൊതുവായ) ഉപയോഗിക്കുന്ന തിന്റെ ചില പശ്ചാത്തലങ്ങളിൽ, നഷ്ടപ്പെട്ടുപോയ ചിലത് തിരികെ വാങ്ങുക എന്ന അർത്ഥമാണ് ഈ വാക്കിനുള്ളത്. ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായമനുസരിച്ച് ക്രിസ്തു ഒരിക്കൽ തനിക്കുണ്ടായിരുന്നവരും എന്നാൽ പാപത്തിനു അടിമകളായിത്തീർന്നവരുമായ ജനത്തെ വിലയ്ക്കുവാങ്ങി. [5]

2. പുതിയ നിയമത്തിൽ *എക്സാഗോറാസോ* 4 പ്രാവശ്യം മാത്രമെ ഉപയോഗിച്ചിട്ടുള്ളൂ. സമയത്തിന്റെ ഉടസ്ഥാവകാശം കാത്തുസൂക്ഷിക്കുവാൻ ഒരു വില കൊടുക്കുന്നതിനോടുള്ള ബന്ധത്തിലാണ് 2 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് (സമയം വീണ്ടെക്കുക) (എഫെ. 5:16; കൊലൊ. 4:5).

ശേഷിക്കുന്ന 2 പ്രയോഗങ്ങൾ രക്ഷയുടെ ഉപദേശത്തോടുള്ള ബന്ധത്തിൽ പ്രാധാന്യമർഹിക്കുന്നു. ക്രിസ്തു വിശ്വാസികളെ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു വിലക്കുവാങ്ങിയെന്നാണ് അവ പഠിപ്പിക്കുന്നത് (ഗലാ. 3:13; 4:5). ഇത് പാപത്തിൽ നിന്നു വീണ്ടെടുക്കുന്നു എന്നു പറയുന്നതുപോലെയാണ്. കാരണം, പാപമാണ് ന്യായ പ്രമാണത്തിന്റെ ശാപത്തിന്റെ കാരണം. ഈ രണ്ടു വേദാ ഗങ്ങളിലും വീണ്ടെടുപ്പ് വിശ്വാസികളോടുള്ള ബന്ധ ത്തിൽ സംഭവിച്ചു കഴിഞ്ഞതായിട്ടാണ് കാണുന്നത്. കാരണം ക്രിസ്തു വീണ്ടെടുപ്പു വില നൽകിയിരിക്കുന്നു. അതുകൊണ്ട് വിശ്വാസികൾ ന്യായപ്രമാണത്തിന്റെ ശാപ ത്തിൽ നിന്നു മോചനം നേടിക്കഴിഞ്ഞു. (ന്യായപ്രമാണ ത്തിനു തന്നെ മാറ്റം സംഭവിച്ചിരിക്കുന്നു).

> ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ **വിലയ്ക്കു വാങ്ങി** (ഗലാ.13:13).
>
> അവൻ ന്യായപ്രമാണത്തിൽ കീഴുള്ളവരെ **വിലയ്ക്കു വാങ്ങിയിട്ട്**.... (ഗലാ. 4:5).

അഗോറാസോയിൽ നിന്നു വിഭിന്നമായി *എക്സാഗോറാസോ* **വിശ്വാസികളോടുള്ള** ബന്ധത്തിൽ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്, മാത്രമല്ല അത് **പൂർണ്ണമായ വിടുതലിനെ** കാണിക്കുന്നു. പുറത്തേക്ക് എന്നുള്ള അർത്ഥത്തിൽ *എക്സ്* ഉപയോഗിക്കുമ്പോഴാണോ അതോ ഉപയോഗിച്ചിരിക്കുന്നതിന്റെ പശ്ചാത്തലത്തിലും വിഷയവിവരത്തിലുമാണോ മോചനം എന്ന ചിന്ത അധി കമായി വരുന്നതെന്നു തീരുമാനിക്കുവാൻ ബുദ്ധിമുട്ടാ ണ്. എക്സാഗോറാസോ എന്ന വാക്കിനോട് ചേർന്നു വരുമ്പോൾ അർത്ഥം **വിലയ്ക്കുവാങ്ങുക, പുറത്തേക്കു കൊണ്ടുവരിക** എന്നാണ്.

C. *ലൂട്രോ* (ക്രിയ)- ഈ വാക്ക് വ്യക്തമാക്കുന്ന അർ ത്ഥം സ്വതന്ത്രമാകുന്നതിനുവേണ്ടി മറുവില കൊടുക്കുക എന്നാണ്. ഇതിന്റെ അർത്ഥം "മറുവില കൊടുക്കുക," "വീണ്ടെടുക്കുക".

1. ലോകപരമായ (പൊതുവായ) ഉപയോഗത്തിൽ *ലൂട്രോ* അർത്ഥമാക്കുന്നത് മുൻപേ സ്വന്തമായിരുന്നതിനെ വീണ്ടും വാങ്ങുക എന്ന ആശയത്തിലാണ് ഉദാഹരണ ങ്ങളിൽ താഴെപ്പറയുന്നവയും ഉൾപ്പെട്ടിരിക്കുന്നു. "പണ യംവച്ച പുതപ്പ് ഇതുവരെ പണയക്കാരനിൽ നിന്നു വീണ്ടെടുത്തിട്ടില്ല" "എന്റെ വസ്തുവക ദയവായി വീണ്ടെ ടുക്കുക"[6] വീണ്ടും വാങ്ങുക എന്ന ആശയത്തിനു കൂടു തൽ പ്രധാന്യം ഉണ്ടെന്നു മാത്രമല്ല ലൂട്രോ അടിമകളെ **സ്വതന്ത്ര**മാക്കുന്നതിന് നൽകിയ വിലയ്ക്കും പ്രാധാന്യം നൽകുന്നു. ഒന്നാം നൂറ്റാണ്ടിൽ ആരെങ്കിലും ഈ വാക്ക് കേട്ടാൽ അവൻ സ്വാഭാവികമായി ചിന്തിക്കുന്നത് അടി മകളെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കുവാൻ നൽകിയ വീണ്ടെടുപ്പു വിലയെയാണെന്നു മോറിസ് പഠി പ്പിക്കുന്നു.[7] ബന്ദികളെ വിടുവിക്കുവാൻ മോചനമൂല്യം നൽകുന്ന ആശയത്തെക്കുറിച്ചു ജോസീഫസിൽ നിന്ന് ഉദ്ധരിക്കുന്നതു ശ്രദ്ധിക്കുക ''അവന്റെ (മഹാനായ ഹെരോദാവിന്റെ) സഹോദരനു എന്തുസംഭവിച്ചു എന്നു അറിയാതെ തന്റെ ശത്രുക്കളുടെ കയ്യിൽ നിന്നു അവനെ വീണ്ടെടുക്കുവാൻ (*ലൂട്രോ*) അവൻ തിടുക്കം കാണി ച്ചു, അവന്റെ വീണ്ടെടുപ്പു വിലയായി 300 താലന്ത് കൊടു ക്കുവാൻ ഒരുക്കവുമാണ്.[8]

ലൗകികമായ ഉപയോഗത്തിൽ ഒരു ബന്ദിയുടെ, തടവു കാരന്റെ അടിമയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നൽകുന്ന വിലയ്ക്കാണു *ലൂട്രോ* പ്രാധാന്യം നൽകുന്നത്. *ലൂട്രോ* പദകുടുംബത്തിന്റെ പശ്ചാത്തലത്തിൽ, ലൗകികമായ അർത്ഥത്തിൽ ഒരു വീണ്ടെടുപ്പ് വില നൽകുന്ന ആശയ ത്തിൽ ലൂട്രോ പുതിയ നിയമത്തിൽ കാണാം. [9]

2. ലൂട്രോ പുതിയനിയമത്തിൽ 3 സ്ഥലത്ത് കാണുന്നു

---

5. Moulton and Milligan 220; and Walter Baur, *The Greek- English Lexicon of the New Testament and other Early Christian Literature*, trans. Wm. F. Arndt and Wibur Gingrich (Chicago: University of Chiago Press, 1957) 271

6. Moulton and Milligan 383

7. Moris 14

8. Josephus, *The works of josephus*, trnas, William Whiston (Peabody, Massachusetts: Hendrickson Publishers, 1985) 308.

9. ലൂക്കോ. 1:68, 2:38, 24:21 എന്നീ വേദഭാഗങ്ങളിൽ വീണ്ടെ

(ലൂക്കോ. 24:21; തീത്തോ. 2:14; 1 പത്രോ. 1:18-19)

> അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും **വീണ്ടെടുത്ത്** സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തിയുള്ളൊരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു. (തീത്തൊ. 2:14).
>
> വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ **വീണ്ടെടുത്തിരിക്കുന്നതു** പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ എന്നു നിങ്ങൾ അറിയുന്നുവല്ലോ (1 പത്രോ. 1:18-19).

ഈ രണ്ട് വേദഭാഗങ്ങളും ശ്രദ്ധിക്കുക വീണ്ടെടുപ്പു വിലയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. തീത്തൊ. 2:14-ൽ നാം കാണുന്നത് ക്രിസ്തു **തന്നെത്താൻ** നമുക്കുവേണ്ടി കൊടുത്തു എന്നാണ്. 1 പത്രോ. 1:18 - ൽ കാണുന്നത് വീണ്ടെടുപ്പിന് അടിസ്ഥാനമായി വിലയായി നൽകിയത് തന്റെ **വിലയേറിയ രക്തമാണ്.** ആധുനിക ചിന്തകന്മാർ കരുതുന്നത് വീണ്ടെടുപ്പെന്നു പറഞ്ഞാൽ വെറുതെ വിടുതലെന്നു മാത്രമാണെന്നാണ്. അതിനു വിടുതലിനോടു ബന്ധമുണ്ട്. എന്നാൽ വിടുതൽ ലഭിക്കുവാൻ നൽകിയ വിലയും പുതിയ നിയമത്തിൽ പ്രാധാന്യത്തോടെ പറഞ്ഞിരിക്കുന്നു. തീത്തൊസ് 2 ലും 1 പത്രൊസ് 1 - ലും വിശ്വാസിക്ക് ഭൂതകാലത്തിൽ വീണ്ടെടുപ്പു സംഭവിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. 1 പത്രോ. 1:18-19 വേദഭാഗത്ത് ഏറ്റവും വ്യക്തമായ നിലയിൽ ഇതു രേഖപ്പെടുത്തിയിരിക്കുന്നു. (തീത്തൊ. 2-ൽ പാപത്തിന്റെ ശക്തിയിൽ നിന്നു വിശ്വാസിക്ക് ഇപ്പോൾ ലഭിക്കുന്ന വിടുതലിനെയും ഉൾക്കൊള്ളിച്ചിരിക്കുന്നു).

നഷ്ടപ്പെട്ടുപോയവർ പാപത്തിന്റെ ദാസന്മാരും (യോഹ. 8:34; റോമ. 6:6, 14, 17; 20; 7:14) മരണഭീതിയുടെ അടിമകളുമായിട്ടാണ് (എബായർ 2: 14-15) ബൈബിൾ ചിത്രീകരിച്ചിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ ലോകപരമായ ല്യൂട്രോ പദകുടുംബത്തെ സാധാരണയായി അടിമകളുടെ വിടുതലിനാണ് ഉപയോഗിക്കുന്നത്. മാത്രമല്ല, ബൈബിളിൽ കാണുന്നത് മനുഷ്യൻ പാപത്തിന്റെ അടിമയായിട്ടാണ്, മാത്രമല്ല തീത്തോസ് 2 ലും 1 പത്രോ. 1 ലും നാം കാണുന്നത് മുമ്പിലത്തെ ദുഷ്ടതയിൽ[10] നിന്നുള്ള വിടുതലിനെയാണ്. ദൈവവചനം എഴുതിയവർ വീണ്ടെടുപ്പിനെ ചൂണ്ടിക്കാണിക്കുവാനുള്ള വാക്കുകൾ തിരിഞ്ഞെടുത്തപ്പോൾ, ഒരു തടവകാരനെയോ അടിമയെയോ മറുവില നൽകി വീണ്ടെടുക്കുന്ന ചിത്രമായിരുന്നു അവരുടെ മനസ്സിലുണ്ടായിരുന്നത്. ക്രിസ്തു മറുവില നൽകി പാപത്തിന്റെ അടിമകളെ വാങ്ങി അവരെ സ്വതന്ത്രരാക്കി.

അഗോറാസ്മോ വീണ്ടെടുപ്പുവിലയെയും ഉടമസ്ഥ കൈമാറ്റത്തെയും ചൂണ്ടിക്കാണിക്കുന്നു എന്നാൽ വിടുതലിനെപ്പറ്റി ഒന്നും പറയുന്നില്ല അതുകൊണ്ടാണു രക്ഷിക്കപ്പെടാത്തവരെക്കുറിച്ച് ഇത് ഉപയോഗിക്കുന്നത്. ലൂട്രോ **വിലയും വിടുതലും** ഒരുപോലെ ഊന്നിപ്പറയുന്നു. അതുകൊണ്ട് ഇത് അവിശ്വാസികളോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിട്ടില്ല.

D. ലൂട്രോൺ (നാമം) ഇതിന്റെ അർത്ഥം "മറുവില" "വിടുതൽ ഉറപ്പാക്കുവാൻ നൽകുന്ന വില"

1. ലൗകികമായ ഉപയോഗത്തിൽ, പുരാതന ലോകത്തിൽ അടിമകളെ സ്വതന്ത്രരാക്കാൻ ഉപയോഗിച്ചിരുന്ന വാങ്ങൽ വിലയെ ചൂണ്ടിക്കാണിച്ചിരുന്നു.[11] ജോസീഫസിന്റെ രചനകളിൽ അനേകം ഭാഗങ്ങൾ ലൂട്രോൺ "വീണ്ടെടുപ്പു വില" യെന്ന നിലയിൽ രേഖപ്പെടുത്തിയിരിക്കുന്നു. [12]

2. പുതിയ നിയമത്തിൽ 2 പ്രാവശ്യം ലൂട്രോൺ രേഖപ്പെടുത്തിയിരിക്കുന്നു. രക്ഷയെന്ന ഉപദേശത്തിൽ ഈ രണ്ടു വേദഭാഗങ്ങളും വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഈ രണ്ടു വേദഭാഗങ്ങളും പ്രതിപകരപാപപരിഹാരത്തെ വളരെ വ്യക്തമായി പഠിപ്പിക്കുന്നതാണ്.

> മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ **മറുവിലയായി** കൊടുപ്പാനും വന്നതുപോലെ തന്നെ എന്നു പറഞ്ഞു(മത്താ. 20:28).
>
> മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ **മറുവിലയായി** കൊടുപ്പാനും അത്രെ വന്നത് (മർക്കോസ് 10:45).

ക്രിസ്തു പഠിപ്പിച്ച മറുവില തന്റെ ജീവനാണ്. ആന്റി (Anti) എന്നത് "നമുക്ക് പകരമായി" നമ്മുടെ സ്ഥാനത്ത് ഒരു പകരക്കാരൻ എന്ന അർത്ഥത്തിൽ നാം മനസ്സിൽ കരുതുമ്പോൾ വില എന്ന ആശയം ശക്തിയായി ഉയർന്നുവരും. അവന്റെ ജീവൻ നമുക്കു പകരമായി

ടുപ്പു വിലയെപ്പറ്റി പരാമർശമില്ല. എന്നാൽ ഈ വാക്യങ്ങൾ യിസ്രായേലിന്റെ ദേശീയമായ വീണ്ടെടുപ്പിനെക്കുറിച്ചാണു പ്രാഥമികമായി പറയുന്നത്.

[10] തീത്തോസ് 2:14 കാണുന്നത് അവൻ "സകല അധർമ്മത്തിൽ നിന്നും" വീണ്ടെടുത്തു എന്നാണ്. 1 പത്രോ. 1:18-ൽ കാണുന്നത് വ്യർത്ഥവും പിതൃ പാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു" വീണ്ടെടുത്തിരിക്കുന്നുയെന്നാണ്.

[11]. Moulton and Milligan - 382-383; Baur, Arndt, and Gingrich 483-84.

[12]. Gerhard Kittel, ed., *Theological Dictionary of the New Testament*, Vol. 4, trans. Geoffey W. Bromiley (Grand Rapids: Wm. B. Eerdman publishing Co.,1967) 340.

മറുവിലയായിത്തീർന്നു. അത് നമ്മുടെ സ്ഥാനത്തും നമ്മെ വിലക്കുവാങ്ങുവാനുമാണ്.

E. *ലൂട്രോസിസ്* (നാമം)

ഈ വാക്ക് പുതിയ നിയമത്തിൽ വീണ്ടെടുപ്പിനു വേണ്ടി 3 പ്രാവശ്യം മാത്രം ഉപയോഗിച്ചിരിക്കുന്നു (ലൂക്കോ. 1:68; 2:38; എബ്രാ. 9:12). ഈ വാക്കും തുടർന്നു വരുന്ന *അപ്പൊലൂട്രോസിസ്* എന്ന സംഘടിത രൂപവുമായി ചേർത്ത് പഠിക്കാവുന്നതാണ്. എബ്രാ. 9:12 "എന്നേക്കുമുള്ള വീണ്ടെടുപ്പ്" എന്നു കാണുന്നത് വളരെ പ്രാധാന്യമുള്ളതാണ്. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് ഒരിക്കൽ ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയാൽ സ്ഥാനീയമായി പിന്നെ ഒരിക്കലും പാപത്തിന്റെ അടിമനുകത്തിന്റെ കീഴിൽ ആകുന്നില്ല. ഒരു വിശ്വാസി പിന്നെയും പാപത്തെ സേവിക്കുവാൻ സാധ്യതയുണ്ട്. എന്നാൽ അവൻ ഒരിക്കലും പാപത്തിന്റെ ദാസൻ ആകുന്നില്ല. സമ്പൂർണ്ണവും നിലനിൽക്കുന്നതുമായ വിടുതൽ ക്രിസ്തുവിന്റെ ക്രൂശുമൂലം ലഭിച്ചു "വീണ്ടെടുപ്പ്" എന്ന് ലൂട്രോസിസ് പരിഭാഷപ്പെടുത്തുമ്പോൾ ലഭിക്കുന്നത് "ഒരു വില നൽകി വിടുതൽ നേടുന്നു" എന്ന ആശയമാണ്.

F. *അപ്പൊലൂട്രോസിസ്* (നാമം)

ഈ പദം കൊണ്ട് അർത്ഥമാക്കുന്നത്

1. പുരാതന മതേതരലോകത്തിൽ *അപ്പൊലൂട്രോസിസ്* തുടർച്ചയായി ഉപയോഗിച്ചിരുന്നു. *ഒരു വില നൽകി ബന്ദികളെ, അടിമകളെ വിടുവിക്കുന്നതിനെയാണ് ഇത് ഉപയോഗിച്ചിരിക്കുന്നത്.*[13] അടിമത്തത്തിലായിരിക്കുന്ന നഗരങ്ങളെ വിടുവിക്കുന്നതിനായി പ്ലൂട്ടാർക്ക് ഇത് ഉപയോഗിച്ചിരിക്കുന്നു.[14] തന്റെ വീണ്ടെടുപ്പിന് ആരുമില്ലാത്തതിനാൽ ആത്മഹത്യ ചെയ്ത ഒരു അടിമയെക്കുറിച്ച് ഫിലോ പറഞ്ഞിരിക്കുന്നു.[15] ഓരോ വ്യക്തിക്കും '20 ദ്രഹ്മ'വിലയായി നൽകി യുദ്ധത്തടവുകാരെ വിടുവിക്കുന്നതിനോടുള്ള ബന്ധത്തിൽ അരിസ്റ്റിയാസിന്റെ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.[16] "500 താലന്തിലധികമായി" വില നൽകി തടവുകാരെ മോചിപ്പിക്കുന്നത്. ജോസീഫസ് ഒരു ഭാഗത്ത് പറഞ്ഞിരിക്കുന്നു.[17] ഇങ്ങനെയുള്ള പശ്ചാത്തലങ്ങളിൽ വിലകൊടുത്തു വാങ്ങുക എന്ന ചിന്തയാണ് സാധാരണയായി വരുന്നത്. *അപ്പൊലൂട്രോസിസ്* എന്ന വാക്ക് കാണുമ്പോൾ ആദ്യ വായനക്കാർക്ക് ഒരു സംശയവും ഉണ്ടായിരുന്നില്ല, ഒരു ബന്ദിയുടെ/അടിമയുടെ സ്ഥിതിയെക്കുറിച്ചു അവർ ചിന്തിച്ചു. മറ്റു ചിലർ വില നൽകിയതിന്റെ ഫലമായി ഒരു വ്യക്തി സ്വതന്ത്രനാകുന്നു.

[13] Baur, Arndt, and Gingrich 95; Moris 16.
[14] Ibid. 16
[15] Ibid. 16-17
[16] Ibid.
[17] Ibid

2. *അപ്പൊലൂട്രോസിസ്* പുതിയ നിയമത്തിൽ 10 പ്രാവശ്യം കാണുന്നു. സാധാരണയായി വിടുതൽ നേടുന്നതിനു വേണ്ടിയുള്ള വില പ്രത്യേകമായി പറഞ്ഞിരിക്കുന്നു (രക്തം റോമ. 3:24-25; എഫെ. 1:7; കൊലൊ. 1:14 [18]; മരണവും രക്തവും -എബ്രായർ 9:12, 15; എഫെ. 1:14, പശ്ചാത്തലമനുസരിച്ച്).

> അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ **വീണ്ടെടുപ്പു** മൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവന്റെ **രക്തം** മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. (റോമർ 3:24-25).
>
> അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന **വീണ്ടെടുപ്പ്** ഉണ്ട് ..... (എഫെ. 1:7).
>
> അതുനിമിത്തം ആദ്യനിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള **വീണ്ടെടുപ്പിനായി** ഒരു മരണം ഉണ്ടായിട്ടു നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്ക് ലഭിക്കേണ്ടതിനു അവൻ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു (എബ്രാ. 9:15).

മറുവില എന്ന് ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ പുരാതനമായ സാധാരണ ഉപയോഗം തന്നിരിക്കുമ്പോൾ, വില നൽകുന്നതിനെക്കുറിച്ചാണു ബൈബിളിലെ പൊതുവായ പഠിപ്പിക്കൽ നൽകുമ്പോൾ, വിലയെ ഊന്നിപ്പറഞ്ഞിരിക്കുന്ന ഈ വേദഭാഗങ്ങളുടെ വെളിച്ചത്തിൽ വീണ്ടെടുപ്പിന്റെ ലൗകികമായ ആശയത്തോട് ദൈവശാസ്ത്രപരമായ വീണ്ടെടുപ്പെന്ന ആശയം അടുത്തുവരുന്നു. പാപത്തിന്റെ അടിമകളായിരുന്നവരെ അവിടെ നിന്നു വിടുവിച്ചു സ്വതന്ത്രരാക്കുവാൻ വേണ്ടി ക്രിസ്തു വീണ്ടെടുപ്പുവില നൽകി. മരണത്തിലൂടെ നൽകിയ തന്റെ ജീവനും തകർന്ന ശരീരവും ചിന്തിയ രക്തവുമായിരുന്നു അതിന്റെ വില.

വീണ്ടെടുപ്പ് ഭൂതകാലത്തിൽ സംഭവിച്ചതായും സാധാരണയായി പുതിയനിയമത്തിൽ കാണാം. *അപ്പൊലൂട്രോസിസ്* ഭാവിയിൽ നടക്കുവാൻ പോകുന്ന വീണ്ടെടുപ്പിനെ കാണിക്കുവാൻ 3 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (റോമ. 8:23; എഫെ. 1:14; എഫെ. 4:30). വീണ്ടെടുപ്പിന് ഒരു ഭാവികാലവശമുണ്ട്. കാരണം, പാപത്തിൽ നിന്നും അതിന്റെ എല്ലാ സ്വാധീനങ്ങളിൽ നിന്നുമുള്ള പൂർണ്ണമായ വിടുതൽ (സ്വാതന്ത്ര്യം) നമ്മുടെ ശരീരത്തിൽ സംഭവിക്കുന്നത് ഭാവിയിലാണ്. ഈ വീക്ഷണ കോണിൽ

[18] മൂലഗ്രന്ഥത്തിൽ *രക്തം* എന്നു കാണുന്നില്ലെങ്കിൽ, സമാന്തര വേദഭാഗമായ എഫെ. 1:1:7 അനുസരിച്ച് വീണ്ടെടുപ്പ് വില രക്തം തന്നെയാണ്.

നിന്നു നോക്കുമ്പോൾ, വിശ്വാസികൾ തങ്ങളുടെ പൂർണ്ണമായ വീണ്ടെടുപ്പ് ഭാവിയിൽ സംഭവിക്കുന്നതു കാത്തിരിക്കുന്നു.

> ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ **വീണ്ടെടുപ്പായ** പുത്രത്വത്തിനു **കാത്തുകൊണ്ട്** ഉള്ളിൽ ഞരങ്ങുന്നു (റോമർ 8:23).
>
> തന്റെ സ്വന്ത ജനത്തിന്റെ **വീണ്ടെടുപ്പിനുവേണ്ടി** തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായി വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു (എഫെ. 1:14).
>
> ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്. അവനാലല്ലോ നിങ്ങൾക്ക് **വീണ്ടെടുപ്പു** നാളിനായി മുദ്രയിട്ടിരിക്കുന്നത് (എഫെ. 4:30).

വീണ്ടുപ്പിന്റെ ഭാവികാലവശത്തെ നാം കാത്തിരിക്കേണ്ടതാണ്. എന്നാലും ഇത് അടിസ്ഥാനപ്പെട്ടിരിക്കുന്നത് ഭൂതകാലത്തിൽ ക്രൂശിൽ നൽകിയ വിലയിലും വിശ്വാസി രക്ഷിക്കപ്പെട്ട സമയത്ത് അനുഭവിച്ചു കഴിഞ്ഞ വിടുതലിലുമാണ്. പുതിയനിയമത്തിൽ നാം കൂടുതൽ കാണുന്നത് വീണ്ടെടുപ്പ് ഭൂതകാലത്തിൽ സംഭവിച്ചതും അതിന്റെ നന്മകൾ അനുഭവിക്കുന്നതും ആണ് (ഉദാ. എഫെ. 1:7) "നമുക്ക് വീണ്ടെടുപ്പുണ്ട്;" 1 കൊരി. 1:30). വിശ്വാസികൾ പാപത്തിന്റെ ശിക്ഷയിൽ നിന്നും വാഴ്ചയിൽ നിന്നും വീണ്ടെടുക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മാത്രമല്ല ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും വിശ്വാസി വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നുള്ള ഏതൊരു ഭാവികാല വീണ്ടെടുപ്പിന്റെയും അടിസ്ഥാനം ഇതാണ്. [19]

എല്ലാ പശ്ചാത്തലങ്ങളിലും *അപ്പൊലൂട്രോസിസ്* **പൂർണ്ണമായ വീണ്ടെടുപ്പിനെ**ക്കുറിച്ചു പറയുന്നുണ്ട്. അതുകൊണ്ട് *അഗോറാസോ* ഉപയോഗിച്ചതുപോലെ **അവിശ്വാസികളോടുള്ള ബന്ധത്തിൽ ഉപയോഗിക്കുവാൻ കഴിയുന്നതല്ല.** '*അപ്പൊ*' ഉപയോഗിച്ചതുകൊണ്ട് വിടുതലിന്റെ ആഴം വർദ്ധിക്കുന്നതായി ചിലർ ചിന്തിക്കുന്നു ('അപ്പൊ'അർത്ഥമാക്കുന്നത് വിശ്വാസത്യാഗത്തിലെപ്പോലെ ത്യാഗം സംഭവിക്കുക, അകന്നു പോകുക തുടങ്ങിയവയാണ്).[20] മറ്റുള്ളവർ ചിന്തിക്കുന്നത് ഇത് ശൈലിയിലുള്ള ഒരു മാറ്റം മാത്രമാണെന്നും അപ്പൊ[21] മുമ്പിൽ ചേർക്കുന്നതുകൊണ്ടല്ല പശ്ചാത്തലത്തിൽ നിന്നാണ് പൂർണ്ണമായ വീണ്ടെടുപ്പ് എന്ന ആശയം വെളിപ്പെടുന്നതുമെന്നാണ്.

G. വീണ്ടെടുപ്പ് - സംഗ്രഹവും സമാപനവും

1. വീണ്ടെടുപ്പു വില ആർക്കാണ് നൽകിയതെന്നു ബൈബിൾ പറയുന്നില്ല. പിതാവായ ദൈവത്തിനു പുത്രനായ ദൈവം വില നൽകിയെന്നു ചിലർ വിശ്വസിക്കുന്നു. സാത്താന്റെ അടിമത്തത്തിൽ നിന്നു വീണ്ടെടുക്കുവാൻ ക്രിസ്തു സാത്താനു വില നൽകിയെന്നു മറ്റുള്ളവർ ചിന്തിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുന്നതല്ല. ഇവിടെ സ്വാഭാവികമായി ഉണ്ടാവുന്ന നിഗമനം ദൈവവചനം വില എന്ന ആശയത്തിനു ഊന്നൽ നൽകുന്നുവെന്നാണ്. ഒരു വിടുതലോ സ്വാതന്ത്ര്യമോ മോചനമോ മാത്രമല്ല വീണ്ടെടുപ്പ്. ഇത് വില(ക്രിസ്തുവിന്റെ മരണം, അവന്റെ രക്തം) നൽകി നേടിയ വിമോചനമാണ്

2. പാപപരിഹാരത്തിന്റെ പാപത്തോടു ബന്ധപ്പെട്ട വശമാണ് വീണ്ടെടുപ്പ്. നാം പാപത്തിൽ നിന്നു വീണ്ടെടുക്കപ്പെട്ടു (റോമ. 3:23-24; കൊലൊ. 1:14), അതിക്രമങ്ങളിൽ നിന്നു വീണ്ടെടുക്കപ്പെട്ടു, (തീത്തൊ. 2:14), ലംഘനങ്ങളിൽ നിന്നു വീണ്ടെടുക്കപ്പെട്ടു (എബ്രാ. 9:12,15). വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു വീണ്ടെടുക്കപ്പെട്ടു (1 പത്രൊ. 1:18-10). നാം പാപത്തിൽ നിന്നു വീണ്ടെടുക്കപ്പെട്ടു എന്നുള്ളതിൽ നിന്നു അത്ര വിഭിന്നമല്ല ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു വീണ്ടെടുക്കപ്പെട്ടു എന്നുള്ള ഉപദേശം (ഗലാ. 3:13; 4:5). മനുഷ്യന്റെമേൽ ന്യായപ്രമാണത്തിന്റെ ശാപം വരുവാനും അതിന്റെ ശിക്ഷ വരുവാനും കാരണമായത് പാപമാണ്. [22]

3. പദകുടുംബങ്ങളായ *'അഗോറാസോ' 'ലൂട്രോ'* ഇവ ഒരുപോലെയുള്ളതാണ്, എന്നാൽ ഇവ തമ്മിലുള്ള ചെറിയ വ്യത്യാസങ്ങൾ നമ്മുടെ വീണ്ടെടുപ്പിനെക്കുറിച്ചുള്ള അറിവു വർദ്ധിച്ചിരിക്കുന്നു.

a. ചിലത് വാങ്ങുവാനും അടിമകളെ വാങ്ങുന്നതിനും *അഗോറോസോ* പദകുടുംബം ഉപയോഗിക്കപ്പെടുമെങ്കിലും, ഏതൊരു വസ്തു വാങ്ങുന്നതിനും സാധാരണയായി ഉപയോഗിക്കുന്ന ഒരു പൊതു വാക്കാണിത്. വില നൽകുന്നതിനെയും ഉടമസ്ഥ കൈമാറ്റം നടത്തുന്നതിനും ഈ വാക്ക് ഉപയോഗിക്കുന്നു. എന്നാൽ ഇത് സ്വതന്ത്ര

---

[19] അപ്പൊലൂട്രോസ് ഉപയോഗിച്ചിരിക്കുന്ന വേറെ രണ്ടു വേദഭാഗങ്ങൾ ലൂക്കോ. 21:28, എബ്രാ. 11:35; ലൂക്കോ. 21-ൽ പറഞ്ഞിരിക്കുന്നത്. വ്യക്തികളുടെ വിടുതലിനാണോ അതൊ ഇസ്രായേലിനു അവരുടെ ശത്രുക്കളുടെ കൈയിൽ നിന്നു ലഭിക്കുന്ന ദേശിയമായ വിമോചനമാണൊയെന്നു അറിയുവാൻ ബുദ്ധിമുട്ടുണ്ട്.

[20] Richard Chenevix Trench, *Synonyms of the New Testament* (1880; Grand Rapids: Wm. B. Eerdmans Publishing Co., 1976 290.

[21] Morris

[22] ഗലാത്യർ 3-4 അദ്ധ്യായങ്ങളുടെയും എബ്രായർ 9-ാം അദ്ധ്യായത്തിന്റെ പശ്ചാത്തലം വെളിപ്പെടുത്തുന്നത് വിശ്വാസികൾ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു വിലക്കു വാങ്ങപ്പെട്ടുയെന്നു മാത്രമല്ല ന്യായപ്രമാണത്തിൽ നിന്നു തന്നെ മോചിപ്പിക്കപ്പെട്ടു എന്നാണ്.

മാകുന്നതിനെ ചൂണ്ടികാണിക്കുകയോ ചൂണ്ടിക്കാണിക്കാതിരിക്കുകയോ ചെയ്യുന്നു. മുഴുലോകത്തിന്റെയും വീണ്ടെടുപ്പിനെ ചൂണ്ടിക്കാണിക്കുവാൻ ഈ വാക്ക് ഉപയോഗിക്കുന്നു (2 പത്രൊ. 2:1). മുഴുവൻ മനുഷ്യവർഗ്ഗത്തെയും വില വിലക്കു വാങ്ങുന്നതിനു ക്രിസ്തു വില നൽകി. ഇവിടെ നൽകിയ വിലക്കും ഉടമസ്ഥ കൈമാറ്റത്തിനും പ്രാധാന്യം കൊടുക്കുന്നു.

b. വസ്തുക്കൾ വാങ്ങുന്നതിനും *ലൂട്രോ* പദകുടുംബം ഉപയോഗിക്കാം എന്നാൽ അഗോറാസോയെക്കാൾ കുറച്ചുകൂടി കൃത്യതയുള്ളതാണ് കാരണം ഇത് സാധാരണയായി അടിമകൾ, ബന്ദികൾ, തടവുകാർ ഇവരുടെ മോചനത്തോടുള്ള ബന്ധനത്തിൽ ഉപയോഗിക്കുന്നു. മുൻപു സ്വന്തമായി ഉണ്ടായിരുന്നതിനെ വീണ്ടും വാങ്ങുന്നതിന് ഇതു വളരെ വ്യക്തമായി ഉപയോഗിക്കുന്നു. ജനങ്ങൾ പാപത്തിനും മരണത്തിനും [23] അടിമത്തത്തിലാണെന്നുമുള്ള പുതിയ നിയമ പഠിപ്പിക്കലിനോടു വളരെ ചേർന്നിരിക്കുന്നതാണ്. പുരാതന ലോകത്തിലെ അടിമകളെ വില നൽകി വിടുവിക്കുന്ന ആലങ്കാരികപ്രയോഗം വിടുതലിനെക്കുറിച്ചു പറയാത്ത അഗോറാസോപോലെയല്ല, *ലൂട്രോ* പദകുടുംബം (പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നതുപോലെ) എപ്പോഴും വിടുതലിനെ കാണിക്കുന്നു. അത് പാപത്തിൽ നിന്നുള്ള മോചനം, സ്വാതന്ത്ര്യം എന്നിവയെ വെളിപ്പെടുത്തുന്നു. അതുകൊണ്ട് ഇത് അവിശ്വാസികളോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിട്ടില്ല. ക്രിസ്തു നൽകിയ വിലയുടെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യം, മോചനം എന്നിവയെ ഉറപ്പാക്കുന്നതിനും പ്രാധാന്യം കൊടുത്തിരിക്കുന്നു.

IV. നിരപ്പ് - പാപപരിഹാരത്തിന്റെ മാനുഷികതലം

A. നിരപ്പിന്റെ പശ്ചാത്തലം

മനുഷ്യൻ മുൻപും ഇപ്പോഴും ദൈവത്തിന്റെ ശത്രുവാണെന്നു നിരപ്പിനെക്കുറിച്ചുള്ള വസ്തുത മുൻകൂട്ടിക്കണ്ടിരിക്കുന്നു. ദൈവത്തോടുള്ള മനുഷ്യന്റെ ശത്രുത നിരപ്പിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന വേദഭാഗങ്ങളിൽ (റോമ. 5:10; കൊലൊ. 1:21-22) മാത്രമല്ല മറ്റ് അനേകം വേദഭാഗങ്ങളിലും കാണാം (ലൂക്കോ. 19:27; റോമ. 8:7). ഇവിടെ 'ജഡത്തിന്റെ' എന്നു പറഞ്ഞിരിക്കുന്നത് അവിശ്വാസികളോടുള്ള ബന്ധത്തിലാണ്(1 കൊരി. 15:25; ഫിലി. 3:18).

> ജഡത്തിന്റെ ചിന്ത (രക്ഷിക്കപ്പെടാത്തത്) **ദൈവത്തോട് ശത്രുതയാകുന്നു.** അത് ദൈവത്തിന്റെ ന്യായപ്രമാണത്തിനു കീഴ്പ്പെടുന്നില്ല കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല [24] (റോമ. 8: 7).
>
> ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതുപോലെ, അനേകർ **ക്രിസ്തുവിന്റെ ക്രൂശിനു ശത്രുക്കളായി നടക്കുന്നുവെന്നു** ഇപ്പോൾ കരഞ്ഞുകൊണ്ടു പറയുന്നു (ഫിലി. 3:18).

അവിശ്വാസികൾ ദൈവത്തോടുള്ള ശത്രുതയിലാണെന്നുമാണ് അനുഭവത്തിൽ വെളിപ്പെടുന്ന സത്യം. ഈ ചിത്രം പൂർത്തിയാകുന്നതിനു നാം അറിയേണ്ട കാര്യം ദൈവം തന്റെ ശത്രുക്കളെ സ്നേഹിക്കുന്നുയെന്നുള്ളതാണ് (യോഹ. 3:16; റോമ. 5:8). മനുഷ്യനാണ് ദൈവത്തോടുള്ള സ്നേഹം വിട്ട് ശത്രുവായത്. ഈ ശത്രുതയ്ക്ക് കാരണക്കാരൻ മനുഷ്യനാണ്. മനുഷ്യൻ ദൈവത്തോടു പുറംതിരിഞ്ഞ് ദൈവത്തിൽ നിന്ന് ദൂരെ അകന്നു. ദൈവം കുറ്റക്കാരനല്ല. എന്നാൽ മനുഷ്യന്റെ ശത്രുത്വത്തിനെതിരായി നീതിയോടും വിശുദ്ധിയോടും കൂടെ ദൈവം കോപിക്കുന്നു. അതുകൊണ്ട് ഈ ശത്രുത്വം ദൈവവും മനുഷ്യനും തമ്മിലുള്ളതാണെന്നു പറയുന്നതിൽ തെറ്റില്ല. മനുഷ്യൻ ദൈവത്തെ ശത്രുവായി കാണുന്നു. എന്നാൽ ദൈവവും മനുഷ്യനെ ശത്രുവായിത്തന്നെ കാണുന്നു. എന്നാൽ ഇവിടെയുള്ള വ്യത്യാസം മനുഷ്യൻ പാപിയായിട്ടാണ് ദൈവത്തോടു ശത്രുത്വം വെച്ചു പുലർത്തുന്നത്. ദൈവം മനുഷ്യനോടു ശത്രുത്വം വെച്ചുപുലർത്തുന്നത് തന്റെ ഭാഗത്തുള്ള പൂർണ്ണമായ നീതിയോടെയാണ്. മനുഷ്യനും ദൈവവുമായുള്ള ഈ അകന്ന ശത്രുത്വപരമായ ബന്ധത്തെ കാൽവറിയിലെ ക്രൂശ് എങ്ങനെ സ്വാധീനിച്ചുവെന്നാണ് നിരപ്പിന്റെ ഉപദേശം പരിഗണിക്കുന്നത്.

B. 'നിരപ്പിനു' വേണ്ടി പരിഭാഷ ചെയ്യപ്പെട്ട വാക്കുകളുടെ അർത്ഥം

1. പുരാതന മതേതര ലോകത്ത് 'നിരപ്പ്' ആരംഭിച്ചത് ഒരു പണപരമായ പ്രയോഗമായിട്ടാണ്. ഒരു കൂട്ടം നാണയങ്ങൾ മറ്റൊരു കൂട്ടവുമായി കൈമാറ്റം ചെയ്യപ്പെടുന്നു. (ഒരു നാണയം മറ്റൊരു നാണയ രൂപത്തിലോ വിദേശ നാണയ രൂപത്തിലോ ആക്കുന്നു). കാലക്രമത്തിൽ ജനങ്ങൾ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുവാൻ ഈ വാക്ക് ഉപയോഗിച്ചു വന്നു. പ്രത്യേകിച്ച് ശത്രുത്വത്തിൽ

---

[23] കാണുക യോഹന്നാൻ 5:24, 8:34, റോമർ 6:6, 14, 18, 22; 7:14, 23; 8:2; 1 കൊരി. 15:24-26; 2 തിമൊ. 1:10, എബ്രാ. 2: 14-15; 1 യോഹ. 3:14, എബ്രാ. 2:14-15 വേദഭാഗത്ത് വീണ്ടെടുപ്പ് എന്ന കൃത്യമായ വാക്ക് ഉപയോഗിച്ചിട്ടില്ലയെങ്കിലും *വീണ്ടെടുപ്പ്* എന്ന ആശയം നൽകുന്നു.

[24] റോമർ 8: 9-ൽ കാണുന്നത് ജഡത്തിൽ വസിക്കുന്നവർക്ക് പരിശുദ്ധാത്മാവില്ലെന്നും അവർ ക്രിസ്തുവിനുള്ളവരല്ലെന്നുമാണ്. അതുകൊണ്ട് പൗലോസിന്റെ തന്നെ നിർവചന മനുസരിച്ച് "ജഡത്തിൽ" എന്നുള്ളത് ഈ വേദഭാഗത്തിന്റെ പശ്ചാത്തലത്തിൽ രക്ഷിക്കപ്പെടാത്തവർ അഥവാ ദൈവാത്മാവ് ഇല്ലാത്തവരായിട്ടാണ്. ഈ കാരണത്താലാണ് വാക്യം 7-ൽ ദൈവത്തോടു എതിരായിട്ടു നിൽക്കുന്ന ദൈവത്തിന്റെ ശത്രുക്കളായിട്ട് അവരെ മാറ്റി നിർത്തിയിരിക്കുന്നത് (lacking reconciliation).

[25] Morris 215

നിന്നു സമാധാനത്തിലേക്കു ജനങ്ങൾ തമ്മിലുള്ള ബന്ധത്തിനു സംഭവിച്ച മാറ്റമാണ്.[25] ഈ പ്രയോഗത്തിന്റെ ലോകപരമായ ഉപയോഗങ്ങൾ ചില രൂപത്തിൽ ഇപ്പോഴുമുണ്ട്. പണത്തോടുള്ള ബന്ധത്തിൽ 'നിരപ്പ്' ഇപ്പോഴും ഉപയോഗിക്കുന്നു (ഉദാ. വരവു ചിലവുകളുടെ നിരപ്പ്). ബന്ധങ്ങളിൽ സംഭവിക്കുന്ന നിരപ്പ് (ഉദാ. വിവാഹജീവിതത്തിൽ പ്രശ്നങ്ങളനുഭവിക്കുന്ന ദമ്പതികളെ വീണ്ടും യോജിപ്പിക്കുന്നു)

2. ദൈവവചനത്തിൽ 'നിരപ്പ്' രക്ഷയോടുള്ള ബന്ധത്തിലും അല്ലാതെയും പറഞ്ഞിരിക്കുന്നു.

a. രക്ഷയോടു ബന്ധമില്ലാത്ത പശ്ചാത്തലത്തിൽ ബന്ധങ്ങൾ കൂടുതൽ മെച്ചമായ തലത്തിലേക്കു മാറ്റുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ശത്രുത്വത്തിൽ നിന്നു സമാധാനത്തിലേക്കും അവിടെ നിന്നു അടുത്ത സ്നേഹബന്ധത്തിലേക്കും മാറുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'ഡയലാസോ' (*diallasso*) ആണ്.

> "...ഈ ആളുകളുടെ തലകളെക്കൊണ്ടല്ലാതെ മറ്റെന്തുകൊണ്ടാകുന്നു അവൻ (ദാവീദ്) തന്റെ യജമാനനെ (ശൗൽ) പ്രസാദിപ്പിക്കുന്നത് (*ഡയലാസോ*) (1 ശമു. 29:4).
>
> "....ഒന്നാമതു ചെന്നു സഹോദരനോടു നിരന്നു കൊൾക (ഡയാലാസോ) പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക (മത്തായി 5:24).
>
> ''....പിരിഞ്ഞു എന്നു വരികിലോ വിവാഹം കൂടാതെ പാർക്കണം അല്ലെന്നു വരികിൽ ഭർത്താവോടു നിരന്നു കൊള്ളണം (*കാറ്റാലാസോ*) (1 കൊരി. 7:11).

b. '*നിരപ്പ്*' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്ന സ്ഥാനത്തെല്ലാം ശത്രുത്വം എന്ന ആശയവും കാണുവാൻ കഴിയും. ഈ സത്യവും അതിനോടു ചേർന്ന് ദൈവത്തോടുള്ള മനുഷ്യന്റെ ശത്രുതയെക്കുറിച്ചുള്ള പൊതുവായ പഠിപ്പിക്കലും ഉറപ്പാക്കുന്നത് രക്ഷയോടുള്ള ബന്ധത്തിൽ ഉപയോഗിക്കുമ്പോഴും നിരപ്പ് എന്ന വാക്കിനു യാതൊരു അർത്ഥവ്യത്യാസവുമില്ലെന്നാണ്. ശത്രുത്വത്തിൽ നിന്നു സമാധാനത്തിലേക്കുള്ള ബന്ധത്തിനു മാറ്റം സംഭവിക്കുന്നു എന്നാണ് ഇത് സംസാരിക്കുന്നത്.

> **ശത്രുക്കളായിരിക്കുമ്പോൾ** തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു **നിരപ്പു വന്നു** എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും (റോമ. 5:10).
>
> മുമ്പെ ദുഷ്പ്രവർത്തികളാൽ മനസ്സുകൊണ്ട് '**അകന്നവരും' 'ശത്രുക്കളുമായിരുന്ന**' നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിനു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു (കൊലൊ. 1:21-22)
>
> അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന **ശത്രുത്വം** തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞ് **സമാധാനം** ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽ വെച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു **നിരപ്പിപ്പാനും** തന്നെ [26] (എഫെ. 2:14-16).

മെച്ചമായ നിലയിലേക്കു ബന്ധങ്ങൾ മാറ്റപ്പെടുന്നതിനു ദൈവവചനം സാധാരണയായി '*നിരപ്പ്*' എന്ന വാക്ക് ഉപയോഗിക്കുന്നു. ശത്രുത്വത്തിൽ നിന്നും അകൽച്ചയിൽ നിന്നും സ്നേഹത്തിലേക്കും സമാധാനത്തിലേക്കും ബന്ധം മാറുന്നു.

C. നിരപ്പ് എന്ന ഉപദേശത്തിന്റെ വിശദവിവരങ്ങൾ

1. നിരപ്പിന്റെ രണ്ടു വശങ്ങൾ ബൈബിൾ നൽകുന്നു. ക്രൂശിൽ നിരപ്പിന്റെ **പദ്ധതി ഭൂതകാലത്തിൽ** നിറവേറി. വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യുന്നതിനു വ്യത്യാസമില്ലാതെ **ലോകം മുഴുവൻ** നിരപ്പിക്കപ്പെട്ടു. എന്നാൽ **പ്രായോഗിക** തലത്തിൽ **വ്യക്തി വിശ്വസിക്കുമ്പോഴാണ്** ദൈവത്തോടു നിരപ്പു പ്രാപിക്കുന്നത്. ഈ വിഷയത്തിന്റെ പ്രധാന വേദഭാഗങ്ങൾ പരിശോധിക്കുമ്പോൾ നിരപ്പിന്റെ ഈ രണ്ടു വശങ്ങളും കാണുവാൻ കഴിയും. വലിയ അക്ഷരത്തിൽ എഴുതിയിരിക്കുന്നത് സാർവത്രിക നിരപ്പ് ക്രൂശിൽ സംഭവിച്ചതിനെയും, ചെരിച്ചെഴുതിയിരിക്കുന്നത് ക്രിസ്തുവിൽ രക്ഷയ്ക്കായി ആശ്രയിക്കുമ്പോൾ ലഭിക്കുന്ന നിരപ്പിനെയുമാണ്.

> **ശത്രുക്കളായിരിക്കുമ്പോൾ തന്നെ** നമുക്കു അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോട് **നിരപ്പ്** വന്നു. എങ്കിൽ ***നിരന്നശേഷം*** നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും. *അത്രയുമല്ല നമുക്കു ഇപ്പോൾ നിരപ്പു ലഭിച്ചതിന് കാരണമായ നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം ദൈവത്തിൽ പ്രശംസിക്കുകയും ചെയ്യുന്നു (റോമ. 5:10-11).*

ക്രിസ്തുവിന്റെ മരണസമയത്ത് തങ്ങൾ ഒരർത്ഥത്തിൽ ദൈവത്തോടു **ഭൂതകാലത്ത്** നിരപ്പു പ്രാപിച്ചവരാണെന്നു പൗലോസ് തന്റെ വായനക്കാരോടു പറയുന്നു. എന്നാൽ മറ്റൊരർത്ഥത്തിൽ **ഇപ്പോൾ** രക്ഷയുടെ സമയത്ത് അവർ ദൈവത്തോടു നിരപ്പു പ്രാപിച്ചു.

---

[26] എഫെ. 2: 14-16-ൽ (യഹൂദന്മാരും ജാതികളും) തമ്മിലും മനുഷ്യരും ദൈവവും തമ്മിലുള്ള നിരപ്പിനെ കാണിക്കുന്നു.

> അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾ തന്നിരിക്കുന്നു ദൈവം ലോകത്തിന്റെ ലംഘനങ്ങളെ കണക്കിടാതെ **ലോകത്തെ** ക്രിസ്തുവിൽ തന്നോടു **നിരപ്പിച്ചു** പോന്നു. ഈ നിരപ്പിന്റെ വചനം, ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചിരിക്കുന്നു. ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനപതികളായി *ദൈവത്തോടു നിരന്നു കൊൾവിൻ* എന്നു ക്രിസ്തുവിനു പകരം *അപേക്ഷിക്കുന്നു* (2 കൊരി. 5:18–20).

മുഴുവൻ ലോകത്തെയും ക്രിസ്തു മൂലം ദൈവം തന്നോടു തന്നെ നിരപ്പിച്ചെങ്കിലും, പൗലോസ് അവകാശപ്പെടുന്നത് അവൻ (പൗലോസ്) വ്യക്തികളോട് അഭ്യർത്ഥിക്കുന്നത് നിരപ്പു പ്രാപിക്കുവാനാണെന്നാണ്. സാർവ്വത്രികമായ അർത്ഥത്തിൽ ക്രിസ്തുവിന്റെ ക്രൂശു മൂലം ദൈവത്തോടു നിരപ്പു പ്രാപിച്ചു വ്യക്തികൾക്ക് വ്യക്തിപരമായ നിരപ്പ് നൽകുന്ന ശുശ്രൂഷയെയാണ് **നിരപ്പിന്റെ ശുശ്രൂഷ** എന്നു വിളിച്ചിരിക്കുന്നത്.

> അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ **സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും** പിതാവിനു പ്രസാദം തോന്നി. മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ട് അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും, കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിനു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ **നിരപ്പിച്ചു** (കൊലൊ. 1:20–22).

വാക്യം 20 – ൽ കാണുന്നത് ക്രൂശുമൂലം ലഭിച്ച സാർവ്വത്രികമായ നിരപ്പിനെയാണ്. വാക്യം 22 ൽ കാണുന്നതു രക്ഷയുടെ സമയത്ത് ലഭിക്കുന്ന വ്യക്തിപരമായ നിരപ്പാണ്.

2. നിരപ്പിന്റെ രണ്ട് മേഖലകൾ സാർവ്വത്രികനിരപ്പും വ്യക്തിപരമായ നിരപ്പും

a. ക്രൂശിലാണ് സാർവ്വത്രിക നിരപ്പ് സംഭവിച്ചത് മുഴുലോകവും ദൈവത്തോടു നിരപ്പിക്കപ്പെട്ടുവെന്നു ബൈബിൾ പഠിപ്പിക്കുമ്പോൾ അർത്ഥമാക്കുന്നതെന്താണ്? എല്ലാവരും രക്ഷിക്കപ്പെട്ടുയെന്നൊ എല്ലാവർക്കും ദൈവത്തോടുള്ള ശത്രുത്വം മാറിയെന്നോ ഇതിനർത്ഥമില്ല. മെച്ചമായ നിലയിലേക്കു മാറുവാൻ കഴിയുന്നവിധം ഏത് അർത്ഥത്തിലാണ് ക്രൂശ് മനുഷ്യന് ദൈവവുമായുള്ള ബന്ധത്തെ പുനസ്ഥാപിച്ചത്?

2 കൊരി. 5:19 എഴുതിയപ്പോൾ അവിടെയാണ് അതിന്റെ പ്രാധാന്യം നിൽക്കുന്നതെന്നു എഴുത്തുകാരൻ വിശ്വസിച്ചിരുന്നു. **ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ** ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു (2കൊരി. 5:19). വീഴ്ചയ്ക്കു മുമ്പ്, നിത്യ നരകവുമായി മനുഷ്യനെ ഭയപ്പെടുത്തുവാൻ പാപമുണ്ടായിരുന്നില്ല; വീഴ്ചയ്ക്കുശേഷം പാപം ലോകത്തിലേക്കു പ്രവേശിക്കുകയും മനുഷ്യന്റെ നിത്യനാശത്തിനുള്ള ശക്തിയേറിയ അടിസ്ഥാനമായിത്തീരുകയും ചെയ്തു. പാപത്തോടുള്ള ബന്ധത്തിൽ അത് നിത്യമായ മരണത്തിനു അടിസ്ഥാനമായിത്തീർന്നപ്പോൾ, ക്രൂശ് ദൈവവുമായിട്ടുണ്ടായിരുന്ന ആദ്യ ബന്ധത്തിലേക്കു മനുഷ്യരെ വീണ്ടും നിരപ്പിച്ചു. അതുകൊണ്ട് നിത്യമരണത്തിനു കാരണമായ പാപത്തെ ക്രൂശ് തോൽപ്പിച്ചു, തന്മൂലം പാപമല്ല ഇപ്പോഴത്തെ പ്രശ്നം, ക്രിസ്തുവിനെ നിരസിക്കുന്നതാണ്. [27] ഒരു വ്യക്തിയുടെ നിത്യത തീരുമാനിക്കുന്ന പ്രധാന ഘടകം പാപമല്ല യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ ഒരാൾ എന്തു ചെയ്യുന്നു എന്നതിലാണ് ദൈവത്തിനു താല്പര്യം. പരിമിതമെങ്കിലും ഈ പ്രധാനപ്പെട്ട സത്യത്തിന്റെ അടിസ്ഥാനത്തിൽ ആദ്യമുണ്ടായ അവസ്ഥയിലേക്കു ലോകം യഥാസ്ഥാനപ്പെട്ടിരിക്കുന്നു. രക്ഷിക്കപ്പെടാത്തവർ ഇപ്പോഴും ശിക്ഷായോഗ്യരാണ്. ദൈവത്തിനു പാപം നിമിത്തം മനുഷ്യവർഗ്ഗത്തെ നീതിയോടെ ശിക്ഷ വിധിക്കുവാൻ കഴിയും; എന്നാൽ ദൈവം ക്രൂശു മൂലം നീതിമാനും കൃപയുള്ളവനുമായതുകൊണ്ട് ഈ ശിക്ഷ ഇപ്പോൾ നടത്തുന്നില്ല. ഒരു വ്യക്തിയും തന്റെ പാപംകൊണ്ടോ, ആദാമിന്റെ പാപം കൊണ്ടോ നിത്യമായ ശിക്ഷാവിധി അനുഭവിക്കുകയില്ല. അവർ നരകത്തിൽ വീഴുന്നുവെങ്കിൽ അത് ക്രിസ്തുവിനോടുള്ള വിയോജിപ്പുകൊണ്ടാണ്. പാപം നിമിത്തം ഉണ്ടായ നിത്യനാശത്തോടുള്ള ബന്ധത്തിൽ മാത്രം, ലോകം മുഴുവനും ദൈവത്തോടു നിരപ്പിക്കപ്പെട്ടു. നിത്യമായ നാശത്തിനു അടിസ്ഥാന കാരണമായ പാപത്തോടുള്ള ബന്ധത്തിൽ ലോകം ദൈവവുമായിട്ടുണ്ടായിരുന്ന ആദ്യ ബന്ധത്തിലേക്കു പുന:സ്ഥാപിക്കപ്പെട്ടു.

b. വ്യക്തിപരമായ നിരപ്പ് രക്ഷയുടെ സമയത്ത് നടക്കുന്നു. പാപത്തോടുള്ള ബന്ധത്തിൽ പരിമിതമായ അർത്ഥത്തിലാണ്. മുഴുലോകവും ക്രൂശിൽ നിരപ്പിലേക്കു വന്നത്. എന്നാൽ ഈ നിരപ്പ് നിത്യനാശത്തിൽ നിന്നു വിടുവിക്കുന്നില്ല. അതുകൊണ്ട് രക്ഷിക്കപ്പെടാത്തവർ ഇപ്പോഴും പാപത്തിന്റെ ഫലമായ ശിക്ഷാവിധിയിലാണ്. അവർ അകന്ന് ദൈവത്തിന്റെ ശത്രുക്കളായിത്തീർന്നിരിക്കുന്നു. ഇതു നിമിത്തം ഒരു വ്യക്തിപരമായ നിരപ്പ് ആവശ്യമാണ്. ദൈവവും മനുഷ്യനും തമ്മിൽ അകന്നിരിക്കുന്ന എല്ലാ മേഖലകളിലും നിരപ്പുണ്ടാകണം. യാതൊരു നിബന്ധനകളും ഇല്ലാത്ത നിരപ്പാണ്

[27] See Discussion in footnote number 5 under the “Doctrine of Man,” Chapter 6.

വേണ്ടത്.

രക്ഷയുടെ സമയത്ത് ഓരോ വിശ്വാസിയും വ്യക്തിപരമായി ദൈവത്തോടു നിരപ്പു പ്രാപിച്ചിരിക്കുന്നു. ഇത് നിരപ്പിന്റെ രണ്ടാമത്തെ മേഖലയായി കാണാം. ഇത് പ്രായോഗിക നിരപ്പ്, വ്യക്തിപരമായ നിരപ്പ്, എന്നീ നിലകളിൽ മനസ്സിലാക്കാം. ശത്രുത്വവും അകൽച്ചയും അവസാനിക്കുകയും അവയ്ക്കു പകരം കൂട്ടായ്മ, സഖിത്വം സമാധാനം ഇവ ഉണ്ടാകുകയും ചെയ്യുന്നു*(സമാധാനം, നിരപ്പ്*' ഇവ ഒരേ പശ്ചാത്തലത്തിൽ വരുന്ന വേദഭാഗങ്ങൾ റോമർ 5:1; 10–11; എഫെ: 2:14–16; കൊലൊ. 1:20).

3. **ദൈവവചനപ്രകാരം** ദൈവമാണ് നിരപ്പുണ്ടാക്കുവാനുള്ള മുൻകൈ എടുത്തത്. **മനുഷ്യനെയാണ് നിരപ്പിന് വിധേയമാക്കുന്നത്** ദൈവം തന്നോടുതന്നെ മനുഷ്യനെ നിരപ്പിക്കുന്നു. ദൈവം അത് നടപ്പിൽ വരുത്തുന്നു. മനുഷ്യനെ ദൈവത്തോടു മത്സരിക്കുന്നവനായി ചിത്രീകരിക്കുന്നു മാത്രമല്ല, അവനു ദൈവവുമായുള്ള സഖിത്വത്തിനു താത്പര്യവുമില്ല. ദൈവത്തെ ചിത്രീകരിക്കുന്നത് മനുഷ്യനെ അന്വേഷിച്ചുവരുന്നവനായിട്ടാണ്. നമ്മെ നിരപ്പിക്കുവാനുള്ള എല്ലാ ശ്രമവും ദൈവം നടത്തുന്നു. എപ്പോഴും നിരപ്പ് ആവശ്യമായിട്ടുള്ളവനായിട്ടാണ് മനുഷ്യനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. തകർന്നുപോയ കൂട്ടായ്മാ ബന്ധം പുനസ്ഥാപിക്കുകയാണ് മനുഷ്യനു ദൈവത്തോടുള്ള ബന്ധത്തിൽ ഒന്നാമത് നടക്കേണ്ടത്.

ദൈവം മനുഷ്യനോടു നിരപ്പുണ്ടാക്കി എന്നുള്ളിടത്ത് ബൈബിൾ പ്രത്യേകിച്ച് വാക്കുകൾ തിരഞ്ഞെടുക്കുകയും ക്രമീകരിക്കുകയും ഒന്നും ചെയ്യുന്നില്ലെങ്കിലും, ആ നിലയിൽ ചിന്തിക്കുന്നത് ശരിയോ തെറ്റോയെന്നു ദൈവശാസ്ത്രജ്ഞന്മാർ ആലോചിക്കുന്നു. ദൈവവുമായി നിരപ്പ് ആവശ്യമായിരിക്കുന്നത് മനുഷ്യനാണ്. മനുഷ്യനാണ് ശത്രുത്വം ഉണ്ടാക്കിയത്. മാത്രമല്ല, "നല്ലതിനായുള്ള മാറ്റം" അവനാവശ്യവുമാണ്. മനുഷ്യനെ കാണുന്നതിനും അവനോടുള്ള ബന്ധത്തിൽ പ്രവർത്തിക്കുന്നതിലും ദൈവം മാറ്റം വരുത്തിയതിന്റെ കാരണം മനുഷ്യന്റെ മത്സരമാണ്. അതുകൊണ്ട് എഴുത്തുകാരൻ വിശ്വസിക്കുന്നത് ക്രൂശു മുഖാന്തരം ദൈവവും മനുഷ്യനോടു നിരപ്പിക്കപ്പെട്ടുവെന്നു ചിന്തിക്കുന്നത് ശരിയെന്നാണ് (ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകളിൽ പറഞ്ഞാൽ, മനുഷ്യർ ദൈവത്തോടു നിരപ്പു പ്രാപിച്ചതിന്റെ ഫലമായി ബന്ധത്തിനു മാറ്റം വന്നു). ക്രൂശുമൂലം മനുഷ്യന്റെ ദൈവത്തോടുള്ള ബന്ധവും ദൈവത്തിന് മനുഷ്യനോടുള്ള ബന്ധത്തിനും മാറ്റം സംഭവിച്ചു.

4. സംഗ്രഹം: നിരപ്പിന്റെ അർത്ഥം ബന്ധത്തിനു മാറ്റമുണ്ടാക്കുക എന്നാണ്. പ്രത്യേകിച്ച് ശത്രുത്വത്തിൽ നിന്നും അകൽച്ചയിൽ നിന്നും, സമാധാനത്തിലേക്കും സ്നേഹത്തിലേക്കുമുള്ള മാറ്റം. ക്രൂശിന്മേൽ മുഴുലോകവും ദൈവത്തോടുള്ള നിരപ്പിലേക്കു വന്നു. തന്മൂലം ജന്മനാ ലഭിച്ച പാപസ്വഭാവവും ചെയ്ത പാപകർമ്മങ്ങളും ഇനി ഒരിക്കലും ശിക്ഷാവിധിക്കു കാരണമല്ല. രക്ഷിതാവിനെ നിരസിക്കുന്നതുമൂലം നിത്യനരകം അനുഭവിക്കുന്നു. ദൈവത്തോടു സമാധാനവും കൂട്ടായ്മയും ഉണ്ടാക്കുവാൻ, ദൈവത്തോടു ശത്രുത്വമുണ്ടായിരുന്ന എല്ലാമേഖലയിലും മാറ്റം സംഭവിക്കത്തക്ക നിലയിൽ, യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു വ്യക്തിപരമായി നിരപ്പ് പ്രാപിക്കുവാൻ ഇപ്പോഴും വ്യക്തികളോട് അഭ്യർത്ഥിക്കേണ്ടുന്ന ആവശ്യമുണ്ട്.

V. പ്രായശ്ചിത്തം: പാപപരിഹാരത്തിന്റെ ദൈവിക വശം.

ക്രിസ്തു പ്രായശ്ചിത്തമായി എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം അവൻ പാപത്തിന്റെ കുറ്റം നീക്കി. അങ്ങനെ ദൈവത്തിന്റെ കോപം നീക്കി. ഇതേ ആശയത്തിൽ മറ്റു നിലകളിൽ പറയുമ്പോൾ, താഴെപ്പറയുന്ന കാര്യങ്ങളും ഉൾപ്പെട്ടിരിക്കുന്നു: ക്രൂശ് ദൈവകോപത്തെ **ശാന്തമാക്കി,** ദൈവകോപത്തെ **തൃപ്തിപ്പെടുത്തി**, തന്മൂലം ദൈവകോപം അവസാനിപ്പിച്ചു. ക്രിസ്തുവിന്റെ മരണം ദൈവത്തിന്റെ നീതിയുള്ള കോപത്തെ **തൃപ്തി**പ്പെടുത്തി. അതുനിമിത്തം **ദൈവകോപം** നമ്മിൽ നിന്ന് അകലേക്കു തിരിഞ്ഞു (തിരിച്ചുവിട്ടു). വീണ്ടെടുപ്പ് പാപത്തോടുള്ള ബന്ധത്തിലെന്നപോലെ, പാപപരിഹാരവും നിരപ്പും മനുഷ്യരോടെന്നപോലെ, പ്രായശ്ചിത്തം ദൈവത്തോടുള്ള ബന്ധത്തിലുള്ള പാപപരിഹാരത്തിന്റെ വശമാണ്.

വീണ്ടെടുപ്പ് ചിത്രീകരിക്കുന്നത് മനുഷ്യൻ ഒരു അടിമയായി പാപത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. നിരപ്പിൽ നാം കാണുന്നത് മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്നുപോയ ശത്രുവായിട്ടാണ്. പ്രായശ്ചിത്തത്തിൽ കാണുന്നത് മനുഷ്യൻ തെറ്റുകാരനായ കുറ്റവാളിയായിട്ടും, അവന്റെ കുറ്റങ്ങൾ ന്യായാധിപതിയെ നീതിയോടെ കോപിപ്പിക്കുവാൻ ഇടയാക്കിയെന്നുമാണ്.[28]

പ്രായശ്ചിത്തം എന്ന ആശയത്തിനു കൃത്യമല്ലാത്ത അർത്ഥം നൽകുന്ന ഒരു പ്രവണത ആധുനികലോകത്തിൽ വർദ്ധിച്ചു വരുന്നു. ഈ വിശാലഗതിയിലുള്ള ചിന്താഗതിയെ പിൻതുടരാതിരിക്കുവാൻ യഥാസ്ഥിതിക ചിന്താഗതിയുള്ളവർ വളരെ ശ്രദ്ധിക്കണം. കാരണം ഈ

[28] തന്റെ മരണം നിമിത്തം ക്രിസ്തു പാപത്തിന്നുള്ള വീണ്ടെടുപ്പ് വില നൽകി ദൈവകോപത്തിനു പ്രായശ്ചിത്തം വരുത്തി അങ്ങനെ അവൻ മനുഷ്യരെ ദൈവത്തോടു നിരപ്പിച്ചു. എല്ലാം ഒരേ സമയം നിവർത്തിച്ചതുകൊണ്ട് ഒരു സമയപരമായ ക്രമം ഇല്ല എന്നാൽ യുക്തിപരമായ ക്രമം കാണാം. അതിൽ ആദ്യം ക്രിസ്തു പാപത്തിനു മറുവില നൽകി വീണ്ടെടുപ്പ് സാധിപ്പിച്ചു. രണ്ടാമത് ദൈവകോപത്തിനു പ്രായശ്ചിത്തം വരുത്തി. കാരണം വീണ്ടെടുപ്പ് വില നൽകി മൂന്നാമതായി ക്രിസ്തു നമ്മെ ദൈവത്തോട് നിരപ്പിച്ചു. കാരണം വീണ്ടെടുപ്പ് വില നൽകി ദൈവകോപം സംതൃപ്തിപ്പെടുത്തി.

ആധുനിക ചിന്താഗതിക്കാർ ദൈവകോപം എന്ന ആശയത്തെ അംഗീകരിക്കുവാൻ വിസമ്മതിക്കുന്നു. ക്രിസ്തുവിന്റെ മരണം തൃപ്തി നൽകുന്നതോ, പാപത്തെ മറയ്ക്കുന്നതോ എന്നുള്ള ആശയം അവരും ചിന്തിക്കുന്നുണ്ട്. എന്നാൽ അവർ കൃത്യമല്ലാത്ത നിലയിൽ ക്രിസ്തുവിന്റെ മരണം ദൈവകോപത്തെ തൃപ്തിപ്പെടുത്തുന്നുവെന്നും പാപങ്ങളെ മറയ്ക്കുന്നുവെന്നും കരുതുന്നു. അത് നമ്മുടെ കുറ്റത്തെ നീക്കുകയും പാപം നിമിത്തമുള്ള കടപ്പാടുകളെ അവസാനിപ്പിക്കുകയും ചെയ്യുന്നു. ഈ പറഞ്ഞിരിക്കുന്നത് ശരിയായ ആശയങ്ങളാണെങ്കിലും ദൈവവചനം വളരെ കൃത്യമാണ്. ദൈവത്തിനു പ്രായശ്ചിത്തം വരുത്തുവാൻ ക്രിസ്തുവിന് പാപത്തെ പരിഹരിക്കേണ്ടതായി വന്നു, എന്നാൽ ദൈവകോപം മാറിപ്പോയി എന്നുള്ള ആശയവും കൂടി ഉൾപ്പെടുത്തിയില്ലായെങ്കിൽ പ്രായശ്ചിത്തത്തെക്കുറിച്ചുള്ള അപൂർണ്ണമായ നിർവചനമായിരിക്കും നൽകുന്നത്. പ്രായശ്ചിത്തം എന്ന സത്യം നിലനിർത്തേണ്ടതും കൃത്യമായി വിശദീകരിക്കേണ്ടതും ആവശ്യമാണ്. തന്മൂലം ജനങ്ങൾ ശരിയായ നിലയിൽ അത് അഭ്യസിക്കും [29] എന്തുകൊണ്ടെന്നാൽ പ്രായശ്ചിത്തം പുനർനിർവചിക്കുവാനായി ഒരു പ്രസ്ഥാനം തന്നെ ഉണ്ടായിരിക്കുന്നു. അടുത്ത ഭാഗത്ത് പാരമ്പര്യ നിർവചനത്തിന്റെ യഥാർത്ഥ സ്ഥിതി കാണുന്നു.

A. പ്രായശ്ചിത്തത്തിന്റെ നിർവചനം

1. ബൈബിളിനു പുറത്ത് ഗ്രീക്ക് ഭാഷയിൽ പുരാതനമായ അനേകം ഉദാഹരണങ്ങൾ കാണുന്നുണ്ട്. ഇവിടെ *പ്രായശ്ചിത്ത* പദകുടുംബം ഉപയോഗിച്ചിരിക്കുന്നത് കോപം ശമിപ്പിക്കുന്നതിനോട് ബന്ധപ്പെട്ടതാണ്. പ്രത്യേകിച്ച് ദേവന്മാരുടെ കോപം തണുപ്പിക്കാൻ. ഹോമറിന്റെ ഈ വരികൾ കാണുന്നു. "അതുകൊണ്ട് ദിവസം മുഴുവനും അവർ ഒരു ഗാനംകൊണ്ട് ദേവന്മാരെ ശാന്തമാക്കാൻ ശ്രമിച്ചു." "എല്ലാ ദേവന്മാരിലും ആദ്യമായി അഥേന [30] എന്ന ദേവനു ഞാൻ **പ്രായശ്ചിത്തം** ചെയ്യട്ടെ" 1 ശമുവേൽ 14-ൽ വായിക്കുന്ന പഴയനിയമ സംഭവത്തെക്കുറിച്ച് ജോസീഫസ് എഴുതിയിരിക്കുന്നു. അവിടെ ശൗൽ, യുദ്ധ ദിവസത്തിൽ ഭക്ഷിക്കുന്നവർക്കെതിരെ ഒരു ശാപം പുറപ്പെടുവിച്ചു. എന്നാൽ തന്റെ പിതാവിന്റെ ശാപം അറിയാത്ത യോനാഥാൻ അല്പം തേൻ കഴിച്ചു. ദൈവത്തിന്റെ കോപം ശമിപ്പിക്കുന്നതിനായി ശൗൽ തന്റെ മകനായ ജോനാഥാനെ കൊന്ന്, അങ്ങനെ ദൈവകോപം ശമിപ്പിക്കുവാൻ ആഗ്രഹിച്ചു.

> ഞാൻ ദൈവത്തെ തന്നെ സാക്ഷി നിർത്തി പ്രതിജ്ഞ ചെയ്യുന്നു. എന്റെ മകൻ യോനാഥാൻ തന്നെയാണ് ഈ പാപം ചെയ്തതെങ്കിലും ഞാൻ **അവനെ കൊന്ന്** ദൈവത്തിനു **പ്രായശ്ചിത്തം** വരുത്തും എന്നോടു ബന്ധമില്ലാത്ത ഒരു അപരിചിതതാണെങ്കിൽ പോലും അവനുവേണ്ടി ഞാൻ പ്രതികാരം ചെയ്യും.[31]

അപ്പോസ്തലന്മാരുടെ കാലത്തു തന്നെയാണ് ഫിലോ ജീവിച്ചിരുന്നത്. ദൈവകോപം ശാന്തമാകുന്നതിനെപ്പറ്റി അദ്ദേഹവും പറയുന്നുണ്ട്. താഴെപ്പറയുന്ന ഉദ്ധരണിയിൽ **യജമാനൻ** എന്നുള്ളത് ദൈവത്തെ കാണിക്കുന്നു.

> എന്റെ ദൈവത്തിന്റെ സഹായിക്കുന്ന ശക്തിയെയും അനുഗ്രഹങ്ങളെയും ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്യുന്നവനെയും **ശിക്ഷ ഒഴിവാക്കാനായി** യജമാനന്റെ (ദൈവത്തിന്റെ)പ്രതാപത്തെയും അധികാരത്തെയും അംഗീകരിച്ച് **പ്രായശ്ചിത്തം** ചെയ്യുന്നവനെയും ഞാൻ അംഗീകരിക്കുന്നു. [32]

പുതിയ നിയമ കാലഘട്ടത്തിനു ശേഷം കോപം തൃപ്തിപ്പെടുത്തുവാൻ പ്രായശ്ചിത്ത പദകുടുംബം ഉപയോഗിച്ചിരിക്കുന്ന *ദ പാസ്റ്റർ ഓഫ് ഹെർമാസ്* ഏകദേശം എ. ഡി. 160-ൽ എഴുതപ്പെട്ടതാണ് അതിൽ ഒരു ഒരു പ്രത്യേക ഭാഗം ഇങ്ങനെ കാണുന്നു. ഈ പാപം എന്റെ പേരിൽ ചേർത്താൽ എനിക്കെങ്ങനെ രക്ഷപ്പെടുവാൻ കഴിയും. ഞാൻ എങ്ങനെ ദൈവത്തിനു പ്രായശ്ചിത്തം ചെയ്യും? [33] ഈ ഉദാഹരണങ്ങളിൽ നിന്നെല്ലാം മനസ്സിലാകുന്നത് പുരാതന ലോകം ദൈവങ്ങളുടെ (ദൈവത്തിന്റെ) കോപം ശമിപ്പിക്കുന്നതിനു ***പ്രായശ്ചിത്തം*** ഒരു വഴിയാണെന്നു അംഗീകരിച്ചിരുന്നുയെന്നാണ്.

ദൈവവചനം പഠിക്കുന്നവർ ദൈവവചനത്തിലേക്കു തിരിയുമ്പോൾ *പ്രായശ്ചിത്ത* പദകുടുംബത്തെ പുനർ നിർവചിക്കുന്നതിനു മുമ്പ് ശക്തിയേറിയ തെളിവ് ആവശ്യപ്പെടണം. ആ തെളിവുകൂടാതെ തന്നെ **ദൈവത്തിന്റെ കോപത്തെ ശമിപ്പിക്കുന്നു, തൃപ്തിപ്പെടുത്തുന്നു** എന്നുള്ള നിർവചനം നിലനിർത്തണം.

2. *പ്രായശ്ചിത്തം* പദകുടുംബം ദൈവവചനത്തിൽ കാണുന്നത് ദൈവത്തിന്റെ കോപത്തെ മാറ്റിവിടുക എന്ന ആശയത്തിലാണ്. ഇത് സെപ്റ്റുജിന്റ് പരിഭാഷയിലും പുതിയനിയമത്തിലും കാണുന്നു.

---

[29] The New International Version drops the translation *propitiation in 1 John 2:2 and uses atoning sacrifice.*

[30] *Homer, the odyssey,* Vo. 1 (Loeb Classical Library) 99; and Homer, The Iliad, Vol. 1 (Loeb Classical Library) 39.

[31] Josephus, *Jewish Antiquities, Vol. 5 (Loeb Classical Library) 229.*

[32] Philo, Vol. 6 *(Loeb Classical Library)* 67.

[33] Alexander Robers and James Donaldson, ed., *The Ante-Nicene Fathers,* Vol 2 (Grand Rapids: Wm. B. Eerdmans) 10. (See also 1 clement 7: 17).

a. ദൈവവചനം ഓടിച്ചു വായിക്കുന്നവർക്കുപോലും വെളിവാകുന്ന കാര്യം പാപത്തോടുള്ള ബന്ധത്തിൽ കോപിക്കുന്ന ദൈവത്തെയാണ് ബൈബിളിൽ കാണുന്നത്. ഇത് വളരെ സാധാരണമായതുകൊണ്ട് മുഴുവൻ വാക്യങ്ങളും നൽകേണ്ട ആവശ്യമില്ല(യോഹന്നാൻ 3:36; റോമ. 1:18,12:19; എഫെ. 5:6, കൊലൊ. 3:6; 2 തെസ്സ്. 1: 7–8; എബ്രാ. 10:31; 12:29; വെളി. 6:16; 19:15; 20:11–15). *പ്രായശ്ചിത്തത്തിന്റെ* ബൈബിളിനു വെളിയിലുള്ള ഉപയോഗത്തിന്റെ പശ്ചാത്തലവും, ദൈവത്തിനു കോപിക്കുവാൻ കഴിയുമെന്ന ആശയവും കൂട്ടിച്ചേർത്തപ്പോൾ, ***പ്രായശ്ചിത്തം*** എന്നു പറഞ്ഞാൽ കോപത്തെ തൃപ്തിപ്പെടുത്തുകയും തിരിച്ചുവിടുകയും ചെയ്യുക എന്നുള്ള നിഗമനത്തിൽ വ്യാഖ്യാതാക്കൾ എത്തിച്ചേർന്നു. *പ്രായശ്ചിത്തം* എന്നുള്ള ആശയം കാണുന്ന വേദഭാഗങ്ങളിൽ ദൈവകോപത്തെക്കുറിച്ചും കാണുന്നുണ്ടെങ്കിൽ ഈ പ്രയോഗത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിൽ യാതൊരു സംശയത്തിനും ഇടയില്ല.

b. ഏതാണ്ട് ബി.സി. 200-ൽ എബ്രായ പഴയനിയമം ഗ്രീക്ക് ഭാഷയിലേക്കു പരിഭാഷപ്പെടുത്തി. പുതിയനിയമ എഴുത്തുകാർ ഗ്രീക്ക് പഴയനിയമവുമായി (സെപ്റ്റുജിന്റ് എന്നു വിളിക്കുന്നു) അടുപ്പമുണ്ടായിരുന്നതുകൊണ്ട് അവരുടെ ചിന്തകളെ സെപ്റ്റുജിന്റ് വാക്കുകളുടെ നിർവചനങ്ങൾ സ്വാധീനിക്കുവാനുള്ള പ്രവണതയുണ്ടായിട്ടുണ്ട്. സെപ്റ്റുജിന്റിലെ ചില പശ്ചാത്തലങ്ങളിൽ *പ്രായശ്ചിത്ത* പദ കുടുംബം വ്യക്തമായും അർത്ഥമാക്കുന്നത് കോപം മാറ്റുകയെന്നതാണ്. പുറപ്പാട് 32-ൽ യിസ്രായേൽജനം സ്വർണ്ണംകൊണ്ടുള്ള കാളക്കുട്ടിയെ അരാധിച്ചതു മോശെ കണ്ടുപിടിച്ചു കഴിഞ്ഞപ്പോൾ, അവരെ "ഭൂതലത്തിൽ നിന്നു നശിപ്പിക്കാതിരിപ്പാൻ" മോശെ ദൈവത്തെ പ്രേരിപ്പിക്കുന്നു. തുടർന്ന് പുറപ്പാട് 32:14-ൽ വായിക്കുന്നു "യഹോവ തന്റെ ജനത്തിനു വരുത്തും എന്നു കല്പിച്ച അനർത്ഥത്തെക്കുറിച്ച് അനുതപിച്ച് ഈ വിഗ്രഹാരാധികളായ ജനത്തിനെതിരെയുള്ള ദൈവകോപം മാറിയത് മോശെയുടെ മദ്ധ്യസ്ഥത മൂലമാണ്. സങ്കീർത്തനം 130:3-4 (LXX സങ്കീ 129) വേദഭാഗത്തിലാണ് പഴയനിയമത്തിൽ *പ്രായശ്ചിത്ത* പദകുടുംബത്തിലെ വാക്കുകൾ കോപം ശമിപ്പിക്കുക എന്ന ആശയത്തിൽ ഉപയോഗിക്കുന്നതിന്റെ മറ്റൊരു ഉദാഹരണം കാണുവാൻ കഴിയുന്നത്. വാക്യം 3-ൽ നാം കാണുന്നത് ദൈവം കൃപയുള്ളവനല്ലെങ്കിൽ ദൈവകോപത്തിന്റെ മുമ്പിൽ ഒരു മനുഷ്യനും നിൽക്കുവാൻ കഴിയില്ലെന്നാണ്. കാരണം, എല്ലാവരും പാപം നിമിത്തം കുറ്റക്കാരാണ്. "യഹോവേ നീ അകൃത്യങ്ങളെ ഓർമ്മെവെച്ചാൽ കർത്താവേ ആർ നിലനില്ക്കും"? എന്നാൽ വാക്യം 4-ൽ ഉപയോഗിച്ചിരിക്കുന്ന *പ്രായശ്ചിത്ത* പദകുടുംബത്തിലെ ഒരു വാക്ക് ചൂണ്ടിക്കാണിക്കുന്നത് ദൈവത്തിന്റെ കോപം നശിപ്പിക്കേണ്ട ആവശ്യമില്ലെന്നാണ്. കാരണം "നിന്റെ പക്കൽ വിമോചനം (പ്രായശ്ചിത്തം) ഉണ്ട്." ഈ വേദഭാഗത്തിന്റെ പശ്ചാത്തലത്തിലുള്ള ഈ വാക്കിന്റെ അർത്ഥം ദൈവകോപത്തിന്റെ തൃപ്തിയും മാറ്റവുമാണ്. പുരാതന ലോകപരമായ ഉപയോഗവും, ദൈവത്തിന്റെ നീതിയുള്ള കോപത്തെക്കുറിച്ചുള്ള ഉപദേശവും, ഗ്രീക്ക് പഴയനിയമ പശ്ചാത്തലവും അനുസരിച്ച് പ്രായശ്ചിത്തത്തെപ്പറ്റിയുള്ള നിർവചനം തരുന്നത് ദൈവകോപം ശാന്തമാക്കുക എന്നാണ്. [34]

c. പ്രായശ്ചിത്തം പുതിയനിയമത്തിൽ

പ്രായശ്ചിത്ത പദകുടുംബത്തിലെ (Greek: *ilasmos*) വിരലിലെണ്ണാവുന്ന വാക്കുകളെ പുതിയ നിയമത്തിൽ കാണുവാൻ കഴിയുന്നുള്ളൂ. ക്രിയ (പ്രായശ്ചിത്തം വരുത്തുക) നാം കാണുന്നത് ലൂക്കോ. 18:13, എബ്രായർ 2:17. അതുപോലെ രണ്ട് ഗ്രീക്ക് നാമങ്ങൾ (രണ്ടും പ്രായശ്ചിത്തം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു) റോമർ 3:25; എബ്രാ. 9:5; 1 യോഹ. 2:2; 4:10) എന്നീ വേദഭാഗങ്ങളിൽ കാണുന്നു. അവസാനമായി നാമവിശേഷണം വരുന്നത് എബ്രായ 8:12, മത്തായി 16:22).

പ്രായശ്ചിത്തം എന്ന വിഷയത്തിൽ പ്രധാന വേദഭാഗം റോമാലേഖനത്തിൽ 3:25 ആണ് വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ദൈവകോപത്തിന്റെ ആശയം അടങ്ങിയിട്ടുണ്ടോ? റോമർ 1:18 മുതൽ റോമലേഖനത്തിന്റെ ആദ്യഭാഗത്ത് പൗലോസിന്റെ ലക്ഷ്യം എല്ലാവരും പാപികളാണെന്നും തന്മൂലം ദൈവത്തിന്റെ വിശുദ്ധമായ കോപത്തിനു യോഗ്യരാണെന്നും സ്ഥാപിക്കുകയാണ്. പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക. "അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ **കോപം** സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു" (റോമ. 1:18). അപ്പോസ്തലൻ തുടർന്നും പറയുന്നു "അവൻ ഓരോരുത്തനും അവനവന്റെ പ്രവർത്തിക്കു തക്ക പകരം ചെയ്യും". നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ടു തേജസ്സും മാനവും അക്ഷതയും അന്വേഷിക്കുന്നവർക്ക് നിത്യജീവനും ശാഠ്യം പൂണ്ടു സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക് **കോപവും** ക്രോധവും കൊടുക്കും (റോമ. 2:6–8) ഈ കോപം നിറഞ്ഞ ദൈവത്തിന്റെ മുമ്പിൽ എല്ലാവരും ശിക്ഷായോഗ്യരാണ് (റോമ. 3:10, 23). എല്ലാവരും കുറ്റക്കാരാണ് തന്മൂലം ശിക്ഷ ലഭിക്കുന്നതിനു അർഹരാണ്. (റോമ. 3:19). ഈ പശ്ചാത്തലത്തിലാണ് റോമ. 3:25 ഉറപ്പിച്ചു പറയുന്നു ക്രിസ്തു ഒരു പ്രായശ്ചിത്തം ആണെന്ന്. കോപം മാറ്റു

[34] ഇവയും നോക്കുക 2 Macc. 7: 32- 38; 4 Macc. 6:28, 9:24, 12:18).

കയാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നതെന്നു വിശ്വസിക്കുവാൻ എല്ലാ ന്യായങ്ങളുമുണ്ട്. ഇവിടെ പൗലോസ് എഴുതുന്നത് ജാതികളായ വിശ്വാസികൾക്കാണ്. അതുകൊണ്ട് ജാതികളായ എഴുത്തുകാർക്കിടയിൽ ലോകം മുഴുവൻ കോപത്തിനു തൃപ്തി വരുത്തുക എന്ന ആശയം നൽകുന്ന വാക്ക് ഉപയോഗിക്കുമ്പോൾ തന്റെ വായനക്കാർക്കു മാത്രം മറ്റൊന്നായി അർത്ഥം ഗ്രഹിക്കുമെന്നു പ്രതീക്ഷിക്കുക പൗലോസിനെ സംബന്ധിച്ചിടത്തോളം അർത്ഥമില്ലാത്ത കാര്യമാണ്.

ലൂക്കോസ് 18:13-ൽ കോപം മാറ്റുക എന്ന ആശയം ഉൾപ്പെട്ടിരിക്കുന്നതായി കരുതാം. ഒരാൾക്ക് പാപം മറയ്ക്കുവാൻ കഴിയും (ഒരു പ്രവൃത്തി) എന്നാൽ ഒരാൾ പ്രായശ്ചിത്തം വരുത്തുന്നത് ദൈവത്തിനാണ് (ഒരു വ്യക്തി). ഒരു അപേക്ഷ, ''ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകണമേ" ഇവിടെ പാപം മറച്ചു കിട്ടുവാനല്ല ചോദിക്കുന്നത്. ഇവിടെ കർത്താവായി വരുന്നത് പാപമല്ല പിന്നെയോ ദൈവമായതുകൊണ്ട്, ഈ അപേക്ഷയിൽ ദൈവകോപം മാറിപ്പോകുന്ന കാര്യമാണ് അടങ്ങിയിരിക്കുന്നത്.

1 യോഹന്നാൻ 2:1-2 എന്ന വേദഭാഗത്ത് കോപവും-ദേഷ്യവും കാണുന്നില്ലെങ്കിലും യോഹന്നാന്റെ മനസ്സിൽ ദൈവകോപം വെളിപ്പെടുന്നതായി അനുമാനിക്കുന്നത് യുക്തിപൂർണ്ണമാണ്. അതുകൊണ്ട് ഒന്നാം വാക്യത്തിൽ പാപം ചെയ്യരുതെന്നു തന്റെ വായനക്കാരോട് യോഹന്നാൻ പറയുന്നു, എന്നാൽ അവരുടെ ജീവിതത്തിൽ പാപം കടന്നു വന്നാലും അവർക്ക് ആശ്വസിക്കുവാനും ധൈര്യപ്പെടുവാനുമുള്ള കാര്യമുണ്ട്. വാക്യം 2-ൽ പറയുന്നതുപോലെ ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആയതുകൊണ്ട് വിശ്വസികൾക്ക് സമാധാനത്തോടെ ആയിരിക്കുവാൻ കഴിയും.

ദൈവത്തിന്റെ കോപത്തോടുള്ള ബന്ധത്തിലാണ് പാപികൾ ഉത്കണ്ഠപ്പെടേണ്ടത്. വിശ്വാസി പാപം ചെയ്താൽ ദൈവം ന്യായം വിധിക്കുകയും പിഴയിടുകയും ചെയ്യുമോ? "ഇല്ല!" ക്രിസ്തു നമ്മുടെ മദ്ധ്യസ്ഥനും പ്രായശ്ചിത്തവുമാണ്.

ഈ വേദഭാഗത്തിന്റെ പശ്ചാത്തലത്തോടു ബന്ധപ്പെടുത്തി പാപങ്ങളെ മറച്ചുകിട്ടുക എന്ന ആശയം മതിയായ നിലയിൽ അടങ്ങിയിരിക്കുന്നുയെന്നു ആരെങ്കിലും ചിന്തിച്ചാൽ ഉയർന്നു വരുന്ന ചോദ്യം നമ്മുടെ പാപം ക്രിസ്തു മറച്ചതിനോടുള്ള ബന്ധത്തിൽ വിശ്വസിക്കുന്ന ഒരു പാപിക്ക് അത്രയധികം ചിന്താഭാരത്തിന്റെ ആവശ്യമെന്താണ്? ക്രിസ്തു നമ്മുടെ പാപങ്ങൾ മറച്ചുതന്നതുകൊണ്ട് നാം പാപം മോചിച്ചവരായിത്തീർന്നിരിക്കുന്നു. കാരണം, ഈ അനുഗ്രഹമില്ലെങ്കിൽ ദൈവത്തിന്റെ നിത്യമായ ശിക്ഷയ്ക്ക് നാം അർഹരാണ്. ദൈവത്തിന്റെ വെളിപ്പെടുന്ന കോപത്തോടുള്ള ബന്ധത്തിൽ തന്റെ പാപങ്ങൾ നിമിത്തം ഭയപ്പെടുന്ന വിശ്വാസിയെ ഉറപ്പിക്കേണ്ട ആവശ്യമുണ്ട്. 1 യോഹ. 2: 1-2 വേദഭാഗത്തെ *കോപം* എന്ന പദം കാണുന്നില്ലെങ്കിലും ഏറ്റവും യുക്തിപൂർണ്ണമായ വ്യാഖ്യാനം യോഹന്നാൻ തെറ്റിപ്പോയ വിശ്വാസികളെ ആശ്വസിപ്പിക്കുവാൻവേണ്ടി ക്രിസ്തു ദൈവകോപം ശമിപ്പിച്ചു എന്നുള്ള പ്രബോധനം നൽകുന്നുയെന്നതാണ്.

പ്രായശ്ചിത്തത്തോടു ബന്ധത്തിലുള്ള ബാക്കി വരുന്ന വേദഭാഗങ്ങളും (എബ്രാ. 2:17, 8:12; 1 യോഹ. 4:10) പരിശോധിച്ചാൽ, ദൈവം കോപം ഗതിമാറ്റി വിടുക എന്ന ആശയം ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്നതായി തെളിഞ്ഞിരിക്കുന്നു. ഈ വാക്യങ്ങൾ പാപങ്ങൾ മറച്ചു കിട്ടുക, ദൈവകോപം മാറ്റിവിടുക എന്നീ ആശയങ്ങൾ ആയിവരുന്നു. എന്നാൽ ഇതിനു വിപരീതമായി ശക്തമായ തെളിവു തരുന്നില്ലെങ്കിൽ പതിവുള്ള അർത്ഥം തന്നെ വാക്കിൽ നിന്നു ലഭിക്കുന്നു. ദൈവത്തിന്റെ പ്രായശ്ചിത്തം ലഭിച്ചുകിട്ടേണ്ടതിനു പാപം മറച്ചു കിട്ടേണ്ടത് ആവശ്യമാണ്, എന്നാൽ പാപം മറച്ചുകിട്ടുക എന്ന ആശയത്തിനു പ്രാധാന്യം നൽകി പ്രായശ്ചിത്തം എന്ന ആശയം അവഗണിച്ചാൽ പാപ പരിഹാരത്തിന്റെ ദൈവവചന കാഴ്ചപ്പാടിൽ നിന്നു അകന്നുപോകുന്നതാണ്. പാപത്തോടു ബന്ധപ്പെട്ട ദൈവകോപം ക്രൂശിൽ ക്രിസ്തു സംതൃപ്തിപ്പെടുത്തുകയും തന്മൂലം ദൈവകോപം അകറ്റിക്കളയുകയും ചെയ്തു. ഇതാണ് *പ്രായശ്ചിത്തം* എന്നതിന്റെ അർത്ഥം.

B. പ്രായശ്ചിത്തത്തിന്റെ 3 തലങ്ങൾ അഥവാ പ്രയോഗങ്ങൾ

ദൈവകോപത്തെ മാറ്റിവിടുകയും ശാന്തമാക്കുകയും ചെയ്യുക എന്നുള്ളതാണ് *പ്രായശ്ചിത്തം* എന്നു സ്ഥാപിച്ചിരിക്കുന്നു. പുതിയനിയമത്തിൽ പ്രായശ്ചിത്തത്തിന്റെ വ്യത്യസ്തമായ 3 വശങ്ങൾ നൽകിയിരിക്കുന്നതായി കരുതാം.

1. ക്രൂശിൽ നിവർത്തിച്ച മുഴുലോകത്തിന്റെയും പ്രായശ്ചിത്തം. 1 യോഹന്നാൻ 2:2-ൽ നാം വായിക്കുന്നത്, ക്രിസ്തു മുഴുലോകത്തിന്റെ പാപത്തിനു ദൈവമുമ്പാകെ പ്രായശ്ചിത്തം വരുത്തിയതായിട്ടാണ് **ക്രിസ്തുവിന്റെ ക്രൂശുമരണം മൂലം ലോകത്തിന്റെ മുഴുവനും പാപങ്ങളോടുബന്ധപ്പെട്ട ദൈവകോപം പരിഹരിക്കപ്പെട്ടു.** ദൈവശാസ്ത്രം രൂപപ്പെടുത്തുമ്പോൾ ഈ ആശയം സാധാരണയായി കണക്കിലെടുക്കാറില്ല. പാരമ്പര്യമായി ലഭിച്ച പാപത്തിന്റെയോ ചെയ്ത പാപങ്ങളുടെയോ അടിസ്ഥാനത്തിൽ നിത്യശിക്ഷാവിധി ചുമത്താതെവണ്ണം ദൈവകോപം മാറിപ്പോയി എന്ന ആശയമാണ് ഇവിടെ ലഭിക്കുന്നത്. ലോകത്തിന്റെ പാപത്തിന്റെമേൽ വരുന്ന ദൈവകോപം ശമിച്ചിരിക്കുന്നു തന്മൂലം പാപത്തിന്റെ അടിസ്ഥാനത്തിലുള്ള നിത്യനാശം നീങ്ങിപ്പോയി.

എന്നാൽ രക്ഷിപ്പെടാത്തവർ ഇപ്പോഴും പാപത്തോടു ബന്ധപ്പെട്ട കുറ്റക്കാർ തന്നെയാണ്. ഇപ്പോൾ സുവിശേഷം അനുസരിക്കുന്നില്ല എന്ന കുറ്റത്തിനാണ് നിത്യമായ ശിക്ഷാവിധി അനുഭവിക്കേണ്ടി വരുന്നത് (2 തെസ്സ. 1:8; യോഹ. 3:18). ദൈവകോപത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന മറ്റ് വേദഭാഗങ്ങൾ താൽക്കാലികമായ ദൈവകോപത്തെക്കുറിച്ചാണ് പറയുന്നത് (ഉദാ. റോമ. 1:18 -ൽ കാണുന്നത് നരകശിക്ഷയെക്കുറിച്ചല്ല വഷളായ ജീവിത രീതികൾക്കൊണ്ട് സംഭവിക്കുന്ന നാശത്തെക്കുറിച്ചാണ്). അതുപോലെ ക്രിസ്തു വന്നു പരിഹാരം ഉണ്ടാക്കിയിരുന്നില്ലെങ്കിൽ എന്തു സംഭവിക്കുമെന്നതിനെക്കുറിച്ചാണ് (ഉദാ. റോമ. 2:6-8) ശിക്ഷയുടെ അളവ് നിശ്ചയിക്കുന്നതിനു വ്യക്തിപരമായ പാപങ്ങൾ പ്രധാന പങ്കു വഹിക്കുന്നുണ്ട് (ലൂക്കോ. 12:48). വ്യക്തിപരമോ പാരമ്പര്യമായി ലഭിച്ചതോ ആയ പാപങ്ങളല്ല, പിന്നെയോ ക്രിസ്തുവിനെ നിരസിക്കുന്നതാണ് നിത്യമായ നാശത്തിന്റെ കാരണം. നിത്യശിക്ഷാവിധിയോടുള്ള ബന്ധത്തിൽ ലോകത്തിന്റെ മുഴുവൻ പാപത്തിനും ദൈവത്തിന്റെ മുമ്പിൽ പ്രായശ്ചിത്തം നൽകി (1 യോഹ. 2:2; 2 കൊരി. 5:19).

> അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിനു മാത്രമല്ല **സർവ്വലോകത്തിന്റെ** പാപത്തിനു തന്നെ(1 യോഹ. 2:2).

ക്രൂശിൽ നടന്ന പ്രായശ്ചിത്തത്തിനു സാർവത്രികമായ വ്യാപ്തിയുണ്ടെന്നു വളരെ വ്യക്തമായി വെളിപ്പെടുത്തുന്ന ഏക വാക്യമാണ് 1 യോഹ. 2:2. എന്നാൽ മറ്റു രണ്ടു വേദഭാഗങ്ങളും ക്രൂശിൽ നടന്ന പ്രായശ്ചിത്തം മൂലം മുഴുവൻ ജനങ്ങൾക്കും ലഭിച്ച പ്രയോജനങ്ങളാണ് പറയുന്നത്: അവർ ദൈവത്തിന്റെ ജനങ്ങളോ തിരഞ്ഞെടുക്കപ്പെട്ടവരോ ആണ് (കാണുക എബ്രാ. 2:17, 1 യോഹ. 4:10)

2. ക്രിസ്തുവിൽ വിശ്വാസമർപ്പിക്കുന്ന സമയത്ത് വ്യക്തികൾക്ക് വ്യക്തിപരമായ പ്രായശ്ചിത്തം ലഭിക്കുന്നു. 1 യോഹ. 2:2-ൽ പാപത്തിന്മേലുള്ള ദൈവത്തിന്റെ നിത്യമായ കോപം അവസാനിച്ചുവെന്നു യോഹന്നാൻ പഠിപ്പിക്കുന്നുണ്ടെങ്കിലും യോഹ. 3:36, 16:9 തുടങ്ങിയ വേദഭാഗങ്ങളിൽ ദൈവപുത്രനെ തിരസ്കരിക്കുന്നവർക്കെതിരെ ദൈവത്തിന്റെ കോപം ജ്വലിക്കുന്നുവെന്നും പഠിപ്പിക്കുന്നു(ഇതും കാണുക 2 തെസ്സ. 1:8,9). അങ്ങനെ ക്രൂശിൽ പൊതുവായ പ്രായശ്ചിത്തം നടന്നപ്പോൾ, ക്രിസ്തുവിൽ രക്ഷയ്ക്കായി ഒരാൾ ആശ്രയിക്കുന്നതുവരെ പ്രധാന പാപമായി അവിശ്വാസത്തിനുള്ള പ്രായശ്ചിത്തം നടക്കുന്നില്ല. പ്രായശ്ചിത്തത്തിന്റെ ഈ രണ്ടു ഭാഗങ്ങളും റോമർ 3:25 - ൽ കാണാം. ഈ വാക്യം പഠിപ്പിക്കുന്നതു ക്രിസ്തു തന്റെ മരണസമയത്ത് പ്രായശ്ചിത്തമായിത്തീർന്നുവെന്നാണ്. ഇത് ഒരുപക്ഷേ പറയുവാൻ കഴിയുന്നത് ക്രിസ്തുവിന്റെ മരണം നിമിത്തം മനുഷ്യന്റെ ജന്മ പാപത്തിനും കർമ്മ പാപത്തിനും കാരണമായ ദൈവകോപത്തിനു ശമനം ലഭിച്ചുവെന്നാണ്. എന്നാൽ"വിശ്വസിക്കുന്നവർക്ക്" എന്ന വാക്യം പ്രാധാന്യത്തോടെ ചൂണ്ടിക്കാണിക്കുന്നത് വിശ്വസിക്കുന്ന സമയത്താണ് ദൈവകോപം പൂർണ്ണമായി മാറിപ്പോകുന്നുവെന്നാണ്. ആശയം എന്തുതന്നെ ആയിരുന്നാലും വ്യക്തിപരമായ പാപങ്ങൾ നിമിത്തം മാത്രം ആരും നിത്യശിക്ഷാവിധി അനുഭവിക്കുന്നില്ല. അവിശ്വാസി അവിശ്വാസം എന്ന പാപം നിമിത്തം ഇപ്പോഴും ദൈവകോപത്തിന്റെ കീഴിലാണ്. ക്രിസ്തുവിനെ പ്രായശ്ചിത്തമായി വിശ്വസിക്കുന്നതുവരെ ദൈവത്തിന്റെ നിത്യമായ കോപത്തോടുള്ള ബന്ധത്തിൽ പൂർണ്ണമായ പ്രായശ്ചിത്തം നടക്കുന്നില്ല. ക്രൂശിൽ നടന്നതിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ നിത്യമായ കോപം നീങ്ങിപ്പോയി എന്നു വിശ്വസിക്കുന്നത് സത്യമാണെങ്കിലും, വിശ്വസിക്കുന്നതുവരെ ദൈവകോപം തുടരുന്നു.

> വിശ്വസിക്കുന്നവർക്ക് അവന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു ..(റോമ. 3:25).

3. ഒരു വിശ്വാസി പാപം ഏറ്റു പറയുമ്പോൾ ദൈവകോപത്തിനു പ്രായശ്ചിത്തം വരുന്നു, രക്ഷിക്കപ്പെടാത്ത ആളോടുള്ള ബന്ധത്തിൽ ദൈവം ന്യായാധിപനാണ്. രക്ഷിക്കപ്പെട്ടതിനു ശേഷം ദൈവം തന്നെ പുതിയ സ്ഥാനത്തേക്കു വരുന്നു അത് പിതാവിന്റെ സ്ഥാനമാണ്. ദൈവം ന്യായാധിപനെന്ന നിലയിൽ വിശ്വാസിയുടെ മുഴുൻ പാപത്തിന്റെയും പ്രായശ്ചിത്തം സ്വീകരിച്ചു കഴിഞ്ഞു, അതുകൊണ്ട് നിത്യമായ അർത്ഥത്തിൽ വിശ്വാസിയോടു ദൈവത്തിനു കോപിക്കുവാൻ കഴിയുകയില്ല (യോഹ. 5:24; റോമ. 5:9; 8:1; 1 തെസ്സ. 5:9). വിശ്വാസി പാപം ചെയ്യുമ്പോൾ ഒരു പിതാവെന്ന നിലയിൽ ദൈവത്തിനു ദു:ഖമുണ്ടാകുന്നു. ദൈവത്തിനു കോപം വരുവാനുള്ള സാധ്യതയുണ്ട്. തന്റെ മക്കളുടെ പാപത്തോടുള്ള ബന്ധത്തിൽ പ്രായശ്ചിത്തം വന്നുവെന്നു തന്റെ വായനക്കാർ അറിയുവാൻ യോഹന്നാൻ ആഗ്രഹിക്കുന്നു (1 യോഹ. 2:1-2). ക്രിസ്തു നമ്മുടെ പ്രായശ്ചിത്തം ആയതുകൊണ്ട് രണ്ടു സത്യങ്ങൾ നമുക്കു ലഭിച്ചു. ഒന്ന്, ഒരു ദൈവപൈതലിനു ദൈവത്തിന്റെ നിത്യമായ കോപത്തിന് ഇരയായിത്തീരുവാൻ കഴിയുന്നതല്ല. ഇത് പാപം ചെയ്യുന്ന വിശ്വാസിക്ക് ഉറപ്പു നൽകുന്നു. രണ്ടാമതായി ദൈവത്തിനു പ്രായശ്ചിത്തം ലഭിച്ചു. അതായത് നമ്മുടെ പാപത്തോടുള്ള ദൈവത്തിന്റെ പിതൃതുല്യമായ കോപം അവസാനിപ്പിക്കുവാൻ മനസ്സു ചായ്ക്കുന്നു. വിശ്വാസിയുടെ പാപങ്ങൾക്കു ക്രിസ്തു പ്രായശ്ചിത്തം വരുത്തിയതുകൊണ്ട് ദൈവം വളരെ എളുപ്പത്തിൽ തന്റെ താല്ക്കാലികമായ കോപം മാറ്റുകയും ക്ഷമിക്കുകയും ചെയ്യുന്നു. വിശ്വാസികൾക്ക് ഇതും ഒരു ആശ്വസിപ്പി

ക്കുന്ന സത്യമാണ്. ''ഒരുത്തൻ പാപം ചെയ്തു എങ്കിലോ'' (1 യോഹ. 2:1). ക്രൂശു മുതൽ ദൈവം പ്രായശ്ചിത്തം ചെയ്യപ്പെട്ടവനായിരിക്കുന്നു. നാം നമ്മുടെ പാപം ഏറ്റുപറയുമ്പോൾ ദൈവത്തിന്റെ പിതൃതുല്യമായ കോപം വിശ്വാസിയുടെ പാപത്തിന്മേലുള്ളതിനു പ്രായശ്ചിത്തം വരുന്നു(1 യോഹ. 1:9). [35]

C. പ്രായശ്ചിത്തം എന്ന ഉപദേശത്തിൽ ഉൾപ്പെടുത്തപ്പെട്ട ഉയർന്ന കാര്യങ്ങൾ.

വ്യക്തിപരവും പാരമ്പര്യമായി ലഭിച്ചതുമായ പാപങ്ങളുടെമേൽ ഉണ്ടായിരുന്ന ദൈവകോപം ക്രിസ്തു ശമിപ്പിച്ചുവെന്നതു കുഞ്ഞുങ്ങളുടെ രക്ഷ എന്ന വിഷയത്തിലും നിത്യശിക്ഷാവിധിയുടെ അടിസ്ഥാനത്തിലും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വ്യക്തിപരമായ പാപത്തിനല്ല, പിന്നെയോ ക്രിസ്തുവിനെ തിരസ്ക്കരിച്ചതുമൂലമാണ് ഒരു ദേഹിയെ ദൈവം ശിക്ഷ വിധിക്കുന്നത്. അല്ലെങ്കിൽ ദൈവം നോക്കുമ്പോൾ ഒരു വ്യക്തിക്കു വിശ്വസിക്കുന്നതിനുള്ള കഴിവില്ലെന്നു കണ്ടാൽ, കുട്ടികളടക്കമുള്ള ഇച്ഛാശക്തിയില്ലാത്തവരോടു ദൈവം ഏറ്റവും കൃപയുള്ളവനായിരിക്കുമെന്നു നമുക്ക് ഉറപ്പാക്കാം. യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ ഒരു വ്യക്തി വിശ്വാസത്തോടെ പ്രതികരിക്കുകയോ പ്രതികരിക്കാതിരിക്കുകയോ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് നിത്യശിക്ഷാവിധി ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യുന്നത്. 6-ാം അദ്ധ്യായത്തിൽ ഈ വിഷയം വിശദീകരിച്ചുകഴിഞ്ഞതാണ്.

VI. പാപപരിഹാരത്തിൽ ക്രിസ്തുവിന്റെ രക്തത്തിനുള്ള സ്ഥാനം

ക്രിസ്തീയ സമൂഹത്തിൽ, ക്രിസ്തുവിന്റെ രക്തത്തിനുള്ള കൃത്യമായ പങ്കിനെപ്പറ്റി ചെറുതല്ലാത്ത വാദപ്രതിവാദങ്ങൾ നിലനിൽക്കുന്നു. ചിലർ വാദിക്കുന്നത് രക്തം ക്രിസ്തുവിന്റെ കഷ്ടതയെയും മരണത്തെയും ചിത്രീകരിക്കുന്നുവെന്നാണ്. അതുകൊണ്ട് ഭൗതികമായ രക്തത്തിനു താരതമ്യേന അപ്രധാന സ്ഥാനമാണുള്ളത്. ക്രിസ്തുവിന്റെ ഭൗതികരക്തത്തിന്റെ അടിസ്ഥാനത്തിലല്ല രക്ഷ നൽകപ്പെട്ടതെന്നു വാദിക്കുന്നു. ഇവിടെ അനേക ചോദ്യങ്ങൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. ക്രിസ്തുവിന്റെ കഷ്ടതയുടെയും മരണത്തിന്റെയും പ്രതികമാണോ രക്തം അതോ, രക്തം അർത്ഥമാക്കുന്നത് ആക്ഷരീകമായ രക്തത്തെയാണോ? ക്രിസ്തുവിന്റെ ഭൗതികമായ രക്തം, രക്തം ദാനം ചെയ്യുന്നതിന് ആവശ്യമാണോ? അങ്ങനെയെങ്കിൽ ആവശ്യമായതെല്ലാം ഇത് രൂപവത്ക്കരിച്ചിട്ടുണ്ടോ? അതോ ക്രിസ്തുവിന്റെ യാഗത്തിന് മറ്റു വശങ്ങളുണ്ടോ?

A. ബൈബിളിൽ രക്തത്തെപ്പറ്റിയുള്ള നിരീക്ഷണങ്ങൾ

പരിഗണിക്കുന്ന കയ്യെഴുത്തുപ്രതിയനുസരിച്ച് പുതിയനിയമത്തിൽ രക്തം എന്ന വാക്ക് ഏകദേശം 99 പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു. [36] ക്രിസ്തുവിന്റെ രക്തത്തെക്കുറിച്ച് ഏകദേശം 38 പ്രാവശ്യം കാണുവാൻ കഴിയും. ബാക്കിയുള്ളത് മനുഷ്യന്റെയോ മൃഗത്തിന്റെയോ രക്തത്തെയാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. രക്ഷ ദാനം ചെയ്യുന്നതിനു ക്രിസ്തുവിന്റെ രക്തം മതിയായതാണെന്നു വ്യക്തമാക്കുന്ന വേദഭാഗങ്ങൾ ഇവിടെ നൽകുന്നു.

> പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ. ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ **രക്തം** (മത്തായി 26:27-28).
>
> (കാണുക. മർക്കോ. 14:24; ലൂക്കോ. 22:20).
>
> യേശു അവരോട് പറഞ്ഞത്: "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ **രക്തം** കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല" (യോഹ. 6:53).
>
> (കാണുക. യോഹന്നാൻ 6:55-56).
>
> "നിങ്ങളെത്തന്നെയും താൻ സ്വന്ത **രക്തത്താൽ** സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ"(അപ്പോ. പ്രവ. 20:28).
>
> വിശ്വസിക്കുന്നവർക്കു അവൻ തന്റെ **രക്തം** മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു (റോമ. 3:25).
>
> അവന്റെ **രക്തത്താൽ** നീതികരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും (റോമ. 5:9).
>
> നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം

[35] ലൂക്കോസ് 18:13-ൽ കാണുന്ന പ്രാർത്ഥനയ്ക്ക് ക്രൂശിനു ശേഷം കാലിക പ്രാധാന്യം ഇല്ലെന്നു ചിലർ ചിന്തിക്കുന്നു. ക്രിസ്തുവിന്റെ മരണം മുതൽ ദൈവമെ പ്രായശ്ചിത്തം സ്വീകരിക്കണമെയെന്നു ആരും പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. കാരണം ദൈവം മുഴുലോകത്തിന്റെയും പാപത്തിനുവേണ്ടിയുള്ള പ്രായശ്ചിത്തം ഏറ്റു കഴിഞ്ഞിരിക്കുന്നു. എന്നിരുന്നാലും ദൈവം അവിശ്വാസിയുടെ പാപത്തോടു കോപിക്കുന്നതുകൊണ്ട് (2 തെസ്സ. 1:8-9), ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ, ലൂക്കോ. 18-ൽ കാണുന്ന പാപിയുടെ പ്രാർത്ഥന ഇപ്പോഴും അനുയോജ്യമാണെന്നു കാണുന്നു.

[36] കൊലൊ. 1: 14-ൽ രക്തത്തിനുപയോഗിച്ചിരിക്കുന്ന വാക്കിനു ഭിന്നതാർത്ഥങ്ങളുണ്ട്.

ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? (1 കൊരി. 10:16).

അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടത്തു; ഈ പാനപാത്രം എന്റെ **രക്തത്തിൽ** പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മ യ്ക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ രക്തത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താ വിന്റെ ശരീരവും **രക്തവും** സംബന്ധിച്ച് കുറ്റക്കാ രൻ ആകും (1 കൊരി. 11:25-27).

അവനിൽ നമുക്ക് അവന്റെ **രക്തത്താൽ** അതി ക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട് (എഫെ. 1:7).

മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ **രക്തത്താൽ** സമീപസ്ഥരായിത്തീർന്നു (എഫെ. 2:13).

അവൻ ക്രൂശിൽ ചൊരിഞ്ഞ **രക്തം** കൊണ്ടു അവൻ മുഖാന്തിരം സമാധാനം ഉണ്ടാക്കി; ഭൂമി യിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകല ത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പി പ്പാനും പിതാവിനു പ്രസാദം തോന്നി (കൊലൊ. 1:20).

(ചില ഭാഷാന്തരങ്ങളിൽ കൊലൊ. 1:14 കാണുക).

ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല സ്വന്ത **രക്തത്താൽത്ത**ന്നെ ഒരിക്ക ലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ച് എന്നേ ക്കുമുള്ളൊരു വീണ്ടെടുപ്പ് സാധിപ്പിച്ചു (എബ്രാ. 9:12).

തന്റെ **രക്തത്താൽ** വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിൽ ധൈര്യവും... (എബ്രാ. 10:19).

ദൈവപുത്രനെ ചവിട്ടിക്കളയുകയും തന്നെ വിശു ദ്ധീകരിച്ചു നിയമ**രക്തത്തെ** മലിനം എന്നു നിരൂ പിക്കുകയും കൃപയുടെ ആത്മാവിനെ നിന്ദിക്കു കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്നു വിചാരിപ്പിൻ (എബ്രാ. 10:29).

പാപത്തോടു പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം(രക്തച്ചൊരിച്ചിലോളം) എതിർത്തു നിന്നിട്ടില്ല (എബ്രാ. 12:4).

പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്താൽ ഗുണകരമായി സംസാ രിക്കുന്ന പുണ്യാഹ**രക്തത്തിനും** അടുക്കലത്രെ നിങ്ങൾ വന്നിരിക്കുന്നത് (എബ്രാ. 12:24).

അങ്ങനെ യേശുവും സ്വന്ത **രക്തത്താൽ** ജനത്തെ വിശുദ്ധീകരിക്കേണ്ടതിനു നഗരവാതി ലിനു പുറത്തുവച്ചു കഷ്ടം അനുഭവിച്ചു (എബ്രാ. 13:12).

നിത്യനിയമത്തിന്റെ **രക്തത്താൽ** ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശു വിനെ മരിച്ചവരുടെ ഇടയിൽ നിന്നു മടക്കിവരു ത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്വാൻ തക്കവണ്ണം എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാ ദമുള്ളത് നമ്മിൽ നിവർത്തിക്കുമാറാകട്ടെ (എബ്രായർ 13:20-21).

പിതാവായ ദൈവത്തിന്റെ മുന്നറിവിനൊത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ച് അനുസ രണം കാണിപ്പാനും യേശുക്രിസ്തുവിന്റെ **രക്ത ത്താൽ** തളിക്കപ്പെടുവാനുമായി വ്യതന്മാർക്ക് എഴുതുന്നത്... (1 പത്രൊ. 1:2).

വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി, മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല ക്രിസ്തു എന്ന നിർദ്ദോ ഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേ റിയ **രക്തം**കൊണ്ടത്രെ എന്നു നിങ്ങൾ അറിയു ന്നുവല്ലോ (1 പത്രൊ. 1:18-19).

അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ **രക്തം** സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7).

ജലത്താലും **രക്തത്താലും** വന്നവൻ ഇവൻ ആകുന്നു. യേശുക്രിസ്തു തന്നെ: ജലത്താൽ മാത്രമല്ല, ജലത്താലും **രക്തത്താലും** തന്നെ. ആത്മാവു സാക്ഷ്യം പറയുന്നു; ആത്മാവു സത്യ മല്ലോ. സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്. ആത്മാ വ്, ജലം, **രക്തം**. ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നു തന്നെ (1 യോഹ. 5:6, 8).

നമ്മെ തന്റെ **രക്തത്താൽ** വിടുവിച്ചു... (വെളി. 1:6). പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടി പ്പാനും നീ യോഗ്യൻ നീ അറുക്കപ്പെട്ട നിന്റെ **രക്തം** കൊണ്ട് സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിൽ നിന്നുള്ളവരെ ദൈവ ത്തിനായി വിലക്കു വാങ്ങി(വെളിപ്പാട് 5:9).

ഇവർ മഹാ കഷ്ടത്തിൽ നിന്നു വന്നവർ കുഞ്ഞാ

ടിന്റെ **രക്തത്തിൽ** തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു (വെളി. 7:14).

അവർ അവനെ കുഞ്ഞാടിന്റെ **രക്തം** ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യ വചനം ഹേതുവായിട്ടും ജയിച്ചു... (വെളി. 12:11).

B. പാപപരിഹാരത്തിൽ ക്രിസ്തുവിന്റെ രക്തത്തിനുള്ള പങ്കിനെപ്പറ്റിയുള്ള നിഗമനങ്ങൾ

1. രക്തം ഒരു പ്രതീകത്തെക്കാൾ ഉപരിയാണ്. ക്രിസ്തുവിന്റെ രക്തച്ചൊരിച്ചിലിനെക്കാൾ അധികമായത് ക്രിസ്തുവിന്റെ യാതനയോടുള്ള ബന്ധത്തിൽ സംഭവിച്ചതായി നമുക്കു മസ്സിലാക്കാം. എന്നിരുന്നാലും രക്ഷ നേടുന്നതിനു ക്രിസ്തുവിന്റെ രക്തം അപ്രധാനമായ പങ്കു വഹിച്ചെന്ന നിലയിൽ ഈ സത്യം തരംതാഴ്ത്തുന്നില്ല. രക്ഷിതാവിനോടുള്ള ബന്ധത്തിൽ രക്തച്ചൊരിച്ചിൽ എന്ന ഏകയാഗം/ വില മാത്രമല്ല ഉള്ളത്. എന്നാൽ ക്രിസ്തുവിന്റെ യാഗത്തിന്റെ ഏറ്റവും ആവശ്യമായ ഘടകമാണിത്. ചൊരിയപ്പെട്ട രക്തമില്ലാതെ രക്ഷ ഒരിക്കലും സാധിക്കുകയില്ല. പുതിയ നിയമം ക്രിസ്തുവിന്റെ രക്തച്ചൊരിച്ചിലിനു വലിയ പ്രാധാന്യം കല്പിക്കുകയും അതിനെ പാപപരിഹാരത്തിന്റെ എല്ലാ പ്രധാന ഘടകങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു(ഉദാ. പാപക്ഷമ മത്തായി. 26:28, എഫെ. 1:7; നീതികരണം റോമ. 5:9; വീണ്ടെടുപ്പ്-എഫെ. 1:7, എബ്രാ. 9:12; 1 പത്രൊ. 1:19, വെളി. 5:9; നിരപ്പ് കൊലൊ. 1:20; പ്രായശ്ചിത്തം റോമ. 3:25).

പാപത്തിന്റെ ഫലമായ ശിക്ഷകളിലൊന്നാണ് ശാരീരിക മരണം. മനുഷ്യന്റെ രക്ഷയ്ക്ക് അത്യാവശ്യമായ ശാരീരികമായ രക്തച്ചൊരിച്ചിൽ കൂടാതെ വീണ്ടെടുപ്പ്, പ്രായശ്ചിത്തം, നിരപ്പ്, നീതികരണം ഇവ മനുഷ്യവർഗ്ഗത്തിനു നേടുവാൻ കഴിയുന്നതല്ല. രക്ഷ ദാനം ചെയ്യുന്നതിന് ക്രിസ്തുവിന്റെ "*രക്തത്തെ*" ഒരു പ്രതീകമായും ഒരു ചെറിയ ഘടകമായും ഒരിക്കലും കാണുവാൻ പാടില്ല. എങ്കിലും ഇതിനോടു തുല്യമായ നിലയിൽ ക്രിസ്തുവിന്റെ രക്തച്ചൊരിച്ചിലിനോടു ചേർന്ന് വേറെയും ത്യാഗങ്ങളും വേദനകളും അനുഭവിച്ചു എന്നുള്ളത് പ്രധാനപ്പെട്ടതാണ്. പുതിയനിയമ എഴുത്തുകാർ **"രക്തം"** എന്ന വാക്ക് ഉപയോഗിച്ചപ്പോൾ, ക്രിസ്തുവിന്റെ ആക്ഷരിക രക്തമായും അവന്റെ കഷ്ടതകളും മരണമായും കണ്ടിരുന്നു. ***"രക്തം"*** എന്നത് രക്തത്തെത്തന്നെയാണ് അർത്ഥമാക്കുന്നത്. എന്നാൽ ഇതിന് ആഴമേറിയ ഒരു അർത്ഥമുണ്ട്. ഇത് ഉന്നതമായ ഒരു മരണത്തെയും വേദനയെ യും യാഗത്തെയും കാണിക്കുന്നു.

2. രക്ഷ ദാനം ചെയ്യുന്നതിനു പ്രവർത്തിച്ച ക്രിസ്തുവിന്റെ രക്തം കൂടാതെയുള്ള ഘടകങ്ങൾ. ക്രൂശിനെ പൂർണ്ണമായി മനസ്സിലാക്കുവാൻ ഒരിക്കലും കഴിയുന്നതല്ല. രക്തം കൂടാതെ വേറെയും ഘടകങ്ങൾ ക്രൂശിൽ പ്രവർത്തിച്ചതായി നമുക്ക് ഉറപ്പാക്കാം ഒരു ഭൗതിക മനുഷ്യനെന്ന നിലയിൽ തന്റെ പരിച്ഛേദനസമയത്തും, പൈതൽ പ്രായത്തിൽ പല്ലുകൾ പൊഴിഞ്ഞപ്പോഴും ക്രിസ്തു വേദനിച്ചിട്ടുണ്ട്. ഒരു പക്ഷേ ആശാരിപ്പണി ചെയ്തപ്പോഴും കഠിനമായ വഴിയിലൂടെ യാത്ര ചെയ്തപ്പോഴും യേശു വേദന അനുഭവിച്ചിരിക്കാം. പീലാത്തോസിന്റെ ആളുകൾ ചമ്മട്ടികൊണ്ടടിച്ചപ്പോഴും, മുള്ളുകൾ തലയിൽ തുളഞ്ഞുകയറിയപ്പോഴും യേശു രക്തം ചൊരിഞ്ഞു. എന്നാൽ പാപ പരിഹാരത്തിന് ഈ രക്തത്തുള്ളികൾ മാത്രം മതിയാകുന്നതല്ല.

''പാപത്തിന്റെ ശമ്പളം മരണമത്രെ' എന്നുള്ളത് **ആത്മിക** മരണത്തെയാണ് പ്രധാനമായും കാണിക്കുന്നതെന്നുള്ള ഈ പ്രസ്താവന നാം ആദ്യം പരിഗണിക്കണം. ശാരീരിക മരണത്തിന്റെ ശിക്ഷ ക്രിസ്തു അനുഭവിച്ചു. ഇത് ആക്ഷരികമായും പൂർണ്ണമായും ആവശ്യമാണ്. എങ്കിലും ക്രിസ്തു ആത്മികമരണത്തിന്റെയും നിത്യമരണത്തിന്റെയും വേദന അനുഭവിച്ചു. അവൻ ആത്മികമരണം വഹിച്ചു, അതായത്, പിതാവായ ദൈവത്തിൽ നിന്നു വേർപെടുന്നു (മത്താ. 27:46). മാത്രമല്ല, നിത്യനരകത്തിന്റെ നിത്യമരണവും അനുഭവിച്ചു. യേശു ക്രിസ്തു സഹിച്ചത് നിത്യനരകത്തിന്റേതുപോലെയുള്ള ശിക്ഷയല്ല നിത്യനരകത്തിനു തുല്യമൂല്യമുള്ള ശിക്ഷയാണ്. ജനകോടികൾ തങ്ങളുടെ പാപത്തിനുവേണ്ടി കൊടുക്കേണ്ടുന്ന, ജനകോടികളുടെ ശിക്ഷയായ നിത്യനരകത്തിലെ വേദന ക്രിസ്തു അനുഭവിക്കുകയായിരുന്നു. ഇത് ക്രൂശിലെ ചില മണിക്കൂറുകൾക്കൊണ്ട് അനുഭവിച്ചു. രക്തച്ചൊരിച്ചിൽ ആവശ്യമായിരുന്നു. എന്നാൽ പരിച്ഛേദനാസമയത്തുള്ള ക്രിസ്തുവിന്റെ രക്തച്ചൊരിച്ചിലും ക്രൂശിലെ രക്തച്ചൊരിച്ചിലും തമ്മിലുള്ള വ്യത്യാസം ക്രിസ്തു ക്രൂശിൽ കിടന്നത് പാപം ചുമന്നുകൊണ്ടാണ്. രക്തമൊഴുക്കേണ്ടത് ആവശ്യമാണ്. എന്നാൽ **ക്രിസ്തു പാപം ചുമന്നുകൊണ്ടു കിടന്ന സമയത്ത്** ഒഴുക്കപ്പെട്ട രക്തത്തിനാണ് പാപപരിഹാരം നൽകുവാൻ സാധിക്കുന്നത്. അല്ലെങ്കിൽ രക്തത്തിലോ രക്തം മൂലമോ ദൈവത്തിന്റെ ലക്ഷ്യം നേടുന്നില്ല. ക്രിസ്തു പാപം ചുമന്നുകൊണ്ട് ക്രൂശിൽ കിടന്ന സമയത്തു ചൊരിഞ്ഞ രക്തമാണ് രക്ഷയ്ക്ക് ആവശ്യമായിട്ടുള്ളത്. മാത്രമല്ല, പാപം വഹിക്കുന്നുവെന്നുള്ള ചിന്തയ്ക്ക് പ്രാധാന്യം കൊടുക്കുമ്പോൾ ക്രിസ്തു സഹിച്ച മറ്റുള്ള യാതനകളുടെ ആഴങ്ങളിലേക്കും മനസ്സു തുറക്കപ്പെടുന്നു. ക്രിസ്തുവിന്റെ രക്തം ആക്ഷരികവും ആവശ്യവുമാണ്. എന്നാൽ നമുക്ക് അജ്ഞാതമായ വേറെ കഷ്ടതകളുണ്ട്. സ്വർഗ്ഗമോ നരകമോ നമുക്ക് പൂർണ്ണമായും മനസ്സിലാക്കുവാൻ കഴിയാത്തതുപോലെ ഇതും പൂർണ്ണമായും മനസ്സിലാക്കുവാൻ കഴിയുന്നില്ല. അതുകൊണ്ട് രക്തത്തെ ക്രിസ്തുവിന്റെ കഷ്ടതയിലെ ഏറ്റവും പ്രധാന്യമുള്ള ഘടകമായി ബൈബിൾ കാണി

ക്കുന്നു. രക്തം ആവശ്യമാണ്, ഇത് നമുക്ക് ഏറ്റവും നന്നായി അറിയുവാൻ കഴിയുന്ന ഘടകവുമാണ്. എന്നാൽ രക്തച്ചൊരിച്ചിലിനെക്കാൾ അധികമായി സങ്കീർണ്ണവും വേദനാജനകവുമാണ് രക്ഷ.

> എന്നാൽ അവനെ തകർത്തുകളയുവാൻ യഹോവയ്ക്കു ഇഷ്ടം തോന്നി. അവൻ അവന്നു കഷ്ടം വരുത്തി അവന്റെ **പ്രാണൻ** ഒരു അകൃത്യയാഗമായിതീർന്നിട്ടും.... (യെശ. 53:10).
>
> എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത് എന്നർത്ഥം (മത്തായി 27:46).

VII. പാപപരിഹാരത്തിന്റെ അർത്ഥവും വ്യാപ്തിയും

A. പഴയനിയമത്തിലെ *പാപപരിഹാരം*

കൃത്യമായി പഴയനിയമത്തിലെ മൃഗബലിയോടു ബന്ധപ്പെട്ടുള്ളതാണ്. *കാപ്പാർ* എന്ന ക്രിയ (യോം കിപ്പൂർ Yom kippur)(മഹാ പാപ പരിഹാര ദിവസം) ഏകദേശം 102 പ്രാവശ്യം കാണപ്പെടുന്നു. മാത്രമല്ല ഇതിന്റെ 3 തരത്തിലുള്ള നാമരൂപങ്ങൾ ഏകദേശം 52 പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു. പാപപരിഹാരം പല വശങ്ങളുള്ള സങ്കീർണ്ണമായ ആശയമാണ്.

1. പാപപരിഹാരത്തിന്റെ ഒരു വശം പാപത്തെ മൂടുകയോ പരിഹരിക്കുകയോ ചെയ്യുക (അതായത് പാപത്തിന്റെ കുറ്റങ്ങളെയും കടപ്പാടുകളെയും നീക്കിക്കളയുക) എന്നതാണ്. ഉല്പത്തി. 6:14-ൽ ദൈവം നോഹയോടു ഒരു പെട്ടകം ഉണ്ടാക്കി ''അകത്തും പുറത്തും കീൽ തേക്കണം (അത് **മൂടണം** എന്നു പറയുമ്പോൾ അവിടെ ക്രിയയും നാമവും വരുന്നു. പാപപരിഹാരത്തിനു ഉപയോഗിച്ചിരിക്കുന്ന വാക്കുകൾക്ക് മൂടുക എന്ന മൗലിക മായ അർത്ഥം നൽകുന്നത് ഉല്പത്തി 6:14 ആണ്. പുരോഹിതന്മാർ കൃപാസനം (എബ്രായ നാമം പാപപരിഹാര പീഠം) രക്തം ഉപയോഗിച്ചു മൂടണം. റോമർ 3 : 25, എബ്രായർ 9-10 അദ്ധ്യായങ്ങൾ എന്നീ വേദഭാഗങ്ങളനുസരിച്ച് പഴയനിയമവ്യവസ്ഥയിൽ പാപങ്ങൾ താല്ക്കാലികമായി മൂടുന്നതല്ലാതെ അവ എന്നേക്കുമായി നീക്കുന്നില്ല. ക്രിസ്തുവിന്റെ യാഗം കൃത്യമായി പാപപരിഹാരം വരുത്തിയിരിക്കുന്നു. പഴയനിയമ പാപപരിഹാരത്തിൽ ക്രിസ്തുവിന്റെ വരവുവരെ പാപങ്ങളെ മൂടിക്കൊണ്ട് പാപത്തിന്റെ കടമയിൽ നിന്നു താത്ക്കാലികമായി വിടുതൽ നൽകുന്നതായിക്കാണുന്നതാണ് ബുദ്ധി.

2. പാപപരിഹാരത്തിന്റെ രണ്ടാമത്തെ വശം ദൈവകോപത്തിനുള്ള *പ്രായശ്ചിത്തവും* കോപം വഴിതിരിച്ചു വിടുന്നതുമാണ്. പഴയനിയമ *പാപപരിഹാരത്തോടും* ഏറ്റഴും അടുത്ത ബന്ധമുള്ള ഒരു പുതിയ നിയമ ആശയം ഒരു ബൈബിൾ പഠിതാവും തിരഞ്ഞെടുക്കുകയാണെങ്കിൽ അത് പ്രായശ്ചിത്തമായിരിക്കും. എബ്രായ *കാപ്പാർ(*Yom kippur*)* എന്ന വാക്കിന് സെപ്റ്റുജിന്റെ പരിഭാഷയിൽ സാധാരണയായി ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് പ്രായശ്ചിത്തം എന്ന ആശയത്തിനും ഉപയോഗിച്ചിരിക്കുന്ന വാക്കു തന്നെയാണ്. കൂടാതെ എബ്രാ. 2:17 ആണ് യാഗത്തിലൂടെ പ്രായശ്ചിത്തം വരുത്തുന്ന പുരോഹിതന്റെ വേലയെ (ഈ പശ്ചാത്തലത്തിൽ ക്രിസ്തു) വെളിപ്പെടുത്തുന്ന പ്രധാന വേദഭാഗം.

> അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്കു **പ്രായശ്ചിത്തം** വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത മഹാപുരോഹിതനും ആകേണ്ടതിനു സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശ്യനായിത്തീരുവാൻ ആവശ്യമായിരുന്നു (എബ്രാ. 2:17).

കോപം മാറ്റുന്നതിനായി ഒരു വില നൽകുന്നതിനായും ദാനം ചെയ്യുന്നതിനായും *പാപപരിഹാര* കുടുംബത്തിലെ ഒരു വാക്ക് ഉപയോഗിച്ചിരിക്കുന്നതിനു അനേകം പഴയനിയമ ഉദാഹരണങ്ങളുണ്ട്. തന്നോട് അകന്നുകഴിഞ്ഞിരുന്ന തന്റെ സഹോദരനായ ഏശാവിനോട് യാക്കോബ് അടുക്കാറായപ്പോൾ ഏശാവിന്റെ കോപം ശാന്തമാക്കാൻ ആടുമാടുകളുടെ കൂട്ടത്തെ സമ്മാനമായി അയയ്ക്കുന്നു.

> എനിക്കു മുമ്പായി പോകുന്ന സമ്മാനംകൊണ്ടു അവനെ ശാന്തമാക്കീട്ടു (എബ്രായ പാപ പരിഹാരം) പിന്നെ ഞാൻ അവന്റെ മുഖം കണ്ടുകൊള്ളാം; പക്ഷേ അവന് എന്നോടു ദയ തോന്നുമായിരിക്കും എന്നു പറഞ്ഞു (ഉല്പ. 32:20).

സദൃശവാക്യങ്ങൾ 16:14 അനുസരിച്ച് ജ്ഞാനമുള്ള മനുഷ്യൻ രാജാവിന്റെ ക്രോധത്തെ ശമിപ്പിക്കുന്നു (പാപ പരിഹാരം). പാപപരിഹാരത്തിന്റെ നിർവചനത്തിനുള്ളിൽ പ്രായശ്ചിത്തം എന്ന ആശയവും ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.

3. വീണ്ടെടുപ്പ്, പ്രീതി ഇവ ഉറപ്പാക്കുവാൻ ഒരു വില നൽകുന്നതാണ് പാപപരിഹാരത്തിന്റെ മൂന്നാമത്തെ വശം. പാപപരിഹാര പദക്കൂട്ടത്തിലെ എബ്രായ നാമരൂപം സാധാരണയായ *മറുവില* എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു. പഴയനിയമ യാഗാർപ്പണത്തിൽ കുറ്റമില്ലാത്തവൻ കുറ്റക്കാരനുവേണ്ടി വില നൽകുന്ന കാഴ്ച കാണുവാൻ ബുദ്ധിമുട്ടില്ല. പുറ. 32:30-ൽ, കാളക്കുട്ടിയെ ആരാധിക്കുക എന്ന പാപത്തിന് പ്രായശ്ചിത്തം വരുത്തുവാൻ താൻ ശ്രമിക്കാമെന്നു മോശെ യിസ്രായേൽമക്കളോട് പറയുന്നു. യിസ്രായേലിനെ നില നിർത്തേണ്ടതിനു തന്റെ ജീവനെ ദൈവത്തിനു നൽകാമെന്ന് അവൻ തുടർന്നു പറയുന്നു. സംഖ്യാപുസ്തകം 35:31-ൽ കാണുന്നത് ജനത്തെ ഭരിക്കുന്നവർ മരണയോഗ്യനായ കൊലപാതകന്റെ ജീവനുവേണ്ടി വില (പാപപരിഹാരം) വാങ്ങരുതെന്നാണ്. ന്യായാധിപന്മാരുടെ പ്രീതിനേടുവാനായി അവർ മറുവില എടുക്കരുതെന്നാണ് ഇത് അർത്ഥമാക്കു

ന്നത്. പാപപരിഹാരത്തിന് ഇതേ അർത്ഥം തന്നെയാണ്. 1 ശമു. 12:3-ൽ കാണുന്നത് യിസ്രായേൽ രാജാവിനെ വീണ്ടും ഉറപ്പിക്കുവാൻ ശമുവേൽ ഒരുങ്ങുന്നതിനെയാണ്. എന്നാൽ ആദ്യം അവൻ തന്റെ തന്നെ സത്യസന്ധത കാക്കുന്നു.

> ...ഞാൻ വല്ലവനെയും ചതിച്ചിട്ടുണ്ടോ? വല്ലവനെയും പീഡിപ്പിച്ചിട്ടുണ്ടോ? ഞാൻ വല്ലവന്റെയും കൈയിൽനിന്നും കൈക്കൂലി (പാപപരിഹാരപ്പണം) വാങ്ങി എന്റെ കണ്ണു കുരുടാക്കിയിട്ടുണ്ടോ? (1 ശമൂ. 12:3).

ഈ വാക്യത്തിൽ ഒരു മറുവില, കൈക്കൂലി, പ്രീതി ഇവ ലഭിക്കുവാൻ നൽകുന്ന വിലയോടു ബന്ധപ്പെട്ടിട്ടുള്ള വാക്കാണ് പാപപരിഹാരത്തിനുപയോഗിച്ചിട്ടുള്ളത് ആവ. 32:43-ൽ ദൈവം എബ്രായരുടെ ശത്രുക്കൾക്ക് പകരം വീട്ടി അവരുടെ രക്തത്തിനു പ്രതികാരം ചെയ്യുമെന്നു മോശെ ഉറപ്പുനൽകുന്നു. അങ്ങനെ അവൻ "തന്റെ ദേശത്തിനും ജനത്തിനും പാപപരിഹാരം വരുത്തും" ജനത്തെയും ദേശത്തെയും തൃപ്തിപ്പെടുത്തുവാൻ യിസ്രായേലിന്റെ ശത്രുക്കളെ ദൈവം ഇടയാക്കും. പ്രീതി നേടുവാൻ വില നൽകുന്നത് പാപ പരിഹാരത്തിന്റെ മറ്റൊരു വശമാണെന്ന് ഈ പ്രയോഗങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഒരു ബന്ധത്തെ നേരെയാക്കുവാൻ വില നൽകുക എന്ന ആശയത്തിൽ, വീണ്ടെടുപ്പ് പാപപരിഹാരത്തിൽ അടങ്ങിയിരിക്കുന്നു. [37] സങ്കീ. 49:7-ൽ വീണ്ടെടുപ്പും പാപ പരിഹാരവും സമാന്തരമായി നൽകിയിരിക്കുന്നു.

4. നിരപ്പാണ് പാപപരിഹാരത്തിന്റെ നാലാമത്തെ വശം. പഴയ നിയമ യാഗത്തിന്റെ ലക്ഷ്യം മനുഷ്യനെ ദൈവത്തോടുള്ള ബന്ധത്തിലേക്കു കൊണ്ടുവരുവാനാണെന്ന് വ്യക്തമാണ്. അതായത് നിരപ്പിലേക്കു നയിക്കുക. കിങ് ജെയിംസ് പരിഭാഷകർ ഏഴു വാക്യങ്ങളിൽ (ഉദാ. ലേവ്യ. 8:15; എഫെ. 45:15, 17 തുടങ്ങിയവ)പാപ പരിഹാരത്തിന്റെ അർത്ഥം നിരപ്പെന്നാണ് ചിന്തിക്കുന്നത്.

5. സംഗ്രഹം: പഴയ നിയമത്തിൽ മൃഗങ്ങളെ യാഗമർപ്പിക്കുന്നതിന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന വാക്കാണ് പാപപരിഹാരം. ഈ ആശയത്തിൽ അനേകം ഘടകങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. യഥാർത്ഥ ദൈവകുഞ്ഞാട് യാഗമർപ്പിക്കപ്പെടുന്നതുവരെ മൃഗരക്തം പാപങ്ങളെ താത്ക്കാലികമായി മൂടുന്നു. ക്രൂശിൽ അവസാന പരിഹാരം നടക്കുന്നതുവരെ പാപത്തിന്റെ കടമയിൽ നിന്നും കുറ്റത്തിൽ നിന്നും ഒരു താത്ക്കാലികപരിഹാരം (പ്രായശ്ചിത്തം) ഉണ്ടായിരുന്നു.

പഴയനിയമവ്യക്തി യാഗങ്ങൾ അർപ്പിച്ച് തന്റെ ദൈവ വിശ്വാസം പ്രകടമാക്കുമ്പോൾ (രക്ഷനേടുവാൻ സ്വയ നീതി അഹങ്കാരം ഇവയിലൂടെയുള്ള ശ്രമത്തിനു വിപരീതമായി), അവൻ രക്ഷിക്കപ്പെട്ടു. [38]

ക്രിസ്തുവിന്റെ യാഗത്തെ പ്രതീക്ഷിച്ചുകൊണ്ട് ദൈവ വിശ്വാസം പ്രകമാക്കുവാൻ അർപ്പിക്കപ്പെട്ട ആ മൃഗയാഗങ്ങൾ പാപപരിഹാരത്തിനു കാരണമായി. അവ പാപത്തെ മൂടുകയും (പാപപരിഹാരം) താത്ക്കാലികമായി അതിന്റെ കടപ്പാടുകളിൽ നിന്നും കുറ്റങ്ങളിൽ നിന്നും വിടുതൽ നൽകുകയും ചെയ്തു. അവർ ഒരു വില നൽകി (വീണ്ടെടുപ്പ്) അവന്റെ കോപം ശമിപ്പിക്കുകയും (പ്രായശ്ചിത്തം) തന്മൂലം ദൈവത്തിന്റെ പ്രീതി നേടുകയും ചെയ്തു. യാഗങ്ങൾ മൂലം പ്രകടമാക്കിയ ദൈവത്തിലുള്ള വിശ്വാസംമൂലം ദൈവവുമായി ബന്ധമുണ്ടായി (നിരപ്പ്). പാപപരിഹാരം എന്ന വാക്ക് മൃഗയാഗങ്ങൾ മൂലം പൂർത്തിയാക്കിയ **സകലത്തിനും** വേണ്ടി നിലകൊള്ളുന്നു (മൂടുക, വീണ്ടെടുപ്പ്, പ്രായശ്ചിത്തം, നിരപ്പ്).

B. ദൈവശാസ്ത്രപരമായ പദമെന്ന നിലയിൽ പാപപരിഹാരം

പാപപരിഹാരം ഒരു പുതിയനിയമ പദമല്ല. കിങ് ജെയിംസ് പരിഭാഷയിൽ റോമർ 5:11-ൽ ഇത് കാണുന്നുണ്ട്. പക്ഷേ അത് ഒരു തെറ്റായ പരിഭാഷയാണ്. എങ്കിലും, പുതിയനിയമം, പ്രത്യേകിച്ച് എബ്രായ ലേഖനത്തിലെ പഠിപ്പിക്കലിനനുസരിച്ച് പഴയനിയമയാഗങ്ങൾ

---

[37] വില നൽകുക എന്ന ആശയത്തെ ഉൾക്കൊള്ളുന്ന മറ്റു വാക്യങ്ങൾ പുറപ്പാട് 30; 12; സംഖ്യ. 31:50; ആവ. 21:1-9; യെശ. 43:3. പഴയ നിയമത്തിൽ വീണ്ടെടുപ്പിനെക്കുറിച്ച് പൊതുവായ ഒരു ആശയമുണ്ടെന്ന് കരുതാം. ദൈവമുമ്പാകെ ഉറച്ചു നില്ക്കുന്നതിന് ഒരു വില നല്കിയിരിക്കുന്നു. പുതിയനിയമം കൂടുതൽ വ്യക്തമായി വീണ്ടെടുപ്പിനെ അടിമയുടെ വാങ്ങലും വിമോചനവുമായി കൂട്ടിച്ചേർത്തിരിക്കുന്നു.

[38] രക്ഷ നൽകുവാൻ മൃഗങ്ങളുടെ യാഗങ്ങൾകൊണ്ടു മാത്രം കഴിയുന്നതല്ല(സങ്കീ. 40:6; 51:16-17; യെശ. 1:11; ആമോസ് 5:22; മീഖ. 6:6-8). പഴയനിയമ വിശുദ്ധന്മാർ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടു(ഉല്പ. 15: 6, റോമ. 4: എബ്രാ. 11:2). മൃഗങ്ങളെ യാഗം അർപ്പിക്കുന്നതിലൂടെ പഴയനിയമവിശുദ്ധന്മാർ തങ്ങളുടെ വിശ്വാസത്തെ പ്രകടിപ്പിക്കണമെന്നു ദൈവം ആവശ്യപ്പെട്ടു). മൃഗങ്ങളുടെ രക്തത്തിന്റെ ശരിയായ പങ്ക് എന്താണെന്ന് അവർക്ക് അറിയാൻ പാടില്ലെങ്കിലും മൃഗത്തിന്റെ രക്തം മതിയായതല്ലെന്ന് അവർക്കറിയാമായിരുന്നു. ദൈവം ആവശ്യപ്പെട്ടത് അവർ ലളിതമായി നിവർത്തിക്കുകയും, രക്ഷയുടെ എല്ലാ വശങ്ങളും ദൈവം തന്റെ സമയത്ത് തന്റെ വഴിയിലൂടെ നിവർത്തിക്കുമെന്ന് വിശ്വസിക്കുകയും ചെയ്തു. സത്യത്തിൽ ദൈവം പഴയനിയമ ജനത്തോടു പറഞ്ഞത്: "യാഗത്തിനു മാത്രം നിങ്ങളെ പൂർണ്ണമായി രക്ഷിപ്പാൻ കഴിയില്ലെന്നും എന്നാൽ അവയെ അർപ്പിച്ച് നിങ്ങൾ എന്നിൽ ആശ്രയിക്കുന്നുവെന്നും വെളിപ്പെടുത്തുകയും വേണം. രക്ഷയ്ക്ക് ആവശ്യമായ ബാക്കിയുള്ള കാര്യങ്ങൾ ഞാൻ ചെയ്തു തരേണ്ടതിനു എന്നിൽ ആശ്രയിക്കുക." വിശ്വാസം കൂടാതെ തങ്ങളുടെ നീതിപ്രവർത്തികൾകൊണ്ട് രക്ഷ നേടാമെന്നു ചിന്തിച്ചുകൊണ്ട് യാഗമർപ്പച്ചവൻ മൃഗങ്ങളെ യാഗമർപ്പിക്കുന്നതിന്റെ പ്രയോജനം നഷ്ടമാക്കുകയാണ്.

ക്രിസ്തുവിന്റെ യാഗത്തെ ചിത്രീകരിക്കുന്നു. അതു കൊണ്ട് ദൈവശാസ്ത്രജ്ഞന്മാർ ക്രൂശിലെ വേലയെ മുഴുവനായി ചേർത്തുകൊണ്ടു പറയുന്ന ഒരു പദമാണ് *പാപപരിഹാരം.* രക്ഷ ദാനം ചെയ്യുന്നതിനു ക്രിസ്തുവിന്റെ മരണം പൂർത്തിയാക്കിയ **എല്ലാറ്റിനെയും** വിളിക്കുന്നതാണ് പാപപരിഹാരം. ഒരാൾ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ക്രൂശിലെ ഒരു വശത്തിനു മാത്രം (വീണ്ടെടുപ്പ്, നിരപ്പ്, പ്രായശ്ചിത്തം തുടങ്ങിയവ) പ്രാധാന്യം കൊടുക്കാതിരിക്കുന്നതിനെക്കാൾ പാപപരിഹാരം എന്ന പ്രയോഗം അനുയോജ്യമാണ്.

C. പാപപരിഹാരത്തിന്റെ വ്യാപ്തി

"അഞ്ച് പ്രമാണം" വിശ്വസിക്കുന്ന കാൽവിൻ ചിന്താഗതിക്കാർ, തിരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി മാത്രമാണ് ക്രിസ്തു മരിച്ചതെന്നു വിശ്വസിക്കുന്നു. ഈ പരിമിത പാപപരിഹാരത്തിൽ വളരെ നല്ല ക്രിസ്തീയ വിശ്വാസികളും വിശ്വസിക്കുന്നുവെന്നുള്ളത് വാസ്തവമാണെങ്കിലും ദൈവവചനം പഠിപ്പിക്കുന്നത് പരിമിതമില്ലാത്ത പാപപരിഹാരത്തെയാണ്. ലോകത്തിനു മുഴുവനുവേണ്ടി പ്രായശ്ചിത്തവും (1 യോഹ. 2:2) നിരപ്പും (2 കൊരി. 5:19), വീണ്ടെടുപ്പും (2 പത്രൊ. 2:1) നേടിയതായി പാപപരിഹാരം അർത്ഥമാക്കുന്നു. പരിമിതിയല്ലാത്ത പാപപരിഹാരം പഠിപ്പിക്കുന്ന വേദഭാഗങ്ങൾ താഴെ നല്കുന്നു.

> "ഇതാ **ലോകത്തിന്റെ** പാപം ചുമക്കുന്ന ദൈവകുഞ്ഞാട്" (യോഹ. 1:29).
>
> "....ദൈവം അവനെ നല്കുവാൻ തക്കവണ്ണം **ലോകത്തെ** സ്നേഹിച്ചു" (യോഹ. 3:16).
>
> "..... അവൻ സാക്ഷാൽ **ലോക**രക്ഷിതാവ് എന്ന് അറിയുകയും ചെയ്തിരിക്കുന്നു" (യോഹ. 4:42).
>
> "...ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ **ലോകത്തിന്റെ** ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു" (യോഹ. 6:51).
>
> "....ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ **എല്ലാവരെയും** എങ്കലേക്ക് ആകർഷിക്കും" (യോഹ. 12:32).
>
> "ലോകത്തെ വിധിപ്പാനല്ല **ലോകത്തെ** രക്ഷിപ്പാനത്രെ ഞാൻ വന്നിരിക്കുന്നത്" (യോഹ. 12:47).
>
> "ഇപ്പോൾ **എല്ലായിടത്തും എല്ലാവരും** മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു" (അപ്പോ. 17:30).
>
> ദൈവം ലോകത്തിന്റെ ലംഘനങ്ങളെ കണക്കിടാതെ **ലോകത്തെ** ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു... (2 കൊരി. 5:19).
>
> "അവൻ **സകല മനുഷ്യരും** രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു(1 തിമൊ. 2:4).
>
> **എല്ലാവർക്കും** വേണ്ടി തന്നെത്താൻ കൊടുത്ത (1 തിമൊ. 2:6).
>
> **എല്ലാവർക്കും** വേണ്ടി അതിന്നായിട്ടു തന്നെ ..... (1 തിമൊ. 4:10).
>
> "**സകല** മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ" (തീത്തൊസ് 2:11).
>
> "എങ്കിലും ദൈവകൃപയാൽ **എല്ലാവർക്കും** വേണ്ടി മരണം ആസ്വദിപ്പാൻ...." (എബ്രാ. 2:9)
>
> എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേതങ്ങളെ നുഴയിച്ചു **തങ്ങളെ വിലയ്ക്കു വാങ്ങിയ** (വീണ്ടെടുത്ത) നാഥനെ തള്ളിപ്പറഞ്ഞ് തങ്ങൾക്കുതന്നെ ശീഘ്രനാശം വരുത്തും (2 പത്രൊ. 2:1).
>
> അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു. നമ്മുടേതിനു മാത്രം അല്ല **സർവ്വലോകത്തിന്റെ** പാപത്തിനും തന്നെ (1 യോഹ. 2:2)

D. പാപപരിഹാരത്തിന്റെ തീർപ്പ്

തിരുവത്താഴത്തെക്കുറിച്ചുള്ള റോമൻ കത്തോലിക്കരുടെ പഠിപ്പിക്കൽ തെറ്റാണെന്നു നവീകരണ കർത്താക്കൾ കണ്ടു. കാരണം അവരുടെ ദിവ്യബലിയിൽ ക്രിസ്തുവിന്റെ ആക്ഷരിക ശരീരവും രക്തവും വീണ്ടും അർപ്പിക്കപ്പെടുന്നുവെന്നും അവർ പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ ക്രൂശിലെ പാപപരിഹാരം അവസാനത്തേതും മതിയായതുമാണെന്നു ദൈവവചനം പഠിപ്പിക്കുന്നു. ഇതിനോട് ചേർന്ന് യാതൊരു യാഗമോ വേലയോ ഇനി ആവശ്യമില്ല. ക്രൂശിനോടുള്ള ബന്ധത്തിൽ *ഒരിക്കലായി* എന്ന് സാധാരണയായി കാണാം. ലേവ്യാപുരോഹിതന്മാർ തുടർമാനമായി യാഗമർപ്പിച്ചുകൊണ്ട് നിൽക്കുകയായിരുന്നു. എന്നാൽ ഇതിനു വിപരീതമായി ക്രിസ്തു 'ഇരിക്കുന്നു' എന്ന ആശയം ക്രിസ്തുവിന്റെ പൂർത്തികരിക്കപ്പെട്ട വേലയെ കാണിക്കുന്നു(കാണുക റോമ. 6:10; എബ്രായർ 7:27; 9:12; 9:26, 28; 10:10; 10:14; 1 പത്രൊ. 3:18, ക്രിസ്തു തന്റെ വേല പൂർത്തിയാക്കിയ ശേഷം ഇരിക്കുന്നതു പരാമർശിക്കുന്ന വാക്യങ്ങൾ കൊലൊ. 3:1; എബ്രാ. 1:3, 8:1, 10:12, 12:1–2).

> ആട്ടുകൊറ്റന്മാരുടെയും പശുക്കിടാങ്ങളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ച് **എന്നേക്കുമുള്ളോരു** വീണ്ടെടുപ്പു സാധിപ്പിച്ചു (എബ്രാ. 9:12).
>
> അങ്ങനെയായാൽ ലോകസ്ഥാപനം മുതൽക്ക് അവൻ പലപ്പോഴും കഷ്ടമനുഭവിക്കേണ്ടിയിരുന്നു. എന്നാൽ അവൻ ലോകാവസാനത്തിങ്കൽ

സ്വന്തയാഗംകൊണ്ടു പാപപരിഹാരം വരുത്തുവാൻ **ഒരിക്കൽ** പ്രത്യക്ഷനായി (എബ്രാ. 9:26).

ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു **ഒരിക്കലായി** കഴിച്ചു ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (എബ്രാ. 10:10).

ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു **ഒരിക്കലായി** കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (എബ്രാ. 10:10).

യേശുവോ പാപങ്ങൾക്കുവേണ്ടി **ഏകയാഗം** കഴിച്ചിട്ടു എന്നേക്കും ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നുകൊണ്ട് തന്റെ ശത്രുക്കൾ തന്റെ പാദപീഠം ആകുവോളം കാത്തിരുന്നു (എബ്രാ. 10:12).

എകയാഗത്താൽ അവൻ വിശുദ്ധീകരിപ്പെടുന്നവർക്ക് **സദാകാലത്തേക്കും സത്ഗുണപൂർത്തി** വരുത്തിയിരിക്കുന്നു (എബ്രാ. 10:14).

.."നിവൃത്തിയായി" (യോഹ. 19:30).

അദ്ധ്യായം 9

സോറ്റീരിയോളജി

രക്ഷയെപ്പറ്റിയുള്ള ഉപദേശം

ഭാഗം II : പ്രയോഗികമാക്കിയ രക്ഷ

രൂപരേഖ

I. ഭൂതകാല നിത്യതയിൽ ദൈവം പ്രായോഗികമാക്കിയ രക്ഷ
   A. തിരഞ്ഞെടുപ്പിനോടുള്ള ബന്ധത്തിൽ ഒരു വ്യക്തിയുടെ കാഴ്ചപ്പാടിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ
      1. മുഴുലോകത്തെയും ദൈവം സ്നേഹിക്കുന്നു
      2. ക്രിസ്തു മുഴുലോകത്തിനു വേണ്ടിയും മരിച്ചു
      3. രക്ഷയുടെ സുവിശേഷസന്ദേശം എല്ലാ ജനങ്ങളെയും ലക്ഷമാക്കിയിട്ടുള്ളതാണ്
      4. എല്ലാവരും രക്ഷിക്കപ്പെടണമെന്നുള്ള തന്റെ ആഗ്രഹം ദൈവം പറയുന്നു
      5. ക്രിസ്തുവിനെ അംഗീകരിക്കുന്നതിലുള്ള പരാജയമാണ്നിത്യനാശത്തിന്റെ അടിസ്ഥാനം
      6. ഉപസംഹാരം
   B. ദൈവിക പദ്ധതിയായ തിരഞ്ഞെടുപ്പിന്റെ കാരണം
   C. ദൈവിക പദ്ധതിയായ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനം
   D. ദൈവിക പദ്ധതിയായ തിരഞ്ഞെടുപ്പിന്റെ ആത്യന്തിക ലക്ഷ്യം
II. ദൈവത്തിന്റെ രക്ഷയുടെ വ്യവസ്ഥ അനുസരിക്കുന്നവരുടെ ജീവിതത്തിൽ രക്ഷ പ്രായോഗികമാക്കുന്നു
   A. ആമുഖം
   B. വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസം പ്രകടമാക്കുക
      1. വിശ്വാസത്തിന്റെ എബ്രായ പശ്ചാത്തലവും അർത്ഥവും
      2. രക്ഷിക്കുന്ന വിശ്വാസം: എന്തല്ല
      3. രക്ഷിക്കുന്ന വിശ്വാസം: എന്താണ്
         (a) രക്ഷിക്കുന്ന വിശ്വാസം- അതിന്റെ ഉള്ളടക്കം
         (b) രക്ഷിക്കുന്ന വിശ്വാസം- അതിന്റെ ഉറപ്പും സമർപ്പണവും
         (1) വിശ്വാസത്തിന്റെ പുതിയ നിയമപദം: *പിസ്റ്റുവോ*(pistuo)
         (2) ക്രിസ്തുവിനെ വിശ്വസിക്കുവാനല്ല, പിന്നെയോ ക്രിസ്തുവിൽ വിശ്വസിക്കുവാനാണ് കല്പന
         (3) രക്ഷിക്കുന്ന വിശ്വാസത്തിന്റെ അർത്ഥം ഉറപ്പ് (confidence) എന്നായിരിക്കണം
         (4) രക്ഷിക്കുന്ന വിശ്വാസം ഉറപ്പുള്ള വിശ്വാസത്തിന് തുല്യമാണെന്നു സമാന്തര വാക്യങ്ങൾ കാണിക്കുന്നു
         (5) ക്രിസ്തുവിന്റെ വ്യക്തിത്വത്തിലുള്ള ഉറപ്പാണ് അവന്റെ നാമത്തിലുള്ള വിശ്വാസം
      4. വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസം പ്രകടമാക്കുക, ഇവയുടെ സംഗ്രഹം
   C. മാനസാന്തരം രക്ഷയുടെ വ്യവസ്ഥയെന്ന നിലയിൽ
      1. മാനസാന്തരത്തിന്റെ അർത്ഥം
      2. രക്ഷയ്ക്ക് മാനസാന്തരം ഒരു അവശ്യഘടകം
      3. മാനസാന്തരവും സുവിശേഷീകരണവും
      4. മാനസാന്തരവും പാപത്തെ'ഉപേക്ഷിക്കലും' രക്ഷയ്ക്കുള്ള ഉപാധി
      5. മാനസാന്തരവും കർതൃത്വരക്ഷയും
      6. സംഗ്രഹം: മാനസാന്തരം രക്ഷയുടെ വ്യവസ്ഥ എന്ന നിലയിൽ
   D. രൂപാന്തരം രക്ഷയുടെ വ്യവസ്ഥയെന്ന നിലയിൽ
   E. യേശുവിനെ രക്ഷിതാവായി അംഗീകരിക്കുകയോ സ്വീകരിക്കുകയോ ചെയ്യുക
   F. രക്ഷ നേടുന്നതിനു വിശ്വസിക്കുക, പ്രവർത്തിക്കുക
   G. വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നതിലൂടെ നേടുന്ന രക്ഷ
      1. മർക്കോ. 16:15-16
      2. യോഹ. 3:5
      3. അപ്പോസ്തല പ്രവൃത്തി 2:38
      4. റോമ. 6:3-4
      5. കൊലൊ. 2:11-12
      6. 1 പത്രൊ. 3:21
      7. യോഹന്നാന്റെ സ്നാനവട്ടം, രക്ഷയും

H. രക്ഷിക്കപ്പെടുന്നതിന് യേശുവിനെ മനുഷ്യരുടെ മുൻമ്പിൽ ഏറ്റുപറയുക.
   1. റോമ. 10:9-10
   2. മത്താ. 10:32-33, ലൂക്കോ. 12:8-9
      a. അപ്പോസ്തലിക വീക്ഷണം
      b. മഹാപീഡന വീക്ഷണം
      c. പ്രതിഫല വീക്ഷണം
      d. രണ്ടിലൊന്ന് ആയാലും അങ്ങേയറ്റം ആണെന്നുള്ള വീക്ഷണം
      e. "ഇവിടെയോ" "ഇവിടേക്കു ശേഷമോ വീക്ഷണം
      f. പൊതു വിവരണ വീക്ഷണം
   3. സംഗ്രഹം

I. രക്ഷിക്കപ്പെടുന്നതിനു നിങ്ങളുടെ ഹൃദയത്തിലേക്കു വരുവാൻ യേശുവിനോടു പറയുക

J. രക്ഷ പ്രാപിക്കുന്നതിനു പാപങ്ങൾ ഏറ്റുപറയുക

K. രക്ഷിക്കപ്പെടുന്നതിനു മറ്റുള്ളവരോട് ക്ഷമിക്കുക

L. രക്ഷിക്കപ്പെടുന്നതിനു മറ്റുള്ളവരെ ഉപേക്ഷിക്കുക, സ്വയം ത്യജിക്കുക
   1. ലൂക്കോ. 9:23-26
   (കാണുക മത്തായി 16:24-28; മർക്കോ. 8:34-38).
      a. തെറ്റിദ്ധാരണകൾ
      b. അവിശ്വാസികളോട് ബന്ധപ്പെട്ടുള്ള അർത്ഥം
      c. വിശ്വാസികളോട് ബന്ധപ്പെട്ടുള്ള അർത്ഥം
   2. ലൂക്കോ. 14:26-33
      (കാണുക മത്താ. 10:37-39)
      a. തെറ്റിദ്ധാരണകൾ
      b. അവിശ്വാസികളോട് ബന്ധപ്പെട്ടുള്ള അർത്ഥം
      c. വിശ്വാസികളോടുള്ള ബന്ധപ്പെട്ടുള്ള അർത്ഥം

M. കർത്തൃത്വത്തിലുള്ള രക്ഷ

N. പ്രാർത്ഥനയും രക്ഷിക്കുന്ന വിശ്വാസവും

O. ഉപസംഹാരം

ഭാഗം 2

പ്രയോഗികമാക്കിയ രക്ഷ

I. ഭൂതകാല നിത്യതയിൽ ദൈവം പ്രായോഗികമാക്കിയ രക്ഷ

യുഗങ്ങളെക്കുറിച്ച് ദൈവത്തിനു മുൻകൂട്ടി തയ്യാറാക്കിയ ഒരു പദ്ധതിയുണ്ട്. (യെശ. 46:10; അപ്പോ. പ്രവൃ. 4:28) ക്രിസ്തുവിന്റെ ക്രൂശുമരണം ദൈവത്തെ അത്ഭുതപ്പെടുത്തുന്നില്ല. കാരണം, അത് ദൈവത്തിന്റെ നിത്യമായ പദ്ധതിപ്രകാരം രൂപപ്പെടുത്തിയതാണ് (അപ്പോ. 2:23; എബ്രാ. 13:20; 1 പത്രോ. 1:20; വെളി. 13:8). ദൈവം എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നു, ചിലപ്പോൾ നേരിട്ട് ചില കാര്യങ്ങൾ നടത്തുന്നു. ചിലപ്പോൾ ചില കാര്യങ്ങൾ നേരിട്ടു നടത്താതെ തന്റെ സർവ്വജ്ഞാനത്തിൽ അറിയുകയും അനുവദിക്കുകയും ചെയ്യുന്നു. എന്നാൽ അതിൽ ഇടപെടുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നില്ല. അനുദിനജീവിതത്തിൽ നമ്മുടെ ഇഷ്ടം അനുസരിച്ചും കാഴ്ചപ്പാട് അനുസരിച്ചും നമ്മൾ തീരുമാനങ്ങളെടുക്കുകയും കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നു. എന്നിരുന്നാലും ദൈവം എല്ലാറ്റിനെയും നിയന്ത്രിക്കുന്നു. ചില സമയത്ത് നമുക്ക് ഒരു തിരഞ്ഞെടുപ്പ് നടത്തുവാൻ കഴിയാത്ത നിലയിൽ നമ്മുടെ പ്രവർത്തന പദ്ധതികളെ വളരെ ഇടുങ്ങിയ നിലയിൽ ദൈവം ആക്കും. മറ്റു ചില സമയത്ത് ദൈവത്തിന്റെ അനുമതി പ്രകാരം നമ്മുടെ സ്വന്തം തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നു. രക്ഷാതത്വശാസ്ത്രപ്രകാരം ദൈവത്തിന്റെ പരമാധികാര നിയന്ത്രണത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങൾ തിരഞ്ഞെടുപ്പും മുൻ നിർണ്ണയവുമാണ്. ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതിനു ദൈവം ഏത് അർത്ഥത്തിലാണ് അയാളെ തിരഞ്ഞെടുക്കുകയും മുൻ നിർണ്ണയിക്കുകയും ചെയ്യുന്നത്?

A. തിരഞ്ഞെടുപ്പിനോടുള്ള ബന്ധത്തിൽ ഒരാളുടെ കാഴ്ചപ്പാടിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ

ദൈവവചനത്തെ ശരിയായി വ്യാഖ്യാനിക്കുന്ന രീതി, ബുദ്ധിമുട്ടുള്ളതായ സത്യങ്ങൾ (തിരഞ്ഞെടുപ്പ്, മുൻനിർണ്ണയം) വ്യക്തമായ സത്യങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുന്നതാണ്. രക്ഷയോട് ബന്ധപ്പെട്ട് ദൈവത്തിന്റെ കരുണയും പദ്ധതിയും സാർവ്വത്രികമായ വ്യാപ്തിയുള്ളതാണെന്ന കാര്യത്തിൽ യാതൊരു സംശയത്തിന്റെയും ആവശ്യമില്ല.

1. മുഴുലോകത്തെയും ക്രിസ്തു സ്നേഹിക്കുന്നു

   തന്റെ ഏകജാതനായപുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം **ലോകത്തെ** സ്നേഹിച്ചു (യോഹ. 3:16).

2. ക്രിസ്തു മുഴുലോകത്തിനു വേണ്ടിയും മരിച്ചു

(പരിമിതിയില്ലാത്ത പാപ പരിഹാരത്തെപ്പറ്റി അദ്ധ്യായം 9-ൽ കാണുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക, ഭാഗം 1, VII. C.)

ക്രൂശിലെ വേല മുഴുലോകത്തിനും വേണ്ടിയായിരുന്നു (വീണ്ടെടുപ്പ് 2 പത്രോ. 2:1; നിരപ്പ്, 2 കൊരി. 5:19; പ്രായശ്ചിത്തം, 1 യോഹ. 2:2).

"പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നത് അവൻ കണ്ടിട്ട് ഇതാ **ലോകത്തിന്റെ** പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29).

"....ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ **ലോകത്തിന്റെ** ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു (യോഹ. 6:51).

"....ഇപ്പോൾ എല്ലായിടത്തും **എല്ലാവരും** മാനസാന്തരപ്പെടണമെന്നു ദൈവം മനുഷ്യരോട് കല്പിക്കുന്നു (അപ്പോ. പ്രവൃ. 17:30).

''എങ്കിലും ദൈവകൃപയാൽ **എല്ലാവർക്കും** വേണ്ടി മരണം ആസ്വദിപ്പാൻ..." (എബ്രാ. 2:9).

3. രക്ഷയുടെ സുവിശേഷസന്ദേശം എല്ലാ ജനങ്ങളെയും ലക്ഷ്യമാക്കിയുള്ളതാണ്

"ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് **സകല ജാതികളെയും** ശിഷ്യരാക്കിക്കൊൾവിൻ..." (മത്താ. 28:19).

"അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി **സകല ജാതികളിന്മേലും** പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു" (ലൂക്കോ. 24:47).

"...യെരൂശലേമിലും യഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും **ഭൂമിയുടെ അറ്റത്തോളവും** എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു'' (അപ്പോ. പ്രവൃ. 1:8).

4. **എല്ലാവരും** രക്ഷിക്കപ്പെടണമെന്നുള്ള തന്റെ ആഗ്രഹം ദൈവം പറയുന്നു

"അങ്ങനെ തന്നെ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നത് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് **ഇഷ്ടമല്ല** (മത്താ. 18: 14).

"അവൻ **സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും**" (1 തിമൊ. 2:4).

ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല **ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു** നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ (2 പത്രൊ. 3:9).

"...**ഇച്ഛിക്കുന്നവൻ** ജീവജലം സൗജന്യമായി വാങ്ങട്ടെ" (വെളി. 22:17).

5. ക്രിസ്തുവിനെ അംഗീകരിക്കുന്നതിലുള്ള പരാജയമാണ് നിത്യനാശത്തിനുള്ള അടിസ്ഥാനം

(കൂടുതൽ വിവരങ്ങൾക്ക് അദ്ധ്യായം 6 അടിക്കുറിപ്പ് 5 കാണുക).

ഓരോ വ്യക്തിയും തന്റെ നിത്യമായ വിധിയുടെ കാര്യത്തിൽ ഉത്തരവാദിത്വമുള്ളവനും കണക്കു ബോധിപ്പിക്കേണ്ടവനുമാണ്.

"അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ **വിശ്വസിക്കായ്കയാൽ** ന്യായവിധി വന്നു കഴിഞ്ഞു" (യോഹ. 3:18).

കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ **സുവിശേഷം അനുസരിക്കാത്തവർക്കും** പ്രതികാരം കൊടുക്കുമ്പോൾ" (2 തെസ്സൊ. 1:7–8).

6. ഉപസംഹാരം

ഈ ലളിതമായ ബൈബിൾ സത്യങ്ങൾ തിരഞ്ഞെടുപ്പിനോടും മുൻനിർണ്ണയത്തോടുമുള്ള ഏതു പ്രത്യേക കാഴ്ചപ്പാടുകളോടും യോജിപ്പിക്കേണ്ടതാണ്. "എല്ലാവരും രക്ഷിക്കപ്പെടുവാനും സത്യത്തിന്റെ പരിജ്ഞാനത്തിലേക്കു വരുവാനും" ദൈവം ആഗ്രഹിക്കുമ്പോൾ ചിലരെ രക്ഷയ്ക്കായി മാറ്റിനിർത്തുവാൻ ദൈവം കല്പിച്ചു എന്നുള്ളത് സമർത്ഥിക്കുവാൻ ബുദ്ധിമുട്ടുള്ള കാര്യമാണ്. "എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന്" ദൈവം മനുഷ്യരോട് കല്പിക്കുമ്പോൾ, മാനസാന്തരപ്പെടുവാനും മാനസാന്തരപ്പെടാതിരിക്കുവാനുമുള്ള അവകാശം മനുഷ്യർക്കല്ല ദൈവത്തിനാണെന്ന തരത്തിൽ ഒരു പദ്ധതി ആസൂത്രണം ചെയ്തു എന്നു വിശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ട്. നിത്യശിക്ഷാവിധിയുടെ പ്രധാന അടിസ്ഥാനം വ്യക്തിപരമായ പാപമോ പാരമ്പര്യമോ ആയ പാപമല്ല, ക്രിസ്തുവിനെ വിശ്വസിക്കുന്നതിലുള്ള പരാജയമാണെന്നു കരുതുമ്പോൾ, ക്രിസ്തുവിനെ അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യുന്ന കാര്യത്തിൽ ഭൂരിപക്ഷത്തിനുയാതൊരു ഉത്തരവാദിത്വമില്ലെന്നു വിശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ട്. കാൽവിനിസം ശരിയാണെങ്കിൽ, ഭൂരിപക്ഷംപേർക്കും ക്രിസ്തുവിനെ വിശ്വസിക്കുവാൻ കഴിയില്ല. കാരണം **ദൈവം** അവരെ തിരഞ്ഞെടുത്തിട്ടില്ല. നിത്യമായ ശിക്ഷാവിധിക്ക് യാതൊരു അവശേഷിക്കുന്ന അടിസ്ഥാനവുമില്ലെന്ന ഫലത്തിലേക്കു വരും. പാപത്തിന്റെ ഫലമായി ദൈവം നിത്യമായ അർത്ഥത്തിൽ ആരെയും ശിക്ഷിക്കുന്നില്ല. അപ്പോൾ വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും പ്രാഥമികമായ ഉത്തര

വാദിത്വം ദൈവത്തിൽ തന്നെയാണെങ്കിൽ എങ്ങനെ ഒരു വ്യക്തിയെ അവിശ്വാസത്തിനു ശിക്ഷിക്കുവാൻ കഴിയും?

ചിലർ ഈ വൈരുദ്ധ്യങ്ങളെ തങ്ങളുടെ ദൈവശാസ്ത്രത്തിൽ അംഗീകരിച്ചിട്ടുണ്ട്. അവർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള നിഗൂഢമായ വിഷയമാണ് തിരഞ്ഞെടുപ്പും മുൻനിർണ്ണയവും. അവർക്ക് ഗ്രഹിക്കുവാൻ കഴിയുന്നില്ലെങ്കിലും അംഗീകരിക്കുന്നു. ഏതു വിധമായാലും ബൈബിൾ ഗ്രഹിക്കുവാനുള്ള ശ്രമം അകാലത്തിൽ അവസാനിപ്പിക്കുന്നത് നല്ലതല്ല. ഒരു പക്ഷേ ദൈവത്തിന്റെ സാർവ്വത്രികമായ കരുണയുടെയും രക്ഷാപദ്ധതിയുടെയും ലളിതമായ സത്യങ്ങൾക്ക് അനുരൂപമായ വിധത്തിൽ തിരഞ്ഞെടുപ്പിനെയും മുൻനിർണ്ണയത്തെ കാണുവാനുള്ള സാദ്ധ്യതയുണ്ട്.

B. ദൈവികപദ്ധതിയായ തിരഞ്ഞെടുപ്പിന്റെ കാരണം

സാത്താൻ രക്ഷിപ്പെടാത്തവരെയെല്ലാം സുവിശേഷത്തിന് അന്ധരാക്കുന്നു. പരിശുദ്ധാത്മാവു ബോദ്ധ്യം നൽകുന്നില്ലെങ്കിൽ, പ്രാകൃത മനുഷ്യൻ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെ പ്രാധാന്യം കാണുകയില്ല. അവൻ ബുദ്ധിപരമായി ക്രൂശിനെയും മരണത്തെയും അറിയുന്നുണ്ടായിരിക്കാം. എന്നാൽ അന്ധത മൂലം ഈ സത്യത്തെ അംഗീകരിക്കുവാനോ സ്വീകരിക്കുവാനോ കഴിയുന്നില്ല. സത്യത്തെ സ്വാഗതം ചെയ്യുന്നില്ല. സുവിശേഷത്തിന്റെ പ്രാധാന്യം, അമൂല്യത, പ്രസക്തി, അർത്ഥം എന്നിവയിൽ വലിയ മതിപ്പില്ല. ദൈവം ഈ അന്ധത നീക്കിയില്ലെങ്കിൽ രക്ഷ നേടുവാൻ ഒരിക്കലും കഴിയുന്നതല്ല. ദൈവം ഇടപെടുന്നില്ലെങ്കിൽ ആരും ഒരിക്കലും സുവിശേഷം അറിയുകയില്ല.

രക്ഷിക്കപ്പെടാത്ത മനുഷ്യവർഗ്ഗത്തിന്റെ അന്ധതയാണ് തിരഞ്ഞെടുപ്പ് എന്ന പദ്ധതി പൂർണ്ണമായും അത്യാവശ്യകാര്യമാക്കിയതിന്റെ ഘടകം. വീണുപോയ മനുഷ്യന്റെ ഹൃദയത്തിൽ നിന്നു അന്ധതയും ഇരുട്ടും നീക്കുവാൻ ദൈവം തന്നെ മുൻകൈയ്യെടുക്കണം. പരിശുദ്ധാത്മാവ് ആ അന്ധതയിലേക്കു തുളച്ചുകടക്കുകയും തന്മൂലം സുവിശേഷം പൂർണ്ണമായി മനസ്സിലാക്കുകയും ചെയ്യുന്നു. അപ്പോൾ മാത്രമാണ് ഒരു വ്യക്തിക്ക് അവന്റെ അല്ലെങ്കിൽ അവളുടെ **സ്വന്തമായ** നിലയിൽ ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുവാൻ കഴിയുന്നത്. തുടർന്നുള്ള ഭാഗങ്ങളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തിരഞ്ഞെടുപ്പിനോടുള്ള നടക്കുന്നതിന്റെ കൂടുതൽ തെളിവുകൾ കാണാം. ദൈവം വിശ്വാസം നൽകുന്നില്ല. എന്നാൽ വിശ്വാസം പ്രകടമാക്കുവാൻ കഴിയുന്ന നിലയിൽ എത്തിക്കുന്നു. മനുഷ്യൻ സത്യത്തിന് അന്ധനാണെന്നു തുടർന്നുള്ള വാക്യങ്ങൾ സ്ഥാപിക്കുന്നു. അതുകൊണ്ട് രക്ഷ പ്രായോഗികതലത്തിൽ വരുവാൻ തിരഞ്ഞെടുപ്പിന്റെ ഒരു കാര്യപരിപാടി ആവശ്യമായി വന്നു.

"എന്നെ അയച്ച **പിതാവ് ആകർഷിച്ചിട്ടല്ലാതെ** ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും" (യോഹ. 6:44).

തുയത്തൈരാപട്ടണക്കാരത്തിയും രക്താംബരം വിൽക്കുന്നവളുമായി ലുദിയ എന്നപേരുള്ള ദൈവഭക്തയായൊരു സ്ത്രീ കേട്ടുക്കൊണ്ടിരുന്നു പൗലോസ് സംസാരിച്ചത് **ശ്രദ്ധിക്കേണ്ടതിനു കർത്താവ് അവളുടെ ഹൃദയം തുറന്നു** (അപ്പോ. പ്രവൃ. 16:14).

".....**അവരുടെ കണ്ണു തുറപ്പാനും** അവരെ ഇരുളിൽ നിന്നും വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കു തിരിപ്പാനും....."(അപ്പോ. പ്രവ. 26:18).

"ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും ....." (1 കൊരി. 1:18).

പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം **കൈക്കൊള്ളുന്നില്ല;** അത് അവനു ഭോഷത്വം ആകുന്നു (1 കൊരി. 2:14).

ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം **അവിശ്വാസികളുടെ മനസ്സു കുരുടാക്കി.** (2 കൊരി. 4:4).

C. ദൈവികപദ്ധതിയായ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനം

തിരഞ്ഞെടുപ്പ്, മുൻനിർണ്ണയം, മുന്നറിവ് ഇവ തമ്മിൽ നേരിട്ടുള്ള ബന്ധമുള്ളതായി ദൈവവചനത്തിൽ നിന്നു മനസ്സിലാക്കാം. ദൈവം വ്യവസ്ഥയില്ലാതെ, നിയമബന്ധിതമല്ലാതെ ഒരു ആത്മാവിനെ സ്വർഗ്ഗത്തിനായും മറ്റൊരു ആത്മാവിനെ നരകത്തിനായും തിരഞ്ഞെടുക്കുകയില്ല. പ്രകാശനം നൽകിയാൽ വിശ്വസിക്കുന്ന എല്ലാവരെയും ദൈവത്തിനറിയാം. വിശ്വാസം പ്രകടമാക്കത്തക്ക നിലയിൽ കഴിവു അന്തർലീനമായിരിക്കുന്നവരെങ്കിലും അവരുടെ ഉള്ളിലെ അന്ധത ദൈവം നീക്കിയില്ലെങ്കിൽ വിശ്വാസം പ്രകടിപ്പിക്കാൻ കഴിയാത്തവരുമുണ്ട്. അന്ധത നീക്കിയാൽ വിശ്വസിക്കുമെന്നു ദൈവത്തിനു മുന്നറിയാവുന്നവർക്കുവേണ്ടി ദൈവത്തിന്റേതായ തിരഞ്ഞെടുപ്പിന്റെ ഒരു കാര്യപരിപാടിയുണ്ട്. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് **വ്യവസ്ഥാപിതമാണ്.** വെളിപ്പെടുത്തക്ക വിശ്വാസത്തെക്കുറിച്ചുള്ള മുന്നറിവിനാൽ വ്യവസ്ഥാപിതമാണ്. ദൈവം തടുത്തു കൂടാത്ത നിലയിൽ വിശ്വാസം നൽകുന്നില്ല. എന്നാൽ സുവിശേഷം ഗ്രഹിക്കുവാൻ സഹായിക്കുന്നു. തന്മൂലം വ്യക്തിയുടെ വിശ്വാസം പ്രകടിപ്പിക്കുവാൻ കഴിയുന്നു. വിശ്വാസം പ്രായോഗികമാക്കു

വാൻ കഴിയാത്തവരെയും ദൈവത്തിനറിയാം. ദൈവത്തിന്റെ കൃപയോടുകൂടിയ ശ്രമങ്ങൾ എത്ര നടന്നാലും അവർ വിശ്വസിക്കുകയില്ല. അവരിൽ അനേകർ ബോദ്ധ്യം പ്രാപിക്കുന്നവരാണെന്നു വ്യക്തമാണ്. (യോഹ. 16: 8–11). ഈ **"തിരഞ്ഞെടുക്കപ്പെടാത്തവർ"** പരിശുദ്ധാത്മാവിന്റെ ബോധം വരുത്തുന്ന ശുശ്രൂഷ സ്വീകരിച്ചവരാണെങ്കിലും, ദൈവത്തിനറിയാം അവർ ഒരിക്കലും വിശ്വസിക്കുകയില്ലെന്ന്. അവരുടെ ഉള്ളിൽ വിശ്വസിക്കാനുള്ള കഴിവുണ്ടാകാത്തതിനാൽ, ദൈവം അവരെ കണക്കുകൊടുക്കേണ്ടവരായി നിർത്തിയിരിക്കുന്നു. ദൈവം തീർച്ചയായും അവർ അവിശ്വാസികളായിരിക്കണമെന്ന് കല്പിച്ചിട്ടില്ല (ദൈവം നിർബ്ബന്ധമായി വിശ്വസിപ്പിക്കുന്നില്ല, അങ്ങനെ പരോക്ഷമായി അവിശ്വാസം പ്രഖ്യാപിച്ചിരിക്കുന്നു). **ഒരിക്കലും വിശ്വസിക്കാത്തവർ നരകത്തിലായിരിക്കും** [39] ദൈവത്തിന്റെ പരമാധികാരത്തിന്റെ കാഴ്ചപ്പാടിൽ ദൈവത്തിന്റെ സാർവ്വത്രിക സ്നേഹത്തെ യോജിപ്പിക്കാതിരിക്കുക എന്ന തെറ്റുപോലെയുള്ളതാണ് തിരഞ്ഞെടുപ്പ്, മുൻനിർണ്ണയം, മുന്നറിവ് എന്നിവയുടെ പരസ്പര ബന്ധം മനസ്സിലാക്കാതിരിക്കുന്നതും. വിശ്വസിക്കുവാൻ കഴിവുണ്ടെന്നു ദൈവത്തിന്റെ സർവ്വജ്ഞാനത്തിലും മുന്നറിവിലും അറിയുന്നവർക്ക്, അവരുടെ അന്ധത മാറ്റുവാനുള്ള അവസരം പരിശുദ്ധാത്മാവിനാൽ നൽകുകയും അവർ സുവിശേഷം ഗ്രഹിക്കുവാനുള്ള കഴിവുള്ളവരായിത്തീരുകയും, പരിണിത ഫലമായി വിശ്വാസവും രക്ഷയും സംഭവിക്കുകയും ചെയ്യുന്നതിനെയാണ് തിരഞ്ഞെടുപ്പ്, മുൻനിർണ്ണയം എന്നു വിളിക്കുന്നത്.

> അവൻ **മുന്നറിഞ്ഞവരെ** തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിനു അവന്റെ സ്വരൂപത്തോടു അനുരൂപരാകാൻ മുന്നിയമിച്ചിരിക്കുന്നു (റോമ. 8:29).
>
> ...പിതാവായ ദൈവത്തിന്റെ **മുന്നറിവിനു ഒത്തവണ്ണം** ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ച് അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായി .... (1 പത്രൊ. 1:1–2).

അവിശ്വാസിയായ മനുഷ്യൻ ആത്മികമായി അന്ധനായതുകൊണ്ട് (1 കൊരി. 1:18; 2 കൊരി. 4:4) ഈ അന്ധത നീക്കുവാൻ ദൈവത്തിന്റെ പ്രവൃത്തി ആവശ്യമാണ് (യോഹ. 6:44; 16:8–11; അപ്പോ. പ്രവ. 16:14; 26:18). തന്മൂലം തിരഞ്ഞെടുപ്പിനോടു ബന്ധപ്പെട്ട വേദഭാഗങ്ങളോടു ചേർന്നു പരിശുദ്ധാത്മാവിന്റെ ബോധം വരുത്തുന്ന ശുശ്രൂഷയും ഓരോരുത്തരും പ്രതീക്ഷിക്കേണ്ടതാണ്. ഒരു മനുഷ്യനെ വെറുതെ രക്ഷയ്ക്കായി തിരഞ്ഞെടുക്കുകയില്ല. യഥാർത്ഥത്തിൽ വിശ്വസിക്കുവാനാവശ്യമായ അന്തർലീനമായ ശക്തിയുള്ളവരെ ദൈവം തിരഞ്ഞെടുക്കുകയും അവനെ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ സുവിശേഷം അംഗീകരിക്കുവാൻ പ്രാപ്തരാകുകയും ചെയ്യുന്നു. അപ്പോൾ അന്തർലീനമായ വിശ്വാസമുള്ളവർ തങ്ങളുടെ വിശ്വാസം വെളിപ്പെടുത്തുന്നു. 2 തെസ്സ. 2:13, 1 പത്രൊ. 1:2 വേദഭാഗങ്ങളിൽ പരിശുദ്ധാത്മാവും തിരഞ്ഞെടുപ്പും തമ്മിലുള്ള ബന്ധം കാണുന്നു. ശുദ്ധീകരണം എന്നാൽ **വേർതിരിക്കുക** എന്നാണർത്ഥമെന്ന് ഓർത്തിരിക്കണം. തിരഞ്ഞെടുക്കപ്പെട്ടവർ ദൈവകൃപയുടെ പ്രത്യേക പ്രവർത്തനത്തിനും പരിശുദ്ധാത്മാവിന്റെ സ്വാധീനത്തിനുമായി വേർതിരിക്കുവാനാണ് തിരഞ്ഞെടുക്കപ്പെട്ടത്. ആത്മാവ് ഉള്ളിൽ കടന്ന് ഇരുട്ട് നീക്കുന്നു. അപ്പോൾ വിശ്വാസം പ്രകാശിക്കുന്നു.

> ..... ദൈവം നിങ്ങളെ ആദിമുതൽ **ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും** രക്ഷയ്ക്കായി തിരഞ്ഞെടുത്തുകൊണ്ട്.... (2 തെസ്സ. 2:13).
>
> ....പിതാവായ ദൈവത്തിന്റെ മുന്നറിവിന് ഒത്തവണ്ണം **ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ച് അനുസരണം കാണിപ്പാനും** യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായി ... (1 പത്രൊ. 1:1–2).

D. ദൈവിക പദ്ധതിയായ തെരഞ്ഞെടുപ്പിന്റെ ആത്യന്തിക ലക്ഷ്യം.

രൂപാന്തരത്തിന്റെ സമയത്തെക്കുറിച്ച് ശ്രദ്ധിക്കുവാൻ മുന്നറിവിനെക്കുറിച്ചും തിരഞ്ഞെടുപ്പിനെക്കുറിച്ചുമുള്ള ഉപദേശം സഹായകരമാകുന്നത് സാധാരണമാണ്. രക്ഷയുടെ സമയത്തോട് അവ ഭാഗമായിരിക്കുന്നു. എന്നിരുന്നാലും, മുൻ നിർണ്ണയത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും പഠിപ്പിക്കലുകൾക്ക് പ്രകാശനം ലഭിച്ച സമയത്തെക്കാളും ക്രിസ്തുവിനെ സ്വീകരിച്ചതിനെക്കാളും അപ്പുറത്തെ സൂചനകളുണ്ട്. എഫെസ്യർ. 1: 5 പറയുന്നു, "നമ്മെ ദത്തെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമ്മുടെ സൗജന്യമായി നൽകിയ തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കുകയും ചെയ്തുവല്ലോ." **ദത്തെടുക്കുക** എന്ന ആശയം കുടുംബത്തിലേക്കു പ്രവേശിക്കുക എന്ന ചിന്തയാണ് നൽകുന്നത്. ദൈവവചനരചയിതാക്കൾ ഈ

[39] മനുഷ്യന്റെ ഇച്ഛാശക്തി പൂർണ്ണമായും സ്വതന്ത്രമാണെന്നു എഴുത്തുകാരൻ ഒരിക്കലും കാണുന്നില്ല. അപ്പോഴും ഒരു വ്യക്തിയുടെ നിത്യമായ വിധിയുടെ കാര്യത്തിൽ ആ വ്യക്തി കണക്കു കൊടുക്കേണ്ടവനാണെന്നു ദൈവത്തിനു നീതിപൂർവ്വം പിടിക്കാം. നേരിട്ടുള്ള പ്രകാശനം ലഭിച്ചശേഷവും ഒരു വ്യക്തി സത്യത്തെ നിരസിക്കുന്നു, അല്ലെങ്കിൽ അവനു വെളിച്ചം കൊടുത്താൽ അവൻ അങ്ങനെ എന്നേക്കും ചെയ്യുമെന്നു ദൈവം മുന്നറിയുന്നു. ദൈവത്തിന്റെ കരുണയോടെയുള്ള ശ്രമങ്ങൾ എത്ര ശക്തിയോടെ ആവർത്തിച്ചാലും ക്രിസ്തുവിൽ വിശ്വസിക്കുകയില്ലെന്നു ദൈവം അറിയുന്നു.

ആശയത്തെ ഒരു *മകനെന്ന* സ്ഥാനത്താക്കുക എന്ന അർത്ഥമാണ് സാധാരണയായി നൽകിയിരിക്കുന്നത്. അവർ ദത്തെടുക്കുക എന്ന ആശയത്തെ അവകാശത്തോടും പ്രായപൂർത്തിയോടും ബന്ധിപ്പിക്കുന്നു.

ഗലാത്യർ 4:5-7 അനുസരിച്ച് ദത്തെടുക്കുക എന്നത് ദൈവവചനത്തിലേക്ക് പ്രവേശിക്കുന്ന സമയവും അവകാശിയാണെന്നു പ്രഖ്യാപിക്കുന്നതുമാണ് (അവകാശി എന്ന പേരു ലഭിക്കുന്നു എന്നാൽ എല്ലാ അവകാശവും ലഭിച്ചിട്ടില്ല). ന്യായപ്രമാണസമ്പ്രദായത്തിനു കീഴിലുള്ള ദൈവ"മക്കൾക്കു"ണ്ടായിരുന്ന കുറഞ്ഞ പക്വതയുമായിട്ടു താരതമ്യപ്പെടുത്തുമ്പോൾ, ക്രിസ്തുവിശ്വാസിക്കു മുതിർന്നമകന്റെ സ്ഥാനമാണുള്ളത്. അവൻ ഇപ്പോൾ തന്നെ അവകാശിയാണ്. പക്ഷേ അവകാശം സമ്പൂർണ്ണമായി കൈവശമായിട്ടില്ല.

റോമർ 8:23 - ൽ *ദത്തെടുക്കലിനു* ഭാവികാല പ്രധാന്യമുണ്ട്. "ശരീരത്തിന്റെ വീണ്ടെടുപ്പിനെ" സൂചിപ്പിക്കുന്നു. അതായത് മകൻ എന്നുള്ള പൂർണ്ണ സ്ഥാനം ലഭിക്കുന്നു. ഇവിടെ നാം കർത്താവായ യേശുക്രിസ്തുവിനെപ്പോലെ തേജസ്ക്കരിക്കപ്പെട്ട മനുഷ്യരായിത്തീരുന്നു (1 യോഹ. 3:2). ഈ ഭാവിഘട്ടത്തിൽ വിശ്വാസികൾ പ്രായപൂർത്തിയായ മക്കളായിത്തീരുന്നു. അപ്പോൾ അവകാശികൾ എന്നുള്ള പേരിനു പകരമായി അവർ മുഴുവൻ അവകാശവും നേടുന്നു. റോമർ 8 ന്റെ 15 മുതലുള്ള വാക്യങ്ങളിൽ ഈ ഉയർച്ച നമുക്കു കാണാം. വാക്യം 15- ൽ പുത്രത്വത്തിൻ ആത്മാവിനെ നാം പ്രാപിച്ചതായി കാണുന്നു. വാക്യം 17-ൽ നാം അവകാശികൾ ആയിരിക്കുന്നു. എന്നാലും നാം പൂർണ്ണതേജസ്സിനായും അവകാശത്തിനായും കാത്തിരിക്കുന്നു (വാക്യം 17-18). ഭാഗികമായ അവകാശമോ ആദ്യഫലമോ ലഭിച്ചിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ് (വാക്യം 23). എന്നാൽ കൂടുതൽ പൂർണ്ണമായ **"**മകൻ പദവി" ഭാവിസംഭവമാണ്. എപ്പോൾ നമ്മുടെ ശരീരങ്ങൾ ക്രിസ്തുവിനനുരൂപമായി പൂർണ്ണവളർച്ചയെത്തിയ മക്കളുടെ നിലയിലെത്തുമോ അപ്പോൾ സംഭവിക്കുന്നു (വാക്യം 23; 1 യോഹ. 3:2 കാണുക). ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്നതാണ് മുൻനിർണ്ണയത്തിന്റെ ഫലമായി പൗലോസ് കാണുന്നതുകൊണ്ട്, മുൻ നിർണ്ണയത്തിനും തിരഞ്ഞെടുപ്പിനും കൂടുതൽ പ്രധാന്യം ലഭിക്കുന്നു (വാക്യം 29). അതുപോലെ മുൻനിർണ്ണയത്തിന്റെയും തിരഞ്ഞെടുപ്പിന്റെ ഫലമായി തേജസ്ക്കരണവും സംഭവിക്കുന്നു (വാക്യം 30). രക്ഷയിൽ ദൈവഭവനത്തിലേക്കുള്ള പ്രവേശനത്തിനാണ് **ദത്തെടുക്കൽ** എന്നുപറയുന്നതെങ്കിലും **ഇത് ഭാവിയിൽ ലഭിക്കുന്ന "മകൻ പദവിയെയും"** ചൂണ്ടിക്കാണിക്കുന്നു. ഇത് സംഭവിക്കുന്നതു തേജസ്ക്കരിപ്പെട്ട ക്രിസ്തുവിനെപ്പോലെ വിശ്വാസികളായിത്തീർന്നു പ്രായപൂർത്തിയായ മക്കൾ എന്ന പദവിയിലെത്തുമ്പോഴാണ്. റോമ. 8-ൽ പൗലോസ് ക്രിസ്ത്യാനികൾ ഭാവിയിൽ സംഭവിക്കുന്ന ദത്തെടുക്കലിനായും **മകൻ പദവി**ക്കായും മുൻ നിർണ്ണയിക്കപ്പെട്ടവരാണെന്നു പഠിപ്പിക്കുന്നു.

എഫെസ്യർ 1 ന്റെ പശ്ചാത്തലം പരിശോധിച്ചാൽ റോമ. 8:23 ലെപ്പോലെ ദത്തെടുക്കൽ ഭാവിപരമായ ഒരു ക്രമീകരണമായിക്കാണുന്നതാണ് ഏറ്റവും നല്ലത് (റോമ. 8:15 ഗലാത്യർ 4:5 എന്നീ വേദഭാഗങ്ങളിൽ കാണുന്ന വർത്തമാനകാല ക്രമീകരണങ്ങളെക്കാൾ കൂടുതൽ ഇഷ്ടപ്പെടുന്നത്) ആ വാചകം തന്നെ "മക്കളെന്ന നിലയിൽ ദത്തെടുക്കുവാൻ അവൻ നമ്മെ മുൻനിർണ്ണയിച്ചു." അർത്ഥം തരുവാൻ പ്രാപ്തിയുള്ളവരാണ് രക്ഷയുടെ സമയത്ത് നമുക്ക് ദൈവഭവനത്തിലേക്കു പ്രവേശിക്കുവാൻ അവൻ നമ്മെ മുൻനിർണ്ണയിച്ചു. അല്ലെങ്കിൽ ക്രിസ്തുവിനെപ്പോലെ വളർച്ചാപൂർണ്ണരായ മക്കളാകുവാൻ തന്മൂലം പൂർണ്ണ അവകാശവും തേജസ്സും നേടുവാൻ അവൻ നമ്മെ മുൻനിയമിച്ചു." എഫെസ്യർ 1-ന്റെ പശ്ചാത്തലത്തിൽ പൗലോസ് തുടർമാനമായി അവകാശത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. വിശ്വാസികൾക്ക് അവരുടെ അവകാശത്തിന്റെ "അച്ചാരം" അഥവാ; 'മുദ്ര' ലഭിച്ചിട്ടുണ്ട്. എന്നാൽ പൂർണ്ണമായ അവകാശം ഭാവിയിലാണ് (വാക്യം 14). വാക്യം 14-ൽ വിശ്വാസികളുടെ ശരീരത്തിന്റെ വീണ്ടെടുപ്പിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു, റോമർ 8- ൽ കാണുന്ന ആശയസംഹിതയെയും വാചകരീതിയെയും ഇത് ഓർമ്മിപ്പിക്കുന്നു. എഫെ.1:5 ലും ,റോമ.8:15 മുതലും കാണുന്നത് വിശ്വാസികളുടെ ശരീരത്തിനു വീണ്ടെടുപ്പും അവകാശവും ലഭിക്കുവാൻ പോകുന്നുയെന്നാണ്. റോമ. 8 പ്രത്യേകിച്ച് ഭാവി ദത്തെടുക്കലിനെക്കുറിച്ച് (മകൻ എന്ന പദവി) മുൻ നിയമനം നടത്തിയിട്ടുള്ളത് ഉൾക്കൊള്ളിച്ചിരിക്കുന്നു. **മുൻനിയമത്തിന്റെ അവസാനലക്ഷ്യം സത്യത്തിൽ രൂപാന്തരമല്ല തേജസ്ക്കരണമാണ്.** റോമ. 8, എഫെ. 1 എന്നീ വേദഭാഗങ്ങൾ സമാന്തരങ്ങളായതുകൊണ്ട് അപ്പോസ്തലനായ പൗലോസ് മുൻനിയമനത്തിലൂടെ മകൻ പദവി ലഭിക്കുന്നതിനെ എഫെ. 1:5 -ൽ പറയുമ്പോൾ ഭാവി വശങ്ങളെ ഒഴിവാക്കുവാൻ ശ്രമിക്കുന്നത് ബുദ്ധിമുട്ടുള്ളതാണ്. രണ്ടു ലേഖനങ്ങളുടെയും രചയിതാവ് ഒരാൾ തന്നെയാണ്.

പൗലോസ് എഫെ. 1:5 മുൻ നിയമത്തെക്കുറിച്ചും മക്കളായി ദത്തെടുക്കുന്നതിനെക്കുറിച്ചും പഠിപ്പിക്കുമ്പോൾ "മക്കൾ പദവി" എന്ന ആശയം അദ്ദേഹത്തിനുണ്ടായിരിക്കാം (ദൈവകുടുംബത്തിലേക്കു നമ്മെ ആദ്യമായി അതു കൂട്ടിക്കൊണ്ടുപോകുന്നു) റോമ. 8:15 ഗലാത്യർ 4:5 തുടങ്ങിയ വാക്യങ്ങളിലും ഇതേ ആശയം തന്നെയാണ്. എന്നിരുന്നാലും ഈ അപൂർണ്ണമായതിനെയും കൊണ്ട് അവസാനിച്ചാൽ ദൈവത്തിന്റെ മുൻനിയമനത്തെക്കുറിച്ചുള്ള ലക്ഷ്യം നഷ്ടമാകും. പൂർണ്ണമായും "മകൻ പദവി" ലഭിക്കുവാൻ തക്കവണ്ണം വിശ്വാസികൾ

മുൻനിയമിക്കപ്പെട്ടിരിക്കുന്നുവെന്ന് പൗലോസ് പഠിപ്പിക്കുന്നു. അതായത് ഒരു പ്രായപൂർത്തിയായ മകന്റെ (കർത്താവായ യേശുക്രിസ്തുവിന്റെ) സ്വരൂപത്തോടു ശരീരങ്ങളും തേജസ്ക്കരണം പ്രാപിക്കുന്നു. വിശ്വാസികൾ അവരുടെ അവകാശം പ്രാപിക്കത്തക്കവണ്ണം മുൻനിയമിക്കപ്പെട്ടിരിക്കുന്നു. ഭാവിയോടുള്ള ബന്ധത്തിൽ പ്രാധാന്യം നൽകിവേണം തിരഞ്ഞെടുപ്പ്, മുൻനിയമം തുടങ്ങിയവ കാണേണ്ടത്. നിത്യമായ സുരക്ഷിതത്വം എന്ന ഉപദേശം ഇതു ചോദ്യം ചെയ്യാത്തതാക്കുന്നു. **തിരഞ്ഞെടുക്കപ്പെട്ടവർ നിത്യ തേജസ്സിനായി മുൻനിയമിക്കപ്പെട്ടിരിക്കുന്നു.**

ചുരുക്കത്തിൽ അന്തർലീനമായ ശേഷിയുള്ളവരെ വിശ്വസിക്കുവാൻ ദൈവം മുന്നറിയുന്നു. അങ്ങനെയുള്ള ആർക്കും രക്ഷ നേടാൻ കഴിയാതെ വരികയില്ല. ദൈവം അവരെ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രകാശനത്തിനായി തിരഞ്ഞെടുക്കുന്നു. അന്ധത നീങ്ങുകയും തന്മൂലം വ്യക്തികൾ വിശ്വാസത്തോടെ പ്രതികരിക്കുകയും ചെയ്യുന്നു. ഇതു നിമിത്തം "മകൻ പദവി", അഥവാ ദത്തെടുക്കൽ എന്ന അവസ്ഥയിലേക്കു വരുന്നു. എന്നാലും മുൻനിയമനവും തിരഞ്ഞെടുപ്പും വീണ്ടും ജനനംകൊണ്ടു മാത്രം അവസാനിക്കുന്നില്ല. തിരഞ്ഞെടുപ്പ് വ്യവസ്ഥാപിതമെന്നോ അല്ലെന്നോ കരുതിയാലും, ഭാവി ക്രമീകരണങ്ങളോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ പരമാധികാരം പ്രവർത്തിക്കുന്നുവെന്ന് എല്ലാവരും അംഗീകരിക്കണം. ഈ ഉപദേശങ്ങൾ വിവാദപരങ്ങളാണെങ്കിലും അവ അനുഗ്രഹങ്ങളാണ്. കർത്താവായ യേശുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെട്ട് (റോമ. 8:29–30) ഭാവി തേജസിനും അവകാശത്തിനും "മകൻ പദവിക്കും" വിശ്വാസികൾ ഒഴിച്ചുകൂടാനാവാത്ത വിധം മുൻനിയമിക്കപ്പെട്ടിരിക്കുന്നു. ഈ വിധിയെ തടയുവാൻ ആർക്കും ഒന്നിനും കഴിയുന്നതല്ല. കാരണം പരമാധികാരിയായ ദൈവത്തിന്റെ മാറ്റമില്ലാത്ത നിർണ്ണയമാണത്.

II. ദൈവത്തിന്റെ രക്ഷയുടെ വ്യവസ്ഥ അനുസരിക്കുന്നവരുടെ ജീവിതത്തിൽ രക്ഷ പ്രയോഗികമാക്കുന്നു

A. ആമുഖം

ദൈവവചനം വിശ്വസിക്കുന്ന ഒരു സഭയെക്കുറിച്ച് ഒരാൾ പഠിക്കാനാരംഭിച്ചാൽ രക്ഷയോടുള്ള ബന്ധത്തിൽ വരുന്ന നിരവധി പ്രയോഗങ്ങളും ശൈലികളും കണ്ട് അത്ഭുതപ്പെടും. ദൈവത്തിന്റെ അഭ്യർത്ഥനകൾ വിവിധ നിലയിൽ കാണാം. "വിശ്വസിക്കുക" "മാനസാന്തരപ്പെടുക", "ഏറ്റുപറയുക","സ്വയത്തെ ത്യജിക്കുക", "വഴങ്ങുക", "സമർപ്പിക്കുക", "സ്വീകരിക്കുക", "അംഗീകരിക്കുക", "യേശുവിനെ കർത്താവായി സ്വീകരിക്കുക", "യേശുവിനോട് ഹൃദയത്തിൽ വരുവാൻ പറയുക", "എല്ലാം ത്യജിക്കുക" തുടങ്ങിയവയാണ്. ചിലപ്പോൾ ഈ പ്രയോഗങ്ങളിൽ ചിലത് ഒരുമിച്ച് വരുകയും രക്ഷയുടെ മൂന്നോ നാലോ അഞ്ചോ പടികളായി നൽകുകയും ചെയ്യുന്നു (ഉദാ. ആദ്യം മാനസാന്തരപ്പെടുക, അതിനു ശേഷം വിശ്വസിക്കുക, പിന്നെ ഏറ്റുപറയുക തുടങ്ങിയവയാണ്). ഈ പ്രയോഗങ്ങളെല്ലാം ഒരേ അർത്ഥമാണോ നൽകുന്നത്, രക്ഷയ്ക്ക് ഒന്നോ അതിലധികമോ വ്യവസ്ഥകളുണ്ടോ? ഒരുക്രിസ്ത്യാനി കർത്താവിനെ സാക്ഷിക്കാനൊരുങ്ങുന്നതിനും മുമ്പും ഒരു സുവിശേഷകൻ പരസ്യമായി സുവിശേഷഘോഷണം നടത്തുന്നതിനു മുമ്പും ചോദിക്കേണ്ട ചോദ്യം "അവർ രക്ഷിക്കപ്പെടുവാൻ എന്താണ് ചെയ്യേണ്ടത്?" ഈ ചോദ്യത്തിനു ക്രിസ്തീയമായ ഉത്തരം കണ്ടെത്തണം.

B. വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസം പ്രായോഗികമാക്കുക

വിശ്വാസമാണ് രക്ഷയ്ക്കുള്ള ഏക വ്യവസ്ഥയെന്ന് അനേകം ദൈവവചനഭാഗങ്ങളിൽ കാണാം. വിശ്വാസത്തിന്റെ പര്യായമാണ് ആശ്രയം. യഥാർത്ഥത്തിൽ 150 -ൽ അധികം വേദഭാഗങ്ങളിൽ രക്ഷയ്ക്കുള്ള ഏക വ്യവസ്ഥയായി പുതിയ നിയമത്തിൽ കാണുന്നത് വിശ്വസിക്കുക മാത്രമാണ്. മറ്റേതു വ്യവസ്ഥ കൂട്ടിച്ചേർത്താലും അത് ഈ വാക്യങ്ങളെ അപൂർണ്ണവും തെറ്റിദ്ധാരണാജനകമാക്കുവാനും കാരണമാക്കും. അതുകൊണ്ട് **രക്ഷയ്ക്ക് യഥാർത്ഥത്തിൽ ആവശ്യമായി വരുന്ന വ്യവസ്ഥയെ പ്രകടമാക്കുവാൻ ഉപയോഗിക്കുന്ന എല്ലാ പദങ്ങളും (ഉദാഹരണമായി മാനസാന്തരം) വിശ്വാസത്താൽ മാത്രമുള്ള രക്ഷ എന്ന ആശയത്തോടു പൊരുത്തമുള്ളതായിരിക്കണം.** രക്ഷയോടുള്ള ബന്ധത്തിൽ വിശ്വാസം മാത്രം എന്ന വ്യവസ്ഥയോടു പൊരുത്തം വരാത്ത ആശയങ്ങൾ തെറ്റായ നിലയിലും അപകടകരമായ നിലയിലും ദുരുപദേശങ്ങളാണ്. നവീകരണം ആരംഭിച്ച എല്ലാ നവീകൃത ദൈവശാസ്ത്രജ്ഞന്മാരുടെയും നവീകരണത്തിന്റെ അടിസ്ഥാന പ്രമാണം *സോളാ ഫിഡെ(Sola fide),* **വിശ്വാസം മാത്രം** എന്നായിരുന്നു. വിശ്വാസം മാത്രമാണ് രക്ഷയ്ക്ക് അടിസ്ഥാനം എന്നു വെളിപ്പെടുത്തുന്ന ചില പ്രധാന വേദാംശങ്ങൾ തുടർന്നുനല്കുന്നു:

> "തന്റെ ഏകജാതനായ **പുത്രനിൽ വിശ്വസിക്കുന്ന ഏവനും** നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16).
>
> "**അവനിൽ വിശ്വസിക്കുന്നവന്** ന്യായവിധി ഇല്ല. വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു (യോഹ. 3:18).

"ആമേൻ ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു; എന്റെ വചനം കേട്ട് **എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്** നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിലാകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു" (യോഹ. 5:24).

"പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം; ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും" (യോഹ. 6:40).

"ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു **വിശ്വസിക്കുന്നവന്** നിത്യജീവൻ ഉണ്ട്'' (യോഹ. 6:47).

യേശു അവളോട്: "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവർ ആരും ഒരുനാളും മരിക്കയില്ല. ഇതു നീ വിശ്വസിക്കുന്നുവോ എന്നു പറഞ്ഞു" (യോഹ. 11:25-26).

ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റ് അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും **വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനും** ഇത് എഴുതിയിരിക്കുന്നു (യോഹ. 20:30-31).

''.....സകലത്തിൽ നിന്നും **വിശ്വസിക്കുന്ന ഏവനും** ഇവനാൽ നീതീകരിക്കപ്പെടുന്നു (അപ്പോ. പ്രവ. 13:39).

യജമാനന്മാരെ രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. **കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും (അപ്പോ. 16: 30 -31).**

"സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല **വിശ്വസിക്കുന്ന ഏവനും** ആദ്യം യഹൂദനും പിന്നെ യവനനും **അതു രക്ഷയ്ക്കായി** ദൈവശക്തിയാകുന്നുവല്ലോ" (റോമ. 1:16).

അതിനു ന്യായപ്രമാണവും പ്രവാചകന്മാരും സാക്ഷ്യം പറയുന്നു. ഒരു വ്യത്യാസവും ഇല്ല; **എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു** (റോമ. 3:22).

വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തയിരിക്കുന്നു" (റോമ. 3:25).

അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തികൂടാതെ **വിശ്വാസത്താൽത്തന്നെ നീതീകരിക്കപ്പെടുന്നു** എന്നു നാം അനുമാനിക്കുന്നു (റോമ. 3:28).

"ദൈവം ഏകനല്ലോ: അവൻ **വിശ്വാസംമൂലം** പരിച്ഛേദനക്കാരെയും **വിശ്വാസത്താൽ** അഗ്രചർമ്മികളെയും നീതീകരിക്കുന്നു (റോമ. 3:30).

"പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ **വിശ്വസിക്കുന്നവനോ** അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു" (റോമ. 4:5).

വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട് (റോമ. 5:1).

"അവനിൽ **വിശ്വസിക്കുന്നവൻ** ഒരുത്തനും ലജ്ജിച്ചുപോകയില്ല" എന്നു തിരുവെഴുത്തിൽ അരുളിച്ചെയ്യുന്നുവല്ലോ... ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമ. 10:11, 17).

"എന്നാൽ **യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാൽ മനുഷ്യർ നീതികരിക്കപ്പെടുന്നില്ല എന്ന് അറിഞ്ഞിരിക്കക്കൊണ്ട്, നാമും ന്യായപ്രമാണത്തിന്റെ പ്രവർത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽത്തന്നെ നീതീകരിക്കപ്പെടേണ്ടതിന്** ക്രിസ്തുയേശുവിൽ വിശ്വസിച്ചു'' (ഗലാ. 2:16).

അബ്രാഹാം **ദൈവത്തിൽ വിശ്വസിച്ചു** അത് അവനു നീതിയായി കണക്കിട്ടു എന്നുണ്ടല്ലോ. അതുകൊണ്ട് **വിശ്വാസികൾ** അത്രെ അബ്രഹാമിന്റെ മക്കൾ എന്നു അറിവിൻ (ഗലാ. 3:6-7).

എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം, **''നീതിമാൻ വിശ്വാസത്താൽ ജീവിക്കും''** എന്നല്ലോ ഉള്ളത് (ഗലാ. 3:11).

എങ്കിലും **വിശ്വസിക്കുന്നവർക്ക്** വാഗ്ദത്തം യേശുക്രിസ്തുവിലെ **വിശ്വാസത്താൽ** ലഭിക്കേണ്ടതിനു തിരുവെഴുത്ത് എല്ലാവരെയും പാപത്തിൻ കീഴടച്ചുകളഞ്ഞു (ഗലാ. 3:22).

അങ്ങനെ നാം **വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്** ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു (ഗലാത്യർ 3:24).

> **ക്രിസ്തുയേശുവിലെ വിശ്വാസത്താൽ** നിങ്ങൾ **എല്ലാവരും ദൈവത്തിന്റെ മക്കൾ** ആകുന്നു (ഗലാത്യർ 3:26).
>
> കൃപയാലല്ലോ നിങ്ങൾ **വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്.** അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രെയാകുന്നു; ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെ. 2:8-9).

വിശ്വാസം മാത്രമാണ് രക്ഷയ്ക്ക് ആധാരമെന്ന ദൈവവചനസത്യം അംഗീകരിക്കുകയും അതേസമയം വിശ്വാസത്തിനു ഒരു തെറ്റായ നിർവചനം കൊടുക്കുകയും ചെയ്യാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ദൈവവചനപശ്ചാത്തലത്തിൽ കൃത്യമായി രക്ഷിക്കുന്ന വിശ്വാസം നിർവചിക്കേണ്ടതിന് ആവശ്യമാണ്.

1. വിശ്വാസത്തിന്റെ എബ്രായ പശ്ചാത്തലവും അർത്ഥവും

വൈദ്യനായ ലൂക്കോസ് ഒഴികെ എല്ലാം പുതിയനിയമം എഴുത്തുകാരും യഹൂദന്മാരായിരുന്നു. അവർക്ക് പഴയനിയമം സുപരിചിതമായിരുന്നു. പഴയനിയമത്തിലെ വിശ്വാസത്തിന്റെ അർത്ഥമനുസരിച്ചാണ് അവർ വിശ്വാസത്തെ മനസ്സിലാക്കിയത്.

"വിശ്വസിക്കുക" എന്നതിനുള്ള എബ്രായ പദം ***ആമാൻ*** ആണ്. അതിൽ നിന്ന് *ആമേൻ* എന്ന പദം ഉണ്ടായി. ചില ക്രിയാ ധാതുക്കളിൽ (qal/niphal) ഈ പദത്തിന്റെ അർത്ഥം **"സുസ്ഥിരമായിരിക്കുക,"** സഹായിക്കുക, ഭദ്രമാക്കുക, വിശ്വസ്തതയോടിരിക്കുക" തുടങ്ങിയവയാണ്. പ്രിൻസ്റ്റണിൽ നിന്നുള്ള വലിയ ദൈവശാസ്ത്രപണ്ഡിതൻ ബി. ബി. ഫീൽഡ് പറയുന്നത്, "ആമാൻ അർത്ഥമാക്കുന്നത് പിടിച്ചിരിക്കുന്നത് എന്തു തന്നെയായാലും അത് സുസ്ഥിരമാണ്, അഥവാ ആശ്രയിക്കുവാൻ കൊള്ളാവുന്നതാണ്" [40] എന്നാണ്. പഴയനിയമത്തിൽ *ആമാൻ* എങ്ങനെ ഉപയോഗിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ നിർവ്വചനമാണിത്.

ആമാൻ (ധാതുവിൽ) ഉപയോഗിച്ചിരിക്കുന്നത് കുട്ടികളെ സഹായിച്ചു പോഷിപ്പിച്ചു നിലനിർത്തുന്ന സൂക്ഷിപ്പുകാർക്കാണ് (സഹായിക്കുക എന്നതിന്റെ ആക്ഷരികമായ ആശയം സാമ്പത്തിക സഹായം നൽകി അവരെ വഹിക്കുന്നതിനെയാണ്). ഈ വാക്കിന്റെ അർത്ഥം "വളർത്തച്ഛൻ" "പോറ്റമ്മ" അഥവാ "ധാത്രി" തുടങ്ങി നിലയിൽ തുടർന്നുള്ള വേദഭാഗങ്ങളിൽ കാണാം. സഖ്യ. 11:12, രൂത്ത് 4:16, 2 ശമു. 4:4, 2 രാജാ. 10:1, 5; എസ്ഥേർ 2:7; യെശ. 49:23 വിലാപങ്ങൾ 4:5 ഒരു രക്ഷാകർത്താവ്, ധാത്രി, വളർത്തമ്മ, വളർത്തച്ഛൻ ഇവരിലൊക്കെയാണ് കുഞ്ഞ് പൂർണ്ണമായും ആശ്രയിക്കുന്നത്. അവൻ, അഥവാ അവൾ വിശ്വസിക്കത്തക്കതും ആശ്രയിക്കാവുന്നതും ഉറപ്പുള്ളതും സഹായകരവുമാണ്. ആമാൻ (qual ക്രിയാപദത്തിൽ) സുരക്ഷിതത്വം നൽകുന്നതും സഹായകരവുമായ കട്ടിളകളോടുള്ള ബന്ധത്തിലും തൂണുകളോടുള്ള ബന്ധത്തിലും ഉപയോഗിച്ചിട്ടുണ്ട്. ഇത് 2 രാജ. 18:16 ലും, നിഷേധരൂപത്തിൽ വറ്റിപ്പോകുന്ന വെള്ളത്തോടുള്ള ബന്ധത്തിൽ യിരെമ്യാവ് 15:18 ലും കാണുന്നു.

ആമാന്റെ മറ്റൊരു വ്യാകരണരൂപവും(*the niphil*)ഇതേ അർത്ഥമാണ് നൽകുന്നത്. ഈ പദം ഉറപ്പുള്ളതും സഹായകരവും ആശ്രയിക്കാവുന്നതുമായ ഒരംശത്തെ ചൂണ്ടിക്കാണിക്കുന്നു. യെശയ്യാവ് ഈ വാക്ക് ഉപയോഗിക്കുന്നത് ആണി സുരക്ഷിതമായി തറയ്ക്കുവാൻ കഴിയുന്ന ഒരു ഭിത്തിയെയാണ്, അതു പോലെ കുഞ്ഞുങ്ങളെ സഹായിക്കുന്നതിനും ഉപയോഗിക്കുന്നു (യെശ. 22:23; 25; 60:4) യെശയ്യാവ് 33:16-ൽ വെള്ളത്തിനു ആശ്രയിക്കാവുന്നതും ഉണങ്ങിപ്പോകാത്തതുമായ ഒരു അരുവിയെ ഇത് ചൂണ്ടിക്കാണിക്കുന്നു. അതുപോലെ നിലനിൽക്കുന്ന ഒരു രാജ്യത്തെയും കാണിക്കുന്നു (2 ശമു. 7:16). വ്യക്തികളോടുള്ള ബന്ധത്തിൽ **ആമാൻ** ഉപയോഗിക്കുമ്പോൾ ഒരു വാഗ്ദത്തം നിറവേറ്റുന്ന കാര്യത്തിൽ ആശ്രയിക്കാവുന്നവനാണ് ദൈവം എന്ന അർത്ഥമാണ് നൽകുന്നത് (ഉദാ. ആവ. 7:9; സങ്കീ. 89:28). അതുപോലെ, പണം കൈകാര്യം ചെയ്യുന്നതിൽ ആശ്രയിക്കുവാൻ കഴിയുന്ന ഭണ്ഡാരഗൃഹവിചാരകനെയും സൂചിപ്പിക്കുന്നു (നെഹമ്യാവ് 13: 13). ഈ ഉദാഹരണങ്ങളിൽ നിന്നു **ആമാൻ** ചൂണ്ടിക്കാണിക്കുന്നത് ഉറപ്പ്, ആശ്രയബോധം വിശ്വസ്തത വിശ്വാസീയത തുടങ്ങിയവയെയാണ്.

ഈ ഉപയോഗങ്ങളിൽ നിന്ന് **ആമെൻ** (*the hiphil*) ന്റെ ഉത്പാദരൂപത്തിന്റെ അർത്ഥമത്രെ ഉറപ്പില്ലാതിരിക്കുക, ആശ്രയിക്കുവാൻ കഴിയാതിരിക്കുക, തുടങ്ങിയവയാണെന്നു ഒരാൾക്കു വേണമെങ്കിൽ പ്രതീക്ഷിക്കാം. എന്നാൽ ചില വ്യക്തികളെയോ വസ്തുക്കളെയോ **ഉറപ്പുള്ളതെന്നും ആശ്രയിക്കത്തക്കതെന്നും** വിശ്വസിക്കത്തക്കതെന്നും **പരിഗണിക്കപ്പെടുമ്പോൾ വിശ്വസ്തമായിരിക്കുന്ന ഒന്നിൽ നിന്നുള്ള മാറ്റമാണ് മറ്റൊന്നിനെ വിശ്വസ്തമാണെന്നു പരിഗണിക്കുന്നത്.** ഈ സ്വഭാവമുള്ള മറ്റൊന്നിനെ നാം പരിഗണിക്കുമ്പോൾ നാം അവയിൽ ആശ്രയിക്കുന്നു അവയെ ആലംബമാക്കുന്നു, അവയെ വിശ്വസിക്കുന്നു. ഇതാണ് വിശ്വാസത്തെക്കുറിച്ചുള്ള എബ്രായ ആശയങ്ങളുടെ അടിസ്ഥാന അർത്ഥം. ബുദ്ധിപരമായി ഒരു സത്യം അംഗീകരിക്കുന്നതിൽ നിന്ന് ഒരു വ്യക്തിയെ ആശ്രയിക്കുന്ന തലത്തിലേക്കു പ്രത്യേക അർത്ഥങ്ങളുടെ ക്രമീകരണം സംഭവിക്കുന്നു.

[40] Benjamin B. Warfield, *Biblical and Theological studies*, ed. Samuel G. Craig, reprint ed. (Philadelphia: The Presbyterian and Reformed publishing co., 1968) 429.

എബ്രാ. 1:5-ൽ വിശ്വാസം അർത്ഥമാക്കുന്നത് ഒരു സന്ദേശത്തിന്റെ സത്യം ബുദ്ധിപരമായി വിശ്വസിക്കുന്നതാണ്. ആശ്രയം എന്ന ആശയം അടങ്ങിയിരിക്കുന്ന വേദഭാഗങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന ശൈലി *വിശ്വസിക്കുക* എന്നതാണ്. *ആമാൻ* ഉപയോഗിച്ചിരിക്കുന്ന താഴെപ്പറയുന്ന വേദഭാഗങ്ങളിൽ ആശ്രയിക്കുക എന്ന ആശയം ഉൾക്കൊള്ളിച്ചരിക്കുന്നതായിക്കരുതാം. ഉല്പ. 15:6; പുറ. 14:31; സംഖ്യ. 14:11; ആവ. 1:32; 9:23; 28:66; 2 രാജാ. 17:14; 2 ദിന. 20:20; ഇയ്യോബ് 24:22; സങ്കീ. 27:13; 78:22; 106:24; യെശ. 28:16; 43:10. തുടർന്നു പറയുന്ന വേദഭാഗങ്ങളിൽ ചിലപ്പോഴൊക്കെ, ഒരു സത്യത്തെ ബുദ്ധിപരമായി വിശ്വസിക്കുക എന്ന ആശയവും, ഒരു വ്യക്തിയെ ആശ്രയിക്കുക എന്ന ആശയവും ഒരുമിച്ച് വരുന്നതായിക്കാണാം. സംഖ്യ. 14:11 ആവ. 1:32, 9:23. കാദേശ് ബർന്നേയിൽ നിന്നു കനാൻനാട് കീഴടക്കുവാൻ പോകുന്നതിൽ പരാജയപ്പെട്ട യിസ്രായേലിന്റെ അവസ്ഥയിൽ നിന്നു വിഭിന്നമാണ് വിശ്വാസം. മറ്റു വാക്കിൽ പറഞ്ഞാൽ, ദൈവം അവർക്ക് ദേശം തരുമെന്നുള്ള സന്ദേശം ബുദ്ധിപരമായി വിശ്വസിക്കുകയും അതോടൊപ്പം ദേശം ആക്രമിക്കത്തക്ക നിലയിൽ ദൈവത്തിൽ ആശ്രയിക്കുകയും വേണ്ടിയിരുന്നു. പുറ. 4:31-ൽ കാണുന്നത് ദൈവം അവരെ മിസ്രയിമിൽ നിന്നു വിടുവിക്കുമെന്നുള്ള മോശെയുടെ സന്ദേശത്തെ ബുദ്ധിപരമായി വിശ്വസിച്ചു എന്നാണ്. എന്നാൽ അവർ ആശ്രയം എന്ന അർത്ഥത്തിലും വിശ്വസിച്ചിരുന്നു. യെശ. 7:9 – ൽ കാണുന്നത് ആഹാസ് രാജാവ് തന്റെ ശത്രുക്കളുടെ കൈയിൽ നിന്നുള്ള വിടുതൽ ബുദ്ധിപരമായി വിശ്വസിക്കണമെന്നു യെശയ്യാവ് ആവിശ്യപ്പെടുന്നതാണ്. എന്നാൽ രാജാവിനു ദൈവത്തിന്റെ കൃപയാലുള്ള വാഗ്ദത്തത്തിൽ ഉറപ്പും വിശ്വാസവും വേണമെന്നു പ്രവാചകൻ ഇച്ഛിക്കുന്നു.

വൈരുദ്ധ്യങ്ങളും സമാന്തരങ്ങളും ഒരു വാക്കിനെ നിർവചിക്കുന്നതിനു സഹായിക്കും. സങ്കീ. 27:13-14-ൽ *ആമെൻ* പ്രത്യാശയ്ക്കു സമാന്തരമാണ്. സങ്കീ. 78:22 ൽ ഇത് ആശ്രയം എന്ന് "അർത്ഥം നൽകുന്ന മറ്റൊരു എബ്രായ വാക്കിന് സമാന്തരമാണ്. 2 രാജാ. 7:14 ലും ആവ. 9:23 ലും കാണുന്നത് മത്സരത്തിനു വിപരീതമായിട്ടാണ് വിശ്വാസം. അതായത് കൂറ് [41]. ഹബക്കൂക്ക് 2:4 – ൽ "നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും" എന്നുള്ളത് അഹങ്കാരത്തിനെതിരാണ്. ഈ അഹങ്കാരം, അഹങ്കാരികളും ധിക്കാരികളുമായ ബാബേൽ നിവാസികൾ പ്രകടിപ്പിക്കുന്നതാണ്. എന്നാൽ വിശ്വാസം താഴ്മയും ആശ്രയവുമാണ്.

[41] ക്രിസ്തുവിന്റെ അധികാരത്തിനു പൂർണ്ണമായി വിധേയപ്പെടുത്താത്ത ഹൃദയത്തിലും രക്ഷിക്കുന്ന വിശ്വാസം നിലനില്ക്കുമെന്ന് ഈ പഠനം വാദിക്കുന്നു. എന്നിരുന്നാലും, സമ്പൂർണ്ണ മത്സരത്തോടൊപ്പം നിലകൊള്ളാൻ രക്ഷിക്കുന്ന വിശ്വാസത്തിന് കഴിയുമെന്ന് അർത്ഥമില്ല.

പുതിയ നിയമ എഴുത്തുകാർ തങ്ങളുടെ പഠിപ്പിക്കലുകളിൽ വിശ്വാസത്തിന്റെ ഈ ആശയങ്ങളുടെ അർത്ഥങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതുകൊണ്ട് നമുക്ക് പ്രതീക്ഷിക്കാവുന്നത്, അവരുടെ ദൈവത്തിലുള്ള വിശ്വാസം അർത്ഥമാക്കുന്നത് ദൈവത്തെ സുരക്ഷിതത്വം നൽകുന്നവനായും, ആശ്രയിക്കുന്നവനായും, ഉറപ്പുള്ളവനായും വിശ്വാസയോഗ്യനായും കാണുവാൻ കഴിയുന്നതാണ്. **മനുഷ്യന്റെ വീക്ഷണകോണിൽ നിന്നു നോക്കുമ്പോൾ ഇതിനെ വിളിക്കാവുന്നത് ആശ്രയം ദൃഢവിശ്വാസം, ആലംബം, അഭയം എന്നിങ്ങനെയാണ്.**

2. രക്ഷിക്കുന്ന വിശ്വാസം: എന്തല്ല

യഥാസ്ഥിതിക ഉപദേശങ്ങളിലും, യേശുക്രിസ്തുവിനെക്കുറിച്ചുള്ള ചില സത്യങ്ങളിലുമുള്ള ബുദ്ധിപരമായ വിശ്വാസത്തെക്കാളുപരിയാണ് രക്ഷിക്കുന്ന വിശ്വാസമെന്നു പുതിയ നിയമം വ്യക്തമാക്കുന്നു (യാക്കോ. 2:19; യോഹ. 2:23-24, 3: 2). നിക്കോദേമോസ് ദൈവത്തിന്റെ അസ്തിത്വത്തിലും, യേശുക്രിസ്തു ദൈവത്തിൽ നിന്ന് ഒരു അത്ഭുത പ്രവർത്തകനായി വന്നിരിക്കുന്നുവെന്നതിലും വിശ്വസിച്ചിരുന്നു. എന്നാൽ കർത്താവ് അവനോട് പറയുന്നത്, ഇങ്ങനെയാണെങ്കിലും അവൻ വീണ്ടും ജനിക്കണമെന്നാണ് (1 യോഹ. 3:3). പിശാചുക്കളും ശരിയായ ഉപദേശമാണ് ബുദ്ധിപരമായി വിശ്വസിക്കുന്നതെന്നു യാക്കോബ് ഓർമ്മിപ്പിക്കുന്നു (യാക്കോ. 2:19; കാണുക മത്താ. 4:3; 8:29, മർക്കോ. 1:34; 3:11; 5:7; ലൂക്കോ. 8:29 അപ്പോ. പ്രവ. 16:17; 19:15) [42] ക്രിസ്തുവിനെക്കുറിച്ചുള്ള ചില പ്രധാനപ്പെട്ട സത്യങ്ങൾ ഉൾപ്പെട്ടതായ വിശ്വാസമാണ് രക്ഷിക്കുന്ന വിശ്വാസമെങ്കിലും; ബുദ്ധിപരമായ വിശ്വാസത്തെക്കാൾ ഉപരിയാണ് രക്ഷിക്കുന്ന വിശ്വാസം.

> ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ; കൊള്ളാം; പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു (യാക്കോ. 2:19).

ഉപദേശത്തോടു ബുദ്ധിപരമായി പ്രതികരിക്കുന്നത് രക്ഷിക്കുന്ന വിശ്വാസമല്ലെങ്കിൽ, വികാരപരമോ താത്ക്കാലികമോ ആയ വിശ്വാസവും രക്ഷിക്കുന്നില്ല. ഓശാന ഞായറാഴ്ച ക്രിസ്തു തങ്ങളുടെ രാജാവാണെന്നു പ്രഖ്യാപിക്കുമ്പോൾ പ്രകടമാകുന്ന തരത്തിലുള്ള വിശ്വസമാണ് വികാരപരമായ വിശ്വാസം മത്താ. 21:1-11; മർക്കോ. 11:1-11; ലൂക്കോ. 19:28-40; യോഹ. 12:12-19). ഈ വേദഭാഗങ്ങൾ വായിക്കുമ്പോൾ ക്രിസ്തുവിനെക്കുറിച്ച് വളരെ വികാരപരമായ വാക്കുകൾ കാണാം. ജനക്കൂട്ടം ആർത്തു

[42] മത്തായി 4: 3 ലെ *എങ്കിൽ* അർത്ഥമാക്കുന്നത് "ആയിരിക്കെ" എന്നാണ്. യേശു ദൈവപുത്രനാണെന്നു സാത്താൻ സമ്മതിച്ചുകൊടുക്കുന്നു.

"യിസ്രായേലിന്റെ രാജാവായി കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ, ദാവീദു പുത്രനു ഹോശന്നാ;" എന്നാൽ ഒരാഴ്ചകഴിഞ്ഞപ്പോൾ, അതേ ജനക്കൂട്ടം തന്നെ ആർത്തു വിളിച്ചു "അവനെ ക്രൂശിക്കേണം" "അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെയും വരട്ടെ" (മത്താ. 27:22, 25) "ഞങ്ങൾക്കു കൈസരല്ലാതെ മറ്റൊരു രാജാവില്ല" (യോഹ. 19:15). എന്തുകൊണ്ടാണ് അങ്ങനെയുള്ള മാറ്റമുണ്ടായത്?

ഓശാന ഞായറാഴ്ച യഹൂദജനങ്ങൾ വികാരപരവും താത്ക്കാലികവുമായ ഒരു വിശ്വാസമാണ് പ്രകടിപ്പിച്ചത്. അവർ ഇപ്പോൾ റോമാക്കാരിൽ നിന്ന് അനുഭവിക്കുന്ന കഷ്ടതകളിൽ നിന്ന് അവരെ രക്ഷിക്കുന്ന ഒരു രാഷ്ട്രീയ വിമോചകനായി യേശുവിനെ അംഗീകരിക്കുവാൻ ആഗ്രഹിക്കുന്നു. തന്റെ ശുശ്രൂഷയുടെ, ആരംഭകാലഘട്ടങ്ങളിൽ യേശുവിനെ ബലമായി രാജാവാക്കുവാൻ ജനങ്ങൾ ശ്രമിക്കുന്നു (യോഹ. 6:15). അവർക്ക് യേശുവിനെ വേണ്ടത് അവരുടെ താത്ക്കാലികമായ പ്രശ്നങ്ങളിൽ രക്ഷ നൽകുവാനാണ്. എന്നാൽ യഥാർത്ഥമായി അതല്ല ജനങ്ങൾ അവനോടുള്ള ബന്ധത്തിൽ ചെയ്യേണ്ടത് (യോഹ. 6:26). പാപത്തിൽ നിന്നു രക്ഷിക്കുന്ന ഒരു ആത്മീയ രക്ഷകനെയല്ല അവർ അന്വേഷിച്ചത്. ക്രിസ്തു ഇങ്ങനെയുള്ള താത്ക്കാലികവും വികാരപരവുമായ വിശ്വാസത്തെ ചെറുക്കുന്നു. ജനക്കൂട്ടമെല്ലാം ആവേശം കൊണ്ട് യേശുവിന് അവരുടെ താത്ക്കാലികമായ രാഷ്ട്രീയ പ്രശ്നത്തിൽ നിന്നു രക്ഷിക്കുവാൻ കഴിയുമെന്നു വിശ്വസിക്കുവാൻ ഒരുങ്ങി. എന്നാൽ പാപത്തിൽ നിന്നു രക്ഷപ്രാപിക്കണമെന്നുള്ള യാതൊരു ആത്മീയ താത്പര്യവുമില്ല. ഈ നിലയിലുള്ള വികാരപരമായ വിശ്വാസത്തെ വിത്തു വിതയ്ക്കുന്നവന്റെ ഉപമയിൽ കാണുന്ന "പാറസ്ഥലത്തു ഏറെ മണ്ണില്ലാത്ത ഇടത്തു വീണ വിത്തിനോട്" തുലനം ചെയ്യാവുന്നതാണ്. വികാരപരമായ സന്തോഷത്തോടെ വചനം സ്വീകരിക്കുന്നു. എന്നാൽ ആഴം ഇല്ലാത്തതിനാൽ ഫലം താത്ക്കാലികമാണ്. (മത്താ. 13:20–21, മർക്കോ. 4:16–17, ലൂക്കോ. 8:13). അവർക്കൊരു രാഷ്ട്രീയ രക്ഷിതാവിനെ അഥവാ ഒരു വൈദ്യശാസ്ത്ര രക്ഷിതാവിനെ, അല്ലെങ്കിൽ ഒരു സാമ്പത്തിക രക്ഷിതാവിനെയാണ് ആവശ്യം. അല്ലാതെ ഒരു പാപമോചകനെയല്ല.

ഇന്ന് ഒരു വ്യക്തി തന്റെ രോഗത്തിൽ നിന്നും തകർന്ന ബന്ധത്തിൽ നിന്നും സാമ്പത്തിക ഭാരത്തിൽ നിന്നും യേശു രക്ഷിക്കുമെന്നു ആഗ്രഹിച്ചേക്കാം. ഇങ്ങനെയുള്ള താത്ക്കാലികപ്രശ്നങ്ങളിൽ യേശു സഹായിക്കുമെന്നു സത്യസന്ധമായി വിശ്വസിക്കാം. മാത്രമല്ല, ആ കാര്യത്തിൽ വളരെ ആവശം കൊള്ളുകവരെ ചെയ്യാം. തീർച്ചയായും ഇങ്ങനെയുള്ള കഷ്ടതകളിൽ ക്രിസ്തുവിന്റെ സഹായം ആഗ്രഹിക്കുന്നത് അവിവേകമോ തെറ്റോ അല്ല. എന്നാൽ ഈ നിലയിലുള്ള വിശ്വാസം അതിൽ തന്നെ രക്ഷിക്കുന്ന വിശ്വാസമല്ല. ഒരു വ്യക്തി തന്റെ പ്രത്യേക താല്ക്കാലിക പ്രശ്നം പരിഹരിക്കുക മാത്രമാണ് യേശുവിൽ നിന്ന് ആഗ്രഹിക്കുന്നതെങ്കിൽ, തന്റെ പാപത്തിൽ നിന്നു രക്ഷനേടണമെന്നു ആഗ്രഹിച്ചില്ലെങ്കിൽ അതു രക്ഷിക്കുന്ന വിശ്വാസമല്ല. ഒരു വ്യക്തിയുടെ പാപത്തിന്റെ കുറ്റത്തിൽ നിന്നു രക്ഷിക്കുന്ന രക്ഷിതാവായ ക്രിസ്തുവിനെ അംഗീകരിക്കുന്നതിനു തുല്യമല്ല തന്റെ പ്രശ്ന പരിഹാരകനായി ക്രിസ്തുവിനെ വിശ്വസിക്കുന്നത്. അനേകമാളുകൾ ശക്തമായ സമ്മർദ്ദത്തോടെയുള്ള സുവിശേഷാഹ്വാനങ്ങളോട് വികാരക്ഷോഭത്തോടെയോ അല്ലെങ്കിൽ ആശയക്കുഴപ്പത്തോടെയോ പ്രതികരിക്കുന്നു. അവർ നടക്കുന്നത് ഹൃദയം മുഴുവൻ പ്രശ്നങ്ങളുമായിട്ടാണ്. ക്രിസ്തുവിന് ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുവാൻ കഴിയുമെന്ന് അവർ വിശ്വസിക്കുകയും, അങ്ങനെ ചെയ്യുവാൻ അവനോട് യാചിക്കുകയും ചെയ്യുന്നു. എങ്കിലും **പാപത്തിൽ നിന്നു രക്ഷിക്കുവാൻ** യേശുവിൽ **ആശ്രയിക്കുന്നില്ലായെങ്കിൽ** പരിണിതഫലം ജീവിതപ്രശ്നങ്ങളെ കുറെക്കൂടി മെച്ചമായ നിലയിൽ കാണുന്ന താത്ക്കാലികമായ വികാരപരവും മതപരവുമായ അനുഭവം മാത്രമാണ്. അങ്ങനെ ജീവിതത്തെ മെച്ചപ്പെടുത്താനുള്ള വികാരപരമോ താത്ക്കാലികമോ ആയ ക്രിസ്തുവിലുള്ള വിശ്വാസം രക്ഷിക്കുന്ന വിശ്വാസമല്ല, അതു നിലനിൽക്കുന്നതുമല്ല.

> "പാറമേലുള്ളവരോ കേൾക്കുമ്പോൾ വചനം സന്തോഷത്തോടെ കൈക്കൊള്ളുന്നവർ എങ്കിലും അവർക്കു വേരില്ല; അവർ തത്ക്കാലം വിശ്വസിക്കുകയും പരീക്ഷാസമയത്തു പിൻവാങ്ങിപ്പോകുകയും ചെയ്യുന്നു" (ലൂക്കോ. 8:13).

3. രക്ഷിക്കുന്ന വിശ്വാസം: എന്താണ്?

പുതിയ നിയമത്തിൽ *വിശ്വസിക്കുക* എന്നതും അതിന്റെ നാമമായ *വിശ്വാസം* എന്നതും ഏകദേശം 480 പ്രാവശ്യം വരുന്നു *(വിശ്വാസം(faith), വിശ്വസിക്കുക(belif)*, എന്നതിനെല്ലാം ഗ്രീക്കിൽ ഒരു വാക്കുതന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്). ഈ പരിമിതമായ പഠനത്തിൽ ഇവയിലോരോന്നും പരിശോധിക്കുക അസാദ്ധ്യമാണ്. എന്നിരുന്നാലും, അവയെ കൂട്ടങ്ങളായി വേർതിരിക്കാനും യുക്തിപരമായ രൂപത്തിൽ ചർച്ച ചെയ്യുവാനും കഴിയും.

ചില സത്യങ്ങളോടുള്ള പിൻതുണയോടെ യേശുവിനു താത്ക്കാലികമായ കഷ്ടങ്ങളിൽ സഹായിക്കുവാൻ കഴിയുമെന്നും വിശ്വസിച്ചുകൊണ്ട്, വികാരപരമായ നിലയിൽ യേശുവിങ്കലേക്കു ആകർഷിക്കപ്പെടുകയോ ചെയ്യുന്നതിനെക്കാൾ ഉപരിയാണ് രക്ഷിക്കുന്ന വിശ്വാസം. ഇങ്ങനെ പറഞ്ഞെങ്കിലും, മനുഷ്യന്റെ ദേഹിയുടെ മൂന്നു ഭാഗങ്ങളായ ബുദ്ധി, വികാരങ്ങൾ, ഇച്ഛ ഇവയിലെല്ലാം രക്ഷിക്കുന്ന വിശ്വാസത്തിന്റെ പ്രവൃത്തി കടന്നു ചെല്ലുമെന്ന

പ്രാധാന്യത്തോടെ അംഗീകരിക്കേണ്ടതാണ്.

ക്രിസ്തുവിന്റെ വ്യക്തിത്വത്തെക്കുറിച്ചും വേലയെക്കുറിച്ചും ഒരു വ്യക്തി തന്റെ മനസ്സുകൊണ്ട് ബുദ്ധിപരമായി ചില അടിസ്ഥാനസത്യങ്ങൾ വിശ്വസിക്കണം ഇതാണ്. രക്ഷിക്കുന്ന വിശ്വാസത്തിന്റെ **ഉള്ളടക്കം.** അങ്ങനെയായാലും ഒരുവ്യക്തി തന്റെ മനസ്സുകൊണ്ട് സുവിശേഷം സത്യമായ വസ്തുതയാണെന്ന് വിശ്വസിക്കുമ്പോൾ, തന്റെ വികാരങ്ങൾക്കൊണ്ട് ആ വ്യക്തി ആ സത്യങ്ങളെക്കുറിച്ചുള്ള ദൃഢവിശ്വാസം വളർത്തിയെടുക്കുന്നു. അത് സത്യമാണെന്നു മാത്രമല്ല തന്റെ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ആവശ്യമാണെന്നു ആ വ്യക്തി കാണുന്നു. തന്റെ വികാരങ്ങൾക്കൊണ്ട് അയാൾ സുവിശേഷത്തിന്റെ മൂല്യം സമ്മതിക്കുകയും അങ്ങനെ വ്യക്തിപരമായി (കർശനമായ ദൈവശാസ്ത്രത്തിനു വിപരീതമായി) വിശ്വസിക്കുകയും ചെയ്യുന്നു. വസ്തുതകൾ സത്യമാണെന്നു കരുതുക മാത്രമല്ല, വ്യക്തിപരമായി പ്രസക്തിയുള്ളതായും ആവശ്യമുള്ളതായും അംഗീകരിക്കുകയും ചെയ്യുന്നതാണ്.

ഇച്ഛാശക്തി പ്രകടിപ്പിക്കുന്ന വിശ്വാസം കൂടാതെ വികാരങ്ങളും മനസ്സു മാത്രം വെളിപ്പെടുത്തുന്ന വിശ്വാസം അപൂർണ്ണമാണ്. ഇച്ഛാശക്തികൊണ്ട് ഒരു പാപി ക്രിസ്തുവിൽ ദൃഢവിശ്വാസം (ആശ്രയം, വിശ്വാസം, ആലംബം, വിശ്വാസീയത) അർപ്പിക്കുന്നു. ക്രിസ്തുവിന്റെ ചൊരിയപ്പെട്ട രക്തത്തിൽ വിശ്വസിക്കുന്നു. ക്രിസ്തുവിലും അവന്റെ കുരിശിലും രക്ഷയ്ക്കായി ആശ്രയിക്കുന്നു. ആത്മാവിന്റെ നിത്യമായ വിധി യേശുക്രിസ്തുവിലും അവന്റെ ക്രൂശിലെ പൂർണമായ വേലയിലും **സമർപ്പിക്കുവാനുള്ള** തീരുമാനം ഉൾപ്പെട്ടതാണു രക്ഷിക്കുന്ന വിശ്വാസത്തിന്റെ സ്വഭാവം. യഥാർത്ഥ വിശ്വാസത്തിൽ മനസ്സ്, വികാരങ്ങൾ, ഇച്ഛ ഇവയെല്ലാം അതിന്റേതായ പങ്കുണ്ട് (ഇവയുടെയെല്ലാം പ്രവർത്തനം ഒരേ സമയത്താണ് നടക്കുന്നത്) മുകളിൽ പറഞ്ഞിരിക്കുന്ന വാക്കുകളാൽ, രക്ഷിക്കുന്ന വിശ്വാസത്തിന്റെ നിർവചനം ശരിയായി പഠിക്കുവാൻ കഴിയും (ഉള്ളടക്കം, ദൃഢം, വിശ്വാസം, സമർപ്പണം).

a. രക്ഷിക്കുന്ന വിശ്വാസം: ഉള്ളടക്കം

ഈ ഭാഗത്തെ സുവിശേഷത്തിന്റെ **"വിശ്വസിക്കുന്നതെല്ലാം"** എന്നു വിളിക്കാം. ഒരു വ്യക്തി യേശുക്രിസ്തുവിനെ ഗുരുവായോ, അഥവാ ഒരു മതപരമായ നേതാവു മാത്രമായോ വിശ്വസിച്ചാൽ അത് രക്ഷിക്കുന്ന വിശ്വാസമല്ല. കാരണം അവൻ "ബൈബിളിലെ ക്രിസ്തുവിനെ" അല്ല വിശ്വസിക്കുന്നത്. തങ്ങൾ ക്രിസ്തുവാണെന്ന് അവകാശപ്പെട്ടവർ മുമ്പുണ്ടായിരുന്നിട്ടുണ്ട്. ഇപ്പോഴുണ്ട്, ഇനി ഉണ്ടാകുവാനും ഇടയുണ്ട്. നസ്രേത്തിലെ യേശുവിനെക്കുറിച്ച് വലിയ അന്ധവിശ്വാസങ്ങളും ഇതുകൂടാതെയുണ്ട്. എന്നാൽ രക്ഷിക്കുന്ന വിശ്വാസം ബുദ്ധിപരമായ വിശ്വാസത്തെക്കാൾ ഉപരിയാണ്. ദൈവവചനത്തിൽ വ്യക്തമായ കാണുന്ന കാര്യം രക്ഷിക്കുന്ന വിശ്വാസത്തിനു ബുദ്ധിപരമായ ഘടകങ്ങൾ ഉണ്ടെന്നു തന്നെയാണ്. രക്ഷിക്കുന്ന വിശ്വാസത്തിന് ഒരു ഉള്ളടക്കം ഉണ്ട്. ഒരു പാപി സങ്കീർണ്ണമായ ഉപദേശഘടന അറിയേണ്ട ആവശ്യമില്ല. അവൻ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ചുള്ള അടിസ്ഥാനസത്യങ്ങൾ അറിഞ്ഞാൽ മതി. തന്മൂലം അവനു തന്റെ ഭാവനയിലുള്ളതോ മറ്റുള്ളവർ ഊതിവീർപ്പിച്ചതോ ആയ ക്രിസ്തുവിനെയല്ല, പിന്നെയോ ബൈബിൾ വെളിപ്പെടുന്ന ക്രിസ്തുവിനെ വിശ്വസിക്കുവാൻ കഴിയും. "അത് വിശ്വസിക്കുക" എന്ന വാക്യത്തിൽ നിന്നു രക്ഷിക്കുന്ന വിശ്വാസത്തിന്റെ ബുദ്ധിപരമായ ഉള്ളടക്കം നിർണ്ണയിക്കാം. *വിശ്വസിക്കുക* (pistuo) എന്നതിനെത്തുടർന്ന് *അത്*(hoti) എന്ന പ്രയോഗം ഗ്രീക്കിൽ 20 പ്രാവശ്യം കാണാം. ഈ പദഘടന ചൂണ്ടിക്കാട്ടുന്നത് ക്രിസ്തുവിൽ വിശ്വസിക്കുന്നതിനു ബുദ്ധിപരമായി സത്യങ്ങൾ ഗ്രഹിക്കേണ്ടത് ആവശ്യമെന്നാണ്.

"ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാംനാൾ ഉയർത്തെഴുന്നേറ്റു" (1 കൊരി. 15: 3-4; cf റോമ. 10:9, 10; 1 തെസ്സ. 4:14) എന്നതാണ് പാപി വിശ്വസിക്കേണ്ടത്. "യേശുക്രിസ്തു ദൈവപുത്രനെന്ന്" ഒരു പാപി തീർച്ചയായും വിശ്വസിക്കണം (യോഹ. 20: 30-31; cf യോഹ. 8:24; 11:27) **യേശുക്രിസ്തുവിന്റെ ദൈവത്വം അംഗീകരിക്കുന്ന അർത്ഥത്തിൽ** യേശുവിനെ കർത്താവായി അംഗീകരിക്കുന്നതും ഇതിൽ അടങ്ങിയിരിക്കുന്നു (റോമ. 10:9). യേശുക്രിസ്തു ദൈവത്താൽ അയയ്ക്കപ്പെട്ടവനായി പാപി വിശ്വസിക്കണം (യോഹ. 11:42; 16:27; 17:8, 21; 1 യോഹ. 2:22); ആ യേശുക്രിസ്തു സ്വയം മനുഷ്യനായിത്തീർന്ന ദൈവപുത്രനാണെന്നും വിശ്വസിക്കണം (1 യോഹ. 4:2-3). ക്രിസ്തുവിൽ രക്ഷ കണ്ടെത്തുവാൻ വരുന്നതിൽ ഒരാൾ പാപിയാണെന്നും അവനു സഹായം ആവശ്യമാണെന്നുമുള്ള വിശ്വാസം തീർച്ചയായും അടങ്ങിയിട്ടുണ്ട്.

ഉപദേശങ്ങളെല്ലാം തന്നെ രക്ഷിക്കുന്ന വിശ്വാസത്തിന്റെ ബുദ്ധിപരമായ ഉള്ളടക്കമാണ്. രക്ഷിക്കുന്ന വിശ്വാസം ഉണ്ടായിരിക്കണമെങ്കിൽ, ഒരാൾ യേശുക്രിസ്തു ദൈവപുത്രനാണെന്നും (ദൈവത്വം) കർത്താവാണെന്നും ദൈവത്താൽ അയക്കപ്പെട്ട മശിഹായാണെന്നും വിശ്വസിക്കണം. പുത്രനായ ദൈവം മനുഷ്യജഡമെടുത്തെന്നും, നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചെന്നും, അങ്ങനെ ഇപ്പോൾ ഉയർത്തെഴുന്നേറ്റ രക്ഷിതാവാണെന്നും അയാൾ തീർച്ചയായും വിശ്വസിക്കണം. ഒരാൾ ക്രിസ്ത്യാനിയായിരിക്കുകയും ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് അവകാശപ്പെടുമ്പോൾത്തന്നെ യേശു ക്രിസ്തുവിന്റെ ദൈവത്വമോ പുനരുത്ഥാനമോ നിഷേ

ധിച്ചാൽ, ഒന്നുകിൽ അവൻ നുണ പറയുന്നു അല്ലെങ്കിൽ അവൻ കഠിനമായി വഞ്ചിക്കപ്പെട്ടിരിക്കുന്നു.

യേശു ക്രിസ്തു ദൈവമാണെന്ന് രക്ഷിക്കുന്ന വിശ്വാസം അംഗീകരിക്കുന്നത് ശ്രദ്ധിക്കുക. അതുകൊണ്ട് യേശു ക്രിസ്തു കർത്താവുമാണ്. **അവനുവേണ്ടി ജീവിക്കുവാൻ സമർപ്പിക്കുന്നതും ഇതും ഒന്നു തന്നെയല്ല.** എന്നാൽ യജമാനൻ എന്ന നിലയിൽ കല്പിക്കുവാനുള്ള അധികാരം യേശുക്രിസ്തുവിന് ഉണ്ടെന്നുള്ള കാര്യം അംഗീകരിക്കുന്നതാണത്.

b. രക്ഷിക്കുന്ന വിശ്വാസം: അതിന്റെ ഉറപ്പും (ദൃഢ വിശ്വാസം), സമർപ്പണവും

രക്ഷിക്കുന്ന വിശ്വാസത്തിന് അതിന്റേതായ ബുദ്ധിപരമായ ഉള്ളടക്കമുണ്ട്. എന്നിരുന്നാലും, മറ്റുള്ളവരോടു സാക്ഷിക്കുമ്പോൾ, ഒരു ക്രിസ്ത്യാനി യേശു ക്രിസ്തുവിൽ വിശ്വസിക്കുവാൻ അവിശ്വാസിയോടു പറയുമ്പോൾ സത്യം പറയുന്നതാണെന്നോ, അല്ലെങ്കിൽ യേശുക്രിസ്തുവിനെക്കുറിച്ചുള്ള ചിലസത്യങ്ങൾ പൂർണ്ണമനസ്സോടെ അംഗീകരിക്കുവാനോ അല്ല പറയുന്നത്. യേശുക്രിസ്തുവിൽ ഒരു അവിശ്വാസി വിശ്വസിക്കണമെന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്, അവൻ തന്റെ **ആത്മവിശ്വാസം,** ആശ്രയം, ആലംബം തുടങ്ങിയവ യേശുക്രിസ്തുവിലും അവന്റെ ക്രൂശിലും വയ്ക്കണമെന്നാണ്.

ലോകപരമായ കാര്യങ്ങളിൽ ഒരു വ്യക്തിക്കു തന്റെ ആത്മാവിനെ മറ്റൊരാൾക്ക് സമർപ്പിക്കാതെ ആ വ്യക്തിയിൽ ഉറച്ചുവിശ്വസിക്കുവാൻ കഴിയും. എന്നാൽ **ആത്മാവിന്റെ നിത്യമായ വിധി ക്രിസ്തുവിനായി സമർപ്പിക്കുന്നതിലൂടെ** ക്രിസ്തുവിൽ ഉറച്ച വിശ്വാസം വയ്ക്കുന്നതാണ് രക്ഷിക്കുന്ന വിശ്വാസത്തിന്റെ സ്വഭാവം. മാത്രമല്ല, ആത്മസമർപ്പണവും രക്ഷിക്കുന്ന വിശ്വാസവും തമ്മിൽ വേർതിരിക്കാനാവില്ല. ഒരു വ്യക്തി അപ്പോസ്തലിക വിശ്വാസപ്രമാണം ഉരുവിടുകയും വിശ്വസിക്കുകയും ചെയ്യുമ്പോൾ തന്നെ ക്രിസ്തുവിൽ വ്യക്തിപരമായി ഉറച്ച വിശ്വാസമില്ലാതിരിക്കുകയും തന്റെ ആത്മാവിന്റെ സംരക്ഷണം ക്രിസ്തുവിനു കൈമാറാതെയും ഇരുന്നാൽ രക്ഷ സംഭവിക്കുന്നില്ല.

ഒരാൾക്ക് എങ്ങനെ അറിയാം ബുദ്ധിപരമായ വിശ്വാസം മാത്രമല്ല രക്ഷിക്കുന്ന വിശ്വാസമെന്ന്? ആത്മവിശ്വാസവും സമർപ്പണവും ചേർന്നതാണ്. രക്ഷിക്കുന്ന വിശ്വാസമെന്ന് ഒരാൾക്ക് എങ്ങനെ അറിയാം? താഴെപ്പറയുന്ന കാര്യങ്ങൾ വിശ്വാസത്തിന്റെ ഗ്രീക്ക് വാക്കിന് ഒരുകൂട്ടം അർത്ഥങ്ങൾ ഉണ്ടെന്നും പ്രത്യേകിച്ച് ഉറച്ച വിശ്വാസം ആശ്രയം, ആലംബം തുടങ്ങിയവയാണെന്നും സ്ഥാപിക്കുന്നു. മാത്രമല്ല, പുതിയ നിയമ എഴുത്തുകാർ രക്ഷിക്കുന്ന വിശ്വാസമെന്നു പറയുമ്പോൾ ലക്ഷ്യമാക്കിയത് ഈ പ്രത്യേക അർത്ഥമാണെന്നും കാണിക്കുന്നു.

(1) "വിശ്വാസം" വിശ്വസിക്കുക എന്നിവയ്ക്കുള്ള പുതിയനിയമ വാക്കിനു (Pistuo ക്രിയ, pistis -നാമം) ഉറച്ച വിശ്വാസം, ആശ്രയം, എന്നിങ്ങനെയുള്ള പ്രത്യേക അർത്ഥങ്ങളുണ്ട്.

മുമ്പ് കണ്ട ഭാഗത്ത് വിശ്വാസത്തിനുള്ള എബ്രായവാക്ക് *ആമാൻ* അർത്ഥമാക്കുന്നത് ആശ്രയം, ഉറച്ചവിശ്വാസം, ആലംബം തുടങ്ങിയവയാണെന്നു തെളിഞ്ഞതാണല്ലോ. സെപ്റ്റുജിന്റിൽ *വിശ്വസിക്കുക* എന്നുള്ളതിന് പുതിയനിയമ ക്രിയ ഉപയോഗിച്ചപ്പോൾ (സദ്യ. 26:25-ൽ ഒഴികെ) എല്ലാ ഭാഗത്തും അമാൻ എന്നുള്ളതിന്റെ പരിഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് പുതിയ നിയമ എഴുത്തുകാരുടെ ചിന്താഗതി *പിസ്റ്റ്യൂവോ* കുടുംബത്തിനുള്ള പ്രത്യേക അർത്ഥഭേദമെന്നുള്ളത് ആശ്രയമാണെന്നാണ്.

പുതിയ നിയമത്തിൽ നിന്നു തന്നെ ഇതിന്റെ സൂചനയുണ്ട് കാരണം **വിശ്വസിക്കുക** എന്നതിന്റെ ഗ്രീക്കു വാക്കിന്റെ പരിഭാഷ "സമർപ്പിക്കുക" എന്ന നിലയിൽ താഴെപ്പറയുന്ന വേദഭാഗങ്ങളിൽ നൽകിയിരിക്കുന്നതുകൊണ്ട്, രക്ഷിക്കുന്ന വിശ്വാസത്തിൽ സമർപ്പണവും അടങ്ങിയിരിക്കുന്നതായിക്കാണാം(യോഹ. 2:24; ലൂക്കോ. 16:11 (കർത്തരി പ്രയോഗം) റോമ. 3:2; 1 കൊരി. 9:17; ഗലാത്യർ 2:7; 1 തിമൊ. 1:11, തീത്തോ. 1:3 (കർമ്മിണി പ്രയോഗം) 1 തെസ്സ. 2:4-ൽ കാണുന്നതും ഇതേ അർത്ഥമാണ്. "അവിടെ ഭരമേല്പിക്കുക" എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. *വിശ്വസിക്കുക* എന്നുള്ളത് ഇങ്ങനെയുള്ള പശ്ചാത്തലങ്ങളിൽ **ഭരമേല്പിക്കുക** എന്നാണ്.

അതുകൊണ്ട് *പിസ്റ്റുവോ (Pistuo)* അഥവാ വിശ്വസിക്കുക എന്നുള്ളതിന്റെ പഴയനിയമ പുതിയനിയമ ഉപയോഗങ്ങൾ ഈ പ്രയോഗത്തിന്റെ പ്രാഥമിക അർത്ഥങ്ങൾ ആശ്രയിക്കുക, ഭരമേല്പിക്കുക എന്നിവയാണെന്നു സ്ഥാപിക്കുന്നു. അതായത്, **ഉറച്ചുവിശ്വസിക്കുക** എന്നതിനുള്ള പ്രത്യേക അർത്ഥം വിശ്വസിക്കുക എന്നുള്ളതിനു സാദ്ധ്യതയുണ്ടെന്നുള്ള അർത്ഥം മാത്രമല്ല നൽകുന്നത്. രക്ഷയോടുള്ള ബന്ധത്തിൽ എഴുത്തുകാർ ലക്ഷ്യമാക്കിയ പ്രത്യേകം അർത്ഥംതന്നെയാണ്.

(2) ക്രിസ്തുവിനെ വിശ്വസിക്കുവാനല്ല **ക്രിസ്തുവിൽ** വിശ്വസിക്കുവാനാണ് കല്പന. ഇത് ഉറച്ച വിശ്വാസത്തെയും ആശ്രയത്തെയും കാണിക്കുന്നു.

''*വിശ്വസിക്കുക"(Pistuo)* എന്ന ഗ്രീക്ക് വാക്ക് സാധാരണയായി ഒരു ഗതിയോടുകൂടെയാണ് കാണുന്നത്. ഈ ഗതികളെക്കുറിച്ച് ബി. ബി. വാർഫിൽഡ് പറയുന്നു, "വാചകഘടനകളോടുകൂടെ ഗതികൾ ചേർക്കുമ്പോൾ വാക്കിന്റെ ആഴത്തിലുള്ള അർത്ഥത്തിലേക്ക് നാം പ്രവേശിക്കുകയാണ്. അങ്ങനെ **ഉറപ്പ്, ആശ്രയം, ആലംബം**

തുടങ്ങിയവയുടെ പൂർണ്ണമായ അർത്ഥത്തിൽ എത്തുന്നു" [43]

രക്ഷിക്കപ്പെടുന്നതിന് യേശുക്രിസ്തു പറയുന്നതു സത്യമാണെന്ന് വിശ്വസിക്കുകയല്ല, **അവനിൽ, അവന്റെ മേൽ, അവനെ** വിശ്വസിക്കുക എന്നതാണ് രക്ഷയ്ക്കാവശ്യമെന്നു വാർഫിൽഡിന്റെ നിഗമനത്തിൽ നിന്നു മനസ്സിലാക്കുന്ന സത്യം. "ഞാൻ ആ രാഷ്ട്രീയ പ്രവർത്തകനെ വിശ്വസിക്കുന്നു" എന്നുള്ള പ്രസ്താവനയുടെ അർത്ഥം "അയാൾ സത്യമാണ് പറയുന്നതെന്നു ഞാൻ വിശ്വസിക്കുന്നു," അതായത് നുണയല്ല പറയുന്നതെന്നാണ്. എന്നാൽ "ഞാൻ ആ രാഷ്ട്രീയ പ്രവർത്തകനിൽ" വിശ്വസിക്കുന്നു എന്നു പറഞ്ഞാൽ, അയാൾ സത്യമാണ് പറയുന്നതെന്നു മാത്രമല്ല അയാളുടെ ആശയങ്ങളിലും വ്യക്തിപരമായുള്ള നേതൃത്വത്തിലും എനിക്ക് ആത്മവിശ്വാസം ഉണ്ടെന്നാണ്. യേശുവിനെ വിശ്വസിക്കുന്നതും **യേശുവിൽ** വിശ്വസിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. രണ്ടാമത്തെ ഭാഗത്തെ ആശ്രയവും ഉറച്ച് വിശ്വാസവും വെളിപ്പെടുത്തുന്നുണ്ട്. ***"..ഇൽ വിശ്വാസം (***Pistuo with eis*) എന്ന ആശയം മതേതര ഗ്രീക്കിൽ ഇല്ലായെന്നതാണ് സത്യം.* എന്നാൽ ***വിശ്വസിക്കുക*** എന്നതിനെ തുടർന്ന് 'ഇൽ' (Eis) എന്നുള്ള ഗതി വരുമ്പോൾ, വിശ്വാസത്തിന്റെ ഹേതുവും ലക്ഷ്യവും ചൂണ്ടിക്കാണിക്കുന്നു. **49** പ്രാവശ്യം ഈ നിലയിൽ പുതിയ നിയമത്തിൽ കാണാം. പുതിയ നിയമ എഴുത്തുകാർ ഈ വ്യത്യാസം ഉദ്ദേശിച്ചിരുന്നു. അവർ മനപൂർവ്വമായി യേശുക്രിസ്തു**വിൽ** വിശ്വസിക്കുവാനാണ് ആഹ്വാനം ചെയ്തത്. അല്ലാതെ അവനെക്കുറിച്ചുള്ള വസ്തുതകൾ മാത്രം വിശ്വസിക്കുവാനല്ല.

വിശ്വാസത്തെത്തുടർന്ന് **ഇൽ** (Pistuo with eis)വരുന്ന 49 പ്രാവശ്യത്തിൽ ഉൾപ്പെടുന്ന വേദഭാഗങ്ങൾ യോഹ. 1:12, 3:16; 18, 36; 6:29, 40; 11:25-26; 14:1, 12; 16:9, 17:20; റോമ. 10:14; ഗലാ. 2:16; 1 പത്രൊ. 1:8; 1 യോഹ. 5:13. വിശ്വാസത്തെ തുടർന്ന് 'മേൽ' (Pistuo with epi 5 പ്രാവശ്യം ക്രിയയോടെ ആരെ എന്ന ചോദ്യത്തിനുത്തരമായി വരുന്ന കർമ്മപദത്തിന്റെ വിഭക്തിയും, 7 പ്രാവശ്യം ദിതീയ വിഭക്തിയിലും വരുന്നു) എന്ന നിലയിൽ റോമ. 4: 5, 24 അപ്പോസ്തലപ്രവൃത്തി 9:42, 11:1; 16:31; 22:19; തുടങ്ങിയ വേദഭാഗങ്ങളിൽ കാണാം. *വിശ്വത്തെത്തുടർന്ന് **ഇൽ*** (Pistuo witheen)എന്ന അർത്ഥം വരുന്ന ഗ്രീക്ക് വാക്ക് പരിഗണിക്കുന്ന കയ്യെഴുത്ത് പ്രതിക്കനുസരിച്ച് ഒന്നിനും മൂന്നിനുമിടയിൽ പ്രാവശ്യം വരുന്നു. പിസ്റ്റ്യൂവോയോടൊപ്പം ഉപയോഗിച്ചിരുന്ന വിവിധ 'ഗതികൾ' കൊണ്ട് അർത്ഥമാക്കുന്നത്, പുതിയ നിയമ എഴുത്തുകാർ രക്ഷിക്കപ്പെടുന്നതിനു യേശുക്രിസ്തുവിൽ **ഉറച്ചു വിശ്വസിക്കുന്നതിനും ആശ്രയിക്കുന്നതിനും** അതായത് **വിശ്വസിക്കുന്നതിനുമാണ്** ഉത്സാഹിപ്പിക്കുന്നത് (മുകളിൽ പറഞ്ഞിരിക്കുന്ന ഗതികൾ ഉപയോഗിച്ച് 63 നും 65 നും ഇടയിൽ വേദഭാഗങ്ങളുണ്ട്, വിശ്വാസത്തെത്തുടർന്ന് *അത്* (Pistuo with hoti) എന്ന് ഉപയോഗിച്ചിരിക്കുന്ന 26 വേദഭാഗങ്ങളുണ്ട്. വിശ്വാസത്തെത്തുടർന്ന് കർമ്മപദത്തിന്റെ വിഭക്തി വരുന്ന 45 വേദഭാഗങ്ങളുണ്ട്. പൂർണ്ണമായും 93 പ്രാവശ്യം Pistuo ഉപയോഗിച്ചിട്ടുണ്ട്

(3) ഒരു ഒഴിവാക്കൽപ്രക്രിയ മൂലമുള്ള ഉറപ്പുള്ള (ആശ്രയം) വിശ്വാസമാണു രക്ഷിക്കുന്ന വിശ്വാസം

ഒരു ഒഴിവാക്കൽപ്രക്രിയ വഴി ആ രക്ഷിക്കുന്ന വിശ്വാസം സ്ഥാപിക്കുവാൻ ഒരു വ്യക്തമായ വഴി ഉറച്ച വിശ്വാസമാണ്(യേശുവിനോടുള്ള ഒരു ആത്മാവിന്റെ സമർപ്പണം വഴി പ്രകടമാക്കുന്നു). ഇത് ഒഴിവാക്കൽ വഴിയാണ് നടക്കുന്നത്. രക്ഷിക്കപ്പെടുവാൻ ബുദ്ധിപരവും വികാരപരവുമായ വിശ്വാസം മതിയായതല്ലെന്നു പുതിയ നിയമം പഠിപ്പിക്കുന്ന കാര്യം നാം മുൻപുതന്നെ കണ്ടല്ലോ. വികാരപരവും ബുദ്ധിപരവുമായ വിശ്വാസത്തിന്റെ അർത്ഥഭേദങ്ങൾ ഒഴിവാക്കുമ്പോൾ, പുതിയ നിയമ എഴുത്തുകാർ രക്ഷിക്കുന്ന വിശ്വാസത്തെക്കുറിച്ച് പറയുമ്പോൾ ഇതിൽ ഉപരിയായ കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. രക്ഷ നേടുന്നതിനോടുള്ള ബന്ധത്തിൽ അവർ *പിസ്റ്റ്യൂവോ* പദകുടുംബം ഉപയോഗിക്കുമ്പോൾ അവരുടെ മനസ്സിൽ ആശ്രയം, അഥവാ ഉറച്ച വിശ്വാസം എന്ന ആശയം ഉണ്ടായിരുന്നു.

(4) രക്ഷിക്കുന്ന വിശ്വാസം ഉറപ്പുള്ള(Trust) വിശ്വാസത്തിനു തുല്യമാണെന്നു സമാന്തര വാക്യങ്ങൾ കാണിക്കുന്നു.

രക്ഷിക്കുന്ന വിശ്വാസം എന്ന് ബൈബിൾ അർത്ഥമാക്കുന്നത്, ഉറച്ച വിശ്വാസം (ആശ്രയം) ആണെന്നു മനസ്സിലാകുവാനുള്ള മറ്റൊരുവിധം യേശുവിൽ വിശ്വസിക്കുക എന്ന അർത്ഥം വരുന്ന സമാന്തര വേദഭാഗങ്ങൾ പരിശോധിക്കുകയാണ്. അങ്ങനെയുള്ള വേദഭാഗങ്ങൾ ചൂണ്ടിക്കാണിക്കുന്നത് വിശ്വാസവും സമർപ്പണവും എന്നു പറഞ്ഞാൽ വെറും ബുദ്ധിപരമായ വിശ്വാസം അല്ലായെന്നാണ് (അത് നിരീശ്വരവാദത്തിന്റെ വിപരീതം മാത്രമാണ്). ക്രിസ്തുവിൽ വിശ്വസിക്കുന്നത്, ആ ദിവസം വരെ സൂക്ഷിക്കുന്ന ഉപനിധിയോട് (ഒരുവന്റെ ആത്മാവും ഉൾപ്പെട്ടിരിക്കുന്നു) പര്യായമാണ് (2 തിമൊ. 1:12). ശരണത്തിനായി ഓടിവന്നവർക്ക് ലഭിക്കുന്ന സംരക്ഷണമാണ് (എബ്രാ. 6:18). ദൈവത്തിന്റെ അടുക്കലേക്കുള്ള വരവാണ് (എബ്രാ. 11:6). അവനെ കൈക്കൊള്ളുന്നതാണ് (യോഹ. 1:12). യോഹ. 3:14 -ൽ കാണുന്നതുപോലെ, യിസ്രായേൽ താമ്രസർപ്പത്തെ നോക്കിയ

[43] Benjamin B. Warfield, *Biblical and Theological studies*, ed. Samuel G. Craig, reprint ed. (Philadelphia: The Presbyterian and Reformed publishing co., 1968) 437

തുപോലെ വിടുതലിനായി യേശുവിങ്കലേക്കുള്ള നോട്ട മാണ്. യോഹ. 4, 6 അദ്ധ്യായങ്ങളിൽ കാണുന്നതു പോലെ, അവനെ ഭക്ഷിക്കുകയും പാനം ചെയ്യുകയു മാണ്. ഈ വാക്യങ്ങളിൽ നിന്നെല്ലാം വ്യക്തമാക്കുന്ന കാര്യം, ബുദ്ധിപരമായി വിശ്വാസപ്രമാണം അംഗീകരി ക്കുന്നതധികമാണ് രക്ഷിക്കുന്ന വിശ്വാസമെന്നാണ്. ഇവ യെല്ലാം ചൂണ്ടിക്കാണിക്കുന്നത് ക്രൂശിലെ വേലയെ വ്യക്തിപരമായി അംഗീകരിക്കുന്നതിനെക്കുറിച്ചാണ്. പ്രത്യേകിച്ച് ഭക്ഷിക്കുക, പാനം ചെയ്യുക എന്നിവ ഇത് വ്യക്തമാക്കുന്നു. മാത്രമല്ല ഉറച്ച വിശ്വാസത്തിന്റെ ഒരു വ്യക്തിപരമായ ബന്ധമാണ്, വിടുതലിനും സംരക്ഷണ ത്തിനുമായി സ്വയമായി ക്രിസ്തുവിങ്കലേക്കു ഭരമേൽപ്പി ക്കുന്നു(അവങ്കലേക്കു ഓടു, നോക്കുക, വരിക). അതു കൊണ്ട് രക്ഷിക്കുന്ന വിശ്വാസത്തിന്റെ അർത്ഥത്തിലട ങ്ങിയിരിക്കുന്നത് ഒരു വ്യക്തിയുടെ ആത്മാവിന്റെ ഭാവി ക്രിസ്തുവിനായി സമർപ്പിക്കുന്നതിലൂടെ വെളിപ്പെടു ത്തുന്ന **ക്രിസ്തുവിലുള്ള വ്യക്തിപരമായ ഉറച്ച വിശ്വാ സമാണ്.**

(5) ക്രിസ്തുവിന്റെ വ്യക്തിത്വത്തിലുള്ള ഉറപ്പാണ്(Trust) അവന്റെ നാമത്തിലുള്ള വിശ്വാസം.

ഉറച്ച വിശ്വാസം, അഥവാ ആശ്രയം രക്ഷിക്കുന്ന വിശ്വാ സത്തിന് ആവശ്യമാണെന്നുള്ളതിന്റെ അവസാനത്തെ ക്കാരണം "അവന്റെ നാമത്തിൽ വിശ്വസിക്കുക" എന്ന ആഹ്വാനത്തിലാണ് അടങ്ങിയിരിക്കുന്നത് (യോഹ. 1: 12; 3:18; 1 യോഹ. 3:23; 5:13) യേശു എന്നു പേരുള്ള ഒരു മനുഷ്യൻ ജീവിച്ചിരുന്നുവെന്നു ബുദ്ധിപരമായി വിശ്വ സിക്കുന്ന ആർക്കും രക്ഷ ലഭിക്കുമെന്ന് ഈ വാക്യങ്ങൾ പഠിപ്പിക്കുന്നുണ്ടോ? അങ്ങനെയുള്ള വ്യാഖ്യാനം അർത്ഥ രഹിതമാണ്. ക്രിസ്തുവിന്റെ വ്യക്തിത്വത്തിൽ ഉറച്ച വിശ്വാസവും ആശ്രയവുമാണ് ഈ വാക്യങ്ങളുടെ അടി സ്ഥാനത്തിൽ വിശ്വാസം അർത്ഥമാക്കുന്നത്, യേശു ക്രിസ്തു എന്ന വ്യക്തി ഉണ്ടായിരുന്നു എന്നുള്ള വിശ്വാസം രക്ഷിക്കുന്നില്ല.

4. വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസം പ്രായോ ഗികമാക്കുക ഇവയുടെ സംഗ്രഹം

മനസ്സ്, വികാരങ്ങൾ, ഇച്ഛാശക്തി ഇവ രക്ഷിക്കുന്ന വിശ്വാ സത്തിൽ ഉൾപ്പെട്ടിരിക്കുന്നു. പാപി തന്റെ മനസ്സുകൊണ്ട് യേശുക്രിസ്തു ദൈവപുത്രനാണെന്നും കർത്താവാ ണെന്നും (അതായത് ദൈവം) **വിശ്വസിക്കുന്നു.** ഈ ദൈവപുത്രൻ മനുഷ്യജഡത്തിൽ ദൈവത്താൽ അയയ് പ്പെട്ട മശിഹയാണെന്നും അവൻ നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചെന്നും ഉയിർത്തെഴുന്നേറ്റെന്നും വിശ്വസി ക്കുന്നു. രക്ഷിക്കുന്ന വിശ്വാസത്തിന്റെ ഉള്ളടക്കമെന്ന നിലയിൽ ഈ സത്യങ്ങൾ അനിവാര്യമാണ്. എങ്ങനെ യായാലും ക്രിസ്തുവിനെക്കുറിച്ചുള്ള ചില അടിസ്ഥാന സത്യങ്ങൾ ബുദ്ധിപരമായി വിശ്വസിക്കുന്നതിനെക്കാൾ ഉപരിയാണ് രക്ഷിക്കുന്ന വിശ്വാസം. ഒരു വ്യക്തി ഈ വസ്തുതകൾ സത്യമാണെന്നു വിശ്വസിക്കുക മാത്രമല്ല, അംഗീകാരയോഗ്യമാണെന്നും, കാലിക പ്രസക്തിയുള്ള തെന്നും, വ്യക്തിപരമായി ആവശ്യമുള്ളതെന്നും, വികാ രപരമായി അംഗീകരിക്കുന്നു.

ബുദ്ധിപരമായി യേശുവിനെക്കുറിച്ചുള്ള വസ്തുതകളെ വിലയിരുത്തുകയും വിശ്വസിക്കുകയും ചെയ്യുന്നു. വികാരപരമായി ഈ വസ്തുതകൾ രക്ഷിക്കുന്ന വിശ്വാ സത്തിന് ആവശ്യമാണെന്നു വിശ്വസിക്കുന്നു. എന്നാൽ ഇവ മാത്രം പോരാ സുവിശേഷത്തിന്റെ ആഹ്വാനം യേശുക്രിസ്തുവിന് സഹായിക്കാൻ കഴിയുമെന്നോ യേശുക്രിസ്തുവിനെക്കുറിച്ചുള്ള വസ്തുതകൾ വിശ്വസി ക്കണമെന്നോ അല്ല. എന്നാൽ **യേശുവിൽ വിശ്വസി ക്കുക** അതായത് വ്യക്തിപരമായി അവനിൽ ആശ്രയി ക്കുക എന്നതാണ്.

രക്ഷിക്കുന്ന വിശ്വാസം സംഭവിക്കുന്നത് ഒരു വ്യക്തി തന്റെ ആത്മാവിന്റെ നിത്യമായ വിധി ക്രിസ്തുവിനും അവന്റെ ക്രൂശിലും, സമർപ്പിക്കുമ്പോഴാണ്. അതായത് ഇച്ഛാശക്തിയുടെ പ്രവർത്തനഫലമായി ഒരു വ്യക്തി കർത്താവായ യേശുവിലും അവന്റെ ക്രൂശിലെ നിവർ ത്തിക്കപ്പെട്ട വേലയിലും ആശ്രയിക്കുവാൻ തീരുമാനി ക്കുന്നു.

മരണകരമായ രോഗമുള്ള ഒരു മനുഷ്യൻ, ചില മരുന്നു കൾ തന്നെ രക്ഷിക്കുവാൻ പര്യാപ്തമാണെന്നു ബുദ്ധി പരമായി വിശ്വസിച്ചേക്കാം. അവൻ വികാരപരമായി തന്റെ രോഗങ്ങൾക്ക് ഈ മരുന്ന് മതിയായതാണെന്നു വിശ്വ സിച്ചേക്കാം എന്നാൽ എപ്പോഴാണോ ഈ മരുന്നിൽ ആശ്രയിക്കുവാൻ തീരുമാനിക്കുന്നത്, വ്യക്തിപരമായി എപ്പോഴാണോ മരുന്ന് ഉപയോഗിച്ച് മരുന്നിൽ തന്റെ ഉറച്ച വിശ്വാസം പ്രകടിപ്പിക്കുന്നത് അപ്പോഴാണ് രോഗശാന്തി ലഭിക്കുന്നത്. രക്ഷ സംഭവിക്കുന്നത് ഒരു വ്യക്തി ക്രിസ്തുവിന്റെ ക്രൂശിൽ ആശ്രയിച്ചുകൊണ്ട് (ഉറച്ച വിശ്വാസം ആലംബം, ആശ്രയം, വിശ്വാസം) വ്യക്തിപര മായി അതിന്റെ പ്രയോജനങ്ങൾ അനുഭവിക്കത്തക്ക വിശ്വാസം ഉണ്ടാകുമ്പോഴാണ്.

രക്ഷയ്ക്കുള്ള ഏക വ്യവസ്ഥ ബൈബിളിലെ ക്രിസ്തു വിനെ രക്ഷകനായി അംഗീകരിക്കുന്നതാണ്. രക്ഷയുടെ ഈ ഏകവ്യവസ്ഥയെ നീതിപൂർവ്വമായി അറിയിക്കു മ്പോൾ, ഒന്നുകിൽ വിശ്വാസത്തിന്റെ പര്യായപദങ്ങളോ അല്ലെങ്കിൽ വിശ്വാസത്തിന്റെ ഒരു പ്രത്യേകവശമോ ഉൾക്കൊണ്ടായിരിക്കും. വിശ്വാസം മാത്രമാണ് രക്ഷ യ്ക്കുള്ള ഏക വ്യവസ്ഥയെന്ന് അംഗീകരിക്കാത്ത എല്ലാ ആശയങ്ങളും ശൈലികളും തെറ്റാണ്.

C. മാനസാന്തരം രക്ഷയുടെ ഒരു വ്യവസ്ഥയെന്ന നിലയിൽ

1. മാനസാന്തരം എന്ന പദത്തിന്റെ അർത്ഥം

മാനസാന്തരം(metanoeo) എന്ന ക്രിയ 35 പ്രാവശ്യം പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. അതുപോലെ മാനസാന്തരത്തിന്റെ നാമരൂപം(metanoya) 22 പ്രാവശ്യം കാണാം. ലൂക്കോസിന്റെ സുവിശേഷം അപ്പോ. പ്രവൃത്തി, വെളിപ്പാട് തുടങ്ങിയ പുസ്തകങ്ങളിൽ തുടർമാനമായി ഉപയോഗിച്ചിരിക്കുന്നു. *മാനസാന്തരം* എന്നു കേൾക്കുമ്പോൾ അനേകരും ചിന്തിക്കുന്നത് *തെറ്റിപ്പോയി എന്നുള്ള ബോധമോ കുറ്റബോധമോ* എന്നാണ്. മാനസാന്തരത്തിന്റെ പര്യായമല്ല ഖേദിക്കുന്നു എന്നുള്ള അവസ്ഥയെന്നു അനേകം പരിഗണനകൾ കാണിക്കുന്നു.

ആദ്യമായി ഈ വാക്ക് രണ്ടു വാക്കുകളുടെ സങ്കരമാണ്. *മെറ്റാ* അർത്ഥം *രൂപാന്തരം സംഭവിക്കുന്നത് (മെറ്റെമോർഫസിസ് - പുഴു ശലഭമാകുന്നതുപോലെയുള്ള രൂപാന്തരപ്രാപ്തി)* കൂടെ *നോയിയോ അർത്ഥം മനസ്സ്* ധാരണ ശബ്ദോത്പത്തി ശാസ്ത്രമനുസരിച്ച് *മനസ്സിനുണ്ടാകുന്ന മാറ്റം* എന്നാണ്. ദൈവവചനത്തിൽ കാണുന്ന ഉദാഹരണങ്ങൾ ഈ നിർവചനത്തെ സാധൂകരിക്കുന്നു. എന്നാൽ ദുഃഖം മാനസാന്തരമുളവാകുവാൻ കാരണമാകാം. മാനസാന്തരത്തെ പ്രോത്സാഹിപ്പിക്കുവാൻ ദുഖത്തിനു കഴിയും. 2 കൊരി. 9-10, എബ്രാ. 12:17 അനുസരിച്ച് മാനസാന്തരവും ദുഃഖവും ഒന്നല്ല. 2 കൊരി. 7:9-10 പഠിപ്പിക്കുന്നത് ദുഃഖം സാധാരണയായി മാനസാന്തരത്തിലേക്ക് നയിക്കുന്നുവെന്നാണ്. ദുഃഖവും മാനസാന്തരവും ഒന്നല്ല എന്നുള്ള നിഗമനത്തിൽ ഒരാൾ എത്തണം. എബ്രാ. 12:17 കൂടുതൽ വ്യക്തമാണ്. ഏശാവ് തന്റെ ജന്മാവകാശം വിറ്റതിനെയോർത്ത് കണ്ണുനീരോടെ ദുഃഖിക്കുന്നു. എന്നിരുന്നാലും ഒരു പാത്രം പയറുപായസത്തിനു വേണ്ടി തന്റെ ജന്മാവകാശം വിറ്റതിൽ അവനു മാനസാന്തരപ്പെടുവാൻ കഴിയുന്നില്ല (ഉല്പ. 25:34). ഏശാവിന്റെ കാര്യത്തിൽ ദുഃഖമുണ്ടെന്നുള്ളതു (അത് അവനുണ്ടായിരുന്നു) മാത്രമല്ല മാനസാന്തരം. പിന്നെയോ താൻ നടത്തിയ വില്പനയോടു ബന്ധപ്പെട്ടിട്ടുള്ള മനംമാറ്റമായിരുന്നു ആവശ്യം (അത് അവനുണ്ടായിരുന്നില്ല). "ഖേദം തോന്നുക" "കുറ്റബോധം ഉണ്ടാകുക" ഇതൊന്നുമല്ല മാനസാന്തരം. മാനസാന്തരമെന്നു പറഞ്ഞാൽ 'മനസിനുണ്ടാകുന്ന മാറ്റം' ആണ്.

നിരാകരണത്തോടും പഴയ സ്ഥാനത്തു നിന്നുള്ള മാറ്റത്തോടും ബന്ധപ്പെട്ട് ബൈബിളിൽ അനേകം പ്രാവശ്യം മാനസാന്തരം ഉപയോഗിച്ചിട്ടുണ്ട്. അപ്പോ. പ്രവ. 3:19 -ൽ "മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ" എന്നു കാണുന്നു. അപ്പോ. 26:20 കാണുന്നത് മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു" എന്നാണ്. (എബ്രാ. 6:1 കൂടെ അപ്പോ.പ്രവൃ. 8:22 ഉം കാണുക). അതുകൊണ്ട് ഏതെങ്കിലും ഒന്നിൽ നിന്നു മറ്റൊന്നിലേക്കു തിരിയുക എന്ന ആശയമാണ് മാനസാന്തരത്തിലുൾപ്പെട്ടിരിക്കുന്നത്. ഇതിൽ മനസ്സിന്റെ മാറ്റം അടങ്ങിയിട്ടുണ്ട്. കാരണം പഴയ വിശ്വാസമോ ആശയമോ നിഷേധിക്കാതെ ഒരാൾക്ക് ദുഃഖമോ കുറ്റബോധമോ ഒക്കെ തോന്നാം. ഒരാൾ തന്റെ ഒരാശയത്തെക്കുറിച്ചോ സ്വഭാവത്തെ ഓർത്തോ മാനസാന്തരപ്പെടുമ്പോൾ, അവന് ആ സ്വഭാവത്തെ ഓർത്ത് ദുഃഖം തോന്നുക മാത്രമല്ല, ആ കാര്യത്തോടുള്ള ബന്ധത്തിൽ അവന്റെ മനസ്സിനുണ്ടാകുന്ന മാറ്റത്തിനാണ് മാനസാന്തരം പ്രാധാന്യം കൊടുക്കുന്നത്.

ഇതുവരെ മാനസാന്തരത്തെ നിർവചിക്കുകയായിരുന്നു. അടുത്തതായി മാനസാന്തരം ആവശ്യമാണോ അല്ലയോ എന്നു ബൈബിൾ പഠിപ്പിക്കുന്നുണ്ടോ എന്നാണ് ചിന്തിക്കുന്നത്.

2. രക്ഷയ്ക്ക് മാനസാന്തരം ഒരു ആവശ്യഘടകമെന്ന നിലയിൽ

വിശ്വാസം മാത്രം എന്ന ആശയത്തോടു പൊരുത്തപ്പെടുന്ന നിലയിൽ നിർവചിക്കുന്നിടത്തോളം രക്ഷയ്ക്കുള്ള നീതിപൂർവ്വകമായ ഒരു വ്യവസ്ഥയായി മാനസാന്തരത്തെ കാണാം. തുടർന്നുള്ള വേദഭാഗങ്ങൾ ഇത് വെളിപ്പെടുത്തുന്നു. ലൂക്കോ. 15:7, 10; അപ്പോ. പ്രവൃ. 2:38; 3:19, 17: 30; 26:20 (മാനസാന്തരപ്പെടുക എന്ന ക്രിയ). ലൂക്കോ. 15:7; 24:47; അപ്പോ. പ്രവ. 11:18; 20:21; 26:20; റോമ. 2:4; 2 പത്രോ. 3:9 (മാനസാന്തരം എന്ന നാമം). [44]

> എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ **എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന്** മനുഷ്യനോട് കല്പിക്കുന്നു (അപ്പോ. പ്രവ. 17:30).
>
> ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാംനാൾ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുകയും അവൻ നാമത്തിൽ **മാനസാന്തരവും** പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു (ലൂക്കോ. 24:46-47).
>
> ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ **എല്ലാവരും മാനസാന്തരപ്പെടുവാൻ** അവൻ ഇച്ഛിച്ചു നിങ്ങളോടു

[44] ഈ ഭാഗത്ത് മാനസാന്തരത്തിലേക്കുള്ള വേദഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അവന്റെ വിളിയിൽ അടങ്ങിയിരിക്കുന്നത് ക്രിസ്തു ഭാവിയിൽ ഒരുക്കിയിരിക്കുന്ന രക്ഷയ്ക്കുവേണ്ടി ആളുകളെ ഒരുക്കുന്നതാണ്. മാനസാന്തരത്തിനും സ്നാനത്തിനുംവേണ്ടിയുള്ള യോഹന്നാൻ സ്നാപകന്റെ വിളിയെക്കുറിച്ചുള്ള കൂടുതൽ വിവരത്തിനു കാണുക.

ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ (2 പത്രോ. 3:9).

രക്ഷയിൽ മാനസാന്തരത്തിനുള്ള പങ്ക് അനേകം ചോദ്യങ്ങളുയർത്തുന്നുണ്ട്. മുൻപായിരിക്കുന്ന അവസ്ഥയിൽ നിന്നു തിരിയുകയും മനസ്സിനു മാറ്റം വരുത്തുകയുമാണ് മാനസാന്തരത്തിൽ ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ, ഒരു രക്ഷിക്കപ്പെടാത്ത വ്യക്തി രക്ഷിക്കപ്പെടുവാൻ എന്തൊക്കെ കാര്യങ്ങളിൽ നിന്നാണ് തിരിയേണ്ടത്? രക്ഷിക്കപ്പെടുവാൻ എന്തൊക്കെ സത്യങ്ങളിലാണ് ഒരു വ്യക്തി തന്റെ മനസ്സിനു മാറ്റം വരുത്തേണ്ടത്?

എല്ലാ വേദഭാഗത്തും മാനസാന്തരപ്പെടുവാനാഗ്രഹിക്കുന്ന വ്യക്തി ഏതൊക്കെ കാര്യങ്ങളിൽ നിന്നു തിരിയണമെന്നു പറഞ്ഞിരിക്കുന്നത് ഒന്നു തന്നെയല്ലേ അപ്പോ. പ്രവൃ. 2:38, 3:19 വേദഭാഗങ്ങളിൽ പത്രോസ് യഹൂദന്മാരോട് ആവശ്യപ്പെടുന്നത് അവർ ക്രിസ്തുവിനെ മരണശിക്ഷയ്ക്ക് ഏല്പിച്ച പാപത്തിൽ നിന്നു മാനസാന്തരപ്പെടണമെന്നാണ്. അതായത് യേശു ആരാണെന്നുള്ള കാര്യത്തിൽ അവരുടെ മനസ്സിനു മാറ്റം വരണം. ആദ്യ നൂറ്റാണ്ടിലെ യഹൂദന്മാർ ചെയ്തതുപോലെ യേശുക്രിസ്തുവിനെ മരണത്തിനേല്പിക്കുക എന്നുള്ള കുറ്റത്തിൽ ലോകത്തിലുള്ള എല്ലാവരും നേരിട്ട് ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ട് ക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ പങ്കെടുക്കുന്നതിനോടുള്ള മാനസാന്തരപ്പെടുക അഥവാ മനംമാറ്റം വേണമെന്നത് എല്ലാവർക്കും ബാധകമായതല്ല. എബ്രാ. 6:1-ൽ നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം കാണുന്നു. ഈ നിലയിലുള്ള മാനസാന്തരം ആവശ്യമായിട്ടുള്ളത് രക്ഷയ്ക്ക് പ്രവൃത്തി ആവശ്യമാണെന്നു പഠിപ്പിക്കുന്ന മതങ്ങളിൽപ്പെട്ട അവിശ്വാസികൾക്കാണ്. മുൻപ് നിരീശ്വരവാദിയായിരുന്ന ഒരാൾ നിർജ്ജീവപ്രവൃത്തികളെ ഓർത്ത് മാനസാന്തരപ്പെടേണ്ടതില്ല. വിവിധ തരത്തിലുള്ള തെറ്റായ മതങ്ങളിലും തത്വചിന്തകളിലുമുള്ള വിവിധ പശ്ചാത്തലവും ആശയങ്ങളുമുള്ള ആളുകളും മാനസാന്തരപ്പെടേണ്ടതായിട്ടുണ്ട്, അതായത് അവൻ തെറ്റായി വിശ്വസിച്ചിരിക്കുന്ന കാര്യങ്ങളിൽ നിന്ന് അവൻ മാനസാന്തരപ്പെടണം അപ്പോ. 20:21, 1 തെസ്സ. 1:9 വേദഭാഗങ്ങളിൽ കാണുന്നത് ആളുകൾ ദൈവത്തോടുള്ള ബന്ധത്തിൽ മനസ്സിനു മാറ്റം വരുത്തണമെന്നാണ്. എല്ലാ മനപരിവർത്തനങ്ങളിലും ദൈവത്തോടു ബന്ധപ്പെട്ടുള്ള മനം മാറ്റം ആവശ്യമാണ്. അങ്ങനെയായാലും ഒരു പാപി മനം തിരിയേണ്ട പ്രത്യേക ആശയങ്ങൾ തികച്ചും വിഭിന്നങ്ങളാണ്. ഒരു വിഗ്രഹാരാധി രക്ഷിക്കപ്പെടണമെങ്കിൽ ദൈവത്തോടുള്ള ബന്ധത്തിൽ തന്റെ മനസ്സിനു മാറ്റം വരണം. അവൻ വിഗ്രഹങ്ങളെ വിട്ടു തിരിയണം (1 തെസ്സ. 1:9). ഒരു സാത്താൻ ആരാധകനും നിരീശ്വരവാദിക്കും യാഥാസ്ഥിതിക യഹൂദനും ദൈവത്തോടുള്ള ബന്ധത്തിൽ മനം തിരിയുക എന്നാൽ വിവിധ ആശയത്തിലാണ്. രക്ഷിക്കപ്പെടുവാൻ എല്ലാവരും ക്രിസ്തുവിൽ വിശ്വസിക്കണം. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കേണ്ടതിനു ഒഴിവാക്കേണ്ട തടസ്സങ്ങളും തെറ്റുദ്ധാരണകളും തികച്ചും വിഭിന്നമാണ്. അനേകം വേദഭാഗങ്ങളിൽ രക്ഷയും മാനസാന്തരവും കൂട്ടിച്ചേർത്തിരിക്കുന്നു. എന്നാൽ മാനസാന്തരപ്പെടേണ്ട വിഷയങ്ങൾ **തരം തിരിച്ചു** പറഞ്ഞിട്ടില്ല (അപ്പോ. പ്രവൃ. 11:18; 17:30; 26:20; ലൂക്കോ. 24:47; 2 പത്രോ. 3:9).

ഒരു വ്യക്തി മാറ്റേണ്ട പ്രത്യേക ആശയങ്ങളും പ്രവർത്തനങ്ങളും വ്യക്തികളോടുള്ള ബന്ധത്തിൽ വിവിധ തരത്തിലാണ്. എന്നാൽ യുക്തിയും, ദൈവവചനത്തിലെ മാതൃകകളും ചൂണ്ടിക്കാണിക്കുന്നത്. എല്ലാ രൂപാന്തരങ്ങളിലും ഒരു അളവിൽ മാനസാന്തരം ഉൾക്കൊണ്ടിട്ടുണ്ട് എന്നാണ്. **ക്രിസ്തുവിൽ വിശ്വസിക്കുന്നതിനു തടസ്സമുണ്ടാകുന്നത് എന്തു തന്നെയായിരുന്നാലും,** രക്ഷിക്കപ്പെടാത്ത വ്യക്തി തന്റെ മനസ്സ് അതിൽ **നിന്നു മാറ്റേണ്ടതാണ് (മാനസാന്തരപ്പെടണം).** ചിലർക്ക് ഇത് തത്വചിന്തയിൽ നിന്നുള്ള മാറ്റമായിരിക്കാം. ഉദാഹരണത്തിന്, വിഗ്രഹാരാധന. മറ്റുള്ളവർക്ക് പാപത്തോടുള്ള ബന്ധത്തിലുള്ള മനംമാറ്റം വേണം. ഉദാഹരണത്തിന് അധാർമ്മിക ജീവിതം അവസാനിപ്പിക്കുവാൻ അവൻ കല്പിക്കുമെന്ന് അറിയാവുന്നതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കുവാൻ വിസമ്മതിക്കുന്നു. ഏതു രണ്ടു വ്യക്തികളോടുള്ള ബന്ധത്തിലും മാനസാന്തരപ്പെടുവാനുള്ള വിഷയങ്ങൾ ഒന്നുതന്നെയല്ല. **ക്രിസ്തുവിനെ വിശ്വസിക്കുന്നതിൽനിന്ന് അകറ്റിനിർത്തുന്നത് എന്തുതന്നെ ആയിരുന്നാലും ഒരു വ്യക്തി അതിൽ നിന്നു മാനസാന്തരപ്പെടണം.**

3. മാനസാന്തരവും സുവിശേഷീകരണവും

ഒരാൾ മനം തിരിയുമ്പോൾ ഏതെല്ലാം വ്യാജങ്ങളിൽ നിന്നാണ് മാനസാന്തരപ്പെടേണ്ടതെന്നു സുവിശേഷം അറിയിക്കുന്ന സുവിശേഷകൻ അറിയുന്നില്ല എന്നുള്ളത് അത്ഭുതപ്പെടുത്തുകയോ ചിന്താക്കുഴപ്പത്തിലാക്കുകയോ ചെയ്യേണ്ടതില്ല. രക്ഷക്കുള്ള ഏക വ്യവസ്ഥ വിശ്വാസമായിരിക്കുന്നിടത്തോളം ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചെങ്കിൽ മാനസാന്തരം മുൻപേ തന്നെ നടന്നിട്ടുണ്ട്. ഒരു വ്യക്തി സത്യസന്ധതയോടും ഗൗരവത്തോടും തന്റെ ആത്മാവിന്റെ നിത്യമായ വിധി ക്രിസ്തുവിനെ ഭരമേല്പിച്ചെങ്കിൽ ക്രിസ്തുവിങ്കലേക്കു വരുവാൻ തടസ്സമായി നിന്നത് എന്തുതന്നെയായിരുന്നാലും അതിൽ നിന്നെല്ലാം മനം തിരിഞ്ഞിട്ടുണ്ട്. രക്ഷയ്ക്കുള്ള രണ്ടു വ്യവസ്ഥകളല്ല വിശ്വാസവും മാനസാന്തരവും. രക്ഷിക്കുന്ന വിശ്വാസത്തിന്റെ ഒരു പ്രത്യേക ഭാഗമാണ് മാനസാന്തരം. ക്രിസ്തുവിൽ ആശ്രയിക്കുന്നതുമൂലം, വ്യക്തി തന്റെ മനസ്സിനു മാറ്റം വരുത്തുന്നു. അതായത്, രക്ഷിതാവിനെ സ്വീകരിക്കുന്നതിൽ നിന്ന് അകറ്റി നിർത്തിയ സകലതിലും മാനസാന്തരപ്പെടുന്നു. രക്ഷ ഉറപ്പാക്കാൻ വിശ്വസിക്കുമ്പോൾ അതിനാവശ്യമായിരിക്കുന്ന എല്ലാ മാന

സാന്തരവും അതിനുള്ളിൽത്തന്നെ നടന്നിരിക്കും. ഏതിൽ നിന്നൊക്കെ മാനസാന്തരപ്പെടണമെന്നും എത്ര ത്തോളം മാനസാന്തരപ്പെടമെന്നുമെല്ലാം ക്രിസ്തുവി ലുള്ള വിശ്വാസത്തിൽ അടങ്ങിയിട്ടുണ്ട്. യേശുക്രിസ്തു വിങ്കലേക്ക് വിശ്വാസത്താൽ തിരിയുമ്പോൾ രക്ഷയ്ക്കാ വശ്യമായ "ചിന്തയിലുള്ള മാറ്റവും" "മാറ്റേണ്ട സകല ത്തിൽനിന്നുമുള്ള മാറ്റവും" നേരത്തെ തന്നെ സംഭവി ച്ചിരിക്കാം. രക്ഷയ്ക്ക് എല്ലാവർക്കും മാനസാന്തരം ആവ ശ്യമാണെന്നുള്ളത് സത്യമാണ്. എന്നാൽ വ്യക്തികളോ ടുള്ള ബന്ധത്തിൽ മാനസാന്തരത്തിന്റെ പ്രത്യേകത വ്യത്യാസപ്പെട്ടിരിക്കാം. ഇത് ആത്യന്തികമായി സുവിശേ ഷകനും അറിവുണ്ടായിരിക്കുകയില്ല. വ്യക്തി ക്രിസ്തു വിൽ ആശ്രയിക്കണമെന്ന് സുവിശേഷകൻ പഠിപ്പിച്ചിരി ക്കണം (ക്രിസ്തുവിൽ വിശ്വസിക്കുന്നതിനും, തടസ്സമായി നിൽക്കുന്ന എല്ലാറ്റിൽ നിന്നും മനസ്സ് മാറ്റണമെന്നും ഇതിലടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാണ്). വ്യക്തിക്കു വിശ്വ സിക്കുവാൻ തടസ്സമായ പാപങ്ങളെപ്പറ്റി പ്രത്യേക ആശ യങ്ങളുണ്ടാക്കുകയോ, ആ വ്യക്തി ഏതിൽ നിന്നൊക്കെ തിരിയണമെന്നുള്ളതിനു ഒരു പട്ടിക ഉണ്ടാക്കുകയോ ചെയ്യുക എന്നുള്ളത് സുവിശേഷന്റെ ജോലിയല്ല. ക്രിസ്തുവിങ്കലേക്കു "തിരിഞ്ഞിട്ടുണ്ടെങ്കിൽ" തീർച്ച യായും ചില പ്രത്യേക "കാര്യങ്ങളിൽ നിന്നു തിരിഞ്ഞിട്ടുണ്ടായിരിക്കും" (കാണുക. അപ്പോ. പ്രവ. 3:19, 20:21 26:20; 1 തെസ്സ. 1:9).

4. "മാനസാന്തരവും" "പാപത്തെ ഉപേക്ഷിക്കലും" രക്ഷയ്ക്കുള്ള മുൻ ഉപാധിയെന്ന നിലയിൽ

മാനസാന്തരം എന്ന പ്രയോഗം തെറ്റായി ഉപയോഗിച്ച് രക്ഷ പ്രവൃത്തിയിലാണെന്നു സ്ഥാപിക്കുന്നതിനെതിരെ ഒരു മുൻകരുതലുണ്ടായിരിക്കണം. ശരിയായി മനം തിരി യുന്ന ഒരു വ്യക്തിക്കു മനം തിരിയേണ്ട പാപങ്ങളുടെ പട്ടിക നൽകേണ്ടതില്ല. രക്ഷയുടെ അടിസ്ഥാനം വിശ്വാസം മാത്രമാണ്. **ഒരു വ്യക്തിക്ക് വിശ്വസിക്കു വാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അവന്റെ വിശ്വാസത്തിനു തടസ്സമായതിൽ നിന്നെല്ലാം മാനസാന്തരപ്പെട്ടിട്ടുണ്ട്. രക്ഷയ്ക്ക് അവനാവശ്യമായ മാനസാന്തരം അതു മാത്രമാണ്.** രക്ഷയ്ക്ക് അടിസ്ഥാനമായ കൂടുതലൊന്നും നൽകുവാൻ ആർക്കും അധികാരമില്ല.

രക്ഷയ്ക്ക് ഒരു മുൻ ഉപാധിയെന്ന നിലയിൽ പൊതുവാ യിട്ടുള്ള പാപങ്ങൾക്കോ പ്രത്യേക പാപങ്ങളിൽപ്പെട്ട തായി മദ്യപാനം തുടങ്ങിവയ്ക്കോ വിരാമമിടണമെന്ന് ബൈബിളിൽ കാണുന്നില്ല. അങ്ങനെ ചെയ്താൽ ഇത് പ്രവൃത്തിയിൽ അടിസ്ഥാനപ്പെട്ട രക്ഷയായിത്തീരുമെന്നു മാത്രമല്ല, മാനസാന്തരപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന ഒരാ ളോട് മാനസാന്തരത്തിനു മുൻപ് തന്നെ അടിമയാക്കി യിരിക്കുന്ന പാപത്തിന്റെമേൽ വിജയം നേടണമെന്നു പറ യുന്നത് അവനു യാതൊരു ശക്തിയുമില്ലാതെ ഇരിക്കു മ്പോൾ ജയിക്കാൻ പറയുന്നതിന് തുല്യമാണ്. രക്ഷയ്ക്ക് മുമ്പ് "മാനസാന്തരപ്പെടുക" എന്ന കല്പനയും എല്ലാ പാപത്തിനും "വിരാമമിടുക" എന്നുള്ള കല്പനയും ഒന്നല്ല. അതിലുപരിയായി രക്ഷ നേടുന്നതിനായി ഒരു പ്രത്യേക പാപത്തിനു വിരാമമിടുമെന്ന് ഒരു വ്യക്തി വാഗ്ദാനം ചെയ്യണമെന്ന് ബൈബിൾ പഠിപ്പിക്കുന്നില്ല. ഒരു വ്യക്തിയെ പ്രത്യേകിച്ച് പ്രലോഭിപ്പിച്ചിരിക്കുന്ന ഒരു പ്രത്യേക പാപത്തെ അവസാനിപ്പിക്കണമെന്ന് പ്രതിജ്ഞ എടുക്കുന്നതും വാഗ്ദത്തം ചെയ്യുന്നതും മാനസാന്ത രവും തമ്മിൽ കൂട്ടിക്കുഴയ്ക്കുവാൻ പാടില്ല. രൂപാന്തരം സംഭവിക്കുന്നതിനു മുൻപ് ചെയ്യാനാവാത്ത ഒരു ചുമത ലയാണ് ഒരു പ്രത്യേക 'പാപം' നിർത്തുവാൻ നിർബ ന്ധമായി തീരുമാനിക്കണമെന്നുള്ളത്. അങ്ങനെയുള്ള ശക്തി രക്ഷിക്കപ്പെടുന്നതുവരെയില്ല. സത്യത്തിൽ പാപം ചെയ്യുന്നത് നിർത്തുവാൻ പ്രതിജ്ഞ എടുക്കണമെ ന്നുള്ള ആഹ്വാനം അവിശ്വാസിയെ തന്റെ തന്നെ കഴി വുകളിൽ ആത്മവിശ്വാസമുണ്ടാക്കുവാൻ പ്രേരിപ്പിക്കുക യാണ്. അത് രക്ഷിക്കുന്ന വിശ്വാസത്തിനു വിപരീതവു മാണ്. ഒരാളിൽ ശരിയായി മാനസാന്തരം സംഭവിക്കു മ്പോൾ തന്റെ പാപത്തെ ജയിക്കുവാനുള്ള കഴിവു തനി ക്കില്ലെന്നു കാണുവാനിടയാകും. അതിനെ ഉപേക്ഷിക്കാ മെന്നു വാഗ്ദാനം ചെയ്യുവാൻ പോലുമുള്ള നല്ല വിശ്വാസം തനിക്കില്ലെന്നു മനസ്സിലാകും. അവൻ യാതൊരു പ്രതീക്ഷയും ഇല്ലാത്ത നിലയിൽ പാപ ത്തിന്റെ ആധിപത്യത്തിന്റെ കീഴിലായിരിക്കും. അതുകൊ ണ്ടാണ് അവൻ ക്രിസ്തുവിൽ വിശ്വസിക്കുന്നത്. രക്ഷ അടിസ്ഥാനപ്പെട്ടിരിക്കുന്നത് ഒരു ശൂന്യമായ കരം ദൈവ ത്തിന്റെ അനുഗ്രഹങ്ങളെ സൗജന്യമായി പ്രാപിക്കുന്ന തിലാണ്. "എന്റെ കരങ്ങളിൽ കൊണ്ടുവരുവാൻ ഒന്നു മില്ല നിന്റെ ക്രൂശിൽ ഞാൻ ചാരുന്നു." നിത്യജീവൻ നേടുവാൻ ദൈവത്തിനു വാഗ്ദാനങ്ങൾ ചെയ്യുന്ന നിറഞ്ഞ കരത്തെ അടിസ്ഥാനമാക്കിയുള്ളതല്ല രക്ഷ.

5. മാനസാന്തരവും കർതൃത്വരക്ഷയും

"കർതൃത്വരക്ഷ" എന്ന ആശയം പിന്നീട് വേറെ വിവരി ക്കാം. സാധാരണയായി പറയാവുന്ന "കർതൃത്വരക്ഷ" എന്ന നിലയിൽ യാതൊന്നും മാനസാന്തരം എന്ന പ്രയോഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുവാൻ കഴി യുന്നതല്ല. ഒരു വ്യക്തിയോടു പാപം ചെയ്യുന്നത് നിർത്ത ണമെന്നോ അങ്ങനെയുള്ള വാഗ്ദാനം ചെയ്താലേ രക്ഷ നേടുവാൻ കഴിയുകയുള്ളൂ എന്നും പറഞ്ഞാൽ, അവന്റെ മുമ്പിൽ മാറ്റാൻ കഴിയാത്ത ഒരു തടസംകൂടി വയ്ക്കു ന്നു. കൂടാതെ രക്ഷയ്ക്കുവേണ്ടി ഒരു വ്യവസ്ഥകൂടി കൂട്ടി ച്ചേർക്കുന്നു. പാപത്തിന്റെ ആസക്തികളെ തകർക്കുവാൻ രക്ഷിക്കപ്പെടാത്ത വ്യക്തി തുടർമാനമായി ശ്രമിച്ചു പരാ ജയപ്പെട്ടുകൊണ്ടിരിക്കുന്നു, കാരണം അവന് രക്ഷയ്ക്കു ശേഷം ലഭിക്കുന്ന പാപത്തിന്റെമേൽ ജയം നൽകുന്ന ശക്തിയെക്കുറിച്ച് അറിയുവാനോ കൈവശമാക്കുവാനോ

കഴിവില്ല. അവന് ഒരു പക്ഷേ ക്രിസ്തുവിൽ രക്ഷയ്ക്കു വേണ്ടി ആശ്രയിക്കുവാനുള്ള വിശ്വാസം ഉണ്ടായിരിക്കാം, എന്നാൽ തന്റെമേൽ ആധിപത്യം പുലർത്തുന്ന ഒരു പാപത്തെ ഉപേക്ഷിക്കുവാൻ വാഗ്ദാനം ചെയ്യുവാനുള്ള കഴിവ് തനിക്കില്ലെന്നു മനസ്സിലാക്കുന്നു. ക്രിസ്തുവിൽ ആശ്രയിക്കുവാനുള്ള വിശ്വാസം ഉണ്ടായിരിക്കാം. എന്നാൽ രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള തന്റെ ജീവിതത്തിൽ പാപത്തെ ഉപേക്ഷിക്കുവാനുള്ള കഴിവില്ലായെന്നു സത്യസന്ധമായി വിശ്വസിക്കുന്നു. ഇങ്ങനെയുള്ള ജനങ്ങളോടു പാപത്തെ ഉപേക്ഷിക്കുവാൻ ആവശ്യപ്പെടുന്നത് പ്രയോജനമില്ലാത്തതും കപടവുമാണ്. മാനസാന്തരത്തെ തെറ്റിദ്ധരിച്ച് ഇങ്ങനെയുള്ള പ്രത്യാശയില്ലാത്ത ആളുകൾക്ക് ദൈവത്തിന്റെ രക്ഷയ്ക്കുള്ള വ്യവസ്ഥ പൂർത്തീകരിക്കുവാൻ കഴിയില്ല എന്നുള്ള തോന്നൽ ഉണ്ടാകുന്നു. ക്രിസ്തുവിൽ അവർക്ക് വിശ്വസിക്കാമെങ്കിലും പാപം നിർത്തൽ ചെയ്യുവാനുള്ള വാഗ്ദാനം നൽകുവാൻ അവർക്കു കഴിവില്ല. രക്ഷിക്കപ്പെടുന്നതിനു മുമ്പ് പാപമെല്ലാം ഉപേക്ഷിക്കണം എന്നുള്ളതാണ് മാനസാന്തരം, അല്ലെങ്കിൽ പാപം ഉപേക്ഷിക്കുവാനുള്ള പ്രതിജ്ഞ മാനസാന്തരത്തിൽ അടങ്ങിയിട്ടുണ്ടെന്നു തെറ്റിദ്ധരിച്ചാൽ ഇത് രക്ഷയോടുള്ള ബന്ധത്തിൽ നൽകുന്ന ദുരുപദേശപരമായ മറ്റൊരു നിബന്ധനയായിരിക്കും. സത്യത്തിൽ, പാപത്തിന്റെ അടിമത്തത്തിൽ നിന്നു രക്ഷപ്പെടുമെന്ന് യാതൊരു പ്രതീക്ഷയും ഇല്ലാതിരിക്കുന്നതാണ് ഒരു പാപിക്ക് നല്ലത്. തനിക്കു തന്നെ പാപത്തെ ഉപേക്ഷിക്കുവാൻ കഴിയുമെന്നോ, അങ്ങനെയുള്ള ഒരു തീരുമാനമെടുക്കുവാൻ കഴിയുമെന്നോ വിശ്വാസമില്ലാതെ ദൈവത്തിന്റെ സഹായമാണ് ആവശ്യമെന്ന് ബോദ്ധ്യമുണ്ടാകുന്നതാണ് ഏറ്റവും ആവശ്യം. **ഒരുപാപിക്ക് ആവശ്യമായിട്ടുള്ളത് അവനു പാപത്തിൽ നിന്നുള്ള മോചനം ആവശ്യമാണ് എന്നും, അതിനു ക്രിസ്തുവിൽ ആശ്രയിക്കാതെ വേറെ മാർഗ്ഗമില്ലെന്നും അറിയുന്നു.**

അറിവില്ലാത്ത അളവിലാണെങ്കിൽപോലും പാപത്തിൽ നിന്നു മനം തിരിയുന്ന ഓരോ വ്യക്തിക്കും പാപത്തിൽ നിന്നുള്ള വിടുതൽ ആവശ്യമാണ്. ക്രിസ്തു ദൈവമാണെന്നു വിശ്വസിക്കുന്നത് രക്ഷിക്കുന്ന വിശ്വാസത്തിൽ അടങ്ങിയിട്ടുണ്ടെങ്കിലും രക്ഷിക്കപ്പെടുന്ന ഓരോ വ്യക്തിയും അംഗീകരിക്കേണ്ട കാര്യം ക്രിസ്തുവിന് എന്റെ ജീവിതത്തെ ദൈവിക നന്മയിലേക്കു നയിക്കുവാൻ അധികാരമുണ്ടെന്നാണ്. അതുകൊണ്ട് പാപത്തിൽ നിന്നു മോചം നേടണമെന്നെ ആഗ്രഹമില്ലാതെയോ ക്രിസ്തു കർത്താവ് എന്ന നിലയിൽ നടത്തുന്ന ഭരണത്തോടു മറുതലിക്കുകയും ചെയ്യുന്ന അവസ്ഥയിൽ രക്ഷിക്കുന്ന വിശ്വാസം ഉണ്ടാകുന്നില്ല. എന്നിരുന്നാലും രക്ഷിക്കപ്പെടുന്നതിനുമുമ്പ് ക്രിസ്തുവിന്റെ അധികാരത്തിനു കീഴടങ്ങി പാപം ചെയ്യുന്നത് അവസാനിപ്പിക്കാമെന്നു വാഗ്ദാനം നൽകുന്നതും, ക്രിസ്തുവിനെ യജമാനനായിക്കണ്ട് അനുസരിക്കുവാൻ ശ്രമിക്കുന്നതും ഒന്നല്ല. പാപി ക്രിസ്തുവിന്റെ അധികാരം അംഗീകരിക്കേണ്ടത് ക്രിസ്തുവിന്റെ ദൈവത്വത്തോടുള്ള ബന്ധത്തിലാണ്. എന്നിരുന്നാലും അവൻ രക്ഷിക്കപ്പെടുവാനുള്ള കഴിവു ലഭിക്കുന്നതിനു മുമ്പ് ആ അധികാരത്തെ അനുസരിക്കുവാൻ ശ്രമിക്കുകയോ അതിനുള്ള വാഗ്ദാനം ചെയ്യുകയോ വേണ്ട. രക്ഷിക്കപ്പെടുന്നതിന് ഒരു പാപിയിൽ നിന്നു ദൈവം അത്രയും ആവശ്യപ്പെടുന്നില്ല. അതുകൊണ്ട് നാമും ആ നിലയിൽ ആഗ്രഹിക്കേണ്ടതില്ല. **ഒരാൾ രക്ഷിക്കപ്പെടുമ്പോൾ ക്രിസ്തുവിൽ ആശ്രയിക്കുന്നു. അപ്പോൾ അവൻ ക്രിസ്തുവിന്റെ അധികാരം മതിയായ അളവിൽ മനസ്സിലാക്കുന്നു. അവർ അതിനാവശ്യമായ എല്ലാ സമർപ്പണവും നടത്തിയിരിക്കും. അവൻ ആഗ്രഹിക്കേണ്ടതായ പാപത്തിൽ നിന്നുള്ള എല്ലാ വിടുതലും ആഗ്രഹിക്കുന്നു. രക്ഷ നേടുവാൻ ആവശ്യമായ എല്ലാ മാനസാന്തരവും അവൻ നടത്തിയിരിക്കും.**

രക്ഷയ്ക്ക് **വിശ്വാസം മാത്രം** എന്നുള്ള വ്യവസ്ഥയോട് മറ്റു വ്യവസ്ഥകൾ കൂട്ടിച്ചേർത്ത് മാനസാന്തരത്തെ തെറ്റായി നിർവചിക്കുവാൻ നാം ഒരുമ്പെടരുത്. മാനസാന്തരത്തിന്റെ അർത്ഥം "മനസ്സിന്റെ മാറ്റം" എന്നാണ്. ക്രിസ്തുവിൽ ആശ്രയിക്കത്തക്ക നിലയിൽ ഒരാൾ എത്തിയാൽ അതിനർത്ഥം അയാൾ മാനസാന്തരപ്പെട്ടു കഴിഞ്ഞു എന്നാണ് (അതായത് അവന്റെ മനസ്സിനു മാറ്റം ഉണ്ടായിരിക്കുന്നു അഥവാ മനം തിരിവുണ്ടായിരിക്കുന്നു). ഈ മാനസാന്തരം ക്രിസ്തുവിനെ വിശ്വസിക്കുവാൻ തടസ്സം നിന്ന സകല ആശയങ്ങളോടും സ്വഭാവങ്ങളോടുമാണ്. ഇതു മാത്രമാണ് മാനസാന്തര വിധത്തിലും, മാനസാന്തരത്തിന്റെ അളവിലും ദൈവം ആവശ്യപ്പെടുന്നത്.

6. രക്ഷയുടെ വ്യവസ്ഥയെന്ന നിലയിൽ മാനസാന്തരത്തിന്റെ സംഗ്രഹം

രക്ഷയ്ക്കുള്ള ശരിയായ വ്യവസ്ഥ മാനസാന്തരമാണെന്നു നിർവചിക്കുമ്പോൾ അത് വിശ്വാസം എന്ന പ്രയോഗത്തോടു ഒത്തുവരുന്നുയെന്നു മാത്രമല്ല, വിശ്വാസത്തിന്റെ ഭാഗം തന്നെയായിത്തീരുന്നു. **ക്രിസ്തുവിങ്കലേക്കു തിരിയുമ്പോൾ വിശ്വാസത്തിനു തടസ്സമായി നിൽക്കുന്ന സകലതിൽ നിന്നും തിരിയേണ്ടതാണ്.** രക്ഷിക്കുന്ന വിശ്വാസത്തിൽ നിന്നു മാനസാന്തരത്തെ വിവേചിക്കാമെങ്കിലും വേർതിരിക്കാനാവില്ല. ഡാളസ് തിയോളജിക്കൽ സെമിനാരിയുടെ സ്ഥാപകൻ മാനസാന്തരത്തെപ്പറ്റി ഇങ്ങനെ എഴുതിയിരിക്കുന്നു

"രക്ഷയോടുള്ള ബന്ധത്തിൽ ആവശ്യമായ ഒരു വ്യവസ്ഥയായിട്ട് മാനസാന്തരമായിരിക്കുന്നു എന്നുള്ളത് സത്യമാണ്. എന്തുകൊണ്ടെന്നാൽ, മറ്റെല്ലാത്തരം

വിശ്വാസങ്ങളിൽ നിന്നും തിരിഞ്ഞ് ക്രിസ്തുവിൽ ആശ്ര യിക്കുക എന്ന ഏക ആവശ്യത്തിലെത്തുവാൻ അത് ആവശ്യമാണ്. അങ്ങനെയുള്ള പൂർണ്ണമായ തിരവു സംഭ വിക്കുവാൻ മനം തിരിവ് തീർച്ചയായും വേണം. ആ മാന സികമായ പുതുക്കം വിശ്വസിക്കുന്നതിന്റെ ഭാഗമാണ്. ഇങ്ങനെ ഒക്കെയാണെങ്കിലും **മാനസാന്തരത്തെ വിശ്വാ സത്തിന്റെ ഒരു പര്യായമെന്ന** നിലയിൽ കാണാം."[45]

D. രൂപാന്തരം രക്ഷയുടെ വ്യവസ്ഥയെന്ന നിലയിൽ

മറ്റു പ്രയോഗങ്ങൾപോലെ *മനപരിവർത്തനപ്പെടുക* എന്നു കൂടെക്കൂടെ ഉപയോഗിച്ചിട്ടില്ലെങ്കിലും ശരിയായി നിർവചിച്ചാൽ ഇത് രക്ഷയ്ക്കുള്ള നീതിപൂർവ്വമായ ഒരു വ്യവസ്ഥയായി കാണാം. പരിഗണിക്കുന്ന കൈയ്യെഴുത്ത് പ്രതിക്കനുസരിച്ച് പരിവർത്തനപ്പെടുക എന്ന ആശയം വരുന്ന ഗ്രീക്ക് വാക്ക് 36 മുതൽ 39 വരെ പ്രാവശ്യം ഉപ യോഗിച്ചിരിക്കുന്നതായിക്കാണാം. രക്ഷയോടു ബന്ധമി ല്ലാത്ത വേദഭാഗങ്ങളിൽ ഇത് ഉപയോഗിച്ചിരിക്കുന്നതിൽ നിന്ന് ഒരാൾക്ക് ഇതിന്റെ അർത്ഥം ഇങ്ങനെ പറയാം "മടങ്ങിപ്പോകുക" അഥവാ "മടങ്ങിച്ചെല്ലുക" (മത്താ. 12: 44; 24:18; മർക്കോ. 5:30; 8:33; 13:16; ലൂക്കോ. 8:55, 17:31; യോഹ. 21:20; അപ്പോ. പ്രവ. 9:40; 15:36; 16:18; ഗലാ. 4:9; 2 പത്രോ. 2:22; വെളി. 1:12). ഒരു വ്യക്തി രക്ഷയ്ക്കായി യേശുക്രിസ്തുവിൽ ആശ്രയിക്കുമ്പോൾ അവൻ ക്രിസ്തുവിങ്കലേക്കു രക്ഷയ്ക്കായി തിരിയുകയാണ്. അതുകൊണ്ട് രക്ഷയ്ക്കുവേണ്ടി ക്രിസ്തുവിങ്കലേക്കു മട ങ്ങുക എന്ന അർത്ഥത്തിൽ മനപരിവർത്തനവും രക്ഷി ക്കുന്ന വിശ്വാസവും തുല്യമാണ്. മാത്രമല്ല തെറ്റിപ്പോയ അവസ്ഥയിൽ നിന്നു ദൈവത്തിങ്കലേക്കുള്ള വരവുമാണ് (യെശ. 53:6).

അപ്പോ പ്രവ. 3:19-ൽ പറയുന്നതുപോലെ രക്ഷയുടെ വ്യവസ്ഥ എന്ന നിലയിൽ "തിരിഞ്ഞുകൊൾവിൻ" എന്നുള്ള സുവിശേഷ ആഹ്വാനം സാധാരണയായി ഒരു കല്പനയായി സുവിശേഷത്തിൽ കാണുന്നില്ല. ദൈവ വചനത്തിൽ എഴുത്തുകാരൻ **തിരിഞ്ഞ്** രക്ഷയുടെ സമ യത്തെക്കുറിച്ച് സൂചിപ്പിച്ച് രക്ഷയിലേക്കു വിളിക്കു മ്പോഴും അല്ലെങ്കിൽ **മൂന്നാമതൊരാളുടെ** മനം തിരിവി നെക്കുറിച്ചോ അതുമല്ലെങ്കിൽ മനംതിരിവല്ലാത്ത അവ സ്ഥയെക്കുറിച്ചോ സാധാരണയായി സൂചിപ്പിക്കുന്നു (മത്താ. 13:15; മർക്കോ. 4:12; യോഹ. 12:40; അപ്പോ. പ്രവൃ. 9:35; 11:21; 15:19; 26:18, 20; 28:27; 2 കൊരി. 3:16; 1 തെസ്സ. 1:9; 1 പത്രോ. 2:25). രൂപാന്തരത്തിനായി അവിശ്വാസിക ളോടു ആഹ്വാനം ചെയ്യുന്നതിനെക്കാൾ, രക്ഷിക്കപ്പെട്ട ദൈവമക്കൾക്ക് അവരുടെ രക്ഷയുടെ സമയത്ത് എന്തു സംഭവിച്ചു എന്നു പഠിപ്പിക്കുവാനാണ് ബൈബിളിൽ മനം തിരിയുക എന്നുള്ള പദം കൂടുതലായി ഉപയോഗിച്ചിരി ക്കുന്നത്. *മനപരിവർത്തനത്തെ* നമുക്ക് ഇപ്രകാരം നിർവ ചിക്കാം. രക്ഷിക്കുന്ന വിശ്വാസത്തോടെ ക്രിസ്തു വിലേക്കു തിരിയുക. കൂടാതെ രക്ഷയ്ക്കുള്ള ഏക വ്യവ സ്ഥയായ വിശ്വാസത്തോട് ഏതെങ്കിലും കൂട്ടിച്ചേർക്കുക എന്ന് തെറ്റിദ്ധരിക്കരുത്. *മനം തിരിയുക* എന്നതിന്റെ ലളിതമായ അർത്ഥം രക്ഷിക്കുന്ന വിശ്വാസമെന്നാണ്. രക്ഷ പ്രാപിക്കുന്നതിനു മുമ്പ് ഒരു വ്യക്തി തന്റെ ജീവിത ശൈലി പൂർണ്ണമായി മാറ്റണമെന്ന് ഇത് അർത്ഥമാക്കു ന്നില്ല. മനപരിവർത്തനം എന്നു പറഞ്ഞാൽ രക്ഷയ്ക്കു വേണ്ടി വിശ്വാസത്തോടെ ക്രിസ്തുവിങ്കലേക്കു തിരിയുക എന്നാണ്.

E. യേശുവിനെ രക്ഷിതാവായി അംഗീകരിക്കുകയോ സ്വീകരിക്കുയോ ചെയ്യുക.

ഈ പ്രയോഗം രക്ഷയോടുള്ള ബന്ധത്തിൽ ബൈബിൾ വ്യവസ്ഥയായി പ്രാധാന്യത്തോടെ കാണുന്നില്ല. എന്നാൽ യോഹന്നാൻ 1:12-ൽ ഇതു കാണുന്നു.

> അവനെ **കൈക്കൊണ്ട്** അവന്റെ നാമത്തിൽ **വിശ്വസിക്കുന്ന** ഏവർക്കും ദൈമവക്കളായി ത്തീരുവാ ൻ അവൻ അധികാരം കൊടുത്തു (യോഹ. 1:12).

അർത്ഥങ്ങൾ എല്ലാം ഒന്നുതന്നെയാണ്. രക്ഷിക്കുന്ന വിശ്വാസത്തിന്റെ സജീവമായ അവസ്ഥയ്ക്ക് *വിശ്വസി ക്കുക* എന്നുള്ളത് കൂടുതൽ ഊന്നൽ നൽകുന്നു. എന്നാൽ *സ്വീകരിക്കുക* എന്നുള്ളത് രക്ഷിക്കുന്ന വിശ്വാ സത്തിനുവേണ്ടി കീഴ്പ്പെടുക, വിധേയപ്പെടുക എന്ന ആശയമാണ് നൽകുന്നത്. വിശ്വാസത്തിൽ നമ്മൾ രക്ഷ യ്ക്കായി ദൈവത്തിൽ ആശ്രയിക്കുന്നു. നാം വിശ്വാസ ത്തിൽ യേശുക്രിസ്തുവിൽ നിന്ന് സൗജന്യമായ രക്ഷ സ്വീകരിക്കാൻ തയ്യാറാകുന്നു. *വിശ്വസിക്കുക, സ്വീകരി ക്കുക* എന്നിവ രക്ഷയ്ക്കുള്ള ഒരേ വ്യവസ്ഥയാണ്. എന്നാലും ഇവ അല്പം വ്യത്യസ്തമായ ഊന്നൽ നൽകുന്നു. യേശുവിനെ രക്ഷിതാവായി അംഗീകരിക്കു കയോ സ്വീകരിക്കുയോ ചെയ്യുമ്പോൾ ക്രിസ്തുവിലും അവന്റെ ക്രൂശിലും ആശ്രയിക്കുന്നു എന്ന് അർത്ഥമാ ക്കുന്നു. അപ്പോൾ "സ്വീകരിക്കുക (അർത്ഥം സ്വാഗതം ചെയ്യുക), അഥവാ ക്രിസ്തുവിനെ രക്ഷകനായി അംഗീ കരിക്കുക എന്നുള്ള ആഹ്വാനം ചെയ്യുന്നത് കൃത്യ മാണ്."

F. രക്ഷനേടുന്നതിനു വിശ്വസിക്കുക, പ്രവർത്തിക്കുക

രക്ഷയ്ക്കുള്ള വ്യവസ്ഥയായി പ്രവർത്തിക്കുക അല്ലെ ങ്കിൽ മതകർമ്മങ്ങൾ ചെയ്യുക തുടങ്ങിയ തെറ്റുദ്ധാര ണകളെക്കാൾ അപകടകരവും വ്യാപകവുമായ ചില തെറ്റുകളുണ്ട്. ക്രിയാത്മകമായി ഈ പഠനം രക്ഷയ്ക്ക് വിശ്വാസം മാത്രം മതിയെന്നുള്ളതിന് 150 - ൽ അധികം വേദഭാഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒരു വ്യക്തി പ്രവർ

[45] Lewis Sperry Chafer, *Chafer Systematic* Theology, Vol.7 *(*Dallas, Dallas Seminary Press, 1948) 7: 265

ത്തിയോ മതകർമ്മങ്ങളോ വിശ്വാസത്തോടു കൂട്ടി ച്ചേർത്താൽ ഈ വേദഭാഗങ്ങൾ പരസ്പര വിരുദ്ധങ്ങളും ഇത് നൽകിയവരെല്ലാം നുണയന്മാരും ആയിരിക്കും (കർത്താവായ യേശു ഉൾപ്പെടെ). ഗലാത്യരുടെ പ്രവൃത്തിയാലുള്ള രക്ഷ എന്നതിനെതിരെ ബൈബിളിലെ ഏറ്റവും കർക്കശമായ ഭാഷയിലാണ് പൗലോസ് പ്രതികരിച്ചത്. രക്ഷ പ്രവൃത്തിയാൽ നേടാൻ കഴിയുമെന്നുള്ള പഠിപ്പിക്കൽ ഒരു "പ്രധാന ദുരുപദേശമാണ്." ഇതിനെതിരായി ശക്തിയോടെ പ്രതികരിക്കേണ്ടതാണ്.

> എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു "വിപരീതമായി" ഞങ്ങളാകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു **സുവിശേഷം** അറിയിച്ചാൽ അവൻ **ശപിക്കപ്പെട്ടവൻ.** ഞങ്ങൾ മുൻപു പറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു, നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു **വിപരീതമായി** ആരെങ്കിലും നിങ്ങളോടു **സുവിശേഷം** അറിയിച്ചാൽ അവൻ **ശപിക്കപ്പെട്ടവൻ** (ഗലാ. 1:8–9).

> **ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയിത്തീർന്നു; ഞങ്ങളുടെ നീതിപ്രവർത്തികൾ കറപിരണ്ട തുണിപോലെ" (**യെശ. 64:6).

> അവർ അവനോട് ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിനു ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു. യേശു അവരോട്: **ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രെ** എന്നു ഉത്തരം പറഞ്ഞു (യോഹ. 6:28–29).

> **മോശെയുടെ ന്യായപ്രമാണത്താൽ നിങ്ങൾക്ക് നീതീകരണം വരുത്തുവാൻ കഴിയാത്ത** സകലത്തിൽ നിന്നും വിശ്വസിക്കുന്ന ഏവനും ഇവനാൽ നീതീകരിക്കപ്പെടുന്നു എന്നു നിങ്ങൾ അറിഞ്ഞുകൊൾവിൻ (അപ്പോ. പ്രവൃ. 13:39).

> അതുകൊണ്ട് **ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതികരിക്കപ്പെടുകയില്ല;** ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രെ വരുത്തുന്നത് (റോമ. 3:20).

> അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ **പ്രവൃത്തി കൂടാതെ** വിശ്വാസത്താൽത്തന്നെ നീതികരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു (റോമ. 3:28).

> **പ്രവൃത്തിക്കാത്തവൻ എങ്കിലും** അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു (റോമ. 4:5).

> നീതിയുടെ പ്രമാണം പിന്തുടർന്ന യിസ്രായേലോ ആ പ്രമാണത്തിൽ എത്തിയില്ല അതെന്തുകൊണ്ട്? **വിശ്വാസത്താൽ അല്ല പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ടു തന്നെ അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി** (റോമ. 9:31–32).

> കൃപയാൽ എങ്കിൽ **പ്രവൃത്തിയാലല്ല** അല്ലെങ്കിൽ കൃപ കൃപയല്ല (റോമ. 11:6).

> എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ **പ്രവൃത്തികളാൽ മനുഷ്യർ നീതീകരിക്കപ്പെടുന്നില്ല** എന്നു അറിഞ്ഞിരിക്കക്കൊണ്ട് നാമും **ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാല്ല** ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശുവിൽ വിശ്വസിച്ചു **ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിപ്പെടുകയില്ലല്ലോ** (ഗലാ. 2:16).

> എന്നാൽ **ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതികരിക്കപ്പെടുന്നില്ല** എന്നതു സ്പഷ്ടം. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ ഉള്ളത്" (ഗലാ. 3:11).

> കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ **പ്രവൃത്തികളും കാരണമല്ല** (എഫെ. 2:8–9).

> അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളികൊണ്ട് വിളിക്കുകയും ചെയ്തത് **നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല** സകലകാലത്തിനും മുമ്പെ ക്രിസ്തുയേശുവിൽ നമുക്കു ൽകിയിരിക്കുന്നതും (2 തിമൊ. 1:9).

> അവൻ നമ്മെ **നാം ചെയ്ത നീതിപ്രവൃത്തികളാലല്ല** തന്റെ കരുണപ്രകാരമത്രെ രക്ഷിച്ചത് (തീത്തോ. 3:5).

> എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിനു നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ **നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?** (എബ്രാ. 9:14).

ദൈവവചനത്തിലെ ചില ഭാഗങ്ങൾ വ്യാഖ്യാനിച്ചാൽ നല്ല പ്രവൃത്തിയെന്ന വ്യവസ്ഥ രക്ഷയ്ക്കുള്ളതായി തോന്നും. അങ്ങനെ വരുമ്പോൾ വ്യാഖ്യാനിക്കുന്നയാൾക്ക് രക്ഷയ്ക്കു വിശ്വാസം മാത്രം മതി എന്നുള്ള 150 -ൽ അധികം വാക്യങ്ങളെ അഭിമുഖീകരിക്കേണ്ടതായി വരും. അതു മാത്രമല്ല, രക്ഷയ്ക്ക് പ്രവൃത്തി ആവശ്യമി

ല്ലെന്നു പുതിയനിയമം ഉറപ്പാക്കുന്നു. രക്ഷയ്ക്ക് പ്രവൃത്തികൾ ആവശ്യമാണെന്നു തോന്നിക്കുന്ന വേദ ഭാഗങ്ങൾ വ്യാഖ്യാനിക്കുമ്പോൾ രക്ഷിക്കപ്പെടുവാൻ വിശ്വാസം മാത്രം പറയുന്ന വ്യാഖ്യാനത്തോടു പൊരുത്തപ്പെടുന്ന തുല്യ മൂല്യമുള്ള മറ്റൊരു വ്യാഖ്യാനം കണ്ടെത്തുക എന്നതാണ് പോംവഴി. സത്യത്തിൽ ബാക്കിയുള്ള ദൈവവചനത്തോടു പൊരുത്തപ്പെട്ട നിലയിൽ ഒരു വേദഭാഗത്തെ വ്യാഖ്യാനിക്കുമ്പോൾ അത് വേദഭാഗത്തിന്റെ പശ്ചാത്തലത്തോടു ഏറ്റവും അനുയോജ്യമായിരിക്കും. അതുപോലെ എഴുത്തുകാരൻ മറ്റു സ്ഥലങ്ങളിൽ പറഞ്ഞിരിക്കുന്നതിനോടും യോജിക്കും.

ഉദാഹരണത്തിന് യാക്കോബ് 2:26 പരിഗണിക്കുക... "പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു." മുകളിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങൾക്ക് വിരുദ്ധമാണ് ഈ വാക്യമെന്നു നിർബന്ധബുദ്ധിയോടുകൂടെ വ്യാഖ്യാനിക്കുവാൻ കഴിയും. എന്നാൽ അവയോടു യോജിച്ച നിലയിൽ ഇത് വ്യാഖ്യാനിക്കണം. ദൈവത്തോടു ബന്ധത്തിലുള്ള ചില യാഥാസ്ഥിതിക സത്യങ്ങൾ വിശ്വസിക്കുന്ന ബുദ്ധിപരമായ വിശ്വാസത്തെയാണ് ഇവിടെ യാക്കോബ് നിർവചിക്കുന്നത്. പ്രത്യേകിച്ച്, ഏകദൈവ വിശ്വാസം "ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ; കൊള്ളാം; പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു" (യാക്കോ. 2:19). വാക്യം 26 അർത്ഥമാക്കുന്നത് ദൈവത്തെക്കുറിച്ച് ചില സത്യങ്ങൾ അടങ്ങിയ ബുദ്ധിപരമായ വിശ്വാസം രക്ഷയ്ക്ക് മതിയായതല്ലെന്നാണ്. യഥാർത്ഥമായി രക്ഷിക്കുന്ന വിശ്വാസം സൽപ്രവൃത്തിയിലൂടെ വെളിപ്പെടുന്ന തരത്തിലുള്ള വിശ്വാസമാണ്. ഒരു അർത്ഥവത്തായ വിശദീകരണമിതാണ്. "ദൈവത്തെക്കുറിച്ചുള്ള സത്യങ്ങളെക്കുറിച്ച് വെറുതെ ഒരു വിശ്വാസം മാത്രമാണുള്ളതെങ്കിൽ ആ വിശ്വാസത്തിന്റെ ഫലം നിർജ്ജീവ പ്രവൃത്തികളായിരിക്കും."

ഈ പുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്നതും പൗലോസ് **വിശ്വാസം മാത്രം** എന്ന നിലയിൽ ഊന്നൽ കൊടുത്തിരിക്കുന്നതുമായ രക്ഷിക്കുന്ന വിശ്വാസത്തിനുള്ള ഈ ദൈവശാസ്ത്രം ഒരിക്കലും എതിരല്ല. വാക്യം 14-ൽ യാക്കോബ് മുമ്പെ തന്നെ ചോദിക്കുന്നുണ്ട്. ആ വിശ്വാസത്താൽ അവൻ രക്ഷപ്രാപിക്കുമോ? യാക്കോബ് തന്നെ ഉത്തരം പറയുന്നു ''ഇല്ല.'' പൗലോസും ഇതിനോടു യോജിക്കുന്നുണ്ട്. ബുദ്ധിപരമായ വിശ്വാസം മാത്രം ആരെയും രക്ഷിക്കുന്നില്ല. ശരിയായ രക്ഷിക്കുന്നവിശ്വാസം പ്രവൃത്തിയിൽ വെളിപ്പെടുന്നതാണെന്നു പൗലോസും സമ്മതിച്ചിരിക്കുന്നു (എഫെ. 2:8-10). യാക്കോബ് 2-ൽ കാണുന്നതുപോലെ, വിശ്വാസം കൃത്യമായ ഉപദേശം ബുദ്ധിപരമായി അംഗീകരിക്കുന്നത് മാത്രമാണെങ്കിൽ, ആ വിശ്വാസംകൊണ്ട് മാത്രം നേടുവാൻ കഴിയുകയില്ല. എപ്പോൾ വിശ്വാസം ആശ്രയമായും ആലംബമായും ആത്മവിശ്വാസവുമായി മാറുന്നോ, അപ്പോൾ, പൗലോസിന്റെ എഴുത്തുകളിൽ പറയുന്നതുപോലെ അത് രക്ഷിക്കുന്ന വിശ്വാസവും പ്രവൃത്തിയിലൂടെ വെളിപ്പെടുന്നതുമായി മാറും. അതുകൊണ്ട്, യാക്കോബും പൗലോസും വിശ്വാസത്തിന്റെ രണ്ടു തലത്തിലുള്ള അർത്ഥമാണ് നൽകുന്നതെന്ന് വ്യാഖ്യാതാക്കൾ അറിയണം.

യാക്കോബ് 2 പഠിപ്പിക്കുന്നത് ബുദ്ധിപരമായ വിശ്വാസം രക്ഷിക്കുന്നില്ലയെന്നാണ്. എന്നിരുന്നാലും, രക്ഷ നേടുവാൻ വിശ്വാസം മാത്രം (ആശ്രയം എന്ന അർത്ഥത്തിൽ നിർവചിക്കപ്പെട്ടത്) പര്യാപ്തമല്ലെന്ന് അത് ഒരിക്കലും തെളിയിക്കുന്നില്ല. ഓരോ എഴുത്തുകാരനും നൽകുന്ന കൃത്യമായ നിർവചനം സൂക്ഷ്മതയോടെ ശ്രദ്ധിക്കുമ്പോൾ, യാക്കോബിന്റെ ലേഖനത്തിൽ കാണുന്ന ഈ പ്രസ്താവനകൾ രക്ഷിക്കുന്ന വിശ്വാസത്തിന്(ആശ്രയം എന്ന അർത്ഥത്തിൽ) എതിരായിവരുന്നില്ല. രക്ഷ പ്രവൃത്തിയാലാണെന്നു തോന്നിക്കുന്ന എല്ലാ ഭാഗങ്ങളും വിശ്വാസത്താൽ മാത്രമാണ് രക്ഷയെന്നുള്ള ആശയത്തോടു പൊരുത്തപ്പെടുന്ന വിധത്തിൽ വ്യാഖാനിക്കുന്നതാണ് ഏറ്റവും നല്ലത്.

G. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നതിലൂടെ നേടുന്ന രക്ഷ.

ഈ ഭാഗം വായിക്കാൻ ഒരുങ്ങുന്ന വായനക്കാരൻ മുമ്പു പറഞ്ഞിട്ടുള്ള വിശ്വാസത്താൽ മാത്രമാണ് രക്ഷ എന്നുള്ള ആശയത്തിലേക്ക് മടങ്ങിപ്പോകുന്നത് വളരെ പ്രയോജനകരമാണ്. അതുപോലെ പ്രവൃത്തികളോ മതപരമായ കർമ്മങ്ങളോ രക്ഷ നൽകുകയില്ലെന്നു സ്ഥാപിക്കുന്ന ഭാഗങ്ങളും പരിഗണിക്കുവാൻ ശ്രദ്ധിക്കണം.

ചില വേദഭാഗങ്ങൾ മറ്റു വേദഭാഗങ്ങളിൽ നിന്നു മാറ്റി നിർത്തി പഠിച്ചാൽ, രക്ഷയ്ക്ക് സ്നാനം ആവശ്യമാണെന്നു പഠിപ്പിക്കുന്നതായിത്തോന്നാം. എന്നാൽ രക്ഷയ്ക്കു വിശ്വാസം മാത്രമാണ് വ്യവസ്ഥയെന്ന ആശയത്തോടു പൊരുത്തപ്പെടുന്ന നിലയിൽ വ്യാഖ്യാനിച്ചാൽ ഈ വേദഭാഗങ്ങൾ ശരിയായ ആശയം നൽകും. വ്യക്തമായിപ്പറഞ്ഞാൽ, വേദഭാഗങ്ങൾ തമ്മിൽ ആശയപ്പൊരുത്തമുണ്ടാക്കുന്ന വ്യാഖ്യാനമാണ് ശരിയായ വ്യാഖ്യാനം. അല്ലാതെ വേദഭാഗങ്ങൾ തമ്മിൽ പരസ്പര വിരുദ്ധമാക്കുന്ന വ്യാഖ്യാനമല്ല. രക്ഷയ്ക്ക് വിശ്വാസം മാത്രമാണ് വ്യവസ്ഥയെന്നു വ്യക്തമാക്കുന്ന 150 - ൽ അധികം വേദഭാഗങ്ങൾ ഉള്ളപ്പോൾ, സ്നാനത്തെ രക്ഷയ്ക്കാവശ്യമായ ഒന്നായിട്ട് കാണുവാൻ കഴിയുന്നതല്ല. (ദൈവത്തോടുള്ള അനുസരണം പൂർണ്ണമാകുന്നതിനു സ്നാനം ആവശ്യമാണ്).

രക്ഷ, സ്നാനം എന്നീ വിഷയങ്ങളിൽ യേശുവിന്റെയും പൗലോസിന്റെയും ഉദാഹരണങ്ങൾ ഉപയോഗിക്കുക

സാധാരണമാണ് (യോഹ. 4:2; 1 കൊരി. 1:17). ഒരു വലിയ അളവോളം ഇവർ വ്യക്തിപരമായി മറ്റുള്ളവരെ സ്നാനപ്പെടുത്തിയില്ല. പൗലോസ് പറയുന്നു "സ്നാനം കഴിപ്പാനല്ല സുവിശേഷം അറിയിപ്പാനത്രെ (ഗ്രീക്ക് വാക്കിന്റെ അർത്ഥം സുവിശേഷീകരിക്കുക) ക്രിസ്തു എന്നെ അയച്ചത് " (1 കൊരി. 1:17). സ്നാനം കൂടാതെ രക്ഷ നേടിയതിന്റെ ഉദാഹരണമാണ് ക്രൂശിലെ കള്ളൻ (ലൂക്കോ. 23: 45). കൊർന്നല്യോസ് സ്നാനപ്പെടുന്നതിനു മുമ്പ് തന്നെ രക്ഷിക്കപ്പെട്ടിരുന്നു (അപ്പോ. 10:47). [46] ഈ കാര്യങ്ങളെല്ലാം നീതിപൂർണ്ണമാണ്. എന്നിരുന്നാലും സ്നാനത്തിലൂടെ വീണ്ടും ജനനം എന്നത് ദൈവവചനത്തെ പരസ്പരവിരുദ്ധമാക്കുന്നു എന്ന സത്യത്തിനെക്കാൾ അവ താഴ്ന്നതാണ്. രക്ഷ വിശ്വാസത്താൽ മാത്രമാണെങ്കിൽ, അതിനോട് ഒന്നും ചേർക്കുവാൻ കഴിയില്ല. പ്രശ്നമുണ്ടെന്നു തോന്നുന്ന വേദഭാഗങ്ങൾ, രക്ഷിക്കപ്പെടുവാൻ വിശ്വാസം എന്ന ഏകവ്യവസ്ഥയോടു പൊരുത്തപ്പെടുന്ന നിലയിൽ പരിഭാഷപ്പെടുത്തിയാൽ അപ്പോൾ അത് ശരിയായ വ്യാഖ്യാനമായിരിക്കും. തുടർന്നുള്ള ഭാഗത്ത് രക്ഷയ്ക്ക് സ്നാനം വേണമെന്ന് പറയുന്നതിനു സാധാരണയായി ഉപയോഗിച്ചിരിക്കുന്ന വേദഭാഗങ്ങൾ തന്നെ രക്ഷയ്ക്ക് വിശ്വാസം മാത്രം മതിയെന്ന വ്യവസ്ഥയോടു പൊരുത്തപ്പെടുന്നതായി കാണാം.

1. മർക്കോസ് 16:15-16

> പിന്നെ അവൻ അവരോട്: "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും."

ഈ വേദഭാഗം ആദ്യത്തെ യഥാർത്ഥ പുതിയനിയമത്തിന്റെ ഭാഗമല്ലാതിരിക്കുവാനുള്ള ഒരു സാധ്യതയുണ്ട്. അത്യാധുനിക പരിഭാഷകരും വ്യാഖ്യാനങ്ങളും മർക്കോ 16:9 മുതലുള്ള വേദഭാഗങ്ങൾ ഏറ്റവും പഴക്കമുള്ള കൈയ്യെഴുത്തു പ്രതികളിൽ കാണുന്നില്ലെന്നാണ് പറയുന്നത്.

എന്നിരുന്നാലും, ഈ പ്രസ്താവനകൾ ശരിയാണെങ്കിൽ ഇവയെ വിശ്വാസം മാത്രം എന്ന വ്യവസ്ഥയ്ക്ക് അനുയോജ്യമായ നിലയിൽ വ്യാഖ്യാനിക്കണം. വാക്യം 16-ൽ വിശ്വസിക്കാതിരിക്കുന്നതാണ് (സ്നാനപ്പെടാതിരിക്കുന്നതല്ല) ശിക്ഷാവിധിക്കു കാരണമാകുന്നത്. അപ്പോൾ വിശ്വാസമാണ് രക്ഷയ്ക്ക് അടിസ്ഥാനം. വാക്യം 16 ആദ്യ ഭാഗത്ത് പറയുന്നതുപോലെ വിശ്വാസവും സ്നാനവും ദൈവം ആവശ്യപ്പെടുന് പ്രതികരണങ്ങളാണ് എന്നത് സത്യമാണ്. രക്ഷയും സ്നാനവും ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങളാണ്. രക്ഷിക്കപ്പെടുന്നവരോടുള്ള ബന്ധത്തിൽ ഇവ രണ്ടും ശരിയാണ് ഈ രണ്ടു ഘടകങ്ങളിലും രക്ഷയ്ക്ക് ആവശ്യമായ ഏക ഘടകം വിശ്വാസം മാത്രമാണ്. മർക്കോ. 16:16. ഈ നിലയിൽ വ്യാഖ്യാനിച്ചില്ലെങ്കിൽ, ദൈവവചനത്തിലെ വളരെ വ്യക്തമായ അനേകം വേദഭാഗങ്ങൾക്ക് വിരുദ്ധമായിത്തീരും

2. യോഹന്നാൻ 3:5

> അതിനു യേശു: "ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല."

രക്ഷയ്ക്ക് വിശ്വാസം മാത്രം മതി എന്ന വ്യാഖ്യാനത്തോടു പൊരുത്തപ്പെടുന്നവിധത്തിൽ യോഹന്നാൻ 3:5 പല നിലയിൽ വ്യാഖ്യാനിക്കുവാൻ കഴിയും. ഈ പഠനത്തോടുള്ള ബന്ധത്തിൽ ഇതിൽ ഏതാണ് ഏറ്റവും നല്ലതെന്നതിനു വലിയ പ്രധാന്യമില്ല. സ്നാനത്തിലൂടെയുള്ള രക്ഷ എന്ന ഉപദേശത്തിനു വിപരീതമായി ഏതു നിലയിലെടുത്താലും ഫലം ഒന്നു തന്നെയാണ്. അതായത്, സ്നാനം മൂലം വീണ്ടും ജനനം സംഭവിക്കുമെന്ന് യാതൊരു തെളിവുമില്ല. ചിലർ വെള്ളം ഭൗതിക ജനനമായി കാണുന്നു (അതായത് ശിശുവിനെ വെള്ളം പൊതിഞ്ഞിരിക്കുന്നു). വാക്യം 6-ൽ ഭൗതികജനനവും ആത്മിക ജനനവും തമ്മിലുള്ള വ്യത്യാസം കാണാം. വ്യാകരണപരമായ മറ്റൊരു സാധ്യത ഇവിടെ പറഞ്ഞിരിക്കുന്നതിനെ 'ഹെൻഡിയാഡിസ്' (Hendiadys) എന്നു കാണുകയാണ്. ഇതിന്റെ അർത്ഥമായി പരിഭാഷപ്പെടുത്തുവാൻ കഴിയുന്നത് "ഒരുവൻ വെള്ളം, അഥവാ പരിശുദ്ധാത്മാവിനാൽ ജനിച്ചില്ലായെങ്കിൽ" എന്നാണ്. അപ്പോൾ വെള്ളം പരിശുദ്ധാത്മാവിന്റെ ഒരു പ്രതീകമായി കാണുകയാണ്. പരിശുദ്ധാത്മാവിനെ വെള്ളത്തോടു ചേർത്തു പറഞ്ഞിരിക്കുന്ന കീഴ്വഴക്കം നമുക്ക് (യെഹസ്കേൽ 36:25-27; യെശ. 44:3; യോഹ. 7:38-39 തുടങ്ങിയ വേദഭാഗങ്ങളിൽ കാണാം. മൂന്നാമത്തെ വ്യാഖ്യാനം, വെള്ളം ദൈവവചനത്തിന്റെ പ്രതീകമെന്നാണ്. പുതുജനനം സംഭവിക്കുന്നത് പരിശുദ്ധാത്മാവ് ദൈവവചനത്താൽ പ്രവർത്തിക്കുമ്പോഴാണ്(യാക്കോബ് 1:18; 1 പത്രോ. 1:23). ദൈവവചനത്തെ വെള്ളത്തോടു ചേർത്തു പറഞ്ഞിരിക്കുന്ന മറ്റു വേദഭാഗങ്ങൾ (യോഹ. 15:3; എഫെ. 5:26).

അവസാനമായി ഇവിടെപ്പറഞ്ഞിരിക്കുന്ന വെള്ളം യോഹന്നാന്റെ സ്നാനത്തോടു ചേർത്ത് പറഞ്ഞാലും അത് സ്നാനത്തിലൂടെയുള്ള വീണ്ടും ജനനമല്ലെന്നു വായി

[46] ക്രിസ്തീയ സ്നാനം ആരംഭിക്കുന്നതിനു മുമ്പ് തന്നെ ക്രൂശിലെ കള്ളൻ മരിച്ചു കഴിഞ്ഞു. സ്നാപകൻ യോഹന്നാൻ സ്നാനപ്പെടുവാൻ കല്പിച്ച സമയത്ത് അവൻ ജീവിച്ചിരുന്നു. അതുകൊണ്ട് അവന്റെ ഉദാഹരണം ഒരാൾ സ്നാനപ്പെടാതെ രക്ഷിക്കപ്പെടുവാൻ കഴിയുമെന്നതിന്റെ നല്ല മാതൃക കാട്ടിത്തരുന്നു.

ക്കുവാൻ കഴിയും. ക്രിസ്തുവിന്റെ സ്നാനത്തിൽ നിന്നു വിഭിന്നമാണ് യോഹന്നാന്റെ സ്നാനം. ഇത് ഇന്ന് ആരും അനുവർത്തിക്കുന്നില്ല.[47] യോഹന്നാൻ 3-ൽ നിക്കോദിമോസ് പറയുന്ന സമയത്ത് യേശുവും യോഹന്നാനും സ്നാനപ്പെടുവാൻ ആളുകളോട് ആഹ്വാനം ചെയ്യുന്നത് നിക്കോദേമോസ് നിരീക്ഷിച്ചിരിക്കാം. ഒരു പക്ഷേ യോഹ. 3:5; സ്നാനം മാത്രം പോരാ എന്നു ക്രിസ്തു പഠിപ്പിക്കുന്ന രീതിയായിരിക്കാം. ഈ വാക്യത്തെ മറ്റൊരു നിലയിൽ വിശദീകരിച്ചാൽ "എന്റെ അനുഗാമികൾ സ്നാനപ്പെടണമെന്നു ഞാൻ ആവശ്യപ്പെടുന്നത് ശരിയാണെങ്കിലും നിക്കോദിമോസേ, അവർ അതു മാത്രമെ ചെയ്തിട്ടുള്ളെങ്കിൽ, അവർ ദൈവരാജ്യത്തിൽ കടക്കുകയില്ല. യോഹന്നാന്റെ സ്നാനം ഞാൻ അവശ്യപ്പെടുന്നുവെങ്കിലും ദൈവത്തിന്റെ രാജ്യത്തിൽ കടക്കുവാനുള്ള യോഗ്യത ആത്മാവിനാൽ ജനിക്കുകയാണ്." ഈ വ്യാഖ്യാനം ശരിയാണെങ്കിൽ യോഹന്നാന്റെ സ്നാനം ശരിയാണെന്നു ക്രിസ്തു പഠിപ്പിക്കുമ്പോഴും ആത്മാവിനാലുള്ള പുതുജനനമാണ് രക്ഷ നല്കുന്നത്. അനുഷ്ഠാനങ്ങൾ (അത് ആവശ്യമാണെങ്കിലും) ഒന്നുകൊണ്ടു മാത്രം രക്ഷനേടുവാൻ കഴിയുമെന്ന് നിക്കോദിമോസ് ചിന്തിക്കരുത്. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പുതുജീവൻ നൽകുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാണ് രക്ഷ (യോഹ. 3:16). അതിന്റെ പശ്ചാത്തലത്തിൽ കാണുക). അതുകൊണ്ട് യോഹ. 3:5 പഠിപ്പിക്കുന്നത് സ്നാനമാണെന്നു വേണമെങ്കിൽ, ആ വേദഭാഗത്തെ സ്നാനത്തിലൂടെയുള്ള പുതുജനനം എന്നു ഉപദേശമാക്കാതെ വ്യാഖ്യാനിക്കാം. സത്യത്തിൽ യേശു ക്രിസ്തു വിപരീതമായ കാര്യമാണ് പറയുന്നത്. യോഹന്നാന്റെ സ്നാനം അവൻ അംഗീകരിക്കുന്നുണ്ടെങ്കിലും സ്നാനജലം ആരെയും രക്ഷിക്കുകയില്ലെന്നു അറിയുവാൻ യേശു ആഗ്രഹിക്കുന്നു. വിശ്വാസത്തിലൂടെ ലഭിക്കുന്ന ആത്മീയ ജീവനാണ് രക്ഷയ്ക്കു നിദാനം.

വിവരണം നടത്തുന്നതിലൂടെ പ്രധാന സത്യം നഷ്ടപ്പെടരുത്. രക്ഷയ്ക്ക് സ്നാനം ആവശ്യമാണെന്നു പഠിപ്പിക്കാൻ വേണ്ടി യോഹന്നാൻ 3:5 വ്യാഖ്യാനിക്കരുത് വിശ്വാസത്താൽ മാത്രമാണ് രക്ഷ എന്നുള്ള ഉപദേശത്തോടു പൊരുത്തപ്പെടുന്നതാണ് യോഹന്നാൻ 3: 5 ന്റെ ഏതു ശരിയായ വ്യാഖ്യാനവും.

[47] മശിഹയുടെ ഭൂമിയിലെ ശുശ്രൂഷയും രാജത്വവും അംഗീകരിപ്പാൻ ജനങ്ങളെ ഒരുക്കുവാനാണ് യോഹന്നാൻ സ്നാനം നടത്തിയത്. ഒരു രാജ്യമെന്ന നിലയിൽ, ഇസ്രയേൽ യേശുവിന്റെ ആദ്യവരവിൽ അവന്റെ ലോകഭരണം നിരാകരിച്ചു. അതോടെ യോഹന്നാന്റെ സ്നാനത്തിലൂടെയുള്ള ഒരുക്കൽ അവസാനിച്ചു. ക്രിസ്തീയ സ്നാനം യോഹന്നാനിൽ നിന്നു വിഭിന്നമായ യേശുവിന്റെ മരണം, അടക്കം, പുനരുത്ഥാനം ഇവയുടെ ഏകീഭാവാണ്.

3. അപ്പോ. പ്രവൃ. 2:38

> പത്രൊസ് അവരോട്: "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെനാമത്തിൽ സ്നാനം ഏല്പിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും."

രക്ഷയ്ക്ക് സ്നാനം ഒരു വ്യവസ്ഥയാണെന്നു വിശ്വസിക്കുന്നവരുടെ പ്രിയപ്പെട്ട വാക്യമാണിത്. വിശ്വാസം മാത്രം (*sola fide*)എന്ന ഉപദേശത്തോടു അനുയോജ്യമായ വിധത്തിലും ഇത് വ്യാഖ്യാനിക്കാവുന്നതാണ്. "*ആയി (വേണ്ടി)*" എന്നതിന് അനവധി അർത്ഥങ്ങളുണ്ട്. ഒരു അർത്ഥം "അതുകൊണ്ട്" എന്നാണ്. കട മോഷണം നടത്തിയതിനാൽ പോലീസ് അവനെ പിടികൂടി. 'അതിനാൽ' എന്ന ആശയത്തിന് 'അതുകൊണ്ട്' എന്ന അർത്ഥമുണ്ട്. കട മോഷണം നടത്തിയതുകൊണ്ട് പോലീസ് അവനെ പിടികൂടി. അപ്പോ. പ്രവൃ. 2:28-ൽ ഉപയോഗിച്ചിരിക്കുന്ന *eis* എന്ന വാക്കാണ് "ആയി" ("വേണ്ടി" for) എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ഇതിനു വളരെയധികം അർത്ഥങ്ങളുണ്ട്. "വേണ്ടി" "ആയി" (for) എന്ന വാക്കിന് "അതുകൊണ്ട്" എന്ന് അർത്ഥമുള്ളതുപോലെ *eis* എന്ന വാക്കും "അതുകൊണ്ട്" എന്ന് പരിഭാഷപ്പെടുത്താവുന്നതാണ്. മത്താ. 12:41-ൽ നിനവെയിലെ ജനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. "അവർ യോനയുടെ പ്രസംഗം കേട്ടു (*eis*) **മാനസാന്തരപ്പെട്ടുവല്ലോ** ലൂക്കോ 11:32 ഇതെ പ്രയോഗം കാണാം. മത്താ. 3:11 ലും *eis* എന്ന പ്രയോഗത്തെ അതുകൊണ്ട് എന്നു പരിഭാഷപ്പെടുത്താം. "ഞാൻ നിങ്ങളെ മാനസാന്തരത്തിനായി (*eis*) വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളു." യോഹന്നാന്റെ പ്രസ്താവന ശരിയായിട്ടു മനസ്സിലാക്കുന്നത് ഇപ്രകാരമാണ്. ഞാൻ നിങ്ങളെ **മാനസാന്തരപ്പെട്ടതുകൊണ്ട് വെള്ളത്തിൽ സ്നാം ഏല്പിക്കുന്നതേയുള്ളൂ** (റോമ. 4:20; 11:32; തീത്തോ. 3:14 ലും കാണുക ഇവിടെയെല്ലാം *eis* എന്ന വാക്കിന്റെ സാധാരണ ഉപയോഗങ്ങൾ കാണാം). മറ്റുള്ള വേദഭാഗങ്ങളുമായി യോജിച്ചു പോകുവാൻ തക്കവണ്ണം അപ്പോ. പ്രവൃ. 2:38 നെ വ്യാഖ്യാനിക്കുമ്പോൾ അവിടെ "ആയി" (മോചനത്തിനായി *for*) എന്നതിന് അതുകൊണ്ട് എന്ന അർത്ഥം കൊടുക്കണം. പത്രൊസ് പറയുന്നു. നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങൾ മോചിച്ചതുകൊണ്ട് **ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ."** അവർ പാപക്ഷമ ലഭിപ്പാൻ സ്നാനപ്പെടണമെന്നു പറയുന്നതിനെക്കാൾ, മാനസാന്തരത്തിലൂടെ പാപക്ഷമ ലഭിച്ചതുകൊണ്ട് അവർ സ്നാനപ്പെടണമെന്നാണ് പറയുന്നത്.

അപ്പോ. പ്രവൃ. 2:38 നോടുള്ള ബന്ധത്തിൽ വ്യാഖ്യാതാക്കൾക്ക് തിരഞ്ഞെടുപ്പിനുള്ള അവകാശമുണ്ട്. മറ്റുള്ള

വേദഭാഗങ്ങൾക്ക് വിപരീതമായും അവയിൽ നിന്ന് വേർതിരിച്ചും വ്യാഖ്യാനിക്കാം. അല്ലെങ്കിൽ നീതിപൂർവ്വമായ (താരതമ്യേന വളരെ കുറവ്) നിലയിൽ "വേണ്ടി" എന്ന വാക്കിനു അർത്ഥം നൽകാം. വിശ്വാസത്താൽ മാത്രം എന്ന പ്രമാണവുമായി യോജിക്കുന്ന തരത്തിലുള്ള രണ്ടാമത്തെ വ്യാഖ്യാനമാണ് ഉത്തമം.[48] എന്നാൽ വേണ്ടി (eis for) എന്ന പ്രയോഗലക്ഷ്യത്തെയും ഫലത്തെയുമാണ് ചൂണ്ടിക്കാണിക്കുന്നതെന്ന് ഒരാൾ നിർദ്ദേശിച്ചാൽ അപ്പോഴും ഈ വാക്യത്തെ വിശ്വാസത്താൽ മാത്രം രക്ഷ എന്ന നിലയിൽ വ്യാഖ്യാനിക്കുവാൻ കഴിയും "പാപമോചനത്തിനു മാനസാന്തരം" ആവശ്യമാണെന്നു ഒരാൾ മനസ്സിലാക്കണം. അപ്പോ. പ്രവൃ. 2 -ന്റെ പശ്ചാത്തലത്തിൽ മാനസാന്തരം എന്നുള്ളത് യേശുവിനെ തെറ്റായി മശിഹെയായിക്കണ്ടുകൊണ്ട് കൊന്ന തെറ്റിനെ ഓർത്ത് പശ്ചാത്തപിക്കണം. എന്നിട്ട് അവനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കണം (അപ്പോ. പ്രവ. 2:23, 26 കാണുക). അങ്ങനെയുള്ള മാനസാന്തരം സ്നാനത്തിനുള്ള യോഗ്യതയാണ്. മാത്രമല്ല അത് രക്ഷ നൽകുന്നതുമാണ്. ഇവിടെ ഉത്തരം നൽകപ്പെട്ട കൃത്യമായ ചോദ്യം ശ്രദ്ധിക്കുക "ഞങ്ങൾ എന്തു ചെയ്യേണ്ടു" ഇവടെ വെറുതെ "ഞങ്ങൾ രക്ഷ പ്രാപിക്കുവാൻ എന്തു ചെയ്യേണ്ടു" എന്നു ചോദിക്കുകയായിരുന്നില്ല. ക്രിസ്തുവിന്റെ കൊലപാതകത്തിൽ പങ്കുള്ളവരുടെ മാനസാന്തരവും സ്നാനവും ദൈവത്തിനു പ്രസാദകരമാണെന്നു പത്രോസിന്റെ ഉത്തരത്തിൽ നിന്നു മനസ്സിലാക്കാം. രക്ഷയ്ക്കുള്ള ലളിതമായ വ്യവസ്ഥ സ്വീകരിക്കുക എന്ന ആശയത്തെക്കാൾ അധികം പത്രോസിന്റെ ഉത്തരത്തിലടങ്ങിയിരിക്കുന്നതായി മനസ്സിലാക്കാം. യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെക്കുറിച്ചും വേലയെക്കുറിച്ചും അവരുടെ മനസിനു മാറ്റം വരണമെന്നും അവർ സ്നാനപ്പെടണമെന്നും ശ്രദ്ധിക്കുന്നവരെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നു. eis" എന്നത് അർത്ഥമാക്കുന്നത് ലക്ഷ്യത്തെയോ ഫലത്തെയോ ആണെങ്കിൽ അപ്പോ. പ്രവ. 2:38-ൽ കാണുന്ന മാനസാന്തരം (സ്നാനത്തിനുള്ള) രക്ഷിക്കുന്ന ഘടകമായിക്കാണണം. അല്ലെങ്കിൽ രക്ഷയ്ക്കു വിശ്വാസം മാത്രം മതി എന്നു പഠിപ്പിക്കുന്ന 100 കണക്കിന് വാക്യങ്ങൾക്ക് വിരുദ്ധമായി അപ്പോ. പ്രവൃ. 2:38 വരും. ഇവയിൽ അധികം സ്ഥലത്തും സ്നാനത്തെക്കുറിച്ച് പറഞ്ഞിട്ടുപോലുമില്ല.

[48] സ്നാനത്തിലൂടെയുള്ള വീണ്ടും ജനനം പഠിപ്പിക്കാത്ത വേറെയും വിശദീകരണങ്ങൾ അപ്പോ. പ്രവ. 2:38 കുറിച്ചുണ്ട്. വിശ്വാസത്തിന്റെ ഒരു പ്രതീകമാണ് സ്നാനം ആയതിനാൽ, പീഡനം നിറഞ്ഞ പുതിയനിയമവ്യവസ്ഥകളിൽ പോലും ഒരു അവിശ്വാസിയെ സ്നാനപ്പെടുത്തുകയോ ഒരു വിശ്വാസി സ്നാനപ്പെടാതിരിക്കുകയോ ചെയ്തിട്ടില്ല(ഇതിനു സമാന്തരമായ യുക്തി അടിക്കുറിപ്പ് 49-ൽ കാണാം. പ്രത്യേകിച്ച് തടിച്ച അക്ഷരത്തിൽ എഴുതിയിരിക്കുന്ന ഭാഗങ്ങൾ. അല്ലെങ്കിൽ യോഹന്നാൻ 3:5 നെക്കുറിച്ച് മുമ്പു പറഞ്ഞിരിക്കുന്ന വിശദീകരണങ്ങളിലും കാണാം).

4. റോമർ 6:3-4

> അല്ല യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

ഒരാൾക്ക് ആത്മ സ്നാനത്തെക്കുറിച്ച് അറിയില്ലെങ്കിൽ ഈ വേദഭാഗത്തെക്കുറിച്ച് ആശയക്കുഴപ്പം ഉണ്ടാകും. ജലസ്നാനത്തിനു വിപരീതമായി ക്രിസ്തു ആത്മാവിനാൽ സ്നാനം കഴിപ്പിക്കുമെന്നു യോഹന്നാൻ സ്നാനപകൻ പ്രവചിച്ചു (മത്താ. 3:11; മർക്കോ. 1:8; ലൂക്കോ. 3:16; യോഹ. 1:33). അപ്പോ. പ്രവൃത്തിയുടെ ആരംഭത്തിൽ ക്രിസ്തു തന്റെ ശിഷ്യന്മാരോടു ആത്മസ്നാനത്തിനു കാത്തിരിക്കുവാൻ പറയുന്നു (അപ്പോ. പ്രവ. 1:5). അപ്പോ. പ്രവൃ. 11:15-16 - ൽ കാണുന്ന അപ്പോസ്തലനായ പത്രോസിന്റെ പ്രസ്താവനയിൽ നിന്ന് ആത്മസ്നാനം പെന്തിക്കോസ്തിൽ നടന്നതായി കാണാം (അപ്പോ. പ്രവൃ. 2). ആത്മസ്നാനത്തിലൂടെ ഒരാൾ ക്രിസ്തുവിനോടു ചേരുന്നതായി പൗലോസ് വിശദീകരിക്കുന്നു (1 കൊരി. 12:13). "എല്ലാവരും" എന്ന പ്രയോഗത്തിലൂടെയും ക്രിസ്തുവിനോടു ചേരുമ്പോൾ ആത്മസ്നാനം നടക്കുന്നതിലൂടെയും രക്ഷിക്കപ്പെടുമ്പോൾ വിശ്വാസി ആത്മാവിനാൽ സ്നാനപ്പെടുന്നു എന്നു വ്യക്തമാണ്. അതായത്, ക്രിസ്തുവിനെ രക്ഷിതാവായി **വിശ്വസിക്കുമ്പോൾ** ആത്മസ്നാനത്താൽ ക്രിസ്തുവിനോടുകൂടെ ചേരുകയും ക്രിസ്തുവിന്റെ ക്രൂശു മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും എല്ലാ പ്രയോജനങ്ങളും അനുഭവിക്കുകയും ചെയ്യുന്നു. "ക്രിസ്തുവിൽ" ആയിരിക്കുന്ന എല്ലാ വിശ്വാസികളുമായി ഒരു ബന്ധം ഉണ്ടാകുകയും ചെയ്യുന്നു. എഫെ. 4:5 - പൗലോസ് "സ്നാനം ഒന്ന്" എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് ആത്മസ്നാനം ആയിരിക്കാം. കാരണം "ജലസ്നാനം" എന്ന പ്രതീകത്തിനു വിപരീതമമായി ഇത് ഒരാളെ ക്രിസ്ത്യാനിയാക്കുന്നു. ജലസ്നാനത്തെക്കാൾ കൂടുതൽ പ്രാധാന്യം ആത്മസ്നാനത്തിനു ദൈവവചനം നൽകുന്നു എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ആത്മസ്നാനം സംഭവിക്കുന്നത് (അദ്ധ്യായം 10 കാണുക). ജലസ്നാനത്തെക്കാൾ അധികം വസ്തുതകൾ ആത്മസ്നാനത്തോടുള്ള ബന്ധത്തിൽ ദൈവവചനത്തിൽ കാണാം. അതുപോലെ ആത്മസ്നാനത്തിനു ജലസ്നാനത്തെക്കാൾ കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നു. ജലസ്നാനം പ്രതീകമായിരിക്കുന്ന യാഥാർത്ഥ്യമാണ് ആത്മസ്നാനം.

റോമ. 6:3-4 വേദഭാഗം പല നിലയിൽ വ്യാഖ്യാനിക്കാം. ആദ്യമായി രക്ഷയ്ക്ക് സ്നാനം ആവശ്യമാണെന്ന നിലയിൽ വ്യാഖ്യാനിക്കാൻ ഒരാൾക്ക് കഴിയും. ഈ വ്യാഖ്യാനം ദൈവവചനങ്ങൾ പരസ്പര വിരുദ്ധമാക്കുന്നു. ഇത് ആത്മസ്നാനത്തെ ചൂണ്ടിക്കാണിക്കുന്നു എന്നുള്ളതാണ് രണ്ടാമത്തെ മാർഗ്ഗം. ക്രിസ്തുവിനെ രക്ഷിതാവായി വിശ്വസിക്കുമ്പോൾ, വിശ്വസിക്കുന്ന വ്യക്തിയെ കർത്താവിന്റെ മരണം ഉയർത്തെഴുന്നേല്പ്പ് ഇവയുടെ പ്രയോജനങ്ങൾക്ക് ആത്മസ്നാനം പങ്കാളിയാക്കുന്നു. ഇത് ദൈവവചനഭാഗങ്ങളെ തമ്മിൽ യോജിപ്പിക്കുന്നു എന്നു മാത്രമല്ല ആത്മസ്നാനത്തോടും ബന്ധിപ്പിക്കുന്നു. 1 കൊരി. 12:13-ൽ പൗലോസ് ആത്മസ്നാനത്തിലൂടെ വിശ്വാസി ക്രിസ്തുവുമായി ഒന്നായിത്തീരുന്നു എന്നു പഠിപ്പിക്കുന്നു. ഒരു പക്ഷേ റോമ. 6:3-4 വേദഭാഗം വിശ്വാസിയെ ക്രിസ്തുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടും ചേർക്കുന്ന തരത്തിലുള്ള സ്നാനത്തെക്കുറിച്ചായിരിക്കാം പഠിപ്പിക്കുന്നത്. റോമ. 6:3-4 ജലസ്നാനത്തെക്കാൾ ആത്മസ്നാനത്തോടായിരിക്കും ബന്ധപ്പെട്ടിരിക്കുന്നത്. [49]

5. കൊലൊ. 2:11-12

> അവനിൽ നിങ്ങൾ ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ തന്നെ കൈക്കൊണ്ടല്ലാതെ പരിച്ഛേദനയും ലഭിച്ചു. സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പ്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.

ശിശുസ്നാനം മൂലം വീണ്ടെടുപ്പുണ്ടെന്നു വിശ്വസിക്കുന്നവർ ഉപയോഗിക്കുന്ന ഒരു വേദഭാഗമാണ്. സഭാ സംവിധാനത്തിന്റെ പൂർണ്ണമായ പുതുമ വിവേചിച്ചറിയുന്നതിൽ പരാജയപ്പെട്ട അവർ പഴയ നിയമത്തിലെ പരിച്ഛേദനയ്ക്കു പകരമാണ് ശിശുസ്നാനമെന്നു വിശ്വസിക്കുന്നു. ശിശുസ്നാനം വചനവിരുദ്ധമായതുകൊണ്ട് പരിച്ഛേദനയ്ക്കു പകരമായി ദൈവം നൽകിയതാണ് ശിശു സ്നാനമെന്നു വിശ്വസിക്കുന്നവർക്ക് നൽകാനുള്ള ഏക "തെളിവാണ്". കൊലൊ. 2:11-12 - ൽ വരുമ്പോൾ, പരിച്ഛേദന എന്നുള്ളിടത്ത് ജലസ്നാനം എന്നു ചിന്തിക്കുവാൻ കാരണമായ ഒരു ഗൂഢമായ സ്ഥാനമുണ്ട്.

എന്നാൽ ആത്മസ്നാനത്തെക്കുറിച്ച് പറയുന്നതുപോലെതന്നെ ദൈവവചനം ആത്മിക പരിച്ഛേദനയെക്കുറിച്ചും പറഞ്ഞിരിക്കുന്നു (കാണുക ആവ. 10:16; 30:6; യിരെ. 4:4; 9:25-26; യെഹ. 44:7-9; റോമ. 2:26-29, ഫിലി. 3:3). വിശ്വാസിയുടെ ജീവിതത്തിലുള്ള ജഡത്തിന്റെ നിയന്ത്രണത്തെ നീക്കുന്നതിനെ കാണിക്കുവാൻ ഉപയോഗിക്കുന്ന ഒരു ആലങ്കാരികമായ പ്രയോഗമാണ് "ആത്മിക പരിച്ഛേദന." റോമ. 6:3-4 അനുസരിച്ച് ആത്മസ്നാനം മൂലം വിശ്വാസി ക്രിസ്തുവിന്റെ പുനരുത്ഥാനജീവനു പങ്കാളിയാകുന്നു. തുടർന്ന്, വിശ്വാസിയുടെ ജീവിതത്തെ ഒഴിച്ചുകൂടാനാവാതെ നിയന്ത്രിക്കുന്ന ജഡത്തിന്റെ നിയന്ത്രണത്തെ ഒഴിവാക്കുന്നതിനെക്കുറിച്ച് പറയുന്നു. മരണം അർത്ഥമാക്കുന്നത് വേർപാടിനെയാണ്. ആത്മസ്നാനത്തിലൂടെ നാം ക്രിസ്തുവിനോടുകൂടെ മരിച്ചു കഴിഞ്ഞിരിക്കുകയാണ്. എന്നാൽ "പാപജഡത്തിന്റെ" ഒഴിച്ചുകൂടാനാവാത്ത നിയന്ത്രണത്തിൽ നിന്നുള്ള വേർപാടും ആവശ്യമാണ് (റോമ. 6:6).

കൊലൊ. 2:11-ൽ പൗലോസ് ആത്മിക പരിച്ഛേദനയെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. അല്ലാതെ ആക്ഷരിക പരിച്ഛേദനയെപ്പറ്റിയല്ല. 'കൈകൊണ്ടല്ലാത്ത പരിച്ഛേദന' എന്നു പൗലോസ് പറയുമ്പോൾ, കാര്യം ഏറ്റവും വ്യക്തമാക്കുകയാണ്. കൂടുതലായി റോമർ

[49] റോമർ 6:3-4 - ൽ പറഞ്ഞിരിക്കുന്ന സ്നാനം ആത്മസ്നാനമാണെന്നു എഴുത്തുകാരൻ മുൻഗണന നൽകുമ്പോഴും പൗലോസ് അർത്ഥമാക്കുന്നത് ജലസ്നാനമാണെന്ന് ഒരാൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞാലും, രക്ഷയ്ക്ക് ജലസ്നാനം ആവശ്യമാണെന്ന് അനുമാനിക്കുവാൻ കഴിയില്ല. വിവാഹിതനായ വ്യക്തിക്കു വിവാഹമോതിരം പോലെയാണ് വിശ്വസിക്കുന്നവന് ജലസ്നാനം: അത് ഒരു ബന്ധത്തിന്റെ പ്രതീകമാണ്. വിവാഹം കഴിച്ചാലും വിവാഹമോതിരം അണിയാതിരിക്കുവാനുള്ള സാധ്യതയുണ്ട്. അതുപോലെ വിവാഹം കഴിച്ചില്ലെങ്കിലും മോതിരം അണിയുവാനും ഇടയുണ്ട് (രക്ഷിക്കപ്പെടാതെ സ്നാനപ്പെടാനും ഇടയുണ്ട്). എങ്ങനെയായാലും വിവാഹമോതിരങ്ങൾ പ്രായോഗികമായി വിവാഹത്തെ ചൂണ്ടിക്കാണിക്കുന്നു. വിശ്വാസമില്ലാതെ സ്നാനപ്പെട്ടവരെക്കുറിച്ചു അപ്പോസ്തലനായ പൗലോസിനു തന്റെ കാലഘട്ടത്തിൽ ചിന്തിക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല. ഒരാൾ ക്രിസ്ത്യാനിയായാൽ ഫലം പീഡനമായിരുന്നു. ശരിയായിട്ടു വിശ്വസിച്ചിരുന്നവർ മാത്രമെ സ്നാനം ആവശ്യപ്പെട്ടിരുന്നുള്ളൂ. അതുപോലെ ശരിയായിട്ട് വിശ്വാസത്തിൽ വന്നവർ സ്നാനം വേണ്ടെന്നു പറയുന്നതും പൗലോസിനു സങ്കല്പിക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല (ഇന്നും ഒരു വിശ്വാസി ജലസ്നാനം വേണ്ടെന്നു വെയ്ക്കുവാനുള്ള ന്യായമായ കാരണങ്ങൾ വളരെ ദുർല്ലഭമാണ്). പൗലോസിനെ സംബന്ധിച്ചിടത്തോളം സ്നാനപ്പെട്ട അവിശ്വാസിയോ സ്നാനപ്പെടാത്ത വിശ്വാസിയോ അസംഭവ്യമായിരുന്നു. അതുകൊണ്ട് ഒരു വിവാഹമോതിരത്തെക്കാൾ ഉറപ്പായ അടയാളമായിരുന്നു വിശ്വാസത്തോടുള്ള ബന്ധത്തിൽ സ്നാനം. റോമ. 6:3-4 ആത്മസ്നാനത്തോട് ബന്ധപ്പെട്ട വേദഭാഗമായി എടുക്കുന്നില്ലെങ്കിൽ പൗലോസ് മനസ്സിലാക്കിയതിന്റെ അർത്ഥം **പീഡനകാലഘട്ടങ്ങളിൽ പുതിയ നിയമ സഭയിൽ ആചരിച്ച സ്നാനശുശ്രൂഷകൾ വിശ്വാസത്തിന്റെ ഉറപ്പുള്ള തെളിവുകളായിരുന്നു.** സ്നാനം വെളിപ്പെടുത്തുന്ന വിശ്വാസമായിരുന്നു രക്ഷയ്ക്കു നിദാനം. റോമ. 6 അനുസരിച്ച് സ്നാനത്തിലൂടെ വെളിപ്പെടുന്ന വിശ്വാസം (സ്നാനത്താൽ വെളിപ്പെട്ട വിശ്വാസം) ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം എന്നിവയിലൂടെ ലഭിക്കുന്ന പ്രയോജനങ്ങൾക്കു പങ്കാളികളാകുവാൻ കാരണമാകുന്നു.

6-ലെയും കൊലൊസ്യർ 2-ലെയും പഠിപ്പിക്കലുകൾ സമാന്തരമാണെന്നു വ്യക്തമാണ്. വിശ്വാസികൾ ക്രിസ്തുവിനോടു ചേരുകയും അവനോടൊപ്പം മരിക്കയും ചെയ്തിരിക്കുന്നു. മരണത്തിന്റെ അർത്ഥം വേർപാടെന്നാണ്, എന്നാൽ അസ്തിത്വത്തിനു മാറ്റം വരുന്നില്ല. അതുകൊണ്ട് വിശ്വാസികൾ "ജഡശരീരത്തോടു" മരിച്ചിരിക്കുന്നു. ഇത് പാപം ഇല്ലാതായിത്തീരുന്നു എന്ന അർത്ഥത്തിലല്ല, പാപത്തിന്റെ വാഴ്ച ഇല്ലാതെയാക്കുകയാണ്. ഇതാണ് ആത്മിക പരിച്ഛേദന. അവസാനമായി, ക്രിസ്തുവിനോട് ചേരുന്നതും അതു നിമിത്തമുണ്ടാകുന്ന അനുഗ്രങ്ങളും അടിസ്ഥാനപ്പെട്ടിരിക്കുന്നത് ആത്മസ്നാനത്തിലാണ്, അല്ലാതെ ജലസ്നാനത്തിലല്ല എന്നു വ്യക്തമാണ്. കൊലൊ. 2 ഉം റോമർ 6 ഉം പഠിപ്പിക്കുന്നത് ഒന്നു തന്നെയാണ് (ഉപയോഗിച്ചിരിക്കുന്ന സങ്കേത ഭാഷ വ്യത്യാസപ്പെട്ടിരിക്കുന്നു). ആത്മസ്നാനത്താൽ ക്രിസ്തുവിനോടു ചേർന്നവർ പൗലോസ് പറയുന്നത് അനുസരിച്ച് കൊലൊസ്യർ 2 ഇപ്രകാരം ആത്മിക "പരിച്ഛേദന" യിലൂടെയും റോമർ 6 അനുസരിച്ച് പാപം "സംബന്ധിച്ച് മരിക്കയും"ആണ് ചെയ്തിരിക്കുന്നത്. ഈ രണ്ട് അലങ്കാരപ്രയോഗങ്ങളും പാപത്തിന്റെ നിയന്ത്രണത്തിൽ നിന്നുള്ള വിടുതലിനെയാണ് കാണിക്കുന്നത്.

കൊലൊ. 12:11-12 നു നൽകാവുന്ന ഏക വിശദീകരണം സ്നാനത്താൽ രക്ഷയുണ്ടെന്നു പഠിപ്പിക്കാനാണെങ്കിൽ, അത് ദൈവശാസ്ത്രപരമായ പക്ഷപാതമാണ്. ഒരു സംവിധാനം നിലനിർത്തണമെന്ന് ആഗ്രഹിക്കുന്നയാൾ അതിനു സഹായകരമായി വ്യാഖ്യാനിക്കുന്നു (ബാക്കിയുള്ള ദൈവവചനഭാഗങ്ങളെ അതിനു എതിരാക്കിയാലും). കൊലൊ. 2:11-12 വേദഭാഗത്തിന്റെ ഏറ്റവും മെച്ചപ്പെട്ട വ്യാഖ്യാനം ആത്മസ്നാനം പഠിപ്പിക്കുന്നു എന്നാണ്. **വിശ്വാസത്താൽ മാത്രം** രക്ഷ എന്നു പഠിപ്പിക്കുന്ന മറ്റു വേദഭാഗങ്ങളുമായി ഇത് ഏകീഭാവം ഉണ്ടാക്കുന്നു. റോമർ 6-മായി വളരെ വ്യക്തമായ ഒരു സമാന്തരമുണ്ട്. കൂടാതെ ശിശുസ്നാനത്തിനോ സ്നാനത്തിലൂടെയുള്ള വീണ്ടും ജനനത്തിനോ യാതൊരു അടിസ്ഥാനവുമില്ല. ആത്മസ്നാനം വിശ്വാസത്തോടു തൊട്ടുണ്ടാകുന്ന ഫലമാണ്. ഇതുമൂലം ക്രിസ്തുവിന്റെ മരണത്തോടും പുനരുത്ഥാന ജീവനോടും പങ്കാളിത്തം ഉണ്ടാകുന്നു. ആത്മിക പരിച്ഛേദനയും ഇത് നൽകുന്നു. അതായത് പാപത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ശക്തിയെ മുറിച്ചുകളയുന്നു. കൊലൊ . 2:12 നെ രക്ഷയ്ക്ക് സ്നാനം ആവശ്യമല്ല എന്ന ചിന്തയിൽ ജലസ്നാനത്തിനുള്ള വാക്യമായി എടുക്കുക എന്നതാണ് അംഗീകാരയോഗ്യമായ മറ്റൊരു മാർഗ്ഗം. വിശ്വാസത്തിന്റെ ഒരു അടയാളമായി പൗലോസ് ജലസ്നാനത്തെ കരുതുന്നു. സ്നാനത്താൽ വെളിപ്പെടുത്തപ്പെട്ട വിശ്വാസം ക്രിസ്തുവിന്റെ മരണ പുനരുത്ഥാനത്തിന്റെ പ്രയോജനങ്ങൾ അനുഭവിക്കുവാൻ അടിസ്ഥാനമാകുന്നു. സ്നാനത്താൽ വെളിപ്പെടുത്തപ്പെട്ട വിശ്വാസം ജീവിതത്തിന്മേലുള്ള മാലിന്യങ്ങളുടെ നിയന്ത്രണങ്ങളിൽ നിന്നുള്ള മോചനത്തിന്റെ അടിസ്ഥാനമാകുന്നു. അതായത് ആത്മിക പരിച്ഛേദന (റോമ. 6-ന്റെ സമാന്തരമായ വ്യാഖ്യാനം കാണുവാൻ അടിക്കുറിപ്പ് 49 കാണുക).

6. 1 പത്രൊസ് 3:21

> അതു സ്നാനത്തിന് ഒരു മുൻകുറി. സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രെ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു.

ഏകദേശമായ ഗ്രീക്ക് പദക്രമത്തിൽ ഈ വാക്യത്തിന്റെ ആക്ഷരിക പരിഭാഷ കാണിക്കുന്നത് ബുദ്ധിമുട്ടുള്ള സ്പഷ്ടമല്ലാത്ത ഒരു പ്രസ്താവനയായിട്ടാണ്. വ്യക്തവും ആവർത്തിക്കുന്നതുമായ വേദഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തിയാവണം ഉപദേശം സ്ഥാപിക്കുവാൻ. എന്നു തന്നെയല്ല, ബുദ്ധിമുട്ടുള്ള വേദഭാഗങ്ങളെ വ്യാഖ്യാനിക്കുവാൻ എളുപ്പമുള്ള പ്രസ്താവനകൾ സഹായിക്കും. 150 ലധികം വ്യക്തമായ വേദഭാഗങ്ങളെ 1 പത്രൊ. 3:21 നു തകിടം മറിക്കുവാൻ കഴിയുമെന്ന നിർബന്ധബുദ്ധി പിടിക്കുന്നത് ദുർവാശി മാത്രമാണ്.

ഒന്നാമതായി, പശ്ചാത്തലത്തിൽ നിന്നു ശ്രദ്ധിക്കുക. പത്രൊസ് നോഹയുടെ ജലപ്രളയത്തിലെ വെള്ളം ജല സ്നാനവുമായി താരതമ്യം ചെയ്യുകയാണ്. നോഹയെ ജലം രക്ഷിച്ചില്ല. എന്നാൽ പെട്ടകത്തിനു സാധിച്ചു. നോഹയെ പെട്ടകം രക്ഷിച്ചു. കൂടാതെ പ്രളയജലത്തിലൂടെ നോഹ കടന്നുപോയി. പ്രളയത്തിലെ ജലം പത്രോസിനെ ജലസ്നാനം ഓർമ്മപ്പെടുത്തുന്നു. ആദിമസഭയിൽ സ്നാനപ്പെടാത്ത വിശ്വാസി എന്നൊന്നുണ്ടായിരുന്നില്ല. ക്രിസ്തുവിലുള്ള വിശ്വാസത്തെ കൃത്യമായും ഒഴിച്ചുകൂടാതെയും സ്നാനം പിന്തുടർന്നിരുന്നു. പത്രോസിന്റെ താരതമ്യചിന്തനം ഏതാണ്ട് ഇതുപോലെ ആയിരിക്കാം. "നോഹ പെട്ടകത്തിലൂടെ രക്ഷപ്രാപിച്ചു വെള്ളത്തിലൂടെ കടന്നുപോയതുപോലെയും നിങ്ങളും യേശുക്രിസ്തുവിനാൽ രക്ഷപ്രാപിച്ച് വെള്ളത്തിലൂടെ കടന്നുപോയിരിക്കുന്നു". 1 പത്രൊ. 3:21 സ്നാനത്തിലൂടെയുള്ള വീണ്ടുംജനനത്തെ ചൂണ്ടിക്കാണിക്കാതെതന്നെ, പ്രളയജലത്തിലൂടെ നോഹ രക്ഷ പ്രാപിക്കുന്നതിനെയും വിശ്വാസികൾ സ്നാനജലത്തിലൂടെ രക്ഷനേടുന്നതിനെയും തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിയും.

അടുത്തതായി, സ്നാനം രക്ഷിക്കുമെന്നു പത്രൊസ് പറയുന്നന്നതായി ഒരിക്കലും വ്യാഖ്യാനിക്കുവാൻ പാടില്ലെന്നുള്ളതിന്നു പ്രാധാന്യം കൊടുക്കേണ്ടതാണ്. സ്നാനം രക്ഷിക്കുമെന്നു **ആലങ്കാരിക അർത്ഥത്തിൽ** പത്രൊസ് പറയുന്നതായിട്ട് എടുക്കുന്നത് നിയമാനുസരണമാണ്.

ഇടക്കു ചേർത്തിരിക്കുന്ന പദങ്ങളൊക്കെ മാറ്റിയാൽ ആലങ്കാരികമായ അർത്ഥത്തിൽ സ്നാനം രക്ഷിക്കുമെന്നു പറഞ്ഞിരിക്കുന്നത് ക്രിസ്തുവിന്റെ പുനരുത്ഥാനത്തോടു ചേർന്നിരിക്കുന്നു. ക്രിസ്തുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടും ചേരുന്നതിനെയാണ് സ്നാനം പ്രതിഫലിപ്പിക്കുന്നത്. വെള്ളത്തിൽ നിന്നു ഉയർന്നു വരുമ്പോൾ ക്രിസ്തുവിന്റെ പുതുജീവന്റെ പങ്കുകാരനായിത്തീർന്നു എന്നു പ്രതിഫലിപ്പിക്കുന്നു. ഈ ആലങ്കാരത്തിന്റെ പിന്നിലുള്ള യാഥാർത്ഥ്യം ആളുകളെ രക്ഷിക്കുന്നു. ആത്മസ്നാനത്തിൽ വിശ്വാസി ക്രിസ്തുവിന്റെ മരണത്തിന്റെ പ്രയോജനങ്ങൾ അനുഭവിക്കുകയും ക്രിസ്തുവിന്റെ പുനരുത്ഥാനജീവന്റെ പങ്കുകാരാകുകയും ചെയ്യുന്നു. ഈ ക്രിസ്തുവിന്റെ പുനരുത്ഥാന ജീവൻ അനുഭവിക്കുന്നതിനെ സ്നാനം രക്ഷിക്കുമെന്നു പത്രോസിനു പറയുവാൻ കഴിയും.

അവസാനമായി പത്രോസ് വാക്യത്തിന്റെ ഇടയിൽ നൽകിയിരിക്കുന്ന പദപ്രയോഗങ്ങൾ മൂലം സ്നാനം മൂലമുള്ള വീണ്ടും ജനനമാണ് ഇവിടെ അർത്ഥമാക്കുന്നതെന്ന് തന്റെ വായനക്കാർ തെറ്റിദ്ധരിക്കരുതെന്നും ആഗ്രഹിക്കുന്നു. സ്നാനം മൂലം രക്ഷിക്കപ്പെടാമെന്നു താൻ പറയുന്നതിന്റെ അർത്ഥത്തെ താൻ തന്നെ യോഗ്യമാക്കുന്നു. ശരീരത്തിന്റെ അഴുക്ക് കളയുന്ന ആക്ഷരികമായ കഴുകലല്ല രക്ഷയ്ക്ക് അടിസ്ഥാനം. പിന്നെയോ ഹൃദയ ശുദ്ധീകരണത്തിനായി ദൈവത്തോടുള്ള അപേക്ഷയാണ് രക്ഷയ്ക്ക് കാരണമാകുന്നതും, സ്നാനത്തിനുള്ള അർഹത നൽകുന്നതും. ജഡത്തിന്റെ ആചാരപരമായ ശുദ്ധീകരണം രക്ഷ നൽകുവാൻ പര്യാപ്തമല്ല. കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ പാപത്തിൽ നിന്നു ശുദ്ധീകരണം തരേണമെന്നുള്ള അപേക്ഷയാണ് രക്ഷയ്ക്കും സ്നാനത്തിനുമുള്ള ശരിയായ അടിസ്ഥാനം.

1 പത്രോ. 3:21-ൽ ജലസ്നാനം, വിശ്വാസത്താൽ ക്രിസ്തുവിന്റെ ജീവനു പങ്കാളിയായിത്തീരുന്നതിനെ ആലങ്കാരികമായി പ്രതിഫലിപ്പിക്കുന്നു. കൂടാതെ ജലസ്നാനത്തിലടങ്ങിയിരിക്കുന്ന രക്ഷയെക്കുറിച്ചുള്ള ഏകഘടകം ദൈവത്തോടുള്ള ശുദ്ധീകരണത്തിനായുള്ള (ക്രിസ്തുവിലുള്ള വിശ്വാസത്താൽ) അപേക്ഷയാണ്. ഇത് ഒരു വ്യക്തിയെ സ്നാനത്തിനു യോഗ്യനാക്കുന്നു. അതുകൊണ്ട്, 1 പത്രോ. 3:21 അനുസരിച്ച് വിശ്വാസത്താലുള്ള രക്ഷയെ തള്ളിപ്പറയുവാനോ, സ്നാനത്താലുള്ള വീണ്ടും ജനനത്തെ സ്ഥാപിക്കുവാനോ യാതൊരു അധികാരവുമില്ല.

7. യോഹന്നാന്റെ സ്നാനവും രക്ഷയും

യോഹന്നാന്റെ സ്നാനവും രക്ഷയും തമ്മിൽ അനേകം ദൈവവചനാദ്ധ്യാപകരും കൃത്യമായ വ്യത്യാസം വെയ്ക്കാറുണ്ട്. യോഹന്നാന്റെ സ്നാനം ഒരുക്കത്തിനുള്ളതും ഭാവിയെ നോക്കിയുള്ളതുമാണ്. രാജാവിനെ സ്വാഗതം ചെയ്യുവാൻ ജനങ്ങളെ ഒരുക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. ക്രിസ്തീയസ്നാനം ഭൂതകാലത്തെ ഓർപ്പിക്കുന്നു. ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം എന്നിവയോടു ഏകീഭവിക്കുന്നതിനെ ഇത് കാണിക്കുന്നു (റോമ. 6: 3-4 പ്രായോഗിക തലത്തിൽ). ക്രിസ്തു തന്റെ വലിയ കല്പന നൽകിയ സമയത്താണ് ക്രിസ്തീയ സ്നാനം സ്ഥാപിച്ചത് (മത്താ. 28:18-20). വ്യക്തമായി ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാരണം ഇവയെ പ്രതിഫലിക്കുന്ന ഒരു അനുഷ്ഠാനം ക്രൂശീകരണത്തിനും പുനരുത്ഥാരണത്തിനും മുമ്പ് സ്ഥാപിക്കുകയില്ല. അതുകൊണ്ട് ക്രിസ്തീയ സ്നാനത്തിൽ നിന്നു വിഭിന്നമാണ് യോഹന്നാന്റെ സ്നാനം.

രാജാവിനെ നിരസിച്ചതുകൊണ്ട് യോഹന്നാന്റെ സ്നാനം എങ്ങും അനുവർത്തിക്കുന്നില്ല. രക്ഷയ്ക്ക് സ്നാനം ആവശ്യമാണെന്നു പഠിപ്പിക്കുന്നവർപോലും യോഹന്നാൻ സ്നാപകനെപ്പറ്റിയുള്ള വേദഭാഗങ്ങൾ ഉപയോഗിക്കാറില്ല. അങ്ങനെയുള്ള വേദഭാഗങ്ങൾ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ കാരണമാകുന്നതുകൊണ്ട് ഈ ഭാഗത്ത് അവ പഠിപ്പിക്കുന്നു.

> "ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളം കൊണ്ടു സ്നാനം കഴിപ്പിക്കുന്നു...." (മത്താ. 3:11).
>
> "യോഹന്നാൻ വന്നു മരുഭൂമിയിൽ സ്നാനം കഴിപ്പിച്ചും പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം പ്രസംഗിച്ചുകൊണ്ടിരുന്നു (മർക്കോ. 1:4).
>
> അവൻ യോർദ്ദാനരികെയുള്ള നാട്ടിൽ ഒക്കെയും വന്നു പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം പ്രസംഗിച്ചു (ലൂക്കോ. 3:3).

"കർത്താവിന്റെ വഴി ഒരുക്കുവിൻ" എന്നുള്ള ആഹ്വാനം പഠിപ്പിക്കുന്നത് ഒരുക്കുകയെന്നതായിരുന്നു അടിസ്ഥാനപരമായി യോഹന്നാന്റെ വേല. സാങ്കേതികമായി അവൻ താൻതന്നെ പാപമോചനം കൊണ്ടുവരികയോ നൽകുകയോ ചെയ്തിരുന്നില്ല. പാപമോചനം നൽകുവാൻ കഴിവുള്ള ഒരുവന്റെ വരവിനെ സാക്ഷ്യപ്പെടുത്തുകയായിരുന്നു അവൻ ചെയ്തത്. "മാനസാന്തരപ്പെടുവാൻ" ജനങ്ങളെ അവൻ ആഹ്വാനം ചെയ്തു. അതായത്, അവരുടെ മനസ്സിനു മാറ്റം ഉണ്ടാകണം. മശീഹയോടും അവന്റെ വേഗത്തിലുള്ള വരവിനോടും യഹൂദ്യയിലെ ജനങ്ങൾക്ക് മനംമാറ്റം ഉണ്ടാകണം. രാജാവിനെ അംഗീകരിക്കാൻ അവർ മാനസികമായ മാറ്റത്തിനു വിധേയരായി ഒരുങ്ങണം. "പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം" എന്നുപറയുമ്പോൾ, ജനങ്ങൾ യോഹന്നാന്റെ സ്നാനം മൂലം സ്വയമേവ രക്ഷിക്കപ്പെടുമെന്ന് അർത്ഥമാക്കേണ്ടതില്ല. ''വേണ്ടി'' എന്ന വാക്കിന്റെ അർത്ഥം "ഇന്ന ഉദ്ദേശ്യത്തോടെ" എന്നും എടുക്കാവു

ന്നതാണ്. (അടുത്ത വർഷം ഒരു ബിരുദം ലഭിക്കുന്നതിനായിട്ടാണു മാർക്ക്. അതായത് അടുത്ത വർഷം ബിരുദം ലഭിക്കുക എന്ന ഉദ്ദേശ്യത്തോടെ). യോഹന്നാൻ സ്നാപകൻ ജനങ്ങളോടു മാനസാന്തരപ്പെടവാൻ പറയുന്നു (മശീഹയുടെ വരവിനോടുള്ള ബന്ധത്തിൽ അവരുടെ ചിന്താഗതി മാറണം). കൂടാതെ മശീഹ തന്റെ വരവിൽ അവർക്ക് നല്കുവാൻ പോകുന്ന പാപമോചനം നേടുക എന്ന ഉദ്ദേശ്യത്തോടെ സ്നാനപ്പെടണം. മുകളിൽ പറഞ്ഞിരിക്കുന്ന വാക്യം ഒരിക്കലും പഠിപ്പിക്കുന്നില്ല യോഹന്നാന്റെ സ്നാനത്തിനായി സമർപ്പിക്കപ്പെട്ടവരൊക്കെ സ്നാനസമയത്തു രക്ഷിക്കപ്പെട്ടുവെന്ന്. രാജാവിനെ സ്വീകരിക്കാൻ മാനസികമായി ഒരുങ്ങിയവരെയും തയ്യാറുള്ളവരെയുമാണ് യോഹന്നാൻ ഈ അടിസ്ഥാനത്തിൽ സ്നാനപ്പെടുത്തിയത് സ്നാനപ്പെടുകയിൽ രാജാവു വരുമ്പോൾ അവനെ അംഗീകരിച്ചാലെ രക്ഷയും പാപക്ഷമയും ലഭിക്കുകയുള്ളൂ. രാജാവു വരുമ്പോൾ അവൻ നൽകുന്ന പാപക്ഷമ പ്രാപിക്കുവാൻ ജനങ്ങളെ ഒരുക്കുന്നതിനായിരുന്നു യോഹന്നാന്റെ പ്രസംഗവും സ്നാനവും. രാജാവ് യിസ്രായേലിൽ വരുമ്പോൾ അവനെ അംഗീകരിച്ചില്ലെങ്കിൽ വാഗ്ദത്തം ചെയ്ത പാപക്ഷമ ലഭിക്കുന്നില്ല. യോഹന്നാൻ സ്നാനപ്പെടുത്തിയ ചിലർ പിന്നീട് മശിഹായാണെന്നുള്ള യേശുക്രിസ്തുവിന്റെ അവകാശവാദത്തെ തള്ളിക്കളയുന്നവരാണ്. അവർ സ്നാനപ്പെട്ടതുകൊണ്ട്, അവരുടെ സ്നാനം കൊണ്ടുമാത്രം അവർ രക്ഷിക്കപ്പെട്ടില്ല എന്നതാണ് സത്യം (യോഹ. 3:5 നെപ്പറ്റി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കാണുക). മുകളിൽ പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ ഇങ്ങനെ പരിവർത്തനം ചെയ്യാം.

> നിങ്ങളുടെ മാനസാന്തരം നിമിത്തം ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാനപ്പെടുത്തുന്നു (അതായത് വരുന്ന രാജാവിനെ സ്വീകരിക്കുവാൻ ഒരുങ്ങപ്പെട്ടവിധം അവരുടെ ചിന്തയിൽ മാത്രം സംഭവിച്ചതുകൊണ്ട് (മത്താ. 3:11). [50]
>
> രാജാവു നൽകുവാൻ പോകുന്ന പാപക്ഷമയുടെ കാഴ്ചപ്പാടിൽ യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ വന്ന് മാനസാന്തരത്തിന്റെ അടിസ്ഥാനത്തിലുള്ള സ്നാനം പ്രസംഗിച്ചു (മർക്കോ. 1:4).
>
> രാജാവു നൽകുവാൻ പോകുന്ന പാപക്ഷമയുടെ വെളിച്ചത്തിൽ അവൻ യോർദ്ദാനരികെയുള്ള നാട്ടിൽ ഒക്കെയും വന്നു മാനസാന്തരം (അതായത് വരുവാനുള്ള മശീഹയെപ്പറ്റി ഒരു മനംമാറ്റം ഉണ്ടാക്കുക) അടിസ്ഥാനമാക്കിയുള്ള സ്നാനത്തെക്കുറിച്ച് പ്രസംഗിച്ചു) (ലൂക്കോ. 3:3).

യോഹന്നാന്റെ പ്രവർത്തനം പൂർണ്ണമായും ഒരു പാതയൊരുക്കലായി കാണുന്നതാണ് ശരിയായ കാഴ്ചപ്പാട്. അവൻ തന്നെ പാപമോചനം ജനങ്ങൾക്ക് നൽകിയില്ല. അങ്ങനെയുള്ള പാപമോചനം നൽകുവാൻ വരുമ്പോൾ, ജനങ്ങൾ അവനെ സ്വീകരിക്കാൻ തക്കവണ്ണം മാനസികമായും ധാർമ്മികമായും മനംതിരിഞ്ഞ് ഒരുക്കമുള്ളവരായിക്കാൻ അവൻ ആഹ്വാനം ചെയ്തു. യോഹന്നാന്റെ സ്നാനം ഭാവിയിൽ വരുന്ന രാജാവിനെയും അവൻ നല്കുന്ന പാപക്ഷമയെയും സ്വീകരിക്കാനുള്ള ഒരുക്കത്തെയാണ് കാണിക്കുന്നത്. ജനങ്ങളെ രക്ഷിതാവിനായി ഒരുക്കുന്ന നിലയിൽ യോഹന്നാന്റെ സ്നാനം രക്ഷയോടു ബന്ധപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും വാഗ്ദത്തം ചെയ്യപ്പെട്ട പാപക്ഷമ പ്രാപിക്കണമെങ്കിൽ രാജാവിന്റെ വരവിനുവേണ്ടി കാത്തിരിക്കണം. യോഹന്നാൻ സ്നാനത്താൽ രക്ഷയ്ക്കുവേണ്ടി ഒരുക്കം നടത്തി. **വിശ്വാസത്താൽ മാത്രമുള്ള** രക്ഷ ക്രിസ്തു നൽകി.

ക്രിസ്തു ഭാവിയിൽ നൽകുന്ന പാപക്ഷമയ്ക്കുവേണ്ടിയുള്ള ഒരുക്കത്തിനു വിപരീതമായിട്ടാണ് യോഹന്നാന്റെ ശുശ്രൂഷമൂലം പാപക്ഷമ ലഭിച്ചുവെന്നും ആരെങ്കിലും നിർബന്ധം പിടിച്ചാൽ അവർ ഓർത്തിരിക്കേണ്ട കാര്യം, അങ്ങനെയുള്ള പാപക്ഷമ അടിസ്ഥാനമാക്കിയിരിക്കുന്നത് മാനസാന്തരത്തെയാണ്, അല്ലാതെ സ്നാനത്തെയല്ലായെന്നാണ്.

യോഹന്നാൻ സ്നാപകൻ പാപക്ഷമ നൽകിയെങ്കിൽ അത് സ്നാനത്തിന്റെ അടിസ്ഥാനത്തിലല്ല. പിന്നെയോ മാനസാന്തരത്തിന്റെ വെളിച്ചത്തിലാണ്. എന്നിരുന്നാലും യോഹന്നാൻ തന്നെത്താൻ പാപക്ഷമ നൽകുകയില്ലെന്നു വിശ്വസിക്കുവാൻ വളരെ ന്യായങ്ങളുണ്ട്. മശീഹ നൽകുന്ന ഭാവി പാപക്ഷമ സ്വീകരിക്കാൻ ഉള്ളതായ ഒരുക്കമാണ് തന്റെ സ്നാനത്തിലൂടെ പ്രതിഫലിപ്പിക്കുന്നത്. അവസാനമായി, രാജാവിനെ തള്ളിപ്പറഞ്ഞതുമൂലം "യോഹന്നാന്റെ സ്നാനം" പ്രയോഗികതലത്തിൽ വരുന്നില്ല. അതുകൊണ്ട് രക്ഷയുടെ വ്യവസ്ഥയായി സ്നാനത്തെ കാണുന്നതിനുള്ള തെളിവായി യോഹന്നാന്റെ സ്നാനത്തെപ്പറ്റി പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ ഉപയോഗിക്കുന്നതിനു യാതൊരു അടിസ്ഥാനവുമില്ല.

H. രക്ഷിക്കപ്പെടുന്നതിന് മനുഷ്യരുടെ മുമ്പിൽ യേശുവിനെ ഏറ്റു പറയുക.

ക്രിസ്തുവിനെ ആശ്രയിക്കുന്നതിന് ഇടനാഴിയിലൂടെ നട

[50] മത്തായി 3:11 ഇങ്ങനെയും പരിഭാഷപ്പെടുത്താം "മാനസാന്തരപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഞാൻ നിങ്ങളെ വെള്ളത്തിൽ സ്നാനപ്പെടുത്തുന്നു." യോഹന്നാന്റെ സ്നാനത്തിനു മുമ്പുള്ള ഏക വ്യവസ്ഥ മാനസാന്തരപ്പെടുക എന്നാണെന്നു മനസ്സിലാക്കണം. ഈ സ്നാനം മൂലം കൂടുതൽ മാനസാന്തരം ഉണ്ടാകുവാനും കൂടെയാണ്. ഈ പരിഭാഷ 1 കൊരി. 12:13 നോടു വളരെ നന്നായി ഒത്തുപോകുന്നു. (യോഹന്നാൻ മാനസാന്തരത്തിനായി സ്നാനപ്പെടുത്തുന്നു; ക്രിസ്തു ആത്മസ്നാനത്താൽ ഏകശരീരത്തോടു ചേർക്കുന്നു).

ന്നുവരുവാൻ ആഹ്വാനം ചെയ്യുന്ന രീതി ദൈവവചന പ്രകാരമള്ളതോ, ഇല്ലാത്തതോ അല്ല. ഇത് കല്പിക്കുകയോ നിരോധിക്കുകയോ ചെയ്തിട്ടില്ല. ഈ സുവിശേഷീകരണരീതിയോടു സഭകൾക്ക് വിവിധ അഭിപ്രായങ്ങൾ ഉണ്ട്. എങ്ങനെയായാലും "മുൻപോട്ടു വരുവാൻ" ആളുകളിൽ ശക്തിയായ പ്രേരണ ചെലുത്തുമ്പോൾ ഒരു വലിയ തെറ്റു സംഭവിക്കുവാനുള്ള അപകട സാധ്യതയുണ്ട്.

ദൈവവചനത്തിൽ രക്ഷ വിശ്വാസത്താൽ മാത്രമാണ്. "ക്രിസ്തുവിനെ പരസ്യമായി ഏറ്റു പറയണം"എന്ന് ഏകവ്യവസ്ഥയായ വിശ്വാസത്തോട് ഒരാൾ കൂട്ടിച്ചേർക്കുമ്പോൾ, അയാൾ "വേറൊരു സുവിശേഷമാണ്" പ്രസംഗിക്കുന്നത്. രക്ഷയുടെ ആവശ്യമായി "യേശുവിനെ പരസ്യമായി ഏറ്റുപറയണം" എന്നു കൂടിച്ചേർക്കുമ്പോൾ സാധാരണയായി ''ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു'' എന്ന മനോഭാവത്തിലാണ് ചെയ്യുന്നത്. അജ്ഞത മൂലവും ഇങ്ങനെ സംഭവിക്കാം അതിഭാവുകത്വം നിറഞ്ഞ സ്വഭാവങ്ങൾ, രക്ഷിക്കപ്പെടുന്നവരുടെ എണ്ണം എടുക്കുവാനുള്ള ആഗ്രഹം അല്ലെങ്കിൽ ദൈവവചനത്തിലെ അടിസ്ഥാനം കണക്കിലെടുക്കാതെ പാരമ്പര്യത്തെ വിമർശനാതീതമായി അംഗീകരിക്കുക. രക്ഷിക്കപ്പെടണമെങ്കിൽ പരസ്യമായി സാക്ഷിക്കണമെന്നു ജനങ്ങളോടു പറയുമ്പോൾ "തീരുമാനങ്ങൾ" ലഭിക്കുവാൻ വേണ്ടി പ്രസംഗകർ സമ്മർദ്ദം ചെല്ലുത്തുന്നു. എങ്ങനെയായാലും, ക്രിസ്തുവിൽ ആശ്രയിക്കുന്നതിനു യാതൊരു ബുദ്ധിമുട്ടുമില്ലാത്ത സാധുവായ, ധൈര്യമില്ലാത്ത ഈ ദേഹിയെ പരിഗണിക്കുക, എന്നാൽ തിങ്ങി നിറഞ്ഞ സഭയിൽ മുമ്പോട്ടു വരുവാൻ വേണ്ടത്ര ധൈര്യമില്ല. അങ്ങനെയുള്ളവർക്ക് മനുഷ്യനിർമ്മിതവും തെറ്റുനിറഞ്ഞതുമായ വ്യവസ്ഥ രക്ഷയ്ക്കുവേണ്ടി പ്രസംഗകൻ നൽകിയിരിക്കുന്നു. ഇത് രക്ഷയ്ക്കെതിരെ ഉണ്ടാക്കുന്ന കൃത്രിമമായ തടസ്സവും ദൈവവചനവിരുദ്ധവും സഭ അംഗീകരിക്കേണ്ടാത്തതുമാണ്. പരസ്യമായ ഏറ്റു പറച്ചിൽ അസാദ്ധ്യമായ ഹോട്ടൽ മുറിയിൽ വച്ച് പുതിയനിയമം വായിച്ച് രക്ഷിക്കപ്പെടുമ്പോഴും, അല്ലെങ്കിൽ ഒരു ശാന്തമായ കിടപ്പുമുറിയിൽ വെച്ച് അമ്മയോടൊപ്പം ഇരുന്ന് വിശ്വസിക്കുമ്പോഴും രക്ഷ പൂർണ്ണമായി സാധിക്കുന്നില്ലേ? യഥാർത്ഥ വിശ്വാസമില്ലാതെ തന്നെ പരസ്യമായ ഏറ്റു പറച്ചിൽ സാധ്യമല്ലേ? രക്ഷയ്ക്ക് പരസ്യമായ ഏറ്റു പറച്ചിൽ വേണമെന്നതിന് ഏറ്റവും സാധാരണയായി തെറ്റായി ഉപയോഗിക്കുന്ന ഭാഗമാണ് റോമ. 10:9–10 [51]

1. റോമ. 10:9, 10

> യേശുവിനെ കർത്താവെന്നു വായ്കൊണ്ട് ഏറ്റു പറയുകയും, ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ടു രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു.

റോമർ 10:9–10 –ൽ യഹൂദന്മാരുടെ രക്ഷയ്ക്കുവേണ്ടിയുള്ള വിധത്തിന്റെ ഉദാഹരണം നൽകുകയാണ് പൗലോസ് ചെയ്യുന്നത്(റോമ. 10:1 കാണുക). യേശുവിനെ കർത്താവെന്നു വായ്കൊണ്ടു പറയുന്നതും ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ട് വിശ്വസിക്കുന്നതും താൻ ഉപയോഗിക്കുന്ന ക്രമത്തിൽ അടങ്ങിയിരിക്കുന്നതായി പൗലോസ് പറയുന്നു. ദൈവവചനം നല്ല നിലയിൽ വ്യാഖ്യാനിച്ച വ്യക്തിയെന്ന നിലയിൽ, പൗലോസ് ദൈവവചനത്തിന്റെ സഹായത്തോടെ തന്റെ സുവിശേഷീകരണക്രമം ശരിയാണെന്നു സ്ഥാപിക്കുന്നു. പഴയനിയമത്തിൽ നിന്നു വാക്യം 10–ന്റെ പശ്ചാത്തലം തെളിയിച്ചുകൊണ്ട്, വിശ്വാസവും ഏറ്റുപറച്ചിലും ആവശ്യപ്പെടുന്നത് ശരിയാണെന്നു പൗലോസ് സ്ഥാപിക്കുന്നു. പുനരുത്ഥാനത്തിൽ വിശ്വസിക്കുവാനുള്ള തന്റെ ആഹ്വാനം ശരിയാണെന്നു വാക്യം 11 തെളിയിക്കുന്നു. "അവനിൽ വിശ്വസിക്കുന്നവൻ ഒരുത്തനും ലജ്ജിച്ചുപോകയില്ല" എന്നു തിരുവെഴുത്തിൽ അരുളിച്ചെയ്യുന്നു (യെശ. 28: 16). തുടർന്നു വാക്യം 13–ൽ യേശുവിനെ കർത്താവായി (അതായത് ദൈവം മശിഹ, യജമാനൻ ഏറ്റു പറയുവാനുള്ള ആഹ്വാനത്തിന്റെ വചനപരമായ തെളിവ് നൽകുന്നു. വാക്യം 13–ൽ യോവേൽ 2: 32 ഉദ്ധരിച്ചുകൊണ്ട് "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും" എന്നു പറഞ്ഞിരിക്കുന്നു. പൗലോസിന്റെ വാദം ചുരുക്കിപ്പറഞ്ഞാൽ, "ഞാൻ യഹൂദന്മാരോട് വിശ്വസിക്കുവാൻ പറയുകയാണ്. കാരണം, യെശ. 28:16 അനുസരിച്ച് വിശ്വാസം ആവശ്യമാണ്. അതുപോലെ ഏറ്റു പറയുവാൻ ഞാൻ പറയുകയാണ്. കാരണം യോവേൽ 2:32 നൽകുന്ന ആഹ്വാനം രക്ഷയ്ക്കുവേണ്ടി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുവാനാണ്". വാക്യം 13–ൽ പൗലോസ് ആവശ്യപ്പെടുന്ന ഏറ്റുപറച്ചിലിന്റെ രീതി നിർവചിച്ചിരിക്കുന്നത് സൂക്ഷ്മമായി ശ്രദ്ധിക്കുക. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന അർത്ഥത്തിലാണ് "ഏറ്റു പറയുവാൻ" അവൻ ആളുകളെ ഉത്സാഹിപ്പിച്ചത്. **ഒരു പ്രാർത്ഥനാരൂപത്തിൽ ദൈവത്തോടു പറയുന്ന നിലയിലുള്ള ഒരു ഏറ്റുപറച്ചിലാണ് പൗലോസ് ആവശ്യപ്പെടുന്നത്. മനുഷ്യരുടെ മുമ്പിലുള്ള ഒരു**

[51] പരസ്യമായി തീരുമാനമെടുക്കുവാൻ ആഹ്വാനം ചെയ്യുന്ന ആധുനികരീതിയോടു നാം പരിഗണിക്കുന്ന വേദഭാഗങ്ങളുടെയൊന്നും പശ്ചാത്തലം യോജിക്കുന്നില്ല. ഇതുകൂടാതെ ചുരുക്കം ചില ആളുകൾ ഈ കാഴ്ചപ്പാടിനെ അതിന്റെ യുക്തിപരമായ അനന്തരഫലത്തിൽ കാണുകയും സാക്ഷ്യത്തിലൂടെ വെളിപ്പെടുത്തുന്ന രക്ഷ അടിസ്ഥാനമാക്കുകയും ചെയ്യുന്നു

ഏറ്റുപറച്ചിലിനെക്കുറിച്ച് അവൻ ചിന്തിക്കുന്നില്ല. റോമർ 10:13 പറഞ്ഞിരിക്കുന്നതുപോലെ യേശുവിനെ കർത്താവായി അംഗീകരിക്കുകയും പ്രാർത്ഥനയിലൂടെ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നതിന് തുല്യമാണ് റോമ. 10:9 ലെ ഏറ്റുപറച്ചിൽ. ഈ വേദഭാഗത്തെ വാദഗതി വ്യക്തമാക്കുന്നത് വാക്യം 9 ലെ ഏറ്റുപറച്ചിൽ പ്രകടമാകുന്നത് കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിലൂടെയാണെന്നാണ് (വാക്യം 12-13 ൽ പറഞ്ഞിരിക്കുന്നതുപോലെ). **രക്ഷ നേടുന്നതിനു മനുഷ്യരുടെ മുമ്പാകെ ഏറ്റുപറയുവാൻ പൗലോസ് തന്റെ സഹയഹൂദന്മാരോട് ആവശ്യപ്പെടുന്നില്ല. അവൻ അവരോട് ആവശ്യപ്പെടുന്നത് ദൈവത്തോടു ഒരു പ്രാർത്ഥനയിലൂടെ യേശുക്രിസ്തു അവരുടെ കർത്താവാണെന്നു (മശീഹ) ഏറ്റു പറയുവാനാണ്.** രക്ഷിക്കുന്ന വിശ്വാസത്തിന്റെ ഏറ്റവും പ്രധാന ഭാഗം യേശുക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുകയാണ്. എങ്ങനെയായാലും റോമർ 10:9-10 എന്ന വേദഭാഗത്തിന് പരസ്യമോ രഹസ്യമോ ആയ നിലയിൽ മനുഷ്യരുടെ മുമ്പിലുള്ള ഏറ്റു പറച്ചിലുമായി യാതൊരു ബന്ധവുമില്ല.

2. മത്തായി 10:32-33 & ലൂക്കോസ് 12:8-9

> മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും (മത്താ. 10:32-33).
>
> മനുഷ്യരുടെ മുമ്പിൽ ആരെങ്കിലും എന്നെ ഏറ്റു പറഞ്ഞാൽ അവനെ മനുഷ്യപുത്രനും ദൈവദൂതന്മാരുടെ മുമ്പാകെ ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ ദൈവദൂതന്മാരുടെ മുമ്പിൽ തള്ളിപ്പറയും (ലൂക്കോ. 12:8-9).

മത്തായി 10:32 ഉം ലൂക്കോ. 12:8 ഉം ആണ് രക്ഷയ്ക്ക് പരസ്യമായ ഏറ്റുപറച്ചിൽ ആവശ്യമാണ് എന്നു സ്ഥാപിക്കുവാൻ ഉപയോഗിക്കുന്ന വേദഭാഗങ്ങൾ. മറ്റു വേദഭാഗങ്ങളിൽ നിന്നു വേർപെടുത്തിക്കണ്ടാൽ ഈ വേദഭാഗങ്ങളെ അങ്ങനെ വ്യാഖ്യാനിക്കാം. അതിന്റെ പരിണിത ഫലം രക്ഷ വിശ്വാസത്താൽ മാത്രമാണ് എന്നു വെളിപ്പെടുത്തുന്ന 150-ൽ അധികം വേദഭാഗങ്ങൾക്ക് എതിരായിത്തീരുകയാണ്.

മറ്റു വേദഭാഗങ്ങളോടു പൊരുത്തപ്പെടുന്ന നിലയിൽ കർത്താവിന്റെ ഈ പ്രസ്താവനകളെ കാണുമ്പോൾ "വിശ്വാസത്താൽ മാത്രം"എന്ന നിലപാട് നിലനില്ക്കുമെന്നു മാത്രമല്ല ദൈവവചനത്തിന്റെ തെറ്റില്ലായ്മയും വെളിപ്പെടുന്നു. മത്താ. 10:32, ലൂക്കോ. 12:8 എന്നീ വേദഭാഗങ്ങളെക്കുറിച്ച് താഴെപ്പറയുന്ന കാഴ്ചപ്പാടുകളിൽ ഏതാണ് കൃത്യമായതെന്നുള്ളത് ആത്യന്തിക പ്രാധാന്യമുള്ളതല്ല. എല്ലാ വേദഭാഗങ്ങളെയും ഐക്യപ്പെടുത്തി "വിശ്വാസത്താൽ മാത്രം" (Sola fide) എന്ന നിലപാടിനെ പിൻതുണച്ച് ദൈവവചനത്തിന്റെ തെറ്റില്ലായ്മയും കാത്തു സൂക്ഷിക്കുന്ന വ്യാഖ്യാനങ്ങൾക്കാണ് പ്രധാനപ്പെട്ട സ്ഥാനം. ഈ വ്യാഖ്യാനങ്ങളിൽ **ഏതെങ്കിലും** ഈ രണ്ടു വേദഭാഗങ്ങൾ ദൈവവചനത്തിൽ പരസ്പരവൈരുദ്ധ്യം ഉണ്ടാക്കുന്നതിൽ മുൻഗണന നൽകിയിട്ടുണ്ടോ. അതിന്റെ സാധ്യതകൾ ഇപ്പോൾ ചർച്ച ചെയ്യാം.

a. അപ്പോസ്തലികവീക്ഷണം

വിശ്വാസം മാത്രം എന്നു പഠിപ്പിക്കുന്ന 150 ലധികം വേദഭാഗങ്ങളും മത്തായി 10:32 ഉം, ലൂക്കോ. 12:8-9 ഉം തമ്മിൽ യോജിപ്പിക്കുവാനുള്ള ഒരു വഴി ഈ വാക്കുകൾ ആരോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നുവോ അവരോടു മാത്രം ബന്ധപ്പെടുന്നു എന്നു പഠിപ്പിക്കുകയാണ്. **മുഖ്യമായും** അപ്പോസ്തലന്മാരോട് ബന്ധപ്പെട്ടു പറഞ്ഞിരിക്കുന്ന സമാന്തര വേദഭാഗങ്ങളുമുണ്ട് (മത്താ. 10:1-2, ലൂക്കോ. 12 "ആദ്യം ശിഷ്യന്മാരോട്") അപ്പോസ്തലന്മാർ സ്വർഗ്ഗരാജ്യം ഘോഷിക്കുന്നത് (മത്താ. 10:7), യിസ്രായേലിനോടു മാത്രം (മത്താ. 10:6). ഈ മുന്നറിയിപ്പ് പന്ത്രണ്ടുപേർക്കു മാത്രം ഉള്ളതായിരുന്നെങ്കിൽ, യൂദാ ഇസ്ക്കര്യയോത്തായ്ക്കും യേശുക്രിസ്തുവിനെ ഏറ്റു പറയുന്നതിലൂടെയോ നിരസിക്കുന്നതിലൂടെയോ ഉണ്ടാകുന്ന പ്രയോജനം ലഭിക്കുന്നു. ഈ പന്ത്രണ്ട് പേരിൽ യേശുക്രിസ്തുവിനെ ഏറ്റു പറഞ്ഞവർ സ്വർഗ്ഗത്തിൽ ആദരിക്കപ്പെടുന്നതും, തള്ളിപ്പറഞ്ഞവർ (യൂദ) പിതാവിന്റെ മുമ്പാകെ സ്വർഗ്ഗത്തിൽ ക്രിസ്തുവിനാൽ തള്ളിപ്പറയപ്പെടുമെന്നതും സത്യമാണ്. ഈ പ്രസ്താവനകൾ ആരോടു പറഞ്ഞോ അവരോടുള്ള ബന്ധത്തിൽ മാത്രം മാറ്റിയാൽ, വിശ്വാസം മാത്രം [52] (Sola fide) എന്ന പ്രമാണത്തോടു വിരുദ്ധമാക്കുകയില്ല.

b. മഹാപീഡനവീക്ഷണം

അപ്പോസ്തലന്മാരെ മഹാപീഡന വിശുദ്ധന്മാരുടെ പ്രതിനിധികളായിക്കാണുന്ന ക്രിസ്തുവിനുവേണ്ടിയുള്ള ഒരു കീഴ്വഴക്കമുണ്ട്. അപ്പോസ്തലികവേലയുടെ തുടർച്ചയായിട്ടുള്ളവരാണ് മഹാപീഡനവിശുദ്ധന്മാരെന്നു ക്രിസ്തു പരിഗണിച്ചതായിക്കാണാം, മാത്രമല്ല സഭാസംവിധാനത്തിൽ ഇടപെടാതെ ഈ നിലയിലുള്ള ബന്ധം ക്രിസ്തുവിനു കാണുവാൻ കഴിയും. ഇത് ലൂക്കോസ് 21 -ൽ സംഭവിക്കുന്നു. അവിടെ അപ്പോസ്തലിക കാലഘട്ടത്തിൽ സംഭവിക്കുന്ന യെരുശലേമിന്റെ നാശത്തെക്കുറിച്ച് പറ

[52] ലൂക്കോ. 12 നെക്കാൾ ഉപരിയായി മത്തായി 10-ന്റെ പശ്ചാത്തലം ഈ പ്രസ്താവനകൾ അപ്പോസ്തലന്മാരോടു മാത്രമുള്ളതിനു ശക്തമായ പിൻതുണ നൽകുന്നു. ഇവിടെ പുരുഷാരം ശ്രദ്ധിച്ചിരുന്നെങ്കിലും, "ആദ്യം ശിഷ്യന്മാരോടു പറഞ്ഞുതുടങ്ങിയത്"(ലൂക്കോ. 12:1) എന്നു കാണാം.

യുമ്പോൾ, അവസാന നാളുകളിൽ സംഭവിക്കുവാൻ പോകുന്ന യുദ്ധങ്ങളെക്കുറിച്ചു കൂട്ടിച്ചേർത്തിരിക്കുന്നു. കർത്താവ് അപ്പോസ്തലന്മാരോടു സംസാരിക്കുമ്പോൾ അവസാന കാലഘട്ടങ്ങളിലെ മഹാപീഡനവേദനകൾ സഹിക്കുന്നവരോടെന്നപോലെയാണു സംസാരിച്ചത്. മത്താ. 10:32-33-ന്റെ പശ്ചാത്തലത്തിൽ ഇതേ പ്രകിയതന്നെ സംഭവിക്കുന്നു. മത്താ. 10:6 -ൽ **യിസ്രായേലിലേക്കു മാത്രം** പോകുവാൻ ക്രിസ്തു അപ്പോസ്തലന്മാരോടു പറയുന്നു. എന്നാൽ, സംഭാഷണം അവസാനിക്കുന്നതിനു മുമ്പ് അപ്പോസ്തലന്മാർ മഹാപീഡന വിശുദ്ധന്മാരുടെ പ്രതിനിധികളായിട്ടാണ് ക്രിസ്തു കാണുന്നത് എന്നു തോന്നുന്നു. ക്രിസ്തു പറയുന്നു അവരെ സാക്ഷ്യമായി **ജാതികളുടെയും** രാജാക്കന്മാരുടെയും മുമ്പിൽ കൊണ്ടുപോകുമെന്ന് (മത്താ. 10:18), മത്തായി 24:9, 13 ഭാഗങ്ങളിൽ മഹാപീഡനം വിവരിച്ചിരിക്കുന്ന ഭാഷയ്ക്ക് സമാന്തരമായി ക്രിസ്തു അവരോട് പറയുന്നത് എല്ലാവരും അവരെ പകയ്ക്കുമെന്നാണ് (മത്താ. 10:22) മത്തായി 10:23 വളരെ സ്പഷ്ടമായി മഹാപീഡനത്തോടു ബന്ധപ്പെട്ടതാണ്. **മനുഷ്യപുത്രൻ വരുവോളം** പീഡിപ്പിക്കപ്പെട്ട സാക്ഷികൾ യിസ്രായേൽ പട്ടണങ്ങൾ മുഴുവൻ സഞ്ചരിച്ചു തീരുകയില്ലെന്നു ഇതു പറയുന്നു.

മത്താ. 10:22-23 - ൽ പറയുന്ന ക്രിസ്തുവിന്റെ വാക്കുകൾക്ക് അപ്പോസ്തലന്മാരോടും മഹാപീഡന വിശുദ്ധന്മാരോടും ബന്ധമുള്ളതായിക്കാണുവാനുള്ള സാധ്യതയുണ്ട്. ഈ വേദഭാഗങ്ങളെയും **വിശ്വാസത്താൽ മാത്രം** എന്ന ഉപദേശം പഠിപ്പിക്കുന്ന മറ്റു വേദഭാഗങ്ങളെയും തമ്മിൽ യോജിപ്പിക്കുന്നതിന് ഇത് അനവധി സാധ്യതകൾ അനുവദിക്കുന്നു. മഹാപീഡനകാലത്ത് മൃഗത്തിന്റെ അതായത് എതിർക്രിസ്തുവിന്റെ (കാണുക വെളി. 13:16-17) മുദ്ര ഏൽക്കുകയോ ഏൽക്കാതെയോ ക്രിസ്തുവിന് അനുകൂലമായോ പ്രതികൂലമായോ നിൽക്കുവാൻ നിർബന്ധിതരാകും. രക്ഷയ്ക്ക് ദൈവം നൽകിയ ഏക വ്യവസ്ഥ വിശ്വാസമാണ്. എന്നു വരികിലും സാത്താൻ കൊണ്ടുവരുന്ന ആവശ്യത്തിന്റെ ഫലമായി വിശ്വാസി മുദ്ര നിരസിച്ചുകൊണ്ട് തന്റെ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടുന്ന സാഹചര്യം മാഹാപീഡനകാലത്ത് ഉണ്ടാകുന്നു (വെളി. 20:4). ആ മുദ്രയാൽത്തന്നെ ക്രിസ്തുവിൽ വിശ്വസിക്കാത്തവർ ക്രിസ്തുവിനെ തള്ളിപ്പറയും. രക്ഷിക്കപ്പെടുവാൻ വിശ്വാസം മാത്രമാണ് ദൈവം ആവശ്യപ്പെടുന്നത്. എന്നാൽ പൈശാചിക സംവിധാനം വിശ്വാസിയായിരിക്കുവാൻ മുദ്ര നിരസിക്കൽ ആവശ്യപ്പെടുന്നു. അതുകൊണ്ട്, **മഹാപീഡനകാലത്ത് എല്ലാ വിശ്വാസികളും ക്രിസ്തുവിനെ പരസ്യമായി ഏറ്റുപറയുകയും, എല്ലാ അവിശ്വാസികളും പരസ്യമായി തള്ളിപ്പറയുകയും വേണം.**

മത്തായി 10:32-33, ലൂക്കോ. 12:8-9 എന്നീ വേദഭാഗങ്ങൾ വ്യാഖ്യാനിക്കുമ്പോൾ അപ്പോസ്തലന്മാരോടും മഹാപീഡന തലമുറയോടുള്ള ബന്ധത്തിൽ മാത്രമാണെന്നു വ്യാഖ്യാനിച്ചാൽ അതിന്റെ ഫലം **വിശ്വാസത്താൽ മാത്രം** (Sola fide) എന്ന പ്രമാണത്തോട് ഏകീഭവിക്കുന്നതാണ്. ദൈവത്തിനു രക്ഷയോടുള്ള ബന്ധത്തിൽ ഏക വ്യവസ്ഥ വിശ്വാസമാണ്. എന്നിരുന്നാലും പന്തിരുവരോടും മഹാപീഡന ഭക്തരോടും(അപ്പോസ്തലിക വേലയുടെ തുടർച്ചയായിക്കാണുന്നു) ഉള്ള ഭൂമിയിലെ വ്യവസ്ഥകൾ, **മാറ്റാനാവാത്തതും ഖണ്ഡിതവുമായ വഴിയിൽ** ക്രിസ്തുവിനെ ഏറ്റുപറയുകയോ തള്ളുകയോ ചെയ്യുവാൻ ശക്തിയായി പ്രേരിപ്പിക്കപ്പെടും. പ്രായോഗികമായി മറ്റുള്ള ദൈവജനത്തോടും ചേർത്തു ചിന്തിക്കാവുന്നതാണ് (നമ്മുടെ സമയത്ത് ജീവിക്കുന്നവർ ഉൾപ്പെടെ ക്രിസ്തുവിനെ തള്ളിപ്പറയുവാനുള്ള സമ്മർദ്ദത്തിലാണ്). എന്നാൽ മാറ്റാനാവാത്ത നിലയിൽ മറ്റൊരു കൂട്ടവും ക്രിസ്തുവിനെ ഏറ്റു പറയുകയോ നിരസിക്കുകയോ ചെയ്യുവാനുള്ള സമ്മർദ്ദം ഇതുപോലെ അനുഭവിക്കുകയില്ല. ഇപ്പോൾ ഒരു ക്രിസ്ത്യാനിയായതുകൊണ്ട് അനുഭവിക്കുന്ന കഷ്ടങ്ങളും മശിഹയെ പരസ്യമായി കൊല്ലുവാൻ തള്ളിപ്പറയുന്നതും (യൂദ) അല്ലെങ്കിൽ എതിർക്രിസ്തുവിന്റെ കൈകളിലേക്ക് ഒരാളുടെ ജീവനെ ഏല്പിച്ചുകൊടുക്കുന്നതും ഒന്നല്ല (മത്താ. 10:32-33). ലൂക്കോ. 12:8-9 എന്നീ വേദഭാഗങ്ങളിലെ പ്രസ്താവനകൾ അപ്പോസ്തലന്മാർ അനുഭവിച്ച പ്രത്യേക സാഹചര്യങ്ങളോടും മഹാപീഡന തലമുറയോടും മാത്രം ബന്ധപ്പെട്ടിരിക്കുന്നതെങ്കിൽ വിശ്വാസം മാത്രമാണ് രക്ഷയ്ക്കുള്ള ദൈവത്തിന്റെ ഏക വ്യവസ്ഥ എന്ന സത്യത്തോടു ഐക്യപ്പെട്ടിരിക്കുന്നു. ദൈവവചനത്തിലെ യുഗപരമായ വീക്ഷണമുള്ളവർ (അദ്ധ്യായം 11-ൽ ചർച്ച ചെയ്യുന്നു: സഭാ തത്വശാസ്ത്രം) മത്താ. 10:32-33 ലൂക്കോ. 12:8-9 വേദഭാഗങ്ങൾ **വിശ്വാസം മാത്രം** എന്ന നിലപാടിനോടു യോജിച്ച വിധത്തിൽ സ്വീകരിച്ചിരിക്കുന്നു. സഭയെ നേരിട്ട് ചൂണ്ടിക്കാണിക്കാതെ അപ്പോസ്തലന്മാരെയും മഹാപീഡന വിശുദ്ധന്മാരെയുമാണ് ഈ സത്യം സൂചിപ്പിക്കുന്നതെന്നു പറയുന്നതിൽ അസാധാരണമായി ഒന്നുമില്ല. എങ്കിലും മത്താ. 10:32-33, ലൂക്കോ. 12:8-9 വേദഭാഗങ്ങൾ വേറെയും വഴികളിലൂടെ നിയന്ത്രണമില്ലാതെ എന്നാൽ **വിശ്വാസംമാത്രം** എന്ന ഉപദേശത്തോടു പൊരുത്തപ്പെടുന്ന നിലയിൽ മനസ്സിലാക്കുവാൻ കഴിയും.[53]

C. പ്രതിഫല വീക്ഷണം

യേശുക്രിസ്തു രക്ഷയെക്കാൾ ഭാവിയിൽ ലഭിക്കുവാൻ പോകുന്ന പ്രതിഫലത്തെക്കുറിച്ചായിരിക്കാം പറയുന്നത്. യേശുക്രിസ്തുവിനെ രക്ഷയ്ക്ക് യോഗ്യനായി അംഗീ

[53] അപ്പോസ്തലികവീക്ഷണത്തിലുള്ള ഒരു പ്രശ്നം പത്രോസ് പരിമിതമായ അർത്ഥത്തിൽ കർത്താവിനെ തള്ളിപ്പറഞ്ഞപ്പോൾ യൂദാ ചില വർഷങ്ങൾ തന്നെ യേശുവിനെ ഏറ്റു

കരിക്കുന്നവരെ ന്യായാസനത്തിന്റെ മുമ്പിൽ പ്രതിഫലത്തിനു യോഗ്യരെന്നു യേശുവും ഏറ്റു പറയും. സ്വീകരിക്കാൻ അയോഗ്യനെന്നു കണ്ട് ഇവിടെ യേശുവിനെ നിരസിക്കുന്നവരെ സ്വർഗ്ഗത്തിലും പ്രതിഫലത്തിനു യോഗ്യരെന്ന് എണ്ണുകയില്ല. മത്താ. 10:28 ഉം ലൂക്കോ. 12:5 ഉം ആത്മാവിന്റെ നിത്യമായ വിധിയെ സൂചിപ്പിക്കുന്നതെങ്കിലും, വിശ്വാസത്താലുള്ള രക്ഷയ്ക്ക് എതിരായിരിക്കാതെ വിശ്വാസിക്കു ലഭിക്കുന്ന പ്രതിഫലത്തെയാണ് ഈ വേദഭാഗത്തിന്റെ മൊത്തത്തിലുള്ള പശ്ചാത്തലം സൂചിപ്പിക്കുന്നതെന്നാണ് മുൻഗണനയോടെയുള്ള വീക്ഷണം. ലളിതമാണ് എന്നുള്ള മേന്മ ഈ വീക്ഷണത്തിനുണ്ട്.

d. "ഏതെങ്കിലും അങ്ങേയറ്റത്തുള്ള" വീക്ഷണം

ഏറ്റുപറച്ചിലായാലും തള്ളിപ്പറച്ചിലായാലും ഒരു വ്യക്തിയുടെ വിശ്വാസത്തെയോ വിശ്വാസമില്ലായ്മയെയോ ആണ് യഥാർത്ഥമായി വെളിപ്പെടുത്തുന്നതെന്നു യേശു ഉദ്ദേശിച്ചിരിക്കാം. വിശ്വാസത്താലുള്ള രക്ഷയോടു പൊരുത്തപ്പെടുന്ന നിലയിൽ ഏറ്റുപറച്ചിലിന്റെയും തള്ളിപ്പറച്ചിലിന്റെയും വചനങ്ങളോടെ ഈ വേദഭാഗങ്ങളെ പരിമിതപ്പെടുത്താം.

അങ്ങേയറ്റത്ത് ക്രിസ്തുവിനെ എപ്പോഴും തള്ളിപ്പറഞ്ഞിരിക്കുന്നത് അവിശ്വാസിയെ കാണിക്കുന്നു. ഇതിനു വിപരീതമായി ഒരു **വിശ്വാസി** ജീവിതത്തിന്റെ ചില സമയത്ത് മറ്റുള്ളവരോട് (കുറഞ്ഞ പക്ഷം വിശ്വാസികളോടെങ്കിലും) ക്രിസ്തുവിനെ ഏറ്റു പറയും. അവനോ അവളോ **എല്ലാസമയത്തും തള്ളിപ്പറയുകയില്ല** (ഒരു ശരിയായ അവിശ്വാസിയെപ്പോലെ).

കർത്താവ്, വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിലയിലും ഏറ്റുപറച്ചിൽ ഒരു കൂട്ടർക്കും അവിശ്വാസത്തിന്റെ പേരിൽ തള്ളിപ്പറച്ചിൽ മറ്റൊരു കൂട്ടർക്കും ഉണ്ടാകുന്നതായി സംസാരിക്കുന്നു എന്ന് അംഗീകരിക്കണം. ഈ വേദഭാഗങ്ങൾ അങ്ങനെയുള്ള സ്പഷ്ടമായ നിയന്ത്രണങ്ങൾ നൽകുന്നില്ലെങ്കിലും. കർത്താവിന്റെ വാക്കുകളെ ഇങ്ങനെ വിപുലീകരിച്ച് വായിക്കാം "അവിശ്വാസികൾ തുടർമാനമായി അവരുടെ ജീവിതത്തിൽ എന്നെ തള്ളിപ്പറഞ്ഞുകൊണ്ട് തങ്ങളുടെ തള്ളിപ്പറച്ചിൽ വെളിപ്പെടുത്തുന്നു. എന്നെ **തള്ളിപ്പറഞ്ഞവരും നിരസിക്കുന്നവരും എല്ലാ സമയത്തും** അങ്ങനെ ചെയ്ത് **അവർ രക്ഷിക്കപ്പെട്ടവർ അല്ലെന്നു തെളിയിക്കുന്നു.** ഒരു വിശ്വാസി ചില സമയത്തെങ്കിലും തന്റെ ജീവിതത്തിൽ മറ്റുള്ളവരോട് ഏറ്റുപറയും. ഏറ്റവും കുറഞ്ഞത് തന്റെ വിശ്വസ്തരായ സ്നേഹിതരോടെങ്കിലും എന്നെ അറിയുമെന്നു പറയും. ഒരു **വിശ്വാസി** സന്ദർഭികമായി എന്നെ തള്ളിപ്പറയുമായിരിക്കാം, എന്നാൽ **എല്ലായ്പ്പോഴും** അവൻ എന്നെ തള്ളിപ്പറയുകയില്ല."

എപ്പോഴും തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുന്നവർ അവിശ്വാസികളാണ്. ഒരു വിശ്വാസി ചിലപ്പോഴൊക്കെ ക്രിസ്തുവിനെ അംഗീകരിക്കും .[54] ആദ്യശ്രോതാക്കളോടു നേരിട്ടു ബന്ധപ്പെടുത്തിയാൽ, വിശ്വസ്തരായ സ്നേഹിതരുടെ മുമ്പിൽ സമ്മർദ്ദമില്ലാത്ത സാഹചര്യത്തിലല്ല, പിന്നെയോ സമ്മർദ്ദം നിറഞ്ഞ സാഹചര്യത്തിൽ ക്രിസ്തുവിനെ ഏറ്റു പറയുവാനാണ് ആവശ്യപ്പെടുന്നത്. വിശ്വാസികൾ കുറഞ്ഞത് ചിലപ്പോഴെങ്കിലും യേശുവിനെ ഏറ്റുപറയും. ഒരു സാധാരണ അവിശ്വാസി ചെയ്യുന്നതുപോലെ എപ്പോഴും ക്രിസ്തുവിനെ നിരസിക്കാതെ പീഡനത്തിന്റെ നാളുകളിൽ ഉറച്ചു നിൽക്കും. പീഡനത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് ഈ ഭാഗത്തു കാണാം (മത്താ. 10:28, 34–39). എന്നാൽ പീഡനത്തിന്റെ സാഹചര്യങ്ങളിൽ മാത്രമല്ല, ഏറ്റു പറച്ചിലും തള്ളിപ്പറച്ചിലും ഈ വീക്ഷണത്തിൽ ആവശ്യമായിട്ടുള്ളത്. [55]

e. "ഇവിടെ" "ഇവിടെക്കഴിഞ്ഞ്" എന്നിവ തമ്മിൽ അല്ലെങ്കിൽ, "ദൈവത്തോടുള്ള ഏറ്റുപറച്ചിൽ വീക്ഷണം" മത്തായി 10, ലൂക്കോ 12 എന്നീ വേദഭാഗങ്ങളിലെ വാക്കുകൾ "ഇവിടെ" "ഇതിനുശേഷം" ഇവ തമ്മിലും അതായത്, ഭൂമിയും സ്വർഗ്ഗവും തമ്മിലും കാലവും നിത്യതയും തമ്മിലും വൈരുദ്ധ്യം കാണാം. **മനുഷ്യരുടെ മുമ്പിൽ** എന്ന പ്രയോഗമെടുക്കുക. ഇത് മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ നടത്തുന്ന ഏറ്റുപറച്ചിൽ

പറഞ്ഞു. മത്താ. 10 ഉം ലൂക്കോസ് 12, അപ്പോസ്തലന്മാർക്കു മാത്രമായി പരിമിതപ്പെടുത്തിയാൽ അപ്പോസ്തലികവിവരണങ്ങൾ വിശ്വാസത്തെ യതാർത്ഥമായി വെളിപ്പെടുത്തി എന്ന നിലയിൽ യേശു എടുത്തതായി കാണേണ്ടിവരും. പത്രോസിനെ സംബന്ധിച്ചിടത്തോളം ഒരു ജീവിതകാലം മുഴുവൻ യേശുക്രിസ്തുവിനെ ഏറ്റുപറയുന്ന ഒരു സമ്പ്രദായം ഉണ്ടായിരുന്നു(അവന് ഇടയ്ക്കിടെ വീഴ്ചകൾ സംഭവിച്ചുവെങ്കിലും). യൂദായുടെ കാര്യത്തിൽ ഒരു ചെറിയസമയത്തെക്ക് വിശ്വസിച്ചെങ്കിലും അവനു വിശ്വാസമില്ലെന്നു വെളിപ്പെടുത്തത്തക്കവിധം തള്ളിപ്പറഞ്ഞു. വിശ്വാസികൾ സന്ദർഭികമായി ഏറ്റുപറയുന്നതും സന്ദർഭികമായി തള്ളിപ്പറയുന്നതും കണക്കിലെടുക്കുമ്പോൾ, മത്തായി 10 ന്റെയും ലൂക്കോ. 12 ന്റെയും എല്ലാ വ്യാഖ്യാനങ്ങളിലും ഹൃദയത്തിന്റെ അവസ്ഥ വാക്കുകളിലൂടെ വെളിപ്പെടുകയില്ലെന്നുള്ള വസ്തുത ഉൾപ്പെടുത്തണം. കർത്താവിന്റെ നേരിട്ടുള്ള വാക്കുകൾ അപ്പോസ്തലന്മാരുടെള്ള ബന്ധത്തിൽ മാത്രമാണെന്നു നാം കരുതിയാൽ നാം പിന്നീടു ചിന്തിക്കുന്ന പൊതു വിവരണവീക്ഷണത്തിനു സമാനമായ ഒരു വീക്ഷണത്തിലെത്തും.

[54] ഒരു മത്സരക്കളിയുടെ സാദൃശ്യം ഉപയോഗിച്ചാൽ, ഒരു വിശ്വാസി 1000 അടിക്കണമെന്നില്ല. എന്നാൽ ക്രിസ്തുവിനെ തുടർമാനമായി നിരസിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയെപ്പോലെ ഒരു വിശ്വാസി .000 മാത്രം അടിക്കുയുമില്ല

[55] ഈ വീക്ഷണത്തെ എഴുത്തുകാരൻ "അങ്ങേയറ്റമാണെന്നുള്ള വീക്ഷണം" എന്നു പറയുന്നതെന്നു ഒരു പക്ഷെ വായനക്കാരനു പറയുവാൻകഴിയും. ഒരു വ്യക്തി തന്റെ ജീവിതകാലം മുഴുവനും എല്ലാ സമയത്തും ക്രിസ്തുവിനെ നിരസിക്കുമ്പോൾ അവന് വിശ്വാസമില്ലെന്നു തെളിയുന്നു. ഒരു വിശ്വാസി ക്രിസ്തുവിനെ പരിമിതമായെങ്കിലും ഏറ്റു പറയും.

(അല്ലെങ്കിൽ തള്ളിപ്പറച്ചിൽ) എന്നതിനെക്കാൾ ഉപരിയായി "മനുഷ്യരുടെ ഇടയിലുള്ള നിങ്ങളുടെ സമയത്ത്" എന്ന അർത്ഥമാണ് മനസ്സിലാക്കേണ്ടത്. ഇവിടെ മനുഷ്യരുടെ ഇടയിലോ മുമ്പിലോ ഉള്ള ഇപ്പോഴത്തെ സമയവും ഭാവിയിൽ സ്വർഗ്ഗത്തിലുള്ള സമയവും തമ്മിൽ കർത്താവു വ്യത്യാസപ്പെടുത്തുന്നു. അതുകൂടാതെ പരിഗണനയിലുള്ള **ഏറ്റുപറച്ചിൽ പിതാവിനോടാണെങ്കിൽ**(റോമ. 10:9-10 ലെപ്പോലെ), അപ്പോൾ വിശ്വാസത്താൽ മാത്രമാണ് രക്ഷ എന്നുള്ള സത്യത്തോടു യേശുവിന്റെ പഠിപ്പിക്കൽ യോജിക്കുന്നു. ഇവിടെ ഉണ്ടാകാവുന്ന അർത്ഥം ഇങ്ങനെയാണ് ''മനുഷ്യരുടെ മുമ്പിലുള്ള നിങ്ങളുടെ ജീവിതകാലത്ത് നിങ്ങൾ **പിതാവിനോട്** എന്നെ ഏറ്റു പറയുമെങ്കിൽ, ഞാൻ നിത്യതയിൽ ദൂതന്മാരുടെ മുമ്പിൽ നിങ്ങളെക്കുറിച്ചും **പിതാവിനോട്** ഏറ്റു പറയും. നിങ്ങളുടെ ജീവിതകാലത്ത് മനുഷ്യരുടെ മുമ്പിൽ നിങ്ങൾ രക്ഷിതാവെന്ന നിലയിൽ എന്നെ തള്ളിപ്പറഞ്ഞാൽ ഞാനും നിങ്ങളെ നിത്യതയിൽ ദൂതന്മാരുടെ മുമ്പിൽ വച്ച് പിതാവിനോടു തള്ളിപ്പറയും.'' ഈ കാലത്ത് മനുഷ്യരുടെ മുമ്പിൽ പിതാവിനോടുള്ള ഏറ്റു പറച്ചിലിന്റെയും അല്ലെങ്കിൽ ദൂതന്മാരുടെ മുമ്പിൽ ഭാവിയിൽ പിതാവിനോടുള്ള ക്രിസ്തു വിന്റെ തള്ളിപ്പറച്ചിലിന്റെയും അടിസ്ഥാനത്തിലാണ് ഭാവി വിധി വിഭിന്നമായിരിക്കുന്നത് [56]. ദൈവത്തോടാണ് ഏറ്റു പറച്ചിൽ എന്നു നാം മനസ്സിലാക്കുകയും *മനുഷ്യരുടെ മുമ്പിൽ* എന്നുള്ളത് ഭൂമിയിലെ ജീവിതമെന്ന് അർത്ഥമാക്കുകയും ചെയ്താൽ *വിശ്വാസത്താൽ മാത്രം* രക്ഷ എന്നുള്ള ഉപദേശത്തോട് വിരുദ്ധമായിത്തീരുന്നില്ല. രക്ഷയ്ക്കുള്ള വ്യവസ്ഥ എന്ന നിലയിൽ ഏറ്റുപറച്ചിൽ വേണമെന്നുമുകളിൽ പറഞ്ഞിരിക്കുന്ന വീക്ഷണങ്ങളിലൊന്നും മുൻഗണനയില്ല. അതിൽതന്നെ നിൽക്കുകയോ അല്ലെങ്കിൽ 'എ' യിലോ 'ബി' യിലോ കയറിക്കിടക്കുകയോ ആണ് അവസാനമായി ചെയ്യുവാനുള്ളത് (അടിക്കുറിപ്പ് 53 കാണുക).

അവൻ ചില സാഹചര്യങ്ങളിൽ ചിലരുടെ മുമ്പിലെങ്കിലും ക്രിസ്തുവിനെ ഏറ്റു പറയും(ഒരു രഹസ്യ സംഭാഷണത്തിലായിരിക്കാം അല്ലെങ്കിൽ ഒരു ദൈവദാസനോടൊപ്പം ആശുപത്രി മുറിയിലായിരിക്കാം) ക്രിസ്തുവിലുള്ള വിശ്വാസത്തിനു സാക്ഷ്യം പറയും, ഒരു അവിശ്വാസിയുടെ തള്ളിപ്പറച്ചിൽ പൂർണ്ണമായിരിക്കും. എന്നാൽ ഒരു വിശ്വാസിയുടെ ഏറ്റുപറച്ചിൽ ധൈര്യമില്ലാതെയും, സാന്ദർഭികവും ചുരുങ്ങിയതുമാകാം; എന്നിരുന്നാലും പെരുമാറ്റത്തിന്റെ തീവ്രത നേരെ മറിച്ചായിരിക്കും.

[56]പീഡനത്തെ സൂചിപ്പിക്കുന്ന പശ്ചാത്തലമാണ്. പീഡനകാലം ക്രിസ്തുവിനെ മറ്റുള്ളവരുടെ മുമ്പിൽ ഏറ്റു പറയുവാനുള്ള അവസരമാകാം, അല്ലെങ്കിൽ മറ്റുള്ളവരുടെ മുമ്പിൽ ക്രിസ്തുവിനെ തള്ളിപ്പറയുവാനുള്ള പ്രലോഭനവും ഉണ്ടാകാം. മത്താ. 10:32-33 ലും ലൂക്കോ. 12:8-9 ലും **പിതാവിനോടു** വിശ്വാസം ഏറ്റു പറയുന്നതിനെയാണ് യേശു ചിന്തിക്കുന്നത് പിതാവിനോടു നത്തിയ ഏറ്റു പറച്ചിലിന്മേൽ അവൻ പണിയുകയും പീഡനകാലഘട്ടങ്ങളിൽ എങ്ങനെ ഒരു വിശ്വാസി

f. പൊതുവിവരണവീക്ഷണം

അവർക്ക് ദൈവത്തെ അറിയാമെന്നു വിശ്വാസികൾ സാധാരണയായി (എന്നാൽ എപ്പോഴുമല്ല) സമ്മതിക്കുന്നു. അവിശ്വാസികൾ സാധാരണയായി (എന്നാൽ എപ്പോഴുമല്ല) കർത്താവിനെ തള്ളിപ്പറയുന്നു. മത്തായി 10 ലൂക്കോ. 12 എന്നിവയെയും വിശ്വാസത്താൽമാത്രമാണ് രക്ഷ എന്ന ഉപദേശത്തെയും തമ്മിൽ യോജിപ്പിക്കാൻ മുൻപുകൊണ്ടുവന്ന വഴികളൊന്നും അംഗീകാരയോഗ്യമല്ലെങ്കിൽ, വിശദീകരിക്കുവാനുള്ള ഈ അവസാനശ്രമം തൃപ്തിപ്പെടുത്തിയേക്കാം. കാരണം ഇതു വളരെ ലളിതമാണ്.

രക്ഷയ്ക്കുള്ള ഒരു വ്യവസ്ഥയായി കർത്താവിന്റെ വാക്കുകൾ വരുന്നില്ല. പിന്നെയോ എല്ലാ കാലത്തേക്കുമുള്ള ഭൂരിപക്ഷം വിശ്വാസികളോടുള്ള പൊതുവായ ഒരു വിവരണമാണ്. [57] മിക്കവാറും വിശ്വാസികൾ സ്വാഭാവികമായി യേശുവിനെ അറിയാമെന്നു സമ്മതിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. ഇത് അവരുടെ ജീവിതകാലഘട്ടത്തിലെ മൊത്തത്തിലുള്ള പ്രവണതയാണ്. ഇത് ഭീഷണിയുടെയും സമ്മർദ്ദത്തിന്റെയും സാഹചര്യങ്ങളിൽ എന്നു മാത്രമല്ല, എല്ലാ സാഹചര്യങ്ങളിലും സത്യമാണ് (ഉദാ. വിശ്വാസികൾ തങ്ങളുടെ വിശ്വാസം സഹവിശ്വാസികളുമായി എപ്പോഴും പങ്കുവയ്ക്കുന്നു). മിക്കവാറും അവിശ്വാസികൾ തങ്ങളുടെ ജീവിതകാലഘട്ടത്തിന്റെ മൊത്തം പ്രവണതയായി യേശുവിനെ അംഗീകരിക്കാതെ തള്ളിപ്പറയുന്നു. ക്രിസ്ത്യാനികളല്ലാത്തവർ ഉൾപ്പെടുന്ന,

തുടർമാനമായി യേശുവിനെ ഏറ്റു പറയുമെന്നുള്ളതിനു ഒരു മാതൃകയാകുകയും ചെയ്യുന്നു. നാം പിതാവിന്റെ മുമ്പിൽ ക്രിസ്തുവിനെ സാക്ഷിച്ചതുപോലെ മറ്റുള്ളവരുടെ മുമ്പിലും സാക്ഷിക്കണം.

[57]മത്താ. 25:31-46 വേദഭാഗത്ത് യേശു ഇതുപോലെയുള്ള ചിന്താരീതി നല്കിയിരിക്കുന്നു. കർത്താവിന്റെ സഹോദരന്മാർക്ക് (സാങ്കേതികമായി മഹാപീഡനകാലത്തിലെ യഹൂദന്മാർ) ഭക്ഷണം നൽകുകയും അവരെ ഉടുപ്പിക്കുകയും സന്ദർശിക്കുകയും ചെയ്തവർ ഈ സൽപ്രവൃത്തികളാലല്ല രക്ഷ നേടിയത്. രക്ഷയുടെ **വ്യവസ്ഥകളല്ല** ഭക്ഷണം നൽകുക, ഉടുപ്പിക്കുക, സന്ദർശിക്കുക തുടങ്ങിയ കാരണങ്ങൾ, പിന്നെയോ അവർക്ക് വിശ്വാസമുണ്ടെന്നു തെളിയിക്കുന്ന **വിവരണങ്ങളാണ്.** എതിർക്രിസ്തുവിന്റെ എതിർപ്പിനു വിപരീതമായി യഹൂദന്മാരെ ശുശ്രൂഷിക്കുന്നവർ വിശ്വാസമുള്ളവർ മാത്രമാണ്. രക്ഷ വരുന്നത് വിശ്വാസത്താലാണ്. എന്നാൽ രക്ഷിക്കപ്പെടുന്നവരെ സൽപ്രവൃത്തി ചെയ്യുന്നവർ എന്ന നിലയിൽ വിവരിക്കാം. സ്വഭാവത്തിലൂടെ വിശ്വാസം പ്രകടമാക്കുന്നു. മത്താ. 10 ലും ലൂക്കോ. 12 ലും രക്ഷയ്ക്കുള്ള വ്യവസ്ഥയായിട്ടല്ല ഏറ്റുപറച്ചിൽ. എന്നാൽ ഒരു വിശ്വാസി സാധാരണയായി പെരുമാറേണ്ടതിന്റെ വിവരണമാണ്. ഒരു അവിശ്വാസി സാധാരണ പെരുമാറുന്ന രീതിയുടെ വിവരണമാണു നിഷേധം. നിഷേധിക്കുന്ന ഒരു ക്രിസ്ത്യാനി, ഒരു വിശ്വാസിയുടെ സാധാരണ വിവരണമല്ല പ്രവർത്തിച്ചു കാട്ടുന്നത്. മറിച്ച് അവിശ്വാസിയെപ്പോലെ കപടഭക്തനാകുകയാണ്.

യാതൊരു സമ്മർദ്ദവുമില്ലാത്ത സാഹചര്യങ്ങളിലും ഇത് പ്രത്യേകിച്ച് സത്യമാണ്. രക്ഷ ഏറ്റുപറച്ചിലിന്റെ അടിസ്ഥാനത്തിലാണെന്നും, അല്ലെങ്കിൽ തള്ളിപ്പറച്ചിലുകൾ മുഖന്തരം രക്ഷ നഷ്ടപ്പെട്ടുപോകുമെന്നും **കർത്താവ് പറയുന്ന കാര്യമിതാണ്, തന്റെ ശിഷ്യന്മാർ തങ്ങളുടെ ജീവിതകാലത്തിലുടനീളം ഒരു പൊതു മാതൃകാ സ്വഭാവം വെച്ചുപുലർത്തണമെന്നാണ്.** ഭീഷണിയുടെയും പീഡനത്തിന്റെയും സമയത്ത്, ഭൂരിഭാഗം വിശ്വാസികളും എല്ലാക്കാലത്തും വെച്ചുപുലർത്തുന്ന സാധാരണ സ്വഭാവം മാറ്റുകയില്ല.

ഒരു **പൊതുവായ അയഞ്ഞ വിവരണം** എന്ന നിലയിൽ വിശ്വാസികൾ വിശ്വസിക്കുന്നുവെന്ന് സമ്മതിക്കുന്നു. അതുപോലെ അവിശ്വാസികൾ വിശ്വാസത്തെ തള്ളിപ്പറയുന്നു. ഈ പൊതു തത്വത്തിൽ നിന്ന് ഒഴിഞ്ഞുനില്ക്കുന്ന ചില വ്യക്തികൾ ഉണ്ടായിരിക്കാം. അതുകൂടാതെ ഈ സാധാരണരീതിക്കു നില്ക്കാത്ത വിധം സാന്ദർഭികമായി സംസാരിക്കുന്നതിനു മിക്കവാറും എല്ലാവരും കഴിവുള്ളവരാണ്. എന്നാലും അടിസ്ഥാന പ്രവണതയെന്ന നിലയിൽ വിശ്വാസികൾ ക്രിസ്തുവിനെ അംഗീകരിക്കുകയും അവിശ്വാസികൾ തള്ളിപ്പറയുകയും ചെയ്യുന്നു. ഒരു അവിശ്വാസിയെപ്പോലെ എളുപ്പത്തിൽ സംസാരിക്കുവാൻ കഴിയുന്ന സാഹചര്യങ്ങളിലും കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് ഒരു ക്രിസ്ത്യാനിയെക്കുറിച്ചുള്ള പൊതു വിവരണത്തിനും മൊത്തത്തിലുള്ള പ്രവണതയ്ക്കും അനുസരിച്ചായിരിക്കുവാനാണ്. മത്തായി 10, ലൂക്കോസ് 12 വേദഭാഗങ്ങളും, വിശ്വാസം മാത്രമാണ് രക്ഷയ്ക്കുള്ള **വ്യവസ്ഥ** എന്ന ഉപദേശവും തമ്മിൽ യോജിപ്പിക്കുവാനുള്ള മറ്റൊരു വഴിയാണ് പൊതുവിവരണ വീക്ഷണം.[58]

3. സംഗ്രഹം

ഒരു പരസ്യമായ ഏറ്റുപറച്ചിലല്ല റോമർ 10:9-10 വേദഭാഗം ചർച്ച ചെയ്യുന്നത്, ദൈവത്തോടുള്ള ബന്ധത്തിൽ രഹസ്യമായി നടത്തുന്ന ഏറ്റു പറച്ചിലാണ്. രക്ഷയോടു ചേർന്നു വരുന്ന ഏറ്റുപറച്ചിൽ റോമ. 10:9 ഉം 10:12, 13 ഉം ചേർത്ത് ചിന്തിക്കണം. **രക്ഷയ്ക്കുവേണ്ടി** കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിനോടു തുല്യമാണ് **ഏറ്റുപറച്ചിൽ.**

അതുപോലെ മത്തായി 10:32, 33 ലൂക്കോ. 12:8-9 എന്നീ വേദഭാഗങ്ങൾ വിശ്വാസത്താൽ മാത്രമാണു രക്ഷയെന്നു വെളിപ്പെടുത്തുന്ന 150-ൽ അധികം വേദഭാഗങ്ങളോട് വിപരീതമാകുന്ന നിലയിൽ വ്യാഖ്യാനിക്കരുത്. മറ്റൊരു കൂട്ടത്തോടും സമാന്തരമല്ലാത്ത അപ്പോസ്തലന്മാരോടും കഷ്ടം അനുഭവിച്ചവരോടും ഇനി പീഡനം അനുഭവിക്കാൻ പോകുന്നവരോ ആയ വിശുദ്ധന്മാരോടുള്ള ബന്ധത്തിലുള്ളതാണെന്ന നിലയിൽ ഇതിനെ കാണണം. പ്രത്യേക കൂട്ടങ്ങളോടുള്ള ബന്ധത്തിലല്ല ഈ വേദഭാഗങ്ങൾ നൽകിയിരിക്കുന്നതെന്നു ഇവയുടെ പശ്ചാത്തലങ്ങളിൽ നിന്ന് ഒരാൾക്കു ബോധ്യപ്പെട്ടാൽ തന്നെയും ഈ വാക്യങ്ങൾ വിശ്വാസം മാത്രം എന്ന ഉപദേശത്തോടു പൊരുത്തപ്പെടുന്ന നിലയിൽ വ്യാഖ്യാനിക്കാൻ കഴിയും. ഇവിടെ, രക്ഷ നഷ്ടപ്പെടുകയോ നേടുകയോ അല്ല, പിന്നെ പ്രതിഫലത്തിന്റെ നഷ്ടവും നേട്ടവുമാണ് വിഷയം (പ്രതിഫല വീക്ഷണം, വിശ്വാസി ക്രിസ്തുവിനെ ഒരളവിലെങ്കിലും സാക്ഷിക്കുമെന്നും നിരന്തരമായി തള്ളിപ്പറയുന്നവർ അവിശ്വാസികളെണെന്നുമായിരിക്കാം ക്രിസ്തു അർത്ഥമാക്കിയത് (എന്തായാലും അങ്ങേയറ്റത്തേതാണെന്നുള്ള വീക്ഷണം). മറ്റൊരു ആശയം ഈ ലോകജീവിതത്തിൽ കർത്താവിനെ പിതാവിനോടു ഏറ്റു

[58] വിശ്വാസികളെക്കുറിച്ചുള്ള പൊതുവായ അയഞ്ഞ വിവരണമായി കർത്താവിന്റെ വാക്കുകളെ കാണുമ്പോൾ (രക്ഷയുടെ ഒരു വ്യവസ്ഥ എന്നതിലുപരിയായി) മറ്റുള്ള ദൈവവചന പഠനങ്ങളെ, കണക്കിലെടുക്കുവാനുള്ള അനുകൂലം സന്ദർഭം ഉണ്ടാകുന്നു. വിശ്വാസികൾ തങ്ങളുടെ വിശ്വാസം മറ്റുള്ളവർക്കു വെളിപ്പെടുത്തുന്നതിൽ പരാജയം സംഭവിക്കാമെന്നു മറ്റുള്ള വേദഭാഗങ്ങൾ പഠിപ്പിക്കുന്നു. പത്രൊസ് ഇതിന്റെ നല്ല ഉദാഹരണമാണ് (യോഹ. 18: 25). കൂടാതെ വിശ്വസിച്ച പരീശന്മാർ യഹൂദ അധികാരികളെ ഭയപ്പെട്ടു കർത്താവിനെ പരസ്യമായി ഏറ്റുപറയാതിരുന്നത് യോഹന്നാൻ 12: 42 ൽ കാണുന്നു. ക്രിസ്തുവിനെ ചില സന്ദർഭങ്ങളിലൊക്കെ ഏറ്റു പറയുന്നതിൽ വിശ്വാസിക്കു പരാജയം സംഭവിക്കാം, എന്നാലും തന്റെ മൊത്തം ജീവിതത്തിന്റെ അടിസ്ഥാനത്തിൽ ഒരു "ഏറ്റുപറയുന്നവൻ" എന്നു വിളിക്കാം. അവൻ സുരക്ഷിതമായ സാഹചര്യങ്ങളിൽ തന്റെ ദൈവദാസന്റെയോ, സഹവിശ്വാസികളുടെയോ, കുടുംബത്തിന്റെയും വിശ്വസ്തസ്നേഹിതരുടെയോ മുമ്പിൽ തന്റെ വിശ്വാസം വെളിപ്പെടുത്തുന്നു. പരസ്യമായ ഏറ്റുപറച്ചിൽ നടത്താൻ കഴിയാത്ത ചകിതരായ വിശ്വാസികൾ ഇസ്ലാമിക രാജ്യങ്ങളിൽ ഇപ്പോഴുമുണ്ട്.

ഇതിനു വിപരീതമായി മത്താ. 7:21 കാണിക്കുന്നത്, ഒരു അവിശ്വാസി വിശ്വാസം സാന്ദർഭികമായി ഏറ്റു പറയുമെങ്കിലും, അവന്റെ ജീവിതം മൊത്തമായി എടുത്താൽ തള്ളിപ്പറച്ചിലാണ് കാണുവാൻ കഴിയുന്നത്. ഇതാണ് യൂദായുടെ ഉദാഹരണം വെളിപ്പെടുത്തുന്നത്. മത്താ. 10 ഉം 12 ഉം അദ്ധ്യായങ്ങളിൽ കാണുന്ന ഏറ്റുപറച്ചിൽ മറ്റുള്ളവരുടെ മുമ്പിലുള്ളതാണെന്നു കാണുന്നിടത്തോളം (പിതാവായ ദൈവത്തോടല്ല), കർത്താവിന്റെ വാക്കുകളെ മറ്റു തിരുവെഴുത്തുകളാൽ പര്യാപ്തമാക്കപ്പെടേണ്ട പൊതുവായ അയഞ്ഞ പ്രസ്താവനകളായി കാണേണ്ടിവരും. മിക്കവാറും വിശ്വാസികൾ രക്ഷിതാവിനെ സാക്ഷീകരിക്കും. മിക്കവാറും അവിശ്വാസകൾ സാധാരണയായി അവനെ തള്ളിപ്പറയും. മത്തായി 10 ന്റെയും ലൂക്കോസ് 12 ന്റെയും പശ്ചാത്തലം ബന്ധപ്പെട്ടിരിക്കുന്നത് എങ്ങനെ വിശ്വാസികൾ പ്രതികൂലത്തെ അഭിമുഖീകരിക്കും എന്ന വിഷയമാണെന്നുള്ളത് മറക്കരുത്. കർത്താവിന്റെ പ്രഥമ പരിഗണന രക്ഷാതത്വശാസ്ത്രമല്ല. അതുകൊണ്ട് മിക്കവാറും വിശ്വാസികളുടെ പൊതസ്വഭാവമാണ് കർത്താവു വിവരിക്കുന്നത്. (അതുപോലെ അവിശ്വാസികളുടെയും). ഇതിൽ ഇതിന് അപവാദമായിരിക്കുന്നതിന്റെ വിശദമായ പട്ടിക നൽകുന്നില്ല. പീഡനങ്ങളിൽ പോലും തന്നെ ഏറ്റുപറയുന്ന മാതൃക വിശ്വാസത്തിൽ കർത്താവ് വിശ്വാസികളെ നിലനിർത്തുന്നു.

പറയുന്നവർ കർത്താവ് പിതാവിനോടു ദൂതന്മാരുടെ മുമ്പിൽ തള്ളിപ്പറയുന്നതു ഒഴിവാക്കാം (ഇവിടെ, ഇവിടേക്കു ശേഷമോ വീക്ഷണം) മറ്റൊരു അഭിപ്രായം കർത്താവു നൽകുന്ന സാധാരണ വിവരണപ്രകാരം രക്ഷിക്കപ്പെട്ടവരുടെ സാഹചര്യം എന്തു തന്നെയായാലും, എങ്ങനെയാണ് രക്ഷിക്കപ്പെട്ടവർ പ്രവർത്തിക്കുന്നതെന്ന് വിശദീകരിക്കുകയാണ് (പൊതു വിവരണ വീക്ഷണം). ആദ്യ ശ്രോതാക്കളെ സംബന്ധിച്ചിടത്തോളം ഏറ്റവും കുറഞ്ഞത് 3 വീക്ഷണങ്ങളിൽ നിന്നു ലഭിക്കുന്ന പാഠങ്ങൾ ഒന്നു തന്നെയാണ്. ശിഷ്യന്മാർ മുമ്പേതന്നെ ദൈവത്തോടു പിതാവിനെ ഏറ്റുപറഞ്ഞവരാണ്. അവർ മറ്റുള്ളവരുടെ മുമ്പിലും കർത്താവിനെ ഏറ്റു പറയുന്നു. കഷ്ടതയുടെ വേളയിലും ഈ ഏറ്റുപറച്ചിലിനോടു നീതി പുലർത്തുവാൻ കർത്താവു ആഗ്രഹിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന വീക്ഷണങ്ങളിൽ ഏതൊക്കെ ശരിയെന്നു വാദിക്കേണ്ട ആവശ്യമില്ല. പ്രധാന കാര്യം, വിശ്വാസം കൂടാതെ പരസ്യമായ ഏറ്റു പറച്ചിൽ കൂടി രക്ഷയ്ക്ക് വേണമെന്ന വ്യവസ്ഥയ്ക്കു പകരമായുള്ള വീക്ഷണങ്ങളാണ്

I. രക്ഷിക്കപ്പെടുന്നതിനു നിങ്ങളുടെ ഹൃദയത്തിൽ വരുവാൻ യേശുവിനോടു പറയുക.

ഈ വാചകം സാധാരണയായി രക്ഷയ്ക്കുള്ള വ്യവസ്ഥയായി പറയുവാൻ കുഞ്ഞുങ്ങളോട് ആവശ്യപ്പെടാറുണ്ട്. വിശ്വാസത്താൽ യേശുവിനെ രക്ഷകനായി സ്വീകരിക്കുന്നതിനു തുല്യമായിട്ടുള്ളതാണ് ഇതെന്നു മനസ്സിലാക്കാം. അതുകൊണ്ട് ഈ വാചകത്തിൽ അനേകം കുഞ്ഞുങ്ങളോട് സുവിശേഷം അറിയിക്കുകയും അവർ യഥാർത്ഥമായി ക്രിസ്തുവിൽ ആശ്രയിക്കുകയും ചെയ്തു.

എന്നിരുന്നാലും,"ഹൃദയത്തിൽ വരുവാൻ യേശുവിനോടു പറയുക" എന്ന വാചകം വളരെ തെറ്റിദ്ധാരണക്കു കാരണമാകും. രക്ഷിതാവിന്റെ മരണം പുനരുത്ഥാനം അതു പോലെ അവനിലുള്ള ആശ്രയം ഇവ ഗ്രഹിക്കാതെ "യേശുവിനോടു ഹൃദയത്തിൽ വരുവാൻ ആവശ്യപ്പെടുവാനുള്ള" സാധ്യതയുണ്ട്. അതു കൂടാതെ രക്ഷയുടെ ഫലമാണ് ക്രിസ്തുവിന്റെ ഹൃദയത്തിലേക്കുള്ള വരവ്. അല്ലാതെ രക്ഷയുടെ വ്യവസ്ഥ അല്ല. ബൈബിൾ അങ്ങനെയുള്ള സാങ്കേതിക പദം **ഒരിക്കലും** സുവിശേഷത്തിൽ ഉപയോഗിച്ചിട്ടില്ല, അതുകൊണ്ട് അത് ഒഴിവാക്കേണ്ടതാണ്.

ഹൃദയത്തിനുള്ള ഗ്രീക്ക് വാക്ക് '*കാർഡിയ*' (*Kardia*) ആണ്. ഇതിൽ നിന്നാണ് 'കാർഡിയാക്ക്' വന്നത്. ഉപയോഗിച്ചിരിക്കുന്ന കൈയെഴുത്തുപ്രതി എതു തന്നെയായാലും, 157 – 160 പ്രാവശ്യം ഇത് ഉപയോഗിച്ചിട്ടുണ്ട്. ദൈവവചനത്തിൽ **ക്രിസ്തുവിനോട് ഹൃദയത്തിൽ കടന്നുവരുവാൻ പറയുന്നത്" രക്ഷയുടെ ഒരു വ്യവസ്ഥയായി ഒരിക്കലും പറഞ്ഞിട്ടില്ലെന്ന്** മനസ്സിലാക്കുവാൻ പഠിതാവിനു ഒരു ബൈബിൾ കൺകോർഡൻസ് പരിശോധിക്കാം. സത്യത്തെ വിഭിന്നമായ വഴിയിൽ പറയുവാൻ, യേശുവിനെ തങ്ങളുടെ ഹൃദയത്തിലേക്കു കടന്നു വരണമെന്നു "പറയാതെ തന്നെ" ആളുകൾ എന്നു രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നുയെന്നു ഒരാൾക്ക് ഖണ്ഡിതമായി പറയുവാൻ കഴിയും. അത് രക്ഷയ്ക്കുള്ള വ്യവസ്ഥയല്ലെന്നതു വളരെ ലളിതമാണ്. ഒരുവൻ തന്റെ ഹൃദയം കൊണ്ടാണ് വിശ്വസിക്കുന്നതെന്ന് ദൈവവചനം വ്യക്തമായി പറയുന്നു (ലൂക്കോ. 24:25, അപ്പോ. പ്രവൃ. 15:9, റോമ. 10:9, 10). യോഹന്നാന്റെ സുവിശേഷത്തിലോ അപ്പോ. പ്രവർത്തിയിലെ സുവിശേഷ പ്രസംഗങ്ങളിലോ റോമാ ലേഖനത്തിലെ ഉന്നതമായ ദൈവശാസ്ത്ര ഉടമ്പടികളിലോ പുതിയ നിയമത്തിൽ ഏതൊരു ഭാഗത്തോ "യേശുവിനോടു ഹൃദയത്തിൽ വരണമെന്നു പറയുന്നതായ" ഒരു വ്യവസ്ഥ രക്ഷയോടുള്ള ബന്ധത്തിൽ കാണുന്നില്ല. **രക്ഷയുടെ ഫലവും രക്ഷയുടെ യോഗ്യതയും തമ്മിൽ ഒരാളും കൂട്ടിക്കുഴയ്ക്കരുത്.**

വെളിപ്പാട് 3:20 –ന്റെ ഉപരിപ്ലവമായ വ്യാഖ്യാനംകൊണ്ട് യേശുവിനെ ഒരാളുടെ ഹൃദയത്തിലേക്കു വരുവാൻ പറയുന്നത് രക്ഷയുടെ വ്യവസ്ഥയായിക്കാണാനുള്ള സാധ്യതയുണ്ട്.

> ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും (വെളി. 3:20).

വെളിപ്പാട് 3:20-ൽ *ഹൃദയം* എന്ന പ്രയോഗം തന്നെ കടന്നു വന്നിട്ടില്ല. ''അടുക്കൽ ചെന്നു'' എന്നുള്ള പ്രയോഗം വ്യാഖ്യാതാക്കൾ ശ്രദ്ധിക്കണം. കർത്താവ് ഒരു വ്യക്തിയുടെ **അടുക്കൽ** ചെല്ലുന്നു, അല്ലാതെ വ്യക്തിയുടെ **അകത്തോ വ്യക്തികളിലേക്കോ** ചെല്ലുന്നതായി ഈ വാക്യം പറയുന്നില്ല. വെളി: 3: 20 –ൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് വേറെയും പുതിയനിയമത്തിൽ 8 സ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട് അവിടെയൊന്നും **ഉള്ളിൽ** എന്ന ആശയമില്ല(മർക്കോ. 7:25; 15:43; ലൂക്കോ. 1:28; അപ്പോ. പ്രവൃ. 10:3; 11:3; 16:40; 17:2; 28:8). മർക്കോ. 15:43-ൽ അരിമത്ഥ്യയിലെ യോസേഫ് വന്നു ധൈര്യത്തോടെ പീലാത്തോസിന്റെ "അടുക്കൽ" ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു. അവൻ പീലാത്തോസിന്റെ "ഉള്ളിലേക്കു" പോകുകയായിരുന്നില്ല, അവൻ പീലാത്തോസിന്റെ "അടുക്കൽ" പോകുകയായിരുന്നു. അതു പോലെ വെളി. 3:20-ൽ യേശു ഒരു വ്യക്തിയോടു കൂട്ടായ്മ ആചരിക്കുവാൻ അവന്റെ "അടുക്കൽ" വരുവാൻ തയ്യാറാണ്. വെളി. 3:20-ൽ ക്രിസ്തു ഒരു വ്യക്തിയുടെ ഹൃദയത്തിൽ അധിവസിക്കുന്നതല്ല പ്രധാന

വിഷയം. യേശു ഹൃദയത്തിൽ വരുവാൻ പറയണം എന്ന വ്യവസ്ഥ രക്ഷയ്ക്കുള്ളതായി ഒരു വാക്യവും പറയുന്നില്ല.

J. രക്ഷ പ്രാപിക്കുന്നതിനു പാപങ്ങൾ ഏറ്റു പറയുക

ക്രിസ്തീയ ഉപദേശത്തിൽ പാപം ഏറ്റു പറയുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്നിരുന്നാലും, അത് അതിന്റേതായ സ്ഥാനത്ത് കാണണം. വിശ്വാസികളോടുള്ള ബന്ധത്തിലാണ് പാപം ഏറ്റുപറയുക എന്ന പഠിപ്പിക്കൽ പ്രഥമമായി വരുന്നത്. ഒരു ന്യായാധിപൻ എന്ന നിലയിൽ ദൈവം വിശ്വാസിയുടെ എല്ലാ പാപങ്ങളും ക്ഷമിച്ചുതന്നിരിക്കുകയാണ് (കൊലൊ. 2:13). ഒരു പിതാവെന്ന നിലയിൽ ദൈവത്തിനു ഇപ്പോഴും കോപിക്കാം, അതുകൊണ്ട് വിശ്വാസി ഏറ്റുപറച്ചിലിലൂടെ രക്ഷ നേടേണ്ടത് ആവശ്യമാണ് (പാപത്തെ സമ്മതിക്കുന്നു). അതുകൊണ്ട് പിതാവിൽ നിന്നു പാപക്ഷമ നേടാൻ വിശ്വാസികൾ പാപങ്ങൾ ഏറ്റുപറയുവാൻ പ്രേരിപ്പിക്കുന്നു (1 യോഹ. 1:9; 1 കൊരി. 11:31; മത്താ. 6:12). അതിന്റേതായ സ്ഥാനത്ത് പാപങ്ങൾ ഏറ്റു പറയുക എന്ന ഉപദേശം ഏറ്റവും പ്രധാനവും ആവശ്യവുമാണ്.

ദൈവവചനം രക്ഷയ്ക്കുള്ള വ്യവസ്ഥയായി പാപങ്ങൾ ഏറ്റുപറയുന്നതു കാണുന്നില്ല. സത്യമായി, ഒരു വ്യക്തി ക്രിസ്തുവിങ്കലേക്കു വിശ്വാസത്താൽ വരുമ്പോൾ, പൊതുവായ അർത്ഥത്തിൽ അവന്റെ പാപാവസ്ഥയെ സംശയരഹിതമായി സമ്മതിച്ചു കൊടുക്കും. എന്നാൽ രക്ഷനേടേണ്ടതിനു പ്രത്യേക പാപങ്ങൾ കണ്ടുപിടിച്ച്, അവയുടെ പട്ടിക ഉണ്ടാക്കി, അവ ഏറ്റു പറയണം എന്ന ആവശ്യം ഇതിൽ നിന്നു വിഭിന്നമാണ്. ഒടുവിൽ പറഞ്ഞ കാര്യം പ്രായശ്ചിത്തത്തിന്റെ പ്രവൃത്തിയായിട്ടേ കാണുവാൻ കഴിയുകയുള്ളൂ. ഇതിലൂടെ പാപങ്ങൾ ഏറ്റു പറയുക എന്ന പ്രശംസാർഹമായ പ്രവൃത്തിയിലൂടെ രക്ഷ നേടുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലെ വേലയെക്കുറിച്ചോ, യേശുക്രിസ്തുവിലുള്ള വിശ്വാസത്തെക്കുറിച്ചോ വ്യക്തിപരമായ അറിവില്ലാതെ തന്നെ ഒരു വ്യക്തിക്കു തന്റെ പാപത്തിന്റെ പട്ടിക ഉണ്ടാക്കുവാനും അവയെ ഏറ്റുപറയുവാനും കഴിയുമെന്നുള്ള സത്യം പരിഗണിക്കുക. നാം ആരും മധ്യയുഗത്തിലെ, പൂർണ്ണമായും ദുരിതം നിറഞ്ഞ് പാപത്തിൽ നിന്നു പാപത്തിലേക്കു ഏറ്റുപറച്ചിൽ തുടർന്നുകൊണ്ടിരുന്നവരും യേശുക്രിസ്തുവിനെ സ്വീകരിക്കാത്തവരുമായ സന്യാസികളെപ്പോലെയല്ല. രക്ഷയുടെ ആവശ്യത്തിലേക്കായി പ്രത്യേക പാപങ്ങളെ ഏറ്റുപറയണമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല എന്ന സത്യവും പരിഗണിക്കുക. കർത്താവിൽ ആശ്രയിക്കാതെ ഒരാൾക്ക് പാപങ്ങളെ ഏറ്റുപറയുവാൻ കഴിയുന്നതുപോലെ ഒരാൾക്ക് ഒരു പാപവും പ്രത്യേകമായി ഏറ്റുപറയാതെ തന്നെ ക്രിസ്തുവിൽ വിശ്വസിക്കുവാൻ കഴിയും. ഒരു വ്യക്തി തന്റെ **പാപാവസ്ഥയെ** പൊതുവായിസമ്മതിക്കുകയും യേശുക്രിസ്തുവിലാശ്രയിച്ച് വിടുതൽ ആഗ്രഹിക്കുകയും ചെയ്യുന്നത് മതിയായതാണ്. ഒരു പിതാവെന്ന നിലയിൽ ദൈവത്തിൽ നിന്നു പാപക്ഷമ നേടാൻ പ്രത്യേകമായ പാപത്തിന്റെ ഏറ്റുപറച്ചിൽ ആവശ്യമാണ്. എന്നാൽ ഒരു ന്യായാധിപൻ എന്ന നിലയിൽ ഏകവഴി **വിശ്വാസം മാത്രമാണ്.**

1 യോഹ. 1:9 ന്റെ അടിസ്ഥാനത്തിൽ ഒരു ചെറിയ കൂട്ടം ആളുകൾ, ഒരു നഷ്ടപ്പെട്ട പാപിക്ക് രക്ഷ നേടണമെങ്കിൽ പ്രത്യേകമായി പാപത്തെ ഏറ്റുപറയണമെന്ന വാദം ഉയർത്തിയിരിക്കുന്നു. ഈ വാക്യത്തിന്റെ ശൈലിയും പശ്ചാത്തലവും വ്യക്തമാക്കുന്നത് ഇത് വിശ്വാസികളെ ഉദ്ദേശിച്ചാണ്. 1 യോഹ. 2:1 -ൽ നിന്നു മസ്സിലാകുന്നത് യോഹന്നാൻ എഴുതുന്നത് "കുഞ്ഞുങ്ങൾക്കായിട്ടാണ്". അതായത് വിശ്വാസികൾ, യേശുക്രിസ്തു കാര്യസ്ഥനായിരിക്കുന്നവർക്കാണ് യോഹന്നാൻ ലേഖനം എഴുതുന്നത്. 1 യോഹ. 2:2-ൽ അവന്റെ വായനക്കാരും ലോകവും തമ്മിൽ വേർതിരിച്ചിരിക്കുന്നു. 1 യോഹ. 1:9 അവിശ്വാസികളെക്കാൾ ഉപരിയായി വിശ്വാസികളോടുള്ളതാണ്. പ്രത്യേക പാപങ്ങൾ ഏറ്റുപറയുന്നത് രക്ഷയ്ക്കുള്ള ബൈബിൾ വ്യവസ്ഥയല്ല. ദൈവം ഒരു ന്യായാധിപൻ എന്ന നിലയിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവരോട് പാപം ക്ഷമിക്കുന്നു. ഒരു വ്യക്തി സത്യസന്ധമായി ക്രിസ്തുവിൽ തന്റെ വിശ്വാസം വെയ്ക്കുമ്പോൾ അവൻ തന്റെ പാപം ഒരളവോളം സമ്മതിച്ചുകൊടുക്കുകയും അത് രക്ഷയ്ക്ക് മതിയായതുമാണ്.

K. രക്ഷിക്കപ്പെടുന്നതിനു മറ്റുള്ളവരോട് ക്ഷമിക്കുക

രക്ഷയുടെ വ്യവസ്ഥയായി "ക്രിസ്തു ക്ഷമിച്ചതുപോലെ സൗജന്യമായി ക്ഷമിക്കുക" എന്ന് ഒരു വലിയ സഭ അംഗീകരിക്കുന്നു. ഇത് സഭയുടെ ഉണർവുയോഗങ്ങളുടെ പരസ്യങ്ങളിലൊന്നായി നൽകിയിരിക്കുന്നു. ഇത് രക്ഷയ്ക്കുള്ള ഒരു "വ്യവസ്ഥയായി" ദൈവം അംഗീകരിച്ചിട്ടുണ്ടെന്ന് ആ പരസ്യം പ്രത്യേകം പറഞ്ഞിട്ടുണ്ട്. ബൈബിൾ ക്ഷമയെ പ്രോത്സാഹിപ്പിച്ചിരിക്കുന്നതിനു യാതൊരു സംശവുമില്ല. എന്നാൽ മറ്റുള്ളവരോട് ക്ഷമ രക്ഷയുടെ വ്യവസ്ഥയായി ബൈബിൾ പഠിപ്പിക്കുന്നുയെന്നു പറഞ്ഞാൽ വലിയ പ്രശ്നങ്ങളുണ്ട്. ഒന്നാമതായി ക്രിസ്തു ക്ഷമിച്ചതുപോലെ ക്ഷമിക്കുവാൻ ക്രിസ്തുവിനെ അറിയാത്തവന് കഴിയുകയില്ല എന്നുള്ളത് സത്യമാണ്. മറ്റുള്ളവരോട് ശരിയായിട്ട് ക്ഷമിക്കാൻ, ഒരാൾ യഥാർത്ഥമായി രക്ഷിക്കപ്പെടുകയും ദൈവത്തിന്റെ ക്ഷമ അനുഭവിക്കുകയും ചെയ്യണം- രക്ഷിക്കപ്പെടുന്നതിനു മുമ്പ് എല്ലാവരോടും ക്ഷമിക്കണം എന്ന വ്യവസ്ഥ വെച്ചാൽ ദൈവത്തിന്റെ ക്ഷമ ആഗ്രഹിക്കുകയും എന്നാൽ തന്നെ വഞ്ചിച്ച എല്ലാവരോടും ക്ഷമിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന വ്യക്തിക്ക് അതു ഒരു തടസ്സമായിരിക്കും. സത്യത്തിൽ ദൈവം തന്നെ തനി

ക്കെതിരെ ചെയ്ത സകല പാപങ്ങളും ക്ഷമിക്കുന്നില്ല! ക്രിസ്തുവിശ്വാസിക്കു എളുപ്പത്തിൽ ക്ഷമിക്കുവാൻ കഴിയും. എന്നാൽ കുറ്റം വലുതാണെങ്കിൽ ഉത്തരവാദിത്വത്തിൽ വീഴ്ച സംഭവിച്ചാൽ ക്രിസ്ത്യാനി ക്ഷമിക്കേണ്ടതായിട്ടില്ല (കാണുക മത്താ. 18:15–17). വിശ്വാസിയും ദൈവം തന്നെയും എപ്പോഴും ക്ഷമിക്കുന്നില്ലെങ്കിൽ, രക്ഷ ലഭിക്കുന്നതിനു മറ്റുള്ളവരോടു ക്ഷമിക്കണമെന്നു വ്യവസ്ഥ വെച്ചാൽ അത് തികച്ചും അസംബന്ധമാണ്. രണ്ടാമതായി, രക്ഷയ്ക്ക് ക്ഷമിക്കണം എന്ന വ്യവസ്ഥ വെയ്ക്കുമ്പോൾ മനുഷ്യൻ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് രക്ഷയെന്നു വരും. അല്ലാതെ കർത്താവ് ചെയ്തതിനെ അംഗീകരിക്കുന്നതിലല്ല. ദൈവത്തിന്റെ കൃപയാൽ നൽകപ്പെട്ട വിശ്വാസത്തോടു പ്രവൃത്തി കൂട്ടിച്ചേർക്കുന്നു. മൂന്നാമതായി, എല്ലാവരോടും ക്ഷമിക്കുവാൻ കഴിയുന്നുവെന്നു സങ്കല്പിച്ചാൽപോലും, ആ വ്യക്തി പാപത്തിൽ വീണുകിടക്കുന്ന അവസ്ഥയിലായിരിക്കും. ഒരു വിശ്വാസി എല്ലാവരോടും ക്ഷമിച്ചാൽത്തന്നെയും ക്രിസ്തുവിലും അവന്റെ ക്രൂശിലെ വേലയിലും ആശ്രയിക്കാത്തിടത്തോളം രക്ഷിക്കപ്പെടാത്ത അവസ്ഥയിലാണ്. അവസാനമായി ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതിനു മുമ്പ് എല്ലാവരോടും എല്ലാക്കാര്യങ്ങളിലും ക്ഷമിക്കണമെന്നു ദൈവം ആവശ്യപ്പെടുന്നതായി യാതൊരു വേദഭാഗവുമില്ല.

മത്തായി. 6:14–15 തെറ്റായി വ്യാഖ്യാനിച്ച് "മറ്റുള്ളവരോട് ക്ഷമിക്കുന്നത്" രക്ഷയുടെ വ്യവസ്ഥയാകുന്നു. മുൻപു തന്നെ രക്ഷിക്കപ്പെട്ടവരോടാണ് കർത്താവ് ഇവിടെപ്പറയുന്നത് (വാക്യം 9 ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ, ഞങ്ങളുടെ പിതാവെ....)മറ്റുള്ളവരോടു ക്ഷമിക്കാനാവാത്ത വെറുപ്പ് വെച്ചുപുലർത്തുന്നവർക്ക്, സ്വർഗ്ഗസ്ഥനായ പിതാവിൽ നിന്നു ക്ഷമ ലഭിക്കുകയില്ലെന്നാണ് കർത്താവ് പഠിപ്പിക്കുന്നത്. ക്രിസ്തുവിലുള്ള വിശ്വാസം മൂലം ന്യായാധിപനെന്നെ നിലയിൽ ദൈവത്തിൽ നിന്നു പാപക്ഷമ വിശ്വാസിക്കു ലഭിച്ചു കഴിഞ്ഞിരിക്കുകയാണ്. എന്നാൽ തന്നോട് അപേക്ഷിക്കുന്ന ഒരാളോട് വിശ്വാസി ക്ഷമിക്കാൻ മടികാണിച്ചാൽ ആ വിശ്വാസിക്ക് ക്ഷമ ലഭിക്കുന്നില്ല എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അവൻ ദൈവവുമായി കൂട്ടായ്മയില്ല എന്നാണ്. സത്യസന്ധമായി അപേക്ഷിക്കുന്നവരോട് ക്ഷമിക്കുക എന്ന വ്യവസ്ഥയിൽ അധിഷ്ഠിതമാണ് പിതാവായ ദൈവത്തോടുള്ള കൂട്ടായ്മ. എന്നാൽ രക്ഷയുടെ ഏക വ്യവസ്ഥ വിശ്വാസം മാത്രമാണ്.

L. രക്ഷിക്കപ്പെടുന്നതിനു മറ്റുള്ളവരെയും സ്വയത്തെയും ത്യജിക്കുക

ക്രിസ്തുവിനോടുള്ള സമ്പൂർണ്ണമായ സമർപ്പണം ആവശ്യപ്പെടുന്ന അനേകം വേദഭാഗങ്ങളുണ്ട്. ക്രിസ്തുവിനു പൂർണ്ണമായ കൂറും സ്വയത്തിന്റെ നിഷേധവും ആവശ്യമുള്ളതാണെന്നുള്ളത് ആരും എതിർക്കുകയില്ല. എന്നാൽ അവൻ വ്യക്തിയിൽ നിന്നു പൂർണ്ണമായ സ്വയനിഷേധം രക്ഷയ്ക്ക് ആവശ്യപ്പെടുമെന്നുള്ളത് തർക്കിക്കത്തക്ക കാര്യമാണ്. ദൈവം രക്ഷയ്ക്ക് ശേഷം ആവശ്യപ്പെടുന്നതും രക്ഷിക്കപ്പെടുവാൻ ആവശ്യപ്പെടുന്നതും തമ്മിൽ വ്യത്യാസമുണ്ട്.

സ്വയം ത്യജിക്കുവാൻ ആവശ്യപ്പെടുന്ന വേദഭാഗങ്ങൾ പരിശോധിക്കുന്നതിനു മുമ്പ് രക്ഷ നേടാൻവേണ്ടി അനുസരണം, സ്വയം ത്യജിക്കൽ, പരമാവധിയായ പരിത്യാഗം എന്നിവ ആവശ്യമാണെന്ന നിലയിൽ വ്യാഖ്യാനിക്കുവാൻ കഴിയുമെന്നു സമ്മതിച്ചുകൊടുക്കാവുന്നതാണ്. എന്നിരുന്നാലും, രക്ഷ കൃപയാൽ വിശ്വാസം മൂലം എന്നു വ്യക്തമായ ബൈബിൾ നിലപാടിനെ അനുകൂലിച്ചും ഇവ വ്യാഖ്യാനിക്കുവാൻ കഴിയും. മറ്റു വേദഭാഗങ്ങളിൽ നിന്നു വിഭിന്നമായി ഒന്നിലധികം അർത്ഥങ്ങൾ ഉണ്ടാകത്തക്കവിധം പഠിപ്പിക്കുന്നതിൽ അസ്വാഭാവികമായിട്ട് യാതൊന്നുമില്ല. ദൈവവചനത്തിന്റെ യുക്തിയും ആധികാരിയതുമനുസിച്ച് പരസ്പര വിരുദ്ധമാകാത്ത വ്യാഖ്യാനത്തിനാണ് മുൻഗണന. തനിക്കുള്ളതെല്ലാം വിറ്റു ദരിദ്രന്മാർക്കു കൊടുത്തിട്ടു തന്നെ അനുഗമിക്കാൻ ധനികനായ യുവപ്രമാണിയോടു പറയുമ്പോൾ, ഇതിനെ മറ്റു വേദഭാഗങ്ങളിൽ നിന്നു മാറ്റിയാൽ, ത്യാഗപൂർണ്ണമായ ദാനം ചെയ്യലിലൂടെ രക്ഷനേടുവാൻ കഴിയുമെന്നു പഠിപ്പിക്കുവാൻ സാധിക്കുന്ന വേദഭാഗമാണ്. എന്നാൽ ക്രിസ്തുവിനെ അനുഗമിക്കുന്നതിലൂടെ രക്ഷനേടാൻ കഴിയുമെന്നും ഇവിടെനിന്നു മനസ്സിലാക്കാം. ക്രിസ്തുവിനെ അനുഗമിക്കുവാൻ അവന്റെ സമ്പത്ത് തടസ്സമായിത്തീർന്നു. ഇവന്റെ വ്യക്തിപരമായ അവസ്ഥയിൽ ഒരു വിശ്വാസിയായിത്തീരാൻ തന്റെ സമ്പത്തിന്റെ മേലുള്ള പിടിവിടേണ്ടത് ആവശ്യമായിരുന്നു. അതുകൊണ്ട് അവന്റെ രക്ഷ പരോപകാരപരമായ പ്രവർത്തനങ്ങളാലല്ല, വിശ്വാസത്താൽ മാത്രമാണ്. ഒരു വിശ്വാസിയായിത്തീരുന്നതിനു പണം ഉണ്ടാക്കിയ തടസ്സം നീക്കുവാൻ ക്രിസ്തു ആവശ്യപ്പെടുന്നു. ഈ രണ്ടു വ്യാഖ്യാനങ്ങളും ഈ വേദഭാഗത്തു നടത്താം എന്നാൽ രണ്ടാമത്തേത് ബാക്കിയുള്ള വേദഭാഗങ്ങളുമായി യോജിക്കുന്നു.

1. ലൂക്കോ. 9:23–26

(മത്താ. 16:24–28; മർക്കോ. 8:34–38)

> പിന്നെ അവൻ എല്ലാവരോടും പറഞ്ഞത്, "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും എന്റെ ജീവന്റെ നിമിത്തം

> ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ ആതിനെ രക്ഷിക്കും. ഒരു മനുഷ്യൻ സർവ്വലോകവും നേടിട്ടു തന്നെത്താൻ നഷ്ടമാക്കി കളയുകയോ ചേതം വരുത്തുകയോ ചെയ്താൽ എന്തു പ്രയോജനം? ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ച് നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രൻ തന്റെയും പിതാവിന്റെയും വിശുദ്ധ ദൂതന്മാരുടെയും മഹത്വത്തിൽ വരുമ്പോൾ നാണിക്കും."

ആരോടാണ് യേശുക്രിസ്തു ഈ വാക്കുകൾ പറഞ്ഞത്? ശ്രദ്ധിക്കുന്നവർ വിശ്വാസികളോ അവിശ്വാസികളോ? അതോ, സമിശ്രമോ? ലൂക്കോസ് 9:18 ന്റെ പശ്ചാത്തലം ശിഷ്യന്മാരെക്കുറിച്ചാണ് (മത്താ. 16:24 ഉം കാണുക). വാക്യം 23-ൽ "എല്ലാവരും" എന്നു കാണുന്നു. മർക്കോ. 8:34-ൽ വായിക്കുന്നു "പിന്നെ അവൻ പുരുഷാരത്തെയും തന്റെ ശിഷ്യന്മാരെയും അരികെ വിളിച്ചു" ശിഷ്യന്മാർ (അപ്പോസ്തലന്മാർ) വിശ്വാസികളാണ്, പുരുഷാരത്തിൽ അനേകരും അവിശ്വാസികളാണ്. വിശ്വാസികളും അവിശ്വാസികളും ചേർന്ന ശ്രോതാക്കളോടു പ്രസംഗിക്കുന്നത് അന്നും ഇന്നും അസാധാരണമല്ല. യേശു വിശ്വാസികളെ പീഡനം അനുഭവിക്കുവാൻ ഒരുക്കുമ്പോൾ ഈ സംഭാഷണം അനേകം അവിശ്വാസികൾ ശ്രദ്ധിച്ചിരുന്നു. ഈ വേദഭാഗം വിശദീകരിക്കുവാനുള്ള ഏറ്റവും നല്ല വഴി ലൂക്കോ. 9:23-26-ൽ അവിശ്വാസികളോടുള്ള ബന്ധത്തിൽ എന്താണ് കർത്താവ് പഠിപ്പിച്ചതെന്ന് മനസ്സിലാക്കുകയെന്നതാണ് തുടർന്ന് വിശ്വാസികളോടുള്ള ബന്ധത്തിൽ കർത്താവ് എന്താണ് ലക്ഷ്യമാക്കിയതെന്നും മനസ്സിലാക്കുക. ആദ്യമായി ഈ വേദഭാഗം എന്തു "പഠിപ്പിക്കുന്നില്ല" എന്നു വ്യക്തമാക്കാം.

a. തെറ്റിദ്ധാരണകൾ

ലൂക്കോസ് 9:23-ൽ രക്ഷയ്ക്ക് സ്വയനിഷേധം, തുടർമാനമായ ത്യാഗം, കഠിനമായ ശ്രമം തുടങ്ങിയ അർത്ഥങ്ങളൊന്നുമില്ല. രക്ഷയ്ക്കുവേണ്ടിയുള്ള ശ്രമം ഒരു അനുദിന പ്രക്രിയയാണ്. രക്ഷ നേടുവാൻ വേണ്ട കാര്യങ്ങളൊക്കെ ചെയ്തു എന്നു ഒരാൾക്ക് ഉറപ്പില്ല, അല്ലെങ്കിൽ രക്ഷ നിലനിർത്തുവാൻ ഒരാൾ നിരന്തരം ശ്രമം നടത്തണം. ഓരോ ദിവസവും ഒരു പുതിയ പരിശോധനയായിരിക്കാം.

ഈ നിലയിൽ നാം 24-25 വാക്യങ്ങളെ സമീപിച്ചാൽ രക്തസാക്ഷിത്വത്തിലൂടെയേ രക്ഷ നേടുവാൻ കഴിയുകയുള്ളു. അങ്ങനെയായാൽപ്പോലും രക്ഷിക്കപ്പെടുന്നവർ ചുരുക്കമായി മാത്രമേയുള്ളൂ. ഇതിന്റെ ഫലമായി ഉണ്ടാകുന്ന ദൈവശാസ്ത്രം തെറ്റായ മതത്തിലെപ്പോലെ തങ്ങളുടെ മതത്തിനുവേണ്ടി മരിക്കുന്ന മതഭ്രാന്തന്മാർക്കായിരിക്കും സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്നത്. വാക്യം 24-25 നെ ഒരാൾക്ക് സ്വന്തം ജീവിതത്തിന്റെ നിയന്ത്രണം (അധികാരം) നഷ്ടമാക്കുന്നതിനോടു ബന്ധപ്പെടുത്തിയും വ്യാഖ്യാനിക്കാം. ഈ വ്യാഖ്യാനത്തിനു ചില മേന്മയുണ്ട്. രക്ഷ പ്രവർത്തിയാൽ നേടുന്നു എന്നു അനുമാനിക്കുന്നതാണ് ഇവിടെ വരുന്ന തെറ്റുദ്ധാരണ, അങ്ങനെയുള്ള നിഗമനം രക്ഷ വിശ്വാസത്താലാണെന്നു പഠിപ്പിക്കുന്ന 150 ലധികം വേദഭാഗങ്ങൾക്കെതിരാണ്.

b. അവിശ്വാസികളോടുള്ള ബന്ധത്തിലുള്ള അർത്ഥം: "എന്തു വില കൊടുക്കേണ്ടിവന്നാലും വിശ്വസിക്കുക."

ലൂക്കോസ് 9:23-ൽ യാതൊരു പരിധിയുമില്ലാതെ തന്നെ അനുഗമിക്കുവാൻ കേൾവിക്കാരോട് കർത്താവ് ആഹ്വാനം ചെയ്യുന്നു. എങ്കിലും ജനക്കൂട്ടത്തിൽ അനേകരും അനുഗമിക്കുക എന്ന പ്രക്രിയ ആരംഭിച്ചിട്ടില്ലായിരുന്നു. അവർക്കുള്ള പ്രായോഗിക നിർദ്ദേശം ആദ്യ ചുവടു മുമ്പോട്ടു വെയ്ക്കുന്നതാണ്.

അവിശ്വാസികളോടുള്ള ബന്ധത്തിൽ **ലൂക്കോസ് 9:23 -ന്റെ പ്രാഥമിക അർത്ഥം, ഒരാൾ വിശ്വാസിയായിത്തീരുവാൻ തയ്യാറാവുമ്പോൾ സാമൂഹ്യസാഹചര്യങ്ങൾ കഷ്ടതയും പീഡനവും നിറഞ്ഞതായാലും അവൻ വിശ്വസിക്കണം.** സ്വയനിഷേധംകൊണ്ടും പീഡനം സഹിക്കുന്നതിലൂടെയും നഷ്ടം സഹിക്കുന്നതു മൂലവും രക്ഷ നേടുവാൻ കഴിയുന്നില്ല. എങ്കിലും ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അപകടങ്ങൾ സംഭവിക്കുകയും പരിഹാസ്യപാത്രരായിത്തീരുകയും വേദന അനുഭവിക്കുകയും ഒക്കെ സംഭവിക്കാം. അപ്പോൾ വിശ്വാസിയായിതീരാൻ ആ വില നല്കണം. വിശ്വാസം മാത്രമേ രക്ഷിക്കുന്നുള്ളൂ "എനിക്ക് യേശുവിൽ വിശ്വസിക്കുവാൻ കഴിയില്ല. കാരണം, ഞാൻ അങ്ങനെ ചെയ്താൽ അതുകൊണ്ട് തിരസ്ക്കരണം, പീഡനം, രക്തസാക്ഷിത്വം വരെ അനുഭവിക്കേണ്ടതായി വരും" എന്നിങ്ങനെയുള്ള മുടന്തൻ ന്യായങ്ങളൊന്നും ന്യായാധിപനായ ദൈവം അംഗീകരിക്കുന്നില്ല.

ലൂക്കോസ് 9:24 അനുസരിച്ച് ഭയം നിമിത്തം യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ വിസമ്മതിക്കുന്നവർ തങ്ങളുടെ ഭൗതിക ജീവനെ നേടുമെങ്കിലും നിത്യജീവൻ നഷ്ടപ്പെടുത്തുന്നു. യേശുക്രിസതുവിനെ നിരസിച്ച് ഈ ലോകജീവിതം സംരക്ഷിക്കുന്ന സുരക്ഷിതമായ തീരുമാനമെന്നു തോന്നുമെങ്കിലും നിത്യമരണം എന്ന ആപത്തിലാണ്.

ശക്തിയേറിയ കഷ്ടത, പരിഹാസം, മരണഭീഷണി ഇവ വിശ്വാസത്തെ തടസ്സപ്പെടുത്തുക മാത്രമല്ല, പ്രാരംഭ വിശ്വാസത്താൽ ക്രിസ്തുവിനെ അനുഗമിക്കാതെ പിൻതിരിയുന്നവർക്ക് ലോകം പ്രതിഫലം നൽകുകയും ചെയ്യുന്നു (വാക്യം 25). ക്രിസ്തുവിനെ വിശ്വാസത്താൽ അംഗീകരിക്കാതെ സമ്മർദ്ദങ്ങൾക്ക് ഒരാൾക്ക് വഴിപ്പെടുമ്പോൾ, അവൻ സാധാരണയായി, രക്ഷിക്കപ്പെടാത്ത

ലോകസംവിധാനത്താൽ അംഗീകരിക്കപ്പെടുന്നു. അവൻ ലോകത്താൽ അനുഗ്രഹിക്കപ്പെടുകുയം ഉയർത്തപ്പെടുകയും ചെയ്യുന്നു, സുരക്ഷിതമായി ജീവിക്കുവാൻ കഴിയുന്നു എന്നു മാത്രമല്ല, ലോകത്തിന്റെ നിർവചനപ്രകാരം "നല്ല ജീവിതം" അവൻ നേടുന്നു.

തന്നെ നിരസിക്കുന്നതുമൂലം ലോകത്തിന്റെ അംഗീകരാത്തിനുപകരിക്കുന്ന ഉപരിപ്ലവമായ പ്രയോജനങ്ങളെ സ്വീകരിക്കരുതെന്നു പുരുഷാരത്തിലുള്ള അവിശ്വാസികളെ ക്രിസ്തു ഓർമ്മിപ്പിക്കുന്നു. സാമൂഹികമായി അവർക്ക് നേട്ടമുണ്ടാകാമെങ്കിലും യഥാർത്ഥ ജീവൻ അവർക്ക് നഷ്ടമാകും. അവർ തങ്ങളുടെ കർത്താവിനെ നിത്യമായും ഈ ലോക ജീവിതത്തിലും നഷ്ടമാക്കുന്നു. അവർക്ക് ക്രിസ്തുവിനെ വിശ്വസിച്ച് ദിവസംതോറും തങ്ങളുടെ ഭൗതിക ജീവിതത്തെ അപകടത്തിലാക്കുകയോ അല്ലെങ്കിൽ രക്ഷിതാവിനെ നിരസിച്ച് ഭൗതിക ജീവിതം സുരക്ഷിതവും സുഖകരവും ലാഭകരവുമാക്കി ആത്മാവിനെ നിത്യമായ അപകടത്തിലാക്കുകയോ ചെയ്യാം.

അവിശ്വാസത്താൽ കർത്താവിൽ നിന്നു തിരിയുന്നതിനു കാരണമായ ലജ്ജയെക്കുറിച്ചാണ് വാക്യം 26-ൽ കാണുന്നത്. ഒരുവൻ ക്രിസ്തുവിനെക്കുറിച്ച് ലജ്ജിച്ച് ക്രിസ്തുവിനെ തള്ളിപ്പറഞ്ഞാൽ ക്രിസ്തുവും ഒടുവിൽ അവനെ തള്ളിപ്പറയും. ഇപ്പോൾ ലജ്ജ ഒരുവനെ അവിശ്വാസത്തിലേക്കുനയിച്ചാൽ, കർത്താവും അവനോടു നിത്യമായ ബന്ധം സ്ഥാപിക്കുന്നതിൽ ലജ്ജിക്കും. അവിശ്വാസികളോട് ലൂക്കോ. 9:23-ൽ കർത്താവു പറയുന്നത് അവർ ലോകത്തിന്റെ ഭീഷണിയും പ്രലോഭനങ്ങളും അതിജീവിച്ച് അവനിൽ വിശ്വസിക്കണം എന്നാണ്. വാക്യം 23-ലെ ആഹ്വാനം സമ്പൂർണ്ണമായി ക്രിസ്തുവിനെ അനുഗമിക്കാമെങ്കിലും, കർത്താവായ യേശുവിൽ വിശ്വസിച്ച് അനുഗമിക്കൽ ആരംഭിക്കണം. നിത്യമായ മരണത്തോടുള്ള ബന്ധത്തിൽ സുരക്ഷിതത്വവും നേട്ടവും നഷ്ടക്കച്ചവടമാണ്. അവിശ്വാസികളോടുള്ള ബന്ധത്തിൽ കർത്താവ് നല്കുന്ന മുന്നറിയിപ്പ്, എന്തു വില കൊടുത്താലും കർത്താവിനെ അനുഗമിപ്പാൻ ആരംഭിക്കുവാനാണ്. എങ്കിലും മുമ്പെ തന്നെ രക്ഷിക്കപ്പെട്ട ശിഷ്യന്മാരോടുള്ള ബന്ധത്തിലും (അപ്പോസ്തലന്മാരോടുള്ള ബന്ധത്തിൽ) കർത്താവിന്റെ പഠിപ്പിക്കലുകൾക്ക് അർത്ഥമുണ്ട്. എന്താണ് കർത്താവ് അവരെ പഠിപ്പിക്കുന്നത്? ഇന്നുള്ള വിശ്വാസികളോടുള്ള ബന്ധത്തിൽ കർത്താവിന്റെ ആശയങ്ങൾ എങ്ങനെ ബന്ധപ്പെട്ടിരിക്കും.?

C. വിശ്വാസികൾക്കായുള്ള അർത്ഥം: "അവരെപ്പോലെ ഇപ്പോൾ പ്രവർത്തിക്കരുത്, കൂടാതെ ലോകത്തിനു നിങ്ങളെ ഉപദ്രവിക്കുവാൻകഴിയും എന്നാൽ നിങ്ങളുടെ നിത്യജീവനെ എടുക്കുവാൻ കഴിയുകയില്ല."

ലക്കോസ് 9:22-ൽ യേശുക്രിസ്തു ശിഷ്യന്മാരോട് പറഞ്ഞത് ശിഷ്യത്വത്തിന്റെ പാതയിൽ കഷ്ടതയും തിരസ്ക്കരണവുമെല്ലമുണ്ടെന്നാണ്. അവർ മുമ്പെ തന്നെ അപകടസാധ്യതകളെ അവഗണിച്ചുകൊണ്ട് വിശ്വാസികൾ ആയിത്തീർന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെയും ഭീഷണികളെയും അംഗീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ക്രിസ്തുവിൽ വിശ്വസിക്കുവാൻ ഒരുങ്ങുന്നവൻ അനുഭവിക്കുന്ന പ്രതിസന്ധികളല്ലെങ്കിലും, അവർ സമർദ്ദമനുഭവിച്ചുകൊണ്ടിരിക്കുന്നു. അവർ ആദ്യ ചുവടുമുമ്പോട്ടു വച്ചവരാണ്. വിശ്വാസത്താൽ അവർ അനുഗമിക്കുക എന്ന പ്രക്രിയ ആരംഭിച്ചവരാണ്. എന്നാൽ പ്രശ്നങ്ങൾ ജീവിതത്തിൽ ആവർത്തിച്ചു വരുമ്പോഴും കൂടുതലായ അളവിൽ ക്രിസ്തുവിനെ അനുഗമിക്കുവാൻ അവർ തീരുമാനിക്കണം. മുമ്പിൽ തുടർമാനമായ അപകട ഭീതിയും കഷ്ടതയുമാണ്. വിശ്വാസത്തോടുകൂടെ അപകട ഭീതികൾ അവസാനിപ്പിച്ചില്ല. ക്രിസ്തുവിനെ തുടർമാനമായി അംഗീകരിക്കുമ്പോഴുണ്ടാകുന്ന ഭീഷണികളെയും പ്രലോഭനങ്ങളെയും അവഗണിക്കണം. അവിശ്വാസികളെ വിശ്വാസത്തിന്റെ ആദ്യചുവടെടുക്കാതിപ്പാൻ സമ്മർദ്ദത്തിലാക്കുന്നതുപോലെ വിശ്വാസികൾ അളവില്ലാതെ ക്രിസ്തുവിനെ അനുഗമിക്കുന്നതു തടയാൻ ലോകം ഭീഷണിയും കലഹവും അതുപോലെ മോഹങ്ങളും ഉപയോഗിക്കും. ക്രിസ്തുവിനെ അനുഗമിക്കുവാൻ ആരംഭിച്ചതിൽ നിന്നു ശിഷ്യന്മാർ തള്ള മാറ്റപ്പെട്ടിട്ടില്ല എന്നാൽ വിധി നിർണ്ണായകവും ഏറ്റവും സമ്മർദ്ദമേറിയതുമായ ദിനങ്ങൾ വരുമ്പോൾ യേശുവിനെ പൂർണ്ണമായി അനുഗമിക്കുന്നത് അവർ അവസാനിപ്പിക്കുമോ?

ഒരു ചെറിയ വാക്യശകലം ഒഴികെ(ലൂക്കോസ് 9:24 ന്റെ ഒടുവിൽ പ്രാഥമികമായി രക്തസാക്ഷിത്വത്തെക്കുറിച്ചുള്ളത്, 24-26 വാക്യങ്ങൾ അവിശ്വാസികളെ പരാമർശിക്കുന്നതായിരിക്കാം.[59] അപ്പോഴും ഈ സത്യങ്ങൾ അവിശ്വാസികളെ കുറിക്കുന്നതാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിന്മേൽ സുരക്ഷിതത്വവും ആശ്വാസവും തിരഞ്ഞെടു

[59]ലൂക്കോസ് 9: 23 മുതലുള്ള വാക്യങ്ങൾ വിശ്വാസികളോടു മാത്രമാണെന്ന നിലയിൽ എടുക്കുവാൻ ആഗ്രഹിച്ചാൽ വാക്യം 26-ൽ കാണുന്ന് *ലജ്ജ* പ്രതിഫലങ്ങളോടുള്ള ബന്ധത്തിലായിരിക്കും. വാക്യം 24-ൽ കാണുന്ന 'ജീവനെ കളയൽ' ഒന്നുകിൽ രക്തസാക്ഷിത്വത്തെയോ അല്ലെങ്കിൽ ക്രിസ്തുവിന്റെ അധികാരത്തിനു കീഴ്പ്പെട്ട് ഒരാൾ തന്റെ ജീവിതത്തിന്മേലുള്ള നിയന്ത്രണം പൂർണ്ണമായി ഉപേക്ഷിക്കുന്നു. അതുപോലെ "ജീവനെ രക്ഷിക്കും" എന്നത് ഈ ജീവനെ അതിന്റെ ശക്തി ദൈവത്തിനുവേണ്ടി ഉപയോഗിക്കുന്നതിൽ നിന്നു രക്ഷിക്കുമെന്നാണ്. എങ്കിലും. "എല്ലാവരും" എന്ന പ്രയോഗവും (ലൂക്കോ. 9: 23).അതുപോലെ *പുരുഷാരം* എന്ന പ്രയോഗവും (മർക്കോ. 8: 34) ജീവനെ നഷ്ടപ്പെടുത്തുന്നതിനോടുള്ള മുന്നറിയിപ്പാണ് (മത്താ. 16: 26, മർക്കോ. 8: 36). ഇവയൊക്കെ ചൂണ്ടിക്കാണിക്കുന്നത് കർത്താവ് **സമിശ്രമായ ഒരു ജനക്കൂട്ടത്തോട് രക്ഷിക്കപ്പെട്ടവർക്കും അല്ലാത്തവർക്കും ബാധകമാകുന്ന നിലയിൽ** സംസാരിച്ചുവെന്നാണ്.

ക്കുന്നവരിൽ നിന്നു വിശ്വാസികൾക്കു പഠിക്കാനാവും. എങ്ങനെ ചിന്തിക്കരുതെന്നുള്ളതിന്റെ അങ്ങേയറ്റത്തെ ഉദാഹരണങ്ങളാണവ. വിശ്വാസികൾ പൂർണ്ണമായും അനുഗമിക്കണമെന്നു പഠിപ്പിക്കുന്ന വിശ്വാസത്തിന്റെ ആദ്യചുവടിലും ക്രിസ്തുവിനെ അനുഗമിക്കുന്നതിന്മേൽ അവരുടെ സുരക്ഷിതത്വത്തിന്റെ തിരഞ്ഞെടുപ്പും നേട്ടവും എന്താണ്.

വാക്യം 24-ൽ പരിഹാസ്യമായ അവസ്ഥയിലേക്കുള്ള താഴ്ച (reduction to the absurd)എന്ന രീതി ഉപയോഗിച്ച് കർത്താവ് ശിഷ്യന്മാരെ പഠിപ്പിക്കുന്നത് ക്രിസ്തുവിനെ അനുഗമിക്കുന്നതിനു അതിരിടുവാൻ തക്കവണ്ണം ലോകത്തിന്റെ പീഡനത്തെ അനുവദിക്കരുതെന്നാണ്. അങ്ങേയറ്റമായി എടുത്താൽ ക്രിസ്തുവിൽ ആശ്രയിക്കാതെ തങ്ങളുടെ ജീവിതം രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ, പരിഹാസം ഒഴിവാക്കുന്നു. അവർ രക്ഷയ്ക്കായി ക്രിസ്തുവിന്റെ ക്രൂശിനെ ഒഴിവാക്കുന്നു. അതുപോലെ കഷ്ടതയെന്ന വ്യക്തിപരമായ ക്രൂശിനെയും ഒഴിവാക്കുന്നു. അവർക്ക് നിത്യജീവനും നഷ്ടമാകുന്നു. അവർ ഈ ലോകത്തിൽ നിന്നു നേടുന്നു, എന്നാൽ തങ്ങളെത്തന്നെ നിത്യമായി നഷ്ടമാക്കുന്നു. അങ്ങനെയുള്ള യുക്തിയോടു ശിഷ്യന്മാർ യോജിച്ചിട്ടില്ല. അല്ലെങ്കിൽ അവർ ക്രിസ്തുവിനെ അനുഗമിക്കുവാൻ ആരംഭിച്ചിട്ടില്ല. അതായത് ക്രിസ്തുവിൽ വിശ്വസിക്കുക, അവർ വിശ്വസിച്ചപ്പോൾ ഭീതിയോടുകൂടെയുള്ള ചിന്താഗതി ഒഴിവാക്കാൻ ആരംഭിച്ചിരുന്നു. അവർ വീണ്ടും ഭീരുത്വം നിറഞ്ഞതും ലോകമയത്വം ഉള്ളതുമായ മനസ്ഥിതിയിലേക്കു മടങ്ങി കർത്താവിനെ അനുഗമിക്കുന്നതിനു അതിർ നിർണ്ണയിക്കുമോ? അവർ ക്രിസ്തുവിനെ അനുഗമിക്കുന്നതിൽ ഭൗമിക അപകട സാധ്യതകളെ അഭിമുഖീകരിച്ചു തുടങ്ങി, ഇപ്പോൾ അവരുടെ ധൈര്യം കുറഞ്ഞുപോകുമോ? അങ്ങനെയുള്ള ന്യായവാദം നടത്തി അവിശ്വാസികൾ നിത്യമായ മൂല്യങ്ങൾ നഷ്ടമാക്കുന്ന വിശ്വാസികൾക്ക് നിത്യജീവൻ ലഭിച്ചിട്ടുണ്ടെങ്കിൽത്തന്നെ, അവിശ്വാസികളെപ്പോലെ ചിന്തിക്കുകയും പെരുമാറുകയും ചെയ്താൽ യാതൊരു നന്മയും ഉണ്ടാകുന്നില്ല. അവർ ക്രിസ്തുവിനെ അനുഗമിക്കുക എന്ന വിഷമം പിടിച്ച പ്രവൃത്തി ആരംഭിച്ചവരാണ്. ഇപ്പോൾ പൂർണ്ണമായി അനുഗമിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ലൂക്കോസ് 9:24-ൽ ക്രിസ്തുവിലുള്ള വിശ്വാസത്തെക്കാൾ സ്വന്ത ജീവിതസുഖത്തിനു പ്രാധാന്യം കൊടുക്കുന്ന അവിശ്വാസികളെക്കുറിച്ചാണ് ആദ്യഭാഗത്തിൽ പറഞ്ഞിരിക്കുന്നത്. ലൂക്കോസ് 9:24 ന്റെ അവസാന ഭാഗത്ത് ശിഷ്യന്മാരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. വിശ്വാസികളായിത്തീരാൻ അവർ മരണഭീഷണിപോലും അവഗണിച്ചിരിക്കുന്നു. കർത്താവിനെ വിശ്വാസത്താൽ അനുഗമിക്കുക എന്ന തീരുമാനം മൂലം ക്രിസ്തുവിനുവേണ്ടി തങ്ങളുടെ ജീവനെ വെച്ചുകൊടുക്കേണ്ടതായി വന്നാലും പോലും അവർക്ക് അപ്പോഴും നിത്യജീവനുണ്ട്. രക്തസാക്ഷിത്വം അനുഭവിക്കുന്നതിലൂടെ നിത്യജീവൻ നേടുവാൻ കഴിയുന്നതല്ല. ശിഷ്യന്മാർ ക്രിസ്തുവിൽ വിശ്വസിക്കുവാൻ തുനിഞ്ഞപ്പോൾത്തന്നെ നിത്യജീവൻ ഉറപ്പായി ലഭിച്ചു. എന്നാൽ കർത്താവിൽ വിശ്വസിക്കു എന്ന ആദ്യ തീരുമാനം മൂലം ഉണ്ടാകുന്ന എല്ലാ അനർത്ഥങ്ങളിലും കർത്താവിന്റെ ഓർമ്മപ്പെടുത്തൽ മൂലം അവർ ഉറച്ചുനിന്നു. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ ഏതു ഭാഗത്തെങ്കിലും (വിശ്വസിക്കുവാൻ ആരംഭിക്കുമ്പോഴോ, അനുസരണത്തിൽ ക്രിസ്തുവിനെ അനുഗമിക്കുമ്പോഴോ) ജീവൻ വെയ്ക്കേണ്ടി വന്നാലും, അപ്പോഴും വിശ്വാസിക്കു നിത്യജീവൻ ലഭിക്കുന്നു എന്നുള്ള ഉറപ്പിൽ നിന്നുള്ള പ്രോത്സാഹനം ലഭിക്കുന്നു. [60] നിത്യമായ വീക്ഷണത്തിൽ ഈ ലോകത്തിനു യാതൊരു ഹാനിയും വരുത്തുവാൻ കഴിയുകയില്ല. ശിഷ്യന്മാരോടുള്ള കർത്താവിന്റെ അർത്ഥം **ഒരു പീഡനത്തിനും നിത്യജീവനെ കൊല്ലാൻ കഴിയുകയില്ല എന്നാണ്.**

ഈ ലോകത്തിന്റെ സുരക്ഷിതത്വം നിരസിച്ച ശിഷ്യന്മാരുടെ തീരുമാനം ശരിയാണെന്നു യേശു ശിഷ്യന്മാരെ ധൈര്യപ്പെടുത്തുന്നു. അപകടസാധ്യതയുണ്ടെങ്കിലും അവർ വിശ്വാസത്തിന്റെ ആദ്യ ചുവടു മുമ്പോട്ടു വെയ്ക്കുവാൻ തീരുമാനിച്ചതുപോലെ, എന്തൊക്കെ കഷ്ടവും നഷ്ടവും നേരിടേണ്ടിവന്നാലും അവർ ഇപ്പോഴും തുടർമാനമായി കർത്താവിനെ അനുഗമിക്കണം. ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ നേരിടുന്ന പ്രതികൂലങ്ങൾ എന്തു തന്നെ ആയിരുന്നാലും (ആരംഭവിശ്വാസത്തിലോ തുടർന്നുള്ള വിശ്വാസത്തിലോ) അതെല്ലാം വിലയുള്ളതാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നതു നിമിത്തം ഉണ്ടാകുന്ന കഷ്ടതയെ അവഗണിച്ചാൽ ഭീരുക്കളായ അവിശ്വാസികളെപ്പോലെ വിശ്വാസികൾ തങ്ങളുടെ രക്ഷയ്ക്കു ശേഷം എത്രത്തോളം മുമ്പോട്ടു പോകുവാൻ കഴിയുമെന്ന കാര്യത്തിൽ ഒരു പരിധി വെയ്ക്കുകയാണെന്നു കാണുവാൻ കഴിയും. ഒരു അവിശ്വാസിയുടെ ജീവിതത്തിൽ സുരക്ഷിതത്വവും സുഖവും ക്രിസ്തുവിനെ വിശ്വസിക്കുന്നതിനെക്കാൾ ഉപരിയായി വരുമ്പോൾ ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. തുടർമാനമായി കർത്താവിനെ സമർപ്പണത്തിലൂടെ അനുഗമിക്കുന്നതിനു തട

[60] വിശ്വാസത്തിന്റെ ആദ്യചുവടു വച്ചതിന്റെ ശേഷം തുടർമാനമായി അനുഗമിപ്പാനുള്ള പരിശ്രമങ്ങൾ കാണിക്കുന്നത് ക്രിസ്തുവിൽ വിശ്വസിക്കുവാനുള്ള ആദ്യതീരുമാനത്തിൽ ഉറച്ചുനില്ക്കുന്നു എന്നാണ്. വിശ്വാസമില്ലായിരുന്നുവെങ്കിൽ തുടർമാനമായ അനുസരണം മൂലമുള്ള പീഡനങ്ങൾ അനുഭവിക്കേണ്ടതായി വരികയില്ലായിരുന്നു. ഇങ്ങനെയുള്ള വ്യത്യസ്തമായ അർത്ഥത്തിൽ ശിഷ്യൻ തന്റെ ഭൂതകാലത്ത് ക്രിസ്തുവിൽ വിശ്വസിച്ചതുമൂലം മരണഭയംപോലും, അനുവദിച്ചു (ആദ്യവിശ്വാസം, മുറുകെപ്പിടിച്ചുകൊണ്ട് തുടർമാനമായി അനുസരിക്കുന്നത് കൂടുതൽ അപകടങ്ങൾക്ക് കാരണമാകുന്നു).

സ്സമായി മുൻപേ പറഞ്ഞ കാര്യങ്ങൾ വന്നാൽ, അങ്ങനെയുള്ള വിശ്വാസികൾക്ക് ഒരു നന്മയും അനുഭവിക്കാൻ കഴിയുകയില്ല. **നാൾ തോറും** കർത്താവിനെ അനുഗമിക്കുന്നതിലൂടെ വിശ്വാസികൾക്ക് തങ്ങളുടെ സമയം നഷ്ടപ്പെടുത്താതെ ഉപയോഗിക്കാം, ഈ ജീവിതത്തിന്റെ മുഴുവൻ ശക്തിയും നഷ്ടപ്പെടുത്താതെ രക്ഷിക്കാം. വാക്യം 24, 25 നെ രക്തസാക്ഷിത്വത്തിനു വിപരീതമായി ജീവിച്ചിരിക്കുക എന്ന ആശയത്തിൽ വ്യാഖ്യാനിക്കുന്നതിനോടൊപ്പം, തന്റെ ജീവിത നിയന്ത്രണം സ്വയമേറ്റെടുത്ത് അതിനെ സൂക്ഷിക്കുകയും ("രക്ഷിക്കുകയും") നഷ്ടമാക്കുകയും ചെയ്യുന്ന ശാഠ്യക്കാരനായ വിശ്വാസിയും, തന്റെ ജീവിതത്തെ ക്രിസ്തു സേവയ്ക്കായി നൽകുകയും ("നഷ്ടമാക്കുകയും") തന്മൂലം തന്റെ ജീവനെ നേടുകയും ഈ ലോക ജീവിതത്തിനു ശരിയായ മൂല്യം നൽകുകയും ചെയ്യുന്ന വിശ്വാസിയും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുത്തുന്നു. തന്നെ യാതൊരു പരിധിയും വെക്കാതെ അനുഗമിക്കുന്ന ശിഷ്യന്മാരോടുള്ള ബന്ധത്തിൽ ഗുരു നീതിയോടെ അഭിമാനിക്കുന്നതായി (ലജ്ജയ്ക്ക് വിപരീതമായി) ലൂക്കോസ് 9: 26 -ൽ നിന്നു മനസ്സിലാക്കാം. ലൂക്കോസ്.9:27 മുതൽ തുടർന്നു കാണുന്ന മറുരൂപമലയിലെ രൂപാന്തരം നമ്മെ ഓർപ്പിക്കുന്ന വസ്തുത, നാം എത്രത്തോളം കർത്താവിനെ ഇപ്പോൾ അനുഗമിക്കുന്നുവോ അത്രത്തോളം നാം കർത്താവിന്റെ തേജസ്സ് നിത്യതയിൽ അനുഭവിക്കും എന്നാണ്.

ലൂക്കോ. 9:23-26 ഉം അതിന്റെ സമാന്തരവേദഭാഗങ്ങളും വിശ്വാസത്താൽ മാത്രം രക്ഷ എന്ന ഉപദേശത്തോടു പൊരുത്തപ്പെടുന്ന വിധത്തിൽ വ്യാഖ്യാനിക്കാം. അവിശ്വാസികളോടുള്ള ബന്ധത്തിൽ ക്രിസ്തുവിനെ വിശ്വാസത്താൽ അനുഗമിക്കുന്നത് ആരംഭിക്കുവാൻ എന്തു വില നല്കേണ്ടിവന്നാലും അംഗീകരിക്കുക എന്നാണ് ലളിതമായ അർത്ഥം. വിശ്വാസികളെ സംബന്ധിച്ചിടത്തോളം വഴിയിലുണ്ടാകാവുന്ന സമ്മർദ്ദങ്ങളും പ്രലോഭനങ്ങളും എന്തു തന്നെയായിരുന്നാലും കർത്താവിനെ അനുഗമിക്കുന്നത് തുടരണം. കർത്താവിനെ അനുഗമിക്കാതെ ഈ ലോകത്തിന്റെ സുഖങ്ങൾ തേടിപ്പോകുന്നവരുടെ ദുഃഖകരമായ അവസ്ഥ ചൂണ്ടിക്കാട്ടി തന്നെ അനുഗമിക്കുന്നത് തുടരുവാൻ യേശു വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവിനെ പൂർണ്ണമായി അനുഗമിക്കുമ്പോൾ അവരുടെ ഭീരുത്വം നിറഞ്ഞ സ്വഭാവത്തെ അനുകരിക്കരുതെന്നു അവരുടെ നാശകരമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ, സ്വയനിഷേധം, ഉപേക്ഷിക്കുക, കഷ്ടത തുടങ്ങിയ ആശയങ്ങൾ എങ്ങനെ ഉപയോഗിക്കുന്നു എന്നു ക്രിസ്ത്യാനികൾ ശ്രദ്ധയുള്ളവരായിക്കണം. **ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ കഷ്ടതകൾ വരാം** എന്ന നിലയിൽ ആളുകളോടു പറയുന്നതിൽ തെറ്റില്ല. യേശുവിനുവേണ്ടി കഷ്ടത അനുഭവിച്ച് ആളുകൾക്ക് രക്ഷ നേടാൻ കഴിയുമെന്ന് മറ്റുള്ളവർ ചിന്തിക്കുവാൻ അനുവദിക്കുന്നതിനു യാതൊരു അടിസ്ഥാനവുമില്ല.

2. ലൂക്കോസ് 14: 26, 27, 33 (മത്തായി 10:37, 39 ഉം കാണുക)

> "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സ്വന്തജീവനെയും കൂടെ പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പൻ കഴിയുകയില്ല. തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല. അങ്ങനെ തന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളത് ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല."

പൊതുവായ അർത്ഥത്തിൽ *ശിഷ്യൻ* അർത്ഥമാക്കുന്നത് "ഒരു പഠിതാവ് അല്ലെങ്കിൽ അനുയായി" എന്നാണ്. വിവിധ അർത്ഥഭേദങ്ങളെടുക്കുന്ന വിധം വളരെ അയവുള്ള നിർവചനം ശിഷ്യൻ എന്ന പദത്തിനു നൽകുവാൻ കഴിയും. യോഹ. 6:66-ൽ കാണുന്നത് ചില ശിഷ്യന്മാർ കർത്താവിനെ എന്നേക്കുമായി ഉപേക്ഷിക്കുന്നതാണ്. പ്രകടമായ നിലയിൽ, വിശ്വാസിയായിരിക്കാതെ തന്നെ ഒരാൾക്ക് ഹ്രസ്വകാലത്തേക്കു ശിഷ്യനായിരിപ്പാൻ കഴിയും. എങ്കിലും യേശുവിനെ ശ്രദ്ധിച്ച പുരുഷാരത്തിൽ നിന്ന് വിഭിന്നരാണ് ശിഷ്യന്മാർ. മുൻപ് പറഞ്ഞിരിക്കുന്ന വേദഭാഗങ്ങളിൽ നിന്നു മനസ്സിലാക്കുന്നത് ഇവർ വിശ്വസികളാണെന്നു തന്നെയാണ് (കാണുക. മർക്കോ. 8:24, ലൂക്കോ. 9:18, 20). യോഹന്നാൻ 8:3-ൽ കർത്താവ് *ശിഷ്യന്മാരും യഥാർത്ഥ ശിഷ്യന്മാരും* തമ്മിൽ വേർതിരിച്ചിരിക്കുന്നതായിക്കാണാം. വിശ്വസിക്കുന്നവരെ ആഴമേറിയ ശിഷ്യത്വത്തിലേക്കു വിളിച്ചിരിക്കുന്നു. സുവിശേഷങ്ങളിൽ **ആകാംക്ഷയുള്ള ശിഷ്യന്മാരെയും** (പഠിതാക്കൾ മാത്രം) **ബോധ്യപ്പെടുത്തപ്പെട്ട ശിഷ്യന്മാരെയും** (വിശ്വാസികൾ) **സമർപ്പിക്കപ്പെട്ട ശിഷ്യന്മാരെയും** (സമർപ്പിക്കപ്പെട്ട വിശ്വാസികൾ) കാണാം. ലൂക്കോ. 14:26 മുതലുള്ള വേദഭാഗങ്ങൾ പറയുമ്പോൾ ഏതു നിലയിലുള്ള ശിഷ്യന്മാരെക്കുറിച്ചായിരിക്കാം ക്രിസ്തുവിന്റെ മനസ്സിലുണ്ടായിരുന്നത്? മത്താ. 10:37-39 വേദഭാഗത്ത് കർത്താവ് ശിഷ്യന്മാരോടാണ് പറയുന്നത് (അതായത് മത്താ. 10:1-2-ൽ അപ്പോസ്തലന്മാരുടെ പേരുകൾ പറയുന്നുണ്ട്) ലൂക്കോ. 14:25 പറഞ്ഞിരിക്കുന്നത് പുരുഷാരത്തോടാണ്. ലൂക്കോ. 14-നെ വ്യാഖ്യാനിക്കുമ്പോൾ അത് ബോദ്ധ്യമാക്കപ്പെട്ട ശിഷ്യനെക്കുറിച്ചോ (വിശ്വാസി) സമർപ്പിക്കപ്പെട്ട ശിഷ്യനെക്കുറിച്ചോ (സമർപ്പിക്കപ്പെട്ട വിശ്വാസി) എന്തു തന്നെ ആയാലും, ഈ വാക്കുകൾ വിശ്വാസ

ത്താൽ മാത്രം രക്ഷ എന്ന അതിര് വിട്ടുപോകുവാൻ പാടില്ല. ഈ പഠിപ്പിക്കലുകളെ അവിശ്വാസികളോടും വിശ്വാസികളോടും (ആത്മികജീവിതത്തിന്റെയും പുരോഗതിയുടെയും) ബന്ധപ്പെട്ട് വിശ്വാസത്താൽ മാത്രം രക്ഷ എന്ന ആശയത്തിൽ എങ്ങനെ പ്രയോഗയോഗ്യമാക്കാമെന്നു നാം തീരുമാനിക്കണം.

a. തെറ്റിദ്ധാരണകൾ

ലൂക്കോ. 14:26 തുടങ്ങിയ വേദഭാഗങ്ങൾ തെറ്റായി പഠിപ്പിച്ച് രക്ഷ സമർപ്പണത്തിലൂടെയും ത്യാഗത്തിലൂടെയുമാണ് വരുന്നതെന്ന നിഗമനത്തിലെത്തുന്നു. കർത്താവു രക്ഷയ്ക്ക് ഒരു വ്യവസ്ഥ നൽകുന്നില്ലെങ്കിൽ, കഠിനമായ പ്രവൃത്തികളിലൂടെ മാത്രമേ അപ്പോൾ രക്ഷ നേടുവാൻ കഴിയുകയുള്ളൂ. ഒരാൾ രക്ഷനേടുന്നതിനു കഷ്ടം അനുഭവിക്കുകയും അനുസരിക്കുകയും വേണം (വാക്യം 27). അതുപോലെ സകല ഭൗതിക സമ്പത്തുകളിലുമുള്ള നിയന്ത്രണം ഉപേക്ഷിക്കണം (വാക്യം 33). എങ്കിൽ കൃപയാലും രക്ഷ വിശ്വാസത്താൽ മാത്രമാണ് എന്നു പഠിപ്പിക്കുന്ന 150 -ൽ അധികം വേദഭാഗങ്ങൾക്കും എന്തു സംഭവിക്കും.

b. അവിശ്വാസികൾക്കായുള്ള അർത്ഥം

ലൂക്കോ. 14: 26 മുതലുള്ള വേദഭാഗങ്ങൾ അവിശ്വാസികളോടുള്ള ബന്ധപ്പെടുത്തിയാൽ, അപ്പോഴും *വിശ്വാസം മാത്രം* എന്ന നിലപാടിനോടു യോജിക്കുന്ന വിധത്തിൽ വ്യാഖ്യാനിക്കാം. ഒരാൾക്ക് വിശ്വാസിയായിത്തീരാൻ കുടുംബത്തെ ഉപേക്ഷിക്കണമെന്നും, വധഭീഷണിയും (അതായത് ക്രൂശ് വഹിക്കുക) ദണ്ഡനവും അഭിമുഖീകരിക്കുകയോ, വസ്തുവകകളൊക്കെ നഷ്ടമാവുകയോ ചെയ്യുന്ന സാമൂഹിക സാഹചര്യം ഉണ്ടായാൽ പോലും ക്രിസ്തുവിൽ വിശ്വസിക്കുവാൻ തീരുമാനിക്കണം. **വിശ്വാസം കഷ്ടപ്പാടിനു കാരണമായാലും ഒരാൾ അപ്പോഴും വിശ്വസിക്കണം**. കാരണം രക്ഷ വരുന്നത് വിശ്വാസത്താലാണ് പുരുഷാരത്തിൽ ആരെങ്കിലും ഇനിയും വിശ്വസിച്ച് ബോദ്ധ്യമാക്കപ്പെട്ട ശിഷ്യൻ (വിശ്വാസി) ആകണമെന്നുണ്ടെങ്കിൽ നൽകേണ്ട വിലയും അനുഭവിക്കേണ്ട ത്യാഗവും എന്തു തന്നെയായാലും വിശ്വസിക്കണം. ക്രിസ്തുവിൽ ആരംഭിക്കുന്ന ഈ ജീവിതത്തിനപ്പുറമായി കർത്താവ് ഇച്ഛിക്കുന്നത് ഇതിലും ആഴമേറിയ ശിഷ്യത്വത്തെയാണ് . രക്ഷയ്ക്കുവേണ്ടി ദൈവം ആവശ്യപ്പെടുന്നതും (വിശ്വാസം), അനുഗമിക്കുവാൻ ആരംഭിച്ചതിൽ നിന്നു ദൈവം പൂർണ്ണമായി ആവശ്യപ്പെടുന്നതും തമ്മിൽ ഒരു സമ്പൂർണ്ണമായ വ്യത്യാസമുണ്ട്. യേശുവിനെ മശിഹയായി അംഗീകരിച്ച് എല്ലാ ഭയങ്ങളെയും അതിജീവിച്ച് ഔപചാരികമായി ശിഷ്യന്മാരായിത്തീരുവാൻ പുരുഷാരത്തിലെ അവിശ്വാസികൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. [61] അവർക്ക് ശിഷ്യത്വത്തിന്റെ ഈ വശം വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ഇതിനോടു ചേർന്ന് വേറെയും പ്രായോഗികവശങ്ങൾ കർത്താവിന്റെ സന്ദേശത്തിലുണ്ട്. മുൻപു തന്നെ വിശ്വാസത്തിലേക്കു വന്നവരോടുള്ള ബന്ധത്തിൽ യേശുവിന്റെ സന്ദേശത്തിലുള്ള ശിഷ്യത്വത്തോടു ബന്ധപ്പെട്ടു മറ്റു സത്യങ്ങൾ കൂടുതൽ പ്രസക്തമാണ്.

c. വിശ്വാസികൾക്കായുള്ള അർത്ഥം.

ലൂക്കോസ് 14 -ൽ ശിഷ്യത്വത്തെക്കുറിച്ചുള്ള പ്രസംഗം ഒരു സമ്മിശ്രമായ പുരുഷാരത്തോടാണ് നടത്തിയതെന്നു കരുതാം. ശ്രോതാക്കളിലുള്ള അവിശ്വാസികൾ വിശ്വാസത്താൽ ബോദ്ധ്യമാക്കപ്പെട്ട ശിഷ്യത്വത്തിലേക്കു വരണം. യേശു അവരെക്കുറിച്ച് ആവശ്യപ്പെടുന്ന പ്രധാന പ്രതികരണം തുടക്കത്തിലെ പ്രവേശനമാണ്. അപ്പോസ്തലന്മാർ ഇപ്പോൾത്തന്നെ ബോദ്ധ്യമാക്കപ്പെട്ട ശിഷ്യന്മാരാണ്. അവർക്ക് (രക്ഷ സ്വീകരിച്ച മറ്റെല്ലാവർക്കും) ശിഷ്യത്വത്തോടു ബന്ധപ്പെട്ട കർത്താവിന്റെ വാക്കുകൾ പൂർണ്ണമായ സമർപ്പണത്തിലേക്കു നയിക്കുവാനുള്ളതാണ്. കർത്താവിനെ അവരുടെ ജീവിതത്തിൽ ഒന്നാം സ്ഥാനത്ത് സ്വീകരിച്ചതുപോലെ, അവരുടെ സമർപ്പണം നിലനിൽക്കുവാനും വളരുവാനും കർത്താവ് അവരെ ആഹ്വാനം ചെയ്യുന്നു. രക്ഷിക്കപ്പെട്ടവർ മറ്റെതു മാനസികമായ ബന്ധത്തെക്കാൾ ഉപരി, കർത്താവിനു തങ്ങളുടെ ജീവിതത്തിൽ പ്രഥമസ്ഥാനം നൽകണമെന്നു അവൻ അവരെക്കുറിച്ച് ആഗ്രഹിക്കുന്നു(വാക്യം 26). തന്റെ നിമിത്തം കഷ്ടത സ്വീകരിക്കുവാൻ കർത്താവ് വിശ്വാസികളോടു പറയുന്നു. മാത്രമല്ല, പൂർണ്ണമായ അനുസരണവും ആവശ്യപ്പെടുന്നു (വാക്യം 27). കർത്താവിനുവേണ്ടി അവർക്കുള്ളതെല്ലാം വിട്ടുപിരിയുവാനുള്ള സന്നദ്ധത അവൻ ആവശ്യപ്പെടുന്നു (വാക്യം 33). അപ്പോസ്തലന്മാരോടും (മറ്റുള്ള എല്ലാ വിശ്വാസികളോടും)

[61] ഔപചാരിക ശിഷ്യൻ എന്ന കുഴപ്പം പിടിച്ച പ്രയോഗം എഴുത്തുകാരൻ ഉപയോഗിച്ചിരിക്കുന്നു, കാരണം ശിഷ്യന്മാർ താല്ക്കാലികമായി പഠിക്കുന്നവർ എന്ന നിലയിൽ ശിഷ്യന്മാരായിരിക്കുന്നു (യോഹ. 6:66 ലെപ്പോലെ) എങ്കിലും അവരിലധികവും ക്രിസ്തുവിനെ അനുഗമിക്കുവാനുള്ള ഒരു തീരുമാനവും എടുത്തിട്ടില്ല. മറ്റൊരു അർത്ഥത്തിൽ അവർ ശരിയായ ശിഷ്യന്മാരല്ല ലൂക്കോ. 14-ൽ കർത്താവ് ശിഷ്യത്വത്തിനായി ആഹ്വാനം നൽകുന്നു. യേശുക്രിസ്തുവിനെ രക്ഷിതായി അംഗീകരിക്കപ്പെടുവാനുള്ള ആദ്യ തീരുമാനം എടുക്കുന്നതുവരെ അവിശ്വാസികൾക്കു ഈ സന്ദേശത്തിന്റെ ആഴത്തിലുള്ള അർത്ഥം പ്രസ്ക്തമല്ല. അവരുടെ ആത്മിക നിലവാരത്തിൽ ക്രിസ്തു അവരെക്കുറിച്ച് ആഗ്രഹിക്കുന്നത് അവർ ക്രിസ്തുവിൽ വിശ്വസിക്കണമെന്നാണ്. അപ്പോസ്തലന്മാർ മുമ്പെ തന്നെ ക്രിസ്തുവിൽ വിശ്വസിക്കുവാൻ തീരുമാനമെടുത്തവരാണ്. അവരുടെ ആത്മിയ പുരോഗതിയുടെ വിലയിരുത്തലിൽ ക്രിസ്തുവിനു അവരോടുള്ള സന്ദേശം, പൂർണ്ണമായി സമർപ്പിക്കപ്പെട്ട ശിഷ്യത്വത്തിന്റെ പാതയിൽ മുന്നേറുവാനാണ്.

ബന്ധപ്പെട്ട് ശിഷ്യത്വം കൂടുതൽ പുരോഗതി പ്രാപിച്ചു. ആത്മീയജീവിതത്തിൽ പ്രായോഗികമാക്കുവാൻ കർത്താവ് ആഹ്വാനം ചെയ്യുന്നു.

അപകട പൂർണ്ണമായ ലോകത്തിൽ വിശ്വസിക്കുവാൻവേണ്ടി അപകട സാദ്ധ്യതകളെ സ്വീകരിച്ചുകൊണ്ട് പ്രതികരണം ആരംഭിക്കുവാനാണ് അവിശ്വാസികളോട് ആഹ്വാനം ചെയ്യുന്നത്. ലൂക്കോ. 14:26-33 വേദഭാഗം ഒരാൾക്ക് **അവിശ്വാസികളോടു ബന്ധപ്പെടുത്തി മാത്രമോ (എന്തു വില കൊടുക്കേണ്ടി വന്നാലും കർത്താവിൽ വിശ്വസിക്കുക) അല്ലെങ്കിൽ വിശ്വാസികളോടു മാത്രമോ (കർത്താവിനു പൂർണ്ണമായ സമർപ്പണം പ്രഥമമായി നൽകുക)** കർത്താവ് സംസാരിക്കുന്നതായി വ്യാഖ്യാനിക്കാം. എന്നാൽ രക്ഷയ്ക്ക് അടിസ്ഥാനം വ്യക്തിപരമായ ത്യാഗം, കഷ്ടത അനുസരണം ഇവയാണെന്ന വിധത്തിൽ ലൂക്കോ. 14:26-33 വ്യാഖ്യാനിക്കുവാൻ ആർക്കും അവകാശമില്ല.

M. കർതൃത്വ രക്ഷ

യേശുക്രിസ്തു കർത്താവാണെന്ന വസ്തുത അംഗീകരിക്കുക എന്നുള്ളത് രക്ഷിക്കുന്ന വിശ്വാസത്തിൽ അടങ്ങിയിട്ടുണ്ട് (റോമ. 10:9 അപ്പോ. പ്രവ. 16:31). ക്രിസ്തുവിനെ ദൈവപുത്രനായ യജമാനനായിക്കാണണം. ബൈബിളിലെ ക്രിസ്തുവിനെ മനസ്സിലാക്കുന്നതിന്റെ ഭാഗമാണിത്. നിത്യമായി സുരക്ഷിതമായി സൂക്ഷിക്കുന്നതിനുവേണ്ടി ആത്മാവിനെ കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കുന്നുമുണ്ട്. പാപത്തിൽ നിന്ന്, ഏറ്റവും കുറഞ്ഞത് പാപത്തിന്റെ ശിക്ഷയിൽ നിന്ന് വിടുതൽ ലഭിക്കണമെന്നുള്ള ആഗ്രഹം രക്ഷയ്ക്കായി ക്രിസ്തുവിൽ ആശ്രയിക്കുന്നതിൽ അടങ്ങിയിട്ടുണ്ട്. വിശ്വാസവും മത്സരവും തമ്മിലുള്ള വ്യത്യാസം പഴയനിയമത്തിൽ നൽകിയിരിക്കുന്നതു പോലെ, മത്സരമനോഭാവത്തോടൊപ്പം രക്ഷിക്കുന്ന വിശ്വാസം നിലനിലനിൽക്കുന്നത് അസാദ്ധ്യം. ക്രിസ്തു ദൈവമാണെന്ന വിശ്വസിക്കുന്ന വ്യക്തി ക്രിസ്തുവിനെ അനുസരിക്കണമെന്ന് അറിയണം.

"കർതൃത്വ രക്ഷയിൽ" ഈ കാര്യങ്ങൾ മാത്രമാണു അടങ്ങിയിരുന്നെങ്കിൽ അതിനെ ശരിയെന്നു അർത്ഥത്തിൽ പരിഗണിക്കാമായിരുന്നു. എങ്കിലും ക്രിസ്തു യജമാനനായതുകൊണ്ട് അവനെ അനുസരിക്കുവാനുള്ള ഉത്തരവാദിത്വം ഓരോരുത്തർക്കും ഉണ്ടെന്നുള്ള വസ്തുത അംഗീകരിക്കേണ്ടതാണ്. എന്നാൽ ക്രിസ്തുവിനെ ഊർജ്ജസ്വലമായി അനുസരിക്കുന്നതും അനുസരിക്കുവാനുള്ള വാഗ്ദാനം ചെയ്യുന്നതും വിഭിന്നമായ കാര്യമാണ്. അതുപോലെ ഒരാൾ തന്റെ ആത്മാവിന്റെ നിത്യത ക്രിസ്തുവിന്റെ കരങ്ങളിൽ നൽകുന്നത് ഒരു കാര്യവും, ജീവിതത്തിന്റെ ഓരോ മേഖലയും കർത്താവിനായി വിധേയപ്പെടുത്തിക്കൊടുക്കുന്നത് മറ്റൊരു കാര്യവുമാണ്. ഒരു പാപിക്ക് ക്രിസ്തുവിനെ അനുസരിക്കുവാനുള്ള ആഗ്രഹമുണ്ട്. എന്നാൽ അവന് അതിനു കഴിയുമെന്ന കാര്യത്തിൽ യാതൊരു വിശ്വാസമില്ല. ഒരാൾക്ക് ക്രിസ്തുവിൽ ആശ്രയിക്കുവാൻ കഴിയുമ്പോൾ രക്ഷ നേടാൻ മതിയായ അളവിൽ പാപമോചനം നേടാൻ നേരത്തെ തന്നെ ആഗ്രഹിച്ചിട്ടുണ്ടെന്നുള്ളത് നാം ഓർത്തിരിക്കണം.

ക്രിസ്തുവിനോടുള്ള അനുസരണം യുക്തിപൂർണ്ണവും രക്ഷിക്കുന്ന വിശ്വാസത്തോടു പൊരുത്തപ്പെടുന്ന സ്വാഭാവികഫലമാണെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസം ഉണ്ടാകയില്ല. ഒരാൾ തന്റെ ആത്മാവിന്റെ നിത്യമായ ഭാവി ക്രിസ്തുവിനു നൽകിയെങ്കിൽ, അവനുവേണ്ടി സർവ്വവും സമർപ്പിക്കണം. ക്രിസ്തു ദൈവമാണെന്നും അനുസരിക്കപ്പെടേണ്ടവനാണെന്നും ഒരാൾ അംഗീകരിക്കുന്നുണ്ടെങ്കിൽ അടുത്ത പടി അനുസരണമാണ്. എങ്കിലും കർതൃത്വരക്ഷയെ സ്വീകരിക്കുന്നവർ സാധാരണ ചെയ്യുന്നതുപോലെ, ഒരു പൂർണ്ണമായ അനുസരണമോ, അല്ലെങ്കിൽ പൂർണ്ണമായ അനുസരണത്തിനുള്ള വാഗ്ദാനമോ രക്ഷ നേടുവാൻ വേണമെന്നു പഠിപ്പിച്ചാൽ അത് ഗുരുതരമായ തെറ്റാണ്.

"ക്രിസ്തു എല്ലാവരുടെയും കർത്താവല്ലെങ്കിൽ, അവൻ കർത്താവേയല്ല" എന്നുള്ള വാക്കുകൾ ഭക്തിയുള്ളതും നീതിയുള്ളതുമായിത്തോന്നാം. എന്നാൽ ഗൗരവതരമായ തെറ്റായി ഇതിനെ തള്ളിക്കളയേണ്ടതാണ്. ആദ്യമായി പുതിയനിയമം മുഴുവൻ **രക്ഷിക്കപ്പെടുന്നവർക്കുള്ള** കല്പനകളായിട്ടാണ്. അവരോടാണു ക്രിസ്തുവിനു തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിപ്പിൻ എന്നു പറഞ്ഞിരിക്കുന്നത്(ഉദാഹരണങ്ങൾ റോമ. 6:12-13; 12:1-2; ഫിലി. 3:12-15. യാക്കോ. 3:2; 4:8). എല്ലാ കല്പനകളും വിശ്വാസികൾക്കാണ്. എന്നാൽ അവർ പൂർണ്ണമായി സമർപ്പിക്കപ്പെട്ടവരല്ല. അതുകൊണ്ട് ഒരാൾക്ക് ക്രിസ്തുവിനോടുള്ള പൂർണ്ണമായ അനുസരണം കൂടാതെയും രക്ഷിക്കപ്പെടുവാൻ കഴിയും (അത് ഒരിക്കലും പൊരുത്തപ്പെടുകയില്ലെങ്കിലും). രണ്ടാമതായി ദൈവം എന്ത് ആവശ്യപ്പെടുന്നെന്നും, കൂടാതെ അവൻ രക്ഷയ്ക്കുവേണ്ടി എന്ത് ആവശ്യപ്പെടുന്നുവെന്നും തമ്മിലുള്ള വ്യത്യാസം ഒരാൾ നിർബന്ധമായി അറിഞ്ഞിരിക്കണം. രക്ഷയുടെ വ്യവസ്ഥ വിശ്വാസം മാത്രം എന്നു പഠിപ്പിക്കുന്ന 150-ൽ അധികം വേദഭാഗങ്ങളുണ്ട്. ഇതിന്റെ അർത്ഥം യേശുക്രിസ്തുവിൽ ആശ്രയിച്ച ഒരാൾ യേശുക്രിസ്തുവിന്റെ കർതൃത്വം മതിയായ അളവിൽ അറിയുകയും രക്ഷ നേടത്തക്കവിധത്തിൽ മതിയായ അളവിൽ അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്നാണ്. ക്രിസ്തുവിന്റെ കർതൃത്വത്തിനു കീഴ്പ്പെടുമെന്നു ദൈവം ആവശ്യപ്പെടുന്നത് സത്യമാണ്, എന്നാൽ രക്ഷയ്ക്കുള്ള ഏകയോഗ്യത വിശ്വസിക്കുകയാണ്. കർത്വരക്ഷയോടു ബന്ധപ്പെട്ടു മൂന്നാമത്തെ പ്രശ്നം. ഇത് സൂക്ഷ്മ രൂപ

ത്തിലുള്ള പ്രവൃത്തികളാണ്. ക്രിസ്തു യജമാനനാണ് എന്നുള്ള മനോഭാവം രക്ഷിക്കുന്ന വിശ്വാസത്തിൽ അടങ്ങിയിട്ടുണ്ട്. അതുകൊണ്ട് ക്രിസ്തുവിനെ അനുസരിക്കണമെന്നു പാപി മനസ്സിലാക്കുന്നു. എന്നിരുന്നാലും, യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെ ശരിയായി മനസ്സിലാക്കുന്ന രക്ഷിക്കുന്ന വിശ്വാസത്തിന്റെ വശങ്ങളാണ്. ഒരാൾ രക്ഷയെ ക്രിസ്തുവിന്റെ കർതൃത്തിനു പൂർണ്ണമായി അനുസരണത്തിലോ, അല്ലെങ്കിൽ ക്രിസ്തുവിന്റെ കർതൃത്വത്തിനു പൂർണ്ണമായി വിധേയപ്പെടുമെന്ന വാഗ്ദാനത്തിലോ ആശ്രയിച്ചുകണ്ടാൽ, അപ്പോൾ മനുഷ്യന്റെ പ്രവൃത്തിയിൽ (വലിയ മാനുഷിക പരിശ്രമങ്ങൾ) അടിസ്ഥാനപ്പെടുത്തിയാണ് രക്ഷയെ കാണുന്നത്. ഒരാൾ രക്ഷയെ ക്രിസ്തുവിന്റെ കർതൃത്വത്തോടു പൂർണ്ണമായി വിധേയപ്പെടുന്നതിൽ കുറഞ്ഞതായി കാണുന്നില്ലെങ്കിൽ, അപ്പോൾ രക്ഷ നൽകുന്നതിന് ആവശ്യമായ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ക്രിസ്തുവിന്റെ കർതൃത്വത്തിനു പൂർണ്ണമായി കീഴ്പ്പെടലും ഉൾപ്പെട്ടിരിക്കുന്നു എന്നു കാണുന്നതിൽ എന്താണ് പ്രശ്നം? **രക്ഷയ്ക്കുള്ള ഒരു വ്യവസ്ഥയാകുന്നില്ലെങ്കിൽ** ക്രിസ്തുവിന്റെ കർതൃത്വത്തിലേക്കുള്ള വിളി നീതിപൂർണ്ണമാണ്. "കർതൃത്വത്തെ" രക്ഷയോടു ബന്ധിച്ചാൽ ഫലം പ്രവൃത്തിയാണ്. അതായത് ദുരുപദേശം. അവസാനമായി, ഒരു അവിശ്വാസിക്ക് പൂർത്തിയാക്കാൻ കഴിയാത്ത വ്യവസ്ഥയാണ് കർതൃത്വത്തിലുള്ള രക്ഷ. രക്ഷ ന്യായപ്രമാണം അനുഷ്ഠിക്കുന്നതിലൂടെയാണ് എന്നു പഠിപ്പിക്കുന്ന തീവ്ര യഹൂദ ചിന്താഗതിക്കാരുമായി ഇതിനു സാമ്യമുണ്ട്. ന്യായപ്രമാണം ആചരിച്ച് രക്ഷ നേടുക അസാദ്ധ്യമാണ് (ഗലാ. 2:14–16). അതുപോലെയാണ് കർതൃത്വരക്ഷ. പാപം ഉപേക്ഷിക്കാൻ പറയുന്നതും (അല്ലെങ്കിൽ പാപം ഉപേക്ഷിക്കുവാനുള്ള വാഗ്ദാനം) ക്രിസ്തുവിന്റെ അധികാരത്തിനുള്ള സമ്പൂർണ്ണമായ സമർപ്പിക്കലും രക്ഷയ്ക്കു മുമ്പ് ആവശ്യപ്പെടുന്നത് (ക്രിസ്തുവിന്റെ അധികാരത്തിനു കീഴ്പ്പെടാമെന്നുള്ള വാഗ്ദാനവും) ഒരു പാപിക്ക് അസാദ്ധ്യമായ കാര്യമാണ്. പാപത്തിന്റെ ആധിപത്യത്തെ തകർക്കുവാൻ രക്ഷിക്കപ്പെടാത്ത ഒരാൾക്ക് കഴിയുകയില്ല (യോഹ. 8:34). മാത്രമല്ല, ജീവിതകാലം മുഴുവൻ പാപത്തെ അതിജീവിച്ച് ക്രിസ്തുവിനെ അനുസരിക്കുമെന്നു പ്രതിജ്ഞയെടുക്കുവാൻ സ്വയത്തിനു കഴിയുമെന്നു ഖണ്ഡിതമായിപ്പറയുവാൻ, രക്ഷിക്കുന്ന വിശ്വാസത്തിനു സ്വയത്തെക്കുറിച്ച് യാതൊരു ആത്മവിശ്വാസമില്ല. യേശുക്രിസ്തു യജമാനൻ ആണെന്നുള്ള കാര്യം രക്ഷിക്കുന്ന വിശ്വാസത്താൽ അറിയുവാൻ കഴിയും. പാപത്തെ ജയിക്കുന്നതിലുള്ള പൂർണ്ണമായ നിസഹായവസ്ഥ രക്ഷിക്കുന്ന വിശ്വാസത്തിൽ അടങ്ങിയിരിക്കുന്ന മനോഭാവമാണ്. പാപത്തിൽ നിന്നു വിടുതൽ പ്രാപിക്കുവാനുള്ള യോഗ്യതയായി ദൈവം കാണുന്നത് ക്രിസ്തുവിലുള്ള വിശ്വാസമാണ്. എന്നാൽ പാപത്തെ ഉപേക്ഷിക്കാമെന്നും പൂർണ്ണമായി കീഴടങ്ങണമെന്നുള്ള വലിയ വാഗ്ദാനം ചെയ്യുവാൻ സ്വയത്തിനു വിശ്വാസമില്ല. സ്വയത്തിന്റെ കീഴിലാശ്രയിച്ചുകൊണ്ട് പാപത്തെ ഉപേക്ഷിക്കാമെന്നുള്ള വാഗ്ദത്തം ചെയ്യുകയും ക്രിസ്തുവിനെ പൂർണ്ണമായി അനുസരിക്കാമെന്നുള്ള സ്വയത്തിന്റെ കഴിവിൽ രക്ഷിക്കുന്ന വിശ്വാസം ആശ്രയിക്കുന്നില്ല. അങ്ങനെയുള്ള ഒരു സമർപ്പണം ചെയ്യുവാനുള്ള കഴിവ് രക്ഷയ്ക്ക് ശേഷമാണ് ലഭിക്കുന്നത്. രക്ഷിക്കപ്പെടുന്നതിനശേഷം മാത്രമാണ് ഒരാൾക്ക് പാപത്തെ ഉപേക്ഷിക്കുന്നതിലും ക്രിസ്തുവിനെ കർത്താവായി അംഗീകരിക്കുവാനും കഴിയുന്നത്.

മയക്കുമരുന്നിനടിമയായ ആൾ ലഹരിവിമോചനകേന്ദ്രത്തിലുള്ള ക്രിസ്തുവിൽ ആശ്രയിക്കത്തക്ക അളവിലുള്ള വിശ്വാസമുണ്ടായിരിക്കാം. യേശുക്രിസ്തു കർത്താവെന്ന് വിശ്വസിക്കുകയും പാപത്തിൽ നിന്നുള്ള മോചനം ആഗ്രഹിക്കുകയും സ്വഭാവത്തെ ഉപേക്ഷിക്കുകയും ക്രിസ്തുവിന്റെ കർതൃത്വത്തിന് പൂർണ്ണമായി അവൻ അനുസരിക്കണമെന്നു ഒരു ക്രിസ്ത്യാനി പറഞ്ഞാൽ, പാവപ്പെട്ട ആ ദുരിത ജീവിതക്കാരനിൽ നിന്നു അസാദ്ധ്യകാര്യമാണ് ചോദിക്കുന്നത്. ആസക്തി നിറഞ്ഞ ആളിന് മുഴുവനായിട്ട് പാപത്തെ ഉപേക്ഷിക്കുവാൻ കഴിയുകയില്ലെന്ന് അറിയാം. മാത്രമല്ല അത് ഉപേക്ഷിക്കുവാൻ വാഗ്ദാനം ചെയ്യാൻ പോലും കഴിവില്ല. അവൻ യേശുക്രിസ്തുവിന്റെ കർതൃത്വത്തിനു കീഴ്പ്പെടണമെന്ന് ആഗ്രഹിക്കുകപോലും ചെയ്യാം, സത്യത്തിൽ അവനെക്കൊണ്ട് അത് സാധിക്കുകയില്ല, അത് അവനെ അറിയുകയും ചെയ്യാം. അതുകൊണ്ട് അവനു രക്ഷിതാവിനെ ആവശ്യമായിട്ടുള്ളത്. അജ്ഞത നിറഞ്ഞ വിശ്വാസികൾ അവൻ പാപം ഉപേക്ഷിക്കണമെന്നു പറയും. പാപം ഉപേക്ഷിക്കുവാൻ പ്രതിജ്ഞ എടുക്കണമെന്നു പറയും. എന്നിട്ട് യേശുവിനെ കർത്താവായി അംഗീകരിക്കുവാൻ പറയും. എന്നാൽ ഇതിനു വിപരീതമായിട്ടാണ് ദൈവം ആഗ്രഹിക്കുന്നത്, അവൻ നിസഹായനും, നിരാശനുമാണെന്നുള്ള കാര്യം മനസ്സിലാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. കപടവും പൊങ്ങച്ചം നിറഞ്ഞതുമായ വാഗ്ദാനങ്ങൾ പൂർണ്ണമായി വെടിയണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. അങ്ങനെയുള്ള പാപത്തിൽ വീണവർക്ക് നല്ല മനസ്സാക്ഷിയോടെ അങ്ങനെയുള്ള പ്രതിജ്ഞകൾ നടത്തുവാൻ കഴിയില്ല എന്നു അവർ മനസ്സിലാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ആസക്തി നിറഞ്ഞവരും മറ്റെല്ലാ പാപികളും പാപം ഏറ്റവും ശക്തമാണെന്നു മനസ്സിലാക്കുകയും യേശുക്രിസ്തുവിനല്ലാതെ പാപത്തിന്റെ ശക്തിയിൽ നിന്നു രക്ഷിക്കുവാൻ മറ്റാർക്കും കഴിയുകയില്ലെന്നു മനസ്സിലാക്കുകയും വേണം. ദൈവം രക്ഷയ്ക്കായി നവീകരണത്തിനുള്ള പ്രതിജ്ഞകൾ ആവശ്യപ്പെടുന്നില്ല. പാപ

ത്തിന്റെ കെണിയാൽ നിരാശനായി വീണിരിക്കുന്നുവെന്നുള്ള വിപരീതമായ മനോഭാവമാണ് ആവശ്യം. അപ്പോൾ പാപത്തിൽ നിന്നുള്ള വിടുതലിനായി (പാപത്തിന്റെ ശിക്ഷയിൽ നിന്നും ശക്തിയിൽ നിന്നും) ക്രിസ്തുവിൽ പൂർണ്ണമായ ആശ്രയിക്കണമെന്ന് ബോദ്ധ്യമാകും, ഇതാണ് വിശ്വാസത്താലുള്ള രക്ഷയോട് കൂടുതൽ പൊരുത്തപ്പെടുന്നത്. ക്രിസ്ത്യാനികൾ സൽപ്രവൃത്തികൾ ചെയ്ത് രക്ഷയോടു മറ്റ് വ്യവസ്ഥകൾ കൂട്ടിച്ചേർത്ത് സുവിശേഷം സ്വായത്തമാക്കണമെന്ന് സാത്താൻ ആഗ്രഹിക്കുന്നു. നവീകരണത്തിനാവശ്യമായ വ്യർത്ഥമായ ആത്മപ്രശംസ നടത്തുവാനുള്ള സ്വയത്തിലുള്ള വിശ്വാസം ആവശ്യപ്പെടുവാൻ സാത്താൻ സുവിശേഷകന്മാരെ വഴിതെറ്റിക്കുന്നു. **ദൈവം ആഗ്രഹിക്കുന്നത് ഇത്രമാത്രം, പാപിക്ക് കർത്താവായ യേശുവിലും അവന്റെ ക്രൂശിലും വിശ്വസിക്കുവാൻ ആവശ്യമായ നിലയിൽ പാപത്തിൽ നിന്നുള്ള വിടുതൽ വേണമെന്നാണ്.**

N. പ്രാർത്ഥനയും രക്ഷിക്കുന്ന വിശ്വാസവും

വിശ്വാസം പ്രകടമാക്കുവാനുള്ള ദൈവത്താൽ അംഗീകരിക്കപ്പെട്ട മാർഗ്ഗം തീർച്ചയായും പ്രാർത്ഥനയാണ്. റോമ. 10:8-ൽ താൻ എങ്ങനെയാണ് സുവിശേഷീകരണം നടത്തുന്നതെന്നുള്ളതിന്റെ മാതൃക പൗലോസ് നൽകുന്നു. അവിടെ തന്റെ വാക്കുകൾ "അതു ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസവചനം" എന്നുള്ളത് വിപുലീകരിച്ചാൽ "വിശ്വാസം ഉളവാക്കുന്ന സുവിശേഷീകരണത്തിൽ ഞങ്ങൾ ഉപയോഗിക്കുന്ന വചനം" എന്നു വരും. തുടർന്നുള്ള പശ്ചാത്തലത്തിൽ പൗലോസ് ഇങ്ങനെ പ്രോത്സാഹിപ്പിക്കുന്നു. "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുക" (വാക്യം 12-13) യേശുക്രിസ്തു കർത്താവാണെന്ന് **ദൈവത്തോട്** ഏറ്റുപറയുക (വാക്യം 9). ഒരാൾ തന്റെ വിശ്വാസം പ്രാർത്ഥനയിലൂടെ പ്രകടിപ്പിക്കുവാൻ നിർദ്ദേശിക്കുന്ന സുവിശേഷീകരണത്തിന്റെ ഏറ്റവും നല്ല രീതിയായി കണക്കാക്കാം.

എങ്കിലും വെറും പ്രാർത്ഥനയല്ല രക്ഷിക്കുന്നത് പ്രാർത്ഥനയിലൂടെ പ്രകടമാകുന്ന **വിശ്വാസമാണ്.** രക്ഷിക്കപ്പെടുവാൻ വേണ്ട ആരോ പറഞ്ഞു തന്ന ചില വാക്കുകൾ ഒരാൾക്ക് വെറുതെ ഉരുവിടുവാൻ കഴിയുന്നതിനെയല്ല ഇത് കാണിക്കുന്നത്. പ്രാർത്ഥനയിൽ വിശ്വാസം പ്രകടമാകുന്നില്ലെങ്കിൽ രക്ഷ സംഭവിക്കുന്നില്ല.

കൂടുതൽ അടിസ്ഥാനപരമായ ഒരു ചോദ്യം രക്ഷ പ്രാപിക്കുന്നതിനു ഒരു പ്രാർത്ഥന ഒഴിച്ചുകൂടാനാവാത്തതോ? രക്ഷയ്ക്ക് വിശ്വാസം മാത്രം മതി എന്നു പഠിപ്പിക്കുന്ന പ്രധാന വേദഭാഗങ്ങളിലൊന്നും ഫലത്തിൽ പ്രാർത്ഥനയെക്കുറിച്ച് കാണുന്നില്ല. "കർത്താവിൽ വിശ്വസിക്കുക" എന്നാണ് കല്പന അല്ലാതെ കർത്താവിൽ വിശ്വസിച്ച് പ്രാർത്ഥിക്കുക എന്നല്ല.

കൂടാതെ, ബൈബിളിലെ കഥാപാത്രങ്ങളായ പത്രോസ്, യാക്കോബ്, യോഹന്നാൻ തുടങ്ങിയവർ രക്ഷ നേടിയ ഒരു പ്രത്യേക നിമിഷം കണ്ടെത്താൻ ശ്രമിക്കുന്ന വേദവിദ്യാർത്ഥി വിഷമ ഘട്ടത്തിലായിതീരും. വിശ്വാസം പ്രകടമാക്കാവുന്ന ഏറ്റവും നല്ല മാധ്യമം പ്രാർത്ഥനയായിരിക്കുമ്പോൾത്തന്നെ, പ്രാർത്ഥനയിലൂടെ വെളിപ്പെടുത്തിയാലും ഇല്ലെങ്കിലും രക്ഷയുടെ ഏക വ്യവസ്ഥ **വിശ്വാസം** മാത്രമാണ്. ക്രിസ്തുവിൽ ആശ്രയിച്ചിട്ടുണ്ടെങ്കിൽ രക്ഷ ഉറപ്പാണ്. ഈ വിശ്വാസം വെളിപ്പെടുത്തുന്ന ഒരു പ്രാർത്ഥന ഇപ്രകാരമാണ്. കാരണം അത് ആ വ്യക്തിക്ക് രക്ഷ ലഭിച്ചു എന്ന കാര്യം ഉറപ്പാക്കുകയാണ്. എങ്കിലും പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും ഹൃദയത്തിൽ വിശ്വാസമുണ്ടോയെന്നാണ് ദൈവം നോക്കുന്നത്.

പ്രാർത്ഥനയുടെയും രക്ഷയുടെയും മേഖലയിൽത്തന്നെ സന്തുലനം ആവശ്യമാണ്. വിശ്വാസം പ്രകടമാക്കാൻ വേണ്ടി ആളുകളോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നത് പ്രോത്സാഹജനമാണ്. ഒരു വ്യക്തി രക്ഷയ്ക്കായി പ്രാർത്ഥിച്ച സമയം ഓർക്കാൻ കഴിയുമെന്നില്ല എങ്കിലും, ആ വ്യക്തി രക്ഷിക്കപ്പെട്ടില്ല എന്നുള്ള നിഗമനത്തിലെത്തുവാൻ കഴിയുന്നതല്ല. എപ്പോഴാണ് വിശ്വാസം ആരംഭിച്ചതെന്നു ഓർക്കാൻ കഴിയുന്നെങ്കിൽ അതു വളരെ നല്ലതാണ്. വിശ്വാസം ആരംഭിച്ച സമയത്തെക്കാൾ വ്യക്തിയുടെ ജീവിതത്തിൽ വിശ്വാസത്തിന്റെ സാന്നിദ്ധ്യമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഒരു വ്യക്തി തനിക്ക് ക്രിസ്തുവിനാലും അവന്റെ ക്രൂശിലും വിശ്വാസമുണ്ടെന്ന് സത്യസന്ധമായും ആത്മാർത്ഥമായും സമർത്ഥിച്ചാൽ അവനു രക്ഷയുണ്ട്. വിശ്വാസം ചിലപ്പോൾ സാവധാനത്തിൽ വർദ്ധിക്കാറുണ്ട്. പത്രോസിന്റെ കാര്യത്തിൽ ഇങ്ങനെ സംഭവിച്ചുയെന്നു കരുതാം. അല്ലെങ്കിൽ ചിലപ്പോൾ നാടകീയമായി വർദ്ധിക്കാം. അതു നാം പൗലോസിന്റെ കാര്യത്തിൽ കാണുന്നു. രക്ഷയുടെ വ്യവസ്ഥ വിശ്വാസം മാത്രം. വിശ്വാസത്തിന്റെ സാന്നിദ്ധ്യം കഴിഞ്ഞിട്ടുള്ള സ്ഥാനമെ വിശ്വാസത്തിന്റെ ആരംഭ സമയം അത് പ്രകടമാക്കപ്പെട്ട വിധം ഇവയ്ക്കുള്ളൂ

O. ഉപസംഹാരം

ഈ സങ്കീർണ്ണങ്ങളായ പഠനങ്ങളെല്ലാം ഒരു ലളിത നിഗമനത്തിലൂടെ ഒരു ലളിതമായ സുവിശേഷത്തിലെത്തുന്നു. രക്ഷയുടെ വ്യവസ്ഥ **വിശ്വാസം മാത്രം** "എന്റെ കൈകളിൽ ഞാൻ ഒന്നും കൊണ്ടുവരുന്നില്ല, നിന്റെ ക്രൂശിനോടു പറ്റിച്ചേരുന്നതേയുള്ളൂ " പരിപൂർണ്ണമായ ഒരു ജീവിതം കൈനിറയെ ദൈവത്തിനു നൽകുന്നതല്ല രക്ഷ. രക്ഷിതാവിന്റെ യോഗ്യതയാലും അവന്റെ ക്രൂശിലെ പരിപൂർണ്ണമായ വേലയിൽ നിന്നും എല്ലാ കൃപയും കരുണയും ഒഴിഞ്ഞ കൈകൾ നീട്ടി മേടിക്കു

ന്നതാണ് രക്ഷ. ബൈബിളിൽ കല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസം യേശുക്രിസ്തുവിലും അവന്റെ ക്രൂശിലെ വേലയിലും ചാരുക, ആശ്രയിക്കുക, ആലംബമാക്കുക എന്നതാണ്. ചിലർ ഈ 'ഉപദേശത്തെ' 'എളുപ്പ വിശ്വാസം' എന്നു പറഞ്ഞ് പരിഹസിച്ചേക്കാം. എന്നാൽ, ബൈബിൾ ഇതിനെ **കൃപ** എന്നാണ് വിളിച്ചിരിക്കുന്നത്!

അദ്ധ്യായം 9

സോറ്റീരിയോളജി

രക്ഷയെപ്പറ്റിയുള്ള ഉപദേശം

ഭാഗം III : രക്ഷയുടെ ഫലങ്ങൾ

രൂപരേഖ

I. നിത്യജീവൻ

II. പുനർജനനം - പുതുജനനം

III. പുത്രത്വം/പുത്രന്മാരെന്ന നിലയിൽ ദത്തെടുക്കൽ

1V. നീതീകരണം

A. നീതീകരണത്തിനുള്ള നിർവചനം: നീതിമാന്മാരായി പ്രഖ്യാപിക്കുന്നതോ, നീതിമാന്മാരാക്കുന്നതോ?

1. മതേതര ഗ്രീക്കിലെ നീതീകരണം
2. പഴയ നിയമത്തിലെ നീതീകരണം
3. പുതിയ നിയമത്തിലെ നീതീകരണം
4. നീതീകരണവുമായി ബന്ധമുള്ള ഗ്രീക്ക് പദങ്ങളുടെ പ്രയോഗങ്ങൾ ശ്രദ്ധിക്കുക

B. നീതീകരണത്തിന്റെ സമയം: ഭൂതകാലമോ, ഭാവികാലമോ?

1. നീതീകരണ സമയം, രക്ഷിക്കപ്പെടുന്ന സമയത്തിന്റെ പശ്ചാത്തലത്തിൽ
2. "നീതീകരിക്കപ്പെടുക" എന്ന വാക്ക് ഭൂത കാലത്തിൽ
   a. 1 കൊരി. 6:11
   b. തീത്തോ. 3:7
   c. റോമ. 5:1, 9
   d. റോമ. 6:7
   e. റോമ. 8:30
3. "നീതീകരിക്കപ്പെടുക" എന്ന വാക്ക് വർത്തമാനകാലത്തിൽ
   a. അപ്പോ. 13:39
   b. റോമ. 3:28
   c. റോമ. 3:24
   d. മറ്റുള്ളവ
4. "നീതീകരണത്തെക്കുറിച്ച് വിവരിക്കുന്ന ആധികാരികമായുള്ള വാക്യങ്ങൾ
   a. ഗലാ. 2:16-17
   b. ഗലാ. 3:8-9
   c. ഗലാ. 3:24-26
5. അബ്രാഹാമിന്റെ മാതൃക
6. പൂർത്തീകരിക്കപ്പെട്ട സത്യങ്ങൾ വെളിപ്പെടുത്തുന്ന നീതീകരണത്തിനുള്ള നാമ രൂപങ്ങൾ
   a. നീതീകരണം
      (1) റോമ 3:22
      (2) റോമ 4:5
      (3) റോമ 5:17
      (4) റോമ 9:30
      (5) റോമ 10:4, 6a, 10a
      (6) 1 കൊരി. 1:30
   b. "നീതിമാനെ"ന്നതിനുള്ള ഗ്രീക്ക് പദം
      (1) പഴയനിയമ പശ്ചാത്തലം(ഹബ. 2:4)
      (2) പൗലോസ് ഹബ. 2: 4 ഉദ്ധരിച്ചിരിക്കുന്നു
         (a) റോമ. 1:16-17
         (b) ഗലാ. 3:11
7. ഉപസംഹാരം-നീതീകരണ സമയം

C. നീതീകരണത്തിന്റെ അടിസ്ഥാനം: വിശ്വാസം

1. ക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന നീതീകരണത്തിന് അടിസ്ഥാനമായ മൂലവാക്യം/ വചനം
   a. *"നീതീകരിക്കുക"* എന്ന ക്രിയാ പദങ്ങൾ
   b. *"നീതീകരണം"* എന്ന നാമം
   c. "നീതീമാൻ" എന്ന നാമപദം
2. കൃപയാൽ സൗജന്യമായി ലഭിക്കുന്ന നീതീകരണത്തെക്കുറിച്ച് പഠിപ്പിക്കുന്ന വേദഭാഗങ്ങൾ
3. നീതീകരണം പ്രവൃത്തിയാലല്ല എന്ന് പഠിപ്പിക്കുന്ന വേദഭാഗങ്ങൾ

D. വിശ്വാസിയുടെ നീതിക്ക് ഉറവിടം

1. പഴയനിയമ പശ്ചാത്തലത്തിൽ ദൈവ മക്കൾക്ക് കണക്കിട്ടിട്ടുള്ള ദൈവനീതി
2. പുതിയനിയമത്തിൽ ദൈവമക്കൾക്ക് കണക്കിട്ടിട്ടുള്ള ദൈവനീതി

E. നീതീകരണം-ഉപസംഹാരം

V. സൽ പ്രവൃത്തികൾ

A. യഥാർത്ഥ രക്ഷയുടെ ഫലമാണ് സൽപ്രവൃത്തികൾ

B. യഥാർത്ഥ രക്ഷ സ്വഭാവിക പാപ സ്വഭാവവുമായി പൊരുത്തപ്പെടുന്നില്ല

C. നിത്യമായ സുരക്ഷയോടും, പൂർണ്ണമായി പാപ മില്ലാത്ത ജീവിതം അസാദ്ധ്യമാണെന്നുമുള്ള ഉപദേശവുമായും പൊരുത്തപ്പെടുന്നു

D. പ്രായോഗിക പരിഗണന

1. പാപത്തിന്റെ അടിസ്ഥാനത്തിൽ പൂർണ്ണ മായി, രക്ഷ നിഷേധിക്കുന്നതിനെതിരെ യുള്ള മുന്നറിയിപ്പ്
2. പരീക്ഷിക്കപ്പെടുന്ന സംശയങ്ങൾ
3. സ്വയ പരിശോധന
4. പാപ ജീവിതത്തോടുകൂടിയ രക്ഷയ്ക്കെതിരെ യുള്ള അപകടകരമായ പ്രതികരണം

VI. വിശുദ്ധീകരണം

A. പഴയ നിയമത്തിലെ വിശുദ്ധീകരണം

B. പുതിയ നിയമത്തിലെ വിശുദ്ധീകരണം

1. സ്ഥിതി വിവരണം
2. വേർതിരിക്കപ്പെട്ട അവസ്ഥയ്ക്ക് പ്രാധാന്യം കൊടുക്കുന്നു
3. പാപത്തിൽ നിന്ന് വേർപെട്ട് സദാചാര ജീവിതത്തിന് പ്രാധാന്യം
4. വിശുദ്ധീകരണത്തിന്റെ ഭൂതകാല വീക്ഷണം
5. വിശുദ്ധീകരണത്തിന്റെ വർത്തമാനകാല വീക്ഷണം
6. വിശുദ്ധീകരണത്തിന്റെ ഭാവികാല വീക്ഷണം
7. വിശുദ്ധീകരിക്കുന്നവൻ
8. വിശുദ്ധീകരണത്തിനുള്ള മാദ്ധ്യമങ്ങൾ

VII. നിത്യമായ ഭദ്രത

A. നിത്യമായ ഭദ്രതയ്ക്കുള്ള തെളിവുകൾ

1. വിഷയം നിഷേധരൂപത്തിൽ വീക്ഷിക്കു മ്പോൾ

a. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടു മെങ്കിൽ, ക്രിസ്തുവിന്റെ നീതി നഷ്ടപ്പെ ടണം

b. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടാ മെങ്കിൽ ദൈവം സർവ്വശക്തനല്ല. ദൈവ വചനത്തിലെ മുൻനിർണ്ണയവും തെറ്റാണ്

c. ഒരു ക്രിസ്ത്യാനിയുടെ രക്ഷ ദോഷ പ്രവൃത്തികൾ ചെയ്യുന്നതിനാലും നന്മപ്രവൃത്തികൾ ചെയ്യാതിരിക്കുന്നതിനാലും നഷ്ടപ്പെടാമെങ്കിൽ, അത് പ്രവൃത്തികളുടെ അടിസ്ഥാനത്തിലായിരിക്കും

d. ഒരു ക്രിസ്ത്യാനി പാപം ചെയ്ത് രക്ഷ നഷ്ടപ്പെടുകയും നരകത്തിൽ പോകുകയും ചെയ്താൽ ക്രിസ്തുവിന്റെ പ്രായശ്ചിത്തം എല്ലാ പാപങ്ങൾക്കും പരിഹാരമല്ല എന്ന് വരും

e. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടുമെങ്കിൽ, ദൈവപുത്രൻ മദ്ധ്യസ്ഥൻ എന്ന നിലയിൽ പരാജയമാണ്.

f. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടുമെങ്കിൽ, പരിശുദ്ധാത്മാവ് മുദ്രയിട്ടത് പരാജയമാണ്

g. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടുമെങ്കിൽ ബൈബിളിലെ വാഗ്ദത്തങ്ങൾ അസത്യമാകും

h. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടുമെങ്കിൽ നമ്മെ സൂക്ഷിക്കുവാനുള്ള ദൈവത്തിന്റെ ആഗ്രഹം പരാജയപ്പെടുന്നു.

i. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടാമെങ്കിൽ, രക്ഷ നഷ്ടപ്പെടുന്നതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താത്ത വേദപുസ്തകം ചിന്താക്കുഴപ്പം ഉണ്ടാക്കുന്നു

2. വാസ്തവികമായ നിലപാടിൽ വിഷയം കൈകാര്യം ചെയ്താൽ നിത്യമായ ഭദ്രത താഴെപ്പറയുന്ന കാരണങ്ങളാൽ സത്യമാണ്:

a. ക്രിസ്തുവിന്റെ നീതി രക്ഷിക്കുന്നു; രക്ഷ നഷ്ടപ്പെടുന്നില്ല.

b. തിരഞ്ഞെടുപ്പും മുൻനിർണ്ണയവും നിത്യമായ ഭദ്രത പ്രഖ്യാപിക്കുന്നു

c. രക്ഷ പ്രവൃത്തിയാൽ ലഭിക്കുന്നതും നില നില്ക്കുന്നതും അല്ല

d. ക്രിസ്തുവിന്റെ പ്രായശ്ചിത്തം പൂർണ്ണതയുള്ളതും പൂർത്തീകരിക്കപ്പെട്ടതും ആണ്

e. പക്ഷവാദിയെന്ന നിലയിൽ ക്രിസ്തു ഭദ്രത ഉറപ്പാക്കുന്നു

f. പരിശുദ്ധാത്മാവിന്റെ മുദ്ര പൊട്ടിക്കുവാൻ കഴിയുകയില്ല

g. അനേക വാഗ്ദത്തങ്ങൾ ഭദ്രത ഉറപ്പാക്കുന്നു
h. ദൈവം തന്റെ ശക്തിയിൽ നമ്മെ കാക്കുന്നു
i. രക്ഷ നഷ്ടപ്പെടുമെന്നതിന് യാതൊരു വചനാടിസ്ഥാനവുല്ല

B. പ്രശ്ന ഭാഗങ്ങൾ വിശദീകരിച്ചിരിക്കുന്നു
1. സങ്കീ. 51:11
2. യെഹെ. 33:12–20
3. മത്താ. 24:13
a. മഹോപദ്രവത്തിൽ നിന്നുള്ള ശാരീരിക രക്ഷ
b. ആത്മീയ രക്ഷ
(1) രക്ഷിക്കുന്ന വിശ്വാസം
(2) മഹോപദ്രവ സ്ഥിതിഗതികൾ
4. മത്താ. 25:30
5. യോഹ. 15:1–8
a. യൂദ ഒരു മുറിക്കപ്പെട്ട ശാഖയെന്ന നിലയിൽ
b. ബാലശിക്ഷയുടെ മുന്നറിയിപ്പ്, പ്രതിഫലം നഷ്ടപ്പെടുന്നുവെന്ന വീക്ഷണം
6. റോമ. 11:11–32
a. യഹൂദന്മാർ- ജാതികൾ പ്രശ്നം
b. സ്വാഭാവിക ഒലിവു മരം
c. ഒലിവു മരവുമായി ജാതികൾക്കുള്ള ബന്ധം
d. ഉപസംഹാരം
7. 1 കൊരി. 6:9–10
8. 1 കൊരി. 9:24–27
9. 1 കൊരി. 11:28–32
10. 1 കൊരി. 15:1–2
11. ഗലാ. 5:1–4
a. ന്യായപ്രമാണം കൃപയും
b. ഈ ജീവിതം പ്രയോജന ശൂന്യം
c. ക്രിസ്തുവിൽ നിന്ന് അകന്നു പോയി
d. ഉപസംഹാരം ഗലാ. 5:1–4
12. 2 തിമൊ. 2:12
13. എബ്രായ ലേഖനത്തിൽ നിന്നുള്ള മുന്നറിയിപ്പുഭാഗങ്ങൾ
a. എബ്രായലേഖനത്തിന്റെ വായനക്കാർ
b. ഒന്നാമത്തെ ഭാഗം എബ്രാ. 2:1–4
(1) എബ്രായരിൽ രക്ഷിക്കപ്പെടാത്തവർക്ക് വേണ്ടിയുള്ളത്
(2) വിശ്വസിച്ചവർക്കുവേണ്ടിയുള്ളത്
(3) ഉപസംഹാരം
c. രണ്ടാമത്തെ മുന്നറിയിപ്പ് എബ്രായർ അദ്ധ്യായങ്ങൾ 3–4
(1) എബ്രായരിൽ രക്ഷിക്കപ്പെടാത്തവർക്കു വേണ്ടിയുള്ളത്
(2) വിശ്വസിച്ചവർക്ക്
(3) ഉപസംഹാരം
d. മൂന്നാമത്തെ മുന്നറിയിപ്പ് എബ്രാ. 6:1–12
(1) എബ്രായരിൽ അവിശ്വാസികൾക്ക്
(2) വിശ്വാസികൾക്ക്
(3) ഉപസംഹാരം
e. നാലാമത്തെ മുന്നറിയിപ്പ് എബ്രാ. 10:26–31
(1) എബ്രായരിൽ അവിശ്വാസികൾക്ക്
(2) വിശ്വാസികൾക്ക്
(a) എബ്രാ. 10:26–31 വിശദീകരണം
(b)എബ്രാ. 10:32–39 വിശദീകരണം
(3) ഉപസംഹാരം
f. അഞ്ചാമത്തെ മുന്നറിയിപ്പ് എബ്രാ. 12:25–29
(1) അവിശ്വാസികൾക്ക്
(2) വിശ്വാസികൾക്ക്
(3) ഉപസംഹാരം
g. എബ്രായലേഖനത്തിലെ മുന്നറിയിപ്പുകൾക്ക് ഉപസംഹാരം
14. യാക്കോബ് 2:18–26
15. യാക്കോബ് 5:19–20
16. 2 പത്രൊ. 1:10–11
17. 2 പത്രൊ. 2:20–22
18. 1 യോഹ. 5:16
19. ജീവപുസ്തകം വെളി. 3:1–6

C. നിത്യമായ ഭദ്രത-ഉപസംഹാരം

VIII. രക്ഷാതത്വശാസ്ത്രം ഉപസംഹാരം

ഭാഗം 3

രക്ഷയുടെ ഫലം

I. നിത്യജീവൻ

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ വാഗ്ദത്തം ചെയ്യുന്ന അനേക വേദഭാഗങ്ങൾ കാണാം (യോഹ. 3:15–16; 4:14; 5:24; 6:40, 47; 10:28; റോമ. 6:23; 1 യോഹ. 5:13).

"ആമേൻ ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് **നിത്യജീവൻ** ഉണ്ട്. അവൻ ന്യായ

വിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു" (യോഹ. 5:24).

"ഞാൻ അവയ്ക്ക് **നിത്യജീവൻ** കൊടുക്കുന്നു. അവ ഒരുനാളും നശിച്ചുപോകയില്ല. ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചു പറിക്കയും ഇല്ല" (യോഹ. 10:28).

"പാപത്തിന്റെ ശമ്പളം മരണമത്രെ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ **നിത്യജീവൻ** തന്നെ" (റോമ. 6:23).

''ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് ഞാൻ ഇതു എഴുതിയിരിക്കുന്നത് നിങ്ങൾക്ക് **നിത്യജീവൻ** ഉണ്ടെന്ന് നിങ്ങൾ അറിയേണ്ടതിനു തന്നേ" (1 യോഹ. 5:13).

രക്ഷിക്കപ്പെട്ടവരുടെ ജീവന്റെ കാലദൈർഘ്യവും ദൈവത്തിന്റെ ജീവന്റെ കാലദൈർഘ്യവും ഒരേ വാക്കുകളിലാണ് സൂചിപ്പിക്കുന്നത് (റോമ. 16:26; 1 തിമൊ. 1:17; വെളി. 4:10). ഇത് ഒരിക്കലും അവസാനിക്കാത്ത ഒരു ജീവനെയാണ് കാണിക്കുന്നത്. സമാനാർത്ഥം വരുന്ന പദങ്ങളായ *ഒരുനാളും മരിക്കയില്ല* (യോഹ. 11:25-26) *അക്ഷയർ* (1 കൊരി. 15:52; 2 തിമൊ. 1:10) ഇതിനെ ഉറപ്പിക്കുന്നു.

നിത്യജീവൻ എന്നത് ജീവന്റെ ദൈർഘ്യത്തെ മാത്രമല്ല, അതിന്റെ നിലവാരത്തെയും സ്വഭാവത്തെയും കാണിക്കുന്നു. ദൈവത്തെ അറിയുന്നതുതന്നെ നിത്യജീവനാണെന്ന് ക്രിസ്തു ഓർപ്പിക്കുന്നു (യോഹ. 17: 3). ഒരു വിശ്വാസിക്കു ലഭിക്കുന്ന ജീവൻ, ക്രിസ്തുവിന്റെ ജീവൻ പങ്കിടുന്ന യാഥാർത്ഥ്യത്തെ കാണിക്കുന്നു. ക്രിസ്തുവിന്റെ ജീവൻ ഒരു വിശ്വാസിക്ക് നല്കപ്പെടുന്നു. ക്രിസ്തുവിന്റെ ജീവൻ ഒരിക്കലും അവസാനിക്കുന്നില്ല. അങ്ങനെ വിശ്വാസിയുടെ ജീവനും നിത്യമായ കാലത്തേക്കുള്ളതാണ്. നിത്യജീവൻ എന്നത് ക്രിസ്തുവിന്റെ ജീവൻ പങ്കിടുന്നതാണെന്ന് പ്രസ്താവിക്കുന്ന വാക്യങ്ങളാണ് താഴെക്കൊടുത്തിട്ടുള്ളത്:

''കുറഞ്ഞൊന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല. നിങ്ങളോ എന്നെ കാണും. **ഞാൻ ജീവിക്കുന്നതുകൊണ്ടു നിങ്ങളും ജീവിക്കും;** ഞാൻ എന്റെ പിതാവിലും **നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും** എന്ന് നിങ്ങൾ അന്ന് അറിയും (യോഹ.14:19-20).

അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. **ക്രിസ്തു** മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ **ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ**" (റോമ. 6:4).

"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല **ക്രിസ്തു വത്രെ എന്നിൽ ജീവിക്കുന്നു**. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്" (ഗലാ. 2:20).

അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്ന് അറിയിപ്പാൻ ദൈവത്തിനു ഇഷ്ടമായി. ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ **ക്രിസ്തു നിങ്ങളിൽ** ഇരിക്കുന്നു എന്നുള്ളതു തന്നെ(കൊലൊ. 1:27).

അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന **നിങ്ങളെയും അവൻ, അവനോടുകൂടെ ജീവിപ്പിച്ചു**'' (കൊലൊ. 2:13).

ആകയാൽ നിങ്ങൾ **ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു** എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ (കൊലൊ. 3:1).

II. പുനർജനനം-പുതുജനനം

നിത്യജീവൻ ലഭിക്കുന്നത് പരിശുദ്ധാത്മാവിന്റെയും ദൈവവചനത്തിന്റെയും സ്വാധീനതയാലാണ് (യോഹ. 3: 5; തീത്തൊ. 3:5). പരിശുദ്ധാത്മാവ് കുറ്റബോധം നല്കുകയും, ദൈവവചനത്തിൽക്കൂടെ പ്രകാശനം നല്കുകയും ചെയ്യുമ്പോൾ (യാക്കോബ് 1:18; 1 പത്രൊ. 1:23), വിശ്വാസത്താൽ ക്രിസ്തുവിന്റെ പുതിയ ജീവന്റെ പങ്കാളിയായിത്തീരുന്നു. ഈ പങ്കുവയ്ക്കലിന്റെ ആരംഭമാണ് വീണ്ടും ജനനം/പുതുജനനം(തീത്തൊ. 3: 5; യോഹ. 3: 5; 1 പത്രൊ. 1:3, 23; 1 യോഹ. 5:1). വീണ്ടും ജനനം പൂർണ്ണമായി പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയായി കണക്കാക്കി 10-ാം അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു.

III. പുത്രത്വം/പുത്രന്മാരെന്ന നിലയിൽ ദത്തെടുപ്പ്

യേശുക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കുകയും അവർ ദൈവകുടുംബത്തിന്റെ അംഗങ്ങളായിത്തീരുകയും ചെയ്യുന്നു. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്ന ഏവനും അവന്റെ കുടുംബത്തിന്റെ ഭാഗമായിത്തീരും എന്ന് മത്താ. 12:50 - ൽ യേശു പറഞ്ഞു (മർക്കോ 3:35; ലൂക്കോ. 8:21). യേശുവിനെ സഹോദരൻ എന്നു വിളിക്കുന്നതുപോലും വചനാനുസൃതമാണ് (റോമ. 8:29; എബ്രാ. 2: 11-12).

വിശ്വാസികൾ ദൈവഭവനത്തിന്റെ ഭാഗമാണെന്ന് പുതിയനിയമ എഴുത്തുകാർ ഓർമ്മിപ്പിക്കുന്നു. യേശുക്രിസ്തു ദൈവപുത്രനാണെന്നും, വിശ്വാസികൾ ദൈവ

ത്തിന്റെ പുത്രന്മാരാണെന്നും ഉള്ള സത്യവും വിശദീകരിക്കുന്നു. ഓരോ എഴുത്തുകാരും ആത്മീയസത്യങ്ങൾ വിവിധ പ്രതിരൂപങ്ങളിൽക്കൂടെയും പ്രയോഗങ്ങളിൽക്കൂടെയും വെളിപ്പെടുത്തുന്നു. എല്ലാറ്റിന്റെയും ഉപദേശവിഷയങ്ങൾ ഒന്നു തന്നെ. അപ്പോസ്തലനായ യോഹന്നാൻ ഓർപ്പിക്കുന്നത് വിശ്വാസികൾ എല്ലാവരും ദൈവഭവനത്തിൽ മക്കളായി ജനിച്ചവരാണെന്നാണ് (നോക്കുക *പുതുജനനം*: യോഹ. 1:13; 3:3-8; 1 യോഹ. 2:29; 3:9; 4:7; 5:1, 4,18; *മക്കൾ*: യോഹ. 1:12; 11:52; 1 യോഹ. 3:1 , 2, 10; 5:2). വിശ്വാസികളെ ദൈവമക്കളായും ക്രിസ്തുവിനെ ദൈവപുത്രനായും പരാമർശിച്ചിരിക്കുന്നു. പുത്രൻ എന്നുള്ള ഗ്രീക്ക്പദം (*ഹ്യൂയോസ്*) ക്രിസ്തു "ഏകജാതനായ മകൻ" എന്ന പ്രാധാന്യതയോടുകൂടെ ഉപയോഗിച്ചിരിക്കുന്നു. പുത്രന്റെ അതുല്യത വെളിപ്പെടുത്തുന്നു (യോഹ. 1: 14, 18; 3:16, 18; 1 യോഹ. 4:9). [62] വിശ്വാസികൾ മക്കളായി ദൈവകുടുംബത്തിൽ ജനിച്ചിരിക്കുന്നു. എന്നാൽ ക്രിസ്തു വ്യത്യസ്തനായ **പുത്രൻ** ആണ്.

പൗലോസും ഇതേ സത്യം പഠിപ്പിക്കുന്നു എങ്കിലും യോഹന്നാനെക്കാൾ വ്യത്യസ്തമായ രീതിയിലാണെന്നു മാത്രം. പൗലോസും യോഹന്നാൻ ഉപയോഗിക്കുന്നതുപോലെ വിശ്വാസികളെ *മക്കൾ* (*ടെക്നാ*) എന്ന വാക്ക് ഉപയോഗിച്ച് സംബോധന ചെയ്യുന്നു. യോഹന്നാനിൽ നിന്നും വ്യത്യസ്തനായി വിശ്വാസികളെ "ദൈവത്തിന്റെ പുത്രന്മാർ" (*ഹ്യൂയോസ്*) എന്ന് വിളിക്കുന്നു (റോമ. 8:14, 19; 2 കൊരി. 6:18; ഗലാ. 3:26; 4:5-7). പുതുജനനത്തിനോ ക്രിസ്തു ഏകജാതനായ പുത്രൻ [63] എന്ന ആശയത്തിനോ വലിയ ഊന്നൽ നല്കുന്നില്ല. ക്രിസ്തുവിന്റെ പുത്രത്വവും വിശ്വാസികളുടെ പുത്രത്വവും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുന്നത്, വിശ്വാസികളുടെ പുത്രത്വം ദത്തെടുപ്പിൽക്കൂടെ ലഭിച്ചതാണെന്ന് വ്യക്തമാക്കിക്കൊണ്ടാണ്. ഈ പദം യോഹന്നാൻ ഉപയോഗിച്ചിട്ടില്ല. (ദത്തെടുപ്പിൽക്കൂടെയുള്ള രക്ഷ- റോമ. 8:15; ഗലാ. 4:5; എഫെ. 1:5).

ഈ വ്യത്യാസങ്ങൾ ഇഷ്ടപ്പെട്ട പ്രയോഗശൈലി മാത്രമാണ്. വിശ്വാസികൾ ദൈവഭവനത്തിന്റെ ഭാഗമാണെങ്കിലും യേശുക്രിസ്തു ദൈവപുത്രനാണെന്നുള്ള ആശയത്തിൽ കാണുവാൻ കഴിയുകയില്ല. ദൈവമക്കൾക്ക് പുതുജനനം ഉണ്ട് എന്നു ഓർപ്പിക്കുന്നു. എന്നാൽ വിശ്വാസികൾക്കുള്ള പുത്രത്വത്തെക്കാൾ വ്യത്യസ്തമായി ക്രിസ്തു ഏകജാതനായ പുത്രൻ എന്ന് വിശേഷിപ്പിക്കുന്നു. യേശുക്രിസ്തു ദൈവപുത്രൻ എന്നുള്ള അതേ ആശയത്തിലല്ല, വിശ്വാസികളുടെ ദൈവഭവനത്തിലെ പദവിയെക്കുറിച്ച് പൗലോസ് പഠിപ്പിക്കുന്നത്. ദൈവഭവനത്തിലേക്കുള്ള ദത്തെടുപ്പിനെക്കുറിച്ച് പൗലോസ് ഓർപ്പിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ പുത്രത്വം ദത്തെടുപ്പിനാലല്ല. എല്ലാ അർത്ഥത്തിലും അവൻ ദൈവപുത്രനാണ്.

IV. നീതീകരണം

നീതീകരണം എന്ന വിഷയത്തിന്റെ വേദപുസ്തക ഉപദേശം വിശദമാക്കുന്നത് പ്രധാനമായി നാല് വാദമുഖങ്ങളിൽക്കൂടെയാണ്.

ഒന്നാമത് : നീതീകരിക്കുക എന്ന വാക്കിന്റെ ശരിയായ നിർവചനം എന്താണ്? (ഗ്രീക്കിൽ *ഡികായു*) ഇത് കൂടുതൽ നീതിമാന്മാരാകുന്ന **പ്രക്രിയ**യാണോ? അതോ, ഒരു വ്യക്തി നീതിമാനാണെന്നുള്ള പ്രഖ്യാപനമാണോ? (അതായത് ഒരു മനുഷ്യൻ കുറ്റക്കാരനല്ല എന്ന് നിയമപരമായി **പ്രഖ്യാപിച്ച്** മോചിപ്പിക്കുന്നതാണോ?)

രണ്ടാമത്തെ ഘടകം: നീതീകരിക്കപ്പെടുന്ന സമയം ആണ്. ഒരു വ്യക്തി കുറെക്കാലംകൊണ്ട് നീതിമാനായി ജീവിച്ച് നീതീകരിക്കപ്പെടുകയാണോ? അതോ, ഒരു വ്യക്തി ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുമ്പോൾ നീതീകരണം പ്രാപിക്കുകയാണോ? ആദ്യത്തെ കാഴ്ചപ്പാടിൽ, അന്ത്യന്യായവിധിയുടെ സമയംവരെയും നീതികരണം പ്രാപിക്കുന്നില്ല. എന്നാൽ രണ്ടാമത്തേതിൽ, ഒരു വ്യക്തി വിശ്വസിക്കുന്ന നിമിഷത്തിൽ നീതീകരണം ലഭിക്കുന്നു.

മൂന്നാമത്തെ ഘടകം: നീതീകരണം എന്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്നു എന്നുള്ളതാണ്. നീതീകരിക്കപ്പെടുവാൻ ഒരു വ്യക്തി എന്ത് ചെയ്യണം? അവസാനമായി, നീതീകരണത്തിന്റെ ഉറവിടം ക്രിസ്തുവിന്റെ നീതിയാണെന്നു നാം കണക്കിലെടുക്കണം.

നീതീകരണത്തിന്റെ നിർവചനവും സമയവും നവോത്ഥാനകാലത്തിൽ വലിയ പോരാട്ടത്തിന് കാരണമായി. നവോത്ഥാനവദാഗതിക്കാരെ റോമൻ കത്തോലിക്കാസഭ അഭിമുഖീകരിച്ചപ്പോൾ, നീതീകരണം തുടർമാനമായ ഒരു പ്രക്രിയയാണെന്നും, ദൈവത്തിൽ വിശ്വസിക്കുന്ന വ്യക്തി ദിവ്യകർമ്മങ്ങൾ ചെയ്ത് കൂടുതൽ നീതിമാനായിത്തീർന്നു കൃപയാൽ ലഭിക്കുന്ന ഒരു അനുഭവമാണെന്നും സഭ പഠിപ്പിച്ചു. ഈ അനുഭവം അന്ത്യന്യായ വിധിയിൽ മാത്രമാണ് ലഭിക്കുകയെന്നും വാദിച്ചു. ഒരു വ്യക്തി അദ്ധ്വാനിച്ച് നേടേണ്ട ലക്ഷ്യമാണെന്നും തുടർമാനമായ ഒരു പ്രക്രിയയാണെന്നും അവർ വാദിച്ചു.

ഇവരുടെ വാദഗതികളെ നവോത്ഥാന ചിന്താഗതിക്കാർ ശക്തമായി എതിർക്കുകയും നീതീകരണം നിയമ

[62] ഇതിന് വ്യത്യസ്തമായ പരാമർശം വെളി. 21:7-ൽ മാത്രമാണുള്ളത്. ഇവിടെ *പുത്രൻ* എന്ന പദം വിശ്വാസികളെ സൂചിപ്പിക്കുന്നു.

[63] 1 കൊരി. 4:15-ൽ വീണ്ടും ജനനം എന്ന ആശയത്തിലേക്ക് വന്നതിനുശേഷം തീത്തൊ. 3:6-ൽ പുനർജനനം എന്ന പദവും ഉപയോഗിക്കുന്നു.

പരമായ വാക്കാണെന്നും, ''നീതിമാന്മാരാകുക'' എന്നർത്ഥമില്ലെന്നും, ''നീതിമാന്മാരെന്ന്'' പ്രഖ്യാപിക്കുക'' എന്നാണർത്ഥമെന്നും വാദിച്ചു. കൂടാതെ നീതീകരണം ഒരു പ്രക്രിയയല്ലെന്നും ക്രിസ്തുവിലുള്ള വിശ്വാസത്താൽ ഉടൻതന്നെ നീതീകരിക്കപ്പെടുകയാണെന്നും പഠിപ്പിച്ചു.

A. നീതീകരണം- നിർവചനം :നീതിമാന്മാരാകുകയോ നീതിമാന്മാരായി പ്രഖ്യാപിക്കുകയോ? വളരെ വ്യക്തമായ തെളിവുകൾ ഉണ്ട്. *നീതീകരിക്കുക (ഡികായൂ)* എന്നത് നിയമപരമായ വാക്കാണ്. ഇതിന്റെ അർത്ഥം-നീതിമാനായി പ്രഖ്യാപിക്കുക, കുറ്റവിമുക്തനാക്കുക.

1. ഗ്രീക്ക് മതേതര ചിന്താഗതിയിൽ നീതീകരണം

നീതീകരണത്തിന് ഹൗൾട്ടനും മില്ലിഗനും തങ്ങളുടെ പഴയകാല എഴുത്തുകളിൽ ചില ഉദാഹരണങ്ങൾ നല്കുന്നു. ''മൂലധനം മടക്കിക്കൊടുത്ത്, ഈടുകൊടുത്തത് തിരിച്ചെടുക്കുന്നത് **നീതിയായി കണക്കിട്ടു''** (എ.ഡി. 55- 65). ''കരാർ പ്രകാരമുള്ള തുക **നീതിയായ പ്രഖ്യാപിച്ചു''** [64] ഈ രണ്ട് ഉദാഹരണങ്ങളും, ഗ്രീക്ക് പദമായ ''ഡികായൂ'' നിയമപരമായ വാക്കാണെന്നും, അതിന്റെ അർത്ഥം നീതിമാനാണെന്ന് പ്രഖ്യാപിക്കുകയോ കണക്കിടുകയോ ചെയ്യുക എന്നതാണെന്ന് കാണിക്കുന്നു.

2. നീതീകരണം പഴയനിയമത്തിൽ.

പഴയനിയമത്തിന്റെ പഴയകാല ഗ്രീക്ക് വിവർത്തനം, പ്രാചീന എബ്രായർ നീതീകരണത്തെ നിയമപരമായ പദമായിട്ട് കാണുന്നതായി ബോദ്ധ്യപ്പെടുത്തുന്നു. നീതീകരണം എന്നത് കുറ്റം വിധിക്കുക എന്നതിന്റെ എതിർ പദമാണ്. സെപ്റ്റുജിന്റ്, 'ഡികായൂ'' എന്ന പദമാണ് പല വാക്യങ്ങളിലും ഉപയോഗിച്ചിരിക്കുന്നത്.

> ''കള്ളക്കാര്യം വിട്ടു അകന്നിരിക്ക; കുറ്റമില്ലാത്തവനെയും നീതിമാനെയും കൊല്ലരുത്. ഞാൻ ദുഷ്ടനെ **നീതീകരിക്കുകയില്ലയോ?** (പുറ. 23:7).
>
> ''മനുഷ്യർക്കു തമ്മിൽ വ്യവഹാരം ഉണ്ടായിട്ടു അവർ ന്യായാസനത്തിങ്കൽ വരികയും അവരുടെ കാര്യം വിസ്തരിക്കുകയും ചെയ്യുമ്പോൾ നീതിമാനെ **നീതീകരിക്കുകയും** കുറ്റക്കാരനെ **കുറ്റം വിധിക്കുകയും** വേണം (ആവ. 25:1).
>
> നീ സ്വർഗ്ഗത്തിൽ കേട്ടു പ്രവർത്തിച്ചു, ദുഷ്ടന്റെ നടപ്പ് അവന്റെ തലമേൽ വരുത്തി അവനെ **ശിക്ഷിപ്പാനും** നീതിമാന്റെ നീതിക്കു തക്കവണ്ണം അവന്നു നല്കി അവനെ **നീതികരിപ്പാനും** അടിയങ്ങൾക്കു ന്യായം പാലിച്ചു തരേണമെ'' (1 രാജാ. 8:32).
>
> ''ദുഷ്ടനെ **നീതീകരിക്കുന്നവനും** നീതിമാനെ **കുറ്റം വിധിക്കുന്നവനും** രണ്ടുപേരും യഹോവയ്ക്കു വെറുപ്പ്'' (സദ്യ. 17:15).
>
> സമ്മാനം നിമിത്തം ദുഷ്ടനെ **നീതികരിക്കുകയും** നീതിമാന്റെ നീതിയെ ഇല്ലാതാക്കുകയും ചെയ്യുന്നവർക്കും അയ്യോ കഷ്ടം'' (യെശ. 5:23).

പഴയനിയമത്തിൽ നീതീകരണം ഒരു കോടതിവാക്കാണ്. നിയമത്തിന്റെ പശ്ചാത്തലത്തിൽ ഉപയോഗിക്കുന്നു. ഇത് ന്യായവിധിക്ക് എതിരായ വാക്കാണ്. ഇതിന് തുല്യമായ വാക്കുകൾ ''നിർദ്ദോഷിയായി പ്രഖ്യാപിക്കുക,'' ''കുറ്റമില്ലാത്തവനായി പ്രഖ്യാപിക്കുക'' ''മോചിപ്പിക്കുക'' എന്നിവയാണ്. ദാനി. 8:14-ൽ causative stem of *zedek*-ന്റെ അർത്ഥം ''നീതീകരിക്കുക,'' എന്നാൽ അതിനായി *dikaioo* എന്നല്ല septuagint-ൽ വിവർത്തനം ചെയ്തിരിക്കുന്നത്. നീതിമാനാക്കുന്ന ആശയത്തിന് നീതീകരണം എന്ന വാക്ക് യോജിക്കുന്നതല്ല. പിന്നെയോ, നീതിമാനായി പ്രഖ്യാപിക്കുന്നതിനെ നീതീകരണമെന്നു പറയാം.

പഴയനിയമത്തിൽ മാനുഷിക നിയമ കോടതിക്കു മുമ്പാകെ മാത്രമല്ല, ദൈവിക ന്യായാസനത്തിനു മുമ്പാകെയും നിതിമാനായി പ്രഖ്യാപിക്കുന്നതിന്, നീതീകരണം എന്ന പദം ഉപയോഗിച്ചിരുന്നു. നീതീകരണം സംബന്ധിച്ച പുതിയനിയമ വെളിപ്പാടുകൾ പൂർത്തീകരിക്കുവാൻ പഴയനിയമ എഴുത്തുകാരും തയ്യാറെടുപ്പുകൾ ചെയ്തിരുന്നു. ദൈവം തന്റെ സ്വന്ത നീതി തന്റെ ജനത്തിന് നല്കുമെന്ന് അവർ പഠിപ്പിച്ചിരുന്നു. ജനം നീതീകരിക്കപ്പെടുമെന്ന് പഴനിയമ എഴുത്തുകാർ പഠിപ്പിച്ചു. ദൈവം തന്നെത്താൻ തന്റെ സ്വന്ത നീതി ജനത്തിന്റെമേൽ പകരുന്നതാണ് നീതീകരണം എന്ന് മനസ്സിലാക്കാം.

> ''**യഹോവയിൽ** യിസ്രായേൽ സന്തതിയെല്ലാം നീതീകരിക്കപ്പെട്ടു പുകഴും'' (യെശ. 45:25)
>
> ''ഞാൻ **എന്റെ നീതിയെ** അടുത്തു വരുത്തിയിരിക്കുന്നു.... എന്റെ രക്ഷ താമസിക്കുകയുമില്ല; ഞാൻ സീയോനിൽ രക്ഷയും യിസ്രായേലിനു എന്റെ മഹത്വവും നല്കും'' (യെശ. 46:12).
>
> ''നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ട് പലരെയും **നീതീകരിക്കും.** അവരുടെ അകൃത്യങ്ങളെ **അവൻ** വഹിക്കും'' (യെശ. 53:11)
>
> '' **എന്റെ പക്കൽ നിന്നുള്ള അവരുടെ നീതി** '' (യെശ. 54:17)

[64] James Hope Houltion and George Milligan, *The Vocabulary of the Greek Testament* (1930: Hodder and Stoughton Limited, 1972) 162. ഗ്രീക്കിൽ നിന്നുള്ള പരിഭാഷകൾ ഇവരുടേതാണ്.

> "എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ച് **നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു**" (യെശ. 61:10), (യിരെ. 23:6)

ദൈവത്തിന്റെ നീതി രക്ഷ പ്രദാനം ചെയ്യുന്നുവെന്ന് യെശയ്യാവിൽ പല പ്രാവശ്യം കാണുന്നു. നീതീകരണം സംബന്ധിച്ച ഉപദേശവിഷയങ്ങൾ പുതിയനിയമത്തിൽ കൂടുതൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. ദൈവത്തിൽ നിന്ന് വരുന്ന നീതിയുമായി രക്ഷയെ ബന്ധപ്പെടുത്തിയിരിക്കുന്നു. പഴയനിയമ വിശുദ്ധന്മാർക്കും നീതീകരണം വാഗ്ദത്തം ചെയ്തിരിക്കുന്നു. കഷ്ടതയനുഭവിക്കുന്ന ദാസൻ അനേകരെ നീതീകരിക്കും. ഈ നീതീകരണം ദൈവത്തിന്റെ സ്വന്തം **നീതിയിൽ** അടിസ്ഥാനപ്പെട്ടതുമാണ് (യെശ. 53:11; 54:17). ദൈവം തന്റെ നീതി തന്റെ ജനത്തിനുവേണ്ടി ഒരുക്കിയിരിക്കുന്നു (യെശ. 61:10). നീതീകരണം സംബന്ധിച്ച ഉപദേശവിഷയങ്ങളിലെ ആഴമേറിയ പുതിയനിയമ വെളിപ്പാടുകൾ ദൈവജനത്തിന് ഗ്രഹിക്കുവാൻ ഈ സത്യങ്ങളെല്ലാം പ്രയോജനപ്പെട്ടു.

നീതീകരണം എന്ന വാക്ക് നിയമപരമായ ആശയം വെളിപ്പെടുത്തുന്നു. "നീതിമാനായി പ്രഖ്യാപിക്കുക" എന്ന ആശയമാണ് ഗ്രീക്ക്*(dikaioo)* മതേതര ചിന്താഗതിയിലും എബ്രായ ചിന്താഗതിയിലും നിഴലിച്ചുകാണുന്നത്. നീതീകരണം എന്നത് ന്യായവിധിയുടെ എതിർപദമാണ്. പഴയനിയമത്തിലും ദൈവം മനുഷ്യന് തന്റെ നീതി നല്കി നീതീകരിക്കുന്നതായി കാണുന്നു. ഇതിൽ നിന്നും വ്യത്യസ്തമായ ഒരു നിർവചനവും, ദൈവം തന്റെ നീതി പാപിക്കു നല്കി നീതീകരിക്കുന്നു എന്നതിന് വിരുദ്ധമായ യാതൊരു ആശയവും പുതിയ നിയമത്തിൽ കാണുവാൻ കഴിയുന്നതല്ല.

3. നീതീകരണം- പുതിയ നിയമത്തിൽ

പുതിയനിയമത്തിലും "നീതീകരിക്കുക" എന്ന വാക്കിന് 'ഡികായൂ' എന്ന പദം ഉപയോഗിച്ചിരിക്കുന്നതിനാൽ ഇതുവരെ പഠിച്ച എല്ലാ ആശയങ്ങളെയും ഉറപ്പിക്കുകയാണ് ചെയ്യുന്നത്. ദൈവത്തെ സംബന്ധിച്ച് *നീതീകരണം* എന്ന വാക്ക് ഉപയോഗിക്കുന്നിടത്തെല്ലാം 'നീതിമാനായി പ്രഖ്യാപിക്കുക' എന്ന ആശയമാണുള്ളത്. "നീതിമാനാക്കുക" എന്നല്ല. ദൈവത്തെ സംബന്ധിച്ച് കൂടുതൽ നീതിമാനാകുക എന്നത് അസാദ്ധ്യമാണ്! അതുകൊണ്ട്, ദൈവം നീതിമാനായി പ്രഖ്യാപിക്കുക എന്നാണർത്ഥം. ദൈവം നീതീകരിക്കപ്പെട്ടു എന്നതിന് ചില ഉദാഹരണങ്ങൾ ഇതാ:

> "എന്നാൽ ജനം ഒക്കെയും ചുങ്കക്കാരനും കേട്ടിട്ട് യോഹന്നാന്റെ സ്നാനം ഏറ്റതിനാൽ **ദൈവത്തെ നീതീകരിച്ചു** (ലൂക്കോ. 7:29).

> ഒരുനാളും ഇല്ല. നിന്റെ വാക്കുകളിൽ **നീ നീതീകരിക്കപ്പെടുവാനും.. ദൈവം** സത്യവാൻ, സകല മനുഷ്യരും ഭോഷ്ക്കു പറയുന്നവർ എന്നേ വരൂ" (റോമ. 3:4).

> അവൻ ജഡത്തിൽ വെളിപ്പെട്ടു, **ആത്മാവിൽ നീതീകരിക്കപ്പെട്ടു,** ദൂതന്മാർക്ക് പ്രത്യക്ഷനായി.... എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു (1 തിമൊ. 3:16).

പുതിയനിയമത്തിലും നീതീകരണവും ന്യായവിധിയും വിപരീത ആശയങ്ങൾ വെളിപ്പെടുത്തുന്നു എന്നതിന് ഉദാഹരണങ്ങൾ കാണാം. മത്താ. 12:37-ൽ "നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും." ന്യായവിധിദിവസത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ നീതീകരിക്കപ്പെടുകയും കുറ്റം വിധിക്കപ്പെടുകയും ചെയ്യുന്ന കാര്യം പ്രസ്താവിച്ചിരിക്കുന്നു. നീതീകരണം നിയമത്തിലധിഷ്ഠിതമായ വാക്കാണെന്നും അതിന്റെ അർത്ഥം 'നീതിമാനായി പ്രഖ്യാപിക്കുക' എന്നാണെന്നും വ്യക്തമാക്കുന്നു. പൗലോസും ഈ വാക്കുകളുടെ താരതമ്യ പഠനം നടത്തുന്നു.

> ഏകന്റെ പാപം **ശിക്ഷാവിധി** കല്പ്പിപ്പാൻ ഹേതുവായിത്തീർന്നു. കൃപാവരമോ അനേക ലംഘനങ്ങളെ മോചിക്കുന്ന **നീതികരണവിധിക്കു** ഹേതുവായിത്തീർന്നു (റോമ. 5:16).

> അങ്ങനെ ഏകലംഘനത്താൽ സകല മനുഷ്യർക്കും **ശിക്ഷാവിധി** വന്നതുപോലെ ഏകനീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ **നീതീകരണവും** വന്നു (റോമ. 5:18).

> ദൈവം തിരഞ്ഞെടുത്തവരെ **ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ** ദൈവം. ശിക്ഷവിധിക്കുന്നവൻ ആർ? (റോമ. 8:33-34).

> "**ശിക്ഷാവിധിയുടെ** ശുശ്രൂഷ തേജസ്സാകുന്നു എങ്കിൽ **നീതിയുടെ** ശുശ്രൂഷ തേജസ്സേറിയതായിരിക്കും" (2 കൊരി. 3:9).

പുതിയനിയമത്തിൽ നീതീകരണം എന്ന വാക്ക് പൂർണ്ണമായും നിയമപരമായ ഒരു വാക്കായിട്ട് ഉപയോഗിച്ചിരിക്കുന്നു. റോമ. 8:33-34 വരെയുള്ള വാക്യങ്ങളിൽ ദൈവം തിരഞ്ഞെടുത്തുവരെ ആർ കുറ്റം ചുമത്തും എന്ന് പൗലോസ് ചോദിക്കുന്നു. റോമ. 2:13-16 വരെ വാക്യങ്ങളിൽ നീതീകരണവും ന്യായവിധി ദിവസവും തമ്മിലുള്ള അടുത്ത ബന്ധം ചൂണ്ടിക്കാണിക്കുന്നു. നീതീകരണം എന്ന വാക്കിന് നിയമപരമായും ഭരണഘടനാപരമായും പ്രാധാന്യത ഉണ്ട്. കോടതിയിൽ ഉപയോഗിക്കുവാൻ അനുയോജ്യമായ വാക്കാണ്. റോമ. 3:19-20 വരെ വാക്യങ്ങളിൽ, സകമനുഷ്യരും ദൈവമുമ്പാകെ കുറ്റക്കാരാ

ണെന്ന് ന്യായപ്രമാണം തെളിയിക്കുന്നു. ഈ നിയമപരിധിയിൽ നിന്നുകൊണ്ട് പൗലോസ് നീതീകരണത്തെക്കുറിച്ച് പഠിപ്പിക്കുന്നു. റോമ. 3:25-ൽ പ്രായശ്ചിത്തത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ, ന്യായം വിധിക്കുന്ന ദൈവത്തിന്റെ കോപത്തെക്കുറിച്ച് ഓർപ്പിക്കുന്നു. നിയമപരമായ പരാമർശങ്ങൾ ഗലാ. 3-൦ം അദ്ധ്യായത്തിൽ കാണുന്നു. നീതീകരണത്തെക്കുറിച്ചും ന്യായപ്രമാണം മുഖാന്തിരമുണ്ടായ ശാപത്തെക്കുറിച്ചും പൗലോസ് മാറിമാറി പരാമർശിക്കുന്നു. അവസാനമായി, 2 കൊരി. 5:21-ൽ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു എന്ന് കാണുന്നു. "നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് (ഗ്രീക്കിൽ നീതീകരണം) തന്നെ". ഇവിടെ നീതി എന്ന വാക്കിന് കോടതിസംബന്ധമായ ഒരു പരാമർശം കാണുന്നു. എന്തുകൊണ്ടെന്നാൽ നമുക്കുവേണ്ടി ക്രിസ്തു പാപമായിത്തീർന്നതിന്റെ ഏകകാരണം അതുമാത്രമാണ്. ക്രിസ്തു തന്റെ ജീവിതത്തിൽ ഒരിക്കൽപ്പോലും പാപം ചെയ്തിട്ടില്ല. നമ്മുടെ പാപം ക്രിസ്തുവിന്റെ കണക്കിൽപ്പെടുത്തി ക്രിസ്തു പരിഹാരം ഉണ്ടാക്കി. അതുപോലെ, നിയമപരമായി ക്രിസ്തുവിന്റെ നീതി വിശ്വസിക്കുന്നവരുടെ കണക്കിൽപ്പെടുത്തുകയും ന്യായം വിധിക്കുന്ന ദൈവത്തിന്റെ മുമ്പാകെ നിന്നുകൊണ്ട് നാം അവന്റെ നീതി അവകാശമാക്കുകയും ചെയ്യുന്നു. നീതീകരണം എന്നത് ഒരു കോടതി വാക്കാണ്. ന്യായപ്രമാണത്തിന്റെ വാദങ്ങൾക്കെതിരായി നീതിമാനായി പ്രഖ്യാപിക്കപ്പെടുന്നതിനെക്കുറിച്ച് സംസാരിക്കുന്നു. ക്രിസ്തു പാപം ചെയ്യാത്തതിനാൽ നമ്മുടെ നീതിപ്രവൃത്തിയെക്കുറിച്ച് പരാമർശിക്കേണ്ട ആവശ്യമേയില്ല.

അവസാന തെളിവായി, ലൂക്കോ. 10:29-ൽ വിശദീകരിക്കുന്നതും *"നീതീകരണം"* അർത്ഥമാക്കുന്നത് നീതിമാനായി പ്രഖ്യാപിക്കുക എന്നതാണ്. പരീശന്മാർ യേശുവിനോട് ഏറ്റവും വലിയ കല്പന എന്താണെന്ന് ചോദിക്കുന്നു. യേശു പറഞ്ഞത്, ഒന്നാമത്തേത് ദൈവത്തെ സ്നേഹിക്കുക, രണ്ടാമത്തേത് അയല്ക്കാരനെ സ്നേഹിക്കുക എന്നതുമാണ്. തന്നെത്താൻ നീതീകരിക്കുവാൻ ശ്രമിച്ച വ്യക്തി യേശുവിനോട് ചോദിച്ചു "ആരാണ് എന്റെ അയല്ക്കാരൻ?" നീതിമാനാകുവാനുള്ള ആഗ്രഹത്തോടുകൂടിയല്ല ഈ ചോദ്യം ചോദിച്ചത്. താൻ വലിയ നീതിമാനാണെന്നുള്ള ചിന്തയായിരുന്നു അവനുണ്ടായിരുന്നത്. *നീതീകരിക്കുക* എന്നതിന്റെ അർത്ഥം തന്നിൽക്കൂടെ വെളിപ്പെടുത്തുവാനാണ് ആ മനുഷ്യൻ ആഗ്രഹിച്ചത്. തന്റെ നീതി ദൈവമുമ്പാകെ പ്രഖ്യാപിക്കുവാനാണ് ആഗ്രഹിച്ചത്. യഥാർത്ഥ അയല്ക്കാരൻ ആരാണെന്ന് മനസ്സിലാക്കുവാനും അവരെ സ്നേഹിക്കുവാനും കഴിയാത്തതിലുള്ള നിരപരാധിത്വം അവകാശപ്പെടുകയായിരുന്നു തന്റെ ലക്ഷ്യം. എന്നാൽ കൂടുതൽ നീതിമാനാകുന്നതിനു പകരം, നീതിമാനായി പ്രഖ്യാപിക്കുക എന്നുള്ളതാണ് *നീതീകരണം* എന്ന് ലൂക്കോ. 10:29 ബോദ്ധ്യപ്പെടുത്തുന്നു. '*നീതീകരിക്കുക*' എന്നതിന് *നിർദ്ദോഷീകരിക്കുക* എന്നർത്ഥംവരുന്ന ഭാഗങ്ങളാണ് മത്തായി 11:19; ലൂക്കോ. 7:35; 16:15).

4. നീതീകരണം എന്ന വാക്കിന് തുല്യമായ ഗ്രീക്ക് പദങ്ങൾ

നീതീകരണത്തിന് തുല്യമായ ഗ്രീക്ക് പദങ്ങൾ പഠിച്ചാൽ നവീകരണ ചിന്താഗതിക്കാർക്ക് നീതീകരണത്തെക്കുറിച്ചുണ്ടായിരുന്ന ആശയങ്ങൾ വചനാനുസൃതമായിരുന്നു എന്ന് ഉറപ്പിക്കുവാൻ കഴിയും. നീതീകരണം എന്നത് തുടർമാനമായ പ്രക്രിയയല്ലെന്നും, ക്രമേണ നീതിമാന്മാരാകുന്നില്ലെന്നും മനസ്സിലാക്കാം. ഇത് കോടതി സംബന്ധമായ വാക്കും ഇതിന്റെ അർത്ഥം നീതിമാന്മാരായി പ്രഖ്യാപിക്കുക, മോചിപ്പിക്കുക എന്നിങ്ങനെയുമെന്നും മനസ്സിലാക്കാം. കോടതിയിൽ ഉപയോഗിക്കുന്ന വാക്കാണെന്നും, കുറ്റം വിധിക്കുന്നതിനെതിരായ ആശയമാണെന്നും, ദൈവത്തോടു ബന്ധപ്പെടുത്തി ഉപയോഗിക്കുന്ന വാക്കാണെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട് (കൂടുതൽ നീതിമാനാകാൻ കഴികയില്ലെന്നും പ്രവൃത്തിയിൽക്കൂടെ നിർദ്ദോഷത്വം വെളിപ്പെടുത്തുകയും ചെയ്യുന്നു). ദൈവനീതിയുടെ മുമ്പിൽ കുറ്റക്കാരനല്ല എന്ന് വിധിക്കുന്നു. ഒരു പ്രത്യേക സമയത്തുള്ള പ്രഖ്യാപനമാണ്. നീണ്ടു നില്ക്കുന്ന സാഹസികമായ ഒരു **പ്രക്രിയയല്ല.** പ്രാധാന്യമുള്ള മറ്റൊരു ചോദ്യം സമയമാണ്. നീതികരണം എന്നത് കഴിഞ്ഞകാല സംഭവമാണോ? അതോ, ഭാവിയിൽ നടക്കുന്ന അന്ത്യന്യായവിധിക്കായി കാത്തിരിക്കണമോ?

B. നീതികരണത്തിന്റെ സമയം: ഭൂതകാലമോ, ഭാവികാലമോ?

ദൈവനീതിയുടെ മുമ്പാകെ ദൈവത്തിന്റെ വിമോചനം ഈ ജീവിതത്തിലോ അതോ, സ്ഥിരോത്സാഹിയായി നില്ക്കുന്നവരെ, ഭാവിയിൽ നടക്കുന്ന ന്യായവിധിയിൽ നീതിമാന്മാരെന്ന് പ്രഖ്യാപിക്കുന്നതാണോ? നീതീകരണം വിശ്വാസിയെ സംബന്ധിച്ച് പൂർത്തിയാക്കേണ്ട സത്യമോ, അതോ ഭാവി ലക്ഷ്യമോ, പ്രത്യാശയോ?

1. നീതീകരണസമയം രക്ഷിക്കപ്പെട്ട സമയ പശ്ചാത്തലത്തിൽ

രക്ഷിക്കപ്പെട്ട സമയം പരിശോധിക്കുന്നത് നീതീകരണ സമയം കണ്ടെത്തുന്നതിന് സഹായകരമായിരിക്കും. ഒരു വ്യക്തിയുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, ഭൂതകാലപാപങ്ങളുടെ ശിക്ഷയിൽ നിന്നുള്ള വിടുതലാണ് രക്ഷയെന്ന് സമർത്ഥിക്കുന്ന അനേകം വാക്യങ്ങളുണ്ട്. ഈ വാക്യങ്ങൾ ഏറ്റവും പ്രാധാന്യമുള്ളവയെന്ന് ഒരു വാക്യം പരിശോധിച്ചാൽ മനസ്സിലാകും.

> "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനംകേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് **കടന്നിരിക്കുന്നു**" യോഹ. 5:24 (തുടർന്നു കൊണ്ടിരിക്കുന്ന ഫലത്തോടുകൂടിയ പൂർത്തിയാക്കപ്പെട്ട യാഥാർത്ഥ്യം).

വിശ്വസിക്കുന്ന ഏതൊരുവനും നിത്യജീവൻ അവകാശമാകുന്നുവെന്ന് ഈ പ്രസ്താവന ഉറപ്പാക്കുന്നു. മരണത്തിൽ നിന്ന് ജീവങ്കലേക്കുള്ള പ്രവേശനം ഭൂതകാല സംഭവമാണെന്നും അതിന്റെ ഫലം വർത്തമാനകാല ജീവിതത്തിൽ തുടരുന്നുവെന്നും ഓർമ്മിപ്പിക്കുന്നു.

> "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം **രക്ഷിക്കപ്പെട്ടിരിക്കുന്നത്...** ആരും പ്രശംസിക്കാതിരിക്കാൻ പ്രവൃത്തികളും കാരണമല്ല (എഫെ. 2:8-9).

എഫെ. 2:8 വിശ്വസിക്കുന്ന വ്യക്തി രക്ഷിക്കപ്പെട്ടു കഴിഞ്ഞു എന്നും ആ അനുഭവത്തിൽ വസിച്ചുകൊണ്ട് ജീവിതം നയിക്കുന്നു എന്നും ഉറപ്പുതരുന്നു. വിശ്വാസികൾക്ക് ഏറ്റവും വിലപ്പെട്ട ഭാഗമാണ് എഫെ. 2:8-9 എന്നതിൽ സംശയമില്ല.

> അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല തന്റെ കരുണപ്രകാരമത്രെ **രക്ഷിച്ചത്** (തീത്തൊ. 3:5).

ഇവിടെയും രക്ഷ ഭൂതകാലസംഭവമായി പരാമർശിച്ചിരിക്കുന്നു. ഒരു വിശ്വാസിക്ക് തന്റെ രക്ഷ പൂർത്തീകരിക്കപ്പെട്ട യാഥാർത്ഥ്യമാണ്, ഒരു ഭാവി പ്രത്യാശയല്ല. 1 യോഹ. 5:4-ൽ വിശ്വാസം എന്നത് **ലോകത്തെ ജയിച്ച ജയമാണെന്ന്** പഠിപ്പിക്കുന്നു.

നിത്യജീവനെക്കുറിച്ചും രക്ഷയെക്കുറിച്ചും വർത്തമാനകാലത്തിൽ പരാമർശിച്ചിരിക്കുന്ന വാക്യങ്ങളിൽപ്പോലും രക്ഷ വിശ്വാസികൾക്ക് പൂർത്തീകരിക്കപ്പെട്ട സംഭവമായി ഉറപ്പിക്കുന്നു (ഉദാ. യോഹ. 3:16, 18, 36, 5:24 "നിത്യജീവൻ ഉണ്ട്" 6:40, 47 മുതലായവ).

ഒരു വ്യക്തി വർത്തമാനകാലജീവിതത്തിൽ നിത്യജീവന്റെ അവകാശിയാണെങ്കിൽ അവൻ നേരത്തെതന്നെ രക്ഷിക്കപ്പെട്ടതായിരിക്കണം. ഇപ്പോൾ നിത്യജീവനുള്ള വ്യക്തിക്ക് അത് നഷ്ടപ്പെടുത്തുവാൻ കഴികയില്ല എന്നുള്ളത് സാമാന്യബുദ്ധിക്ക് മനസ്സിലാക്കുവാൻ കഴിയും. ഒരു വ്യക്തിക്ക് നിത്യജീവൻ നഷ്ടപ്പെടുന്നുവെങ്കിൽ ഒരിക്കലും അവനിൽ നിത്യമായ ജീവൻ ഉണ്ടായിരുന്നില്ല എന്നത് വാസ്തവമാണ്. അവനിൽ വസിക്കുന്നവന് നിത്യജീവൻ ഉണ്ട് എന്ന് ക്രിസ്തു പഠിപ്പിക്കുമ്പോൾ അതിന്റെയർത്ഥം വിശ്വാസിയുടെ രക്ഷ നിവൃത്തിയാക്കപ്പെട്ട ഒരു സംഭവമാണെന്നു മനസ്സിലാക്കാം. അതുകൊണ്ടാണ് 1 യോഹ. 5:12-13 വരെ വാക്യങ്ങളിൽ, വിശ്വാസികൾക്ക് നിത്യജീവൻ ഉണ്ടെന്ന് അവർക്ക് അറിയാം എന്ന് ഉറപ്പ് തരുന്നത്.

രക്ഷയുടെ സമയത്തെക്കുറിച്ചുള്ള സത്യങ്ങൾ നീതീകരണ സമയവുമായി ബന്ധപ്പെടുത്തുമ്പോൾ പ്രസക്തമാണ്. വിശ്വാസത്താലുള്ള നീതീകരണം കൂടാതെ രക്ഷയും നിത്യജീവനും ഒരു വ്യക്തിക്ക് സ്വന്തമാക്കുവാൻ കഴിയും എന്നുള്ളത് മനസ്സിലാക്കുവാൻ കഴിയുന്നതല്ല. അതുകൊണ്ട് നീതീകരണ സമയവുമായി ബന്ധപ്പെടുമ്പോൾത്തന്നെ വിശ്വാസിക്ക്, നീതീകരണം നിവൃത്തിയാക്കപ്പെട്ട വസ്തുതയാണെന്നുള്ള ആശയം അതിൽ നിന്ന് ഉൾക്കൊള്ളുവാൻ കഴിയും. ന്യായവിധിദിവസത്തിൽ നീതീകരണം സംബന്ധിച്ച പ്രഖ്യാപനം ഏറ്റുപറയുന്നതിനെ തള്ളിക്കളയുന്നില്ല (ഉദാ. മത്താ. 12:36-37).

2. *നീതീകരിക്കുക*- ഭൂതകാലത്തിലെ ആക്ഷരിക പ്രയോഗം

നീതീകരിക്കുക (ഡിയാകൂ) എന്ന പദത്തിന്റെ ഭൂതകാലപ്രയോഗം നീതീകരണം വിശ്വാസികളിൽ നടന്നു കഴിഞ്ഞു എന്ന് ശക്തമായി ഉറപ്പുതരുന്നു. ഇത് നീണ്ട ഒരു പ്രക്രിയയുടെ പൂർണ്ണതയുടെ അവസാനമല്ല.

a. 1 കൊരി. 6:11

> നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു. എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും **നീതീകരണവും പ്രാപിച്ചിരിക്കുന്നു** (1 കൊരി. 6:11).

അനാത്മികരായിരിക്കുന്ന കൊരിന്ത്യരോട് പൗലോസ് പറയുന്നത് അവർ നീതീകരിക്കപ്പെട്ടിരിക്കുന്നു എന്നാണ്. ജീവിതത്തിന്റെ അന്ത്യത്തിലുള്ള ഭാവി വിലയിരുത്തലിന്റെ അടിസ്ഥാനത്തിലല്ല, നീതീകരണ പ്രഖ്യാപനം നടക്കുന്നത്. കൊരിന്ത്യർ മുമ്പേതന്നെ നീതിമാന്മാരായി പ്രഖ്യാപിക്കപ്പെട്ടവരാണ്.

നീതിമാന്മാരായി പ്രഖ്യാപിക്കപ്പെടാതെ കൂടുതൽ നീതിമാന്മാരായിത്തീരുന്നതാണ് നീതീകരണം എന്ന് തെറ്റായി പഠിപ്പിക്കുന്നവരുണ്ട്. **നീതീകരിക്കപ്പെടുക** എന്ന ക്രിയാപദത്തിന് പുതിയനിയമത്തിൽ അങ്ങനെയൊരു നിർവചനം തരുന്നില്ല. "**നീതിമാനായിത്തീരുക**" എന്ന അർത്ഥത്തിൽ ചിന്തിക്കാവുന്ന രണ്ട് വേദഭാഗങ്ങളും (റോമ. 6:7; വെളി. 22:11) "കുറ്റവിമുക്തനാക്കുക, നീതിമാനായി പ്രഖ്യാപിക്കുക" എന്നീ അർത്ഥത്തിൽ വ്യക്തമായി വ്യാഖ്യാനിക്കാവുന്നതാണ്. 1 കൊരി. 6:11 ലും ''കൂടുതൽ നീതിമാന്മാരാകുക'' എന്ന പദം

ആവശ്യത്തിലധികം ഉറപ്പു തരുന്നു. എന്തുകൊണ്ടെന്നാൽ, "കഴുകി ശുദ്ധീകരണം പ്രാപിച്ചിരിക്കുന്നു" എന്ന് ഓർപ്പിക്കുന്നു. പൗലോസ് നല്കിയിരിക്കുന്ന നിർവചനം മാറ്റാൻ യാതൊരു അടിസ്ഥാനവുമില്ല.

b. തീത്തോ. 3:7

> നാം അവന്റെ കൃപയാൽ **നീതീകരിക്കപ്പെട്ടിട്ട്** പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിന്(തീത്തോ. 3:7).

വിശ്വാസികൾ എല്ലാവരും നിത്യജീവന്റെ അവകാശികളാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു (റോമ. 8:16-17; ഗലാ. 4:7) തീത്തോ. 3:6 ഓർപ്പിക്കുന്നത് നാം നീതീകരിക്കപ്പെട്ടവരാണെന്നാണ്. വിശ്വാസികൾ അവകാശികളായി. അതിന് തൊട്ടുമുമ്പ് നീതീകരണം സംഭവിച്ചു (ബുദ്ധിപരമായി ചിന്തിച്ചാൽ).

c. റോമ. 5:1, 9

> വിശ്വാസത്താൽ **നീതീകരിക്കപ്പെട്ടിട്ട്** നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്. അവന്റെ രക്തത്താൽ നീതീകരിപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്ന് രക്ഷിക്കപ്പെടും. (റോമ. 5:1, 9).

റോമയിലുള്ളവരോട് ഈ കാര്യം പറയുമ്പോൾ തന്നെ അവർക്ക് സമാധാനം ഉണ്ട്, അല്ലെങ്കിൽ സമാധാനം ഉണ്ടായിരിക്കണം. അങ്ങനെയെങ്കിൽ അതിന് തൊട്ടുമുമ്പായി നീതീകരണം സംഭവിച്ചുകഴിഞ്ഞു. അവർ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു നീതീകരണപ്രഖ്യാപനം നടന്നു. ഇനിയും ഭാവിയിൽ നടക്കുന്ന ന്യായവിധിദിവസം വരെ കാത്തിരിക്കേണ്ടതില്ല 5:9-ാം വാക്യത്തിൽ, ഇംഗ്ലീഷിൽ *ഇപ്പോൾ* നീതീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് വളരെ ഉറപ്പിച്ചു പറയുന്നു. 5:1-ൽ "അതുകൊണ്ട് വിശ്വാസത്താൽ" എന്നാണ് ഇംഗ്ലിഷിൽ ആരംഭിക്കുന്നത്. 4-ാം അദ്ധ്യായത്തിലേക്ക് തിരിയുമ്പോൾ, വിശ്വാസിക്ക് നീതികരണം ലഭിച്ചുകഴിഞ്ഞു എന്ന് പഠിപ്പിക്കുന്നു.

d. റോമർ 6:7

> അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്ന് മോചനം (അക്ഷരാർത്ഥത്തിൽ നീതീകരണം) പ്രാപിച്ചിരിക്കുന്നു (റോമ. 6:7).

പാപത്തെ കീഴടക്കുവാൻ വിശ്വാസിക്കുള്ള കൈമുതൽ എന്താണെന്ന് ഇവിടെ ഓർപ്പിക്കുന്നു. "മരിച്ചവൻ പാപത്തിൽ നിന്ന് നീതീകരണം പ്രാപിച്ചിരിക്കുന്നു എന്നാണ് അക്ഷരാർത്ഥം. ഇവിടെ പുതിയ ഒരു നിർവചനത്തിന്റെ ആവശ്യമില്ല. ക്രിസ്തുവിനോടുകൂടെ മരിച്ചിരിക്കുന്ന ഏതൊരു വ്യക്തിക്കും നീതികരണം പ്രഖ്യാപിച്ചിരിക്കുന്നു. പാപത്തിന്റെ ശിക്ഷയിൽ നിന്ന് സ്വതന്ത്രരാക്കിയിരിക്കുന്നു എന്ന് പൗലോസ് ഓർപ്പിക്കുന്നു. ഇവിടെ പാപത്തിന്റെ ശിക്ഷയിൽ നിന്ന് വിടുതൽ ലഭിക്കുന്ന വ്യക്തിക്ക് പാപത്തിന്റെ ശക്തിയിൽ നിന്നും വിടുതലുണ്ടെന്ന് സൂചിപ്പിക്കുന്നു. കോടതിയുടെ ചിത്രം ഇവിടെയും പ്രസക്തമാണ്. ഒരു വിശ്വാസിക്ക് നിയമപരമായി പാപത്തിന്റെ ശിക്ഷയിൽ നിന്നു വിടുതൽ പ്രഖ്യാപിച്ചു കഴിഞ്ഞപ്പോൾത്തന്നെ, അവന്റെമേൽ പാപത്തിന് യാതൊരു സ്വാധീനതയുമില്ല. നീതീകരണ പ്രഖ്യാപനം വിശ്വാസിയുടെമേൽ പാപത്തിനുള്ള സ്വാധീനതയിൽ നിന്ന് അവനെ സ്വതന്ത്രനാക്കുന്നു (പാപത്തിന്റെ ശിക്ഷയിൽ നിന്നും, ശക്തിയിൽ നിന്നും). സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ 'നീതികരിക്കപ്പെട്ടു' എന്നുള്ളത് 'സ്വതന്ത്രനാക്കി/ മോചിച്ചു" എന്ന് തർജ്ജിമ ചെയ്തിരിക്കുന്നു. വിശ്വാസിയുടെ നീതികരണം എന്നത്, അവന്റെ ജീവിതത്തിൽ പാപത്തിന് സ്വാധീനതയോ, കടപ്പാടോ ഇല്ലാത്ത നിലയിൽ പാപത്തിന്റെ കുറ്റത്തിൽ നിന്ന് അവനെ മോചിക്കുന്നതാണ്. റോമ. 6:7-ൽ നീതീകരണത്തിലൂടെ ലഭ്യമായിരിക്കുന്ന അനുഗ്രഹം പാപത്തിന്റെ ശിക്ഷയിൽ നിന്നും ശക്തിയിൽ നിന്നും ഉള്ള സ്വാതന്ത്ര്യമാണെന്ന് ഉറപ്പിച്ചു പറയുന്നു. ഈ വാക്കിന്റെ യഥാർത്ഥ അർത്ഥം **'നീതീകരിക്കപ്പെട്ടിരിക്കുന്നു'** എന്നാണ്. അനന്തരഫലം ജീവിതത്തിൽ വെളിപ്പെടുത്തിക്കൊണ്ട് **നീതീകരണം സംഭവിച്ചുകഴിഞ്ഞു.** ജീവിതത്തിന്റെ അന്ത്യത്തിൽ നടക്കേണ്ട ഒരു പ്രഖ്യാപനമല്ല നീതീകരണം. വിശ്വാസിയുടെ ജീവിതത്തിൽ സംഭവിച്ചുകഴിഞ്ഞ ഒരു യാഥാർത്ഥ്യമാണ്.

e. റോമർ 8:30

> മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ **നീതീകരിച്ചും നീതീകരിച്ചവരെ** തേജസ്ക്കരിച്ചുമിരിക്കുന്നു (റോമ. 8:30).

ദൈവത്തിന്റേതായ നിത്യമായതും സമയബന്ധിതമല്ലാത്തതുമായ കാര്യപരിപാടിയിൽ 'നീതീകരിച്ചു' എന്ന ഭൂതകാലപ്രയോഗം മനുഷ്യന്റെ ജീവിതത്തിലെ നീതികരണസമയത്തെക്കുറിച്ചു വളരെ കുറച്ചുമാത്രമേ പഠിപ്പിക്കുന്നുള്ളൂ. ദൈവത്തിന്റെ കാര്യപരിപാടിയിൽ ലോകസ്ഥാപനത്തിനു മുമ്പ് നീതീകരണം സംഭവിച്ചു. റോമ. 8:30-ൽ കാലഗണനക്രമത്തെക്കാൾ യുക്തിസഹമായ വിവരണമാണ് നല്കുന്നത്.

റോമ. 8:30-ൽ മുൻനിയമം, വിളി, നീതീകരണം, തേജസ്ക്കരണം എന്നിവയുടെ സമയത്തെക്കുറിച്ചും വിശദീകരണം നല്കുന്നു. മനുഷ്യന്റെ സമയ പരിഗണനയുടെ അടിസ്ഥാനത്തിൽ ഈ കാര്യങ്ങളുടെ ക്രമവും തീർച്ചയായും ഇവിടെ വെളിപ്പെടുത്തുന്നു. മുൻനിയമനം ഭൂതകാലനിത്യതയിലും പിന്നീട് വിളി, തുടർന്ന് നീതീകരണം, അവസാനമായി തേജസ്സ്ക്കരണം ഈ സത്യങ്ങളുടെ പ്രായോഗികവശം റോമ. 8:31-39 വരെയുള്ള വാക്യങ്ങ

ളിൽ കാണുന്നു. റോമിലുള്ള വിശ്വാസികളുടെ നീതീകരണം സംഭവിച്ചുകഴിഞ്ഞതായിക്കാണുന്നു. ക്രിസ്തു ഇന്ന് പിതാവിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു (വാക്യം 34). ക്രിസ്തുവിന്റെ ഈ ശുശ്രൂഷ പാപത്തിന്റെ കുറ്റത്തിൽ നിന്ന് നമ്മെ സംരക്ഷിക്കുന്നു (വാക്യം 33). പാപത്തിന്റെ ശിക്ഷയിൽ നിന്നും (വാക്യം 34) സംരക്ഷിക്കുന്നു. പാപത്തിന്റെ കുറ്റത്തിൽ നിന്നുള്ള വിടുതലാണ് നീതീകരണം. ക്രിസ്തുവിന്റെ പക്ഷവാദശുശ്രൂഷ, വിശ്വാസികളെ പാപത്തിന്റെ കുറ്റത്തിൽ നിന്നും നിയമപരമായി ന്യായാധിപതിയായ ദൈവത്തിന്റെ മുമ്പാകെയുള്ള ശിക്ഷാവിധിയിൽ നിന്നും സ്വതന്ത്രരാക്കുന്നു. റോമിലുള്ള വിശ്വാസികളെല്ലാവരും നീതീകരിക്കപ്പെട്ടവരാണെന്ന് പൗലോസ് വ്യക്തമായി സമർത്ഥിക്കുന്നു. നീതീകരിക്കുക എന്നതിന്റെ ഭൂതകാലപ്രയോഗമാണ് റോമ. 8:30-ൽ ഏറ്റവും അനുയോജ്യമായിട്ടുള്ളത്. **വിശ്വാസികൾ നീതീകരിക്കപ്പെട്ടിരിക്കുന്നു.**

3. *നീതീകരിക്കുക*- വർത്തമാനകാല ആക്ഷരിക പ്രയോഗം

ഈ പഠനത്തിൽ നല്കപ്പെട്ടിരിക്കുന്ന വസ്തുതകളുടെ ക്രമം സഹായകരമാണ്. ഒന്നാമതായി നീതികരണത്തിനുള്ള നിർവചനം വ്യക്തമായി മനസ്സിലാക്കണം. തലമുറകളായി തെറ്റായ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ നീതീകരണത്തെക്കുറിച്ചുള്ള പഠനം ചിന്താക്കുഴപ്പം സൃഷ്ടിച്ചിരുന്നു. പ്രത്യേകിച്ച്, 'നീതീകരിക്കുക" എന്ന വാക്കിന്റെ വർത്തമാനകാലരൂപം ബുദ്ധിമുട്ടുണ്ടാക്കി. നീതീകരണം എന്ന വാക്ക് ഒരു തുടർമാന പ്രക്രിയയായി കാണുകയാണെങ്കിൽ, വർത്തമാനകാലരൂപം ചിന്താക്കുഴപ്പം ഉണ്ടാക്കുന്നില്ല. റോമ. 3:28-ൽ "ഒരു മനുഷ്യൻ വിശ്വാസത്താൽത്തന്നെ നീതീകരിക്കപ്പെട്ടു" എന്ന് പറയുന്നു.

ഒരു വ്യക്തി വിശ്വസിച്ച്, കൂടുതൽ കൂടുതൽ നീതിമാനായിത്തീർന്നു നീതീകരണം എന്ന തുടർമാന പ്രക്രിയയിൽ എന്ന് ചിന്തിക്കുന്നവരുണ്ട്. അങ്ങനെ, നവീകരണ കാലഘട്ടത്തിന് മുമ്പുള്ള കത്തോലിക്കർ, വർത്തമാനകാലനീതീകരണത്തെക്കുറിച്ചുള്ള പ്രസ്താവനകൾ വായിച്ച് ഉപദേശപരമായ സത്യങ്ങൾ തെറ്റായി വ്യാഖ്യാനിച്ചു. അവർ തെറ്റായനിർവ്വചനങ്ങളാൽ അന്ധതപിടിച്ച് നീണ്ട പ്രക്രിയയിൽ കൂടിക്കടന്ന് (പ്രവൃത്തിയിൽക്കൂടെ) ഭാവിയിൽ ദൈവത്തിന്റെ പ്രഖ്യാപനത്തിൽകൂടെ നീതികരണം നേടണമെന്ന് പഠിപ്പിക്കുകയും, ദൈവത്താൽ ചുമത്തപ്പെടുന്ന നീതികരണ ഉപദേശത്തെ നിഷേധിക്കുകയും ചെയ്തു. 'നീതീകരിക്കുക' എന്നത് ഒരു നിയമവുമായി ബന്ധപ്പെട്ട വാക്കാണെന്നും, അതിന്റെ അർത്ഥം **നീതിമാനായി പ്രഖ്യാപിക്കുക** എന്നതാണെന്നുമുള്ള സത്യം ലൂഥറും കൂട്ടരും കണ്ടു പിടിച്ചതോടുകൂടി അന്ധകാരയുഗത്തിന് തിരശ്ശീല വീണു. 'നീതീകരണം' എന്നത് കൂടുതൽ നീതിമാന്മാരാകുന്ന പ്രക്രിയയല്ല. [65] ന്യായാധിപൻ എന്നുള്ള നിലയിൽ ദൈവം ഒരു വ്യക്തിയെ നീതിമാനാണെന്ന് പ്രഖ്യാപിക്കുന്ന നിയമനടപടിയാണ്. "ഒരു മനുഷ്യൻ വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു" എന്ന വർത്തമാനകാലപ്രസ്താവന ശരിയായ നിർവചനത്തിലൂടെ മനസ്സിലാക്കുമ്പോൾ ഈ വിഷയത്തിൽ കാതലായ മാറ്റം സംഭവിക്കുന്നു.

വർത്തമാനകാലത്തിൽ സംഭവിക്കുന്നതും, എന്നാൽ **തുടർന്നുകൊണ്ടിരിക്കുന്നതും** നിലനില്ക്കുന്നതുമായ പ്രകൃതിയുള്ള ഒരു പ്രവൃത്തിയെയാണ് വർത്തമാനകാലംകൊണ്ട് സൂചിപ്പിക്കുന്നത്. "നീതീകരിക്കുക" (ഡിയാകൃു) എന്നതിന്റെ വ്യക്തമായ നിർവ്വചനം നീതിമാനായി പ്രഖ്യാപിക്കുക എന്നാണ്. "നീതിമാനാകുക' എന്നതല്ല. നീതിമാനായിക്കൊണ്ടിരിക്കുന്നു എന്ന പ്രക്രിയയെ കാണിക്കുവാൻ വർത്തമാനകാലം സാധാരണ ഉപയോഗിക്കുന്നില്ല. ഒരു പ്രഖ്യാപനം എന്നത് ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്നു. മറിച്ച് ഒരു പ്രക്രിയ അല്ല. ഒന്നുകിൽ ഒരു വ്യക്തിയെ ക്രിസ്തുവിൽ നീതിമാനായി പ്രഖ്യാപിക്കുന്നു. അല്ലെങ്കിൽ ക്രിസ്തുവിൽ നീതിമാനായി പ്രഖ്യാപിക്കപ്പെടുന്നില്ല. നീതീകരണത്തിലേക്ക് ചില അംഗീകരിക്കപ്പെടാത്ത "പ്രക്രിയ" ഉപയോഗിക്കുന്നത് അനീതിയാണ്. റോമ. 3:28 പ്രകാരം 'ഒരു മനുഷ്യൻ വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു" എന്നതു ഒരു വ്യക്തി വിശ്വസിക്കുമ്പോൾ **നീതിമാനായി പ്രഖ്യാപിക്കപ്പെടുന്നു.** വിശ്വസിക്കുന്ന നിമിഷത്തിൽ ഒരുവ്യക്തി നീതിമാനായി പ്രഖ്യാപിക്കപ്പെടുന്നു എന്ന സത്യത്തെ ഒരാൾ നിഷേധിക്കുന്നു എങ്കിൽ, വിശ്വാസമുള്ളയാൾ നീതികരിക്കപ്പെടുന്നില്ലയെന്ന് പറയുന്നതിന് തുല്യമാണ് ഇത്. നീതീകരണത്തിന് വ്യക്തമായ നിർവചനം നിലനിൽക്കെ മേൽപറഞ്ഞ വാക്യം പഠിപ്പിക്കുന്നതിന് തികച്ചും വിരുദ്ധമായ ആശയമാണ്.

"ഒരു മനുഷ്യൻ വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു" എന്ന വർത്തമാനകാലപ്രയോഗം ഉപയോഗിക്കുമ്പോൾ അതിന്റെ അർത്ഥം **വിശ്വസിക്കുന്ന വ്യക്തിയെ അല്ലാതെ ആരെയും നീതിമാനായി പ്രഖ്യാപിക്കുന്നില്ല** എന്നാണ്. നീതിമാനായി പ്രഖ്യാപിക്കലും ആരംഭവിശ്വാസവും ഒന്നിച്ച് നടക്കുന്നു എന്നതാണ് വ്യത്യാസം. വിശ്വാസം ഒരു വർത്തമാനകാല യാഥാർത്ഥ്യമാകുമ്പോൾ നീതിമാനായുള്ള പ്രഖ്യാപനവും യാഥാർത്ഥ്യമാകുന്നു. ദൈവം ഈ കാലയളവിലും ഈ പ്രഖ്യാപനത്തെ സാക്ഷ്യപ്പെടുത്തുന്നു. ദൈവം വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ്രാരംഭമായി നീതികരിക്കുകയും ഈ നീതികരണത്തെ ദൈവം ഇന്നും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

[65] സൽപ്രവൃത്തിയാൽ രക്ഷ നേടാൻ കഴിയുകയില്ല എന്ന സത്യത്തെ വ്യക്തമായി ലംഘിക്കുന്ന ആശയമാണിത്.

വളരെ നാളുകൾക്കുശേഷം നീണ്ട പ്രക്രിയയുടെ അവസാനമായി നീതീകരണം ലഭിക്കുന്നു എന്ന റോമൻ കത്തോലിക്കരുടെ കാഴ്ചപ്പാടിന് യാതൊരു അടിസ്ഥാനവുമില്ല. "നീതീകരിക്കുക" എന്ന വാക്കിന്റെ ഭൂതകാല പ്രയോഗം പൂർത്തീകരിക്കപ്പെട്ട യാഥാർത്ഥ്യത്തെ ചൂണ്ടിക്കാണിക്കുന്നു. ഇതിന്റെ വർത്തമാനകാലപ്രയോഗം നീതീകരണം പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞു എന്നുതന്നെ പഠിപ്പിക്കുന്നു. വിശ്വാസം ഉണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ നീതീകരണപ്രഖ്യാപനവും നടക്കുന്നതിനാൽ നീതീകരണം ഒരു ഭൂതകാല യാഥാർത്ഥ്യമായി നമുക്ക് മനസ്സിലാക്കാം. വിശ്വാസം ഉണ്ടായപ്പോൾ നീതീകരണവും ഉണ്ടായി. ആയതിനാൽ ഇത് മുമ്പ് നടന്ന ഒരു സംഭവമായി കാണാം. **കൂടാതെ ദൈവം ഇന്നും വിശ്വാസിയുടെ നീതീകരണത്തെ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു.**

"ഒരു മനുഷ്യൻ വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു" എന്ന വർത്തമാനകാലപ്രസ്താവന, വിശ്വാസത്താൽ തുടർമാനമായി നീതീകരിക്കപ്പെടുന്നു എന്ന അർത്ഥമില്ല. മറിച്ച്, എപ്പോൾ വിശ്വാസം ആദ്യമായി ജീവിതത്തിൽ വരുന്നുവോ അപ്പോൾ നീതീകരണവും ലഭ്യമാകും. ഒരു വിശ്വാസി തിരിഞ്ഞുനോക്കുമ്പോൾ നീതീകരണം ഒരു പൂർത്തീകരിക്കപ്പെട്ട യാഥാർത്ഥ്യമായിക്കാണുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിൽ നീതീകരണ പ്രഖ്യാപനം തുടർന്നുള്ള കാലഘട്ടങ്ങളിൽ **ഇന്നുവരെയും പ്രാബല്യത്തിലുണ്ട്** എന്ന് ഈ പ്രസ്താവന നമ്മെ പഠിപ്പിക്കുന്നു.[66]

a. അപ്പോ. പ്രവൃ. 13:39

> മോശെയുടെ ന്യായപ്രമാണത്താൽ നിങ്ങൾക്ക് നീതീകരണം വരുവാൻ കഴിയാത്ത സകലത്തിൽ നിന്നും വിശ്വസിക്കുന്ന ഏവനും ഇവനാൽ നീതീകരിക്കപ്പെടുന്നു (അപ്പോ. പ്രവ. 13:39).

ദൈവത്തിന്റെ നീതിയുടെ അടിസ്ഥാനത്തിൽ, വിശ്വസിക്കുന്ന ഒരുവന് നീതീകരണപ്രഖ്യാപനം സ്വന്തമാക്കുവാൻ സാധിക്കുന്നു എന്ന് ഈ വാക്യം പഠിപ്പിക്കുന്നു.

b. റോമ. 3:28

> അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തികൂടാതെ വിശ്വാസത്താൽത്തന്നെ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു (റോമ. 3: 28). [67]

'*നീതീകരണം*' എന്നത് നീതീമാന്മാരാകുക, നീതിമാന്മാരാക്കുക എന്നർത്ഥത്തിൽ എടുത്താൽ ഈ വാക്യത്തിലെ ക്രിയാപദവും നമ്മെ ചിന്താക്കുഴപ്പത്തിലാക്കും. 'നിതീകരിക്കുക' എന്നത് കോടതിസംബന്ധമായ വാക്കാണെന്നും, അർത്ഥം നീതിമാനായി പ്രഖ്യാപിക്കുക എന്നാണെന്നും മനസ്സിലാക്കിയാൽ വാക്യം വ്യക്തമായി വിശദീകരിക്കുവാൻ കഴിയും. വിശ്വസിക്കുന്ന ഏത് വ്യക്തിയും ദൈവത്തിന്റെ വിമോചനവിധി അവകാശമായി ലഭിക്കുന്നു എന്ന് പൗലോസ് പഠിപ്പിക്കുന്നു. വിശ്വസിക്കുന്ന ഏവനും കുറ്റവിമുക്തനാക്കപ്പെടുന്നു, ദൈവനീതിയുടെ മുമ്പാകെ നീതീകരണപ്രഖ്യാപനം അനുഭവമാക്കുന്നു. വിശ്വാസം ഉണ്ടായപ്പോൾത്തന്നെ നീതീകരണവും ലഭ്യമാകുന്നു. നീതീകരണം പൂർത്തീകരിക്കപ്പെട്ട യാഥാർത്ഥ്യമായിത്തീരുന്നു. ഇന്നും അതൊരു യാഥാർത്ഥ്യമാണ്. എന്തെന്നാൽ ദൈവത്തിന്റെ നീതീകരണപ്രഖ്യാപനം ഇന്നും പ്രാബല്യത്തിലുണ്ട് എന്നുള്ളതുതന്നെ

c. റോമർ 3:24

> അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പ് മൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത് (റോമ. 3:24)

ഇവിടെ *'നീതീകരിക്കപ്പെടുന്നത്'* എന്ന വാക്ക് ഒരു വ്യക്തിയുടെ തുടർച്ചയായുള്ള നീതികരണത്തെയല്ല കാണിക്കുന്നത്. റോമ. 3:23-ൽ മനുഷ്യവർഗ്ഗം **എല്ലാം** പാപം ചെയ്തു എന്ന് കാണുന്നു. ഓരോരുത്തരും വ്യക്തിപരമായ വിശ്വാസത്താൽ [68] നീതീകരിക്കപ്പെടുന്നതിനാൽ, ഓരോരുത്തർക്കായി ക്രമേണ ലഭിക്കുന്ന നീതീകരണത്തെയാണ് ഇവിടെ 'നീതീകരിക്കപ്പെടുന്നത്' എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. മനുഷ്യവർഗ്ഗത്തെ ഒന്നായി പരിഗണിക്കുമ്പോൾ നീതീകരണം എന്നത് തിരഞ്ഞെടുക്കപ്പെട്ടവരെ കാലാകാലങ്ങളിലായി നീതീകരിക്കുന്ന പ്രക്രിയയാണല്ലോ. എന്നാൽ ഒരു വ്യക്തിയെ സംബന്ധിച്ച് നീതീകരണം തുടർമാനമായ ഒരു പ്രക്രിയയാണെന്ന് ചിന്തിക്കുന്നതിന് യാതൊരു അടിസ്ഥാനവുമില്ല. ഓരോ വ്യക്തിയെ സംബന്ധിച്ചും നീതീകരണം എന്നത് ജീവിതത്തിൽ വിശ്വാസത്താൽ സംഭവിച്ചുകഴിഞ്ഞ ഒരു കാര്യവും ഇന്ന് അവന്റെ അവകാശവും ആണ്. "സൗജന്യം, കൃപ" എന്നീ വാക്കുകൾ നീണ്ട ഒരു പ്രയത്നത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ചതല്ല എന്ന് വ്യക്തമായി ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

---

[66] ആരംഭത്തിൽ രക്ഷയ്ക്ക് മുഖാന്തിരമായ വിശ്വാസം ഇന്നും അവരിൽ തുടരുന്നു (1 പത്രോ. 1:4-5; 1 യോഹ. 2:19). ആയതിനാൽ വിശ്വാസികൾ ഇന്നും നീതീമാന്മാരെന്ന് ക്രിസ്തുവിൽ പ്രഖ്യാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

[67] '*നീതികരിക്കുക*' എന്ന വാക്ക് ഗ്രീക്കിൽ ഒരു വർത്തമാന കേവലക്രിയയാണ്. വർത്തമാന കേവലക്രിയ,വർത്തമാനകാലക്രമമായി കാണിക്കുന്നു. തർജ്ജമ ചെയ്തവർ വർത്തമാന കാലക്രിയയായി തർജ്ജമ ചെയ്തിരിക്കുന്നു.

[68] മറ്റൊരു നിലയിൽ ഈ വാക്ക് വർത്തമാനകാലത്തിൽ എടുത്താൽ ഓരോ വിശ്വാസിയുടെയും ജീവതത്തിൽ നടക്കുന്ന നീതികരണത്തെ സംബന്ധിച്ച വർത്തമാനകാല പ്രസ്താവനയായി മനസ്സിലാക്കാം.

d. മറ്റുള്ളവ

റോമ. 3:26; 4:5; 8:33 എന്നീ വാക്യങ്ങളിലെ പ്രയോഗം പരിശോധിച്ചാൽ ഈ ഭാഗങ്ങളിൽ ദൈവത്തെക്കുറിച്ച് 'നീതീകരിക്കുന്നവൻ' എന്ന അർത്ഥത്തിൽ പരാമർശിച്ചിരിക്കുന്നു.

> ...യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവൻ (റോമ. 3:26).
>
> പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതികരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു (റോമ. 4:5)
>
> ...നീതീകരിക്കുന്നവൻ ദൈവം (റോമ. 8:33).

ഒരു പ്രക്രിയയുടെ പരിണിതഫലം എന്നുള്ള നിലയിൽ ഒരു ഭാവികാലസംഭവമാണ് നീതീകരണം എന്നുള്ള ആശയത്തെ അല്പംപോലും പ്രോത്സാഹിപ്പിക്കുന്നില്ല. ദൈവം ഇപ്പോഴും നീതീകരണപ്രക്രിയയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിയെയും നീതിമാനായി പ്രഖ്യാപിക്കുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിലെ ആദ്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അവന്റെ നീതീകരണവിധി ഉണ്ടാകുകയും അത് ഇന്നും പ്രാബല്യത്തിലിരിക്കുകയും ചെയ്യുന്നു. റോമ. 3: 26 ഇങ്ങനെയും വായിക്കാം. "യേശുവിൽ വിശ്വസിക്കുന്നവനെ നീതിമാനായി പ്രഖ്യാപിക്കുന്നത് ദൈവം ആണ്"

4. നീതീകരണം ശക്തമായ നിലയിൽ പ്രതിപാദിക്കുന്ന വാക്യങ്ങൾ.

പൗലോസ് നീതീകരണത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്ന ചില ക്രിയാപദങ്ങൾ നീതീകരണം ഭൂതകാല വർത്തമാനകാല അവസ്ഥയെയാണെന്നു പറയുന്നില്ല. എന്നാൽ ദൈവത്തിന്റെ വ്യവസ്ഥ അംഗീകരിക്കുന്ന ഒരു വ്യക്തിക്ക് ലഭിക്കുന്ന പ്രാധാന്യതയുള്ള ഒരു അനുഗ്രഹമായിട്ട് പറയുന്നു. ഈ വാക്യങ്ങളിലെ ക്രിയാപദം മാത്രം, നീതീകരണം പൂർത്തീകരിക്കപ്പെട്ട ഒരു വസ്തുതയാണെന്നു തെളിയിക്കുവാൻ മതിയായതല്ല. എന്നാൽ എല്ലാം പ്രസ്താവനകളും, വിശ്വാസം എന്ന ദൈവിക വ്യവസ്ഥ അംഗീകരിക്കുന്ന ഏതൊരു വ്യക്തിയും നീതീകരണം പ്രാപിച്ചിരിക്കുന്നു എന്നു ഓർപ്പിക്കുന്നു.

a. ഗലാ. 2:16-17

> എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞിരിക്കകൊണ്ട് നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല ക്രിസ്തുവിലുള്ള **വിശ്വാസത്താൽത്തന്നേ നീതീകരിക്കപ്പെടേണ്ടതിനു** ക്രിസ്തുയേശുവിൽ വിശ്വസിച്ചു; ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ. എന്നാൽ ക്രിസ്തുവിൽ നീതീകരണം അന്വേഷിക്കയിൽ നാമും പാപികൾ എന്നു വരുന്നു എങ്കിൽ ക്രിസ്തു പാപത്തിന്റെ ശുശ്രൂഷക്കാരൻ എന്നോ? (ഗലാ. 2:16-17).

വാക്യം 16-ൽ നീതീകരിക്കപ്പെടുവാൻ വേണ്ടി പൗലോസ് വിശ്വസിച്ചു. ഈ വാക്ക് സാങ്കേതികമായി നീതീകരണ സമയം എപ്പോഴാണ് എന്നു വെളിവാക്കുന്നില്ല. 17-ാം വാക്യത്തിൽ പൗലോസ് ദൈവികകോടതിയുടെ നീതിക്കു മുമ്പാകെ ക്രിസ്തുവിൽ വിശ്വസിക്കുന്ന വ്യക്തിയെ ഇപ്പോഴും കുറ്റമുള്ള പാപിയായി നിർത്തുന്നത് ഭീതിയോടുകൂടെ കാണുന്നു. അങ്ങനെയെങ്കിൽ ക്രിസ്തു ഒരു പരാജയമാണ് എന്നു മാത്രമല്ല, ഒരു കള്ളപ്രവാചകനാണെന്നും അർത്ഥമാക്കുന്നു.

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു വ്യക്തിയും പാപത്തിന്റെ ശിക്ഷാവിധിയിൽ തുടരുന്നില്ലയെന്ന് പൗലോസ് സ്പഷ്ടമായി പഠിപ്പിക്കുന്നു. വിശ്വസിക്കുന്ന ഏതൊരുവനും ലഭിക്കുന്ന പൂർത്തീകരിക്കപ്പെട്ട യാഥാർത്ഥ്യമായി നീതീകരണം നിലനില്ക്കുന്നു.

b. ഗലാ. 3:8-9

> "എന്നാൽ **ദൈവം** വിശ്വാസം മൂലം ജാതികളെ **നീതീകരിക്കുന്നു** എന്ന് തിരുവെഴുത്തു മുൻകണ്ടിട്ടു: "നിന്നിൽ സകലജാതികളും അനുഗ്രഹിക്കപ്പെടും" എന്നുള്ള സുവിശേഷം അബ്രഹാമിനോടു മുൻകൂട്ടി അറിയിച്ചു. അങ്ങനെ വിശ്വാസികൾ വിശ്വാസിയായ അബ്രാഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു (ഗലാ. 3:8, 9,)

8-ാം വാക്യത്തിലെ *'നീതീകരിക്കുക'* എന്ന വാക്ക് സമയത്തെക്കുറിച്ച് വ്യക്തമാക്കുന്നില്ല എന്നാൽ നീതികരണത്തിന്റെ പ്രാധാന്യത ഓർപ്പിക്കുന്നു. എന്നാൽ 9-ാം വാക്യത്തിൽ വിശ്വസിക്കുന്നവർ ഉടൻതന്നെ അബ്രഹാമിന്റെ അനുഗ്രഹത്തിന് പങ്കാളിയാകുന്നു എന്ന് പഠിപ്പിക്കുന്നു. ഈ സന്ദർഭത്തിൽ, വ്യക്തമാക്കപ്പെട്ടിരിക്കുന്ന അനുഗ്രഹം നീതീകരണമാണ്. വിശ്വാസികൾ തീർച്ചയായും നീതീകരണം പ്രാപിച്ചവരാണെന്ന് ഉറപ്പിക്കുന്നു.

c. ഗലാ. 3:24-26

> അങ്ങനെ നാം **വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്** ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്നശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവമക്കൾ ആകുന്നു (ഗലാ. 3:24-26).

"വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്" എന്ന

പ്രയോഗം നീതീകരണത്തിന്റെ യഥാർത്ഥ സമയം പറയുന്നില്ല. എങ്കിലും തുടർന്നുള്ള വാക്യങ്ങളിൽ ന്യായപ്രമാണ നിർദ്ദേശത്തിന്റെ ലക്ഷ്യം (ക്രിസ്തുവിലുള്ള നീതീകരണം) വിശ്വസിക്കുന്നവർക്ക് ലഭിച്ചു കഴിഞ്ഞു എന്ന് ഓർപ്പിക്കുന്നു. ഇന്ന് നാം ന്യായപ്രമാണത്തിൻ കീഴല്ല. എന്തുകൊണ്ടെന്നാൽ വിശ്വാസത്താലുള്ള നീതീകരണം നമുക്ക് യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു.

5. അബ്രാഹാമിന്റെ ഉദാഹരണം

നീതീകരണത്തിന് പൗലോസ് ഉത്തമോദാഹരണമായി ചൂണ്ടിക്കാണിക്കുന്നത് വിശ്വാസികളുടെ പിതാവായ അബ്രാഹാമിനെയാണ്. നീതീകരണം ലഭിക്കുവാനായി തന്റെ ജീവിതത്തിൽ അവസാനം വരെയോ, ന്യായവിധി ദിവസംവരെയോ കാത്തിരുന്നില്ല. അബ്രാഹാം വിശ്വസിച്ചപ്പോൾ തന്നെ നീതീകരണം ലഭിച്ചു. പഴയകാല വിധിയായിട്ടും വർത്തമാനകാല യാഥാർത്ഥ്യമായിട്ടും നീതീകരണം ലഭിച്ച അബ്രാഹാം ഒരു നല്ല ഉദാഹരണമാണ് (റോമ. 4:3, 9, 11; ഗലാ. 3:6, 9).

> തിരുവെഴുത്ത് എന്ത് പറയുന്നു? അബ്രാഹാം ദൈവത്തെ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു (നീതീകരണം) എന്നു തന്നെ (റോമ. 4:3).
>
> അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി (നീതീകരണം)കണക്കിട്ടു എന്നുണ്ടല്ലോ (ഗലാ. 3:6).

6. നീതീകരണത്തിന് ഉപയോഗിച്ചിട്ടുള്ള നാമപദങ്ങൾ (പൂർത്തീകരിക്കപ്പെട്ട യാഥാർത്ഥ്യം എന്ന നിലയിൽ)

a. നീതികരണം

സാധാരണ, ഇംഗ്ലീഷ് പദങ്ങളെക്കാൾ ഗ്രീക്കുപദങ്ങളാണ് വ്യക്തമായ ആശയം നല്കുന്നത്. എന്നാൽ നീതീകരണം എന്ന വാക്കിനെ (dikaiosunee) സംബന്ധിച്ച് അങ്ങനെയല്ല. നീതി എന്ന വാക്ക് ഒരു വായനക്കാരൻ കാണുമ്പോൾ യഥാർത്ഥ നീതി, പ്രഖ്യാപിക്കപ്പെട്ട നീതി ഇവയെക്കുറിച്ച് പരാമർശിക്കുന്നതായി മനസ്സിലാക്കാം. രണ്ടു വാക്കുകളും ഒരുപോലെ തോന്നിക്കാം. എന്നാൽ സാഹചര്യം വിലയിരുത്തി ശരിയായ അർത്ഥം മനസ്സിലാക്കേണ്ടതാണ്. രക്ഷയുടെ ഉപദേശമാണോ, ക്രിസ്തീയജീവിതത്തിന്റെ ഉപദേശമാണോ എന്ന് സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കണം. വിഷയം രക്ഷയാണെങ്കിൽ അത് പ്രഖ്യാപിക്കപ്പെട്ട, അല്ലെങ്കിൽ നല്കപ്പെട്ട നീതിയെക്കുറിച്ച് ആയിരിക്കും (*നീതീകരണം*). വിഷയം ക്രിസ്തീയ ജീവിതമാണെങ്കിൽ അവിടെ പരാമർശിക്കുന്നത് നമ്മുടെ യഥാർത്ഥ *നീതിയെ*ക്കുറിച്ചും ആയിരിക്കും. എഴുത്തുകാരന്റെ ഉദ്ദേശം മനസ്സിലാക്കുവാൻ നീതി എന്ന വാക്കിന് പകരം നീതീകരണം എന്ന വാക്കു ഉപയോഗിച്ച് സന്ദർഭം ശരിയാണോ എന്ന് കണ്ടുപിടിക്കാം. നീതി എന്ന വാക്കിന് പല ഉപയോഗങ്ങൾ ഉണ്ട്. പ്രഖ്യാപിത നീതി എന്നും കാണാം വിശ്വസിക്കുന്നവർക്ക് ദൈവത്തിന്റെ പ്രഖ്യാപിത നീതി ലഭ്യമാക്കുന്നുവെന്ന് ഈ മൂലഭാഗങ്ങൾ തെളിയിക്കുന്നു.

(1) റോമ. 3:22

> ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നെ, ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു (റോമ. 3:21).

ഈ പ്രസ്താവന, പ്രഖ്യാപിക്കപ്പെട്ട നീതിയെക്കുറിച്ച് പഠിപ്പിക്കുന്നു. അത് വിശ്വാസത്താൽ ലഭിക്കുന്നു എന്നും വിശ്വസിക്കുന്ന *ഏവർക്കും* ലഭിക്കുന്നു എന്നും സൂചിപ്പിക്കുന്നു. ദൈവത്തിന്റെ ന്യായവിധിയുടെ മുമ്പിൽ മുഴുലോകവും കുറ്റക്കാരാണെന്നുള്ള നിയമപരമായ സാഹചര്യം വെളിപ്പെടുത്തുന്നു (വാക്യം 3:19–20). ഈ വാദഗതിയിൽ നീതീകരണം എന്നത് കുറ്റക്കാരനെന്ന് വിധിക്കുന്നതിന് എതിരായുള്ള ആശയമാണ് (റോമ. 5:16, 18). അങ്ങനെ *നീതി* എന്ന വാക്ക് അർത്ഥമാക്കുന്നത് *നീതീകരണം* ആണെന്നും ഇത് വിശ്വസിക്കുന്ന **ഏവർക്കും** ലഭിക്കുന്നു എന്നും കാണുന്നു.

(2) റോമ. 4:5

> പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു (റോമ. 4:5).

നിഷേധാത്മകാർത്ഥത്തിൽ പറഞ്ഞാൽ റോമ. 4:5-ൽ നീതീകരണം ലഭിക്കുന്നത് പ്രവൃത്തിയാലല്ല എന്ന് പഠിപ്പിക്കുന്നു. സ്പഷ്ടമായി പറഞ്ഞാൽ, വിശ്വാസത്തിൽ അധിഷ്ഠിതമാണ് "കണക്കിട്ടു" എന്ന ക്രിയാരൂപം. വിശ്വസിക്കുമ്പോൾ പ്രഖ്യാപിതനീതി ലഭ്യമാക്കുന്നു എന്ന് സ്ഥാപിക്കുന്നു. "ചുമത്തൽ" എന്ന വാക്ക് വിശദീകരിക്കുന്ന മനോഹരമായ ഒരു വാക്യമാണിത് King James Version -ൽ ഇത് അതിമനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. "എണ്ണപ്പെട്ടിരിക്കുന്നു" എന്നാണത്. മാനസികമായി "കണക്കിൽപ്പെടുത്തുക" എന്നർത്ഥം. പരിഗണിക്കുക, കണക്കിടുക, എണ്ണുക, എന്നും അർത്ഥമുണ്ട്. സാമ്പത്തികകാര്യങ്ങളിൽ "മറ്റൊരാളുടെ കണക്കിൽപ്പെടുത്തുക" എന്നർത്ഥം. ശരിയായ പുതിയ നിയമ വിശദീകരണം ഫിലെമോൻ 18-ൽ കാണാം (റോമ. 5:13).

> അവൻ നിന്നോടു വല്ലതും അന്യായം ചെയ്തിട്ടോ കടം പെട്ടിട്ടോ ഉണ്ടെങ്കിൽ അത് **എന്റെ പേരിൽ കണക്കിട്ടുകൊൾക** (ഫിലെ. 18).

പൗലോസിന്റെ മനസ്സിൽ ഈ ആശയം ഉണ്ടായിരുന്നിരിക്കാം. വിശ്വസിക്കുന്ന ഒരുവന്റെ കണക്കിലേക്ക് പ്രഖ്യാപിക്കപ്പെട്ട നീതി വരവു വെയ്ക്കുന്നു. വേദശാസ്ത്രജ്ഞന്മാർ ഇങ്ങനെ ക്രിസ്തുവിന്റെ നീതി വിശ്വാസികളുടെ കണക്കിൽ മാറ്റുന്നതിനെ "നീതി ചുമത്തുക" എന്ന് വിളിക്കുന്നു.

(3) റോമ. 5:17

> ഏകൻ ലംഘനത്താൽ മരണം ആ ഏകന്റെ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും (റോമ. 5:17).

ഇവിടെ നീതികരണത്തിന്റെ സമയം പറയുന്നില്ലയെങ്കിലും ഇത് ദാനമാണെന്ന് വ്യക്തമാക്കുന്നു.

(4) റോമ. 9:30

> ആകയാൽ നാം എന്തു പറയേണ്ടു? നീതിയെ (നീതികരണം) പിന്തുടരാത്ത ജാതികൾ നീതി (നീതികരണം) പ്രാപിച്ചു. വിശ്വാസത്താലുള്ള നീതി (നീതികരണം) തന്നെ (റോമ. 9:30).

ഈ ഭാഗത്ത് ജാതികളുടെ രക്ഷയെക്കുറിച്ച് പൗലോസ് സംസാരിക്കുന്നു (9:24). യഹൂദന്മാരുടെ രക്ഷയും (റോമ. 10:1, 2) റോമ. 9:30-ൽ പറയുന്ന നീതി പ്രഖ്യാപിത രീതി/ നീതീകരണത്തെ പരാമർശിക്കുന്നു. ജാതികളിലും വിശ്വാസമുള്ളവർക്ക് നീതികരണം ലഭിച്ചു. നീതീകരണം എന്നത് ഈ ജീവിതത്തിൽത്തന്നെ ഒരു യാഥാർത്ഥ്യമാണ്. ഭാവിയിലെ ഒരു ലക്ഷ്യമോ പ്രത്യാശയോ അല്ല.

(5) റോമ. 10:4, 6, 10

> വിശ്വസിക്കുന്ന ഏവനും നീതി (നീതീകരണം) ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു. വിശ്വാസത്താലുള്ള നീതിയോ (നീതീകരണം) ഇവ്വണം പറയുന്നു... ഹൃദയംകൊണ്ട് നീതിക്കായി (നീതീകരണം) വിശ്വസിക്കയും (റോമ. 10:4, 6, 10)

വിശുദ്ധജീവിതത്തെക്കാൾ രക്ഷയ്ക്ക് പ്രാധാന്യം നല്കുന്ന അദ്ധ്യായമാണ് റോമർ 10. (റോമ. 10:1, 9, 12-13). ഇവിടെ നീതിയെക്കുറിച്ച് പഠിക്കുമ്പോൾ, അത് പ്രഖ്യാപിത/ ചുമത്തപ്പെട്ട നീതി (നീതീകരണം) ആണെന്ന് മനസ്സിലാക്കുവാൻ പൗലോസ് ആഗ്രഹിക്കുന്നു. നീതീകരണം എന്നത് വർത്തമാനകാല യാഥാർത്ഥ്യം ആണെന്ന് 4-ാം വാക്യം ഓർപ്പിക്കുന്നു. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നല്കപ്പെടുന്നു. കൂടാതെ, വിശ്വസിക്കുന്നു ഏവർക്കും നല്കപ്പെടുന്നു. 10-ാം വാക്യത്തിൽ നീതികരണം ഒരു വിശ്വാസിക്ക് ലഭിച്ചു കഴിഞ്ഞ ഒന്നാണെന്നും ലഭിക്കുവാൻ വേണ്ടി പരിശ്രമിക്കേണ്ടതില്ലെന്നും വ്യക്തമാക്കുന്നു.

(6) 1 കൊരി. 1:30

> നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്ക് ദൈവത്തിങ്കൽ നിന്ന് ജ്ഞാനവും നീതിയും (നീതീകരണവും) ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു (1 കൊരി. 1:30).

ഇവിടെ പരാമർശിച്ചിരിക്കുന്ന നീതി, നീതീകരണം, അഥവാ ചുമത്തപ്പെട്ട നീതിയാണെന്ന് വ്യക്തമായി മനസ്സിലാക്കാം. ശുദ്ധീകരണം എന്ന പദവുമായുള്ള വ്യത്യാസം സൂചിപ്പിക്കുന്നു. ഇവിടെ ക്രിയാപദം ഭൂതകാലത്തിലായതിനാൽ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം നീതീകരണം പൂർത്തിയാക്കപ്പെട്ടു.

b. *നീതി*മാനായ മനുഷ്യൻ - ഗ്രീക്ക് പദം

നീതിമാനായ വ്യക്തിക്ക് ഉപയോഗിക്കുന്ന ഗ്രീക്ക് പദം (dikaios) 'പ്രവൃത്തിയിൽ *നീതിയുള്ളവൻ*' 'നീതിമാനായി പ്രഖ്യാപിക്കപ്പെട്ടവൻ' എന്നും അർത്ഥമാക്കുന്നു. കൂടുതൽ പ്രാവശ്യവും 'നീതിയുള്ള പെരുമാറ്റം' എന്ന് പ്രയോഗിച്ചിരിക്കുന്നു. "അവളുടെ ഭർത്താവായ യോസേഫ് നീതിമാനാകകൊണ്ടും അവൾക്ക് ലോകാപവാദം വരുത്തുവാൻ മനസ്സില്ലായ്കകൊണ്ടും... (മത്താ. 1:19). എങ്കിലും ഹബ. 2:4 പുതിയനിയമത്തിൽ 3 പ്രാവശ്യം ഉദ്ധരിച്ചിരിക്കുന്നു. ഇവിടെയെല്ലാം 'നീതിമാൻ' എന്നത് 'നീതിമാനായി പ്രഖ്യാപിക്കപ്പെട്ട ഒരുവൻ' എന്ന അർത്ഥമാണുള്ളത് (റോമ. 1:17; ഗലാ. 3:11; എബ്രാ. 10:38).

(1) പഴയനിയമപശ്ചാത്തലം (ഹബ. 2:4)

ഹബക്കൂക്ക് പ്രവാചകൻ ബാബേൽ പ്രവാസത്തെക്കുറിച്ചു ചിന്തയുള്ളവനായിരുന്നു. ബാബിലോൺ യിസ്രായേലിനെ കീഴടക്കിയതിന്റെ ഔചിത്യം ദൈവത്തോട് ചോദിച്ചു. ദൈവത്തിന്റെ മറുപടിയുടെ ഒരു ഭാഗമാണ് ഈ വാക്യം: "നീതിമാൻ വിശ്വാസത്താൽ (വിശ്വസ്തത) ജീവിക്കും." ഈ പ്രസ്താവന രണ്ട് നിലയിൽ മനസ്സിലാക്കാം. ഒന്നാമത്, വിശ്വാസത്താൽ നീതിമാനായി പ്രഖ്യാപിക്കപ്പെട്ട ഒരു വ്യക്തി, പ്രശ്നങ്ങളുടെ സമയത്തും നിത്യജീവന്റെ അനുഭവത്തിൽ തുടരും. അന്ന് യഹൂദ്യയിലുള്ള വിശ്വാസികൾക്ക് ഈ പ്രസ്താവന വളരെ ആശ്വാസമായിരുന്നു. മറ്റൊന്ന്, "നീതിമാനായ മനുഷ്യൻ നിലനില്ക്കും" (പ്രവാസത്തിലും വിശ്വസ്തത മുഖാന്തിരം [69] ഭൗതിക ജീവിതം തുടരുക). തീർച്ചയായും ദൈവം രണ്ടു ആശയങ്ങളും ഉദ്ദേശിച്ചിരുന്നു എന്നത് വ്യക്തം.

(2) ഹബ. 2:4 പൗലോസ് ഉദ്ധരിക്കുന്നു

ഈ വാക്യത്തിൽ വിശ്വസ്തരായിരിക്കുന്നവർക്കും

[69] എബ്രാ. 10:38 - ലെ വാക്യഭാഗം ഹബ. 2:4-ൽ നിന്നാണ്, നീതീകരിക്കപ്പെട്ട മനുഷ്യൻ വിശ്വസ്ത ജീവിതം നയിക്കണമെന്നാണ് അർത്ഥമാക്കുന്നത്. എബ്രായർ 11 ലെ

നീതിയായി നടക്കുന്നവർക്കും ഭൗതിക ജീവിതം വാഗ്ദത്തം ചെയ്യുന്ന പ്രത്യാശ നല്കുന്നു എങ്കിലും നീതികരക്കപ്പെട്ടവർ വിശ്വാസത്താൽ ആത്മികമായി ജീവിക്കും എന്ന് പൗലോസ് പഠിപ്പിക്കുന്നു. ഈ പ്രയോഗം രണ്ടു രീതിയിലും വ്യാഖ്യാനിക്കാം. എങ്കിലും പുതിയ നിയമ പശ്ചാത്തലത്തിൽ വ്യക്തമായും ആത്മികജീവിതത്തെ പരാമർശിക്കുന്നു. കൂടാതെ ദൈവത്തിന്റെ പ്രഖ്യാപിക്കപ്പെട്ട നീതിയെ വെളിവാക്കുന്നു.

(a) റോമ. 1:16-17

> സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അത് രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിന്നായിക്കൊണ്ടും വെളിപ്പെടുന്നു. ''നീതിമാൻ വിശ്വാസത്താൽ ജീവിക്കും'' എന്ന് എഴുതിയിരിക്കുന്നുവല്ലോ (റോമ. 1:16-17).

"നീതിമാൻ വിശ്വാസത്താൽ ജീവിക്കും"എന്ന പ്രസ്താവനയുടെ പ്രത്യേകമായ അർത്ഥം തുടർന്നുള്ള ഭാഗങ്ങളിൽ പൗലോസ് വ്യക്തമാക്കുന്നു. നീതി ചെയ്യുന്ന മനുഷ്യൻ വിശ്വസ്തതയോടെ ജീവിക്കും എന്ന് തെറ്റായി വ്യാഖ്യാനിക്കുവാൻ സാദ്ധ്യതയുണ്ട് (സൽപ്രവൃത്തിയിൽക്കൂടെ) ഈ നിലയിലുള്ള വ്യാഖ്യാനത്തെ, തുടർന്നുള്ള ഭാഗം ഒരിക്കലും അംഗീകരിക്കുന്നില്ല. റോമ. 1:16-17-ൽ ഒരു പ്രബന്ധം അവതരിപ്പിക്കുന്നു. തുടർന്നുള്ള ഭാഗങ്ങൾ പരിശോധിച്ചാൽ റോമ. 1:17-ൽ "നീതീകരിക്കപ്പെട്ടവർക്ക് വിശ്വാസത്താൽ നിത്യജീവൻ ഉണ്ട്" എന്നുള്ള ആശയം മനസ്സിലാക്കാം.

ഹബ. 2:4 ലെ ഉദ്ധരണി, റോമ.1: 16-17 വരെയുള്ള പ്രാധാന്യമേറിയ പ്രസ്താവനയ്ക്ക് ഉപോത്ബലകമാണെന്നു മാത്രം. ആ പ്രസ്താവന "ദൈവത്തിന്റെ നീതി (നീതീകരണം)... വിശ്വാസമുള്ളവർക്ക്" എന്ന് വായിക്കാം. വ്യക്തമായും ഇവിടെത്തെ വിഷയം രക്ഷയാണ് (വാക്യം 16). ദൈവത്തിന്റെ (ദൈവത്തിൽ നിന്നുള്ള) നീതി എന്ന് പരാമർശിക്കുന്നത്. അവന്റെ (ക്രിസ്തുവിന്റെ) നീതിയിൽ അടിസ്ഥാനപ്പെട്ട നീതീകരണത്തെ ഉദ്ദേശിച്ചാണ് (നോക്കുക. റോമ. 3:21-22; 10:4) ഈ പുസ്തകത്തിലെ താക്കോൽ വിഷയം എന്നത് പ്രഖ്യാപിക്കപ്പെട്ട നീതി യാണ്. 17-ാം വാക്യത്തിന്റെ ആദ്യഭാഗം പരാമർശിക്കുന്നത് നീതികരണം എന്ന വിഷയത്തെക്കുറിച്ചാണ്. അതുകൊണ്ട് തുടർന്ന് ''നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്ന് ഉദ്ധരിക്കുന്നു. റോമ. 1:17-ൽ നീതീകരണം എന്നത് വിശ്വാസിക്കു ലഭിക്കുന്ന വർത്തമാനകാല അനുഗ്രഹമാണ്. മറിച്ച് ഭാവിയിൽ ലഭിക്കുവാൻ പോകുന്ന ഒരു പ്രത്യാശയുടെ അനുഭവമല്ല എന്ന് പൗലോസ് ഗ്രഹിപ്പിക്കുന്നു. ''വിശ്വാസത്തിനായും വിശ്വാസം ഹേതുവായും" എന്ന പ്രയോഗം മനുഷ്യചരിത്രത്തിൽ ഉടനീളം, തുടർന്നുപോകുന്ന വിശ്വാസം വ്യക്തിജീവിതങ്ങളെ രൂപാന്തരത്തിലേക്ക് നടത്തുന്നു എന്ന് സത്യത്തെ കാണിക്കുന്നു. അടുത്ത വാക്യത്തിൽ (റോമ. 1:18) പാപത്തിനെതിരായി ദൈവത്തിന്റെ കോപം തുടർച്ചയായി വെളിപ്പെടുന്നു എന്ന് കാണുന്നു. റോമ.1:17 ഇങ്ങനെ നമുക്ക് വായിക്കാം അതിൽ (സുവിശേഷത്തിൽ) ദൈവത്തിന്റെ വെളിപ്പെട്ട നീതി യുഗങ്ങളായി ഒരുവന്റെ വിശ്വാസത്തിൽ നിന്നും മറ്റൊരുവന്റെ വിശ്വാസത്തിലേക്ക് വെളിപ്പെട്ടിരിക്കുന്നു (വർദ്ധന തുടർന്നു കൊണ്ടിരിക്കുന്നു).

(b) ഗലാ. 3:11

> എന്നാൽ ന്യായപ്രമാണത്താൽ ദൈവസന്നിധിയിൽ ആരും നീതികരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നല്ലോ ഉള്ളത് (ഗലാ. 3:1).

റോമ. 1:17-ൽ പ്രബന്ധത്തിന്റെ ആദ്യപ്രസ്താവന കാണുന്നു. തുടർന്ന് ''നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നതിന്റെ വിശദീകരണം നല്കുന്നു. ഗലാ. 3:11 എന്നത് ഒരു പുസ്തകത്തിന്റെയും ഒരു വാദഗതിയുടെയും മദ്ധ്യത്തിലായി കാണുന്നു. ഗലാ. 3:6-ൽ പ്രഖ്യാപിക്കപ്പെട്ട നീതിയെ പൗലോസ് വ്യക്തമാക്കുന്നു. (അബ്രഹാമിന് കണക്കിട്ട നീതി) കൂടാതെ നിയമവശത്തെ പ്രതിപാദിക്കുകയും ചെയ്യുന്നു (ന്യായപ്രമാണത്തിന്റെ ശാപം ഗലാ. 3:10).

അതുകൊണ്ട്, "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നത് വിശ്വാസത്താൽ നീതിമാനായി പ്രഖ്യാപിക്കപ്പെട്ടവൻ ആത്മീയ(നിത്യ)ജീവനിൽ തുടർന്നുകൊണ്ടിരിക്കും. ഈ നിലയിലുള്ള ആശ്വാസപ്രദമായ പ്രത്യാശയാണ് ഹബക്കുക്കിന്റെ കാലത്തുള്ള എബ്രായരെ താങ്ങിനിറുത്തിയതെന്നു പൗലോസ് വിശ്വസിക്കുകയോ, കുറഞ്ഞപക്ഷം ഈ നിലയിൽ ഈ വാക്യം പ്രയോഗിക്കാൻ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയോ ചെയ്തു

7. നീതികരണ സമയം – ഉപസംഹാരം

ജീവിതകാലം മുഴുവൻ തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ് നീതീകരണം എന്നത് തെറ്റായ ആശയം

പഴയനിയമ വിശുദ്ധന്മാർ ഈ ആശയം വെളിപ്പെടുത്തുന്നു. ഹബ. 2:4; റോമ. 1:16-17, ഗലാ. 3:11. ഈ വാക്യങ്ങളിലെ വിശ്വാസ ത്താലുള്ള നീതികരണത്തെ പൗലോസ് ഓർപ്പിക്കുന്നു. പഴയനിയമ പ്രസ്താവന സംബന്ധിച്ച് ഈ രണ്ട് ആശയങ്ങളും ദൈവിക ഉദ്ദേശത്തിൽ യോജിക്കുന്നതാണ്. ജീവപര്യന്തമുള്ള വിശ്വസ്തതയാണ് ഹബ. 2:4 എടുത്ത് എബ്രാ. 10:38-ൽ പ്രതിപാദിക്കുന്നത്. ഇപ്രകാരം ഈ വേദഭാഗം പൗലൂസിനെ വളരെയധികം മനസ്സിലാക്കുവാൻ സഹായിച്ചു.

ആണ്. ഏത് നിലയിൽ നീതീകരണം എന്ന വിഷയത്തെ സമീപിച്ചാലും (രക്ഷയുടെ ഭൂതകാലം, ഭൂതകാലവർത്തമാനകാല ക്രിയാപദങ്ങൾ, നീതീകരണം, പ്രാധാന്യം നല്കി പരാമർശിച്ചിരിക്കുന്ന വാക്യങ്ങൾ, അബ്രഹാമിന്റെ ഉദാഹരണം ഏതെടുത്താലും), **വിശ്വസിക്കുന്നവർക്ക് പൂർത്തീകരിക്കപ്പെട്ടതും പൂർണ്ണതയുള്ളതുമായ ഒരു യാഥാർത്ഥ്യമാണ് നീതീകരണം എന്ന് ബൈബിൾ പഠിപ്പിക്കുന്നു**(ശിക്ഷാവിധി നീങ്ങി എന്ന് പഠിപ്പിക്കുന്ന വാക്യങ്ങൾ. യോഹ. 5:24; റോമ. 8:1; 33-34).

C. നീതീകരണത്തിന്റെ അടിസ്ഥാനം: വിശ്വാസം

നീതീകരണത്തിന്റെ നിർവചനവും സമയവും ചർച്ച ചെയ്യുന്നതിന്, നീതീകരണത്തിന്റെ അടിസ്ഥാനം വിശ്വാസമാണ് എന്ന വിഷയം ബന്ധപ്പെടുത്തേണ്ടതാണ്. ആദ്യമായി നീതീകരണം നിർവചിക്കേണ്ടതാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടതാണ് നീതീകരണം എന്ന പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. വിശ്വാസത്താലുള്ള നീതീകരണത്തിന്റെ തെളിവുകൾ വളരെ ആശാവഹമാണ്. വിശ്വാസത്താലാണ് രക്ഷ എന്ന വസ്തുത ആരെങ്കിലും നിഷേധിച്ചാൽ അത് മനസ്സിലാക്കുവാൻ പ്രയാസമാണ്. **നീതീകരിക്കപ്പെടാത്ത/ രക്ഷിക്കപ്പെടാത്ത ഒരു വിശ്വാസിപോലും ഉണ്ടായിരിക്കുകയില്ല.** ഇത് സൂചിപ്പിക്കുന്ന ചിലവാക്യങ്ങളും ചില ഭാഗങ്ങളും ചേർത്തിരിക്കുന്നു.

1. ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരണം അടിസ്ഥാനപ്പെട്ട വാക്യങ്ങൾ

a. *നീതീകരിക്കുക* എന്നതിന്റെ ക്രിയാപദങ്ങൾ അപ്പോ. 13:39; റോമ. 3:26, 28, 30; 4:5; 5: 1, 9; ഗലാ. 2: 16-17; 3:8; 3:24)

b. *നീതീകരണം* - നാമം (പ്രഖ്യാപിക്കപ്പെട്ട നീതി) (റോമ. 1:17; 3:22; 4:3; 5,9,11, 13, 22-24; 9:30; 10:4, 6, 10; ഗലാ. 3:6; എബ്രാ. 11:7)

c. *നീതി* എന്ന നാമം. റോമ. 1:17; ഗലാ. 3:11; എബ്രാ. 10:38).

> അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ **വിശ്വാസത്താൽത്തന്നെ** നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു (റോമ. 3:28).
>
> പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ **വിശ്വസിക്കുന്നവന്നോ** അവന്റെ **വിശ്വാസം** നീതിയായി കണക്കിടുന്നു (റോമ. 4:5)
>
> അതുകൊണ്ട് **വിശ്വാസത്താൽ** നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്. അവന്റെ രക്തത്താൽ നീതികരിക്കപ്പെട്ടശേഷമോ അവനാൽ എത്ര അധികമായി കോപത്തിൽ നിന്ന് രക്ഷിക്കപ്പെടും (റോമ. 5:1, 9).
>
> എന്നാൽ ദൈവം വിശ്വാസം മൂലം ജാതികളെ നീതീകരിക്കുന്നു എന്നു തിരുവെഴുത്തു മുൻകണ്ടിട്ട് "നിന്നിൽ സകലജാതികളും അനുഗ്രഹിക്കപ്പെടും" എന്നുള്ള സുവിശേഷം അബ്രാഹാമിനോടു മുമ്പുകൂട്ടി അറിയിച്ചു. അങ്ങനെ **വിശ്വാസികൾ** വിശ്വാസിയായ അബ്രഹാമിനോടുകൂടെ **അനുഗ്രഹിക്കപ്പെടുന്നു** (ഗലാ. 3:8-9).
>
> ഇപ്പോഴോ ദൈവത്തിന്റെ നീതി **വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള** ദൈവനീതി തന്നെ ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു (റോമ. 3:22).
>
> **വിശ്വസിക്കുന്ന** ഏവനും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു (റോമ. 10:4).
>
> ഹൃദയംകൊണ്ട് നീതിക്കായി (നീതികരണം) **വിശ്വസിക്കുകയും**... (റോമ. 10:10).

2. കൃപയാൽ സൗജന്യമായി ലഭിച്ചതാണ് നീതീകരണം എന്നു പഠിപ്പിക്കുന്ന വാക്യങ്ങൾ

> അവന്റെ **കൃപയാൽ** ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം **സൗജന്യമായത്രെ** നീതീകരിക്കപ്പെടുന്നത് (റോമ. 3:24).
>
> ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ **കൃപ**യുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും (റോമ. 5:17).
>
> നാം അവന്റെ **കൃപയാൽ** നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിനു... (തീത്തൊ. 3:7).

3. നീതീകരണം പ്രവൃത്തികളാലല്ലായെന്നു പഠിപ്പിക്കുന്ന വാക്യങ്ങൾ

a. *"നീതീകരിക്കുക"* എന്ന ക്രിയാപദം

> അപ്പോ. പ്രവൃ. 13:39; റോമ. 3:20; 4:2; ഗലാ. 2:16; 3:11)

b. *നീതീകരണം* - നാമം (പ്രഖ്യാപിത നീതി): റോമ. 4:5, 9, 31; ഗലാ. 2:21; 3:21.

> മോശെയുടെ **ന്യായപ്രമാണത്താൽ നിങ്ങൾക്കു നീതീകരണം വരുവാൻ കഴിയാത്ത** സകലത്തിൽ നിന്നും വിശ്വസിക്കുന്ന ഏവനും ഇവനാൽ നീതീകരിക്കപ്പെടുന്നു (അപ്പോ. പ്രവൃ. 13:39)

അതുകൊണ്ട് **ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല.** ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രെ വരുന്നത് (റോമ. 3:20).

പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു (റോമ. 4:5).

എന്നാൽ **ന്യായപ്രമാണത്താൽ ആരും ദൈവ സന്നിധിയിൽ** നീതികരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം. ''നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നല്ലോ ഉള്ളത് (ഗലാ. 3:11).

D. വിശ്വാസിയുടെ നീതിയിൻ ഉറവിടം

ദൈവം ഒരുവനെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നീതിമാനെന്ന് പ്രഖ്യാപിക്കുമ്പോൾ, അവൻ ഒരുകള്ളത്തരം പ്രഖ്യാപിക്കുകയല്ല ചെയ്യുന്നത്. അനീതിയായുള്ളത് നീതിയായി പ്രഖ്യാപിക്കുകയല്ല ചെയ്യുന്നത്. സർവ്വ മനുഷ്യരും ഒരുപോലെ അവരുടെ പ്രവൃത്തികളാൽ നീതീകെട്ടവരായിത്തീർന്നു. എന്നാൽ പുതിയ നിയമം നമ്മെ പഠിപ്പിക്കുന്നത്, ക്രിസ്തുവിന്റെ നീതി വിശ്വാസിയുടെ പേരിൽ വരവുവെച്ചു എന്നാണ്. അങ്ങനെ, ദൈവം നോക്കുന്നത് വിശ്വാസിയുടെ നീതിയല്ല, ക്രിസ്തുവിന്റെ നീതിയാണ്. വിശ്വാസിക്കു നല്കപ്പെട്ടിരിക്കുന്ന ക്രിസ്തുവിന്റെ നീതിയുടെ അടിസ്ഥാനത്തിൽ മനുഷ്യൻ നിയമപരമായി നീതിമാനാണെന്ന് സത്യമായി വിധിക്കുവാൻ ദൈവത്തിന് കഴിയും. നമ്മുടെ സ്വന്തം നീതിയല്ല. ക്രിസ്തുവിന്റെ നീതിയാണ് രക്ഷിക്കുന്നത്. തന്റെ നീതി ഒരിക്കലും നഷ്ടപ്പെടാതിരിക്കുന്നതുകൊണ്ട് ഒരു വിശ്വാസിക്ക് തന്റെ രക്ഷയും നഷ്ടപ്പെടുന്നില്ല. ദൈവമുമ്പാകെ ഒരു വിശ്വാസിയുടെ നിയമപരമായ നിലനില്പ്പ്, ക്രിസ്തുവിന്റെ നിത്യവും കളങ്കമില്ലാത്തതുമായ നീതിയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. നീതീകരണത്തിനുള്ള ഈ നിർവചനം, സ്വന്തനീതിയല്ല (അതിന്റെ ഏറ്റവും നല്ല നിലയിൽ ഇത് ഇന്നും അനീതിയാണ്. യെശ. 64:6). ക്രിസ്തുവിന്റെ നീതി ഒരു വിശ്വാസിയുടെ പേരിൽ കണക്കിട്ടിരിക്കുന്നു എന്നുള്ള പ്രഖ്യാപനത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു.

1. പഴയനിയമ പശ്ചാത്തലത്തിൽ ദൈവത്തിന്റെ നീതി ദൈവജനത്തിന് കണക്കിട്ടു.

പഴയനിയമത്തിൽ, പ്രത്യേകിച്ച് വലിയ പ്രവാചകന്മാർ, ദൈവം തന്റെ ജനത്തിന് നല്കുകയും അവരെ ന്യായ പ്രമാണത്തിന്റെ മുമ്പിൽ നീതീമാന്മാരെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നതായി പഠിപ്പിക്കുന്നു. രക്ഷയുമായി ബന്ധപ്പെട്ട ദൈവികനീതിയുടെ പൊതുവായ നിലവാരം സംബന്ധിച്ച ചില വാക്യങ്ങൾ (യെശ. 45:17; 46:13; 51: 5, 59:16–17) മറ്റുള്ളവർ പഠിപ്പിക്കുന്നത്, ഒരു വ്യക്തി നീതിമാനായി പരിഗണിക്കപ്പെടേണ്ടതിന് ദൈവം തന്റെ നീതി അവർക്കുകൊടുത്തു (യെശ. 53:11; 54:17; 61:10). മനുഷ്യന് ദൈവം തന്റെ സ്വന്തം നീതി നല്കുന്നു എന്നും പഠിപ്പിക്കുന്നവരുണ്ട് (യെശ. 45:25; യിര. 23:6; 33:16).

2. ദൈവത്തിന്റെ നീതി ദൈവജനത്തിന്റെ പേരിൽ കണക്കിട്ടു എന്ന് പഠിപ്പിക്കുന്ന പുതിയനിയമഭാഗങ്ങൾ.

ദൈവത്തിന്റെ നീതി എന്ന പദം രണ്ടു നിലയിൽ നമുക്ക് മനസ്സിലാക്കാം. ഒന്ന്, ദൈവത്തിന്റെ നീതി, മറ്റൊന്ന് മനുഷ്യനിലേക്ക് വന്ന ദൈവത്തിന്റെ നീതി. റോമാലേഖനത്തിൽ *ദൈവത്തിന്റെ നീതി* എന്നത് വിശ്വാസിയുടെ മേൽ ചുമത്തപ്പെട്ട നീതി എന്ന് പഠിപ്പിക്കുന്നു (റോമ. 1: 17; 3:21–22; 10:3–4). വ്യക്തമായിപ്പറഞ്ഞാൽ വിശ്വാസിയുടെ ദൈവമുമ്പാകെയുള്ള നിയമപരമായ നിലപാടിന്റെ അടിസ്ഥാനത്തിൽ അവന്റെ പേരിൽ ചേർക്കുന്ന ക്രിസ്തുവിന്റെ നീതി (**അവനിൽ** ഇരിക്കുന്നു റോമ. 5: 10; എഫെ. 1:7; 3:12; കൊലൊ. 2:10).

ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന **ഏകൻ നിമിത്തം** ഏറ്റവും അധികമായി ജീവനിൽ വാഴും. അങ്ങനെ ഏകലംഘനത്താൽ സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ **ഏകനീതിയാൽ** സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു. ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ **ഏകന്റെ അനുസരണത്താൽ** അനേകർ നീതീമാന്മാരായിത്തീർന്നു (റോമ. 5:17–19).

നിങ്ങളോ അവനാൽ **ക്രിസ്തുയേശുവിൽ** ഇരിക്കുന്നു. അവൻ നമുക്ക് ദൈവത്തിങ്കൽ നിന്ന് ജ്ഞാനവും നീതിയും (നീതീകരണം) ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു (1 കൊരി. 1:30).

പാപം അറിയാത്തവനെ നാം **അവനിൽ ദൈവത്തിന്റെ നീതി**യാകേണ്ടതിന് നമുക്കു വേണ്ടി പാപം ആക്കി (2 കൊരി. 5:21).

E. ഉപസംഹാരം

നീതീകരണം സംബന്ധിച്ച് പുതിയ നിയമത്തിലുള്ള എല്ലാ പരാമർശങ്ങളും വകതിരിച്ച് പഠിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ പദം വളരെ വ്യക്തമായി നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവം ന്യായാധിപതി എന്ന നിലയിൽ പ്രഖ്യാപിക്കുന്ന നീതിയാണ്. മറിച്ച് ക്രമേണ നീതി പ്രാപിക്കുന്ന

പ്രക്രിയയല്ല. ക്രിസ്തുവിലുള്ള വിശ്വാസത്താൽ എല്ലാവരും നീതികരിക്കപ്പെട്ടുവെന്നും ഇപ്പോഴും നീതീകരിക്കപ്പെട്ട അവസ്ഥയിൽ തുടരുന്നു എന്നതും വ്യക്തമാണ്. ഭാവിയിൽ നടക്കുന്ന ന്യായവിധി ദിവസത്തിൽ വിശ്വാസിയുടെ നീതീകരണത്തെ ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്യും. മത്താ. 12:37-ൽ അതിന്റെ ഒരു പരാമർശം കാണുന്നു "നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും." എന്തായാലും, നീതീകരണം സംബന്ധിച്ച ഭാവിപ്രഖ്യാപനം പരിഹരിക്കപ്പെട്ട ഒരു പ്രശ്നത്തിന്റെ ഉറപ്പാണ്. വിശ്വാസികളുടെ നീതീകരണം സംഭവിച്ചുകഴിഞ്ഞു. ഒരുവന്റെ വിശ്വാസത്താലുള്ള നീതികരണത്തിന്റെ ഉറപ്പ് ഭാവിയിൽ പരിഹരിക്കപ്പെടേണ്ട ഒരു വിഷയമായിരിക്കുന്നില്ല. വിശ്വാസത്താലുള്ള നീതീകരണം രക്ഷയുടെ ഒരു അനന്തരഫലവും വിശ്വാസിക്ക് ഇന്ന് സ്വന്തമായി അവകാശപ്പെടുവാൻ കഴിയുന്നതുമാണ്.

V. സൽപ്രവൃത്തികൾ

A. യഥാർത്ഥ രക്ഷ സൽപ്രവൃത്തികളിലേക്ക് നയിക്കുന്നു

പുതിയ നിയമ എഴുത്തുകാരെല്ലാം യഥാർത്ഥ രക്ഷയിലേക്ക് നയിക്കുന്ന വിശ്വാസം സൽപ്രവൃത്തികൾക്ക് കാരണമാകുന്നു എന്ന ഉപദേശത്തോട് പൊരുത്തപ്പെടുന്നു. രക്ഷ എന്നത് വിശ്വാസവും സൽപ്രവൃത്തിയും കൂടെ ചേർന്നതല്ല, പിന്നെയോ, വിശ്വാസത്താൽ രക്ഷയും സൽപ്രവൃത്തിയും രൂപപ്പെടുന്നു. ജോൺ കാൽവിൻ പറയുന്നത്, "വിശ്വാസം മാത്രമാണ് രക്ഷിക്കുന്നത്, എന്നാൽ വിശ്വാസം രക്ഷിക്കുക മാത്രമല്ല ചെയ്യുന്നത്." രക്ഷയ്ക്ക് മുമ്പ് സൽപ്രവൃത്തികൾ ആവശ്യമില്ല. എന്നാൽ രക്ഷിക്കപ്പെട്ടവരെ സംബന്ധിച്ച് അത് ആവശ്യമാണ്.

> കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്: അതിനു നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിപ്പെട്ടവരാകുന്നു. നാം ചെയ്തുപോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (എഫെ. 2:8-10).
>
> എന്നാൽ ഒരുത്തൻ: "നിനക്കു വിശ്വാസമുണ്ട്; എനിക്ക് പ്രവൃത്തികൾ ഉണ്ട് എന്നു പറയുമായിരിക്കും. നിന്റെ വിശ്വാസം (ബുദ്ധിപരമായ വിശ്വാസം) പ്രവൃത്തികൾ കൂടാതെ കാണിച്ചുതരിക, ഞാനും എന്റെ വിശ്വാസം (ആശ്രയം) പ്രവൃത്തികളാൽ കാണിച്ചുതരാം" ... ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമായിരിക്കുന്നു (യാക്കോ. 2:18, 26).

B. യഥാർത്ഥമായ രക്ഷ തുടർച്ചയായുള്ള പാപ സ്വഭാവവുമായി പൊരുത്തപ്പെടുന്നില്ല

> അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ, ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ണക്കാർ, പിടിച്ചു പറിക്കാർ, എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊരി. 6:9-10).

"ദൈവരാജ്യം അവകാശമാക്കുക" എന്ന പദം മുഴുവൻ പ്രതിഫലങ്ങളും പ്രാപിക്കുന്നതിനെ കാണിക്കുന്നതായി ചിലർ പഠിപ്പിക്കുന്നു. ആ പദം തേജസ്ക്കരണത്തെ കാണിക്കുന്നു (1 കൊരി. 15:50).

> ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാക്കുന്നു. ഈ വക **പ്രവൃത്തിക്കുന്നവർ** ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു (ഗലാ. 5:19-21).
>
> ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധി, ദ്രവ്യാഗ്രഹി, ഇവർക്കു ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ (എഫെ. 5:5).
>
> കുഞ്ഞുങ്ങളെ, ആരും നിങ്ങളെ തെറ്റിക്കരുത്. അവൻ നീതിമാനായിരിക്കുന്നതുപോലെ നീതി ചെയ്യുന്നവൻ നീതിമാനാകുന്നു. പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു... ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല; അവന്റെ വിത്തു അവനിൽ വസിക്കുന്നു ദൈവത്തിൽ നിന്ന് ജനിച്ചതിനാൽ അവനു പാപം ചെയ്വാൻ കഴികയുമില്ല (1 യോഹ. 3:7, 8, 9).

C. നിത്യമായ സുരക്ഷിതത്വം, ഉന്മൂലനം ചെയ്യാൻ കഴിയാത്ത പാപം എന്നീ ഉപദേശങ്ങളുമായുള്ള പൊരുത്തം.

ഒരു വിശ്വാസി നിത്യമായി സുരക്ഷിതനായിരിക്കുമ്പോൾത്തന്നെ പാപം ചെയ്യുവാൻ കഴിയും എന്നുള്ള സത്യം തുടർന്ന് വിശദീകരിക്കുന്നു. ഇത് യാദൃശ്ചികമായി ചെയ്ത പാപത്തെക്കുറിച്ചല്ല, മറിച്ച് തുടർച്ചയായുള്ള

പാപപ്രകൃതിയെയാണ്. ഗലാ. 5:19-21 വരെ വാക്യങ്ങളിൽ പൗലോസ് ഓർമ്മിപ്പിക്കുന്നത്, പാപത്തിന്റെ ഏതെങ്കിലും ഒരു പ്രവൃത്തി (ദുർന്നടപ്പ്, അശുദ്ധി, പക, പിണക്കം, മദ്യപാനം) രക്ഷ നഷ്ടപ്പെടുവാൻ കാരണമാകുന്നില്ല എന്നോ, ആ വ്യക്തി രക്ഷിക്കപ്പെട്ടവനല്ല എന്ന് പറയുവാൻ കഴികയില്ല എന്നുമാണ്. തുടർച്ചയായ പാപ സ്വഭാവത്തെയാണ് പരാമർശിക്കുന്നത്. ഇതൊരു ജീവിത ശൈലിയാണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. യാതൊരു വിമുഖതയും കൂടാതെ ദുഷ്ടതയിൽ തുടരുന്ന ജീവിതശൈലിയുള്ളവർ രക്ഷിക്കപ്പെട്ടവരല്ല എന്നതിനെ സൂചിപ്പിക്കുന്നു. തുടർന്നുകൊണ്ടിരിക്കുന്ന പാപ പ്രകൃതി ഗലാ. 5:21 ൽ "ഈ വക പ്രവർത്തിക്കുന്നവർ" എന്ന പദംകൊണ്ട് സൂചിപ്പിക്കുന്നു. 1 യോഹ. 3:9 ൽ വർത്തമാനകാലത്തിൽ തുടർമാനസ്വഭാവത്തെ സൂചിപ്പിക്കുന്നു. ഒരു ക്രിസ്ത്യാനിക്ക് പാപം ചെയ്യുവാനുള്ള സാദ്ധ്യത ഉണ്ട്. എന്നാൽ പാപം തുടർച്ചയായി ചെയ്യുന്നത് രക്ഷയ്ക്ക് കാരണമായ വിശ്വാസം അവനിൽ ഒരിക്കലും ഇല്ല എന്നുള്ളതിന്റെ സൂചനയാണ്.

D. പ്രായോഗിക പരിഗണന

രക്ഷ സൽപ്രവൃത്തിക്കു കാരണമാകുന്നു എന്ന സത്യം പ്രായോഗികതലത്തിലാക്കുവാൻ ദൈവം തീർച്ചയായും ആഗ്രഹിക്കുന്നു. ആത്മാവിന്റെ നിത്യത നമ്മുടെ ലക്ഷ്യമായിരിക്കയാൽ പ്രായോഗികമേഖലയിൽ വലിയ സൂക്ഷ്മത ഈ വിഷയത്തിൽ ആവശ്യമാണ്.

1. പാപസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ മാത്രം രക്ഷ നിഷേധിക്കുന്നതിനുള്ള താക്കീത്.

രക്ഷ സൽപ്രവൃത്തിയിലേക്കു നയിക്കുന്നു എത്രമാത്രം? എപ്പോൾ? യഥാർത്ഥ രക്ഷയും പാപസ്വഭാവവും ഒന്നിച്ച് മുമ്പോട്ടു പോകുന്നില്ല. എന്താണ് പാപപ്രകൃതി? മാസത്തിലൊരിക്കലോ? ദിവസത്തിലൊരിക്കലോ? പാപസ്വഭാവത്തിന്റെ രൂപീകരണത്തെക്കുറിച്ച് നമ്മൾ അജ്ഞരാണ്. ഒരു വ്യക്തി അഞ്ചുവർഷം കർത്താവായ യേശുക്രിസ്തുവിനുവേണ്ടി ജീവിക്കുന്നു. പിന്നീട് മൂന്നുവർഷം പാപജീവിതത്തിലേക്ക് മാറിപ്പോയി. അങ്ങനെയെങ്കിൽ അദ്ദേഹം പാപത്തിൽ തുടരുന്നവനോ? ക്രിസ്ത്യാനികൾ പാപം ചെയ്യുവാൻ സാദ്ധ്യതയുണ്ടെന്ന് പുതിയ നിയമ ഉപദേശം പഠിപ്പിക്കുന്നു (റോമ. 6:12; ഗലാ. 5:17). എല്ലാ സത്യവും ദൈവം നമുക്ക് തന്നിട്ടുണ്ടെങ്കിലും ചില കാര്യങ്ങളിലുള്ള നമ്മുടെ അജ്ഞത നാം ഏറ്റു പറയേണ്ടതാണ്. ഒരു വ്യക്തി യേശുക്രിസ്തുവിന്റെ മരണം, അടക്കപ്പെടൽ, പുനരുത്ഥാനം എന്നിവ മനസ്സിലാക്കുന്നു. യേശു രക്ഷിതാവും ദൈവപുത്രനുമാണെന്ന് അംഗീകരിക്കുന്നു. പാപത്തിൽ നിന്നുള്ള രക്ഷയ്ക്കായി ആത്മാർത്ഥമായി വിശ്വസിക്കുന്നു എന്ന് ഏറ്റുപറയുന്നു. ഇങ്ങനെയുള്ള ഒരു വ്യക്തിക്ക് സൽപ്രവൃത്തിയെക്കുറിച്ചുള്ള അറിവിന്റെ അഭാവത്തിൽ രക്ഷ നിഷേധിക്കുവാൻ ഒരിക്കലും കഴിയുകയില്ല. മറ്റൊരു വ്യക്തിക്ക് ഒരു വ്യക്തിയുടെ ജീവിതത്തിലെ പാപപ്രകൃതിയുടെ കാരണം മനസ്സിലാക്കുവാൻ കഴികയില്ല. പൂർണ്ണതയില്ലാത്ത ഒരു ജീവിതത്തിന്റെ അടിസ്ഥാനത്തിൽ മാത്രം രക്ഷയ്ക്കുള്ള സാദ്ധ്യത പൂർണ്ണമായി തള്ളിക്കളയാനാവില്ല. 2 തിമൊ. 2:19-ൽ "ദൈവം തനിക്കുള്ളവരെ അറിയുന്നു" എന്ന് പഠിപ്പിക്കുന്നു.

2. പരീക്ഷിക്കപ്പെടുന്ന സംശയങ്ങൾ

ക്രിസ്തുവിനെ പ്രസംഗിക്കുകയും ക്രിസ്ത്യാനിയുടെ ജീവിതനിലവാരം ഇല്ലാത്തവരോടുമുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം? ഒരാളെ വിധിക്കുവാനുള്ള അവകാശം നമുക്കില്ലെങ്കിലും ഈ ജീവിതം സംശയം ജനിപ്പിക്കുന്നതാണ്. സംശയത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യണം. "നിങ്ങളുടെ തൊഴിൽ പരിഗണിച്ചല്ല നിങ്ങൾ രക്ഷിക്കപ്പെടുന്നത്." സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ രക്ഷ പ്രസംഗിക്കുന്ന നുണയന്മാരുണ്ട്. ഇവർ ദൈവമക്കളുടെ ഇടയിൽ നുഴഞ്ഞു കയറുവാൻ വേണ്ടി വിശ്വാസം പ്രസംഗിക്കുന്നകള്ളന്മാരാണ്. എന്നാൽ തങ്ങൾ രക്ഷിക്കപ്പെട്ടവരാണെന്ന് ആത്മാർത്ഥമായി ചിന്തിക്കുന്ന ചിലർക്ക് ബുദ്ധിപരമായും വൈകാരികവുമായുള്ള വിശ്വാസം മാത്രമേ ഉള്ളൂ. ഒരു വ്യക്തിയുടെ രക്ഷയെ നിഷേധിക്കുന്ന കടുംപിടുത്തവും രക്ഷയെക്കുറിച്ചുള്ള സംശയവും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. "എന്തെല്ലാം പ്രസംഗിച്ചാലും നീ രക്ഷിക്കപ്പെട്ടവനല്ല" എന്നു പറയുന്നതും "ജീവിതം കണ്ടാൽ രക്ഷിക്കപ്പെട്ടവനാണെന്ന് ഉറപ്പില്ല" എന്നു പറയുന്നതും തമ്മിൽ വ്യത്യാസം ഉണ്ട്. ഒരു വ്യക്തിയുടെ ജീവിതത്തെ വിലയിരുത്തിക്കൊണ്ട് നഷ്ടപ്പെട്ടവനാണെന്ന് ഉറപ്പിക്കുന്നത് അനുചിതം ആണ്. എന്നാൽ രക്ഷയെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടോ എന്നു മറ്റുള്ളവർക്ക് തോന്നുമാറ് പാപത്തിൽ ജീവിക്കുന്ന ഒരു വ്യക്തി വിശ്വാസം പ്രസംഗിക്കുമ്പോൾ സംശയങ്ങൾ വർദ്ധിച്ചുവരുന്നത് ന്യായമാണ്. പാപത്തിൽ ജീവിക്കുന്ന വ്യക്തിയുടെ രക്ഷയെക്കുറിച്ച് സംശയിക്കേണ്ടി വരുമ്പോൾ, ഇങ്ങനെയുള്ളവർ അധികാരസ്ഥാനത്ത് ആയിരിക്കുന്നതും രക്ഷിക്കപ്പെടാത്തവൻ വിശ്വാസം പ്രസംഗിക്കുന്നതും സഭാനേതൃത്വം നിരുത്സാഹപ്പെടുത്തേണ്ടതാണ്.

3. സ്വയപരിശോധന

രക്ഷയുടെ അനന്തരഫലമായി സൽപ്രവൃത്തികൾ രൂപപ്പെടുകയും പരസ്യപ്രഖ്യാപനം നടത്തുന്ന ക്രിസ്ത്യാനികൾക്ക് അതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരുടെ രക്ഷയെക്കുറിച്ച്, അന്തിമ വിധി കല്പിക്കാൻ കഴിയുമെന്നും ദൈവം ഒരിക്കലും പഠിപ്പിച്ചിട്ടില്ല. പാപത്തിൽ തുടരുന്ന വ്യക്തി രക്ഷിക്കപ്പെട്ടിട്ടില്ല എന്ന് ബൈബിൾ പ്രസ്താവിക്കുവാൻ കാരണം, രക്ഷിക്കപ്പെട്ട ഒരു വ്യക്തി

എപ്പോഴും തന്റെ ജീവിതത്തെ പരിശോധിക്കുന്നയാളായിരിക്കും. പാപത്തിന്റെ ശക്തമായ സ്വാധീനതയിൽ തുടങ്ങുന്ന വ്യക്തി മനസ്സിലാക്കേണ്ടത്, രക്ഷിക്കപ്പെട്ട വ്യക്തി ആത്മപരിശോധനമൂലം പാപത്തിൽ തുടരുന്നില്ല എന്നാണ്. ശരിയായ നിലയിൽ സുവിശേഷം മനസ്സിലാക്കിയിട്ടുണ്ടോ, ആത്മാർത്ഥമായി ക്രിസ്തുവിൽ ആശ്രയിക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. പാപത്തിൽ തുടരുന്ന മറ്റുള്ളവരെ വിധിക്കുന്നവരായിട്ടല്ല, ആത്മപരിശോധനയ്ക്കായി പ്രോത്സാഹിപ്പിക്കുന്നവരായിരിക്കണം (2 കൊരി. 13:5-ൽ പൗലോസ് ചെയ്തതുപോലെ).

> നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നെ ശോധന ചെയ്‌വിൻ... (2 കൊരി. 13:5).

4. ക്രിസ്തീയ വിശ്വാസം പ്രസംഗിക്കുന്നവർ പാപത്തിൽ ജീവിക്കുന്നതിനെതിരെ ശക്തമായ പ്രതികരണം

പാപത്തിൽ തുടരുന്നവരുടെ ശിക്ഷയെക്കുറിച്ച്, സംശയിക്കുന്നത് ന്യായമാണ്. അവരോടൊള്ള ശരിയായ പ്രതികരണം അവരെ സ്വയശോധനയ്ക്ക് പ്രേരിപ്പിക്കുകയും സുവിശേഷം അംഗീകരിക്കുകയും ചെയ്യുക എന്നുള്ളതാണ്. സുവിശേഷത്തിൽ മായം കലർത്തിക്കൊണ്ട് രക്ഷിക്കപ്പെടുന്നതിനു മുമ്പ് തന്നെ വിശുദ്ധജീവിതം നയിക്കുവാൻ ആവശ്യപ്പെടുന്ന ക്രിസ്ത്യാനികളോട് വളരെ കടുത്ത നിലയിൽ പ്രതികരിക്കേണ്ടതാണ്. ഇങ്ങനെ, വിശ്വാസം പ്രസംഗിക്കുന്നവർ പാപത്തിൽ തുടരുകയും, സമൂഹത്തിന്റെ മദ്ധ്യത്തിൽ നല്ല നിലവാരത്തിനുവേണ്ടി സുവിശേഷത്തോടു കൂടെ സൽപ്രവൃത്തികൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്നതിൽ യാതൊരു ന്യായീകരണവും ഇല്ല. വിശ്വാസത്താലുള്ള രക്ഷ മാത്രമാണ് പരിധികൂടാത്ത നിലവാരത്തിലേക്കും സമയപരിധി ഇല്ലാത്ത കാലയളവിലേക്കും സൽപ്രവൃത്തി പുറപ്പെടുവിക്കുന്നത്. നമ്മുടെ സമയപരിധിയും സംതൃപ്തിയും അനുസരിച്ച് സൽപ്രവൃത്തി വെളിപ്പെടുത്തുവാൻ തക്കവണ്ണം കൃപയുടെ സുവിശേഷം രൂപാന്തരപ്പെടുത്തി ദൈവത്തെ സഹായിക്കേണ്ട ആവശ്യം ഇല്ല. പാപം ചെയ്തുകൊണ്ട് പ്രസംഗം തുടരുന്ന ക്രിസ്ത്യാനികൾ **അതേ** സുവിശേഷം വീണ്ടും പരിശോധിക്കുവാൻ തുനിയുകയാണ് ചെയ്യേണ്ടത്. മറിച്ച് മറ്റൊരു സുവിശേഷം പ്രസംഗിക്കുകയല്ല (ഗലാ. 1:6-7).

VI. വിശുദ്ധീകരണം

വിശുദ്ധീകരണത്തിന് ഉപയോഗിച്ചിരിക്കുന്ന യഥാർത്ഥ പദം, വിശുദ്ധി, വിശുദ്ധൻ എന്നിവയാണ്.

A. വിശുദ്ധീകരണം പഴയനിയമത്തിൽ

ഇതിനോടു ബന്ധപ്പെട്ട് വിശുദ്ധി, വിശുദ്ധീകരണം എന്നീ വാക്കുകൾ പഴയനിയമത്തിൽ 830 പ്രാവശ്യം കാണുന്നു. (ആദ്യത്തെ 5 പുസ്തകങ്ങളിൽ [70] 350 പ്രാവശ്യം) ആരംഭത്തെക്കുറിച്ച് വ്യക്തതയില്ല. ചിലർ ഇതിനെ "മുറിക്കുക, പങ്കിടുക, വേർതിരിക്കുക" എന്ന് ആശയം നല്കുന്നു. പൂർണ്ണമായും ശരിയായിരിക്കണമെന്നില്ല. ഇതിന്റെ സാഹചര്യവും പ്രയോഗവും പരിഗണിക്കുമ്പോൾ ഇതിന്റെ അടിസ്ഥാന ആശയം "ദൈവത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടി വേർതിരിക്കുക" ആണെന്ന് വിശദീകരിക്കുന്നു. എബ്രായ വാക്ക് "കാഹ് ദോഷ്' എന്നാണ് (1 ശമു. 21:5; യെഹ. 22:26; 42:20; 44:23). 'കാഹ്-ദോഷ്' എന്നതിനുള്ള ഏറ്റവും നല്ല പദം 'തിരു'(sacred) എന്നതാണ്. ഇതു 'ലൗകികം'/'പൊതുവായ' എന്നതിനു വിപരീതമാണ്. ഇവിടെ സ്ഥാനത്തിനും ബന്ധത്തിനും ഊന്നൽ നല്കിയിരിക്കുന്നു. സദാചാര നിലവാരത്തിനല്ല, "ദൈവികമായ അവസ്ഥ" അല്ലെങ്കിൽ 'ദൈവിക ഉപയോഗത്തിനുവേണ്ടി വേർതിരിക്കപ്പെട്ടത്" എന്നീ ആശയങ്ങളിൽ കാണാം. പഴയനിയമത്തിൽ വിശുദ്ധവസ്തുക്കൾക്ക് ഉദാഹരണം, യിസ്രായേൽ സഭ,സ്വർഗ്ഗം, സീയോൻ, കത്തുന്ന മുൾപ്പടർപ്പ് , മോശെ നിന്ന സ്ഥലം, യരൂശേലം, സമാഗമനകൂടാരം, ദൈവാലയം, യാഗവസ്തുക്കൾ, പാത്രങ്ങൾ, എണ്ണ, അപ്പം, വിളക്കുതണ്ട്, ശബ്ബത്ത്, വിശുദ്ധ സഭായോഗം, യോവേൽ സംവത്സരം, വസ്ത്രം, അങ്കി യുദ്ധത്തിനുവേണ്ടി പ്രതിഷ്ഠിക്കുക എന്നിവയാണ്. അടിസ്ഥാന ആശയം "ദൈവിക ശുശ്രൂഷയ്ക്കുവേണ്ടി വേർതിരിക്കുക" എന്നാണ്. സദാചാരം/സാന്മാർഗ്ഗികം ഇതിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. എന്നാൽ ഉൾപ്പെടുത്താൻ കഴിയും. സാഹചര്യങ്ങളാണ് ഏതു വിഷയത്തിനാണ് ഊന്നൽ നല്കേണ്ടത് എന്ന് തീരുമാനിക്കുന്നത്. വിശുദ്ധി എന്നത് അശുദ്ധിയിൽ നിന്നുള്ള വേർപാടാണോ, അതോ ദൈവത്തിങ്കലേക്കുള്ള ഒരു സ്ഥാനീയ വേർപാടാണോ എന്ന് മനസ്സിലാക്കുന്നത് ആ നിലയിലാണ്. തീർച്ചയായും ദൈവം എവിടെയൊക്കെ നീതിമാനായിരിക്കണം എന്ന് പറഞ്ഞിട്ടുണ്ടോ അവിടെയൊക്കെ പാപത്തിൽ നിന്നുള്ള വേർപാടിന് ഊന്നൽ നല്കിയിട്ടുണ്ട് (ലേവ്യ. 19:2; 20:7, 8, 26; 21:6, 8, 15, 23; യെശ. 6:3-8; ഹബ. 1:12-13).

B. വിശുദ്ധീകരണം പുതിയനിയമത്തിൽ

1. സ്ഥിതി വിവരണക്കണക്ക്

വിശുദ്ധീകരിക്കുക എന്നതിന്റെ ഗ്രീക്ക് ക്രിയാപദം 'ഹാഗൈസോ'(hagaiza) പുതിയനിയമത്തിൽ 29 പ്രവശ്യം കാണുന്നു. അതിന്റെ നാമം (ഹഗിയോസ്) *വിശുദ്ധി, വിശുദ്ധൻ,* എന്നിവ ഏകദേശം 236 പ്രാവശ്യവും, പരിശുദ്ധാത്മാവ് 94 പ്രാവശ്യവും വിശ്വാസികൾ 61 പ്രാവശ്യവും വിശുദ്ധീകരണം 10 പ്രാവശ്യവും കാണു

[70] A.S. Wood, "Holiness" in The Zondervan Pictorial Encyclopedia of the Bible (Grand Rapids: Zondervan publishing House, 1976) 3: 174

ന്നു.

2. വേർതിരിക്കപ്പെട്ട പദവിക്ക് ഊന്നൽ നൽകുന്ന പ്രയോഗം

ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ട, സമർപ്പിക്കപ്പെട്ട, പ്രതിഷ്ഠിക്കപ്പെട്ട നിലയിലാണ് 'ഹാഗൈസോ' എന്ന പദം അർത്ഥമാക്കുന്നത്. അതായത് ദൈവത്തിനുവേണ്ടി ഉപയോഗിക്കപ്പെടുവാൻ വേർതിരിക്കപ്പെട്ടത് എന്ന് മനസ്സിലാക്കാം. സാന്മാർഗ്ഗികമായ ഉന്നതനിലവാരം എന്ന് വിവക്ഷിക്കുന്നില്ല. പഴയനിയമത്തിൽ ഇത് പ്രത്യേകമായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ജീവനില്ലാത്ത വസ്തുക്കളെ ബന്ധപ്പെടുത്തിപ്പറഞ്ഞിരിക്കുന്നു (ആലയം മത്താ. 23: 17, 19, ആഹാരം– 1 തിമൊ. 4:5, പാത്രങ്ങൾ–2 തിമൊ. 2: 21, വിശുദ്ധനഗരം – മത്താ. 4:5; 27:53; വെളി. 11:2; 21:2, 10; 22:19; വിശുദ്ധസ്ഥലം മത്താ. 24:15; അപ്പോ. പ്രവ. 6:13; 21:28 സ്ഥലം– അപ്പോ. പ്രവൃ. 7:33; 2 പത്രൊ. 1:18). ഈ വസ്തുക്കൾ സാന്മാർഗ്ഗികനിലയിൽ വിശുദ്ധമായിരുന്നില്ല. അതിന്റെ വിശുദ്ധി എന്നുള്ളത് ദൈവിക ശുശ്രൂഷയ്ക്ക് വേർതിരിക്കപ്പെട്ടത് എന്നുള്ള രീതിയിലാണ്. കൂടാതെ, ചിലപ്പോൾ വ്യക്തികളും വിശുദ്ധരാണ്/ അല്ലെങ്കിൽ വിശുദ്ധീകരിക്കപ്പെട്ടവരാണ് എന്ന് പറയാറുണ്ട്. എങ്കിലും, അവർ ആത്മീയമായി ഉന്നത നിലവാരമുള്ള വരല്ല എന്നത് വ്യക്തമാണ് (ഉദാ. കൊരി. 1:1–2; 6:11). രക്ഷിക്കപ്പെടാത്തവർ വിശ്വാസികളുമായുള്ള വിവാഹബന്ധത്തിൽ വിശുദ്ധീകരിക്കപ്പെട്ടു–1 കൊരി. 7:14. ഇങ്ങനെയുള്ളവരുടെ മക്കൾ 1 കൊരി. 7:14 എല്ലാ ആൺകുഞ്ഞുങ്ങളും ലൂക്കോ. 2:23). ദൈവം തന്നെക്കുറിച്ചു തന്നെ വിശുദ്ധിയോടുള്ള ബന്ധത്തിൽ പരാമർശിക്കുമ്പോൾ അവിടെ "സാന്മാർഗ്ഗിക വിശുദ്ധി" അല്ല, സ്ഥാനീയ വിശുദ്ധിയാണ് ഊന്നിപ്പറയുന്നത് എന്ന് മനസ്സിലാക്കാം. ദൈവത്തിന് സാന്മാർഗ്ഗിക വിശുദ്ധി കൂടുതലായി പ്രാപിക്കുവാൻ കഴിയുകയില്ല. ദൈവം എല്ലാ നിലയിലും പൂർണ്ണതയുള്ളവനായതുകൊണ്ട് സദാചാരപരമായി വളർച്ച പ്രാപിക്കുവാൻ കഴിയുകയുമില്ല. അതുകൊണ്ട് ക്രിസ്തു വിശുദ്ധീകരിക്കപ്പെടുന്നു എന്നു പ്രയോഗിച്ചിരിക്കുന്ന സ്ഥാനങ്ങളിൽ സാന്മാർഗ്ഗിക വിശുദ്ധിയെക്കുറിച്ച് പരാമർശിക്കുന്നു എന്ന് ചിന്തിക്കുവാൻ കഴികയില്ല. പുത്രൻ കൂടുതൽ ദോഷം പ്രവർത്തിക്കുന്നു എന്നർത്ഥമില്ല. ക്രിസ്തു കൂടുതലായി തന്റെ പദവിയിൽ ഉയർത്തെപ്പെട്ടു. ദൈവികപ്രവൃത്തിക്കുവേണ്ടി വേർതിരിക്കപ്പെട്ടു എന്ന് മനസ്സിലാക്കാം (യോഹ. 10:36; 17:19).[71] ഇങ്ങനെയുള്ള എല്ലാ പരാമർശങ്ങളും സാന്മാർഗ്ഗിക അനുഭവങ്ങളെക്കാൾ സ്ഥാനീയ പദവിക്കാണ് ഊന്നൽ നല്കുന്നത്. ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടത് എന്നുള്ള നിലയിൽ ചിലത് വിശുദ്ധമാണെന്ന് ഓർമ്മിപ്പിക്കുന്നു. ദൈവികമായ നിലയിൽ (ദൈവത്തിന്റെ വക) വിശുദ്ധനാകുവാൻ കഴിയും. മറിച്ച് പാപത്തിൽ നിന്നുള്ള സാന്മാർഗ്ഗികവും സദാചാരപരവുമായ വേർപാടിന് ഊന്നൽ നല്കുന്നില്ല.

3. പാപത്തിൽ നിന്നുള്ള സാന്മാർഗ്ഗിക വേർപാടിന് പ്രാധാന്യം നല്കുന്ന വാക്കുകൾ

സദാചാരപരമായ നീതിനിർവ്വഹണത്തെക്കാൾ ദൈവത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടി വേർതിരിക്കപ്പെടുന്ന അവസ്ഥയാണ് വിശുദ്ധീകരണം എന്നു നാം ചിന്തിക്കുന്നത്. ചില സാഹചര്യങ്ങളിൽ വിശുദ്ധീകരണം എന്നത് പാപത്തിൽ നിന്നുള്ള സദാചാര/സാന്മാർഗ്ഗിക വേർപാടിനെ സംബന്ധിക്കുന്നതാണ് എന്നുള്ള വസ്തുതയെ പൂർണ്ണമായി നിരസിക്കുകയല്ല ചെയ്യുന്നത് "വിശുദ്ധീകരിക്കുക" എന്നതിന് "വേർതിരിക്കുക" എന്നാണർത്ഥം. സാഹചര്യങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് 'വേർതിരിക്കുക' എന്ന പദം സ്ഥാനീയ വിശുദ്ധിക്കാണോ, സദാചാര വിശുദ്ധിക്കാണോ ഊന്നൽ നല്കുന്നത് എന്ന് ചൂണ്ടിക്കാണിക്കുന്നത്. പാപത്തിൽ നിന്നുള്ള വേർപാട് എന്ന പ്രാധാന്യമുള്ള ആശയം വിശുദ്ധീകരണത്തിന്റെ സിദ്ധാന്തത്തിൽ അടങ്ങിയിട്ടുണ്ട്. വാക്യം റോമ. 6:19, 22. ഇവിടെ വിശുദ്ധീകരണം എന്നത് അശുദ്ധി, നിയമലംഘനം എന്നീ വാക്കുകളുടെ എതിർപദമാണ്. 1 തെസ്സ. 4:3, 7 ഈ വാക്യങ്ങളിൽ വിശുദ്ധീകരണം എന്നത് അസാന്മാർഗ്ഗികതയിൽ നിന്ന് ഒഴിഞ്ഞുനില്ക്കുകയാണെന്നും നിർമ്മലത, ബഹുമാന്യത, എന്നിവയുമായി ബന്ധപ്പെട്ടതാണെന്നും ഓർപ്പിക്കുന്നു. മർക്കോ. 6:20; അപ്പോ. പ്രവൃ. 3:14. ഇവിടെ വിശുദ്ധി എന്നത് നീതി /പരിശുദ്ധി എന്നതിന് തുല്യമാണെന്ന് മനസ്സിലാക്കാം. 1 പത്രൊ. 1:14–16 വിശുദ്ധി എന്നത് മോഹം, അജ്ഞാനം എന്നതിന് എതിരാണ്. എഫെ. 1:4; 5:27 കുറ്റമില്ലായ്മയുമായി ബന്ധപ്പെട്ടത് വിശുദ്ധീകരണം എന്നത്രെ. ലളിതമായിപ്പറഞ്ഞാൽ ദൈവികശുശ്രൂഷയ്ക്കുവേണ്ടി വേർതിരിക്കപ്പെടുന്ന അവസ്ഥയാണ്. കൂടാതെ പാപത്തിൽ നിന്നുള്ള പ്രായോഗിക വേർപാടിനെയും സൂചിപ്പിക്കുന്നു. ഒരു പരിധിവരെ ഈ രണ്ട് ആശയങ്ങളും ഉൾപ്പെടുന്നു. എന്നാൽ സന്ദർഭം അനുസരിച്ച് ഇതിന്റെ പ്രാധാന്യത ഒരു ആശയത്തിൽ നിന്ന് മറ്റൊരു ആശയത്തിലേക്ക് മാറും. വിശുദ്ധീകരണം സംബന്ധിച്ച് വ്യത്യസ്ത നിലയിലുള്ള പ്രാധാന്യത മനസ്സിൽവച്ചുകൊണ്ട് ഒരു വിശ്വാസിക്ക് മൂന്നു കാലങ്ങളിലുള്ള വിശുദ്ധീകരണം ഉണ്ടെന്ന് മനസ്സിലാക്കുവാൻ ഇടയാകണം.

4. വിശുദ്ധീകരണത്തിന്റെ ഭൂതകാലവശം

എല്ലാ വിശ്വാസികളും വിശുദ്ധീകരിക്കപ്പെട്ടവരാണ്.

[71] മത്താ. 6:9; ലൂക്കോ. 11:2;1 പത്രൊ. 3:15 ഇവിടെ ദൈവം കൂടുതൽ വിശുദ്ധനാകുന്നു എന്ന് പരാമർശിക്കുന്നില്ല. അവൻ നിത്യതയിൽത്തന്നെ പാപമില്ലാത്തവനാണ്. ദൈവം നമ്മിൽ നിന്നു വേർതിരിക്കപ്പെട്ട് ഉന്നത പദവിയിലേക്കും ഉയർത്തപ്പെട്ടു എന്നു ചിന്തിക്കാം.

എല്ലാ വിശ്വാസികളും കർത്താവിന്റെ ശുശ്രൂഷയ്ക്കു വേണ്ടി സ്ഥാനീയമായി വേർതിരിക്കപ്പെട്ടവരാണ്. വിശുദ്ധീകരണത്തിന്റെ ഭൂതകാല അനുഭവം വിശദീകരിക്കുന്ന ചില വാക്യങ്ങൾ അപ്പോ. പ്രവൃ. 20:32; 26:18; റോമ. 15:16

> കൊരിന്തിലുള്ള ദൈവസഭയ്ക്കു ക്രിസ്തുയേശുവിൽ **വിശുദ്ധീകരിക്കപ്പെട്ടവരും** അവിടെയും ഇവിടെയും എവിടെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരുമായവർക്കു തന്നേ, എഴുതുന്നത് (1 കൊരി. 1:2).
>
> നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും **ശുദ്ധീകരണവും** വീണ്ടെടുപ്പുമായിത്തീർന്നു (1 കൊരി. 1:30).
>
> എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും നിങ്ങളെത്തന്നെ കഴുകി **ശുദ്ധീകരണവും** നീതീകരണവും പ്രാപിച്ചിരിക്കുന്നു (1 കൊരി. 6:11).
>
> ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീര യാഗത്താൽ **വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു** (എബ്രാ. 10:10).

വിശുദ്ധീകരിക്കുക, വിശുദ്ധീകരണം എന്നീ പ്രയോഗങ്ങൾക്കു പുറമെ, എല്ലാ വിശ്വാസികളും വിശുദ്ധന്മാരാണെന്നും ഓർമ്മിപ്പിക്കുന്നു. അവരുടെ പദവിയെ സംബന്ധിച്ച് ഇത് സത്യമാണ്. പ്രായോഗികവിശുദ്ധിയിൽ ചിലകുറവുകളുണ്ടെങ്കിലും (ഉദാ. കൊരിന്ത്യ സഭ (റോമ. 1:7; 1 കൊരി. 1:2; 2 കൊരി. 1:1; എഫെ. 1:1; ഫിലി. 1:1; കൊലൊ. 1:12–13; 2 തിമൊ. 1:9; എബ്രാ. 3:1; 1 പത്രൊ. 2:5, 9)

> **വിശുദ്ധന്മാർക്ക്** വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെയ്ക്കുകയും ചെയ്ത പിതാവിന് സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകണം എന്നും പ്രാർത്ഥിക്കുന്നു (കൊലൊ. 1:12–13).
>
> നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാൻ തക്ക **വിശുദ്ധ** പുരോഹിതവർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു. നിങ്ങളോ അന്ധകാരത്തിൽനിന്നു അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാൻതക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും **വിശുദ്ധ**വംശവും സ്വന്തജനവും ആകുന്നു (1 പത്രൊ. 2:5,10)

വിശുദ്ധന്മാർക്ക് ഉചിതമായ വിശുദ്ധി (എഫെ. 5:3) എല്ലാ വിശ്വാസികൾക്കും ഉന്നത നിലവാരത്തിൽ അവകാശപ്പെടുവാൻ കഴികയില്ല എങ്കിലും എല്ലാവരും വിശുദ്ധീകരിക്കപ്പെട്ടവരാണ്. ദൈവത്തിന്റെ ഉപയോഗത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവരാണെന്ന് വിശുദ്ധീകരണം എന്ന വാക്കിന്റെ ഭൂതകാലം ഊന്നൽ നല്കുന്നു. പാപത്തിൽ നിന്നുള്ള വേർപാടിനെ സംബന്ധിച്ചുള്ള ചില പ്രയോഗങ്ങൾ വിശ്വാസികളുടെ നീതീകരണത്തിന്റെ ഭൂതകാലാവസ്ഥയെ കാണിക്കുന്നു. ഓരോ വിശ്വാസിയും പാപത്തിന്റെ ശിക്ഷയിൽ നിന്ന് വിടുതൽ പ്രാപിച്ചവരാണ്. ഓരോ യഥാർത്ഥ വിശ്വാസിയും പാപത്തിൽ നിന്നുള്ള പ്രായോഗിക വേർപാട് അനുഭവിക്കുന്നവരാണ്. ഏതായാലും വിശുദ്ധീകരണത്തെ സംബന്ധിച്ച് ഭൂതകാല പ്രാധാന്യം, ദൈവത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടി സ്ഥാനീയ വേർപാടിലേക്ക് നയിക്കപ്പെട്ടു എന്ന് ഉറപ്പാക്കുന്നു. എല്ലാ വിശ്വാസിയും സാന്മാർഗ്ഗിക നിലവാരം പരിഗണിക്കപ്പെടാതെ സ്ഥാനീയ വിശുദ്ധീകരണത്തിന്റെ അവകാശികളായിത്തീർന്നിരിക്കുന്നു. ഇത് രക്ഷിക്കപ്പെട്ട സമയത്ത് രക്ഷയുടെ ഒരു ഫലമായി സംഭവിച്ചു എന്ന് മനസ്സിലാക്കാം.

5. വിശുദ്ധീകരണത്തെ സംബന്ധിച്ച വർത്തമാനകാല വശം

രക്ഷയെ സംബന്ധിച്ച് ഒരു വർത്തമാനകാല ഉപദേശം ഉള്ളതുപോലെതന്നെ വിശുദ്ധീകരണം സംബന്ധിച്ചും ഒരു വർത്തമാനകാലവശം ഉണ്ട്. എന്നാൽ വിശ്വാസികൾ വർത്തമാനകാലത്തിൽ ക്രമാനുഗതമായി വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികൾ സാന്മാർഗ്ഗിക/ സദാചാരമേഖലകളിൽ വളർച്ച പ്രാപിക്കുകയും പാപത്തിൽ നിന്നുള്ള വേർപാട് പ്രായോഗികമാക്കുകയും ദൈവത്തിന്റെ ശുശ്രൂഷയിൽ അഗാധമായ സമർപ്പണം ഉണ്ടാകേണ്ടവരുമാണ്. പുതിയനിയമത്തിൽ ഇതിന്റെ വളർച്ചയെ/ പുരോഗതിയെ സൂചിപ്പിക്കുന്ന പല വാക്യങ്ങളും കാണാം. പുതിയ മനുഷ്യനെ ധരിക്കുക കൊലൊ. 3; എഫെ. 4, ആത്മാവിന്റെ ഫലം– ഗലാ. 5. കൃപയിലും പരിജ്ഞാനത്തിലും വളരുക–2 പത്രൊ. 3; ജീവിത ഓട്ടം സ്ഥിരതയോടെ ഓടുക–ഫിലി. 3; ക്രിസ്തുവിനോട് അനുരൂപരാകുക–2 കൊരി. 3; മനസ്സിന്റെ രൂപാന്തരം റോമ. 12.

വിശുദ്ധീകരണത്തിന്റെ വർത്തമാനകാല സന്ദർഭം പാപത്തിൽ നിന്നുള്ള വേർപാടിനും, കർത്താവിന്റെ

ശുശ്രൂഷയ്ക്കുവേണ്ടിയുള്ള വേർപാടിനും[72] പ്രാധാന്യം നല്കുന്നു. ഓരോ ക്രിസ്ത്യാനിയും വർത്തമാനകാല വിശുദ്ധീകരണത്തെ പ്രോത്സാഹിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നവരാണ്.

> "സത്യത്താൽ അവരെ **വിശുദ്ധീകരിക്കേണമേ;** നിന്റെ വചനം സത്യം ആകുന്നു" (യോഹ. 17:17).
>
> നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷരീതിയിൽ പറയുന്നു. നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിനായി അശുദ്ധിക്കും അധർമ്മത്തിനും അടിമകളാക്കി സമർപ്പിച്ചതു പോലെ ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ **വിശുദ്ധീകരണത്തിന്നായി** നീതിക്കു അടിമകളാക്കി സമർപ്പിപ്പിൻ (റോമ. 6:19).
>
> പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ **വെടിപ്പാക്കി** ദൈവഭയത്തിൽ **വിശുദ്ധിയെ തികച്ചുകൊൾക** (2 കൊരി. 7:1).
>
> അവൻ അവളെ വചനത്തോടുകൂടിയ **ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും** കറ, ചുളുക്കം, മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു (എഫെ. 5:26-27).[73]
>
> ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ... ദൈവം നമ്മെ അശുദ്ധിക്കല്ല, **വിശുദ്ധീകരണത്തിന്നത്രേ** വിളിച്ചത് (1 തെസ്സ. 4:3, 7).
>
> ഇവയെ വിട്ടകന്നു തന്നെത്താൻ **വെടിപ്പാക്കുന്നവൻ വിശുദ്ധവും** ഉടമസ്ഥന് ഉപയോഗവുമായി നല്ല വേലെയ്ക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും (2 തിമൊ. 2:21).
>
> പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരമുള്ള മക്കളായി എല്ലാ നടപ്പിലും **വിശുദ്ധരാകുവിൻ**.
>
> "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നു എഴുതിയിരിക്കുന്നവല്ലോ (1 പത്രൊ. 1:14-16).
>
> എല്ലാവരോടും സമാധാനം ആചരിച്ച് **ശുദ്ധീകരണം** പ്രാപിപ്പാൻ ഉത്സാഹിപ്പിൻ (എബ്രാ. 12:14).

6. വിശുദ്ധീകരണത്തെ സംബന്ധിച്ച ഭാവികാല വശം

വിശുദ്ധീകരണത്തെ സംബന്ധിച്ച് ഒരു ഭാവികാല ഉപദേശം ഉണ്ട്. ഭാവികാലത്ത്, വിശ്വാസികൾ പൂർണ്ണമായി പാപത്തിൽ നിന്ന് വേർപെടുകയും ദൈവത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടി സമർപ്പിക്കപ്പെടുകയും ചെയ്യും. നാം ദൈവത്തെ കാണുമ്പോൾ (ഭാവിയിൽ) പൂർണ്ണമായി ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെടുകയും നാം പാപമില്ലാത്തവരായി ദൈവത്തോടു സദൃശന്മാർ ആകുകയും ചെയ്യും (1 യോഹ. 3:2).

> നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ **വിശുദ്ധീകരണത്തിൽ** അനിന്ദ്യരായി വെളിപ്പെടുവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ (1 തെസ്സ. 3:13).
>
> സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ **മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ:** നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ (1 തെസ്സ. 5:23).

7. വിശുദ്ധീകരിക്കുന്നവൻ

ബൈബിളിൽ ചില ഭാഗത്ത് പിതാവിനെ വിശുദ്ധീകരിക്കുന്നയാളായി കാണിക്കുന്നു. യോഹ. 17:17; 1 തെസ്സ. 5:23; യൂദാ 24, 25. മറ്റു ഭാഗങ്ങളിൽ പുത്രൻ വിശുദ്ധീകരിക്കുന്നു 1 കൊരി. 1:2; എഫെ. 5:26-27; എബ്രാ. 2:11. മറ്റു ചില ഭാഷകളിൽ പരിശുദ്ധാത്മാവ് വിശുദ്ധീകരിക്കുന്നതായി കാണിക്കുന്നു. റോമ. 15:16; 2 തെസ്സ. 2:13; 1 പത്രൊ. 1:2 (അവസാനത്തെ 2 ഭാഗങ്ങളും, സുവിശേഷത്തോടുള്ള ബന്ധത്തിൽ കുരുടാക്കപ്പെട്ട കണ്ണുകൾ തുറക്കേണ്ടതിനായി പരിശുദ്ധാത്മാവ് വേർതിരിക്കുന്നതിനെ സൂചിപ്പിക്കുന്നു).

8. വിശുദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങൾ

ദൈവവചനത്തിലെ ഉപദേശവിഷയങ്ങൾ വികലവും അർത്ഥശൂന്യവും ആകാതിരിക്കുവാൻ നാം വളരെ ശ്രദ്ധിക്കേണ്ടതാണ്. വിശുദ്ധീകരണം എന്ന വാക്കിൽ വിശ്വാസി എങ്ങനെ വിശുദ്ധീകരിക്കപ്പെടുന്നു എന്നതിന്റെ വിശദീകരണം ആവശ്യമാണ്. ഭൂതകാല അർത്ഥത്തിൽ ഈ ലോകത്തിൽ നിന്ന് ദൈവത്തിനു വേണ്ടി

[72] എഫെ. 4:12 ഉം 5:3 ഉം കാണുക. വിശുദ്ധന്മാർ കൂടുതലായി വിശുദ്ധീകരിക്കപ്പെടേണ്ടവരാണ്. 1 തെസ്സ. 3:13 ഉം 5:23 ഉം വിശുദ്ധിയുടെ ഉന്നത അനുഭവ(ഭാവിയിൽ) വും പൂർണ്ണ വിശുദ്ധീകരണവും പരാമർശിക്കുന്നു. ഈ പ്രക്രിയ വർത്തമാനകാലത്തിലും തുടരുന്നു.

[73] എഫെ. 5:26-27 വരെ സ്ഥാനീയ വിശുദ്ധീകരണമായും മനസ്സിലാക്കാം. വിശുദ്ധീകരണത്തിന്റെ എല്ലാ വശവും ഉൾപ്പെട്ടിരിക്കാം.

വേർതിരിക്കപ്പെടുന്നത് യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തം മുഖാന്തിരമാണ് (എബ്രാ. 9:13–14; 10:10,14). ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും ക്രിസ്തുവിന്റെ **ശരീരത്താലും രക്തത്താലും** വിശുദ്ധീകരിക്കപ്പെടുന്നു. വർത്തമാനകാല പരാമർശത്തിൽ വിശുദ്ധീകരണത്തിനുള്ള മാർഗ്ഗം **ദൈവവചനമാണ്.** ഇത് യോഹ. 17:17 ലും അപ്പോ. പ്രവൃ. 20:32 ലും വ്യക്തമാക്കിയിരിക്കുന്നു.

> "സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമല്ലോ" (യോഹ. 17:17).
>
> നിങ്ങൾക്കു ആത്മിക വർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടുംകൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു (അപ്പോ. പ്രവൃ. 20: 32).

ഗലാ. 5:1 –ൽ, പരിശുദ്ധാത്മാവ് വിശ്വാസിയുടെ ജീവിതത്തിൽ വിശുദ്ധി ഉളവാക്കുന്നു എന്ന് വ്യക്തമാക്കുന്നു. എന്തായാലും രണ്ടു വിധത്തിലുള്ള വിശുദ്ധീകരണം ഇല്ല. ഒന്ന് പരിശുദ്ധാത്മാവിനാലും മറ്റൊന്ന് ദൈവവചനത്താലും. ദൈവവചനം ആത്മാവിന്റെ വാളാണ് (എഫെ. 6:17). അതുകൊണ്ട് വചനംകേട്ട് അതു ചെയ്യുന്ന വിശ്വാസിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് ദൈവവചനം ഉപയോഗിച്ച് വിശുദ്ധീകരണം ഉളവാക്കുന്നു (യാക്കോ. 1:22). പരിശുദ്ധാത്മാവിന്റെ പ്രവൃത്തി എഴുതപ്പെട്ട ദൈവവചനത്തിൽ നിന്ന് മാറ്റി നിർത്താവുന്നതല്ല. വർത്തമാനകാല വിശുദ്ധീകരണത്തിന്റെ മാധ്യമം ദൈവത്തിന്റെ വചനമാണ്.

VII. നിത്യമായ ഭദ്രത

രക്ഷാതത്വശാസ്ത്ര ഉപദേശങ്ങളെല്ലാം തന്നെ വിശ്വാസിയുടെ രക്ഷ നിത്യമായി ഭദ്രമാണെന്ന് ഉറപ്പിക്കുന്നു. അതുകൊണ്ട് കൂടുതൽ അടിസ്ഥാനോപദേശങ്ങൾ പഠിക്കുമ്പോൾ നിത്യമായ ഭദ്രത യുക്തിസഹമാണെന്ന് ബോദ്ധ്യപ്പെടുന്നു. നിത്യഭദ്രത നിഷേധിക്കുമ്പോഴുണ്ടാകുന്ന പൊരുത്തക്കേടുകൾ മനസ്സിലാക്കിയാൽ തന്നെ അനേക തെളിവുകൾ നിരത്തുവാൻ കഴിയും. അങ്ങനെയുള്ള ഒൻപത് പ്രസ്താവനകൾ താഴെ കൊടുക്കുന്നു.

A. നിത്യമായ ഭദ്രതയ്ക്കുള്ള തെളിവുകൾ

1. നിഷേധാർത്ഥ രൂപത്തിൽ

a. ഒരു വിശ്വാസിയുടെ രക്ഷ നഷ്ടപ്പെടുമെങ്കിൽ ക്രിസ്തുവിന് തന്റെ നീതി നഷ്ടപ്പെടണം.

വിശ്വാസത്താലുള്ള നീതീകരണം ശരിയായി മനസ്സിലാക്കിയാൽ വിശ്വാസിയുടെ നിത്യമായ ഭദ്രതയെ പിന്താങ്ങുന്നു. ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ നമ്മുടെ പാപം അവന്റെ പേരിൽ കണക്കിട്ടു. ഒരു വ്യക്തി ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ക്രിസ്തുവിന്റെ നീതി വിശ്വാസിയുടെ പേരിൽ കണക്കിടുന്നു. ദൈവം അവന്റെ സ്ഥാനം "ക്രിസ്തുവിൽ" ആയി കാണുകയും ക്രിസ്തുവിന്റെ നീതിയാൽ അവൻ മൂടപ്പെടുകയും ചെയ്യുന്നു. ഈ നിലയിൽ വിശ്വാസി നിയമപരമായി നീതിമാനാണെന്ന് വിധിക്കപ്പെടുന്നു. വിശ്വാസിയുടെ അംഗീകാരത്തിനും ദൈവത്തോടുകൂടെ നില്ക്കുന്നതിനും അടിസ്ഥാനം ക്രിസ്തുവിന്റെ നീതി മാത്രമാണ് (മാനുഷിക നീതിയോ യോഗ്യതയോ അല്ല). സ്വയ നീതി ഒരിക്കലും മനുഷ്യനെ രക്ഷയിലേക്ക് നയിക്കുകയോ, രക്ഷയിൽ തുടരുവാനോ കാരണമാകുന്നില്ല. ക്രിസ്തുവിന്റെ നീതിയാണ് രക്ഷ നല്കുന്നത്. വിശ്വാസിയുടെ ഭദ്രതയുടെ ശരിയായ വിഷയം നിലനില്ക്കുന്ന മാനുഷിക നീതിയല്ല, പിന്നെയോ, ക്രിസ്തുവിന്റെ നീതിയുടെ നിത്യമായ സ്വഭാവമാണ്.

ക്രിസ്തുവിന് തന്റെ നീതി നഷ്ടപ്പെടാത്തിടത്തോളം കാലം (ഒരിക്കലും നഷ്ടപ്പെടാൻ കഴികയില്ല) ഒരു വിശ്വാസിയുടെ നീതിയും ദൈവമുമ്പാകെയുള്ള അവന്റെ നീതിപരമായ നിലനില്പും നഷ്ടപ്പെടുന്നില്ല. അവന്റെ നീതി നിത്യമാണ്. നമ്മുടെ മാനുഷിക സ്വയനീതി കറപുരണ്ട തുണിപോലെയാണ്. ദാനമായി ലഭിക്കുന്ന രക്ഷയിൽ ഒരു പങ്കും വഹിക്കുന്നില്ല (യെശ. 64:6). വിശ്വസിക്കുന്ന ഒരു വ്യക്തിയെ നീതികരിക്കുന്നത് ക്രിസ്തുവിന്റെ നീതി മാത്രമാണ് (റോമ. 4:5). നമ്മുടെ നീതികരണം സംബന്ധിച്ച് ദൈവം നമ്മുടെ നീതിയോ, അതിലുള്ള കുറവോ പരിഗണിക്കുന്നില്ല. പിന്നെയോ, ദൈവം ക്രിസ്തുവിന്റെ വിശുദ്ധമായ സമ്പൂർണ്ണനീതി വിശ്വാസിയുടെ മേൽ കണക്കിട്ടു (റോമ. 5:17–19; 1 കൊരി. 1:30; 2 കൊരി. 5:21; എഫെ. 1:6–7; കൊലൊ. 2:10). ഒരു വിശ്വാസിയുടെ രക്ഷ നഷ്ടപ്പെടുകയും അവൻ നീതികരിക്കപ്പെട്ടവനല്ലാതായിത്തീരുകയും ചെയ്യുന്നുവെങ്കിൽ, അത് ക്രിസ്തുവിന് തന്റെ നീതി നഷ്ടപ്പെട്ടു എന്നു വിശ്വസിക്കുന്നതിന് തുല്യമാണ്. എന്തുകൊണ്ടെന്നാൽ, ഒരു വ്യക്തി നീതികരിക്കപ്പെട്ടവനല്ലതായിത്തീരണമെങ്കിൽ ക്രിസ്തുവിന്റെ നീതി ആദ്യമേ നഷ്ടപ്പെടണം. ക്രിസ്തുവിന് തന്റെ നീതി നഷ്ടപ്പെടാത്തിടത്തോളം വിശ്വാസിക്കും തന്റെ നീതീകരണം നഷ്ടപ്പെടുന്നില്ല. ഇങ്ങനെയുള്ള ആശയങ്ങൾ നിർദ്ദേശിക്കുന്നതുപോലും വിഡ്ഢിത്തമാണ്. ക്രിസ്തുവിന്റെ മരണം നമുക്ക് രക്ഷ നല്കുന്നു. എന്നാൽ തന്റെ ജീവിതം നമ്മുടെ രക്ഷാപദ്ധതിയിൽ വലിയൊരു പങ്കു വഹിക്കുന്നു. റോമ. 5: 10–ൽ പറയുന്നത് തന്റെ മരണം ഒരു വ്യക്തിയെ രക്ഷിക്കുന്നതുപോലെ അവന്റെ ജീവനും രക്ഷിക്കുന്നു. നാം ശത്രുക്കളായിരുന്നപ്പോൾ തന്നെ ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം നമ്മെ ദൈവത്തോടു നിരപ്പിച്ചു എങ്കിൽ ക്രിസ്തുവിന്റെ വിശുദ്ധിയുള്ള പൂർണ്ണതയുള്ള പാപമില്ലാത്ത ജീവിതത്തിന്റെ നീതി കണക്കിടപ്പെട്ടിരിക്കുന്ന ഒരു വിശ്വാസിയുടെ പദവി എത്ര സുരക്ഷിതമായിരിക്കും. പൗലോസ് ആത്മവിശ്വാസത്തോടെ പ്രസ്താവിക്കുന്നു

അവന്റെ ജീവനാൽ നാം എത്ര അധികമായി രക്ഷിക്കപ്പെടും? ക്രിസ്തുവിന്റെ വിശുദ്ധമായ, സമ്പൂർണ്ണമായ, പാപമില്ലാത്ത നീതിയുള്ള ജീവന്റെ യോഗ്യത വിശ്വസിക്കുന്നവനിൽ കണക്കിടുന്നു. അവന്റെ നീതിയുള്ള ജീവന് ഒരിക്കലും നീതി നഷ്ടപ്പെടുന്നില്ല. അങ്ങനെ, വിശ്വാസികളോടുള്ള ബന്ധത്തിൽ ഭാവിയിലുള്ള അനന്തരഫലം എന്നത് "നാം രക്ഷിക്കപ്പെടും" എന്നാണ്. രക്ഷയുടെ ഭാവിയെക്കുറിച്ച് ഒരു വിശ്വാസിയും വ്യാകുലപ്പെടേണ്ടതില്ല. അത് തീർച്ചയായും സുരക്ഷിതമാണ്.

> ശത്രുക്കളായിരിക്കുമ്പോൾത്തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നുവെങ്കിൽ നിരന്നശേഷം നാം **അവന്റെ ജീവനാൽ** എത്ര അധികമായി രക്ഷിക്കപ്പെടും (റോമ. 5:10).
>
> പാപം അറിയാത്തവനെ നാം **അവനിൽ** ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി (2 കൊരി. 5:21).

b. **ഒരുക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടാമെങ്കിൽ, ദൈവം സർവ്വശക്തനല്ല, മുൻനിയമനം സംബന്ധിച്ച് ബൈബിൾ തെറ്റാണ്.**

തിരഞ്ഞെടുപ്പ് എന്നുള്ളത് വ്യവസ്ഥകൾക്ക് വിധേയപ്പെട്ടതെന്നോ, (വിശ്വസിക്കുവാൻ കഴിയുമെന്ന ദൈവത്തിന്റെ മുന്നറിവിനെ അടിസ്ഥാനപ്പെടുത്തി) അല്ലെന്നോ ഒരു വ്യക്തി മനസ്സിലാക്കിയാലും, ഒരു വ്യക്തിയുടെ വീണ്ടും ജനനത്തിന് വളരെ മുമ്പുതന്നെ **നിത്യതയിലുള്ള ഭാവി മഹത്വത്തിനു ദൈവത്തിന്റെ മുൻനിയമന പദ്ധതി** ഒരുക്കിയിരിക്കുന്നുവെന്നു നാം അംഗീകരിക്കേണ്ടതാണ്.

> അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിനു അവന്റെ **സ്വരൂപത്തോടു അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു.** മുൻനിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതികരിച്ചും നീതീകരിച്ചവരെ **തേജസ്ക്കരിച്ചുമിരിക്കുന്നു** (റോമ. 8:29-30).

നീതീകരിക്കപ്പെട്ടവരെല്ലാം (എല്ലാ വിശ്വാസികളും) തേജസ്ക്കരണത്തെ സംബന്ധിച്ച് ഉറപ്പുള്ളവരാണ്. കാരണം, തേജസ്ക്കരണം **ഭൂതകാലത്തിൽ** പരാമർശിച്ചിരിക്കുന്നു. വിശ്വാസി (നീതികരിക്കപ്പെട്ടവന്റെ) ദൈവികവിധിയുടെ അടിസ്ഥാനത്തിൽ തേജസ്സിനായി മുൻനിയമിക്കപ്പെട്ടവനാണ്. മുൻനിയമനത്തിന്റെ ലക്ഷ്യം ദൈവപുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുവാനാണ്. ഇത് സ്വർഗ്ഗാരോഹണ സമയത്താണ് നടക്കുന്നത്. മുൻനിയമിക്കപ്പെട്ടവരെല്ലാം (എല്ലാ വിശ്വാസികളും) ഈ വിഷയം മനസ്സിലാക്കിയിരിക്കേണ്ടതാണ്. "അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനോട് സദൃശന്മാർ ആകും" (1 യോഹ. 3:2). കൂടാതെ, എഫെ. 1:6-ൽ, "നമ്മെ ദത്തെടുക്കേണ്ടതിന് മുൻനിയമിച്ചു" എന്ന പ്രയോഗവും ഭാവി മഹത്വത്തിനായി മുൻനിയമനം എന്ന ആശയത്തെ പിന്താങ്ങുന്നു.

> യേശുക്രിസ്തു മുഖാന്തിരം **നമ്മെ ദത്തെടുക്കേണ്ടതിനു**.... നമ്മെ **മുൻനിയമിക്കുകയും** ചെയ്തുവല്ലോ (എഫെ. 1:6).

ഇവിടെ "നമ്മെ" എന്ന പദം "അവനിൽ"/ "ക്രിസ്തുവിൽ" എന്നുള്ള സന്ദർഭമാണ് ഓർപ്പിക്കുന്നത്. 13-ാം വാക്യത്തിൽ പൗലോസിന്റെ പരാമർശം എല്ലാ വിശ്വാസികളെയും സംബന്ധിച്ചുള്ളതാണ്. **വിശ്വാസികൾ, ദത്തെടുക്കപ്പെടേണ്ടതിന്** (മക്കൾ എന്ന നിലയിൽ) **മുൻനിയമിക്കപ്പെട്ടിരിക്കുന്നു.** ദത്തെടുപ്പ്/ പുത്രത്വം എന്ന പദത്തിന് എന്താണ് പൗലോസ് നിർവചനം തരുന്നത്? റോമ. 8:23-ൽ അതിന്റെ ഉത്തരം കാണുന്നു.

> ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന്നു കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു (റോമ. 8:23).

ഇവിടെ പുത്രത്വം എന്നത് **പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും ശക്തിയിൽ നിന്നും ഉള്ള ശരീരത്തിന്റെ പൂർണ്ണമായ വീണ്ടെടുപ്പാണ്.** [74] ദത്തെടുക്കപ്പെടുന്ന മക്കൾക്ക് ഭാവിയിൽ ലഭിക്കുന്ന പദവിപോലെ ദൈവത്തിന്റെ മക്കൾ യേശുക്രിസ്തുവിനെപ്പോലെ പൂർണ്ണ വളർച്ചയിലെത്തുകയും അവകാശങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു. അവകാശങ്ങൾ പ്രാപിക്കുകയും പാപത്തിന്റെ ശാപത്തിൽ നിന്ന് വീണ്ടെടുക്കുകയും ചെയ്യുന്ന ആശയം റോമ. 8-ൽ കാണുന്നു. റോമ. 8:23 - ലെ ഭാവി ദത്തെടുപ്പ് റോമ. 8:29-ൽ കാണുന്നതുപോലെ അവന്റെ സ്വരൂപത്തോടു അനുരൂപരായിത്തീരുന്നു പൂർണ്ണവളർച്ചയിലെത്തിയ മക്കളോട് തുല്യതപ്പെടുത്താവുന്നതാണ്. അതുകൊണ്ട് **വിശ്വാസികൾ എല്ലാം മക്കൾ എന്ന നിലയിലുള്ള പൂർണ്ണമായ ദത്തെടുപ്പിനു വേണ്ടി മുൻ നിയമിക്കപ്പെട്ടവരാണ്.**

---

[74] 'പുത്രത്വം' എന്നത് ഗ്രീക്ക് പദത്തിന്റെ തർജ്ജമയാണ്. ഇതിന് 'ദത്തെടുപ്പ്' എന്ന വാക്കിനുള്ള (ഒരു കുടുംബത്തിലേക്കു പ്രവേശിക്കുക) ആശയത്തെക്കാൾ വളരെ പ്രാധാന്യം ഉണ്ട്. പൗലോസിന്റെ പൂർണ്ണമായ നിർവചനത്തിൽ പൂർണ്ണവളർച്ചയിലെത്തിയ പുത്രത്വത്തിന്റെ അവസ്ഥയെ കാണിക്കുന്നു. ഒരു വ്യക്തി ഒരു കുടുംബത്തിൽ പൂർണ്ണ വളർച്ചയിലെത്തി, പ്രായപൂർത്തിയാകാത്ത കുട്ടിക്കില്ലാത്ത അവകാശങ്ങളും പദവികളും കരസ്ഥമാക്കുന്നു. വിശ്വാസികൾ ദൈവകുടുംബത്തിൽ പ്രവേശിക്കുവാൻ മാത്രമല്ല, ക്രിസ്തുവിനെപ്പോലെ പാപരഹിതനും പൂർണ്ണതയുമുള്ളവൻ (വളർച്ചയെത്തിയ മകൻ) ആകേണ്ടതിനാണ് മുന്നിയമിക്കപ്പെട്ടിരിക്കുന്നത്.

ഈ നിലയിലുള്ള അവകാശങ്ങൾ ലഭിക്കുമ്പോൾ അവർ **യേശുക്രിസ്തുവിനെപ്പോലെ ആയിത്തീരുകയും** ശാരീരികമായി പാപത്തിന്റെ എല്ലാ സ്വാധീനതയിൽ നിന്നും വീണ്ടെടുക്കപ്പെടുകയാണ്. മക്കളായി ദത്തെടുക്കപ്പെടേണ്ടതിന് മുൻനിയമിക്കപ്പെട്ടു എന്നു പറഞ്ഞാൽ വിശ്വാസികൾ കർത്താവായ യേശുക്രിസ്തുവിനെപ്പോലെ മഹത്വത്തിൽ പാപമില്ലാത്ത പൂർണ്ണതയുടെ അനുഭവത്തിനായി മുൻനിയമിക്കപ്പെട്ടു എന്നാണർത്ഥം. നിത്യമായ ഭദ്രതയ്ക്ക് ഇതിലും വലിയ തെളിവ് ലഭിക്കയില്ല.

എഫെ. 1-ാം അദ്ധ്യായത്തിൽ മക്കളുടെ ദത്തെടുപ്പ് ഒരു ഭാവികാലപരാമർശമായും ഉദ്ദേശിക്കുന്നു. റോമ. 8-ാം അദ്ധ്യായത്തിലേതുപോലെ എഫെ. 1-ാം അദ്ധ്യായത്തിൽ ഭാവിക്രമീകരണത്തെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് റോമ. 8-ാം അദ്ധ്യായവുമായി വളരെ താരതമ്യം ഉണ്ട്. എഴുത്തുകാരൻ ഒരാളായതിനാൽ രണ്ടു ഭാഗത്തും "മക്കളുടെ ദത്തെടുപ്പും" മുൻനിയമനവും വിഷയീഭവിച്ചിരിക്കുന്നു. ഈ രണ്ട് അദ്ധ്യായങ്ങളിലും ഒരു വിശ്വാസിക്ക് **പൂർണ്ണവളർച്ചയിലെത്തിയ പുത്രത്വത്തിനായി മുൻനിയമിക്കപ്പെട്ടിരിക്കുന്നു** എന്ന് സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ് (റോമ. 8, എഫെ. 1).

ഒരു വിശ്വാസിയുടെ നിത്യമായ ഭദ്രതയെ നിഷേധിക്കുന്നവർ, ഒരു വിശ്വാസി മഹത്വത്തിനായി മുൻനിയമിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുതയോടു വിയോജിക്കേണ്ടിവരും. വിശ്വാസികൾ 'മക്കളായി ദത്തെടുക്കപ്പെടേണ്ടതിന് മുൻനിയമിക്കപ്പെട്ടിരിക്കുന്നു' എന്നതിനെ നിഷേധിക്കുന്നവരാകണം. എന്നാൽ നീതികരിക്കപ്പെട്ടവർ തേജസ്ക്കരിക്കപ്പെട്ട അവസ്ഥയിലായിരിക്കുന്നു എന്ന ദൈവിക വിധിയും. ക്രിസ്തുവിലായിരിക്കുന്നവർക്ക് മക്കളെന്നുള്ള ദത്തെടുപ്പിന്റെ (അതായത്, അവകാശം, ശരീരത്തിന്റെ വീണ്ടെടുപ്പ്, ക്രിസ്തുവിന്റെ സ്വരൂപത്തിലുള്ള പൂർണ്ണ പുത്രത്വം) വാഗ്ദത്തവും നല്കിയിരിക്കയാൽ സുരക്ഷിതത്വത്തെ നിഷേധിക്കുന്നവർ ദൈവം വാഗ്ദത്തം ചെയ്തത് നിവൃത്തിക്കുന്നവനാണെന്നുള്ള സത്യത്തെയും അറിയാതെ നിഷേധിക്കുന്നു. ഒരു വിശ്വാസിക്ക് മഹത്വം/ പൂർണ്ണമായ പുത്രത്വം ലഭിക്കാതെ വന്നാൽ ദൈവം താൻ തന്നെ പരസ്പര വിരുദ്ധമായ കാര്യങ്ങൾ പറയുന്നു എന്നും തന്റെ കടപ്പാടുകൾ നിർവഹിക്കുവാൻ കഴിവില്ലാത്തവൻ എന്നും ചിന്തിക്കേണ്ടിവരും. ഒന്നുകിൽ ദൈവത്തിന് മുൻനിയമനം സംബന്ധിച്ച ഉപദേശത്തിൽ തെറ്റിപ്പേയി എന്നോ, ദത്തെടുപ്പ് പൂർണ്ണമായി നിറവേറ്റുവാൻ കഴിവില്ലാത്തവനെന്നോ പറയണം. ഒരു വിശ്വാസിയുടെ രക്ഷ നഷ്ടപ്പെടുമെങ്കിൽ ദൈവം സർവ്വശക്തനല്ല, ദൈവവചനത്തിലെ മുൻനിയമന ഉപദേശം തെറ്റുള്ളതുമാണ്.

C. ഒരു ക്രിസ്ത്യാനിയുടെ തെറ്റായ പ്രവൃത്തിയിലൂടെയോ പ്രവൃത്തിയുടെ അഭാവം മൂലമോ രക്ഷ നഷ്ടപ്പെടുമെങ്കിൽ രക്ഷ പ്രവൃത്തിയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു.

രക്ഷ പ്രവൃത്തിയുടെ അടിസ്ഥാനത്തിലല്ല നല്കപ്പെട്ടിരിക്കുന്നത് എന്ന ആശയത്തെക്കാൾ ചില സത്യങ്ങൾ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. രക്ഷ ഭദ്രമാണെന്നതിനെ നിഷേധിക്കുന്നവർ അവസാനമായി രക്ഷ പ്രവൃത്തിയിലധിഷ്ഠിതമാണെന്ന് അംഗീകരിക്കേണ്ടിവരും. ഭദ്രതയില്ലായ്മയെ പിന്താങ്ങുന്ന പലരും ഇത് വളച്ചൊടിക്കപ്പെട്ട അസത്യങ്ങളാണെന്നും തെറ്റായി അവതരിപ്പിക്കുന്ന വാദഗതികളാണെന്നും അഭിപ്രായപ്പെടുന്നു. അവർ, രക്ഷ പ്രവൃത്തിയിലാണെന്നുള്ള വിഷയം നിഷേധിക്കുന്നവരായിരിക്കും. രക്ഷ വിശ്വാസത്താൽ ലഭിക്കുന്ന ആദ്യദാനമാണെന്ന് പഠിപ്പിക്കുന്നവരായിരിക്കാം. എന്നാൽ തുടർന്ന് രക്ഷ നിലനിർത്തിക്കൊണ്ടുപോകുവാൻ നീതിയുടെ ചില നിലവാരം കാത്തു സൂക്ഷിക്കണമെന്നും പഠിപ്പിക്കുന്നു. എന്തായാലും ഇത് ഒരു പ്രവർത്തനപദ്ധതിയാണ്.

ആരംഭത്തിൽ ദൈവം നമുക്ക് രക്ഷ ദാനമായിത്തന്നിട്ട് അത് നിലനിർത്തിക്കൊണ്ടുപോകുവാൻ ചില പ്രവൃത്തികൾ നമ്മിൽ നിന്ന് ആവശ്യപ്പെടുന്നുവെങ്കിൽ, രക്ഷ എന്നത് ഒരു ദാനമേ അല്ല, പിന്നെയോ പ്രവൃത്തി ആവശ്യമായിരിക്കുന്ന ഒന്നാണ്. ഒരു കാർ വ്യാപാരി ഒരു കാർ സൗജന്യമായി നല്കിയിട്ട്, ആത്മാർത്ഥമായി ജോലി ചെയ്ത് കാറിന്റെ വില തിരിച്ചടച്ച് നിലനിർത്തുവാൻ ആവശ്യപ്പെടുന്നതിന് തുല്യമാണ് ഈ പദ്ധതി. ഈ ബന്ധം എന്നത് ഒരു സൗജന്യദാനമല്ല. ഇത് **പ്രവൃത്തിയിൽ അധിഷ്ഠിതമായ ഒരു കരാർ** ആണ്. ഒരു ക്രിസ്ത്യാനി നീതിപ്രവൃത്തിയിലൂടെയാണ് രക്ഷ നിലനിർത്തിപ്പോകുന്നതെങ്കിൽ, ആരംഭത്തിൽ സൗജന്യമായാണ് ഇത് ലഭിച്ചതെങ്കിലും, അത് പൂർണ്ണമായി നിലനില്ക്കുന്നത് പ്രവൃത്തിയാലാണ്. **രക്ഷ എന്നത് ഒരു ദാനമാണ്**. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ കൃപയാൽ സൗജന്യമായി നല്കപ്പെട്ടതാണ്. രക്ഷ അവകാശമായി നല്കപ്പെടുത്തുന്നതിനോ അത് നിലനിർത്തുന്നതിനോ പ്രവൃത്തിയുടെ ഒരു പങ്കും ആവശ്യമില്ല തന്നെ.

> പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതികരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു (റോമ. 4:5).

> കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. (എഫെ. 2:8,9).

അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാ ലല്ല, തന്റെ കരുണ പ്രകാരമത്രെ രക്ഷിച്ചത് (തീത്തോ. 3:5).

d. ഒരു ക്രിസ്ത്യാനിയുടെ രക്ഷ പാപം മുഖാന്തിരം നഷ്ടപ്പെടുകയും നരകത്തിൽ പോകുകയും ചെയ്താൽ യേശുക്രിസ്തുവിന്റെ പാപപരിഹാരം എല്ലാ പാപങ്ങളോടും പൂർണ്ണമായി ഇടപെട്ടിട്ടില്ല.

നിത്യമായ സുരക്ഷിതത്വത്തെ നിഷേധിക്കുന്ന ഒരു വ്യക്തി, തന്റെ സ്ഥാനം ക്രൂശിലെ ചില തകരാറുകൾ അർത്ഥമാക്കുന്നുവെന്ന് മനസ്സിലാക്കുന്നില്ല. എങ്ങനെയാണെങ്കിലും ആത്മാവിന്റെ രക്ഷ പാപത്താൽ നഷ്ടപ്പെട്ട് നിത്യത നരകത്തിൽ ചെലവഴിക്കുന്നുവെങ്കിൽ അവന്റെ ജീവിതത്തിൽ വിലകൊടുത്തു തീർക്കുവാൻ കഴിയാത്ത ചില പാപങ്ങളുണ്ട്. നരകത്തിൽ വേദനയനുഭവിക്കുന്ന ദൈവപൈതലായിരുന്ന വ്യക്തിയുടെ ജീവിതത്തിൽ പരിഹരിക്കപ്പെടാത്ത പാപങ്ങളുണ്ടായിരുന്നു. ഒരു ക്രിസ്ത്യാനിയുടെ രക്ഷ പാപത്താൽ നഷ്ടപ്പെട്ട് നരകത്തിൽ ശിക്ഷ അനുഭവിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ക്രൂശിലെ രക്ഷാപ്രവൃത്തി രക്ഷ നഷ്ടപ്പെടുവാൻ കാരണമായ പാപത്തിന്റെ പരിഹാരത്തിന് മതിയായിരുന്നില്ല. വിശ്വാസികളുടെ എല്ലാ പാപങ്ങൾക്കും ക്രിസ്തു പരിഹാരം ഒരുക്കിയിട്ടില്ല. ഒരു വിശ്വാസി ഗുപ്തമായി ചെയ്യാവുന്ന പാപം ഉണ്ട്. അതിന്റെ ശിക്ഷ അവൻ അനുഭവിക്കേണ്ടതുമാണ്.

കാൽവറി ക്രൂശിൽ ഒരുക്കിയ രക്ഷാപദ്ധതി പാപപ്രശ്നത്തിന് പൂർണ്ണമായ പരിഹാരമല്ലെന്നും, വിശ്വാസിയുടെ ചില പാപങ്ങൾക്ക് താൻതന്നെ മറുവില കൊടുക്കേണമെന്നതും, ക്രിസ്തുവിന്റെ ക്രൂശിലെ പ്രവൃത്തികളെ നിന്ദിക്കുന്ന ആശയമാണ്. ചില ഗുപ്തമായ പാപങ്ങൾക്ക് വീണ്ടെടുപ്പു വില കൊടുത്തിട്ടില്ല എന്നർത്ഥം. എന്നാൽ വചനം പറയുന്നത്, പാപത്തിന്റെ അടിമനുകത്തിൽ അകപ്പെട്ടു പോയ മനുഷ്യന് പൂർണ്ണമായ വിടുതൽ നൽകുന്ന വീണ്ടെടുപ്പാണ് ക്രിസ്തു നിർവഹിച്ചത് (ഗലാ. 3: 13 ഭൂതകാലം; തീത്തൊ. 2:14–എല്ലാ അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു; എബ്രാ. 9:12–എന്നേക്കുമുള്ളൊരു വീണ്ടെടുപ്പ്; എഫെ. 1:7– വീണ്ടെടുപ്പു അവകാശമായിത്തീർന്നു; 1 പത്രൊ. 1:18, 19–വീണ്ടെടുപ്പ് ഭൂതകാലത്തിൽ). ഒരു ക്രിസ്ത്യാനി ദൈവകോപത്തിൽ നിത്യത മുഴുവൻ ചിലവഴിക്കേണ്ട തരത്തിലുള്ള പാപത്തിന്റെ നിലനില്പ്, പാപത്തിനെതിരെയുള്ള ദൈവകോപത്തിന്റെ ശമനത്തിന് ക്രൂശ് മതിയായതായിരുന്നില്ല എന്ന് അർത്ഥമാക്കുന്നു. എന്നാൽ ദൈവവചനം അങ്ങനെയല്ല പഠിപ്പിക്കുന്നത് (റോമ. 3:25; 1 യോഹ. 2:1–2; 4:10). ഒന്നുകിൽ ഇവിടെ വീണ്ടെടുപ്പ് ഉണ്ട്, അല്ലെങ്കിൽ വീണ്ടെടുപ്പ് ഇല്ല. ഒന്നുകിൽ ദൈവകോപം ശമിപ്പിക്കപ്പെട്ടു. അല്ലെങ്കിൽ ദൈവകോപം ശമിക്കപ്പെട്ടില്ല. ഒന്നുകിൽ ക്രിസ്തുവിന്റെ മരണം പാപപ്രശ്നത്തിന് പരിഹാരമായി അല്ലെങ്കിൽ പരിഹാരമായിട്ടില്ല (1 യോഹ. 19:30). ഒന്നുകിൽ ക്രിസ്തുവിന്റെ യാഗം പൂർണ്ണവും അവസാനത്തേതുമാണ്. അല്ലെങ്കിൽ ഭാഗികവും തുടരുന്നതും ആണ്. ഒന്നുകിൽ ഇത് പൂർണ്ണമായും നിവൃത്തിയാക്കപ്പെട്ടത്. അല്ലെങ്കിൽ ഭാഗികമായി നിവൃത്തിയാക്കപ്പെട്ടത് (എബ്രാ. 9:12; 26, 28; 10:10,12, 14). ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണം മനുഷ്യവർഗ്ഗത്തിന്റെ പാപപ്രശ്നത്തിന് പൂർണ്ണമായ പരിഹാരമായെങ്കിൽ വിശ്വാസി ഇനിയും ശിക്ഷിക്കപ്പെടേണ്ട ഒരു പാപം പോലും അവശേഷിക്കുന്നില്ല. ഒരു വിശ്വാസി ഇനിയും ശിക്ഷിക്കപ്പെടുവാൻ സാദ്ധ്യതയുള്ള ഗുപ്തമായ ചില പാപങ്ങൾ ഉണ്ട് എന്ന് ചിന്തിക്കുമ്പോൾ ക്രൂശിലെ പാപപരിഹാരം ഭാഗികമായിരുന്നു, അത് പൂർണ്ണമായിരുന്നില്ല എന്ന് മനസ്സിലാക്കേണ്ടിവരും.

അവൻ നമ്മെ **സകല** അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളൊരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിന്നു തന്നെത്താൻ നമുക്കു വേണ്ടി കൊടുത്തു (തീത്തൊ. 2:14).

അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടുകൂടെ ജീവിപ്പിച്ചു; അതിക്രമങ്ങൾ **ഒക്കെയും** നമ്മോടു ക്ഷമിച്ചു (കൊലൊ. 2:13).

e. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടുമെങ്കിൽ ദൈവപുത്രൻ മദ്ധ്യസ്ഥൻ/പക്ഷവാദം ചെയ്യുന്നവൻ എന്ന നിലയിൽ പരാജയമാണ്

യോഹ. 17:11 –ൽ ക്രിസ്തു ഇങ്ങനെ പ്രാർത്ഥിക്കുന്നു. "പരിശുദ്ധപിതാവേ, നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ."ഈ അവസരത്തിൽ, സൂക്ഷിക്കുന്നു, കാത്തുകൊള്ളുന്നു, നാശത്തിൽനിന്ന് സംരക്ഷിക്കുന്നു (വാക്യം 12) എന്ന് പരാമർശിക്കുന്നു. തന്റെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുന്നത് അപ്പോസ്തലന്മാരെ മാത്രമല്ല, സകല വിശ്വാസികളെയും കൂടെയാണ് (വാക്യം 20). അതുകൊണ്ട്, തന്നിൽ വിശ്വസിച്ചിരിക്കുന്ന എല്ലാ വിശ്വാസികളെയും നാശത്തിൽ നിന്ന് സംരക്ഷിക്കേണമെന്നാണ് ക്രിസ്തു പ്രാർത്ഥിച്ചത്. ഒരു വിശ്വാസി അവസാനമായി നശിച്ചുപോകുമെങ്കിൽ യോഹന്നാൽ 17–ൽ കാണുന്ന ക്രിസ്തുവിന്റെ അപേക്ഷ ദൈവത്തിന്റെ ഇഷ്ടത്തിന് വിരോധമായിരിക്കുന്നുവല്ലോ. കൂടാതെ, ക്രിസ്തു മദ്ധ്യസ്ഥൻ എന്ന നിലയിൽ പരാജയവും–അവൻ പിതാവായ ദൈവത്തോട് അപേക്ഷിച്ചത് തള്ളിക്കളഞ്ഞുവല്ലോ.

കർത്താവായ യേശുക്രിസ്തു ഇപ്പോഴും വിശ്വാസികൾക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു (റോമ. 8:34; എബ്രാ. 7:24–25). അവൻ ഇപ്പോഴും വിശ്വാ

സികളുടെ ഭദ്രതയ്ക്കുവേണ്ടി വ്യക്തമായി അപേക്ഷിച്ചു കൊണ്ടിരിക്കുന്നു. എബ്രായർ 7:25 വ്യക്തമാക്കുന്നത്, നമ്മുടെ രക്ഷിതാവ്, പക്ഷവാദം ചെയ്യുവാൻ സദാ ജീവിക്കുന്നവൻ എന്നാണ്. ഈ തുടർമാനമായ പക്ഷവാദം നിത്യരക്ഷയ്ക്ക് കാരണമാകുന്നു. വിശ്വാസികൾക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ ഒരിക്കലും അവസാനിക്കാത്ത അപേക്ഷ പിതാവായ ദൈവം അംഗീകരിക്കുന്നു. യോഹ. 11:42-ൽ പിതാവ് പുത്രനെ എപ്പോഴും കേൾക്കുന്നു എന്ന് ഓർപ്പിക്കുന്നു. ഒരിക്കലും അവസാനിക്കാത്ത ക്രിസ്തുവിന്റെ ജീവൻ ഒരിക്കലും അവസാനിക്കാത്ത പക്ഷവാദ ശുശ്രൂഷയെ ഉറപ്പിക്കുന്നു. അത് ഒരിക്കലും അവസാനിക്കാത്ത രക്ഷയെ ഉറപ്പാക്കുന്നു. ദൈവത്തിന് ഇഷ്ടമില്ലാത്തതിനാൽ, ദൈവം കാലാനുഗതമായി നിഷേധിക്കുന്ന ഒരു അപേക്ഷയുമായി കഴിഞ്ഞ 2000 വർഷമായി ക്രിസ്തു പക്ഷവാദം ചെയ്യുന്നു എന്നത് ഊഹിക്കാൻ കഴിയുമോ? തീർച്ചയായും ഇല്ല. ദൈവത്തിന്റെ ഇഷ്ട പ്രകാരമാണ് വിശ്വാസികൾ സൂക്ഷിക്കപ്പെടുന്നത്. അവൻ എപ്പോഴും പുത്രന്റെ അപേക്ഷ അംഗീകരിക്കുകയും ചെയ്യുന്നു.

> ഇവനോ, എന്നേക്കും ഇരിക്കുന്നതുകൊണ്ട് മാറാത്ത പൗരോഹിത്യം ആകുന്നു പ്രാപിച്ചിരിക്കുന്നത്. അതുകൊണ്ട് താൻ മുഖാന്തിരമായി ദൈവത്തോടു അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ **പൂർണ്ണമായി രക്ഷിപ്പാൻ** അവൻ പ്രാപ്തനാകുന്നു (എബ്രാ. 7:24-25).

നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന ക്രിസ്തുവിന്റെ വേല ഒരു വക്കീൽ എന്ന നിലയിലാണ്. സാത്താൻ സഹോദരന്മാരുടെ മേൽ കുറ്റം ചുത്തുന്നവനാണ് (വെളി. 12:10). എന്നാൽ പ്രാവശ്യവും പാപത്തിന്റെകുറ്റം ചുമത്തുമ്പോൾ കർത്താവായ ക്രിസ്തു അധികാരമുള്ളയാൾ എന്ന നിലയിൽ നമുക്കുവേണ്ടി വാദിക്കുകയാണ് (1 യോഹ. 2:1). അവന്റെ വാദം ഒരിക്കലും പരാജയപ്പെടുന്നില്ല.

f. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടുന്നുവെങ്കിൽ പരിശുദ്ധാത്മാവ് തന്റെ മുദ്രയിടൽ ശുശ്രൂഷയിൽ പരാജയം

> അവൻ നമ്മെ **മുദ്രയിട്ടും** ആത്മാവെന്ന **അച്ചാരം** നമ്മുടെ ഹൃദയങ്ങളിൽ തന്നു മിരിക്കുന്നു (2 കൊരി. 1:22).
>
> അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കുകയും ചെയ്തിട്ടു, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ടു നമ്മുടെ അവകാശത്തിന്റെ **അച്ചാരമായ** വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ **മുദ്രയിട്ടിരിക്കുന്നു** (എഫെ. 1:13-14).
>
> ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്കു **വീണ്ടെടുപ്പു നാളിന്നായി മുദ്രയിട്ടിരിക്കുന്നത്** (എഫെ. 4:30).

പരിശുദ്ധാത്മാവ് ഒരു വിശ്വാസിയെ മുദ്രയിടുന്നതായി പൗലോസ് പലപ്രാവശ്യം ഓർപ്പിക്കുന്നു (2 കൊരി. 1:22; എഫെ. 1:13-14; 4:20). പഴയ കാലങ്ങളിൽ ഒരു മുദ്രയാൽ രൂപപ്പെട്ട പ്രത്യേക അടയാളം ഉടമസ്ഥതയെയും അധികാരത്തെയും കാണിക്കുന്നു. ഒരു രാജാവിന്റെ മുദ്രയുള്ള ഒരു രേഖ അധികാരത്തെ കാണിക്കുന്നു. ഒരു എണ്ണഭരണിയിലോ വീഞ്ഞുകുപ്പിയിലോ കാണുന്ന മുദ്ര ഉടമസ്ഥതയെ കാണിക്കുന്നു. അംഗീകരിക്കുന്ന ശരിവയ്ക്കുന്ന, ആശയവും ഇതിലുണ്ട് (യോഹ. 3:33). ഇന്നും "അംഗീകാരമുദ്ര" യെക്കുറിച്ച് സാധാരണ കേൾക്കാം. കൂടാതെ സംരക്ഷണത്തെയും കാണിക്കുന്നു. യേശുവിന്റെ കല്ലറ മുദ്രവെച്ച് ഭദ്രമാക്കി (മത്താ. 27:66). ഒരു രേഖ സംരക്ഷിക്കുവാനായിട്ട് മുദ്ര വയ്ക്കുന്നു. ഒരു രേഖയുടെ മുദ്ര പൊട്ടിച്ചുകഴിഞ്ഞാൽ അത് തിരുത്തപ്പെട്ടതായി കണക്കാക്കാം. അതുകൊണ്ട് നിയമപരമായ മുദ്ര പൊട്ടിക്കുവാൻ അധികാരമുള്ള വ്യക്തിക്കേ കഴിയൂ.

പരിശുദ്ധാത്മാവിന്റെ മുദ്ര വിശ്വാസിയുടെ മേലുള്ള ദൈവത്തിന്റെ ഉടമസ്ഥാവകാശം, അംഗീകാരം, സംരക്ഷണം എന്നിവയെ കാണിക്കുന്നു. ഈ സംരക്ഷണത്തിന് ഏതെങ്കിലും പരിധിയുണ്ടോ? **വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നു** എന്ന് എഫെ. 4:30-ൽ കാണുന്നു. അതായത് നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് പ്രാപിച്ച് മഹത്വവും അവകാശവും ലഭിക്കുന്നതുവരെ ഈ ലോകജീവിതത്തിൽ വിശ്വാസികളെ പൂർണ്ണമായി പരിശുദ്ധാത്മാവ് മുദ്രയിട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ സംരക്ഷണത്തിന്റെ കാലദൈർഘ്യം, അല്ലെങ്കിൽ ദൈവത്തിന്റെ ഉടമസ്ഥാവകാശത്തിന്റെ കാലഘട്ടം എന്നത് തേജസ്ക്കരണം വരെയാണ്. ഒരു വിശ്വാസിയുടെ രക്ഷ നഷ്ടപ്പെടാൻ ഇടയായാൽ പരിശുദ്ധാത്മാവിന്റെ മുദ്ര വീണ്ടെടുപ്പുനാളിന് മുമ്പുതന്നെ പൊട്ടിപ്പോകുന്നു. അങ്ങനെ, ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടുവാൻ ഇടയായാൽ എഫെ. 4:30 തെറ്റായിപ്പോകും.

2 കൊരി. 1:22 ലും എഫെ. 1:13-14 വരെയും പരിശുദ്ധാത്മാവിന്റെ മുദ്രയെക്കുറിച്ച് പറയുമ്പോൾ പരിശുദ്ധാത്മാവ് ഒരു അച്ചാരമാണെന്ന് പരാമർശിക്കുന്നു (2 കൊരി. 5: 5). പരിശുദ്ധാത്മാവ്, നമ്മുടെ അവകാശത്തിന്റെ അച്ചാരമാണെന്ന് പറയപ്പെടുന്നു. ഒരു ഇടപാടിനുവേണ്ടി ആരംഭത്തിൽ കൊടുക്കുന്ന തുകയ്ക്ക് ഈ വാക്ക് ഉപയോഗിക്കുന്നു. ഗ്രീക്ക് വാക്കിൽ 'വിവാഹമോതിരം' എന്നറിയപ്പെടുന്നു. പരിശുദ്ധാത്മാവ് ഒരു അച്ചാരം അല്ലെങ്കിൽ

വിവാഹമോതിരം പോലെയാണ്. അവൻ നമ്മുടെ വാഗ്ദത്തവും ലഭിക്കുവാൻ പോകുന്ന വലിയ അനുഗ്രഹത്തിന്റെ ഉറപ്പുമാണ്. ആദ്യഫലം എന്നൊരു പ്രയോഗവും ഇതിനോടനുബന്ധപ്പെട്ടു കാണാം (റോമ. 8:23). ലഭിക്കുവാൻ പോകുന്ന വലിയ അനുഗ്രഹത്തിന്റെ ഉറപ്പും ആരംഭവുമാണ് പരിശുദ്ധാത്മാവ്. ഭാവിയിൽ ലഭിക്കുന്ന അനുഗ്രഹത്തിന്റെ ഉറപ്പും അച്ചാരവുമാണ് പരിശുദ്ധാത്മാവ് എന്നാണ് വീണ്ടെടുപ്പുനാളിലേക്ക് മുദ്രയിട്ടിരിക്കുന്നു എന്ന വാക്കുകൊണ്ട് മനസ്സിലാകുന്നത്. എന്നാലും ഒരു ക്രിസ്ത്യാനിക്ക് രക്ഷ നല്കപ്പെടുന്നുവെങ്കിൽ, പരിശുദ്ധാത്മാവ് ഭാവിയിലെ അനുഗ്രഹത്തിന്റെ ആദ്യഫലമല്ല, വലിയൊരു അവകാശത്തിന്റെ അച്ചാരമോ അല്ല, പരിശുദ്ധാത്മാവ് വീണ്ടെടുപ്പുനാളിനായി മുദ്രയിടുന്നുവെങ്കിൽ, അവൻ നമ്മുടെ വലിയ അവകാശത്തിന്റെ അച്ചാരമാണ്. നിത്യമായ സുരക്ഷിതത്വവുമാണ്.

g. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടാമെങ്കിൽ ബൈബിളിലെ വാഗ്ദത്തങ്ങൾ അസത്യമാണ്

ഒരു വിശ്വാസിക്ക് ശിക്ഷാവിധി ഇല്ലായെന്നും, ദൈവത്തിന്റെ നിത്യമായ കോപത്തിന് അധീനനല്ലെന്നും ബൈബിൾ പഠിപ്പിക്കുന്നു. എന്നാൽ ഒരു ക്രിസ്ത്യാനിക്ക് രക്ഷ നഷ്ടപ്പെടുന്നുവെങ്കിൽ, ദൈവത്തിന്റെ ശിക്ഷാവിധിക്കും നിത്യമായ കോപത്തിനും അർഹനാണ്.

> ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്: അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു (യോഹ. 5:24).
>
> അതുകൊണ്ട്, ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല (റോമ. 8:1).
>
> അവന്റെ രക്തത്താൽ നീതികരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും (റോമ. 5:9).
>
> ദൈവം നമ്മെ കോപത്തിന്നല്ല.... നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നത് (1 തെസ്സ. 5:9, 10).

ഒരു വിശ്വാസിയുടെ അന്തിമരക്ഷ മാറ്റമുള്ളതാണെങ്കിൽ യോഹ 5:24 ഇങ്ങനെ വായിക്കേണ്ടി വരും. ''എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. അവൻ മിക്കവാറും ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടക്കുവാൻ സാദ്ധ്യതയുണ്ട്.'' റോമ. 8:1 ഇങ്ങനെ വായിക്കണം "അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ശിക്ഷാവിധിക്കുള്ള സാദ്ധ്യതയില്ല."

എബ്രാ. 13:5 "ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല. ഉപേക്ഷിക്കുകയുമില്ല" . ഒരു വിശ്വാസിയുടെ രക്ഷ നഷ്ടപ്പെടുമെങ്കിൽ, ദൈവം അവനെ കൈവിടും. എന്നാൽ എബ്രാ. 13:5 വാഗ്ദത്തം ചെയ്യുന്നു, 'അവൻ നിന്നെ കൈവിടുകയില്ല'. ഗ്രീക്ക് പ്രയോഗത്തിൽ അഞ്ച് നിഷേധവാക്കുകളുണ്ട്).

യോഹ. 6:37 "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും ഉപക്ഷിക്കുകയില്ല" (ഇരട്ട നിഷേധാർത്ഥം). ഒരു വിശ്വാസിയുടെ രക്ഷ നഷ്ടപ്പെടാമെങ്കിൽ, ഇവിടെ എന്താണ് വാഗ്ദത്തം ചെയ്തിരിക്കുന്നതെന്ന് പരിഗണിക്കണം. തീർച്ചയായും, **നിത്യജീവൻ** എന്ന പദം സാധാരണമാണ് (യോഹ. 6:47). ഒരു വ്യക്തിയുടെ ജീവൻ അവസാനിക്കുന്നതാണെങ്കിൽ അത് നിത്യജീവൻ അല്ല. വിശ്വസിക്കുന്നവന് നിത്യജീവനുണ്ടെന്ന് ക്രിസ്തു പഠിപ്പിക്കുന്നു. അർത്ഥാൽ അവന്റെ ജീവന് അവസാനമില്ല.

റോമ. 8:38-39-ൽ പറയുന്നത്. ഒരു വിശ്വാസിയെ ദൈവസ്നേഹത്തിൽ നിന്ന് വേർപിരിക്കുവാൻ ഒന്നിനും കഴിയുയില്ല. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടാമെങ്കിൽ **എന്തോ ഒന്ന്** അവന്റെ വേർപാടിന് കാരണമാകും. അതുപോലെ യോഹ. 10:28-ൽ ക്രിസ്തുപറയുന്നു, "അവ ഒരുനാളും നശിച്ചുപോകയില്ല" (വീണ്ടും ഇരട്ടനിഷേധരൂപത്തിൽ-ഗ്രീക്കിൽ-ഊന്നിപ്പറഞ്ഞിരിക്കുന്നു.) ഒരു വിശ്വാസി രക്ഷ നഷ്ടപ്പെട്ട് നശിച്ചുപോയാൽ ഈ വാഗ്ദത്തം തെറ്റാണ്. രക്ഷ നഷ്ടപ്പെടുന്ന വിശ്വാസിക്ക് നിത്യജീവനില്ല. അവൻ ദൈവത്തിന്റെ ന്യായവിധിയിൽ ആകുകയും ദൈവത്തിന്റെ നിത്യമായ കോപത്തിന് വിധേയനാകുകയും ചെയ്യുന്നു. ദൈവമകനായിരുന്നവനെ (മുമ്പ്) ദൈവം കൈവിടും, ദൈവസ്നേഹത്തിൽ നിന്ന് വേർപിരിയും, നശിച്ചപോകുകയും ചെയ്യും, ബൈബിൾ ഇതിനുള്ള സാദ്ധ്യത അനുവദിക്കുന്നില്ല.

h. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്പ്പെടാമെങ്കിൽ, ദൈവം നമ്മെ സൂക്ഷിക്കുന്ന കാര്യത്തിൽ പരാജയപ്പെടുന്നു.

> അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്കു വിശ്വാസത്താൽ ദൈവശക്തിയിൽ **കാക്കപ്പെടുന്ന** നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ **സൂക്ഷിച്ചിരിക്കുന്നതും** ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായിത്തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു (1 പത്രൊ. 1:4-5).
>
> വീഴാതെവണ്ണം നിങ്ങളെ **സൂക്ഷിച്ച്** തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവന്നു (യൂദാ 4).

ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടാമെങ്കിൽ, സ്വർഗ്ഗം കാക്കപ്പെടുന്നില്ല. എല്ലാ വിശ്വാസികളും ദൈവ ശക്തിയിൽ സംരക്ഷിക്കപ്പെടുന്നുമില്ല. ഒരു ക്രിസ്ത്യാ നിയുടെ രക്ഷ നഷ്ടപ്പെടാമെങ്കിൽ, ദൈവം അവനെ വീഴാതെവണ്ണം സൂക്ഷിക്കുന്നില്ല, മഹിമാസന്നിധിയിൽ കൊണ്ടുവരുന്നുമില്ല. എന്നാൽ ഈ രണ്ട് വേദഭാഗങ്ങളും പരമാധികാരിയായ ഒരു ദൈവത്തെ വെളിപ്പെടുത്തുന്നു. ഈ ദൈവത്തിന്റെ ഉദ്ദേശ്യം വിശ്വാസികളെ വീഴാതെ വിശ്വാസത്തിൽ സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നുള്ളതാണ്.

i. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടാമെങ്കിൽ, രക്ഷ നഷ്ടപ്പെടാവുന്ന കാരണങ്ങളെക്കുറിച്ച് ബൈബിൾ ഒന്നും പറഞ്ഞിട്ടില്ല. ഇത് ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നു.

രക്ഷ നഷ്ടപ്പെടാവുന്ന പാപങ്ങളെക്കുറിച്ച് ബൈബിൾ ഒന്നും പഠിപ്പിക്കുന്നില്ല. രക്ഷ നഷ്ടപ്പെടുത്തുന്ന പാപ ത്തിന്റെ പരിധിയെക്കുറിച്ചും പറയുന്നില്ല. നിത്യമായ സുരക്ഷിതത്വം സത്യമല്ലായിരുന്നുവെങ്കിൽ, രക്ഷയുടെ അവകാശം നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള നിർദ്ദേശ ങ്ങൾ ദൈവം പൂർണ്ണമായും നീക്കിക്കളയുമെന്ന് വിശ്വ സിക്കുവാൻ കഴിയുകയില്ല. ചില പ്രത്യേക നാശത്തെ ക്കുറിച്ച് തന്റെ ജനത്തിന് മുന്നറിയിപ്പ് നല്കുവാൻ ദൈവം ആഗ്രഹിച്ചു. എന്നാലും താക്കീതുകളൊന്നുമില്ല. പകരം 1 കൊരി. 3:15-ൽ എല്ലാ വിശ്വാസികളും, സൽപ്ര വൃത്തികളിൽ പിമ്പന്മാരും ക്രിസ്തുവിന്റെ ന്യായാസന ത്തിനു മുമ്പിൽ രക്ഷിക്കപ്പെട്ടവനായി നില്ക്കും.

> ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും: താനോ രക്ഷിക്കപ്പെടും.... (1 കൊരി. 3:15).

2. നിത്യമായ ഭദ്രത സത്യമാണ്- വസ്തുതാ പരമായ കാഴ്ചപ്പാടിൽ

രക്ഷയുടെ ഭദ്രതയെക്കുറിച്ചും നിത്യമായ സുരക്ഷിതത്വ ത്തെക്കുറിച്ചും നിഷേധരൂപത്തിൽ ഇതുവരെയും ചിന്തി ക്കുകയായിരുന്നവല്ലോ. രക്ഷ നഷ്ടപ്പെടുകയാണെങ്കിൽ, അതിന്റെ യുക്തിഹീനതയും തെറ്റായ വശങ്ങളും കണ്ടു വല്ലോ. ഇതേ സത്യങ്ങൾ വസ്തുതാപരമായി ശരിയാ ണന്നുള്ള കാഴ്ചപ്പാടിൽ ചിന്തിക്കുന്നത് വളരെ ഉചിത മാണ്. ഈ ഉപദേശം താഴെ പറയുന്ന കാരണങ്ങളാൽ സത്യമാണെന്ന് മനസ്സിലാക്കാം.

a. ക്രിസ്തുവിന്റെ നീതി (നമ്മുടെ സ്വന്ത നീതിയല്ല) രക്ഷിക്കുന്നു; ഒരുവന്റെ രക്ഷ നഷ്ടപ്പെടുന്നില്ല.

വിശ്വാസത്താലുള്ള നീതികരണം, എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ക്രിസ്തുവിന്റെ നീതി ഒരു വിശ്വാ സിയെ രക്ഷിക്കുന്നു എന്നാണ്. ക്രിസ്തുവിന്റെ നീതി നഷ്ടപ്പെടാത്തതുപോലെ ഒരു വിശ്വാസിയുടെ നീതീക രണവും നഷ്ടപ്പെടുന്നില്ല.

b. തിരഞ്ഞെടുപ്പും മുൻനിയമവും നിത്യമായ സുരക്ഷിതത്വത്തെ ഉറപ്പാക്കുന്നു.

തിരഞ്ഞെടുപ്പും മുൻ നിയമനവും നിത്യമായ സുരക്ഷി തത്വത്തെ ഉറപ്പിക്കുന്നു. ദൈവം നീതീകരിച്ചവൻ തേജ സ്ക്കരിക്കപ്പെടുന്നതിന് തുല്യമാണ്.

c. രക്ഷ എന്നുള്ളത് പ്രവൃത്തിയാൽ ലഭിച്ചതോ നില നില്ക്കുന്നതോ അല്ല.

രക്ഷ സൽപ്രവൃത്തിയാൽ ലഭിച്ചതോ സൽപ്രവൃത്തിയി ലൂടെ നിലനിർത്തുന്നതോ അല്ല.

d. ക്രിസ്തുവിന്റെ പാപപരിഹാരം പൂർണ്ണതയുള്ളതും തികഞ്ഞതുമാണ്.

യേശുക്രിസ്തു സർവ്വപാപങ്ങൾക്കും പരിഹാരം ഉണ്ടാ ക്കി. വിശ്വാസിയെ സംബന്ധിച്ച് പരിഹാരം ഉണ്ടാക്കപ്പെ ടേണ്ട ഒരു പാപവും അവശേഷിക്കുന്നില്ല.

e. ക്രിസ്തു നമുക്കുവേണ്ടി വാദിക്കുന്നവൻ എന്നുള്ള നിലയിൽ ഭദ്രത ഉറപ്പാക്കുന്നു

നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നവൻ, വാദിക്കുന്നവൻ എന്നീ നിലകളിൽ ക്രിസ്തുവിന്റെ ശുശ്രൂഷ നമ്മുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നു.

f. പരിശുദ്ധാത്മാവിന്റെ മുദ്ര മാറ്റുവാൻ കഴിയുകയില്ല

വീണ്ടെടുപ്പുനാളിനായി പരിശുദ്ധാത്മാവ് വിശ്വാസികളെ മുദ്രയിട്ടിരിക്കുന്നു. ഈ മുദ്ര പൊട്ടിക്കുവാൻ കഴികയി ല്ല. ഭാവിയിൽ ലഭിക്കുവാൻ പോകുന്ന അവകാശത്തിന്റെ അച്ചാരവും ഉറപ്പുമാണ്.

g. അനേക വാഗ്ദത്തങ്ങൾ ഭദ്രത ഉറപ്പാക്കുന്നു

ശിക്ഷാവിധിയില്ലാത്ത നിത്യജീവനെന്ന് അനേകം വാഗ്ദ ത്തങ്ങളുണ്ട് നിർവചനത്തിൽത്തന്നെ "നിത്യ" എന്നത് ഒരിക്കലും അവസാനിക്കാത്തത് എന്നാണ്.

h. വീഴാതെ നമ്മെ സൂക്ഷിപ്പാൻ കഴിവുള്ളവനാണ് ദൈവം

വീഴാതെ നമ്മെ സൂക്ഷിച്ച് തന്റെ ശക്തിയിൽ സംരക്ഷി ക്കുവാൻ കഴിയുന്നവനാണ് ദൈവം എന്ന് ഓർപ്പിക്കു ന്നു.

i. രക്ഷ നഷ്ടപ്പെടുമെന്നതിനു യാതൊരു വചനാടി സ്ഥാനവുമില്ല.

രക്ഷ നഷ്ടപ്പെടുമെന്ന് ബൈബിളിൽ എങ്ങും തന്നെ പറ ഞ്ഞിട്ടില്ല. വളരെ ഫലകരമല്ലാത്തതും പ്രവൃത്തിയില്ലാ ത്തതുമായ വിശ്വാസിക്ക് ക്രിസ്തുവിന്റെ ന്യായാസന ത്തിന് മുമ്പിൽ രക്ഷ ഉണ്ടായിരിക്കും.

B. മനസ്സിലാക്കാൻ പ്രയാസമുള്ള ഭാഗങ്ങളുടെ വിശദീകരണം

നിത്യമായ ഭദ്രതയെ നിഷേധിക്കുന്നവരെ അർമീനിയൻസ് എന്നാണറിയപ്പെടുന്നത്. (1560- 1609 വരെ ജീവിച്ചിരുന്ന ഡച്ച്കാരൻ ജേക്കബ് അർമീനിയസാണ് ഈ പേരിനു കാരണക്കാരൻ). വെസ്ലിയൻ പാരമ്പര്യമുള്ള മെഥഡിസ്റ്റുകാരെപ്പോലുള്ളവർ നിത്യമായ ഭദ്രത നിഷേധിക്കുന്ന ഗണത്തിൽപ്പെടുന്നു. വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിൽ ഈ വിഷയം വരുന്നില്ലയെങ്കിൽ, വിശ്വാസിയുടെ ഭദ്രത എന്നത് വിശ്വാസികളെ തമ്മിൽ വേർതിരിക്കുന്ന വളരെ പ്രാധാന്യമുള്ള ഒരു ഉപദേശമാണ്. ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടാമെന്ന് തെളിയിക്കുവാനാണ് അർമീനിയൻസ് ബൈബിളിലെ ഈ ഭാഗങ്ങൾ ഉപയോഗിക്കുന്നത്. എന്നാൽ ഈ ഭാഗങ്ങൾ നിത്യമായ ഭദ്രത എന്ന ഉപദേശത്തെ പൂർണ്ണമായി ഉറപ്പിക്കുന്നതായ നിലയിൽ വിശദീകരിക്കുവാൻ കഴിയും.

1. സങ്കീ. 51:11

(ന്യായ. 16:20; 1 ശമു. 16:14)

> നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നു എടുക്കയുമരുതേ (സങ്കീ. 51:11).

പരിശുദ്ധാത്മാവ് തന്നെ വിട്ടുപോകുമെന്ന് ദാവീദ് ഭാരപ്പെടുന്നു. ന്യായപ്രമാണകാലഘട്ടത്തിൽ എല്ലാ വിശ്വാസികളുടെമേലും പരിശുദ്ധാത്മാവ് വസിച്ചിരുന്നില്ല (യോഹ. 7:39). പരിശുദ്ധാത്മാവ് എന്നേക്കും കൂടെ ഇരിക്കുമെന്നും വാഗ്ദത്തം ചെയ്തിട്ടില്ല (യോഹ. 14:16-17). പെന്തക്കോസ്തു നാൾ മുതൽ ആരംഭിച്ച ആത്മാവിന്റെ ശുശ്രൂഷയിൽ നിന്നും (അപ്പോ. 2) വ്യത്യസ്തമായി ന്യായപ്രമാണകാലഘട്ടത്തിൽ പരിശുദ്ധാത്മാവ് വിശ്വാസിയിൽ വരികയും പോകുകയും ചെയ്തിരുന്നു. ഇത് പ്രയോജനകരമല്ലാത്ത ജീവിതവും ശുശ്രൂഷയും അനുഭവമാക്കി എങ്കിലും രക്ഷ നഷ്ടപ്പെടുവാൻ ഇടയായില്ല. മറ്റൊരു വിശദീകരണം, ആത്മാവ് എന്നത് ദാവീദിന്റെ സ്വന്തം ആത്മാവ് എന്ന് പരാമർശിച്ചുകൊണ്ടാണ്. ദാവീദ് ഇങ്ങനെ പറയുന്നു: "വിശുദ്ധിയുടെ ആത്മാവിനെ എന്റെ ജീവിതത്തിൽ നിന്ന് എടുത്തു മാറ്റരുതേ.' മറ്റൊരു വിധത്തിൽ, പാപത്തിന്റെ മേലുള്ള ആഴമായ കുറ്റബോധവും ജീവിതത്തിൽ വിശുദ്ധിക്കുള്ള ആഗ്രഹവും നഷ്ടപ്പെടരുത് എന്നും മനസ്സിലാക്കാം. എന്നെ ഉപേക്ഷിക്കരുതേ. കുറ്റബോധവും വിശുദ്ധിയും നല്കേണമേ 10-ാം അദ്ധ്യായത്തിൽ "പരിശുദ്ധാത്മശാസ്ത്രം" എന്ന ഭാഗത്ത് പെന്തക്കോസ്തു മുതലുള്ള പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയുടെ പഠനം ഉൾക്കൊള്ളിച്ചിരിക്കുന്നു (അപ്പോ. 2). [75]

2. യെഹെ. 33: 12-20

(കൂടാതെ യെഹെ. 3:20; 18:20).

> മനുഷ്യപുത്രാ, നീ നിന്റെ സ്വജാതിക്കാരോടു പറയേണ്ടത്; നീതിമാൻ അതിക്രമം ചെയ്യുന്ന നാളിൽ അവന്റെ നീതി അവനെ രക്ഷിക്കയില്ല; ദുഷ്ടൻ തന്റെ ദുഷ്ടത വിട്ടുതിരിയുന്ന നാളിൽ തന്റെ ദുഷ്ടതയാൽ ഇടറിവീഴുകില്ല; നീതിമാൻ പാപം ചെയ്യുന്ന നാളിൽ, അവന്നു തന്റെ നീതിയാൽ ജീവിപ്പാൻ കഴികയില്ല. നീതിമാൻ ജീവിക്കുമെന്നു ഞാൻ അവനോടു പറയുമ്പോൾ അവൻ തന്റെ നീതിയിൽ ആശ്രയിച്ച് അകൃത്യം പ്രവർത്തിക്കുന്നു എങ്കിൽ, അവന്റെ നീതിപ്രവൃത്തികൾ ഒന്നും അവനു കണക്കിടുകയില്ല; അവൻ ചെയ്ത നീതി കേടു നിമിത്തം അവൻ മരിക്കും (യെഹെ. 33:12-13).

പാപം മുഖാന്തിരമുണ്ടായ ശാരീരിക മരണത്തെക്കുറിച്ച് യെഹെസ്കേൽ മുന്നറിയിപ്പ് നല്കുന്നു (18:20-ൽ പറയുന്നതുപോലെ വധശിക്ഷയോ, യിസ്രായേലിന്റെ ശത്രുവുമായുള്ള യുദ്ധത്തിലെ മരണവുമാകാം). യെഹെസ്കേൽ 33-ൽ രാജ്യത്തിന്റെ മേൽ വരുന്ന വാളിനെക്കുറിച്ച് (വാക്യം 2) പരാമർശിക്കുന്നു. നാശത്തിന്റെ സമയത്ത് നീതിയിൽ ജീവിക്കുന്നവർക്ക് ദൈവം വിടുതൽ വാഗ്ദത്തം ചെയ്യുന്നു. ദുഷ്ടതയിൽ ജീവിക്കുന്നവർക്ക് മരണത്തിന്റെ മുന്നറിയിപ്പും നല്കുന്നു. ഇവിടെ നിത്യമായ രക്ഷയല്ല പരാമർശിച്ചിരിക്കുന്നത്. മരണം എന്നത് പാപത്താലുണ്ടായ ശാരീരിക മരണമാണ്. ഇങ്ങനെ തെറ്റിദ്ധരിക്കപ്പെടാവുന്ന മറ്റനേക പരാമർശങ്ങളും ശാരീരിക ജീവനും ശാരീരിക മരണവും ആണ് ഓർമ്മിപ്പിക്കുന്നത്.

3. മത്താ. 24:13

(മത്താ. 10:22; മർക്കോ. 13:13; ലൂക്കോ. 21:19 കാണുക)

> എന്നാൽ അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും (മത്താ. 24:13).
>
> നിങ്ങൾ ക്ഷമകൊണ്ട് നിങ്ങളുടെ പ്രാണനെ നേടും (ലൂക്കോ. 21:19).

ഈ വാക്യങ്ങളിൽ രക്ഷ എന്നത് ശാരീരിക വിടുതലോ ആത്മിക വിടുതലോ ആകാം. ഏത് നിലയിലാണെങ്കിലും ഈ പ്രസ്താവന കഷ്ടകാലവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കേണ്ടതാണ്. കർത്താവ് തന്റെ രണ്ടാം വരവിന് മുമ്പുള്ള കാലഘട്ടത്തിലെ **കഷ്ടതയെ** പരാമർശിക്കുന്നു. മത്താ. 24:21-ൽ പറയുന്നു "ലോകാരംഭം മുതൽ

[75] മറ്റൊരു കാഴ്ചപ്പാട്-പഴയനിയമ കാലങ്ങളിൽ എല്ലാ വിശ്വാസികളിലും പരിശുദ്ധാത്മാവ് ഉണ്ടായിരുന്നു. പ്രത്യേകശക്തി നേതാക്കന്മാരിൽ പകർന്നിരുന്നു. നേതാക്കന്മാരിലുള്ള പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ അഭിഷേകം നഷ്ടപ്പെടുമോ എന്ന് ദാവീദ് ഭയപ്പെട്ടു.

ഇന്നു വരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നുണ്ടാകും." ഈ **അപൂർവ്വമായ കാലഘട്ടം** എന്നത്, ശാരീരിക ജീവൻ നഷ്ടപ്പെടുന്ന നിലയിൽ വിശ്വാസികൾക്കുണ്ടാകുവാൻ പോകുന്ന കഷ്ടകാലമാണ്. മാത്രമല്ല, എല്ലാവരും അന്ത്യകാലത്തെ ദുഷ്ടനായ ഭരണാധികാരിയോട് ഭക്തി പ്രകടിപ്പിക്കുകയും ശരീരത്തിൽ മുദ്രയേല്ക്കുവാൻ നിർബന്ധിതരായിത്തീരുകയും ചെയ്യും. മുദ്രയേല്ക്കാതിരിക്കുന്നവൻ ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അടയാളമായി അത് വെളിപ്പെടുത്തുകയും അതു മുഖാന്തിരം വലിയ കഷ്ടത അനുഭവിക്കുകയും ചെയ്യേണ്ടിവരും (വെളി. 13:16-18). അങ്ങനെ, എതിർക്രിസ്തുവിൽ നിന്ന് കഷ്ടത സഹിക്കുന്നവൻ ആത്മീയരക്ഷ പ്രാപിക്കും എന്ന് മനസ്സിലാക്കാം. ഈ രക്ഷ സൽപ്രവൃത്തിയിലൂടെ ലഭിക്കുന്നതല്ല. വളരെ കഷ്ടത അഭിമുഖീകരിക്കേണ്ടിവരുമെങ്കിലും ക്രിസ്തുവിൽ വിശ്വസിക്കുവാനുള്ള തീരുമാനം രക്ഷ ലഭിക്കുവാൻ കാരണമാകുന്നു. മഹോപദ്രവകാലത്തിൽ കഷ്ടത സഹിക്കുന്നതിലൂടെ രക്ഷ നേടുവാനോ രക്ഷ നിലനിത്തുവാനോ കഴികയില്ല. എന്നാൽ അത് എങ്ങനെയെന്ന് വിശദീകരിക്കുന്നു. വിശ്വസിക്കുക എന്നതിന് അർത്ഥം കഷ്ടത സഹിക്കുക എന്നാണ്. മറ്റുള്ളവർ എതിർക്രിസ്തുവിനെ ആരാധിക്കുവാൻ സമർപ്പിക്കും. ഇവിടെ കർത്താവ് ഉദ്ദേശിക്കുന്നത് ശാരീരിക രക്ഷയാണോ, ആത്മിക രക്ഷയാണോ എന്ന് മനസ്സിലാക്കുവാൻ പ്രയാസമാണ്.

a. ശാരീരികരക്ഷ (വിടുതൽ) - മഹോപദ്രവത്തിൽ നിന്ന്

കഷ്ടത ചുരുങ്ങിയ കാലഘട്ടത്തിലേക്കു മാത്രമുള്ളതാണെന്ന കർത്താവിന്റെ വാക്കുകൾ പ്രോത്സാഹനമാകേണ്ടതാണ്. ഇത് ദീർഘകാലത്തേക്കുള്ളതല്ല. കഷ്ടത സഹിക്കുന്നവർക്ക് അവസാനം കർത്താവിന്റെ വിടുതൽ (ശാരീരികരക്ഷ) ലഭിക്കും. [76] മഹോപദ്രവകാലഘട്ടത്തിൽ കഷ്ടതയനുഭവിക്കുന്ന വിശുദ്ധന്മാർക്ക് പ്രതീക്ഷയ്ക്കും പ്രോത്സാഹനത്തിനും കാരണമാകുന്നു. അഗ്നിപരീക്ഷയ്ക്ക് ഒരു അവസാനം ഉണ്ട്. പീഡിപ്പിക്കുന്നവരെ നശിപ്പിക്കുവാനായി കർത്താവ് ശക്തിയോടുകൂടെ മടങ്ങിവരികയും വിശ്വാസികളെ തുടർന്നുള്ള കഷ്ടതയിൽ നിന്ന് രക്ഷിക്കുകയും ചെയ്യും.

b. ആത്മീയരക്ഷ

ചില പരിഭാഷകളിൽ (NASB) ലൂക്കോ. 21:9 ശാരീരിക വിടുതലിനെ സൂചിപ്പിക്കുന്നു. 19-ാം വാക്യത്തിൽ എ.ഡി. 70 ൽ നടക്കുന്ന യെരൂശലേമിന്റെ നാശവും അന്ന് ജീവിച്ചിരുന്ന അപ്പോസ്തലന്മാർക്ക് അതിൽ നിന്നു വിടുതലുണ്ടെന്നുമുള്ള വാഗ്ദത്തമായും കാണാവുന്നതാണ്. അന്ന് കുറച്ചു വിശ്വാസികൾ മരിക്കേണ്ടിവന്നാലും (വാക്യം 16). ഇവിടെ മഹോപദ്രവകാലഘട്ടത്തിന്റെ അവസാനം ലഭിക്കുന്ന ശാരീരിക രക്ഷയെയാണ് ഗ്രീക്ക് പരാമർശത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മത്താ. 24:13-ൽ ആശയം വ്യത്യസ്തമാണ്.

> നിങ്ങൾ ക്ഷമകൊണ്ട് നിങ്ങളുടെ **പ്രാണനെ** നേടും (ലൂക്കോ. 21:19) (അക്ഷരാർത്ഥം).

ലൂക്കോ. 21:19-ൽ കർത്താവ് പറയുന്നു, "നിങ്ങളിൽ ചിലരെ അവർ കൊല്ലിക്കുകയും ചെയ്യും." തുടർന്ന് വാക്യം 18-ൽ പറയുന്നു, "നിങ്ങളുടെ തലയിലെ ഒരു രോമം പോലും നശിച്ചുപോകയില്ല താനും". ഇവിടെ ക്രിസ്തു ശാരീരിക മരണവും ആത്മിക വിടുതലും തമ്മിലുള്ള അന്തരം എന്താണെന്ന് ഓർപ്പിക്കുകയാണെന്ന് തോന്നും. "അവർ നിങ്ങളെ കൊല്ലും, എന്നാൽ ആത്മീയമായി ഒരു ദോഷവും ചെയ്യുവാൻ അവർക്കു കഴിയുകയില്ല". ലൂക്കോ. 21:9-ൽ ആത്മീയരക്ഷയെക്കുറിച്ച് പരാമർശിക്കുന്നു എന്ന് ഊഹിച്ചാലും, രക്ഷ നഷ്ടപ്പെടുന്നതിനെക്കുറിച്ചു ഓർമ്മിപ്പിക്കുന്നു എന്ന് പറയുവാൻ കഴിയുകയില്ല. അങ്ങനെയാണെങ്കിൽ സൽപ്രവൃത്തികളിലൂടെ രക്ഷ നേടുവാൻ കഴിയും എന്നും പഠിപ്പിക്കുന്നു. ഈ രണ്ട് ആശയങ്ങളും വ്യക്തമായി മനസ്സിലാക്കേണ്ടതാണ്. അതിലേക്ക് രക്ഷിക്കുന്ന വിശ്വാസത്തിന്റെ പ്രത്യേകതയും മഹോപദ്രവകാലഘട്ടത്തിന്റെ സ്ഥിതിയും ചിന്തിക്കണം.

(1) രക്ഷിക്കുന്ന വിശ്വാസം

യഥാർത്ഥ വിശ്വാസികൾ വിശ്വാസത്തിൽ കാക്കപ്പെടുന്നവരാണ്. വിശ്വാസികൾ വിശ്വസിക്കുന്നു. ഈ വിഷയത്തെക്കുറിച്ചുള്ള വിശദമായ പഠനം തുടർന്ന് വിഷമമുള്ള ഭാഗങ്ങളുടെ വിശദീകരണത്തിൽ വരുന്നതാണ് (1 കൊരി. 15:1-2; കൊലൊ. 1:21-23). യോഹ. 10:5-ൽ യേശു പറയുന്നത് അവന്റെ ആടുകൾ "അന്യന്മാരുടെ ശബ്ദം അറിയുന്നില്ല" എന്നാണ്. ഒരു ക്രിസ്ത്യാനി, പത്രോസ് ചെയ്തതുപോലെ അപകടങ്ങളും പ്രതിസന്ധികളും വരുമ്പോൾ തന്റെ വിശ്വാസം ത്യജിക്കാം. എന്നാൽ, പത്രോസ് പിതാവായ ദൈവത്തോട് ക്രിസ്തുവിനെ നിഷേധിക്കയോ,തന്റെ ഹൃദയത്തിൽ ക്രിസ്തുവിനെ നിഷേധിക്കുകയോ ചെയ്തിട്ടില്ല. യഥാർത്ഥ വിശ്വാസി, ക്രിസ്തു ദൈവപുത്രനാണെന്നും നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റു എന്നും ഉള്ള വസ്തുത ഒരിക്കലും നിഷേധിക്കുകയില്ല. മഹോപദ്രവകാലയളവിലും ഒരു യഥാർത്ഥ വിശ്വാസി അന്തിക്രിസ്തുവിനെ ആരാധിക്കുകയോ, അവന്റെ മുദ്ര ഏല്ക്കുകയോ ചെയ്യില്ല എന്നർത്ഥം.

(2) മഹോപദ്രവ കാല വ്യവസ്ഥകൾ

മഹോപദ്രവകാലഘട്ടം ആരംഭിക്കുമ്പോൾ ഭൂമിയിലുള്ള

[76] '*അവസാനം*' എന്നത് മഹോപദ്രവകാലഘട്ടത്തിന്റെ അവസാനം എന്ന് പരാമർശിക്കുന്നു. മറ്റൊന്ന് ജീവിതത്തിന്റെ *അവസാനം* എന്നും മനസ്സിലാക്കാവുന്നതാണ്.

സകലരും രക്ഷിക്കപ്പെടാത്തവരായിരിക്കും [77] അന്തിക്രിസ്തു സർവ്വലോകത്തിന്റെ മേലും അധികാരം ഏറ്റെടുത്തു കഴിയുമ്പോൾ തന്നെ ആരാധിക്കുവാനോ യഥാർത്ഥ ക്രിസ്തുവിനെ ആരാധിക്കുവാനോ സകല മനുഷ്യരും പ്രേരിപ്പിക്കപ്പെടും (മത്താ. 24:15; 2 തെസ്സ. 2:4 വെളി. 13: 15–18). ദൈവവും ഈ കാര്യത്തിൽ പരോക്ഷമായി ഇട പെടും. ക്രിസ്തുവിനെക്കുറിച്ചുള്ള സത്യം മനസ്സിലാക്കാ ത്തവർ അന്തിക്രിസ്തുവിന്റെ കള്ളത്തരങ്ങൾ വിശ്വസി ക്കത്തക്കവിധം അന്ധന്മാരായിത്തീരും (2 തെസ്സ. 2:11–12). സാത്താന്റെ സമ്മർദ്ദവും ദൈവികാലോചനകളും രണ്ടി ലൊന്ന് തിരഞ്ഞെടുക്കുവാൻ സകലരെയും നിർബന്ധി തരാക്കും. മഹോപദ്രവകാലഘട്ടത്തിൽ, രക്ഷിക്കപ്പെടാ ത്തവരായി ജീവിതം ആരംഭിച്ചവരിൽ ചിലർ ക്രിസ്തു വിലുള്ള വിശ്വാസത്തിലേക്ക് തിരിയും (ദാനീയേലിലും വെളിപ്പാടിലും പറഞ്ഞിരിക്കുന്ന വിശുദ്ധന്മാർ ഉദാ. വെളി. 7:9, 14). സ്ഥിരമായിട്ടും പിൻവലിക്കപ്പെടുവാൻ കഴിയാത്ത നിലയിലും വിശ്വാസം വെളിപ്പെടുത്തേണ്ട ഒരു സന്ദർഭം യഥാർത്ഥത്തിൽ ലോകചരിത്രത്തിൽ ഉണ്ടാകയില്ല. മൃഗ ത്തിന്റെ മുദ്രയേല്ക്കുവാനുള്ള തീരുമാനം ക്രിസ്തു വിനെ എന്നേക്കുമായി തള്ളിക്കളയുന്ന അനുഭവമായി രിക്കും. എല്ലാ അവിശ്വാസികളും അന്തിക്രിസ്തുവിന്റെ കൈക്കീഴിൽ ആകയും അവനെ ആരാധിക്കുകയും അവ രുടെ തീരുമാനം മുദ്ര ഏല്ക്കുന്നതിൽ കൂടെ വെളിപ്പെ ടുത്തുകയും ചെയ്യും. എന്നാൽ വിശ്വാസികൾക്ക് ക്രിസ്തുവിനെ എന്നേക്കുമായി നിഷേധിക്കുവാൻ കഴി കയില്ല. അതുകൊണ്ട് വിശ്വാസികൾ തങ്ങളുടെ വിശ്വാസം വെളിപ്പെടുത്തുകയും മുദ്ര ഏല്ക്കാതെ അന്തി ക്രിസ്തുവിനെ വിരോധിക്കുകയും ചെയ്യും. **അവസാനം മഹോപദ്രവകാലയളവിൽ മൃഗത്തിന്റെ ഉപദ്രവം സഹി ച്ചു മുമ്പോട്ടു പോകുന്നവർ, യഥാർത്ഥത്തിൽ രക്ഷി ക്കപ്പെട്ടവരായിരിക്കും എന്നുള്ളത് സത്യമാണ്**. അവർ കഷ്ടം സഹിച്ചതുകൊണ്ടല്ല രക്ഷ നേടുന്നതും നിലനി ല്ക്കുന്നതും. അവർ അവരുടെ വിശ്വാസം വെളിപ്പെടു ത്തും. രക്ഷിക്കുന്ന വിശ്വാസം മൃഗത്തെ ആരാധിക്കുന്നത് തടയുകയും അവന്റെ മുദ്ര ഏല്ക്കുന്നത് തടയുകയും ചെയ്യും. മഹോപദ്രവത്തിന്റെ അവസാനം വരെ മൃഗത്തെ ആരാധിക്കുന്നത് നിഷേധിക്കുന്നവരായിരിക്കും ക്രിസ്തു വിൽ വിശ്വസിച്ച് രക്ഷ നേടുന്നവർ. ക്രിസ്തുവിൽ വിശ്വ സിക്കുവാൻ തീരുമാനിക്കുകയും എതിർക്രിസ്തുവിനെ ഉപേക്ഷിക്കുകയും ചെയ്യുന്നവർ, വളരെ കഷ്ടത അനു ഭവിക്കേണ്ടിവരുമെങ്കിലും അവർ രക്ഷ പ്രാപിക്കുന്നവ രായിരിക്കും. ക്രിസ്തുവിലുള്ള വിശ്വാസം തിരഞ്ഞെടു ക്കുന്നവർ കഷ്ടതയോ മരണമോ അനുഭവിക്കേണ്ടി വന്നാലും തങ്ങളുടെ പ്രാണനെ നേടുന്ന തീരുമാനമാ യിരിക്കും. മൃഗത്തെ ആരാധിക്കുവാനും അവന്റെ മുദ്ര യേല്ക്കുവാനും തീരുമാനിക്കുന്നവർക്ക് രക്ഷ നഷ്ടപ്പെടുകയല്ല ചെയ്യുന്നത്, പിന്നെയോ **അവർക്കു ഒരിക്കലും രക്ഷയില്ലയെന്ന്** വെളിപ്പെടുത്തുകയാണ്. യേശുവിന്റെ വാക്കുകൾ നമുക്ക് ഇങ്ങനെ പറയാം "അവ സാനം വരെയും അന്തിക്രിസ്തുവിനെതിരായി നിലനി ല്ക്കുന്നവരാണ് രക്ഷിക്കപ്പെട്ടവർ." ഈ സത്യം മറ്റൊരു വിധത്തിൽ ഇങ്ങനെ പറയാം. "രക്ഷിക്കപ്പെട്ടവർ സഹി ച്ചുനില്ക്കും". അതേ സത്യമാണ് പറയുന്നതെങ്കിലും മറ്റൊന്നിന് ഊന്നൽ നല്കുന്നു. ശരിയായ വിശ്വാസികൾ ഓരോരുത്തരും അതിക്രിസ്തുവിനെ ആരാധിക്കുന്നത് തള്ളിക്കളയും അതിനുവേണ്ടി കഷ്ടത അനുഭവിക്കു കയും ചെയ്യും. എന്നാൽ യേശു പറയുമ്പോൾ യേശു ക്രിസ്തുവിനെ (അന്തിക്രിസ്തുവിനെ അല്ല) അംഗീക രിക്കുന്നതിനാൽ കഠിനമായ ഉപദ്രവും മരണവും സഹി ക്കേണ്ടിവന്നാലും അവർക്ക് രക്ഷ ലഭിക്കും എന്ന് സുവ്യ ക്തമായി വെളിപ്പെടുത്തുന്നു.

4. മത്താ. 25:30

(മത്താ. 8:11–12 കാണുക)

> എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറ ത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ; അവിടെ കര ച്ചിലും പല്ലുകടിയും ഉണ്ടാകും (മത്താ. 25:30).

ഒരു ദാസനെ പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുന്ന വിഷ യമാണ് ഇവിടെ പറയുന്നത്. ഇത് ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടുമെന്നുള്ള സൂചനയാണോ? അപ്പോ. 2 വരെ സഭ രൂപീകരിക്കപ്പെട്ടിട്ടില്ല. കർത്താവിന്റെ പഠിപ്പിക്കൽ പലതും സഭയോടു ബന്ധപ്പെട്ടതാണെ ങ്കിലും പല പ്രസ്താവനകളും യിസ്രായേലുമായി ബന്ധ മുള്ളവയാണ്. ഒരു നിലയിൽ എല്ലാ യഹൂദന്മാരും ദൈവ ത്തിന്റെ ദാസന്മാരാണെങ്കിലും എല്ലാ യഹൂദന്മാരും രക്ഷി ക്കപ്പെട്ടവരല്ല. പലർക്കും വിശ്വാസം ഇല്ല. അങ്ങനെ ദൈവത്തിന്റെ ദാസനായ യഹൂദൻ ശിക്ഷാവിധിക്ക് അർഹനാണ്. എങ്ങനെയാണെങ്കിലും ഇത് രക്ഷ നഷ്ട പ്പെടുന്ന ഒരു ക്രിസ്തുവിശ്വാസിയുടെ ഉദാഹരണമല്ല. മത്താ. 8:12–ൽ അവിശ്വാസികളായ യിസ്രായേലാണ് കർത്താവിന്റെ മനസ്സിൽ ഉള്ളതെന്ന് തെളിയിക്കുന്നു.

5. യോഹന്നാൻ 15:1–8

> ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കി ക്കളയുന്നു. കായ്ക്കുന്നത് ഒക്കെയും അധികം ഫലംകായ്ക്കേണ്ടതിന് ചെത്തിവെടിപ്പാക്കുന്നു. ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു. എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ

[77] ഇത് മഹോപദ്രവ കാലഘട്ടത്തിന് മുമ്പ് വിശുദ്ധന്മാർ എല്ലാം എടുക്കപ്പെടും എന്ന ആശയമാണ് (അദ്ധ്യായം 12)

> സ്വയമായി കായ്ക്കാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും. എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല. എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തുകളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു; അതു വെന്തുപോകും. നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും. നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും (യോഹ. 15:1–8).

യോഹന്നാൻ 15 ലെ മുറിച്ചു പുറത്തുകളഞ്ഞ കൊമ്പ് രക്ഷ നഷ്ടപ്പെടുന്ന വിശ്വാസികളെ സൂചിപ്പിക്കുന്നുവെന്ന് ഓർമ്മിപ്പിക്കുന്നു. എന്നാലും നിത്യമായ ഭദ്രത കൈകാര്യം ചെയ്യുന്ന ആശയങ്ങൾ ഇവിടെ വിശദീകരിക്കുന്നു എന്ന കാഴ്ചപ്പാടും ഉണ്ട്. യൂദാ, അപ്പോസ്തലന്മാരുടെ കൂട്ടത്തിൽ നിന്ന് പുറത്തുപോകുന്നതിനെ വിശദീകരിക്കുന്നതാകാം. വിശ്വാസികൾക്ക് ഈ ജീവിതത്തിലുള്ള ശിക്ഷാവിധിയെ ഓർമ്മിപ്പിക്കുന്നതുമാകാം.

a. യൂദ ഒരു മുറിക്കപ്പെട്ട കൊമ്പെന്ന നിലയിൽ

ശരിയായ കേഴ്വിക്കാരെ ഉദ്ദേശിച്ച് എഴുതപ്പെട്ടതാണ് യോഹന്നാൻ 15-ാം അധ്യായം. മുറിച്ച് പുറത്തുകളഞ്ഞ കൊമ്പ് യൂദയുടെ ഒഴിഞ്ഞുപോക്കിനെ ആ ദിവസം സന്ധ്യാസമയത്ത് തന്നെ സൂചിപ്പിച്ചിരുന്നു (യോഹ. 13:26–30). തന്നിൽ വസിക്കുവാൻ ക്ഷണിക്കുന്നവരോട്, ക്രിസ്തുവിനെ പിടിച്ചുകെട്ടി, വിസ്തരിച്ച് ക്രൂശിക്കാൻ കൊണ്ടുപോകുമ്പോൾ, ആത്മാർത്ഥതയും ക്രിസ്തുവിൽ വിശ്വാസവും നിലനിർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ വിഷയങ്ങളെയൊക്കെ എല്ലാ സമയത്തേക്കും ബാധകമാണെങ്കിലും, മാളിക മുറിയിലിരുന്നവർ, മുറിവിട്ട് തോട്ടത്തിലേക്ക് പോകുന്നവരോട് സാന്ദർഭികമായി കർത്താവ് പഠിപ്പിക്കുന്ന വിഷയങ്ങളാണെന്ന് മനസ്സിലാക്കാം. (യോഹ. 14:31; യോഹ. 18:1). ഇതിനിടയ്ക്ക് യൂദ യേശുവിനെ ഒറ്റിക്കൊടുക്കുകയും പെട്ടെന്ന് മരിക്കുകയും ചെയ്യുന്നു. കർത്താവ് പ്രാഥമികമായി അപ്പൊസ്തലന്മാരോട് പറയുന്നു എന്നുള്ളതിനുള്ള സൂചനകൾ നോക്കുക.

> ...എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹ. 14:26).
>
> നിങ്ങളും ആദിമുതൽ എന്നോടുകൂടെ ഇരിക്കകൊണ്ട് സാക്ഷ്യം പറവിൻ(യോഹ. 15:27).
>
> അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും (യോഹ. 16:2).
>
> ..ആദിയിൽ ഇതു നിങ്ങളോടു പറയാഞ്ഞതു ഞാൻ നിങ്ങളോടു കൂടെ ഇരിക്കകൊണ്ടത്രെ (യോഹ. 16:4).
>
> ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ട്. എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല (യോഹ. 16:12).
>
> ഇവർക്കുവേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്ക് വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു (യോഹ. 17:20).

മാളികമുറി സംഭാഷണങ്ങൾ ശിഷ്യന്മാരോട് നേരിട്ട് സംസാരിച്ചിരിക്കുന്നു. ഇന്നത്തെ ഒരു ക്രിസ്ത്യാനിയും "ആരംഭം മുതൽ" കർത്താവിനോടുകൂടെ ഇരുന്നിട്ടില്ല (യോഹ. 15:27; 16:4). യോഹ. 17:20-ൽ ക്രിസ്തുവിൽ വിശ്വസിപ്പാനിരിക്കുന്ന വരുന്ന തലമുറയോട് എന്ന് ഓർപ്പിക്കുന്നത്, കർത്താവിന്റെ പഠിപ്പിക്കലുകൾ എല്ലാം തന്നോടുകൂടെയുണ്ടായിരുന്ന അപ്പോസ്തലന്മാരോടായിരുന്നു എന്ന് ഉറപ്പിക്കുന്നതാണ്. യോഹന്നാൻ 15-ാം അദ്ധ്യായം അപ്പോസ്തന്മാരോടാണ് ഓർപ്പിക്കുന്നതെങ്കിൽ, കർത്താവ് യൂദയുടെ പുറപ്പെട്ടു പോകൽ വിശദീകരിക്കുകയും, ബാക്കിയുള്ളവരോട് മുമ്പിലുള്ള അന്ധകാരനിമിഷങ്ങളിൽ വിശ്വാസത്തിൽ നിലനില്ക്കണം എന്ന് ആവശ്യപ്പെടുകയുമാണ് ചെയ്യുന്നത്.

യോഹ. 15:2-ൽ കായ്ക്കാത്ത കൊമ്പ് നീക്കിക്കളയുന്നതായി പറയുന്നു.[78] അത് കാഴ്ചയിൽ മുന്തിരിവള്ളിയോട് ബന്ധപ്പെട്ടിരിക്കുന്നു. എങ്കിലും (യൂദ പുറമെ ക്രിസ്തുവിനോടുള്ള സഹകരണത്തിലൂടെ ബന്ധപ്പെട്ടിരിക്കുന്നു) അന്യോന്യമുള്ള ജീവന്റെ കൈമാറ്റം നടന്നിരുന്നില്ല. മുന്തിരിവള്ളിയിൽ നിന്ന് ഉണങ്ങിയ ശാഖയിലേക്ക് ജീവൻ ഒഴുകിയിരുന്നില്ല. അതുകൊണ്ട് ദൈവം അതിനെ മാറ്റിക്കളയുന്നു (നീക്കിക്കളയുന്നു). പുറമേ ക്രിസ്തു

---

[78] '*എന്നിൽ*' എന്ന പ്രയോഗം പുറമെയുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു എന്നു തോന്നാം. ക്രിസ്തുവിൽ രണ്ട് തരത്തിലുള്ള കൊമ്പുകളെക്കുറിച്ച് പറയുന്നു. ഒന്നാമത്, ഉണങ്ങിയ കൊമ്പുകൾ അകമെയുള്ള ബന്ധമോ, ജീവനോ ഇല്ല. രണ്ടാമത്, ഫലം കായ്ക്കുന്ന കൊമ്പുകൾ, ഇതിന് അകമെ, ജീവന്റെ ബന്ധം ഉണ്ട്. രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവക്കു മാത്രമേ വസിക്കുവാനുള്ള കല്പന അനുസരിക്കുവാൻ കഴിയൂ. ഉണങ്ങിയ കൊമ്പുകൾക്ക് കാഴ്ചയിൽ ക്രിസ്ത്യാനിത്വത്തോടു ബന്ധം കാണും. പക്ഷേ ജീവനില്ല. അതുകൊണ്ട്, അവയ്ക്കില്ലാത്ത ബന്ധത്തിൽ വസിക്കുവാൻ കഴികയില്ല.

വുമായി ബന്ധിക്കപ്പെട്ടിരുന്നു എങ്കിലും ക്രിസ്തുവിലുള്ള ജീവൻ പ്രാപിച്ചിരുന്നില്ല. രക്ഷ നഷ്ടപ്പെടുന്ന വിശ്വാസിക്ക് ഉദാഹരണമല്ല യൂദ. പുറമെ ക്രിസ്ത്യാനിത്വവുമായി ബന്ധമുണ്ടെങ്കിലും അകമേയുള്ള ജീവൻ പ്രാപിക്കാത്ത വ്യക്തിക്ക് ഉദാഹരണമാണ്. വാക്യം 2-ൽ ഫലംകായ്ക്കാത്ത ഉണങ്ങിയ കൊമ്പായ യൂദയെ ക്രിസ്തുവുമായുള്ള ബന്ധത്തിൽ നിന്ന് നീക്കിക്കളഞ്ഞതായി ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്നു. അവനെ വളരെ വേഗം മരണത്തിൽ കൂടെ നീക്കിക്കളഞ്ഞു.

ബാക്കിയുള്ള ശിഷ്യന്മാരെല്ലാം ഫലം പുറപ്പെടുവിക്കുന്ന കൊമ്പുകളെപ്പോലെയാണ്. പുറമെയുള്ള ബന്ധംകൂടാതെ, അകമെയുള്ള ബന്ധവും (ഐക്യത) ക്രിസ്തുവുമായി പുലർത്തിയിരുന്നു. അവനിൽ നിന്ന് ജീവൻ അവരിലേക്ക് ഒഴുകിയിരുന്നു. അവർക്ക് ചെത്തിവെടിപ്പാക്കൽ (കഷ്ടതയും ശിക്ഷകളും) പ്രതീക്ഷിക്കാം. അത് കൂടുതൽ ഫലം പുറപ്പെടുവിക്കുവാൻ കാരണമാകുന്നു.

യോഹന്നാൻ 15:4-ൽ മറ്റുള്ള ശിഷ്യന്മാരോട് "എന്നിൽ വസിക്കുവിൻ" എന്ന് യേശു ആവശ്യപ്പെടുന്നു. കർത്താവിന്റെ എല്ലാ കല്പനകളും അനുസരിച്ച് ആഴമുള്ള ഒരു ബന്ധത്തിലേക്ക് വരുവാനുള്ള ഒരു അഭ്യർത്ഥനകൂടി 'എന്നിൽ വസിക്കുക' എന്ന നിർദ്ദേശത്തിൽ കാണുന്നു. ഇത് മുന്തിരിവള്ളിയിൽ നിന്ന് കൂടുതൽ സജീവമായ ജീവൻ വലിച്ചെടുക്കുവാനുള്ള നിർദ്ദേശമാണ്. 1 യോഹ. 3:24-ൽ കാണുന്ന വസിക്കുക എന്നതിന്റെ നിർവചനം ഇതാണ്. വസിക്കുക എന്ന കല്പന രക്ഷ എന്ന വിഷയത്തെക്കാൾ അനുസരണത്തെ കേന്ദ്രീകരിച്ചു നില്ക്കുന്നു (യോഹ. 15:5, 10). എന്തായാലും, വസിക്കുക എന്ന കല്പന രക്ഷയെക്കാൾ കുറഞ്ഞ ഒരു വിഷയവും ഉൾക്കൊള്ളുന്നില്ല. [79] വസിക്കുക എന്നതിന് സ്ഥിരമായി നില്ക്കുക എന്നർത്ഥം, തന്റെ അപ്പോസ്തലന്മാരോട് തന്റെ കല്പനകൾ അനുസരിക്കുവാൻ യേശു ആവശ്യപ്പെടുമ്പോൾത്തന്നെ അഭിമുഖീകരിക്കുവാൻ പോകുന്ന പ്രതിസന്ധികളുടെ മദ്ധ്യത്തിൽ വിശ്വാസത്തിൽ നില നില്ക്കുവാനും യേശു ഓർമ്മിപ്പിക്കുന്നു.

നിത്യമായ ഭദ്രത അംഗീകരിക്കുന്ന ഒരു വ്യക്തി ചിന്തിക്കുന്നതു യേശു ശിഷ്യന്മാരോട് വിശ്വാസത്തിൽ നില നില്ക്കണം എന്ന് ആവശ്യപ്പെടുന്നതെന്തുകൊണ്ടാണ്? വിശ്വാസികളെ വിശ്വാസത്തിൽ നിലനിർത്തുവാനുള്ള ദൈവത്തിന്റെ പദ്ധതി (1 പത്രൊ. 1:4-5). വിശ്വാസത്തിൽ നിലനില്ക്കുവാനുള്ള വചനത്തിലെ കല്പനകളാണ്. ഒരു വ്യക്തിയുടെ വിശ്വാസവും രക്ഷയും നഷ്ടപ്പെടുമെന്ന് സങ്കല്പിച്ചാൽ തന്നെ, ഒരു വിശ്വാസിയെ വിശ്വാസത്തിൽ സംരക്ഷിക്കുന്നത് ദൈവത്തിന്റെ പ്രവൃത്തിയല്ല. യോഹ. 15-ൽ പറയുന്ന യേശുവിന്റെ കൃപയുടെ മുന്നറിയിപ്പുകളും കല്പനകളും അല്ലായിരുന്നുവെങ്കിൽ, അപ്പോസ്തലന്മാർ പോലും പ്രതിസന്ധിഘട്ടത്തിൽ വിശ്വാസം ഉപേക്ഷിക്കുമായിരുന്നു. ഇങ്ങനെ സംഭവിക്കാതെ അവരെ സുരക്ഷിതമായി കാക്കുവാൻ കർത്താവ് ഉദ്ദേശിച്ചു.

ശിഷ്യന്മാരോട് വിശ്വാസത്തിൽ നിലനില്ക്കുവാനുള്ള (വസിക്കുവാൻ) കല്പന, അന്ധരാത്രിയിലും വരുവാൻ പോകുന്ന നിർണ്ണായകമായ ക്രൂശീകരണ ദിനത്തിലും ഈ വ്യക്തികളെ വിശ്വാസത്തിൽ നിലനിർത്തുവാനുള്ള കാരണമായിത്തീർന്നു. ഇതു തന്നെയല്ലേ കർത്താവ് യോഹ. 16:1 -ൽ അർത്ഥമാക്കുന്നത്? ആധുനിക കാലത്തിൽ വിശ്വാസം കാത്തുസൂക്ഷിക്കുവാനുള്ള വചനത്തിലെ കല്പനകൾ നിത്യമായ ഭദ്രതയുടെ ഉപേദശങ്ങളുമായി പൊരുത്തപ്പെടാതെ വരുന്നില്ല. വിശ്വാസത്തിൽ നിലനില്ക്കുവാനുള്ള ക്രിസ്തുവിന്റെ കല്പനകൾ, വിശ്വാസികളെ സുരക്ഷിതരാക്കി നിർത്തുവാനുള്ള ദൈവത്തിന്റെ മാർഗ്ഗം ആണ്. കർത്താവ് ശിഷ്യന്മാരോട് തന്നിൽ വസിക്കുവാൻ കല്പിക്കുമ്പോൾ, വിശ്വാസത്തിൽ നിലനില്ക്കുകയെന്നും അവന്റെ കല്പനകൾ അനുസരിക്കുകയെന്നുമുള്ള രണ്ടാശയങ്ങളും ഉൾപ്പെട്ടിരുന്നു.

വാസ്തവത്തിൽ ഈ കല്പനകൾ യൂദയ്ക്കും അതുപോലെയുള്ളവർക്കും ഉള്ളതായിരുന്നില്ല. മുന്തിരിവള്ളിയോടു ബന്ധപ്പെട്ടു നില്ക്കുന്ന ഒരു ഉണങ്ങിയ കൊമ്പ് ആയിരുന്നു യൂദ. യേശുവുമായി പുറമേയുള്ള ബന്ധം ഉണ്ടായിരുന്നുവെങ്കിലും, അകമേയുള്ള ജീവൻ ഉണ്ടായിരുന്നില്ല. യൂദയ്ക്ക് വസിക്കുവാൻ കഴിയില്ല

ഒരുവന് ഇല്ലാത്ത ഒരു കാര്യം അവന് പ്രാധാന്യം നല്കി

[79] യോഹന്നാൻ 4: 15-ൽ 'അവനിൽ വസിക്കുക' എന്നത് രക്ഷിക്കപ്പെടുന്നതിനു തുല്യമാണ്. പ്രത്യേകിച്ചും 1 യോഹ. 2: 6-ൽ ('വസിക്കുക' എന്നത് വാക്യം 5-ലെ 'അവനിൽ' എന്നതിന് തുല്യമാണ്. 1 യോഹ 3: 24-ൽ *വസിക്കുക* എന്നതിന് കർത്താവിന്റെ കല്പനകൾ അനുസരിക്കുക എന്നാണ്. രണ്ടാശയങ്ങളും യോഹന്നാൻ 15-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. യേശു അവിശ്വാസികളോട് രക്ഷയിലേക്കു പ്രവേശിക്കുവാനല്ല ആവശ്യപ്പെടുന്നത് (ആധുനിക പ്രസംഗങ്ങളിൽ ഈ വാക്യം ഈ രീതിയിൽ പ്രയോഗിക്കാമെങ്കിലും). രക്ഷിക്കപ്പെട്ട അപ്പോസ്തലന്മാരോട് അവർക്കു ലഭിച്ചിട്ടുള്ള ബന്ധത്തിൽ നിലനില്ക്കുവാൻ ആവശ്യപ്പെടുന്നു. അതായത്, അവർക്കുള്ള വിശ്വാസത്തിൽ നിലനില്ക്കുക, അവന്റെ കല്പനകൾ അനുസരിക്കുക. യൂദ വാസം അവസാനിപ്പിച്ച സംഭവം ഇതല്ല. ജീവനുള്ള കൊമ്പുകൾക്കു മാത്രമേ വസിക്കുവാൻ കഴിയൂ. വിശ്വാസത്തിൽ നിലനില്ക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലൂടെയാണ് അവർക്ക് വസിക്കുവാൻ കഴിഞ്ഞത്. "എന്നിൽ" രണ്ടു തരത്തിലുള്ള കൊമ്പുകളുണ്ടായിരുന്നു(അതായത് ക്രിസ്തുവുമായി പുറമെ ബന്ധപ്പെട്ടിരുന്ന). കാഴ്ചയിൽ ബന്ധമുണ്ടെങ്കിലും ഫലം ഇല്ലാത്തത് ഉണങ്ങിയ കൊമ്പുകളാണ്. കാഴ്ചയിൽ ബന്ധമുള്ളതും ഫലം കായ്ക്കുന്നതും ജീവനുള്ളവയാണ്. ജീവനുള്ള കൊമ്പുകൾക്കു മാത്രമേ ഐക്യതയും അതിലൂടെ നിലനില്ക്കുവാനും ആഴത്തിൽ വളരുവാനും കഴിയുകയുള്ളൂ.

സൂക്ഷിക്കുവാൻ കഴികയില്ല. യൂദയ്ക്ക് ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത വിശ്വാസത്തിൽ തുടരുവാനും കഴിഞ്ഞില്ല. അതുകൊണ്ട് ക്രിസ്തുവിൽ വസിക്കുവാനും കഴിയില്ല. അവന് ക്രിസ്തുവുമായി ഒരുജീവനുള്ള ഐക്യത നിലനിർത്തുവാനോ ക്രിസ്തുവിന്റെ എല്ലാ കല്പനകളും അനുസരിച്ച് ഒരു സജീവമായ ഐക്യതയിൽ കടന്നുവരുവാനോ കഴിഞ്ഞില്ല. തീയിലേക്ക് വലിച്ചെറിയപ്പെട്ട ഒരു ഉണങ്ങിയ കൊമ്പാണ് യൂദ.

പുറമെ ക്രിസ്തുവുമായുള്ള ബന്ധത്തിൽ തുടരുന്നതും (സഭാംഗത്വം ഉണ്ട്) എന്നാൽ വിശ്വാസം ഇല്ലാത്തതുമായ ഒരു വ്യക്തിയെ പ്രതിനിധീകരിക്കുന്നവനാണ് യൂദ. വിശ്വാസമില്ലെങ്കിൽ യാതൊരു ആത്മീയ കൂട്ടായ്മയുമില്ല. ഇങ്ങനെയുള്ള വ്യക്തികൾക്ക് അവനിൽ വസിക്കുവാനും ആ ബന്ധത്തിൽ തുടരുവാനും കഴിയില്ല. അവൻ ആ ബന്ധം ഇതുവരെയും ആരംഭിച്ചിട്ടില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്നതുവരെ കർത്താവിന്റെ കല്പനകൾ അനുസരിച്ച് ആ ബന്ധത്തിന്റെ ആഴം കൂട്ടുവാൻ കഴികയില്ല. യൂദയെപ്പോലെ അവസാനം, ക്രിസ്തുവുമായി കെട്ടപ്പെട്ടിരിക്കുന്നു എന്ന് തോന്നിക്കുന്ന എല്ലാ ബന്ധങ്ങളും അറ്റുപോയിട്ട് തീയിലേക്ക് എറിയപ്പെടും.

യോഹന്നാൻ 15-ാം അദ്ധ്യായം യഥാർത്ഥ നിലവാരത്തിൽ അപഗ്രഥിച്ച് പഠിച്ചാൽ, ഈ ഭാഗം രക്ഷ നഷ്ടപ്പെടുന്ന ഒരു യഥാർത്ഥ ക്രിസ്ത്യാനിയുമായി ബന്ധപ്പെടുത്തേണ്ട ആവശ്യം ഇല്ല. യൂദ ജീവനില്ലാത്ത ഉണങ്ങിയ ഒരു കൊമ്പ്, അവന് രക്ഷ നഷ്ടപ്പെട്ടില്ല. അവന് **ഒരിക്കലും രക്ഷയുണ്ടായിരുന്നില്ല.** അവനിൽ വസിച്ചിട്ടുമില്ല. അതുകൊണ്ട് രക്ഷ നഷ്ടപ്പെട്ടിട്ടുമില്ല. അവനിൽ വസിക്കുവാൻ കഴിഞ്ഞില്ല എന്തുകൊണ്ടെന്നാൽ അവന് സ്വന്തമാക്കുവാൻ കഴിയാത്ത ബന്ധത്തിൽ തുടരുവാൻ കഴിഞ്ഞില്ല (വളരെ കുറഞ്ഞ ആഴം). ക്രിസ്തുവുമായി ബന്ധപ്പെട്ട പല കാര്യങ്ങളിലും പുറമേ ഏർപ്പെടുന്നവരെങ്കിലും, വിശ്വാസത്താലുള്ള യഥാർത്ഥ ഐക്യത ഇല്ലാത്തവർക്ക് യൂദ ഒരു മുന്നറിയിപ്പാണ്.

നിത്യമായ ഭദ്രത അംഗീകരിക്കുന്ന പലരും യോഹന്നാൻ 15-ലെ ഈ വ്യാഖ്യാനം അംഗീകരിക്കുന്നില്ല. ഇവിടെ തീ എന്നു പറയുന്നത് നിത്യമായ ശിക്ഷാവിധിയെക്കുറിച്ചല്ലെന്ന് അവർ ചിന്തിക്കുന്നു. വസിക്കുക എന്ന നിർദ്ദേശത്തിൽ വിശ്വാസത്തിൽ തുടരുക എന്ന അപേക്ഷയുമുണ്ടെന്നു ചിന്തിക്കുന്നില്ല. തീ എന്നത് പ്രതിഫലം നഷ്ടപ്പെടുന്നതും വിശ്വാസികൾക്കുള്ള താല്ക്കാലിക ശിക്ഷയാണെന്നും അവർ കരുതുന്നു. വസിക്കുവാനുള്ള ആഹ്വാനം എന്നത് ആഴമുള്ളതും പൂർണ്ണമായതുമായ അനുസരണത്തെ കാണിക്കുന്നു എന്നും അതിന് വിശ്വാസത്തിൽ തുടരുന്നതുമായി ബന്ധമില്ലെന്നും ചിന്തിക്കുന്നു. എഴുത്തുകാരൻ 'യൂദയുടെ കാഴ്ചപ്പാടു' കരണീയമായിക്കാണുന്നു എങ്കിലും, രണ്ടാമത്തെ കാഴ്ചപ്പാട് അംഗീകരിക്കാവുന്നതാണ്.

b. ബാലശിക്ഷയുടെ മുന്നറിയിപ്പ്, പ്രതിഫലങ്ങൾ നഷ്ടപ്പെടുന്നു എന്ന കാഴ്ചപ്പാട്

യോഹന്നാൻ 15-ൽ തീർച്ചയായും 'യൂദയുടെ അനുഭവം' അല്ല കാണിച്ചിരിക്കുന്നത്. അതായത് ക്രിസ്തീയ ആചാരങ്ങളുമായി ബന്ധമുണ്ടെങ്കിലും വിശ്വാസമില്ല. ക്രിസ്തുവിന്റെ വാക്കുകൾ പ്രത്യേകമായി വിശ്വാസികളെ സംബന്ധിക്കുന്നതാണെങ്കിൽ അനുസരണവും പൂർണ്ണ ബന്ധവുമുള്ള ഒരു ജീവിതമായി വസിക്കണമെന്ന് വിശ്വാസികൾക്ക് മുന്നറിയിപ്പ് നല്കുന്നു. ഇത് നിഷേധിക്കുന്നവർ ശാരീരിക മരണം വരെയുള്ള ശിക്ഷ അനുഭവിക്കുകയും അവർക്ക് പ്രതിഫലം നഷ്ടപ്പെടുകയും ചെയ്യുന്നു.

യോഹ. 15:2-ൽ ഫലം കായ്ക്കാത്തവരെക്കുറിച്ചും കുറച്ചു ഫലം കായ്ക്കുന്നവരെക്കുറിച്ചും "എന്നിൽ" എന്ന പ്രയോഗത്തിൽ വെളിപ്പെടുത്തുന്നു.[80] ഫലം കായ്ക്കാത്ത ക്രിസ്ത്യാനികളെ ശാരീരിക മരണത്തിലൂടെ ഈ ലോകത്തിൽ നിന്നും മാറ്റുന്നു(1 കൊരി. 11:30). കുറച്ചു ഫലം കായ്ക്കുന്ന ക്രിസ്ത്യാനികളെ അധികം ഫലം കായ്ക്കേണ്ടതിനു ചെത്തി വെടിപ്പാക്കുന്നു.

വാ. 4-ൽ കൂടുതൽ ഫലം കായിപ്പാൻ കൊമ്പിൽ വസിപ്പാൻ കല്പിക്കുന്നു.

> അവന്റെ കല്പനകൾ അനുസരിക്കുന്നവൻ അവനിൽ വസിക്കുന്നു (1 യോഹ. 3:24).

(1 യോഹ. 2:28 നോക്കുക).

അവന്റെ കല്പനകൾ അനുസരിക്കുവാൻ വിസമ്മതിക്കുന്നവർ 6-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന കൊമ്പുകൾക്ക് തുല്യമാണ്. ചുട്ടുകളയുക എന്നത് കാർഷിക രൂപകാലങ്കാര വാക്കാണ്. കൃഷിക്കാരൻ സാധാരണ നിലം കത്തിക്കുന്നത് അതിലെ കളകളെ നശിപ്പിക്കുന്നതിനും, ഫലപുഷ്ടിയുള്ളതാക്കുന്നതിനും ആണ്.[81] വസിക്കാത്തവൻ ദൈവത്തിന്റെ ശുദ്ധീകരണ ശിക്ഷാവിധിയിലൂടെ കടന്നുപോകേണ്ടിവരും. ഇത് രക്ഷ നഷ്ടപ്പെ

---

[80] യൂദായുടെ കാഴ്ചപ്പാടിൽ നിന്നും വ്യത്യസ്തമായി ശിക്ഷാവിധിയുടെ കാഴ്ചപ്പാട് 2-ാം വാക്യത്തിൽ 2 തരത്തിലുള്ള കൊമ്പുകളെയും രക്ഷിക്കപ്പെട്ടവരെ കാണിക്കുന്നു. രണ്ടു കൂട്ടർക്കും ആന്തരികമായ ആത്മിക ഐക്യത ഉണ്ടായിരിക്കും. ''എന്നിൽ'' രക്ഷിക്കപ്പെട്ട, ഫലമില്ലാത്ത കൊമ്പുകളും, രക്ഷിക്കപ്പെട്ട് ഫലം പുറപ്പെടുവിക്കുന്ന കൊമ്പുകളും ഉണ്ട്. എന്തായാലും "യൂദയുടെ കാഴ്ചപ്പാടിൽ" 2-ാം വാക്യത്തിലെ "എന്നിൽ" എന്നത് വസിക്കുക എന്നതിന് സമാനമാകുന്നില്ല. "എന്നിൽ" വസിക്കുന്നില്ല എന്നത് കല്പന അനുസരിക്കുന്നില്ല എന്ന നിലയിൽ ചിന്തിക്കുവാൻ കഴിയും.

[81] എബ്രാ. 6:8 -ൽ പറഞ്ഞിരിക്കുന്ന 'കത്തുക' എന്നത് വിശ്വാസിയെ ശിക്ഷാവിധിയിൽകൂടെ ശോധന ചെയ്യുന്ന വിഷയമാണെന്ന് എഴുത്തുകാരൻ വിശ്വസിക്കുന്നു. എങ്ങിനെയാണെ

ടുകയല്ല, പിന്നെയോ ഈ കഷ്ടതകൾ വിശ്വാസിയെ പുരോഗതിയിലേക്ക് നയിക്കുകയാണ്. കൂടാതെ പ്രതിഫലം നഷ്ടപ്പെടുന്നു എന്ന ഒരു പരാമർശവും ഉണ്ട്.

1 കൊരി. 3:15-ൽ, ന്യായാസത്തിന്റെ മുമ്പാകെ വിശ്വാസിയുടെ ജീവിതത്തിലെ പ്രവൃത്തികൾ കത്തിപ്പോകുമെന്ന് ഓർമ്മിപ്പിക്കുന്നു. അവൻ രക്ഷിക്കപ്പെടും, എന്നാൽ പ്രതിഫലം നഷ്ടപ്പെടുന്നു. രണ്ടാമത്തെ വിശദീകരണം (യോഹ. 15: 6 ലെ തീ കത്തുന്ന രീതി) നിത്യമായ ഭദ്രതയെക്കുറിച്ചുള്ള ഉപദേശത്തെ അംഗീകരിക്കുന്നതാണ്. ഇത് വളരെ ലളിതവും 1 യോഹ. 3:24 ലെ [82] അനുസരണം എന്നത് വസിക്കുക എന്നതിന്റെ നിർവചനവുമാണ്. ആദ്യത്തെ കാഴ്ചപ്പാട് യഥാർത്ഥ പശ്ചാത്തലവുമായി കൂടുതൽ യോജിക്കുന്നതും തീയിൽ കത്തുന്ന കൊമ്പിന്റെ രൂപകാലങ്കാരത്തിന് വിശദീകരണം നല്കുന്നതുമാണെന്ന് എഴുത്തുകാരൻ വിശ്വസിക്കുന്നു. ഒരു വ്യക്തി ഏതു നിലയിൽ വ്യാഖ്യാനിച്ചാലും യോഹ.15: 1-8 വരെയുള്ള വാക്യങ്ങളിൽ നിത്യമായ ഭദ്രതയെ എതിർക്കുവാൻ യാതൊരു തെളിവുമില്ല.

6. റോമ. 11:11-32

> എന്നാൽ എന്നെ ഒട്ടിക്കേണ്ടതിന്നു കൊമ്പുകളെ ഓടിച്ചുകളഞ്ഞു എന്നു നീ പറയും; ശരി; അവിശ്വാസത്താൽ അവ ഒടിഞ്ഞുപോയി. വശ്വാസത്താൽ നീ നില്ക്കുന്നു; ഞെളിയാതെ ഭയപ്പെടുക. സ്വാഭാവിക കൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കും. ആകയാൽ ദൈത്തിന്റെ ദയയും ഖണ്ഡിതവും കാൺക; വീണവരിൽ ദൈവത്തിന്റെ ഖണ്ഡിതവും; നിന്നിലോ നീ ദയയിൽ നില നിന്നാൽ ദയയും തന്നെ; അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും. അവിശ്വാസത്തിൽ നിലനില്ക്കാഞ്ഞാൽ അവരെയും കൂടെ ഒട്ടിക്കും; അവരെ വീണ്ടും ഒട്ടിപ്പാൻ ദൈവം ശക്തനല്ലോ.(റോമ. 11:19-23).

a. യഹൂദൻ - ജാതി വിവാദം

റോമ. 11:11-ൽ ദൈവം യിസ്രായേലിനെ തള്ളിക്കളഞ്ഞുവോ എന്ന് പൗലോസ് ചോദിക്കുന്നു. ഇല്ല. അവൻ യിസ്രായേലിനെ തള്ളിക്കളഞ്ഞിട്ടില്ല. എന്തുകൊണ്ടെന്നാൽ, വിശ്വസിക്കുന്ന ഒരു ശേഷിപ്പ് ഉണ്ടെന്ന് ഓർപ്പിക്കുന്നു. എന്നാൽ യഹൂദന്മാരുടെ അവിശ്വാസത്താൽ (വാക്യം 20), യിസ്രായേൽ മറ്റുള്ളവരെക്കാൾ പ്രത്യേകമായ ജനമെന്ന നിലയിലുള്ള പ്രവൃത്തികൾ ദൈവം നിർത്തിവെച്ചു. ഇപ്പോൾ ദൈവം ജാതികളെ അവന്റെ അനുഗ്രഹത്തിലേക്ക് കൂട്ടിച്ചേർത്തു. യിസ്രായേലിനെ ഒരു രാഷ്ട്രമെന്നുള്ള നിലയിൽ ദൈവം അവന്റെ അനുഗ്രഹത്തിന്റെ സ്ഥാനത്തുനിന്ന് തള്ളിക്കളഞ്ഞു. എന്നാൽ യിസ്രായേലിന്റെ നേരെ ജാതികളുടെ ഗർവ്വം ദൈവം അനുവദിക്കുന്നില്ല. ജാതികളുടെ അനുഗ്രഹത്തിന്മേലുള്ള തീക്ഷ്ണത ചില യഹൂദന്മാരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് നയിക്കാം (വാക്യം 11, 14). ഭാവിയിൽ നടക്കുന്ന ആയിരമാണ്ടു വാഴ്ചയിൽ ദൈവം യിസ്രായേലിനെ ചില പ്രത്യേക പദവിയിലേക്ക് മടക്കിക്കൊണ്ടുവരും (വാക്യം 25-27). ഇപ്പോൾ ജാതികൾക്കു ലഭിച്ചിരിക്കുന്ന അനുഗ്രഹം, അവർ യെഹൂദന്മാരെക്കാൾ ഏതെങ്കിലും ഔന്നത്യമുള്ളവരായതുകൊണ്ടാണെന്നു ചിന്തിക്കേണ്ട ആവശ്യം ഇല്ല. യഹൂദന്മാരും ജാതികളും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നതിന് പൗലോസ് ഒരു ഒലിവ് മരത്തിന്റെ ഉദാഹരണം നല്കുന്നു.

b. യഥാർത്ഥ ഒലിവു മരം

റോമർ 11 - ലെ ഒലിവു മരം സഭയല്ല. പൊതുവായിപ്പറഞ്ഞാൽ ഇത് ദൈവിക ആനുകൂല്യവും ആത്മീയ സാദ്ധ്യതയും അനുഗ്രഹവും ഉള്ള സ്ഥലം എന്ന് ചിന്തിക്കാം. കൂടുതൽ വ്യക്തമായിപ്പറഞ്ഞാൽ ഒലിവു മരം എന്നുള്ളത് അബ്രഹാമിലൂടെയുള്ള അനുഗ്രഹത്തിന്റെ സ്ഥാനമാണ്. വേര് വിശുദ്ധമായതുകൊണ്ട് (അബ്രഹാമും പിതാക്കന്മാരും) കൊമ്പുകളും (യഹൂദന്മാരുടെ വിശ്വസിക്കുന്ന അനന്തര തലമുറ) അങ്ങനെ തന്നെ. ജാതികൾ തങ്ങളുടെ ആത്മീയ നന്മകൾക്ക് യിസ്രായേലിനോട് കടപ്പെട്ടിരിക്കുന്നു.

സൂക്ഷ്മമായി നിരീക്ഷിച്ചാൽ യഥാർത്ഥ ഒലിവുമരം (പഴയനിയമ യഹൂദന്മാർ), **രക്ഷിക്കപ്പെട്ടതും രക്ഷിക്കപ്പെടാത്തതുമായ** യഹൂദന്മാരുള്ള ചില ശാഖകൾ പുറപ്പെടുവിച്ചു. ചില യഹൂദശാഖകൾ വിശ്വാസികളായിരുന്നു. എന്നാൽ മറ്റു ചിലതു വിശ്വാസമില്ലാത്ത ശാഖകളും (വാക്യം 20). അതുകൊണ്ട് ഈ വൃക്ഷം രക്ഷയുടെ വൃക്ഷമായിരുന്നില്ല. പിന്നെയോ വിശാലമായ ആത്മീയ സാദ്ധ്യതകളും അനുഗ്രഹങ്ങളും ചിത്രീകരിക്കുന്ന ഒരു വൃക്ഷം ആണ്. അബ്രഹാമിൽ നിന്ന് ആരംഭിച്ച അനുഗ്രഹത്തിന്റെ നിത്യമായ രക്ഷയും ഉൾപ്പെടുന്നു. (വിശ്വാസം ഉള്ളവർക്കു മാത്രം). എന്നാൽ അബ്രഹാമിൽ

ങ്കിലും എബ്രാ. 6-ലെ വിശദീകരണം ഒരു നിലത്തെക്കുറിച്ചുള്ളതാണ്. തീ ഇതിലെ കളകളെയും അശുദ്ധിയെയും നശിപ്പിച്ച് നിലത്തിന് കേടുവരുത്താതെ അതിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നു. യോഹ. 15-ൽ ഒരു കൊമ്പിനെ ഉദാഹരണമായി കാണിക്കുന്നു. തീ കൊമ്പിനെ മുഴുവനായി നശിപ്പിക്കുന്നു. 'യൂദയുടെ കാഴ്ചപ്പാട്' ഈ മുന്നറിയിപ്പിനെ നരകമായി ചിത്രീകരിക്കുന്നു. യോഹ. 15:6-ൽ തീ ശിക്ഷാവിധിയെ കാണിക്കുന്നു എങ്കിൽ, 2-ാം വാക്യത്തിൽ ചെത്തിവെടിപ്പാക്കുക എന്ന പ്രയോഗം എന്താണ് അർത്ഥമാക്കുന്നത്? വാക്യം 2-ലെ ചെത്തിവെടിപ്പാക്കുന്നത് ശിക്ഷാവിധിയുമായി ബന്ധപ്പെടുത്തിയാൽ, വാക്യം 6-ലെ തീ കൂടുതൽ അപകടകരമായ വസ്തുതയെ പരാമർശിക്കുന്നു എന്ന് ചിന്തിക്കുന്നതല്ലേ നല്ലത്?

[82] 1 യോഹ. 2: 5-6 ലും, 4:15-ലും പറഞ്ഞിരിക്കുന്ന വസിക്കുക എന്ന വാക്ക്, രക്ഷിക്കപ്പെടുന്നു(being saved) എന്നതിനെ പരാമർശിക്കുന്നു. ഇത് ഒരു വൈരുദ്ധ്യമായിത്തോന്നാം.

നിന്ന് യഹൂദന്മാരിലേക്ക് വന്ന അനുഗ്രഹത്തിന്റെ മേഖലകൾ, ദൈവവചനത്തിൽകൂടെയും പ്രവാചകന്മാരിൽകൂടെയും ലഭിച്ച ദൈവത്തെക്കുറിച്ചുള്ള ബഹുവിധമായ ജ്ഞാനം, കുടുംബം, വ്യാപാരം, ഭരണപരമായ ബന്ധങ്ങൾ ഇവയെക്കുറിച്ചുള്ള പ്രായോഗികമായ ജ്ഞാനം ദൈവവുമായി നേരിട്ട് സമീപിക്കുവാൻ ലഭിച്ച പദവി ധാരാളം വിശ്വാസികളോടു ചേർന്ന് ജീവിക്കുവാനുള്ള അവസരം എന്നിവയാണ്. രക്ഷിക്കപ്പെടാത്ത യിസ്രായേല്യർ പോലും ധാരാളം നന്മകൾ അനുഭവിക്കുന്നു.

എന്തായാലും, അവിശ്വാസികളായ യഹൂദന്മാരുടെ അവിശ്വാസം നിമിത്തം ദൈവം തന്റെ അനുഗ്രഹത്തിന്റെ സ്ഥാനത്തുനിന്ന് അവരെ നീക്കിക്കളഞ്ഞു. ദൈവം മോശയ്ക്കു കൊടുത്ത നിയമങ്ങളും നീക്കിക്കളഞ്ഞു. വിശ്വസിക്കാത്ത യഹൂദന്മാരെ ദൈവം തന്റെ പ്രത്യേകമായ പരിഗണനയിൽ നിന്നു നീക്കിക്കളഞ്ഞു എന്നതുകൊണ്ട് രക്ഷ നഷ്ടപ്പെട്ടു എന്ന് ചിന്തിക്കേണ്ടതില്ല. കാരണം, വിശ്വാസമില്ലാത്തവർക്ക് ഒരിക്കലും രക്ഷയില്ലല്ലോ. "ഒടിച്ചുകളയുക" എന്നതിന് അടിസ്ഥാനപരമായ നിർവചനം രക്ഷ നഷ്ടപ്പെടുക എന്നല്ല. പിന്നെയോ കഠിനപ്പെടുത്തുക എന്നാണ് (വാക്യം 7–25). അവിശ്വാസികളായ യിസ്രായേൽ കഠിനപ്പെട്ടു എന്നതുകൊണ്ട് യിസ്രായേലിനുണ്ടായിരുന്ന അനുഗ്രഹത്തിന്റെ സ്ഥാനത്തു നിന്ന് തള്ളപ്പെട്ടു എന്ന് മനസ്സിലാക്കാം.

c. ഒലിവുമരവുമായി ജാതികൾക്കുള്ള ബന്ധം

അവിശ്വാസികളായ യിസ്രായേലിനെ അവർക്കു ലഭിക്കാമായിരുന്ന പ്രത്യേക സാദ്ധ്യതയിൽ നിന്നും പദവിയിൽ നിന്നും നീക്കിക്കളഞ്ഞു. ദൈവം തന്റെ സാദ്ധ്യതകളും പ്രത്യേകമായ അനുഗ്രഹങ്ങളും മറ്റുള്ള ജാതികൾക്ക് തുറന്നു കൊടുത്തു. യഥാർത്ഥ മരത്തിൽ രക്ഷിക്കപ്പെട്ടതും രക്ഷിക്കപ്പെടാത്തതുമായ യഹൂദന്മാർ ഉള്ളതുപോലെ, ജാതികളെ അനുഗ്രഹത്തിന്റെ സ്ഥാനത്തേക്ക് ഒട്ടിച്ചുചേർത്തപ്പോൾ അവിടെയും രക്ഷിക്കപ്പെട്ടതും രക്ഷിക്കപ്പെടാത്തതുമായ ജാതികൾ ഉണ്ടായിരുന്നു. റോമ. 11-ൽ പൗലോസ് തന്റെ വായനക്കാരെ ജാതികൾ (വാക്യം 13) എന്നാണ് സംബോധന ചെയ്യുന്നത്. പൗലോസ് തന്റെ വാദഗതിയിൽ, റോമിലുള്ളവരെ ജാതികൾ (നിങ്ങൾ എന്ന പ്രയോഗം) എന്നാണ് പരാമർശിക്കുന്നത്. "അവർ" എന്ന പ്രയോഗം യഹൂദന്മാരെയും, യഹൂദരീതിപോലെ തന്നെ അവിശ്വാസികളായ ജാതികൾക്കും ക്രിസ്ത്യാനിത്വത്തിലൂടെയുള്ള പൊതുവായ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഇടയാകുന്നു. അവിശ്വാസികളായ ജാതികൾക്ക് സഭയിലൂടെയും വചനത്തിലൂടെയും ലഭിക്കുന്ന സത്യങ്ങളിലേക്ക് പ്രവേശനം ഇന്നും ഉണ്ട്. സംസ്കാരത്തിന്റെയും വേദപുസ്തകപരമായ ആചാരത്തിന്റെയും അടിസ്ഥാനത്തിൽ കുടുംബം, തൊഴിൽ, ഭരണകാര്യങ്ങൾ, നീതിന്യായമേഖലകൾ എന്നിവയിൽ നേട്ടങ്ങൾ കൈവരിക്കുന്നു. എന്നാൽ ദൈവത്തിൽ നിന്നുള്ള സ്ഥിരമായ അനുഗ്രഹത്തിന് വിശ്വാസം മാത്രമാണ് അടിസ്ഥാനം. 20-ാം വാക്യത്തിൽ "നീ (ജാതികൾ) വിശ്വാസത്താൽ മാത്രം നില്ക്കുന്നു" എന്ന് ഓർപ്പിക്കുന്നു. ദൈവിക അനുഗ്രഹമാകുന്ന വൃക്ഷത്തിൽ ജാതികൾക്കു ലഭിക്കുന്ന സ്ഥിരമായ സ്ഥാനം വിശ്വാസം ഉള്ളതുകൊണ്ടു മാത്രമാണ്, ദൈവത്തിന് ജാതികളിൽ പ്രത്യേക താത്പര്യം ഉണ്ടാകാൻ കാരണം. പ്രകൃതിസിദ്ധമായി യഹൂദന്മാരെക്കാൾ തങ്ങൾ ഉന്നതരാണെന്ന് ഒരിക്കലും ചിന്തിക്കുവാൻപോലും കഴിയില്ല. എല്ലാ ജാതികളും യഹൂദപ്രമാണത്തിലെ സത്യങ്ങൾ, യഹൂദപ്രവാചകന്മാർ, യഹൂദമശിഹ എന്നീ വിഷയങ്ങളിൽ യിസ്രായേലിനോട് കടപ്പെട്ടിരിക്കുന്നു (വാക്യം 18).

ജാതികൾ അനുഗ്രഹത്തിന്റെ സ്ഥിരമായ സ്ഥാനത്ത് നില്ക്കുവാനുള്ള കാരണം അവരുടെ വിശ്വാസം മാത്രമാണ് (വാക്യം 20). വിശ്വസിക്കാത്ത ജാതീയ ക്രിസ്ത്യാനികൾ, വിശ്വസിക്കാത്ത യഹൂദന്മാരെക്കാൾ ഒട്ടും വിശേഷതയുള്ളവരല്ല. ക്രിസ്തീയസ്വാധീനതയാലോ, ക്രിസ്തീയസത്യത്തിന്റെ വെളിപ്പെടുത്തലിനാലോ, ധാരാളം താല്ക്കാലിക അനുഗ്രഹങ്ങൾ ലഭിച്ചെന്നുവരാം. എന്നാൽ വിശ്വാസത്തിന്റെ അഭാവത്തിൽ നിത്യമായ അനുഗ്രഹത്തിൽ നിന്ന് ജാതികൾ നീക്കപ്പെടും. വാക്യം 20–22 വരെ പറഞ്ഞിരിക്കുന്ന ഭയനിർദ്ദേശങ്ങളിൽ രക്ഷ നഷ്ടപ്പെടുന്ന കാര്യം ഉൾപ്പെടുത്തുന്നില്ല. ജാതികളുടെ മദ്ധ്യത്തിലുള്ള ദൈവത്തിന്റെ പ്രവൃത്തിയാൽ അനേക അനുഗ്രഹങ്ങൾ പങ്കുവയ്ക്കുന്ന വിശ്വസിക്കാത്ത ജാതികൾ, ഈ ജീവിതത്തിലും നിത്യതയിലും ഉള്ള അനുഗ്രഹങ്ങൾ ഇല്ലാതാക്കുന്ന വലിയ അപകടത്തെ അഭിമുഖീകരിക്കേണ്ടി വരുന്നു. ഒടിച്ചുകളയുക എന്നതിന് രക്ഷനഷ്ടപ്പെടുക എന്ന അർത്ഥമല്ല ഉള്ളത്. ഒന്നാമതായി അവിശ്വാസികൾ രക്ഷിക്കപ്പെട്ടവരല്ല. ഒടിച്ചുകളയുക എന്നതിന് കഠിനമാക്കുന്ന അവിശ്വാസികളായ ജാതികൾ എന്നർത്ഥമാക്കാവുന്നതാണ്(കഠിനമാക്കുന്ന അവിശ്വാസികളായ യഹൂദന്മാരെപ്പോലെ തന്നെ (വാക്യം 7, 25) ദൈവത്തിന്റെ ദയ തുടരുന്ന് വിശ്വാസത്താലാണ് (റോമ. 2:4 ദൈവത്തിന്റെ ദയ മാനസാന്തരത്തിലേക്ക് നടത്തുന്നു). അവിശ്വാസിക്ക് ദൈവത്തിന്റെ പൊതുവായ കൃപ താല്ക്കാലികമായി അനുഭവിക്കാൻ കഴിയും. എന്നാൽ ദൈവത്തിന്റെ നിത്യമായ കൃപയിൽ തുടരുവാൻ കഴിയുന്നത് വിശ്വാസികൾക്കു മാത്രമാണ്. ദൈവത്തിന്റെ കൃപയിൽ നിന്ന് നീക്കപ്പെടുന്ന അപകടകരമായ അനുഭവം ഉണ്ടാകുന്നത് അവിശ്വാസത്താലാണ് (വാക്യം 20). അനുഗ്രഹത്തിന്റെ സ്ഥാനത്തുനിന്ന് ഒടിച്ചുകളയപ്പെടുക എന്നതിന് താല്ക്കാലിക അനുഗ്രഹമായ ക്രിസ്തീയ നിർദ്ദേശങ്ങളിൽ നിന്ന് നീക്കപ്പെടുക എന്നോ, സത്യം മനസ്സിലാക്കാൻ കഴിയാതെ അന്ധതയിൽ തുടരുക എന്നോ അർത്ഥമാക്കാം. ഇത് രക്ഷ നഷ്പ്പെടു

കയല്ലാ, പിന്നെയോ രക്ഷയെയെക്കുറിച്ച് ഉത്ക്കണ്ഠ ഉളവാക്കുന്നു. വിശ്വസിക്കാത്ത ജാതികൾ കഠിനരാകുന്നു. അതായത്, സത്യത്തോട് അന്ധനാകുന്നു ഒരിക്കലും വിശ്വസിക്കാൻ കഴിയുന്നില്ല, എന്നതിനാൽ രക്ഷയെക്കുറിച്ച് ഒരു പ്രതീക്ഷയും ഇല്ല

d. ഉപസംഹാരം

റോമർ 11:11–32 വരെയുള്ള വാക്യങ്ങൾ നിത്യമായ സുരക്ഷക്കെതിരായ ആശയമായി ഉപയോഗിക്കുവാൻ പാടില്ല. ഒലിവുമരത്തിൽ നിന്ന് ഒടിച്ചുകളഞ്ഞ ശാഖകൾ, ദൈവത്തിന്റെ അനുഗ്രഹം ലഭിക്കാതെ പോയ അവിശ്വാസികളും അവിശ്വാസത്താൽ കഠിനമാക്കപ്പെടുന്നവരുമാണ് പൊതുവായ കൃപ എല്ലാ ജാതികൾക്കും ലഭ്യമാണ്. എന്നാൽ നിത്യതയ്ക്കു വേണ്ടിയുള്ള ദൈവകൃപയിൽ തുടരുന്നത്. വിശ്വാസമുള്ളവർ മാത്രമാണ് (വാക്യം 20) സ്ഥിരമായ അനുഗ്രഹം വിശ്വാസത്താൽ ലഭിക്കുന്നു. ജാതികൾക്ക് യഹൂദന്മാരെക്കാൾ മേന്മ ഉള്ളതുകൊണ്ടല്ല താനും.

7. 1 കൊരി. 6: 9–10 (ഗലാ. 5:19–21 എഫെ. 5:5 നോക്കുക).

ഈ വിഷയം ഈ അദ്ധ്യായത്തിന്റെ ഭാഗം 5-ൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ശരിയായ രക്ഷ സൽപ്രവൃത്തികൾക്ക് കാരണമാകുന്നു. പശ്ചാത്താപമോ, മാനസാന്തരമോ ഇല്ലാതെ പാപത്തിൽ തുടരുന്ന **"പരിചയം"** ആ വ്യക്തി ഒരിക്കലും രക്ഷിക്കപ്പെട്ട ആളല്ല എന്ന് പൗലോസിന്റെ വാക്കുകൾ സൂചിപ്പിക്കുന്നു. ക്രിസ്ത്യാനികൾ തീർച്ചയായും ഏതെങ്കിലും പാപങ്ങളുടെ ഒറ്റപ്പെട്ട ഇടപെടലിന് സാദ്ധ്യതയുള്ളവരാണ്. എന്നാൽ പതിവായി ചെയ്യുന്ന പാപം, രക്ഷയുമായി ഒത്തുചേർന്നു പോകുന്നതല്ല. പാപത്തിൽ തുടരുന്ന അനുഭവത്തിന് ദൈവത്തിന്റെ നിർവചനം എന്താണെന്ന് നമുക്കറിയില്ല. എന്നാൽ ഈ മുന്നറിയിപ്പുകൾ ദീർഘകാല പാപങ്ങളിൽ തുടരുന്നവർക്കുള്ള വ്യക്തിപരമായ മുന്നറിയിപ്പുകളായി മനസ്സിലാക്കാം. ഇങ്ങനെയുള്ളവർ യഥാർത്ഥമായി ക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടോ എന്ന് തങ്ങളെത്തന്നെ പരിശോധിക്കേണ്ടതാണ്. മറ്റുള്ളവരെ വിലയിരുത്തുന്നതിനോടുള്ള ബന്ധത്തിൽ വിശ്വാസമുള്ളവരുടെ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അവരുടെ രക്ഷ പൂർണ്ണമായി നിഷേധിക്കുവാൻ പാടില്ല. എന്നാൽ പ്രായോഗികമായി പാപത്തിൽ തുടരുന്ന ഒരു വ്യക്തി യഥാർത്ഥ വിശ്വാസി ആയിരിക്കില്ല. അങ്ങനെയുള്ള സ്ഥാനത്ത് ക്രിസ്തീയ പ്രവർത്തകൻ കൃപയുടെ സുവിശേഷം ആവർത്തിച്ച് വെളിപ്പെടുത്തേണ്ടതാണ്. മുകളിൽ പറഞ്ഞ വിഷയത്തിൽ ചർച്ച ചെയ്യപ്പെടുന്നത് രക്ഷ നഷ്ടപ്പെടുന്ന കാര്യം അല്ല. ഇവിടെ ഒരു വ്യക്തിക്ക് ഒരിക്കലും രക്ഷ ലഭിച്ചിട്ടില്ല എന്ന പ്രായോഗിക തെളിവാണ് പരാമർശിക്കുന്നത്.

8. 1 കൊരി. 9:24–27

> ഒട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളൂ എന്നു അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാൻതക്കവണ്ണം ഓടുവിൻ. അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിനു തന്നെ. ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത്; ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നതു. മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രെ ചെയ്യുന്നത് (1 കൊരി. 9:24–27).

ഇവിടെ പൗലോസിന്റെ വിഷയം രക്ഷയല്ല. രക്ഷ ഒരിക്കലും മാനുഷിക അദ്ധ്വാനത്തിലൂടെ ലഭിക്കുന്നതല്ല. ഒരു ഓട്ടക്കാരനെ സങ്കല്പിച്ചുകൊണ്ട്, ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വിശ്വാസിക്കു ലഭിക്കുന്ന പ്രതിഫലങ്ങളെക്കുറിച്ചു വ്യക്തമാക്കുന്നു. വാക്യം 27-ൽ പരാമർശിക്കുന്ന അയോഗ്യത, രക്ഷ നഷ്ടപ്പെടുന്ന വിഷയമല്ല. പാപംനിമിത്തം ശുശ്രൂഷയിൽ നിന്ന് അയോഗ്യത കല്പിക്കുന്ന വിഷയമാണ് പൗലോസ് ഓർമ്മിപ്പിക്കുന്നത്. പൂർണ്ണമായി പ്രതിഫലം പ്രാപിക്കുന്നതിന് അയോഗ്യത സംഭവിക്കാതിരിക്കുവാൻ കഠിനമായി പ്രയത്നിക്കുന്നു (പ്രതിഫലം നഷ്ടപ്പെടുന്നതിന് ചില പരാമർശങ്ങൾ കൊലൊ. 2:18; 2 യോഹ. 8; വെളി. 3:11).

9. 1 കൊരി. 11:28–29

> മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്വാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു... വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിനു കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു (1 കൊരി. 11:28, 29, 32).

തിരുവത്താഴത്തെ പരാമർശിക്കുന്ന ഈ ഭാഗം ചിന്താക്കുഴപ്പത്തിന് കാരണമാകുന്നില്ല. KJV യിൽ തീർച്ചയായും വാക്യം 29-ൽ പറയുന്ന ശിക്ഷാവിധി എന്ന വാക്കാണ് ചിന്താക്കുഴപ്പത്തിന് കാരണം. എന്നാൽ, കൊരിന്ത്യവിശ്വാസികൾക്കുള്ള ന്യായവിധി ലോകത്തിന് ലഭിക്കുന്ന ശിക്ഷാവിധിയിൽ നിന്ന് വ്യത്യസ്തമാണെന്ന് മുന്നറിയിപ്പു നല്കുന്നു. ഇവിടുത്തെ മുന്നറിയിപ്പു

നിത്യമായ ശിക്ഷാവിധിയല്ല. പിന്നെയോ, ബലഹീനത, രോഗം, ശാരീരിക മരണം തുടങ്ങി ഈ ലോകത്തിൽ ലഭിക്കുന്ന താത്ക്കാലിക ബാലശിക്ഷായെക്കുറിച്ചാണ് (വാക്യം 30).

10. 1 കൊരി. 15:1–2; കൊലൊ. 1:21–23 [83]

> .....നിങ്ങൾ വിശ്വസിച്ചതും വ്യർഥമായിട്ടല്ലെന്നുവരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു (1 കൊരി. 15:2).
>
> ആകാശത്തിൻ കീഴെ സകലസൃഷ്ടികളുടെയും ഇടയിൽ ഘോഷിച്ചും പൗലോസ് എന്ന ഞാൻ ശുശ്രൂഷകനായിത്തീർന്നും നിങ്ങൾ കേട്ടിരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽ നിന്നു നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊണ്ടാൽ അങ്ങനെ അവന്റെ മുമ്പിൽ നില്ക്കും (കൊലൊ. 1:23).

വചനം ഓർപ്പിക്കുന്നത് വിശ്വാസത്തിൽ തുടരുന്നവർ, തങ്ങളുടെ ഭദ്രതയെക്കുറിച്ച് ഉറപ്പുള്ളവരാണെന്നാണ് ദൈവം വചനത്തിലൂടെ വിശ്വാസികളോട് ആവശ്യപ്പെടുന്നത്, വിശ്വാസത്തിൽ തുടരുവാനും അങ്ങനെ രക്ഷയിൽ നിലനില്ക്കുവാനും ആണ്.

യഥാർത്ഥ വിശ്വാസമുള്ളവർക്ക് സംശയങ്ങളുണ്ടാകാം. അനുസരണക്കേട് കാണിക്കാം, വാക്കുകളാൽ വല്ലപ്പോഴും ക്രിസ്ത്യാനിത്വത്തെ മറ്റുള്ളവരോട് നിഷേധിച്ചെന്നും വരാം. എന്നാൽ ഒരു യഥാർത്ഥ വിശ്വാസി ദൈവത്വവും ഉയിർത്തെഴുന്നേപ്പ്, ആത്മാർത്ഥമായി യേശുക്രിസ്തുവിന്റെ രക്തം എന്നിവ സ്വന്തം ഹൃദയത്തിലോ പിതാവായ ദൈവത്തോടോ നിഷേധിക്കുകയില്ല.

[83] ലൂക്കോ. 9:62 ഈ കൂട്ടത്തിൽ ഉൾപ്പെടുത്താമോ എന്നറിയാൻ പ്രയാസമാണ്. യേശു പറയുന്നത്: "പിന്നോട്ടുനോക്കുന്ന" ശിഷ്യൻ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും ലഭിക്കുവാൻ അർഹതയില്ലാത്തവനാണെന്നാണ്. എന്നാൽ രക്ഷയില്ല എന്നു പറയുന്നില്ല. അങ്ങനെയുള്ള വ്യക്തി ശുശ്രൂഷയ്ക്ക് യോജിച്ചവനല്ല. എന്നാൽ ഈ ഭാഗം രക്ഷയാണ്, ക്രിസ്തീയജീവിതമല്ല പരാമർശിക്കുന്നതെങ്കിൽ ലൂക്കോ. 9:62 ക്രിസ്തുവിനെ നിരസിക്കുന്ന ഒരാൾക്ക് ഒരിക്കലും രക്ഷിക്കുന്ന വിശ്വാസം ഉണ്ടായിരുന്നില്ലയെന്ന് പഠിപ്പിക്കുന്നു (1 കൊരി. 15:1–2; കൊലൊ. 1:21–23). ഒരു വ്യക്തി കാഴ്ചയാൽ യേശുവിനെ അനുഗമിക്കുകയോ, ക്രിസ്തീയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയോ ചെയ്യുകയും ക്രൂശിനെ നിരസിക്കുകയും ചെയ്യുന്നുവെങ്കിൽ അവന് ബുദ്ധിപരമായ വിശ്വാസമോ വികാരപരമായ വിശ്വാസമോ ഉണ്ടാകാം. എന്നാൽ യേശുവിനെ ഒരിക്കലും വിശ്വസിച്ചിട്ടില്ല. (നോക്കുക. അദ്ധ്യായം 9, ഭാഗം 2 "രക്ഷ പ്രായോഗികം" II. B ഖണ്ഡം 2. ബുദ്ധിപരമായ, വികാരപരമായ വിശ്വാസം വിശദീകരണം).

യോഹ. 10:4–5–ൽ യേശു പറയുന്നു... "ആടുകൾ അവന്റെ ശബ്ദം അറിഞ്ഞു അവനെ അനുഗമിക്കുന്നു. അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ട് അവ അന്യനെ അനുഗമിക്കാതെ വിട്ടു ഓടിപ്പോകും." ക്രിസ്തുവിനെയും അവന്റെ ക്രൂശിനെയും നിരസിക്കുന്നവർ, ഒരിക്കലും രക്ഷിക്കപ്പെട്ടവരല്ല എന്ന് ഒന്നാമതായി 1 യോഹ. 2:19 നമ്മെ ഓർപ്പിക്കുന്നു. "അവൻ നമ്മുടെ ഇടയിൽ നിന്നു പുറപ്പെട്ടു എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല; അവർ നമുക്കുള്ളവർ ആയിരുന്നു എങ്കിൽ നമ്മോടുകൂടെ പാർക്കുമായിരുന്നു. എന്നാൽ എല്ലാവരും നമുക്കുള്ളവരല്ല എന്നു പ്രസിദ്ധമാകേണ്ടതല്ലോ". യഥാർത്ഥ വിശ്വാസികൾ എപ്പോഴും വിശ്വസിക്കുന്നു. രക്ഷ എന്നത് ഒരു ഭൂതകാല സംഭവമായിട്ടാണെങ്കിലും (ഉദാ. എഫെ. 2:8,9; തീത്തൊ. 3:5; രണ്ടും ഗ്രീക്കിൽ ഭൂതകാലത്തിൽ) വിശ്വാസം എപ്പോഴും ബൈബിളിൽ പരാമർശിച്ചിരിക്കുന്നതു വർത്തമാനകാലത്തിലാണ് (ഉദാ. യോഹ. 3:16)... "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ..." യഥാർത്ഥ വിശ്വാസികളെ ദൈവം വിശ്വാസത്തിൽ നിലനിർത്തുന്നതുകൊണ്ട് അവർ എപ്പോഴും വിശ്വസിക്കുന്നു.

> വിഴാതവണ്ണം നിങ്ങളെ **സൂക്ഷിച്ചു** തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവനു (യൂദ. 24).
>
> അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്കു വിശ്വാസത്താൽ ദൈവശക്തിയിൽ **കാക്കപ്പെടുന്ന** നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിന്നായിത്തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു (1 പത്രൊ. 1:4–5). [84]

ബൈബിളിൽ "വിശ്വാസത്തിൽ സൂക്ഷിക്കപ്പെടുക" എന്ന മുന്നറിയിപ്പ് സ്ഥിരതയില്ലായ്മ എന്ന അർത്ഥത്തില്ല ഉപയോഗിച്ചിരിക്കുന്നത്. സത്യവിശ്വാസികൾ യഥാർത്ഥത്തിൽ വിശ്വാസം കാത്തുസൂക്ഷിക്കുന്നവരാണെന്ന്

[84] 1 പത്രൊ. 1:5 ലെ വിശ്വാസം ഭൂതകാലവിശ്വാസമാണോ എന്ന് പത്രോസ് വിശദീകരിക്കുന്നില്ല. അതായത്, രക്ഷയ്ക്ക് മുഖാന്തരമായ ആദ്യ വിശ്വാസമോ അതോ വർത്തമാന കാലത്തിൽ തുടരുന്ന വിശ്വാസമോ. നിത്യമായ ഭദ്രതയെ മുറുകെപ്പിടിക്കുന്നവർ, 5–ാം വാക്യത്തിലെ വിശ്വാസത്തെ, ഭൂതകാലത്തിലെ വിശ്വാസത്തിന്റെ ആരംഭമായി കാണുന്നു ക്രിസ്തുവിലുള്ള ആദ്യവിശ്വാസം, ദൈവിക സുരക്ഷിതത്വവും സ്വർഗ്ഗത്തിന്റെ അവകാശവും നല്കുന്നു. എന്നാൽ മറ്റുചിലർ 5–ാം വാക്യത്തിലെ വിശ്വാസത്തെ തുടരുന്ന വിശ്വാസമായി കാണുന്നു. ഒരു വ്യക്തിക്ക് ഈ വിശ്വാസം ഉള്ളിടത്തോളം കാലം, സ്വർഗ്ഗത്തിൽ അവനുള്ള സ്ഥാനം ദൈവത്തിന്റെ രക്ഷയുടെ കരുതലായി ഉറപ്പിക്കാം. എല്ലാ നിലയിലും ന്യായമായി ചിന്തിച്ചാൽ 1 പത്രൊ. 1:5–ൽ പറയുന്ന വിശ്വാസം പാപത്തിന്റെ

ചിന്തിക്കാം. ദൈവം വിശ്വാസികളെ വിശ്വാസത്തിൽ കാത്തുസൂക്ഷിക്കുന്നത് വചനത്തിലെ നിർദ്ദേശങ്ങളിലൂടെയും മുന്നറിയിപ്പിലൂടെയുമാണ്. യഥാർത്ഥ വിശ്വാസമുള്ളവർക്ക് തുടരുവാനുള്ള നിർദ്ദേശം വിശ്വാസത്തിൽ നിലനില്ക്കുവാൻ സഹായകരമാണ്. ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ പ്രാദേശിക സഭയിലുള്ള അവിശ്വാസികൾക്ക് ഭയനിർദ്ദേശവുമായിരിക്കും. "തുടരുവാനുള്ള" ഭയനിർദ്ദേശം നല്കുന്ന പൗലോസിന്റെ മാതൃക ശുശ്രൂഷകന്മാരും പിൻപറ്റേണ്ടതുണ്ട്. "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നേ പരീക്ഷിപ്പിൻ" (2 കൊരി. 13:5). തങ്ങൾക്ക് രക്ഷയിലേക്ക് നയിക്കുന്ന വിശ്വാസം ഉണ്ട് എന്ന് ചിന്തിക്കുന്ന ചിലർക്ക് യഥാർത്ഥത്തിൽ ബുദ്ധിപരമായ, വികാരപരമായ വിശ്വാസം മാത്രമാണുള്ളത് (കാണുക- അദ്ധ്യായം 9 ഭാഗം 2 "പ്രായോഗിക രക്ഷ" II. B ഖണ്ഡം) 1 കൊരി. 15:1-2; കൊലൊ. 1:21-23 എന്നീ ഭാഗങ്ങളിൽ പുതിയ നിയമസഭയിലെ ചിലർക്കെങ്കിലും ക്രിസ്തുവിലുള്ള ആശ്രയം കുറയുന്നു എന്ന മുന്നറിയിപ്പാണ് നല്കുന്നത്. വിശ്വാസത്തിന് ആശ്രയം എന്നതിനപ്പുറമുള്ള ഏത് നിർവചനവും നിലനില്ക്കാത്ത നിഷ്ഫലമായ വിശ്വാസത്തെ കാണിക്കുന്നു. അങ്ങനെ പൗലോസിന്റെ മുന്നറിയിപ്പുകൾ രക്ഷ നഷ്ടപ്പെടുമെന്ന് പറഞ്ഞ് വിശ്വാസികളെ അസ്വസ്ഥരാക്കുന്നില്ല. എന്നാൽ വിശ്വാസം എന്നതിൽ ക്രിസ്തുവിലുള്ള ആശയം, ക്രിസ്തു ദൈവപുത്രൻ, മരിച്ച് വീണ്ടും ഉയിർത്തെഴുന്നേറ്റവൻ എന്നിവ ഉൾക്കൊള്ളുന്നില്ല എന്ന ഉപദേശത്തെ അംഗീകരിക്കുന്നവർക്ക് അസ്വസ്ഥത ഉളവാക്കും. ഇത് രക്ഷ നഷ്ടപ്പെടുത്തുന്നില്ല. പിന്നെയോ രക്ഷിക്കുന്ന വിശ്വാസത്തിന്റെ അഭാവത്തിൽ അവർ രക്ഷിക്കപ്പെട്ടവരേ അല്ല.

11. ഗലാ. 5:1-4

> സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി: ആകയാൽ അതിൽ ഉറച്ചുനില്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്. നിങ്ങൾ പരിച്ഛേദന ഏറ്റാൽ ക്രിസ്തുവിനെക്കൊണ്ടു നിങ്ങൾക്ക് ഒരു പ്രയോജനവുമില്ല എന്നു പൗലോസായ ഞാൻ നിങ്ങളോടു പറയുന്നു. ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോടു വേർപെട്ടുപോയി. നിങ്ങൾ കൃപയിൽ നിന്നു വീണുപോയി (ഗലാ. 5:1, 2, 4).

a. ന്യായപ്രമാണവും കൃപയും

ഗലാത്യലേഖനത്തിലെ പ്രധാന ചർച്ചാവിഷയം ന്യായപ്രമാണം, കൃപ ഇവയിൽ ഏത് തിരഞ്ഞെടുക്കും എന്നുള്ളതാണ്. ന്യായപ്രമാണം അനുസരിക്കുന്നതിലൂടെയോ അതോ കൃപയാലോ മനുഷ്യൻ രക്ഷിക്കപ്പെടുന്നത്. ഗലാത്യലേഖനത്തിൽ പൗലോസ് ന്യായപ്രമാണത്തിനു പകരം കൃപയുടെ ഉപദേശം പഠിപ്പിക്കുന്നു. (ഉദാ. ഗലാ. 2:16; 3:11). രക്ഷ ഒരിക്കലും സൽപ്രവൃത്തിയാൽ നേടുവാൻ കഴികയില്ലെന്ന് അനേക വാക്യങ്ങൾ തെളിവായി നല്കുന്നു (അദ്ധ്യായം 9 ഭാഗം 2. "പ്രായോഗിക രക്ഷ" ഖണ്ഡം 2f. കാണുക. രക്ഷ നേടുവാൻ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക'). രക്ഷ നേടുവാനായി വിശ്വാസത്തോടൊപ്പം പ്രവൃത്തിയും കൂട്ടിച്ചേർക്കുന്നത് അക്ഷന്തവ്യമാണ്. എന്നാൽ ചില ക്രിസ്ത്യാനികൾ പുതിയ നിയമ കാലത്തിന്റെ ആരംഭം മുതൽ ഇതുവരെയും തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. അനേകർ വിശ്വാസവും പ്രവൃത്തിയും കൂട്ടിക്കലർത്തുവാൻ ശ്രമിക്കുന്നു. **വിശ്വാസം മാത്രം രക്ഷിക്കുന്നു.** പ്രവൃത്തി ഒന്നും കൂട്ടിച്ചേർക്കുന്നില്ല. ഒരു വ്യക്തി സൽപ്രവൃത്തികളിലോ മതാചാരങ്ങളിലോ ആശ്രയിക്കുമ്പോൾ അവൻ തീർച്ചയായും രക്ഷിക്കപ്പെട്ടവനല്ല. എന്നാൽ വിശ്വാസവും പ്രവൃത്തിയും, ന്യായപ്രമാണവും കൃപയും കൂട്ടിക്കലർത്തുന്ന ഒരു വ്യക്തിയുടെ ആത്മീയനിലവാരം എങ്ങനെ വിലയിരുത്തുവാൻ കഴിയും? മതാചാരങ്ങൾക്കെതിരെയുള്ള ആശയങ്ങൾ മനുഷ്യനെ ചിന്താക്കുഴപ്പത്തിലേക്ക് നയിക്കുന്നു. രക്ഷയ്ക്കുവേണ്ടി, ഒരേ സമയം ക്രിസ്തുവിലും ന്യായപ്രമാണത്തിലും ആശ്രയിക്കുന്നത് തെറ്റാണ്. എന്നാൽ വളരെയാളുകൾ തെറ്റായ രീതി അവലംബിക്കുന്നു.

അതുപോലെ, ലക്ഷക്കണക്കിനാളുകൾ അവരുടെ സൽപ്രവൃത്തികളിലോ മതത്തിലോ ആശ്രയിക്കുന്നു. ക്രിസ്തുവിൽ ശരിയായ വിശ്വാസം ഇല്ലതാനും. അവർക്ക് ക്രിസ്തീയ സംഘടനകളുമായും ആചാരങ്ങളുമായും വളരെ അടുത്ത ബന്ധമുണ്ടെങ്കിലും രക്ഷിക്കപ്പെട്ടവരല്ല.

എന്നിരുന്നാലും, അപ്പോ. 15:5-ൽ **"വിശ്വസിച്ച** ഒരു പരീശൻ" രക്ഷയ്ക്ക് പരിച്ഛേദനയും ന്യായപ്രമാണവും ആവശ്യമാണെന്ന് നിർബന്ധം പിടിക്കുന്നു. അതുകൊണ്ട് ഒരു സാധാരണ വിശ്വാസി രക്ഷയ്ക്കുള്ള അടിസ്ഥാനം സംബന്ധിച്ച് ചിന്താക്കുഴപ്പത്തിലാക്കുന്നു. വിശ്വാസികൾപോലും തെറ്റായ പഠിപ്പിക്കലുകൾ നിമിത്തം തെറ്റിപ്പോകുന്നു. ഗലാത്യലേഖനത്തിലെ പൗലോസിന്റെ

സാന്നിദ്ധ്യത്തിൽ നിന്നുള്ള ഭാവികാല രക്ഷയെ പരാമർശിക്കുന്നു. പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള ഭൂതകാല രക്ഷയല്ല, അതുകൊണ്ട് 5-ാം വാക്യത്തിലെ വിശ്വാസം, ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഭൂതകാലസംഭവം അല്ല, പിന്നെയോ ക്രിസ്തീയ ജീവിതത്തിലെ തുടരുന്ന വിശ്വാസമാണ്. 1 പത്രോ. 1:4-5വാക്യങ്ങളിലേക്ക് വരുമ്പോൾ നിത്യമായ ഭദ്രതയിൽ വിശ്വസിക്കുന്ന ഒരാൾക്ക് ഈ വിശ്വാസം തുടരുന്ന വിശ്വാസമാണെന്ന് മനസ്സിലാക്കാം. ഒരു വിശ്വാസി, വിശ്വാസത്തിൽ തുടരും എന്നതിന് സംശയമില്ല. **1 പത്രോ. 1: 4-5 -ൽ ദൈവത്തിന്റെ ശക്തി വിശ്വാസികളെ വിശ്വാസത്തിൽ കാത്തുസൂക്ഷിക്കുന്നു എന്ന് അർത്ഥമാകാം നൽകുന്നത്.**

എഴുത്തുകളിൽ രക്ഷിക്കപ്പെട്ടവർപോലും **കൃപയുടെ ശരിയായ ഉപദേശത്തിൽ നിന്ന് വീണുപോകാം** എന്ന് ഭയപ്പെടുന്നു. രക്ഷയ്ക്ക് ന്യായപ്രമാണം ആചരിക്കണമെന്ന് ആവശ്യപ്പെടുന്നവർ രക്ഷിക്കപ്പെട്ടവരോ, രക്ഷിക്കപ്പെടാത്തവരോ (കള്ള സഹോദരന്മാർ ഗലാ. 2:4) ആകാം. തെറ്റായ ആശയങ്ങൾ പഠിപ്പിക്കുന്നവർക്ക് ക്രിസ്തുവിലുള്ള വിശ്വാസം ഉണ്ടോ എന്നുള്ളത് ദൈവം മാത്രം അറിയുന്നു (2 തിമൊ. 2:19). ഒരു വ്യക്തി രക്ഷയ്ക്കുവേണ്ടി തന്റെ സൽപ്രവൃത്തിയിലാണോ സഭയിലാണോ ആശ്രയിക്കുന്നതെന്ന് ദൈവത്തിന് അറിയാം. എന്നാൽ ഒരു വ്യക്തിക്ക് ഉറപ്പില്ലാത്തതിനാൽ, രക്ഷ ഭദ്രമാക്കുന്നതിനുവേണ്ടി ആവശ്യമില്ലാത്ത പല കാര്യങ്ങളും ചെയ്തുകൂട്ടുമ്പോൾ അവനിൽ ബലഹീനവിശ്വാസം ഉണ്ടോ എന്നുള്ളതും തീരുമാനിക്കുന്നത് ദൈവമാണ്. അവർ രക്ഷിക്കപ്പെട്ടവരെങ്കിലും രക്ഷ നേടുവാനായി അധികമായമായ ചില പ്രവൃത്തികളും വിശ്വാസത്തോടു ചേർക്കുന്നു. അവർ ഒരു മുൻകരുതലായി ന്യായപ്രമാണം അനുസരിക്കുന്നു. തീർച്ചയായും ഇങ്ങനെ ബലഹീന വിശ്വാസമുള്ള ചിലർ രക്ഷ കൃപയാൽ മാത്രമാണെന്നും ജീവിതത്തിൽ ആവശ്യമില്ലാത്ത ആകാംക്ഷകൊണ്ടു നടന്നു എന്നും ഓർത്ത് ഒരിക്കൽ അത്ഭുതപ്പെടും. രക്ഷയ്ക്ക് സ്വന്തം സൽപ്രവൃത്തികളും ആവശ്യമാണെന്ന് ചിന്തിക്കുന്ന അവിശ്വാസികൾക്കുള്ള സന്ദേശം ഗലാത്യലേഖനത്തിലുണ്ട്. എങ്കിലും ഇതിന്റെ കേഴ്വിക്കാർ രക്ഷിക്കപ്പെട്ടവരാണ്. ഗലാ. 5-ാം അദ്ധ്യായത്തിൽ പൗലോസ് ഓർമ്മിപ്പിക്കുന്നത് ന്യായപ്രമാണത്തിൽ നിന്ന് ലഭിച്ച സ്വാതന്ത്ര്യത്തിൽ തുടരുവാനാണ്. കൃപയിൽ തുടരുവാനും കൃപയിൽ അധിഷ്ഠിതമായ ജീവിതശൈലി തുടരുവാനും, കൃപയുടെ ഉപദേശത്തിൽ നിന്നു വീണുപോകാതെ, കൃപയിൽ അധിഷ്ഠിതമായ ക്രിസ്തീയ ജീവിതം നയിക്കുവാനും പൗലോസ് ആഗ്രഹിക്കുന്നു.

b. ഈ ജീവിതത്തിൽ ഒരു പ്രയോജനവുമില്ല (ഗലാ. 5:2).

കർത്താവായ യേശുവിൽ വിശ്വസിച്ച വിശ്വാസികൾ രക്ഷ നേടുവാനും രക്ഷയിൽ തുടരുവാനും ന്യായപ്രമാണവും അനുസരിക്കണമെന്ന ആശയം കൊണ്ടുവരുമ്പോൾ എന്ത് സംഭവിക്കുന്നു? അവർക്ക് രക്ഷ നഷ്ടപ്പെടുമെന്ന് മുന്നറിയിപ്പുകൾ നല്കുന്നതായി മനസ്സിലാകുന്നില്ല?

എന്നാൽ ന്യായപ്രമാണവും കൃപയും കൂട്ടിക്കലർത്തുന്നവർക്ക് അത് **ഈ ജീവിതത്തിൽ മാത്രമുള്ളതാകയാൽ ക്രിസ്തുവിലുള്ള എല്ലാ നന്മയും നഷ്ടപ്പെടുന്നു.** കൃപയുടെ ഉപദേശം നിരസിക്കുന്നവർക്ക് നിത്യജീവൻ നഷ്ടപ്പെടുന്നില്ല. എന്നാൽ ക്രിസ്തീയ ജീവിതം നയിക്കുവാനുള്ള ആത്മീയസത്യങ്ങൾ നഷ്ടപ്പെടുന്നു. **പ്രവർത്തിക്കുവാൻ നിർദ്ദേശിക്കുന്ന ശാസ്ത്രം ഉറപ്പില്ലായ്മയിലേക്ക് നയിക്കുന്നു.** ഭയമാണ്, നന്ദിയല്ല പ്രവൃത്തിയിലേക്ക് നയിക്കുന്നത്. പ്രവൃത്തിയില്ലാതെ രക്ഷ സംശയകരമാണെന്ന് വിചാരിക്കുന്ന ഒരു വ്യക്തിക്ക് ദൈവത്തിന്റെ വ്യവസ്ഥകളില്ലാത്ത സ്നേഹവും കൃപയും അനുഭവിക്കുവാൻ കഴിയുന്നില്ല, യഥാർത്ഥ ക്രിസ്ത്യാനിത്വത്തിന്റെ നന്മ അനുഭവിക്കുവാനും കഴിയുന്നില്ല. ന്യായപ്രമാണത്തിലൂടെയല്ല ക്രിസ്തു ഈ സംഗതികൾ പ്രാവർത്തികമാക്കുന്നത്. ന്യായപ്രമാണവും കൃപയും കൂട്ടിക്കലർത്തി ഒരു യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുവാൻ കഴികയില്ല. ന്യായപ്രമാണം കൃപയോടുകൂടെ ചേർക്കുവാൻ ശ്രമിക്കുന്ന വിശ്വാസികൾ പുതിയനിയമം അനുശാസിക്കുന്ന ഒരുക്രിസ്തീയ ജീവിതം യഥാർത്ഥത്തിൽ നയിക്കുന്നില്ല. ഗലാ. 5:2-ൽ പൗലോസ് പറയുന്നത്, ന്യായപ്രമാണവും കൃപയും കൂട്ടിക്കലർത്തുന്നവർക്ക് ക്രിസ്തുവിനെക്കൊണ്ട് ഒരു പ്രയോജനവുമില്ല എന്നാണ്. അവർക്ക് നിത്യമായ ജീവൻ നഷ്ടപ്പെടുമെന്നല്ല, ഈ ലോകത്തിൽ ക്രിസ്തീയ ജീവിതത്തിനുള്ള എല്ലാ നന്മകളും നഷ്ടപ്പെടും എന്ന് അർത്ഥമാക്കുന്നു. ഗലാ. 5:4-ൽ വിശ്വാസികൾക്കുള്ള ശക്തമായ ഒരു മുന്നറിയിപ്പ് നല്കുന്നു(ഗലാത്യർ വിശ്വാസികളായിരുന്നു. ഗലാ. 5: 1). അവർ ദൈവകൃപയിൽ നിന്ന് വീണുപോയി എന്നാണ്).

c. ക്രിസ്തുവിനോടു വേർപെട്ടുപോയി (ഗലാ. 5:4).

ഗലാ. 5:4-ൽ "കൃപയിൽ നിന്ന് വീണുപോയി" എന്ന പ്രയോഗം രക്ഷ നഷ്ടപ്പെടുന്ന കാര്യമല്ല പറയുന്നത്. ന്യായപ്രമാണത്തിന്റെ നുകത്തിൻ കീഴിലേക്ക് തങ്ങളെത്തന്നെ ഏല്പിച്ചുകൊടുക്കുന്നവർ **കൃപയുടെ ഉപദേശത്തിൽ നിന്ന് വീണുപോയി.** കൃപയിൽ അധിഷ്ഠിതമായ, ക്രിസ്തുവുമായുള്ള ബന്ധവും കാഴ്ചപ്പാടും നഷ്ടമാകുകയും ചെയ്യുന്നു. ക്രിസ്തുവിനോട് വേർപെട്ടുപോയി എന്നതിന്, **കൃപയിൽ നിന്നും, അതിനാൽ രൂപപ്പെട്ട ക്രിസ്തീയ ജീവിതത്തിൽ നിന്നും വീണുപോയവർ ക്രിസ്തുവുമായുള്ള കൂട്ടായ്മാബന്ധത്തിൽ നിന്നും വേർപെട്ടു പോയി എന്നർത്ഥം.** ക്രിസ്തീയ ജീവിതത്തിനുള്ള യഥാർത്ഥ പാത ഉപേക്ഷിച്ച് വചനപ്രകാരമല്ലാത്തതും ദൈവം ഉപയോഗിക്കാത്തതുമായ പാതയിൽ സഞ്ചരിക്കുമ്പോൾ **ക്രിസ്തീയവളർച്ചയ്ക്കും സേവനത്തിനുമുള്ള സാദ്ധ്യതകളിൽ നിന്ന് വേർപെട്ടു പോകുകയാണ്.** കൃപയോടുകൂടെ പ്രവൃത്തിയും കൂട്ടിച്ചേർക്കുവാൻ ശ്രമിക്കുമ്പോഴും ആ വ്യക്തിക്ക് രക്ഷിക്കപ്പെട്ടവനായിരിക്കുവാൻ കഴിയും. എന്നാൽ ആ വ്യക്തിക്ക് യഥാർത്ഥ ക്രിസ്തീയ ജീവിതം അനുഭവമാക്കുവാൻ കഴികയില്ല. കൂടാതെ, ആ നിലയിലുള്ള തെറ്റായ ഉപദേശം പഠിപ്പിക്കുന്നവർ **മറ്റുള്ളവരോട് ശുശ്രൂഷിക്കുവാൻ പൂർണ്ണമായും അയോഗ്യരാണ്.** ദൈവശാസ്ത്രപ്രകാരം ഇത് അധാർമ്മികപ്രവൃത്തിക്കു തുല്യമാണ്. അവരുടെ തെറ്റിനാൽ മറ്റുള്ളവർക്ക് ആത്മീയമായി ദോഷം ചെയ്യുന്നു. കൂട്ടായ്മയിൽ നിന്നും

യഥാർത്ഥ ശുശ്രൂഷയിൽ നിന്നും വേർപെട്ടുപോയി എന്നതിന് ക്രിസ്തീയ ശുശ്രൂഷയിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും വേർപെട്ടുപോയി എന്നും ചിന്തിക്കാവുന്നതാണ്. ക്രിസ്തുവും ക്രിസ്തുവിന്റെ ആത്മാവും കൃപയാലാണ് നമ്മിൽ പ്രവൃത്തിക്കുന്നത്. മറിച്ച് ന്യായപ്രമാണത്തിലധിഷ്ഠിതമല്ല. വിശ്വാസത്തോടുകൂടെ പ്രവൃത്തിയും കൂട്ടിച്ചേർക്കുന്നവർ, ക്രിസ്തു അവരെ നയിക്കുവാനാഗ്രഹിക്കുന്ന ഏകവഴിയിൽ നിന്നും തന്നെത്താൻ വേർപെട്ടുപോയി.

d. ഉപസംഹാരം ഗലാ. 5:1-4

ഗലാ. 5:1-4 വരെയുള്ള വാക്യങ്ങൾ നിത്യമായ ഭദ്രതയ്ക്കുള്ള ഉറപ്പായി പരിഗണിക്കാം. നിത്യജീവൻ നഷ്ടപ്പെടുമെന്ന ഒരു ഭയനിർദ്ദേശം പൗലോസ് നല്കുന്നില്ല. എന്തായാലും, തന്റെ വാക്കുകൾ കഴിയുന്നതും പരുഷമാണ്. എന്നാൽ ഇവിടെ നിത്യമായ നരകത്തെക്കുറിച്ച് പരാമർശിക്കുന്നുമില്ല. രക്ഷയ്ക്ക് ന്യായപ്രമാണവും അനുസരിക്കണമെന്ന കലർപ്പുള്ള ഉപദേശം അംഗീകരിക്കുന്ന വിശ്വാസികൾക്ക് ക്രിസ്തുവിൽ അധിഷ്ഠിതമായ യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കുന്നത് മുഖാന്തിരം ലഭിക്കുന്ന എല്ലാ നന്മകളും നഷ്ടപ്പെടുന്നു (വാക്യം2). കൃപയുടെ ഉപദേശത്തിൽ നിന്നും അതു മുഖാന്തിരം ഉണ്ടാകുന്ന ക്രിസ്തീയജീവിതവഴിയിൽ നിന്നും വീണുപോകുന്നത് ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ നിന്നു തള്ളപ്പെടുകയാണ് (വാക്യം 4). ദൈവകൃപയുടെ സത്യങ്ങൾ വചനപ്രകാരമുള്ള ക്രിസ്തീയ ജീവിതത്തിന് അനിവാര്യമായിരിക്കുന്നതുകൊണ്ട് ഇതിനെ അംഗീകരിക്കാത്തവർ ആത്മീയശുശ്രൂഷയിൽ നിന്നും വളർച്ചയിൽ നിന്നും വേർപെട്ടുപോകുന്നു (വാക്യം 4). കൃപയെ തെറ്റിദ്ധരിക്കുന്നവർക്ക് രക്ഷ നഷ്ടപ്പെടുന്നില്ല എങ്കിലും അവർക്ക് ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം നഷ്ടപ്പെടുന്നു. അതിന്റെ ശക്തമായ അനന്തരഫലം വിശദീകരിക്കുന്നത്. പൗലോസിന് ഗലാത്യരെക്കുറിച്ചുള്ള ആഴമേറിയ ഉത്കണ്ഠയാണ്.

12. 2 തിമൊ. 2:12

> നാം തള്ളിപ്പറയും എങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും (2 തിമൊ. 2:12).

പൗലോസ് തിമൊഥെയോസിനോടു പറയുന്നു: "ശക്തിപ്പെടുക" (വാക്യം 1) "കഷ്ടം സഹിക്ക" (വാക്യം 3). തുടർന്ന് ശിക്ഷണമുള്ള ജീവിതത്തിന് ഉദാഹരണങ്ങൾ നല്കുന്നു. പടയാളി (വാക്യം 4), കായികാഭ്യാസി (വാക്യം 5), കൃഷിക്കാരൻ (വാക്യം 6).

2 തിമൊ. 2:12 ലെ പ്രസ്താവന ഒരു ക്രിസ്തീയഗീതത്തിന്റെ ഒരു ഭാഗമാണ്. ഓരോ വാക്കിനും പ്രത്യേക വ്യാഖ്യാനം നല്കുക പ്രയാസമാണ്.

എന്നാൽ ഈ ഗീതം സമർപ്പണത്തിന്റെയും അനുസരണത്തിന്റെയും പ്രയോജനങ്ങൾ ഓർപ്പിക്കുന്നു. 'നാം' എന്നുള്ളത് വിശ്വാസികൾക്കായി മാത്രം പരിമിതപ്പെടുത്തിയാൽ, ഈ പ്രസ്താവനയിൽ നിന്നു തങ്ങൾ വിശ്വാസികളാണെന്നു അംഗീകരിക്കുവാൻ ലജ്ജിക്കുന്നവർക്കു (2 തിമൊ. 2:18). ദൈവം കൊടുക്കുവാൻ ആഗ്രഹിച്ച പ്രതിഫലങ്ങൾ നിരസിക്കും എന്ന് മനസ്സിലാക്കാം. ഇത് രക്ഷ നഷ്ടപ്പെടുകയല്ല പിന്നെയോ കിരീടങ്ങൾ, ദൈവരാജ്യത്തിലെ ഉന്നതപദവി, തേജസ്ക്കരിക്കപ്പെട്ട ശരീരത്തിലെ ഉന്നതമായ മഹത്വം എന്നിവ നഷ്ടപ്പെടും (1 കൊരി. 3:15; കൊലൊ. 2:18; 1 യോഹ. 2:28; 2 യോഹ. 8; വെളി. 3:11 കാണുക). ക്രിസ്തുവിന്റെ ന്യായാസനത്തിനുമുമ്പിൽ വിശ്വാസിക്ക് പ്രതിഫലം നഷ്ടപ്പെടുന്നതിനെ വിശമാദമാക്കുന്നു). യഥാർത്ഥത്തിൽ, പ്രതിഫലങ്ങൾ നിരസിച്ചാലും വിശ്വാസിയുടെ രക്ഷ ഭദ്രമാണെന്ന് അടുത്ത പ്രസ്താവനയിൽ ഉറപ്പാക്കുന്നു."**നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു** (2 തിമൊ. 2:13).

2 തിമൊ. 2:12 ലെ "നാം' എന്നത് വിശ്വാസകൾക്കായി മാത്രം പരിമിതപ്പെടുത്താതെ, പൊതുവായി എല്ലാവരെയും ഉൾപ്പെടുത്തിയാൽ മറ്റൊരു വ്യാഖ്യാനം കാണുവാൻ കഴിയും. തങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിക്കാത്തവരെ (ക്രിസ്തുവിൽ വിശ്വസിക്കുന്നില്ല) ഭാവി ന്യായവിധിയിൽ കർത്താവ് അവരെ നിരസിക്കും (മത്താ. 7:22-23 കാണുക) അടുത്ത വാക്യത്തിൽ (വാക്യം 13) അവിശ്വസ്തരായവർ (അവിശ്വാസികൾ) നിത്യമായ ന്യായവിധിയെ അഭിമുഖീകരിക്കേണ്ടിവരും. ദൈവം തന്റെ നീതിയോടും നാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പിനോടും വിശ്വസ്തത പാലിക്കും.

ഒന്നാമത്തെ ആശയം വിശ്വാസികൾക്ക് കഷ്ടത അനുഭവിക്കുവാനുള്ള പ്രചോദനം നല്കുന്നു. നാം അനുസരിക്കുന്നില്ലായെങ്കിൽ നമുക്കുള്ള പ്രതിഫലം നിരസിക്കപ്പെടും. എന്നാൽ രണ്ടാമത്തെ ആശയം 9, 10 വാക്യങ്ങളിലെ ആശയത്തോട് യോജിക്കുന്നു. (കഷ്ടത സഹിക്കുന്നവർക്ക് രക്ഷയും നിത്യതേജസ്സും ലഭിക്കുന്നു). തീർച്ചയായും 2 തിമൊ.2: 11-12-ൽ രക്ഷിക്കപ്പെട്ടവർക്ക് ജീവനും പ്രതിഫലവും ലഭിക്കുന്നു എന്ന് ഓർപ്പിക്കുന്നു. 2 തിമൊ. 2:12-13 ൽ, ക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിക്കാത്തവരെയും അവിശ്വസ്തരെയും (അവിശ്വാസികളെ) സൂചിപ്പിക്കുന്നു. അവർക്കു നിത്യതേജസ്സും രക്ഷയും നിഷേധിക്കപ്പെടും. ഏത് നിലയിൽ ഈ വാക്യം മനസ്സിലാക്കിയാലും, വിശ്വാസിയുടെ രക്ഷ നഷ്ടപ്പെടുന്നില്ല എന്ന ഉപദേശത്തെ സാധൂകരിക്കുന്നു.

13. എബ്രായലേഖനത്തിൽ നിന്നുള്ള മുന്നറിയിപ്പുകൾ

എബ്രായ ലേഖന കർത്താവു തന്റെ പുസ്തകത്തിൽ അഞ്ച് മുന്നറിയിപ്പുകളാണ് നല്കിയിരിക്കുന്നത് 2:1-4;

3:6–4; 11 (പ്രത്യേകമായി 3:6, 12, 14, 4:11); 6:4–8; 10: 26–31; 12:25–29. നിത്യമായ ഭദ്രതയെ എതിർക്കുന്നവർ അവരുടെ വാദത്തിനായി കാണിക്കുന്ന ശക്തമായ തെളിവുകൾ എബ്രാ. 6:4–6; 10:26–31 ഇവയാണ്. എന്നിരുന്നാലും ഈ വേദഭാഗങ്ങളെല്ലാം തന്റെ നിത്യമായ ഭദ്രത യുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാവുന്നതാണ്. ഇത് വിശദീകരിക്കുന്നതിനു മുമ്പ്, എബ്രായ ലേഖനത്തിന്റെ യഥാർത്ഥ വായനക്കാർ ആരാണെന്ന് മനസ്സിലാക്കേണ്ടത് ആവശ്യമാണ്. വായനക്കാർ രക്ഷിക്കപ്പെട്ടതും രക്ഷിക്കപ്പെടാത്തതുമായ ഒരുകൂട്ടം യഹൂദന്മാരായിരുന്നുവോ? അങ്ങനെയാണെങ്കിൽ, ന്യായം വിധിച്ച് നരകത്തീയിൽ തള്ളുന്നതിന് മുമ്പായി ക്രിസ്തുവിൽ വിശ്വസിക്കുവാൻ, രക്ഷിക്കപ്പെടാത്തവർക്കു നല്കുന്ന ഒരു മുന്നറിയിപ്പായി ഈ ഭാഗം മനസ്സിലാക്കാം. ഇതിന്റെ വായനക്കാർ കൃത്യമായും വിശ്വാസികളാണെങ്കിൽ, ബാലശിക്ഷയുടെ തീയിൽ [85] നിന്ന് ഒഴിവാകുവാനുള്ള മുന്നറിയിപ്പ് നല്കുന്നു. നിത്യത ഉപേക്ഷിക്കുന്നതിന് പകരമായി, വിശ്വാസികൾ പൂർണ്ണമായ പ്രതിഫലം പ്രാപിക്കുന്നതിനും ക്രിസ്തുവിന്റെ വരുവാൻ പോകുന്ന രാജ്യത്തിന്റെ പങ്കാളികളാകേണ്ടതിനും വേണ്ടി അദ്ധ്വാനിക്കുകയാണ് വേണ്ടത്. ഈ മുന്നറിയിപ്പു നല്കുന്ന ഭാഗത്തിന്റെ ശരിയായ വ്യാഖ്യാനം, വായനക്കാർ ആരാണെന്നുള്ളതിനെ ആശ്രയിച്ചാണിരിക്കുന്നത്. അവർ അവിശ്വാസികളാണോ (സുവിശേഷത്തിന്റെ മുന്നറിയിപ്പ്) അതോ രക്ഷിക്കപ്പെട്ടവരാണോ (അവിശ്വസ്തരായിരിക്കുന്നതിനെതിരെയുള്ള മുന്നറിയിപ്പ്) എന്നതിന്റെ അടിസ്ഥാനത്തിൽ എങ്ങനെയാണെങ്കിലും, രണ്ടുരീതിയും നിത്യമായ സുരക്ഷയെ ഉറപ്പാക്കുന്ന വ്യാഖ്യാനങ്ങളാണ്. യഥാർത്ഥ വായനക്കാർ ആരാണെന്ന് വ്യക്തമാക്കിയശേഷം ഓരോ മുന്നറിയിപ്പും ചിന്തിക്കാവുന്നതാണ്.

a. എബ്രായലേഖനത്തിന്റെ യഥാർത്ഥ വായനക്കാർ

എബ്രായ ലേഖനത്തിന്റെ അനുവാചകർ തീർച്ചയായും യഹൂദന്മാർ തന്നെയാണ്. അവർ ക്രിസ്തീയ മേഖലയുമായി ബന്ധമുള്ളവരും യഹൂദ മതത്തിലേക്ക് [86] മടങ്ങിപ്പോകുവാൻ പ്രേരിപ്പിക്കപ്പെടുന്നവരുമാണ്. ഈ തിരഞ്ഞെടുപ്പിനെതിരായി എഴുത്തുകാരൻ മുന്നറിയിപ്പ് നല്കുന്നു. തീർച്ചയായും രക്ഷിക്കപ്പെടാത്ത ചില അംഗങ്ങളും പ്രാദേശികസഭയിൽ ഉണ്ടാകാം. ഈ മുന്നറിയിപ്പുകൾ എബ്രായസഭയിലുള്ള അവിശ്വാസികളോട് ആയിക്കൂടേ? അങ്ങനെയെങ്കിൽ ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുവാനുള്ള സുവിശേഷത്തിന്റെ മുന്നറിയിപ്പാകാം. മറ്റൊരു ചിന്ത, ശരിയായ വിശ്വാസികൾക്കുള്ള ഒരു മുന്നറിയിപ്പാണെന്നുള്ളതാണ്. പ്രത്യക്ഷമായി കാണുന്ന സഭയെ ഉപേക്ഷിക്കാതിരിക്കുവാനും യഹൂദപ്പള്ളികളുമായുള്ള ബന്ധങ്ങളിലേക്ക് മടങ്ങിപ്പോകാതിരിക്കുവാനുമുള്ള പ്രേരണയായിട്ടും മനസ്സിലാക്കാം. തെറ്റായ തിരഞ്ഞെടുപ്പിനാൽ, ദൈവിക ന്യായവിധിയാകുന്ന തീയാൽ ശോധന ചെയ്യപ്പെടുകയും (ഈ ജീവിതത്തിലെ കഷ്ടതകൾ, അത് നരകമല്ല) സ്വർഗ്ഗത്തിലെ എല്ലാ പ്രതിഫലങ്ങളും നഷ്ടപ്പെടുകയും ചെയ്യുന്നു. ഇതിൽ ഏത് കാഴ്ചപ്പാടാണ് നല്ലത്?

തിരഞ്ഞെടുപ്പ് അംഗീകരിക്കുവാൻ പ്രയാസമുള്ളതാണ്. ഈ മുന്നറിയിപ്പുകൾ വിശ്വാസികളോടുള്ള ബന്ധത്തിൽ പരിഗണിക്കുവാനാണ് എഴുത്തുകാരൻ താല്പര്യപ്പെടുന്നത്. എബ്രായലേഖനത്തിൽ രക്ഷയ്ക്കുള്ള നിർവചനം പഠിക്കുമ്പോൾ ഇത് രക്ഷിക്കപ്പെട്ടവരോടുള്ള മുന്നറിയിപ്പാണെന്ന ആശയമാണ് നിഴലിച്ചു കാണുന്നത്. രക്ഷയ്ക്കുള്ള നിർവചനം എന്താണെന്നാണ് എബ്രായലേഖനക്കാരൻ ഓർപ്പിക്കുന്നത്? ദൈവവചനത്തിൽ ഒരു ഭൂതകാലരക്ഷയെക്കുറിച്ച് പറയുന്നു. ഒരു വിശ്വാസി പാപത്തിന്റെ ശിക്ഷയിൽ നിന്ന് രക്ഷിക്കപ്പെട്ടവനാണ് (ഭൂതകാലം). എബ്രായർ ഈ നിർവചനം അംഗീകരിക്കുമെങ്കിൽ മുന്നറിയിപ്പ് സുവിശേഷപരമാണ്. എന്നാൽ പാപത്തിന്റെ ശിക്ഷയിൽ നിന്നു വിടുതൽ പ്രാപിച്ചവർക്ക് ബൈബിളിൽ രക്ഷയുടെ ഒരു ഭാവികാല വശം കൂടെ പരാമർശിക്കുന്നു. ഭാവിയിൽ വിശ്വാസികൾ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും രക്ഷിക്കപ്പെടും (റോമ. 13:11). ക്രിസ്തുവിന്റെ ഭാവികാല വിടുതൽ (രക്ഷ) അവന്റെ വീണ്ടും വരവിലുള്ള അനുഗ്രഹങ്ങളും ഉൾക്കൊള്ളുന്നതാണ്(പിശാചിനെ പിടിച്ചുകെട്ടുക, പുനരുത്ഥാനം പ്രാപിച്ച ശരീരത്തോടുകൂടിയ വിശുദ്ധന്മാർ, പ്രതിഫലങ്ങൾ, ദൈവരാജ്യത്തിൽ അധികാരമുള്ള പദവികൾ). [87] എല്ലാ വിശ്വാസികളും സ്വർഗ്ഗത്തിൽ ഉണ്ടായിരിക്കും. എന്നാൽ, പ്രതിഫലങ്ങളിൽ വ്യത്യാസം ഉണ്ട് (കിരീടങ്ങൾ). ക്രിസ്തുവിന്റെ ഭരണത്തിൽ അധികാരങ്ങൾ പങ്കിടുമ്പോൾ വ്യത്യസ്തപദവികൾ (ലൂക്കോ. 19:17, 19). പുനരുത്ഥാനം പ്രാപിച്ച ശരീരത്തിന്റെ തേജസ്സിനും വ്യത്യസ്തത (1 കൊരി. 15:41–42). ഒരു ക്രിസ്ത്യാനികൾക്കും സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം നിഷേധിക്കുന്നില്ലെങ്കിലും, ദൈവരാജ്യത്തിൽ പദവികൾ പങ്കിടുന്നതിൽ വ്യത്യാസമുണ്ടായിരിക്കും. എബ്രായലേഖനത്തിൽ രക്ഷ എന്നത് ക്രിസ്തുവിന്റെ വരവിൽ ലഭിക്കുന്ന ഭാവികാല വിടുതലാണെങ്കിൽ, മുന്നറിയിപ്പ് വിശ്വാസികൾക്ക് ബാധ

[85] തീ എന്നത് ഒരു ആലങ്കാരിക വാക്കാണ്. കൃഷിഭൂമി ഒരുക്കുവാൻ തീ കത്തിച്ച് അശുദ്ധിയെല്ലാം നശിപ്പിക്കാറുണ്ട്. ഫലമില്ലാത്ത പ്രവൃത്തി തീയിൽക്കൂടെ ശോധനചെയ്യുമ്പോൾ വിശ്വാസിയുടെ പ്രതിഫലങ്ങളെല്ലാം നഷ്ടമാകുന്നു 1 കൊരി. 3:15.

[86] ഇവിടെ വായനക്കാർ യഹൂദപാരമ്പര്യത്തിലേക്കോ, യഹൂദന്മാരുടെ മറ്റു വിഭാഗങ്ങളിലേക്കോ തിരിച്ചുപോയി എന്ന് സംശയിക്കേണ്ട കാര്യമില്ല.

[87] ഈ ഭാഗങ്ങളെല്ലാം അദ്ധ്യായം 12-ൽ (എസ്കറ്റോളജിയിൽ) വിശദീകരിച്ചിട്ടുണ്ട്

കമാകുന്നതാണ്. നിത്യതയ്ക്കുള്ള ജീവിതത്തെ അവഗ ണിക്കുന്നവർക്കുള്ള മുന്നറിയിപ്പായി കാണുന്നു. ഭാവി കാലരക്ഷയിലെ അനുഗ്രഹങ്ങളുടെ അളവ് കുറയുവാൻ അവിശ്വസ്തത കാരണമാകുന്നു.

എബ്രായ ലേഖനം തീർച്ചയായും ഒരു ഭാവികാല കാഴ്ച പ്പാട് നല്കുന്നു. (1) "സകലത്തിനും അവകാശി." എബ്രാ. 1:2, (2) "ആദ്യജാതനെ **പിന്നെയും** ഭൂതലത്തി ലേക്ക് പ്രവേശിപ്പിക്കുമ്പോൾ" എബ്രാ. 1:6, (3) "ഭാവി ലോകത്തെ" എബ്രാ. 2:5, (4) "അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുമ്പോൾ" എബ്രാ. 2:10, (5) "സ്വർ ഗ്ഗീയവിളി" എബ്രാ. 3:1, (6) "വരുവാനുള്ള ലോകം" എബ്രാ. 6:5, (7) "നാൾ സമീപിക്കുന്നു" എബ്രാ. 10:25 ഇതിലും പ്രാധാന്യമുള്ള വിഷയം എന്നുള്ളത്, *രക്ഷ* എന്ന വാക്ക് എഴുത്തുകാരൻ നിർവചിക്കുന്നിടത്തെല്ലാം പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും ശാപത്തിൽ നിന്നുമുള്ള ഭാവിയിലെ വിടുതലിനെയാണ് സൂചിപ്പിക്കു ന്നത് (പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള ഭൂതകാല രക്ഷ യെയല്ല പരാമർശിക്കുന്നത്).

> അവർ ഒക്കെയും **രക്ഷ പ്രാപിപ്പാനുള്ളവരുടെ** ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്ക ളല്ലയോ? (എബ്രാ. 1:14).
>
> ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപ ങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനി ക്കായി കാത്തു നില്ക്കുന്നവരുടെ **രക്ഷയ്ക്കായി** അവൻ പാപം കൂടാതെ **രണ്ടാമതു** പ്രത്യക്ഷ നാകും(എബ്രാ. 9:28).

എബ്രായലേഖനത്തിൽ അവിശ്വാസികളോടു പാപ ത്തിന്റെ ശിക്ഷയിൽ നിന്നുള്ള രക്ഷയ്ക്കായി കൊടു ക്കുന്ന സുവിശേഷപരമായ മുന്നറിയിപ്പ് പ്രാധാന്യത യുള്ള അവസ്ഥയിലാണ്. ഇത് നിത്യമായ ഭദ്രതയുടെ ഉപദേശം സംരക്ഷിക്കുന്നു. എന്നിരുന്നാലും എബ്രായ ലേഖനത്തിൽ ഭാവികാല രക്ഷയോടു ബന്ധപ്പെട്ട എല്ലാ അനുഗ്രഹങ്ങളും നഷ്ടപ്പെടുന്നതിനെക്കുറിച്ച് വ്യക്ത മായ മുന്നറിയിപ്പ് വിശ്വാസികൾക്ക് നല്കുന്നു. വിശ്വാ സികൾ ക്രിസ്തുവിന്റെ വീണ്ടുംവരവ് അവഗണിച്ചു കൊണ്ട് ഈ ജീവിതത്തിനുവേണ്ടി മാത്രം ജീവിക്കാൻ പാടില്ല. അങ്ങനെയെങ്കിൽ അവർക്കു ഭാവികാല വിടുത ലുമായി (രക്ഷ) ബന്ധപ്പെട്ട പല കാര്യങ്ങളിലും നഷ്ട മുണ്ടാകും. വിശ്വാസികൾ പാപത്തിന്റെ ശിക്ഷയിൽ നിന്ന് രക്ഷിക്കപ്പെട്ടുവെങ്കിലും ക്രിസ്തുതരുന്ന ഭാവികാലരക്ഷ യിൽ ലഭിക്കേണ്ട പ്രതിഫലങ്ങളും അനുഗ്രഹങ്ങളും നഷ്ടപ്പെടുവാൻ സാദ്ധ്യതയുണ്ട്. ഭൗമികമായ അവകാ ശങ്ങളെകുറിച്ചുള്ള ഒരു വിശദീകരണം എബ്രായലേഖ നത്തിൽ പറയുന്ന സ്വർഗ്ഗീയ അവകാശങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് മനസ്സിലാക്കുവാൻ സഹായിക്കും. ഒരു മനു ഷ്യന് വലിയൊരു അവകാശം ലഭിക്കുവാനുള്ള സാദ്ധ്യത ഉണ്ടെന്നിരിക്കട്ടെ. അവന് ഭാവിയിൽ ലഭിക്കാവുന്ന പങ്ക് മനസ്സിലാക്കാവുന്നതിൽ കൂടുതലാണ്. ചരിത്രത്തിലെ ഏതൊരു മനുഷ്യന് ലഭിക്കാവുന്നതിലധികം നേടിയെ ടുക്കുവാനായി കാത്തിരിക്കുന്നു. എന്നാൽ അവന്റെ ഉപ കാരിയുടെ അവഗണനമൂലം അവന് ലഭിക്കേണ്ടിയിരുന്ന അവകാശത്തിന്റെ ചെറിയൊരു പങ്കു മാത്രമെ ലഭിച്ചുള്ളൂ. എന്നാലും വലിയൊരു തുക അവന് ലഭിച്ചു. ഒരു വിധ ത്തിൽ അവന് അവകാശം നഷ്ടപ്പെട്ടില്ല എന്നു പറയാം. എന്നാൽ മറ്റൊരു നിലയിൽ ചിന്തിച്ചാൽ, അവന് ലഭി ക്കേണ്ടിയിരുന്ന അവകാശം പൂർണ്ണമായി ലഭിക്കാതിരു ന്നത് അവനുള്ള അവകാശത്തിൽ നഷ്ടം സംഭവിച്ചതിന് തുല്യമാണ്. അവഗണന മുഖാന്തിരം അവന് സ്വന്തമാ ക്കാമായിരുന്നത് നഷ്ടപ്പെട്ടു.

ഈ ലോകത്തിന് സമ്പൂർണ്ണരക്ഷ ലഭ്യമാക്കുവാനാണ് കർത്താവ് വീണ്ടും വരുന്നത്. പാപത്തിന്റെ സാന്നിദ്ധ്യ ത്തിൽ നിന്നുള്ള രക്ഷ ഉണ്ടാകും (ശാപത്തിൽ നിന്നും). എല്ലാ വിശ്വാസികളും പാപത്തിന്റെ ശിക്ഷയിൽ നിന്ന് നിത്യമായി രക്ഷിക്കപ്പെട്ടവരാണ്. എന്നാലും ഭാവികാല രക്ഷ പങ്കിടുന്നതിൽ വ്യത്യസ്ത നിലവാരം ഉണ്ടായിരി ക്കും. ഒരു വിശ്വാസിക്കും പൂർണ്ണമായി നഷ്ടം സംഭവി ക്കുകയുമില്ല. എന്നാലും ക്രിസ്തുവിന്റെ ഭാവി വിടുത ലുമായി ബന്ധപ്പെട്ട് അവിശ്വസ്തതയുടെയും അവഗണ നയുടെയും ജീവിതം നയിച്ചതിനാൽ തങ്ങൾക്ക് ലഭി ക്കാമായിരുന്ന മുഴു അവകാശങ്ങളും പല വിശ്വാസി കൾക്കും നഷ്ടപ്പെടും. എല്ലാവരും ക്രിസ്തുവിന്റെ വീണ്ടും വരവിൽ ഭാവികാല വിടുതൽ പങ്കുവയ്ക്കുമെ ങ്കിലും രക്ഷയുടെ പൂർണ്ണമായ അനുഗ്രഹം പല വിശ്വാ സികൾക്കും നഷ്ടപ്പെടും. അവർക്ക് സ്വന്തമാക്കുവാൻ കഴിയുമായിരുന്ന വലിയൊരു നഷ്ടമായിരിക്കും. രക്ഷ യിലെ ആഴമേറിയ ഒരു പങ്ക് നഷ്ടപ്പെട്ടതായി ഗ്രഹിക്കു വാൻ കഴിയും. ഒരു വിശ്വാസിക്ക് നരകത്തിലേക്ക് പോകു വാൻ കഴിയില്ല. സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം തടയ പ്പെടുന്നുമില്ല. എന്നാൽ ഒരു വിശ്വാസിക്ക് ക്രിസ്തുവിന്റെ ഭാവി വിടുതലിൽ ലഭിക്കാവുന്ന പൂർണ്ണ അളവിലുള്ള അനുഗ്രഹം നഷ്ടമാകുന്നു (പ്രതിഫലങ്ങൾ ദൈവ രാജ്യത്തിലെ പദവികൾ, പുനരുത്ഥാനം പ്രാപിച്ച ശരീ രത്തിലുള്ള തേജസ്സിന്റെ അളവ് മുതലായവ). ഭാവികാല രക്ഷയിൽ ലഭിക്കാവുന്ന വലിയ പ്രതിഫലങ്ങൾ നഷ്ട മാക്കുന്ന രീതിയിലുള്ള അവഗണനാജീവിതത്തിനെതി രായ മുന്നറിയിപ്പുകൾ എബ്രായലേഖനത്തിൽ വിശ്വാസി കൾക്ക് നല്കുന്നു. കൂടാതെ ഈ ജീവിതത്തിലെ ബാലവിധിയുടെ അഗ്നിയെക്കുറിച്ചും നഷ്ടപ്പെടുന്ന പ്രതി ഫലത്തെക്കുറിച്ചുമുള്ള വ്യക്തമായ മുന്നറിയിപ്പുകളും നല്കുന്നുണ്ട്.

തുടർന്ന് മുന്നറിയിപ്പുനല്കുന്ന ഓരോ ഭാഗവും പരിശോ ധിക്കാം. ഒന്നാമത്തെ കാഴ്ചപ്പാടിൽ ഈ മുന്നറിയിപ്പ് സുവിശേഷപരമാണെന്ന് വിഭാവനം ചെയ്തു

കൊണ്ടുള്ള വ്യാഖ്യാനമാണ് നല്കുന്നത് (അവിശ്വാസികളോട്). രണ്ടാമത്തെ കാഴ്ചപ്പാടിൽ മുന്നറിയിപ്പ് വിശ്വാസികൾക്കുവേണ്ടിയാണെന്ന് വിഭാവനം ചെയ്തുകൊണ്ടുള്ള മുന്നറിയിപ്പാണ്. കാഴ്ചപ്പാട് ഏതായിരുന്നാലും ഇതിലെ **പ്രധാന സത്യം നഷ്ടപ്പെടുവാൻ പാടില്ല. ഉറപ്പുള്ളതും നിത്യമായ ഭദ്രത പ്രതിപാദിക്കുന്നതു**മായ ഇതിലെ സത്യങ്ങൾ ശരിയായി മനസ്സിലാക്കുവാനുള്ള വഴികൾ ഉണ്ട്.

b. ഒന്നാമത്തെ മുന്നറിയിപ്പ്. എബ്രാ. 2:1-4

> കർത്താവ് പറഞ്ഞുതുടങ്ങിയതും... കേട്ടവർ നമുക്കു ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും? (എബ്രാ. 2:3-4).

(1) എബ്രായരിൽ രക്ഷിക്കപ്പെടാത്തവരെ അഭിസംബോധന ചെയ്യുന്ന നിലയിൽ

യഥാർത്ഥ വായനക്കാരിൽ ചിലർ രക്ഷിക്കപ്പെടാത്തവരാണെന്നു വിശ്വസിക്കുന്നവർക്ക് ഈ മുന്നറിയിപ്പ് സുവിശേഷപരമാണ്. സുവിശേഷത്തിന് ശ്രദ്ധ കൊടുക്കുക (എബ്രാ. 2:1). ക്രിസ്തുവിലെ വിശ്വാസത്തിലേക്കുള്ള ക്ഷണം നിരസിച്ചുകളഞ്ഞ് ജീവിതത്തിൽ ഒഴുകിപ്പോകരുത് (എബ്രാ. 2:1). ന്യായപ്രമാണം അനുസരിക്കാത്തവർ ശിക്ഷ അനുഭവിച്ചു (എബ്രാ. 2:2). ക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന രക്ഷയെ (പാപത്തിന്റെ ശിക്ഷയിൽ നിന്ന്) അവഗണിക്കുന്നവർക്ക് നിത്യമായ ശിക്ഷാവിധിയിൽനിന്ന് ഒഴിഞ്ഞു മാറുവാൻ കഴികയില്ല.

(2) വിശ്വാസികളെ അഭിസംബോധന ചെയ്യുന്ന നിലയിൽ

എബ്രായലേഖനം വിശ്വാസികളോടു മാത്രമാണ് സംസാരിക്കുന്നതു എന്നു വിചാരിക്കുന്നവർക്ക്, നിത്യതയ്ക്കുവേണ്ടി ഒരുങ്ങുവാനുള്ള (ജീവിക്കുവാൻ) ഒരു മുന്നറിയിപ്പാണിത്. രക്ഷ എന്നത് യേശുക്രിസ്തുവിന്റെ വീണ്ടും വരവിലൂടെയുള്ള ഭാവിവിടുതലിനെ പരാമർശിക്കുന്നു. ഈ ദുഷ്ടലോകപരിസ്ഥിതിയിൽ നിന്നും പാപത്തിന്റെ എല്ലാ ശാപത്തിൽ നിന്നും (രോഗം, ശാരീരിക മരണം) ഒരു ഭാവികാലവിടുതൽ ഉണ്ട്, പ്രതിഫലങ്ങളും. ആയിരമാണ്ട് വാഴ്ചയിലും നിത്യതയിലും ഉള്ള അധികാരസ്ഥാനങ്ങളുമെല്ലാം ഭാവികാലരക്ഷയിൽ ഉൾപ്പെടുന്നതാണ്. കർത്താവ് തന്റെ ഭാവികാലവിടുതലിനെക്കുറിച്ച് എന്താണ് പഠിപ്പിച്ചതെന്ന് ക്രിസ്ത്യാനികൾ വളരെ ശ്രദ്ധാപൂർവ്വം പരിശോധിക്കേണ്ടതാണ്(എബ്രാ. 2: 1 ഒരു ഭാവികാല രക്ഷ). നാം ഉന്നതനിലവാരത്തിലുള്ള പ്രതിഫലങ്ങളും പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഇപ്പോഴത്തെ ജീവിതത്തിൽ ഒഴുകിപ്പോകുവാൻ സാദ്ധ്യമല്ല (എബ്രാ. 2:1). ചില വിശ്വാസികൾ മടിയന്മാരും, പ്രതിഫലങ്ങളുടെ നിലവാരത്തെക്കുറിച്ചുള്ള ഭാവിരാജ്യത്തിലുള്ള അധികാരത്തെക്കുറിച്ച് ബോധവാന്മാരല്ലാത്തവരുമാണ്. അവർ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും ഈ ലോക സംവിധാനത്തിൽ നിന്നും ഉള്ള ഭാവികാല വിടുതലിനെ(രക്ഷ)ക്കുറിച്ച് മനസ്സിലാക്കിയ കാര്യങ്ങളിൽ ശ്രദ്ധയില്ലാത്തവരുമാണ്. വർത്തമാനകാലത്തിനുവേണ്ടി മാത്രം ജീവിക്കുകയും ഭാവികാലരക്ഷയെക്കുറിച്ചുള്ള ക്രിസ്തുവിന്റെ ഉപദേശങ്ങളെ അവഗണിക്കുകയും ചെയ്യുന്ന വിശ്വാസികൾക്ക് ഇവിടെ ശിക്ഷ ലഭിക്കുകയും അവിടെ പ്രതിഫലം നഷ്ടമാകുകയും ചെയ്യും (വാക്യം 2- "ന്യായമായ പ്രതിഫലം"). ഭാവിയെക്കുറിച്ച് ക്രിസ്തു എന്ത് പഠിപ്പിച്ചുവോ അതിന് ശ്രദ്ധ കൊടുക്കുന്നവർ ഒരിക്കലും ഈ ജീവിതത്തിൽ ഒഴുകിപ്പോകയില്ല. പ്രതിഫലം പങ്കിടുന്ന നിലവാരവും ദൈവരാജ്യത്തിലെ പദവികളും പുനരുത്ഥാനം പ്രാപിച്ച ശരീരത്തിന്റെ തേജസ്സും ലഭിക്കുവാൻ പോകുന്ന ഭാവികാല രക്ഷയെ അവർ അവഗണിക്കില്ല. പാപം നിറഞ്ഞതും മാറ്റപ്പെടുന്നതുമായ ഈലോകത്തിൽ [88] നിന്ന് നമ്മെ രക്ഷിക്കുവാനായി ക്രിസ്തു വരുമ്പോൾ എല്ലാ അനുഗ്രഹങ്ങളും പ്രതിഫലങ്ങളും പൂർണ്ണമായ നിലയിൽ ലഭിക്കത്തക്ക നിലവാരത്തിൽ അവർ ഇപ്പോൾ ജീവിക്കും. "വരുവാനുള്ള ലോകത്തിൽ " (വാക്യം 5) നേട്ടങ്ങൾ ഉണ്ടാകത്തക്കനിലയിൽ ഇവിടെ നടപടികൾ സ്വീകരിക്കും.

ബൈബിൾ വായിക്കുന്ന ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം രക്ഷ ഭാവികാല കാഴ്ചപ്പാടിൽ പരിഗണിക്കുമ്പോൾ അത് അസാധാരണമായി തോന്നാം. നമ്മുടെ ചിന്ത പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള രക്ഷയ്ക്ക് പ്രാധാന്യം നല്കുന്നു. എന്തായാലും എബ്രാ. 2:1-4 വരെയുള്ള മുന്നറിയിപ്പ് ഭാവികാല രക്ഷയെ പരാമർശിക്കുന്ന രണ്ട് വേദഭാഗങ്ങളുടെ മദ്ധ്യത്തിലായി ചേർത്തിരിക്കുന്നു. എബ്രാ. 1:14-ൽ രക്ഷയെ ഭാവികാല അനുഗ്രഹവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. എബ്രാ. 2:5 ലും 2:1-4 വരെയുള്ള ഭാഗങ്ങളിലെ വാദഗതിയുമായി ബന്ധിപ്പിച്ചിരിക്കുന്നു. എബ്രാ. 2:5-ൽ "വരുവാനുള്ള ലോകത്തെ"ക്കുറിച്ച് പരാമർശിക്കുന്നു. വിശ്വാസികൾ ഈ ലോകത്തിൽ ജീവിക്കുമ്പോൾ, വരുവാനുള്ള ലോകത്തിൽ വലിയ പ്രതിഫലവും ഭരണപരമായി ഉന്നതമായ പങ്കും അധികാരവും തേജസ്സും ലഭിക്കുവാൻ തക്കവണ്ണം കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

(3) ഉപസംഹാരം

ഒന്നാമത്തെ മുന്നറിയിപ്പിന്റെ ഭാഗത്തിൽ, വിശ്വാസികൾക്ക് പാപത്തിന്റെ ശിക്ഷയിൽ നിന്ന് ലഭിച്ച രക്ഷ അവ

[88] കർത്താവ് തന്റെ മദ്ധ്യാകാശവരവിൽ വിശ്വാസികളെ ഈ ഭൂമിയിൽ നിന്ന് രക്ഷിക്കും. കഷ്ടതയിൽ നിന്നും, പീഡനത്തിൽ നിന്നും ഈ ലോകത്തിന്റെ പ്രലോഭനങ്ങളിൽ നിന്നും ഉള്ള ഒരു രക്ഷ കൂടി ആയിരിക്കും ഇത് (സാത്താന്റെ അധീനതയിലുള്ള ഒരു ലോകവും, ക്രിസ്തുവിന് എതിരായുള്ള സംവിധാനങ്ങളുള്ളതുമായ ഒരു ലോകവുമാണിത്).

ഗണിക്കുകയോ ഒഴുകിപ്പോകുകയോ ചെയ്താൽ നഷ്ട പ്പെടുമെന്ന് പഠിപ്പിക്കുന്നില്ല. മുകളിൽ പറഞ്ഞ ഭാഗത്ത് എഴുത്തുകാരൻ ഒരു കാഴ്ചപ്പാടിൽ കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നു. എന്നാൽ രണ്ട് വ്യാഖ്യാനങ്ങളും എബ്രാ. 2:1-4 വരെയുള്ള ഭാഗങ്ങൾ നിത്യമായ ഭദ്രതയ്ക്ക് ഊന്നൽ നല്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയുന്ന രീതിയിലാണ്

C. രണ്ടാമത്തെ മുന്നറിയിപ്പ് നല്കുന്ന വേദഭാഗം എബ്രാ. 3-4 അദ്ധ്യായങ്ങൾ

> ക്രിസ്തുവോ അവന്റെ ഭവനത്തിനു അധികാരി യായ പുത്രനായിട്ടു തന്നേ; പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെപ്പിടിച്ചു കൊണ്ടാൽ നാം തന്നെ അവന്റെ ഭവനം ആകുന്നു (എബ്രാ. 3:6).
>
> സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ തൃജി ച്ചുകളയാതിരിക്കേണ്ടതിന്നു അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതി രിപ്പാൻ നോക്കുവിൻ (എബ്രാ. 3:12).
>
> ആദ്യവിശ്വാസം അവസാനത്തോളം മുറുകെ പ്പിടിച്ചുകൊണ്ടാൽ ക്രിസ്തുവിൽ പങ്കാളിയായി ത്തീർന്നിരിക്കുന്നുവല്ലോ (എബ്രാ. 3:14).
>
> അതുകൊണ്ട് ആരും അനുസരണക്കേടിന്റെ സമ ദൃഷ്ടാന്തത്തിന്നൊത്തവണ്ണം വീഴാതിരിക്കേണ്ട തിന്നു നാം ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്ക (എബ്രാ. 4:11).

(1) എബ്രായരിൽ അവിശ്വാസികളായവരോട് അഭി സംബോധന ചെയ്യുന്ന നിലയിൽ

ഈ പഠനത്തിൽ നിന്ന് നേരത്തെ എത്തിയ നിഗമനം രക്ഷിക്കുന്ന വിശ്വാസം വിശ്വാസത്തെ കാക്കുന്നു എന്നു ള്ളതാണ്. ദൈവം ഒരു വിശ്വാസിയെ വിശ്വസിപ്പിച്ചുകൊ ണ്ടേയിരിക്കുന്നു. ക്രിസ്തുവിനെ രക്ഷകനായി ആശ്രയി ക്കുന്ന ഒരു വ്യക്തി ക്രിസ്തുവിന്റെ ദൈവത്വം, രക്തം, ഉയിർപ്പ് എന്നിവയെ തള്ളിക്കളയുന്നില്ല (ഈ വിഭാഗ ത്തിലെ P. 226 1 കൊരി. 15:1-2 വാക്യങ്ങളുടെ വിശദീ കരണം കാണുക). രക്ഷിക്കുന്ന വിശ്വാസം (ആശ്രയം) തുടർമാനമായ വിശ്വാസത്തിലേക്ക് നയിക്കുന്നു. ദൈവ ത്തെപ്പറ്റിയുള്ള ചില യാഥാർത്ഥ്യങ്ങളിലുള്ള ബുദ്ധിപര മായ വിശ്വാസം (യാക്കോബ് 2:19) അല്ലെങ്കിൽ യേശു വിന് താത്ക്കാലികബുദ്ധിമുട്ടുകളിൽ നിന്ന് വിടുവിക്കാൻ കഴിയും എന്നുള്ള വൈകാരികമായ വിശ്വാസം എന്നീ തരത്തിലുള്ള മറ്റു വിശ്വാസങ്ങൾക്ക് രക്ഷിക്കാനാവില്ല (പാപത്തിൽ നിന്നുള്ള രക്ഷയിൽ താത്പര്യമില്ലാത്തത് (ലൂക്കോസ് 8:13). എബ്രായർ 3-ലും 4-ലും ഉള്ള മുന്നറി യിപ്പുകൾ അഭിസംബോധന ചെയ്യപ്പെടുന്നത് യഹൂദപ്പള്ളികളിൽ ചേർന്നിട്ടുള്ള അവിശ്വാസിക ളോടാണ് എന്നു കരുതാം. ഇവ രക്ഷിക്കുന്നതും, നില നിൽക്കുന്നതുമായ (പിടിച്ചുനിർത്തുന്നത്) തരത്തിലുള്ള വിശ്വാസം കൈവശമാക്കുന്നില്ല. ഈ അറിവിനാൽ, എബ്രാ. 3:6 പറയുന്ന "ഭവനം" ദൈവത്തിന്റെ കുടുംബ ത്തിൽ അംഗമാകുന്നതിനെയും, എബ്രാ. 3:14-ൽ പറ യുന്ന "പങ്കാളികൾ" ക്രിസ്തുവുമായി രക്ഷയിൽ ഏകീ ഭവിക്കുന്നതിനെയും സൂചിപ്പിക്കുന്നു. വായനക്കാരിൽ ചിലർക്കെങ്കിലും രക്ഷിക്കുന്ന വിശ്വാസം (തുടർമാന മായി വിശ്വസിക്കുന്ന തരത്തിലുള്ളത്) ഇല്ലയോ എന്ന് പരിശോധിക്കുന്നതിനുള്ള ഒരു മുന്നറിയിപ്പാണ് എബ്രാ. 3:6. ദൈവത്തെ തൃജിച്ചുകളഞ്ഞ് അവിശ്വാസി യായിത്തീരുന്നതിനെതിരെയുള്ള മുന്നറിയിപ്പാണ് എബ്രാ. 3:12-ൽ നൽകുന്നത്. യേശുവിൽ ആശ്രയിക്കുക എന്നുള്ള ദൈവത്തിന്റെ ആഹ്വാനങ്ങളെ തള്ളിക്കളഞ്ഞ് അവർ വീണുപോകും. എബ്രായരായ വായനക്കാരെ സഭ വിട്ടു യഹൂദന്മാരുടെ ദേവാലയങ്ങളിലേക്ക് മടങ്ങിവരു വാൻ ക്ഷണിക്കുകയാണ്. വീണ്ടും, എബ്രാ. 3:14-ൽ ക്രിസ്തുവുമായി ഒരു വ്യക്തിപരമായ വിശ്വാസം ഉണ്ട് എന്ന ഉറപ്പു വരുത്തുവാൻ എഴുത്തുകാരൻ വാനക്കാ രോട് അഭ്യർത്ഥിക്കുന്നു എന്നു കരുതാം (**വ്യക്തിപര മായ** എന്നത് **ആശ്രയം** എന്ന നിലയിലാണ്. അല്ലാതെ യേശുവിനെപ്പറ്റിയുള്ള യാഥാർത്ഥ്യങ്ങളിലുള്ള ബുദ്ധിപ രമായ വിശ്വാസമോ താത്ക്കാലിക പ്രശ്നങ്ങളിൽ സഹാ യിക്കുവാൻ അവന് കഴിയും എന്നുള്ള വൈകാരികമായ വിശ്വാസമോ അല്ല). രക്ഷിക്കുന്ന വിശ്വാസം തുടർച്ച യായി വിശ്വസിച്ചുകൊണ്ടേയിരിക്കുന്നു. വിശ്വാസത്തിന്റെ മറ്റു നിർവചനങ്ങൾ രക്ഷിക്കുന്ന വിശ്വാസത്തെ ഉൾപ്പെ ടുത്തുന്നില്ല. ഒരു വിശ്വാസിക്ക് രക്ഷ നഷ്ടപ്പെട്ടു എന്നോർത്ത് എഴുത്തുകാരൻ വിഷമിക്കുന്നില്ല. ഒരു സഭ യോട് ചേർന്നിട്ടുണ്ടെങ്കിലും ക്രിസ്തുവിൽ ആശ്രയിച്ചി ട്ടില്ലാത്ത ചില വായനക്കാർ ഉണ്ടാകുമെന്നതാണ് തന്നെ വിഷമിപ്പിക്കുന്നത് (എബ്രാ. 4:11-പ്രവൃത്തിയാലുള്ള രക്ഷ യിൽ ആശ്രയിക്കാതെ (4:10) ക്രിസ്തുവിലുള്ള വിശ്വാ സത്താൽ കൈവശമാക്കുന്നതിനുള്ള മറ്റൊരു സുവിശേ ഷീകരണ ആഹ്വാനമാണ്.

(2) വിശ്വാസികളെ അഭിസംബോധന ചെയ്യുന്ന നിലയിൽ

എബ്രായർ 3, 4 അദ്ധ്യായങ്ങളിലുള്ള മുന്നറിയിപ്പുകൾ, ആരാധനയിലും ശുശ്രൂഷയിലും ഉത്സുകരായിരിപ്പാനും ക്രിസ്തുവുമായി ഉത്സാഹത്തോടെ പങ്കാളിത്തം വഹിച്ച് പ്രവർത്തിക്കുവാനും പൂർണ്ണ അവകാശത്തിലേക്ക് (പ്രതിഫലം) കടക്കുവാനുമുള്ള വിശ്വാസികൾക്കുള്ള മുന്നറിയിപ്പുകളായും നമുക്കു മനസ്സിലാക്കാം. ഓർക്കുക, കാണാവുന്ന സഭ വിട്ടു യഹൂദമതത്തിലേക്കു മടങ്ങിവ രുവാനുള്ള പരീക്ഷയെ ശക്തമായി നേരിടുകയാണ് എബ്രായർ. എബ്രായർ 3: 5-ൽ ഉള്ള മോശെയുടെ ഭവനം സമാഗമന കൂടാരത്തിലുള്ള ആരാധന/ ശുശ്രൂഷാ

നടപടിയെ സൂചിപ്പിക്കുന്നു. എബ്രായർ 3-ലെ "ഭവനങ്ങൾ" ദൈവത്തിന്റെ കുടുംബത്തെയല്ല സൂചിപ്പിക്കുന്നത്. വിശുദ്ധ സ്ഥലത്തും അതിവിശുദ്ധസ്ഥലത്തുമുള്ള പൗരോഹിത്യ കർമ്മങ്ങൾക്ക് വിധേയമായി, പുരോഹിതന്മാർക്ക് മാത്രമായിരുന്നു "ദൈവത്തിന്റെ ഭവന"ത്തിൽ ശുശ്രൂഷ ചെയ്യുവാൻ അനുവാദമുള്ളത്. ദൈവഭവനത്തിൽ (പുരോഹിതന്മാരുടെ കർമ്മത്തിലും സ്ഥലത്തും) ഉത്സാഹപൂർവ്വം പങ്കെടുത്തില്ലെങ്കിലും ഒരു വ്യക്തിക്ക് രക്ഷിക്കപ്പെടുവാൻ പഴയ നിയമത്തിൽ (ഉടമ്പടി) സാധിക്കുമായിരുന്നു. 6-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന ക്രിസ്തുവിന്റെ ഭവനം പൗരോഹിത്യ ആരാധനയിലുള്ള പങ്കാളിത്തത്തെ സൂചിപ്പിക്കുന്നതാവാം. വളരെകുറച്ച്, ഒരു ന്യൂനപക്ഷത്തിന് മാത്രം പുരോഹിതന്മാരാകാൻ കഴിയുമായിരുന്ന ന്യായപ്രമാണത്തിൽ നിന്ന് വ്യത്യസ്തമായി, പുതിയ നിയമത്തിൻ കീഴിലുള്ള എല്ലാ വിശ്വാസികൾക്കും ദൈവത്തിന്റെ പുരോഹിതന്മാർ എന്ന സ്ഥാനമുണ്ട്, എന്നാൽ ആരാധനയുടെയും ശുശ്രൂഷയുടെയും പ്രവർത്തനങ്ങളിൽ നിന്ന് ചിലർ വിട്ടു നിൽക്കും. ക്രിസ്ത്യാനികൾക്ക് ഒരിക്കലും ദൈവത്തിന്റെ കുടുംബത്തിൽ നിന്ന് മാറിനിൽക്കുവാൻ കഴിയുകയില്ല എന്നാൽ ദൈവത്തിന്റെ ആരാധന- ശുശ്രൂഷാ ചടങ്ങുകളിൽ പങ്കെടുക്കാതെ അവയെ നിരസിക്കുവാൻ കഴിയും. മറ്റു വിശ്വാസ-പുരോഹിതന്മാരുമായി ചേർന്ന് ആരാധിക്കുവാൻ കൂടി വരുന്നത് നിരസിച്ച് അവർക്ക് ദൈവത്തിന്റെ ഭവനത്തിൽ നിന്ന് തന്നെത്താൻ മാറുവാൻ കഴിയും. ദൈവഭവനത്തിൽ ക്രിസ്തുവാണ് മഹാപുരോഹിതൻ എന്ന പ്രസ്താവനയ്ക്ക് എബ്രാ. 10:21-ശേഷമാണ് എബ്രാ. 10:25 ലെ പരിചിതമായ കൂടിവരുവാനുള്ള വിളിയുള്ളത്. അങ്ങനെ, സഭയെ കൈവിടാതിരിക്കുക എന്ന കല്പനയും ദൈവഭവനത്തിൽ തുടരുക എന്ന മുന്നറിയിപ്പും തുല്യമായവയാണ്. എബ്രാ. 3:6 ഒരു പക്ഷേ ദൈവഭവനം വിട്ടുപോയി യഹൂദ പള്ളികളിൽ ചേരാനുള്ള യഹൂദന്മാരായ വിശ്വാസികളുടെ തീരുമാനത്തിനെതിരെയുള്ള മുന്നറിയിപ്പായിരിക്കാം (ദൈവഭവനമെന്നുള്ളത് ഒരു സഭാകെട്ടിടമല്ല, മറിച്ച് ഒന്നിച്ച് ആരാധിക്കുന്ന വിശ്വാസി-പുരോഹിതന്മാരുടെ കൂടിവരവാണ്).[89] ഒരു വ്യക്തി രക്ഷിക്കപ്പെട്ട് ദൈവഭവനത്തിന്റെ അംഗമായിരിക്കെത്തന്നെ സഭയിലെ പങ്കാളിത്തത്തിൽ നിന്നും, ആരാധനാസ്ഥാനത്ത് നിന്നും മാറിപ്പോകുവാൻ കഴിയും "ക്രിസ്തുവിന്റെ ഭവന"ത്തിൽ ഉത്സാഹപൂർവ്വം തുടരുന്നതിനെ എബ്രാ. 3: 6 പ്രോത്സാഹിപ്പിക്കുന്നു.

എഴുത്തുകാരൻ വിശ്വാസികളെ അഭിസംബോധന ചെയ്യുന്നു എന്നു കരുതിയാൽ, എബ്രാ. 3:12 ക്രിസ്തീയ ജീവിതത്തിലെ തുടർന്നുകൊണ്ടിരിക്കുന്ന വിശ്വാസത്തെ സൂചിപ്പിക്കുന്നു എന്നു മനസ്സിലാക്കാം. ഒരു രക്ഷിക്കപ്പെട്ട വ്യക്തി ക്രൂശിൽ വിശ്വസിച്ചിട്ടുണ്ട് എങ്കിലും, തുടർച്ചയായി വേദപുസ്തകത്തിലെ കല്പനകളും ഉപദേശങ്ങളും വിശ്വസിക്കണം. സാമൂഹിക സമ്മർദ്ദങ്ങൾമൂലം സഭ വിട്ട്, യഹൂദമതത്തിലേക്കു മടങ്ങിച്ചെല്ലുക എന്നത് ഒരു യഹൂദക്രിസ്ത്യാനിയുടെ വലിയ വിശ്വാസക്കുറവിനെ കാണിക്കുന്നു. സഭ വിട്ടു പോകുന്നതു മുഖാന്തിരം രക്ഷ നഷ്ടപ്പെടുന്നില്ല, എന്നാൽ അത് ദൈവവുമായുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തുന്നു. അതിനെ "ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയുക" എന്ന് വിശേഷിപ്പിക്കാം. (വാ. 12).

വിശ്വാസികൾക്ക് മാത്രമായുള്ള ഒരു മുന്നറിയിപ്പായി എബ്രാ. 3:14 നെ നമുക്ക് കണക്കാക്കാം. ഒരുപക്ഷേ, പങ്കാളിയാകുക എന്നതിനെ കർത്താവിലുള്ള രക്ഷയുടെ അനുഭവമായി മനസ്സിലാക്കുന്നവർക്ക് ഈ മുന്നറിയിപ്പിന്റെ ഉദ്ദേശം മനസ്സിലാകാതെ പോകും. ലൂക്കോസ് 5:7-ൽ ഉപയോഗിക്കുന്നത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിൽ പങ്കാളികൾ എന്ന യവനവാക്കാണ്. "പങ്കാളികൾ" അഥവാ "സഹപ്രവർത്തകർ" എന്നതിന്റെ നിർവചനം എബ്രാ. 1:9 ന്റെ പ്രയോഗത്തോട് ചേരുന്നതാണ് 3:1 ലും നമുക്കിത് കാണാം (സ്വർഗ്ഗീയ വിളിക്ക്, അഥവാ സ്വർഗ്ഗീയവേലയ്ക്ക് ഓഹരിക്കാരായവർ/ പങ്കാളികൾ). ആത്മികമായി ഏകീഭവിക്കുന്നതിൽ മാത്രമല്ല, ശുശ്രൂഷയിൽ ക്രിസ്തുവിനോട് കൂടെ സഹപ്രവർത്തകനായി ഉത്സാഹപൂർവ്വം പങ്കാളിത്തം വഹിക്കുന്നതിലാണ് കൂടുതൽ ഊന്നൽ നൽകുന്നത്. എബ്രാ. 3:6 ലെ "ഭവനം" എന്ന ആശയം ദൈവത്തിന്റെ ആരാധനാരീതിയിൽ നിന്ന് വിട്ടുനിൽക്കുന്നതിനെതിരെ മുന്നറിയിപ്പു നൽകുമ്പോൾ, എബ്രാ. 3:14 ശുശ്രൂഷയിൽ ക്രിസ്തുവിനോടൊപ്പം പ്രവർത്തനപങ്കാളിയാവുന്നതിൽ പരാജയപ്പെടുന്നതിനെതിരെ മുന്നറിയിപ്പു നൽകുന്നു. ഈ ലോകത്തിൽ കർത്താവിന്റെ വേലയിൽ സജീവ പങ്കാളികളായവർ പിന്നീട് അവന്റെ ശക്തിയിലും മഹത്വത്തിലും ആത്യധികമായ ഒരു പങ്കാളിത്തം വഹിക്കും. അവകാശത്തിന്റെ പൂർണ്ണഫലം മനസ്സിലാക്കുവാൻ നാം ക്രിസ്തുവിന്റെ ആരാധന ഭവനത്തിലും (സഭ), അവനുമായി സജീവ പങ്കാളിത്തത്തിലും തുടരണം.

---

[89] എബ്രായർ 3:5-ൽ പറയുന്ന മോശെയുടെ ഭവനം വിശുദ്ധ സ്ഥലത്തോടുകൂടിയ സമാഗമനകൂടാരത്തെയും (ദൈവത്തിന്റെ ഭവനം) അവിടെ ആരാധനയും ശുശ്രൂഷയും അർപ്പിച്ച് കർമ്മം നിർവഹിക്കുന്ന പഴയനിയമ പൗരോഹിത്യത്തെയും സൂചിപ്പിക്കുന്നു. എബ്രാ. 3:6-ലെ ഭവനത്തിന്റെ നിർവചനം ആരാധനാ**സ്ഥലത്തെയും പങ്കെടുക്കുന്നവരെയും** ഉൾപ്പെടുത്തിട്ടുള്ളതാണ് (ആരാധനയിലും ശുശ്രൂഷയിലും പങ്കു വഹിക്കുന്ന പുരോഹിതന്മാർ) ക്രിസ്തുവിന്റെ "ഭവനം" എന്നതു വഴി എബ്രായലേഖനകർത്താവ് ഉദ്ദേശിക്കുന്നത്, ദൈവത്തോടുള്ള ആരാധനയിലും ശുശ്രൂഷയിലും അടിസ്ഥാനമുള്ള പുതിയനിയമത്തിലെ പൗരോഹിത്യത്തോടു കൂടിയ സ്വർഗ്ഗീയ സമാഗമനകൂടാരത്തെയും അതിന്റെ വിശുദ്ധ സ്ഥലത്തെയുമാണ്. ഒരു വിശ്വാസിക്ക് പുരോഹിതൻ എന്ന സ്ഥാനം എപ്പോഴുമുണ്ട്. എന്നാൽ തന്റെ ആരാധനയിലും ശുശ്രൂഷയിലുമുള്ള ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ സാധിക്കും.

വിശ്വാസികളെ അഭിസംബോധന ചെയ്യുന്നതാണെങ്കിൽ, എബ്രാ. 4:11 അത്യധികമായ അവകാശത്തിനായി മനഃപൂർവ്വം പരിശ്രമിക്കുവാനുള്ള ഒരു കല്പനയാണ് നൽകുന്നത്. യഹൂദന്മാരുടെ ചിന്താഗതിയും അവരുടെ സാഹചര്യവും മനസ്സിലാക്കാതെ സ്വസ്ഥത എന്ന ആശയത്തിനു അവകാശവുമായി ബന്ധമുണ്ടോ എന്നു മനസ്സിലാക്കുവാൻ കഴിയുകയില്ല. അവർക്ക്, *സ്വസ്ഥത*യും അവകാശവും തമ്മിൽ അടുത്ത ബന്ധമുണ്ട് എന്ന വിശ്വാസമാണ്. ദൈവം തന്റെ സൃഷ്ടികർമ്മത്തിൽ നിന്ന് **നിവർത്തനായ** ശേഷം, താൻ തനിക്കായ് തന്നെ സൃഷ്ടിച്ച **അവകാശത്തെ ആസ്വദിച്ചു.** പുറപ്പാട് കാലത്തുള്ള തലമുറ വാഗ്ദത്ത ദേശം കീഴടക്കുവാൻ വേണ്ടി വിളിക്കപ്പെട്ടവരാണ്. പിന്നീട് അവർക്ക് **സ്വസ്ഥതയും** നേടാം. **അവകാശം ആസ്വദിക്കുകയും** ചെയ്യാൻ സാധിക്കും. സ്വസ്ഥതയും അവകാശവും തമ്മിലുള്ള ബന്ധം ആവ. 3:18-20; 12:9-11 എന്നീ ഭാഗങ്ങളിൽ കാണാം.

> നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു തരുന്ന **സ്വസ്ഥതയ്ക്കും അവകാശത്തിന്നും** നിങ്ങൾ ഇതുവരെ എത്തീട്ടില്ലല്ലോ. എന്നാൽ നിങ്ങൾ യോർദ്ദാൻ കടന്നു നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു **അവകാശമായി**ത്തരുന്ന ദേശത്തു വസിക്കയും ചുറ്റുമുള്ള നിങ്ങളുടെ സകല ശത്രുക്കളെയും അവൻ നീക്കി നിങ്ങൾക്ക് സ്വസ്ഥത തരികയും നിങ്ങൾ നിർഭയമായി വസിക്കയും ചെയ്യുമ്പോൾ.... (ആവ. 12:9-10).

എബ്രായലേഖനകാരൻ പറയുന്നത് യോശുവപോലും ദൈവത്തിന്റെ ജനത്തെ പൂർണ്ണസ്വസ്ഥതയിലേക്കും അവകാശത്തിലേക്കും നയിച്ചില്ല എന്നാണ് (എബ്രാ. 4:8). ഏറ്റവും വലിയ സ്വസ്ഥതയും അവകാശവും ഭാവിയിൽ സംഭവിക്കാനിരിക്കുന്നതേയുള്ളൂ. വിശ്വാസികൾ ഇതുവരെ വേലയിൽ നിന്ന് സ്വസ്ഥതയിലേക്ക് പ്രവേശിച്ചിട്ടില്ല. ഇപ്പോൾ വേല ചെയ്യുവാനുള്ള സമയമാണ്. സ്വസ്ഥതയും അവകാശവും വരുന്നതേയുള്ളൂ.

ഒരു ദിവസം നാം ഈ ലോകത്തിന്റെ അദ്ധ്വാനം അവസാനിപ്പിക്കും (മരണത്തിലോ അല്ലെങ്കിൽ കർത്താവിന്റെ വരവിങ്കലോ) ഏതായാലും, ഇന്ന് സ്വസ്ഥതയുടെ സമയമല്ല മറിച്ച് വേലയുടെ സമയമാണ്. പഴയനിയമത്തിലെ, വാഗ്ദത്തദേശത്തിലെ സമ്പൂർണ്ണ അവകാശം കൈവശമാക്കുവാനുള്ള പോരാട്ടവുമായി താരതമ്യം ചെയ്തുനോക്കിയാൽ ഈ ലോകത്തിലെ നമ്മുടെ ജീവിതം ഒരു പോരാട്ടമാണെന്ന് കരുതാം. ശ്രദ്ധയോടുകൂടിയ വേലയാൽ നരകത്തിൽ നിന്ന് രക്ഷ നേടുവാനുള്ള ഒരു ആഹ്വാനമല്ല എബ്രാ. 4:11 ലെ കല്പന, വിശ്വാസികൾക്ക് ദൈവം നൽകുവാനിരിക്കുന്ന സ്വസ്ഥയിൽ പ്രവേശിപ്പാൻ ഉത്സാഹിക്കുക എന്നു പറയുന്നു. ഇവിടെ എഴുത്തുകാരൻ നൽകുന്ന സ്വസ്ഥതയുടെ നിർവചനം, നിത്യശിക്ഷാവിധിയിൽ നിന്നുള്ള ഒരു വിടുതൽ മാത്രമല്ല, ദൈവം നൽകുവാനിരിക്കുന്ന സകല അനുഗ്രഹങ്ങളുടെയും പ്രതിഫലങ്ങളുടെയും സമ്പൂർണ്ണമായ അവകാശം കൂടിയാണ്. അവകാശം എന്ന പദത്തിന് കർശനമായി "പൂർണ്ണമായ കൈവശപ്പെടുത്തൽ" എന്ന് നിർവചിച്ചാൽ അവകാശത്തിൽ നഷ്ടമുണ്ടാകുവാനും നിത്യനാശത്തിൽ നിന്നുള്ള ഒരു വിടുതലിനും മാത്രം സാദ്ധ്യതയുണ്ട്. ഇതൊരു വലിയ അനുഗ്രഹമാണ്. എന്നാൽ ഉത്സാഹപൂർവ്വം നാം കൈവശമാക്കുന്ന സമ്പൂർണ്ണ അവകാശമല്ല. എല്ലാ വിശ്വാസികളും നിത്യമായ സ്വസ്ഥതയിൽ പ്രവേശിക്കും; അതായത് അതിന്റെ സാധാരണ അർത്ഥത്തിൽ, ഈ ലോകത്തിലെ കഷ്ടതകളിൽ നിന്നുള്ള സ്വസ്ഥതയിൽ. എന്നാൽ ചിലർ മറ്റുള്ളവരെക്കാൾ അധികം ഫലങ്ങളും അനുഗ്രഹങ്ങളും കൈവശമാക്കും. എല്ലാ വിശ്വാസികളും ദൈവരാജ്യത്തിലെ പൗരന്മാരും സ്ഥിരവാസികളുമാകും. എന്നാൽ പലരും ദൈവം നൽകുവാനാഗ്രഹിച്ച (പൂർണ്ണ) അവകാശം നേടാൻ കഴിയാത്തവരായിപ്പോകും. പുറപ്പാടു കാലത്ത് അനേകർ രക്ഷിക്കപ്പെടുകയും വാഗ്ദത്തദേശം കൈവശമാക്കാതിരിക്കുകയും ചെയ്തതുപോലെ, വിശ്വാസികൾ നരകത്തിൽ നിന്ന് രക്ഷപ്പെടുകയും ദൈവം നൽകുവാനിരിക്കുന്ന പൂർണ്ണ അവകാശം നഷ്ടപ്പെടുത്തുകയും ചെയ്യും. യോശുവയുടെ തലമുറയിലെ വിശ്വാസികൾ നരകത്തിൽ നിന്നു രക്ഷപ്പെട്ടു, എന്നാൽ ദൈവം നൽകുവാനാഗ്രഹിക്കുന്ന പൂർണ്ണ അവകാശം പ്രാപിക്കാതിരുന്നതുപോലെ, ഇന്നത്തെ വിശ്വാസിയും സ്വർഗ്ഗത്തിൽ പോകും. എന്നാൽ ദൈവം നൽകുവാനുള്ള പൂർണ്ണ അവകാശം നഷ്ടപ്പെടുത്തുന്നു. എന്ന അപകടകരമായ കാര്യവുമുണ്ട്."അവകാശം"എന്നത് ദൈവത്തിന്റെ പക്കൽ നിന്ന് നമുക്ക് കൈവശമാക്കുവാൻ കഴിയുന്ന ഏറ്റവും വലിയ അനുഗ്രഹമായിരിക്കെ, ഉത്സാഹക്കുറവുമൂലം വാഗ്ദത്തം ചെയ്പ്പെട്ടിട്ടുള്ള സ്വസ്ഥത നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. ഭാവിയിൽ പൂർണ്ണ അവകാശത്തിലേക്കും സ്വസ്ഥതയിലേക്കും കടക്കേണ്ടതിനു ഇപ്പോൾ അനുസരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ എബ്രാ. 4:11 നമുക്ക് മുന്നറിയിപ്പ് നൽകുന്നു.

എബ്രായർ 3-4 ലെ മുന്നറിയിപ്പുകളെല്ലാം വിശ്വാസികൾക്കുള്ള മുന്നറിയിപ്പുകളായിക്കരുതാം. എന്നാൽ അവയൊന്നും നിത്യശിക്ഷാവിധിയിൽ നിന്നു വിടുവിച്ച രക്ഷ നഷ്ടപ്പെടുന്ന വിഷയത്തെപ്പറ്റി സൂചിപ്പിക്കുന്നില്ല. (1)."ദൈവത്തിന്റെ ഭവനത്തിൽ നിലനില്ക്കുക" (എബ്രാ. 3:6). അതായത്, ഒരു പൗരോഹിത്യ ആരാധന ശുശ്രൂഷ എന്ന നിലയിൽ സഭയിലെ കൂടിവരവിൽ നിലനില്ക്കുക. (2). "യഹൂദമതത്തിലേക്ക് തിരികെപ്പോയി, ജീവനുള്ള ദൈവവുമായി കൂട്ടായ്മയിൽ നിന്നു വീണുപോകാതെ സൂക്ഷിക്കുക" (എബ്രാ. 3:12). (3). ക്രിസ്തുവിനായി

പ്രവർത്തിക്കുന്നതിൽ പങ്കാളിത്തം വഹിക്കുക (എബ്രാ. 3:14), (4). ഇനിയും നമുക്ക് സ്വസ്ഥത ആയിട്ടില്ല. ദൈവം നമുക്ക് നൽകുവാനിരിക്കുന്ന സ്വസ്ഥത (പൂർണ്ണ അവകാശത്തിലെ) ഒരു ഭാഗവും നഷ്ടപ്പെടാതിരിക്കുവാൻ, ഉത്സുകരായി അനുസരണത്തോടിരിക്കുക (എബ്രാ. 4:11) സഭയിൽ നിന്നു വിട്ടുനിൽക്കുന്നതുകൊണ്ട് വിശ്വസിക്കുന്ന എബ്രായരുടെ രക്ഷ നഷ്ടപ്പെടുകയില്ല. ഏതായാലും, ദൈവഭവനത്തിൽ നിന്ന് (ആരാധനാ സമ്പ്രദായത്തിൽ നിന്ന് മാറിനിൽക്കുവാൻ അവർക്ക് കഴിയും (6-ാം വാക്യം). അവർ ദൈവവുമായിട്ടുള്ള കൂട്ടായ്മയിൽ നിന്ന് വീണുപോകാം (വാക്യം 12). ക്രിസ്തുവിന്റെ വേലയിൽ സജീവമായി പ്രവർത്തിക്കാതിരിക്കുവാൻ അവർക്ക് സാധിക്കും (വാക്യം 14). പഴയനിയമകാലത്തിലെ എബ്രായരെപ്പോലെ (അവരിൽ പലരും രക്ഷിക്കപ്പെട്ടവരായിരുന്നു), ദൈവം നൽകുവാനിരിക്കുന്ന അവകാശത്തിലേക്ക് (സ്വസ്ഥത) കടക്കാൻ സാധിക്കാതെ പോകാം (4:11). അവർക്ക് നരകത്തിൽ നിന്നുള്ള രക്ഷ കിട്ടി. എന്നാൽ ദൈവം അവർക്ക് അതിലധികം നൽകുവാൻ ആഗ്രഹിച്ചു. അവർ സഭയെ ഉപേക്ഷിച്ചു, ബാഹ്യമായി യഹൂദമതത്തിലേക്ക് മടങ്ങിയാൽ, അവർക്ക് ദൈവം നൽകുവാൻ ആഗ്രഹിക്കുന്ന സ്വസ്ഥത (അവകാശം) നഷ്ടപ്പെടും (എന്നാൽ സ്വർഗ്ഗം നഷ്ടപ്പെടില്ല).

(3) ഉപസംഹാരം

രണ്ടാമത്തെ മുന്നറിയിപ്പ് സഭയുമായി ബന്ധപ്പെട്ട അവിശ്വാസികളായവർക്ക് യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് വരുവാനുള്ള ഒരു പ്രേരണയാകാം. പൂർണ്ണ അവകാശം പ്രാപിക്കുവാൻ തക്കവണ്ണം ഉത്സാഹപൂർവ്വം പ്രവർത്തനത്തിൽ മുഴുകുവാനുള്ള ആഹ്വാനമാണിത്. ഒരു വിശ്വാസിയുടെ നിത്യഭദ്രതയെപ്പറ്റി പഠിപ്പിക്കുന്ന അടിസ്ഥാനോപദേശങ്ങൾക്ക് വിരുദ്ധമല്ല ഈ ഉപദേശം.

d. മൂന്നാമത്തെ മുന്നറിയിപ്പ്- വേദഭാഗം: എബ്രാ. 6:1-12

> ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിൻമാറിപ്പോയാൽ തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല. പലപ്പോഴും പെയ്ത മഴ കുടിച്ചിട്ടു ഭൂമി കൃഷി ചെയ്യുന്നവർക്കു ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാലോ അതു കൊള്ളരുതാത്തതും ശാപത്തിന് അടുത്തതും ആകുന്നു. ചുട്ടുകളക അത്രെ അതിന്റെ അവസാനം (എബ്രാ. 6: 4-8).

വിശ്വാസികൾക്കു രക്ഷ നഷ്ടമാകും എന്ന ചിന്തയോടെയാണ് ഒരു വ്യക്തി ഈ ഭാഗം വായിക്കുന്നത് എങ്കിൽ, ഈ ഭാഗത്തുള്ള വാക്യങ്ങൾ അതു സ്ഥിരീകരിക്കുന്നതായിക്കരുതും. ആശയം ശരിയെന്നു കരുതിയാൽ, **ഒരിക്കൽ നഷ്ടപ്പെട്ടാൽ എന്നേക്കും നഷ്ടപ്പെടും** എന്ന്. എബ്രാ. 6:6 പഠിപ്പിക്കുന്നു. അതായത്, വീണുപോകുന്നവർക്ക് "മാനസാന്തരത്തിന്റെ പുതുക്കത്തിലേക്ക് മടങ്ങിവരുവാൻ അസാദ്ധ്യമാണ്." എബ്രായർ 6:1-12 ന്റെ ശരിയായ വ്യാഖ്യാനം മറ്റൊരു ദിശയിലാണ് കിടക്കുന്നത്. വീണ്ടും, അതിന്റെ ശരിയായ അർത്ഥം നിർണ്ണയിക്കുന്നത്, ആ മുന്നറിയിപ്പ് വിശ്വാസികളെ അഭിസംബോധന ചെയ്താണോ, അതോ സഭയുമായി ബന്ധപ്പെട്ടിട്ടുള്ള രക്ഷിക്കപ്പെടാത്ത ജനങ്ങളെ അഭിസംബോധന ചെയ്തിട്ടുള്ളതാണോ എന്ന വസ്തുതയാണ്. ഈ വാക്കുകൾ അവിശ്വാസികൾക്കുള്ളതാണെങ്കിൽ, ഇത് ക്രിസ്തുവിൽ വിശ്വാസമർപ്പിക്കുവാനുള്ള ഒരു ആഹ്വാനമാണ്. അവർ പക്വതയിലേക്ക് വളരണം, അതായത് യഹൂദമതത്തിൽ നിന്നു പൂർണ്ണമായി ക്രൈസ്തവവിശ്വാസത്തിലേക്ക് (എബ്രാ. 6:1). ചുട്ടുകളയുന്നതും, ശാപവും (8-ാം വാക്യം) നരകത്തെ സൂചിപ്പിക്കുന്നതാകാം. മറുവശത്ത്, ഈ മുന്നറിയിപ്പ് വിശ്വാസികൾക്കുള്ളതാവാം. അങ്ങനെയെങ്കിൽ 8-ാം വാക്യത്തിലെ ചുട്ടുകളയുക എന്നത് ഫലപുഷ്ടിയുണ്ടാകുവാൻ വേണ്ടി കൃഷിയിടം ചുട്ട് കള മുറ്റും മാറ്റി വെടിപ്പാക്കുന്നതിനെ സൂചിപ്പിക്കുന്ന ഉപമാനമാകാം. ഒരു കൃഷിയിടത്തിലെ ചിത്രമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. ചുട്ടുകളയുക എന്നത് ഈ ജീവിതത്തിൽ വച്ച് ദൈവം ഒരു വിശ്വാസിക്ക് ബാലശിക്ഷ നൽകുന്നതോ, ന്യായാസനത്തിൽ വച്ച് പ്രതിഫലം നഷ്ടപ്പെടുന്നതോ സൂചിപ്പിക്കുന്നതാവാം (1 കൊരി. 3:15). ഈ ഭാഗം ആരെ അഭിസംബോധന ചെയ്തിരിക്കുന്നു എന്നതിനെ ആശ്രയിച്ച് ശരിയായ വ്യാഖ്യാനം വ്യത്യാസപ്പെടുമെങ്കിലും എബ്രായർ 6-ാം അദ്ധ്യായം **ക്രിസ്ത്യാനികളുടെ രക്ഷ നഷ്ടപ്പെടുന്നതിനെപ്പറ്റിപ്പറയുന്നു എന്നു മനസ്സിലാക്കേണ്ട കാര്യമേയില്ല.** ഇനി ആ ഭാഗം നമുക്ക് വിശദമായി നോക്കാം.

(1) അവിശ്വാസികളെ അഭിസംബോധന ചെയ്യുന്ന നിലയിൽ

എബ്രായസഭകളിൽ കൂടിവരുന്ന അവിശ്വാസികളെയാണ് എഴുത്തുകാരൻ ഈ മുന്നറിയിപ്പുകൾ അറിയിക്കുന്നത് എന്നു കരുതുക. അടിസ്ഥാനപരമായ പഠിപ്പിക്കലുകളെ വിട്ട് പക്വതയിലേക്ക് വളരുക എന്നുള്ളത് യഹൂദമതത്തെ അതിന്റെ എല്ലാ രൂപങ്ങളിലും ഉപേക്ഷിച്ച് വിശ്വാസം മുഖാന്തരം ദൈവത്തിന്റെ ആധുനികമായ പ്രവർത്തന രീതിയായ ക്രിസ്തീയ വിശ്വാസത്തിലേക്ക് കടക്കുവാനുള്ള വിളിയാണ്. ഇതു സംഭവിക്കുവാനുള്ള സാധ്യത വളരെ കുറവാണ്. എബ്രാ. 6:6-ലെ അസാദ്ധ്യമായ ഉണർവ് സൂചിപ്പിക്കുന്നത് ചില എബ്രായർ തിരികെ

വരുവാൻ കഴിയാത്ത വിധം ക്രിസ്തുവിനെ ഉപേക്ഷിച്ചിരിക്കുന്നു എന്നതോ, അല്ലെങ്കിൽ എത്രമാത്രം എഴുത്തുകാരൻ ഇനി ചെയ്താലും പറഞ്ഞാലും അത് അവരിൽ രക്ഷയ്ക്കായുള്ള അനുതാപം കൊണ്ടുവരികയില്ല എന്നതോ ആണ്. എന്തായാലും, ദൈവത്തിനു ഹൃദയങ്ങളെ മാറ്റുവാൻ കഴിയും (വാക്യം 3). അവിശ്വാസികളെപ്പറ്റിയാണ് പരാമർശം എന്നതിനുള്ള ശക്തമായ തെളിവ് 6-ാം വാക്യത്തിലെ "തങ്ങൾക്കുതന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും" എന്ന വാചകത്തിലും, 9-ാം വാക്യത്തിലെ "രക്ഷെയ്ക്കു ഉതകുന്നതും വിശ്വസിക്കുന്നു" എന്ന വാചകത്തിലും കാണാം. യേശു ഒരു കള്ള മശിഹ ആയിരുന്നുവെന്നും, അവൻ മരണയോഗ്യനായിരുന്നുവെന്നും ആരെങ്കിലും വിശ്വസിക്കുന്നുവെങ്കിൽ അയാൾ തീർച്ചയായും രക്ഷിക്കപ്പെട്ടിട്ടില്ല. "രക്ഷയ് ക്കു ഉതകുന്നത്" എന്നതിലൂടെയും വായനക്കാരിൽ നിന്ന് ഉയർന്ന കാര്യങ്ങൾ എഴുത്തുകാരൻ പ്രതീക്ഷിച്ചിരുന്നു എന്നതിലൂടെയും, അദ്ദേഹം അവിശ്വാസികളെ അഭിസംബോധന ചെയ്യുന്നു എന്നു മനസ്സിലാക്കാം 4-6 വരെ വാക്യങ്ങളിൽ കാണുന്ന ചിത്രം, ക്രിസ്ത്യാനികളായിട്ടും, ക്രിസ്തീയ സത്യങ്ങളുമായിട്ടും പരിചയമുള്ള, എന്നാൽ ക്രിസ്തുവിൽ വിശ്വാസമില്ലാത്ത ജനങ്ങളെ കാണിക്കുന്നു. നമ്മുടെ ഇപ്പോഴത്തെ ഭാഷയിൽ നാം അവരെ "അന്വേഷകർ" എന്നു വിളിക്കും. അവർ ക്രിസ്തുവിലുള്ള വിശ്വാസത്തെ പരിഗണിക്കുന്നു. അവർ യഹൂദമതത്തിൽ നിന്ന് വേർപെട്ടു നിൽക്കുന്നു. എന്നാൽ ക്രിസ്തീയവിശ്വാസത്തിൽ ചേർന്നിട്ടില്ലതാനും. അവർക്ക് കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള ചില സത്യങ്ങൾ അറിയാം (പ്രകാശനം വാ. 4). രക്ഷ എന്നാലെന്താണെന്നുള്ള അനുഭവമവർക്കുണ്ട്. കാരണം, അവർ വിശ്വാസികളുമായി അടുത്തിടപ്പെടുന്നവരാണ് (സ്വർഗ്ഗീയദാനമാകുന്ന രക്ഷയെ ആസ്വദിക്കുക വാ. 4). അവർ ന്യായപ്രമാണത്തിലെ അനുഗ്രഹങ്ങളെ ആസ്വദിക്കുകയും, ദൈവശക്തിയും അത്ഭുതങ്ങളും കാണുകയും ചെയ്തവരാണ് (വാ. 5). എന്തായാലും യഹൂദന്മാരുടെ മേൽ സഭയിൽ നിന്നു വിട്ടു പോകുവാനുള്ള സമ്മർദ്ദമുണ്ടായിരുന്നു. അതിനാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുവാനുള്ള സ്വാധീനം കുറയുവാനുള്ള എല്ലാ സാധ്യതയുണ്ടായിരുന്നു. ക്രിസ്തു ഒരു കള്ളക്രിസ്തുവായിരുന്നുവെന്നും, മരണയോഗ്യനായിരുന്നുവെന്നുമുള്ള നിഗമനത്തിലെത്തിയാൽ (തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുക വാ. 6). അവർ അന്ധതയും പുറന്തള്ളപ്പെടലും അനുഭവിക്കേണ്ടിവരുമായിരുന്നു. എഴുത്തുകാരനു അവരുടെ മനസ്സു മാറ്റുവാൻ വേണ്ടി യാതൊന്നും തന്നെ ചെയ്യുവാൻ കഴിയുമായിരുന്നില്ല (മാനസാന്തരത്തിലേക്കു പുതുക്കുവാൻ വാ. 6). ഇങ്ങനെ വീണുപോകുന്നതിൽ നിന്ന് രക്ഷിക്കുവാൻ ദൈവത്തിനു മാത്രമേ സാധിക്കുമായിരുന്നുള്ളൂ (3-ാം വാക്യം). അങ്ങനെ സംഭവിച്ചില്ലെങ്കിൽ അവൻ അന്ത്യത്തിൽ ചുട്ടുകളയപ്പെടും (വാ. 8). എബ്രാ. 6:1-8 നെ യഹൂദമതത്തിലേക്ക് തിരിയാതെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് മടങ്ങുവാനുള്ള മുന്നറിയിപ്പ് അവിശ്വാസികൾക്ക് നൽകുന്ന ഒരു ഭാഗമായി വ്യാഖ്യാനിക്കാം. ഇതിന്റെ ഫലം നിത്യ ഭദ്രതയായിരിക്കും. ഈ മുന്നറിയിപ്പു നൽകുന്നത് വിശ്വാസികൾക്കാവാം എന്നൊരു സൂചന കൂടെയുണ്ട്. അങ്ങനെയെങ്കിൽ 8-ാം വാക്യത്തിലെ "തീ" എന്നത്, സഭയിൽ നിന്നു വീണു പോകുന്നതിനുള്ള കഠിനശിക്ഷയാവാം.

(2) വിശ്വാസികളെ അഭിസംബോധന ചെയ്യുന്ന നിലയിൽ

"തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുക" (വാ. 6) "രക്ഷയ്ക്കു ഉതകുന്നത്" (വാ. 9) തുടങ്ങിയ വാക്കുകൾ, എബ്രായർ 6 വിശ്വാസികളെയാണ് അഭിസംബോധന ചെയ്യുന്നത് എന്ന ആശയത്തെ തള്ളിക്കളയുന്നില്ല. "ക്രിസ്തുവിനെ ക്രൂശിക്കുക" എന്ന വിവരണം വ്യക്തമായ ഒരു വേദശാസ്ത്രനിലപാടിനെക്കുറിച്ചല്ല, പരാമർശിക്കുന്നത് എന്ന് കരുതുക. മറിച്ച്, സഭയെ വിട്ട് യഹൂദമാർഗ്ഗത്തിന്റെ അംഗീകാരത്തിലേക്കു തിരികെപ്പോകുന്നതിനെക്കുറിച്ചുള്ള മനഃപൂർവ്വമല്ലാത്ത ഒരു പരാമർശമായിരിക്കാം. "ക്രിസ്തുവിനെ ക്രൂശിക്കുക" എന്ന പ്രയോഗം ശരിയായ ഒരു വേദശാസ്ത്രബോധ്യം നൽകണമെന്നില്ല. മറിച്ച് ഒരു സാമൂഹിക പെരുമാറ്റത്തെ സൂചിപ്പിക്കുന്നു. ക്രിസ്തീയസഭ വിട്ട് യഹൂദ ദുരുപദേഷ്ടാക്കന്മാരുടെ വാക്കുകൾ കേൾക്കുന്നവർ, അവരറിയാതെതന്നെ അവരുടെ പ്രവൃത്തിയാലും സഹവാസത്താലും ക്രിസ്തുവിനെ ക്രൂശിച്ചവരുടെ പക്ഷം പിടിക്കുകയാണ്. സഭയിൽ നിന്ന് വിട്ടു നിൽക്കുന്ന ഒരു സത്യക്രിസ്ത്യാനി, ക്രിസ്തുവിന്റെ ശത്രുക്കളുമായി പക്ഷം ചേരുന്ന വായനക്കാരെ ലേഖകൻ, രക്ഷിക്കപ്പെടാത്തവർ എന്നു തരം തിരിക്കുന്നില്ല. എന്നാൽ "സംബന്ധം വഴി കുറ്റക്കാരായവർ" എന്ന ആശയമാണ് ഇവിടെ വ്യക്തമാക്കുന്നത്. വേദശാസ്ത്രപരമായ വിശ്വാസങ്ങളിൽ അവർക്കു ക്രൂശീകരണത്തിൽ വിശ്വാസമില്ല. എന്നാൽ ക്രിസ്തുവിന്റെ എതിരാളികളോടുകൂടെ പ്രവർത്തിക്കുന്നതു മുഖാന്തരം അവരുടെ പ്രവർത്തനങ്ങൾ അവരുടെ വിശ്വാസങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ക്രിസ്തുവിനെ ക്രൂശിച്ച മതവിഭാഗങ്ങളിലേക്ക് ക്രിസ്ത്യാനികൾ മടങ്ങിപ്പോകുവാൻ പാടില്ല. അവർ സഭ വിട്ടു, യഹൂദമതത്തിലേക്ക് തിരികെപ്പോയാൽ, യേശുവിനെ കള്ളക്രിസ്തു എന്നു പറഞ്ഞു ക്രൂശിച്ച അതേ വിഭാഗത്തിലെ നേതാക്കന്മാരുമായി ബന്ധപ്പെടേണ്ടിവരും. എബ്രായരായ വായനക്കാർക്ക്, ക്രിസ്തീയഗോളത്തിൽ നിന്ന് വിട്ടുമാറി യഹൂദമതത്തിലെ പഴയ കൂട്ടുകാരുമായി സഖ്യം ചെയ്യുക എന്നാൽ എങ്ങനെയാണെന്നുള്ള ശരിയായ ചിത്രം മനസ്സിലായില്ല. ഒരു പക്ഷേ അവർ അതിനെ ഒരു ചെറിയ

നിഷ്കളങ്കമായ മാറ്റമായി മാത്രം കണ്ടു കാണും. എഴുത്തുകാരൻ ഈ ജനങ്ങളോട് പറയാനാഗ്രഹിക്കുന്നത്, മനഃപൂർവ്വമല്ലാതെ, അറിയാതെ, സഭ വിട്ടു യഹൂദമതത്തിൽ ചേർന്നവർ യേശുവിനെ കള്ളമശിഹ എന്നു പറഞ്ഞു ക്രൂശിച്ചവരുമായി സഖ്യം ചേരുന്നു (വിശ്വാസത്തിലല്ല, സഖ്യതയിൽ മാത്രം) എന്നതാണ്. സഭയുമായുള്ള കൂട്ടായ്മയിൽ നിന്ന് വിട്ടു മാറുക എന്നത് ഒരു സാരമായ വിഷയമാണെന്നു മാത്രമല്ല, അത് ദൈവത്തിന്റെ കോപം അധികം ജ്വലിക്കുന്നതിനു ഇടയാക്കും. എന്നാൽ ഇത് എബ്രായർ മനസ്സിലാക്കിയിരുന്നില്ല. ആ വാചകം (മനുഷ്യപുത്രനെ ക്രൂശിക്കുക). ഒരു വേദശാസ്ത്രപരമായ വിശ്വാസമല്ല, മറിച്ച് ഒരു സാമൂഹിക പെരുമാറ്റമാണ് എന്ന് കരുതിയാൽപോലും, അത് സത്യക്രിസ്ത്യാനികളെ പരാമർശിക്കുന്നതാണ് എന്നു കരുതാം.

അതുപോലെതന്നെ, "രക്ഷയ്ക്കു ഉതകുന്നതു" എന്ന വാചകം (എബ്രാ. 6:9). വായനക്കാർ അവിശ്വാസികളാണ് എന്നു അറിയിക്കുന്നതല്ല. എബ്രായലേഖനത്തിലെ രക്ഷയ്ക്ക് ഭാവികാല പ്രസക്തിയാണ് നൽകിയിരിക്കുന്നത്. വിശ്വാസികളെ ഈ ലോകത്തിന്റെ പിടിയിൽ നിന്നും ലോകത്തിൽ നിന്നും പാപത്തിന്റെ ശാപത്തിൽ നിന്നും രക്ഷിക്കുവാൻ ക്രിസ്തു വീണ്ടും വരും. ഈ വിടുതലിൽ, പല തരത്തിലുള്ള പ്രതിഫലങ്ങൾ, അധികാരത്തിന്റെ വിവിധ തലങ്ങളിൽ ക്രിസ്തുവുമൊപ്പമുള്ള ഭരണം, പുനരുത്ഥാനശരീരത്തിൽ മഹത്വത്തിന്റെ പല തലങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഭാവികാല രക്ഷയിൽ എല്ലാ വിശ്വാസികൾക്കും ഒരു പങ്കുണ്ട്. ചിലർക്ക്, മറ്റുള്ളവർ പങ്കിടുന്നതിൽ, അധികമായ മഹത്വവും തേജസ്സും ഉണ്ടാകും. സഭയിൽ നിന്നു വിട്ടുപോയി യഹൂദമതത്തിലേക്കു മടങ്ങിയ യഹൂദന്മാരായ വിശ്വാസികൾക്ക് നിത്യനരകത്തിലുള്ള പാപശിക്ഷയിൽ നിന്നു വിടുതൽ നേടുവാൻ കഴിയും. എന്നാൽ ഭാവിയിലുള്ള രക്ഷയുടെ ആഴമേറിയ അനുഗ്രഹങ്ങൾ കർത്താവിന്റെ വരവിങ്കൽ അവർക്കു നഷ്ടപ്പെടും. 9-ാം വാക്യത്തിലെ "രക്ഷയ്ക്കു ഉതകുന്നത്" എന്നത് 1-3 വാക്യങ്ങളിലെ "പരിജ്ഞാന പൂർത്തി" പ്രാപിക്കുന്നതുമായി തുലനം ചെയ്യപ്പെടുവാൻ കഴിയുന്നതാണ്. 11, 12 വാക്യങ്ങളിലെ വിവരണവുമായി അതിനെ തുലനം ചെയ്യാൻ കഴിയും. എബ്രാ. 6:11, 12 ലേഖകൻ ഉത്സാഹമുള്ളവരാകുവാനും മന്ദത ഒഴിവാക്കുവാനും വായനക്കാരെ ആഹ്വാനം ചെയ്യുന്നു. അതിന്റെ ഫലം വിശ്വാസികൾക്കുള്ള പ്രത്യാശയുടെ പൂർണ്ണ നിറവേറലായിരിക്കും. ഈ ജീവിതത്തിലെ വിശ്വാസവും സഹിഷ്ണതയും മൂലം വിശ്വാസികൾക്ക്, കർത്താവിന്റെ വരവിങ്കൽ വരുവാനുള്ള രക്ഷയുടെ /വിടുതലിന്റെ ഭാവി വാഗ്ദത്തങ്ങളുടെ പൂർണ്ണ നിവർത്തീകരണവും, പൂർണ്ണ അവകാശവും കൈപ്പറ്റുവാൻ കഴിയും. ഇത് വിശ്വാസികൾ നരകത്തിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗ്ഗത്തിലേക്ക് പോകുമെന്നുള്ള വിഷയത്തെ കാണിക്കുന്നതല്ല. ഭാവി തലമുറ രക്ഷയുടെ പൂർണ്ണ അനുഗ്രഹങ്ങൾ, സഭയിൽ നിന്നു വിട്ടുമാറുകവഴി രക്ഷിക്കപ്പെട്ടവരായ വായനക്കാർക്ക് നഷ്ടമാകും എന്നതിനെപ്പറ്റിയാണ് പരാമർശിക്കുന്നത്.

എബ്രായർ 6 അവിശ്വാസികളെപ്പറ്റിയാണ് പരാമർശിക്കുന്നത് എന്ന് തോന്നിക്കുന്ന വാചകങ്ങൾ വിശ്വാസികളുടെ കാര്യത്തിലും ചേരുന്നതാണ്. ഒരു രക്ഷിക്കപ്പെട്ട യഹൂദനും വേദശാസ്ത്ര വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ കർത്താവിനെ ക്രൂശിക്കുന്നില്ല. എന്നാൽ യഹൂദമതത്തിന്റെ അംഗീകാരങ്ങളിലേക്ക് തിരികെപ്പോകുക വഴി അദ്ദേഹം ക്രിസ്തുവിന്റെ എതിരാളികളുമായി പക്ഷം ചേരുന്നു. "രക്ഷയ്ക്കു ഉതകുന്നത്" എന്നത് ക്രിസ്തുവിന്റെ വരവിങ്കലുള്ള **ഭാവികാലരക്ഷ**യുടെ പൂർണ്ണ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഒരു വിശ്വാസി പക്വതയിലേക്ക് ആഞ്ഞുകൊണ്ട് മുമ്പോട്ടു പോകുന്നതിനെ സൂചിപ്പിക്കുന്നു. ഈ താക്കോൽ വാക്യങ്ങൾ വിവരിച്ചതിനു ശേഷം നമുക്ക് എബ്രാ. 6:4-6 വരെയുള്ള ഭാഗങ്ങളിൽ, ഇത് വിശ്വാസികളെപ്പറ്റിയാണ് പറയുന്നതെന്ന് തെളിയിക്കുന്ന മറ്റു സൂചകങ്ങൾ കാണാം. എഴുത്തുകാരൻ അഭിസംബോധന ചെയ്യുന്ന വായനക്കാർ "ഒരിക്കൽ പ്രകാശനം ലഭിച്ചവരാണ്." എബ്രാ. 10:32-ൽ രക്ഷിക്കുന്ന വിശ്വാസത്തിന്റെ "പ്രകാശനം" എന്ന് എഴുത്തുകാരൻ പറയുന്നു. ഒരിക്കൽ എന്ന വാക്ക്, പരിശുദ്ധാത്മാവ് ഒരു നഷ്ടപ്പെട്ട വ്യക്തിയെ തുടർച്ചയായി ബോധിപ്പിക്കുന്നതിനെയല്ല, മറിച്ച് ഒരിക്കൽ എന്നേക്കുമായി എല്ലാവർക്കും വേണ്ടി അന്ധതയിലേക്ക് ആഴ്ന്നിറങ്ങിയതുവഴി ക്രിസ്തുവിലുള്ള രക്ഷിക്കുന്ന വിശ്വാസത്തെയാണ്. എബ്രാ. 2:9-ലുള്ള "ആസ്വദിക്കുക" എന്ന വാക്ക് കേവലം രുചിക്കുക എന്നതല്ല. അതൊരു പൂർണ്ണമായ അനുഭവമാണ്. ക്രിസ്തു സകല മനുഷ്യർക്കുംവേണ്ടി മരണം ആസ്വദിച്ചു. വാക്കുകളെ എഴുത്തുകാരന്റെ സ്വന്തനിർവചനത്തിൽ വേണം വ്യാഖ്യാനിക്കുവാൻ. ആയതിനാൽ, എബ്രാ. 6:4 ലെ സ്വർഗ്ഗീയദാനം ആസ്വദിക്കുക എന്നത് രക്ഷയുടെ (ദാനം) പൂർണ്ണമായ അനുഭവത്തെ സൂചിപ്പിക്കുന്നു; ഒരു അവിശ്വാസി സഭയിൽ സംബന്ധിക്കുന്നതുവഴി രക്ഷയെ രുചിക്കുന്നതിനെയല്ല അത് കാണിക്കുന്നത്. യഹൂദന്മാരായവർ രക്ഷിക്കപ്പെട്ടവരാണെങ്കിലും, അവർ സഭ വിട്ടു യഹൂദമതത്തിലും/ സമൂഹത്തിലും പോകാൻ പാടില്ല എന്നുള്ള മുന്നറിയിപ്പാണ് എബ്രാ. 6:4-6 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്.

അവർ അങ്ങനെ ചെയ്താൽ അവരുടെ പിൻമാറ്റത്തെപ്പറ്റി അവരെ ബോധവാന്മാരാക്കി മാനസാന്തരത്തിലേക്കു കൊണ്ടുവരുവാൻ ക്രിസ്തീയ നേതാക്കന്മാർക്ക് ഒന്നും പറയുവാനോ ചെയ്യുവാനോ സാധിക്കുന്നതല്ല (വാ. 4).[90] അവരുടെ മനസ്സ് മാറ്റുവാൻ ദൈവത്തിനു മാത്രമേ കഴിയൂ

[90] ഒരു നല്ല തലക്കെട്ട് എബ്രായർ 6:6 നു നല്കിയാൽ അത് "ഇനി ഞാൻ എന്തു പറയേണ്ടൂ" എന്നതായിരിക്കും. താൻ

(വാ. 3). ക്രിസ്തുവിനെ ദ്വേഷിക്കുന്നവരുമായി കൂട്ടുചേരുന്ന അത്തരത്തിലുള്ള ഒരു പിൻമാറ്റം ക്രിസ്തുവിനു ലജ്ജയാണെന്നു മാത്രമല്ല (വാ. 6). ദൈവവുമായിട്ടുള്ള ഒരു വിശ്വാസിയുടെ ബന്ധത്തെ അത് സാരമായി ബാധിക്കുകയുംചെയ്യും. ആത്മീയമായ പക്വതയ്ക്കു പകരം അവർക്കു കഠിനമായ ബാലശിക്ഷ മാത്രമേ പ്രതീക്ഷിക്കാനാവൂ. 7, 8 വാക്യങ്ങളിലുള്ള ചിത്രം നിത്യനരകത്തിന്റേതല്ല. അതൊരു കൃഷിയിടത്തിന്റെ ചിത്രമാണ്. കൃഷിയിടം, ഒരു കാലത്ത് ദൈവത്തിങ്കൽ നിന്ന് അത്യധികം ഫലവും അനുഗ്രഹങ്ങളും നേടുകയും (വാ. 7) ചെയ്യുന്നു. എന്നാൽ കടുത്ത കൊയ്ത്തുകാലത്ത് അതേ കൃഷിയിടം, വിളവിനോടുള്ള ബന്ധത്തിൽ പ്രയോജനശൂന്യമായിത്തീരുന്നു. അത് ശപിക്കപ്പെട്ടതിനു തുല്യമായിത്തീരുന്നു (എന്നാൽ പൂർണ്ണമായി ശപിക്കപ്പെട്ടിട്ടില്ല). ഫലഭൂയിഷ്ടമായ ഒരു കാലത്തിലേക്ക് മടങ്ങുന്നതിനു വേണ്ടി കൃഷിക്കാരൻ കളയും മറ്റും ദഹിപ്പിച്ചു കൃഷിയിടം വൃത്തിയാക്കുന്നു. മുള്ളും കൊമ്പും തീയിലിട്ടു കത്തിക്കാം (യോഹ. 15: 6), എന്നാൽ ഒരു കൃഷിയിടം മുഴുവൻ കത്തിച്ചു നശിപ്പിക്കുവാൻ സാധിക്കുന്നതല്ല. അത്തരത്തിലുള്ള വെടിപ്പാക്കൽ കൃഷിയിടത്തെ മെച്ചപ്പെടുത്തുന്നു. സഭ വിട്ടു യഹൂദമതത്തിലേക്ക് തിരിയുന്നവർ പക്വതയുടെ വഴി തള്ളിക്കളയുന്നു. ദൈവം അതിനെപ്പറ്റി ബോധവാനല്ല എന്നവർ ചിന്തിക്കുന്നതു ശരിയല്ല. പകരം, ദൈവം അവരെ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പരീക്ഷയിലൂടെയും ബാലശിക്ഷയിലൂടെയും തീയിലൂടെ എന്നപോലെ ഈ ജീവിതത്തിൽ തന്നെകടത്തി വിടും (എന്നാൽ നരകമല്ല). ഇത് രക്ഷ നഷ്ടപ്പെടും എന്നതിനെ സംബന്ധിക്കുന്ന ഒരു മുന്നറിയിപ്പല്ല, എന്നാൽ പക്വതയും വളർച്ചയും അവഗണിച്ച് ക്രിസ്തുവിനെ ദ്വേഷിക്കുന്നവരുമായി കൂട്ടുകൂടുകയും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന വിശ്വാസികൾക്ക് ദൈവത്തിന്റെ ക്രോധത്തെ സംബന്ധിക്കുന്ന മുന്നറിയിപ്പാണ്

(3) ഉപസംഹാരം

മുകളിൽ പറഞ്ഞിരിക്കുന്ന സാധ്യതകളെ അടിസ്ഥാനപ്പെടുത്തി, എബ്രാ. 6:1 12 നിത്യശിക്ഷയിൽനിന്നുള്ള രക്ഷ നഷ്ടപ്പെടുന്ന കാര്യത്തെപ്പറ്റി മുന്നറിയിപ്പു നൽകുന്ന വാക്യങ്ങളാണ് എന്ന് ചിന്തിക്കേണ്ട ആവശ്യമില്ല. നിത്യഭദ്രതയെ തകർക്കുന്നതാണ് എബ്രായർ 6 എന്ന് ചിന്തിക്കുന്നതിനെതിരെ പല സൂചനകളും നാം വിവരിച്ചുകഴിഞ്ഞു. ദൈവവചനത്തിലെ അടിസ്ഥാന ഉപദേശങ്ങൾ, നിത്യ നിത്യഭദ്രതയെ ഉറപ്പുവരുത്തുന്നു എന്ന സ്ഥിതിക്ക്, അർമീനിയനിസത്തെ പ്രോത്സാഹിപ്പിക്കുന്നതാണ് എബ്രായർ 6 എന്നതിനെക്കാൾ ഉയർന്നാണ് **മറ്റേതു** വീക്ഷണവും നിൽക്കുന്നത്.

e. നാലാമത്തെ മുന്നറിയിപ്പുള്ള ഭാഗം എബ്രാ. 10:26–31

> സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മന:പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കു വേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളൂ. മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവനു കരുണ കൂടാതെ രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴി കേട്ടു മരണശിക്ഷ കല്പിക്കുന്നുവല്ലോ. ദൈവപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്നു വിചാരിപ്പിൻ. "പ്രതികാരം എനിക്കുള്ളതു, ഞാൻ പകരം വീട്ടും," എന്നും "കർത്താവു തന്റെ ജനത്തെ ന്യായം വിധിക്കും" എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം (എബ്രാ. 10:26–31).

എബ്രാ. 10:26–31 , ഒരു ക്രിസ്ത്യാനിക്ക് രക്ഷ നഷ്ടപ്പെടുവാൻ സാധിക്കുമെന്ന് പഠിപ്പിക്കുന്നതു പോലെ തോന്നും. അനേകർ വിചാരിക്കുന്നതിനെക്കാൾ എളുപ്പമായി ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയും. **ആദ്യം ഒരു വേദഭാഗം വ്യാഖ്യാനിച്ചിട്ടു വേണം പ്രായോഗിക വശം** മനസ്സിലാക്കുവാൻ. ഒരു പ്രാധാന്യമുള്ള പ്രസംഗം തയ്യാറാക്കാനുള്ള ധൃതിയിൽ ശുശ്രൂഷകൻ ആ ഭാഗത്തിന്റെ സൂക്ഷ്മമായ വ്യാഖ്യാനം മറന്നുപോകുവാൻ സാധ്യതയുണ്ട്. യഹൂദമതത്തിലേക്ക് (അല്ലെങ്കിൽ യഹൂദച്ചുവയുള്ള ദുരുപദേശം) മടങ്ങുവാൻ പരീക്ഷനേരിടുകൊണ്ടിരിക്കുന്ന വായനക്കാർക്കായി എഴുതപ്പെട്ടതാണ് എബ്രായലേഖനം. എബ്രാ. 10:26–31 വാക്യങ്ങൾ യഹൂദമതത്തിൽ നിന്ന് ക്രിസ്തീയ വിശ്വാസത്തിലേക്കുള്ള ഒരു മാറ്റത്തിന്റെ ചുറ്റുപാടിൽ വേണം വ്യാഖ്യാനിക്കുവാൻ.

എബ്രാ. 10:26–31 നാലാമത്തെ മുന്നറിയിപ്പുള്ള ഭാഗം രക്ഷ നഷ്ടപ്പെടുന്നതിനെപ്പറ്റിയാണ് പറയുന്നത് എന്ന് പ്രസ്താവിക്കുന്നവർ, "പാപങ്ങൾക്കുവേണ്ടി ഇനിയൊരു യാഗവും ശേഷിക്കുന്നില്ല" എന്ന വാചകവുമായി പോരാടേണ്ടിവരും. എബ്രാ. 10:23–31, അർമീനിയനിസത്തെ പ്രോത്സാഹിപ്പിക്കുന്നു എങ്കിൽ, "ഒരിക്കൽ നഷ്ടപ്പെട്ടാൽ എന്നേക്കും നഷ്ടപ്പെട്ടു" എന്നും അത് പഠിപ്പിക്കുന്നു എന്നു വരും. അങ്ങനെയൊരു വ്യാഖ്യാനത്തിൽ ചിലതെറ്റുകളുണ്ട്.

തന്റെ ലേഖനത്തിലൂടെ നൽകുന്ന മുന്നറിയിപ്പുകൾ വായനക്കാർ അവഗണിച്ചാൽ, അവരുടെ മനസ്സു മാറ്റുവാൻ വേണ്ടി തനിക്കിന് കൂടുതലൊന്നും പറയുവാനോ ചെയ്യുവാനോ കഴിയുകയില്ല എന്ന് എബ്രായലേഖനകാരൻ അഭിപ്രായപ്പെടുന്നു.

(1) അവിശ്വാസികളെ അഭിസംബോധന ചെയ്യുന്ന നിലയിൽ

ഒരു വീക്ഷണത്തിൽ, എബ്രായസഭയിൽ കൂടിയിരിക്കുന്ന അവിശ്വാസികളുടെ നേരെയുള്ളതാണ് ഈ മുന്നറിയിപ്പ്. ഈ "അന്വേഷകർ" ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ വക്കോളം എത്തിയവരാകാം. എന്നാൽ യഹൂദമതത്തിലേക്ക് തിരികെപ്പോകുവാൻ ബന്ധുക്കളും മിത്രങ്ങളും അവരെ പ്രോത്സാഹിപ്പിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുക എന്ന തീരുമാനം പരിഗണിക്കുന്നതിൽ നിന്ന് പിന്മാറിയാൽ "നിത്യവിധിക്കായി ഭയങ്കരമൊരു പ്രതീക്ഷയിലേക്ക്" അവർ ചെല്ലേണ്ടി വരും (10:27).

എബ്രായർ 10:29 അവിശ്വാസികളെപ്പറ്റിപ്പറയുന്നു എന്നു കരുതാം. ഒരു വ്യക്തി, ദൈവപുത്രൻ ചവിട്ടിക്കളയപ്പെടണമെന്നോ ക്രിസ്തുവിന്റെ രക്തം മലിനമെന്നോ വിചാരിക്കുകയാണെങ്കിൽ, അവൻ കൃപയുടെ ആത്മാവിനെ പൂർണ്ണമായി നിന്ദിക്കുകയോ ആണെങ്കിൽ അവൻ രക്ഷിക്കപ്പെട്ടവനല്ല. ഈ മുന്നറിയിപ്പ് സഭയിലുള്ള യഹൂദന്മാരായ അവിശ്വാസികളോട് (യഹൂദന്മാരായ അന്വേഷകർ) അഭിസംബോധന ചെയ്യപ്പെടുന്നതാണെങ്കിൽ, ന്യായവിധിക്കായുള്ള മുന്നറിയിപ്പ് നരകത്തെപ്പറ്റിയുള്ള മുന്നറിയിപ്പു തന്നെയായിരിക്കും.

ഒരു വിശ്വാസിക്ക് രക്ഷ നഷ്ടപ്പെടും എന്നുള്ള വിഷയത്തെപ്പറ്റിയല്ല ഇവിടെ മുന്നറിയിപ്പു നൽകുന്നത്. മറിച്ച്, സഭയിൽ കൂടിവരികയും എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസത്തെ നിസ്സാരമായി കാണുകയും ചെയ്യുന്ന യഹൂദനായ അവിശ്വാസിക്കാണ് ഈ മുന്നറിയിപ്പ്. എബ്രാ. 10:26 ലെ മനഃപൂർവ്വമായ പാപം 25-ാം വാക്യത്തിൽ നിർവചിച്ചിട്ടുണ്ട് (യഹൂദമതത്തിലേക്ക് തിരികെ വരാൻവേണ്ടി സഭയെ വിടുന്നത്), "സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചതിനുശേഷം" (സുവിശേഷം) ചിലർ ക്രിസ്തുവിനെ തള്ളിപ്പറകയും (അതായത് മനഃപൂർവ്വം പാപം ചെയ്യുന്നു) യഹൂദമതത്തിലേക്ക് മടങ്ങിപ്പോവുകയും ചെയ്യുന്നു. എബ്രായസഭയുടെ സ്വാധീനത്തെ വിട്ടുകളയും ക്രിസ്തുവിനെ തള്ളിപ്പറയുകയും ചെയ്ത് യഹൂദനായ രക്ഷിതാവിൽ വിശ്വസിക്കുകയും ചെയ്യുക എന്നത് ഒരു ചെറിയ തീരുമാനം മാത്രമാണ് എന്നു ചിന്തിക്കുവാൻ എബ്രായലേഖനകാരൻ അനുവദിക്കുന്നില്ല. യേശുവിനെപ്പറ്റിയുള്ള രണ്ടു വീക്ഷണവും ദൈവത്തിനു അംഗീകാരമാണ് എന്ന് ചിന്തിക്കുന്നത് ശരിയല്ല. മനപൂർവ്വമായി യേശുവിനെ തള്ളിക്കളയുക എന്ന പാപം ചെയ്യുകയും, സഭയിലെ ഒരു അന്വേഷകൻ എന്ന നിലയിൽ നിന്ന് പിൻമാറുകയും ചെയ്താൽ ന്യായവിധിയിലേക്ക് അത് നീങ്ങും. ഒരു വ്യക്തി സത്യം അറിയുകയും ക്രിസ്തുവിനെ മനപൂർവ്വമായി തള്ളിക്കളഞ്ഞ് പാപം ചെയ്യുകയും ചെയ്താൽ, ഇനി "പാപങ്ങൾക്കുവേണ്ടി ഒരു യാഗവും ശേഷിക്കുന്നില്ല" (വാ. 26). പൊതുവിൽ ഈ വാക്യത്തിന്റെ അർത്ഥം, കുരിശാണ് പാപങ്ങൾക്കുള്ള ഏകപരിഹാരം എന്നതാണ്. എന്നാൽ കൃത്യമായ അർത്ഥം 18-ാം വാക്യത്തിലാണ് കാണുന്നത്, "പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ" എബ്രായർ 10 ന്റെ ആദ്യ ഭാഗത്തു നിന്നു മനസ്സിലാക്കുന്നത് പഴയനിയമത്തിലെ മൃഗങ്ങളുടെ യാഗം മനുഷ്യന്റെ പാപത്തിന് താത്ക്കാലികമായ ഒരു പരിഹാരം മാത്രമായിരുന്നു എന്നതാണ് (എബ്രാ. 10:4 കാണുക). ക്രിസ്തുവിന്റെ ഒരിക്കലായുള്ള മരണം പാപപരിഹാരത്തിനുള്ള ദൈവത്തിന്റെ പൂർണ്ണപദ്ധതിയാണ് (എബ്രാ. 10:10, 12,14). ഇപ്പോൾ ദൈവം ക്രിസ്തുവിലൂടെ പാപക്ഷമ നൽകുന്നതുകൊണ്ട്, മൃഗങ്ങളുടെ യാഗം മുഖാന്തരമുള്ള പാപപരിഹാരത്തെ അവൻ അംഗീകരിക്കുന്നില്ല. "പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കുന്നില്ല" (വാ. 26) എന്ന വാക്യത്തിന്റെ കൃത്യമായ അർത്ഥം, ദൈവം മൃഗങ്ങളുടെ യാഗം മാറ്റിവച്ചു എന്നുള്ളതാണ്. മശിഹായെ തള്ളിക്കളഞ്ഞ്, പാപം ചെയ്യുന്ന യഹൂദന്മാർ ആലയത്തിൽ കഴിക്കുന്ന മൃഗങ്ങളുടെ യാഗം ദൈവവുമായി നിരപ്പാകുവാനുള്ള ഒരു മാർഗ്ഗമായിക്കരുതാൻ പാടില്ല.

ഈ പുസ്തകത്തിലെ വാദങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ, എബ്രായർ 10, രക്ഷ നഷ്ടപ്പെടുത്തുന്നതിനെപ്പറ്റി പഠിപ്പിക്കുന്നു എന്നുള്ള തെറ്റിദ്ധാരണ മാറ്റുവാൻ കഴിയും. സഭായോഗങ്ങളിൽ പങ്കെടുക്കുകയും, ക്രിസ്തുവിന്റെ സത്യങ്ങൾ കേൾക്കയും ചെയ്തിട്ടുള്ള യഹൂദന്മാരായ അവിശ്വാസികൾക്ക് ലേഖകൻ മുന്നറിയിപ്പു നൽകുന്നു എന്നത് ശ്രദ്ധേയമാണ്. അവർ (വാ. 26). മനപൂർവ്വമായി അവനെ ഉപേക്ഷിച്ചു, സഭയുടെസത്യങ്ങളെ വിട്ടുകളഞ്ഞ് പാപം ചെയ്ത്, യഹൂദമതത്തിലേക്ക് തിരികെ ചെല്ലുവാൻ (വാ. 25). ഭാവിച്ചാൽ, അവരുടെ പാപങ്ങൾ മൃഗങ്ങളുടെ യാഗത്തിലൂടെ ദൈവം ഇപ്പോഴും മൂടിക്കളയും എന്ന് ചിന്തിക്കരുത് (വാ. 26). ക്രിസ്തുവിലുള്ള വിശ്വാസത്തെ ഉപേക്ഷിച്ചു, യഹൂദമതത്തിലേക്ക് തിരികെ ചെല്ലുവാനുള്ള വഴിയാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ അത് ദൈവത്തിന്റെ കോപം, പ്രതികാരം, ന്യായവിധി, എന്നിവയ്ക്കു വഴി തെളിക്കും (29-31).

(2) വിശ്വാസികളോട് അഭിസംബോധന ചെയ്യുന്ന നിലയിൽ

(a) എബ്രാ. 10:26-31 വാക്യങ്ങളുടെ ഒരു വിശദീകരണം

മുന്നറിയിപ്പു ഭാഗങ്ങളിലെ വിവരങ്ങൾ, അത് വിശ്വാസികൾക്കായി എഴുതിയാണെന്ന് തെളിയിക്കുവാനുള്ള എല്ലാ സൂചനയുമുള്ളതാണ്. യഹൂദമതത്തിലേക്ക് തിരികെപ്പോയി, സഭയിൽ നിന്ന് പിന്മാറുന്ന യഹൂദന്മാരായ ക്രിസ്ത്യാനികളോടുള്ള മുന്നറിയിപ്പായിട്ടാണ് എബ്രാ. 10:26-31 വരെ വാക്യങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നത്.

എബ്രാ. 10:29; ഈ അഭിസംബോധന അവിശ്വാസികളോടുള്ളതാണെന്ന് ശക്തമായി സൂചിപ്പിക്കുന്നു. ഒരു ക്രിസ്തുവിശ്വാസിക്ക് 29-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന വേദശാസ്ത്രസ്ഥിതിഗതികളെ അംഗീകരിക്കുവൻ കഴിയുകയില്ല. എന്നാൽ സാമൂഹിക സ്ഥിതി നോക്കിയാൽ, 1-ാം നൂറ്റാണ്ടിലെ യഹൂദമതത്തെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത വിശ്വാസികൾ, താനറിയാതെ തന്നെ കുരിശിനെയും, രക്ഷകന്റെ പീഡാനുഭവത്തെയും പിൻതാങ്ങുകയായിരുന്നു. അതിന്റെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കാതെ തന്നെ വായനക്കാർ അവരുടെ വിശ്വാസത്താൽ "ദൈവപുത്രനെ ചവിട്ടിക്കളഞ്ഞ്, വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിച്ച്, കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്ത" ആശയത്തിലേക്ക് മടങ്ങിപ്പോകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഒരു വിശ്വാസിക്ക് ഈ കാര്യങ്ങൾ വിശ്വസിക്കാൻ തന്നെ കഴിയാതിരിക്കെ, അവൻ സഭയിൽ നിന്നു അകന്നു പോകുവാനും, കർത്താവായ യേശുവിനെ തള്ളിപ്പറയുന്ന ഗ്രൂപ്പുകൾക്ക് സഹായവും സൗഹൃദവും നൽകുവാനും കഴിയുന്നതാണ്. അങ്ങനെ ചെയ്യുന്നവർ അവരുടെ വിശ്വാസങ്ങൾക്ക് എതിരായ പ്രവൃത്തികളിലും സംബന്ധങ്ങളിലും ഏർപ്പെടുന്നു. മിക്കവാറും അവർ ചിന്തിക്കാതെ, മനഃപൂർവ്വമല്ലാതെ തന്നെ ഇങ്ങനെ ചെയ്യുന്നു. കർത്താവിന്റെ വാക്കുകളിൽ പറഞ്ഞാൽ "ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയുന്നില്ല." എബ്രാ. 10:29 വിശ്വാസികളെപ്പറ്റിയാണ് പറയുന്നത് എന്ന് മനസ്സിലാക്കിയാൽ, എബ്രാ. 10:26-31 വാക്യങ്ങളിലുള്ള മുന്നറിയിപ്പുകൾ താഴെപറയും വിധം ശരിയായ ക്രിസ്ത്യാനിക്ക് നൽകപ്പെട്ടതാണെന്നു മനസ്സിലാക്കുവാൻ 10-ാം അദ്ധ്യായത്തിലൂടെ എളുപ്പത്തിൽ സാധിക്കും.

വായനക്കാർ വിശുദ്ധീകരിക്കപ്പെട്ടവരാണ് (എബ്രാ. 10:10).

വായനക്കാർ ദൈവത്തിനു മുൻപാകെ അവരുടെ നിലപാടിൽ സൽഗുണപൂർണ്ണരാണ് (എബ്രാ. 10:14).

വായനക്കാർ സഹോദരവർഗ്ഗമാണ് (എബ്രാ. 10:19).

വായനക്കാർ ഒരു പ്രത്യാശയുടെ ഏറ്റു പറച്ചിലിനെ മുറുകെപ്പിടിക്കണം (അതായത്, സഭയിൽത്തന്നെ നിലനില്ക്കണം, വാ. 25) അങ്ങനെ അവിശ്വാസികളായ യഹൂദകൂട്ടുകാർക്ക് ക്രിസ്തുവിനെ ഏറ്റുപറയുകയോ സാക്ഷിക്കുകയോ ചെയ്യണം (എബ്രാ. 10:23).

"നാം" എന്ന പ്രയോഗം ഉപയോഗിക്കുന്നതു വഴി മുന്നറിയിപ്പ്/ തനിക്കും ബാധകമാണെന്ന് ലേഖകൻ സാക്ഷീകരിക്കുന്നു. എബ്രായലേഖനകാരൻ തീർച്ചയായും ഒരു വിശ്വാസിയാണ് (എബ്രാ. 10:26).

അഗ്നി എന്നത് നരകത്തെപ്പറ്റിയാകണമെന്നില്ല (എബ്രാ. 10:27). യെശ്ശയ്യാവ് 26:11 ലുള്ള യഥാർത്ഥ വചനം ശാരീരികമായ മരണത്തെപ്പറ്റിയുമാകാം പറയുന്നത്. "ക്രോധാഗ്നി" എന്നത് "കഠിനമായ ക്രോധത്തിന്റെ ചൂള" യാണ് സൂചിപ്പിക്കുന്നത്. സെഫന്യാവ് 1:18-ൽ "തീക്ഷ്ണതാഗ്നി"യെപ്പറ്റി പറയുന്നു.

ഇവിടെപ്പറയുന്ന മനസ്സിലെ പിഴ നിത്യമരണത്തെക്കാൾ ശാരീരിക മരണത്തെപ്പറ്റിയാണ് (എബ്രാ. 10:28).

ഇത് അവിശ്വാസിക്കായ് രേഖപ്പെടുത്തിയിരിക്കുന്നതാണ് എന്നതിന് സഹായകരമായ വാക്യങ്ങൾ പോലും പറയുന്നത് അഭിസംബോധന ചെയ്യപ്പെടുന്നവർ "വിശുദ്ധീകരിക്കപ്പെട്ടവരാണ്" എന്നാണ് (എബ്രാ. 10:29).

കർത്താവു **തന്റെ ജനത്തെ** ന്യായം വിധിക്കും (എബ്രാ. 10:30)

എബ്രായലേഖനത്തിലെ വാദങ്ങൾക്ക് ചെവികൊടുത്താൽ, 10-ാം അദ്ധ്യായത്തിലെ മുന്നറിയിപ്പുകൾ രക്ഷനഷ്ടപ്പെടാതെ തന്നെ ക്രിസ്ത്യാനികൾക്കുള്ള മുന്നറിയിപ്പുകളായി കാണാം. എബ്രായർ 10-ാം അദ്ധ്യായത്തിൽ ശക്തമായ മുന്നറിയിപ്പുകൾ നൽകപ്പെടുന്നതുകൊണ്ട്, നിത്യഭദ്രതയുടെ ഉപദേശത്തെ മുറുകെപ്പിടിക്കുന്ന പലരും കരുതുന്നത് ഈ മുന്നറിയിപ്പ് അവിശ്വാസികൾക്കുള്ളതാണെന്നാണ്. എന്നാൽ വേദപുസ്തകം വിശ്വസിക്കുന്ന സഭ വിട്ട്, കുരിശിനെ നിന്ദിക്കുന്ന മറ്റു കൂടിവരവുകളുമായി ബന്ധപ്പെട്ടു കൂടുന്നവരോട് ദൈവം കോപിക്കുന്നവനാണ് എന്ന് ചിന്തിക്കുന്നതാണ് നല്ലത്.

ഈ മുന്നറിയിപ്പ് രക്ഷിക്കപ്പെട്ടവരെപ്പറ്റിയാണെന്ന് കരുതിയാൽ, ഈ വ്യാഖ്യാനം നിത്യഭദ്രതയുമായി യോജിക്കുന്ന തരത്തിൽ നമുക്കു കാണുവാൻ കഴിയും. സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചവരും, രക്ഷിക്കപ്പെട്ടവരുമാണ് ലേഖനവായനക്കാർ. സഭയിൽ നിന്നു വിട്ടുനിൽക്കുകയും (വാ. 25:26) യഹൂദമതത്തിലേക്ക് തിരികെ (വാ. 26) ചെല്ലുകയും ചെയ്തുകൊണ്ട്, മനഃപൂർവ്വമായി പാപം ചെയ്യുന്നവർ, അവരുടെ പാപപരിഹാരത്തിനായി മൃഗങ്ങളെ യാഗം അർപ്പിച്ചാൽ ദൈവം അവരുടെ പാപങ്ങളൊക്കെയും മൂടിക്കളഞ്ഞ് ദൈവവുമായി കൂട്ടായ്മ ബന്ധം നൽകുമെന്ന് വിശ്വസിക്കാൻ പാടില്ല (വാ. 26, യാഗത്തിന്റെ നിർവചിക്കുന്ന 18-ാം വാക്യം കാണുക). ദൈവം ഒരു ന്യായാധിപതി എന്ന നിലയിൽ, വിശ്വാസികളുടെ പാപങ്ങളെല്ലാം ദൈവത്തിന്റെ മുമ്പിൽ ക്ഷമിക്കപ്പെട്ടിരിക്കുന്നു (വിശ്വാസത്താലുള്ള നീതീകരണം). എന്തായാലും, ഒരു പിതാവെന്ന നിലയിൽ ദൈവത്തിൽ നിന്നു, വിശ്വാസികൾക്ക് അനുദിനം ക്ഷമ ലഭിക്കേണ്ടത് ആവശ്യമാണ്. സഭാകൂടിവരവിൽ നിന്ന് പിൻമാറുകയും, കുറ്റബോധം കൂടാതെ യഹൂദമതത്തിലേക്ക് മടങ്ങിവന്ന് പങ്കെടുക്കുകയും ചെയ്യാൻ കഴിയും എന്ന് ക്രിസ്തീയ വായനക്കാരായ എബ്രായർ ചിന്തിക്കാൻ പാടില്ല. വിശ്വാസികളുമായി കൂടിവരവില്ലാതെ, യഹൂദ മതവുമായുള്ള

ബന്ധത്തിലേക്ക് മടങ്ങിപ്പോകുന്ന യഹൂദന്മാരായ ക്രിസ്ത്യാനികൾ ദൈവത്തിങ്കൽ നിന്ന് ക്രോധാഗ്നി ജ്വലിക്കുന്നതിന് കാരണമായിത്തീരും (10:27). പഴയ ഉടമ്പടിയെ മാറ്റിവച്ചവർ മരണയോഗ്യരാണ്. എന്നാൽ പുതിയ ഉടമ്പടി പാലിക്കാത്തവർ, കല്ലെറിഞ്ഞുകൊല്ലുന്നതിനെക്കാൾ നീചമായ/ വേദനാജനകമായ മരണത്തിന് യോഗ്യരാണ്. തെറ്റായ വിശ്വാസങ്ങളുള്ള ഒരു കൂട്ടത്തെയും അവരുടെവിശ്വാസങ്ങളെയും (യഹൂദമതം) പ്രോത്സാഹിപ്പിക്കുവാൻ, സഭയിൽ നിന്ന് വിട്ടു പോകുന്ന ഒരുവിശ്വാസിക്കു കഴിയും. 29-ാം വാക്യത്തിൽ പറയുന്ന വേദശാസ്ത്രം ഒരു ശരിയായ വിശ്വാസിക്ക് വിശ്വസിക്കുവാൻ കഴിയില്ലെങ്കിൽപോലും, യഹൂദന്മാരായ ഈ വിശ്വാസികൾ സഭ വിട്ടു യഹൂദമതത്തിലേക്ക് തിരിഞ്ഞാൽ, അവർ ദൈവത്തിന്റെ ക്രോധം നേരിടേണ്ടി വരും.[91] അത്. "ഭയങ്കരമായ ന്യായവിധിക്കായുള്ളൊരു പ്രതീക്ഷ" ആയിരിക്കും. (വാ. 27). ദൈവം ദഹിപ്പിക്കുന്ന ക്രോധം വെളിവാക്കും (വാ. 27).[92] ക്രിസ്തുവിനു വിരോധമായുള്ള സംവിധാനവുമായി അത്തരത്തിൽ കൂടുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്, ദൈവത്തിന്റെ പ്രതികാരം എന്ന് വിളിക്കപ്പെടുന്ന തിക്തമായ ശാരീരിക മരണം എന്ന ശിക്ഷ അനുഭവിക്കേണ്ടിവരും (വാ. 28-31).[93] രക്ഷ നഷ്ടപ്പെടും എന്ന ആശയം ധ്വനിപ്പിക്കാതെ തന്നെ വിശ്വാസികൾക്കുള്ള ഒരു മുന്നറിയിപ്പായി ആ വേദഭാഗത്തെ നമുക്ക് മനസ്സിലാക്കാവുന്നതാണ്. തുടർന്നുള്ള ഈ വിഭാഗം ഉൾപ്പെടുത്തിയിരിക്കുന്നത്, എബ്രായർ 10-ന്റെ മറ്റു ഭാഗങ്ങൾ എങ്ങനെയാണ് ഈ വ്യാഖ്യാനത്തിനൊപ്പം നിൽക്കുന്നതും തുണയ്ക്കുന്നതും എന്ന് കാണിക്കുവാനാണ്.

b എബ്രായർ 10: 32-39 ന്റെ ഒരു വ്യാഖ്യാനം

ദൈവത്തിന്റെ കഠിനമായ ബാലശിക്ഷയ്ക്കു വിധേയരാകുന്ന വിശ്വാസികളെ സംബന്ധിച്ചാണ് ഈ മുന്നറിയിപ്പുകൾ എന്ന ആശയത്തോട് എബ്രായർ 10ന്റെ അവസാന ഭാഗവും യോജിക്കുന്നു. ക്രിസ്തീയസഭ വിട്ടുപോകുന്നതിനു പകരം, എബ്രായർ 10ന്റെ തുടർന്നുള്ള വാക്യങ്ങളിൽ പറയുന്ന ഉപദേശങ്ങൾ യഹൂദന്മാരായ വിശ്വാസികൾ പാലിക്കേണം. 35-ാം വാക്യത്തിൽ മഹാപ്രതിഫലമുള്ള, ക്രിസ്തുവിന്റെ കാര്യങ്ങളിലുള്ള അവരുടെ ധൈര്യം തള്ളിക്കളയരുത് എന്ന് പറയുന്നു. ക്രിസ്തുവിനോടുള്ള സമർപ്പണത്തിൽ തുടർന്നുകൊണ്ട് സഭയിൽ നിലനില്ക്കുന്നവർക്ക് നിത്യതയിൽ "മഹാപ്രതിഫലം" ഉണ്ടാകും (വാ. 35).അവസാനത്തോളം സഹിഷ്ണത കാണിക്കുന്നവന് വാഗ്ദത്തം ചെയ്യപ്പെട്ടപ്രതിഫലങ്ങൾ ലഭിക്കും (വാ. 36). നിത്യമായ വീക്ഷണത്തിൽ, കർത്താവിന്റെ വരവിനു മുൻപ് "കഷ്ടം" "അല്പകാലം" മാത്രമേ നിലനില്ക്കൂ (വാ. 37). അതേസമയം, രക്ഷിക്കപ്പെട്ട ജനം അവരുടെ ജീവിതം മുഴുവൻ വിശ്വാസത്താൽ ജീവിക്കണം (വാ. 38) [94] (എബ്രായർ II, ഈ വാദത്തെ ന്യായീകരിക്കുവാൻ വിശ്വാസത്താൽ ജീവിതങ്ങൾ ജീവിച്ച അനേക നീതീകരിക്കപ്പെട്ടവരെ ദൃഷ്ടാന്തങ്ങളായിക്കാണിക്കുന്നു. വിശ്വാസത്തിന്റെ ജീവിതത്തിൽ നിന്നു പിൻമാറുവാൻ കഷ്ടതയോ, സമകാലികരുടെ സമ്മർദ്ദമോ അവരെ അനുവദിച്ചില്ല). സഭയിലെ യോഗങ്ങളിൽ നിന്നു പിൻമാറുന്ന (അവയെ ഉപേക്ഷിക്കുന്ന) ജനങ്ങളെ ദൈവം വെറുക്കുന്നു (വാ. 25). അവർ യൂദപ്പള്ളിയിലേക്ക് മടങ്ങുന്നു (വാ. 38). 39-ാം വാക്യത്തിൽ ലേഖകൻ തന്നെപ്പറ്റിത്തന്നെ പറയുന്നുവെങ്കിലും, സഭ വിട്ടു പോകുന്നതിന്റെ അപകടങ്ങളും മറ്റും മനസ്സിലാക്കിക്കഴിയുമ്പോൾ മറ്റുള്ള യഹൂദൻമാരായ വിശ്വാസികളും വിശ്വസ്തരായിത്തുടരുമെന്നു അദ്ദേഹം കരുതുന്നു. പുതിയ ഉടമ്പടിയിൽ നിന്നും സഭയിൽ നിന്നും നാംപിൻമാറിപ്പോകരുത്. അത് ദൈവഹിതപ്രകാരമല്ലാതെ ജീവിതം പാഴാക്കുന്നതു വഴിയോ, മരണത്തിനായുള്ള ശിക്ഷ ലഭിക്കുന്നതുവഴിയോ, ഈ ജീവിതം നാശത്തിലേക്ക് (അന്ത്യം) നയിക്കപ്പെടും.[95] മറിച്ച്, വിശ്വാസത്താൽ ജീവിതം നയിക്കുന്നവർ അവ

[91] എബ്രായർ 10-ന്റെ ഈ വിശദീകരണം യാതൊരു തരത്തിലുമുള്ള യഹൂദവിരോധമുള്ളതല്ലായെന്നു അപ്പോസ്തലനായ പൗലോസിനെപ്പോലെ, യിസ്രായേലിനെ സ്നേഹിക്കയും, അതേസമയം തന്നെ അവർ മശിഹാ തള്ളിക്കളഞ്ഞതിനെ എതിർക്കുകയും ചെയ്യാം (റോമ. 9:1-5; 10:1).

[92] "ക്രോധാഗ്നി" (വാക്യം 27) ഭയാനകമായ ക്രോധത്തിന്റെ ഒരു വിവരണം മാത്രമാകാം. ബാലശിക്ഷ തീ പോലെയാണ്. ന്യായവിധിയുടെ സിംഹാസനത്തിലെ പ്രതിഫലനഷ്ടം വിലയില്ലാത്ത പ്രവൃത്തികളെ കത്തിച്ചു കളയുന്നതിനും തുല്യമാണ് (1 കൊരി. 3:15).

[93] ശാരിരിക മരണത്തിലേക്ക് നയിച്ച ദൈവിക ശിക്ഷയുടെ മറ്റ് ഉദാഹരണങ്ങളിൽ അപ്പോ. പ്രവ. 5:1-11; 1 കൊരി. 11:30; 1 യോഹ. 5:16 എന്നീ ഭാഗങ്ങൾ ഉൾപ്പെടുന്നു.

[94] എബ്രാ. 10:38 ലെ പരിചിതമായ ഉദ്ധരണി ഒന്നിലധികം വ്യാഖ്യാനങ്ങൾക്ക് സാധ്യതയുള്ളതാണ്. പ്രത്യേകാൽ, അതിന്റെ ആദ്യഭാഗമായ ഹബക്കൂക്ക് 2ന്റെ വെളിച്ചത്തിൽ "നീതിമാന്മാർ വിശ്വാസത്താൽ ജീവിക്കും" എന്നത് പൗലോസ് പഠിപ്പിക്കുന്നതുപോലെ തന്നെ വിശ്വാസത്താലുള്ള നീതീകരണമാണ് (റോമ. 1:17; ഗലാ. 3:11). എന്നാൽ, ഹബക്കൂക്ക് 2-ന്റെ വെളിച്ചത്തിൽ, ഈ വാക്കുകൾക്ക് മറ്റൊരു വ്യാഖ്യാനമുണ്ട്. ദൈവം തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റും എന്ന കാര്യം വിശ്വസിച്ചുകൊണ്ട് വരുവാനിരിക്കുന്ന ബാബിലോണ്യ ആക്രമണത്തെ നേരിടുവാൻ ദൈവം വിശ്വാസികളിൽ നിന്നു പ്രതീക്ഷിക്കുന്നു. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്ന വാചകം "രക്ഷിക്കപ്പെട്ട ജനം അവരുടെ ജീവിതകാലം മുഴുവനും തുടർമാനമായ വിശ്വാസത്തിൽ ജീവിക്കണം" എന്ന അർത്ഥമാണ് നൽകുന്നതെന്ന് ലേഖകൻ മനസ്സിലാക്കുന്നു. 11-ാം അദ്ധ്യായം മുഴുവൻ ലേഖകൻ എന്താണുദ്ദേശിച്ചത് എന്ന് വിവരിക്കുന്നു. എബ്രായർ 11 ലെ പഴയനിയമ വിശുദ്ധന്മാർ കാണിച്ചുതന്ന ജീവിതം നയിക്കുവാൻ കഷ്ടതയോ, സമ്മർദ്ദമോ ഒന്നും യഹൂദന്മാരായ വിശ്വാസികൾക്ക് തടസമാകരുത്.

[95] ''നാശത്തിലേക്ക്'' എന്ന തർജ്ജിമ ചെയ്യപ്പെട്ടിരിക്കുന്ന എബ്രാ. 10:39 ലെ വാക്ക്, മർക്കോസ് 14:4-ൽ "വെറും ചെലവ്" എന്ന അതേ വാക്കാണ്.

രുടെ ആത്മാക്കളെ രക്ഷിക്കും. അതിന്റെ ലഘുവായ അർത്ഥം, അവർ പ്രായത്തിനു മുമ്പേയുള്ള മരണം [96] അനുഭവിക്കേണ്ടി വരില്ല എന്നുള്ളതാണ്. 39-ാം വാക്യത്തിലെ ലേഖകന്റെ "ജീവന്റെ" നിർവചനത്തിൽ മനുഷ്യനിലേക്ക് അലൗകിക വസ്തുക്കൾകൂടെ ഉൾപ്പെടുത്തുന്നതാണ് നന്ന്. വിശ്വാസത്താൽ ജീവിതം നയിച്ച്, സഭയിലെ വിശുദ്ധന്മാരുമായുള്ള കൂട്ടായ്മ കൈവിടാതിരിക്കുവാൻ അവരുടെ ആത്മാവിനെ അധികം ആപത്തിൽ നിന്നും വേദനയിൽ നിന്നും രക്ഷിക്കുന്നു/കാക്കുന്നു. [97] വിശ്വാസത്താലുള്ള ജീവിതം നയിക്കുന്നതുവഴി മാത്രമേ, ആത്മാവിനെ ഈ ലോകത്തിലേക്ക് വിട്ടിരിക്കുന്നതിന്റെ ഉദ്ദേശ്യം സാധിക്കുകയുള്ളൂ. ജീവിതകാലം മുഴുവനുള്ള വിശ്വാസത്താൽ, തന്റെ ഭൂമിയിലെ ജീവിതത്തിൽ ആത്മാവിനെ നഷ്ടമാക്കാതെ സംരക്ഷിക്കുവാൻ ഒരു വിശ്വാസിക്കു കഴിയും(1 തിമൊ. 4:16 ൽ സമാനമായ ആശയമുണ്ട്). ഇതിനെതിരാണ് സംഭവിക്കുന്നത് എങ്കിൽ, ആത്മാവിനെ നിത്യമായി നഷ്ടമാവില്ല എന്നാൽ നമ്മുടെ ഭൂമിയിലെ നിലനില്പിൽ ദൈവത്തിന്റെ പദ്ധതി തകർക്കപ്പെടും. 11-ാം അദ്ധ്യായത്തിൽ വിശ്വാസത്താലുള്ള ജീവിതങ്ങളുടെ ദൃഷ്ടാന്തങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന പോലെ, വിശ്വാസത്താലുള്ള ജീവിതമാണ് ആത്മാവിന് അർത്ഥം നൽകുന്നത്. ദൈവം അവരുടെ ആത്മാക്കളെ സൃഷ്ടിക്കുകയും ലോകത്തിലാക്കുകയും ചെയ്ത കാര്യത്തിന്റെ ഉദ്ദേശ്യവും അർത്ഥവും നിറവേറ്റി സൂക്ഷിച്ച എല്ലാ വിശ്വാസവീരന്മാരും. ഈ ജീവിതത്തിൽ ദൈവം തന്നിട്ടുള്ള അവസരങ്ങൾ നഷ്ടപ്പെടുത്താതെ അവരുടെ മാതൃക പിന്തുടരുവാൻ എബ്രായരായ വിശ്വാസികളിൽ നിന്ന് പ്രതീക്ഷിക്കുന്നു. നിത്യമായ രക്ഷയെ തള്ളിക്കളയുവാൻ വേണ്ടി എബ്രായപുസ്തകത്തെ ഉപയോഗിക്കരുത്. പ്രസംഗിക്കാനുള്ള ആധുനികപ്രായോഗികത എന്താണെന്നാൽ, വേദപുസ്തകം വിശ്വസിക്കുന്ന സഭകളെ വിശ്വാസികൾ കൈവിട്ട് രക്ഷിതാവിനെയും കുരിശിനെയും നിന്ദിക്കുന്ന വിഭാഗങ്ങളുമായി കൂട്ടുചേരുന്നത് ദൈവത്തിന് ക്രോധമുണ്ടാക്കുന്ന കാര്യമാണെന്നതാണ്.

(3) ഉപസംഹാരം

ലേഖകൻ മുന്നറിയിപ്പുകളിലൂടെ അഭിസംബോധന ചെയ്യുന്നത് വിശ്വാസികളെയാണെങ്കിലും അവിശ്വാസികളെയാണെങ്കിലും, എബ്രാ. 10:26-31 അതിന്റെ തനതായ കാലത്തിന്റെ വെളിച്ചത്തിൽ വേണം വ്യാഖ്യാനിക്കുവാൻ. 26-ാം വാക്യത്തിലെ മന:പൂർവ്വമായ പാപം 25-ാം വാക്യത്തിലെ "സഭായോഗങ്ങളെ ഉപേക്ഷയായി വിചാരിക്കുക" എന്നതാണ്. ക്രിസ്തുവിന്റെ ഒടുവിലത്തേതും പൂർണ്ണതയുള്ളതുമായ യാഗത്തിനു ശേഷമുള്ള (വാ. 18) യഹൂദമതത്തിലെ ഒരു മൃഗത്തിന്റെ യാഗവും പാപങ്ങളെ മോചിക്കുന്നില്ല എന്നതാണ് "പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ" എന്ന വാചകം കൊണ്ട് അർത്ഥമാക്കുന്നത് (വാ. 26). മറ്റൊരു ചിന്താഗതി സഭ വിട്ടു യഹൂദമതത്തിലേക്ക് പോകാതിരിക്കുവാൻ ലേഖകൻ അവിശ്വാസികൾക്കു മുന്നറിയിപ്പു നൽകുന്നു എന്നതാണ്(അവർ സഭയിൽ കൂടി വരുന്നവരാണ്). പാപങ്ങൾ ചെയ്യുന്നവർ, ദേവാലയത്തിലെ യാഗങ്ങൾ തങ്ങളുടെ പാപങ്ങൾ മോചിക്കുമെന്ന് കരുതാൻ പാടില്ല. മറ്റൊരു സാദ്ധ്യതയുള്ള വീക്ഷണം എന്തെന്നാൽ, സഭയിലെ അംഗത്വം വിട്ട് യഹൂദപ്പള്ളിയിലെ കൂട്ടായ്മയുമായി മുന്നോട്ടു പോകാതിരിക്കുവാൻ ലേഖകൻ വിശ്വാസികൾക്കു മുന്നറിയിപ്പു നൽകുന്നു. ഈ എബ്രായ ക്രിസ്ത്യാനികൾ ഒരു പക്ഷേ മനസ്സിലാക്കുന്നില്ലായിരിക്കാം, ഇങ്ങനെയുള്ളൊരു മാറ്റം, അവരുടെ വിശ്വാസങ്ങൾക്ക് എതിരായുള്ള വീക്ഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നുവെന്നത്.

എബ്രാ. 10:26-31 നിത്യമായ ഭദ്രതയെ തകർക്കുന്നുവെന്നെയും ചിന്തിക്കുന്നവർ "മനഃപൂർവ്വമായ പാപങ്ങൾ" ശേഷം "പാപങ്ങൾക്കു വേണ്ടി ഇനി ഒരു യാഗവും ശേഷിക്കുന്നില്ല" എന്ന വാചകത്തെ നേരിടുവാൻ തയ്യാറായിരിക്കണം. ഇത് രക്ഷയെപ്പറ്റിയുള്ള പഠിപ്പിക്കലാണെങ്കിൽ, അത് രക്ഷ നഷ്ടപ്പെട്ടാൽ തിരികെ ലഭിക്കുകയില്ല എന്നു പഠിപ്പിക്കുന്നുവെന്നു വരും. അനാവശ്യവും നിർഭാഗ്യകരവുമായ ഈ വ്യാഖ്യാനങ്ങൾ കാരണം ആത്മഹത്യയെപ്പറ്റിപ്പോലും ചിന്തിച്ച അനേകവിശ്വാസികളെ എഴുത്തുകാരൻ വ്യക്തിപരമായി സമീപിച്ച് കൗൺസലിങ് നടത്തിയിട്ടുണ്ട്.

f. അഞ്ചാമത്തെ മുന്നറിയിപ്പു ഭാഗം: എബ്രാ. 12:25-29

> അരുളിച്ചെയ്യുന്നവനെ നിരസിക്കാതിരിപ്പാൻ നോക്കുവിൻ. ഭൂമിയിൽ അരുളിച്ചെയ്തവനെ നിരസിച്ചവർ തെറ്റി ഒഴിയാതെയിരുന്നു എങ്കിൽ സ്വർഗ്ഗത്തിൽ നിന്ന് അരുളിച്ചെയ്യുന്നവനെ നാം വിട്ടുമാറിയാൽ എത്ര അധികം (എബ്രാ. 12:25).

എബ്രായലേഖനത്തിലെ അവസാന മുന്നറിയിപ്പു ഭാഗം അതിനു മുൻപുള്ള ഭാഗങ്ങളെ അപേക്ഷിച്ച് ഭാഷയിലെ വിവാദങ്ങളില്ലാത്തവയാണ്. ഈ മുന്നറിയിപ്പ് വിശ്വാസികൾക്കുള്ളതാണെന്ന് ചിന്തിച്ചാലും അവിശ്വാസികൾക്കുള്ളതാണെന്ന് ചിന്തിച്ചാലും, വാക്കുകൾ നിത്യമായ ഭദ്രതയെ ഖണ്ഡിക്കുന്നില്ല.

[96] ഗ്രീക്ക് വാക്കായ "സൈക്കി" എന്നത് "ആത്മാവ്" എന്ന അർത്ഥമാണ് എന്നാൽ പലപ്പോഴും പുതിയനിയമത്തിൽ ശാരീരികമായ ജീവനെ സൂചിപ്പിക്കുന്നു. ഉദാ. മത്താ. 2:3-20-ൽ ഹെരോദാവ് ക്രിസ്തു എന്ന ശിശുവിന്റെ ജീവൻ എടുക്കാൻ നോക്കി (പ്രാണൻ).

[97] എഴുത്തുകാരന്റെ ഡോക്ടറേറ്റ് പഠനത്തിന്റെ സർവ്വേയിൽ സ്കിസോഫ്രീനിയ എന്ന രോഗം ബാധിച്ചവരുടെ ബന്ധുക്കളായ വിശ്വാസികളെ പങ്കെടുപ്പിച്ചു. **withdrawing from church**. See Steven Waterhouse, *Families of the Mentally Ill*, diss., Dallas Theological Seminary 1995.

(1) അവിശ്വാസികളെ അഭിസംബോധന ചെയ്യുന്ന നിലയിൽ

അവിശ്വാസികളാണ് ലേഖകന്റെ മനസ്സിലെങ്കിൽ, ക്രിസ്തുവിൽ ആശ്രയിക്കാനുള്ള ക്ഷണം നിരസിക്കരുത് എന്ന് അവർക്കു മുന്നറിയിപ്പു നൽകുന്നു.

(2) വിശ്വാസികളെ അഭിസംബോധന ചെയ്യുന്ന നിലയിൽ

ലേഖകൻ വിശ്വാസികളെയാണ് അഭിസംബോധന ചെയ്യുന്നത് എങ്കിൽ, ക്രിസ്ത്യാനികളോട് ദൈവത്തെ അനുസരിക്കാതിരിക്കരുത് എന്നു പറയുന്നു. സഭയിൽ നിന്നു പിന്മാറി (എബ്രാ. 10:25) യഹൂദമതത്തിലേക്ക് പങ്കെടുക്കുവാൻ മടങ്ങുന്നതിനു പകരം, വിശ്വാസികൾ "നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ" ചെയ്യണം (വാ. 28). ഈ മുന്നറിയിപ്പ് അവഗണിച്ചാൽ, അവർ ദൈവത്തിന്റെ കഠിനമായ ബാലശിക്ഷയ്ക്കു വിധേയരാകേണ്ടിവരും. "അഗ്നി" എന്ന സൂചന വിശ്വാസി നേരിടേണ്ടി വരുന്ന ബാലശിക്ഷയാണ് (എബ്രാ. 12:5-13).

g. എബ്രായലേഖനത്തിലുള്ള മുന്നറിയിപ്പുകളുടെ ഉപസംഹാരം

എബ്രായപുസ്തകം പഠിക്കുന്ന ഏതു വിദ്യാർത്ഥിയും അതിന്റെ ആദ്യത്തെ വായനക്കാർ ആരായിരുന്നു എന്നതിനെപ്പറ്റിയുള്ള കാര്യത്തിൽ ഒരു പോരാട്ടത്തിലാണ്. എബ്രായ സഭകളുമായി കൂടിക്കലർന്ന അവിശ്വാസികളാണോ അവർ? അവർ കർശനമായും യഹൂദന്മാരായ ക്രിസ്ത്യാനികളാണോ? വായനക്കാരുടെ ആത്മിക നിലവാരത്തെപ്പറ്റിയുള്ള നിഗമനം, മുന്നറിയിപ്പു ഭാഗങ്ങളെ കൃത്യമായി മനസ്സിലാക്കുന്നതിൽ വളരെ സ്വാധീനം ചെലുത്തുന്നു. എന്തായാലും, **ഇരുപക്ഷങ്ങളും രക്ഷ നഷ്ടപ്പെടുകയില്ല എന്ന ആശയം ഉൾക്കൊള്ളുന്ന മുന്നറിയിപ്പുകൾ വ്യാഖ്യാനിക്കുവാൻ ഇടയാക്കുന്നു.** അവിശ്വാസികളായ എബ്രായർക്ക് രക്ഷയിലേക്ക് കടന്നുവരുന്നതിനുള്ള മുന്നറിയിപ്പായിരിക്കാം എഴുത്തുകാരൻ നൽകുന്നത്. ഒരു പക്ഷേ ഈ എബ്രായർ സത്യം അന്വേഷിക്കുന്നവരും ക്രിസ്തുവിന്റെ അവകാശ വാദങ്ങൾ പരിഗണിക്കുവാൻ വേണ്ടിസഭയിൽ കൂടി വരുന്നവരുമായിരിക്കാം. തീർച്ചയായും, യഹൂദന്മാരായ കൂട്ടുകാർ അവർ യഹൂദപ്പള്ളിയിലേക്ക് മടങ്ങുവാൻ ആവശ്യപ്പെടുന്നു. അഭിസംബോധന ചെയ്യപ്പെടുന്നവർ രക്ഷിക്കപ്പെടാത്തവരാണെങ്കിൽ, നരകാഗ്നിയിൽ നിന്നു രക്ഷപ്പെടുവാൻ വേണ്ടി കർത്താവിൽ ആശ്രയിക്കുവാൻ എഴുത്തുകാരൻ മുന്നറിയിപ്പു നൽകുന്നു.

എന്നാൽ എബ്രായലേഖനത്തിലെ മുന്നറിയിപ്പുകൾ വിശ്വാസികൾക്കുള്ളതാകാനാണ് സാദ്ധ്യത. ഈ ക്രിസ്ത്യാനികളോട് സഭയിൽ നിന്നു പിൻമാറുവാനും യഹൂദപ്പള്ളിയുമായി സാമൂഹിക ബന്ധങ്ങളിലേക്ക് മടങ്ങുവാനും അനേകർ ആവശ്യപ്പെടുന്നു. അവർ യേശുവിൽ വിശ്വസിച്ചിരിക്കെത്തന്നെ, കർത്താവിനെ എതിർക്കുന്നവരുമായി പക്ഷം ചേരുവാൻ സാധ്യതയുണ്ട് എന്ന അപകടമുണ്ട്.ഒരു എബ്രായവിശ്വാസി സഭ വിട്ടു പോയാൽ, അവൻ ഈ ജീവിതത്തിൽ ദൈവത്തിന്റെ മഹാക്രോധം ബാലശിക്ഷയിലൂടെയും, പ്രതിഫലങ്ങളുടെ നഷ്ടം ക്രിസ്തുവിന്റെ ന്യായാസനത്തിലും നേരിടേണ്ടിവരുമെന്ന് എഴുത്തുകാരൻ മുന്നറിയിപ്പു നൽകുന്നു, . ഏതു വ്യാഖ്യനമായാലും, ഒരുവന് നിത്യമായ ഭദ്രത നിലനിർത്താം.

14. യാക്കോബ് 2:18-26

> എന്നാൽ ഒരുത്തൻ: നിനക്കു വിശ്വാസം ഉണ്ട്; എനിക്കു പ്രവൃത്തികൾ ഉണ്ട് എന്നു പറയുമായിരിക്കും. നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ചു തരിക; ഞാനും എന്റെ വിശ്വാസം പ്രവൃത്തികളാൽ കാണിച്ചുതരാം. ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ1 കൊള്ളാം; പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറെയ്ക്കുകയും ചെയ്യുന്നു... ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു (യാക്കോബ്. 2:18, 19, 26).

(യാക്കോബ് 2 നെപ്പറ്റിയുള്ള കൂടുതൽ പഠനം, 9-ാം അദ്ധ്യായം, 2-ാം ഭാഗത്ത്: ''രക്ഷ പ്രായോഗികതലത്തിൽ" "രക്ഷ നേടുവാൻ വിശ്വസിക്കുകയും പ്രവൃത്തിക്കുകയും ചെയ്യുക"). യാക്കോബ് 2 മനസ്സിലാക്കുവാനുള്ള താക്കോൽ, യാക്കോബ് നിർവചിക്കുന്ന വിശ്വാസം പരമ്പരാഗതമായ ഉപദേശത്തിലുള്ള **ബുദ്ധിപരമായ വിശ്വാസം** മാത്രമാണ് [98] (ഉദാ. വാ. 19). അങ്ങനെയുള്ള വിശ്വാസം രക്ഷിക്കുന്നതല്ല. സത്യമായിട്ടുള്ള വിശ്വാസം പ്രത്യേകസമയത്ത് ഒരുപരിധി വരെ നല്ല പ്രവൃത്തികളിൽ

[98]യാക്കോബിന് പൗലോസിൽ നിന്ന് വ്യത്യസ്തമായ ഒരു നിർവചനം നീതികരണത്തിനുണ്ട്. നീതികരണം എന്നാൽ "നീതി പ്രാപിക്കുക" പൗലോസ് ദൈവത്താലുള്ള നീതികരണത്തിന്റെ കാര്യമെഴുതുന്നു. ദൈവം എന്ന ന്യായാധിപതിക്ക് മുന്നിൽ ഒരു വ്യക്തി വിശ്വാസത്താൽ മാത്രമാണ് നീതീകരിക്കപ്പെടുന്നത്. എന്നാൽ, യാക്കോബ് മറ്റുള്ള ജനങ്ങൾക്ക് നീതി പ്രഘോഷിക്കുവാനുള്ള അവകാശത്തെ കാണിക്കുന്നു. ഒരു വ്യക്തി രക്ഷിക്കപ്പെട്ടതാണോ അല്ലയോ എന്നു മറ്റുള്ളവർ എങ്ങനെ അറിയും? മറ്റുള്ളവർ ഒരു വ്യക്തിയെ നീതിമാൻ എന്നു വിധിക്കുന്നത് വിശ്വാസത്തിന്റെയും, കാണപ്പെടാവുന്ന പ്രവൃത്തികളുടെയും വെളിച്ചത്തിലാണ്. വിശ്വാസമൂലവും പ്രവൃത്തി മൂലവും അബ്രഹാം നീതിമാനാണെന്ന് ജനം പ്രസ്താവിച്ചു. എങ്ങനെയെന്നാൽ, അബ്രഹാം ദൈവത്തിന്റെ മുമ്പാകെ നീതികരിക്കപ്പെട്ടു (രക്ഷിക്കപ്പെടുക), ജീവിതത്തിലും നീതിമാനായിരുന്നു. തന്റെ വിശ്വാസത്തിന്റെയും നല്ല പ്രവൃത്തികളുടെയും അടിസ്ഥാനത്തിൽ ജനങ്ങൾ അബ്രഹാമിനെ "ദൈവത്തിന്റെ സ്നേഹിതൻ" എന്നു വിളിച്ചു (വാ. 23).

വെളിപ്പെടുന്നു. ഒരു വ്യക്തി ഒരു നല്ല പ്രവൃത്തിയും ചെയ്യുന്നില്ല എങ്കിൽ, അവർ ക്രിസ്തുവിൽ ഇതുവരെ തന്റെ ആശ്രയം വച്ചിട്ടില്ല എന്നാണർത്ഥം; അല്ലാതെ അവന്റെ രക്ഷ നഷ്ടപ്പെട്ടുവെന്നല്ല.

നല്ല പ്രവൃത്തികളുടെ പൂർണ്ണമായ അസാന്നിദ്ധ്യത്തെ ദൈവം എങ്ങനെ നിർവചിക്കുമെന്നറിയുവാൻ അസാദ്ധ്യമാണ്. എന്നാൽ ഒരുവൻക്രിസ്തുവിൽ യഥാർത്ഥമായി ആശ്രയിച്ചിട്ടുണ്ടോ അതോചില വേദശാസ്ത്ര യാഥാർത്ഥ്യങ്ങളിൽ ബുദ്ധിപരമായ വിശ്വാസം മാത്രമാണോ ഉള്ളത് എന്ന് ഒരു പരിശോധന നടത്തുവാൻ യാക്കോബിന്റെ മുന്നറിയിപ്പ് ആവശ്യപ്പെടുന്നു. ഏറ്റു പറയപ്പെടാത്ത പാപത്തിന്റെ അവസ്ഥ മറ്റൊരാളുടെ ജീവിതത്തിൽ ഒരു ക്രിസ്തീയപ്രവർത്തകൻ ശ്രദ്ധിക്കുകയാണെങ്കിൽ, അയാൾ ശരിയായി ക്രിസ്തുവിൽ ആശ്രയിച്ചിട്ടില്ല എന്ന ആശയം ഊഹിച്ചെടുത്ത്, അദ്ദേഹത്തോട് സുവിശേഷം പങ്കു വയ്ക്കുന്നത് ഉത്തമമായിരിക്കും. എന്നാൽ ആ വ്യക്തി രക്ഷ നഷ്ടപ്പെട്ടവനായിരിക്കും എന്നു ചിന്തിക്കുന്നത് ശരിയല്ല. യാക്കോബിന്റെ ലേഖനത്തിലെ സാഹചര്യം ഒരിക്കലും രക്ഷിക്കപ്പെട്ടിട്ടില്ലാത്ത ഒരു വ്യക്തിയുടേയായിരിക്കും; കാരണം, അവന്റെ വിശ്വാസം കേവലം ബുദ്ധിപരമായിരിക്കും അല്ലാതെ രക്ഷകനെന്ന നിലയിൽ ക്രിസ്തുവിലുള്ള വ്യക്തിപരമായ ആശ്രയമല്ല.

15. യാക്കോബ് 5:19–20

> സഹോദരന്മാരേ, നിങ്ങളിൽ ഒരുവൻ സത്യം വിട്ടു തെറ്റിപ്പോകയും അവനെ ഒരുവൻ തിരിച്ചു വരുത്തുകയും ചെയ്താൽ പാപിയെ നേർവഴിക്ക് ആക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽ നിന്നു രക്ഷിക്കയും പാപങ്ങളുടെ ബഹുത്വം മറെയ്ക്കയും ചെയ്യുന്നു എന്നു അവൻ അറിഞ്ഞു കൊള്ളട്ടെ(യാക്കോ. 5:19, 20).

ആത്മാവിനുള്ള ഗ്രീക്ക് വാക്ക് (സൈക്കെ) ഈ ജീവിതത്തിലെ ശാരീരിക നിലനില്പിനെ സൂചിപ്പിക്കുന്നു. മിക്ക വേദപഠിതാക്കളും ആത്മാവ് മരിക്കുന്നതുമായി ബന്ധമുള്ള വാചകത്തെ ആത്മികമരണമായി മനസ്സിലാക്കുന്നു. എന്നാൽ വേദപുസ്തകം മിക്കപ്പോഴും ശാരീരിക മരണത്തെ ആത്മാവിന്റെ വേർപാടുമായി താരതമ്യപ്പെടുത്തുന്നു. തനതായ ഭാഷയിൽ ഉദാഹരണങ്ങളായ വാക്യങ്ങളിൽ മത്താ. 2:20, അപ്പോ. പ്രവ. 15:26; 27:22. ഉപദേശത്തിലെയും മൂല്യങ്ങളിലെയും തെറ്റുകളിൽ നിന്ന് ക്രിസ്ത്യാനികളായവർ തിരികെ വരുവാൻ യാക്കോബ് 5:20 ലൂടെ പ്രോത്സാഹിപ്പിക്കുന്നു. വലഞ്ഞുപോകുന്ന വിശ്വാസികളെ രക്ഷിക്കുന്നവർ **ശാരീരികമരണത്തിൽ** നിന്ന് ജീവനെ സംരക്ഷിക്കുന്നു. ദൈവത്തിന്റെ ബാലശിക്ഷ ചിലപ്പോൾ ഈ ലോകത്തിൽ നിന്നു നമ്മെ മാറ്റിക്കളയുക പോലും ചെയ്തേക്കാം. (1 കൊരി. 11:30; 1 യോഹ. 5:16) അതിലുപരി, ദൈവം നേരിട്ട് മരണം നടപ്പാകാതെ തന്നെ പല പാപങ്ങളും സ്വഭാവികമായി മരണത്തിലേക്ക് നയിക്കും (അധാർമ്മികത, ആത്മഹത്യ, മദ്യപാനം, കുറ്റകൃത്യം തുടങ്ങിയവ) സദൃശവാക്യങ്ങളിൽ തുടർച്ചയായി പാപവും ശാരീരികമരണവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള മുന്നറിയിപ്പു കാണാം (സദൃ. 2:18; 5:5; 14:12; 21:16).

ചില രോഗങ്ങൾ പാപം മൂലമാണുണ്ടാകുന്നതെന്നു വിശ്വസിക്കാനുള്ള സാധ്യത യാക്കോബ് 5ലെ ആശയത്തിൽ ഉൾപ്പെടുന്നു. അതുകൊണ്ട് തെറ്റുകൾ ഏറ്റുപറയുന്നത്, ദൈവം ആരോഗ്യം വീണ്ടും നൽകുവാനുള്ള ഒരു പ്രധാന കാരണമാണ് (5:15–16). ഈ ആശയങ്ങളുടെ വിശദീകരണങ്ങൾ നൽകിക്കൊണ്ടാണ് യാക്കോബ് തന്റെ പുസ്തകം അവസാനിപ്പിക്കുന്നത്. ഒരു വിശ്വാസിയെ മാനസാന്തരത്തിലേക്ക് നയിക്കുന്ന ഒരുവൻ അവന്റെ ശാരീരിക ജീവന്റെ ആയുസ്സു കൂട്ടുന്നു. യാക്കോബ് 5 ലെ വിഷയം, ശാരീരിക ജീവന്റെ നഷ്ടത്തിനുള്ള സാദ്ധ്യത യാണ്, എന്നാൽ നിത്യജീവന്റെ നഷ്ടമല്ല.

16. 2 പത്രൊസ് 1:10–11

> അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരു നാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും (2 പത്രൊ. 1:10–11).

പത്രൊസിന്റെ വാക്കുകൾ തീർച്ചയായും ക്രിസ്ത്യാനികളോട് അഭിസംബോധന ചെയ്യപ്പെട്ടതാണ് (വാ. 3). എങ്കിലും, അനേക ക്രിസ്ത്യാനികൾ ദൈവം നൽകിയിരിക്കുന്ന അനുഗ്രഹങ്ങളെ മറന്നുകളയുന്നു. 2 പത്രൊ. 1:9–ൽ വാർദ്ധിക്യത്തിന്റെ ലക്ഷണമാണ് പറയുന്നത്. വാർദ്ധക്യകാലവുമായി വച്ച് താരതമ്യം ചെയ്യുമ്പോൾ, അനേക വർഷങ്ങളായി രക്ഷിക്കപ്പെട്ട ഒരു വ്യക്തിക്ക് ക്രിസ്തീയ അനുഗ്രഹങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് ഹൃസ്വദൃഷ്ടിയുള്ളവനാകുവാനും ക്രിസ്തുവിലേക്കുള്ള ആദ്യപരിവർത്തനത്തിന്റെ അനുഗ്രഹങ്ങൾ മറന്നുപോകുവാനും കഴിയും.

10, 11 വാക്യങ്ങളിൽ പത്രൊസ് ആത്മിക വാർദ്ധക്യത്തിനെതിരെ മുന്നറിയിപ്പു നല്കുന്നു. 10–ാം വാക്യം, മദ്ധ്യശബ്ദത്തിൽ ക്രിയാപദം ഉപയോഗിക്കുന്നു. അതിനെ “നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവിൻ” എന്ന് തർജ്ജിമ ചെയ്യാം. ഒരു വിശ്വാസിയുടെ തിരഞ്ഞെടുപ്പ് മുൻപുകൂട്ടിത്തന്നെ ഉറപ്പിച്ചതാണ് എന്നത് ഒരു യാഥാർത്ഥ്യമാണ്. ദൈവം ഒരു വിശ്വാസിയെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുവരും. എന്നാൽ, ചില ക്രിസ്ത്യാ

നികൾക്ക് അവർ കൈപ്പറ്റിയിരിക്കുന്ന ഭദ്രതയെപ്പറ്റി ഒരു ഉറപ്പില്ല. ക്രിസ്തീയ ജീവിതത്തിലെ ഉത്സാഹം ഒരു വിശ്വാസിയെ സുരക്ഷിതനാക്കുന്നില്ല, എന്നാൽ അത് അവന്റെ ഉള്ളിലുള്ള ആ ഉറപ്പിനെ ആഴമുള്ളതാക്കുന്നു. വിശ്വാസത്തിൽ വളർന്ന്, സ്വഭാവത്തിൽ കർത്താവായ യേശുക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്നതാണ് അനാവശ്യമായ സംശയങ്ങൾ ഒഴിവാക്കാനുള്ള അഥവാ അതിജീവിക്കുവാനുള്ള ഒരു മാർഗ്ഗം. പരിശുദ്ധാത്മാവുമായി അടുത്തുള്ള ഒരു ബന്ധം രക്ഷയുടെ ഉറപ്പ് വർദ്ധിപ്പിക്കുന്നു (റോമ. 8:16; 1 യോഹ. 5:7, 10, 11). 2 പത്രോ. 1:10-ൽ ഉത്സാഹപൂർവ്വം രക്ഷയുടെ ഉറപ്പിനെ ആഴമേറിയതാക്കുവാൻ വിശ്വാസികളോട് അഭ്യർത്ഥിക്കുന്നു. അങ്ങനെ ചെയ്താൽ ഒരു വിശ്വാസി സംശയങ്ങളിലേക്ക് വഴുതിവീഴുകയില്ല. പാപം അവന്റെ മേൽ കർതൃത്വം നടത്തുകയില്ല. ഒരു വിശ്വാസി കർത്താവുമായുള്ള കൂട്ടായ്മാ ബന്ധത്തിൽ നിന്നും പിൻമാറിപ്പോവുകയില്ല.

അത്തരത്തിലുള്ള ഉത്സാഹത്തിന്റെ അനുഗ്രഹം 2 പത്രോ. 1:11-ൽ കാണുന്നു. സൽപ്രവൃത്തികളാൽ സ്വർഗ്ഗത്തിലേക്കുള്ള ഒരു പ്രവേശനം പത്രോസ് നൽകുന്നില്ല. മറിച്ച് ഒരു **ധാരാളമായ** പ്രവേശനത്തെപ്പറ്റി അദ്ദേഹം പറയുന്നു. ചില വിശ്വാസികൾ രക്ഷിക്കപ്പെടും എന്നാൽ ചെറിയ പ്രതിഫലം മാത്രമേ ലഭിക്കൂ (അവർ ഏറ്റവും കുറഞ്ഞ നിലയിൽ ദൈവരാജ്യത്തിൽ പ്രവേശിക്കും, എന്നാൽ ധാരാളമായ പ്രവേശനം ആസ്വദിക്കുകയില്ല, 1 കൊരി. 3:15). പത്രോസിന്റെ കല്പന അനുസരിക്കുന്നവർ ദൈവരാജ്യത്തിലേക്ക് ധാരാളമായി പ്രവേശിക്കും. 2 പത്രോ. 1-ൽ പറയുന്ന കണക്ക് രക്ഷയോ രക്ഷയുടെ നഷ്ടമോ അല്ല. അവിടെ പറയുന്നത് രക്ഷയുടെ ഉറപ്പിനെപ്പറ്റിയും സംശയത്തെപ്പറ്റിയുമാണ്. അത് സ്വർഗ്ഗത്തിലെ സാധാരണ ഒരു പ്രവേശനവും, ധാരാളമായ പ്രവേശനവും തമ്മിലുള്ള ഒരു പോരാട്ടമാണ്.

17. 2 പത്രോസ്. 2:20-22

> കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽവീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്ക് ഏല്പിച്ചുകിട്ടിയ വിശുദ്ധ കല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനേക്കാൾ അത് അറിയാതിരിക്കുന്നത് അവർക്ക് നന്നായിരുന്നു. എന്നാൽ സ്വന്ത ചർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നുമുള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കു സംഭവിച്ചു(2 പത്രോ. 2:20-22).

പത്രോസ് തീർച്ചയായും അവിശ്വാസികളെപ്പറ്റിയാണ് എഴുതുന്നത്. ഈ അദ്ധ്യായം തുടങ്ങുന്നതുതന്നെ "നാഥനെ തള്ളിപ്പറഞ്ഞ" "കള്ളപ്രവാചകന്മാരെ" പ്പറ്റി പറഞ്ഞുകൊണ്ടാണ് (വാ. 1). ഇത് അവിശ്വാസികളോടാണ് എന്നു മനസ്സിലാക്കുവാൻ ഉതകുന്ന അനേക സൂചനകൾ ആ വാദത്തിലുടനീളമുണ്ട്. 9-ാം വാക്യത്തിൽ അവ ''ന്യായവിധി ദിവസത്തിനായി'' കാക്കപ്പെടുന്നു വെന്ന് കാണാം. 12-ാം വാക്യത്തിൽ അവർ "നശിച്ചുപോകും" എന്നും 14-ാം വാക്യത്തിൽ പരാമർശിക്കപ്പെ ട്ടവർ "ശാപയോഗ്യന്മാർ" എന്നും പറയുന്നു. "വെള്ളമില്ലാത്ത അനുഭവം" എന്നത്, (വാ. 17), ജീവജലത്തിന്റെ കുറവിനെപ്പറ്റി ഓർമ്മിപ്പിക്കുന്നു (യോഹ. 4:14). 17-ാം വാക്യത്തിൽ പരാമർശിക്കുന്നവർക്ക്, കൂരിരുട്ട് സംഗ്രഹിച്ചിരിക്കുന്നു. സമാനമായ ഒരു കാഴ്ചപ്പാട് യൂദ നൽകുന്നു. യൂദ 19-ൽ കള്ള ഉപദേഷ്ടാക്കന്മാർ "ആത്മാവില്ലാത്തവർ" എന്നു പറയുന്നു. തീർച്ചയായും പത്രോസിന്റെ പരാമർശം അവിശ്വാസികളായവരെപ്പറ്റിയാണ്. ക്രിസ്തുവിനെ ഇതുവരെ ആശ്രയിച്ചിട്ടില്ലാത്തവരെപ്പറ്റിയാണ് അദ്ദേഹം പറയുന്നത് (അല്ലാതെ രക്ഷ നഷ്ടപ്പെട്ട വിശ്വാസികളെപ്പറ്റിയല്ല). രക്ഷിക്കപ്പെടാത്തവരായ ഈ കള്ളപ്രവാചകന്മാർ, കർത്താവായ യേശുവിനെപ്പറ്റിയുള്ള പരിജ്ഞാനം നിമിത്തം ധാർമ്മികമായ കളങ്കം പറ്റാതെ താത്ക്കാലികമായി രക്ഷപ്പെടുന്നു. പരിജ്ഞാനം എന്ന് ഇവിടെ പറയുന്നത്, ക്രിസ്തുവിനെ രക്ഷിതാവായി മനസ്സിലാക്കി അവനിൽ ആശ്രയിക്കുന്നതല്ല. അവർക്ക് ക്രിസ്തുവിനെപ്പറ്റിയുള്ള വിവരണങ്ങൾ അറിയാമായിരുന്നു. കൂടാതെ, ധാർമ്മികമായ പുരോഗതി നൽകിയ അവന്റെ പഠിപ്പിക്കലുകൾ ഹൃദിസ്ഥമാക്കിയിരുന്നു. എന്നാൽ ക്രിസ്തുവിലുള്ള ശരിയായ വീണ്ടുംജനനം പ്രാപിച്ചിരുന്നില്ല. രക്ഷിക്കപ്പെടാത്തവരായ അനേക ജനങ്ങൾ ക്രിസ്തീയപഠിപ്പിക്കലുമായി ബന്ധപ്പെടുകവഴി ധാർമ്മികമായ പുരോഗതി പ്രാപിക്കുന്നു. അവർക്കു പത്തു കല്പനകൾ, സുവർണ്ണ നിയമം, നല്ല ശമരിയാക്കാരന്റെ ഉപമ തുടങ്ങിയവയെല്ലാം അറിയാം. അങ്ങനെ യുള്ള ജ്ഞാനം മാത്രം രക്ഷിക്കുന്ന വിശ്വാസമാകുന്നില്ല. എന്നാൽ അത് ധാർമ്മിക നിലവാരം ഉയർത്തുന്നു.

എങ്കിലും, രക്ഷിക്കുന്ന വിശ്വാസം കൂടാതെ ധാർമ്മികമായ പുരോഗതി അനുഭവിക്കുന്നവർ, പഴയ പാപകരമായ ശീലങ്ങളിലേക്ക്[99] തിരികെപ്പോയാൽ ദുരിതപൂർണ്ണമായ അന്ത്യത്തിൽ ചെന്നുപെടുന്നു. ക്രിസ്തുവിൽ വിശ്വസിക്കാതെ തന്നെ ദൈവത്തിന്റെ പരിശുദ്ധമായ കല്പനകളുടെ പരിജ്ഞാനത്തെ തിരസ്കരിക്കുന്നവരാണ്

[99] ഇതേ സത്യം തന്നെ മത്തായി 12:43-45 വാക്യങ്ങളിലുള്ള കർത്താവിന്റെ പഠിപ്പിക്കൽ വഴി മനസ്സിലാക്കിയെടുക്കുവാൻ കഴിയും

മൂന്ന് കാരണങ്ങൾ കൊണ്ട് ഏറ്റവും മോശക്കാരായവർ. ഒന്നാമതായി, തുടർച്ചയായി സുവിശേഷവുമായി ഏറ്റുമുട്ടിയാൽപോലും അവരെ എത്തിപ്പിടിക്കുവാൻ അത്ര എളുപ്പമല്ല. സുവിശേഷത്തെ ഒരിക്കൽ തള്ളിക്കളഞ്ഞാൽ അത് പിന്നീട് സ്വീകരിക്കുവാൻ പ്രയാസമാകുംവണ്ണം, ക്രിസ്തുവിൽ ആശ്രയിക്കുവാനുള്ള ഭാവി ക്ഷണങ്ങളോട് കഠിനമായി പ്രതികരിക്കുവാനിടയാകും. രണ്ടാമതായി, ക്രിസ്തീയവിശ്വാസത്തിന്റെ ധാർമ്മികമായ നിലവാരത്തെ തള്ളിക്കളയുന്നവർ, ക്രിസ്തീയ നിലവാരവുമായി ബന്ധപ്പെടുന്നതിനു മുൻപുള്ള ധാർമ്മികനിലവാരത്തെക്കാൾ മോശകരമായ നിലയിലേക്ക് തള്ളപ്പെടുവാൻ സാധ്യതയുണ്ട്. സുവിശേഷത്തെയും വിശുദ്ധിക്കായുള്ള കല്പനകളെയും നിരസിക്കുന്നത് അധികമായ ദുഷ്ടതയിലേക്കും, മൽപ്പിടിത്തത്തിലേക്കും നയിക്കും. അവസാനമായി, സത്യത്തിന്റെ ഈ വലിയ പരിജ്ഞാനത്തിനെതിരായി ക്രിസ്തുവിനെ തള്ളിക്കളയുന്നവർക്ക് അതിലേറെ വലുതായ നിത്യ ശിക്ഷ ലഭിക്കുവാനിടയാകും. ഈ കാര്യം മത്താ. 10:15; 11:20–24; ലൂക്കോ. 10:12, 14; 12:47, 48 എന്നീ വാക്യങ്ങളിൽ കർത്താവു തന്നെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ സത്യങ്ങളോട് കൂടുതൽ പരിചയം വന്നതിനുശേഷം അവിശ്വാസവും പാപവും നിമിത്തം പിൻമാറിപ്പോകുന്നവർ, അവസരങ്ങൾ കിട്ടാതെ പോയവരെക്കാൾ അധികം നിത്യമായ ശിക്ഷ അനുഭവിക്കേണ്ടിവരും.

18. 1 യോഹ. 5:16

> സഹോദരൻ മരണത്തിനല്ലാതെ പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം; ദൈവം അവനു ജീവനെ കൊടുക്കും; മരണത്തിനല്ലാതെ പാപം ചെയ്യുന്നവർക്കു തന്നെ; മരണത്തിനുള്ള പാപം ഉണ്ട്; അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല (1 യോഹ. 5:16).

1 യോഹ. 5:16 ലെ വിഷയം ഗൗരവമായ പാപത്തിൽപ്പെട്ടിരിക്കുന്ന സഹോദരനുവേണ്ടിയുള്ള പ്രാർത്ഥനയാണ്.

ഒരു ക്രിസ്ത്യാനിയെ ഈ ഭൂമിയിൽ നിന്ന് നീക്കിക്കളയുവാൻ കാരണമാകുന്ന പാപത്തിന്റെ പ്രകൃതിയും അതിന്റെ നിലയും ദൈവം മാത്രമേ അറിയുന്നുള്ളൂ. എന്തായാലും ചിലപ്പോൾ ദൈവം പാപികളായ വിശ്വാസികളെ ഭവനത്തിലേക്ക് ചേർക്കുന്നു. യോഹന്നാന്റെ വാക്കുകൾ നോക്കുമ്പോൾ, അവിടെ ഏതു തരത്തിലുള്ള പാപമാണ് എന്നത് പറഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധേയമാണ്. "മരണത്തിനുള്ള പാപം ഉണ്ട്".

ചിലപ്പോൾ ദൈവം ഒരു വിശ്വാസിയെ ബാലശിക്ഷനൽകി പെട്ടെന്നുള്ള ശാരീരിക മരണത്തിന് ഏല്പിക്കുന്നു (അപ്പോ. പ്രവൃ. 5:1–11 വരെ). "അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല" എന്ന വാചകം (അതായത്, ഇവിടെ, പെട്ടെന്നുള്ള മരണം). പ്രാർത്ഥനയെ തടയുന്ന ഒരു വാചകമല്ല. മറിച്ച് പാപിയായി ജീവിക്കുന്ന ഒരു സഹോദരനുവേണ്ടി പ്രാർത്ഥിക്കുന്നതിൽ നിന്നുള്ള പ്രത്യേകമായ ഒരു ഒഴിവാണത്. അതിനെ നമുക്കിങ്ങനെ ചുരുക്കിപ്പറയാം. "രഹസ്യത്തിൽ പാപം ചെയ്യുകയും, പിന്നെ പെട്ടെന്ന് മരണമടയുകയും ചെയ്യുന്ന സഹോദരനുവേണ്ടി പ്രാർത്ഥിക്കുവാൻ നീ ഉത്തരവാദിത്വപ്പെട്ടവനോ കണക്കുകൊടുക്കേണ്ടവനോ അല്ല. എന്നാൽ ഗൗരവമായതും പ്രത്യക്ഷമായതുമായ പാപത്തിൽജീവിക്കുന്ന (ജീവിച്ചിരിക്കുന്ന) സഹോദരനുവേണ്ടി പ്രാർത്ഥിക്കുവാൻ നീ കടപ്പെട്ടവനാണ്.

ഒരു കൂട്ടുകാരന്റെ മരണം, തെറ്റായ കുറ്റബോധത്തിന്റെ ചിന്ത നമ്മിൽ കൊണ്ടുവരാം. ദൈവത്തിന്റെ ബാലശിക്ഷ മുഖാന്തരം പെട്ടെന്ന് മരണമടയുന്ന വിശ്വാസിയെയോർത്ത് ആരും തെറ്റായ കുറ്റബോധം സഹിക്കുവാൻ യോഹന്നാൻ ആഗ്രഹിക്കുന്നില്ല, കാരണം സഹോദരന്റെ മരണശേഷമാണ് അവന്റെ രഹസ്യപാപങ്ങൾ തെളിവായി വരുന്നത്. ഒരു കൂട്ടുകാരൻ ഗൗരവമായ പാപത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് അറിയില്ലെങ്കിൽ പോലും അവന്റെ മരണം പ്രാർത്ഥനയില്ലാതെപോയതുകൊണ്ടാണ് എന്ന് ചില ശുദ്ധ മനസ്സാക്ഷികൾ ചിന്തിക്കുവാനിടയുണ്ട്. രഹസ്യപാപങ്ങൾ മുഖാന്തരം അപ്രതീക്ഷമായ മരണമടയുന്ന സഹോദരനുവേണ്ടി പ്രാർത്ഥിക്കുവാൻ ഉള്ള ഉത്തരവാദിത്വം ദൈവം നമ്മെ ഏല്പിച്ചിട്ടില്ല എന്നു തന്റെ വായനക്കാർ അറിയണമെന്നു യോഹന്നാൻ ആഗ്രഹിക്കുന്നു; കാരണം, അവരുടെ പാപങ്ങൾ എന്താണെന്നു പോലും നമുക്കറിയില്ല. 1 യോഹ. 5:16–ൽ ഉള്ള, പാപത്തിൽ ജീവിക്കുന്ന സഹോദരനുവേണ്ടി പ്രാർത്ഥിക്കുവാനുള്ള കല്പനയിൽ നിന്ന് അവർ തങ്ങളെത്തന്നെ ഒഴിവുള്ളവരായിക്കാണണം.

ഗൗരവമായ പാപത്തിലുള്ള ഒരു വിശ്വാസിയും സാധാരണഗതിയിൽ പെട്ടെന്ന് മരണമടയുന്നില്ല. തങ്ങളുടെ സഹോദരന്റെ പശ്ചാത്താപത്തിനുവേണ്ടി പ്രാർത്ഥിക്കുവാനും അവനോട് കരുണ കാണിക്കുവാനുമുള്ള സമയം മറ്റു ക്രിസ്ത്യാനികൾക്കു ലഭിക്കും. ആ വിശ്വാസി, തുടർന്നും ജീവിക്കുന്നെങ്കിൽ, എങ്കിലും അവൻ തന്റെ ജീവനെ വിലയാക്കി വെച്ചാണ് പാപത്തിൽ തുടരുന്നത് (1 കൊരി. 11:30; യാക്കോബ് 5:19–20). ഒരു പക്ഷേ ദൈവത്തിന്റെ ക്ഷമ അവസാനിക്കും അല്ലെങ്കിൽ, ക്രമേണയുള്ള പ്രക്രിയയിലൂടെ പാപം അകാലമരണത്തിലേക്ക് നയിക്കും (സദൃശ. 10:27, 11:19; 13:14; 19:16, 21:6) തെറ്റിലകപ്പെട്ടിരിക്കുന്ന സഹോദരൻ പെട്ടെന്നുള്ള മരണത്തിനു വിധേയനാകാത്ത പക്ഷം, യോഹന്നാന്റെ കൽപ്പനയനുസരിച്ച് പ്രാർത്ഥിക്കുവാൻ, ഇതറിഞ്ഞ വിശ്വാസികൾ കടപ്പെട്ടവരാണ്. കഠിനമായ പാപം ജീവനു ഭീഷണിയാണെങ്കിലും, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഏറ്റുപറയുവാൻ

ഒട്ടും താമസിച്ചുപോയിട്ടില്ല എന്നു മനസ്സിലാക്കണം. യോഹന്നാന്റെ വിഷയം ശാരീരിക ജീവൻ നഷ്ടപ്പെടുവാനുള്ള സാധ്യതയായിരിക്കെ, 1 യോഹ. 5:16 ആത്മിക രക്ഷ നഷ്ടപ്പെടും എന്നതിനെപ്പറ്റിയുള്ള ഒരു മുന്നറിയിപ്പായി ഉപയോഗിക്കാവുന്നതല്ല.

19. വെളി. 3:1-6 ജീവന്റെ പുസ്തകം

വെളി. 3:1-6 വരെ കർത്താവായ യേശു സർദ്ദീസിലെ സഭയെ അഭിസംബോധന ചെയ്യുന്നു. ഈ സഭയിലെ അനേകരും മരിച്ചവരാകുന്നു(രക്ഷിക്കപ്പെടാത്തവർ വാ.2). സഭാജീവിതത്തിലെ മറ്റൊരു ശേഷിപ്പ് ചാവാറായിരിക്കുന്നു. (സത്യ ഉപദേശത്തിന്റെയും ധാർമ്മികതയുടെയും ശേഷിപ്പുകൾ). ചിലർ രക്ഷിക്കപ്പെട്ട് ക്രിസ്തുവിന്റെ നീതി എന്ന ഉടുപ്പു ധരിച്ചവരാണ് (വാ. 4). വെളി. 3: 5-ൽ ജയിക്കുന്നവരുടെ പേർ ജീവ പുസ്തകത്തിൽ നിന്ന് മായ്ച്ചുകളയുകയില്ല എന്നു കർത്താവായ യേശു വാഗ്ദത്തം നൽകുന്നു. ഈ ലേഖകൻ തന്നെ, 1 യോഹ. 5:4 ൽ ജയിക്കു എന്നതിനെ ക്രിസ്തുവിലുള്ള വിശ്വാസം അവകാശമാക്കുന്നതായി നിർവചിക്കുന്നു (ഭൂതകാലത്തിലാണ്). അതുകൊണ്ട് വെളി. 3:5-ൽ വിശ്വാസമുള്ളവർ ജീവന്റെ പുസ്തകത്തിൽ നിന്നു മായ്ക്കപ്പെടുക**യില്ല** എന്ന വാഗ്ദത്തം നൽകുന്നു.

> "അവർ യോഗ്യന്മാരാകയാൽ വെള്ളധരിച്ചും കൊണ്ടു എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും; അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്നു മായിച്ചു കളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും" (വെളി. 3:5).

വിശ്വാസികളുടെ പേർ ജീവപുസ്തകത്തിൽ നിന്നു മായ്ക്കപ്പെടുക **ഇല്ല** എന്ന് വാഗ്ദത്തം ചെയ്യുന്ന വാക്യം വിശ്വാസികൾക്ക് നിത്യജീവൻ നഷ്ടപ്പെടും എന്നു തെളിയിക്കുന്നതിന് മതിയായ ഒരു ഭാഗമല്ല.

പഴയനിയമത്തിൽ ജീവന്റെ പുസ്തകത്തിൽ നിന്ന് പേര് മായിക്കപ്പെട്ടകാര്യം പറയുന്ന വേദഭാഗങ്ങളുണ്ട്. പുറ. 32:32-ൽ തന്റെ പേര് ജീവപുസ്തകത്തിൽ നിന്നു മായിക്കേണമേ എന്ന് മോശ ആവശ്യപ്പെടുന്നു. തന്നെ ഉപദ്രവിക്കുന്നവർ ജീവപുസ്തകത്തിൽ നിന്ന് മാഞ്ഞുപോകേണമേ എന്ന് സങ്കീർത്തനക്കാരൻ സങ്കീ. 69:28 ൽ പ്രാർത്ഥിക്കുന്നു. ഒരു വ്യാഖ്യാനമിതാണ്, പഴയനിയമത്തിൽ ശാരീരികജീവന്റെ രേഖയായ ഒരു പുസ്തകത്തെപ്പറ്റിയായിരിക്കും പറയുന്നത്. വേദപുസ്തകത്തിൽ ദൈവത്തിന്റെ പുസ്തകങ്ങൾ എന്ന ബഹുവചനത്തിൽ നാം കാണുന്നു (ദാനീ. 7:10; വെളി. 20:12). കുഞ്ഞാടിന്റെ ജീവപുസ്തകം തീർച്ചയായും നിത്യജീവന്റെ പുസ്തകമാണ്. എന്തായാലും, പഴയ നിയമത്തിലെ ജീവന്റെ പുസ്തകം, ശാരീരിക ജീവിതത്തിന്റെ പുസ്തകമാകാൻ സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ, മോശെ മരണത്തിനായി ചോദിച്ചു. മശിഹായെ ഉപദ്രവിക്കുന്നവരുടെ മരണത്തിനായി സങ്കീർത്തനക്കാരൻ അപേക്ഷിക്കുന്നു (സങ്കീ. 69, മശിഹാസങ്കീർത്തനമാണ്).

രണ്ടാമത്തെ വീക്ഷണത്തിൽ, പഴയനിയമത്തിലെ ജീവന്റെ പുസ്തകവും ശാരീരിക ജീവന്റെയല്ല, നിത്യ ജീവന്റെ പുസ്തകമാണ് എന്നതാണ്. എന്തായാലും പുറപ്പാട് 32-ലെ മോശെയുടെ അപേക്ഷ അസാദ്ധ്യമായ ഒരു അപേക്ഷയായിക്കാണപ്പെടുന്നു. ദൈവം തീർച്ചയായും മോശെയുടെ അസാദ്ധ്യവും അവിവേകപൂർവ്വവുമായ ചോദ്യത്തെ തള്ളിക്കളഞ്ഞു. മോശെയുടെ വാക്കുകൾ, റോമ. 9:1-3 വരെയുള്ള പൗലോസിന്റെ വാക്കുകളുമായി സമാനതയുള്ളതാണ്. അത് സാദ്ധ്യമായിരുന്നെങ്കിൽ, പൗലോസ് യിസ്രായേലിന്റെ രക്ഷയ്ക്കു വേണ്ടി തന്റെ സ്വന്തരക്ഷയെ വിൽക്കുമായിരുന്നു. സങ്കീ. 69:28 ഉം നിത്യ ജീവനെപ്പറ്റിയുള്ള ഒരു പുസ്തകവുമായി ബന്ധപ്പെടുത്തിയുള്ളതാണ്. എല്ലാ പ്രാണനും രക്ഷയ്ക്ക് സാദ്ധ്യതയുള്ളതാകയാൽ, എല്ലാവരുടെയും പേരുകൾ ജീവന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു എന്നു കരുതുക. ഏതായാലും, മരണസമയത്ത് അവിശ്വാസികളുടെ പേരുകൾ ദൈവം മായിച്ചുകളകയും, താൻ വാഗ്ദത്തം ചെയ്തതുപോലെ വിശ്വാസമുള്ളവരുടെപേരുകൾ മായിച്ചു കളയാതിരിക്കുകയും ചെയ്യും. ജീവന്റെ പുസ്തകം എല്ലാവരുടെയും പേരുകൾ ഉൾപ്പെടുത്തിയാണ് തുടങ്ങുന്നതെങ്കിൽ, സങ്കീ. 69:28 മശിഹായെ, നേരിട്ട് കൊന്നവരെ നിത്യമായ ന്യായവിധിയിൽ ആക്കുവാനുള്ള ഒരു അപേക്ഷയാണ് (സങ്കീ. 69:21). അങ്ങനെ അവരുടെ ഹൃദയങ്ങൾ ഇനി വിശ്വസിക്കുവാനുള്ള ഒരു പ്രതീക്ഷയും ഇല്ലാത്ത വിധം കഠിനമായിപ്പോയേക്കാം. അങ്ങനെ ക്രിസ്തുവിനെക്കൂടാതെയുള്ള അവരുടെ മരണത്തിങ്കൽ, അവരുടെ പേരുകൾ ജീവപുസ്തകത്തിൽ നിന്ന് മായ്ച്ചുകളയപ്പെട്ടു.

ദൈവത്തിന്റെ പുസ്തകങ്ങൾക്ക് വേദപുസ്തകത്തിൽ ധാരാളം പരാമർശങ്ങളുണ്ട്(പുറ. 32:32-33; സങ്കീ. 56:8; 69:28; ദാനീ. 7:10; 12:1; മലാ. 3:16; ലൂക്കോ. 10:20; ഫിലി. 4:3; എബ്രാ. 12:23; വെളി. 3:5; 13:8; 20:12-15). ഇവയെല്ലാം ഒരേ പുസ്തകത്തെപ്പറ്റി പരാമർശിക്കുന്നു. എന്നു കാണാതെ, ഓരോ പുസ്തകവും പല തരത്തിലുള്ള വിവരങ്ങൾ സൂക്ഷിക്കുന്നതിനാൽ, ഓരോന്നും അവയുടെ സന്ദർഭത്തിൽ മനസ്സിലാക്കുന്നതാണ് നല്ല തെന്ന് എഴുത്തുകാരൻ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുസ്തകങ്ങളിൽ നിന്ന് പേര് മായിച്ചുകളയപ്പെടുന്നു എന്നു കാണിക്കുന്ന വാക്യങ്ങൾ നിത്യഭദ്രതയ്ക്ക് ഒരു പ്രശ്നമായിക്കാണേണ്ടതില്ല. അത് ശാരീരികജീവന്റെ നഷ്ടത്തെയോ അല്ലെങ്കിൽ ഇനിയൊരിക്കലും നിത്യജീവൻ പ്രാപിക്കാത്തതിനാൽ മരണസമയത്ത് മായ്ച്ചുകളയുന്നതിനെയോ സൂചിപ്പിക്കുന്നു. ഏതാ

യാലും, വിശ്വാസികൾ കുഞ്ഞാടിന്റെ, നിത്യജീവന്റെ പുസ്തകത്തിൽ നിന്നു **മായിക്കപ്പെടുന്നില്ല.**

C. നിത്യഭദ്രതയെപ്പറ്റിയുള്ള നിഗമനം

ഒരു വിശ്വാസിയുടെ നിത്യഭദ്രതയെപ്പറ്റിയുള്ള ഉപദേശത്തിനെതിരായ വാദങ്ങളെ അഭിസംബോധന ചെയ്യുവാനുള്ള ഒരു ആത്മാർത്ഥമായ പരിശ്രമമായിരുന്നു ഈ പഠനം. ഏറ്റവും അടിസ്ഥാനപരവും, തെളിവായുമുള്ള ബൈബിളിലെ ഉപദേശങ്ങളിൽത്തന്നെ നിത്യഭദ്രതയ്ക്കുള്ള എല്ലാ പിൻതുണയും കാണപ്പെടുന്നു (വിശ്വാസത്താൽ നീതീകരണം, മുൻനിർണ്ണയം, ആത്മാവിന്റെ മുദ്ര തുടങ്ങിയവ). വിശ്വാസിയുടെ ഭദ്രതയ്ക്ക് എതിരായി നിൽക്കുന്ന വാദങ്ങൾ, വിശ്വാസിയുടെ ഭദ്രതയെ കാണിക്കുവാൻ ഉപയോഗിക്കുന്ന വാക്യങ്ങൾ തന്നെയാണ്. അവ ശരിയായി വ്യാഖ്യാനിച്ചാൽ ഭദ്രതയെ പിൻതുണയ്ക്കുന്നതായി കാണാം. ഭയമില്ലാതെ, സത്യത്തിൽ ഉറച്ചു നിന്നുകൊണ്ട് മറ്റുള്ളവരെ പഠിപ്പിക്കുവാനും, ഉപദേശിക്കുവാനും നിത്യഭദ്രതയുടെ ഉപദേശം ഒരു ദൈവദാസനെ പ്രാപ്തനാക്കുന്നു. ദൈവത്തെപ്പറ്റിയും സ്വയത്തെപ്പറ്റിയുമുള്ള ഒരു ശരിയായ വീക്ഷണത്തിന് രക്ഷയുടെ ഉറപ്പ് ഒരു അവിഭാജ്യഘടകമാണ്. ഒരു വിശ്വാസിയുടെ ഭദ്രതയുടെ അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് ദൈവത്തിന്റെ പൂർണ്ണ അനുഗ്രഹങ്ങളും ക്രിസ്തീയജീവിതത്തിൽ അനുഭവിക്കാൻ കഴിയുകയുള്ളൂ.

VIII. രക്ഷാതത്വശാസ്ത്രത്തിന്റെ ഉപസംഹാരങ്ങൾ

വിശുദ്ധ ത്രിത്വം, "ഇത്ര വലിയ രക്ഷ" (എബ്രാ. 2:3) യാണ് നമുക്ക് ദാനം ചെയ്യുകയും നടപ്പിലാക്കിത്തരികയും ചെയ്തിരിക്കുന്നത്. ദൂതന്മാർ സഭയെ പഠിക്കുമ്പോൾ, അവർ ദൈവത്തിന്റെ ജ്ഞാനത്തിന്റെ ആഴം പഠിക്കയും, അതിനായി ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു (എഫെ. 3:10). കുരിശിൽ കർത്താവായ യേശുക്രിസ് തു പാപത്തിനുള്ള വീണ്ടെടുപ്പു വില നൽകി, ദൈവത്തി ന് പ്രായശ്ചിത്തം ചെയ്ത് മനുഷ്യന് ദൈവത്തോടുള്ള പൂർണ്ണനിരപ്പിന് മാർഗ്ഗമൊരുക്കി. ഈ രക്ഷ ക്രിസ്തു വിലുള്ള വിശ്വാസത്താൽ മാത്രം കൃപയാൽ വ്യക്തികൾ ക്ക് നല്കപ്പെട്ടിരിക്കുന്നു. നമ്മുടെ ചിന്തയ്ക്ക് അതീതമായ യാഥാർത്ഥ്യങ്ങളാൽ വിശ്വാസികൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ നീതി അങ്കിയായി ലഭിച്ചു (വിശ്വാസത്താൽ നീതീകരണം), നിത്യസുരക്ഷ തുടങ്ങി യവ വിശ്വാസത്തിനു ശേഷം പരിശുദ്ധാത്മാവിനാൽ ലഭിക്കുന്ന ക്രിസ്തീയ ജീവിതത്തിനും ശുശ്രൂഷയ്ക്കും അവസരങ്ങളുണ്ട്.

അദ്ധ്യായം 10

ന്യൂമറ്റോളജി

പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ഉപദേശം

ഭാഗം 1
പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ഉപദേശം

രൂപരേഖ

I. ആമുഖം
II. പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം
  A. വ്യാകരണഭാഷയിൽ ആത്മാവ്
  B. വ്യക്തിത്വത്തിന്റെ അടിസ്ഥാന ഘടകങ്ങൾ
    1. ബുദ്ധി
    2. വികാരങ്ങൾ
    3. ഇച്ഛാശക്തി
  C. പരിശുദ്ധാത്മാവിന്റെ വ്യക്തിപരമായ പ്രവൃത്തികൾ
    1. ഉപദേശിക്കുന്നു (പഠിപ്പിക്കുന്നു)
    2. സംസാരിക്കുന്നു
    3. ശാസിക്കുന്നു
    4. പ്രാർത്ഥിക്കുന്നു പക്ഷവാദം ചെയ്യുന്നു
    5. നടത്തുന്നു (നയിക്കുന്നു)
    6. സാക്ഷ്യം പറയുന്നു
    7. ജീവൻ നല്കുന്നു
    8. ആജ്ഞാപിക്കുന്നു; നിയമിക്കുന്നു.
    9. കൂട്ടായ്മകൾ
  D. പരിശുദ്ധാത്മാവ് വ്യക്തി എന്ന നിലയിൽ പ്രതിപാദിച്ചിരിക്കുന്നു
    1. ദു:ഖിപ്പിക്കാം, എതിർക്കാം
    2. വ്യാജം പറയാം
    3. പരീക്ഷിക്കാം
    4. അപമാനിക്കാം
    5. ദൂഷണം പറയാം
  E. ത്രിത്വം പരിശുദ്ധാത്മാവിന്റെ ആളത്വം
III. പരിശുദ്ധാത്മാവിന്റെ ദൈവത്വം
  A. ദൈവത്വ പ്രസ്താവനകൾ
  B. ത്രിത്വത്തിന്റെ തെളിവുകൾ
  C. പഴയനിയമത്തിലെ ദൈവം പുതിയനിയമത്തിൽ പരിശുദ്ധാത്മാവ്
  D. പരിശുദ്ധാത്മാവും പ്രവർത്തനങ്ങളും/ ദൈവത്വത്തിന്റെ സ്വഭാവസവിശേഷതകൾ
    1. സർവ്വവ്യാപിത്വം
    2. നിത്യത്വം
    3. സർവ്വജ്ഞാനം
    4. സൃഷ്ടാവ്
    5. ജീവദാതാവ്
    6. തിരുവെഴുത്തുകളുടെ എഴുത്തുകാരൻ
    7. ആത്മാവിനെതിരായ ദൂഷണം
IV. പരിശുദ്ധാത്മാവിന്റെ സാദൃശ്യങ്ങൾ
  A. പ്രാവ്
  B. വെള്ളം
  C. തീ
  D. കാറ്റ്
  E. എണ്ണ
  F. വീഞ്ഞ്
  G. മുദ്ര
  H. അച്ചാരം/ ഉറപ്പ്
V. പരിശുദ്ധാത്മാവിന്റെ "പുറപ്പെടൽ"
VI. ന്യായപ്രമാണയുഗത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം
  A. ന്യായപ്രമാണത്തിൻകീഴിലും കൃപയുടെ കീഴിലും പരിശുദ്ധാത്മപ്രവൃത്തിയുടെ വ്യത്യാസം
  B. പഴയ നിയമത്തിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചവർ
  C. പഴയ നിയമകാലഘട്ടത്തിൽ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ
VII. സഭാ യുഗത്തിൽ പരിശുദ്ധാത്മാവിന്റെപ്രവർത്തനം
  A. അവിശ്വാസികളോടുള്ള ബന്ധത്തിൽ
    1. ബോദ്ധ്യം വരുത്തുക
      a. ആത്മാവിന്റെ ബോദ്ധ്യം വരുത്തുന്ന ശുശ്രൂഷയുടെ ആവശ്യകത

b. ലോകത്തിന് ബോദ്ധ്യം വരുത്തുന്ന ആത്മാവിന്റെ ശുശ്രൂഷയുടെ ഉപകരണം

c. ആത്മാവ് ബോദ്ധ്യം വരുത്തുന്ന ശുശ്രൂഷയുടെ പ്രാഥമിക തലങ്ങൾ

d. കുറ്റബോധം വരുത്തുന്നതിൽ എന്തെല്ലാം ഉൾപ്പെടുന്നു

2. തടയുക അഥവാ നിയന്ത്രിക്കുക

B. വിശ്വാസികളോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി

1. വീണ്ടും ജനനം

2. അധിവാസം

a. ആരിൽ അധിവസിക്കുന്നു

b. എപ്പോൾ, എങ്ങനെ അധിവാസം ലഭിക്കുന്നു

c. എത്രകാലം പരിശുദ്ധാത്മാവ് അധിവാസം ചെയ്യും

3. പരിശുദ്ധാത്മ സ്നാനം

a. ആമുഖം, നിർവചനം

b. ആത്മസ്നാനവും, സഭാവ്യവസ്ഥകളും

c. ആത്മസ്നാനം, ക്രിസ്തുവിൽ ഐക്യത

(1) ആത്മസ്നാനം മുഖാന്തിരം ക്രിസ്തുവിൽ ഐക്യത

(2) ക്രിസ്തുവിലെ ഐക്യത സകല വിശ്വാസികളെയും യോജിപ്പിക്കുന്നു

d. ആത്മസ്നാനം പ്രാപിക്കുന്നവർ

(1) ആത്മാവിൽ സ്നാനം ലഭിക്കുന്നവർ

(2) ആത്മസ്നാന സമയം

(3) ആത്മസ്നാനം പ്രാപിക്കുന്ന വിധം

(4) ആത്മസ്നാനത്തിന്റെ സമയദൈർഘ്യം

(5) ഉപസംഹാരം

4. ആത്മമുദ്ര

5. ആത്മനിറവ്

a. ഉറപ്പായ നിർണ്ണയങ്ങൾ

(1) നിയന്ത്രണം, സ്വാധീനത ഇവയ്ക്കു തുല്യമാണ് നിറവ്

(2) പരിശുദ്ധാത്മാവ് തന്റെ തന്നെ വചനത്താൽനിയന്ത്രിക്കുന്നു.

(3) നിറവിന്റെ നിർവ്വചനം

(4) നിറവിന്റെ പ്രക്രിയയുടെ വിവരണം

(a) പരിശുദ്ധാത്മ നിയന്ത്രണം, മനസ്സിന്റെ പുതുക്കം, രൂപാന്തരം എന്നീ നിലയിൽ

(i) വിശ്വാസി പാപം ഏറ്റുപറയുന്നു, സ്വയം സമർപ്പിക്കുന്നു

(ii) വിശ്വാസി ബൈബിളിൽ ദൈവമഹത്വം ദർശിക്കുന്നു

(iii) പരിശുദ്ധാത്മാവ് തന്റെ വചനത്തെ ക്രിസ്തുവിന്റെ മഹത്വവും വിശ്വാസിയുടെ കുറവുകളും ചൂണ്ടിക്കാണിക്കാനുപയോഗിക്കുന്നു

(iv) മാറ്റത്തിനായി വിശ്വാസിയുടെ തിരഞ്ഞെടുപ്പും മാറ്റം ഉളവാക്കുവാൻ പരിശുദ്ധാത്മാവിനെ ആശ്രയിക്കുന്നതും

(v) ക്രിസ്തുവിന്റെ സ്വഭാവത്തിലേക്ക് രൂപാന്തരപ്പെടുത്തുവാൻ പരിശുദ്ധാത്മാവ് എഴുതപ്പെട്ട വചനം ഉപയോഗിക്കുന്നു.

(b) പരിശുദ്ധാത്മാവിന്റെ നിയന്ത്രണം നിറവെന്ന നിലയിൽ വിവരിച്ചിരിക്കുന്നു

(i) പരിശുദ്ധാത്മാവിനാൽ നിറയുവിൻ

(ii) പരിശുദ്ധാത്മാവിനാൽ നടക്കുവിൻ

(iii) പരിശുദ്ധാത്മാവിനെ കെടുക്കരുത്

(iv) പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്

(v) ആത്മാവിന്റെ ഫലം

(c) സംഗ്രഹം, ആത്മനിറവിനെക്കുറിച്ച് ഉപസംഹാരം

(5) ആത്മനിറവിൻ ജീവിതത്തിന്റെ ദൃശ്യമായ ഫലങ്ങൾ

(a) 'യാന്ത്രിക' ഫലങ്ങൾ

(b) യഥാർത്ഥ ഫലങ്ങൾ

(6) പരിശുദ്ധാത്മ നിറവിനോടുബന്ധപ്പെട്ട വിഷയങ്ങൾ

(a) പ്രകാശനം

(b) വ്യക്തിപരമായ മാർഗ്ഗനിർദ്ദേശം

(i) വ്യക്തമായി കേൾക്കാവുന്ന വാക്കുകളിലൂടെ

(ii) വാക്കുകൾ കൂടാതെയുള്ള ഉൾപ്രേരണകളിലൂടെയും ആന്തരിക ബോദ്ധ്യങ്ങളിലൂടെയും

(c) പരിശുദ്ധാത്മാവിലുള്ള പ്രാർത്ഥന

(d) ഉറപ്പ്

(e) ആത്മാവിന്റെ ഫലം

b. ആത്മനിറവിനെ സംബന്ധിച്ച മർമ്മങ്ങൾ

(1) ആത്മാവിനെ അധികമായി പ്രാപിക്കുന്നതിനെക്കുറിച്ചുള്ള നിശ്ചയമില്ലായ്മയുടെ കാരണങ്ങൾ

(2) പരിശുദ്ധാത്മാവിനാൽ നിറഞ്ഞതു സംബന്ധിച്ച് ലൂക്കോസ് സുവിശേഷത്തിലും അപ്പോ. പ്രവൃത്തിയിലും

(a) ഒന്നാം വീക്ഷണം

(b) രണ്ടാം വീക്ഷണം

(c) മൂന്നാം വീക്ഷണം

(d) നാലാം വീക്ഷണം

(3) എഫെ. 5:18 ന്റെ അർത്ഥം

(a) വ്യാഖ്യാനം, ആത്മാവ് എന്നത് മനുഷ്യാത്മാവിനെ പരാമർശിക്കുന്നു.

(b) ആത്മാവിൽ, ആത്മാവിനാൽ, ആത്മാവുകൊണ്ട്

(i) ആത്മാവിനാൽ നിറയുക

(ii) ആത്മാവുകൊണ്ടു നിറയുക

(iii) ആത്മാവിൽ നിറയുക

(4) ഉപസംഹാരം, പരിശുദ്ധാത്മാവിനെ അധികമായി പ്രാപിക്കുന്നതു സംബന്ധിച്ച്

പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ഉപദേശം

I. ആമുഖം

ത്രിത്വത്തിൽ മൂന്നാം ആളത്വമായ പരിശുദ്ധാത്മാവിനോടുള്ള ബന്ധത്തിൽ ധാരാളം പഠിപ്പിക്കലുകൾ തിരുവെഴുത്തുകളിൽ ഉൾക്കൊണ്ടിരിക്കുന്നു. ചില വേദഭാഗങ്ങൾ മനുഷ്യാത്മാവിനെക്കുറിച്ചും അതുപോലെതന്നെ പരിശുദ്ധാത്മാവിനെക്കുറിച്ചും സൂചിപ്പിക്കുന്നു. അതുകൊണ്ട് കൃത്യമായി എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ടെന്നു ഗ്രഹിക്കുവാൻ സൂക്ഷ്മമായി കണക്കു കൂട്ടേണ്ടതാണ്. ഏകദേശം 75 സൂചനകൾ പഴയനിയമത്തിലും ഏകദേശം 220-230 സൂചനകൾ പുതിയ നിയമത്തിലും ഉണ്ടെന്നു കണക്കാക്കുന്നു(92 മുതൽ 94 പ്രാവശ്യം വരെ "പരിശുദ്ധ" എന്ന പദം "ആത്മാവ്" എന്നതിനോട് ചേർത്ത് ഉപയോഗിച്ചിരിക്കുന്നതായി പുതിയ നിയമ ഗ്രീക്ക് കൈയ്യെഴുത്തു പ്രതിയനുസരിച്ച്- ഏതു കയ്യെഴുത്തു പ്രതിയാണു പരിശോധിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ- കണക്കുകൂട്ടാം). അദൃശ്യമായതെന്തിനെയും നിഷേധിക്കുന്നവർക്ക് "ആത്മാവ്" എന്ന വിഷയം ചില പ്രശ്നങ്ങൾ ഉളവാക്കാം. അതുകൊണ്ട് ബൈബിളിനെ ആദരവോടെ കരുതാത്ത ചിലരെങ്കിലും പരിശുദ്ധാത്മാവ് ഒരു വ്യക്തിയല്ലെന്നും, വ്യക്തിത്വമില്ലാത്ത കേവലം ഒരു ശക്തിയോ സ്വാധീനതയോ മാത്രമാണെന്നും പഠിപ്പിക്കാറുണ്ട്. കളിക്കളത്തിലിറങ്ങുന്ന ഒരു ടീമിന്റെ "മത്സരവീര്യം" പോലെയോ ക്രിസ്തുമസ് വേളയിലെ ആവേശം പോലെയോ മാത്രമാണ് അവർക്കു പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വീക്ഷണം. ആകയാൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ച പഠനം പലപ്പോഴും പരിശുദ്ധാത്മാവിന്റെ ആളത്വത്തെക്കുറിച്ചു പരാമർശിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്.

II. പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം

A. വ്യാകരണഭാഷയിൽ ആത്മാവിന്റെ ആളത്വം

ചിലപ്പോൾ അല്പജ്ഞാനം അപകടമാണ്. പരിശുദ്ധാത്മാവിനു വ്യക്തിയായിരിപ്പാനാവില്ല, കാരണം പരിശുദ്ധാത്മാവിനെക്കുറിച്ചുപയോഗിച്ചിരിക്കുന്ന 'ഗ്രീക്കുപദം' (pneuma)നപുംസകമാണെന്ന് ചിലർ വാദിക്കാറുണ്ട്. ഗ്രീക്കുഭാഷ പഠിക്കുന്നവർ കണ്ടെത്തുന്ന ഒരു കാര്യം, ഇതിന്റെ നാമരൂപത്തിന് മൂന്ന് പ്രധാന 'അന്ത്യം"(ending) ഉണ്ടെന്നതാണ്. വ്യക്തമായും സ്ത്രീലിംഗ രൂപേണ പ്രതിപാദിക്കുന്ന വസ്തുക്കൾ; ആ മാതൃകയിലുള്ള പദങ്ങളെല്ലാം തന്നെ സ്ത്രീലിംഗമായിട്ടാണ് വിളിക്കുന്നത്. അതുപോലെതന്നെ വ്യക്തമായും പുല്ലിംഗ രൂപേണയുള്ളവ വാക്കുകളുടെ മാതൃകയിൽപെടുന്ന പദങ്ങളെയെല്ലാം പുല്ലിംഗമായി കണക്കാക്കുന്നു. എന്നാൽ ഇവ പൊതുവായ പ്രമാണമെന്നല്ലാതെ പുല്ലിംഗ വിഭാഗത്തിൽപ്പെടുന്നവയെല്ലാം തീർത്തും പുരുഷരൂപമാണെന്നും എതിർ വിഭാഗത്തിൽപ്പെടുന്നവയെല്ലാം സ്ത്രീരൂപമാണെന്നും ഇതിനർത്ഥമില്ല. റോഡ്, കത്ത് ഈ വാക്കുകൾ ഗ്രീക്കിൽ സ്ത്രീലിംഗ രൂപമാണ്. എന്നാൽ അവ സ്ത്രീകളല്ല! പഴം, ലോകം, ഇവ ഗ്രീക്കിൽ പുല്ലിംഗമാണ്, അവ പുരുഷന്മാരല്ല. "ആത്മാവ്" എന്ന പദം തീർച്ചയായും നപുംസകമാണ്. കാറ്റിനെ സൂചിപ്പിക്കുന്ന ലളിതമായ പദം തന്നെയാണിത് ന്യൂമാ (ഇതിൽ നിന്നുമാണ് 'ന്യൂ മോണിയാ' എന്ന വാക്കുണ്ടായത്). ഈ നപുംസക പദം സാധാരണയായി അദൃശ്യ വസ്തുക്കളെയോ കാണാൻ കഴിയാത്ത ആളത്വങ്ങളെയോ സൂചിപ്പിക്കുവാനായി എഴുത്തുകാരൻ ഉപയോഗിച്ചിരിക്കുന്നു (കാറ്റ് അദൃശ്യവസ്തുവാണല്ലോ). മനുഷ്യർ ആത്മാക്കളാണ്. ദൂതന്മാർ ആത്മാക്കളാണ്. പിശാചുക്കൾ ആശുദ്ധാത്മാക്കൾ അഥവാ ദുഷ്ടാത്മാക്കളാണ്. അതുപോലെ ദൈവം ആത്മാവാണ് (യോഹ. 4:24). വേദപുസ്തക രചയിതാക്കൾ "ആത്മാവ്" എന്ന പദം ഒരു നാമപദമായി, പരി

ശുദ്ധാത്മാവിനെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുമ്പോൾ ഒരു വിധത്തിലും വ്യക്തിത്വം നിഷേധിക്കുവാൻ യാതൊരു ശ്രമവും നടത്തുന്നില്ലെന്നോർക്കണം. ഒരു മനുഷ്യവ്യക്തിത്വത്തെ 'ആത്മാവ്' എന്നു നാമകരണം ചെയ്യുന്ന അതേ നിലയിലാണ് അവർ പരിശുദ്ധാത്മാവിനെ സംബന്ധിച്ചും ഈ പദം ഉപയോഗിക്കുന്നത്. അതുപോലെ പരിശുദ്ധാത്മാവിന്റെ അദൃശ്യപ്രകൃതിയെയും ശക്തിയെയും വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ചു കൊണ്ടാണ് ഈ പദം അവർ ഉപയോഗിക്കുന്നതെന്ന് വ്യക്തം(കാറ്റിനെപ്പോലെ).

പരിശുദ്ധാത്മാവിനെ സംബന്ധിച്ച് നിരവധിസൂചനകൾ നപുംസക രൂപത്തിലല്ല, മറിച്ച് പുല്ലിംഗരൂപത്തിലാണ് തിരുവെഴുത്തിൽ നൽകിയിരിക്കുന്നതെന്ന് മനസ്സിലാക്കിയിരിക്കണം. 'ആശ്വാപ്രദൻ' (സഹായി) എന്ന പദവും 'കാര്യസ്ഥൻ' (വക്കീൽ) എന്ന പദവും പുല്ലിംഗമാണ്. ക്രിസ്തു പറഞ്ഞത് 'പരിശുദ്ധാത്മാവ്' മറ്റൊരു കാര്യസ്ഥനായിരിക്കും എന്നാണ് (യോഹ. 14:16, 26; 15:26, 16:17). അതായത് കർത്താവിനെപ്പോലെ തന്നെയുള്ള അതേ തരത്തിലുള്ള മറ്റൊരു കാര്യസ്ഥൻ. കർത്താവായ യേശുക്രിസ്തു ഒരു വ്യക്തിയായിരിക്കുന്നതുപോലെ പരിശുദ്ധാത്മാവും ഒരു വ്യക്തിയായിരുന്നേ മതിയാവൂ. മാത്രമല്ല പുല്ലിംഗ സർവ്വനാമ രൂപങ്ങൾ പരിശുദ്ധാത്മാവിനെക്കുറിച്ച് അനേക സ്ഥാനങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട് (യോഹ. 15:26-*ekeinos*, 16:7-*auton*, 16:8-*ekeinos* 16:13 -*ekeinos*, 16:14-*ekeinos*; എഫെ. 1:14-*ekeinos*).

B. വ്യക്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങൾ

വേദശാസ്ത്രജ്ഞന്മാർ സാധാരണയായി ഒരു വ്യക്തിത്വത്തെ നിർവചിക്കുന്നത് ബുദ്ധിയും, വികാരവും, ഇച്ഛാശക്തിയുമുള്ള ഒരു ആളത്വമായിട്ടാണ്. വ്യക്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങളായ ഇവയെല്ലാം തന്നെ പരിശുദ്ധാത്മാവിനുള്ളതായി തിരുവെഴുത്തു ചിത്രീകരിക്കുന്നു.

1. ബുദ്ധി

പരിശുദ്ധാത്മാവ് ദൈവത്തിന്റെ ആഴങ്ങളെ ആരായുന്നു (1 കൊരി. 2:10-11) റോമ. 8:27 അനുസരിച്ച് അവന് 'മനസ്സ്' (ചിന്ത) ഉണ്ട്.

> "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; **ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു, മനുഷ്യനിലുള്ളതു** അവനിലെ മനുഷ്യാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളത് **ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല**" (1 കൊരി. 2:10, 11).
>
> "എന്നാൽ ആത്മാവു വിശുദ്ധന്മാർക്കു വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതു കൊണ്ട് **ആത്മാവിന്റെ ചിന്ത** ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു" (റോമ. 8:27).

2. വികാരങ്ങൾ

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കാം എന്നതിനാൽ അവന് വികാരങ്ങൾ ഉണ്ടെന്നു വ്യക്തം

> "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ **ദു:ഖിപ്പിക്കരുത്,** അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത്" (എഫെ. 4:30).

3. ഇച്ഛാശക്തി

ഓരോ വിശ്വാസിയ്ക്കും ഏതു വരം അഥവാ വരങ്ങൾ നൽകണമെന്ന് പരിശുദ്ധാത്മാവ് നിർണ്ണയിക്കുന്നു. അതുകൊണ്ട് തീർച്ചയായും അവിടുത്തേക്ക് ഇച്ഛാശക്തിയുണ്ട്.

> "എന്നാൽ ഇതു എല്ലാം പ്രവർത്തിക്കുന്നതു **താൻ ഇച്ഛിക്കുംപോലെ** അവനവനു അതതുവരം പകുത്തു കൊടുക്കുന്ന ഒരേ ആത്മാവു തന്നെ" (1 കൊരി. 12:11).

C. പരിശുദ്ധാത്മാവ് വ്യക്തിപരമായ പ്രവൃത്തികൾ ചെയ്യുന്നു

1. ആത്മാവ് ഉപദേശിച്ചു തരുന്നു (യോഹ. 14:26)
2. സംസാരിക്കുന്നു (അപ്പോ. പ്രവ. 13:2, 21:11, ഗലാ. 4: 6; 1 തിമൊ. 4:1; വെളി. 2:7, 11, 17, 29)
3. ആത്മാവ് ശാസിക്കുന്നു(ഉല്പ. 6:3, യോഹ. 16:8 ff).
4. ആത്മാവ് പ്രാർത്ഥിക്കുന്നു, മധ്യസ്ഥത ചെയ്യുന്നു (റോമ. 8:26).
5. ആത്മാവു നയിക്കുന്നു (അപ്പോ.പ്രവ. 16: 6, റോമ. 8: 14; ഗലാ. 5:18)
6. ആത്മാവു സാക്ഷ്യം പറയുന്നു (യോഹ. 15:26, റോമ. 8:16)
7. ആത്മാവു ജീവൻ നൽകുന്നു (യോഹ. 3:6; തീത്തോസ് 3:5).
8. ആത്മാവ് ആജ്ഞാപിക്കുകയും നിയമിക്കുകയും ചെയ്യുന്നു (അപ്പോ. പ്രവ. 13:1-4; 20:28)
9. ആത്മാവ് കൂട്ടായ്മ കാണിക്കുന്നു (2 കൊരി. 13:14).

D. പരിശുദ്ധാത്മാവിനെ ഒരു വ്യക്തിയെന്ന നിലയിൽ പരാമർശിക്കുന്നു

1. ആത്മാവ് ദു:ഖിക്കുകയും ആത്മാവിനോട് എതിർത്തു നിൽക്കുകയും ചെയ്യാം(ഉല്പ. 6:3; യെശ. 63: 10; എഫെ. 4:30).

2. ആത്മാവിനെതിരെ വ്യാജം കാണിച്ചു (അപ്പോ. പ്രവ. 5:3).

3. ആത്മാവിനെ പരീക്ഷിച്ചു (അപ്പോ. പ്രവ. 5:9)

4. ആത്മാവിനെ നിന്ദിച്ചു (എബ്രാ. 10:29)

5. ആത്മാവിന് നേരെയുള്ള ദൂഷണം (മത്താ. 12:31).

E. പരിശുദ്ധാത്മാവിന്റെ ആളത്വവും ത്രിത്വവും

പരിശുദ്ധാത്മാവിന്റെ ദൈവത്വം സംബന്ധിച്ചുള്ള എല്ലാ തെളിവുകളും ത്രിത്വോപദേശവും ആത്മാവിന്റെ ആളത്വത്തെ ഉറപ്പിക്കുന്നു.

III. പരിശുദ്ധാത്മാവിന്റെ ദൈവത്വം

A. ദൈവത്വത്തെക്കുറിച്ചുള്ള പ്രസ്താവന

"അപ്പോൾ പത്രൊസ്: അനന്യാസെ, **പരിശുദ്ധാത്മാവിനോടു വ്യാജം കാണിപ്പാനും** നിലത്തിന്റെ വിലയിൽ കുറെ എടുത്തുവെപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയത് എന്ത്? അതു വില്ക്കും മുമ്പെ നിന്റേതായിരുന്നില്ലയോ? വിറ്റശേഷവും നിന്റെ കൈവശം അല്ലാഞ്ഞുവോ? ഈ കാര്യത്തിനു മനസ്സുവച്ചത് എന്ത്? മനുഷ്യരോടല്ല, **ദൈവത്തോടത്രെ** നീ വ്യാജം കാണിച്ചത് എന്നു പറഞ്ഞു" (അപ്പോ. പ്രവ. 5:3-4).

"കർത്താവു ആത്മാവാകുന്നു. കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യമുണ്ട്" (2 കൊരി. 3:17).

"അതിനു ദൂതൻ: **പരിശുദ്ധാത്മാവു** നിന്റെമേൽ വരും; **അത്യുന്നതന്റെ** ശക്തി നിന്റെമേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (പരിശുദ്ധാത്മാവിന്റെ ദൈവത്വം ഇവിടെ അർത്ഥമാക്കുന്നു) (ലൂക്കോ. 1:35).

"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ? (പരിശുദ്ധാത്മാവിന്റെ ദൈവത്വം അർത്ഥമാക്കുന്നു) (1 കൊരി. 3:16).

B. ത്രിത്വത്തിനുള്ള തെളിവുകൾ

ത്രിത്വത്തിനുള്ള ഓരോ തെളിവും പരിശുദ്ധാത്മാവിന്റെ ദൈവത്വത്തിനുള്ള തെളിവു കൂടെയാണ്. (2-ാം അദ്ധ്യായം "തിയോളജി പ്രോപ്പർ" കാണുക) പുതിയ നിയമത്തിൽ ത്രിത്വത്തെക്കുറിച്ചു പരാമർശിച്ചിരിക്കുന്ന ചില വേദഭാഗങ്ങൾ

മത്താ. 3:16-17; 28:19; യോഹ. 14:16-17; 15:26; 16:7-15; റോമ. 8:14-17; 15:30; ഗലാ. 4:4-6; എഫെ. 1:3-14; 4:4-6; 1 കൊരി. 12:4-6; 2 കൊരി. 1:21, 22; 13:14; എബ്രാ. 9:14; 1 പത്രൊ. 1:2) എഫെ. 4:4-6-ൽ പരിശുദ്ധാത്മാവിനെ ആദ്യം പറഞ്ഞിരിക്കുന്നു, റോമ. 15:30-ൽ രണ്ടാമതും.

C. പഴയനിയമത്തിലെ ദൈവം പുതിയനിയമത്തിലെ പരിശുദ്ധാത്മാവ്

പഴയനിയമത്തിൽ പല പ്രാവശ്യം ദൈവത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഒരു പരാമർശം പരിശുദ്ധാത്മാവിനെക്കുറിച്ചാണു പറഞ്ഞിരിക്കുന്നതെന്നു ഒരു പുതിയ നിയമ എഴുത്തുകാരൻ എടുത്തുപറഞ്ഞിരിക്കുന്നു.

താഴെ പറയുന്ന വേദഭാഗങ്ങൾ താരതമ്യം ചെയ്യുക

യെശ. 6:8-10; അപ്പോ. പ്രവ. 28:25-27; സങ്കീ. 95:7-11; എബ്രാ. 3:7-11; യിരെമ്യാ. 31:31-34; എബ്രാ. 10:15-17

D. പരിശുദ്ധാത്മാവും സ്വഭാവസവിശേഷതകളും/ ദൈവത്വത്തിന്റെ പ്രവർത്തനങ്ങൾ

1. സർവ്വവ്യാപിത്വം (സങ്കീ. 139:7-10)

2. നിത്യത്വം (എബ്രാ. 9:14)

3. സർവ്വജ്ഞാനം (1 കൊരി. 2:10-11)

4. സ്രഷ്ടാവ് (ഉല്പ. 1: 2; ഇയ്യോ. 33:4; 26:13; സങ്കീ. 104:30)

5. ജീവദാതാവ് (യോഹ. 3:6; തീത്തോ. 3:5; ഉയിർത്തെഴുന്നേല്പ് റോമ. 8:11)

6. തിരുവെഴുത്തുകളുടെ എഴുത്തുകാരൻ (2 ശമു. 23:1-2; 2 പത്രൊ. 1:21)

7. പരിശുദ്ധാത്മാവിനെതിരായ ദൂഷണം ദൈപുത്രനെതിരായ ദൂഷണത്തെക്കാൾ ഗുരുതരം (മത്താ. 12:31, 32)

IV. പരിശുദ്ധാത്മാവിന്റെ സാദൃശ്യങ്ങൾ

A. പ്രാവ്

(മത്താ. 3:16; മർക്കോ. 1:10; ലൂക്കോ. 3:22).

പ്രാവ് എന്നപോലെ പരിശുദ്ധാത്മാവിനെ സ്നേഹം, സമാധാനം, സൗമ്യത ഇവയോടാണു ബന്ധപ്പെടുത്തേണ്ടത്

B. വെള്ളം (യോഹ. 36:25, 27; യെശ. 44:3; യോഹ. 7 : 37-39; തീത്തൊ. 3:5)

വെള്ളം എന്നതുപോലെ, പരിശുദ്ധാത്മാവ് ജീവൻ, നിറവ്, പുതുക്കം, വിശുദ്ധി, ഇവ നൽകുന്നു. പരിശുദ്ധാത്മാവിനെ "പകർന്നിരിക്കുന്നു" എന്ന് തിരുവെഴുത്തിൽ പറഞ്ഞിട്ടുണ്ട്.

C. തീ (മത്താ. 3:11; ലൂക്കോ. 3:16; പ്രവ. 2:3)

ദൈവസാന്നിദ്ധ്യം (പുറ. 3: 1) ദൈവശക്തി (1 രാജാ. 18: 38-39) ദൈവിക സംരക്ഷണം (പുറ. 13:21) ദൈവത്തിന്റെ ന്യായവിധി (എബ്രാ. 12:29)

എന്നീ നിലകളിൽ തീയെ ബൈബിൾ ചിത്രീകരിക്കുന്നു.

D. കാറ്റ് (യോഹ. 3:3-8; അപ്പോ. 2:2; 2 പത്രോ. 1:21, "മാറിപ്പോകുക" എന്ന പദം കപ്പൽ യാത്രയിൽ കാറ്റിനെക്കുറിച്ച് ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക അപ്പോ. പ്രവ. 27:15, 17).

എബ്രായഭാഷയിലും (*റൂഹാ*) ഗ്രീക്കുഭാഷയിലും (*ന്യൂമാ*) പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള അതേ പദം തന്നെയാണ് "കാറ്റിനെ" സൂചിപ്പിച്ചും നൽകിയിരിക്കുന്നത്. കാറ്റെന്നപോലെ അദൃശ്യവും ശക്തവുമാണ് ആത്മാവ്. 'ദൈവത്തിന്റെ ശ്വാസം' - സൃഷ്ടിപ്പിനോടു ബന്ധപ്പെട്ടിരിക്കുന്നു- മനുഷ്യസൃഷ്ടി (ഉല്പ. 2:7), യിസ്രായേൽ ജനതയുടെ പുനസൃഷ്ടി (യെഹെ. 37), വീണ്ടും ജനനം അല്ലെങ്കിൽ പുതുജനനം (യോഹ. 3:3-8), തിരുവെഴുത്തുകളുടെ സൃഷ്ടി അഥവാ ദൈവശ്വാസീയത (2 തിമൊ. 3:16; 2 പത്രോ. 1:21).

E. എണ്ണ

ബൈബിൾ പരിശുദ്ധാത്മാവിനെ എണ്ണയോടും ബന്ധപ്പെടുത്തിയിരിക്കുന്നു മാത്രമല്ല, "അഭിഷേകം" എന്ന പദവും പരിശുദ്ധാത്മാവിനോടു ചേർത്ത് പറഞ്ഞിരിക്കുന്നു. 1 ശമു. 10:1, 6; 16, 13; യെശ. 61:1, ലൂക്കോ. 4:18; അപ്പോ. പ്രവ. 10:38, 2 കൊരി. 1:21, 22; 1 യോഹ. 2:20,27). എണ്ണ ഒന്നാമത് രോഗസൗഖ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. (ലൂക്കോ. 10:34) അതുപോലെ സന്തോഷം, ആശ്വാസം, ഇത്യാദി ദൈവാനുഗ്രഹങ്ങളോടും (സങ്കീ. 23:5; 45:7; 104:15; യോവേൽ 1:10; 2:24) ഒരു പുതിയ ദൗത്യത്തിന്റെ പ്രാരംഭം (പുറ. 29:7, 1 ശമു. 10:1; 16:13) പ്രകാശം എന്നിവയോടും ബന്ധപ്പെട്ടിരിക്കുന്നു (സങ്കീ. 119:105). "എണ്ണ വിളക്ക്" നമുക്ക് പരിചയമുള്ളതാണല്ലോ? ജീവൻ നൽകിക്കൊണ്ട് പരിശുദ്ധാത്മാവു നമ്മെ ആത്മികമായി സുഖപ്പെടുത്തുന്നു. സന്തോഷവും ആനന്ദവും അവിടുന്നു പ്രദാനം ചെയ്യുന്നു. അവിടുന്ന് സത്യത്തെ നൽകുന്നു. ദൈവസേവയിൽ നമുക്കുള്ള ശക്തിയുടെ ഉറവിടം പരിശുദ്ധാത്മാവാണ്.

F. വീഞ്ഞ് (ലൂക്കോ. 1:15; അപ്പോ. പ്രവ. 2:13; എഫെ. 5:18).

പരിശുദ്ധാത്മാവിനെ വീഞ്ഞുമായി വിപരീതാർത്ഥത്തിൽ പറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവ് വീഞ്ഞിൽ നിന്നു വ്യത്യസ്തമായൊരു നിയന്ത്രണവും യഥാർത്ഥ സന്തോഷവുമാണ് നമുക്ക് പ്രദാനം ചെയ്യുന്നത്.

G. മുദ്ര

പരിശുദ്ധാത്മാവിനെ "മുദ്രയോടു" സാദൃശ്യപ്പെടുത്തിയിരിക്കുന്നു (മറ്റുഭാഗത്ത് വിശദീകരിച്ചിട്ടുണ്ട്)

H. അച്ചാരം അഥവാ ഉറപ്പ്

നിത്യഭദ്രതയെക്കുറിച്ചു പറയുന്ന ഭാഗത്ത് ഈ വിഷയം പ്രതിപാദിച്ചിട്ടുണ്ട്.

V. പരിശുദ്ധാത്മാവിന്റെ ആഗമനം

പിതാവും പുത്രനും കൂടെ പരിശുദ്ധാത്മാവിനെ ലോകത്തിലേക്ക് അയയ്ക്കുകയായിരുന്നു. യോഹ. 15:26; 16:7 എന്നിവിടങ്ങളിലെ വ്യക്തമായ പഠിപ്പിക്കലാണിത്. സഭാചരിത്രത്തിൽ ഈ ഉപദേശം നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ടെന്നതൊഴിച്ചാൽ, ഈ പഠിപ്പിക്കൽ അത്രത്തോളം ശ്രദ്ധേയമായിരിക്കുന്നില്ല. 1054-ൽ റോമൻ കത്തോലിക്കാ സഭയും ഗ്രീക്കു യാഥാസ്ഥിതിക സഭയും പരിശുദ്ധാത്മാവിന്റെ പേരിൽ ഭിന്നിച്ചു. റോമൻ കത്തോലിക്കർ പറഞ്ഞത് പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും വരുന്നുവെന്നാണ്. എന്നാൽ ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ നിലപാട്, പരിശുദ്ധാത്മാവ് പുത്രനിൽ നിന്നുമാത്രം വരുന്നു എന്നായിരുന്നു.

VI. ന്യായപ്രമാണയുഗത്തിൻ കീഴിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

A. ആത്മാവ് ന്യായപ്രമാണത്തിൻ കീഴിലെന്നും കൃപയുടെ കീഴിലെന്നും വിഭജിക്കുന്നതിന്റെ പ്രാധാന്യത.

ന്യായപ്രമാണത്തിൻ കീഴിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും കൃപയിൽ കീഴിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാതിരിക്കുന്നതു പരിശുദ്ധാത്മാവിനെ സംബന്ധിച്ച പഠനത്തിൽ കാതലായ വഴിതെറ്റലിന് ഹേതുവാകും. യഹൂദമതത്തിൽ നിന്നും സഭായുഗത്തിലേക്കുള്ള പെന്തക്കൊസ്തു നാളിലെ വ്യതിയാനം (ന്യായപ്രമാണത്തിൽ നിന്നും കൃപയിലേക്ക്) നിരാകരിക്കുന്ന വേദവിദ്യാർത്ഥിക്കു പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ ഒരിക്കലും മനസ്സിലാക്കുവാൻ കഴിയുകയില്ല. **സഭായുഗത്തിലെ പരിശുദ്ധാത്മ പ്രവർത്തനങ്ങളുടെ മാതൃക, സുവിശേഷങ്ങളിലോ, പഴയനിയമത്തിലോ കാണാനാവില്ല.** പക്ഷെ, ഈ വലിയ വ്യത്യാസം ആസന്നമാണെന്ന ധ്വനി സുവിശേഷങ്ങളിൽ മുഴങ്ങുന്നുണ്ട്. ആത്മസ്നാനം ആസന്നഭാവിയിൽ സംഭവിക്കുമെന്നു യോഹന്നാൻ സ്നാപകൻ ആവർത്തിച്ചു സൂചിപ്പിച്ചിരുന്നു (മത്താ. 3:11; മർക്കോ. 1:8; ലൂക്കോ. 3:16). കർത്താവു സ്വർഗ്ഗാരോഹണം ചെയ്യുന്ന സന്ദർഭത്തിൽപോലും ആത്മസ്നാനം ആസന്ന ഭാവിയിൽ ഉണ്ടാകുമെന്ന് ശിഷ്യന്മാരോടു പറഞ്ഞു (അപ്പോ. പ്രവ. 1:5). അപ്പോ. പ്രവ. 11:15-16 ആയപ്പോഴേക്കും ആത്മസ്നാനം 'നേരത്തെതന്നെ നടന്നുകഴിഞ്ഞു.' ഇപ്രകാരം, **പെന്തക്കോസ്തു നാളിലാണ് മുൻകൂട്ടിപ്പറഞ്ഞിരുന്ന ഈ വലിയ 'മാറ്റം' സംഭവിച്ചത് എന്നു മനസ്സിലാക്കാം. പെന്തക്കോസ്തിനുശേഷം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മുമ്പായിരുന്നതുപോലെയല്ല.** അതുകൊണ്ട് പഴയനിയമത്തിലോ സുവിശേഷത്തിലോ നോക്കി ഇന്നത്തേക്കുള്ള പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ മാതൃകയാണ് അവയെന്നുപറയാൻ ആർക്കും സാധ്യമല്ല.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ ഒരു "വലിയ മാറ്റം" സംഭവിക്കും എന്ന മറ്റു സൂചനകൾ നാം സുവിശേഷങ്ങളിൽ കാണുന്നുണ്ട്. യോഹ. 7:37-39 -ൽ പഠിപ്പിക്കുന്നത്, സകല വിശ്വാസികളിലും പരിശുദ്ധാത്മാവ് "അധിവസിക്കും" എന്നത്രെ. എന്നാൽ പരിശുദ്ധാത്മാവിന്റെ ഈ പ്രവൃത്തി ആരംഭിക്കുന്നത്, ക്രിസ്തുവിന്റെ തേജസ്സ്ക്കരണത്തിനു**ശേഷമാണെന്ന്** അവിടെ വ്യക്തമാക്കുന്നുണ്ട്. അതുപോലെതന്നെ, കർത്താവിന്റെ മരണത്തിനു തൊട്ടു മുമ്പുള്ള രാത്രിയിൽ മാളികമുറി പ്രഭാഷണത്തിലും(യോഹ. 14:16) ക്രിസ്തു പോയശേഷം പരിശുദ്ധാത്മാവ് പുതിയ ശുശ്രൂഷ ആരംഭിക്കുമെന്നതിന്റെ വെളിപ്പെടുത്തൽ ഗ്രഹിക്കാമല്ലോ!

സുവിശേഷങ്ങളിലും പഴയനിയമത്തിലും ഈ വർത്തമാന യുഗത്തിലേക്കുള്ള പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ ശരിയായ മാതൃക പ്രതിപാദിക്കുന്നുവെന്നു പറയുന്നവർ അവരുടെ ഈ തെറ്റിദ്ധാരണക്ക് മറ്റാരെയും പഴിചാരുവാൻ കഴിയുകയില്ല. കർത്താവിന്റെ പുനരുത്ഥാന സ്വർഗ്ഗാരോഹണങ്ങൾക്കുശേഷം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ആകമാനം വ്യത്യാസപ്പെടുമെന്നു ധാരാളം സൂചനകൾ കാണാൻ കഴിയും. രക്ഷിക്കപ്പെട്ടതിനെ തുടർന്ന് പഴയനിയമ വിശുദ്ധന്മാരും പരിശുദ്ധാത്മാവിനെ പ്രാപിച്ചിരുന്നുവെന്നത് (ശിഷ്യന്മാരുൾപ്പെടെ) വ്യക്തമാണ്. അപ്പോൾതന്നെ, സഭാ സംവിധാനത്തിൻ കീഴിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി പഴയനിയമത്തിലേതുപോലെയല്ല താനും. യഹൂദ സമ്പ്രദായത്തിൻ കീഴിലും സഭാസംവിധാനത്തിലും പരിശുദ്ധാത്മ പ്രവർത്തനങ്ങളുടെ വ്യത്യാസം നന്നായി ഗ്രഹിച്ചെങ്കിൽ മാത്രമേ, പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ശരിയായ ഒരു വേദപുസ്തക വീക്ഷണം ലഭ്യമാകൂ. തുടർന്ന് നാം ഇവിടെ ഈ വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുകയും പഴയ നിയമത്തിലെ പരിശുദ്ധാത്മപ്രവർത്തനം വിശദീകരിക്കുകയും ചെയ്യുകയാണ്.

B. പഴയനിയമത്തിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചവർ

ന്യായപ്രമാണ വ്യവസ്ഥയിൻ കീഴിൽ, സാധാരണയായി, പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെ 'മേൽ വരികയോ' 'നിറയ്ക്കുകയോ' (രക്ഷിക്കപ്പെട്ടശേഷം) ചെയ്യുന്ന രീതിയാണുണ്ടായിരുന്നത്. **ചുരുക്കം ചില പ്രത്യേക വ്യക്തികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവു പ്രവർത്തിക്കുകയായിരുന്നു; മറിച്ച് എല്ലാ വിശ്വാസികളിലും ആയിരുന്നില്ല.**[1] എന്നാൽ കൃപയുടെ പ്രമാണത്തിൻ കീഴിൽ അവിടുന്ന് സകല വിശ്വാസികളുടെയും ജീവിതത്തിൽ പ്രവർത്തിക്കുന്നു; അതായത്, പുതിയ നിയമകാലത്ത് രക്ഷയുടെ സമയത്തു തന്നെ ഒരു വിശ്വാസിയിൽ പരിശുദ്ധാത്മാവു പ്രവർത്തിക്കുവാനാരംഭിക്കുന്നു (യോഹ. 7:37-39: റോമ. 8:9; 1 കൊരി. 12:13; ഗലാ. 3:2; 1 യോഹ. 4:13).

പെന്തക്കോസ്തുനാൾ മുതലുള്ള പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ സാരമായ ഈ വ്യത്യാസം ശരിയായ നിലയിൽ നാം ഗ്രഹിക്കണം. ഇപ്രകാരം ഗ്രഹിച്ചവർ ഒരു വിശ്വാസിയിൽ പരിശുദ്ധാത്മാവ് പ്രവേശിക്കുന്നത്, "രണ്ടാം അനുഗ്രഹമെന്ന നിലയിൽ" രക്ഷാനുഭവത്തിനും ശേഷമാണെന്നും അദ്ദേഹം പകൃതയുടെ ഒരു നിർണ്ണായക ഘട്ടത്തിൽ എത്തുമ്പോഴാണെന്നുമുള്ള ആശയത്തെ അപ്പാടെ എതിർക്കുക തന്നെ ചെയ്യും. ചില വിശ്വാസികളിൽ പരിശുദ്ധാത്മാവുണ്ട്. മറ്റു ചില വിശ്വാസികളിൽ പരിശുദ്ധാത്മാവില്ല എന്ന ദൈവശാസ്ത്രത്തെ അവർ അതിശക്തമായി നിരാകരിക്കും. ചില വിശ്വാസികൾക്ക് ഈ 'രണ്ടാം അനുഗ്രഹം' ഉണ്ടെന്നും മറ്റുള്ളവർക്ക് ഇല്ലെന്നുമുള്ള ദൈവശാസ്ത്രം ന്യായപ്രമാണമാതൃകയിൽ അധിഷ്ഠിതമാണ്. സഭയിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത് ഈ വിധമല്ല. പഴയനിയമത്തിൽ പരിശുദ്ധാത്മാവ് അതിശ്രേഷ്ഠരായ ചുരുക്കം ചിലരുടെ മേൽ വന്ന് ആവസിക്കുകയായിരുന്നു. (സഭായുഗത്തിലേതുപോലെ എല്ലാ വിശ്വാസികളിലും അല്ലായിരുന്നു) പഴയനിയമവിശ്വാസികളിൽ അവരുടെ രക്ഷാനുഭവത്തിനു ശേഷമായിരുന്നു. (സഭായുഗത്തിൽ ഇത് രക്ഷയുടെ സമയത്തു തന്നെ സംഭവിക്കുന്നു) പഴയനിയമ ഉദാഹരണങ്ങൾ:-

- ബസലേൽ - സമാഗമന കൂടാരപ്പണിയിൽ (പുറ. 31:3, 35:31 ആത്മാവിൽ നിറെച്ചു)
- മോശയും, യിസ്രായേലിന്റെ 70 മൂപ്പന്മാരും പരിശുദ്ധാത്മാവ് ഇവരിൽ അധിവസിച്ചു, (സംഖ്യ. 11:17-29)
- യോശുവ - പരിശുദ്ധാത്മാവ് അധിവസിച്ചു, (സംഖ്യ 27:18)
- ഒത്നിയേൽ - പരിശുദ്ധാത്മാവ് അവന്റെ മേൽ വന്നു (ന്യായ. 3:10)
- ഗിദെയോൻ - പരിശുദ്ധാത്മാവ് അവന്റെ മേൽ വന്നു (ന്യായ. 6:34)

[1] പരിശുദ്ധാത്മാവിന്റെ പഴയകാലപ്രവർത്തനത്തെപ്പറ്റി പറയുമ്പോൾ, ചിലർ വാദിക്കുന്നത് അനുഗ്രഹീതമായ നേതൃത്വ ശുശ്രൂഷയ്ക്കായി ചുരുക്കം പേരിൽ മാത്രമേ പരിശുദ്ധാത്മാവ് വന്നിരുന്നുള്ളൂ. പരിശുദ്ധാത്മാവ് ശുശ്രൂഷയ്ക്കായി അഭിഷേകം ചെയ്തു, അധിവസിച്ചിരുന്നില്ലെന്നാണ്. ഈ കാഴ്ചപ്പാടിൽ പഴയനിയമഭാഗത്തുള്ള പ്രവർത്തനരീതികൾ പെന്തക്കോസ്തു മുതലുള്ള ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തേക്കാൾ നിലവാരം കുറഞ്ഞതാണ്. പരിശുദ്ധാത്മാവിന്റെ പഴയനിയമകാലത്തെക്കുറിച്ച് മേൽ പറഞ്ഞ പ്രകാരം വാദിക്കുമ്പോൾതന്നെ ആ വാദം പുതിയ നിയമകാലത്തെ അല്ലെങ്കിൽ പെന്തെക്കോസ്ത് നാളിന് ശേഷമുള്ള പ്രവർത്തനവുമായി നല്ല ബന്ധം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

- യിപ്താഹ്-ആത്മാവ് അവന്റെ മേൽ വന്നു (ന്യായാ. 11:29)
- ശിംശോൻ – ആത്മാവ് തന്റെ മേൽ വരികയും പ്രവർത്തിക്കുകയും ചെയ്തു (ന്യായ. 13:25; 14:6, 19; 15:4)
- ശൗൽ – ആത്മാവ് അവന്റെ മേൽ വന്നു (1 ശമു. 10: 6,10; 11:6)
- ദാവീദ് – പരിശുദ്ധാത്മാവ് അവന്റെ മേൽ വന്നു (1 ശമു. 16:13; കാണുക 2 ശമു. 23:2)
- അമസായി – ദാവീദിന്റെ വീരൻ (ആത്മാവ് അവന്റെ മേൽ 1 ദിന. 12:18)
- അസര്യാപ്രവാചകൻ – ആത്മാവ് അവന്റെ മേൽ വന്നു(2 ദിന. 15:1)
- ആസാഫിന്റെ – ആത്മാവ് അവന്റെ മേൽ വന്നു (2 ദിന. 20:14)
- സെഖര്യാവ്, യഹോയാദാ പുരോഹിതന്റെ മകൻ – ആത്മാവ് അവന്റെ മേൽ വന്നു (2 ദിന. 24:20)
- യെഹെസ്കേൽ-ആത്മാവ് അവന്റെ മേൽ വന്നു (യെഹെ. 11:5)
- മീഖാ- ആത്മാവിനാൽ നിറഞ്ഞു(മീഖാ. 3:8)

C. പഴയനിയമത്തിൽ ഒരു വ്യക്തിയുടെ മേൽ പരിശുദ്ധാത്മ ശുശ്രൂഷയുടെ കാല ദൈർഘ്യം

ന്യായപ്രമാണത്തിൻ കീഴിലും കൃപയുടെ പ്രമാണത്തിൻകീഴിലുമുള്ള പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ പ്രഥമ വ്യത്യാസം ആരിലാണോ ആത്മാവു പ്രവർത്തിക്കുന്നത് ആ വ്യക്തികളോടുള്ള ബന്ധത്തിലാണ്. ന്യായപ്രമാണ കാലത്ത് പരിശുദ്ധാത്മാവ് ചുരുക്കം ചിലരുടെ മേൽ മാത്രം വന്നിരുന്നു. (എല്ലാവരുടെയുംമേൽ അല്ല) അതും രക്ഷയുടെ അനുഭവത്തിനുശേഷം. രണ്ടാമതായി, ഈ രണ്ടു യുഗങ്ങളിലുമുള്ള പരിശുദ്ധാത്മപ്രവർത്തനത്തിന്റെ വ്യത്യാസം, ആളുകളിൽ അവിടുത്തെ പ്രവർത്തനത്തിന്റെ സമയദൈർഘ്യത്തിലാണ് ദർശിക്കാൻ കഴിയുക. സഭാ വ്യവസ്ഥയിൻ കീഴിൽ പരിശുദ്ധാത്മാവ് വിശ്വാസിയിൽ **എന്നേക്കും** വസിക്കുന്നു (യോഹ. 14:16–17, എഫെ. 4:30). എന്നാൽ ന്യായപ്രമാണ വ്യവസ്ഥയിൽ അവിടുന്ന് ഒരു വ്യക്തിയുടെമേൽ വരികയും പോവുകയും ചെയ്തിരുന്നു. ഈ രണ്ടു വ്യവസ്ഥകൾ തമ്മിൽ കൂട്ടിക്കുഴച്ച് ഇന്ന് ഒരു വിശ്വാസിയിൽ നിന്നു പരിശുദ്ധാത്മാവു വിട്ടുപോകും എന്നും വിശ്വാസിയുടെ വിശുദ്ധിയെ അടിസ്ഥാനമാക്കിയാണ് പരിശുദ്ധാത്മാധിവാസം ഇടമുറിയാതെ തുടരുന്നതെന്നും ചിന്തിക്കുന്നത് വല്ലാത്ത പിശകാണ്. ഇത്തരം ഗൗരവമായ തെറ്റിദ്ധാരണകളാണ് "ആത്മാവേ, മടങ്ങിവരേണമെ" എന്നും മറ്റും പ്രാർത്ഥിക്കുന്നതിലേക്ക് ചിലരെ വഴി തെറ്റിക്കുന്നത്. പരിശുദ്ധാത്മാവ് പൂർണ്ണമായും ഒരു വ്യക്തിയെ വിട്ടുപോകുന്നത് ന്യായപ്രമാണ വ്യവസ്ഥയിൻ കീഴിലായിരുന്നുവെന്ന് ഓർക്കണം. പരിശുദ്ധാത്മാവ് ശിംശോനെയും ശൗലിനെയും വിട്ടുപോയി. ദാവീദ് ഇക്കാര്യത്തെക്കുറിച്ച് ചിന്താകുലനായിരുന്നു. [2]

> ദലീല അവനോട്: ശിംശോനെ, ഫെലിസ്ത്യർ വരുന്നു എന്നു പറഞ്ഞു. അവൻ ഉറക്കത്തിൽ നിന്നെഴുന്നേറ്റ്, ഞാൻ മുമ്പെന്നപോലെ ഇതെല്ലാം കുടഞ്ഞുകളയും എന്നു പറഞ്ഞു. **യഹോവ അവനെ വിട്ടുപോയത് അവൻ അറിഞ്ഞില്ല"** (ന്യായ. 16:20).
>
> **"യഹോവയുടെ ആത്മാവു ശൗലിനെ വിട്ടു മാറി"** (1 ശമു. 16:14).
>
> "നിന്റെ സന്നിധിയിൽ നിന്ന് എന്നെതള്ളിക്കളയരുതേ, നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ" (സങ്കീ. 51:11).

VII. സഭായുഗത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

A. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അവിശ്വാസികളോടുള്ള ബന്ധത്തിൽ

1. ബോദ്ധ്യം വരുത്തുക

"ബോദ്ധ്യം വരുത്തുക" എന്ന പദം സാധാരണയായി, ക്രിസ്തീയ മണ്ഡലത്തിൽ ഒരു വിശ്വാസിയുടെ വ്യക്തിപരമായ പാപങ്ങൾ പരിശുദ്ധാത്മാവ് അദ്ദേഹത്തിന്റെ മനസ്സാക്ഷിയിൽ നൊമ്പരം നൽകി അനുസ്മരിപ്പിക്കുന്നതിനെക്കുറിച്ചാണ് ഉപയോഗിക്കുന്നത്. ഇത് ന്യായമാണ്. കാരണം; ദൈവവചനം "ശുദ്ധീകരണവും ശാസനയും" നൽകുന്നതാണ് (2 തിമൊ. 3:16). വിശ്വാസികളുടെ കുറവുകൾ സംബന്ധിച്ച് അവരെ ബോദ്ധ്യം വരുത്തുവാൻ പരിശുദ്ധാത്മാവു ദൈവവചനം ഉപയോഗിക്കുന്നുവെന്നതിൽ സംശയമില്ല. എന്നിരുന്നാലും, പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള തിരുവെഴുത്തിന്റെ വ്യക്തമായ പഠിപ്പിക്കലുകളും അവന്റെ ബോദ്ധ്യം വരുത്തുന്ന പ്രവൃത്തിയും വിശ്വാസികളോടെന്നതിനേക്കാൾ നഷ്ടപ്പെട്ട പാപികളോടാണ് വിരൽചൂണ്ടുന്നത്. യോഹ. 16:7–11 വരെയാണ് പ്രധാന വേദഭാഗം

> "ഞാൻ നിങ്ങളോട് സത്യം പറയുന്നു. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ

[2] ചില സമയങ്ങളിൽ പരിശുദ്ധാത്മാവ് പാപികളിൽ അല്ലെങ്കിൽ അവിശ്വാസികളിൽ പ്രവർത്തിക്കുന്നു. താത്കാലികമായി പരിശുദ്ധാത്മാവ് അവിശ്വാസികളിൽ ചില സ്വാധീനങ്ങൾ സൃഷ്ടിക്കുവാനായി പ്രവർത്തിച്ചു(സംഖ്യ. 24:2; 1 ശമു. 19:20–24).

> വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും. അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ട് പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കൽ പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് നീതിയെക്കുറിച്ചും ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ട് ന്യായവിധിയെക്കുറിച്ചും തന്നെ (യോഹ. 16:7-11).

a. പരിശുദ്ധാത്മാവിന്റെ കുറ്റബോധം വരുത്തുന്ന ശുശ്രൂഷയുടെ ആവശ്യകത.

സാത്താൻ അവിശ്വാസികളുടെ മനസ്സ് കുരുടാക്കുന്നുവെന്നു ഈ പഠനത്തിൽ വിശദമാക്കിയിട്ടുണ്ടല്ലോ? പരിശുദ്ധാത്മവിനാലുള്ള പ്രകാശനം കൂടാതെ ഒരു അവിശ്വാസിയ്ക്കും സുവിശേഷം മനസ്സിലാക്കുവാൻ കഴിയില്ല (യോഹ. 6:44; അപ്പോ. പ്രവ. 16: 14; 26:18; 1 കൊരി. 1:18; 2:14; 2 കൊരി. 4:3-4 . കൂടാതെ, ഈ പുസ്തകത്തിന്റെ 4-ാം അദ്ധ്യായം, 6-ാം അദ്ധ്യായം (പ്രത്യേകിച്ചും തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ളത്) - 9-ാം അദ്ധ്യായം എന്നിവ നോക്കുക. സാത്താന്യ അന്ധതയെ തുളച്ചു കയറാനുള്ള പരിശുദ്ധാത്മാവിന്റെ പരിശ്രമം കൂടാതെ, സുവിശേഷത്തിന്റെ പ്രാധാന്യവും, മൂല്യവും ആർക്കും ഗ്രഹിക്കാനാവില്ലെന്ന് ദൈവത്തിന്നറിയാം. അതിന്റെ ദുരന്തഫലമാകട്ടെ, ആരും ഒരുനാളും വിശ്വസിക്കയില്ല എന്നതും. അതുകൊണ്ട് ദൈവത്തിന് ഒരു തിരഞ്ഞെടുപ്പിൻ പദ്ധതിയുണ്ട്. വിശ്വസിക്കാനുള്ള പ്രാപ്തിയും കഴിവും ഉണ്ടെന്നു ദൈവം മുന്നറിഞ്ഞ എല്ലാവരും തന്നെ പരിശുദ്ധാത്മ പ്രവർത്തിയുടെ സ്വീകർത്താക്കളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവ് അവരുടെ വിശ്വാസം വെളിപ്പെടുത്തത്തക്ക നിലയിൽ അന്ധകാരത്തെ നീക്കുന്നു. ഈ ബോദ്ധ്യത്തിലേക്കും പ്രകാശനത്തിലേക്കും "വേർതിരിക്കുന്ന" പരിശുദ്ധാത്മ ശുശ്രൂഷ, 'വിശുദ്ധീകരണം' എന്ന പദം കൊണ്ട് 2 തെസ്സ. 2:13 ലും 1 പത്രോ. 1:2 ലും പഠിപ്പിച്ചിരിക്കുന്നു.

b. ലോകത്തിനു കുറ്റബോധം വരുത്താനുള്ള പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങൾ

ബോധം വരുത്തുന്നതിനായുള്ള പരിശുദ്ധാത്മാവിന്റെ പ്രാഥമിക ഉപകരണങ്ങളിലൊന്ന് ദൈവവചനമാണ് എന്നതിൽ സംശയമില്ല (യാക്കോ. 1:18; 1 പത്രോ. 1:23; റോമ. 10:14-17) ദൈവവചനം വ്യാപിപ്പിക്കുന്നതിൽ മനുഷ്യർക്കും പങ്കുള്ളതിനാൽ ലോകത്തിനു ബോധം വരുത്തുന്നതിൽ വിശ്വാസികളും ഒരു മുഖാന്തരമാണെന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. വാമൊഴിയായ സന്ദേശത്തിലൂടെയാണ് ഒരു വശത്ത് വിശ്വാസികൾ ലോകത്തിനു 'ബോധം' വരുത്തുന്നത്. (അപ്പോ. പ്രവ. 5:32; 1 കൊരി. 14:24; എഫെ. 5:11) അതുപോലെതന്നെ, മറുവശത്ത് നീതിയുള്ള ജീവിതത്താലും (മത്താ. 5:16; ഫിലി 2:15-16; 1 പത്രോ. 2:12, 15).

c. കുറ്റബോധം വരുത്തുന്ന പരിശുദ്ധാത്മ പ്രവൃത്തിയുടെ പ്രാഥമിക തലങ്ങൾ

ദൈവവചനത്തിലൂടെയും വിശ്വാസികളിലൂടെയും പരിശുദ്ധാത്മാവ് ലോകത്തിന്, വ്യക്തിപരമായ പ്രത്യേക പാപങ്ങളെക്കുറിച്ചു ബോധം വരുത്തുമെന്നതിന്(യോഹ. 3:20) യാതൊരു സംശയവുമില്ലെങ്കിലും, പരിശുദ്ധാത്മാവിന്റെ ബോധം വരുത്തുന്ന ശുശ്രൂഷയുടെ **പ്രാഥമിക ലക്ഷ്യം** വ്യക്തിപരമായ പാപങ്ങളല്ല. മദ്യപാനം, അശ്ലീലചിത്രം കാണുക; അതിവേഗം കോപിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് മനസ്സാക്ഷിയെ ഉണർത്തുന്നതാണ് പരിശുദ്ധാത്മാവിന്റെ "ബോധം വരുത്തുന്ന ശുശ്രൂഷ" യെന്ന ധാരണ, ഇടുങ്ങിയ ചിന്താഗതിയാണ്. പരിശുദ്ധാത്മാവിന്റെ ബോദ്ധ്യം വരുത്തുന്ന ശുശ്രൂഷയുടെ വിശാലമായ വശം കാണാതെയും പരിശുദ്ധാത്മ ശുശ്രൂഷയുടെ ശരിയായ ലക്ഷ്യം ഗ്രഹിക്കാതെയും തടസ്സപ്പെടുത്തുന്ന തെറ്റായ ധാരണയാണിത്. യോഹ. 16:8 ലെ 'പാപം' എന്ന **ഏകവചന പ്രയോഗം** യോഹ. 16:9[3] ൽ പറയുന്ന "**വിശ്വസിക്കുന്നതിൽ പരാജയപ്പെടുക**" അഥവാ "വിശ്വാസിക്കാതിരിക്കുക" എന്നതിനോടു ബന്ധപ്പെട്ടാണിരിക്കുന്നത്. പരിശുദ്ധാത്മാവ് പ്രധാനമായും ലോകത്തിനു അവിശ്വാസം എന്ന പ്രാധാന്യമുള്ള പാപത്തെക്കുറിച്ച് ബോദ്ധ്യം വരുത്തുവാൻ പരിശ്രമിക്കുന്നു. പ്രധാന പാപം **"അവർ എന്നിൽ വിശ്വസിക്കായ്ക"** എന്നതാണ്. ബോദ്ധ്യം വരുത്തുന്ന മറ്റുള്ള എല്ലാ ഘടകങ്ങളും രണ്ടാം നിരയിലേ വരുന്നുള്ളൂ. അവിശ്വാസം എന്ന പാപമാണ് ക്ഷമിക്കപ്പെടാത്തതും ഒരു വ്യക്തിയെ നിത്യ നാശത്തിലേക്ക് വീഴിക്കുന്നതും. കേവലം ഏതെങ്കിലും ദുഷ്ടസ്വഭാവത്തിൽ നിന്നും സാന്മാർഗ്ഗികമായി നവീകരിക്കുക എന്നതല്ല പരിശുദ്ധാത്മാവിന്റെ ബോധം വരുത്തുന്ന ശുശ്രൂഷ. സുവിശേഷത്തിന്റെ അതിശ്രേഷ്ഠ മൂല്യം രക്ഷിക്കപ്പെടാത്ത ഒരാളുടെ മനസ്സിലേക്ക് പ്രകാശിപ്പിക്കുകയും സാത്താന്യ അന്ധതയകറ്റി യേശുക്രിസ്തുവിനെ നിഷേധിക്കുന്ന ഭീകരമായ പാപാവസ്ഥയെക്കുറിച്ച്, വീണ്ടും ജനിക്കാത്ത അയാളുടെ മനസ്സാക്ഷിയിൽ ആഴമായ അവബോധം സൃഷ്ടിക്കുകയുമാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. അങ്ങനെ അദ്ദേഹം "വിശ്വസിക്കുന്നതിനായി" പരിശുദ്ധാത്മാവ് അഭ്യർത്ഥിക്കുകയാണ്. രക്ഷിക്കപ്പെടാത്ത നഷ്ടപ്പെട്ട പാപിയോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി രക്ഷാതത്വശാസ്ത്രപരമാണ്, ധർമ്മശാസ്ത്രപരമല്ല (ethical).

---

[3] യോഹ. 16:9 ൽ *hoti* എന്ന ഗ്രീക്ക് വാക്കിന് "അത്; അതായത്" എന്ന അർത്ഥമുണ്ട്. "**അവർ എന്നിൽ വിശ്വസിക്കായ്ക കൊണ്ടു.**"

വ്യക്തിപരമായ പാപങ്ങളെക്കുറിച്ച് ബോധം വരുത്തുന്നത് രണ്ടാം കാര്യമാണ്. അവിശ്വാസമെന്ന ദുഷ്ടതയെക്കുറിച്ചു ബോധം വരുത്തുന്നതാണ് ഒന്നാം കാര്യം.

ഇതുകൂടാതെ പരിശുദ്ധാത്മാവ് നീതിയെക്കുറിച്ചു ബോധ്യം വരുത്തുന്നത് രക്ഷയുടെ ഉദ്ദേശത്തോടെയാണ്. നീതിയെക്കുറിച്ച് ലോകത്തിന് ബോധം വരുത്തുന്ന പരിശുദ്ധാത്മ ശുശ്രൂഷ അനിവാര്യമാക്കുന്ന ഘടകം, ഈ ലോകത്തിന്, ക്രിസ്തുവിനെ വ്യക്തിപരമായി കാണാൻ കഴിയാത്തതാണ്(യോഹ. 16:10). അതുകൊണ്ട് പരിശുദ്ധാത്മാവ് ലോകത്തിനു നീതിയെക്കുറിച്ചും ബോധം വരുത്തും എന്നു പറയുന്നത് **യേശുക്രിസ്തുവിന്റെ സ്വന്തം നീതിയാണ്.** അവിശ്വാസിയായ ഒരു വ്യക്തിക്ക് ക്രിസ്തുവിന്റെ നീതിയെക്കുറിച്ച് ബോധം വരുത്തുകയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത് അല്ലാതെ രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള അവസ്ഥയിൽ ഒരു അവിശ്വാസിയെ സംബന്ധിച്ച് ധാർമ്മികമായ ഒരു അവബോധം അയാളിൽ സൃഷ്ടിക്കുക എന്നതല്ല. ക്രിസ്തുവിന്റെ നീതിയുടെ ആകർഷണീയതയും ക്രിസ്തുവിൽ വിശ്വസിച്ച് നീതീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും രക്ഷിക്കപ്പെടാത്ത ഒരാളെ പരിശുദ്ധാത്മാവ് ബോദ്ധ്യമാക്കുന്നു. അതുപോലെ ക്രിസ്തുവിനെ 'നീതികെട്ട ഒരു വഞ്ചകനായി' കാണുന്നതിലെ ഗൗരവതരമായ അപകടം അയാളെ ഗ്രഹിപ്പിച്ച് 'ക്രിസ്തുവിന്റെ നീതി' വിശ്വാസത്താൽ അവകാശപ്പെടുത്തുന്നതിലേക്ക് അദ്ദേഹത്തെ നയിക്കുന്നു.

യോഹ. 16:7-11 വരെപ്രതിപാദിക്കുന്നതനുസരിച്ച് പരിശുദ്ധാത്മാവു ബോധം വരുത്തുന്ന ശുശ്രൂഷയുടെ ഒടുവിലത്തെ ഘടകം ന്യായവിധിയെക്കുറിച്ച്, ലോകത്തിനു നൽകുന്ന ബോദ്ധ്യമാണ്. ക്രൂശ് സാത്താന്റെ നാശവിധി ഉറപ്പാക്കി കഴിഞ്ഞു. ക്രൂശു മുഖാന്തരം ദൈവത്തിനു മനുഷ്യരെ സാത്താന്യ അടിമത്വത്തിൽ നിന്ന് രക്ഷിക്കാൻ കഴിയും. കാരണം യേശുക്രിസ്തു നമ്മുടെ പാപത്തിനുള്ള ശിക്ഷാവിധി തന്റെ മേൽ വഹിച്ചുകൊണ്ട് സാത്താനിൽ നിന്നും പാപത്തിന്റെ ശിക്ഷയിൽ നിന്നും നീതിപൂർവ്വമായ വിടുതൽ നമുക്കു പ്രദാനം ചെയ്തിരിക്കുന്നു. ദൈവം തിരഞ്ഞെടുത്ത ഒടുവിലത്തെ വ്യക്തിയും രക്ഷിക്കപ്പെടുന്നതോടുകൂടെ പിശാചിനോട്, ഏർപ്പെടേണ്ട വിധത്തിൽ, ദൈവം ഇടപെട്ടുകൊള്ളും. ക്രിസ്തുവിനെ അവിശ്വസിച്ച്, അവിടുത്തെ നീതിയുടെ മനോഹാരിതയെ അവഗണിച്ച്, കുറ്റക്കാരായവർക്കു വരാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് പരിശുദ്ധാത്മാവ് ലോകത്തിന് (ലോകത്തിലെ മനുഷ്യർക്ക്) ഉത്തമ ബോധ്യം വരുത്തുന്നു.

d. 'കുറ്റബോധം വരുത്തും' എന്നുപറയുന്നതിൽ എന്തെല്ലാം ഉൾപ്പെടുന്നു എന്നതു സംബന്ധിച്ച ചോദ്യം യോഹ. 16:8-ൽ *'ലോകം'* എന്നു പറഞ്ഞിരിക്കുന്ന പദത്തിൽ നിന്നും, അനേകരും പരിശുദ്ധാത്മാവിനാൽ ബോധം വന്നിട്ടും അവസാന നിമിഷം സത്യത്തെ നിഷേധിക്കുന്ന അനുഭവത്തിൽ നിന്നുമാണ് ഈ ചോദ്യം ഉയർന്നിട്ടുള്ളത്. സാത്താന്യ അന്ധതയെ കീറിമുറിച്ച് പരിശുദ്ധാത്മാവ് പ്രകാശനം നൽകുന്നു. അവിശ്വസിക്കുന്നതിലെ ദുഷ്ടതയും ക്രിസ്തുവിൻ നീതിയുടെ വസ്തുതയും ക്രിസ്തുവിനെ നിഷേധിക്കുന്നതിന്റെ അപകടവും അവർക്കു ബോധ്യമാക്കുന്നു. എന്നിട്ടും അവർ വിശ്വസിക്കുവാൻ കൂട്ടാക്കുന്നില്ല. ഇത് പരിശുദ്ധാത്മാവിന്റെ ബോധ്യമാക്കൽ ശുശ്രൂഷ സംബന്ധിച്ച് ചില ചോദ്യങ്ങൾ ഉയർത്തുന്നു. ലോകത്തിൽ ജനിക്കുന്ന ഓരോ വ്യക്തിയെയും പരിശുദ്ധാത്മാവു ഈ നിലയിൽ ബോധം വരുത്തുന്നുവോ? അതോ യോഹ. 16:8-ൽ പറയുന്നതനുസരിച്ച് ഇന്നു കാണുന്ന *"ലോകവ്യവസ്ഥിതിയിൽ"* പരിശുദ്ധാത്മാവു പ്രവർത്തിക്കുകയാണോ? പൊതുവായി പ്രവർത്തിക്കുമ്പോൾ, ഓരോ വ്യക്തിയിലും പ്രത്യേകം പ്രവർത്തിക്കേണ്ട ആവശ്യമില്ലല്ലോ? ഇതോടു ബന്ധപ്പെട്ട മറ്റൊരു ചോദ്യമാണ്, എഴുതപ്പെട്ട വെളിപ്പാട് ഇല്ലാത്ത സ്ഥാനത്ത് പരിശുദ്ധാത്മാവ് ബോധം വരുത്തുന്ന ശുശ്രൂഷ ചെയ്യുമോ ഇല്ലയോ എന്നത് കാരണം ധാരാളം ആളുകളും ജീവിക്കുന്നത് വേദ പുസ്തക സത്യങ്ങളുടെ ആദിപാഠം പോലും ലഭ്യമല്ലാത്ത സാഹചര്യങ്ങളിലാണല്ലോ?

ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ, ലോകത്തിൽ രക്ഷിക്കപ്പെടാത്തവരുടെ മദ്ധ്യേ പരിശുദ്ധാത്മാവ്, വാസ്തവത്തിൽ എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്ന നമ്മുടെ അറിവിനെ ബാധിക്കുന്നതല്ല. പരിശുദ്ധാത്മ പ്രവൃത്തിയുടെ വ്യാപ്തി വളരെ വലുതാണ്. നാം അവയെല്ലാം "ബോധം" വരുത്തുക എന്ന ഒരു തലവാചകത്തിൻ കീഴിൽ കൊണ്ടുവന്നാലും ഇല്ലെങ്കിലും.

ലോക സൃഷ്ടിമുതൽ ബുദ്ധിക്കു തെളിവായി ദൈവ പ്രവൃത്തി വെളിപ്പെട്ടു വരുന്നുവെങ്കിലും മനുഷ്യൻ അതിനെ നിരസിക്കുന്നു എന്നത് എത്രയോ ശരിയാണ് (ഇയ്യോ. 12:7-9; സങ്കീ. 19:1-3; റോമ. 1:19-20). ധാർമ്മിക മനസ്സാക്ഷിയിൽ ചൂടുപിടിച്ചു മനുഷ്യൻ ദൈവിക സത്യങ്ങളെ നിഷേധിക്കുന്നു (റോമ. 2:14-5). മനുഷ്യൻ ഉള്ളിൽ നിന്നു വരുന്ന ദൈവത്തിലുള്ള വിശ്വാസത്തെ നിഷേധിക്കാറുണ്ട് (2 പത്രൊ. 3:5). പക്ഷെ, ഇതെല്ലാം നിമിത്തം ദൈവത്തിന്റെ ഖണ്ഡിതമായ ശിക്ഷാവിധിയിൻ കീഴിൽ മനുഷ്യൻ നശിച്ചുപോകുവാൻ മാത്രം ഇടയാകും. ബൈബിളിൽ നിന്നും സുവിശേഷത്തെക്കുറിച്ചു വ്യക്തമായ ഒരു സന്ദേശം അവർ കേട്ടിട്ടില്ല എന്നു വരാം. എന്നാൽ ഈ വിധ പ്രവൃത്തികൾ ദൈവനിഷേധമാകയാൽ സുവിശേഷം കേട്ടില്ലെങ്കിൽപോലും ദൈവം അവരെ, ശിക്ഷാവിധിയിലേക്കു തള്ളുവാൻ മതിയായതത്രെ. പ്രകൃതിയിലെ വെളിപ്പാടിലൂടെ പരിശുദ്ധാത്മാവ് നഷ്ടപ്പെട്ട പാപികളുടെ ഹൃദയത്തെ ദൈവത്തിങ്കലേക്ക്

ഉദ്ദീപിപ്പിച്ചുവെന്നു വരാം (റോമ. 10:18). ഇത്തരം പ്രകാശനം പരിശുദ്ധാത്മാവിന്റെ ബോധം വരുത്തുന്ന ശുശ്രൂഷയിൻ കീഴിൽ വരുന്നതായി കരുതാമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. ഇത് എഴുതപ്പെട്ട ദൈവവചനത്തിന്റെ പ്രകാശനമല്ലല്ലോ? മറിച്ച്, പ്രകൃതിയിലെ വെളിപ്പാടാണല്ലോ അത്; അതുകൊണ്ട് പരിശുദ്ധാത്മാവിന്റെ മറ്റൊരു പ്രവർത്തനമായി അതിനെ പരിഗണിച്ചാൽ പോരേ? എന്നുള്ളതാണ് വിഷയം.

യോഹ. 16-ൽ പരിശുദ്ധാത്മാവിന്റെ ബോദ്ധ്യം വരുത്തുന്ന ശുശ്രൂഷയെക്കുറിച്ചു വാഗ്ദത്തം ചെയ്യുമ്പോൾ, ഒരു പുതുപുത്തൻ ശുശ്രൂഷയെക്കുറിച്ചു തന്നെയാണ് ക്രിസ്തു പറഞ്ഞതെന്നു ചിന്തിച്ചാൽ, പ്രകൃതിയിലെ വെളിപ്പാടിലൂടെ പരിശുദ്ധാത്മാവ് പ്രകാശനം നൽകുന്നത് ഒരു പ്രത്യേക വിധത്തിലുള്ള ശുശ്രൂഷയാണെന്ന് തരം തിരിക്കേണ്ടിവരും. ക്രിസ്തുവിന്റെ വ്യക്തിത്വം സംബന്ധിച്ച് ബോധം വരുത്തുന്നതിൽ നിന്നും വ്യത്യസ്തമാണിതെന്നും പറയേണ്ടിവരും. അപ്പോൾ "ബോധം വരുത്തുന്ന പരിശുദ്ധാത്മ ശുശ്രൂഷ" ഈ യുഗത്തിലേക്കു മാത്രമുള്ളതാണെന്നും അതിന് വ്യക്തമായ സുവിശേഷ പ്രഖ്യാപനം ഉണ്ടായേ മതിയാവൂ എന്നും സമ്മതിക്കേണ്ടിവരും. അങ്ങനെയെങ്കിൽ ലോകത്തിൽ മൊത്തമായി പരിശുദ്ധാത്മു ചെയ്യുന്ന ശുശ്രൂഷയാണ് "ബോധം വരുത്തൽ'' എന്നും ഓരോ വ്യക്തിയിലും പ്രത്യേകം ചെയ്യുന്ന ശുശ്രൂഷയല്ലെന്നും പറയേണ്ടിവരും.

യോഹ. 16-ൽ പറയുന്നത്: ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷം, പരിശുദ്ധാത്മാവു കൂടുതൽ ഊന്നൽ നൽകി ചെയ്വാൻ പോകുന്ന ശുശ്രൂഷയുടെ വികസിത രൂപമാണ്. അതുകൊണ്ട് "ബോധം വരുത്തുക" എന്നു പറയുമ്പോൾ പ്രകൃതിയിലെ വെളിപ്പാടിലൂടെയുള്ള പ്രകാശനവും അതുപോലെതന്നെ, ക്രിസ്തുവിന്റെ (സ്വർഗ്ഗാരോഹണത്താൽ) വ്യക്തിത്വം സംബന്ധിച്ച് കുറെക്കൂടെ വ്യക്തമായ പ്രകാശനം ലഭിക്കുന്നതുമാണ്. പ്രകൃതിയിലൂടെ ലഭിക്കുന്ന പ്രകാശനവും ബോധം വരുത്തുന്ന ശുശ്രൂഷയുടെ പരിധിയിൽപ്പെടുത്താമെങ്കിൽ ലോകത്തിലെ പ്രായപൂർത്തിയായ ഏതു വ്യക്തിയും പരിശുദ്ധാത്മാവിനാലുള്ള ''ബോദ്ധ്യം'' ലഭ്യമായിട്ടുള്ള വരാണ്.

എന്തായാലും പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയുടെ വ്യാപ്തി ഈ നിലയിലുള്ളതാണ്. പ്രകൃതിയിലൂടെ ലഭിക്കുന്ന പ്രകാശനത്തെ "പരിശുദ്ധാത്മാവിനാൽ ബോധം വരുത്തുന്ന" തായി മുദ്ര കുത്തണമോ അതോ വ്യത്യസ്തമായ ഒരു പ്രവൃത്തിയായി കരുതിയാൽ മതിയോ എന്നതാണ് ഏക പ്രശ്നം. എഴുതപ്പെട്ട വാക്കുകൾ കൂടാതെ തന്നെ പരിശുദ്ധാത്മാവിന് നഷ്ടപ്പെട്ട പാപികളുടെ ഹൃദയത്തിൽ പ്രവർത്തിക്കുവാൻ കഴിയും. നോഹയുടെ കാലത്ത് ആത്മാവ് അപ്രകാരം പ്രവർത്തിച്ചിട്ടുണ്ട് (ഉല്പ. 6). നഷ്ടപ്പെട്ട പാപികളുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവു പ്രവർത്തിക്കുന്ന അനേക വിധങ്ങളുണ്ട് അവ പക്ഷെ നമുക്ക് അറിഞ്ഞുകൂടന്നേയുള്ളൂ (യോഹ. 3:8).

2. തടയുക അഥവാ നിയന്ത്രിക്കുക

ലോകം ഭയാനകമാംവിധം ദുഷ്ടതയിലമർന്നിരിക്കുന്നു. എങ്കിലും ഹീനവും അധമവുമായ പ്രവൃത്തികൾ അതിന്റെ ആഴത്തിലും പ്രബലതയിലും കുടികൊള്ളുന്നത് മനുഷ്യഹൃദയത്തിലാണ്. ഓരോ മനുഷ്യഹൃദയത്തിലും കുടികൊള്ളുന്ന വഷളത്വത്തിന്റെ ആഴമനുസരിച്ച് നോക്കുമ്പോൾ ലോകമാകമാനം സംഭവിക്കുന്ന ദുഷ്ടതയുടെ ആധിക്യം അത്രയധികമാണെന്നു പറയാനാവില്ലെന്നു ചുരുക്കം. ഇന്ന് ലോകത്തിൽ നാം കാണുന്ന മാനവ സംസ്ക്കാരങ്ങളെല്ലാം തന്നെ നിലനില്ക്കുന്നത് സമ്പൂർണ്ണമായും ദൈവത്തിന്റെ കൃപ കൊണ്ടാണ്.

ഭൂമി മുഴുവൻ, ഊഹിക്കാൻപോലും കഴിയാത്ത ബാധകൾ നിറയുന്ന ഒരു ഉപദ്രവകാലം വരുമെന്നു തിരുവെഴുത്തു പഠിപ്പിക്കുന്നു. ചില കഷ്ടതകൾ ദൈവക്രോധ ഫലമായി സംഭവിക്കുന്നതാണെങ്കിലും അധികപങ്കും മനുഷ്യൻ സ്വയം വരുത്തിവയ്ക്കുന്ന വിനകളായിരിക്കും. നിയന്ത്രണമില്ലാത്തതും കടിഞ്ഞാണില്ലാത്തതുമായ പാപങ്ങളുടെ ഫലമായി മനുഷ്യനു തന്നെത്താൻ അവന്റെ മേൽ വരുത്തുവാൻ കഴിയുന്ന ദുരിതങ്ങളുടെ പൂർണ്ണത, ലോകം ഇനിയും കാണുവൻ പോകുന്നതേയുള്ളൂ. 2 തെസ്സ. 2:6-7 പഠിപ്പിക്കുന്നത്, ഈ വർത്തമാനകാലത്ത് ആരോ ഒരാൾ ദുഷ്ടതയുടെ ആധിക്യത്തെ തടഞ്ഞുകൊണ്ടിരിക്കുന്നുവെന്നത്രെ. "തടയുന്നവൻ" നാശയോഗ്യനായവന്റെ(അന്തിക്രിസ്തു) എഴുന്നേറ്റു വരവിനെ തടുത്തുകൊണ്ടിരിക്കുന്നു. അല്ലായിരുന്നുവെങ്കിൽ അവൻ ദൈവത്തിന്റെ സമയത്തിനു മുമ്പുതന്നെ പ്രത്യക്ഷനായി ലോകത്തെ നിയന്ത്രിക്കുമായിരുന്നു.

> "അവൻ സമയത്തിനുമുമ്പെ വെളിപ്പെടാതിരിക്കേണ്ടതിനു ഇപ്പോൾ തടുക്കുന്നതു എന്ത് എന്നു നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ടു; ഇതുവരെ **തടുക്കുന്നവൻ** വഴിയിൽ നിന്നു നീങ്ങിപ്പോക മാത്രം വേണം (2 തെസ്സ. 2:6-7).

"തടുക്കുന്നവൻ" എന്ന് 2 തെസ്സ. 2:6-7 വരെ പറയുന്ന വ്യക്തി, അമാനുഷിക ശക്തിയുള്ളവനായിരിക്കണം. നാശയോഗ്യനും അധർമ്മ മൂർത്തിയുമായവനിലൂടെ (പാപമനുഷ്യൻ) ലോകാധിപത്യം ഏറ്റെടുക്കുവാനുള്ള സാത്താന്യ ലക്ഷ്യത്തെ എതിർത്തു നില്ക്കുവാൻ അങ്ങനെയുള്ള ഒരാൾക്കു മാത്രമെ സാധിക്കുകയുള്ളൂ (7-ാം വാക്യത്തിൽ പുല്ലിംഗ രൂപമാണുപയോഗിക്കുന്നത്

"ഇപ്പോൾ തടുക്കുന്നവൻ" ഇപ്രകാരം തടുക്കുന്നത് അഥവാ തടയുന്നത്) ഒരു വ്യക്തിയാണെന്നു വ്യക്തം. ഈ ഭാഗത്തിനു നൽകാൻ കഴിയുന്ന ഏറ്റവും ഉത്തമമായ വ്യാഖ്യാനം പരിശുദ്ധാത്മാവ് ഈ വർത്തമാനകാലത്ത്, ലോകവ്യവസ്ഥിതിയിലെ അധർമ്മത്തെയും അനീതിയെയും തടഞ്ഞുകൊണ്ടു നില്ക്കുന്നു എന്നുള്ളതാണ്. അവൻ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ, മനുഷ്യൻ കാട്ടിക്കൂട്ടുന്ന മനുഷ്യത്വമില്ലായ്മകൾ മനുഷ്യന്റെമേൽ രൂക്ഷമായി വരികയും അന്തിക്രിസ്തു അധികാരത്തിൽ അതിവേഗം അവരോധിക്കപ്പെടുകയും ചെയ്യുമായിരുന്നു. പരിശുദ്ധാത്മാവാണ് 'തടയുന്നവൻ' എന്ന വീക്ഷണം ആറാം വാക്യത്തിൽ നപുംസകം ഉപയോഗിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്നു വിശദീകരിക്കുവാനും സഹായകമാണ്. 'ആത്മാവ്' എന്ന പദം നപുംസകമായതുകൊണ്ട് 6-ാം വാക്യത്തിൽ പൗലോസ് നപുംസകം ഉപയോഗിക്കുന്നു. എന്നിരിക്കിലും അവിടുത്തെ വ്യക്തിത്വത്തിന് ഊന്നൽ നൽകുവാനാഗ്രഹിച്ചുകൊണ്ട് 7-ാം വാക്യത്തിൽ 'പുല്ലിംഗം' ഉപയോഗിക്കുകയും ചെയ്യുന്നു.

പരിശുദ്ധാത്മാവിന്റെ "തടയുന്ന വേല" അഥവാ നിയന്ത്രിക്കുന്ന പ്രവൃത്തി, മഹോപദ്രവകാലത്തിനു മുമ്പുള്ള ഉൽപ്രാപണത്തിന് ഒരു ചെറിയ (രണ്ടാതരം) പിന്തുണയായും ഇരിക്കുന്നു. അതായത് ലോകത്തിൽ ദുഷ്ടതയുടെ ആധിക്യത്തെ തടയുവാൻ സാർവ്വത്രിക സഭയെ പരിശുദ്ധാത്മാവ് ഉപയോഗിക്കുന്നു; സഭാ സാന്നിദ്ധ്യമില്ലാത്ത സ്ഥാനത്തുണ്ടാകാവുന്നതിലും ബൈബിൾ വിശ്വസിക്കുന്നവരായ യഥാർത്ഥ ക്രിസ്ത്യാനികൾ ഉള്ള സ്ഥാനത്ത് ദുഷ്ടതയുടെ അളവ് കുറവായിരിക്കത്തക്ക നിലയിൽ വിശ്വാസികൾ ലോകത്തെ സ്വാധീനിച്ചിട്ടുണ്ട്. സഭയിലൂടെയുള്ള പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അവസാനിക്കുന്നതുവരെ അന്തിക്രിസ്തുവിനു ലോകത്തിൽ പ്രത്യക്ഷപ്പെടുവാൻ കഴികയില്ല. സഭയുടെ പ്രവർത്തനം ഭൂമിയിൽ അവസാനിക്കുന്നതാകട്ടെ ഉത്പ്രാപണത്തിങ്കൽ മാത്രവും.

B. വിശ്വാസികളോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി

1. പുതുജനനം

ക്രിസ്തുവിൽ ആശ്രയിക്കുന്ന ഒരു വ്യക്തിക്ക് ആ നിമിഷത്തിൽ തന്നെ അമാനുഷികമായി ദൈവം നേരിട്ട്-നിത്യ ജീവൻ ഉള്ളിലാക്കുന്ന പ്രവൃത്തിയാണിത്. പല പ്പോഴും പുതുജനനം അഥവാ പുനർജനനത്തെക്കുറിച്ചു പറയുന്ന വേദവാക്യങ്ങളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്നില്ല എന്നതാണ് വാസ്തവം. എന്നാൽ വിശ്വസിക്കുന്ന ഒരാൾക്ക് പുതുജീവൻ നൽകുന്നതിൽ പരിശുദ്ധാത്മാവ് വ്യാപൃതനായിരിക്കുന്നുവെന്നു വ്യക്തമാക്കുന്ന രണ്ടു പ്രധാന വേദഭാഗങ്ങളുണ്ട്.

> "യേശു അവനോട്: ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്ന് ഉത്തരം പറഞ്ഞു" "അതിനു യേശു: ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും **ആത്മാവിനാലും** ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; **ആത്മാവിനാൽ ജനിച്ചത്** ആത്മാവു ആകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്ന് ഞാൻ നിന്നോടു പറകയാൽ ആശ്ചര്യപ്പെടരുത്. കാറ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. എങ്കിലും അത് എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; **ആത്മാവിനാൽ ജനിച്ചവൻ** എല്ലാം അതുപോലെ ആകുന്നു എന്നു ഉത്തരം പറഞ്ഞു (യോഹ. 3:5-8).

> "അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല; തന്റെ കരുണപ്രകാരമത്രെ രക്ഷിച്ചത്; പുനർജനന സ്നാനം കൊണ്ടും, നമ്മുടെ രക്ഷിതാവായ യേശുക്രിസ്തു മൂലം നമ്മുടെമേൽ ധാരാളമായി പകർന്ന **പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ** (തീത്തൊ. 3:5).

താഴെപ്പറയുന്ന വാക്യങ്ങളിൽ അധികവും നേരിട്ട് പരിശുദ്ധാത്മാവിനെക്കുറിച്ചു പരാമർശിക്കുന്നില്ല. എന്നിരുന്നാലും അവ പുനർജനനത്തെക്കുറിച്ചുള്ളതാകയാൽ, പുതുജനനത്തിൽ പരിശുദ്ധാത്മാവു ചെയ്യുന്ന പ്രവൃത്തിയെക്കുറിച്ചു പഠിപ്പിക്കുന്നവയാണ്. വിശ്വസിക്കുന്ന ഒരാൾക്കു വേണ്ടി പരിശുദ്ധാത്മാവു "പുതുജനനം" ഉളവാക്കുന്നു (യോഹ. 1:12-13; 3:3-8; 1 കൊരി. 4:15; 1 പത്രൊ. 1:3, 23, 1 യോഹ. 5:1). ശാരീരികജനനമാണല്ലോ ഒരു ശിശുവിനെ കുടുംബത്തിന്റെ അംഗമാക്കുന്നത്. പുതുജനനവും ഒരു വ്യക്തിയെ കുടുംബത്തിലാക്കിത്തീർക്കുന്നു; ദൈവകുടുംബത്തിൽ. (9-ാം അദ്ധ്യായം നോക്കുക) യോഹ. 1:12-13; റോമ. 8:14-19; ഗലാ. 3:26; 4:4-7; 1 യോഹ. 3:1-2). പുതുജനനം, തീർച്ചയായും പുതിയ ജീവൻ കൂടിയാണ് അർത്ഥമാക്കുന്നത്. കൂടുതൽ വ്യക്തമായി പറഞ്ഞാൽ പരിശുദ്ധാത്മാവ് ഒരു വിശ്വാസിക്ക് നിത്യജീവൻ പ്രദാനം ചെയ്യുന്നു (യോഹ. 3:16; 4:14; 5:24; 6:40; 47; 10:28; റോമ. 6:23; 1 യോഹ. 5:13). പുനർജനനം, പുതുജനനം, പുതുജീവൻ ഇത്യാദി പദങ്ങളും ഇതേ ആശയം വ്യക്തമാക്കുവാൻ ബൈബിൾ ഉപയോഗിക്കുന്നുണ്ട്. പുതിയ പുനരുത്ഥാന ജീവൻ എന്ന പദപ്രയോഗത്താൽ ചിലപ്പോൾ ഇത് പുനർജനനത്തെ സൂചിപ്പിക്കാറുണ്ട് (യോഹ. 5:21, 25; 14:19-20; റോമ. 6:4; 11, 13; ഗലാ. 2:20; എഫെ. 2:5; കൊലൊ. 1:27; 2:12-13; 3:1-2).

പരിശുദ്ധാത്മാവു ഉളവാക്കുന്ന പുനർജനനം, ക്രിസ്തുവിന്റെ പുനരുത്ഥാന ജീവന്റെ പങ്കാളിത്തം നൽകുന്നു. അത്തരമൊരു ജീവൻ നിത്യജീവനാണെന്നു മനസ്സിലാക്കാൻ വിഷമമില്ല, കാരണം ക്രിസ്തുവിന്റെ ജീവൻ ഒരിക്കലും അവസാനിക്കുന്നില്ലെന്നു വ്യക്തമാണല്ലോ?.

പുനർജനനത്തെ ബൈബിൾ വെളിപ്പെടുത്തുന്ന മറ്റൊരുരീതിയാണ്, പുതിയ പ്രകൃതിയുളവാക്കുന്ന പുതിയ സൃഷ്ടി എന്ന് അതിനെ വിളിക്കുന്നത്(2 കൊരി. 5:17; ഗലാ. 6:15; എഫെ. 2:10; 4:24; 2 പത്രൊ. 1:4). ഈ വാക്യങ്ങളുടെ സാധ്യമായ ഒരു വ്യാഖ്യാനമാണിത്.[4] ഇപ്രകാരം, പുനർജനനത്തിന്റെ ഉപദേശത്തെ, ക്രിസ്തുവിന്റെ ജീവന്റെ പങ്കാളിത്തം ലഭിക്കുന്നതായ പുതുജനനം, പുത്രത്വം, നവജീവൻ, നിത്യജീവൻ, പുനരുത്ഥാന ജീവൻ എന്നിവയോടും പുതിയ പ്രകൃതി (പെരുമാറ്റ രീതി)യോടും ബന്ധപ്പെടുത്തി ചിന്തിക്കേണ്ടതാണ്.

തിരുവെഴുത്ത് ചിലപ്പോൾ പരിശുദ്ധാത്മാവ് പുതുതായി ജനിപ്പിക്കുന്നുവെന്നു പറയുന്നു. മറ്റു സന്ദർഭങ്ങളിൽ ദൈവവചനമാണ് പുതുജനനമുളവാക്കുന്നതെന്നും പ്രസ്താവിക്കുന്നു. പുനർജനനത്തിന്റെ ഈ രണ്ടു ഘടകങ്ങളും കൂട്ടി യോജിപ്പിച്ചു ചിന്തിക്കേണ്ടതാണ്. തിരുവെഴുത്തുകളുടെ യഥാർത്ഥ രചയിതാവ് പരിശുദ്ധാത്മാവാണല്ലോ? (2 ശമു. 23:1–2; 1 തിമൊ. 4:1; 2 പത്രൊ. 1:20–21) പരിശുദ്ധാത്മാവ് വചനം ഉപയോഗിച്ച് പുതുജീവൻ ലഭ്യമാക്കുന്നു (യാക്കോ 1:18; 1 പത്രൊ. 1:23). ഒരു വ്യക്തി സുവിശേഷം ഗ്രഹിച്ച് വിശ്വസിക്കേണ്ടതിന് പരിശുദ്ധാത്മാവ് വചനത്താൽ ആ വ്യക്തിക്ക് ഉൾബോധം നൽകുകയും സാത്താന്യ അന്ധകാരത്തെ ദുരീകരിക്കുകയും ചെയ്യുന്നു.

ആത്മസ്നാനവും പുനർജനനവും ക്രിസ്തുവിനോടുള്ള ഐക്യതയെ പ്രദാനം ചെയ്യുന്നതാകയാൽ ഈ രണ്ടു വിഷയങ്ങളും അന്യോന്യബന്ധത്തിൽ വീക്ഷിക്കേണ്ടതാണ്. ആത്മസ്നാനം എന്നുപറഞ്ഞാൽ ക്രിസ്തു ഒരു വ്യക്തിയെ ക്രിസ്തുവിന്റെ ആത്മാവിൽ ആക്കുന്നുവെന്നാണ്. അപ്രകാരം ആ വ്യക്തി ക്രിസ്തുവിനോടുള്ള ഐക്യതാബന്ധത്തിലേക്കു വരുന്നു. ക്രിസ്തുവിന്റെ ജീവനിലുള്ള ഐക്യതയെന്നു പറയുന്നത് പുതുജീവനാണ്. അതായത് പുനർജനനം. പുനർജനനം, ആത്മസ്നാനം ഈ പ്രയോഗങ്ങൾ വളരെ വ്യത്യസ്തങ്ങളാണെന്നു തോന്നാം. എന്നാൽ യഥാർത്ഥത്തിൽ ഇവരണ്ടും ക്രിസ്തുവിനോടുള്ള ഐക്യതയെയും അവിടുത്തെ ജീവന്റെ പങ്കാളിത്തത്തെയും സംബന്ധിച്ചുള്ളതാണ്. ക്രിസ്തുവിന്റെ ജീവനുമായുള്ള ഐക്യതാബന്ധം ഉളവാക്കുന്നതാണ് ആത്മസ്നാനം; അതിനെയാണ് പുനർജനനമെന്നു വിളിക്കുന്നത്. പരിശുദ്ധാത്മാവ് ഉളവാക്കുന്ന 'ബോധ്യ'മാണ് വിശ്വാസം സാദ്ധ്യമാക്കുന്നത്. അങ്ങനെ അത്മസ്നാനം നടക്കുന്നു. ഇപ്രകാരം പരിശുദ്ധാത്മാവിന്റെ ബോധം വരുത്തുന്ന ശുശ്രൂഷയും അത്മസ്നാനവും പുനർജനനവുമെല്ലാം പരസ്പരബന്ധിതങ്ങളാണ്.

2. അധിവാസം

സഭായുഗത്തിൽ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയാണ് അധിവാസം. രക്ഷിക്കപ്പെടുന്ന നിമിഷം ഒരു വിശ്വാസിയിൽ പരിശുദ്ധാത്മാവു സ്ഥിരവാസം ആരംഭിക്കുന്നു. ഈ നിർവ്വചനത്തിന്റെ വിവിധ വശങ്ങൾ താഴെപ്പറയുന്ന വിശദീകരണത്തിൽ നിന്നു ഗ്രഹിക്കാം. [5]

a. ആരിലാണ് പരിശുദ്ധാത്മാവു അധിവസിക്കുന്നത്?

ന്യായപ്രമാണവും കൃപയും തമ്മിലും യഹൂദമതവും ക്രിസ്തീയ വിശ്വാസവും തമ്മിലും സാരമായ വ്യത്യാസം കാണാൻ കഴിയാത്തവർ ഈ വർത്തമാനകാലത്തെ പരിശുദ്ധാത്മാധിവാസത്തെ സംബന്ധിച്ച ഉപദേശം മനസ്സിലാക്കുന്നതിൽ പരാജയപ്പെടുകയേ ഉള്ളൂ. യോഹ. 7:37–39 ലും 14:16–17 ലും ക്രിസ്തു പഠിപ്പിച്ചത്, അവന്റെ തേജസ്ക്കരണത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് വലിയ മാറ്റം വരുമെന്നാണ്. പഴയനിയമമോ, സുവിശേഷങ്ങളോ, സഭായുഗത്തിൽ പരിശുദ്ധാത്മപ്രവർത്തനങ്ങളുടെ മാർഗ്ഗ രേഖയായി കാണുന്ന ഒരാൾ, തീർച്ചയായും കാര്യങ്ങൾ കൂട്ടിക്കുഴയ്ക്കുകയായിരിക്കും ഫലം. ക്രിസ്തുവിന്റെ തേജ

[4] 2 കൊരി. 5:16 പ്രസ്താവിക്കുന്നത്, രക്ഷയ്ക്കുശേഷം ഒരു വിശ്വാസി ആളുകളെ വ്യത്യസ്തമായി നോക്കുന്നുവെന്നാണ്. ക്രിസ്തുവിനെ വ്യക്തിപരമായി അറിയുന്ന ഒരു അവിശ്വാസി, രക്ഷിക്കപ്പെട്ട ശേഷം കർത്താവിനെ വളരെ വ്യത്യസ്തമായിട്ടായിരിക്കും നോക്കിക്കാണുക. അതുകൊണ്ട് 2 കൊരി. 5:17 പ്രഥമമായും സൂചിപ്പിക്കുന്നത്, ഒരു വ്യക്തി രക്ഷിക്കപ്പെട്ട ശേഷം മറ്റുള്ളവരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പുതിയ കാഴ്ചപ്പാടും വിലയിരുത്തലുമാകാം മാത്രമല്ല, അടുത്തയിടെ മാത്രം രക്ഷിക്കപ്പെട്ട ഒരാൾക്ക്, തനിക്കു മുമ്പെ വിശ്വാസത്തിൽ വന്നവരുമായി ഒരു പുതിയ ബന്ധം ഉണ്ടായിരിക്കും. ഒരു വ്യക്തി രക്ഷിക്കപ്പെട്ടയാളല്ലെങ്കിൽ വിശ്വാസികൾ അദ്ദേഹത്തെ വ്യത്യസ്തമായിട്ടായിരിക്കും വീക്ഷിക്കുക. മാനസാന്തരം അദ്ദേഹത്തെ പുതിയ വ്യക്തിയായി കാണാൻ അവരെ സഹായിക്കുന്നു. അയാൾ അപ്പോഴേക്കും ഒരു പുതിയ സൃഷ്ടിയായി തീരുകയാണ്.

[5] അഭിഷേകം എന്ന കാര്യം വേറൊരു വിഷയമായി പരാമർശിക്കുന്നില്ല. കാരണം, ആത്മാധിവാസവുമായി ഇഴുകിചേർന്നു പോകുന്ന ഒന്നായിട്ടാണ് (കൃപായുഗത്തിൽ) ഈ വിഷയം ഇരിക്കുന്നത്. പഴയനിയമത്തിലാകട്ടെ, അഭിഷേകം വിളിയോടോ, ഔദ്യോഗിക ഉത്തരവാദിത്വത്തോടോ വേലയോടോ ഉള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. പുരോഹിതന്മാർ എണ്ണകൊണ്ട് അഭിഷേകം ചെയ്യപ്പെടുമായിരുന്നു (പുറ. 29:7; സംഖ്യ. 3:3) അതുപോലെതന്നെ രാഷ്ട്രഭരണാധികാരികളും അഭിഷേകം ചെയ്യപ്പെടുമായിരുന്നു.(1 ശമു. 9:16; 16:12; 2 ശമു. 12:7; 1 രാജാ. 1:34).

ചിലപ്പോൾ 'അഭിഷേകം' എന്ന പദം ഒരു വ്യക്തിയെ പ്രത്യേകിച്ചും ഒരു നേതാവിനെ, തന്റെ ദൗത്യ നിർവ്വഹണത്തി

സ്ക്കരണ സമയം മുതൽ (സ്വർഗ്ഗാരോഹണം ഉൾപ്പെടെ) **വിശ്വസിക്കുന്ന സകലരിലും പരിശുദ്ധാത്മാധിവാസമുണ്ട്.** ക്രിസ്തുവിനുള്ള എല്ലാവരിലും പരിശുദ്ധാത്മാവ് അധിവാസം ചെയ്യുന്നു.

> "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തുപറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചുപറഞ്ഞു. അവൻ ഇതു **തന്നിൽ വിശ്വസിക്കുന്നവർക്കു** ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്" **യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു** (യോഹ. 7:38 –39).

> "...ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല"**(അതുപോലെ, ക്രിസ്തു വിനുള്ളവനിൽ പരിശുദ്ധാത്മാവ് വസിക്കുന്നു)** (റോമ. 8:9)**.**

നായി ശക്തീകരിക്കുവാൻ, അദ്ദേഹത്തിൽ പരിശുദ്ധാത്മാവ് അധിവാസം ചെയ്യുന്നതിനോടുള്ള ബന്ധത്തിലാണ് (പ്രാഥമികമായി) ഉപയോഗിച്ചിട്ടുള്ളത് (1 ശമു. 10:1, 6, 10; 16:13). ഇപ്രകാരം, അഭിഷേകവും പ്രാഥമികമായി പരിശുദ്ധാത്മാവു വരുന്നതും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. എങ്കിലും പഴയ നിയമ ന്യായപ്രമാണത്തിൽ കീഴിൽ "ആത്മാഭിഷേകം" എന്ന് തിരുവെഴുത്തു നേരിട്ട് സൂചിപ്പിക്കുന്നത് "അഭിഷിക്തനായ മശിഹാ" യെക്കുറിച്ചു മാത്രമാണ് (യെശ. 61:1; ലൂക്കോ. 4:18; അപ്പോ. പ്രവ. 10:38). ദാവീദിനെ പോലെയുള്ള മറ്റുള്ളവരും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടുവെന്നു പറയാമെങ്കിലും (തിരുവെഴുത്തു നേരിട്ട് അങ്ങനെ പഠിപ്പിക്കുന്നില്ല) ഇപ്രകാരം പരിശുദ്ധാത്മാഭിഷേകത്തെക്കുറിച്ചു പറയുന്നത്, ഒരു നേതാവിനെ തന്റെ ഉത്തരവാദിത്വ നിർവഹണത്തിനായി ശക്തീകരിക്കുവാൻ, പരിശുദ്ധാത്മാവ് അദ്ദേഹത്തിൻമേൽ പ്രാഥമികമായി വരുന്ന കാര്യമാണ്. പഴയനിയമ കാലഘട്ടത്തിൽ പരിശുദ്ധാത്മാവ് ചുരുക്കം ചില വ്യക്തികളിൽ അധിവാസം ചെയ്തു. അതും അവരുടെ രക്ഷാനുഭവത്തിനുശേഷം; അതുകൊണ്ട് ന്യായപ്രമാണത്തിൻ കീഴിലെ പരിശുദ്ധാത്മാഭിഷേകം കൃപയുടെ ഈ കാലഘട്ടത്തിലേക്കുള്ള സംക്ഷിപ്ത മാതൃകയാണെന്നു **പറയാനാവില്ല.**

സഭാ വ്യവസ്ഥയിൻ കീഴിൽ പരിശുദ്ധാത്മാവു സകലരിലും അധിവാസം ചെയ്യുന്നു. ആകയാൽ ആത്മാഭിഷേകത്തെക്കുറിച്ചുള്ള ഏതൊരു പുതിയനിയമ പഠിപ്പിക്കലും എല്ലാ വിശ്വാസികളെയും ഉൾപ്പെടുത്തുന്നതും, രക്ഷണ്യസമയത്ത് ആരംഭിക്കുന്നതുമത്രെ. ഇതാണ് യഥാർത്ഥ സംഗതി.

2 കൊരി. 1:21 അപ്പോസ്തലിക കാര്യമാകാം പറയുന്നത്. പക്ഷെ എല്ലാ വിശ്വാസികളെയും ഉൾക്കൊള്ളിച്ചു പറയുന്നതാകാനാണു സാദ്ധ്യത. 1 യോഹ. 2:20, 27 എന്നീ വാക്യങ്ങളാണ് പരിശുദ്ധാത്മാഭിഷേകത്തെക്കുറിച്ചു പറയുന്ന മറ്റു വേദഭാഗങ്ങൾ. ഓരോ വിശ്വാസിയും ഈ അനുഭവം അവകാശപ്പെടുത്തിയവരാണെന്നാണ് അവ വ്യക്തമാക്കുന്നത്. (ഓരോ വിശ്വാസിയിലും ആത്മാവിന്റെ അധിവാസം ഉണ്ട്). രക്ഷാസമയം അഭിഷേകത്തിനുവേണ്ടി യാചിക്കുകയോ പ്രാർത്ഥിക്കുകയോ ഏതെങ്കിലുംവിധ പരിശ്രമം ചെയ്യുന്നതു സംബന്ധിച്ചും യാതൊരു വേദാധാരവുമില്ല. ഇപ്പോൾ എല്ലാ വിശ്വാസികളും വിശുദ്ധീകരിക്കപ്പെട്ട് (കർത്തൃവേലയ്ക്കായി വേർതിരിക്കപ്പെട്ടവരാണ്). അവരവരുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുവാൻ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു.

1 കൊരി. 12:13-ൽ പറയുന്നത് "നാം **എല്ലാവരും** ഒരേ ആത്മാവിനെ പാനം ചെയ്തിരിക്കുന്നു" എന്നാണ്. അതിന്റെ പശ്ചാത്തലമനുസരിച്ച് ക്രിസ്തുവിനോടു ഐക്യതയുള്ള എല്ലാവരെയുംകുറിച്ചാണ് പറയുന്നത്. വിശ്വസിക്കുന്ന സകലരെയും സൂചിപ്പിക്കുന്നതാണിത്.[6] *"കുടിക്കുക"* എന്ന വാക്ക്, ഒരു ആന്തരിക പ്രവൃത്തിയെക്കുറിച്ചു ചിന്തിക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നതാണ്. ഇപ്രകാരം എല്ലാ സത്യ ക്രിസ്തുവിശ്വാസികളിലും പരിശുദ്ധാത്മാവ് അധിവസിക്കുന്നുവെന്നാണ് പൗലോസ് പഠിപ്പിക്കുന്നത്.

പുനരുത്ഥാനം അവകാശമാക്കിയിട്ടുള്ള എല്ലാവരിലും തന്നെ പരിശുദ്ധാത്മാവു വസിക്കുന്നു എന്ന സത്യത്തിൽ നിന്നും ഇതേ നിർണ്ണയത്തിൽ എത്തിച്ചേരാം (റോമ. 8:11).[7] പുത്രത്വം പ്രാപിച്ചവരെല്ലാവരിലും പരിശുദ്ധാത്മാവ്

'അഭിഷേകം' എന്ന വാക്ക്, ഒരു പ്രത്യേക പ്രവൃത്തിക്കായി ഒരു വിശ്വാസി ഇന്നു ദൈവത്താൽ നടത്തപ്പെടുകയും ആ പ്രവൃത്തി ചെയ്യുന്നതിനുള്ള കഴിവ് നൽകി അനുഗ്രഹിക്കുന്നതിനെയും സൂചിപ്പിച്ചു പറയാമായിരിക്കും. (ഉദാ. ശുശ്രൂഷയ്ക്കായി നിയോഗിക്കുന്നതിനെ, ഒരു അഭിഷേകം എന്ന് ആളുകൾ പറഞ്ഞേക്കാം) ഒരു ശുശ്രൂഷ ചെയ്യാൻ ഒരാൾ പ്രത്യേകം പ്രാപ്തിയും കഴിവുമുള്ള ആളായിരിക്കുകയും അദ്ദേഹം അത് അനുഗ്രഹകരമായി നിർവ്വഹിക്കുകയും ചെയ്തേക്കാം. ഇപ്രകാരം ഭാഷാപരമായി ഉപയോഗിക്കുന്നതിൽ തകരാറില്ലെങ്കിലും പഴയനിയമത്തിലെ അത്മാഭിഷേകവുമായി (ഒരു പ്രത്യേക ദൗത്യത്തിനായി ശക്തീകരിക്കുന്നതുപോലെ) ഇതിന് ബന്ധമില്ല. പുതിയ നിയമ ആത്മാഭിഷേകം, ഒരു വ്യക്തിയുടെ ജീവിതത്തെ ആത്മാവ് പ്രാഥമികമായി ശക്തീകരിക്കുന്നതിനോടാണ് ഏറ്റവും അടുത്ത ബന്ധം. ന്യായപ്രമാണത്തിൻ കീഴിൽ ഈ ആദ്യാനുഭവം, ദാവീദിന്റെ കാര്യത്തിലെന്നപോലെ- രക്ഷയ്ക്കുശേഷമാണ് സംഭവിക്കുന്നത്. എന്നാൽ **പുതിയനിയമ കൃപായുഗത്തിൽ ഓരോ വിശ്വാസിയും പരിശുദ്ധാത്മാവിനാൽ പ്രത്യേക ശുശ്രൂഷയ്ക്കായി അഭിഷേകം ചെയ്യപ്പെട്ടിരിക്കുകയാണ്.** അതായത് അവർ വിവിധ ആത്മിക ശുശ്രൂഷകൾക്കായി വേർതിരിക്കപ്പെട്ടിരിക്കുകയാണ്. ശുശ്രൂഷിക്കുവാനുള്ള വിഭവങ്ങൾ എല്ലാവർക്കും പരിശുദ്ധാത്മാവിൽ നിന്നുമാണ് ലഭിക്കുന്നത് (1 കൊരി. 12:7; എഫെ. 4:12). അതുകൊണ്ട് പരിശുദ്ധാത്മാഭിഷേകത്തിനു വേണ്ടി യാചിച്ചു പ്രാർത്ഥിക്കേണ്ട ആവശ്യം ഒരു ദൈവപൈതലിനില്ല. ഓരോ വിശ്വാസിയുടെ ജീവിതത്തിലും അധിവാസം ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്താൽ അതു പകരപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്.

[6]എല്ലാ വിശ്വാസികൾക്കും ക്രിസ്തുവിനോട് ഐക്യതയുണ്ട് (എഫെ. 2:4–9; ഗലാ. 3:26–28). അതുകൊണ്ട് എല്ലാ വിശ്വാസികളും പരിശുദ്ധാത്മാധിവാസം ഉള്ളവരാണ്; എന്തെന്നാൽ ക്രിസ്തുവിനോടുള്ള ഐക്യത്തിന്റെ കാരണം പരിശുദ്ധാത്മാവിന്റെ അധിവാസവും പരിശുദ്ധാത്മ സ്നാനവുമാണ്(1 കൊരി. 12:13). ഒരു ക്രിസ്തു വിശ്വാസി പരിശുദ്ധാത്മാവിനെ അവകാശപ്പെടുത്തിയിട്ടില്ലെന്ന ചിന്തയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല.

[7]എല്ലാ വിശ്വാസികൾക്കും നിത്യജീവൻ ഉണ്ട് (യോഹ. 5:24;

അധിവസിക്കുന്നുണ്ട് (ഗലാ. 4:6; റോമ. 8:14; ശരിയായി ഗ്രഹിക്കാവുന്നതാണ്). [8]

> "യേശുവിനെ മരിച്ചവരിൽ നിന്നുയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന **തന്റെ ആത്മാവിനെക്കൊണ്ട്** നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും. (റോമ. 8:11).
>
> "**നിങ്ങൾ മക്കൾ** ആകകൊണ്ട്, അബ്ബാ പിതാവെ, എന്നു വിളിക്കുന്ന സ്വ**പുത്രന്റെ ആത്മാവിനെ** ദൈവം നമ്മുടെ ഹൃദയങ്ങളിൽ **അയച്ചു**" (ഗലാ. 4:6)

ജഡികരായ (പ്രാകൃതരെപ്പോലെയുള്ള) കൊരിന്ത്യർക്ക് പൗലോസ് എഴുതുമ്പോൾ പരിശുദ്ധാത്മാവ് അധിവസിക്കുന്ന ചിലരും പരിശുദ്ധാത്മാവ് അധിവസിക്കാത്ത മറ്റു ചിലരുമെന്ന വ്യത്യാസം പൗലോസ് രേഖപ്പെടുത്തുന്നതേയില്ല. എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ട് എല്ലാ വിശ്വാസികളിലും പരിശുദ്ധാത്മാവ് അധിവസിക്കുന്നു എന്നാണ് പൗലോസ് പ്രസ്താവിക്കുന്നത്.

> "നിങ്ങളിൽ ഇരിക്കുന്ന, **ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ, മന്ദിരമാകുന്നു നിങ്ങളുടെ ശരീരമെന്നും** നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?" (1 കൊരി. 6:19).

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം പരിശുദ്ധാത്മാധിവാസം നടന്നുകഴിഞ്ഞ ഒരു യാഥാർത്ഥ്യമായിട്ട് അനേക പ്രാവശ്യം പുതിയനിയമം വെളിപ്പെടുത്തുന്നുണ്ട്. (റോമ. 5:5; 2 കൊരി. 5:5; 1 യോഹ. 3:24; 4:13 എന്നിവ നോക്കുക). ഒരു വിശ്വാസി, ഈ യുഗത്തിൽ പരിശുദ്ധാത്മാധിവാസം നേടുന്നതിനുവേണ്ടി അന്വേഷിക്കുകയോ, പരിശ്രമിക്കുകയോ ചെയ്യണമെന്ന യാതൊരു കല്പനയും തിരുവചനത്തിലില്ല.

b. എപ്പോൾ? എങ്ങനെയാണ് ഒരാൾക്ക് പരിശുദ്ധാത്മാധിവാസം ലഭിക്കുക?

എല്ലാ വിശ്വാസികളിലും പരിശുദ്ധാത്മാവ് അധിവസിക്കുന്നതിനാൽ വിശ്വാസത്താലാണ് ഒരാൾ **പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതെന്നും, വിശ്വസിക്കുന്ന സമയത്ത് പരിശുദ്ധാത്മാവ് ആ വ്യക്തിയിൽ അധിവാസം ആരംഭിക്കുന്നുവെന്നും എത്രയോ വ്യക്തമാണ്**. യോഹ. 7:38–39 ഉം ഗലാ. 3:2 ഉം പ്രത്യേകാൽ വ്യക്തമാക്കുന്നത്, ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് പരിശുദ്ധാത്മാവ് ലഭിക്കുന്നത് എന്നത്രെ. ഒരാൾക്ക് ക്രിസ്തുവിൽ വിശ്വാസമുണ്ടായിരിക്കുകയും ആ വ്യക്തിക്ക് പരിശുദ്ധാത്മാവ് ഇല്ലാതിരിക്കുകയും ചെയ്യുന്നുവെന്ന ഒരു കാര്യം തിരുവെഴുത്തിന് അന്യമാണ്. ഇപ്രകാരം, ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പരിശുദ്ധാത്മാവ് അധിവസിക്കുകയും ആ സമയത്തു തന്നെ ഈ നിലയിലുള്ള വിശ്വാസം ആരംഭിക്കുകയും ചെയ്യുന്നു.

> "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തുപറയും പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും"; ഇത് **തന്നിൽ വിശ്വസിക്കുന്നവർക്ക്** ലഭിക്കാനിരുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചത്രെ അവൻ പറഞ്ഞത്: യേശുക്രിസ്തു അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ പരിശുദ്ധാത്മാവ് വന്നിട്ടില്ലായിരുന്നു" (യോഹ. 7: 38–39).
>
> "ഞാൻ ഇതൊന്നു മാത്രം നിങ്ങളോടു ഗ്രഹിപ്പാൻ ഇച്ഛിക്കുന്നു." നിങ്ങൾക്കു ആത്മാവ് ലഭിച്ചത് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ, **വിശ്വാസത്തിന്റെ** പ്രസംഗം കേട്ടതിനാലോ" (ഗലാ. 3:2).[9]

ദൈവമക്കളായവരിലെല്ലാം പരിശുദ്ധാത്മാവ് അധിവസിക്കുന്നു (ഗലാ. 4:6; റോമ. 8:14). ഒരു വ്യക്തി, വിശ്വസിക്കുന്ന സമയത്ത്, വിശ്വാസത്താൽ ദൈവപൈതലാകുന്നതിനാൽ, വിശ്വസിക്കുന്ന സമയത്തു തന്നെ പരിശുദ്ധാത്മാധിവാസവും ഉണ്ടായേ മതിയാവൂ. അതുപോലെ, ക്രിസ്തുവുമായി ഐക്യതയുള്ളവർ പരിശുദ്ധാത്മാധിവാസം ഉള്ളവരാണ് (റോമ. 8:9; 1 കൊരി. 12:13). ഒരു വ്യക്തി, ഈ ബന്ധം നേടുന്നത് വിശ്വാസത്താലാകയാൽ, പരിശുദ്ധാത്മാവിന്റെ അധിവാസവും വിശ്വാസത്താലാണ് ലഭിക്കേണ്ടത്. ക്രിസ്തുവിലുള്ള വിശ്വാസം കാലാന്തരേ ഉയിർത്തെഴുന്നേല്പ് ലഭ്യമാക്കുകയും ചെയ്യും (യോഹ. 6:40, 47). പരിശുദ്ധാത്മാവ് "നിങ്ങളുടെ മർത്യശരീരങ്ങളെ ജീവിപ്പിക്കും" (റോമ. 8:11). **എല്ലാ നിലയിലുമുള്ള തെളിവ് സൂചിപ്പിക്കുന്നത്, വിശ്വാസത്തിന്റെ അടി**

11:25). ജീവൻ കൊടുക്കുന്നതു പരിശുദ്ധാത്മാവാകയാൽ (റോമ. 8:11), എല്ലാവരിലും പരിശുദ്ധാത്മാവ് ഉണ്ടായേ മതിയാവൂ. ഒരു യഥാർത്ഥ ക്രിസ്തു വിശ്വാസി പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടില്ല എന്ന ചിന്തയ്ക്കുപോലും യാതൊരു വിധ ആധാരവുമില്ല.

[8] എല്ലാ വിശ്വാസികളും ദൈവത്തിന്റെ പുത്രന്മാരാണ് (യോഹ. 1:12, 13; ഗലാ. 3:26). ഈ പുത്രത്വം ഉളവാക്കുന്നതു പരിശുദ്ധാത്മാവാകയാൽ (ഗലാ. 4:6; റോമ. 8:14), ഒരു ക്രിസ്തു വിശ്വാസിക്ക് പരിശുദ്ധാത്മാവില്ലെന്നു ചിന്തിക്കുന്നതു തന്നെ ഭോഷത്വമാണ്. ഒരു യഥാർത്ഥ ക്രിസ്ത്യാനിയായിരിക്കുകയും (വിശ്വാസി) അദ്ദേഹം പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടില്ലെന്നു (അവകാശപ്പെടുത്തിയിട്ടില്ലെന്നു) മുള്ള ആശയത്തിന് യാതൊരു സാംഗത്യവുമില്ല തന്നെ.

[9] എഫെ. 1:13 കൂടെ നോക്കുക. "നിങ്ങൾ വിശ്വസിച്ചു" എന്നതിനാൽ "പരിശുദ്ധാത്മാവിനാൽ നിങ്ങൾ മുദ്രയിട്ടിരിക്കുന്നു" എന്നു പരിഭാഷ ചെയ്യാവുന്നതാണ്. രക്ഷിക്കപ്പെടുന്ന സമയത്ത് പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ കടന്നുവരുന്നു എന്നതിനാലും പരിശുദ്ധാത്മ പ്രാപണം വിശ്വാസത്താലാണ് എന്ന് മറ്റനേക വേദഭാഗങ്ങൾ കൃത്യമായി വെളിപ്പെടുത്തുന്നതിനാലും ഫൂട്ട്നോട്ടിൽ ഇവിടെ ചേർത്തിരിക്കുന്ന പരിഭാഷയ്ക്ക് മുൻതൂക്കമുണ്ട്.

സ്ഥാനത്തിലാണ്, പരിശുദ്ധാത്മാവ് അധിവസിക്കുന്നതെന്നും, ക്രിസ്തുവിൽ, ഒരു വ്യക്തി വിശ്വാസം അർപ്പിക്കുന്ന ആ സമയത്താണ് അധിവാസം ആരംഭിക്കുന്നതെന്നുമാണ്. അപ്പോ. പ്രവ. 10:44 ഇതിന് ഒരു ദൃഷ്ടാന്തം നൽകുന്നു. പത്രോസ് സുവിശേഷം പ്രസംഗിച്ചപ്പോൾ ചിലർ വിശ്വസിച്ചു, പ്രസംഗം അവസാനിക്കും മുമ്പുതന്നെ; അതു മാത്രമല്ല അവർ ജലസ്നാനമേല്ക്കുന്നതിനു വളരെ മുമ്പു തന്നെ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്തു.

c. എത്രത്തോളം പരിശുദ്ധാത്മാവ് അധിവസിക്കും?

ന്യായപ്രമാണത്തിൻ കീഴിലെ രീതി, പരിശുദ്ധാത്മാവു അധിവസിക്കുകയും പിന്നീട് വിട്ടുപോകുകയും ആയിരുന്നുവെങ്കിൽ, അതിൽ നിന്നു വ്യത്യസ്തമായി, ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്, പരിശുദ്ധാത്മാവിന്റെ പുതിയ ശുശ്രൂഷയിൻ കീഴിൽ, അവൻ എന്നേക്കും കൂടെ ഇരിക്കും എന്നാണ്. അതേ സന്ദർഭത്തിൽ തന്നെ, അവൻ വ്യക്തമാക്കിയത്, തന്റെ വാക്കുകൾ അപ്പോസ്തലന്മാരെ മാത്രം ഉദ്ദേശിച്ചല്ല; മറിച്ച് തന്റെ ജനത്തെ മൊത്തത്തിൽ ഉദ്ദേശിച്ചാണെന്നത്രെ.

> "എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ **എന്നേക്കും** നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും; ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിനു അവനെ ലഭിപ്പാൻ കഴികയില്ല. നിങ്ങളോ, അവൻ നിങ്ങളോടുകൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ടു അവനെ അറിയുന്നു. യേശു അവനോടു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസം ചെയ്യും. (യോഹ. 14:16, 17, 23).

എഫെ. 4:30 സാങ്കേതികമായി, അധിവാസത്തെക്കുറിച്ചല്ല; പ്രത്യുത; മുദ്രയെക്കുറിച്ചാണ് പറയുന്നതെങ്കിലും ഒരു വിശ്വാസിയിൽ പരിശുദ്ധാത്മപ്രവർത്തനം സ്ഥിരമായതാണെന്ന് ആ ഭാഗം ഉറപ്പിക്കുന്നുണ്ട്. വിശ്വാസികളിൽ പരിശുദ്ധാത്മാവ് അധിവസിക്കുകയും അവരുടെ ജീവകാലം മുഴുവൻ അവൻ അവരിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

> "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്, അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പിൻ നാളിന്നായി മുദ്രയിട്ടിരിക്കുന്നത്" (എഫെ. 4:30).

പരിശുദ്ധാത്മാധിവാസത്തിന്റെ കാലദൈർഘ്യം രക്ഷയുടെ നിത്യഭദ്രത എന്ന ഉപദേശവുമായി ഇഴുകിചേർന്നു കിടക്കുന്നതാണ്. ദൈവമക്കളായവരിലും (ഗലാ. 4:6), ക്രിസ്തുവിനോടു ഐക്യതയിൽ തുടരുന്നവരിലും (1 കൊരി. 12:13), ക്രിസ്തുവിന്റെ വരവിങ്കൽ ഉയിർത്തെഴുന്നേൽക്കുന്നവരിലും (റോമ. 8:11) പരിശുദ്ധാത്മാവ് അധിവസിക്കുന്നതിനാൽ വിശ്വാസികൾക്ക് ദൈവമക്കൾ എന്നുള്ള പദവി ഒരിക്കലും ഇല്ലാതാകാത്തതിനാലും, ക്രിസ്തുവിനോടുള്ള ഐക്യത നഷ്ടപ്പെടാത്തതിനാലും അവർ ഉയിർത്തെഴുന്നേല്ക്കാതിരിക്കില്ല എന്നതിനാലും, ആത്മാവിന്റെ അധിവാസവും നിത്യമായിരിക്കണം.

പരിശുദ്ധാത്മാവു വരികയും പോവുകയും ചെയ്യുന്നുവെന്നു കരുതുന്നവരും, പരിശുദ്ധാത്മാവിന്റെ സഹവാസത്തിന്നായി അപേക്ഷിച്ച്, യാചിച്ച്, അന്വേഷിക്കുകയോ അതിന്നായി മുൻകയ്യെടുത്തു പരിശ്രമിക്കുകയോ വേണമെന്നു പഠിപ്പിക്കുന്നവരും, സഭാ യുഗത്തിൽ പരിശുദ്ധാത്മപ്രവർത്തനം സംബന്ധിച്ച് തിരുവെഴുത്തു എന്ത് പഠിപ്പിക്കുന്നു എന്നതിനെക്കുറിച്ചുള്ള അജ്ഞതകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. [10]

3. ആത്മസ്നാനം

a. ആമുഖവും നിർവചനവും

പരിശുദ്ധാത്മാവിനെ സംബന്ധിച്ച പഠനത്തിൽ "ആത്മസ്നാനം" അത്രയേറെ വിഷമകരമായ ഭാഗമല്ലെങ്കിലും ഇത് വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. പുതിയനിയമം മുഴുവനായി പരിശോധിച്ചാൽ ആത്മസ്നാനത്തിനുവേണ്ടി അദ്ധ്വാനിക്കണമെന്നുള്ള ഒരു കല്പനയും കാണാൻ കഴികയില്ല. പഴയനിയമം മുഴുവനായി പരിശോധിച്ചാലും ആത്മസ്നാനത്തിനുള്ള ഒരു പരാമർശവും കാണുവാൻ കഴിയില്ല.

---

[10] ലൂക്കോ. 11:13 പലപ്പോഴും പരിശുദ്ധാത്മാവിനു വേണ്ടി യാചിക്കുന്നു എന്ന ആശയത്തിന്റെ തെളിവിനായി ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്. എന്നാൽ അത് ന്യായപ്രമാണയുഗത്തിൻ കീഴിൽ നൽകിയതാണ്, അന്ന് വളരെക്കുറച്ചു വിശ്വാസികൾക്കു മാത്രമെ പരിശുദ്ധാത്മാവു ലഭിച്ചിരുന്നുള്ളു. ക്രിസ്തു തന്റെ ശിഷ്യന്മാരെ ആഹ്വാനം ചെയ്തത് പരിശുദ്ധാത്മാവിനുവേണ്ടി യാചിപ്പാനാണ്. എല്ലാ വിശ്വാസികളിലും അധിവാസം ചെയ്യുന്ന പരിശുദ്ധാത്മ ശുശ്രൂഷ, ക്രിസ്തുവിന്റെ തേജസ്ക്കരണം വരെ സംഭവിച്ചില്ലെങ്കിലും ക്രിസ്തുവിന്റെ ഐഹിക ശുശ്രൂഷയുടെ ആരംഭത്തിൽ ചില അനുയായികളുടെമേൽ ദൈവം പരിശുദ്ധാത്മാവിനെ അയയ്ക്കുന്നതായി നാം കാണുന്നുണ്ട് (യോഹ. 7:38-39), എന്നാൽ പോലും അവരിൽ ആരെങ്കിലും എപ്പോഴെങ്കിലും പരിശുദ്ധാത്മാവിനു വേണ്ടി അപേക്ഷിക്കുകയോ യാചിക്കുകയോ ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടില്ല.

ലൂക്കോ. 11:13-ൽ നൽകുന്ന സന്ദർഭത്തിൽ നിലവിലിരുന്നതിനേക്കാൾ വ്യത്യസ്തങ്ങളായ പ്രവർത്തന സാഹചര്യങ്ങളാണ് സഭാ യുഗത്തിൽ ഉണ്ടായിരുന്നത്. ഇന്നാകട്ടെ, വിശ്വസിക്കുന്ന ഏതൊരാൾക്കും, ചോദിക്കുകയോ യാചിക്കുകയോ ചെയ്യാതെ തന്നെ പരിശുദ്ധാത്മാവു ലഭിക്കുകയാണ്. ലൂക്കോ. 11:13 -ന് കാലികമായ പ്രസക്തി അന്നത്തെ സാഹചര്യത്തിൽ ഉണ്ടായിരുന്നിരിക്കാം. എന്നാൽ ഇന്ന് പരിശുദ്ധാത്മാവ്

പ്രവർത്തിക്കുന്നത് സുവിശേഷങ്ങൾ പ്രതിപാദിക്കുന്ന സമയത്തിൽ നിന്നും അതായത് സഭ ആരംഭിക്കുന്നതിനു മുമ്പുള്ള സന്ദർഭത്തിൽ നിന്നും തികച്ചും വ്യത്യസ്തമായിട്ടാണ്.

യോഹ. 20: 22 രക്ഷിക്കപ്പെട്ടതിനും വളരെ നാളുകൾക്കുശേഷം പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിന് മറ്റൊരു ദൃഷ്ടാന്തമായി ചിലർ അവകാശപ്പെടാറുണ്ട്. എന്നാൽ ഇവിടെയും നാം ഗ്രഹിച്ചിരിക്കേണ്ട അടിസ്ഥാനപരമായ വസ്തുത ന്യായപ്രമാണത്തിൽ നിന്നും കൃപയിലേക്കും യഹൂദമതത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിലേക്കുമുള്ള മാറ്റമാണ്. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണസമയത്തും പരിശുദ്ധാത്മ സ്നാനം ഭാവിയിൽ ആയിരിക്കുമെന്നു ക്രിസ്തു പഠിപ്പിച്ചതിൽ നിന്ന് ഈ മാറ്റത്തിന്റെ കാലഘട്ടം അവന്റെ സ്വർഗ്ഗാരോഹണ സന്ദർഭം വരെ സംഭവിച്ചിട്ടില്ലെന്നു വ്യക്തം (അപ്പോ. പ്രവ. 1:5), യോഹ. 20:22 നടന്നത് സഭായുഗാരംഭത്തിനു മുമ്പാണ്, അതുകൊണ്ട് ഇപ്പോൾ ഈ വർത്തമാനകാലത്തെ പരിശുദ്ധാത്മപ്രവർത്തനത്തെക്കുറിച്ച് യാതൊന്നും ഈ വാക്യം പറയുന്നില്ലെന്ന് വ്യക്തം.

ഇതിലുപരി യോഹ. 20:22 പെട്ടെന്ന് മനസ്സിലാകാത്ത ഒരു വേദഭാഗമാണ്. താമസിയാതെ സംഭവിക്കാൻ പോകുന്ന ആത്മ സ്നാനത്തെക്കുറിച്ച് ക്രിസ്തു മുൻകൂട്ടി പറയുകയും അനുഗ്രഹങ്ങൾ നൽകുകയുമാണ് ഈ വാക്യം സംബന്ധിച്ച ഒരു വീക്ഷണഗതി. ക്രൂശികരണശേഷമുള്ള വിഷമമേറിയ ദിനങ്ങളിൽ അപ്പോസ്തലന്മാരെ സഹായിക്കേണ്ടതിന്, താല്ക്കാലികമായ ഒരു അനുഗ്രഹത്തിന്റെ നേരിയ അളവ്, അപ്പോസ്തലന്മാർക്ക് അവിടുന്നു നല്കുകയായിരുന്നുവെന്നതാണ് മറ്റൊരു ആശയം. പരിശുദ്ധാത്മാവിൽ നിന്നും ദിവ്യ വെളിപ്പാടും ആത്മനിയോഗവും നേടാൻ കർത്താവ് അപ്പോസ്തലന്മാരെ മുൻകൂട്ടി അധികാരപ്പെടുത്തുകയായിരുന്നുവെന്നതാണ് വ്യത്യസ്തമായ മറ്റൊരു ആശയം. ഒടുവിലായി, യോഹ. 20:22 അപ്പോസ്തലന്മാർക്കു നൽകുന്ന അധിവാസത്തെക്കുറിച്ചാണ് പറയുന്നതെന്ന് ഒരാൾ വാദിച്ചാൽ തന്നെയും പരിശുദ്ധാത്മാവു കൃപയിൽ കീഴിൽ സകല വിശ്വാസികളോടുമുള്ള ബന്ധത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന്റെ മാതൃകയായി ഈ വാക്യം സ്വീകരിക്കാനാവില്ല. ചുരുക്കത്തിൽ യോഹ. 20:22ന്, സഭായുഗത്തിൽ സകല വിശ്വാസികളിലും പരിശുദ്ധാത്മാവു അധിവസിക്കുന്നു എന്ന അനുമാനത്തെ മാറ്റിമറിക്കാൻ കഴികയില്ല.

രക്ഷിക്കപ്പെട്ടശേഷം ഒരാളുടെ ജീവിതത്തിലേക്ക് പരിശുദ്ധാത്മാവു വരുന്നു' എന്നു കാണിക്കുവാൻ അപ്പോ. പ്രവ. 19:2 ചിലപ്പോൾ ഉപയോഗിക്കാറുണ്ട്. എന്നാൽ ഇവിടുത്തെ പ്രശ്നം പരിഭാഷയുമായി ബന്ധപ്പെട്ടതാണ്. "**വിശ്വസിച്ചിട്ട്** പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" എന്നാണ് നമ്മുടെ ബൈബിളിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. രക്ഷിക്കപ്പെട്ട ശേഷമാണ് വിശ്വാസികൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതെന്ന ധ്വനി ഇത് ഉളവാക്കുന്നു. ഒരു വ്യക്തി ക്രിസ്തുവിൽ വിശ്വാസിച്ചശേഷമാണ് പരിശുദ്ധാത്മാവു വരുന്നത് എന്നതു ശരി. എന്നാൽ വിശ്വസിക്കുമ്പോൾ അതായത് **വിശ്വസിച്ചയുടൻ** വരുന്നുവെന്നതാണ് സത്യം. അപ്പോ. പ്രവ. 19:2-ന്റെ ശരിയായ തർജ്ജമയനുസരിച്ച് വിശ്വസിക്കുന്ന സമയവും പരിശുദ്ധാത്മാവിനെ പ്രാപിക്കുന്ന സമയവും തമ്മിൽ യാതൊരു വ്യത്യാസവും കല്പിക്കുന്നില്ല. ഫലത്തിൽ ഒരേ സമയം നടക്കുന്ന കാര്യങ്ങളാണവ.

"ഒരേസമയത്തു നടക്കുന്നത്' എന്നാണ് ഗ്രീക്ക് എയോറിസ്റ്റ് (പാർട്ടിസിപ്പിൾ) എല്ലായ്പ്പോഴും വെളിപ്പെടുത്തുന്നതെന്ന് ഡാനയും മാന്റിയും പറയുന്നു[H. E. Dana and Julius Mantey, A mannual Grammar of the Greek New Testament(Toronto: Collier -Mac millan; Ltd, 1955, 230)] മോൾട്ടൺ എഴുതുന്നു:- "aorist participle 'സൂചിപ്പിക്കുന്ന ത് ഒരേ സമയം നടക്കുന്ന കാര്യങ്ങളാണെന്നതിന് നിരവധി ദൃഷ്ടാന്തങ്ങളുണ്ട് [James Hope Moulton and Nigel Turner, A Grammar of New testament Greek; 3 vols. (Edinburg: T and T Clark, 1963, 3:79)]

അതുകൊണ്ടാവണം പുതിയ പരിഭാഷകളിൽ അവർ കൂറെക്കൂടെ മെച്ചമായി കൈകാര്യം ചെയ്തിട്ടുണ്ട്. ഒരേ സമയത്തു നടക്കുന്ന കാര്യങ്ങളാണ് വിശ്വാസവും പരിശുദ്ധാത്മപ്രാപണവുമെന്ന് അവർ വ്യക്തമാക്കുന്നു. N.A.S.B യിലെ "നിങ്ങൾ വിശ്വസിച്ചപ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ"?(അ. പ്രവൃ. 19:2) എന്നത് കൃത്യമായ പരിഭാഷയാണ്. N.I.V പരിഭാഷയും സമാനമത്രെ. രക്ഷാനുഭവത്തിനുശേഷമാണ് പരിശുദ്ധാത്മ പ്രാപണമെന്ന ആശയത്തെ അപ്പാടെ തുരത്തുന്നതാണ് ശരിയായ നിലയിലുള്ള ഇത്തരം പുതിയ പരിഭാഷകൾ.

അപ്പോ. പ്രവ. 8:14-17 പരിശുദ്ധാത്മശാസ്ത്രപഠനത്തിൽ ഏറ്റവും വിഷമകരമായ വേദഭാഗമാകാം. ഫിലിപ്പോസ് എന്ന സുവിശേഷകൻ ശമര്യരുടെ മദ്ധ്യേ ചെയ്ത സുവിശേഷപ്രവർത്തനങ്ങളെക്കുറിച്ചാണ് പറയുന്നത്. എല്ലാ വിശ്വാസികളും പരിശുദ്ധാത്മാധിവാസം ഉള്ളവരാണെന്ന് എല്ലാ തെളിവുകളുണ്ടായിട്ടും(യോഹ. 7:38-39; റോമ. 8:9; 1 കൊരി. 12:3) ശമര്യർ വിശ്വസിച്ചയുടനെ പരിശുദ്ധാത്മാവിനെ പ്രാപിച്ചില്ലെന്നു ഈ വേദഭാഗം വെളിപ്പെടുത്തുന്നു. മറിച്ച് പത്രൊസും യോഹന്നാനും ഔദ്യോഗികമായി സ്ഥിരീകരിച്ച ശേഷമാണ് ആ അനുഭവം ശമര്യർക്കുണ്ടായതെന്നാണ് ആ ഭാഗം പറയുന്നത്.

ഇപ്രകാരം, രക്ഷിക്കപ്പെട്ട ശേഷം പരിശുദ്ധാത്മവരുന്നതു സംബന്ധിച്ച് ഒരു വേദശാസ്ത്ര വിദ്യാർത്ഥിക്ക് രണ്ടു വിധത്തിലുള്ള തിരഞ്ഞെടുപ്പേയുള്ളൂ. ഒന്നുകിൽ പരിശുദ്ധാത്മാവു സാധാരണഗതിയിൽ നിന്നു വ്യത്യസ്തമായി പ്രവർത്തിച്ച ഒറ്റപ്പെട്ട ഒരു രംഗം അല്ലെങ്കിൽ പരസ്പര വിരുദ്ധം. വിശമർശനബുദ്ധിയോടെ ഈ ഭാഗം നോക്കുന്നവർ ഇതൊരു വൈരുദ്ധ്യമാണെന്നു പറയും. യോഹ. 7:38-39 റോമ. 8:9; 1 കൊരി. 12:13 എന്നീ ഭാഗങ്ങൾ, എല്ലാ വിശ്വാസികളിലും പരിശുദ്ധാത്മാധിവാസം ഉണ്ടെന്നു പഠിപ്പിക്കുന്നു. എന്നാൽ അപ്പോ. പ്രവ. 8:14-17 പറയുന്നത് ചിലർ വിശ്വസിച്ചു. പക്ഷെ, ഉടനെ പരിശുദ്ധാത്മാവിനെ പ്രാപിച്ചില്ല എന്നത്രെ. അപ്പോ. പ്രവ. 9:17 നിറവിനെക്കുറിച്ചാണു പറയുന്നത്, അധിവാസത്തെക്കുറിച്ചല്ല; അതുപോലെ അപ്പോ. പ്രവ. 10:44. വിശ്വസിക്കുന്ന സമയത്ത് പരിശുദ്ധാത്മാവിനെ പ്രാപിക്കുന്ന സാധാരണ ദൃഷ്ടാന്തം നൽകുകയാണ് എന്നതും ശ്രദ്ധിക്കുക).

തിരുവെഴുത്തുകളുടെ സത്യസന്ധത വിശ്വസിക്കുന്ന ഏതൊരാളും ഇത് 'വൈരുദ്ധ്യ' മാണെന്നത് തിരസ്ക്കരിക്കുകതന്നെ ചെയ്യും. അപ്പോ. പ്രവ. 8: 14-17 വരെയുള്ള സാഹചര്യം സാധാരണ നിലനില്ക്കുന്നതല്ല. സാധാരണ നിലയിൽ പരിശുദ്ധാ

പ്രലോഭനങ്ങളും സമ്മർദ്ദങ്ങളുമൊക്കെ അവസാനിക്കുന്ന ഒരു ക്രിസ്തീയാനുഭവത്തിന്റെ ഉയർന്ന മണ്ഡലത്തിലേക്ക് എത്തിച്ചേരുന്നുവെന്ന വികാരമുളവാക്കുന്നതോ അതിനുവേണ്ടി വ്യഗ്രതപ്പെടുകയോ ചെയ്യുന്ന ഒന്നല്ല ആത്മസ്നാനം. ഒരു വൈകാരിക അനുഭൂതി അഥവാ അനുഭവം എന്നതിനെക്കാൾ ആത്മസ്നാനം അടിസ്ഥാനപരമായി ഒരു **പദവിയാണ്.** താഴെപറയുന്ന രണ്ടു നിർവചനങ്ങളും കൃത്യതയിൽ കാര്യം വ്യക്തമാക്കുന്നതാണ്.

"ഈ യുഗത്തിൽ ഒരു വിശ്വാസിയെ, അദ്ദേഹം രക്ഷിക്ക പ്പെടുന്ന നിമിഷം "ക്രിസ്തുവിൽ" ആക്കുന്ന പരിശു ദ്ധാത്മ പ്രവൃത്തിയാണ് ആത്മസ്നാനം. [11]

ഒരു വിശ്വാസിയെ ക്രിസ്തു, ആത്മാവിൽ മുക്കുകയും ആത്മാവിനാൽ പൊതിയുകയും ക്രിസ്തുവിന്റെ ആത്മാവിനോട് ഐക്യത ഉണ്ടാകുവാൻ ആത്മാവിൽ ആക്കിവെക്കുകയും ചെയ്യുന്ന പ്രവൃത്തി; തത്ഫലമായി ക്രിസ്തുവിനോടും മറ്റു വിശ്വാസികളോടും ആ വ്യക്തിക്ക് ഐക്യത ഉളവാകുന്നു" [12]

വ്യത്യസ്തമായ പദപ്രയോഗങ്ങൾക്കൊണ്ട് ഈ രണ്ടു നിർവചനങ്ങളും ഒരേ നിർണ്ണയത്തെ വ്യക്തമാക്കുകയാ ണ്. ആദ്യത്തേത്, ക്രിസ്തു പരിശുദ്ധാത്മാവിനെ അയ യ്ക്കുന്നു എന്ന ആശയത്തിന് പ്രാധാന്യം നൽകുന്നു. രണ്ടാമത്തേതാകട്ടെ, ആത്മാവിനെ "ഉപയോഗിക്കുന്നു." എന്തായാലും രണ്ടു നിർവചനങ്ങളും "ക്രിസ്തുവിലുള്ള ഐക്യത" എന്ന പദവിയിൽ ആക്കിവെക്കുന്നതി നെയാണ് ആത്മസ്നാനം സൂചിപ്പിക്കുന്നതെന്ന നിർണ്ണയത്തിൽ എത്തിച്ചേരുകയാണ്. തുടർന്നു പ്രതി പാദിക്കുമ്പോൾ ഈ നിർവചനത്തിന്റെ അടിസ്ഥാനം തെളിയി ക്കുന്നതാണ്.

b. ആത്മസ്നാനവും സഭാ വ്യവസ്ഥകളും

സംഭവിക്കാനിരുന്ന ഒരു കാര്യമായിട്ടാണ് സുവിശേഷ ങ്ങൾ ആത്മസ്നാനത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളത്. യോഹന്നാൻ സ്നാപകൻ ഇതേക്കുറിച്ച് തികച്ചും **ഭാവി കാലപരമായ** ഒരു പ്രവൃത്തിയായിട്ടാണ് പറഞ്ഞത്. അദ്ദേഹം മശിഹയെക്കുറിച്ച്: "അവൻ നിങ്ങളെ പരിശു ദ്ധാത്മാവുകൊണ്ടു സ്നാനം **കഴിപ്പിക്കും**" എന്നു പ്രസ്താവിക്കുകയുണ്ടായി (മത്താ. 3:11; മർക്കോ. 1:8; ലൂക്കോ. 3:16). ഇതിലുപരി, ക്രിസ്തുവാകട്ടെ ആത്മ സ്നാനം തന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം നടക്കാ നുള്ള സംഭവമായിട്ടാണു വെളിപ്പെടുത്തിയത് അപ്പോ. പ്രവ. 1:5 "ഏറെനാൾ കഴിയുംമുമ്പെ നിങ്ങൾക്കോ പരി ശുദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും". അതുകൊണ്ട് പഴയനിയമത്തിലോ സുവിശേഷ ഭാഗങ്ങളിലോ പരിശു ദ്ധാത്മാവിന്റെ പ്രവൃത്തിയെ സംബന്ധിച്ച്, ആത്മസ്നാ നത്തിന്റെ ഉപദേശം വെളിപ്പെടുത്തുന്ന സത്യങ്ങൾക്കാ യി, നാം അന്വേഷിക്കരുത്. ക്രിസ്തുവിന്റെ സ്വർഗ്ഗാരോ ഹണത്തിനു മുൻപ് "ആത്മാവിലുള്ള സ്നാനം" എന്ന ഒരു കാര്യം നടന്നിട്ടേയില്ല. ആദ്യത്തെ ആത്മസ്നാനം നടന്നത് ക്രിസ്തുവിന്റെ സ്വർഗ്ഗാരഹണത്തിനും "അധി കനാൾ കഴിയുംമുമ്പെ"യാണ്. പത്രോസ് ചൂണ്ടിക്കാണി ക്കുന്നത്; അപ്പോ. പ്രവ. 11:15-16-ൽ പറയുന്ന സമയമാ യപ്പോഴേക്കും ആത്മസ്നാനം നടന്നുകഴിഞ്ഞുവെന്നാണ്. അപ്പോ. പ്രവ. 2-ൽ പെന്തക്കോസ്തുനാളിൽ നടന്നതാണ് ആദ്യത്തെ ആത്മസ്നാനസംഭവമെന്നു നിർണ്ണയി ക്കുവാൻ ഇതിനാൽ നാം നിർബന്ധിതരായിക്കുകയാണ്. ഇത് നമ്മെ ആശ്ചര്യപ്പെടുത്തേണ്ടതില്ല. മുകളിൽ പ്രസ്താവിച്ച ആത്മസ്നാന നിർവചനം ശരിയാ ണെങ്കിൽ, ക്രിസ്തു വിശ്വാസികളുടെ ഐക്യത സൃഷ്ടി ക്കുന്നതാണ് ആത്മസ്നാനം. അതാണല്ലോ സഭയെന്നു പറയുന്നത്. അതുകൊണ്ട് സഭയാരംഭിച്ച പെന്ത ക്കോസ്തു നാളിൽ അതേ സമയത്തുതന്നെ ആത്മസ്നാ നത്തിന്റെ പ്രവൃത്തിയും ആരംഭിച്ചു.

c. ആത്മസ്നാനവും ക്രിസ്തുവിലുള്ള ഐക്യതയും

യോഹ. 14:20 "**നിങ്ങൾ എന്നിലും**, ഞാൻ നിങ്ങളിലും" എന്ന ഒരു ബന്ധം വരുവാൻ പോകുന്നതായി ക്രിസ്തു മുൻകൂട്ടിപ്പറയുകയുണ്ടായി "നിങ്ങൾ എന്നിൽ " എന്നതു സംഭവിക്കുന്നത്, ക്രിസ്തുവിന്റെ ആത്മാവിലേക്ക് വിശ്വാ സികൾ ആക്കിവെയ്ക്കപ്പെടുന്നതിലൂടെയാണ് (ഞാൻ നിങ്ങളിൽ എന്നതാകട്ടെ ആത്മാധിവാസത്തെ സൂചിപ്പി ക്കുകയാണ്).

ത്മാവു പ്രവർത്തിക്കുന്ന വിധത്തിൽ നിന്നു വ്യത്യസ്തമായ നിലയിലുള്ള പ്രവൃത്തിയാണ് ശമര്യരോടുള്ള ബന്ധത്തിൽ ഉണ്ടായത്. ഒന്നാമത് യഹൂദന്മാരല്ലാത്ത ഒരു വിഭാഗത്തോട് സുവിശേഷം പ്രസംഗിച്ചതായി പറയുന്ന സഭാ ചരിത്രത്തിന്റെ ആദ്യ രംഗമാണിത്. രണ്ടാമത്, യഹൂദന്മാരും ശമര്യരും പര സ്പരം വിരോധികളായിരുന്നു (യോഹ. 4:9 കാണുക). യഹൂദ ക്രിസ്ത്യാനികളും ശമര്യരും അന്യോന്യം വെറുത്തിരുന്നതു കൊണ്ട് അവരുടെ മദ്ധ്യത്തിൽ ഉണ്ടാകുമായിരുന്ന ഒരു പൊട്ടി ത്തെറിയെന്ന അപകടമാണ് താല്ക്കാലികമായി പരിശുദ്ധാ ത്മാവിനെ അവർക്കു നൽകാതിരുന്നതിൽ കൂടെ ഒഴിവാക്കി യത്. ശമര്യരുടെ മാനസാന്തരം ന്യായമായതെന്ന് പരസ്യമായി അംഗീകരിക്കുന്നതിന് അപ്പോസ്തലന്മാർ നിർബന്ധിതരായി; പരിശുദ്ധാത്മാവ് അവർക്കുമേൽ വന്നുവെന്ന് അവർ അംഗീ കാരമുദ്ര നൽകുവാനിടയായി. അതുപോലെ തന്നെ യഹൂദ്യ അപ്പോസ്തലന്മാരിലൂടെ ശമര്യർ പരിശുദ്ധാത്മാവിനെ പ്രാപി പ്പാനിടയായതിനാൽ യഹൂദന്മാരായ അപ്പോസ്തലന്മാരുടെ അധികാരത്തെ അംഗീകരിക്കുവാൻ ശമര്യരും നിർബന്ധിത രായി. യഹൂദന്മാർക്കും ശമര്യർക്കും മദ്ധ്യേ നിലവിലിരുന്ന സാംസ്കാരികവും സാമൂഹികവുമായ സാഹചര്യങ്ങളെ കണ ക്കിലെടുക്കുമ്പോൾ അപ്പോ. പ്രവ. 8:14-17 പ്രത്യേകം ആസൂത്രണം ചെയ്ത, വ്യത്യസ്തമായൊരു പ്രവർത്തനരീതി യായിരുന്നുവെന്നു കരുതുകയാണുത്തമം; സാധാരണയായി പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നതിൽ നിന്നും വേറിട്ട ഒരു സംഭവം; അല്ലാതെ തിരുവെഴുത്ത് പരസ്പരവിരുദ്ധമായി പരി ശുദ്ധാത്മ വ്യാപാരത്തെക്കുറിച്ചു പറയുന്നുവെന്നു ചിന്തിക്കു കയല്ലവേണ്ടത്. രക്ഷിക്കപ്പെടുന്ന അതേ നിമിഷത്തിൽ ഏതൊരു വിശ്വാസിയിലും പരിശുദ്ധാത്മാവ് അധിവസിക്കു ന്നു. എന്നാൽ ശമര്യരുടെ ആദ്യ മാനസാന്തര രംഗത്ത് ആ അധിവാസം അവിടുന്ന് അല്പമൊന്ന് വൈകിച്ചതിലൂടെ അന്യോന്യം ശത്രുതയിലായിരുന്ന രണ്ടു വിഭാഗങ്ങൾക്കും ക്രിസ്തുവിലുള്ള അവരുടെ, "പൊതുവായ രക്ഷ" യെക്കുറി ച്ചുള്ള തിരിച്ചറിവും ബോദ്ധ്യവും ഉണ്ടാകുവാനിടയായി.

[11]Don Philip, Class Lecture Notes, Grand Rapids Schoo; of the Bible and Music Fall 1975. [11]Don Philip, Class Lecture Notes, Grand Rapids Schoo; of the Bible and Music Fall 1975.

[12] This is the author's own definition.

ആത്മസ്നാനത്തിന്റെ അർത്ഥം ഗ്രഹിക്കുവാൻ, പുതിയ നിയമത്തിൽ **ആറുപ്രാവശ്യം ആവർത്തിച്ചുവരുന്ന സമാന്തര വേദവാക്യങ്ങൾ ശ്രദ്ധിക്കുന്നതിൽ നിന്ന് ആരംഭിക്കുന്നത് നന്നായിരിക്കും (യോഹന്നാൻ സ്നാപകൻ വെള്ളത്തിൽ, വെള്ളംകൊണ്ട്, വെള്ളത്താൽ) സ്നാനം കഴിപ്പിച്ചു. ക്രിസ്തുവോ ആത്മാവിൽ ആത്മാവിനാൽ അഥവാ ആത്മാവുകൊണ്ടു സ്നാനം കഴിപ്പിക്കും** (മത്താ. 3:11; മർക്കോ. 1:8; ലൂക്കോ. 3:16; യോഹ. 1:33; അപ്പോ. പ്രവ. 1:5; 11:16)[13]. യോഹന്നാൻ പ്രവൃത്തി ചെയ്യുന്നയാൾ; സ്നാനം എന്നതാണ് പ്രവൃത്തി, സ്നാനപ്പെടുത്തുവാൻ യോഹന്നാൻ ഉപയോഗിച്ച വസ്തു വെള്ളമാണ്. ഇതുപോലെ ആത്മസ്നാനത്തിൽ, ക്രിസ്തുവാണ് സ്നാപകൻ, സ്നാനപ്പെടുത്തുക എന്നതാണ് കർമ്മം, പരിശുദ്ധാത്മാവാണ് മുഖാന്തിരം. അതുകൊണ്ട് സാങ്കേതികമായി പറഞ്ഞാൽ, ആത്മസ്നാനമെന്നത് ക്രിസ്തുവിന്റെ പ്രവൃത്തിയാണ്. ക്രിസ്തു സ്നാനപ്പെടുത്തുവാൻ ഉപയോഗിക്കുന്ന മുഖാന്തരം പരിശുദ്ധാത്മാവും. ആത്മാവിൽ; ആത്മാവിനാൽ അഥവാ ആത്മാവുകൊണ്ട് ക്രിസ്തു സ്നാനപ്പെടുത്തുന്നു. എന്നാൽ സ്നാനപ്പെടുത്തുവാൻ ക്രിസ്തു ഉപയോഗിക്കുന്നത് പരിശുദ്ധാത്മാവിനെയാകയാൽ ആത്മസ്നാനം ഈ പഠനത്തിൽ സാധാരണയായി ആത്മാവിന്റെ പ്രവൃത്തിയിൻ കീഴിലാണ് തരം തിരിച്ചിരിക്കുന്നത്.

"ൽ" എന്ന ഗ്രീക്ക് ഉപസർഗ്ഗം, മുകളിൽ പറഞ്ഞ ആറു വേദഭാഗങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. ൽ, നാൽ, കൂടെ (കൊണ്ട്) എന്നിങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു. നല്ല നിലയിലുള്ള പ്രയോഗമാണ് **"ആത്മാവിൽ ഉള്ള സ്നാനം"** എന്നത്. സാദൃശ്യാത്മക അർത്ഥം, ആക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നതിനെ ആസ്പദമാക്കി വേണം നിർവ്വഹിക്കുവാൻ. സ്നാനം എന്നതിന്റെ അക്ഷരീക അർത്ഥം, ''എന്തിന്റെയെങ്കിലും ഉള്ളിലാക്കി വെക്കുക; സ്ഥാനീയമായി അവരോധിക്കുക' എന്നതാണ്. ഈ നിർവചനം വേണം ആത്മസ്നാനത്തിന്റെ ഉപദേശത്തിലും സ്വീകരിക്കുവാൻ. ആത്മാവിൽ "സ്നാനം കഴിക്കുക" എന്നത് യോഹന്നാൻ "വെള്ളത്തിൽ" സ്നാനം കഴിപ്പിച്ചതിനു സമാന്തരമാണ്. രണ്ടാമതായി ആത്മസ്നാനം എന്ന വിഷയം ''കുടിക്കുക" എന്ന പദപ്രയോഗം സൂചിപ്പിച്ചിരിക്കുന്നതുപോലെ, വെള്ളത്തെക്കുറിച്ചു ചിന്തിക്കുവാൻ പൗലോസിനെ പ്രേരിപ്പിച്ചു. 1 കൊരി. 12:13 ആത്മാവിലുള്ള സ്നാനം വെള്ളത്തിലുള്ള സ്നാനത്തിനു സമാനമായ ബന്ധമാണ് വെളിപ്പെടുത്തുന്നതെന്ന് ഇതു നമ്മെ ചൂണ്ടിക്കാണിക്കുന്നു. "ആത്മാവിലുള്ള സ്നാനം" എന്ന് പരിഭാഷപ്പെടുത്തണമെന്നു പറയുന്നതിന്റെ പിന്നിലെ ശക്തമായ വാദഗതി, ആത്മസ്നാനം, ക്രിസ്തുവിൽ ഒരു ഐക്യതയും ഒരുമയും (ഏകതാഭാവം) സൃഷ്ടിക്കുന്നു എന്നുള്ളതാണ്. ക്രിസ്തുവും ഒരു വിശ്വാസിയുംതമ്മിലും, ഒരു വിശ്വാസിയും ക്രിസ്തു ശരീരത്തിൽപ്പെട്ട മറ്റുള്ള എല്ലാ വിശ്വാസികളും തമ്മിലും ഒരു ഏകതാഭാവം (ഒരുമ) ഇത് ഉളവാക്കുന്നു. ഇങ്ങനെയുള്ള ക്രിസ്തു ശരീരമാണു സഭ. 1 കൊരി. 12:12–13 ലെ വാദം, "ആത്മസ്നാനം ക്രിസ്തുവിൽ ഒന്ന്"എന്ന അനുഭവമുളവാക്കുന്നുവെന്നാണ്. "ശരീരത്തിലെ അവയവങ്ങൾ, പലതായിരിക്കെ, ഒരു ശരീരവും ആയിരിക്കുന്നതുപോലെ, ഏക ആത്മാവിൽ (ആത്മാവിനാൽ, ആത്മാവുകൊണ്ട്) സ്നാനമേറ്റിരിക്കുന്ന നാം ഏകശരീരമാ**കുമാറ്**...." ഗലാ. 3:27 ലും ഇതേ സത്യം പ്രസ്താവിച്ചിരിക്കുന്നതു കാണാം ''നിങ്ങൾ എല്ലാവരും ക്രിസ്തുവി**ലേക്ക്** (into) സ്നാനമേറ്റിരിക്കുന്നു.[14] ആത്മസ്നാനം, ഏകതാഭാവവും ഐക്യതയും സൃഷ്ടിക്കുന്നുവെന്ന ഉപദേശം ഒരു പ്രാഥമിക സത്യമാണ്. എന്നിരുന്നാലും ഒരു ദ്വിതീയ ചിന്തയെന്ന നിലയിൽ 'ഇൽ' എന്ന പരിഭാഷയാണ്, "ഐക്യത രൂപപ്പെട്ട" കാര്യം കൂടുതൽ മെച്ചമായി വ്യക്തമാക്കുന്നത്; ആത്മാവി '*നാൽ*'; *ആത്മാവു 'കൊണ്ട്'* എന്നീ പ്രയോഗങ്ങളെക്കാൾ നന്നായി ആശയം വ്യക്തമാക്കുന്നത്, "ആത്മാ*വിൽ*" എന്ന പ്രയോഗം തന്നെയാണ്. 'ക്രിസ്തുവി*ൽ*' എന്ന സർവ്വസാധാരണയായ പ്രയോഗത്തിനു സമാനമായ ഒന്നാണിത്. യോഹ. 14:20-ൽ കാണുന്ന ''നിങ്ങൾ എന്നിലും" എന്ന പ്രയോഗത്തിലും ഇതേ പ്രത്യേകത കാണാം.

ഈ ശൈലിപ്രയോഗത്തിന്റെ പരിഭാഷയനുസരിച്ച്, ഏറ്റവും മികച്ചത് ഏതായാലും 1 കൊരി. 12:12–13 ൽ നിന്നും ആത്മസ്നാനത്തിന്റെ നിർവചനം വ്യക്തമായി ഗ്രഹിക്കാം. പ്രഥമമായി ആത്മസ്നാനം ഒരു സ്ഥാനം ലഭിക്കുകയാണ്. ക്രിസ്തു ഒരു വിശ്വാസിയെ, ആത്മാവിൽ ആക്കിവെക്കുന്നു; ആത്മാവിനാൽ ചുറ്റുന്നു; ഒരു കവറിനുള്ളിലാക്കുന്നു; ആത്മാവിൽ മുക്കുന്നു (നിമജ്ഞനം ചെയ്യുന്നു). പരിശുദ്ധാത്മാവ് 'ക്രിസ്തുവിൻ

[13] ഗ്രീക്കുപദമനുസരിച്ച് 'ൽ' എന്ന പ്രയോഗം 'വെള്ളം' എന്നതിനോടു ചേർത്തു പറയുംപോലെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുന്നതു സംബന്ധിച്ചും സമാനമായി പറഞ്ഞിട്ടുണ്ട് താഴെ പറയുന്ന ചാർട്ട് നോക്കുക

വാക്യം	വെള്ളം	ആത്മാവ്
മത്താ. 3:11	ൽ	ൽ
മർക്കോ. 1:8	ക്രിയാവിഭക്തി	ൽ
ലൂക്കോസ് 3:16	ക്രിയാവിഭക്തി	ൽ
യോഹ. 1:33	ൽ	ൽ
അപ്പോ. പ്രവ. 1:5	ക്രിയാവിഭക്തി	ൽ
അപ്പോ. പ്രവ. 11:6	ക്രിയാവിഭക്തി	ൽ
1 കൊരി. 12:13	....	ൽ

[14] ''സ്നാനം'' എന്നു പറയുന്ന ഭാഗം ജലസ്നാനമാണോ ആത്സ്നാനമാണോ എന്നു പറയുക വിഷമമായ നിലയിൽ എഴുത്തുകാർ ഉപോയോഗിച്ചിട്ടുണ്ട് (റോമ. 6:3; എഫെ. 4:5; കൊലൊ. 2:12; 1 പത്രൊ. 3:21).

ആത്മാവാകയാൽ' ഇത് ഒരു വിശ്വാസിയെ ക്രിസ്തുവുമായി ഒന്നിപ്പിക്കുന്ന പ്രവൃത്തിയാണ് (ക്രിസ്തുവിൽ). ("നിങ്ങൾ എന്നിലും" യോഹ. 14:20 എന്ന പ്രയോഗം ശ്രദ്ധിക്കുക) എല്ലാ വിശ്വാസികളും ഇപ്രകാരം ക്രിസ്തുവിൻ ആത്മാവിൽ, സ്ഥാനീയമായി ആക്കിവയ്ക്കപ്പെടുന്നതിനാൽ എല്ലാവരും ഒരേസ്ഥാനത്ത് ഒന്നിക്കപ്പെട്ടിരിക്കുകയാണ്. ക്രിസ്തുവിൽ ഒരു ഐക്യതയും ഒരുമയും ഉണ്ട്. ഇത് ഇപ്രകാരം ചിത്രീകരിക്കാം.

(1) ആത്മസ്നാനം ക്രിസ്തുവിൽ ഐക്യത ഉളവാക്കുന്നു ("നിങ്ങൾ എന്നിലും" യോഹ. 14:20).

(2)ക്രിസ്തുവിലുള്ള ഈ ഐക്യം വിശ്വാസിയെ മറ്റെല്ലാ വിശ്വാസികളുമായും യോജിപ്പിക്കുന്നു

d. ആത്മസ്നാനം പ്രാപിച്ചവർ ആര് എപ്പോൾ എങ്ങനെ?

(1) ആത്മസ്നാനം ലഭിച്ചവർ

ആത്മസ്നാനത്തോടുള്ള ബന്ധത്തിൽ രണ്ടുതരം വിശ്വാസികൾ ഇല്ല. ചില വിശ്വാസികൾ ആത്മസ്നാനം പ്രാപിച്ചു മറ്റു ചിലർക്ക് അതു നേടുവാൻ സാധിച്ചില്ല എന്നു പറയുന്നതു ശരിയല്ല. 1 കൊരി. 12:13-ൽ പരിശുദ്ധാത്മാവിൽ സകല വിശ്വാസികൾക്കുമുള്ള ഒരു പൊതുവായ സ്നാനത്തെക്കുറിച്ച് വ്യക്തമാക്കുന്നു. "ഒരേ ആത്മാവിൽ (അഥവാ ആത്മാവിനാൽ) നാം എല്ലാവരും ഏക ശരീരമാകുമാറ് (ശരീരത്തിലേക്ക്) സ്നാനം ഏറ്റിരിക്കുന്നു."

ഒരു വിശ്വാസി ആത്മാവിൽ സ്നാനമേറ്റിട്ടില്ല എന്ന ഒരു അവസ്ഥ വേദപുസ്തകപരമായി ഊഹിക്കാൻപോലും സാദ്ധ്യമല്ല. ആത്മസ്നാനം ക്രിസ്തുവിൽ ഐക്യത ഉളവാക്കുന്നതും സഭയിൽ ഒരുമ സൃഷ്ടിക്കുന്നതുമാകയാൽ "ആത്മികമായി സ്നാനമേല്ക്കാത്ത" വിശ്വാസി, ക്രിസ്തുവിൽ ആയിത്തീർന്നിട്ടില്ലാത്ത ഒരു വിശ്വാസി, സഭയാകുന്ന ക്രിസ്തു ശരീരത്തിന്റെ ഭാഗമായി തീർന്നിട്ടില്ലാത്തയാൾ, എന്ന് പറയുന്നതിനു തുല്യമാണ്.

മറുവശത്തുനിന്നുകൊണ്ട് യുക്തിപരമായി ചിന്തിച്ചാൽ, ക്രിസ്തുവിൽ ആയിത്തീർന്നവരും സഭയുടെ ഭാഗമായിരിക്കുന്നവരും **(സകല ക്രിസ്തുവിശ്വാസികളും)** ആത്മാവിൽ സ്നാനമേറ്റവരായിരുന്നേ മതിയാവൂ. കാരണം ക്രിസ്തുവിൽ ആക്കിതീർക്കുന്നതും സഭയിൽ ഐക്യം അഥവാ ഒരുമയുളവാക്കുന്നതുമായ അടിസ്ഥാനപ്രക്രിയയാണ് ആത്മസ്നാനം. അതില്ലാതിരിക്കുകയും സഭാംഗമാകുകയും ചെയ്വാൻ ഒരിക്കലും സാദ്ധ്യമല്ല.[15] ക്രിസ്തുവിൽ ഒരു വിശ്വാസിയല്ലാതിരിക്കുകയും സഭയുടെ അംഗമല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയെ "വിശ്വാസി" എന്നു പറയാൻ കഴിയുന്നതെങ്ങനെ? അതുകൊണ്ട് "ആത്മാവിൽ സ്നാനമേല്ക്കാത്ത ഒരു വിശ്വാസി" എന്നു പറയാനേ ആവില്ല.

(2) ആത്മസ്നാനത്തിന്റെ സമയം

രക്ഷിക്കപ്പെടുന്ന അതേ നിമിഷം തന്നെ ഏതൊരു വിശ്വാസിയും ആത്മാവിൽ സ്നാനപ്പെടുന്നു എന്ന് സുനിശ്ചിതമായ നിർണ്ണയത്തിലെത്തിച്ചേരുന്നതിലേക്ക് വിരൽ ചൂണ്ടുന്ന നിരവധി ചിന്താസരണികൾ ഉണ്ട്.

---

[15] 'എല്ലാ വിശ്വാസികളും' "ക്രിസ്തുവിൽ" അത്രെ(2 കൊരി. 5:21; എഫെ. 1:6-7, 2-4ff.; കൊലൊ. 1:10). ഇപ്രകാരം ഈ ഐക്യതയുളവാക്കുന്ന ആത്മിക നടപടിയായ ആത്മസ്നാനത്തിലൂടെ എല്ലാവരും കടന്നുപോയേ മതിയാവൂ. എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ ശരീരമായ ആഗോള സഭയുടെ ഭാഗമാണ് (റോമ. 12:5; 1 കൊരി. 12:13). ഇങ്ങനെ, ക്രിസ്തു ശരീരം രൂപപ്പെടുത്തുന്ന ആത്മിക നടപടി ക്രമമായ ആത്മസ്നാനത്തിലൂടെ സകലരും കടന്നുപോയേ മതിയാവൂ.

ഒന്നാമത്, എല്ലാ 'വിശ്വാസികളും' ആത്സ്നാനാനുഭവത്തിലൂടെ കടന്നു പോയവരാണ് എന്ന വസ്തുതയുടെ അർത്ഥം (1 കൊരി. 12:13). ഒരു പൊതുവായ അനുഭവത്തിലേക്കാണ് (ക്രിസ്തുവിലുള്ള വിശ്വാസം) നമ്മുടെ അന്വേഷണത്തെ കൊണ്ടെത്തിക്കുന്നത്. എല്ലാ വിശ്വാസികളും ആത്മാവിൽ സ്നാനപ്പെട്ടവരാകയാൽ ഒരാൾ അഞ്ചുമിനിട്ട് മുമ്പ് രക്ഷിക്കപ്പെട്ടാലും അഞ്ചു സെക്കന്റു മുമ്പാണു രക്ഷിക്കപ്പെട്ടതെങ്കിലും "ആത്മസ്നാനം" ഏറ്റു കഴിഞ്ഞിരിക്കുകയാണ്. ആത്മസ്നാനത്തിന്റെ സാർവ്വത്രികസ്വഭാവം ഒറ്റക്കാര്യം ഉറപ്പിക്കുന്നു:- രക്ഷിക്കപ്പെടുന്ന അതേ നിമിഷം ആത്മസ്നാനം നടക്കുന്നു.

രണ്ടാമത്, ഒരു വിശ്വാസി ക്രിസ്തുവുമായി ഒന്നിക്കുന്ന സമയത്തും ക്രിസ്തുവിൻ ശരീരമാം സഭയിൽ ആ വ്യക്തി ഒന്നാകുന്ന സമയത്തും തന്നെ വേണം ആത്മസ്നാനം നടക്കുവാൻ. ആത്മസ്നാനം എപ്പോഴാണ് നടക്കുന്നത്? എന്ന ചോദ്യം "ഒരു വിശ്വാസി എപ്പോഴാണ് ക്രിസ്തുവുമായി ഒന്നിക്കുന്നത്?" എന്ന അതേ ചോദ്യം തന്നെയാണ്.

ക്രിസ്തുവുമായി ബന്ധം ഉണ്ടാകുന്ന അതേസമയത്തു തന്നെ ആത്മസ്നാനം നടക്കുന്നു. അതാകട്ടെ വിശ്വസിച്ച സമയം തന്നെയാകുന്നു. രക്ഷ അതിന്റെ ആരംഭം മുതൽ തന്നെ ക്രിസ്തുവിൽ ആയിത്തീരുന്ന ഒരു പദവിയാണ് (2 കൊരി. 5:21; എഫെ. 2:4ff ; ഗലാ. 3:26-28 മുതലായ വാക്യങ്ങൾ നോക്കുക). ക്രിസ്തുവിൽ ആയിത്തീരുന്ന ഒരാളായിട്ടാണു ദൈവം ഒരു വിശ്വാസിയെ കാണുന്നത്; ക്രിസ്തുവിന്റെ നീതിയിൽ പങ്കാളിയായിത്തീരുന്നതിനാൽ, അതിന്റെ നന്മയെന്നോണം, വിശ്വാസിയെ 'നീതികരിക്കപ്പെട്ടയാൾ' എന്നു ദൈവം പ്രഖ്യാപിക്കയും ചെയ്യുന്നു. രക്ഷിക്കപ്പെടുന്ന അതേ നിമിഷത്തിൽ തന്നെ, ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളുടെ നന്മകളും ഗുണങ്ങളും ഒരു വിശ്വാസി പങ്കിട്ടനുഭവിക്കുന്നതിനാൽ, ക്രിസ്തുവിന്റെ ജീവനിലെ പങ്കാളിത്തം സൃഷ്ടിക്കുന്ന ആത്മസ്നാനം, രക്ഷിക്കപ്പെടുന്ന അതേ നിമിഷം തന്നെ സംഭവിച്ചേ മതിയാവൂ എന്നത് വാസ്തവമത്രെ.

(3) ആത്മസ്നാനം നേടുവാനുള്ള ഉപാധി

പരിശുദ്ധാത്മാവിനെക്കുറിച്ച് പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്ന സകല വേദഭാഗങ്ങളും ചേർത്തു പഠിച്ചാൽ **ആത്മസ്നാനത്തോടുള്ള ബന്ധത്തിൽ യാതൊരുവിധ കല്പനയും ഇല്ല എന്നു വെളിപ്പെടും.** ആത്മസ്നാനത്തിനായി പ്രാർത്ഥിക്കുകയോ, അന്വേഷിക്കുകയോ ചെയ്യുവാൻ നമ്മോട് പറഞ്ഞിട്ടില്ല; അതിനുവേണ്ടി പരിശ്രമം ചെയ്യണമെന്നോ 'ആത്മസ്നാനം' നേടാവുന്ന ഒരു നിലയിൽ നാം എത്തിച്ചേരണമെന്നോ നമ്മോട് ഒരിക്കലും ആജ്ഞാപിച്ചിട്ടില്ല.

ആത്മസ്നാനം ദൈവത്തിന്റെ ഒരു സർവ്വാധികാര പ്രവർത്തനമാണ്, അത് അവിടുന്ന് തനിയെ നിവൃത്തിക്കുന്നതാണ്. 1 കൊരി. 12:13-ൽ **സകല** വിശ്വാസികളുടെയും ജീവിതത്തിൽ നടന്നു കഴിഞ്ഞ "ഭൂതകാല ക്രിയ"യിലുള്ള ഒരു പ്രവൃത്തിയാണ് ആത്മസ്നാനമെന്ന വീക്ഷണം വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിൽ ഒരു ഐക്യത ഉളവാക്കുവാൻ അവിടുന്ന് എന്തു ചെയ്യുന്നുവെന്നുള്ളതാണ് ആത്മസ്നാനത്തിന്റെ താല്പര്യം. നാം ചെയ്യുന്ന എന്തെങ്കിലുമായി അത് ബന്ധപ്പെട്ടിരിക്കുന്നില്ല.

(4) ആത്മസ്നാനത്തിന്റെ സമയദൈർഘ്യം

യോഹ. 14:16-17 വരെ പഠിപ്പിക്കുന്നത് ആത്മാധിവാസം എന്നേക്കുമാണെന്നത്രെ. എഫെ. 4:30 പഠിപ്പിക്കുന്നത് 'ആത്മമുദ്ര' നിത്യമാണെന്നത്രെ. ഇപ്രകാരം ഒരു വിശ്വാസിയിൽ പരിശുദ്ധാത്മപ്രവർത്തനം നിലയ്ക്കുന്നില്ല അഥവാ അവസാനിക്കുന്നില്ല. അതുകൊണ്ട് ആത്മസ്നാനവും എന്നേക്കുമുള്ളതാണെന്നു നമുക്കു ഉറപ്പിക്കാം.

രക്ഷയുടെ നിത്യ ഭദ്രത എന്ന ഉപദേശസത്യവും ആത്മസ്നാനത്തിന്റെ ശാശ്വതാവസ്ഥയോടു ബന്ധപ്പെട്ടിരിക്കുന്നു. ആത്മസ്നാനം അവസാനിക്കുമെങ്കിൽ ഒരു വിശ്വാസിയുടെ ക്രിസ്തുവുമായുള്ള ഐക്യബന്ധവും സഭയിൽ ആ വ്യക്തി ഉൾപ്പെട്ടിരിക്കുന്നുവെന്ന അവസ്ഥയും അവണ്ണം തന്നെ അവസാനിക്കുന്നതാണ്. നേരെ മറിച്ച്, ഒരു വിശ്വാസി ക്രിസ്തുവിൽ ലഭ്യമായ പദവി സംബന്ധിച്ചിടത്തോളം എന്നേക്കും സുരക്ഷിതനാണെങ്കിൽ ഈ ബന്ധം സാധ്യമാക്കിയ ആത്മസ്നാനവും ശാശ്വതമായിരുന്നേ പറ്റൂ.

(5) ഉപസംഹാരം

വിശ്വാസികളിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന് ഊന്നൽ നൽകുവാൻ തിരുവെഴുത്ത് താല്പര്യപ്പെടുമ്പോൾ **അധിവാസം** എന്ന ആശയമാണുപയോഗിക്കുന്നത്. **പരിശുദ്ധാത്മാവിൽ ഒരു വിശ്വാസിയുടെയോ എല്ലാ വിശ്വാസികളുടെയുമോ** സാന്നിദ്ധ്യം ഊന്നൽ നൽകുവാൻ തിരുവെഴുത്തു താല്പര്യപ്പെടുമ്പോൾ ''സ്നാനം'' എന്ന ആശയമാണ് ഉപയോഗിക്കുന്നത്.

പരിശുദ്ധാത്മ സ്നാനം എന്ന ഉപദേശം മൂന്നുവാക്കുകളിൽ സംഗ്രഹിക്കാം. "ക്രിസ്തുവിൽ ഉള്ള ബന്ധം" രക്ഷയുടെ സമത്ത് ഒരു വിശ്വാസിയെ ക്രിസ്തുവിൻ ആത്മാവിൽ ആക്കിവെക്കുന്നു (പദവി നൽകുന്നു -സ്ഥാനീയമായി അവരോധിക്കുന്നു) ഇത് ആ വ്യക്തിയെ ക്രിസ്തുവുമായും മറ്റു വിശ്വാസികളുമായും ഒന്നാക്കുന്നു. ആത്മസ്നാനത്തെ ഒരു പദവിയായി ഗ്രഹിച്ചാൽ കൂടുതൽ സന്ദേഹം ഒഴിവാക്കാം.

4. ആത്മമുദ്ര

വരുവാനിരിക്കുന്ന വലിയ അനുഗ്രഹങ്ങളുടെ ഉറപ്പാണ് പരിശുദ്ധാത്മാവ് (2 കൊരി. 1:22; 5:5; എഫെ. 1:13, 14) വീണ്ടെടുപ്പിൻ നാൾ വരെ ഒരു വിശ്വാസിയെ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുന്നു . പുരാതനകാലത്ത് മുദ്ര ഉടമസ്ഥതയെയും അംഗീകാരത്തെയും സുരക്ഷിതത്വത്തെയും കാണിക്കുന്നതായിരുന്നു. ആത്മമുദ്ര ഒരു വിശ്വാസിയുടെ നിത്യസുരക്ഷിതത്ത്വത്തിന്റെ ഉറപ്പു നൽകുന്നതാണ്. ഈ വിഷയം കൂടുതൽ വ്യക്തമായി ഒൻപതാം അദ്ധ്യായത്തിൽ വിശകലനം ചെയ്തിരിക്കുന്നു(2 കൊരി. 1:22; എഫെ. 1:13-14; 4:30).

> "അവൻ നമ്മെ **മുദ്രയിട്ടും** ആത്മാവെന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ പകർന്നുമിരിക്കുന്നു" (2 കൊരി. 1:22).
>
> അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും **അവനിൽ വിശ്വസിക്കുകയും** ചെയ്തിട്ട്, തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി, തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ടു, നമ്മുടെ അവകാശത്തിന്റെ **അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടി രിക്കുന്നു** (എഫെ. 1:13, 14).
>
> ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പിൻ നാളിനായി **മുദ്രയിട്ടി**രിക്കുന്നത് (എഫെ. 4:30).

5. ആത്മനിറവ്

വിശ്വാസികളോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ വലിയ പ്രവർത്തനങ്ങളിൽ ആവർത്തിക്കുന്ന ഏക പ്രക്രിയ നിറവ് എന്നതാണ്. പരിശുദ്ധാത്മാവിന്റെ മറ്റു പ്രവർത്തനങ്ങൾ ആവർത്തിക്കാത്തതും ഒരിക്കൽ മാത്രമായും എന്നേക്കുമായും നടക്കുന്നവയാണ്. മാത്രമല്ല മനുഷ്യരുടെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ സഹകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള കല്പന നൽകിയിരിക്കുന്നതും ഈ പ്രധാന പ്രവൃത്തിക്കാണ്. എഫെ. 5:18-ൽ ''ആത്മാവിനാൽ നിറയുവാൻ (നിറഞ്ഞവരാകുവിൻ) എന്ന പ്രയോഗം കർമ്മണിമാണ്. പരിശുദ്ധാത്മാവാണ് ആ പ്രവൃത്തി ചെയ്യുന്നത്; എന്നാൽ ഒരു വിശ്വാസി ആ പ്രക്രിയയിൽ ക്രിയാത്മകവും വിധേയ പരമായും സഹകരിച്ചേ മതിയാകൂ.

ആത്മനിറവിനോടുള്ള ബന്ധത്തിൽ ചില കാര്യങ്ങൾ ലളിതവും വ്യക്തവുമാണ്. അപ്പോൾതന്നെ മറ്റു ചിലവ വൈഷമ്യമേറിയതും സങ്കീർണ്ണവുമാണ്. എന്നതു കൊണ്ട് ഈ പഠനം, സുനിശ്ചിത സത്യങ്ങളും അവ്യക്തമായ അനുമാനങ്ങളും രണ്ടായി വിഭജിച്ചുകൊണ്ടു മുമ്പോട്ടു പോകുന്നതാണ്.

a. ഉറപ്പായ നിർണ്ണയങ്ങൾ

(1) നിയന്ത്രണം; സ്വാധീനത ഇവയ്ക്കു തുല്യമാണു നിറവ്

ആത്മാവിൽ, (ആത്മാവിനാൽ, ആത്മാവുകൊണ്ട്) എന്നൊക്കെ പറയുന്നതിന്റെ പിന്നിലെ പ്രധാന ആശയം പരിശുദ്ധാത്മ നിയന്ത്രണം അഥവാ പരിശുദ്ധാത്മ സ്വാധീനതയാണെന്ന് നമുക്ക് ഉറപ്പായി നിർണയിക്കാം. പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുകയെന്നു പറഞ്ഞാൽ ആത്മാവിൽ നിറയുന്നതിനു സമമാണ്. ഒരുപക്ഷെ ഇപ്രകാരമുള്ള നിയന്ത്രണം ഉളവാക്കുന്നത് ഒരു ദുർഘടാനുഭവത്തിലായിരിക്കാം. എന്നാൽ നിറവ് എന്നു പറയുന്നത് ഇത്തരം ഒരു അനുഭവമായിരിക്കില്ല. അതായത് ഒരു വിശ്വാസി നിരന്തരമായി പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ഒരു പ്രക്രിയയെപ്പോലെ ആയിരിക്കുമെന്നു ചുരുക്കം.

തിരുവെഴുത്ത് പലപ്പോഴും ആത്മാവിനാൽ നിറയ പ്പെടുന്നതും വീഞ്ഞു കുടിച്ചു മത്താകുന്നതും തമ്മിൽ പരസ്പരവിരുദ്ധമായി പ്രസ്താവിച്ചിട്ടുണ്ട് (ലൂക്കോ. 1:15; അപ്പോ. പ്രവ. 2:4, 15; എഫെ. 5:18). വീഞ്ഞു കുടിക്കുന്നവരെ നിയന്ത്രിക്കുന്നതും നിറയ്ക്കുന്നതും വീഞ്ഞായിരിക്കും; വിശ്വാസികൾ വീഞ്ഞിന്റെ സ്ഥാനത്ത്, പരിശുദ്ധാത്മാവിനെ തങ്ങളുടെ ജീവിതത്തിൽ നിയന്ത്രണം നടത്താനും സ്വാധീനിക്കുവാനും അനുവദിക്കുന്നു (എഫെ. 5:18).

വിവിധ മനോഭാവങ്ങൾ, പെരുമാറ്റ സ്വഭാവങ്ങൾ എന്നിവയോടുള്ള ബന്ധപ്പെടുത്തി തിരുവെഴുത്ത് "നിറവ്" അഥവാ "നിറയുക" എന്ന വാക്ക് ഉപയോഗിക്കുന്നുണ്ട് (**കോപം** കൊണ്ടു നിറഞ്ഞു. ലൂക്കോ. 4:28; **ഭയം** കൊണ്ടു നിറഞ്ഞു ലൂക്കോ. 5:26; **ഭ്രാന്തു** നിറഞ്ഞു ലൂക്കോ. 6:11; **വിസ്മയവും പരിഭ്രമവും** നിറഞ്ഞു അപ്പോ. പ്രവ. 3:10. **അസൂയ** നിറഞ്ഞു അപ്പോ. പ്രവ. 5:17; 13:45. **കലഹം** കൊണ്ടു നിറഞ്ഞു അപ്പോ. പ്രവ. 19:29, **സന്തോഷവും സമാധാനവും** കൊണ്ടു നിറയുക. റോമ. 15:13, **ജ്ഞാനം** നിറഞ്ഞവരായി റോമ. 15:4 **ആശ്വാസം കൊണ്ട്** നിറയുക 2 കൊരി. 7: 4; **നീതിഫലം** നിറഞ്ഞവരാകുക ഫിലി. 1:11). ഈ പദപ്രയോഗങ്ങളിലധികവും നിയന്ത്രണം അല്ലെങ്കിൽ സ്വാധീനത എന്ന ആശയമാണ് നൽകുന്നത്. കോപം അല്ലെങ്കിൽ അസൂയകൊണ്ടു നിറഞ്ഞുവെന്നു പറഞ്ഞാൽ സ്വഭാവത്തെ അതു സ്വാധീനിച്ചുവെന്നാണർത്ഥം. പട്ടണം മുഴുവൻ കലഹം കൊണ്ടുനിറഞ്ഞു എന്നു പറഞ്ഞാൽ പട്ടണവാസികളുടെ പെരുമാറ്റം കലഹം കൊണ്ടു നിറയപ്പെട്ടു എന്നാണർത്ഥം.

ആത്മനിറവ് അഥവാ ആത്മാവിനാൽ നിറയുക എന്നു പറയുന്നതിൽ ആത്മാവിന്റെ നിയന്ത്രണം ഉൾക്കൊള്ളു

ന്നതാണ്. പരിശുദ്ധാത്മാവ് വിശ്വസികളെ നിയന്ത്രിക്കുന്ന വിധം എങ്ങനെയെന്നാണ് അടുത്ത ഭാഗത്തു ചർച്ച ചെയ്യുന്നത്.

(2) പരിശുദ്ധാത്മാവ് വചനത്താൽ നിയന്ത്രിക്കുന്നു

ഒരേ സമയത്ത് എഴുതപ്പെട്ട ലേഖനങ്ങളിൽ സാധാരണയായി സമാനതകളുണ്ടാകും. എഫെസ്യ, കൊലൊസ്യ ലേഖനങ്ങളിൽ ഈ സത്യം വ്യക്തമാണ്. ഈ രണ്ടു ലേഖനങ്ങളും പൗലോസ് റോമിലെ കാരാഗൃഹത്തിലായിരുന്നപ്പോൾ എഴുതിയതാണ്. അവയിൽ ധാരാളം സമാന സത്യങ്ങൾ കാണാം.

എഫെ. 5:18 ആത്മാവിനാൽ നിറയുവിൻ എന്ന കല്പന എഫെസ്യരോട് പറയുമ്പോൾ അതിന്റെ ഫലം ''സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിയ ഗീതങ്ങളാലും തമ്മിൽ സംസാരിച്ചു ഹൃദയങ്ങളിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തും'' ജീവിക്കുക എന്നതാണ്. അതേത്തുടർന്ന്, അധികാരം, കീഴ്പ്പെടൽ എന്നീ വിഷയങ്ങൾ പൗലോസ് ചർച്ച ചെയ്യുന്നു. കൊലൊ. 3:16-ൽ പൗലോസ് ആജ്ഞാപിക്കുന്നത്, "കർത്താവിന്റെ വചനം ഐശ്വര്യമായി നിങ്ങളിൽ വസിക്കട്ടെ" എന്നാണ്. അതിന്റെ ഫലമാകട്ടെ,''സങ്കീർത്തനങ്ങളാലും, സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും'' എന്നിങ്ങനെയുള്ള അനുഭവങ്ങളാണ്. അതേത്തുടർന്ന് അധികാരം, അതിനു കീഴ്പ്പെടുന്നത് എന്നീ വിഷയം പൗലോസ് ചർച്ച ചെയ്യുന്നു. **എഫെ. 5:18-ലും കൊലൊ. 3:16-ലുമായി താരതമ്യം ചെയ്യുമ്പോൾ; ആത്മാവിൽ നിറയുക എന്നത് ക്രിസ്തുവിന്റെ വചനം നമ്മിൽ വസിക്കുന്നതിനു തുല്യമാണ്.** പരിശുദ്ധാത്മാവ് വിശ്വാസികളെ ദൈവവചനത്താൽ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. "ഇതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല; കാരണം ദൈവവചനം ആത്മാവിന്റെ വാൾ (ഉപകരണം) ആണല്ലോ" (എഫെ. 6:17). പരിശുദ്ധാത്മാവാണ് തിരുവെഴുത്തുകളുടെ ഉപജ്ഞാതാവ്. അവിടുന്ന് പ്രവാചകന്മാരെ, തിരുവെഴുത്തുകളുടെ രചനയിൽ കരങ്ങളിൽ വഹിച്ചു. 2 പത്രൊ. 1:21-ൽ ഇപ്രകാരം വചനം സംസാരിക്കുമ്പോൾ പരിശുദ്ധാത്മാവാണ് സംസാരിക്കുന്നത് ആത്മാവിനാൽ നിറയുന്നത് മാർമ്മികവും. യാഥാർത്ഥത്തിൽ ദൈവവചനത്താൽ ജീവിതം നിയന്ത്രിക്കപ്പെടുന്ന ഒരു വിശ്വാസി പരിശുദ്ധാ ത്മാവിനാൽ നിറയുന്ന (നിയന്ത്രിക്കപ്പെടുന്ന) ഒരു വിശ്വാസിയാണ്. ഇത് അത്രമാത്രം ലളിതമാണ്.

തിരുവെഴുത്തുകളിൽ നിന്നും പരിശുദ്ധാത്മാവിനെ വിച്ഛേദിക്കുന്നത് വളരെ അപകടകരമാണ്. ചിലർ വചനം അനുസരിച്ച് പക്വതയിലേക്ക് വളരുമ്പോൾ മറ്റു ചിലർ ''ആത്മാവിനെ'' പിൻപറ്റി പക്വതയിലേക്കെത്തുന്നു എന്നു തോന്നിയേക്കാം. എന്നാൽ ക്രിസ്തീയ വളർച്ചയ്ക്ക് പലമാർഗ്ഗങ്ങളില്ല എന്നു നാം മനസ്സിലാക്കിയിരിക്കണം. **വചനത്തിനെതിരെ ഹൃദയ കവാടം അടയ്ക്കുകയും; ഇതു പരിശുദ്ധാത്മാവിനെ പിന്തുടരുന്നതിനു സമാനമാണെന്നു കരുതുകയും ചെയ്യുന്നതു നാം ഏവരും സൂക്ഷിച്ചു കൊള്ളണം.** ഇത് ജഡത്തിന്റെ ഇംഗിതങ്ങളെ പിൻപറ്റുന്നതല്ലാതെ മറ്റൊന്നുമല്ല; ഇപ്രകാരമുള്ള ജഡിക സംഗതികളെ "ആത്മാവ്" എന്നു നാം വിളിക്കുന്നതുകൊണ്ട് നമ്മുടെ പ്രവൃത്തികൾ അംഗീകാരയോഗ്യമാണെന്ന് വിഷയാസ്പദമായി നാം ന്യായവാദം നടത്തുകയും ചെയ്യുന്നു. ദൈവവചനവും പരിശുദ്ധാത്മാവും തമ്മിൽ അഭേദ്യമായൊരു ബന്ധമുണ്ടെന്നു പറയുന്നതിന് ശക്തമായ വേദാധാരമുണ്ട്. ക്രിസ്തു ദൈവ വചനവുമായി അഭേദ്യമായ വിധം ചേർന്നിരിക്കുന്നു. (യോഹ. 1:1; വെളി. 19:13). എഴുതപ്പെട്ട വചനവുമായി പരിശുദ്ധാത്മാവ് ഒന്നായിരിക്കുന്നുവെന്നു വീക്ഷിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടും പാടില്ല. വീണ്ടും എഫെ. 6:17 പഠിപ്പിക്കുന്നതു, പരിശുദ്ധാത്മാവ് ദൈവവചനം ഉപയോഗിക്കുന്നുവെന്നാണ്. അതുപോലെതന്നെ, 2 പത്രൊ. 2:21 പഠിപ്പിക്കുന്നത് തിരുവെഴുത്തിലെ വചനങ്ങൾ പരിശുദ്ധാത്മാവിന്റെ വചനങ്ങളാണെന്നത്രെ. പരിശുദ്ധാത്മാവിനാൽ നിറയുന്നത് ഒരാളുടെ ജീവിതത്തിൽ "ക്രിസ്തുവിന്റെ വചനം" നിയന്ത്രിക്കുവാൻ അനുവദിക്കുന്നതാണ് (എഫെ. 5:18; കൊലൊ. 3:16; ഇവ താരതമ്യപ്പെടുത്തുക) മാത്രമല്ല, പുതുജനനത്തിലെ മാതൃകയും പരിഗണിക്കുക. പരിശുദ്ധാത്മാവാണ് പുതുജനനം സാദ്ധ്യമാക്കുന്നത് (യോഹ. 3), വചനമാണ് പരിശുദ്ധാത്മാവ് അതിനായി ഉപയോഗിക്കുന്നത് (റോമ. 10:17; യാക്കോ. 1:18; 1 പത്രൊ. 1:23). മറ്റു വാക്കുകളിൽ പറഞ്ഞാൽ പരിശുദ്ധാത്മാവ് തന്റെ പ്രവൃത്തി ചെയ്യുന്നതിന് തന്റെ സ്വന്ത വചനം ഉപയോഗിക്കുന്നു. രക്ഷയ്ക്കായുള്ള മാതൃക എന്നതു പോലെ വിശുദ്ധീകരണത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ സംബന്ധിച്ചും ഇത് അതേപടി ശരിയാണ്. പരിശുദ്ധാത്മാവ്, വിശുദ്ധീകരണത്തിനും തന്റെ വചനം ഉപയോഗിക്കുന്നു.

പരിശുദ്ധാത്മ നിറവും വചനത്താൽ നിയന്ത്രിക്കപ്പെടുന്നതും തമ്മിൽ വേർതിരിച്ചു കാണുന്നതിലുള്ള അപാകതയെന്താണെന്നുകൂടി മനസ്സിലാക്കുക. വാസ്തവത്തിൽ ദൈവവചനം കൂടാതെ ആത്മിക വളർച്ച സംഭവിക്കുമെന്നുള്ള ചിന്തയിലേക്കാണ് ഇതു നയിക്കുന്നത്. ദൈവവചനം അനുസരിച്ച്, അതിനു വിധേയപ്പെടാതെ പക്വതയുള്ള വിശ്വാസികളാകാം എന്നു ചിന്തിക്കുന്നവർ, ദൈവവചനത്തിലെ പ്രബോധനം ശ്രദ്ധിക്കേണ്ടതാണ് (യോശു. 1:8; സങ്കീ. 1:2, 3; 1 തിമൊ. 4:13–15; 2 തിമൊ. 2:15; 4:2).

"മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെട്ടുവരുന്ന സകല വചനം കൊണ്ടു ജീവിക്കും'' എന്ന് അവൻ ഉത്തരം പറഞ്ഞു" (മത്താ. 4:4).

"എല്ലാ തിരുവെഴുത്തുംദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ വചനം ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു" (2 തിമൊ. 3:16).

ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ (1 പത്രൊ. 2:2).

എഴുതപ്പെട്ടവചനം കൂടാതെ ക്രിസ്തീയ വളർച്ചതനിയെ"സംഭവിക്കുവാൻ സാധ്യമല്ല." ഇതിന്റെയർത്ഥം നമ്മെ നിറയ്ക്കുവാൻ പരിശുദ്ധാത്മാവ്, എഴുതപ്പെട്ട വചനം അതിനായി ഉപയോഗിക്കുന്നുവെന്നാണ്. ആത്മാവിനെ കൂടാതെ വളർച്ചയോ പുരോഗതിയോ ഉണ്ടാകില്ല (സെഖ. 4:6). ഇതിനു തുല്യം ശരിയായ കാര്യമാണ്. "എഴുതപ്പെട്ട വചനം കൂടാതെ യാതൊരു പുരോഗതിയും ഉണ്ടാകയില്ല" എന്നുള്ളത്. പരിശുദ്ധാത്മാവിന്റെ ഒരു പ്രവൃത്തിയാണ് "പ്രകാശനം" എന്നത്. "ക്രിസ്തീയ വളർച്ച, മനസ്സു പുതുക്കുകയെന്നതാണെന്ന് ധാരാളം ചർച്ച ചെയ്യപ്പെടുന്നുണ്ട്. പരിശുദ്ധാത്മാവ് മനസ്സിലൂടെ പ്രവൃത്തിക്കുന്നുവെന്നാണ് ഈ രണ്ട് ആശയങ്ങളും നിർദ്ദേശിക്കുന്നത്. ഇത് ഫലത്തിൽ പരിശുദ്ധാത്മാവിന്റെ "നിറയ്ക്കുന്ന ശുശ്രൂഷയും എഴുതപ്പെട്ട വചനത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ആശയത്തെ പിന്താങ്ങുന്നതാണ്.

(3) നിറവിന്റെ നിർവചനം

ഈ വർത്തമാനകാലത്തെ, പരിശുദ്ധാത്മാവിന്റെ തുടർമാനമായ ശുശ്രൂഷ- പരിശുദ്ധാത്മാവിന് വിധേയപ്പെട്ട് ഏല്പിച്ചുകൊടുക്കുന്ന വിശ്വാസിയോടുള്ള ബന്ധത്തിൽ. [16]

(4) നിറവിൻ പ്രക്രിയയുടെ വിശദീകരണം

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം പക്വതയിലേക്കു വളരുവാൻ ബൈബിൾ വെളിപ്പെടുത്തുന്ന ഒരേയൊരു കാര്യപരിപാടിയേയുള്ളൂ അതല്ലെങ്കിൽ ഇതിനു വിപരീതമായി ശക്തമായ സൂചനകൾ ഉണ്ടായിരിക്കണം. [17]

ക്രിസ്തീയ വളർച്ചയുടെ വ്യത്യസ്തമായ ചിത്രങ്ങളോ പദസൂചകങ്ങളോ പുതിയനിയമം ഉപയോഗിക്കുന്നുണ്ടെങ്കിലും ഇവയെല്ലാം ഒരേ കാര്യത്തെ വിശദീകരിക്കുകയാണ്. റോമ. 12 ൽ പറയും പോലെ ഇതിനെ രൂപാന്തരമെന്നു വിളിച്ചാലും എഫെ. 5:18 ലും ഗലാ. 5:16-18 വരെ പറയുന്നതുപോലെ ''ആത്മാവിൽ നിറയുക/ നടക്കുക എന്നൊക്കെ പറഞ്ഞാലും ശരി ഒരേ കാര്യമാണ് സൂചിപ്പിക്കുന്നത്. **വിശ്വാസികളെ കൂടുതൽ യേശു ക്രിസ്തുവിനെപ്പോലെയാക്കുന്നതിന് പരിശുദ്ധാത്മാവ് തിരുവചനം ഉപയോഗിക്കുന്നു.**

വിശുദ്ധീകരണ പ്രക്രിയയെക്കുറിച്ചുള്ള വേദപുസ്തകോപദേശം താരതമ്യം ചെയ്യുമ്പോൾ ഈ കാര്യം ഉറപ്പായി നിർണ്ണയിക്കപ്പെടുന്നു. 'രൂപാന്തരമെന്നോ' 'നിറവെന്നോ' മറ്റേതെങ്കിലും വാക്കുകളോ ഒരു വേദപുസ്തക രചയിതാവ് ഉപയോഗിച്ചാലും വിശ്വാസിയുടെ വളർച്ചയ്ക്കുള്ള സംവിധാനം ഒന്നു തന്നെയാണ്. രൂപാന്തരത്തെക്കുറിച്ചും ആത്മനിറവിനെ ക്കുറിച്ചുമുള്ള വേദപുസ്തക പഠിപ്പിക്കലുകൾ എന്താണെന്നു നാം തുടർന്നു പരിശോധിക്കാൻ പോവുകയാണ്. **രൂപാന്തര പ്രക്രിയയും** ആത്മാവിനാൽ നിറയുന്ന പ്രവൃത്തിയും ഇവ രണ്ടും പരസ്പരാശ്രയത്വമുള്ള രണ്ട് ശക്തമായ പ്രവർത്തന തത്വമാണ്; ഒരു വിശ്വാസി ഇവിടെ, അനുസരണത്തിനായി സജീവമായി പരിശ്രമിക്കയാണ്. അപ്പോൾ തന്നെ അദ്ദേഹം അനുസരണത്തിനായി ഉള്ളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിക്കുകയും ചെയ്യുന്നു(ഗലാ. 5:22-23; 1 തിമൊ. 6:11 ഉം താരതമ്യം ചെയ്യുക) പരിശുദ്ധാത്മാവ് **ഉല്പാദിപ്പിക്കുന്നതായി** ഗലാ. 5:22-23-ൽ പറയുന്ന അതേ പ്രത്യേക സ്വഭാവ സവിശേഷതകൾ ആർജ്ജിക്കുന്നതിന് വിശ്വാസികൾ സജീവമായി പ്രവർത്തിക്കണമെന്ന പ്രബോധനമാണ് 1 തിമൊഥെയോസിൽ കാണുന്നത്.

ഇതിനെക്കാളുപരി, വളർച്ചയുടെ പാതയെക്കുറിച്ച് വർണ്ണിക്കുവാനുപയോഗിക്കുന്ന പദങ്ങൾ എന്തായിരുന്നാലും ശരി, **എല്ലാറ്റിലും** ദൈവവചനവും പരിശുദ്ധാത്മാവും ഉൾപ്പെട്ടിരിക്കുന്നു. അന്തിമമായി ഫലം ഒന്നു തന്നെയായിരിക്കും. മനസ്സിന്റെ പുതുക്കം (രൂപാന്തരം) അതാകട്ടെ ആത്മാവിന്റെ ഫലത്തിലേക്കു നയിക്കും വാസ്തവത്തിൽ ഇതു തന്നെയാണ് "ക്രിസ്തുവിനെപ്പോലെയാകുക" എന്നു പറയുന്നത്.

ക്രിസ്തീയ പക്വതയിലേക്കുള്ള വളർച്ചയ്ക്ക് ഒരേയൊരു നടപടിക്രമമേയുള്ളൂവെന്നു വ്യക്തം. അതുകൊണ്ട് വിശുദ്ധീകരണത്തെക്കുറിച്ചു പറയുന്ന ചില വാക്യങ്ങൾ

[16] Don Philip, Class Lecture Notes, Grand Rapids School of the Bible and Music Fall, 1975.

[17] പുതുതായി വിശ്വാസജീവിതത്തിലേക്ക് കടന്നുവന്ന ഒരു വിശ്വാസിക്ക് പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ദൈവവചനത്തിലൂടെ ആത്മീകരാകുവാൻ സാധിക്കും. എന്നാൽ മച്യൂരിറ്റി അല്ലെങ്കിൽ പക്വത തീർച്ചയായും സമയമെടുക്കും(1 തെസ്സ. 4:9-10 ''അതിൽ നിങ്ങൾ അധികമായി വർദ്ധിച്ചു വരേണം..., ഫിലി. 1:9; 3:13-16).

''നിറവ്'' എന്ന് ഊന്നൽ നൽകി പ്രതിപാദിക്കുന്നില്ലെങ്കിലുംപോലും എപ്രകാരം പരിശുദ്ധാത്മാവ്, മാറ്റം വരുത്തുന്നു എന്നതിന്റെ ഉൾക്കാഴ്ചയാണ് അവ നൽകുന്നത്.

(a) പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തെ മനസ്സിന്റെ പുതുക്കം (രൂപാന്തരം) എന്നു പറഞ്ഞിരിക്കുന്നു.

ക്രിസ്തീയ വളർച്ചയെക്കുറിച്ചു പറയുന്ന അനേക വാക്യങ്ങൾ മനസ്സിന്റെ പുതുക്കം അഥവാ രൂപാന്തരവുമായി ഇതിനെ താരതമ്യം ചെയ്യുന്നു.

> ''സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു **തിരിച്ചറി**യേണ്ടതിനു മനസ്സു പുതുക്കി **രൂപാന്തര**പ്പെടുവിൻ" (റോമ. 12:1-2).
>
> ''മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതെ പ്രതിമയായി രൂപാന്തരപ്പെടുന്നു." (2 കൊരി. 3:18).
>
> "നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി **പുതുക്കം പ്രാപിച്ച്**'' (എഫെ. 4:23).

ഈ മൂന്നുവേദഭാഗങ്ങളിലും രൂപാന്തരം എന്നത് കർമ്മണി പ്രയോഗമാണ്. കർത്തരി പ്രയോഗമല്ല. അതായത്, ഈ രൂപാന്തരം ഉളവാകാൻ വിശ്വാസി എന്തെങ്കിലും ചെയ്കയല്ല; അതുണ്ടാകുവാനായി അദ്ദേഹം അനുവദിക്കുകയാണ്. പ്രാരംഭ പ്രവൃത്തി ചെയ്യുന്നത് പുറത്തു നിന്നുള്ള ഏതോ ശക്തിയാണ്. 2 കൊരി. 3:18-ൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. അതായത് ഈ ബാഹ്യശക്തി പരിശുദ്ധാത്മാവാണ്. നമ്മെ രൂപാന്തരപ്പെടുത്താനായി കണ്ണാടിയിൽ കൂടിയെന്ന പോലെ പരിശുദ്ധാത്മാവ് സത്യത്തെ (വചനത്തെ) ഉപയോഗിക്കുന്നുവെന്നും ഇവിടെ പഠിപ്പിക്കുന്നു. യാക്കോ. 1:23, 24 ദൈവവചനത്തെ കണ്ണാടിയെന്ന നിലയിൽ പ്രതിപാദിക്കുന്നുണ്ട്. 2 കൊരിന്ത്യർ 3-ാം അദ്ധ്യായത്തിന്റെ പശ്ചാത്തലം; പഴയനിയമവും (ഉടമ്പടി) തേജസ്സേറിയ പുതിയ നിയമവും തമ്മിലുള്ള വൈരുദ്ധ്യമാണ് വെളിപ്പെടുത്തുന്നത്. പുതിയനിയമം ദൈവതേജസ്സിന്റെ വലിപ്പമേറിയ വെളിപ്പാടാണ് അനുവദിക്കുന്നത്. മനസ്സിന്റെ രൂപാന്തരത്തിനു നൽകുന്ന ഊന്നൽ ഒരാളുടെ മനസ്സിന്മേൽ ബൈബിളിനുള്ള സ്വാധീനതയെക്കുറിച്ചു ചിന്തിക്കുവാനും പ്രേരിപ്പിക്കുന്നതാണ്. ഈ സൂചനകളും, രക്ഷ സാധ്യമാക്കുന്ന ശുശ്രൂഷയിൽ പരിശുദ്ധാത്മാവ് തിരുവെഴുത്ത് ഉപയോഗിക്കുന്നതും ചേർത്തു ചിന്തിക്കുമ്പോൾ, **മനസ്സിന്റെ രൂപാന്തരം** സംഭവിക്കുന്നത്, **പരിശുദ്ധാത്മാവ്** തിരുവെഴുത്ത് ഉപയോഗി ക്കുന്നതിലൂടെയാണെന്ന് ഒരാൾക്കു ഉറപ്പിക്കാം.

ഈ രൂപാന്തരത്തിന്റെ ഉദ്ദേശ്യം ക്രിസ്തുവിൽ അതേ പ്രതിമ (സാദൃശ്യം) പ്രാപിക്കുക എന്നതത്രെ. 2 കൊരി. 3:18). "ദൈവപ്രതിമ" എന്ന് എഫെ. 4:24 ലും കൊലൊ. 3:10 ലും പറഞ്ഞിരിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ക്രിസ്തുവിന്റെ സാദൃശ്യം വിശ്വാസികളിൽ ഉളവാക്കാൻ പരിശുദ്ധാത്മാവ് വചനത്തിൽ നിന്നുള്ള സത്യങ്ങൾ ഉപയോഗിക്കുന്നു. റോമ. 12:1-2 വരെ ഉറപ്പിച്ചു പറയുന്നത് ഈ പ്രക്രിയയുടെ വിപരീത ദിശയിൽ നിന്നുകൊണ്ടുള്ള വീക്ഷണത്തിൽ ഉണ്ടാകുന്ന അതേ ഫലം തന്നെയാണ്. ക്രിസ്തുവിന്റെ ആ സാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുന്നവർ ഈ ലോകത്തിന് അനുരൂപമാകാതെ തികെച്ചും വ്യത്യസ്തരായിരിക്കും.

ഈ രൂപാന്തരപ്രക്രിയയുടെ പടിപടിയായ വിധം ഏതാണ്ട് താഴെ പറയുംവിധമാണ്.

(i) ഒരു വിശ്വാസി പാപം ഏറ്റുപറയുകയും റോമ. 12:1-ൽ പറയുന്നതുപോലെയുള്ള ഒരു ജീവനുള്ള യാഗമായി സമർപ്പിക്കുകയും ചെയ്യുന്നു. ഈ പ്രാരംഭനില കൈവരിക്കാതെ വളർച്ച നിലെച്ചുപോകുകയേയുള്ളൂ.

(ii) വചനം പ്രായോഗികമാക്കണെന്ന ഉദ്ദേശ്യത്തോടെ വചനമാകുന്ന കണ്ണാടി, ഒരു വിശ്വാസി **ഉപയോഗിക്കുമ്പോൾ**- അദ്ദേഹം ദൈവതേജസ്സാണു ക്രിസ്തുവിൽ ദർശിക്കുന്നത്. വിശ്വാസി വചനം വളരെ സജീവമായി പഠിക്കുകയും വചനത്തിന്റെ പ്രസക്തിയും വ്യക്തിപരമായി അതിന്റെ പ്രാധാന്യവും ഗ്രഹിക്കുന്നതിന് പരിശുദ്ധാത്മ പ്രകാശനത്തിൽ ആശ്രയിക്കുകയും ചെയ്യുന്നു.

(iii) പരിശുദ്ധാത്മാവു സ്വന്ത വചനമായ തിരുവെഴുത്ത് ഉപയോഗിച്ച്, ഒരു വിശ്വാസിയുടെ ജീവിതത്തിലെ കുറവുകൾ, പോരായ്മകൾ, അരുതായ്മകൾ, പാപങ്ങൾ ഇവ ചൂണ്ടിക്കാണിക്കുകയും ക്രിസ്തുവിന്റെ സ്വഭാവ മഹത്വം വെളിപ്പെടുത്തുകയും ചെയ്യുന്നു.

(iv) ഈ സന്ദർഭത്തിൽ, ഒരു വിശ്വാസിക്ക് കേവലം വചനത്തിന്റെ ഒരു ''കേൾവിക്കാരൻ''മാത്രം ആയിരിക്കാം അല്ലെങ്കിൽ അദ്ദേഹത്തിനു തന്റെ തെറ്റുകളും പാപങ്ങളും സമ്മതിക്കാം; സത്യസന്ധമായി അദ്ദേഹം ഈ സന്ദർഭത്തിൽ, കുറവുകൾ ഏറ്റുപറഞ്ഞ് വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന മാതൃകയായ ക്രിസ്തുവിന്റെ സ്വഭാവം പ്രാപിക്കുവാൻ ഉത്സാഹിക്കും അതേ സമയം ആ വ്യക്തി കൂടുതൽ മെച്ചമായി ജീവിക്കുവാൻ

ശ്രമിക്കുമ്പോൾ തന്നെ തന്റെ ഉള്ളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനെ, ക്രിസ്തുവിനെപ്പോലെയല്ലാത്ത പെരുമാറ്റത്തിലേക്കു നയിക്കുന്ന പ്രലോഭനങ്ങളെ എതിർക്കുകയും പരിശുദ്ധാത്മാശ്രയത്വവും മാറ്റവും വരുവാനുള്ള ശക്തിക്കായി ആശ്രയിക്കുകയും ചെയ്യും.

(v) സമയം മുന്നോട്ടു നീങ്ങുന്നതിനനുസരിച്ച്, ക്രിസ്തുവിന്റെ സ്വഭാവ സവിശേഷത ഓരോന്നോരോന്നായി വെളിപ്പെടുത്തുന്നതിനും അതുപോലെതന്നെ ഒരു വിശ്വാസിയുടെ ഓരോരോ കുറവുകൾ വെളിപ്പെടുത്തുന്നതിനും, വചനം ഉപയോഗിക്കുവാൻ പരിശുദ്ധാത്മാവു നോക്കുന്നു. പ്രതികരിക്കുമെങ്കിൽ, ആ വ്യക്തിയുടെ ജീവിതത്തിൽ പുരുഷനോ സ്ത്രീയോ ആയിക്കൊള്ളട്ടെ, അല്പാല്പമായി ജീവിതത്തിന്റെ ഓരോ ഭാഗങ്ങളും കർത്താവായ ക്രിസ്തുവിനെപ്പോലെ അധികമധികം ആയിത്തീരുകയും ലോകത്തോടുള്ള താദാത്മ്യം കുറയുകയും ചെയ്യും.

മനസ്സിന്റെ ഈ രൂപാന്തരപ്രക്രിയ, ഗ്രഹിക്കാനാവാത്തതോ, നിഴൽ മൂടിയതോ ഒന്നുമല്ല; മറിച്ച് ഇത് ആത്മനിറവിനു തുല്യമാണ്. നാം തുടർന്ന് ഈ കാര്യം ചിന്തിക്കുവാൻ പോവുകയാണ്.

(b)പരിശുദ്ധാത്മാവിന്റെ നിയന്ത്രണം, നിറവെന്ന നിലയിൽ വർണ്ണിച്ചിരിക്കുന്നു.

പരിശുദ്ധാത്മാവിനോടുള്ള ബന്ധത്തിൽ, മുഴു തിരുവെഴുത്തിലും, അഞ്ചു കല്പനകളെ, സഭയ്ക്ക് നൽകിയിട്ടുള്ളൂ. അവയിൽ നാലെണ്ണം ക്രിസ്തീയ വളർച്ചയ്ക്ക് വ്യക്തിപരമായ ഉത്തരവാദിത്വത്തെ സൂചിപ്പിക്കുന്നതും "ആത്മാവിന്റെ നിറവ്" എന്ന വിഭാഗത്തിൽപ്പെടുന്നതുമത്രെ.[18] ആത്മീയ പക്വതയിലേക്കു നടത്തുന്ന പരിശുദ്ധാത്മശുശ്രൂഷയോടു ബന്ധപ്പെട്ടതാണ് ഈ കല്പനകളെല്ലാം തന്നെ. രൂപാന്തരത്തെക്കുറിച്ച് പറയുന്ന വേദഭാഗങ്ങൾ വെളിപ്പെടുത്തുന്ന അതേ സത്യങ്ങളുടെ വർണ്ണനയാണിവിടെയും കാണുന്നത്.

(i) പരിശുത്മാവിനാൽ നിറയുവിൻ (എഫെ. 5:18)

> ''വീഞ്ഞുകുടിച്ച് മത്തരാകരുത്; അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ; ആത്മാവ് നിറഞ്ഞവരായി... (എഫെ. 5:18). [19]

പരിശുദ്ധാത്മാവിനാൽ ഒരു വിശ്വാസി നിയന്ത്രിക്കപ്പെടുന്നതിനെപ്പറ്റിയാണ് ഈ വാക്യം പറയുന്നത്. ഈ നിയന്ത്രണം പ്രാവർത്തികമാക്കുവാൻ പരിശുദ്ധാത്മാവ് തന്റെ സ്വന്ത വചനം ഉപയോഗിക്കുന്നുവെന്ന് ഇതിനോടു സമാന വേദഭാഗമായ കൊലൊ. 3:16 ചൂണ്ടിക്കാണിക്കുന്നു. ''നിറയുക'' എന്നത് (നിയന്ത്രണം, സ്വാധീനത) ഒരു വിശ്വാസിയെ സ്വാധീനിക്കുന്നതിനായി (രൂപാന്തരപ്പെടുത്തുവാൻ) പരിശുദ്ധാത്മാവ് വചനമാകുന്ന കണ്ണാടി ഉപയോഗിക്കുന്നതിൽ നിന്നു വ്യത്യസ്തമാണ് എന്നു ചിന്തിക്കാൻ മതിയായ കാരണമൊന്നുമില്ല.

(ii) പരിശുത്മാവിനാൽ നടക്കുക (ഗലാ. 5:16, 25) [20]

> "ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കുകയില്ല എന്നു ഞാൻ പറയുന്നു; ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ച് നടക്കുകയും ചെയ്ക (ഗലാ. 5:16, 25).

നാം കാലുകൾ ഉപയോഗിച്ച് നടക്കുമ്പോൾ ശക്തിക്കും ബലത്തിനും വേണ്ടി നാം അവയെ നിയന്ത്രിക്കുകയാണ്. നടക്കുമ്പോൾ കാൽ ശരിയായി മുമ്പോട്ടു വെയ്ക്കുന്നില്ലെങ്കിൽ, മുമ്പോട്ടുള്ള ചലനത്താൽ മറിഞ്ഞു വീഴുവാൻ സാധ്യതയുണ്ട്. നടക്കുമ്പോൾ നാം അറിയാതെ തന്നെ ആദ്യ ചുവടു വയ്ക്കാൻ ഒരു കാലിനെയും പിന്നീട് മറ്റെ കാലിനെയും ആശ്രയിക്കുന്നു. ഈ രണ്ടു ആശയങ്ങളും ആത്മാവിനാലുള്ള 'ആത്മിക നടപ്പിന്റെ' അടിസ്ഥാന തത്വങ്ങൾക്കു സമാന്തരമാണ്. ആത്മാവിനാൽ നടക്കുക എന്ന പറഞ്ഞാൽ മുമ്പോട്ടു പോകുവാൻ ശക്തിക്കും ബലത്തിനും ആത്മാവിനെ ആശ്രയിച്ചു ജീവിക്കുക എന്നാണർത്ഥം. ആത്മാവിനെ അനുസരിച്ചു നടക്കുന്ന ഒരു വിശ്വാസി തുടർമാനമായി ആത്മാവിനെ ആശ്രയിക്കുന്ന പ്രക്രിയയിലാണ്. ശക്തിക്കുവേണ്ടി മാത്രമല്ല; നിയന്ത്രണത്തിനും മാർഗ്ഗദർശനത്തിനും വേണ്ടി ആ വ്യക്തി പരിശുദ്ധാത്മാവിനെ ആശ്രയിക്കും. തിരുവെഴുത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത കാര്യങ്ങൾ പരിശുദ്ധാത്മാവ് ഒരു വിശ്വാസിക്ക് ശരിയായ മാർഗ്ഗദർശനമരുളും എന്ന് വിശ്വസിക്കുവാൻ സാദ്ധ്യതയുള്ളപ്പോൾ തന്നെ പരിശുദ്ധാത്മാവ് ദിശാബോധമരുളുന്ന പ്രാഥമിക മുഖാന്തരം എഴുതപ്പെട്ട വചനമാണ്. ദൈവവചനത്തിൽ, ദൈവഹിതമെന്നത്, പരിശുദ്ധാത്മാവ് വിശ്വാസികളെ ചൂണ്ടിക്കാണിക്കുന്നു. ആത്മികമായി "വീഴാതിരിക്കുവാൻ" ആത്മാവിനെ അനുസരിച്ചു നടക്കുന്നവർ ഈ നിർദ്ദേശങ്ങളിൽ ആശ്രയിക്കും. ഉള്ളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയിലാണ് അവരെല്ലാവരും ആശ്രയിക്കുന്നത്; പരിശുദ്ധാത്മാവിൽ നിന്നുള്ള നിർദ്ദേശങ്ങൾ

[18] അഞ്ചാമത്തെ കല്പന, സഭയ്ക്ക് മൊത്തത്തിൽ, നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഉപനിധി സൂക്ഷിച്ചുകൊള്ളേണ്ടതിന്," നൽകിയിരിക്കയാണ് 2 തിമൊ. 1:14 ആത്മസ്നാനമോ ആത്മാധിവാസമോ തേടുവാൻ ഒരു കല്പനയുമില്ല.

[19] ആത്മാവിൽ, ആത്മാവിനാൽ, ആത്മാവുകൊണ്ട് എന്നീ പരിഭാഷ ചെയ്യാവുന്ന വാക്യമാണിത് (എഫെ. 5:18 ന്റെ അർത്ഥം എന്ന ഭാഗം നോക്കുക).

[20] "നടക്കുക" എന്നതിന് ഗ്രീക്കു ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ഈ രണ്ടു വാക്യങ്ങളിലും വ്യത്യസ്തമാണ്; വേറിട്ട ഒരു ശൈലി എന്നു വേണമെങ്കിൽ പറയാം.

അനുസരിക്കുവാൻ വിശ്വാസികൾക്കുള്ള ബലം ദൈവ വചനമായ ബൈബിളിൽ നിന്നാണു വരുന്നത്.

മറ്റൊരു വശം, നമ്മെ ഗ്രഹിപ്പിക്കുന്നതിനു സഹായ കമായിട്ടാണ് റോമ. 8:4 (KJV) ചേർത്തിരിക്കുന്നത്. ''ആത്മാവിനെ **അനുസരിച്ച് നടക്കുവിൻ**' എന്ന് മലയാളത്തിൽ പരിഭാഷ പ്പെടുത്തിയിരിക്കുന്നു. ആത്മാവിനെ അനുസരിച്ചു നടപ്പിൻ എന്നു പറയുന്നതും ആത്മാവിനാൽ നടപ്പിൻ എന്ന് പറയുന്നതും തമ്മിൽ ബന്ധമുണ്ട്. വ്യത്യസ്തമായ ഊന്നലുകൾ നൽകുക യാണ് ഈ പ്രയോഗങ്ങൾ. റോമ. 8:4 ൽ 'പരിശുദ്ധാത്മാ വിന്റെ അളവുകോലനുസരിച്ച്, അതിൻപ്രകാരം എന്നോ അതനുസരിച്ച് എന്നോ വേണം ഗ്രഹിക്കുവാൻ. യോഹ. 8:15-ൽ ക്രിസ്തു പറഞ്ഞു. ''നിങ്ങൾ ജഡപ്രകാരം വിധിക്കുന്നു" ഇതിന്റെ അർത്ഥം, പരീശന്മാർ ജഡത്തിന്റെ മാനദണ്ഡമനുസരിച്ചാണ് വിധിച്ചത് എന്നത്രെ. 1 കൊരി. 1:26-ൽ "ജഡപ്രകാരം" ബുദ്ധിമാന്മാർ ഏറെയില്ല എന്ന പൗലോസ് പറയുമ്പോൾ, വിശ്വാസികളെ ഉദ്ദേശിച്ചാ കയാൽ, വിശ്വാസികളിൽ ഏറെയും ബുദ്ധിഹീനരാണ് എന്നല്ല പൗലോസ് അർത്ഥമാക്കുന്നത്. ആ ശൈലിയുടെ അർത്ഥം എന്തെന്നാൽ ജഡികമാനദണ്ഡമനുസരിച്ച് വിധിക്കുന്നയാളുകൾ വിശ്വാസികളിൽ പലരെയും ബുദ്ധിമാന്മാർ എന്നു ഗണിക്കുന്നില്ല എന്നാണ്. ആത്മാവിനെ അനുസരിച്ചു നടക്കുക എന്നു പറഞ്ഞാൽ പരിശുദ്ധാത്മാവിന്റെ മാനദണ്ഡങ്ങൾക്കു വിധേയപ്പെട്ടു ജീവിക്കുക എന്നതാണ്. പരിശുദ്ധാത്മാവിന്റെ മാനദണ്ഡങ്ങൾ ഏതൊക്കെയാണ്? ഇത് കാര്യത്തെ കൂട്ടിക്കുഴയ്ക്കുവാനിടയാകരുത്. വിശ്വാസികൾ ജീവിക്കേണ്ടതായ മാനദണ്ഡങ്ങൾ തിരുവെഴുത്തു നമുക്കു നൽകുന്നുണ്ട്. സാങ്കേതികമായി പറഞ്ഞാൽ **എല്ലാ വിശ്വാസികളും എല്ലായ്പ്പോഴും പരിശുദ്ധാത്മാ വിനെ അനുസരിച്ച് അവിടുത്തെ ഇഷ്ടപ്രകാരമാണ് നടക്കുന്നത്;** അതായത്; ദൈവവചനമാണ് എപ്പോഴും നമ്മുടെ പെരുമാറ്റ സ്വഭാവങ്ങളുടെ മാനദണ്ഡം. ചില സന്ദർഭങ്ങളിൽ നാം ഈ മാനദണ്ഡമനുസരിച്ച് അതിനു യോജിച്ച നിലയിൽ- ആത്മാവിനെ അനുസരിച്ചു നടക്കുന്നില്ല. [21]

[21] ഗലാ. 5:18 പഠിപ്പിക്കുന്നത് **എല്ലാ വിശ്വാസികളും ആത്മാവിനാൽ നടത്തപ്പെടുന്നുവെന്നതാണ്.** അതായത് ഒരു വിശ്വാസിപോലും, ജീവിതപ്രമാണമെന്ന നിലയിൽ ന്യായപ്രമാണത്തിൻ കീഴിലല്ല. ''നിങ്ങൾ ആത്മാവിനെ അനുസരിച്ചു നടക്കുന്നുവെങ്കിൽ (നിങ്ങൾ അപ്രകാരം നടക്കുന്നവർ തന്നെയാണ്) ന്യായപ്രമാണത്തിൻ കീഴിലല്ല (തീർച്ചയായും അല്ല). പശ്ചാത്തലമനുസരിച്ച് ചിന്തിക്കുമ്പോൾ റോമ. 8:14 ഉം പഠിപ്പിക്കുന്നത്, എല്ലാ വിശ്വാസികളും ആത്മാവിനാൽ നടത്തപ്പെടുന്നവരാണ് എന്നത്രെ. മക്കൾ എല്ലാവരും ആത്മാവിനാൽ നടത്തപ്പെടുന്നവരാണെന്ന് ആ വാക്യം പറയുന്നു. തുടർന്ന് വരുന്ന ചില വാക്യങ്ങൾ പഠിപ്പിക്കുന്നത്, എല്ലാ വിശ്വാസികളും "മക്കൾ" (പുത്രന്മാർ) ആണ് എന്നത്രെ. എല്ലായ്പ്പോഴും നമ്മെ നയിക്കുന്നത് (നടത്തുന്നത്) പരിശുദ്ധാത്മാവാണ് നായകന്റെ (നടത്തിപ്പു കാരന്റെ) സ്ഥാനത്ത് പരിശുദ്ധാത്മാവ് ആ ശുശ്രൂഷ നമ്മോടുള്ള ബന്ധത്തിൽ ചെയ്യുന്നു. (പ്രഥമമായും ഇത് ദൈവവചനത്താലാണ് സാധ്യമാകുന്നത്) പലപ്പോഴും പ്രായോഗികമായി ആത്മാവിനെ പൂർണ്ണമായി പിൻപറ്റുന്നില്ല അതായത് അനുസരിച്ചു നടക്കുന്നില്ല താനും. "ആത്മാവിൽ" ആയിരിക്കുന്ന ഒരു വിശ്വാസി, "ജഡത്തിൽ ജീവിക്കുന്നവരോട് നീതി പ്രവർത്തിക്കുവാൻ പ്രാപ്തിയുള്ളയാളായിരിക്കും. ഇപ്രകാരമുള്ള വിശ്വാസിയും, നീതി പ്രവർത്തിക്കുവാൻ കഴിവില്ലാതെ ''ജഡത്തിൽ" ജീവിക്കുന്ന അവിശ്വാസിയും തമ്മിൽ സ്ഥാനപരമായ വ്യത്യാസമാണ് റോമ. 8-ൽ കാണാൻ കഴിയുന്നത്. റോമർ 8-ാം അദ്ധ്യായത്തെക്കുറിച്ചുള്ള പൊതുവായ ധാരണ, ഓരോ വിശ്വാസിയുടെയും ഉള്ളിൽ നടക്കുന്ന ''ആന്തരിക സംഘട്ടനത്തെ''ക്കുറിച്ചാണ് ഈ അദ്ധ്യായം പ്രതിപാദിക്കുന്നതെന്നാണ്. റോമ. 8:9 ൽ പൗലോസ് ഉപയോഗിക്കുന്ന പ്രയോഗങ്ങളുടെ സ്വന്ത നിർവചനം കാണാം. അവിടെ "ജഡത്തിൽ" എന്നതിനാൽ അദ്ദേഹം ഉദ്ദേശിക്കുന്നത് ''പരിശുദ്ധാത്മാവ് ഉള്ളിൽ വസിക്കാത്ത" ഒരു അവിശ്വാസിയെയാണ്. അതുപോലെ തന്നെ; റോമ. 8-ന്റെ പശ്ചാത്തലമനുസരിച്ച് എല്ലാ വിശ്വാസികളും "ആത്മാവിൽ" ആണ്. "നിങ്ങളോ, ദൈവ ത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രെ. റോമ. 8: 9-ൽ 'ജഡസ്വഭാവം' 'ആത്മസ്വഭാവം' എന്നിങ്ങനെ പറയുന്നതിന്റെ ആശയമനുസരിച്ച് ചിന്തിക്കുമ്പോൾ, റോമ. 8:4-ൽ ഒരു വിശ്വാസിയുടെ പദവിയെക്കുറിച്ചു പറയുന്നു എന്ന് മനസ്സിലാക്കുകയാണുത്തമം. പരിശുദ്ധാത്മാവ് എല്ലാ വിശ്വാസികളെയും എല്ലാ സമയത്തും നടത്തുന്നു എന്ന ആശയമനുസരിച്ച് ചിന്തിക്കുമ്പോൾ എല്ലാ വിശ്വാസികളും ''ആത്മാവിനെ അനുസരിച്ച്'' നടക്കുന്നവരാണ്. സ്വഭാവ പെരുമാറ്റങ്ങൾക്കുള്ള നമ്മുടെ മാനദണ്ഡം പരിശുദ്ധാ ത്മാവാണ്; ന്യായപ്രമാണമല്ല. അതുകൊണ്ട് സ്ഥാനീയമായി പറഞ്ഞാൽ, എല്ലായ്പ്പോഴും ''എല്ലാ വിശ്വാസികളും പരിശുദ്ധാത്മാവിനെ അനുസരിച്ചു നടക്കുന്നവരാണ്. പരിശുദ്ധാത്മാവാണ് എല്ലായ്പ്പോഴും നമ്മുടെ നടത്തിപ്പു കാരൻ അവിടുന്ന് ആജ്ഞാപിക്കുകയും തിരുവെഴുത്തിലൂടെ നമ്മെ വഴികാട്ടുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് സഭയ്ക്ക് കല്പനകൾ നൽകിയത് (മോശെയുടെ വ്യവസ്ഥിതിയല്ല) എല്ലാ വിശ്വാസികളും ആത്മാവിനെ അനുസരിച്ച് (ആത്മപ്രകാരം) നടക്കുന്നുവെങ്കിലും, ഓരോരുത്തരും ''ആത്മാവിനെ അനുസരിച്ചു നടപ്പിൻ'' എന്ന കല്പന എല്ലായ്പ്പോഴും അനുസരിക്കേണ്ടതാണ്. അതായത്, നമ്മെ എല്ലായ്പ്പോഴും നയിക്കുന്ന പരിശുദ്ധാത്മാവിന്റെ മാനദണ്ഡത്തെ പൂർണ്ണമായി ആശ്രയിച്ചും അനുസരിച്ചും ജീവിക്കേണ്ടതാണ് ഗലാ. 5:25).

ആത്മ നിറവെന്നോ മനസ്സിന്റെ രൂപാന്തരമെന്നോ എന്തു പേർ വിളിച്ചാലും സംഗതി ഒന്നുതന്നെ. ക്രിസ്തുവിനോടുള്ള സാദൃശ്യത്തിലും മാന്യതയിലും വർദ്ധിച്ചുവരേണ്ടതിന് നമ്മെ രൂപാന്തരപ്പെടുത്തി, മാർഗ്ഗ ദർശനമരുളുവാൻ പരിശുദ്ധാത്മാവ് വചനം ഉപയോഗിക്കുന്നു.

(iii) പരിശുത്മാവിനെ കെടുക്കരുത് (1 തെസ്സ. 5:19)

> "ആത്മാവിനെ കെടുക്കരുത്; പ്രവചനം തുച്ഛീകരിക്കരുത്" (1 തെസ്സ. 5:19, 20).

ആത്മാവിനെ കെടുക്കരുത് എന്ന ആജ്ഞ, 'പ്രവചനം തുച്ഛീകരിക്കരുതെന്ന് തുടർന്നു പറയുന്ന വാക്യ ഭാഗത്തോടു ചേർത്തു വേണം പഠിക്കുവാൻ. ഒരു വിശ്വാസിയുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് നൽകുന്ന പ്രേരണകൾ, സ്വാധീനതകൾ എന്നിവയെപ്പറ്റി ഈ പഠനത്തിന്റെ മറ്റു ഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ പറയുന്ന ഈ കല്പനയുടെ പരിധിയിൽ വേണം ഇത്തരം പ്രേരണകളെയും നിയോഗങ്ങളെയും പഠിക്കുവാനെന്നതിൽ തെല്ലും സംശയം വേണ്ട. ഒരു വിശ്വാസിയെ ഏതെങ്കിലും കാര്യങ്ങൾ ചെയ്യുവാൻ പരിശുദ്ധാത്മാവു പ്രേരിപ്പിക്കുമ്പോൾ അദ്ദേഹം അത് അനുസരിക്കുകയാണ് വേണ്ടത്.

എന്നിരുന്നാലും, നിസ്സാരകാര്യങ്ങളിൽ നാം വലിയ പ്രസക്തി കൊടുക്കുന്നവരാകരുത്. ഒരു ജഡിക വിശ്വാസിക്ക് ജഡികമായ താല്പര്യങ്ങളെ ആത്മാവിന്റെ നിയന്ത്രണമായി തെറ്റായി വ്യാഖ്യാനിച്ച്, സന്ദേഹവും തർക്കവും ഉണ്ടാക്കുവാൻ കഴിഞ്ഞേക്കാം. പരിശുദ്ധാത്മാവു പഠിപ്പിക്കുന്ന പ്രാഥമികപാഠം ബൈബിളിലാണുള്ളത്. ആത്മാവെഴുതിയ വചനം ജീവിതാനുഭവമാക്കി പിന്തുടരുന്നവർക്കു മാത്രമേ ജീവിതസാഹചര്യത്തിൽ പരിശുദ്ധാത്മാവിന്റെ പ്രേരണകളെ ശരിയാംവിധം തിരിച്ചറിയാനാകൂ. പരിശുദ്ധാത്മാവു നടത്തുന്നത് പ്രധാനമായും അവിടുത്തെ വചനത്താലാണ്. ഇന്ന് പ്രവാചകന്മാരില്ലെങ്കിലും, വചനത്തെ നിരസിക്കുന്ന വ്യക്തി, ഫലത്തിൽ പ്രവചനത്തെ നിരസിക്കുകയും തുച്ഛീകരിക്കുകയുമാണ്. ഒരു ആധുനിക വിശ്വാസി പരിശുദ്ധാത്മാവിനെ കെടുത്തിക്കളയുന്നത്, പരിശുദ്ധാത്മാവിന്റെ ദിവ്യ വെളിപ്പാടായ വചനത്തിലെ കല്പനകളും ഉത്തരവാദിത്തങ്ങളും നിരസിക്കുന്നതിലൂടെയാണ്. വിശ്വാസികൾക്ക് മാർഗ്ഗ ദർശനം നൽകി രൂപാന്തരത്തിലേക്കു നയിക്കുവാൻ പരിശുദ്ധാത്മാവ് തന്റെ വചനം ഉപയോഗിക്കുന്നു. ഈ എഴുതപ്പെട്ട "പ്രവചനം" നിരസിക്കുന്നവർ പരിശുദ്ധാത്മാവിനെ കെടുത്തുകയാണ് ചെയ്യുന്നത്.

(iv) പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത് എഫെ. 4:30

> **"പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്;** അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നത്" (എഫെ. 4:30).

പരിശുദ്ധാത്മാവിന് ദു:ഖം വരുത്തുന്ന പെരുമാറ്റങ്ങൾ ഏതൊക്കെയെന്ന് തന്റെ വായനക്കാർക്ക് നന്നായറിയാമെന്ന നിഗമനത്തിലാണ് പൗലോസ് ഈ വാക്കുകൾ എഴുതുന്നത്. പരിശുദ്ധാത്മാവു നൽകിയിരിക്കുന്ന തിരുവെഴുത്തുകൾ നിഷേധിക്കുന്നതാണ് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്ന പ്രഥമമാർഗ്ഗം എന്നുറപ്പിക്കുവാൻ വലിയ ബുദ്ധിമുട്ടുണ്ടാവില്ല. എഴുതപ്പെട്ട വചനം അനുസരിക്കുന്ന വിശ്വാസികൾ പരിശുദ്ധാത്മാവിനെ പ്രസാദിക്കുന്നവരാണ്.

(v) ആത്മനിറവിൻ ജീവിതത്തിന്റെ ഫലങ്ങൾ: ആത്മാവിന്റെ ഫലം

> "ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം, ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല (ഗലാ. 5:22, 23).

പരിശുദ്ധാത്മാവിന്റെ നിയന്ത്രണം പിന്തുടരുന്ന ഒരു വിശ്വാസി (അതായത്, പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട വചനം അനുസരിക്കുന്നയാൾ) ഗലാ. 5:22-23 ൽ പറയുന്ന സ്വഭാവസവിശേഷതകൾ പ്രദർശിപ്പിക്കുകതന്നെ ചെയ്യും. പരിശുദ്ധാത്മ നിറവിന്റെ "അനുഭവത്തെക്കുറിച്ച് താല്പര്യമുള്ള ഏതൊരാളും ശ്രദ്ധിക്കേണ്ട ഒരുകാര്യം പരിശുദ്ധാത്മാവ് "സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ ഉല്പാദിപ്പിക്കുന്നു അഥവാ ഉളവാക്കുന്നു എന്ന വസ്തുതയാണ്. ഈ 'വ്യക്തിത്വ സവിശേഷതകൾ' ക്രിസ്തു സമാനത വെളിപ്പെടുത്തുകയാണ്. ഈ പ്രത്യേകതയാണ് ഒരു വിശ്വാസിയിൽ ഉളവായിക്കാണുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നത്. ''ക്രിസ്തുവിനെപ്പോലെ'' നമ്മെ ആക്കിത്തീർക്കുന്ന ഈ സ്വഭാവസവിശേഷതകൾ അനുഭവമാക്കുന്ന പദവി വിലകുറച്ചു കാണുകയും പരിശുദ്ധാത്മാവിൽ നിന്ന് മറ്റെന്തെങ്കിലും അനുഭവങ്ങൾ ആവശ്യപ്പെടുകയും ചെയ്യുന്നവൻ തികച്ചും ദരിദ്രമായ ഒരു തിരഞ്ഞെടുപ്പാണ് നടത്തുന്നത്. ക്രിസ്തു സമാനത (ആത്മഫലം)യെ സംബന്ധിച്ച് അസംതൃപ്തരും താല്പര്യമില്ലാത്തവരുമായവർ മറ്റേതൊരു 'ആത്മാനുഭവത്തെ" ക്കുറിച്ചും അസംതൃപ്തരായിരിക്കും. ഒരു വിശ്വാസിയിൽ ഉളവായിക്കാണാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നത് "ക്രിസ്തു- സമാനത"യാണ്. ഇതാണ് യതാർത്ഥ ആത്മീയത. ക്രിസ്തു- സമാനത (ക്രിസ്തുവിനെപ്പോലെയാക്കുക)യില്ലാതെ ആത്മികതയില്ല; എത്രതന്നെ ആവേശപരമായ അനുഭവങ്ങളോ മാർമ്മിക സത്യങ്ങൾ അറിയാമെന്ന അവകാശവാദങ്ങളോ ഉള്ളവർക്കു പോലും, ആത്മനിറവിന്റെ പ്രഥമാനുഭവം ആത്മഫലം ഉണ്ടായിരിക്കുക എന്നതാണ്. വചനം അനുസരിക്കുവാൻ ശക്തി ആവശ്യമാണ്. ഈ ശക്തിക്കുവേണ്ടി-ഉള്ളിൽ അധിവ

സിക്കുന്ന പരിശുദ്ധാത്മാവിനെ ഒരു വലിയ ജലസംഭരണിയെന്നോണം കണ്ടുകൊണ്ട് നമ്മിലേക്കു പ്രവഹിക്കുവാൻ താല്പര്യപ്പെടുന്ന നിലയിൽ- ആ പരിശുദ്ധാത്മ സാന്നിദ്ധ്യം അനുഭവിക്കുന്നതാണ് ആത്മ നിറവ് എന്ന് പ്രസ്താവിച്ചുകൊള്ളട്ടെ. ശ്രദ്ധിക്കുക! അനുസരിക്കുവാനുള്ള ശക്തി, ആത്മഫലത്തിന്റെ അകമ്പടിയോടെ ഒരു വിശ്വാസിയിൽ പ്രകടമായി കാണുന്നതാണ് ആത്മനിറവിന്റെ അനുഭവം അല്ലാതെ അമ്പരിപ്പിക്കുന്ന ജാലവിദ്യകൾ കാണിക്കാനുള്ള ശക്തിയല്ല. പരിശുദ്ധാത്മാവ് നമ്മിൽ പകരാനാഗ്രഹിക്കുന്ന അനുഗ്രഹങ്ങൾ പദവി കുറഞ്ഞവയോ അത്രയ്ക്ക് മെച്ചമല്ലെന്നു കരുതാവുന്നവയോ അല്ല എന്ന് പ്രത്യേകം ഓർപ്പിച്ചുകൊള്ളട്ടെ. "ക്രിസ്തുവിനെപ്പോലെ" ആകുക എന്നതിൽ എന്താണ് വിലകുറഞ്ഞതോ, ന്യൂനമായതോ?

(c) ആത്മനിറവിൻ വിവരണത്തിന്റെ സാരസംഗ്രഹം

പദപ്രയോഗങ്ങൾ വ്യത്യസ്തമാണെങ്കിലും; വെളിപ്പെടുത്തിയിരിക്കുന്ന ആശയങ്ങൾ ചൂണ്ടിക്കാണിക്കുന്നത്, ബൈബിളിൽ ഓരേയൊരു ശുദ്ധീകരണ പ്രക്രിയയേയുള്ളൂവെന്നാണ്. "പുതുക്കം" എന്നോ "ആത്മനിറവെ"ന്നോ പേർവിളിച്ചാലും പ്രക്രിയ ഒന്നുതന്നെ. പരിശുദ്ധാത്മാവിന്റെ വശത്തു നിന്നു നോക്കുമ്പോൾ വളർച്ച സാദ്ധ്യമാകുന്നത് ആത്മാവിന്റെ വാളായ വചനം ഉപയോഗിക്കുന്നതിനാലാണ്. ആത്മാവിന്റെ വചനത്തെ വിശ്വസിക്കാൻ കൊള്ളാവുന്ന ഒരു വഴികാട്ടിയെന്ന നിലയിൽ സജീവമായി ആശ്രയിച്ചു കൊണ്ടു വേണം ഒരു വിശ്വാസി സദാ ജീവിക്കേണ്ടത്. അനുസരിക്കുവാൻ സദാ ജാഗ്രതയോടെ ഒരു വിശ്വാസിയോ വിശ്വാസിനിയോ പരിശ്രമിക്കുകയും അപ്പോൾ തന്നെ അനുസരിക്കുവാൻ മതിയായ ബലത്തിനായി പരിശുദ്ധാത്മശക്തിയാലാശ്രയിക്കുകയും വേണം. ഈ പ്രക്രിയയുടെ പരിണിതഫലമായാണ് രൂപാന്തരം അഥവാ ആത്മഫലം. ഏതൊരുപദം ഉപയോഗിച്ചാലും ശരി അതിന്റെ ആത്യന്തികലക്ഷ്യം ക്രിസ്തുവിനെപ്പോലെയാകുക എന്നതാണ്.

ആത്മനിറവ് (ആത്മാവിനാലുള്ള നിയന്ത്രണം) മതിയായ സമയം ആവശ്യമുള്ള ഒരു തുടർപ്രക്രിയയായി വീക്ഷിക്കുന്നതാണുത്തമം. നേരെമറിച്ച്, അത് വിഷമകരമായ ഒരു അനുഭവമല്ല. ആത്മാവിനാൽ എഴുതപ്പെട്ട ദൈവവചനത്തോട് ഇഴുകിച്ചേർന്നു പോകുന്ന ഒരു വിശ്വാസി, ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന (നിറവുള്ള) ഒരാളാണ്. ഏതെങ്കിലും വേദപുസ്തക പ്രമാണം അറിഞ്ഞിട്ടും അതു ലംഘിക്കുന്ന വിശ്വാസി, ആത്മനിറവിൽ (നിയന്ത്രണത്തിൽ) ജീവിക്കുന്നയാളല്ല. ആത്മാവിന്റെ നിയന്ത്രണം പുന:സ്ഥാപിക്കപ്പെടാനുള്ള ഉപാധി പാപം ഏറ്റു പറയുകയാണ് (1 യോഹ. 1:9 നോക്കുക) [22] നിയന്ത്രണത്തിന്റെ ഈ പ്രക്രിയ, ആത്മനിറവിനെയാണുൾക്കൊള്ളുന്നത് അല്ലാതെ ആന്തരിക ബുദ്ധിമുട്ടിന്റെയോ വിഷമസന്ധിയുടേതോ അവസ്ഥ അല്ല! ഒരു വാഹനം ശരിയായ ഗിയറിലല്ലെങ്കിൽ ഗിയർ മാറ്റിയെങ്കിലേ അതു മുന്നോട്ടു നീങ്ങുകയുള്ളൂ. അതിൽ നാടകീയമായി ഒന്നുമില്ല തന്നെ.

ഇതു പറയുമ്പോൾ, ഒരു കാര്യം കൂടെ ഓർപ്പിച്ചു കൊള്ളട്ടെ, ഒരു വിശ്വാസി പരിശുദ്ധാത്മാവിന്റെ വചനത്തിന്, പുന:സമർപ്പണം ചെയ്യുന്നതിന്, ആരംഭത്തിൽ അല്പം ബുദ്ധിമുട്ട് തോന്നിയെന്നു വരാം. [23] മാത്രമല്ല, ദീർഘനാളുകൾ അദ്ദേഹം ആത്മാവിനോടു മറുതലിച്ചും മത്സരിച്ചുമാണു ജീവിച്ചതെങ്കിൽ, ഏറ്റുപറച്ചിലും സമർപ്പണവും യഥാസ്ഥാനവും ഉണ്ടാകുവാൻ, ഘനകരമായ എന്തെങ്കിലും ഒരു അനുഭവം വേണമെന്നു വരാം. എന്നാൽ ഏറ്റുപറച്ചിൽ ഓരോ തവണയും സംഭവിക്കുവാൻ ഇത്തരം ആഴത്തിൽ സ്പർശിക്കുന്ന അനുഭവം വേണമെന്നു വന്നാൽ, ജീവിതം എപ്പോഴും സംഘട്ടനാത്മകമായിരിക്കും. കാരണം ഏറ്റുപറച്ചിൽ, എല്ലാ ദിവസവും നടക്കേണ്ടതായി വരുമല്ലോ? എന്നാൽ ഏറ്റവും സാധാരണമായ അനുഭവമെന്നു പറയുന്നത്. ലളിതമായും പതിവായുമുള്ള ഏറ്റുപറച്ചിലിനാൽ ആത്മനിറവിൻ അനുഭവം യഥാസ്ഥാനപ്പെടുന്നു എന്നുള്ളതാണ്. ഒരിക്കൽ വചനത്തോടുള്ള സമർപ്പണം യഥാസ്ഥാനപ്പെട്ടാൽ അതനുസരിച്ചായിരിക്കും ആത്മനിയന്ത്രണം അഥവാ അത്മനിറവ് സംഭവിക്കുന്നത്. പരിശുദ്ധാത്മാവ് വീണ്ടും നിറഞ്ഞുവെന്നത് തെളിവാകേണ്ടതിന്, ഒരു വിശ്വാസി, ഉത്കണ്ഠ നിറഞ്ഞതോ നാടകീയമോ ആയ അനുഭവത്തെ പ്രതീക്ഷിക്കേണ്ട. പാപം ഏറ്റുപറഞ്ഞ്, വിശ്വാസി പിന്നെയും പരിശുദ്ധാത്മാവിനു കീഴ്പ്പെട്ട് വചനത്താൽ അവിടുത്തെ നിയന്ത്രണത്തിന് ഏല്പിച്ചു കൊടുക്കുമ്പോൾ അദ്ദേഹത്തിനുണ്ടാകുന്ന വികാരങ്ങളോ അനുഭവങ്ങളോ എന്തായിരുന്നാലും ശരി അദ്ദേഹം 'ആത്മാവിൽ' നിറയുകയാണ്. കുറ്റം ഏറ്റുപറഞ്ഞശേഷവും അജ്ഞനായ ഒരു വിശ്വാസി, ആത്മനിറവിനായി പിന്നെയും യാചിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ അത്, ദൈവത്തിനെതിരായ പ്രകോപനം പോലെയാണെന്നു പറയുന്നതിൽ തെറ്റില്ല. കുഞ്ഞിന്റെ മുമ്പിൽ മധുരപലഹാരം

[22] പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുകയും ദൈവവചനത്തെ ജീവിക്കുവാനുള്ള സത്യമായി വിനയത്തോടെ അംഗീകരിച്ചാശ്രയിക്കുകയും ചെയ്യുന്നതിനോടുള്ള ബന്ധത്തിലാണ് ആത്മനിറവ് പ്രാപിക്കാൻ കഴിയുന്നത്. ആത്മനിറവ് (നിയന്ത്രണം) വചനം അനുസരിക്കാത്തതിനാലും പാപം ഏറ്റുപറഞ്ഞു ഉപേക്ഷിക്കാത്തതിനാലും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതിലൂടെ തടസ്സപ്പെടുന്നതാണ്.

[23] ദൈവത്തോട് സമർപ്പണവും വിധേയത്വവും ഉണ്ടാക്കുന്നതിലേക്കു നയിക്കുന്ന ഒരു വലിയ വഴിത്തിരിവ് ജീവിതത്തിൽ സംഭവിക്കുന്ന ആശയം തിരുവചനാധിഷ്ഠിതമാണ് (റോമ. 6:11; 12:1-2). ഈ ചിന്ത ഒരു വിഷമ പ്രശ്നമായോ അല്ലാതെയോ അഭിമുഖീകരിപ്പെട്ടേക്കാം.

നിരത്തിവച്ചിട്ടും അതിനുവേണ്ടി കരയുന്ന കുഞ്ഞിന്റെ രീതി മാതാപിതാക്കന്മാരെ എപ്രകാരം മുഷിപ്പിക്കുമോ അതിനു തുല്യമാണിത്. പരിശുദ്ധാത്മ നിയന്ത്രണത്തിനായി, ഏല്പിച്ചുകൊടുക്കുന്നതിന് ബൈബിളിലൂടെ ഏറ്റുപറച്ചിലും യഥാസ്ഥാനവും ഉണ്ടാവുകയും അത് ശരിയായ സമർപ്പണത്തിലേക്കു നയിക്കുകയും ചെയ്യുന്നുവെങ്കിൽ അവിടെ പരിശുദ്ധാത്മനിറവും നിയന്ത്രണവും നടന്നുകഴിഞ്ഞുവെന്നു പറയാം. ആത്മാവിന്റെ ആയുധമായ ദൈവവചനത്തിന്മേൽ ക്രിയാത്മകമായ ആശ്രയം പുലർത്തുന്നിടത്തോളം അതു തുടരുകയും ചെയ്യും. എന്നാൽ നിറവിനുവേണ്ടി പിന്നെയും ദൈവത്തോടു യാചിച്ചുകൊണ്ടിരിക്കുന്ന വ്യക്തി ദൈവം നൽകിക്കഴിഞ്ഞ ഒന്നിനുവേണ്ടി വീണ്ടും ചോദിക്കുന്നതിനു തുല്യമാണ്. [24] ഇത് ഒരു വിശ്വാസി അദ്ദേഹം വിശ്വാസത്താൽ മാത്രം പ്രാപിച്ച രക്ഷയ്ക്കു വേണ്ടി ആവർത്തിച്ചു യാചിക്കുന്നതിനു തുല്യമാണ്. ഈ രണ്ടു വിധ പ്രാർത്ഥനകളും ദൈവത്തിനു മുഷിപ്പു തോന്നിപ്പിക്കുന്നതാണ്, കാരണം, ദൈവവചനത്തെ മുഖവിലയ്ക്ക് വിശ്വസിക്കുന്നതിലുള്ള പരാജയമാണിതു സൂചിപ്പിക്കുന്നത്. വചനത്തിലൂടെ പരിശുദ്ധാത്മ നിയന്ത്രണത്തിനു വിധേയരായവർ ആത്മനിറവുള്ളവരാണ്. ആത്മനിറവിന്റെ ദൃശ്യമായ അടയാളങ്ങൾ നിരന്തരം ആവശ്യപ്പെടുന്ന, ഒരു വ്യക്തി ദൈവവചനം മതിയായ മാർഗ്ഗദർശിനിയാണെന്ന് വാസ്തവത്തിൽ വിശ്വസിക്കുന്നില്ല. ആത്മനിറവ് എന്നത് ക്രിസ്തുവിന്റെ വചനം സകല ഐശ്വര്യത്തോടും കൂടെ ഉള്ളിൽ നിറഞ്ഞു വസിക്കുന്നതാണെന്ന് ബൈബിൾ നിർവചിക്കുന്നു. എന്നാൽ പരിശുദ്ധാത്മ നിറവിന്റെ അനുബന്ധ സംഭവം എന്നോണം എന്തെങ്കിലും അന്വേഷിപ്പിക്കുന്നവർ ഇതു വിശ്വസിക്കുന്നേയില്ലെന്നു വേണം പറയാൻ. മാത്രമല്ല; അവർ നേരത്തെതന്നെ പ്രാപിച്ചിരിക്കുന്ന കാര്യം നേടുവാനായി ഊർജ്ജം ചിലവഴിക്കയും അതിൽ ശ്രദ്ധയർപ്പിക്കുകയും ചെയ്യുകയാണ്. ദൈവം വാസ്തവത്തിൽ അവരുടെ ജീവിതത്തിൽ ചെയ്വാനാഗ്രഹിക്കുന്നതിൽ നിന്നു ഇപ്രകാരം അവർ വ്യതിചലിക്കുകയാണ്. ആത്മനിറവ് ആവർത്തിക്കുന്ന ഒരു പ്രക്രിയയായിട്ടാണ് എഫെ. 5:18 ൽ വീക്ഷിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവ് തന്റെ വാളായ ദൈവവചനത്തിലൂടെ നിയന്ത്രിക്കുന്നതായി ആത്മ നിറവിനെ മനസ്സിലാക്കിയാൽ, എന്തുകൊണ്ടാണ് ആത്മനിറവ് ആവർത്തിച്ചു നടക്കുന്ന ഒന്നാണെന്നു കാണാൻ എളുപ്പമായിരിക്കും. ഏറ്റു പറയുന്നതിലൂടെ ഒരു വിശ്വാസി തിരുവെഴുത്തുകളുടെ നിയന്ത്ര ണത്തിലേക്ക് ആവർത്തിച്ച് എത്തിച്ചേരുകയാണ്.

ഒരു വിശ്വാസി അറിഞ്ഞുകൊണ്ട് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുകയോ കെടുത്തുകയോ ചെയ്യുന്നില്ലെങ്കിൽ (വചനം അനുസരിക്കുന്നതിലൂടെ); ഒരു വിശ്വാസി ആത്മനിറവിനെ അനുസരിച്ചു നടക്കുന്നുവെങ്കിൽ (അവിടുത്തെ വചനത്താൽ നിയന്ത്രിക്കപ്പെട്ട്) ആ വ്യക്തി ക്രമേണയായുള്ള രൂപാന്തരപക്രിയയിലൂടെ കടന്നുപൊയ് കൊണ്ടിരിക്കുകയാണ്. ഈ രൂപാന്തര പ്രക്രിയയാണ് ആത്മനിറവ്. ഇത് യാചിക്കുന്നതിന്റെയടിസ്ഥാനത്തിൽ ലഭിക്കുന്നതല്ല മറിച്ച്, ഏല്പിച്ചുകൊടുക്കുന്നതിന്റെ അഥവാ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്നതാണ്. ആത്മാവിന്റെ വാളായ വചനത്തിന് സമർപ്പിക്കുന്ന ഒരാളുടെ ജീവിതത്തിൽ സംഭവിക്കുന്ന കാര്യമാണിത്. വിശദീകരിക്കാനാവാത്ത അപൂർവ്വ സംഭവങ്ങൾ ഒന്നും ഇല്ലാതെ തന്നെ ഇതു സംഭവിക്കുന്നു. ആത്മനിറവിനുള്ള ദൈവിക പ്രവർത്തനവിധത്തിന്റെ സാരസത്ത, ദൈവവചനം പഠിക്കുകയും പ്രയോഗികമാക്കുകയും ചെയ്യുക എന്നതാണ്. ഇത് ബാഹ്യമായി കാണാൻ കഴിയുന്ന നാടകീയ പ്രകടനങ്ങൾ കൂടാത്തതും അസഹിഷ്ണരായ ആളുകൾ ആഗ്രഹിക്കുന്നതിനെക്കാൾ സാവധാനം നടക്കുന്നതുമാണ്. എന്നാൽ ആത്മിക വളർച്ചയ്ക്കുള്ള ദൈവികമാർഗ്ഗം ഇതാണ്. ആത്മിക പക്വതയ്ക്കുവേണ്ടി, ആരെങ്കിലും നിർദ്ദേശിക്കുന്ന വേദാനുസൃതമല്ലാത്ത, ഏതൊരു പ്രവർത്തന വിധത്തെയും ഫലത്തിൽ കവിയുന്നതാണിത്. എന്തെന്നാൽ, 'ആത്മാവിന്റെ ഫലമായ ക്രിസ്തു – സമാനത (ക്രിസ്തുവിനെപ്പോലെയാകുന്ന അനുഭവം) "ആത്മിയത"യെന്ന പേരിൽ വാഗ്ദാനം ചെയ്യുന്നതും വേദാനുസൃതമല്ലാത്തതുമായ 'ദിവ്യശക്തി' ''അനുഭവങ്ങൾ'' എന്നിങ്ങനെയുള്ള ഏതൊന്നിനെക്കാളും വിലയേറിയതുമാണ്.

(5) ആത്മനിറവിൽ ജീവിതത്തിന്റെ ദൃശ്യമായ ഫലങ്ങൾ

ആത്മനിറവിൽ ജീവിതത്തിന്റെ ദൃശ്യഫലങ്ങളെക്കുറിച്ചുള്ള വേദാനുസൃതപഠനം, ക്രിസ്തീയ ജീവിതത്തെ സംബന്ധിച്ച യാഥാർത്ഥ്യങ്ങളെ ഊഹാപോഹങ്ങളിൽ നിന്നും തോന്നലുകളിൽ നിന്നും വേർതിരിക്കാൻ സഹായിക്കും (അതായത് സാധ്യമായവയും അസാദ്ധ്യമായവയും തമ്മിൽ)

ഈ ജീവിതത്തിൽ ഒരു വിശ്വാസിക്ക് നേടാവുന്നത് എന്തൊക്കെ, അല്ലാത്തത് എന്തൊക്കെ എന്നു തീരുമാനിക്കുന്ന ഉറവിടം തിരുവെഴുത്താണ്. ആത്മനിറവിൻ ജീവിതത്തിന്റെ ഫലങ്ങൾ എന്തൊക്കെയാണെന്ന് തിരുവെഴുത്ത് ആധാരമാക്കി പഠിക്കുന്നതിനാൽ,

[24] പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്ന കല്പനകൾ അടങ്ങിയ ഇതര പുതിയനിയമ ഭാഗങ്ങളോട് ആത്മനിറവ് (നിയന്ത്രണം) വ്യക്തമായും ബന്ധപ്പെട്ടിരിക്കുന്നു. ആത്മാവിനാൽ നിറയപ്പെട്ട (നിയന്ത്രിക്കപ്പെട്ട) ഒരാൾ വചനത്തോടുള്ള അനുസരണക്കേടിനാൽ ആത്മാവിനെ ദു:ഖിപ്പിക്കുകയോ കെടുത്തിക്കളയുകയോ ചെയ്യുന്നില്ല. ആ പുരുഷനോ സ്ത്രീയോ ആത്മാവിന്റെ വചനങ്ങളായ തിരുവെഴുത്തുകളോട് ആശ്രയത്വത്തിലും അനുസരണ ത്തിലും നടക്കുന്നു, അർത്ഥാൽ ആത്മാവിനാൽ നടത്ത പ്പെടുന്നു.

പരിശുദ്ധാത്മ നിയന്ത്രണത്തിൻ കീഴിലായിരിക്കുന്നതിനാൽ നിയമാനുസൃതമായി സംഭവിക്കാവുന്ന നന്മകൾ ഏതൊക്കെയെന്ന് നിർണയിക്കുവാൻ ഒരാൾക്കു സാധിക്കുന്നു. മാത്രമല്ല, സുപ്രധാനമായ നിലയിൽ, ഈ വിഷയം സംബന്ധിച്ച്, മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കാൻ ''ആത്മിയത''യുടെ ഉന്നതതലങ്ങളും അനുഭവങ്ങളും നേടുന്നുവെന്ന് കപടാഭിനയം നടത്തുന്നവരുടെയും അറിവില്ലാത്തവരുടെയും അതിശയോക്തികളും വ്യാജാവകാശവാദങ്ങളും ഇത് വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെയുള്ള അസാധാരണാനുഭവങ്ങളാകട്ടെ വ്യക്തമായും ഈ ജീവിതത്തിൽ ലഭ്യമല്ല താനും.

(a) കൃത്രിമവും കൗശലവുമായി ഉളവാക്കുന്ന "ഫലങ്ങൾ"

പ്രശ്നങ്ങളൊന്നുമില്ലാത്ത ഒരു ലോകത്തേയ്ക്കുള്ള ആദ്യചുവടുവയ്പ്പാണ്, ആത്മനിറവിൻ ജീവിതത്തിൽ ദൃശ്യമായ അസാധാരണത്വങ്ങൾ എന്ന വീക്ഷണഗതി പുലർത്തുന്നവരുണ്ട്. ഇങ്ങനെയുള്ളവർക്ക് തിരുവെഴുത്ത് ആശ്വാമരുളുന്നില്ലെന്ന് മാത്രമല്ല, അത് യാതാർത്ഥ്യവുമല്ല. വചനാനുസൃതമല്ലാത്തതും സ്വന്തം ഇഷ്ടാനുസരണവുമായ ''ആത്മനിറവു'' കാംക്ഷിച്ചു കൊണ്ട്, കഷ്ടതകളോ പ്രയാസങ്ങളോ ഇല്ലാത്ത ഒരു ഉയർന്ന അവസ്ഥ നേടിയെന്ന് അവകാശപ്പെടുന്നവർ, തിരുവചനാനുസൃതവും അനുഭവപരവുമായ യാഥാർത്ഥ്യത്തിലേക്ക് ഉറക്കമുണരുമ്പോൾ വലിയ നിരാശയിലേക്കായിരിക്കും ചെന്നുപെടുന്നത്. ഈ ലോകജീവിതത്തിൽ "യാതൊരു കുറവുമില്ലാത്ത അനുഗ്രഹാശ്ശിസ്സുകളെ" ബൈബിൾ അനുകൂലിക്കുന്നില്ല. ആത്മനിറവിൻ ജീവിതം, അതിന്റെ ഏറ്റവും പ്രകടമായ നിലയിൽ പോലും പാപമോ കഷ്ടതയോ ലവലേശം കീഴടക്കാത്ത ജീവിതമാണെന്ന യാതൊരു ചിന്തയ്ക്കും അവകാശമില്ല. പാപം, പ്രലോഭനം ഇവയുടെ തുടർമാനമായ പോരാട്ടം ഉണ്ടായിരിക്കും (ഗലാ. 5:17; എബ്രാ. 2:18; 4:15; 1 യോഹ. 1:8, 9). പാപപ്രകൃതിയുടെ അനിവാര്യമായ ആധിപത്യം തകർക്കുവാനുള്ള ശക്തി ആത്മനിറവു നൽകിയേക്കാം, പക്ഷെ അത് പാപത്തെയോ പാപവുമായുള്ള പോരാട്ടത്തിന്റെ ആവശ്യകതയെയോ തുടച്ചു നീക്കുന്നില്ല. ക്രിസ്തീയ ജീവിതം അതിന്റെ ഏറ്റവും അനുകൂലമായനിലയിൽ പോലും വേദനയും രോഗവും നിറഞ്ഞതാണ് (റോമ. 8:18, 22-23; 2 കൊരി. 5:2-4; 12:7-9). എളുപ്പവും പ്രശ്നരഹിതവുമായ ഒരു ആത്മിക നിലയിലേക്ക് ജീവിതത്തെ എത്തിക്കുവാൻ ''ആത്മനിറവ്'' ആരംഭമിടുന്നുവെന്ന് അവകാശപ്പെടുന്നവർ വഞ്ചിക്കപ്പെടുകയോ സ്വയം വഞ്ചിതരായിത്തീരുകയോ ചെയ്കയാണ്. ബൈബിൾ ഇക്കാര്യം എത്രയോ യാഥാർത്ഥ്യബോധത്തോടെയാണ് വെളിപ്പെടുത്തുന്നത്. "സർവ്വ സൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നവെന്നു നാം അറിയുന്നുവല്ലോ. ...നാമും (വിശ്വാസികൾ) ഉള്ളിൽ... ഞരങ്ങുന്നു" (റോമ. 8:22-23).

സ്വാർത്ഥമതികളായ ആളുകൾ എല്ലാറ്റിലും ഉടനടിയുള്ള തൃപ്തിയാണാവശ്യപ്പെടുന്നത്. എന്നാൽ ഉടനടിയുള്ള ക്രിസ്തീയ പക്വത എന്നൊന്നില്ല. ക്രിസ്തീയ വളർച്ച അനുദിനമുള്ള പ്രക്രിയയും സമർപ്പണത്തിന്റെ സമയപരിധി ഉൾക്കൊള്ളുന്നതുമാണ്. (ഫിലി. 3:13-16). പ്രത്യേക നിലയിലുള്ള ഒരു നിറവിൻ പ്രവൃത്തി, ഉത്തരക്ഷണത്തിൽ അവരെ ആത്മിക മല്ലന്മാർ ആക്കി എന്ന് അവകാശപ്പെടുന്നവർ സുക്ഷിതബോധമില്ലാത്തവരോ, മറ്റുള്ളവരുടെ ശ്രദ്ധയാഗ്രഹിക്കുന്നവരോ യഥാർത്ഥ യോഗ്യതയില്ലാതെ മറ്റുള്ളവർക്കുമേൽ ആത്മാധികാരം അവകാശപ്പെടാനാഗ്രഹിക്കുന്നവരോ ആകാം. ആത്മനിറവ് അപ്പോസ്തലാധികാരങ്ങളിലേക്കും ജീവിതത്തിന്റെ വീര്യ പ്രവൃത്തികൾ സാധാരണവും തുടർച്ചയായും സംഭവിക്കുന്ന നിലയിലെത്തിക്കുന്നതുമാണെന്ന് അവകാശപ്പെടുന്നവർ ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും അനുകൂല നിലയിൽപോലും ബൈബിൾ അനുവദിക്കാത്ത കാര്യങ്ങളാണ് അവകാശപ്പെടുന്നത്.

പുതിയനിയമ ഭക്തരായ ആളുകൾ ദരിദ്രരും (മത്താ. 8:20; ലൂക്കോ. 16:20; 2 കൊരി. 8:1-5, 9), ദുഷ്ടന്മാരായ ആളുകൾ ധനികരും (ലൂക്കോ.12:16; 16:19; മത്താ. 19:21) എന്ന നിലയിൽ ദൃഷ്ടാന്തം നൽകുന്നുണ്ട്. ആത്മനിറവിൻ ജീവിതം ഭൗതിക അനുഗ്രഹങ്ങളിലേക്കും നടത്തിയേക്കാം. പക്ഷെ, അതിനു യാതൊരു ഉറപ്പും നൽകുന്നില്ല. ഏറ്റവും അനുകൂല നിലയിലുള്ള ക്രിസ്തീയ ജീവിതം പോലും വലിയ ശുശ്രൂഷകൾ, ധാരാളം അനുയായികൾ, എന്നിവ ഉറപ്പു നൽകുന്നില്ല എന്നതിനു നോഹ, ഏലിയാവ്, യെശ്ശയ്യാവ്, യിരമ്യാവ് എന്നിവരുടെ ജീവിതം തെളിവാണ്. വാസ്തവത്തിൽ വളരെ കുറച്ചു പേർ മാത്രമെ, ഇവരെയൊക്കെ ശ്രദ്ധിച്ചിരുന്നുള്ളൂ.

വിശ്വാസികൾ ഏറ്റവും അനുകൂലവും പരമപ്രധാനമായി ഉന്നതവുമായ ക്രിസ്തീയ ജീവിതം എന്തൊക്കെ ലഭ്യമാക്കും, എന്തൊക്കെ ലഭ്യമാക്കുകില്ല എന്ന് **തിരുവചനപ്രകാരമുള്ള** പ്രതീക്ഷകൾ, പുലർത്തുന്നവരായിരിക്കണം. ആത്മനിറവിൽ ജീവിതം അനുഗ്രഹിക്കപ്പെട്ട ഒരു ജീവിതമാണ്. എന്നാൽ അത് അത്ര സുഗമവും പ്രശ്നരഹിതവുമായ ഒന്നാണെന്നു ചിന്തിക്കേണ്ട. വാസ്തവത്തിൽ ദൈവനിയന്ത്രിതമായ അളവിൽ ചില കഷ്ടതകൾ കൂടാതെ, ശരിയായ ആത്മിക പക്വത വരികയില്ല (യാക്കോ. 1:2-3; 1 പത്രൊ. 4:12-13; 5:10).

(b) ആത്മാവിൽ നിറഞ്ഞു ജീവിക്കുന്നതിന്റെ യഥാർത്ഥ ഫലങ്ങൾ

ഉന്നതമായ ക്രിസ്തീയ ജീവിതം വളരെ അനുഗ്രഹിക്കപ്പെട്ട ആത്മിക നന്മകൾ ഉളവാക്കും. ഇപ്രകാരമുള്ള

ന്യായമായ ആത്മനിറവിൻ ഫലങ്ങളാൽ സംതൃപ്തനായ ഒരു വിശ്വാസി, ഏറ്റവുമധികം ധന്യനായ വ്യക്തിയായിരിക്കും.

ആത്മാവിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉല്പന്നം ക്രിസ്തു സാദൃശ്യമാണ് (ക്രിസ്തുവിനെപ്പോലെ നമ്മെ ആക്കുകയാണ്). "ആത്മാവിന്റെ ഫലം" (ഗലാ. 5: 22-23; ഫിലി. 1:11 ഇവ കാണുക). ജീവിതത്തിൽ ചെറിയ അളവിലുള്ള ഉറപ്പോ സംതൃപ്തിയോ അല്ല ഉളവാക്കുന്ന തെന്നോർക്കണം. (അപ്പോ. പ്രവ. 1:8; റോമ.15:13; കൊലൊ. 1:11; 1 തെസ്സ. 1:5). ഇപ്രകാരമുള്ള ശക്തി, എന്തെങ്കിലും കാഴ്ചപെരുമ തോന്നുമാറ്, ഉളവാക്കു ന്നതല്ല. പ്രത്യുത: വിനയത്തോടെ അനുസരിക്കുന്നതി നുള്ള ശക്തിയാണ്. ദൈവവചനം അനുസരിക്കുവാൻ മതിയായ ശക്തിയുടെ ഉറവിടം എന്ന നിലയിൽ പരിശുദ്ധാത്മാവിൽ നിന്ന്, ആത്മനിറവുള്ള ഒരു വിശ്വാസിയ്ക്ക്, നിരന്തരം ശക്തിയാർജ്ജിക്കാവുന്നതാണ്. [25]

ഏറ്റവും അനുകൂലമായ ക്രിസ്തീയ ജീവിതം ആത്മാക്കളെ നേടുന്നതിൽ ഉപകരണമായിരിക്കുമെന്ന് ഉറപ്പു നൽകുന്നില്ല. എന്നിരുന്നാലും ആത്മാക്കളെ നേടുക എന്നത് സാധാരണയായി ആത്മിയതിൽ നിന്നും ഉരുത്തിരിയുന്ന പ്രവണതയാണെന്നു കരുതുന്നതിൽ അനൗചിത്യമില്ല(ഉദാഹരണമായി യോഹ. 15:5 നോക്കുക). കൂടാതെ, കർത്താവിനെക്കുറിച്ച് മറ്റുള്ള വരോട് അധികം സാക്ഷ്യം പറയുന്നതും ആത്മീയതയിൽ നിന്നും വരുന്നതാണ് (അപ്പോ പ്രവ. 1:8).

അതുപോലെ തന്നെ ആത്മാവിൽ പ്രാർത്ഥിക്കുന്ന കാര്യത്തിലും ഇതു വാസ്തവമാണ് (പരിശുദ്ധാത്മാവിനോട് ശരിയാംവണ്ണം ബന്ധപ്പെട്ടിരിക്കുന്ന ഒരു ജീവിത പശ്ചാത്തലത്തിലെ പ്രാർത്ഥന, എഫെ. 6:18, യൂദാ. 20) അതായത്, ആത്മാവിൽ പ്രാർത്ഥിക്കുന്നത് പ്രാർത്ഥനയുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കും. ഓരോ പ്രാർത്ഥനയ്ക്കും ഉറപ്പായി മറുപടി ലഭിക്കുമെന്നതിന് ആത്മിയത ഉറപ്പു നൽകുന്നില്ലയെന്നും മറക്കേണ്ട. എന്നാൽ ദൈവകല്പനകൾ പ്രമാണിക്കുന്നവർക്ക് പ്രാർത്ഥനയിൽ വലിയ ഫലം നേടാൻ കഴിയും (1 യോഹ. 3:22; യാക്കോ. 5:16). ആത്മീയരായ ആളുകൾ ദൈവ ഹിതത്തിനു വിരുദ്ധമെന്നറിയാവുന്നതും സ്വാർത്ഥ പരവുമായ പ്രാർത്ഥനകൾ നീക്കിക്കളയും (യാക്കോ. 4: 3; 1 യോഹ. 5:14-15). കൂടാതെ, പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടാത്ത ജീവിതത്തിൽ പ്രാർത്ഥന ഫലകരമായിരിക്കയില്ല (സങ്കീ. 66:18; 1 പത്രോ. 3:12). ഇപ്രകാരം ആത്മനിറവ്, ഓരോ പ്രാർത്ഥനയ്ക്കും അനുകൂലമായ മറുപടി ഉറപ്പു നൽകുന്നില്ലെങ്കിലും പൊതുവായ ആശയത്തിൽ വളരെ വർദ്ധിതമായ ഫലപ്രാപ്തി പ്രാർത്ഥനയിൽ നൽകുന്നുണ്ട്.

രക്ഷയുടെ നിർണ്ണയമാണ് ഉദാത്തമായ ക്രിസ്തീയ ജീവിതത്തിൽ നിന്നും ഉരുത്തിരിയുന്ന അനുഗ്രഹങ്ങളുടെ മറ്റൊരു വശം. വിശ്വാസശാസ്ത്രപഠനം ക്രിസ്തീയ വിശ്വാസത്തെ പിന്താങ്ങുന്ന വസ്തുനിഷ്ഠമായ വിവരങ്ങൾ നൽകുന്നതായിരിക്കവെ, ഖണ്ഡിതമായ നിശ്ചയദാർഢ്യതയിൽ വിഷയാനുസൃതമായ നിർണ്ണയത്തിൽ എത്തിച്ചേരേണ്ടതിന് പരിശുദ്ധാത്മ സഹായം അത്യന്തം അനിവാര്യമാണ്. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ കീഴിലായിരിക്കുന്നവരുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവ് രക്ഷയുടെ നിർണ്ണയം ഉളവാക്കുന്നു (റോമ. 8:16; ഗലാ. 4:6; 1 യോഹ. 5:7, 10 എന്നിവ നോക്കുക).

ദൈവത്തിന്റെ പ്രത്യേക ഹിതത്തെക്കുറിച്ച് പൂർണ്ണമായ ഒരു ചർച്ച ഇവിടെ ഉൾപ്പെടുത്താനാവില്ല. എന്നിരുന്നാലും ദൈവഹിതം കണ്ടെത്തുവാനുള്ള വലിയ പ്രാപ്തി, ആത്മാവിനെ അനുസരിച്ചു നടക്കുന്നതിന്റെ ഫലങ്ങളിലൊന്നാണ് ഫിലി. 2:13 പഠിപ്പിക്കുന്നത്. "ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്" എന്നാണ്. ദൈവം നമ്മുടെ പാതകളെ നേരെയാക്കി നിയന്ത്രിക്കുന്നവനാണ് (സദൃ. 3:5-6; 16:9; സങ്കീ. 37:5,6). ഒരു വിശ്വാസിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാ വു പ്രവർത്തിക്കുവാനാഗ്രഹിക്കുന്ന രൂപാന്തരപ്രക്രിയ, "നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയുന്നതിലേക്കു നയിക്കുന്നതാണ് (റോമ. 12:1-3; 2 കൊരി. 3:18; ഈ പ്രക്രിയയിൽ ആത്മാവിന്റെ പങ്ക് എന്തെന്നറിയാൻ ഈ ഭാഗങ്ങൾ നോക്കുക). "വിശ്വാസത്തിന്റെ അളവ് ഓരോരുത്തർക്ക് വ്യത്യസ്തമായിട്ടാണു പങ്കിട്ടിരിക്കുന്നതും (റോമ. 12:3). ആത്മധൈര്യം എന്ന ആശയത്തിലും ഇവിടെ വിശ്വാസത്തെ ദർശിക്കാം. ഒരാൾക്കു ലഭിച്ചിരിക്കുന്ന കൃപാവരങ്ങളോടുള്ള ബന്ധത്തിലും ക്രിസ്തീയ സ്വാതന്ത്ര്യത്തെക്കുറിച്ച് വ്യക്തിപരമായ ബോധ്യത്തോടുള്ള ബന്ധത്തിലും അങ്ങനെയാണു മനസ്സിലാക്കുന്നത് (റോമ. 14:23). ദൈവത്തിന്റെ പൊതുവായ വെളിപ്പാടു സംബന്ധിച്ചോ പ്രത്യേക വെളിപ്പാടു സംബന്ധിച്ചോ, ആത്മനിറവുള്ള വിശ്വാസികൾ അജ്ഞരാകുവാൻ പോകുന്നില്ല. (ആത്മാവിനാൽ നിറയുവിൻ എന്ന കല്പനയ്ക്കു മുമ്പു പറയുന്ന എഫെ. 5:17 നോക്കുക) ആത്മാവിനാൽ നിയന്ത്രിക്കപ്പെടാത്ത വ്യവസ്ഥകൾ മനസ്സിലാക്കുയോ കണ്ടെത്തുകയോ ചെയ്യേണ്ടതില്ല.

പരിശുദ്ധാത്മാവ് ഒരു വിശ്വാസിയെ നിറയ്ക്കുന്ന (നിയന്ത്രിക്കുന്ന) പ്രക്രിയയുടെ ഭാഗമാണ് പ്രകാശനം.

[25] പരിശുദ്ധാത്മാവാം ദൈവം നമ്മുടെ ബലമാണ് (ദൈവം വിശ്വാസികളുടെ ശക്തിയാണെന്നു വെളിപ്പെടുത്തുന്ന പഴയനിയമ വാക്യങ്ങൾ നോക്കുക. പുറ. 15:2; സങ്കീ. 46:1; 118:14; നെഹ. 8:10).

വസ്തുതാപരമായി എന്ത് ഉൾക്കൊള്ളുന്നുവെന്നല്ല ഏറിയപങ്കും പരിശുദ്ധാത്മാവു പ്രകാശനം നൽകുന്നത്. (അത് 2 തിമൊ. 2:15 ആദിയായ ഭാഗങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്) മറിച്ച്, തിരുവെഴുത്തുകളുടെ ആത്മികപ്രാധാന്യം, പ്രസക്തി എന്നിവയിലാണ് ആത്മാവു പ്രകാശനം നൽകുന്നത്. വ്യക്തിപരമായി തിരുവെഴുത്തുകൾ എത്രയോ പ്രധാനമാണെന്ന് പരിശുദ്ധാത്മാവു വിശ്വാസികളെ പഠിപ്പിക്കുവാനാഗ്രഹിക്കുന്നു. നമ്മുടെ മനസ്സുകളെ പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് രൂപാന്തരപ്പെടുത്തുന്നതിന്റെ ഭാഗമാണിത്.

എന്നാൽ തിരുവെഴുത്തുകളുടെ വർദ്ധിതമായ പ്രകാശനം ആത്മനിറവിന്റെ ഫലമായി നമുക്ക് തരംതിരിക്കാ വുന്നതാണ്. എഴുതപ്പെട്ട വചനത്താൽ പരിശുദ്ധാത്മാവ് നിറയ്ക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നു. ആ പ്രക്രിയയിൽ നിയന്ത്രിക്കപ്പെടുന്ന വ്യക്തിയെ, വചനത്തെക്കുറിച്ചു തന്നെ കൂടുതലായി തുടർമാനമായി പഠിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം, ആത്മനിറവിൻ ജീവിത ഫലമായി ദൈവവചനത്തെക്കുറിച്ചുള്ള വലിയ ആസ്വാദനവും പ്രായോഗിക ഗ്രാഹ്യവും ഉളവാക്കുന്നു (1 കൊരി. 2:15; 1 യോഹ. 2:20, 27). പ്രകാശനമെന്നത് പരിശുദ്ധാത്മാവിന്റെ പ്രധാനപ്പെട്ട ഒരു ശുശ്രൂഷയാണ്. അടുത്ത ഭാഗത്ത് ഇത് പ്രത്യേകം പരാമർശിച്ചിരിക്കുന്നു.

ആത്മനിറവിൻ ജീവിതം വലിയ അനുഗ്രഹമാണു ഉളവാക്കുന്നത്. യഥാർത്ഥ ആത്മിക മൂല്യങ്ങളെ വിലമതിക്കാത്തവരും ഉണ്ട്. അതുകൊണ്ട് ഉൽകൃഷ്ടമായൊരു ക്രിസ്തീയ ജീവിതത്തിന് യഥാർത്ഥത്തിൽ എന്തു നൽകാൻ കഴിയുമെന്നതിൽ അവർക്ക് സന്തുഷ്ടമായ ഒരു ധാരണയില്ല. അതിലും അധികമാണ് അവർ അന്വേഷിക്കുന്നത്. മാനസികമായി അഭിലഷണീയമെന്ന് അവർ പരിഗണിക്കുന്ന തരം ഫലമുളവാക്കുന്ന ആത്മനിറവാണ് അവർക്കു വേണ്ടത്.

എന്നു വരികിലും, ആത്മിക മുൻഗണനകൾ സംബന്ധിച്ച് കൃത്യമായ അവബോധമുള്ള വിശ്വാസികൾ, ദൈവം നൽകുവാനാഗ്രഹിക്കുന്ന അനുഗ്രഹങ്ങളുടെ അതിമഹത്തായ നിക്ഷേപങ്ങൾ തിരിച്ചറിയുക തന്നെ ചെയ്യും. ഏറ്റവും ഉന്നതമായ ക്രിസ്തീയ ജീവിതത്തിന്റെ വേദാധിഷ്ഠിതവും നിയമാനുസൃതവുമായ ഫലങ്ങളിൽ അവർ സംതൃപ്തരായിരിക്കും. എന്തുകൊണ്ടെന്നാൽ വികൃതവും ജഡികവുമായ പരിശുദ്ധാത്മ ശാസ്ത്രത്തെ പിന്താങ്ങുന്നവർ നൽകുന്ന വിലകുറഞ്ഞ വാഗ്ദാനങ്ങളെക്കാൾ മുകളിൽ പറഞ്ഞ വചനാധിഷ്ഠിത ഫലങ്ങളുടെ അത്യന്തം ഉത്കൃഷ്ടമായ മൂല്യം മനസ്സിലാക്കുന്ന വിശ്വാസികളാണവർ.

അനാത്മികരായ ക്രിസ്ത്യാനികൾ സ്വീകരികാനാഗ്രഹിക്കുന്നതിനെക്കാൾ ദൈവം നൽകുവാനാഗ്രഹിക്കുന്ന അനുഗ്രഹങ്ങൾ എത്രയോ അധികം വിലയേറിയവയാണ് (കേവലം കപടവേഷധാരികൾ എന്നു പറയാതിരിക്കാനാണ് അനാത്മികരായ ക്രിസ്ത്യാനികൾ എന്ന് പരാമർശിച്ചിരിക്കുന്നത്). ആത്മാവിന്റെ ഫലം, പരിശുദ്ധാത്മ സാന്നിദ്ധ്യം, അനുസരിക്കുവാനുള്ള ശക്തിയുടെ ഉറവിടം, ആത്മാക്കളെ നേടുക, പ്രാർത്ഥനയിലുള്ള വർദ്ധിതമായ ഫലപ്രാപ്തി, രക്ഷയുടെ നിർണ്ണയം, ജീവിതത്തിൽ ദൈവഹിതത്തെക്കുറിച്ചുള്ള ശരിയായ ദിശാബോധം, തിരുവെഴുത്തുകളുടെ പ്രകാശനം, ഇവയും ഇതിലധികവും ആത്മനിറവിൽ ജീവിതത്തിന്റെ വചനാധിഷ്ഠിതഫലങ്ങളാണ്. എന്തുകൊണ്ടാണ് ചിലർ അസംതൃപ്തരായി ആത്മാവിന്റെ "വിശേഷ വെളിപ്പാടുകൾ'' അന്വേഷിക്കുന്നതെന്ന് മനസ്സിലാക്കുവാൻ വിഷമമുണ്ട്. എന്നാൽ അവ യാഥാർത്ഥ്യത്തിൽ അധികം ആത്മിക മൂല്യം ഉള്ളവയല്ല. പ്രത്യുത: അല്പം മാത്രം ഉള്ളവയാണ്. അതുപോലെ തന്നെ അവ അധികം അതിശയനീയവുമായിരിക്കുന്നില്ല. വാസ്തവത്തിൽ ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും അനുകൂലസ്ഥിതിയിൽ പോലും സംഭവിക്കാൻ സാദ്ധ്യതയുള്ള കാര്യങ്ങളുടെ പരിധിയിൽ നിന്നു തിരുവെഴുത്തുകൾ ഒഴിവാക്കുന്ന - തള്ളിക്കളയുന്ന - കാര്യങ്ങളാണവ.

(6) ആത്മനിറവിനോട് (നിയന്ത്രണം) ബന്ധപ്പെട്ടുള്ള വിഷയങ്ങൾ

(a) പ്രകാശനം

പരിശുദ്ധാത്മാവ് സത്യത്തിന്റെ പ്രകാശകനും അദ്ധ്യാപകനുമാണ്. ആത്മനിറവിന്റെ തുടർമാനമായ ഫലമായോ, ആത്മനിയന്ത്രണത്തിന്റെ (നിറവ്) പ്രക്രിയയിൽ സുപ്രധാനമായൊരു പടിയായോ പരിശുദ്ധാത്മാവിൽ നിന്നുള്ള പ്രകാശനത്തെ വീക്ഷിക്കാം. ദൈവവചനത്താൽ നിറയപ്പെടുവാനോ നിയന്ത്രിക്കപ്പെടുവാനോ, വിശ്വാസികളുടെ ഗ്രാഹ്യശക്തിയെ (ഹൃദയദൃഷ്ടിയെ) പരിശുദ്ധാത്മാവ് വചനത്തിലേക്ക് - വചനത്തിനായി- പ്രകാശിപ്പിക്കുന്നു. എങ്കിലും എത്രയുമധികം വചനത്താൽ നിയന്ത്രിക്കപ്പെടുമോ അത്രയുമധികം സത്യത്തിന്റെ വിശേഷാലുള്ള പ്രകാശനം ഉണ്ടാകും.

കാര്യങ്ങൾ മനസ്സിലാക്കുന്നതിലുമേറെ ആശയങ്ങൾ നിറവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിറയപ്പെടുവാൻ (നിയന്ത്രിക്കപ്പെടുവാൻ) ആ വചനത്തോട് പ്രതികരണം (അതായത് സമർപ്പണം അല്ലെങ്കിൽ കീഴ്പ്പെടൽ) ആവശ്യമാണ്. ഇപ്രകാരം നിറവും പ്രകാശനവും തുല്യാർത്ഥ പദങ്ങളല്ല. കേവലം പ്രകാശനമെന്നതിനെക്കാൾ വളരെയേറെ കാര്യങ്ങൾ നിറവിൽ അടങ്ങിയിട്ടുണ്ട്. എങ്കിലും നിറവിൻ (നിയന്ത്രണം) പ്രക്രിയയിലേക്കുള്ള അത്യാവശ്യ പടിയായി പ്രകാശനം ഉണ്ടായേ

മതിയാവൂ. നിറയ്ക്കുവാനായി (നിയന്ത്രണം) ആത്മാവു പ്രകാശനം നൽകുന്നു.

യോഹ. 14:26; 15:26–27; 16: 12–14; 1 കൊരി. 2:6–13 എന്നീ വേദഭാഗങ്ങൾ, **അപ്പോസ്തലന്മാർക്ക്** ദിവ്യ **'വെളിപ്പാടു'** നൽകുന്ന ശുശ്രൂഷയെക്കുറിച്ചാണു പറയുന്നതെന്നും **സാധാരണ വിശ്വാസികൾക്കു ലഭിക്കുന്ന പ്രകാശനമല്ല** അവിടെ പരാമർശ വിഷയമെന്നും എഴുത്തുകാരൻ വിശ്വസിക്കുന്നു. എന്നിരുന്നാലും പരിശുദ്ധാത്മാവ് എല്ലാ വിശ്വാസി കളെയും ഉപദേശിക്കുന്നുവെന്നു ചൂണ്ടിക്കാണിക്കാൻ ധാരാളം തെളിവുകളുണ്ട്.

> "എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവനു ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അത് അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല. ആത്മികനോ സകലത്തെയും വിവേചിക്കുന്നു. താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല" (1 കൊരി. 2:14–15).
>
> "നിങ്ങളോ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു... അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ" (1 യോഹ. 2:20, 27).

പരിശുദ്ധാത്മാവിന്റെ പ്രകാശന ശുശ്രൂഷയ്ക്ക് തെറ്റായ ഊന്നൽ നൽകുന്നതിൽ ഒരു അപകടം പതിയിരിപ്പുണ്ട്. മോർമോൺ വിശ്വാസിയായ ഒരാൾ ഈ എഴുത്തുകാരനോട് ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി: മോർമോണിസം സത്യമായിരിക്കണം; എന്തെന്നാൽ "പരിശുദ്ധാത്മാവ്- അതെക്കുറിച്ച് ഒരു നല്ല അനുഭൂതി എനിക്കു നൽകുകയുണ്ടായി." !

പ്രകാശനം വെളിപ്പാടല്ല; അത് ആത്മനിശ്വസ്തതയുമല്ല; വേദപഠനത്തിന്റെ ബുദ്ധിപരമായ ഘടകങ്ങൾ അതിന്റെ പ്രാഥമിക താല്പര്യങ്ങളും അല്ല. ഈ കാര്യം നാം തിരിച്ചറിയേണ്ടതുണ്ട്. മനുഷ്യന് മറ്റുനിലയിൽ അറിയാൻ പാടില്ലാത്ത സത്യങ്ങൾ ദൈവം പകർന്നു കൊടുക്കുന്നതാണു വെളിപ്പാട്. ദൈവം അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും സത്യങ്ങൾ വെളിപ്പെടുത്തിക്കൊടുത്തു. ആത്മനിശ്വാസീയതയെന്നത് തന്റെ വെളിപ്പാട് രേഖപ്പെടുത്തുന്ന പ്രക്രിയയിൽ ദൈവത്തിന്റെ മേൽനോട്ടത്തെ വ്യക്തമാക്കുന്നു. തദ്വാരാ അത് തെറ്റുകൂടാതെ രേഖയാക്കി എല്ലാ ദൈവജനത്തിനും ഏല്പിച്ചിരിക്കുന്നു. ആത്മനിശ്വസ്തമായ വെളിപ്പാട് മനസ്സിലാക്കാൻ ദൈവജനത്തെ പ്രാപ്തിപ്പെടുത്തുന്ന ദൈവപ്രവൃത്തിയാണ് പ്രകാശനം. ഒരു പുതിയ വെളിപ്പാടു ലഭിക്കുകയെന്നോ, അപ്രകാരമുള്ള പുതിയ വെളിപ്പാട് രേഖയാക്കാൻ ആത്മനിശ്വസ്ത (ദൈവശ്വാസീയത) ലഭിക്കുന്നുവെന്നോ പ്രകാശനത്തിന് അർത്ഥമില്ല. തെറ്റുകൂടാതെ, മുന്നമെ രേഖയാക്കിയ വെളിപ്പാടിന്മേൽ (ബൈബിൾ) ശരിയായ ഗ്രാഹ്യം ഉളവാക്കുകയാണ് പ്രകാശനത്തിന്റെ ലക്ഷ്യം. ഗ്രാഹ്യശക്തിയെന്നു പറയുമ്പോൾ ഹൃദയദൃഷ്ടിക്കുണ്ടാകുന്ന പ്രകാശനം എന്ന് അതിന് പുഷ്ടിപ്പെടുത്തി പറയേണ്ടത് ആവശ്യമാണ്.

തിരുവെഴുത്തുകൾ ബുദ്ധിപരമായി ഗ്രഹിക്കുന്നതിനോട് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധ ബൈബിൾ മനസ്സിലാക്കുന്നതിനാവശ്യമായ ശിക്ഷണം (ആത്മനിയന്ത്രണം) പരിശുദ്ധാത്മാവു നൽകുന്നു (ഗലാ 5:22–23). സത്യത്തിനുവേണ്ടിയുള്ള വിശപ്പും ദാഹവും പരിശുദ്ധാത്മാവു ഉളവാക്കുന്നു. വേദപുസ്തകത്തിലെ വസ്തുതകൾ മനസ്സിലാക്കാൻ ഒരു വിശ്വാസിയെ ജാഗരൂകനാക്കുന്നു. എന്നാൽ ആത്മ പ്രകാശനത്തിൽ ഊന്നൽ നൽകുന്നത് മറ്റൊരു ദിശയിലാണ്, അത് ബുദ്ധിയോടു വളരെ ബന്ധപ്പെട്ടിരിക്കുന്നില്ല, എന്നാൽ വികാരങ്ങളോടും ഇച്ഛയോടുമാണ് കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത്.

ദൈവവചനത്തിലെ സത്യങ്ങൾ മനസ്സിലാക്കുവാൻ വചനം വായിക്കുകയും പഠിക്കുകയും ചെയ്യണമെന്നുള്ള ദൈവവചനത്തിലെ കല്പനയെ ആത്മപ്രകാശനം എന്ന ദൈവവചന ഉപദേശം നീക്കിക്കളയുന്നില്ല(എസ്ര. 7:10 സങ്കീ. 1:2–3; മത്തായി 4:4; 1 തിമൊ. 4:13, 15; 5:17; 2 തിമൊ. 2:15; 1 പത്രൊ. 2:2). വിലയേറിയ വചനം പഠിക്കാത്ത വിശ്വാസികളെ പരിശുദ്ധാത്മാവ് ബൈബിളിലെ അർത്ഥവത്തായ ആശയങ്ങൾ പഠിപ്പിക്കുന്നില്ല മാത്രമല്ല ആത്മ പ്രകാശനം കൂടാതെയും ദൈവവചനത്തിലെ സത്യങ്ങൾ ഒരാൾക്ക് മനസ്സിലാക്കുവാൻ കഴിയും. ഒരു അവിശ്വാസിയായ ചരിത്രകാരൻ ക്രിസ്ത്യാനിത്വത്തെക്കുറിച്ചുള്ള സത്യങ്ങൾ കൃത്യമായി അവതരിപ്പിക്കുമ്പോഴും ലൂഥറിന്റെ വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ച് ഒരു ലിബറൽ പണ്ഡിതൻ കൃത്യമായി മനസ്സിലാക്കുമ്പോഴും അത് സംഭവിക്കുന്നു. ഒരു സെമിനാരി വിദ്യാർത്ഥി ഏറ്റവും ഉയർന്ന മാർക്ക് നേടുവാൻ ബൈബിൾ പഠിക്കുമ്പോഴും ശമ്പളം വാങ്ങുവാൻ വേണ്ടി മാത്രം ഒരു ശുശ്രൂഷകൻ ഉപദേശപരമായി കൃത്യമായ ഉപദേശം തയ്യാറാക്കുമ്പോഴും ആത്മപ്രകാശനം കൂടാതെ ബുദ്ധിപരമായിട്ടുള്ള ബൈബിൾ ജ്ഞാനമാണ് ലഭിക്കുന്നത്. വികാരപരമായി ദൈവവചനത്തിന്റെ മൂല്യവും മനോഹാരിതയും മനസ്സിലാക്കി ദൈവവചനം അനുസരിക്കുന്നതിൽ സംഭവിക്കുന്ന പരാജയത്തോളം വലിയ പരാജയമായി ബുദ്ധികൊണ്ട് മനസ്സിലാക്കി അത് അനുസരിക്കുന്നതിൽ സംഭവിക്കുന്ന പരാജയത്തെ

ആത്മപ്രകാശനം എന്ന വിഷയത്തിന്റെ നിർവ്വചനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന വേദഭാഗങ്ങളിൽ കാണുന്നില്ല.

> ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് **ഭോഷത്വവും** രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയുമാകുന്നു (1 കൊരി. 1:18).
>
> എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അത് അവന് **ഭോഷത്വമാകുന്നു**. ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അത് അവന് ഗ്രഹിപ്പാൻ കഴിയുന്നതുമല്ല. ആത്മീകനോ സകലത്തെയും **വിവേചിക്കുന്നു**; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല (1 കൊരി. 2:14–15).

1 കൊരി. 1:18-ൽ സുവിശേഷസത്യങ്ങൾ ഒരു അവിശ്വാസി അറിയുന്നില്ല എന്ന് പറഞ്ഞിട്ടില്ല. ക്രിസ്തു ദൈവപുത്രനാണെന്ന് പ്രഖ്യാപിച്ചത് അവിശ്വാസി ബുദ്ധിപരമായി അംഗീകരിച്ചു എന്നു വരാം. "മരണം, അടക്കം, പുനരുത്ഥാനം" ഇവയെന്താണെന്ന് അവന് ഒരുപക്ഷേ അറിയാം. ഒരു അവിശ്വാസിക്ക് സുവിശേഷം ഗ്രഹിക്കുവാൻ കഴിയാത്തതല്ല; അത് അവന് "ഭോഷത്വമാണ്" (ഗ്രീക്ക് വാക്ക് മൊറോൺ) അത് അവന് പരിഹാസവിഷയവും യുക്തിരഹിതവും പ്രസക്തിയില്ലാത്തതുമായി തോന്നാം.

1 കൊരി. 2:14-ൽ കാണുന്നത് അവിശ്വാസികൾ ദൈവത്തിന്റെ ഉപദേശം കൈകൊള്ളുന്നില്ലെന്നാണ്. അവർക്ക് തിരുവെഴുത്തിലെ സത്യങ്ങൾ ശരിയായി അപഗ്രഥിക്കുവാനും കഴികയില്ല. "കൈകൊള്ളുക" എന്നു പറഞ്ഞാൽ "സ്വാഗതം ചെയ്യുക" എന്നാണ് അർത്ഥം(കാണുക മത്തായി 10:14, 40 18:5). ഒരാൾക്ക് ദൈവവചനം മനസ്സിലാക്കാൻ കഴിയുന്നില്ലെന്നുള്ളതല്ല പ്രശ്നം അത് ശരിയായി വിലയിരുത്തുവാൻ കഴിയാത്തതാണ്. ഒരു അവിശ്വാസിക്ക് ലളിതമായി ബൈബിൾ സത്യങ്ങൾ ബുദ്ധിപരമായി ഗ്രഹിക്കുവാൻ കഴിയും, എന്നാൽ അതിനെ അവൻ അംഗീകരിക്കുകയോ സ്വാഗതം ചെയ്യുകയോ ചെയ്യുന്നില്ല കാരണം അവൻ അതിനെ ശരിയായി വിലയിരുത്തുന്നില്ല. ബുദ്ധിപരമായി ചിലപ്പോൾ മനസ്സിലാക്കിയേക്കാം. എന്നാൽ വികാരങ്ങൾ അത് ആഗ്രഹിക്കുകയോ ഇച്ഛ അതിനെ അംഗീകരിക്കുകയോ ചെയ്യുന്നില്ല. അവിശ്വാസി ബുദ്ധിപരമായി മനസ്സിലാക്കിയെന്നു വരാം, അവന്റെ വികാരങ്ങളും ഇച്ഛയും ദൈവവചനസത്യങ്ങളെ യുക്തിഹീനമായും പരിഹാസവിഷയമായും, ഇഷ്ടപ്പെടാത്തതായും പൂർണ്ണമായും അർത്ഥരഹിതവും പ്രസക്തിയില്ലാത്തതായും കാണുന്നു.

1 കൊരി. 2:14-ൽ കാണുന്ന "വിവേചിക്കുക" എന്ന പ്രയോഗവും കാണിക്കുന്നത് ആത്മപ്രകാശനം വികാരങ്ങളെയും ഇച്ഛയെയും ബാധിക്കുന്നതുപോലെ ബുദ്ധിയോട് ബന്ധപ്പെടുന്നില്ല എന്നാണ്. വിസ്തരിക്കുക എന്ന നിയമപരമായ അർത്ഥമാണുള്ളത്(അപ്പൊ. 4:9, 12:19; 17:11, 24:8). ആത്മപ്രകാശനമില്ലാതെയും ഒരാൾക്ക് സുവിശേഷവും ക്രിസ്തീയ ഉപദേശവും ധാർമ്മികതയും അറിയുവാൻ കഴിയും, എന്നാൽ ഈ സത്യങ്ങളെ വിലയിരുത്തുവാനും വിവേചിക്കുവാനും ശരിയായ അർത്ഥവും ലക്ഷ്യവും കണ്ടെത്തുവാനും കഴിയുന്നില്ല. അവന് ബുദ്ധിപരമായി ബൈബിൾ ഗ്രഹിക്കുവാൻ കഴിഞ്ഞേക്കാം. എന്നാൽ അവൻ അതിനെ സ്വാഗതം ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. അവൻ തന്റെ ഇച്ഛാശക്തികൊണ്ട് സ്വീകരിക്കുകയോ അതിനെ അംഗീകരിക്കുയോ ചെയ്യുന്നില്ല.

ബൈബിൾ സത്യങ്ങളെ ബുദ്ധിപരമായി അംഗീകരിക്കുന്നതിനെക്കാൾ ഉപരിയാണ് പരിശുദ്ധാത്മാവിന്റെ ആത്മപ്രകാശനമെന്ന് ഒരു വിശ്വാസി മനസ്സിലാക്കണം. ദൈവവചനത്തിന്റെ പ്രാധാന്യം, ആവശ്യകത, വില, വ്യക്തിപരമായ പ്രസക്തി, മഹത്വം, മനോഹാരിത ഇവയെല്ലാം ഒരു വിശ്വാസിയെ കാണിക്കത്തക്കവണ്ണമാണ് പരിശുദ്ധാത്മാവ് ആത്മപ്രകാശനം നൽകുന്നത്. ജഡികനായ വിശ്വാസിക്ക് ബൈബിൾ സത്യങ്ങൾ ബുദ്ധിപരമായി മനസ്സിലാക്കാൻ കഴിയും. പരിശുദ്ധാത്മാവിനാൽ പഠിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനി ഈ സത്യങ്ങളുടെ വ്യക്തിപരമായ പ്രാധാന്യവും, ഈ വചനങ്ങൾ അനുസരിക്കുമ്പോൾ സംഭവിക്കുന്ന വ്യക്തിപരമായ മാറ്റങ്ങളും മനസ്സിലാക്കുന്നു. ഒരു വാചകത്തിന്റെ അർത്ഥം ദൈവശാസ്ത്രപരമായി മനസ്സിലാക്കുവാൻ ജഡികനായ വിശ്വാസിക്ക് ബുദ്ധിപരമായി കഴിയും. എന്നാൽ ആത്മികനായ വിശ്വാസി ആ ദൈവവചനം വിവേചിച്ചറിയുവാനും ഉപദേശപരമായി ആ വചനത്തിന്റെ സ്വീധിനവും ഇന്നത്തെ യഥാർത്ഥ ലോകത്തിൽ ജീവിതത്തിലുള്ള ദൈവപ്രവൃത്തിയെയും അറിയുവാനും കഴിയും.

ബൈബിളിന്റെ സിദ്ധാന്തപരമായ പഠനത്തിനും പരിശുദ്ധാത്മാവ് സഹായിക്കുമെങ്കിലും തന്റെ പഠിപ്പിക്കലുകൾ അതിലുപരിയാണ്. ദൈവവചനത്തിന്റെ ആത്മീക പരിജ്ഞാനം, ആത്മിക മഹത്വം, ആത്മീക അർത്ഥം ഇവ ആത്മീകനായ മനുഷ്യനു മനസ്സിലാകത്തക്ക നിലയിൽ പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നു.

(b) പരിശുദ്ധാത്മാവിനാൽ ലഭിക്കുന്ന വ്യക്തിപരമായ 'നടത്തിപ്പ്'

ദൈവവചനത്താൽ നമ്മെ നിയന്ത്രിക്കുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു എന്ന അർത്ഥത്തിൽ എല്ലാ വിശ്വാസികളും പരിശുദ്ധാത്മ നടത്തിപ്പുള്ളവരാണ്(റോമർ. 8:14, ഗലാ. 5:18). പ്രാഥമീകമായി ദൈവവചനത്തിലൂടെ പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുകയും വഴി നടത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ദൈവവചനത്തിന്റെ നേരിട്ടുള്ള പഠിപ്പിക്കലുകൾക്ക് അപ്പുറമായി

ഏതെങ്കിലും മാർഗ്ഗനിർദ്ദേശം പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിൽ ഉൾപ്പെട്ടിട്ടുണ്ടോ? ഒരു വ്യക്തിയെ പ്രത്യേകിച്ച് അസാധാരണമായി പരിശുദ്ധാത്മാവ് നയിക്കാറുണ്ടോ?

പരിശുദ്ധാത്മാവിനാൽ ഓരോ വ്യക്തിയും നടത്തപ്പെടുന്നു എന്നുള്ളത് സംഭവ്യമല്ലെന്ന് ചിലർ വിശ്വസിക്കുന്നു. ദൈവവചനത്തിലൂടെ പരിശുദ്ധാത്മാവ് നൽകുന്ന മാർഗ്ഗനിർദ്ദേശത്തിൽ മാത്രമായി പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെ അവർ ഒതുക്കുന്നു. പരിശുദ്ധാത്മാവിന്റെ വ്യക്തിപരമായ നടത്തിപ്പിനോടു ബന്ധപ്പെട്ടുള്ള അറിവുകേടുകളും മനപൂർവ്വമുള്ള ദുർവിനിയോഗങ്ങളും ഒഴിവാക്കിയാൽ വ്യക്തിപരമായുള്ള പരിശുദ്ധാത്മ നടത്തിപ്പിനെ പൂർണ്ണമായി ഒഴിവാക്കുന്നത് അതിരുകടന്ന പ്രതികരണമായി എഴുത്തുകാരൻ കരുതുന്നു. ഈ വിഷയത്തിലുള്ള ദുർവിനിയോഗത്തെ ശ്രദ്ധയോടെയുള്ള നിർദ്ദേശങ്ങൾ മൂലം വെട്ടിക്കുറയ്ക്കുവാൻ കഴിയും.

(i) കേൾക്കുന്ന ശബ്ദങ്ങളിലൂടെയുള്ള നടത്തിപ്പ്

ഈ സഭായുഗത്തിൽ പരിശുദ്ധാത്മാവ് ശബ്ദം കേൾപ്പിച്ച് അതുപോലെ ദർശനങ്ങൾ നൽകി നടത്താറുണ്ടോ? ദൈവത്തിന് ഒരു പ്രത്യേകനിലയിൽ പ്രവർത്തിക്കുവാൻ കഴിയുകയില്ല എന്നു പറഞ്ഞ് ദൈവത്തെ ഒരു പെട്ടിയിലാക്കുവാൻ ശ്രമിക്കുന്നത് നാം ശ്രദ്ധിക്കേണ്ടതാണ്. ദൈവം ശബ്ദത്തിലൂടെ ആശയവിനിമയം നടത്തുവാൻ സാദ്ധ്യതയുണ്ടെന്നിരിക്കുമ്പോൾ, അങ്ങനെയുള്ള ആശയവിനിമയത്തെക്കുറിച്ചുള്ള നമ്മുടെ അറിവിനെ നിയന്ത്രിക്കുന്ന ചില ആത്മീകസത്യങ്ങളുണ്ട്.

ഒന്നാമതായി ഇന്ന് അപ്പോസ്തലന്മാരോ പ്രവാചകന്മാരോ ഇല്ല. ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടവരാണ് അപ്പോസ്തലന്മാർ(കാണുക അപ്പൊ. 1:21-22, 1 കൊരി. 9:1). ഈ യോഗ്യതയുള്ള അവസാനത്തെ വ്യക്തി പൗലോസാണ്(1 കൊരി. 15:8). സഭയുടെ അടിസ്ഥാനത്തിന്റെ ഭാഗമാണ് അപ്പൊസ്തലന്മാരും പ്രവാചകന്മാരും(എഫെ. 2:20). സഭയ്ക്ക് വെളിപ്പാട് നൽകുവാനുള്ള ഉപകരണങ്ങളായിരുന്നു അവർ(കാണുക യോഹന്നാൻ 14-16; എഫെ. 3:5). ഒരു പുസ്തകം പുതിയ നിയമകാനോനിൽ ഉൾപ്പെടുത്തണമെങ്കിൽ അത് ഒരു അപ്പൊസ്തലനായോ അല്ലെങ്കിൽ അപ്പൊസ്തലിക അധികാരത്തിന്റെ കീഴിലോ എഴുതപ്പെട്ടതായിരിക്കണം. ഇപ്പോൾ അപ്പോസ്തലന്മാരോ പ്രവാചകന്മാരോ ഇല്ലാത്തതുകൊണ്ട് മുഴുവൻ സഭയ്ക്കും ബാധകമായ നിലയിൽ യാതൊരു ആധുനിക വെളിപ്പാടുകളുമില്ല, എന്നാൽ **പൂർണ്ണമായും വ്യക്തിപരമായ** നിലയിൽ ശബ്ദത്തിലൂടെയുള്ള വെളിപ്പാടിനുള്ള സാദ്ധ്യതയുണ്ടെങ്കിൽ തന്നെ മറ്റുള്ളവരുടെമേൽ അധികാരം വരത്തക്ക നിലയിൽ ആധികാരികമായിട്ടുള്ള വെളിപ്പാടെന്ന നിലയിൽ പരിശുദ്ധാത്മാവിൽ നിന്ന് പ്രാപിച്ചതായി യാതൊന്നുമില്ല. അതുകൊണ്ട് ഒരു നേതാവെന്ന നിലയിൽ പുതിയ വെളിപ്പാടും പുതിയ അധികാരവും ലഭിച്ചു എന്നു പറഞ്ഞുകൊണ്ട് മറ്റുള്ളവർക്ക് വെളിപ്പാട് നൽകിയാൽ അത് പൂർണ്ണമായും ഒഴിവാക്കണം. ഇപ്പോഴും ദൈവത്തിൽനിന്ന് വ്യക്തിപരമായി ശബ്ദത്തിലൂടെയുള്ള വെളിപ്പാട് ലഭിക്കുന്നുണ്ടെങ്കിൽ അത് പൂർണ്ണമായും വ്യക്തിപരമായിരിക്കണം. സഭയ്ക്കുള്ള അധികാരം അപ്പോസ്തലന്മാരാലും പ്രവാചകന്മാരാലും നൽകപ്പെട്ട പുതിയനിയമത്തിനു മാത്രമായിരിക്കും. തങ്ങളെക്കുറിച്ചുള്ള ദൈവഹിതത്തോടുള്ള ബന്ധത്തിൽ ഒരാൾക്ക് പുതിയ ഒരു വെളിപ്പാട് ലഭിച്ചു എന്നു അവകാശപ്പെട്ടാൽ ക്രിസ്തീയവിശ്വാസികൾ അങ്ങനെയുള്ളവർക്ക് അന്ധമായി അടിമപ്പെടരുത്. അത് ചതിവാണ്.

മറ്റൊരു പരിഗണന ഇതാണ്, പരിശുദ്ധാത്മാവ് നേരിട്ടുള്ള വെളിപ്പാട് നൽകുമ്പോൾ(എന്നാൽ തികച്ചും വ്യക്തിപരം)ഇതാണ് പരിശുദ്ധാത്മാവിന്റെ പൊതുവായിട്ടുള്ള സാധാരണ പ്രവർത്തനമെന്ന് ആരും പ്രതീക്ഷിക്കരുത്. പരിശുദ്ധാത്മാവിന്റെ **ഒന്നാമത്തെ നടത്തിപ്പ് ദൈവവചനത്തിലൂടെയാണ്**. രണ്ടാമതായി പരിശുദ്ധാത്മാവ് **ശബ്ദരഹിതമായ പ്രേരണകളും തോന്നലുകൾ നൽകുന്നു** (അടുത്ത ഭാഗം കാണുക). നാം ഇപ്പോൾ അപ്പൊസ്തലിക കാലഘട്ടത്തിലല്ല ജീവിക്കുന്നതു എന്നതുകൊണ്ട് ശബ്ദത്തിലൂടെയുള്ള വ്യക്തിപരമായ വെളിപ്പാടുകൾ സംഭവിക്കുമ്പോൾ അത് വളരെ അപൂർവ്വമായ ഒരു പ്രതിഭാസമാണ്. അതുപോലെ അത് പരിശുദ്ധാത്മാവിന്റെ സാധാരണ പ്രവർത്തന രീതിയും അല്ല. സംശയാസ്പദമായ സ്വഭാവത്തെ ന്യായീകരിക്കുവാനും(ഉദാ. പണപ്പിരിവ് നടത്തണമെന്ന് ദൈവം പറഞ്ഞതായി" അവകാശപ്പെടുന്ന സുവിശേഷകന്മാർ) മറ്റുള്ളവരുടെ ശ്രദ്ധ നേടുവാനുള്ള മാർഗ്ഗമായും ആശയക്കുഴപ്പം വരുത്തുന്ന നിലയിലും ദൈവം സംസാരിച്ചു എന്നുള്ള അവകാശവാദങ്ങളിൽ അധികപങ്കിനെയും തള്ളിക്കളയുവാൻ എഴുത്തുകാരനു ഇടയായിട്ടുണ്ട്.

ദൈവാത്മാവ് സംസാരിച്ച വെളിപ്പാടിന്റെ എല്ലാ യോഗ്യതകളുണ്ടെങ്കിലും അത് പൂർണ്ണമായും കർശനമായും വ്യക്തിപരമായ വെളിപ്പാടായിരിക്കും അങ്ങനെയുള്ള വെളിപ്പാടുകൾ അങ്ങേയറ്റം വിരളമായിരിക്കും.എന്നാലും പരിശുദ്ധാത്മ ശബ്ദത്തിലൂടെ സംസാരിക്കുവാനുള്ള സാധ്യത ഇന്നുമുണ്ട്. അങ്ങനെയുള്ള അവകാശവാദങ്ങളെ തള്ളിക്കളയുവാൻ എഴുത്തുകാരന് യാതൊരു ബാധ്യതയും ഇല്ല. എന്നാൽ തനിക്കു ലഭിച്ച സന്ദേശം മറ്റൊരാൾക്കുള്ളതാണ് എന്നൊരാൾ അവകാശപ്പെട്ടാൽ അയാൾ തട്ടിപ്പുകാരനാണ്. തുടർച്ചയായി ദൈവം എന്നോട് ശബ്ദത്തിലൂടെ സംസാരിക്കുന്നു എന്ന് ആരെങ്കിലും അവകാശപ്പെട്ടാൽ അത് വിശ്വനീയമല്ല. എന്നാൽ ഒറ്റപ്പെട്ടതും വ്യക്തിപരവുമായ ആശയവിനിമ

യത്തിനു വിശ്വാസീയതയുണ്ട്. ഇങ്ങനെയുള്ള വ്യക്തി പരമായ വെളിപ്പാടുകൾ ലഭിച്ച പൗലോസ് തന്റെ അനുഭവത്തെക്കുറിച്ച് പ്രശംസിച്ചില്ല. 14 വർഷം അതിനെ ക്കുറിച്ച് താൻ സംസാരിച്ചില്ല മാത്രമല്ല അതിനെക്കുറിച്ച് സംസാരിച്ചപ്പോഴും എല്ലാ വിവിരങ്ങളും വിശദീകരിക്കു ന്നില്ല(2 കൊരി. 12). വേഗത്തിലും വ്യാപകമായും സ്വയ പ്രശംസ ലഭിക്കുവാനുള്ള ആകാം ഷ നിമിത്തം പരിശു ദ്ധാത്മാവ് തന്നോടു ശബ്ദത്തിൽ സംസാരിച്ചതായി പൊളി പറയുവാനിടയുണ്ട്. ഇങ്ങനെയുള്ള സന്ദേശ ങ്ങൾ വ്യക്തിപരമായ സന്ദേശങ്ങളായതു കൊണ്ട് ആ നിലയിൽ സന്ദേശം ലഭിച്ചവൻ തന്റെ വ്യക്തിത്വത്തിലേ ക്കോ അനുഭവത്തിലേക്കോ ശ്രദ്ധ തിരിക്കുവാൻ വിമു ഖത കാണിക്കും. പരിശുദ്ധാത്മാവ് സംസാരിച്ചതായി പറ യുന്ന എല്ലാ സന്ദേശങ്ങളേയും വ്യാജമായി കാണുവാൻ കഴിയുന്നതല്ല. എന്നാൽ ഈ സന്ദേശത്തിന്റെ പേരിൽ മറ്റുള്ളവരുടെ മേൽ അധികാരം നടത്തുവാൻ ശ്രമിക്കു ന്നവർ നിയമാനുസൃതമല്ലാതെയും ദൈവവചന വിരുദ്ധവുമായിട്ടാണ് പ്രവർത്തിക്കുന്നത്. തുടർമാനമായി ലഭിക്കുന്ന എന്നുള്ള അവകാശവാദങ്ങ ളും സ്വയത്തിനു ശ്രദ്ധ നേടുവാനുള്ള ശ്രമങ്ങളും സംശയാസ്പദമാണ്. ദൈവവചന സത്യത്തെ വിലയിരുത്തുന്നവർ എത്ര ത്തോളം വിശ്വസ്തത പുലർത്തുന്നു എന്നുള്ളതും വിശ്വാസീയതയുടെ മറ്റൊരു ഘടകമാണ്. ബൈബിൾ വ്യാഖ്യാനിക്കുന്നത് തെറ്റായ നിലയിലാണെങ്കിൽ തന്റെ അനുഭവങ്ങൾ വിശ്വസനീയമല്ല.

ii. പരിശുദ്ധാത്മാവിനാലുള്ള നിശബ്ദമായ പ്രേരണ കളും തോന്നലുകളും

പരിശുദ്ധാത്മാവ് ശബ്ദത്തിൽ സംസാരിക്കുന്നു എന്നുള്ള സാധ്യതയെ വിശ്വസിക്കുന്നതിനെക്കാൾ ഒരു വിശ്വാസിയെ നടത്തുവാൻ പരിശുദ്ധാത്മാവ് സംസാര രഹിതമായ പ്രേരണകളും തോന്നലുകളും നൽകുന്നു എന്ന് വിശ്വസിക്കുവാൻ കൂടുതൽ ദൈവവചനത്തിന്റെ പിൻബലമുണ്ട്. പരിശുദ്ധാത്മാവ് നേരിട്ട് സംസാരി ക്കുന്നു, ദർശനങ്ങൾ നൽകുന്നു എന്നുള്ള വിഷയം പോലെ ഈ വിഷയവും തെറ്റിദ്ധരിക്കുവാനും ദുർ വിനിയോഗം ചെയ്യുവാനും സാധ്യതയുണ്ട്.

ജഡികമായ ഉൾപ്രേരണകളെ "ആത്മീക നടത്തിപ്പിനാ യി" യുക്തി ചിന്താപരമായി വ്യാഖ്യാനിച്ച് ആശയക്കുഴ പ്പമുണ്ടാക്കുന്നതിനെതിരെയുള്ള മുന്നറിയിപ്പുകൾ ശക്തമായ പ്രയോഗങ്ങളിലൂടെ നൽകുവാൻ കഴിയുന്ന തല്ല. ദൈവവചനത്തിൽനിന്നുള്ള വ്യക്തമായ പഠിപ്പി ക്കലുകളെ സ്വീകരിക്കുന്നവരുടെ ഉള്ളിൽ നിന്നുള്ള പ്രേരണകളും തോന്നലുകളും ഭാരങ്ങളും ബോധ്യങ്ങളും മാത്രമേ വിശ്വാസ്യതയുള്ളതായിട്ടുള്ളു. ദൈവവച നത്തിൽ നിന്നുള്ള പരിശുദ്ധാത്മാവിന്റെ വ്യക്തമായ നടത്തിപ്പിനെ ഒരു വ്യക്തി അവഗണിക്കുന്നു എങ്കിൽ ഒരു പ്രത്യേക വിഷയത്തിൽ ദൈവാത്മാവിന്റെ നടത്തിപ്പ് വിവേചിക്കുവാൻ അവൻ തുനിയേണ്ടതില്ല. ദൈവവ ചനത്തിലൂടെ വെളിപ്പെട്ടിരിക്കുന്ന എല്ലാ മേഖലകളിലും ദൈവത്തിന് സമർപ്പിക്കപ്പെട്ട ഒരു ഹൃദയത്തിൽ നിന്നു യരുന്ന പ്രേരണകളും വികാരങ്ങളുമാണ് വിശ്വസിക്കു വാൻ കഴിയുന്നത് അല്ലെങ്കിൽ സ്വയ ന്യായീകരണത്തി നും ഉപായങ്ങൾ പ്രയോഗിക്കുന്നതിനും സാധ്യതയുണ്ട്. ദൈവവചനത്തിന് അനുയോജ്യമല്ലാത്ത പ്രേരണകളും തോന്നലുകളും സ്വഭാവത്തിനോ തീരുമാനമെടുക്കു ന്നതിനോ ഒട്ടും യോജിച്ചതല്ല. ഓർക്കുക ദൈവാത്മാ വിനാൽ നിറയപ്പെടുന്നതും ദൈവവചനത്താൽ നിറയ പ്പെടുന്നതും ഒന്നു തന്നെയാണ് (എഫെ. 5:18; കൊലൊ. 3:16).

ഈ മുന്നറിയിപ്പുകൾ നൽകിയതിന് ശേഷവും **ആത്മീയരായ** ആളുകളെ പരിശുദ്ധാത്മാവ് പ്രേരണക ളാലും തോന്നലുകളാലും നയിക്കുന്നു എന്നുള്ളതിനെ ബൈബിൾ പ്രോത്സാഹിപ്പിക്കുന്നു എന്നുള്ളത് സത്യമാ യ കാര്യമാണ്. അങ്ങനെയുള്ള നിശബ്ദമായ നടത്തിപ്പ് എഴുതപ്പെട്ട ദൈവവചനത്തിന് വിരുദ്ധമല്ല(യെശ. 8:20). ഇതിലൂടെ ബൈബിൾ നൽകാത്ത എന്തെങ്കിലും രഹസ്യങ്ങൾ ക്രിസ്തീയ ജീവിതത്തെക്കുറിച്ച് നൽകു ന്നില്ല അല്ലെങ്കിൽ മറ്റുള്ള വിശ്വാസികൾക്ക് ലഭ്യമല്ലാത്ത ചില കാര്യങ്ങൾ ഒരു വ്യക്തിക്ക് നൽകുകയോ ചെയ്യു ന്നില്ല. ഭക്തിയോടെയുള്ള ജീവിതത്തിന് ആവശ്യമായ എല്ലാ പ്രധാന വാഗ്ദത്തങ്ങളും ദൈവവചനത്തിൽ മാത്രമാണ് നൽകുന്നത്(2 പത്രോ. 1:3). അതുപോലെ ക്രിസ്തീയ ശുശ്രൂഷയ്ക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തു തരുന്നതും ദൈവവചനമാണ് (2 തിമൊ. 3:16–17).

എങ്കിലും, ക്രിസ്ത്യാനിത്വത്തിന് വളരെ വ്യക്തിപരമായ ചില വശങ്ങളുണ്ട്. പരിശുദ്ധാത്മാവിന്റെ വ്യക്തിപരമായ നടത്തിപ്പിന്റെ ശുശ്രൂഷ ഈ മേഖലകളിലുള്ള ദൈവത്തി ന്റെ പ്രത്യേകമായ വ്യക്തിപരമായ ഹിതത്തിന്റെ അറിവിലേക്ക് ഉൾപ്പെടുത്തേണ്ടതാണ്. ദൈവവചന ത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത ചില സ്വഭാവവിശേഷ ങ്ങളെക്കുറിച്ച് എല്ലാ വിശ്വാസികൾക്കും ഒരേ ബോധ്യ മുണ്ടായിരിക്കുന്നില്ല. അതുകൊണ്ട് ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ചില മാനദണ്ഡങ്ങൾ ഉയർത്തിക്കൊണ്ടുവരുവാൻ വ്യക്തിപരമായി ദൈവീക നടത്തിപ്പ് ആവശ്യമാണ്. റോമർ 14:22–23 ചൂണ്ടിക്കാ ണിക്കുന്നത് ഓരോ വിശ്വാസികൾക്കും ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ മേഖലകളിലുള്ള പ്രവർത്തനങ്ങളുടെ ഔചിത്യത്തിന്റെ കാര്യത്തിലായാലും വിഭിന്നമായ ചിന്താഗതിയും വിശ്വാസവുമാണുള്ളത്. ആത്മീക വിശ്വാസികളുടെ ജീവിതത്തിലുള്ള ക്രിസ്തീയ സ്വാത ന്ത്ര്യത്തിന്റെ വിവിധ വിഷയങ്ങളിൽ വ്യക്തിപരമായ ബോധ്യങ്ങൾ (അങ്ങനെയുള്ള പ്രേരണയാലുള്ള

ബോധ്യങ്ങളും തോന്നലുകളും ഭാരങ്ങളും) ഉയർന്നു വരണമെന്ന് പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നതായി കരുതുന്നതു യുക്തിപരമാണ്. അതുപോലെ എല്ലാ വിശ്വാസികൾക്കും ആത്മീയ വരങ്ങളുണ്ട്. എന്നാൽ എല്ലാവർക്കും ഒരേ വരമുണ്ടായിരിക്കണമെന്നില്ല. അതുകൊണ്ട് തന്റെ വരങ്ങളെക്കുറിച്ച് അറിയണമെങ്കിൽ വിശ്വാസിക്ക് ആത്മീകനടത്തിപ്പ് ആവശ്യമാണ്. ദൈവവേലയിൽ ഒരു ആത്മീകനായ വ്യക്തി എന്തു ചെയ്യണമെന്ന കാര്യത്തിൽ പരിശുദ്ധാത്മാവ് ഒരളവിൽ ആത്മവിശ്വാസം(അതായത് വിശ്വാസം, റോമർ. 12:3) നൽകുന്നു. **ആത്മീകവരങ്ങ**ളോടുള്ള ബന്ധത്തിൽ വ്യക്തിപരമായ ബോധ്യവും വ്യക്തതയും ലഭിക്കുവാൻ പരിശുദ്ധാത്മാവ് ആത്മീയരായ വ്യക്തികൾക്ക് പ്രേരണകൾ നൽകുന്നു. ദൈവത്തിന്റെ പ്രത്യേകമായ ഹിതം അനുസരിക്കുവാൻ ആത്മീകരായ ആളുകളെ സഹായിക്കത്തക്കവിധം പരിശുദ്ധാത്മാവ് പ്രേരണകളും തോന്നലുകളും നൽകുന്നു(ഫിലി. 2:13)[26]. ദൈവവചനത്തിൽ നേരിട്ട് നൽകിയിരിക്കുന്ന നിലയിൽ പൊതുവായ നടത്തിപ്പ് മാത്രം ദൈവം നൽകുന്നു എന്ന നിലയിൽ ദൈവീക നടത്തിപ്പിനെ ദൈവവചനം എതിർക്കുന്നില്ല (സദൃ. 3:5–6; സങ്കീ. 32:8; 37:4–5; 73:23–24). ദൈവം വ്യക്തിപരമായ മാർഗ്ഗനിർദ്ദേശവും നൽകുന്നു എന്നുള്ളത് വ്യക്തവുമാണ്.

പരിശുദ്ധാത്മാവിന്റെ പ്രേരണകളും അതിരുകവിഞ്ഞതായ നിലയിൽ വ്യക്തിപരമായി പോകാമെന്നു ചില വിമർശനം ഉന്നയിച്ചേക്കാം. സത്യമാണ് ദൈവവചനത്തിന് വിരുദ്ധമായ ദുർവിനിയോഗങ്ങൾ സംഭവിച്ചേക്കാം. എന്നാലും അത്യന്തികമായി പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനോട് ബന്ധപ്പെട്ട നിലയിൽ പ്രേരണകളെ ഒരു ശുശ്രൂഷയായി ഉൾപ്പെടുത്തുന്നത് ദൈവവചനത്തിന്റെ വസ്തുനിഷ്ഠതയിൽ ആശ്രയിക്കുന്നതിനു സഹായകരമായിരിക്കും. ഉള്ളിലാണ് പരിശുദ്ധാത്മാവ് വസിക്കുന്നത് എന്ന് ദൈവവചനം പഠിപ്പിക്കുന്നു. ആത്മീകരായ ആളുകളുടെ മാനസികമായ കഴിവുകളിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത്(ഫിലി. 2:13) അവർക്ക് വ്യക്തിപരമായ ഹിതത്തോടുള്ള ബന്ധത്തിൽ (ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിലോ റോമർ 14:22–23) ഭാരങ്ങളും ബോധ്യങ്ങളും വ്യക്തിപരമായ സഹായങ്ങളും നൽകുന്നു. ഒരു ആത്മീകൻ തന്റെ പ്രേരണകളിലും തോന്നലുകളിലും ആശ്രയിച്ചാൽ തന്റെ സ്വയത്തിന്റെ പ്രേരണകളെ ''ആത്മീകനടത്തിപ്പായി'' കരുതി പാപത്തിൽ ചെന്ന് വീഴാനിടയുണ്ട്. നീതിപൂർവ്വമായ ഉപദേശമില്ലെങ്കിൽ ഇത് മനപൂർവ്വമായ വ്യത്യാസത്തിലേക്കും ഉപായം പ്രയോഗിക്കുന്നതിലും അവസാനിക്കും. എന്നാൽ ദൈവം ചില നിലകളിൽ ദൈവഭക്തിയുള്ള ഹൃദയത്തിൽ പ്രവർത്തിക്കുന്നു എന്നുള്ളത് ആത്മീകനായ വ്യക്തി പരിശുദ്ധാത്മാവിനാൽ ലഭിക്കുന്ന പ്രേരണകളും തോന്നലുകളും നിമിത്തം ദൈവീകപഠിപ്പിക്കലുകളിൽ നിന്നു യഥാർത്ഥമായി മനസ്സിലാക്കുന്നു. ആത്മപ്രേരണയ്ക്ക് വിധേയനായ ഒരാത്മികൻ സ്വയത്തിന്റെ വ്യാമോഹങ്ങൾക്ക് അടിമപ്പെടുവാൻ ഇടയില്ല. ദൈവം ഉള്ളിൽ ജീവിക്കുന്നു എന്നും ദൈവം വ്യക്തിപരമായ നിലയിൽ വിഭിന്നമായ ബോധ്യങ്ങളും ഭാരങ്ങളും വരങ്ങളും തീരുമാനങ്ങളും നൽകുന്നു എന്നുള്ള സത്യങ്ങൾ പഠിപ്പിക്കുന്ന ദൈവവചനത്തിലുള്ള ഒരു ആശ്രയമാണ് ഇത്. പരിശുദ്ധാത്മ പ്രേരണ എന്ന മേഘലയിൽ ദുർവിനിയോഗത്തിനുള്ള സാധ്യത ഉണ്ടെങ്കിലും അങ്ങനെയുള്ള എല്ലാ പ്രേരണകളും തിരസ്ക്കരിക്കണമെന്ന് ഇതിനർത്ഥമില്ല. ഒരു ആത്മീക മനസ്സിൽ നിന്ന് പ്രേരണകളും തോന്നലുകളും ഉയരുമ്പോൾ അത് നീതിപൂർവ്വമായ മാർഗ്ഗത്തിലൂടെ പരിശുദ്ധാത്മാവ് നൽകുന്ന വ്യക്തിപരമായ നടത്തി പ്പായി കണ്ടാൽ മതി.

(c). പരിശുത്മാവിലുള്ള പ്രാർത്ഥന

> സകല പ്രാർത്ഥനയാലും യാചനയാലും ഏത് നേരത്തും **ആത്മാവിൽ** പ്രാർത്ഥിച്ചു അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കുവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ(എഫെ. 6:18).
>
> നിങ്ങളോ പ്രിയമുള്ളവരെ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്ക് തന്നെ ആത്മീകവർദ്ധനവ് വരുത്തി **പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചു**(യൂദാ. 20).

പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിന്റെ(നിറവിന്റെ) ഭാഗമായിട്ട് നാം പരിശുദ്ധാത്മാവിലുള്ള പ്രാർത്ഥനയെ കാണുന്നു. എന്നാൽ ഒരാളുടെ ജീവിതത്തിൽ ആത്മനിറവിന്റെ ഫലമായിട്ടും ഇതിനെ കാണുവാൻ കഴിയും. [27] "പരിശുദ്ധാത്മാവിലുള്ള പ്രാർത്ഥന" എഫെ. 6:18; യൂദാ. 20; എഫെ. 2:18 എന്നിവിടങ്ങളിൽ പറഞ്ഞിരിക്കുന്നത് പിതാവിങ്കലേക്ക് പ്രാർത്ഥനയെ എത്തിക്കുന്ന ഒരു മാർഗ്ഗമായിട്ടാണ് പരിശുദ്ധാത്മാവ് ആയിരിക്കുന്നതെന്നാണ് (പരിശുദ്ധാത്മാവിന്റെ തലക്കെട്ട് ''യാതനയുടെ ആത്മാവ്" സെഖര്യ. 12:10 കാണുക).

[26] ഒരു വിശ്വാസിയുടെ ജീവിതത്തിൽ രോഗം, കഷ്ടത ഇവ അനുവദിക്കുന്നതിനു ബൈബിൾ പല കാരണങ്ങൾ പറയുന്നുണ്ട്. ഒരു പ്രത്യേക കഷ്ടതയിലൂടെ വിശ്വാസി കടന്നു പോകുമ്പോൾ അതിന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള ബോധ്യം പരിശുദ്ധാത്മാവ് നൽകുന്നത് ന്യായമായ കാര്യമല്ലേ?

[27] മറ്റു വാക്കുകളിൽ പറഞ്ഞാൽ, പ്രാർത്ഥനയുടെ മേഖലയിൽ ഒരാൾ ആത്മനിയന്ത്രണത്തിലല്ലായെങ്കിൽ അവൻ ആത്മ നിറവിലേക്ക് വരുന്നില്ല അപ്പോൾ തന്നെ ആത്മനിയന്ത്രണം മൂലം ആത്മാവിൽ പ്രാർത്ഥിക്കുവാനുള്ള വർദ്ധിച്ച കഴിവ് ലഭിക്കുന്നു.

"പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുക" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വളരെ പ്രയോജനകരമായ നിലയിൽ പ്രാർത്ഥിക്കുന്നതിനു പരിശുദ്ധാത്മാവുമായി ശരിയായ ബന്ധം കാത്ത് സൂക്ഷിക്കുക എന്നതാണ്. പരിശുദ്ധാത്മാവിനെ കെടുത്തുകയോ ദുഃഖിപ്പിക്കുകയോ ചെയ്താൽ അത് ആരോഗ്യകരമായ പ്രാർത്ഥനയ്ക്ക് സഹായകരമല്ല കാരണം പാപം പ്രാർത്ഥനയെ കാര്യക്ഷമമല്ലാതാക്കുന്നു (സങ്കീ. 66:18; 1 പത്രോ. 3:7,12; യാക്കോബ് 4:3). ദൈവവചനത്തോടുള്ള അനുസരണം പ്രാർത്ഥനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു (യോഹന്നാൻ. 3:22; യാക്കോബ് 5:16). കൂടാതെ പ്രാർത്ഥനയിൽ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തുവാൻ പരിശുദ്ധാത്മാവ് ഭാരവും പ്രേരണയും തേന്നലുകളും നൽകുന്നു. പരിശുദ്ധാത്മനിറവിന്റെ ഭാഗമായി പ്രാർത്ഥനയെ ശക്തിപ്പെടുത്തുന്ന പരിശുദ്ധാത്മാവുമായി ശരിയായ ബന്ധമുണ്ടായിരിക്കുക എന്നതാണ് പ്രധാന കാര്യം. എന്നാൽ ഈ ആത്മവനിറവിന്റെ ഫലമായി പരിശുദ്ധാത്മിവിന്റെ പ്രേരണകളോടു വർദ്ധിച്ച നിലയിൽ സൂക്ഷ്മ സംവേദനക്ഷമതയുണ്ടാകുകയും തന്മൂലം കൂടുതൽ പ്രാർത്ഥിക്കുവാൻ കഴിയു കയും ചെയ്യുന്നു.

ദൈവവചനത്തിന്റെ അതിരുകവിഞ്ഞുപോകുന്ന നിലയിലുള്ള ആത്മാവിലുള്ള പ്രാർത്ഥനയ്നക്കെതിരെ ശക്തമായി മുന്നറിയിപ്പ് നൽകണം. ഈ വാചകം ഒരിക്കലും പ്രാർത്ഥന ഒരു പിടിച്ചെടുക്കലായിട്ടോ ബോധക്കേടായിട്ടോ കാണുന്നില്ല. 1 കൊരി. 14:15; മത്തായി. 6:7 എന്നീ വേദഭാഗങ്ങൾ പ്രാർത്ഥന മനസ്സിലാകുന്ന ഭാഷയിൽ വേണമെന്നു പഠിപ്പിക്കുന്നു. 1 കൊരി. 14:32 ൽ കാണുന്നത് ദൈവം തന്റെ ജനത്തിൽ പ്രവർത്തിക്കുമ്പോൾ അവർക്ക് തങ്ങളുടെ മാനസിക മായ കഴിവുകളെ നിലനിർത്തുവാൻ കഴിയുമെന്നുള്ള പൊതു തത്വമാണ്.

> പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്; അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്ക് തോന്നുന്നത് (മത്തായി 6:7).
>
> ആകയാൽ എന്ത് ? ഞാൻ ആത്മാവ് കൊണ്ട് പ്രാർത്ഥിക്കും; **ബുദ്ധികൊണ്ടും പ്രാർത്ഥിക്കും**; ആത്മാവ്കൊണ്ട് പാടും, ബുദ്ധികൊണ്ടും പാടും. പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴടങ്ങിയിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമത്രേ. (1 കൊരി. 14:15; 32-33).

റോമർ 8:26, 27-ൽ വിശ്വാസിയുടെ പരിശുദ്ധാത്മാവിലുള്ള പ്രാർത്ഥനയെപ്പറ്റി കൂടുതൽ പറഞ്ഞിട്ടില്ല കാരണം ഇവിടെ പരിശുദ്ധാത്മാവു തന്നെ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് ചെയ്യുന്നത്. ഇത് പ്രാർത്ഥനയോട് ബന്ധപ്പെട്ട പരിശുദ്ധാത്മാവിന്റെ മറ്റൊരു ശുശ്രൂഷയാണ്. പരിശുദ്ധാത്മാവിലുള്ള പ്രാർത്ഥനയും ഇതും ഒന്നല്ല. പരിശുദ്ധാത്മാവിലുള്ള പ്രാർത്ഥന വിശ്വാസി പ്രാർത്ഥിക്കുമ്പോൾ മനസ്സിലുള്ള ചിന്തകളുമായി(സാധാരണയായി പറയുന്ന വാക്കുകളും) ബന്ധപ്പെട്ടിരിക്കുന്നതാണ്. വിശ്വാസികൾക്കു വേണ്ടി പരിശുദ്ധാത്മാവ് നിഗൂഢമായും നിശബ്ദമായും പിതാവായ ദൈവത്തോട് മദ്ധ്യസ്ഥത ചെയ്യുന്നു. പരിശുദ്ധാത്മാവ് എപ്പോൾ എങ്ങനെ പ്രാർത്ഥിക്കുന്നു എന്നു നാം അറിയുന്നില്ല.

(d) ഉറപ്പ്

രക്ഷയുടെ ഉറപ്പ് പരിശുദ്ധാത്മാവിന്റെ നിറവിനു (നിയന്ത്രണം) വിധേയപ്പെടുന്ന വിശ്വാസികളുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് നൽകുന്നു. ഇത് രക്ഷയുടെ ഫലവും മുൻപ് പറഞ്ഞിട്ടുള്ളതുമാണ് (കാണുക. റോമർ 8:16; ഗലാ. 4:6; 1. യോഹ. 5:7, 10).

(e) പരിശുദ്ധാത്മാവിന്റെ ഫലം

ഇതുപോലെ പരിശുദ്ധാത്മനിറവിന്റെ ഭാഗമാണ് പരിശുദ്ധാത്മഫലം. പരിശുദ്ധാത്മഫലം എന്നുള്ളത് വിപുലമായ പ്രതിപാദനത്തിനുള്ള വിഷയമാണ്. ഈ പരിമിതമായ പഠനത്തിന്റെ ഉള്ളിൽ ഒതുക്കുവാൻ കഴിയാത്തവിധം വിപുലമാണ്. ഗലാത്യർ 5:22-23-ൽ ആത്മാവിന്റെ ഫലത്തിന്റെ പട്ടിക കാണുവാൻ കഴിയും.

> ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകകയ്ക്ക് വിരോധമായി ഒരു ന്യായപ്രമാണവുമില്ല(ഗലാത്യർ 5:22-23).

ഈ സ്വഭാവവിശേഷങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ ആഴവും വളർച്ചയും വർദ്ധിപ്പിക്കുവാനുള്ളതായിട്ടാണ് കരുതുന്നത്. ഏറ്റവും പുതിയ വിശ്വാസിയും ആത്മീകനാകാം(അതായത് പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടവൻ). മാത്രമല്ല ഉടൻ തന്നെ ഒരളവിൽ ഫലം പുറപ്പെടുവിക്കാം, എന്നിരുന്നാലും പക്വത പ്രാപിക്കുവാൻ സമയമെടുക്കും. ഒരു കാലഘട്ടം പിന്നിടുമ്പോൾ സ്വഭാവത്തിൽ കൂടുതൽ കൂടുതൽ ക്രിസ്തുവിനെപ്പോലെ ആയിത്തീരും. ഉദാഹരണത്തിൻ പുതിയനിയമം പഠിപ്പിക്കുന്നത് കാലം കഴിയുന്തോറും സ്നേഹം വർദ്ധിക്കുന്നു എന്നാണ്. ഫിലി. 1:9-11-ൽ കാണുന്നത് സ്നേഹത്തിന്റെ ആഴം വർദ്ധിക്കുമ്പോൾ പരിജ്ഞാനം, വിവേചിക്കൽ, നീതി, ഇവയിലേക്ക് വളരുന്നു എന്നാണ്. എഫെ. 3:16-ൽ പരിശുദ്ധാത്മാവിനെക്കുറിച്ചും നിറവിനെക്കുറിച്ചും പറഞ്ഞിരിക്കുന്നു. അവിടെ വിശ്വാസികൾ ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും പരിജ്ഞാനത്തിന്റെയും ആഴത്തിലേക്കു

പോകുന്നതിനെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. 1 തെസ്സ. 4:8-10-ൽ കാണുന്നത് എല്ലാവരിലും ആത്മാവിന്റെ ഫലമായ സ്നേഹമുണ്ട് എന്നാൽ അവർ അതിൽ അധികമായി വർദ്ധിച്ചു വരേണം എന്നാണ്.

> അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്ത വണ്ണം **അവന്റെ ആത്മാവിനാൽ** നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തി യോടെ ബലപ്പെടെണ്ടതിനും ക്രിസ്തു വിശ്വാസ ത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ട തിനും വരം നല്കേണം എന്നും നിങ്ങൾ സ്നേഹ ത്തിൽ വേരുന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്ത് എന്ന് സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും പരി ജ്ഞാനത്തെ കവിയുന്ന **ക്രിസ്തുവിൻ സ്നേഹത്തെ** അറിവാനും പ്രാപ്തരാകയും **ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും** വേണം എന്നും പ്രാർത്ഥിക്കുന്നു. (എഫെസ്യർ 3:16-19).
>
> നിങ്ങളുടെ **സ്നേഹം മേല്ക്കുമേൽ പരിജ്ഞാനത്തിലും** സകല വിവേകത്തിലും വർദ്ധിച്ചു വന്നിട്ട് നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിക്കാറാകണം എന്നും ക്രിസ്തുവിന്റെ നാളിലേയ്ക്ക് നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കുമായിട്ട് യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരായി തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു (ഫിലിപ്പ്യർ 1:9-11).
>
> ആകയാൽ തുച്ഛീകരിക്കുന്നവൻ മനുഷ്യനെ അല്ല, തന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് തരുന്ന ദൈവത്തെ തന്നെ തുച്ഛീകരിക്കുന്നു. സഹോദരപ്രീതിയെക്കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ ആവശ്യമില്ല. അന്യോന്യം സ്നേഹിപ്പാൻ നിങ്ങൾ ദൈവത്താൽ ഉപദേശം പ്രാപിച്ചതല്ലാതെ മക്കദൊന്യയിൽ എങ്ങുമുള്ള സഹോദരന്മാരോട് ഒക്കെയും അങ്ങനെ ആചരിച്ചും പോരുന്നുവല്ലോ. എന്നാൽ സഹോദരന്മാരേ, അതിൽ നിങ്ങൾ **അധികമായി** വർദ്ധിച്ചുവരേണം എന്നും (1 തെസ്സലൊനികൃൻ 4:8-10).

എല്ലാ വിശ്വാസികൾക്കും ആത്മീയതയിൽ ആത്മാവിന്റെ ഫലം പുറപ്പെടുവിക്കാൻ കഴിയും. എന്നാൽ പക്വതയ്ക്കായി സമയം വേണ്ടിവരും. എല്ലാ വിശ്വാസികളും ആത്മീയരായിരിക്കാം എന്നാൽ പെട്ടന്ന് ആർക്കും പക്വതയിലേയ്ക്ക് കടന്നുവരുവാൻ കഴിയുന്നതല്ല. പക്വതയിലേയ്ക്ക് കടക്കുവാൻ കുറുക്കുവഴികൾ ഒന്നും തന്നെയില്ല. ദൈവീകപദ്ധതിയിൽ വളരുന്നതു വിട്ട് പെട്ടെന്ന് വളർന്ന് ദൈവീക പാതവിട്ട് അറിയപ്പെടുന്ന ആത്മീയ വീരന്മാരായാൽ പെട്ടന്ന് അപകടത്തിൽ പെടും. എല്ലാവരും ആത്മീയരും ആയിരിക്കാം. എന്തായാലും ഇതിന് സമയം ധാരാളം ആവശ്യമാണ് (പൂർണ്ണമായിട്ടുള്ള ദൈവീക ആശ്രയത്താൽ മാത്രമേ ഇതിന് കഴിയൂ). ഇതു കൂടാതെ മറ്റ് മാർഗ്ഗമില്ല.

b. ആത്മ നിറവിന്റെ രഹസ്യം

യോഹന്നാൻ 3:8-ൽ യേശു തന്നെ പറഞ്ഞു ആത്മാവിന്റെ പ്രവർത്തനം ആർക്കും അറിയില്ല. കാറ്റുപോലെയാണ്. അതുകൊണ്ട് ചിലപ്രത്യേക സാഹചര്യങ്ങളിൽ ആത്മാവിന്റെ പ്രവർത്തനം പൂർണ്ണമായി മനസ്സിലാകാത്തതിൽ അത്ഭുതപ്പെടെണ്ടതില്ല. ആത്മനിറവ് എന്ന ഈ ഭാഗത്ത് എല്ലാറ്റിന്റെയും പൂർണ്ണമായ ഉത്തരം ലഭിച്ചു എന്നു വരികയില്ല. ചില പ്രത്യേക വിഷയങ്ങൾ ദൈവവചനം പൂർണ്ണമായി വെളിപ്പെടുത്തിയിട്ടില്ലയെന്ന് മനസ്സിലാക്കു ന്നത് നല്ലതാണ്. ഇത് മനസ്സിലാക്കിയാൽ ബൈബിളിലെ പ്രധാന ഉപദേശങ്ങളും അപ്രധാന വിഷയങ്ങളും തമ്മിൽ വേർതിരിക്കുവാൻ കഴിയും. നമ്മുടെ നിഗമനങ്ങൾ എല്ലാം ശരിയാകണമെന്നില്ല മറിച്ച് ദൈവവചനം പറയുന്നത് ശ്രദ്ധിക്കണം. വേദപുസ്തകം ശാന്തമായിരിക്കുന്ന/ പ്രതിപാദിക്കാത്ത വിഷയത്തിൽ ഘോരമായി ചർച്ചകൾ നടത്തുന്നതിൽ യാതൊരു വിശേഷവുമില്ല. വേദപുസ്തകം ശാന്തമായ വിഷയത്തിൽ നമ്മളും ശാന്തമായിരിക്കണം.

'ആത്മ നിറവ്' എന്ന വിഷയത്തെപ്പറ്റി വിവിധ ചോദ്യങ്ങൾ ഉയർന്നു വരും. ചില വിശ്വാസികൾക്ക് കൂടുതൽ ആത്മാവിനെ പ്രാപിപ്പാൻ കഴിയുമോ? ചിലർക്ക് മറ്റുള്ള എല്ലാവരിലും ഉപരിയായി ആത്മാവിനെ പ്രാപിപ്പാൻ കഴിയുമോ? ഈ പഠനം ഈ വക ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം അറിയില്ല എന്ന് ബോധ്യപ്പെടുത്തും. എന്നാൽ ഈ പഠനത്തെപ്പറ്റി നാം അറിവില്ലാത്തവരായാൽ അനേക അപകടത്തിൽപ്പെടാനും തെറ്റായ പഠിപ്പിക്കലുകളിലേയ്ക്ക് വഴുതിപ്പോകാനും കാരണമാകും.

ആത്മനിറവിനായി എന്ത് ചെയ്യണമെന്നും ആത്മ നിറവിൻ ജീവിതം മൂലം സാധിക്കുന്ന ഫലങ്ങൾ എന്തെല്ലാമാണെന്നും നാം അറിഞ്ഞിരിക്കണം. അങ്ങനെ ക്രിസ്ത്യാനിയുടെ ഉത്തരവാദിത്വവും പ്രതീക്ഷയും എന്താണെന്ന് വെളിപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ ആത്മാവ് രഹസ്യമായി ചെയ്യുന്ന കാര്യങ്ങളുമായി അല്പം പ്രായോഗിക വ്യത്യാസം ഈ കാര്യത്തിൽ ഉണ്ടാകും. അങ്ങനെയുള്ള പ്രവൃത്തികൾ ഒരു വിധത്തിലും നമുക്ക് ഇന്ദ്രിയഗോചരണങ്ങളായിരിക്കയില്ല. ആത്മാവിനെ കൂടുതലായി പ്രാപിക്കുവാൻ അന്വേഷിച്ച് നടക്കുവാനോ അപേക്ഷിക്കുവാനോ വേദപുസ്തകത്തിൽ കല്പനയില്ല. നമ്മുടെ ഉത്തരവാദിത്വം എന്നത് നമ്മുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാതിരുക്കുക, നാം ദൈവാത്മാവിന്റെ പാതയിൽ നടക്കുക

എന്നതുമാത്രം. പരിശുദ്ധാത്മാവിന്റെ ശക്തി ലഭിപ്പാനായി നമ്മുടെ ശക്തി ബലഹീനമാക്കുന്നതിൽ ഒരു കാര്യവുമില്ല. നമ്മുടെ ഉത്തരവാദിത്വങ്ങൾ നാം മനസ്സിലാക്കുക. പരിശുദ്ധാത്മാവ് ചെയ്യേണ്ട കാര്യങ്ങൾ നമ്മുടെ ഉത്തരവാദിത്വമല്ല. പരിശുദ്ധാത്മാവിനെ കൂടുതലായി പ്രാപിക്കുവാൻ കഴിയുമോ ഇല്ലയോ എന്നുള്ളത് നമുക്ക് അറിയില്ല. നമ്മുടെ അദ്ധ്വാനംകൊണ്ട് പ്രത്യക്ഷമായി ഒരു മാറ്റവും ഉണ്ടാക്കുവാൻ കഴികയില്ല എന്നുള്ളതാണ് ക്രിസ്തീയകാഴ്ചപ്പാട്. ആത്മനിറവ് എന്നത് ആത്മാവിനെ കൂടുതലായി പ്രാപിക്കുക എന്നതിലുപരി നമ്മുടെ പ്രവൃത്തിയും അതിന്റെ അനന്തരഫലവും ഒന്നുതന്നെയാണ്.

പരിശുദ്ധാത്മാവിനെക്കുറിച്ചും നമ്മുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും ദൈവം നമുക്ക് വെളിപ്പെടുത്തിതന്നിരിക്കുന്നത് അംഗീകരിക്കാത്തവർ പരിശുദ്ധാത്മാവിനെ കൂടുതലായി പ്രാപിക്കുവാനുള്ള ശ്രമത്തിൽ തെറ്റായ ഉപദേശത്തിലേക്ക് മാറിപ്പോകുവാൻ സാദ്ധ്യതയുണ്ട്. അങ്ങനെയുള്ള ഒരു ശ്രമവും ദൈവവചനത്തിൽ പരാമർശിച്ചിട്ടില്ല(ഇല്ലാത്ത കൽപനകളെക്കുറിച്ച് ഒന്നും പറയുന്നില്ല). അങ്ങനെയുള്ള പരിശ്രമങ്ങൾ ആത്മീയ പക്വതയിലേക്ക് നീങ്ങുവാൻ വചനത്തിൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിൽനിന്ന് അകന്നു പോകുകയാണ് (അല്ലെങ്കിൽ വൃത്തത്തിലുള്ള കറക്കം മാത്രം).

അറിഞ്ഞിരിക്കുന്ന സത്യത്തിൽ സന്തോഷിക്കുകയും സംതൃപ്തിപ്പെടുകയും, ദൈവഹിതം ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നതാണ് ആത്മീയ പക്വതക്കുള്ള പ്രധാനമാർഗ്ഗം. (വ്യക്തമാക്കിയിരിക്കുന്ന ഉപദേശ സത്യങ്ങളെ നിരാകരിക്കുകയും നമുക്ക് നിയന്ത്രിക്കുവാനോ മനസ്സിലാക്കുവാനോ കഴിയാത്ത ദുർഗ്രാഹ്യമായ കാര്യങ്ങളിലുള്ള അനുമാനങ്ങളോ അല്ല.

1. പരിശുദ്ധാത്മാവിനെ കൂടുതൽ പ്രാപിക്കുന്നതിനെപ്പറ്റിയുള്ള അവ്യക്തയുടെ കാരണങ്ങൾ

വാക്യത്തിൽ പറഞ്ഞിരിക്കുന്ന 'നിറയുക', 'നിറവ്' അല്ലെങ്കിൽ 'പരിശുദ്ധാത്മാവിനാൽ നിറയുക' ഇവയെല്ലാം പൗലൂസിന്റെയും, ലൂക്കോസിന്റെയും എഴുത്തുകളിൽ മാത്രമാണ്. ഈ രണ്ട് എഴുത്തുകളിലും വ്യത്യാസം ഉണ്ടെന്ന് നാം അറിഞ്ഞിരിക്കണം. ഒന്നാമതായി 'നിറവു' എന്ന ഗ്രീക്കു പദം ഒരിക്കലും പൗലൂസ് എഫെസ്യർ 5:18-ൽ ഉപയോഗിച്ചിരിക്കുന്ന **അർത്ഥത്തിലല്ല** ലൂക്കോസിലും അപ്പൊസ്തൊല പ്രവൃത്തിയിലും ഉപയോഗിച്ചിരിക്കുന്നത്. രണ്ടാമതായി, ലൂക്കോസും, പൗലോസും രണ്ട് വ്യത്യസ്ഥങ്ങളായ നാമവിശേഷണ ങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ലൂക്കോസ് എഴുതുന്നത് "ആത്മാവ് കൊണ്ട് നിറയുക" (സംബന്ധിക വിഭക്തി കൂടാതെയുള്ള നാമവിശേഷണം) എന്നാൽ പൗലോസ് നിറയുക എന്നതിൽ 'ആത്മാ**വിൽ**, ആത്മാ**വോട്** ചേർന്ന്, ആത്മാ**വിനാൽ**" എന്നീ പ്രയോഗങ്ങൾ ഉപയോഗിക്കുന്നു. **ഈ വ്യത്യാസങ്ങൾ വെറുതെ ഒരു ഭാഷാ ശൈലിയോ അതോ ഈ വിഷയത്തിലെ** യഥാർത്ഥ വ്യത്യാസം ആണോ എന്നുള്ള വാദം അവസാനിക്കാത്തതുമാണ്. ഈ വിഷയത്തിൽ പല തെരഞ്ഞെടുപ്പുകളും ആകാം. നമുക്ക് ഉത്തരം അറിയാൻ സാദ്ധ്യതയില്ല എന്ന് കാണിക്കുകയാണ് ഈ വസ്തുതയുടെ ഉദ്ദേശ്യം എന്ന് ഓർക്കുക. അജ്ഞത വേഗത്തിൽ ഉറപ്പിക്കപ്പെടും.

2. ആത്മാവ്കൊണ്ട് നിറഞ്ഞു ലൂക്കോസിലും അപ്പൊസ്തൊല പ്രവൃത്തിയിലും

ലൂക്കോസ് ആത്മാവ്കൊണ്ട് നിറയപ്പെടുക എന്ന വിഷയം പല വേദഭാഗങ്ങളിലായി ഉപയോഗിച്ചിട്ടുണ്ട് (യോഹന്നാൻ സ്നാപകൻ - ലൂക്കോസ് - 1:15. എലിസബേത്ത്, ലൂക്കോസ് 1:41; സെഖര്യാവ്, ലൂക്കോസ് 1:67, പെന്തക്കൊസ്തു നാൾ, അപ്പൊസ്തൊല പ്രവൃത്തി 2:4, പത്രൊസ്, അപ്പൊസ്തൊല പ്രവൃത്തി 4:8; ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ, അപ്പൊ. 4:31; ശൗൽ, അപ്പൊസ്തൊലപ്രവൃത്തി 9:17; 13:9).[28] ഈ പ്രയോഗത്തിന് പല അർത്ഥങ്ങളുണ്ട്. കൂടാതെ എഫെ. 5:18-ൽ "ആത്മാവിനാൽ നിറയുക" എന്ന പൗലോസിന്റെ കല്പനയുമായുള്ള ബന്ധം പല നിലയിൽ മനസ്സിലാക്കുവാൻ കഴിയും. ഇതിന് പല വ്യാഖ്യാനങ്ങളുണ്ട്. ഏതാണ് പൂർണ്ണമായും ശരി എന്ന് തെളിയിക്കുവാൻ പ്രയാസമാണ്.

(a). ആത്മാവ് തന്നെ പൂർത്തീകരിക്കുന്ന ആത്മാവിനെക്കുറിച്ചാണ് ലൂക്കോസ് ''പരിശുദ്ധാത്മാവിനാൽ നിറയുക" എന്ന പ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്നത്. (ആത്മാവിനെ കൂടുതലായി പ്രാപിക്കുക എന്ന പരാമർശമല്ല) ആത്മാവ് നിറയുന്നു, എന്നാൽ വചനത്താൽ നിറക്കുന്നു. ശരിയായ അർത്ഥം ആത്മാവിനാൽ നിറയപ്പെടുക എന്നാണ്(എന്നാൽ എഴുതപ്പെട്ട വചനത്താൽ).

കൂടാതെ ഇത് എഫെ. 5:18- ലെ അതേ കല്പനയാണെന്ന് മനസ്സിലാക്കാം. അവിടെ വിശ്വാസികൾ ആത്മാവിനാൽ നിറയപ്പെടണമെന്ന് പൗലോസ് ആവശ്യപ്പെടുന്നു. ആത്മാവ് നിറയുന്നു, എന്നാൽ തന്നെക്കൊണ്ടല്ല. അവൻ ദൈവവചനത്താൽ നിറയ്ക്കുന്നു(കൊലൊ. 3:16 കാണുക) വിശ്വാസികൾ ഒരിക്കലും ആത്മാവിനെ കൂടുതലായി പ്രാപിക്കുന്നില്ല.

---

[28]"നിറവ്" എന്നത് നാമമായി ലൂക്കോസ് ഉപയോഗിച്ചിരിക്കുന്ന വേദഭാഗങ്ങൾ നോക്കുക: ലൂക്കോസ് 4:1 (ക്രിസ്തു), അപ്പൊസ്തൊല പ്രവൃത്തി 6:3,5; 7:55 (സ്തെഫാനൊസ്), 11:24 (ബർണബാസ്)

ഈ കാഴ്ചപ്പാട് കരിസ്മാറ്റിക് വിഭാഗത്തിൽ പെടാത്ത സഭാവിഭാഗങ്ങളിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഈ ആശയം പ്രതിരോധിക്കാവുന്നതാണ്, എന്നാൽ പൂർണ്ണമായി ഉറപ്പാക്കാവുന്നതല്ല.

(b) "ആത്മാവ്കൊണ്ട് നിറയുക" എന്ന ലൂക്കോസിന്റെ പ്രയോഗത്തോടുള്ള രണ്ടാമത്തെ സമീപനം. ലൂക്കോസിന്റെ ആത്മാവിൽ നിറയുക എന്ന പ്രയോഗവും പൗലോസിന്റെ എഴുത്തുകളിലെ ആത്മാവിൽ നിറയുക എന്ന പ്രയോഗവും വ്യത്യസ്തമാണെന്ന് കാണിക്കുകയും അത് അപ്പൊസ്തലിക കാലത്തേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നതും ആണ്. ഒരു പക്ഷെ ലൂക്കോസ് പരമാർശിക്കുന്നത് ആത്മാവിനെ കൂടുതലായി ലഭിക്കുന്നു എന്നാകാം. ''ആത്മാവ് കൊണ്ടു നിറയുക'' എന്ന പ്രയോഗത്തിൽ നിറക്കപ്പെടുന്ന ഘടകം ആത്മാവ് താൻ തന്നെയാണ്(ആത്മാവ് ഉൾക്കൊള്ളുന്ന നിറവ്).[29]

എന്തായാലും യോഹന്നാൻ സ്നാപകന്റെ കുടുംബവും ആരംഭകാല സഭയും പ്രത്യേക വിഷയമാണെന്ന് ഒരാൾക്ക് വാദിക്കുവാൻ കഴിയും. അവർ ആത്മാവിനെ കൂടുതലായി പ്രാപിച്ചു, എന്നാൽ അവരുടെ അനുഭവം ചരിത്രപരമായ സംഭവമായി രേഖപ്പെടുത്തിയിരിക്കുന്നു (നാം പിൻപറ്റുവാനുള്ള മാതൃകയായിട്ട് പറഞ്ഞിട്ടില്ല). അത് ഇന്നത്തെ ജീവിതവുമായി നേരിട്ട് ബന്ധപ്പെട്ടതല്ല. അപ്പൊസ്തലികകാലത്തിനു ശേഷം സംഭവിക്കാൻ സാധിക്കാത്തതുമാണ്. ചരിത്രപുസ്തകങ്ങളായ ലൂക്കോസും അപ്പോസ്തലപ്രവൃത്തികളും ചില ആളുകൾക്ക് പ്രത്യേകമായി അളവിൽ ആത്മാവിനെ പ്രാപിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു എന്ന് മാത്രം.[30] അതുപോലെയുള്ള അനുഭവങ്ങൾ പ്രാപിക്കണമെന്ന് യാതൊരു കൽപ്പനയുമില്ല.

ആത്മനിറവ് സംബന്ധമായ ഏക കല്പന എഫെ. 5:18 മാത്രമാണ്. അവിടെ പൗലോസ് ഒരു വ്യത്യസ്തമായ ക്രിയയും നാമവിശേഷണവും ഉപയോഗിച്ചിരിക്കുന്നു. ഇവിടെ കൂടുതൽ ആത്മാവിനെ പ്രാപിക്കുകയല്ല വചനത്തിലൂടെ പരിശുദ്ധാത്മാവിനാൽ നിറയുവാനാണ് ഓർപ്പിക്കുന്നത്. അങ്ങനെ ലൂക്കോസ് ചരിത്രപരമായ ഉദാഹരണങ്ങൾ നൽകുന്നു. എന്നാൽ ഇന്ന് അങ്ങനെ ജീവിക്കുവാനുള്ള യാതൊരു കൽപനയും തരുന്നില്ല. ഇന്ന് ആർക്കും ആത്മാവിനെ കൂടുതലായി പ്രാപിക്കുവാൻ കഴികയില്ല. എഫെ. 5:18 വ്യത്യസ്തമായ ഒരു അനുഭവത്തെ പരാമർശിക്കുന്നു.

(c) രണ്ടാമത്തെ കാഴ്ചപ്പാടുപോലെ മൂന്നാമത്തെ വ്യവസ്ഥയിൽ ലൂക്കോസിന്റെ പ്രയോഗവും (ആത്മാവ് കൊണ്ട് നിറയുക) പൗലോസിന്റെ പ്രയോഗവും (നിറഞ്ഞു-വ്യത്യസ്തമായ വാക്ക്) ആത്മാവിൽ, ആത്മാവിനാൽ, ആത്മാവോടു ചേർന്നു)തമ്മിലുള്ള വ്യത്യാസം കാണിക്കുന്നു. എങ്ങനെയായാലും രണ്ടാമത്തെ കാഴ്ചപ്പാടിൽ നിന്ന് വ്യത്യസ്തമായി ആത്മാവിനെ കൂടുതൽ അളവിൽ പകരുക എന്നത് അപ്പൊസ്തലിക കാലത്തേക്കു മാത്രം പരിമിതപ്പെടുത്തേണ്ടതില്ല എന്ന് സ്ഥാപിക്കുവാൻ കഴിയും.

വിശ്വാസികൾ ''ആത്മാവിനാൽ നിറയുവിൻ'' എന്ന് എഫെ. 5:18-ൽ കല്പനയുണ്ട് എന്നാൽ എഴുതപ്പെട്ട വചനത്താലാണ് ആത്മനിറവെന്ന് പരാമർശിക്കുന്നു. ആത്മനിറവ് സംബന്ധിച്ച ഏകകൽപനയാണിത്. എങ്ങനെയാണെങ്കിലും ഇന്ന് ദൈവത്തിന് തന്റെ പരമാധികാരത്തിൽ ഒരു വ്യക്തിക്ക് ആത്മാവിന്റെ ഒരു ഭാഗം കൂടെ പകരുവാൻ(ലൂക്കോസിന്റെ പ്രയോഗം) സാധിക്കും. ഇത് നാം അന്വേഷിക്കയോ അപേക്ഷിക്കയോ ചെയ്യേണ്ടതില്ല എന്നാൽ ദൈവം തന്നെ ചെയ്യുന്ന കാര്യമാണ്. ഒന്നും രണ്ടും കാഴ്ചപ്പാടു തമ്മിലുള്ള വ്യത്യാസം, പരിശുദ്ധാത്മാവിനെ കൂടുതലായി ലഭിക്കുന്നത് ആരംഭകാല സഭകൾക്കു മാത്രം പരിമിതപ്പെടുത്തിയിട്ടുള്ളതല്ല എന്നുള്ളതാണ്.

(d) അവസാനത്തെ കാഴ്ചപ്പാടിൽ "ആത്മാവുകൊണ്ടു നിറയുക" എന്ന ലൂക്കോസിന്റെ പ്രയോഗം "ആത്മാവിനാൽ നിറയുക" എന്ന പൗലോസിന്റെ പ്രയോഗവും ഒന്നു തന്നെയാണ് എന്ന് കരുതുന്നു. എങ്ങനെയായലും ഒന്നാമത്തെ കാഴ്ചപ്പാടിൽ നിന്നും വ്യത്യസ്തമായി രണ്ട് പ്രയോഗങ്ങളും ആത്മാവിനെ കൂടുതലായി പ്രാപിക്കുക എന്ന ആശയം ഉൾക്കൊള്ളുന്നു. എഫെ. 5:18-ൽ "ആത്മാവിനാൽ നിറയുക" എന്ന് കൽപ്പിക്കുന്നു. അവൻ നിറക്കുന്നു എന്നു മാത്രമല്ല, അവൻ തന്നെയാണ് നിറയപ്പെടുന്ന ഘടകവും. നമുക്ക് ആത്മാവിനെ കൂടുതലായി പ്രാപിക്കുവാൻ കഴിയും. ആത്മാവിനെ ഉയർന്ന നിലയിൽ പ്രാപിക്കുക എന്നത് അപ്പൊസ്തലികകാലത്തേക്ക് മാത്രം പരിമിതപ്പെടുത്തുന്നില്ല, ദൈവം തന്റെ പരമാധികാരത്തിൽ വളരെ കുറച്ചു പേർക്കുമാത്രം കൊടുക്കുന്നതുമല്ല. അവൻ എല്ലാവർക്കും ധാരാളമായി കൊടുക്കുവാൻ ആഗ്രഹിക്കുന്നു.

ഈ കാഴ്ചപ്പാട് കരിസ്മാറ്റിക് വിഭാഗത്തിൽ പെടാത്തവർ അംഗീകരിക്കുന്ന ദൈവശാസ്ത്രത്തിൽ നിന്നും അടിസ്ഥാനപരമായ വലിയ മാറ്റങ്ങളുണ്ട്. മേൽ പറഞ്ഞ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ ക്രിസ്തീയജീവിതത്തിൽ നാം നിലനിർത്തിപ്പോരുന്ന നിലവാരങ്ങളിൽനിന്ന് വ്യതിചലിക്കേണ്ട ആവശ്യം ഇല്ല. എഫെ. 5:18-ൽ കൂടുതലായി ആത്മാവിനെ പ്രാപിക്കണം എന്നു ആവശ്യപ്പെടുന്നുവെങ്കിൽ ആ നിലയിൽ പോകുവാനുള്ള വഴി മേൽ വിവരിച്ചതുപ്രകാരമാണ്. ഒരു

[29] ആത്മീയനിറവ്, അല്ലെങ്കിൽ അതിന്റെ ഉറവിടമോ, മാദ്ധ്യമമോ, പരാമർശമോ ആകാം.

[30] യോഹന്നാൻ 3:34-മായി താരതമ്യം ചെയ്യുക

വിശ്വാസിയുടെ ഉത്തരവാദിത്വം ദൈവവചനത്തിൽകൂടെ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുക എന്നുള്ളതാണ്. ഉത്തരവാദിത്വത്തിലോ അനന്തരഫലത്തിലോ യാതൊരു മാറ്റവുമില്ല. ആത്മാവിന്റെ അദൃശ്യമായ പ്രവർത്തനത്തിലും വിശ്വാസിക്ക് കൂടുതൽ ആത്മാവിനെ പ്രാപിക്കുവാൻ കഴിയുമോ എന്ന വിഷയത്തിലും ഉള്ള അനുമാനങ്ങളിൽ മാത്രമാണ് വ്യത്യാസം ഉള്ളത്.

3. എഫെ. 5:18-ന്റെ അർത്ഥം.

ലൂക്കോസിന്റെ "ആത്മാവ് കൊണ്ട് നിറയുക" എന്ന പ്രയോഗം പോലെ എഫെ. 5:18-നും വളരെയധികം അടിയന്തിര പ്രാധാന്യമുള്ള അർത്ഥങ്ങളുണ്ട്. ആത്മാവിനെ കൂടുതലായി പ്രാപിക്കുവാൻ കഴിയുമോ ഇല്ലയോ എന്ന് അറിയുവാൻ വളരെ ബുദ്ധിമുട്ടുണ്ട്. എങ്കിലും ക്രിസ്തീയജീവിതത്തിൽ അല്പമായ മാറ്റങ്ങൾ വരുത്തുവാൻ ഇതിന് കഴിയും.

(a) എഫെ. 5:18-ൽ പറയുന്നത് ആത്മാവിനാൽ നിറയുന്ന വിഷയമാണെന്നു പോലും ചില വ്യാഖ്യാതാക്കൾ ചിന്തിക്കുന്നില്ല. അവർ "ആത്മാവ്" എന്നത് മനുഷ്യാത്മാവായി ചിത്രീകരിക്കുകയും ഇത് ആത്മാവിൽ എന്ന് തർജ്ജമ ചെയ്യുകയും ചെയ്യുന്നു.

"വീഞ്ഞ് കുടിച്ച് മത്തരാകരുത്. അതിനാൽ ദുർനടപ്പ് ഉണ്ടാകുമല്ലോ. ആത്മാവിൽ നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും കീർത്തനം ചെയ്തും കൊണ്ടിരിപ്പിൻ".

"ആത്മാവ്" എന്ന വാക്ക് പരിശുദ്ധാത്മാവിനെയും മനുഷ്യാത്മാവിനെയും പരാമർശിക്കാം. മനുഷ്യാത്മാവിനുള്ള പരാമർശം താഴെപ്പറയുന്ന സാഹചര്യത്തിൽ വളരെയോജിക്കുന്നതാണ്. സന്തോഷിക്കുന്ന പ്രകൃതമുള്ള ഒരു മനുഷ്യാത്മാവിനെ ഉദ്ദേശിച്ച് പൗലോസ് പറയുന്നതായിരിക്കാം. കൂടാതെ കൊലൊ. 3:16-ൽ ഇതിന് സമാനമായ ഒരു പരാമർശം കാണുന്നു. "ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി നിങ്ങളിൽ വസിക്കട്ടെ" അതായത് മനുഷ്യാത്മാവിൽ. ആത്മാവിനോട് ചേർന്ന് 'ഇൽ' എന്ന പ്രയോഗം കാണാം. ആത്മാവിൽ സ്നാനപ്പെടുക എന്ന പ്രയോഗത്തിലേതുപോലെ തന്നെ. ഈ കാഴ്ചപ്പാടിനെ പിന്താങ്ങുവാൻ എഫെസ്യർ 5-ൽ പൗലോസ് പറയുന്നതും, ലൂക്കോസ് ഉപയോഗിക്കുന്ന പ്രയോഗം "ആത്മാവു കൊണ്ടു നിറയുക" തമ്മിലും വലിയ വ്യത്യാസം ഉണ്ടെന്ന് അവകാശപ്പെടുന്നു. ലൂക്കോസ് പരിശുദ്ധാത്മാ നിറവിനെക്കുറിച്ച് സംസാരിക്കുന്നു; എന്നാൽ പൗലോസ് എഫെ. 5:18-ൽ അത് പറയുന്നില്ല എന്നും അഭിപ്രായപ്പെടുന്നു. [31]

[31] നിറയുക എന്ന ആശയം. എഫെ. 3:19; ഫിലി. 1:11; കൊലൊ. 1:9-10

എഫെ. 5:18-ലെ ഈ അസാധാരണ നിർവ്വചനം ആത്മാവിനാൽ നിയന്ത്രിക്കപ്പെടേണ്ടതിന്റെ ആവശ്യകത തള്ളിക്കളയുന്നില്ല. ക്രിസ്തീയജീവിതം അതിൽ തന്നെ നിലനിൽക്കുന്നു. "ആത്മാവിനാൽ നിറയുക" "ദുഃഖിപ്പിക്കരുത്" "കെടുത്തരുത്" എന്നീ കല്പനകൾ കാണാം. എങ്ങനെയാണെങ്കിലും, ഇതിനെ ആത്മനിറവിന്റെ ഉപദേശമാണെന്ന് പറയുവാൻ വിമുഖത ഉണ്ടാകും.

എഫെ. 5:18-ന്റെ ഒന്നാമത്തെ കാഴ്ചപ്പാട് ന്യൂനപക്ഷ കാഴ്ചപ്പാടാണ്. ഇത് തെറ്റുകളുള്ളതാണെന്ന് പറഞ്ഞ് തള്ളിക്കളയാനാവില്ല. പാരമ്പര്യമായി നല്കപ്പെട്ടിരിക്കുന്നതിലും കൂടുതൽ അംഗീകാരം ഇത് അർഹിക്കുന്നു.

(b) ആത്മാവിൽ, ആത്മാവിനാൽ, ആത്മാവ്കൊണ്ട്.

എഫെ. 5:18-ൽ ഉപയോഗിച്ചിരിക്കുന്ന "ൽ" "നാൽ" "കൊണ്ട്" എന്നിവ ചേർത്ത് തർജ്ജമ ചെയ്യുവാൻ കഴിയും. ഓരോ തർജ്ജമയും ഒരു വിശ്വാസിക്ക് കൂടുതൽ ആത്മാവിനെ പ്രാപിക്കുവാൻ കഴിയുമോ എന്ന വിഷയത്തെ സ്വാധീനിക്കുവാൻ കഴിയും. ഏതായാലും വ്യാകരണത്തെ സംബന്ധമായും സാന്ദർഭികമായും ഒന്ന് മറ്റൊന്നിനുമേൽ യാതൊരു പരിഗണനയും നല്കുന്നില്ല. മുൻനിഗമനത്തിലുള്ള ദൈവശാസ്ത്രപ്രകാരം തർജ്ജമ ചെയ്യുകയും വ്യത്യസ്ത ആശയം ഉള്ളവരോട് അനുകമ്പയോടെ ഏർപ്പെടുകയും ചെയ്യുകയാണ് ഏക അവലംബം.

(i) ആത്മാവിനാൽ നിറയുക.

ഒരു വിശ്വാസിക്ക് കൂടുതൽ ആത്മാവിനെ പ്രാപിക്കുവാൻ ഒരിക്കലും കഴികയില്ല എന്ന് ചിന്തിക്കുന്നവർക്ക് അനുകൂലമായ തർജ്ജമ ആയിരിക്കും. വിശ്വാസികൾ "പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം" എന്നാൽ ദൈവവചനം കൊണ്ട് എന്ന് സമർത്ഥിക്കണം(കൊലൊ. 3:16). ആത്മാവ് നിറക്കുന്ന ഹേതു/ശക്തിയാണ് എന്നാൽ ഉള്ളടക്കം അല്ല എന്ന് മനസ്സിലാക്കണം.

എന്തായിരുന്നാലും ആത്മാവിനാൽ എന്ന തർജ്ജമയാൽ ആത്മാവിന്റെ വലിയൊരു പങ്കിനെ ഉപേക്ഷിക്കേണ്ട ആവശ്യമില്ല. ആത്മാവാണ് നിറക്കുന്നതെന്നും അവന്റെ ഉള്ളടക്കാത്താലാണ് നാം നിറയപ്പെട്ടിരിക്കുന്നത് എന്നും ഉള്ള രണ്ട് അർത്ഥത്തിലും വിശ്വാസികൾ തീർച്ചയായും ആത്മാവിനാൽ നിറയപ്പെട്ടവരാണ്. കൂടാതെ കൂടുതൽ ദൈവവചനം ഭക്ഷിക്കുമ്പോൾ/ധ്യാനിക്കുമ്പോൾ കൂടുതലായി പരിശുദ്ധാത്മാവിന്റെ വ്യക്തിത്വവും ചിന്തകളും ഉൾക്കൊള്ളുവാൻ കഴിയും. പരിശുദ്ധാത്മാവാണല്ലോ എഴുത്തുകാരൻ.

(ii) ആത്മാവുകൊണ്ട് നിറയുക.[32]

ഒരു വ്യക്തിക്ക് കൂടുതൽ ആത്മാവിനെ പ്രാപിക്കുവാൻ കഴിയും എന്ന് വിശ്വസിക്കുന്നവർ "ആത്മാവുകൊണ്ടു നിറയുവിൻ" എന്ന് തർജ്ജമ ചെയ്യുവാൻ ഇഷ്ടപ്പെടുന്നു. ആത്മാവാണ് നിറയുന്ന ശക്തി/ഹേതു. അവൻ നിറയുന്ന ഉള്ളടക്കവും ആയിരിക്കും.

(iii) ആത്മാവിൽ നിറയുക.

ആത്മാവിനെ മനുഷ്യാത്മാവായി പരാമർശിക്കുന്നവർക്ക് ഈ തർജ്ജമ ഇഷ്ടപ്പെടുന്നു. പരിശുദ്ധാത്മാവിനെ പരാമർശിക്കുന്നവർക്കും ഈ തർജ്ജമ അംഗീകരിക്കുവാൻ കഴിയും. ''പരിശുദ്ധാത്മാവിന്റെ മേഖലയിൽ നിറയുവിൻ" എന്ന് അർത്ഥമാക്കാം. "പരിശുദ്ധാത്മാവിന്റെ രാജ്യത്തിൽ നിറയുവിൻ" ഈ പ്രയോഗം "പരിശുദ്ധാത്മാവിൽ സ്നാനപ്പെടു''ന്നതുമായി ബന്ധപ്പെട്ട് തർജ്ജമ ചെയ്യാവുന്നതാണ്.

4. കൂടുതൽ ആത്മാവിനെ പ്രാപിക്കുന്നതിനെ സംബന്ധിച്ച് ഉപസംഹാരം.

വിശ്വാസികൾക്ക് പരിശുദ്ധാത്മാവിനെ കൂടുതലായി പ്രാപിക്കുവാൻ കഴിയുമോ എന്ന വിഷയം സംബന്ധിച്ച് എഴുത്തുകാരൻ നിഷ്പക്ഷ ചിന്താഗതിക്കാരനാണ്. ഇത് സംബന്ധിച്ച് തുറന്ന മനസ്സാണെങ്കിലും, ഇത് ഒരു അപ്രധാന വിഷയമാണെന്ന മനോഭാവമാണുള്ളത്. ഇത് പരിശുദ്ധാത്മാവിന്റെ ഉത്തരവാദിത്വമാണ്, നമ്മുടേതല്ല. എങ്ങനെയായിരുന്നാലും, മനുഷ്യന്റെ അനുഭവത്തിൽ യാതൊരു വ്യത്യാസവുമില്ല. പരിശുദ്ധാത്മാവിനോട് ബന്ധപ്പെട്ട് വിശ്വാസികൾ എന്ത് ചെയ്യേണമെന്ന് പറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മ നിറവുള്ള ജീവിതത്തിൽ ഉന്നതമായ ഫലം ദൈവവചനം വെളിപ്പെടുത്തുന്നു. ഈ പ്രക്രിയയിൽ കൂടുതൽ ആത്മാവിനെ ലഭിക്കുകയാണെങ്കിലും നാം അതിനെ സംബന്ധിച്ച് അറിവില്ലാത്തവരാണ്.[33] അതുപോലെ നമുക്ക് ആത്മാവിനെ കൂടുതലായി ലഭിച്ചില്ലെങ്കിലും അതിനെക്കുറിച്ച് നാം അറിയുന്നില്ല. രണ്ടു നിലയിലും നമ്മുടെ ഉത്തരവാദിത്വം തുല്യമാണ്. ആയതിൽ ആത്മാവിനെ കൂടുതലായി പ്രാപിക്കുവാനുള്ള പ്രാർത്ഥനയോ അന്വേഷണമോ തുടങ്ങിയ തെറ്റായ വഴികൾ അതിൽ ഉൾപ്പെടുന്നില്ല. അങ്ങനെയുള്ള കാര്യങ്ങൾ ആത്മീയ പക്വതയിലേക്കുള്ള വളർച്ചയ്ക്ക് തടസ്സമായിരിക്കും. നമുക്ക് ആത്മാവ് കൂടുതൽ ഉള്ള സമയങ്ങളും ഇല്ലാത്ത സമയങ്ങളും സംബന്ധിച്ച ദുർഗ്രാഹ്യമായ സ്ഥിതിയിലും ആത്മനിറവുള്ള ജീവിതത്തിന്റെ വിഭവങ്ങൾ ഒന്നുതന്നെയായിരിക്കും. ഒരു വിശ്വാസിക്ക് ലഭിച്ചിരിക്കുന്ന വിഭവങ്ങൾ/താലന്തുകൾ മറ്റൊരു വിശ്വാസിക്ക് ലഭിച്ചതിനേക്കാൾ വ്യത്യസ്തമായിരിക്കില്ല എന്നാൽ ചിലർ അത് കൂടുതൽ പ്രയോജനകരമായി ഉപയോഗിക്കുന്നു. അവസാനമായി ആത്മ നിറവിന്റെ ഫലങ്ങൾ ഒന്നുതന്നെയായിരിക്കും, ആത്മാവിനെ കൂടുതലായി പ്രാപിച്ചവരും അല്ലാത്തവരും എന്ന വ്യത്യാസമില്ലാതെ. വിശ്വാസികൾക്ക് ആത്മാവിനെ കൂടുതലായി പ്രാപിക്കുവാൻ കഴിയുമോ എന്നത് ക്രിസ്തീയ ജീവിതവുമായി താരതമ്യപ്പെടുത്തുമ്പോൾ സന്ദിഗ്ദ്ധമായ വിഷയമാണ്. ഈ അവസാന ഭാഗത്തുള്ള പ്രധാനവിഷയം ഇതാണ്. ഈ ധാരണക്ക് അനുകൂലമോ പ്രതികൂലമോ ആയ വ്യക്തമായ തെളിവില്ലാത്തതിനാൽ വിശ്വാസികളുടെ ചിന്തയിൽ വളരെ കുറഞ്ഞ പ്രാധാന്യം കൊടുത്താൽ മതിയാകും. ഇത് നമ്മുടെ ഉത്തരവാദിത്വത്തെയോ, ആത്മനിറവുള്ള ജീവിതത്തിന്റെ അനന്തരഫലത്തെയോ ബാധിക്കുന്നില്ല. കൂടുതൽ ആത്മാവിനെ പ്രാപിക്കുവാൻ അന്വേഷിക്കയോ അപേക്ഷിക്കയോ ചെയ്യുവാനുള്ള കല്പന തീർച്ചയായും ഇല്ല. വലിയ അളവിൽ ആത്മാവ് വന്നാലും ഇല്ലെങ്കിലും നമ്മുടെ ജീവിതം ഒന്നുതന്നെ. കൂടുതൽ ആത്മാവിനു വേണ്ടി ശ്രമിച്ച് നമ്മുടെ ശക്തി അതിനുവേണ്ടി കേന്ദ്രീകരിക്കുന്നതിനുള്ള അടിസ്ഥാനം വചനത്തിൽ ഇല്ലാത്തതിനാൽ അത് തെറ്റുമാണ്. ആത്മാവുമായി ബന്ധപ്പെട്ട് നാം എന്താണ് ശരിയായി ചെയ്യേണ്ടതെന്ന് ദൈവവചനം വ്യക്തമായി പഠിപ്പിക്കുന്നു. ഇതായിരിക്കണം നമ്മുടെ താല്പര്യം. ആത്മാവിനെ സംബന്ധിച്ച മർമ്മങ്ങൾ ആത്മാവിനു തന്നെ വിട്ടുകൊടുക്കേണ്ടതാണ്(ആവ. 29:29).

---

[32] See C.F.D, Moule, *An Idiom book of New Testament Greek* 2nd., (Cambridge University Press, 1959), p. 79. Here Moule teaches the preposition en can be a description meaning "consisting of."

[33] ആത്മാവിനെ ലഭിച്ചു എന്നതിന്റെ താരതമ്യത്തിൽ ഉണ്ടാകാവുന്ന എല്ലാ സ്വയാഭിമാനങ്ങളും നീക്കിക്കളയുവാൻ ദൈവം ആഗ്രഹിക്കുന്നു. ചില കാര്യങ്ങൾ മാത്രം അറിയാതിരിക്കുന്നതാണ് നല്ലത്.

അദ്ധ്യായം 10

ന്യൂമറ്റോളജി

പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ഉപദേശം

ഭാഗം 2
പരിശുദ്ധാത്മാവിന്റെ വരങ്ങൾ

രൂപരേഖ

I. ആമുഖം

II. അടയാളവരങ്ങളുടെ അവസാനം

A. അടയാളവരങ്ങളുടെ അവസാനത്തിന് വചനപരമായ സാദ്ധ്യത

1. ഒരു വരത്തിന്റെ അവസാനത്തിനുള്ള ദൃഷ്ടാന്തം
2. അപ്പൊസ്തലന്മാരുമായ ബന്ധപ്പെട്ട അടയാളങ്ങൾ
3. ഭാഷയും യിസ്രായേലും സംബന്ധമായ അടയാളങ്ങൾ
4. അത്ഭുതങ്ങളുടെ ആവർത്തനത്തിന് ബൈബിൾ മാതൃക.

B. അടയാളവരങ്ങൾ നിന്നുപോയതിന് ചരിത്രപരമായ ഉറപ്പ്

III. ഭാഷയുടെ സ്വഭാവം അഥവാ പ്രകൃതി

A. അന്യഭാഷകൾ യഥാർത്ഥ ഭാഷകൾ എന്ന നിലയിൽ

1. സെക്യൂലർ ഗ്രീക്ക്
2. അന്യഭാഷ പുതിയ നിയമ ഗ്രീക്കിൽ
   a. ഭാഷകൾ അപ്പൊസ്തല പ്രവൃത്തികളിൽ
   b. ഭാഷകൾ വെളിപ്പാടുപുസ്തകത്തിൽ
   c. ഭാഷകൾ 1 കൊരിന്ത്യരിൽ

B. അന്യഭാഷകൾ സംബന്ധിച്ച ആധുനിക അവകാശവാദങ്ങൾ

1. ആധുനിക അന്യഭാഷകളെക്കുറിച്ചുള്ള പഠനങ്ങൾ
2. വിജാതീയരുമായുള്ള സമാന്തരങ്ങൾ
3. വിജാതീയരുടെ അവ്യക്ത ജല്പനങ്ങളെക്കുറിച്ച് ബൈബിളിൽ
4. ഉപസംഹാരം

IV. അന്യഭാഷാ ഭാഷണത്തിൽ പാലിക്കേണ്ട ബൈബിൾ നിബന്ധനകൾ

A. സഭയിൽ അന്യഭാഷകൾക്ക് കുറഞ്ഞ മുൻതൂക്കം

B. വചനം പഠിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന ആത്മീയവർദ്ധനവിന് കൂടിയ പ്രാധാന്യം

C. എല്ലാവർക്കും ഭാഷാവരം ഉണ്ടായിരിക്കില്ല

D. വിശ്വാസികൾ ഭാഷാവരം ഉൾപ്പെടെയുള്ള മറ്റുവരങ്ങൾ തേടുന്നത് ബലഹീനമായ ചിന്തയാണ്

E. അന്യഭാഷയുടെ ഭക്തിപരമായ ഉപയോഗം പോലും കേവലം ബലഹീനമാണ്

F. അന്യഭാഷ അവിശ്വാസികൾക്ക് അടയാളമായിരിക്കണം

G. അന്യഭാഷക്കാർ പൂർണ്ണമായി സ്വയനിയന്ത്രണം ഉള്ളവരായിരിക്കണം

H. സഭയിൽ ബുദ്ധിപൂർവ്വമയ സംഭാഷണമേ അനുവദനീയമായിട്ടുള്ളു

I. ശുശ്രൂഷയിൽ അന്യഭാഷക്കാരുടെ എണ്ണം

J. ശുശ്രൂഷകൾ ക്രമീകൃതമായിരിക്കണം

K. അന്യഭാഷകളെ സംബന്ധിച്ച് വേദപുസ്തക നിബന്ധനകളുടെ സംഗ്രഹം

V. അത്ഭുത രോഗശാന്തിയെക്കുറിച്ച് ബൈബിൾ

A. രോഗശാന്തിയും സൗഖ്യമാക്കുന്നവരും

B. അടയാളവരങ്ങളും രോഗസൗഖ്യവും

C. കരിസ്മാറ്റിക്ക് അവകാശവാദങ്ങളും വേദപുസ്തക പഠിപ്പിക്കലുകളും

1. വീര്യപ്രവർത്തികൾ നടക്കുന്നതിലെ സമയവേഗത
2. രോഗങ്ങൾ സംബന്ധിച്ച് വേദപുസ്തക മാതൃകകൾ
3. കഷ്ടത അനുവദിക്കുന്നതിൽ ദൈവത്തിന്റെ പദ്ധതി
4. രോഗശാന്തിക്കുള്ള വേദപുസ്തകമാതൃകകൾ
   a. വിശ്വാസമില്ലാത്തവരെ സൗഖ്യമാക്കുന്നത്
   b. വേദപുസ്തകം വെളിപ്പെടുത്തുന്ന രോഗസൗഖ്യങ്ങളുടെ വിജയ ശതമാനം

c. പല സന്ദർഭങ്ങളിലും ദൂരമോ അകലമോ രോഗസൗഖ്യത്തിന് തടസ്സമല്ല

d. അപ്രതീക്ഷിതമായും സ്വമേധയായും പരസ്യമായും നിർവ്വഹിക്കുന്ന രോഗസൗഖ്യങ്ങൾ

5. സമ്പൂർണ്ണാരോഗ്യം ഭാവി വാഗ്ദത്തമെന്ന നിലയിൽ

6. രോഗസൗഖ്യം സംബന്ധിച്ച സംഗ്രഹം

VI. ഉപസംഹാരം, കാരിസ്മാറ്റിക്ക് പ്രസ്ഥാനങ്ങൾ

VII. ശരിയായ ആത്മീയവരങ്ങൾ

A. ആത്മീയവരം പ്രാപിച്ചവർ

B. ആത്മീയവരം പ്രാപിക്കുന്ന സമയം

C. ആത്മീയവരങ്ങളും സ്വഭാവിക കഴിവുകളും തമ്മിലുള്ള ബന്ധം

D. ആത്മീയവരങ്ങളുടെ ഉദ്ദേശം

E. കൃപാവരം തിരിച്ചറിയുന്നത്

1. സമർപ്പണവും മനസ്സുപുതുക്കലും

2. സുബോധവും വ്യക്തവുമായ ചിന്ത

F. കൃപാവരങ്ങളെക്കുറിച്ചുള്ള വിവിധ പഠിപ്പിക്കലുകൾ

1. കൃപവരങ്ങൾ വികസിപ്പിച്ചെടുക്കണം

2. കൃപാവരങ്ങളെ അവഗണിക്കാനിടയായേക്കാം

3. കൃപാവരങ്ങൾ ദുരുപയോഗം ചെയ്യപ്പെട്ടേക്കാം

4. കൃപാവരങ്ങൾ തിരിച്ചെടുക്കാനാവാത്തത്

G. കൃപാവരങ്ങൾക്ക് നിർവ്വചനം

1. റോമർ 12:6-8

a. പ്രവചനം

b. ശുശ്രൂഷ

c. ഉപദേശം

d. പ്രബോധനം

e. ദാനം

f. ഭരിക്കുക

g. കരുണ

2. എഫെസ്യർ 4:11-12

a. അപ്പൊസ്തലത്വം

b. പ്രവാചകൻ

c. സുവശേഷകൻ

d. ഇടയൻ/ഉപദേഷ്ടാവ്

3. 1 പത്രൊസ് 4:10-11

4. 1 കൊരിന്ത്യർ 12:8-10

a. ജ്ഞാനത്തിന്റെ വചനം

b. പരിജ്ഞാനത്തിന്റെ വചനം

c. വിശ്വാസം

d. രോഗശാന്തികൾ/വീര്യപ്രവർത്തികൾ

e. ആത്മാക്കളുടെ വിവേചനം

f. ഭാഷകളുടെ വ്യാഖ്യാനം

g. സഹായങ്ങൾ

h. പരിപാലനം

VIII. പരിശുദ്ധാത്മശാസ്ത്രത്തിന്റെ ഉപസംഹാരം

പരിശുദ്ധാത്മാവിന്റെ വരങ്ങൾ

I. ആമുഖം

വരങ്ങൾ നൽകുന്ന പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയെ സംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്. പരിശുദ്ധാത്മാവിന്റെ ഇപ്പോഴത്തെ പ്രവർത്തനത്തെക്കുറിച്ച് വളരെയധികം അഭിപ്രായവ്യത്യാസങ്ങൾ യാഥാസ്ഥിക ക്രിസ്ത്യാനികളുടെ മദ്ധ്യത്തിൽ നിലനിൽക്കുന്നു. കരിസ്മാറ്റിക്ക് പ്രസ്ഥാനത്തിന്റെ (അത്ഭുതവരങ്ങൾക്ക് പ്രാധാന്യം നൽകുന്ന വിഭാഗം) ആരംഭവും വളർച്ചയും, വരങ്ങളെക്കുറിച്ച് പൊതുവായി പഠിക്കുന്നതിന് മുമ്പ് അടയാളവരങ്ങൾ അവസാനിച്ചു എന്നുള്ള വിഷയം വിശദമായി പഠിക്കുവാൻ നിർബന്ധിക്കുന്നു. പല കരിസ്മാറ്റിക്ക് ഗ്രൂപ്പുകളും ക്രിസ്തുവിന്റെ വ്യക്തിത്വത്തിലും ക്രൂശിലെ തന്റെ വേലയിലും പൂർണ്ണമായി വിശ്വസിക്കുന്നു. എന്നാൽ ഇത് കരിസ്മാറ്റിക്ക് ചിന്താഗതികളും അല്ലാത്ത ചിന്താഗതികളും തമ്മിലുള്ള അന്തരം കുറയ്ക്കുന്നില്ല. രണ്ടു വിഭാഗക്കാരും ക്രിസ്തുവിലുള്ള യഥാർത്ഥ വിശ്വാസം അംഗീകരിക്കുന്നതിനാൽ അവരുടെ സാഹോദര്യബന്ധം അംഗീകരിക്കുവാൻ തക്കവണ്ണം മര്യാദയും മനോഭാവവും ഉള്ളവരായിരിക്കും. എങ്കിലും ദൈവശാസ്ത്രത്തിലും ക്രൈസ്തവ സഭാസംബന്ധമായ തത്വശാസ്ത്രത്തിലുമുള്ള ആഴമേറിയ വ്യത്യാസങ്ങൾ ഒന്നിച്ച് ആത്മാർത്ഥതയുള്ള തുടർച്ചയായ പ്രവർത്തനങ്ങൾക്ക് തടസ്സമായിത്തീരാറുണ്ട്. പരിശുദ്ധാത്മാശാസ്ത്രത്തിലെ ചില വിഷയങ്ങൾ വിശ്വാസത്തിന്റെ ചില അടിസ്ഥാനഘടകങ്ങളായി മനസ്സിലാക്കുവാൻ കഴിയും. ഇത് ക്രിസ്ത്യാനികളെ അവിശ്വാസികളിൽ നിന്ന് വേർതിരിക്കുവാൻ(മതഭ്യംശത്തിൽ എത്തിക്കുവാൻ) മുഖാന്തിരമാകുന്നു. കരിസ്മാറ്റിക്ക് ഗ്രൂപ്പും അല്ലാത്ത ഗ്രൂപ്പും തമ്മിലുള്ള അന്തരം അവരുടെ വിശ്വാസത്തിന് ആധാരമായിരിക്കുന്ന അതി പ്രാധാന്യമല്ലാത്ത ഉപദേശ വിഷയങ്ങളാണ്. യഥാർത്ഥത്തിൽ അടയാള വരങ്ങൾ

നിന്നുപോയി എന്നത് മറ്റുള്ള ഉപദേശവിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഒരു ചെറിയ അന്തരം മാത്രമാണ്. പരിശുദ്ധാത്മാവ് എല്ലാ വിശ്വാസികളിലും വസിക്കുന്നുവോ, അതോ ചിലരിൽ മാത്രമാണോ പരിശുദ്ധാത്മസ്നാനം പദവിയോ പ്രശ്നബാധിത അനുഭവമോ, ഒരു വ്യക്തി പരിശുദ്ധാത്മാവിനെ കൂടുതലായി പ്രാപിക്കുവാൻ പ്രാർത്ഥിക്കേണമോ, ഇപ്പോഴും സഭാ വെളിപ്പാടുകൾ ലഭിക്കുന്ന അപ്പോസ്തലന്മാരും പ്രവാചകന്മാരും ഉണ്ടോ തുടങ്ങി പ്രാധാന്യമുള്ള വിഷങ്ങൾ ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരിസ്മാറ്റിക്ക് ഗ്രൂപ്പുകളെ ഈ വിഷയങ്ങൾ പലപ്പോഴും ചിന്താകുഴപ്പത്തിലാക്കാറുണ്ട്. ചില പ്രത്യേക വിഷയങ്ങളുടെ വ്യാഖ്യാനത്തിൽ അവരുടെ ന്യായവിധിയും ഉറപ്പാക്കാമോയെന്നുള്ള ചോദ്യവും ഉയർന്നു വരുന്നു(അനുഭവങ്ങളുടെ വ്യാഖ്യാനം പ്രസ്താവിക്കുന്നില്ല). കുറഞ്ഞത് കരിസ്മാറ്റിക് ഉപദേശങ്ങൾ ബൈബിളുമായി പരിശോധിക്കുവാൻ തടസമുണ്ടാകയില്ല, ഇത് പരിശുദ്ധാത്മശാസ്ത്രം സംബന്ധിച്ച് ഉന്നതമേഖലകളിൽ പല തെറ്റുകളും വരുത്തിയിട്ടുണ്ടെങ്കിലും വചനത്തിന്റെ അടിസ്ഥാനമില്ലാതെ കരിസ്മാറ്റിക്കുകാർ പ്രസ്താവിക്കുന്ന ഓരോ ആശയങ്ങളും നാം അംഗീകരിക്കേണ്ട ആവശ്യമില്ല. വിശ്വാസികൾക്ക് അനുഭവങ്ങളെ ചോദ്യം ചെയ്യുവാൻ അവകാശമുണ്ട് കാരണം അനുഭവത്തിന്റെ ആരംഭം മാനുഷികമോ പൈശാചികമോ ആകാം. മാത്രമല്ല സത്യത്തിന്റെയും വചനത്തിന്റെയും അടിസ്ഥാനത്തിൽ ഇത് പരിശോധിച്ച് വസ്തുത വെളിപ്പെടുത്താനുള്ള ചുമതലയും ക്രിസ്ത്യാനികൾക്കുണ്ട്.

> ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ! അവർ ഈ വാക്കു പോലെ പറയുന്നില്ലായെങ്കിൽ -അവർക്കു അരുണോദയം ഉണ്ടാകുകയില്ല (യെശ. 8:20).
>
> അവർ തെസ്സലോനിക്കയിലുള്ളവരെക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈകൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്ന് ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു (അപ്പൊ. 17:11).
>
> സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ(1 തെസ്സ. 5:21).
>
> പ്രിയമുള്ളവരെ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോധന ചെയ്വിൻ(1 യോഹ. 4:1).

കരിസ്മാറ്റിക്ക് ഗ്രൂപ്പ്കാരും അല്ലാത്തവരും തമ്മിലുള്ള അഭിപ്രായ വ്യത്യാസം ഉള്ള മേഖലകളെക്കുറിച്ച് നേരത്തെ പഠിപ്പിച്ചിട്ടുള്ളതിനാൽ ഇവിടെ വരങ്ങളുടെ മേഖലകൾക്ക് മാത്രം ഊന്നൽ നൽകി പഠിക്കാം.

II. അടയാളങ്ങളുടെ അവസാനം

A. അടയാളവരങ്ങളുടെ അവസാനത്തിന് വചനത്തിന്റെ സാദ്ധ്യത

വചന പ്രബോധനവും ക്രിസ്തുവിന്റെ ദൈവത്വവും പരിഗണിക്കുമ്പോൾ അടയാളവരങ്ങൾ നിന്നുപോയി എന്ന വാദം ഒരു ഇരുമ്പ് കവചമാണെന്ന് ചിന്തിക്കേണ്ട ആവശ്യമില്ല. എന്തായിരുന്നാലും അപ്പോസ്തലികകാലത്തിന്റെ അവസാനത്തോടെ അടയാളവരങ്ങൾ അവസാനിച്ചു എന്ന നിഗമനത്തിൽ എത്തുവാൻ വചനത്തിലെ തെളിവുകൾ നമ്മെ സഹായിക്കുന്നു. അപ്പോസ്തലന്മാരോടുകൂടെ അടയാളവരങ്ങൾ അവസാനിച്ചിട്ടില്ലെങ്കിൽ ഈ കാലത്തെക്കുറിച്ചുള്ള ബൈബിളിന്റെ ചിത്രീകരണം നമ്മെ ചിന്താക്കുഴപ്പത്തിലേക്ക് നയിക്കുന്നതാണ്. അടയാളവരങ്ങൾ അപ്പോസ്തലന്മാരുടെ കാലഘട്ടത്തോടെ അവസാനിക്കും എന്ന് ബൈബിളിൽ വ്യക്തമായി പഠിപ്പിച്ചിട്ടുമില്ല എന്നതിനാൽ അടയാളവരങ്ങൾ നിന്നുപോകും എന്ന ആശയം ബൈബിളിൽ നിന്ന് യുക്തിപരമായി ഒഴിവാക്കുവാൻ കഴിയും. എന്നാൽ ബൈബിളിൽ തരുന്ന തെളിവുകൾ അനുസരിച്ച് അടയാളവരങ്ങൾ അപ്പോസ്തലിക കാലഘട്ടത്തോടുകൂടെ അവസാനിക്കും എന്ന് തന്നെയാണ് ഓർപ്പിക്കുന്നത്. ചില വരങ്ങൾ അവസാനിച്ചു എന്ന ചരിത്രവസ്തുത, ഇത് ശരിയായ വസ്തുതയാണെന്ന ഈ ചിന്താഗതിയെ പിൻതാങ്ങുന്നു.

1. ഒരു വരത്തിന്റെ അവസാനത്തിനുള്ള ദൃഷ്ടാന്തം

അപ്പോസ്തലത്വത്തിനുള്ള വരം അവസാനിച്ചു എന്ന ആശയത്തെ എതിർക്കുവാൻ ബുദ്ധിമുട്ടാണ്. അപ്പോസ്തലത്വത്തിന്റെ ഒരു യോഗ്യത ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ട് സാക്ഷിയായിരിക്കണം എന്നതാണ്. അപ്പോ. 1:21–22 വരെയുള്ള വാക്യങ്ങളിൽ ഒരു വ്യക്തി അപ്പോസ്തലനാകുവാനുള്ള യോഗ്യതയും ഇസ്കയോത്ത് യൂദയ്ക്ക് പകരം മറ്റൊരു വ്യക്തിയെ തെരഞ്ഞെടുക്കുന്നതും പരാമർശിക്കുന്നു.

> ആകയാൽ കർത്താവായ യേശു യോഹന്നാന്റെ സ്നാനം മുതൽ നമ്മെ വിട്ട് ആരോഹണം ചെയ്ത നാൾ വരെ നമ്മുടെ ഇടയിൽ സഞ്ചരിച്ചു പോന്ന കാലത്തെല്ലാം ഞങ്ങളോടുകൂടെ നടന്ന പുരുഷന്മാരിൽ ഒരുത്തൻ **ഞങ്ങളോടുകൂടെ അവന്റെ പുനരുത്ഥാനത്തിൻ സാക്ഷ്യയായി** തീരേണം. അങ്ങനെ അവർ യൂസ്തൊസ് എന്നു മറുപേരുള്ള ബർശബാ എന്ന യോസേഫ്,

> മത്ഥിയാസ് എന്നീ രണ്ട് പേരെ നിർത്തി: സകല ഹൃദയങ്ങളെയും അറിയുന്ന കർത്താവേ, തന്റെ സ്ഥലത്തേക്ക് പോകേണ്ടതിന് യൂദാ ഒഴിഞ്ഞു പോയ ഈ ശുശ്രൂഷയുടെയും അപ്പോസ്തലത്വത്തിന്റെയും സ്ഥാനം ലഭിക്കേണ്ടതിന് ഈ ഇരുവരിൽ ഏവനെ നീ തിരഞ്ഞെടുത്തിരിക്കുന്നു എന്ന് കാണിച്ച് തരേണമെ എന്ന് പ്രാർത്ഥിച്ച് അവരുടെ പേർക്ക് ചീട്ടിട്ടു (അപ്പോ. 1:21-25).
>
> .... ഞാൻ **അപ്പോസ്തലൻ** അല്ലയോ? നമ്മുടെ കർത്താവായ **യേശുവിനെ** ഞാൻ **കണ്ടിട്ടില്ലയോ?** .....(1 കൊരി. 9:1).

1 കൊരി 15:1-10 വരെ വാക്യങ്ങളിൽ പൗലോസ് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യക്ഷത വിവരിക്കുന്നു. 8-ാം വാക്യത്തിൽ എല്ലാവർക്കും ഒടുവിൽ തനിക്കു ലഭിച്ച ഉയിർപ്പിന്റെ പ്രത്യക്ഷതയും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ട സമയം അസാധാരണവും വളരെ താമസിച്ചാണെന്നും ഓർപ്പിക്കുന്നു. അസാധാരണമായി വളരെ താമസിച്ചാണ് പൗലോസ് കർത്താവിനെ കണ്ടത്. 9-ാം വാക്യത്തിൽ പെട്ടെന്ന് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ട സാക്ഷ്യവും അപ്പോസ്തലത്വവും തമ്മിൽ ബന്ധിപ്പിക്കുന്നു.

> **എല്ലാവർക്കും ഒടുവിൽ** അകാലപ്രജ പോലെയുള്ള എനിക്കും പ്രത്യക്ഷനായി; ഞാൻ **അപ്പോസ്തലന്മാരിൽ** ഏറ്റവും ചെറിയവനല്ലോ; ദൈവസഭയെ ഉപദ്രവിച്ചതിനാൽ അപ്പോസ്തലൻ എന്ന പേരിന് യോഗ്യനുമല്ല (1 കൊരി. 15:8-9).

ഇന്ന് ജീവിച്ചിരിക്കുന്നവർ ആരും തന്നെ തന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ കാലഘട്ടത്തിൽ ജീവിച്ചിട്ടില്ലാത്തവരും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടിട്ടില്ലാത്തവരും ആകയാൽ അപ്പോസ്തലന്മാരായി ആരും തന്നെ ഇല്ല. വചനത്തോട് കൂട്ടിച്ചേർക്കുവാൻ ഉള്ള അധികാരത്തെ പൂർണ്ണമായി ഇല്ലായ്മ ചെയ്യുന്ന പ്രധാനപ്പെട്ട ഒരു വസ്തുതയാണിത്. പുതിയനിയമത്തിന്റെ ഒരു ഭാഗമാകുവാനുള്ള എഴുത്തുകൾ അപ്പോസ്തലികം ആയിരിക്കണം(അപ്പോസ്തലന്മാർ എഴുതിയതോ, അപ്പോസ്തലന്മാരുടെ നിരീക്ഷണത്തിൽ എഴുതിയതോ), അപ്പോസ്തലന്മാരുടെ അഭാവം വചനത്തിന്റെ കാനോനികത്വം പൂർണ്ണമായി അവസാനിപ്പിച്ചു എന്ന് ഉറപ്പിക്കുന്നു.

എഫെ. 2:20-ൽ അപ്പൊസ്തലിക വരം അവസാനിച്ചുവോ ഇല്ലയോ എന്നുള്ള വാദപ്രദിവാദങ്ങൾക്കും പൂർണ്ണമായി വിരാമം കുറിയ്ക്കുന്നു. ഇവിടെ അപ്പോസ്തലന്മാരെ സഭയുടെ അടിസ്ഥാന പണിയുടെ കാലഘട്ടത്തിൽ മാത്രം കാണുന്നു.

> ക്രിസ്തു യേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു (എഫെ. 2:20).

വരം അവസാനിക്കുന്നു എന്ന ആശയം വചന വിരുദ്ധമല്ല. അപ്പോസ്തലത്വവും അവസാനിച്ചു മറ്റുവരങ്ങളും അവസാനിച്ചു(അപ്പോസ്തലന്മാരുമായി ബന്ധപ്പെട്ടവ) എന്നുള്ള ആശയം തള്ളിക്കളയുവാൻ വ്യാഖ്യാതാക്കൾക്ക് ഇടയാകരുത്.

2. അപ്പോസ്തലന്മാരുമായി ബന്ധപ്പെട്ട അടയാളവരങ്ങൾ

വചനം അടയാളവരങ്ങളെ(ഭാഷ, രോഗശാന്തി, അത്ഭുതങ്ങൾ തുടങ്ങിയവ) അപ്പോസ്തലന്മാരുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. അപ്പോസ്തലന്മാരല്ലാത്തവരായ സ്തെഫാനോസും(അപ്പോ. 6:8), ഫിലിപ്പോസും(അപ്പോ. 8:6) കൊരിന്തിലെ വിശ്വാസികൾപോലും അത്ഭുതങ്ങൾ ചെയ്തു. ഇത് ബൈബിൾ വെളിപ്പെടുന്ന അപ്പോസ്തലന്മാരും അടയാളവരങ്ങളും തമ്മിലുള്ള ശക്തമായ ബന്ധത്തെ ഇല്ലാതാക്കുന്നില്ല. അപ്പോസ്തലന്മാരല്ലാത്തവർ പ്രയോഗിച്ച ശക്തി, അപ്പോസ്തലത്വത്തിനായുള്ള ദൈവത്തിന്റെ അംഗീകാരത്തിനുള്ള ഉറപ്പിന്റെ ഭാഗമായി കാണുവാൻ കഴിയും. ഉദാഹരണത്തിന് പത്രോസ് മുഖാന്തിരവും പത്രോസിന്റെ നിയന്ത്രണത്തിൽ ശുശ്രൂഷ ചെയ്തവർ മുഖാന്തിരവും കർത്താവിങ്കലേക്ക് കടന്നു വന്നവർക്ക് വളരെ അത്ഭുതകരമായ വരങ്ങൾ ഉള്ളവരായിരുന്നു. ഈ വസ്തുത പത്രോസിനെ ദൈവം ഒരു അപ്പോസ്തലനാക്കി(പ്രത്യേക ദൗത്യമായി ദൈവത്താൽ അയയ്ക്കപ്പെട്ടവർ) എന്നതിനെ വെളിപ്പെടുത്തുന്നു. കൂടാതെ അപ്പോസ്തലന്മാരല്ലാത്തവർക്ക് അടയാളവരങ്ങൾ പ്രവർത്തിക്കുവാനുള്ള കഴിവ് മറ്റുള്ള അപ്പോസ്തലന്മാരാൽ നല്കപ്പെട്ടിരുന്നു എന്നു ചിന്തിക്കുവാൻ കഴിയും(റോമ. 1:11; 1 തിമൊ. 4:14; 2 തിമൊ. 1:6). അങ്ങനെയാണെങ്കിൽ അപ്പോസ്തലന്മാരല്ലാത്തവർ നിർവ്വഹിച്ച അടയാളവരങ്ങൾ ഒരു അപ്പോസ്തലന്റെ സ്ഥിരീകരണത്തിന് തുല്യമാണ്.

വളരെ വിശദീകരണം കൂടാതെ തന്നെ രണ്ട് സത്യങ്ങളും അംഗീകരിക്കുവാൻ കഴിയും. അപ്പോസ്തലന്മാരല്ലാത്തവർ അടയാളവരങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. എങ്കിലും അപ്പോസ്തലന്മാരെ അടയാളവരങ്ങളുമായി വചനം ബന്ധപ്പെടുത്തുന്നു എന്നത് സത്യമാണ്. ഒരു അപ്പോസ്തലന്റെ ലക്ഷണങ്ങളെ പൗലോസ് 2 കൊരി. 12:12-ൽ പരാമർശിക്കുന്നു.

> **അപ്പോസ്തലന്റെ ലക്ഷണങ്ങൾ** പൂർണ്ണസഹിഷ്ണതയിലും അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവർത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടു വന്നുവല്ലോ (2 കൊരി. 12:12).

അടയാളവരങ്ങൾ അപ്പോസ്തലത്വത്തിന്റെ അടയാളങ്ങളാണെങ്കിൽ, അവർ അപ്പോസ്തലിക കാലം മുഴുവനും

നിലനിന്നവരാണെന്ന് പ്രതീക്ഷിക്കുവാൻ സാദ്ധ്യമല്ല. മറിച്ച് അപ്പോസ്തലന്മാരല്ലാത്തവരും അപ്പോസ്തലന്മാരുമായി ബന്ധമില്ലാത്തവരുമായവരെ ബോധ്യപ്പെടുത്തുവാനായി അവരെ സേവിക്കുന്നവരുമാകാം (ഒന്നുകിൽ അപ്പോസ്തലന്മാർ നല്കിയ വരങ്ങളോ അപ്പോസ്തലന്മാരിലൂടെ രൂപാന്തരപ്പെട്ടവരോ അപ്പോസ്തലന്മാരുടെ വ്യക്തിപരമായ അധികാരത്തിൻ കീഴിൽ ശുശ്രൂഷിക്കുന്നവരോ). ഈ നിഗമനം യുക്തിപരമായി ശരിയാണെങ്കിലും ബൈബിൾ ഓർപ്പിക്കുന്നത്, അപ്പോസ്തലത്വം അവസാനിച്ചതോടുകൂടി അടയാളവരങ്ങളും അവസാനിച്ചു എന്നുള്ളതാണ്. എന്തുകൊണ്ടെന്നാൽ ഈ വരങ്ങളുടെ ഉദ്ദേശ്യം അപ്പോസ്തലന്മാരെ സ്ഥിരീകരിക്കുക എന്നുള്ളതായിരുന്നു(പ്രത്യക്ഷമായോ പരോക്ഷമായോ).

പുതിയനിയമത്തിൽ അടയാളവരങ്ങളെ അപ്പോസ്തലന്മാരുമായി ബന്ധപ്പെടുത്തിയിട്ടുള്ളത് പൗലോസ് മാത്രമല്ല. അടയാളവരങ്ങളും അപ്പോസ്തലന്മാരും തമ്മിൽ അപ്പോസ്തലപ്രവൃത്തികളിൽ അങ്ങോളമിങ്ങോളം ബന്ധപ്പെട്ടു കിടക്കുന്നു.

> എല്ലാവർക്കും ഭയമായി; **അപ്പോസ്തലന്മാരാൽ** ഏറിയ അത്ഭുതങ്ങളും **അടയാളങ്ങളും** നടന്നു (അപ്പോ. 2:43).
>
> **അപ്പോസ്തലന്മാരുടെ** കൈയ്യാൽ ജനത്തിന്റെ ഇടയിൽ പല **അടയാളങ്ങളും** അത്ഭുതങ്ങളും നടന്നു; അവർ എല്ലാവരും ഏകമനസ്സോടെ ശലോമോന്റെ മണ്ഡപത്തിൽ കൂടിവരിക പതിവായിരുന്നു(അപ്പോ. 5:12).
>
> എന്നാൽ അവർ വളരെകാലം അവിടെപാർത്തു; കർത്താവിൽ ആശ്രയിച്ച് പ്രാഗൽഭ്യത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു; അവൻ തന്റെ കൃപയുടെ വചനത്തിന് സാക്ഷി നിന്നു, അവരുടെ കൈയ്യാൽ **അടയാളങ്ങളും** അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നൽകി, എന്നാൽ പട്ടണത്തിലെ ജനസമൂഹം ഭിന്നിച്ച് ചിലർ യഹൂദന്മാരുടെ പക്ഷത്തിലും ചിലർ **അപ്പോസ് തലന്മാരുടെ** പക്ഷത്തിലും ആയി (അപ്പോ. 14:3-4).

തന്റെ അപ്പോസ്തലത്വത്തെ ഉറപ്പിച്ചുകൊണ്ട് പൗലോസ് തന്റെ അധികാരം റോമസഭകളുടെ മേൽ സ്വാധീനിക്കത്തക്ക നിലയിൽ തന്റെ കഴിവുകൾ അടയാളവരങ്ങളുടെ മേഖലയിൽ ഉപയോഗിച്ചു. (റോമ. 15:15-16; റോമ. 1:1-5; 11:13 കാണുക.

> ക്രിസ്തു ഞാൻ മുഖാന്തരം ജാതികളുടെ അനുസരണത്തിനായിട്ട് വചനത്താലും പ്രവർത്തിയാലും അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും ശക്തികൊണ്ടും പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടും പ്രവർത്തിച്ചത് അല്ലാതെ മറ്റൊന്നും മിണ്ടുവാൻ ഞാൻ തുനിയുകയില്ല. അങ്ങനെ ഞാൻ യരുശലേം മുതൽ ഇല്ലൂര്യ ദേശത്തോളം ചുറ്റി സഞ്ചരിച്ച് ക്രിസ്തുവിന്റെ സുവിശേഷ ഘോഷണം പൂരിപ്പിച്ചിരിക്കുന്നു (റോമ. 15:18-19).

അവസാനമായി കഴിഞ്ഞകാലങ്ങളിൽ അടയാള വരങ്ങളാൽ ദൈവത്തിന്റെ സ്ഥിരീകരണം എബ്രായ ലേഖനകാരൻ എടുത്തു കാണിക്കുന്നു.

> കർത്താവ് താൻ പറഞ്ഞുതുടങ്ങിയതും ദൈവം **അടയാളങ്ങളാലും** അത്ഭുതങ്ങളാലും വിവിധ വീര്യപ്രവർത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകികൊണ്ടും സാക്ഷി നിന്നതും **കേട്ടവർ നമുക്ക് ഉറപ്പിച്ചു** തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും (എബ്രാ. 2:3-4).

എബ്രായർ 2-ൽ പ്രവൃത്തി ഉറപ്പിക്കപ്പെട്ട സമയത്തു തന്നെ ദൈവം സാക്ഷി നിന്നു എന്ന് അർത്ഥമാക്കുന്നു. അങ്ങനെ ദൈവത്തിന്റെ ഉറപ്പും സാക്ഷി നിന്നതും ഭൂതകാലത്തിലാണ്. അങ്ങനെ കർത്താവ് ഉറപ്പിച്ചു തന്നതും സാക്ഷിനിന്നതും ഭൂതകാലത്തിലാണ്. എബ്രായലേഖന കർത്താവ് പറയുന്നത്, ഭൂതകാലത്തിൽ തന്നെ ക്രിസ്തുവിന്റെ ഭൗതികശുശ്രൂഷയിൽ(പഠനം) സാക്ഷികളായിരുന്നവരെ നമുക്കായി ഉറപ്പിച്ചു തന്നു. ദൈവം **ഭൂതകാല**ത്തിൽതന്നെ അവയ്ക്ക് അടയാളവരങ്ങൾ നൽകുകയും സാക്ഷിനിൽക്കുകയും ചെയ്തു.

കർത്താവിനെ വ്യക്തിപരമായി അറിഞ്ഞവർ ആരെന്ന് ഉറപ്പിക്കുകയാണ് ഈ അടയാളങ്ങളുടെ ഉദ്ദേശ്യം. ഈ ഭാഗം അപ്പോസ്തലന്മാരെ മാത്രം ഉൾപ്പെടുത്തുന്ന കൂട്ടമായി പരിമിതപ്പെടുത്തുന്നില്ല. കർത്താവിന്റെ വ്യക്തിപരമായ ഉപദേശത്തിൽകൂടെ പഠിച്ചവരും അടയാളങ്ങളിൽകൂടെ പരിശുദ്ധാത്മാവ് ഉറപ്പിച്ചുതന്നവരുമായ അടിസ്ഥാനകൂട്ടമാണ് അപ്പോസ്തലന്മാരെന്ന് തന്റെ വായനക്കാർ വിചാരിക്കുമെന്ന് മനസ്സിലാക്കിയാണ് എബ്രായലേഖനക്കാരൻ ഇതെഴുതുന്നത്. ഭൂതകാല ഉറപ്പാക്കൽശുശ്രൂഷയിൽ അപ്പോസ്തലന്മാർക്ക് എങ്കിലും പ്രാധാന്യം നൽകുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളൊക്കെ അപ്പോസ്തലന്മാരും അടയാളങ്ങളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. അപ്പോസ്തലന്മാർ കർത്താവിൽ നിന്ന് കേട്ടവരാണെന്നും പ്രത്യേകമായി എബ്രായലേഖനത്തിൽ നിന്ന് വ്യാഖ്യാതാവ് ചിന്തിക്കുവാൻ ഇടയാകുന്നു.

ഏത് നിലയിലും അടയാളങ്ങളാലുള്ള സ്ഥിരീകരണം ഒരു **ഭൂതകാല** അനുഭവമാണ്. അപ്പോസ്തലന്മാരായോ കർത്താവിന്റെ ഉപദേശത്തിന്റെ സാക്ഷികളായോ ഉള്ള

ആരുംതന്നെ ഇന്ന് നിൽനിൽക്കുന്നില്ല. അതുകൊണ്ട് സാധാരണനിലയിൽ ദൈവത്തിന്റെ വഴികൾ/പ്രവൃത്തികൾ അടയാളവരങ്ങളിലൂടെ ഇന്നും തുടരുന്നു എന്ന് വിശ്വസിക്കുവാൻ സാദ്ധ്യമല്ല.

അടയാളവരങ്ങൾ അപ്പോസ്തലന്മാരുമായി ബന്ധപ്പെടുത്തുന്നതിനെ തടയുന്ന ചെറിയ ന്യായീകരണങ്ങൾ ഉണ്ട്. കൂടാതെ അന്യഭാഷ(1കൊരി. 14:22) ഉൾപ്പെടെയുള്ള അടയാളവരങ്ങളുടെ ഉദ്ദേശ്യം അപ്പോസ്തലന്മാരെ സ്ഥിരീകരിക്കുക എന്നുള്ളതായിരുന്നു. അതുകൊണ്ട് അപ്പോസ്തലികവരം അവസാനിക്കുന്നതോടുകൂടെ അടയാളവരങ്ങളും അവസാനിച്ചു എന്ന് അനുമാനിക്കുന്നത് ന്യായമാണ്.

3. ഭാഷയും യിസ്രായേലും സംബന്ധമായ അടയാളങ്ങൾ

ഭാഷാവരം എന്ന അടയാളത്തിന് യഹൂദന്മാരുടെ ഇടയിൽ പ്രത്യേകമായ പ്രാധാന്യം ഉണ്ടായിരുന്നതായി 1 കൊരി. 19:21–22 വാക്യങ്ങളിൽ പൗലോസ് ഓർപ്പിക്കുന്നു.

> **"അന്യഭാഷകളാലും അന്യന്മാരുടെ അധരങ്ങളാലും** ഞാൻ ഈ ജനത്തോട് സംസാരിക്കും എങ്കിലും അവർ **എന്റെ വാക്ക് കേൽക്കയില്ലാ** എന്ന് കർത്താവ് അരുളിച്ചെയ്യുന്നു" എന്ന് ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നു. അതുകൊണ്ട് അന്യഭാഷകൾ അടയാളമായിരിക്കുന്നത് വിശ്വാസികൾക്കല്ല, അവിശ്വാസികൾക്കത്രെ; പ്രവചനമോ അവിശ്വാസികൾക്കല്ല, വിശ്വാസികൾക്ക് തന്നെ (1 കൊരി. 14:21–22).

21–ാം വാക്യം യെശ. 28:11 ലെ ഉദ്ധരണിയാണ്. യെശയ്യാവിന്റെ വാക്കുകളിൽ യിസ്രായേൽ ദൈവത്തെ അവരുടെ സ്വന്തം ഭാഷയിൽ(നാവ്) അനുസരിക്കാത്തതു നിമിത്തം അവർ അന്യരാജ്യത്തിന്റെ ശബ്ദം(ഭാഷ) കേൾക്കുവാൻ തക്കവണ്ണം വടക്കേദേശത്തുള്ള പത്ത് ഗോത്രങ്ങളെ ശത്രുരാജ്യമായ അശൂരിക്ക് ഏൽപ്പിച്ചുകൊടുത്തു. യെശയ്യാവിന്റെ കാലത്ത് അന്യഭാഷ എന്നത് യിസ്രായേലിനുള്ള ന്യായവിധിയുടെ അടയാളമായിരുന്നു.

പൗലോസ് നിവർത്തിക്കപ്പെട്ട പ്രവചനങ്ങളെ അധികമായി യെശയ്യാവിൽനിന്നും പരാമർശിക്കുന്നില്ലെങ്കിലും പല ഭാഗങ്ങളും വിശദീകരണങ്ങളായി ഓർപ്പിക്കുന്നു. പഴയകാലങ്ങളിൽ യിസ്രായേലിനോടുള്ള ദൈവത്തിന്റെ നീരസമായി അന്യഭാഷകളെ കാണാമായിരുന്നു. ഇതേ മാതൃക ആരംഭകാലസഭകളിലും ആവർത്തിച്ചിരുന്നു. പഠിച്ചിട്ടില്ലാത്ത വിദേശ(അന്യ)ഭാഷ സംസാരിക്കുവാനുള്ള കഴിവ് അപ്പോസ്തലന്മാരെ[34] ഉറപ്പാക്കുന്നതിനുള്ള അടയാളവരമായിരുന്നു എങ്കിലും അപ്പോസ്തലന്മാരുടെ സ്ഥിരീകരണത്തിനുള്ള അതേ പ്രക്രിയ തന്നെ യിസ്രായേലിനോടുള്ള അതൃപ്തിയും ന്യായവിധിയും വെളിപ്പെടുത്തുവാൻ ദൈവം ഉപയോഗിച്ചു. അടയാളവരങ്ങളുടെ രണ്ട് ഉദ്ദേശ്യവും പൂർണ്ണമാക്കുന്നവയായിരുന്നു. അപ്പോസ്തലന്മാരിൽകൂടെയും സഭയിൽകൂടെയും പ്രവർത്തിക്കുവാൻ ദൈവം ആരംഭിക്കുമ്പോൾ പുരോഹിതന്മാരിൽകൂടെയും യഹൂദമതത്തിൽകൂടെയും ഉള്ള ദൈവത്തിന്റെ പ്രവർത്തനം മാറ്റുകയായിരുന്നു. സഭയുടെ അടിസ്ഥാനഘടകമായി അപ്പോസ്തലന്മാരെ അടയാളങ്ങളിൽകൂടെ ഉറപ്പിക്കുമ്പോൾ അത് ആലയം/പൗരോഹിത്യത്തോടും ലേവ്യ ക്രമത്തോടുമുള്ള ന്യായവിധിയുടെ അടയാളങ്ങളായിരുന്നു. അത് നീക്കപ്പെട്ടത് ദൈവത്തിന്റെ ഈ ഭൂമിയിലെ പ്രവർത്തനങ്ങൾക്ക് മുഖാന്തിരമായി.

നാവ്(ഭാഷ) അവിശ്വാസികൾക്ക് ഒരു അടയാളമാണെന്ന് 1 കൊരി. 14:31–22 വരെ പഠിപ്പിക്കുന്നു. ഇത് യഹൂദന്മാർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതില്ല. യിസ്രായേലിന് പ്രത്യേകമായ അടയാളങ്ങളൊന്നും കൊടുക്കുന്നില്ലായെന്ന് ക്രിസ്തു ഓർപ്പിച്ചു.(മത്തായ്. 16:4, മർക്കൊ. 8:12). എന്നാൽ യിസ്രായേലിനേക്കാൾ വ്യത്യസ്തമായി അപ്പൊസ്തലന്മാർക്ക് അടയാളവരങ്ങൾ നല്കി അവരുടെ പദവിയെ സ്ഥിരീകരിച്ചു (റോമ. 15:19–20). എങ്ങനെയാണെങ്കിലും യഹൂദജനത്തെ അടിസ്ഥാനപരമായി "അവിശ്വാസികൾ" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അന്യഭാഷ എന്നത് അവിശ്വാസികൾക്ക് ഒരു അടയാളമായി പൗലോസ് പഠിപ്പിച്ചു. വിശ്വസിക്കുവാൻ വിസമ്മതിക്കുന്ന യഹൂദന്മാർക്ക് ഒരു അടയാളമായും ഇത് അനുഭവപ്പെട്ടു.(ഒഴിവാക്കുന്നത് യഹൂദന്മാർക്കുള്ള അടയാളമല്ല, ഊന്നിപ്പറയുന്നതിലൂടെയുള്ള അടയാളം). അടയാളവരങ്ങളും ഭാഷകളും അവിശ്വാസികളായ യെഹൂദന്മാർക്ക് യെശയ്യാവിന്റെ കാലഘട്ടത്തെപ്പോലെ ന്യായവിധിയുമായി ബന്ധപ്പെടുത്തി ചിന്തിക്കുവാൻ ഇടയാകേണ്ടതായിരുന്നു. ഈ അടയാളങ്ങൾ അപ്പോസ്തലന്മാരുടെ സ്ഥിരീകരണത്തിന് മുഖാന്തിരമാകുമ്പോൾ തന്നെ അത് അവിശ്വാസികളായ യഹൂദ മതത്തെ തള്ളിക്കളയുന്നതും വരുവാൻ പോകുന്ന ന്യായവിധികളെയും ഓർപ്പിക്കുന്നു. സഭയ്ക്ക് അടിസ്ഥാനമായിത്തീരുന്ന അപ്പോസ്തലന്മാരുടെ പ്രവർത്തികളെ ദൈവം അംഗീകരിച്ചു. ദൈവം യിസ്രായേലിനോട് കോപിക്കുകയും ചെയ്തു.

അടയാളവരങ്ങൾ അവസാനിക്കുന്ന കാര്യങ്ങളോടുള്ള ബന്ധത്തിൽ ഇത് എങ്ങനെ യോജിക്കും എന്ന് വായനക്കാർ അത്ഭുതപ്പെട്ടേക്കാം. ഭാഷാവരം അടയാളമായി കൊടുത്തതിന്റെ ഒരു ഉദ്ദേശ്യം ദൈവം യഹൂദമതത്തെ തള്ളിക്കളയുന്നു എന്ന് കാണിക്കുവാനാണ്. ഇങ്ങനെയൊരു അടയാളത്തിന് യാതൊരു ആവശ്യവും ഉണ്ടായിരുന്നില്ല. എ.ഡി 70–ൽ ജനറൽ റ്റൈറ്റഡിന്റെ നേതൃ

[34] 'നാവ്' എന്നതിന് ഭാഷ എന്ന നിലയിലുള്ള നിർവ്വചനം പേജ്. 276–278–ൽ തെളിയിച്ചിട്ടുണ്ട്.

ത്വത്തിലുള്ള റോമൻ സൈന്യം ദൈവാലയത്തെ പൂർണ്ണമായി നശിപ്പിച്ചു. വംശാവലിയുടെ ചുരുളുകൾ പൂർണ്ണമായി നശിപ്പിക്കപ്പെട്ടതുകൊണ്ട് അന്നു മുതൽ പൗരോഹിത്യം ഇല്ലാതെയായി. യാഗപീഠവും മൃഗങ്ങളെ യാഗം കഴിക്കലും നിന്നു പോയി. പഴയനിയമ മാതൃകക്കുശേഷമുള്ള യെഹൂദമതവും, സുവിശേഷത്തിന്റെയും ആരംഭസഭയുടെയും കാലത്തെ യഹൂദമതവും പൂർണ്ണമായി പ്രവർത്തനരഹിതമായി(എ.ഡി. 70 മുതൽ). ദൈവാലയം, പൗരോഹിത്യം, യാഗപീഠം, യാഗം എന്നിവയിൽകൂടെ ദൈവം ഒരിക്കലും പ്രവർത്തിക്കാതിരുന്നതിനാൽ അടയാളങ്ങളുടെ ആവശ്യം ഒരിക്കലും ഉണ്ടായിരുന്നില്ല. ആലയം, പൗരോഹിത്യം, യാഗം ഇവയെല്ലാം നിലനിൽക്കാതിരുന്നതിനാൽ ആ ഉദ്ദേശ്യത്തിൽ ഒരു അടയാളം ആവശ്യമായിരുന്നില്ല. ദൈവം ആ സംവിധാനത്തെ പൂർണ്ണമായ് ഉപേക്ഷിച്ചതുകൊണ്ട് ആ സംവിധാനം നിലവിലില്ലാതെയായി. ഭാഷാവരത്തിന്റെ ഭാഗികമായ ഒരു ഉദ്ദേശ്യം യിസ്രായേലിനോടുള്ള ദൈവത്തിന്റെ അതൃപ്തി കാണിക്കുക എന്നതായിരുന്നു. കൂടാതെ ദൈവം ദൈവാലയ സംവിധാനത്തിൽ കൂടെ ഇനിയും ഒരിക്കലും പ്രവർത്തിക്കയില്ല എന്നും ഓർപ്പിക്കുന്നു. അതുകൊണ്ട് ആലയ സംവിധാനം പ്രവർത്തനയോഗ്യമല്ലാത്തതിനാൽ ഭാഷാവരവും പ്രായോഗികതലത്തിലില്ലെന്ന് ഒരു വ്യക്തിക്ക് മനസ്സിലാക്കുവാൻ കഴിയും. ഈ വസ്തുത നേരെ തിരിച്ച് ചിന്തിച്ചാൽ ഭാഷാവരം അവസാനിച്ചു എന്ന് പ്രതീക്ഷിക്കുന്നത് ആലയവും ഇല്ലാതാകുമ്പോഴാണ്. ഇത് ബൈബിൾ പഠിപ്പിക്കുന്ന ന്യായമായ കണ്ടെത്തലാണ്. അടയാളവരങ്ങളുടെ അവസാനത്തെക്കുറിച്ചുള്ള ചർച്ച വളരെ പ്രാധാന്യം അർഹിക്കുന്ന വിഷയമല്ലെങ്കിലും അടയാളവരങ്ങൾ ക്രമമായി അവസാനിക്കുന്നു(ലേവ്യപൗരോഹിത്യത്തിന്റെ നാശത്തിനുശേഷം) എന്ന ആശയത്തെ ചരിത്രപരമായ വസ്തുതകൾ പിന്താങ്ങുന്നു.

4. അത്ഭുതങ്ങളുടെ ആവർത്തനത്തിന് ബൈബിൾ മാതൃക

അത്ഭുതങ്ങൾ സർവ്വസാധാരണമായ ഒരു കാലഘട്ടവും തുടർന്ന് അത്ഭുതങ്ങൾ വളരെ അപൂർവ്വമായ ഒരു കാലഘട്ടവും ഇടവിട്ട് വരുന്ന ഒരു മാതൃക ബൈബിൾ വെളിപ്പെടുത്തുന്നു. മോശ, ഏലിയാവ്, ഏലിശ, ക്രിസ്തു തുടർന്ന് അപ്പൊസ്തലന്മാർ എന്നീ കാലഘട്ടങ്ങളിൽ വർദ്ധിതമായ നിലയിൽ അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു.

അങ്ങനെയുള്ള കാലഘട്ടങ്ങളിൽ വളരെയധികം അത്ഭുതങ്ങൾ സംഭവിച്ചു. എങ്കിലും ഈ കാലഘട്ടങ്ങൾക്കിടയിലും അത്ഭുതങ്ങൾ സംഭവിച്ചിരുന്നു, എന്നാൽ അസാധാരണമായിരുന്നു. കൂടുതൽ ബൈബിൾ കാലഘട്ടങ്ങളിലും അത്ഭുതങ്ങൾ വളരെ കുറവായിരുന്നു. അത്ഭുതങ്ങൾ വളരെ ശക്തമായി സംഭവിച്ച കാലഘട്ടങ്ങളിൽപോലും ഭൂമിശാസ്ത്രപരമായി എല്ലായിടത്തും എല്ലാവർക്കും അത്ഭുതങ്ങൾ സംഭവിച്ചിരുന്നില്ല. ക്രിസ്തുവിന്റെ ഈ ഭൂമിയിലെ ശുശ്രൂഷയുടെ കാലഘട്ടത്തിൽപോലും ചൈന, ഇന്ത്യ, അറേബ്യൻ നാടുകൾ എന്നിവിടങ്ങളിൽ ലക്ഷക്കണക്കിന് രോഗികളായ ആളുകൾ കഷ്ടപ്പെട്ടു. ക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ എല്ലാ കാലഘട്ടങ്ങളിലും എല്ലായിടത്തുമുള്ള എല്ലാ മനുഷ്യരെയും സൗഖ്യമക്കുവാൻ ആഗ്രഹിച്ചിരുന്നില്ല.

> ഏലിയാവിന്റെ കാലത്ത് ആകാശം മൂവാണ്ടും ആറുമാസവും അടഞ്ഞിട്ട് ദേശത്ത് എങ്ങും മഹാക്ഷാമം ഉണ്ടായപ്പോൾ യിസ്രായേലിൽ പലവിധവമാർ ഉണ്ടായിരുന്നു എന്ന് ഞാൻ യഥാർത്ഥമായി നിങ്ങളോട് പറയുന്നു. എന്നാൽ സീദോനിലെ സരെപ്തയിൽ ഒരു വിധവയുടെ അടുക്കലേക്കല്ലാതെ അവരിൽ ആരുടെയും അടുക്കലേക്ക് ഏലിയാവിനെ അയച്ചില്ല. അവ്വണ്ണം എലീശാ പ്രവാചകന്റെ കാലത്ത് യിസ്രായേലിൽ പല കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. സുറിയക്കാരനായ നയമാൻ അല്ലാതെ അവരാരും ശുദ്ധമായില്ല എന്നും അവരോട് പറഞ്ഞു (ലൂക്കോ. 4:25-27).

അത്ഭുതങ്ങളും അടയാളങ്ങളും നിർവ്വഹിക്കുവാൻ ഇന്നും കഴിവുണ്ട് എന്ന് അവകാശപ്പെടുന്ന അനേകർ അത്ഭുതങ്ങളുടെ വ്യാപ്തിയിലും ആവർത്തനത്തിലും യഥാർത്ഥത്തിൽ ക്രിസ്തുവിനെ വെല്ലുവാൻ കഴിയും എന്നാണ് അവകാശപ്പെടുന്നത്. ബൈബിൾ പ്രതിപാദിക്കുന്ന മാതൃക അത്ഭുതങ്ങൾ എല്ലാ സ്ഥലത്തും എല്ലാ സമയത്തും ദൈവം ചെയ്യാൻ ആഗ്രഹിക്കുന്നില്ല എന്നുള്ളതാണ്. അതായത് അത്ഭുതങ്ങൾ സംഭവിക്കുവാൻ കഴിയും എന്നാൽ സാധാരണമായല്ല. ഇപ്പോൾ നമുക്കും പ്രതീക്ഷിക്കുവാൻ കഴിയുന്നത്. ബൈബിൾ ചരിത്രത്തിൽ ഭൂരിഭാഗത്തും പരാമർശിക്കുന്ന കാലഘട്ടം പോലെയാണ്.

B. അടയാളവരങ്ങൾ നിന്നു പോയതിന് ചരിത്രപരമായ ഉറപ്പ്

അപ്പൊസ്തലിക കാലഘട്ടത്തിന്റെ അവസാനമായി അടയാളവരങ്ങൾ നിന്നുപോകും എന്ന് ബൈബിൾ ഓർപ്പിക്കുന്നു. അത് നിന്നുപോയി എന്ന ചരിത്രവസ്തുത അപ്പോസ്തലിക കാലത്തിന്റെ അവസാനം സംഭവിച്ചു എന്ന് തെളിയിക്കുന്നു. അടയാളവരങ്ങൾ അപ്പോസ്തലിക കാലഘട്ടത്തോടെ നിന്നുപോകും എന്ന് ബൈബിൾ സൂചിപ്പിക്കുന്നു. വാസ്തവമായി അത് നിന്ന് പോയതിനാൽ ഈ വിഷയം സംബന്ധിച്ച് വചനം വ്യക്തമായും ശരിയായും വ്യാഖ്യാനിച്ചു എന്നുള്ള ഉറപ്പ് നമുക്കുണ്ടായിരിക്കും. അടയാളവരങ്ങളിൽ വിശ്വസിക്കാത്തവരെ

സംബന്ധിച്ച് ഇതിന്റെ തെളിവിനുവേണ്ടി വളരെ ഭാര പ്പെടുകയും അന്വേഷണം നടത്തുകയും ചെയ്തിരുന്നു. അത് നിന്നുപോയി എന്നത് ചരിത്രവസ്തുതയാണ്. അതുകൊണ്ട് 20-ാം നൂറ്റാണ്ടിലും[35] അടയാളവരങ്ങൾ ആരംഭിക്കും എന്നതിനുള്ള തെളിവുകൾ നൽകേണ്ടത് അങ്ങനെ വിശ്വസിക്കുന്നവരുടെ ഉത്തരവാദിത്വം ആണ്. രണ്ടാമതൊരു പെന്തക്കോസ്ത് അനുഭവം സഭാ യുഗത്തിൽ ഉണ്ടാകുമെന്ന് ബൈബിൾ പഠിപ്പിക്കു ന്നുവോ?

അടയാളവരങ്ങൾ മുഖാന്തിരമുള്ള ദൈവത്തിന്റെ പ്രവർത്തനം സഭാചരിതത്തിന്റെ കൂടുതൽ കാലഘട്ട ത്തിലും നിന്നുപോയി. അങ്ങനെയായിരുന്നില്ലെങ്കിൽ ഇന്ന് ഒരു ചർച്ചയും ആവശ്യമായിരുന്നില്ല. അടയാള വരങ്ങൾ നിന്നുപോയി എന്നത് വചനത്തിൽനിന്നുള്ള യുക്തിപരമായ കണ്ടെത്തലാണെങ്കിലും (പ്രത്യക്ഷമായ പഠിപ്പിക്കലല്ല) അവ നിന്നു പോയി എന്നത് ആരോഗ്യ കരമായ വിചിന്തനത്തിൽകൂടെയുള്ള നിഗമനമാണെന്ന് കാണിക്കുന്നു. അപ്പോസ്തലന്മാരോടുകൂടെ അടയാള വരങ്ങൾ നിന്നുപോകും എന്ന് ദൈവവചനം പഠിപ്പി ക്കുന്നു. ഇത് തീർച്ചയായും നിന്നുപോയതുകൊണ്ട് അത് വിശ്വാസിക്കുന്നവർ ഒരിക്കലും തെറ്റായി വ്യാഖ്യാനിക്കു ന്നവരല്ല.

അടയാളവരങ്ങൾ നിന്നുപോയി എന്ന് സഭാചരിത്രത്തിൽ നിന്നും വ്യക്തമായി ചൂണ്ടിക്കാണിക്കുവാൻ കഴിയും.[36] ക്രിസ്തുവിന്റെ വീണ്ടും വരവിനും ആയിരമാണ്ടു വാഴ്ചയ്ക്കും മുമ്പായി വീണ്ടും ഇങ്ങനെയൊരു കാല ഘട്ടം ആരംഭിക്കുമെന്ന് ബൈബിൾ അടിസ്ഥാനമാക്കി ചൂണ്ടിക്കാണിക്കുവാൻ കഴികയില്ല. കോൺസ്റ്റാൻഡിനോ പ്പിൾ സഭ പിതാവായ ക്രിസോസ്റ്റം(345-407) വിശ്വസിച്ചിരു ന്നത് അടയാളവരങ്ങൾ ഭൂതകാലസംഭവമാണെന്നാണ്. 1 കൊരി 12 നെക്കുറിച്ച് അദ്ദേഹം എഴുതുമ്പോൾ അടയാളവരങ്ങൾ നിന്നുപോയതുകൊണ്ട് ആ കാലഘട്ട ത്തിലുള്ള ജനങ്ങൾക്ക് ഈ ഭാഗം ഒരിക്കലും മനസ്സിലാ യിട്ടില്ല എന്നാണ്.

"എല്ലാ മേഖലകളും വളരെ അസ്പഷ്ടമാണ്. എന്നാൽ അസ്പഷ്ടത സംഭവിച്ചത് വസ്തുതതകളെക്കുറിച്ചുള്ള നമ്മുടെ അറിവില്ലായ്മയും അത് നിന്നുപോയതു മുഖാന്തിരവുമാണ്. അന്ന് പതിവായി സംഭവിച്ചിരുന്നതും ഇപ്പോൾ ഒരിക്കലും സംഭവിക്കാത്തതുമായവ. അത് എന്തുകൊണ്ട് ഇന്ന് സംഭവിക്കുന്നില്ല? ഇപ്പോൾ അത് പരിശോധിച്ചാൽ ഈ വ്യക്തമല്ലായ്മ മറ്റൊരു ചോദ്യവും കൂടെ ഉയിർത്തുന്നു. അന്ന് എന്തുകൊണ്ട് സംഭവിച്ചില്ല? എന്തുകൊണ്ട് ഇപ്പോൾ ഒരിക്കലും അങ്ങനെ സംഭവിക്കുന്നില്ല"? [37]

വടക്കേ ആഫ്രിക്കയിലെ ഹിപ്പോയുടെ ബിഷപ്പായിരുന്ന അഗസ്റ്റിൻ(AD 354-430). അടയാളവരങ്ങൾ കോൺസ്റ്റാന്റി നോപ്പിളിൽ മാത്രമല്ല ആഫ്രിക്കയിലും വ്യക്തമായി നിന്നു പോയിരുന്നു.

"ആദിമകാലങ്ങളിൽ പരിശുദ്ധാത്മാവ് വിശ്വസിക്കുന്ന വരുടെ മേൽഇറങ്ങിവന്നിരുന്നു. ആത്മാവ് ഉച്ചരിപ്പാൻ നൽകിയതുപോലെ പഠിച്ചിട്ടില്ലാത്ത അന്യഭാഷകളിൽ സംസാരിച്ചു. ഇത് ആ സമയങ്ങളിൽ നൽകപ്പെട്ടിരുന്ന അടയാളങ്ങളായിരുന്നു. ഇതിന്റെ ആനുകൂല്യം എന്തെന്നാൽ പരിശുദ്ധാത്മാവ് എല്ലാ ഭാഷകളിലും മുന്നറിയിപ്പ് നൽകുന്നു. ദൈവത്തിന്റെ സുവിശേഷം ലോകത്തിലുടനീളം എല്ലാ ഭാഷയിലും കടന്നു ചെല്ലണം. ഒരു മുന്നറിയിപ്പായി ഇത് സംഭവിച്ചു. പരിശു ദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള സാക്ഷ്യം ഈ അടയാളങ്ങളിൽ കൂടെ പഠിക്കുന്നില്ലെങ്കിൽ എന്തിനാ ലാണ് അത് ലഭിക്കുക. പരിശുദ്ധാത്മാവിനെ ലഭിച്ചു എന്ന് എന്തിനാലാണ് ഉറപ്പ് ലഭിക്കുക?" [38]

അടയാളവരങ്ങൾ അപ്പോസ്തലന്മാരുമായി ബന്ധപ്പെട്ട തായി വചനം ചിത്രീകരിക്കുന്നു. അതുകൊണ്ട്

---

[35] 1901-ൽ കാൻസാസിലും, 1906-ൽ കാലിഫോർണിയായിലും സംഭവിച്ച ഉണർവ്വ് അടയാളവരങ്ങളുടെ ഉണർവ്വാണെന്ന് അവ കാശപ്പെടുന്നു. "പെന്തെക്കോസ്ത് പ്രസ്ഥാനം" *Eardmans Handbook of Christianity in America*, edited by mark P. Noll, Nathan O. Hatch, George M. Marsden, David F. Wells, John D. Woodbridge(Grand Rapids: Eerdmans Publishing Co., 1983), പരിശുദ്ധാത്മാവിന്റെ അതിപ്രവാ ഹത്തെക്കുറിച്ചുള്ള ബൈബിൾ മൂലഭാഗത്തിന് അന്ത്യകാല സംഭവങ്ങളുമായി സാന്ദർഭിക പരാമർശമുണ്ട്(യെഹ. 36-39; യോവേൽ 2-3). ഈ വാക്യങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ഭാവി കാല ആത്മീയഅനുഭവങ്ങൾ മനസ്സിലാക്കുവാൻ അദ്ധ്യായം 12 കാണുക (ആത്മാവിന്റെ വലിയ പ്രവാഹം).

[36] കൃപാവരം നിന്നു പോയി എന്നതിനാൽ ഇടയ്ക്ക് അത്ഭുത ങ്ങൾ സംഭവിക്കുന്നതിനെ എഴുത്തുകാരൻ നിഷേധിക്കുന്നില്ല. അടയാളവരങ്ങൾ നിന്നുപോയി എന്നു പറയുന്നതിനാൽ ഒരു വ്യക്തിക്ക് തുടർച്ചയായും സാധാരണ ജീവിതത്തിന്റെ ഒരു ഭാഗമായും അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള കഴിവ് ദൈ വം കൊടുക്കുന്നില്ല എന്നാണ്. ഉദാഹരണമായി വിശ്വാസത്താ ൽ സൗഖ്യമാ ക്കുവാൻ തക്കവണ്ണം കർത്താവ് ചില ദാനങ്ങൾ കൊടുത്തു എന്നു വിശ്വസിക്കുന്നു. മറ്റൊന്ന് പ്രാർത്ഥനയ്ക്ക് മറുപടിയായി കർത്താവ് തന്നെ അവരെ സൗഖ്യമാക്കുന്നു എന്നു വിശ്വസിക്കുന്നു. അപ്പോസ്തലിക കാലത്തിനുശേഷം അത്ഭുതങ്ങൾ സംഭവിച്ച സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത് ക്രമമായി ഇടവേളയിൽ സംഭവിച്ചിട്ടില്ല എന്നത് തീർച്ചയാണ് (യേശുവിന്റെയും അപ്പോസ്തലന്മാരുടെയും ജീവിതത്തിൽ സംഭവിച്ചതുപോലെ).

[37] *Chrysostom, Homilies in the First Corithians*, Homily XXIX, in *The Nicene and Post -Nicene Fathers*, reprinted ed. (Grand Rapids: Wm. B. Eerdmans Publishing Co., 1979) Vol. 12, p. 168.

[38] Augustine, *The Epistle of St. John* VI, 10, in *The Nicene and Post -Nicene Fathers*, reprint ed., (Grand Rapids: Wm. B. Eerdmans Publishing Co., 1979) Vol. 7, pp. 497- 498.

അപ്പോസ്തലന്മാരുടെ സ്ഥിരീകരണം ആവശ്യമില്ലാതെ വരുമ്പോൾ അടയാളവരങ്ങളും നീങ്ങിപ്പോകുന്നു. അടയാളവരങ്ങൾ നീങ്ങിപ്പോയി എന്ന വസ്തുത വചനത്തിന്റെ ശരിയായ വിചിന്തനത്തെ കാണിക്കുന്നു. വചനത്തിലെ നിഗമനങ്ങളും ചരിത്രവസ്തുതയും ഒത്തു ചേർന്ന് കരിസ്മാറ്റിക്ക് അവകാശവാദങ്ങളുടെ എതിരായ വിലയിരുത്തലിലേക്ക് നയിക്കുന്നു. അതായത് അത്ഭുത വരങ്ങൾ ദൈവത്തിന്റെ ഇന്നത്തെ പ്രവർത്തനങ്ങൾക്കുള്ള മാദ്ധ്യമമാണ് എന്ന് കരിസ്മാറ്റിക്കുകാർ വിശ്വസിക്കുന്നു.

കരിസ്മാറ്റിക്ക് അവകാശവാദങ്ങളുടെ രണ്ടാമത്തെ മേഖല അടയാളവരങ്ങളുടെ സ്വഭാവമാണ്. അടയാളവരങ്ങൾ നിന്നുപോയി എന്ന് ചിന്തിക്കുന്നതിനുള്ള തെളിവുകൾ പഠിക്കുക മാത്രമല്ല കരിസ്മാറ്റിക്ക് വാദഗതികളുടെ സ്വഭാവം, വചനത്തിൽ യഥാർത്ഥമായി പറഞ്ഞിരിക്കുന്ന വരങ്ങളുമായി ചേർച്ചയുള്ളവയാണോ എന്ന് തീരുമാനിക്കുകയും വേണം. ഇവിടെ ഭാഷാവരവും രോഗശാന്തി വരവും വേർതിരിച്ച് പഠിക്കണം. വചനപ്രകാരമുള്ള ഭാഷാവരത്തിന്റെ സ്വഭാവം എന്ത്? ആധുനിക ഭാഷാ വരങ്ങളും വചനപ്രകാരമുള്ള ഭാഷയും ഒന്നു തന്നെയാണോ?

III. ഭാഷകളുടെ സ്വഭാവം അഥവാ പ്രകൃതി

ഒരാൾ ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഒരു വിദേശഭാഷ സംസാരിക്കാനുള്ള അത്ഭുതകരമായ കഴിവായിരുന്നു ഭാഷാ വരങ്ങളായി വേദപുസ്തകം പറയുന്നത്. ഒരാൾ പഠിച്ചിട്ടില്ലാത്ത ഭാഷ വ്യാഖ്യാനിക്കാനുള്ള കഴിവായിരുന്നു വ്യാഖ്യാന വരം.

A. അന്യഭാഷകൾ യഥാർത്ഥ ഭാഷകൾ എന്ന നിലയിൽ

1. സെക്യുലർ ഗ്രീക്ക്

അലൈക്സ്തവ യവനസാഹിത്യം വിശദമായി കൈകാര്യം ചെയ്യുന്നത് ഈ പഠനത്തിന്റെ ലക്ഷ്യത്തിനപ്പുറമാണ്. എന്നാൽ അപ്രകാരമുള്ള ഗവേഷണപഠനത്തിന്റെ രത്നച്ചുരുക്കം നൽകുന്നത് പ്രധാനമാണ്. 'ഭാഷാ' എന്നതിന്റെ ഗ്രീക്കു വാക്കാണ് ഗ്ലോസ്സ. (ഇതിൽ നിന്നാണ് ഗ്ലോസ്സറി (ശബ്ദസംഗ്രഹം) എന്ന പദമുണ്ടായത്) ഇതിന് അക്ഷരാർത്ഥത്തിൽ 'നാവ്' അഥവാ 'നാക്ക്' എന്നോ 'ഭാഷ' എന്നോ അർത്ഥമുണ്ട്. 'ഭാഷകൾ' എന്ന ഗ്രീക്കു വാക്കിന് ജല്പനം, അസ്പഷ്ട ഭാഷണം അഥവാ ചിലയ്ക്കൽ, ഹർഷോന്മാദത്തിലെന്നപോലുള്ള സംസാരം എന്നീ അർത്ഥങ്ങൾ കല്പിക്കാൻ യാതൊരു ആധാരവുമില്ല.

"ബുദ്ധിപരമല്ലാത്ത, ഉന്മാദപരമായ സംസാരം എന്ന അർത്ഥത്തിൽ പുരാതന ഗ്രീക്കുകാർ "ഗ്ലോസ്സ" എന്ന വാക്ക് ഉപയോഗിച്ചിട്ടേയില്ല എന്നാണ് ലഭ്യമായിരിക്കുന്ന തെളിവുകളിൽ നിന്ന് വ്യക്തമാകുന്നത്. മതിയായ സൂചനകൾ "ഇപ്രകാരമുള്ള ഉച്ചാരണം" സംബന്ധിച്ച് ലഭ്യമല്ലാത്തതുകൊണ്ടല്ല ഇത്. ഗ്രീക്കിൽ എണ്ണമറ്റ പരാമർശങ്ങൾ ഇതു സംബന്ധമായിട്ടുണ്ട്. [39]

''ഭാഷ'' എന്ന പദം ഗ്രീക്കു സാഹിത്യഭാഷയിൽ അസ്പഷ്ട ഭാഷണം സൂചിപ്പിച്ച് ഉപയോഗിച്ചിട്ടില്ലാത്തതുകൊണ്ട്, ബൈബിളിൽ ആ പദത്തിന് ഇങ്ങനെയൊരർത്ഥം സ്വീകരിക്കുന്നതിനെതിരായി ഒരു മുൻവിധിയില്ലാതെ, പുതിയനിയമത്തിൽ "ഭാഷ' എന്ന പദം "വ്യക്തമായ ഭാഷ'' എന്നു തന്നെ മനസ്സിലാക്കേണ്ടതാണ്. യഥാർത്ഥത്തിൽ ഇങ്ങനെ മനസ്സിലാക്കുന്നതിനാൽ യാതൊരു പ്രശ്നവും ഉളവാകുന്നില്ല. പുതിയ നിയമം തന്നെ ഇക്കാര്യം വ്യക്തമായി തെളിയിക്കുന്നുണ്ട്.

2. പുതിയനിയമ ഗ്രീക്കിൽ "ഭാഷകൾ"

a. അപ്പോസ്തലപ്രവൃത്തിയിൽ

ലൂക്കോസ് ഏറ്റവും വ്യക്തമായിട്ടാണ് 'ഭാഷകൾ' ലിപിയും വ്യാകരണവുമുള്ള ഭാഷകളാണെന്ന് വെളിപ്പെടുത്തിയിരിക്കുന്നത്. 'dialectos'എന്ന പദം രണ്ടു പ്രാവശ്യം അദ്ദേഹം ഉപയോഗിക്കുന്നു (ഇതിൽ നിന്നാണ് (ഉപഭാഷ) എന്ന പദം ലഭിച്ചിരിക്കുന്നത്). 16 ജാതീയ ജനവിഭാഗങ്ങൾ പെന്തക്കോസ്തിൽ യരുശലേമിലേക്ക് യാത്ര ചെയ്തതായും ലൂക്കോസ് പട്ടിക നിരത്തുന്നുണ്ട്. അവർ എല്ലാവരും അവരുടെ സ്വന്ത **ഭാഷയിൽ** സുവിശേഷം അന്ന് മനസ്സിലാക്കുകയും ചെയ്തു.

> "അന്നു ആകാശത്തിൻ കീഴുള്ള സകലജാതികളിൽ നിന്നും യെരൂശലേമിൽ വന്നു പാർക്കുന്ന യെഹൂദന്മാരാ യ ഭക്തിയുള്ള പുരുഷന്മാർ ഉണ്ടായിരുന്നു. ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി, ഓരോരുത്തൻ താന്താന്റെ **ഭാഷകളിൽ** അവർ സംസാരിക്കുന്നതു കേട്ടു അമ്പരന്നു പോയി. എല്ലാവരും ഭ്രമിച്ചു ആശ്ചര്യപ്പെട്ടു. ഈ സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ **സ്വന്ത ഭാഷയിൽ** അവർ സംസാരിച്ചു കേൾക്കുന്നതു എങ്ങനെ? പർത്ഥരും മേദ്യരും എലാമ്യരും മെസപ്പൊത്താമ്യയിലും യഹൂദ്യയിലും കപ്പദോക്യയിലും പെന്തൊസിലും ആസ്യയിലും പ്രുഗയിലും പംഫുല്യയിലും മിസ്രിയിലും കുറനെക്കു ചേർന്ന ലിബ്യാ പ്രദേശങ്ങളിലും പാർക്കുന്നവരും റോമയിൽ നിന്നു വന്നു പാർക്കുന്നവരും യൂഹദന്മാരും യഹൂദാ മതാനുസാരികളും ക്രേത്യരും അറബിക്കാരുമായ ഈ നമ്മുടെ ഭാഷകളിൽ അവർ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നതു കേൾക്കുന്നുവല്ലോ എന്നു പറഞ്ഞു. (അപ്പോ. പ്ര. 2:5-11).

[39] Thomas R. Edgar, *Miraculous Gifts*, (Neptune New Jersey, Loizeaux Brothers, 1983), p. 114.

പെന്തക്കോസ്തു നാളിലെ ഈ "ഭാഷകളാൽ" ലോകത്തിന്റെ നാനാഭാഗത്തുനിന്നുള്ള സന്ദർശകർക്ക് ദൈവത്തിന്റെ സന്ദേശം അവരുടെ സ്വന്ത ഭാഷകളിൽ മനസ്സിലായി. ഗലീലക്കാരായ ആളുകൾക്ക് ഇവരുടെ **ഭാഷകളിൽ** സംസാരിക്കാനുള്ള അത്ഭുതകരമായ 'കഴിവ്' ലഭിച്ചതിൽ അവർ അതിശയിച്ചു.

b. ഭാഷകൾ വെളിപ്പാടു പുസ്തകത്തിൽ

"വ്യക്തമായ ലിപിയും, വ്യാകരണവുമുള്ള അംഗീകൃത "ഭാഷ" എന്നല്ലാതെ വെളിപ്പാടു പുസ്തകത്തിലെ ഭാഷകൾക്ക് മറ്റു അർത്ഥം കല്പിക്കാനാവില്ല. മിക്കവാറും ആളുകളെ വേർതിരിച്ച് പ്രത്യേകം വിഭാഗമായി നമുക്കു മനസ്സിലാക്കി കാണിക്കുവാനാണ് ഉപയോഗിക്കുന്നത്.'

> "പുസ്തകം വാങ്ങുവാനും അതിന്റെ മുദ്രപൊട്ടിക്കുവാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ടു സർവ്വ ഗോത്രത്തിലും ഭാഷകളിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെക്കു വാങ്ങി."(വെളി. 5:9).
>
> ഇതിനു ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിൽ നിന്നും ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നില്ക്കുന്നതും ഞാൻ കണ്ടു (വെളി. 7:9).
>
> അവൻ എന്നോടു നീ ഇനിയും അനേക വംശങ്ങളെയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയുംകുറിച്ചു പ്രവചിക്കേണ്ടി വരും എന്നു പറഞ്ഞു (വെളി. 10:11).
>
> സകല വംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും. അവരുടെ ശവം കല്ലറയിൽ വെപ്പാൻ സമ്മതിക്കയില്ല (വെളി. 11:9).
>
> വിശുദ്ധന്മാരോടു യുദ്ധം ചെയ്ത് അവരോടു ജയിപ്പാനും അതിനു അധികാരം ലഭിച്ചു. സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു. (വെളി. 13:7).
>
> വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവനോടു അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യ സുവിശേഷം ഉണ്ടായിരുന്നു (വെളി. 14:6).
>
> പിന്നെ അവൻ എന്നോടു പറഞ്ഞത്: നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും അത്രെ (വെളി. 17:15).

അപ്പോസ്തല പ്രവൃത്തിയിൽ 'ഭാഷകൾ' എന്നതിനു വ്യക്തമായ വ്യാകരണമുള്ള അംഗീകൃത ഭാഷ എന്നാണർത്ഥം. വെളിപ്പാടു പുസ്തകത്തിലും അങ്ങനെതന്നെ. ഇതുകൂടാതെ 1 കൊരിന്ത്യരിലും ഇതേ സൂചനകൾ തന്നെ കാണാം.

c. ഭാഷകൾ 1 കൊരിന്ത്യരിൽ

1 കൊരിന്ത്യർ 14:21-ാം വാക്യം യെശയ്യാവ് 28:11-ന്റെ ഉദ്ധരണിയാണ്. യെശയ്യാവിന്റെ കാലത്തെ 'അന്യഭാഷകൾ' പുതിയനിയമ കാലത്തെ ഭാഷാവരത്തെ സംബന്ധിച്ച ഒരു സത്യത്തെ ദൃഷ്ടാന്തീകരിക്കുന്നുവെന്നാണ് പൗലോസ് പഠിപ്പിക്കുന്നത്. യെശയ്യാവ് പറയുന്ന അന്യഭാഷകൾ (വിദേശ ഭാഷകൾ) യിസ്രായേലിനെ ആക്രമിച്ചു കീഴടക്കിയവരുടെ ഭാഷകളാണ്. ഇപ്രകാരം 1 കൊരി. 14:21 ലെ 'അന്യഭാഷകൾ' വ്യക്തവും അംഗീകൃതവുമായ ഭാഷകളെക്കുറിച്ചാണ് അർത്ഥമാകുന്നതെങ്കിൽ 1 കൊരി. 14:22-ൽ എന്തുകൊണ്ട് ഒരു വ്യത്യസ്തമായ അർത്ഥം അതിനു നല്കണം. കൂടാതെ 1 കൊരി. 14:22-ൽ 'ഭാഷകൾ' അർത്ഥമാക്കുന്നത് ശുദ്ധഭാഷകൾ തന്നെയാണെങ്കിൽ മുഴുവൻ പശ്ചാത്തലത്തിലും അങ്ങനെ തന്നെ വേണം മനസ്സിലാക്കുവാൻ.

1 കൊരി. 14:16-ലും 23-ലും ഉപയോഗിക്കുന്ന idiotes എന്ന ഗ്രീക്കു പദത്തിന്റെ കാര്യത്തിലും ഇതു വ്യക്തമാക്കുന്നുണ്ട്. ഇതിൽ നിന്നുമാണ് idiote എന്ന ഇംഗ്ലീഷ് വാക്കുണ്ടായത്. മലയാളത്തിൽ 'ആത്മവരമില്ലാത്തവൻ' എന്നത് പഠിപ്പില്ലാത്തവൻ(KJV കാണുക)എന്നു പരിഭാഷപ്പെടുത്തുന്നതാണ് നല്ലത്. ഭാഷകൾ ഒരാൾക്ക് മനസ്സിലാകാത്തതിന്റെ ഏകകാരണം അദ്ദേഹമോ ആ വനിതയോ ആ ഭാഷയിൽ പഠിപ്പില്ലാത്ത ആളാണെന്നതത്രെ. ഒരാൾ പഠിച്ചിട്ടില്ലാത്ത വിദേശ ഭാഷ സംസാരിക്കാനുള്ള അത്ഭുതകരമായ കഴിവാണ് ഭാഷാവരമെന്നതിനെ പിൻതാങ്ങുന്ന ആശയമാണിത്. [40]

1960-ൽ അധികൃത ഭാഷാന്തരസമയത്ത് 'അന്യഭാഷ' എന്നു പറഞ്ഞാൽ 'ശുദ്ധമായ ഇതരഭാഷ' എന്ന അർത്ഥമായിരുന്നു ആ പദത്തിന്. വെളി. 9:11-ൽ ഇതു പരിഭാഷചെയ്തിരിക്കുന്നതിൽ നിന്നും വ്യക്തമാക്കുന്നുണ്ട്: അവർക്കു ഒരു രാജാവുണ്ട്, അഗാധകൂപത്തിന്റെ ദൂതൻ തന്നെ. അവന് 'എബ്രായ ഭാഷയിൽ' 'അബദോൻ' എന്നും യവനഭാഷയിൽ 'അപ്പൊല്ലുവോൻ എന്നും പേർ.' ഈ പ്രയോഗങ്ങൾ കൃത്യമായ ഭാഷകളെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇംഗ്ലീഷിൽ 'tongue' എന്ന സ്ഥാനത്ത് Languageഎന്നു ചേർത്താൽ കാര്യം വ്യക്തമായി.

---

[40] പൗലോസിനെപ്പോലെയുള്ള ഒരു മിഷനറിക്ക്, അനേകവർഷങ്ങൾ പഠിക്കാതെതന്നെ, വിദേശഭാഷകൾ കൈകാര്യം ചെയ്യാനുള്ള പ്രാപ്തി ലഭിക്കുന്നത് എത്രയോ അധികം അനുഗ്രഹകരമായിരിക്കും (1 കൊരി. 14:18).

അസ്പഷ്ടമായ സംസാരം എന്ന് ആദ്യം ഉപയോഗിച്ചത് ലിബറൽ ചിന്തകരാണ്. അമാനുഷികമായതിനെ അംഗീകരിക്കാനാകാത്ത അവർക്ക് ഭാഷാവരത്തിൽ ശരിയായ ഭാഷകളാണ് ഉൾക്കൊള്ളുന്നതെന്നും അംഗീകരിക്കാൻ കഴിയാതെയായി. തിരുവെഴുത്തിനോട് യാഥാസ്ഥിതിക മനോഭാവം പുലർത്തുന്ന കരിസ്മാറ്റിക്കുകളിൽ അധികപങ്കും ഭാഷയെക്കുറിച്ച് വേദാനുസൃതമല്ലാത്ത ഈ നിർവചനം സാധാരണയായി അഗീകരിക്കുകയാണ് ചെയ്യുന്നത്. ബൈബിൾ വെളിപ്പെടുത്തുന്ന ഭാഷാവരം ശുദ്ധമായ ഭാഷകൾ കൈകാര്യം ചെയ്യാനുള്ള പ്രാപ്തിയാണ്. കരിസ്മാറ്റിക്കുകളുടെ അവകാശവാദം വേദപുസ്തകപരമായ നിർവചനത്തോടു യോജിക്കുന്നതല്ല.

B. അന്യഭാഷകൾ സംബന്ധിച്ച ആധുനിക അവകാശവാദങ്ങൾ

ബുദ്ധിഭ്രമം ഭവിച്ചതുപോലെയുള്ള അസപ്ഷ്ടഭാഷണം അത്ഭുതകരമായ ഭാഷാവരമായി കണക്കാക്കരുത്. കരിസ്മാറ്റിക്കുകൾ പരിശുദ്ധാത്മാവിൽ നിന്നുള്ള വരമായി പ്രാപിക്കാനാഗ്രഹിക്കുന്ന അനുഭവത്തിന് സത്യസന്ധമായ- വേദപുസ്തക ഭാഷകളെക്കാൾ വ്യാജ മതങ്ങളോടാണ് കൂടുതൽ സാമ്യവും അടുപ്പവും.

1. ആധുനിക "അന്യഭാഷകളെ" ക്കുറിച്ചുള്ള പഠനങ്ങൾ

20-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ, കരിസ്മാറ്റിക്കുകൾ വലിയ അവകാശപ്രഖ്യാപനങ്ങളോടെ രംഗത്തെത്തിയപ്പോൾ ഭാഷാ ശാസ്ത്രജ്ഞന്മാർ വിവിധ നിലയിലുള്ള ഗവേഷണങ്ങൾ നടത്തി ആധുനിക അന്യഭാഷാ ഭാഷണത്തിന്റെ സ്വഭാവം നിർണയിക്കുകയുണ്ടായി. അവയുടെ രത്നച്ചുരുക്കം ഇതാണ്. ആധുനിക ഭാഷക്കാർ ശരിയായ ഭാഷകളല്ല സംസാരിക്കുന്നത് (ക്രിസ്റ്റ്യാനിറ്റി റ്റുഡേ സെപ്. 13, നവം. 8-1963).

"അന്യഭാഷകളെ"ക്കുറിച്ചുള്ള ശാസ്ത്രീയമായ പഠനം എത്തിനില്ക്കുന്ന നിർണ്ണയമനുസരിച്ച് പരിശോധിക്കപ്പെട്ട ഭാഷണങ്ങൾ മനുഷ്യഭാഷയുടെ അടിസ്ഥാനങ്ങളെന്നു കരുതുന്ന ഘടകങ്ങൾ ഇല്ലാത്തവയായിരുന്നു. മാത്രമല്ല ശബ്ദം പിടിച്ചെടുത്തു നടത്തിയ പരീക്ഷണമനുസരിച്ച് മറ്റുള്ളവർ പറയുന്നതിന്റെ അർത്ഥം സംബന്ധിച്ച് അന്യഭാഷാഭാഷകർ പരസ്പരം യോജിപ്പില്ലാത്തവരാണെന്നു കണ്ടെത്തി. അധികാരികളായ വ്യക്തിളുടെ സാന്നിദ്ധ്യത്തിൽ, കൂടുതൽ വിധേയരും, ആശ്രിതരുമായിരിക്കുവാനുള്ള മനോഭാവം അന്യഭാഷക്കാരിൽ കണ്ടെത്തിയതായി പഠനം തെളിയിക്കുന്നു. ഭാഷകൾ സംസാരിക്കുന്നതല്ല അവരെ അന്ത്യാഹ്ലാദത്തിലാക്കുന്നത്, മറിച്ച് നേതൃത്വം വഹിക്കുന്ന ആളിനോടുള്ള വിധേയത്വമാണ്. ന്യൂയോർക്കിലെ ബ്രൂക്ക്നിലുള്ള ലൂഥറൻ മെഡിക്കൽ സെന്ററിലാണ് ഈ ഗവേഷണപഠനത്തിനു മുൻകയ്യെടുത്തത്. അന്യഭാഷകളിൽ സംസാരിച്ച 26 പേരിലും അല്ലാത്ത 13 പേരിലും നടത്തിയ പരീക്ഷണങ്ങളുടെയും അഭിമുഖങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ കണ്ടെത്തലുകൾ. ഭാഷാ ശാസ്ത്രജ്ഞനായ വില്യം സാമറിൻ പറഞ്ഞിരിക്കുന്നത്; ഉന്നതരായ ചില ഭാഷാ ഭാഷണക്കാർ സന്ദർശിച്ച സ്ഥലങ്ങളിൽ ആ മുഴു ഗ്രൂപ്പിലെയും "അന്യഭാഷക്കാർ" നേതാക്കളായി സന്ദർശിച്ചവരുടെ അതേ രീതിയിലും ശൈലിയിലും സംസാരിക്കുന്നതിലേക്കു ചായുകയായിരുന്നുവെന്നാണ്. മനുഷ്യഭാഷകളുടെ പ്രത്യേകതകളായി ഭാഷാശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്ന ലക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. എന്നാൽ അന്യഭാഷകളിൽ ആളുകൾ സംസാരിക്കുന്നത് ശബ്ദലേഖനം ചെയ്ത് ശ്രദ്ധിച്ചിട്ട്, ഈ പ്രത്യേകതകൾ ഒന്നും മതിയായ നിലയിൽ, ഇല്ലായിരുന്നുവെന്നാണ് അവർ ശക്തമായി വാദിച്ചിട്ടുള്ളത്; അന്യഭാഷകളിൽ സംസാരിച്ചവർ അറിയപ്പെടുന്നതോ അല്ലാത്തതോ ഇപ്പോഴുള്ളതോ പണ്ടുണ്ടായിരുന്നതോ ആയ ഭാഷകളാണു സംസാരിച്ചതെന്നതിന് യാതൊരു അധികാരികതയുമില്ല എന്ന് ഈ ഭാഷാശാസ്ത്രജ്ഞന്മാർ വാദിക്കുന്നു." ക്രിസ്റ്റ്യാനിറ്റി റ്റുഡേ, ജൂൺ 4, 1971.

"പെന്തക്കോസ്തു വിഭാഗങ്ങളിലുള്ള ചില ദൈവശാസ്ത്രജ്ഞന്മാർ, വേദപുസ്തകം വെളിപ്പെടുത്തുന്ന ഭാഷാവരം സ്വന്തമല്ലാത്ത വിദേശഭാഷകൾ സംസാരിക്കാനുള്ള കഴിവാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും അത്തരം അനുഭവങ്ങളെ ആരും സാധൂകരിച്ചിട്ടില്ല, ഏറിയ പങ്കാളുകളും മനുഷ്യഭാഷകളാണു സംസാരിക്കുന്നതെന്നു അവകാശപ്പെടുന്നുമില്ല." [41]

2. വിജാതീയരുമായുള്ള സമാന്തരങ്ങൾ

ഉന്മാദാവസ്ഥയിൽ ജല്പനം ചെയ്യുന്നത് അപ്പോസ്തലികാധികാരം ഉറപ്പിക്കാനായിരുന്നുവെന്നു പറയുക വയ്യ. പുരാതനലോകം, ബോധം കെട്ടു വീണ് അവ്യക്തമായി സംസാരിക്കുന്ന രീതിയിലുള്ള മതങ്ങളെ കൊണ്ടു നിറഞ്ഞിരുന്നു. വാസ്തവത്തിൽ ഇന്നും ഇങ്ങനെയുള്ള മത വിഭാഗങ്ങളുണ്ട്! അവിശ്വാസികളായ ആളുകൾ ഇപ്രകാരം ചെയ്യുമ്പോൾ, ക്രിസ്ത്യാനികൾ ഇത്തരം സംഭവം പരിശുദ്ധാത്മാവിൽ നിന്നാണെന്ന് അവകാശപ്പെടുന്നതിൽ അതിശയം തോന്നുന്നു. പുരാതനകാല ഗ്രേക്കരും ആധുനിക മോർമോണുകളും അസ്പഷ്ടമായ ജല്പനം ചെയ്യുന്ന അവരുടെ കഴിവു നേടിയത് പരിശുദ്ധാത്മാവിനാലാണോ? അക്രൈസ്തവരായ ആളുകളുടെ

[41] "അത്ഭുതവരങ്ങൾ" എഡ്ഗാർ പേജ് 283. അറിയാത്ത ഭാഷയിൽ, പ്രവൃത്തിക്കാൻ അമാനുഷിക ശക്തി ലഭിച്ച അവസരങ്ങളെ, ഒരാൾ, അവകാശപ്പെട്ടാൽ പോലും ഈ പ്രാപ്തി ഒരു വരമായിപകരപ്പെട്ടതല്ല എന്നത് പകൽ പോലെ വ്യക്തമാക്കിയിരിക്കണം (അതായത് പ്രാപ്തനായ ഒരു സാധാരണ മനുഷ്യന്റെ ജീവിതരീതിയനുസരിച്ച്) ഇപ്രകാരമുള്ള കഴിവ് വരമായി ലഭിച്ചതാണെങ്കിൽ കരിസ്മാറ്റിക് പ്രസംഗകർക്ക് വ്യത്യസ്തഭാഷയിൽ ഉള്ളവരോടു പ്രസംഗിക്കുമ്പോൾ പരിഭാഷകൾ വേണ്ടിവരില്ലല്ലോ.

മദ്ധ്യേയുള്ള ഇത്തരം ഉന്മാദഭാഷണത്തെ സംബന്ധിച്ച ചില ഉദ്ധരണികൾ ഇവിടെ നിരത്തട്ടെ.

"ഉന്മാദാവസ്ഥയും അസ്പഷ്ട ഭാഷണവും അവർ നേടിയത് കാറ്റുള്ളതും ഇരുളടഞ്ഞതും ഭൂതവാസമുള്ളതുമായ ഒരു ഗുഹയിൽ വച്ചാണ്. എല്ലാം കൂടെ ഭീതിദയമായ ശബ്ദവും വിചിത്ര സംഗീതവും അവിടെ സൃഷ്ടിക്കുന്നു. അപ്പൊളൊ ദേവനുമായി ആത്മതലത്തിൽ യോജിപ്പിക്കപ്പെട്ടപ്പോൾ അവൾ അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങി, ചിലപ്പോൾ അവ മനസ്സിലാകും ദുർഗ്രാഹ്യമായിരിക്കും" (വിർജിൻ, ബി. സി. 1-ാം നൂറ്റാണ്ടിൽ, ഡെലോസ് ദ്വീപിലെ പുരോഹിതനമാരെക്കുറിച്ചുള്ള വിവരണം). [42]

"ഒരു പക്ഷെ പച്ച സസ്യോപയോഗത്താലുള്ള ലഹരിയിൽ അവൾ ഒരു മുക്കാലിപ്പീഠത്തിലിരുന്ന് ഉന്മാദത്താൽ തോന്നിയതൊക്കെപ്പറഞ്ഞു. പുരോഹിതന്മാർ അവരുടെ പൊരുത്തമില്ലാത്ത നിലവിളി ശബ്ദത്തെ കാവ്യപ്രവചനങ്ങളായി പരിഭാഷ ചെയ്തുകൊണ്ടിരുന്നു." (നാഷണൽ ജ്യോഗ്രഫിക്ക് ഓൺ ദി. പ്രീസ്റ്റഡ് അറ്റ് ഡെൽഫി).[43]

ഡൽഫിയിലെ ഇതേ പുരോഹിതന്മാരെപ്പറ്റി പറയുമ്പോൾ 4-ാം നൂറ്റാണ്ടിലെ ക്രിസോസ്റ്റം എഴുതിയിരിക്കുന്നു.

"ഇതേ പെരുമ്പാമ്പ്, പെണ്ണാണെന്ന് അപ്പോൾ പറയപ്പെട്ടിരുന്നു.... ചിലപ്പോൾ- മുക്കാലിപ്പീടത്തിലിരിക്കും.... അപ്പൊല്ലൊസ് അസ്ട്രൈഡിന്റെ പീഠത്തിൽ- അങ്ങനെ അശുദ്ധാത്മാവ് താഴെ നിന്നു കയറിവരും.. അവളുടെ ശരീരത്തിന്റെ അടിഭാഗത്തു പ്രവേശിക്കും, അപ്പോൾ അവൾ ഭാന്ത്രിനാൽ നിറയും, അഴിച്ചിട്ട മുടിയമായി അവൾ, വായിൽ നുരപതപ്പിച്ചുകൊണ്ട് മദ്യാസക്തിയായി ആടിക്കളിച്ച് തന്റെ ഭ്രാന്തമായ വാക്കുകൾ ഉച്ചരിക്കുന്ന ഉന്മത്തതയിലായിരിക്കും." [44]

പൊരുത്തമില്ലാത്ത ഭാഷണം പുരാതന മതങ്ങളിൽ മാത്രമായി ചുരുങ്ങുന്നില്ല... ആദിമ മോർമോണുകളും അന്യഭാഷകളിൽ സംസാരിച്ചിരുന്നു. ജോസഫ് സ്മിത്ത് ആജ്ഞാപിച്ചിരിക്കുന്നു ''എഴുന്നേറ്റു നിവിർന്നു നില്ക്കുക; ഏതെങ്കിലും ചില ശബ്ദമുണ്ടാക്കുകയോ സംസാരിക്കുകയോ ചെയ്യുക.. ചില ശബ്ദങ്ങൾ ഉണ്ടാക്കിക്കൊണ്ടേയിരിക്കുക.. കർത്താവ് അതിനെ ഒരു ഭാഷയാക്കിത്തീർക്കും. [45]

ബ്രിഗാം യാഗും അന്യഭാഷകളിൽ സംസാരിച്ചിട്ടുണ്ട് (അന്യഭാഷയെന്നാൽ ശരിയായ ഭാഷകളല്ല എന്നാണ് നാം അർത്ഥമാക്കുന്നതെങ്കിൽ) ഒച്ചവയ്ക്കുക; മുരളുക, നൃത്തമാടുക എന്നിവ സാധാരണയായി അവരുടെ ശുശ്രൂഷകളിലുണ്ട്. ബ്രിഗാം യംഗാ, അറിയാത്ത ഭാഷകളിൽ സംസാരിച്ചുവെന്നുമാത്രമല്ല; തന്റെ ഉപദേശങ്ങൾ കേൾവിക്കാർക്ക് വ്യാഖ്യാനിച്ചുകൊടുക്കുകയും ചെയ്തു." [46]

അക്രൈസ്തവരുടെയിടയിൽ അനേക പുസ്തകങ്ങൾ "അന്യഭാഷകളെ"ക്കുറിച്ചുണ്ട് (അതായത് വിവശതയിൽ ജല്പനം ചെയ്യുന്നതിനെക്കുറിച്ച്). പുറജാതി പുരോഹിതന്മാർ, പ്രേതങ്ങൾക്ക് അർച്ചന ചെയ്യുന്ന പൂജാരികൾ, വൈദ്യന്മാർ എന്നിവരെയും ഈ ദൃഷ്ടാന്തത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉന്മാദത്തിൽ ജല്പനം ചെയ്യുന്നത്, വ്യാജമതങ്ങളിൽ ധാരാളമുണ്ട്. പുരാതന ഫിനിഷ്യക്കാർ, ഗ്രേക്കർ, മുസ്ലിങ്ങൾ, മോർമോണിക്കർ, അമേരിക്കൻ ഇൻഡ്യൻ വ്യാജമതങ്ങൾ, എസ്കിമോമതങ്ങൾ, വടക്കൻ ബോർണിയോ വ്യാജമതങ്ങൾ, മുതലായവയിൽ ഇത്തരം ജല്പനങ്ങളൾ നടന്നതായി എഴുതപ്പെട്ട രേഖകളുണ്ട്. [47] ക്രിസ്തുവിശ്വാസികളായിത്തീരുന്നതിനുമുമ്പ്, ആളുകൾ അന്യഭാഷാഭാഷണം (അവ്യക്തഭാഷണം) നടത്തിയിരുന്നതായി അമേരിക്കയിൽ നിന്നും ദൃഷ്ടാന്തങ്ങൾ നിരത്തുവാനുണ്ട്.

"അന്യഭാഷകൾ സംബന്ധിച്ച് നിങ്ങളുടെ അനുഭവം എന്താണെന്ന് എനിക്കെഴുതുവാൻ നിങ്ങൾ തയ്യാറാകും മുമ്പ് എന്റെ അനുഭവം പറഞ്ഞുകൊള്ളട്ടെ,, ഞാൻ അനേക സന്ദർഭങ്ങളിൽ അന്യഭാഷകൾ സംസാരിച്ചിട്ടുണ്ട്. ഞാൻ പള്ളിയിടനാഴിയിലൂടെ നടന്നിട്ടുണ്ട്. ഞാൻ ബലിപീഠത്തിങ്കൽ പ്രാർത്ഥിച്ചിട്ടുണ്ട്, എങ്ങനെ അന്യഭാഷകളിൽ സംസാരിക്കണമെന്ന് പറഞ്ഞ നേതാക്കന്മാരുടെ നിർദ്ദേശങ്ങളെ ഞാൻ അനുസരിച്ചിട്ടുണ്ട്; അങ്ങനെ ഞാൻ അന്യഭാഷകളിൽ സംസാരിച്ചിട്ടുണ്ട്. അതു തികച്ചും യാഥാർത്ഥ്യം തന്നെ. അതു സംഭവിച്ചതാണ്. എന്നാൽ അത് പരിശുദ്ധാത്മവിൽ നിന്നും അല്ലായിരുന്നു! അത് എനിക്ക് എങ്ങനെ അറിയാം? ആ സമയത്ത് ഞാൻ രക്ഷിക്കപ്പെട്ടിരുന്നുപോലുമില്ല. ഇപ്രകാരമാണ് എനിക്ക് അത് അറിയാവുന്നത്. ഞാൻ കേട്ട പ്രസംഗ

---

[42] Cited by John Miles, *The subject of Tongues, an introduction to Christian Doctrine*: *An outline Course* (Grand Rapids; Grand Rapids School of the Bible and Music, 1974), p. 2.

[43] *Greece and Rome: Builders of Our World*, National Geographic Society, 1968), p. 171.

[44] *Miles Introduction to Christian Doctrine*, p. 2.

[45] Joseph Dillow, *Speaking in Tongues*(Grand Rapids Zondervan Publishing Houses, 1975), p. 173.

[46] Edgar, *Miraculous Gifts*, p. 255.

[47] See Dillow, *Speaking in Tongues*, p. 171ff.; Edgar, *Miraculous Gifts*, p. 252ff.; and Donald W. Burdick, *Tongues*: *To Speak ao Not to Speak*, (Chicago: Moody Press, 1969), p. 65ff.

മാണ്, ദൈവത്തോടു ശരിയായ ബന്ധത്തിലായിത്തീരുവാൻ ഞാൻ അന്യഭാഷസംസാരിക്കണമെന്ന ബോദ്ധ്യം ഉളവാക്കിയത്. അങ്ങനെ അതു ചെയ്വാൻ ഞാൻ തീരുമാനിച്ചു. അതു ഞാൻ ചെയ്യുകയുമുണ്ടായി." [48]

കരിസ്മാറ്റിക് ശുശ്രൂഷകളിൽ; രക്ഷിക്കപ്പെടുന്നതിനു മുമ്പ് തന്നെ, "അന്യഭാഷകൾ" സംസാരിച്ച സ്വന്ത സുഹൃത്തുക്കളെ ഈ എഴുത്തുകാരന്റെ ഭാര്യക്കറിയാം. ഈ ഉദാഹരണങ്ങളെല്ലാം വ്യക്തമാക്കുന്നത്, 'അവ്യക്തഭാഷണം' നടത്തുന്നത് പരിശുദ്ധാത്മാവിൽ നിന്നുള്ള വരത്തിന്റെ അടയാളമല്ല എന്നാണ്. എന്നാൽ വേദപുസ്തകം വെളിപ്പെടുത്തുന്ന ഭാഷാവരം പഠിച്ചിട്ടില്ലാത്ത ഭാഷ സംസാരിക്കാനുള്ള കഴിവാണ്; ഭാഷകളുടെ സ്വഭാവത്തോടു ബന്ധപ്പെട്ട്, ബൈബിൾ വെളിപ്പെടുത്തുന്ന ക്രിസ്തീയ വിശ്വാസത്തെക്കാൾ വ്യാജമതങ്ങളോടാണ് ആധുനിക കരിസ്മാറ്റിക്കുക്കാരുടെ ചെയ്തികൾക്കു ബന്ധം. കരിസ്മാറ്റിക് വിശ്വാസികൾ രക്ഷിക്കപ്പെട്ടവരല്ല എന്ന് ഇതിന് അർത്ഥമില്ല ക്രിസ്തുവിലുള്ള വിശ്വാസം നോക്കിയാൽ അവർ തീർച്ചയായും നമ്മുടെ സഹോദരന്മാരാണ്. എന്നിരുന്നാലും കരിസ്മാറ്റിക് ജല്പനത്താൽ സ്വാധീനിക്കപ്പെടാതെയും ബോധ്യം വരാതെയുമിരിക്കുന്ന കരിസ്മാറ്റിക്കല്ലാത്തവരെ അതിന്റെ പേരിൽ കുറ്റം വിധിക്കരുത്. ശരിയായി നിർവചിച്ചാൽ ബൈബിൾ വെളിപ്പെടുത്തുന്ന ഭാഷാവരം ഇത്തരത്തിലുള്ളതല്ല! അവ്യക്ത ഭാഷണം പരിശുദ്ധാത്മ വരമാണെന്നു വന്നാൽ അനേക വിജാതീയ വിഭാഗങ്ങൾക്കും പരിശുദ്ധാത്മാവുണ്ട് എന്നു നമുക്ക് കരുതാമോ?

3. വിജാതീയരുടെ അവ്യക്ത ജല്പനങ്ങളെക്കുറിച്ച് - ബൈബിൾ

വിജാതീയരുടെ അവ്യക്തഭാഷണങ്ങളെക്കുറിച്ച് കുറഞ്ഞ പക്ഷം ഒരു സൂചനയെങ്കിലും ബൈബിളിലുണ്ട്. അത് അനുകൂല വീക്ഷണമായിട്ടല്ല. നാം കാണുവാൻ പോകുന്നതു പോലെ വ്യാഖ്യാനമില്ലാത്ത **ഭാഷകൾ** സഭയിലും മിക്കവാറും പ്രാർത്ഥനയിൽ പോലും ഉപയോഗിക്കുവാൻ പൗലോസ് അനുവദിക്കുന്നില്ല. തീർച്ചയായും അവ്യക്തമായ പുലമ്പലുകൾ അദ്ദേഹം അനുവദിച്ചിട്ടില്ല.

> "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ജാതികളെ പോലെ ജല്പനം ചെയ്യരുത്; വാക്കുകളുടെ പെരുപ്പത്താൽ ഉത്തരം ലഭിക്കുന്നുവെന്ന് അവർ നിരൂപിക്കുന്നുവല്ലോ (മത്തായി. 6:7).
>
> "ആകയാൽ എന്തു? ഞാൻ ആത്മാവുകൊണ്ടും പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടു പാടും; ബുദ്ധികൊണ്ടും പാടും (1 കൊരി. 14:15).

[48] Miles, *Introduction to Christian Doctrine*, p.3.

4. ഉപസംഹാരം

അടയാളവരങ്ങൾ നിന്നുപോയി എന്നു ചിന്തിക്കുന്നതിന് വേദപുസ്തകത്തിൽ അടിസ്ഥാനമുണ്ട്. എങ്കിലും ഈ നിർണയത്തിനുമപ്പുറം ആധുനിക കരിസ്മാറ്റിക്കുകാർ പുതിയനിയമ കൃപാവരങ്ങളെ സത്യസന്ധമായി പ്രതിനിധീകരിക്കുന്നുവോ എന്ന ഒരു വിലയിരുത്തലും കൂടിയേത്തീരൂ. അന്യഭാഷകളുടെ കാര്യത്തിൽ അവർ സത്യസന്ധരല്ലതാനും. പഠിച്ചിട്ടില്ലാത്ത ഒരു വിദേശഭാഷ, സംസാരിക്കാനുള്ള പ്രാപ്തിയായിരുന്നു വേദപുസ്തകം വെളിപ്പെടുത്തുന്ന ഭാഷാവരം. ആധുനിക കരിസ്മാറ്റിക്കുകാർക്ക് സത്യസന്ധമായ ഭാഷാവരം ഇല്ല. അന്യദേശങ്ങളിൽ ശുശ്രൂഷകൾ ചെയ്യേണ്ടിവരുമ്പോൾ പരിഭാഷകരിലൂടെ പ്രസംഗിക്കേണ്ടതായി വരുന്നതു തന്നെ ഈ വസ്തുത വ്യക്തമാക്കുന്നു.

IV. അന്യഭാഷ ഭാഷണത്തിൽ പാലിക്കേണ്ട നിബന്ധനകൾ ബൈബിളിൽ

അന്യഭാഷ ഉൾപ്പെടെയുള്ള അടയാളവരങ്ങൾ നിന്നു പോയി എന്ന് വിശ്വസിക്കുന്നതിന് മതിയായ വേദാധാരമുണ്ട്. അതുകൂടാതെ പുതിയ നിയമം വെളിപ്പെടുത്തുന്ന ഭാഷാവരം അവ്യക്തഭാഷണത്തിന്റേതല്ല. അടയാള വരങ്ങൾ ഇന്നത്തേക്കു വേണ്ടിയാണെന്നു സങ്കല്പിക്കുകയും ആധുനിക കരിസ്മാറ്റിക്കുകൾ സത്യസന്ധമായ ഭാഷാവരം ഉള്ളവരാണെന്നും കരുതുകയും ചെയ്താലും, ഇപ്രകാരമുള്ള വരങ്ങളുടെ കാര്യത്തിൽ ബൈബിൾ നൽകുന്ന നിബന്ധനകൾക്കനുസൃതമായിട്ടാണോ അവർ, അനുവർത്തിക്കുന്നതെന്ന് വിലയിരുത്തേണ്ടത് ആവശ്യമാണ്. എല്ലാ അനുഭവത്തോടും ഒരു കാര്യം നാം ഗ്രഹിക്കേണ്ടതുണ്ട് അഥവാ തിരിച്ചറിയേണ്ടതുണ്ട്. അതായത് കൂടുതൽ ബൈബിൾ കേന്ദ്രീകരിച്ചു ജീവിക്കുന്ന കരിസ്മാറ്റിക്കുകാർ ഈ മാനദണ്ഡം പാലിക്കാൻ ശ്രമിക്കുന്നവരാണ്. എന്നിരുന്നാലും പലരും അങ്ങനെയല്ല. ആരും തന്നെ എല്ലാറ്റിനും പൂർണ്ണപിന്തുണ നൽകുന്നുമില്ല.

A. സഭയിൽ അന്യഭാഷകൾക്ക്, കുറഞ്ഞ മുൻതൂക്കം നൽകേണം

1 കൊരി. 12:28-30 വരെ വരങ്ങളുടെ, പട്ടിക നിരത്തുമ്പോൾ, ഭാഷകൾ അഥവാ ഭാഷകളുടെ വ്യാഖ്യാനം ഒടുവിലാണു ചേർത്തിരിക്കുന്നത്. ഇപ്രകാരമുള്ള ഒരു ക്രമം കേവലം സാഹിത്യശൈലിയെന്നതിലും ശ്രദ്ധേയമാണ്. പൗലോസ്, പ്രത്യേകിച്ചും 1 കൊരി. 12: 28-ൽ വരങ്ങളെ അവയുടെ പ്രാധാന്യ ക്രമത്തിലാണു പറയുന്നത്. അതുകൊണ്ട് ഭാഷകൾ ഇന്ന് വരങ്ങളായി നൽകിയിട്ടുണ്ടെന്നു വന്നാൽപോലും അവയ്ക്കു സഭയിൽ വലിയ പ്രാധാന്യം കല്പിക്കേണ്ടതില്ല. പലപ്പോഴും കരിസ്മാറ്റിക്കുകാരുടെ എരിവ്, വിശ്വാസത്തിന്റെ ഘനമുള്ള കാര്യങ്ങളെക്കാൾ അനുഭവത്തിന് പ്രാധാന്യം നൽകുകയും കുറഞ്ഞ

പരിഗണന നൽകേണ്ട കാര്യങ്ങൾക്ക് തിരുവചനാനുസൃതമല്ലാത്ത മുന്തിയ പ്രാധാന്യം നൽകുകയും ചെയ്യുന്നു.

"ദൈവം സഭയിൽ ഒന്നാമതു അപ്പോസ്തലന്മാർ, രണ്ടാമതു പ്രവാചകന്മാർ മൂന്നാമതു ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കുകയും പിന്നെ വീര്യപ്രവൃർത്തികൾ, രോഗശാന്തികളുടെ വരം, സഹായം ചെയ്യാനുള്ള വരം, പരിപാലന വരം, വിവിധ ഭാഷാവരം, എന്നിവ നല്കുകയും ചെയ്തു. എല്ലാവരും അപ്പോസ്തലന്മാരോ? എല്ലാവരും പ്രവാചകന്മാരോ? എല്ലാവരും ഉപദേഷ്ടാക്കന്മാരോ? എല്ലാവരും വീര്യപ്രവൃത്തികൾ ചെയ്യുന്നവരോ? എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ? എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ? എല്ലാവരും വ്യാഖ്യാനിക്കുന്നുവോ? ശ്രേഷ്ഠ വരങ്ങളെ വാഞ്ഛിപ്പിൻ; ഇനി അതിശ്രേഷ്ഠമായൊരു മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം (1 കൊരി. 12:28-30).

B. വചനം പഠിപ്പിക്കുന്നതിലുണ്ടാകുന്ന ആത്മിക വർദ്ധനവിന് സഭയിൽ ഉയർന്ന പ്രാധാന്യം

സഭയിൽ വചനാഭ്യസനത്തിനുള്ള പ്രാധാന്യം ഉൾക്കൊള്ളാതെ, ഒരാൾക്ക് 1 കൊരി. 12-14 അദ്ധ്യായങ്ങൾ വായിക്കാനാവില്ല. ഉപദേശത്തിന്റെ ആവശ്യകത മറ്റുഭാഗങ്ങളിൽ പഠിപ്പിച്ചിരിക്കെ, ഇതിങ്കൽ ആശ്ചര്യപ്പെടേണ്ടതായി ഒന്നുമില്ല (എഫെ. 4:11; 1 തിമൊ. 4:13; 2 തിമൊ 2:2; 3:16-17; 4:2). ഇന്ന് പ്രവാചകന്മാരില്ലെങ്കിലും തിരുവെഴുകളുടെ പ്രവചനരേഖകൾ പഠിപ്പിച്ചുകൊണ്ട് പ്രവചനങ്ങളുടെ പ്രാധാന്യത്തിന് സഭ ഇന്നും ഊന്നൽ നൽകേണ്ടതാണ്. വ്യാഖ്യാനം ചെയ്യാതെ ആദിമ സഭയിൽ ഭാഷകൾ ഉപയോഗിച്ചിരുന്നില്ല(ഇത് അവ്യക്ത സംസാരം അല്ല). കാരണം ആത്മീകവർദ്ധനവാണ് ഭാഷകൾ ഉപയോഗിക്കുന്നതിൽ ഊന്നൽ നൽകുന്നത്. അനേക കരിസ്മാറ്റിക് സഭകളും ബൈബിൾ പഠിപ്പിക്കുന്ന കാര്യത്തിൽ അവഗണനയാണ് പുലർത്തുന്നത്. അനുഭവങ്ങൾ ക്ക് അമിത പ്രാധാന്യം നല്കി ഗൗരവതരമായ വചന പഠനത്തിന്റെ വില കുറയ്ക്കുകയാണവർ.

അവരുടെ "ഭാഷാവരം" അംഗീകാരയോഗ്യമായി കരുതിയാലും അടയാളവരങ്ങൾക്ക് അമിത പ്രാധാന്യം നൽകി, വേദപഠനത്തെയും വ്യാഖ്യാനത്തെയും ചെറുതായിക്കാണുന്ന ഒരു സഭാതത്വശാസ്ത്രം വികസിപ്പിക്കുന്നതിന് യാതൊരു ന്യായീകരണവും ഇല്ല.

> "പ്രവചിക്കുന്നവനോ ആയത്മീകവർദ്ധനയെയും പ്രബോധനത്തിനും ആശ്വാസത്തിനുമായി മനുഷ്യ രോടു സംസാരിക്കുന്നു. അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കുതാൻ ആത്മീക വർദ്ധന വരുത്തുന്നു. പ്രവചിക്കുന്നവൻ സഭയ്ക്ക് ആത്മീകവർദ്ധന വരുത്തുന്നു. അവ്വണ്ണം നിങ്ങളും ആത്മവരങ്ങളെക്കുറിച്ചു വാഞ്ഛയുള്ളവരാകയാൽ സഭയുടെ ആത്മീകവർദ്ധനയ്ക്കായി സഫലന്മാർ ആകുവാൻ ശ്രമിക്കുവിൻ. എങ്കിലും സഭയിൽ **പതിനായിരം വാക്കു അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കാൾ അധികം മറ്റുള്ളവരെ പഠിപ്പിക്കേണ്ടതിനു ബുദ്ധികൊണ്ടു അഞ്ചു വാക്കു പറവാൻ ഞാൻ ഇച്ഛിക്കുന്നു.** (1 കൊരി. 14:3-4; 12, 19).

C. എല്ലാവർക്കും ഭാഷാവരം ഇല്ല

ഒരു വിശ്വാസി ആത്മസ്നാനം പ്രാപിച്ചു അല്ലെങ്കിൽ അദ്ദേഹത്തിന് ആത്മാധിവാസം ഉണ്ട്, എന്നതിന്റെ അനിവാര്യമായ അടയാളമാണ് അന്യഭാഷാഭാഷണം എന്ന് അവകാശപ്പെടുന്ന ധാരാളം കരിസ്മാറ്റിക്കുകൾ ഉണ്ട്. ഭാഷാവരം പ്രാപിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ഇത്തരം അനുഭവം ഇല്ലാത്തവരെ രണ്ടാംകിട വിശ്വാസികളായി അവർ കാണുകയും ചെയ്യുന്നു. എന്നാൽ എല്ലാ വിശ്വാസികളും ആത്മാവിനാൽ സ്നാനമേറ്റവരും ആത്മാധിവാസമുള്ളവരുമാണെന്ന കാര്യത്തിൽ ബൈബിൾ വളരെ വ്യക്തമാണ്. എല്ലാ വിശ്വാസികളും ഭാഷാവരം ഉള്ളവരായിരിക്കണമെന്ന് ദൈവം ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ല എന്നതും വ്യക്തമാണ്. പൗലോസിന്റെ ഈ ആത്മീകചോദ്യത്തിന് നിഷേധാത്മക മറുപടിയാണ് ആവശ്യം.

> എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ? എല്ലാവരും അന്യഭാഷകൾ സംസാരിക്കുന്നുവോ? (1 കൊരി. 12:30).

D. വിശ്വാസികൾ ഭാഷാവരം ഉൾപ്പെടെ മറ്റു വരങ്ങൾ തേടുന്നത് ബലഹീനമായ ഒരു ചിന്തയാണ്.

1 കൊരി 12-ൽ പറയുന്ന ഒരു പ്രാധാന വിഷയം ദൈവം കൃപാപരങ്ങൾ തന്റെ സർവ്വാധികാരത്തിൻകീഴിൽ, അവിടുത്തേക്ക് ഏറ്റവും മെച്ചം എന്നു തോന്നുന്ന നിലയിൽ പകരുന്നുവെന്നാണ്(1 കൊരി. 12:7, 11, 18, 24, 28). ഇതിന്റെയർത്ഥം എല്ലാവർക്കും ഭാഷാവരം ഉൾപ്പെടെ ഒരേവരം ദൈവഹിതമല്ല. മറ്റൊരു പ്രധാന വിഷയം വിശ്വാസികൾ തങ്ങൾക്കു ലഭ്യമായ വരത്തിന്റെ കാര്യത്തിൽ സംതൃപ്തരായിരിക്കണമെന്നതാണ്. ഒരാൾക്ക് ഒരുവരം ഇല്ലായെന്നതിനാൽ നിരാശാനുഭവവും വ്യത്യസ്തമായ ഒരു വരം ഉള്ളയാളോട് അസൂയയും ഉണ്ടാകുവാൻ പാടില്ല (1 കൊരി 12:15). "വാഞ്ഛ" എന്ന പ്രയോഗത്തെ ഇതുമായി കൂട്ടിക്കുഴയ്തക്കരുത്. ദൈവത്തിന്റെ പ്രസാദമുനസരിച്ച് അവിടുന്ന് വരങ്ങൾ വിഭജിച്ചു കൊടുക്കുന്നു. അവിടുന്ന് എന്ത് ചെയ്യുന്നുവോ അതിൽ നാം സംതൃപ്തരായിരിക്കണം.

മറ്റുള്ള വരങ്ങളെ വാഞ്ഛിക്കുവാൻ നിർദ്ദേശിക്കുന്ന വാക്യങ്ങളെന്നു തോന്നുന്നവ നാം പ്രത്യേകം വ്യാഖ്യാനിക്കേ

ണ്ടതാണ്. 1 കൊരി. 12:13 പറയുന്നത് "ശ്രേഷ്ഠവരങ്ങളെ വാഞ്ഛിപ്പിൻ എന്നാണ്; താല്പര്യ ത്തോടെ(earnestly ജാഗ്രതയോടെ) എന്ന പദം ഇംഗ്ലീഷിൽ ചേർത്തിട്ടുണ്ട്. ഇതിന്റെ ഗ്രീക്ക് പദമാണ് "zeelao." ഇതിനെ എരിവോടെ zeal എന്ന മെച്ചമായി പരിഭാഷപ്പെടുത്താം. ''ശ്രേഷ്ഠവരങ്ങൾക്കായി എരിവുള്ളവരായിരിപ്പിൻ'' എന്ന് ധ്വനിക്കുന്നു. ക്രീയാരൂപം **ബഹുവചനമാണ്**. ഇപ്രകാരം മുഴുസഭയോടും ശ്രേഷ്ഠവരങ്ങൾക്കുവേണ്ടി അതീവതാത്പര്യത്തോടെയിരിപ്പിൻ എന്നാണ് പൗലോസ് പറയുന്നത്. ശ്രേഷ്ഠവരങ്ങളായ പ്രവചനം, ഉപദേശം അഥവാ വചനപഠനം എന്നിവയ്ക്ക് സഭ ഊന്നൽ നൽകി. സഭ ഒന്നടങ്കമുള്ള ശുശ്രൂഷകളിൽ പ്രാവർത്തിക മാക്കേണ്ടതാണ് 1 കൊരി 12:31. ദൈവം വ്യക്തികൾക്ക് നൽകിയ കൃപാവരങ്ങളുടെ കാര്യത്തിൽ അവർ സംതൃപ്തരല്ലാതെ മറ്റു വരങ്ങൾ വാഞ്ഛിക്കുവാൻ അധികാരം നൽകുന്നതായി ഈ വാക്യം മനസ്സിലാ ക്കേണ്ടതില്ല. ദൈവം തന്റെ സർവ്വാധികാരത്തിൻകീഴിൽ വരങ്ങൾ വിഭജിച്ചു നൽകുന്നുവെന്നും നമ്മുടെ ഉത്തര വാദിത്വം ക്രിസ്തുവിന്റെ ശരീരമായ സഭയിൽ നമുക്കു ലഭിച്ചിരിക്കുന്ന സ്ഥാനം എന്താണെന്നും അതിൽ സംതൃപ്തരായിരിക്കണമെന്നും ഊന്നൽ നൽകുന്ന പശ്ചാത്തലമനുസരിച്ച് , 1 കൊരി 12:31-ലെ കല്പന സഭ യ്ക്ക് മൊത്തമായി നൽകുന്നതാണ് അഥവാ ഒരു വ്യക്തിക്കു വേണ്ടിയുള്ളതല്ല എന്നു മനസ്സിലാക്കുകയാ ണുത്തമം. ഇപ്രകാരം ഒരാൾ വേറൊരു വരം തേടുകയോ അന്വേഷിക്കുകയോ ചെയ്യുന്നത് അത്ര ആരോഗ്യ കരമായ കാര്യമല്ല.[49]

വ്യക്തിപരമായി വരങ്ങൾക്കുവേണ്ടി താല്പര്യ ത്തോടെ അന്വേഷിക്കണമെന്ന് ഒരാൾ നിർബന്ധം പിടിക്കുകയാ ണെങ്കിൽ 1കൊരി 12:31 ന്റെ ഇപ്രകാരമുള്ള വ്യാഖ്യാനം അന്യഭാഷാവരം പോലെ പ്രാധാന്യം കുറഞ്ഞ വരം അന്വേഷിക്കാനുള്ള അംഗീകാരമായിരിക്കുന്നില്ല. 1കൊരി 12:31 ൽ നിന്ന് എടുക്കാവുന്ന ഏറ്റവും നല്ല പ്രായോഗിക പാഠം വ്യക്തിപരമായ കല്പനയായി എടുത്താൽ പോലും പഠിപ്പിക്കാനുള്ള വരം വാഞ്ഛിക്കുക എന്നതാ യിരിക്കണം.

[49] ചിലർ 1 കൊരി 12:31 ഒരു കല്പനയായിട്ടല്ല; ഒരു പ്രസ്താവനയായിട്ടാണ് എടുക്കുന്നത്. ഇത് വ്യാകരണമ നുസരിച്ച് ശരിയാകാം. മാത്രമല്ല വ്യക്തികൾ ഇതരവരങ്ങൾ തേടുന്നതിനെ നിരാകരിക്കുകയും ചെയ്യുന്നു. എന്നാൽ കൊരിന്ത്യർ ശ്രേഷ്ഠവരങ്ങളായ വചനം പഠിപ്പിക്കൽ, പ്രവചനം എന്നിവയെ വാഞ്ഛിക്കയല്ലായിരുന്നു. അതുപോലെ തന്നെ ഇതിനു സമാന്തരമായി 1 കൊരി. 14:1 മിക്കവാറും ഒരു കല്പനയായി എടുക്കേണ്ടതുമാണ്. 1 കൊരി 13-ാം അദ്ധ്യായം ഇടവേളയാകയാൽ 1 കൊരി 12:31 ഉം 14:1 ഉം സമാന്തരഭാഗങ്ങളാ ണെന്നർത്ഥം. അതുകൊണ്ട് 1 കൊരി 14:1 കല്പനയായിരിക്കെ, 12:31 ഉം കല്പനയായി ഗ്രഹിക്കേണ്ട താണ് (ഒഴിച്ചുകൂടാനാവത്തത്).

E. അന്യഭാഷയുടെ ഭക്തിപരമായ ഉപയോഗം പോലും കേവലം ബലഹീനമാണ്.

"അന്യഭാഷകൾ" ഒരു പ്രാർത്ഥനാഭാഷയായി കരുതുക യോ ഈ വരം അവരുടെ സ്വകാര്യ ഉപയോഗത്തിനാണെ ന്നു ചിന്തിക്കുകയോ ചെയ്യുന്ന അനേകം കരിസ്മാറ്റിക്കു കാരുണ്ട്. ഇപ്രകാരമുള്ള അവകാശവാദങ്ങൾ സത്യസന്ധമാണെന്നും അംഗീകാരയോഗ്യമാണെന്നും ബൈബിളിൽ നിന്നും തെളിയിച്ചുറപ്പിക്കാനിവില്ല. മത്താ. 6:7 വ്യർത്ഥാ ജല്പനം വിലക്കുന്നുവെന്നു നാം കണ്ടു കഴിഞ്ഞതാണല്ലോ. മനസ്സിലാക്കാനാവാത്ത വാക്കുകൾ ഉച്ചരിച്ചു പ്രാർത്ഥിക്കുന്നത് 1 കൊരി 14:15 നിരുത്സാഹ പ്പെടുത്തുന്നുമുണ്ട്. ഈ കാര്യങ്ങൾ മനസ്സിലാക്കിയിട്ടി ല്ലാത്ത വിദേശഭാഷ സംബന്ധിച്ച് വാസ്തവമായിരിക്കെ പ്രാർത്ഥനയിൽ പരസ്പരബന്ധമില്ലാത്ത വാക്കുകൾ ഉപയോഗിക്കുന്നത് പൗലോസ് വിലക്കിയിരുന്നുവെ ന്നതിൽ എന്തെങ്കിലും സംശയിക്കേണ്ടതുണ്ടോ?

വ്യക്തിപരമായ ഒരു നേട്ടം കൃപാവരത്തിന്റെ ഫലങ്ങളി ലൊന്നാവാമെങ്കിലും എല്ലാ കൃപാവരങ്ങളുടെയും ഉദ്ദേശ്യം മറ്റുള്ളവരുടെ നന്മയാണ്(1 കൊരി. 12:7). ഏതെങ്കിലും കൃപാവരം സ്വന്തനേട്ടത്തിന് ഉപയോഗി ക്കുവാനായി നൽകുവാൻ ഒരിക്കലും സാദ്ധ്യതയില്ല. മാത്രമല്ല കൃപാവരങ്ങൾ സ്നേഹത്തിൽ ഉപയോഗി ക്കേണ്ടതാണ്(1 കൊരി 13). കൃപാവരങ്ങൾ മറ്റുള്ളവരുടെ അനുഗ്രഹത്തിനാണ്, സ്വന്ത ഉപയോഗത്തിനല്ല എന്ന് ഇത് സൂചിച്ചിക്കുന്നു. 1 കൊരി 14:22-ൽ 'അന്യഭാഷകൾ' അവിശ്വാസികൾക്കാണെന്ന് പ്രത്യേകം പറഞ്ഞിരി ക്കുന്നു. ഈ കൃപാവരം പ്രാപിച്ചവരുടെ സ്വകാര്യവും ഭക്തിപരവുമായ ഉപയോഗത്തിനുവേണ്ടിയാണ് ഇതു നൽകപ്പെട്ടിരിക്കുന്നതെങ്കിൽ അവിശ്വാസികളുടെ നന്മയ്ക്ക് ഭവിക്കയില്ലല്ലോ. ഈ ആശയങ്ങളെയെല്ലാം ചേർത്തു ചിന്തിക്കുമ്പോൾ കൃപാവരങ്ങൾ സ്വന്തവും സ്വകാര്യവുമായ ഉപയോഗത്തിനാണ് നൽകുന്നതെന്ന ധാരണയ്ക്ക് എതിരാണ് ഈ ഘടകങ്ങൾ.

ഒടുവിലായി സ്വകാര്യ "പ്രാർത്ഥനാഭാഷകൾ" എന്നതി നെ പിന്താങ്ങുന്നതിന് കരിസ്മാറ്റിക്കുവിശ്വാസികൾ ഉപയോഗിക്കുന്ന വാക്യങ്ങൾ മറ്റു നിലയിൽ നന്നായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. 1 കൊരി 14:1 പഠിപ്പിക്കുന്നത്, ഭാഷാവരം പ്രവചനത്തെക്കാൾ കുറഞ്ഞതാണെന്ന ത്രെ. 2-ാം വാക്യം ആരംഭിക്കുന്നത് ഇംഗ്ലീഷിൽ for എന്ന വാക്കോടുകൂടിയാണ്. ഇതിന് ''എന്തുകൊണ്ടെന്നാൽ'' എന്നാണർത്ഥം. ഇപ്രകാരം 2-ാം വാക്യം വരങ്ങളുടെ സ്വകാര്യ ഉപയോഗത്തിന് അംഗീകാരമുദ്ര നൽകുന്ന തല്ല. "അന്യഭാഷകൾ" മറ്റു വരങ്ങളേക്കാൾ കുറഞ്ഞതാ ണെന്ന 1-ാം വാക്യത്തിലെ പ്രമേയത്തെ പിന്താങ്ങുന്ന നിഷേധാത്മക പ്രസ്താവനയാണ് ഇത് ഉളവാക്കുന്നത്. 1 കൊരി 14:1-2 വാക്യങ്ങളിലെ പഠിപ്പിക്കൽ നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം "ഭാഷകളുടെ വരം പ്രവചനവര

ത്തേക്കാൾ കുറഞ്ഞതാണ് (തരം താണതാണ്) എന്തെന്നാൽ ദൈവത്തിനു മാത്രമെ വ്യാഖ്യാനി(പരിഭാഷകൻ) ഇല്ലാതെ- അഥവാ പരിഭാഷപ്പെടാതെയുള്ള ഭാഷണം മനസ്സിലാക്കുവാൻ കഴികയുള്ളൂ". 1 കൊരി 14:2 ഭാഷകൾ സ്വകാര്യഉപയോഗത്തെ പിന്താങ്ങുന്നില്ല. പരിഭാഷപ്പെടുത്താതെ (വ്യാഖ്യാനം)യുള്ള ഭാഷകളുടെ ഉപയോഗത്തെ അത് വിമർശിക്കുകയാണ്. അപ്രകാരമുള്ള ഭാഷകൾ എന്താണർത്ഥമാക്കുന്നതെന്ന് ദൈവത്തിന് മാത്രമേ അറിയൂ!

അതുപോലെ, 1 കൊരി 14:4-ലെ പൗലോസിന്റെ പ്രസ്താവന അന്യഭാഷകൾ സ്വകാര്യ ഉപയോഗത്തിന് അംഗീകാരമുദ്ര നൽകുന്നതല്ല. വ്യാഖ്യാനിക്കാതെയുള്ള ഭാഷാ ഉപയോഗത്തിനെതിരായ വിമർശനമാണിത്. വാക്യത്തിന്റെ ആദ്യഭാഗം ഇങ്ങനെ പറയുന്നു. ''അന്യഭാഷയിൽ സംസാരിക്കുന്നവൻ തന്നെത്താൻ ആത്മീകവർദ്ധന വരുത്തുന്നു'' ഇവിടെ സ്വയം വരുത്തുന്ന വർദ്ധനവ് (enhancement) എന്നു പറയുന്നത് ഈ പശ്ചാത്തലത്തിൽ അനുമോദിച്ചു പറയുകയല്ല. ഇത് വിമർശനയോഗ്യമാണ്. തൊട്ടടുത്ത വാക്യത്തിൽ പ്രവചനം ശ്രേഷ്ഠമാണെന്നു പറയുന്നു കാരണം അത് സഭയെ മൊത്തത്തിൽ ആത്മീകവർദ്ധനവിലേക്കു നയിക്കുന്നു. (1 കൊരി 8:10-ലെ ആത്മീക വർദ്ധന" എന്ന വാക്ക് നിഷേധാത്മകമായ രീതിയിൽ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് നോക്കുക). യഥാർത്ഥത്തിൽ 1 കൊരി. 14:4-ൽ ഭക്തിപരമായ "അന്യഭാഷയ്ക്ക് അംഗീകാരം നൽകുന്നില്ല.

അന്യഭാഷാവരം വ്യക്തിപരമായ ഉപയോഗത്തിന് നൽകിയതല്ല എന്ന വീക്ഷണത്തോടു ചേർന്ന് 1കൊരി 14:28 ഉം ചിന്തിക്കാനാവും. വ്യാഖ്യാനി ഇല്ലാഞ്ഞാൽ അന്യഭാഷയിൽ സംസാരിക്കുന്നവൻ സഭയിൽ മൗനമായിരിക്കട്ടെയെന്നാണ് ആ വാക്യം പറയുന്നത്. ''അവൻ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ" എന്ന് അതിന്റെ ഒടുവിലത്തെ ഭാഗത്ത് പറയുന്നു. ഒരു പക്ഷേ ഇതിന്റെ ലളിതമായ അർത്ഥം ഇതാണ്:- ''അന്യഭാഷാവരമുള്ളയാൾ സഭയിൽ വ്യാഖ്യാനി (പരിഭാഷകൻ) ഇല്ലെങ്കിൽ പരസ്യമായി അന്യഭാ ഷയിൽ സംസാരിക്കരുത്, മറിച്ച് സഭയിൽ ശുശ്രൂഷ നൽകുന്ന സമയം അയാൾ സ്വന്തം ഭാഷയിൽ ശാന്തമായി ധ്യാനത്തോടും പ്രാർത്ഥനടോയും ദൈവസന്നിധിയിൽ സമയം ചെലവഴിക്കേണം. പ്രാർത്ഥനയിൽ "അന്യഭാഷകൾ" ഉപയോഗിക്കു ന്നതിന് ഈ വാക്യം അംഗീകാരം നൽകുന്നതായി എടുക്കരുത്.

ചുരുക്കിപ്പറഞ്ഞാൽ, അന്യഭാഷകൾ ഭക്തിപരമായി (devotional) ഉപയോഗിക്കുന്നതിന് വേദപു സ്തകം അംഗീകാരം നൽകുന്നില്ല. പ്രത്യേക പ്രാർത്ഥനാവരങ്ങൾ കൂടാതെ തന്നെ ദൈവസന്നിധിയിൽ പ്രവേശിച്ച് ശുശ്രൂഷ ചെയ്യുവാൻ തക്കവണ്ണം എല്ലാ വിശ്വാസികളും പുരോഹിതന്മാരാണ്. എല്ലാവർക്കും തുല്യപ്രവേശനമാണുള്ളത്(എഫെ. 2:18, 1 പത്രോ. 2:9; വെളി. 1:6; 5:10). ഒരു ഭാഷ മനസ്സിലാക്കുന്നതല്ലെങ്കിൽ അത് പ്രാർത്ഥനയിൽ ഉപയോഗിക്കാൻ അനുവദിക്കുന്നില്ല (1കൊരി. 14:15). ശുദ്ധമായ ഭാഷയുടെ ഭാഗമല്ലാത്ത അവ്യക്തഭാഷണം പ്രാർത്ഥനയിൽ അനുവദനീയമല്ല അതായത് ശരിയായ ശുദ്ധഭാഷയല്ലാത്തതൊന്നും (മത്താ. 6:7).

F. 'അന്യഭാഷകൾ' അവിശ്വാസികൾക്ക് അടയാളമായിരിക്കേണ്ടതിനാണ്.

1 കൊരി. 14:22 പഠിപ്പിക്കുന്നത് അന്യഭാഷകൾ അവിശ്വാസികൾക്കാണ് അടയാളമായിരിക്കുന്ന തെന്ന ത്രേ. ആധുനിക കരിസ്മാറ്റിക്കുകാരുടെ മദ്ധ്യേ "അന്യഭാഷകൾ" അധികവും സഭകളിലാണു പയോഗിക്കുന്നത്, നഷ്ടപ്പെട്ട ആത്മാക്കളെ നേടാൻ തീരെ കുറച്ചുമാത്രമെ ഉപയോഗിക്കാറുള്ളു.

G. അന്യഭാഷാഭാഷക്കാർ സ്വയസംയമനത്തിലും നിയന്ത്രണത്തിലും പൂർണ്ണ ശ്രദ്ധപാലിക്കേണ്ടതാണ്.

1 കൊരി. 14:32 പഠിപ്പിക്കുന്നത്: "പ്രവാചകന്മാരുടെ ആത്മാവ് പ്രവാചകന്മാർക്കു കീഴടങ്ങിയിരിക്കുന്നു" എന്നാണ്. ഇതിന്റെയർത്ഥം പുതിയ നിയമം വെളിപ്പെടുത്തുന്ന പ്രവചനവരം പ്രാവർത്തികമാക്കുന്നതിൽ ആ വ്യക്തി സ്വയനിയന്ത്രണം വെടിഞ്ഞ് ഒരുതരം ആത്മവിവശതയെന്നോണമുള്ള ഉന്മാദാവസ്ഥയിലാകണമെന്നില്ല എന്നത്രേ. അതായത്, അങ്ങനെയൊരു കാര്യം ഇതിൽ ഉൾക്കൊള്ളുന്നില്ല. ഭാഷാവരത്തിന്റെ കാര്യത്തിലും ഇതു സത്യമാണ് (ഇങ്ങനെ തന്നെയായിരിക്കണമെന്ന് ഒരാൾക്കു അനുമാനിക്കാവുന്നതാണ്). എന്നിരുന്നാലും പല കരിസ്മാറ്റിക്കുകളും ''അബോധാവസ്ഥപോലുള്ളതോ ആത്മ വിവശതയെന്ന നിലയിലുള്ളതോ ആയ അനുഭവത്തെ ഉയർന്ന ആത്മികത എന്നു മുദ്രകുത്തുന്നു.

H. സഭയിൽ ബുദ്ധിപൂർവ്വമായ സംഭാഷണമേ അനുവദനീയമായിട്ടുള്ളൂ.

ഈ മാനദണ്ഡം അനേക കരിസ്മാറ്റിക്കുകളും ലംഘിക്കാറുണ്ട്. പരിഭാഷ കൂടാതെയുള്ള ഭാഷകൾ ആദിമസഭയിൽ വെറുതേ അനുവദിച്ചിരുന്നില്ല. (1 കൊരി. 14:7-12, 28) പരിഭാഷയില്ലാതെ വിദേശഭാഷകൾ ഉപയോഗിക്കുന്നത് ക്രമംകെട്ട നടപടിയാണെന്ന് പുറത്തുള്ളവർ കരുതുന്നത് ന്യായമായിരുന്നു (1 കൊരി. 14:23). മനസ്സിലാകാത്ത ഭാഷകൾ ഉപയോഗിക്കുന്നത് പക്വതയില്ലാത്ത ബാലിശമായ ഏർപ്പാടായി മാത്രമേ പരിഗണിക്കാനാവുമായിരുന്നുള്ളൂ (1 കൊരി. 14:20).

യഥാർത്ഥവും ശുദ്ധവുമായ ഭാഷകളുടെ വരം നൽകിയിരുന്ന കാലയളവിൽപോലും മനസ്സിലാകാത്ത

ഭാഷകൾ സഭയിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഏതെങ്കിലും ഭാഷയിൽ ഉൾപ്പെടാത്ത വ്യർഥ ജല്പനം ഇതേ മാതിരി സഭയിൽ പ്രവേശിക്കാതെ വിലക്കിയിരുന്നുവെന്ന് കരുതുവാൻ വിഷമമില്ല.

I. അന്യഭാഷക്കാരുടെ എണ്ണം

ഒരു ശുശ്രൂഷയിൽ ഏറിയാൽ രണ്ടുപേർ അല്ലെങ്കിൽ മൂന്നുപേർ മാത്രമേ അന്യഭാഷയിൽ സംസാരിക്കാവൂ. അതും ഒരാൾ മാത്രം ഒരു സമയത്ത് (1 കൊരി. 14:27).

ഈ മാർഗ്ഗ നിർദ്ദേശങ്ങൾ ലളിതമായും അതേപടി പാലിക്കപ്പെടേണ്ടതാണ്. എങ്കിലും ചില കരിസ്മാറ്റിക്ക് കൂടിവരവുകൾ ഇതിൽ അമ്പേ പരാജയമാണ്.

J. ശുശ്രൂഷകൾ ക്രമീകൃതമായിരിക്കണം

ശുശ്രൂഷയിൽ യാതൊരു സന്ദേഹവുമില്ലാത്തവിധം ക്രമത്തിലായാരിക്കണം(1 കൊരി. 14:33, 40).

സഭയുടെ കാര്യനിർവ്വഹണത്തിൽ ചില കരിസ്മാറ്റിക്ക് വിഭാഗങ്ങൾ ഈ അടിസ്ഥാനതത്വം പാലിക്കുന്നേയില്ല.

K. അന്യഭാഷകളെ സംബന്ധിച്ച് വേദപുസ്തക നിബന്ധനകളുടെ സംഗ്രഹം.

കരിസ്മാറ്റിക് മുന്നേറ്റത്തിൽ, വിവിധതരം ആളുകൾ, വിസ്യത മണ്ഡലത്തിൽ ഉൾക്കൊള്ളുന്നുണ്ട്. യുക്തിപരമായ ജീവിതശൈലി പുലർത്തുന്നവരും വളരെ മൃദു സമീപനരീതിയുള്ളവരുമുണ്ട്. അടയാള വരങ്ങൾ നിന്നു പോയിട്ടില്ലെന്നും കരിസ്മാറ്റിക്കുകൾക്ക് സത്യസന്ധമായും വാസ്തവമായും ഭാഷാവരം ഉണ്ടെന്നും നാം സങ്കല്പിച്ചാൽ പോലും ഭാഷാവരം ഉപയോഗിക്കുന്നതിനായി ബൈബിൾ നിർദ്ദേശിക്കുന്ന നിബന്ധനകളുടെ കാര്യത്തിൽ അനേകരും അങ്ങേയറ്റം പോരായ്മയുള്ളവരാണെന്നു സമ്മതിച്ചേ പറ്റൂ.

മനസ്സിലാക്കാനാവാത്ത ഭാഷകൾ സഭയിൽ ഉപയോഗിക്കരുത് (1 കൊരി. 14:28). എന്ന മൗലികതത്വം അതേപടി അനുവർത്തിക്കുന്നതിൽ ഇക്കൂട്ടർ എല്ലാവരും തന്നെ അടിതെറ്റിയിരിക്കുന്നുവെന്ന് പറയാതെ വയ്യ. ഈ നിബന്ധന ശരിയായ ഭാഷകൾ ഉപയോഗിക്കുന്നതിൽ പരമപ്രധാനമാണെങ്കിൽ, വാദത്തിനായി സമ്മതിച്ചാൽ പോലും കേവലം അവ്യക്തഭാഷകളുടെ കാര്യത്തിൽ എത്രയധികം! മനസ്സിലാകാത്ത, ഉച്ചാരണങ്ങളോ കലപിലശബ്ദങ്ങളോ ഉന്മാദാവസ്ഥയിലുള്ള ചിലയ്ക്കലുകളോ ആദിമ സഭയിൽ അനുവദിച്ചിരുന്നില്ലെന്നു തീർച്ച.

കരിസ്മാറ്റിക്കുകൾ, ബൈബിൾ വെളിപ്പെടുത്തുന്ന നിലയിൽ ഭാഷകൾ (ഭാഷാവരം) ഉപയോഗിക്കാതെ, അതിർലംഘിക്കുന്നുവെന്നുള്ളത് ബൈബിളിന്റെ അധികാരം അംഗീകരിക്കാതെ, അനുഭവങ്ങളെ പെരുപ്പിച്ചു കാട്ടി അത്തരം നേതാക്കളെ ബൈബിളിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നുവെന്നുള്ള പൊതുവായ മനോഭാവം വെളിപ്പെടുത്തുകയാണ്. ആത്മസ്നാനം, ആത്മാധിവാസം, അന്യഭാഷസംസാരിക്കുന്നതിലെ ക്രമവും നിബന്ധനകളും ഇത്തരം അടിസ്ഥാനപരമായ വിഷയത്തിൽ കരിസ്മാറ്റിക്കുകളുടെ നിലയും നിലപാടും ഒരാൾക്ക് സത്യസന്ധമായി അംഗീകരിക്കാനും അതിൽ ആശ്രയിക്കാനും പറ്റാത്തതാണെങ്കിൽ അടയാളവരങ്ങൾ നിന്നു പോയോ ഇല്ലയോ എന്ന ഉപദേശം സംബന്ധിച്ച് അവരുടെ നിലപാടിനെ എന്തുകൊണ്ട് അംഗീകരിക്കണം? അഥവാ അംഗീകരിക്കുന്നതിൽ എന്താണുറപ്പ്? എഴുതപ്പെട്ട വചനം അവഗണിക്കുകയോ അല്പപ്രാധാന്യം മാത്രം നൽകുകയോ ചെയ്യുമ്പോൾ അനുഭവങ്ങളെ വ്യാഖ്യാനിക്കുന്നതിൽ വിശ്വാസ്യത എങ്ങനെയുണ്ടാവും?

അപ്പോസ്തലന്മാരോടു കൂടെ അടയാളവരങ്ങൾ പ്രത്യേകാൽ ഭാഷാവരം നിന്നുപോയി എന്നു വിശ്വസിക്കുന്നതിൽ മതിയായ വേദപുസ്തക കാരണങ്ങളുണ്ട് മാത്രമല്ല, ഇന്നത്തെ കരിസ്മാറ്റിക്കുകളുടെ അവ്യക്തഭാഷണം ബൈബിൾ ആദിമനൂറ്റാണ്ടിൽ അനുവദിച്ചിരുന്നില്ല. ശരിയായ ഭാഷാവരവുമായി കടലും കടലാടിയും പോലെയാണ് ബന്ധവും സാമ്യവും. അവസാനമായി, അവർ പറയുന്ന ഭാഷയ്ക്ക് അംഗീകാരമുദ്ര നൽകാമെന്നു വിചാരിച്ചാൽ ബൈബിൾ നിബന്ധനകളെ അവർ പലപ്പോഴും അനുസരിക്കാതെയാണ് കാര്യനിർവ്വഹണം നടത്തുന്നതെങ്കിലോ? ഈ മൂന്നു വ്യത്യസ്ത വീക്ഷണത്തിൽ നിന്നുകൊണ്ട് കരിസ്മാറ്റിക് പ്രസ്ഥാനത്തെ തികച്ചും നിഷേധാത്മകമായി വിലയിരുത്തേണ്ടതാണ്. രോഗശാന്തിയുടെ തലത്തിലും അവരുടെ വിശ്വാസവും ചെയ്തികളും പരാജയമത്രെ.

V. അത്ഭുത രോഗശാന്തിയെക്കുറിച്ച് ബൈബിൾ

> “നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരെ രക്ഷിക്കും. കർത്താവു അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും (യാക്കോ. 5:14, 15).

A. രോഗശാന്തിയും സൗഖ്യമാക്കുന്നവരും

യാക്കോ. 5:14-15 പഠിപ്പിക്കുന്നത്, രോഗികൾക്ക് സൗഖ്യം പ്രാപിക്കുവാൻ പ്രാർത്ഥന ഒരു മുഖാന്തരമാണെന്നത്രേ. രോഗികളായിട്ടുള്ള ഭക്തരുടെ ദൃഷ്ടാന്തങ്ങൾ ബൈബിൾ നൽകിയിരിക്കുന്നത് പരിശോധിച്ചാൽ, ഒരു പൊതുതത്വം യാക്കോബ് നൽകുകയാണെന്നു കരുതുന്നതാണുത്തമം, മറിച്ച് അനിവാര്യമായ (മാറിക്കൂടാത്ത) ഒരു വാഗ്ദത്തം നൽകുകയാണെന്നു കരുതേണ്ടതില്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ പ്രാർത്ഥന, പലപ്പോഴും

ഒരു പ്രത്യേക രീതിയെന്ന നിലയിലും സാധാരണയായും ആരോഗ്യം യഥാസ്ഥാനപ്പെടുത്തുന്നതിൽ ഒരു മുതൽക്കൂട്ടുതന്നെയാണ്. ആരോഗ്യപ്രശ്നത്തിൽ ആളുകളുടെ അപേക്ഷകൾ അനവദിക്കുന്നത് ദൈവത്തെ സംബന്ധിച്ച് അസാധാരണ കാര്യമൊന്നുമല്ല. എന്നാൽ എല്ലായ്പോഴും എല്ലാ വിശ്വാസികൾക്കും സമ്പൂർണ്ണ സൗഖ്യം വരുത്തുവാൻ അവിടുന്ന് കടമപ്പെട്ടിരിക്കുന്നില്ല. അതിലുപരി, ഇവിടെ പറയുന്ന രോഗസൗഖ്യം ഉടനടി സംഭവിക്കുന്നതാണോ അതോ ക്രമേണ സംഭവിക്കുന്നതാണോ എന്ന് ഈ വേദഭാഗം നിർദ്ദേശിക്കുന്നില്ല. എപ്പോൾ? എങ്ങനെ? സൗഖ്യം സംഭവിക്കുന്നുവെന്നു നിർണ്ണയിക്കുന്നത് ദൈവമാണ്.

ബൈബിൾ വിശ്വസിക്കുന്ന എല്ലാ സഭകളും വിശ്വസിക്കുന്നത് പ്രാർത്ഥന രോഗസൗഖ്യം നൽകുന്നതിൽ ഒരു ഘടകമാണെന്നാണ്. എന്നാൽ, പ്രാർത്ഥനയ്ക്ക് സൗഖ്യമാക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നതും വിശ്വാസത്താൽ രോഗസൗഖ്യം വരുത്തുന്നവർ ഉണ്ടെന്നു വിശ്വസിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്.

ആദിമസഭയിൽ, വിശ്വാസികൾ, രോഗികളാകുമ്പോൾ വിശ്വാസ-സൗഖ്യദായകരെ വിളിക്കുമായിരുന്നുവെന്ന് യാക്കോബ് പറയുന്നില്ല എന്നത് രസകരമാണ്. നേരെ മറിച്ച് അവർ സഭയിലെ മൂപ്പന്മാരെ വരുത്തി പ്രാർത്ഥിക്കുവാനാണ് പറയുന്നത്. ഈ വസ്തുത അതിൽത്തന്നെ അന്ന് വിശ്വാസരോഗശാന്തിക്കാർ തീരെ കുറവായിരുന്നുവെന്നതിന്റെ സൂചനയാണ്. മാത്രമല്ല, അടയാളവരങ്ങൾ, അധികപങ്കും സഭയ്ക്കു വെളിയിലുള്ളവരോടുള്ള ബന്ധത്തിലാണ് ഉപയോഗത്തിലിരുന്നത് എന്നും ഇത് സൂചിപ്പിക്കുന്നു. ഏതൊരു വിശ്വാസിയും ന്യായമായും അസുഖം വരുമ്പോൾ മറ്റു വിശ്വാസികളോടു പ്രാർത്ഥിക്കുവാൻ പറയുകയാണ് സ്വാഭാവികമായ പ്രതികരണം. കരിസ്മാറ്റിക്ക് വിശ്വാസികളല്ലാത്ത സഭകൾ ഇപ്രകാരമാണ് അനുവർത്തിക്കുന്നത്. ദൈവത്തിന് സൗഖ്യമാക്കുവാൻ കഴിയുമെന്നും ഇന്നും സൗഖ്യമാക്കുന്നുവെന്നും അവർ വിശ്വസിക്കുമ്പോൾ തന്നെ ദൈവത്തിന് വിശ്വാസരോഗശാന്തിക്കാർ ഇന്നും ലോകത്തിലുണ്ട് എന്ന ദൈവശാസ്ത്രം അവർ വിശ്വസിക്കുന്നില്ല.

B. അടയാള വരങ്ങളും രോഗസൗഖ്യവും

അപ്പോസ്തലന്മാരോടുകൂടെ അടയാളവരങ്ങളും നിന്നു പോയി എന്നു വിശ്വസിക്കുന്നതിനുള്ള മുഴുവൻ ന്യായവാദങ്ങളും ഇവിടെ ആവർത്തിക്കേണ്ടതില്ല... (ഇംഗ്ലീഷ നുസരിച്ച് 271-276 പേജുകൾ കാണുക). രോഗശാന്തി ഒരു അടയാളവരമാണെന്ന് ചൂണ്ടിക്കാണിക്കുക മാത്രമാണ് ആവശ്യമായിരിക്കുന്നത്. ഇത് സ്ഥാപിക്കുവാൻ പ്രയാസമില്ല. അടയാളങ്ങളെക്കുറിച്ചു പറയുന്ന അപ്പോസ്തല പ്രവൃത്തികളിലെ അനേക വേദഭാഗങ്ങൾക്കും പശ്ചാത്തലത്തിൽ അത്ഭുത രോഗശാന്തികാണാൻ കഴിയും.

> "**സൗഖ്യ**മാക്കുവാൻ നിന്റെ കൈനീട്ടുന്നതിനാലും നിന്റെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്തിൽ **അടയാള**ങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാലും, നിന്റെ വചനം പൂർണ്ണധൈര്യത്തോടുകൂടെ പ്രസ്താവിപ്പാൻ നിന്റെ ദാസന്മാർക്കു കൃപ നല്കേണമേ (അപ്പോ. 4:30).
>
> അപ്പൊസ്തലന്മാരുടെ കൈയ്യാൽ ജനത്തിന്റെ ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും നടന്നു. അവർ എല്ലാവരും ഏകമനസ്സോടെ ശാലോമോന്റെ മണ്ഡപത്തിൽ കൂടി വരിക പതിവായിരുന്നു. "രോഗികളെ പുറത്തുകൊണ്ടുവന്നു, പത്രൊസ് കടന്നുപോകുമ്പോൾ അവന്റെ നിഴൽ എങ്കിലും അവരിൽ വല്ലവരുടെയും മേൽ വീഴേണ്ടതിനു വീഥികളിൽ വിരിപ്പിന്മേലും കിടക്കമേലും കിടത്തും. അതുകൂടാതെ യെരുശലേമിനു ചുറ്റുമുള്ള പട്ടണങ്ങളിൽ നിന്നു പുരുഷാരം വന്നുകൂടെ **രോഗികളെ**യും അശുദ്ധാത്മാക്കൾ ബാധിച്ചവരെയും കൊണ്ടുവരികയും അവർ എല്ലാവരും **സൗഖ്യം പ്രാപിക്കയും** ചെയ്യും." (അപ്പൊ. 5:12, 15-16).

രോഗശാന്തി തീർച്ചയായും ഒരു "അടയാള" വരമാണ്. അടയാളങ്ങൾ അപ്പൊസ്തോലിക അധികാരം ഉറപ്പിക്കാനായിരുന്നതുകൊണ്ട് രോഗശാന്തിവരം അപ്പൊസ്തലന്മാരുടെ കാലത്തോടെ നിന്നു പോയി എന്ന് ഒരാൾക്കു ന്യായമായും അനുമാനിക്കാൻ കഴിയും. പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കുന്നതിനെ ഇത് നിരാകരിക്കുന്നില്ല, അതുപോലെ അത്ഭുതങ്ങൾ (വീര്യപ്രവൃത്തികൾ) നടക്കുന്നതിനെയും ഇത് ഒഴിവാക്കുന്നില്ല. എന്നാൽ വിശ്വാസരോഗശാന്തിക്കാരോ വീര്യപ്രവൃത്തി ചെയ്യുന്നവരോ ഇല്ല എന്ന് ഇത് തീർച്ചയായലും അർത്ഥമാക്കുന്നുണ്ട്. രോഗസൗഖ്യം രോഗശാന്തിക്കാർ ഇവ തമ്മിൽ നാം വേർതിരിക്കേണ്ടതുണ്ട്. അതുപോലെ തന്നെ വീര്യപ്രവൃത്തികളും വീര്യപ്രവൃത്തികൾ ചെയ്യുന്നവരും തമ്മിലും വേർതിരിക്കേണ്ടതുണ്ട്. ഒന്ന് സാദ്ധ്യമാണ്. മറ്റേത് അസാദ്ധ്യവും.

C. കരിസ്മാറ്റിക്ക് അവകാശവാദങ്ങളും വേദപുസ്തക പഠിപ്പിക്കലുകളും.

1. വീര്യപ്രവൃത്തികൾ നടക്കുന്നതിലെ സമയ വേഗത

ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും ഐഹിക ശുശ്രൂഷകൾ ഉൾപ്പെടെ ബൈബിൾ ചരിത്രത്തിൽ സംഭവിച്ചിട്ടുള്ള അത്ഭുത പ്രവൃത്തികളുടെ ക്രമം, വേഗത ഇവയേക്കാൾ വലിയ സമയ വേഗതയാണ് സാധാരണയായി കരിസ്മാറ്റിക്കുകൾ അവകാശപ്പെടുന്നത് എന്നു നാം ശ്രദ്ധിക്കേണ്ടതുണ്ട് [50]. ഭൂമുഖത്ത് തീവ്രമായ നിലയിൽ

[50] യോഹ. 14:12 ഭൗതിക രോഗശാന്തിയോടുള്ള ബന്ധത്തിൽ

അത്ഭുതപ്രവൃത്തികൾ നടന്ന മൂന്നു കാലഘട്ടങ്ങളുണ്ട്. മോശയുടെയും യോശുവയുടെയും കാലം, ഏലിയാവിന്റെയും ഏലീശയുടെയും കാലം, അതുപോലെ, യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും കാലം. മറ്റു സന്ദർഭങ്ങളിൽ ബൈബിൾ കാലഘട്ടങ്ങളിൽ തന്നെ അത്ഭുതങ്ങൾ വളരെ അപൂർവ്വമായിരുന്നു.

കർത്താവ് എല്ലാവരെയും സൗഖ്യമാക്കിയിട്ടില്ല; ഭൂമിശാസ്ത്രപരമായി വിസ്തൃതമായ മേഖലയിലേക്ക് അവിടുത്തെ ശുശ്രൂഷ വികസിതമായിരുന്നുമില്ല. പുതിയ നിയമ കാലഘട്ടത്തിൽതന്നെ ലോകമെമ്പാടും എത്രയോ അധികം രോഗികൾ അത്ഭുതസൗഖ്യം പ്രാപിക്കാത്തവരായി ഉണ്ടായിരുന്നു. വീര്യപ്രവൃത്തികൾ എല്ലായ്പോഴും, സമയം, കാലഘട്ടങ്ങൾ, ഭൂമിശാസ്ത്രപരമായ വിസ്തൃതി എന്നിവയോടുള്ള ബന്ധത്തിൽ പരിമിതപ്പെട്ടിരുന്നു.

> "ഏലിയാവിന്റെ കാലത്തു ആകാശം മൂവാണ്ടും ആറുമാസവും അടഞ്ഞിട്ടു ദേശത്തു എങ്ങും മഹാക്ഷാമം ഉണ്ടായപ്പോൾ യിസ്രായേലിൽ പല വിധവമാർ ഉണ്ടായിരുന്നു എന്നു ഞാൻ യഥാർത്ഥമായി നിങ്ങളോടു പറയുന്നു. എന്നാൽ സീദോനിലെ സരെപ്തയിൽ ഒരു വിധവയുടെ അടുക്കലേക്കല്ലാതെ അവരിൽ ആരുടെയും അടുക്കലേക്ക് ഏലിയാവിനെ അയച്ചില്ല. അവ്വണ്ണം ഏലിശാ പ്രാവചകന്റെ കാലത്തു യിസ്രായേലിൽ പല കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. സുറിയക്കാരനായ നയമാൻ അല്ലാതെ അവരാരും ശുദ്ധമായില്ല എന്നു അവൻ പറഞ്ഞു. പള്ളിയിലുള്ളവർ ഇതു കേട്ടിട്ട് എല്ലാവരും കോപം നിറഞ്ഞവരായി എഴുന്നേറ്റു" (ലൂക്കൊ. 4:25-28).
>
> "ഈ പന്ത്രണ്ടുപേരെയും യേശു അയക്കുമ്പോൾ അവരോടു ആജ്ഞാപിച്ചതെന്തെന്നാൽ ജാതികളുടെ അടുക്കൽ പോകാതെയും ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവീൻ" (മത്താ. 10:5,6).

എണ്ണത്തിലും സമയത്തിലും വീര്യപ്രവൃത്തികൾ നടക്കുന്ന സ്ഥലത്തിന്റെ കാര്യം ആധുനിക വിശ്വാസ രോഗശാന്തിക്കാർ അവകാശപ്പെടുന്നത്, വേദപുസ്തകം നല്കുന്ന ദൃഷ്ടാന്തങ്ങളേക്കാൾ അധികമാണ്. എന്നാൽ വേദപുസ്തക ചരിത്രമനുസരിച്ച് നോക്കിയാൽ വീര്യപ്രവൃത്തികൾ നടന്നത്, വല്ലപ്പോഴുമൊക്കെയും അപൂർവ്വമായിരുന്നു. അവ ഒരിക്കലും പൊതുവായിട്ടോ, സമയദൈർഘ്യമേറിയതോ, നടന്ന സ്ഥലത്തിന്റെ കാര്യത്തിൽ വിസ്തൃത ഭൂമേഖലയിലോ ആയിരുന്നില്ല.

2. രോഗങ്ങൾ സംബന്ധിച്ച് വേദപുസ്തക മാതൃകകൾ

വിശ്വാസ രോഗശാന്തിക്കാർ അവകാശപ്പെടുന്നത്, എല്ലാ വിശ്വാസികൾക്കും വേണ്ടിയുള്ള ദൈവഹിതം അവർ എല്ലാ സമയത്തും ആരോഗ്യമുള്ളവരായിരിക്കണമെന്നാണ്. അവരെ സംബന്ധിച്ചിടത്തോളം ശാരീരിക രോഗങ്ങളോ അസ്വസ്ഥതകളോ ആത്മികമായ പ്രശ്നത്തിന്റെ സൂചനയാണ്. വേദപുസ്തക ദൃഷ്ടാന്തങ്ങൾ ഈ ആശയത്തെ പിന്താങ്ങുന്നില്ല. അപ്പൊസ്തലനായ പൗലോസ് അദ്ദേഹത്തിന്റെ ജീവിതത്തിൽ ദൈവഹിതത്തിന് വളരെയധികം സമർപ്പിക്കപ്പെട്ടിരുന്നെങ്കിലും അദ്ദേഹം രോഗിയായിരുന്നു.

> "വെളിപ്പാടുകളുടെ ആധിക്യത്തിൽ ഞാൻ അതിയായി നിഗളിച്ചു പോകാതിരിപ്പാൻ എനിക്കു ജഡത്തിൽ **ഒരു ശൂലം** തന്നിരിക്കുന്നു. ഞാൻ നിഗളിച്ചു പോകാതിരിക്കേണ്ടതിനു എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെ തന്നെ. അതു എന്നെ വിട്ടു നീങ്ങേണ്ടതിനു ഞാൻ മൂന്നുവട്ടം കർത്താവിനോടപേക്ഷിച്ചു. അവൻ എന്നോട്: എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു (2 കൊരി. 12: 7-9).

ആദിമ സഭയിലെ സമർപ്പിതരായ മറ്റ് ദൈവമക്കൾ ശാരീരിക പ്രായസങ്ങൾ അഭിമുഖീകരിച്ചിരുന്നു. വിശ്വസ്തരായ ക്രിസ്തീയ വിശ്വാസികൾ എല്ലായ്പ്പോഴും ആരോഗ്യ ദൃഢഗാത്രരാണെന്നത് ഒരിക്കലും ശരിയല്ല.

> മേലാൽ വെള്ളം മാത്രം കുടിക്കാതെ നിന്റെ അജീർണ്ണതയും **കൂടെക്കൂടെയുള്ള ക്ഷീണതയും** നിമിത്തം അല്പം വീഞ്ഞു സേവിച്ചുകൊള്ളുക." (1 തിമൊ. 5:23).
>
> എന്നാൽ എന്റെ സഹോദരനും കൂട്ടുവേലക്കാരനും സഹഭടനും നിങ്ങളുടെ ദൂതനും എന്റെ ബുദ്ധിമുട്ടിന്നു ശുശ്രൂഷിച്ചവനുമായ എപ്പഫ്രൊദിത്തൊസിനെ നിങ്ങളുടെ അടുക്കൽ അയക്കുന്നതു ആവശ്യം എന്നു എനിക്കു തോന്നി. അവൻ നിങ്ങളെ എല്ലാവരെയും കാണാൻ വാഞ്ഛിച്ചും താൻ ദീനമായി കിടന്നു എന്നു നിങ്ങൾ കേട്ടതു കൊണ്ടു വ്യസനിച്ചുമിരുന്നു. അവൻ **ദീനം പിടിച്ചു മരിപ്പാറായിരുന്നു** സത്യം. എങ്കിലും ദൈവം അവനോടു കരുണ ചെയ്തു. അവനോടു മാത്രമല്ല, എനിക്ക് ദുഃഖത്തിന്മേൽ ദുഃഖം വരാതിരിപ്പാൻ എന്നോടും കരുണ ചെയ്തു (ഫിലി. 2:25-27).

യേശുവിനേക്കാളും അധികം വലിയ വീര്യപ്രവൃത്തികൾ അപ്പൊസ്തലന്മാർ ചെയ്യുമെന്ന് ഈ വാക്യത്തിനൽത്ഥമില്ല. മാനസാന്തരാനുഭവത്തോടുള്ള ബന്ധത്തിൽ യേശുക്രിസ്തു തന്റെ ഐഹിക ശുശ്രൂഷയിൽ ചെയ്തതിനേക്കാളധികം അനുഗ്രഹങ്ങൾ അവർക്ക് അനുഭവിക്കാൻ കഴയും എന്നാണ് ഇതിന്റെ അർത്ഥം.

> എരസ്തൊസ് കൊരിന്തിൽ താമസിച്ചു ത്രൊഫി മൊസിനെ ഞാൻ മിലേത്തിൽ **രോഗിയായി** വിട്ടേച്ചു പോന്നു (2 തിമൊ. 4:20).

ആത്മികരായ അനേക വിശ്വാസികളും രോഗികളായി മരിച്ചുവെന്നതിന് എത്രയോ അധികം തെളിവുകൾ നിരത്തുവാനുണ്ട്. ലൂഥറും പ്രത്യേകാൽ കാൽവിനും രോഗികളായിരുന്നു. എല്ലായ്പ്പോഴും ആരോഗ്യം എന്നതാണ് ദൈവഹിതമെന്നുറപ്പിക്കുന്നത്, ദൈവശാസ്ത്രപരമായും അനുഭവപരമായും മൗഢ്യമാണ്. ഇത്തരം ദുരുപദേശങ്ങൾ ക്രിസ്ത്യാനിത്വത്തെക്കുറിച്ചുള്ള മാന്യത നശിപ്പിക്കുന്നതിൽ കലാശിക്കുകേയുള്ളൂ. ഉപദേശപരമായി ഉറപ്പില്ലാത്തവരും, അപ്പോൾതന്നെ ദൈവം നമുക്ക് എല്ലായ്പോഴും സമ്പൂർണ്ണ ആരോഗ്യമാണ് അഭിലഷിക്കുന്നതെന്നും. വിശ്വസിക്കുകയും ചെയ്യുന്നവർക്ക് വിവിധനിലയിൽ നിഷേധാത്മകമായി പ്രതികരിക്കാൻ കഴിയും. രോഗം ആത്മിക പരാജയത്തിനുള്ള ദൈവത്തിന്റെ ന്യായവിധിയായിരിക്കയില്ല എന്ന വസ്തുതയ്ക്കു മദ്ധ്യേയും ഒരുപക്ഷേ ഇത്തരക്കാർ, സ്വയം വെറുക്കുന്നവരും സ്വയം ഹീനരായവരുമാകാം. ഇത് ശരിയല്ലാത്ത കുറ്റബോധം, സമ്മർദ്ദം, എന്നിവയിലേക്കും സ്വയമേ അയോഗ്യചിന്തയിലേക്കും നയിക്കും. മാത്രമല്ല ദൈവസ്നേഹത്തെക്കുറിച്ച് സംശയവുമുണ്ടാകാം.

''ആരോഗ്യ ദൈവശാസ്ത്ര''ത്തിൽ വിശ്വസിക്കുന്ന ഒരാൾക്കുണ്ടാകുന്ന രോഗം അദ്ദേഹത്തിന്റെ സ്വയ വീക്ഷണത്തെത്തന്നെ ബാധിക്കും. മാത്രമല്ല ദൈവത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ കാഴ്ചപ്പാടിനെ അത് ബാധിക്കുകതന്നെ ചെയ്യും. ഒരാളുടെ ജീവിതത്തിൽ എടുത്തു പറയത്തക്ക തെറ്റുകൾ ഒന്നുമില്ലാതെ അദ്ദേഹത്തിനു പ്രതിസന്ധികളും പ്രശ്നങ്ങളും അനുവദിക്കുമ്പോൾ ദൈവം ക്രൂരനാണെന്നും ധാർമ്മികമായി അവിടുന്ന് ശരിയല്ലെന്നും തോന്നും. നേരെമറിച്ച്, ദൈവം ആരോഗ്യം ഉറപ്പ് നൽകുകയും അങ്ങനെ ചെയ്യാതിരിക്കുകയും ചെയ്താൽ, ദൈവം ബലഹീനനാണെന്നുവരും. ദൈവം ഇല്ല എന്നാണ് പ്രതികരണമെങ്കിൽ അത് അതിലും മോശമാകും.

എല്ലാവരും എല്ലായ്പോഴും ആരോഗ്യമായിരിക്കണെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്ന വ്യാജ ദൈവശാസ്ത്രം അനേകർക്ക് ആകർഷകമാണ്. എന്നാൽ അത് വേദാധിഷ്ഠിതമോ വിശ്വാസ വർദ്ധനവിന് പ്രയോജനകരമോ അല്ല. ദൈവത്തിന് ശാരീരികരോഗത്തെ ഉപയോഗിക്കാൻ കഴിയും. ഒരു വിശ്വാസിയുടെ അനുഭവത്തിൽ നിന്ന് ദൈവം അതിനെ പൂർണ്ണമായി നീക്കിക്കളയുന്നുമില്ല. ആത്മികനായ ഒരു വിശ്വാസിയുടെ ജീവിതത്തിൽ ദൈവം കഷ്ടത അനുവദിക്കുമെന്നതിന്റെ നിരവധി ഉത്തമ ദൃഷ്ടാന്തങ്ങൾ (കാരണങ്ങൾ) ബൈബിൾ നൽകുന്നുണ്ട്.

3. കഷ്ടത അനുവദിക്കുന്നതിൽ ദൈവത്തിന്റെ പദ്ധതി രോഗങ്ങൾ ഉൾപ്പെടെ വിശ്വാസികൾ എല്ലാത്തരം കഷ്ടതകളിൽ നിന്നും ഒഴിവുള്ളവരായിരിക്കണെന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന ആശയം വ്യാജമാണ്. വ്യക്തിപരമായ പാപം രോഗകാരണമാകാമെങ്കിലും (യോഹ. 5:14; 1 കൊരി. 11:30), ദൈവം വിവിധ കാരണങ്ങളാൽ കഷ്ടത അനുവദിക്കും. വാസ്തവത്തിൽ തിരുവെഴുത്തു പഠിപ്പിക്കുന്നത്, വിശ്വാസികൾ കഷ്ടങ്ങളിലൂടെ കടന്നു പോകുന്നതിനായി മുൻനിയമിക്കപ്പെട്ടിരിക്കുന്നുവെന്നാണ് (ഫിലി. 1:29; 1 തെസ്സ. 3:3; 2 തിമൊ. 2:11; 3:12; 1 പത്രൊ. 4:12-13). പരീക്ഷകൾ, രോഗത്തിൽ നിന്നായാലും മറ്റു പ്രശ്നങ്ങളിൽ നിന്നായാലും ക്രിസ്തീയ വളർച്ചയ്ക്കായുള്ള ദൈവിക പദ്ധതിയുടെ ഭാഗമാണ്. എല്ലാ കഷ്ടതകളും പിശാചു നിമിത്തമായോ വ്യക്തിപരമായ പാപങ്ങൾ നിമിത്തമായോ ആണെന്നു കരുതുന്നവർ കഷ്ടതയെക്കുറിച്ച് വേദാനുസാരമല്ലാത്ത ദൈവശാസ്ത്രം മുറുകെ പിടിക്കുകയാണ്. നീതിന്മാർ കഷ്ടമനുഭവിക്കുവാൻ ദൈവം അനുവദിക്കുന്നു (സങ്കീ. 34:19)

പരീക്ഷകൾ, ഒരാൾ സഹാനുഭൂതിയോടു കൂടെ മറ്റുള്ളവരെ കരുതുവാനും, സമാന പ്രശ്നങ്ങളിൽ മറ്റുള്ളവരെ നന്നായി ശുശ്രൂഷിപ്പാനും കൂടുതൽ പ്രാപ്തനാക്കിയേക്കാം (2 കൊരി. 1:3-4). ജീവിതത്തിലെ ഭാവി പ്രതിസന്ധികളിൽ ശക്തിയും സഹിഷ്ണതയും പണിതുറപ്പിക്കുവാൻ കഷ്ടതകൾ സഹായകമാണ് (യാക്കോ. 1:2-3) മറ്റു വിശ്വാസികൾക്ക് ഇത് വിശ്വസ്തതയുടെ ദൃഷ്ടാന്തങ്ങൾ ഉളവാക്കുവാനും കഴിയും (ഇയ്യോബിന്റെ ദൃഷ്ടാന്തം നോക്കുക. ഇയ്യോ. 13:15). അതുപോലെ തന്നെ അവിശ്വാസികൾക്ക് സാക്ഷ്യത്തിനും മുഖാന്തിരമാകാം (യോഹ. 11:4, 12:10-11) കഷ്ടതകൾക്കും കഠിനാനുഭവങ്ങൾക്കും ദൈവത്തിലുള്ള ആശ്രയം ഉളവാക്കുന്നതിനോ അതിൽ നിലനിൽക്കുന്നതിനോ നമ്മെ ബലപ്പെടുത്തും. അതേ, സമയം ആലസ്യം ദൈവത്തെ മറക്കുവാനിടയാക്കിയേക്കാം (2 കൊരി. 12:6-9; ആവ. 6:10-12; 8:3), ഇവ നമ്മെ പ്രാർത്ഥിക്കുവാനും പഠിപ്പിക്കും. സമ്മർദ്ദങ്ങൾ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന ഉളവാക്കിയിട്ടുണ്ടെന്നതിന് വേദപുസ്തക ദൃഷ്ടാന്തങ്ങൾ അനവധിയുണ്ട്. (1 ശമു 23:1; യെശ. 37:1; മത്താ. 26:36-45; അ.പ്ര. 4:29; 12:5) ക്രിസ്തുവിന്റെ അനുഭവം തന്നെ, കഷ്ടതയെ തുടർന്നുള്ള മഹത്വം ആണെന്ന് തിരുവെഴുത്തുകൾ പൊതുവേ സൂചിപ്പിക്കുന്നു (ലൂക്കോ. 24:26; ഫിലി. 2:8-10; 1 പത്രൊ. 1:11).

ഇവിടെയിതാ ഒരു ക്രിസ്തീയ ജീവിതത്തെക്കുറിച്ച് ഉദ്ദേശിക്കുന്ന മാതൃക. വിശ്വാസികൾ ചില കഷ്ടതകൾ അനുഭവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്, കാരണം അതിനാൽ അവർ കൂടുതലായി ക്രിസ്തുവിനെപ്പോലെയാകുവാൻ കഴിയും. അവൻ വിശ്വാസികളെ തേജസ്സിൽ ചേർത്തുകൊള്ളുകയും ചെയ്യും (1 പത്രൊ. 2:21; 4:13; 5:1,10). വിശ്വാസികൾക്കുവേണ്ടിയുള്ള ദൈവിക പദ്ധ

തിയിൽ കഷ്ടതകളും ഉൾക്കൊണ്ടിട്ടുണ്ട്. അവയെ നന്മ യ്ക്കായി ദൈവം ഉദ്ദേശിക്കുകയും ചെയ്യുന്നു (കൂടി വ്യാപരിപ്പിക്കുന്നു). കഷ്ടതയനുവദിക്കുകയെന്നത് ദൈവ ഹിതത്തിൻ കീഴിലോ ദൈവപദ്ധതിയിലോ ഉൾപ്പെട്ട കാര്യമല്ലെന്നും കഷ്ടതയനുവദിക്കുന്നതോ അല്ലെങ്കിൽ എല്ലാ കഷ്ടതകളും സാത്താനിൽ നിന്നും നേരിട്ടുള്ള ആക്രമണമാണെന്നും കഷ്ടത സൂചിപ്പിക്കുന്നത് ആത്മിക പരാജയത്തെയാണെന്നും പഠിപ്പിക്കുന്ന ദൈവ ശാസ്ത്ര സമ്പ്രദായം പരീക്ഷകളെക്കുറിച്ച് തിരുവെഴുത്തു പഠിപ്പിക്കുന്ന ഉദ്ദേശ്യത്തിനു വിരുദ്ധമാണ്.

4. രോഗശാന്തിക്കുള്ള വേദപുസ്തക മാതൃകകൾ

ആധുനിക രോഗശാന്തിക്കാരുടെ ഉപദേശങ്ങളും പ്രവൃത്തികളും, വേദപുസ്തകത്തിൽ രോഗശാന്തിയുടേതായി പ്പറയപ്പെടുന്ന സംഭവങ്ങളുമായി താരതമ്യം ചെയ്യേണ്ടതാണ്. വേദപുസ്തകം വെളിപ്പെടുത്തുന്ന വ്യക്തികൾ പ്രായോഗികമാക്കിയതുപോലെയുള്ള "യഥാർത്ഥരോഗ ശാന്തിവര'ത്തിന്റെ അടുത്തെങ്ങും ഇന്നത്തെ അഭിനവ രോഗശാന്തിക്കാർ വരുമെന്നു തോന്നുന്നില്ല.

a. വിശ്വാസമില്ലാത്തവരെ സൗഖ്യമാക്കുന്നത്.

ആത്യന്തികമായി രോഗിയായ വ്യക്തിയുടെ വിശ്വാസത്തെ ആശ്രയിച്ചല്ല വേദപുസ്തകം വെളിപ്പെടുത്തുന്ന രോഗശാന്തി നിലകൊള്ളുന്നത് കർത്താവോ അപ്പൊസ്തലന്മാരോ വിശ്വാസമുള്ളവരോട് അനുകൂലമായി പ്രതികരിക്കുകയും വിശ്വാസമില്ലാത്ത രംഗത്ത് സൗഖ്യമാക്കാതിരിക്കയും ചെയ്തിട്ടുണ്ട് എന്നതു ശരിതന്നെ. എന്നാൽ അവർ വാസ്തവത്തിലും സത്യസന്ധതയിലും സൗഖ്യദായകർ എന്ന നിലയിൽ വിശ്വാസത്തിന്റെ സാന്നിധ്യമില്ലാത്ത രംഗത്തും സൗഖ്യമാക്കുവാൻ പ്രാപ്തിയുള്ളവരായിരുന്നു. ദുരാത്മാവു ബാധിച്ചവരെ സൗഖ്യമാക്കുന്നതിനു മുമ്പ്, അവർക്ക് തീർച്ചയായും വിശ്വാസമില്ലായിരുന്നു (മത്താ. 8:28–29; മർക്കൊ. 1:23–26). പല രംഗങ്ങളിലും തന്നെ അറിയാത്തവരെയാണ് യേശു സൗഖ്യമാക്കിയത്. ബെഥേസ്ദാ കുളക്കരയിൽ കിടന്ന രോഗിയായ മനുഷ്യൻ തന്നെ നടക്കുമാറാക്കയിത് ആരാണെന്ന് അറിഞ്ഞിരുന്നില്ല (യോഹ. 5:13). കുരുടനായി പിറന്ന മനുഷ്യൻ തനിക്കു കാഴ്ച യഥാസ്ഥാനപ്പെടുന്നതുവരെ ക്രിസ്തുവിൽ വിശ്വസിച്ചിരുന്നില്ല (യോഹ. 9:25, 35–36). ഈ മനുഷ്യരിൽ ആർക്കും തന്നെ അവർ സൗഖ്യമാകുന്നതിനു മുമ്പെ വിശ്വാസമുള്ളവരായിരുന്നില്ല. പത്ത് കുഷ്ഠരോഗികളിൽ ഒമ്പതുപേരും അവർക്കു ലഭ്യമായ അനുഗ്രഹത്തിനു നന്ദി പറയുവാൻ ക്രിസ്തുവിന്റെയടുത്തേക്കു മടങ്ങി വന്നില്ല (ലൂക്കൊ. 17:11–19). തീർച്ചയായും അവരുടെ വിശ്വാസം തീരെ ബലഹീനമായിരുന്നുവെന്നോ അവർക്കു വിശ്വാസം തീരെയില്ലായിരുന്നുവെന്നോ പറയാം. ദേവാലയ ഗോപുരത്തിങ്കൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്ന മുടന്തൻ സൗഖ്യത്തിനായി യാചിക്കയൊ സൗഖ്യം പ്രതീക്ഷിക്കയോ ചെയ്തില്ല. അവൻ പണമാണ് ചോദിച്ചത് പത്രൊസ് അവനു സൗഖ്യം നല്കി (അ.പ്ര. 3:2–8).

യഥാർത്ഥ രോഗശാന്തിവരമുള്ളവർ **യാതൊരു വിശ്വാസമില്ലാത്തവരേയും സൗഖ്യമാക്കുവാനുള്ള** കഴിവോടു കൂടിയവരായിരിക്കണം. ഇത് ഇന്നത്തെ രോഗശാന്തി വീരന്മാരുമായി നേർ വിപരീതത്വത്തിലാണ്. എവിടെയെങ്കിലും രോഗശാന്തി നടക്കാതെ വരുമ്പോൾ പാവം പിടിച്ച രോഗിയുടെ മേൽ അവിശ്വാസത്തിന്റെ പഴിചാരി തടിത പ്പുന്നവരാണ് ആധുനിക രോഗശാന്തിക്കാർ. രോഗിയുടെ വിശ്വാസമില്ലായ്മയുടെ സ്ഥാനത്തും സൗഖ്യമാക്കുവാൻ കഴിവില്ലെങ്കിൽ യഥാർത്ഥ രോഗശാന്തി വരം അവർക്കില്ല എന്നാണ് അതു വ്യക്തമാക്കുന്നത്.

b. വേദപുസ്തകം വെളിപ്പെടുത്തുന്ന രോഗ സൗഖ്യങ്ങളുടെ വിജയ ശതമാനം

ചില സന്ദർഭങ്ങളിൽ, ക്രിസ്തുവും അപ്പൊസ്തലന്മാരും ചിലരെ സൗഖ്യമാക്കാതിരുന്നിട്ടുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ എപ്പൊഴാക്കെ സൗഖ്യമാക്കുവാൻ അവർ തീരുമാനിച്ചുവോ ആ സന്ദർഭങ്ങളിലെല്ലാം അവർ വിജയിക്കുകയും ചെയ്തു. [51]. ആവ. 18:21–22–ൽ ഒരു പ്രവാചകൻ കള്ള പ്രവാചകനാണോയെന്നറിയാൻ ഏതെങ്കിലും ഒരു പ്രവചനത്തിൽ തെറ്റിയിട്ടുണ്ടോ എന്നു നോക്കിയാൽ മതിയെന്ന് യിസ്രായേലിനോടു നിർദ്ദേശിക്കുന്നുണ്ട്. യഥാർത്ഥരോഗശാന്തിവരം ഉണ്ടെന്ന് അവകാശവാദമുന്നയിക്കുന്നവരുടെ കാര്യത്തിലും ഇത്തരമൊരു മാതൃകയോ മാനദണ്ഡമോ ഉണ്ടാക്കുന്നത് യുക്തമാണ്. സൗഖ്യമാക്കുവാൻ പരിശ്രമിച്ചിട്ട് സാധ്യമാകാതെ പോയ ഒറ്റ സംഭവംപോലും അവരുടെ ജീവിതത്തിൽ ഉണ്ടാകുവാൻ പാടില്ല. വിശ്വാസമില്ലാത്തവരെ സൗഖ്യമാക്കുന്നതുൾപ്പെടെ.

c. പല സന്ദർഭങ്ങളിലും ദൂരമോ അകലമോ രോഗസൗഖ്യത്തിന് തടസ്സമല്ല.

പല സന്ദർഭങ്ങളിലും ശരീരികമായി അടുത്തില്ലാതിരുന്ന

[51] ഈ പ്രസ്താവന കർത്താവായ യേശുക്രിസ്തുവിന്റെ കാര്യത്തിൽ എല്ലായ്പോഴും ശരിയായിരുന്നു. മാത്രമല്ല അവിടുത്തെ അപ്പൊസ്തൊലന്മാരെ സംബന്ധിച്ച് അവരുടെ മേൽ പരിശുദ്ധാത്മാവു വന്ന് രോഗശാന്തി വരം നൽകിയശേഷവും ഇക്കാര്യം അതേപടി ശരിയാണ്. പെന്തക്കൊസ്തിനു മുമ്പ്, പരിശുദ്ധാത്മാവിന്റെ അധിവാസമോ വരദാനമോ അപ്പസ്തൊലന്മാർക്കു ലഭിക്കുന്നതിനുമുമ്പ്, ഒരു സന്ദർഭത്തിൽ സൗഖ്യമാക്കുവാൻ അപ്പൊസ്തലന്മാർ പരാജയപ്പെട്ടിട്ടുണ്ട് (മത്താ. 17:16; മർക്കൊ. 9:17; ലൂക്കൊ. 9:110). എന്നാൽ ഇത് രോഗശാന്തിവരമുള്ള ഒരാൾ സൗഖ്യം നൽകാനാവാതെ പരാജയപ്പെടുന്നതിന് ദൃഷ്ടാന്തമല്ല. നേരെ മറിച്ച് രോഗശാന്തി വരമില്ലാത്തവരുടെ ജീവിതത്തിൽ പ്രാർത്ഥനക്കുറവ് അഥവാ പ്രാർത്ഥന ഫലിക്കാതെ പോകുന്നതിന്റെ ദൃഷ്ടാന്തമാണിത്. പിന്നീട് പെന്തക്കൊസ്തിനുശേഷം അപ്പൊസ്തലന്മാർ രോഗസൗഖ്യം നൽകുവാൻ വരപ്രാപ്തരായിത്തീർന്നു.

പലരേയും ക്രിസ്തു സൗഖ്യമാക്കിയിട്ടുണ്ട്. (മത്താ. 8:5-13; യോഹ. 4:49-53). ശരിയായ രോഗശാന്തി വരമുള്ളവർ തങ്ങളുടെ സഭാഹാളുകളിൽ നിന്നുകൊണ്ട് ദൂരെയുള്ള ആശുപത്രിയിലെ രോഗിയെ സൗഖ്യമാക്കേണ്ടതാണ്. രോഗശാന്തിക്കാരന്റെയടുത്തേക്ക് സൗഖ്യത്തിനായി രോഗികളെകൊണ്ടുവരുവാൻ പ്രത്യേക യോഗങ്ങൾ ക്രമീകരിക്കുകയല്ല വേണ്ടത്. അടുത്തില്ലാത്ത ഒരാളുടെമേൽ സൗഖ്യം വരുമാറ് യഥാർത്ഥ രോഗശാന്തിവരമുള്ളയാൾ ഒരുവാക്ക് ഉച്ചരിച്ചാൽ മാത്രം മതി. ഇപ്രകാരമുള്ള യഥാർത്ഥ രോഗസൗഖ്യത്തെക്കുറിച്ച് ബൈബിൾ വെളിപ്പെടുത്തുന്ന മാതൃകയുമായി തട്ടിച്ചുനോക്കുമ്പോൾ ഇന്നത്തെ രോഗശാന്തിവരക്കാരെ ഈ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴികയില്ല.

d. അപ്രതീക്ഷിതവും സ്വമേധയായും പരസ്യമായും നിർവ്വഹിക്കുന്ന രോഗസൗഖ്യങ്ങൾ

പുതിയ നിയമ രോഗസൗഖ്യങ്ങൾ ഒന്നുംതന്നെ, പ്രത്യേകം വിളിച്ചുകൂട്ടിയ സ്വകാര്യ യോഗങ്ങളിൽ വച്ചായിരുന്നില്ല. വിശ്വാസികളും രോഗശാന്തിപ്രതീക്ഷിക്കുന്നവരും മാത്രം ക്ഷണിക്കപ്പെട്ട "രോഗശാന്തി ശുശ്രൂഷകൾ" ഇല്ലായിരുന്നു. അപ്രതീക്ഷിത സമയത്തും, സ്വമേധയായും പരസ്യമായുമാണ് വേദപുസ്തകരോഗശാന്തികൾ നടന്നത്. ശവസംസ്കാരത്തിനായി മൃതശരീരം കൊണ്ടുപോകയിൽ കർത്താവ് ഒരു വ്യക്തിയെ ഉയിർപ്പിച്ചു (ലൂക്കൊ. 7:11; മത്താ. 9:23-25 ഉം നോക്കുക). ശവക്കല്ലറയിൽ നിന്നും ഉയിർപ്പിച്ചു (യോഹ. 11:43-44). തികച്ചും അപ്രതീക്ഷിതമായ അപകടത്തിനുശേഷം പൗലോസ് യൂത്തിക്കൊസിനെ ഉയിർപ്പിച്ചു (അ. പ്ര. 20:7). ഇതിനേക്കാളുപരി, വേദപുസ്തകം വെളിപ്പെടുത്തുന്ന രോഗസൗഖ്യങ്ങൾ, ശത്രുക്കൾക്കുപോലും അവയുടെ വിശ്വാസ്യതയും സത്യസന്ധതയും നിഷേധിക്കാനാകാത്ത വിധമുള്ളതായിരുന്നു. (യോഹ. 11:47-48; അപ്ര. 2:22; 4:16; 5:13). ആധുനിക രോഗശാന്തിക്കാർ അപ്രതീക്ഷിത രോഗസൗഖ്യം പകർന്നുകൊണ്ട് അത്യാഹിത വിഭാഗത്തിലെ മുറി കാലിയാക്കിയ സംഭവം എപ്പോഴെങ്കിലും നടന്നിട്ടുണ്ടോ? അവിശ്വാസികൾ "മരിച്ച" വ്യക്തിയെന്ന് അംഗീകരിച്ച ഒരാളെ ഉയിർപ്പിക്കുവാൻ സെമിത്തേരിയിലേക്ക് എപ്പോഴെങ്കിലും പോയിട്ടുണ്ടോ? ക്രിസ്തുവിന്റെ ശത്രുക്കൾക്കുപോലും നിഷേധിക്കാനാവാത്ത വിധം ഉത്തമബോദ്ധ്യം നൽകുന്നവിധത്തിലാണോ ഇക്കൂട്ടരുടെ രോഗശാന്തികൾ? വേദപുസ്തകം വെളിപ്പെടുത്തുന്ന സത്യസന്ധമായ രോഗ സൗഖ്യത്തോടു താരതമ്യപ്പെടുത്തുമ്പോൾ ആധുനിക രോഗശാന്തിക്കാർ വിളറി വെളുത്തു നില്ക്കുന്ന കാഴ്ചയാണ് കാണുന്നത്. യഥാർത്ഥത്തിൽ, അവർക്കു രോഗശാന്തി വരം ഇല്ലായെന്ന കള്ളി വെളിച്ചത്താവുകയാണിവിടെ.

5. സമ്പൂർണ്ണാരോഗ്യം ഒരു ഭാവി വാഗ്ദാനമെന്ന നിലയിൽ

ക്രൂശിന്റെ പ്രധാന ഉദ്ദേശ്യം ആത്മിക സൗഖ്യം വരുത്തുകയെന്നതായിരുന്നു. ഇക്കാര്യം ചൂണ്ടിക്കാണിക്കുവാൻ പത്രോസ് യെശയ്യാവ് 53-ാം അദ്ധ്യായം ഉദ്ധരിക്കുന്നു (1 പത്രൊ. 2:24-25). എങ്കിലും, 'പാപപരിഹാരത്തിന്റെ ഒരു ഘടകം ശാരീരിക സൗഖ്യം കൂടെയായിരുന്നു എന്ന് കരുതുന്നതിൽ പ്രശ്നമൊന്നുമുണ്ടാകാൻ പാടില്ല. പാപത്തിന്റെ ശിക്ഷയിൽ ആത്മികവും ശാരീരികവുമായ കഷ്ടതകൾ അടങ്ങിയിട്ടുണ്ട്. പാപത്തിന്റെ സമസ്ത ശാപങ്ങളിൽ നിന്നു (രോഗം ഉൾപ്പെടെ) മാനവ വർഗ്ഗത്തെ വിടുവിക്കത്തക്കനിലയിൽ ക്രിസ്തു പാപത്തിന്റെ പിഴ കൊടുത്തുവീട്ടിയെന്നത് തികച്ചും യുക്തിപരം തന്നെ. യെശ. 53:4-ലെ എബ്രായ വാക്കിൽ ക്രിസ്തു നമ്മുടെ രോഗങ്ങൾക്കായി മരിക്കുന്ന ആശയവും ഉൾകൊള്ളിക്കാൻ കഴിയും. ആ വാക്യം ഇങ്ങനെ പരിഭാഷപ്പെടുത്താം. "തീർച്ചയായും, അവൻ നമ്മുടെ രോഗങ്ങളെ ചുമന്നു വേദനകളെ വഹിച്ചു."

ശാരീരികാരോഗ്യം സംബന്ധിച്ച് ക്രിസ്തുവിന്റെ ക്രൂശുമരണത്തിനു സുപ്രധാന പങ്കുണ്ടെന്നുള്ളതിൽ കരിസ്മാറ്റിക്കുകളും അല്ലാത്തവരും തമ്മിൽ യോജിക്കാൻ കഴിയും. എന്നാൽ പ്രശ്നം എന്നത് സമയം സംബന്ധിച്ചാണ്. രോഗത്തിനു പരിഹാരം ക്രൂശാണ്. പക്ഷേ സമ്പൂർണ്ണ രോഗസൗഖ്യം എപ്പോൾ സംഭവിക്കും?

ആയിരമാണ്ടു വാഴ്ചയിൽ നിലനില്ക്കാൻ പോകുന്ന സൗഖ്യത്തിന്റെയും ആരോഗ്യത്തിന്റെയും ഒരു മുൻകൂട്ടിയുള്ള ആസ്വാദനം ക്രിസ്തുവിന്റെ ഐഹിക ശുശ്രൂഷയിൽ നൽകിയിട്ടുണ്ട് (മത്താ. 8:17; എബ്രാ. 6:5 ഉം നോക്കുക). രാജാവ് അന്നു ഭൂമിയിലുണ്ടായിരുന്നു, രാജത്വ വാഴ്ചാവേളയിൽ സംഭവിക്കാൻ പോകുന്ന സൗഖ്യത്തിന്റെ സാമ്പിളുകൾ അന്ന് ഉണ്ടായി. എന്നാൽ രാജാവ് തിരസ്കരിക്കപ്പെട്ടു. അവിടുത്തെ രാജകീയ വാഴ്ച നീക്കിവയ്ക്കപ്പെട്ടു. രാജത്വവും വാഴ്ചയും മുന്നോട്ടു നീട്ടിവയ്ക്കപ്പെട്ട സ്ഥിതിയ്ക്ക് രോഗസൗഖ്യത്തിന്റെ ഈ മുൻ നിഴലുകൾ ഒന്നും തന്നെ ആരോഗ്യസ്ഥിതിയെക്കുറിച്ച് പഠിപ്പിക്കുന്നില്ല.

കാലാന്തരേ രോഗങ്ങൾ തുടച്ചുമാറ്റപ്പെടുമെന്നതിന് ക്രിസ്തുവിന്റെ മരണം സുനിശ്ചിതമായ അടിസ്ഥാനമായിട്ടുണ്ടെങ്കിലും ഈ വർത്തമാനകാലം ആഗോള രോഗശാന്തിയുടേതായിരിക്കുയില്ലെന്നാണ് അനേക വേദഭാഗങ്ങളും പഠിപ്പിക്കുന്നത് റോമ. 8:22-23; 2 കൊരി. 5:2 ഇവ. നേരത്തെ ഉദ്ധരിച്ചു സമർത്ഥിച്ചിട്ടുള്ളത്, ഈ വർത്തമാനകാലത്ത് ദൈവജനത്തിന് ഒരളവുവരെ ശാരീരിക "ഞരക്ക'മാണെന്ന് തെളിയിക്കാനായിരുന്നല്ലോ. പാപപരിഹാരത്തിൽ രോഗസൗഖ്യം ഉൾപ്പെട്ടിട്ടുണ്ട്, പക്ഷേ അതിന്റെ സമയം ഭാവിയിലാണ്. ഭാവിയിൽ കണ്ണീർ

തുടയ്ക്കുന്നതും രോഗം തുടച്ചു കളയുന്നതും ബൈബിളിൽ വെളി. 21:4-ൽ വാദ്ഗാനം ചെയ്തിരിക്കുന്നത് അതുവരെ രോഗവും മരണവും ഉച്ചാടനം ചെയ്യപ്പെടുകയില്ല എന്നതിന്റെ ഉറപ്പാണ്. സാത്താന്റെ നാശം ക്രൂശുമൂലം ഉറപ്പുനൽകുമ്പോൾ തന്നെ, ഇതുവരെയും അതു നടപ്പിൽ വരുത്തിയിട്ടില്ലാത്തതുപോലെ, രോഗങ്ങൾ നശിപ്പിക്കുവാനുള്ള അടിസ്ഥാനം ക്രൂശുമുഖാന്തിരം പൂർത്തിയാക്കി കഴിഞ്ഞു. എന്നാൽ ഇതുവരെയും അത് സ്ഥാപിതമാക്കിയിട്ടില്ല. ക്രൂശ് രോഗത്തിന്മേൽ വിജയം വരിച്ചുവോ ഇല്ലയോ എന്നതല്ല വിഷയം, പ്രത്യുത ആ വിജയം എപ്പോഴാണ് പ്രായോഗികമായി സംഭവിക്കുന്നത് എന്നതാണ്. പാപത്തെ പൂർണ്ണമായി തുടച്ചു നീക്കുമെന്ന വാഗ്ദത്തം ഭാവികാലവരമാണ്. ക്രിസ്തുവിൽ വിശ്വസിച്ചാശ്രയിക്കുന്നവർക്ക് അത്മിക സൗഖ്യം സംഭവിക്കുമെങ്കിലും പാപത്തിന്റെ ശാപത്തിൻകീഴിൽ ശരീരത്തെ ബാധിക്കുന്നവ പലതും ഇന്നും പ്രബലമാണെന്ന വസ്തുത വ്യക്തമാണ് (ഉല്പ. 3:14 കാണുക). പാമ്പുകൾ ഇന്നും ഉരസുകൊണ്ട് ഗമിക്കുന്നു. മുള്ളുകൾ ഇന്നും മുളെക്കുന്നു. പുരുഷന്മാർ ഉപജീവനത്തിനായി ഇന്നും അദ്ധ്വാനിച്ചേ മതിയാവൂ. പ്രസവം ഇന്നും വേദനാപൂർണ്ണമാണ്. ഇന്നും ആളുകൾ മരിക്കുന്നു. ശാപം-അതിന്റെ തീവ്രത, ആയിരമാണ്ടു വാഴ്ചയിൽ കുറഞ്ഞിരിക്കുമെങ്കിലും (യെശ. 11:6-9; 65:25) പൂർണ്ണമായി തുടച്ചു നീക്കപ്പെടുകയില്ല (യെശ. 65:20) മരണം പോലും അന്നുണ്ടായിരിക്കും. സർവ്വരോഗവും പൂർണ്ണമായി നീക്കം ചെയ്യപ്പെടുന്നത് നിത്യതയിലാണ്, അതായത് സ്വർഗ്ഗത്തിൽ വെച്ച് (വെളി. 21:4). അന്നുവരെ രോഗം എന്നത് മനുഷ്യന്റെ പൊതുവായ ഒരു പ്രശ്നമായിരിക്കും-വിശ്വാസരോഗശാന്തിക്കാരുടെ അവകാശ വാദങ്ങൾക്കു മദ്ധ്യത്തിലും ആ സ്ഥിതി തുടരും.

6. രോഗസൗഖ്യം സംബന്ധിച്ച സംഗ്രഹം

പ്രാർത്ഥനയ്ക്കു മറുപടിയെന്നോണം ദൈവം സൗഖ്യമാക്കുന്നുവെന്ന് മിക്കവാറും എല്ലാ വേദാദ്ധ്യാപകരും ഒരുപോലെ നിലപാടു പുലർത്തുന്നവരാണ്. എന്നാൽ ദൈവം സൗഖ്യമാക്കുന്നതും രോഗശാന്തിവരമുണ്ടെന്നു പറയുന്നവർ നൽകുന്ന സൗഖ്യവും വ്യത്യസ്തമാണ്. രോഗശാന്തി പ്രഥമമായും അടയാളവരമായിരുന്നു. അപ്പസ്തൊലികാധികാരം ഉറപ്പിച്ചു കാണിക്കുവാനായി അനുവദിച്ച അടയാളവരം അപ്പൊസ്തൊലന്മാരോടുകൂടെ അവസാനിച്ചുവെന്നു കരുതാവുന്നതാണ്. അവർ അപ്രകാരം ചെയ്തുവെന്നുള്ളത് ചരിത്രപരമായ ഒരു വസ്തുതയാണ്.

രോഗം, കഷ്ടത എന്നിവ സംബന്ധിച്ച് ബൈബിൾ പഠിപ്പിക്കുന്ന സത്യങ്ങളെ എല്ലാം ശരിയായി സമന്വയിപ്പിക്കുന്നതിൽ കരിസ്മാറ്റിക്കുകാർ പരാജയപ്പെട്ടിരിക്കുന്നു. ദൈവഭക്തരായ ആളുകൾ രോഗികളായിത്തീരുന്നു. തന്റെ കുഞ്ഞുങ്ങളുടെ ജീവിതത്തിൽ വിഷമസന്ധികൾ അനുവദിക്കുന്നതിൽ ദൈവത്തിന് ഉത്തമമായ ഉദ്ദേശ്യങ്ങളുമുണ്ട്. ഇതിലെല്ലാമുപരി ഇന്നത്തെ രോഗശാന്തിക്കാരുടെ അവകാശവാദങ്ങളും അനുഭവങ്ങളും യഥാർത്ഥ പുതിയ നിയമ രോഗശാന്തിവരവുമായി ഒത്തുചേർന്നുപോകുന്നില്ല. പ്രാർത്ഥനയ്ക്കു മറുപടിയായി ദൈവം സൗഖ്യമാക്കാം, പക്ഷേ അതിന് ഇന്നു നമ്മുടെ നടുവിൽ രോഗശാന്തിക്കാരെ ദൈവം എഴുന്നേല്പിക്കുന്നില്ല. നിത്യാവസ്ഥ അഥവാ സ്വർഗ്ഗം പ്രാപ്യമാകുന്നതുവരെ രോഗങ്ങളുടെ സമ്പൂർണ്ണ നിർമ്മാർജ്ജനം സംഭവിക്കയില്ല.

VI. ഉപസംഹാരം കരിസ്മാറ്റിക്ക് - പ്രസ്ഥാനങ്ങൾ

ക്രിസ്ത്യാനിത്വം എന്നതിന്റെ നിർവ്വചനം പ്രകൃത്യാതീതമായതിൽ വിശ്വസിക്കുന്നു. ദൈവത്തിന് ഇപ്പോഴും അത്ഭുതം പ്രവർത്തിപ്പാൻ കഴിയും. അവിടുന്ന് അപ്രകാരം ചെയ്യുന്നുമുണ്ട്. എന്നിരുന്നാലും, ദൈവത്തിന്റെ പ്രവൃത്തി സാധാരണ നിലയിൽ അത്ഭുതം ഉൾകൊള്ളുന്നതാണെന്ന വീക്ഷണവും ഇതും ഒന്നല്ല. ശരിയായ അത്ഭുതങ്ങളും ഒറ്റപ്പെട്ട വീര്യപ്രവൃത്തികളും ഇന്നും അവിടവിടങ്ങളിൽ നടക്കുന്നുണ്ടെങ്കിലും, ദൈവം പ്രവർത്തിക്കുന്ന സാധാരണ വിധമായി അവ ഇരിക്കുന്നില്ല. ഈ പഠനം നമ്മെ, സാന്ദർഭികമായ അതിശയങ്ങൾ നടക്കുമെങ്കിലും ദൈവം വീര്യപ്രവൃത്തികളുടെ വരം നൽകുന്നില്ല എന്ന ഉപസംഹാരത്തിലേക്കു നയിക്കുന്നു (വീര്യപ്രവൃത്തികൾ നടക്കുമോ? ഉവ്വ്, നടക്കുന്നുണ്ട് വീര്യപ്രവൃത്തികൾ ചെയ്യാനുള്ളവരം ദൈവം ഇന്നു നൽകുന്നുവോ? ഇല്ല).

കരിസ്മാറ്റിക്ക് പ്രസ്ഥാനത്തെക്കുറിച്ച് ഇപ്രകാരമുള്ള നിഷേധാത്മകമായ വിലയിരുത്തൽ നിരവധി ചോദ്യങ്ങൾ ഉയർത്തുന്നു. ഈ പ്രസ്ഥാനം പരിശുദ്ധാത്മാവിൽ നിന്നല്ലെങ്കിൽ, ഇതിന്റെ ഉത്ഭവം എന്ത്? എന്തുകൊണ്ടാണ് കരിസ്മാറ്റിക് ക്രിസ്ത്യാനിത്വം ഇത്ര ജനസമ്മതിയാർജ്ജിക്കുന്നത്? എപ്രകാരമാണ് കരിസ്മാറ്റിക് സഹോദരങ്ങളുമായി കരിസ്മാറ്റിക്ക് അല്ലാത്ത ക്രിസ്ത്യാനികൾ സഹകരിക്കേണ്ടതും ബന്ധപ്പെടേണ്ടതും?

കരിസ്മാറ്റിക് പ്രസ്ഥാനം പൊതുവേ വിശാലവും പലരേയും ആകർഷിക്കുന്നതുമാണ്. എന്നാൽ വലിപ്പമോ ജനസമ്മതിയോ അല്ല സത്യത്തെ ഉറപ്പിക്കുന്നത്. വേദപുസ്തകം മാത്രമാണ് സത്യത്തെ ഉറപ്പിക്കുന്നത്. കരിസ്മാറ്റിക് ദൈവശാസ്ത്രത്തിൽ ഏറിയ പങ്ക് വൈകാരിക തലത്തെ ആകർഷിക്കുന്നതാണ്. അത് നല്ലതാണെന്ന് അനേകർക്കും തോന്നുന്നു. ആഹ്ലാദം നല്കുന്നവയെ ലളിതമായി അവർ ആസ്വദിക്കയാണ്. മറ്റുള്ളവരാകട്ടെ ഭൗതികമോ ആത്മിയമോ ആയി ഉടനടിയുള്ള വിജയവാദ്ഗാനത്തിൽ ആകൃഷ്ടരാണ്. വേദപുസ്തകം പഠിപ്പിക്കുന്ന ക്രമേണയുള്ള വിശുദ്ധീകരണ പ്രക്രി

യയിൽ അവർ തൃപ്തരല്ല. ഇതു കൂടാതെ, ഉത്തരക്ഷണത്തിലുള്ള ആത്മിക പക്വതയും ആത്മിക ശക്തിയും അവകാശപ്പെടുന്നത്, മറ്റുള്ളവർക്കുമേൽ അധികാരമാഗ്രഹിക്കുന്നവർക്കും ന്യായമായ അധികാരത്തെ അവഗണിക്കുന്നതിൽ പഴുതന്വേഷിക്കുന്നവർക്കും നല്ലതായി തോന്നും. ജീവിത സമ്മർദ്ദങ്ങളുമായി ഇഴുകിച്ചേർന്നു പോകാൻ ബുദ്ധിമുട്ടുള്ളവർക്കും അരക്ഷിതബോധമുള്ളവർക്കും കരിസ്മാറ്റിക് സമ്പ്രദായം ആകർഷകവുമാണ്. പ്രയാസങ്ങൾ സഹിക്കുന്നതിന് ദൈവകൃപയിലാശ്രയിക്കുന്നതിനു പകരം അവരുടെ ഇഷ്ടമനുസരിച്ച് ജീവിതം സുഗമമാക്കാൻ അത്ഭുതങ്ങൾ ചെയ്യുന്ന ഒരു ദൈവത്തെ അവർ സൃഷ്ടിക്കയാണ്. അത്ഭുതകരമായ ആശ്വാസം വാഗ്ദാനം ചെയ്യുന്ന ഒരു വ്യവസ്ഥിതി ഏറെ ആകർഷണീയമാണല്ലോ?

കരിസ്മാറ്റിക് പ്രസ്ഥാനത്തിൽ ആളുകളുടെ പങ്കാളിത്തത്തെ വിശദീകരിക്കുന്ന മറ്റൊരു വസ്തുത, വിശ്വാസത്തിന്റെ ആഴമില്ലായ്മയോ അല്ലെങ്കിൽ വിശ്വാസത്തെ തെറ്റായ ഗതിയിലേയ്ക്ക് നിയന്ത്രിക്കുന്നുവെന്നോ പറയാവുന്ന സ്ഥിതിയാണ്. ഒരാളുടെ ദൈവത്തിലുള്ള വിശ്വാസം അല്ലെങ്കിൽ സംതൃപ്തി, തുടർമാനമായ അനുഭവങ്ങളിൽകൂടെയോ അമാനുഷികമോ പ്രകൃത്യാതീതമോ ആയ അത്ഭുതകരങ്ങളായ അടയാളങ്ങളിൽകൂടെയോ അല്ല നിലനിർത്തപ്പെടുന്നത്. ക്രിസ്തീയ വിശ്വാസം ക്രിസ്തുവിന്റെ വ്യക്തിത്വത്തിലേക്കും വേദപുസ്തകത്തിലേക്കും നിയന്ത്രിക്കപ്പെടേണ്ടതാണ് (യോഹ. 4:48; ലൂക്കൊ. 16:31; റോമ. 10:17; 2 കൊരി. 5:7) വിശ്വാസം ശക്തമായി തുടരേണ്ടതിന്, അടയാളങ്ങലിലും അത്ഭുതങ്ങളിലും ആശ്രയിക്കരുത്. അനേക കരിസ്മാറ്റിക്കുകാർക്കും തെറ്റായ ഒരു ലക്ഷ്യമാണ് വിശ്വാസത്തിന്റേതായിട്ടുള്ളത്. അവർ വിശ്വസിക്കുന്നത് അവരുടെ അനുഭവം കൊണ്ടാണ് തിരുവെഴുത്തുകളുടെയോ ക്രിസ്തുവിന്റെയോ വിശ്വാസ്യത കൊണ്ടല്ല.

ചില കരിസ്മാറ്റിക് വിഭാഗങ്ങളുടെ ജനസമ്മിതിയ്ക്ക് നിദാനമായ മറ്റൊരു ഘടകം മിക്കവാറും സാത്താനാണ്. ചില തീവ്ര കരിസ്മാറ്റിക്കുകാരും പൈശാചിക പ്രവർത്തനങ്ങളും തമ്മിൽ ഉറ്റ ബന്ധമാണുള്ളത്. വേദപുസ്തകാധികാരത്തിന് ശക്തിക്ഷയം വരുത്തി "ആത്മാവി" നെ ശ്രവിക്കുന്നതിനായി ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രവർത്തനരീതി വിശ്വാസികൾക്കു ഭീതി തോന്നിപ്പിക്കുവാൻ മതിയായതാണ്.

കരിസ്മാറ്റിക് "കുടക്കീഴിൽ" വൈവിധ്യവും വിശാലവുമായ വിശ്വാസങ്ങളും പ്രവർത്തനരീതികളുമാണുള്ളത്. എല്ലാ നിലയിലുമുള്ള കരിസ്മാറ്റിക്കുകാരോട് സഹകരിക്കുന്നതും കൂട്ടായ്മ പുലർത്തുന്നതും ശരിയല്ലെന്നു പറയുന്നത് ക്രിസ്തീയ സ്നേഹത്തിനും സഹോദര്യത്തിനും ചേർന്നതല്ല. കരിസ്മാറ്റിക്കുകാരും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസങ്ങൾ വളരെ വലുതാണ്, സഹകരിച്ചുള്ള ശുശ്രൂഷകളിൽ സ്ഥിരമായി പങ്കുകൊണ്ടുപോകുന്നത് ബുദ്ധിമുട്ടാണ്. (ഉദാഹരമമായി കരിസ്മാറ്റിക്കല്ലാത്ത ഒരു സഭയുടെ സുവിശേഷീകരണയത്നത്തിൽ കരിസ്മാറ്റിക് മിഷണറിമാരെ കൂടെ ചേർക്കുക അല്ലെങ്കിൽ ഒരു സഭയിലെ ജോലിക്കാരുടെ നിരയിൽ അവരെയും അവരുടെ രീതികളും കൂട്ടിക്കുഴയ്ക്കുക ഇത്യാദികാര്യങ്ങൾ) എന്നിരുന്നാലും കരിസ്മാറ്റിക് വിശ്വസികളെ പൂർണ്ണമായി വാതിലടച്ച് വെളിയിലാക്കി ഒറ്റപ്പെടുത്താനോ, അവിശ്വാസികളായി കരുതുവാനോ പാടില്ല. വ്യക്തിപരമായ സുഹൃത്ത് ബന്ധവും ക്രിസ്തുവിലുള്ള സഹോദര്യത്തിന്റെ ദൃഢതതിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതും സത്യസന്ധമായി വിശ്വസിക്കുന്ന ഏവരോടും കാണിക്കേണ്ടതാണ്.

VII. ശരിയായ ആത്മിക വരങ്ങൾ

കരിസ്മാറ്റിക്കുകാരുടെ അതിരുവിട്ട കാര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്തിയ സ്ഥിതിയ്ക്ക്, കൂടുതൽ ക്രിയാത്മകമായ വീക്ഷണകോണത്തിൽ നിന്നുകൊണ്ട് ആത്മവരങ്ങളെക്കുറിച്ചു പഠിക്കുന്നത് പ്രധാനമാണ്. ആത്മവരങ്ങളോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവ് ഇന്ന് എങ്ങനെയാണ് പ്രവർത്തിക്കുന്നത്?

A. പരിശുദ്ധാത്മവരങ്ങൾ പ്രാപിച്ചവർ

ഓരോ വിശ്വാസിയ്ക്കും ഒന്നോ അതിലധികമോ ആത്മവരം ഉണ്ട് എന്നു ബൈബിൾ വളരെ വ്യക്തമാക്കുന്നുണ്ട്.

> "എന്നാൽ **ഓരോരുത്തനു** ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നല്കപ്പെടുന്നു(1 കൊരി. 12:7).
>
> "എന്നാൽ നമ്മിൽ **ഓരോരുത്തനു** ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിനു ഒത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു" (എഫെ. 4:7).
>
> "**ഓരോരുത്തനു** വരും ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെകൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ! (1 പത്രൊ. 4:10).

B. പരിശുദ്ധാത്മ വരം പ്രാപിക്കുന്ന സമയം

ഓരോ വിശ്വാസിയ്ക്കും ഓരോ വരം ഉണ്ടെങ്കിൽ, എല്ലാ വിശ്വാസികളും രക്ഷിക്കപ്പെടുന്ന സമയത്ത് ഏതെങ്കിലും തരത്തിലുള്ള കൃപാവരം നേടിയിരിക്കണം. എല്ലാ വിശ്വാസികൾക്കും കൃപാവരങ്ങൾ ഉണ്ടെങ്കിൽ, രക്ഷിക്കപ്പെട്ടിട്ട് ഏതാനും സെക്കന്റുകൾ മാത്രം കഴിഞ്ഞ ഒരാൾക്കും ഒരു വരം ലഭിച്ചു കഴിഞ്ഞു. നൽകപ്പെടുന്ന സമയത്ത് ഒരു വിത്തുപോലെയുള്ള വരം ക്രമേണ ഉയർന്ന സാദ്ധ്യതയിലേക്കു വികസിപ്പിച്ചെടുക്കുന്ന ആശയത്തെ ഇത് നിരാകരിക്കുന്നില്ല. രക്ഷിക്കപ്പെടുന്ന സമയത്ത്

ഏതെങ്കിലും രൂപത്തിലുള്ള വരം നൽകപ്പെടുമെന്നത് തീർച്ചയാണെങ്കിലും അതോടുകൂടെ മറ്റു വരങ്ങൾ പിന്നീട് നൽകിയെന്നു വരാം. തിമൊഥെയാസിനു പൗലോസ് കൃപാവരങ്ങൾ പകർന്നതായിട്ടാണ് മനസ്സിലാക്കാവുന്നത് (റോമ. 1:11; 1 തിമൊ. 4:14; 2 തിമൊ. 1:6).

C. ആത്മീയവരങ്ങളും സ്വാഭാവിക കഴിവുകളും തമ്മിലുള്ള ബന്ധം

അവിശ്വാസികൾക്ക് പരിശുദ്ധാത്മാവോ പരിശുദ്ധാത്മാവിൽ നിന്നുള്ളവരങ്ങളോ ഇല്ല എന്നത് വ്യക്തം. അവിശ്വാസികൾക്ക് പഠിപ്പിക്കാനോ, കാര്യനിർവ്വഹണത്തിനോ, സംഗീതത്തിനോ സ്വാഭാവിക കഴിവുകൾ ഉണ്ടാകും, എന്നാൽ തികച്ചും സ്വാഭാവിക കഴിവുകളും ആത്മിക വരങ്ങളും തമ്മിൽ വ്യക്തമായി വേർതിരിച്ച് പഠിക്കേണ്ടതാണ്. രക്ഷിക്കപ്പെടാത്ത വ്യക്തികളുടെ സ്വാഭാവിക കഴിവുകൾ പരിശുദ്ധാത്മ വരങ്ങളല്ല. ഇത്രയും കാര്യങ്ങൾ ഉറപ്പാണ്. എന്നിരുന്നാലും ചിലപ്പോൾ തികച്ചും സ്വാഭാവികമായ ഒരു കഴിവിനെ, ആ വ്യക്തി ക്രിസ്തുവിൽ വിശ്വസിച്ച് മാനസാന്തരപ്പെട്ടശേഷം പരിശുദ്ധാത്മാവ് ദൈവപ്രവർത്തിയിലേക്കു മാറ്റി രൂപാന്തരപ്പെടുത്തിയെന്നു വരാം. മറ്റു രംഗങ്ങളിൽ, പരിശുദ്ധാത്മാവ് മിക്കവാറും ഏറ്റവും പുതിയ താല്പര്യങ്ങളും കഴിവുകളും ഉൾപ്രേരണങ്ങളും പകർന്നു നല്കുന്നു.

D. ആത്മീയവരങ്ങളുടെ ഉദ്ദേശ്യങ്ങൾ

ദൈവം വിശ്വാസികൾക്ക് സ്വയാസ്വാദനത്തിനോ, മത്സരത്തിനോ കാഴ്ചയ്ക്ക് ആകർഷകമാക്കി പ്രദർശിപ്പിക്കുന്നതിനോ കൃപാവരങ്ങൾ നൽകുന്നില്ല. സ്വയം ഉയർത്തുന്നതിനോ പ്രതികാരം ചെയ്യുന്നതിനോ മത്സരിക്കുന്നതിനോ അല്ല, പരിശുദ്ധാത്മാവ് അവ നൽകുന്നത് മറ്റു വിശ്വാസികൾക്ക് അനുഗ്രഹത്തിനും ആത്മിക വർദ്ധനയ്ക്കും ഉപയോഗിക്കുന്നതിനാണ്.

> **ഓരോരുത്തൻ സ്വന്ത ഗുണമല്ല,** മറ്റുള്ളവന്റെ ഗുണം അന്വേഷിക്കട്ടെ (1 കൊരി. 10:24).
>
> എന്നാൽ ഓരോരുത്തൻ ആത്മാവിന്റെ പ്രകാശനം **പൊതു പ്രയോജനത്തിനായി നല്കപ്പെടുന്നു** (1 കൊരി. 12:7).

വരങ്ങൾ സ്നേഹത്തിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു (1 കൊരി. 13). ആത്മിക വർദ്ധനവായിരിക്കണം അവ ഉപയോഗിക്കുന്നതിന്റെ ലക്ഷ്യം (1 കൊരി. 14:4; 12, 17; 1 പത്രൊ. 4:10). ഒരു കൃപാവരം ഉപയോഗിക്കുന്നതിന്റെ ലക്ഷ്യം ദൈവനാമമഹത്വവും മറ്റു വിശ്വാസികളുടെ നന്മയുമായിരിക്കണം. ഉദ്ദേശ്യം, ഫലം ഇവ തമ്മിലുള്ള വ്യത്യാസം ഓർത്തിരിക്കേണ്ടതാണ്. സ്വയം വർദ്ധനവു വരുത്തുക എന്നത് ആത്മവരത്തിന്റെ ലക്ഷ്യമായിരിക്കുന്നില്ല. എന്നാൽ, അത് ഒരു ഫലമാകാം. ക്രിസ്തീയ ജീവിതത്തിന്റെ മർമ്മങ്ങളിലൊന്ന്, സ്വയം നഷ്ടപ്പെടുന്നവർക്ക് സ്വയമേവ നന്മയുണ്ടാകുന്നു എന്നതാണ്. ഒരാൾ സ്വയം വർദ്ധനവ് ലക്ഷ്യമാക്കി ഒരു ആത്മ വരം ഉപയോഗിക്കുമ്പോൾ അയാൾ തന്നെത്താൻ ദോഷം വരുത്തുകയാണ്. അതേ വരം ഒരാൾ ദൈവമഹത്വവും മറ്റുള്ളവരുടെ നന്മയും ലാക്കാക്കി ഉപയോഗിക്കുമ്പോൾ തൽഫലമായി അദ്ദേഹത്തിനു തന്നെ നന്മ ലഭിക്കുന്നു.

E. ഒരാളുടെ കൃപാവരം തിരിച്ചറിയുന്നത്

തിരുവെഴുത്തിൽ ഒരാളുടെ ആത്മവരം കണ്ടെത്തുന്നതിനോടുള്ള ബന്ധത്തിൽ നിർദ്ദേശങ്ങൾ നൽകുന്ന ഏകസ്ഥാനം റോമർ 12-ാം അദ്ധ്യായമാണ്.

> "സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു. ഒരു ശരീരത്തിൽ നമുക്ക് പല അവയവങ്ങളും ഉണ്ടല്ലോ. എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും, അതുപോലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലവാരും തമ്മിൽ അവയവങ്ങളും ആകുന്നു. ആകയാൽ നമുക്കു ലഭിച്ച കൃപക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ട് പ്രവചനം എങ്കിൽ വിശ്വാസത്തിനു ഒത്തവണ്ണം, ശുശ്രൂഷ എങ്കിൽ ശുശ്രൂഷയിൽ, ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ, പ്രബോധിപ്പിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ ഉത്സാഹത്തോടെ, കരുണ ചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ(റോമ. 12:1-8).

ഈ വേദഭാഗത്ത് പൗലോസ് ആദ്യം ചർച്ച ചെയ്യുന്നത് പൊതുവായ ക്രിസ്തീയ ജീവിതമാണ് (1-2 വാക്യങ്ങൾ) എന്നിട്ട് ദൈവഹിതം അറിയുന്നതിനെക്കുറിച്ചു സൂചിപ്പിക്കുന്നു. ഒടുവിൽ 3-8 വാക്യങ്ങളിൽ ആത്മവരങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്നു. ഒരാളുടെ കൃപാവരം കണ്ടെത്താനുള്ള പടിപടിയായ പ്രവർത്തനക്രമം അഥവാ പ്രക്രിയ താഴെപ്പറയുന്ന നിലയിലാണ്:-

1. സമർപ്പണമുള്ളയാളും മനസ്സിനെ പുതുക്കി രൂപാന്തരപ്പെടുത്തുന്നതിൽ വിധേയപ്പെടുന്ന വ്യക്തിയുമായിരിക്കണം.

ആത്മവരങ്ങളെ സംബന്ധിച്ച് ആനുകാലികമായി ഊന്നൽ നൽകുന്നതോടൊപ്പം മുൻഗണനകളെ കൂട്ടിക്കുഴയ്ക്കുകയും ആത്മവരങ്ങളെ തലതിരിഞ്ഞ മനോഭാവത്തോടെ സമീപിക്കുകയും ചെയ്വാൻ എളുപ്പമാണ്. തന്റെ കൃപാവരത്തെക്കുറിച്ച് അറിവില്ലാത്ത വിശ്വാസിയോ വിശ്വാസിനിയോ കർത്താവിന്റെ വേലയിൽ സജീവമാകാതാരിക്കണമെന്നത് ശരിയല്ല. അയാളുടെ കൃപാവരം ഇന്നതാണെന്ന് വ്യക്തമായി മറ്റൊരാൾ ചൂണ്ടിക്കാണിക്കുന്നതുവരെ, അയാൾ ദൈവസേവ ചെയ്യരുത്, എന്നതല്ല കാര്യം. ആത്മവരങ്ങളുടെ ഉപദേശം പ്രധാനമായിരിക്കവേ, സേവനത്തിന്റെ അഥവാ ദാസ്യത്വത്തിന്റെ ഉപദേശം അതിലും അധികം അടിസ്ഥാനപരമാണ്. തന്റെ കൃപാവരം എന്തെന്നറിയാൻ പാടില്ലാത്ത വിശ്വാസിയോ വിശ്വാസിനിയോ തന്നെത്താൻ "ജീവനുള്ള യാഗമായി" സമർപ്പിക്കേണ്ടതും ദൈവവചനത്തിലെ പരിശുദ്ധാത്മാവിന്റെ ഉപദേശത്താൽ രൂപാന്തരം സംഭവിക്കുവാൻ സ്വയം അനുവദിക്കേണ്ടതുമാണ്. (മനസ്സ് പുതുക്കി രൂപാന്തരപ്പെടുക എന്ന ഭാഗം നോക്കുക) എല്ലാ വിശ്വാസികൾക്കും പൊതുവായി നൽകിയിട്ടുള്ള കല്പനകൾ അയാൾ അനുസരിക്കേണ്ടതാണ്. മാത്രമല്ല രൂപാന്തരപ്പെടുത്തുന്ന ദൈവവചനത്തിന് കീഴ്പ്പെടേണ്ടതുമാണ്. ആദ്യകൃപാവരം എന്തെന്ന് കണ്ടുപിടിക്കുക എന്നിട്ട് ശുശ്രൂഷ (സേവനം) ആരംഭിക്കുക എന്നതല്ല ശരിയായ ക്രമം മറിച്ച്, ദൈവത്തിന്റെ നന്മയും പ്രസാദവുമുള്ള പൂർണ്ണ ദൈവഹിതം" (2-ാം വാക്യം) എന്തെന്ന് തിരിച്ചറിയാൻ ആദ്യം സേവനം ചെയ്യുക എന്നതാണ് യഥാർത്ഥ ക്രമം. ആത്മവരങ്ങളെക്കുറിച്ചുള്ള പ്രത്യേക ജ്ഞാനവും ഈ തിരിച്ചറിവിൽപ്പെടും. (3-ാം വാക്യം) പ്രത്യേക താല്പര്യങ്ങളെക്കുറിച്ചുള്ള അറിവ് ദാസ്യത്വത്തിന്റെ ജീവിതപശ്ചാത്തലത്തിൽ നിന്നാണുയരുന്നത്. കർത്തൃവേലയിൽ പ്രത്യേകമായ നിയോഗം, ആ വേലയിൽ പൊതുവേ ഏർപ്പെട്ടു പോരുന്നതിൽ നിന്നാണ് ലഭിക്കുന്നത്. ക്രിസ്തീയ ജീവിതത്തിൽ ഒന്നാം കാര്യത്തിന് ഒന്നാം സ്ഥാനം നൽകേണ്ടതാണ്. തങ്ങളുടെ കൃപാവരത്തെ (വരങ്ങളെ) ക്കുറിച്ച് അറിവില്ലാത്തവർക്കു നൽകാവുന്ന ഏറ്റവും നല്ല ബുദ്ധ്യുപദേശം, എല്ലാ വിശ്വാസികൾക്കും പൊതുവായി നൽകിയിരിക്കുന്ന ദൈവഹിതം സംബന്ധിച്ച് അറിവുള്ള മേഖലകളിൽ വളർച്ച പ്രാപിച്ചുകൊണ്ട് ദൈവത്തെ സേവിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കണമെന്നതാണ്. അതായത് ഒന്നാമത് അനുസരിക്കുക. റോമ. 12:1-2 ആത്മിക വരങ്ങളെക്കുറിച്ചുള്ള അറിവ് അതേത്തുടർന്ന് ഉണ്ടായിക്കൊള്ളും.

2. വിവിധ വരങ്ങളെ സംബന്ധിച്ച വിശ്വാസത്തിന്റെ അളവ് നിർണ്ണയിക്കുവാനുള്ള കാഴ്ചപ്പാടോടുകൂടെ സുബോധത്തോടും വ്യക്തമായ ലക്ഷ്യത്തോടുകൂടെ ചിന്തിക്കുക.

ഒരാളുടെ കൃപാവരം എന്താണെന്ന് നിർണ്ണയിക്കുന്നതിൽ ആദ്യ ചുവടുവയ്പ് അഥവാ ആദ്യപടി എന്നു പറയുന്നത്, ജീവനുള്ള യാഗമായി സമർപ്പിക്കുകയും തിരുവെഴുത്തുകളിൽകൂടി പരിശുദ്ധാത്മാവിനാൽ മനസ്സു പുതുക്കി രൂപാന്തരപ്പെടുവാൻ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യുക എന്നതാണ്. അതേത്തുടർന്ന് പൗലോസ് പറയുന്നത് നാം അടുത്തതായി നമ്മെക്കുറിച്ചു തന്നെ സുബോധത്തോടും, അഹന്തയില്ലാതെയും ചിന്തിക്കുന്നവരായിരിക്കണമെന്നുമാണ്. അതായത് സുബോധമാകുവണ്ണം ഭാവിക്കുക. വ്യക്തമായി പറഞ്ഞാൽ വസ്തുതാപരമായി വിലയിരുത്തുക, അളക്കുക എന്നൊക്കെയാണർത്ഥം. സ്വയം എങ്ങനെ ഭാവിക്കണമെന്നത് ആജ്ഞയായിട്ടാണ് റോമ. 12:3-ൽ നൽകിയിരിക്കുന്നത്. യാതൊരു സ്വയ ഉയർച്ചയും കൂടാതെയുള്ള താഴ്മ ധരിക്കണമെന്നു വ്യക്തം. മലയാള വാക്യഘടനയനുസരിച്ച് 3-ാം വാക്യത്തിന്റെ ആദ്യഭാഗം ദൈവം നൽകിയ വിശ്വാസത്തിന്റെ അളവനുസരിച്ചായിരിക്കണം സ്വയം അളക്കേണ്ടത് (വിലയിരുത്തുക, ഭാവിക്കുക) എന്ന് ബന്ധിപ്പിച്ചു പറഞ്ഞിരിക്കുന്നു. 4-8 വരെയുള്ള വാക്യങ്ങൾ 3-ാം വാക്യത്തോട് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ഇതിന്റെ ഒരു ഉപഭാഗം എന്ന നിലയ്ക്കാണ് ആ വാക്യങ്ങൾ നൽകിയിരിക്കുന്നത്. 3-ാം വാക്യത്തിലെ "വിശ്വാസത്തിന്റെ അളവ്" ആത്മവരങ്ങളോട് ബന്ധിപ്പിച്ചാണ് പറയുന്നതെന്ന് ഇതു ചൂണ്ടിക്കാണിക്കുന്നു. തന്നെത്താൻ സമർപ്പണത്തോടെ രൂപാന്തര പ്രക്രിയയ്ക്കു വിധേയപ്പെടുന്ന ഏതൊരു വിശ്വാസിയും തനിക്കു ലഭിച്ചിരിക്കുന്ന വിവിധ കൃപാവരങ്ങൾ സംബന്ധിച്ച് ആത്മവിശ്വാസത്തിന്റെ അളവു നിർണ്ണയിക്കുന്ന ലക്ഷ്യത്തിൽ സ്വയം വിലയിരുത്തേണ്ടതാണ്. പ്രായോഗികമായ ഒരു നിർദ്ദേശം എന്ന നിലയിൽ, ഈ വിലയിരുത്തൽ ആരംഭിക്കേണ്ടത്, തിരുവെഴുത്തിൽ നൽകിയിരിക്കുന്ന ആത്മവരങ്ങളുടെ പട്ടിക പരിഗണിച്ചുകൊണ്ടായിരിക്കണം. (ഉറപ്പിച്ചുപറഞ്ഞാൽ, ഈ വരങ്ങൾ കൃത്യമായി നിർവ്വഹിച്ചിരിക്കയാണ്; അടയാളവരങ്ങൾ ഈ പരിഗണനയിൽ നിന്നൊഴിവാക്കിയിരിക്കുന്നു) കൃപാവരങ്ങളുടെ ഓരോ പട്ടികയും ബൈബിളിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചാൽ അങ്ങനെയുള്ള ഓരോ ഭാഗത്തും പരിശുദ്ധാത്മാവു നൽകുന്ന വരങ്ങളുടെ വിസ്തൃതമായ ഒരു പട്ടിക ചേർക്കുന്നതിനല്ല ഉദ്ദേശിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാം. അതുകൊണ്ട് ഒരാളുടെ കൃപാവരങ്ങളെക്കുറിച്ച് ശരിയായ നിലയിൽ അതിന്റെ അളവു പരിശോധിക്കുകയെന്നത്, ബൈബിൾ നൽകുന്ന പട്ടികയനുസരിച്ച് വേണമെന്നു മാത്രമല്ല, ക്രിസ്തീയ ശുശ്രൂഷയുടെ എല്ലാ ഘടകങ്ങളിലേക്കും വ്യാപിക്കുന്ന നിലയിലായിരിക്കണം. റോമ. 12:1 മുതലുള്ള ബുദ്ധ്യു

പദേശം ഒരാൾ അതേപടി അനുസരിക്കുകയാണെങ്കിൽ ക്രമേണ അയാൾ സമ്പൂർണ്ണ ദൈവഹിതം തിരിച്ചറിയുക തന്നെ ചെയ്യും. ആത്മവരങ്ങളോടുള്ള ബന്ധത്തിൽ പ്രാപിച്ചിരിക്കുന്ന ആത്മധൈര്യത്തിന്റെ (പ്രാഗൽഭ്യത്തിന്റെ) അളവു തിരിച്ചറിയാൻ സാധിക്കും. റോമർ 12 -ൽ പൗലോസ് പറയുന്ന ബുദ്ധ്യുപദേശം പിൻപറ്റുകയും അപ്പോൾ തന്നെ ഒരാൾക്ക് തന്റെ കൃപാവരത്തെ (വരങ്ങൾ)ക്കുറിച്ച് അറിവില്ലാതിരിക്കുകയും ചെയ്യുന്നെങ്കിൽ ഏക ഉപാധി സഹിഷ്ണതയോടെയും വിശ്വസ്തതയോടെയും ശാന്തമായി മനസ്സ് പുതുക്കി രൂപാന്തരപ്പെടുന്ന പ്രക്രിയയ്ക്കു വിധേയപ്പെട്ട്, ജീവനുള്ള യാഗമായി സ്വയം അർപ്പിച്ചുകൊണ്ട് ക്രിസ്തീയ ജീവിതം തുടരുക എന്നുള്ളതാണ്. ഒന്നാമത്, എല്ലാ വിശ്വാസികൾക്കും നൽകിയിരിക്കുന്നതായി നമുക്ക് അറിവുള്ള ദൈവഹിതത്തിന്റെ മേഖലകളിൽ സേവ ചെയ്യുക അപ്പോൾ വരങ്ങളെ സംബന്ധിച്ച ദൈവത്തിന്റെ പ്രത്യേക ഹിതം തുടർന്നുള്ള നാളുകളിൽ ദൈവത്തിന്റെ മെച്ചമേറിയ സമയത്ത്, നമ്മെക്കുറിച്ചുള്ള സ്വയം വിലയിരുത്തലിന്റെ വെളിച്ചത്തിൽ നമുക്കു ഗ്രഹിക്കുവാൻ കഴിയും. [52]

F. കൃപാവരങ്ങളെക്കുറിച്ചുള്ള വിവിധ പഠിപ്പിക്കലുകൾ

1. വരങ്ങൾ വികസിപ്പിച്ചെടുക്കണം

രക്ഷിക്കപ്പെട്ട എല്ലാവർക്കും വരങ്ങൾ ഉള്ളതുകൊണ്ട്, ആറു വയസ്സുള്ള ഒരു ദൈവപൈതലിനും കൃപാവരം ഉണ്ട്. എന്നാൽ ഒരു കുട്ടിയിലുള്ള കൃപാവരം പരിപോഷിപ്പിക്കുകയും വികസിപ്പിക്കുകയും വേണമെന്നുള്ളത് വ്യക്തമാണല്ലോ. ഈ സത്യം കേവലം ആളുകളെ നിരീക്ഷിക്കുന്നതിൽ ആധേയമായിരിക്കുന്നില്ല; എന്നാൽ 2 തിമൊ. 1:6-ൽ തിരുവചനം പിന്തുണക്കുന്നു.

> "അതുകൊണ്ട് എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു" (2 തിമൊ.1:6).

2. കൃപാവരങ്ങളെ അവഗണിക്കാനിടയായേക്കാം

1 തിമൊ. 4:14-ൽ കൃപാവരങ്ങളെ അലക്ഷ്യമായി വിചാരിക്കാനിടയായേക്കാം എന്നു സൂചിപ്പിക്കുന്നു.

> "മൂപ്പന്മാരുടെ കൈവെപ്പോടുകൂടി പ്രവചനത്താൽ നിനക്കു ലഭിച്ചതായി നിന്നിലുള്ള കൃപാവവനരം ഉപേക്ഷയായി വിചാരിക്കാതെ..... (1 തിമൊ. 4:14).

ദൈവത്തെ സേവിക്കുവാനുള്ള കല്പന മനഃപൂർവ്വം അവഗണിക്കുന്നതിലൂടെ ഒരു കൃപാവരം ഉപേക്ഷയായി കരുതിയെന്നു വരാം. ക്രിസ്തീയ ശുശ്രൂഷയ്ക്കുള്ള പൂർണ്ണസാവകാശം മനസ്സിലാക്കി പ്രവർത്തിക്കുന്നതിൽ മതിയായ ദർശനമില്ലായ്മയിലൂടെയും ഒരു കൃപാവരത്തെ അശ്രദ്ധയായി അവഗണിച്ചുവെന്നു വരാം. ഞായറാഴ്ചകളിലും ആരാധനാലയങ്ങളുടെ നാലു കെട്ടിനുള്ളിലും മാത്രമാണ് ക്രിസ്തീയ ശുശ്രൂഷയെന്ന മിഥ്യാധാരണ വിശ്വാസികൾ നീക്കിക്കളയേണ്ടതാണ്. ഒരു പ്രത്യേക സ്ഥലത്ത്, പ്രത്യേക സമയത്ത് മാത്രം കർത്താവിനു വേണ്ടി ചെയ്യുന്ന ശുശ്രൂഷകളുടെ പേരിൽ നാം കൃപാവരങ്ങളെ ഉപേക്ഷയായി വിചാരിക്കരുത്. 1 കൊരി. 12:4-6 വരെ പഠിപ്പിക്കുന്നത്, പരിശുദ്ധാത്മാവ് വ്യത്യസ്തങ്ങളായ കൃപാവരങ്ങൾ പകരുന്നുവെന്നാണ്. ഒരേ കൃപാവരം വിവിധ ശുശ്രൂഷകൾക്ക് ഉപയോഗിക്കാവുന്നതാണ്. ഉദാഹരണമായി പഠിപ്പിക്കാനുള്ള വരം, കുഞ്ഞുങ്ങളെയും യുവജനതയെയും വയോധികരെയും സെമിനാരിയിലും മറ്റും പഠിപ്പിക്കാനുപയോഗിക്കാം. ഒരേ തലത്തിലുള്ള ശുശ്രൂഷകൾക്ക് വ്യത്യസ്ത ഫലം ഉണ്ടാകാം. ഉദാഹരണമായി ഒരു സഭ പരമ്പരാഗത സഭയാകാം. അത് ജോലിക്കാർക്ക് ആകർഷകമായി തീർന്നെന്നുവരാം. മറ്റൊരു സഭയാകട്ടെ, കൂടുതൽ ആനുകാലികമായി ചിന്തിക്കുന്നതുകൊണ്ട് വ്യത്യസ്ത വിഭാഗങ്ങളിൽ പെട്ടവർ ആകൃഷ്ടരായി എന്നു വരാം. ഒരേ കൃപാവരം വിവിധ നിലയിൽ ഉപയോഗിക്കാൻ കഴിയും. കൃപാവരങ്ങളെ അവഗണിച്ച് ഉപേക്ഷയായി വിചാരിക്കുന്നതിനെതിരെ വിശ്വാസികൾ ജാഗ്രതയായിരിക്കണം ക്രിസ്തീയ ശുശ്രൂഷയെക്കുറിച്ച് കേവലം ഹൃസ്വദൃഷ്ടി മാത്രം പുലർത്തിയും, പാപം, അലസത, എന്നിവയിലൂടെയും കൃപാവരങ്ങൾ നഷ്ടപ്പെടുത്തുവാൻ പാടില്ല.

3. കൃപാവരം ദുരുപയോഗം ചെയ്യപ്പെട്ടേക്കാം.

1 കൊരി. 1:7 ചൂണ്ടിക്കാണിക്കുന്നത്, തികച്ചും അനാത്മികനായ ഒരു വ്യക്തിക്ക്, വലിയ കൃപാവരങ്ങൾ ഉണ്ടായേക്കാമെന്നാണ് (അതായത്, ജഡികന്മാരായ കൊരിന്തു വിശ്വാസികൾ അപ്രകാരമുള്ള വരായിരുന്നു).

---

[52] ചിലപ്പോൾ ഒരാൾക്ക് വർദ്ധിതമായ അളവിൽ പ്രാഗൽഭ്യം തോന്നാം. ഒരു പ്രത്യേക കൃപാവരം ഉപയോഗിക്കുവാൻ ദൈവം തന്നെക്കുറിച്ച് ആഗ്രഹിക്കുന്നുവെന്ന ആഴമായ അവബോധം ആ വിശ്വാസിയെയോ വിശ്വാസിനിയെയോ ഭരിക്കും. മറ്റു കൃപാവരങ്ങളോടൊപ്പം ഏതെങ്കിലും ശുശ്രൂഷയിൽ പങ്കെടുക്കരുത് എന്ന ശക്തമായ ഉൾപ്രേരണയും ഉണ്ടാകാം. (പാടരുത്, പഠിപ്പിക്കരുത് എന്നിങ്ങനെ) മറ്റു പല കാര്യങ്ങളിലും യാതൊരു ആത്മ ധൈര്യവും (പ്രാഗൽഭ്യവും) തോന്നിയില്ല എന്നു വരാം. പ്രത്യേകാൽ ഏതെങ്കിലും കാര്യത്തിൽ ഏർപ്പെടാനുള്ള പ്രേരണയില്ലാത്തപ്പോൾ തന്നെ വിലക്കുകളും തോന്നാതിരിക്കാം. ഇത് ആ വ്യക്തിയുടെ ജീവിതത്തിൽ ശുശ്രൂഷയുടെ പ്രാഥമിക മണ്ഡലങ്ങൾ ആകണമെന്നില്ല. എന്നാൽ നല്ല ദാസനായി വിനയത്തോടെ താൽക്കാലികമായി അവയിൽ ഏർപ്പെടുന്നവിധത്തിൽ, സഭയിൽ അങ്ങനെയുള്ള സഹായം ആവശ്യമുള്ള അംഗങ്ങളിൽ, അവ ചെയ്തുകൊണ്ടിരിക്കുക. മറ്റൊരാൾ ആ കൃപാവരങ്ങളുമായി സഭയിൽ എഴുന്നേല്ക്കുന്ന സമയത്ത് നിങ്ങൾക്കു പിൻവാങ്ങാം. "കൃപാവരമുണ്ട്" എന്നതിന്റെ ശുശ്രൂഷാ നൈപുണ്യം വികസിപ്പിച്ച് പ്രായോഗികമാക്കുന്നതിൽ കഠിനാദ്ധ്വാനവും ശിക്ഷണവും വേണ്ടെന്നു വയ്ക്കാനാവില്ലെന്നു വ്യക്തം.

സ്വാർത്ഥപരമായും പാപതാല്പര്യത്തോടെയും ദൈവ നാമമഹത്വം മുൻ നിറുത്താതെയും ക്രിസ്തുവിൽ ശരീരമാം സഭയിൽ മറ്റുള്ളവരുടെ ആത്മിക വർദ്ധനവ് ലക്ഷ്യമാക്കാതെയും പ്രവർത്തിക്കുമ്പോൾ വിശ്വാസികൾ അവരുടെ കൃപാവരം ദുരുപയോഗം ചെയ്യുകയാണ്.

4. കൃപാവരങ്ങൾ ദൈവം തിരിച്ചെടുക്കുന്നില്ല.

റോമ. 11:29 പറയുന്നത് "ദൈവം തന്റെ വിളിയെയും തെരഞ്ഞെടുപ്പിനെയും കുറിച്ച് അനുതപിക്കുന്നില്ല" എന്നാണ്. ഇതിന്റെ പശ്ചാത്തലമനുസരിച്ച് ഇവിടെ പ്രത്യേകം പഠിപ്പിക്കുന്നത്, യിസ്രായേലിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങൾ പിൻവലിക്കുന്നില്ലയെന്നാണ്. പൊതുവായ ഒരു മൗലിക തത്വമെന്ന നിലയിൽ, ദൈവം കൃപാവരം നൽകുന്നത് ഒരു ജീവിതകാലം മുഴുവൻ ഉപയോഗിക്കുവാനെന്ന ആശയത്തെ ഇതു പിന്താങ്ങുന്നു. 1 തിമൊ. 3; തീത്തൊ. 1 എന്നീ അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡം പാലിക്കാത്ത ഒരാൾ സഭാ നേതൃത്വത്തിൽ നിന്നും സ്വയം അയോഗ്യനാകുന്നുവെന്ന സത്യത്തെ ഇത് നിരാകരിക്കുന്നില്ല. ദൈവം സ്വന്തം ഇഷ്ടമനുസരിച്ച് ഒരു കൃപാവരം പിൻവലിക്കുന്ന കാര്യവും ഒരു വ്യക്തി തന്നെത്താൻ പാപം ചെയ്ത് അയോഗ്യനാകുന്നതും തമ്മിൽ വ്യത്യാസമുണ്ട്.

G. കൃപാവരങ്ങൾക്ക് നിർവ്വചനം.

കൃപാവരങ്ങൾക്ക് ഹൃസ്വമായ നിർവ്വചനം കണ്ടുപിടിക്കുക എന്നത് വേദകലാശാലകളുടെ വിഷയമായിരിക്കുന്നില്ല. വിശ്വാസികൾ അവരവരുടെ കൃപാവരങ്ങൾ തിരിച്ചറിയണമെങ്കിൽ, തിരുവെഴുത്തിൽ പട്ടിക നൽകുന്ന കൃപാവരങ്ങളുടെ നിർവ്വചനവും അവർ മനസ്സിലാക്കിയിരിക്കണം. ഇതിലുപരി, കൃപാവരങ്ങൾ നിർവ്വചിക്കപ്പെടേണ്ടതായിരിക്കുവാൻ കാരണം അടയാളവരങ്ങൾ അവയിൽ നിന്നും മാറ്റുവാനാണ്. എന്തെന്നാൽ അടയാളവരങ്ങൾ ഇന്നത്തേക്കുള്ളവയല്ലല്ലോ; ഇന്ന് കൃപാവരങ്ങൾക്കു നൽകുന്ന ഊന്നൽ ശരിയായ നിലയിൽ അവയെ നിർവ്വചിക്കുവാനുള്ള ശ്രദ്ധയോടു കൂടിയതല്ല എന്നത് ഖേദകരമത്രെ.

പുതിയ നിയമത്തിൽ പരിശുദ്ധാത്മവരങ്ങളുടെ നാലു പട്ടികകൾ നൽകിയിട്ടുണ്ട്: റോമ. 12:6-8; എഫെ. 4:11; 1 പത്രൊ. 4:10-11; 1 കൊരി. 12:8-10; 28-30.

1. റോമ. 12:6-8

"ആകയാൽ നമുക്കു ലഭിച്ച കൃപയ്ക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ട് പ്രവചനം എങ്കിൽ വിശ്വാസത്തിന്നു ഒത്തവണ്ണം, ശുശ്രൂഷ എങ്കിൽ ശുശ്രൂഷയിൽ, ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ, പ്രബോധിപ്പിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുവാൻ ഉത്സാഹത്തോടെ, കരുണ ചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ.

a. പ്രവചനം

"ദൈവിക സന്ദേശങ്ങളെ മുൻകൂട്ടി അറിയിക്കുന്ന"തിനെയാണ് പ്രവചനവരം സൂചിപ്പിക്കുന്നത് എന്ന് പലരും പഠിപ്പിക്കുന്നു. പ്രവചനത്തെ പഠിപ്പിക്കലിനോടും പ്രസംഗത്തോടും തുല്യമാക്കുകയാണ് ഇത് ചെയ്യുന്നത്. പ്രവാചകന്മാർ ദൈവിക സന്ദേശം സംസാരിച്ചുവെന്നതു ശരിയാണെങ്കിലും മുകളിൽ പറയുന്ന നിലയിലുള്ള ഒരു നിർവ്വചനം പ്രവചനത്തിൽ അടങ്ങിയിക്കുന്ന എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നതിൽ പരാജയപ്പെടുന്നുവെന്ന തെറ്റ് ഉളവാക്കുന്നു.

പഴയനിയമത്തിലെ ഒരു പ്രവാചകൻ ദിവ്യവെളിപ്പാടിനാൽ ഒരു സന്ദേശം പ്രാപിച്ച്, ഭാവിയെപ്പറ്റി മുൻകൂട്ടിപ്പറയുവാൻ കഴിഞ്ഞിരുന്നു. ഇക്കാര്യം അനേക പഴയനിയമവേദഭാഗങ്ങളിൽ നിന്നും തെളിയുന്നുണ്ട്. പ്രത്യേകിച്ചും ആവർത്തനപുസ്തകത്തിൽ ഇത് കാണാം. ആവ. 18:18-ൽ ഒരു പ്രവാചകനെക്കുറിച്ചുള്ള നിർവ്വചനം ദൈവം വെളിപ്പെടുത്തിയിരിക്കുന്നത് "എന്റെ വചനങ്ങളെ അവന്റെ നാവിന്മേലാക്കും" എന്നാണ്. ആവ. 18:22 ചൂണ്ടിക്കാണിക്കുന്നത്, പ്രവചനത്തിൽ മുൻകൂട്ടി കാര്യങ്ങൾ പറയുന്നുവെന്ന ഘടകം അടങ്ങിയിരിക്കുന്നുവെന്നാണ്.

> "നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്നു എഴുന്നേല്പിച്ചു **എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ** ആക്കും; ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോട് പറയും (ആവ. 18:18).
>
> "ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുകയും **സംഭവിക്കുകയും ഒത്തുവരികയും ചെയ്യാഞ്ഞാൽ** അതു യഹോവ അരുളിച്ചെയ്തതല്ല; പ്രവാചകൻ **അതു സ്വയം കൃത്യമായി സംസാരിച്ചതത്രേ,** അവനെ പേടിക്കരുത് (ആവ. 18:22).

ലൂക്കൊസ് ഒഴികെയുള്ള എല്ലാ പുതിയനിയമ എഴുത്തുകാരും യഹൂദന്മാരായിരുന്നതുകൊണ്ട് സ്വാഭാവികമായും അവരുടെ ചിന്താഗതി പഴയനിയമത്തിന്റെ വർദ്ധിതമായ സ്വാധീനമുള്ളതായിരുന്നു. അതുകൊണ്ട് ഒരു പ്രവാചകനെക്കുറിച്ചുള്ള പഴയനിയമ ആശയത്തിനു ഭേദഗതി വരുത്തുംമുമ്പ് ശക്തമായ തെളിവ് വേണമെന്ന് നാം നിർബന്ധം പിടിക്കേണ്ടതാണ്. വാസ്തവത്തിൽ, പുതിയനിയമ എഴുത്തുകാർക്ക് പഴയനിയമ എഴുത്തുകാരുടേതിൽ നിന്നും വ്യത്യസ്തമായ നിർവ്വചനമാണ് പ്രവചനത്തെക്കുറിച്ചുള്ളതെന്നു ചിന്തിക്കാൻ യാതൊരു തെളിവുമില്ല. മത്താ. 14:65-ൽ സന്ദ്രീ സംഘാംഗങ്ങൾ

ക്രിസ്തുവിനെ കണ്ണുകെട്ടി മുഖത്ത് അടിച്ചിട്ട്; പ്രവചിക്ക നിന്നെ തല്ലിയതാർ? എന്നു വെല്ലുവിളിച്ചു. വ്യക്തമായും അവർ ആവശ്യപ്പെട്ടത് പ്രകൃത്യാതീത വെളിപ്പാടിനാൽ, അടിച്ച വ്യക്തി ആരെന്ന് അവരോടറിയിക്കാനാണ്. ലൂക്കൊ. 1:67-ൽ സെഖര്യാവ് തന്റെ മകനായ യോഹന്നാൻ സ്നാപകനെക്കുറിച്ച് ഒരു പ്രവചനം നൽകുന്നുണ്ട്. ആ പശ്ചാത്തലത്തിൽ നിന്നും മനസ്സിലാകുന്നത് ഭാവി സംബന്ധമായി സെഖര്യാവ് ഒരു ദിവ്യ വെഴിപ്പാടിനാൽ കാര്യങ്ങൾ മുൻകൂട്ടിപ്പറയുകയായിരുന്നുവെന്നത്രേ. ആദിമസഭ പ്രവചനത്തെ എങ്ങനെ വീക്ഷിച്ചുവെന്ന് അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകവും വെളിപ്പെടുത്തുന്നുണ്ട്. മശിഹായുടെ പുനരുത്ഥാനത്തെക്കുറിച്ച് മുൻകൂട്ടിപ്പറഞ്ഞിരിക്കുന്നതിനാൽ ദാവീദും ഒരു പ്രവാചകനാണെന്നു കരുതപ്പെടുന്നു (അ.പ്ര. 2:30-31). അഗബൊസ് എന്ന പുതിയനിയമ പ്രവാചകൻ, ഒരു ക്ഷാമത്തെക്കുറിച്ച് മുൻകൂട്ടി പ്രവചിച്ചു (അ.പ്ര. 11:27, 28). യരുശലേമിൽവച്ച് പൗലോസ് കഷ്ടം സഹിക്കേണ്ടിവരുമെന്നും അഗബൊസ് പ്രവചിക്കയുണ്ടായി (അ. പ്ര. 21:10-11).

പ്രവചനത്തെക്കുറിച്ചുള്ള പഴയനിയമ സൂചനകളിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. അതായത്, ഒരു ശുശ്രൂഷകൻ ഒരു സന്ദേശം നൽകുന്നതിലും അധികംകാര്യങ്ങൾ അടങ്ങുന്നതാണ് പ്രവചനം. പ്രവാചകന്മാർ ദൈവത്തിൽ നിന്നും ദിവ്യവെളിപ്പാടുകൾ നേരിട്ടു പ്രാപിച്ചിരുന്നു. മാത്രമല്ല, പലപ്പോഴും ഭാവിയെ മുൻകൂട്ടിപ്പറയുകയും ചെയ്തു. എഫെ. 3:5-ൽ ചൂണ്ടിക്കാണിക്കുന്നത്, പ്രവാചകന്മാർ വെളിപ്പാടു പ്രാപിച്ചിരുന്നുവെന്നാണ്. ആദിമസഭയിൽ പ്രവചനവരം ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 1 കൊരി. 14:29-30-ൽ നൽകിയിരിക്കുന്നു. അവിടെ പറയുന്നത്, അടുത്ത **പ്രവാചകൻ ഒരു വെളിപ്പാട്** പ്രാപിക്കുമ്പോൾ, ആദ്യത്തെയാൾ, ഇരിക്കുവാനും മൗനം പാലിക്കുവാനുമുള്ള സമയമാണ് അത് എന്നത്രേ.

> **പ്രവാചകന്മാർ** രണ്ടുമൂന്നുപേർ സംസാരിക്കയും മറ്റുള്ളവർ വിവേചിക്കയും ചെയ്യട്ടെ. ഇരിക്കുന്നവനായ മറ്റൊരുവനു **വെളിപ്പാടുണ്ടായാലോ** ഒന്നാമത്തവൻ മിണ്ടാതിരിക്കട്ടെ (1 കൊരി. 14:29-30).
>
> "ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും, **പ്രവാചകന്മാർക്കും** ആത്മാവിനാൽ **വെളിപ്പെട്ടതുപോലെ** പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായ്മായിരുന്നില്ല'' (എഫെ. 3:5).

പ്രവാചകൻ ദൈവത്തിനുവേണ്ടി ഒരു വക്താവായിരുന്നു എന്നത് സത്യം. എന്നാൽ ഒരു പ്രവാചകനും വേദിയിൽ കയറി നിന്നു പ്രസംഗിക്കുന്ന ഒരു ശുശ്രൂഷകനും തമ്മിൽ വ്യത്യാസമുണ്ട്. ഒരു പ്രവാചകൻ തന്റെ സന്ദേശം നേരിട്ട് ദിവ്യവെളിപ്പാടായി പ്രാപിക്കുന്നു. തിരുവെഴുത്തിൽ നിന്നല്ല അദ്ദേഹം അതു പ്രാപിക്കുന്നത്. യഥാർത്ഥത്തിൽ പ്രവാചകന്മാരാണ് തിരിവെഴുത്തുകൾ രചിച്ചത്. എഴുതപ്പെട്ട വെളിപ്പാടു പൂർണ്ണമായപ്പോൾ പിന്നെ പ്രവചനവരത്തിന്റെ ആവശ്യം ഇല്ലാതെയായി. ദൈവവചനം നാം വായിക്കുമ്പോൾ പ്രവചനം പഠിക്കുകയാണ്. ആ നിലയിൽ, 1 കൊരി. 14 കല്പിക്കുന്നതുപോലെ, ഇപ്പോഴും പ്രവചനത്തിനായി എരിവുള്ളവരായിരിക്കുവാൻ നമുക്കു കഴിയുന്നതാണ്. എന്നിരുന്നാലും എഫെ. 2:20 പ്രവചനവരത്തെ, അപ്പൊസ്തൊലന്മാരുമായും സഭയുടെ സ്ഥാപന സമയവുമായും ബന്ധിപ്പിക്കുന്നു. ഇന്ന് ദൈവം പ്രവചനവരം പകരുന്നില്ല.

> "ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല; വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ **അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ** പണിതിരിക്കുന്നു" (എഫെ. 2:19-20).

b. ശുശ്രൂഷ (സേവനം)

ഇവിടെ ഉപയോഗിക്കുന്ന മൂലപദത്തിൽനിന്നാണ് ശുശ്രൂഷകൻ എന്ന വാക്ക് ഉൽഭവിച്ചത്. ഇത് വിശാലമായ ഒരു പ്രയോഗ ശൈലിയും സേവനത്തിന്റെ അവനധി വശങ്ങൾ സൂചിപ്പിക്കുന്നതുമാണ്. ഒരു മെഡിക്കൽ മിഷനറി, സഭയിലെ ഖജാൻജി, കുഞ്ഞുങ്ങളെ പരിപാലിക്കുന്ന ജോലിക്കാരൻ, എന്നിവരെല്ലാം സേവനവരം (ശുശ്രൂഷാവരം) ഉള്ളവരായി കരുതേണ്ടതാണ്. എല്ലാ വിശ്വാസികളും ശുശ്രൂഷ ചെയ്യേണ്ടവരാണ്. പൊതു ശുശ്രൂഷകൻ എന്ന് തരംതിരിക്കാവുന്ന വേലകൾക്ക് ഊന്നൽ നൽകി, അവയിൽ പ്രത്യേക പ്രാവീണ്യം നേടണമെന്ന് ദൈവം ചിലരെക്കുറിച്ച് ഉദ്ദേശിക്കുന്നു.

c. പഠിപ്പിക്കൽ (ഉപദേശിക്കുക)

ഉപദേശിക്കുക അഥവാ പഠിപ്പിക്കുകയെന്നത് പ്രവചിക്കുന്നതിൽ നിന്നു വ്യത്യസ്തമാണ്. ഉപദേഷ്ടാക്കന്മാർ അഥവാ പഠിപ്പിക്കുന്നവർ നേരിട്ട് ദിവ്യവെളിപ്പാടുകൾ പ്രാപിക്കുന്നില്ല. തിരുവെഴുത്തിൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ള സത്യങ്ങൾ അവൻ വിശദീകരിക്കുന്നതേയുള്ളൂ. പഠിപ്പിക്കുന്നതിനുള്ള വരം ഫലകരമായി പ്രയോഗിക്കാൻ കഴിയുന്ന അനവധി മേഖലകളുണ്ട് (കുട്ടികൾ, സഹോദരിമാർ, യുവജനങ്ങൾ, പ്രസംഗപീഠത്തിൽ നിന്നുള്ള ശുശ്രൂഷ മുതലായവ). പഠിപ്പിക്കുന്നതിനുള്ള വരം പാസ്റ്റർമാർക്ക് (ഇടയന്മാർ) മാത്രമുള്ളതായി ചുരുക്കേണ്ടതില്ല. ഒരു ഇടയൻ / മൂപ്പൻ പഠിപ്പിക്കുന്നതു മാത്രമല്ലാതെ മറ്റനവധി ഉത്തരവാദിത്തങ്ങൾ നിവൃത്തിപ്പാനുണ്ടാകുമെങ്കിലും പഠിപ്പിക്കാൻ അദ്ദേഹം സമർത്ഥനാ

യിരിക്കണം. (1 തിമൊ. 3:2; തീത്തൊ. 1:9) എല്ലാ മൂപ്പന്മാരും പഠിപ്പിക്കുവാൻ പ്രാപ്തരായിരിക്കേണം എന്നാൽ ചിലർ അതിൽ സവിശേഷ പ്രാവീണ്യം നേടുന്നു (1 തിമൊ. 5:17). ഇന്ന് അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന വരങ്ങൾ നൽകാത്തതുകൊണ്ട് എല്ലാ വരങ്ങളിലും വച്ച് സുപ്രധാനമായി ഉപദേശിപ്പാനുള്ള (പഠിപ്പിക്കാനുള്ള) വരം അവശേഷിക്കുന്നു അഥവാ നിലകൊള്ളുന്നു(1 കൊരി. 12:18).

d. പ്രബോധനം (പ്രോത്സാഹനം-പുതിയപരിഭാഷ)

എല്ലാ വിശ്വാസികളും അന്യോന്യം ഒരു പ്രോത്സാഹനമായിരിക്കണം. ജീവിത സമ്മർദ്ദങ്ങളിൽ പരസ്പരം കൈത്താങ്ങലായിരിക്കയും വേണം (എബ്രാ. 10:25) ചിലരാകട്ടെ പ്രത്യേകം മറ്റുള്ളവരെ സഹായിക്കാനും കരുതുവാനും കഴിവും താലന്തുമുള്ളവരാണ്. അവർ മറ്റുള്ളവർക്കു പ്രചോദനവും ഉത്സാഹവും പകരുന്നതിൽ വൈദഗ്ദ്ധ്യം സിദ്ധിച്ചവരും അങ്ങനെ ചെയ്യുന്നതിൽ സന്തുഷ്ടരുമത്രേ. പ്രബോധനം ഒരു ഔപചാരിക സംഭാഷണത്തിൽ സംഭവിക്കാം. എന്നാൽ അനൗപചാരിക സംഭാഷണങ്ങളിൽപോലും ലളിതമായ പ്രബോധനം (പ്രോത്സാഹനം) നടക്കണം. സംഗീതജ്ഞർ അവരുടെ സംഗീത ശുശ്രൂഷയാൽ പ്രബോധിപ്പിക്കുവാൻ കഴിവുള്ളവരാണെന്നു കരുതുന്നത് ന്യായമാണ്.

e. കൊടുക്കുക-ദാനം ചെയ്യുക

എല്ലാ വിശ്വാസികളും നൽകുന്നവരായിരിക്കണം. കൊടുക്കുവാനുള്ള വരമെന്നു പറഞ്ഞാൽ ചിലർ ത്യാഗപൂർവ്വം കൊടുക്കുന്നതിനും മറ്റു വിശ്വാസികളുടെ ആവശ്യങ്ങൾക്കു വേണ്ടി നൽകുന്നതിൽ പ്രത്യേകം സമർപ്പിതരും ആയിരിക്കുമെന്നാണർത്ഥം. ത്യാഗപരമായ സ്നേഹവും കരുതലും പ്രകടിപ്പിക്കുവാൻ ഒരാൾ ധനപരമായി സമ്പന്നനായിരിക്കണമെന്നില്ല. സർവ്വോപരി, കൊടുക്കുന്നയാൾ തന്റെ ചിന്തയിലും മറ്റു വിശ്വാസികളോടുള്ള താല്പര്യത്തിലും സ്വാർത്ഥതയില്ലാത്തയാളായിരിക്കും. താഴെപ്പറയുന്ന ഭാഗത്ത് (റോമ. 12:13) പൗലോസ് അതിഥി സൽക്കാരത്തെക്കുറിച്ചു സൂചിപ്പിക്കുന്നു. കൊടുക്കുവാനുള്ള വരമുള്ളവർ കേവലം ചുറ്റുപാടും പണം വലിച്ചെറിയുകയില്ല. മറ്റു വിശ്വാസികളോടുള്ള സ്നേഹവും അതിഥി സൽക്കാരവും കാണിക്കുവാൻ അവർ തങ്ങളുടെ വിഭവങ്ങൾ ഉപയോഗിക്കുന്നു. (1 കൊരി. 12:28-ലെ സഹായം ചെയ്യാനുള്ള വരം ശ്രദ്ധിച്ചാലും).

f. നടത്തുക(നയിക്കുക)

നടത്തുക-നയിക്കുക അഥവാ നേതൃത്വത്തിനുള്ള വരം. ഈ വരത്തെക്കുറിച്ച് പരിപാലനവരത്തോടു യോജിപ്പിച്ച് നാം തുടർന്നു പഠിക്കും (1 കൊരി. 12:28).

g. കരുണ

എല്ലാ വിശ്വാസികളും കരുണ കാണിക്കണം. ഇവിടെ പിന്നെയും ഓർപ്പിക്കാനുള്ളത് ചിലർക്ക് പാവപ്പെട്ടവരെയും ശാരീരിക വിഷമതയനുഭവിക്കുന്നവരെയും ബലഹീനരെയും താങ്ങുന്നതിന് പ്രത്യേക താല്പര്യമുണ്ടായിരിക്കും എന്നതാണ്. ദയനീയസാഹചര്യത്തിൽ കഴിയുന്നവരെ സഹായിക്കുവാൻ തങ്ങളുടെ ഊർജ്ജത്തിൽ വലിയ പങ്ക് അവർ മാറ്റിവെക്കുവാനാഗ്രഹിക്കുന്നു.

2. എഫെ. 4:11-12

"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. അത് നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം-വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനയ്ക്കും ആകുന്നു."

a. അപ്പൊസ്തലത്വം

അപ്പൊസ്തലത്വത്തിന്റെ വരം എന്ന വിഷയം അടയാള വരങ്ങൾ നിന്നുപോയി എന്ന ഭാഗത്ത് വിചിന്തനം ചെയ്തു കഴിഞ്ഞതാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റശേഷം ചെയ്ത ശുശ്രൂഷകൾക്കു സാക്ഷികളാണ് അപ്പൊസ്തലന്മാർ (അ.പ്ര. 1:21-22; 1 കൊരി. 9:1) "അപ്പൊസ്തലന്മാൻ" എന്ന വാക്കിന്റെ അർത്ഥം ഒരു പ്രത്യേക നിയോഗത്തോടുകൂടി ക്രിസ്തു അവരെ അയച്ചുവെന്നാണ്. ഏറ്റവും ഒടുവിൽ അപ്പൊസ്തലനായ വ്യക്തി പൗലൊസാണ് (1 കൊരി. 15:8-9). അപ്പൊസ്തൊലത്വം സഭയുടെ സ്ഥാപനഘട്ടത്തിനുവേണ്ടിയായിരുന്നു (എഫെ. 2:20). താൻ അപ്പൊസ്താലനാണെന്ന് ആരെങ്കിലും വിശ്വസിച്ചാൽ, റോമ. 12:3 ആജ്ഞാപിക്കുന്നതനുസരിച്ച് മതിയായ വിനയത്തോടെ അയാൾ സ്വയം അളന്നു നോക്കിയിട്ടില്ലെന്നർത്ഥം.

b. പ്രവാചകൻ

പ്രവചനത്തെക്കുറിച്ച് റോമർ 12-ലെ ആത്മവരങ്ങൾ എന്ന പട്ടികയ്ക്കു കീഴിൽ നാം പഠിച്ചതാണല്ലോ?

c. സുവിശേഷകൻ

'ഇവാൻജൽ'(euangel) എന്ന ഗ്രീക്കു വാക്ക് 'നല്ലത്' എന്ന് അർത്ഥം വരുന്ന "eu' ചേർന്നതാണ്. (euthanasia) ''നല്ല'' മരണം). ഇതിൽ നിന്നാണ് സന്ദേശം എന്നർത്ഥമുള്ള 'ദൂതൻ' എന്ന വാക്കുണ്ടായത്. സുവിശേഷകൻ "നല്ല സന്ദേശം" നൽകുന്നയാളാണ്, അതായത് സുവിശേഷത്തിന്റെ സദ്വാർത്ത അറിയിക്കുന്നവൻ.

എല്ലാ ക്രിസ്തീയ വിശ്വാസികളും സുവിശേഷീകരണത്തിൽ വ്യാപൃതരാകേണ്ടതാണ്. തങ്ങളുടെ പ്രധാനകൃപാവരം മറ്റു മേഖലകളിലായിരിക്കുന്നവർ പോലും (2 തിമൊ. 4:5). എന്നാൽ സുവിശേഷം വിളംബരം ചെയ്യുന്ന വേലയിൽ ചിലർ പ്രത്യേക താല്പര്യത്തോടെ മുൻപന്തിയിലെത്താറുണ്ട്. ഒരു സുവിശേഷകൻ, ആത്മിക ഉണർവ്വു യോഗങ്ങൾ നടത്താൻ നിരന്തരം യാത്ര ചെയ്യുന്ന ഒരാളായിരിക്കണമെന്നില്ല. പ്രേഷിതവേലക്കാരെല്ലാം സുവിശേഷകന്മാരാണ്. ഇതിനേക്കാളുപരി പരസ്യപ്രഭാഷണം ചെയ്യാതെ ആളാംപ്രതി വേല ചെയ്യുന്ന ഒരാൾ അപ്പോഴും ഒരു സുവിശേഷകനായിരിക്കുവാൻ കഴിയും.

d. ഇടയൻ / ഉപദേഷ്ടാവ്

മൂലഭാഷയിൽ നിന്നും പൗലൊസ്, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നീ രണ്ടു വരങ്ങളാണോ ഇടയോപദേഷ്ടാവ് എന്ന ഒരു വരമാണോ ഇവിടെ ഉദ്ദേശിക്കുന്നതെന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. പലരും നിർണ്ണയിക്കുന്നത് ഗ്രീക്കു വ്യാകരണത്തിന്റെ നിശിതനിയമനുസരിച്ച് ഇത് ഒരു വരമാണെന്നാണ്. എങ്കിലും ഗ്രീക്കുവ്യാകരത്തിന്റെ ഈ പ്രമാണം ബഹുവചനങ്ങൾക്ക് ബാധകമല്ല[53]. അതുകൊണ്ട് പൗലൊസ് ഉദ്ദേശിക്കുന്നത് ഒരു വരമാണോ രണ്ടാണോ എന്നറിയാൻ പ്രയാസമുണ്ട്.

ഈ പ്രത്യേക വാക്യം എന്താണെങ്കിലും, തിരുവെഴുത്തിന്റെ മൊത്തത്തിലുള്ള പഠിപ്പിക്കലനുസരിച്ച്, ഒരാൾ ഒരു ഇടയനല്ലാതിരിക്കെ, നല്ല ഉപദേഷ്ടാവായിരിക്കാൻ കഴിയുമെന്നാണ് ചിന്തിക്കാവുന്നത്. എന്നിരുന്നാലും ഒരു ഇടയനായിരിക്കണമെങ്കിൽ ഉപദേശിക്കുവാൻ (പഠിപ്പിക്കുവാൻ) സമർത്ഥനായിരിക്കണം. (1 തിമൊ. 3:2; തീത്തൊ. 1:9) രണ്ടുതരം ഇടയോപദേഷ്ടാക്കന്മാരുണ്ടെന്ന് ചിന്തിക്കാം. ഭരിക്കുന്നവരും പഠിപ്പിക്കാനുള്ള അല്പം കഴിവുള്ളവർ, അതുപോലെ തന്നെ സഭാ ഭരണം നടത്തുകയും പഠിപ്പിക്കുന്നതിൽ പ്രത്യേകം പ്രാവീണ്യം ഉള്ളവരുമായവർ. (1 തിമൊ. 5:17) പലപ്പോഴും ഇക്കൂട്ടരെ, "ഭരണം നടത്തുന്ന മൂപ്പന്മാർ" എന്നും "പഠിപ്പിക്കുന്ന മൂപ്പന്മാർ" എന്നുമാണ് തരംതിരിക്കാറുള്ളത്. [54]

3. 1 പത്രൊ. 4:10–11.

"ഓരോരുത്തനു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ലഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ. ഒരുത്തൻ പ്രസംഗിക്കുന്നുവെങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്ന പോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നല്കുന്ന പ്രാപ്തിക്ക് ഒത്തവണ്ണവും ആകട്ടെ. എല്ലാറ്റിലും ദൈവം യേശുക്രിസ്തുമൂലം മഹത്വപ്പെടുത്തുവാൻ ഇടവരട്ടെ. മഹത്വവും ബലവും എന്നന്നേയ്ക്കും അവനുള്ളത്. ആമേൻ."

ഈ വേദഭാഗം; പ്രത്യേക വരങ്ങളെ തരംതിരിക്കുന്നതിൽ കാര്യമായിട്ടൊന്നും ചെയ്യുന്നില്ല. എന്നിരുന്നാലും വരങ്ങളുടെ രണ്ടു പൊതുവായ വിഭാഗങ്ങളെ ഈ ഭാഗം വെളിപ്പെടുത്തുന്നു. ഭാഷണവരങ്ങളും ശുശ്രൂഷാവരങ്ങളുമുണ്ട്. വിഷായാനുസൃതം വരങ്ങളെ തിരിക്കുകയാണെങ്കിൽ, അടയാളവരങ്ങൾ, സംസാര വരങ്ങൾ (ഭാഷണം) ശുശ്രൂഷാ (സേവനം) വരങ്ങൾ എന്നിങ്ങനെ വിഭാഗിക്കുകയാണുത്തമം.

4. 1 കൊരി. 12:8–10, 28–30

"ഒരുത്തന് ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുവന് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നൽകപ്പെടുന്നു. വേറൊരുത്തനും അതേ ആത്മാവിനാൽ വിശ്വാസം മറ്റൊരുവനു അതേ ആത്മാവിനാൽ രോഗശാന്തികളുടെ വരം, മറ്റൊരുവനു വീര്യപ്രവൃത്തികൾ, മറ്റൊരുവനു പ്രവചനം, മറ്റൊരുവന് ആത്മാക്കളുടെ വിവേചനം, വേറൊരുവനു പലവിധഭാഷകൾ, മറ്റൊരുവനു ഭാഷകളുടെ വ്യാഖ്യാനം..... ദൈവം സഭയിൽ ഒന്നാമതു അപ്പൊസ്തൊലന്മാർ, രണ്ടാമത് പ്രവാചകന്മാർ, മൂന്നാമത് ഉപദേഷ്ടാക്കന്മാർ എന്നിങ്ങനെ ഓരോരുത്തരെ നിയമിക്കയും പിന്നെ വീര്യപ്രവൃത്തികൾ, രോഗശാന്തികളുടെ വരം, സഹായം ചെയ്യാനുള്ളവരം, പരിപാലനവരം, വിവിധ ഭാഷാവരം എന്നിവ നൽകുകയും ചെയ്തു. എല്ലാവരും അപ്പൊസ്തലന്മാരോ? എല്ലാവരും പ്രവാചകന്മാരോ? എല്ലാവരും ഉപദേഷ്ടാക്കന്മാരോ? എല്ലാവരും വീര്യപ്രവൃത്തികൾ ചെയ്യുന്നവരോ? എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ? എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ? എല്ലാവരും വ്യാഖ്യാനിക്കുന്നുവോ?"

a. ജ്ഞാനത്തിന്റെ വചനം

ഏതൊരാശയവും വിരളമായി മാത്രം ഉപയോഗിച്ചിട്ടുള്ളപ്പോൾ അത് കൃത്യമായി നിർവ്വചിക്കുവാൻ വളരെ വിഷമമായിരിക്കും. ജ്ഞാനത്തിന്റെ വരം ഒരു ആത്മവരമായി ഒരിക്കൽ മാത്രമേ പറഞ്ഞിട്ടുള്ളു. ഇന്നത്തേക്കുള്ള വരമാണോ ഇത് അതോ അടയാളവരങ്ങൾക്കൊപ്പം നിന്നുപോയ വരമാണോ ഇത് എന്നതിനെ ഈ വിഷയത്തിൽ നാം തിരഞ്ഞെടുക്കുന്ന നിർവ്വചനം ബാധിക്കും.

അനേക കരിസ്മാറ്റിക്കുകകാരും ജ്ഞാനത്തിന്റെ വരം എന്നതിനെ നിർവ്വചിക്കുന്നത്, ദൈവത്തിൽ നിന്ന് നേരിട്ടുള്ളതും പ്രത്യേകമായതും, പെട്ടെന്നുള്ളതുമായ ഒരു വെളിപ്പാടാണത്രെ. സദസ്യരുടെയിടയിൽ ഒരാൾക്ക് ഒരു

[53] Granville Sharp, Remarks *On the Uses of the Definitive Article in the Greek Text of the New Testament*, 3rd ed. (Philadelphia: B. B. Hopkins and Co., 1807), pp. 3-7.

[54] മൂപ്പന്മാരെക്കുറിച്ചുള്ള ആഴമായ പഠനത്തിന് 11-ാം അദ്ധ്യായം നോക്കുക.

പ്രത്യേക അസുഖമുണ്ടെന്ന് ഗ്രഹിക്കാൻ സഹായിക്കുന്ന വെളിപ്പാടിനെ "ജ്ഞാന"ത്തിന്റെ വചനം എന്ന് അവർ അവകാശപ്പെടാം. ഇതാണ് ജ്ഞാനത്തിന്റെ വചനം എന്നു പറയുന്നതിന്റെ നിർവ്വചനമെങ്കിൽ അതിനെ നേരിട്ടുള്ള ദിവ്യവെളിപ്പാടിന്റെ ഒരു ഉപവിഭാഗമെന്ന് വീക്ഷിക്കേണ്ടതാണ്, മാത്രമല്ല അപ്പൊസ്തൊലന്മാരുടെയും പ്രവാചകന്മാരുടെയും നാളുകളോടു ബന്ധപ്പെട്ടതായും ഇതിനെക്കുറിച്ച് കരുതേണ്ടതാണ്.

ജ്ഞാനവരം തിരുവെഴുത്തിൽ നിന്നും ജ്ഞാനം കണ്ടെത്തി മറ്റുള്ളവർക്കു നല്ല ആലോചന പറഞ്ഞുകൊടുക്കാനുള്ള കഴിവ് ഉൾക്കൊണ്ടുള്ളതാണെന്ന് ലളിതമായ നിലയിൽ ഭേദപ്പെട്ട ഒരു നിർവ്വചനം രൂപപ്പെടുത്താവുന്നതാണ്. 1 കൊരി. 2:6-7 വരെയും 1 കൊരിന്ത്യരിൽ തന്നെ ഇതരവിഭാഗങ്ങലിലും പൗലോസ് "ജ്ഞാനം" എന്നത് ശരിയായ വിവേചനത്തിന്റെ സൂചനയായി ഉപയോഗിച്ചിട്ടുണ്ട്. ജ്ഞാനത്തിന് അദ്ദേഹം നൽകുന്ന നിർവ്വചനത്തെ 1 കൊരി 12-ൽ വരങ്ങളുടെ ഒരു പട്ടിക പറയുമ്പോൾ മാറ്റിക്കളയുവാൻ മതിയായ ഒരു കാരണവുമില്ല. വെളിപ്പാടു പ്രാപിക്കുവാനുള്ള കഴിവ് പ്രവചനവരത്തിൽ ഉൾപ്പെടുന്നുണ്ട്. ജ്ഞാനത്തിന്റെ വചനം വേറെയെന്തെങ്കിലും ആയിരിക്കണം. നല്ല ഒരു ക്രിസ്തീയ ബുദ്ധ്യുപദേശകൻ സഭയിലെ വയോധികരായ വിശുദ്ധന്മാർക്കുള്ളതുപോലെ ജ്ഞാനവരം പ്രാപിച്ചയാളാവാം. രണ്ടാമത്തെ നിർവ്വചനം സ്വീകരിക്കയാണെങ്കിൽ, ജ്ഞാനവരം നിന്നുപോയി എന്നു ചിന്തിക്കുവാൻ കാരണമില്ല.

b. പരിജ്ഞാനത്തിന്റെ വചനം

ജ്ഞാനത്തിന്റെ വചനത്തെക്കുറിച്ച് മുകളിൽ പറഞ്ഞ പല പ്രസ്താവനകളും പരിജ്ഞാനത്തിന്റെ വചനത്തെ സംബന്ധിച്ചും ബാധകമാണ്. ഇത് ദിവ്യവെളിപ്പാടു സംബന്ധിച്ച ചില ഘടകങ്ങളെ സൂചിപ്പിക്കുന്നുവെന്നു ചിന്തിച്ചാൽ, (ഉദാഹരണമായി നേരിട്ടുള്ള ദൈവശബ്ദം) ഈ വരം അപ്പൊസ്തൊലന്മാരുടെയും പ്രവാചകന്മാരുടെയും നാളുകളിലേക്ക് പരിമിതപ്പെടുത്തേണ്ടതായിവരും. എന്നാൽ, 1 കൊരി. 8:1-ൽ പറയുന്ന അറിവ് കേവലം മൃഗീയ ബുദ്ധിയെ സൂചിപ്പിക്കുന്നതായി തോന്നും. പ്രവചനവരമാകട്ടെ, വെളിപ്പാടു പ്രാപിക്കുവാനുള്ള പ്രാപ്തി ഉൾക്കൊള്ളുന്നതുമാണ്. ഒരു പക്ഷേ, 'പരിജ്ഞാനത്തിന്റെ വചനം' എന്നു പറയുന്നത്, വിഷമമേറിയ വേദസത്യങ്ങൾ മനസ്സിലാക്കി മറ്റുള്ളവരെ ഗ്രഹിപ്പിക്കാനുള്ള പ്രത്യേക കഴിവിനെ സൂചിപ്പിക്കയാകാം. വേദപണ്ഡിതന്മാർക്കും, ദൈവശാസ്ത്രജ്ഞന്മാർക്കും, ഈ വരം (അതിന്റെ മാർമ്മിക വശത്തു നിന്നു ചിന്തിക്കുമ്പോൾ) നേരിയ തോതിലുണ്ടെന്നു കരുതിയാൽ, ഈ വരവും അപ്പൊസ്തൊലന്മാരുടെയും പ്രവാചകന്മാരുടെയും നാളുകളിൽ ദിവ്യവെളുപ്പാടു നേരിട്ടു പ്രാപിച്ചിരുന്നു സന്ദർഭത്തോടു മാത്രം പരിമിതപ്പെടുത്തി ചിന്തിക്കാൻ യാതൊരു മതിയായ കാരണവുമില്ല.

c. വിശ്വാസം

എല്ലാ വിശ്വാസികൾക്കും വിശ്വാസമുണ്ട്. പ്രയാസമേറിയ ചുറ്റുപാടുകളിൽ, വിശ്വാസവരമുള്ളവർക്ക്, ദൈവത്തിൽ ആഴമേറിയ ആശ്രയമുള്ളവരാണ്. അപകടകരമായ മേഖലകളിൽ അദ്ധ്വാനിക്കുന്ന മിഷനറിമാരെ സംബന്ധിച്ച് ഭൗതിക സുഖസൗകര്യങ്ങളുപേക്ഷിച്ച് കഷ്ടം സഹിക്കുവാൻ അവരെ നിർബന്ധിക്കുന്നത് പ്രത്യേകമായ ഈ വിശ്വാസ വരമാണ്.

d. രോഗശാന്തികൾ / വീര്യപ്രവൃത്തികൾ

വീര്യപ്രവൃത്തികളുടെ വരം. രോഗശാന്തികളുടെ വരത്തേക്കാൾ വിസ്തൃതമാണെന്നുപറയാം. എന്നാൽ രണ്ടും ഒരുമിച്ചു പഠിക്കാവുന്നതാണ്. അടയാളവരങ്ങൾ അപ്പൊസ്തൊലന്മാരോടുകൂടെ നിന്നുപോയി എന്നതിനെ ഈ പഠനത്തിന്റെ ആദ്യഭാഗങ്ങൾ പിന്താങ്ങുന്നുണ്ട്. രോഗശാന്തിവരവും വീര്യപ്രവൃത്തികൾ ചെയ്യാനുള്ള വരവും അടയാളവരങ്ങളുടെ പട്ടികയിൽ വരുന്നതാണെന്നു തെളിയിക്കുവാൻ പ്രയാസമില്ല (അ.പ്ര. 5:12-15 കാണുക). ഇപ്രകാരം ഇന്ന് രോഗശാന്തികളുടെയും വീര്യപ്രവൃത്തികളുടെയും വരം ഇല്ല എന്നു മനസ്സിലാക്കാം. ഇപ്രകാരമുള്ള വരപ്രാപ്തരായ മനുഷ്യരെ ആശ്രയിക്കാതെ തന്നെ ദൈവം സാന്ദർഭികമായി രോഗസൗഖ്യം നൽകുകയും വീര്യം പ്രവൃത്തിക്കുകയും ചെയ്യും. രോഗസൗഖ്യമുണ്ടാകും, വീര്യപ്രവൃത്തികൾ നടക്കും, എന്നാൽ രോഗശാന്തിക്കാരോ വീര്യം പ്രവർത്തിക്കുന്നവരോ ഇല്ല. ഈ വരങ്ങൾ അടയാളങ്ങളാണ്. അടയാളവരങ്ങൾ അപ്പൊസ്തൊലിക കാലത്തിന്റെ അന്ത്യത്തോടെ നിന്നുപോയി (II മുതൽ V വരെയുള്ള ഭാഗങ്ങൾ നോക്കുക)

e. ആത്മാക്കളുടെ വിവേചനം

കൃത്യമായി നിർവ്വചിക്കുവാൻ വിഷമമുള്ള മറ്റൊരു വരമാണിത്. പിശാചുക്കളുടെ അദൃശ്യ സാന്നിധ്യം അറിയാനുള്ള ഒരു പ്രത്യേക കഴിവാണിതെന്നു മനസ്സിലാക്കുകയാണെങ്കിൽ, ഇതൊരു അടയാളവരമാണോ ശുശ്രൂഷാവരമാണോ എന്ന ചില ചോദ്യങ്ങൾ ഉയരാം.

ധാർമ്മികവും ഉപദേശപരവുമായ പിശകിനെ മനസ്സിലാക്കാനുള്ള പ്രത്യേക പ്രാപ്തിയാകാം ആത്മാക്കളുടെ വിവേചന വരം സൂചിപ്പിക്കുന്നത്.1 യോഹ. 4-ൽ ആത്മാക്കളെ വിവേചിക്കണമെന്ന് എല്ലാ ദൈവമക്കളെയും പ്രബോധിപ്പിച്ചിരിക്കുന്നു. എന്നാൽ അവിടെ പറയുന്ന പശ്ചാത്തലമനുസരിച്ച് ഇത് കള്ളപ്രവാചകന്മാരുടെ വ്യാജോപദേശത്തെ സൂചിപ്പിക്കുകയാണ്. അവർ യഥാർത്ഥത്തിൽ "ആത്മാക്കളുടെ" പിണിയാളുകളത്രെ. ഒരുപക്ഷേ, "ആത്മാക്കളുടെ വിവേചനം" എന്നുപറ

യുന്നത് ലളിതമായും വ്യാജമായതിനെ തിരിച്ചറിയാനുള്ള കഴിവായിരിക്കാം (അ.പ്ര. 17:11; 1 തെസ്സ. 5:21 ഇവയും നോക്കുക).

എബ്രാ. 5:14 പഠിപ്പിക്കുന്നത്, "നീതിയുടെ വചനത്തിൽ" അഭ്യാസം ലഭിച്ച വിശ്വാസികൾ (എബ്രാ.5:13) നല്ലതിനെ തീയതിൽ നിന്നു വേർതിരിച്ചറിയുവാനുള്ള പ്രാപ്തി വികസിപ്പിച്ചെടുക്കണമെന്നാണ്. പിശകും, തെറ്റും തിരുത്താൻ കഴിവുള്ളവരെ സഭയ്ക്ക് ആവശ്യമാണ്. ഒരുപക്ഷേ, ഉപദേശപരവും സാന്മാർഗ്ഗികവുമായ പിശകിനെ പെട്ടെന്ന് മണത്തറിയാൻ പ്രത്യേകം കഴിവുള്ളവർക്ക് ആത്മാക്കളുടെ വിവേചനമെന്ന വരമുള്ളവരാകാം.

f. ഭാഷകളുടെ വ്യാഖ്യാനം

അപ്പൊസ്തൊലിക കാലത്ത് ഒരാൾ ഒരിക്കലും പഠിച്ചിട്ടില്ലാത്ത വിദേശശഭാഷകൾ സംസാരിക്കാൻ ദൈവം കഴിവു നൽകിയിരുന്നു. ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഭാഷകൾ വ്യാഖ്യാനിക്കുന്നതിനുള്ള വരവും ദൈവം നൽകിയിരുന്നു. ശരിയായ ഭാഷാവരം, ശുദ്ധഭാഷകൾ ഉൾപ്പെടുന്നതാണ് അല്ലാതെ അവ്യക്ത ജല്പനവുമായി ഒരു ബന്ധവും ഇല്ലാത്തതാണ് (അ.പ്ര. 2:6,8, ഈ അദ്ധ്യായത്തിൽ 2-ാം ഭാഗം എന്നിവ നോക്കുക). 1 കൊരി. 14:22 അനുസരിച്ച് ഭാഷകൾ അടയാളവരങ്ങളിൽ പെടുന്നതാണ്. അടയാളങ്ങൾ അപ്പൊസ്തൊലികാധികാരത്തെ ഉറപ്പിക്കേണ്ടതിനായിരുന്നു (2 കൊരി. 2:12). അപ്പൊസ്തലന്മാർ ഇന്നില്ല ആ വരം നിന്നുപോയി. അതുപോലെ തന്നെയാണ് ഭാഷകളുടെ വരവും. ഭാഷാവരമോ വ്യാഖ്യാനവരമോ അപ്പൊസ്തലിക കാലശേഷം ഇല്ല.

g. സഹായം (1 കൊരി. 12:28)

ഇവിടെ "സഹായം ചെയ്യാനുള്ള വരം" എന്നു പറയുന്നതും റോമർ 12-ലെ പട്ടികയിൽ പറയുന്ന "ശുശ്രൂഷ"യും തമ്മിൽ വ്യത്യാസമുണ്ട്. ഇപ്രകാരമുള്ള ഒരു വിഭജനം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായിരിക്കാം. "ശുശ്രൂഷിക്കുന്നവർ" മറ്റുള്ളവരെ പരിചരിക്കാൻ അതു ചെയ്യുന്നു. 'സഹായം' ചെയ്യുന്നവർ, മറ്റുള്ളവരുടെ കൃപാവരങ്ങൾ കൂടുതൽ ഫലകരമായി വ്യാപാരം ചെയ്യുവാൻ അവരെ സ്വതന്ത്രമാക്കുകയാണ്. ഒരു സഭാ സെക്രട്ടറി സഭാ നേതൃത്വം വഹിക്കുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കാര്യമായിട്ടൊന്നും ചെയ്യുന്നില്ല. നേരെ മറിച്ച് നേതൃത്വം വഹിക്കുന്നവരുടെ കൃപാവരങ്ങൾ കൂടുതൽ ഫലകരമായി സ്വയം ചെയ്യാൻ അവരെ അവർ സഹായിക്കുകയാണ് ചെയ്യുന്നത്. ഓരോ ഭാര്യയും ക്രിസ്തുവിനുവേണ്ടിയുള്ള ഭർത്താവിന്റെ ശുശ്രൂഷയെ സഹായിക്കേണ്ടതാണ്.

h. പരിപാലനം (ഭരണം)

1 കൊരി.12:8-ൽ പരിപാലനത്തിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദത്തിൽ നിന്നു വ്യത്യസ്തമായ വാക്കാണ് റോമ. 12:8-ൽ 'നേതൃത്വം നടത്തുന്നു' എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. ഇവിടെയും വ്യക്തമായ വ്യത്യാസം സൂചിപ്പിക്കയാകാം. ഒരാൾ ഭരണം നടത്താതെതന്നെ നല്ല പരിപാലനം (കാര്യനിർവ്വഹണം) ചെയ്യുന്നയാളാകാം. ഒരു സംഘടനയോടു ചേർന്നു പ്രവൃത്തിക്കുന്നതും തീരുമാനമെടുക്കുന്നതിൽ അധികാരമുള്ളയാളായിരിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ടല്ലോ? ഭരണം നടത്തുവാൻ (പാലനം ചെയ്വാൻ) വരമുള്ളവർ സഭയുടെ നയം, കാര്യപരിപാടി എന്നിവ സംബന്ധിച്ച് അന്തിമ വാക്കു പറയാൻ അധികാരം ഉള്ളവരായിരിക്കും. എന്നാൽ യഥാർത്ഥ പ്രവർത്തനങ്ങൾ ശരിയായി നടന്നുകാണാൻ, അവ പ്രാപ്തിയുള്ള കാര്യനിർവ്വഹകരെ ഭരമേല്പിക്കുന്നു. മൂപ്പന്മാർ നടത്തും. അഥവാ നയിക്കും. എന്നാൽ അവർ കൃത്യനിർവ്വഹണത്തിൽ കാര്യപ്രാപ്തരായവരെ പദ്ധതി നിയന്ത്രിച്ചു നടത്താനായി കണ്ടെത്തുക തന്നെ ചെയ്യും.

VIII. പരിശുദ്ധാത്മശാസ്ത്രത്തിന്റെ ഉപസംഹാരം

പരിശുദ്ധാത്മാവിനെ സംബന്ധിച്ച് വളരെയേറെ സന്ദേഹങ്ങൾ ഉണ്ടെന്നുള്ളത് നിർഭാഗ്യകരമാണ്. സ്വയകേന്ദ്രീകൃതവും ജഡികവുമായ അനുഷ്ഠാനങ്ങൾ പലതും പരിശുദ്ധാത്മാവിന്റെ പേരിൽ ചെയ്യുന്നുവെന്നത് വിരോധാഭാസമായിരിക്കുന്നു. എന്നിരുന്നാലും പരിശുദ്ധാത്മാവ് വിലയേറിയ ഒരു കൂട്ടാളിയായി വിശ്വാസികൾക്ക് വളർച്ച നൽകി അനുഗ്രഹം പകരുവാൻ ആഗ്രഹിക്കുന്നു. ആത്മാവിന്റെ സ്വന്തം വചനമായ ബൈബിളിനു കീഴ്പ്പെടാനുള്ള ആഴമായ വിശപ്പുണ്ടെങ്കിൽ ഇതു സംഭവിക്കാനിടയാകും.

അദ്ധ്യായം 11

എക്ലീസ്സിയോളജി

സഭയെപ്പറ്റിയുള്ള ഉപദേശം

രൂപരേഖ

I. ആമുഖവും നിർവചനവും
II. സാർവ്വത്രികസഭയുടെ വാഗ്മയചിത്രങ്ങൾ
  A. ഇടയനും ആടുകളും
  B. ശിരസ്സും ശരീരവും
  C. മണവാട്ടിയും മണവാളനും
  D. ക്രിസ്തു മൂലക്കല്ലായ ദൈവാലയം; ഭവനക്കാർ; അല്ലെങ്കിൽ കെട്ടിടം
  E. ക്രിസ്തു ശ്രേഷ്ഠ മഹാപുരോഹിതനായിട്ടുള്ള ഒരു പൗരോഹിത്യം
  F. സത്യത്തിന്റെ തൂൺ
III. സാർവ്വത്രിക സഭയുടെ ഉത്ഭവം
IV. സഭ ദൈവത്തിന്റെ അതുല്യമായകൈപ്പണി എന്ന നിലയിൽ
  A. യുഗങ്ങളെക്കുറിച്ചുള്ള പഠനത്തിന്റെ പ്രാധാന്യം
  B. യുഗപരപഠനത്തിന്റെ തെളിവ്
    1. ന്യായപ്രമാണം x കൃപ അഥവാ യഹൂദമതം x സഭ
    2. വരുവാനുള്ള രാജ്യം
    3. ന്യായപ്രമാണം; കൃപ ഇവയോടു ചേർത്തു പറയാവുന്ന മറ്റു യുഗങ്ങളും ന്യായവും
    4. സഭ ഒരു മർമ്മമെന്ന നിലയിൽ
      a. പൂർവ്വകാലത്ത് മറഞ്ഞിരുന്നതെങ്കിലും പുതിയനിയമത്തിൽ വെളിപ്പെടുത്തിയ മർമ്മങ്ങൾ
      b. പുതിയനിയമം വെളിവാക്കിയ മർമ്മങ്ങളെ സംബന്ധിച്ച ഉപസംഹാരം
    5. 'ചുമതലാനിർവ്വഹണങ്ങളിലെ' വ്യത്യാസങ്ങൾക്കു തെളിവ്
    6. 'യുഗം' എന്നത് ഒരു വേദപുസ്തകപ്രയോഗമാണോ?
    7. യുഗസംബന്ധമായ വിവിധ വിശദാംശങ്ങൾ
    8. ഉപസംഹാരം
V. പ്രാദേശികസഭ
  A. സഭയുടെ ഉദ്ദേശ്യം
    1. സഭയെ സംബന്ധിച്ച പഠിപ്പിക്കൽ/ഉപദേശം
    2. സഭയുടെ അനുഷ്ഠാനങ്ങളും അവയുടെ ആചരണവും
    3. പ്രാർത്ഥന
    4. സുവിശേഷീകരണം
    5. ആരാധന
    6. ഔദാര്യം
  B. പ്രാദേശിക സഭയുടെ ഭരണനിർവഹണം
    1. എപ്പിസ്കോപ്പൽ
    2. പ്രസ്ബിറ്റേറിയൻ
    3. കോൺഗ്രിഗേഷണൽ
    4. സഭാ ഭരണം സംബന്ധിച്ച സത്യങ്ങളുടെ സംഗ്രഹം
  C. സഭയുടെ ഔദ്യോഗികസ്ഥാനീയർ
    1. മൂപ്പൻ, ഇടയൻ, അദ്ധ്യക്ഷൻ എന്നീ പ്രയോഗങ്ങളുടെ സമാനത
    2. മൂപ്പന്മാരുടെ യോഗ്യതകൾ
      a. പൊതുയോഗ്യതകൾ
      b. ധാർമ്മിക യോഗ്യതകൾ
      c. മാനസ്സിക യോഗ്യതകൾ
      d. വ്യക്തിത്വ യോഗ്യതകൾ
      e. സ്വഗൃഹത്തിലെ അഥവാ ഗാർഹിക യോഗ്യതകൾ
      f. ക്രിസ്തീയാനുഭവ സംബന്ധിയായ യോഗ്യതകൾ
      g. ബഹുമാന്യത സംബന്ധിച്ച യോഗ്യതകൾ
    3. മൂപ്പന്മാരുടെ എണ്ണം
    4. മൂപ്പന്മാരുടെ തരംതിരിവുകൾ/വകഭേദങ്ങൾ
    5. മൂപ്പന്മാരുടെ ഉത്തരവാദിത്തങ്ങൾ
    6. മൂപ്പന്മാരുടെ ഔദ്യോഗിക കാലാവധി
    7. മൂപ്പന്മാരെ തെരഞ്ഞെടുക്കുന്നത്
      a. ശ്രോതസ്സ് അഥവാ ഉറവിടം
      b. രീതി അഥവാ വിധം
    8. മൂപ്പന്മാരെ നീക്കം ചെയ്യൽ
    9. ശുശ്രൂഷകന്മാർ
    10. ശുശ്രൂഷക്കാരത്തി(ശുശ്രൂഷക)
    11. സ്ത്രീകൾക്ക് സഭയിലുള്ള പങ്ക്
  D. സഭയുടെ അനുഷ്ഠാനങ്ങൾ
    1. കർത്തൃമേശ
      a. താല്പര്യാനുസൃതം ചെയ്യാമായിരുന്ന

ചില മുൻകാല അനുഷ്ഠാനങ്ങൾ
(1) സ്നേഹവിരുന്നുകൾ
(2) വീഞ്ഞു വിളമ്പുമായിരുന്ന സ്നേഹ കൂട്ടായ്മകൾ
(3) കൂട്ടായ്മയുടെ സമയങ്ങൾ
(4) തിരുവത്താഴ നിർവ്വഹണം
b. കർത്തൃമേശ സംബന്ധിച്ച കല്പനാ സ്വഭാവമുള്ള അനുഷ്ഠാനങ്ങൾ
c. കർതൃമേശയുടെ അർത്ഥം
(1) വസ്തുമാറ്റസിദ്ധാന്തം
(2) ശരീരസാന്നിദ്ധ്യവാദം അഥവാ ദിവ്യസാന്നിദ്ധ്യസമാന്തരവാദം
(3) സ്മാരക ശുശ്രൂഷയെന്ന വീക്ഷണം
(a) നന്ദിയർപ്പണം
(b) കൂട്ടായ്മ
(c) തിരുവത്താഴം
(4) സംക്ഷേപം

2. സ്നാനം
a. സ്നാനം സംബന്ധിച്ച വ്യത്യസ്ത വീക്ഷണങ്ങൾ
(1) സ്നാനം ഒരു കൂദാശയെന്ന വീക്ഷണം
(2) സ്നാനത്താൽ വീണ്ടും ജനനമെന്ന വീക്ഷണം
(3) നവീകരണഫലമായ വീക്ഷണം
(4) സ്നാനം അനിവാര്യമല്ല എന്ന വീക്ഷണം
(5) ബാപ്റ്റിസ്റ്റു സഭകളുടെ വീക്ഷണം
b. ജലസ്നാനത്തിന്റെ അർത്ഥം
(1) ക്രിസ്തുവിന്റെ കല്പനയോടുള്ള വിശ്വാസിയുടെ അനുസരണാഭിലാഷത്തെ കാണിക്കുന്നു.
(2) ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം ഇവയിലുള്ള പങ്കാളിത്തത്തിന്റെ പ്രതിരൂപം
(3) ആത്മസ്നാനത്തിന്റെ പ്രതീകം
(4) സഭയോടുള്ള പരസ്യ ഏകീകരണം
(5) സംഗ്രഹം
c. സ്നാന വിധം
(1) പുരാതന ഗ്രീക്കുഭാഷയും ബാപ്റ്റോ/ ബാപ്റ്റിസോ എന്ന പദങ്ങളും
(2) സെപ്റ്റുജിന്റും ബാപ്റ്റോ/ബാപ്റ്റിസോ എന്ന പദങ്ങളും
(3) ബാപ്റ്റോ/ ബാപ്റ്റിസോ എന്ന പദങ്ങൾ പുതിയനിയമത്തിൽ
(4) പ്രതീകാത്മകത്വം - മുഴുകൽ സ്നാനത്തിനുള്ള ന്യായവാദം എന്ന നിലയിൽ
(5) വിഭക്തിപ്രയോഗങ്ങൾ-മുഴുകലിനുള്ള തെളിവെന്ന നിലയിൽ
(6) സഭാചരിത്രവും നിമജ്ജനസ്നാനവും
d. ജലസ്നാനം എന്ന വിഷയം സംബന്ധിച്ച ഉപസംഹാരം

E. സഭയുടെ പവിത്രത അഥവാ നിർമ്മലത
1. സഭയെ സംബന്ധിച്ചുള്ള വേർപാട്
a. വേർപെടാനുള്ള കല്പനകൾ
(1) ദുരുപദേശത്തിൽനിന്നുള്ള വേർപാട്
(2) വിച്ഛേദനക്കാരിൽനിന്നുള്ള വേർപാട്
(3) അധാർമ്മികതയിൽ നിന്നുള്ള വേർപാട്
(4) തിരുവെഴുത്തുകളോടുള്ള പൊതുവായ അനുസരണക്കേട്
b. ആനുകാലിക ദൈവശാസ്ത്ര ചിന്താധാരകൾ
(1) സ്വതന്ത്രചിന്താഗതി (ലിബറലിസം)
(2) മൗലികവാദം (ഫണ്ടർമെൻലിസം)
(3) നവ-സുവിശേഷ വിഹിത ചിന്താഗതി
c. വേർപാടിനെ സംബന്ധിച്ച നിശ്ചിതനിർദ്ദേശങ്ങൾ
(1) വേദപുസ്തകത്തോടുള്ള സമർപ്പണ മനോഭാവം x വിശ്വസിക്കുന്നമനോഭാവം
(2) കൂട്ടായ്മയുടെ മണ്ഡലങ്ങൾ

2. സഭയുടെ ശിക്ഷണം
a. ശിക്ഷണം നടപ്പാക്കുന്നതിനുള്ള വേദപുസ്തക കല്പനകൾ
b. ശിക്ഷണം നടപ്പാക്കുന്നതിന് വേദപുസ്തകം അനുശാസിക്കുന്ന കാരണങ്ങൾ
c. ശിക്ഷണയോഗ്യമായ കുറ്റങ്ങൾ
d. സഭയിൽ ശിക്ഷണം നടത്തുന്നത്
(1) അധികാരത്തിലുള്ള വ്യക്തികൾ
(2) നടപടിക്രമങ്ങൾ
e. സഭാ ശിക്ഷണം സംബന്ധിച്ച ഉപസംഹാരം

F. സഭാചരിത്രം-പ്രസ്ഥാനങ്ങൾ
G. സഭയെക്കുറിച്ചുള്ള പഠനത്തിന്റെ ഉപസംഹാരം

എക്ലീസ്സിയോളജി
സഭയെപ്പറ്റിയുള്ള ഉപദേശം

I. ആമുഖവും നിർവചനവും

സഭ എന്നതിന്റെ ഗ്രീക്കുപദമായ **എക്ലീസിയ**യിൽ നിന്നുമാണ് സഭാപരമായ (ecclesiastical) എന്ന വാക്ക് നമുക്ക് ലഭിച്ചിട്ടുള്ളത്. ഇത്, "മറ്റു ചിലതിൽ നിന്ന്" എന്നർത്ഥമുള്ള *എക്* എന്ന ഉപസർഗ്ഗത്തിൽ നിന്നും "വിളിക്കുക" എന്നർത്ഥമുള്ള *കാലെയോ* -ൽ നിന്നും രൂപപ്പെട്ടിട്ടുള്ള ഒരു സംയോജകമാണ്. ലോകത്തിൽ നിന്നും ദൈവത്തിനായി വിളിക്കപ്പെട്ട ആളുകളുടെ ഒരു ഗണമാണ് സഭ. ഇതു വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ ഒരു കൂട്ടമാകുന്നു. ഈ കാലത്തേക്കുള്ള ദൈവപ്രവൃത്തി, "തന്റെ നാമത്തിനായി ജാതികളിൽ നിന്നും ഒരു ജനതയെ വേർതിരിക്കുന്നതാകുന്നു" എന്ന് അപ്പോ. 15:14 -ൽ യാക്കോബ് സൂചിപ്പിച്ചിരിക്കുന്നു. ദൈവം ജാതികളിൽ നിന്നും ഒരു കൂട്ടം ജനത്തെ തനിക്കായി വിളിച്ചുചേർക്കുന്നു. അവർ *സഭ* അഥവാ ദൈവസഭ എന്ന പുതിയ വിഭാഗമായിത്തീരേണ്ടതിന് യഹൂദന്മാരോടു യോജിപ്പിക്കപ്പെട്ടു. (എഫെ. 3:6,10; 1 കൊരി. 10: 32 ഇവ കാണുക). 1 കൊരി. 10:32-ൽ യഹൂദൻ, യവനൻ, ദൈവസഭ എന്നിങ്ങനെ മൂന്നു വിഭാഗം ആളുകളെ സൂചിപ്പിച്ചിരിക്കുന്നു. 1 പത്രോ. 2: 9-ൽ "ദൈവത്തിന്റെ സ്വന്തജനം" എന്നും സൂചിപ്പിച്ചിരിക്കുന്നു.

സഭ എന്നത് രണ്ടു വ്യത്യസ്ത അർത്ഥങ്ങളിൽ വേദപുസ്തകത്തിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്നതായി വേദപുസ്തക പഠിതാക്കൾക്കു മനസ്സിലാകും. *സഭ* എന്ന വാക്കുകൊണ്ട് സാർവ്വത്രികസഭയെയോ പ്രാദേശികസഭയേയോ സൂചിപ്പിക്കാം. യേശുക്രിസ്തുവിലുള്ള മുഴുവൻ വിശ്വാസികളുടെയും കൂട്ടമാണ് സാർവ്വത്രിക സഭ (കൃത്യമായി പഞ്ഞാൽ പെന്തക്കോസ്തു മുതൽ ഉത്പ്രാപണംവരെയുള്ളവർ). മരിച്ച് സ്വർഗ്ഗത്തിൽ വസിക്കുന്നവരും ഭൂമിയിൽ ശേഷിച്ചിരിക്കുന്നവരുമായ വിശ്വാസികൾ സാർവ്വത്രിക സഭയിൽ ഉൾപ്പെട്ടിരിക്കുന്നു. ഇതിനെ വേദപുസ്തകം ഒരു സംഘടയോടല്ല, മറിച്ച് "ക്രിസ്തു ശരീരം" എന്ന ജൈവപരമായ ഘടനയോടാണ് സമാനതപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരമുള്ള സാർവ്വത്രിക സഭയെ സൂചിപ്പിക്കുന്ന ധാരാളം വേദഭാഗങ്ങൾ കാണാവുന്നതാണ് (1 കൊരി. 12:28; 15:9; എഫെ. 5:23, 24, 32).

> "നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ **സഭയെ** പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു" (മത്താ. 16:18).

ഒരു വലിയ ജനസമൂഹത്തെക്കുറിച്ചാണ് ക്രിസ്തു ഇവിടെ പറയുന്നത്; അതിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ് ഒരു പ്രാദേശിക സഭ. ഈ വലിയ ജനവിഭാഗമാണ് സഭ.

> "യെഹൂദന്മാർക്കും **ദൈവസഭ**യ്ക്കും ഇടർച്ചയില്ലാത്തവരാകുവിൻ" (1 കൊരി. 10:32).

ഈ വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം സഭ **എല്ലാ വിഭാഗങ്ങളിലും**പെട്ട ആളുകൾ ഉൾപ്പെടുന്നതാണ്.

> എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർതൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ തലയാക്കി, എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ **ശരീരമായ സഭയ്ക്കു** കൊടുക്കുകയും ചെയ്തിരിക്കുന്നു (എഫെ. 1:21-23).

സഭ എന്നത് ക്രിസ്തുവിന്റെ ശരീരവുമായി ഏകരൂപത്തിൽ അഥവാ താദാത്മ്യതയിൽ ആണെന്നത് ശ്രദ്ധിക്കുക.

> കൃത്യമായി പറഞ്ഞാൽ, ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും **ഏകശരീരസ്ഥരും** വാഗ്ദത്തത്തിൽ പങ്കാളികളും ആകുന്നു... അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, **സഭ** മുഖാന്തിരം അറിവായ് വരുന്നു അഥവാ അറിയുവാൻ കഴിയുന്നു (എഫെ. 3:6-10).

യഹൂദന്മാരും ജാതികളും ചേർന്നു രൂപീകൃതമായ കൂട്ടത്തെയാണ് ആറാം വാക്യം സൂചിപ്പിക്കുന്നത്. ഈ **ബൃഹത്തായ കൂട്ടത്തെ** *സഭ* എന്ന് 10-ാം വാക്യത്തിൽ താതാദ്മ്യപ്പെടുത്തിയിരിക്കുന്നു.

> ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും, കറ, ചുളുക്കം, മുതലായി ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുന്നിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു (എഫെ. 5:26-27).

ഇവിടെ *സഭ* സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് ഒരു പ്രാദേശിക സംഘടന എന്നതിനെക്കാൾ വിശ്വാസികളുടെ മുഴുവൻ സമൂഹം എന്ന നിലയിലാണ്.

> അവൻ **സഭ** എന്ന **ശരീരത്തി**ന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു.... ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ

> സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു (കൊലൊ. 1:18, 24).

മുകളിലുള്ള രണ്ടു വാക്യങ്ങളിലും *സഭയെ* ക്രിസ്തുവിന്റെ *ശരീരത്തോടു* താദാത്മ്യപ്പെടുത്തിയിരിക്കുന്നു.

> സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും (എബ്രാ. 12:23).

"സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന" എല്ലാവരും, അതായത് രക്ഷിക്കപ്പെട്ട **എല്ലാവരും സഭയുടെ അംഗങ്ങളാകുന്നു.**

ആത്യന്തികമായി സഭ അതിന്റെ പൂർണ്ണതയിൽ അദൃശ്യമാകുന്നു. അത് ജീവനോടിരിക്കുന്നവരും മരിച്ചവരും ഉൾപ്പെടുന്നതാണ്. ഉത്പ്രാപണത്തിനു മുൻപായി ഒരു സ്ഥലത്തോ ഒരു സമയത്തോ സഭയ്ക്ക് ഒന്നിച്ചു കൂടുവാൻ ഒരിക്കലും കഴിയുകയില്ല. എന്നാൽ ഇതിനു വിരുദ്ധമായി, പ്രാദേശിക സഭ, സാർവ്വത്രിക സഭയുടെ ദൃശ്യാവിഷ്കാരമാണ്. വ്യക്തമായും, സാർവ്വത്രിക സഭയുടെ ഭാഗമായിരിക്കുകയും കർത്താവിനോടുകൂടെ ഇരിക്കേണ്ടതിന് മരിച്ചുപോകുകയും ചെയ്ത വിഭാഗത്തെ പ്രാദേശിക സഭ ഉൾക്കൊള്ളുന്നില്ല. സാർവ്വത്രിക സഭയിൽ നിന്നും വ്യത്യസ്തമായി പ്രാദേശിക സഭയ്ക്ക് അതുമായി സഹകരിക്കുന്ന അവിശ്വാസികളെയും ഉൾക്കൊള്ളാവുന്നതാണ്. പുതിയനിയമത്തിൽ *എക്ലീസിയ* എന്ന പദം ഏകദേശം 150 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതിൽ അധിക പങ്കും ഒരു പ്രാദേശിക സഭ, അല്ലെങ്കിൽ പ്രാദേശികസഭകൾ എന്നാണു സൂചിപ്പിച്ചിരിക്കുന്നത് (ഉദാ. മക്കദോന്യയിലെ സഭ, 2 കൊരി. 8:1; തെസ്സലോനിക്യയിലെ സഭകൾ, 1 തെസ്സ. 1:1 തുടങ്ങിയവ).

നമ്മുടെ പഠനത്തിൽ ആദ്യം പരിഗണിക്കപ്പെടുന്നത് സാർവ്വത്രിക സഭയും പിന്നീട് പ്രാദേശികസഭയുമാണ്.

II. സാർവ്വത്രിക സഭയുടെ വാങ്മയ ചിത്രങ്ങൾ

പുതിയമിയമം ക്രിസ്തുവും സഭയുമായുള്ള ബന്ധത്തെ പഠിപ്പിക്കുവാനായി വിവിധ ആലങ്കാരികപ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നു അഥവാ സഭയുടെ പ്രകൃതി വർണ്ണിക്കുവാനായി വിവിധ രൂപാകാലങ്കാരങ്ങൾ നൽകുന്നുണ്ട്.

A. ഇടയനും ആടും

പഴയനിയമത്തിൽ ദൈവജനത്തെ ആടുകളായും അവരുടെ ഇടയനായി ദൈവത്തെയും ചിത്രീകരിച്ചിരിക്കുന്നു (സങ്കീ. 23:1; 74:1; 78:52; 79:13; 80:1; 95:7; 100:3; യെശ. 40:11; യിരെ. 23:1; യെഹെ. 34; സെഖ. 13:7). നല്ല ഇടയന്റെ പാഠത്തിൽ ക്രിസ്തു പഠിപ്പിക്കുന്നത്, (നല്ല ഇടയന്റെ പാഠത്തിൽ ക്രിസ്തു പഠിപ്പിക്കുന്നത്, തന്റെ ആടുകളെ അവിടുന്നു പേർ ചൊല്ലി വിളിച്ചു തൊഴുത്തി നു (യഹൂദമതം) പുറത്തുകൊണ്ടുപോകുന്നു എന്നും ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ (ജാതികൾ) തനിക്കുണ്ട് എന്നുമാണ്. ഇവ രണ്ടും കൂടിച്ചേർന്ന് പുതിയ ഒരു ആട്ടിൻകൂട്ടം ആകും (കാണുക, യോഹ. 10:16). *സഭ* എന്നു വിളിക്കപ്പെടുന്ന ഈ പുതിയ ആട്ടിൻകൂട്ടത്തിന്റെ ശിരസ്സ് ക്രിസ്തുവാണ് (കാണുക, അപ്പോ. പ്രവ. 20:28). യേശു പ്രധാന ഇടയനും (1 പത്രൊ. 5:4; 1 പത്രൊ. 2:25) ശ്രേഷ്ഠ ഇടയനും (എബ്രാ. 13:20) ആകുന്നു. ശു ശ്രൂഷകന്മാർ (ഇടയന്മാർ) അവന്റെ പ്രതിനിധികളും ആ കുന്നു (അപ്പോ. 20: 28; എഫെ. 4:11; 1 പത്രൊ. 5:2–3).

ഒരു ഇടയനും ആടുകളും എന്ന ചിത്രം പഠിപ്പിക്കുന്നത് ക്രിസ്തുവാണ് സഭയുടെ മേൽ അധികാരി എന്നാണ്. അവൻ സംരക്ഷണം, മാർഗനിർദ്ദേശം, പോഷണം എന്നിവ വിശ്വാസികൾക്കു നൽകുന്നു. ആടുകൾ എന്ന നിലയിൽ വിശ്വാസികൾ അലഞ്ഞു തിരിയുവാൻ സാദ്ധ്യതയുള്ളതിനാൽ നമ്മുടെഇടയന്റെ ബുദ്ധിയും ശക്തിയും ആവശ്യമാണ്.

> "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ **ആടുകൾ** എനിക്കുണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻ കൂട്ടവും **ഒരിടയനും** ആകും'' (യോഹ. 10:16).

> "നിങ്ങളെത്തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന **ദൈവത്തിന്റെ സഭയെ മേയ്പ്പാൻ** പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച **ആട്ടിൻകൂട്ടം** മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ" (അപ്പോ. പ്രവ. 20:28).

> "നിത്യനിയമത്തിന്റെ രക്തത്താൽ **ആടുകളുടെ വലിയ ഇടയനായ** നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നു മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം (എബ്രാ. 13:20).

> "നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ **ആട്ടിൻകൂട്ടത്തെ** മേയിച്ചു കൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം മന:പൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും, ഇടവകകളുടെമേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിനു മാതൃകകളായിതീർന്നുകൊണ്ടും **അദ്ധ്യക്ഷത ചെയ്യുവിൻ**. എന്നാൽ **ഇടയശ്രേഷ്ഠൻ** പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും" (1 പത്രൊ. 5:2–4).

B. ശിരസ്സും ശരീരവും

സഭയെ സംബന്ധിച്ച രണ്ടാമത്തെ പൊതുവായ

വേദപുസ്തക രൂപാലങ്കാരം ക്രിസ്തു ശിരസ്സായ ശരീരം എന്നതാണ്(കാണുക. 1 കൊരി. 10:17; എഫെ. 2:16; 3:6; 4:4, 12, 16; 5:23; 30; 6:15-16; കൊലൊ. 2:19; 3:15).

> "അതുപോലെ പലരായ നാം **ക്രിസ്തുവിൽ ഒരു ശരീരവും** എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു (റോമ. 12:5).
>
> "ശരീരം ഒന്നും, അതിന് അവയവം പലതും; ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം **ഒരു ശരീരവും** ആയിരിക്കുന്നതുപോലെയാകുന്നു ക്രിസ്തുവും. യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും **ഏകശരീരമാകുമാറ്** ഒരേ ആത്മാവിൽ സ്നാനമേറ്റും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു..... ഇപ്പോൾ നിങ്ങൾ **ക്രിസ്തുവിന്റെ ശരീരവും** ഓരോരുത്തൻ വെവ്വേറായി അവയവങ്ങളും ആകുന്നു" (1 കൊരി. 12:12-13; 27).
>
> "സർവ്വവും അവന്റെ കാൽക്കീഴാക്കിവച്ച് അവനെ സർവ്വത്തിനും മീതെ തലയാക്കി, എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന **അവന്റെ ശരീരമായ സഭയ്ക്കു** കൊടുക്കുകയും ചെയ്തിരിക്കുന്നു. (എഫെ. 1:22-23).
>
> "അവൻ **സഭ എന്ന ശരീരത്തിന്റെ തലയും** ആകുന്നു... ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിന്റെ സഭയായ **അവന്റെ ശരീരത്തിനു** വേണ്ടി പൂരിപ്പിക്കുന്നു" (കൊലൊ. 1:18, 24).

ശരീരം എന്ന നിലയിൽ സഭ വൈവിദ്ധ്യമുള്ളതും ഏകീകരിക്കപ്പെട്ടതുമാകുന്നു. ഓരോ ഭാഗവും മുഴുശരീരത്തെയും ബാധിക്കുന്നതാണ്. ഒരു ശരീരത്തിന്റെ ഓരോ ഭാഗവും അത്യാവശ്യമുള്ളതും അപ്പോൾത്തന്നെ മറ്റ് അവയവങ്ങളോട് ആശ്രയത്വത്തിലായിരിക്കുകയും ചെയ്യുന്നതുപോലെ മറ്റുള്ളവരോട് അസൂയ തോന്നുകയോ അപകർഷത തോന്നുകയോ മറ്റുള്ളവരോട് നിസ്സാരത്വം തോന്നുന്ന ദുരഭിമാനം ഉണ്ടാകുകയോ ചെയ്യാൻ പാടില്ല. ശരീരത്തിന്റെ സാദൃശ്യം പഠിപ്പിക്കുന്നത്, മറ്റു വിശ്വാസികൾ വ്യത്യസ്തരായിരിക്കുവാൻ നാം അനുവദിക്കുകയും, അതോടൊപ്പം അവരുമായി ദൃഢബന്ധം പുലർത്തുവാൻ കഴിയുകയും വേണം എന്നാകുന്നു. വിശ്വാസികൾ മറ്റു വിശ്വാസികൾക്കൊപ്പം അവരുടെ അനുഗ്രഹത്തിൽ സന്തോഷിക്കുന്നവരും അവരുടെ സങ്കടത്തിൽ ദുഃഖിക്കുന്നവരും ആയിരിക്കണം.

ഈ ശരീരത്തിന്റെ തല എന്ന നിലയിൽ ക്രിസ്തു ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും ജ്ഞാനവും പ്രദാനം ചെയ്യുന്നു. ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന അധികാരിയാണ് ക്രിസ്തു.

C മണവാട്ടിയും മണവാളനും

ദൈവവും യിസ്രായേലും തമ്മിലുള്ള ബന്ധം ഭർത്താവും ഭാര്യയും തമ്മിൽ എന്നതു പോലെ പഴയനിയമത്തിൽ തുലനം ചെയ്യുന്നു. യിസ്രായേലിനെക്കുറിച്ചു അവൾ അവിശ്വസ്തയായ ഒരു ഭാര്യ എന്നു പറയുന്നത്, അവസാനം അവൾ യഥാസ്നാനപ്പെടുമെന്നുള്ള വാഗ്ദത്തത്തോടുകൂടെ സാധാരണയായിക്കാണുന്ന ഒരു സൂചനയാണ് (യെശ. 50:1; യിരെ. 2:2; 31:32; യെഹെ. 16:32; ഹോശേ. 2:2; യെശ. 54:5-8; 62:4 -5).

> "നിന്റെ സ്രഷ്ടാവാകുന്നു **നിന്റെ ഭർത്താവ്,** സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം; യിസ്രായേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വീണ്ടെടുപ്പുകാരൻ; സർവ്വഭൂമിയുടെയും ദൈവം എന്ന് അവൻ വിളിക്കപ്പെടുന്നു. ഉപേക്ഷിക്കപ്പെട്ട മനോവ്യസനത്തിൽ ഇരിക്കുന്ന **സ്ത്രീയെ** എന്നപോലെ യഹോവ നിന്നെ വിളിച്ചിരിക്കുന്നു. **യൗവനത്തിൽ വിവാഹം ചെയ്തിട്ടു** തള്ളിക്കളഞ്ഞ ഭാര്യയെ എന്നപോലെ തന്നെ എന്നു നിന്റെ ദൈവം അരുളിചെയ്യുന്നു. അല്പനേരത്തേക്കു മാത്രം ഞാൻ നിന്നെ ഉപേക്ഷിച്ചു; എങ്കിലും മഹാകരുണയോടെ ഞാൻ നിന്നെ ചേർത്തുകൊള്ളും. ക്രോധാധിക്യത്തിൽ ഞാൻ ക്ഷണനേരത്തേക്ക് എന്റെ മുഖം നിനക്കു മറച്ചു; എങ്കിലും നിത്യ ദയയോടെ ഞാൻ നിന്നോടു കരുണ കാണിക്കും എന്നു നിന്റെ വീണ്ടെടുപ്പുകാരനായ യഹോവ അരുളിച്ചെയ്യുന്നു" (യെശ. 54:5-8).
>
> "നിന്നെ ഇനി അസൂബാ (ത്യക്ത) എന്നു വിളിക്കുകയില്ല; നിന്റെ ദേശത്തെ ശെമാമാ (ശൂന്യം) എന്നു പറകയുമില്ല; നിനക്കു ഹെഫ്സീബാ (ഇഷ്ട) എന്നും നിന്റെ ദേശത്തിനു **ബെയൂല (വിവാഹസ്ഥ)** എന്നും പേര് ആകും; യഹോവയ്ക്കു നിന്നോടു പ്രിയമുണ്ടല്ലോ; നിന്റെ ദേശത്തിനു വിവാഹം കഴിയും. യൗവനക്കാരൻ **കന്യകയെ വിവാഹം ചെയ്യുന്നതുപോലെ** നിന്റെ പുത്രന്മാർ നിന്നെ വിവാഹംചെയ്യും; മണവാളൻ മണവാട്ടിയിൽ സന്തോഷക്കുന്നതുപോലെ നിന്റെ **ദൈവം നിന്നിൽ സന്തോഷിക്കും** "
> (യെശ. 62: 4-5).

മണവാട്ടിയെന്ന അലങ്കാരപ്രയോഗം ആവർത്തിച്ച് സുവിശേഷങ്ങളിൽ കാണാവുന്നതാണ്. ക്രിസ്തുവിന് മണവാളൻ എന്ന പ്രതിരൂപം കല്പിക്കപ്പെട്ടിരിക്കുന്നതായും അവിടുത്തെ അനുഗമിക്കുന്നവർക്ക് -പ്രത്യേകിച്ചും യോഹന്നാൻ സ്നാപകൻ- മണവാളന്റെ സ്നേഹിതന്മാരുടെ ധർമ്മം ഉണ്ടായിരിക്കുന്നതായും കാണുന്നു (മത്താ. 9:15; 25:1-3; മർക്കോ. 2:19-20; ലൂക്കോ. 5:34-35; യോഹ. 3:29)..

"യേശു അവരോടു പറഞ്ഞത്:- **മണവാളൻ** കൂടെയുള്ളപ്പോൾ തോഴന്മാർക്കു ദു:ഖിപ്പാൻ കഴികയില്ല; **മണവാളൻ** പിരിഞ്ഞുപോകേണ്ടുന്ന നാൾ വരും; അന്ന് അവർ ഉപവസിക്കും" (മത്താ. 9:15).

"അതിനു യോഹന്നാൻ: സ്വർഗ്ഗത്തിൽ നിന്നു കൊടുത്തിട്ടല്ലാതെ മനുഷ്യന് ഒന്നും ലഭിപ്പാൻ കഴികയില്ല. ഞാൻ ക്രിസ്തു അല്ല, അവനു മുമ്പായി അയക്കപ്പെട്ടവനത്രെ എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾതന്നെ എനിക്കു സാക്ഷികൾ ആകുന്നു. മണവാട്ടി ഉള്ളവൻ **മണവാളൻ** ആകുന്നു; മണവാളന്റെ സ്നേഹിതനോ നിന്നു **മണവാളന്റെ സ്വരം കേട്ടിട്ട് അത്യന്തം** സന്തോഷിക്കുന്നു; ഈ എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു (യോഹ 3:27-29).

തിരുവെഴുത്തുകളിൽ സഭയെ അഭിസംബോധനചെയ്തിരിക്കുന്നതിലൂടെ ക്രിസ്തു മണവാളൻ എന്ന നിലയിൽ തന്റെ മണവാട്ടിയായ സഭയ്ക്കുവേണ്ടി വിവാഹം നിശ്ചയം ചെയ്തിരിക്കുന്നു എന്നത് ഇപ്പോൾ അധികം വ്യക്തയുള്ളതായിത്തീർന്നിരിക്കുന്നു. യഹൂദസംസ്ക്കാരത്തിൽ നടന്നിരുന്ന ഒരു വിവാഹനിശ്ചയം ഇന്നുനടക്കുന്ന ഒരു ആധുനിക വിവാഹനിശ്ചയത്തേക്കാൾ ദൃഢബന്ധമുള്ളതായിരുന്നു. ക്രിസ്തുവും തന്റെ സഭയും തമ്മിലുള്ള ഉടമ്പടിയെ ഒന്നിനും ഒരിക്കലും ഭേദിക്കുവാൻ കഴിയുകയില്ല. സഭ ഇപ്പോൾ ക്രിസ്തുവിനായി വിവാഹനിശ്ചയം ചെയ്യപ്പെട്ടിരിക്കുന്നതും, ഈ ബന്ധം മുറിക്കപ്പെടുവാൻ കഴിയാത്തതുമാകുന്നു. സ്വർഗ്ഗീയ നഗരത്തിൽ കുഞ്ഞാടിന്റെ കല്യാണത്തിലാണ് ഇത് പരമകാഷ്ഠയിലെത്തുന്നത്; അഥവാ പരിപൂർണ്ണതയിലെത്തുന്നത്.

"ഭർത്താവു ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന് ആയാൽ വ്യഭിചാരിണി എന്നു പേരു വരും; ഭർത്താവു മരിച്ചു എങ്കിലോ **അവൾ വേറെ പുരുഷന്നു** ആയാൽ **വ്യഭിചാരിണി** എന്നു വരാതെവണ്ണം ന്യായപ്രമാണത്തിൽ നിന്നു സ്വതന്ത്രയാകുന്നു. അതുകൊണ്ടു സഹോദരന്മാരെ, നാം ദൈവത്തിനു ഫലം കായ്ക്കുമാറ് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവനായ വേറൊരുവനു ആകേണ്ടതിനു നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു." (റോമ. 7:3-4).

"ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏക പുരുഷനു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിക്കാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു" (2 കൊരി. 11:2).

"ഭാര്യമാരെ, കർത്താവിന് എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യയ്ക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ **ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കണം.** ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ; അവൻ അവളെ വചനത്തോടു കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി(വചനത്താലുള്ള ജലംകൊണ്ട് കഴുകി വെടിപ്പാക്കി). വിശുദ്ധീകരിക്കേണ്ടതിനും, കറ, ചുളുക്കം, മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുന്നിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു. അവ്വണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരു നാളും പകച്ചിട്ടില്ലല്ലോ; ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രെ ചെയ്യുന്നത്. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ. അതുനിമിത്തം ഒരുമനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരുദേഹമായി തീരും (എഫെ. 5:22-31).

"നാം സന്തോഷിച്ച് ഉല്ലസിച്ച് അവനു മഹത്വം കൊടുക്ക; **കുഞ്ഞാടിന്റെ കല്യാണം** വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു. ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ. പിന്നെ അവൻ എന്നോട്: കുഞ്ഞാടിന്റെ കല്യാണ സദ്യയ്ക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു എഴുതുക എന്നു പറഞ്ഞു. ഇതു ദൈവത്തിന്റെ സത്യവചനം എന്നും എന്നോടു പറഞ്ഞു (വെളി. 19:7-9).

"പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള **മണവാട്ടിയെപ്പോലെ** ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്നു തന്നെ ഇറങ്ങുന്നതു ഞാൻ കണ്ടു..... അന്ത്യബാധ ഏഴും നിറഞ്ഞ ഏഴു കലശം ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുത്തൻ വന്ന് എന്നോട്: വരിക, **കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ** കാണിച്ചു തരാം എന്നു പറഞ്ഞു" (വെളി. 21:2, 9).

"വരിക എന്ന് ആത്മാവും **മണവാട്ടിയും** പറയുന്നു....."(വെളി. 22:17).

ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം ഒരു ക്രിസ്തീയ ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധത്തിനു സമാന്തരമായിരിക്കേണ്ടതാകുന്നു. ക്രിസ്തു സഭയെ സ്നേഹിക്കുന്നത് നിസ്വാർത്ഥവും ത്യാഗപൂർണവുമായ സ്നേഹത്താലാണ്. ഒരു ഭർത്താവിന് ഭാര്യ കീഴ്പ്പെട്ടിരിക്കുന്നതുപോലെ സഭ ക്രിസ്തുവിന് വിധേയത്വത്തിൽ ആയിരിക്കേണ്ടതാണ്. എബ്രായഭാഷയിൽ ഭർത്താവ്, യജമാനൻ എന്നീ രണ്ട് അർത്ഥങ്ങളും വരുന്ന ഒരു പദം ഉണ്ടെന്നുള്ളത് ആശ്ചര്യജനകമായ വസ്തുതയാണ്. വിശുദ്ധ നഗരത്തെ മണവാട്ടിയായിപ്പറയുന്ന സൂചനകൾ മിക്കവാറും ഈ നഗരം ക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ നിത്യഭവനമാണെന്ന സത്യം ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കും.

D. ക്രിസ്തു മൂലക്കല്ലായ ദൈവാലയം, ഭവനക്കാർ അഥവാ കെട്ടിടം

പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന ഈ അലങ്കാരങ്ങൾക്കൊണ്ട് ഒരുപക്ഷെ സത്യത്തിന്റെ വിവിധ തലങ്ങളായിരിക്കാം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. സഭയെ ദൈവാലയത്തോടു തുലനം ചെയ്തിരിക്കുന്നത്, പഴയനിയമ സമാഗമന കൂടാരത്തിൽ ദൈവം വസിച്ചതുപോലെ പരിശുദ്ധാത്മാവു മുഖാന്തിരം താൻ സഭയിൽ വസിക്കുന്നു എന്ന സത്യത്തെ വെളിപ്പെടുത്തുന്നു. പ്രാദേശിക സഭയെ അഥവാ പ്രാദേശിക സഭകളെ നശിപ്പിക്കുന്നവരെ ദൈവം നശിപ്പിക്കുമെന്നുള്ള ശക്തമായ ഒരു മുന്നറിയിപ്പ് 1 കൊരി. 3:16-17-ൽ കാണുന്നു).

"നിങ്ങൾ **ദൈവത്തിന്റെ മന്ദിരം** എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെതന്നെ"(1 കൊരി. 3:16-17).

(ദൈവാലയം എന്ന നിലയിൽ ദൈവം സഭയിൽ വസിക്കുന്നു എന്നതിന്റെ സൂചനക്കായി 2 കൊരി. 6:16; എഫെ. 2:19-22 ഭാഗങ്ങൾ കൂടി കാണുക).

മറ്റു വേദഭാഗങ്ങളും സഭയെ യേശുക്രിസ്തു മൂലക്കല്ലായിരിക്കുന്ന കെട്ടിടത്തോടു സാദൃശ്യപ്പെടുത്തുന്നുണ്ട്. പണിയുന്നവർ തള്ളിക്കളഞ്ഞതും പിന്നീടു മൂലക്കല്ലായി തീർന്നതുമായ ഒരു കല്ലിനെക്കുറിച്ച് സങ്കീ. 118:22 മുതൽ വാക്യങ്ങളിൽ സൂചിപ്പിക്കുന്നു. 118-ാം സങ്കീർത്തനം തന്നെക്കുറിച്ച് പഠിപ്പിക്കുന്നതാണെന്ന് ക്രിസ്തു അവകാശപ്പെട്ടിട്ടുണ്ട് (മത്താ. 21:42; മർക്കോ. 12:10; ലൂക്കോ. 20:17) . 118-ാം സങ്കീർത്തനത്തിന്റെ നിവൃത്തി പത്രോസും കണ്ടെത്തിയത് കർത്താവായ യേശുക്രിസ്തുവിലാണ്. ക്രിസ്തുവാണ് മൂലക്കല്ല്. അപ്പോസ്തലന്മാരും പ്രവാചകന്മാരും അടിസ്ഥാനം. സഭ, അതായത് വിശ്വാസികൾ കെട്ടിടമാകുന്നു.

"ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ, **നിങ്ങൾ** ദൈവത്തിന്റെ കൃഷി, **ദൈവത്തിന്റെ ഗൃഹനിർമ്മാണം**. എനിക്കു ലഭിച്ച ദൈവകൃപയ്ക്ക് ഒത്തവണ്ണം ഞാൻജ്ഞാനമുള്ളൊരു പ്രധാന ശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ മീതെ പണിയുന്നു; താൻ എങ്ങനെ പണിയുന്നു എന്ന് ഓരോരുത്തനും നോക്കിക്കൊള്ളട്ടെ. യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ **മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല**" (1 കൊരി. 3:9-11).

"ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും **ദൈവത്തിന്റെ ഭവനക്കാരുമത്രേ**; ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. **അവനിൽ കെട്ടിടം മുഴുവൻ** യുക്തമായിചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു" (എഫെ. 2:19-22).

"മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ **ജീവനുള്ള കല്ലായ അവന്റെ അടുക്കൽ** വന്നിട്ട്, **നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന**പോലെ ആത്മിക ഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധ പുരോഹിതവർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു" (1 പത്രൊ. 2:4-5).

ഒരു കെട്ടിടം ധാരാളം ഒറ്റക്കല്ലുകൾ ചേർത്തു നിർമ്മിച്ചിരിക്കുന്നതുപോലെ പരസ്പരാശ്രയത്വമുള്ള വ്യക്തികൾ ചേർന്നുള്ളതാണ് സഭ എന്നാകുന്നു കെട്ടിടത്തിന്റെ സാദൃശ്യത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത്. കൂടാതെ സഭ അതിന്റെ നിർമ്മാണപ്രക്രിയയിൽ തുടർമാനമായ അത്യുന്നതി പ്രാപിച്ചും വരുന്നു. പുതുമനുഷ്യരായി ക്രിസ്തുവിൽ വിശ്വസിക്കുകയും വിശ്വാസികൾ എന്ന നിലയിൽ അന്യോന്യം ''ആത്മീകവർദ്ധന'' വരുത്തുക യും ചെയ്യുന്ന ആളുകളാൽ പണിയപ്പെടുന്ന ഒരു കെട്ടിടമാണിത്. കെട്ടിടത്തിന്റെ ചിത്രത്തിൽ നിന്നും ലഭിക്കുന്ന മറ്റൊരു അടിസ്ഥാന പാഠം, പൊതുവായ സഭയുടെയോ ഒരു സഭയുടെയോ നിയമാനുസൃതവും നിൽനിൽക്കുന്നതുമായ അടിസ്ഥാനം ക്രിസ്തു മാത്രമാകുന്നു എന്നതാണ് (ബുദ്ധിയുള്ളള മനുഷ്യൻ പാറമേൽ പണിയുന്ന കഥയുമായി താരതമ്യം ചെയ്യുക, മത്താ. 7:24).

"വിശ്വാസത്തിന്റെ ഭവനക്കാർ എന്ന് സഭയെ താരതമ്യം ചെയ്തിരിക്കുന്നത്, ദൈവാലയം അഥവാ കെട്ടിടം എന്ന പ്രതിരൂപവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ചിലപ്പോൾ എല്ലാ പദപ്രയോഗങ്ങളും ഒരേ ഭേഗഭാഗത്തു തന്നെ ഉൾക്കൊണ്ടിരിക്കുന്നു(ഉദാ. എഫെ. 2:19-22 ഭവനക്കാർ വാ. 19-കെട്ടിടം; വാ. 21-വിശുദ്ധമന്ദിരം അഥവാ ദൈവാലയം). ഭവനക്കാർ എന്ന ആശയം ഐക്യതയെക്കുറിച്ചും കുടുംബബന്ധത്തെക്കുറിച്ചും നമ്മോടു പറയുന്നു.

> "ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ **സഹ വിശ്വാസികൾക്കും** നന്മ ചെയ്ക (ഗലാ. 6:10).
>
> "താമസിച്ചുപോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി **ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത്** എങ്ങനെയെന്ന് നീ അറിയേണ്ടതിന് ഇത് എഴുതുന്നു (1 തിമൊ. 3:15).
>
> "ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിക്കാൻ സമയമായല്ലോ" (1 പത്രൊ. 4:17).

E. ക്രിസ്തുശ്രേഷ്ഠ മഹാപുരോഹതനായിരിക്കുന്ന പൗരോഹിത്യം

വിശ്വാസത്താൽ മാത്രം നീതികരണം, അന്തിമ അധികാരം, സഭയുടെ പാരമ്പര്യത്തിനല്ല, തിരുവെഴുത്തിനു മാത്രമാകുന്നു എന്നിവയോടൊപ്പം വിശ്വാസികളുടെ പൗരോഹിത്യം എന്ന ഉപദേശവും നവോത്ഥാനത്തിന്റെ മൂന്നു സുപ്രധാന പ്രമാണങ്ങളിൽ ഒന്നായിരുന്നു. ഒരു മാനുഷിക പുരോഹിതന്റെ മുമ്പാകെ കുമ്പസാരിക്കുന്നതും ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥൻ എന്ന നിലയിൽ മരിച്ചുപോയ ഏതെങ്കിലും വിശുദ്ധനോടു പ്രാർത്ഥിക്കുന്നതുമായ റോമൻ കത്തോലിക്കാ ആചാരത്തെ നവോത്ഥാനക്കാർ എതിർത്തു. കൂടാതെ തിരുവെഴുത്തുകൾ അതിന്റെ പ്രാചീന ഭാഷകളിൽ ഒരു വിഭാഗം പുരോഹിതന്മാർ മാത്രം പഠിക്കേണ്ടതാകുന്നുവെന്ന ചിന്താഗതിയെയും അവർ എതിർത്തു വേദപുസ്തകം സാധാരണക്കാർ അവരുടെ സ്വന്തം ഭാഷകളിൽ പഠിക്കുവാൻ ദൈവം ആഗ്രഹിക്കുന്നതായി അവർ വിശ്വസിച്ചു. (എന്നിരുന്നാലും പാണ്ഡിത്യം ആവശ്യമില്ലെന്നോ സഭഭരണത്തിലോ സഭയെ ഉപദേശം പഠിപ്പിക്കുന്നതിലോ ഓരോ പുരുഷനും തുല്യാധികാരമാണുള്ളതെന്നോ നവീകരണക്കാർ വിശ്വസിച്ചുവെന്ന് ഇതിനർത്ഥമില്ല), എല്ലാ വിശ്വാസികളും പുരോഹിതന്മാരത്രെ.

യേശുക്രിസ്തു വിശ്വാസികളുടെ ശ്രേഷ്ഠമഹാപുരോഹിതനാകുന്നുവെന്ന് എബ്രായലേഖനം ഊന്നിപ്പറയുന്നു. അവിടുന്ന് ദൈവത്തിനും മനുഷ്യനും നടുവിൽ സമ്പൂർണ്ണനും അന്ത്യനുമായ മദ്ധ്യസ്ഥനാകുന്നു (കാണുക. 1 തിമൊ. 2:5). സകല യാഗങ്ങളും അവസാനിപ്പിക്കേണ്ടതിനും തുടർമാനമായി മൃഗങ്ങളെ യാഗം അർപ്പിക്കേണ്ടതിന്റെയോ പ്രത്യേകമായൊരു പൗരോഹിത്യത്തിന്റെ യോ ആവശ്യം മേലാൽ ഇല്ലാത്തവിധം ദൈവവും മനുഷ്യനുമായി നിലനിൽക്കുന്ന ഒരു ബന്ധം സ്ഥാപിക്കേണ്ടതിനും അവിടുന്ന് സമ്പൂർണ്ണമായ യാഗം അർപ്പിച്ചു(എബ്രാ. 2:17; 5:5-6, 10; 7:17, 26; 9:11; 10:11-12, 21 എന്നിവയും കാണുക).

> "അതുകൊണ്ടു വിശുദ്ധസഹോദരന്മാരെ സ്വർഗ്ഗീയവിളിക്കു ഓഹരിക്കാരായുള്ളോരെ, നാം സ്വീകരിച്ചുപറയുന്ന അപ്പോസ്തലനും **മഹാപുരോഹിതനുമായ യേശുക്രിസ്തുവിനെ** ശ്രദ്ധിച്ചു നോക്കുവിൻ" (എബ്രാ. 3:1).
>
> "ആകയാൽ ദൈവപുത്രനായ **യേശു ആകാശത്തിൽ കൂടി കടന്നുപോയൊരു, ശ്രേഷ്ഠ മഹാപുരോഹിതനായി** നമുക്ക് ഉള്ളതുകണ്ട് നാം ഏറ്റുപറഞ്ഞ നമ്മുടെ വിശ്വാസം(സ്വീകാരം) മുറുകെ പിടിച്ചുകൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളതു (എബ്രാ. 4:14-15).
>
> "അവിടേക്കു **യേശു** മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും **മഹാപുരോഹിതനായി** മുമ്പുകൂട്ടി നമുക്കുവേണ്ടി പ്രവേശിച്ചിരിക്കുന്നു" (എബ്രാ. 6:20).
>
> "നാം ഈ പറയുന്നതിന്റെ സാരം എന്തെന്നാൽ: സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലത്തുഭാഗത്ത് ഇരുന്നവനായി... ശുശ്രൂഷകനായ **മഹാപുരോഹിതൻ** നമുക്കുണ്ട്" (എബ്രാ. 8:1).

ന്യായപ്രമാണം നല്കിയപ്പോൾ യിസ്രായേലിനെ പുരോഹിതന്മാരുടെ ഒരു രാജ്യം ആക്കുമെന്ന് ദൈവം വാഗ്ദാനം നൽകി; വ്യവസ്ഥ "നിശ്ചയമായും നിങ്ങൾ എന്റെ വാക്കുകൾ അനുസരിക്കുമെങ്കിൽ" (പുറ. 19:5-6) എന്നായിരുന്നു.എന്നാൽ യിസ്രായേൽ പഴയ ഉടമ്പടി (മോശെയുടെ ന്യായപ്രമാണം) ലംഘിക്കുകയും, അങ്ങനെ ഒരു പുരോഹിതരാജ്യമായി തീരുവാനള്ള പദവി നഷ്ടമാക്കുകയും ചെയ്തു. പിന്നീട് അവൾ തന്റെ മശിഹായെ ഉപേക്ഷിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ രക്തത്തെ ആധാരമാക്കി ദൈവം ഒരു പുതിയ ഉടമ്പടി വാഗ്ദാനം ചെയ്യുന്നു; അത് ഇപ്പോൾ സഭയോടുള്ള ബന്ധത്തിൽ നിലനില്ക്കുകയും ചെയ്യുന്നു(ഇതു കാലാന്തരേ യിസ്രായേൽ രാജ്യത്തോടുള്ള ബന്ധത്തിലും സാധൂകരിക്കപ്പെടും). സഭയിലുള്ള എല്ലാവരും അതായത് എല്ലാ വിശ്വാസികളും ക്രിസ്തു മഹാപുരോഹിതനായുള്ള പുരോഹിതരാജ്യമായിത്തീർന്നിരിക്കുന്നു.

"നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു..... നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ **പുരോഹിതവർഗ്ഗവും വിശുദ്ധവംശവും** സ്വന്തജനവും ആകുന്നു (1 പത്രൊ. 2: 5, 9).

"തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും **പുരോഹിതന്മാരും** ആക്കിതീർത്തവനുമായവന് എന്നേന്നേക്കും മഹത്വവും ബലവും; ആമേൻ" (വെളി. 1:6).

"പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീയോഗ്യൻ; നീ അറുക്കപ്പെട്ടു. നിന്റെ രക്തം കൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങി; ഞങ്ങളുടെ **ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരും** ആക്കിവച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ട് അവർ പാടുന്നു" (വെളി. 5:9,10).

"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല; അവർ ദൈവത്തിനും **ക്രിസ്തുവിനും പുരോഹിതന്മാരായി** ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും" (വെളി. 20:6).

സകല വിശ്വാസികളും പുരോഹിതന്മാരാകയാൽ ഒരു മനുഷ്യമദ്ധ്യസ്ഥൻ മുഖാന്തരം പ്രാർത്ഥിക്കാൻ ആവശ്യമില്ലാത്തനിലയിൽ അവർക്ക് ദൈവസന്നിധിയിൽ നേരിട്ട് പ്രവേശനത്തിനുള്ള അവകാശം ഉണ്ട് (എഫെ. 2:18). ഇതുകൂടാതെ, സകലവിശ്വാസികളും അവരുടെ സ്വന്തം ഭാഷകളിൽ ദൈവവചനം പഠിക്കുകയും അതിലൂടെ വ്യക്തിപരമായ ബോദ്ധ്യത്തിലേക്കു നയിക്കപ്പെടുകയും സഭയിലെ ഉപദേഷ്ടാക്കന്മാരിൽ നിന്നും ലഭിക്കുന്ന ഉപദേശങ്ങളെ സംബന്ധിച്ച് നിജസ്ഥിതി വരുത്തുകയും ചെയ്യണ്ടതാകുന്നു എന്നുള്ളതാണ് ദൈവത്തിന്റെ ഇഷ്ടം (ഉദാ. അപ്പോ. പ്രവ. 17:11; 11 യോഹ. 4:1).

പുരോഹിതന്മാർക്ക് യാഗങ്ങൾ അർപ്പിക്കുവാനുള്ളബാദ്ധ്യതയുണ്ട്. കുറഞ്ഞപക്ഷം പുരോഹിത-വിശ്വാസികൾ അർപ്പിക്കേണ്ടതായ മൂന്നു യാഗങ്ങളെക്കുറിച്ച് പുതിയ നിയമം സൂചിപ്പിക്കുന്നു. ഒന്നാമത്, നാം നമ്മെത്തന്നെ ജീവനുള്ള യാഗമായി അർപ്പിക്കണം (റോമ. 12:1). അടുത്തതായി, ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നത്, ദൈവവേലയുടെ അഭിവൃദ്ധിക്കുവേണ്ടി നമ്മുടെ ധനം അർപ്പിക്കേണം എന്നത്രെ (ഫിലി. 4:18). അവസാനമായി, പുരോഹിത-വിശ്വാസികൾ അർപ്പിക്കേണ്ട യാഗം സ്തുതിയും ആരാധനയും ആകുന്നു (എബ്രാ. 13:15-16).

"ആകയാൽ സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്; നിങ്ങൾ **ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ** ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമ. 12:1).

"ഇപ്പോൾ എനിക്കു വേണ്ടുന്നത് എല്ലാം ഉണ്ട്; സമൃദ്ധിയായുമിരിക്കുന്നു; **നിങ്ങൾ അയച്ചുതന്നതു സൗരഭ്യവാസനയായി** ദൈവത്തിനു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തോസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു" (ഫിലി. 4:18).

"അതുകൊണ്ട് അവൻ മുഖാന്തിരം നാം ദൈവത്തിനു, അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന **സ്തോത്രയാഗം** ഇടവിടാതെ അർപ്പിക്കുക. **നന്മ ചെയ്വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്.** ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിപ്പിക്കുന്നത്" (എബ്രാ. 13:15-16).

F. സത്യത്തിന്റെ തൂൺ

"താമസിച്ചുപോയാലോ **സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി** ജീവനുള്ള ദൈവത്തിന്റെ **സഭ**യാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിനു ഇതു എഴുതുന്നു" (1 തിമൊ. 3:15).

സഭയുടെ ഒരു പ്രതിരൂപം എന്ന നിലയ്ക്ക് സത്യത്തിന്റെ തൂൺ എന്നത് വേദപുസ്തകം പഠിപ്പിക്കുന്ന സഭകളിലുള്ളവർക്ക് വളരെ താല്പര്യമുള്ള വസ്തുതയായിരിക്കേണ്ടതാണ്. അന്ധകാര നിബിഡമായ ലോകത്തിൽ സത്യത്തെ കാത്തു സംരക്ഷിക്കേണ്ടത് പ്രദേശിക സഭയ്ക്കുള്ള ഉത്തര വാദിത്തമാണ് (ഫിലി. 2:15 കാണുക). വചനം പഠിപ്പിക്കുക എന്നത് സഭയുടെ പരമ പ്രധാനമായ കടമകളിൽ ഒന്നാകുന്നു.

III. സാർവ്വത്രിക സഭയുടെ ഉത്ഭവം

സഭയെ ഒരു ഭാവികാല സ്ഥാപനമായിട്ടാണ് മത്താ. 16:18 ൽ കർത്താവു പ്രസ്താവിച്ചത് "ഞാൻ എന്റെ സഭയെ പണിയും." സകലവിശ്വാസികളും ഒന്നാകണം എന്നാണ് യോഹ. 17:11-ലും, 21-ലും ക്രിസ്തു പ്രാർത്ഥിച്ചത്, വിശ്വാസികൾ എല്ലാവരും ഒന്നാകണം എന്നത്രെ. 1 കൊരി. 12:12-13 പ്രകാരം ക്രിസ്തുവിന്റെ ശരീരമാകുന്ന

സഭയിൽ ഐക്യത വരുന്നത് പരിശുദ്ധാത്മ സ്നാനത്താലാണ്. അതുകൊണ്ട്, പരിശുദ്ധാത്മാവിന്റെ, സ്നാനം നൽകുന്ന ശുശ്രൂഷയിങ്കലാണ് സഭയുടെ ആരംഭം കണ്ടെത്താൻ കഴിയുന്നത്.

സുവിശേഷങ്ങളിൽ ആകമാനം പരിശുദ്ധാത്മ സ്നാനത്തെ ഒരു ഭാവി കാല പ്രവൃത്തിയായിട്ടാണ് അവതരിപ്പിക്കുന്നത് (പരിശുദ്ധാത്മ ശാസ്ത്രം കാണുക) സ്വർഗ്ഗാരോഹണ സമയത്ത് കർത്താവു പറഞ്ഞത് "ഇനി ഏറെ നാൾ കഴിയുംമുമ്പെ" (അപ്പോ. പ്രവ. 1:5). ആത്മസ്നാനം ഉണ്ടാകും എന്നാണ്. ആത്മസ്നാനം സംഭവിച്ചു എന്നും അത് "ആദിയിൽ" അവരുടെമേലും വന്നു എന്നും പത്രോസ് അപ്പോ. 11:15- 16-ൽ പഠിപ്പിക്കുന്നു. ആകയാൽ സഭ രൂപീകരിക്കപ്പെട്ടത് അപ്പോ. പ്രവ. 1:5 ലെ സംഭവങ്ങൾക്കു വളരെ കാലത്തിനു ശേഷമല്ല, പിന്നെയോ അപ്പോ. പ്രവ. 11:15-16 ലെ സമയത്തിനു വളരെ മുൻപായിരുന്നു. കൂടാതെ സഭാസ്ഥാപനത്തിൽ പത്രോസും മറ്റുള്ള അപ്പോസ്തലന്മാരും പങ്കാളികളുമായിരുന്നു. ആദ്യത്തെ ആത്മസ്നാനസമയമായി തെളിവു കാണിക്കാവുന്ന എല്ലാ രേഖകളും അ. പ്രവൃ. 2-ാം അദ്ധ്യായത്തിലെ പെന്തക്കോസ്തുനാളിലേക്ക് വിരൽ ചൂണ്ടി നിൽക്കുന്നു; ആയതിനാൽ സഭയുടെ ഉൽഭവസമയവും അതുതന്നെയെന്നു നിർണ്ണയിക്കാം.

IV. സഭ ദൈവത്തിന്റെ അതിവിശിഷ്ടമായ നിർമ്മാണം എന്ന നിലയിൽ

A. യുഗപഠനത്തിന്റെ പ്രാധാന്യം

ലോകത്തിലുള്ള ദൈവത്തിന്റെ പ്രവൃത്തി വ്യത്യസ്ത വ്യവസ്ഥകളായി അഥവാ ഭരണക്രമങ്ങളായിട്ടാണ് നടപ്പിലാക്കപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന ചിന്താധാര പുലർത്തുന്ന വീക്ഷണഗതിയാണ് യുഗപരപഠനം. കുറെക്കൂടെ തെളിമയുള്ള ഒരു നിർവ്വചനത്തിനായി, പിന്നീട് ഈ പഠനം ഉദ്യമിക്കുന്നതായിരിക്കും. ദൈവികകാര്യപരിപാടി കുറഞ്ഞത് മൂന്നു പ്രധാന യുഗങ്ങളിലായിട്ടാണ്(ഭരണക്രമങ്ങൾ) നിർവ്വഹിക്കപ്പെട്ടു വന്നത് എന്ന് ലളിതമായി സമർത്ഥിക്കയാണ് ഈ പഠനത്തിന്റെ ഇപ്പോഴത്തെ ലക്ഷ്യമെന്ന് പറഞ്ഞുകൊള്ളട്ടെ. അവ:- ന്യായപ്രമാണയുഗം അഥവാ യഹൂദമതസമ്പ്രദായം; കൃപായുഗം അഥവാ സഭായുഗം; രാജത്വം അഥവാ സഹസ്രാബ്ദയുഗം എന്നിങ്ങനെയാണ്.

യുഗപരമായ വീക്ഷണം സ്വീകരിക്കാതെ തന്നെ ഒരാൾക്ക് വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിൽ യാഥാസ്ഥിതികനായിരിക്കാൻ -ഉറച്ചുനിൽക്കാൻ- കഴിയുമെന്നത് ശരിയായിരിക്കവെ; ബൈബിളിനെ സംബന്ധിച്ച് സമഗ്രവും അന്യോന്യബന്ധത്തിലുമുള്ള ഗ്രാഹ്യം യുഗപരമായ പഠനത്തിലധിഷ്ഠിതമായേ ലഭിക്കുകയുള്ളൂ എന്നതും സത്യമാണ്. അടിസ്ഥാനസത്യങ്ങളെന്ന നിലയിൽ ദൈവത്തിന്റെ വ്യത്യസ്ത ഭരണക്രമങ്ങളെക്കുറിച്ച് മതിയായ ധാരണയില്ലാതെ ചിന്താക്കുഴപ്പമുള്ളവർ അത്രത്തോളം അടിസ്ഥാനപരമല്ലാത്ത ഉപദേശമണ്ഡലങ്ങളിലും സാരതരമായ അബദ്ധങ്ങൾ ഉളവാക്കും. ഉദാഹരണമായി സഭായുഗത്തിൽ പരിശുദ്ധാത്മാവു വ്യത്യസ്തമായി പ്രവർത്തിക്കുന്നുവെന്നു തിരിച്ചറിയാത്തവർ ലൂക്കോ. 11:13-ാം വാക്യം നാം പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ അഭയയാചന കഴിച്ചേ മതിയാവൂ എന്നാണു പഠിപ്പിക്കുന്നതെന്നു വിശ്വസിക്കുന്നു. എന്നാലാകട്ടെ, ഈ വാക്യം, ന്യായപ്രമാണയുഗത്തിൻ കീഴിൽ ജീവിച്ചിരുന്ന ശിഷ്യന്മാരെ സംബന്ധിച്ചുള്ളതാണ്; അന്ന് എല്ലാ വിശ്വാസികളിലും പരിശുദ്ധാത്മാധിവാസം ഇല്ലായിരുന്നു. ശുശ്രൂഷകരെ "പുരോഹിതന്മാർ" എന്നു വിളിക്കുന്ന സഭാവിഭാഗങ്ങൾക്ക് യെഹൂദമതവും സഭയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ആശയക്കുഴപ്പം ഉണ്ട്. മോശെയുടെ ന്യായപ്രമാണത്തിൻകീഴിൽ ഒരു പൗരോഹിത്യം ഉണ്ടായിരുന്നു. എന്നാൽ കൃപായഗുത്തിൽ സകലവിശ്വാസികളും പുരോഹിതന്മാരത്രെ. ന്യായപ്രമാണത്തിൻകീഴിൽ; ആ വിശ്വാസികൾക്ക് ഒരു പൗരോഹിത്യം **ഉണ്ടായിരുന്നു**. സഭയിൻകീഴിലോ വിശ്വാസികൾതന്നെ ഒരു പൗരോഹിത്യം **ആകുന്നു**. ഇതു കൂടാതെ; ഏറ്റവും പുറത്തുള്ള ഇരുളിലേക്കു തള്ളിക്കളയും എന്ന് സുവിശേഷങ്ങളിൽപ്പറയുന്ന "ദാസന്മാർ" (ഉദാ. മത്താ. 8:12; 25:30; ലൂക്കോ. 12:46, മുതലായവ) മോശയുടെ ന്യായപ്രമാണത്തിൻകീഴിലെ അവിശ്വാസികളായ യിസ്രായേല്യരെയാണു സൂചിപ്പിക്കുന്നതെന്നും സഭയിലെ വിശ്വാസികളായ ദാസന്മാരെയല്ലെന്നും തിരിച്ചറിയേണ്ടത് പരമപ്രധാനമാണ്. ഇപ്രകാരം രക്ഷയുടെ നിത്യഭദ്രതയെന്ന ഉപദേശത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും ആവശ്യമില്ല. യുഗങ്ങളെ വേർതിരിച്ചു മനസ്സിലാക്കുന്നതിലുള്ള പരാജയഫലമായി-(പ്രത്യേകിച്ചും ന്യായപ്രമാണം, സഭ; രാജത്വയുഗങ്ങൾ തമ്മിൽ-) ഉളവാകുന്ന പിശകുകൾ ചൂണ്ടിക്കാണിക്കുവാൻ ദൃഷ്ടാന്തങ്ങൾക്കു പിന്നാലെ ദൃഷ്ടാന്തങ്ങൾ നൽകുവാൻ കഴിയും.

B. യുഗ പരപഠനത്തിനുള്ള തെളിവ്

ഇന്ന് അക്ഷരാർത്ഥത്തിൽ ഒരു യാഗമൃഗവുമായി സഭയിലേക്കു വരാത്ത; അഥവാ പനമരച്ചില്ലകൾ കൊണ്ടുള്ള കുടിലുകളിൽ താമസിച്ചുകൊണ്ട് കൂടാരപ്പെരുന്നാൾ ആഘോഷിക്കാത്ത ഏതൊരാളും, ഒരു സിദ്ധാന്തമെന്ന നിലയിൽ യുഗപരപഠനത്തെ നിഷേധിച്ചാലും പ്രവൃത്തിപരമായി അയാൾ ഒരു യുഗവിശ്വാസി തന്നെ. ചുരുക്കത്തിൽ ദൈവം വിവിധ ഭരണക്രമങ്ങളിലും രീതികളിലും പ്രവർത്തിച്ചുവന്നു എന്നത് തെളിവുസംബന്ധിയായി ഉറപ്പായ നിർണ്ണയം തന്നെ.

1. ന്യായപ്രമാണം X കൃപ അഥവാ യഹൂദമതം X സഭ

മോശെയുടെ ന്യായപ്രമാണത്തിനു നീക്കം വന്നതായി തിരുവെഴുത്തു വ്യക്തമാക്കുന്നു. ഇത് ദുർബലമാക്കപ്പെടുകയും മേലാൽ വിശ്വാസികൾക്ക് ബാധകമല്ലാതാക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു. സഭയുമായി ബന്ധപ്പെടുത്തി ഇവയിൽ ഏതെങ്കിലും ഒരു പ്രത്യേക വസ്തുത തിരുവെഴുത്തിൽ ആവർത്തിച്ചിരിക്കുന്നുവെങ്കിൽമാത്രമെ അതു വിശ്വാസികൾക്കു ബാധകമായിരിക്കുന്നുള്ളൂ. അതുകൊണ്ടാണ് മേലാൽ നമുക്ക് വിശുദ്ധമന്ദിരമോ പൗരോഹിത്യമോ യാഗങ്ങളോ യഹൂദമതാചാരങ്ങളോ ഒന്നും ഇല്ലാത്തത്.

മോശെയുടെ ന്യായപ്രമാണത്തെ ഒഴിച്ചുനിർത്തി എന്നു പറഞ്ഞാൽ അതിനു നാശം സംഭവിച്ചു എന്നല്ല (സങ്കീ. 119: 89; മത്താ. 5:17). സഭ ന്യായാപ്രമാണത്തിനു കീഴിൽ അല്ല എന്നിരിക്കെ, ഇതിനർത്ഥം ന്യായപ്രമാണത്തിനു നാശം സംഭവിച്ചു എന്നോ അഥവാ ക്രിസ്ത്യാനികൾ പഴയനിയമത്തെ അവമതിക്കുന്നു എന്നോ അല്ല. ദൈവത്തിന്റെ സ്വഭാവ വിശേഷതകൾക്കു വ്യത്യാസം സംഭവിക്കാത്തതു കൊണ്ട് ദൈവിക സ്വഭാവത്തെക്കുറിച്ചു പഴയനിയമം പഠിപ്പിക്കുന്നതെല്ലാം ഇപ്പോഴും വിലമതിക്കേണ്ടതു തന്നെയാകുന്നു (ഗലാ. 3: 6; യാക്കോബ്. 1:17). സഭയ്ക്കുവേണ്ടി തിരുവെഴുത്തുകളിൽ, പഴയനിയമത്തിൽനിന്നും ആനയിക്കപ്പെട്ടിട്ടുള്ള (അതായത് ആവർത്തിക്കപ്പെട്ടിട്ടുള്ള) സത്യങ്ങൾ തെളിയിക്കുന്നതിനോ പ്രായോഗികാനുഭവത്തിലാക്കുന്നതിനോ പഴയനിയമ വാക്യങ്ങളും പഴയനിയമകഥകളും ഉപയോഗിക്കാവുന്നതാണ് (റോമ. 15:4; 1 കൊരി. 10:6 11:2; 2 തിമൊ. 3:16). ഇപ്പോഴും മോശെയുടെ ന്യായപ്രമാണം മനുഷ്യന്റെ പാപത്തെ തെളിയിക്കുന്നു (റോമ. 3:20; 1 തിമൊ. 1:8). ന്യായപ്രമാണത്തിൽ, നിവർത്തിക്കപ്പെട്ടിട്ടില്ലാത്ത ധാരാളം പ്രവചനങ്ങൾ അടങ്ങിയിരിക്കുന്നതു കൂടാതെ, അത് വിജാതീയ സമൂഹങ്ങളോടുള്ള ദൈവിക ഇടപെടലുകളെക്കുറിച്ച് പഠിപ്പിക്കുകയും ചെയ്യുന്നു. ഇവയ്ക്കുപരിയായി പഴയനിയമത്തിൽ മുഴു സഭയും നിഷ്കർഷയായി ബന്ധിക്കപ്പെട്ടിട്ടില്ലാത്തതും എന്നാൽ ക്രിസ്തീയ സ്വാതന്ത്ര്യത്തെ സംബന്ധിച്ച മേഖലകളിൽ വ്യക്തിപരമായ ബോദ്ധ്യം വളർത്തുവാനുള്ള സ്രോത്രസ്സായി ഉപകരിക്കുന്നതുമായ ആശയങ്ങൾ പഴയനിയമത്തിൽ എല്ലായിടത്തുമുണ്ട്(ഉദാ. ഒരു സാധുവിശ്വാസിയിൽ നിന്നും പലിശ വാങ്ങാതിരിക്കുക). യുഗങ്ങൾ വിഭജിച്ചു പഠിക്കുന്നവർ, പഴയനിയമത്തെ അവഗണിക്കുകയല്ല; അവർ അതിനെ കേവലം കൃത്യതയിൽ ഉപയോഗിക്കുകയാണ്. കാണുക, 1 തിമൊ. 1:10 "അതിനെ.....**ന്യായോചിതമായി** ഉപയോഗിച്ചാൽ ന്യായപ്രമാണം നല്ലതു തന്നെ എന്നു നാം അറിയുന്നു."

ന്യായപ്രമാണത്തിൽ നിന്നും കൃപയിലേക്കുള്ള മാറ്റം ഗ്രഹിക്കുന്നതിലുള്ള പിഴവ് പൊറുക്കാവുന്നതല്ല. ഇത് പുതിയ നിയമത്തിന്റെ അടിസ്ഥാനപരമായ ഉപദേശങ്ങളിൽ ഒന്നാകുന്നു.

> ന്യായപ്രമാണം **മോശെ മുഖാന്തിരം** ലഭിച്ചു. കൃപയും സത്യവും **യേശുക്രിസ്തു മുഖാന്തിരം വന്നു** (യോഹ. 1:17).
>
> നിങ്ങൾ ന്യായപ്രമാണത്തിനല്ല, **കൃപയ്ക്കത്രെ** അധീനരാകയാൽ പാപം നിങ്ങളിൽ കർതൃത്വം നടത്തുകയില്ലല്ലോ(റോമ. 6:14).
>
> അതുകൊണ്ട് സഹോദരന്മാരെ, നാം ദൈവത്തിനു ഫലം കായ്ക്കുമാറ് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവനായ വേറൊരുവന്നു ആകേണ്ടതിനു നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തിരം **ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു (റോമ. 7:4).**
>
> വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ ക്രിസ്തു **ന്യായപ്രമാണത്തിന്റെ അവസാനം** ആകുന്നു (റോമ. 10:4).
>
> എന്നാൽ **കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന** മരണശുശ്രൂഷ, നീക്കം വരുന്നതായ മോശെയുടെ മുഖതേജസ്സുനിമിത്തം, യിസ്രായേൽമക്കൾക്കു അവന്റെ മുഖത്തു നോക്കിക്കൂടാതവണ്ണം തേസ്സുള്ളതായെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതാകുകയില്ലയോ? നീക്കം വരുന്നതു തേജസ്സുള്ളതായിരുന്നെങ്കിൽ നിലനില്ക്കുന്നത് എത്ര അധികം തേജസ്സുള്ളതായിരിക്കും? (2 കൊരി. 3:7, 8, 11).
>
> അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് **ന്യായപ്രമാണം** ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്ന ശേഷമോ നാം ഇനി **ശിശുപാലകന്റെ കീഴിൽ അല്ല** (ഗലാ. 3:24, 25).
>
> "ചട്ടങ്ങളും കല്പനകളുമായ **ന്യായപ്രമാണം** എന്ന ശത്രുത്വം തന്റെ ജഡത്താൽ **നീക്കി** (വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞു) സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരു പുതുമനുഷ്യനാക്കി സൃഷ്ടിച്ചു...." (എഫെ. 2:14-16).
>
> അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ചു ചട്ടങ്ങളാൽ നമുക്കു വിരോധവും **പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു** ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു (കൊലൊ. 2-14).

ലേവ്യപൗരോഹിത്യത്താൽ സമ്പൂർണ്ണത വന്നെങ്കിൽ-അതിൻകീഴല്ലോ ജനം ന്യായപ്രമാണം പ്രാപിച്ചതു- അഹരോന്റെ ക്രമപ്രകാരം എന്നു പറയാതെ മല്ക്കിസെദേക്കിന്റെ ക്രമപ്രകാരം വേറൊരു പുരോഹിതൻ വരുവാൻ എന്തൊരാവശ്യം? **പൗരോഹിത്യം മാറിപ്പോകുന്ന പക്ഷം ന്യായപ്രമാണത്തിനും കൂടെ മാറ്റം വരുവാൻ ആവശ്യം.** എന്നാൽ ഇതു ആരെക്കുറിച്ചു പറഞ്ഞിരിക്കുന്നുവോ അവൻ വേറൊരു ഗോത്രത്തിലുള്ളവൻ; ആ ഗോത്രത്തിൽ ആരും യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്തിട്ടില്ല. യഹൂദയിൽ നിന്നു നമ്മുടെ കർത്താവു ഉദിച്ചു എന്നു സ്പഷ്ടമല്ലോ. ആ ഗോത്രത്തിൽ മോശെ പൗരോഹിത്യം സംബന്ധിച്ചു ഒന്നും കല്പിച്ചിട്ടില്ല; ജഡസംബന്ധമായ കല്പനയുടെ പ്രമാണത്താൽ അല്ല, അഴിഞ്ഞുപോകാത്ത ജീവന്റെ ശക്തിയാൽ ഉളവായ വേറെ ഒരു പുരോഹിതൻ മല്ക്കിസെദേക്കിനു സദൃശ്യനായി ഉദിക്കുന്നു എങ്കിൽ അതു ഏറ്റവും അധികം തെളിയുന്നു. നീ മല്ക്കീസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതൻ എന്നല്ലോ സാക്ഷീകരിച്ചിരിക്കുന്നതു **മുമ്പിലത്തെ കല്പന ക്കു അതിന്റെ ബലഹീനതയും നിഷ്പ്രയോജനവും നിമിത്തം നീക്കവും** നാം ദൈവത്തോട് അടുക്കുന്നതിനുള്ള ഏറെ നല്ല പ്രത്യാശയ്ക്കു സ്ഥാപനവും വന്നിരിക്കുന്നു. ന്യായപ്രമാണത്താൽ ഒന്നും പൂർത്തി പ്രാപിച്ചിട്ടി ല്ലല്ലോ..... വിശേമേറിയ നിയമത്തിനു യേശു ഉത്തരവാദിയായിത്തീർന്നിരിക്കുന്നു (എബ്രാ. 7:11–19, 22).

ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിനു ഇടം അന്വേഷിക്കയില്ലായിരുന്നു. പുതിയതു എന്നു പറയുന്നതിനാൽ **ആദ്യത്തേതിനെ** പഴയതാക്കിയിരിക്കുന്നു; എന്നാൽ പഴയതാകുന്നതും ജീർണ്ണിച്ചിരിക്കുന്നതും എല്ലാം നീങ്ങിപ്പോകുവാൻ അടുത്തിരിക്കുന്നു (എബ്രാ. 8:7, 13).

2. വരുവാൻ പോകുന്ന രാജ്യം

ഒരു വ്യക്തി വേദപുസ്തകം വായിക്കുകയും യിസ്രായേൽ രാഷ്ട്രം കേന്ദ്രമാക്കി ഒരു ഭാവി ഭൗമിക രാജ്യം അത് വാഗ്ദത്തം ചെയ്യുന്നു എന്ന് വിശ്വസിക്കാതിരിക്കുകയും ചെയ്താൽ അത് വളരെ ആശ്ചര്യകരമാണ്. നിർണ്ണായകമായതിനേക്കാൾ അധികം തെളിവുകളാണ് ദൈവവചനത്തിലുള്ളത്. ദൈവം ഭരണസംവിധാനങ്ങൾ ന്യായപ്രമാണത്തിൽ നിന്നും സഭയിലേക്ക് മാറ്റി. മാത്രമല്ല, ദൈവം സഭയെ ആധാരമാക്കിയുള്ളഒരു ഭരണസംവിധാനം എന്ന നിലയിൽ നിന്നും ഒരു ദിവസം അതിനെ ഒരു രാഷ്ട്ര-രാജത്വത്തിലേക്ക് മാറ്റും. യെരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിലിരുന്ന് ഭരണം നടത്തുന്ന ക്രിസ്തുവിന്റെ രാജത്വമായിരിക്കും അത്.

പലസ്തീൻ നാട് അബ്രഹാമിന്റെ സന്തതിയ്ക്ക് നിത്യമായി അവകാശപ്പെടുന്നതാണെന്ന് ദൈവം വാഗ്ദത്തം ചെയ്തു. ആദിമ വാഗ്ദാനത്തിലും തുടർന്നുള്ള നൂറ്റാണ്ടുകളിൽ ആവർത്തിച്ചുറപ്പിക്കുന്ന വാഗ്ദത്തങ്ങളിലും ശാശ്വതമായി അഥവാ നിത്യമായി എന്ന വാക്ക് വന്നുപെടുന്നുണ്ട്. **അബ്രഹാമിന്റെ സന്തതിയ്ക്ക് ഒരു ദേശം നൽകുമെന്ന ഈ വാഗ്ദത്തം പാലിക്കപ്പെട്ടേ മതിയാകൂ.** യിസ്രായേലിന് ഒരു രാജ്യം **ഉണ്ടാവുക തന്നെ ചെയ്യും.**

> **നീ കാണുന്ന ഭൂമി** ഒക്കെയും **ഞാൻ നിനക്കു തരും.** നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും (ഉല്പ. 13:15).
>
> ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും ദൈവമായിരിക്കേണ്ടതിനു ഞാൻ എനിക്കും നിനക്കും നിന്റെ ശേഷം **തലമുറ തലമുറയായി** നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ **നിത്യനിയമമായി** സ്ഥാപിക്കും (ഉല്പ. 17:7, 19).
>
> അബ്രഹാമിനോടു അവൻ ചെയ്ത നിയമവും യിസ്ഹാക്കിനോടു ചെയ്ത സത്യവും തന്നെ; അതിനെ അവൻ യാക്കോബിനു ഒരു പ്രമാണമായും യിസ്രായേലിനൊരു **ശാശ്വത നിയമമായും** ഉറപ്പിച്ചു (1 ദിന. 16:16–17).
>
> "അവൻ തന്റെ നിയമത്തെ എന്നേക്കും താൻ കല്പിച്ച വചനത്തെ ആയിരം തലമുറയോളം ഓർക്കുന്നു. അവൻ അബ്രഹാമിനോടു ചെയ്ത നിയമവും യിസ്ഹാക്കിനോടു ചെയ്ത സത്യവും തന്നെ. അതിനെ അവൻ യാക്കോബിനു ഒരു ചട്ടമായും യിസ്രായേലിന് ഒരു നിത്യനിയമമായും നിയമിച്ചു" (സങ്കീ. 105:8–10).
>
> എങ്കിലും **നിന്റെ യൗവ്വനകാലത്ത് നിന്നോടുള്ള എന്റെ നിയമം**(അബ്രഹാമിനോടോ മോശയോടോ ചെയ്തത്) ഞാൻ ഓർത്തു ഒരു **ശാശ്വതനിയമം** നിന്നോടു ചെയ്യും. നിന്റെ ജ്യേഷ്ഠത്തിമാരും അനുജത്തിമാരുമായ സഹോദരിമാരെ നീ കൊക്കൊള്ളുമ്പോൾ, അന്നു നീ നിന്റെ വഴികളെ ഓർത്തു നാണിക്കും. ഞാൻ അവരെ നിനക്കു പുത്രിമാരായി തരും; നിന്റെ നിയമപ്രകാരമല്ലതാനും. നീ ചെയ്തതൊക്കെയും ഞാൻ നിന്നോടു ക്ഷമിക്കുമ്പോൾ നീ ഓർത്തു ലജ്ജിച്ചു നാണം നിമിത്തം ഇനി ഒരിക്കലും വായ് തുറക്കാതിരിക്കേ

ണ്ടതിന്നു ഞാൻ നിന്നോടു എന്റെ നിയമം ചെയ്യും. ഞാൻ യഹോവ എന്നു നീ അറിയും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട് (യെഹെ. 16:60–63).

എന്റെ ദാസനായ യാക്കോബിനു ഞാൻ കൊടുത്തതും **നിങ്ങളുടെ പിതാക്കന്മാർ പാർത്തിരുന്നതും ആയ ദേശത്തു അവർ പാർക്കും;** ഞാൻ അവരോടു ഒരു സമാധാന നിയമം ചെയ്യും. അതു അവർക്കു ഒരു ശാശ്വതനിയമം ആയിരിക്കും; ഞാൻ അവരെ ഉറപ്പിച്ചു പെരുക്കി അവരുടെ നടുവിൽ എന്റെ വിശുദ്ധ മന്ദിരത്തെ സദാകാലത്തേക്കും സ്ഥാപിക്കും (യെഹെ. 37:25–26).

ഞാൻ പറയുന്നതിന്റെ താല്പര്യമോ; നാനൂറ്റിമുപ്പതു ആണ്ടു കഴിഞ്ഞിട്ട് ഉണ്ടായ ന്യായപ്രമാണം **വാഗ്ദത്തത്തെ നീക്കുവാൻ** തക്കവണ്ണം അത് ദൈവം മുമ്പ് ഉറപ്പാക്കിയ **നിയമത്തെ ദുർബ്ബലമാക്കുന്നില്ല** (ഗലാ. 3:17).

ദൈവം അബ്രഹാമിനോടു വാഗ്ദത്തം ചെയ്യുമ്പോൾ തന്നെക്കാൾ വലിയവനെക്കൊണ്ടു സത്യം ചെയ്‌വാൻ ഇല്ലാഞ്ഞിട്ടു തന്നെക്കൊണ്ടു തന്നെ സത്യം ചെയ്തു അതുകൊണ്ട് ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്ക് **തന്റെ ആലോചന മാറാത്തത്** എന്ന് അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു ഒരു ആണയാലും ഉറപ്പുകൊടുത്തു. അങ്ങനെ നമ്മുടെ മുമ്പിൽവെച്ചുട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിന്നായി ഓടിവന്ന നാം മാറിപ്പോകാത്തതും ദൈവത്തിന് ഭോഷ്ക് പറയാൻ കഴിയാത്തുമായ രണ്ട് കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇട വരുന്നു (എബ്രാ. 13:13, 17–18).

ദാവീദിന്റെ സന്തതിക്ക് ഭരിക്കുവനുള്ള ഒരു അവകാശം ഉണ്ടായിരിക്കുമെന്നും കാലാന്തരേ യിസ്രായേലിനെ ആ സന്തതി **എന്നേക്കും** ഭരിക്കുമെന്നും ദൈവം ദാവീദിനോട് വാഗ്ദത്തം ചെയ്തു. എങ്കിലും ദാവീദിന്റെ സന്തികൾ പ്രവാസം മുതൽ യിസ്രായേലിന്മേൽ ഭരണം നടത്തിയിട്ടില്ല.(ഹെരോദാരാജാവ് ദാവീദ്യവംശത്തിൽ പെട്ടവനോ ശരിക്ക് യഹൂദൻപോലുമോ അല്ലായിരുന്നു എന്ന് ഓർക്കുക) എന്നേക്കുമുള്ള ഒരു സിംഹാസനം ദാവീദിന്റെ പുത്രന് വാഗ്ദത്തം ചെയ്തിരിക്കുന്നത് ആത്യന്തികമായി യേശുക്രിസ്തുവിൽ നിവർത്തിക്കപ്പെട്ടേ മതിയാവൂ. അക്ഷരാർത്ഥത്തിൽ **ദാവീദിന്റെ** രാജ്യത്തിൽ **ഭരിക്കുവാനായിട്ട് അവൻ ഒരു ദിവസം വരും.** അത്, വെളി. 20:4–6 വരെ വാക്യത്തിൽ പരാമർശിച്ചിരിക്കുന്നു. 1000 വർഷം നീണ്ട ഭരണമായിരിക്കും (അതുകൊണ്ട് അതിനെ സഹസ്രാബ്ദവാഴ്ച എന്ന് പേർ പറയുന്നു). മാത്രമല്ല, ഈ കാലഘട്ടം നിത്യതയായി പരിഗണിക്കാം. കാരണം ആയിരമാണ്ട് വാഴ്ച്ച നിത്യാവസ്ഥയിലേക്ക് ലയിച്ചുചേരുന്നതാണ്. ഈ ആശയത്തിലാണ് ആയിരമാണ്ടുവാഴ്ചയേയും നിത്യതയോട് ചേർത്ത് ചിന്തിക്കുന്നത്. ദാവീദിന് കൊടുത്ത യഥാർത്ഥ വാഗ്ദത്തം നിത്യതയുമായി ബന്ധപ്പെടുത്തി പ്രസാതിവച്ചിട്ടുണ്ട്. അബ്രഹാമ്യ ഉടമ്പടി പോലെതന്നെ ദാവീദ്യഉടമ്പടിയും മാറ്റം വരുത്താനാവാത്തതും നിത്യസ്വഭാവമുള്ളതാണെന്നും തിരുവെഴുത്തിലുടനീളം ആവർത്തിച്ചു സ്ഥിരീകരിച്ചിട്ടുണ്ട്. ഭാവിയിൽ സഭായുഗം അവസാനിക്കുകയും രാജത്വം അഥവാ സഹസ്രാബ്ദയുഗം ആരംഭിക്കുകയും ചെയ്യും.

നിന്റെ ഉദരത്തിൽ നിന്നു പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്ക്കാലം തികഞ്ഞിട്ടു നിന്റെ പിതാക്കന്മാരോടുകൂടെ നീ നിദ്രകൊള്ളുമ്പോൾ ഞാൻ നിനക്കു പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും അവന്റെ രാജത്വം ഉറപ്പാക്കുകയും ചെയ്യും. അവൻ എന്റെ നാമത്തിനു ഒരു ആലയം പണിയും. **ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും.** ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും. അവൻ കുറ്റം ചെയ്താൽ ഞാൻ അവനെ മനുഷ്യരുടെ വടികൊണ്ടും മനുഷ്യപുത്രന്മാരുടെ അടികൊണ്ടും ശിക്ഷിക്കും. എങ്കിലും നിന്റെ മുമ്പിൽ നിന്നു ഞാൻ തള്ളിക്കളഞ്ഞ ശൗലിങ്കൽ നിന്നു ഞാൻ എന്റെ ദയ നീക്കിയതുപോലെ അത് അവങ്കൽ നിന്നു നീങ്ങിപ്പോകയില്ല. **നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും.** നിന്റെ സിംഹാസനവും എന്നേക്കും ഉറെച്ചിരിക്കും (2 ശമു. 7:12–16).

എന്റെ **വ്യതനോടു ഞാൻ ഒരു നിയമവും എന്റെ ദാസനായ ദാവീദിനോട്** സത്യവും ചെയ്തിരിക്കുന്നു. നിന്റെ സന്തതിയെ ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും. **നിന്റെ സിംഹാസനത്തെ തലമുറ തലമുറയോളം ഉറപ്പിക്കും**(സങ്കീ. 89:3– 4).

ഞാൻ അവന് എന്റെ ദയയെ **എന്നേക്കും കാണിക്കും.** എന്റെ നിയമം അവനു സ്ഥിരമായി നില്ക്കും; ഞാൻ അവന്റെ സന്തതിയെ ശാശ്വതമായും **അവന്റെ സിംഹാസനത്തെ** ആകാശമുള്ള കാലത്തോളവും നിലനിർത്തും (സങ്കീ. 89: 28–29).

എങ്കിലും **എന്റെ ദയയെ ഞാൻ അവങ്കൽ നിന്നു നീക്കിക്കളയുകയില്ല.** എന്റെ വിശ്വസ്തതയ്ക്കു ഭംഗം വരുത്തുകയില്ല. ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ എന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതിനു ഭേദംവരുത്തുകയോ ചെയ്യുകയില്ല. ഞാൻ ഒരിക്കൽ എന്റെ വിശുദ്ധിയെകൊണ്ടു

സത്യം ചെയ്തിരിക്കുന്നു. ദാവീദിനോട് ഞാൻ ഭോഷ്ക്കു പറയുകയില്ല, അവന്റെ സന്തതി ശാശ്വതമായും **അവന്റെ സിംഹാസനം എന്റെ മുമ്പാകെ** സൂര്യനെപ്പോലെയും ഇരിക്കും. അതു ചന്ദ്രനെപ്പോലെയും ആകാശത്തിലെ വിശ്വസ്ത സാക്ഷിയെപ്പോലെയും **എന്നേക്കും സ്ഥിരമായിരിക്കും** (സങ്കീ. 89:33–37).

നിങ്ങൾ ചെവി ചായിച്ച് എന്റെ അടുക്കൽ വരുവിൻ; നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിന് കേട്ടുകൊൾവിൻ; **ദാവീദിന്റെ നിശ്ചലകൃപകൾ എന്ന ഒരു ശാശ്വതനിയമം** ഞാൻ നിങ്ങളോടു ചെയ്യും (യെശയ്യാവ് 55:3).

അന്നു ഞാൻ അവന്റെ നുകം നിന്റെ കഴുത്തിൽ നിന്നു ഒടിച്ചു ബന്ധനങ്ങളെ അറുത്തുകളയും. അന്യന്മാർ ഇനി അവനെക്കൊണ്ടു സേവ ചെയ്യിക്കുകയുമില്ല എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്; അവർ തങ്ങളുടെ ദൈവമായ യഹോവയെയും ഞാൻ **അവർക്കു എഴുന്നേല്പ്പിപ്പാനുള്ള രാജാവായ ദാവീദിനെയും സേവിക്കും** (യിര. 30:8,9).

ഈ വിധത്തിൽ യിസ്രായേൽ മക്കൾ ബഹുകാലം രാജാവില്ലാതെയും പ്രഭുവില്ലാതെയും യാഗമില്ലാതെയും പ്രതിഷ്ഠയില്ലാതെയും ഏഫോദില്ലാതെയും ഗൃഹബിംബമില്ലാതെയും ഇരിക്കും. പിന്നെത്തേതിൽ യിസ്രായേൽ മക്കൾ തിരിഞ്ഞ് തങ്ങളുടെ ദൈവമായ യഹോവയെയും തങ്ങളുടെ **രാജാവായ ദാവീദിനെയും** അന്വേഷിക്കും. **ഭാവികാലത്ത്** അവർ ഭയപ്പെട്ടുകൊണ്ടു യഹോവയിങ്കലേക്കും അവന്റെ നന്മയിലേക്കും വരും (ഹോശ. 3:4–5).

അവർ ഏദോമിൽ ശേഷിച്ചിരിക്കുന്നവരുടെയും എന്റെ നാമം വിളിക്കപ്പെടുന്ന സകല ജാതികളുടെയും ദേശത്തെ കൈവശമാക്കേണ്ടതിന് **വീണുപോയ ദാവീദിൻ** കൂടാരത്തെ ഞാൻ അന്നാളിൽ നിവർത്തുകയും അതിന്റെ പിളർപ്പുകളെ അടയ്ക്കുകയും അവന്റെ ഇടിവുകളെ തീർക്കുകയും അതിനെ പുരാതനകാലത്തിലെന്നപോലെ പണിയുകയും ചെയ്യും എന്നാകുന്നു ഇത് അനുഷ്ഠിക്കുന്ന യഹോവയുടെ അരുളപ്പാട് (ആമോസ് 9:11).

പഴയനിയമ പ്രവാചകന്മാരും യിസ്രായേലിനോടു ചെയ്യുവാനുള്ള ഒരു പുതിയ ഉടമ്പടിയെക്കുറിച്ച് സംസാരിച്ചിരിക്കുന്നു. ഈ പുതിയ ഉടമ്പടി ക്രിസ്തുവിന്റെ രക്തത്തിൽ അടിസ്ഥാനപ്പെട്ടതാണ് (മത്താ. 26:28). ഇത് സഭയെ സംബന്ധിച്ച് പ്രാബല്യത്തിലായിട്ടുണ്ട്. എന്നാൽ യിസ്രായേൽ രാഷ്ട്രത്തിനും ഒടുവിലായി പ്രാബല്യത്തിൽ വരും (എബ്രാ. 8:7–13 വരെ നോക്കുക). പുതിയ ഉടമ്പടി വ്യവസ്ഥകൾ ഇല്ലാത്തതാണ്. ഇത് ഒരിക്കലും ലംഘിക്കുവാൻ കഴിയുകയില്ല. ഇപ്രകാരം ഇത് യിസ്രായേലിന് ഒരു ഭാവിയെ ഉറപ്പാക്കുന്നു. സഭാ ഭരണം മാറി ഒരു രാജ്യഭരണം ആരംഭിക്കുമെന്നു അർത്ഥമാകുന്നു.

ഞാൻ യിസ്രായേൽ ഗൃഹത്തോടും **യഹൂദാഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാട്.** ഞാൻ അവരുടെ പിതാക്കന്മാരെ കൈയ്ക്കു പിടിച്ച് മിസ്രയീം ദേശത്തു നിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെ അല്ല; ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്നു യഹോവയുടെ അരുളപ്പാട്; എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു:– ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിൽ ആക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാട്; ഇനി ആരും അവൻ തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കുകയില്ല. അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയില്ല എന്നു യഹോവയുടെ അരുളപ്പാട്; സൂര്യനെ പകൽ വെളിച്ചത്തിനും ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും വ്യവസ്ഥയെ രാത്രി വെളിച്ചത്തിനും നിയമിച്ചിരിക്കുന്നവനും കടലിലെ തിരകൾ അലറുവാൻ തക്കവണ്ണം സൈന്യങ്ങളുടെ യഹോവ എന്നു നാമമുള്ളവനുമായ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു: **ഈ വ്യവസ്ഥ എന്റെ മുമ്പിൽ നിന്നു മാറിപ്പോകുന്നുവെങ്കിൽ യിസ്രായേൽ സന്തതിയും സദാകാലം എന്റെ മുമ്പിൽ ഒരു ജാതിയാകാതെവണ്ണം മുടിഞ്ഞുപോകുമെന്നു** യഹോവയുടെ അരുളപ്പാട്; **യഹോവ ഇപ്രകാരം അരുളിചെയ്യുന്നു; മീതെ ആകാശത്തെ അളക്കുവാനും താഴെ ഭൂമിയുടെ അടിസ്ഥാനങ്ങളെ ശോധന ചെയ്യുവാനും കഴിയുമെങ്കിൽ, ഞാനും യിസ്രായേൽ സന്തതിയെ ഒക്കെയും അവർ ചെയ്ത സകലവും നിമിത്തം തള്ളിക്കളയും** എന്നു യഹോവയുടെ അരുളപ്പാട് (യിരെമ്യാവ് 31:31–37).

ഞാൻ അവരെ വിട്ടുപിരിയാതെ അവർക്കു നന്മ ചെയ്തുകൊണ്ടിരിക്കും എന്നിങ്ങനെ **ഞാൻ അവരോടു ഒരു ശാശ്വതനിയമം ചെയ്യും അവർ**

എന്നെ വിട്ടുമാറാതെയിരിപ്പാൻ എങ്കലുള്ള ഭക്തി ഞാൻ അവരുടെ ഹൃദയത്തിൽ ആക്കും (യിരെ. 32:40).

ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ നിന്നു കൂട്ടി സകല ദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു സ്വന്ത ദേശത്തേക്കു വരുത്തും. ഞാൻ നിങ്ങളുടെ മേൽ നിർമ്മല ജലം തളിക്കും നിങ്ങൾ നിർമ്മലരായി തീരും, ഞാൻ നിങ്ങളുടെ സകല മലിനതയെയും സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും (യെഹെ. 36:24-26).

അതുകൊണ്ടു നീ പ്രവചിച്ചു അവരോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ''എന്റെ ജനമെ ഞാൻ **നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റി യിസ്രായേൽ ദേശത്തേക്കു കൊണ്ടു**പോകും. അങ്ങനെ **എന്റെ ജനമേ ഞാൻ** നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽനിന്നു കയറ്റുമ്പോൾ **ഞാൻ യഹോവ എന്നു നിങ്ങൾ അറിയും**. നിങ്ങൾ ജീവിക്കേണ്ടതിനു ഞാൻ എന്റെ ആത്മാവിനെ നിങ്ങളിൽ ആക്കും; ഞാൻ നിങ്ങളെ സ്വദേശത്തു പാർപ്പിക്കും; യഹോവയായ ഞാൻ അരുളിചെയ്തു നിവർത്തിച്ചുമിരിക്കുന്നു എന്നു നിങ്ങൾ അറിയും എന്നു യഹോവയുടെ അരുളപ്പാട് (യെഹെ. 37:12-14).

"ഞാൻ അവരോട് ഒരു **സമാധാനനിയമം** ചെയ്യും; അത് അവർക്ക് ഒരു **ശാശ്വതനിയമമായിരിക്കും**; ഞാൻ അവരെ ഉറപ്പിച്ചു പെരുക്കി **അവരുടെ നടുവിൽ എന്റെ വിശുദ്ധമന്ദിരത്തെ സദാകാലത്തേക്കും** സ്ഥാപിക്കും" (യെഹെ. 37:26).

(യെഹെസ്ക്കേൽ 37-ലെ ഈ സൂചന, 36-ാം അദ്ധ്യായത്തിലുള്ള സൂചനകളും, യിസ്രായേലിനോട് സമ്മതിപ്പിച്ചുറപ്പിച്ച പുതിയ ഉടമ്പടിയെ സംബന്ധിച്ചുള്ളതാണെന്നു തെളിയിക്കുവാൻ സഹായകമാണ്).

ലോകമാസകലമുള്ളതും സുസ്ഥിരവുമായ ഒരു രാജത്വത്തിന്റെ കേന്ദ്രം യിസ്രായേൽ ആയിരിക്കുമെന്ന് പഴയനിയമം വാഗ്ദത്തം ചെയ്യുന്നു. ദൈവം ഭോഷ്കു പറയുന്നവനാണെന്നും തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ അശക്തനാണെന്നും നമുക്കു വിശ്വാസിക്കാനാവാത്തിടത്തോളം യിസ്രായേലിനുവേണ്ടി ഒരു ഭാവി രാജത്വം ആസന്നമായി എന്ന് നാം അംഗീകരിച്ചേ മതിയാവൂ(യിര. 31:3 കൂടെ നോക്കുക).

അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവും ആയിരിക്കും. **സകല ജാതികളും അതിലേക്കു ഒഴുകിചെല്ലും**. അനേക വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം. അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കുകയും ചെയ്യും എന്നു പറയും. **സീയോനിൽ നിന്നു ഉപദേശവും യരൂശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കുകയും** ബഹുവംശങ്ങൾക്കു വിധി കല്പിക്കുകയും ചെയ്യും. അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും; **ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല. അവർ ഇനി യുദ്ധം അഭ്യസിക്കുകയുമില്ല** (യെശ. 2:2-4).

ജാതികൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും. അപ്പോൾ നീ കണ്ടു ശോഭിക്കും. **നിന്റെ ഹൃദയം പിടച്ചു വികസിക്കും. സമുദ്രത്തിന്റെ ധനം നിന്റെ അടുക്കൽ ചേരും** ജാതികളുടെ **സമ്പത്ത് നിന്റെ അടുക്കൽ വരും** (യെശയ്യാവ് 60:3, 5).

അന്യജാതിക്കാർ നിന്റെ മതിലുകളെ പണിയും; അവരുടെ രാജാക്കന്മാർ നിനക്കു ശുശ്രൂഷചെയ്യും; എന്റെ ക്രോധത്തിൽ ഞാൻ നിന്നെ അടിച്ചു എങ്കിലും എന്റെ പ്രീതിയിൽ എനിക്കു നിന്നോടു കരുണ തോന്നും. ജാതികളുടെ സമ്പത്തിനെയും യാത്രാസംഘത്തിൽ **അവരുടെ രാജാക്കന്മാരെയും നിന്റെ അടുക്കൽ കൊണ്ടുവരേണ്ടതിന്** നിന്റെ വാതിലുകൾ രാവും പകലും അടയ്ക്കപ്പെടാതെ എല്ലായ്പ്പോഴും തുറന്നിരിക്കും (യെശ്ശയ്യാവ് 60:10, 11).

നീ ജാതികളുടെ പാൽ കുടിക്കും; രാജാക്കന്മാരുടെ മുല കുടിക്കും. യഹോവയായ ഞാൻ നിന്റെ രക്ഷകൻ എന്നും യാക്കോബിന്റെ വല്ലഭൻ നിന്റെ വീണ്ടെടുപ്പുകാരൻ എന്നും നീ അറിയും; ഞാൻ താമ്രത്തിനു പകരം സ്വർണ്ണം വരുത്തും ഇരുമ്പിനു പകരം വെള്ളിയും മരത്തിനു പകരം താമ്രവും കല്ലിനു പകരം ഇരുമ്പും വരുത്തും; ഞാൻ സമാധാനത്തെ നിനക്കു നായകന്മാരും നീതിയെ നിനക്കു അധിപതിമാരും ആക്കും. **ഇനി**

നിന്റെ ദേശത്തു സാഹസവും നിന്റെ അതിരി നകത്തു ശൂന്യവും നാശവും കേൾക്കുകയില്ല. നിന്റെ മതിലുകൾക്ക് രക്ഷ എന്നും നിന്റെ വാതി ലുകൾക്ക് സ്തുതി എന്നും നീ പേർ പറയും; ഇനി പകൽ നേരത്തു നിന്റെ വെളിച്ചം സൂര്യനല്ല; നിനക്കു നിലാവെട്ടം തരുന്നത് ചന്ദ്രനുമല്ല. യഹോവ നിനക്കു നിത്യപ്രകാശവും നിന്റെ ദൈവം നിന്റെ തേജസ്സും ആകുന്നു. നിന്റെ സൂര്യൻ ഇനി അസ്തമിക്കുകയില്ല. നിന്റെ ചന്ദ്രൻ മറഞ്ഞുപോകയുമില്ല; യഹോവ നിന്റെ നിത്യപ്ര കാശമായിരിക്കും. **നിന്റെ ദു:ഖകാലം തീർന്നു പോകും**. നിന്റെ ജനമൊക്കെയും നീതിമാന്മാ രാകും; ഞാൻ മഹത്വപ്പെടേണ്ടതിനു എന്റെ നടു തലയുടെ മുളയും എന്റെ കൈകളുടെ പ്രവൃത്തി യുമായിട്ട് **അവർ ദേശത്തെ സദാകാലത്തേക്കും കൈവശമാക്കും** (യെശ്ശയ്യാവ് 60:16-21).

നിങ്ങളോ യഹോവയുടെ പുരോഹിതന്മാർ എന്നു വിളിക്കപ്പെടും. നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷ കന്മാർ എന്നും നിങ്ങൾക്കു പേരാകും ; **നിങ്ങൾ ജാതികളുടെ സമ്പത്ത് അനുഭവിച്ചു**, അവരുടെ മഹത്വത്തിന് അവകാശികളായിത്തീരും (യെശയ്യാവ് 61:6).

യെരൂശലേമേ, ഞാൻ നിന്റെ മതിലുകളിൽമേൽ കാവൽക്കാരെ ആക്കിയിരിക്കുന്നു; അവർ രാവോ പകലോ ഒരിക്കലും മിണ്ടാതെയിരിക്കുകയില്ല. യഹോവയെ ഓർപ്പിക്കുന്നവരെ, നിങ്ങൾ സ്വസ്ഥ മായിരിക്കരുത്. **അവൻ യെരുശലേമിനെ യഥാ സ്ഥാനപ്പെടുത്തുവോളവും ഭൂമിയിൽ അതിനെ പ്രശംസാ വിഷയം ആക്കുവോളവും അവനു സ്വസ്ഥത കൊടുക്കുകയുമരുത്** (യെശയ്യാവ് 62: 6-7).

ആ കാലത്ത് യരൂശലേമിന് **യഹോവയുടെ** സിംഹാസനം എന്നു പേരാകും. സകല ജാതി കളും **അവിടേക്കു, യരൂശലേമിലേക്കു തന്നെ, യഹോവയുടെ നാമം നിമിത്തം വന്നു ചേരും; തങ്ങളുടെ ദുഷ്ട ഹൃദയത്തിന്റെ ശാഠ്യപ്രകാരം ഇനി നടക്കുകയുമില്ല** (യിരെ. 3:17).

അന്ത്യകാലത്തു യഹോവയുടെ ആലയം ഉള്ള പർവ്വതം പർവ്വതത്തിന്റെ ശിഖരത്തിൽ സ്ഥാപി തവും കുന്നുകൾക്കു മീതെ ഉന്നതവും ആയിരി ക്കും. ജാതികൾ അതിലേക്കു ഒഴുകിച്ചെല്ലും. അനേകം വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കും യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കും കയറിച്ചെല്ലാം അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരി കയും നാം അവന്റെപാതകളിൽ നടക്കുകയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപ ദേശവും യരൂശലേമിൽ നിന്നു യഹോവയുടെ വച നവും പുറപ്പെടും. **അവൻ അനേക ജാതികളുടെ ഇടയിൽ ന്യായം വിധിക്കുകയും ബഹുവംശ ങ്ങൾക്കു ദൂരത്തോളം വിധി കല്പിക്കുകയും ചെയ്യും.** അവർ തങ്ങളുടെ വാളുകളെ കൊഴുക്ക ളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും. **ജാതി ജാതിക്കുനേരെ വാളോങ്ങുക യില്ല; അവർ ഇനി യുദ്ധം അഭ്യസിക്കുകയുമില്ല** (മീഖാ. 4: 1-3).

സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെ യ്യുന്നു: ഇനി ജാതികളും അനേക പട്ടണങ്ങളിലെ നിവാസികളും വരുവാൻ ഇടയാകും. ഒരു പട്ടണ ത്തിലെ നിവാസികൾ മറ്റൊന്നിലേക്കു ചെന്നു: വരുവിൻ, നമുക്കു യഹോവയെ പ്രസാദിപ്പിക്കേ ണ്ടതിനും സൈന്യങ്ങളുടെ യഹോവയെ അന്വേ ഷിക്കേണ്ടതിനും പോകാം. ഞാനും പോരുന്നു എന്നു പറയും. **അങ്ങനെ അനേക ജാതികളും ബഹുവംശങ്ങളും യരൂശലേമിൽ സൈന്യങ്ങ ളുടെ യഹോവയെ അന്വേഷിപ്പാനും യഹോ വയെ പ്രസാദിപ്പിപ്പാനും വരും.** സൈന്യങ്ങളുടെ യഹോവഇപ്രകാരം അരുളിച്ചെയ്യുന്നു: ആ കാലത്ത് ജാതികളുടെ സകല ഭാഷകളിലും നിന്ന് പത്തുപേർ ഒരു യഹൂദന്റെ വസ്ത്രാഗ്രം പിടിച്ച് ദൈവം നിങ്ങളോടുകൂടെ ഉണ്ടെന്നു ഞങ്ങൾ കേട്ടിരിക്കയാൽ ഞങ്ങൾ നിങ്ങളോടുകൂടെ പോരുന്നു എന്നു പറയും (സെഖ. 8:20-23).

യഹോവ സർവ്വഭൂമിക്കും രാജാവാകും. അന്നാ ളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും (സെഖ. 14:9).

അവർ അതിൽ പാർക്കും; ഇനി സംഹാര ശപഥം ഉണ്ടാകുകയില്ല; **യരൂശലേം നിർഭയം വസിക്കും** (സെഖ. 14:11).

''യഹൂദയും യെരുശലേമിൽവെച്ചു യുദ്ധം ചെയ്യും. ചുറ്റുമുള്ള സകല ജാതികളുടെയും ധന മായ പൊന്നും വെള്ളിയും വസ്ത്രവും അനവ ധിയായി ശേഖരിക്കപ്പെടും"(സെഖ. 14:14).

എന്നാൽ **യരൂശലേമിനു** നേരെ വന്ന സകല ജാതികളിലും ശേഷിച്ചിരിക്കുന്ന ഏവനും സൈന്യങ്ങളുടെ **യഹോവയായ രാജാവിനെ നമ സ്ക്കരിപ്പാനും കൂടാരപ്പെരുന്നാൾ ആചരി പ്പാനും ആണ്ടുതോറും വരും. ഭൂമിയിലെ സകല വംശങ്ങളിലും** ആരെങ്കിലും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്ക്കരിപ്പാൻ യരൂ ശലേമിലേക്കു വരാത്ത പക്ഷം അവർക്കു മഴ ഉണ്ടാകുകയില്ല (സെഖ. 14:16-17).

ഈ വാഗ്ദത്തങ്ങൾ(ഉടമ്പടികൾ) എല്ലാം ആത്യന്തികനിവൃത്തി കണ്ടെത്തുന്നത് കർത്താവായ യേശുക്രിസ്തുവിലാണ്; അവിടുന്ന് യിസ്രായേലിന് ദേശത്തിന്മേലും ദാവീദ്യ സിംഹാസനത്തിന്മേലുമുള്ള അവരുടെ നിത്യാവകാശം സ്ഥാപിച്ചുകൊടുക്കാൻ മടങ്ങിവരും. വരുവാൻ പോകുന്ന രാജ്യത്തിൽ മശിഹയ്ക്കുള്ള പങ്ക് ചൂണ്ടിക്കാണിക്കുന്ന അനേക വാക്യങ്ങൾ ഉണ്ട്.

> **എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ** ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു (സങ്കീ. 2:6).
>
> **നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു.** നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവൻ അത്ഭുതമന്ത്രി, വീരനാംദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും. **അവന്റെ ആധിപത്യത്തിന്റെ വർദ്ധനയ്ക്കും സമാധാനത്തിനും** അവസാനം ഉണ്ടാകുകയില്ല. ദാവീദിന്റെ സിംഹാസനത്തിനും **അവന്റെ രാജത്വത്തിനും ഇന്നുമുതൽ എന്നെന്നേക്കും** അവൻ അതിനെ ന്യായത്തോടും നീതിയോടുംകൂടെ സ്ഥാപിച്ചു നിലനിർത്തും. സൈന്യങ്ങളുടെ യോഹവയുടെ തീക്ഷ്ണത അതിനെ നിവർത്തിക്കും (യെശ. 9:6–7).
>
> ഞാൻ ദാവീദിനു **നീതിയുള്ളൊരു മുളയായവനെ** ഉത്ഭവിപ്പിക്കുന്ന കാലം വരും. അവൻ രാജാവായി വാണ് ബുദ്ധിയോടെ പ്രവർത്തിച്ച് ദേശത്തു നീതിയും ന്യായവും നടത്തും അവന്റെ കാലത്തു യഹൂദാ രക്ഷിക്കപ്പെടും. യിസ്രായേൽ നിർഭയമായി വസിക്കും; **അവന് യഹോവ നമ്മുടെ നീതി എന്നു പേർ പറയും** എന്നു യഹോവയുടെ അരുളപ്പാട് (യിരെ. 23:5–6).
>
> രാത്രി ദർശനങ്ങളിൽ **മനുഷ്യപുത്രനോടു** സദൃശ്യനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു. അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി. **സകലവംശങ്ങളും ജാതികളും ഭാഷക്കാരും, അവനെ സേവിക്കേണ്ടതിനു** അവനു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു, അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും **അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു** (ദാനി. 7:13, 14).
>
> **"യഹോവ സർവ്വ ഭൂമിയ്ക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും"** (സെഖ. 14:9).

യിസ്രായേലിന്റെ ഭാവിയെ സംബന്ധിച്ച ഈ ഉപസംഹാര ചിന്തകൾ സഭയുടെ ഭാഗമായിരിക്കുന്ന വിശ്വാസികൾക്ക് ഈ രാജ്യത്തിൽ ഒരു പങ്കുമില്ലെന്ന് അർത്ഥമാക്കുന്നില്ല. വിശ്വാസികൾ "അബ്രഹാമിന്റെ പുത്രന്മാരാണ്." അവരെ യഥാർത്ഥ പരിച്ഛേദനക്കാർ എന്നു വിളിക്കാവുന്നതാണ് (റോമ. 4:13–16; ഗലാ. 3:7, 9, 14; ഫിലി. 3:3, 9).

എന്നുവരികിലും, സഭ, സഹസ്രാബ്ദാനുഗ്രഹങ്ങളിൽ പങ്കാളിയാകുമെന്ന വസ്തുത, യിസ്രായേലിനൊരു ഭാവിയുണ്ടെന്നും ദാവീദ്യസിംഹാസനത്തിലിരുന്ന് ക്രിസ്തു നടത്തുന്ന ഭരണം(ഇപ്പോഴത്തെ സാഹചര്യങ്ങൾക്ക് കീഴിൽ, സഭയിലൂടെ നിർവ്വഹിക്കുന്ന കേവലം ഒരു ആത്മികഭരണം എന്ന നിലയിൽ നിന്ന് വിപരീതമായി)ഭൗമികവും രാഷ്ട്രീയവുമായ ഒരു ഭരണത്തിൽ ഉച്ചാവസ്ഥയെ പ്രാപിക്കുമെന്നുമുള്ള, സമാനമായ വേദസത്യത്തെ റദ്ദു ചെയ്യുന്നില്ല. യിസ്രായേൽ കേന്ദ്രമാക്കി, ക്രിസ്തു രാജാവായ, ഒരു ഭൗമിക രാജത്വത്തിനുവേണ്ടിയുള്ള വാഗ്ദത്തങ്ങൾ പഴയനിയമ പുസ്തകങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കുന്നതല്ല. പുതിയനിയമവും ഇതുതന്നെ പഠിപ്പിക്കുന്നു. **ന്യായപ്രമാണയുഗം അവസാനിച്ചതുപോലെ സഭാ യുഗവും സഹസ്രാബ്ദവാഴ്ചയ്ക്ക് വഴി മാറിക്കൊടുക്കും.**

> യേശു അവരോടു പറഞ്ഞതു: **എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജനനത്തിൽ** മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും **പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്ന് യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കുമെന്നു** ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മത്തായി 19:28).
>
> "അവൻ വലിയവനാകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും കർത്താവായ ദൈവം അവന്റെ പിതാവായ **ദാവീദിന്റെ സിംഹാസനം** അവനു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും. **അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകുകയില്ല** എന്നു പറഞ്ഞു"(ലൂക്കോ. 1:32, 33).
>
> സഹോദരന്മാരെ, നിങ്ങൾ ബുദ്ധിമാന്മാരെന്ന് നിങ്ങൾക്കു തന്നെ തോന്നാതിരിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു. **ജാതികളുടെ പൂർണ്ണ സംഖ്യ ചേരുവോളം യിസ്രായേലിന് അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു.** ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും **"വിടുവിക്കുന്നവൻ സീയോനിൽ നിന്നു വരും. അവൻ യാക്കോബിൽനിന്നു അഭക്തിയെ മാറ്റും.** ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം" എന്നു എഴുതിയിരിക്കുന്നുവല്ലോ (റോമ. 11:25–27).

> ഞാൻ ന്യായാസനങ്ങളെ കണ്ടു അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു. **അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടെ വാണു.** മരിച്ചവരിൽ ശേഷമുള്ളവർ ആയിരമാണ്ട് കഴിയുവോളം ജീവിച്ചില്ല. ഇത് ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു. അവരുടെമേൽ രണ്ടാം മരണത്തിന് അധികാരമില്ല. അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി **ക്രിസ്തുവിനോടുകൂടെ ആയിരമാണ്ടു വാഴും** (വെളി. 20:4-6).

3. ഇവയോട് ചേർത്തുപറയുന്ന യുഗങ്ങളും ന്യായവും അഥവാ അനുബന്ധയുഗങ്ങളും അവയുടെ ന്യായവും

ന്യായപ്രമാണത്തിൽ നിന്നും കൃപയിലേക്കും യഹൂദ **മതത്തിൽ നിന്നും** സഭയിലേക്കുമുള്ള ദൈവീകഭരണ സംവിധാനത്തിന്റെ മാറ്റം വചനം തന്നെ വ്യക്തമായി ഊന്നി പറയുന്നു. ഇത് **വ്യക്തമായി** മുൻകൂട്ടി പറയുന്നതുപോലെ ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവിൽ സഭയിൽ നിന്ന് അക്ഷരാർത്ഥത്തിലുള്ള ഒരു രാഷ്ട്രീയ സാമ്രാജ്യത്തിലേക്കുള്ള മാറ്റം സംഭവിക്കും. അതുകൊണ്ട് കുറഞ്ഞപക്ഷം മൂന്ന് യുഗങ്ങൾ (ഭരണസംവിധാനം) ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു: **ന്യായപ്രമാണം, സഭ, രാജത്വം.**

അനുബന്ധമായ യുഗങ്ങളുടെ കാര്യത്തിൽ വ്യക്തമായ തെളിവുകളുണ്ടെന്ന് ഊന്നിപ്പറയുക ഉചിതമല്ല എന്നാൽ ആദിമകാലഘട്ടങ്ങളിൽ മനുഷ്യരുമായുള്ള ദൈവിക ഇടപെടലിൻ പദ്ധതിയിൽ മറ്റുപല യുഗങ്ങളും നാം ചേർത്തുചിന്തിക്കണമെന്നു യുക്തി നമ്മോടു നിർദ്ദേശിക്കുന്നു. വീഴ്ചയ്ക്കുശേഷം മനുഷ്യനുമായുള്ള ദൈവികഇടപെടലും കാര്യപരിപാടിയും അതിന് മുമ്പുള്ളതിൽനിന്നു വ്യത്യസ്തമാണെന്ന് ചിന്തിക്കുന്നത് ന്യായമാണ്. ജലപ്രളയത്തിനു ശേഷം ഉള്ള ദൈവിക പദ്ധതി അതിനു മുമ്പുണ്ടായിരുന്നതിൽനിന്ന് വ്യത്യസ്തമായിരുന്നു. വീണ്ടും അബ്രഹാമിൽകൂടെ യിസ്രായേൽ രാഷ്ട്രത്തിന്റെ ആരംഭത്തിനു ശേഷവും അതിനു മുമ്പും ഉണ്ടായിരുന്ന പദ്ധതിയും അതുപോലെതന്നെ വ്യത്യസ്തമായിരുന്നു.

ഏഴ് പ്രത്യേക യുഗവിഭജനത്തോടുകൂടിയ യുഗപരമായ വീക്ഷണം മറ്റൊരാളെ വിശ്വസിക്കുവാൻ നിർബന്ധിക്കുന്നത്, ഒരു പക്ഷേ ഉചിതമല്ലെങ്കിലും ഇപ്രകാരം ഒരു വീക്ഷണത്തിന് അതിന്റേതായ പ്രയോജനം ഉണ്ട്. സാധാരണയായി യുഗസിദ്ധാന്തക്കാർ വിവിധ ദൈവീക ഭരണക്രമങ്ങളുടെ പട്ടിക താഴെപ്പറയുംവിധം ക്രമീകരിച്ചിരിക്കുന്നു.

നിഷ്പാപം – വീഴ്ചയ്ക്കു മുമ്പ് (ഉല്പ. 1:28-3:6).

മനസ്സാക്ഷി – വീഴ്ചയ്ക്കുശേഷവും ജലപ്രളയത്തിന് മുമ്പും (ഉല്പ. 3:7-8:14).

മാനുഷിക ഭരണം – ജലപ്രളയത്തിന് ശേഷവും അബ്രഹാമിൽനിന്ന് വലിയൊരു ജാതിയെ ഉളവാക്കുമെന്ന് വാഗ്ദത്തത്തിന് മുമ്പും(ഉല്പ. 8:14-11:32).

വാഗ്ദത്തം – അബ്രഹാമിന്റെ വിളിക്കും യിസ്രായേലിന്റെ ആരംഭത്തിന്റെ ശേഷവും. എന്നാൽ, സീനായ് മലയിൽ വെച്ച് മോശൈക ന്യായപ്രമാണം കൊടുക്കുന്നതിനു മുമ്പ്(ഉല്പ. 1:32, പുറ. 18).

ന്യായപ്രമാണം – സീനായ് മലയിൽവെച്ചുള്ള അതിന്റെ വെളിപ്പെടുത്തൽ മുതൽ പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മാവ് സഭയെ രൂപപ്പെടുത്തിയതുവരെ ന്യായപ്രമാണം പ്രാബല്യത്തിലിരുന്നു. (പുറ. 19 മുതൽ അപ്പോ. 2 വരെ; എന്നിരുന്നാലും സുവിശേഷങ്ങളിലെ ചില ഭാഗങ്ങൾ; അന്ന് ഭാവിപരമായിരുന്ന സഭയെ സംബന്ധിച്ച പഠിപ്പിക്കലുകൾ നൽകുന്നുണ്ട്).

കൃപ അല്ലെങ്കിൽ **സഭ** – ദൈവം തന്റെ ഭൂമിയിലെ കാര്യപരിപാടികൾ പെന്തക്കോസ്തുനാൾ മുതൽ സഭയിൽകൂടെ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സഭ ഇവിടെനിന്നും ഉത്പ്രാപണത്തിലൂടെ മാറ്റപ്പെടുന്നതുവരെ അപ്രകാരം തുടരുകയും ചെയ്യും (അപ്പോ. 2 മുതൽ ഉത്പ്രാപണം വരെ).

രാജ്യം – ക്രിസ്തു 1000 വർഷം ഭൂമിയിൽ ഭരിക്കും. തന്റെ രണ്ടാം വരവോടെ ആയിരം ആണ്ട് വാഴ്ച ആരംഭിക്കും.

4. സഭ ഒരു മർമ്മമെന്ന നിലയിൽ

a. പുതിയനിയമസത്യങ്ങൾ മുഖാന്തിരം വെളിപ്പെടുത്തിയിട്ടുള്ള മർമ്മങ്ങളെ പിൻതുടർന്ന് അവയുടെ വിശേഷലക്ഷണപ്രകാരം നിർണ്ണയത്തിലെത്തുന്നത്.

ന്യായപ്രമാണത്തിൽ നിന്ന് സഭയിലേക്കുള്ള മാറ്റത്തെക്കുറിച്ച് വേദപുസ്തകം തന്നെ വെളിപ്പെടുത്തുന്ന ആശയങ്ങളും വരുവാൻപോകുന്ന രാജ്യത്തെക്കുറിച്ച് വ്യവസ്ഥകൾ കൂടാതെ നൽകിയിരിക്കുന്ന വാഗ്ദത്തങ്ങളും പരിശോധിച്ചാൽ ദൈവികകാര്യപരിപാടിയെ സംബന്ധിച്ച യുഗപരമായ വീക്ഷണം ശരിയാണെന്നു തെളിയിക്കാം. എന്നാൽ യുഗപരമായ സംവിധാനം സംബന്ധിച്ച ആശയങ്ങളുടെ മൂല്യവും വിശ്വാസ്യതയും തെളിയിക്കുവാനുള്ള മാർഗ്ഗം ഇതു മാത്രമല്ല.

പുതിയ നിയമത്തിൽ *മർമ്മം* എന്ന പദം ഉപയോഗി

ച്ചിരിക്കുന്നത് സാധാരണ മനസ്സിലാക്കുവാൻ വളരെ വിഷമമുള്ള ഒരു സത്യത്തെ സൂചിപ്പിക്കുവാനല്ല. അതായത് യഥാർത്ഥത്തിൽ അത് ഗ്രഹിക്കാൻ അസാധ്യമാണെന്ന് പരാമർശിക്കുകയല്ല. രഹസ്യമായതോ, മറഞ്ഞിരിക്കുന്നതോ ആയ ഒരുസത്യമാണ് *മർമ്മം*. പുതിയ നിയമത്തിൽ മർമ്മം എന്ന പദം ഉപയോഗിച്ചിരിക്കുന്നതു നോക്കിയാൽ, ഈ ലോകത്തിലെ ദൈവിക പ്രവർത്തനത്തിന്റെ ഒരു പുതുപുത്തൻ വശമായിരുന്നു സഭയെന്ന് വ്യക്തമാകും. മോശെയുടെ ന്യായപ്രമാണത്തിൻകീഴിൽ ജീവിച്ചിരുന്ന വിശുദ്ധന്മാർക്ക് സഭയെക്കുറിച്ചുള്ള സത്യങ്ങൾ പൂർണ്ണമായും അറിയില്ലായിരുന്നു. യിസ്രായേലും സഭയും തമ്മിൽ ഒരുവലിയ വ്യത്യാസം ഉണ്ടെന്ന് ഇത് സ്ഥാപിക്കുന്നു. ദൈവം ഈ ഭൂമിയിൽ, സഭ ഉദ്ഘാടനം ചെയ്തപ്പോൾ പൂർണ്ണമായും ഒരു പുതിയഭരണക്രമം ആരംഭിക്കുകയായിരുന്നു.

അപ്പോസ്തലന്മാർക്കു നല്കപ്പെട്ട പുതിയ സത്യങ്ങളെക്കുറിച്ച്, സാധാരണ ഭാഷാപ്രയോഗങ്ങളിൽപ്പെടുത്തി, ഒരു മർമ്മമെന്നോണം പല വേദഭാഗങ്ങളും പറയുന്നുണ്ട്. പൊതുവായ ആശയത്തിൽപ്പറഞ്ഞാൽ ന്യായപ്രമാണകാലത്ത് അവ അജ്ഞാതമായിരുന്നു. (റോമ. 16:25-26; 1 കൊരി. 2:7; 4:1; എഫെ. 1:9; 6:19; കൊലൊ. 2:2; 4:3; 1 തിമൊ. 3:9).

> പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ട് ഇപ്പോൾ വെളിപ്പെട്ടുവന്നതും നിത്യദൈവത്തിന്റെ നിയോഗപ്രകാരം സകലജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിനായി പ്രവാചകന്മാരുടെ എഴുത്തുകളാൽ അറിയിച്ചിരിക്കുന്നതുമായ മർമ്മത്തിന്റെ വെളിപ്പാടിന്ന് അനുസരണമായുള്ള എന്റെ സുവിശേഷത്തിനും യേശുക്രിസ്തു വിനെക്കുറിച്ചുള്ള പ്രസംഗത്തിനും ഒത്തവണ്ണം നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിയുന്ന ഏകജ്ഞാനിയായ ദൈവത്തിന്നു.....(റോമ. 16:25-26).

യുഗങ്ങളെക്കുറിച്ചുള്ള പഠനം എന്ന പ്രതിപാദ്യവിഷയത്തിൽ കൂടുതൽ പ്രസക്തമായത്, പഴയനിയമവിശുദ്ധന്മാർക്കു മറഞ്ഞിരുന്ന മർമ്മങ്ങളായ പ്രത്യേക സത്യങ്ങളെ വെളിപ്പെടുത്തുന്ന വാക്യങ്ങളാണ്; പക്ഷേ ആ മാർമ്മികസത്യങ്ങൾ അപ്പോസ്തലികകാലഘട്ടങ്ങളിൽ വെളിപ്പെടുത്തുകയും ചെയ്തു. ഈ വാക്യങ്ങൾ മൊത്തത്തിൽ വ്യക്തമാക്കുന്ന ചിന്തകൾ ചേർത്തു പരിഗണിക്കുമ്പോൾ യുഗപരപഠിതാക്കൾ ദൈവികകാര്യപരിപാടി സംബന്ധിച്ച് ആവേശപൂർവ്വം പുണരുന്ന അതേ വീക്ഷണം തന്നെ ഇത് ഉളവാക്കുന്നു. തിരുവെഴുത്തുകളുടെ അതേ ക്രമത്തിലല്ലെങ്കിലും അവയുടെ യുക്ത്യാനുസൃതമായ ക്രമത്തിൽ നാം അവയെ അടുക്കി പഠിക്കുകയാണിവിടെ.

തങ്ങളുടെ ശത്രുക്കളെ ശപിക്കുകയും സമ്പൂർണ്ണനീതിയുടെയും സമാധാനത്തിന്റെ അഭിവൃദ്ധിയുടെയും ലോകവ്യാപകമായ ഒരു ആധിപത്യത്തിലേക്കു തങ്ങളെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്യുന്ന ഒരു മശിഹായെ യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നു. അവർ തങ്ങളുടെ രാജാവിനെ തിരസ്കരിച്ചപ്പോൾ, അവിടുന്ന് അവരോട് "സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങൾ" സംബന്ധിച്ച പ്രഭാഷണം ചെയ്തു (മത്താ. 11:13 മുതൽ മർക്കൊ. 4:11; ലൂക്കൊ. 8:10). ന്യായപ്രമാണത്തിൻകീഴിലെ വിശുദ്ധന്മാർക്ക് പൂർണ്ണമായും മറഞ്ഞിരുന്ന **മർമ്മങ്ങളിൽ ഒന്ന്; നല്ലതും തീയതും ഇടകലർന്ന ഒരു ഇടവേളാകാലഘട്ടത്തോടുകൂടിയ; രണ്ട് ആഗമനങ്ങൾ മശിഹായ്ക്ക് ഉണ്ടായിരിക്കുമെന്നതാണ്;** കോതമ്പിന്റെയും കളയുടെയും ഉപമയിലും കടലിൽ ഇടുന്ന വലയുടെ ഉപമയിലും പറയുന്ന ആശയം പോലെതന്നെ. ഭൗമികവും രാഷ്ട്രീയവുമായ ഒരു രാജ്യം; സമ്പൂർണ്ണനീതിയോടുകൂടെ, പൊടുന്നനവെ സ്ഥാപിക്കുന്നതിനു പകരം, രാജ്യത്തിന്റെ ആത്മികവും രാഷ്ട്രീയമല്ലാത്തതുമായ വശം ഈ ഭൂമിയിൽ നടപ്പിലാക്കുന്നതിന്, മശിഹാ, അനുവദിക്കാൻ പോകുകയായിരുന്നു. യുഗാന്ത്യം വരെ നല്ലതും തീയതും ഇടകലർന്നിരിക്കും. അപ്പോൾ മനുഷ്യപുത്രൻ മടങ്ങിവന്ന് തീയതിനെ നല്ലതിൽനിന്ന് എടുത്തുകളഞ്ഞ്, ഏറെ രാഷ്ട്രീയസ്വഭാവത്തോടുകൂടിയ തന്റെ രാജ്യം ആരംഭിക്കും(ഉദാ:- മത്താ. 13:39-43; 47-50). നല്ലതും തീയതും ഇടകലർന്ന ഇടവേളയോടുകൂടിയുള്ള രണ്ടു വരവിനെക്കുറിച്ചുള്ള ഉപദേശം പഴയനിയമവിശുദ്ധന്മാർക്കു മർമ്മമായിരുന്നു, ഒരു പുതുപുത്തൻ പഠിപ്പിക്കലായിരുന്നു. 1 തിമൊ. 3:16-ലും ഇത് വെളിപ്പെടുത്തിയിട്ടുണ്ട്. മശിഹാ വന്നു, എന്നാൽ ഈ ഭൂമിയിൽ മറ്റൊരു സമയത്ത് അക്ഷരാർത്ഥത്തിൽ സ്ഥാപിക്കുവാൻ പോകുന്ന രാജ്യത്തിനുവേണ്ടി കാത്തിരിക്കുന്നതിനായി അവിടുന്ന് സ്വർഗ്ഗാരോഹണം ചെയ്തു.

> അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി. ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു. ലോകത്തിൽ വിശ്വസിക്കപ്പെട്ടു; **തേജസ്സിൽ എടുക്കപ്പെട്ടു; എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം** സമ്മതാംവണ്ണം വലിയതാകുന്നു (1 തിമൊ. 3:16).

പഴയനിയമവിശുദ്ധന്മാർക്ക് അറിവില്ലാതിരുന്ന **മറ്റൊരു മർമ്മം** യിസ്രായേൽ താല്ക്കാലികമായി **ചിതറിക്കപ്പെടും** എന്നും പിന്നീട് ദൈവത്തിന്റെ പരിപാടി അനുസരിച്ച് **അവരെ കൂട്ടിച്ചേർക്കും** എന്നുമുള്ള സത്യമാണ്.

> സഹോദരന്മാരെ, "നിങ്ങൾ" ബുദ്ധിമാന്മാരെന്നു നിങ്ങൾക്കു തന്നെ തോന്നാതിരിപ്പാൻ **ഈ രഹസ്യം** അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു; **ജാതികളുടെ പൂർണ്ണ സംഖ്യ ചേരുവോളം യിസ്രായേലിനു അംശമായി**

> **കാഠിന്യം ഭവിച്ചിരിക്കുന്നു;** ഇങ്ങനെ യിസ്രായേൽ മുഴുവൻ രക്ഷിക്കപ്പെടും. **"വിടുവിക്കുന്നവൻ സീയോനിൽ നിന്നു വരും; അവൻ യാക്കോബിൽ നിന്നു അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം" എന്നു എഴുതിയിരിക്കുന്നുവല്ലോ.** സുവിശേഷം സംബന്ധിച്ചു അവർ നിങ്ങൾ നിമിത്തം ശത്രുക്കൾ; തിരഞ്ഞെടുപ്പു സംബന്ധിച്ചോ പിതാക്കന്മാർ നിമിത്തം പ്രിയന്മാർ. ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ചു അനുതപിക്കുന്നില്ലല്ലോ (റോമ. 11:25–29).

മശിഹയ്ക്ക് രണ്ട് ആഗമനങ്ങളുണ്ടായിരിക്കുമെന്നും അവയ്ക്കു തമ്മിൽ ഒരു ഇടവേള കാലഘട്ടമുണ്ടായിരിക്കുമെന്നും പഴയനിയമവിശുദ്ധന്മാർ സ്വപ്നം കണ്ടിട്ടു പോലുമില്ല. ഒരു കാലത്തേക്കു യിസ്രായേലിലൂടെ പ്രവർത്തിക്കുന്നത് ദൈവം നിർത്തിവെയ്ക്കും എന്ന് അവൻ അറിഞ്ഞിരുന്നില്ല. മർമ്മം സംബന്ധിച്ച അനുബന്ധവേദസൂചനകൾ, സഭ ഒരു പുതുപുത്തൻ വെളിപ്പാടാണെന്നും ന്യായപ്രമാണത്തിൻകീഴിൽ സഭ നിലവിലില്ലായിരുന്നുവെന്നുമുള്ള മർമ്മം ചൂണ്ടിക്കാണിക്കുന്നു(യുഗപരമായ പഠനത്തിന്റെ സാരാംശം ഇതാണ്).

> നിങ്ങൾക്കായി എനിക്കു ലഭിച്ച **ദൈവകൃപയുടെ വ്യവസ്ഥയെക്കുറിച്ചു** ഞാൻ മീതെ ചുരുക്കത്തിൽ എഴുതിയതുപോലെ **വെളിപ്പാടിനാൽ** എനിക്ക് ഒരു മർമ്മം **അറിയായ്വന്നു** എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. നിങ്ങൾ അതു വായിച്ചാൽ **ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്കു ഗ്രഹിക്കാം.** ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും **ആത്മാവിനാൽ വെളിപ്പെട്ടതുപോലെ** പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായ്വന്നിരുന്നില്ല. **അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും** ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതുതന്നെ (എഫെ. 3:2–6).

യഹൂദന്മാരും ജാതികളും ചേർന്നുള്ള ഒരു സംവിധാനം (ശരീരം) സ്ഥാപിച്ചപ്പോൾ ദൈവം ഒരു പുതിയ പ്രവൃത്തി ആരംഭിച്ചു. യഹൂദമതത്തിലൂടെ ദൈവം അതേത്തുടർന്ന് പ്രവർത്തിക്കാതെയായി; മറിച്ച് എല്ലാ വിശ്വാസികളും ക്രിസ്തുവിൽ ഒന്നായിത്തീർന്നു. ഈ പുതിയ "ഐക്യത്തെ" ഈ പ്രത്യേകപശ്ചാത്തലമനുസരിച്ച് സഭയെന്നു വിഭജിച്ചിരിക്കുന്നതു ശ്രദ്ധിക്കുക(എഫെ. 3:10). മാത്രമല്ല; ഈ പുതിയ വെളിപ്പാട്(മർമ്മം) പൂർവ്വകാലങ്ങളിൽ മറവായിരുന്ന ഒരു പുതിയ വ്യവസ്ഥ (ഭരണസംവിധാനം) വെളിച്ചത്തുകൊണ്ടുവന്നുവെന്നു പൗലോസ് പറഞ്ഞിരിക്കുന്നു. എഫെ. 3:2-ൽ പറയുന്ന 'വ്യവസ്ഥ' എന്ന പദവും(stewardship) യുഗം എന്നാണ് അർത്ഥമാക്കുന്നത്. മൂലഭാഷയിൽ രണ്ടും ഒരേ പദമാണ് (അടുത്തുള്ള ചാർട്ട് നോക്കുക).

ന്യായപ്രമാണത്തിൻ കീഴിൽ അറിയാൻ പാടില്ലായിരുന്ന മറ്റൊരു മർമ്മം, **യഹൂദന്മാരും ജാതികളും ചേർന്നുള്ള വിശ്വാസികളുടെ സമൂഹത്തിന്റെ മദ്ധ്യത്തിൽ ദൈവം താൻ തന്നെ വസിക്കുമെന്നതായിരുന്നു.** ന്യായപ്രമാണത്തിൻകീഴിൽ വളരെ കുറച്ച് വിശ്വാസികളിൽ മാത്രമെ പരിശുദ്ധാത്മാവ് അധിവസിച്ചിരുന്നുള്ളൂ ഭൂരിപക്ഷവും.

ഭൂരിപക്ഷം പഴയനിയമ വിശുദ്ധന്മാരും ദൈവവുമായുള്ള യഥാർത്ഥ കൂട്ടായ്മബന്ധം അനുഭവിച്ചിരുന്നില്ല. ന്യായപ്രമാണത്തിൻ കീഴിലായിരുന്ന യിസ്രായേലിൽനിന്നും വലിയ വ്യത്യാസത്തോടെ സഭയെ ദൈവത്തിന്റെ ഒരു പുതിയ പ്രവൃത്തിയായി ഒരിക്കൽകൂടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. കൊലൊ. 1:25-ലെ "ഉദ്യോഗം"(stewardship) എന്ന വാക്കിന്റെ അർത്ഥം "യുഗം"(dispensation) എന്നാണെന്നതു ശ്രദ്ധിക്കുക.

> നിങ്ങൾക്കുവേണ്ടി ദൈവം എനിക്കു നല്കിയിരിക്കുന്ന **ഉദ്യോഗപ്രകാരം** ദൈവവചനഘോഷണം നിവർത്തിക്കേണ്ടതിനു ഞാൻ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു. **അതു പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മം എങ്കിലും** ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു. അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിനു ഇഷ്ടമായി; **ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നെ** (കൊലൊ. 1:25–27).
>
> **നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ.** അതുനിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞ് ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും; ഈ മർമ്മം വലിയതു ; ഞാൻ **ക്രിസ്തുവിനെയും സഭയെയും** ഉദ്ദേശിച്ചത്രെ പറയുന്നതു. എന്നാൽ നിങ്ങളും അങ്ങനെതന്നെ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കേണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു. (എഫെ. 5:30–32).

കൂടുതൽ ആളുകളും 1 കൊരി. 15:51–52 ലെ മർമ്മം ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പ്പാണെന്ന് വ്യാഖ്യാനിക്കുന്നു.

> ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം. **നാം എല്ലാവരും നിദ്രകൊള്ളുകയില്ല** എന്നാൽ

> അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമ യ്ക്കുന്നതിനിടയിൽ **നാം എല്ലാവരും രൂപാന്തര പ്പെടും**; കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയ രായി ഉയിർക്കുകയും നാം പറന്നുപോകുകയും ചെയ്യും (1 കൊരി. 15:51–52).

ഇവിടെ പറയുന്ന ശരീരപുനരുത്ഥാനത്തെ, പൗലോസ് പറയുന്ന മർമ്മവുമായി തുല്യതയിൽ ചിന്തിച്ചാൽ, ശാരീരികപുനരുത്ഥാനം ന്യായപ്രമാണത്തിൻകീഴിൽ ഒരു രഹസ്യമായിരുന്നില്ല എന്ന പ്രശ്നം ഉദിക്കും (ഇ യ്യോ. 19:25–27; യെശ. 26:19; യെഹെ. 37:12; ദാനി. 12:2). അതുകൊണ്ട് പുനരുത്ഥാനത്തെ ഒരു മർമ്മമെന്നു പൗലോസ് വിളിക്കുന്നതായി നിർണ്ണയിക്കുന്നതിനു ബുദ്ധിമുട്ടുണ്ട്. യഥാർത്ഥത്തിൽ എന്താണു പറഞ്ഞിരി ക്കുന്നതെന്ന കൂടുതൽ സൂക്ഷ്മമായ പാരായണം ഒരു പ്രത്യേക നിർണ്ണയത്തിലേക്കു നയിക്കും. അതായത്, ഈ വാക്യത്തിലെ പുതിയ വെളിപ്പാടുകൾ, എല്ലാ വിശ്വാസി കളും മരണം അനുഭവിക്കും എന്നതല്ല; എല്ലാവരും മരിച്ചവരാകട്ടെ, ജീവിനോടിരിക്കുന്നവരാകട്ടെ, പെട്ടെന്നു ള്ള ഒരു രൂപാന്തരം ദൈവത്തിന്റെ കാഹളത്തിങ്കൽ അനുഭവിക്കും എന്നുള്ളതാണ് ആ നിർണ്ണയം. പുതിയ നിയമപഠിതാക്കൾ ഉടൻതന്നെ ഈ ആശയങ്ങളെ 1 തെസ്സ. 4:13–18 വരെ വാക്യങ്ങളുമായും ഉത്പ്രാപണ ഉപ ദേശവുമായും തുലനപ്പെടുത്താം. ന്യായപ്രമാണത്തിൻ കീഴുള്ളവർക്ക് അറിവില്ലാതിരുന്ന **മർമ്മം , ക്രിസ്തുമ ദ്ധ്യാകാശത്തിൽ മടങ്ങിവരികയും (ഭൂമിയിലേക്കല്ല) ക്രിസ്തുവിൽ വിശ്വസിച്ചവരെല്ലാവരും പെട്ടെന്നു രൂപാന്തരപ്പെടുകയും ചെയ്യും** എന്നതാണ്. മരിച്ചുപോയവർ ഉയിർത്തെഴുന്നേൽക്കയും തേജസ്കരി ക്കപ്പെടുകയും ചെയ്യും, ചിലരാകട്ടെ ഒരിക്കലും മരണം കാണുകയില്ല; അങ്ങനെയുള്ളവർ ഉത്തരക്ഷണത്തിൽ മരണം അനുഭവിക്കാതെതന്നെ തേജസ്കരിക്കപ്പെടും.

അപ്പോസ്തലിക കാലഘട്ടത്തിൽ വെളിപ്പെടുത്തപ്പെട്ട **അവസാനത്തെ "മർമ്മം"** എന്നത് **അധർമ്മത്തിന്റെ മർമ്മമാണ്** (2 തെസ്സ. 2:7). ആ പശ്ചാത്തലം അല്പം നൽകുന്നത് സഹായകരമായിരിക്കും.

> ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമെ വിശ്വാസത്യാഗം സംഭവിക്കുകയും നാശ യോഗ്യനും **അധർമ്മമൂർത്തിയുമായവൻ** വെളി പ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു. ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സക ലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതി രാളി അത്രെ. നിങ്ങളോടുകൂടെ ഇരിക്കു മ്പോൾതന്നെ ഞാൻ ഇതു നിങ്ങളോടു പറഞ്ഞു എന്നു ഓർക്കുന്നില്ലയോ? അവൻ സമയത്തിനു മുമ്പെ വെളിപ്പെടാതിരിക്കേണ്ടതിനു ഇപ്പോൾ തടു ക്കുന്നതു എന്തു എന്നു നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നു. ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്നു മാറി പ്പോക മാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെവായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യ ക്ഷതയുടെ പ്രകാശത്താൽ നശിപ്പിക്കും. അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്ന വർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്ത വണ്ണം വ്യാജമായ സകലശക്തിയോടും അടയാ ളങ്ങളോടും അനീതിയുടെ സകല വഞ്ചനയോ ടുംകൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാ ന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊ ള്ളാ യ്കയാൽ തന്നെ അങ്ങനെ ഭവിക്കും (2 തെസ്സ. 2:3–10).

2 തെസ്സലോനിക്യർ 2-ാം അദ്ധ്യായത്തിലെ അധർമ്മ മൂർത്തി ദൈവമെന്ന് അവകാശപ്പെട്ടുകൊണ്ട് ദൈവാല യത്തിൽ ഇരിക്കുന്നവനാണ് (വാക്യം 4). "ശൂന്യമാക്കുന്ന മ്ലേച്ഛതയെ"ക്കുറിച്ച് ക്രിസ്തു പറഞ്ഞ മുന്നറിയിപ്പുമായി "ഈ അധർമ്മമൂർത്തിയെ" തുലനപ്പെടുത്തേണ്ടതാണ് (മത്താ. 24:15 മുതലായ വാക്യങ്ങൾ). "അധർമ്മത്തിന്റെ മർമ്മം" എന്നത് "അന്തിക്രിസ്തുവിനെ ഉപയോഗിച്ച് ലോകത്തെ നിയന്ത്രിക്കാനാഗ്രഹിക്കുന്ന സാത്താന്യ കാര്യപരിപാടിയെ(പദ്ധതിയെ) സൂചിപ്പിക്കുകയാണ്. എന്നിരുന്നാലും ഈ വർത്തമാനകാലത്ത്(സഭാസംവി ധാനഘട്ടത്തിൽ) തടുക്കുന്ന ഒരുവനുണ്ട്; ലോകചരി ത്രിനായുള്ള ദൈവികപദ്ധതിയുടെ സമയം വരെ അധമ്മമൂർത്തി അധികാരത്തിൽ വരാതെ, അവൻ തടഞ്ഞുകൊണ്ടിരിക്കയാണ്.

ചില വ്യാഖ്യാതാക്കളുടെ കാഴ്ചപ്പാടിൽ അധർമ്മത്തെ തടയുന്നത് ഭരണാധികാരികളാണ്. എന്നാൽ 7-ാം വാക്യ ത്തിൽ വ്യക്തിപരമായ നാമവിശേഷണം "അവൻ" ഉപ യോഗിച്ചിരിക്കുന്നു. കൂടാതെ സാത്താനെ നിയന്ത്രിക്കു വാൻ തക്കവണ്ണം ഇന്നത്തെ ഭരണാധികാരികൾ ശക്തര ല്ല. അവർ അധർമ്മത്തെ തടയുന്നതിന് പകരം അധർമ്മം പ്രവർത്തിക്കുന്നവരാണ്. സഭയാണ് അധർമ്മത്തെ തട യുന്നതെന്നു ചിന്തിക്കുന്നവരുമുണ്ട്. ഇത് നല്ലൊരു അനു മാനമാണ്. എങ്കിലും സാത്താനെ എതിർക്കുവാൻ തക്ക വണ്ണം സഭയും പ്രാപ്തമല്ല. കൂടാതെ "അവൻ" എന്ന പ്രയോഗമനുസരിച്ച് സഭയെ നാമനിർദ്ദേശം ചെയ്യുന്നതു യോഗ്യവുമല്ല.

'തടസ്സം ചെയ്യുന്നവൻ' ആരാണെന്ന പ്രശ്നത്തിന്റെ ഏറ്റവും മെച്ചമായ പരിഹാരം അത് പരിശുദ്ധാത്മാവാ ണെന്ന് നിർണ്ണയിക്കുന്നതാണ്. "സാത്താന്റെ ശക്തമായ ആഗ്രഹങ്ങളെ തടയുവാൻ ശക്തിയുള്ളത് ദൈവത്തിനു മാത്രമാണ്. കൂടാതെ പരിശുദ്ധാത്മാവ് ഒരു വ്യക്തിയും

"അവൻ" (വാക്യം 7). എന്ന വിശേഷണത്തിന് അർഹനുമാണ്. എന്നാൽ "ആത്മാവ്" എന്നത് ഗ്രീക്കിൽ സ്ത്രീപുരുഷഭേദമില്ലാത്ത വാക്കാണ്. 6-ാം വാക്യത്തിൽ "തടുക്കുന്നത് എന്ത്" എന്ന പരാമർശത്തെ ഇത് വിശദീകരിക്കുകയും ചെയ്യുന്നു.

പരിശുദ്ധാത്മാവ് ഒരു പ്രത്യേക നിലയിൽ ഇന്ന് സഭയിൽ വസിക്കുന്നതുകൊണ്ട് (എല്ലാ വിശ്വാസിയിലും വസിച്ച് പരിശുദ്ധാത്മ സ്നാനത്താൽ അവരെ ഒരു ശരീരമാക്കിക്കൊണ്ട്) സഭ നിലനില്ക്കുന്നിടത്തോളം പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിദ്ധ്യം പിൻവലിക്കപ്പെടുന്നു എന്ന് ചിന്തിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ട്. 2 തെസ്സ. 2:6 ൽ സഭ മാറ്റപ്പെടുന്നതുവരെ പരിശുദ്ധാത്മാവ് അന്തിക്രിസ്തുവിന്റെ പ്രത്യക്ഷതയെ തടസ്സം ചെയ്തുകൊണ്ടിരിക്കും എന്ന ആശയം മനസ്സിലാക്കാം. (സഭയോടുകൂടെ പരിശുദ്ധാത്മാവിന്റെ സാക്ഷ്യവും പ്രത്യേകമായ സാന്നിദ്ധ്യവും ഈ ലോകത്തിൽ നിന്ന് മാറ്റപ്പെടുന്നു). ഉത്പ്രാപണത്തിൽ സഭ മാറ്റപ്പെടുന്നതോടുകൂടെ അധർമ്മമൂർത്തിയായ അന്തിക്രിസ്തുവിൻ പ്രത്യക്ഷതയും സാദ്ധ്യമാകും.

b. പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന മർമ്മങ്ങളെക്കുറിച്ചുള്ള ഉപസംഹാരചിന്തകൾ

യുഗങ്ങളെക്കുറിച്ചുള്ള വിഭജനപഠനത്തിൽ സുപരിചിതനായ ഒരാൾക്ക് പുതിയനിയമത്തിലെ 'മർമ്മങ്ങൾ' ആണ് യുഗപരമായ പഠനസമ്പ്രദായം പ്രദാനം ചെയ്യുന്നതെന്നു മനസ്സിലാക്കുന്നു. ക്രിസ്തുവിന്റെ ഒന്നും രണ്ടും വരവുകൾക്കിടയിൽ ഒരു കാലഘട്ടം ഉണ്ട് എന്നും ആ കാലഘട്ടത്തിൽ നല്ലതും തീയതും തൊട്ടുചേർന്നു പോകുന്നു എന്നും വ്യക്തമാണ്. (മത്തായി 13:1; മർക്കോ. 4:11; ലൂക്കോ. 8:10; 1 തിമൊ. 3:16). ഈ സമയത്ത് ദൈവം യിസ്രായേലിനെ മാറ്റി നിർത്തുകയും ക്രിസ്തുവിൽ ഒന്നായിരിക്കുന്ന യഹൂദനും ജാതിയും ഉൾക്കൊള്ളുന്ന സഭ എന്ന പുതിയ സംവിധാനത്തിലൂടെ പ്രവർത്തിക്കുകയും ചെയ്യും (റോമ. 11:25-29; എഫെ. 3:2-6; 5: 30-32; കൊലൊ. 1:25-27). ഒടുവിൽ ഈ സഭയുടെ ഉത്പ്രാപണം സംഭവിക്കുകയും മരിച്ചവർക്കും ജീവിച്ചിരുന്നവർക്കും മഹത്വീകരിക്കപ്പെട്ട ശരീരം ലഭിക്കുകയും ചെയ്യും. (1 കൊരി. 15:51-52) സഭ മാറ്റപ്പെടുന്നതോടുകൂടി അന്തിക്രിസ്തു എഴുന്നേല്ക്കും. 2 തെസ്സ. 2:3-10 . എങ്കിലും ഈ അധർമ്മമൂർത്തി (പാപമനുഷ്യൻ) കർത്താവിന്റെ വരവിൽ കൊല്ലപ്പെടുകയും അവൻ നല്ലതിനെ തീയതിൽ നിന്നു വേർതിരിക്കുകയും അന്ന് തന്റെ രാജ്യം ഈ ഭൂമിയിൽ ആരംഭിക്കുകയും ചെയ്യും. തുടർന്നു ദൈവം തന്റെ പ്രവർത്തനം യിസ്രായേലിൽ കൂടെ വീണ്ടും ആരംഭിക്കുകയും ചെയ്യും. പുതിയനിയമത്തിലെ "മർമ്മങ്ങൾ" കുറഞ്ഞത് മൂന്ന് ഭരണസംവിധാനങ്ങൾ അല്ലെങ്കിൽ യുഗങ്ങൾ ഉണ്ട് എന്നു തെളിയിക്കുന്നു. (ന്യായപ്രമാണം, സഭ, രാജ്യം) ഇതു നിരസിക്കുവാൻ കഴിയുകയില്ല.

5. ഭരണസംവിധാനത്തിന്റെ മാറ്റത്തിനുള്ള തെളിവുകൾ

ക്രിസ്തു ഭൂമിയിൽ നിന്നു പോയതിനുശേഷം ദൈവത്തിന്റെ പ്രവർത്തികൾക്ക് വളരെയധികം മാറ്റങ്ങൾ ഉണ്ടാകുമെന്നു സുവിശേഷത്തിൽ വളരെയധികം സൂചനകൾ നല്കിയിട്ടുണ്ട്. ഏറ്റവും വലിയ മാറ്റം ഉണ്ടായത് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലാണ് (ഇതു പത്താം അദ്ധ്യായത്തിലെ പരിശുദ്ധാത്മശാസ്ത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്).

തന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പരിശുദ്ധാത്മാവു അപൂർവ്വമായ രീതിയിൽ ഭൂമിയിലേക്കു വരുമെന്നു ക്രിസ്തു തന്റെ ശിഷ്യന്മാർക്കു വാഗ്ദത്തം ചെയ്തു (യോഹ. 16:7-13 വരെ). ന്യായപ്രമാണ യുഗത്തെക്കാൾ വ്യത്യസ്തമായി **പരിശുദ്ധാത്മാവ് എല്ലാ വിശ്വാസികളിലും അവർ രക്ഷിക്കപ്പെട്ട സമയംമുതൽ സ്ഥിരമായി വസിക്കുന്നു**(യോഹ. 7:37-39; 14:16-17; റോമ. 8:9; 1 കൊരി. 12:13). യോഹന്നാൻ സ്നാപകൻ മുൻകൂട്ടി പറഞ്ഞതുപോലെ (മത്തായി 3:11; മർക്കോസ് 1:8; ലൂക്കോ 3:16; യോഹ. 1:33). ക്രിസ്തുവിന്റെ ശരീരമായ (1 കൊരി. 12:13) സഭയുടെ രൂപീകരണത്തിനായി പരിശുദ്ധാത്മ സ്നാനവും ക്രിസ്തു പോയതിനുശേഷം (പ്രവ. 1:5) സംഭവിച്ചു.

ന്യായപ്രമാണവും സഭയും തമ്മിൽ വലിയ വ്യത്യാസമുണ്ട് എന്നു തെളിയിക്കുകയും യുഗപരമായ ആശയത്തെ അനുകൂലിക്കുകയും ചെയ്യുന്നതാണ്. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലെ ഈ മാറ്റങ്ങൾ മത്തായി 16:18 ഞാൻ എന്റെ സഭയെ പണിയും എന്നു ക്രിസ്തു പറഞ്ഞപ്പോൾ **സഭ ഭാവിപരമായിരുന്നു** എന്നതും ഊന്നൽ നൽകേണ്ടതാണ്. ക്രിസ്തുവിന്റെ പഠിപ്പിക്കലുകളിൽ കൂടുതലും **യഹൂദമതത്തിൽ നിന്നും സഭയിലേക്കുള്ള മാറ്റത്തിന്റെ ഒരുക്കമായിരുന്നു അഥവാ പ്രാരംഭമായിരുന്നു.**

അവസാനമായി ആരാധനയുടെ ദിവസം ശബ്ബത്തിൽ (ശനിയാഴ്ച) നിന്നു ഞായറാഴ്ചയിലേക്കു മാറിയതും ന്യായപ്രമാണവും സഭയും തമ്മിൽ അടിസ്ഥനപരമായ വ്യത്യാസം ഉണ്ട് എന്നു സ്ഥാപിക്കുകയാണ് (പ്രാദേശിക സഭ എന്ന ഭാഗം നോക്കുക)

6. "*യുഗം*" എന്നത് ഒരു ബൈബിൾ പ്രയോഗമോ?

'യുഗം' എന്നത്, ത്രിത്വം; ഉൽപ്രാപണം എന്നീ പ്രയോഗങ്ങളെ അപേക്ഷിച്ച് തിരുവെഴുത്തിൽ കാണാവുന്ന ഒരു പ്രയോഗമാണ്. 'യുഗം' എന്നത് ഒരു പഴയ ഇംഗ്ലീഷുപദമാണ്; ഇംഗ്ലീഷുബൈബിളിന്റെ അധികൃത ഭാഷാന്തരക്കാർ 'ഒയിക്കനോമിയ' എന്ന ഗ്രീക്കുപ്രയോഗമാണ് ഇപ്രകാരം *യുഗം*(dispensation) എന്നു തർജ്ജമ ചെയ്തത്. 'വിഭവവിനിയോഗം,' 'ആയ-വ്യയവ്യവസ്ഥ' എന്നീ അർത്ഥമുള്ള economy എന്ന വാക്ക് ഇതിൽ

നിന്നും രൂപപ്പെട്ടതാണ്. 'ഭവനം' എന്നർത്ഥമുള്ള oikos എന്ന പ്രയോഗവും 'പ്രമാണം' എന്നർത്ഥമുള്ള nomos എന്ന പ്രയോഗവും ചേർന്ന സമ്മിശ്രപ്രയോഗമാണിത്. (ആവർത്തനപുസ്തകം സൂചിപ്പിക്കുന്ന "രണ്ടാമത്തെ പ്രമാണം" എന്നതുപോലെ). ഇപ്രകാരം ഇത് 'ഭവനക്കാരുടെ പ്രമാണത്തെ' സൂചിപ്പിക്കുന്നു അഥവാ ഒരു ഭവനത്തിന്റെ ഭരണപരമായ നിബന്ധനകളെന്നോ, ഭരണവ്യവസ്ഥയെന്നോ ഇതിനെ വിവക്ഷിക്കാം. ചുരുക്കത്തിൽ ഗൃഹവിചാരകത്വം എന്നു ധ്വനിക്കുന്നു. അനേക പുത്രീപുത്രന്മാരും, ദാസന്മാരും കൂലിക്കാരുമുള്ള വലിയ ഭൂസ്വത്തോടുകൂടിയ ഒരു ഗ്രാമീണകുടുംബത്തെ സങ്കല്പിക്കുക. കണക്കെഴുത്തുകാരും ഭവനക്കാർക്ക്, ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നവരും തോട്ടഉല്പന്നങ്ങൾ വില്ക്കുന്നവരും അവിടെയുണ്ടാകും. ഇത്ര വലിയ ഒരു ഭവനക്കാരുടെ ആയവ്യയ പ്രവർത്തനങ്ങൾ നിയന്ത്രിക്കയോ കാര്യവിചാരകത്വം നടത്തുകയോ ചെയ്യുന്ന ക്രമസംവിധാനം അഥവാ സമ്പ്രദായത്തെയാണ് നാം ഒരു 'വിനിയോഗവ്യവസ്ഥ'(economy) എന്നു വിളിക്കുന്നത്. താഴെപ്പറയുന്ന ചാർട്ടിൽ കാണുന്നതുപോലെ, ആധുനികപരിഭാഷകർ 'യുഗം' (dispensation) എന്ന അതിപുരാതനപ്രയോഗം വിട്ടുകളയുകയും തൽസ്ഥാനത്ത് ഇതര തർജ്ജമകൾ ഉപയോഗിക്കുകയും ചെയ്തിരിക്കുന്നു:

വാക്യം	NASB	NIV
ലൂക്കോസ് 16:2	ഭരണനിർവ്വഹണം	ഭരണനിർവ്വഹണം
ലൂക്കോ. 16:3	ഭരണനിർവ്വഹണം	എന്റെ ഉദ്യോഗം(as manager)
ലൂക്കോ. 16:4	ഭരണനിർവ്വഹണം	എന്റെ ഉദ്യോഗം(as manager)
1കൊരി. 9:17	ഗ്രഹവിചാരകത്വം	ഭരമേല്പിച്ചത്
എഫെ. 1:10	കാര്യനിർവഹണം	(തർജ്ജമ ചെയ്തിട്ടില്ല)
എഫെ. 3:2	ഗ്രഹവിചാരകത്വം	കാര്യനിർവണം
എഫെ. 3:9	കാര്യനിർവഹണം	കാര്യനിർവഹണം
കൊലൊ. 1:25	ഗ്രഹവിചാരകത്വം	നിയോഗം
1 തിമൊ. 1:4	കാര്യനിർവഹണം	ദൈവവേല

KJV യിൽ "*യുഗം*" എന്ന വാക്ക് നാലു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. വിനിയോഗവ്യവസ്ഥ(economy) എന്ന പദമാണ് ഇപ്രകാരം പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ഈ പഴയ പദത്തിൽനിന്നാണ് "യുഗപരപഠനം" എന്ന പേര് സ്വീകരിച്ചിരിക്കുന്നത്. എന്നിരുന്നാലും കാലികപ്രസക്തമായ പല പര്യായപദങ്ങളും ഇതേ ആശയം ഉൾക്കൊള്ളുന്നതാണ്.

'വിനിയോഗവ്യവസ്ഥ' എന്നത് ഒരു വ്യാപാരസമ്പ്രദായമാണ്. അമേരിക്കൻ ഐക്യനാടുകൾ 'മുതലാളിത്ത വ്യവസ്ഥിതി'യും റഷ്യ, 'കമ്യൂണിസ്റ്റ്വ്യവസ്ഥിതി'യുമാണ്. ഒരു ഭരണകൂടത്തിന് മാർഗ്ഗദർശനമരുളുന്ന കാര്യനിർവഹണക്രമമാണ് 'ഭരണസംവിധാനം'. വാഷിംഗ്ടൺ, ജഫേഴ്സൺ, ലിങ്കൺ, റൂസ്വെൽറ്റ് എന്നിവർ പല രാഷ്ട്രീയ വ്യവസ്ഥിതിയിൽ അഥവാ ഗവൺമെന്റിന്റെ വിവിധ ഭരണച്ചുമതലയിൽ പ്രവർത്തിച്ചവരാണ്. ഗൃഹവിചാരകത്വം എന്നത് വസ്തുവോ സ്വത്തോ മേൽനോട്ടം വഹിച്ച് കാര്യനിർവ്വഹണം നടത്താനുള്ള നിയോഗമോ ചുമതലപ്പെടുത്തലോ ആണ്. യോസേഫിന് പൊത്തിഫേറിന്റെ വീട്ടിൽ വിചാരകത്വം (യുഗം) ഉണ്ടായിരുന്നു. അടിസ്ഥാനരൂപത്തിൽ 'യുഗം' എന്നത് നടത്തിപ്പിന് ഉള്ള സംവിധാനം, സംഘടനയുടെ നടത്തിപ്പിന് ഉള്ള നിയമം എന്നൊക്കെ മനസ്സിലാക്കാം. ഇപ്രകാരം 'യുഗം' എന്നത് ഭരണച്ചുമതല, കാര്യനിർവഹണം, ചുമതലപ്പെടുത്തൽ അഥവാ ഭരമേൽപ്പിക്കൽ, നിയോഗം എന്നിവയുടെ ക്രമ സംവിധാനമാണ്. ഇതിനാൽ ദൈവം മനുഷ്യന് ചില പ്രത്യേകമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുവാൻ നൽകുന്നു. യുഗപരപഠനം ലളിതമായി അർത്ഥമാക്കുന്നത് ദൈവത്തിന്റെ 'വിശ്വാസഭവനക്കാർ' എപ്രകാരം ജീവിക്കുകയും പ്രവർക്കിക്കുയും ചെയ്യണമെന്നാണോ ദൈവം ആഗ്രഹിക്കുന്നത്, തദനുസൃതമായി അവിടുന്ന് വ്യത്യസ്തക്രമങ്ങൾ അഥവാ സമ്പ്രദായങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നത്രേ. ഈ വ്യത്യസ്ത ഭരണച്ചുമതലകൾ വ്യത്യസ്ത രക്ഷാമാർഗ്ഗങ്ങൾ ഉൾക്കൊള്ളുന്നില്ല. എന്തെന്നാൽ എല്ലായ്പ്പോഴും രക്ഷ വിശ്വാസത്താൽ മാത്രമാണ് (ഉല്പത്തി 15:6; ഹബക്കൂക്ക് 2:4). ദൈവത്തിന്റെ പദ്ധതിയും ഹിതവും പൂർത്തീകരിക്കുവാൻ ലോകത്തിൽ പ്രവർത്തിക്കേണ്ടതിന്, ദൈവം തന്റെ ജനം ചെയ്യാനാഗ്രഹിക്കുന്ന ഉത്തരവാദിത്തങ്ങളും ചുമതലകളും വ്യത്യസ്തമാണ്.

വേദപുസ്തകത്തിലെ *യുഗം* എന്ന ഒൻപതു പരാമർശങ്ങളിൽവെച്ച് പഴയ ന്യായപ്രമാണ സംവിധാനത്തിൽ നിന്നും വലിയ വൈരുദ്ധ്യമുള്ള ഒരു പുതിയ ഭരണസംവിധാനമാണ് സഭയെന്ന സത്യത്തെ പ്രബലപ്പെടുത്തുന്നതായ അതിശക്തമായ ഭാഗങ്ങൾ എഫെസ്യർ 3 ഉം കൊലൊ. 1 ഉം ആണ്. KJV *യുഗം* എന്ന പദം തന്നെ ഉപയോഗിക്കുന്നതുകൊണ്ട് ആ പേരിൽ അറിയപ്പെടുന്ന ദൈവശാസ്ത്രപഠനസമ്പ്രദായത്തെ പിൻതുണച്ചുകൊണ്ട് ആ ഭാഗങ്ങൾ ചുവടെ ഉദ്ധരിക്കുകയാണ്:

> സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു അവൻ **ലോകസ്ഥാപന**ത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തിരം നമ്മെ തെരഞ്ഞെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുന്നയിമിക്കുകയും ചെയ്തുവല്ലോ. അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്നെ വീണ്ടെടുപ്പു ഉണ്ട്. അതു അവൻ നമുക്കു താൻ ധാരാളമായി കാണിച്ച **കൃപാധാനപ്രകാരം** സകലജ്ഞാനവും വിവേകവുമായി നല്കിയിരിക്കുന്നു. അവനിൽ താൻ മുൻനിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം **തന്റെ ഹിതത്തിന്റെ മർമ്മം** അവൻ നമ്മോടു അറിയിച്ചു. അതു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥയ്ക്കായിക്കൊണ്ടു തന്നെ. അവനിൽ നാം അവകാശവും പ്രാപിച്ചു. തന്റെ ഹിതത്തിന്റെ ആലോചനപോലെ, സകലവുംപ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നിയമിക്കപ്പെട്ടതു മുമ്പിൽക്കൂട്ടി **ക്രിസ്തുവിൽ** ആശവെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കാകേണ്ടതിനു തന്നെ (എഫെ. 1:3–12).

> ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ **സഭയായ** അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു. നിങ്ങൾക്കുവേണ്ടി ദൈവം എനിക്കു നല്കിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചനഘോഷണം നിവർത്തിക്കേണ്ടതിനു ഞാൻ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു. അതു പൂർവ്വകാലങ്ങൾക്കും **തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മം** എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു. അവരോടു **ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ** മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിനു ഇഷ്ടമായി. ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ **ക്രിസ്തു നിങ്ങളിൽ** ഇരിക്കുന്നു എന്നുള്ളതു തന്നെ (കൊലൊ. 1:24–27).

രണ്ടു ഭാഗത്തും പൗലോസ് പറയുന്നത് തനിക്കു സഭയാകുന്ന പുതിയ കാര്യനിർവഹണത്തെക്കുറിച്ചോ യുഗത്തെക്കുറിച്ചോ വെളിപ്പാട് ലഭിച്ചിരുന്നുവെന്നാണ്. പഴയനിയമ വിശുദ്ധന്മാർക്ക് ഈ സംവിധാനത്തെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. എന്നാൽ ഇത് തുടർന്നു അപ്പോസ്തലന്മാർക്കും പുതിയനിയമ പ്രവാചകന്മാർക്കും വെളിപ്പെടുത്തി. ന്യായപ്രമാണകാലഘട്ടത്തിലുണ്ടായിരുന്ന വ്യവസ്ഥിതിക്ക് വ്യത്യസ്തമായി സഭ, യഹൂദന്മാരും ജാതികളും ചേർന്ന് ഒരു ശരീരമായിത്തീർന്നു. ഈ യുഗങ്ങൾ അഥവാ ഭരണസംവിധാനങ്ങൾ തമ്മിലുള്ള മറ്റൊരു വ്യത്യാസം, ക്രിസ്തുവിന്റെ അധിവാസത്തോടുകൂടിയ എല്ലാ വിശ്വാസികളുടെയും ഐക്യതയാണ്. ഈ വ്യവസ്ഥിതി അല്ലെങ്കിൽ യുഗത്തെക്കുറിച്ച് എല്ലാ മനുഷ്യരെയും മനസ്സിലാക്കുവാനുള്ള വലിയ ഉത്തരവാദിത്തം ദൈവം പൗലോസിനു നൽകിയതായി എഫെസ്യർ 3: 9 നമ്മെ പഠിപ്പിക്കുന്നു. ക്രൈസ്തവസഭാമണ്ഡലത്തിലെ ചില വിഭാഗങ്ങൾ യുഗപരപഠനം അപൂർവ്വമായൊരു വിപരീതോപദേശമായി തരംതിരിക്കത്തക്കനിലയിൽ തിരുവെഴുത്തുകളെക്കുറിച്ച് അത്രയ്ക്ക് അജ്ഞരാണെന്നത് അതിശയമുളവാക്കുന്നു.

7. വ്യത്യസ്ത യുഗങ്ങളെ സംബന്ധിച്ച വിശദാംശം

യുഗപരപഠനം സംബന്ധിച്ചുള്ള ഏറ്റവും വലിയ തെറ്റിദ്ധാരണ ഇതു രക്ഷയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ പഠിപ്പിക്കുന്നു എന്നതാണ്. ഇത് ലളിതമായി പറഞ്ഞാൽ ശരിയല്ല. പഴയനിയമ വിശുദ്ധന്മാർ രക്ഷിക്കപ്പെട്ടത് വിശ്വാസത്താൽ ആണ് (ഉല്പ. 15:6; ഹബ. 2:4; റോമ. 4:6). യാഗങ്ങൾ മാത്രം രക്ഷയ്ക്കു മതിയായിരുന്നില്ല എന്നവസ്തുത പഴയനിയമവിശുദ്ധന്മാർ മനസ്സിലാക്കിയിരുന്നു. യാഗം അർപ്പിക്കുന്നതിനാൽ പ്രകടമാക്കിയ വിശ്വാസമാണ് അവരെ രക്ഷിച്ചത്(നോക്കുക. 1 ശമു. 15: 22; സംഖ്യ. 40:6, 51:16; സദൃ. 15:8; 21:27; യെശ. 1:11; ഹോസേ. 6:3–6; മീഖാ. 6:6; എബ്രാ. 9:12; 10:3).

ദൈവവേല ചെയ്യുന്നതിലെ വ്യത്യസ്ത ക്രമങ്ങൾ, ദൈവഹിതം അനുവർത്തിക്കുന്നതിൽ പുലർത്തേണ്ട വ്യത്യസ്തരീതികൾ, ദൈവത്തിന്റെ വിശ്വാസഭവനം ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ അതിന്റെ മേൽനോട്ടം വഹിക്കുന്നതിലെ വിവിധ ഉത്തരവാദിത്വങ്ങൾ, ആവശ്യോപാധികൾ എന്നിവയെല്ലാം–യുഗങ്ങൾ

പ്രതിനിധീകരിക്കുന്നുണ്ടാകാം. എന്നാൽ; **യുഗപര പഠനം വ്യത്യസ്ത രക്ഷാമാർഗ്ഗങ്ങൾ പഠിപ്പിക്കുന്നില്ല.**

അമേരിക്കൻ ഐക്യനാടുകൾക്ക്(വിവിധ സംസ്ഥാനങ്ങൾക്കെല്ലാം കൂടെ) ഭരണഘടനയനുസരിച്ച് ഒറ്റ ഗവൺമെന്റേയുള്ളൂ. എന്നാൽ നാല്പതിലധികം കാര്യനിർവ്വാഹകസമിതികളാണ് അതു നിയന്ത്രിക്കുന്നത്. ഇതുപോലെ ദൈവത്തിന്റെ ഒറ്റ ദിവ്യഭരണമേയുള്ളൂ. എന്നാൽ അതിന്റെ മേൽനോട്ടത്തിന് വിവിധ കാര്യനിർവ്വഹണ സംവിധാനങ്ങൾ അവിടുന്ന് രൂപകല്പന ചെയ്തിട്ടുണ്ട്. ദൈവത്തിന്റെ സ്വഭാവങ്ങൾക്ക് മാറ്റമില്ല. രക്ഷയുടെ മാർഗ്ഗവും മാറുന്നില്ല. എങ്കിലും തന്റെ ജനത്തിൽക്കൂടെയുള്ള പ്രവർത്തനങ്ങൾക്കു മാറ്റം വരുത്തിക്കൊണ്ട് അവരുമായുള്ള ദൈവത്തിന്റെ ഭരണപരമായ ബന്ധം ദൈവം വ്യത്യസ്തങ്ങളാക്കിയിട്ടുണ്ട് അഥവാ അങ്ങനെയുള്ള മാറ്റങ്ങൾ വരുത്തുവാൻ ദൈവത്തിനു കഴിയും. യുഗങ്ങൾക്ക് സമയം ബാധകമാണെങ്കിലും സമയം ദ്വിതീയ ഘടകം മാത്രമാണ്. തന്റെ വിശ്വാസ ഭവനക്കാർ പ്രാവർത്തികമാക്കുന്നതിന്, ദൈവം നിയമിക്കുന്ന വ്യത്യസ്തമായൊരു ക്രമസംവിധാനമാണ് ഒരു യുഗം എന്നു പറയുന്നത്. കമ്മ്യൂണിസ്റ്റ്; മുതലാളിത്തകാലഘട്ടങ്ങളെ പരാമർശിക്കാതെതന്നെ; വിപരീതമായി, കമ്മ്യൂണിസ്റ്റ്, മുതലാളിത്തവ്യവസ്ഥിതികളെ പരമാർശിക്കുന്നതായിരിക്കുമല്ലോ കൂടുതൽ നല്ലത്. ഇതുപോലെ ന്യായപ്രമാണയുഗമെന്നോ സഭായുഗമെന്നോ സൂചിപ്പിക്കാതെ ന്യായപ്രമാണസംവിധാനം; സഭാ സംവിധാനം (ക്രമീകരണം) എന്നു സൂചിപ്പിക്കുന്നതായിരിക്കും കൂടുതൽ സൂക്ഷ്മവും കൃത്യവുമായുള്ളത്.

മുൻപ്രസിഡന്റിന്റെ ഭരണപരമായ നിയമങ്ങളും ശാസനകളും പ്രത്യേകം റദ്ദാക്കുന്നതുവരെ പ്രാബല്യത്തിലിരിക്കുന്നതുപോലെ തന്നെ; മുൻഭരണവ്യവസ്ഥിതിയിൽ നിന്നുള്ള നിബന്ധനകൾ സഭാഭരണസംവിധാനത്തിലും ബന്ധിതമാണെന്നു കരുതേണ്ടതാണ്; അല്ലാത്തപക്ഷം അവ റദ്ദാക്കപ്പെട്ടുവെന്നു പറയണം.

ആകയാൽ, നാം മേലാൽ രക്തം ചൊരിഞ്ഞ് യാഗാർപ്പണം ചെയ്യേണ്ടതില്ല. എന്നിരുന്നാലും മാനുഷികഭരണയുഗം റദ്ദു ചെയ്യപ്പെട്ടതായി പിൽക്കാല തിരുവെഴുത്തുകൾ പ്രസ്താവിക്കുന്നില്ല. അതുകൊണ്ട് വധശിക്ഷ പോലെയുള്ള സത്യങ്ങൾ ഇന്നും ശക്തമായി പ്രാബല്യത്തിൽ ഇരിക്കുന്നു. യുഗങ്ങളിൽ സമയം ഒരു ദ്വിതീയഘടകം മാത്രമാണെന്നു വീണ്ടും പറഞ്ഞുകൊള്ളട്ടെ. താഴെ നൽകിയിരിക്കുന്ന ചാർട്ട് A-യിലും B-യിലും കാണിച്ചിട്ടുള്ളതുപോലെ മുൻയുഗങ്ങളിലെ നിബന്ധനകൾ പിൽക്കാലയുഗങ്ങളിലെ നിബന്ധനകളുമായി, ഒരു ഗണത്തിൽ-ഒരു സഞ്ചയമായി-പരിഗണിക്കുകയാണുത്തമം (അടുത്ത പേജിലെ ചാർട്ട് നോക്കുക).

8. ഉപസംഹാരം

ദൈവത്തിന്റെ ഭരണത്തിൻകീഴിലെ അതുല്യമായ ഭരണസംവിധാനമാണ് സഭ. ന്യായപ്രമാണവും കൃപയും തമ്മിലുള്ള വ്യത്യാസവും ഭാവിയിലെ സഹസ്രാബ്ദ വാഴ്ചയും മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്ന വേദവിദ്യാർത്ഥികൾ ഒരിക്കലും ബൈബിളിലെ വിശദാംശങ്ങൾ പൂർണ്ണമായും മനസ്സിലാക്കുന്നില്ല. യുഗപരമായ കാര്യങ്ങളെ കൂടാതെ തിരുവെഴുത്തിലെ വലിയൊരു ഭാഗം മനസ്സിലാക്കാനാവാതെ മറഞ്ഞിരിക്കുന്നതായോ ദുർഗ്രഹമായോ അവശേഷിക്കും. തെറ്റായ ആശയങ്ങൾ രൂപപ്പെടുവാനുള്ള മുഖാന്തിരമായി അവ തീരും എന്നത് അതിലേറെ ദുഃഖകരവുമാണ്.

V. പ്രാദേശിക സഭ

യേശുക്രിസ്തുവിൽ വിശ്വസിച്ച ദൈവമക്കളുടെ കൂട്ടമാണ് പ്രാദേശിക സഭ. സാർവ്വത്രിക സഭയെപ്പോലെ ഇതും "വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം" അത്രെ. ആണ്. എന്നാൽ സാർവ്വത്രികസഭയിൽ നിന്ന് വ്യത്യസ്തമായി ക്രിസ്തുവിൽ യഥാർത്ഥമായി വിശ്വസിക്കാത്തവരും പ്രാദേശിക സഭയിൽ ഉൾപ്പെട്ടു എന്നു വരാം. അങ്ങനെയുള്ള ഒരു വ്യക്തി പ്രാദേശിക സഭയിൽ അംഗമാണെങ്കിലും സാർവ്വത്രിക സഭയിൽ അംഗമല്ല. മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്ന വിശ്വാസികളും സാർവ്വത്രിക സഭയുടെ അംഗമാണ്. അങ്ങനെയാണെങ്കിൽ എല്ലാ പ്രാദേശിക സഭകളും കൂടി ഒന്നിച്ചു ചേർന്നാലും സാർവ്വത്രിക സഭയുടെ എല്ലാ അംഗങ്ങളും ആകുന്നില്ല. കാരണം അവരിൽ അധികം പേരും സ്വർഗ്ഗത്തില് ആണ്. ഒരു വ്യക്തി സാർവ്വത്രിക സഭയുടെ അംഗമാണെങ്കിലും പ്രാദേശിക സഭയിൽ പങ്കെടുക്കാതിരിക്കുവാനും കഴിയും.

A. പ്രാദേശിക സഭയുടെ ഉദ്ദേശം

പൊതുവായി പറഞ്ഞാൽ പ്രാദേശിക സഭയുടെ ഉദ്ദേശം സാർവ്വത്രിക സഭയുടേത് തന്നെയാണ്. സഭ നിലനില്ക്കുന്നത് ദൈവത്തെ മഹത്വപ്പെടുത്തുവാനാണ് (ബഹുമാനിക്കുക, സ്തുതിക്കുക, ആരാധിക്കുക, ആദരിക്കുക, സ്തോത്രം ചെയ്യുക).

> ഗുരോ, ന്യായപ്രമാണത്തിൽ ഏതു കല്പന വലിയത് എന്നു ചോദിച്ചു. യേശു അവനോടു: **നിന്റെ ദൈവമായ കർത്താവിനെ** നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം. **ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന** (മത്തായി 22:36-38).
>
> എന്നാൽ നിങ്ങൾ ഐക്യമത്യപ്പെട്ടു, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ



ദൈവത്തെ ഏകമനസ്സോടെ ഒരുവായിനാൽ **മഹത്വീകരിക്കേണ്ടതിനു** സ്ഥിരതയും ആശ്വാസവും നല്കുന്ന ദൈവം നിങ്ങൾക്ക് ക്രിസ്തുയേശുവിന് അനുരൂപമായി തമ്മിൽ ഏകചിന്തയോടിരിപ്പാൻ കൃപ നല്കുമാറാകട്ടെ (റോമ. 15:5-6).

പിതാക്കന്മാർക്ക് ലഭിച്ച വാഗ്ദത്തങ്ങളെ ഉറപ്പിക്കേണ്ടതിന് ക്രിസ്തു ദൈവത്തിന്റെ സത്യം നിമിത്തം പരിച്ഛേദനയ്ക്കു ശുശ്രൂഷക്കാരനായി തീർന്നുവെന്നും ജാതികൾ ദൈവത്തെ അവന്റെ കരുണ നിമിത്തം **മഹത്വീകരിക്കേണമെന്നും** ഞാൻ പറയുന്നു (റോമ. 15:8-9).

അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തിരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ **തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി** സ്നേഹത്തിൽ നമ്മെ മുൻനിമയിക്കുകയും ചെയ്തുവല്ലോ (എഫെ. 1:5-6).

തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുൻനിർണ്ണയിക്കപ്പെട്ടത് മുമ്പിൽക്കൂട്ടി

ക്രിസ്തുവിൽ ആശവച്ചവരായ ഞങ്ങൾ **അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായിരിക്കേണ്ടതിനു** തന്നെ. അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യം വചനം നിങ്ങൾ കേൾക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്തിട്ടു തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി **തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ടു** തന്റെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു (എഫെ. 1:12–14).

സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്കു ജാതികളോടു **ക്രിസ്തുവിന്റെ അപ്രമേയ ധനത്തെക്കുറിച്ച്** പ്രസംഗിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്നു എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നല്കിയിരിക്കുന്നു. അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം....അവന് **സഭയിലും ക്രിസ്തുയേശുവിലും** എന്നേക്കും **തലമുറതലമുറയായും മഹത്വമുണ്ടാകട്ടെ** ആമേൻ (എഫെ. 3:9–10; 21).

അവൻ **സഭയെന്ന** ശരീരത്തിന്റെ **തലയും** ആകുന്നു. സകലത്തിലും താൻ മുമ്പനാകേണ്ടതിനു **അവൻ ആരംഭവും** മരിച്ചവരുടെ ഇടയിൽ നിന്നു **ആദ്യനായി എഴുന്നേറ്റവനും** ആകുന്നു (കൊലൊ. 1:18).

നമ്മുടെ ദൈവം തന്റെ വിളിക്കു യോഗ്യരായി എണ്ണി സൽഗുണത്തിലുള്ള സകല താത്പര്യവും **വിശ്വാസത്തിന്റെ പ്രവൃത്തിയിൽ ശക്തിയോടെ പൂർണ്ണമാക്കിത്തരേണമെന്ന് നിങ്ങൾക്കു വേണ്ടി** എപ്പോഴും പ്രാർത്ഥിക്കുന്നു (2 തെസ്സ. 1:12).

നിങ്ങളോ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ **വിളിച്ചവന്റെ സത്ഗുണങ്ങളെ** ഘോഷിപ്പാനത്രേ നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു (1 പത്രൊ. 2:9).

ഒരുത്തൻ പ്രസംഗിക്കുന്നുവെങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു എന്നപോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നുവെങ്കിൽ **ദൈവം നല്കുന്ന പ്രാപ്തിക്കു ഒത്തവണ്ണവും ആകട്ടെ.** എല്ലാറ്റിലും ദൈവം യേശുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ. **മഹത്വവും ബലവും എന്നെന്നേക്കും അവനുള്ളതു ആമേൻ** (1 പത്രൊ. 4:11).

കർത്താവേ "നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവായി ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും **ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞും കൊണ്ടു തങ്ങളുടെ കിരീടങ്ങളെ** സിംഹാസനത്തിനു മുമ്പിൽ ഇടും (വെളി. 4:11).

ദൈവത്തെ ആദരിക്കുക എന്ന പൊതുവായ ഉദ്ദേശം സഭയുടെ പ്രധാനപ്പെട്ട വിവിധ ശുശ്രൂഷകളിൽകൂടെ നിർവ്വഹിക്കപ്പെടുന്നു. സംസ്കാരങ്ങൾ മാറുമ്പോഴും തലമുറകൾ മാറുമ്പോഴും പ്രവർത്തനരൂപത്തിന് മാറ്റമുണ്ടാകാമെങ്കിലും അടിസ്ഥാന പ്രമാണങ്ങൾക്കും സഭയുടെ പ്രധാന പ്രവർത്തനങ്ങൾക്കും യാതൊരു മാറ്റവും ഉണ്ടാകുന്നില്ല. അത് പ്രാധാന്യമനുസരിച്ച് പ്രത്യേകമായി എഴുതപ്പെട്ടിട്ടില്ല. എല്ലാം പ്രാധാന്യമുള്ളതും ഒരു പ്രാദേശിക സഭയ്ക്കുവേണ്ടിയുള്ള ദൈവോദ്ദേശ്യം നിവത്തിക്കേണ്ടതിന് ഉചിതമാംവണ്ണം നടപ്പിൽ വരുത്തേണ്ടതുമാണ്.

1. പഠിപ്പിക്കൽ/ ഉപദേശം

വലിയ നിയോഗത്തിന്റെ ഒരു പ്രധാന ഭാഗമാണ് **പഠിപ്പിക്കൽ** എന്നുള്ളത് വിശ്വാസികൾ പലപ്പോഴും മറന്നു പോകാറുണ്ട്. "ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിക്കാൻ തക്കവണ്ണം **ഉപദേശിച്ചും**കൊണ്ട്" (മത്തായി 28: 20). ഇങ്ങനെ ഉപദേശം പഠിപ്പിക്കാത്ത സഭകൾ ദൈവവചനനാനുസൃതമല്ല എന്ന ആശയത്തെ പിൻതാങ്ങുന്ന അനേക പ്രസ്താവനകൾ ഉണ്ട്. ഉപദേശവിഷയങ്ങൾ പഠിപ്പിക്കുമ്പോൾ ദൈവശാസ്ത്രം വ്യാകരണമനുസരിച്ച് അപഗ്രഥിക്കമാത്രം ചെയ്യാതെ സദാചാരസംഹിതകളും ക്രിസ്തീയശുശ്രൂഷയും ഉൾപ്പെടത്തക്കനിലയിൽ ബന്ധിപ്പിക്കേണ്ടതാണ്. സത്യത്തിന്റെ തൂൺ എന്ന നിലയിൽ സഭ ദൈവവചനം പഠിപ്പിച്ചേമതിയാവൂ(1 തിമൊ. 1:15).(നോക്കുക. എഫെ. 4:11, 12).

അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന **കഴിച്ചും പോന്നു** (അപ്പോ.പ്രവ. 2:42).

അവ്വണ്ണം നിങ്ങളും ആത്മവരങ്ങളെക്കുറിച്ച് വാഞ്ഛയുള്ളവരാകയാൽ സഭയുടെ **ആത്മിക വർദ്ധനയ്ക്കായി** സഫലന്മാരാകുവാൻ ശ്രമിപ്പിൻ (1 കൊരി. 14:12).

ആകയാൽ എന്തു? സഹോദന്മാരെ നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപ്പാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട് **സകലവും ആത്മിക വർദ്ധനയ്ക്കായി ഉതകട്ടെ** (1 കൊരി. 14:26).

അവനിൽ വേരൂന്നിയും ആത്മിക വർധന പ്രാപിച്ചും നിങ്ങൾക്കു **ഉപദേശിച്ചുതന്നതിനൊത്തവണ്ണം** വിശ്വാസത്താൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ (കൊലൊ. 2:7).

ഞാൻ വരുവോളം **വായന, പ്രബോധനം, ഉപദേശം** എന്നിവയിൽ **ശ്രദ്ധിച്ചിരിക്ക** (1 തിമൊ. 4:13).

നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ **ഉപദേശിപ്പാൻ** സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക (2 തിമൊ. 2:2).

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും വകപ്രാപിച്ചു തികഞ്ഞവനാകേണ്ടതിനു **ഉപദേശത്തിനും** ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതും ആകുന്നു(2 തിമൊ. 3: 16-27).

വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക; സകല ദീർഘക്ഷമയോടും **ഉപദേശത്തോടും കൂടെ ശാസിക്ക;** തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക(2 തിമൊ.4:2).

2. അനുഷ്ഠാന കല്പനകൾ ആചരിക്കുന്നത്

ഒരു പ്രാദേശിക സഭ പുതിയ വിശ്വാസികളെ സ്നാനപ്പെടുത്തി വലിയ നിയോഗം പ്രാബല്യത്തിൽ വരുത്തുകയും തിരുവത്താഴം ആചരിച്ചുകൊണ്ടു ക്രിസ്തുവിന്റെ ത്യാഗപരമായ സ്നേഹത്തെ അനുസ്മരിക്കുകയും ചെയ്യേണ്ടതാണ്. സ്നാനവും തിരുവത്താഴവും തുടർന്നു വരുന്ന ഒരു ഭാഗത്ത് വിശദമായി പരാമർശിച്ചിട്ടുണ്ട്.

ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ **സ്നാനം** കഴിപ്പിച്ചും (മത്തായി 28:19).

അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും **അപ്പം നുറുക്കിയും** പ്രാർത്ഥന കഴിച്ചും **പോന്നു** (അപ്പോ.പ്രവ. 2:42).

ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കുകയും നിങ്ങൾക്കു ഏല്പിക്കുകയും ചെയ്തത് എന്തെന്നാൽ കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി, ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു. ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു (1 കൊരി. 11:23-26).

3. പ്രാർത്ഥന

പ്രാദേശിക സഭയുടെ പ്രാഥമികമായ ഉത്തരവാദിത്തങ്ങളിൽ ഒന്നാണ് പ്രാർത്ഥന. ഇത് ഉപദേശം, സുവിശേഷീകരണം, ആരാധന സഭാജീവിതത്തിന്റെ മറ്റേതെങ്കിലും വശം ശുശ്രൂഷ ഇവയെക്കാൾ താഴ്ന്ന നിലവാരത്തിൽ ആകുവാൻ പാടില്ല. പ്രാർത്ഥനയുടെ ഉപദേശം ഓരോ വ്യക്തികൾക്കുമാണ് പ്രസക്തമെങ്കിലും ഒരുമിച്ചുകൂടി പ്രായോഗികമായി അനുഷ്ഠിക്കേണ്ടതുകൂടെയാണ്. വിശ്വാസികളിൽ ഐക്യത രൂപപ്പെടുവാൻ പ്രാർത്ഥന സഹായിക്കുന്നു. ഇതു സുവിശേഷീകരണത്തിന് അടിസ്ഥാനമാണ്. പ്രാർത്ഥനയിൽ ദൈവം പ്രസാദിക്കുന്നുവെന്നും ദൈവത്തിനു നന്മയും അനുഗ്രഹങ്ങളും നമ്മിലേക്ക് കൊണ്ടുവരുവാൻ പ്രാർത്ഥന മുഖാന്തിരമാകുന്നുവെന്നും ഉള്ളത് വളരെ പ്രധാനമായ ഒരു സത്യമാണ്. ആരോഗ്യമുള്ള സഭയുടെ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമാണ് പ്രാർത്ഥന എന്നുള്ള നിലയിൽ പ്രാർത്ഥനയുടെ പങ്ക് കുറച്ചു കാണിക്കാൻ യാതൊരു സഭയും ധൈര്യപ്പെടില്ല. അപ്പോസ്തലന്മാർ പ്രാർത്ഥനയും വചനശുശ്രൂഷയും തങ്ങളുടെ മുൻഗണനകളായി കണ്ടിരുന്നുവെന്നു മനസ്സിലാക്കേണ്ടതാണ് (അപ്പോ. 6:4).

മടുത്തുപോകാതെ **എപ്പോഴും പ്രാർത്ഥിക്കേണം** എന്നുള്ളതിന് അവൻ അവരോടു ഉപമ പറഞ്ഞതു (ലൂക്കോ 18:1).

അവർ **അപ്പോസ്തലന്മാരുടെ ഉപദേശം** കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും **പ്രാർത്ഥന കഴിച്ചും പോന്നു** (അപ്പോ.പ്രവ. 2:42).

ഇങ്ങനെ പത്രൊസിനെ തടവിൽ സൂക്ഷിച്ചുവരുമ്പോൾ **സഭ ശ്രദ്ധയോടെ അവനുവേണ്ടി** ദൈവത്തോടു **പ്രാർത്ഥന** കഴിച്ചുപോന്നു (അപ്പോ. 12:5).

സകല **പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും** ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ടു സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ (എഫെ. 6:18).

ഇടവിടാതെ പ്രാർത്ഥിക്കുക (1 തെസ്സ. 5:17).

എന്നാൽ സകല മനുഷ്യർക്കും നാം സർവ്വശക്തിയോടും ഘനത്തോടുംകൂടെ സാവധാനതയും സ്വസ്ഥതയും ഉള്ള ജീവനം കഴിക്കേണ്ടതിനു

വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി **യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും** ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു (1 തിമൊ. 2:1–2).

നിങ്ങളിൽ ദീനമായി കിടക്കുന്നവൻ **സഭയിലെ** മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി **അവനുവേണ്ടി പ്രാർത്ഥിക്കട്ടെ**. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും (യാക്കോ. 5:14–15).

4. സുവിശേഷീകരണം (പ്രേഷിത ദൗത്യത്തിലെ പരസ്യ പ്രവർത്തനം ഉൾക്കൊണ്ടിരിക്കുന്നു)

കർത്താവ് തന്റെ അന്ത്യമഹാനിയോഗം ഏല്പിച്ചുകൊടുത്തത് അപ്പൊസ്തലന്മാർക്കാണ് എന്നത് സത്യമാണെങ്കിലും അപ്പോസ്തലിക സന്ദേശം വിശ്വസിക്കുന്ന ഓരോരുത്തരും ഈ കാലഘട്ടത്തിന്റെ അവസാനം വരെയും തുടർന്നുകൊണ്ടുപോകേണ്ട ഒരു ദൗത്യമായി കർത്താവ് ഇതിനെ വ്യക്തമായി ദർശിച്ചിരുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന രക്ഷയുടെ സുവിശേഷം വിളിച്ചറിയിക്ക എന്നുള്ളത് ഇപ്പോഴും ദൈവത്തിന്റെ ഇഷ്ടമാണ്. വ്യക്തികളാണ് സാക്ഷിക്കുന്നത്. എന്നാൽ മറ്റൊരാശയത്തിൽ സഭയ്ക്കു മുഴുവനായി ദൈവത്തിന്റെ രക്ഷണ്യകൃപയ്ക്ക് സാക്ഷ്യം വഹിക്കാൻ കഴിയും. ദൈവത്തിന്റെ മഹത്വം പ്രാദേശികമായി വിളിച്ചറിയിക്കുന്നതു കൂടാതെ മറ്റു പ്രദേശങ്ങളിലേക്ക് സുവിശേഷകന്മാരെ സഭ വേർതിരിച്ച് അയയ്ക്കേണ്ടതുമാണ്.

ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് **സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ;** ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട് എന്നു അരുളിചെയ്തു (മത്തായി 28:19–20).

ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി **സകല ജാതികളിലും** പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു (ലൂക്കോ. 24:46–47).

അങ്ങനെ യഹൂദ്യ, ഗലീല, ശമര്യ എന്നീ ദേശങ്ങളിൽ ഒക്കെയും **സഭയ്ക്കു** സമാധാനം ഉണ്ടായി, അത് ആത്മിക വർദ്ധന പ്രാപിച്ചും കർത്താവിനോടുള്ള ഭക്തിയിലും പരിശുദ്ധാത്മാവിന്റെ പ്രബോധനയിലും നടന്നും **പെരുകിക്കൊണ്ടി**രുന്നു (അപ്പോ. 9:31).

അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായിട്ടു അവരെ എനിക്കു **വേർതിരിപ്പിൻ** എന്നു പരിശുദ്ധാത്മാവു പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെമേൽ കൈവച്ച് അവരെ **പറഞ്ഞയച്ചു** (അപ്പോ. 13:2–3).

അങ്ങനെ **സഭകൾ** വിശ്വാസത്തിൽ ഉറയ്ക്കുകയും **എണ്ണത്തിൽ ദിവസേന പെരുകുകയും** ചെയ്തു (അപ്പോ. 16:5).

എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? **അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും**? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും (റോമ. 10:14–15).
(യോഹ. 4:35; മത്തായി 9:37–38 ഉം കാണുക).

നിങ്ങളുടെ അടുക്കൽ നിന്നു കർത്താവിന്റെ വചനം മുഴങ്ങിച്ചെന്നതു മക്കദോന്യയിലും അഖായയിലും മാത്രമല്ല **എല്ലാടവും നിങ്ങൾക്ക് ദൈവത്തിലുള്ള വിശ്വാസം പ്രസിദ്ധമായിരിക്കുന്നു;** അതുകൊണ്ടു ഞങ്ങൾ ഒന്നുംപറവാൻ ആവശ്യമില്ല (1 തെസ്സ. 1:8).

നിങ്ങളോ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ **ഘോഷിപ്പാന്തക്കവണ്ണം** തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹതവർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു (1 പത്രൊ. 2:9).

5. ആരാധന

ശബ്ബത്തുനാളിനെ.... ഓർക്കുവാനുള്ള കല്പന (പുറ. 20:8) പത്തുകല്പനകളിൽ സഭയ്ക്കുവേണ്ടി ആവർത്തിച്ചിട്ടില്ലാത്ത ഒരേയൊരു കല്പനയാണ്. സഭ ഒന്നിച്ചുകൂടിവരുവാൻ കല്പനയുണ്ട്(ഉദാ. എബ്രാ. 10:25). എന്നാൽ ആരാധനയ്ക്കായി പ്രത്യേക ദിവസം സഭയ്ക്കു നിർദ്ദേശിച്ചിട്ടില്ല(റോമ. 14:5–6; കൊലൊ. 2:16). എന്നിരുന്നാലും, പരമ്പരാഗതമായി, ആദിമസഭകൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ സംഭവിച്ച കർത്താവിന്റെ പുനരുത്ഥാനം. അനുസരണയ്ക്കായി ആഴ്ചവട്ടത്തിന്റെ ഒന്നാംനാളായ ഞായറാഴ്ച കൂടി വന്നിരുന്നു(യോഹ. 20:11). മാളിക മുറിയിൽ കർത്താവു തന്റെ ശിഷ്യന്മാർക്കു രണ്ടു പ്രാവശ്യം പ്രത്യക്ഷനായതും ആഴ്ചവട്ടത്തിന്റെ ഒന്നാം

നാളാ യിരുന്നു(യോഹ. 20:19,26). സഭയുടെ ജന്മദിനമായ പെന്ത ക്കോസ്ത് അരങ്ങേറിയതും ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ചയായിരുന്നു. പുതിയ നിയമകാലഘട്ടം മുതൽ പൂർവ്വികചരിത്രമനുസരിച്ച് നാളിതുവരെ സഭ ആരാധനയ്ക്കായി ഞായറാഴ്ച തോറും കൂടി വരുന്നു (അപ്പോ. 20:7; 1 കൊരി. 16:2 ഇവ നോക്കുക).

> **ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ** ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലോസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ട് അവരോടു സംഭാഷിച്ചു പാതിരാവരെയും പ്രസംഗം നീട്ടി (അപ്പോ. 20:7).
>
> ഞാൻ വന്നശേഷം മാത്രം ശേഖരമുണ്ടാകാതിരിക്കേണ്ടതിനു **ആഴ്ചവട്ടത്തിൽ ഒന്നാം** നാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ഛർദ്ദിച്ചു തന്റെ പക്കൽ വെച്ചുകൊള്ളണം (1 കൊരി. 16:2).

ദൈവവചനം പഠിപ്പിക്കുന്ന സഭകളിൽ നിന്നുള്ള ആധുനികവിശ്വാസികൾക്ക് ആദിമകാല സഭാകൂടിവരവുകൾ ആശ്വാസപ്രദമായിരുന്നല്ലോ എന്നു തോന്നാം അവിടെ വചന പഠനം ഉണ്ടായിരുന്നു (അപ്പോ. 2:42; 1 കൊരി. 19:19–26; 1 തിമൊ. 4:13; 2 തിമൊ. 4:2), പാട്ടുണ്ടായിരുന്നു (1 കൊരി. 14:26; എഫെ. 5:19; കൊലൊ. 3: 16), സഹായിക്കുവാനുള്ള ധനശേഖരണങ്ങൾ ഉണ്ടായിരുന്നു (റോമ. 15:26; 1 കൊരി. 16:2; 2 കൊരി. 8, 9), പ്രാർത്ഥന ഉണ്ടായിരുന്നു (അപ്പോ. 2:42), സ്നേഹ സദ്യകൾ ഉൾപ്പെടെയുള്ള കൂട്ടായ്മ ഉണ്ടായിരുന്നു (എബ്രാ. 10:24, 25; യൂദാ. 12), തിരുവത്താഴവും ഉണ്ടായിരുന്നു (അപ്പോ. 20:7), ശുശ്രൂഷകൾ നടത്തിയിരുന്നത് വീടുകളിലായിരുന്നു (1 കൊരി. 16:19; കൊലൊ. 4:15 മുതലായവ) മാത്രമല്ല യാതൊരു കലക്കവുമില്ലാതെ(ചിന്താക്കുഴപ്പം) ക്രമമായി നടന്നിരുന്നു(1 കൊരി. 14:33, 39). 1 കൊരി. 14:26 ശുശ്രൂഷയുടെ ഒരു ക്രമം നൽകുന്നതിനോട് ഏറ്റവും അടുത്തുവരുന്നുണ്ട്.

> ആകയാൽ എന്തു? സഹോദന്മാരെ നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപ്പാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട് സകലവും ആത്മിയ വർദ്ധനയ്ക്കായി ഉതകട്ടെ (1 കൊരി. 14:26).

ജസ്റ്റിൻ മാർട്ടിയർ എ. ഡി. 100–167 വരെ യിസ്രായേലിൽ ജീവിച്ചിരുന്നു. ആദിമ ആരാധനാശുശ്രൂഷകളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിവരണം വെളിപ്പെടുത്തുന്നത് വളരെക്കുറച്ചു മാത്രമേ കാര്യങ്ങൾക്കു വ്യത്യാസം വന്നിട്ടുള്ളു എന്നാണ്. അഥവാ കാര്യമായ മാറ്റം വന്നിട്ടില്ല എന്ന് അത് ചൂണ്ടിക്കാണിക്കുന്നു:

> "ഞായർ എന്നു വിളിക്കുന്ന ദിവസം പട്ടണങ്ങളിലോ ദേശത്തോ താമസിക്കുന്ന എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടുന്നു; അപ്പൊസ്തലന്മാരുടെ ഓർമ്മക്കുറിപ്പുകളോ പ്രവാചകന്മാരുടെ എഴുത്തുകളോ വായിക്കുന്നു; സമയം അനുവദിക്കുന്നിടത്തോളം അതു നീണ്ടുപോകും; വായനക്കാരൻ നിർത്തുമ്പോൾ അധ്യക്ഷൻ വാമൊഴിയായി നിർദ്ദേശം നൽകും; വായിച്ചുകേട്ട നല്ല കാര്യങ്ങൾ അനുകരിക്കുവാൻ അദ്ദേഹം പ്രബോധിപ്പിക്കും, പിന്നെ ഞങ്ങളെല്ലാവരും എഴുന്നേറ്റുനിന്നു പ്രാർത്ഥിക്കും, മുമ്പു പറഞ്ഞതുപോലെ ഞങ്ങളുടെ പ്രാർത്ഥന അവസാനിക്കുമ്പോൾ അപ്പം, വീഞ്ഞ്, വെള്ളം ഇവ കൊണ്ടുവരും. അദ്ധ്യക്ഷൻ മുകളിൽ പറഞ്ഞ അതേ രീതിയിൽ തന്റെ പ്രാപ്തിയനുസരിച്ച് പ്രാർത്ഥന കഴിക്കും, ആളുകൾ ഒരുമിച്ച് അതിനു സമ്മതം അറിയിച്ച് ആമേൻ എന്നു പറയും.... സാമ്പത്തികശേഷിയുള്ളവർ, അവരവർ ഇച്ഛിക്കുന്നതുപോലെ, സഹായധനം കൊടുക്കും, അങ്ങനെ ശേഖരിച്ച കരുതൽ ധനം അദ്ധ്യക്ഷനെ ഭരമേൽപ്പിക്കും. അദ്ദേഹം അത് അന്യർ, പരദേശികൾ എന്നിങ്ങനെ ഒറ്റവാക്കിൽ പറഞ്ഞാൽ ആവശ്യത്തിലിരിക്കുന്നവരുടെ പരിപാലനത്തിന് ഉപയോഗിക്കും.[1]

6. ഔദാര്യം; നന്മ

യഥാർത്ഥത്തിൽ ദരിദ്രരായവരെ സഹായിക്കുവാൻ ഒരു സഭയ്ക്കു ഉത്തരവാദിത്തം ഉണ്ട്. സഹായം ചെയ്യേണ്ടത് വിശ്വാസികളായവർക്കു മാത്രമായിട്ടല്ല; പിന്നെയോ എല്ലാവർക്കും; വിശേഷാൽ വിശ്വാസികൾക്കുമാണ്.

> ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സകല വിശ്വാസികൾക്കും നന്മ ചെയ്ക (ഗലാ. 6:10).

വിശ്വാസികൾ, സഹോദരവർഗ്ഗത്തെ സഹായിക്കുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ പുതിയനിയമത്തിലുണ്ട്. ആവശ്യത്തിലിരിക്കുന്ന മറ്റു വിശ്വാസികളെ സഹായിക്കുവാനുള്ള കല്പനയും പുതിയനിയമം വിശ്വാസികൾക്കു നൽകുന്നുണ്ട്(അപ്പോ. 2:44–45; 4:32–38; 11:28, 30; ഗലാ. 2:10; 1 യോഹ. 3:17–18; യാക്കോ. 1:27, 2:15–16). ആരംഭകാല സഭകൾ പ്രത്യേകമായി വിധവമാർക്കുള്ള ശുശ്രൂഷകൾ നിർവഹിച്ചിരുന്നു (അപ്പോ. 6:1–6; 1 തിമൊ. 5:3–16). ഇതു സ്ഥിരമായി സഹായിക്കുവാനുള്ള സംവിധാനമായിരുന്നു. മറിച്ച് താല്ക്കാലികമായിരുന്നില്ല; താല്ക്കാലികമായി ഏതൊരാളെ വേണമെങ്കിലും സഹായിക്കാൻ കഴിയുമായിരുന്നു. ഏതെങ്കിലും സഹായങ്ങൾക്ക് അർഹത നേടുവാൻ കൃത്യമായി നിർദ്ദേശങ്ങൾ

[1] Justin Martyr, *The first Apology of Justin*, in *The Anti-Nicence Fathers*, ed. Alexander Roberts and James Donaldson, repriented., 10 vols. (Grand rapids: Wm. B. Eerdman Publishing Co., 1969, 1:186. (*First Apology of Justin 67*).

ഉണ്ടായിരുന്നു. പ്രത്യേകിച്ച് തുടർച്ചയായ നിലയിൽ സഹായം ലഭിക്കേണ്ട വിധവമാർക്ക് (2 തെസ്സ. 3:10; 1 തിമൊ. 5:4, 9–11).

B. പ്രാദേശിക സഭയുടെ ഭരണം

സഭാ ഭരണത്തിന് പൊതുവായ മൂന്നു ഘടനയാണുള്ളത്. എപ്പിസ്ക്കോപ്പൽ, പ്രിസ്ബിറ്റേറിയൻ, കോൺഗ്രിഗേഷണൽ(വിശ്വാസികളുടെ ഭരണം).

1. എപ്പിസ്കോപ്പൽ

റോമൻ കത്തോലിക്കസഭ, ആംഗ്ലിക്കൻ സഭ, എപ്പിസ്കോപ്പൽ സഭ, മെഥഡിസ്റ്റ് സഭകൾ ആദിയായവർ പിന്തുടരുന്ന ഭരണരൂപമാണിത്. ഏറ്റവും തലപ്പത്തുള്ളയാൾക്ക് ഏറ്റവും വലിയ അധികാരമുള്ള സ്ഥാനീയഅധികാര ശ്രേണിയുടേതായ ഒന്നാണിത്. റോമൻ കത്തോലിക്കാ സഭാസംവിധാനം ആരംഭിക്കുന്നത് പോപ്പിൽ നിന്നാണ്. തുടർന്ന് കർദ്ദിനാൾ , ബിഷപ്പ്, പുരോഹിതന്മാർ, ശുശ്രൂഷകന്മാർ പിന്നീട് സാധാരണ ജനങ്ങൾ.

ഒരു വ്യക്തി എത്ര ആത്മാർത്ഥമായി ശ്രമിച്ചാലും വേദപുസ്തകത്തിൽ ഈ നിലയിലുള്ള സഭാ ഭരണം കണ്ടെത്തുവാൻകഴിയുകയില്ല. എങ്കിലും മുകളിൽ നിന്നു താഴേക്കുള്ള അധികാരമാതൃക ബൈബിളിൽ നിന്നും ചൂണ്ടിക്കാട്ടി എപ്പിസ്കോപ്പൽ സഭ അതിന്റെ ഭരണരീതി ഉണ്ടാക്കുന്നു. അഥവാ ഭരണനിർവ്വഹണം നടത്തുന്നു. ആദികാല സഭകളിൽ അപ്പോസ്തലന്മാർക്ക് പൂർണ്ണ അധികാരം ഉണ്ടായിരുന്നു എന്നതിന് യാതൊരു സംശയവുമില്ല.

> **നീ പത്രോസ്** ആകുന്നു; **ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും** പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു (മത്തായി 16:18).
>
> താൻ പ്രവാചകനെന്നോ ആത്മികനെന്നോ ഒരുത്തനു തോന്നുന്നുവെങ്കിൽ, **ഞാൻ നിങ്ങൾക്കെഴുതുന്നത് കർത്താവിന്റെ കല്പന ആകുന്നു** വെന്നു അവൻ അറിഞ്ഞുകൊള്ളട്ടെ (1 കൊരി. 14:37).
>
> **ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ** നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു (എഫെ. 2:20).
>
> **വിശുദ്ധ പ്രവാചകന്മാർ മുൻ പറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പോസ്തലന്മാർ മുഖാന്തിരം** കർത്താവും രക്ഷിതാവുമായവൻ തന്ന കല്പനയും ഓർത്തുകൊളളണമെന്നു ഈ ലേഖനം രണ്ടിനാലും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി നിങ്ങളുടെ പരമാർത്ഥ മനസ്സ് ഉണർത്തുന്നു (2 പത്രൊ. 3:2).
>
> നിങ്ങളോ; പ്രിയരെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ **അപ്പോസ്തലന്മാർ** മുൻ പറഞ്ഞ വാക്കുകളെ കേൾപ്പിൻ (യൂദാ. 17).

അപ്പോ. പ്രവ. 15-ൽ ജാതികളിൽനിന്നു വിശ്വസിച്ചു വന്നവരെ പരിച്ഛേദന ചെയ്യുന്ന വിഷയത്തിൽ സഭ വലിയ പോരാട്ടത്തിലൂടെ കടന്നുപോകുകയാണ്. ഈ സമ്മേളനത്തിൽ അധികാരം അപ്പൊസ്തലന്മാരിലും മൂപ്പന്മാരിലുമായിരുന്നു. അല്ലാതെ മൊത്തത്തിൽ സഭയ്ക്കല്ലായിരുന്നു(അപ്പോ. 15:2, 6-ഉം നോക്കുക). അതുപോലെ തീത്തോസ് 1 ലും 1 തിമൊ. 3 ലും ഓരോ സഭയിൽ മൂപ്പന്മാരെ തെരഞ്ഞെടുക്കുവാനുള്ള അധികാരം നൽകുന്നത് അപ്പോസ്തലനായ പലോസാണ്. ഇപ്രകാരം ചിന്തിക്കുമ്പോൾ ആദിമസഭയിൽ ഉണ്ടായിരുന്ന അധികാരഘടന, ഉയർന്നയാളിൽനിന്ന് താഴേക്ക് എന്നവണ്ണമുള്ള ശ്രേണിയായിരുന്നുവെന്നു കാണാം:- അപ്പോസ്തലന്മാർ, മൂപ്പന്മാർ, ശുശ്രൂഷകന്മാർ, പൊതുസഭ.

ആദിമസഭയുടെ ഭരണസംവിധാനത്തിലേക്ക് പൂർണ്ണമായി മടങ്ങിപ്പോകുക എന്നത് അസാദ്ധ്യമാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടവരാരും ഇന്ന് ജീവിച്ചിരിപ്പില്ലായ്കകൊണ്ട് ഇന്ന് അപ്പോസ്തലന്മാരില്ല (അപ്പോ. 1:21, 22; 1 കൊരി. 9:1). അപ്പോസ്തലിക അധികാരങ്ങൾ നിലവിലില്ലാത്തതിനാൽ പുതിയനിയമ മാതൃകയോട് കുറെക്കൂടെ അടുപ്പമുള്ള ഭരണരീതി സ്വയംഭരണാവകാശമുള്ള ഓരോ സഭയിലും മൂപ്പൻ പരിപാലനം നടത്തുന്ന രീതിയാണ്.

2. പ്രസ്ബിറ്റേറിയൻ സഭാഭരണം

പ്രിസ്ബിറ്റേറിയൻ സഭ, നവോത്ഥാന പരമ്പര്യമുള്ള സഭ അതുപോലെ ചില ബൈബിൾ സഭകൾ എന്നിവിടങ്ങളിൽ ഈ ഭരണം കാണുവാൻ കഴിയും.

ആദ്യകാല സഭകളിൽ ഉന്നതമായ അധികാരം ഉണ്ടായിരുന്നത് അപ്പോസ്തലന്മാർക്കാണ്. എന്നിരുന്നാലും മൂപ്പന്മാരെ അപ്പോസ്തലന്മാരുടെ വിഭാഗത്തിലായിരുന്നു ഗണിച്ചത്. സഭാനേതൃത്വത്തോട് അനുസരണം പുലർത്തണമെന്നു പഠിപ്പിക്കുന്ന അനവധി വാക്യങ്ങളുണ്ട്. അപ്പോസ്തലന്മാർ കഴിഞ്ഞുപോയ ശേഷവും, തിരുവചന ദൃഷ്ടാന്തത്തോട് ഏറ്റവും അടുത്തത് പ്രസ്ബിറ്റേറിയൻ സഭാഭരണമാണെന്ന നിർണ്ണയവുമായി ഇത് നന്നായി ഇണങ്ങിച്ചേരുന്നു(മൂപ്പൻ എന്നതിന്റെ ഗ്രീക്കുപദമായ 'പ്രെസ്ബുറ്ററോസ്' ൽ നിന്നുമാണിത്).

മൂപ്പൻ ഭരണമെന്ന ആശയത്തിന് മറ്റൊരു പിന്തുണ "നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളാണ്." ഒരു ദൗത്യം ഭരമേൽപ്പിക്കുമ്പോൾ അതു നിർവ്വഹിക്കുവാനുള്ള അധികാരവും അന്തർലീനമായിരിക്കുമല്ലോ. ഒരു ഉത്തരവാദിത്വം ദൈവം നമ്മെ ഏല്പിച്ചാൽ അത്

നിർവഹിക്കുവാനുള്ള അധികാരം കൂടെ അവിടുന്നു നല്കുന്നുവെന്ന് നിർണ്ണയിക്കുന്നത് ഏറ്റവും അധികം ന്യായമാണ്. സഭയെ നയിക്കുവാനും സംരക്ഷിക്കുവാനുമുള്ള അധികാരം മൂപ്പന്മാർക്ക് ദൈവവചനം നല്കുന്നു. അവരുടെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുവാനുള്ള അധികാരം കൂടെ ദൈവം അവർക്ക് നല്കുന്നതായി നമുക്ക് അനുമാനിക്കാം.

> നിങ്ങളെത്തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ **മേയ്പ്പാൻ** പരിശുദ്ധാത്മാവു നിങ്ങളെ അധ്യക്ഷരാക്കി വച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ (അപ്പോ. പ്രവ. 20:28).
>
> സഹോദരന്മാരെ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കുകയും കർത്താവിൽ **നിങ്ങളെ ഭരിക്കുകയും** പ്രബോധിപ്പിക്കുകയും ചെയ്യുന്നവരെ അറിഞ്ഞു അവരുടെ വേല നിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം എന്നു നിങ്ങളോടു അപേക്ഷിക്കുന്നു (1 തെസ്സ. 5:12).
>
> സ്വന്ത കുടുംബത്തെ **ഭരിപ്പാൻ** അറിയാത്തവൻ **ദൈവസഭയെ എങ്ങനെ പരിപാലിക്കും**? (1 തിമൊ. 3:5).
>
> **നന്നായി ഭരിക്കുന്ന മൂപ്പന്മാരെ** പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ ഇരട്ടി മാനത്തിന് യോഗ്യരായി എണ്ണുക (1 തിമൊ. 5:17).
>
> **നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിൻ;** അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു. ഇത് അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്വാൻ ഇടവരുത്തുവിൻ. അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല (എബ്രാ. 13:17).
>
> നിങ്ങളിലുള്ള മൂപ്പന്മാരെ ഒരു കൂട്ടുമൂപ്പനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന് സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിന് കൂട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കുന്നത്: നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ **ആട്ടിൻകൂട്ടത്തെ മേയ്ച്ചുകൊൾവിൻ**. നിർബന്ധത്താലല്ല, ദൈവത്തിന് ഹിതമാം വണ്ണം മനപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടും ഇടവകകളുടെ മേൽ **കർത്തൃത്വം നടത്തുന്നവരായിട്ടല്ല**(1 പത്രൊ). 5:1–2).

ആദിമസഭയിലെ നേതൃത്വശൈലി(അപ്പൊസ്തലന്മാർ എന്ന ഒരു ഘടകം ഒഴിച്ചാൽ) ഒരു ആധുനികവേദപാഠശാലയുടെയോ പ്രേഷിതയത്നത്തിന്റെയോ ഭരണച്ചുമതല നടത്തുന്ന "നിർവ്വാഹകസമിതി"യ്ക്കു സമാനമായിരുന്നുവെന്നു വീക്ഷിക്കുന്നതാണുത്തമം. നിലവിലുള്ള മൂപ്പന്മാർ, സ്വയം നിൽനിൽക്കുന്ന പ്രവർത്തസമിതിയെന്നനിലയിൽ, നേതൃനിരയിലേക്ക് പുതിയ ആളുകളെ തിരഞ്ഞെടുക്കുന്നു.

> **മൂപ്പന്മാരുടെ** കൈവെപ്പോടുകൂടെ പ്രവചനത്താൽ നിനക്കു ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ നിന്റെ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായിത്തീരേണ്ടതിന് ഇതു കരുതുക (1 തിമൊ. 4:14).

സഭാ നേതൃത്വത്തിൽ പരാജയപ്പെടുന്ന സഹപ്രവർത്തകരെ മൂപ്പന്മാർ ശാസിക്കുകയും/ തൽസ്ഥാനത്തുനിന്നു നീക്കുകയും ചെയ്തിട്ടുണ്ട്.

> **രണ്ടു മൂന്നു സാക്ഷികൾ മുഖേനയല്ലാതെ ഒരു മൂപ്പന്റെ നേരെ അന്യായം എടുക്കരുത്.** പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയത്തിനായി എല്ലാവരും കേൾക്കെ ശാസിക്ക (1 തിമൊ. 5: 19–20).

നേതൃത്വത്തെ തെരഞ്ഞെടുക്കുന്നതിലും സഭയുടെ സുപ്രധാന തീരുമാനമെടുക്കുന്നതിലും സഹോദരസംഘത്തിന്റെ പങ്കാളിത്തിന് ഇടം കൊടുക്കേണ്ടതുണ്ട്; മൂപ്പന്മാരോട് ആജ്ഞാപിച്ചിരിക്കുന്നത്, സഭയുടെ മേൽ "കർത്തൃത്വം" നടത്തരുത് എന്നായിരിക്കയാൽ വിശ്വാസികളുടെ പങ്കാളിത്തം പ്രസക്തമാണ്(1 പത്രൊ. 5:3). ഇവിടെയും, പുതിയനിയമസഭയിലെ അധികാരം മുകളിൽ നിന്നും താഴേക്കായിരുന്നു. അപ്പൊസ്തൊലികാധികാരം നിലെച്ചതിന്റെ ഫലമാകാം മിക്കവാറും മൂപ്പൻഭരണം.

3. കോൺഗ്രിഗേഷണൽ(വിശ്വാസികളുടെ ഭരണം)

ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങളുടെ ഭരണം ജനസമ്മിതിയാർജ്ജിക്കുമെന്നു പ്രതീക്ഷിക്കാം. ന്യൂ ഇംഗ്ലണ്ടിലെ ആദിമ അമേരിക്കൻസഭകൾ കോൺഗ്രിഗേഷണൽ സഭകളായിരുന്നു; ഇത് ഇന്നുവരെ പല വിഭാഗങ്ങളിലും തുടരുകയും ചെയ്യുന്നുണ്ട്; പ്രത്യേകിച്ചും ബാപ്റ്റിസ്റ്റുകാരും മറ്റു പല ബൈബിൾ ചർച്ചുകാരും ഈ നില പിൻതുടരുന്നുണ്ട്.

പൂർണ്ണമായും വിശ്വാസകൾതന്നെ സഭാഭരണം നടത്തുന്നത് ഉപദേശപരമായ വൈപരീത്യമാണെന്നു തരംതിരിക്കാൻ ആരുംതന്നെ ആഗ്രഹിക്കുന്നില്ല, എന്നാൽ സഭാഭരണത്തിന്റെ മൂന്നുരൂപങ്ങളിൽ വെച്ച് പുതിയനിയമസഭയുമായി ഏറ്റവും കുറഞ്ഞ സാമ്യം മാത്രമേ ഈ ഭരണരീതിക്കുള്ളൂ; ഉദാഹരണമായി കൊരിന്തിലെ സഭയ്ക്ക് ഒരു വോട്ടിട്ട് പൗലോസിന്റെ അധികാരത്തെ തള്ളിക്കളയാൻ കഴിയുമായിരുന്നുവെന്ന് നമുക്ക് ഖണ്ഡിതമായി ഉറപ്പിക്കാനാവുമോ? അതിലുപരി, കോൺഗ്രിഗേഷണൽഭരണം വരെ അപ്രായോഗികവുമ

ത്രെ. എല്ലാ വിശ്വാസികളും ഉയർന്ന ആത്മികരാണെങ്കിൽപോലും(വളരെ അപൂർവ്വം) ബുദ്ധിപരമായ തീരുമാനങ്ങളെടുക്കുന്നതിൽ, വലിയൊരു കൂട്ടത്തെ മുഴുവൻ ബോദ്ധ്യപ്പെടുത്തി, അക്കാര്യം ചെയ്യുക വളരെ ബുദ്ധിമുട്ടാണ്. പ്രത്യേകിച്ചു ഒരു വിഷയം "വൈകാരികക്ഷോഭം" ഉളവാക്കുന്നതാണെങ്കിൽ കാര്യത്തിന്റെ ഗതിയെന്താകും? സാധ്യമാകുന്നിടത്തോളം സ്വകാര്യമായിട്ടല്ലേ അത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത്? സഭയിലെ അച്ചടക്കം അഥവാ ശിക്ഷണം വിശ്വാസികൾ ഒന്നടങ്കം വോട്ടിട്ട് നിർവ്വഹിക്കുക എന്നുവന്നാൽ അപരിഹാര്യമായ അത്യാപത്തായിരിക്കും അരങ്ങേറുക.

വിശ്വാസികളുടെ ഭരണത്തെ പിൻതാങ്ങുവാൻ ഉപയോഗിക്കുന്ന ബൈബിൾദൃഷ്ടാന്തങ്ങൾ, യഥാർത്ഥത്തിൽ, പൂർണ്ണമായും വിശ്വാസികളുടെ ഭരണത്തിനുള്ള ദൃഷ്ടാന്തങ്ങൾ നൽകുന്നില്ല. അപ്പൊ. പ്രവൃ. 6:1–6 വരെ, വിശ്വാസികളുടെ നിയന്ത്രണത്തിന് മുൻമാതൃക നൽകുന്നുവെന്ന് ചിലർ വാദിക്കുന്നുണ്ട്. അപ്പോസ്തലന്മാരാണ് യരുശലേമിലെ സഭയോട് ഈ വാഗ്ദാനം ചെയ്തത്; "സഹോദരന്മാരെ, ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽ തന്നെ തിരഞ്ഞുകൊൾവിൻ. അവരെ ഈ വേലയ്ക്കു ആക്കാം".

ഈ സംഭവം അടുത്തു പരിശോധിക്കുമ്പോൾ ആത്യന്തികമായി അധികാരം അപ്പൊസ്തലന്മാർ തന്നെ മാറാതെ സൂക്ഷിച്ചിരുന്നുവെന്നു കാണാം. ഒന്നാമത് തിരഞ്ഞെടുക്കുവാനുള്ള അനുവാദം അപ്പൊസ്തലന്മാർ സഭയ്ക്കു നൽകി; എന്നാൽ സഭയുടെ സഹായം കൂടാതെ ആ തിരഞ്ഞെടുപ്പ് അപ്പൊസ്തലന്മാർ തന്നെ ചെയ്തിരുന്നെങ്കിൽ യാതൊരു പിശകും അവർ വരുത്തുമായിരുന്നില്ല. കൂടാതെ ഈ പുരുഷന്മാരെ ഔദ്യോഗിക ഉത്തരവാദിത്തത്തിൽ പ്രതിഷ്ഠിച്ചതിലും ആത്യന്തിക അധികാരം അപ്പൊസ്തലന്മാർക്കായിരുന്നു. സഭയുടെ തെരഞ്ഞെടുപ്പിനെ അവർക്കു വേണമെങ്കിൽ അസാധുവാക്കാമായിരുന്നു. ഇപ്രകാരം അപ്പൊസ്തലന്മാർ സഭയ്ക്ക് പങ്കാളിത്തം അനുവദിച്ചപ്പോഴും(ബുദ്ധിപൂർവ്വമായ ഒരു മുൻമാതൃക)ആത്യന്തികാധികാരം അപ്പൊസ്തലന്മാർ തന്നെ നിലനിർത്തിയിരുന്നു. അ. പ്രൃ. 6:1–6 വരെയുള്ള വേദഭാഗത്ത് സഭയുടെ പങ്ക് ഉൾക്കൊള്ളുന്നുവെങ്കിലും യഥാർത്ഥത്തിൽ ആദിമസഭയിൽ ആത്യന്തികഅധികാരം അപ്പൊസ്തലന്മാർക്കായിരുന്നുവെന്നതിന്റെ മറ്റൊരു ഉദാഹരണമാണിത്.

കോൺഗ്രിഗേഷണൽ ഭരണത്തിന്റെ ദൃഷ്ടാന്തങ്ങളായി കരുതാവുന്ന മറ്റുള്ളവയും നമുക്ക് ഉത്തമബോധ്യം വരുത്തുന്നവയല്ല. അപ്പൊസ്തലന്മാർക്കായിരുന്നു ആദിമസഭയിൽ ആത്യന്തിക അധികാരം; അവർക്കു ശേഷം മൂപ്പന്മാർക്കും. അപ്പൊസ്തലന്മാർ ഒരിക്കൽ മാറ്റപ്പെട്ടതോടെ വേദപുസ്തകമാതൃകയോട് ഏറ്റവും അടുത്തെത്തി നിൽക്കുന്നത് മൂപ്പൻഭരണം അഥവാ പ്രസ്ബിറ്റേറിയൻ രീതിയാണ്.

4. സഭാഭരണം സംബന്ധിച്ച സമാപനം

അധികാരം അനാത്മികരായ ആളുകളോടൊപ്പം അധിവസിച്ചാൽ ഏതുവിധ സഭാഭരണവും വൻ പരാജയത്തിലേക്ക് മുഴുവനായും നിപതിക്കുകയായിരിക്കും. ദുഷ്ടരായ മൂപ്പന്മാരുടെ ഭരണത്തേക്കാൾ തീർച്ചയായും ആത്മീയരായ ആളുകൾ കോൺഗ്രിഗേഷണൽ ഭരണം നടത്തുന്നതായിരിക്കും ഉൽക്കൃഷ്ടം. എങ്കിലും പുതിയനിയമ സഭാധികാരം മുകളിൽനിന്നു താഴേക്കാണ്; സഭാജനങ്ങളിൽനിന്നും നേതൃത്വനിരയിലേക്കല്ല. മൂപ്പന്മാർ 1 തിമൊ. 3–ലെയും തീത്തോ. 1–ലെയും യോഗ്യതകൾ ഉള്ളവരായിരിക്കുന്നിടത്തോളം അവരുടെ അധികാരം ദൈവത്തിൽ നിന്നുമാണ്; ജനങ്ങളിൽ നിന്നല്ല. പഴയനിയമത്തിലും പുതിയനിയമത്തിലും ദൃഷ്ടാന്തമായിക്കാണാവുന്ന മാതൃകയാണിത്.

C. സഭയുടെ ചുമതലക്കാർ

സഭയുടെ രണ്ട് ചുമതലക്കാരെ വചനം വ്യക്തമായി പരാമർശിക്കുന്നു. മൂപ്പന്മാരും ശുശ്രൂഷകന്മാരും മൂന്നാമത്തേത്, ശുശ്രൂഷക്കാരത്തി എന്നതാണ്; അത് അത്രത്തോളം അസന്നിഗ്ദ്ധവുമല്ല.

1. മൂപ്പൻ, ഇടയൻ, അദ്ധ്യക്ഷൻ ഇവയുടെ സമാനത

ഒരു പ്രാദേശികസഭയുടെ ആത്മികനടത്തിപ്പുകാരനെക്കുറിക്കുന്ന മൂന്നു വാക്കുകൾ ഗ്രീക്കു മൂലഗ്രന്ഥം നൽകുന്നുണ്ട്:– – *എപ്പിസ്ക്കോപ്പോസ്* – ഇതിൽ നിന്നും എപ്പിസ്ക്കോപ്പൽ എന്ന പേരുണ്ടായി. ഇതിന്റെ അർത്ഥം ഓവർസീയർ(മേൽവിചാരകൻ) എന്നാണ് എപ്പി= 'മുകളിൽ' (എപ്പിഡർമിസ്: പുറംതൊലി), സ്കോപ്പോസ്= കാഴ്ച (ഉദാ: മൈക്രോസ്ക്കോപ്പ്, ടെലസ്ക്കോപ്പ് മുതലായവ). KJV യിൽ എപ്പിസ്ക്കോപ്പോസ് എന്നത് 'അദ്ധ്യക്ഷൻ' (ബിഷപ്പ്) എന്ന് തർജ്ജിമ ചെയ്തിരിക്കുന്നു. ഒരു സഭയുടെ ആത്മിക നടത്തിപ്പുകാരെ "പൊയ്മീൻ" എന്നു വിളിച്ചിരുന്നു. അതിന്റെയർത്ഥം 'ഇടയൻ' എന്നാണ്; ഇംഗ്ലീഷിലേക്ക് പാസ്റ്റർ എന്ന് തർജ്ജമ ചെയ്യാവുന്ന പദമാണിത്. മൂന്നാമത്തെ ഒരു പദം 'പ്രെസ്ബുറ്ററോസ്' എന്നതാണ്; ഇതിൽനിന്നുമാണ് പ്രെസ്ബിറ്റേറിയൻ' എന്ന വാക്ക് നമുക്ക് ലഭിച്ചത്. ഇതിന്റെ അർത്ഥം 'മൂപ്പൻ' എന്നാണ്. പുതിയനിയമം ഈ പദങ്ങൾ ഇടകലർത്തി ഉപയോഗിക്കുന്നതു ചൂണ്ടിക്കാണിക്കുവാൻ എളുപ്പമ ത്രെ. ഇവ മൂന്നും വ്യത്യസ്ത ഔദ്യോഗികസ്ഥാനങ്ങളോ, വ്യത്യസ്ത അധികാരപദവികളോ ആയി പുതിയ നിയമം വീക്ഷിക്കുന്നില്ല.

> ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചുപോന്നത് ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിനും

ഞാൻ നിന്നോടു ആജ്ഞാപിച്ചതു പോലെ പട്ടണം തോറും **മൂപ്പന്മാരെ** ആക്കിവയ്ക്കേണ്ടതിനും തന്നെ. മൂപ്പൻ കുറ്റമില്ലാത്തവനും ഏകഭാര്യയുള്ളവനും ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവനും ആയിരിക്കണം. **അദ്ധ്യക്ഷൻ** ദൈവത്തിന്റെ ഗൃഹവിചാരകൻ ആയിരിക്കയാൽ അനിന്ദ്യൻ ആയിരിക്കണം. തന്നിഷ്ടക്കാരനും കോപിയും മദ്യപ്രിയനും തല്ലുകാരനും ദുർല്ലാഭമോഹിയും അരുത്. ഒരുവൻ **അദ്ധ്യക്ഷസ്ഥാനം** കാംക്ഷിക്കുന്നുവെങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളതു വിശ്വാസയോഗ്യമാകുന്നു(തീത്തൊ. 1:5–7 cf. 1 തിമൊ. 3:1 ff).

മിലേത്തോസിൽ നിന്നു അവൻ എഫെസോസിലേക്കു ആളയച്ചു സഭയിലെ **മൂപ്പന്മാരെ** വരുത്തി ...ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നുവെന്നു പരിശുദ്ധാത്മാവു പട്ടണംതോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്കു നേരിടുവാനുള്ളതു ഒന്നും ഞാൻ അറിയുന്നില്ല (അപ്പോ. 20:17, 28).

നിങ്ങളിലുള്ള **മൂപ്പന്മാരെ** ഒരുകൂട്ടു മൂപ്പനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിനു കൂട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കുന്നത് നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ **ആട്ടിൻകൂട്ടത്തെ** മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല ദൈവത്തിനു ഹിതമാംവണ്ണം മനപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല ഉൻമേഷത്തോടെയും ഇടവകകളുടെമേൽ കർതൃത്വം നടത്തുന്നവരായിട്ടല്ല (1 പത്രൊ. 5:1–2).

വചനപ്രകാരം ഇടയൻ, മൂപ്പൻ, കാര്യവിചാരകൻ, അദ്ധ്യക്ഷൻ എന്നീ പദങ്ങൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഈ കാലത്തു നിലവിലിരിക്കുന്ന സഭാഭരകൂടങ്ങൾ ഒരു മൂപ്പന്റെ ഉത്തരവാദിത്തങ്ങൾ ഒന്നിലധികം പുരുഷന്മാർക്കു നൽകുകയും അവരെ മൂപ്പന്മാരെന്നു വിളിക്കാതിരിക്കയും ചെയ്യുന്നുവെന്നു ഇതോടു ചേർത്തു പറയുന്നത് പ്രധാനം തന്നെ. അതുപോലെ, ഒരു സ്ഥാനം നൽകി അതിനെ "മൂപ്പൻ" എന്ന് സഭകൾ പേർ വിളിച്ചേക്കാം. പക്ഷേ പുതിയനിയമം വ്യക്തമാക്കുന്ന മൂപ്പന്റെ ചുമതലയുമായി അതിന് യാതൊരു സാമ്യവും ഉണ്ടായിരിക്കയുമില്ല. "മൂപ്പൻ" എന്ന സ്ഥാനപ്പേരു വിളിക്കുന്നെങ്കിൽ, 1 തിമൊ. 3–ലും തീത്തൊ. 1–ലും കാണുന്ന മാതൃകാസവിശേഷതകളും ഉത്തരവാദിത്തനിർവ്വഹണവും വിളങ്ങിക്കാണുമ്പോൾ മാത്രമാകുന്നതായിരിക്കും ഏറ്റവും നല്ലത്.

2. മൂപ്പന്മാർക്കുണ്ടായിരിക്കേണ്ട വിശിഷ്ടഗുണങ്ങൾ അഥവാ യോഗ്യതകൾ

മൂപ്പന്മാർക്കുണ്ടായിരിക്കേണ്ട വിശിഷ്ടഗുണങ്ങളുടെ വിവരം പുതിയനിയമം പ്രസിദ്ധമാക്കുന്നുണ്ട്. 18 വയസ്സിനുമേൽ പ്രായമുള്ള ഒരു പുരുഷനായ സഭാംഗമായിരിക്കണം എന്നതിനേക്കാൾ അധികമാണ് അവിടെ അന്തർഭവിച്ചിട്ടുള്ളത്.

"ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹക്കുന്നു എന്നുള്ളത് വിശ്വാസയോഗ്യം ആകുന്നു. എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏക ഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം. മദ്യപ്രിയനും തല്ലുകാരനും അരുത്; ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം. സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? നിഗളിച്ചിട്ടു പിശാചിന്നു വന്ന ശിക്ഷാവിധിയിൽ അകപ്പെടാ തിരിപ്പാൻ പുതിയ ശിഷ്യനും അരുത്. നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിപ്പാൻ പുറമേയുള്ളവരോടു നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കേണം(1 തിമൊ. 3:1–7).

ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചുപോന്നത് ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിനും ഞാൻ നിന്നോടു ആജ്ഞാപിച്ചതു പോലെ പട്ടണംതോറും മൂപ്പന്മാരെ ആക്കിവയ്ക്കേണ്ടതിനും തന്നെ. മൂപ്പൻ കുറ്റമില്ലാത്തവനും ഏകഭാര്യയുള്ളവനും ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവനും ആയിരിക്കണം. അദ്ധ്യക്ഷൻ ദൈവത്തിന്റെ ഗൃഹവിചാരകൻ ആയിരിക്കയാൽ അനിന്ദ്യൻ ആയിരിക്കണം. തന്നിഷ്ടക്കാരനും കോപിയും മദ്യപ്രിയനും തല്ലുകാരനും ദുർല്ലാഭമോഹിയും അരുത്. അതിഥിപ്രിയനും സത്ഗുണപ്രിയനും സുബോധ ശീലനും നീതിമാനും നിർമ്മലനും ജിതേന്ദ്രിയനും പഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്ക് ബോധം വരുത്തുവാനും ശക്തനാകേണ്ടതിനു ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിക്കുന്നവനും ആയിരിക്കണം (തീത്തോ. 1:5–9).

a. പൊതുവായ യോഗ്യതകൾ

"നിരപവാദ്യൻ"– ഒരു മൂപ്പൻ സഭയുടെ ബഹുമതിക്ക് ഇടിവുവരുത്തുന്ന ഗുരുതരമായ സാന്മാർഗ്ഗിക കളങ്കങ്ങൾ

ഇല്ലാത്തയാളായിരിക്കണം. ഒരാൾ പരിപൂർണ്ണനോ പാപരഹിതനോ ആയിരിക്കണമെന്നല്ല ഇതിനർത്ഥം; മറിച്ച്, സഭയ്ക്കു ഹാനികരമെന്ന് വാസ്തവമായി തെളിയിക്കാൻ കഴിയുന്ന ഗുരുതരമായ കുറ്റാരോപണവുമായി ആരും മുമ്പോട്ടു വരാനിടയാകരുത് എന്നാണ്.

b. സാന്മാർഗ്ഗിക യോഗ്യതകൾ

"ഏകഭാര്യയുടെ ഭർത്താവ്"– വിവിധതരം വീക്ഷണങ്ങൾക്ക് വിശ്വാസികൾ സഹിഷ്ണുത അനുവദിക്കുമെങ്കിൽ അത് ഏറ്റവും നല്ലത്; എന്നാൽ ഒരു മൂപ്പനായി നാമനിർദ്ദേശം ചെയ്യപ്പെടുന്നയാൾക്ക് ആ സമയത്ത്, ഉന്നത സാന്മാർഗ്ഗിക മൂല്യങ്ങൾ ഉണ്ടായിരിക്കണമെന്ന് പൊതുവായി നിർണ്ണയിക്കുക. ഗ്രീക്കിലെ അക്ഷരീകശൈലി ''ഏകസ്ത്രീയുടെ പുരുഷൻ'' എന്നാണ്. ചിലർ എണ്ണത്തിന് ഊന്നൽ നൽകി, മൂപ്പൻ വിവാഹമോചനം നടത്തിയ ആളോ പുനർ വിവാഹിതനോ ആകാൻ പാടില്ല എന്നു വാദിക്കുന്നു. മറ്റുള്ളവരാകട്ടെ യോഗ്യതയ്ക്ക്(ഗുണനിലവാരം) ഊന്നൽ നൽകുന്നു. ഇതിന്റെയർത്ഥം ഒരു മൂപ്പന് "ഏകസ്ത്രീ ആദർശവും" പെരുമാറ്റവും ഉണ്ടായിരിക്കണമെന്നത്രേ. ഈ വീക്ഷണമനുസരിച്ച് ഒരാൾ ഒരിക്കലും വിവാഹമോചനം നടത്തിയിട്ടില്ലെങ്കിലും, അദ്ദേഹം തന്റെ ഭാര്യയെ സ്നേഹിക്കാത്തയാളാണെങ്കിൽ, അയോഗ്യത കല്പിക്കണമെന്നാണ്. കൂടാതെ, മുമ്പ് വിവാഹമോചനം നടത്തിയ ഒരാൾക്ക് പിൽക്കാലത്ത് "ഏകസ്ത്രീയുടെ പുരുഷൻ" ആകാമല്ലോ. ഈ എഴുത്തുകാരൻ പരിഗണിക്കുന്നത് "ഏകസ്ത്രീയുടെ പുരുഷൻ" എന്നത് ഗുണനിലവാരപ്രകാരമാണെന്നത്രേ.

c. മാനസിക യോഗ്യതകൾ

"നിർമ്മദൻ, ജിതേന്ദ്രിയൻ, സുശീലൻ, ഉപദേശിപ്പാൻ സമർത്ഥൻ"

"നിർമ്മദൻ" –ഒരു തീരുമാനം എടുക്കേണ്ടി വരുമ്പോഴോ സത്യം വെളിപ്പെടുത്തേണ്ടി വരുമ്പോഴോ ഒരു മൂപ്പന് വ്യക്തമായ, വസ്തു നിഷ്ഠമായ, കരുതലുള്ള, യാഥാസ്തിക ചിന്തയുള്ള, വിധിയുണ്ടായിരിക്കണം. അവന്റെ തീരുമാനം വൈകാരികമോ, വ്യക്തിതാല്പര്യമോ, പ്രസിദ്ധിയോ, ലൗകിക കാഴ്ചപ്പാടോ ഇതിനാൽ ഒന്നും മേഘാവൃതമാകുവാൻ പാടില്ല. ഒരു മൂപ്പൻ "സമചിത്തയുള്ളവനും" വചനത്തിലെ സത്യത്തിനുവേണ്ടി നിലനില്ക്കുന്നവനും ആയിരിക്കണം (കരുതലുള്ളവൻ, യാഥാസ്ഥിതിക ചിന്താഗതിയുള്ളവൻ, ഉപദേശത്തിന്റെ കാറ്റിനാൽ അലഞ്ഞുഴലാത്തവൻ).

''ജിതേന്ദ്രിയൻ''–(സ്വയനിയന്ത്രണമുള്ളവൻ NIV) (സുബോധമുള്ള KJV) ഈ പദത്തിന് അർത്ഥങ്ങളുടെ ഒരു നീണ്ട നിരതന്നെയുണ്ട്. അടിസ്ഥാന വാക്ക് അർത്ഥമാക്കുന്നത് ശുദ്ധ മനസ്സ് എന്നാണ്. ഇതാണ് 'ജിതേന്ദ്രിയൻ' എന്ന നിലയിൽ തർജ്ജമ ചെയ്യുന്നതിലേക്ക് നയിക്കുന്നത്. എന്തായാലും ഒരാൾ വിവേകിയും ഇന്ദ്രിയങ്ങൾക്കുമേൽ ജയമുള്ളവനും ആകുന്നത് ശിക്ഷണത്തിൽകൂടെയും സ്വയനിയന്ത്രണത്തിൽകൂടെയുമാണ്. ഒരു ഇടയൻ/മൂപ്പൻ തന്റെ ജീവിതം, പ്രവൃത്തി ഇവയെക്കുറിച്ച് ഗൗരവവും ശിക്ഷണവുമുള്ളവനായിരിക്കണം എന്നു പറയാറുണ്ട്. അവൻ ക്രിസ്തുവിന്റെ പ്രവൃത്തിയെക്കുറിച്ച് ആഴമായി ചിന്തിക്കുന്നവനാണ്. അവന്റെ ഉദ്ദേശം ഒരു "നല്ല സമയം" ഉണ്ടാകുക എന്നതല്ല. അവൻ സഭാപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ വിഡ്ഢിവേഷം കെട്ടുന്നവനല്ല. പിന്നെയോ, ഗൗരവമുള്ള ഇന്ദ്രിയഗോചരമായ, വിവേകമുള്ള, പരിജ്ഞാനത്തെ അന്വേഷിക്കുന്ന മനസ്സുള്ളവനായിരിക്കണം.

"സുശീലൻ" – ഇതിന്റെ മൂലപദം നമ്മുടെ ഭാഷയിലെ (cosmetic) "സൗന്ദര്യവർദ്ധകമായ" എന്ന വാക്കിനോട് ബന്ധപ്പെട്ടിരിക്കുന്നു. "മാന്യമായ" പെരുമാറ്റവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും ഈ പ്രപഞ്ചം(cosmos) ഒരു ക്രമീകൃതവ്യവസ്ഥയായിരിക്കുന്നതുപോലെ cosmetic എന്ന പദം "ക്രമം" എന്ന ആശയവും നൽകുന്നുണ്ട്. ഒരു മൂപ്പന് ക്രമാസൂത്രിതവും പ്രവർത്തനക്ഷമവുമായ ഒരു സമീപനമായിരിക്കണം ശുശ്രൂഷയോട് ഉണ്ടായിരിക്കേണ്ടത്. അദ്ദേഹം പുറംകാഴ്ചയിൽ മാത്രം "മാന്യ"നായിരുന്നാൽ പോരാ; അദ്ദേഹത്തിന് സമയക്രമവും ശുശ്രൂഷയും കാര്യശേഷിയോടെ നിർവ്വഹിക്കുവാൻ കഴിയും. അദ്ദേഹം മാരകസാഹചര്യങ്ങളെ അഭിമുഖീകരിക്കുകയും സന്ദർശസമയങ്ങൾ പാലിക്കുകയും അടുക്കും ചിട്ടയും ഇല്ലാത്ത അവസ്ഥയെ ക്രമത്തിലാക്കാൻ പ്രിയപ്പെടുകയും ചെയ്യുന്നു.

"ഉപദേശിപ്പാൻ സമർത്ഥൻ" – ഓരോ മൂപ്പന്റെയും പ്രധാന ദൗത്യം പരസ്യപ്രസംഗം ആണെന്നു ഈ സവിശേഷത അർത്ഥമാക്കുന്നില്ല. 1 തിമൊ. 5:17 പ്രകാരം, പ്രസംഗിക്കുന്ന മൂപ്പന്മാരും ഭരണനിയന്ത്രണം ചെയ്യുന്ന മൂപ്പന്മാരും ഉണ്ട്. എങ്കിലും ഭരണനിയന്ത്രണം നടത്തുന്ന മൂപ്പന്മാർ സഭാവിശ്വാസികളെ സഭയുടെ ഉപദേശം എന്തെന്ന് കുറഞ്ഞപക്ഷം പ്രതിരോധിക്കുവാനും വിശദീകരിക്കുവാനും കഴിയത്തക്ക നിലയിൽ സാമാർത്ഥ്യം നേടുന്നതിലേക്ക് ഉയരുമാറ് പഠിപ്പിക്കുന്നതിന് കഴിവുള്ളവൻ ആയിരിക്കണം. കൂടാതെ ഓരോ മൂപ്പനും ഇരുത്തംവന്ന പ്രസംഗകൻ അല്ലെങ്കിൽപ്പോലും ദൈവവചനം ഭംഗായായി കൈകാര്യം ചെയ്യുവാൻ (സംസാരത്തിലും, അനൗദ്യോഗിക സ്ഥാനത്തും) കഴിവുള്ളവനായിരിക്കണം. ചുരുക്കത്തിൽ തിരുവെഴുത്തുകൾ നന്നായി അറിഞ്ഞുകൂടാത്ത പുരുഷന്മാർ മൂപ്പന്മാരാകുവാൻ പാടില്ല.

d. വ്യക്തിത്വം സംബന്ധിച്ച യോഗ്യതകൾ

"അതിഥിപ്രിയൻ, മദ്യപ്രിയനും, തല്ലുകാരനും അരുത്. ശാന്തനും കലഹിക്കാത്തവനും, ദ്രവ്യാഗ്രഹമില്ലാത്തവനും"

"അതിഥിപ്രിയൻ" - ഇതിന്റെ ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത് "അപരിചിതരെ സ്നേഹിക്കുക" എന്നാണ്. ആരംഭ കാല സഭകളിൽ പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികളായ അഭയാർത്ഥികൾക്ക് അഭയം നല്കുവാനുള്ള സന്ദർഭം ഉണ്ടായിരുന്നു. അവർ ക്രിസ്ത്യാനികൾക്ക് പല നന്മകളും ചെയ്തതു കൂടാതെ അവിശ്വാസികളോടും ദയ കാണിച്ചിരുന്നു. ഗലാ. 6:10. നാം ഇത് ഈ കാലഘട്ടത്തിലും പ്രായോഗികമാക്കേണ്ടതാണ്. യാത്ര ചെയ്യുന്ന ക്രിസ്തീയ പ്രവർത്തകർക്ക് അതിഥി സത്ക്കാരം നല്കുക, അർഹരായ ദരിദ്രർക്ക് സഹായം ചെയ്യുക, സഭയിലേക്ക് വരുന്ന പുതിയ ആളുകളെയും സന്ദർശകരെയുംസ്വാഗതം ചെയ്യുക, തുടങ്ങിയവ മൂപ്പന്മാരുടെ ഉത്തരവാദിത്തങ്ങളാണ്.

"മദ്യപ്രിയനും അരുത്" - ഈ യോഗ്യത വർജ്ജനം ആവശ്യപ്പെടുന്നില്ലായിരിക്കാം. എന്നാൽ കർശനമായ സംയമനം ആവശ്യപ്പെടുന്നു. ഒരു മൂപ്പൻ ക്രിസ്തീയ സ്വാതന്ത്ര്യം മനസ്സിലാക്കുകയും തന്റെ സ്വാതന്ത്ര്യത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നത്, പക്വതയിലെത്താത്ത വിശ്വാസികളെ സഹായിക്കുമെങ്കിൽ അതിനു സന്മനസ്സുള്ളവനും ആയിരിക്കേണം(റോമ. 14:21 കാണുക).

''തല്ലുകാരനും അരുത്''- മറ്റുള്ളവരെ ഭയപ്പെടുത്തി ഭരിക്കാൻ സ്വശക്തി ഉപയോഗിക്കുന്നവൻ എന്നാണ്. അല്പം അയവു വരുത്തി പരാവർത്തനം ചെയ്താവുന്നത്. അസഹ്യപ്പെടുത്തിയാൽ മുഷ്ടികൊണ്ട് ഇടിക്കുന്ന ക്ഷിപ്രകോപിയായ വ്യക്തി എന്നാണ് ഈ വാക്കിന്റെ അർത്ഥം.

"ശാന്തൻ" - ഒരു മൂപ്പൻ സാരവത്തായ ഉപദേശത്തിലോ സദാചാരസംഹിതയിലോ വിട്ടുവീഴ്ച ചെയ്യുന്ന ഒരുവനായിരിക്കരുത്, എങ്കിലും നിസ്സാരകാര്യങ്ങളിൽ ഭിന്നതയുണ്ടാകാതിരിക്കാൻ; വിധേയപ്പെടുന്ന പ്രവണതയുള്ളവനായിരിക്കണം. അസഹ്യപ്പെടുത്തലുകൾ, നിരൂപണങ്ങൾ, അധിക്ഷേപങ്ങൾ ഇവയോടുള്ള ബന്ധത്തിൽ ഒരു മൂപ്പൻ സഹിഷ്ണതയുള്ളവനും സംയമനം പാലിക്കുന്നവനുമായിരിക്കണം. അനാവശ്യ വിവാദങ്ങൾ ഒഴിവാക്കാൻ അദ്ദേഹം ശ്രമിക്കുകയും ചെയ്യും.

"കലഹിക്കാത്തവൻ"- പോരാടാത്തവൻ എന്നാണിതിന്റെ അർത്ഥം. അങ്ങനെയുള്ള ഒരു വ്യക്തി തന്റെ സ്വന്ത ആശയങ്ങളും അഭിപ്രായങ്ങളും സ്ഥാപിക്കുന്നതിൽ അമിതാവേശം പ്രകടിപ്പിക്കുകയോ, തന്റേതായ വഴിയുണ്ട് എന്ന് നിർബന്ധം പിടിക്കുകയോ ചെയ്യുകയില്ല. ഒരു മൂപ്പൻ ദുശ്ശാഠ്യമുള്ളവനായിരിക്കരുത്.

"ദ്രവ്യാഗ്രഹമില്ലാത്തവൻ"- ഒരാൾ സത്യസന്ധതയില്ലായ്മയുടെ തെളിവു നൽകുന്നുവെങ്കിൽ, സഭാഫണ്ടുകൾ കൈകാര്യ ചെയ്യാൻ അദ്ദേഹം പരീക്ഷിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്. ഉപദേഷ്ടാക്കന്മാരായ മൂപ്പന്മാർ- (പഠിപ്പിക്കുന്ന മൂപ്പന്മാർ) ക്രിസ്തുവിനോടോ തന്റെ ജന ത്തോടോ ശരിയായ സ്നേഹമില്ലാതെ; കൂലിക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്നവരോ പണത്തിനുവേണ്ടി മാത്രം ശുശ്രൂഷ ചെയ്യുന്നവരോ ആകരുത്.

e. സ്വഗൃഹത്തിലെ യോഗ്യതകൾ

"സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവൻ; മക്കൾ അനുസരണമുള്ളവർ''- കുഞ്ഞുങ്ങൾക്ക് അവരുടെ പെരുമാറ്റസ്വഭാവങ്ങളിൽ അംഗീകാര്യയോഗ്യമായ ഒരു നിലവാരം ഉണ്ടായിരിക്കണമെന്നത് വിഷയാനുബന്ധമായ ഒരു കാര്യമാണ്. എന്നിരുന്നാലും തീത്തൊ. 1:6 വ്യക്തമാക്കുന്നത്, ഒരു മൂപ്പന് വിശ്വാസികളായ മക്കളുണ്ടായിരിക്കണമെന്നാണ്. അതായത്, മൂപ്പന്റെ മക്കൾ രക്ഷിക്കപ്പെട്ടവരായിരിക്കണം. ഭവനത്തിൽ ഉള്ള മക്കൾ മാതാപിതാക്കൾക്കോ ദൈവത്തിനോ എതിരായ മത്സരികളായി നടക്കുന്നവരുമാകരുത്.

f. ക്രിസ്തീയ അനുഭവങ്ങളുടെ യോഗ്യത

പുതിയ ശിഷ്യനുമരുത്- പുതിയ വിശ്വാസികൾക്ക് മൂപ്പനായിരിക്കാനുള്ള യോഗ്യതയില്ല. പക്വത പ്രാപിക്കാൻ സമയമെടുക്കും. ഒരാളുടെ സമർപ്പണം കാലംകൊണ്ടു പരിശോധിക്കപ്പെടേണ്ടതുമാണ്. പക്വതയിലെത്തും മുമ്പേ അധികാരത്തിലേക്ക് അവരോധിക്കപ്പെടുന്നത് പൊങ്ങച്ചത്തിലേക്കു നയിക്കും.

g. പൂർവ്വകാലമാന്യതയെന്ന യോഗ്യത

"പുറമെയുള്ളവരോട് നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കണം" ഒരു പ്രത്യേക പുരുഷന്റെ പൂർവ്വകാലമാന്യത സഭയ്ക്ക് അപവാദത്തിനോ പരിഹാസത്തിനോ വിഷയമാകുമെങ്കിൽ മറ്റൊരാളെ തിരഞ്ഞെടുക്കേണ്ടതാണ്.

3. മൂപ്പന്മാരുടെ എണ്ണം

ഒന്നിലധികം മൂപ്പന്മാരുണ്ടെന്നുള്ളതിനു ബൈബിൾ ഏകരൂപമായ കീഴ്വഴക്കം നൽകുന്നു. എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരം ബലികഴിക്കണമെന്ന് ഇതിനർത്ഥമില്ല. ചില ബാപ്റ്റിസ്റ്റുകാരുടെ രീതിയനുസരിച്ച്, പാസ്റ്ററാണ് ഏകമൂപ്പൻ. ഒരാൾക്കു മാത്രമെ ഇടയനായിരിപ്പാൻ യോഗ്യതയുള്ളുവെങ്കിൽ(1 തിമൊ. 3; തീത്തൊ. 1) അങ്ങനെയുള്ള സഭകളിൽ വാസ്തവമായ യോഗ്യതയുള്ള ആ ഒരാളെ വേണം മൂപ്പനായി കരുതേണ്ടത്. എന്നിരുന്നാലും മൂപ്പന്മാരുടെ ബഹുത്വം എന്ന വേദപുസ്തകമാതൃക; ഒരു ആദർശം തന്നെയാണ്. തിരുവെഴുത്തു നിഷ്കർഷിക്കുന്ന യോഗ്യതകളുള്ള ഒന്നിലധികം പുരുഷന്മാർ ഒരു സഭയിലുള്ളപ്പോൾ ആ മാതൃക പിന്തുടരേണ്ടതുമാണ് (കാണുക, അപ്പോ. പ്രവ. 14:23; 15:2, 6, 22; 20:17, 28; ഫിലി. 1:1; 1 തെസ്സ. 5:12; 1 തിമൊ. 5:17; തീത്തൊ. 1:5; യാക്കോബ് 5:14).

> അവർ സഭതോറും അവർക്ക് **മൂപ്പന്മാരെ** നിയമിക്കുകയും.. (അപ്പോ. പ്രവ. 14:23).
>
> ക്രിസ്തുയേശുവിന്റെ ദാസന്മാരായ പൗലോസും തിമൊഥെയോസും ഫിലിപ്പിയിൽ ക്രിസ്തുയേശുവിലുള്ള സകലവിശുദ്ധന്മാർക്കും **അദ്ധ്യക്ഷന്മാർക്കും** ശുശ്രൂഷകന്മാർക്കും കൂടെ എഴുതുന്നത് (ഫിലി. 1:1).
>
> നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ **മൂപ്പന്മാരെ** വരുത്തട്ടെ... (യാക്കോബ് 5:14).

4. മൂപ്പന്മാരുടെ തരം തിരിവുകൾ

സഭാപരിപാലനം ചെയ്യുന്ന മൂപ്പന്മാരെയും ഉപദേഷ്ടാക്കന്മാരായ മൂപ്പന്മാരേയും (ruling elders and teaching elders) 1 തിമൊ. 5:17 തരംതിരിക്കുന്നു. സഭയുടെ ഭരണച്ചുമതല വഹിക്കുന്ന(പരിപാലനം) മൂപ്പന്മാർ "പഠിപ്പിക്കാൻ കഴിവുള്ളവർ"(ഉപദേശിപ്പാൻ സമർത്ഥർ) ആയിരിക്കണം. ഉപദേഷ്ടാക്കന്മാരായ മൂപ്പന്മാർ(പഠിപ്പിക്കുന്നവർ) ഇടയശുശ്രൂഷയിലും അദ്ധ്യക്ഷതയിലും(മേൽനോട്ടം വഹിക്കുന്നതിലും) അപ്പോഴും പങ്കാളികളായിരിക്കേണ്ടതാണ്. മൂപ്പന്മാർക്ക് ഒരേ അധികാരമാണുള്ളത്, എന്നാൽ, എല്ലാ വിശ്വാസികളെയും പോലെ, കൃപാവരങ്ങളിൽ വ്യത്യാസമുള്ളവരാണ്. ഓരോ മൂപ്പനും ഒരേ അധികാരമാണുണ്ടായിരിക്കേണ്ടതെങ്കിലും, ഒരു മൂപ്പൻ തനിക്കു കൃപാവരവും പാടവവുമുള്ള മേഖലകളിൽ കൂടുതൽ സ്വാധീനതയുള്ളയാളായിരിക്കുമെന്നത് സ്വാഭാവികം മാത്രം. കാരണം ഉപദേശിക്കലാണ് ഇന്നു നൽകിയിരിക്കുന്ന കൃപാവരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് (കാണുക 1 കൊരി. 12:28).

> **നന്നായി ഭരിക്കുന്ന മൂപ്പന്മാരെ പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ** തന്നെ ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണുക (1 തിമൊ. 5:17).

5. മൂപ്പന്മാരുടെ ഉത്തരവാദിത്തങ്ങൾ

ഇടയന്മാരോട് സമാന്തരമായിട്ടുള്ളതാണ് മൂപ്പന്മാരുടെ ചുമതലകൾ. മൂപ്പന്മാർ ആട്ടിൻകൂട്ടത്തെ **മേയിക്കണം, അദ്ധ്യക്ഷത ചെയ്യണം, സൂക്ഷിക്കണം.** മേയിക്കുന്നതിൽ പഠിപ്പിക്കലും **ഇടയപാലനവും** ഉൾപ്പെടുന്നു. അദ്ധ്യക്ഷത ചെയ്യുന്നതിൽ സഭാഭരണം ഉൾപ്പെട്ടിരിക്കുന്നു. സഭാസംരക്ഷണം എന്നത് സഭയെ നശിപ്പിക്കുന്നവരെ പുറത്താക്കുക, ക്രിസ്തീയ സത്യങ്ങൾക്ക് എതിരുനിൽക്കുന്നവരെ ഖണ്ഡിക്കുക തുടങ്ങിയവ അടങ്ങിയിരിക്കുന്നു.

6. മൂപ്പന്മാരുടെ ശുശ്രൂഷയുടെ കാലപരിധി

മൂപ്പന്മാർക്ക് രണ്ട് അല്ലെങ്കിൽ മൂന്നുവർഷം ശുശ്രൂഷാകാലമായി നിശ്ചയിക്കുന്നതിനു ബൈബിൾ യാതൊരു പ്രമാണവും കാണുന്നില്ല. "മൂപ്പനും" "പാസ്റ്ററും" തുല്യമാകയാൽ, ഔദ്യോഗികകാലയളവും അവർക്കു തുല്യമായിരിക്കണം; അതായത് അവരുടെ ശുശ്രൂഷാകാലയളവിന് പരിധിയില്ല. ദുരുപദേശം, അസാന്മാർഗ്ഗിക സ്വഭാവം, അഥവാ അശ്രദ്ധ എന്നിവയാൽ ഒരാൾ തന്നെത്താൻ അയോഗ്യനാക്കുന്നില്ലെങ്കിൽ ഇടയനേതൃത്വമെന്നത് ജീവിതാന്ത്യംവരെ നീണ്ടുനിൽക്കുന്ന ഒരു ചുമതലയാണ് (റോമ. 11:29 നോക്കുക).

7. മൂപ്പന്മാരുടെ തിരഞ്ഞെടുപ്പ്

a. ഉറവിടം

സഭാ കൂടിവരവിന്റെ പുറത്തുനിന്നു മൂപ്പനെയോ/ ഇടയനെയോ വിളിക്കുന്നതിനെ ദൈവവചനം വിലക്കിയിട്ടില്ലെങ്കിലും, ഇതല്ല പുതിയനിയമ മാതൃക. പുതിയനിയമ സഭകൾ അവരിൽ നിന്നു തന്നെയാണ് തങ്ങളുടെ മൂപ്പന്മാരെ കണ്ടെത്തുന്നത്. ആദ്യ നൂറ്റാണ്ടിൽ ഈ മാതൃകകൾ ആവശ്യമാണെന്നും എന്നാൽ ഇന്ന് ഇത് ഒരു കല്പന അല്ലെന്നും ഒരാൾക്ക് വാദിക്കാം. ഒരുപക്ഷെ ഇത് ശരിയുമായിരിക്കാം. എന്നാൽ ആ കൂട്ടത്തിൽ നിന്നു തന്നെ പുതിയ മൂപ്പന്മാരെ തിരഞ്ഞെടുക്കുന്നതാണ് ഏറ്റവും നല്ല കാര്യം. കാരണം തിരഞ്ഞെടുക്കപ്പെട്ട വ്യക്തി വിശ്വസ്തനാണെന്നുള്ള തെളിവ് ഉറപ്പാക്കാനും 1 തിമൊ. 3, തീത്തൊ. 1 എന്നീ വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന യോഗ്യതയുള്ളവനാണെന്ന് തീരുമാനിക്കുവാനും കഴിയും.

> അവർ സഭതോറും അവർക്ക് മൂപ്പന്മാരെ **നിയമിക്കുകയും** ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ടും തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കുകയും ചെയ്തു (അപ്പോ.പ്ര. 14:23).
>
> ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചു പോന്നത് **ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിനും ഞാൻ നിന്നോടു ആജ്ഞാപിച്ചതുപോലെ** പട്ടണംതോറും മൂപ്പന്മാരെ ആക്കിവെക്കേണ്ടതിനും തന്നെ (തീത്തോ. 1:5).

b. വിധം

ആടുകൾ തങ്ങളുടെ ഇടയനെ തിരഞ്ഞെടുക്കും എന്ന് ആർക്കും പ്രതീക്ഷിക്കുവാൻ കഴിയാത്തതുപോലെ പുതിയനിയമത്തിൽ മൂപ്പന്മാരുടെ തിരഞ്ഞെടുപ്പിനുള്ള അധികാരം മുകളിലത്തെ തലത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്. ഒന്നാമത് മൂപ്പന്മാരെ നിയമിക്കുവാനുള്ള അധികാരം പൂർണ്ണമായും അപ്പോസ്തലന്മാർക്കായിരുന്നു. (അപ്പോ. പ്രവൃ. 14:23; 1 തിമ. 3:1; തീത്തൊ. 1:5 മുതൽ) അടുത്തതായി തിമൊഥെയോസിനെക്കുറിച്ചു പ്പറയുന്ന ഒരു വാക്യം സൂചിപ്പിക്കുന്നത് നിലവിലുള്ള മൂപ്പന്മാർക്ക് പുതിയ മൂപ്പന്മാരെ നിയമിക്കുവാനുള്ള പ്രധാന പങ്കുണ്ട് എന്നാണ്.

> **മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ** പ്രവചനത്താൽ നിനക്കു ലഭിച്ചതായ നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ (1 തിമൊ. 4:14).

ചെന്നായ്ക്കളിൽ നിന്നു ആട്ടിൻകൂട്ടത്തെ സംരക്ഷിക്കുവാനും അവരെ അദ്ധ്യക്ഷത ചെയ്യുവാനുമുള്ള ഉത്തരവാദിത്വം മൂപ്പന്മാർക്കുണ്ട് (അപ്പോ. പ്രവ. 20:28; 1 പത്രൊ. 5:1). ഒരു സഭയുടെ നേതൃത്വത്തിന്മേൽ അധികാരമില്ലാതെ മൂപ്പന്മാർക്ക് സഭയെ നുഴഞ്ഞുകയറ്റത്തിൽനിന്നും സംരക്ഷിക്കുവാൻ കഴിയുന്നതല്ല "ചെന്നായ്ക്കളിൽ" നിന്നും സംരക്ഷിക്കണമെന്ന് ദൈവം മൂപ്പന്മാരോട് കല്പിച്ചുവെങ്കിൽ ചെന്നായ്ക്കൾ മൂപ്പന്മാരാകാതിരിക്കാനുള്ള അധികാരവും മൂപ്പന്മാർക്കുണ്ടെന്നു കരുതുന്നതിൽ എന്താണ് തെറ്റ്! ആദിമ ഇടയനേതൃത്വം(മൂപ്പൻ സമിതി) തിമൊഥെയോസിനെപ്പോലെയുള്ള പുതിയ മൂപ്പന്മാരെ അംഗീകരിക്കുകയും യോഗ്യതയില്ലാത്തവരെ ഒഴിവാക്കുകയും ചെയ്തു. ഇതിനോട് ഏറെ അടുപ്പമുള്ള ഒരു ഘടനയായി നമുക്ക് മനസ്സിലാക്കാവുന്നത്, ക്രിസ്തീയ കോളേജുകളോ മിഷൻപ്രവർത്തനങ്ങളോ നിയന്ത്രിക്കുന്ന സ്വയംഭരണ സമിതികളാണ്. നിലവിലുള്ള സമിതിയംഗങ്ങളാണ് ഏതെങ്കിലും പുതിയ അംഗങ്ങളെ വേണമോ യെന്നു തീരുമാനിക്കുന്നത്.

കൂടിവരുന്ന വിശ്വാസികളുടെ പങ്കാളിത്തം ഇത് നിരാകരിക്കുന്നില്ല; മൂപ്പന്മാരുടെ തിരഞ്ഞെടുപ്പിൽ പൊതുവെ സഭയ്ക്കാണ് സമ്പൂർണ്ണാധികാരമെന്ന വീക്ഷണമായിട്ടല്ല ഇത് മനസ്സിലാക്കാവുന്നത്. "ഇടവകകളുടെമേൽ കർതൃത്വം നടത്തുന്നതിനെതിരെ" മൂപ്പന്മാർക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു (1 പത്രൊ. 5:3). പുതിയ മൂപ്പന്മാരെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ നിലവിലുള്ള മൂപ്പന്മാർ മുഴുസഭയുടേയും വീക്ഷണങ്ങൾ പരിഗണിച്ചേ മതിയാവൂ. അ. പ്രവൃ. 15-ലെ യരുശലേം കൗൺസിലിൽ(ആലോചനാസമിതി) സമ്പൂർണ്ണാധികാരം അപ്പൊസ്തലന്മാർക്കായിരുന്നു(അ. പ്രവൃ. 15:2, 6). എന്നിരുന്നാലും ഇത്രമാത്രം പ്രാധാന്യമേറിയ ഒരു വിഷയത്തിൽ "മുഴുസഭയും'' സമ്മതിക്കുകയെന്നത് അഭിലഷണീയമായ സംഗതി തന്നെ(അ. പ്രവൃ. 15:22 കാണുക). എന്നിരുന്നാലും സഭ പൂർണ്ണമായും അങ്ങനെയുള്ള പ്രധാന കാര്യത്തിൽ അംഗീകാരം നൽകേണ്ടിയിരുന്നു (അപ്പോ. പ്രവ. 15:22). മാത്രമല്ല; ആലോചനക്കാരുടെ ബഹുത്വം ഒരു ദൈവവചന പ്രമാണമാണ് (സദൃ. 15:22) അധികാരത്തിലുള്ളയാളുകൾ ഔദ്യോഗിക സ്ഥാനീയരെ തെരഞ്ഞെടുക്കുന്നതിൽ തങ്ങളുടെ അധികാരം മറ്റുള്ളവർക്കു പകർന്നു നൽകുന്നതിന്റെ മുൻമാതൃകയും ഉണ്ട് (അപ്പോ. പ്രവ. 6:1-6 വരെ ഇതിന്റെ സുനിശ്ചിതമായ മാതൃകയും 2 കൊരി. 8:19-ൽ ഇതിനുള്ള സാധ്യതയും കാണാം).

നിലവിലുള്ള മൂപ്പന്മാർ പുതിയ മൂപ്പന്മാരെ തിരിച്ചറിയുന്ന മൗലികതത്വവും എല്ലാ വിശ്വാസികളോടും സൂക്ഷ്മസംവേദനം പുലർത്തുന്നതിന്റെയും സഭയുടെ ഐക്യതയുടെയും അടിസ്ഥാനപ്രമാണവും തമ്മിൽ സമന്വയിപ്പിക്കുന്ന വിവിധ നടപടിക്രമങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്. സഭയുടെ സമ്മതം നൽകുന്നതിനോ നൽകാതിരിക്കുന്നതിനോ അവരോടു ചോദിക്കുന്നതോടൊപ്പം; പുതിയ മൂപ്പന്മാരെ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം നിലവിലുള്ള മൂപ്പന്മാർക്കുണ്ടായിരുന്നു. അഥവാ മൂപ്പന്മാർക്കുവേണ്ടിയുള്ള സഭയുടെ തെരഞ്ഞെടുപ്പിനെ അസാധുവാക്കുവാനോ റദ്ദാക്കുവാനോ ഉള്ള അധികാരം നിലവിലുള്ള മൂപ്പന്മാർക്കുണ്ടായിരുന്നു. ഒടുവിൽ പറഞ്ഞ കാര്യം വലിയ പ്രശ്നങ്ങൾ ഉളവാക്കുവാൻ സാധ്യതയുണ്ട്. തുടർനടപടിക്രമം എന്തുതന്നെയായിരുന്നാലും ഏതെങ്കിലും പ്രാപ്തരായ പുതിയ മൂപ്പന്മാരെ സംബന്ധിച്ച യോഗ്യതാനിർണ്ണയത്തിൽ പ്രഥമ വാക്ക് ഉച്ചരിക്കാനുള്ള അധികാരം നിലവിലുള്ള മൂപ്പന്മാർക്കായിരിക്കണം. നിലവിലുള്ള മൂപ്പന്മാരോ സഭയോ ഒരാൾ യോഗ്യനല്ലെന്നു കരുതുന്നെങ്കിൽ; അത് പരിഗണനയുടെ അന്ത്യമായിരിക്കണം.

> അപ്പോൾ തങ്ങളിൽ ചില പുരുഷന്മാരെ തിരഞ്ഞെടുത്തു.. അയയ്ക്കേണമെന്നു അപ്പൊസ്തലന്മാരും മൂപ്പന്മാരും **സർവ്വസഭയും** നിർണ്ണയിച്ചു (അപ്പോ. പ്രവ. 15:22).

8. മൂപ്പന്മാരെ നീക്കം ചെയ്യൽ

ക്രിസ്തീയ ശുശ്രൂഷകന്മാർക്ക് വലിയ ഉത്തരവാദിത്തവും ബാധ്യതയുമുണ്ട്. മറ്റുള്ള വിശ്വാസികളെക്കാൾ ഉന്നതമായ മാനദണ്ഡമനുസരിച്ചായിരിക്കണം അവരെ വിധിക്കേണ്ടത്(ലൂക്കോ. 12: 48; യാക്കോബ് 3:1).

അപ്പോ. പ്രവ. 20:28 അനുസരിച്ച് നിലവിലുള്ള മൂപ്പന്മാർക്ക് തങ്ങളിൽ ഒരാളോ വെളിയിൽനിന്നുള്ളവരോ മുഴുസഭയെയും നശിപ്പിക്കുന്നതിൽനിന്ന് സംരക്ഷിക്കുവാനുള്ള **പോലീസ്** അധികാരങ്ങൾ നൽകുന്നു. കാരണം ശുശ്രൂഷകന്മാരാണ് അപവാദത്തിന്റെയും നുണകളുടെ പ്രധാന ലക്ഷ്യസ്ഥാനം. മതിയായ അടിസ്ഥാനമില്ലാതെ മൂപ്പന്മാർക്കെതിരെ ഉയരുന്ന ആരോപണങ്ങൾ അംഗീകരിക്കരുത് (2, 3 സാക്ഷികൾ വേണം, കാണുക 1 തിമൊ. 5:19). എന്നാൽ കുറ്റം ചെയ്യുന്നവരെ ശാസിക്കുകയോ, നീക്കം ചെയ്യുകയോ വേണം. മൂപ്പന്മാർ സകലത്തിന്നും മുമ്പായി തന്നോട് കൂറ് പുലർത്തണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. അങ്ങനെയാകുമ്പോൾ അത്യാവശ്യരംഗത്ത് ഒരു സ്നേഹിതനെ ശിക്ഷണനടപടിക്ക് വിധേയനാക്കുവാൻ അവർക്കുകഴിയും. മാത്രമല്ല, അവരങ്ങനെ ചെയ്യുകയും വേണം. 1 തിമൊ. 3; തീത്തൊ. 1 എന്നീ വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന യോഗ്യതകളില്ലാത്തവർ അവരുടെ ജീവിതം ക്രമീകരിച്ചുകൊണ്ട്

മടങ്ങിവരാതെയോ ക്രമത്തിലാക്കുന്നതുവരെയോ മൂപ്പന്മാരായി സേവ ചെയ്വാൻ പാടില്ല.

> വളരെ ലഭിച്ചവനോട് **വളരെ ആവശ്യപ്പെടും** അധികം ഏറ്റു വാങ്ങിയവനോട് അധികം ചോദിക്കും (ലൂക്കോ. 12:48).
>
> സഹോദരന്മാരേ **അധികം ശിക്ഷാവിധി** വരും എന്നു അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത് (യാക്കോബ് 3:1).
>
> നിങ്ങളെത്തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളയുവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന **പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നു എഴുന്നേല്ക്കും** (അപ്പോ. പ്രവ. 28:28-30).
>
> **രണ്ടു മൂന്നു സാക്ഷികൾ മുഖേനയല്ലാതെ ഒരു മൂപ്പന്റെ നേരെ അന്യായം എടുക്കരുത്. പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയത്തിനായി എല്ലാവരും കേൾക്കെ ശാസിക്ക.** നീ പക്ഷമായി ഒന്നും ചെയ്യാതെകണ്ടു സിദ്ധാന്തം കൂടാതെ ഇവ പ്രമാണിച്ചുകൊള്ളേണം എന്നു ഞാൻ ദൈവത്തെയും ക്രിസ്തുയേശുവിനെയും ശ്രേഷ്ഠദൂതന്മാരെയും സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു (1 തിമൊ. 5:19-21).

9. ശുശ്രൂഷകന്മാർ

സഭയിലെ രണ്ടാം ഔദ്യോഗികസ്ഥാനം പുതിയനിയമത്തിൽ പഠിപ്പിച്ചിരിക്കുന്നത് ശുശ്രൂഷകന്റേതാണ്. "സേവനം" എന്നതിനുള്ള ഗ്രീക്കുപദത്തോടാണ് ഈ വാക്ക് ബന്ധപ്പെട്ടിരിക്കുന്നത്. ഇപ്രകാരം മൊത്തത്തിൽ ഒരു സഭയ്ക്കുവേണ്ടിയുള്ള നയപരിപാടി രൂപീകരിക്കുന്നല്ല; മറിച്ച് സേവ ചെയ്യുന്നതിനോടു ബന്ധപ്പെട്ട പ്രാപ്തികളിലാണ് ശുശ്രൂഷകന്മാർ പ്രവർത്തിക്കുന്നത്. കാര്യങ്ങളുടെ വിശദാംശങ്ങൾ ശുശ്രൂഷകന്മാരെ നിയോഗിച്ച് ഭരമേൽപ്പിക്കുമെങ്കിലും(അ. പ്രവ്യ. 6:3 നോക്കുക) "ഭരണം നടത്തുന്ന അഥവാ പരിപാലിക്കുന്ന മൂപ്പന്മാർക്ക്" ഉള്ളതുപോലെ സഭാഭരണത്തിൽ അവർക്ക് നിയന്ത്രണാധികാരമൊന്നുമില്ല(1 തിമൊ. 5:7 നോക്കുക).

ശുശ്രൂഷകന്മാരുടെ സ്ഥാനത്തെക്കുറിച്ച് പുതിയനിയമത്തിൽ കൂടുതൽ വിശദാംശങ്ങൾ നൽകിയിട്ടില്ല. നൽകപെട്ട ശുശ്രൂഷ ഒരു ശുശ്രൂഷകൻ തനിയെ നിർവ്വഹിക്കണമെന്ന് പ്രകടമാവുന്നു; അല്ലെങ്കിൽ ഒരു സമിതിയോ കമ്മറ്റിയോ പോലെ പ്രവർത്തിക്കുന്ന ശുശ്രൂഷകന്മാരുടെ ഗ്രൂപ്പ് ഉണ്ടാകാം. വാസ്തവത്തിൽ രണ്ട് വേദഭാഗങ്ങൾ മാത്രമാണ് "ശുശ്രൂഷകൻ" ഒരു ഔദ്യോഗികസ്ഥാനമാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്നത്, ഫിലി. 1:1 ഉം 1 തിമൊ. 3:8. മൂന്നാമത് അപ്പോ. പ്രവ്യ. 6:1-6 വരെ ശുശ്രൂഷകന്മാരെ സൂചിപ്പിക്കുന്നതാകാം.

ശുശ്രൂഷകന്മാരെ സംബന്ധിച്ച വിവരം പുതിയനിയമത്തിൽ കുറവായതുകൊണ്ട് വളരെ കർക്കശവും ഖണ്ഡിതവുമായ നിഗമനങ്ങൾ നടത്താതിരക്കുകയാണ് നല്ലത്. മൂപ്പന്മാരുടെ നിർദ്ദേശപ്രകാരം പ്രാദേശിക സഭയിൽ സ്ഥിരമായി ശുശ്രൂഷ ചെയ്യുന്ന ഏതൊരു പുരുഷനേയും ഇത് സൂചിപ്പിക്കാം.

അപ്പോ. പ്രവ. 6:1-6 വരെ "ഡീക്കൺ" എന്ന പദം ഉപയോഗിക്കുന്നില്ല. എന്നാൽ "ഡിയാക്കൊനിയോ" എന്ന ക്രിയാപദം രണ്ടുപ്രാവശ്യവും 'സേവനം' അഥവാ 'ശുശ്രൂഷ' എന്ന പദം(ഡിയാക്കൊനിയാ) ഒരു പ്രാവശ്യവും ഉപയോഗിക്കുന്നു. അ. പ്രവ്യ. 6-ൽ ശുശ്രൂഷകന്മാരെ തിരഞ്ഞെടുക്കുന്നതിൽ പങ്കുകൊള്ളാൻ അപ്പോസ്തലന്മാർ സഭയെ അനുവദിച്ചു. അ. പ്രവ്യ. 6-ലെ ശുശ്രൂഷകന്മാർ സഭയുടെ **പണ**മേശയിലെ ശുശ്രൂഷയിലാണ് ഏർപ്പെട്ടിരുന്നത്. അതായത്, വിധവമാർക്കുള്ള സഹായം അവരാണ് കൈകാര്യം ചെയ്തത്. ഈ പുരുഷന്മാർ വചനം പഠിപ്പിക്കുന്നവർ ആയിരിക്കണമെന്ന് നിർബന്ധമില്ല. പക്ഷേ അവർ സത്യസന്ധരും ആത്മനിറവുള്ളവരും വിവേകമതികളും ആയിരിക്കണമായിരുന്നു.

പരോപകാരതത്പരമായ ശുശ്രൂഷകൾ മാത്രമാണ് ശുശ്രൂഷകന്മാർക്ക് ഉള്ളതെന്നോ അല്ലെങ്കിൽ സഭയുടെ സാമ്പത്തിക കാര്യനിയന്ത്രണം ഒരു ശുശ്രൂഷകസമിതിയുടേതായിരിക്കണമെന്നോ അ. പ്രവ്യ. 6-പഠിപ്പിക്കുന്നുവെന്ന് കരുതുന്നത് തെറ്റാണ്. മൂപ്പന്മാർക്ക് സഭയുടെ "മേൽനോട്ടം" ഉണ്ടെങ്കിൽ അവർക്ക് സഭയുടെ സാമ്പത്തിക കാര്യങ്ങളിൽ ചില നിയന്ത്രണങ്ങളുമുണ്ട്. മൂപ്പന്മാരുടെ നിയന്ത്രണത്തിലായിരിക്കണം ശുശ്രൂഷകൻ പണം കൈകാര്യം ചെയ്യേണ്ടത്. 1 തിമൊ. 3:8 മുതലുള്ള വേദഭാഗങ്ങളുടെ വെളിച്ചത്തിൽ പണം കൈകാര്യം ചെയ്യുവാനുള്ള മുഴുവൻ ചുമതലയും ശുശ്രൂഷകന്മാർക്ക് ഉള്ളതായി കാണുന്നില്ല. **വീണ്ടും, സഭയുടെ സ്ഥിരമായ സേവകസ്ഥാനങ്ങളിലായിരിക്കുന്ന എല്ലാ പുരുഷന്മാരേയും ഡീക്കൺമാരായി(ശുശ്രൂഷകന്മാർ) വീക്ഷിക്കാവുന്നതാണ്.**

1 തിമൊ. 3:8-10, 12-13 വേദഭാഗങ്ങൾ ശുശ്രൂഷകന്മാരുടെ യോഗ്യതകൾ വിവരിക്കുന്നു. ചുരുങ്ങിയ നിർവചനങ്ങളോടെ ഇവിടെ ആ പട്ടിക നൽകിയിരിക്കുന്നു.

> അവ്വണ്ണം **ശുശ്രൂഷകന്മാർ** ഘനശാലികളായിരിക്കേണം. ഇരു വാക്കുകാരും മദ്യപാന്മാരും ദുർല്ലഭ

മോഹികളും അരുത്. അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസാക്ഷിയിൽ വെച്ചു കൊള്ളുന്നവർ ആയിരിക്കേണം. അവരെ ആദ്യം പരീക്ഷിക്കേണം. അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ഏൽക്കട്ടെ (1 തിമൊ. 3:8–10).

ശുശ്രൂഷകന്മാർ ഏകഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്ത കുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കണം. നന്നായി ശുശ്രൂഷ ചെയ്തിട്ടുള്ളവർ തങ്ങൾക്കു നല്ല നിലയും ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിൽ വളരെ പ്രാഗത്ഭ്യവും സമ്പാദിക്കുന്നു (1 തിമൊ. 3:12–13).

"**ഘനശാലികൾ**"– ശുശ്രൂഷകന്മാർ അവരുടെ വേല നിവർത്തിക്കുന്നതിൽ ഗൗരവമുള്ളവരായിരിക്കണം. അവർക്ക് നൽകപ്പെട്ടിരിക്കുന്ന ജോലി നിവർത്തിക്കുന്നതിലൂടെ അവർ ബഹുമാനത്തിന് യോഗ്യരായിത്തീരേണം.

"ഇരു വാക്കുകാരായിരിക്കരുത്"– ഇരുവാക്കുകാരൻ ഒന്നും പറയും വേറൊന്ന് പ്രവർത്തിക്കും. അല്ലെങ്കിൽ ഒരാളോടു ഒന്നു പറയും വേറൊരാളോടു അതിനു വിരുദ്ധമായി പറയും. വാക്കിൽ സ്ഥിരത കാത്തു സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ശുശ്രൂഷകനുണ്ട്. മറ്റുള്ളവർക്ക് അവനിലുള്ള വിശ്വാസ്യത തള്ളിപ്പറയരുത് അഥവാ ഒറ്റിക്കൊടുക്കരുത്.

"മദ്യപാന്മാർ ആകരുത്"– ഒരു ശുശ്രൂഷകൻ വർജ്ജകൻ ആയിരിക്കണമെന്നില്ല, എന്നാൽ എപ്പോഴും സുബോധമുള്ളവനായിരിക്കണം. ഈ പദപ്രയോഗം(ശൈലി) വെളിപ്പെടുത്തുന്നത് ഒരു ശുശ്രൂഷകന് വീഞ്ഞ് ഒരു മുൻഗണന ആയിരിക്കരുതെന്നാണ്. അതിന്റെ കാര്യത്തിൽ ഇടപെടുന്നതിൽ സ്വാതന്ത്ര്യമുണ്ട്. മദ്യം ശുശ്രൂഷകനു ഒരു വലിയ താല്പര്യ വിഷയമായിരിക്കുവാൻ പാടില്ല.

"ദുർല്ലാഭമോഹികളായിരിക്കരുത്"– ശുശ്രൂഷകന്മാർ ഇടപാടുകളിൽ നല്ല സദാചാരമുള്ളവരായിരിക്കണം. മാത്രമല്ല, പണം കൈകാര്യം ചെയ്യുന്നതിൽ–വ്യക്തിപരമായ പണമായാലും സഭയുടെ പണമായാലും തികെഞ്ഞ സത്യസന്ധതയുണ്ടായിരിക്കണം. സത്യസന്ധമല്ലാത്തത് പിൻതുടരുന്നതിൽ അവർ ഒരിക്കലും ഏർപ്പെടുവാൻ പാടില്ല.

"വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസാക്ഷിയിൽ വെച്ചുകൊള്ളുന്നവർ"– ഒരു ശുശ്രൂഷകൻ വചനം പഠിപ്പിക്കുന്ന ആളായിരിക്കണമെന്നില്ല. എന്നാൽ താൻ എന്താണ് വിശ്വസിക്കുന്നതെന്നു അറിഞ്ഞിരിക്കണം(അതായത് ഉപദേശനിശ്ചയമുള്ള ആളായിരിക്കണം). ഉപദേശപരമായി പത്ഥ്യം ഉള്ളയാളും സഭയുടെ ഉപദേശം ശുദ്ധമനസാക്ഷിയിൽ ഉയർത്തിപ്പിടിക്കുന്നയാളും ആയിരിക്കേണം.

"ആദ്യം പരീക്ഷിക്കേണം"– ക്രിസ്തു പറഞ്ഞത് അല്പത്തിൽ വിശ്വസ്തനെ അധികത്തിനു വിചാരകനാക്കുമെന്നാണ് (ലൂക്കോ. 16:10). ഈ കല്പന അനുസരിച്ച് ശുശ്രൂഷകന്മാരെ ആദ്യം പരീക്ഷിച്ചിട്ടു വേണം അവരെ സ്ഥിരമായി നിയമിക്കേണ്ടതെന്നാണ് പൗലോസ് പറയുന്നത്. ഒരു പ്രായോഗിക പരിശോധന എന്ന നിലയിൽ താത്ക്കാലികമായിട്ടോ മറ്റൊരാൾക്ക് പകരമായിട്ടോ ആക്കിവക്കാവുന്നതാണ്. മൂപ്പൻ ഒരു പുതിയ ശിഷ്യൻ ആയിരിക്കുവാൻ പാടില്ലാത്തതുപോലെ ഒരു ശുശ്രൂഷകനും താൻ രക്ഷിക്കപ്പെട്ട ശേഷമുള്ള ഒരു കാലഘട്ടം അദ്ദേഹത്തെ പരീക്ഷിച്ചറിയാൻ പര്യാപ്തമായ സമയം നൽകും.

"അനിന്ദ്യരായിരിക്കണം"– സഭയ്ക്ക് അപമാനം വരുത്താത്ത ഒരു നല്ല സാക്ഷ്യം മുപ്പനുണ്ടായിരിക്കുന്നതുപോലെ ശുശ്രൂഷകന്മാരും വിശ്വസ്തരാണെന്നുള്ള നല്ല സാക്ഷ്യമുള്ളവരായിരിക്കണം.

"ഏകഭാര്യയുള്ള ഭർത്താവായിരിക്കണം"– ഗ്രീക്ക് വാക്കിന്റെ അർത്ഥം "ഏക സ്ത്രീയുടെപുരുഷൻ" എന്നാണ്. ഇവിടെയും സവിശേഷ ഗുണത്തെയാണോ സംഖ്യയേയാണോ അർത്ഥമക്കുന്നത് എന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്. എണ്ണത്തിന്റെ കാര്യത്തിലാണെങ്കിൽ വിവാഹമോചനം നേടിയവർ ഒരിക്കലും ശുശ്രൂഷകന്മാരായിരിക്കുവാൻ കഴിയില്ല. ഗുണത്തിന്റെ കാര്യത്തിലാണെങ്കിൽ ഒരു സ്ത്രീയോടുമാത്രം ബന്ധമുള്ളവർക്കേ ശുശ്രൂഷകൻ ആകുവാനുള്ള യോഗ്യതയുള്ളൂ എന്നാണ് പൗലോസ് പഠിപ്പിക്കുന്നത്. ശുശ്രൂഷകൻ വിവാഹിതനാണെങ്കിൽ തന്റെ ഭാര്യയോടു വിശ്വസ്തനായിരിക്കണം

"മക്കളെയും സ്വന്തകുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കണം"– ശുശ്രൂഷകന്മാർക്ക് മത്സരമനോഭാവമുള്ള മക്കളുണ്ടായിരിക്കരുത്. അതുപോലെ മക്കൾക്കു മദ്ധ്യേ മത്സരമനോഭാവമില്ലാത്ത ഉറച്ച കുടുംബങ്ങളാണ് ഡീക്കന്മാർക്ക് അഥവാ ശുശ്രൂഷകന്മാർക്ക് ഉണ്ടായിരിക്കേണ്ടത്.

10. ശുശ്രൂഷക്കാരികൾ

പുതിയനിയമത്തിൽ ശുശ്രൂഷക്കാരികളുടെ സ്ഥാനത്തെപ്പറ്റി പറയുന്ന ഒരു പ്രത്യേക സംഭവത്തെപ്പറ്റി ചിന്തിക്കുവാൻ കഴിയും. റോമ. 16:1–ൽ ഫേബയെ "ശുശ്രൂഷക്കാരി"യെന്നു വിളിച്ചിരിക്കുന്നു. എന്നാൽ ഇത് ഒരു ഔദ്യോഗിക സ്ഥാനമാണോയെന്നു അറിയുവാൻ കഴിയുന്നില്ല അല്ലെങ്കിൽ പൗലോസ് സഭയിൽ "സേവനം ചെയ്യുന്ന സ്ത്രീ" എന്ന അർത്ഥത്തിൽ വിളിക്കുവാനുള്ള സാധ്യതയുമുണ്ട്. ഈ സ്ഥാനത്തെക്കുറിച്ച് പൂർണ്ണമായ വിവരമില്ല.

1 തിമൊ. 3:11-ൽ കാണുന്ന "സ്ത്രീകൾ" എന്ന പരാമർശം ശുശ്രൂഷക്കാരികളെക്കുറിച്ചാണെന്നു ചിലർ വ്യാഖ്യാനിക്കാറുണ്ട്. കാരണം ശുശ്രൂഷകന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്ന പശ്ചാത്തലത്തിലാണ് അത് പറഞ്ഞിരിക്കുന്നത്. ഇതിനുള്ള സാധ്യതയുണ്ട്. എന്നിരുന്നാലും 1 തിമൊ. 3:11-ൽ പറഞ്ഞിരിക്കുന്ന സ്ത്രീകൾ ശുശ്രൂഷകന്മാരുടെ ഭാര്യമാരോ ശുശ്രൂഷകന്മാരെ സഹായിക്കുന്ന സ്ത്രീകളോ ആകാം. ശുശ്രൂഷക്കാരികളുടെ സ്ഥാനം സംബന്ധിച്ച് വ്യത്യസ്ത മനോഭാവം ഉള്ള വിശ്വാസികളോട് സ്നേഹഭാവം പുലർത്തുകയാണ് നല്ലത്. ഒരു സ്ത്രീക്ക് പാസ്റ്ററോ ഇടയനോ വേദാദ്ധ്യാപികയോ ആയിരിക്കാൻ കഴിയുമോ എന്നതാണ് വലിയ പ്രശ്നം.

11. സഭയിൽ സ്ത്രീകളുടെ പങ്ക്

ഒരു ആശയത്തിന്റെ പ്രചാരത്തെക്കാൾ അത് എത്രത്തോളം ദൈവവചനത്തോട് യോജിക്കുന്നു എന്നാണ് വിശ്വാസികൾ നോക്കേണ്ടത്. വ്യക്തിത്വത്തിലും യോഗ്യതയിലും(ഗലാ. 3:28) പുരുഷന്മാരെയും സ്ത്രീകളേയും ബൈബിൾ തുല്യമായിട്ടാണ് വീക്ഷിക്കുന്നതെങ്കിലും സഭാനേതൃത്വത്തോടുള്ള ബന്ധത്തിൽ സ്ത്രീകളുടെ സ്ഥാനവും പ്രവർത്തനവും പുരുഷന്മാർക്ക് വിധേയത്വത്തിലാണ്. "എന്തുകൊണ്ടാണ്" ദൈവം ഈ നിലയിൽ സഭയെ രൂപകല്പന ചെയ്തത് എന്നതല്ല; മറിച്ച്, "തന്റെ ജനം ദൈവീക നിബന്ധനകൾക്ക് കീഴ്പ്പെടുമോ" എന്നതാണ് വിഷയം.

1 തിമൊ. 2:11-12 അനുസരിച്ച് സ്ത്രീക്ക് പുരുഷനെ പഠിപ്പിക്കുവാൻ അവകാശമില്ല. ദൈവവചനത്തോടു വിശ്വസ്തത പുലർത്തുന്ന വേറൊരു വ്യാഖ്യാനമില്ല.

> സ്ത്രീ മൗനമായിരുന്നു പൂർണ്ണ അനുസരണത്തോടും കൂടി പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ **ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല** (1 തിമൊ. 2:11-12).

ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിൾ, അനിശ്ചിത ഉപപദങ്ങൾ(indifinite articles) ചേർത്ത് ഈ വേദഭാഗത്തിന് കൃത്യമായ അർത്ഥം നൽകിയിരിക്കുന്നു. ഉപദേശിപ്പാനോ(the) **പുരുഷന്റെമേൽ അധികാരം നടത്തുവാനോ ഞാൻ** (the) **സ്ത്രീയെ അനുവദിക്കുന്നില്ല.** ഇപ്രകാരം നിശ്ചയോപപദം ചേർക്കാതെയാണ് ഈ പരിഭാഷ. ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ പഠിപ്പിക്കാൻ പാടില്ല എന്നു ഉറപ്പിച്ചു പറയുന്ന ഒരു ഗ്രീക്ക് രീതിയായിരിക്കാം ഇത്. എങ്കിലും ഈ പരിമിതപ്പെടുത്തൽ ഒരു ഭാര്യയ്ക്ക് സ്വന്തഭർത്താവിന്മേലുള്ള അധികാരത്തിനും അപ്പുറം പോകുന്നതാണ്. **യാതൊരു സ്ത്രീക്കും യാതൊരു പുരുഷന്റെയും** മേൽ അധികാരം നടത്തുവാൻ പൗലോസ് അനുവദിക്കുന്നില്ല. അധികാര സ്ഥാനത്തിൽ എന്ത് ഉൾപ്പെട്ടിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ചിലഅയവ് വരുവാനുള്ള സാധ്യതയുണ്ട്. ഉദാ. ഗായകസംഘത്തിന്റെ നിയന്ത്രണം നടത്തുന്ന സ്ത്രീ. അതുപോലെ യുവജനങ്ങളുടെ ഒരു കൂടിവരവിൽ ഒരു സ്ത്രീ പഠിപ്പിക്കുമ്പോൾ അവിടെയുള്ള ആൺകുട്ടികളെല്ലാം **പുരുഷന്മാരല്ലേ** എന്ന് ചോദിച്ചാൽ വ്യാഖ്യാനിക്കുന്നതിൽ ചില കരുതൽ സ്വീകരിക്കേണ്ടതാണ്. ഇതിനേക്കാളുപരി അനൗദ്യോഗിക സംഭാഷണങ്ങളിൽ സ്ത്രീ പുരുഷനെ **പഠിപ്പിക്കുന്നത്** ബൈബിൾ വിലക്കിയിട്ടില്ല. (പ്രിസ്ക്കില്ല അപ്പൊല്ലൊസിന് സ്വകാര്യമായി മാർഗ്ഗനിർദ്ദേശം നൽകുന്നത് കാണുക. എന്നാൽ ഒരു സ്ത്രീ മൂപ്പനോ ഇടയനോ പ്രായമുള്ളവരെ പഠിപ്പിക്കുന്ന ഉപദേഷ്ടാവോ ആയിരിക്കുന്ന നേരിയ ഭാഗംപോലും ഉണ്ടായിരിക്കരുത്. ബൈബിൾ ലളിതമായും അത് അനുവദിച്ചിട്ടില്ല. ഈ വിലക്കിനുള്ള ദൈവീകയുക്തിയെ അവടുന്ന് വ്യക്തമാക്കിയിട്ടുമില്ല. സ്ത്രീകളുടെ ബുദ്ധിപരമായ പരിമിതിയുമായി ഇതിന് എന്തെങ്കിലും ബന്ധമുണ്ടെന്ന് നമുക്ക് വിചാരിക്കാനാവില്ല. സഭയുടെ ആന്തരികസ്ഥിതിയോ അല്ലെങ്കിൽ ലോകത്തിലുള്ള പുരുഷന്മാരോട് ഫലകരമായി സാക്ഷ്യപ്പെടുത്തുന്നതിനുള്ള പ്രാപ്തിയോ ആകാം ഇതിൽ അന്തർഭവിച്ചിട്ടുള്ളത്.

1 തിമൊ. 3:1; തീത്തോ. 1:5; തുടങ്ങിയ വേദഭാഗങ്ങളിൽ മൂപ്പൻ/ ഇടയൻ ഇവർക്കുള്ള യോഗ്യതകളെക്കുറിച്ച് പറയുമ്പോൾ സഭയുടെ അദ്ധ്യക്ഷത വഹിക്കുന്ന മൂപ്പൻ/ ഇടയൻ ശുശ്രൂഷയ്ക്ക് സ്ത്രീയെ ഒരിക്കലും പരിഗണിച്ചിട്ടില്ല എന്ന് വ്യക്തം.

> വിശുദ്ധന്മാരുടെ സർവ്വസഭകളിലുമെന്നതുപോലെ **സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ.** ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്ക് അനുവാദമില്ല. അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽ വെച്ച് ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ. **സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ** (1 കൊരി. 14:34-35).

1 കൊരി. 14:34-സ്ത്രീകളോട് ആജ്ഞാപിക്കുന്നത് "സഭകളിൽ മിണ്ടാതിരിക്കണം" എന്നാണ്. കേവലം മൂന്നു അദ്ധ്യായങ്ങൾക്ക് മുമ്പു മാത്രം മൂടുപടം ഇട്ടുകൊണ്ട് സ്ത്രീകൾ സഭയിൽ പ്രാർത്ഥിക്കുന്നതോ പ്രവചിക്കുന്നതോ സംബന്ധിച്ച് പൗലോസ് എഴുതിയിരിക്കെ, ഇത് പൂർണ്ണമായ മൗനം സൂചിപ്പിക്കുകയാണെന്ന് തോന്നുന്നില്ല(1 കൊരി. 11:2-16 നോക്കുക). ഈ വേദഭാഗത്തിന്റെ പശ്ചാത്തലം അന്യഭാഷയോടും പ്രവചനത്തോടും ബന്ധപ്പെട്ടതാണെങ്കിലും 1 കൊരി. 14:34, ആദിമസഭയിലെ സ്ത്രീകളെ ഈ ശുശ്രൂഷകളിൽ നിന്നും തടഞ്ഞിട്ടില്ലെന്നു കരുതാം കാരണം ദൈവവചനത്തിൽ അനേകം പ്രവാചകിമാരെ കാണുവാൻ കഴിയും (മിര്യാം പുറ. 15:20; സഖ്യ. 12:1-2; മീഖ. 6:4; ദെബോര-

ന്യായ. 4: 4 ഹൂൽദാ- 2 രാജാ. 22:14-15; 2 ദിന. 34:22-23; ഹന്നാ- ലൂക്കോ. 2:36; ഫിലിപ്പോസിന്റെ പുത്രിമാർ അപ്പോ. പ്രവ. 21: 9; 1 കൊരി. 11:2-16)

1 കൊരി. 14:34-ാം വാക്യത്തെ 1 തിമൊ. 2:11-12 ന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്നതാണ് ഉത്തമം. **സ്ത്രീകൾ മിണ്ടാതിരിക്കട്ടെ** എന്നു പറയുമ്പോൾ എല്ലാവിധ സംസാരവും അദ്ദേഹം വിലക്കുകയല്ല. മറിച്ച്, അധ്യക്ഷൻ, മൂപ്പൻ, ഉപദേഷ്ടാവ് എന്നീ പദവികൾ വഹിച്ചുകൊണ്ട് സംസാരിക്കുന്ന കാര്യത്തിലാണ് വിലക്ക്. ഒരു പ്രാദേശികസഭയിൽ പുരുഷന്മാർക്ക് മേൽ അധികാരം ലഭിക്കത്തക്കനിലയിൽ സ്ത്രീകൾ സംസാരിക്കരുത്. ഒരു സഭയുടെ സാധാരണ കൂടിവരവിന്റെ ക്രമമനുസരിച്ച് ഒരു സ്ത്രീ ഒരു പുരുഷ-ഉപദേഷ്ടാവിനെ പ്രത്യേകിച്ച് വെല്ലുവിളിക്കുന്ന നിലയിൽ ചോദ്യം ചെയ്യാൻ പാടില്ല എന്ന പ്രധാന ആശയമാണ് 1 കൊരി. 14:34 ൽ അടങ്ങിയിരിക്കുന്നതെന്നു തോന്നുന്നു.

പ്രാദേശിക സഭയിൽ പുരുഷന്റെമേൽ അധികാരം നടത്തുവാൻ സ്ത്രീയെ അനുവദിക്കുന്നില്ലെങ്കിലും, സഭയുടെ ശുശ്രൂഷയിൽ സ്ത്രീകൾക്കുള്ള പങ്കു വെളിപ്പെടുത്തുന്ന വേദഭാഗങ്ങൾ കാണുവാൻ കഴിയും. തീത്തൊസ് 2:3-5 ൽ സ്ത്രീകൾക്ക് മറ്റു സ്ത്രീകളോടുള്ള ശുശ്രൂഷകൾ കാണുവാൻ കഴിയും അതുപോലെ സ്ത്രീകൾ കുട്ടികളെ പഠിപ്പിക്കുന്ന ദൃഷ്ടാന്തങ്ങളുമുണ്ട് (2 തിമൊ. 1:5; 3:15).

> വൃദ്ധന്മാരും അങ്ങനെതന്നേ നടപ്പിൽ പവിത്രയോഗ്യരും ഏഷണി പറയാത്തവരും വീഞ്ഞിനു അടിമപ്പെടാത്തവരുമായിരിക്കേണം എന്നും ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിനു യൗവ്വനക്കാരിത്തികളെ ഭർത്തൃപ്രിയന്മാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശിലിപ്പിക്കേണ്ടതിനു നന്മ ഉപദേശിക്കുന്നവരുമായിരിക്കേണം എന്നു പ്രബോധിപ്പിക്ക (തീത്തൊ. 2:3-5).

ശുശ്രൂഷകളിൽ സ്ത്രീകൾ ഏർപ്പെടുന്നതിന്റെ മറ്റു ദൃഷ്ടാന്തങ്ങളിൽ സംഗീതശുശ്രൂഷ ഉൾപ്പെടുന്നു; മാത്രമല്ല(എസ്രാ. 2:6; നെബ. 7:6, 7) സമാഗമനകൂടാരത്തിന്റെ വാതില്ക്കലെ സേവയിൽ സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നു(പുറ. 38:8). ജീവകാരുണ്യപ്രവൃത്തികളിലും മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിലും(ലൂക്കൊ. 8:3ഉം അ. പ്രവൃ. 9:36 മുതലും) കൂടാതെ പൊതുവായ സേവനത്തിലും സ്ത്രീകൾ ഏർപ്പെട്ടിരുന്നു.

D. സഭയുടെ അനുഷ്ഠാനങ്ങൾ

1. തിരുവത്താഴം

നവീകരണം മൂലം ലോകത്തിൽ പിറവിയെടുത്ത രണ്ടു വലിയ സഭാവിഭാഗങ്ങളാണ് നവീകരണ സഭയും (പ്രിസ്ബിറ്റേറിയൻ) ലൂഥറൺ സഭയുമെന്നത് അനേകം ക്രൈസ്തവർക്കും നന്നായി അറിവുള്ളതാണല്ലോ. റോമൻ കാതലിക്ക് വിശ്വാസത്തിനെതിരായി പൊതുവായ പ്രതിരോധത്തിൽ ഇരുവിഭാഗങ്ങളും ലയിച്ചുചേരുവാൻ പ്രാരംഭശ്രമം നടത്തുകയുണ്ടായി. സ്വിംഗ്ലിയും ലൂഥറും അന്യോന്യം കണ്ടുമുട്ടി. പൊതുവായ ഒരു ഉപദേശപ്രസ്താവനയ്ക്കു രൂപം നൽകി പ്രഖ്യാപിക്കുവാൻ അവർ ഇരുവരും മറ്റു പ്രഗത്ഭരായ ദൈവശാസ്ത്രജ്ഞന്മാർക്കൊപ്പം മാർബർഗ് എന്ന സ്ഥലത്ത് ഒന്നിച്ചിരുന്നു. പതിനഞ്ചിൽ പതിന്നാല് ഉപദേശസത്യങ്ങളിലും അവർ തമ്മിൽ സമവായത്തിലെത്തി; എന്നാൽ തിരുവത്താഴ (കർത്തൃമേശ)ത്തിന്റെ രീതിയിൽ അവർക്ക് യോജിക്കുവാൻ കഴിഞ്ഞില്ല. ലൂഥർ ഒരു ചോക്കെടുത്ത് മേശപ്പുറത്ത് എഴുതി **ഇതെന്റെ ശരീരം.** തിരുവത്താഴത്തിലെ പദാർത്ഥങ്ങൾ ഓർമ്മയ്ക്കായുള്ളതാണെന്നാണ് സ്വിംഗ്ലി വിശ്വസിച്ചിരുന്നത്. അങ്ങനെ പരസ്പരയോജിപ്പോ കാത്തലിക്ക് വിശ്വാസത്തിനെതിരായ പൊതുപ്രതിരോധമോ കൂടാതെ ആ സംഭാഷണം അവസാനിച്ചു. രണ്ടു വർഷത്തിനുശേഷം സ്വംഗ്ലിയും സ്വിസ് നവീകരണവിശ്വാസികളിൽ അനേകരും കാപ്പെൽ യുദ്ധത്തിൽ കൊല്ലപ്പെട്ടു.[2]

രസകരമായ ഈ സംഭവകഥ ചൂണ്ടിക്കാണിക്കുന്നത്, വിശ്വാസികളുടെ മദ്ധ്യേ ഐക്യത സ്ഥാപിക്കുവാനായി ഉദ്ദേശിക്കപ്പെട്ട അതേ അനുഷ്ഠാനം ദയനീയമായ അനൈക്യത്തിനു മുഖാന്തരമായിത്തീർന്നുവെന്നതാണ്. എന്നിരുന്നാലും, അടിസ്ഥാനസത്യങ്ങൾ സംബന്ധിച്ച ശരിയായ വേദപുസ്തകഗ്രാഹ്യത്തോടുകൂടെ, അത്രത്തോളം പ്രധാനമല്ലാത്ത അനുഷ്ഠാനങ്ങളുടെ കാര്യത്തിൽ സഹിഷ്ണതാമനോഭാവം; അപ്പവും വീഞ്ഞും ക്രിസ്തുവിലുള്ള നമ്മുടെ ഒരുമയെ(ഐക്യത) ചിത്രീകരിക്കുന്നുവെന്ന തിരിച്ചറിവും പുലർത്തുന്നപക്ഷം തിരുവത്താഴം വിശ്വാസികളെ ക്രിസ്തുവിനോടും അന്യോന്യം കൂടുതൽ അടുപ്പമുള്ളവരാക്കാൻ കഴിയുന്ന ഒരു അനുഷ്ഠാനം തന്നെയാണ്.

a. ആദ്യനൂറ്റാണ്ടിൽ നിലനിന്ന നിർബന്ധമല്ലാത്ത ചില ആചരണങ്ങൾ

വേഗപുസ്തകമാതൃകകളാണെങ്കിലും നാം അത്യാവശ്യമായും അനുസരിക്കേണ്ട ആജ്ഞകളാല്ലാത്ത ഒട്ടനവധി ആചരണക്രമങ്ങൾ തിരുവത്താഴത്തോടു ബന്ധപ്പെട്ടതായിട്ടുണ്ട്. ആദ്യകാല പുതിയനിയമവിശ്വാസികൾ ചെയ്ത ചര്യകളായി അവ രേഖപ്പെടുത്തിയിരിക്കുന്നു(അവർ അപ്രകാരം ചെയ്തിട്ടുണ്ടാകാം) എന്നാൽ എക്കാലത്തു

[2] Roland H., Bainton, *Here I stand: A life of Martin Luther*, reprinted. (Nashville: Abingdon, 1978), pp. 249-251

മുള്ള വിശ്വാസികൾ അതേപടി അനുഷ്ഠിച്ചു പോരേണ്ട കല്പനകളായി അവ നൽകിയിട്ടില്ല.

(1) സ്നേഹസദ്യകൾ

ആദിമസഭയ്ക്ക്, സ്നേഹസദ്യയെന്ന ഒരു സമഗ്ര ഭക്ഷണസമയം, തിരുവത്താഴശുശ്രൂഷാചരണത്തിനു മുമ്പ് ഉണ്ടായിരുന്നുവെന്നു സൂചിപ്പിക്കുന്ന മൂന്നു വാക്യങ്ങൾ കുറഞ്ഞപക്ഷം പുതിയനിയമത്തിലുണ്ട്. ആദ്യനൂറ്റാണ്ടിലെ സഭാചരിത്രത്തിലും ഈ സ്നേഹ സദ്യക്കുള്ള തെളിവുകൾ കാണാം.

> നിങ്ങൾ കൂടിവരുമ്പോൾ കർത്താവിന്റെ അത്താഴമല്ല കഴിക്കുന്നത്. ഭക്ഷണം കഴിക്കയിൽ ഓരോരുത്തൻ താന്താന്റെ അത്താഴം മുമ്പെ കഴിക്കുന്നു. അങ്ങനെ ഒരുവൻ വിശന്നും മറ്റൊരുവൻ ലഹരി പിടിച്ചും ഇരിക്കുന്നു. തിന്നുവാനും കുടിപ്പാനും നിങ്ങൾക്ക് വീടുകൾ ഇല്ലയോ? അല്ല; ദൈവത്തിന്റെ സഭയെ നിങ്ങൾ തുച്ഛീകരിച്ചു ഇല്ലാത്തവരെ ലജ്ജിപ്പിക്കുന്നുവോ നിങ്ങളോട് എന്തു പറയേണ്ടു? നിങ്ങളെ പുകഴ്ത്തുകയോ ഇതിൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല (1 കൊരി. 11: 20–22).

ഈ വേദഭാഗത്തുനിന്നു തിരുവത്താഴത്തിനു മുമ്പുള്ള ഭക്ഷണം കഴിക്കൽ അവർ ശരിയായ നിലയില്ല നിറവേറ്റിയതെന്നു കാണുവാൻ കഴിയും. തിരുവത്താഴ ശുശ്രൂഷയോടു ചേർന്ന് കൊരിന്ത് സഭയിൽ സ്നേഹസദ്യ നടന്നതായി ഇതിൽ നിന്നു വ്യക്തമാണ്.

> അവർ താല്ക്കാലിക ഭോഗതൃപ്തി, സുഖം എന്നു വച്ച് നിങ്ങളുടെ **സ്നേഹസദ്യകളിൽ** നിങ്ങളോടുകൂടെ വിരുന്നുകഴിഞ്ഞ് പുളെക്കുന്ന കറകളും കളങ്കങ്ങളുമാകുന്നു (2 പത്രൊ. 2:13).
>
> ഇവർ നിങ്ങളുടെ **സ്നേഹസദ്യകളിൽ** മറഞ്ഞു കിടക്കുന്ന പാറകൾ. നിങ്ങളോടുകൂടെ വിരുന്നുകഴിഞ്ഞ് ഭയംകൂടാതെ നിങ്ങളെത്തന്നെ തീറ്റുന്നവർ; കാറ്റുകൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ; ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരുചത്തും വേരറ്റും പോയ വൃക്ഷങ്ങൾ (യൂദാ. 12).

തിരുവത്താഴത്തിനു മുമ്പ് സ്നേഹസദ്യ നടത്തണമെന്ന് നിർബന്ധമില്ല. ആദിമ സഭയുടെ മാതൃകയായി ഇതിനെ കാണാം. ഇത് സഭ മുഴുവനെയും ഒരുമിച്ചു കൂട്ടിവരുത്തുന്നതിനുള്ള ഒരു നല്ല മുഖാന്തരമായിത്തീരാം.

(2) തിരുവത്താഴ ശുശ്രൂഷയിലെ വീഞ്ഞ്

"മുന്തിരിങ്ങാ പിഴിഞ്ഞെടുക്കുന്ന ചാറ്" മുന്തിരിവള്ളിയുടെ ഫലം അഥവാ അനുഭവമാണെങ്കിലും പുതിയനിയമ സഭ തിരുവത്താഴത്തിന് യഥാർത്ഥ വീഞ്ഞ് ഉപയോഗിച്ചിരുന്നോ എന്ന് ചെറിയ സംശയം തോന്നാം. വീഞ്ഞിനോട് രണ്ടോ മൂന്നോ നാലോ ഇരട്ടി വെള്ളവും കൂട്ടിച്ചേർക്കുകയെന്നതായിരുന്നു ആ കാലത്തെ രീതി. കൊരിന്ത്യസഭയിൽ വെള്ളം ചേർക്കാത്ത യതാർത്ഥ വീഞ്ഞ് ഉപയോഗിച്ചിരിക്കാം തന്മൂലം അവർ ലഹരി പിടിച്ചു (1 കൊരി. 11:21).

തിരുവത്താഴത്തിൽ വീഞ്ഞ് ഉപയോഗിച്ചിരുന്നതാണ് ആദിമ സഭയുടെ മാതൃകയെങ്കിൽ ആധുനിക സഭ അതുപോലെ തന്നെ ചെയ്യണമെന്ന് നിർബന്ധമുണ്ടോ? അങ്ങനെയുണ്ടെന്നു തോന്നുന്നില്ല. സഭയിൽവെച്ച് കുട്ടികൾ മദ്യം പരിചയപ്പെടുമെന്നുള്ള നിലയിൽ മാതാപിതാക്കൾക്ക് ഇടർച്ചയുണ്ടാക്കുന്നതിലുപരിയായി യഥാർത്ഥ വീഞ്ഞ്(അതായത് മദ്യം) ഉപയോഗിക്കുന്നത്, ലഹരി ഒരു പ്രശ്നമായിട്ടുള്ളവർക്ക്(അങ്ങനെയുള്ള പശ്ചാത്തലമുള്ളവർക്ക് തടങ്കൽപ്പാറയായിത്തീരാം. ഇപ്രകാരം 'മുന്തിരിവള്ളിയുടെ ഫല'മായ യഥാർത്ഥ വീഞ്ഞിനു (മദ്യം) പകരമായി പിഴിഞ്ഞെടുത്ത ചാറിൽ വെള്ളം ചേർത്തുപയോഗിക്കുന്നതിനെ ന്യായീകരിക്കുവാൻ റോമ. 14:21 ഉപയോഗിക്കാവുന്നതാണ്. അവിടെ 'വീഞ്ഞ്' അഥവാ "മുന്തിരിവള്ളിയുടെ ഫലം" എന്നുപയോഗിച്ചിരിക്കുന്നത് രക്തത്തെ ചിത്രീകരിക്കുകയുമാവാം. 1 കൊരി. 10:31–32 ഉം പ്രസക്തമാണ്. തിരുവത്താഴത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു പശ്ചാത്തലത്തിലാണ് ആ വേദഭാഗവും വരുന്നത്.

> മാംസം തിന്നാതെയും വീഞ്ഞു കുടിക്കാതെയും സഹോദരന് ഇടർച്ച വരുത്തുന്ന യാതൊന്നും ചെയ്യാതെയും ഇരിക്കുന്നത് നല്ലത് (റോമ. 14:21).
>
> ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവ മഹത്വത്തിനായി ചെയ്വിൻ. യെഹൂദന്മാർക്കും യവനന്മാർക്കും ദൈവസഭയ്ക്കും ഇടർച്ചയില്ലാത്തവരാകുവിൻ (1 കൊരി. 10:31–32).

തനി വീഞ്ഞ്, തിരുവത്താഴത്തിൽ ഉപയോഗിക്കുന്ന സഭകൾ ആദിമസഭയുടെ മാതൃക ഏറെക്കൂറെ അതേപടി പിൻപറ്റുകയാകാം. എന്നിരുന്നാലും പിഴിഞ്ഞെടുത്ത മുന്തിരിനീരിൽ വെള്ളം ചേർത്തുപയോഗിക്കുന്ന" സഭകൾ, ആദിമസഭയുടെ അനുഷ്ഠാനക്രമം ഒരു ദൃഷ്ടാന്തമായിരുന്നുവെന്നും അല്ലാതെ അതേപടി അനുഷ്ഠിക്കേണ്ട ഒരു ആജ്ഞയല്ലായിരുന്നുവെന്നും കരുതുന്നു. പുതിയ നിയമത്തിന്റെ അന്ത:സ്സത്തയാണ് അവർ ഉൾക്കൊള്ളുന്നതെന്നും അനാവശ്യമായ ഇടർച്ചകളോ പ്രലോഭനങ്ങളോ ഒഴിവാക്കാൻ വർദ്ധിതമായ കരുതലാണ് അവർ കൊക്കൊള്ളുന്നതെന്നും പറയാം. ക്രിസ്തീയ സ്വാതന്ത്ര്യത്തിൽപെട്ട ഒരു വിഷയമായിട്ടാണ് അവർ ഇതിനെ വീക്ഷിക്കുന്നത്. (അതായത് ഒരു ദൃഷ്ടാന്തമോ ഉദാഹരണമോ ആണ്; അല്പവും വ്യതിചലിക്കാതെ അതേപടി ചെയ്യേണ്ട കല്പനയല്ല എന്ന നിലപാട്). ആദിമ

സഭയുടെ രീതി അനുവർത്തിക്കുന്നതിനേക്കാൾ പരീക്ഷണവും (പ്രലോഭനവും) ഇടർച്ചയുമുണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതാണുപ്രധാനമെന്ന് അവർ വിലയിരുത്തുന്നു. പ്രത്യേകിച്ചും പിഴിഞ്ഞെടുക്കുന്നചാറിൽ വെള്ളം ചേർത്തുപയോഗിക്കുന്നത് ഫലത്തിലും ഗുണത്തിലും മുന്തിരിവള്ളിയുടെ അനുഭവം തന്നെയാണെന്നും, രക്തത്തിന്റെ മനോഹരമായ പ്രതീകമാണെന്നും അവർ വിധികല്പിക്കുന്നു.

(3) തിരുവത്താഴം അനുഷ്ഠിക്കുന്നതിലെ ഇടവേള

പുതിയനിയമസഭ ആഴ്ചതോറുമോ അല്ലാത്തപക്ഷം ദിനംപ്രതിയും തിരുവത്താഴം ആചരിച്ചു പോന്നിരുന്നു. എപ്രകാരം തിരുവത്താഴം ആചരിക്കപ്പെട്ടുവെന്നതിന്റെ ഉദാഹരണമാണിത്; അല്ലാതെ ഇന്ന് നാം ഇതേനിലയിൽ നിർവ്വഹിക്കണമെന്ന് നിർബന്ധിക്കുന്ന ആജ്ഞയല്ല.

> അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും **അപ്പം നുറുക്കിയും** പ്രാർത്ഥന **കഴിച്ചും പോന്നു** (അപ്പോ. പ്രവ. 2:42).
>
> **ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ** പൗലോസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ട് പാതിരവരെയും പ്രസംഗം നീട്ടി (അപ്പോ. പ്രവ. 20:7).

(4) അന്ത്യ അത്താഴ ആചരണങ്ങൾ

മത്തായി 26:30-ൽ ക്രിസ്തു അവസാന അത്താഴം ഒരു പാട്ട് പാടിക്കൊണ്ട് അവസാനിപ്പിക്കുന്നു. ഇത് തിരുവത്താഴത്തിന്റെ ഒരു സുപ്രധാനഭാഗമായിരിക്കണം എന്ന് ഉദ്ദേശിക്കപ്പെടുന്നില്ല; പ്രത്യുത; ഈ പ്രത്യേക സന്ദർഭത്തിൽ, യഹൂദന്മാർ പെസഹാ ഭക്ഷണം അവസാനിപ്പിക്കുന്ന രീതിക്ക് അനുയോജ്യമായി കർത്താവു ചെയ്തുവെന്നേയുള്ളൂ (അതായത് ഹല്ലേൽ സങ്കീർത്തനങ്ങളുടെ (115-118 സങ്കീ) രണ്ടാം ഭാഗം പാടുന്നത്). 1 കൊരി. 11ൽ പാട്ടുപാടുന്നത് ഒരു കല്പനയായി സൂചിപ്പിച്ചിട്ടില്ലെങ്കിലും തിരുവത്താഴശുശ്രൂഷഅവസാനിപ്പിക്കുന്നതിന്, ഇഷ്ടാനുസൃതം ചെയ്യാവുന്ന; ഒരു സവിശേഷതയായിട്ടാണ് ഇത് ഇരിക്കുന്നത്.

കാൽകഴുകൽ (പാദശുശ്രൂഷ) ഏറെ വിവാദപരമായ ഒരു ആചരണമാണ്. അന്ത്യാത്താഴസമയത്ത് കർത്താവു ശിഷ്യന്മാരുടെ കാൽകഴുകിയെന്നതിന് തർക്കമില്ല. എന്നാൽ ഇത് കർത്താവ് അപ്പൊസ്തൊലന്മാരെ മാത്രം (അഥവാ ആ സന്ദർഭത്തെമാത്രം) ഉദ്ദേശിച്ചു ചെയ്തതാണോ അതോ തിരുവത്താഴശുശ്രൂഷയുടെ അഭേദ്യമായ ഒരു ഭാഗമായി എല്ലാകാലത്തുമുള്ള എല്ലാവിശ്വാസികളും പാദശുശ്രൂഷചെയ്യണമെന്ന് അവിടുന്ന് ആഗ്രഹിച്ചുവോ എന്നിതിനെച്ചൊല്ലിയാണ് വലിയ തർക്കമുള്ളത്.

> ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്തുവാനും തുടങ്ങി; അവൻ ശിമോൻ പത്രൊസിന്റെ അടുക്കൽ വന്നപ്പോൾ അവൻ അവനോടു: "കർത്താവെ നീ എന്റെ കാൽ കഴുകുന്നുവോ" എന്നു പറഞ്ഞു. യേശു അവനോടു: "ഞാൻ ചെയ്യുന്നത് നീ ഇപ്പോൾ അറിയുന്നില്ല പിന്നെ അറിയും" എന്നു ഉത്തരം പറഞ്ഞു.... അവൻ അവരുടെ കാൽ കഴുകിയിട്ട് വസ്ത്രം ധരിച്ചു വീണ്ടും ഇരുന്നു അവരോടു പറഞ്ഞത്: ഞാൻ നിങ്ങൾക്ക് ചെയ്തത് ഇന്നതെന്നു അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ട് നിങ്ങൾ പറയുന്നത് ശരി; കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകിയെങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു (യോഹ. 13:5-7, 12-15).

മുഖ്യമായി ബൈബിൾ കേന്ദ്രീകൃതമായ ചില ചെറിയ സഭാവിഭാഗങ്ങൾ തിരുവത്താഴശുശ്രൂഷയോടൊപ്പം പാദശുശ്രൂഷയും ആചരിക്കാറുണ്ട്. ഉദാ. ഗ്രേസ് ബ്രദറൺ. ആജ്ഞ അനുവർത്തിക്കുന്ന കാര്യത്തിൽ വഴങ്ങുന്നതാണു സുരക്ഷിതം എന്ന് ഒരാൾ കരുതുന്നുവെങ്കിൽ, താഴേക്കിറങ്ങിപ്പറയട്ടെ; തിരുവത്താഴത്തോടുകൂടെ പാദശുശ്രൂഷ ഉൾപ്പെടുത്തുന്നതാണു ബുദ്ധി (പ്രത്യേകാൽ 14-ാം വാക്യമനുസരിച്ച്) എങ്കിലും കർത്താവ് ഈ ആചരണം സാർവ്വത്രികമായി വ്യാപിക്കണമെന്നോ എക്കാലവും തുടരണമെന്നോ ഉദ്ദേശിച്ചിട്ടില്ല എന്ന് ന്യായവാദം ഉന്നയിക്കുവാൻ കഴിയും. ഒരുപക്ഷേ, അന്ത്യത്താഴത്തിന്റെ യഥാർത്ഥപങ്കാളികളായ പാഠം കർത്താവ് ഉദ്ദേശിച്ചത്. അവർ അന്യോന്യം പാദം കഴുകണമായിരുന്നു. ഈ ആചരണം സാർവ്വലൗകികമായിരിക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, മറ്റു മൂന്നു സുവിശേഷരേഖകളിലെ അന്ത്യത്താഴ വിവരണങ്ങളിലും ലേഖനങ്ങളിൽ സഭയുടെ അനുഷ്ഠാനകല്പനയാലും പാദശുശ്രൂഷ പരാമർശിക്കാത്തത് വിചിത്രം തന്നെ; പ്രത്യേകിച്ച് തിരുവത്താഴത്തെക്കുറിച്ചുപറയുന്ന പ്രാഥമിക ഭാഗങ്ങളായ 1 കൊരി10-ഉം11-ഉം അദ്ധ്യായങ്ങളിൽ ഇതു സംബന്ധിച്ച് ഒന്നും പറയാത്തത് വിചിത്രമായിരിക്കുന്നു.

കൂടാതെ, യോഹന്നാൻ 13:15-ൽ "ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യണം" എന്നു കർത്താവു പറയുമ്പോൾ എന്താണ് യഥാർത്ഥമായി അർത്ഥമാക്കിയതെന്നതിനെക്കുറിച്ച് ചോദ്യം ഉയരുന്നുണ്ട്. ഇത് കാലുകഴുകുന്നതിനെക്കുറിച്ചാണോ അതോ താൻ കാണിച്ച ദൃഷ്ടാന്തത്തിലൂടെ അവിടുന്നു വരച്ചുകാട്ടിയ താഴ്മയുടെയും ക്ഷമയുടെയും സുപ്രധാന പാഠങ്ങളെ

യാണോ ഇതു സൂചിപ്പിക്കുന്നത്? മറ്റൊരാളുടെ കാൽ കഴുകുകയും അതേസമയം അദ്ദേഹത്തോടോ അവളോടോ വിനയം ഇല്ലാതിരിക്കാനും സ്നേഹം പ്രകടിപ്പിക്കാതിരിക്കുവാനും കഴിഞ്ഞേക്കാം. തീർച്ചയായും യോഹന്നാൻ 13-ൽ കാൽ കഴുക എന്ന ആചാരത്തെക്കാൾ ഉപരിയായി പ്രാധാന്യത്തോടെ ചെയ്യേണ്ടിയിരിക്കുന്ന "പ്രവർത്തികളെ" കർത്താവു പഠിപ്പിക്കുന്നു. കർത്താവു അവരുടെ കാലുകളെ കഴുകുന്നത് ശിഷ്യന്മാർക്ക് കാണുവാൻ കഴിഞ്ഞു. എന്നാൽ യോഹന്നാൻ 13:6-7 വാക്യങ്ങളിൽ ക്രിസ്തു തറപ്പിച്ചു പറയുന്നത്, വാസ്തവത്തിൽ താൻ ചെയ്തത് എന്താണോ അത് മറ്റെന്തോ ആണ്, അതായത്, അതെന്താണെന്നു ഗ്രഹിക്കാൻ ചില സമയം എടുക്കേണ്ടിവരുമാറ് ആഴമായ അർത്ഥമുള്ളതെന്തോ ആണെന്നത്രേ. ഇപ്രകാരം, "ഞാൻ ചെയ്തതുപോലെ ചെയ്വിൻ" എന്ന കല്പന കാൽ കഴുകുന്നതിനെ സൂചിപ്പിക്കുന്നുപോലുമില്ല, മറിച്ച് ക്രിസ്തു യഥാർത്ഥത്തിൽ ചെയ്തതെന്താണോ അതിനെയാണു സൂചിപ്പിക്കുന്നത്; അതായത്, മാതൃകാവിനയവും ക്ഷമയും. തമ്മിൽ തമ്മിൽ കഴുകേണം എന്ന് യോഹ. 13:14ൽ പറയുന്നത്, "അന്യോന്യം ക്ഷമിക്കുകയും അന്യോന്യം ശുശ്രൂഷിക്കുകയും ചെയ്വിൻ" എന്ന അർത്ഥത്തിൽ; തമ്മിൽ തമ്മിൽ കഴുകുവാനുള്ള കല്പനയാണെന്ന് വീക്ഷിക്കുവാൻ സാധിക്കും.

പാദശുശ്രൂഷ സംബന്ധിച്ച വിയോജിപ്പിൽ തന്നെ വിശ്വാസികൾക്ക് അന്യോന്യം ആശാവഹമാകും വിധം സ്നേഹമായിരിപ്പാനും കഴിയും. അന്ത്യത്താഴമാതൃക കൂടുതൽ കർശനമായി പിന്തുടരാത്തതിൽ ചിലർക്ക് അസംതൃപ്തി തോന്നുന്നു. മറ്റുള്ളവരാകട്ടെ, പാദശുശ്രൂഷ ഒരു അനുഷ്ഠാനകല്പനയായി മറ്റെങ്ങും പഠിപ്പിച്ചിട്ടില്ലയെന്നു കണ്ട്, വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ സാദ്ധ്യമായ ഒരൊറ്റ വേദഭാഗത്തെ ആസ്പദമാക്കി 'നിർബന്ധമായ ആചരണം' ഉളവാക്കുന്നതിൽ അതുപോലെ തന്നെ അസംതൃപ്തരാകുന്നു.

b. തിരുവത്താഴാചരണം സംബന്ധിച്ച അനുശാസനം

തിരുവത്താഴ ആചരണങ്ങളോടുബന്ധപ്പെട്ട് സഭ നിർബന്ധമായും അനുവർത്തിക്കേണ്ട അത്യന്താപേക്ഷിതമായ ആചാരരീതികൾ 1 കൊരി 11:23 -32 വരെ നൽകുന്നു (മത്താ. 26; 26-29; മർക്കൊ. 14:22-25; ലൂക്കൊ. 22:17-20 വരെയും കാണുക).

> ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കുകയും നിങ്ങൾക്ക് ഏല്പിക്കുകയും ചെയ്തതു എന്തെന്നാൽ കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി, "ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ" എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൻ പുതിയനിയമം ആകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്വാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു. നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല. വിധിക്കപ്പെടുന്നുവെങ്കിലോ നാം ലോകത്തോടു കൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിനു കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു (1 കൊരി. 11:23-32).

1 കൊരി. 11:23-ൽ വച്ചിരിക്കുന്ന തിരുവത്താഴമാതൃക, ഒന്നാമത് സ്തോത്രം ചെയ്യേണം എന്ന് അനുശാസിക്കുന്നു. അപ്പം എടുത്തതിനു മുമ്പും പാനപാത്രം എടുക്കുന്നതിനു മുമ്പും പങ്കെടുക്കും മുമ്പ് ഈ പ്രാർത്ഥനാമാതൃകയും അതുപോലെ തന്നേ ആദ്യം അപ്പം, പിന്നെ പാനപാത്രം എന്ന ക്രമവും പിന്തുടരുന്നത് ഏറ്റവും നല്ലത്.

അനുഷ്ഠിക്കുന്നത് എപ്പോഴൊക്കെ, അഥവാ ഇടവേളയുടെ അകലം സംബന്ധിച്ച് ഈ വേദഭാഗം സ്വാതന്ത്ര്യം അനുവദിക്കുന്നു (1കൊരി 11:25ൽ "ചെയ്യുമ്പോഴൊക്കെയും as often as). ആദിമസഭ ആഴ്ചതോറും ആചരിച്ചിരുന്നുവെന്നും (അ.പ്ര 20:7) മിക്കവാറും, ദിവസംതോറും തന്നെ, ആചരിച്ചുവെന്നും കാണുന്നു (അ.പ്ര.2:42, 46) അവർ അനുഭവിച്ചപീഡനത്തിന്റെ സാഹചര്യത്തിൽ, ഇത് മനസ്സിലാക്കാവുന്നതേയുള്ളൂ. സഭയുടെ ശത്രുക്കളിൽ നിന്നുള്ള ഭീഷണിയും കുലപാതകങ്ങളും അഭിമുഖീകരിച്ചുകൊണ്ടിരുന്ന സമയത്ത് തുടർമാനമായി നടത്തിയിരുന്ന ശുശ്രൂഷ, സഭയെ താങ്ങിനിർത്തുവാൻ മുഖാന്തരമായിത്തീർന്നു. ഈ നിലയിലുള്ള ശോധന ആധുനിക സഭ അധികപങ്കും അനുഭവിക്കുന്നില്ല. നമ്മുടെ പാപങ്ങളെ ഓർത്ത് അനുതപിക്കുവാനും കർത്താവിന്റെ യാഗമരണത്തെ മറന്നുപോകാതെ തടയുന്നതിനും നമ്മുടെ പാപങ്ങൾ ഏറ്റുപറയുവാൻ ഓർമ്മ

പ്പെടുത്തുന്ന നിരന്തര സാവകാശങ്ങൾ അനുവദിക്കുന്നതിനും മതിയാംവണ്ണം തുടർച്ചയായി തിരുവത്താഴം അനുഷ്ഠിക്കേണ്ടതാണ്. അപ്പോൾതന്നെ വിരസവും അർത്ഥരഹിതവുമായ ഒരു ചടങ്ങായി അധ:പതിക്കത്തക്കവിധം അടുപ്പിച്ച് ആചരിക്കുകയുമരുത്. തിരുവത്താഴം എപ്പോഴൊക്കെ (എത്രമാത്രം ഇടവേളയിട്ട്) ആചരിക്കാം എന്നതിൽ ബൈബിൾ അയവ് അനുവദിച്ചിരിക്കുന്നതുകൊണ്ട്, ഈ ലക്ഷ്യങ്ങൾ ഏറ്റവും നന്നായി സാധിക്കത്തക്ക സമയദൈർഘ്യം ഒരു സ്ഥലംസഭയിലെ മൂപ്പന്മാർ തിരുമാനിക്കേണ്ടതാണ്.

ആചരണക്രമത്തിനുമപ്പുറം കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കുന്നതിനുമുമ്പുള്ള "തന്നെത്താൻ ശോധന"യാണ് 1 കൊരി. 11:28 ഉം 31 ഉം വാക്യങ്ങൾ ആവശ്യപ്പെടുന്നത്. 27-ാം വാക്യം "അയോഗ്യമായ നിലയിൽ" പാനപാത്രം കുടിക്കുന്നതിനെ സൂചിപ്പിക്കുന്നു. അനുഷ്ഠിക്കുന്നതിലെ അയോഗ്യനിലയെയാണ് ഈ ക്രിയാപദം ഊന്നിപ്പറയുന്നത്; വ്യക്തിയുടെ അയോഗ്യതയെക്കുറിച്ചല്ല. ആത്യന്തികമായ അർത്ഥത്തിൽ തിരുവത്താഴം എടുക്കുവാൻ ആരും യോഗ്യരല്ല. നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ യാഗമായിരുന്നു കളങ്കരഹിതമായ കൃപ. പൗലൊസ്, ഈ പശ്ചാത്തലത്തിൽ പ്രധാനമായും താല്പര്യപ്പെടുന്നത്, തിരുവത്താഴത്തിൽ പങ്കെടുക്കുന്നവർ "ശരീരത്തെ ശരിയായി വിവേചിക്കണം അഥവാ വിധിക്കണം" എന്നാണ്. അതായത്, ഈ അനുഷ്ഠാനത്തിന്റെ ഗൗരവമനുസരിച്ചുള്ള ആദരവോടും ബഹുമാനത്തോടും അവർ അനുഷ്ഠിക്കണമെന്നാണ്. കൊരിന്ത്യരാകട്ടെ, അവരുടെ "സ്നേഹസദ്യ"യിൽ തങ്ങൾക്കുതന്നെ ഓക്കാനം വരുവോളം വയറുനിറയെ ആർത്തിയോടെ കഴിച്ചും ലഹരിയാൽ മത്തരാകുന്ന സ്ഥിതിയോളം കുടിച്ചും ആദരവില്ലാത്ത നിലയിലാണ് അനുഷ്ഠിച്ചിരുന്നത്. ഏറ്റുപറയാത്ത പാപത്തോടു കൂടെ തിരുവത്താഴം അനുഷ്ഠിക്കുന്ന ഒരാൾ മരണത്തിലേക്കു നിപതിക്കും എന്നല്ല പശ്ചാത്തലത്തിലെ വിഷയം. ശിക്ഷാവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകിയിരിക്കുന്നത് പ്രത്യേകിച്ചും കർത്താവിന്റെ അത്താഴത്തെ പരിഹാസവിഷയമാക്കിത്തീർത്തവരോടാണ്. ദൈവിക ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പിന്റെ ഹേതു ഇവരാണ്. എന്നുവരികിലും വാസ്തവമായി തിരുവത്താഴാനുഷ്ഠാനസന്ദർഭത്തിൽ ഒരാൾക്ക് അതിനോടുള്ള മനോഭാവം പ്രത്യേകം പരിശോധിക്കുന്നതോടൊപ്പം ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ വശങ്ങളും പൊതുവായി ഒന്നുപരിശോധിക്കുന്നത് ബുദ്ധിപൂർവ്വമായ കാര്യംതന്നെയാണ്. തിരുവത്താഴത്തോടുള്ള അവിശുദ്ധമനോഭാവങ്ങൾ ദൈവത്തെ കോപിപ്പിക്കുമെങ്കിൽ, മറ്റു വിധത്തിലുള്ള പാപങ്ങൾ ഏറ്റുപറയാത്തഅവസ്ഥയിൽ ഒരാൾ തിരുവത്താഴത്തിൽ പങ്കുകൊള്ളുന്നതും ദൈവത്തിനുപ്രസാദമല്ല എന്ന നിർണ്ണയത്തിലാണ് അനേകരും എത്തിച്ചേരുന്നത്. മറ്റുള്ളപാപങ്ങൾക്കും ദൈവം വിശ്വാസികളെ ബാലശിക്ഷകഴിക്കുമെന്ന് നാം മറ്റു വേദഭാഗങ്ങളിൽ നിന്നും മനസ്സിലാക്കുന്നു.

C. തിരുവത്താഴത്തിന്റെ അർത്ഥം

(1) വസ്തുമാറ്റസിദ്ധാന്തം

1215-ലെ ലാറ്റെറൻ കൗൺസിലിൽ വെച്ച് റോമൻ കത്തോലിക്കാ സഭ അതിന്റെ ഔദ്യോഗിക കാഴ്ചപ്പാടായി വസ്തുമാറ്റസിദ്ധാന്തത്തെ സ്വീകരിച്ചു. വസ്തുമാറ്റസിദ്ധാന്തം അർത്ഥമാക്കുന്നത്, ഒരു പുരോഹിതൻ പദാർത്ഥങ്ങളെ വാഴ്ത്തുമ്പോൾ അവ ക്രിസ്തുവിന്റെ യഥാർത്ഥ ശരീരവും രക്തവുമായിത്തീരുന്നുവെന്നാണ്.

ക്രിസ്തുവിന്റെ ശരീരവും രക്തവും രക്ഷയ്ക്ക് അനിവാര്യമാണെന്ന് വാദിച്ചുകൊണ്ട് അഞ്ചു മുതൽ പതിനഞ്ചു വരെയുള്ള നൂറ്റാണ്ടുകളിലെ രാജ്യങ്ങളിൽ ജനങ്ങൾക്ക് കുർബ്ബാന വിലക്കി കത്തോലിക്കാസഭ അവരെ ഭീതിപ്പെടുത്തുവാനിടയായി. മതപരമായ ഇത്തരം "**വിലക്ക്**" പലപ്പോഴും അജ്ഞരും ഭയചകിതരുമായ ആളുകളെ, പോപ്പിനെ ആദരിക്കാത്ത രാജാക്കന്മാർക്കെതിരായി കലഹമുണ്ടാക്കുന്നതിലേക്കു വലിച്ചിഴച്ചു. സാധാരണ വിശ്വാസികൾക്ക് പാനപാത്രം നിഷേധിച്ചതിന് അടിസ്ഥാനവും വസ്തുമാറ്റ വീക്ഷണംതന്നെ. അവർ "ക്രിസ്തുവിൽ രക്തം" അല്പമെങ്കിലും തൂകിക്കളഞ്ഞ് ശുശ്രൂഷയെ അവഹേളിക്കാൻ സാധ്യതയുണ്ടെന്നു ചിന്തിച്ചാണ് അങ്ങനെ ചെയ്തത്.

തിരുവത്താഴത്തിലെ വസ്തുമാറ്റവീക്ഷണം ഒരു ദുരുപദേശമാണെന്ന്, പൂർണ്ണഐകൃതയോടെ, പ്രൊട്ടസ്റ്റന്റുകാർ നിരാകരിക്കുകയുണ്ടായി. ക്രിസ്തുവിന്റെ യാഗം സമ്പൂർണ്ണമായിരുന്നെന്നും അത് ആവർത്തിക്കേണ്ട ആവശ്യം ഒരിക്കലുമില്ലെന്നും പഠിപ്പിക്കുന്ന പുതിയനിയമത്തിനു വിരുദ്ധമായി ക്രിസ്തു വീണ്ടും വീണ്ടും യാഗം അർപ്പിക്കപ്പെടുന്നുവെന്ന വീക്ഷണമാണ് വസ്തുമാറ്റസിദ്ധാന്തം അംഗീകരിക്കുന്നതിന് ഏറ്റവും വലിയതടസ്സം (9-ാം അദ്ധ്യായം 1-ാം ഭാഗം നോക്കുക).

> ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു **ഒരിക്കലായി** കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു..... **ഏക**യാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു... (എബ്രാ. 10:10, 14).

പ്രവർത്തിയാലുള്ള രക്ഷ എന്ന പഠിപ്പിക്കലാണ് വസ്തുമാറ്റ ശുശ്രൂഷ മുന്നോട്ടു വച്ച മറ്റൊരു ദുരുപദേശം. ബൈബിളിനു വിപരീതമായി വസ്തുമാറ്റസിദ്ധാന്തം രക്ഷയ്ക്ക് ആധാരമായി മതപരമായ കർമ്മങ്ങളും ആചാരങ്ങളും അംഗീകരിക്കുന്നു (റോമർ 4:5; എഫെ. 2:8-9; തീത്തൊസ് 3:5).

വസ്തുമാറ്റസിദ്ധാന്തത്തെ കൈക്കൊള്ളുന്നവർ "ഇത് എന്റെ ശരീരം" എന്ന കർത്താവിന്റെ ശൈലീപ്രയോഗത്തോട് നീതി പുലർത്തുന്നതിൽ അമ്പേ പരാജയപ്പെടുകയാണ്. വ്യക്തമായും കർത്താവു സംസാരിച്ചത് കാല്പനികാർത്ഥത്തിലാണ്; കാരണം ഈ വാക്കുകൾ കർത്താവു പറയുമ്പോൾ അവിടുന്ന് ശരീരം രക്തങ്ങളോടെ അവിടെ ഇരിക്കുകയായിരുന്നു! അക്ഷരീക വ്യാഖ്യാനം അർത്ഥമാക്കുന്നത്, സാധാരണ നിലയിൽ, ഉപയോഗരീതിയുടെ വെളിച്ചത്തിൽ, ഭാഷയുടെ നിയമങ്ങൾ നൽകുന്ന പൊതുവായ അർത്ഥപ്രകാരം, ആ കാലത്തു നിലവിലിരുന്ന രീതികളും പശ്ചാത്തലവുമനുസരിച്ച് ഈ വാക്കുകൾ എടുക്കണമെന്നാണ്. ക്രിസ്തുശരീരം സന്നിഹിതനായിരിക്കെ, "ഇത് എന്റെ ശരീരം" എന്ന പ്രയോഗം "ഞാൻ വാതിലാക്കുന്നു", "ഞാൻ സാക്ഷാൽ മുന്തിരിവള്ളി", "ഞാൻ വെളിച്ചം ആകുന്നു" ഇത്യാദിപ്രയോഗങ്ങളെപ്പോലെ തന്നെ വ്യാഖ്യാനിക്കേണ്ടതാണ്.

യോഹ. 6-ൽ ക്രിസ്തുവിന്റെ തകർക്കപ്പെട്ട ശരീരത്തിലും ചൊരിയപ്പെട്ട രക്തത്തിലുമുള്ള സാക്ഷാൽ പങ്കാളിത്തം എന്താണെന്ന് നിർവ്വചിച്ചിരിക്കുന്നു. 35, 48 വാക്യങ്ങളിൽ കർത്താവ് "ജീവന്റെ അപ്പമാണ് എന്ന് അവകാശപ്പെടുന്നു. യോഹന്നാൻ 6:55-ൽ കർത്താവു തന്റെ ശരീരം ആഹാരമായും തന്റെ രക്തം പാനീയമായും പറഞ്ഞിരിക്കുന്നു **"യോഹന്നാൻ തന്റെ സമയത്ത് തിരുവത്താഴത്തെക്കുറിച്ചുള്ള കല്പന നല്കിയിട്ടില്ല എന്നുള്ളത് ഓർത്തിരിക്കുന്നത് സഹായകരമാണ്"** ഈ നിലയിൽ പശ്ചാത്തലമനുസരിച്ച് ക്രിസ്തുവിന്റെ മാംസം ഭക്ഷിക്കുക, രക്തം കുടിക്കുക എന്നൊക്കപ്പറയുന്നതിന് തിരുവത്താഴവുമായി യാതൊരു ബന്ധവുമില്ല. നേരേമറിച്ച് കർത്താവുതന്നെ ഈ പശ്ചാത്തലത്തിൽ വ്യക്തമാക്കുന്നതുപോലെ, ക്രിസ്തുവിന്റെ തകർപ്പെട്ട ശരീരത്തിന്റെയും ചൊരിഞ്ഞ രക്തത്തിന്റെയും പ്രയോജനങ്ങൾ വ്യക്തിപരമായി അനുഭവിക്കുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്.

> ...ഞാൻ ജീവന്റെ അപ്പമാകുന്നു എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല **എന്നിൽ വിശ്വസിക്കുന്നവന്** ഒരുനാളും ദാഹിക്കുകയുമില്ല (യോഹ. 6:35).
>
> ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു **വിശ്വസിക്കുന്നവനു** നിത്യജീവനുണ്ട് ഞാൻ ജീവന്റെ അപ്പം ആകുന്നു (യോഹന്നാൻ 6:47-48).

യോഹ. 6:40 ന്റെയും 54 ന്റെയും അവസാനഭാഗങ്ങൾ പ്രത്യേകാൽ കുറിക്കൊള്ളേണ്ടതാണ്. അവ രണ്ടും ഒരുപോലെയാണ്. 'അവനിൽ വിശ്വസിക്കുന്ന' എന്ന 40-ാം വാക്യത്തിലെ പ്രയോഗത്തിനു തുല്യമാണ് 54-ാം വാക്യത്തിൽ **'എന്റെ മാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യുക'** എന്നു പറയുന്നത്. യോഹ. 6-ലെ വിഷയം തിരുവത്താഴമല്ല. ക്രിസ്തുവിന്റെ തകർക്കപ്പെട്ട ശരീരത്തിലും ചൊരിഞ്ഞ രക്തത്തിലും വിശ്വസിക്കുന്നതിനാൽ വ്യക്തിപരമായി അനുഭവമാക്കുന്ന കാര്യമാണ് അവിടുന്നു പഠിപ്പിക്കുന്നത്.

(2) ദിവ്യസാന്നിദ്ധ്യവാദം

അപ്പവീഞ്ഞുകൾ അഥവാ പദാർത്ഥങ്ങൾ ക്രിസ്തുവിന്റെ യഥാർത്ഥ ശരീരരക്തങ്ങളായി വസ്തുമാറ്റം സംഭവിക്കുന്നുവെന്ന ചിന്താഗതിയെ ലൂഥറൺ വിശ്വാസം അഥവാ ലൂഥറൺ വീക്ഷണം തിരസ്ക്കരിക്കുന്നു. ക്രിസ്തുവിന്റെ ശരീരവും രക്തവും മാർമ്മികമായ ആശയത്തിൽ, അക്ഷരീക അപ്പത്തോടും പാനപാത്രത്തോടും കൂടെ സന്നിഹിതമാണെന്നാണ് ഈ പഠിപ്പിക്കൽ. ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട വേലയിൽ വിശ്വസിക്കുന്നതിന് അനുവദിക്കുന്നതിനാലും വിശ്വാസത്താൽ മാത്രമാണ് നീതികരിക്കണമെന്ന് അംഗീകരിക്കുന്നതിനാലും (ഭൂരിപക്ഷം യാഥാസ്ഥിതക ലൂഥറൻകാരും അംഗീകരിക്കുന്നതുപോലെ) ദിവ്യസാന്നിദ്ധ്യസിദ്ധാന്തം; വസ്തുമാറ്റസിദ്ധാന്തത്തെ അപേക്ഷിച്ച് അല്പം കൂടെ സ്വീകാര്യമാണ്. അഥവാ അല്പമേ ആക്ഷേപകരമായിരിക്കുന്നുള്ളൂ. ഓരോ വിശ്വാസിയുടെയും ഉള്ളിൽ ക്രിസ്തു ആത്മികമായി സന്നിഹിതനായിരിക്കുന്നതുകൊണ്ടും (റോമ. 8:9) രണ്ടോ മൂന്നോപേർ അവിടുത്തെ നാമത്തിൽ കൂടിവരുമ്പോൾ അവിടുന്ന് അവരുടെ മധ്യത്തിൽ ഉള്ളതുകൊണ്ടും (മത്താ. 18:20), തിരുവത്താഴ വസ്തുക്കളിൽ കർത്താവിന്റെ ആത്മിക സാന്നിദ്ധ്യം ഉണ്ടെന്നു ചിന്തിക്കുന്നതിന് സാദ്ധ്യതയുണ്ട്. ഓരോ തിരുവത്താഴ ശുശ്രൂഷയിലും സുവിശേഷം പ്രഖ്യാപിക്കപ്പെടുന്നു എന്നുള്ള ലൂതറൺ വീക്ഷണത്തോട് ആർക്കും പൂർണ്ണമനസ്സോടെ യോജിക്കുവാൻ കഴിയും. അപ്പവീഞ്ഞുകൾ ആരെയും രക്ഷയിലേക്കു നയിക്കുകയില്ലെങ്കിലും തകർക്കപ്പെട്ട ശരീരത്തിന്റെയും ചൊരിയപ്പെട്ട രക്തത്തിന്റെയും യാഥാർത്ഥ്യങ്ങൾ ആളുകളെ രക്ഷിക്കുന്നു, മാത്രമല്ല ഈ ശുശ്രൂഷ മനസ്സിലാകുന്ന എല്ലാവരോടും ഈ സ്മാരക വസ്തുക്കൾ പ്രതീകാത്മകമായി രക്ഷയുടെ മുഖാന്തരത്തെക്കുറിച്ച് പഠിപ്പിക്കുന്നു (1 കൊരി. 1:26 കാണുക. "കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നു").

(3) സ്മാരക ശുശ്രൂഷയാണെന്ന വീക്ഷണം

നവീകരണ പ്രസ്ബിറ്റേറിയൻ, ബാപ്റ്റിസ്റ്റു പാരമ്പര്യങ്ങളിലുള്ള സഭകൾ പൊതുവേ തിരുവത്താഴം സ്മാരകശുശ്രൂഷയാണെന്ന പക്ഷക്കാരനാണ്. ഇതിന്റെയർത്ഥം പദാർത്ഥങ്ങൾ(അപ്പവീഞ്ഞുകൾ) കർത്താവിന്റെ യഥാർത്ഥ ശരീരരക്തങ്ങളോ മാർമ്മിക ശരീരരക്തങ്ങളോ അല്ല എന്നാണ്; നേരേമറിച്ച് അവ സ്മരണയിൽ സഹായകമായ സാദൃശ്യങ്ങളാണ്. തിരുവത്താഴശുശ്രൂഷയുടെ ഒരു ഉദ്ദേശ്യം ഇതാണെന്ന് അനേക പ്രയോഗ

ശൈലികൾ വെളിപ്പെടുത്തുന്നു:- **"എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ"** (ലൂക്കോസ് 22: 19). **"എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ"** (1 കൊരി. 11:24). അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു (1 കൊരി. 11:26).

തിരുവത്താഴം ഒരു ഓർമ്മയുടെ ശുശ്രൂഷയാണെന്ന് പരിഗണിക്കയാണു വേണ്ടതെന്ന് സ്ഥാപിച്ചു കഴിഞ്ഞ സ്ഥിതിക്ക് ഈ സ്മാരകശുശ്രൂഷയുടെ പ്രത്യേകതകൾ ഇനം തിരിച്ചു പഠിക്കുന്നത് യുക്തിപൂർണ്ണമാണ്. തന്റെ ജനം എന്ത് ഓർക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്? ഈ അനുഷ്ഠാനം സംബന്ധിച്ച മൂന്നു പ്രയോഗങ്ങളാൽ ഇത് നന്നായി വിഭജിക്കാവുന്നതാണ്. സ്തോത്രാർപ്പണം അഥവാ നന്ദിപറയുക, കൂട്ടായ്മ, കർത്താവിന്റെ അത്താഴം.

(a) യൂക്കാറിസ്റ്റ് അഥവാ സ്തോത്രാർപ്പണം

'യൂക്കാറിസ്റ്റ്' എന്ന പ്രയോഗം ചില പ്രത്യേക സഭാവിഭാഗങ്ങളുടെ വകയായ ഒരു ക്രിസ്തീയ പൗരോഹിത്യപദമല്ല. 'നന്ദിപറയുക' എന്നതിനുള്ള ഗ്രീക്കുവാക്കിന്റെ ഒരു പ്രത്യേക രൂപമാണിത്. യൂക്കാറിസ്റ്റിന്റെ അനുഷ്ഠാനം ക്രിസ്തുവിന്റെ തകർക്കപ്പെട്ട ശരീരത്തിന്റെയും ചൊരിയപ്പെട്ട ചോരയുടെയും യാഗത്തെ ആഴമായ ഉപകാരസ്മരണയോടെ ഓർക്കുവാൻ നമുക്കു സഹായകമാകേണ്ടതാണ്. ക്രിസ്തു തന്റെ ത്യാഗപൂർണ്ണായ സ്നേഹം നിമിത്തം സ്വന്ത ജീവനെ ദാനമായി നൽകി (യോഹ. 10:8; മത്തായി 26:53; എബ്രാ. 12:3). തന്മൂലം താൻ നിത്യമായി നന്ദിക്ക് അർഹനാണ്. ക്രിസ്തുവിന്റെ മരണത്തെയും അവിടുത്തെ തകർക്കപ്പെട്ട ശരീരത്തിന്റെയും ചൊരിഞ്ഞ ചോരയുടെയും നന്മകളെ ഒരിക്കലും മറക്കാതെ സ്മരിക്കുന്നതിനും യൂക്കാറിസ്റ്റ് നമ്മെ സഹായിക്കുന്നു.

(b) കൂട്ടായ്മ

കൂട്ടായ്മയെന്നതിന്റെ ഇംഗ്ലീഷുരൂപമായ Communion ലത്തീനിൽ നിന്നുൽഭവിച്ചതാണ്; 'പൊതുവായിട്ടുള്ള എന്തിനെയെങ്കിലും' സൂചിപ്പിക്കുന്നതാണിത്. 'കമ്മ്യൂണിയൻ' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം 'കൂട്ടായ്മ' (Fellowship) എന്നാണ്.

വിശ്വാസികൾക്ക് ക്രിസ്തുവിനോടും സഹവിശ്വാസികളോടുമുള്ള കൂട്ടായ്മയുടെയും ഐക്യതയെയും ഒരുമയെയും ഓർമ്മിപ്പിക്കുന്നതായിരിക്കണം കൂട്ടായ്മയോഗങ്ങൾ അഥവാ കൂട്ടായ്മശുശ്രൂഷാ. 'ഒരപ്പത്തിൽ' നിന്നും 'ഒരുപാനപാത്ര'ത്തിൽ നിന്നും പങ്കാളികളാകുന്ന കമ്മ്യൂണിയനിൽ(കൂട്ടായ്മ ശുശ്രൂഷയിൽ) ക്രിസ്തുവിന്റെ ജീവനിലുള്ള നമ്മുടെ പങ്കാളിത്തവും ഐക്യതയും; എല്ലാ വിശ്വാസികളുടെയും ഐക്യതയും നാം ഓർക്കുകയാണ്.

1 കൊരി 10:16 -17 വരെയുള്ള വാക്യങ്ങൾ, ക്രിസ്തുവിന്റെ ജീവനിലുള്ള ഐക്യതയോടും (ഇനം തിരിച്ചുപറഞ്ഞാൽ അവിടുത്തെ രക്തച്ചൊരിച്ചിലിന്റെ നന്മകളോട്) ക്രിസ്തുവിൻ ശരീരത്തിലെ മറ്റെല്ലാവിശ്വാസികളുമായുള്ള ഐക്യതയോടും, കമ്മ്യൂണിയനെ (വിശുദ്ധകൂട്ടായ്മയെ) ബന്ധപ്പിക്കുന്നു.

> നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? **അപ്പം ഒന്നു ആകകൊണ്ട് പലരായ നാം ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ** (1 കൊരി. 10:16-17).

(c) തിരുവത്താഴം

തിരുവത്താഴം നമ്മെ ഓർപ്പിക്കുന്നത് ഈ അനുഷ്ഠാനത്തിൽ അദൃശ്യനായ ആതിഥേയൻ കർത്താവാണ് എന്നത്രെ മാത്രമല്ല, മറ്റു പ്രയോഗങ്ങളേക്കാൾ, ക്രൂശീകരണത്തിനുമുമ്പായി അന്ത്യത്താഴസമയത്ത് ഈ അനുഷ്ഠാനത്തിന്റെ ഉൽഭവത്തിലേക്കു പിന്നോക്കം വിരൽ ചൂണ്ടി നിൽക്കുന്നത് ഈ പ്രയോഗമാണ്. ഇത് കർത്താവിന്റെ അത്താഴമാണ്. എന്തുകൊണ്ടെന്നാൽ അവിടുന്നാണ് ഇതിന് ആരംഭം കുറിച്ചത്. തിരുവത്താഴം ആചരിക്കുമ്പോൾ നാം ആ അന്ത്യ അത്താഴത്തെക്കുറിച്ച് ഓർക്കണം. മാത്രമല്ല, അവിടുന്ന് മടങ്ങിവന്ന് തന്റെ രാജ്യത്തിൽ നമ്മോടുകൂടെ പങ്കെടുക്കുമെന്ന ക്രിസ്തുവിന്റെ വാഗ്ദത്തവും പ്രത്യേകാൽ നാം ഓർക്കണം. ക്രിസ്തുവിന്റെ കഴിഞ്ഞകാല ക്രൂശുമരണത്തിലേക്കും ക്രിസ്തുവിനോടും മറ്റെല്ലാ വിശ്വാസികളുമായും ലഭിച്ചിരിക്കുന്ന വർത്തമാനകാല ഐക്യതയിലേക്കും ശ്രദ്ധതിരിക്കുവാനാണ് ഈ അനുഷ്ഠാനം നമ്മെ ബലപ്പെടുത്തുന്നതെങ്കിലും, ക്രിസ്തു മടങ്ങിവരുമെന്നുള്ള വാഗ്ദത്തം ഓർക്കുവാനും ഇത് നമ്മുക്കു കാരണമാകേണ്ടതാണ്.

> **എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും നാൾ വരെ** ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽ നിന്നു ഇനി കുടിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു (മത്തായി 26:29).
>
> **കർത്താവു വരുവോളം** അവന്റെ മരണത്തെ പ്രസ്താവിക്കുന്നു (1 കൊരി. 11:26).

(4) സംക്ഷേപം

കർത്താവിന്റെ ആത്മിക സാന്നിദ്ധ്യം തിരുവത്താഴത്തിൽ ഉണ്ടായിരിക്കാം. ഏറ്റവും കുറഞ്ഞത് തിരുവത്താഴം ഒരു സ്മാരക ശുശ്രൂഷയാണ്. ക്രിസ്തുവിൽ പൂർവ്വകാലയാഗത്തെയും ക്രിസ്തുവിനോടും മറ്റെല്ലാ വിശ്വാസി

കളോടും ലഭിച്ചിരിക്കുന്ന വർത്തമാനകാല ഐക്യതയെയും തനിക്കുള്ളവരുമായി രാജ്യത്തിൽ വിരുന്നു കഴിക്കാൻ ഭാവിയിൽ മടങ്ങിവരുമെന്നുള്ള വാഗ്ദത്തത്തെയും ഓർമ്മിക്കുവാനുള്ള ഉപാധിയായിട്ടാണ് ഇത് ഉദ്ദേശിച്ചിട്ടുള്ളത്. തിരുവത്താഴം അനുഷ്ഠിക്കുമ്പോൾ ഈ അനുഗ്രഹീതചിന്തകളെല്ലാം മനസ്സിൽ വരണം.

2. സ്നാനം

സ്നാനത്തിന്റെ അർത്ഥം, സ്നാനവിധം ഇവ രണ്ടിനോടുമുള്ള ബന്ധത്തിൽ ബാപ്റ്റിസ്റ്റു വീക്ഷണഗതി തിരുവചനാധിഷ്ഠിതമാണെന്നുള്ളത് വ്യക്തമാക്കപ്പെടേണ്ടതാണ്. ഈ വിഷയം കൂടുതൽ പൂർണ്ണതയോടെ പ്രതിപാദിക്കത്തക്കതുപോലെ ഇതരചിന്താഗതികളും പട്ടികയായി നൽകിയിട്ടുണ്ട്.

a. സ്നാനത്തെക്കുറിച്ചുള്ള വിവിധ വീക്ഷണങ്ങൾ

(1) കൂദാശാ വീക്ഷണം

കൂദാശ (sacrament) എന്ന പദം ലെത്തീൻ പദത്തിൽ നിന്നാണ് ഉണ്ടായി വന്നത്. ഇതിന്റെ അർത്ഥം "അടയാളം, പ്രതിജ്ഞ അല്ലെങ്കിൽ അച്ചാരം" എന്നാണ്. ചിലർ ശിശുസ്നാനത്തെ; ശിശുവിനെ വീണ്ടും ജനിപ്പിക്കുന്ന ഒരു കൂദാശയായി കാണുന്നു. ഇത് ശിശുവിനെ ക്രിസ്തുശരീരത്തിന്റെ ജീവനുള്ള അംഗമാക്കിത്തീർക്കുന്നുവെന്നാണ് അവരുടെ വീക്ഷണം. കുഞ്ഞുമരിച്ചാൽ നിത്യനാശത്തിൽനിന്ന് ഇതുമൂലം ആ ശിശു സുരക്ഷിതനാണെന്ന് അവർ കരുതുന്നു. കൂടാതെ, രക്ഷ ഒരു തുടർപ്രക്രിയയാണെന്നാണ് കൂദാശാവീക്ഷണക്കാർ അനുമാനിക്കുന്നത്. ഇപ്രകാരം, കൃപയിൽ വളരുന്ന ഉടമ്പടിയിൻ പാതയിൽ കുട്ടിയെ ആക്കിവെയ്ക്കുന്നു; കാലക്രമേണ, നിത്യജീവൻ നേടുകയോ നിലനിർത്തുകയോ ചെയ്തുകൊള്ളും എന്ന് ആശിക്കുന്ന വീക്ഷണമാണിത്.

(2) സ്നാനത്താലുള്ള വീണ്ടും ജനനം

'മുതിർന്നവരുടെ സ്നാനം' വിശ്വസിക്കുന്നവരിലേക്ക്, സ്നാനത്താലുള്ള വീണ്ടും ജനനം നാം ചുരുക്കുകയാണെങ്കിൽ, ഈ ഭാഗത്ത് ഉപയോഗിച്ചിരിക്കുന്നതുപോലെ, ഈ വിഷയം, സ്നാനം ഒരു കൂദാശയാണെന്ന വീക്ഷണത്തിൽ നിന്നു വ്യത്യസ്തമാണ്. ക്രിസ്തുസഭകൾ തുടങ്ങിയ സമാന സഭാവിഭാഗങ്ങൾ ശിശുസ്നാനം ആചരിക്കുന്നില്ല, എന്നാൽ സ്നാനം രക്ഷയ്ക്ക് അനിവാര്യമായ മുഖാന്തരമാണെന്ന് അവർ വിശ്വസിക്കുന്നു. വിശ്വാസം മാത്രം മതിയായതല്ല. രക്ഷിക്കപ്പെടേണ്ടതിന് ഒരു വിശ്വാസി സ്നാനത്തിന് ഏല്പിച്ചു കൊടുക്കേണ്ടതുണ്ട്. (ഇത് ഈ പുസ്തകത്തിന്റെ രണ്ടാംഭാഗത്ത് 9-ാം അദ്ധ്യായത്തിൽ 'രക്ഷാതത്വശാസ്ത്രം' എന്ന വിഷയത്തിൽ വിസ്തൃതമായി കൈകാര്യം ചെയ്തിട്ടുണ്ട്).

(3) നവീകരണ വീക്ഷണം

ഉഭയസമ്മതത്തിന്റെ ജനതതിയിൽപെട്ട ഒരാളാണെന്നതിന്റെ അടയാളമായിരുന്ന പരിച്ഛേദനയ്ക്കു പകരമാണ് സ്നാനമെന്നു വിശ്വസിക്കുന്നവരാണ് നവീകരണ പ്രസ്ബിറ്റേറിയൻ വീക്ഷണക്കാർ. അബ്രഹാമ്യ സന്തതിയുടെ ഭാഗമായിരുന്നവർ ശൈശവത്തിൽ പരിച്ഛേദനയേല്ക്കുവാൻ ആവശ്യമായിരുന്നതുപോലെ ശിശുക്കളായിരിക്കവേ സ്നാനമേറ്റവരും തങ്ങൾ സഭയുടെ ഉടമ്പടി സമൂഹത്തിന്റെ ഭാഗമാണെന്നു കാണിക്കുകയാണ്. ശിശുസ്നാനവും, മാതാപിതാക്കളും ദൈവവും തമ്മിൽ, തങ്ങൾ ആ ശിശുവിനെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തിക്കൊള്ളാമെന്ന്, ഉടമ്പടി ചെയ്യിക്കുകയാണ്. ഒരു ക്രിസ്തീയ ഭവനത്തിന്റെ അംശിയായിരിക്കുന്നതിൽ (വിശ്വാസ ഉടമ്പടിയുടെ ഭാഗമായിരിക്കുന്നതിൽ) ശിശുസ്നാനം പ്രയോജനങ്ങൾ അനുവദിക്കുമ്പോൾതന്നെ, ഈ വിഭാഗങ്ങളിൽ വേദപരിജ്ഞാനമുള്ളവർ നിർബന്ധം പിടിക്കുന്നത് രക്ഷവിശ്വാസത്തിൽ മാത്രം അധിഷ്ഠിതമാണെന്നാണ്. ആ ശിശുപ്രായപൂർത്തിയിലേക്കു വളരവേ, അവൻ ക്രിസ്തുവിൽ വിശ്വാസം ഏറ്റുപറയണമെന്ന ചിന്താഗതിയാണ് ഇക്കൂട്ടർക്കുള്ളത്. അല്ലാത്തപക്ഷം രക്ഷിക്കപ്പെടുകയില്ല.

(4) സ്നാനം വേണ്ടെന്നു പറയുന്നവർ

ചില പ്രൊട്ടസ്റ്റന്റുകാർ സ്നാനം നടത്താറേയില്ല. ഉദാഹരണമായി രക്ഷാസൈന്യക്കാർ, സ്നാനം രക്ഷയുടെ വിഷയമല്ലാത്തതുകൊണ്ട് അതിനെ അപ്രധാനമായിട്ടാണു വീക്ഷിക്കുന്നത്. 'ഗ്രേയ്സ് ഗോസ്പൽ ഫെല്ലോഷിപ്പ്' വിഭാഗത്തിൽ ഉൾപ്പെട്ട ചില ബൈബിൾ സഭകളും സ്നാനം ആചരിക്കുന്നവരല്ല. എന്തെന്നാൽ അവർ 'അമിത-യുഗ വാദികളാണ്'. അപ്പൊ. പ്രവ്യ. 2-ലാണ് സഭ ആരംഭിച്ചതെന്ന് അവർക്കു തോന്നുന്നില്ല. ചിലർ പറയുന്നത് അ. പ്രവ്യ. 9-ലാണെന്നാണ്. അ. പ്രവ്യ. 13ലും അല്ല; 28-ലാണ് ആരംഭിച്ചതെന്നും പറയുന്നുണ്ട്. അമിതയുഗവാദത്തിന്റെ അങ്ങേയറ്റത്തെതുമ്പിൽ എത്തിനില്ക്കുന്നവർ പൗലൊസിന്റെ കാരാഗൃഹലേഖനങ്ങൾ മാത്രം പിൻപറ്റുന്നവരാണ്; അതുകൊണ്ട് സ്നാനം സഭയ്ക്കുവേണ്ടിയുള്ളതാണെന്ന് വിശ്വസിക്കുന്നില്ല.

(5) സ്നാനത്തെക്കുറിച്ചുള്ള ബാപ്റ്റിസ്റ്റ് വീക്ഷണം

കത്തോലിക്കർ, ലൂഥറൺ; പ്രസ്ബിറ്റേറിയൻ, മെഥഡിസ്റ്റ്, നവീകരണസഭകൾ, ആദിയായവരെപ്പോലെ. ബാപ്റ്റിസ്റ്റുകാർ ശിശുസ്നാനം ആചരിക്കുന്നവരല്ല. ക്രിസ്തുസഭക്കാരെപ്പോലെ സ്നാനം രക്ഷയ്ക്ക് അനിവാര്യമാണെന്ന് ബാപ്റ്റിസ്റ്റുകാർ വിശ്വസിക്കുന്നില്ല. എങ്കിലും, ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുന്നതിന് സ്നാനം അനിവാര്യമായ ഒരു അനുഷ്ഠാനമാണെന്ന്, ബാപ്റ്റിസ്റ്റുകാർ ഊന്നൽ നൽകുന്നു.

ബാപ്റ്റിസ്റ്റുകാർ മനസ്സിലാക്കുന്നത്, നേരത്തെ തന്നെ വിശ്വസിച്ചവർ വേണം സ്നാനാർത്ഥികൾ എന്നാണ്. ഇത് വിശ്വസിക്കാൻ കഴിയാത്ത ശിശുക്കളെ ഒഴിവാക്കുന്നു. രക്ഷയ്ക്കുശേഷം നടക്കുന്നതായാണ് സ്നാനം സംബന്ധിച്ച ബാപ്റ്റിസ്റ്റു വീക്ഷണം.

ബൈബിൾ നിഷ്പക്ഷമായി പഠിക്കുന്ന ഏതൊരു പഠിതാവിനും വ്യക്തമായി ബോദ്ധ്യമാകേണ്ടതാണ്, ശിശു സ്നാനത്തെക്കുറിച്ച് ബൈബിൾ കല്പിക്കുകയോ; ശിശു സ്നാനം നടന്നതിന്റെ ദൃഷ്ടാന്തങ്ങൾ ബൈബിൾ നൽകുകയോ ചെയ്യുന്നില്ല എന്നുള്ളത്. സ്നാനപ്പെടുവാനുള്ള വ്യവസ്ഥയെന്നനിലയിൽ, വിശ്വാസത്താലുള്ള രക്ഷയെ തിരുവെഴുത്തുകൾ ഏകരൂപേണയാണ് പ്രദാനം ചെയ്യുന്നത്. ഒരാൾ സ്നാനപ്പെട്ടാലും ശരി, വിശ്വാസം കൂടാതെ അയാൾ രക്ഷിക്കപ്പെട്ടവനല്ല. വിശ്വാസം ഉണ്ടെങ്കിൽ അദ്ദേഹം സ്നാനപ്പെട്ടില്ലെങ്കിൽ കൂടെ, രക്ഷിക്കപ്പെട്ടിരിക്കുന്നു.

> ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ **സ്നാനം കഴിപ്പിച്ചും** ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും **ശിഷ്യരാക്കിക്കൊൾവിൻ...**(മത്തായി 28:19, 20).

> "പത്രൊസ് അവരോടു: നിങ്ങൾ **മാനസാന്തരപ്പെട്ടു** നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ **സ്നാനം ഏല്പ്പിൻ.** എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും..." **"അവന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനം ഏറ്റു.** അന്നു മൂവായിരത്തോളം പേർ അവരോട് ചേർന്നു" (അപ്പോ. പ്രവ. 2:38, 41).

> എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയുംകുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പോസിനെ **അവർ വിശ്വസിച്ചപ്പോൾ** പുരുഷന്മാരും സ്ത്രീകളും **സ്നാനം ഏറ്റു** (അപ്പോ. പ്രവ. 8:12).

> **അവനിൽ വിശ്വസിക്കുന്ന ഏവനും** അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു." "ഈ വാക്കുകളെ പത്രൊസ് പ്രസ്താവിക്കുമ്പോൾ തന്നെ **വചനം കേട്ട** എല്ലാവരുടെമേലും **പരിശുദ്ധാത്മാവു വന്നു.** നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ **സ്നാനം കഴിപ്പിച്ചുകൂടാതെവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും** എന്നു പറഞ്ഞു. പത്രൊസ് അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ കല്പിച്ചു (അപ്പോ. പ്രവ. 10:43-44; 47-48).

ബൈബിൾ പഠിപ്പിക്കുന്നത് വിശ്വാസികൾ മാത്രമാണ് പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നത് എന്നാണ്. (യോഹന്നാൻ 7: 37 39; റോമ. 8:9). അപ്പോ. പ്രവ. 10-ലെ ഇക്കൂട്ടർ, പത്രൊസ് പ്രസംഗിച്ച സുവിശേഷസന്ദേശം വിശ്വാസിച്ചു; അതുകൊണ്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചു. അവർ **വിശ്വസിച്ച ശേഷം** ജലസ്നാനത്തിന് യോഗ്യരായ സ്നാനാർത്ഥികളായി എന്നത് പ്രത്യേകം ശ്രദ്ധിച്ചാലും.

> തുയത്തൈരാ പട്ടണക്കാരിത്തിയും രക്താംബരം വിൽക്കുന്നവളുമായി ലുദിയ എന്നു പേരുള്ള ദൈവഭക്തയായൊരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. പൗലോസ് സംസാരിച്ചത് ശ്രദ്ധിക്കേണ്ടതിനു **കർത്താവു അവളുടെ ഹൃദയം തുറന്നു. അവളും കുടുംബവും സ്നാനം ഏറ്റശേഷം** നിങ്ങൾ എന്നെ കർത്താവിൽ വിശ്വസ്ത എന്നു എണ്ണിയിരിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ വന്നുപാർപ്പിൻ എന്നു അപേക്ഷിച്ചു ഞങ്ങളെ നിർബന്ധിച്ചു (അപ്പോ. പ്രവ. 16:14-15).

> അവരെ പുറത്തുകൊണ്ടുവന്നു: യജമാനന്മാരെ രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. **കർത്താവായ യേശുവിൽ വിശ്വസിക്ക** എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്നു പറഞ്ഞു. പിന്നെ അവർ കർത്താവിന്റെ വചനം അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു. അവൻ രാത്രിയിൽ ആ നാഴികയിൽ തന്നെ അവരെ കൂട്ടിക്കൊണ്ടുപോയി അവരുടെ മുറിവുകളെ കഴുകി. **താനും തനിക്കുള്ളവരെല്ലാവരും താമസിയാതെ സ്നാനം ഏറ്റു** (അപ്പോ. പ്രവ. 16:30-34).

> പള്ളിപ്രമാണിയായ ക്രിസ്പൊസ് തന്റെ സകല കുടുംബത്തോടും കൂടെ **കർത്താവിൽ വിശ്വസിച്ചു.** കൊരിന്ത്യരിൽ അനേകർ വചനം കേട്ടു **വിശ്വസിച്ചു സ്നാനം ഏറ്റു** (അപ്പോ. പ്രവ. 18:8).

ബൈബിൾ പഠിപ്പിക്കുന്നത്, രക്ഷയ്ക്കുശേഷം നടക്കുന്ന സ്നാനമായ വിശ്വാസികളുടെ സ്നാനമാണ്. രക്ഷയിലേക്കുള്ള സംഭാവനയായിട്ടല്ല. വിശ്വാസിക്കുവാൻ മതിയായ പ്രായമുള്ളവരെയാണു സ്നാനപ്പെടുത്തേണ്ടത്. ശിശു സ്നാനം തെളിയിക്കുവാൻ എഴുതിയ ഭാഗത്ത് താഴെപ്പറയുന്ന ഉദ്ധരണി ഉൾപ്പെടുത്തിയിരിക്കുന്നത് വിരോധാഭാസമായി കാണാം. ഇവിടെ യഥാസ്ഥിതിക നവീകരണദൈവശാസ്ത്രപണ്ഡിതനും കാൽവിൻ സെമിനാരിയുടെ അദ്ധ്യക്ഷനും അദ്ധ്യാപകനുമായിരുന്ന ലൂയിസ് ബർക്കോഫിന്റെ വാക്കുകളാണ് ഉദ്ധരിച്ചിരിക്കുന്നത്.

"ആരംഭത്തിൽതന്നെ പറയട്ടെ ദൈവവചനത്തിൽ വ്യക്തമായ യാതൊരു കല്പനയും ശിശുക്കളെ സ്നാനപ്പെടു

ത്തുന്നതിനായി ഇല്ല. അതുപോലെ ശിശുക്കളെ സ്നാനപ്പെടുത്തിയെന്ന് വ്യക്തമായി നമ്മോടു പറയുന്ന ഒറ്റ സംഭവം പോലും ഇല്ല. പക്ഷേ, ശിശുസ്നാനത്തെ ഇത് ഒരു വേദവിപരീതമാക്കി മാറ്റുന്നില്ല" [3]

"ശിശുക്കളെ സ്നാനപ്പെടുത്തണമെന്നു ദൈവവചനത്തിൽ വ്യക്തമായ യാതൊരു കല്പനയുമില്ല. ഇത് പൂർണ്ണമായും സത്യമാണ്, എന്നാൽ ഇത് ശിശുസ്നാനത്തിന്റെ വിശ്വാസ്യത ഇല്ലാതെയാക്കുന്നില്ല." [4]

".....പുതിയനിയമത്തിൽ ശിശുസ്നാനത്തിന്റെ യാതൊരു ഉദാഹരണവും കാണുന്നില്ല. ശിശുക്കളെ സ്നാനപ്പെടുത്തുന്നതായി ബൈബിൾ സ്പഷ്ടമായി പഠിപ്പിക്കുന്നില്ലെന്നുള്ളത് പൂർണ്ണമായും സത്യമാണ്....." [5]

b. സ്നാനത്തിന്റെ അർത്ഥം.

(1) ക്രിസ്തുവിന്റെ കല്പനയോട് അനുസരണമുള്ളയാളായിരിക്കുവാൻ പുതിയ വിശ്വാസി ആഗ്രഹിക്കുന്നുവെന്നാണ് സ്നാനം ചൂണ്ടിക്കാണിക്കുന്നത്. 'യുഗാവസാനത്തോളം' (ലോകാവസാനത്തോളം) പ്രമാണമായിരിപ്പാൻ ക്രിസ്തു പ്രതീക്ഷിച്ച ഒരു അനുഷ്ഠാനം അതേപടി നിർവ്വഹിക്കുവാനുള്ള സഭയുടെ അനുസരണവും ഇതു ചൂണ്ടിക്കാണിക്കുന്നു (മത്താ. 28:20).

> ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ **സ്നാനം കഴിപ്പിച്ചും** ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യന്മാരാക്കിക്കൊൾവിൻ. ഞാനോ **ലോകാവസാനത്തോളം എല്ലാനാളും** നിങ്ങളോടു കൂടെ ഉണ്ട് എന്ന് അരുളിചെയ്തു (മത്തായി 28:19-20).

(2) ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം ഇവയിൽ ഒരു പങ്കാളിയാകുന്നതിനെയാണ് ജലസ്നാനം സാദൃശ്യമാക്കുന്നത്. ജലസ്നാനത്തേക്കാൾ പ്രാധാന്യമുള്ളതും ജലസ്നാനം സാദൃശ്യപ്പെടുത്തുന്നതുമായ ആത്മസ്നാനത്തെയാണ് റോമ. 6:3-4 വരെ സൂചിപ്പിക്കുന്നതെന്നു കരുതാവുന്നതാണ്. റോമർ 6:3-4 വരെ പറയുന്ന സ്നാനം വിശ്വാസത്താൽ ലഭിക്കുന്ന ആത്മസ്നാനമായിട്ടെടുക്കാമോ അതോ കലർപ്പില്ലാത്ത വിശ്വാസത്തെ ആധാരമാക്കിയുള്ള ജലസ്നാനമായിട്ടാണോ കണക്കാക്കാവുന്നത് എന്നത് കാര്യമായി ഗണിക്കാതിരുന്നാലും ഈ വേദഭാഗം വെളിപ്പെടുത്തുന്നത് സ്നാനം ക്രിസ്തുവിന്റെ മരണ, അടക്ക, പുനരുത്ഥാനങ്ങളിലുള്ള പങ്കാളിത്തത്തെ ചിത്രീകരിക്കുന്നുവെന്നാണ്, മുഴുകൽ രീതിയാണ് ശരിയായ സ്നാനവിധം എന്ന ഭാഗത്ത് ഈ വിഷയം വീണ്ടും ചിന്തിക്കുന്നതാണ്.

(3)**ജലസ്നാനം** കൂടുതൽ പ്രധാനപ്പെട്ട **ആത്മസ്നാനത്തെ** സാദൃശീകരിക്കുന്നു. യോഹന്നാന്റെ സ്നാനം ക്രിസ്തീയ ജലസ്നാനത്തിൽ നിന്നും വിഭിന്നമാണെങ്കിലും (കാണുക അപ്പോ. പ്രവ. 19:3-5) യോഹന്നാൻ സ്നാപകന്റെ പ്രസ്താവനകൾ ആത്മസ്നാനം, ജലസ്നാനത്തേക്കാൾ വളരെയധികം പ്രധാനമാണെന്നു ചൂണ്ടിക്കാണിക്കുവാൻ ഉപയോഗിക്കാവുന്നതാണ്(മത്തായി 3:11; മർക്കോസ് 1:8; ലൂക്കോ. 3:16; യോഹ. 1:33; അപ്പോ. 1:5; 11:16).

ഏറ്റവും പ്രധാനപ്പെട്ട ആത്മസ്നാനവും അതിനെക്കാൾ പ്രാധാന്യം കുറഞ്ഞ ജലസ്നാനവും തമ്മിൽചില ബന്ധങ്ങളുണ്ട്, കാരണം എഫെ. 4:5 ൽ"സ്നാനം ഒന്ന്" എന്നു പറഞ്ഞിരിക്കുന്നു. മാത്രമല്ല അപ്പോ. പ്രവ. 10:47-ൽ ആത്മസ്നാനം ജലസ്നാനത്തിനുള്ള യോഗ്യതയായി പറഞ്ഞിരിക്കുന്നു. ആത്മസ്നാനമാണോ ജലസ്നാനമാണോ എന്ന കാര്യത്തിൽ ചില വേദഭാഗങ്ങളെക്കുറിച്ച് വേദപണ്ഡിതന്മാരുടെ ഇടയിൽ തർക്കമുണ്ട്. ഉദാ. റോമ. 6:3-4; ഗലാ. 3:27; കൊലൊ. 2:12. ജലസ്നാനം കൂടുതൽ പ്രധാനപ്പെട്ട ആത്മസ്നാനത്തെ ചിത്രീകരിക്കുന്നു.

സത്യത്തിൽ ഈ വിഷയം മുൻപുപറഞ്ഞിരിക്കുന്ന വിഷയത്തോടു ചേർന്ന് അല്പം കയറിക്കിടക്കുകയാണ്, എന്നാൽ അതിനും അപ്പുറത്തേക്കു വിപുലമായിരിക്കുന്നു. 1 കൊരി. 12:13 അനുസരിച്ച് വിശ്വാസികൾ ക്രിസ്തുവിന്റെ ആത്മാവിൽ സ്നാനപ്പെട്ടിരിക്കുകയാണ് (മുങ്ങിയിരിക്കുന്നു; മറയപ്പെട്ടിരിക്കുന്നു, അഥവാ ആത്മാവ് അവർക്കു മീതേ നിറഞ്ഞു കവിഞ്ഞൊഴുകിയിരിക്കുന്നു). ക്രിസ്തുവിന്റെ ആത്മാവിൽ ആയിരിക്കുക എന്ന സ്ഥാനം ഒരു വിശ്വാസിയെ ക്രിസ്തുവിനോട്, വിശേഷിച്ച് അവിടുത്തെ മരണ, അടക്ക, പുനരുത്ഥാനങ്ങളുടെ പ്രയോജനങ്ങൾ(നന്മകൾ) പങ്കുവെയ്ക്കുന്ന മണ്ഡലത്തിൽ ബന്ധിപ്പിക്കുന്നു അഥവാ യോജിപ്പിക്കുന്നു. ഇപ്രകാരം ജലസ്നാനം ആത്മസ്നാനത്തെ സാദൃശീകരിക്കുന്നു അഥവാ അതിന്റെ പ്രതിരൂപമാണെന്നു പറയുമ്പോൾ മുമ്പുപറഞ്ഞ ക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനങ്ങളിൽ പങ്കാളിയാകുന്ന സാദൃശ്യവും പ്രതിരൂപവും) ഉൾപ്പെടുന്നു. എങ്കിലും ആത്മസ്നാനത്തെ ചിത്രീകരിക്കുന്നതായ ഈ സാദൃശ്യം കൂടുതൽ സത്യങ്ങൾ ഉൾക്കൊള്ളുന്നതാണ്. ആത്മസ്നാനം ഒരു വിശ്വാസിയെ ക്രിസ്തുവിനോടും ഒന്നിപ്പിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ മറ്റെല്ലാ വിശ്വാസികളോടും ഇത് ഒരു വിശ്വാസിയെ യോജിപ്പിക്കുന്നു. ഇപ്രകാരം, ജലസ്നാനം ക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനങ്ങളോടുള്ള ഏകീഭാവം സാദൃശീകരിക്കുകയും ആ വ്യക്തിയെ

---

[3] Louis Berkhof, *Systamatic Theology* (Grand Rapids: Wm. B. Eerdmans Publishing Co., 1939) p. 632.

[4] Ibid., 636

[5] Ibid., 637

ആത്മാവിൽ ആക്കി സഭയോടു യോജിപ്പിച്ചിരിക്കുന്നു വെന്നു ചൂണ്ടിക്കാണിക്കയും ചെയ്യുന്നു.

(4) ജല സ്നാനം സഭയോടുള്ള പരസ്യമായ ഏകീഭാവമാണ്

ഒരു വിശ്വാസിയെ സാർവ്വത്രികസഭയോട് ഒന്നിപ്പിക്കുന്ന ആത്മസ്നാനത്തെ, ജലസ്നാനം സാദൃശീകരിക്കുന്നതു പോലെ, ദൃശ്യമായ സഭയോടും ഒരു വിശ്വാസിയെ ജല സ്നാനം പരസ്യമായി ഏകീഭവിപ്പിക്കുന്നു. അക്രൈസ്തവ മതങ്ങൾക്ക് മേല്ക്കോയ്മയുള്ള അനേക സംസ്കാരങ്ങളിൽ വ്യാജമതത്തോടുള്ള അന്തിമവേർപാടിന്റെയും സത്യസഭയോടുള്ള യോജിപ്പിന്റെയും അടയാളമാണു സ്നാനം. അ. പ്രവൃ. 2:41-ലെ "ചേരുക" എന്ന ആശയം സഭയോടു ചേരുന്നതിനെക്കുറിച്ചാണു പറയുന്നത് എന്നു എടുത്തുപറയേണ്ടതില്ലല്ലോ.

> അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു (അപ്പോ. 2:41).

(5) സംഗ്രഹം

സ്നാനം കർത്താവിന്റെ മരണം, അടക്കം, പുനരുത്ഥാനം ഇവയുടെ പങ്കുകാരായി തീരുന്നതിനെയാണ് കാണിക്കുന്നത്. ക്രിസ്തുവിന്റെ ജീവനിലെ പങ്കാളിത്തം ക്രിസ്തുവിൻ ആത്മാവിലേക്കുള്ള ആത്മസ്നാനത്തിലൂടെയാണു വരുന്നത്. ഇപ്രകാരം ജലസ്നാനം ആത്മസ്നാനത്തെയും ആഗോളസഭയുമായുള്ള ഐക്യത്തെയും ചിത്രീകരിക്കുകയുമാണ്. സ്നാനത്തിനു വിധേയപ്പെടുന്ന ഒരാൾ ക്രിസ്തുവിന്റെ കല്പനയോടുള്ള അനുസരണവും ദൃശ്യസഭയോട് ഏകീഭവിക്കുന്നതിനെയും പ്രദർശിപ്പിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം ലഭിക്കുന്ന സാദൃശ്യപ്പെടുത്തുന്നുവെന്നു ചിന്തിക്കുന്നതും ന്യായയുക്തമാണെന്നു തോന്നുന്നു. (അ.പ്ര. 2:38 കാണുക; 'ആയ)'- (for) എന്ന് അവിടെ പറഞ്ഞിരിക്കുന്നതിന് അതുനിമിത്തം അഥവാ അതുകൊണ്ട് എന്നാണർത്ഥം. അ. പ്രവൃ. 22:16-ഉം ഇതേ അർത്ഥം ദ്യോതിപ്പിക്കുന്നുണ്ട്).

C. സ്നാനപ്പെടുത്തുന്ന രീതി

വിവിധ സമുദായങ്ങൾ വിവിധ തരത്തിലാണ് സ്നാനപ്പെടുത്താറുള്ളത്. മുഴുകൽ സ്നാനം, ഒഴിക്കുക, തളിക്കുക, തുടങ്ങിയവയാണ്. ചില സമുദായങ്ങൾ തങ്ങളുടെ സമുദായപാരമ്പര്യമനുസരിച്ച് തളിക്കുയോ ഒഴിക്കുകയോ ചെയ്യുന്നു. പുതിയനിയമ മാതൃക പ്രകാരം കാണുന്നത് മുഴുകൽ സ്നാനമാണ്.

(1) പുരാതന ഗ്രീക്കുഭാഷയും *ബാപ്റ്റോ/ ബാപ്റ്റിസോ* എന്ന വാക്കുകളും

ഗ്രീക്കുപദങ്ങൾ സംബന്ധിച്ച പ്രാമാണികരേഖകൾ; ബാപ്റ്റോ; ബാപ്റ്റിസോ എന്നീ പദങ്ങളുടെ നിർവ്വചനം നൽകുന്നത്; ഗ്രീക്കുവ്യവഹാര ഭാഷയിൽ [6] ഉപയോഗിച്ചിരിക്കുന്നതുപോലെ, മുക്കുക, മുഴുകുക, മുങ്ങുക, ഒഴുകുക; കപ്പൽച്ചേതം അനുഭവിക്കുക, ആഴ്ത്തുക എന്നിങ്ങനെയാണ്. പ്ലൂട്ടാർക്ക്; ബാപ്റ്റിസോ എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്; അലക്സാണ്ടറുടെ സൈന്യം ആരവം മുഴക്കി പ്രയാണം ചെയ്യുമ്പോൾ; പാതയോരത്തുവെച്ച് വലിയ ഭരണികളിൽനിന്നും കപ്പുകൾ മുക്കി(അക്ഷരാർത്ഥത്തിൽ സ്നാനപ്പെടുത്തി) വീഞ്ഞ്, പാത്രങ്ങളിൽ പകരുകയും; പരസ്പരം കുടിക്കുകയും ചെയ്യുന്നതിനെപ്പറ്റി വിവരിക്കുമ്പോഴാണ് അദ്ദേഹം ഈ പദം ഉപയോഗിക്കുന്നത്. [7] ദുഷ്ടനായ ഹെരോദാ രാജാവ്, മഹാപുരോഹിതനായ അരിസ്റ്റോബുലോസിനെ മുക്കുന്നത്-സ്നാനപ്പെടുത്തുന്നത്-ജൊസീഫസ് എഴുതുന്നുണ്ട്. അയാൾ അദ്ദേഹത്തെ മുക്കിക്കൊന്നു! [8]

ഹെറോഡോട്ടസ്, *ബാപ്റ്റിസോ* എന്ന പദം ഉപയോഗിക്കുന്നുണ്ട്. അദ്ദേഹം പറയുന്നത്:- ഒരു ഈജിപ്റ്റുകാരൻ കടന്നുപോകുമ്പോൾ തന്റെ വസ്ത്രം ഒരു പന്നിയെ മുട്ടിയാൽ"അദ്ദേഹം നദിയിൽ പോകുകയും തന്നെത്താൻ അതിൽ മുങ്ങുകയും ചെയ്യുന്നു"[9] എന്നാണ്.

(2) സെപ്റ്റുവജിന്റും; ബാപ്റ്റോ/ ബാപ്റ്റിസോ എന്നീ വാക്കുകളും

ബാപ്റ്റിസോ എന്ന വാക്ക് സെപ്റ്റുവജിന്റിൽ, മൊത്തത്തിൽ പതിനാറു പ്രാവശ്യം ഉപയോഗിക്കുന്നുണ്ട്. പ്രധാനപ്പെട്ട വേദഭാഗങ്ങൾ താഴെപ്പറയുന്നവയാണ്:-

പുറ. 12:22 ഈസോപ്പ് ചെടിയുടെ ഒരു കെട്ട് എടുത്ത് കിണ്ണത്തിലുള്ള രക്തത്തിൽ മുക്കി കിണ്ണത്തിലുള്ള രക്തം കുറുമ്പടിമേലും കട്ടളക്കാൽ രണ്ടിന്മേലും തേക്കേണം.

ലേവ്യ. 4:6, 17; 9:9; 14:16 ലേവ്യപുസ്തകത്തിലെ ഈ വേദഭാഗങ്ങൾ ഒരു പുരോഹിതൻ തന്റെ വിരൽ രക്തത്തിലോ എണ്ണയിലോ മുക്കുന്നതിനെ കാണിക്കുന്നു.

സംഖ്യ. 19:18 പിന്നെ ശുദ്ധിയുള്ള ഒരുത്തൻ ഈസോപ്പ് എടുത്ത് വെള്ളത്തിൽമുക്കി കൂടാരത്തെയും സകല പാത്രങ്ങളെയും അവിടെ ഉണ്ടായിരുന്ന ആളുകളെയും

---

[6] Albrecht Oepke, "Bapto" in *Thelogical Dictionary of the New Testament*, edited by Gerhard Kittel, translated by Geoffery Bromiley(Grand Rapids: Wm B. Eerdmans Publishing, 1964), 1:526-30.

[7] Augustus H. Strong, *Systematic Theology*(Old Tappan, NJ: Fleming H. Revell Co., 1907), p. 934.

[8] Josephs *Josephus Complete works*, translated by William Whiston. reprinted. (Grand Rapids. Kregal Publications, 1960), p. 317. (Antiquities 15:3:3).

[9] Herodotous, *The Histories*, translated by Aubrey De seliciurt, revised (Middlesex, England: Pneguin Books, 1982), p. 148. (Histories 2:47).

...തളിക്കേണം-സാധാരണയായി രക്തത്തിലേക്കു "മുക്കുന്നതും അതിനുശേഷം യാഹപീഠത്തിന്മേലോ "തളിയ്ക്കുകയോ" "ഒഴിയ്ക്കുകയോ" ചെയ്യുന്നതും തമ്മിൽ പലപ്പോഴും വ്യത്യാസത്തിലാണ് പറഞ്ഞിരിക്കുന്നത്.

യോശുവ 3:15 പെട്ടകം ചുമന്ന പുരോഹിതന്മാരുടെ കാൽ വെള്ളത്തിന്റെ വക്കത്തു മുങ്ങിയപ്പോൾ മേൽ വെള്ളത്തിന്റെ ഒഴുക്കു നിന്നു.

രൂത്ത് 2:14-കഷണം ചാറിൽ മുക്കിക്കൊൾവാൻ ബോവസ് രൂത്തിനെ ക്ഷണിക്കുന്നു.

1 ശമു. 14:27 യോനാഥാൻ വടിയുടെ അറ്റം നീട്ടി ഒരു തേൻകട്ടയിൽ കുത്തി(dipped into the honey) അതു എടുത്തു തന്റെ കൈ വായിലേക്കു കൊണ്ടുപോയി.

2 രാജാ. 8:15 ഈ വാക്യത്തിൽ, രോഗിയായ ഒരു രാജാവിനെ, ഒരു ദാസൻ, വെള്ളത്തിൽ മുക്കിയ കമ്പിളി മുഖത്തിട്ടു കൊല്ലുന്നു.

പീഡോ-ബാപ്റ്റിസ്റ്റുകാരൻ(ഒഴിച്ചോ തളിച്ചോ ശിശുക്കളെ സ്നാനപ്പെടുത്തുന്നവർ) ബാപ്റ്റോ എന്ന വാക്ക് "തളിക്കുക" എന്ന അർത്ഥം വരാം എന്നതിന്റെ തെളിവായി ദാനി. 4:33-ഉം(സെപ്റ്റുവജിന്റ് 30) ദാനി. 5:21-ഉം ചൂണ്ടിക്കാണിക്കുന്നു. ഈ വാക്യങ്ങൾ പറയുന്നത്, നെബുഖദ്നേസർ രാജാവ്, തന്റെ ചിത്തഭ്രമത്തിന്റെ കാലത്ത് ആകാശത്തിലെ മഞ്ഞുകൊണ്ടു "നനഞ്ഞു" (drenched) എന്നാണ്. മഞ്ഞിനാൽ അവൻ തളിയ്ക്കപ്പെട്ടു എന്നു ചിന്തിക്കുന്നതു ഉചിതമാകാം. എന്നിരുന്നാലും നനയപ്പെട്ടു എന്ന ആശയം ഫലത്തിൽ മുഴുകപ്പെട്ടു എന്നു തന്നെയാണ്; ഇത് ആ പശ്ചാത്തലത്തിന് ഏറ്റവും അനുയോജ്യമായിരിക്കുന്നു.

ബ്പ്റ്റിസോ സെപ്റ്റ്വജന്റിൽ 2 പ്രാവശ്യം വരുന്നു. യെശയ്യാവ് 21:4 ഒരു ആലങ്കാരിക പ്രയോഗികമാണ്:- "ഭീതി എന്നെ ഭ്രമിപ്പിച്ചിരിക്കുന്നു." 2 രാജാ. 5:14-ാം വാക്യം ബാപ്റ്റിസോ എന്നതിന്റെ നിർവ്വചനത്തിന് ഏറ്റവും പ്രസക്തമാണ്. ഏലീശ നയമാനോടു യോർദ്ദാനിൽ ഏഴ് പ്രാവശ്യം മുങ്ങുവാൻ (ബാപ്റ്റിസോ) പറയുന്നു.

> അപ്പോൾ അവൻ ചെന്നു ദൈവപുരുഷന്റെ വചനപ്രകാരം ഏഴുപ്രാവശ്യം **മുങ്ങി** (2 രാജാ. 5:14).

(3) *ബാപ്റ്റോ, ബാപ്റ്റിസോ* പുതിയനിയമത്തിൽ

ബാപ്റ്റോ എന്ന പദം പുതിയനിയമത്തിൽ നാലു പ്രാവശ്യം വരുന്നുണ്ട്. എല്ലാ വേദഭാഗങ്ങളിലും "മുക്കുക" അല്ലെങ്കിൽ "മുഴുകുക" എന്നതിന്റെ അർത്ഥം ഏറ്റവും നന്നായി യോജിക്കുന്നു.

> അബ്രഹാം പിതാവേ എന്നോടു കനിവുണ്ടാകേണമെ ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ **മുക്കി** എന്റെ നാവിനെ തണുപ്പിക്കേണ്ടതിനു അവനെ അയയ്ക്കേണമെ. ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു (ലൂക്കോ. 16:24).
>
> ഞാൻ അപ്പഖണ്ഡം **മുക്കി**ക്കൊടുക്കുന്നവൻ തന്നേ എന്നു ഉത്തരം പറഞ്ഞു. ഖണ്ഡം **മുക്കി** ശീമോൻ ഈസ്ക്കര്യോത്താവിന്റെ മകനായ യൂദയ്ക്കു കൊടുത്തു(യോഹന്നാൻ 13:26).
>
> അവൻ രക്തം **തളിച്ച**(ബാപ്റ്റോ) ഉടുപ്പ് ധരിച്ചിരിക്കുന്നു (വെളി. 19:13)-രക്തത്തിൽ മുക്കിയ ഉടുപ്പ് എന്നതാണു ശരിയായ അർത്ഥം.

ശിശുക്കളെ സ്നാനപ്പെടുത്തുന്നവർ, ക്രിസ്തുവിന്റെ ഉടുപ്പ് രക്തംകൊണ്ടു "തളിച്ച"താണെന്ന്(sprinkled) വെളി. 19:13 സൂചിപ്പിക്കുന്നുവെന്ന് ഉറപ്പിച്ചേക്കാം. എന്നുവരികിലും "മുങ്ങുക" അല്ലെങ്കിൽ "ആഴ്ത്തുക" എന്നിവയുടെ സ്ഥാപിതാർത്ഥങ്ങളിൽ നിന്നും(അംഗീകൃതാശയങ്ങളിൽ നിന്നും) മാറ്റം വരുത്തുവാൻ അഖണ്ഡമായ യാതൊരു കാരണവുമില്ല.

ബാപ്റ്റോ ഇനത്തിൽപ്പെട്ട പദാവലിയ്ക്ക് "ഒഴിക്കുക" അഥവാ ''തളിയ്ക്കുക'' എന്ന അർത്ഥമാണെന്ന് ചിലരെങ്കിലും ചിന്തിക്കുന്നുണ്ട്. അങ്ങനെയുള്ള വേദഭാഗങ്ങളും എടുത്തുപറയേണ്ടതാണ്. മർക്കോ. 7:4; ലൂക്കോ. 11:38; എബ്രാ. 6:2; 9:10 എന്നീ വേദഭാഗങ്ങളിൽ സ്നാനത്തോടു ബന്ധപ്പെട്ട വാക്കുകൾ ആചാരപരമായ കഴുകലുകൾ സൂചിപ്പിക്കുന്നതായി ഉപയോഗിച്ചിരിക്കുന്നു. സ്നാനത്തോടു ബന്ധപ്പെട്ട ഈ മൂലപദങ്ങൾ ഉപയോഗിച്ചിരിക്കുന്നത്, "തളിക്കുക" അഥവാ "ഒഴിക്കുക" എന്ന അർത്ഥത്തിലാണെന്ന് ചിലർ അവകാശപ്പെടുന്നു. ഇതിനു സാദ്ധ്യതയുണ്ട്; എന്നാൽ "മുഴുകുക" എന്ന അർത്ഥവും ഒരേപോലെ പ്രബലമാണ്. മർക്കോ. 7:4, ലക്കോ. 11:38 എന്നീ വേദഭാഗങ്ങളിൽ ഭക്ഷണത്തിനു മുമ്പു കഴുകുന്നതായ പരീശപാരമ്പര്യത്തെക്കുറിച്ചുണു പറയുന്നത്. ഒരാളുടെ കൈകൾക്കു മീതേ വെള്ളം ഒഴിച്ചുകൊടുക്കുന്നതിനെ ഇതു സൂചിപ്പിച്ചേക്കാം; എന്നാൽ കൈകൾ വെള്ളത്തിൽ മുക്കുന്നതിനേയും അല്ലെങ്കിൽ പൂർണ്ണമായും കുളിക്കുന്നതിനെയും ഇതു സൂചിപ്പിക്കുന്നു എന്നു വരാം. ഇതേ കാര്യം മർക്കോ. 7:4-ലും പ്രസക്തമാണ്. പാനപാത്രം, ഭരണി, ചെമ്പ് എന്നിവ കഴുകുന്നതിനെക്കുറിച്ചാണ് അവിടെയും സൂചിപ്പിക്കുന്നത്. അടുക്കളപ്പാത്രങ്ങൾ വെള്ളത്തിൽ മുക്കി വൃത്തിയാക്കാമല്ലോ. അതുകൊണ്ട്, സ്നാനം അർത്ഥമാക്കുന്നത് മുഴുകൽ അല്ല എന്നും മറ്റെന്തോ ആണെന്നുമുള്ള വാദത്തിന് ഈ വാക്യങ്ങൾ ശുഷ്കമായ ഒരു പിന്തുണയേ നൽകുന്നുള്ളൂ.

ബാപ്റ്റോ/ബാപ്റ്റിസോ എന്നീ വാക്കുകളുടെ പഠനം ചൂണ്ടിക്കാട്ടുന്നത്, ഒന്നുകിൽ ഓരോ പശ്ചാത്തലത്തിലും, ഫലത്തിൽ, സാദ്ധ്യമായ അർത്ഥം അല്ലെങ്കിൽ

അനിവാര്യമായ അർത്ഥം മുഴുകൽ ആണ് എന്നത്രേ. ഒഴിക്കുക; തളിക്കുക എന്നിവ ചില ഭാഗത്തു യോജിച്ചേക്കാമെങ്കിലും മുക്കുക അഥവാ ആഴ്ത്തുക എന്നത് തത്തുല്യമായി ചേരുന്ന അർത്ഥമാണ്. സ്നാനം എന്ന പദം കൊണ്ട് ബൈബിൾ അർത്ഥമാക്കുന്നത്-മുഴുകൽ ആണെന്നതിന് തെല്ലും സംശയം വേണ്ട.

(4) സാദൃശ്യാർത്ഥം മുഴുകലിന് അനുകൂലമായ ന്യായ വാദം

ക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനങ്ങളോടുള്ള ഏകീഭാവം ചിത്രീകരിക്കുന്നതായിരിക്കണം സ്നാനം എന്നാണ് റോമ. 6:3-4 പഠിപ്പിക്കുന്നത്. ഈ സാദൃശ്യത്തോടു നന്നായി യോജിക്കുന്നത് മുഴുകലാണ്. നേരെ മറിച്ച്, ഒഴിക്കുന്നതോ തളിക്കുന്നതോ ഒരു തരത്തിലും യോജിക്കുന്നില്ല.

പുരാതന യഹൂദന്മാർ മണ്ണിനടിയിലല്ല.; "വഴിയോരങ്ങളിലെ" ഗുഹകളിലാണ് മൃതശരീരം മറവു ചെയ്തിരുന്നതെന്ന്; തടസ്സമുന്നയിക്കുന്നവർ പക്ഷേ, പറയുമായിരിക്കും. അത് ശരിയുമാണ് എന്നു വരികിലും വെള്ളത്തിന്നടയി ലേക്ക് പോകുന്നത് മരണത്തിങ്കലെ ദേഹഭാവത്തെ അധികം മെച്ചമായി സാദൃശപ്പെടുത്തുന്നു. വെള്ളത്തിൽ നിന്നും പുറത്തേക്കു വരുന്നതാകട്ടെ, ജീവന്റെ പുതുക്ക ത്തിൽ ഉയിർത്തെഴുന്നേൽക്കുന്ന അവസ്ഥയെ എത്രയും മെച്ചമായി സാദൃശ്യപ്പെടുത്തുകയാണ്.

(5) പദങ്ങൾ തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന പ്രത്യയങ്ങൾ നിമജ്ജനത്തിനു തെളിവ്

ചിലപ്പോൾ ഗ്രീക്കു വിഭക്തി പ്രത്യയങ്ങൾക്ക് വിസ്തൃതമായ അർത്ഥലങ്ങളാണുള്ളത്. അറിയ പങ്ക് പശ്ചാത്തലങ്ങളിലും അവയ്ക്ക് പലപ്പോഴും പൊതുവായ ഒരു അർത്ഥമാണുള്ളത്. അതോടൊപ്പം ഒരു നിശ്ചിത പശ്ചാത്തലമോ ഉപദേശസത്യമോ ആവശ്യപ്പെടുമ്പോൾ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന രണ്ടാംതരം അർത്ഥങ്ങളും ഉണ്ട്. സ്നാനസംബന്ധിയായ വിവരണങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന വിഭക്തിപ്രത്യയങ്ങൾ അഥവാ ഉപസർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുന്നത് സ്നാനം നിമജ്ജനമായിരുന്നെന്നാണ്. സ്നാനം തളിച്ചോ ഒഴിച്ചോ ആയിരുന്നുവെന്നതിന് ശക്തമായ തെളിവുണ്ടായിരുന്നെങ്കിൽ, ചിലപ്പോൾ വിഭക്ത്യംപസർഗ്ഗങ്ങൾ രണ്ടാതരം അർത്ഥം നൽകുമായിരുന്നു. എന്നാൽ ഒഴിക്കുന്നതിനോ തളിക്കുന്നതിനോ ശക്തമായ തെളിവു നിലനിൽക്കുന്നില്ല. അതുകൊണ്ട് മുഴുകൽ അല്ലാതെ സ്നാനവിവരണങ്ങൾ ഒന്നും തന്നെ മറ്റൊരർത്ഥവും സൂചിപ്പിക്കുന്നതായി നാം എടുക്കുവാൻ പാടില്ല; എടുക്കേണ്ട ആവശ്യമില്ല.

വെള്ളത്തിൽ അഥവാ യോർദ്ദാൻ നദിയിൽ കഴിപ്പിച്ചതായിട്ടു പറയുന്ന അനേക വേദഭാഗങ്ങളുണ്ട് (മത്താ. 3:6; മർക്കോ 1:5, 9; യോഹ. 1:26; 31, 33). ഒരു നദിയിലെ സ്നാനം മുഴുകലിനെയാണ് അനുകൂലിക്കുക! വാസ്തവത്തിൽ വളരെ വെള്ളമുള്ള ഒരു ഭാഗമാണ് യോഹന്നാൻ സ്നാപകൻ തന്റെ പ്രവൃത്തിയ്ക്കായി തെരഞ്ഞെടുത്തത്(യോഹന്നാൻ 3:23 നോക്കുക).

പുതിയനിയമം വെളിപ്പെടുത്തുന്ന സ്നാനരീതി നിമജ്ജനമാണെന്ന് താഴെപ്പറയുന്ന വേദഭാഗങ്ങൾ ശക്തമായി പിന്താങ്ങുന്നു.

> യേശു സ്നാനം ഏറ്റ ഉടനെ **വെള്ളത്തിൽ നിന്നു കയറി** (മത്തായി 3:16).
>
> അങ്ങനെ അവൻ തേർ നിർത്തുവാൻ കല്പിച്ചു. ഫിലിപ്പോസും ഷണ്ഡനും ഇരുവരും **വെള്ളത്തിൽ ഇറങ്ങി** അവൻ അവനെ സ്നാനം കഴിപ്പിച്ചു. അവർ **വെള്ളത്തിൽ നിന്നു കയറിയ ഉടനെ** കർത്താവിന്റെ ആത്മാവ് ഫിലിപ്പോസിനെ എടുത്തുകൊണ്ടുപോയി (അപ്പോ. പ്രവ. 8:38-39).

സ്നാനം നിമജ്ജനം അഥവാ മുഴുകലായിരുന്നുവെന്നു മനസ്സിലാക്കുകയാണ്; സ്നാനത്തെക്കുറിച്ചു വിവരിക്കുന്ന ഈ വേദഭാഗങ്ങളെല്ലാം വ്യാഖ്യാനിക്കുന്നതിനുള്ള സാധാരണമാർഗ്ഗം. ബാപ്റ്റോ ബാപ്റ്റിസോ എന്നീ പദങ്ങളുടെ പഠനവും, മരണപുനരുത്ഥാനങ്ങളുടെ സാദൃശ്യവും അതുപോലെതന്നെ സ്നാനത്തെക്കുറിച്ചുള്ള വിവരണങ്ങളിലെ വിഭക്ത്യംപസർഗ്ഗങ്ങളുമെല്ലാം ഉറപ്പിക്കുന്നത് മുഴുകലാണ് ബൈബിൾ വെളിപ്പെടുത്തുന്ന സ്നാനരീതി എന്നാണ്. സഭാചരിത്രത്തിന് ബൈബിളിനെ അപേക്ഷിച്ച് രണ്ടാം സ്നാനമേയുള്ളു, എന്നാൽ അത് സഹായകരമാകാം.

(6) സഭാ ചരിത്രവും മുഴുകൽ സ്നാനവും

പ്രത്യേക അവസ്ഥകളിൽ ആദിമസഭ മറ്റു രീതികളിലുള്ള സ്നാനം അനുവദിച്ചുവെന്നിരിക്കെ; സ്നാനപ്പെടുത്തുവാനുള്ള പ്രഥമവും യോഗ്യവുമായ വിധം മുഴുകലാണെന്നതിൽ യാതൊരു തർക്കവുമില്ല തന്നെ. വെള്ളം ഒഴിച്ചു സ്നാനപ്പെടുത്തുന്നതിനുള്ള അനുമതി ഡിഡാക്കേ നൽകുന്നുണ്ട്(എ.ഡി. 120). എന്നാൽ മുഴുകലിനുള്ള മുഖാന്തരങ്ങൾ ലഭ്യമാകുമ്പോഴെല്ലാം അതു നിർബന്ധമാക്കിയിട്ടുണ്ട്:-

"സ്നാനത്തോടുള്ള ബന്ധത്തിൽ നിങ്ങൾ സ്നാനപ്പെടുമ്പോൾ ആദ്യം ഇതിനെക്കുറിച്ച് പറഞ്ഞത് അനുസരിച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്ന വെള്ളത്തിൽ വേണം സ്നാനം നടത്തുവാൻ. നിങ്ങളുടെ സമീപത്ത് ഒഴുകുന്ന ജലമില്ലെങ്കിൽ, മറ്റു വെള്ളത്തിൽ സ്നാനപ്പെടുത്തുക നിങ്ങൾ തണുത്ത ജലം ഉപയോഗിക്കുന്നില്ലെങ്കിൽ ചൂടുവെള്ളം ഉപയോഗിക്കുക. എന്നാൽ ഇത് രണ്ടുമില്ലെങ്കിൽ പിതാവിന്റെയും പുത്രന്റെയും പരി

ശുദ്ധാത്മാവിന്റെയും നാമത്തിൽ 3 പ്രാവശ്യം വെള്ളം തലയിലൊഴിക്കുക. [10]

ഗ്രെയ്സ് ബ്രദറൺ മൂന്നു പ്രാവശ്യം മുക്കിയാണ് സ്നാനം നൽകുന്നത്. താഴെക്കാണുന്ന ഉദ്ധരണിയിൽ നിന്നു മൂന്നു പ്രാവശ്യം മുക്കുന്നതിനു വളരെ പഴക്കമേറിയ പാരമ്പര്യമുണ്ട്. കർത്താവിന്റെ കല്പനയായ ഒരു പ്രാവശ്യം മുക്കുക എന്നുള്ളതിനെക്കാൾ അപ്പുറത്തേക്കു പോകുന്ന രസകരമായ രീതിയാണ് ഇത് എന്ന് വളരെ വ്യക്തമാണ്. എ.ഡി. 145–220-ൽ ജീവിച്ചിരുന്ന തെൽത്തുല്യൻ പറഞ്ഞിരിക്കുന്നത്:

"സ്നാനത്തിലേക്ക് നാം ഇറങ്ങുന്നതിന് തൊട്ടുമുമ്പ് ജനത്തിന്റെ മുമ്പിൽ മൂപ്പന്മാരുടെ കൈക്കീഴിൽ നാം ഭയഭക്തിയോടെ പറയുന്നു പിശാചിനെയും അവന്റെ എല്ലാ മോടികളെയും ദൂതന്മാരെയും ഉപേക്ഷിക്കുന്നു എന്ന്. അതിനുശേഷം നാം മൂന്നുപ്രാവശ്യം മുങ്ങി കർത്താവു സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതിനെക്കാൾ ഏതാണ്ട് അധികം വിപുലമായ ഒരു പ്രതിജ്ഞ എടുക്കുന്നു".[11]

d. ജലസ്നാനം സംബന്ധിച്ചുള്ള ഉപസംഹാരചിന്തകൾ (ജലസ്നാനത്തെക്കുറിച്ചുള്ള സമാപനക്കുറിപ്പുകൾ)

വിശ്വാസികൾക്ക് മാത്രമാണ് സ്നാനം. അതുകൊണ്ട് വിശ്വാസം പരസ്യമായി ഏറ്റുപറയുവാൻ മതിയായ പ്രായമുള്ളവർ മാത്രമാണ് അനുയോജ്യരായ സ്നാനാർത്ഥികൾ. ഈ അനുഷ്ഠാനം രക്ഷയോട് യാതൊന്നും കൂട്ടിച്ചേർക്കുന്നില്ല സ്നാനം മൂലം ക്രിസ്തുവിന്റെ മരണം അടക്കം, പുനരുത്ഥാനം, ഇവയോടു ഏകീഭവിച്ചതിനെ കാണിക്കുന്നു, ആത്മസ്നാനത്തിലൂടെ ക്രിസ്തുവിനോടും സഭയോടും ചേർന്നതിനെയും ചിത്രീകരിക്കുന്നു. ദൃശ്യസഭയോട് പരസ്യമായി ഒരാൾ ഏകീഭവിക്കുന്നു; ക്രിസ്തുവിന്റെ കല്പനകളോടുള്ള അനുസരണം പ്രദർശിപ്പിക്കുന്നു; മാത്രമല്ല; ക്രിസ്തുവിൽ നിന്ന് കല്പന അനുസരിക്കുന്നത് പരസ്യമായി കാണിക്കുന്നു. ക്രിസ്തുവിൽ നിന്നു വിശ്വാസിക്കു ലഭിച്ചിരിക്കുന്ന ശുദ്ധീകരണത്തെയും ഇത് വെളിപ്പെടുത്തുന്നു. മുങ്ങിയുള്ള സ്നാനമാണ് ബൈബിളിന്റെ മാതൃക. മുമ്പ് വേറൊരു രീതിയിൽ സ്നാനപ്പെട്ടത് നിയമാനുസൃതമായി അംഗീകരക്കുകയോ ഇല്ലയോ എന്നത് ഓരോ സഭയുടെയും ഭരണനേതൃത്വം വേണം തീരുമാനിക്കേണ്ടത്. എന്നിരുന്നാലും സ്നാനമേൽക്കുന്ന സമയത്ത്, ഒരാൾ വിശ്വാസിയായിരുന്നു എന്നതിൽ ഭരണനേതൃത്വം നിർബ്ബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

E. സഭയുടെ വിശുദ്ധി

സഭയുടെ നിർമ്മലത സംബന്ധിച്ച് അഭേദ്യമായി അടുപ്പമുള്ള രണ്ട് ഉപദേശങ്ങൾ അവയുടെ വികസിത രൂപത്തിൽ ബൈബിൾ വെളിപ്പെടുത്തുന്നു. സഭാപരമായ വേർപ്പാട് വ്യാജോപദേശവും ദുഷ്ടതയും സഭയിലേക്കു പ്രവേശിക്കാതെ തടയുന്നതിനു സഹായിക്കും.

ഉപദേശപരമായ തെറ്റോ തിന്മയോ സഭയിൽ കാലുറപ്പിക്കാൻ ശ്രമിക്കുമ്പോൾ അവയെ നീക്കിക്കളയുവാൻ സഭാശിക്ഷണം എന്ന ഉപദേശം ദൈവവചനം പഠിപ്പിക്കുന്നു. സ്വഭാവികമായി ചില വേദഭാഗങ്ങൾ വേർപാട്, ശിക്ഷണം, ഇവ രണ്ടിനെക്കുറിച്ചും വിവരിച്ചിരിക്കുന്നു.

1. സഭാപരമായ വേർപാട്

വലിച്ചുകെട്ടിയ ഞാണിന്മേൽ നടക്കുന്നതിനോടാണ് വേർപാടിനെ തുലനപ്പെടുത്തിക്കാണാവുന്നത്. കറതീർന്ന വിശ്വാസികളുമായി വിശ്വാസത്തിന്റെ ഐക്യത കാക്കുന്നതിനാണ് ഒരാൾ ആഗ്രഹിക്കുന്നത്(എഫെ. 4:3). എങ്കിലും, ദൈവത്തോടുള്ള അനുസരണം, സത്യത്തിന്റെ സംരക്ഷണം, നിർമ്മലമായ ഒരു സദ്യ ഇവയെല്ലാം, പിശകായിട്ടുള്ളതിൽ നിന്നും വേർപാട് ആവശ്യപ്പെടുന്നു. കൂട്ടായ്മയിൽ നിന്നു പിന്മാറുവാൻ തക്കവണ്ണം ഗൗരവതരമായ ഉപദേശപരവും ധാർമ്മികവുമായ വിഷയങ്ങളെ വേർതിരിച്ചറിയുക എന്നുള്ളത് ഏറ്റവും വിഷമമേറിയ കാര്യം ഉൾക്കൊള്ളുന്നതാണ്. മറ്റൊരു വിശ്വാസി തെറ്റോ കുറ്റമോ ആണെന്നു ചിന്തിക്കുന്നതായ ഒരു ആശയം അത്ര പ്രധാനമല്ലാത്ത രണ്ടാംതരം വിഷയമായതുകൊണ്ട്, സഹിഷ്ണുതയുടെ ആത്മാവിൽ കൂട്ടായ്മ തുടരാം എന്ന് എണ്ണുന്നത് എപ്പോഴാണ്?

a. വേർപെടുവാനുള്ള കല്പനകൾ

ബൈബിളിനോടു കൂറു പുലർത്തുന്നവർ ചിന്തയിലും പ്രവർത്തിയിലും ക്രൈസ്തവ വിരുദ്ധമായ സമൂഹങ്ങളോടു വേർപെടണമെന്നുള്ള ബൈബിൾ കല്പനയോടു അനുസരണം കാണിക്കും. സഭാപരമായ വേർപാട് അവിശ്വാസികളോടു വെറുപ്പു കാണിക്കുന്നതല്ല, അല്ലെങ്കിൽ അവിശ്വാസികൾക്ക് അവിശ്വാസികളായ സ്നേഹിതരുണ്ടാകുവാൻ കഴിയില്ലല്ലോ? ദൈവവചനത്തിൽ കാണുന്ന ക്രിസ്ത്യാനിത്വത്തിനു വിപരീതമായി പ്രവർത്തിക്കുന്നവരുമായി "മതപരമായ" പ്രവർത്തനത്തിൽ സഹകരിക്കരുതെന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

"ഇണയില്ലാപ്പിണ കൂടരുത്" എന്നുള്ള അലങ്കാരപ്രയോഗം കാണിക്കുന്നത് ക്രിസ്തുവിനെ തള്ളിക്കളയുന്നവരുമായി ഒന്നു ചേർന്നുള്ള ഉദ്യമങ്ങളിൽ നിന്നു വേർപെടണമെന്നാണ്. ഉദാഹരണത്തിനു ഒരു സഭയ്ക്ക്

[10] "The teaching of the 12 Apostles", in *The Ante-Nicene Fathers*, ed. by Alexander Roberts and James Donaldson, reprinted., 10 vols. (Grand Rapids: Wm. B. Eerdmans Publishings Co. 1979), 7:379. (Didache 7:1-3).

[11] Tertullian "The Chaplet on De Corona" in *The Ante-Nicene Fathers*, edited by Alexander Roberts and James Donaldson, reprint ed., 10 vols. (Grand Rapids: Wm. B. Eerdmans Publishing Co., 1973), 3:94.

മുസ്ലിംങ്ങളെയോ യഹൂദന്മാരെയോ ഹിന്ദുക്കളെയോ വേണമെങ്കിൽ സഹായിക്കാം. എന്നാൽ അവരുമായി മത പരമായ കൂട്ടുക്കെട്ടു ഉണ്ടാക്കുവാനോ, സഭയ്ക്കുള്ളിൽ മതപരമായ തെറ്റായ പഠിപ്പിക്കൽ കടന്നുവരുവാനോ അനുവദിക്കരുത്. തെറ്റായ സമൂഹങ്ങളുമായി ഒരുമിച്ചുള്ള "ആരാധന," ശുശ്രൂഷ, "കൂടിച്ചേരൽ" ഇവ ദൈവവചനം വിലക്കിയിരിക്കുന്നു. അവിശ്വാസികളുമായുള്ള സഹകരണവും അവർക്കുവേണ്ടിയുള്ള ശുശ്രൂഷയും തമ്മിൽ വ്യത്യാസമുണ്ട്. നഷ്ടപ്പെട്ടവരുമായുള്ള സഹകരണം സഭയെ മലിനപ്പെടുത്തുമെന്നു മാത്രമല്ല ഇത് തെറ്റായ മതങ്ങൾ അംഗീകാര യോഗ്യമാണെന്നുള്ള തെറ്റായ സുരക്ഷിതത്വബോധം ലോകത്തിനു നൽകുവാനിടയുണ്ട്.

വേർപാട് കാത്തു സൂക്ഷിക്കുക എന്ന കല്പന അവഗണിക്കുന്ന സഭയൊ സമുദായമോ വേഗത്തിൽ മലിനമാകയും ക്രിസ്തീയ സഭയുടെ പ്രത്യേകതകൾ കളഞ്ഞ് കുളിക്കുകയും ചെയ്യും. ഇരുപതാം നൂറ്റാണ്ടിലെ അമേരിക്കയിലുള്ള നവീകരണ സമുദായങ്ങളുടെ ഭൂരിപക്ഷത്തിന്റെയും ചരിത്രങ്ങളിൽ ഇതിനുള്ളത തെളിവുണ്ട്. വേർപാട് അവഗണിച്ചപ്പോൾ, ദൈവവചനത്തിന്റെ ആധികാരികതയോട് ആഭിമുഖ്യം പുലർത്തുന്നവരുടെ ഹൃദയം തകർക്കുന്ന വിധം ആ സഭകളെ തിന്മകൾ നശിപ്പിച്ചു.

വേർപാട് പുലർത്തേണ്ട വിവിധ മേഖലകളെക്കുറിച്ച് ദൈവവചനം നിർദ്ദേശങ്ങൽ നൽകിയിരിക്കുന്നു.

(1) ദുരുപദേശങ്ങളിൽ നിന്നുള്ള വേർപാട്

> **നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുത്.** നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊര ചേർച്ച? വെളിച്ചത്തിനു ഇരുളോട് എന്തൊരു കൂട്ടായ്മ? ക്രിസ്തുവിനും ബലിയാലിന്നും തമ്മിൽ എന്തു പൊരുത്തം. അല്ല വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദൈവാലയത്തിന് വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. "ഞാൻ അവരിൽ വസിക്കുകയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും. ഞാൻ അവർക്ക് ദൈവവും അവർ എനിക്കു ജനവും ആകും എന്നു ദൈവം അരുളിചെയ്തിരിക്കുന്നുവല്ലോ. അതുകൊണ്ട് അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവു അരുളിചെയ്യുന്നു. അശുദ്ധമായത് ഒന്നും തൊടരുത്. എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്ക് പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്നു സർവ്വശക്തനായ കർത്താവു അരുളിചെയ്യുന്നു (2 കൊരി. 6:14–18).

ഈ വേദഭാഗത്തിന്റെ പശ്ചാത്തലവും പഴയ നിയമ ഉദ്ധരണികളും ചൂണ്ടിക്കാണിക്കുന്നത്, ഈ വേർപാടിനെക്കുറിച്ചു പറയുന്ന ഏറ്റവും സുപരിചതങ്ങളായ വേദഭാഗങ്ങളിൽ ഒന്നിൽ വ്യാജമതോപദേശങ്ങളിൽനിന്നും ആചരണങ്ങളിൽനിന്നും വേർപ്പെടുന്ന കാര്യം ഉൾക്കൊണ്ടിരിക്കുന്നു. 1 കൊരി. 5:9 മുതലുള്ള ഭാഗങ്ങളിൽ അവിശ്വാസികളോടുള്ള സഖിത്വവും ശുശ്രൂഷകളും അനുവദിച്ചിരിക്കുന്നു; എന്നാൽ 2 കൊരി. 6 ലെ വേദഭാഗത്ത് ദൈവാലയവും (സഭ) വിഗ്രഹങ്ങളും (അക്കാലത്തെ പ്രധാനപ്പെട്ട വ്യാജമതം)തമ്മിൽ ബന്ധിപ്പിക്കുന്നത് തടഞ്ഞിരിക്കുന്നു. ജാതികളെ സ്നേഹിക്കുന്നതിനെ പൗലോസ് തടഞ്ഞിട്ടില്ല. എന്നാൽ "ഇണയില്ലപ്പിണ" കൂടുന്നതിനെ തടഞ്ഞു. സഭയും ജാതിയ ക്ഷേത്രവും ഒരേ ഭാഗത്തുനിന്നുകൊണ്ട് ഒരേ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നതുപോലെയാണ് വിശ്വാസിയും അവിശ്വാസിയും ഒരുമിച്ചു ചേർന്നു പ്രവർത്തിക്കുന്നത്. ഒരു വിശ്വസ്തയായ സഭയ്ക്ക് ഇത് സാധിക്കാത്തതാണ് എന്നു സ്ഥാപിക്കുവാൻ പൗലോസ് മൂന്നു അലങ്കാര ബഹുലമായ ചോദ്യങ്ങൾ ഉയർത്തിക്കൊണ്ട് വാദിക്കുന്നു. സഭയ്ക്ക് അവിശ്വാസികളുമായി എന്തു ചേർച്ച? വാ. 14. എന്തു പൊരുത്തം? വാ. 15. എന്തു യോജ്യത? വാ. 16. ഈ ഇണയില്ലാപ്പിണയിൽ കൂടാൻ വരുന്ന രണ്ടു കക്ഷികളും രണ്ടു വ്യത്യസ്ത ദിശയിലേക്കു നുകം വലിച്ചുകൊണ്ടുപോകും. ഇങ്ങനെയുള്ള ഉപരിപ്ലവമായ ഐക്യം സഭയുടെ വിശേഷതകളെ നശിപ്പിക്കും. തന്മൂലം ഇതൊരു പങ്കാളിത്തമല്ല പിന്നെയോ ചുമതലാകൈമാറ്റം ആയിരിക്കും.

കൊരിന്ത്യ സഭയെ നശിപ്പിക്കുന്ന ദുരുപദേഷ്ടാക്കന്മാരെക്കുറിച്ച് 2 കൊരിന്ത്യ ലേഖനത്തിൽ ആവർത്തിച്ച് പറഞ്ഞിരിക്കുന്നു (3:1–2; 11:13; 12:19 കൂടാതെ 13:1–5 വരെ). ആറാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന വേർപാടിന്റെ കല്പനയിൽ ദുരുപദേഷ്ടാക്കന്മാരിൽ നിന്നുള്ള വേർപാടിനെക്കുറിച്ച് ഉൾക്കൊള്ളിച്ചിരിക്കുന്നതായി നിസ്സംശയം പറയാം.

> **ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ** അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവമില്ല. ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശം കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വരുന്നു എങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവനു കുശലം പറയുകയുമരുത്. അവനു കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവർത്തികൾക്കു കൂട്ടാളിയല്ലോ (2 യോഹ. 9:11).

"ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാത്ത" മതപ്രചാരകരിൽ നിന്ന് വേർപെടുവാൻ 2 യോഹ. 9–11 കല്പിക്കുന്നു. "ക്രിസ്തുവിന്റെ ഉപദേശം" "ക്രിസ്തുവി

നെക്കുറിച്ചുള്ള ഉപദേശത്തെയാണ്" ചൂണ്ടിക്കാണിക്കുന്നത്. തന്റെ കന്യകാ ജനനം, ദൈവത്വം, യാഗമരണം, പുനരുത്ഥാനം, രണ്ടാം വരവ് തുടങ്ങിയവയെക്കുറിച്ചുള്ള പ്രധാന ഉപദേശങ്ങൾ അല്ലെങ്കിൽ ക്രിസ്തു നല്കിയ ഉപദേശത്തെക്കുറിച്ചും ഇതു ചൂണ്ടിക്കാണിക്കുന്നതായി കരുതാം. വ്യാഖ്യാനം ഏതു തന്നെയായാലും ഉപദേശപിശക് പഠിപ്പിക്കുന്നവരുമായി യാതൊരു കൂട്ടായ്മയോ സഹകരണമോ പാടില്ലായെന്നാണ് ഈ വേദഭാഗം ചൂണ്ടിക്കാണിക്കുന്നത്.

വേർപാടിന്റെ ഉപദേശം സ്നേഹത്തിനു നിരക്കാത്തതാണെന്ന് ആരെങ്കിലും ചിന്തിക്കുന്നുണ്ടെങ്കിൽ യോഹന്നാൻ പഠിപ്പിക്കുന്നത് സ്നേഹത്തിൽ "കർത്താവിന്റെ കല്പനകൾ" പ്രമാണിക്കുന്നത് അടങ്ങിയിട്ടുണ്ടെന്നാണ്. വഞ്ചകന്മാരുടെ (തത്വശാസ്ത്രത്തിൽ എതിർക്രിസ്തുക്കൾ) പ്രവർത്തികൾക്ക് വിപരീതവുമാണ് സ്നേഹം.

> **നാം അവന്റെ കല്പനകളെ അനുസരിച്ചു നടക്കുന്നതു തന്നെ സ്നേഹമാകുന്നു.** നിങ്ങൾ ആദിമുതൽ കേട്ടതുപോലെ അനുസരിച്ചുനടക്കുവാനുള്ള **കല്പന ഇതത്രെ**. യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത **വഞ്ചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നുവല്ലോ.** വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയുള്ളവൻ ആകുന്നു (2 യോഹ. 6-7).

ഉപദേശപരമായ തെറ്റിൽ നിന്നുള്ള വേർപാടിന് റോമർ 12: 2 ചേർത്തുവയ്ക്കുന്നത് നിശ്ചയമായും നീതിപൂർവ്വകമാണ്. പൗലോസ് കല്പിക്കുന്നത് ഈ ലോത്തോട് അനുരൂപമാകുന്നതിൽ നിന്ന് വിശ്വാസികൾ വേർപെടണമെന്നാണ്. പ്രത്യേകിച്ച് മനസ്സിന്റെ മേഖലയിൽ.

> **ഈ ലോകത്തിന് അനുരൂപമാകാതെ** നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന് **മനസ്സു** പുതുക്കി രൂപാന്തരപ്പെടുവിൻ (റോമ. 12:2).

(2) ഭിന്നത ഉണ്ടാക്കുന്നവരിൽ നിന്നുള്ള വേർപാട്

സഭയിൽ അനാവശ്യമായ ഭിന്നത ഉണ്ടാക്കുന്ന വ്യക്തികൾ, കൂട്ടങ്ങൾ ഇവരിൽ നിന്നു സഭ വേർപാടു കാത്തു സൂക്ഷിക്കണം. ഭിന്നതയ്ക്കു കാരണമായ പ്രധാന പ്രശ്നം ഉണ്ടാകുന്നത് ഉപദേശപരമോ ധാർമ്മികമോ ആയ വ്യതിചലനങ്ങൾ ഉണ്ടാകുമ്പോഴാണ്. സാധാരണയായി സഭ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത് ഉപദേശപരമായ യാഥാസ്ഥിതിക കാഴ്ചപ്പാടുള്ളവരും അഹങ്കാരികളും കയ്പു നിറഞ്ഞവരും അസൂയക്കാരും കുറ്റം പറഞ്ഞു നടക്കുന്നവരിൽ നിന്നുമാണ്.

> **മൗഢ്യതർക്കവും വംശാവലികളും** കലഹവും ന്യായപ്രമാണത്തെക്കുറിച്ചുള്ള വാദവും ഒഴിഞ്ഞു നില്ക്ക. ഇവ നിഷ്പ്രയോജനവും വ്യർത്ഥവുമല്ലോ. സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോടു **ഒന്നുരണ്ടു വട്ടം** ബുദ്ധി പറഞ്ഞശേഷം അവനെ ഒഴിക്കാം. ഇങ്ങനെയുള്ളവൻ വക്രബുദ്ധിയായി പാപം ചെയ്തു തന്നെത്താൻ കുറ്റം വിധിച്ചിരിക്കുന്നു എന്നു നിനക്കറിയാമല്ലോ (തീത്തോ. 3:9-11).

> സഹോദരന്മാരെ നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ **ഭിന്നപക്ഷങ്ങളെയും ഇടർച്ചകളെയും** ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. **അവരോടു അകന്നു മാറുവിൻ** (റോമ. 16:17).

(3) അസ്സന്മാർഗ്ഗികതയിൽ നിന്നുള്ള വേർപാട്

ദുർമാർഗ്ഗജീവിതത്തെ സഭാശിക്ഷണ നടപടികൾക്ക് വിധേയമാക്കണമെന്ന് പറയുന്ന ഓരോ വാക്യവും അതിൽ നിന്നു വേർപെടുവാനുള്ള ഉപദേശവും നല്കുന്നു. സഭയ്ക്കുള്ളിൽ നിന്ന് അസാന്മാർഗ്ഗികത നീക്കിക്കളയേണ്ടത് നിർബ്ബന്ധമാണെങ്കിൽ, അത് ഉൾപ്രവേശിക്കുന്നത്, തുടക്കത്തിൽതന്നെ തടയണമെന്ന് സുവ്യക്തമാണല്ലോ (കാണുക. സങ്കീ. 1; സദൃ. 1:10; 13:20; 1 കൊരി. 15:33).

> ദുർന്നടപ്പുകാരോടു സംസർഗ്ഗം അരുത് എന്നു ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്കു എഴുതിട്ടുണ്ടല്ലോ. അതു ഈ ലോകത്തിലെ ദുർന്നടപ്പുകാരോടോ അത്യാഗ്രഹികളോടോ പിടിച്ചുപറിക്കാരോടോ വിഗ്രഹാരാധികളോടോ അരുത് എന്നല്ലല്ലോ അങ്ങനെ എങ്കിൽ നിങ്ങൾ ലോകം വിട്ടു പോകേണ്ടി വരും. **എന്നാൽ സഹോദരൻ വേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു** എങ്കിൽ അവനോടു സംസർഗ്ഗം അരുത്. അങ്ങനെയുള്ളവരോടുകൂടെ ഭക്ഷണം കഴിക്കപോലും അരുത് എന്നത്രെ ഞാൻ നിങ്ങൾക്ക് എഴുതിയത് (1 കൊരി. 5:9-11).

> ഇരുട്ടിന്റെ നിഷ്ഫല പ്രവർത്തികളിൽ "**കൂട്ടാളികൾ ആകരുത്**. അവയെ ശാസിക്കയത്രെ വേണ്ടത് (എഫെ. 5:11).

(4) ദൈവവചനത്തോടു പൊതുവായുള്ള അനുസരണക്കേട്

മറ്റുള്ളവരിലുള്ള ബലഹീനതകൾ; വൈപരീത്യങ്ങൾ, എന്നിവയുടെ കാര്യത്തിൽ സഹിഷ്ണുതാമനോഭാവം പുലർത്തുവാൻ(ഫിലി. 3:15) കഴിയുമെന്നിരിക്കെ, ഏതെങ്കിലും സുപ്രധാന വേദോപദേശം, സദാചാര

നിലവാരം(ധാർമ്മികമാനദണ്ഡം) അഥവാ മനോഭാവം ഇവയുടെ സ്പഷ്ടമായ ലംഘനം വേർപെടുവാൻ (അകൽച്ച പാലിക്കുവാൻ) ഉള്ള കാരണങ്ങളാകാവുന്നതാണ്.

> സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു **ക്രമം കെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നുകൊള്ളേണം** എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിക്കുന്നു. **ഈ ലേഖനത്തിലുള്ള ഞങ്ങളുടെ വാക്ക് അനുസരിക്കാത്തവൻ നാണിക്കേണ്ടതിന്നു അവനോടുള്ള സംസർഗ്ഗം വിട്ട് അവനെ വേറുതിരിപ്പിൻ.** എങ്കിലും ശത്രു എന്നു വിചാരിക്കാതെ സഹോദരൻ എന്നു വെച്ചു അവനെ ബുദ്ധിയുപദേശിക്കയത്രെ വേണ്ടത് (2 തെസ്സലോനിക്യർ 3:6, 14-15).

b. സമകാലിക ദൈവശാസ്ത്ര ചിന്താഗതികൾ

മുകളിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളിൽ നിന്നു വേർപാടിനുള്ള അടിസ്ഥാന പ്രമാണം രൂപപ്പെട്ടിരിക്കുന്നു. ഈ വേർപാട് പുലർത്തുവാൻ വിവിധ ദൈവ ശാസ്ത്ര പ്രവണതകളുടെ പഠനം സഹായിക്കും.

(1) ലിബറിലിസം

ലിബ്റിലിസം (നവീകണവാദികൾ) എന്നുള്ളത് ഒരു വ്യക്തമല്ലാത്ത പ്രയോഗമാണ്. മതപരമായ ലിബറിലിസത്തിന്റെ പ്രമാണങ്ങൾ ജെ. ഐ. പാക്കർ പട്ടികാരൂപത്തിൽ നൽകിയിരിക്കുന്നത് താഴെ ഉദ്ധരിച്ചിരിക്കുന്നു.[12]

"ദൈവത്തിന്റെ സ്വഭാവഗുണം തികെഞ്ഞ ഔദാര്യത്തിന്റേതായ ഒന്നാണ്

എല്ലാവരും ദൈവമക്കളാണ് എന്നാണ് ലിബറൽ ചിന്താഗതിക്കാർ വിശ്വസിക്കുന്നത്. ദൈവം പവിത്രമായ സമ്പൂർണ്ണ സ്നേഹത്തിന്റെ ദൈവമായതുകൊണ്ട് ഒരു മനുഷ്യനെയും നിത്യമായ ശിക്ഷക്ക് വിധേയനാക്കുന്നില്ല.

"എല്ലാ മനുഷ്യരിലും ഒരു ദൈവിക ചൈതന്യം ഉണ്ട്"

മനുഷ്യർക്ക് അവരുടെ സ്വഭാവിക നന്മ വെളിപ്പെടുത്താൻ കഴിയുംവിധം ശരിയായ സാഹചര്യവും ശരിയായ പ്രോത്സാഹനവും ആവശ്യമായിരിക്കുന്നതുപോലെ മനുഷ്യർക്ക് രക്ഷ അത്രയ്ക്ക് ആവശ്യമായിരിക്കുന്നില്ല.

"യേശു മനുഷ്യർക്കുള്ള സംപൂർണ്ണ ഗുരുവും മാതൃകയുമാണ്, ആ അർത്ഥത്തിലാണ് യേശു മനുഷ്യരുടെ രക്ഷിതാവായിരിക്കുന്നത്".

[12] J.I Packer, *Fundamentalism and the Word of God*, reprint ed. (Grand Rapids: Wm. B. Eerdmans Publishing Co., 1977), pp. 25-26. The material in quotes comes from Dr. Packer. Additional comments give my own paraphrase following Packers thoughts closely.

യേശു ദൈവമോ കന്യകയുടെ മകനോ അല്ല, എന്നാൽ അവൻ ഉയർന്ന ആത്മിക പ്രമാണങ്ങൾ പ്രകാശിപ്പിച്ചു. ഒരു ജ്ഞാനിയായ ഗുരുവിന്റെ പ്രവർത്തനത്തെ വെട്ടിച്ചുരുക്കിയ ചരിത്രത്തിലെ നിർഭാഗ്യകരമായ സംഭവമായിരുന്നു ക്രൂശികരണം. ക്രിസ്തു മരണത്തിൽ നിന്നും ഉയിർത്തില്ല.

"യേശുക്രിസ്തു മറ്റു മനുഷ്യരിൽനിന്നും താരതമ്യേന മാത്രമാണ് വ്യത്യസ്തനായിരിക്കുന്നത്; സമ്പൂർണ്ണമായില്ല, അതുപോലെയാണ് ക്രിസ്ത്യാനിത്വം മറ്റു മതങ്ങളിൽ നിന്നു വ്യത്യസ്തമായിരിക്കുന്നതും; മൊത്തത്തിൽ ക്രിസ്ത്യാനികളെക്കുറിച്ച് അങ്ങനെ പറയാനാവില്ല. എന്നാൽ കേവലം ഇതുവരെ ലോകത്തിൽ പ്രത്യക്ഷമായതിൽവെച്ച് ഏറ്റവും നല്ലതും ഉന്നതവുമായ നിലയിലുള്ള മതം എന്ന നിലയിൽ, ക്രിസ്ത്യാനിത്വം വ്യത്യസ്തമാണ്."

അതുകൊണ്ട് വിദേശമിഷനുകളുടെ ലക്ഷ്യം മറ്റു മതങ്ങളിലുള്ളവരെ പരിവർത്തനം ചെയ്യുക എന്നത് ആയിരിക്കരുത്. മറിച്ച് അവർക്കു ക്രിസ്ത്യാനിത്വത്തെക്കുറിച്ചുള്ള അറിവിനെ പരിപോഷിപ്പിക്കുകയും സാമൂഹികവും മനുഷ്യസേവനപരവുമായ സഹായങ്ങൾ ചെയ്തു കൊടുക്കുക എന്നിവയാണ്.

"ബൈബിൾ വെളിപ്പാടുകളുടെ ഒരു ദിവ്യരേഖയൊന്നുമല്ല, എന്നാൽ മതത്തെ സംബന്ധിച്ച ഒരു മാനുഷിക സംഹിതയാണ്."

ബൈബിൾ നമ്മുക്ക് ദൈവ വചനം നൽകുന്നില്ല. പോയ കാലത്ത് ജീവിച്ചിരുന്ന ജ്ഞാനികളായ മനുഷ്യരുടെ മതപരമായ ഉൾക്കാഴ്ചകളുടെയും അനുഭവങ്ങളുടെയും രേഖയാണ്.

(2) ഫണ്ടമെന്റലിസം (മൗലികവാദം)

"മൗലികവാദം" എന്നതിനു ദൈവശാസ്ത്രം നൽകുന്ന നിർവചനവും ആധുനിക മാധ്യമങ്ങൾ നൽകുന്ന നിർവചനങ്ങളും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ മൗലിക വാദം എന്ന പ്രയോഗവും ആരംഭിച്ചു. ഏതൊരു മതഭ്രാന്തനോടും ചേർത്താണ് ഇന്ന് ഇത് പ്രയോഗിക്കുന്നത്. എന്നാൽ "മൗലികവാദം" എന്നുള്ളതിന് കൃത്യമായ അർത്ഥവും മഹത്തായ പൈതൃകവുമുണ്ട്. 1909 ൽ കാലിഫോർണിയയിൽ നിന്നുള്ള രണ്ട് എണ്ണ കമ്പനി തലവന്മാർ (ലയ്മെൻ, മിൽറ്റൻസ്റ്റുവർട്ട്) "ദി ഫണ്ടമെന്റൽസ് (The Fundamentals)" എന്ന പേരിൽ 12 പുസ്തകങ്ങളുടെ ഒരു പുസ്തകപരമ്പര പ്രസിദ്ധീകരിക്കുവാൻ സാമ്പത്തിക സഹായം ചെയ്തു. ഇതിന്റെ എഴുത്തുകാരിൽ ജെയിംസ് ഓർ, ബി ബി വാർഫീൽഡ്, ഡബ്ല്യു എച്ച്. ഗ്രിഫിത്ത് - തോമസ്, ആർ. എ. റ്റോറി, എ.റ്റി. പിയേഴ്സൺ, ജി. കാമ്പൽ മോർഗൺ തുടങ്ങിയവർ

ഉൾപ്പെട്ടിരിക്കുന്നു. ഈ പുസ്തകം അച്ചടിച്ച് മൂന്ന് മില്യണിലധികം ക്രിസ്തീയ പ്രവർത്തകർക്ക് സൗജന്യമായി നൽകി. ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന ഓരോ പാസ്റ്റർക്കും സുവിശേഷകനും ദൈവശാസ്ത്ര വിദ്യാർത്ഥിക്കും സൺഡേ സ്കൂൾ അദ്ധ്യാപകനും ഈ പഠനങ്ങൾ എത്തിക്കുക എന്നുള്ളതായിരുന്നു ലക്ഷ്യം.[13]

1895-ൽ നടന്ന നയാഗ്ര സമ്മേളനത്തിൽ നിന്നും, 1910-ൽ നടന്ന വടക്കൻ പ്രിസ്ബിറ്റേറിയൻ സഭയുടെ പൊതുസമ്മേളനത്തിൽ നിന്നും മൗലികവാദത്തിന്റെ അടിസ്ഥാന വിഷയങ്ങളിൽ പൊതുവായ ഒരു ധാരണയുണ്ടായി. ദൈവവചനത്തിന്റെ അപ്രമാദിത്വം, ക്രിസ്തുവിന്റെ ദൈവത്വം, ക്രിസ്തുവിന്റെ കന്യകാജനനവും അത്ഭുതങ്ങളും, ക്രിസ്തുവിന്റെ പാപപരിഹാരവും പ്രതിപകരയാഗമരണവും, ക്രിസ്തുവിന്റെ ആളത്തപരമായ ഉയിർത്തെഴുന്നേല്പും മടങ്ങിവരവും എന്നീ വിഷയങ്ങളാണവ. മൗലികവാദികൾ വിശ്വാസത്താലുള്ള രക്ഷ, വിശ്വാസികൾക്കുള്ള സ്വർഗ്ഗം, അവിശ്വാസികൾക്കു വേണ്ടിയുള്ള നരകം എന്നിവയും വിശ്വസിച്ചിരുന്നു. ഭൂരിപക്ഷം പേരും പരിണാമത്തെ തള്ളിക്കളഞ്ഞിരുന്നു[14]. ഇപ്പോൾ "മൗലികവാദം" എന്നത് വളരെ തെറ്റിദ്ധരിക്കപ്പെട്ട പ്രയോഗമായതുകൊണ്ട് മറ്റുള്ളവരോട് ഈ വിഷയം സംസാരിക്കുന്നതിനുമുമ്പ് ഇത് ലക്ഷ്യമാക്കുന്ന നിർവചനം അവരോട് വിശദമാക്കുന്നത് നല്ലതാണ്. ചരിത്രപരമായ നിർവ്വചനമനുസരിച്ച് "മൗലികവാദി" എന്ന പ്രയോഗം അടിസ്ഥാനപരമായി സുവിശേഷവിഹിതൻ, യാഥാസ്ഥിതികൻ, ആചാരനിഷ്ഠയുള്ള-എന്നൊക്കെപ്പറയുന്നതിന്റെ പര്യായമാണ്.

(3) നവ - സുവിശേഷീകരണവാദം (Neo - evangelicalism)

1948 [15] ൽ ഫുള്ളർ സെമ്മനാരിയിൽ നടന്ന പ്രസംഗങ്ങളിലാണ് നവ സുവിശേഷികരണ വാദം ഉണ്ടായിവന്നത്. ലിബറൽ ചിന്താഗതികളും മൗലികവാദവും തമ്മിലുള്ള ഒത്തു തീർപ്പു ശ്രമങ്ങളുടെ ഫലമായാണ് നവസുവിശേഷീകരണവാദം ഉടലെടുത്തത്. നവ സുവിശേഷികരണത്തിന്റെ ആദ്യകാല പ്രചാരകർ യഥാസ്ഥിതികരായിരുന്നു എന്നാൽ ലിബറൽ ചിന്താഗതിക്കാരെ ഉൾക്കൊണ്ടിരുന്നു. ഇങ്ങനെയുള്ള മനോനിലയുള്ളവരെ "മിത പ്രകൃതിക്കാർ" എന്നും വിളിക്കപ്പെട്ടിരുന്നു. നവസുവിശേഷീകരണവാദക്കാർ ഒന്നുകിൽ ദൈവവചനത്തിന്റെ തെറ്റിക്കൂടായ്മ അംഗീകരിക്കാത്തവരോ അല്ലെങ്കിൽ അങ്ങനെയുള്ളവരുമായി കൂട്ടുചേരുന്നവരോ ആയിരിക്കും. ദൈവവചനത്തിന്റെ അപ്രമാദിത്വം എന്നുള്ള ഉപദേശം ഏറ്റവും പ്രധാനപ്പെട്ടതായി അവർ കരുതുന്നില്ല. ഉല്പത്തിയിലെ ജലപ്രളയത്തെ ഒരു യഥാർത്ഥ ജലപ്രളയമായോ സൃഷ്ടിയെ അക്ഷരികമായോ നവസുവിശേഷീകരണവാദികളോ മിതപ്രകൃതിക്കാരോ കാണുന്നില്ല. ദൈവവിശ്വാസപരമായ ചില പരിണാമരൂപം അവർ വ്യക്തിപരമായി വിശ്വസിച്ചെന്നോ വിശ്വസിച്ചില്ലെന്നോ വരാം. എന്നാൽ ഉല്പത്തി പുസ്തകത്തിന്റെ അക്ഷരീകവ്യാഖ്യാനം നിരസിക്കുന്നവരുമായി അവർ തോളോടുതോൾ ചേർന്നു നിൽക്കുന്നു. എല്ലാവിശ്വാസക്കാരുടെയുടെ ഇടയിലും സഹകരിച്ചുള്ള സുവിശേഷപ്രവർത്തനങ്ങൾക്ക് അവർ ഊന്നൽ നൽകുന്നു. "ലിബറൽ സ്കോളർഷിപ്പിനാൽ" അംഗീകരിക്കുവാൻ അവർക്ക് അതിര് കവിഞ്ഞ താല്പര്യമുണ്ട്. സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളിൽ വലിയ വേർപാടു പാലിക്കുന്നതിൽ അവർ വിശ്വസിക്കുന്നില്ല.

c. വേർപാടിന്റെ സുവ്യക്ത നിർദ്ദേശങ്ങൾ

(1) ബൈബിളിനോടുള്ള വിധേയമനോഭാവവും മത്സരമനോഭാവവും

വേർപാടിന്റെ പ്രക്രിയയിൽ ഒരു സഭയൊ (വ്യക്തിയൊ) ഉപദേശത്തിലുള്ള വ്യത്യാസം മാത്രമല്ല വേർതിരിച്ചു കാണേണ്ടത് പിന്നയോ ദൈവവചനത്തോടുള്ള മനോഭാവത്തിലുള്ള വ്യത്യാസവും മനസ്സിലാക്കണം.

ഒരു ബൈബിൾ പ്രസ്താവനയെ സ്വീകരിക്കുകയൊ തിരസ്കരിക്കുകയൊ ചെയ്യുവാനുള്ള സ്വാതന്ത്രത്തോടുകൂടെ ബൈബിളിന്മേൽ അഹങ്കാരത്തോടുകൂടിയ വിധിനിർണ്ണയത്തിൽ തനിക്കു നില്ക്കാം എന്നതാണ് ഒരു ലിബറൽ ചിന്താഗതിക്കാരന്റെ മനോഭാവം. ഒരു ലിബറൽ വിശ്വാസി ഇങ്ങനെ ചിന്തിച്ചേക്കാം:- "നരകം എന്നു വിളിക്കുന്ന ഒരു സ്ഥലം ഉണ്ടെന്നു ബൈബിൾ പറയുന്നു. എന്നാൽ ഞാൻ അതു വിശ്വാസിക്കുന്നില്ല."

മറുവശത്ത്, **യാഥാസ്ഥിതികർ**, തങ്ങൾ ചെയ്യുന്ന കാര്യങ്ങൾ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ, ബൈബിൾ അപ്രകാരം പഠിപ്പിക്കുന്നുവെന്ന് അവർ വിശ്വസിക്കുന്നു. ഉപദേശപരമായ ഒരു പിശക് അവർ വിശ്വസിക്കുമ്പോൾപോലും, അവർ അപ്രകാരം ചെയ്യുന്നത് അവരുടെ പിശക് ബൈബിൾ പഠിപ്പിക്കുന്നുവെന്ന് അവർ ചിന്തിക്കുന്നതുകൊണ്ടാണ്. അവർ ചിന്തിക്കുന്ന നിലയിൽ **തിരുവെഴുത്തിനോട് വിധേയത്വത്തിലായിരിക്കാൻ അവർ ആഗ്രഹിക്കുകയും ചെയ്യുന്നു.** ഒരു

---

[13] See Torrey, R. A., ed *The Fundamentals: The Famous Sourcebook of Foundational Biblical Truths*, reprint ed. (Grand Rapids Kregal Publication, 1990).

[14] For Additiona details about church history in the early 20th Century, see Packer, J. I. *Fundamentalism and the Word of God*. (Grand Rapids: Wm. B. Eerdmans Publishing Co., 1977) or Cairns, Earle E. *christianity Through the Centuries*, Revised (Grand Rapids: Zondervan Publishing Co., 1967), or Marsden, George, *Fundamentalism and American Culture*. (Oxford: oxford University Press 1980).

[15] Robert P. Lightner, *Neoevangelicalism Today*(Schaumberg, II: Regular Baptist Press, 1978), p. 44.

യാഥാസ്ഥിതികൻ, ഒരാൾക്ക് നഷ്ടപ്പെടാമെന്നോ രോഗശാന്തിവരം ഇന്നു നിലനിൽക്കുന്നുവെന്നോ തെറ്റായി വിശ്വസിച്ചേക്കാം. എന്നിരുന്നാലും, ആ കാര്യങ്ങൾ അദ്ദേഹം വിശ്വ സിക്കുന്നതിനു കാരണം അങ്ങനെ പഠിപ്പിക്കുന്നുവെന്നു തോന്നുന്ന വാക്യങ്ങൾ അയാൾക്കു കണ്ടെത്താൻ കഴിയും എന്നതാണ്. **തെറ്റായ വ്യാഖ്യാനത്തെ ഒരാൾ ക്ക് അംഗീകരിക്കുവാൻ കഴിയുന്നില്ലെങ്കിലും, ദൈവവചനത്തിന്റെ അധികാരത്തോടുള്ള സമർപ്പണവും** അതിനെ ഉപദേശത്തിന്റെ അവസാനവാക്കായി അംഗീകരിക്കുന്നതും **ഹൃദയപൂർവ്വം അഭിനന്ദിക്കേണ്ട കാര്യമാണ്**.

ഒരാൾക്ക് പൂർണ്ണമായി യോജിക്കാൻ കഴിയില്ലെങ്കിൽപോലും, വേദപുസ്തകഅധികാരത്തെ തിരസ്ക്കരിക്കത്തക്കവിധം അതിലെ വ്യക്തമായതും ആവർത്തിച്ചു നൽകുന്നതുമായ ഉപദേശങ്ങളെ നിഷേധിക്കുന്നതിനാൽ(നിഷേധിച്ചുകൊണ്ട്) തങ്ങളെത്തന്നെ ബൈബിളിന്റെ അധികാരത്തിനുമീതേ പ്രതിഷ്ഠിക്കുന്നവരും, രണ്ടാംതരത്തിൽപ്പെട്ട ഉപദേശങ്ങളുടെ കാര്യത്തിൽ(അടിസ്ഥാനോപദേശങ്ങളല്ലാത്തവയിൽ) തെറ്റുകൾ വരുത്തുന്നവരാണെങ്കിൽപ്പോലും, ബൈബിളിന്റെ പഠിപ്പിക്കലുകളായി തങ്ങൾ വിശ്വസിക്കുന്നതിന്, തങ്ങളെത്തന്നെ കീഴ്പ്പെടുത്തിക്കൊടുക്കുന്നവരും തമ്മിലുള്ള വലിയ വ്യത്യാസം വേർപാടു പാലിക്കുന്നതിൽ ബുദ്ധിമുട്ടുള്ള മേഖലയിൽ ഒരു സഭ പരിഗണനയിലെടുത്തേ മതിയാവൂ എന്നു തോന്നുന്നു.

ദൈവവചനത്തിൽ വ്യക്തമായും ആവർത്തിച്ചും പഠിപ്പിച്ചിരിക്കുന്ന ചില ഉപദേശങ്ങൾ ദൈവവചനത്തിന്റെ അധികാരത്തിനു കീഴ്പ്പെടുന്ന എല്ലാവരും അംഗീകരിക്കുന്നു. എല്ലാ സഭാ വിഭാഗങ്ങളിലുമുള്ള ബൈബിൾ വിശ്വാസികൾ അംഗീകരിക്കുന്ന അടിസ്ഥാനപ്രമാണങ്ങളാണിവ. അവയിൽ താഴെപ്പറയുന്ന പ്രധാനസത്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു:- മനുഷ്യസൃഷ്ടി, ക്രിസ്തുവിന്റെ കന്യകാജനനം, ദൈവത്വം, ത്രിത്വം ക്രിസ്തുവിന്റെ ശരീരിക ഉയർപ്പ്, രണ്ടാം വരവ്, പ്രതിപകരയാഗം, വിശ്വാസത്താലുള്ള രക്ഷ, ദൈവവചനത്തിന്റെ അപ്രമാദിത്വം സ്വർഗ്ഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചുമുള്ള യാഥാർത്ഥ്യ ങ്ങൾ. മറ്റു വിഷയങ്ങളിൽ തെറ്റു സംഭവിച്ചാലും ദൈവവചനത്തിന്റെ അധികാരത്തോടു കീഴ്പ്പെടുന്നവർ മുകളിൽപ്പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിശ്വസിക്കും. കാരണം ഇവ വ്യക്തമായും ആവർത്തിച്ചും ദൈവവചനത്തിൽ പഠിപ്പിച്ചിരിക്കുന്നു. ഈ പറഞ്ഞിരിക്കുന്ന ഉപദേശങ്ങളിൽ ഒന്നോ അതിലധികമോ നിരസിക്കാനുള്ള ഏകകാരണം, ആ വ്യക്തിക്ക് തിരുവെഴുത്തിനോട് ലിബറൽ മനോഭാവമുള്ളതുകൊണ്ടാണ്. അതിനാൽ ദൈവവചനം വ്യക്തമായി പഠിപ്പിക്കുന്നതിനെ തിരസ്കരിക്കുന്നതിനുള്ള അധികാരം അയാൾ തന്റെ മനസ്സിനു നൽകിയിരിക്കുന്നു.

ഈ അടിസ്ഥാന ഉപദേശങ്ങളോടുള്ള അംഗീകാരം ദൈവവചനത്തിനു കീഴ്പ്പെടുന്ന മനോഭാവമാണ് പ്രദർശിപ്പിക്കുന്നത്. മറ്റു മേഖലകളിൽ വ്യാഖ്യാനപിശകുകളുണ്ടെങ്കിലും ഈ അടിസ്ഥാന ഉപദേശങ്ങൾ അനുസരിക്കുന്നവരെ ക്രിസ്തുവിൽ സഹോദരി സഹോദരന്മാരായി പരിഗണക്കേണ്ടത് ആവശ്യമാണ്. മറ്റു ഗൗരവം കുറഞ്ഞ തെറ്റുകൾ അവർ വിശ്വസിക്കുന്നെങ്കിൽ അതിന്റെ കാരണം ദൈവവചനം അങ്ങനെ പഠിപ്പിക്കുന്നുവെന്ന് അവർ കരുതുന്നതുകൊണ്ട് അവരുടെ ആ പ്രത്യേക തെറ്റ് അംഗികാരയോഗ്യമല്ലെങ്കിലും ക്രിസ്തുവിനോടുള്ള അവരുടെ സമർപ്പണവും ദൈവവചനത്തോടുള്ള സമീപനവും അംഗീകാരയോഗ്യമാണ്. മറ്റുള്ളവരുടെ ദൈവശാസ്ത്രപൈതൃകത്തിലെ നല്ല കാര്യങ്ങൾ അംഗീകരിക്കുകയും അതെ സമയം തന്നെ ദൈവവചനം വിശ്വസിക്കുന്ന യഥാർത്ഥ വിശ്വാസികളെ തമ്മിൽ ഭിന്നിപ്പിക്കുന്ന ഉപദേശവിഷയങ്ങളിൽ സഭയുടെ ശ്രേഷ്ഠമായ ഉപദേശങ്ങൾ പിന്തുടരുകയും പ്രഘോഷിക്കുകയും ചെയ്യുന്നവിധത്തിലുള്ള വേർപാടിന്റെ ഒരു തത്വശാസ്ത്രം സഭയ്ക്കുണ്ടായിരിക്കുന്നത് നല്ലതാണ്. ഒരു മേഖലയെ ഒരു രേഖകൊണ്ട് വിഭജിക്കുന്നതിനേക്കാൾ നല്ലത്(ചാർട്ട് -B) വേർപാടിനെ, വിസ്താരമായ വൃത്തങ്ങളായി വീക്ഷിക്കുന്നതാണ്(ചാർട്ട് - A)(അടുത്ത പേജിലെ ചാർട്ട് ശ്രദ്ധിക്കുക).

(2) കൂട്ടായ്മയുടെ മണ്ഡലങ്ങൾ

അടിസ്ഥാന ഉപദേശങ്ങൾ ഉപേക്ഷിക്കുന്നവരുമായി സഭാപരമായ ഒന്നിക്കലോ ഒരിമിച്ചുള്ള സഹകരണമോ പാടില്ല. ഭൂരിപക്ഷം സംഗതികളിലും അങ്ങനെയുള്ള കൂറ് അവിശ്വാസികളോടായിരിക്കും. എല്ലായിപ്പോഴും അടിസ്ഥാന ഉപദേശങ്ങൾ നിരസിക്കുന്നവരെ നിരുപദ്രവമായിട്ടുള്ള വ്യാഖ്യാന പിശകുകൾ വരുത്തുന്നവരിൽ നിന്നു വേർതിരിച്ചു. കാരണം, ദൈവവചനത്തിന്റെ അധികാരത്തിനു മുകളിലായി തങ്ങളുടെ മനസിന്റെ അധികാരത്തെ വെയ്ക്കുന്ന മനോഭാവത്തോടെ ക്രിസ്തുവിനെതിരായ മത്സരത്തിലാണ് അവർ ആയിരിക്കുന്നത്. അങ്ങനെയുള്ളവരുമായി ഒന്നിക്കുന്നത് ക്രിസ്തുവിനു അപമാനവും ദൈവവചനത്തോടുള്ള അനുസരണക്കേടുമാണ്.

വിവിധ ദൈവശാസ്ത്ര കൂട്ടായ്മയിലെ യാഥാസ്ഥിതികരുമായി ആഴമേറിയ സഹകരണം പ്രയോഗികമല്ല. കാരണം അവരുടെ ഉപദേശങ്ങളിലെ അഭിപ്രായവ്യത്യാസങ്ങളാണ്. (ഉദാ: രക്ഷയുടെ ഭദ്രത, ശിശുസ്നാനം, ആത്മിക വരങ്ങൾ). എന്നാൽ സ്നേഹം, താഴ്മ ദീർക്ഷമ എന്നിവ ആവിശ്യപ്പെടുന്നത്, ബൈബിൾ അവിശ്വസിക്കുന്ന ലിബറൽ ചിന്താഗതിക്കാരും ബൈബിൾ വിശ്വസിക്കുന്ന യഥാസ്ഥിതികരും തമ്മിൽ ഒരു വേർതിരിവ് ഉണ്ടായിരിക്കണം എന്നാണ്. അടിസ്ഥാന ഉപദേശങ്ങളോട് വിശ്വസ്തത പുലർത്തുന്നവരോടു നാം സ്നേഹം



കാണിക്കണമെന്നാണ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് (കാണുക യോഹന്നാൻ 13:35; എഫെ. 4:3; കൊലൊ 13:13,14).

ഈ പുസ്തകത്തിൽ പറയുന്ന അടിസ്ഥാന ഉപദേശ വീക്ഷണം ഉള്ള സഭ ഉപദേശം പൂർണ്ണമായും അംഗീകരിക്കുന്നവരെ മാത്രമെ അംഗങ്ങളാക്കുവാൻ പാടുള്ളൂ മാത്രമല്ല സഭയുടെ ഉത്തരവാദിത്വങ്ങൾ അങ്ങനെയുള്ളവർക്ക് മാത്രമെ നൽകുവാൻ പാടുള്ളു, അങ്ങനെ സഭ അതിന്റെ ഉപദേശപരമായ കൃത്യത എല്ലാ വിശദാംശങ്ങളിലും കാത്തു സൂക്ഷിക്കണം. മാത്രമല്ല മറ്റു യാഥാസ്ഥിതികരായ വിശ്വാസികളെ സഹോദരന്മാരായി കാണുകയും സഭയുടെ ഭരണത്തിൽ അധികാരമുള്ളവർ ബുദ്ധിയോടു സഹകരിക്കുകയും ചെയ്യാവുന്നതാണ്. ആഴമേറിയ കൂട്ടായ്മ (മൂപ്പന്മാരിലൊരാളായിട്ടോ സൺഡേ സ്കൂൾ അദ്ധ്യാപകനായിട്ടോ വേർതിരിക്കുക) ഉപദേശപരമായി പൂർണ്ണയോജിപ്പുള്ളവരുമായിട്ടേ പാടുള്ളു എന്ന സഭയുടെ ഉപദേശത്തിനു കോട്ടം വരാത്ത നിലയിൽ മറ്റുള്ള യാഥാസ്ഥിതിക വിശ്വാസികളുമായി ആത്മിക കൂട്ടായ്മകളിൽ സഹകരിക്കുവാൻ കഴിയും. (ഉദാ: യാഥാസ്ഥിതിക ബൈബിൾ സഭകളുടെ സഹകരണം, ബാപ്റ്റിസ്റ്റ്, പ്രിസ്ബിറ്റേറിയൻ കാരിസ്മാറ്റിക്ക് കൂട്ടങ്ങൾ തുടങ്ങിയവ. ഒരു ആശുപത്രി നടത്തുന്ന ശുശ്രൂഷയിലും ബൈ ബിൾവിതരണശുശ്രൂഷയിലും, ക്രിസ്തീയ റേഡിയോ ശുശ്രൂഷയിലും ചേർന്നു പ്രവർത്തിക്കുവാൻ കഴിയും).

2. സഭാ ശിക്ഷണം

വേർപാടും സഭാശിക്ഷണവും അനോന്യം കയറിക്കിടക്കുന്ന വിഷയങ്ങളാണ്. എന്നാൽ അവ വിഭിന്നങ്ങളായ വിഷയങ്ങളുമാണ്. സഭയിലേക്ക് അശുദ്ധി പ്രവേശിക്കാതെ തടസം നിൽക്കുവാൻ സഹായിക്കുന്ന പ്രമാണമാണ് വേർപാടിന്റേത്. സഭയ്ക്കുള്ളിൽ അശുദ്ധികണ്ടു കഴിഞ്ഞാൽ അവ നീക്കം ചെയ്യുന്ന നടപടികളാണ് ശിക്ഷണത്തിലടങ്ങിയിരിക്കുന്നത്. സഭാശിക്ഷണത്തിന്റെ ലക്ഷ്യം പ്രശ്നപരിഹാരമാണ്. കൂട്ടായ്മ പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് ശിക്ഷണംനടത്തുന്നത്. ഒരു കൂട്ടായ്മയും പുലർത്താൻ സാധ്യമല്ല എന്നാണ് വേർപാട് അർത്ഥമാക്കുന്നത്.

a. സഭാ ശിക്ഷണത്തിനുള്ള ബൈബിൾ കല്പനകൾ

ഗുരുതരവും അനുതപിച്ചിട്ടില്ലാത്തതുമായ പാപത്തിന്, ക്രിസ്തീയവിശ്വാസം ഏറ്റുപറഞ്ഞിട്ടില്ലാത്ത ഒരാളെ (വിശ്വാസിയെ), ശിക്ഷണം നടത്തുന്നതിന് വ്യക്തമായ വേദാധാരം അനേക വാക്യങ്ങൾ നൽകുന്നുണ്ട്. ഇവയിൽ അധികപങ്ക് വാക്യങ്ങളുടെയും പൂർണ്ണരൂപം തുടർന്നു ള്ള ഭാഗങ്ങളിൽ നൽകുമെന്നുള്ളതുകൊണ്ട്, ഇവിടെ പ്രധാനപ്പെട്ട പ്രയോഗങ്ങൾ മാത്രമേ കാണിച്ചിട്ടുള്ളൂ.

> സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന് വിപരീതമായ **ഭിന്നപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്നു** ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു (റോമർ 16:17).
>
> **ദുർനടപ്പുകാരോട് സംസർഗ്ഗം അരുത്** എന്ന് ഞാൻ എന്റെ ലേഖനത്തിൽ എഴുതീട്ടുണ്ടല്ലോ (1 കൊരി 5:9).
>
> **എന്നാൽ സഹോദരൻ എന്ന വേർപെട്ട** ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ

പിടിച്ചു പറിക്കാരനോ ആകുന്നു എങ്കിൽ അവനോട് **സംസർഗ്ഗം അരുത്** (1 കൊരി 11).

ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽ നിന്നു നീക്കിക്കളവിൻ (1 കൊരി 5:13).

സഹോദരന്മാരേ, ഞങ്ങളോട് പ്രാപിച്ച പ്രമാണം വിട്ടു **ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നുകൊള്ളേണം** എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട് ആജ്ഞാപിക്കുന്നു (2 തെസ്സ. 3:6).

ഈ ലേഖനത്തിലുള്ള ഞങ്ങളുടെ വാക്ക് അനുസരിക്കാത്തവൻ നാണിക്കേണ്ടതിന് അവനോടുള്ള സംസർഗ്ഗം വിട്ടു അവനെ വേറുതിരിപ്പിൻ. എങ്കിലും **ശത്രു എന്നു വിചാരിക്കാതെ സഹോദരൻ എന്നുവെച്ചു** അവനെ ബുദ്ധിയുപദേശിക്കയത്രെ വേണ്ടത്(2 തെസസ്സ. 3:14–15).

സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോട് ഒന്ന്രണ്ട് വട്ടം ബുദ്ധിപറഞ്ഞ ശേഷം അവനെ ഒഴിക്ക; ഇങ്ങനെയുള്ളവൻ വക്രബുദ്ധിയായി പാപം ചെയ്തു തന്നെത്താൻ കുറ്റം വിധിച്ചിരിക്കുന്നു എന്നു നിനക്ക് അറിയാമല്ലോ (തീത്തോ. 3:10–11).

ദൈവവചനം ശിക്ഷണത്തിനു അനുമതി നൽകുന്നു എന്ന മാത്രമല്ല അത് കല്പിച്ചിരിക്കുന്നു. സാധാരണയായി കേൾക്കുന്ന ഒരു പ്രശ്നം, ശിക്ഷണവും സ്നേഹവും ചേർന്നു പോകുന്നില്ലെന്നാണ്. എന്നാൽ ദൈവം താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു (എബ്രായർ 12:15 ff). യഥാർത്ഥ സ്നേഹം സത്യം സംസാരിക്കുന്നു(1 കൊരി 13:6). അത് ദൈവത്തിന്റെ കല്പന അനുസരിക്കുന്നു. സത്യത്തിൽ മറ്റുള്ളവരെ സ്നേഹിക്കുന്നവർ എപ്പോഴും തെറ്റു തിരുത്തൽ ആഗ്രഹിക്കുന്നു കാരണം അവരുടെ ജീവിതങ്ങൾ പാപത്താൽ ഹാനി വരുവാൻ ആഗ്രഹിക്കുന്നില്ല. ദൈവത്തിന്റെ തെറ്റു തിരുത്തൽ തന്റെ സ്നേഹത്തെയും നമ്മുടെ ആത്യന്തിക നന്മയെയും വെളിപ്പെടുത്തുന്നതുപോലെയും(എബ്രായർ 12:10–11) മാതാപിതാക്കളുടെ ശിശുവിനോടുള്ള ശിക്ഷണം അതിന്റെ ക്ഷേമത്തിനുവേണ്ടി ആയിരിക്കുന്നതുപോലെയും സഭയുടെ ശിക്ഷണം തെറ്റു ചെയ്ത ആളിന്റെ മനംതിരിവിനും നന്മയ്ക്കുമാണ്.

b. ശിക്ഷണത്തിനുള്ള ദൈവ വചനത്തിലെ കാരണങ്ങൾ

ഒരു സഭാ വിശ്വാസിയെ സഭ ശിക്ഷിക്കുകയോ പുറത്താക്കുകയോ ചെയ്യുമ്പോൾ സഭക്കുള്ളിൽനിന്നു തന്നെ എതിർപ്പുണ്ടാകുവാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് സഭയുടെ ശിക്ഷണത്തിന്റെ അനിവാര്യതക്കുറിച്ച് ശരിയായി അറിയേണ്ടത് പ്രധാനമാണ്. ശിക്ഷണം നടത്തുവാനുള്ള ഒന്നാമത്തെ കാരണം, ദൈവം അതു കല്പിച്ചതുകൊണ്ടാണ്. ആധുനിക കാലത്ത്, ശിക്ഷണം നടപ്പിലാക്കാൻ ഇത് മതിയായ അടിസ്ഥാനമായിരിക്കേണ്ടതാണ്. എന്നിരുന്നാലും രണ്ടാമതായി പൗലോസ് "ഒരു നല്ല ആപ്പിൾ മുഴുവൻ വീപ്പയേയും അഴുക്കു പിടിപ്പിക്കുന്നു" എന്നതിനു സമാനമായ ഒരു പുരാതന ശൈലി പ്രദാനം ചെയ്യുന്നു. ഇത് കൊരിന്ത്യർക്കും ഗലാത്യർക്കും ഒരു സുഭാഷിതം അഥവാ പ്രമാണവചനമായിരിക്കുന്നു താനും.

അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു എന്നു അറിയുന്നുവോ? നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിന് പഴയ പുളിമാവിനെ നീക്കിക്കളവിൻ(1 കൊരി. 5:6–7).

അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു(ഗലാത്യർ 5:9).

സഭയുടെ ശിക്ഷണ കാര്യങ്ങളിലുള്ള ഉപേക്ഷ, സഭയുടെ വിശുദ്ധിക്കു മാരകമായ ക്ഷതമേൽപ്പിക്കും. അസാന്മാർഗിക പാപമൊ ദുരുപദേശമൊ ഒന്നും സഭ സഹിക്കുവാൻ പാടില്ല, കാരണം അത് സഭയെ മലിനപ്പെടുത്തും. പഴയതോ പുതിയതോ ഏതു കാലഘട്ടങ്ങളിലും മൽസരികളായ ആളുകൾ എഴുന്നേറ്റ് സഭയുടെ ധാർമ്മിക നട്ടെല്ലിനെ പരീക്ഷിക്കും. സഭ വീണ്ടും വീണ്ടും വളഞ്ഞുകൊടുത്താൽ, അത് സഭയുടെ വിശ്വാസ്യതയെ നഷ്ടമാക്കുമെന്നു മാത്രമല്ല ഏതു സ്വഭാവത്തെയും സഭ വെച്ചുപൊറുപ്പിക്കുമെന്നുള്ള തെറ്റായ ധാരണ (പ്രത്യേകിച്ച് പുതുതായി മുന്നോട്ടു വരുന്ന തലമുറയിൽ) ഉണ്ടാകും. ശിക്ഷണം നടപ്പാക്കേണ്ട ഒരു സഭ ധാർമ്മികതയുടെ കാര്യത്തിൽ "ഒരു ശൈലി"യെന്ന നിലയിലേക്ക് അധഃപതിക്കുകയേയുള്ളൂ; അവിടെ എന്തുവേണമെങ്കിലും നടക്കുമല്ലോ. A എന്ന വിഷയത്തിൽ സഭ അയഞ്ഞുകൊടുത്താൽ തിർച്ചയായും മറ്റൊരാൾ B. എന്ന വിഷയവുമായി സഭയെ പരീക്ഷിക്കും. ശാസനയും ശിക്ഷയും നേടാവുന്ന പാപമായി ഒരു പാപത്തെയും കണക്കാക്കുന്നില്ലെങ്കിൽ, താൻ "വിശ്വാസിയാണ്" എന്നു പേർ പറയുന്ന ഒരാളാൽതന്നെ എല്ലാ പാപവും സഭയിൽ അരങ്ങേറുകതന്നെ ചെയ്യും

സഭയിൽ ശിക്ഷണം നടത്തിയേ മതിയാവൂ എന്നു പറയുന്നതിന്റെ മൂന്നാമത്തെ കാരണം, ഇത് ഇടർച്ചവരുത്തിയവനു നന്മയായി ഭവിക്കാൻ കഴിയും എന്നതാണ്. ഒരു വസ്തുത തുറന്നു സമ്മതിക്കട്ടെ! അതായത് ശിക്ഷണവിധേയനായുള്ള ഒരാളെ, വേറെ സഭകൾ പലപ്പോഴും "യാതൊരു ചോദ്യവും ചോദിക്കാതെതന്നെ" കൈക്കൊള്ളുന്നത്, ശിക്ഷണം വ്യക്തിയിൽ സാന്മാർഗ്ഗികമായ മാറ്റം വരുത്തുമെന്ന പ്രതീക്ഷയ്ക്കു മങ്ങലേൽപ്പിക്കുന്ന

പ്രവണതയാണ്. എങ്കിലും ദൈവം ഹൃദയത്തിൽ വാഴുന്നു. മാത്രമല്ല മാനസാന്തരം ഉളവാക്കുവാൻ ശിക്ഷണത്തെ ഒരു മുഖാന്തരമായി ദൈവം ഉപയോഗിക്കുന്നു.

> സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടു പോയെങ്കിൽ ആത്മീകരായ നിങ്ങൾ അങ്ങനെയുള്ളവനെ **സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ**; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക (ഗലാത്യർ 6:1).
>
> ഏതു ശിക്ഷയും തത്ക്കാലം സന്തോഷകരമല്ല; ദുഃഖകരമത്രെ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് **നീതി എന്ന സമാധാനഫലം ലഭിക്കും**(എബ്രായർ 12:11).
>
> ഉദരത്തിന്റെ അറകളിലേക്ക് ചെല്ലുന്ന തല്ലും പൊട്ടിപോകത്തക്ക അടിയും **ദോഷത്തെ അടിച്ചു വാരി കളയുന്നു**(സദൃശ്യവാക്യങ്ങൾ. 20:30).
>
> **സ്നേഹിതൻ വരുത്തുന്ന മുറിവുകൾ വിശ്വസ്തത**യുടെ ഫലം; ശത്രുവിന്റെ ചുംബനങ്ങളോ കണക്കിലധികം (സദൃശ്യവാക്യ ങ്ങൾ 27:6).

സഭയിലെ അച്ചടക്കനടപടിയുടെ ലക്ഷ്യം ശിക്ഷിക്കുകയല്ല. ഒരു സഭ അച്ചടക്കം നടത്താൻ കൂട്ടാക്കാതിരുന്നാൽ അതിന്റെ പരാജയം കാര്യങ്ങൾ കൂടുതൽ വഷളാക്കുകയേയുള്ളു. തെറ്റുകാരൻ അനുതപിക്കാൻ താല്പര്യം കുറയും, മറ്റു പാപങ്ങളിൽ സഭ വിട്ടുവീഴ്ച ചെയ്യുമോ എന്ന് പരീക്ഷിക്കുന്നതിന് മറ്റുള്ളവർ മുതിരും. ധാർമ്മിക സ്വഭാവം സഭയ്ക്കു നഷ്ടപ്പെടുമ്പോൾ സഭയോടുള്ള ബഹുമാനം നഷ്ടമാകും. സഭയ്ക്ക് ശക്തമായ ധാർമ്മിക നിലവാരം ഉണ്ടായിരിക്കണമെന്ന് അവിശ്വാസികളും പ്രതീക്ഷിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്നതിനെക്കാൾ എല്ലാം മോശമായ കാര്യം ഇത് ദൈവത്തോടുള്ള അനുസരണക്കേടും തന്മൂലം ദൈവപ്രസാദം നഷ്ടമാകാൻ കാരണവുമാകുന്നു എന്നതാണ്.

c. ശിക്ഷണം നടത്തേണ്ട കുറ്റങ്ങൾ

> സഹോദരന്മാരേ നിങ്ങൾ പഠിച്ച ഉപദേശത്തിന് വിപരീതമായ **ഭിന്നപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു** ഞാൻ നിങ്ങളോട് പ്രബോധിപ്പിക്കുന്നു. അവരോട് അകന്നുമാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെയല്ല, തങ്ങളുടെ വയറ്റിനെയത്രെ സേവിക്കുകയും **ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിക്കുകയും ചെയ്യുന്നു** (റോമർ 16:17-18).
>
> **ദുർന്നടപ്പുകാരോട് സംസർഗ്ഗം അരുത് എന്നു** ഞാൻ എന്റെ ലേഖനത്തിൽ എഴുതീട്ടുണ്ടല്ലോ. അത് ലോകത്തിലെ എല്ലാ ദുർനടപ്പുകാരോടോ വിഗ്രഹാരാധികളോടോ അരുതു എന്നല്ലല്ലോ; അങ്ങനെയെങ്കിൽ നിങ്ങൾ ലോകം വിട്ടു പോകേണ്ടിവരും. എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ **ദുർനടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ, മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോട് സംസർഗ്ഗം അരുത്.** അങ്ങനെ യുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുത് എന്നത്രെ ഞാൻ നിങ്ങൾക്ക് എഴുതിയത് (1 കൊരിന്ത്യർ 5:9-11,13).''ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളവിൻ"(1 കൊരി. 5:9-11, 13).
>
> സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും **അകന്നുകൊള്ളേണം** എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട് ആജ്ഞാപിക്കുന്നു..... ഈ ലേഖനത്തിലുള്ള ഞങ്ങളുടെ വാക്ക് അനുസരിക്കാത്തവൻ നാണിക്കേണ്ടതിന് **അവനോടുള്ള സംസർഗ്ഗം വിട്ട് അവനെ വേറുതിരിപ്പിൻ** എങ്കിലും ശത്രു എന്നു വിചാരിക്കാതെ **സഹോദരൻ എന്നുവെച്ചു അവനെ ബുദ്ധിയുപദേശിക്കയത്രെ വേണ്ടത്**(2 തെസ്സ. 3:6, 14-15).
>
> സഭയിൽ **ഭിന്നത വരുത്തുന്ന മനുഷ്യനോട്** ഒന്നുരണ്ടു വട്ടം ബുദ്ധിപറഞ്ഞ ശേഷം അവനെ ഒഴിക്ക; ഇങ്ങനെയുള്ളവൻ വക്രബുദ്ധിയായി പാപം ചെയ്തു തന്നെത്താൻ കുറ്റം വിധിച്ചിരിക്കുന്നു എന്നു നിനക്ക് അറിയാമല്ലോ (തീത്തോ. 3:10-11).

ഒരാളെ ശിക്ഷണത്തിനു വിധേയനാക്കുന്ന കുറ്റങ്ങളിൽ താഴെപ്പറയുന്നവയും ഉൾപ്പെട്ടിരിക്കുന്നു. ദുർന്നടപ്പ് അത്യാഗ്രഹം, വിഗ്രഹാരാധന, വാവിഷ്ഠാണം, മദ്യപാനം, പിടിച്ചുപറി, ഭിന്നത ഉണ്ടാക്കുക, കീഴ്പ്പെടാതെ ജീവിക്കുക, അപ്പൊസ്തലിക ഉപദേശത്തോടുള്ള അനുസരണക്കേട്. എന്നാൽ കുലപാതകന്മാർ, മയക്കുമരുന്ന് കച്ചവടം ചെയ്യുന്നവർ, ഗർഭചിദ്രം നടത്തുന്ന ആശുപത്രി നടത്തുന്നവർ തുടങ്ങിയവരെ കൂട്ടായ്മയിൽ നിന്നു മാറ്റി നിർത്തണമെന്നു ബൈബിൾ പറഞ്ഞിട്ടില്ലെന്നുള്ളത് ശ്രദ്ധേയമാണ്. ഇവിടെ അപ്പൊസ്തലനായ പൗലൊസ് പ്രാതിനിധ്യം വഹിക്കുന്ന വിഷയങ്ങളാണ് നൽകിയിരിക്കുന്നത്. അല്ലാതെ എല്ലാ പാപങ്ങളുടെയും സമ്പൂർണ്ണമായ ഒരു പട്ടിക നൽകുകയായിരുന്നില്ല. സഭ ശിക്ഷണ നടപടികൾക്ക് ആജ്ഞാപാത്രം നൽകത്തക്കവണ്ണമുള്ള കുറ്റങ്ങളുടെ സമ്പൂർണ്ണമായ ഒരു പട്ടികയില്ല. ശിക്ഷണ

നടപടിക്കുള്ള അടിസ്ഥാനം കുറ്റകൃത്യങ്ങളുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നുവെന്നു വ്യക്തമാകുന്നു. പൊതുവായി, ഗുരുതരമായതും ഏറ്റുപറഞ്ഞുപേക്ഷിക്കാത്തതുമായ ഏതുപാപവും ശിക്ഷണത്തിനു നിദാനമാണ്. സഭയിലെ അധികാരികളുടെ വിലയിരുത്തലിൽ അത്, കൂട്ടായ്മയിൽനിന്ന് അകറ്റി നിർത്താൻ മതിയായ ഗൗരവമേറിയ ഒരു പാപമായി പരിഗണിക്കപ്പെടുന്നു.

d. സഭാശിക്ഷണം നടപ്പാക്കൽ

(1) അധികാരത്തിലുള്ള വ്യക്തികൾ

സഭാ ശിക്ഷണ നടപടികൾ എല്ലായിപ്പോഴും സഭയ്ക്ക് പ്രയാസകരമായ അവസ്ഥ സൃഷ്ടിക്കുന്ന ഒരു പേടിസ്വപ്നം പോലെയായിരിക്കുന്നു. (അല്ലെങ്കിൽ പെട്ടെന്നുള്ള മാനസാന്തരം ഉണ്ടാകണം). അടിസ്ഥാനപരമായ നടപടിക്രമങ്ങളിൽ ഒരു സഭ ഒരു പൂർണ്ണമായ യോജിപ്പിലെത്തിയിട്ടില്ലെങ്കിൽ കാര്യങ്ങൾ കൂടുതൽ മോശമായിത്തീരുവാനുള്ള സാധ്യതയുണ്ട്. ഇത് ശിക്ഷണത്തിനു ശേഷം സാധാരണ കേൾക്കുന്ന പരാതിയായ പക്ഷപാതം കാട്ടിയെന്നും അതിനെ തുടർന്നുള്ള ആശയകുഴപ്പത്തിനും കാരണമാകും. സത്യസന്ധതയനുസരിച്ച്, ഭരണഘടനയ്ക്കും അതിന്റെ ഉപനിയമങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന ഒരാൾ അതിന്റെ നടപടിക്രമങ്ങളും അതേപടി പിൻതുടരും എന്നത് ശരിയാണല്ലോ(അത് തിരുവെഴുത്തിന് അനുഗുണമായിരിക്കുന്നിടത്തോളം). അതുകൊണ്ട്, തിരുവചനപ്രകാരവും പ്രായോഗികമായും യോഗ്യരായ മൂപ്പന്മാരുടെ കൈകളിൽ സഭയുടെ അച്ചടക്കനടപടികളുടെ ഉത്തരവാദിത്തം ഏൽപ്പിക്കാൻ മതിയായ ന്യായങ്ങളുണ്ട് (കാണുക അപ്പൊ: 20:28ff). ചെന്നായ്ക്കളെ ഓടിക്കുവാനുള്ള അധികാരം മൂപ്പന്മാർക്ക് ഇല്ലെങ്കിൽ അവർക്ക് എങ്ങനെ ആട്ടിൻകൂട്ടത്തെ ചെന്നായ്ക്കളിൽ നിന്നും സംരക്ഷിക്കുവാൻ കഴിയും. വീണ്ടും നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗപ്പെടുത്തുവാൻ അവകാശം ലഭിക്കുകയാണെന്ന ആശയം ദ്യോതിപ്പിക്കപ്പെടുന്നു. ദുഷ്പ്രവർത്തിക്കാരിൽ നിന്ന സഭയെ രക്ഷിക്കണമെന്നു ദൈവം മൂപ്പന്മാരെക്കുറിച്ച് ആഗ്രഹിക്കുന്നു. അതുകൊണ്ട് ദൈവം ആഗ്രഹിക്കുന്നത് അവർക്ക് ദുഷ്പ്രവർത്തിക്കാരെ മാറ്റുവാനുള്ള അധികാരം ഉണ്ടായിരിക്കണമെന്നാണ്.

ഈ ദൈവ വചന സത്യങ്ങൾ കൂടാതെ ശിക്ഷണം നടത്തുവാൻ മൂപ്പന്മാർക്ക് അധികാരം നൽകുന്ന ചില പ്രായോഗികപരിഗണനകളുമുണ്ട്. സഭാ ശിക്ഷണത്തിൽ കഠിനമായ തീരുമാനങ്ങളെടുക്കുവാനും അതിന്റെ പരണിതഫലങ്ങൾ അനുഭവിക്കുവാനുള്ള ധൈര്യം ആവശ്യമാണ്. ഏതു സഭയിലായാലും അനേകർക്കും തങ്ങളുടെ സ്നേഹിതരുൾപ്പെട്ട വിഷയത്തിൽ ശരിയായ വിധി നടത്തുവാൻ വികാരപരമായ സമീപനം നിമിത്തം സാധിക്കുന്നില്ല. കൂടാതെ ഒരു സഭ മൊത്തമായി ശിക്ഷണ നടപടിയെക്കുറിച്ച് വാദപ്രതിവാദങ്ങൾ നടത്തുകയും അതിന്റെ ഐക്യം കാത്തു സൂക്ഷിക്കുകയും ചെയ്വാനുള്ള സാധ്യത വളരെ വിദൂരമാണ്. ശിക്ഷണത്തെ ഒരു പൊതുതത്വമായിട്ടാണ് ബൈബിൾ പഠിപ്പിക്കുന്നത്; പ്രത്യേക വിഷയങ്ങളിൽ അത് നിർദ്ദേശങ്ങൾ നൽകുന്നില്ല എന്നു വ്യക്തം. യഥാർത്ഥത്തിൽ ശിക്ഷണവിധേയനായ വ്യക്തി കുറ്റക്കാരനാണോ എന്ന് ആരെങ്കിലും തീരുമാനിച്ചേപറ്റൂ. ശിക്ഷണത്തിനു മതിയായ പാപമാണോ അല്ലയോ എന്നും ആരെങ്കിലും തീരുമാനമെടുത്തേ മതിയാവൂ. അയാൾക്ക് അനുതാപമാനസാന്തരങ്ങൾ ഉണ്ടായോ എന്നതും തീരുമാനിക്കപ്പെടണം. പരസ്യമായ ഏറ്റുപറച്ചിൽ അയാളിൽനിന്നു വേണമോ എന്നും തീരുമാനിക്കേ ണം. ശിക്ഷണം എപ്രകാരമായിരിക്കണമെന്ന് കൃത്യമാ യി ആരെങ്കിലുമൊരാൾ തീരുമാനിച്ചേ മതിയാവൂ. ഒരു ചെറിയ വിഭാഗം ഭക്തരായ നടത്തിപ്പുകാർ വസ്തുതകളെ നന്നായി പരിശോധിച്ച ശേഷമാണ് നടപടിക്രമങ്ങൾ, എങ്കിൽപ്പോലും ഈ തീരുമാനങ്ങൾ എളുപ്പമല്ല. നൂറുകണക്കിനു വരുന്ന സഭാവിശ്വാസികളെ കാര്യങ്ങൾ നന്നായി അറിയിച്ചു; ബോധ്യപ്പെടുത്തി; മുഖപക്ഷമില്ലാത്ത വിധി നടപ്പാക്കുന്നതും അതുപോലെതന്നെ സഭ ഒന്നടങ്കം ചേർന്നുവന്ന് യാതൊരു കയ്പ്പോ ഭിന്നതയോ ഉണ്ടാകാതെ ശിക്ഷണം നടപ്പിലാക്കാമെന്നതും കേവലം അസാദ്ധ്യതയ്ക്ക് അടുത്തെത്തി നില്ക്കുന്നതാണെന്നും പറഞ്ഞുകൊള്ളട്ടെ. മത്തായി 18-17-ൽ ''സഭയോട് അറിയിക്ക'' എന്നു പറഞ്ഞിരിക്കുന്നത് സഭയുടെ പ്രതിനിധികളായ അധികാരികളുടെയടുത്തേക്ക് വിഷയം കൊണ്ടുചെല്ലുക എന്ന അർത്ഥത്തിലാണ്(മൂപ്പന്മാരുടെയടുത്ത്). അല്ലാതെ, സഭ ഒന്നടങ്കമുള്ള ആവശ്യപ്പെടുന്നതായിരിക്കുന്നേയില്ല.

(2) നടപടി ക്രമങ്ങളുടെ പ്രധാന പോയിന്റുകൾ

പക്ഷപാതരഹിതമായി വേണം ശിക്ഷണം നടത്തുവാനെന്നാണു ബൈബിൾ ആജ്ഞാപിക്കുന്നത്. ഒരു കൂട്ടരോട് പ്രതികാരബുദ്ധിയോടെ കഠിനമായി ഇടപെടുകയും, ഗൗരവതരമായ പാപം തെല്ലും പേടികൂടാതെ ചെയ്വാൻ ധൈര്യപ്പെട്ട കൂട്ടരോട് അനുഭാവമുള്ളതുകൊണ്ട് വിട്ടു വീഴ്ചാമനോഭാവത്തോടെ പെരുമാറുകയും ചെയ്യുവാൻ പാടില്ല.

> ഇവയും ജ്ഞാനിയുടെ വാക്യങ്ങൾ. **ന്യായ വിസ്താരത്തിൽ മുഖദാക്ഷിണ്യം നന്നല്ല** (സദൃശ. 24:23).
>
> പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയത്തിനായി എല്ലാവരും കേൾക്കെ ശാസിക്ക. **നീ പക്ഷമായി ഒന്നും ചെയ്യത കണ്ട്** സിദ്ധാന്തം കൂടാതെ **ഇവ പ്രമാണിച്ചു കൊള്ളേണം** എന്ന് ഞാൻ ദൈവത്തെയും ക്രിസ്തുവിനെയും ശ്രേഷ്ഠദൂതന്മാരേയും സാക്ഷിയാക്കി നിന്നോട് **കല്പിക്കുന്നു** (1 തിമൊ 5:20-21).

ആഴമേറിയ പാപത്തിൽ നിപതിച്ച ഒരു സഭാംഗത്തിനെതിരേ സഭയുടെ അധികാരികൾ മുൻകൈ എടുക്കുന്ന ശിക്ഷണത്തിന്റെ കാര്യം; സാങ്കേതികമായി, മത്തായി 18:15–17 ൽ ഉൾപ്പെടുന്നില്ല. ഒരു വിശ്വാസി മറ്റൊരാൾക്കെതിരേ ഉണ്ടാക്കിയ സ്വകാര്യവ്യസനത്തെ സംബന്ധിച്ചാണ് ഈ ഭാഗത്തു പറയുന്നത്. കാലാന്തരേ ആ വിഷയം സഭ കൈകാര്യം ചെയ്യുന്നതിനായി കൊണ്ടുവന്നു. അതുകൊണ്ട്, എല്ലാത്തരം പ്രശ്നങ്ങൾക്കും മത്തായി 18–ൽ പറയുന്ന അതേ നടപടിക്രമങ്ങളോടെ സഭ ശിക്ഷണക്രമങ്ങൾ നടത്തണമെന്ന് ഒരു അനുശാസനം ആയിരിക്കുന്നില്ല. വളരെ ഗൗരവതരമായ സാഹചര്യങ്ങളിൽ ഒരു സഭ, ഒരു പക്ഷേ, ഒരാഴ്ക്കുള്ളിൽത്തന്നെ പിളർന്നെന്നു വരാം. അങ്ങനെയായാൽ സഭാനേതൃത്വത്തിന് അതിവേഗം തീരുമാനങ്ങളനുസരിച്ചു നീങ്ങാനുള്ള അവകാശം ഉണ്ടായിരിക്കേണ്ടതാണ്. മാത്രമല്ല, സാക്ഷികളില്ലാതെ പ്രാരംഭമായി സ്വകാര്യാഭിമുഖം നടത്തുന്ന രീതിയും ഒരു ബാലിശമായ പ്രവർത്തനതന്ത്രമായെന്നു വരാം. കാരണം, ഇടയർച്ചയുണ്ടാക്കിയ വ്യക്തി ഈ സ്വകാര്യസംഭാഷണത്തെക്കുറിച്ച് സഭയെ കലഹിപ്പിക്കുന്നതിനുവേണ്ടി കള്ളം പറയാനുള്ള സാദ്ധ്യതയുണ്ട്. എന്നിരുന്നാലും, മത്തായി 18:15–17 വേദഭാഗം സഭാശിക്ഷണകാര്യങ്ങളിൽ പ്രായോഗികമാക്കാവുന്നതാണ്. മാത്രമല്ല, സാധ്യമെങ്കിൽ അങ്ങനെതന്നെ ചെയ്യേണ്ടതുമാണ്.

> നിന്റെ സഹോദരൻ പിഴെച്ചാൽ നീ ചെന്ന് **നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവന് ബോധം വരുത്തുക**; അവൻ നിന്റെ വാക്ക് കേട്ടാൽ നീ സഹോദരനെ നേടി. കേൾക്കാഞ്ഞാലോ **രണ്ട് മൂന്ന് സാക്ഷികളുടെ** വായാൽ സകല കാര്യവും ഉറപ്പിക്കേണ്ടിതന് ഒന്നു രണ്ടുപേരെ കൂട്ടിക്കൊണ്ട് ചെല്ലുക. അവരെ കൂട്ടാക്കാഞ്ഞാൽ അവൻ നിനക്ക് പുറജാതിക്കാരനും ചുങ്കക്കാരനും എന്ന പോലെ ഇരിക്കട്ടെ(മത്തായി. 18:15–17).

ഒരു ഗൗരവതരമായ ഒരു പാപം സംഭവിക്കുകയും അല്ലെങ്കിൽ ആ പാപത്തെക്കുറിച്ച് ആരും പരാതിയോ കുറ്റാരോപണമോ ബോധിപ്പിക്കാതിരിക്കുകയും ചെയ്യുമ്പോൾ, സഭയുടെ ചുമതലക്കാരനായ ഒരു മൂപ്പൻ ആ കുറ്റകൃത്യത്താൽ ദോഷം അനുഭവിക്കേണ്ടിവന്ന കക്ഷിയുടെ ഭാഗത്തുനിന്നുകൊണ്ട് പ്രവർത്തിക്കുന്നതിനും സ്വകാര്യമായി ഒരു ഏറ്റുപറച്ചിൽ വെളിയിൽ വരുത്തുവാൻ ശ്രമിക്കുന്നതിനുള്ള സാധ്യത തീർച്ചയായും ഉണ്ട്. സ്വകാര്യ അഭിമുഖം നിർവ്യാജമായി പാപം ഏറ്റുപറയുന്നതിലേക്കു നയിക്കുകതന്നെ ചെയ്യുമെന്നു പ്രതീക്ഷിക്കാം. ആ വ്യക്തി ആ ദുഷ്ചെയ്തി അവസാനിപ്പിച്ച് പിന്തിരിയുകയും ചെയ്യും. അപ്പോൾപ്പിന്നെ കൂടുതൽ നടപടികൾ ആവശ്യവുമില്ല.

പാപം ചെയ്തു എന്നുള്ളത് തീർച്ചയായിരിക്കുകയും, അതേക്കുറിച്ച് യാതൊരു അനുതാപവും ആദ്യത്തെ സ്വകാര്യ അഭിമുഖത്തിനുശേഷം ഉണ്ടാകുന്നുമില്ലെങ്കിൽ പിന്നെ, കൂട്ടായ്മയിൽനിന്നു മാറ്റുന്നതിനു മുമ്പ് രണ്ടാമതൊരു ശ്രമവും നടത്തണം. ഒരാൾ തനിയേ ചെന്ന് അദ്ദേഹത്തെ കാണുന്ന രീതിയാണ് അവലംബിച്ചതെങ്കിൽപ്പോലും രണ്ടാമതൊരു മുന്നറിയിപ്പ് നൽകേണ്ടതാണ്(തീത്തോ. 3:10 നോക്കുക). ആദ്യത്തെ അഭിമുഖത്തിനു തൊട്ടുപിന്നാലെയാണ് രണ്ടാമത്തെ അഭിമുഖമെന്നു വന്നാലും അങ്ങനെ ചെയ്യേണ്ടതാണ്. ഒരു കുറ്റാരോപണം വിശ്വസിക്കത്തക്കതാണെന്നു കരുതുന്നതിനുമുമ്പ് രണ്ടുമൂന്നു സാക്ഷികൾ ഉണ്ടായിരിക്കണമെന്ന അടിസ്ഥാനതത്വം ബൈബിൾ നൽകുന്നുമുണ്ട്(കാണുക സംഖ്യ. 35:30; ആവർത്തനം 19:15; 2 കൊരി 13:1; 1 തിമൊ. 5:19). മത്തായി 18:16–ൽ പറഞ്ഞിരിക്കുന്ന സാക്ഷികൾ കുറ്റക്കാരന്റെ തെറ്റിനു സാക്ഷികളാണോയെന്നും, അതോ കുറ്റം ബോധ്യമാക്കുവാൻ നടത്തിയ രണ്ടാമത്തെ ശ്രമത്തിന്റെ സാക്ഷികളാണോയെന്നും വ്യക്തമല്ല. ഈ രണ്ടു നിലയിലുമുള്ള സാക്ഷികളും സഭ ശിക്ഷണം നടത്തുന്ന ഒരു വിഷയത്തിൽ സന്നിഹിതരായിരിക്കേണ്ടതാണ്. കുറ്റം സംബന്ധിച്ച് മതിയായ തെളിവ് ഉണ്ടായിരിക്കണം. തന്മൂലം ശിക്ഷണം വെറും ആരോപണത്തിന്റെ വെളിച്ചത്തിലായിത്തീരുകയില്ല. കൂട്ടായ്മയിൽനിന്ന് മാറ്റുന്നതിനുമുമ്പ് സ്നേഹത്തോടുകൂടിയ ശ്രമത്തിലൂടെ കുറ്റം ചെയ്ത വ്യക്തിയെ മാനസാന്തരത്തിലേക്കു കൊണ്ടുവരുവാൻ ശ്രമിച്ചു എന്നു സാക്ഷ്യം പറയുവാൻ സാക്ഷികൾക്ക് കഴിയണം. അഭിമുഖത്തിൽവെച്ച് എന്തെല്ലാം പറഞ്ഞു എന്നും എന്തെല്ലാം പറഞ്ഞില്ലായെന്നും ഈ സാക്ഷികൾക്ക് പറയുവാൻ കഴിയും.

സഭ ശിക്ഷണനടപടികൾ നടത്തുന്ന കാര്യങ്ങളിൽ സഭ ഒന്നടങ്കം കൃത്യനിർവ്വഹണസമിതിയെന്നോണം ആയിരിക്കേണ്ട ആവശ്യമില്ലെങ്കിലും, ശിക്ഷണക്രമങ്ങൾ നടന്ന സമയത്ത് സഭ അതു ശ്രദ്ധിക്കേണ്ടത് ആവശ്യമായിവരും. മൂപ്പന്മാർ(ഇടയന്മാർ) ചെന്നായ്ക്കളിൽ നിന്ന് ആടുകളെ സംരക്ഷിക്കാനാഗ്രഹിക്കുന്നെങ്കിൽ, അവയെ തിരിച്ചറിയാൻ അവർക്കു കഴിയണം. വ്യക്തമായ മുന്നറിയിപ്പ് നൽകിയില്ലെങ്കിൽ സംശയമില്ലാത്ത വിശ്വാസികൾ യഥാർത്ഥത്തിൽ വളരെ ദുഷ്പ്രകൃതിയുള്ള ഒരാളുടെ ചക്കരവാക്കുകളാൽ വഞ്ചിക്കപ്പെട്ടു പോകാനിടയുണ്ട് (കാണുക സങ്കീർത്ത നം 28:3, സദൃശം: 26:25).

ആരെങ്കിലും ഗുരുതരമായ പാപം ചെയ്ത കുറ്റവാളിയായിരിക്കയും അതേക്കുറിച്ച് അനുതപിക്കാതിരിക്കയും ചെയ്യുമ്പോൾ, സഭയെ താക്കീതു ചെയ്യേണ്ടതാണെന്നു മാത്രമല്ല, കൂട്ടായ്മയിൽനിന്ന് മാറ്റുന്നതിലൂടെ സഭ ശിക്ഷണത്തിൽ പങ്കുകൊള്ളുകയും വേണം. പുരാതന യഹൂദമര്യാദയനുസരിച്ച് ശിക്ഷണത്തിൻകീഴായിരിക്കുന്ന ഒരാൾ, ആത്മിക ബുദ്ധ്യുപദേശത്തിന്,

റബ്ബിമാരുമായി സ്വകാര്യ സംഭാഷണോദ്യേശങ്ങൾക്കു വേണ്ടി മാത്രമേ സിന്നുഗോഗിൽ(പള്ളി) സംബന്ധിക്കാൻ കഴിയുമായിരുന്നുള്ളൂ. യഥാസ്ഥാനലക്ഷ്യങ്ങളോടെ സിന്നഗോഗിലേക്കു വരുന്നതല്ലാതെ, കുറ്റം ചെയ്തയാളിനെ ശുശ്രൂഷകളിൽ സ്വീകരിച്ചിരുന്നില്ല. മാത്രമല്ല, അവന്റെ സാധാരണ സാമൂഹികബന്ധങ്ങൾ വിച്ഛേദിക്കുകയും ചെയ്തിരുന്നു. അംഗങ്ങൾ അവനെ ആത്മീകനേതാക്കന്മാരുടെ അടുത്ത് ഉപദേശത്തിനായി ആനയിച്ചിരുന്നു.

ശിക്ഷണത്തിലായിരിക്കുന്ന ഒരാളുടെ കാര്യത്തിൽ പൗലോസ് ഇതുപോലെയുള്ള ഒരു വീക്ഷണമാണ് സ്വീകരിച്ചിരിക്കുന്നത്. എല്ലാ പെരുമാറ്റവും മര്യാദയോടും സൗമ്യതയോടും കൂടെയായിരിക്കണം, ശത്രുവായിക്കാണാതെ തെറ്റുചെയ്ത ഒരു സഹോദരനായിക്കാണണം(2 തെസ്സ. 3:15). എങ്കിലും തെറ്റിനു മാറ്റം വരണമെന്ന ശക്തമായ നിർബന്ധമനോ ഭാവം ഉണ്ടായിരിക്കണം. പാപം സത്യസന്ധമായി ഏറ്റു പറയുന്നതുവരെ സാധാരണ ബന്ധങ്ങൾ പുനരാരംഭിക്കു വാൻ കഴിയുന്നതല്ല.

കുറ്റം ചെയ്ത വ്യക്തി പരസ്യമായി ഏറ്റു പറയണോ എന്ന കാര്യത്തിൽ അല്പം അയവുണ്ടായിരി ക്കണം. പ്രഥമപരിഗണന, ഏറ്റുപറച്ചിൽ നടത്തുന്നത്, ദൈവത്തോടായിരിക്കണമെന്നതാണ്. അത് നടക്കുന്നുവെങ്കിൽ പരസ്യമായ ഏറ്റുപറച്ചിൽ അത്യാശവ്യമാണെന്നു പരിഗണിക്കുകയോ പരിഗണിക്കാതിരിക്കുകയോ ചെയ്യാം. വിവേകപൂർണ്ണമായ ഒരു പൊതുതത്വം, ഒരു പാപം ഏതൊരളവിൽ പരക്കെ അറിയപ്പെട്ടുവോ, എത്രമാത്രം ദൂരവ്യാപകമായ ഹാനി വരുത്തിയോ, അതേയളവിൽ അത് ഏറ്റുപറഞ്ഞിരിക്കണമെന്നതാണ്. തീർച്ചയായും ശരിയായ അനുതാപമുണ്ടായ ഒരാൾ ഗുരുതരമായ ഒരു പാപത്തിന്റെ ദുരിതം നേരിട്ടനുഭവിച്ചവരോടെങ്കിലും കുറഞ്ഞപക്ഷം ഏറ്റുപറയേണ്ടതാണ്. പരസ്യമായ ഏറ്റുപറച്ചിൽ കുറ്റം ചെയ്തയാളിന് വളരെ നല്ല ഒരു 'രോഗചികിത്സ'യായിരിപ്പാൻ കഴിയുമെന്ന സൂക്ഷ്മബോധം സഭാനടത്തിപ്പുകാർക്കും ഉണ്ടായിരിക്കേണ്ടതാണ്. നാണിപ്പിക്കുന്ന ഒരു ശിക്ഷയേക്കാൾ, കുറ്റബോധം മാറുവാനും എല്ലാ സഭാംഗങ്ങളുടെയും ആദരവ് യഥാസ്ഥാനപ്പെടുവാനും ഇത് സഹായകരമാകാം.

ശിക്ഷണത്തിലായിരിക്കുന്ന വ്യക്തിയുടെ ബന്ധുക്കളെക്കുറിച്ച് ചില കാര്യങ്ങൾ പറയുവാനുണ്ട്. ഈ കാര്യം ബൈബിൾ അഭിസംബോധന ചെയ്തിട്ടില്ലാത്തതായിട്ടാണു കാണപ്പെടുന്നത്. എന്നാൽ ശിക്ഷണത്തിന്റെ ലക്ഷ്യം ശിക്ഷിക്കുകയല്ല നേരെയാക്കുക എന്നായതുകൊണ്ട് ശിക്ഷണത്തിലായിരിക്കുന്ന വ്യക്തിയുടെ ബന്ധുക്കൾ ആ വ്യക്തിയോടുള്ള ബന്ധത്തിൽ കുടുംബപരമായ കടമകൾ നിവർത്തിക്കുകയും ആശയവിനിമയത്തിനുള്ള മാർഗ്ഗങ്ങൾ തുറന്നിടുകയും വേണം. ഒരു ഉദാഹരണമെന്ന നിലയിൽ, മദ്യപാനം നിമിത്തം ശിക്ഷണത്തിലായ വ്യക്തിയുടെ സഹോദരൻ തുടർന്നും ഒരു നല്ല സഹോദരൻ തന്നെ ആയിരിക്കണം. ദുർനടപ്പ് നിമിത്തം ശിക്ഷണത്തിലായ മകന്റെ അമ്മ, ഒരു അമ്മയെന്നുള്ള തന്റെ ബന്ധം വേർപ്പെടുത്തുവാൻ പാടില്ല. ഒരാൾ കുറ്റക്കാരനാകുന്ന സാഹചര്യത്തിൽ ഇങ്ങനെയുള്ള ബന്ധങ്ങൾ സൗഹാർദ്ദപരമല്ലാതാകുകയോ, നിലനിർത്തുവാൻ പ്രയാസമാവുകയോ ചെയ്യാം. ഒരു പക്ഷേ, ഗുരുതരമായ പാപം നിമിത്തം കുടുംബബന്ധം തന്നെ വേർപിരിഞ്ഞെന്നു വരാം. ഇവിടെ എടുത്തു പറയാനാഗ്രഹിക്കുന്ന കാര്യം, ശിക്ഷണത്തിൻ കീഴായിരി ക്കുന്ന ഒരു ബന്ധുവിനോട് ഉത്തരവാദിത്തങ്ങൾ നിറവേറ്റുവാൻ സഭ ആ കുടുംബയൂണിറ്റിനെ (ഏകകം അഥവാ അവിഭാജ്യഘടകം) പ്രോത്സാഹിപ്പിക്കേണം എന്നുള്ളതാ ണ്. പ്രശ്നം ആ കുടുംബത്തിന് പരിഹരിക്കാൻ കഴിയു മെങ്കിൽ നന്ന്. കുറ്റക്കാരനെ കൂട്ടായ്മയിൽനിന്ന് അകറ്റി നിർത്താം. മറ്റു സഭാംഗങ്ങൾക്ക് അയാളോടു സഹകരണ മുണ്ടാകരുത്. അതേ നിലയിൽ അയാളുടെ സ്വന്തകുടും ബാംഗങ്ങൾ 'ആ കൊള്ളരുതാത്തവനോട്' സഹകരണം ഇല്ലാതിരിക്കേണ്ട ആവശ്യവുമില്ല. അങ്ങനെയൊരു കാഴ്ചപ്പാട് സഭയ്ക്കുണ്ടാകുവാൻ പാടില്ല. ആ പാപം കുടുംബത്തിന്റെ ചാർച്ചകളെ തകർക്കുവാൻ തക്ക ഗൗര വമുള്ളതാണെങ്കിലും, ഔദ്യോഗികമായി സഭ അത്തരം വിള്ളലിനെ കുടുംബത്തിന്റെ ഇച്ഛാനുസരണമായ കാര്യമാണെന്നു വീക്ഷിച്ചാൽ മതി. സഭ ഇടപെടേണ്ട വിഷയമായി കാണേണ്ടതില്ല.

e. സഭാശിക്ഷണം സംബന്ധിച്ച ഉപസംഹാര ചിന്തകൾ

സഭാപ്രസംഗി 8:11-ൽ പഠിപ്പിക്കുന്നത്, ഒരു അതിക്രമം സംഭവിച്ചാലുടൻ അതിനുള്ള ശിക്ഷണം നടത്തണമെന്നാണ്. അല്ലാത്തപക്ഷം അനുബന്ധദോഷങ്ങൾ കുറയ്ക്കുന്നതി ലെ പ്രയോജനം അതു നഷ്ടപ്പെടുത്തും. ഗൗരവതരവും ഏറ്റുപറയാത്തതുമായ പാപങ്ങൾക്ക് സഭ ശിക്ഷണം നടത്തണെമെന്നു ദൈവവചനം ആവശ്യപ്പെടുന്നു. നീതിയുക്തത അനുവദിക്കുന്നതുപോലെ വേഗത്തിൽ ശിക്ഷണം നിർവ്വഹിക്കേണ്ടതാണ്.

F. സഭാചരിത്രം - വിവിധ സഭാവിഭാഗങ്ങൾ

സഭാചരിത്രം സംബന്ധിച്ച് ഏതെങ്കിലും വിശദമായ പഠനം ഇവിടെ സമുചിതമല്ല. എന്നിരുന്നാലും വിവിധ സഭാവിഭാഗങ്ങളെക്കുറിച്ച് അടിസ്ഥാനപരമായ ചുരുക്കം അറിവുണ്ടായിരിക്കുന്നത് സഹായകരമാണ്. ഇത് പണ്ഡിതോചിതമായി പഠിക്കേണ്ട താല്പര്യവിഷയമാണെന്നു മാത്രമല്ല, ഒരു പ്രാദേശിക സഭയെ വ്യക്തമായ വേർപാടുപാലിക്കുന്ന കാര്യത്തിൽ തുണയ്ക്കുകയും ചെയ്യുന്നതത്രേ.

ആദിമസഭ ആദ്യത്തെ ചില നൂറ്റാണ്ടുകളിൽ കാതോലികമായിരുന്നു(സാർവ്വത്രികം എന്നത്രേ) എന്നതു ശരിയാണ്. എന്നിരുന്നാലും അതു റോമൻ കത്തോലിക്കാസഭയായിരുന്നില്ലെന്നു തീർച്ച. ക്രൈസ്തവ അധികാരകേന്ദ്രങ്ങളായിത്തീർന്ന നിരവധി നഗരങ്ങൾ തുടക്കത്തിൽ ഉണ്ടായിരുന്നു:- യെരുശലേം, അന്ത്യോക്ക്യ, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാണ്ട്രിയ, റോം ഇത്യാദി. കിരാതരായ കവർച്ചാസംഘങ്ങൾ ഇറ്റലിയെ തകർത്തു നശിപ്പിച്ചപ്പോൾ ഉണ്ടായ അധികാരവിടവുകളിലേക്ക് റോമിലെ സഭാനേതാക്കന്മാർ വർദ്ധിതമായ മതേതരഅധികാരത്തോടെ ഉൾപ്രവേശിച്ചു. ഇതിലുപരി മുസ്ലീം ആക്രമണങ്ങളാലോ ഭീഷണികളാലോ റോമിന്റെ ആധിപത്യം മറ്റു പട്ടണങ്ങളിലേക്കും വ്യാപിച്ചു. ആ പട്ടണത്തിലൊക്കെ ക്രിസ്തീയനേതാക്കന്മാർ റോമിന്റെ ശക്തിയെ വെല്ലുവിളിച്ചു. അന്ത്യോക്ക്യ, അലക്സാണ്ട്രിയാ, യെരുശലേം തുടങ്ങിയവ മുസ്ലീം ആധിപത്യത്തിന്റെ കീഴിലായി. കോൺസ്റ്റാന്റിനോപ്പിൾ ശക്തി ക്ഷയിച്ചു. പക്ഷേ, റോമിനോടു പൂർണ്ണമായി വിധേയപ്പെട്ടില്ല.

റോമൻ കത്തോലിക്കാസഭയുടെ ആരംഭത്തെക്കുറിച്ച് പ്രൊട്ടസ്റ്റന്റു ചരിത്രകാരന്മാർക്ക് ഭിന്നാഭിപ്രായമുണ്ട്. റോമിലെ സഭ അപ്പോസ്തലിക കാലഘട്ടത്തിൽ തന്നെ ആരംഭിച്ചതാണ്. ചിലർ ഇത് റോമൻ കത്തോലിക്ക മതത്തിന്റെ ആരംഭമായി കാണുന്നു. റോമിനോടു എതിർത്തുനിന്നിരുന്ന കിഴക്കുള്ള മറ്റു പട്ടണങ്ങളെ ഇസ്ലാം ആക്രമിച്ച് കീഴ്പ്പെടുത്തിയതിനുശേഷമാണ് ക്രിസ്തീയലോകത്ത് റോം മുൻതൂക്കം നേടിയതെന്നു വ്യക്തമാണ്. മറ്റു ക്രിസ്തീയ കേന്ദ്രങ്ങൾ തകർക്കപ്പെട്ടതു നിമിത്തം ലോകത്തിലെ ഏറ്റവും ശക്തമായ സഭയായിത്തീരുന്നതുവരെ റോമൻ കത്തോലിക്കാസഭ ഇന്നത്തെ രൂപത്തിൽ ആരംഭിച്ചുവെന്ന് അനേകരും പരിഗണിക്കുന്നില്ല.

ദുഷിച്ച റോമൻ കത്തോലിക്കാ സമ്പ്രദായത്തിനെതിരേ പ്രൊട്ടസ്റ്റന്റുസഭ ഉയർന്നു വന്നത് മൂന്ന് അടിസ്ഥാനവിഷയങ്ങളിലാണ്. ആ മൂന്നു വിഷയങ്ങൾ, സോളാഫിഡെ (രക്ഷ വിശ്വാസത്താൽ മാത്രം), സോളാസ്ക്രിപ്ച്ചറാ (ബൈബിൾ മാത്രം) അല്ലാതെ സഭാപാരമ്പര്യമല്ല. എല്ലാ വിശ്വാസികളുടെയും പൗരോഹിത്യം(എല്ലാ വിശ്വാസികൾക്കും ദൈവത്തിങ്കലേക്കു തുല്യപ്രവേശനമുണ്ട്. യാതൊരു മാനുഷിക മദ്ധ്യസ്ഥന്റെയും കുമ്പസാരിപ്പിക്കുന്ന പുരോഹിതന്റെയും ആവശ്യമില്ല).

നവീകരണത്തിന് നാല് പ്രധാനശാഖകളുണ്ട്. ലൂഥറൺ, കാൽവിനിസ്റ്റ്, ആഗ്ലിക്കൻ(ദി ചർച്ച് ഓഫ് ഇംഗ്ലണ്ട്), അനാബാപ്റ്റിസ്റ്റ്, മൊനോനൈറ്റുകളും ബാപ്റ്റിസ്റ്റുകാരും. അമേരിക്കൻ ഐക്യനാടുകൾ ഒട്ടനവധി സഭാവിഭാഗങ്ങളുടെ തറവാടായിരിക്കുന്നതിന്റെ പ്രധാനകാരണം ഒട്ടനവധി ജനവിഭാഗങ്ങൾക്ക് അതൊരു ഉരുക്കുമൂശയാണ് എന്നുള്ളതാണ്. യൂറോപ്യന്മാർ അവരുടെ സഭാവിഭാഗങ്ങളും കൂടെക്കൊണ്ടാണു വന്നത്. അവയിൽ പലതും ഇന്നും ഉപദേശപരമായി മാത്രമല്ല, വംശീയമായ നിരകളിലും വ്യത്യസ്തത പുലർത്തുന്നു. (ഉദാ. ഡച്ച് നവീകരണ സഭകൾക്കും, ഓർത്തഡോക്സ് പ്രസ്ബിറ്റേറിയൻ സഭകളും - ഇവർ തമ്മിൽ പലപ്പോഴും ഉപദേശപരമായി യോജിക്കുമെങ്കിലും ഇന്നും അകലം വിട്ടാണു നിൽക്കുന്നത്. ഒന്ന് ഡച്ച് മറ്റേത് സ്കോട്ടിഷ്-ഇംഗ്ലീഷ്). നവീകരണത്തിൽ നിന്നുരുത്തിരിഞ്ഞ പ്രൊട്ടസ്റ്റന്റുസഭകളുടെ ചരിത്രപരമായ പരസ്പരബന്ധങ്ങൾ തുടർന്നു നൽകുന്ന രേഖാചരിത്രം വെളിപ്പെടുത്തുന്നു:


വിവിധ സഭാ വിഭാഗങ്ങളുടെ ആവിർഭാവം
ലൂഥറൺ (ലൂഥർ)
ജർമ്മനി, സ്കാൻഡിനേവിയ
അമേരിക്കയിലെ ലൂഥറൺ സഭ
മിസ്സൗറി സിനഡ്
അമേരിക്കൻ ലൂഥറൺ ചർച്ച്
വിസ്കോൻസിൻ ഇവാൻജലിക്കൽ ലുഥറൺ
മൊറേവിയൻ
ജർമ്മനി, നോർവേ, സ്വീഡൻ, ഡൻമാർക്ക് എന്നിവിടങ്ങളിൽനിന്നും വിവിധ പഴയകാല ലൂഥറൺ വിഭാഗങ്ങൾ ലയിച്ചു ചേർന്ന അമേരിക്കൻ സഭകളുണ്ട്
കാൽവിനിസം (കാൽവിൻ)
ജർമ്മനി, ഹോളണ്ട് സ്കോട്ടലണ്ട്, സ്വിറ്റ്സർലണ്ട്
അമേരിക്കയിലെ നവീകരണ സഭ(ഡച്ച്)
വടക്കേ അമേരിക്കയിലെ ക്രിസ്തീയ നവീകരണസഭ(ഡച്ച്)
ഇവാൻജലിക്കൽസഭയും നവീകരണസഭയും (ജർമ്മൻ) 1961-ൽ കോൺഗ്രിഗേഷണൽ ചർച്ചുമായി ലയിച്ച് ഏകീകൃതക്രിസ്തുസഭ രൂപപ്പെട്ടു.
പ്രസ്ബിറ്റേറിയൻ(സ്ക്കോട്ട്ലണ്ട് - നോക്ക്സ്)
പ്രസ്ബിറ്റേറിയൻസഭ(യു. എസ്. എ)
പ്രസ്ബിറ്റേറിയൻ ചർച്ച് ഇൻ അമേരിക്ക
ഓർത്തഡോക്സ് പ്രസ്ബിറ്റേറിയൻ സഭ
പ്രിസ്ബിറ്റേറിയൻ ബൈബിൾ സഭ
ക്രിസ്തു ശിഷ്യന്മാർ
ക്രിസ്തുസഭകൾ
യൂറോപ്പിൽ ഇപ്പോഴും വിവിധ പ്രസ്ബിറ്റേറിയൻ നവീകരണ വിഭാഗങ്ങളുണ്ട്. ഡച്ച് നവീകരണ സഭയിൽ നിന്ന് രക്ഷയുടെ ഭദ്രതയെ നിഷേധിച്ച് അർമിനസ് പുറത്തുചാടി. അദ്ദേഹം ജോൺ വെസ്ലിയെ സ്വാധീനിച്ചു


ചർച്ച് ഓഫ് ഇംഗ്ലണ്ട് (അംഗ്ലിക്കൻ)ക്രാൻമർ, ലാന്റിമർ, ജൂവൽ, റ്റിൻഡെയൽ
എപ്പിസ്കോപ്പൽ(യു.എസ്.എ)
ആഫ്രിക്കൻ മെഥഡിസ്റ്റ് എപ്പിസ്ക്കോപ്പൽ ചർച്ച്
കേക്കർ
പ്യൂരിറ്റൻ, കോൺഗ്രിഗേഷണൽ, സ്വതന്ത്രർ
നാസറിൻ
മെഥഡിസ്റ്റ്(വെസ്ലി) അർമിനിയസിനാൽ സ്വാധീനിക്കപ്പെട്ടു
ആഫ്രിക്കൻ മെഥഡിസ്റ്റ് എപ്പിസ്ക്കോപ്പൽ സീയോൺ സഭ
യുണൈറ്റഡ് മെഥഡിസ്റ്റ്(1968-ൽ മെഥഡിസ്റ്റ് സഭയും ഇവാൻജലിക്കൽ യുണൈറ്റഡ് ബ്രദറനും ലയിച്ചുചേർന്ന് രൂപീകൃതമായി)
ഫ്രീ മെഥഡിസ്റ്റ്
ദി വെസ്ലിയൻസഭ
രക്ഷാസൈന്യം
ഇവാൻജലിക്കൽ മെഥഡിസ്റ്റ്
അനാബാപ്റ്റിസ്റ്റ് (ഹോളണ്ട്, ജർമ്മനി, പിന്നീട് ഇംഗ്ലണ്ട്)
മെനോനൈറ്റ്സ് (ഡച്ച് മെനോ സിമ്മോൺസ്)
ചർച്ച് ഓഫ് ദി ബ്രദറൺ(ജർമ്മൻ)
ഗ്രയ്സ് ബ്രദറൺ
ബാപ്റ്റിസ്റ്റ്(ഇംഗ്ലണ്ട്) ഡച്ച് മെനോനൈറ്റുകാരും ഇംഗ്ലീഷ് കോൺഗ്രിഗേഷണൽ സഭയും ഇരുകൂട്ടും ഇവരെ സ്വാധീനിച്ചു
അമേരിക്കയിൽ ആരംഭിച്ച വിഭാഗങ്ങൾ: പെന്തക്കോസ്തുസഭകൾ അസംബ്ലിസ് ഓഫ് ഗോഡ്, ചർച്ച് ഓഫ് ഗോഡ്(3 രൂപത്തിലുള്ളത്) ക്രിസ്ത്യൻ മിഷനറി ആന്റ് അലയൻസ്, ബൈബിൾ ചർച്ചസ്

G. സഭ എന്ന പഠനത്തിന്റെ ഉപസംഹാരം

ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവർ ഏതു സഭയിൽ പ്പെട്ടവരായാലും സാർവ്വത്രിക സഭയുടെ സ്ഥിരം അംഗ ങ്ങളാണ്. ഉൽപ്രാപണസമയത്ത് ഈ സാർവത്രികസഭ യെ ക്രിസ്തുവിന്റെ മണവാട്ടിയെന്ന നിലയിൽ ഭാഗ്യകര മായ നിത്യതയ്ക്കായി ഒന്നിച്ചുചേർക്കും. അതുവരെ സഭയുടെ ഒരു ഭാഗം സ്വർഗ്ഗത്തിൽ വസിക്കുകയായിരി ക്കും. അതേസമയം ഭൂമിയിൽ "ജീവനോടെ ശേഖരിക്കു ന്നവർ" സത്യത്തോടു വിശ്വസ്തരായിരിക്കുകയും സഭ യ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ ദൗത്യം പൂർത്തീകരി ക്കുവാൻ ശ്രമിക്കയും ചെയ്യേണ്ടതാണ്. കർത്താവിന്റെ വാഗ്ദത്തത്തിൽ നിന്നു പ്രോത്സാഹനവും പ്രത്യാശയും ലഭിക്കുന്നു. "ഞാൻ **എന്റെ സഭയെ** പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്തായി 16:18).

അദ്ധ്യായം 12

എസ്കറ്റോളജി

ഭാവികാല സംഭവങ്ങളെപ്പറ്റിയുള്ള ഉപദേശം

രൂപരേഖ

I. മുഖവുര

II. സഭാവ്യവസ്ഥയുടെ പഠനത്തിനായുള്ള വചന പ്രതീക്ഷകൾ

III. ഉദ്പ്രാപണം ഒരു തക്കതായ ചിന്താധാരയെന്ന നിലയിൽ

A. ഭാവിയിൽ ഒരു 'മഹോപദ്രവകാല'മുണ്ടെന്നു നമുക്ക് എങ്ങനെയറിയാം?

B. മഹാപീഡനം ഏഴു വർഷത്തെ കാലയളവാണെന്നു പല ദൈവസ്ത്രജ്ഞന്മാരും വീക്ഷിക്കുന്നത് എന്തുകൊണ്ടാണ്?

C. ഭൂമിയിലേക്കു ക്രിസ്തു മടങ്ങിവരുന്നതിനു മുൻപു മഹാപീഡനകാലം ഉണ്ടായിരിക്കും

D. ഉദ്പ്രാപണവും ക്രിസ്തുവിന്റെ വെളിപ്പെടലും തമ്മിലുള്ള വ്യത്യാസം

1. വൈരുദ്ധ്യം ഒന്ന്
   a. വിശുദ്ധന്മാരെ സ്വർഗ്ഗത്തിലേക്കു കൊണ്ടുവരുന്നതിനു ക്രിസ്തു മടങ്ങിവരുന്നു
   b. കർത്താവു മടങ്ങിവരുന്നു, അവനും വിശുദ്ധന്മാരും രാജ്യം ആസ്വദിക്കാൻ തുടരുന്നു
2. വൈരുദ്ധ്യം രണ്ട്
   a. കർത്താവിന്റെ മടങ്ങിവരവ് ഏതു സമയത്തും സംഭവിക്കാം
   b. അടയാളങ്ങളും അത്ഭുതങ്ങളും സുവിശേഷപ്രഘോഷണവും നടക്കുന്നതുവരെ കർത്താവിന്റെ മടങ്ങിവരവു നടക്കുകയില്ല
3. വൈരുദ്ധ്യം മൂന്ന്
   a. കർത്താവു മദ്ധ്യവാനിലേക്കു മടങ്ങിവരുന്നു
   b. കർത്താവു ഭൂമിയിലേക്കു മടങ്ങിവരുന്നു
4. വൈരുദ്ധ്യം നാല്
   a. കർത്താവിന്റെ വരവിൽ വിശുദ്ധന്മാർക്കു തേജസ്കരിക്കപ്പെട്ട ശരീരം ലഭിക്കുന്നു
   b. കർത്താവിന്റെ മടങ്ങി വരവിൽ രാജ്യം സ്ഥാപിക്കപ്പെടുന്നു. വിശുദ്ധന്മാർ മഹോപദ്രവത്തിനു ശേഷം ഭൂമിയിൽ വർദ്ധിച്ചു പെരുകുന്നു
5. വൈരുദ്ധ്യം അഞ്ച്
   a. തന്റെ വിശുദ്ധന്മാരെ എതിരേൽക്കാൻ കർത്താവ് മടങ്ങി വരും
   b. കർത്താവ് തന്റെ വിശുദ്ധന്മാരുമായി മടങ്ങിവരും

IV. മഹോപദ്രവത്തിനു മുൻപുള്ള ഉദ്പ്രാപണം

A. മഹോപദ്രവത്തിനു മുൻപുള്ള ഉദ്പ്രാപണത്തിനുള്ള പ്രാഥമിക പിൻതുണ

1. ഉദ്പ്രാപണം ആസന്നമാണ്
2. കോലാടുകളിൽ നിന്നു ചെമ്മരിയാടുകളെ വേർതിരിക്കൽ
3. ഭൂമിയിൽ വീണ്ടും പെറ്റുപെരുകുന്നതിനു വിശുദ്ധന്മാർ അവശേഷിക്കുന്നില്ല
4. "ഭാഗ്യകരമായ പ്രത്യാശ'യ്ക്കായുള്ള ഉദ്പ്രാപണം
5. സഭ മഹോപദ്രവത്തിൽ നിന്നു സൂക്ഷിക്കപ്പെടുന്നുവെന്നു വെളി. 3:10 വാഗ്ദത്തം ചെയ്യുന്നു

B. മഹോപദ്രവത്തിനു മുൻപുള്ള ഉദ്പ്രാപണത്തിനുള്ള രണ്ടാമത്തെ പിൻതുണ

1. ദൈവക്രോധത്തിനു പാത്രമാകാത്ത സഭ
2. വെളിപ്പാട് 4:19 വരെയുള്ള അദ്ധ്യായങ്ങളിൽ "സഭ"യെന്ന പദം കാണപ്പെടുന്നില്ല
3. ദാനീയേലിന്റെ ആദ്യ 69 ആഴ്ചവട്ടത്തിൽ ഉൾപ്പെടാത്ത സഭ 70-ാം ആഴ്ചവട്ടത്തിലും ഉൾപ്പെട്ടുകൂടാ
4. വെളിപ്പാട് 4-5 ലെ 24 മൂപ്പന്മാർ സഭയുടെ പ്രതിനിധികളാണെങ്കിൽ, മഹോപദ്രവകാലത്തു സഭ സ്വർഗ്ഗത്തിലായിരിക്കും
5. മഹോപദ്രവത്തിനു മുൻപ്, തടുക്കുന്നവൻ മാറിപ്പോകും, സഭയും അങ്ങനെതന്നെയായിരിക്കും
6. ലോകത്തെ ബാധിക്കുന്ന ന്യായവിധിക്കു മുൻപു വിശ്വാസികൾ മാറിപ്പോകുന്നതിന്റെ ദൃഷ്ടാന്തങ്ങൾ
7. ഏഴു വർഷം അകലെയാണെങ്കിൽ, ക്രിസ്തുവിന്റെ വരവു ശുദ്ധീകരിക്കുന്ന പ്രത്യാശയല്ല

C. മഹോപദ്രവത്തിനു മുൻപുള്ള ഉദ്പ്രാപണത്തിന്റെ സംഗ്രഹം

V. മഹോപദ്രവത്തിനു ശേഷമുള്ള വാദങ്ങൾ ഖണ്ഡിക്കപ്പെട്ടിരിക്കുന്നു

A. മഹോപദ്രവവിശേഷവാദികൾ Ad Hominum സമീപനത്തോട് അനുകൂലമാണ്

B. മഹോദ്രവപൂർവ്വവാദം താരതമ്യേന സമീപകാലത്തേതാണെന്നു മഹോപദ്രവശേഷവാദികൾ വിധിക്കുന്നു

C. ക്രിസ്തുവിന്റെ ആസന്നമായ മടങ്ങിവരവിന്റെ ഉപദേശത്തെ മഹോപദ്രവശേഷവാദികൾ നിഷേധിക്കുന്നു

1. ആസന്നമായ ഉദ്പ്രാപണത്തിൽ ആദ്യ കാലസഭ വിശ്വസിച്ചിരുന്നില്ല
2. ദൂരയാത്ര ചെയ്യുന്ന കുലീനനായ മനുഷ്യനെക്കുറിച്ച് ഉപമ പറയുന്നു
3. ക്രിസ്തുവിന്റെ മടങ്ങിവരവിനു മുൻപു യെരൂശലേം നശിപ്പിക്കപ്പെടേണ്ടിയിരുന്നു

D. വെളി. 3:10 പറയുന്നതു നീക്കം ചെയ്യലിനെക്കുറിച്ചല്ല, സംരക്ഷണത്തെക്കുറിച്ചാണ്

E. മഹോപദ്രവത്തെത്തുടർന്ന് ഉയിർപ്പാണുള്ളത്, ഉയിർപ്പിന്റെ സമയത്താണ് ഉദ്പ്രാപണം നടക്കുന്നത്. അതുകൊണ്ട്, മഹോപദ്രവത്തിന്റെ അവസാനം ഉദ്പ്രാപണം നടന്നേ മതിയാകൂ

F. മഹോപദ്രവം, രണ്ടാംവരവ്, പിന്നെ രാജ്യം ഈ നിലയിലാണ് സുവിശേഷങ്ങളുടെ ക്രമം

G. മഹോപദ്രവകാലയളവിൽ വിശുദ്ധന്മാർ ഭൂമിയിലുണ്ടാകുമെന്നു വെളിപ്പാടു ചിത്രീകരിക്കുന്നു

H. സഭയ്ക്കു മഹാകഷ്ടമുണ്ടെന്നുള്ള വാഗ്ദത്തമുണ്ട്

I. അന്ത്യകാഹളസമയത്താണ് ഉദ്പ്രാപണം നടക്കുന്നത്, മഹാകഷ്ടത്തിന്റെ ഒടുവിലാണ് അന്ത്യകാഹളമുള്ളത്

J. സംഗ്രഹം

VI. മഹോപദ്രവമദ്ധ്യ ഉദ്പ്രാപണ സിദ്ധാന്തം

VII. ഭാഗികോദ്പ്രാപണവാദവീക്ഷണം

A. ഭാഗികോദ്പ്രാപണവും വെളി. 3:10 ഉം

B. ഉദ്പ്രാപണത്തെക്കുറിച്ചുള്ള മൊത്തമായ പ്രസ്താവനകൾ

C. 1 തെസ്സ. 5:9-10 ന്റെ വാഗ്ദത്തം

D. രക്ഷ പ്രവൃത്തികളാലല്ല, കൃപയാലാണെന്നുള്ളതിന്റെ പൂർണ്ണമായ താത്പര്യം (scope)

E. സംഗ്രഹം

VIII. വിശ്വാസിയുടെ പുനരുത്ഥാനം

A. പുനരുത്ഥാനത്തെക്കുറിച്ചുള്ള പൊതുവായ വാഗ്ദത്തങ്ങൾ

B. പുനരുത്ഥാനശരീരത്തിന്റെ പ്രകൃതം

1. ക്രിസ്തുവിന്റേതുപോലെയുള്ള പുനരുത്ഥാനശരീരം
   a. ഭക്ഷിക്കാനുള്ള കഴിവ്
   b. അസ്ഥിയും മാംസവുമുള്ള ശരീരം
   c. തടസ്സങ്ങളില്ലാതെ നൊടിയിടയിൽ സഞ്ചരിക്കുന്നു
2. പുനരുത്ഥാനശരീരത്തെക്കുറിച്ചുള്ള നേരിട്ടുള്ള പഠിപ്പിക്കൽ
   a. തുടർച്ചയായുള്ളത്, എന്നാലും മാറ്റം
   b. വ്യക്തിത്വമുള്ളതും വ്യത്യസ്തമായതും
   c. കാലയളവിലെ പരിപൂർണ്ണത, നശിക്കാത്തത്
   d. പ്രത്യക്ഷതയിലെ പരിപൂർണ്ണത
   e. നിലനില്പിലെ പരിപൂർണ്ണത
   f. ആത്മീയതയിലെ പരിപൂർണ്ണത
   g. വിവാഹവും മക്കളും
3. സ്വർഗ്ഗത്തെക്കുറിച്ചുള്ള വേദഭാഗങ്ങളിൽ നിന്നു പുനരുത്ഥാനത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ
   a. വംശീയ നാനാത്വം
   b. വിശ്രമിക്കേണ്ടുന്ന ആവശ്യമില്ല
   c. കർത്താവിന്റെ നാമം
   d. പ്രവൃത്തി

IX. ക്രിസ്തുവിന്റെ ന്യായാസനം

A. ന്യായാസനത്തിനായുള്ള സമയം

B. ന്യായാസനത്തിനായുള്ള സ്ഥലം

C. ന്യായാധിപൻ

D. ന്യായം വിധിക്കപ്പെടുന്നവർ

E. ന്യായവിധിക്കുള്ളഅടിസ്ഥാനം

1. ഫലമില്ലായ്മ
2. ഭൂമിയിൽ ചെയ്ത പ്രവൃത്തികൾ
   a. പൊതുവായ പ്രവൃത്തികൾ
   b. പ്രവൃത്തിയുടെ ഗുണം, അളവല്ല
   c. ദൈവത്തെ പ്രസാദിപ്പിക്കുന്ന പ്രവൃത്തികൾ, വിശ്വസ്തഹൃദയത്തോടുകൂടിയത്
      (1) നശിക്കാത്ത കിരീടം
      (2) സന്തോഷത്തിന്റെ കിരീടം
      (3) നീതിയുടെ കിരീടം
      (4) ജീവകിരീടം
      (5) തേജസ്സിന്റെ കിരീടം

d. മറ്റു വിശ്വാസികളുടെ ജീവിതങ്ങൾക്കുള്ള സംഭാവനകൾ

3. വിശ്വാസികളുടെ പ്രവൃത്തികളെ ന്യായം വിധിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

a. ക്രിസ്തീയ നേതാക്കന്മാർക്കായുള്ള കർക്കശ ന്യായവിധി

b. പ്രയോജനവും പ്രയോജനമില്ലായ്മയും കണക്കിലെടുത്തിരിക്കുന്നു

c. സ്വഭാവത്തിന്മേൽ ഊന്നൽ നൽകിയ പ്രവൃത്തികൾക്കുള്ള ന്യായവിധി

F. ഭാവിയിലെ പ്രതിഫലത്തിന്റെ പ്രകൃതം

1. പ്രതിഫലങ്ങളുടെ തോതുകൾ

2. പുനരുത്ഥാനശരീരത്തിലെ മഹത്വം

3. ശുശ്രൂഷയുടെയും അധികാരത്തിന്റെയും സ്ഥാനങ്ങൾ

4. കിരീടങ്ങൾ

5. പ്രതിഫലനഷ്ടം, ലജ്ജ

G. ഭാവി വിലയിരുത്തലും ഇപ്പോഴത്തെ മത്സരവും

H. ന്യായാസനത്തിൽ നിന്നുള്ള പ്രോത്സാഹനങ്ങൾ

X. കുഞ്ഞാടിന്റെ കല്യാണസദ്യ

A. മുഖവുര

B. സ്വർഗ്ഗത്തിലെ വിവാഹത്തിന്റെയും ഭൂമിയിലെ വിരുന്നിന്റെയും തെളിവ്

C. സ്വർഗ്ഗത്തിലെയും ഭൂമിയിലെയും കല്യാണസദ്യയുടെ വേദഭാഗങ്ങൾ

D. സമാപനങ്ങൾ, വ്യത്യസ്തതകൾ, സ്വർഗ്ഗത്തിലെ വിവാഹം, ഭൂമിയിലെ സദ്യ

XI. മഹാപീഡനകാലം

A. മഹാപീഡനകാലയളവിലെ പ്രമുഖ ജാതീയ ശക്തികൾ

1. പുനരുജ്ജീവിക്കപ്പെട്ട റോം

a. ലോകശക്തിയായ റോമിനോടൊപ്പം ദാനീയേലിന്റെ 69-ാം ആഴ്ചവട്ടം അവസാനിച്ചു.

b. ദാനീയേൽ 9:26 മുന്നറിയിപ്പ്

c. ദാനീയേൽ 2:36-45; 7:2-14, നാലു ജാതീയ ശക്തികൾ

d. പുനരുജ്ജീവിക്കപ്പെട്ട റോമിന്റെ പ്രകൃതം

(1) പത്തു രാജാക്കന്മാർ

(2) സ്വേച്ഛാധിപത്യം ഏറ്റെടുക്കുന്ന ചെറിയ കൊമ്പ്

2. കിഴക്കിന്റെ രാജാക്കന്മാർ

3. ഗോഗ്, മാഗോഗ്

a. വടക്കിന്റെ വിദൂരഭാഗങ്ങളിൽ നിന്ന്

b. മാഗോഗ്

c. രോശ്

d. മേശെക്ക്, തൂബാൽ

e. പേർഷ്യ, കൂശ്, പൂത്

f. ഗോമെർ

g. തോഗർമാ

h. നിഗമനങ്ങൾ

4. യഥാസ്ഥാനപ്പെട്ട ബാബിലോൺ

a. ആക്ഷരിക വ്യാഖ്യാനം

b. പഴയനിയമപ്രവചനങ്ങൾ ബാബിലോണിനെക്കുറിച്ച്

(1) പ്രകൃത്യാതീതമായ നാശം

(2) ഒരു അന്ത്യകാലസംഭവത്തെക്കുറിച്ചുള്ള സൂചന

c. നിഗമനങ്ങൾ

5. വടക്കേ രാജാവ്, തെക്കേരാജാവ്

B. എതിർക്രിസ്തു

1. ഉത്ഭവം

a. സാമൂഹ്യോത്ഭവം

b. ഭൂമിശാസ്ത്രപരം അഥവാ പ്രാകൃതികോത്ഭവം

c. വംശീയോത്ഭവം

d. ആത്മീയോത്ഭവം

e. ദൈവികോത്ഭവം

2. ദുഷ്ടനായ അന്ത്യകാല ഭരണാധികാരിക്കുള്ള നാമങ്ങൾ

a. ചെറിയ കൊമ്പ്

b. വരുന്ന ദുഷ്ടനായ പ്രഭു

c. ഇച്ഛാശക്തിയുള്ള രാജാവ്

d. പാപത്തിന്റെ മനുഷ്യൻ, നാശ പുത്രൻ

e. ശൂന്യമാക്കുന്ന മ്ലേച്ഛത

f. മൃഗം

g. എതിർക്രിസ്തു

3. ലോകത്തിന്റെ അധികാരിയായി എതിർക്രിസ്തു എഴുന്നേല്ക്കുന്നു

a. സമയം

b. വ്യക്തമല്ലാത്ത ആരംഭം

c. യിസ്രായേലുമായുള്ള സഖ്യം

d. സാമ്രാജ്യത്തിനുള്ളിൽ ശക്തിയായി എഴുന്നേല്ക്കുന്നു

e. എതിർക്രിസ്തുവും റഷ്യയും യിസ്രായേലിനെ ആക്രമിക്കുന്നു.

f. അവസാന ലോകാധികാരം

g. എതിർക്രിസ്തുവിന്റെ എഴുന്നേല്പിനുള്ള മാർഗ്ഗങ്ങൾ

4. എതിർക്രിസ്തുവിന്റെ വ്യക്തിത്വവിശേഷങ്ങൾ, സമ്പ്രദായങ്ങൾ
   a. യിസ്രായേലുമായുള്ള സഖ്യം ലംഘിക്കുന്നു
   b. യഹൂദന്മാരെയും മഹാകഷ്ടകാലത്തെ വിശുദ്ധന്മാരെയും കഠിനമായി വെറുക്കുന്നു
   c. മികച്ച വാഗ്മി
   d. ദൈവമെന്ന് അവകാശപ്പെടുന്നു
   e. എതിർക്രിസ്തുവും ബാബിലോണും
   f. എതിർക്രിസ്തുവിനെക്കുറിച്ചു നാനാവിധത്തിലുള്ള വസ്തുതകൾ
5. എതിർക്രിസ്തുവിന്റെ നാശവും ഭാഗധേയവും

C. മഹോപദ്രവകാലപോരാട്ടങ്ങൾ
1. മാഗോഗിന്റെ യിസ്രായേൽ ആക്രമണം
2. പോരാട്ടം സംബന്ധിച്ചുള്ള വേദഭാഗങ്ങൾ
   a. മഹോപദ്രവത്തിന്റെ ആദ്യപകുതിയിൽ സംഭവിക്കാൻ സാദ്ധ്യതയുള്ള പോരാട്ടം
   b. യെഹെസ്ക്കേൽ 38:39 നു മുൻപുള്ള ദാനീ. 11:36 ലെ പോരാട്ടം
   c. ദാനീ. 11:36 ന്റെ തുടർച്ചയുടെ സാദ്ധ്യത, റഷ്യയുടെ യിസ്രായേൽ ആക്രമണത്തെത്തുടർന്നാണുള്ളത്
   d. നിഗമനങ്ങൾ, ദാനീ. 11:36 – നെ, യെഹെസ്ക്കേലിലെ ഗോഗിന്റെ യിസ്രായേൽ ആക്രമണവുമായി തുലനം ചെയ്യുന്നു
3. പോരാട്ടത്തിന്റെ സമയം
   a. പൊതുവായ സമയം
   b. സവിശേഷമായ ഭാവികാലം, റഷ്യയുടെയിസ്രായേൽ ആക്രമണം
      (1) ഉദ്പ്രാപണത്തിനു മുൻപ്
      (2) സഹസ്രാബ്ദത്തിന്റെ ആരംഭം
      (3) സഹസ്രാബ്ദത്തിന്റെ ആദ്യ പകുതി
      (4) മഹോപദ്രവത്തിന്റെ ആദ്യ പകുതി
4. പോരാട്ടത്തിന്റെ ഫലങ്ങൾ
5. ആയുധങ്ങളെപ്പറ്റിയുള്ള ചോദ്യം
6. ഹർമ്മഗെദ്ദോൻ യുദ്ധം
   a. സ്ഥലം
   b. ഹർമ്മഗെദ്ദോൻ സന്നാഹത്തെക്കുറിച്ചുള്ള വേദഭാഗങ്ങൾ
   c. യുദ്ധത്തിന്റെ സ്ഥലം
      (1) മെഗിദ്ദോമല
      (2) യെഹോശാഫാത്ത് താഴ്വര
      (3) യെരൂശലേം
      (4) ഏദോം
      (5) നിഗമനം
   d. ഹർമ്മഗെദ്ദോനിലെ പങ്കാളികൾ
      (1) എതിർക്രിസ്തു നയിക്കുന്ന ലോകരാഷ്ട്രങ്ങൾ
      (2) യിസ്രായേൽ
      (3) ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു
   e. സമയം
   f. പരിണിതഫലം

D. മഹാകഷ്ടകാലത്തിൽ ദൈവവും അവന്റെ വിശുദ്ധന്മാരും
1. മഹാകഷ്ടകാലത്തിൽ ദൈവത്തിന്റെ ന്യായവിധി
2. മഹാകഷ്ടകാലയളവിലെ ലോകസുവിശേഷീകരണം
3. മഹാകഷ്ടത്തിലെ വിശുദ്ധന്മാർ

XII. മഹാകഷ്ടകാലത്തിൽ നിന്നു രാജ്യത്തിലേക്കുള്ള മാറ്റം

A. ക്രിസ്തുവിന്റെ രണ്ടാം വരവ്
1. ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ സമയം
2. സ്ഥലം
3. രണ്ടാം വരവിൽ ക്രിസ്തുവിനോടൊപ്പമുള്ള പങ്കാളികൾ
   a. വിശുദ്ധദൂതന്മാർ
   b. വിശുദ്ധന്മാർ
4. ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ സാഹചര്യങ്ങൾ
   a. യെരൂശലേം നശിച്ചു കിടക്കുന്നു.
   b. പ്രാപഞ്ചികാത്ഭുതങ്ങൾ
   c. മഹത്വത്തോടെയുള്ള ഇറങ്ങിവരവ്
   d. ലോകത്തിന്റെ പ്രതികരണം
   e. നിലം സ്പർശിക്കൽ
   f. സ്ഥിരമായ മത്സരം
   g. അനായാസേനയുള്ള വിജയം
   h. ദൂതന്മാരുടെ അനുധാവനം, സാത്താന്റെ തടവ്
   i. സമയച്ചട്ടം

B. പഴയ നിയമ കഷ്ടത്തിലെ വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേല്പ്
   1. ജീവനിലേക്കുള്ള ഉയിർത്തെഴുന്നേല്പിനും മരണത്തിലേക്കുള്ള ഉയിർത്തെഴുന്നേല്പിനുമിടയിലുള്ള സമയം
   2. രണ്ടു തരത്തിലുള്ള പുനരുത്ഥാനങ്ങൾ
   3. വിശുദ്ധന്മാരുടെ പുനരുത്ഥാനത്തിനായുള്ള സമയങ്ങൾ
      a. സഭ
      b. രക്തസാക്ഷികളായ മഹോപദ്രവ കാലവിശുദ്ധന്മാർ
      c. പഴയനനിയമ വിശുദ്ധന്മാർ
      d. സഹസ്രാബ്ദ വിശുദ്ധന്മാർ

C. യിസ്രായേലിനായുള്ള ന്യായവിധി
   1. വേദഭാഗങ്ങൾ
   2. യിസ്രായേലിന്റെ ന്യായവിധിയുടെ വിഷയങ്ങൾ
   3. ജീവിച്ചിരിക്കുന്ന യിസ്രായേലിന്റെ ന്യായവിധിയുടെ സമയം
   4. ജീവിച്ചിരിക്കുന്ന യിസ്രായേലിനായുള്ള ന്യായവിധിയുടെ സ്ഥലവും ഉദ്ദേശ്യവും
   5. യിസ്രായേലിന്റെ ന്യായവിധിയുടെ ഫലങ്ങളിൽ നിന്ന്
      a. മോശം ഫലങ്ങൾ
      b. നല്ല ഫലങ്ങൾ

D. ജാതികളുടെ (രാഷ്ട്രങ്ങളുടെ) ന്യായവിധി
   1. ജാതികളുടെ ന്യായവിധി സംബന്ധിച്ചുള്ള വേദഭാഗങ്ങൾ
   2. ജാതികളുടെ ന്യായവിധിക്കായുള്ള സമയം
   3. ജാതികളുടെ ന്യായവിധിക്കായുള്ള സ്ഥലം
   4. ജാതികളുടെ ന്യയവിധിക്കായുള്ള വിഷയം
   5. ഉദ്ദേശ്യം
   6. ന്യായവിധിക്കായുള്ള അടിസ്ഥാനം
   7. ജാതികളുടെ ന്യായവിധിയുടെ ഫലങ്ങൾ

E. രാജ്യത്തിലെ അധികാരനിയമനങ്ങൾ

F. സംഭവങ്ങളുടെ സംഗ്രഹം, മഹാകഷ്ടത്തിൽ നിന്നു രാജ്യത്തിലേക്കുള്ള മാറ്റം.

XIII. ഭൂമിയിൽ ക്രിസ്തുവിന്റെ രാജ്യം

A. അബ്രാഹാമ്യ ഉടമ്പടിയും സഹസ്രാബ്ദപൂർവ്വവാദവും
   1. തിരുവചനഭാഗങ്ങൾ
   2. വാഗ്ദത്തങ്ങളുടെ സ്വീകർത്താക്കൾ
      a. അബ്രാഹാം
      b. അബ്രാഹാമിന്റെ സന്തതി
      c. സകല ജാതികളും
   3. അബ്രാഹാമ്യ ഉടമ്പടിയുടെ സ്വഭാവം
      a. ഒരു വ്യവസ്ഥ
      b. നിത്യപ്രകൃതം
      c. അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരുടെ പരാജയങ്ങൾ
      d. ഒരു വശത്തെ കരാർ
      e. അബ്രാഹാമ്യ ഉടമ്പടിയിന്മേൽ പുതിയ നിയമം
      f. വികാസം, അബ്രാഹാമ്യ ഉടമ്പടി, യിസ്രായേലിനായുള്ള മറ്റ് ഉടമ്പടികൾ
      g. ആക്ഷരിക നിറവേറൽ
      h. സംഗ്രഹം

B. ദാവീദ്യ ഉടമ്പടിയും സഹസ്രാബ്ദ പൂർവ്വവാദവും
   1. വേദഭാഗങ്ങൾ
   2. വാഗ്ദത്തങ്ങൾ
      a. താത്ക്കാലിക വാഗ്ദത്തങ്ങൾ
      b. നിത്യവാഗ്ദത്തങ്ങൾ
      c. ദാവീദ്യ ഉടമ്പടിയും വാഴ്ചയുടെ പൊട്ടിയ കണ്ണിയും
   3. ദാവീദ്യ ഉടമ്പടിയുടെ സ്വഭാവം
      a. നിത്യമായിരിക്കുമെന്നു പ്രസ്താവിച്ചു
      b. മാറ്റമില്ലാത്ത പ്രതിജ്ഞകൊണ്ട് ഉറപ്പിച്ചു
      c. പാപം ചെയ്തശേഷവും ഉറപ്പിച്ചു

C. പുതിയ ഉടമ്പടിയും സഹസ്രാബ്ദ പൂർവ്വവാദവും
   1. പുതിയ ഉടമ്പടി സംബന്ധിച്ചുള്ള വേദഭാഗങ്ങൾ
   2. പുതിയ ഉടമ്പടിയിലെ വാഗ്ദത്തങ്ങൾ
      a. എല്ലാ യഹൂദന്മാർക്കുമുള്ള രക്ഷ
      b. വിടുവിക്കുന്നവന്റെ മടങ്ങിവരവ്
      c. മഹാകഷ്ടകാലത്തിനുശേഷമുള്ള ദേശത്തിന്റെ നിത്യമായ യഥാസ്ഥാപനം
      d. ഭൗതികാനുഗ്രഹങ്ങൾ
      e. ആത്മീയാനുഗ്രങ്ങൾ
      f. സംഗ്രഹം, പുതിയ ഉടമ്പടിയുടെ ദാനങ്ങൾ
   3. പുതിയ ഉടമ്പടിയുടെ സ്വഭാവം, നിരുപാധികം, നിത്യം
   4. പുതിയ ഉടമ്പടിയിലെ സഭ
      a. ഉടമ്പടി യിസ്രായേലുമായിട്ടായിരിക്കും
      b. പുതിയ ഉടമ്പടിമേലുള്ള പുതിയ നിയമം

(1) സഭയുമായോ പുതിയ ഉടമ്പടിയുമായോ നേരിട്ടുള്ള ബന്ധമൊന്നുമില്ല
(2) രണ്ടു പുതിയ ഉടമ്പടികൾ
(3) യിസ്രായേലുമായിട്ടുള്ള ഭാവി ഉറപ്പിക്കൽ
(4) വിലയിരുത്തൽ

D. ആക്ഷരിക വ്യാഖ്യാനവും സഹസ്രാബ്ദ പൂർവ്വ വാദവും

E. സഹസ്രാബ്ദപൂർവ്വ വാദത്തിനെതിരായുള്ള സഹസ്രാബ്ദ നിഷേധവാദത്തിന്റെ എതിർപ്പുകൾ

1. യോശുവയുടെയോ ശലോമോന്റെയോ കാലത്തെ നിറവേറൽ
2. സ്വർഗ്ഗത്തിലെ സിംഹാസനത്തിന്മേൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം മൂലമുള്ള നിറവേറൽ
3. റദ്ദാക്കിയ സോപാധിക ഉടമ്പടികൾ
4. യിസ്രായേലിൽ നിന്നു സഭയിലേക്കു മാറിയ അനുഗ്രഹങ്ങൾ
   a. യിസ്രായേൽ എന്ന നിലയിൽ സഭ
   b. "അബ്രഹാമിന്റെ മക്കൾ" എന്ന നിലയിൽ സഭ
   c. യഥാർത്ഥ പരിച്ഛേദനയെന്ന നിലയിൽ സഭ
   d. രാജ്യത്തിൽ നിന്ന് സഭയിലേക്കുള്ള മാറ്റം.
5. സഹസ്രാബ്ദനിഷേധവാദങ്ങളുടെ വിലയിരുത്തൽ

F. സഹസ്രാബ്ദത്തിന്റെ പ്രകൃതം

1. രാജ്യത്തിന്റെ കാലയളവ്
2. സഹസ്രാബ്ദത്തിലെ പൊതുവ്യവസ്ഥകൾ
   a. മികച്ച ആരോഗ്യസ്ഥിതികൾ
   b. വർദ്ധിച്ച ഫലഭൂയിഷ്ഠത
   c. തൊഴിലും ഉല്പാദനക്ഷമതയും
   d. ശാപത്തിന്റെ ഭാഗികമായ മാറ്റം
   e. മഹത്വം
   f. സന്തോഷം
   g. സമ്പത്ത്
3. സഹസ്രാബ്ദത്തിലെ രാഷ്ട്രീയ സാഹചര്യങ്ങൾ
   a. തികഞ്ഞ, നീണ്ടുനില്ക്കുന്ന സമാധാനം
   b. രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥ
   c. വ്യക്തിപരമായ ക്ഷേമത്തിനുള്ള മുൻഗണന
   d. സഹസ്രാബ്ദവാഴ്ച ഏകാധിപത്യപരം
4. സഹസ്രാബ്ദത്തിൽ ഭരിക്കുന്ന ഭരണാധികാരികൾ
   a. അധികാരികൾ
      (1) മശിഹ
      (2) ദാവീദു രാജാവ്
      (3) പന്ത്രണ്ട് അപ്പോസ്തലന്മാർ
      (4) മറ്റു താഴ്ന്ന കുലീനർ, ന്യായാധിപന്മാർ
   b. ഭരിക്കപ്പെടുന്നവർ
      (1) യഥാസ്ഥാനപ്പെട്ട യിസ്രായേൽ
      (2) പുനരേകീകരിക്കപ്പെട്ട യിസ്രായേൽ
      (3) പുനർജ്ജനിക്കപ്പെട്ട യിസ്രായേൽ
      (4) യിസ്രായേലിന്റെ പ്രാമുഖ്യം
      (5) യിസ്രായേലിൽ ദൈവത്തിന്റെ സാന്നിദ്ധ്യം
      (6) യെരൂശലേം ലോകത്തിന്റെ തല സ്ഥാനം
5. സഹസ്രാബ്ദത്തിലെ ആത്മീയസ്ഥിതി
   a. സാത്താനെ ബന്ധിച്ചു
   b. ശാപം ഭാഗികമായി എടുത്തുമാറ്റി
   c. ഭൂമിയിൽ പുത്രനായ ദൈവം വസിക്കുന്നു
   d. രക്ഷിക്കപ്പെടാത്തവരെല്ലാം തുടക്കത്തിൽ പുറത്താകുന്നു
   e. ആത്മാവിന്റെ വലിയ പകർച്ച
   f. യെരൂശലേമിന്റെ ഐക്യാരാധന
   g. സമൃദ്ധിയായ ആത്മീയത
   h. വചനത്തിൽ പൂർണ്ണമായ അറിവ്
   i. സഹസ്രാബ്ദ ആലയം, ആരാധന
6. രാജ്യത്തെപ്പറ്റിയുള്ള സംഗ്രഹം
7 അന്തിമ സാത്താന്യമത്സരം

XIV. നിത്യത

A. ദൂതന്മാരുടെ ന്യായവിധി

B. വെള്ളസിംഹാസന ന്യായവിധി

C. വ്യവസ്ഥകൾ, ന്യായവിധിയുടെ സ്ഥലങ്ങൾ

1. നരകം
2. അഗാധകൂപം
3. പാതാളം
   a. പാതാളം മനുഷ്യർക്കു മാത്രം
   b. പാതാളം മനുഷ്യന്റെ ആത്മാക്കൾക്കായി
   c. പാതാളത്തിന്റെ സ്ഥാനം
   d. പാതാളത്തിലെ ബോധാവസ്ഥ
   e. പാതാളവും ദണ്ഡനവും
   f. പാതാളത്തിനു തീപ്പൊയ്കയോടുള്ള ബന്ധം
4. ഗേഹെന്ന, അഥവാ തീപ്പൊയ്ക
   a. പദോല്പത്തി

b. പദപ്രയോഗം
c. തീപ്പൊയ്കയുടെ പൊതു വിവരണങ്ങൾ
d. തീപ്പൊയ്കയുടെ പ്രത്യേക വിവരണങ്ങൾ
e. ശിക്ഷയുടെ തലങ്ങൾ
f. തീപ്പൊയ്കയുടെ സ്ഥാനം
g. നരകത്തിലേക്കൊരു നോട്ടം

5. ശിക്ഷയുടെ കാലാവധി
a. നരകത്തിന്റെ നിത്യതാപ്രശ്നം
b. *ഇയോണ്* (Eon) എന്ന പദം
c. *ഇയോണ്* എന്നതിന്റെ അർത്ഥം നിത്യമായ
d. ശൈലി, "നിത്യമായതിന്റെ നിത്യമായതിലേക്ക്"
e. ഇയോൺ, നിഗമനങ്ങൾ
f. നിത്യശിക്ഷ സ്ഥാപിക്കലിന്റെ വിവരണങ്ങൾ
g. നിത്യമായ എന്നർത്ഥമുള്ള രണ്ടാമത്തെ ഗ്രീക്കുപദം

D. രക്ഷിക്കപ്പെട്ടവരുടെ ഭാവി
1. രണ്ടിനുമിടയ്ക്കുള്ള സ്ഥിതി
a. ക്രിസ്തുവിനോടുകൂടെ
b. വേർപിരിഞ്ഞ ആത്മാക്കൾക്കു ജീവനുണ്ട്, ബോധമുണ്ട്
c. രണ്ടിനുമിടയ്ക്കുള്ള സ്ഥിതിവിശേഷങ്ങൾ
2. സ്വർഗ്ഗം
a. ഇപ്പോഴത്തെ പ്രപഞ്ചത്തിന്റെ നാശം
b. പുതിയ ആകാശം, പുതിയ ഭൂമി
c. സ്വർഗ്ഗീയപട്ടണം, പുതിയ യെരൂശലേം
(1) സഹസ്രാബ്ദനഗരമെന്ന നിലയിൽ പുത്തൻ യെരൂശലേം
(2) പുത്തൻ യെരൂശലേം, നിത്യരാജ്യം.
(3) നിഗമനം
(4) ഉപഗ്രഹവീക്ഷണം
(5) മറ്റു വേദഭാഗങ്ങൾ, സ്വർഗ്ഗീയ പട്ടണം
(6) പുതിയ യെരൂശലേമിനെക്കുറിച്ചുള്ള വിവരണം
(a) വലുപ്പം
(b) ചേർച്ച/യോജിപ്പ്
(c)പുതിയ യെരൂശലേമിന്റെ പ്രത്യക്ഷത
(d) നദി, ജീവവൃക്ഷം
(7) പുതിയ യെരൂശലേമിലെ സ്ഥിതിവിശേഷങ്ങൾ
(a) ശാപമില്ല, കഷ്ടതയില്ല
(b) എല്ലാറ്റിന്റെയും ഉടമസ്ഥത, ആസ്വാദനം
(c) വിവാഹമില്ല
(d) ശുശ്രൂഷ
(e) നേരിട്ടുള്ള ആരാധന
(f) സൂര്യചന്ദ്രാദികളില്ല
(g) നിത്യമായ വാഴ്ച
(8) പുതിയ യെരൂശലേമിലെ നിവാസികൾ
(a) രക്ഷിക്കപ്പെടാത്തവരെ ഒഴിവാക്കിയിരിക്കുന്നു
(b) ദൈവം
(c) ദൂതന്മാർ
(d) എല്ലാ യുഗങ്ങളിലും രക്ഷിക്കപ്പെട്ടവർ
(e) സംഗ്രഹം

എസ്കറ്റോളജി ഭാവികാല സംഭവങ്ങളെപ്പറ്റിയുള്ള ഉപദേശം

I. മുഖവുര:

ദൈവജനം ഭാവിസംഭവങ്ങൾ അറിഞ്ഞിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നുവെന്നതിൽ സംശയമൊന്നുമില്ല. വേദപുസ്തകത്തിലെ നാലിലൊന്നു പുസ്തകങ്ങൾ പ്രാവചനികമാണ്. മുഴുവൻ വേദപുസ്തകവിഷയങ്ങളുടെയും അഞ്ചിലൊന്നിന്റെ ഉള്ളടക്കവും പ്രാവചനികമാണ്.

ഭാവിയെക്കുറിച്ചുള്ള പ്രസ്താവങ്ങൾക്കപ്പുറത്തേക്കു പോകുന്നവർ പ്രവചനപഠനത്തെ അവമതിക്കുന്നു. ചില കാര്യങ്ങൾ ദൈവം മനുഷ്യനു വെളിപ്പെടുത്തിയിട്ടില്ലെന്നതു വ്യക്തമാണ് (ആവ. 29:29; മത്താ. 24:36; മർ. 13:32; അപ്പോ. പ്രവ. 1:7). എന്നിരുന്നാലും, ഭാവിയെക്കുറിച്ചുള്ള കാര്യങ്ങൾ മുഴുവൻ വേദപുസ്തകം പഠിപ്പിക്കുന്നില്ലെങ്കിലും, അതിനെക്കുറിച്ചു വളരെയേറെക്കാര്യങ്ങൾ അതു പഠിപ്പിക്കുന്നുണ്ട്. അതു പറയുന്നതെന്തും പഠിക്കത്തക്ക വിലയുള്ളതാണ്, അവഗണിച്ചുകൂടാത്തതാണ്. ആദിമസഭ, അതിന്റെ ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ അന്ത്യകാലശാസ്ത്രത്തിന്റെ മാന്യത മനസ്സിലാക്കിയിരുന്നു. എങ്കിലും, ഭാവിസംഭവങ്ങളെക്കുറിച്ചുള്ള വേദപുസ്തകത്തിലെ വിശദമായ അറിവ്, അന്ധകാരയുഗങ്ങളിൽ നഷ്ടപ്പെട്ടുപോയിരുന്നു. അന്ത്യകാലശാസ്ത്രത്തിൽ ഗവേഷണം നടത്തേണ്ടി

യിരുന്ന നവീകരണകർത്താക്കൾ രക്ഷാശാസ്ത്രത്തിന്റെ പോരാട്ടക്കളത്തിലായിരുന്നു. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ മാത്രമാണു വേദപഠിതാക്കൾക്ക് അന്ത്യകാലശാസ്ത്രത്തിന്മേൽ ഒരു നവീനമായ ശ്രദ്ധ പതിപ്പിക്കാനായത്.

മുൻകാല അവഗണനയെക്കുറിച്ച് ഒരു കഥയുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിലെ അതിബഹുമാന്യനായ ഒരു ദൈവ ശാസ്ത്രജ്ഞനായിരുന്നു ഡോ. ആർ. ഡി ഡാബ്നി. "തെക്കൻ മേഖലയിലെ ബഹുമാന്യനായ ദൈവശാസ്ത്രജ്ഞനായ ഡോ. ഡാബ്നിയോട്, പ്രവചനത്തിലെ ചില വ്യാഖ്യാനങ്ങൾ ശരിയാണോയെന്ന് ഒരു പൂർവ്വ വിദ്യാർത്ഥി ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി, 'നീ പറഞ്ഞതു ശരിയായിരിക്കാം, ഞാൻ ഈ വിഷയം ഒരിക്കലും നോക്കിയിട്ടില്ല.' [1]

പ്രാവചനികപ്രസ്താവനകളിൽ ബൈബിളിന് അപ്പുറത്തേക്കു പോകുന്നവരുടെ അധികപ്പറ്റ്, ഭാവിസംഭവങ്ങളെ അവഗണിക്കുന്നതിലേക്കോ അവയെക്കുറിച്ചുള്ള അജ്ഞതയിലേക്കോ മടങ്ങിപ്പോകുന്നതിനു സഭയെ സമ്മർദ്ദം ചെലുത്തിക്കൂടാ; പരിശുദ്ധാത്മാവ് "വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരുമെന്ന്" കർത്താവു നമ്മോടു പറഞ്ഞിട്ടുണ്ട് (യോഹ. 16:13). പ്രവചനം വായിക്കുന്നവർക്കും അതു ശ്രവിക്കുന്നവർക്കും പ്രത്യേകമായ അനുഗ്രഹവുമുണ്ട് (വെളി. 1:3). അന്ത്യകാലശാസ്ത്രത്തെപ്പറ്റിയുള്ള അറിവു ബൗദ്ധികമായ പ്രതിഫലം മാത്രമല്ല, മറിച്ച് ആത്മീയമായ സമ്പുഷ്ടിയുമാണു നൽകുന്നത്. വേദപുസ്തകം ഇത് ആവർത്തിച്ചു പഠിപ്പിക്കുന്നുണ്ട്.

ഭാവി ന്യായവിധിയെക്കുറിച്ചുള്ള അറിവ് ഒരു വ്യക്തിയെ ക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷയിലേക്കു നയിച്ചേക്കാം. രണ്ടാം വരവിനെക്കുറിച്ചുള്ള അറിവിനെയും, ഒരു വ്യക്തി തന്റെ ആത്മാവിന്റെ **രക്ഷ** കണ്ടെത്തുന്നതിനെയുംകുറിച്ചുള്ള അറിവു കൂട്ടിയിണക്കുന്നതാണ് താഴെയുള്ള വേദഭാഗം.

> ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും? മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകും (മത്താ. 16:26, 27).

നേരത്തെ തന്നെ വിശ്വാസികളായിരുന്നവർക്ക്, ഭാവിസംഭവങ്ങളുടെ പഠനം അവരുടെ ജീവിതത്തെ ശുദ്ധീകരിക്കുന്നതാണ്. വിശ്വാസികളിലേക്കു കർത്താവു വരുന്നതും, ജീവിതവിശുദ്ധിയും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് താഴെത്തെ വേദഭാഗങ്ങൾ.

> നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവു വരുവാൻ അടുത്തിരിക്കുന്നു (ഫിലി. 4:5).
>
> നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളുടെ അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിക്കുവിൻ. ഈ വക നിമിത്തം ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു (കൊലൊ. 3:4–6).
>
> സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ (1 തെസ്സ. 5:23).
>
> സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട്, ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട്, ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിന് അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു (തീത്തൊ. 2:11–13).
>
> ഇങ്ങനെ ഇവയൊക്കെയും അഴിയാനുള്ളതാകയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനുമുള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നുകൊണ്ട്, നിങ്ങൾ എത്ര വിശുദ്ധജീവിതവും ഭയഭക്തിയും ഉള്ളവർ ആയിരിക്കണം! (2 പത്രൊ. 3:11).
>
> പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു; നാം ഇന്നത് ആകുമെന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താനിരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവനെല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു (1 യോഹ. 3:2–3).

[1] Quoted by Lewis Sperry Chafer, *Systematic Theology* (Dallas Theological Seminary Press, 1948), IV: 256.

ഭാവിയെക്കുറിച്ചുള്ള അറിവ്, വേദപുസ്തകം പറയുന്ന''സുബോധം'' ഉളവാക്കാൻ സഹായിക്കുന്നു. ഭാവിയെ ധ്യാനിക്കുന്ന വിശ്വാസികൾക്കറിയാം , ജീവിതത്തിന് ഒരു ഗൗരവമേറിയ വശമുണ്ടെന്നും അതോടൊപ്പം ഗൗരവമായി അനുധാവനം ചെയ്യേണ്ടുന്ന ഉത്തരവാദിത്വമുണ്ടെന്നും. ശുദ്ധീകരണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഒരു അവബോധത്തോടെ ദൂരെക്കാഴ്ചയുടെ സുബോധവും കവിഞ്ഞുകിടക്കുന്നു. മാത്രമല്ല, **ശുശ്രൂഷ**യുടെ ആവശ്യകതയെകക്കുറിച്ചുള്ള അവബോധവും അതിലുൾപ്പെടുന്നു. അന്ത്യകാലശാസ്ത്രം **വിശ്വാസികളുടെ വേലയുടെ അടിയന്തിരാവശ്യ**ത്തെപ്പറ്റി അവർക്കു ബോധം വരുത്തേണ്ടതാണ് (താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ കൂടാതെ ഇവയുംകൂടി നോക്കുക: മത്താ. 25:14 ; ലൂക്കോ. 12:42; 19:12; 1 തെസ്സ. 5:4–9).

> ''യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ'' (ലൂക്കോ. 12:43).
>
> ''എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു'' (യോഹ. 9:4).
>
> ഇതു ചെയ്യേണ്ടത് ഉറക്കത്തിൽ നിന്ന് ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽത്തന്നെ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. പകൽസമയത്ത് എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല; ശയനമോഹങ്ങളിലും ദുഷ്ക്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല (റോമ. 13:11–13).
>
> അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി. 5:9–10).
>
> ഞാൻ ദൈവത്തെയും ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള യേശുക്രിസ്തുവിനെയും സാക്ഷിവച്ച് അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നത്: വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടുകൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക (2 തിമൊ. 4:1–2).
>
> ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ (1 പത്രൊ. 1:13).
>
> എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ (1 പത്രൊ. 4:7).
>
> നിങ്ങളിലുള്ള മൂപ്പന്മാരേ, ഒരു കൂട്ടുമൂപ്പനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിനു കൂട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കുന്നത്: നിങ്ങളുടെ വിചാരണയിലുള്ള ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം മന:പൂർവ്വമായും ദുരാഗ്രഹത്തോടയല്ല, ഉന്മേഷത്തോടെയും, ഇടവകകളുടെ മേൽകർത്തൃത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിനു മാതൃകകളായിത്തീർന്നുകൊണ്ടും അദ്ധ്യക്ഷത ചെയ്വിൻ. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും (1 പത്രൊ. 5:1–4).

ശുദ്ധീകരണത്തെ ഉത്തേജിപ്പിക്കുന്നതും പ്രവൃത്തിയെടുക്കുവാനുള്ള ലക്ഷ്യബോധം നൽകുന്നതും കൂടാതെ, ഭാവിസംഭവങ്ങളെക്കുറിച്ചുള്ള അറിവ്, വിശ്വാസികൾ ലോകത്തിന്റെ പരിഹാസം നേരിടുന്ന സമയങ്ങളിൽ **കഷ്ടതയിൽ ആശ്വാസവും** നൽകുന്നു. ഈ അറിവു ലഭിച്ച വിശ്വാസിക്ക്, തന്റെ വ്യക്തിപരമായ ഭാവിയെയോ ലോകത്തിന്റെ അകാലനാശത്തെയോ ഭയപ്പെടേണ്ടതില്ല.

> നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്.; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു; ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെയടുക്കൽ ചേർത്തുകൊള്ളും. ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു. തോമസ് അവനോട്: കർത്താവേ, നീ എവിടെപ്പോകുന്നുവെന്നു ഞങ്ങൾ അറിയുന്നില്ല;

പിന്നെ വഴി എങ്ങനെയറിയും എന്നു പറഞ്ഞു. യേശു അവനോട്: ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെയടുക്കൽ എത്തുന്നില്ല" (യോഹ. 14:1–6).

നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു (റോമ. 8:18).

ആകയാൽ കർത്താവു വരുവോളം സമയത്തിനു മുമ്പേ ഒന്നും വിധിക്കരുത്. അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്ന് ഓരോരുത്തന്നു ദൈവത്തിൽ നിന്നു പുകഴ്ചയുണ്ടാകും (1 കൊരി. 4:5).

നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു (1 കൊരി. 4:17).

നന്മ ചെയ്കയിൽ നാം മടുത്തുപോകരുത്; തളർന്നുപോകാഞ്ഞാൽ തക്ക സമയത്തു നാം കൊയ്യും (ഗലാ. 6:9).

സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദു:ഖിക്കാതിരിക്കേണ്ടതിനു നിദ്രകൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരിക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നുവെങ്കിൽ അങ്ങനെതന്നെ ദൈവം നിദ്രകൊണ്ടവരെയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ; (1 തെസ്സ. 4:13–18).

അതുകൊണ്ട് മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്. ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിക്കാൻ സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം. ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കുകയുമില്ല (എബ്രാ. 10:35–37).

എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷത വരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ടു മുന്മഴയും പിന്മഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു (യാക്കോ. 5:7–8).

അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും (1 പത്രൊ. 1:7).

ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകും തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും (1 പത്രൊ. 4:13).

അന്ത്യകാലശാസ്ത്രം ആത്മീയമായി ഉത്തേജിപ്പിക്കുന്നതും ബൗദ്ധികമായി തൃപ്തിപ്പെടുത്തുന്നതും മാനസികമായി സ്ഥിരത നൽകുന്നതുമാകണമെന്നാണു ദൈവം ആഗ്രഹിക്കുന്നത്. അന്ത്യകാലശാസ്ത്രത്തിന്റെ ബൗദ്ധികമായ പഠനത്തിന് ഒരടിസ്ഥാനമിടുന്നതിന്, ചില സാധാരണപദങ്ങൾ ഒന്നു നിർവ്വചിക്കുന്നതു നന്നായിരിക്കും. മാത്രമല്ല, മഹോപദ്രവപൂർവ്വ/സഹസ്രാബ്ദപൂർവ്വ സമയപ്പട്ടികയും, ബൗദ്ധികമായി അതിനെ സംരക്ഷിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നതിനു മുൻപു ഗ്രഹിക്കേണ്ടതുണ്ട്. പ്രാവചനിക സമയരേഖയോടൊപ്പം നാം പഠിക്കേണ്ടുന്ന ചില അന്ത്യകാലശാസ്ത്രപദങ്ങൾ ഇതാ.

ഭാവികാലതത്വശാസ്ത്രം (Eschatology)-രണ്ടു ഗ്രീക്കു പദങ്ങളിൽ നിന്നാണ് (*എസ്കറ്റോസ്*= അവസാനം, *ലോഗോസ്*= വചനം) ഈ വാക്കുണ്ടായത്. അന്ത്യകാര്യങ്ങളെക്കുറിച്ച് (ഭാവി) ഒരു വാക്ക്/പഠനം എന്നർത്ഥം.

ഉദ്പ്രാപണം (Rapture)- "എടുക്കപ്പെടുക" (caught up) എന്ന ശൈലിയുടെ ലത്തീൻ വിവർത്തനമാണിത് (1 തെസ്സ. 4:17). വിശ്വാസികളെയെല്ലാം തന്നോടുകൂടെ മേഘങ്ങളിൽ എടുക്കുന്നതിനു ക്രിസ്തു വരുന്നതിനെ ഇതു പരാമർശിക്കുന്നു.

മഹോപദ്രവം (Tribulation)-മത്തായി 24: 21 -ൽ കർത്താവു മുന്നറിയിച്ച ഒരു മഹാകഷ്ടകാലത്തെക്കുറിക്കുന്ന സാങ്കേതികപദമാണു "മഹോപദ്രവം" (യിരെ. 30:7; ദാനി. 12:1 ഉം കാണുക). ദാനീ. 9:27 സൂചിപ്പിക്കുന്നത്, ആ കാലയളവിന് 7 വർഷത്തെ ദൈർഘ്യമുണ്ടാ

യിരിക്കുമെന്നാണ് (ഇവിടുത്തെ "ആഴ്ച" യുടെ അർത്ഥം ഏഴു വർഷമെന്നാണ്). മഹോപദ്രവത്തിന്റെ അവസാനപകുതിയാണു മഹാകഷ്ടകാലമെന്നു വിളിക്കപ്പെടുന്നത്, അതിനു മൂന്നര വർഷത്തെ ദൈർഘ്യമുണ്ട് (ദാനീ. 7:25; 12:7; വെളി. 12:14; "കാലവും കാലങ്ങളും കാലാംശവും"; വെളി. 11:2; 13:5; "നാല്പത്തിരണ്ടു മാസം"; വെളി. 11:3; 12:6 "1260 ദിവസം").

മഹോപദ്രവപൂർവ്വ ഉദ്പ്രാപണം (Pretribulational Rapture)- വിശ്വാസികൾ മഹോപദ്രവത്തിലൂടെ കടന്നു പോവുകയില്ലെന്നുള്ള വീക്ഷണം. അവർ അതിനു മുമ്പേ എടുക്കപ്പെടും. ഇതാണ് ഏറ്റവും നല്ല വീക്ഷണം.

ഭാഗികോദ്പ്രാപണം (Partial Rapture)-"ആത്മീയരായ" ക്രിസ്ത്യാനികളെ മഹോപദ്രവത്തിനു മുൻപു ക്രിസ്തു നീക്കിക്കളയുമെന്ന വീക്ഷണം. മറ്റുള്ളവരെ മഹോപദ്രവം നേരിടാൻ വേണ്ടി വിട്ടുകളയും.

മഹോപദ്രവമദ്ധ്യത്തിലെ ഉദ്പ്രാപണം (Midtribulation Rapture)-മഹോപദ്രവത്തിന്റെ ആദ്യത്തെ മൂന്നര വർഷം വിശ്വാസികൾ ഭൂമിയിലായിരിക്കും, എന്നാൽ ഏറ്റവും വലിയ പീഡനം തുടങ്ങുന്നതിനു മുൻപ് അവർ എടുക്കപ്പെടുമെന്ന വീക്ഷണം (അതായത്, അവസാനത്തെ 31/2 വർഷം).

മഹോപദ്രവത്തിനുശേഷം (Posttribulation)-ഏഴു വർഷത്തെ മുഴുവൻ മഹോപദ്രവത്തിലൂടെയും വിശ്വാസികൾ പോകണമെന്ന വീക്ഷണമാണിത്. പിന്നെ ക്രിസ്തുവിന്റെ മടങ്ങിവരവ് (ഈ വീക്ഷണത്തിൽ ഉദ്പ്രാപണവും വെളിപ്പെടലും രണ്ടാം വരവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല രണ്ടും ഒരേ സമയം സംഭവിക്കുന്നു).

ക്രിസ്തുവിന്റെ ന്യായാസനം (Judgment Seat of Christ)- ഈ ന്യായവിധി ക്രിസ്ത്യാനികൾക്കു മാത്രമാണ്. ഉദ്പ്രാപണത്തിനുശേഷമാണ് ഇതു സംഭവിക്കുക. ആ സമയത്തു ഭൂമിയിൽ മഹോപദ്രവമായിരിക്കും. പ്രവൃത്തികളുടെ അടിസ്ഥാനത്തിലായിരിക്കും ക്രിസ്ത്യാനികളെ ന്യായംവിധിച്ചു പ്രതിഫലം നൽകുക. രക്ഷ ഇവിടെ വിഷയമല്ല (2 കൊരി. 5:10; റോമ. 14: 10; 1 കൊരി. 3:14-15).

കുഞ്ഞാടിന്റെ കല്യാണം (Marriage of the Lamb)-ക്രിസ്തുവിനുവേണ്ടി വിവാഹനിശ്ചയം ചെയ്ത നിലയിൽ സഭ അവന്റെ മണവാട്ടിയാണ് (2 കൊരി. 11:2). രണ്ടാമത്തെ ആഗമന(വെളിപ്പെടൽ)ത്തിനു മുൻപു സ്വർഗ്ഗത്തിൽ വിവാഹം നടക്കുമെന്നു വെളി. 19-ൽ പറയുന്നു.

വെളിപ്പെടൽ, അല്ലെങ്കിൽ രണ്ടാം ആഗമനം (Revelation/Second Coming)- ഉദ്പ്രാപണത്തെയോ വെളിപ്പെടലിനെയോ ലാഘവമായി സൂചിപ്പിക്കാനല്ല "രണ്ടാം ആഗമനം" എന്ന പദം ഉപയോഗിക്കുന്നതെങ്കിലും, **"രണ്ടാം വരവും" "വെളിപ്പെടലും"** എന്നീ പദങ്ങൾ, **മഹോപദ്രവത്തിന്റെ അന്ത്യത്തിൽ തന്റെ വിശുദ്ധന്മാരോടൊപ്പം ഭൂമിയിലേക്കുള്ള** ക്രിസ്തുവിന്റെ വരവിനെയാണു പരാമർശിക്കുന്നത് (**ഉദ്പ്രാപണ**മെന്നതു **ക്രിസ്തു തന്റെ വിശുദ്ധന്മാർക്കുവേണ്ടി, മഹോപദ്രവത്തിനു മുൻപു മേഘങ്ങളിൽ** വരുന്നതിനെ സൂചിപ്പിക്കുന്നു). ഉദ്പ്രാപണത്തിനും വെളിപ്പെടലിനും മദ്ധ്യേ 7 വർഷങ്ങളുണ്ട്. വെളിപ്പടലിൽ, എതിർക്രിസ്തുവിനെ നശിപ്പിക്കുന്നതിനു ഹർമ്മഗെദ്ദോനിൽ ക്രിസ്തു വരുകയും തന്റെ രാജ്യം സ്ഥാപിക്കുകയും ചെയ്യും (യൂദ 14-15).

ജാതികളുടെ ന്യായവിധി (Judgment of the Nations) - വെളിപ്പെടലിനുശേഷം നടക്കുന്ന ന്യായവിധിയാണിത്. അപ്പോഴാണു കർത്താവു ഭൂമിയിൽ തന്റെ ഭരണം സ്ഥാപിക്കാൻ തുടങ്ങുന്നത്. "ജാതികൾ" (Nations)എന്ന പദം *എത്നാ* (ethna/ ethnic)എന്ന പദത്തിൽ (മത്താ. 25:32) നിന്നാണു വന്നത്. വ്യത്യസ്തമായ ജനവിഭാഗങ്ങളിൽപ്പെട്ടവരുടെ ന്യായവിധിയാണെന്നാണ് ഇത് അർത്ഥമാക്കേണ്ടത്. എല്ലാ അവിശ്വാസികളെയും ന്യായവിധിയിലേക്ക് നീക്കിക്കളയുന്നതിലൂടെയും, മഹോപദ്രവകാലത്തു രക്ഷിക്കപ്പെട്ടവരെ രാജ്യത്തിൽ പ്രവേശിക്കാൻ അനുവദിക്കുന്നതിലൂടെയുമാണ് ക്രിസ്തു തന്റെ രാജ്യം ആരംഭിക്കുന്നത് (25:46, 34).

രാജ്യം അല്ലെങ്കിൽ സഹസ്രാബ്ദം (Kingdom/ Millenium) ക്രിസ്തുവിന്റെ വെളിപ്പെടലിനുശേഷം, എല്ലാ അവിശ്വാസികളെയും നീക്കിക്കളയുകയും യെരൂശലേമിൽ ദാവീദിന്റെ സിംഹാസനത്തിലിരുന്ന് ആയിരം വർഷം ഭരിക്കുകയും ചെയ്യും. ആയിരം എന്നുള്ളതു ലത്തീൻ പദമാണ് *മില്ലെ (mille).* വെളി. 20:1-8-ൽ ഇതു കാണാം.

സഹസ്രാബ്ദപൂർവ്വവാദം (Premillenialism)- ആയിരം വർഷത്തെ കാലയളവിനു മുമ്പു ക്രിസ്തു വരികയും, യെരുശലേമിൽ സന്നിഹിതനായി ഭൂമിയിൽ വാഴുകയും ചെയ്യും. ഇതാണ് ഏറ്റവും നല്ല വീക്ഷണം.

സഹസ്രാബ്ദനിഷേധവാദം (Amillenialism) -യെരൂശലേമിൽ നിന്നുകൊണ്ട് യഹൂദന്മാരെ ഭരിക്കുന്ന ഒരു ഭൗമിക ഭരണം ഉണ്ടായിരിക്കുകയില്ലെന്ന നിലപാടാണിത്. സഹസ്രാബ്ദനിഷേധവാദികൾക്കിടയിലെ ഒരു അടിസ്ഥാന വീക്ഷണമെന്നത്, യഹൂദന്മാർ അവരുടെ രാജാവിനെ തിരസ്ക്കരിച്ചുവെന്നതാണ്. അതുകൊണ്ട് പഴയ നിയമവാഗ്ദത്തങ്ങൾ നിറവേറണമെന്നുള്ള യോഗ്യതയില്ല.

രാജ്യദൈവശാസ്ത്രം, പുനർനിർമ്മാണവാദം, നവ സഹസ്രാബ്ദശേഷവാദം (Dominioin Theology, Reconstructionism, Neo Postmillenialism)- സഭ

മഹോപദ്രവ പൂർവ്വ/ സഹസ്രാബ്ദ പൂർവ്വ സമയപ്പട്ടിക



അപ്പോ. പ്രവൃ. 2

(1) സഭാ വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേല്പ്പ്
(2) പഴയ നിയമ, മഹോപദ്രവ വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേല്പ്
(3) രക്ഷിക്കപ്പെടാത്തവരുടെ ഉയിർത്തെഴുന്നേല്പ്/ രണ്ടാം മരണം

ക്രമേണ ലോകത്തെ ഭരിക്കുമെന്ന പഠിപ്പിക്കൽ നടത്തുന്ന പ്രസ്ഥാനത്തിന്റെ പദപ്രയോഗങ്ങളാണ് ഇവ. ഈ പ്രസ്ഥാനത്തിലുള്ളവർ, ലോകം മികച്ച ആത്മീയനിലവാരത്തിൽ ആയിത്തീരുമെന്നു പ്രതീക്ഷിക്കുന്നവരാണ്. അതേ ലക്ഷ്യത്തോടെ രാഷ്ട്രീയത്തിൽ ഇടപെടുന്നതിലും അവർ വിശ്വസിക്കുന്നു. സഹസ്രാബ്ദശേഷവാദത്തിൽ, രണ്ടാം ആഗമനത്തിനു **മുൻപ്** ആയിരം വർഷത്തെ ക്രിസ്തീയരാജ്യം ഭൂമിയിൽ ഉണ്ടായിരിക്കും.

വെള്ളസിംഹാസന ന്യായവിധി(Great White Throne Judgment) - സഹസ്രാബ്ദത്തിന്റെ ഒടുവിൽ, രക്ഷിക്കപ്പെടാത്തവർ വിചാരണയ്ക്കായി ഉയിർത്തെഴുന്നേല്ക്കുകയും, കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കാത്തതിന് ഔപചാരികമായി ശിക്ഷിക്കപ്പെടുകയും ചെയ്യും (വെളി. 20:11-15).

നിത്യാവസ്ഥ (Eternal State)-ആയിരം വർഷത്തിന്റെ ഒടുവിൽ, ഭൂമിയിലെ രാജ്യവും സ്വർഗ്ഗത്തിലെ രാജ്യവും തമ്മിൽ ലയിക്കും. ഇതു സ്വർഗ്ഗംപോലെതന്നെയാണ്.

അന്ത്യകാലശാസ്ത്രപഠനം സംഘടിപ്പിക്കാൻ അനേക നല്ല വഴികളുണ്ട്. ബൗദ്ധികമായ (കാലാനുക്രമത്തെ എതിർക്കുന്നതുപോലെ) ഒരു പ്രവചനവ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് ഒരാൾക്കു നേട്ടമുണ്ടാക്കാൻ കഴിയും. വ്യക്തമായ സത്യങ്ങളിൽ നിന്നു കൂടുതൽ സങ്കീർണ്ണമായ കാര്യങ്ങളിലേക്കു പോകാനുമാവും. ഒന്നാമതായി, യിസ്രായേലിനു ഭൂമിയിൽ ഒരു രാജ്യം വേദപുസ്തകം വാഗ്ദത്തം ചെയ്യുന്നുവെന്ന് എളുപ്പം തെളിയിക്കാവുന്നതാണ് (ഭാഗം XIII, 'ക്രിസ്തുവിന്റെ ഭൂമിയിലെ രാജ്യം' കാണുക). അടുത്തതായി, ക്രിസ്തുവിന്റെ ഒലിവുമലപ്രഭാഷണത്തിൽ, ഈ രാജ്യത്തിനു മുമ്പായി അവൻ ഭൂമിയിലേക്കു വരുമെന്നും, ആ വരവിനു മുന്നോടിയായി ഒരു പീഡനകാലയളവുണ്ടാകുമെന്നും വ്യക്തമാക്കുന്നു (ഉദാ. മത്താ. 24:21, 27-31). ക്രിസ്തുവിന്റെ രണ്ടാം വരവിനെ സൂചിപ്പിക്കുന്ന വേദഭാഗങ്ങൾ, അതിനു രണ്ടു തലങ്ങളുള്ളതായി വിശദീകരിക്കുന്നു എന്നതാണ് അടുത്ത പടി (ഒന്ന് അവൻ തന്റെ വിശുദ്ധന്മാർക്കായി മേഘങ്ങളിൽവന്ന് അവരെ സ്വർഗ്ഗത്തിലേക്ക് ചേർക്കുന്നതിനും, മറ്റൊന്ന് അവൻ തന്റെ വിശുദ്ധന്മാരുമായി ഭൂമിയിലേക്കു വന്ന് ഇവിടെ ഒരു രാജ്യം സ്ഥാപിക്കാൻ തുടരുകയുമെന്നത്). ഈ രണ്ടു തലങ്ങൾക്കുമിടയിൽ ഒരു കാലവിടവുണ്ട്. ആദ്യത്തെ തലം മഹാപീഡനകാലത്തിനു മുൻപായിരിക്കും. ഒരു അന്ത്യകാലശാസ്ത്രവ്യവസ്ഥയെ കർക്കശമായ ബുദ്ധിയോടെ സമീപിക്കുന്നതിൽ നിന്ന്, മുന്നേറിയ വേദപഠിതാക്കൾക്കു പ്രയോജനം ഏറെ ലഭിച്ചേക്കാം, എന്നാലും, ഇതേ സമീപനം തുടക്കക്കാരെ ആശയക്കുഴപ്പത്തിലാക്കിയേക്കും. വേദപുസ്തക അന്ത്യകാലശാസ്ത്രവുമായി വലിയ പരിചയമില്ലാത്തവർക്കു വേണ്ടി, കൂടുതൽ കാലാനുക്രമമായ സമീപനമാണ് ഈ പഠനം പിൻതുടരുന്നത്.

II. സഭാവ്യവസ്ഥയുടെ പാഠപദ്ധതിക്കായുള്ള തിരുവചനപ്രതീക്ഷകൾ

ധാർമ്മികതയുടെയും ആത്മീയതയുടെയും വ്യക്തമായ അധ:പതനത്തിനൊപ്പം, ഒരു ക്രിസ്തീയ രാഷ്ട്രീയനടപടിക്കായുള്ള ആഹ്വാനത്തിനു വിലയുണ്ട്. "നീതി ജാതിയെ ഉയർത്തുന്നു" (സദൃ. 14:34). എന്നതിനോട് എല്ലാ ക്രിസ്ത്യാനികൾക്കും യോജിക്കാൻ കഴിയും. മൂല്യത്തിനായുള്ള മൂല്യം മാത്രമാണു നല്ലത്. എല്ലാ ക്രിസ്ത്യാനികളും അവരുടെ സാമൂഹ്യ ഉത്തരവാദിത്വങ്ങളെക്കുറിച്ചു ബോധമുള്ളവരുമായിരിക്കണം.

എങ്കിലും, ആധുനിക ക്രൈസ്തവർ രാഷ്ട്രീയ ഇടപെടലിനെ വളരെ അകലെനിന്നുള്ള തത്വചിന്താമണ്ഡലത്തിൽ നിന്നാണ് വീക്ഷിക്കുന്നത്. ചിലർ വിശ്വസിക്കുന്നത്, ലോകത്തെ സുവിശേഷംമൂലം രക്ഷിക്കുന്നതാണു സഭയുടെ പ്രഥമ ദൗത്യമെന്ന്. സാമൂഹ്യവും രാഷ്ട്രീയവുമായ പ്രയത്നങ്ങളെ ഇവർ രണ്ടാംകിട പദ്ധതികളാക്കും. സഭയെ അതിന്റെ പാട്ടിനു വിടുകയെന്നതാണ് ഒരു സർക്കാരിനു ചെയ്യാവുന്ന ഏറ്റവും നല്ല കാര്യമെന്ന് അവർ കരുതുന്നു (ഒ. നോ. 1 തിമൊ. 2:1–2ലെ "സമാധാനം"). സഭയ്ക്ക് അതിന്റെ ദൗത്യനിർവ്വഹണത്തിനുള്ള സ്വാതന്ത്ര്യം കൊടുക്കുക. അടിസ്ഥാന പ്രകൃതിനിയമത്തിന്റെ മുന്നേറ്റത്തിനു സർക്കാർ ദൈവത്തിനു കണക്കു കൊടുക്കണം (റോമ. 2:14 15). എന്നാൽ മോശെയുടെ ന്യായപ്രമാണം മുഴുവൻ സമൂഹത്തിന്റെമേൽ ചുമത്താൻ ക്രിസ്ത്യാനികൾ ആഗ്രഹിക്കരുത്. നിർബന്ധിതമായി ആരാധിക്കുകയും വിശ്വസിക്കുകയും കൊടുക്കുകയും ചെയ്യുന്ന ഒരു ദൈവാധിപത്യരാജ്യം അവർ തീർച്ചയായും ആഗ്രഹിക്കുന്നുമില്ല.

മറ്റു ക്രിസ്ത്യാനികൾ രാഷ്ട്രീയ/സാമൂഹ്യപ്രവർത്തനത്തെ സമീപിക്കുന്നതു വ്യത്യസ്ത പ്രതീക്ഷകളോടെയാണ്. ക്രിസ്ത്യാനികൾക്കു വാസ്തവത്തിൽ സമൂഹത്തിന്റെ സാമൂഹ്യ/ രാഷ്ട്രീയസ്ഥാപനങ്ങളുടെ ആധിപത്യത്തിലൂടെ സമൂഹത്തെ പുനർനിർമ്മിക്കാമെന്നാണ് അവർ വിശ്വസിക്കുന്നത്. ഒടുവിൽ ഒരു ക്രിസ്തീയ സമൂഹമായിരിക്കും ഉണ്ടാവുകയെന്ന് അവർ വിശ്വസിക്കുന്നു (മോശെയുടെ ന്യായപ്രമാണം ഉൾപ്പെടെയുള്ള വേദപുസ്തക നിയമത്താൽ ഭരിക്കപ്പെടുന്ന ഒരു ദൈവാധിപത്യം) ആ സമൂഹം അതിന്റെ രാജാവിന്റെ പുനരാഗമനത്തെ സ്വീകരിക്കാൻ ഒരുങ്ങിയിരിക്കുന്നു. ഈ ചിന്താപീഠം പല പേരുകളിൽ അറിയപ്പെടുന്നു, "ദൈവാധിപത്യ സഹസ്രാബ്ദശേഷവാദം ", "പുനർനിർമ്മാണവാദം"/ "ആധിപത്യദൈവശാസ്ത്രം." കരിസ്മാറ്റിക്കുകൾക്കിടയിലാണ് അതിനു വളർച്ചയുള്ളത്. വ്യക്തിപരമായ അത്ഭുതങ്ങളിലേക്ക് അവരുടെ വിശ്വാസം മാറ്റാനുള്ള പ്രവണതയാണ് അവർക്ക്. സമൂഹത്തിനു മുഴുവൻ അത്ഭുതകരമായ ഒരു മാറ്റമുണ്ടാകുമെന്ന് അവർ പ്രത്യാശിക്കുന്നു. ഇതു യാഥാസ്ഥിതിക നവീകരണ/പ്രസ്ബിറ്റേറിയൻ വൃത്തങ്ങളിലും പ്രബലമാണ്.

യാഥാസ്ഥിതികർക്കെല്ലാം വ്യത്യസ്തതകളെക്കാൾ സാമ്യങ്ങളുള്ളപ്പോൾ, ആധിപത്യദൈവശാസ്ത്രത്തിന്റെ യാഥാർത്ഥ്യമല്ലാത്ത പ്രതീക്ഷകൾ ചർച്ച ചെയ്യുന്നതും, സഭയുടെ പരമപ്രധാനലക്ഷ്യമായ സുവിശേഷീകരണത്തിൽനിന്നു സഭ വ്യതിചലിച്ചുപോകുന്നതിന്റെ അപകടത്തെ ചൂണ്ടിക്കാണിക്കുന്നതും ശരിയായ കാര്യമാണ്. രാജ്യത്തെ അകത്തു കൊണ്ടുവരുന്നതല്ല സഭയുടെ ജോലി. സഭയും ഭരണകൂടവും തമ്മിലുള്ള സഹനീയമായ ബന്ധങ്ങൾ സുവിശേഷത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാൻകഴിയും. നിയമം മൂലവും രാഷ്ട്രീയംമൂലവും സമൂഹത്തെ മാറ്റാമെന്നു കരുതുന്നവർക്കു മോഹഭംഗമുണ്ടാകും. സുവിശേഷത്തിന്റെ പരിപൂർണ്ണമായ വിജയമായി സഭായുഗത്തെ തിരുവചനം ചിത്രീകരിക്കുന്നില്ല. ക്രിസ്തുവിന്റെ രണ്ടാം വരവിനുവേണ്ടി സഭ ആത്മീയതയുടെ ഉച്ചകോടിയിലെത്തിയേ തീരൂ എന്നും സഭ പഠിപ്പിക്കുന്നില്ല.[2] അതിനു വിപരീതമായിട്ടായിരിക്കുമെന്ന് ഈ പഠനത്തിൽ തെളിയും കൂടാതെ, സഭ ദൈവരാജ്യത്തിന്റെ രൂപമായിരിക്കുമ്പോൾ, ഭാവിയിൽ ദൈവം പ്രവർത്തിക്കുന്നത് യിസ്രായേൽ മൂലമായിരിക്കും, വർത്തമാനസഭയിലൂടെയായിരിക്കുകയില്ല. വേദപുസ്തകം വാഗ്ദത്തം ചെയ്യുന്ന സമാധാനം, നീതി, വിശുദ്ധി എന്നിവ കൊണ്ടുവരുന്നത് അങ്ങനെയാണ്.

വർത്തമാനകാലയളവിൽ ലോകം സഭയെ കെടുത്തിക്കളയുകയില്ലയെന്നത് (മത്താ. 16:18) ലോകത്തെ മുഴുവൻ ആത്മീയമായോ, രാഷ്ട്രീയമായോ, സഭ കീഴടക്കുകയില്ലെന്ന സത്യംപോലെതന്നെയാണ് ഇതും. **നന്മതിന്മകളുടെ ഒരു കലർപ്പാ**യിരിക്കും. ക്രിസ്തുവിന്റെ ശ്രദ്ധേയമായ മിക്ക ഉപമകളുടെയും ആകെത്തുകയാണിത്.

> അനന്തരം യേശു പുരുഷാരത്തെ പറഞ്ഞയച്ചിട്ടു വീട്ടിൽ വന്നു, ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്ന്: വയലിലെ കളയുടെ ഉപമ തെളിയിച്ചു തരേണമെയെന്ന് അപേക്ഷിച്ചു. അതിന് അവൻ ഉത്തരം പറഞ്ഞത്: "നല്ല വിത്തു വിതയ്ക്കുന്നവൻ മനുഷ്യപുത്രൻ; വയൽ ലോകം; **നല്ല വിത്തു**

[2] ക്രിസ്തുവിന്റെ മടങ്ങിവരവിനു മുൻപ് സുവിശേഷം ലോകത്തിൽ വ്യാപിക്കുമെന്നു മുന്നറിയിപ്പു നൽകുന്ന വേദഭാഗങ്ങൾ, സഭായുഗത്തോടു യോജിക്കേണ്ടുന്ന ആവശ്യമില്ല. സഭായുഗകാലയളവിൽ സുവിശേഷം ലോകമെമ്പാടും പോകേണ്ടിയപ്പോൾ മഹോപദ്രവകാലയളവിൽ മാത്രമേ ഇതു നിറവേറാൻ സാദ്ധ്യതയുള്ളൂ, സഭാകാലയളവിലല്ല. മത്താ 24:14 പോലുള്ള വാക്യങ്ങൾ മഹാപീഡനകാലയളവിനെ സാങ്കേതികമായി ഉൾപ്പെടുത്തുന്നു. മഹോപദ്രവത്തിൽ സുവിശേഷം ലോകത്തിനു കൊടുക്കുന്നത് രണ്ടുസാക്ഷികൾ മുഖേനയായിരിക്കും (വെളി. 11:3–12), ഒന്ന് പറക്കുന്ന ഒരു ദൂതൻ (വെളി. 14:6) മുദ്രയിടപ്പെട്ട (മരണത്തിൽ നിന്നു സംരക്ഷിക്കപ്പെട്ട, വെളി 7:3–8) 144, 000 സാക്ഷികൾ.

രാജ്യത്തിന്റെ പുത്രന്മാർ; കള ദുഷ്ടന്റെ പുത്രന്മാർ; അതു വിതച്ച ശത്രു പിശാച്; കൊയ്ത്തു ലോകാവസാനം; കൊയ്യുന്നവർ ദൂതന്മാർ; കള കൂട്ടി തീയിലിട്ടു ചുടുംപോലെ ലോകാവസാനത്തിൽ സംഭവിക്കും. മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും; അവന്റെ രാജ്യത്തിൽ നിന്ന് എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയും, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ" (മത്താ. 13:36–43).

"പിന്നെയും സ്വർഗ്ഗരാജ്യം കടലിൽ ഇടുന്നതും എല്ലാവക മീനും പിടിക്കുന്നതുമായൊരു വലയോടു സദൃശം. അവർ അതു വലിച്ചു കരയ്ക്കു കയറ്റി, ഇരുന്നുകൊണ്ട് നല്ലതു പാത്രങ്ങളിൽ കൂട്ടിവച്ചു, ചീത്ത എറിഞ്ഞുകളഞ്ഞു. **അങ്ങനെതന്നെ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽ നിന്നു ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും;** അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്താ. 13:47–50).

കർത്താവിന്റെ ഒന്നാം ആഗമനത്തിനും രണ്ടാം ആഗമനത്തിനുമിടയിൽ അവന്റെ രാജ്യത്തിനു വാസ്തവമായ പുരോഗതിയുണ്ടാകുമെന്ന് ഒരേ പ്രസംഗത്തിൽ കർത്താവു പഠിപ്പിക്കുന്നുണ്ട്. കടുകുമണിയുടെയും പുളിമാവിന്റെയും ഉപമകൾ നോക്കുക (മത്താ. 13:31–33). എന്നിരുന്നാലും, യുഗാവസാനത്തിലും ലോകം നന്മതിന്മകളുടെ ഒരു സങ്കരമായിരിക്കും.

സുവിശേഷത്താൽ വ്യക്തികളെ ലോകത്തിൽ നിന്നു വിടുവിക്കുന്നതിൽ സഭയ്ക്കു ശുഭാപ്തിവിശ്വാസത്തോടെ ആയിരിക്കാനാവും (ഓരോ ആത്മാവും പ്രധാനപ്പെട്ടതാണ്, ലൂക്കോ 15:7, 10 കാണുക). സഭ പരാജയപ്പെടുമെന്നു പേടിക്കരുത് (മത്താ. 16: 18; അപ്പോ. പ്രവ. 1:8) പ്രാദേശികവും താത്ക്കാലികവുമായ ഉണർവ്വിനായി ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും വേണം. അവ സാദ്ധ്യമാണ്. പരിമിതമായ വിജയത്തിന്റെ പ്രതീക്ഷകളുണ്ടെങ്കിലും, സഭായുഗത്തിൽ ലോകം ക്രിസ്തുവിനു സമർപ്പിക്കുമെന്നു വചനം പറയുന്നില്ല. സമൂഹത്തെ രൂപാന്തരപ്പെടുത്താൻ മോശെയുടെ ന്യായപ്രമാണം സമൂഹത്തിന്റെമേൽ ചുമത്തുന്ന നിലയിൽ ദൈവപ്രവൃത്തിയെ ക്രിസ്ത്യാനി വീക്ഷിക്കണമെന്ന പ്രോത്സാഹനവും ബൈബിൾ നല്കുന്നില്ല.

"ഇടുക്കു വാതിലിലൂടെ അകത്തു കടപ്പിൻ; **നാശ**ത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽക്കൂടി കടക്കുന്നവർ **അനേകരും** ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ (മത്താ. 7: 13–14).

അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി, ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി തൃജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക... എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവമുണ്ടാകും. **ദുഷ്ടമനുഷ്യരും, മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടുംകൊണ്ടു മേൽക്കുമേൽ ദോഷത്തിൽ മുതിർന്നുവരും** (2 തിമോ. 3:1–5, 12–13).

III. ഒരു സാധുവായ (valid) ചിന്താഗതിയെന്ന നിലയിൽ ഉദ്പ്രാപണം

''രഹസ്യോദ്പ്രാപണ" മെന്ന ചിന്താഗതിയെ ചിലർ പരിഹസിച്ചുവെന്നതു സത്യമാണെങ്കിലും, ക്രിസ്തുവിന്റെ മടങ്ങിവരവിനു രണ്ടു തലങ്ങൾ/ ഘടകങ്ങളുണ്ടെന്നു തിരുവചനം സൂചിപ്പിക്കുന്നതായി കാണപ്പെടുന്നു. ഒന്നാമത്തെ തലത്തെ ലത്തീൻ വിവർത്തനമനുസരിച്ച് (1 തെസ്സ. 4:17) ''എടുക്കപ്പെടുക"/ ''റാഞ്ചപ്പെടുക" എന്നർത്ഥമുള്ള ഉദ്പ്രാപണമെന്നും വിളിക്കുന്നു. "ഉദ്പ്രാപണ"(rapture-)വും"ബലാത്സംഗ"(rape)വും ഒരേ ഉറവിടത്തിൽനിന്നാണെന്നതു വൈചിത്ര്യമായിത്തോന്നാം. രണ്ടും പിടിച്ചെടുത്തുകൊണ്ടുപോവുകയെന്ന ആശയമാണല്ലോ നൽകുന്നത്.

ഈ വിഷയം ഗ്രഹിക്കുന്നതിനു സഹായകമായ ചില അടിസ്ഥാനവിവരങ്ങൾ നൽകിയശേഷം, ക്രിസ്തുവിന്റെ മടങ്ങിവരവിന്റെ രണ്ടു തലങ്ങൾ ഈ ഭാഗം വികസിപ്പിക്കും. ഒന്നാമത്തേത് ഉദ്പ്രാപണമാണ്. അതു മഹോപദ്രവത്തിനു മുൻപു സംഭവിക്കേണ്ടതാണ്.അതാണു തൊട്ടടുത്ത പ്രാവചനികസംഭവം. ഉദ്പ്രാപണം നടക്കുന്നതിനു മുൻപ് നിറവേറേണ്ടതൊന്നുമില്ല. ചോദ്യോത്തരരീതിയിൽ നമുക്കു പിൻതുടരാം.

A. ഒരു ഭാവി "മഹാപീഡനകാല" മുണ്ടെന്ന് എങ്ങനെ നമുക്കറിയാം?

ഭൂമിയ്ക്കുണ്ടാകുന്ന മഹാകഷ്ടത്തെക്കുറിച്ച് തിരുവെഴുത്തുകൾ മുന്നറിയിപ്പു നൽകുന്നു. "യാക്കോബിന്റെ കഷ്ട

കാല"മെന്ന് യിരെമ്യാവ് (30:7) സൂചിപ്പിക്കുന്നു. അതിൽ നിന്നുള്ള വിടുതലും ഒപ്പം സൂചിപ്പിക്കുന്നുണ്ട്. ഇതു ഭാവികാലത്തോടു ബന്ധപ്പെട്ടാണിരിക്കുന്നത്. കാരണം, വിടുതലിന്റെ ഒരു ഭാഗമെന്ന നിലയിൽ ദൈവം ദാവീദിനെ രാജാവായി "എഴുന്നേല്പിക്കുമെന്ന്" വാക്യം 9 പഠിപ്പിക്കുന്നു. യിരെ. 30:24 പറയുന്നു, "ഭാവികാലത്തു നിങ്ങൾ അതു ഗ്രഹിക്കും". യിസ്രായേലിന്റെ മഹാകഷ്ട കാലത്തെക്കുറിച്ചു ദാനീയേൽ 12 ഉം പറയുന്നു.

> "ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണ നിൽക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേൽക്കും; ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത **കഷ്ടകാലം** ഉണ്ടാകും; അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നെ, രക്ഷ പ്രാപിക്കും" (ദാനീ. 12:1).

പഴയനിയമംപോലെ തന്നെ പുതിയനിയമവും വ്യക്തമാക്കുന്ന ഒരു കാര്യം, അന്ത്യകാലത്തു ഭൂമി അതിന്റേതായ ഭയങ്കരത്വം അനുഭവിക്കുമെന്നാണ്. മഹോപദ്രവകാലയളവിനെക്കുറിച്ചു ക്രിസ്തുവിന്റെ ഉപദേശം തന്നെ നല്ല തെളിവാണ് (മത്താ. 24:15-30; മർക്കോ. 13:1-37; ലൂക്കോ. 21:1-38). ഈ ഭയങ്കരകാലത്തെ ദാനീയേലിന്റെ പുസ്തകത്തിലെ പഠിപ്പിക്കലുമായി കർത്താവു തുലനം ചെയ്യുന്നതു ശ്രദ്ധിക്കുക (ഒ. നോ. മത്താ. 24:15 ഉം; ദാനീ. 9:27, 11:36).

> "എന്നാൽ ദാനീയേൽ പ്രവാചകൻ മുഖാന്തരം അരുളിചെയ്തതുപോലെ, **'ശൂന്യമാക്കുന്ന മ്ലേച്ഛത''** വിശുദ്ധ സ്ഥലത്തു നിൽക്കുന്നതു നിങ്ങൾ കാണുമ്പോൾ- വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ- അന്നു യഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ. വീടിന്മേൽ ഇരിക്കുന്നവൻ വീട്ടിലുള്ളത് എടുക്കേണ്ടതിന് ഇറങ്ങരുത്. വയലിലുള്ളവൻ വസ്ത്രം എടുക്കാൻ മടങ്ങിപ്പോകരുത്. ആ കാലത്തു ഗർഭിണികൾക്കും മുല കുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! എന്നാൽ നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തോ, ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിക്കുവിൻ. ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ **വലിയ കഷ്ടം അന്നുണ്ടാകും.** ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വ്യതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും; അന്ന് ആരാനും നിങ്ങളോട്: ഇതാ, ക്രിസ്തു ഇവിടെ, അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. കള്ള ക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വ്യതന്മാരെയും തെറ്റിക്കാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. ഓർത്തുകൊൾവിൻ, ഞാൻ മുൻകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു" (മത്താ. 24:15-25).

"സമാധാനമെന്നും നിർഭയമെന്നും" ഭൂവാസികൾ പറയുന്ന കാലത്തു പെട്ടെന്നു വന്നു ഭവിക്കുന്ന ഒരു നാശത്തെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് പരാമർശിക്കുന്നുണ്ട് (1 തെസ്സ. 5:1). കൊടിയ വിശ്വാസത്യാഗത്തിലേക്കു സ്ഥിതിഗതികൾ മാറ്റുമെന്നും, അധർമ്മ മൂർത്തി ദൈവമെന്ന നിലയിൽ ആരാധന ആവശ്യപ്പെടുകയും ചെയ്യുമെന്നും പൗലോസ് ഉപദേശിക്കുന്നുണ്ട് (2 തെസ്സ. 2:3-12).

ഒടുവിലായി, വെളിപ്പാട് 4-19 വരെയുള്ള അദ്ധ്യായങ്ങളിലുള്ള സംഭവങ്ങൾ ഇതുവരെ സംഭവിച്ചിട്ടുമില്ല, മുന്നേറുന്നുമില്ലായെന്ന നിഗമനത്തിലേക്കാണ് അതിന്റെ ആക്ഷരിക വ്യാഖ്യാനം എത്തിക്കുന്നത്. ഇവിടെപ്പറയുന്ന ദുരന്തങ്ങൾ ഭാവികാലത്തേക്കുള്ളതും ഒരു കഷ്ടകാലത്തോടു ബന്ധപ്പെട്ടവയുമാണ്.

മഹോപദ്രവകാലത്തെക്കുറിച്ചുള്ള പ്രത്യേക പഠനം തുടർന്നുള്ള ഭാഗങ്ങളിലുണ്ടായിരിക്കും. മഹോപദ്രവകാലമെന്നത് ഒരു വേദപുസ്തക ചിന്താഗതിയാണെന്നു സ്ഥാപിക്കുന്നതാണ് ഉടനടി ചെയ്യേണ്ടത്. ഇങ്ങനെ, ഉദ്പ്രാപണം അതിനു മുൻപാണോ, അതോ അതിനു ശേഷമാണോയെന്നു വാദിക്കാൻ അതിടവരുത്തുന്നു.

B. മഹോപദ്രവം 7 വർഷത്തെ കാലയളവാണെന്ന് അനേക ദൈവശാസ്ത്രജ്ഞന്മാരും കരുതുന്നതെന്തുകൊണ്ടാണ്?

മത്താ. 24:15-ൽ, ദാനീ. 9:27 ൽപറയുന്ന കാലയളവിനോടു ഭാവിപീഡനകാലയളവിനെ യേശു യോജിപ്പിച്ചു പറയുന്നു. ഒരു "ആഴ്ചവട്ട" മെന്നു ദാനീയേൽ പരാമർശിക്കുന്നു. ആ കാലത്തിന്റെ ഉപവിഭാഗമെന്ന നിലയിൽ ആഴ്ചവട്ടത്തിന്റെ മധ്യഭാഗത്തിന് അദ്ദേഹം പ്രാധാന്യവും നൽകുന്നുണ്ട്. വരാൻ പോകുന്ന ഒരു ദുഷ്ടപ്രഭു "ആഴ്ചവട്ട"ത്തിന്റെ മധ്യത്തിൽ യിസ്രായേലുമായുള്ള സമാധാന ഉടമ്പടി ലംഘിക്കും. ദൈവാലയത്തിലെ യാഗങ്ങൾ അവൻ നിർത്തലാക്കുകയും, ദൈവമെന്ന നിലയിലുള്ള ആദരം അവനാഗ്രഹിക്കുകയും ചെയ്യും (ദാനീ. 11:36; 2 തെസ്സ. 2:4).

> "എന്നാൽ ദാനിയേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ **ശൂന്യമാക്കുന്ന മ്ലേച്ഛത** വിശുദ്ധസ്ഥലത്തുനിൽക്കുന്നതു നിങ്ങൾ കാണുമ്പോൾ- വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ- അന്നു യഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ(മത്താ. 24:15-16).
>
> "അവൻ **ഒരു ആഴ്ചവട്ടത്തേക്കു** പലരോടും നിയമത്തെ കഠിനമാക്കും; **ആഴ്ചവട്ടത്തിന്റെ മദ്ധ്യേ**

> അവൻ ഹനനയാഗവും ഭോജനയാഗവും നിർത്ത ലാക്കിക്കളയും; **മ്ലേച്ഛതകളുടെ** ചിറകിന്മേൽ **ശൂന്യ**മാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരി ക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെമേൽ കോപം ചൊരിയും" (ദാനീ. 9:27).

ദാനീയേൽ 9-ൽ "ആഴ്ചവട്ട"മെന്നു വിവർത്തനം ചെയ്തിരിക്കുന്നതിന്റെ അർത്ഥം, ഏഴിന്റെ ഒരു ഗണം/ ചക്രം എന്നാണ്. അത് ഒരു സമയത്തിന്റെ ഏകകമല്ല. നമുക്ക് ഏഴു ദിവസങ്ങളുടെ ആഴ്ചവട്ടമുള്ളതുപോലെ, യഹൂദന്മാർ ഏഴു വർഷ ചക്രവുമായി പരിചിതരായിരു ന്നു. ആറുവർഷം അവരുടെ ഭൂമിയിൽ കൃഷിചെയ്തിട്ട്, ഏഴാം വർഷം അതു തരിശിടുമായിരുന്നു (ലേവ്യ. 25: 3-4). ഏഴാം വർഷത്തെ ശബ്ബത്തു(rest)കാലയളവായ 490 വർഷം എബ്രായർക്കു പാലിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് 70 വർഷത്തെ പ്രവാസം അവർക്കുമേൽ ദൈവം ചുമത്തി. അവർ അവഗണിച്ച ശബ്ബത്തുവർഷ ങ്ങൾ വീണ്ടെടുക്കുന്നതിനു വേണ്ടിയായിരുന്നു അത് (2 ദിന. 36:21). ദാനീ. 9:27-ലെ സാഹചര്യം, പ്രത്യേകി ച്ചും വാ. 2, ഈ 70 വർഷത്തെ ശിക്ഷ കണക്കിലെടുക്കുകയും 7 ആഴ്ചവട്ടമെന്നത് ഏഴു ദിവസങ്ങളല്ല, ഏഴു വർഷമാ ണെന്ന ചിന്തയിലേക്കു നയിക്കുകയും ചെയ്യുന്നു. "ആഴ്ചവട്ടങ്ങൾ" ഏഴു വർഷമായി വ്യാഖ്യാനിക്കു മ്പോൾ, മശിഹായുടെ ഒന്നാം വരവിന്റെ കൃത്യമായ സമയം മറനീക്കുകയാണ്.[3] ദാനിയേലിന്റെ ആഴ്ചവട്ടങ്ങൾ ഏഴു വർഷമാണെന്ന വ്യാഖ്യാനത്തെ ഇത് ഉറപ്പിക്കുന്നു.

ദാനിയേൽ 9:27 ലെ "ഒരു ആഴ്ചവട്ടക്കാലം" മത്താ 24: 15 ലെ കഷ്ട(tribulation)ത്തോടു ബന്ധപ്പെടുത്തി ക്രിസ്തു പറയുന്നു. അത് ഏഴു ദിവസമല്ല, ഏഴു വർഷമാണ്.

മറ്റു സമയസൂചനകൾ മഹോപദ്രവത്തെ മൂന്നര വർഷ മായി വ്യക്തമാക്കുന്നു. "കാലവും കാലങ്ങളും കാലാം ശവും" എന്ന ശൈലിയുടെ അർത്ഥം "ഒരു വർഷം + രണ്ടു വർഷം+ അര വർഷം" എന്നാണ്. ദാനീ. 7:25; 12: 7; വെളി. 12:14 എന്നിവിടങ്ങളിൽ ഇതു കാണപ്പെടുന്നു. ഇതു മഹോപദ്രവത്തിന്റെ രണ്ടാം പകുതിയാണ്. വിശു ദ്ധനഗരത്തെ 42 മാസം ചവിട്ടിക്കളയുമെന്നും, 42 മാസം മൃഗം ദൈവദൂഷണം പറയുമെന്നും വെളിപ്പാടിൽ വായി ക്കുന്നു (വെളി. 11:2; 13:5 കാണുക). മൂന്നര വർഷത്തിനു തുല്യമാണ് 42 മാസം. ദാനീ. 9:27 ലെ ആഴ്ചവട്ടത്തിന്റെ മദ്ധ്യം മുതൽ അവസാനം വരെ അതു കാണിക്കുന്നു. ഇങ്ങനെ മുഴുവൻ "ആഴ്ചവട്ടം" ഏഴു വർഷമായിരിക്കും. വെളി. 11:3 ലെ രണ്ടു സാക്ഷികൾ 1260 ദിവസം പ്രവചിക്കും (ഇതു 30 ദിവസങ്ങൾ വീതമുള്ള 42 മാസ ങ്ങൾ 3 $^{1}/_{2}$ വർഷമായിരിക്കും). വെളി. 12:6 ലെ സ്ത്രീ (യിസ്രായേൽ) 1, 260 ദിവസം കൊടിയ പീഡനമനുഭവി ക്കും. അവസാനകാലയളവു ദാനീ. 9: 27 ലെ ആഴ്ചവട്ട ത്തിന്റെ അവസാനപകുതിയോടു യോജിക്കുന്നു. [4]

മഹോപദ്രവത്തിന്റെ മദ്ധ്യം മുതൽ അവസാനം വരെ 3 $^{1}/_{2}$ വർഷമാണെന്ന് (കാലം, കാലങ്ങൾ, കാലാംശം / 42 മാസം/ 1, 260 ദിവസം) എല്ലാ തെളിവുകളും ചൂണ്ടിക്കാ ട്ടുന്നു. മുഴുവൻ കാലയളവ് ഏഴു വർഷമായിരിക്കും.

ഒരു മഹോപദ്രവകാലയളവ് ഉണ്ടായിരിക്കും. അതിന് ഏഴു വർഷത്തെ ദൈർഘ്യമുണ്ടാകും. രണ്ടാം ആഗമ നത്തിനും സഹസ്രാബ്ദരാജ്യത്തിനും മുൻപായി രിക്കും അത്.

C. സഹസ്രാബ്ദരാജ്യം സ്ഥാപിക്കാൻ ക്രിസ്തു മടങ്ങി വരുന്നതിനു മുൻപ് ഈ മഹോപദ്രവമുണ്ടാകുമെന്നു നാം പറയുന്നത് എന്തുകൊണ്ട്?

ശത്രുക്കളെ മുടിച്ച് ഒരു രാജ്യം സ്ഥാപിക്കുന്നതിനുള്ള രാജാവിന്റെ മടങ്ങിവരവോടെ മഹോപദ്രവകാലയളവ് അവസാനിക്കുമെന്ന് സുവിശേഷങ്ങളും വെളിപ്പാടും പറ യുന്നു. മത്താ. 4:15-25 മഹോപദ്രവത്തെക്കുറിച്ചു പഠിപ്പി ക്കുന്നു. മനുഷ്യപുത്രന്റെ മടങ്ങിവരവിൽ അത് അവസാ നിക്കുമെന്ന് വാ. 29-31 ഊന്നിപ്പറയുന്നുണ്ട്. അതേ അവ സരത്തിൽ കർത്താവു പഠിപ്പിച്ചത്, അവൻ മടങ്ങിവരു മ്പോൾ ജാതികളെ (nations) ന്യായം വിധിക്കുകയും തന്റെ ആടുകൾക്കു മാത്രം പ്രവേശനമുള്ള രാജ്യം സ്ഥാപിക്കുകയും ചെയ്യുമെന്നാണ് (മത്താ. 25:31 ff).

മഹോപദ്രവം മുൻപേ നടക്കുകയും ക്രിസ്തുവിന്റെ രണ്ടാം ആഗമനത്തിൽ അത് അവസാനിക്കുകയും ചെയ്യു മെന്നു വെളിപ്പാടു പുസ്തകം (വെളി. 19:11 ff). പഠിപ്പി ക്കുന്നു. കർത്താവിന്റെ മടങ്ങിവരവിനെത്തുടർന്ന് അവന്റെ വൈരികൾക്കു സമ്പൂർണ്ണനാശമുണ്ടാകുകയും, ആയിരംവർഷത്തെ ദൈർഘ്യമുള്ള ഒരു വാഴ്ചയുണ്ടാ കുകയുംചെയ്യും (വെളി. 19:19-20: 6; *1000 വർഷം* 6 തവണ വെളി. 20:2-7 ൽ കാണപ്പെടുന്നു).

സഹസ്രാബ്ദപൂർവ്വവാദത്തിന്റെ കൂടുതലായ അനുകൂ ലവാദം വരുന്നുവെങ്കിലും, താഴെപ്പറയുന്ന പ്രവചന രേഖാഭാഗം വളരെയധികം വചനാനുസൃതമാണ്. താഴെ യുള്ള ചാർട്ടിൽ ഉദ്പ്രാപണം ഉൾപ്പെടുത്തിയിട്ടില്ല. ഉദ്പ്രാ

---

[3] ദാനീയേലിന്റെ എഴുപത് ആഴ്ചവട്ടത്തെപ്പറ്റിയും മശിഹായുടെ വരവിന്റെ പ്രവചനത്തെപ്പറ്റിയുമുള്ള മികച്ച പഠനത്തിനായി, കാണുക Harold W. Hoehner, *Chronological Aspects of the Life of Christ*(Grand Rapids, Zondervan Publishing Co., 1977), pp. 115-39.

[4] ദാനിയേൽ 12:11-12-ൽ 1,290 ദിവസങ്ങളെപ്പറ്റിയും 1,335 ദിവസങ്ങളെപ്പറ്റിയും പരാമർശിക്കുന്നു. ഇതിന്റെയർത്ഥം മഹാപീഡനകാലഘട്ടം 1,260-ാം ദിവസം അവസാനിക്കുക യും, 30 ദിസവങ്ങൾ കഴിഞ്ഞതിനുശേഷം ലോകന്യായവിധി യും ശുദ്ധീകരണവും നടക്കുകയും ചെയ്യുമെന്നാണ്. പിന്നീട് 45 ദിസവങ്ങൾക്കുശേഷം സഹസ്രാബ്ദവാഴ്ച ആരംഭിക്കു കയും ചെയ്യും.

പണത്തിന്റെ സമയത്തിനുള്ള തെളിവു പിന്നീടു പുസ്തകത്തിൽ നൽകിയിട്ടുണ്ട്.

പ്രാവചനിക സമയരേഖ

സഭ	7 വർഷത്തെ പീഡനം	രണ്ടാം വരവ് 1000 ആണ്ട് രാജ്യം

കർത്താവിന്റെ മടങ്ങിവരവിനു രണ്ടു മുഖങ്ങളുണ്ടോയെന്നും, ഇവയിൽ ഒന്നാമത്തേതു മഹോപദ്രവത്തിനു മുൻപാണോ സംഭവിക്കുന്നതെന്നും ഇപ്പോൾ നാം പഠിക്കേണ്ടിയിരിക്കുന്നു.

D. ഉദ്പ്രാപണത്തിനും ക്രിസ്തുവിന്റെ വെളിപ്പെടലിനും മദ്ധ്യേ ഒരു വ്യത്യസ്തത എന്തിനാണ്? ക്രിസ്തുവിന്റെ രണ്ടാം വരവിനു രണ്ടു തലങ്ങളുള്ളതായി തിരുവെഴുത്തു ചൂണ്ടിക്കാട്ടുന്നുവെന്നു വേദപുസ്തകം സൂക്ഷ്മമായി പഠിക്കുന്നവർ ശ്രദ്ധിക്കും. ചില വ്യത്യസ്തതകളില്ലെങ്കിൽ, കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള ചില വിവരങ്ങൾ പൊരുത്തപ്പെടുന്നില്ലെന്നു കാണാം. സാങ്കേതികാർത്ഥത്തിൽ ഉപയോഗിക്കുമ്പോൾ, കർത്താവിന്റെ മടങ്ങിവരവിന്റെ ഒരു തലത്തെ "ഉദ്പ്രാപണ"മായും" മറ്റൊരു തലത്തെ "വെളിപ്പെടലായും" പരാമർശിക്കുന്നതായി കാണാം. താഴെയുള്ള അനുപാതങ്ങൾ കർത്താവിന്റെ മടങ്ങിവരവിനു രണ്ടു തലങ്ങളുണ്ടെന്നുള്ളതിന്റെ ജ്ഞാനം കാണിക്കേണ്ടതാണ്. ഓരോ അഞ്ച് ഉദാഹരണങ്ങളിലും പ്രസ്താവന "a" യും "b" യും തമ്മിൽ വൈരുദ്ധ്യമുണ്ട്.

1. വൈരുദ്ധ്യം ഒന്ന്

a. കർത്താവു തന്റെ വിശുദ്ധന്മാരെ മേഘങ്ങളിൽ/ സ്വർഗ്ഗത്തിൽ ചേർക്കാൻ മടങ്ങിവരും. ക്രിസ്തുവിന്റെ മടങ്ങിവരവിനുശേഷം **വിശുദ്ധന്മാർ ഭൂമിയിൽ അവശേഷിക്കുകയില്ല.**

> "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ **എന്റെയടുക്കൽ ചേർത്തുകൊള്ളും**" (യോഹ. 14:2-3).

> "പിന്നെ ജീവനോടെ ശേഷിക്കുന്ന നാം **അവനോടൊരുമിച്ച്** ആകാശത്തിൽ കർത്താവിനെ എതിരേൽക്കാൻ **മേഘങ്ങളിൽ എടുക്കപ്പെടും;** ഇങ്ങനെ നാം **എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും"** (1 തെസ്സ. 4:7).

b. കർത്താവു മടങ്ങിവരുമ്പോൾ അവനും അവന്റെ **വിശുദ്ധന്മാരും രാജ്യം ആസ്വദിക്കാൻ ഭൂമിയിൽ അവശേഷിക്കും.**

> "മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും... രാജാവും തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും: 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന **രാജ്യം അവകാശമാക്കിക്കൊള്ളുവിൻ"** (മത്താ. 25:31, 34).

ഈ രണ്ടു ഭാവിസത്യങ്ങളും, കർത്താവിന്റെ മടങ്ങിവരവിന്റെ വ്യത്യസ്തതലങ്ങൾ സംബന്ധിച്ചുള്ളതാണെന്നു വ്യക്തമാണ്- പ്രത്യേകിച്ചും സഹസ്രാബ്ദപൂർവ്വവാദികൾക്ക്. ഒരു തലത്തിൽ അവൻ വന്നു വിശ്വാസികളെ അവരോടൊപ്പം കൊണ്ടുപോകും. മറ്റൊരു തലത്തിൽ അവൻ വന്നു വിശ്വാസികളുമായി ഭൂമിയിൽ നിലകൊള്ളും. ആകാശംവരെ എടുക്കപ്പെട്ട വിശ്വാസികൾ സ്വർഗ്ഗീയഭവനങ്ങളെ ഒന്ന് എത്തിനോക്കിയിട്ട്, പെട്ടെന്നു ഭൂമിയിലെ രാജ്യത്തിനായി മടങ്ങിവരുന്നു എന്ന "ചാഞ്ചാട്ട" വീക്ഷണം നാം അംഗീകരിച്ചാൽ, ഈ രണ്ടു വിവരണങ്ങളും നമ്മൾ യോജിപ്പിക്കേണ്ടിവരും. എങ്കിലും ഇവ രണ്ടും രണ്ടു വ്യത്യസ്ത സംഭവങ്ങളായി പരാമർശിക്കുന്നതാണു നല്ലത്. രണ്ടും സത്യമാണ്. ഒരു പ്രാവശ്യം ക്രിസ്തു മടങ്ങിവന്നു തന്റെ അനുയായികളെ **ഭൂമിയിൽ നിന്ന് എടുക്കും.** മറ്റൊരു തവണ അവൻ മടങ്ങിവന്ന് അവന്റെ **രാജ്യത്തിനായി ഭൂമിയിൽ ആക്കിവയ്ക്കും.** ഉദ്പ്രാപണത്തിൽ വിശ്വാസികൾ ഭൂമി ഉപേക്ഷിക്കുകയും വെളിപ്പെടലിൽ അവർ ഭൂമിയിൽ താമസിക്കുകയും ചെയ്യും.

2. വൈരുദ്ധ്യം രണ്ട്

a. **കർത്താവിന്റെ മടങ്ങിവരവ് ഏതുസമയത്തും സംഭവിക്കാം.** സഭ പ്രതീക്ഷിക്കേണ്ടുന്ന അടുത്ത സംഭവം അതാണ്.

> ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരുമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത **കാത്തിരിക്കുന്നു** (1 കൊരി. 1:7).

> കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ടവൻ! നമ്മുടെ കർത്താവു വരുന്നു! (1 കൊരി. 16:22).

നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരുമെന്നു നാം **കാത്തിരിക്കുന്നു** (ഫിലി. 3:20).

നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവു വരുവാൻ **അടുത്തിരിക്കുന്നു** (ഫിലി. 4:5).

അവൻ (ദൈവം) മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിച്ച **തന്റെ പുത്രനും** വരുവാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽ നിന്നു വരുന്നതു കാത്തിരിക്കാനും.. (1 തെസ്സ. 1:10).

നാം **ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും** മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കായിട്ടും **കാത്തു കൊണ്ട്** (തീത്തോ. 2:12).

നിങ്ങളും ദീർഘക്ഷമയോടിരിക്കുവിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത **സമീപിച്ചിരിക്കുന്നു** (യാക്കോ. 5:8).

ഇനി നീതിയുടെ കീരിടം എനിക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല; അവന്റെ **പ്രത്യക്ഷതയിൽ പ്രിയം വച്ച** ഏവർക്കും കൂടെ (2 തിമൊ. 4:8).

"ഇതാ ഞാൻ **വേഗം** വരുന്നു; ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ എന്നു പറഞ്ഞു.. ഇതു സാക്ഷീകരിക്കുന്നവൻ: അതേ, ഞാൻ **വേഗം** വരുന്നു എന്ന് അരുളിച്ചെയ്യുന്നു;" ആമേൻ, കർത്താവായ യേശുവേ, വരേണമേ (വെളി. 22:7, 20) .

b. ലോകത്തോടു സുവിശേഷം പ്രഘോഷിക്കുന്നതുൾപ്പെടെ **നിരവധി അടയാളങ്ങളും അത്ഭുതങ്ങളും നിറവേറുന്നതുവരെ കർത്താവിന്റെ മടങ്ങിവരവു നിറവേറുകയില്ല.**

അവൻ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ച് അവന്റെ അടുക്കൽ വന്നു; അത് എപ്പോൾ സംഭവിക്കുമെന്നും നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും പറഞ്ഞുതരേണം എന്നും അപേക്ഷിച്ചു. അതിന് യേശു ഉത്തരം പറഞ്ഞത്: ആരും നിങ്ങളെ തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞ് അനേകർ എന്റെ പേരെടുത്തുവന്ന് പലരെയും തെറ്റിക്കും. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും! ചഞ്ചലപ്പെടാതിരിക്കാൻ സൂക്ഷിച്ചു കൊൾവിൻ; അതു സംഭവിക്കേണ്ടതു തന്നെ; എന്നാൽ അത് അവസാനമല്ല. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും, ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇത് ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രെ. അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കുകയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകലജാതികളും നിങ്ങളെ പകെക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കുകയും അന്യോന്യം പകയ്ക്കുകയും ചെയ്യും. കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും. രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനംവരും... അങ്ങനെ **നിങ്ങൾ ഇത് ഒക്കെയും കാണുമ്പോൾ** അവൻ അടുക്കൽ വാതിൽക്കൽത്തന്നെ ആയിരിക്കുന്നു എന്നറിഞ്ഞുകൊള്ളുവിൻ" (മത്താ. 24:3-14, 23).

"സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷണങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിന് എന്തു ഭവിക്കാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ട് മനുഷ്യർ നിർജ്ജീവന്മാർ ആകും. അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും മഹാതേജസ്സോടും കൂടെ മേഘത്തിൽ വരുന്നത് അവർ കാണും. **ഇതു സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തുവരുന്നതുകൊണ്ടു** നിവർന്നു തല പൊക്കുവിൻ" (ലൂക്കോ. 21:25-28).

കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള ഈ വിവരങ്ങൾ എങ്ങനെയാണു നാം പൊരുത്തപ്പെടുത്തുക? ഒരു നിലയിൽ ഇത് ഉടനടി സംഭവിക്കേണ്ടതാണ്. "ഭാഗ്യകരമായ പ്രത്യാശ" യായ ക്രിസ്തുവിനെത്തന്നെ സഭ നോക്കിയിരിക്കണം- ഏതു സമയത്തും അവൻ മടങ്ങിവരാനുള്ള സാദ്ധ്യതയുണ്ട്. നേരത്തെ സംഭവിച്ചു കഴിഞ്ഞ യുദ്ധങ്ങളെക്കാൾ/ ക്ഷാമങ്ങളെക്കാൾ അധികമായ ഒന്നിനുവേണ്ടിയും സഭ കാത്തിരിക്കേണ്ടതില്ല. ഇപ്പോൾ സുവിശേഷം എത്തിയതിനേക്കാൾ അധികമായി സുവിശേഷം എത്തുന്നതുവരെ സഭ കാത്തിരിക്കേണ്ടതില്ല. എങ്കിലും, മറ്റൊരു നിലയിൽ ലോകത്തിൽ സുവിശേഷം വ്യാപിക്കുന്നതുവരെയും നിരവധി അട

യാളങ്ങൾ സംഭവിക്കുന്നതുവരെയും കർത്താവിന്റെ മടങ്ങിവരവു സംഭവിക്കുകയില്ല.

ഒന്നുകിൽ ആശയക്കുഴപ്പമുള്ള വൈരുദ്ധ്യത്തിൽ നാം തിരുവെഴുത്തുകളെ ഉപേക്ഷിക്കുക. അല്ലെങ്കിൽ, ക്രിസ്തുവിന്റെ പുനരാഗമനത്തിനു രണ്ടു തലങ്ങളുണ്ടെന്ന നിഗമനത്തിലെത്തുക. അവന്റെ മടങ്ങിവരവിന്റെ ഒന്നാമത്തെ തലം ആസന്നമാണ്. ഒരടയാളത്തിന്റെയും നിറവേറൽ ഇല്ലാതെ തന്നെ ഏതു നിമിഷവും അതു സംഭവിക്കാം. അവന്റെ മടങ്ങിവരവിന്റെ മറ്റൊരു തലം അങ്ങനെ ഏതു നിമിഷവും സംഭവിച്ചേക്കാൻ കഴിയില്ല; കാരണം, ഒരുപാട് അടയാളങ്ങൾ നിറവേറേണ്ടതുണ്ട്. ലോകവ്യാപകമായ സുവിശേഷപ്രഘോഷണം അതിലുൾപ്പെടുന്നുണ്ട്. ഒരു സംഭവത്തിലേക്ക് ഈ വിരുദ്ധമായ കാര്യങ്ങളെല്ലാം യോജിപ്പിക്കുന്നതു മൗഢ്യമാണ്. ലോകമെങ്ങും സുവിശേഷമെത്തുംവരെ ക്രിസ്തുവിനു മടങ്ങിവരാൻ കഴിയില്ലെങ്കിൽ, അവന്റെ മടങ്ങിവരവിനായി ആദിമസഭ നോക്കിയിരുന്നതു വിഡ്ഢിത്തമായിരുന്നു. ലോകം മുഴുവനും സുവിശേഷം വ്യാപിക്കുന്നതിനായി, കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി നാം കാത്തിരിക്കുന്നതു വിഡ്ഢിത്തമായിരിക്കും. ആ മടങ്ങിവരവിനു വാസ്തവത്തിൽ രണ്ടു തലങ്ങളില്ലെങ്കിൽ ഇതു സത്യമാണ്. ആദിമസഭ ഉദ്പ്രാപണം പ്രതീക്ഷിച്ചിരുന്നു. ഉദ്പ്രാപണത്തിനുശേഷം അടയാളങ്ങളും അത്ഭുതങ്ങളും ലോകവ്യാപകമായ സുവിശേഷപ്രഘോഷണവും ഉണ്ടാകും (144, 000 പേർ പ്രസംഗിക്കും, വെളി. 7:14; രണ്ടു സാക്ഷികൾ പ്രസംഗിക്കും. വെളി. 11:3; ആകാശത്തിൽ പറക്കുന്ന ഒരു ദൂതൻ പ്രസംഗിക്കും വെളി. 14:6). ഈ അടയാളങ്ങൾക്കു ശേഷം, കർത്താവിന്റെ മടങ്ങിവരവിന്റെ രണ്ടാമത്തെ തലമായ വെളിപ്പെടൽ ഉണ്ടാകും. കർത്താവിന്റെ മടങ്ങിവരവിന്റെ അടയാളങ്ങൾക്കായി മുന്നോട്ടു നോക്കാൻ മഹോപദ്രവകാലവിശുദ്ധന്മാരോടു കല്പിക്കുന്നു. കർത്താവിനെത്തന്നെ നോക്കാനാണു സഭയോട് ആജ്ഞാപിക്കുന്നത്. കർത്താവിന്റെ മടങ്ങിവരവിനു രണ്ടു തലങ്ങളുണ്ട്.

3. വൈരുദ്ധ്യം/ മൂന്ന്

a. കർത്താവു **മദ്ധ്യാകാശത്തിൽ മേഘങ്ങളിലേക്ക്** മടങ്ങിവരും

> പിന്നെ ശേഷിക്കുന്നവരായ നാം അവനോടൊരുമിച്ച് **ആകാശത്തിൽ കർത്താവിനെ എതിരേൽക്കാൻ** മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും (1 തെസ്സ. 4:17).

b. കർത്താവു **ഭൂമിയിലേക്കു മടങ്ങിവരുന്നു**

> അന്നാളിൽ **അവന്റെ കാൽ യെരൂശലേമിനെതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും;** ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും; ഏറ്റവും വലിയൊരു താഴ്വര ഉളവായ്വരും; മലയുടെ ഒരുപാതി വടക്കോട്ടും മറ്റേ പാതി തെക്കോട്ടും വാങ്ങിപ്പോകും (സെഖ. 14:4).

ഈ ഭാഗത്തിലെ ആദ്യപരാമർശം വിശുദ്ധന്മാരുടെ സ്ഥാനം (ഇടം) സംബന്ധിച്ചുള്ളതാണ്. ക്രിസ്തു മടങ്ങിവരുമെന്നും വിശുദ്ധന്മാർ ഭൂമി വിടുമെന്നും ചില വേദഭാഗങ്ങൾ പറയുന്നു. അവൻ മടങ്ങിവരുമെന്നും, വിശുദ്ധന്മാർ ഭൂമിയിൽ തുടരുമെന്നും മറ്റുള്ള വേദഭാഗങ്ങൾ പറയുന്നു. മൂന്നാമത്തെ പരാമർശം കർത്താവിന്റെ ഇടം സംബന്ധിച്ചതാണ്. ക്രിസ്തു ഭൂമിയിലേക്കു മടങ്ങിവരുമെന്നു ചിലയിടങ്ങളിൽ ദൈവവചനം ഊന്നിപ്പറയുന്നത് എന്തുകൊണ്ടാണ്? യെരൂശലേമിനടുത്തുള്ള ഒലിവുമലയിൽ അവൻ മടങ്ങിവരണം. എന്നാലും ചിലയിടങ്ങളിൽ മേഘങ്ങളിലാണു മടങ്ങിവരുന്നത്, പക്ഷേ മുഴുവൻ വഴിയും അങ്ങനെയല്ല. അവൻ മദ്ധ്യാകാശത്തിൽ വന്നു വിശ്വാസികളുമായി സന്ധിക്കുന്നത് അവരെ വളരെ വേഗം ഭൂമിയിലക്കു മടക്കിവരുത്തുന്നതിനാണെന്നു ചിലർ പറഞ്ഞേക്കാം (വീണ്ടും സ്വർഗ്ഗീയ ചാഞ്ചാട്ടം Yo-Yo). ഇതു സത്യമല്ലെന്ന് അടുത്ത കുറിപ്പു കാണിക്കും. കർത്താവിന്റെ മടങ്ങിവരവിനും രണ്ടു വ്യത്യസ്ത തലങ്ങളുണ്ടെന്നു വീക്ഷിക്കുന്നതാണു നല്ലത്. ഒരു തലത്തിൽ അവൻ മദ്ധ്യാകാശത്തിൽ മേഘങ്ങളിലേക്കു വരുന്നു. മറ്റൊരുതലത്തിൽ അവൻ പരിപൂർണ്ണമായി ഭൂമിയിലേക്കു വരുന്നു.

4. വൈരുദ്ധ്യം നാല്

a. കർത്താവിന്റെ മടങ്ങിവരവിൽ, കർത്താവിനെപ്പോലെയുള്ള **തേജസ്ക്കരിക്കപ്പെട്ട ശരീരങ്ങൾ** വിശ്വാസികൾക്കു ലഭിക്കും. അവർക്കു **വിവാഹമോ മക്കളോ** ഉണ്ടായിരിക്കുകയില്ല.

> പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകുമെന്ന് ഇതുവരെ പ്രത്യക്ഷമായില്ല. **അവൻ പ്രത്യക്ഷനാകുമ്പോൾ** നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് **അവനോടു സദൃശന്മാർ ആകു**മെന്നു നാം അറിയുന്നു (1 യോഹ. 3:2).
>
> ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം; നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ **നാം എല്ലാവരും രൂപാന്തരപ്പെടും.** കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും **നാം രൂപാന്തരപ്പെടുകയും ചെയ്യും** (1 കൊരി. 15:51–52).
>
> എങ്കിലും ആ ലോകത്തിനും **മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തിനും യോഗ്യരായവർ**

വിവാഹം കഴിക്കുകയുമില്ല വിവാഹത്തിനു കൊടുക്കുകയുമില്ല; അവർക്ക് ഇനി മരിക്കാനും കഴിയുകയില്ല; അവർ പുനരുത്ഥാനപുത്രന്മാരാകയാൽ ദൈവതുല്യരും ദൈവപുത്രന്മാരും ആകുന്നു(ലൂക്കോ. 20:35, 36; മത്താ. 20:30; മർക്കോ. 12: 25 ഉം കാണുക).

മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ വിശ്വാസികൾക്ക്, ക്രിസ്തുവിന്റെ മടങ്ങിവരവിൽ തേജസ്ക്കരിക്കപ്പെട്ട ശരീരം ലഭിക്കുമെന്ന് ഈ വേദഭാഗങ്ങൾ തെളിയിക്കുന്നു. മടങ്ങിവരവിനുശേഷം സഭയിലുള്ളവർ വിവാഹം കഴിക്കുകയോ മക്കളെ ജനിപ്പിക്കുകയോ ചെയ്യില്ല.

b. കർത്താവിന്റെ മടങ്ങിവരവിൽ അവനൊരു രാജ്യം സ്ഥാപിക്കും. മഹോപദ്രവകാലത്തിന്റെ നാശത്തിനു ശേഷം **വിശുദ്ധന്മാർ ഭൂമിയിൽ വീണ്ടും പെരുകും.**

"കുറെ ദിവസം മാത്രം ജീവിക്കുന്ന കുട്ടിയും ആയുസ്സു തികയാത്ത വൃദ്ധനും അവിടെ ഇനി ഉണ്ടാകയില്ല; ബാലൻ നൂറു വയസ്സു പ്രായമുള്ളവനായി മരിക്കും; പാപിയോ നൂറു വയസ്സുള്ളവനായാലും ശപിക്കപ്പെട്ടവൻ എന്നെ വരൂ. അവർ വീടുകളെ പണിതു പാർക്കും; അവർ മുന്തിരിത്തോട്ടങ്ങളെ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കും. അവർ പണിയുക, മറ്റൊരുത്തൻ പാർക്കുക എന്നു വരികയില്ല; അവർ നടുക, വേറൊരുത്തൻ തിന്നുക എന്നും വരികയില്ല; എന്റെ ജനത്തിന്റെ ആയുസ്സു വൃക്ഷത്തിന്റെ ആയുസ്സുപോലെ ആകും; എന്റെ വൃതന്മാർ തന്നെ തങ്ങളുടെ അദ്ധ്വാനഫലം അനുഭവിക്കും. അവർ വൃഥാ അദ്ധ്വാനിക്കുകയില്ല; ആപത്തിനായിട്ടു പ്രസവിക്കുകയുമില്ല; **അവർ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവരുടെ സന്തതിയല്ലോ; അവരുടെ സന്താനം** അവരോടുകൂടെ ഇരിക്കും; അവർ വിളിക്കുന്നതിനു മുമ്പെ ഞാൻ ഉത്തരമരുളും; അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഞാൻ കേൾക്കും. ചെന്നായും കുഞ്ഞാടും ഒരുമിച്ചു മേയും; സിംഹം കാളയെന്ന പോലെ വൈക്കോൽ തിന്നും; സർപ്പത്തിനു പൊടി ആഹാരമായിരിക്കും; എന്റെ വിശുദ്ധപർവ്വതത്തിലെങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്യുകയില്ലയെന്നു യഹോവയുടെ അരുളപ്പാട്" (യെശ. 65: 20–25; ആവ. 30:9 ഉം കൂടെ നോക്കുക).

കർത്താവിന്റെ മടങ്ങിവരവിന്റെ വിശദാംശങ്ങളെല്ലാം കൂട്ടിയോജിപ്പിക്കുന്നതു പ്രയാസമാണെന്ന് ഈ നിരീക്ഷണങ്ങൾ ഉദാഹരിക്കുന്നുണ്ട്. ഉദ്പ്രാപണവും വെളിപ്പെടലും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നു വാദിക്കുന്നവർക്ക്, ഒരേ ജനം എടുക്കപ്പെടുകയും തേജസ്ക്കരിക്കപ്പെടുകയും ചെയ്തിട്ട് എങ്ങനെയാണു വേഗത്തിൽ ഭൂമിയിലേക്ക് മടങ്ങിവന്ന് അതിൽ വീണ്ടും പെറ്റുപെരുകുന്നതെന്നു വിശദീകരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകും.

കർത്താവിന്റെ മടങ്ങിവരവിന്റെ രണ്ടു തലങ്ങൾ തമ്മിൽ വേർതിരിക്കുന്ന ഒരു ഇടവേളയോടുകൂടിയ വ്യത്യസ്തതയുണ്ടെന്നു വീക്ഷിക്കുന്നതാണു നല്ലത്. ഒന്നാമത്തെ തലത്തിൽ എല്ലാ വിശ്വാസികൾക്കും തേജസ്ക്കരിക്കപ്പെട്ട അവസ്ഥയുണ്ടാകും. പിന്നെ രണ്ടാമത്തെ തലം സംഭവിക്കുന്നതിനു മുൻപു കൂടുതലാളുകൾ ക്രിസ്തുവിൽ വിശ്വസിക്കുന്നു. കർത്താവിന്റെ മടങ്ങിവരവിന്റെ അന്തിമതലത്തിനുശേഷവും സന്താനോല്പാദനശേഷിയുളളവർ ഇവരാണ്.

5. വൈരുദ്ധ്യം അഞ്ച്

a. **തന്റെ വിശുദ്ധന്മാരെ എതിരേൽക്കാൻ** കർത്താവു മടങ്ങിവരും.

നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്.; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു; ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിനു **പിന്നെയും വന്നു നിങ്ങളെ എന്റെയടുക്കൽ ചേർത്തുകൊള്ളും.** ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു. തോമസ് അവനോട്: കർത്താവേ, നീ എവിടെപ്പോകുന്നുവെന്നു ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെയറിയും എന്നു പറഞ്ഞു. യേശു അവനോട്: ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെയടുക്കൽ എത്തുന്നില്ല" (യോഹ. 14:1–6).

സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദു:ഖിക്കാതിരിക്കേണ്ടതിനു നിദ്രകൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരിക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നുവെങ്കിൽ അങ്ങനെതന്നെ ദൈവം നിദ്രകൊണ്ടവരെയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന

നാം അവനോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോട് കൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ(1 തെസ്സ. 4:13-18).

b. കർത്താവു തന്റെ **വിശുദ്ധരുമായി മടങ്ങിവരും**

ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ **സകല വിശുദ്ധന്മാരുമായി** വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ (1 തെസ്സ. 3:13).

1 തെസ്സ. 3 ലെയും യൂദ. 14 ലെയും "വിശുദ്ധന്മാരെ" ദൂതന്മാരായി ചിലർ വ്യാഖ്യാനിക്കും. എന്നാൽ ഈ പദം **വിശ്വാസികളെ** സൂചിപ്പിക്കാനാണു പൗലോസ് ഉപയോഗിക്കുന്നത്, ദൂതന്മാരെയല്ല (ഉദാ. 1 കൊരി. 1:2 ഉം മറ്റു പലസ്ഥലങ്ങളിലും). വിശുദ്ധന്മാരുമായുള്ള മടങ്ങിവരവു പരാമർശിക്കുന്നതു പുനരുത്ഥാനശരീരം നേടാനായി ക്രിസ്തുവിനോടൊപ്പം വരുന്ന വേർപിരിഞ്ഞുപോയ ക്രിസ്ത്യാനികളുടെ ആത്മാക്കളെയാണ്, വിശുദ്ധന്മാരുടെ അത്തരം മടങ്ങിവരവ്, 1 തെസ്സ 4 ഭാഗങ്ങളിൽ പഠിപ്പിച്ചിട്ടുമുണ്ട് (വാ. 14 "അങ്ങനെ തന്നെ നിദ്ര കൊണ്ടവരെല്ലാം യേശു മുഖാന്തരം അവനോടുകൂടെ വരുത്തും.") എന്നാലും 1 തെസ്സ. 3: 13ലെ ''സകല വിശുദ്ധന്മാരുമായി" എന്നതിന് അനുകൂലമായല്ല "സകല" എന്ന പദം നിൽക്കുന്നത്. ഉദ്പ്രാപണത്തിങ്കൽ വരുന്ന വേർപിരിഞ്ഞ ക്രിസ്ത്യാനികളുടെ ആത്മാക്കളെ മാത്രമാണ് അതു സൂചിപ്പിക്കുന്നത്. കാരണം, അവ **സകല** വിശുദ്ധന്മാരെയുമല്ല, ചുരുക്കം പേരെയാണു ബന്ധിപ്പിക്കുന്നത്. കർത്താവിന്റെ മടങ്ങിവരവിന്റെ ഒരു തലം **തന്റെ വിശുദ്ധന്മാർക്കായും,** മറ്റൊരുതലം **"തന്റെ സകല വിശുദ്ധന്മാരുമായിട്ടാ**ണെന്ന നിഗമനത്തിൽ എത്തുന്നതാണു നല്ലത്.

കർത്താവിന്റെ വിശുദ്ധന്മാർക്കായുള്ള അവന്റെ വരവും അവന്റെ സകല വിശുദ്ധന്മാരുമായുള്ള വരവും തമ്മിലുള്ള വൈരുദ്ധ്യം, ഉദ്പ്രാപണവും വെളിപ്പെടലവും തമ്മിലുള്ള വ്യത്യാസം മറ്റു മാർഗ്ഗങ്ങളിൽ തെളിയിക്കാൻ കഴിഞ്ഞാൽ പരിഗണിക്കാനാവും. കർത്താവിന്റെ മടങ്ങിവരവിനു രണ്ടു തലങ്ങളുണ്ടെന്നു മറ്റു വേദഭാഗങ്ങളാൽ ബോദ്ധ്യമായവരെ ''തന്റെ വിശുദ്ധന്മാർക്കായുള്ള വരവും" "തന്റെ വിശുദ്ധന്മാരുമായുള്ള വരവും" തമ്മിലുള്ള വ്യത്യാസം അവരുടെ വീക്ഷണത്തിന്റെ മറ്റൊരു സൂചനയായി ചൂണ്ടിക്കാണിക്കാൻ ന്യായമുണ്ട്. ഒന്നാമത്തെ തലത്തിൽ ക്രിസ്തു തന്റെ വിശുദ്ധന്മാർക്കായി വരുന്നു. അടുത്ത തലത്തിൽ അവൻ തന്റെ **സകല** വിശുദ്ധന്മാരു(Church)മായി വരുന്നു. ഉദ്പ്രാപണം/ വെളിപ്പെടലിനു മറ്റു ശക്തമായ തെളിവുണ്ട്. ഈ വ്യാഖ്യാനം അതിനു കൂടുതൽ വിശ്വാസ്യത നൽകുന്നു.

കർത്താവിന്റെ രണ്ടു വ്യത്യസ്ത തലങ്ങൾ ഉൾപ്പെടുന്നുവെന്നു ചിന്തിക്കുന്നതു- **ഉദ്പ്രാപണം വെളിപ്പെടലിൽ** നിന്നു വ്യത്യസ്തമായ നിലയിൽ വേദവിദ്യാർത്ഥികൾക്കു തെറ്റുപറ്റാൻ കഴിയില്ല. കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള സവിശേഷമായ വിവരങ്ങളെല്ലാം കൂട്ടിക്കുഴച്ച് ഒറ്റ സംഭവമാക്കുന്നതു ധാർമ്മികമായി അസാദ്ധ്യമാണ്. കർത്താവിന്റെ മടങ്ങിവരവിനു രണ്ടു മുഖങ്ങളില്ലെങ്കിൽ, അവൻ എങ്ങനെയാണു വിശുദ്ധന്മാരെ ചേർക്കാൻ മടങ്ങിവരുന്നതെന്നും വിശുദ്ധന്മാരുമായി എങ്ങനെയാണ് അവൻ ഭൂമിയിൽ തുടരുന്നതെന്നു കാണാൻ ബുദ്ധിമുട്ടാണ്. സംഭവങ്ങൾ കൂടാതെ കർത്താവിന്റെ വരവ് ഏതു സമയത്തും സംഭവിക്കാമെന്നിട്ടും, പല സംഭവങ്ങൾ നടക്കുന്നതുവരെ അതു നടക്കാതിരിക്കുന്നതും (ലോകവ്യാപകമായ സുവിശേഷപ്രഘോഷണം ഉൾപ്പെടെ) രണ്ടു തലങ്ങളില്ലെങ്കിൽ അസാദ്ധ്യമാണ്. വിശ്വാസികൾക്കു തേജസ്ക്കരിക്കപ്പെട്ട ശരീരം നൽകാൻ ക്രിസ്തുമടങ്ങിവരുമെന്നും, എന്നാൽ മഹോപദ്രവത്തിലെ മഹാസംഹാരശേഷം അവർ തന്നെ ഭൂമിയിൽ വീണ്ടും പെറ്റുപെരുകുമെന്നും ചിന്തിക്കുന്നത് അസാദ്ധ്യമാണ്. അവന്റെ വ്യത്യസ്തമായ രണ്ടു മടങ്ങിവരവുകൾക്കിടയിൽ ഒരിടവേളയുണ്ടായിരിക്കണം. ഒടുവിലായി, കർത്താവു തന്റെ വിശുദ്ധന്മാരെ എതിരേൽക്കാൻ മേഘങ്ങളിൽ വരുന്നതും, അവന്റെ വിശുദ്ധന്മാരുമായി ഭൂമിയിലേക്കു വരുന്നതും തമ്മിൽ ഒരു വ്യത്യസ്തത സ്ഥാപിക്കുന്നത് ഏറ്റവും നല്ലതാണ്.

കർത്താവിന്റെ മടങ്ങിവരവിന്റെ രണ്ടു തലങ്ങളായ ഉദ്പ്രാപണത്തിനും വെളിപ്പെടലിനുമിടയിലുള്ള വ്യത്യസ്തത വിശ്വാസ്യമാണ്. കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള പ്രത്യേക പഠിപ്പിക്കലുകൾ അതിനെ വേദപഠിതാക്കൾക്കുമേൽ ശക്തമായ പ്രേരണ ചെലുത്തുന്നു.

ഇവിടെ ഏഴു വർഷത്തെ മഹാപീഡനകാലയളവിനുശേഷം, കർത്താവു തന്റെ രാജ്യം സ്ഥാപിക്കാൻ ഭൂമിയിലേക്കു മടങ്ങിവരുമെന്നുള്ളതു സ്ഥാപിക്കപ്പെട്ട വസ്തുതയാണ്. അതുകൊണ്ടു കർത്താവിന്റെ മടങ്ങിവരവു (വെളിപ്പെടൽ) സംബന്ധിയായി ഒരു വാദപ്രതിവാദത്തിനുള്ള സമയമില്ല. അതു മഹോപദ്രവത്തിന്റെ സമാപനത്തിൽ സംഭവിക്കുന്നു. ഉദ്പ്രാപണം എപ്പോഴാണുണ്ടാകുന്നത്? മഹോപദ്രവപൂർവ്വ ഉദ്പ്രാപണത്തിനു വിശ്വസിക്കത്തക്ക ഒരു കാര്യം നൽകാൻ കഴിയും.

IV. മഹോപദ്രവപൂർവ്വ ഉദ്പ്രാപണം

ചെറിയ പിൻതുണകളുടെ ബാഹുല്യത്താൽ ക്ഷീണിപ്പിക്കാവുന്ന ഒരു വാദമാണിത്. ഏറ്റവും മികച്ച വാദങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള തന്ത്രം സ്വീകരിക്കുന്നതിലും, പിന്നെ ആ സ്ഥാനത്തെ, അതിന്റെ മിടുക്കുകൊണ്ടു നിൽക്കുകയോ, വീഴുകയോ ചെയ്യാനനുവദിക്കുന്നതിലുമാണ് ബുദ്ധി. മഹോപദ്രവപൂർവ്വ ഉദ്പ്രാപണത്തിന് അൻപതോ അതിലധികമോ കാരണങ്ങൾ ചില പുസ്തകങ്ങൾ നൽകും. അൻപതു **നല്ല** കാരണങ്ങളല്ല. എന്നിരുന്നാലും, മറ്റു "രണ്ടാം കിട" തെളിവുകൾക്ക് (അത്തരം തരം തിരിക്കലുകൾ വിഷയമായി അംഗീകരിച്ചിട്ടുണ്ട്) തൂക്കം കൂട്ടുന്ന ഏകദേശം ആറു സൂചനകളുണ്ട്.

A. മഹോപദ്രവപൂർവ്വ വാദത്തിന്റെ പ്രാഥമിക പിൻതുണ

1. ഉദ്പ്രാപണം ആസന്നമാണ്

ഇടയിൽ സംഭവിക്കുന്ന യാതൊരു കാര്യത്തിനും കാത്തു നിൽക്കേണ്ടാത്ത ആസന്നമായ ഒരു സംഭവമായാണ് ഉദ്പ്രാപണത്തെ വേദപുസ്തകം കാഴ്ചവയ്ക്കുന്നത്. അതുകൊണ്ട് ഇടയ്ക്കു സംഭവിക്കേണ്ടുന്ന യാതൊരു കാര്യവും ഉദ്പ്രാപണത്തിനു മുൻപിൽ ദൈവശാസ്ത്രജ്ഞന്മാർ വച്ചുകൂടാ. ഉദ്പ്രാപണം ഏതു സമയത്തും സംഭവിക്കാമെന്നിരിക്കെ, പ്രവചന സമയപ്പട്ടികയിലെ ഒന്നാമത്തെ സംഭവമായിരിക്കണം അത്.

കർത്താവിന്റെ മടങ്ങിവരവിനായി ജാഗരൂകരായിരിക്കാൻ വേദപുസ്തകം ക്രിസ്ത്യാനികളോട് ആജ്ഞാപിക്കുന്നു. തീരെക്കുറഞ്ഞത് ഏഴു വർഷം മുൻപ് ഉദ്പ്രാപണം നടന്നില്ലെങ്കിൽ ഇതെങ്ങനെയാണ് യഥാർത്ഥമായ ഒരാജ്ഞയാകുന്നത്? തീർച്ചയായും ഏഴു വർഷം കാത്തിരിപ്പിനെ കെടുത്തിക്കളയുന്നതാണ്. ഉപരിയായി, ഉദ്പ്രാപണം മഹോപദ്രവശേഷമാണെങ്കിൽ, സഭയിലെ ഭൂരിഭാഗം പേരും അതിനു മുൻപു കശാപ്പു ചെയ്യപ്പെടും. കർത്താവിന്റെ മടങ്ങിവരവിനുവേണ്ടിയുള്ള കാത്തിരിപ്പിന്റെ ആകാംക്ഷ കുറയ്ക്കാനുള്ള പ്രവണത ഇതിനുമുണ്ട് (കുറിപ്പ് 4 കാണുക). ആസന്നമായ ഒരു ഉദ്പ്രാപണത്തെ ഈ വാക്യങ്ങൾ പിൻതുണയ്ക്കുന്നു.

> ഇതു ചേയ്യണ്ടത് ഉറക്കത്തിൽ നിന്ന് ഉണരുവാൻ **നാഴിക വന്നിരിക്കുന്നു** എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽത്തന്നെ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു; അതുകൊണ്ട് **നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു** വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക (റോമ. 13:11, 12).
>
> ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത **കാത്തിരിക്കുന്നു** (1 കൊരി. 1:7).
>
> കർത്താവിനെ സ്നേഹിക്കാത്ത ഏവനും ശപിക്കപ്പെട്ടവൻ! **നമ്മുടെ കർത്താവു വരുന്നു!** (1 കൊരി. 16:22).
>
> നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്ന കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരുമെന്നു നാം **കാത്തിരിക്കുന്നു** (ഫിലി. 3:20).
>
> നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; **കർത്താവു വരുവാൻ അടുത്തിരിക്കുന്നു** (ഫിലി. 4:5).
>
> അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽനിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽ നിന്നു വരുന്നതു **കാത്തിരിക്കാനും** (1 തെസ്സ. 1:10).
>
> നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും **കാത്തുകൊണ്ട്** (തീത്തൊ. 2:13).
>
> നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; **കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു** (യാക്കോബ് 5:8).
>
> അവൻ പിന്നെയും എന്നോടു പറഞ്ഞത്: **സമയം അടുത്തിരിക്കയാൽ** ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്. ഇതു സാക്ഷീകരിക്കുന്നവൻ: അതേ, ഞാൻ **വേഗം** വരുവന്നുവെന്ന് അരുളിചെയ്യുന്നു; ആമേൻ, കർത്താവായ യേശുവേ, വരേണമേ (വെളി. 22:10, 20).

പൗലോസ് തന്നെ ഉദ്പ്രാപണത്തിൽ പങ്കാളിയാകുമെന്നു പ്രതീക്ഷിച്ചിരുന്നു (1 കൊരി. 15:51; 1 തെസ്സ. 4:17 ലുമുള്ള "നാം" എന്ന ബഹുവചനരൂപം ശ്രദ്ധിക്കുക). അടുത്ത അന്ത്യകാലസംഭവമായി ക്രിസ്തുവിനെത്തന്നെയാണ് പുതിയനിയമസഭ നോക്കിയത്: സകലമഹോപദ്രവ സംഭവങ്ങളെയും (അടയാളങ്ങൾ, അത്ഭുതങ്ങൾ, ന്യായവിധികൾ, യുദ്ധങ്ങൾ) ഉദ്പ്രാപണത്തിനു മുൻപു സ്ഥാപിക്കുന്നതു ഉദ്പ്രാപണം അടുത്തിരിക്കുന്നുവെന്ന ഉപദേശത്തെ തകർക്കുന്നതാണ്. ഇങ്ങനെ, അടുത്ത (ഏറ്റവും ആദ്യത്തെ) പ്രാവചനികസംഭവമായി ഉദ്പ്രാപണത്തെ വീക്ഷിക്കുന്നതാണ് ഏറ്റവും നല്ലത്. ഉദ്പ്രാപണത്തിനു മുൻപ് ഇടയിൽ യാതൊരു സംഭവവുമില്ല.

2. കോലാടുകളിൽ നിന്നു ചെമ്മരിയാടുകളെ വേർതിരിക്കുന്നതു മഹോപദ്രവപൂർവ്വ ഉദ്പ്രാപണവുമായി മാത്രമേ ഗ്രഹിക്കാനാവൂ.

ഉദ്പ്രാപണം മഹോപദ്രവപൂർവ്വവും വെളിപ്പെടലിന്റെ കൂടെ സംഭവിക്കുന്നതുമാണെങ്കിൽ, കർത്താവു

ഭൂമിയിലേക്കു മടങ്ങിവരുന്നതിൽ "ചെമ്മരിയാടുകളെ" "കോലാടുകളിൽ" നിന്നു വേർതിരിക്കേണ്ടുന്നതിന്റെ ആവശ്യമില്ല (മത്തായി 25:31-46). മഹോപദ്രവത്തിന്റെ ഒടുവിൽ ക്രിസ്തു ഭൂമിയിലേക്കു വരുമ്പോൾ സംഭവിക്കുന്നതാണു വിശ്വാസികളുടെ എടുക്കപ്പെടൽ എന്ന വാദത്തിനുവേണ്ടി സങ്കല്പിക്കുക. വിശ്വാസികളെല്ലാം ക്രിസ്തുവിനോടൊപ്പം മേഘങ്ങളിൽ എടുക്കപ്പെട്ടാൽ, അവർ അവിശ്വാസികളിൽ നിന്നു നേരത്തെ വേർപെട്ടു കഴിഞ്ഞു. മത്തായി 25:31-46 ലെ ജാതികളുടെ ന്യായവിധിയുടെ സമയത്താണ് ഈ വേർപാടുണ്ടാകുകയെന്നതു മൗഢ്യമാണ്(ഉദ്പ്രാപണ സമയത്തെ തന്നെ ജാതികളുടെ ന്യായവിധി മേഘങ്ങളിൽ നടക്കുമെന്ന വേറൊരു ഏക മഹോപദ്രവശേഷ വാദമാണിത്, എന്നാൽ ഇത് 1 തെസ്സ. 4:14 നു വിരുദ്ധമാണ്, ഇതു വിശ്വാസികളുടെ ഉദ്പ്രാപണത്തിനു പരിധി വയ്ക്കുന്നുവെന്നു മാത്രമല്ല, വിശ്വാസികളെ അവിശ്വാസികളിൽ നിന്നു വേർതിരിക്കുന്ന യിസ്രായേലിന്റെ ന്യായ വിധി നടക്കുന്നത് ഉറപ്പായും ഭൂമിയിലാണ്, മേഘങ്ങളിലല്ല (യെഹെ. 20:35-38, യോവേൽ 3:2, 14 എന്നിവയിൽ, ജാതികളുടെ ന്യായവിധി ഭൂമിയിലെ ഒരു താഴ്വരയിലാണു നടക്കുന്നതെന്നു കാണാം).

ഉദ്പ്രാപണത്തിനും വെളിപ്പെടലിനുമിടയിൽ ഒരു ഇടവേളയുണ്ടായിരിക്കണമെന്ന ന്യായമാണു കണക്കാക്കുന്നത്. ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള ആഗമനത്തോടുള്ള ബന്ധത്തിലെ മഹോപദ്രവത്തിന്റെ ഒടുക്കമല്ല ഉദ്പ്രാപണം നടക്കുന്നത്.

ഇതേ വാദം തന്നെ വിശ്വാസികളായ യിസ്രായേലിനെ അവിശ്വാസികളായ യിസ്രായേലിൽ നിന്നു വേർ തിരിക്കുന്നതിനും ഉപയോഗിക്കാം (യെഹെ. 20:34-38). ഒരു മഹോപദ്രവശേഷം ഉദ്പ്രാപണത്തിന് അത്തരമൊരു വേർതിരിക്കലിന്റെ ആവശ്യമില്ല, അതുകൊണ്ടു ആ വീക്ഷണം തെറ്റാണ്.

3. ശേഷിക്കുന്ന വിശുദ്ധന്മാർ ഭൂമിയിൽ പെറ്റു പെരുകുന്നതിനെ അനുവദിക്കുന്ന വീക്ഷണം മഹോ പദ്രവപൂർവ്വ വാദം മാത്രമാണ്.

ഉദ്പ്രാപണം മഹോപദ്രവശേഷമാണെങ്കിൽ ശേഷിക്കുന്ന വിശുദ്ധന്മാർ (മഹത്വധാരികളല്ലാത്ത) രാജ്യത്തിന്റെ കാലയളവിൽ ഭൂമിയിൽ വീണ്ടും പെരുകാൻ ഉണ്ടായിരിക്കയില്ല. മഹോപദ്രവത്തിന്റെ ഒടുവിൽ ഉദ്പ്രാപണമെന്നത് ഈ സത്യം ദുഷ്ക്കരമാക്കുന്നു.

4. ഉദ്പ്രാപണം 'ഭാഗ്യകരമായ പ്രത്യാശ'യായിരിക്കും

> "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്.; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു; ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെയടുക്കൽ ചേർത്തുകൊള്ളും" (യോഹ. 14:1-3).
>
> അതിനാൽ ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ (1 തെസ്സ. 4:18).
>
> നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും, മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട് (തീത്തോസ് 2:12).

ഏഴു വർഷത്തെ ഭീകരതയും ചിലപ്പോൾ ഭീകരമായ മരണവുമാണ് ഉദ്പ്രാപണത്തിനുമുമ്പെ വിശ്വാസികൾ നേരിടേണ്ടതെങ്കിൽ, എങ്ങനെയാണ് അത് ആശ്വാസത്തിന്റെയും ഭാഗ്യകരമായ പ്രത്യാശയുടെയും സമയമായിരിക്കുക? ഉദ്പ്രാപണം മഹോപദ്രവശേഷമാണെങ്കിൽ, അടുത്ത തലമുറവരെ കർത്താവിന്റെ മടങ്ങിവരവു താമസിക്കുമെങ്കിൽ, ഇപ്പോഴത്തെ തലമുറ ഇല്ലാതാകുന്നതാണു നല്ലത്. ക്രിസ്തു തങ്ങളുടെ ജീവിതകാലത്തു മടങ്ങിവരികയില്ലായെന്ന പ്രത്യാശയാണു മഹോപദ്രവശേഷ ഉദ്പ്രാപണം വിശ്വാസികൾക്കു നൽകുന്നത്! ഭാഗ്യകരമായ പ്രത്യാശയെ അതു ഭീകരമായ ഒരു ഭീതിയായും, ആശ്വാസചിന്തകളെ ആസന്നമായ ദുരന്തത്തെക്കുറിച്ചുള്ള വിചാരപ്പെടലായും മാറ്റുന്നു. ഉദ്പ്രാപണത്തെ ഭാഗ്യകരമായ പ്രത്യാശയായും ആശ്വാസചിന്തയായുമുള്ള വേദപുസ്തക ചിത്രീകരണം മഹോപദ്രവപൂർവ്വവാദത്തെയാണു പിന്തുണയ്ക്കുന്നത്.

5. സഭയെ മഹോപദ്രവത്തിൽ നിന്നു സൂക്ഷിക്കുമെന്നു വെളിപ്പാട് 3:10 വാഗ്ദത്തം ചെയ്യുന്നു.

> "സഹിഷ്ണതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിനു ഭൂതലത്തിൽ എങ്ങും വരുവാനുള്ള **പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും**" (വെളി. 3:10).

''ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുന്നതു'' സംബന്ധിച്ചുള്ള ഒരു വാഗ്ദത്തമാണിത്. വെളി. 6:10, 13:8, 17:8-ൽ ഈ വാഗ്ദത്തം കാണാം. ഇതു തീർച്ചയായും വരാൻ പോകുന്ന മഹോപദ്രവത്തിലെ വിശ്വാസികളെ സൂചിപ്പിക്കുന്നതാണ്.

വെളി. 3:10 ഫിലെദൽഫിയയിലെ സഭയെ പരാമർശിക്കുന്നതാണെങ്കിലും, അതു ഫിലെദൽഫിയയിലെ സഭയ്ക്കുവേണ്ടി മാത്രമുള്ള വാഗ്ദത്തമല്ല. വെളി. 3:20 ലവോദിക്യയ്ക്കു മാത്രം നിഷ്കർഷിച്ചിട്ടുള്ളതായി

ആരും ചിന്തിക്കുകയില്ല. ഏഴു സഭകൾക്കുള്ള ദൂത് എല്ലാവർക്കും ബാധകമാണ് (2:7; 17, 29, 3:6, 13, 22) വാസ്തവത്തിൽ അതു ഫിലെദൽഫിയ സഭയ്ക്കു മാത്രമുള്ള ദൂതല്ല കാരണം മഹാപീഡനത്തിനു മുമ്പുതന്നെ ഫിലെദൽഫിയ സഭയിലെ വിശ്വാസിക ളെല്ലാം മരിച്ചുപോയല്ലോ?

ഇങ്ങനെ, മഹോപദ്രവത്തിൽ നിന്നു മുഴുവൻ സഭയെയും ഒഴിവാക്കുമെന്ന ഒരു വാഗ്ദാനം വെളി. 3:10 നൽകുന്നു. സഭ മഹോപദ്രവത്തി"ലൂടെ" (through) സൂക്ഷിക്കപ്പെ ടുമെന്നാണ് മഹോപദ്രവശേഷവാദികൾ വെളി. 3:10 നെ വ്യാഖ്യാനിക്കുന്നത്. നോഹ ഇതിനു ദൃഷ്ടാന്തമാണ്. അവനെ പ്രളയത്തിൽ **നിന്ന്** (out of)എടുത്തില്ല, മറിച്ച് പ്രളയത്തി"**ലൂടെ**" സൂക്ഷിച്ചു. (kept through). എന്നാലും കാലത്തി''**ലൂടെ**'' സൂക്ഷിക്കുമെന്നു വെളി. 3:10 പറയുന്നില്ല, മറിച്ച് ''**നിന്ന്**'' (from/out of) സൂക്ഷിക്കുമെന്നാണ് പറയുന്നത്. "ഊടെ" (through) എന്നതിന്റെ ഗ്രീക്കു പദം ek (exit exodus =a) (വ്യത്തത്തിലൂടെയുള്ള അളവ്- ഡയമീറ്റർ). ഗ്രീക്കിൽ വെളിയിൽ എന്നതിന് (പുറത്തേക്ക് പുറത്തേക്കുള്ള ഒരു വഴി). സഭയെ മഹോപദ്രവത്തിൽ **നിന്നു** സൂക്ഷിക്കുമെ ന്നാണു വെളി. 3:10 വാഗ്ദത്തം ചെയ്യുന്നത്. പരീക്ഷാകാലത്തുനിന്ന് സൂക്ഷിക്കുമെന്ന പ്രധാനപ്പെട്ട ഭാഗം ശ്രദ്ധിക്കുക-മഹോപദ്രവകാലത്തുനിന്ന് കഷ്ടതയിലൂടെ സഭ വിടുവിക്കപ്പെടുമെന്ന തരത്തിലുള്ള വാഗ്ദത്തമല്ല. അത്തരം **കഷ്ടകാലത്തു നിന്നു** സൂക്ഷിക്കും. കഷ്ടതയിൽ നിന്നു സംരക്ഷിക്കപ്പെടണ മെങ്കിൽ, സഭ നീക്കം ചെയ്യപ്പെടണം. ഉദ്പ്രാപണത്തിനു ശേഷം വിശ്വസിക്കുന്നവർ മഹോപദ്രവകാലത്തു തീർച്ചയായും കഷ്ടതയനുഭവിക്കും. അങ്ങനെ, നോഹ യുടെ ദൃഷ്ടാന്തം കൃത്യമായിരിക്കും. മഹോപദ്രവകാല വിശുദ്ധന്മാർ മുഴുവനും മഹോപദ്രവകാലത്തു സംരക്ഷിക്കപ്പെടുകയില്ല. മഹോപദ്രവപൂർവ്വവാദത്തിന്റെ എതിരാളികൾ ആഗ്രഹിക്കുന്നതുപോലെ വെളി. 3:10 വ്യാഖ്യാനിക്കാനാവില്ല.

> "ആ കൊമ്പു വിശുദ്ധന്മാരോടു യുദ്ധം ചെയ്ത് അവരെ ജയിക്കുന്നതു ഞാൻ കണ്ടു" (ദാനീ. 7:21).
>
> "അവൻ അത്യുന്നതായവനു വിരോധമായി വമ്പു പറയുകയും അത്യുന്നതനായവന്റെ വിശുദ്ധ ന്മാരെ ഒടുക്കിക്കളയുകയും..." (ദാനി. 7:25).
>
> "അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ: ദൈവ വചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിൻ കീഴിൽ കണ്ടു; വിശുദ്ധനും സത്യവാനും ആയ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെ ക്കുറിച്ചു നീ എത്രത്തോളം ന്യായ വിധിയും പ്രതികാരവും നടത്താതെയിരിക്കും എന്ന് അവർ ഉറക്കെ നിലവിളിച്ചു" (വെളി. 6:9-10).
>
> "അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവാ യിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം ഞങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല. .. മഹാസർപ്പം സ്ത്രീയോടു കോപിച്ചു; ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്വാൻ പുറപ്പെട്ടു" (വെളി. 12:11, 17).
>
> വിശുദ്ധന്മാരോടു യുദ്ധം ചെയ്ത് അവരെ ജയിക്കാനും അതിന് അധികാരം ലഭിച്ചു. സകലഗോത്രത്തിന്മേലും വംശങ്ങളിന്മേലും ഭാഷയിന്മേലും ജാതിയിന്മേലും അതിന് അധി കാരവും ലഭിച്ചു. അടിമയാക്കി കൊണ്ടു പോകുന്നവൻ അടിയായിപ്പോകും; വാൾകൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും; ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണതയും വിശ്വാസവും കൊണ്ട് ആവശ്യം.. മൃഗത്തിന്റെ പ്രതിമ സംസാരി ക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരി ക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയ്ക്ക് ആത്മാവിനെ കൊടു ക്കാൻ അതിനു ബലം ലഭിച്ചു... മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവ നല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്വാൻ വയ്യാതെയും ആക്കുന്നു (വെളി. 13:7, 10, 15, 17).

വെളി. 3: 10 നെ മഹോപദ്രവശേഷവാദികൾ കൈകാര്യം ചെയ്യുന്നതു ബൈബിളിനെ അതിൽത്തന്നെ വൈരുദ്ധ്യ മാക്കുന്നു. മഹോപദ്രവത്തിന്റെ ഭീകരതയിലൂടെ ദൈവജനം സുരക്ഷിതമായി വിടുവിക്കപ്പെടുമെന്നതു സത്യമേയല്ല. മഹോപദ്രവത്തിൽ നിന്നു രക്ഷപ്പെടാനുള്ള ഏകമാർഗ്ഗം, അതിൽ നിന്നു നീക്കം ചെയ്യപ്പെടുന്നതാണ്. വെളി. 3: 10-ൽ സഭയ്ക്കായുള്ള വാഗ്ദത്തമാണത്.

B. മഹോപദ്രവപൂർവ്വവാദത്തിനുള്ള രണ്ടാംകിട പിന്തുണയുടെ വിലയിരുത്തൽ

താഴെപ്പറയുന്ന കാര്യങ്ങൾ മാത്രം മഹോപദ്രവ പൂർവ്വവാദത്തെ ഒരു പക്ഷേ സാധൂകരിക്കുകയില്ല. എങ്കിലും ബലവത്തായ തെളിവിനോടനുബന്ധിച്ച് അത് എടുത്തിരിക്കുകയാണ്. ഈ വാദത്തിന്റെ വീക്ഷണ കോണിനെ ഉറപ്പിക്കാൻ അതിടവരുത്തുന്നു.

1. സഭ ദൈവക്രോധത്തിന് ഒഴിവുള്ളതാണ്.

വിശ്വാസികൾ, നിത്യമായ ദൈവക്രോധത്തിന്/ ശിക്ഷാവിധിക്കു പാത്രമല്ലാതിരിക്കെ, ദൈവം തന്റെ

ക്രോധം ഭൂമിയിൽ ചൊരിയുന്നതിനു മുൻപ് അവരെ നീക്കം ചെയ്യുമെന്നതിൽ മഹോപദ്രവപൂർവ്വവാദികൾ തൃപ്തിയടഞ്ഞിരിക്കുകയാണ്. ഈ വാദത്തിനു ബലഹീനതകളുണ്ടെങ്കിലും, മറ്റ് ഉറപ്പുള്ള അടിസ്ഥാനങ്ങളിൽ മഹോപദ്രവപൂർവ്വവാദം സുരക്ഷിതമാക്കാമെങ്കിൽ ഒരു രണ്ടാംകിട സൂചനയായി അതിനു വിലയുണ്ട്. വിശ്വാസികളെല്ലാം ദൈവക്രോധത്തിൽ നിന്ന് ഒഴിവുള്ളവരായിരിക്കുന്നുവെന്നു താഴെപ്പറയുന്ന വാക്യങ്ങൾ പഠിപ്പിക്കുന്നു.

> "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവനിലേക്കു കടന്നിരിക്കുന്നു" (യോഹ. 5:24).
>
> "അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്രയധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും" (റോമ. 5:19).
>
> "അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല" (റോമർ 8:1).
>
> അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽ നിന്നു വരുന്നതു കാത്തിരിക്കാനും.." (1 തെസ്സ. 1:10).
>
> "ദൈവം നമ്മെ കോപത്തിനല്ല, ... കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിക്കാനത്രെ നിയമിച്ചിരിക്കുന്നത്." (1 തെസ്സ. 5:9).

മഹോപദ്രവകാലം ദൈവക്രോധത്തിന്റെ ഒരു കാലമായിരിക്കുമെന്നു തീർച്ച. മഹാസർപ്പത്തിന്റെ ക്രോധം കൂടാതെ, (വെളി. 12:12), കുഞ്ഞാടിന്റെ ക്രോധത്തിന്റെ സമയം കൂടെയാണത് (വെളി. 6:16). സഭ നിശ്ചയമായും ദൈവക്രോധത്തിൽ നിന്നു സംരക്ഷിക്കപ്പെടും, എന്നാൽ സാത്താന്റെ ക്രോധം സഹിച്ചേ പറ്റൂ എന്നാണു മഹോപദ്രവശേഷവാദികളുടെ എതിർപ്പ്. ചില വിശ്വാസികൾ (പൂർവ്വവീക്ഷണകോണിലെ മഹോപദ്രവകാലവിശുദ്ധന്മാർ, ശേഷവീക്ഷണ കോണിലെ സഭാവിശുദ്ധന്മാർ) മഹോപദ്രവകാലത്തു ഭൂമിയിലുണ്ടായിരിക്കും. ദൈവികന്യായവിധിയുടെ സമയത്ത്, ക്രിസ്തുവിന്റെ രക്തത്തിൻ കീഴിലുള്ളവർക്കു ഭൂമിയിൽ തുടരാൻ കഴിയില്ലായെന്ന തത്വചിന്തയുടെ വേരറുക്കുന്നതാണിത്, ഇങ്ങനെ, ദൈവക്രോധത്തിൽ നിന്നുള്ള ഒഴിവാക്കലിന്റെ ഉപദേശത്തിനു തന്നെത്താൻ മഹോപദ്രവപൂർവ്വ ഉദ്പ്രാപണം സ്ഥാപിക്കാൻ കഴിയില്ല.[5] അതുകൊണ്ടാണ് അതിനെ "രണ്ടാം കിട പിന്തുണ"യിൽ വച്ചിരിക്കുന്നത്.

എന്നിരുന്നാലും, അതിന്റെ ബലഹീനതകൾ അറിഞ്ഞിരിക്കെത്തന്നെ, ദൈവത്തിന്റെ ന്യായവിധിയിൽ നിന്നു വിശ്വാസികൾ ഒഴിഞ്ഞിരിക്കുന്നുവെന്നതു മഹോപദ്രവപൂർവ്വവീക്ഷണത്തോടു നന്നായി യോജിക്കുന്നുണ്ട്. മഹോപദ്രവപൂർവ്വവാദം മറ്റു കൂടുതൽ ഉറപ്പുള്ള തലത്തിന്മേൽ വിശ്വാസ്യമായിരിക്കെ, വിശ്വാസികൾ ദൈവക്രോധത്തിനു പാത്രമാകുകയില്ലായെന്ന വാദം (പിതാവെന്ന നിലയിലുള്ള അവന്റെ ക്രോധത്തിന് എതിരാണ്), കുഞ്ഞാടിന്റെ ക്രോധ സമയത്തു സഭ ഉണ്ടായിരിക്കുകയില്ല എന്ന വീക്ഷണത്തോടു യോജിക്കുന്നു.

1 തെസ്സലോനിക്യർ 5 ഭാഗങ്ങൾ സവിശേഷശ്രദ്ധ അർഹിക്കുന്നു. മുകളിൽ ഉദ്ധരിച്ച വാക്യം 9 പറയുന്നതു വരാൻ പോകുന്ന ക്രോധത്തിൽ നിന്നു വിശ്വാസികൾ വിടുവിക്കപ്പെടുമെന്നാണ്. സന്ദർഭം മഹോപദ്രവമാണ്. 'കള്ളൻ രാത്രിയിലെന്നതുപോലെ' പെട്ടെന്നുള്ള നാശം വന്നു ഭവിക്കും (വാ. 3-4). ഉദ്പ്രാപണത്തിന്റെ ഏറ്റവും സന്ദർഭോചിതമായ വാഗ്ദത്തമാണ് 1 തെസ്സ. 5:4.

> എന്നാൽ സഹോദരന്മാരേ, ആ നാൾ (ആ കാലയളവിനോടു സാമ്യം) കള്ളൻ എന്നപോലെ നിങ്ങളെ പിടിക്കാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല (1 തെസ്സ. 5:4).

അപ്രതീക്ഷിതമായ നാശവും ദോഷവുമാണു കള്ളൻ കൊണ്ടുവരുന്നത്. മഹോപദ്രവം സഭയ്ക്ക് ഒരു ആശ്ചര്യമായിരക്കുകയില്ലായെന്ന വാഗ്ദത്തമാണിതെന്ന് ഒരാൾക്കു പറയാനാവും. എന്നിട്ടും, പൗലോസിന്റെ വായനക്കാരോടുള്ള വാഗ്ദത്തം മഹോപദ്രവകാല നാശമാകുന്ന കള്ളന്റെ കയ്യിൽ നിന്നുള്ള വിടുതലാണ് അതിനു മുമ്പുള്ള ഉദ്പ്രാപണം

2. *സഭ* എന്ന പദം വെളി. 4-18 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്നില്ല.

"സഭ" എന്ന പദം 19 തവണ വെളി. 1-3 വരെയുള്ള

[5] ദൈവക്രോധം തുടങ്ങുമ്പോൾ മഹോപദ്രവത്തിൽ ഒരു സമയം ചൂണ്ടിക്കാണിക്കാൻ ചിലർ ശ്രമിക്കുന്നു. പിന്നെ അവർ ക്രോധത്തിനു മുൻപുള്ള ഒരു ഉദ്പ്രാപണം അവകാശപ്പെടുന്നു. ദൈവക്രോധത്തിന്റെ സമയത്തെക്കാൾ മറ്റ് അടിസ്ഥാനങ്ങളിന്മേലായിരിക്കണം ഉദ്പ്രാപണം നിർണ്ണയിക്കേണ്ടതെന്ന് എഴുത്തുകാരൻ വിശ്വസിക്കുന്നു. തീർച്ചയായും വിശ്വാസികൾക്കു(മഹോപദ്രവകാല വിശുദ്ധന്മാരെന്നു വിളിക്കുന്നവരായാൽപ്പോലും) ദൈവക്രോധത്തിന്റെ സമയത്ത് ഇവിടെ താമസിക്കാൻ കഴിയും. ദൈവക്രോധത്തിന്റെ സമയത്തിന്റെ അടിസ്ഥാനത്തിൽ ഉദ്പ്രാപണത്തിന്റെ സമയത്തിന്റെ വാദങ്ങളെല്ലാം ബലഹീനമാകുന്നു. ബലവത്തായ അടിസ്ഥാനങ്ങളിന്മേൽ ഉദ്പ്രാപണത്തിന്റെ സമയത്തിനായി വാദിക്കുന്നതും പിന്നെ രണ്ടാംകിട കാര്യമായി ദൈവക്രോധത്തിൽ നിന്നുള്ള ഒഴിവാക്കലിനെ തരംതിരിക്കുക.

അദ്ധ്യായങ്ങളിൽ കാണുന്നു. പിന്നെ മഹോപദ്രവത്തെക്കുറിച്ചുള്ള വിവരണഭാഗങ്ങളിൽ നിന്നെല്ലാം അത് അപ്രത്യക്ഷമാകുന്നു. സഭയിലുള്ളവരായിട്ടാണു "വിശുദ്ധന്മാരെ" മഹോപദ്രവശേഷവാദികൾ വ്യാഖ്യാനിക്കുന്നത്. മഹോപദ്രവത്തെക്കുറിച്ചുള്ള കാര്യങ്ങളെപ്പറ്റി അതു പല തവണ വരുന്നുണ്ട് (വെളി. 11:18, 13:7, 10, 16:6 മുതലായവ). എന്നാലും, 1-3 വരെ അദ്ധ്യായങ്ങളിൽ തുടർച്ചയായി കണ്ടുവരുന്ന പദമായ *സഭ* 4-ാം അദ്ധ്യായത്തിൽ അപ്രത്യക്ഷമാകാൻ തുടങ്ങുന്നതു മഹോപദ്രവപൂർവ്വവാദമായി വ്യാഖ്യാനിക്കുന്നതാണ് ഏറ്റവും നല്ലത്. സഭ ശ്രദ്ധിക്കാനുള്ള നിരന്തരമായ അപേക്ഷകൾ ആദ്യ അദ്ധ്യായങ്ങളിൽ നൽകുന്നു. വെളി. 13:9 ശ്രദ്ധേയമായ മാറ്റം കാഴ്ചവയ്ക്കുന്നു. മഹോപദ്രവപൂർവ്വവാദത്തിനു ബലവത്തായ പിൻതുണയുണ്ടായിരിക്കെ, വെളി. 4-18 ലെ സഭയെന്ന പദത്തിന്റെ അഭാവം ഇതിനെ സാധൂകരിക്കാൻ ഉപയോഗിച്ച തായിരിക്കാം.

3. ദാനീയേലിന്റെ ആദ്യ 69 ആഴ്ചവട്ടത്തിൽ സഭ ഉൾപ്പെട്ടിട്ടില്ല... അതിനെ 70-ാം ആഴ്ചവട്ടത്തിൽ ഉൾപ്പെടുത്തിക്കൂടാ.

ദാനി, 9:24-27, 70 ആഴ്ചകളുടെ മുന്നറിയിപ്പു നൽകുന്നു (ഉദാ. വർഷങ്ങളുടെ ആഴ്ചകൾ). മശീഹായുടെ മരണത്തിനു മുൻപാണ് ആദ്യത്തെ 69 ആഴ്ചകൾ സംഭവിക്കുന്നത്. 70-ാം ആഴ്ചവട്ടം മഹോപദ്രവകാലയളവാണ് (മത്താ. 24:15; ദാനീ. 9:27). ക്രൂശീകരണത്തിനു മുൻപുള്ള 69 ആഴ്ചവട്ടത്തിൽ സഭയ്ക്കു യാതൊരു പങ്കുമില്ല. ഇങ്ങനെ, മഹോപദ്രവകാലയളവായ 70-ാം ആഴ്ചവട്ടത്തിന്റെ സഭയ്ക്കു യാതൊരു പങ്കുമുണ്ടായിരിക്കുകയില്ലായെന്നു വ്യക്തമാണ്.

ഈ വസ്തുത പൂർവ്വവാദത്തിന് അനുകൂലമാണ്. എന്നിട്ടും നിശബ്ദമായ വാദങ്ങൾ രണ്ടാംകിടയായി നിൽക്കുന്നു.

4. 24 മൂപ്പന്മാർ സഭയെ പ്രതിനിധീകരിക്കുന്നെങ്കിൽ, മഹോപദ്രവത്തിനു മുൻപു സഭ സ്വർഗ്ഗത്തിലായിരിക്കും.[6]

> സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തിനാലു സിംഹാസനം; വെള്ളയുടുപ്പു ധരിച്ചുംകൊണ്ടു സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാർ; അവരുടെ തലയിൽ പൊൻകിരീടം (വെളി. 4:4).

[6] വെളി. 5:9-10-ൽ ടെക്സ്റ്റിൽ വ്യത്യാസമുള്ളതിനാൽ മൂപ്പന്മാരെക്കുറിച്ചുള്ള പഠനം വേണ്ടത്ര നമ്മെ ഇവിടെ സഹായിക്കുകയില്ല. അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിളിൽ വെളി. 5:10 മൂന്നാമതൊരു വ്യക്തിയായിട്ടാണ് മൂപ്പന്മാരെ പ്രതിപാദിച്ചിരിക്കുന്നത്, ഈ മൂപ്പന്മാർ സഭയോടു ബന്ധപ്പെട്ട വരാകണമെന്നില്ല. ''ഞങ്ങളുടെ ദൈവത്തിന് **അവരെ** രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; **അവർ** ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ട് അവർ പാടുന്നു.''

വെളിപ്പാട് 4:4 ലെ മൂപ്പന്മാർ സഭയുടെ സ്വർഗ്ഗത്തിലെ പ്രതിനിധികളാണെന്നതുപോലെ തോന്നുന്നു. നാലു മുഖങ്ങളും, ആറു ചിറകുകളുമുള്ള ദൂതജീവികളിൽ നിന്നു വ്യത്യസ്തരായി മനുഷ്യരായി ഇവർ കാണപ്പെടുന്നു. സഭാനേതാക്കന്മാരെക്കുറിക്കുന്ന ഒരു പേരാണു മൂപ്പൻ. ഈ 24 മൂപ്പന്മാരെക്കുറിച്ചുള്ള വിവരണങ്ങൾ സഭാവിശുദ്ധന്മാർക്ക് അനുയോജ്യമാണ്. (സിംഹാസന സ്ഥർ വെളി. 3:21; വെള്ളനിലയങ്കി ധരിച്ചവർ വെളി. 3:5; 19:8; കിരീടങ്ങൾ 2 തിമൊ. 4:8).

എന്നാലും ഈ വാക്യത്തിൽ മാത്രം മഹോപദ്രവപൂർവ്വവാദത്തിനു നിലനിൽക്കാനാവില്ല. സഭാവിശുദ്ധന്മാർ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ മരിച്ചു വേർപെട്ട സഭാമൂപ്പന്മാർ സ്വർഗ്ഗത്തിൽ ദൈവസിംഹാസനത്തിനു ചുറ്റുമിരിക്കുന്നതു സാദ്ധ്യമാണോ? ഈ നിമിഷത്തിൽത്തന്നെ സ്വർഗ്ഗത്തിൽ ഇത്രയധികം സഭാമൂപ്പന്മാരില്ലേ? മഹോപദ്രവപൂർവ്വവാദത്തിങ്കൽ നേരത്തെ തന്നെ വിശ്വസിക്കുന്നവർ വെളി. 4-ാം അദ്ധ്യായത്തിൽ വരുമ്പോൾ, അവർ വിശ്വസിക്കുന്നതുമായി അതിനുള്ള യോജിപ്പു കണ്ട് തങ്ങൾ ശരിയായ പാതയിൽത്തന്നെയാണെന്നു മനസ്സിലാകും. മൂപ്പന്മാർ ഈ വാദത്തിന്റെ രണ്ടാംകിട തെളിവായി കണക്കാക്കുന്നതാണു നല്ലത്.

5. മഹോപദ്രവത്തിനു മുൻപ്, തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങിപ്പോകണം.

സഭ നീങ്ങിപ്പോകാതെ പരിശുദ്ധാത്മാവു നീങ്ങിപ്പോകുന്നത് ഉൾക്കൊള്ളാൻ പ്രയാസമാണ്.

> ആരും ഏതു വിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ച്, ദൈവമെന്നോ പൂജാവിഷയമെന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളിയത്രെ.. അവൻ സമയത്തിനു മുമ്പെ വെളിപ്പെടാതിരിക്കേണ്ടതിന് ഇപ്പോൾ **തടയുന്നത്** എന്ത് എന്നു നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്; ഇതുവരെ **തടയുന്നവൻ** വഴിയിൽ നിന്നു നീങ്ങിപ്പോവുക മാത്രം വേണം. അപ്പോൾ **അധർമ്മമൂർത്തി വെളിപ്പെട്ടുവരും;** അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും (2 തെസ്സ. 2:3-4, 6-8).

2 തെസ്സലോനിക്യർ 2 പഠിപ്പിക്കുന്നത് ദൈവം അധർമ്മമൂർത്തി(എതിർക്രിസ്തു)യെ നിശ്ചിത സമയം

വരെ തടയുന്നുവെന്നാണ്. തടുക്കുന്നവൻ ഒരു മാനുഷിക ഭരണകൂടമാണെന്നു ചിലർ പറയുന്നു. എന്നാലും സാത്താന്റെ പരിപാടിയെ പിൻവാങ്ങിപ്പിക്കാൻ ശക്തിയുള്ളതല്ല. മാനുഷിക ഭരണകൂടം മാത്രമല്ല അത് ദുഷ്ടത ഉയരുന്നതിനെ എപ്പോഴും തടയുന്നുമില്ല. അതിനു ദുഷ്ടതയെ **തടുക്കുന്നവൻ** എന്നെ പുല്ലിംഗമാണ്, ഗവൺമെന്റ് ഒരു വ്യക്തിയല്ലല്ലോ.

തടുക്കുന്നവൻ ഒരു വ്യക്തിയാണെന്നു വ്യാഖ്യാനിക്കുന്നതാണു നല്ലത്. സാത്താന്റെ ലോകാധിപത്യത്തെ തടുത്തു നിർത്താൻ ദൈവത്തിനു മാത്രമേ കഴിയൂ. വാ. 6-ലെ നപുംസകപ്രയോഗമായ **അത്** സൂചിപ്പിക്കുന്നതു പൗലോസിന്റെ മനസ്സിലെ പരിശുദ്ധാത്മാവിനെയാണ്. അവനൊരു വ്യക്തിയാണെങ്കിലും ''ആത്മാവു'' വ്യാകരണപരമായി നപുംസകമാണ്. ഒരു നിലയിൽ, മഹോപദ്രവം തുടങ്ങുന്നതിനു മുൻപു പരിശുദ്ധാത്മാവു തന്നെത്താൻ നീക്കപ്പെടും. തികച്ചും നീങ്ങിപ്പോകയല്ല ഇത്, ആത്മാവു സർവ്വവ്യാപിയായതിനാൽ, തിന്മയെ നീക്കുന്നതോടനുബന്ധിച്ചുള്ള അവന്റെ പ്രത്യേക സാന്നിദ്ധ്യത്തിന്റെ അവസാനിപ്പിക്കലുണ്ടായിരിക്കും.

തടുക്കുന്നതിനു സ്വാധീനം ചെലുത്താൻ സഭ ഭൂമിയിലുണ്ടായിരിക്കെ പരിശുദ്ധാത്മാവിനു കഴിയുമെന്നു ചിന്തിക്കുന്നുണ്ടോ? ഇത്തരം സാദ്ധ്യതയെ മഹോപദ്രേവശേഷവാദികൾ ഗ്രഹിക്കണം. മഹോപദ്രവകാല വിശുദ്ധന്മാരുടെയിടയിലെ (ഉദാ. നഷ്ടപ്പെട്ടവർക്കു ബോധം വരുത്തുന്നത്) മറ്റു ശുശ്രൂഷകളിലെ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം എല്ലാവരും അംഗീകരിക്കേണ്ടതിനാൽ മാത്രം അതു നല്ലതാണ്.

തടുക്കുന്നതിനോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം നീങ്ങിപ്പോയാലും ദൈവജനത്തിന്റെയിടയിൽ മറ്റു പ്രവൃത്തികൾ തുടരാൻ അവനു സാദ്ധ്യതയുണ്ട്.

എങ്കിലും, തിന്മയെ തടുക്കുന്ന പ്രാഥമികോപകരണമായി പ്രവർത്തിക്കാൻ ദൈവം സഭയെ ഉപയോഗിക്കുന്നു. അതു "ഭൂമിയുടെ ഉപ്പും" "ലോകത്തിന്റെ വെളിച്ച"വുമാണ്. (മത്താ. 5:13; ഫിലി. 2:15-16). തടുക്കുന്ന പ്രാഥമികോപകരണമായ സഭയെ നീക്കം ചെയ്യാതെ, തടുക്കുന്ന പരിശുദ്ധാത്മാവിനെ നീക്കം ചെയ്യുന്നതു ഗ്രഹിക്കാൻ പ്രയാസമായേക്കാം. സഭയുടെ പ്രാഥമിക പ്രവർത്തനങ്ങളിലൊന്നായ നിർത്തൽ ചെയ്യുന്നത് സഭയുടെ ഭൂമിയിലെ പ്രവർത്തനങ്ങളെല്ലാം നിർത്തുന്നതാണ്. മഹോപദ്രവപൂർവ്വ നിലപാടു ശരിയാണെന്ന്, 2 തെസ്സ. 2-ൽ വരുന്നതിനു മുൻപു കാണുന്നയാൾ, സംഭവങ്ങളുടെ ക്രമം തന്റെ വീക്ഷണത്തിനു യോജിക്കുന്നതാണെന്നു കാണും.

6. താല്ക്കാലിക ന്യായവിധികൾ ലോകത്തെ ബാധിക്കുന്നതിനു മുൻപു വിശ്വാസികളെ നീക്കം ചെയ്യുന്നതിന്റെ ദൃഷ്ടാന്തങ്ങൾ വേദപുസ്തകം നൽകുന്നുണ്ട്.

ഉപദേശങ്ങൾ ദൃഷ്ടാന്തങ്ങളിന്മേൽ മാത്രം പണിയരുത്. എങ്കിലും, മറ്റു പഠിപ്പിക്കലുകൾ മൂലം ഒരു ഉപദേശം മറ്റു പഠിപ്പിക്കലുകളിന്മേൽ സ്ഥാപിക്കണമെങ്കിൽ, ഉദാഹരണങ്ങളോ സാദൃശ്യങ്ങളോ, രണ്ടാംകിട ഉറപ്പുകളായോ ദൃഷ്ടാന്തങ്ങളായോ ഉപയോഗിക്കാം.

നോഹയുടെയും ലോത്തിന്റെയും രാഹാബിന്റെയും ഉദാഹരണങ്ങൾ കാണിക്കുന്നത്, ദൈവം അവിശ്വാസികളോടൊപ്പം വിശ്വാസികളെ ന്യായം വിധിക്കുകയില്ലെന്നാണ്. ഇതു മഹോപദ്രവപൂർവ്വ നിലപാടിനെ പിൻതുണയ്ക്കുന്നു. എന്നാലും ശേഷവാദികൾക്കൊരു ന്യായമുണ്ട്. ദൈവം അവരെ ക്രോധത്തിൽ നിന്നു സംരക്ഷിച്ചതാണ് പക്ഷേ നീക്കം ചെയ്തില്ല. മഹോപദ്രവത്തിൽ ദൈവം വിശ്വാസികളെ സംരക്ഷിച്ചേക്കാം (സാത്താന്റെ ക്രോധത്തിൽ നിന്നു വ്യത്യസ്തമായ നിലയിൽ) പക്ഷേ അവരെ ലോകത്തിൽ നിന്നു നീക്കം ചെയ്യാതെയായിരിക്കും അങ്ങനെ ചെയ്യുക.

7. ക്രിസ്തുവിന്റെ വരവ് ഏഴുവർഷം അകലെയാണെങ്കിൽ അതത്ര ശുദ്ധീകരിക്കുന്ന പ്രത്യാശയല്ല.

1 യോഹ. 3: 3 പറയുന്നതു ക്രിസ്തുവിന്റെ മടങ്ങിവരവിന് ഒരു ശുദ്ധീകരണശേഷിയുണ്ടെന്നാണ്. ഏഴുവർഷത്തെ താമസം ഒരുപക്ഷെ ശുദ്ധീകരണശേഷി പൂർണ്ണമായി ഇല്ലാതാക്കുന്നതല്ലെങ്കിലും അതു കുറയ്ക്കും. ആസന്നമായ ഒരു ഉദ്പ്രാപണം കൂടുതൽ തീക്ഷ്ണമായ ഒരു ശുദ്ധീകരണ ഫലം ഉളവാക്കുന്നു.

C. മഹോപദ്രവപൂർവ്വ ഉദ്പ്രാപണത്തിന്റെ സംഗ്രഹം

മഹോപദ്രവശേഷവാദത്തിൽ വിശ്വസിക്കുന്നവരെ ബോധവത്ക്കരിക്കാൻ പൂർവ്വവാദികൾ ഉപയോഗിക്കുന്ന വാദമുഖങ്ങൾ ബലഹീനമാണെന്നൊരു കുറ്റം പറയാനുണ്ട്. ബലഹീനവശങ്ങൾക്കുവേണ്ടി ധീരമായി വാദിക്കുന്നതിനാൽ അവർക്കു ഗുണമൊന്നുമില്ല. ബലവത്തായ വാദമുഖങ്ങൾ ഉന്നയിക്കുന്നതാണു നല്ലത്, അതിന്റെ മെച്ചങ്ങളിൽ അതു നിൽക്കുകയോ വീഴുകയോ ചെയ്യട്ടെ. ഈ തന്ത്രം പിൻതുടർന്നിട്ട്, മഹോപദ്രവപൂർവ്വവാദമാണു വിശ്വസിക്കാവുന്ന ഉപദേശമെന്നു ഗ്രന്ഥകാരൻ നിഗമനത്തിലെത്തണം. അറിയപ്പെടുന്ന വേദപുസ്തക വസ്തുക്കളോടു യോജിക്കുന്നതാണു പൂർവ്വവാദമെന്നുറപ്പിക്കുന്ന രണ്ടാംകിട പിന്തുണകൾക്ക് അതുറപ്പിക്കാനുള്ള പങ്ക് ഇപ്പോഴുമുണ്ട്.

V. മഹോപദ്രവപൂർവ്വവാദഖണ്ഡനം

ഒരു നല്ല പ്രതിരോധം ഒരു നല്ല കുറ്റത്തിന്റെ ഭാഗമാണ്. അതുകൊണ്ട്, മഹോപദ്രവശേഷവാദികളുടെ വെല്ലു

വിളികളോടുള്ള ഏറ്റുമുട്ടൽ മൂലം മഹോപദ്രവപൂർവ്വ വാദം ബലപ്പെടുന്നു.

A. മഹോപദ്രവശേഷവാദികൾ പലപ്പോഴും ഒരു *Ad Hominum* സമീപനമാണു കൈക്കൊള്ളുന്നത്.

നട്ടെലില്ലാത്ത, ഭീരുത്വത്തിന്മേൽ അടിസ്ഥാനപ്പെട്ടതാണ് മഹോപദ്രവപൂർവ്വവാദമെന്നാണ് അവരുടെ പ്രസ്താവം. അല്ലെങ്കിൽ, മഹോപദ്രവവാദം തെറ്റായി പ്രത്യക്ഷപ്പെടുന്നിടത്ത് അവർ സംഘടിത തന്ത്രം മൂലം കുറ്റം ചുമത്തുന്നു. കാരണം, മറ്റു മേഖലകളിൽ പാരമ്പര്യവീക്ഷണമുള്ളയാൾ പറഞ്ഞേക്കാം അയാളൊരു മഹോപദ്രവ പൂർവ്വവാദിയാണെന്ന്. പ്രചരണം തെളിവല്ല. ഒറ്റപ്പെട്ട മഹോപദ്രവ പൂർവ്വവാദികൾ കൈക്കൊള്ളുന്ന മറ്റു മേഖലകളിലെ തെറ്റായ വീക്ഷണങ്ങൾക്കു മഹോപദ്രവ പൂർവ്വ ഉദ്പ്രാപണത്തിന്റെ വിലയുമായി ഒരു കാര്യമില്ല. അതുപോലെ, ഭീരുത്വത്തിൽ അടിസ്ഥാനപ്പെട്ടതാണു മഹോപദ്രവപൂർവ്വവാദമെന്ന പ്രസ്താവം മൗഢ്യമാണ്. പേരു വിളിക്കാതെയോ പ്രചരണതന്ത്രമില്ലാതെയോ വേണം പൂർവ്വവാദികൾ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത്.

B. മഹോപദ്രവപൂർവ്വവാദം താരതമ്യേന സമീപകാലത്തേതാണെന്നു മഹോപദ്രവശേഷവാദികൾ ആരോപിക്കുന്നു.

ഒരു നിലപാടിന്റെ പഴക്കമല്ല അതു സത്യമാണെന്നുള്ളതിന്റെ അന്തിമസൂചന. നവീകരണത്തിനു മുമ്പുണ്ടായിരുന്ന സത്യങ്ങൾ അതിനുശേഷം പഠിപ്പിച്ചവയെക്കാൾ ഉന്നതമായിരുന്നെന്നാണോ നിങ്ങൾ പറയുന്നത്? മഹോപദ്രവപൂർവ്വവാദം താരതമ്യേന അടുത്തകാലത്തേതാണെന്നു പറയുന്നത് അർദ്ധസത്യം മാത്രമാണ്. ക്രിസ്തുവിന്റെ ആസന്നമായ മടങ്ങിവരവിൽ ആദിമസഭ വിശ്വസിച്ചിരുന്നതായി അന്നത്തെ എഴുത്തുകൾ ചൂണ്ടിക്കാട്ടുന്നു. മഹോപദ്രവത്തെക്കുറിച്ച് എന്തെങ്കിലും സുനിശ്ചിതമായ വീക്ഷണങ്ങൾക്കു പ്രവണതയുമില്ല. ഇങ്ങനെ, അപ്പോസ്തലികകാലത്തെ സഭ **മഹോപദ്രവപൂർവ്വവുമല്ല മഹോപദ്രവശേഷ**വുമല്ലായെന്ന് ഈ രണ്ടു പദങ്ങളുടെ ആധുനിക ധാരണയിലുണ്ട്. വികസിച്ച സമ്പ്രദായമായി രണ്ടും താരതമ്യേന പുതിയതാണ്. യഥാർത്ഥ പുതിയനിയമസഭയുടെ നിലപാടാണു വിഷയം. ഉദ്പ്രാപണം ആസന്നമാണെന്നും മഹോപദ്രവം ഭാവികാലമാണെന്നും അവർ വ്യക്തമായി വിശ്വസിച്ചിരുന്നു. ഇങ്ങനെ, ആദിമസഭയുടെ അന്ത്യകാല വീക്ഷണങ്ങളുമായി യോജിക്കുന്നവരാണു മഹോപദ്രവ പൂർവ്വവാദികൾ. ഇതാണു വിഷയമാക്കേണ്ടത്. [7]

C. ക്രിസ്തുവിന്റെ മടങ്ങിവരവ് ആസന്നമാണെന്ന ഉപദേശം മഹോപദ്രവശേഷവാദികൾ നിഷേധിക്കുന്നു.

ദൈവത്തിന്റെ സമയപ്പട്ടികയിലെ അടുത്ത സംഭവം ഉദ്പ്രാപണമാണെന്നു നിരവധി വേദവാക്യങ്ങൾ പറയുന്നെങ്കിലും, ക്രിസ്തു ഏതു നിമിഷവും മടങ്ങിവരാമെന്നു പുതിയനിയമസഭ വിശ്വസിപ്പിച്ചിരുന്നുവെന്നതു മഹോപദ്രവശേഷ വാദികൾ നിഷേധിക്കുന്നു. താഴെപ്പറയുന്നതു പോലെയുള്ള ഏതിർവാദങ്ങളാണ് അവർ ഉന്നയിക്കുന്നത്.

1. കർത്താവിന്റെ മടങ്ങിവരവിനു മുമ്പ് പത്രോസ് വൃദ്ധനാകേണ്ടിയിരുന്നതിനാൽ (യോഹ. 21:18-19), ആദിമസഭ ആസന്നമായ ഉദ്പ്രാപണത്തിൽ വിശ്വസിച്ചിരുന്നില്ല.

ഈ എതിർപ്പു വ്യക്തമായും തെറ്റാണെന്നത്, ക്രിസ്തുവിന്റെ ആസന്നമായ മടങ്ങിവരവിനെക്കുറിച്ചുള്ള ലേഖനങ്ങൾ എഴുതിയ സമയമായപ്പോഴേക്കും പത്രോസ് വൃദ്ധനായിരുന്നു. ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ അറിയാതെതന്നെ ഏതു സമയത്തും രക്തസാക്ഷികയാകാനുള്ളത്ര പ്രായം പത്രോസിനുണ്ടായിരുന്നു. അതുകൊണ്ട് പത്രോസ് വൃദ്ധനായ് ജീവിക്കുമെന്നുള്ള മുന്നറിയിപ്പ് ആദിമസഭയുടെ വിശ്വാസത്തോടു പൊരുത്തപ്പെടുന്നതാ(ലേഖനങ്ങളിൽ അടിസ്ഥാനപ്പെട്ടത്)ണ് - ക്രിസ്തു ഏതു സമയത്തും മടങ്ങിവരാമെന്ന വിശ്വാസം.

2. ദൂരദേശത്തേക്കു പോയ കുലീനനായ മനുഷ്യന്റെ ഉപമ (ലൂക്കോസ് 19:11-27; മത്തായി 25:14-30).

അതുകൊണ്ട്, ക്രിസ്തു ഒരു ദൂരയാത്ര പോയിരിക്കുകയാണെന്നും, ആസന്നമായ ഒരു ഉദ്പ്രാപണവീക്ഷണത്തോടു പറ്റിച്ചേർന്നുകൂടായെന്നും പുതിയനിയമസഭ പ്രതീക്ഷിച്ചു.

അവൻ ഒരു ഉപമയുംകൂടെ പറഞ്ഞത് എന്തെന്നാൽ: ''കുലീനനായ ഒരു മനുഷ്യൻ രാജത്വം പ്രാപിച്ചു മടങ്ങിവരണം എന്നുവച്ചു ദൂരദേശത്തേക്കു യാത്ര പോയി" (ലൂക്കോസ് 19:12).

ഇതാ, ബലഹീനമായ മറ്റൊരു വാദം. ക്രിസ്തുവിന്റെ ആസന്നമായ മടങ്ങിവരവിനെക്കുറിച്ചുള്ള ലേഖനങ്ങൾ പഠിപ്പിക്കുന്ന കാലമായപ്പോഴേക്കും, കർത്താവു പോയിട്ട് ഏറെക്കുറെ ഇരുപതു വർഷങ്ങളായി. ഏതു നിലയിലാണെങ്കിലും ഇരുപതു വർഷത്തെ യാത്ര "ദൂരയാത്ര" തന്നെയാണ്. കുലീനനായ മനുഷ്യന്റെ ഉപമയിലെ യാതൊന്നും തന്നെ, ആസന്നമായ ഉദ്പ്രാപണത്തിൽ വിശ്വസിക്കുന്നതിൽ നിന്നു സഭയെ തടുക്കാനില്ല. കർത്താവ് ഏതു സമയത്തും മടങ്ങിവരാമെന്ന് ആദിമസഭ പ്രതീക്ഷിച്ചു.

[7] See John walvoord, *The Rapture Question*, rev. ed(Grand Rapids: Zonder Publishing Co., 1979), pp. 150-57

3. ക്രിസ്തുവിന്റെ മടങ്ങിവരവിനു മുൻപു യെരൂശലേം നശിക്കേണ്ടതിനാൽ, ആസന്നമായ ഉദ്പ്രാപണത്തിൽ ആദിമസഭ വിശ്വസിച്ചിരുന്നില്ല.

> "സൈന്യങ്ങൾ യെരൂശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നുവെന്ന് അറിഞ്ഞുകൊൾവിൻ" (ലൂക്കോ. 21:20).

ക്രി. പി. 70-ൽ റോമാക്കാർ യെരുശലേമിനെ നശിപ്പിച്ചതിനെക്കുറിച്ചാണ് അവിടെപ്പറയുന്നതെന്നു നമുക്കറിയാം. എങ്കിലും, കർത്താവിന്റെ ആസന്നമായ ഉദ്പ്രാപണത്തിനുശേഷവും, അപ്പോൾത്തന്നെ ഭൂമിയിലേക്കുള്ള അവന്റെ മടങ്ങിവരവിനും (മഹോപദ്രവകാലത്തിൽ) മുൻപാണു അതു സംഭവിക്കേണ്ടതെന്നു ആദിമസഭയ്ക്കറിയാമായിരുന്നു.

ക്രിസ്തുവിന്റെ ആസന്നമായ മടങ്ങിവരവെന്ന ആശയത്തിന് വരുമ്പുകെട്ടാൻ മറ്റു നിരവധി വസ്തുതകൾ മഹോപദ്രവശേഷവാദികൾ നിരത്തുന്നുണ്ട്. ഇടയിൽ മറ്റു പലസംഭവങ്ങളൊന്നുമില്ലാതെ ക്രിസ്തു ഏതു സമയത്തും മടങ്ങിവരുമെന്നായിരുന്നു പുതിയനിയമ സഭയുടെ പ്രതീക്ഷ. മഹോപദ്രവപൂർവ്വവാദത്തിനുള്ള ശക്തമായ പിന്തുണകളിലൊന്നാണിത്.

D. മഹോപദ്രവകാലത്തിൽ നിന്നു നീക്കം ചെയ്യലല്ല; മറിച്ച് അതിൽ നിന്നുള്ള സംരക്ഷണമാണുള്ളത്.

വെളി. 3:10 ലെ ശേഷവാദം പേജ് 389-391-ൽ വിശദീകരിച്ചു കഴിഞ്ഞു. മഹോപദ്രവത്തിലെ കഷ്ടതയിൽ നിന്നുള്ള വെറുമൊരു സംരക്ഷണമെന്ന വാഗ്ദത്തമല്ല അതിലുള്ളത്. മഹോപദ്രവത്തിന്റെ **കാല**ത്തിൽ "നിന്നുള്ള"ള്ള സംരക്ഷണമാണവിടെ. മഹോപദ്രവ കഷ്ടതയിൽ നിന്നു വിശുദ്ധന്മാരെ സംരക്ഷിക്കാനുള്ള ഏകവഴി അവരെ അതിൽ നിന്നു നീക്കം ചെയ്യുക യെന്നതാണ്. അതല്ലെങ്കിൽ അവർ കഷ്ടപ്പെടും (ദാനീ. 7:21-25; വെളി. 6:9-10; 12:11, 17; 13:7, 10; 15, 17).

ഒരു മഹോപദ്രവകാലപൂർവ്വ ഉദ്പ്രാപണത്തെ വെളി. 3:10 വ്യക്തമായി പിന്തുണയ്ക്കുന്നു. അതിൽ കാപട്യത്തിനുള്ള ശ്രമങ്ങൾ തൃപ്തികരമല്ല.

E. മഹോപദ്രവത്തിനുശേഷം ഒരു പുനരുത്ഥാനവും (ദാനീ. 12:1-2; യെശ. 26:16-19; വെളി. 20:4, 5) പുനരുത്ഥാനവേളയിൽ ഒരു ഉദ്പ്രാപണവും ഉണ്ടായിരിക്കെ(1 തെസ്സ. 4:13; 1 കൊരി. 15:51 ff) ഉദ്പ്രാപണം സംഭവിക്കേണ്ടതു മഹോപദ്രവത്തിന്റെ ഒടുവിലായിരിക്കണം.

ഇതാണു സാദ്ധ്യമായ ഒരു നിഗമനം. എന്നിരുന്നാലും, പൂർവ്വവാദികളും മഹോപദ്രവത്തിന്റെ സമാപനത്തിലുള്ള പുനരുത്ഥാനം ഒരു വസ്തുതയായി ഉൾപ്പെടുത്തുന്നുണ്ട്. പഴയനിയമവിശുദ്ധന്മാരുടെയും മഹോപദ്രവകാല വിശുദ്ധന്മാരുടെയും പുനരുത്ഥാനത്തെ അവർ സാധാരണയായി മഹോപദ്രവത്തിന്റെ ഒടുവിലാണു വയ്ക്കുക- ദാനീ. 12:1-2; യെശ. 26:16-19; വെളി. 20:4 അനുസരിച്ചാണിത്.

മഹോപദ്രവത്തിന്റെ സമാപനത്തിൽ ഏതെങ്കിലും തരത്തിലുള്ള പുനരുത്ഥാനം വയ്ക്കുന്നതുകൊണ്ടു മഹോപദ്രവപൂർവ്വവാദം യോജിക്കാതിരിക്കുന്നില്ല. മഹോപദ്രവത്തിനു മുൻപുതന്നെ സഭ എടുക്കപ്പെടും. അപ്പോൾത്ത ന്നെ, മഹോപദ്രവത്തിന്റെ സമാപനത്തിലെ പുനരുത്ഥാനത്തെക്കുറിച്ചുള്ള വാക്യങ്ങൾ യിസ്രായേലിന്റേതോ മഹോപദ്രവകാല വിശുദ്ധന്മാരുടേതോ ആണ്. മഹോപദ്രവത്തിന്റെ ഒടുവിലുള്ള ഒരു പുനരുത്ഥാനത്തിനു മഹോപദ്രവത്തിനു മുൻപു സഭ എടുക്കപ്പെടാൻ കഴിയുമോ ഇല്ലയോ എന്നതുമായി ബന്ധമൊന്നുമില്ല.

വാസ്തവത്തിൽ, പുനരുത്ഥാനസംബന്ധമായ മഹോപദ്രവശേഷവാദം ഗുരുതരമായ പ്രശ്നങ്ങളിലേക്കാണു നയിക്കുന്നത്. വിശുദ്ധന്മാരെല്ലാം (മരിച്ചവരും ജീവനോടിരിക്കുന്നവരും) ഉയിർത്തെഴുന്നേല്ക്കുകയും തേജസ്ക്കരിക്കപ്പെടുകയും ചെയ്തുവെന്നു വന്നാൽ, സഹസ്രാബ്ദത്തിൽ ഭൂമിയിൽ പെറ്റുപെരുകുന്നതിനു തേജസ്ക്കരിക്കപ്പെടാത്ത ഒരു വിശുദ്ധനും അവശേഷിക്കുകയില്ല. മഹോപദ്രവത്തിനു മുൻപു സഭയുടെ പുനരുത്ഥാനവും, അതിനുശേഷം പഴയനിയമ, മഹോപദ്രവകാലവിശുദ്ധന്മാരായ രക്തസാക്ഷികളുടെ ഉയിർപ്പുമായിരിക്കുന്നതാണു നല്ലത്. മഹോപദ്രവത്തെ അതിജീവിക്കുന്ന വിശ്വാസികൾക്കു രാജ്യത്തിൽ അവരുടെ സ്വാഭാവികശരീരമായിരിക്കും ഉണ്ടാവുക. അവരാണു സഹസ്രാബ്ദത്തിൽ ലോകത്തിൽ പെറ്റുപെരുകുന്നവർ.

F. സുവിശേഷങ്ങളിലെ ക്രമം മഹോപദ്രവമാണ്, രണ്ടാം വരവും പിന്നെ രാജ്യവും

സുവിശേഷത്തിന്റെ ക്രമവുമായി മഹോപദ്രവപൂർവ്വവാദികൾക്കു യോജിപ്പുണ്ട്. ഉദാ. മഹോപദ്രവം ഭൂമിയിലേക്കുള്ള രണ്ടാംവരവ്, പിന്നെ രാജ്യം. എന്നാൽ അവ ഉദ്പ്രാപണവും വെളിപ്പെടലും തമ്മിലുള്ള വ്യത്യാസം നിലനിർത്തുന്നുണ്ട്. ഉദ്പ്രാപണം ഒരു "മർമ്മ" മായിരുന്നു (1 കൊരി. 15:51; 1 തെസ്സ. 4:13). ഇതിനർത്ഥം അതു സഭയ്ക്കു വെളിപ്പെടുത്തിയ മറഞ്ഞിരുന്ന ഒരു സത്യമാണെന്നാണ്. ഒലിവുമലപ്രഭാഷണവേളയിൽ, ഉദ്പ്രാപണത്തെക്കുറിച്ചു കർത്താവു യാതൊന്നും വെളിപ്പെടുത്തിയില്ല. സുവിശേഷങ്ങളിൽ ഉദ്പ്രാപണത്തെക്കുറിച്ചുള്ള ഉപദേശം ആരും പ്രതീക്ഷിക്കരുത്. രണ്ടാം ആഗമനത്തിൽ മഹോപദ്രവം അവസാനിക്കുമെന്നും രാജ്യം ഉണ്ടാകുമെന്നും കർത്താവു പഠിപ്പിച്ചു. ഈ ഉപദേശത്തിലാണ് മഹോപദ്രവപൂർവ്വ

വാദവും അതു പോലെ തന്നെ ശേഷവാദസമ്പ്രദായവും നിലകൊള്ളുന്നത്. അന്ത്യകാലശാസ്ത്രത്തിന്റെ കൂടുതൽ സമ്പൂർണ്ണമായ വെളിപ്പാടിനോടു പൂർവ്വവാദികൾക്കു സംവേദനക്ഷമതയുണ്ട്. എല്ലാ വേദോപദേശങ്ങളും പൊരുത്തപ്പെടുത്താൻ അവർ ശ്രമിക്കുന്നു എന്നതുമാണ് വ്യത്യാസം.

G. മഹോപദ്രവകാലയളവിൽ വിശുദ്ധന്മാർ ഭൂമിയിലുണ്ടായിരിക്കുമെന്നു വെളിപ്പാടുപുസ്തകം ചിത്രീകരിക്കുന്നു.

യിസ്രായേലിനെ സഭയിൽ നിന്നു വ്യത്യസ്തമായി കാണാൻ കഴിയാത്തവർക്ക് (സഭാവിശുദ്ധന്മാരിൽ നിന്നു പഴയനിയമ വിശുദ്ധന്മാരെ) ഒന്നിലധികം തരത്തിലുള്ള 'വിശുദ്ധരെ'ന്ന വാക്യങ്ങൾ ദഹിക്കുകയില്ല. രണ്ടു ദൈവശാസ്ത്രവകുപ്പുകളും മഹോപദ്രവകാലയളവിൽ ഭൂമിയിൽ വിശുദ്ധന്മാർ ഉണ്ടായിരിക്കുമെന്നു സമ്മതിക്കുന്നു (ദാനീ. 7, മത്താ. 24:25; വെളി. 7, 13). അവർ സഭാവിശുദ്ധന്മാരാണോ അതോ മഹോപദ്രവകാല വിശുദ്ധന്മാരാണോ എന്നതാണു വിഷയം.

മഹോപദ്രവകാലത്തെക്കുറിച്ചുള്ള പഠിപ്പിക്കലുകളിൽ "വിശുദ്ധന്മാർ" എന്ന പദത്തോടു ബന്ധപ്പെടുത്തി **സഭ** എന്ന വാക്ക് വെളിപ്പാടായി **ഉപയോഗിക്കുന്നില്ലായെ ന്നതു** മഹോപദ്രവപൂർവ്വവാദികളുടെ സുപ്രധാനമായ നീരീക്ഷണമാണ്.

H. സഭയ്ക്കു ഉപദ്രവമുണ്ടെന്ന വാഗ്ദത്തമുണ്ട്

ദു:ഖമോ ഉപദ്രവമോ അനുഭവിക്കുന്നതും മഹോപദ്രവത്തിലൂടെ കടക്കുന്നതും തമ്മിൽ വ്യത്യസമുണ്ട്. ക്രിസ്ത്യാനികൾ ലോകത്തിൽ വെറുക്കപ്പെട്ടവരാണെന്ന മുന്നറിയിപ്പു വചനം നൽകുന്നുണ്ട് (യോഹ. 15:18-19, 16:1-2; 33; അപ്പോ . പ്രവ. 14:22; ഫിലി. 1:29; 1 തെസ്സ. 3:3; 2 തിമൊ. 3:12). പക്ഷേ ഭൂമിയിൽ ദൈവക്രോധം ചൊരിയുന്ന കാലയളവിൽ സഭ അതു സഹിക്കുമോ എന്നതിനുള്ള തെളിവൊന്നുമല്ല ഇത്.

I. അന്ത്യകാഹളനാദത്തിങ്കലാണ് ഉദ്പ്രാപണമുണ്ടാവുക (1 കൊരി. 15:52), അവസാനകാഹളം മുഴങ്ങുന്നതു മഹോപദ്രവകാലയളവിന്റെ അന്ത്യത്തിലാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ. 24:31).

മഹോപദ്രവശേഷമേ ഉദ്പ്രാപണം മറ്റു വ്യക്തമായ അടിസ്ഥാനങ്ങളിൽ തെളിയിക്കാനാവൂ. കാഹളനാദത്തിന്റെ വസ്തുത ഒരു ഉറപ്പിക്കലാണ്. എന്നാലും അതുകൊണ്ടുതന്നെ ശേഷവാദം തെളിയിക്കാനാവില്ല. "അവസാനമണി" യെന്ന് ഒരു സ്കൂൾകുട്ടി പറയുമ്പോൾ, ഒരു മണിനാദപരമ്പരയാണ്, ലോക ചരിത്രത്തിൽ എന്നേക്കും മുഴങ്ങിക്കൊണ്ടിരിക്കുന്ന അവസാനമണിനാദമല്ല. ഒരു മഹോപദ്രവപൂർവ്വവാദിക്ക് "അന്ത്യകാഹളനാദം" (1 കൊരി. 15:52) സഭായുഗത്തിന്റെ അന്ത്യകാഹളമാണ്, നിത്യതയ്ക്കായുള്ള വിളിയുടെ നാദമല്ല. സ്വർഗ്ഗത്തിൽ നിത്യതയ്ക്കായി ഒരു കാഹളനാദം ഒരിക്കലും ഉണ്ടായിരിക്കുകയില്ല. അതു കൊണ്ട്, "അന്ത്യകാഹളനാദ"ത്തിന്റെ "അന്ത്യ"മെന്നതു ഒരു കാലയളവിന്റെ അവസാനമാണെന്നു വീക്ഷിക്കണം. പൂർവ്വവാദികൾ ചിന്തിക്കുന്നത് ഇത് സഭായുഗത്തിന്റെ അവസാന കാഹളമെന്നാണ്. ശേഷവാദികൾ ചിന്തിക്കുന്നത് ഇത് മഹാപീഡനത്തിന്റെ അവസാനത്തിൽ ധ്വനിക്കുന്ന കാഹളമായിട്ടാണ്. അതുകൊണ്ടുതന്നെ ആ അന്ത്യകാഹളനാദത്തിന് ഉദ്പ്രാപണത്തിന്റെ കാലയള വുമായി ബന്ധമൊന്നുമില്ല.

J. സംഗ്രഹം

മഹോപദ്രവപൂർവ്വവാദത്തോടു മഹോപദ്രശേഷവാദത്തിന്റെ എതിർപ്പുകൾക്കു സൂക്ഷ്മപരിശോധനയിൽ നിലനില്പില്ല. ഉദ്പ്രാപണത്തിനും വെളിപ്പെടലിനുമിടയിൽ ഒരു വ്യത്യസ്തത വയ്ക്കുന്നതിനു തക്കതായ കാരണങ്ങളുമുണ്ട്. മഹോപദ്രവത്തിനു മുൻപ് ഉദ്പ്രാപണം നടക്കുമെന്നതിനു ശക്തമായ തെളിവുകളുണ്ട്. വിശ്വാസികൾ തമ്മിലുള്ള കൂട്ടായ്മയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ഒരു രണ്ടാം കിടകാര്യമാണ്. പൂർവ്വവാദത്തിന് ഉന്നതമായ തെളിവുണ്ട്. എല്ലാ വേദപുസ്തക വസ്തുതകളെയും തമ്മിൽ അവ പൊരുത്തപ്പെടുത്തുകയും ചെയ്യുന്നു. വിഷയത്തെക്കുറിച്ചു സുനിശ്ചിതമായ വീക്ഷണമുള്ള ഭൂരിപക്ഷം പേരും മഹോപദ്രവപൂർവ്വവാദികളുടെയോ ശേഷവാദികളുടെയോ കൂട്ടത്തിൽ ചെന്നു ചേരുന്നു. കുറച്ചുപേർ മദ്ധ്യവാദത്തോടോ ഭാഗികവാദത്തോടോ പറ്റി നിൽക്കുന്നു.

VI. മഹോപദ്രവമദ്ധ്യ ഉൽപ്രാപണസിദ്ധാന്തം

മഹോപദ്രവത്തിന്റെ മദ്ധ്യത്തിൽ വരുന്ന സമയത്ത് ഒരു വ്യത്യസ്തതയുണ്ടെന്നു വചനം വ്യക്തമാക്കുന്നു. എല്ലാ സമയ സൂചികകളും മഹോപദ്രവകാലത്തിന്റെ അവസാനത്തെ ഒന്നര വർഷമാണു പരാമർശിക്കുന്നത് "മഹോപദ്രവകാലം ഏഴുവർഷമാണെന്നു പല ദൈവശാസ്ത്രജ്ഞരും വീക്ഷിക്കുന്നത്. വ്യക്തമായ ഏക ഒഴിവു ദാനി. 9:27 ആണ്, മഹോപദ്രവകാലം പപ്പാതിയായി വിഭജിക്കപ്പെട്ടിരിക്കുന്നുവെന്ന് ഈ വാക്യവും കാണിക്കുന്നു.

മഹോപദ്രവത്തിന്റെ ആദ്യത്തെ മൂന്നരവർഷത്തിനു ശേഷമാണ് സഭ എടുക്കപ്പെടുന്നതാണെന്നാണു മഹോപദ്രവമദ്ധ്യവാദം. മഹോപദ്രവപൂർവ്വവാദം കഴിഞ്ഞാൽ കൂടുതൽ സ്വീകാര്യമായ നിലപാടാണിത്. "മദ്ധ്യവാദം പൂർവ്വവാദത്തിന്റെ ഒരു രൂപം പോലെയാണെന്നു ചാൾസ് റെയറി എഴുതിയിട്ടുണ്ട്" [8]

[8] Charles C. Ryrie, *Basic Theology*, (Wheaton, I1; Victor Books, 1986), p. 497.

എല്ലാ വേറിട്ട സംഭവങ്ങളും അവസാനത്തെ പകുതിയിൽ ഒരാൾ വച്ചാൽ, മഹോപദ്രവം തുടങ്ങിക്കഴിഞ്ഞുവെന്ന് ആരെങ്കിലും ഗ്രഹിക്കുന്നതിനുമുൻപുതന്നെ സഭ മൂന്നരവർഷം അതിജീവിച്ചുപോകും. ലോകചരിത്രത്തിൽ യുദ്ധങ്ങൾ, യുദ്ധശ്രുതികൾ, ക്ഷാമങ്ങൾ, ഭൂകമ്പങ്ങൾ, പകർച്ചവ്യാധികൾ, എന്നിവ നിറഞ്ഞിരിക്കുകയാണ്. ഇങ്ങനെ ഒരു ഭൗമിക വീക്ഷണകോണിൽ നിന്ന് ഒരു മഹോപദ്രവമദ്ധ്യ ഉദ്പ്രാപണത്തിന് ആസന്നമായ ഒരു ഉദ്പ്രാപണമെന്ന ആശയം റദ്ദാക്കേണ്ടതില്ല. അത്തരം സമയങ്ങളിൽ ക്രിസ്ത്യാനികൾ ആസന്നമായ ഒരു ഉദ്പ്രാപണം പ്രതീക്ഷിക്കണം. കാരണം, എപ്പോഴാണു മഹോപദ്രവം ആരംഭിച്ചതെന്ന് അവർക്ക് ഉറപ്പുണ്ടായിരിക്കയില്ല. അതു ലോകചരിത്രത്തിലെ ഏറ്റവും കലുഷിതമായ കാലമായിരിക്കുമെന്നേ അവർക്കറിയൂ. എന്നിരുന്നാലും, അവസാനത്തെ മൂന്നരവർഷത്തെ സംബന്ധിച്ചു വളരെ നിസ്തുല്യവും തെറ്റിക്കൂടാത്തതുമാണ്. അതായത് അവയുടെ നിറവേറൽ ആസന്നമായതിന്റെ ധാരണ നശിപ്പിക്കും (ഉദാ. പുനർനിർമ്മിതമായ ദൈവാലയത്തിൽ ആരാധന വേണമെന്നു ലോകസ്വേച്ഛാധിപതി ആവശ്യപ്പെടും. പ്രകൃത്യാതീതമായ നാശത്തോടുകൂടിയ റഷ്യയുടെ യിസ്രായേൽ ആക്രമണം, മൃഗത്തിന്റെ അടയാളം മുതലായവ). ഇത്തരം കാര്യങ്ങളുടെ നിറവേറൽ, മഹോപദ്രവം പോലെയുള്ള സമയകാലയളവിന്റെ തിരിച്ചറിയിൽ കൂടാതെ അസാദ്ധ്യമായിരിക്കും. ഉദ്പ്രാപണത്തിന്റെ ആസന്നതയെ നശിപ്പിക്കാതെ അത്തരം കാര്യങ്ങളിലൂടെ സഭ കടന്നുപോകുന്നത് അസാദ്ധ്യമായിരിക്കും. ഇങ്ങനെ, അവസാനത്തെ മൂന്നര വർഷത്തിലൂടെ സഭയ്ക്കു കടന്നുപോകാൻ കഴിയില്ല. (കാലവും കാലങ്ങളും കാലാംശവും= 42 മാസം/ 1260 ദിവസമെന്നു പലപ്പോഴും വിവരിച്ചിട്ടുണ്ട്).

ഇങ്ങനെ, മഹോപദ്രവശേഷ ഉദ്പ്രാപണം ആസന്നമായതിന്റെ ഉപദേശത്തെ നശിപ്പിക്കുമ്പോൾ മഹോപദ്രവമദ്ധ്യ ഉദ്പ്രാപണവാദം അങ്ങനെ ചെയ്യില്ല. എല്ലാ ഭീകരതകളും മഹോപദ്രവത്തിൽ വച്ചാൽ (അവസാന പകുതിയിൽ), മഹോപദ്രവമദ്ധ്യവാദത്തിനു സാദ്ധ്യതയുണ്ട്. ഒരു മുൻനിര മഹോപദ്രവപൂർവ്വവാദപണ്ഡിതനായ ജോൺ എഫ്. വാൽവൂഡ്, വെളി. 6–18 അദ്ധ്യായങ്ങളിലെ എല്ലാ വിവരങ്ങളും അവസാനപകുതിയിലാണെന്നു സമർത്ഥിക്കുന്നുണ്ട്.[9]

ആസന്നമായതു പരിരക്ഷിക്കുന്നതിന്, ഒരു മദ്ധ്യവാദി മഹോപദ്രവത്തെക്കുറിച്ചുള്ള എല്ലാ അതുല്യമായ മുന്നറിയിപ്പുകളും അവസാനത്തെ പകുതിയിലാണു സംഭവിക്കുന്നതെന്നു കാണുകയും സമ്മതിക്കുകയും വേണം (വെളി. 6:8, ലോകത്തിന്റെ $^1/_4$ നശിക്കുന്നു, വെളി. 8:7, $^1/_3$ ഭൂമി കത്തിപ്പോകുന്നു[10] പിന്നെ മനുഷ്യവീക്ഷണകോണിൽ ആസന്നമായതു പരിരക്ഷിക്കപ്പെടുന്നു. "കാലത്തു സൂക്ഷിക്കും" എന്ന ഭാഗം (വെളി. 3:10) എന്നതിലെ കാലത്തെ മഹോപദ്രവകാലമെന്ന് ഒരാൾ വ്യാഖ്യാനിച്ചാൽ (അവസാനത്തെ മൂന്നര വർഷം) മദ്ധ്യ ഉദ്പ്രാപണം സാദ്ധ്യമാണ്. മാനുഷിക വീക്ഷണം പരിഗണിച്ചിടത്തോളം, മദ്ധ്യവാദത്തിന്റെ സാരാംശം **പൂർവ്വവാദത്തിന്റെ ഒരു രൂപമായി** പരിഗണിക്കാം.

VII. ഭാഗികോത്പ്രാപണവാദം

ഇത് ആത്മീയ ക്രിസ്ത്യാനികളെ ആത്മീയരല്ലാത്ത ക്രിസ്ത്യാനികളിൽ നിന്നു വേർതിരിക്കുന്നു. ഇതിന്റെ വക്താക്കൾ പറയുന്നത്, ആത്മീയരായവർ മഹോപദ്രവത്തിനു മുൻപ് എടുക്കപ്പെടുമെന്നാണ്. എന്നാൽ അനാത്മീയർ മഹോപദ്രവം സഹിക്കണം. ഇതൊരു തരം സുവിശേഷവിഹിത ശുദ്ധീകരണ സ്ഥലമാണ്.

A. ഭാഗികോദ്പ്രാപണവും വെളി. 3:10 ഉം

> സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിനു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും (വെളി. 3:10).

[9] John F. Walvoord, *The Revelation of Jesus Christ*(Chicago: Moody Press, 1966), p. 123; see also John Walvoord "Revelation" in *The Bible Knowledge* Commentary (Wheaton, I1: Victor books, 1983), p. 947.

[10] ചില മദ്ധ്യവാദികൾ ഉദ്പ്രാപണത്തെ വെളി. 11-ൽ സ്ഥാപിക്കുന്നു. വെളി. 11 വായിക്കുന്ന ഭൂരിപക്ഷത്തിനും അവിടെ ഉദ്പ്രാപണം സംഭവിക്കുന്നതിനെക്കുറിച്ചുള്ള ചിന്ത ഉണ്ടാകുന്നില്ല. ഉപരിപ്ലവമായ ചില സമാനതകളാണുള്ളത്, വെളിപ്പാട് 11 -ലെ സംഭവങ്ങളുമായി ഉദ്പ്രാപണത്തെ തുലനം ചെയ്യാനുള്ള അടിസ്ഥാനമൊന്നുമില്ല.

1 കൊരി. 15: 52 ലെ "അത്യകാഹളനാദം" ഉദ്പ്രാപണവുമായി ബന്ധപ്പെട്ടതാണ്. ഈ സഭായുഗത്തിന്റെ അന്ത്യകാഹളനാദമാണെന്നും, മുഴുവൻ നിത്യതയുടെയും അന്ത്യകാഹളനാമല്ലെന്നും ശേഷവാദികൾ പ്രസ്താവിക്കുന്നു. വെളി. 11: 15 ലെ കാഹളനാദം ദൂതൻ ഊതുന്ന അവസാനത്തെ കാഹളനാദമാണ്. എന്നാൽ "അന്ത്യ"മെന്നതു "തികച്ചു അന്ത്യനാഴിക"യാണെന്നു നിർബന്ധം പിടിച്ചാൽ, വേദപുസ്തകത്തിലെ അന്ത്യകാഹളം മുഴങ്ങുന്നതു മഹോപദ്രവത്തിന്റെ ഒടുവിലാണ് (മത്തായി. 24:31 കാണുക), അതിന്റെ മദ്ധ്യത്തിലല്ല. ഉദ്പ്രാപണത്തിന്റെയും വെളിപ്പാട് 11 ന്റെയും ഉപദേശത്തിന്റെ മറ്റൊരു വ്യത്യാസം പുനരുത്ഥാനത്തിന്റെയും കാഹളനാദത്തിന്റെയും ക്രമം സംബന്ധിച്ചുള്ളതാണ്. വെളി. 11-ൽ മരിച്ചവർ ഉയിർത്തിട്ടു പിന്നീടാണു ഏഴാം കാഹളം ഊതുന്നത്. ഉദ്പ്രാപണത്തിൽ കാഹളനാദത്തിനു പിന്നാലെ ഒരു പുനരുത്ഥാനമുണ്ട് (1 കൊരി. 15:51; 1 തെസ്സ. 4:13). രണ്ടു സാക്ഷികൾ ഉയിർക്കുന്ന പ്രത്യേകസന്ദർഭം വെളി. 11-ൽ മാത്രമാണ് (വാ. 3, 7, 11). അവരുടെ ഉയിർപ്പു പ്രത്യേകമായതാണ്. അതിനെ സഭയുടെ മുഴുവൻ ഉയിർപ്പുമായി തുലനം ചെയ്യാനാവില്ല.

വെളിപ്പാട് 3:10 വാഗ്ദത്തം ചെയ്യുന്നത് മഹാപീഡനത്തിനു മുമ്പു ഒരു നിലയിലുള്ള നീക്കം ചെയ്യലാണ്. ഇതു മഹോപദ്രവശേഷവാദത്തിനെതിരായുള്ള ഒരു മുഖ്യ വാദമാണ്. എന്നാലും, ഇത് ഒറ്റയ്ക്കു പഠിക്കുമ്പോൾ, ഇതു(3:10) മഹോപദ്രവമദ്ധ്യവാദത്തെയോ പൂർവ്വവാദത്തെയോ പിൻ തുണയ്ക്കുന്നു. മഹോപദ്രവത്തിനു മുൻപാണ് ഉദ്പ്രാപണമെന്ന് ഇതു വ്യക്തമായി പഠിപ്പിക്കുന്നു. എന്നാൽ അതു മുഴുവൻ സഭയ്ക്കുമായിട്ടാണോ അതോ ഭാഗിക സഭയ്ക്കായിട്ടാണോ എന്നതാണ്, അടുത്ത പ്രശ്നം "സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തതിനാൽ'' എന്ന പ്രയോഗം, ആത്മീയരായ ക്രിസ്ത്യാനികൾക്കു മാത്രമാണു മഹോപദ്രവത്തിനു മുൻപുള്ള ഉദ്പ്രാപണമെന്നു മദ്ധ്യവാദികൾ കരുതുന്നു. വെളി. 3:10 **മാത്രമായിരുന്നു ബൈബിളിലെ വാക്യമെങ്കിൽ** ഈ വ്യാഖ്യാനം ശരിയാകുമായിരുന്നു. എന്നാലും മറ്റു വേദപുസ്തക വസ്തുതകൾ ചൂട്ടിക്കാട്ടുന്നത്, മഹോപദ്രവപൂർവ്വ ഉദ്പ്രാപണം മുഴുസഭയെയും ഉൾപ്പെടുത്തുന്നതാണെന്നാണ്. ''സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തു" എന്ന പ്രയോഗം ലോകത്തിന്റെ എതിർപ്പും ഉപദ്രവമുണ്ടായിട്ടും ക്രിസ്തുവിൽ വിശ്വസിച്ച എല്ലാവർക്കുമായിട്ടുള്ളതാണ്.

വെളി. 3:10 മഹോപദ്രവപൂർവ്വ ഉദ്പ്രാപണമാണു പഠിപ്പിക്കുന്നത്. ഒറ്റയ്ക്കു നോക്കിയാൽ അതു പൂർവ്വവാദത്തോടോ ഭാഗികവാദത്തോടോ യോജിക്കുന്നതാണ്. താഴെപ്പറയുന്ന ഭാഗം കാണിക്കുന്നതുപോലെ അതു സഭയുടെ മുഴുവൻ ഉദ്പ്രാപണത്തെ സൂചിപ്പിക്കുന്നതാണ്. അതാണു ശരി.

B. ഉദ്പ്രാപണത്തെ ഉൾക്കൊള്ളുന്ന പ്രസ്താവനകൾ

ഒരു മാതൃകാമഹോപദ്രവപൂർവ്വവാദി ഭാഗികോദ്പ്രാപണത്തെ അംഗീകരിക്കുകയില്ല. കാരണം, ഉദ്പ്രാപണം എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സംഭവമാണെന്നു വചനം വ്യക്തമാക്കുന്നു. 1 കൊരി. 15:51-52 ൽ "**നാമെല്ലാവരും"** (ഉദ്പ്രാപണത്തിൽ) രൂപാന്തരപ്പെടു" മെന്നു പഠിപ്പിക്കുന്നു. 1 തെസ്സ. 4:13 വിശുദ്ധന്മാരെയെല്ലാം ഉദ്പ്രാപണത്തിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. "യേശു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുന്നുവെങ്കിൽ മാത്രം" (വാ. 14). നിദ്രകൊള്ളുന്നവർ (വാ. 14), ജീവനോടിരിക്കുന്നവർ (വാ. 14, 17) എന്നിങ്ങനെയാണ് ഇവരെ തരം തിരിച്ചിരിക്കുന്നത്. എങ്കിലും ജീവനോടിരിക്കുന്നവരെ ആത്മീയരെന്നും അനാത്മീകരെന്നും വീണ്ടും പൗലോസ് തിരിക്കുന്നില്ല. ഉദ്പ്രാപണത്തിങ്കൽ, ജീവിച്ചിരിക്കുന്നവരെല്ലാം കർത്താവിനോടു കൂടെയിരിക്കാൻ പോകും.

വേദപുസ്തകത്തിന്റെ അവസാനത്തോടടുത്ത്, ക്രിസ്തു വേഗം മടങ്ങിവരുമെന്നും, എല്ലാ വിശ്വാസികൾക്കും പ്രതിഫലം നൽകേണ്ടതിനു ന്യായവിധി നടത്തുമെന്നും വാഗ്ദത്തം ചെയ്യുന്നു (വെളി. 22:12).

> "ഇതാ ഞാൻ വേഗം വരുന്നു; **ഓരോരുത്തന്** അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുക്കാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്" (വെളി. 22:12).

ഉദ്പ്രാപണത്തെത്തുടർന്നു ക്രിസ്തുവിന്റെ ന്യായാസനമാണുള്ളത്, അത് ഓരോ വിശ്വാസിയെയും ഉൾപ്പെടുത്തുന്നു (1 കൊരി. 3:13; 2 കൊരി. 5:10). ഭാഗികോദ്പ്രാപണവാദം ക്രിസ്തുവിന്റെ ന്യായാസന ത്തെപ്പറ്റിയുള്ള ഉപദേശത്തിനു ഗുരുതരമായ പ്രശ്നങ്ങൾ ഉളവാക്കുന്നു. ഒരു ഭാഗികോദ്പ്രാപണ മുണ്ടായാൽ, പിന്നെ അനേകം (മിക്കവരും?) സഭാവിശുദ്ധന്മാർ ഉദ്പ്രാപണത്തിനുശേഷമുള്ള ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ വരുകയില്ല. ഭാഗികോദ്പ്രാപണവീക്ഷണത്തിന്റെ ഗുരുതരമായ പ്രശ്നങ്ങൾക്കു തെളിവുണ്ട്.

C. 1 തെസ്സ. 5:9-10 ന്റെ വാഗ്ദത്തം

പൂർവ്വവാദവുമായി 1 തെസ്സ. 5-ലേക്ക് ഒരാൾ വന്നാൽ (ഒരു ഭാഗികോദ്പ്രാപണവാദിയെപ്പോലെ) 1 തെസ്സ. 5:9-10 ഒരു ഭാഗികോദ്പ്രാപണത്തെ നേരിട്ടു ഖണ്ഡിക്കുന്ന ഒരു വാഗ്ദത്തമായിത്തീരുകയാണ്.

> കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്നു നിങ്ങൾ തന്നെ നന്നായി അറിയുന്നു വല്ലോ. അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരുമ്പോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും; അവർക്കു തെറ്റിയൊഴിവാതുമല്ല. എന്നാൽ സഹോദരന്മാരേ, ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിക്കാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല... ദൈവം നമ്മെ കോപത്തിനല്ല, നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിക്കാനത്രെ നിയമിച്ചിരിക്കുന്നത് (1 തെസ്സ. 5:2-4, 9-10).

1 തെസ്സ. 5:10 ലെ താക്കോൽ വാക്ക് "ഉറങ്ങുക" എന്നതാണ്. അതു "മരണനിദ്രയെ" സൂചിപ്പിക്കുന്നു. ജീവിച്ചിരുന്നാലും മരണനിദ്രയിലായിരുന്നാലും, ഉദ്പ്രാപണത്തിങ്കൽ എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുവിനോടുകൂടെയായിരിക്കുമെന്നാണു പറയുന്നത്. അത്തരം വ്യാഖ്യാനത്തിലൂടെ 1 തെസ്സ. 5:10, 1 തെസ്സ. 4:13, 14 നോടു സമാന്തരമാണ്. ഉറങ്ങിയ(മരിച്ച)വരായാലും ഉണർന്ന(ജീവിച്ചിരിക്കുന്ന)വരായാലും ക്രിസ്ത്യാനികളെല്ലാം ഉദ്പ്രാപണത്തിൽ ഭാഗഭാക്കാകും.

എന്നിരുന്നാലും 1 തെസ്സ. 4:13-14 ലെ "ഉറക്ക"ത്തിനുള്ള ഗ്രീക്കുപദവും 5: 10ലെ "ഉറക്ക"ത്തിനുള്ള പദവും ഒന്നല്ല. ഉപരിയായി, 1 തെസ്സ. 5:10 മരണനിദ്രയെന്ന അർത്ഥി ലെടുക്കുന്നതു മാത്രമല്ല, അഥവാ ഏറ്റവും നല്ല പകരമല്ല. 1 തെസ്സ. 5:10 ൽ മരണമെന്ന അർത്ഥത്തിൽ നിദ്രയെന്നു മൂന്നുതവണ പൗലോസ് ഉപയോഗിക്കുന്ന പദം ഏറെക്കുറെ 17 പ്രാവശ്യം പുതിയനിയമത്തിലുണ്ട്. അതു ശാരീരികനിദ്രയോ മടിയന്റെയോ നിഷ്ക്രിയ ന്റെയോ ഉറക്കം തൂങ്ങലെന്നാണർത്ഥം. എഫെ. 5:14 ൽ കാണുന്ന അതേ പദം ആത്മീയ ആലസ്യത്തെ നിശ്ചയ മായും കുറിക്കുന്നതാണ്.

> അതുകൊണ്ട് ''ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേല്ക്കുക; എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും" എന്നു ചൊല്ലുന്നു (എഫെ. 5:14).

1 തെസ്സ. 5:6-ൽ പൗലോസ് ഉപയോഗിക്കുന്ന ഉറക്കമെന്ന പദം കൂടുതൽ പ്രാധാന്യമർഹിക്കുന്നു.

> ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധവുമായിരിക്ക (1 തെസ്സ. 5:6).

1 തെസ്സ. 5:6 ലെ ഉറക്കം മരണത്തെയല്ല പരാമർശിക്കു ന്നത്, മറിച്ച് ആത്മീയാലസ്യം /നിഷ്ക്രിയത്വത്തെയാണ്. ആത്മീയമായി ഉത്സാഹവും ഉണർവ്വുമുള്ളവനു വിരുദ്ധമായതിനു ബലവത്തായ കാരണങ്ങളില്ലെങ്കിൽ, 1 തെസ്സ. 5:10 ന് 5:6 ൽ വ്യക്തമായ അർത്ഥം തന്നെ നൽകണം. വാക്യം 6-ലെ ''ഉണർന്നും'' എന്നതി ന്റെയർത്ഥം. വെറുതെയങ്ങു ജീവിക്കുകയെന്നതല്ല, മറിച്ച് ആത്മീയമായി സജീവവും ധീരതയുമുള്ള ആളെന്നാണ്. വാ. 5 ലെ 'ഉറക്കം' മരണനിദ്രയല്ല, ആത്മീയമായ നിഷ്ക്രിയത്വവും മയക്കവുമാണ്. ഇങ്ങനെ, 1 തെസ്സ. 5: 10 "നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടു കൂടെ ജീവിക്കേണ്ടതിന്" എന്നു ചുരുക്കണം. നിത്യസുര ക്ഷിതത്വത്തെയാണ് ഈ വാക്യം പിൻതുണയ്ക്കുന്നത്. എന്നാലും, മുൻവാക്യത്തിലെപ്പോലെ (വാ. 9) ദൈവ ക്രോധത്തിന്റെ മഹോപദ്രവകാലയളവിൽ നിന്നുള്ള വിടുതലിനെയും പരാമർശിക്കുന്നതുപോലെയാണ്. വാ. 10 ലെ വാഗ്ദാനം, ആത്മീയമായി സജീവമോ നിഷ്ക്രി യമോ ആയ **എല്ലാ** ക്രിസ്ത്യാനികളും ക്രിസ്തുവിനോ ടൊപ്പമുള്ള ജീവിതം ആസ്വദിക്കാൻ എടുക്കപ്പെടും. 1 തെസ്സ. 4, 5 അദ്ധ്യായങ്ങളിലേക്ക് മഹോപദ്രവപൂർവ്വ വീക്ഷണത്തോടെ ഒരാൾ വന്നാൽ 5:10 ന്റെ ഏറ്റവും നല്ല വ്യാഖ്യാനം **ഉദ്പ്രാപണം മുഴുസഭയ്ക്കുമാണെ ന്നാണു** വാഗ്ദത്തം, ഭാഗികമായ ഉദ്പ്രാപണമല്ല.

D. രക്ഷ പൂർണ്ണമായും വിശ്വാസത്താലാണ്, പ്രവൃത്തി കളാലല്ല

"രക്ഷ" യെന്ന പദം കേൾക്കുമ്പോൾ മിക്ക ക്രിസ്ത്യാ നികളും കരുതുന്നത് അതു പാപത്തിന്റെ പിഴയിൽ നിന്നുള്ള രക്ഷയെന്നാണ്. എങ്കിലും അതിലൊരു ഭാവികാല രക്ഷാതലമുണ്ട്. പാപത്തിന്റെ സാന്നിദ്ധ്യ ത്തിൽ നിന്നുതന്നെയുള്ള ഭാവി വിടുതൽ എന്ന രക്ഷാതലം വിശ്വാസികൾക്കുള്ള രക്ഷയുടെ പൂർണ്ണ ബോധവുമായി കർത്താവു മടങ്ങിവരുന്നതിനെ വചനം യോജിപ്പിക്കുന്നു.

> ഇതു ചെയ്യേണ്ടത്, ഉറക്കത്തിൽ നിന്ന് ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നെ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു. രാത്രി കഴിയാറായി, പകൽ അടുത്തിരിക്കുന്നു (റോമർ 13:11-12).
>
> ക്രിസ്തുവും അങ്ങനെ തന്നെ അനേകരുടെ പാപങ്ങളെ ചുമക്കാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു; ഇനി പാപം വഹിക്കുവാനല്ല, തനിക്കായി കാത്തു നിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകും (എബ്രാ. 9:28).

വിശ്വാസികളുടെ ഉദ്പ്രാപണത്തോടൊപ്പമുള്ള തേജ സ്ക്കരണവും രക്ഷയുടെ ഒരു ഭാഗമാണ്. ഉദ്പ്രാപണ ത്തിൽ, പാപത്തിനു വിധേയപ്പെടാത്ത, തേജസ്ക്കരിക്ക പ്പെട്ട ശരീരങ്ങൾ വിശ്വാസികൾക്കു ലഭിക്കും. ഉദ്പ്രാപണം ആത്യന്തികമായി "വീണ്ടെടുപ്പിന്റെ ദിവസ" മാണ് (എഫെ. 1:14; 4:30; ഒ. നോ. 8:30).

ഭാഗികോദ്പ്രാപണവീക്ഷണം സത്യമായിരുന്നെങ്കിൽ കഠിനാദ്ധ്വാനം ചെയ്യുന്ന ക്രിസ്ത്യാനികൾക്കു മഹോപദ്രവത്തിനു മുൻപു പൂർണ്ണരക്ഷയോടെ അവരുടെ പ്രതിഫലം കിട്ടും. മതിയായ നിലയിൽ അദ്ധ്വാനിക്കാത്തവർക്കു, ക്രിസ്തുവിന്റെ മടങ്ങിവരവിൽ വാഗ്ദത്തം ചെയ്തട്ടുള്ള രക്ഷ കിട്ടുകയില്ല. അവർ രക്തസാക്ഷിത്വം അഥവാ "പ്രോട്ടസ്റ്റന്റ് ശുദ്ധീകരണ സ്ഥലം'' അനുഭവിക്കണം. ഭാഗികോദ്പ്രാപണ വീക്ഷണം രക്ഷ പ്രവൃത്തികളിൽ ആശ്രയിച്ചിരിക്കുന്നു വെന്ന തലമുളവാക്കുന്നു. അതുകൊണ്ടുതന്നെ അതു തെറ്റാണെന്നു തള്ളിക്കളയണം.

E. സംഗ്രഹം

മഹോപദ്രവശേഷവാദവും ഭാഗികവാദവും ബലഹീന വീക്ഷണ ങ്ങളാണ്. ഒന്നുകിൽ മഹോപദ്രവപൂർവ്വവാദം, അല്ലെങ്കിൽ മഹോപദ്രവമദ്ധ്യവാദത്തിന്റെ ഒരു രൂപം അംഗീകരിക്കുന്നതാണു നല്ലത്. അതിൽ മഹോപദ്രവ

കാലയളവിന്റെ ഏതെങ്കിലുമൊരു സംഭവമുണ്ടാകുന്നതിനു മുൻപു തന്നെ സഭ എടുക്കപ്പെടുമെന്നാണുള്ളത്. അന്നു ജീവിച്ചിരിക്കുന്ന ക്രിസ്ത്യാനികൾ പറയാൻ കഴിയുന്നതിനെ സംബന്ധിച്ചിടത്തോളം മഹോപദ്രവവാദത്തിന്റെ ഒരു രൂപമായിരിക്കുന്നത് അവസാനിപ്പിക്കുന്നത്. വീണ്ടും, ഗ്രന്ഥകാരൻ ഈ വീക്ഷണങ്ങളൊന്നും വിശ്വാസനിന്ദയായി കണക്കാക്കുന്നില്ല. കാരണം, അതു വിശ്വാസത്തെ ബാധിക്കുന്ന കാതലായ വിഷയമൊന്നുമല്ല. സുവിശേഷവിഹിതർക്കു വലിയ യോജിപ്പുള്ള വിഷയമാണ്. അടുത്തത് – വിശ്വാസിയുടെ പുനരുത്ഥാനം.

VIII. വിശ്വാസിയുടെ പുനരുത്ഥാനം

പഴയനിയമ വിശ്വാസികളുടെയും മഹോപദ്രവത്തിൽ രക്തസാക്ഷികളായ വിശുദ്ധന്മാരുടെയും പുനരുത്ഥാനം മഹോപദ്രവത്തിന്റെ ഒടുവിൽ നടക്കുമെങ്കിലും, 1 തെസ്സ. 4:13 ഉം 1 കൊരി. 15:51 – ഉം പഠിപ്പിക്കുന്നതു സഭാവിശുദ്ധന്മാരുടെ പുനരുത്ഥാനം (മരിക്കാത്തവരുടെ തേജസ്ക്കരണവും) ഉദ്പ്രാപണത്തിൽ നടക്കുന്നുവെന്നാണ്. ഇങ്ങനെ, അന്ത്യകാലശാസ്ത്രത്തിന്റെ ഒരു സമയക്രമപഠനം, പുനരുത്ഥാനത്തോടൊപ്പം ഉദ്പ്രാപണത്തെയും നന്നായി തീർത്തുതരുന്നു.

A. പുനരുത്ഥാനത്തിന്റെ പൊതുവായ വാഗ്ദത്തങ്ങൾ

വിശ്വാസികളുടെ ശാരിരിക പുനരുത്ഥാനത്തിന് ഉറപ്പു നൽകുന്ന നിരവധി വാക്യങ്ങളുണ്ട്. ആ വാഗ്ദത്തങ്ങളിലധികവും പുതിയനിയമത്തിലാണ്. പഴയനിയമത്തിലും മതിയായ സൂചനകളുണ്ട്.

> "എന്റെ തൊക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹരഹിതനായി ദൈവത്തെ കാണും" (ഇയ്യോബ് 19:26).
>
> **നിന്റെ മൃതന്മാർ ജീവിക്കും;** എന്റെ ശവങ്ങൾ എഴുന്നേല്ക്കും; പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ; നിന്റെ മഞ്ഞു പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു; ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ (യെശ. 26:19).
>
> "നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും" (ദാനീ. 12:2). (പുനരുത്ഥാനത്തെപ്പറ്റി ഒരു പഴയനിയമ വിശുദ്ധനുണ്ടായിരുന്ന ധാരണയെക്കുറിച്ച് എബ്രാ. 11:9 കാണുക).
>
> "**പുനരുത്ഥാനത്തിൽ** അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെയത്രെ ആകുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചോ ദൈവം അരുളിചെയ്തിരിക്കുന്നതു നിങ്ങൾ വായിച്ചിട്ടില്ലയോ? ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമാകുന്നു എന്ന് അവൻ അരുളിച്ചെയ്യുന്നു; എന്നാൽ **അവൻ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രെ"** (മത്താ. 22:30–32) ഒത്തു നോക്കുക മർക്കോ. 12:24–27, ലൂക്കോ. 20:35–38).
>
> "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു. പിതാവിനു തന്നിൽതന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുള്ളവൻ ആകുമാറു പിതാവു വരം നല്കിയിരിക്കുന്നു. അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവന് അധികാരവും നൽകിയിരിക്കുന്നു. ഇതിങ്കൽ ആശ്ചയര്യപ്പെടരുത്; **കല്ലറകളിലുള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു,** നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യാനുള്ള നാഴിക വരുന്നു" (യോഹ. 5:25–29).
>
> "പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം; **ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും"** (യോഹ. 6:40).
>
> യേശു അവളോട്: "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; **എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.** ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല. ഇതു നീ വിശ്വസിക്കുന്നുവോ എന്നു പറഞ്ഞു" (യോഹ. 11:25–26).
>
> ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ **നാം എല്ലാവരും രൂപാന്തരപ്പെടും.** കാഹളം ധ്വനിക്കും, **മരിച്ചവർ അക്ഷയരായി ഉയിർക്കുകയും** നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്നു എഴുതിയ വചനം നിവൃത്തിയാകും. ഹേ, മരണമേ, നിന്റെ ജയം എവിടെ? ഹേ, മരണമേ നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ളു പാപം പാപത്തിന്റെ ശക്തിയോ

ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കിയ ദൈവത്തിനു സ്തോത്രം. ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ (1 കൊരി. 15:51–58).

അവൻ സകലവും തനിക്കു കീഴ്പെടുത്താൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് **നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും** (ഫിലി. 3:21).

സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഖിക്കാതിരിക്കേണ്ടതിന് നിദ്ര കൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരിക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നുവെങ്കിൽ അങ്ങനെതന്നെ ദൈവം നിദ്രകൊണ്ടവരെയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും **ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും** ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്ക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിച്ചുകൊൾവിൻ. (1 തെസ്സ. 4:13–18).

പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു; നാം ഇന്നതാകുമെന്നു ഇതുവരെ പ്രത്യക്ഷമായില്ല. **അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനിൽ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകുമെന്നു നാം അറിയുന്നു** (1 യോഹ. 3:2).

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരമില്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരമാണ്ടു വാഴും (വെളി. 20:6).

B. പുനരുത്ഥാനശരീരത്തിന്റെ പ്രകൃതം

ഇതിനെക്കുറിച്ചുള്ള ഒരു പഠനത്തിന് കുറഞ്ഞതു മൂന്നു സമീപനങ്ങളുണ്ട്. വിശ്വാസികളുടെ പുനരുത്ഥാനശരീരങ്ങളെക്കുറിച്ചുള്ള തെളിവിനു ക്രിസ്തുവിന്റെ പുനരുത്ഥാനശരീരത്തെക്കുറിച്ചു പഠിച്ചാൽ മതി. തീർച്ചയായും, ധാരാളം വേദഭാഗങ്ങൾ മഹത്വീകരിക്കപ്പെട്ട സ്ഥിതിയെക്കുറിച്ചു നേരിട്ടു പഠിപ്പിക്കുന്നുണ്ട്. അവസാനമായി, സ്വർഗ്ഗത്തിന്റെ വിവരണങ്ങളിൽ നിന്നു പുനരുത്ഥാനശരീരങ്ങളെക്കുറിച്ചുള്ള പല സത്യങ്ങളും ശേഖരിക്കാം.

1. ക്രിസ്തുവിനെപ്പോലെയുള്ളതാണ് പുനരുത്ഥാന ശരീരം.

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ശരീരംപോലെയുള്ള ശരീരമാണു വിശ്വാസികൾക്കു ലഭിക്കാൻ പോകുന്നതെന്ന് വേദപുസ്തകം വാഗ്ദത്തം ചെയ്യുന്നു. അതുകൊണ്ട്, അവന്റെ ചരിത്രപരമായ ഉയിർത്തെഴുന്നേല്പിൽ നിന്നുള്ള വസ്തുതകളിൽ നിന്ന് നമ്മുടെ പുനുരുത്ഥാനത്തെക്കുറിച്ചുള്ള സത്യങ്ങൾ എടുക്കുന്നതു നല്ലതാണ്.

> ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്ന് മണ്ണുകൊണ്ടുള്ളവൻ; രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ.... നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ **സ്വർഗ്ഗീയന്റെ പ്രതിമയും** ധരിക്കും. (1 കൊരി. 15:47, 49).
>
> അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ **തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി** രൂപാന്തരപ്പെടുത്തും (ഫിലി. 3:21).
>
> പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു; നാം ഇന്നതാകുമെന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനിൽ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് **അവനോടു സദൃശന്മാർ** ആകുമെന്നു നാം അറിയുന്നു (1 യോഹ. 3:2).

a. ഭക്ഷിക്കുവാനുള്ള കഴിവ്

കർത്താവായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു ശേഷം അവൻ രണ്ടുതവണയെങ്കിലും ഭക്ഷണം കഴിച്ച സന്ദർഭങ്ങളുണ്ട്. തേജസ്ക്കരിക്കപ്പെട്ട അവസ്ഥയിൽ ശാരീരക്ഷീണമോ വിശപ്പോ നിമിത്തമല്ല വിശ്വാസികൾ ഭക്ഷിക്കുന്നത് (അവിടെ ക്ഷീണമില്ലല്ലോ– 1 കൊരി. 15:43 കാണുക), മറിച്ച് ആസ്വാദനത്തിനാണ്.

> അവർ സന്തോഷത്താൽ വിശ്വസിക്കാതെ അതിശയിച്ചു നില്ക്കുമ്പോൾ അവരോട്: തിന്നുവാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ എന്നു ചോദിച്ചു. അവർ ഒരു ഖണ്ഡം വറുത്ത

> മീനും തേൻകട്ടയും അവനു കൊടുത്തു. അത് അവൻ വാങ്ങി അവർ കാൺകെ തിന്നു (ലൂക്കോ. 24:41–43).
>
> കരയ്ക്ക് ഇറങ്ങിയപ്പോൾ അവർ തീക്കനലും അതിന്മേൽ മീൻ വച്ചിരിക്കുന്നതും അപ്പവും കണ്ടു.... യേശു അവരോടു: വന്നു പ്രാതൽ കഴിച്ചുകൊള്ളുവിൻ എന്നു പറഞ്ഞു; കർത്താവാകുന്നു എന്നറിഞ്ഞതിനാൽ ശിഷ്യന്മാരിൽ ഒരുത്തനും: നീ ആരെന്നു അവനോടു ചോദിക്കാൻ തുനിഞ്ഞില്ല. യേശു വന്നു അപ്പം എടുത്തു അവർക്കു കൊടുത്തു; മീനും അങ്ങനെ തന്നെ (യോഹ. 21:9; 12–13).

ക്രിസ്തുവിന്റെ ദൃഷ്ടാന്തം കൂടാതെ തേജസ്ക്കരിക്കപ്പെട്ട ശരീരത്തിൽ ഭക്ഷണം കഴിക്കുന്നതിനെ ഉറപ്പിക്കുന്ന പല വാക്യങ്ങളും ഉണ്ട് (രാജ്യത്തിലെ പാനപാത്രം കുടിക്കുന്നത്, ലൂക്കോ. 22:16, 18; കുഞ്ഞാടിന്റെ കല്യാണസദ്യ , വെളി. 19: 9; ജീവജലനദിയും പന്ത്രണ്ടു തരം ഫലം കായ്ക്കുന്ന ജീവവൃക്ഷവും, വെളി. 2:7; 22: 2, 17) പുനരുത്ഥാന ശരീരത്തിന് ആഹാരം വേണ്ടിവരില്ല. എന്നാൽ അതിന് അത് ആസ്വദിക്കാനാവും.

b. അസ്ഥിയും മാംസവുമുള്ള ശരീരം

പുനുരുത്ഥാനശരീരം ആത്മശരീരമാണ്. (1 കൊരി. 15:44) എന്നാൽ ഇതൊരു പ്രേതമാണെന്ന ആശയമല്ല. പാപമുക്തമായ ഒരു പരിസ്ഥിതിക്ക് അനുയോജ്യമായ ആത്മ ശരീരമെന്നാന്ന് അത് സൂചിപ്പിക്കുന്നത്. പരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ വസിക്കുവാൻ കൊള്ളാവുന്ന ഒരു ശരീരം. [11] ക്രിസ്തുവിനു തന്നെ അസ്ഥിയും മാംസവുമുള്ള ഒരു പുനരുത്ഥാനശരീരമാണ് ഉണ്ടായിരുന്നത്. തോമസിനെ കൈകളിലെയും പാർശ്വത്തിലെയും പാടുകൾ കാണിക്കാൻ അവനു കഴിഞ്ഞു, അവനോടു പറ്റിച്ചേരാൻ പോയ, ആകാംക്ഷഭരിതരായ അനുയായികളെ തടയാൻ അവനിടയായി. തേജസ്ക്കരിക്കപ്പെട്ട അവസ്ഥ ശരീരമില്ലാത്തതല്ല, മറിച്ച് ശരീരത്തിന്റെ പൂർണ്ണതയാണ്.

> യേശു അവളോട്: "**എന്നെ തൊടരുത്,** ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല" എന്നു പറഞ്ഞു (യോഹ. 20:17).
>
> പിന്നെ തോമസിനോട്: നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി, എന്റെ **കൈകളെ** കാണുക; നിന്റെ കൈ നീട്ടി എന്റെ **വിലാപ്പുറത്ത്** ഇടുക; അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക എന്നു പറഞ്ഞു (യോഹ. 20:27).

c. തടസ്സങ്ങളില്ലാതെയുള്ള ദ്രുതഗമനം

പുനരുത്ഥാനശേഷമുള്ള ശുശ്രൂഷയിൽ കർത്താവു ശിഷ്യന്മാരെ കാര്യമായി ഒന്ന് അമ്പരിപ്പിച്ചു; അവൻ ചുമരിനുള്ളിലൂടെ നടന്നു (യോഹ. 20:19, 26; ലൂക്കോ. 29: 36). എമ്മവൂസ് വഴിയിൽ വച്ച് അവൻ മറഞ്ഞുപോയി (ലൂക്കോ. 24:31). ഭൂഗുരുത്വാകർഷണത്തെ അവൻ സ്വർഗ്ഗാരോഹണത്തിൽ പരാജയപ്പെടുത്തി (അപ്പോ. പ്രവൃ. 1:9).

ഈ കഴിവുകൾ അവന്റെ ദൈവത്വത്തിനാണ് യോജിക്കുന്നത്, മനുഷ്യത്വത്തിനല്ല. ഭൗതികമായ തടസ്സങ്ങളൊന്നുമില്ലാതെ ചിന്താവേഗത്തിൽ, തേജസ്ക്കരിക്കപ്പെട്ട വിശ്വാസികൾക്ക് സഞ്ചരിക്കാമെന്നു യാഥാസ്ഥിതികരായ പല പണ്ഡിതന്മാരും വിശ്വസിക്കുന്നു.

ഒരു ദിവസം വിശ്വാസികൾ ദൂതന്മാരെക്കാൾ ഉന്നതരാകുമെന്നു എബ്രായർ 2 വ്യക്തമാക്കുന്നു. ശാപം മാറിയതും, ക്രിസ്തു തന്നെ നമ്മുടെ ഉപദേഷ്ടാവായതും ന്യായീകരിക്കുന്നത് യഥാർത്ഥ മാനസിക, ശാരീരിക ശേഷികൾ സ്വർഗ്ഗത്തിൽ ഫലവത്താകുമെന്നാണ്. ചിലർ പഠിപ്പിക്കുന്നതുപോലെ വിശ്വാസികൾ "ദേവന്മാർ" ആകുകയില്ല, മറിച്ച് നമുക്ക് ഇപ്പോൾ സങ്കല്പിക്കാൻ കഴിയാത്തതായിരിക്കും തേജസ്ക്കരിക്കപ്പെട്ട സ്ഥിതിയെന്നു വേദപുസ്തകം പഠിപ്പിക്കുന്നു.

2. പുനരുത്ഥാനത്തെക്കുറിച്ചു നേരിട്ടുള്ള പഠിപ്പിക്കൽ

a. മാറ്റമുണ്ടെങ്കിലും തുടർച്ചായയത്

പുനരുത്ഥാന ശരീരങ്ങൾ വ്യത്യസ്തമായിരിക്കുമെങ്കിലും നമ്മുടെ ഇപ്പോഴത്തെ ശരീരങ്ങളോട് സാമ്യങ്ങളുണ്ടായിരിക്കും. പുനരുത്ഥാനത്തെക്കുറിച്ച് ആവർത്തിച്ചുള്ള ദൃഷ്ടാന്തങ്ങളിൽ വിത്തിനെക്കുറിച്ചുള്ളത് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

> പക്ഷേ ഒരുവൻ: മരിച്ചവർ എങ്ങനെ ഉയിർക്കുന്നുവെന്നും ഏതുവിധം ശരീരത്തോടെ വരുന്നു എന്നും ചോദിക്കും. മൂഢാ, നീ വിതയ്ക്കുന്നതു ചത്തില്ല എങ്കിൽ ജീവിക്കുന്നില്ല. നീ വിതയ്ക്കുന്നതോ ഉണ്ടാകുവാനുള്ള ശരീരമല്ല ഗോതമ്പിന്റെയോ മറ്റുവല്ലതിന്റെയോ വെറും മണിയത്രേ വിതയ്ക്കുന്നത്. ദൈവമോ തന്റെ ഇഷ്ടം പോലെ അതിന് ഒരു ശരീരവും ഓരോ വിത്തിന് അതതിന്റെ ശരീരവും കൊടുക്കുന്നു (1 കൊരി. 15:35–38).
>
> യേശു അവരോടു ഉത്തരം പറഞ്ഞത്: മനുഷ്യപുത്രൻ തേജസ്ക്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പുമണി നിലത്തു വീണു

[11] ലൂക്കോ. 24:39 ൽ, "അസ്ഥിയും മാംസവും" ഉള്ളതായി കർത്താവു തന്നെ പറയുന്നതു ശ്രദ്ധേയമാണ്. 1 കൊരി. 15: 50 പറയുന്നത് "മാംസരക്തങ്ങൾക്ക് ദൈവരാജ്യം അവകാശമാക്കുവാൻ കഴിയില്ലല്ലോ" എന്നാണ്. പുനരുത്ഥാനം രക്തരഹിതമായിരിക്കുമോ?

> ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും (യോഹ. 12: 23–24).

1 കൊരി. 15:36-ൽ വിശ്വാസികളുടെ പുനുരുത്ഥാനത്തെ നിഷേധിക്കുന്നവരോടു വളരെക്കുറച്ചു സഹിഷ്ണുതയേ പൗലോസ് പ്രകടിപ്പിക്കുന്നുള്ളൂ. 'മൂഢാ' എന്ന് അവരെ വിളിച്ചുകൊണ്ട് വിത്തിന്റെ സ്വഭാവം നോക്കുവാൻ ആവശ്യപ്പെടുകയാണ്. വിത്തിന്റെ പ്രവർത്തനം എങ്ങനെയെന്ന് ആർക്കും പൂർണ്ണമായി അറിവില്ല. പക്ഷേ എല്ലാവർക്കും ആ പ്രവൃത്തി അറിയാം. ഈജിപ്തിലെ കല്ലറകളിൽ ആയിരക്കണക്കിനു വർഷങ്ങളായി ചത്തിരുന്ന വിത്തുകൾക്കു പുതുജീവൻ പൊട്ടിമുളയ്ക്കാനാവും. പുനരുത്ഥാനം വിശദീകരിക്കാൻ കഴിയാത്തത് അതിന്റെ വസ്തുതയെ ഇല്ലാതാക്കുന്നതേയില്ല. വിത്ത് അഴിയുന്നതും വളരുന്നതുമായ വസ്തുത വിശദീകരിക്കാൻ കഴിയാത്തതിനെക്കാൾ വലുതല്ല. സംഭവിക്കുന്ന വ്യക്തമായ സത്യത്തെ ഇത് റദ്ദാക്കുന്നതുമില്ല. ഒരാൾ ഒരു ആപ്പിൾ നട്ടാൽ, അത് ആപ്പിളിനോട് സാമ്യമുള്ള എന്തോ ആയിരിക്കും അതിന്റെ ഫലം. പക്ഷേ അതിനു വേരുകളും ശാഖകളും ഇലകളുമുണ്ട്. നാടകീയമായ മാറ്റവും ഭൂതകാലത്തിന്റെ തുടർച്ചയുമാണു വിത്തിന്റെ മരണത്തിന്റെ ഫലം. വിതച്ച ഒരു വിത്ത് വേരും തണ്ടും ഇലകളും ഉമിയും അധികമായ ധാന്യമണികളും പുറത്തു വിടുന്നു. ഭൂതകാലവുമായി നാടകീയവും തുടർമാനവുമായ മാറ്റം അവിടെയുണ്ട്.

സ്വാഭാവികവിത്തിന്റെ പ്രക്രിയയെപ്പോലെതന്നെ, വിശ്വാസികളുടെ പുനരുത്ഥാനശരീരങ്ങൾക്ക് ഇപ്പോഴത്തെ ശരീരങ്ങളോടു സാമ്യമുണ്ട്. സാമ്യമുള്ളവ, പക്ഷേ അഭിന്നമായവ- ക്രിസ്തുവിന്റെ പുനുരുത്ഥാനശരീരം നോക്കുക. അതിനു പഴയതിനോടു സാമ്യമുണ്ട്. എന്നാലും വ്യത്യാസമുണ്ട്. അവനെ കണ്ടവനെല്ലാം അവനെ മനുഷ്യനായി തിരിച്ചറിയുന്നു. തേജസ്ക്കരിക്കപ്പെട്ട അവന്റെ ശരീരത്തിനു സാധാരണ മാനുഷികസവിശേഷതകൾ ഉണ്ടായിരുന്നു. അവൻ നടന്നു, സംസാരിച്ചു, ഭക്ഷിച്ചു. എന്നാലും കഴിഞ്ഞതിനോടു സാമ്യമുള്ളപ്പോൾത്തന്നെ അവൻ വളരെ വ്യത്യസ്തനുമായിരുന്നു. മറ്റുള്ളവർ അവനെ മനുഷ്യനായി പെട്ടെന്നു തിരിച്ചറിഞ്ഞപ്പോൾത്തന്നെ അതേ യേശുവാണെന്നു തിരിച്ചറിയാനും അവർക്കു കഴിഞ്ഞില്ല.[12] ഇതു വരുന്നതു സമയത്തോടൊപ്പമാണ്. ഭൂതകാലത്തിന്റെ ഒരു വലിയ തുടർച്ചയോടുകൂടിത്തന്നെ ഉഗ്രമായ വ്യത്യാസങ്ങളുമുണ്ട്.

വിത്തുകളുടെ പ്രകൃതവും ക്രിസ്തുവിന്റെ തേജസ്ക്കരിക്കപ്പെട്ട ശരീരവും, നമ്മുടെ ഭാവി പുനരുത്ഥാനശരീരങ്ങൾക്കു ഇപ്പോഴത്തെ ശരീരങ്ങളോടു ചില സാമ്യങ്ങളുണ്ടെന്നു പ്രതീക്ഷിക്കാൻ കാരണമാകുന്നു. എങ്കിലും, നല്ലതിനായിട്ട് ഉഗ്രമായ ചില മാറ്റങ്ങളുമുണ്ട്. നമ്മുടെ തത്സ്ഥിതിയിൽ നിന്നുള്ള ശാരീരികപൂർണ്ണതയിലേക്കുള്ള മാറ്റം അത്തരമൊരു വലിയ നന്നാക്കലായിരിക്കും; വേഗത്തിലും വ്യക്തവുമായ ഒരു തിരിച്ചറിയലിനു വിപരീതമായി പെട്ടെന്നു തിരിച്ചറിയാനാവാത്ത ഒരു മങ്ങൽ ഉണ്ടായിരിക്കും (ലൂക്കോ. 24:16, 31, യോഹ. 20: 14–16; 21:4, 12).

b. വ്യക്തിത്വവും വൈവിദ്ധ്യവും

> ദൈവമോ തന്റെ ഇഷ്ടംപോലെ അതിനു ഒരു ശരീരവും ഓരോ വിത്തിന് **അതതിന്റെ ശരീരവും** കൊടുക്കുന്നു. സകല മാംസവും ഒരുപോലെയുള്ള മാംസമല്ല; മനുഷ്യരുടെ മാംസം വേറെ , കന്നുകാലികളുടെ മാംസം വേറെ, പക്ഷികളുടെ മാംസം വേറെ, മത്സ്യങ്ങളുടെ മാംസം വേറെ, സ്വർഗ്ഗീയശരീരങ്ങളും ഭൗമശരീരങ്ങളും ഉണ്ട്. സ്വർഗ്ഗീയശരീരങ്ങളുടെ തേജസ്സു വേറെ, ഭൗമശരീരങ്ങളുടെ തേജസ്സു വേറെ. സൂര്യന്റെ തേജസ്സു വേറെ, ചന്ദ്രന്റെ തേജസ്സു വേറെ, നക്ഷത്രങ്ങളുടെ തേജസ്സു വേറെ, നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ടു ഭേദം ഉണ്ടല്ലോ. **മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നെ...** (1 കൊരി. 15:38–42).

ഭൂമിയിൽ വിവിധതരത്തിലുള്ള ശരീരങ്ങളുള്ളതുപോലെയും നക്ഷത്രങ്ങൾ തമ്മിൽ വൈവിദ്ധ്യങ്ങൾ ഉള്ളതുപോലെയും പുനരുത്ഥാനശരീരങ്ങൾക്കു വൈവിദ്ധ്യവും വ്യക്തിത്വവും ഉണ്ടായിരിക്കും. പകർപ്പുകൾ(clones) സ്വർഗ്ഗം അവകാശമാക്കുകയില്ല. ഒരേ ഉല്പാദനസ്ഥലത്തുനിന്നോ അച്ചടിശാലയിൽ നിന്നോ വരുന്നവരെക്കൊണ്ടല്ല അവിടം ജനബഹുലമാകുന്നത്. വൈവിദ്ധ്യവും വ്യക്തിത്വവും അവിടെയുണ്ട്. മഹത്വീകരിക്കപ്പെട്ട അവസ്ഥയിൽ വംശീയ വ്യത്യസ്തതയും ഉണ്ടായിരിക്കുമെന്നു വിശ്വസിക്കുവാനുള്ള ന്യായമായ കാരണമുണ്ട് (ഭാഗം 3 ലെ "വംശീയ വൈവിദ്ധ്യം."

c. കാലാവധിയിലെ പൂർണ്ണത: നശിക്കാത്ത ശരീരം

> ദ്രവത്വത്തിൽ വിതയ്ക്കപ്പെടുന്നു, **അദ്രവത്വത്തിൽ ഉയിർക്കുന്നു** (1 കൊരി. 15:42).

പുനരുദ്ധാരണവും പുനരുത്ഥാനവും തമ്മിൽ കാര്യമായ വ്യത്യസ്തതയുണ്ടെന്നു വേദോപദേഷ്ടാക്കൾ. ഈ പദങ്ങൾ അല്പം പരസ്പരപൂരകങ്ങളാണെങ്കിലും, പ്രവാചകനും അപ്പോസ്തലനും ക്രിസ്തുവുമൊക്കെ മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചവരും അന്ത്യപുനരുത്ഥാനത്തിൽ ജീവിച്ചെഴുന്നേല്ക്കുന്നവരും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ആദ്യത്തെ കൂട്ടർ വീണ്ടും മരിച്ചു.

[12] കർത്താവിന്റെ കാര്യത്തിൽ തിരിച്ചറിയുന്നതിന്, ദൈവം ചുമത്തിയ ഒരു അന്ധത അടങ്ങിയിരുന്നു (ലൂക്കോസ് 24:16, 31, 35).

അവസാനം പറഞ്ഞവർ അമർത്യരാണ്. മനുഷ്യന്റെ അനുഭവങ്ങളുടെ ഒരു ഭാഗമായി ശവസംസ്ക്കാരങ്ങളും ശ്മശാനങ്ങളുമൊന്നും ഇനിയൊരിക്കലും ഉണ്ടാവില്ല.

> ആ ലോകത്തിനും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തിനും യോഗ്യരായവർ. വിവാഹം കഴിക്കുകയില്ല, വിവാഹത്തിനു കൊടുക്കപ്പെടുകയില്ല; **അവർക്ക് ഇനി മരിക്കാനും കഴിയുകയില്ല.** അവർ പുനരുത്ഥാനപുത്രന്മാരാകയാൽ ദൈവദൂതതുല്യരും ദൈവപുത്രന്മാരും ആകുന്നു (ലൂക്കോ. 20:35-36).
>
> അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരാണെങ്കിൽ **പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും** നാം ഏകീഭവിക്കും. ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ **ഇനി മരിക്കയില്ല;** മരണത്തിന് അവന്റെമേൽ ഇനി കർത്തൃത്വമില്ല...(റോമ. 6:5, 9).
>
> ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും; ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്നെഴുതിയ വചനം നിവൃത്തിയാകും. ഹേ, മരണമേ, നിന്റെ ജയം എവിടെ? ഹേ, മരണമേ, നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ളു പാപം പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കിയ ദൈവത്തിനു സ്തോത്രം (1 കൊരി. 15:26, 54-57).
>
> "അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും; **ഇനി മരണം ഉണ്ടാകയില്ല;** ദുഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകുകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി" (വെളി. 21:4, 5).

d. പ്രത്യക്ഷതയിലെ പൂർണ്ണത: തേജസ്സ്ക്കരിക്കപ്പെട്ട ഒരു ശരീരം

> അപമാനത്തിൽ (അതു) വിതയ്ക്കപ്പെടുന്നു, **തേജസ്സിൽ** ഉയിർക്കുന്നു (1 കൊരി. 15:43).
>
> "നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും. എന്നാൽ ബുദ്ധിമാന്മാർ **ആകാശമണ്ഡലത്തിലെ പ്രഭപോലെയും** പലരെയും നീതിയിലേക്കു തിരിക്കുന്നവർ **നക്ഷത്രങ്ങളെപ്പോലെയും** എന്നും എന്നേക്കും പ്രകാശിക്കും" (ദാനീ. 12:2-3).
>
> "അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ **സൂര്യനെപ്പോലെ പ്രകാശിക്കും** ചെവിയുള്ളവൻ കേൾക്കട്ടെ" (മത്താ. 13:43).
>
> നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്ക് അവനമൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു; നാം ദൈവ**തേജസ്സിന്റെ** പ്രത്യാശയിൽ പ്രശംസിക്കുന്നു (റോമ. 5:2).
>
> **നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ** ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു... സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ. ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും **നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ** പുത്രത്വത്തിനു കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു (റോമ. 8:18, 22-23).
>
> നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും **അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും** (കൊലൊ. 3:4).

മനുഷ്യർക്കെല്ലാം പ്രത്യക്ഷത്തിൽ ചില തകരാറുകളുണ്ട്. മരണത്തിൽ ആരും നല്ലവരായിക്കാണുന്നില്ല. മാരകരോഗങ്ങൾ, വാർദ്ധക്യം, അപകടങ്ങൾ, യുദ്ധങ്ങൾ, എന്നിവയെല്ലാം മരിക്കുന്ന ശരീരങ്ങൾക്കു മാന്യമായ ഒരു വിലനല്കുന്നില്ല. എന്നാലും, ഒരു വിശ്വാസിയും അഴുകിയ നിലയിലോ കോലം കെട്ട സ്ഥിതിയിലോ ജരബാധിതനായോ തുടരുന്നില്ല. കാരണം, തേജസ്സും പൂർണ്ണതയുമുള്ള ഒരു സ്ഥിതി/ നിലയാണു പുനരുത്ഥാനം കൈവരുത്തുന്നത്. എല്ലാ ന്യൂനതകളിൽ നിന്നും വിശ്വാസികൾ മുക്തരായിരിക്കും (സ്നേഹത്തിന്റെയും വിജയത്തിന്റെയും അടയാളങ്ങളെന്ന നിലയിൽ (തന്റെ ത്യാഗപൂർണ്ണമായി സ്നേഹത്തിന്റെ മുറിപ്പാടുകളുള്ള ക്രിസ്തു മാത്രമായിരിക്കും ഇക്കാര്യത്തിൽ ഒഴിവുള്ളവൻ).

ചില വിശ്വാസികൾക്കു മറ്റുള്ളവരെക്കാൾ ദൈവതേജസ്സിന്റെ പ്രതിഫലനം കാണും. പ്രതിഫലങ്ങളെക്കുറിച്ചുള്ളതിനൊപ്പം ഇക്കാര്യം കവച്ചുവയ്ക്കുന്നു. "നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ടു ഭേദം" ഉണ്ടല്ലോ എന്നും, "മരിച്ചവരുടെ പുനരുത്ഥാനവും അങ്ങനെതന്നെ" (1 കൊരി. 15:41, 42) എന്നും എഴുതിയിരിക്കുന്നതിലൂടെ അതാണു പൗലോസ് പഠിപ്പിക്കുന്നത്. പുനരുത്ഥാനം ചെയ്യപ്പെട്ട ശരീരത്തിന്റെ തേജസ്സിനെ ദാനീ. 12:2-3 ലും നക്ഷത്രങ്ങളോട് ഉപമിക്കുന്നു. ക്രിസ്തുവിൽ വിശ്വസിച്ചവർക്കെല്ലാം തേജസ്ക്കരിക്കപ്പെട്ട പുനരുത്ഥാനശരീരം ലഭിക്കും. എങ്കിലും, നക്ഷത്രങ്ങളുടെ തേജസ്സിൽ വ്യത്യാസമുള്ളതുപോലെ, വിശ്വാസികൾക്കും ഒരേ നിലയിലുള്ള തേജസ്സുണ്ടായിരിക്കുകയില്ല. അങ്ങനെ

യുള്ള വർദ്ധിച്ച തേജസ്സു നിഗളത്തിലേക്കു നയിക്കയില്ല. ദൈവത്തിനു മഹത്വം കൊടുക്കാനാണ് മനുഷ്യനെ സൃഷ്ടിച്ചത് (വെളി. 4:11). ക്രിസ്തുവിന്റെ മഹത്വം പ്രതിഫലിപ്പിക്കാനുള്ള വർദ്ധനമാനമായ കഴിവ്, സ്വർഗ്ഗത്തിലെ പ്രതിഫലമായും പദവിയായും കണക്കാക്കും. ഇന്നത്തെ ലോകത്തിൽ വിലയുള്ളവയെപ്പോലെ-പണം, സമ്പത്ത്, പദവി , പ്രസിദ്ധി - ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നതിനെക്കാൾ വിലയുള്ളതായി കരുതുന്നില്ല. സ്വർഗ്ഗത്തിൽ ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നതാണ് ഒന്നാം സ്ഥാനം. ഭൂമിയിൽ ഏറ്റവും പ്രസിദ്ധനും ധനികനും ആരായിരിക്കുന്നുവെന്ന് അന്നാരും ശ്രദ്ധിക്കുകയില്ല. സ്വർഗ്ഗത്തിൽ ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നത് അനാകർഷമോ, കുറച്ചിലോ അല്ല.

എല്ലാ വിശ്വാസികൾക്കും തേജസ്ക്കരിക്കപ്പെട്ട ശരീരം കിട്ടും. അതു തികച്ചും മിന്നും ശോഭയുള്ളതായിരിക്കും. "അവന്റെ തേജസ്സു പങ്കു വയ്ക്കുന്ന" സൂര്യനെപ്പോലെ നാം ശോഭിക്കും (കൊലൊ. 3:4). ഇപ്പോൾ നമുക്കതു കാണാൻ കഴിഞ്ഞാൽ, അതു നമുക്കു സഹിക്കാനായേക്കില്ല (വെളി. 1:17). എന്നിരുന്നാലും, ഭൂമിയിൽ ക്രിസ്തുവിനെ മഹത്വപ്പെടുത്താൻ ജീവിച്ചിരിക്കുന്നവർക്ക്, സ്വർഗ്ഗത്തിലെ തേജസ്ക്കരിക്കപ്പെട്ട ശരീരങ്ങളിൽ അവന്റെ മഹത്വം പ്രതിഫലിപ്പിക്കാനുള്ള പദവിയുണ്ടാകും. ഭൂമിയിൽ ക്രിസ്തുവിനെ മഹത്വപ്പെടുത്താൻ ജീവിച്ചതിൽ അവർ വളരെ സന്തോഷിക്കും.

e. നിലനില്പുള്ള പൂർണ്ണത: ശക്തിയേറിയ ഒരു ശരീരം

> "..ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, **ശക്തി**യിൽ ഉയിർക്കുന്നു; (1 കൊരി. 15:43).

ബലഹീനതയുടെ ഗ്രീക്കുപദം ശാരീരിക *ബലഹീനത*യെന്നും രോഗമെന്നും വിവർത്തനം ചെയ്യാം (റോമ. 8:22; 2 കൊരി. 5:2). പുനരുത്ഥാനശരീരം ഇതിനു വിരുദ്ധമാണ്; അതിനു വേദനിക്കാനും ദുഖിക്കാനുമുള്ള കഴിവില്ല (വെളി. 21:4). ഇനിയൊരിക്കലും അതിനു ശേഷിക്കുറവുണ്ടാകുകയില്ല; അനാരോഗ്യമുണ്ടാകുകയില്ല. വികലാംഗനും വിരൂപനും ഉയർത്തെഴുന്നേല്ക്കും; വൃദ്ധർ യുവത്വത്തിന്റെ പ്രസരിപ്പോടെയാകും ഉയിർക്കുക. ആശുപത്രികളും ആതുരശുശ്രൂഷാകേന്ദ്രങ്ങളും ആരോഗ്യപ്രവർത്തകരുമൊന്നും നിത്യതയിൽ ഉണ്ടായിരിക്കുകയില്ല.

f. ആത്മീയതയിലെ പൂർണ്ണത: ഒരു ആത്മീയശരീരം

> പ്രാകൃതശരീരം വിതയ്ക്കപ്പെടുന്നു, **ആത്മീയ** ശരീരം ഉയിർക്കുന്നു... (1 കൊരി. 15:44).

പുനരുത്ഥാനശരീരം ആത്മീയശരീരമായിരിക്കുമെന്ന് ഈ വാക്യം പഠിപ്പിക്കുമ്പോൾ, വിശ്വാസികൾ അശരീരികളായി(പ്രേതം)രിക്കുമെന്നർത്ഥമില്ല. പുനരുത്ഥാനത്തിലെ അവസ്ഥ ഇങ്ങനെയായിരിക്കുമെന്നുള്ളത് ക്രിസ്തു പ്രത്യേകമായി നിഷേധിച്ചിട്ടുണ്ട്.

> ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ അവരുടെ നടുവിൽ നിന്നു: നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു. അവർ ഞെട്ടി ഭയപ്പെടു; ഒരു ഭൂതത്തെ കാണുന്നു എന്ന് അവർക്കു തോന്നി. യേശു അവരോട്: നിങ്ങൾ കലങ്ങുന്നതെന്ത്? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതും എന്ത്? ഞാൻ തന്നെ ആകുന്നു എന്ന് എന്റെ കയ്യും കാലും നോക്കി അറിവിൻ; എന്നെ തൊട്ടുനോക്കുവിൻ; എന്നിൽ കാണുന്നതുപോലെ ഭൂതത്തിന് മാംസവും അസ്ഥിയും ഇല്ലല്ലോ എന്നു പറഞ്ഞു (ലൂക്കോ. 24:36-39).

"ആത്മിയ ശരീരം" കൊണ്ടു പൗലോസ് അർത്ഥമാക്കിയതു പരിപൂർണ്ണ ആത്മീയതയിലേക്കെത്തിയ ഒരു ശരീരമെന്നാണ്. അതായത്, പാപരഹിതമായ പൂർണ്ണതയിൽ ജീവിക്കാൻ അനുയോജ്യമായ ശരീരം. പ്രാകൃതശരീരം ഭൗമികപ്രകൃതത്തിന് ഇണങ്ങിയതാണ്. അവിടെ അതിനു ചുറ്റും ദുഷ്ടതയും അതിനു വഴങ്ങാനുള്ള പ്രവണതയും ആ ശരീരത്തിനുണ്ട്. പുനരുത്ഥാനശരീരത്തിൽ വിശ്വാസിക്ക് അങ്ങനെയൊരു പെരുമാറ്റസമ്പ്രദായമില്ല. ജഡികസ്വഭാവത്തിനു വിരുദ്ധമായ ഒരു ആത്മീയ ശരീരമാണത്.

g. വിവാഹവും മക്കളും

സ്വർഗ്ഗത്തെ ഒരു അന്ത:പുരത്തോടു സാമ്യപ്പെടുത്തുന്ന ദുരുപദേശക്കൂട്ടങ്ങളും കടപമതങ്ങളുമുള്ളപ്പോൾത്തന്നെ, മരണംമൂലം തകരുന്ന ഒരു ഭൗമിക ബന്ധമാണു വിവാഹമെന്നു ബൈബിൾ വ്യക്തമാക്കുന്നു (ഉദാ. റോമ. 7:3; 1 കൊരി. 7:39). ഭൂമിയിലെ നമ്മുടെ കുടുംബബന്ധങ്ങൾ, സ്നേഹം, എന്നിവ മറക്കുകയില്ല, അതു കുറയുകയല്ല കൂടുകയാണ് ചെയ്യുന്നത്. ഇതിനു സംശയമില്ല. എന്നാലും, സ്വർഗ്ഗത്തിൽ വിശ്വാസികൾ ഒരു കുടുംബത്തിന്റെ ഭാഗമായിരിക്കും. സ്വർഗ്ഗത്തിൽ വിവാഹം, ഗർഭധാരണം, ശിശുജനനം ഇവയില്ല.

> "ഈ ലോകത്തിന്റെ മക്കൾ വിവാഹം കഴിക്കുകയും വിവാഹത്തിനു കൊടുക്കുകയും ചെയ്യുന്നു. എങ്കിലും ആ ലോകത്തിനും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തിനും യോഗ്യരായവർ **വിവാഹം കഴിക്കുകയില്ല; വിവാഹത്തിനു കൊടുക്കപ്പെടുകയുമില്ല"** (ലൂക്കോ. 20:34-35; ഒത്തു നോക്കുക മത്തായി 22:30).

3. സ്വർഗ്ഗത്തെപ്പറ്റിയുള്ള വേദഭാഗങ്ങളിൽ നിന്നു പുനരുത്ഥാനത്തെക്കുറിച്ചുള്ള അനുമാനങ്ങൾ

വെളി. 21 ഉം 22 ഉം സ്വർഗ്ഗത്തെക്കുറിച്ചും വ്യാപകമായ ഒരു പഠനം നൽകുന്നുണ്ട്. അതിലെ ചില വിവരണങ്ങൾ, വിശ്വാസികളുടെ പുനരുത്ഥാനശരീരങ്ങലുടെ പ്രകൃതത്തെക്കുറിച്ചുള്ള സൂചകങ്ങളാണ്.

a. വംശീയനാനാത്വം

ജാതികൾ (nations) എന്ന പദത്തിന്റെ ഗ്രീക്കുപദമായ *എത്നാ* എന്ന പദത്തിൽ നിന്നാണ് വംശീയം എന്ന പദം ഉത്ഭവിച്ചത്. പുനരുത്ഥാനം ചെയ്ത വിവിധ വംശീയ വിഭാഗങ്ങൾ അപ്പോഴും അങ്ങനെയായിരിക്കാനാണു സാധ്യത.

> **ജാതികൾ** അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും.. **ജാതികളുടെ** മഹത്വവും ബഹുമാനവും അതിലേക്കു കൊണ്ടു വരും... നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്; അതു പന്ത്രണ്ടു വിധം ഫലം കായ്ച്ചു മാസംതോറും അതതു ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇല **ജാതികളുടെ** രോഗശാന്തിക്ക് ഉതകുന്നു (വെളി. 21:24, 26; 22:2).

b. വിശ്രമം ആവശ്യമില്ല

നിത്യതയിൽ രാത്രിയില്ല, തേജസ്ക്കരിക്കപ്പെട്ടവർക്കു വിശ്രമിക്കേണ്ടുന്ന ആവശ്യമില്ല.

> **ഇനി രാത്രി ഉണ്ടാകയില്ല;** ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നുതൊണ്ട് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവശ്യമില്ല. അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും (വെളി. 22:5).

c. കർത്താവിന്റെ നാമം

തേജസ്ക്കരിക്കപ്പെട്ട വിശ്വാസികളുടെ മേൽ ഏതെങ്കിലും വിധത്തിൽ ക്രിസ്തുവിന്റെ നാമം എഴുതുമെന്നും നിരവധി വാക്യങ്ങൾ ചൂണ്ടിക്കാട്ടുന്നു.

> "ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല; **എന്റെ ദൈവത്തിന്റെ നാമവും** എന്റെ ദൈവത്തിന്റെ പക്കൽ നിന്നും, സ്വർഗ്ഗത്തിൽ നിന്നുതന്നെ ഇറങ്ങുന്ന പുതിയ യെരുശലേം എന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും **ഞാൻ അവന്റെ മേൽ എഴുതും** (വെളി. 3:12).
>
> അവർ അവന്റെ മുഖം കാണും; അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും (വെളി. 22:4).

d. പ്രവൃത്തി

സ്വർഗ്ഗീയനഗരത്തിന്റെ കവാടങ്ങൾ ഒരിക്കലും അടയ്ക്കുകയില്ലെന്ന വസ്തുത സൂചിപ്പിക്കുന്നത്, ഉയിർത്തെഴുന്നേറ്റ വിശ്വാസികൾ, പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത ഏതോ പ്രവൃത്തിയിൽ വ്യാപൃതരായി തിരക്കിട്ടു വന്നും പോയുമിരിക്കുമെന്നാണ്.

> അതിന്റെ ഗോപുരങ്ങൾ(gates) പകൽക്കാലത്ത് അടയ്ക്കുകയില്ല; രാത്രി അവിടെ ഇല്ലല്ലോ (വെളി. 21:25).

IX. ക്രിസ്തുവിന്റെ ന്യായാസനം

ഉദ്പ്രാപണത്തെത്തുടർന്ന് (ഉയിർപ്പും/ തേജസ്ക്കരണവും ഒരുമിച്ചുള്ളതിനൊപ്പം), വിശ്വാസികൾക്കുള്ള അടുത്ത സംഭവം ക്രിസ്തുവിന്റെ ന്യായാസനമാണ്. അതിനു ഗ്രീക്കിൽ പറയുന്ന പേരു "ബീമാസീറ്റ്" എന്നാണ് (റോമ. 14:10; 2 കൊരി. 5:10). ചരിത്രപ്രസിദ്ധമായ നിരവധി വിചാരണകളും പ്രകടനങ്ങളും പരാമർശിക്കുന്നിടത്ത് ഈ പദം പുതിയനിയമത്തിൽ കാണുന്നുണ്ട് (ക്രിസ്തു പീലാത്തോസിന്റെ മുന്നിൽ, മത്തായി 27:19; യോഹ. 19:13; സിംഹാസനത്തിലിരുന്നുകൊണ്ടുള്ള ഹെരോദാവിന്റെ പ്രസംഗം, അപ്പോ. പ്രവൃ. 12:21; ഗല്ലിയോന്റെ മുന്നിൽ പൗലോസ്, അപ്പോ. പ്രവൃ. 18:12, 16, 17; ഫെസ്തോസിന്റെ മുന്നിൽ, 25:6, 20, 27). ഓട്ടമത്സരത്തിന്റെ ഭാവനയ്ക്കു ന്യായവിധിയുടെ വിഷയത്തിൽ ഒരു പങ്കുള്ളപ്പോൾത്തന്നെ (1 കൊരി. 9:24 ലെ 'കിരീടം' (വിരുത്) ഓട്ടത്തിലെ വിജയിയുടെ ശിരസ്സിന്മേൽ വയ്ക്കുന്നതാണ്) വിജയമാഘോഷിക്കുന്നവർക്കു ട്രോഫികൾ കൈമാറുന്നതിനോടു മാത്രം ക്രിസ്തുവിന്റെ ന്യായാസനത്തെ ഉപമിക്കുന്നതു പാടില്ല. വിമർശനപരമായ വിലയിരുത്തലിനുള്ള പദമായിട്ടാണു '*ബീമാ*' എന്ന പദം പുതിയ നിയമത്തിൽ പ്രാഥമികമായി ഉപയോഗിക്കുന്നത്.

ന്യായാസനത്തിൽ രക്ഷ നഷ്ടപ്പെടുമെന്ന ഭയം വിശ്വാസികൾക്കു വേണമെന്നു ഇതു പറയുന്നില്ല. എന്നാൽ അവിടെ വിമർശനവും അനിഷ്ടമായ തലങ്ങളും ഉണ്ടായിരിക്കുമെന്നു അറിഞ്ഞിരിക്കണം. ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ആഗ്രഹിക്കത്തക്ക ചിലതു കാണുമെങ്കിലും (1 കൊരി. 4:5), ഭൂമിയിൽ ജീവിതം പാഴാക്കിയ വിശ്വാസികൾക്ക് അതൊരു വിജയാഘോഷ സമ്മേളനം ആയിരിക്കുകയില്ല.

A. ന്യായാസനത്തിന്റെ സമയം

ന്യായാസനത്തിന്റെ സമയമെന്തെന്നു നിർണ്ണയിക്കാൻ മതിയായ തെളിവുണ്ട്.

> "നീ വിരുന്നു കഴിക്കുമ്പോൾ, ദരിദ്രന്മാർ, അംഗഹീനന്മാർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ ക്ഷണിക്കുക; എന്നാൽ നീ ഭാഗ്യവാനായിരിക്കും; നിനക്കു പ്രത്യുപകാരം ചെയ്യാൻ അവർക്കു വകയില്ലല്ലോ. നീതിമാന്മാരുടെ **പുനരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ഉണ്ടാകും**" (ലൂക്കോ. 14:13–14).
>
> ആകയാൽ **കർത്താവു വരുവോളം** സമയത്തിനും മുമ്പെ ഒന്നും വിധിക്കരുത്. അവൻ

ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്ന് ഓരോരുത്തനു ദൈവത്തിൽ നിന്നു പുകഴ്ചയുണ്ടാകും (1 കൊരി. 4:5).

ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; അതു **നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച** ഏവർക്കും കൂടെ (2 തിമൊ. 4:8).

"ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുക്കാൻ **പ്രതിഫലം എന്റെ പക്കലുണ്ട്"** (വെളി. 22:12).

ലൂക്കോസ് 14:14 പ്രതിഫലത്തോടുകൂടിയ ഉയിർത്തെഴുന്നേല്പാണ്. ഉയിർത്തെഴുന്നേല്പിനെത്തുടർന്നും പ്രതിഫലമുണ്ടെന്ന് അനുമാനിക്കാം. സഭാവിശുദ്ധന്മാരെ സംബന്ധിച്ച് ഉദ്പ്രാപണത്തിനുശേഷം ന്യായാസനം. 1 കൊരി. 4 ഉം 2 തിമോ. 1. 4:8 ഉം കർത്താവിന്റെ മടങ്ങിവരവു ന്യായവിധിയോടും പ്രതിഫലത്തോടുകൂടിയാണെന്നും ബന്ധിപ്പിക്കുന്നു. അവസാനമായി, വെളി. 22:12 ആയിരിക്കും പ്രതിഫലത്തിന്റെ സമയം ഏറ്റവും നന്നായി വ്യക്തമാക്കുന്ന വാക്യം കർത്താവിന്റെ മടങ്ങിവരവിൽ പ്രതിഫലമുണ്ടായിരിക്കെ, ഉദ്പ്രാപണത്തിനു ശേഷമുള്ള തൊട്ടടുത്ത സംഭവമായി വേദോപദേഷ്ടാക്കന്മാർ അതിനെ കാണുന്നു (സഭയുടെ അടുത്ത സംഭവം, അപ്പോൾ ഭൂമിയിൽ മഹോപദ്രവമായിരിക്കും)[13]

B. ന്യായവിധിയുടെ സ്ഥലം

ആ കോടതി എവിടെയാണെന്നു തിരുവചനം എടുത്തു പറയുന്നില്ല. ക്രിസ്തു മടങ്ങിവരുമ്പോൾ വിശ്വാസികളെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുമെന്നിരിക്കെ (യോഹ. 14: 1), അതു സ്വർഗ്ഗത്തിലായിരിക്കുമെന്നു അനേക വേദപണ്ഡിതന്മാരും പറയുന്നു. അതു ഭൂമിയിലായിരിക്കുകയില്ല എന്നു പറയുന്നതാണു സുരക്ഷിതം.

C. ന്യായാധിപതി

അതു ക്രിസ്തു തന്നെയായിരിക്കുമെന്നു വ്യക്തമാണ്.[14]

അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാമെല്ലാവരും **ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ** മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി. 5:10).

നിങ്ങൾ ചെയ്യുന്നത് ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിനെന്നപോലെ മനസ്സോടെ ചെയ്വിൻ. അവകാശമെന്ന **പ്രതിഫലം കർത്താവു തരും** എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിക്കുവിൻ (കൊലൊ. 3:23-24).

ന്യായവിധിയെല്ലാം പിതാവു പുത്രനു നൽകിയതിനാൽ, എടുത്തു പറഞ്ഞിട്ടില്ലെങ്കിലും അത് അനുമാനിക്കാവുന്നതേയുള്ളൂ.

"..പിതാവ് ആരെയും ന്യായം വിധിക്കാതെ **ന്യായവിധിയെല്ലാം പുത്രനു കൊടുത്തിരിക്കുന്നു"** (യോഹ. 5:22).

D. ന്യായം വിധിക്കപ്പെടുന്നവർ

ക്രിസ്തുവിന്റെ ന്യായാസനം വിശ്വാസികൾക്കുവേണ്ടി മാത്രമാണ്. അവിശ്വാസികൾ (മരിച്ചവർ)ക്കായുള്ള വെള്ളസിംഹാസനവുമായി ഇതു കൂട്ടിക്കുഴയ്ക്കരുത് (വെളി. 20:11-15). [15] റോമർ 14 ലും 2 കൊരി. 5 ലും "നാം" എന്നതു വിശ്വാസികളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അതിനാൽ ന്യായാസനം വിശ്വാസികൾക്കു മാത്രമാണ് (റോമ. 14: 10; 2 കൊരി. 5:10).

എന്നാൽ നീ **സഹോദരനെ** വിധിക്കുന്നത് എന്ത്? അല്ല, നീ **സഹോദരനെ** ധിക്കരിക്കുന്നത് എന്ത്? **നാം എല്ലാവരും** ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടിവരും(റോമ. 14:10).

അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു **നാം എല്ലാവരും** ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു(2 കൊരി. 5:10).

ദൈവം വിശ്വാസികളെ ന്യായം വിധിക്കുമ്പോൾ, അതു വിശ്വാസികൾക്കുവേണ്ടി മാത്രമായിരിക്കും. അവിടെ നിൽക്കുന്നവരെല്ലാം രക്ഷിക്കപ്പെട്ടവരാണ്.

ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും; **താനോ രക്ഷിക്കപ്പെടും;** എന്നാൽ തീയിൽക്കൂടി എന്നപോലെ അത്രേ (1 കൊരി. 3:15).

---

[13] മറ്റു ചില വാക്യഭാഗങ്ങളും കർത്താവിന്റെ വരവിനെക്കുറിച്ചും തുടർന്നുള്ള പ്രതിഫല വിതരണത്തെപ്പറ്റിയും പ്രതിപാദിക്കുന്നു(1 കൊരി. 1:8; 2 കൊരി. 1:14; 1 തെസ്സ. 2:19; 1 യോഹ. 2:28).

[14] എബ്രാ. 9:27-28-ൽ ക്രിസ്തുവിന്റെ വരവിങ്കൽ ന്യായവിധിയും ഉണ്ടാകും എന്ന് പഠിപ്പിക്കുന്നു.

[15] വെളി. 20:11-15-ലും ന്യായവിധിക്ക് വിവിധ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ഇവിടെ നമുക്ക് *ബീമാ* ന്യായവിധിയല്ല മറിച്ച് *സിംഹാസനത്തിൽ* ഇരുന്നുകൊണ്ടുള്ള ന്യായവിധിയെയാണ് പരാമർശിച്ചിരിക്കുന്നത്.

നൂറ്റാണ്ടുകളായുള്ള പല ജാതികളിലെ ക്രിസ്ത്യാനികളെ കൂട്ടത്തോടെ ന്യായം വിധിക്കുകയല്ല ഇവിടെ. ഭൂമിയിലേതിനെക്കാൾ വ്യത്യസ്തമായ "സമയം" ആയിരിക്കാം സ്വർഗ്ഗത്തിലേത്. എങ്കിലും കോടിക്കണക്കിനു വ്യക്തികളെ കർത്താവ് എത്ര സമയമെടുത്താണ് വിധിക്കുകയെന്നതു ഗ്രഹിക്കാൻ പ്രയാസമാണ്. ക്രിസ്തുവിന്റെ ന്യായാസനം **വ്യക്തിപരമായ** ന്യായാസനമാണെന്നു വചനം വ്യക്തമാക്കുന്നു.

> എന്നാൽ നീ സഹോദരനെ വിധിക്കുന്നത് എന്ത്? അല്ല. നീ സഹോദരനെ ധിക്കരിക്കുന്നത് എന്ത്? നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടി വരും... ആകയാൽ നമ്മിൽ **ഓരോരുത്തൻ** ദൈവത്തോടു **കണക്കു ബോധിപ്പിക്കേണ്ടി വരും** (റോമർ 14:10, 12).
>
> നടുന്നവനും നനയ്ക്കുന്നവനും, ഒരുപോലെ; **ഓരോരുത്തനു താന്താന്റെ** അദ്ധ്വാനത്തിന് ഒത്തവണ്ണം കൂലി കിട്ടും (1 കൊരി. 3:8).
>
> "**അവനവന്റെ** പ്രവൃത്തി വെളിപ്പെട്ടു വരും; ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടു വരും; **ഓരോരുത്തന്റെ** പ്രവൃത്തി ഇന്നവിധം എന്നു തന്നെ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കുമെങ്കിൽ അവനു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽക്കൂടി എന്നപോലെ അത്രേ (1 കൊരി. 3:13-15).
>
> ആകയാൽ കർത്താവു വരുവോളം സമയത്തിനു മുമ്പെ ഒന്നും വിധിക്കരുത്. അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അത് **ഓരോരുത്തനു** ദൈവത്തിൽ നിന്നു പുകഴ്ച ഉണ്ടാകും (1 കൊരി. 4:5).
>
> **അവനവൻ** ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി. 5:10).
>
> **ഓരോരുത്തൻ** താന്താന്റെ ചുമടു ചുമക്കുമല്ലോ (ഗലാ. 6:5).

E. ന്യായവിധിയുടെ അടിസ്ഥാനം

1. ന്യായാസനത്തിൽ വിഷയമല്ലാത്തവ

രക്ഷയോ സ്വർഗ്ഗപ്രവേശമോ ക്രിസ്തുവിന്റെ ന്യായാസനത്തിലെ വിഷയങ്ങളല്ലായെന്നതു വളരെ പ്രധാനപ്പെട്ടതാണ്. ന്യായം വിധിക്കപ്പെടുന്നവരെല്ലാം വിശ്വാസികളാണ്. രക്ഷ വിശ്വാസത്താലാണെന്നതിനാൽ, ന്യായാസനത്തിങ്കൽ ഉള്ളവരെല്ലാം വിശ്വാസികളാണ്. വാസ്തവത്തിൽ, അവർ ഇപ്പോൾത്തന്നെ സ്വർഗ്ഗത്തിലാണ്. വിശ്വാസികൾക്കു പാപത്തിനുള്ള ശിക്ഷാവിധി അഭിമുഖീകരിക്കേണ്ടതില്ലെന്നും അവർ ദൈവത്തിന്റെ ന്യായവിധിയുടെ കോപത്തിനു പാത്രമാകേണ്ടതില്ലെന്നും വചനം പഠിപ്പിക്കുന്നു. ന്യായാസനത്തിങ്കലെ വിഷയം പാപങ്ങളല്ല. 1 കൊരി. 3:15 എടുത്തുപറയുന്നതു ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ ഉള്ളവരെല്ലാം വിശ്വാസികളാണെന്നാണ്.

> ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; അവൻ **ന്യായവിധിയിൽ ആകാതെ** മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു (യോഹ. 5:24).
>
> അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി **കോപത്തിൽ നിന്നു രക്ഷിക്കപ്പെടും** (റോമ. 5:9).
>
> അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് **ഒരു ശിക്ഷാവിധിയുമില്ല.** ദൈവം തിരഞ്ഞെടുത്തവരെ ആരു കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആര്? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുകയും നമുക്കു വേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു (റോമ. 8:1, 33-34).
>
> ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽക്കൂടി എന്നപോലെ അത്രേ (1 കൊരി. 3:13-15).
>
> അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടുകൂടെ ജീവിപ്പിച്ചു; അതിക്രമങ്ങൾ **ഒക്കെയും നമ്മോടു ക്ഷമിച്ചു** (കൊലൊ. 2:13).
>
> "അവരുടെ **പാപങ്ങളെയും** അകൃത്യങ്ങളെയും **ഞാൻ ഇനി ഓർക്കയുമില്ല"** (എബ്രാ. 10:17).
>
> ദൈവം നമ്മെ **കോപത്തിനല്ല,** നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു.... കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിക്കാനത്രേ **നിയമിച്ചിരിക്കുന്നത്** (1 തെസ്സ. 5:9).
>
> ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം

> സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു. **ന്യായവിധി ദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാകുവാൻ** തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു; അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു. സ്നേഹത്തിൽ ഭയമില്ല. **ഭയത്തിനു ദണ്ഡനമുള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു** (1 യോഹ. 4: 16–18).

ദൈവത്തിന്റെ ന്യായസമ്പ്രദായത്തിൽ ഇരട്ടി ദോഷമില്ല. പിതാവെന്ന നിലയിൽ ദൈവത്തിന്റെ ഭാഗത്തിനെതിരായി വിശ്വാസികൾക്കു പാപം ചെയ്യാൻ കഴിയും. അപ്പോൾ അതു താത്ക്കാലികമായ ബാലശിക്ഷയ്ക്കു ഇടവരുത്തുന്നു. ന്യായാധിപനെന്ന നിലയിൽ ദൈവത്തിനെതിരായി ചെയ്ത പാപമെല്ലാം ക്ഷമിക്കപ്പെട്ടിരിക്കുകയാണ്. ക്രിസ്തുവിന്റെ ന്യായാസനത്തിങ്കലെ വിഷയങ്ങൾ രക്ഷയോ സ്വർഗ്ഗപ്രവേശമോ അല്ല, നേരത്തെ തന്നെ ക്ഷമിക്കപ്പെട്ട പാപങ്ങൾക്കായുള്ള ന്യായവിധിയുമല്ല. "വിശ്വാസത്താലുള്ള നീതീകരണത്തിന്റെ" വിധിയുടെ അർത്ഥം, ഒരു വിശ്വാസിക്കുമെതിരെ ഒരു കുറ്റാരോപണവും ദൈവത്തിന്റെ കോടതിമുറിയിൽ പരിഗണിക്കുകയില്ലായെന്നതാണ്.

2. ഭൂമിയിൽ ചെയ്ത പ്രവൃത്തികൾ

a. പൊതുവായ പ്രവൃത്തികൾ

ന്യായാസനത്തിങ്കലെ വിഷയങ്ങൾ രക്ഷയോ, സ്വർഗ്ഗപ്രവേശമോ, അല്ലെങ്കിൽ ഭൂമിയിൽ വച്ചു ചെയ്ത പാപം പോലുമോ അല്ല. ഭൂമിയിൽ വച്ചു ചെയ്ത പ്രവൃത്തികൾക്കനുസൃതമായി പ്രതിഫലം നഷ്ടപ്പെടുകയോ, അല്ലെങ്കിൽ പ്രതിഫലം നേടുകയോ എന്നുള്ളതാണത്. ന്യായവിധിയുടെ അടിസ്ഥാനം പ്രവൃത്തികളാണെന്നു പൗലോസ് ഊന്നിപ്പറയുന്നു.

> നടുന്നവനും നനയ്ക്കുന്നവനും ഒരുപോലെ; ഓരോരുത്തനു താന്താന്റെ **അദ്ധ്വാനത്തിനു** തക്കവണ്ണം കൂലി കിട്ടും (1 കൊരി. 3:8).
>
> ആ ദിവസം **അതിനെ** തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടു വരും; **ഓരോരുത്തന്റെ** പ്രവൃത്തി ഇന്നവിധം എന്നു തീതന്നെ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കുമെങ്കിൽ അവനു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽക്കൂടി എന്നപോലെ അത്രേ (1 കൊരി. 3: 13–15).
>
> അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ **ചെയ്തതു** നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി. 5:10).

b. പ്രവൃത്തിയുടെ അളവല്ല, ഗുണമാണു മുഖ്യം

2 കൊരി. 5:10-ൽ "തീയത്" (bad) എന്നു വിവർത്തനം ചെയ്തിരിക്കുന്ന ഗ്രീക്കു പദം തിന്മ (evil) എന്നതാണ് "വിലയില്ലാത്തത്" എന്നാണ് അതിനർത്ഥം.[16] ഒരാളുടെ പ്രവൃത്തികൾ വളരെയധികം നന്മയും തിന്മയും എന്ന നിലയിലല്ല വിലയിരുത്തുന്നത് (പാപം കാരണമായുള്ള ശിക്ഷാവിധിയല്ലല്ലോ ഇവിടുത്തെ വിഷയം), മറിച്ച് അവ വിലയുള്ളതായിരുന്നുവോ വിലയില്ലാത്തതായിരുന്നുവോ എന്ന നിലയിലാണ്. ചെയ്ത പ്രവൃത്തികളും ചെയ്യാത്ത പ്രവൃത്തികളും തമ്മിലുള്ള വൈരുദ്ധ്യമല്ല അവിടെ ഊന്നിപ്പറയുന്നതെന്നു ശ്രദ്ധിക്കുക. പ്രവൃത്തികൾ ചെയ്തു കഴിഞ്ഞു. അവ **വിലയുള്ളതായിരുന്നോ വിലയില്ലാത്തതായിരുന്നോ** എന്നു നിർണ്ണയിക്കുന്നതാണു ന്യായവിധി.

പ്രവൃത്തിയുടെ അളവിനെക്കാൾ അതിന്റെ ഗുണത്തിലായിരിക്കും ക്രിസ്തുവിനു താത്പര്യം (ചിലരുടെ ജീവിതത്തിൽ അവ തമ്മിൽ ബന്ധമുണ്ടെങ്കിലും). ക്രിസ്തുവിന്റെ ന്യായാസനം പ്രവൃത്തിയുടെ ഗുണങ്ങൾ വിലയിരുത്തുന്നത് പ്രത്യേകമായി, അവ കർത്താവിനു മഹത്വമായിരുന്നുവോ അതോ സ്വയം പുകഴ്ത്തുന്നതായിരുന്നോ എന്നാണു നോക്കുക (ഉദാ. 1 ശമൂ. 16:7). പ്രസിദ്ധമായ ഫലങ്ങളെക്കാൾ,വിശ്വസ്തതയും അനുസരണവും സ്നേഹമുള്ള ഹൃദയത്തിലാണു ദൈവത്തിനു താത്പര്യം. നോഹെ നീതിപ്രസംഗിയായിരുന്നു (2 പത്രൊ. 2:5; ഉല്പത്തി 6:3) പക്ഷെ അതിന്റെ ഫലം തീരെച്ചെറുതായിരുന്നു. യെശയ്യാവും, യിരെമ്യാവും പറഞ്ഞതു കുറച്ചുപേരേ കേട്ടുള്ളൂ (യെശ. 6:9–10; യിരെ. 1: 19; 15:5, 17; 20:7–10). വാസ്തവത്തിൽ മശീഹയെ ജനം തുച്ഛീകരിച്ചു തള്ളിക്കളഞ്ഞു (യെശ. 53:3; യോഹ. 1:11). ഫലങ്ങൾ അഭിലഷണീയവും അനുഗ്രഹവുമാകുമ്പോൾത്തന്നെ, ദൈവത്തിനു മഹത്വമുളവാകുന്ന വിശ്വസ്തത(ഫലമുള്ളതോ, ഇല്ലാത്തതോ) യാണു ക്രിസ്തുവിന്റെ ന്യായാസനത്തിലെ ന്യായവിധിയുടെ മാനദണ്ഡം.

> എനിക്കു ലഭിച്ച ദൈവകൃപയ്ക്ക് ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളൊരു പ്രധാനശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ മീതെ

[16] See Richard C. Trench, *Synonyms of the new Testament*, repriented (Grand Rapids: Wm. B. Eerdmans Publishing Co. 1976). pp. 317-18.

പണിയുന്നു; താൻ **എങ്ങനെ** പണിയുന്നുവെന്ന് ഓരോരുത്തൻ നോക്കിക്കൊള്ളട്ടെ.... ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടു വരും ഓരോരുത്തന്റെ പ്രവൃത്തി **ഇന്നവിധ** (quantity)മെന്നു തീ തന്നെ ശോധന ചെയ്യും (1 കൊരി. 3:10, 13).

ആകയാൽ കർത്താവു വരുവോളം സമയത്തിനു മുമ്പെ ഒന്നും വിധിക്കരുത്, അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ **ആലോചനകളെ** (motives) വെളിപ്പെടുത്തും; അന്ന് ഓരോരുത്തനു ദൈവത്തിൽ നിന്നു പുകഴ്ചയുണ്ടാകും (1 കൊരി. 4:5).

ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ **വിശ്വസ്തരായിരിക്കണം** എന്നത്രേ (1 കൊരി. 4:2).

C. വിശ്വസ്തതയുള്ള ഒരു ഹൃദയത്തിന്റെ അകമ്പടിയോടെയുള്ള പ്രവൃത്തികളാണു വിശേഷിച്ചു ദൈവത്തെ പ്രസാദിപ്പിക്കുന്നത്

പ്രതിഫലമായി നൽകപ്പെടുന്ന വിവിധ തരം കിരീടങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്കു വചനം ഉത്തരം നൽകുന്നില്ല. വിശ്വാസികളുടെ ശേഷികൾക്കുള്ള പ്രതിഫലങ്ങളെക്കാൾ, തങ്ങളുടെ ഉത്തരവാദിത്വങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാകാം ദൈവം ആഗ്രഹിക്കുന്നത്. നമുക്ക് എന്തു നേടാം എന്നതിൽ ശ്രദ്ധിക്കുന്നതിനെക്കാൾ, എന്തായിരിക്കണം ചെയ്യേണ്ടത് എന്നതിൽവേണം ശ്രദ്ധ കേന്ദ്രീകരിക്കാൻ. "കിരീടങ്ങളെപ്പറ്റി തുടർന്നു വിവരിക്കുന്നതാണ്. ഈ കിരീടങ്ങൾ പ്രാപിക്കേണ്ടതിനു നാം എന്താണു ചെയ്യേണ്ടതെന്നു നോക്കാം. വെറും പ്രവൃത്തിക്കല്ല, മറിച്ച് ശുദ്ധമായ ഹൃദയത്തിൽനിന്നാണോ പ്രവൃത്തി എന്നതിനാണു പ്രതിഫലമെന്നു വീണ്ടും ഓർക്കുക- ദൈവത്തിനു മാനവും സ്നേഹവും പ്രസാദവും ഉളവാക്കുന്ന ഹൃദയത്തിന്റെ ലക്ഷ്യം.

(1) വാടാത്ത കിരീടം

ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളൂ എന്ന് അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കാന്തക്കവണ്ണം ഓടുവിൻ. അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും **വർജ്ജനം** ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്ത കിരീടവും പ്രാപിക്കേണ്ടതിനു തന്നെ. ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത് ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്. മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായിപ്പോകാതിരിക്കേണ്ടതിനു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത് (1 കൊരി. 9:24-27).

ശിക്ഷണം (അച്ചടക്കം), **സമർപ്പണം, വർജ്ജനം** എന്നിവ ഒരു ഓട്ടക്കാരനു പരിശീലനത്തിനുള്ളതുപോലെ, ക്രിസ്തീയജീവിതത്തിലുള്ളവർക്കു പ്രത്യേക പ്രതിഫലമുണ്ട്. അവരുടെ ജീവിതത്തിന്റെ കേന്ദ്രം ക്രിസ്തുവാണ്. അവന്റെ വചനം പോലെ ചെയ്യാനാണ് അവർ പരിശ്രമിക്കുന്നത്.

(2) പ്രശംസാ(സന്തോഷം)കിരീടം

നമ്മുടെ കർത്താവായ യേശുവിന്റെ മുമ്പാകെ അവന്റെ പ്രത്യക്ഷതയിൽ **ഞങ്ങളുടെ** ആശയോ സന്തോഷമോ പ്രശംസാ**കിരീടമോ** ആരാകുന്നു? **നിങ്ങളും** അല്ലയോ? ഞങ്ങളുടെ മഹത്വവും സന്തോഷവും **നിങ്ങൾ തന്നെ** (1 തെസ്സ. 2:19-20).

മറ്റുള്ളവരെ രക്ഷയിലേക്കു നയിക്കുന്നവർക്കു പ്രതിഫലം നല്കുന്നതിൽ ദൈവത്തിനു പ്രത്യേക താത്പര്യമുണ്ട്. "പലരെയും നീതിയിലേക്കു തിരിക്കുന്നവർ" എന്ന ഭാഗം ഭാവിമഹത്വത്തോടു ബന്ധപ്പെട്ടിരിക്കുന്നു (ദാനീ. 12:3). പൗലോസിന്റെ തെസ്സലോനിക്യാ വിശ്വാസികൾ അവന്റെ സന്തോഷകിരീടമായിരിക്കും.

(3) നീതിയുടെ കിരീടം

ഇനി നീതിയുടെ **കിരീടം എനിക്കായി വച്ചിരിക്കുന്നു; അതു** നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ **പ്രത്യക്ഷതയിൽ പ്രിയം** വച്ച ഏവർക്കും കൂടെ (2 തിമൊ. 4:8).

ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പ്രിയപ്പെടുന്നവർ അവനെയും പ്രിയപ്പെടുന്നുവെന്നു പറയുന്നതാണു നല്ലത്. ഉപരിയായി, അനുരൂപരാകുന്നതിനെക്കാൾ ക്രിസ്തുവിനോട് അനുരൂപരാകുന്നതാണ് അവർ തിരഞ്ഞെടുക്കുന്നത്. ഇങ്ങനെ, **അവനെയും അവന്റെ മടങ്ങിവരവിനെയും പ്രിയപ്പെടുന്നതും നീതിയോടെയുള്ള ജീവിതവും** ഒരുമിച്ചാണു പോകുന്നത് (1 യോഹ. 3: 2-3). നീതിയോടെ പ്രവർത്തിക്കുന്ന വിശ്വാസികൾ കർത്താവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുമ്പോൾത്തന്നെ അവർക്കൊരു സവിശേഷപ്രതിഫലമുണ്ട്. നീതിയുടെ കീരീടമെന്നതു "നീതിയിൽ നിന്നു വരുന്ന കീരീട"മെന്നു വ്യാഖ്യാനിക്കാം.

(4) ജീവകിരീടം

പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവ**കിരീടം** പ്രാപിക്കും (യാക്കോ. 1:12).

> നീ **സഹിക്കാനുള്ളതു** പേടിക്കേണ്ട; നിങ്ങളെ പരീക്ഷിക്കേണ്ടതിനു പിശാചു നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു; പത്തു ദിവസം നിങ്ങൾക്ക് ഉപദ്രവം ഉണ്ടാകും; **മരണപര്യന്തം വിശ്വസ്തനായിരിക്ക;** എന്നാൽ ഞാൻ ജീവ **കിരീടം** നിനക്കു തരും (വെളി. 2:10).

ഞെരുക്കവും ബുദ്ധിമുട്ടുമുള്ളപ്പോൾ ആത്മീയമായി വഴുതിപ്പോകാൻ എളുപ്പമാണ്. എന്നാലും, ഞെരുക്കം സ്വഭാവത്തെ പരിശോധിക്കുന്നു. **പരീക്ഷ, പരിശോധന, ഉപദ്രവം, അഥവാ മരണം** എന്നിവ **അവനുവേണ്ടി** സഹിക്കുന്നവർക്കു ദൈവം പ്രത്യേക പ്രതിഫലം നൽകും. കഷ്ടതകളിൽ വിശ്വസ്തതയോടെ നിലനിന്നവരെ അവ പ്രത്യേകിച്ച് അഭിനന്ദിക്കും.

(5) തേജസ്സിന്റെ കിരീടം

> എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും (1 പത്രൊ. 5:4).

കീഴിലുള്ള ഇടയന്മാരായി (undershepherds) വിശ്വസ്തതയോടെ പ്രവർത്തിച്ച ക്രിസ്തീയനേതാക്കന്മാരെ കാത്തിരിക്കുന്നതാണു തേജസ്സിന്റെ കിരീടം. **ക്രിസ്തീയ നേതാക്കന്മാർക്കു** പ്രത്യേക **പ്രതിഫലം** മാത്രമല്ല, കൂടുതൽ കർക്കശമായ ന്യായവിധിയുമുണ്ട് (ലൂക്കോ. 12:48; യാക്കോബ് 3:1; എബ്രാ. 13:17).

d. മറ്റു വിശ്വാസികളുടെ ജീവിതത്തിൽ ചെയ്ത സംഭാവനകൾ

അടിസ്ഥാനത്തിന്മേൽ "പൊന്ന്, വെള്ളി, വിലയേറിയ കല്ല്" എന്നിവയോ, "മരം, പുല്ല്, വയ്ക്കോൽ" എന്നിവയോ ആണോ പണിയുന്നതെന്നു ദൈവം വിലയിരുത്തും (1 കൊരി. 3:12–13). [17] ഇവിടെ സഭ ദൈവത്തിന്റെ കെട്ടിടമാണ് (വാ. 9). അതിനാൽ, നിർമ്മാണസാമഗ്രികൾ ആളുകളായിരിക്കും. ഒരു വിശ്വാസിയുടെ സ്വാധീനവലയത്തിനുള്ളിൽ, അവൻ **മറ്റു വിശ്വാസികളെ പണിയുകയാണോ അതോ പൊളിച്ചുകളയുകയാണോ** എന്നാണ് ഒരു നിലയിൽ ദൈവം പ്രവൃത്തികളെ വിലയിരുത്തുന്നത്. നേതാക്കന്മാരെ സംബന്ധിച്ച് ഇതു നിശ്ചയമാണ് (എബ്രാ. 13:17). എല്ലാ ക്രിസ്ത്യാനികളും തങ്ങളുടെ വിശ്വസ്തതയ്ക്കും അതു പാലിക്കാത്തതിനും കണക്കു കൊടുക്കേണ്ടവരാണ് (റോമ. 14:12; 1 കൊരി. 4:5; ഗലാ. 6:5). ഓരോ ക്രിസ്ത്യാനിയും മറ്റു ക്രിസ്ത്യാനികളുടെ നന്മയ്ക്കായി പ്രവർത്തിച്ചു സ്വാധീനിക്കണം. മോശം പ്രവൃത്തിയെക്കാൾ സ്ഥിരത, മൂല്യം, ആത്മീയ ഗുണം എന്നിവ മറ്റു ക്രിസ്ത്യാനികളുടെ ജീവിതത്തിൽ കൈവരുത്താൻ അവൻ/ അവൾ ശ്രമിക്കണം (ഉദാ. വിലയേറിയ കല്ലുകളായ സ്വഭാവം വയ്ക്കോലിനു വിപരീതമാണ്). നാം സഹായിക്കാൻ ശ്രമിച്ചിട്ടും മറ്റുള്ളവർ മത്സരിക്കുകയോ, നാം പരാജയപ്പെടുകയോ ചെയ്തെങ്കിൽ അതിനു കുറ്റമൊന്നുമില്ല. എന്നാൽ മറ്റു വിശ്വാസികളുടെ ആത്മീയ ക്ഷേമത്തിൽ താത്പര്യം കാണിക്കുന്നതിലുള്ള പരാജയം, വിട്ടുകളയലെന്ന ഗുരുതരമായ കുറ്റമാണ്. മറ്റുള്ളവർക്കു ആത്മീയ വളർച്ചക്കും സമ്പുഷ്ടമാകുന്നതിനും പ്രയോജനപ്പെടുന്ന ക്രിസ്ത്യാനികൾക്കു പ്രത്യേക പ്രതിഫലം ഉണ്ട്.

> എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽത്തന്നെ പ്രസാദിക്കാതിരിക്കുകയും വേണം. നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മയ്ക്കായിട്ട് ആത്മീയ വർദ്ധനയ്ക്കു വേണ്ടി പ്രസാദിപ്പിക്കണം (റോമ. 15: 1–2).

> ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവുംകൂടെ നോക്കണം. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ (ഫിലി. 2:3–5).

3. വിശ്വാസികളുടെ പ്രവൃത്തികളെ ന്യായം വിധിക്കുന്നതിനുള്ള നിലവാരങ്ങൾ

ദൈവം പ്രതിഫലം നൽകുമ്പോൾ മഹാത്ഭുതങ്ങൾ സംഭവിക്കുമെന്നാണ് മുന്തിരിത്തോട്ടത്തിലെ ഉപമയിലെ ഒരു പാഠം (മത്താ. 20:1–16). ഒരു വിശ്വാസിക്കു ലഭിക്കുന്ന പ്രതിഫലത്തിന്റെ തലം എന്താണെന്നറിയാൻ യാതൊരു മാർഗ്ഗവുമില്ല. നമ്മൾ ഊഹിച്ചാൽ നമുക്കു തെറ്റു പറ്റാം. വലിയ ഒരു പ്രതിഫലം പ്രതീക്ഷിക്കുന്നയാൾക്ക് അതിനെക്കാൾ അന്തസ്സേറിയതായിരിക്കും ലഭിക്കുന്നത്. ചെറിയ പ്രതിഫലം പ്രതീക്ഷിക്കുന്നവർക്ക് ഏറിയ പ്രതിഫലം ലഭിക്കും. അയ്യായിരം അംഗങ്ങളുള്ള ഒരു സഭാശുശ്രൂഷകനാണോ അഞ്ചു മക്കളുള്ള ഭക്തയായ ഒരമ്മയോ ആരാണു കൂടുതൽ പ്രശംസയ്ക്കു പാത്രമാകുന്നത്? ഇപ്പോൾ അതറിയാൻ യാതൊരു കാരണവുമില്ല. എല്ലാ സാഹചര്യങ്ങളും ദൈവത്തിനറിയാമെന്നും, അവൻ ഭംഗിയായി ന്യായവിധി നടത്തുമെന്നും നമുക്കറിയാം. അവന്റെ ന്യായവിധിയിലെ ചില നിലവാരങ്ങളും നമുക്കറിയാം.

[17] ഒരു പക്ഷേ പ്രാദേശികസഭകളിലെ വിശ്വാസികളെ എങ്ങനെ പണിയുന്നു എന്നതിൽ ശ്രദ്ധ ചെലുത്തേണ്ട ക്രിസ്തീയനേതാക്കളെ ആകാം. 1 കൊരി. 3: 10–ൽ പ്രാഥമികമായി ഉദ്ദേശിച്ചിരിക്കുന്നത്. മറ്റു വിശ്വാസികളുടെ ആത്മീയ ജീവിതത്തിലെ മുന്നേറ്റത്തിന് ഓരോ വിശ്വാസിയും ശ്രദ്ധിക്കേണ്ടതുണ്ടെന്നതിൽ ദൈവത്തിനു പരിഗണനയുണ്ട്.

a. ക്രിസ്തീയനേതാക്കളെ കർക്കശമായി ദൈവം ന്യായം വിധിക്കും.

1 കൊരി. 9:14–17 ലെ പൗലോസിന്റെ ഒരു പോയിന്റ് അവന്റെ വലിയ സുവിശേഷപ്രയത്നങ്ങൾ അവന്റെ വിളിയുടെ ഒരു ഭാഗമായിരുന്നുവെന്നാണ്. അവന്റെ അദ്ധ്വാനങ്ങൾ വെറും ജോലി മാത്രമായിരുന്നു, പ്രത്യേക കഴിവിന്റേതൊന്നുമല്ല, അവന്റെ മനോഭാവം ലൂക്കോസ് 17:7–10 ലെ ഉപമയിൽ പ്രകടമായിട്ടുണ്ട്. മികവുള്ളതെങ്കിലും ചെയ്യാൻ അധികമായിട്ട് എന്തെങ്കിലും ചെയ്യണമെന്നു പൗലോസിനു തോന്നി. മറ്റുള്ളവരെക്കാൾ ഉയർന്ന നിലവാരത്തിൽ ദൈവം നേതാക്കന്മാരെ ന്യായം വിധിക്കുമെന്നു യാക്കോബു വ്യക്തമാക്കുന്നു.

> "അവ്വണ്ണം നിങ്ങളോടു കല്പിച്ചതൊക്കെയും ചെയ്തശേഷം : ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ എന്നു നിങ്ങളും പറയുവിൻ" (ലൂക്കോ 17:10).
>
> ഞാൻ സുവിശേഷം അറിയിക്കുന്നുവെങ്കിൽ എനിക്കു പ്രശംസിക്കാൻ ഒന്നുമില്ല. നിർബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം! (1 കൊരി. 9:16).
>
> സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നറിഞ്ഞ് നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത് (യാക്കോബ് 3:1).

b. ദൈവത്തിന്റെ ന്യായവിധിയിൽ അവൻ പ്രയോജനവും നിഷ്പ്രയോജനവും കണക്കിലെടുക്കുന്നു.

ദൈവം മനുഷ്യനെപ്പോലെയല്ല, അവനു തികവോടെ ന്യായം വിധിക്കാൻ കഴിയും. ചെറുപ്രായത്തിലേയുള്ള രക്ഷ, ക്രൈസ്തവവും അക്രൈസ്തവുമായ ഭവനങ്ങളിലെ പശ്ചാത്തലങ്ങൾ, നല്ല സഭയിൽ ദൈവത്തെക്കുറിച്ചു പഠിക്കാൻ കഴിഞ്ഞത്, സ്വാഭാവിക അഭിരുചി, ആത്മീയവരങ്ങൾ, എന്നിവയുടെ പ്രയോജനവും നിഷ്പ്രയോജനവും ദൈവം കണക്കിലെടുക്കും. ജീവിതത്തിലെ ഫലങ്ങൾ മാത്രമല്ല ദൈവം കാണുന്നത്. മറിച്ച്, പ്രത്യേകിച്ചുള്ള പോരാട്ടങ്ങളും ബുദ്ധിമുട്ടുകളും അവൻ കാണുന്നുണ്ട്. ന്യായാസനത്തിങ്കൽ ചില മുമ്പന്മാർ പിമ്പന്മാരും മുമ്പന്മാരും ആകും. എല്ലാ വസ്തുതകളെക്കുറിച്ചും ദൈവം ബോധവാനാണ്. അവന്റെ വിധി തികച്ചും നല്ലതായിരിക്കും.

> ... വളരെ ലഭിച്ചവനോടു വളരെ ആവശ്യപ്പെടും; അധികം ഏറ്റുവാങ്ങിയവനോട് അധികം ചോദിക്കും (ലൂക്കോ. 12:48).

c. ദൈവം പ്രവൃത്തികളെ വിധിക്കുന്നതു സ്വഭാവത്തിന് ഊന്നൽ നല്കിയാണ്. യോന ഒരു വലിയ ഉണർവു നയിച്ചു, പക്ഷേ മനോഭാവം മോശമായിരുന്നു. മാനുഷികമായ ഒരു വീക്ഷണകോണിൽ നിന്ന് അവൻ തന്റെ ശുശ്രൂഷ ശ്രേഷ്ഠമായ പ്രതിഫലം അർഹിക്കുന്നുവെന്നു കണ്ടേക്കാം. എന്നാൽ മനുഷ്യന്റെ നിലവാരത്തിൽ നിന്നു വ്യത്യസ്തമാണു ന്യായവിധിക്കായുള്ള ദൈവത്തിന്റെ നിലവാരങ്ങൾ (1 ശമൂ. 16:7).

എഫെ. 6:6 ഉം കൊലൊ. 3:22 ഉം സൂചിപ്പിക്കുന്നതു മനുഷ്യനെ മാത്രം പ്രസാദിപ്പാൻ കഠിനാദ്ധ്വാനം ചെയ്യുന്നവരും "കർത്താവിനെന്നപോലെ" പ്രവർത്തിക്കുന്നവരും തമ്മിലുള്ള വൈരുദ്ധ്യമാണ്. രണ്ടു സന്ദർഭങ്ങളും ദൈവത്തിന്റെ വിലയിരുത്തലിനെ സൂചിപ്പിക്കാൻ മുന്നോട്ടു പോകുന്നു (എഫെ. 6:8; കൊലൊ. 3:24). ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ, പ്രതിഫലം കിട്ടുമോ നഷ്ടപ്പെടുമോയെന്നു നിശ്ചയിക്കാൻ ഓരോ വിശ്വാസിയെയും ദൈവം ന്യായം വിധിക്കും. എന്നാലും, വ്യക്തിയുടെ പ്രവൃത്തിയുടെ അന്തരം മനുഷ്യനെ പ്രസാദിപ്പിക്കുന്നതാണോ അതോ ദൈവത്തെ പ്രസാദിപ്പിക്കുന്നതാണോ എന്നതിനായിരിക്കും അവൻ ഊന്നൽ നൽകുക. മനുഷ്യർ "ഭക്തനെ"ന്നു കാണാൻ വേണ്ടി മതനിഷ്ഠകൾ ചെയ്യുന്നവരോടു ഗിരിപ്രഭാഷണത്തിൽ സംസാരിക്കുന്നു. അവരെക്കുറിച്ചു കർത്താവു രണ്ടു തവണ പറയുന്നതു "അവർക്കു പൂർണ്ണപ്രതിഫലം കിട്ടിപ്പോയി" (മത്തായി 6:2, 5; യോഹ. 14:43) എന്നാണ്. മനുഷ്യന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനുവേണ്ടിയാണ് അവരുടെ മതകർമ്മങ്ങളെല്ലാം ചെയ്തത്. അവർ തേടിയ പ്രതിഫലം അവർക്കു കിട്ടി, പക്ഷേ ദൈവത്തിൽ നിന്നു യാതൊന്നും കിട്ടുകയില്ല. ശ്രദ്ധിക്കുമ്പോൾ മാത്രം വിശ്വസ്തരായിക്കാണപ്പെടുന്ന ചില ക്രിസ്ത്യാനികളെപ്പോലെയാണവർ, അഥവാ മറ്റുള്ളവർ കണ്ടിട്ടു പ്രശംസിക്കുന്നതിനുവേണ്ടി മാത്രം കഠിനാദ്ധ്വാനം ചെയ്യുന്നവരാണവർ– ദൈവത്തോട് അവർക്കു കാര്യമായ സ്നേഹമൊന്നുമില്ല. പ്രവൃത്തിക്കാനായി വിശ്വാസിയ നയിച്ച ആന്തരികാത്മാവിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണു ന്യായവിധി നടത്തുന്നത് (1 കൊരി. 4:5).

F. ഭാവി പ്രതിഫലങ്ങളുടെ പ്രകൃതം

ക്രിസ്തുവിന്റെ ന്യായാസനം പ്രതിഫലത്തെയോ പ്രതിഫലനഷ്ടത്തെയോ കാര്യമാക്കുന്നുവെന്ന് ഒരാൾക്ക് ഊന്നിപ്പറയാനാവില്ല. അതു രക്ഷയോ സ്വർഗ്ഗപ്രവേശമോ വ്യക്തിപരമായ പാപങ്ങളോ അല്ല. ദൈവം കൊടുക്കുന്ന പ്രതിഫലത്തിന്റെ പ്രകൃതത്തെക്കുറിച്ചുള്ള എല്ലാക്കാര്യങ്ങളും ദൈവം പറഞ്ഞിട്ടില്ല, എന്നാൽ ചില പ്രധാന വസ്തുതകൾ നമുക്കറിയാം.

1. പ്രതിഫലങ്ങളുടെ തലങ്ങൾ

ദൈവത്തിന്റെ ഉന്നതമായ കൃപയിൽ അവൻ ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ പ്രശംസയ്ക്കു യോഗ്യമായതു കാണും (1 കൊരി. 4:5). എന്നാലും,

കർത്താവിന്റെ ഉപമകളിൽ ഒരെണ്ണം നേരിട്ടല്ലാതെ പഠിപ്പിക്കുന്നത് ദൈവദാസന്മാരുടെ പ്രതിഫലങ്ങളിൽ ഏറ്റക്കുറിച്ചിലുകൾ ഉണ്ടെന്നാണ് (ലൂക്കോ. 19:11–19).

2. പുനരുത്ഥാനശരീരത്തിന്റെ തേജസ്സ്

ദാനീ. 12:3; മത്തായി 13:43; റോമർ 8:16–17; ഫിലി. 3:21; കൊലൊ. 3:4; തുടങ്ങി മറ്റനവധി വാക്യങ്ങൾ (1 പത്രൊസ് 4:13; 5:1, 10) സൂചിപ്പിക്കുന്നതു വിശ്വാസികൾക്കു ക്രിസ്തുവിന്റെ തേജസ്സിന്റെ പങ്കായ ശരീരം (തേജസ്ക്കരിക്കപ്പെട്ട ശരീരം) ലഭിക്കുമെന്നാണ്. പുനരുത്ഥാനശരീരത്തെക്കുറിച്ചു പൗലോസ് വിവരിക്കുമ്പോൾ (1 കൊരി. 15:41–42) വിശ്വാസികളുടെ പുനരുത്ഥാനശരീരം വിവിധ തരത്തിലുള്ളതാണെന്നു കാണാം. ഒരാൾക്കു സൂര്യന്റെ തേജസ്സ്, വേറൊരാൾക്കു ചന്ദ്രന്റെ തേജസ്സ്, മറ്റു ചിലർക്കു നക്ഷത്രങ്ങളുടെ തേജസ്സ്; നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ട് **ഭേദം** ഉണ്ടല്ലോ. മരിച്ചവരുടെ **പുനരുത്ഥാനവും അവ്വണ്ണം തന്നെ.”**

ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ, വ്യത്യസ്തമായ തേജസ്ക്കരണമാണു വിശ്വാസികൾക്കു ലഭിക്കുകയെന്നു പല വേദോപദേഷ്ടാക്കളും പറയുന്നു. എല്ലാവരും തേജസ്ക്കരിക്കപ്പെടും. പക്ഷേ ചിലർക്കു കൂടുതലായി ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും സ്തുതിക്കുന്നതിനുമുള്ള കഴിവുണ്ടാകും. ചിലർക്കു മറ്റുള്ളവരെക്കാൾ കൂടുതൽ ശോഭയുള്ള പുനരുത്ഥാനശരീരങ്ങൾ ലഭിക്കും. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവനെ മഹത്വപ്പെടുത്തുന്നതിനായിരിക്കെ (1 പത്രൊ. 2:9; വെളി. 4:11), ദൈവത്തെ സ്തുതിക്കുവാനോ മഹത്വപ്പെടുത്തുവാനോ ഉള്ള വർദ്ധമാനമായ ഒരു കഴിവും അവന്റെ മഹത്വം (തേജസ്സ്) സ്വശരീരത്തിൽ പ്രതിഫലിപ്പിക്കാനുള്ള ശേഷിയും ആഗ്രഹിക്കത്തക്ക പ്രതിഫലമാണ് (2 കൊരി. 3:18).

3. സേവനത്തിന്റെയും അധികാരത്തിന്റെയും സ്ഥാനങ്ങൾ

സഭാസ്ഥാപകരായ അപ്പോസ്തലന്മാരോടു ക്രിസ്തു പറഞ്ഞത് അവർ സിംഹാസനങ്ങളിൽ ഇരുന്നുകൊണ്ടു യിസ്രായേൽ ഗോത്രങ്ങളെ പന്ത്രണ്ടിനെയും ന്യായം വിധിക്കുമെന്നാണ്– വരാൻ പോകുന്ന രാജ്യത്തിൽ (മത്തായി 19:28). രാജ്യത്തിന്റെ ഭരണം അപ്പോസ്തലന്മാർക്കു മാത്രമായി വചനം പരിമിതപ്പെടുത്തിയിട്ടില്ല.

> .. സഹിക്കുന്നുവെങ്കിൽ, നാം കൂടെ **വാഴും** (2 തിമൊ. 2:12).
>
> “തന്റെ പിതാവായ ദൈവത്തിനു നമ്മെ **രാജ്യവും** പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്... (വെളി. 1:6).
>
> “ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവച്ചു; അവർ ഭൂമിയിൽ **വാഴുന്നു** (വെളി. 5:10).
>
> “... അവർ ജീവിച്ച് ആയിരമാണ്ടു ക്രിസ്തുവിനോടുകൂടെ **വാണു...** ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരമില്ല. അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും” (വെളി. 20:4, 6).

ലൂക്കോ. 19:11–ൽ, രാജത്വം പ്രാപിച്ചു മടങ്ങിവന്ന കുലീനനായ മനുഷ്യൻ അവന്റെ ദാസന്മാരിൽ ഒരുത്തനു “പത്തു പട്ടണങ്ങളുടെമേൽ” (വാ. 17). മറ്റൊരുത്തനു അഞ്ചു പട്ടണങ്ങളിന്മേലും അധികാരം നൽകുന്നു(വാ. 19). സഹസ്രാബ്ദത്തിലും, ഒരുപക്ഷേ നിത്യതയിലും വിശ്വാസികൾക്കു വ്യത്യസ്ത സ്ഥാനങ്ങൾ ദൈവം നൽകുമെന്നു പറഞ്ഞുകൊണ്ടു അവസാനിപ്പിക്കുന്നതാണു നല്ലത്. വർദ്ധിക്കുന്ന സ്ഥാനങ്ങളും വർദ്ധിക്കുന്ന ശുശ്രൂഷകളും ഒരു ഭാരമായിട്ടു കാണാതെ ബഹുമതിയായിട്ടു കാണണം.

4. കിരീടങ്ങൾ

വിവിധ കിരീടങ്ങൾ പ്രതിഫലമായി വചനം വാഗ്ദത്തം ചെയ്യുന്നുണ്ട്. 24 മൂപ്പന്മാരുടെ കിരീടങ്ങൾ (വെളി. 4) ദൈവവചനത്തിൽ നൽകിയിട്ടില്ലാത്ത പ്രതിഫലങ്ങളെ ആലംങ്കാരികമായി പ്രതിഫലിച്ചിരിക്കുന്നതാണ് കിരീടങ്ങൾ. ഇവ എടുത്തുപറയാത്ത പ്രതിഫലങ്ങളും വിലയുള്ളതും ശ്രദ്ധേയവുമാണ്. ഒരു രാജാവിന്റെ കിരീടമല്ല അത്. മറിച്ചു വിജയിച്ച ഒരു ഓട്ടക്കാരനു സമ്മാനിക്കുന്ന പുഷ്പകിരീടമായിട്ടാണ് അതു പരാമർശിക്കുന്നത് (സ്തെഫാനോസ് എന്ന പദം). സ്വർഗ്ഗത്തിലെ നിത്യതയിൽ പച്ചക്കിരീടങ്ങളാണോ വിശ്വാസികൾ ധരിക്കുന്നത്? ഇവ അലങ്കാരഭാഷയിൽ പറഞ്ഞിരിക്കുന്നുവെന്നാണ് കാണുന്നത്. ആക്ഷരികമായ “പുഷ്പചക്ര”മോ “കിരീടമോ” തമ്മിലുള്ള വൈരുദ്ധ്യമാണു 1 കൊരി. 9:25 എടുത്തുകാട്ടുന്നത്. 1 തെസ്സ. 2:19, 20 അതിന്റെ വ്യക്തമായ തെളിവു നൽകുന്നുണ്ട്. വേദപുസ്തകത്തിലെ കിരീടങ്ങൾ ആലങ്കാരികമാണ്. തെസ്സലോനിക്യയിലെ വിശ്വാസികൾ തന്നെയാണ് പൗലോസിന്റെ കിരീടങ്ങൾ (ഫിലി. 4:1).

> നമ്മുടെ കർത്താവായ ദൈവത്തിന്റെ മുമ്പാകെ അവന്റെ പ്രത്യക്ഷതയിങ്കൽ ഞങ്ങളുടെ ആശയമോ സന്തോഷമോ പ്രശംസാകിരീടമോ ആരാകുന്നു? **നിങ്ങളും** അല്ലയോ? ഞങ്ങളുടെ മഹത്വവും സന്തോഷവും **നിങ്ങൾ തന്നെ** (1 തെസ്സ. 2:19, 20).

1 തെസ്സ. 2: 19 ലെ “കിരീടം” തികച്ചും ആലങ്കാരികമാണ്. മറ്റുള്ളവയും അലങ്കാരപ്രയോഗങ്ങളാണെന്നുള്ളതിന് ഇതു പിന്തുണ നൽകുന്നു. ക്രിസ്തുവിന്റെ ന്യായാസന

ത്തിങ്കൽ ദൈവം വിശ്വാസികൾക്കു നൽകുന്ന വിജയം, പ്രതിഫലം, ബഹുമതി എന്നിവയെയാണ് അവ കുറിക്കുന്നത്. ഇതിലുപരിയായുള്ള ഒരു കൃത്യത ബുദ്ധിമുട്ടാണ്.

വിശ്വാസികൾ പ്രതിഫലത്തെ അത്യധികമായി ശ്രദ്ധിക്കാതെ അവയുടെ അടിസ്ഥാനങ്ങൾ ശ്രദ്ധിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു (പ്രത്യേകിച്ച് അവരുടെ ഹൃദയത്തിന്റെ ഗുണവിശേഷം). ക്രിസ്തുവിനെ സ്നേഹിക്കുകയും അവനു മാനം കരേറ്റുന്ന പ്രവൃത്തികൾ ചെയ്യുകയെന്നതുമാണ് നമ്മുടെ മുഖ്യലക്ഷ്യം. പ്രതിഫലം എന്തായാലും അത് ആകസ്മികവും രണ്ടാം കിടയുമാണ്. ദൈവത്തെ പ്രസാദിപ്പിക്കുന്നതിലുള്ള ആഴമായ സംതൃപ്തിയും അവനു മഹത്വം കരേറ്റുന്ന സംഭാവനകളുമാണു പ്രധാനം. അതുകൊണ്ട്, വരാൻ പോകുന്ന പ്രതിഫലത്തെക്കുറിച്ച് അധികം വിചാരപ്പെടാതെ, ദൈവത്തെ പ്രസാദിപ്പിക്കുന്നത് എന്താണെന്നതിനെക്കുറിച്ച് അധികം ചിന്തിക്കുക: അച്ചടക്കം, സമർപ്പണം, ആത്മനിയന്ത്രണം എന്നിവയ്ക്കായുള്ള വാടാത്ത കിരീടം, സുവിശേഷീകരണത്തിനുള്ള സന്തോഷകിരീടം; അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച് അവനെ സ്നേഹിക്കുന്നതിനുള്ള നീതിയുടെ കിരീടം (ലോകത്തെ സ്നേഹിക്കാതെ); പരീക്ഷ സഹിക്കുന്നതിനുള്ള ജീവകിരീടം; വിശ്വസ്തരായ നേതാക്കന്മാർക്കുള്ള തേജസ്സിന്റെ കിരീടം (കിരീടം തേജസ്സാരിക്കുമെന്നർത്ഥം).

5. പ്രതിഫലനഷ്ടം/ ലജ്ജ

സമർപ്പിതഹൃദയത്തോടെ ചെയ്ത പ്രവൃത്തിക്കു തേജസ്സിന്റെ ഉന്നതതലമാകുന്ന പ്രതിഫലം ദൈവം നൽകും–രാജ്യത്തിന്റെ വർദ്ധിച്ച അധികാരവും കിരീടങ്ങളോടുകൂടി. ന്യായാസനത്തിൽ നിന്ന് ഇങ്ങനെയൊരു സാദ്ധ്യതകൂടിയുണ്ട്. ലജ്ജയും പ്രതിഫലനഷ്ടവും. എല്ലാ വിശ്വാസികൾക്കും രക്ഷ കിട്ടും (1 കൊരി. 3:15). ഏതെങ്കിലുമൊരളവിൽ എല്ലാ വിശ്വാസികൾക്കും തേജസ്ക്കരണം കിട്ടും (1 കൊരി. 15:51). ക്രിസ്തുവിന്റെ ന്യായവിധിയിൽ ഓരോ വിശ്വാസിക്കും എന്തെങ്കിലും പുകഴ്ച കിട്ടും (1 കൊരി. 4:5). എന്നാലും, ക്രിസ്തുവിന്റെ ന്യായവിധിയിൽ ചിലരുടെ പ്രവൃത്തികൾ "വെന്തുപോകുന്നത്" അവർ തന്നെ കാണും. ലജ്ജയ്ക്കും പ്രതിഫലനഷ്ടനത്തിനും സാദ്ധ്യതയുണ്ടെന്നു വചനം പറയുന്നു.

> ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ **ലജ്ജിച്ചു പോകാതെ** അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിനു (1 യോഹ. 2:28).
>
> താഴ്മ ഭാവിക്കുന്നതിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ച്... ആരും **നിങ്ങളെ വിരുതു** (prize) **തെറ്റിക്കരുത്** (കൊലൊ. 2:18).
>
> ഞങ്ങളുടെ പ്രയത്നഫലം **കളയാതെ പൂർണ്ണ പ്രതിഫലം പ്രാപിക്കേണ്ടതിനു** സൂക്ഷിച്ചുകൊൾവിൻ (2 യോഹ. 8).
>
> "ഞാൻ വേഗം വരുന്നു; **നിന്റെ കിരീടം ആരും എടുക്കാതിരിക്കാൻ** നിനക്കുള്ളതു പിടിച്ചുകൊള്ളുക" (വെളി. 3:11).

G. ഭാവിവിലയിരുത്തലും വർത്തമാനകാല മത്സരവും

വിശ്വാസിയുടെ ഭാവി ന്യായവിധിയും വിശ്വാസികളുടെ ഇടയിലെ ഇപ്പോഴത്തെ മത്സരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു വാക്കു പറയണം. ഭാവി പ്രതിഫലങ്ങളെപ്പറ്റി ദൈവം നമ്മെ ഒന്നും പഠിപ്പിച്ചില്ല. അങ്ങനെ നമുക്കിടയിൽ ഇപ്പോൾ മത്സരത്തിനു രസിക്കാൻ കഴിഞ്ഞു. മറ്റൊരാൾ ദൈവത്തെ മാനിക്കുന്നതിൽ ഉയരുമ്പോൾ നമുക്ക് സന്തോഷമുണ്ടാകുന്നതാണു യഥാർത്ഥ ക്രിസ്തുസ്നേഹത്തിൽ അടങ്ങിയിരിക്കുന്നത്. സ്വയം വിലയിരുത്തൽ ക്രിസ്തീയജീവിതത്തിന്റെ ഒരു ഭാഗമായിരിക്കെ, ക്രിസ്ത്യാനികളുടെയിടയിലെ മത്സരം ദൈവത്തെ പ്രസാദിപ്പിക്കുന്നില്ല, ആ പ്രവൃത്തി നിയമാനുസൃതമാണെങ്കിൽപ്പോലും.

> ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല. നടുന്നവനും നനയ്ക്കുന്നവനും ഒരുപോലെ (1 കൊരി. 3:7, 8).
>
> ...അവർ തങ്ങളാൽ തന്നെ തങ്ങളെ അളക്കുകയും തങ്ങളോടുതന്നെ തങ്ങളെ ഉപമിക്കുകയും ചെയ്യുന്നതുകൊണ്ടു തിരിച്ചറിവുള്ളവരല്ല (2 കൊരി. 10:12).
>
> ഓരോരുത്തൻ **താന്താന്റെ പ്രവൃത്തി ശോധന ചെയ്യട്ടെ;** എന്നാൽ അവൻ തന്റെ പ്രശംസ മറ്റൊരുത്തനെ കാണിക്കാതെ തന്നിൽത്തന്നെ അടക്കിവയ്ക്കും (ഗലാ. 6:4).

മത്സരവും താരതമ്യവും നിഗളത്തിലേക്കും അസൂയയിലേക്കും മറ്റുള്ളവരുടെ കഴിവുകൾ ദുരാഗ്രഹിക്കുന്നതിലേക്കും കയ്പിലേക്കും (ദൈവത്തോടുള്ള കയ്പിലേക്കുപോലും) നയിക്കുന്നു. സ്വന്തം പ്രയത്നങ്ങളെ സ്വന്തം ശേഷിയുമായി തട്ടിച്ചുനോക്കുന്നതും കഴിഞ്ഞ കാലത്തെ പ്രകടനങ്ങളുമായി ഇപ്പോഴത്തെ പുരോഗതി അളക്കുന്നതും സ്വയം വിലയിരുത്തലിന് ഏറ്റവും നല്ലൊരു രീതിയാണ്.

H. ന്യായാസനത്തിൽ നിന്നുള്ള നല്ലതും ചീത്തയുമായ പ്രേരണ.

ഇപ്പോഴത്തെ അദ്ധ്വാനത്തിനുള്ള നല്ലതും ചീത്തയുമായ പ്രോത്സാഹനമാണു വിശ്വാസികൾക്കു വരാൻ പോകുന്ന ന്യായവിധിയിലുള്ളത്. നിഷേധാത്മകമായി ലജ്ജയ്ക്കുള്ള സാദ്ധ്യത ഒഴിവാക്കാൻ ക്രിസ്ത്യാനികൾ

ആഗ്രഹിക്കേണ്ടതാണ്. ഇന്നു നാം വിശ്വസ്തതയോടെ ശുശ്രൂഷ ചെയ്താൽ, അന്നു നാം സന്തോഷിക്കുന്നതാണു നല്ല കാര്യം. ഒരുങ്ങാത്ത വിദ്യാർത്ഥി പരീക്ഷയെ ഭയപ്പെടുത്തുന്നതുപോലെയും ഒരുങ്ങിയ ആൾ സന്തോഷിക്കുന്നതുപോലെയുമാണത്. അതുപോലെതന്നെയായിരിക്കും ക്രിസ്തുവിന്റെ ന്യായാസനം ഇപ്പോഴത്തെ വിശ്വസ്തയെയും ഒരുക്കത്തെയും ആശ്രയിച്ചിരിക്കുന്നത്. ശുശ്രൂഷയ്ക്കുള്ള നല്ലതും ചീത്തയുമായ പ്രോത്സാഹനം നൽകുന്നതാണ് വരാൻ പോകുന്ന ന്യായവിധിയെന്നു പൗലോസ് വീക്ഷിച്ചു.

> അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതുമാകുന്നു; ആകയാൽ കർത്താവിനെ ഭയപ്പെടണം എന്നറിഞ്ഞിട്ടു ഞങ്ങൾ മനുഷ്യരെ സമ്മതിപ്പിക്കുന്നു (2 കൊരി. 5:9–11).
>
> ഞാൻ നല്ലപോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല; അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ (2 തിമൊ. 4:7–8).

X. കുഞ്ഞാടിന്റെ കല്യാണസദ്യ

A. മുഖവുര

ഒരു യഹൂദവിവാഹത്തിനു മൂന്നു പ്രധാനതലങ്ങളുണ്ട്. വിവാഹനിശ്ചയം–അതു പുരുഷനെയും സ്ത്രീയെയും ഭാര്യാ ഭർത്താക്കന്മാരായിക്കാണുന്നു. ഒരു നിശ്ചയം ഒഴിയാൻ ഔപചാരികമായി വിവാഹമോചനം വേണ്ടി വന്നു (മത്താ. 1:18–19 കാണുക). ഒന്നാമത്തെ ആശയത്തിൽ, സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്. അവളെ ക്രിസ്തുവിനു വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. പക്ഷേ യഥാർത്ഥ വിവാഹം ഇതുവരെ നടന്നിട്ടില്ല (യോഹ. 3:29; റോമ. 7:3–4; എഫെ. 5:22; വെളി. 19:7; 21:2, 9. സഭയുടെ വാസസ്ഥലമെന്ന നിലയിൽ പുതിയ യെരൂശലേം ക്രിസ്തുവിന്റെ മണവാട്ടിയാണ്, വെളി. 22:17).

> ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ എരിവോടെ എരിയുന്നു, ഞാൻ ക്രിസ്തു എന്ന ഏകപുരുഷനു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിക്കാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു (2 കൊരി 11:2).

വാഗ്ദത്തം ചെയ്ത ഭാവിബന്ധത്തിന്റെ ഒരു മുദ്രയായി പരിശുദ്ധാത്മാവിനെ വീക്ഷിക്കാം. അവൻ ഒരു വിവാഹനിശ്ചയമോതിരം പോലെയാണ്(2 കൊരി. 1:22; 5:5; എഫെ 1:14)(“അച്ചാരം” അഥവാ പ്രതിജ്ഞ ആധുനിക ഗ്രീക്കുപദത്തിന്റെ അർത്ഥം “വിവാഹനിശ്ചയമോതിരം” എന്നതാണ്).

വിവാഹത്തിന്റെ രണ്ടാമത്തെ തലം, വരൻ വധുവിനെയും കൂട്ടി തന്റെ ഭവനത്തിലേക്കു ഔദ്യോഗികമായി വിവാഹം നടത്തുന്നതിനായി ജാഥയായി പോകുന്നതാണ്. ഇതിന് ഉദ്പ്രാപണത്തോട് ബന്ധമുണ്ട്. ഇതിൽ ക്രിസ്തുവന്ന് തന്റെ വധുവുമായി സ്വർഗ്ഗീയഭവനത്തിലേക്കു യഥാർത്ഥ വിവാഹത്തിനായി പോകുന്നു. ക്രിസ്തുവിന്റെ ന്യായാസനത്തിനുശേഷം കുഞ്ഞാടിന്റെ കല്യാണവും സ്വർഗ്ഗത്തിലെ സഭയും എന്നതാണ് നല്ല ക്രമം. “വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ” (ഗ്രീക്കിൽ നീതി ബഹു വചനമാണ്). എന്നാണ് മണവാട്ടിയുടെ വസ്ത്രങ്ങളെപ്പറ്റി വെളി. 19:8ൽ കാണുന്നത്. വെള്ളവസ്ത്ര ധാരിണിയായ മണവാട്ടിയെയാണ് ചൂണ്ടിക്കാട്ടുന്നത്. ഇത് അവളുടെ നീതിപ്രവൃത്തികളാണ്, അതു നേരത്തെതന്നെ ന്യായാസനത്തിൽ വിലയിരുത്തപ്പെട്ടുകഴിഞ്ഞു.

വിവാഹത്തിന്റെ മൂന്നാമത്തെ തലം വിരുന്ന്, അഥവാ അത്താഴമാണ്, വിവാഹം സ്വർഗ്ഗത്തിലും (ഭൂമിയിലെ മഹോദ്രവകാലയളവിൽ) വിവാഹസദ്യ മഹോദ്രവത്തിനുശേഷവും ഭൂമിയിലും നടക്കുന്നുവെന്ന് ചില പ്രവചനപഠിതാക്കൾ വേർതിരിക്കുന്നു. ക്രിസ്തുവിന്റെ രണ്ടാം ആഗമനത്തിനു മുമ്പ് വിവാഹവും വിവാഹവിരുന്നും സ്വർഗ്ഗത്തിൽ നടക്കുമെന്നാണ് മറ്റുള്ളവരുടെ ചിന്ത. മൊത്തം ദൈവശാസ്ത്രത്തോടുള്ള ബന്ധത്തിൽ ഈ യോജിപ്പില്ലായ്മ ഒരു വലിയ പ്രശ്നമല്ല പക്ഷേ കല്യാണസ്ഥലം, സമയം, വിവാഹവിരുന്നിന്റെ സ്വഭാവം എന്നിവയെക്കുറിച്ചുള്ള പഠനത്തെ ഇത് കാര്യമായി ബാധിക്കുന്നുണ്ട്. അത് ഭൂമിയിലാണോ, അതോ സ്വർഗ്ഗത്തിലാണോ? അതു മഹോപദ്രവകാലയളവിലാണോ അതോ രാജ്യത്തിന്റെ ആരംഭത്തിലാണോ നടക്കുക? സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടുകൂടെ യുള്ള കൂട്ടായ്മയ്ക്കു ചുറ്റുമുള്ള ഒരാഘോഷം തന്നെയാണോ അത്, അതോ അവസാനം രാജാവു ഭൂമിയിൽ വാഴുമ്പോഴത്തെ ആഘോഷമാണോ?

B. സ്വർഗ്ഗത്തിലെ വിവാഹത്തിന്റെയും ഭൂമിയിലെ വിവാഹസദ്യയുടെയും തെളിവ്.

കുഞ്ഞാടിന്റെ സദ്യയെക്കുറിച്ചുള്ള മിക്ക വേദഭാഗങ്ങളും രണ്ടു രീതിയിൽ വിശദീകരിക്കാമെങ്കിലും ക്രിസ്തുവിന്റെ **വിവാഹവും സ്വർഗ്ഗത്തിലെ സഭയും ഭൂമിയിൽ നടക്കുന്ന** കല്യാണസദ്യയും രണ്ടാം ആഗമനത്തിനു ശേഷമാണു സംഭവിക്കുന്നതെന്നു വേർതിരിക്കുന്നതാണ് നല്ലത്. ആയിരം വർഷം മുഴുവൻ ആഘോഷിക്കുന്ന ഒന്നായിരിക്കാം കല്യാണസദ്യ.

സൈന്യങ്ങളുടെ യഹോവ **ഈ പർവ്വതത്തിൽ** സകലജാതികൾക്കും മൃഷ്ടഭോജനങ്ങൾ കൊണ്ടും മട്ടൂറിയ വീഞ്ഞുകൊണ്ടും ഒരു വിരുന്നു കഴിക്കും(യെശ. 25:6).

"ദൈവരാജ്യം വരുവോളം ഞാൻ മുന്തിരി വള്ളിയുടെ അനുഭവം ഇന്നുമുതൽ കുടിക്കുകയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു." (ലൂക്കോസ് 22:18).

ക്രിസ്തു മണവാളനും സഭ മണവാട്ടിയുമാണെങ്കിൽ, യഥാർത്ഥ പങ്കാളികളാല്ലത്തവരെയും ഒരു വിവാഹ വിരുന്നിൽ അതിഥികളായി പ്രതീക്ഷിക്കാം. പത്തു കന്യകമാരുടെ ഉപമയിലെ പെൺകുട്ടികൾ യിസ്രായേലിനെ പ്രതിനിധീകരിക്കുന്നതെന്നതാണ് ഏറ്റവും നല്ല വ്യാഖ്യാനം(മത്തായി 25:1). വാസ്തവത്തിൽ, യോഹ 3:29, യോഹന്നാൻ സ്നാപകൻ മണവാളന്റെ സ്നേഹിതനായ യഹൂദനെപ്പോലെയാണ്. ക്രിസ്തുവിന്റെയും സഭയുടെയും വിവാഹവിരുന്നിൽ യിസ്രായേൽ പങ്കെടുത്താൽ, മഹോവദ്രപത്തിനുശേഷം പഴയനിയമവിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുന്നതിനാൽ(യെശ.26:19; ദാനീ. 12:1-2; യെഹെ. 37:12-13) സദ്യയുടെ സ്ഥലം ഭൂമിയാണെന്ന് സ്ഥാപിക്കുന്നതാണ് നല്ലത്.

കുഞ്ഞാടിന്റെ കല്യാണം സ്വർഗ്ഗത്തിലായിരിക്കുമ്പോൾത്തന്നെ കല്യാണസദ്യ ഭൂമിയിലാണെന്നാണ് മിക്ക ഉപമകളിൽനിന്നും ഗ്രഹിക്കുന്നത്. മകനുവേണ്ടി കല്യാണസദ്യ ഒരുക്കിയ ഒരു രാജവിനെക്കുറിച്ച് മത്തായി 22:13-ൽ വായിക്കുന്നു. ഒരുക്കം തീർച്ചയായും ഭൂമിയിലാണ് ക്ഷണിക്കപ്പെട്ട ചിലർ വന്നില്ല. ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിൽ യിസ്രായേൽ അവനോട് പെരുമാറിയതാണെന്നു വാദിച്ചേക്കാമെങ്കിലും, "ഏറ്റവും പുറത്തുള്ള ഇരുട്ടും," "കരച്ചിലും പല്ലുകടിയും എന്നീ പ്രയോഗങ്ങൾ അന്ത്യകാലശാസ്ത്രസംബന്ധിയായിക്കാണപ്പെടുന്നു.

"സ്വർഗ്ഗരാജ്യം തന്റെ പുത്രനുവേണ്ടി കല്യാസദ്യ കഴിച്ച ഒരു രാജാവിനോടു സദൃശം. അവൻ കല്യാണത്തിനു ക്ഷണിച്ചവരെ വിളിക്കേണ്ടതിനു ദാസന്മാരെ പറഞ്ഞയച്ചു. അവർക്കോ വരുവാൻ മനസ്സായില്ല. പിന്നെയും അവൻ മറ്റു ദാസന്മാരെ അയച്ചു. എന്റെ മുത്താഴം ഒരുക്കിത്തീർന്നു, എന്റെ കാളകളെയും തടിപ്പിച്ച മൃഗങ്ങളെയും അറുത്തു, എല്ലാം ഒരുങ്ങിയിരിക്കുന്നു; കല്യാണത്തിനു വരുവിൻ എന്നു ക്ഷണിച്ചവരോട് പറയിച്ചു. അവർ അത് കൂട്ടാക്കാതെ ഒരുത്തൻ തന്റെ നിലത്തിലേക്കും മറ്റൊരുത്തൻ തന്റെ വ്യാപാരത്തിനും പൊയ്ക്കളഞ്ഞു. ശേഷമുള്ളവർ അവന്റെ ദാസന്മാരെ പിടിച്ച് അപമാനിച്ചു കൊന്നുകളഞ്ഞു.രാജാവ് കോപിച്ചു സൈന്യങ്ങളെ അയച്ച് ആ കൊലപാതകന്മാരെ മുടിച്ച് അവരുടെ പട്ടണം ചുട്ടുകളഞ്ഞു. പിന്നെ അവൻ ദാസന്മാരോട്: കല്യാണം ഒരുങ്ങിയിരിക്കുന്നു; ക്ഷണിക്കപ്പെട്ടവരോ യോഗ്യരായില്ല. ആകയാൽ വഴിത്തലയ്ക്കൽ ചെന്ന് കാണുന്നവരെ ഒക്കെയും കല്യാണത്തിനു വിളിപ്പിൻ എന്നു പറഞ്ഞു. രണ്ടു ദാസന്മാർ പെരുവഴികളിൽപോയി, കണ്ട ദുഷ്ടന്മാരെയും നല്ലവരെയുമെല്ലാം കൂട്ടിക്കൊണ്ടുവന്നു; കല്യാണശാല വിരുന്നുകാരെക്കൊണ്ട് നിറഞ്ഞു. വിരുന്നുകാരെ നോക്കുവാൻ രാജാവ് അകത്തുവന്നപ്പോൾ കല്യാണവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ അവിടെക്കണ്ടു; സ്നേഹിതാ, നീ കല്യാണവസ്ത്രമില്ലാതെ ഇവിടെ അകത്തു വന്നത് എങ്ങനെ എന്നു ചോദിച്ചു. എന്നാൽ അവനു വാക്കു മുട്ടിപ്പോയി. രാജാവ് ശുശ്രൂഷക്കാരോട്: ഇവനെ കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുവിൻ എന്നു പറഞ്ഞു"(മത്തായി 22:2-13).

ക്രിസ്തു ആദ്യം വന്നപ്പോൾ അവനെ തിരസ്കരിച്ചതിനുമപ്പുറമായിട്ടു മത്തായി 22:1 ന്റെ ഉപദേശം കടന്നപോയാൽ, രണ്ടാം വരവിനുശേഷം ഭൂമിയിൽ നടക്കുന്ന കല്യാണസദ്യ എന്ന ഭാവി സംഭവത്തെയും പരമാർശിക്കുന്നുണ്ട്. മഹോപദ്രവകാലയളവിലെ "രാജ്യത്തിന്റെ സുവിശേഷം" മൂലമാണു രാജ്യത്തെ അവതരിപ്പിക്കുന്നതെന്നതിനോട് ഈ ഉപമ നന്നായി യോജിക്കുന്നു(മത്തായി 24:14; വെളി. 14:6). ക്ഷണം തിരസ്കരിക്കുന്നവരെയെല്ലാം വിവാഹാഘോഷത്തിൽ നിന്നു പുറത്താക്കും(യിസ്രായേലിന്റെയും ജാതികളുടെയും ന്യായവിധിയാൽ). കല്യാണസദ്യ സ്വർഗ്ഗത്തിലാണു നടക്കുന്നതെങ്കിൽ, ക്ഷണം നിരസിക്കുന്നവരും പുറത്താക്കപ്പെട്ടവരും ആരാണ്? ക്രിസ്തുവിന്റെ ഭൂമിയിലെ രാജ്യത്തിൽ നിന്നുള്ള പുറത്താക്കൽ നാം കാണുമ്പോൾ രക്ഷിക്കപ്പെടാത്ത ചിലർ സ്വർഗ്ഗത്തിൽ നുഴഞ്ഞുകയറുകയും പിന്നെ പുറത്താക്കപ്പെടുകയും ചെയ്യുമെന്നു വ്യാഖ്യാനിക്കുന്നു.

മത്തായി 25:1-ൽ സ്വർഗ്ഗത്തിലെ വിവാഹവും ഭൂമിയിലെ വിവാഹവിരുന്നും തമ്മിലുള്ള പ്രകടമായ വ്യത്യസാം കാണുന്നുണ്ട്. ഇതു തീർച്ചയായും സ്വർഗ്ഗരാജ്യത്തെയും (വാ.1) ഭാവിയെയും പരമാർശിക്കുന്നതാണ്(മത്തായി 24, 25:31 മുതലായവ). കർത്താവിന്റെ വരവിനെക്കുറിച്ചുള്ള പരമാർശം അവന്റെ വെളിപ്പെടൽ(മഹോദ്രപത്തിന്റെ ഒടുവിൽ) ഉൾപ്പെടുന്നു (മത്തായി 24:21: 29-31). മത്തായി 25:10-ൽ, മണവാളന്റെ മടങ്ങിവരവിൽ ഭൂമിയിലെ "സദ്യ" വ്യക്തമായി സ്ഥാപിക്കുന്നു.

"അവർ വാങ്ങുവാൻ പോയപ്പോൾ **മണവാളൻ വന്നു**; ഒരുങ്ങിയിരുന്നവർ അവനോടുകൂടെ **കല്യാണസദ്യയ്ക്കു** ചെന്നു; വാതിൽ അടയ്ക്കുകയും ചെയ്തു(മത്തായി 25:10).

മണവാളന്റെ മടങ്ങിവരവിനുശേഷമുള്ള ഒരു വിവാഹവിരുന്നിനെയാണ് പത്തു കന്യകമാരുടെ ഉപമ ചിത്രീകരിക്കുന്നത്. അതിനാൽ വിവാഹസദ്യ നടക്കുന്നത് മഹോദ്രപത്തിന്റെ ഒടുവിലാണെന്നു നിശ്ചയിക്കാം. യിസ്രായേല്യരിൽ ഒരുങ്ങിയിരിക്കുന്നവർക്കു സ്വാഗതമുണ്ട്. അല്ലാത്തവർ പുറത്താകും. സദ്യ സ്വർഗ്ഗത്തിലാണെങ്കിൽ അതിൽനിന്നു നീക്കം ചെയ്യപ്പെടുന്നവർ ആരാണ്? [18]

ലൂക്കോസിലെ ഉപമ(14:16-24) വിരുന്നു നൽകുന്ന ഒരു മനുഷ്യനെക്കുറിച്ചുള്ളതാണ്. അതിനു ക്ഷണിച്ചവരാരും വന്നില്ല. എന്നാലും അതിൽ "കല്യാണസദ്യ"യെന്ന പദം കാണുന്നില്ല. തന്നെയുമല്ല രാജകുമാരൻ വിവാഹം കഴിക്കുന്നതിനെക്കുറിച്ചോ മണവാളന്റെ മടങ്ങിവരവിനെക്കുറിച്ചോ അതിൽ ഭാവനയില്ല. മത്തായി 22:1-13 ന്റെ കൃത്യമായ ഒരു സമാന്തരമാണ് ലൂക്കോസ് 14:16-24 എന്ന് തെളിയിക്കുന്നത് കഠിനമാണ്. എന്നാലും ഇത് നൽകുമ്പോൾ ക്രിസ്തുവിന്റെ മനസ്സിലും ഭാവി തന്നെയായിരുന്നു. പുനരുത്ഥാനം ചെയ്ത നീതിമാന്മാർ ക്കുള്ള പ്രതിഫലത്തെ ലൂക്കോസ് 14:14 സൂചിപ്പിക്കുന്നു, വാ 15 "ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമയാണ് കാണിക്കുന്നത്. "സദ്യയുടെ ഉപമ" ഭാവിസംഭവങ്ങളായി നാം കാണുകയാണെങ്കിൽ, അതു സ്വന്തതലമുറ ക്രിസ്തുവിനെ തള്ളിക്കളയുന്നതിനെയും, പിന്നെയതു ഭൂമിയിലെ സദ്യയെക്കുറിച്ചും, കൂടാതെ ഭൂമിയിൽ നടക്കുന്ന കല്യാണസദ്യയുടെ രണ്ടാംതരം പിൻതുണ യെന്ന നിലയിലും ഗണിക്കാം.

C. സ്വർഗ്ഗത്തിലെ, അഥവാ ഭൂമിയിലെ കല്യാണ സദ്യയുമായി പൊരുത്തമുള്ള വേദഭാഗങ്ങൾ

കല്യാണസദ്യയെനന്നതിനെ ഏറ്റവുമധികം ആശയക്കുഴപ്പത്തിലാക്കുന്നതു *ഗാമോസ്*(gamos) എന്ന ഗ്രീക്കു പദമാണ്. 'കല്യാണ'മെന്നോ, 'കല്യാണസദ്യ' യെന്നോ ഇത പരിഭാഷപ്പെടുത്താം. സന്ദർഭം അല്ലെങ്കിൽ തുടർന്നുള്ള വിവരണങ്ങളാണ് ആശയം വ്യക്തമാക്കുന്നത്.

ലൂക്കോസ് 12:36 പഠിപ്പിക്കുന്നത്, ക്രിസ്തുവിന്റെ മടങ്ങിവരവിനുമുമ്പു കല്യാണസദ്യ സ്വർഗ്ഗത്തിൽ നടക്കുന്നുവെന്നാണ്(വാ.40). കല്യാണസദ്യയിൽ നിന്നാണ് അവൻ ഭൂമിയിലേക്ക് വരുന്നത്.

> ''യജമാനൻ **കല്യാണത്തിനുപോയി വന്നു** മുട്ടിയാൽ ഉടനെ വാതിൽ തുറന്നുകൊടുക്കേണ്ടതിന് അവൻ എപ്പോൾ മടങ്ങിവരും എന്നു കാത്തു നിൽക്കുന്ന ആളുകളോടു നിങ്ങൾ തുല്യരായിരിപ്പിൻ" (ലൂക്കോസ് 12:36).

ലൂക്കോ. 12:36 രണ്ടുരീതിയിലുള്ള വിവർത്തനത്തോടും യോജിക്കും-ഒന്നുകിൽ കല്യാണസദ്യ(NASB, NIV), അല്ലെ ങ്കിൽ കല്യാണം(KJV).

അധികൃതഭാഷാന്തരമാണു നല്ലത്(KJV). അതിന്റെ വിവർത്തകർക്ക്, യജമാനൻ കല്യാണത്തിൽനിന്നു (സ്വർഗ്ഗത്തിൽ)മടങ്ങിവന്നുകഴിഞ്ഞു. തന്റെ ദാസന്മാരുമായി (യിസ്രായേല്യർ, വാ. 36-37) ഭൂമിയിൽ വിരുന്നു കഴിക്കുന്നുവെന്നു ഗ്രഹിക്കാൻ കഴിഞ്ഞു.

"കല്യാണസദ്യയിൽ നിന്ന്" എന്ന വിവർത്തനത്തിന്റെ യർത്ഥം, കല്യാണസദ്യയ്ക്കു ശേഷം കർത്താവ് ഭൂമിയിലേക്ക് മടങ്ങിവരുന്നുവെന്നാണ്. ആ പദത്തിന്റെ ന്യായമായ വിവർത്തനവും അതാണ്. (മറ്റൊരുവേഭാഗവും നാം പരിശോധിക്കുമ്പോൾ, ബഹുവചനരൂപത്തിലുള്ള ആ വാക്കിനോട് കൂടുതൽ യോജിപ്പുണ്ടെന്നു കാണാം).[19] എന്നിരുന്നാലും, മത്തായി 25:10-ൽ മണവാളൻ കല്യാണസദ്യയ്ക്കു മടങ്ങിവരുന്നുവെന്നു പഠിപ്പിക്കുന്നതും ലൂക്കോസ് 12:36 ന്യായമായ വിവർത്തനത്തോട് യോജിക്കുന്നതുമാകയാൽ അധികൃതഭാഷാന്താരമാണു നല്ലത്. സ്വർഗ്ഗത്തിലെ വിവാഹത്തിനുശേഷം യജമാനൻ തന്റെ ദാസന്മാർക്കു ള്ള ഭൂമിയിലെ സദ്യയ്ക്കു മടങ്ങിവരുന്നുവെന്നതാണു KJV വിവർത്തനം.

> "യജമാനൻ കല്യാണത്തിനുപോയിവന്നു മുട്ടിയാൽ ഉടനെ വാതിൽ തുറന്നുകൊടുക്കേണ്ടതിന് അവൻ എപ്പോൾ മടങ്ങിവരും എന്നു കാത്തു നിൽക്കുന്ന ആളുകളോടു നിങ്ങൾ തുല്യരായിരിക്കുവിൻ. യജമാനൻ വരുന്നേരം ഉണർന്നിരിക്കുന്നവരായിക്കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ; അവൻ അരകെട്ട് അവരെ ഭക്ഷണത്തിനിരുത്തുകയും വന്ന് അവർക്കു ശുശ്രൂഷ ചെയ്യുകയും ചെയ്യുമെന്നു ഞാൻ സത്യമായി നിങ്ങളോട് പറയുന്നു.... നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിക്കുവിൻ" (ലൂക്കോസ് 12:36-37, 40).

[18] നിത്യമായ ഭദ്രത അംഗീകരിക്കുന്നവർക്ക്, കല്യാണസദ്യയിൽ നിന്നു പുറത്താകുന്ന കന്യകമാർ ക്രിസ്ത്യാനികളാണെന്നു കാണുവാൻ ബുദ്ധിമുട്ടാണ്. ആ അതിഥികളെ യിസ്രായേല്യരെന്നു കാണുന്നതാണ് ഭംഗി. ചിലർ രക്ഷിക്കപ്പെട്ടവരും ചിലർ രക്ഷിക്കപ്പെടാത്തവരുമാണ്. ഇവ രണ്ടും യോജിക്കുന്നത്, ഭൂമിക്കാണ്. സ്വർഗ്ഗത്തിനല്ല. അതുകൊണ്ട് പുനരുത്ഥാനത്തിനുശേഷമാണ് സ്വർഗ്ഗത്തിൽ കല്യാണം നടക്കുന്നത്. രണ്ടാം ആഗമനത്തിനുശേഷം ഭൂമിയിൽ വെച്ച് കല്യാണ സദ്യയും നടക്കുന്നുവെന്നു കരുതുന്നതാണ് ഭംഗി.

[19] 'ഗാമോസ്' എന്ന ഗ്രീക്കുപദത്തിന്റെ ബഹുവചനരൂപം പൊതുവെ ''വിവാഘോഷം'' എന്നതിന് ഉപയോഗിക്കുന്നതാണ്. എന്നാലും മത്തായി 22;8ൽ ഏകവചനമാണ്, പക്ഷേ അതിന്റെ സന്ദർഭം ഒരു സദ്യയാണ്. അതേ നിഘണ്ടുതന്നെ പറയുന്നത് ഏകവചനവും ബഹുവ ചനവും പരസ്പര പൂരകങ്ങളായി ഉപയോഗിക്കുന്നുവെന്നാണ്. കാണുക Walter Bauer, *The Greek-English Lexicon of the New Testament and Other Early Christian Literature*, translated by Wm. F. Arndt and F. Wilber Gingrich (Chicago, University of Chicago Press, 1975), p. 150.

ലൂക്കോസ് 12:35-ലെ ഉപമ, ഭൂമിയിലാണു കല്യാണസദ്യ നടക്കുന്നുവെന്നതിന്റെ തെളിവല്ല. പക്ഷേ മത്തായി 22:1 -13, 25:1-13; ലൂക്കോസ് 14:16-24 ലേക്ക് ഒരാൾ ചാഞ്ഞാൽ അങ്ങനെയുള്ള ഒരു നിഗമനത്തിലേക്കു വിവർത്തനം ചെയ്യുന്നതാണ് ന്യായം.

രണ്ടാം ആഗമനത്തിനുശേഷം കുഞ്ഞാടിന്റെ കല്യാണ സദ്യ സ്വർഗ്ഗത്തിലോ ഭൂമിയിലോ ആയിരിക്കുമെന്നതാണ് വെളി. 19:7-9 ൽ കാണുന്നത്.

> "നാം സന്തോഷിച്ച് ഉല്ലസിച്ച് അവന് മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവ ല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയി രിക്കുന്നു. അവൾക്കു ശുദ്ധവും ഭദ്രവുമായ വിശേ ഷവസ്ത്രം ധരിക്കാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തി കൾ തന്നെ. പിന്നെ അവൻ എന്നോട്: കുഞ്ഞാ ടിന്റെ കല്യാണസദ്യയ്ക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്ന് എഴുതുക എന്നു പറഞ്ഞു (വെളി. 19:7-9).

കുഞ്ഞാടിന്റെ കല്യാണം നടന്നുകഴിഞ്ഞു(വാ.7). വാ. 11-ലെ രണ്ടാം ആഗമനത്തെക്കുറിച്ചുള്ള ചർച്ചയ്ക്കു മുമ്പാണ് ഈ പ്രസ്താവം നടക്കുന്നത്. ക്രിസ്തുവിന്റെ മടങ്ങിവരവിനു മുമ്പ് യഥാർത്ഥ വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നുവെന്ന യോജിപ്പാണു മിക്കവാറും പേർക്കുള്ളത്. സഭയുടെ നീതിപ്രവൃത്തികൾക്കെല്ലാം ന്യായവിധിയും പ്രതിഫലവും ഉണ്ടായി(വാ.8). ഇങ്ങനെ ക്രിസ്തുവിന്റെ യഥാർത്ഥ വിവാഹവും സ്വർഗ്ഗത്തിലെ സഭയും ക്രിസ്തുവിന്റെ ന്യായാസനത്തിനുശേഷവും രണ്ടാം ആഗമനത്തിനു മുമ്പായും നടക്കുന്നു.

വിവാഹത്തിനുശേഷമാണു ''സദ്യ''യെന്ന പദം യോഹന്നാൻ കൂട്ടിച്ചേർക്കുന്നത്. സംഭവത്തിൽ അവ്യക്തതയൊന്നുമില്ല. സമയത്തിന്റെ സൂചനകളുടെ അഭാവമുണ്ട്. കല്യാണത്തിനു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാരാണെന്നാണ് അവിടെപ്പറയുന്നത്. സ്വർഗ്ഗത്തിൽ നടന്ന സദ്യയെക്കുറിച്ചാണോ ഇവിടെപ്പറ യുന്നത്? അതോ 19:11-ൽ പറയുന്ന രണ്ടാം ആഗമനത്തിനു ശേഷമുള്ള കല്യാണസദ്യ ഉടനെ ആസ്വദിക്കാൻ പോകുന്നവരെക്കുറിച്ചുള്ള സ്വർഗ്ഗീയ വിളംബരമാണോ?

കല്യാണസദ്യ സ്വർഗ്ഗത്തിൽ നടന്നുകഴിഞ്ഞുവെന്ന വാ.9 എടുത്തുപറയുന്നവർ അനുഗ്രഹം ആസ്വദിച്ചുകഴിഞ്ഞു വെന്നാണ് പ്രസ്താവിക്കുന്നത്. ഭൂമിയിലാണ് സദ്യയെന്നു വാദിക്കുന്നവർ, രണ്ടാം ആഗമനത്തിനുശേഷം ഭൂമിയിൽ നടക്കാൻ പോകുന്ന വിളംബരമാണതെന്നു പറയുന്നു. വെളി. 19:7-9 രണ്ടിനും യോജിക്കുന്നതാണ്.

D. സ്വർഗ്ഗത്തിലെ വിവാഹവും ഭൂമിയിലെ വിവാഹ സദ്യയും തമ്മിലുള്ള വ്യത്യാസത്തിന്റെ നിഗമനങ്ങൾ

ഇതു താരതമ്യേന പ്രശ്നമായിരിക്കെ, വിവാഹം സ്വർഗ്ഗത്തിലും സദ്യ ഭൂമിയിലുമെന്നു കാണുന്നതാണ് ഏറ്റവും നല്ലത്. ഭൂമിയിൽ മഹോപദ്രവം കൊടികുത്തി വാഴുമ്പോഴാണ് ക്രിസ്തുവും സഭയും തമ്മിലുള്ള വിവാഹം നടക്കുന്നത്. രണ്ടാം ആഗമനത്തിനുശേഷം, മഹോപദ്രവത്തിൽനിന്നു രാജ്യത്തിലേക്കുള്ള മാറ്റത്തിന്റെ ഒരു ഭാഗമായിട്ടായിരിക്കാം സദ്യ നടക്കുന്നത്. മഹോപദ്രവ കാലയളവിൽ രക്ഷിക്കപ്പെടാതെ രക്ഷപെട്ടവരാണു സദ്യയ്ക്കുള്ള ക്ഷണം നിരസിച്ച് രാജ്യത്തിൽ നിന്ന് പുറത്താകുന്നത്. യിസ്രായേലിന്റെയും ജാതികളുടെയും ന്യായവിധിയിലാ ണ് അതു നടക്കുന്നത്. മറ്റുള്ളവർ മഹത്വത്തിൽ പ്രവേശിക്കുന്നത് കാണുമ്പോൾ അവരുടെ മനസ്സിൽ അല്പം വ്യത്യാസമുണ്ടായേക്കാം(മത്തായി 25;34), പക്ഷേ രാജാവ് അവരെ പുറത്താക്കും(മത്തായി 25:41, 22:11-14). മഹോപദ്രവത്തിൽനിന്നു രക്ഷിക്കപ്പെട്ടു "രാജ്യത്തിന്റെ സുവശേഷം" വിശ്വസിച്ചവരെ (മത്തായി 24:14) കല്യാണസദ്യയിലേക്കു സ്വീകരിക്കും, അതിൽ 1000 വർഷത്തെ ഒരാഘോഷവും അടങ്ങിയേക്കാം.

XI. മഹോപദ്രവം

ഉദ്പ്രാപണത്തിനുശേഷം(ഒപ്പം പുനരുത്ഥാനവും) ന്യായവിധിയിലൂടെയും കുഞ്ഞാടിന്റെ കല്യാണത്തിലൂടെയും കടന്നുപോകുന്നു(രണ്ടാം ആഗമനത്തിനുശേഷമായിരിക്കാം സദ്യ). ക്രിസ്തുവുമായുള്ള സഹവാസം സഭ ആസ്വദിക്കുമ്പോൾ, ഭൂമിയിൽ മഹോപദ്രവത്തിന്റെ ഭയങ്കരമായ കെടുതികളായിരിക്കും. ഈ പീഡനത്തെക്കുറിച്ചു പ്രധാനപ്പെട്ട പല വേദഭാഗങ്ങളും ചർച്ച ചെയ്യുന്നുണ്ട്(ഉദാ. യെഹ. 38-39; ദാനീ. 9-11; മത്തായി 24-25; 2 തെസ്സ. 2; വെളി. 6-18). ഇതെല്ലാം നോക്കുന്നത് അസാധ്യമാണ്. എന്നാൽ "മഹോപദ്രവകാലയളവിലെ പ്രധാനജാതീയലോകശക്തികൾ", "എതിർക്രിസ്തു", "മഹോപദ്രവത്തിലെ യുദ്ധങ്ങൾ", "ദൈവവും വിശുദ്ധന്മാരും മഹോപദ്രവത്തിൽ" എന്നിങ്ങനെ പ്രധാനസത്യങ്ങൾ തരം തിരിച്ചിരിക്കുന്നു.

A. മഹോപദ്രവകാലയളവിലെ പ്രധാന ജാതീയ ശക്തികൾ

മഹോപദ്രവകാലയളവിലെ പ്രധാനകളിക്കാർ ആരാണെന്നാണു തിരിച്ചറിയുകയെന്നേ ഈ ഭാഗം കൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ. മഹോപദ്രവകാല യുദ്ധങ്ങളുടെ ഒരു കാലാനുക്രമം താഴെക്കൊടുക്കുന്നു.

1. ഉണർത്തപ്പെട്ട റോം (പത്ത് രാജാക്കന്മാരുടെ ഒരു യൂറോപ്യൻ സഖ്യം പെട്ടെന്നു സ്വേച്ഛാധിപത്യത്തിലേക്കു തിരിയുന്നു).

അറേബ്യൻ സാമ്പത്തികശക്തിയുടെ വളർച്ച, ഉണർത്തപ്പെട്ട ഒരു റോമാസാമ്രാജ്യമെന്ന ആശയത്തെ

കളഞ്ഞിട്ട്, വെളി. 17-18 ലെ ബാബിലോണിനെ ആക്ഷരികബാബിലോണായി എടുക്കുന്നുണ്ട്. ഈ വ്യാഖ്യാനത്തിനു ഗുണങ്ങളുണ്ട്. പക്ഷേ അത് ഉണർത്തപ്പെട്ട റോമാസാമ്രാജ്യത്തെ പുറന്തള്ളേണ്ടുന്ന ആവശ്യമില്ല. ഉണർത്തപ്പെട്ട റോം എന്ന ആശയം വെളി. 17-18 നെ ആശ്രയിച്ചുള്ളതല്ല.

a. ദാനീയേൽ പ്രവചനത്തിലെ (9:24-27) 69-ാം ആഴ്ചവട്ടം റോം ഒരു ലോകശക്തിയെന്ന നിലയിലാണ് അവസാനിക്കുന്നത്. ഇടയ്ക്കുള്ള സഭായുഗം കാണാതിരിക്കുന്നതിനാൽ, 70-ാം ആഴ്ചവട്ടത്തിലെ ഒരു പ്രധാനശക്തിയെന്ന നിലയിൽ റോമിനെയും നമുക്ക് പ്രതീക്ഷിക്കാം(മത്തായി 24:15-ൽ മഹോപദ്രവത്തെ തിരിച്ചറിയുന്നതുപോലെ).

b. അഭിഷിക്തൻ "ഛേദിക്കപ്പെട്ടതിനു" (ക്രൂശിക്കപ്പെട്ടതിന്)ശേഷം വരാനിരിക്കുന്ന(ദുഷ്ട) പ്രഭുവിന്റെ പടജ്ജനം യെരൂശലേമിനെ നശിപ്പിക്കുമെന്നു ദാനീ. 9:26 മുന്നറിയിപ്പ് നൽകുന്നു. ക്രിസ്തുവിന്റെ മരണത്തിനു ശേഷം റോമാക്കാർ യെരൂശലേമിനെ നശിപ്പിച്ചു. അതുകൊണ്ട് വരുവാനിരിക്കുന്ന(ദുഷ്ട)പ്രഭു റോമിന്റെ നേതാവാണ്. എതിർക്രിസ്തു ഉണർത്തപ്പെട്ട റോമാ സാമ്രാജ്യത്തെ നയിക്കുകയും ചെയ്യും(ലൂക്കോസ് 21:20 -ഉം കാണുക അവിടെ അന്ത്യകാല സ്ഥിതിവിശേഷങ്ങളോട് സാമ്യമുള്ള 70-ാം ആണ്ടിലെ യെരുശലേമിന്റെ നാശവും കൂടിക്കലർന്നു കാണുന്നു).

> "അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും; തനിക്കുവേണ്ടി അല്ല താനും; പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും; അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും" (ദാനീ. 9:26-27).

c. ക്രിസ്തു തന്റെ രാജ്യം സ്ഥാപിക്കുന്നതിന് മുമ്പ് എഴുന്നേൽക്കുന്ന നാലു ജാതീയലോകശക്തികളെക്കുറിച്ചാണു ദാനീ. 2:36-45 ഉം 7:2-14 ഉം സംസാരിക്കുന്നത്. ആദ്യത്തെ മൂന്നുപേരെ ബാബിലോൺ(2:38), മേദോ-പാർസ്യ(ദാനീ. 5:28; 8:20; 11:2), ഗ്രീസ്(8:21; 11:2) എന്നു വിളിക്കുന്നു. നാലാമത്തേതു റോം ആണ്. ഒന്നാമത്തെ വരവിൽ ക്രിസ്തു തന്റെ രാജ്യം സ്ഥാപിക്കാനാണു വന്നതെന്നതു സിദ്ധാന്തപരമായി ശരിയാണ്. നാലാമത്തേത് ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തു നശിപ്പിക്കേണ്ടിയിരുന്ന റോം ആണ്(ദാനീ. 2:44-45; 7:11-14; 8:11, 23-27). രണ്ടാം വരവിൽ ക്രിസ്തു നശിപ്പിക്കുന്ന ശക്തിയും റോം ആണ്.

d. ഉണർത്തപ്പെട്ട റോമിന്റെ പ്രകൃതം

(1). 10 രാജാക്കന്മാരുടെ ഒരു സഖ്യമായാണു തുടക്കം. 10 കാൽവിരലുകളുടെയും(ദാനീ.2:41) 10 കൊമ്പുകളുടെയും(ദാനീ. 7:7,20,24; വെളി. 12:3; 13:1, 17:12) സാദൃശ്യമാണിത്. വേദപുസ്തകത്തിന്റെ വിശദീകരണം ഇതാണ്:

> "ഈ രാജ്യത്തുനിന്നുള്ള **പത്തു കൊമ്പുകളോ** എഴുന്നേൽക്കാനിരിക്കുന്ന **പത്തു രാജാക്കന്മാരാകുന്നു**...." (ദാനീ. 7:24).
>
> "നീ കണ്ട **പത്തു കൊമ്പു പത്തു രാജാക്കന്മാർ**...." (വെളി. 17:12).

പടിഞ്ഞാറൻ യൂറോപ്യൻ സഖ്യമെന്ന നിലയിലാണു ഉണർത്തപ്പെട്ട റോമിനെ സാധാരണ കാണുന്നത്. പൗരാണിക യൂറോപ്യൻ സാമ്രാജ്യം യൂറോപ്പിൽ കേന്ദ്രീകരിച്ചതിനാലാണത്. ഇറാൻ, തുർക്കി, ലിബിയ എത്യോപ്യ, മിക്കവാറും കിഴക്കൻ യൂറോപ്പ് എന്നിവ മഹോപദ്രവത്തിൽ റഷ്യയുമായി സഖ്യമുണ്ടാക്കുമെന്നു കാണുന്നു(യെഹ. 38:5-6 താഴെ നോക്കുക).

(2). ചെറിയ കൊമ്പ് (എതിർക്രിസ്തു) പത്തിൽ മൂന്നു രാജാക്കന്മാരെ നശിപ്പിച്ച് ഏകാധിപതിയാകുന്നു. മൂന്ന് രാജാക്കന്മാരെ അവൻ നീക്കിയതിനുശേഷം, പത്തു രാജാക്കന്മാരെ സാമന്തൻമാരാക്കി അവൻ സാമ്രാജ്യം ഭരിക്കുന്നതായിക്കാണുന്നു.

> "ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ അവയുടെ മറ്റൊരു ചെറിയ കൊമ്പ് മുളച്ചുവന്നു; **അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ പറിഞ്ഞുപോയി;** ഈ കൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു.... ഈ രാജ്യത്തുനിന്നുള്ള പത്തു കൊമ്പുകളോ എഴുന്നേൽക്കാനിരിക്കുന്ന പത്തു രാജാക്കന്മാരാകുന്നു; അവരുടെശേഷം മറ്റൊരുത്തൻ എഴുന്നേൽക്കും; അവൻ മുമ്പിലത്തവരോടു വ്യത്യാസമുള്ളവനായി **മൂന്നു രാജാക്കന്മാരെ വീഴിച്ചുകളയും**"(ദാനീ. 7:8,24)(7:20 ഉം കാണുക).
>
> "നീ കണ്ട പത്തു കൊമ്പ് **പത്തു രാജാക്കന്മാർ**; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; **മൃഗത്തോട് ഒന്നിച്ച്** ഒരു നാഴിക നേരത്തേക്കു **രാജാക്കന്മാരെപ്പോലുള്ള അധികാരം** പ്രാപിക്കും താനും" (വെളി. 17:12-13).

ഉണർത്തപ്പെട്ട റോമിനുമേൽ എതിർക്രിസ്തു സർവ്വാധിപത്യം പുലർത്തുന്ന സമയം നിശ്ചയമില്ല. എങ്കിലും ഭൂമി മുഴുവൻ 3 1/2 വർഷത്തെ ഭരണകാലത്ത് അവൻ കീഴടക്കും.

> "വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിന് ലഭിച്ചു; **നാല്പത്തിരണ്ടു** മാസം പ്രവർത്തിക്കാൻ അധികാരവും ലഭിച്ചു. അതു ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദൂഷിക്കാൻ ദൈവദൂഷണത്തിനായി വായ് തുറന്നു. വിശുദ്ധന്മാരോട് യുദ്ധം ചെയ്ത് അവരെ ജയിക്കാനും അതിന് അധികാരം ലഭിച്ചു. സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ജാതിമേലും അധികാരവും ലഭിച്ചു"(വെളി. 13:5-7).

ഈ ദുഷ്ടനായ ഭരണാധികാരി ആദ്യത്തെ 3 1/2 വർഷം യിസ്രായേലിനെ സംരക്ഷിക്കാനുള്ള സമാധാനക്കരാർ ഉണ്ടാക്കും(ദാനീ. 9:27) എന്നാലും മഹോപദ്രവത്തിന്റെ മദ്ധ്യത്തിൽ അവൻ ഈ ഉടമ്പടി ലംഘിക്കുകയും യിസ്രായേലിനെയും(ദാനീ.12:1; വെളി. 12:1-6, 13-17) വിശ്വാസികളെയൊക്കെയും(ദാനീ. 7:21; വെളി. 13:7) പീഡിപ്പിക്കാൻ തുടങ്ങുകയും ചെയ്യും.

അന്തർദ്ദേശീയമായുള്ള പല "യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും"(മത്തായി 24:6) കുറിച്ച് മഹോപദ്രവത്തിന്റെ ആദ്യപകുതിയിൽ കേൾക്കുമെന്ന് ഊഹിക്കുന്നതിൽ കുഴപ്പമില്ല. കാരണം, രണ്ടാമത്തെ പകുതിയിൽ എതിർക്രിസ്തുവിനെ എതിർക്കാൻ ആർക്കും കഴിയുകയില്ല (മഹോപദ്രവം, വെളി. 13:4). ലോകത്തിന്മേലുള്ള ദൈവികന്യായവിധി നിമിത്തവും, യിസ്രായേലിന്റെയും വിശ്വാസികളുടെയും പീഡനം നിമിത്തവും അവസാന പകുതി വളരെ മോശമായിരിക്കും.

2. കിഴക്കുനിന്നുള്ള രാജാക്കന്മാർ

വെളി. 16:12 ''കിഴക്കുനിന്നുള്ള രാജാക്കന്മാരെ'' പരാമർശിക്കുന്നു. ഈ സമയത്ത് ലോകം മുഴുവൻ നിയന്ത്രിക്കുന്ന എതിർക്രിസ്തുവുമായി സഖ്യത്തിലായിരിക്കുന്നവരാണെന്നതു വ്യക്തമാണ്(വെളി. 13:7-8). എതിർക്രിസ്തുവിനെ സഹായിക്കാനും ഹർമ്മെഗെദ്ദോനിൽ കർത്താവായ യേശുക്രിസ്തുവുമായി യുദ്ധം ചെയ്യാനുമായി വരുന്നവരാണിവർ(പല പഠനബൈബിളുകളിലും പേരുകളുണ്ടെങ്കിലും, വെളി.9:13-ൽ കാണുന്ന കിഴക്കിന്റെ സൈന്യം ഒരു പൈശാചികക്കൂട്ടമായാണു കാണുന്നത്. അത് വളരെ സാദൃശ്യപരമായല്ലെങ്കിൽ, വാ. 17 ഉം 19 ഉം മാനുഷികസൈന്യത്തെക്കുറിച്ചല്ല വിവരിക്കുന്നത്, അദ്ധ്യായം 9ന്റെ ആദ്യപകുതി നിശ്ചയമായും പരിഗണിക്കുന്നത് അഗാധകൂപത്തിൽനിന്നുള്ള ഭൂതങ്ങളെയാണ്).

> ആറാമത്തവൻ തന്റെ കലശം യൂഫ്രട്ടീസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കുനിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുങ്ങേണ്ടതിന് അതിലെ വെള്ളം വറ്റിപ്പോയി. മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു. ഇവ സർവ്വ ഭൂതലത്തിലുമുള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനു കൂട്ടിച്ചേർക്കാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ട് അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നെ..... അവ അവരെ എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തു കൂട്ടിച്ചേർത്തു (വെളി. 16:12-14,16).

3. ഗോഗും മാഗോഗും(റഷ്യയും സഖ്യ കക്ഷികളും)

മാഗോഗ് ദേശത്തെ ഗോഗിന്റെ യിസ്രായേൽ ആക്രമണത്തെക്കുറിച്ച് യെഹെ.38-39 പഠിപ്പിക്കുന്നു. വെളി.20:28ലും ഈ പേരുകൾ കാണുന്നുണ്ട്. ആക്രമണത്തെക്കുറിച്ചു പ്രത്യേകിച്ചു പഠിക്കും. "മാഗോഗു ദേശത്തെ" ഗോഗിനെ വേർതിരിച്ചറിയുകയെന്നതാണ് ഇപ്പോഴത്തെ ഉദ്ദേശ്യം (യെഹെ.38:2).

> "യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: മനുഷ്യപുത്രാ, രോശ്, മേശെക്ക്, തൂബൽ എന്നിവയുടെ പ്രഭുവായി മാഗോഗ് ദേശത്തിലെ ഗോഗിന്റെ നേരേ നീ മുഖം തിരിച്ച് അവനെക്കുറിച്ചു പ്രവചിച്ചു പറയേണ്ടത്; യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു; രോശ്, മേശെക്ക്, തൂബൽ എന്നിവയുടെ പ്രഭുവായ ഗോഗേ, ഞാൻ നിനക്കു വിരോധമായിരിക്കുന്നു. ഞാൻ നിന്നെ വഴിതെറ്റിച്ചു നിന്റെ താടിയെല്ലിൽ ചൂണ്ടൽ കൊളുത്തി നിന്നെയും നിന്റെ സകല സൈന്യത്തെയും കുതിരകളെയും സർവ്വായുധം ധരിച്ച സകല കുതിരപ്പടയാളികളെയും ഒട്ടൊഴിയാത്ത വാളും പരിചയും പലകയും എടുത്ത ഒരു മഹാസമൂഹത്തെയും, അവരോടുകൂടെ ഒട്ടൊഴിയാത്ത പരിചയും തലക്കോരികയും ധരിച്ച പാർസികൾ, കൂശ്യർ, പൂത്യർ, ഗോമെരും അവന്റെ എല്ലാ പടക്കൂട്ടങ്ങളും എന്നിങ്ങനെ പല ജാതികളും നിന്നോടു കൂടെ പുറപ്പെടുമാറാക്കും'' (യെഹെ. 38:1-6).

a. യിസ്രായേലിന്റെ ശത്രു വരുന്നതു "വടക്കെ അറ്റത്തു" നിന്നാണെന്നു നിരവധി പ്രാവശ്യം യെഹെസ്കേൽ പറയുന്നുണ്ട്. ഇപ്പോൾ നാം "റഷ്യ"യെന്നു വിളിക്കുന്ന ഭാഗമാണു പ്രവാചകന്റെ മനസ്സിലെന്ന് അനുമാനിക്കാൻ മതിയായതാണ് ഇത്.

''ഗോമെരും അവന്റെ എല്ലാ പടക്കൂട്ടങ്ങളും **വടക്കെ അറ്റത്തുള്ള** തോഗർമ്മാഗൃഹവും അതിന്റെ എല്ലാ പടക്കൂട്ടങ്ങളും.....നിന്നോടുകൂടെ പുറപ്പെടുമാറാക്കും"(യെഹെ. 38:6).

".....നിന്റെ ദിക്കിൽ നിന്നു **വടക്കെ അറ്റത്തുനിന്നു** തന്നെ വരും" (38:15).

"ഞാൻ നിന്നെ വഴി തെറ്റിച്ചു നിന്നിൽ നൂറിലൊന്നു ശേഷിപ്പിച്ചു നിന്നെ വടക്കെ അറ്റത്തുനിന്നു പുറപ്പെടുവിച്ചു യിസ്രായേൽ പർവ്വതങ്ങളിൽ വരുത്തും" (39:2).

b. മാഗോഗ്

മാഗോഗിന്റെ നേതാവാണ് ഗോഗ്. റഷ്യ വൻശക്തിയാകുന്നതിനു എത്രയോ മുമ്പാണ് മാഗോഗ് റഷ്യയാണെന്നു വചനം തിരിച്ചറിയുന്നത്. ഒരു ബ്രിട്ടീഷ് ബിഷപ്പ് 1710-ൽ, മാഗോഗ് റഷ്യയാണെന്നു പഠിപ്പിച്ചതായി ലിൻഡ്സെ സൂചിപ്പിക്കുന്നുണ്ട്. [20]

കരിങ്കടലിനു വടക്കുള്ള "ശകൻ"(Scythians)മാരുമായി മാഗോഗിനെ പൗരാണികരേഖകൾ വേർതിരിച്ചറിയുന്നു; അതായത് ആധുനിക റഷ്യ(കൊലൊ. 3:11 കാണുക). യഹൂദചരിത്രകാരനായ ജോസീഫസ് എഴുതുന്നു.

"തന്നിൽ നിന്നുള്ളവരെ മാഗോഗ്യർ എന്നാണു മാഗോഗു സ്ഥാപിച്ചിരിക്കുന്നത്, എന്നാൽ ഗ്രീക്കുകാർ അവരെ സിതിയന്മാർ(ശകന്മാർ) എന്നു വിളിച്ചു." [21] (*ആന്റികിറ്റീസ്* 1:6:1).

ആധുനിക വ്യാഖ്യാതാക്കൾ, പ്ലിനി പറഞ്ഞതായി അവകാശപ്പെടുന്നത്, "സിതിയന്മാർ പിടിച്ച ഹിയറാപൊലിസ്, പിന്നീട് മാഗോഗ് എന്നു വിളിക്കപ്പെട്ടു." ജറോമിന്റെ(A.D 345-420)കാലത്തെ യഹൂദന്മാർ മാഗോഗിനെ സിതിയന്മാരുമായാണു തിരിച്ചറിഞ്ഞിരുന്നതെന്ന് അദ്ദേഹം പറയുന്നു. [22]

സിതിയന്മാരാണ് മാഗോഗ് എന്നുള്ള തിരിച്ചറിവും "വടക്കെ അറ്റത്തുനിന്ന്" എന്ന വാചകവും "റഷ്യ"യാണെന്നതിനു(യെഹെ. 38-39) സ്ഥിരീകരണം നൽകുന്നു.

c. രോശ്

"രോശിനെ റഷ്യയാക്കാനുള്ള പ്രേരണയുണ്ടെങ്കിലും ആ എബ്രായവാക്കിന്റെയർത്ഥം "മുഖ്യം" അഥവാ "പ്രഥമം" എന്നാണ്- ''രോശ് ഹാഷനാ'' എന്നതിലെപ്പോലെ (''വർഷത്തിലെ ആദ്യം'')..... മേശെക്ക്, തൂബൽ എന്നിവയുടെ പ്രഭുവായ ഗോഗ് എന്നതു ശരിയായ ഭാഷാന്തരമാണ്(യെഹെ.38:2). മേശെക്കും തൂബലും ഒന്നിച്ചു പല സന്ദർഭങ്ങളിലും പ്രത്യക്ഷപ്പെടുന്നതു ഈ ലളിതവിവർത്തനത്തിനു കൂടുതൽ പിൻതുണ നൽകുന്നുണ്ട്(ഉല്പത്തി. 10:2; 1 ദിന. 1:5; യെഹെ. 27:13; 32:26). യെഹെ. 38-39-ൽ അല്ലെങ്കിൽ "രോശ്, മേശെക്ക്, തൂബൽ" എന്നീ മൂന്നു പേരുകൾ കാണപ്പെടുകയില്ല.

ഇലിയഡ് XIII. 5-6 ൽ, പൗരാണിക ഗ്രീക്കുപ്രയോഗമായ "രോശ്" എന്നത് റഷ്യയെ കുറിക്കുന്നതാണെന്നു ഫെയ്ൻബർഗ് കണ്ടെത്തി, ഒരു ശരിയായ പേരായി അത് ഉല്പത്തി 46:21-ൽ കാണപ്പെടുന്നു.[23] പിൽക്കാല ബൈസാന്റൈൻ, അറബി എഴുത്തുകാർ "റുസ്" എന്ന ആളുകളെ സൂചിപ്പിക്കുന്നതായും അദ്ദേഹം പറയുന്നു.[24] "രോശ്" റഷ്യയാണെന്നതിനു സംശയമൊന്നുമില്ലെന്നു ജെസേനിയസ് എബ്രായ നിഘണ്ടു നിർവ്വചിക്കുന്നു. [25] എന്നാലും, യിസ്രായേലിൽ നിന്നല്ലാതെ, ഗ്രീസിൽനിന്നു വൈകി 10-ാം നൂറ്റാണ്ടിൽ തെളിവു ലഭിക്കുന്നതിനാൽ അതു "രോശി"ന്റെ സാധാരണ അർത്ഥം നിഷേധിക്കാൻ മതിയായ തെളിവല്ല. യെഹെ.38:2 ലെ "രോശ്" എന്ന എബ്രായപദം "പ്രഭു" എന്നു വിവർത്തനം ചെയ്യാം- മേശെക്കിന്റെയും തൂബാലിന്റെയും പ്രഭു. പേരിനു സാമ്യമുണ്ടെങ്കിലും റഷ്യയുടെ യാതൊരു പരാമർശവുമില്ല . യെഹെ. 38-39-ൽ റഷ്യയെക്കുറിച്ചു പറയുന്നതു "രോശു" മായി തുലനം ചെയ്തല്ല.

d. മേശെക്കും തൂബാലും

പെന്റെക്കോസ്റ്റും ലിൻഡ്സെയും ''മേശെക്കി''നെ "മോസ്ക്കോ" ആയിട്ടാണു തിരിച്ചറിയുന്നത്.[26] എന്നാലും ഉച്ചാരണത്തിലുള്ള സാമ്യം ഇവ രണ്ടും ഒന്നാണെന്നുള്ളതിന്റെ അടിസ്ഥാനമല്ല. ആ സ്ഥലങ്ങൾ ഇന്നത്തെ തുർക്കിയോ അർമീനിയയോ ആകാമെന്നു പൗരാണിക രേഖകൾ ഉദ്ധരിച്ചുകൊണ്ട് *സ്റ്റാൻഡേ(ർ)ഡ് ഇവാൻജലിക്കൽ ബൈബിൾ എൻസൈക്ലോപീഡിയ* പറയുന്നു. [27]

---

[20] Hal Lindsey, *The Late Great Plant Earth* reprint ed. (New York: Bantam Books, 1973), p. 54.

[21] Josephs, *Complex Works*, translated by William Whiston, reprint ed. (Grand Rapids: Kregal Publications, 1960), pp. 30-31

[22] Hal Lindsey, *The Late Great Plant Earth*, p. 53; and Charles L. Feinburg, *The Prophecy of Ezekiel* (Chicago: Moody Press, 1969), p. 220.

[23] Ibid.

[24] Ibid.

[25] William Gesenius, *Hebrew and Chaldee Lexicon*, translated by Samuel Prideaux Tregrlles, reprint ed. (Grand Rapids: Wm. B. Eerdmans Publishing Co., 1976), p. 752.

[26] Lindsey, *The Late Great Planet Earth*, p. 53; Dwight Pentecost, *Things to come*. reprint ed. (Grand Rapids: Zondervan Publishing House, 1976), p. 328. Dr. Pentecost is quoting Louis Bauman who in turn quotes William Gesenius. ജെസേനിയസ് നിഘണ്ടുവിലെ യഥാർത്ഥ ഉദ്ധരണി കണ്ടുപിടിക്കാൻ എഴുത്തുകാരനു കഴിയുന്നില്ല(നിഘണ്ടു വിന്റെ പേ. 516-ൽ മേശെക്ക് കാണുക).

[27] Charles F. Pfeiffer, Howard F. Vos and John Rea, eds., *Wycliffe Bible Encyclopedia*, unabriged volume, (Chicago Moody Press,

ഫെയ്ൻബർഗ് ഈ സ്ഥലമാണ് അംഗീകരിക്കുന്നതെന്നു തോന്നുന്നു, മേശെക്കിനെയും തൂബാലിനെയും മോസ്ക്കോയുടു താരതമ്യപ്പെടുത്തുന്നില്ല.[28] മേശെക്കും തൂബാലും പൗരാണിക ഫ്രുഗ്യ/കപ്പദോക്യ ആകാമെന്നു പറയുന്നതാണു ഭംഗി. ഇത് ആധുനിക മദ്ധ്യപൂർവ്വ തുർക്കിയും അർമീനിയയുമാകാൻ സാദ്ധ്യതയുണ്ട്. ഈ പ്രദേശം അർമീനിയയായിരിക്കാം, റഷ്യയുടെ സ്വാധീനമുണ്ടാകാം. പക്ഷേ, "മേശെക്ക്" മോസ്ക്കോയാകാൻ സാദ്ധ്യതയില്ല.

e. പാർസ്യ, എത്യോപ്യ, പൂത്ത്

യെഹെ. 38:5ൽ പറഞ്ഞിരിക്കുന്ന മാഗോഗിന്റെ മൂന്നു സഖ്യകക്ഷികളാണിവർ. പാർസ്യ ആധുനിക ഇറാനാണ്. എത്യോപ്യയുടെ എബ്രായപദമാണ് "കൂശ്". കൂശിനെ ഈജിപ്റ്റിന് സമീപമുള്ള സുഡാൻ എത്യോപ്യയുമായും താരതമ്യം ചെയ്യുന്നവരാണു മിക്ക വേദാദ്ധ്യാപകരും.[29] കൂശിനെ എത്യോപ്യയായി സെപ്റ്റുജിന്റ് വിവർത്തനം ചെയ്യുന്നു. യെഹെ. 29:10 "കൂശിനെ ഈജിപ്തിന്റെ അതിർത്തിയാക്കുന്നുണ്ട് (ഉല്പത്തി 10:6 ഉം കാണുക; മിസ്രയീം ഈജിപ്തിന്റെ എബ്രായപദമാണ്). കൂടാതെ കൂശ് എത്യോപ്യയാണെന്നു പറയുന്ന നിരവധി വാക്യങ്ങളുമുണ്ട് (2 ദിന. 21:16; എസ്ഥേർ 1:1; 8:9; സങ്കീ. 68:31; യെശ.20:3,5; 45:14; യിരെ. 13:23 ഇരുണ്ട തൊലിയുള്ള ആളുകൾ; യെഹെ. 30:4).

പൂത്തിനെ ലിബിയയാണെന്നു കരുതാം. ജോസീഫസ് പറയുന്നു(*ആന്റികിറ്റീസ്* 1:6:2), "പൂത്തും ലിബിയയുടെ സ്ഥാപകനായിരുന്നു."[30]. പൂത്തിനെ ലിബിയയെന്നാണു സെപ്റ്റുജിന്റ് വിവർത്തനം ചെയ്തിരിക്കുന്നത്, പ്ലിനി അതിനെ ആഫ്രിക്കയിലെ മൗറിറ്റാനയോടു തുലനം ചെയ്യുന്നു. [31] റഷ്യ യിസ്രേയേലിന്റെ മുഖ്യശത്രുവായിരിക്കും. പക്ഷേ അതിന് ഇറാൻ, എത്യോപ്യ, ലിബിയ എന്നിവിടങ്ങളിൽ ചില പ്രധാനപ്പെട്ട സഖ്യ കക്ഷികളുണ്ട്.

f. ഗോമെർ

അശ്കെനാസിന്റെയും തോഗർമ്മായുടെയും അപ്പനായിരുന്നു ഗോമെർ(ഉല്പത്തി 10:3). പുരാതന തൽമൂദും ആധുനിക യഹൂദന്മാരും അശ്കനാസ് ജർമ്മനിയും കിഴക്കൻ യൂറോപ്പുമാണെന്ന് പറയുന്നു. അക്കാഡിയൻ "ഗിമി റാ"യും ഗ്രീക്കു ("സിമ്മേറിയന്മാരും" ഒന്നാണെന്നു മിക്ക സുവിശേഷവിഹിത ക്രൈസ്തവരും നിഗമനം നടത്തു ന്നുണ്ട്. ''സിമ്മേറിയന്മാർ'' കിഴക്കൻ യൂറോപ്പിലോ കാ ക്കസസ് മലകളിലോ ഉള്ള ഒരു സഞ്ചാരക്കൂട്ടമാണ്, അ ല്ലെങ്കിൽ ഏഷ്യാ മൈനറിൽ)[32] ഗോമെർ തുർക്കിയാ ണെന്നു ഡയർ പറയുന്നു(ഉല്പത്തി 10:3; യിരെ 51:27)[33]

g. തോഗെർമ്മാ

യെഹെസ്ക്കേലിൽ ഇത് നേരത്തെ തന്നെ പറഞ്ഞിട്ടുണ്ട്. മേശെക്കിനോടും തൂബാലിനോടുമുള്ള ബന്ധത്തിൽ (യെഹെ. 27:13-14). യിരെ 51:27 അശ്കെനാസിനെ (തോഗർമ്മായുടെ സഹോദരൻ ഉല്പത്തി 10:3) അരരാത്തുമായി ബന്ധിപ്പിക്കുന്നു. കിഴക്കൻതുർക്കി അഥവാ ഇപ്പോഴത്തെ അർമീനിയയെ ഇതു ചൂണ്ടിക്കാട്ടുന്നു. മിക്ക പണ്ഡിതന്മാരും ഇതിനോടു യോജിക്കുന്നു. [34] റ്റാസിറ്റസിന്റെയും അസീറിയൻ ദിനവൃത്താന്തങ്ങളുടെയും തെളിവുകൾ ഉദ്ദരിച്ചുകൊണ്ട് തോഗർമ്മാ അർമീനയാണെന്നു പെന്റെക്കോസ്റ്റ് സമർത്ഥിക്കുന്നു. തങ്ങൾ "തോർമ്മാഗൃഹക്കാരാണെന്നാണ് അർമീനിയക്കാരുടെ അവകാശവാദം. [35]

h. നിഗമനങ്ങൾ

യെഹസ്ക്കേൽ 38-ലെ സ്ഥലങ്ങളുടെ ചില സൂചനകൾക്കു കനമില്ലെങ്കിലും(ഉദാ. രോശ് റഷ്യയായും, മോശെക്ക് മോസ്ക്കോ ആയും), "വടക്കേ അറ്റത്തുനിന്ന്" എന്ന വാചകത്തിൽ നിന്നും, മാഗോഗ് സിതിയ ആണെന്നുള്ളതിൽനിന്നും മഹോപദ്രവത്തിൽ യിസ്രായേലിനെ റഷ്യ ആക്രമിക്കുമെന്നതിനു മതിയായ തെളിവുണ്ട്. അവളുടെ സഖ്യകക്ഷികളിൽ ഇറാൻ, എത്യോപ്യ, ലിബിയ, തുർക്കി അർമീനിയ, മിക്കവാറും (ഉറപ്പില്ല) കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളു മുണ്ടായിരിക്കും.

അന്ത്യകാലത്തു ശക്തമായ റഷ്യയുണ്ടെന്നുള്ളതും അമേരിക്കയെക്കുറിച്ച് യാതൊരു പരാമർശവുമില്ലെന്നുള്ളതും രസകരമാണ്. അമേരിക്ക അന്ത്യകാലത്തു രണ്ടാംകിടശക്തിയായിരിക്കാം. ഒരു രാഷ്ട്രമെന്ന നിലയിൽ അമേരിക്ക തകരുന്നതിന്റെയോ അല്ലാത്തതിന്റെയോ, അല്ലെങ്കിൽ പ്രധാന അന്ത്യകാല പടിഞ്ഞാറൻ യൂറോപ്യൻ സഖ്യത്തിന്റെ സംരക്ഷണത്തിൻ കീഴിൽ അമേരിക്ക വരുന്നതിന്റെയോ ചൂണ്ടുപലകയാകാം ഇത്.

1983), pp. 1105-1106; Merrill Tenney, editor , *Zondervan Pictorial Encyclopedia of the Bible* (Grand Rapids: Zondervan Publishing House, 1975), 4:194-195 and 5:830.

[28] Feinberg, *The prophecy of Ezekiel*, p. 220.

[29] See *Wycliffe Bible Encyclopedia*, p. 411; *Zondervan Pictorial Bible Encyclopedia*, 1:1047; and Feinburg, The Prophecy of Ezekiel, p. 221.

[30] Josephs, *Complete Works*, p. 31.

[31] William Gesenius, *Hebrew and Chaldee Lexicon*, p. 668.

[32] *Zondervan Pictorial Encyclopedia of the Bible*, 2:774-775; *Wycliffe Bible Encyclopedia*, p.710; Lindsey, The late Grate Planet Earth, p. 58; Feinburg, *The Prophecy of Ezekiel*, p. 221; Pentecost , *Things to come*, p. 330.

[33] Charles H. Dyer, "*Ezekiel*," in *The Bible Knowledge Commentary* (Wheaton, I1: Victor Books, 1985), p. 1300.

[34] Feinburg, *The Prophecy of Ezekiel*, p. 221; *Zondervan Pictorial Encyclopedia of the Bible*, 5:766; *Wycliffe Bible Encyclopedia*, p. 1721.

[35] Pentecost , *Things to come*, p. 330.

ഈ അന്ത്യകാലശക്തികളുടെയെല്ലാം സാന്നിദ്ധ്യം എപ്പോഴും ലോകസ്ഥിതിവിശേഷങ്ങൾ രസകരമാക്കുന്നു. തീയതി നിശ്ചയിക്കുന്നത് ശരിയല്ല. പക്ഷേ ഉദ്പ്രാപണത്തിനു മുമ്പ് നിറവേറേണ്ടതായി ഒന്നുമില്ല (പ്രവചനനിവൃത്തിയെല്ലാം ഒന്നിച്ച് മഹോപദ്രവത്തിന്റെ ആദ്യമേ വരാൻ കഴിഞ്ഞു). എന്നിരുന്നാലും, മുന്നോട്ടു പോകുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ സാഹചര്യങ്ങളും മറ്റു സ്ഥിതിവിശേഷങ്ങളും യിസ്രായേൽ, പടിഞ്ഞാറൻ യൂറോപ്പ്, റഷ്യ ചെറുകിടരാഷ്ട്രങ്ങൾ (പ്രവചനപരമായ പ്രാധാന്യത്തെ)മഹോപദ്രവത്തിലെ ലോകത്തെക്കുറിച്ചുള്ള ബൈബിൾ ചിത്രത്തോടു പൊരുത്തമുള്ളതായിരിക്കും.

4. യഥാസ്ഥാനപ്പെട്ട ബാബിലോൺ

ഉണർത്തപ്പെട്ട റോമിനെയാണു "ബാബിലോൺ" (വെളി. 17-18) പ്രതീകാത്മകമായി കാണിക്കുന്നതെന്നു പല വേദാദ്ധ്യാപകരും ഗ്രഹിക്കുന്നെങ്കിലും, അത് ആക്ഷരിക ബാബിലോൺ ആണെന്നാണു കാണുന്നത്.[36] യെശ13-14ന്റെയോ യിരെ 50-51, വെളി 17-18 ന്റെയോ ഒരു പരിപൂർണ്ണ വ്യാഖ്യാനത്തിനുള്ള ഇടമല്ലത്. മറിച്ച് ഉണർത്തപ്പെട്ട ബാബിലോൺ ആണെന്നു വിശ്വസിക്കാൻ മതിയായതായിട്ടാണു നൽകിയിട്ടുള്ളത്.

a. ആക്ഷരിക വ്യാഖ്യാനം

യുഗപര/മഹോപദ്രവപൂർവ്വവാദികളുടെ ഒരു പ്രധാന പ്രമാണമാണ് ആക്ഷരികവ്യാഖ്യാനം. സാദ്ധ്യമെങ്കിൽ ആക്ഷിരകമായി നാം വ്യാഖ്യാനിക്കണം.

> "നീ കണ്ട സ്ത്രീയോ ഭൂരാജാക്കന്മാരുടെ മേൽ രാജത്വമുള്ള **മഹാനഗരം** തന്നെ"(വെളി. 17:18).
>
> ''അവളോടുകൂടെ വേശ്യാസംഗം ചെയ്തു പുളച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ പീഡ നിമിത്തം ഭയപ്പെട്ടു ദൂരത്തുനിന്നുകൊണ്ട് അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ അവളെച്ചൊല്ലി കരഞ്ഞും മാറത്തടിച്ചുംകൊണ്ട്: അയ്യോ **മഹാനഗരമായ** ബാബിലോനേ, **ബലമേറിയ പട്ടണമേ** ഒരു മണിക്കൂറുകൊണ്ട് നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും" (വെളി. 18:9-10).

b.ബാബിലോണിനെക്കുറിച്ചുള്ള പഴയ നിയമ പ്രവചനങ്ങൾ

ബാബിലോനിന്റെ നാശത്തെക്കുറിച്ചു ധാരാളം പഴനിയമപ്രവചനങ്ങളുണ്ട്. അവ നിറവേറ്റിയിട്ടുണ്ടോ ഇല്ലയോ?

(1) പ്രകൃത്യാതീതമായ നാശം/ഇനിയൊരിക്കലും ജനവാസമുണ്ടാകുകയില്ല.

യെശയ്യാവും യിരെമ്യാവും ഇതിനെക്കുറിച്ച് പ്രവചിക്കുന്നുണ്ട്.

> രാജ്യങ്ങളുടെ മഹത്വവും കല്ദയരുടെ പ്രശംസാലങ്കാരവുമായ ബാബേൽ, ദൈവം സോദോമിനെയും ഗൊമോറെയെയും മറിച്ചു കളഞ്ഞതുപോലെ ആയിത്തീരും. അതിൽ ഒരു നാളും കുടിപ്പാർപ്പുണ്ടാകയില്ല; **തലമുറതലമുറയോളം അതിൽ ആരും വസിക്കയുമില്ല.** അറബിക്കാരൻ അവിടെ കൂടാരം അടിക്കയില്ല; ഇടയന്മാർ അവിടെ ആടുകളെ കിടത്തുകയുമില്ല. മരുമൃഗങ്ങൾ അവിടെ കിടക്കും; അവരുടെ വീടുകളിൽ മൂങ്ങ നിറയും; ഒട്ടകപ്പക്ഷികൾ അവിടെ പാർക്കും; ഭൂതങ്ങൾ അവിടെ നൃത്തം ചെയ്യും. അവരുടെ അരമനകളിൽ ചെന്നായ് ക്കളും അവരുടെ മനോഹരമന്ദിരങ്ങളിൽ കുറുനരികളും ഓരിയിടും; അതിന്റെ സമയം അടുത്തിരിക്കുന്നു; അതിന്റെ കാലം ദീർഘിച്ചു പോവുകയുമില്ല (യെശ. 13:19-22).
>
> നീ നിന്റെ ദേശത്തെ നശിപ്പിച്ചു, നിന്റെ ജനത്തെ കൊന്നുകളഞ്ഞതുകൊണ്ട് നിനക്ക് അവരെപ്പോലെ ശവസംസ്ക്കാരം ഉണ്ടാവുകയില്ല; ദുഷ്ടന്മാരുടെ സന്തതിയുടെ പേര് എന്നും നിലനിൽക്കുകയുമില്ല.... ഞാൻ അവർക്കു വിരോധമായി എഴുന്നേൽക്കുമെന്നും സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു; ബാബേലിൽ നിന്നു പേരിനെയും ശേഷിപ്പിനെയും പുത്രനെയും പൗത്രനെയും ഛേദിച്ചുകളയുമെന്നു യഹോവ അരുളിച്ചെയ്യുന്നു. ഞാൻ അതിനെ മുള്ളൻപന്നിയുടെ അവകാശവും നീർപ്പൊയ്കകളും ആക്കും; ഞാൻ അതിനെ നാശത്തിന്റെ ചൂലുകൊണ്ട് തൂത്തുവാരുമെന്നും സൈന്യങ്ങ ളുടെ യഹോവ അരുളിച്ചെയ്യുന്നു (യെശ. 14:20, 22-23).
>
> നിന്നിൽ നിന്ന് അവർ മൂലക്കല്ലായിട്ടോ അടിസ്ഥാനക്കല്ലായിട്ടോ ഒരു കല്ലും എടുക്കാത വണ്ണം **നീ നിത്യശൂന്യമായി ഭവിക്കും** എന്ന് യഹോവയുടെ അരുളപ്പാട്.....അതിന്റെ **പട്ടണങ്ങൾ ശൂന്യവും വരണ്ട നിലവും മരുഭൂമിയും** ആരും പാർക്കാത്തതും വഴിനടക്കാത്തതുമായ ദേശവും ആയിത്തീർന്നിരിക്കുന്നു (യിരെ. 51:26, 43).

മേദ്യ പാർസികൾ(539 ക്രി. മു.) ബാബിലോണിനെ നശിപ്പിച്ചത് ഈ മുന്നറിയിപ്പുകളുടെ ഒരു നിറവേറലാ

[36] See Allen, Kenneth W., "*Rebuilding and Destruction of Babylon*", *Bibliotheca Sacra* 133(Jan-March 1976): 19-27; and Tim LaHaye, *Revelation* (Grand Rapids: Zondervan Publishing House, 1975), pp. 224-244.

ണെന്ന് എല്ലാവരും സമ്മതിക്കണം. ഈ ചരിത്രപരമായ നാശം പ്രവാചകന്മാകർ അവരുടെ മുന്നറിയിപ്പുകളിൽ ഉൾപ്പെടുത്തി. എന്നാലും, പ്രകൃത്യാതീതമായല്ല ബാബിലോൺ നശിച്ചത് (സോദോമിനെയും ഗൊമോറയെയും തീ, ഗന്ധകം എന്നിവകൊണ്ട് നശിപ്പിച്ചതുപോലെ). അലനും മക്ഡവലും തെളിയിച്ചതുപോലെ, മുഴുവനായും ജനശൂന്യമായുമില്ല.[37]

ബി. സി 539-ലെ നാശത്തിനുശേഷം ബാബിലോൺ അപ്പോഴും ജനവാസമുള്ളതായിരുന്നെങ്കിൽ, അന്ത്യനാളുകളിൽ പുനർനിർമ്മിക്കപ്പെട്ട ബാബിലോണിനെ നിശ്ശേഷം നശിപ്പിക്കുമ്പോഴാണ് അത് നിറവേറാനുള്ള സാദ്ധ്യതയുള്ളത് (ആക്ഷരിക ബാബിലോൺ നഗരം).

(2). ഒരു അന്ത്യകാലസംഭവത്തിന്റെ സാഹചര്യ സൂചനകൾ

യെശയ്യാവിന്റെ മനസ്സിൽ ബാബിലോൺ നഗരത്തിന്റെ ഒരു അന്ത്യകാലനാശമായിരുന്നു ഉണ്ടായിരുന്നത്. 13-14ൽ അത് നിറഞ്ഞിരിക്കുകയാണ്. ഇത് അനുസരിച്ച് വെളി. 17-18-ൽ പറഞ്ഞിരിക്കുന്ന ബാബിലോൺ എന്നത് ആക്ഷരികമാണ്, റോമിന്റെ പ്രതീകമല്ലായെന്ന വീക്ഷണത്തിന് ഇതു പിന്തുണ നൽകുന്നു.

യെശ. 13:6 യഹോവയുടെ ദിവസത്തെ പരാമർശിക്കുന്നു, 2 തെസ്സ. 2:2-4 അന്ത്യനാളുകളായി ഇതിനെ തുലനം ചെയ്യുന്നു.

> **യഹോവയുടെ ദിവസം** സമീപിച്ചിരിക്കകൊണ്ടു മുറയിടുവിൻ; അതു സർവ്വശക്തങ്കൽ നിന്നും സർവ്വനാശം പോലെ വരുന്നു(യെശ. 13:6).
>
> **കർത്താവിന്റെ നാൾ** അടുത്തിരിക്കുന്നു എന്നു വെച്ചു നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധം വിട്ടു വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകുകയുമരുത്. ആരും ഏതു വിധേനെയും നിങ്ങളെ ചതിക്കരുത്; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവമെന്നു നടിച്ച്, ദൈവമെന്നോ പൂജാവിഷയമെന്നോ പേരുള്ള സകലത്തിനുംമീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളിയത്രേ(2 തെസ്സ. 2:2-4).

യെശ. 13:10-11 ആക്ഷരികമാണെങ്കിൽ, ബാബിലോണിന്റെ സമ്പൂർണ്ണനാശം ഭാവിയിലായിരിക്കും. ബി.സി. 539-ൽ ഇക്കാര്യങ്ങൾ ആക്ഷരികമായി സംഭവിച്ചില്ല(അതായത്, പ്രാപഞ്ചികമാറ്റങ്ങളും ലോകത്തിന്റെ ശിക്ഷയും).

> ആകാശത്തിന്റെ നക്ഷത്രങ്ങളും നക്ഷത്രരാശികളും പ്രകാശം തരികയില്ല; സൂര്യൻ ഉദയത്തിങ്കൽത്തന്നെ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം നൽകുകയുമില്ല. ഞാൻ ഭൂതലത്തെ ദോഷം നിമിത്തവും സന്ദർശിക്കും; അഹങ്കാരികളുടെ ഗർവ്വത്തെ ഞാൻ ഇല്ലാതാക്കും; ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തും (യെശ. 13:10-11).

ബാബിലോണിന്റെ നാശത്തിനുശേഷം ലോകം മുഴുവൻ "വിശ്രമിക്കുകയും" "സന്തോഷിക്കുകയും" ചെയ്യുമെന്നു യെശ. 14:7-8 മുന്നറിയിപ്പു നൽകുന്നു. നാശത്തിനു ശേഷമുള്ള സഹസ്രാബ്ദത്തിന് ഇതു യോജിക്കുന്നുണ്ട്.

> "സർവ്വഭൂമിയും വിശ്രമിച്ചു സ്വസ്ഥമായിരിക്കുന്നു; അവർ ആർത്തുപാടുന്നു. സരളവൃക്ഷങ്ങളും ലെബാനോനിലെ ദേവദാരുക്കളും നിന്നെക്കുറിച്ചു സന്തോഷിച്ചു: നീ വീണുകിടന്നതുമുതൽ ഒരു വെട്ടുകാരനും ഞങ്ങളുടെ നേരേ കയറിവരുന്നില്ല എന്നു പറയുന്നു" (യെശ. 14:7-8).

ബാബിലോണിന്റെ പിന്നിലുള്ള ശക്തിയായി യെശ. 14:10-17 ''സാത്താനെ'' പരാമർശിച്ചാൽ, സാത്താനെ അഗാധകൂപത്തിൽ എറിയുമ്പോഴാണു ബാബിലോണിന്റെ സമ്പൂർണ്ണനാശം നടക്കുക. അതായത്, അന്ത്യകാലങ്ങളിൽ (വെളി. 20:1-3-ൽ കാണുന്നതുപോലെ).

> ''നിന്റെ ആഡംബരവും വാദ്യഘോഷവും പാതാളത്തിലേക്ക് ഇറങ്ങിപ്പോയി; നിന്റെ കീഴെ പുഴുക്കളെ വിരിച്ചിരിക്കുന്നു; കൃമികൾ നിനക്ക് പുതപ്പായിരിക്കുന്നു..... എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുമീതേ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും..... എന്നാൽ നീ പാതാളത്തിലേക്ക്, **നാശകൂപത്തിന്റെ അടിയിലേക്കു തന്നെവീഴും**. നിന്നെ കാണുന്നവർ നിന്നെ ഉറ്റുനോക്കി: ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കുകയും ഭൂതലത്തെ മരുഭൂമിപോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളയുകയും ..... ചെയ്തവൻ ഇവനല്ലയ്യോ എന്ന് നിരൂപിക്കും" (യെശ. 14:11, 13, 15-16, 17).
>
> അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും **സാത്താനും** എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ച് ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടുകഴിയുവോളം ജാതികളെ വഞ്ചിക്കാതി

[37] Kenneth W., Allen, *"Rebuilding and Destruction of Babylon,"* p. 21; Josh McDowell, *Evidence That Demands a Verdict*, Rev. Ed. (San Bernardino, CA: Here's Life Publishers, 1979), pp. 302-309.

രിക്കാൻ **അവനെ അഗാധത്തിൽ തള്ളിയിട്ട്** അടച്ചു പൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്യ്. അതിന്റെ ശേഷം അവനെ അല്പകാലത്തേക്ക് അഴിച്ചുവിടേണ്ടതാകുന്നു(വെളി. 20:1-3).

C. ഉപസംഹാരം

കഴിഞ്ഞകാലത്തേതിനേക്കാൾ ശ്രദ്ധ, പുനർനിർമ്മിക്കപ്പെട്ടു ബാബിലോൺ നഗരമെന്ന ആശയം അർഹിക്കുന്നുണ്ട് (മദ്ധ്യപൂർവ്വദേശത്തിന്റെ വർദ്ധിച്ചുവരുന്ന സമ്പത്തി ന്റെ വെളിച്ചത്തിലും അതു ശ്രദ്ധേയമാണ്). ഒരു വലിയ സാമ്പത്തികശക്തിയായി വെളി. 18 ബാബിലോണിനെ അവതരിപ്പിക്കുന്നു.

പുനർനിർമ്മിക്കപ്പെട്ട ബാബിലോണിന്റെ ഒരു പങ്കിനുള്ള സാദ്ധത്യ താഴെപ്പറയുന്നു: ഒന്നാമതായി ഒരു സൈനിക ശക്തിയെക്കാൾ ബാബിലോൺ ഒരു സാമ്പത്തിക ശക്തിയായിട്ടായിരിക്കും പുനർനിർമ്മിക്കപ്പെടുക(ചില മതശക്തി കണ്ടേക്കാം). യിസ്രായേ ലിനെ ആക്രമിച്ചു വലിയ പരാജയം നേടുന്നതിനു മുമ്പ് ബാബിലോൺ റഷ്യയുടെ ഒരു സഖ്യകക്ഷിയാകാൻ സാദ്ധ്യതയുണ്ട്. റഷ്യയുടെ താഴ്ചക്കുശേഷം ബാബിലോണിനു മൃഗം (എതിർക്രിസ്തു) സൈനികപിന്തുണ നൽകു, അത്രയ ധികം സമ്പത്തുള്ളതിനാൽ എതിർ ക്രിസ്തുവിന്റെ മേൽ സാമ്പത്തികമേധാവിത്വം കൈവരിക്കുമെന്നും ബാബിലോൺ ഭീഷണിപ്പെടുത്തുന്നു.

> അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയി. അപ്പോൾ ഏഴു തലയും പത്തു കൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞു കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു..... നീ കണ്ട പത്തു കൊമ്പു പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടൊ ന്നിച്ച് ഒരു നാഴിക നേരത്തേക്കു രാജാക്കന്മാരെ പ്പോലെ അധികാരം പ്രാപിക്കും താനും(വെളി. 17:3,12).

എതിർക്രിസ്തു അങ്ങേയറ്റം അസൂയാലുവാകുകയും ബാബിലോണിന്റെ ഭീഷണി അത്യധികം അനുഭവിക്കുകയും (ഒരു പക്ഷേ സാമ്പത്തിക ആശ്രയത്തിലൂടെ) ചെയ്യും, അങ്ങനെ അവൻ അതിനെ നശിപ്പിക്കും. ദൈവഹിതമാണ് താൻ ചെയ്യുന്നതെന്ന് അറിഞ്ഞുകൂടാതെയാണ് അങ്ങനെ ചെയ്യുന്നത്! ബാബിലോണിന്റെ അത്യാഗ്രഹം, കാമം, ഒരു പക്ഷേ ദൈവദൂഷണമതം (എതിർക്രിസ്തു ഉപയോഗിക്കുന്നത്) എന്നിവ നിമിത്തമാണു ദൈവം അതിനെ നശിപ്പിക്കുന്നത്.

> പിന്നെ അവൻ എന്നോടു പറഞ്ഞത്: നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം, വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളുമത്രേ. നീ കണ്ട **പത്തു കൊമ്പും മൃഗവും വേശ്യയെ ദ്വേഷിച്ച് ശൂന്യവും നഗ്നയുമാക്കി അവളുടെ** മാംസം തിന്നുകളയുകയും അവളെ തീകൊണ്ട് ദഹിപ്പിക്കുകയും ചെയ്യും. ദൈവത്തിന്റെ വചനം നിവൃത്തിയാകുവോളം **തന്റെ ഹിതം ചെയ്യാനും** ഒരേ അഭിപ്രായം നടത്താനും തങ്ങളുടെ രാജത്വം മൃഗത്തിനുകൊടുക്കാനും **ദൈവം അവളുടെ ഹൃദയത്തിൽ തോന്നിച്ചു. നീ കണ്ട സ്ത്രീയോ** ഭൂരാജാക്കന്മാരുടെ മേൽ രാജത്വമുള്ള **മഹാനഗരം** തന്നെ(വെളി.17:15-18).

മറ്റു വ്യാഖ്യാനങ്ങളും ഉണ്ടാകാമെന്നു സമ്മതിക്കുന്നു. പക്ഷേ വെളി. 17-18 ലെ ബാബിലോണിനോടു തുല്യ മാകണമെങ്കിൽ അത് ആക്ഷരികനഗരമായിട്ടെടുക്കണം. മഹോപദ്രവകാലയളവിലെ ജാതീയശക്തികൾക്കിടയിലാണു ബാബിലോണിന്റെ സ്ഥാനം.

5. വടക്കിന്റെ രാജാവും തെക്കിന്റെ രാജാവും

ദാനീ. 11:36-45-ൽ വടക്കിന്റെയും തെക്കിന്റെയും രാജാക്കന്മാർ പങ്കെടുക്കുന്ന ഒരു ഭയങ്ക അന്ത്യകാല പോരാട്ടത്തെ സൂചിപ്പിക്കുന്നുണ്ട്. ഈ യുദ്ധത്തിന്റെ വിവരണം വരുന്ന ഭാഗത്തുണ്ട്. മഹോപദ്രവകാലയളവിലെ പ്രധാനജാതികൾ ഏതെല്ലാമെന്നറിയുകയാണു നമ്മുടെ മുഖ്യലക്ഷ്യം. വടക്കിന്റെയും തെക്കിന്റെയും രാജാക്കന്മാർ മഹോപദ്രവത്തിലെ അധികത്തിലുള്ള ശക്തികളാണെന്നാണു ചിലർ വിശ്വസിക്കുന്നത്. അപ്പോൾ ദാനീ. 11:36-നേയും റഷ്യയുടെ യിസ്രായേൽ ആക്രമണത്തേയും(യെഹെ. 38-39) യോജിപ്പിക്കുന്നതാണ് നല്ലത്. [38] വടക്കിന്റെ രാജാവും "വടക്കെ അറ്റത്തുനിന്നു വരുന്നവനും" ഒന്നാണെന്ന് ഇത് സ്ഥാപിക്കുന്നു-അതായത് റഷ്യ. തെക്കിന്റെ രാജാവ് ഒരു പക്ഷേ അവന്റെ ഒരു പ്രമുഖ സഖ്യകക്ഷിയായിരിക്കാം (ദാനീ. 11:43-ൽ ലിബിയ, എത്യോപ്യ, ഈജിപ്ത് എന്നിവയെ സൂചിപ്പിക്കുന്നു).[39]

"വടക്കിന്റെ സ്ഥാനം കൂടാതെ, ദാനീ. 11:36-45 ഉം യെഹെ. 38-39 ഉം തമ്മിലുള്ള ബന്ധം യുദ്ധത്തിന്റെ സമയത്തെ സാധൂകരിക്കുന്നു. ഈ പ്രസ്താവനയുടെ തെളിവു തുടർന്നുള്ള ഭാഗമായ "മഹോപദ്രവത്തിലെ യുദ്ധങ്ങളിൽ" കാണും.

B. എതിർക്രിസ്തു

1. എതിർക്രിസ്തുവിന്റെ ഉത്ഭവം

a. സാമൂഹ്യ ഉത്ഭവം - അരാജകത്വം

കലങ്ങി മറിഞ്ഞ ലോകസാഹചര്യങ്ങളിൽ നിന്നാണ്

[38] See Leon Wood, *A Commentary of Daniel* (Grand Rapids: Zondervan Publishing House, 1973), pp. 308-309.

[39] ലിബിയയെയും എത്യോപ്യയെയും പോലെ, ഈജിപ്തിനെ ഒരിക്കലും ഗോഗിന്റെയും മാഗോഗിന്റെയും ഒരു സഖ്യകക്ഷിയായി പ്രത്യേകിച്ചു പറഞ്ഞിട്ടില്ല. യെഹെ. 38-39; ദാനീ. 11:42-43 പഠിപ്പിക്കുന്നത് എതിർക്രിസ്തു ഈജിപ്റ്റിനെ ആക്രമിക്കുമെന്നാണ്.

എതിർക്രിസ്തു എഴുന്നേൽക്കുക. മഹോപദ്രവത്തെക്കുറിച്ചുള്ള പൊതുവായ പഠിപ്പിക്കലുകളിൽനിന്ന് ഇതു വ്യക്തമാണ്(മത്തായി 24:6 "യുദ്ധങ്ങളും യുദ്ധശ്രുതികളും" വെളി. 6:1-ലും). യുദ്ധം, ക്ഷാമം, മരണം എന്നിവ വരുത്തുന്ന നാലു കുതിരക്കാർ വെളിപ്പാടിലുണ്ട്. ആദ്യത്തെ കുതിരപ്പുറത്തു(വെള്ള)വരുന്നവനാകാം എതിർക്രിസ്തു. ജനസമുദായക്കടലിൽ നിന്നാണ് അവൻ എഴുന്നേൽക്കുക(വെളി. 13:1; 17:15). സേച്ഛാധിപത്യത്തിന്റെ ഒരു സമ്പ്രദായമെന്ന നിലയിൽ എതിർക്രിസ്തു വലിയ വാഗ്ദത്തങ്ങൾ നൽകുമെന്നതിനു സംശയമില്ല (ഫ്രഞ്ച് വിപ്ലവം, റഷ്യൻ/നാസി വിപ്ലവങ്ങൾ പോലെ). ലോകത്തെ നന്നാക്കാൻ കഴിവുള്ള വിമോചകനായി ആളുകൾ അവനെ കാണും.

b. ഭൂമിശാസ്ത്രപരമായ അല്ലെങ്കിൽ ദേശീയമായ ഉത്ഭവം - റോം

മശിഹായുടെ മരണശേഷം, "വരുവാനിരിക്കുന്ന(ദുഷ്ട) പ്രഭുവിന്റെ പടജ്ജനം നഗരത്തെ നശിപ്പിക്കു"മെന്നു ദാനീ.9:26 പറയുന്നു. എ.ഡി. 70ൽ റോമാക്കാർ യെരൂശലേമിനെ നശിപ്പിച്ചു. ഉണർത്തപ്പെട്ട ഒരു റോമാസാമ്രാജ്യത്തെ എതിർക്രിസ്തു ഭരിക്കാനാണു സാദ്ധ്യത. എ.ഡി. 70-ൽ റോമാക്കാർ യെരൂശലേം നശിപ്പിച്ചതും അന്ത്യകാലസംഭവങ്ങളും, ലൂക്കോസും കൂട്ടിയിണക്കുന്നു(21:5).

നാലാമത്തെ മൃഗ(സാമ്രാജ്യം)ത്തിൽ നിന്ന് എഴുന്നേൽക്കുന്ന ഒരു "ചെറിയ കൊമ്പിനെക്കുറിച്ചു ദാനീ. 7:8-9 പറയുന്നു. ദാനീ. 7 ന്റെ സന്ദർഭം അന്ത്യകാലസംഭവങ്ങളെക്കുറിച്ചു ചർച്ചചെയ്യുന്നതാണ്(വാ. 13-14 കാണുക). ഉപരിയായി, ദാനീ. 7:15-നെ അന്ത്യകാലത്തെ ദുഷ്ടസാമ്രാജ്യവുമായി തുലനം ചെയ്യാനാകും. ദൂഷണം പറയുന്ന ദുഷ്ടനായ ഭരണാധികാരി മൂന്നര വർഷത്തേക്കു ദൈവദൂഷണം പറയുന്നവനും വിശുദ്ധന്മാർക്കെതിരെ യുദ്ധം ചെയ്യുന്നവനുമാണെന്നുള്ള വിവരണം എതിർക്രിസ്തുവിനു യോജിക്കുന്നതാണ്(വെളി. 13:1-) മാത്രമല്ല, ദാനീയേലിലെ നാലാമത്തെ രാജ്യത്തിനും വെളിപ്പാടിലെ മൃഗത്തിനും 10 കൊമ്പുകളുണ്ടെന്നാണു വിവരിച്ചിരിക്കുന്നത്(ഒ. നോ. ദാനീ. 7:7-8, 19-20, 23-24; വെളി. 13:1; 17:11-14). ദാനീയേലിലെ നാലാമത്തെ രാജ്യം എതിർക്രിസ്തുവിന്റെ രാജ്യമാണ്. എന്നാലും, ഗ്രീസിനെ തുടർന്നുവരുന്ന ചരിത്രപരമായ അടുത്ത രാജ്യം (ദാനീയേലിലെ മൂന്നാമത്തെ രാജ്യം, ദാനീ. 8:21, 11:2) റോം ആണ്. ഇങ്ങനെ ഒരു ഉണർത്തപ്പെട്ട റോമാസാമ്രാജ്യത്തെ എതിർക്രിസ്തു ഭരിക്കാനാണു സാദ്ധ്യത.

c. വംശീയോത്ഭവം

വംശീയ ഉത്ഭവവും പൗരത്വവും രണ്ടു വ്യത്യസ്ത തരംതിരിവുകളാണ്. ഒരാൾക്ക് അമേരിക്കൻ പൗരത്വവും ചൈനീസ് പൗരത്വവുമുണ്ടാകാം. ഉണർത്തപ്പെട്ട റോമാ സാമ്രാജ്യം ഭരിക്കുന്ന അന്തിക്രിസ്തു റോമാക്കാരനാകണമെന്നില്ല.

ഒരു വ്യാജക്രിസ്തുവായിരിക്കണമെങ്കിൽ അവനൊരു യഹൂദനായിരിക്കണമെന്നൊരു ആശയമുണ്ട്. എതിർക്രിസ്തു എന്നാലർത്ഥം ക്രിസ്തുവിന് എതിരായവനെന്നും ''ക്രിസ്തുവിന്റെ സ്ഥാനത്തെ''ന്നുമാണ്. മശിഹായാണെന്ന പേരിൽ മറ്റുള്ളവരെ വഞ്ചിക്കുന്നതിന് എതിർക്രിസ്തുവിനെ സഹായിക്കാൻ യഹൂദനായിരിക്കുമെന്നതു യുക്തിസഹമാണ്. ദാനീ. 11:37 പറയുന്നത്, ''പിതാക്കന്മാരുടെ ദൈവത്തെക്കുറിച്ചു യാതൊരു പരിഗണനയും കാണിക്കുന്നവല്ലെ"ന്നാണ്. അവനൊരു വിശ്വാസത്യാഗിയായ യഹൂദനാണെന്നാണ് ചിലർ ഇതുകൊണ്ടർത്ഥമാക്കുന്നത്. ദാൻ ഗോത്രത്തിൽ നിന്നാണ് എതിർക്രിസ്തു എഴുന്നേൽക്കുന്നതെന്ന ആശയവുമുണ്ട്. "ദാൻ വഴിയിൽ ഒരു സർപ്പമായിരിക്കും" (ഉല്പത്തി. 49:17). മുദ്രയിടപ്പെട്ടവരിൽ നിന്നും പുറത്താക്കപ്പെട്ടതു ദാൻ ഗോത്രമായതും(വെളി. 7) ഒരു കാരണമാകുന്നു. മറ്റൊന്ന് അവനൊരു സിറിയനാണെന്നതാണ്. ദാനീ. 8:9-12, 23-27 വരാൻ പോകുന്ന ഭരണാധികാരി, തകർന്ന ഗ്രീസിൽ നിന്ന് എഴുന്നേൽക്കുന്നവനും മന്ദിരത്തിലെ യാഗങ്ങൾ നിർത്തുന്നവനുമായിരിക്കും. ചരിത്രപരമായി ഇത് അന്തിയോക്കസ് എപ്പിഫാനസ് ആയിരിക്കും(ഇപ്പോഴത്തെ സിറിയയിൽ നിന്നുള്ള ഭരണാധികാരി). ദാനീയേൽ 8ലെയും 11ലെയും എതിർക്രിസ്തുവിന്റെ ഒരു നിഴലാണിവൻ. ഇങ്ങനെ എതിക്രിസ്തു സിറിയക്കാരനാണെന്നു ചിലർ കരുതുന്നു(ആധുനികലോകത്തെ ഭരിക്കുന്നയാൾ ഒരു സിറിയക്കാരനാണെന്നു സങ്കല്പിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും).

പൗരത്വത്തിൽ അവൻ മിക്കവാറും റോമൻ ആയിരിക്കാനാണു സാദ്ധ്യത. ഏതെങ്കിലും പടിഞ്ഞാറൻ യൂറോപ്യൻ രാജ്യത്തിൽ നിന്നാകും അവൻ വരുന്നത്. അവന്റെ വംശീയോത്ഭവം തുറന്നുകിടക്കുന്നതാണു നല്ലത്. അവന്റെ ആത്മീയോത്ഭവത്തെക്കുറിച്ചു സംശയമൊന്നുമില്ല.

d. ആത്മീയോത്ഭവം

എതിർക്രിസ്തു വരുന്നതു പിശാചിൽനിന്നാണ്. ഒരുങ്ങിയിരിക്കുന്ന, ശേഷിയുള്ള ഒരു എതിർക്രിസ്തു എപ്പോഴും പിശാചിനുണ്ട്. കാരണം, ഉദ്പ്രാപണത്തിന്റെ സമയത്തെക്കുറിച്ച് അവൻ അജ്ഞനാണ്.

> അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും. അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു **സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം**

വ്യാജമായ സകലശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽത്തന്നെ അങ്ങനെ ഭവിക്കും(2 തെസ്സ. 2:8-10).

ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ്പോലെയും ആയിരുന്നു. അതിനു **മഹാസർപ്പം**(വെളി. 12:9) **തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു**..... മൃഗത്തിന് അധികാരം കൊടുത്തതുകൊണ്ട് അവർ മഹാസർപ്പത്തെ നമസ്കരിച്ചു(വെളി. 12:9): മൃഗത്തോട് തുല്യൻ ആര്? അതിനോടു പൊരുതുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു(വെളി. 13:2,4).

മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽ നിന്നും **കള്ളപ്രവാചകന്റെ** വായിൽ നിന്നും തവളയെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു(വെളി. 16:13) (സാത്താന്യ ത്രിത്വം).

e. ദൈവാധീനമായ ഉത്ഭവം

എതിർക്രിസ്തുവിന്റെ വരവിനു നേരിട്ടുള്ള കാരണം ദൈവമല്ല. പക്ഷേ അവൻ അതിന് അനുവദിക്കുകയും അതിനെ പ്രയോജനപ്പെടുത്തുകയും ചെയ്യും. ഇങ്ങനെ ദൈവം അനുവദിക്കാതെ എതിർ ക്രിസ്തുവിനു ഭരണത്തിലെത്താൻ കഴിയില്ലെന്നതു സത്യമാണ്. 2 തെസ്സ. 2 വീണ്ടും പറയുന്നതു ദൈവം നഷ്ടപ്പെട്ടവരെ ശിക്ഷയ്ക്ക് ഏല്പിച്ചു കൊടുക്കുന്നതിലൂടെ എതിർക്രിസ്തുവിന്റെ മുന്നേറ്റത്തെ വാസ്തവമായി സഹായിക്കുകയും, അങ്ങനെ അവർ എതിർക്രിസ്തുവിന്റെ പ്രചരണത്തിനായി വീഴുകയും ചെയ്യും (സന്ദർഭം മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്).

അവൻ സമയത്തിനുമുമ്പേ വെളിപ്പെടാതിരിക്കേണ്ടതിന് ഇപ്പോൾ തടയുന്നത് എന്തെന്നു നിങ്ങൾ അറിയുന്നു (2 തെസ്സ. 2:6).

സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന്, **ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു** (2 തെസ്സ. 2:11-12).

കീഴടക്കുന്നവന്റെ ഉയർച്ച ആരംഭിക്കാനുള്ള അധികാരം "കുഞ്ഞാടിനു" മാത്രമാണെന്നു ശ്രദ്ധിക്കുക.

കുഞ്ഞാടു മുകളിൽ ഒന്നു പൊട്ടിച്ചപ്പോൾ : നീ വരിക എന്നു നാലു ജീവികളിൽ ഒന്ന് ഇടിമുഴക്കംപോലെ പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാനൊരു വെള്ളക്കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ട്; അവന് ഒരു കിരീടവും ലഭിച്ചു; അവൻ ജയിക്കുന്നവനായും ജയിക്കാനായും പുറപ്പെട്ടു (വെളി. 6:1-2).

2. അന്ത്യാകാല ദുഷ്ടഭരണാധികാരിക്കുള്ള പേരുകൾ

തിരുവെഴുത്ത് ഇയാൾക്കു പല പേരുകൾ / വിവരണങ്ങൾ നൽകുന്നുണ്ട്. നേരിട്ടു പറഞ്ഞില്ലെങ്കിലും, പൊതു സ്വഭാവങ്ങൾ ഒരേ വ്യക്തിയെയാണു ചൂണ്ടിക്കാട്ടുന്നത് (ഉദാ. ദൂഷണം, വിശുദ്ധന്മാരോടു യുദ്ധം, ആരാധന ആവശ്യപ്പെട്ടുകൊണ്ടു മന്ദിരത്തിൽ ഇരിക്കുക).

a. ചെറിയ കൊമ്പ് (ദാനി. 7:7-28)

മൃഗത്തിൽ പത്തു കൊമ്പുകളോടൊപ്പം ചെറിയ കൊമ്പ് അവയിൽ മൂന്നെണ്ണത്തിനെ നശിപ്പിക്കുന്നു(ദാനീ. 7:7-8, 20, 24). കൊമ്പുകൾ രാജ്യങ്ങളെ പരാമർശിക്കുന്ന (ദാനീ. 7:24). അവൻ വമ്പു പറയുന്നവനും (ദാനീ. 7:8, 11, 20, 24-25), ദൂഷണം പറയുന്നവനും (7:25) വിശുദ്ധന്മാരെ ആക്രമിക്കുന്നവനും (7:21,25) മൂന്നര വർഷം അവനെ കീഴ്പെടുത്തുന്നവനുമാണ് (കാലവും കാലങ്ങളും കാലാംശവും 7:25).

"രാത്രിദർശനത്തിൽ ഞാൻ പിന്നെയും ഘോരവും ഭയങ്കരവും അതിബലവുമുള്ള നാലാമതൊരു മൃഗത്തെ കണ്ടു; അതിനു വലിയ ഇരുമ്പുപല്ല് ഉണ്ടായിരുന്നു; അതു തിന്നുകയും തകർക്കുകയും ചെയ്തിട്ടു ശേഷമുള്ളതിനെ കാൽകൊണ്ടു ചവിട്ടിക്കളഞ്ഞു; മുമ്പേ കണ്ട സകലമൃഗങ്ങളിലും വച്ച് ഇതു വ്യത്യാസമുള്ളതായിരുന്നു; അതിനു പത്തു കൊമ്പുണ്ടായിരുന്നു. ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ, അവയുടെയിടയിൽ മറ്റൊരു **ചെറിയ കൊമ്പു**മുളച്ചുവന്നു; അതിനാൽ മുമ്പലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ പറിഞ്ഞുപോയി; ഈ കൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു (ദാനീ. 7:7-8).

"പുരാതനനായവൻ വന്ന് അത്യുന്നതനായവന്റെ വിശുദ്ധന്മാർക്കു ന്യായാധിപത്യം നൽകുകയും വിശുദ്ധന്മാർ രാജത്വം കൈവശമാക്കുന്ന കാലം വരികയും ചെയ്യുവോളം ആ കൊമ്പു വിശുദ്ധന്മാരോടു യുദ്ധം ചെയ്ത് അവരെ ജയിക്കുന്നതു ഞാൻ കണ്ടു. അവൻ പറഞ്ഞതോ: നാലാമത്തെ മൃഗം ഭൂമിയിൽ നാലാമതായി ഉത്ഭവിക്കാനുള്ള രാജ്യം തന്നെ; അതു സകലരാജ്യങ്ങളിലുംവെച്ചു

വ്യത്യാസമുള്ളതായി സർവ്വഭൂമിയെയും തിന്നു ചവിട്ടിത്തകർത്തുകളയും. ഈ രാജ്യത്തുനിന്നുള്ള പത്തു കൊമ്പുകളോ എഴുന്നേൽക്കാനിരിക്കുന്ന പത്തു രാജാക്കന്മാരാകുന്നു; അവരുടെ ശേഷം മറ്റൊരുത്തൻ എഴുന്നേൽക്കും; അവൻ മുമ്പിലത്തവരോടു വ്യത്യാസമുള്ളവരായി മൂന്നു രാജാക്കന്മാരെ വീഴിച്ചു കളയും. അവൻ അത്യുന്നതനായവനു വിരോധമായി വമ്പു പറയുകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കുകയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും" (ദാനീ. 7:21-25).

b. വരുവാനിരിക്കുന്ന ദുഷ്ടപ്രഭു

മശിഹായ്ക്കു വിരുദ്ധനായ ഒരു പ്രഭുവിനെ ദാനീയേൽ (9:26) സൂചിപ്പിക്കുന്നു. അവന്റെ ജനം (റോമാക്കാർ) യെരുശലേമിനെ നശിപ്പിക്കുകയും ദൈവാലയത്തിലെ യാഗങ്ങൾ അവസാനിപ്പിക്കുകയും ചെയ്യും. 9:27ൽ ഏഴു വർഷത്തിന്റെ വിവരണമുണ്ട്. അതു ക്രിസ്തു മഹോപദ്രവത്തോടു ബന്ധിപ്പിക്കുന്നു (മത്തായി 24:15-21).

"അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞ് അഭിഷിക്തൻ ഛേദിക്കപ്പെടും; തനിക്കുവേണ്ടി അല്ലതാനും; പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും; അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അൻഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും" (ദാനീ. 9:26-27).

c. ഇഷ്ടം പോലെ പ്രവർത്തിക്കുന്ന രാജാവ്

ദാനീ. 11:35-12:3 അന്ത്യകാലസംഭവങ്ങളെക്കുറിച്ചുള്ളതാണ്. (11:35,12:1-3 കാണുക). എതിർക്രിസ്തുവിനെക്കുറിച്ചു ദൂഷണം പറയുന്നവനെന്നു പറഞ്ഞിരിക്കുന്നതിനോടു (പ്രത്യേകിച്ചു മത്തായി 24:15; 2 തെസ്സ. 2:3-4; വെളി.13:15) യോജിക്കുന്നതാണിത്.

"**രാജാവോ ഇഷ്ടം പോലെ പ്രവർത്തിക്കും;** അവൻ തന്നെത്താൻ ഉയർത്തി, ഏതു ദേവനും മേലായി മഹത്വീകരിക്കുകയും ദൈവാധിദൈവത്തിന്റെ നേരെ അപൂർവ്വകാര്യങ്ങളെ സംസാരിക്കുകയും, കോപം നിവൃത്തിയാകുവോളം അവനു കാര്യം സാധിക്കുകയും ചെയ്യും; നിർണ്ണയിക്കപ്പെടിരിക്കുന്നതു സംഭവിക്കമല്ലോ. അവൻ എല്ലാറ്റിനും മേലായി തന്നെത്താൻ മഹത്വീകരിക്കുകയാൽ തന്റെ പിതാക്കന്മാരുടെ ദേവന്മാരെയും സ്ത്രീകളുടെ ഇഷ്ടദേവനെയും യാതൊരു ദേവനെയും കൂട്ടാക്കുകയില്ല. അതിനുപകരം അവൻ കോട്ടകളുടെ ദേവനെ ബഹുമാനിക്കും..." (ദാനീ. 11:36-38).

d. പാപത്തിന്റെ മനുഷ്യൻ (അധർമ്മമൂർത്തി) നാശയോഗ്യൻ (നാശം), ദുഷ്ടൻ (അധർമ്മമൂർത്തി)

മഹോപദ്രവകാലയളവിൽ (ഒരുപക്ഷേ അതിനുമുമ്പ്) യെരുശലേം ദൈവാലയും പുനർനിർമ്മിക്കണമെന്നു പുതിയനിയമത്തിൽനിന്നു വ്യക്തമാണ് (മത്തായി 24:15;മർക്കോസ് 13:14; 2 തെസ്സ. 2:3-4; വെളി. 11:1-2). വിശുദ്ധന്മാരെ പീഡിപ്പിക്കുന്നതാണ് ഈ പേരുകളെയെല്ലാം യോജിപ്പിക്കുന്ന സർവ്വസാധാരണമായ ലക്ഷണം, മന്ദിരത്തിൽ ആരാധനയാവശ്യപ്പെടുന്നതുവരെയുള്ള സമാനതയില്ലാത്ത ദൈവദൂഷണവും ഒപ്പമുണ്ട്.

ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും **നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ** വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്നു നടിച്ച്, ദൈവമെന്നോ പൂജാവിഷയമെന്നോ പേരുള്ള സകലത്തിനും മീതേ തന്നെത്താൻ ഉയർത്തുന്ന എതിരാളിയത്രെ. .... അപ്പോൾ **അധർമ്മമൂർത്തി** വെളിപ്പെട്ടുവരും.... (2 തെസ്സ. 2:3-4,8).

e. ശൂന്യമാക്കുന്ന മ്ലേച്ഛത

"ശൂന്യമാക്കുന്ന മ്ലേച്ഛത"യും (മത്തായി 24:15) അന്ത്യകാലത്തെ ദുഷ്ടഭരണാധികാരിയും തമ്മിൽ ഉറച്ച ഒരു ബന്ധമുണ്ട്. "മ്ലേച്ഛത" എതിർക്രിസ്തുവിന്റെ പ്രതിമയാണ്. മന്ദിരത്തിൽ നിൽക്കുന്ന മൃഗത്തിന്റെ പ്രതിമയാണത് (വെളി. 13:14-15). ദൈവാലയത്തിൽ എതിർക്രിസ്തുതന്നെ ആരാധന ആവശ്യപ്പെട്ടിരിക്കെ, "മ്ലേച്ഛത" ദുഷ്ടനായ ഭരണാധികാരയെത്തന്നെ പരാമർശിക്കുന്നതാണ്.

"എന്നാൽ ദാനീയേൽ പ്രവാചകൻ മുഖാന്തരം അരുളിചെയ്തതുപോലെ, **ശൂന്യമാകുന്ന മ്ലേച്ഛത** വിശുദ്ധസ്ഥലത്തു നിൽക്കുന്നതു കാണുമ്പോൾ (വായിക്കുന്നവൻ ഗ്രഹിക്കട്ടെ), അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ" (മത്തായി 24:15-16).

f. മൃഗം

മൃഗത്തെക്കുറിച്ച് ഒരുപാടു പരാമർശങ്ങൾ വെളിപ്പാടു

പുസ്തകത്തിലുണ്ട്. മുഴുവൻ ദുഷ്ടസാമ്രാജ്യത്തെയും "മൃഗം" എന്നു പരാമർശിക്കാം. എന്നാലും, ഒരു വ്യക്തിയായിട്ടാണു "മൃഗ"ത്തെ വെളിപ്പാടിൽ ചിലപ്പോൾ കാണുന്നത് – രാജ്യത്തെ മുഴിവൻ പ്രതിനിധീകരിക്കുന്ന ഒരു ദുഷ്ടനായ ഭരണാധികാരി. വെളിപ്പാടിലെ "മൃഗവും" (വെളി. 13–17) ഈ പേരുകളാൽ (ചെറിയ കൊമ്പ്, ദുഷ്ടനായ പ്രഭു, ഇഷ്ടംപോലെ പ്രവർത്തിക്കുന്ന രാജാവ്, പാപത്തിന്റെ മനുഷ്യൻ മ്ലേച്ഛത) വിവരിക്കപ്പെടുന്ന അന്ത്യകാലഭരണാധികാരിയും തമ്മിൽ നിരവധി സമാനതകളുണ്ട്. ദൂഷകനും വിശ്വാസികളെ പീഡിപ്പിക്കുന്നവനുമെന്ന നിലയിൽ എല്ലാ പേരുകളും ഉൾപ്പെടുന്നു. വെളി. 13,17ലെ "മൃഗവും" ദാനീ. 7ലെ "ചെറിയ കൊമ്പും" തമ്മിൽ സവിശേഷബന്ധമുണ്ട്: (10 കൊമ്പുകൾ – ദാനീ. 7:7, 20, 24 ഒ. നോ. വെളി. 13:11; 17:3,7, 16–17. ഇവ 10 രാജ്യങ്ങളാണ്. ദാനീ.7:24 ഒ.നോ. വെളി. 17:12, ആരാധന ആവശ്യപ്പെടുകയും /ദൈവദൂഷണം നടത്തുകയും ചെയ്യുന്നു. ദാനീ. 7:8,11,2024–25 ഓ.നൊ. വെളി. 13:3, 6, 8, 12, 15; വിശുദ്ധന്മാരോടു യുദ്ധം ചെയ്യുന്നു – ദാനീ. 7:21,25 ഒ.നോ. വെളി. 13:7; $3^{1}/_{2}$ വർഷത്തെ സമ്പൂർണ്ണാധിപത്യം – ദാനീ. 7:25 ഒ.നോ. വെളി. 13:5. ഒടുവിൽ, മൃഗവും അധർമ്മമൂർത്തിയും ആരാധനയ്ക്കായി വ്യാജ അടയാളങ്ങൾ കാണിക്കും, ഒ.നോ. വെളി.13:13–15; 2 തെസ്സ. 2:9–10).

g. എതിർക്രിസ്തു

ഈ പട്ടികയിൽ വാദിച്ചിരിക്കുന്ന "എതിർക്രിസ്തുവിന്റെ" ഏകപേര് എതിർക്രിസ്തു തന്നെയാണ്. തിരുവെഴുത്തിൽ അഞ്ചുപ്രാവശ്യം ഈ പേരു കാണുന്നു. എല്ലാം യോഹന്നാന്റെ ലേഖനങ്ങളിലാണ് (1 യോഹ. 2:18–ൽ രണ്ടു പ്രാവശ്യം, 2:22, 4:3; 2 യോഹ.7). അന്ത്യകാല ദുഷ്ടഭരണാധികാരിയെയാണോ "എതിർക്രിസ്തു" എന്ന പദം കൊണ്ടു തിരുവെഴുത്ത് ഉദ്ദേശിക്കുന്നതെന്ന് എന്നു പരിഗണിച്ചാലും ഇല്ലെങ്കിലും, ഒരു ദൈവശാസ്ത്രപദമായി അവനോട് അതുറപ്പിച്ചിരിക്കുകയാണ്. എന്നാലും "എതിർക്രിസ്തു"വിനെ ഏറെക്കുറെ "ചെറിയകൊമ്പാ"യും "ദുഷ്ടപ്രഭു"വായും "ഇഷ്ടം പോലെ പ്രവർത്തിക്കുന്ന രാജാവാ"യും "മ്ലേച്ഛത"യായും "മൃഗ"മായും എടുക്കാം (പ്രത്യേകിച്ച് 1 യോഹ. 2:18 ലെ പ്രഥമ പരാമർശം.) ഒന്നിലധികംപേരെ യോഹന്നാൻ പരാമർശിച്ചാലും, അന്ത്യകാലസ്വേച്ഛാധിപതി, ചെറിയ എതിർക്രിസ്തുക്കളുടെയിടയിൽ വരാൻപോകുന്ന എതിർക്രിസ്തുവിന്റെ ആത്യന്തികമായ ദൃഷ്ടാന്തമാണ്.

രണ്ടാമത്തെ മൃഗം "കള്ളപ്രവാചകനാ"ണ് (വെളി. 13:11–17;16:13). ഒന്നാമത്തെ മൃഗത്തെ ആരാധിക്കാൻ പ്രോത്സാഹിപ്പിക്കുന്നവനാണിവൻ. രണ്ടാമത്തെ മൃഗം (കള്ളപ്രവാചകൻ) ഒന്നാമത്തെ മൃഗത്തെക്കാൾ ക്രിസ്തുവിനു സമാന്തരമായി ചിലർ കരുതുകയും, രണ്ടാമത്തെ മൃഗത്തെ "എതിർക്രിസ്തു"വായി കണക്കാക്കുകയും ചെയ്യുന്നു. ക്രിസ്തു ഒരു പ്രവാചകനാണ്. രണ്ടാം മൃഗം പ്രവാചകനാണ്. ക്രിസ്തു പിതാവായ ദൈവത്തെ ആരാധിക്കാൻ പ്രേരിപ്പിക്കുന്നു. രണ്ടാമത്തെ മൃഗം അധർമ്മമൂർത്തിയെ ആരാധിക്കാൻ പ്രേരണ നൽകുന്നു. ഇങ്ങനെ, "എതിർക്രിസ്തു" എന്ന പദം ഒന്നാമത്തെ മൃഗത്തെക്കാൾ രണ്ടാം മൃഗത്തിനാണു യോജിക്കുന്നത്.

ഇതൊരു ന്യൂനപക്ഷവീക്ഷണമാണെ, നല്ല കാരണവുമുണ്ട്. സാത്താന്യത്രിത്വത്തിന്റെ നല്ല സമാന്തരം (വെളി. 16:13) മഹാസർപ്പം (പിതാവായ ദൈവം), മൃഗം (പുത്രനായ ദൈവം), കള്ളപ്രവാചകൻ (ആത്മാവായ ദൈവം) എന്നതാണ്. മൃഗം പിതാവിനും കള്ളപ്രവാചകൻ പുത്രനും സമാന്തരമാണെങ്കിൽ, പരിശുദ്ധാത്മാവിനോടു സമാനമായിരിക്കുന്നത് ആരാണ്? ലോകരാജ്യത്തെ ഒന്നാമത്തെ മൃഗം പിടിച്ചടക്കുന്നു, അതു ക്രിസ്തുവിന് അവകാശപ്പെട്ട രാജ്യമാണ്. എതിർക്രിസ്തു ക്രിസ്തുവിന്റെ പകരക്കാരനാകാൻ ശ്രമിക്കുന്നതിനാലും, ക്രിസ്തുവിന്റെ മുഖ്യഎതിരാളിയെന്ന നിലയിലും "എതിർക്രിസ്തു" എന്ന പദം ഏറ്റവും നന്നായി യോജിക്കുന്നത് ഒന്നാമത്തെ മൃഗത്തിനാണ്. പിതാവിനെ ആരാധിക്കാൻ ക്രിസ്തു പ്രേരണ നൽകുന്നുവെന്നതു സത്യമാണ്. അപ്പോൾത്തന്നെ ക്രിസ്തുവും ആരാധനാപാത്രമാണ്, പരിശുദ്ധാത്മാവു ക്രിസ്തുവിനെ ആരാധിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു (യോഹ. 16:14). രണ്ടാമത്തെ മൃഗത്തെ ത്രിത്വത്തിന്റെ ഒരംഗത്തിനു സമാന്തരമാക്കണമെങ്കിൽ, പുത്രനെക്കാൾ അതിനർഹത പരിശുദ്ധാത്മാവിനാണ്. കള്ളപ്രവാചകന് ഏലിയാവിന്റെ **പങ്കും** ശക്തിയുമാണ്. വാസ്തവത്തിലുള്ളത് (വെളി. 13:13, ആകാശത്തിൽ നിന്നു തീ, പ്രവാചകൻ, **മുന്നോടി,** മലാഖി, 4:5 കാണുക). ഒന്നാമത്തെ മൃഗം ക്രിസ്തുവിനു സമാന്തരമാകുന്നുവെന്ന വീക്ഷണമാണ് എറ്റവും നല്ലത്. ഇങ്ങനെ "എതിർക്രിസ്തു"വെന്ന പദം അവനു യോജിക്കുന്നു.

3. ലോകശക്തിയായി എതിർക്രിസ്തുവിന്റെ ഉയർച്ച

a. ഉയർച്ചയുടെ സമയം

ദൈവം ലോകാധിപത്യം അനുവദിക്കുമ്പോഴല്ലാതെ ലോകാധിപതിയാകാൻ എതിർക്രിസ്തുവിനു കഴിയില്ല. (വെളി.6:1–2). 2 തെസ്സ. 2 ലെ "തടുക്കുന്നവൻ" പരിശുദ്ധാത്മാവാണ്. ദൈവഹിതമനുസരിച്ചുള്ള സമയംവരെ, പരിശുദ്ധാത്മാവ് അധർമ്മമൂർത്തിയുടെ ഉയർച്ച തടയുന്നു. പരിശുദ്ധാത്മാവിന്റെ തടുക്കൽ ശുശ്രൂഷ (തികച്ചും അതുമാത്രമല്ല), എതിർക്രിസ്തു അധികാരത്തിലെത്തുന്നതിനു മുൻപു സഭ നീക്കപ്പെടുമെന്ന ആശയത്തെ സാധൂകരിക്കുന്നു. 2തെസ്സ.2ൽ നിന്നുള്ള സൂചന, തടുക്കുന്നവൻ മാറിപ്പോകുന്നതിനോടൊപ്പം സഭയും മാറിപ്പോകുമെന്ന മഹോപദ്രവ

പൂർവ്വവാദം മറ്റു വേദഭാഗങ്ങളും വ്യക്തമാകുന്നു. തടുക്കുന്നവൻ മാറുകയും സഭ വേർപെടുകയും ചെയ്യുന്നതോടെ തിന്മ സങ്കല്പാതീതമായി വർദ്ധിക്കും. അത്തരം തിന്മ നിമിത്തമുള്ള ശൂന്യതയിലൂടെ എതിർക്രിസ്തുവിന് ഇപ്പോൾ ഉയരാൻ കഴിയും. ലോകത്തിന്റെ അരാജകത്വത്തിനുള്ള ഉത്തരമാണു താനെന്ന് അയാൾ അവകാശപ്പെടും.

> **അവൻ സമയത്തിനുമുമ്പേ** വെളിപ്പെടാതിരിക്കേണ്ടതിന് ഇപ്പോൾ തടയുന്നത് എന്തെന്നു നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്; ഇതുവരെ തടയുന്നവൻ വഴിയിൽനിന്നു നീങ്ങിപ്പോകുകമാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷയുടെ പ്രഭാവത്തിൽ നശിപ്പിക്കും (2 തെസ്സ.2:6-8).

b. അസ്പഷ്ടമായ ആരംഭം

എല്ലാത്തരം വൈകാരികമായ ഊഹങ്ങളും എതിർക്രിസ്തുവിനെ തിരിച്ചറിയാൻ ഉപയോഗിക്കുന്ന ബോധമില്ലാത്തവരുണ്ട്. എങ്കിലും "ചെറിയ കൊമ്പ്" (ദാനീ. 7:7-8) താരതമ്യേന അവ്യക്തതയിൽ നിന്നല്ലാതെ മറ്റെങ്ങും നിന്ന് ഉയരുന്നില്ല. പത്തു കൊമ്പുകൾക്കിടയിൽ (10 രാജാക്കന്മാർ) നിന്ന്, എന്നാൽ അവരിൽ ഒരാളല്ലാതെയാണ് അവൻ എഴുന്നേൽക്കുക. പണ്ഡിതന്മാർ പറയുന്നതു "കറുത്ത കുതിര"യാണ് ലോക സ്വേച്ഛാധിപതിക്കു യോജിച്ചതെന്നാണ്. ഉദ്പ്രാപണത്തിനു മുമ്പു ജീവിക്കുന്നവർ അവനെ തിരിച്ചറിയാൻ ശ്രമിക്കുന്നതു പാഴ്വേലയാണ്. അതിനുശേഷം മാത്രമേ "ചെറിയ കൊമ്പ്" അധികാരത്തിലെത്തുകയുള്ളൂ.

> "ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ, അവയുടെയിടയിൽ മറ്റൊരു **ചെറിയ** കൊമ്പു മുളച്ചുവന്നു; അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ പറിഞ്ഞുപോയി; ഈ കൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു" (ദാനി. 7:8).

c. യിസ്രായേലുമായുള്ള ഉടമ്പടി

മഹോപദ്രവത്തിന്റെ തുടക്കത്തിൽ എതിർക്രിസ്തു യിസ്രായേലുമായി ഉടമ്പടിയുണ്ടാക്കും. ഇതുവരെ അവൻ ലോകത്തെ ഭരിക്കാൻ തുടങ്ങിയിട്ടില്ലെങ്കിലും, യഹൂദന്മാർ അവന്റെ പിന്തുണ സ്വാഗതം ചെയ്യും. ദൈവാലയത്തിന്റെ പുനർനിർമ്മാണം യിസ്രായേലിനെ കഠിനമായി ഒറ്റപ്പെടുത്തുമെന്നും, ചെറിയ യിസ്രായേലിനു പടിഞ്ഞാറു "സുഹൃത്തുക്കളെ" വേണമെന്നും ഒരാൾ പറഞ്ഞേക്കാം.

> "അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും...." (ദാനീ. 9:27).

d. സാമ്രജ്യത്തിനുള്ളിൽത്തന്നെ അധികാരത്തിലേക്കുള്ള ഉയർച്ച

ലോകത്തെ വരുതിയിലാക്കാൻ എതിർക്രിസ്തു മഹോപദ്രവം തുടങ്ങുന്നില്ല. അവൻ ക്രമേണ ലോകത്തെ ആക്രമിക്കും (വെളി. 6:2). അവന്റെ ഒന്നാമത്തെ നീക്കം ഉണർത്തപ്പെട്ട റോമാസാമ്രാജ്യത്തെ വരുതിയിലാക്കാനാണ്. പത്തു രാജ്യങ്ങളുടെ ഒരു സഖ്യമായിരിക്കും നവീനറോമാ സാമ്രാജ്യം. അവരിൽ മൂന്നു രാജാക്കന്മാരെ നശിപ്പിച്ചിട്ട്, അവരുടെ മുഴുവൻ പേരുടെയും മേൽ എതിർക്രിസ്തു ആധിപത്യം സ്ഥാപിക്കും. 'ദാനീയേലും വെളിപ്പാടും 10 കാൽവിരലുകളെ പരാമർശിക്കുന്നു (ദാനീ. 7:7, 20,24; വെളി.12:3;13:1;17:3,7,16). ദാനീ. 7:24 ഉം വെളി. 17:12 ഉം വ്യക്തമാകുന്നതു പത്തു രാജാക്കന്മാർ / രാജ്യങ്ങൾ എന്നിവയെയാണു 10 കൊമ്പുകൾ കാണിക്കുന്നതെന്നാണ്.

> "ഈ രാജ്യത്തുനിന്നുള്ള **പത്തു കൊമ്പുകളോ,** എഴുന്നേല്ക്കാനിരിക്കുന്ന **പത്തു രാജാക്കന്മാർ** ആകുന്നു..." (ദാനീ. 7:24).
>
> "നീ കണ്ട **പത്തു കൊമ്പുകളോ പത്തു രാജാക്കന്മാരാകുന്നു**..." (വെളി. 17:12).

നവീനറോമിനെ ആക്രമിക്കുമ്പോൾ എതിർക്രിസ്തു മൂന്നു രാജാക്കന്മാരെ നശിപ്പിക്കുന്നുവെന്ന ചിന്തയുടെ അടിസ്ഥാനമാണു ദാനീ. 7:8 ഉം 7:24ഉം.

> "ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ, അവയുടെയിടയിൽ മറ്റൊരു ചെറിയ കൊമ്പു മുളച്ചുവരുന്നു; **അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ** പറിഞ്ഞുപോയി; ഈ കൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു.... ഈ രാജ്യത്തുനിന്നുള്ള 10 കൊമ്പുകളോ, എഴുന്നേൽക്കാനിരിക്കുന്ന 10 രാജാക്കന്മാരാകുന്നു; അവരുടെ ശേഷം മറ്റൊരുത്തൻ എഴുന്നേൽക്കും; അവൻ മുമ്പിലത്തവരോടു വ്യത്യാസമുള്ളവനായി **മൂന്നു രാജാക്കന്മാരെ വീഴിച്ചുകളയും**" (ദാനീ. 7:8, 24).

നശിപ്പിക്കപ്പെട്ട മൂന്നു രാജാക്കന്മാർക്കു പകരമായി എതിർക്രിസ്തു പാവനേതാക്കളെ അവരോധിക്കും, പിന്നെ അവനു കീഴടങ്ങിയ 10 രാജാക്കന്മാരോടൊപ്പം അവൻ മുഴുവൻ സാമ്രാജ്യത്തെയും ഭരിക്കും (വെളി. 17:12 -13 കാണുക). നവീനറോമാ സാമ്രാജ്യത്തിന്റെ മേലുള്ള അവന്റെ അധികാരം നടക്കുന്നതു ചിലപ്പോൾ മഹോപദ്രവത്തിന്റെ ആദ്യപകുതിയിലായിരിക്കും (അഥവാ രണ്ടാം പകുതിയുടെ തുടക്കത്തിൽ). ലോകത്തെ

മുഴുവൻ 3 1/2 വർഷം അവൻ നിയന്ത്രിക്കുമെന്ന വസ്തുതയിൽ നിന്നാണ് ഈ ആശയം വരുന്നത് (ദാനീ. 7:25; വെളി. 13:5).

e. എതിർക്രിസ്തുവും യിസ്രായേലിന്റെ റഷ്യൻ ആക്രമണവും

ദാനീ. 11:36-ഉം യെഹെ. 38-39 ഉം യോജിപ്പിക്കുന്നതിനുള്ള തെളിവ് അടുത്ത ഭാഗത്തിൽ വരും. ദാനീ. 11ന്റെ ഒടുവിലുള്ള വടക്കെ രാജ്യത്തിന്റെ രാജാവ് "മാഗോഗ് ദേശത്തിലെ ഗോഗ് ആണെങ്കിൽ (യെഹെ. 38-39), വടക്കൻ സഖ്യത്തിന്റെ യിസ്രായേൽ ആക്രമണത്തിൽ എതിർക്രിസ്തുവിന് ഒരു പങ്കുണ്ടായിരിക്കും. വടക്കൻ സഖ്യം റഷ്യയും സഖ്യകക്ഷികളുമാണ്. മഹോപദ്രവമദ്ധ്യത്തിൽ യിസ്രായേലുമായുള്ള സമാധാന ഉടമ്പടിയുടെ ലംഘനമാണിതെന്നു ചിലർ കാണുന്നു. അത് പ്രതിരോധമില്ലാതെ യിസ്രായേലിനെ ആക്രമിക്കാൻ റഷ്യയെ ധൈര്യപ്പെടുത്തുന്നു. നേരേമറിച്ച്, റഷ്യയുടെ ആക്രമണത്തിനു മുമ്പു യിസ്രായേലിനു സുരക്ഷിതത്വം അനുഭവപ്പെടുന്നതിനാൽ (യെഹ. 38:8,11,14), അപ്പോഴും എതിർക്രിസ്തുവിനെ തങ്ങളുടെ സംരക്ഷകനായി യിസ്രായേൽ കരുതുന്നുവെന്നു ചിന്തിക്കുന്നതാണു നല്ലത് (യിസ്രായേലിനെ തകർക്കാനുള്ള രഹസ്യപദ്ധതി റഷ്യയോട് അവൻ പറഞ്ഞാലും). ഉടമ്പടിനില പരിഗണിക്കാതെതന്നെ, യുദ്ധത്തിൽ എതിർക്രിസ്തുവിന് ഒരു പങ്കുണ്ട്. ഒരുപക്ഷേ, യിസ്രായേലിൽ റഷ്യക്കെതിരെ എതിർക്രിസ്തു പടയൊരുക്കം നടത്തുന്നതിനു സമയം കിട്ടുന്നതിനു മുമ്പേ ദൈവം മാഗോഗിനെ നശിപ്പിക്കും. പക്ഷേ ദാനീ. 11:42- ചിത്രീകരിക്കുന്നത്, റഷ്യയുടെ സഖ്യകക്ഷികളെ പ്രകൃത്യാതീതമായ ഒരു യുദ്ധത്താൽ ദൈവം പരാജയപ്പെടുത്തി അയച്ചതിനുശേഷം എതിർക്രിസ്തു വടക്കുകിഴക്കൻ ആഫ്രിക്കയെ ആക്രമിക്കുകയോ തുടച്ചുനീക്കുകയോ ചെയ്യുമെന്നാണ്.

> "രാജാവോ ഇഷ്ടംപോലെ പ്രവർത്തിക്കും; അവൻ തന്നെത്താൻ ഉയർത്തി, ഏതു ദേവനും മേലായി മഹത്വീകരിക്കുകയും ദൈവാധിദൈവത്തിന്റെ നേരേ അപൂർവ്വകാര്യങ്ങളെ സംസാരിക്കുകയും, കോപം നിവൃത്തിയാകുവോളം അവനു കാര്യം സാധിക്കുകയും ചെയ്യും; നിർണ്ണയിക്കപ്പെട്ടിരിക്കുന്നതു സംഭവിക്കുമല്ലോ... പിന്നെ അന്ത്യകാലത്തു തെക്കേ ദേശത്തിലെ രാജാവ് അവനോട് ഏറ്റുമുട്ടും; വടക്കേദേശത്തിലെ രാജാവ് രഥങ്ങളോടും കുതിരപ്പടയാളികളോടും വളരെ കപ്പലുകളോടും കൂടെ ചുഴലിക്കാറ്റുപോലെ അവന്റെ നേരേ വരും; അവൻ ദേശങ്ങളിലേക്കുവന്നു കവിഞ്ഞു കടന്നുപോകും; അവൻ മനോഹരദേശത്തിലേക്കും കടക്കും... അവൻ ദേശങ്ങളുടെ നേരേ കൈനീട്ടും, മിസ്രയീം ദേശവും ഒഴിഞ്ഞു പോവുകയില്ല. അവൻ പൊന്നും വെള്ളിയുമായ നിക്ഷേപങ്ങളെയും മിസ്രയീമിലെ മനോഹരവസ്തുക്കളെയും കൈവശമാക്കും; ലൂബ്യരും കൂശ്യരും അവന്റെ ദാസന്മാരായിരിക്കും" (ദാനീ. 11:36, 40-41, 42-43).

റഷ്യയുടെ നേതൃത്വത്തിലുള്ള വടക്കൻ സഖ്യത്തിന്റെ തകർച്ചയിൽ നിന്ന് എതിർക്രിസ്തുവിനു നിശ്ചയമായും പ്രയോജനമുണ്ടാകും. റഷ്യയെ തകർക്കുന്നതുമൂലം എതിർക്രിസ്തുവിനെ പരോക്ഷമായി ദൈവം സഹായിക്കുകയാണെന്നതു വല്ലാതെ തോന്നാം. എന്നാലും, ഒന്നാമത്തെ ലോകസ്വേച്ഛാധിപതിയെ ഉൾപ്പെടുത്തിക്കൊണ്ടു മുന്നോട്ടുപോകാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ സമയമാണത്. പെട്ടെന്നു തന്നെ യിസ്രായേൽ, ഈജിപ്റ്റ്, ലിബിയ, എതോപ്യ എന്നിവ കൈയടക്കും. കീഴടക്കപ്പെട്ട വടക്കൻ ശക്തികൾ മാത്രമാണ് എതിർക്രിസ്തുവിനെ ലോകാധിപത്യത്തിൽ നിന്നു പിൻവലിക്കാൻ കഴിവുള്ള മനുഷ്യസഖ്യമെന്ന് എല്ലാവരും ഗ്രഹിക്കാൻ അധികസമയം വേണ്ടിവരില്ല. ഇപ്പോൾ അവന് ഇഷ്ടംപോലെ പ്രവർത്തിക്കാം(യിസ്രായേലിന്റെ ഒരു കൈയടക്കം ഉൾപ്പെടെ, യഹൂദന്മാരുമായുള്ള ഏത് ഉടമ്പടിയെയും അന്തിമമായി ഇല്ലാതാക്കാനുള്ള അടയാളമാണത്).

f. അന്തിമ ലോകാധിപത്യം

> മഹോപദ്രവത്തിന്റെ അവസാന 3 1/2 വർഷക്കാലയളവിൽ, എതിർക്രിസ്തുവും (സാത്താനും) ലോകാധിപത്യം നടപ്പിലാക്കും (യെശ. 14:16-17;4:8-9 കാണുക).
>
> വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിനു ലഭിച്ചു; **നാല്പത്തിരണ്ടു മാസം** പ്രവർത്തിക്കാൻ അധികാരവും ലഭിച്ചു.... വിശുദ്ധന്മാരോടു യുദ്ധം ചെയ്ത് അവരെ ജയിക്കാനും അതിന് അധികാരം ലഭിച്ചു. സകലഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിയിട്ടില്ലാത്ത ഭൂവാസികളൊക്കെയും അതിനെ നമസ്ക്കരിക്കും (വെളി. 13:5, 7-8).

മഹോപദ്രവത്തിന്റെ അവസാനപകുതി ദൈവന്യായവിധിയുടെയും വിശുദ്ധന്മാരെ എതിർക്രിസ്തു പീഡിപ്പിക്കുന്നതിന്റെ പേരിൽ മഹാമോശമായിരിക്കുമെങ്കിലും, ആദ്യപകുതി പ്രാഥമികമായി "യുദ്ധങ്ങളുടേതും യുദ്ധശ്രുതികളുടേതു"മായിരിക്കും. "മൃഗത്തോടു തുല്ല്യൻ ആര്? അവനോടു പൊരുതാൻ ആർക്കു കഴിയും" എന്ന ചോദ്യം (വെളി. 13:4) കാണിക്കുന്നത്, എതിർക്രിസ്തുവിന്റെ സ്വേച്ഛാധിപത്യത്തിൻ കീഴിൽ മാനുഷികയുദ്ധങ്ങൾ കുറയാനുള്ള പ്രവണതയുണ്ടെന്നാണ്. യാതൊരു മാനുഷികശക്തികളും അവനോടു പൊരുതാനാവില്ല.

g. ലോകാധികാരത്തിലേക്ക് ഉയരാനുള്ള എതിർക്രിസ്തുവിന്റെ മാർഗ്ഗം

ലോകത്തിന്റെ ശൂന്യാവസ്ഥ എതിർക്രിസ്തു പ്രയോജനപ്പെടുത്തും (മത്തായി 24:6-8; ലൂക്കോസ് 21:25-26; വെളി.6:3-8). അവന്റെ രാഷ്ട്രീയതന്ത്രം അതിന്റെ പൂർണ്ണ ശേഷിയിൽ വിനിയോഗിക്കും (ദാനീ. 7:8 "വളരെ വമ്പു പറയുന്ന", മുതലായവ). സാത്താന്യ അടയാളങ്ങൾ അത്ഭുതങ്ങൾ എന്നിവ മൂലവും അവൻ വഞ്ചിക്കും (2 തെസ്സ. 2:9; വെളി. 13:2, 4, 13-15, 16:13-14). മാരകമായ മുറിവേറ്റിട്ടും എതിർക്രിസ്തുവിനെ സാത്താൻ ഉയിർപ്പിക്കുമെന്നതിനു സൂചനകളുണ്ട് (വെളി. 13:3,12). എന്നാലും, "മൃഗം" (വെളിപ്പാടിലെ) മുഴുവൻ രാജ്യത്തെയും സൂചിപ്പിക്കാം. ജീവൻ പ്രാപിക്കുന്നത്, അന്ത്യകാലത്ത് "ഉയിർത്തെഴുന്നേൽക്കുന്ന" റോമാസാമ്രാജ്യം ആയിരിക്കാം. അത്ഭുതങ്ങൾ കൂടാതെ, ഒരു കപടമതവും എതിർക്രിസ്തു ഉപയോഗിക്കുമെന്നു തീർച്ച. അധികാരത്തെ, സാമ്പത്തിക/ ശിക്ഷാ അനുവാദങ്ങളുമായി യോജിപ്പിച്ച് അവനെ ആരാധിക്കാത്തവർക്കെതിരെ അവൻ ഉപയോഗിക്കും (വെളി. 13:8-18; 17:1-5). അവസാനം അവനെ നശിപ്പിക്കുന്നതിനുവേണ്ടി പരമാവധി ഉയരാൻ ദൈവം അവനെ സഹായിക്കും (2 തെസ്സ. 2:11-12).

4. എതിർക്രിസ്തുവിന്റെ വ്യക്തിത്വഗുണങ്ങളും നയങ്ങളും

a. യിസ്രായേലുമായി അവൻ ഉടമ്പടിയുണ്ടാക്കുകയും അതു ലംഘിക്കുകയും ചെയ്യും. അവന്റെ ലക്ഷ്യം നേടുവാനുള്ള ഏതു വിശ്വാസവഞ്ചനയ്ക്കും അവനു കഴിവുണ്ട് (ദാനീ. 9:27).

b. എല്ലാ യഹൂദന്മാരെയും മഹോപദ്രവകാലവിശുദ്ധന്മാരെയും എതിർക്രിസ്തു കഠിനമായി വെറുക്കും. ഉദ്പ്രാപണത്തിനുശേഷം അനേകം യഹൂദന്മാരും ജാതികളും ക്രിസ്തുവിൽ വിശ്വസിക്കും (വെളി. 6:9-11; 7:3,9,14).

> ഇതിന്റെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്ന് ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കൈയിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിൽക്കുന്നതു ഞാൻ കണ്ടു.... മൂപ്പന്മാരിൽ ഒരുത്തൻ എന്നോട്: വെള്ളനിലയങ്കി ധരിച്ചിരിക്കുന്ന ഇവർ ആര്? എവിടെനിന്നു വന്നു എന്നു ചോദിച്ചു. യജമാനൻ അറിയമല്ലോ എന്നു ഞാൻ പറഞ്ഞതിന് അവൻ എന്നോടു പറഞ്ഞത്: **ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു** (വെളി. 7:9,13-14).

ഈ വിശുദ്ധന്മാർ, വിശ്വസിക്കുന്നതോ അവിശ്വസിക്കുന്നതോ ആയ എല്ലാ യഹൂദന്മാർക്കുമൊപ്പം എതിർക്രിസ്തുമൂലം കൊടിയ പീഡനം നേരിടും (വെളി. 11:7-8). മൂന്നിൽ രണ്ടു ഭാഗം യഹൂദന്മാർ നശിച്ചുപോകും (സെഖ. 13:8-9).

> "**ആ കൊമ്പു വിശുദ്ധന്മാരോടു യുദ്ധം ചെയ്ത്** അവരെ ജയിക്കുന്നതു ഞാൻ കണ്ടു... അവൻ അത്യുന്നതനായവനു വിരോധമായി വമ്പു പറയുകയും അത്യുന്നതനായവന്റെ **വിശുദ്ധന്മാരെ ഒടുക്കിക്കളയുകയും** സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കുകയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കയ്യിൽ എല്പിക്കപ്പെട്ടിരിക്കും" (ദാനീ. 7:21,25).

> "എന്നാൽ സർവ്വദേശത്തിലും **മൂന്നിൽ രണ്ടംശം ഛേദിക്കപ്പെട്ടു പ്രാണനെ വിടും; മൂന്നിൽ ഒരംശം ശേഷിച്ചിരിക്കും** എന്നു യഹോവയുടെ അരുളപ്പാട്. മൂന്നിൽ ഒരംശം ഞാൻ തീയിൽക്കൂടി കടത്തിവെള്ളി ഊതിക്കഴിക്കുന്നതുപോലെ അവരെ ഊതിക്കഴിക്കും; പൊന്നു ശോധന കഴിക്കുന്നതുപോലെ അവരെ ശോധന കഴിക്കും; അവർ എന്റെ നാമത്തെ വിളിച്ചപേക്ഷിക്കുകയും ഞാൻ അവർക്ക് ഉത്തരമരുളുകയും ചെയ്യും; അവർ എന്റെ ജനമെന്നു ഞാൻ പറയും; യഹോവ എന്റെ ദൈവമെന്ന് അവരും പറയും" (സെഖ. 13:8-9).

> "ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും" (മത്തായി 24:22).

> "ആലയത്തിനു പുറത്തുള്ള ഭാഗം അളക്കാതെ വിട്ടേക്കുക; അതു ജാതികൾക്കു കൊടുത്തിരിക്കുന്നു; അവർ വിശുദ്ധനഗരത്തെ നാല്പത്തിരണ്ടു മാസം **ചവിട്ടും.**" (വെളി. 11:2).

> സ്വർഗ്ഗത്തിൽ വലിയോരു അടയാളം കാണപ്പെട്ടു; സൂര്യനെ അണിഞ്ഞോരു സ്ത്രീ; അവളുടെ കാൽക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രം കൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു. അവൾ ഗർഭിണിയായി നോവുകിട്ടി വേദനപ്പെട്ടു നിലവിളിച്ചു.... അവൾ സകലജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്ക്കാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു; കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു. സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോടി; അവിടെ അവളെ 1260 ദിവസം പോറ്റേണ്ടതിനു ദൈവം ഒരുക്കിയോരു സ്ഥലം അവർക്കുണ്ട്.... തന്നെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു എന്നു **മഹാസർപ്പം**

കണ്ടിട്ട് **ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങി**. അപ്പോൾ സ്ത്രീക്കു മരുഭൂമിയിൽ തന്റെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിനു വലിയ കഴുകന്റെ രണ്ടു ചിറകു ലഭിച്ചു; അവിടെ അവലെ സർപ്പത്തോട് അകലെ ഒരു കാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു (വെളി. 12.1–2, 5–6, 13–14).

വിശുദ്ധന്മാരോടു **യുദ്ധം ചെയ്ത് അവരെ ജയിക്കാനും അതിന് അധികാരം ലഭിച്ചു;** സകലഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു (വെളി. 13:7).

അടിമയാക്കി കൊണ്ടുപോകുന്നവൻ അടിമയായിപ്പോകും; വാൾകൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും; ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണുതയും വിശ്വാസവും കൊണ്ട് ആവശ്യം (വെളി. 13:10).

മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിനും മൃഗത്തിന്റെ **പ്രതിമയെ നമസ്ക്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനും** മൃഗത്തിന്റെ പ്രതിമയ്ക്ക് ആത്മാവിനെ കൊടുക്കാൻ അതിനു ബലം ലഭിച്ചു. അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരു ദാസന്മാരുമായ എല്ലാവർക്കും വലങ്കൈ മേലോ നെറ്റിയിലോ മുദ്രകിട്ടുമാറും, മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്യാൻ വഹിക്കാതെയും ആകുന്നു (വെളി. 13:15–17).

c. മറ്റനേകവിഭാഗങ്ങൾക്കു കീഴിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, ചക്കരവാക്കുകൊണ്ട് ആളുകളെ വശത്താക്കാൻ കഴിയുന്ന ഒരു വാഗ്മിയായിരിക്കും എതിർക്രിസ്തു. ദൈവദൂഷണം പറയുന്നതിൽ അവൻ അഗ്രഗണ്യനായിരിക്കും.

"ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ, അവയുടെ ഇടയിൽ മറ്റൊരു ചെറിയ കൊമ്പു മുളച്ചുവന്നു; അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ പറിഞ്ഞുപോയി; ഈ കൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും **വമ്പു പറയുന്ന വായും ഉണ്ടായിരുന്നു**" (ദാനീ. 7:8).

"അപ്പോൾ കൊമ്പു സംസാരിച്ച **വലിയ വാക്കുകളുടെ** ശബ്ദം നിമിത്തം ഞാൻ നോക്കി ..." (ദാനീ. 7:11).

"അതിന്റെ തലയിലുള്ള പത്തു കൊമ്പുകളെക്കുറിച്ചും മുളച്ചുവന്നതും മൂന്നു കൊമ്പു വീഴിച്ചതും കണ്ണും **വമ്പു പറയുന്ന വായും** ഉള്ളതും കൂടുതൽ വലുതായി കാണപ്പെട്ടതുമായ മറ്റേ കൊമ്പിനെക്കുറിച്ചും ഉള്ള വിവരം അറിയാൻ ഞാൻ ഇച്ഛിച്ചു" (ദാനീ. 7:20).

"അവൻ **അത്യുന്നതനായവന്നു വിരോധമായി വമ്പു പറയുകയും**..." (ദാനീ. 7:25).

"രാജാവോ ഇഷ്ടംപോലെ പ്രവർത്തിക്കും; അവൻ തന്നെത്താൻ ഉയർത്തി, ഏതു ദേവനും മേലായി മഹത്വീകരിക്കുകയും ദൈവാധിദൈവത്തിന്റെ നേരേ **അപൂർവ്വകാര്യങ്ങളെ സംസാരിക്കുകയും**..." (ദാനീ. 11:36).

"...തലയിൽ **ദൂഷണനാമങ്ങളും** ഉള്ളോരു മൃഗം... കയറുന്നതു ഞാൻ കണ്ടു ... അതിന്റെ വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു" (വെളി. 13:1–2).

"**വമ്പും ദൂഷണവും സംസാരിക്കുന്ന വായ്** അതിനു ലഭിച്ചു; നാല്പത്തിരണ്ടു മാസം പ്രവർത്തിക്കാൻ അധികാരവും ലഭിച്ചു. അതു ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും **ദുഷിക്കാൻ ദൈവദൂഷണത്തിനായി വായ് തുറന്നു**" (വെളി. 13:5–6).

അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയി. അപ്പോൾ ഏഴു തലയും പത്തു കൊമ്പും ഉള്ളതായി **ദൂഷണനാമങ്ങൾ നിറഞ്ഞു** കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു (വെളി. 17:3).

d. എതിർക്രിസ്തു ദൈവത്വം അവകാശപ്പെട്ടും ആരാധന ആഗ്രഹിക്കുന്നത് അവൻ നിർത്തുകയില്ല. അവനത് ആവശ്യപ്പെടും (ദാനീ. 9:27; 12:11).

"രാജാവോ ഇഷ്ടംപോലെ പ്രവർത്തിക്കും; അവൻ തന്നെത്താൻ ഉയർത്തി, **ഏതു ദേവനും മേലായി മഹത്വീകരിക്കുകയും** ദൈവാധിദൈവത്തിന്റെ നേരേ അപൂർവ്വകാര്യങ്ങളെ സംസാരിക്കുകയും, കോപം നിവൃത്തിയാകുവോളം അവനു കാര്യം സാധിക്കുകയും ചെയ്യും; നിർണ്ണയിക്കപ്പെട്ടിരിക്കുന്നതു സംഭവിക്കുമല്ലോ" (ദാനീ. 11:36).

"എന്നാൽ ദാനീയേൽപ്രവാചകൻ മുഖാന്തരം അരുളിചെയ്തതുപോലെ **ശൂന്യമാക്കുന്ന മ്ലേച്ഛത** വിശുദ്ധസ്ഥലത്തു നിൽക്കുന്നതു നിങ്ങൾ കാണുമ്പോൾ (വായിക്കുന്നവൻ ഗ്രഹിക്കട്ടെ)... (മത്തായി 24:15; മർ. 13:14).

ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളി

പ്പെടുകയും വേണം. അവൻ **ദൈവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവമെന്നു നടിച്ച്, ദൈവമെന്നോ, പൂജാവിഷയമെന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളിയത്രേ** (2 തെസ്സ. 2:3-4).

മൃഗത്തിന് അധികാരം കൊടുത്തതുകൊണ്ട് അവർ മഹാസർപ്പത്തെ നമസ്ക്കരിച്ചു. മൃഗത്തോടു തുല്ല്യൻ ആര്? അതിനോടു പൊരുതാൻ ആർക്കു കഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്ക്കരിച്ചു... ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിയിട്ടില്ലാത്ത **ഭൂവാസികൾ ഒക്കെയും അതിനെ നമസ്ക്കരിക്കും**... അത് ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ തന്റെ അധികാരങ്ങളെല്ലാം നടത്തിഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണകരമായ മുറിവു പൊറുത്തുപോയ ഒന്നാം മൃഗത്തെ നമസ്ക്കരിക്കുമാറാകുന്നു. (വെളി. 13:4,8,12).

കള്ളപ്രവാചകൻ (വെളി. 13:11-;16:13;19:20) മൃഗത്തെ ആരാധിക്കാനുള്ള ഒരു പ്രചരണപരിപാടി നയിക്കുന്നു. അതിൽ മൃഗത്തിന്റെ മാരകമായ മുറിവിന്റെ സൗഖ്യവും (വെളി. 13;3,12,14), അത്ഭുതങ്ങളും (വെളി.13;13-14; 16:13-13-14; 19:20) മൃഗത്തിന്റെ പ്രതിമ സംസാരിക്കുന്നതും (വെളി. 13:15) അടങ്ങിയേക്കാം.

മൃഗത്തെ ആരാധിക്കാൻ വിസമ്മതിക്കുന്നവർക്കു സാമ്പത്തിക ശിക്ഷയും (വെളി. 13:16-17) മരണവും (വെളി. 13:150 അനുഭവിക്കേണ്ടിവരും, ഒരുപക്ഷേ ആകാശത്തു നിന്നിറങ്ങുന്ന തീയും കാരണമാകും (വെളി. 13:13). ഈ പ്രചരണവും അത്ഭുതങ്ങളും കൂടി ഭൂരിഭാഗം ലോകത്തെയും മൃഗത്തെ ആരാധിക്കുമാറാക്കും (വെളി. 13:8), അവന്റെ മുദ്ര ഏൽക്കുമാറാക്കും (666, വെളി. 13:17-18).

e. എതിർക്രിസ്തുവും ബാബിലോണും

വെളി. 17 ലെ ബാബിലോൺ വ്യാജമതത്തെയാണ് സൂചിപ്പിക്കുന്നത്. കാരണം "വേശ്യ"യെന്നതിന്റെ അർത്ഥം ആത്മീയവ്യഭിചാരമെന്നാണ്. ചരിത്രപരമായ ബാബിലോൺ കപടമതയുമായി ബന്ധമുള്ളതാണ്. എതിർക്രിസ്തു അതിനെ നിശ്ചയമായും ഉപയോഗിക്കും.

എങ്കിലും, പ്രാഥമികമായി ബാബിലോൺ ഒരു നഗരവും വ്യാപാരകേന്ദ്രവുമാണ് (വെളി. 17:18, 18:3, 10 ff). ബാബിലോണിനെ എതിർക്രിസ്തുവിന്റെ സഖ്യകക്ഷിയായിക്കാണുന്നെങ്കിലും തീരെക്കുറഞ്ഞതു റഷ്യയുടെ നാശത്തിനു ശേഷം), എതിർക്രിസ്തു അതിനെ നശിപ്പിക്കും (ദൈവത്തിന്റെ പദ്ധതിയിൽ). ഇതു രണ്ടാം ആഗമനത്തിനു തൊട്ടുമുമ്പു നടക്കുന്നതായാണു കാണുന്നത്.

നീ കണ്ട 10 കൊമ്പും മൃഗവും വേശ്യയെ ദ്വേഷിച്ചു ശൂന്യവും നഗ്നയുമാക്കി അവളുടെ മാംസം തിന്നുകളയും; അവളെ തീ കൊണ്ടു ദഹിപ്പിക്കുകയും ചെയ്യും. ദൈവത്തിന്റെ വചനം നിവൃത്തിയാകുവോളം, **തന്റെ ഹിതം ചെയ്വാനും ഒരേ അഭിപ്രായം നടത്തുവാനും** തങ്ങളുടെ രാജത്വം മൃഗത്തിനു കൊടുക്കാനും **ദൈവം അവരുടെ ഹൃദയത്തിൽ തോന്നിച്ചു** (വെളി. 17:16-17).

f. എതിർക്രിസ്തുവിനെ സംബന്ധിച്ച ചില വസ്തുതകൾ

പാരമ്പര്യരീതികൾ മാറ്റാൻ തന്റെ ഭരണകാലത്ത് അവൻ നോക്കും "...സമയങ്ങളെയും നിയമങ്ങളെയും മാറ്റാൻ ശ്രമിക്കും" (ദാനീ.7:25). ഒരു പക്ഷേ, പരമ്പരാഗത കലൻഡർ, യഥാർത്ഥ ക്രിസ്തുവിനെക്കുറിച്ചു ലോകത്തെ ഓർമ്മപ്പെടുത്തുന്നതിനാൽ, അതിനെ മാറ്റേണ്ടത് ആവശ്യമായിരിക്കും.

എതിർക്രിസ്തു ധാർമ്മികതയ്ക്ക് യാതൊരു വിലയും കല്പിക്കുകയില്ല. "ഇഷ്ടം പോലെ പ്രവർത്തിക്കു"മെന്നത് (ദാനീ. 11:36), അവന്റെ പിതാക്കന്മാരുടെ ദൈവത്തെ (ദൈവങ്ങളെയൊന്നും) അവൻ ബഹുമാനിക്കുകയില്ല (ദാനീ. 11:37). "നാശയോഗ്യനെ" ന്നും "അധർമ്മമൂർത്തി"യെന്നുമുള്ള പേരുകൾ അവനെ പൗലോസ് നൽകുന്നത് അവന്റെ സ്വഭാവത്തെ തികച്ചും വെളിപ്പെടുത്തുന്നതാണ് (2 തെസ്സ.2). "കോട്ടകളുടെ ദേവനെ" (ദാനീ. 11:38) ആരാധിക്കുന്ന അവൻ സൈനികമായും രാഷ്ട്രീയമായും അതിബുദ്ധിമാനായിരിക്കും. മുൻപുള്ള സകലഭരണധികാരികളെയും ഭരണകൂടങ്ങളെയുംകാൾ അവനും അവന്റെ ഭരണകൂടവും വ്യത്യസ്തമായിരിക്കുമെന്നു ദാനീയേലും വെളിപ്പാടും ഊന്നിപ്പറയുന്നു (ദാനീ 7:7,19, 23, 24, **വ്യത്യസ്തമായ** എന്ന പദം ശ്രദ്ധിക്കുക; വെളി. 13:4).

5. എതിർക്രിസ്തുവിന്റെ വിധിയും ഭാഗധേയവും

എതിർക്രിസ്തുവിലൂടെ സാത്താന്റെ ഭരണത്തിന്റെ അന്ത്യം വെളിപ്പാടുപുസ്തകത്തിന്റെ അവസാന അദ്ധ്യായങ്ങളിൽ വിവരിച്ചതുപോലെ നടക്കും. കിഴക്കിന്റെ രാജാക്കന്മാർ മദ്ധ്യപൂർവ്വദേത്തേക്കു(വെളി. 16:12)നീങ്ങും. ഭൂതബാധിതർ ഉൾപ്പെടുന്ന ആ സൈന്യമായിരിക്കാം ക്രിസ്തുവിന്റെ രണ്ടാം ആഗമനത്തെ പ്രതിരോധിക്കാൻ നീങ്ങുന്നത്.

ആറാമത്തവൻ തന്റെ കലശം യൂഫ്രട്ടീസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കുനിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുങ്ങേണ്ടുന്നതിന് അതിലെ വെള്ളം വറ്റിപ്പോയി. മഹാസർപ്പത്തിന്റെ വായിൽ നിന്നു തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു. ഇവ സർവ്വഭൂതലത്തിലുമുള്ള രാജാക്കന്മാരെ സർവ്വ

ശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനു കൂട്ടിച്ചേർക്കാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ട് അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നെ.... അവ അവരെ എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്ത് കൂട്ടിച്ചേർത്തു (വെളി. 16:12–14,16).

ഈ സമയമാകുമ്പോഴേക്കും വെളിപ്പാട് 18-ൽ വിവരിച്ചിരിക്കുന്നതുപോലെ(18:20–21). ബാബിലോൺ നഗരത്തെ ദൈവം നശിപ്പിക്കുന്നു. വെളി. 17:17 പ്രകാരം ബാബിലോണിനെ നശിപ്പിക്കാൻ ദൈവം എതിർക്രിസ്തുവിനെ ഉപയോഗിക്കുന്നു(അനിവാര്യമായ ശിക്ഷയ്ക്കായി വിജാതീയർ കാത്തിരിക്കുമ്പോൾ അഭക്തരുടെ കൂട്ടത്തിൽ എന്തെങ്കിലും കലഹമുണ്ടോ?). എതിർക്രിസ്തുവും അവന്റെ സൈന്യവും കുഞ്ഞാടുമായി യുദ്ധം ചെയ്യും. പക്ഷേ മുഴുലോകത്തിന്റെയും സൈനികശക്തി ക്രിസ്തുവിനെ ചെറുക്കുവാൻ കഴിയാത്തതിനാൽ അതൊരു "യുദ്ധ"മൊന്നും ആയിരിക്കുകയില്ല.

"പിന്നെ അവൻ സമുദ്രത്തിനും മഹത്വമുള്ള വിശുദ്ധപർവ്വതത്തിനും മദ്ധ്യേ മണിപ്പന്തൽ ഇടും; **അവിടെ അവൻ അന്തരിക്കും; അവനെ രക്ഷിക്കുകയുമില്ല"** (ദാനീ. 11:45).

"അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; **അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി** തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും"(2 തെസ്സ. 2:8).

"അവർ കുഞ്ഞാടിനോടു പോരാടും; **താൻ കർത്താധികർത്താവും രാജാധിരാജാവും** ആകകൊണ്ട് കുഞ്ഞാട് തന്നോടുകൂടെ വിളിക്കപ്പെട്ടവരും വിശ്വസ്തരുമായി **അവരെ ജയിക്കും**" (വെളി. 17:14).

"അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവനു വിശ്വസ്തനും സത്യവാനും എന്ന് പേർ. അവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണ് അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതപ്പെട്ട ഒരു നാമവും അവനുണ്ട്; അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേരു പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു. **ജാതികളെ വെട്ടുവാൻ** അവന്റെ വായിൽനിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു. **അവൻ** ഇരുമ്പുകോൽകൊണ്ട് **അവരെ മേയ്ക്കും**; സർവ്വശക്തിയുള്ള ദൈവത്തിന്റെ **കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു. രാജാധിരാജാവും കർത്താധികർത്താവും** എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു. ഒരു ദൂതൻ സൂര്യനിൽ നിൽക്കുന്നതു ഞാൻ കണ്ടു; അവൻ ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും: രാജാക്കന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്മാൻ മഹാ ദൈവത്തിന്റെ അത്താഴത്തിനു വന്നു കൂടുവിൻ എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യവും ഒന്നിച്ചുവന്നു കൂടിയതു ഞാൻ കണ്ടു(വെളി. 19:11–19).

ഹർമ്മഗെദ്ദോനുശേഷം മൃഗത്തെയും കള്ളപ്രവാചകനെയും തീപ്പൊയ്കയിലേക്ക് എറിയും. ഒരു ദൂതൻ അഗാധകൂപത്തിലേക്കു സാത്താനെ എറിയും(വെളി. 20:1–3). രാജ്യത്തിന്റെ ഒടുവിൽ സാത്താന് അല്പകാലത്തേക്ക് ഒരു മോചനമുണ്ടാകും(വെളി. 20:7–9), അപ്പോൾ മൃഗത്തിനും കള്ളപ്രവാചകനും നിത്യശിക്ഷയിൽ നിന്ന് ഒരുനിമിഷംപോലും വിടുതലില്ല 1000 വർഷത്തെ രാജ്യത്തിനുശേഷം സാത്താനും അവരോടൊന്നിച്ചു തീപ്പൊയ്കയിലാകും.

മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏൽപ്പിക്കുകയും അതിന്റെ പ്രതിമയെ നമസ്കരിക്കുകയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി **ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു.** ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന വാൾകൊണ്ട് കൊന്നു അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തി വന്നു (വെളി. 19:20–21).

അവരെ വഞ്ചിച്ച **പിശാചിനെ** മൃഗവും **കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു** തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും (വെളി. 20:10).

C. മഹോപദ്രവകാലയുദ്ധങ്ങൾ

മഹോപദ്രവം മുന്നറിയിപ്പില്ലാത്ത ഒരു പോരാട്ടകാലമായിരിക്കും(മത്തായി 24:6; വെളി. 6:4 മുതലായവ). രണ്ട്

പ്രമുഖ യുദ്ധങ്ങളുടെ വിവരങ്ങൾ തിരുവെഴുത്ത് നൽകുന്നുണ്ട്. യിസ്രായേലിനെയും ഹർമ്മഗെദ്ദോനിന്റെയും മാഗോഗ് ആക്രമണം.

1. മാഗോഗിന്റെ യിസ്രായേൽ ആക്രമണം: പങ്കെടുക്കുന്നവർ

യെഹെ. 38:1-6 ൽ പേരുകൾ മുൻപുള്ള ഭാഗങ്ങളിൽ തിരിച്ചറിഞ്ഞിട്ടുണ്ട്. മാഗോഗ് ദേശം റഷ്യയാണ്. മേശക്കും തൂബാലും തുർക്കിയും ഒരു പക്ഷേ അർമീനിയയുമാണ്. പേർഷ്യ, കൂശ്, പൂത്ത് എന്നിവ യഥാക്രമം ഇറാൻ, എത്യോപ്യ. ലിബിയ എന്നിവയാണ്. ഗോമെർ കിഴക്കൻ യൂറോപ്പ്, അഥവാ തുർക്കിയുടെ മറ്റൊരു ഭാഗമാണ്. തോഗർമ്മാ അർമീനിയയാണ്. അറബിസഖ്യങ്ങൾക്കൊപ്പമുള്ള വടക്കൻ കക്ഷിയാകാം ഈ കൂട്ടം(ചില രാജ്യങ്ങൾ വംശീയമായി അറബിയല്ലങ്കിലും സാംസ്കാരികമായി അങ്ങനെയാണ്). അവർ യിസ്രായേലിനെ ആക്രമിക്കും.

2. യുദ്ധത്തെക്കുറിച്ചുള്ള വേദഭാഗങ്ങൾ

മഹോപദ്രവപൂർവ്വവാദികൾ മിക്കവരും യെഹെ. 38-39 ഈ ആക്രമണത്തെക്കുറിക്കുന്നരാണെന്നും സമ്മതിക്കുന്നുണ്ട്. ദൈവത്തിന്റെ വീക്ഷണകോണിൽനിന്നുള്ള യുദ്ധമാണ് ഇവിടെ ചിത്രീകരിക്കുന്നത് (ദാനീ. 11:36-45). ഈ രണ്ടു വേദഭാഗങ്ങൾ തമ്മിൽ നേരിട്ടു ബന്ധമൊന്നുമില്ല, അവ വ്യത്യസ്തമായ പോരാട്ടങ്ങളെ വിവരിക്കുന്നു. എന്നാലും ഒരേ കാലയളവിൽ ഒരേ മേഖലയിൽ നടക്കാനിടയില്ലാത്തതരം തീവ്രമായ രണ്ടു യുദ്ധങ്ങൾ ഉണ്ടായിരിക്കും. "ദൂരത്തു വടക്കുനിന്നുള്ള" ദേശത്തിന്റെ നേതാവല്ലെങ്കിൽ (യെഹെ. 38:6,15; 39:2) "വടക്കെദേശത്തിന്റെ രാജാവ്" (ദാനീ. 11:40) ആരായിരിക്കും? ദാനീ. 11:36ലെ യുദ്ധവും യെഹെ. 38-39ലെ യുദ്ധവും തുലനം ചെയ്യാനുള്ള സാദ്ധ്യത യാണു താഴെപ്പറയുന്നതിനാൽ സ്ഥാപിക്കുന്നത്.

a. എതിർക്രിസ്തുവിന്റെ ഭരണത്തിന്റെ അവസാന മൂന്നര വർഷം അവൻ ലോകം മുഴുവൻ ഭരിക്കുന്നതായതിനാൽ(വെളി 13:47), രണ്ടു യുദ്ധങ്ങളും ആദ്യത്തെ മൂന്നര വർഷം നടക്കണം(യെഹെ. 38-39; ദാനീ. 11:36).

b. യെഹെ. 38:8, 11, 14 ആവശ്യപ്പെടുന്നതുപോലെ അപ്പോൾ യിസ്രായേൽ "നിർഭയമായി വസിക്കുക" യല്ലാത്തതിനാൽ, യെഹെ. 38-39ലെ യുദ്ധത്തിനുമുമ്പു ദാനീ. 11:36-ലെ യുദ്ധം നടക്കാനുള്ള സാദ്ധ്യതയില്ല. യെഹെ. 38-39നു മുമ്പുള്ള ഒരാക്രമണമാണ് ദാനിയേൽ വിവരിക്കുന്നതെങ്കിൽ, യിസ്രായേലിന് അപ്പോൾ വലിയ അരക്ഷിതബോധമായിരിക്കുമെന്നു കരുതാം. മറ്റൊരു പരിഗണന റഷ്യയുടെ ആഫ്രിക്കൻ സഖ്യങ്ങളെ ഉൾപ്പെടുത്തുന്നതാണ്. ദാനീ. 11:36 ff യെഹെ. 38-39നു മുമ്പ് സംഭവിക്കരുത് കാരണം, അവ(ലിബിയ, എത്യോപ്യ) നേരത്തെ തന്നെ നശിച്ചുവെന്നാണ് അർത്ഥം(ദാനീ. 11:43). ദാനീ. 11:36- യെഹെ. 38-39 നു മുമ്പ് ലാഘവമായി അങ്ങു സ്ഥാപിക്കാനാവില്ല.

c. ദാനീ. 11:36 ff റഷ്യയുടെ യിസ്രായേൽ ആക്രമണത്തിനുശേഷമാകാൻ സാദ്ധ്യതയില്ല. യെഹെ. 38-39ലെ നാശത്തിന്റെ അർത്ഥം, മറ്റൊരു ഗുരുതരയുദ്ധത്തിനു മുമ്പ്, മഹോപദ്രവകാലത്തിന്റെ കുറഞ്ഞ സമയത്തിനുള്ളിൽ എത്യോപ്യയും ലിബിയയും ശൂന്യമായിപ്പോകുമെന്നാണ്. യിസ്രായേലിന്റെ വടക്കൻ ദേശങ്ങൾക്കും ഇതേ ബലഹീനതയുണ്ടാകും. "വടക്കെദേശത്തിന്റെ രാജാവ്" റഷ്യയുടെ ഏതെങ്കിലും നേതാവാണെങ്കിൽ വിശേഷിച്ചും അത് സത്യമായിരിക്കും.

d. ദാനീ. 11:36-നെ യെഹെസ്കേലിലെ ഗോഗിന്റെ ആക്രമണവുമായി തുലനം ചെയ്യുന്നതിനെക്കുറിച്ചു ള്ള നിഗമനങ്ങൾ

ദാനീ. 11:36-നെ യെഹെ. 38-39-ൽ നിന്നു വേർപ്പെടുത്തുന്നതിനു സാദ്ധ്യമായ രംഗങ്ങളുണ്ട്. എന്നിരുന്നാലും, വേദപുസ്തകവിശദാംശങ്ങളിൽനിന്നു നമുക്കറിയാവുന്നതിന്റെ അടിസ്ഥാനത്തിൽ, ഇവ രണ്ടും ഒരേ യുദ്ധത്തെക്കുറിച്ചാണു പറയുന്നതെന്നു വീക്ഷിക്കുന്നതാണു ഭംഗി. റഷ്യൻ-അറബി ആക്രമണത്തിനു മുമ്പു വാഗ്ദത്തദേശത്തെ ആക്രമിക്കുന്ന മറ്റൊരു യുദ്ധത്തിനു സാദ്ധ്യതയില്ല. അപ്പോഴും യിസ്രായേൽ നിർഭയമായിരിക്കുകയാണ്. വടക്കുനിന്നോ ആഫ്രിക്കയിൽനിന്നോ ആക്രമണമുണ്ടാകുമെന്നു യാതൊരു സംശയവുമില്ല. വടക്കുകിഴക്കൻ ആഫ്രിക്കയിൽ റഷ്യൻസഖ്യത്തിന് അപ്പോഴും അതു യാതൊരു കരുത്തും സൂക്ഷിക്കുകയില്ല. യെഹെ. 38-39ലെ ദയനീയപരാജയത്തിനു ശേഷം മറ്റൊരു ഗൗരവമേറിയ ആക്രമണത്തിനു "വടക്കിന്റെ യാതൊരു രാജാവും പ്രത്യേകിച്ചു റഷ്യ, ആഫ്രിക്കൻ രാജ്യങ്ങളായ ലിബിയ എത്യോപ്യ എന്നിവ ഒരുമ്പെടാനുള്ള സാദ്ധ്യതയില്ല. ഇങ്ങനെ രണ്ടു വേദഭാഗങ്ങളെങ്കിലും റഷ്യയുടെ യിസ്രായേൽ ആക്രമണമത്തെ വിവരിക്കുന്നതായുണ്ട്(യെഹെ. 39-39, ദാനീ. 11:36-). യെഹെസ്കേൽ ദൈവത്തിന്റെ വീക്ഷണകോണിൽ നിന്നും യുദ്ധവിവരണം നൽകുന്നത്. ദാനിയേൽ മാനുഷിക വീക്ഷണകോണിൽ നിന്നാണ് യുദ്ധ വിവരണം നൽകുന്നത്.

3. യുദ്ധത്തിന്റെ സമയം

a. പൊതുവായ സമയം

മാഗോഗിന്റെ യിസ്രായേൽ ആക്രമണങ്ങൾ അന്ത്യകാല അനുഭവങ്ങളായാണു പ്രവാചകന്മാർ വച്ചിരിക്കുന്നത്. യിസ്രായേൽ അവരുടെ ദേശത്തു പുനരധിവസിക്കപ്പെട്ട ശേഷം(യെഹെ. 36:24 ff.; 38:8,12; 39:25) പുനരുത്ഥാനത്തോടടുത്ത സമയത്ത് (യെഹെ. 37:12), ഭാവി രാജ്യ

ത്തോടടുത്ത്(യെഹെ. 37:24-26)അത് സംഭവിക്കുന്നു. യുദ്ധത്തിനുമുമ്പും (36-37) പിമ്പും(40-48 സഹസ്രാബ്ദ ദേവാലയത്തിൽ) ഉള്ള രണ്ടു സന്ദർഭങ്ങളും യുദ്ധത്തെ (39-39) അന്ത്യകാലസംഭവങ്ങളായാണു കാണുന്നത്. "അന്ത്യകാലത്തു" യുദ്ധം നടക്കുമെന്നാണു യെഹെസ്കേൽ(38) പറയുന്നത്, ദാനീയേൽ "അന്ത്യകാലം വരെ" (ദാനീ.11:35) എന്നു പറയുന്നു.

> "ഏറിയ നാൾ കഴിഞ്ഞിട്ടു നീ സന്ദർശിക്കപ്പെ ടും; വാളിന് ഒഴിഞ്ഞുപോന്നതും പല ജാതികളിൽ നിന്ന് ശേഖരിക്കപ്പെട്ടതുമായ ഒരു രാജ്യത്തി ലേക്കു നീ **ഒടുവിൽ** വന്നു ചേരും; നിരന്തരശൂന്യ മായിക്കിടന്നിരുന്ന യിസ്രായേൽപർവ്വതങ്ങളിൽ ത്തന്നെ; എന്നാൽ അവർ ജാതികളുടെ ഇടയിൽ നിന്നു വന്ന് എല്ലാവരും നിർഭയമായി വസിക്കും (യെഹെ. 38:8).
>
> "**അന്ത്യകാലത്തു**..... ഞാൻ നിന്നെ എന്റെ ദേശത്തിന്റെ നേരെ വരുത്തും" (യെഹെ. 38:16).

ഈ യുദ്ധത്തിനുശേഷം യഹൂദന്മാരുൾപ്പെടെ അനേകർ ദൈവത്തിങ്കലേക്കു തിരിയും. ഇതു ഭാവികാലത്തോടു വളരെ നന്നായി യോജിക്കുന്നതാണ്(വെളി. 7:4-10, 14-17).

> "ഇങ്ങനെ ഞാൻ എന്നെതന്നെ മഹത്വീകരിക്കു കയും എന്നെത്തന്നെ വിശുദ്ധീകരിക്കുകയും **പല ജാതികളും കാൺകെ** എന്നെത്തന്നെ വെളി പ്പെടുത്തുകയും **ഞാൻ യഹോവ എന്ന് അവർ അറിയുകയും ചെയ്യും**(യെഹെ. 38:23).
>
> "ഞാൻ എന്റെ മഹത്വത്തെ ജാതികളുടെ ഇടയിൽ സ്ഥാപിക്കും; ഞാൻ നടത്തിയിരിക്കുന്ന എന്റെ ന്യായവിധിയും ഞാൻ അവരുടെ മേൽവെച്ച എന്റെ കൈയ്യും **സകല ജാതികളും** കാണും. അങ്ങനെ അന്നുമുതൽ മേലാൽ **ഞാൻ തങ്ങളുടെ ദൈവമായ യഹോവയെന്നു യിസ്രായേൽ ഗൃഹം അറിയും**" (യെഹെ. 39:21-22).

b. റഷ്യയുടെ ഭാവി യിസ്രായേൽ ആക്രമണത്തിന്റെ കൃത്യസമയം

(1). ഉദ്പ്രാപണത്തിനു മുമ്പ്

യെഹെ. 38-39 ലെ യുദ്ധം "മഹോപദ്രവത്തിനു മുമ്പാ" ണെന്നും ഒരു പ്രമുഖ വ്യാഖ്യാതാവ് വെളിപ്പാടുപുസ്തക വ്യാഖ്യാനത്തിൽ പറയുന്നു.[40] നിർഭയമായിരിക്കുന്ന യിസ്രായേലിന് ഇത് വളരെ യോജിക്കുന്നതാണ്(യെഹെ. 38:8, 11, 14). യുദ്ധാവശിഷ്ടങ്ങൾ കത്തിച്ചുകളയാൻ ഏഴു വർഷം വേണം (യെഹെ. 39:9-10). എന്തായാലും എതിർക്രിസ്തുവുമായുള്ള സംരക്ഷണ ഉടമ്പടി നിമിത്തം മഹോപദ്രവത്തിന്റെ ആദ്യ മൂന്നരവർഷ കാലയളവിൽ യിസ്രായേൽ നിർഭയമായിരിക്കേണ്ടതാണ് (ദാനീ. 9:27). ഉപരിയായി മഹോപദ്രവത്തിൽ നിന്നു രാജ്യത്തിലേക്കു മാറുന്ന കാലയളവിലേക്കു ചില യുദ്ധാവശിഷ്ടങ്ങൾ കത്തിച്ചുകളയുക.

ഈ ആക്രമണത്തെ മഹോപദ്രവത്തിനു മുമ്പ് വയ്ക്കുന്നതിനുള്ള ഏറ്റവും വലിയ എതിർപ്പ് അത് ഉദ്പ്രാപണത്തിനുമുമ്പും ആക്രമണമുണ്ടെന്നു സ്ഥാപിക്കുന്നതാണ്. അത് ഉദ്പ്രാപണത്തിന്റെ ആസന്നതയെ ഇല്ലാതാക്കുന്നു ''ഒടുവിൽ'' ''അന്ത്യനാളുകൾ'' (യെഹെ. 38:8,16) യിസ്രായേലിനാണു യോജിക്കുന്നത്, സഭയ്ക്കല്ല.

(2) സഹസ്രാബ്ദത്തിന്റെ ആരംഭം

സഹസ്രാബ്ദത്തിന്റെ തുടക്കത്തിലാകും യുദ്ധ(യെഹെ. 38-39)മെന്നു മറ്റൊരു മാന്യ ഉപദേഷ്ടാവു പറയുന്നു.[41] ഈ രണ്ടാമത്തെ വീക്ഷണത്തിനു കുറഞ്ഞ വ്യാഖ്യാനമേ ഉള്ളൂ. യിസ്രായേലിനു നിർഭയം വസിക്കാവുന്ന ഏറ്റവും നല്ല സമയം സഹസ്രാബ്ദമാണെന്നാണ് പ്രധാനപ്പെട്ട വാദം(യെഹെ. 38:8, 11, 14). എന്നാലും സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ ഭൂമിയിൽ രക്ഷിക്കപ്പെടാത്തവരായി ആരും കാണുകയില്ല. അത് യിസ്രായേലിന്റെ ആക്രമണത്തെ പ്രോത്സാഹിപ്പിക്കും. കർത്താവിന്റെ രണ്ടാം ആഗമനത്തിൽ രക്ഷിക്കപ്പെടാത്ത വരെയെല്ലാം ഭൂമിയിൽനിന്നു നീക്കി വേർതിരിക്കും (മത്തായി 25:31 ff; വെളി, 19:15-18), കുന്തങ്ങളെ വാക്കത്തികളായി അടിക്കുന്നതോടെ യുദ്ധങ്ങൾ നിലയ്ക്കുന്നു(യെശ. 2:1-4; 9:6-7; മീഖാ 4:3). സാത്താൻ ബന്ധനസ്ഥാനാകുന്നു(വെളി. 20:1-3). അത്തരമൊരു സമയത്ത് മത്സരകളായ അവിശ്വാസികൾ ആക്രമിക്കുമെന്നു കരുതാനാവില്ല. മാത്രമല്ല മലിനീകരിക്കപ്പെട്ട അവസ്ഥയിലായിരിക്കും യിസ്രായേൽദേശത്ത് സഹസ്രാബ്ദ വാഴ്ച തുടങ്ങുന്നത്. മൃതദേഹങ്ങൾ നീക്കി ദേശം വെടിപ്പാക്കാൻ 7 മാസങ്ങൾ വേണ്ടി വരും (യെഹെ. 39: 12-16).

(3). സഹസ്രാബ്ദത്തിന്റെ അവസാനം

1000 വർഷത്തെ ക്രിസ്തുവിന്റെ രാജ്യത്തിന്റെ അവസാനം ഗോഗും മാഗോഗും അതിനെതിരായി വിപ്ലവമുണ്ടാക്കുമെന്നു തീർച്ചയാണ്. അവിശ്വാസികളില്ലാത്ത ഒരു ലോകമായാണു സഹസ്രാബ്ദം തുടങ്ങുന്നത്. അപ്പോൾത്തന്നെ അക്കാലയളവിൽ ജനിക്കുന്നവർ

[40] റ്റിം ലഹായ്, *വെളിപ്പാട്*, പേ. 268. മഹോപദ്രവത്തിനുമുമ്പ് പക്ഷേ ഉദ്പ്രാപണത്തിനു മുമ്പായിരിക്കുകയില്ലാ യെന്നാണു ലഹായിയുടെ നിഗമനം. ഉദ്പ്രാപണത്തിനും മഹോപദ്രവത്തിനുമിടയിൽ ഒരു കാലവിടവുണ്ടാകാനിടയുണ്ട്. എന്നാലും, എതിർക്രിസ്തുവിനെ അധികാരത്തിലെത്തിക്കാൻ ഒരു സമയവും സാത്താൻ പാഴാക്കുമെന്നു കരുതാനാവില്ല (സഭയും നടുക്കുന്നവനും നീക്കപ്പെട്ടുകഴിഞ്ഞാൽപ്പിന്നെ).

[41] Arno C. Gaebelein quoted in J. Dwight Pentecost, *Things to Come*, p. 348.

ക്രിസ്തുവിനെ തിരസ്ക്കരിക്കുകയും കുറെക്കാല ത്തേക്ക് അഗാധകൂപത്തിൽനിന്നു സ്വതന്ത്രനാകുന്ന സാത്താന്റെ നിയന്ത്രണത്തിൽപ്പെട്ട് അവർ വിപ്ലവം ആരംഭിക്കുകയും ചെയ്യും. യെഹെ. 38-39 നെക്കാൾ വ്യത്യസ്തമായ ഒരു സാഹചര്യത്തെയാണോ വെളി. 20:7 പരിഗണിക്കുന്ന തെന്ന ചോദ്യമാണ് അവശേഷിക്കു ന്നത്. മേഖല ശരിയാണ് പക്ഷേ സമയം ശരിയല്ല.

> **ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ** തടവിൽ നിന്ന് അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നിവരെ യുദ്ധത്തിനായി വശീകരി ക്കാൻ പുറപ്പെടും. അവർ ഭൂമിയിൽ പരക്കെ ച്ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശ ത്തു നിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ള പ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ് കയിലേക്ക് തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും (വെളി. 20:7-10) (20:1-3 ഉം കൂടി നോക്കുക).

യുദ്ധത്തിൽ മരിച്ചവരെ സംസ്ക്കരിക്കാൻ 7 മാസമെടുക്കും(യെഹെ. 39:12,14). എന്നാലും ആകാശത്ത് നിന്നു തീയിറങ്ങി ദൈവത്തിന്റെ ശത്രുക്കളെ നശിപ്പിക്കും(വെളി. 20:9). ദാനീ. 11:36 ff മാഗോഗിന്റെ യിസ്രായേൽ ആക്രമണമാണെങ്കിൽ, എതിർക്രിസ്തു അതിലൊരു പങ്കാളിയായിരിക്കും. അതിനു വിരുദ്ധമായി വെളി. 20:7- മൃഗത്തെ സ്ഥിരമായി തീപ്പൊയ്കയിൽ ഇട്ടശേഷമുള്ള 1000 വർഷത്തെയാണു കുറിക്കുന്നത് (വെളി. 19:20; 20:10 കാണുക). യെഹെ. 38-39ൽ ക്ലിപ്ത സംഖ്യയുള്ള വടക്കൻ സഖ്യത്തിന്റെ ആക്രമണ മാണുള്ളത്. യിസ്രായേൽ പർവ്വതങ്ങളിലാണ് അവരുടെ നാശം(യെഹെ. 39:4) ''ഭൂമിയുടെ നാലു ദിക്കിലും നിന്നുള്ള ജാതികളുടെ'' ആക്രമണമാണത് (വെളി. 20:8), ''പ്രിയനഗര''ത്തിന്റെ(യെരുശലേം, വെളി, 20:9) പരിധിയിലാണ് പരാജയം നടക്കുക. യെഹെ 38-39നു മുമ്പുള്ള സന്ദർഭം സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ സംബന്ധിച്ചുള്ളതാണ്. അതേ സമയം വെളി. 20:7 പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും തൊട്ടുമുമ്പിലുള്ള സഹസ്രാബ്ദത്തിന്റെ അവസാനത്തെക്കുറിച്ചു മാത്രമാണ്(വെളി. 21). സ്ഥലങ്ങൾ ഒന്നാണെങ്കിലും യെഹെ. 38-39ഉം വെളി. 20:7-ൽ സഹസ്രാബ്ദത്തിൽ ഒടുവിൽ വിവരിച്ചിരിക്കുന്ന യുദ്ധവും തമ്മിൽ വ്യത്യാസമുണ്ട്.

(4) മഹോപദ്രവത്തിൽ; മിക്കവാറും ആദ്യപകുതിയിൽ

മഹോപദ്രവത്തിന്റെ ഒടുവിലാണു മാഗോഗിന്റെ യിസ്രായേൽ ആക്രമണമെന്നു പല പ്രവചനപഠിതാക്കളും പറയുന്നെങ്കിലും, മഹോപദ്രവത്തിന്റെ ആദ്യപകുതി യിൽ/രണ്ടാം പകുതിയുടെ തുടക്കത്തിൽ ത്തന്നെ അത് നടക്കുമെന്നു കരുതുന്നതാണു നല്ലത്.[42]

യിസ്രായേൽ നിർഭയമായിരിക്കുന്ന സമയത്തു യിസ്രായേലിനെ മാഗോഗ് ആക്രമിക്കുമെന്നു മൂന്നു തവണ യെഹെസ്ക്കേൽ പറയുന്നു(യെഹെ. 38:8, 11, 14), മഹോപദ്രവത്തിന്റെ അവസാനപകുതിയിൽ യിസ്രാ യേൽ നിർഭയമായിരിക്കുന്നുവെന്നത് അസാദ്ധ്യമാണ് (ദാനീ. 7:21, 25; സെഖ. 14:2; വെളി. 11:2; 12: 3-6, 13-14, 13:5-7). മഹോപദ്രവത്തിന്റെ മദ്ധ്യത്തിൽ യിസ്രായേലുമാ യുള്ള ഉടമ്പടി എതിർക്രിസ്തു ലംഘിക്കുകയും(ദാനീ. 9:27), അവളെ മൂന്നരവർഷം കഠിനമായി പീഡിപ്പിക്കു കയും ചെയ്യും. മഹോപദ്രവത്തിന്റെ ആദ്യപകുതിയിൽ ഒരുപാടു യുദ്ധങ്ങൾ ഉണ്ടാകുമ്പോൾ രണ്ടാം പകുതി യിൽ യിസ്രായേലിന്റെ പ്രശ്നങ്ങൾ പെരുകും. യിസ്രാ യേൽ നിർഭയമായിരിക്കുന്നത് ആദ്യപകുതിയിലായിരി ക്കുമെന്നു കാണാം.

ആക്രമണത്തെത്തുടർന്നുള്ള ഏഴു മാസത്തെ ശവസം സ്കാരകാലയളവ്(യെഹെ. 39:12,16), മഹോപദ്രവത്തി ന്റെ ഒടുവിലായുള്ള മാഗോഗിന്റെ യിസ്രായേൽ ആക്രമണം വീക്ഷിക്കുന്നതിനും ബുദ്ധിമുട്ടുണ്ടാക്കുന്നു. സഹസ്രാബ്ദത്തിലേക്ക് അശുദ്ധി പരക്കും. രാജ്യത്തി ന്റെ ആദ്യമാസങ്ങളിൽ യിസ്രായേൽ മലിനീകരിക്കപ്പെട്ട നിലയിലായിരിക്കുമെന്നു കരുതാതിരിക്കുകയാണു നല്ലത്. അതുകൊണ്ട് മഹോപദ്രവത്തിന്റെ ഒടുവിലായി രിക്കും മാഗോഗിന്റെ ആക്രമണമെന്നു സ്ഥാപിക്കരുത്.

അവസാന പകുതിയിൽ ലോകത്തെ മുഴുവൻ എതിർ ക്രിസ്തു കാൽക്കീഴിലാക്കും(വെളി. 13:4-8, 12, 14-17). അവനോടു യുദ്ധം ചെയ്യാനോ അവന്റെ അധികാരത്തെ ചോദ്യം ചെയ്യാനോ ആർക്കും കഴിയില്ല. ഇങ്ങനെ ജാതികൾ തമ്മിലുള്ള യുദ്ധങ്ങളിൽ ഭൂരിപക്ഷവും മഹോപദ്രവത്തിന്റെ ആദ്യപകുതിയിലാകും നടക്കുക. (മത്തായി 24:6; വെളി. 6:1-). യെഹെ. 38-39ൽ വിവരിക്കുന്നതുപോലെ ഏതെങ്കിലും കരുത്തുറ്റ ജാതീയ സഖ്യത്തെ വീക്ഷിക്കുന്നതാണു നല്ലത്. മഹോപ ദ്രവത്തിന്റെ രണ്ടാം പകുതിക്കുമുമ്പ് അത് തകർക്ക പ്പെടുന്നു. എതിർക്രിസ്തു(മഹോപദ്രവത്തിന്റെ

---

[42] Hal Lindsey, *The Late Great Planet Earth*, p. 60; Charles Feinberg, editor, *Prophecy in the Seventies*, (Chicago: Moody Press, 1971), p. 232; Merril F. *Ungers Bible Handbook* , (Chicago, Moody Press, 1966). p. 378; Charles Feinberg, *The Prophecy of Ezekiel*, p. 218; Leon Wood, *The Bible and Future Events*, (Grand Rapids: Zondervan Publishing House, 1973), p. 124. മഹോപദ്രവത്തിന്റെ തുടക്കത്തിൽ യുദ്ധം നടക്കുമെന്നു വുഡ് മാത്രമേ പറയുന്നുള്ളൂ.

മദ്ധ്യത്തിൽ)സ്വേച്ഛാധിപതിയാകും. ഇഷ്ടംപോലെ പ്രവർത്തി ക്കുകയും തന്നെത്താൻ ദൈവമായി(ദാനീ. 11:36) കരുതുകയും ചെയ്യുന്ന രാജാവിനെ വടക്കിന്റെയും തെക്കിന്റെയും രാജാക്കന്മാർ ആക്രമിക്കുന്നതു ദാനീ. 11:40 ചിത്രീകരിക്കുന്നു. എന്നാലും അവസാന മൂന്നര വർഷം എതിർക്രിസ്തുവിന് എതിരാളികൾ ഉണ്ടായിരി ക്കുകയില്ല. ആദ്യത്തെ പകുതിയിൽത്തന്നെ റഷ്യയും സഖ്യകക്ഷികളും നശിക്കുമെന്നു കരുതുന്നതാണു ഭംഗി. വാസ്തവത്തിൽ മഹോപദ്രവമദ്ധ്യത്തിലെ റഷ്യയുടെ നാശം, എതിർക്രിസ്തുവിന് എങ്ങനെയാണ് ബാക്കി ലോകത്തെ കീഴ്പ്പെടുത്തുവാൻ കഴിയുന്നതെന്നതിന്റെ നല്ല വിവരണമാണ്. മാത്രമല്ല യിസ്രായേലുമായുള്ള ഉടമ്പടി പൊടുന്നനവെ ലംഘിക്കുന്നതും അതു വിശദമാക്കുന്നു.

ഒടുവിലായി, യെഹെ. 38:23 ഉം 39:21–22 ഉം പഠിപ്പി ക്കുന്നത് മാഗോഗിനെ ദൈവം നശിപ്പിക്കുന്നതു ദൈവം സത്യ ദൈവമാണെന്നു ജാതികൾക്കും യിസ്രായേലി നുമുള്ള ഒരു അടയാളമായിട്ടായിരിക്കുമെന്നാണ്. ഈ അടയാളം അനേകരെ ദൈവത്തിങ്കലേക്കു കൊണ്ടുവര ണമെങ്കിൽ, ഇതു മഹോപദ്രവത്തിന്റെ ഒടുവിലായി ത്തന്നെ സംഭവിക്കണം. ഇതു മൃഗത്തിന്റെ മുദ്ര നിരസി ക്കാനും മാനസാന്തരപ്പെടാനും അല്പസമയം നൽകും. മഹോപദ്രവത്തിൽ അല്പം നേരത്തെ ഈ യുദ്ധം നടക്കുമെന്നു കരുതിയാൽ, മാനസാന്തരങ്ങളായിരിക്കും ഫലമെന്നു വിശദീകരിക്കാം. മഹോപദ്രവത്തിന്റെ അവസാനത്തോടെ എല്ലാവരും ഒന്നുകിൽ ക്രിസ്തു വിനെ, അല്ലെങ്കിൽ മൃഗത്തിന്റെ മുദ്ര സ്വീകരിച്ചിരിക്കും. മഹോപദ്രവത്തിന്റെ ഒടുവിൽ കൂട്ടമാനസാന്തരം ദർശിക്കുന്നത് ബുദ്ധിമുട്ടാണ്.

> "ഇങ്ങനെ ഞാൻ എന്നെത്തന്നെ മഹത്വീകരി ക്കുകയും എന്നെത്തന്നെ വിശുദ്ധീകരിക്കുകയും പല ജാതികളും കാൺകെ എന്നെത്തന്നെ വെളിപ്പെടുത്തുകയും ഞാൻ യഹോവയെന്ന് അവർ അറിയുകയും ചെയ്യും.... ഞാൻ എന്റെ മഹത്വത്തെ ജാതികളുടെ ഇടയിൽ സ്ഥാപിക്കും; ഞാൻ നടത്തിയിരിക്കുന്ന എന്റെ ന്യായവിധിയും ഞാൻ അവരുടെ മേൽ വെച്ച എന്റെ കയ്യും സകല ജാതികളും കാണും. അങ്ങനെ അന്നു മുതൽ മേലാൽ ഞാൻ തങ്ങളുടെ ദൈവമായ യഹോവയെന്നു യിസ്രായേൽഗൃഹം അറിയും" (യെഹെ. 38:23; 39:21–22).

റഷ്യൻ ആക്രമണം ആദ്യപകുതി, ഒരു പക്ഷേ മദ്ധ്യ പകുതിയിൽ ആയിരിക്കുമെന്നു നിരവധി വാക്യങ്ങൾ ചൂണ്ടിക്കാട്ടുന്നു. യിസ്രായേൽ നിർഭയം വസിക്കു ന്നതിന്റെ വിവരണമോ എതിർക്രിസ്തുവിനെ വെല്ലു വിളിക്കത്തക്ക ശക്തിയുള്ള വടക്കൻ സഖ്യത്തിന്റെ സാന്നിദ്ധ്യമോ മഹോപദ്രവത്തിന്റെ അവസാനത്തെ മൂന്നര വർഷക്കാലത്തെ സ്ഥിതിവിശേഷങ്ങളോടു പൊരുത്ത പ്പെടുന്നതല്ല.[43]

4. യുദ്ധത്തിന്റെ ഫലങ്ങൾ

> "യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെ യ്യുന്നു; രോശ്, മേശെക്ക്, തൂബൻ എന്നിവയുടെ പ്രഭുവായ ഗോഗേ, ഞാൻ നിനക്കു വിരോധമായി രിക്കുന്നു. ഞാൻ നിന്നെ വഴി തെറ്റിച്ചു നിന്റെ താടിയെല്ലിൽ ചൂണ്ടൽ കൊളുത്തി നിന്നെയും നിന്റെ സൈന്യത്തെയും കുതിരകളെയും സർവ്വായുധം ധരിച്ച സകല കുതിരപ്പടയാളികളെ യും ഒട്ടൊഴിയാത്ത വാളും പരിചയും പലകയും എടുത്ത ഒരു സമൂഹത്തെയും..... യിസ്രായേൽ ദേശത്തിനു വിരോധമായി ഗോഗ് വരുന്ന അന്നാളിൽ എന്റെ ക്രോധം എന്റെ മുഖത്ത് ഉജ്ജ്വലിക്കുമെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. അന്നാളിൽ നിശ്ചയമായിട്ടു യിസ്രാ യേൽ ദേശത്ത് ഒരു വലിയ ഭൂകമ്പം ഉണ്ടാകുമെ ന്നു ഞാൻ എന്റെ തീക്ഷ്ണതയിലും എന്റെ കോപാഗ്നിയിലും അരുളിച്ചെയ്തിരിക്കുന്നു. അങ്ങനെ സമുദ്രത്തിലെ മത്സ്യവും ആകാശത്തി ലെ പറവയും കാട്ടിലെ മൃഗവും നിലത്തിഴയുന്ന ഇഴജാതികളൊക്കെയും ഭൂതലത്തിലെ സകല മനുഷ്യരും എന്റെ സന്നിധിയിൽ വിറയ്ക്കും; മലകൾ ഇടിഞ്ഞുപോകും കടുത്തൂക്കങ്ങൾ വീണു പോകും; എല്ലാ മതിലും നിലം പരിശാ കും. ഞാൻ എന്റെ സകലപർവ്വതങ്ങളോടും അവന്റെ നേരെ വാളെടുക്കാൻ കല്പിക്കുമെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്; ഓരോരുത്തന്റെ വാൾ അവനവന്റെ സഹോദരനു വിരോധമായിരിക്കും. **ഞാൻ മഹാമാരികൊണ്ടും രക്തം കൊണ്ടും അവനെ ന്യായം വിധിക്കും;** ഞാൻ അവന്റെ മേലും അവന്റെ പടക്കൂട്ടങ്ങളുടെ മേലും അവനോടുകൂടെയുള്ള പല ജാതികളുടെ മേലും **പെരുമഴയും വലിയ ആലിപ്പഴവും തീയും ഗന്ധകവും വർഷിപ്പിക്കും.** ഇങ്ങനെ ഞാൻ എന്നെത്തന്നെ വെളിപ്പെടുത്തുകയും ഞാൻ യഹോവയെന്ന് അറിയുകയും ചെയ്യും.....

[43] യെഹെ. 38:17 ഉം 39:8 ഉം ചൂണ്ടിക്കാട്ടുന്നത് ഈ യുദ്ധത്തെപ്പറ്റി യെഹെസ്കേലിനു മുമ്പുള്ള മറ്റു പ്രവാചന്മാർ മുന്നറിയിച്ചിട്ടുണ്ടെന്നതാണ്. മാഗോഗിന്റെ യിസ്രായേൽ ആക്രമണത്തെ ഹർമ്മഗെദ്ദോൻ യുദ്ധവുമായി തുലനം ചെയ്യാൻ ഇത് അനുകൂലമാണ്. എന്നാലും അന്ത്യകാല യുദ്ധങ്ങളെയും ദുരന്തങ്ങളെയും മറ്റു പ്രവാചകന്മാർ പൊതുവെ മുൻകണ്ടുവെന്നാണ്. മാഗോഗിന്റെ യിസ്രായേൽ ആക്രമണം ഹർമ്മഗെദ്ദോൻ യുദ്ധത്തോടു തുല്യമാണെന്ന അർത്ഥം ഇവ നൽകുന്നില്ല.

> നീയോ മനുഷ്യപുത്രാ, ഗോഗിനെക്കുറിച്ചു പ്രവചിച്ചു പറയേണ്ടത്: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: രോശ്, മേശെക്ക്, തൂബൽ എന്നിവയുടെ പ്രഭുവായ ഗോഗേ ഞാൻ നിനക്കു വിരോധമായിരിക്കുന്നു. ഞാൻ നിന്നെ വഴിതെറ്റിച്ചു നിന്നിൽ ആറിലൊന്നു ശേഷിപ്പിച്ചു നിന്നെ വടക്കെ അറ്റത്തുനിന്നു പുറപ്പെടുവിച്ചു, യിസ്രായേൽ പർവ്വതങ്ങളിൽ വരുത്തും. നിന്റെ ഇടങ്കയ്യിൽനിന്നു ഞാൻ നിന്റെ വില്ലു തെറുപ്പിച്ചു വലങ്കയ്യിൽനിന്നു നിന്റെ അമ്പു വീഴിക്കും. **നീയും നിന്റെ എല്ലാ പടക്കൂട്ടങ്ങളും** നിന്നോടുകൂടെയുള്ള ജാതികളും **യിസ്രായേൽ പർവ്വതങ്ങളിൽ വീഴും; ഞാൻ നിന്നെ കഴുകൻ മുതലായ പറവയ്ക്കൊക്കെയും കാട്ടുമൃഗത്തിനും ഇരയായി കൊടുക്കും.** നീ വെളിമ്പ്രദേശത്തു വീഴും; ഞാനല്ലോ അതു കല്പിച്ചിരിക്കുന്നത് എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. **മാഗോഗിലും** തീരപ്രദേശങ്ങളിലും **ഞാൻ തീ അയയ്ക്കും;** ഞാൻ യഹോവയെന്ന് അവർ അറിയും" (യെഹെ. 38:3-4, 18:39:6).

മാഗോഗും സഖ്യകക്ഷികളുംകൂടെ യിസ്രായേലിനെ ആക്രമിക്കണമെന്നതാണു ദൈവഹിതം (യെഹെ. 38:8, "നീ വന്നു ചേരും" "ഞാൻ നിന്നെ എന്റെ ദേശത്തിന്റെ നേരെ വരുത്തും", വാ. 16). ഒരു പ്രകൃത്യാതീതമായ നാശത്തിനാണ് അവൻ അങ്ങനെ ചെയ്യുന്നത്. ആകാശത്തു നിന്നുള്ള തീ പടക്കൂട്ടത്തെ നശിപ്പിക്കും(യെഹെ. 38:22). മാഗോഗിനോടുള്ള ദൈവത്തിന്റെ വെറുപ്പും മാഗോഗിന്റെ വീഴ്ചയിലുള്ള ദൈവത്തിന്റെ വ്യക്തിപരമായ ഇടപെടലും അറിയിക്കാൻ പ്രവാചകൻ വ്യക്തിപരമായ ഭാഷയാണ് ഉപയോഗിക്കുന്നത്. ''ഞാൻ നിനക്ക് എതിരായിരിക്കുന്നു..... ഞാൻ നിന്നെ വഴി തെറ്റിക്കും..... നിന്റെ വില്ലു ഞാൻ തെറുപ്പിക്കും.... ഞാൻ നിന്നെ കഴുകൻ മുതലായ പറവയ്ക്കൊക്കെയും ഇരയായിക്കൊടുക്കും.... മാഗോഗിന്റെ മേൽ ഞാൻ തീ അയയ്ക്കും" (യെഹെ. 39:1-6). യുദ്ധായുധങ്ങൾ കത്തിച്ചു കളയാൻ 7 വർഷമെടുക്കും(39:8-10), മരിച്ചവരെ കുഴിച്ചിടാൻ 7 മാസമെടുക്കും(39:11-16).

> യിസ്രായേലിന്റെ പട്ടണങ്ങളിൽ വസിക്കുന്നവർ പുറപ്പെട്ടു പരിച, പലക, വില്ല്, അമ്പ്, കുറുവടി, കുന്തം മുതലായ **ആയുധങ്ങളെ** എടുത്തു തീ കത്തിക്കും. അവർ അവയെക്കൊണ്ട് **ഏഴ് സംവത്സരം** തീ കത്തിക്കും. പറമ്പിൽനിന്നു വിറകു പെറുക്കുകയോ കാട്ടിൽനിന്ന് ഒന്നും വെട്ടുകയോ ചെയ്യാതെ ആയുധങ്ങളെത്തന്നെ അവർ കത്തിക്കും; തങ്ങളെ കൊള്ളയിട്ടവരെ അവർ കൊള്ളയിടുകയും തങ്ങളെ കവർച്ച ചെയ്തവരെ കവർച്ച ചെയ്യുകയും ചെയ്യുമെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. അന്നു ഞാൻ ഗോഗിനു യിസ്രായേലിൽ ഒരു ശ്മശാനഭൂമി കൊടുക്കും. കടലിനു കിഴക്കുവശത്തു വഴിപോക്കരുടെ താഴ്വര തന്നെ; വഴിപോക്കർക്ക് അതു വഴി മുടക്കമായിത്തീരും; അവിടെ അവർ ഗോഗിനെയും അവന്റെ സകല പുരുഷാരത്തെയും അടക്കം ചെയ്യും; അവർ അതിനു ഹാമോൻ-ഗോഗ്(ഗോഗ് പുരുഷാര ത്തിന്റെ താഴ്വര) താഴ്വര എന്നു പേരു വിളിക്കും. **യിസ്രായേൽ ഗൃഹം അവരെ അടക്കം ചെയ്തു** തീർത്തു ദേശത്തെ വെടിപ്പാക്കുവാൻ **7 മാസം വേണ്ടിവരും.** ദേശത്തിലെ ജനമെല്ലാംകൂടി അവരെ അടക്കം ചെയ്യും; ഞാൻ എന്നെത്തന്നെ മഹത്വീകരിക്കുന്ന നാളിൽ അത് അവർക്കു കീർത്തിയായിരിക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. ദേശമെല്ലാം വെടിപ്പാക്കേണ്ടതിന് അതിൽ ശേഷിച്ച ശവങ്ങളെ അടക്കുവാൻ ദേശത്തിൽ ചുറ്റിസഞ്ചരിക്കുന്ന നിത്യപ്രവൃത്തിക്കാരെ നിയമിക്കും; ഏഴു മാസം കഴിഞ്ഞശേഷം അവർ പരിശോധന കഴിക്കും. ദേശത്തു ചുറ്റി സഞ്ചരിക്കുമ്പോൾ അവരിൽ ഒരുവൻ ഒരു മനുഷ്യാസ്ഥി കണ്ടാൽ അതിനരികെ ഒരടയാളം വയ്ക്കും; അടക്കം ചെയ്യുന്നവർ അതു ഹാമോൻ-ഗോഗ് താഴ്വരയിൽ കൊണ്ടുപോയി അടക്കം ചെയ്യും. ഒരു നഗരത്തിനു ഹമോനാ (പുരുഷാരം) എന്നു പേരുണ്ടാകും; ഇങ്ങനെ അവർ ദേശത്തെ വെടിപ്പാക്കും"(യെഹെ. 39:9-16).

ദാനീ. 11:36-ൽ യെഹെ. 38-39 ലെ യുദ്ധത്തെത്തന്നെയാണു വിവരിക്കുന്നതെങ്കിൽ; എതിർക്രിസ്തുവിന് അതിലൊരു പങ്കുണ്ട്. യുദ്ധത്തിന്റെ ഫലമായി "മനോഹരദേശത്തെ" കൈവശമാക്കാൻ എതിർക്രിസ്തു വിനു കഴിയുമെങ്കിലും, യിസ്രായേലിൽ എതിർക്രിസ്തു യുദ്ധം ചെയ്യുന്നതായി ദാനീയേൽ പറയുന്നതേയില്ല(ദാനീ. 11:41). ഒരു പക്ഷേ എതിർക്രിസ്തുവിനു യിസ്രായേലിൽ പടയൊരുക്കം നടത്താൻ കഴിയും മുമ്പേ ദൈവം മാഗോഗിനെ നശിപ്പിച്ചതാകാം. മാഗോഗിന്റെ ആഫ്രിക്കൻ സഖ്യത്തിലെ യുദ്ധത്തിൽ എതിർക്രിസ്തുവിനു രണ്ടാംകിട പങ്കേ ഉള്ളൂ, അതല്ലങ്കിൽ ദൈവത്താലുള്ള ഒരു പ്രകൃത്യാതീത നാശത്താൽ അവർ അവസാനിക്കുന്നു.

> ''അവൻ ദേശങ്ങളുടെ നേരെ കൈനീട്ടും, മിസ്രയീം ദേശവും ഒഴിഞ്ഞുപോവുകയില്ല. അവൻ പൊന്നും വെള്ളിയുമായ നിക്ഷേപങ്ങളെയും മിസ്രയീമിലെ മനോഹരവസ്തുക്കളെയും കൈവശമാക്കും; ലൂബ്യരും കൂശ്യരും അവന്റെ ദാസന്മാർ ആയിരിക്കും"(ദാനീ. 11:42-43).

ദൈവം എതിർക്രിസ്തുവിനു(റഷ്യയെ നശിപ്പിക്കുന്നതിനു) പരോക്ഷ പിന്തുണ നൽകുന്ന എന്ന ആശയം കുഴപ്പിക്കുന്നു എങ്കിൽ, ഓർക്കുക ഈ സമയത്ത് എതിർക്രിസ്തു ഉയരുന്നെങ്കിലും പിന്നീട് ദൈവം അവനെ നശിപ്പിക്കും.

മാഗോഗിന്റെ(റഷ്യയുടെ) നാശത്തിൽനിന്ന് എതിർക്രിസ്തുവിനു വളരെ പ്രയോജനമുള്ളതായി ക്കാണുന്നു. വാഗ്ദത്തദേശം കൈയ്യടക്കിയ അവർ യിസ്രായേലുമായുള്ള ഏത് ഉടമ്പടിയും ലംഘിക്കുന്നു. വടക്കൻ ആഫ്രിക്കയിലെ റഷ്യയുടെ സക്ഷ്യകക്ഷികളെ അവൻ പെട്ടെന്നു കൈയ്യടക്കുന്നു. ലോകത്തെ ആക്രമിക്കുന്നതിനുള്ള വെല്ലുവിളികളെല്ലാം റഷ്യയുടെ നാശം ഇല്ലാതാക്കുന്നു. എതിർക്രിസ്തുവിനെ എതിരിടാൻ കഴിവുള്ളവരാരും തന്നെ അവശേഷിക്കുന്നില്ല.

5. ആയുധങ്ങളെക്കുറിച്ച് ഒരു ചോദ്യം

പുരാധനയുദ്ധോപാധികളെക്കുറിച്ചാണു യെഹെസ്കേൽ പ്രവചനത്തിലെ പരാമർശം: കുതിരകൾ(38:15) അമ്പും വില്ലും(39:3) പരിചകൾ, പലകകൾ, ഗദകൾ, കുന്തങ്ങൾ(39:9). സാങ്കേതികവിദ്യ മുന്നേറിയിരിക്കുന്നിടത്ത് അന്ത്യകാലയുദ്ധം ഈ പ്രാചീന ആയുധങ്ങളുമായി എങ്ങനെയാണു നടത്താൻ കഴിയുക? അമ്പും വില്ലും വാളും കുന്തവുമൊക്കെ ഭാവിയിൽ റഷ്യൻ സൈന്യം ഉപയോഗിക്കുമെന്നതു സങ്കല്പിക്കാനാവുന്നില്ല. യെഹെസ്കേലിന്റെ ചിന്തയ്ക്കപ്പുറമായ, അവനു ഗ്രഹിക്കാൻ കഴിയുന്നതിപ്പുറമായ അവയെ അക്കാലത്തെ വാക്കുകൾകൊണ്ട് യെഹെസ്കേൽ പറയുകയാണെന്നാണു ചില വ്യാഖ്യാതാക്കൾ വിശ്വസിക്കുന്നത്. അവ പ്രതീകാത്മകമാണെന്നാണ് അവരുടെ വാദം. മഹോപദ്രവകാലത്തിന്റെ ആദ്യകാലത്ത് അത്തരമൊരു ശൂന്യത ലോകം അനുഭവിക്കുകയും പ്രാചീന യുദ്ധായുധങ്ങളിലേക്കു മടങ്ങിപ്പോകുകയും ചെയ്യുമെന്ന് മറ്റുള്ളവർ വിശ്വസിക്കുന്നു. ക്ഷാമം, ഭൂകമ്പം എന്നിവ കഠിനമാണെങ്കിൽ ലോകവ്യാപകമായ ഫലമുണ്ടാകും. രാഷ്ട്രങ്ങൾക്ക് ലോഹങ്ങൾ ഉല്പാദിപ്പിക്കാനോ എണ്ണ ശേഖരിക്കാനോ കഴിയാത്തത്ര നിലയിലേക്കു വ്യവസായവും ഗതാഗതവും തകരുമായിരിക്കാം. അത്തരം കാര്യങ്ങളെപ്പറ്റി തർക്കിക്കുന്നതു ബാലിശമാകുമ്പോൾത്തന്നെ സന്ദർഭമോ സമാന്തരവേദഭാഗങ്ങളോ പ്രതീകഭാഷയെ അംഗീകരിക്കുന്നില്ലെങ്കിൽ ആക്ഷരികവ്യാഖ്യാനം വേണം അംഗീകരിക്കാൻ. യെഹെസ്കേലിന്റെ പ്രസ്താവനകൾ വളച്ചുകെട്ടല്ലാത്തതാണ്. "നീയും നിന്നോടുകൂടെ പല ജാതികളും ഒട്ടൊഴിയാതെ കുതിര പ്പുറത്തു കയറി .....വരും" (38:15).

6. ഹർമ്മഗെദ്ദോൻ യുദ്ധം

യുദ്ധത്തിനുള്ള ഗ്രീക്കുപദം '*പോലെമോസ്*' എന്നതാണ്. അതൊരു ഒറ്റ സൈനിക ഏറ്റുമുട്ടലിനെ കുറിക്കുന്നതല്ല.[44] സൈനികനടപടികളുടെ ഒരു പരമ്പരയായിരിക്കും 'ഹർമ്മഗെദ്ദോൻ യുദ്ധം'.

a. സ്ഥലം

"ഹർ" എന്ന എബ്രായപദത്തിന്റെയർത്ഥം "മല/കുന്ന്" എന്നാണ്. ഹർ-മെഗിദ്ദോയുടെ അർത്ഥം മെഗിദ്ദോമല എന്നാണ്. വടക്കൻ യിസ്രായേലിലെ തന്ത്രപ്രധാനമായ ഒരു മലയെയാണ് അതു കുറിക്കുന്നത്. എസ്ട്രാലോൻ, ശാരോൻ എന്നീ സമതലത്തിനിടയിൽക്കൂടെയുള്ള വഴിയുടെ കവാടത്തിലാണത്. മദ്ധ്യയിസ്രായേലിലേക്കു കടക്കാനാഗ്രഹിക്കുന്ന സൈന്യങ്ങൾ ഇതുവഴി വന്നേതീരു. അതുപോലെ മദ്ധ്യയിസ്രായേലിനെ പ്രതിരോധിക്കേണ്ടവരും ഇവിടെ നിൽക്കണം.

ഇവിടെ യുദ്ധം ചെയ്യാൻ ഇഷ്ടം പോലെ സ്ഥലമുണ്ട്. ഒരുപാട് വേദപുസ്തകയുദ്ധങ്ങൾ(ദെബോരയും ബാരാക്കും, ന്യായാ. 4-5; യേഹു, 2രാജാ. 9:27; യോശീയാവ്, 2 രാജാ. 23:29-30, 2 ദിന. 35:22), ദൈവവചന പരമല്ലാത്ത യുദ്ധങ്ങൾ(കുരിശുയുദ്ധക്കാർ, നെപ്പോളിയൻ ഒന്നാം ലോകമഹായുദ്ധംപോലും) മെഗിദ്ദോമലയ്ക്കടുത്തു നടന്നിട്ടുണ്ട്. ഗ്രീക്കിലെ ഹർമെഗിദ്ദോ ആണ് ഹർമ്മഗെദ്ദോൻ ആയത്(വെളി. 16:16).

b. ഹർമ്മഗെദ്ദോൻ യുദ്ധത്തെപ്പറ്റിയുള്ള വേദവാക്യങ്ങൾ

ക്രിസ്തുവിന്റെ മടങ്ങിവരവിൽ ശത്രുക്കളെ നശിപ്പിക്കുന്നുവെന്നു ചുരുക്കമായിപ്പറയുന്ന പല വാക്യങ്ങളുണ്ട് (ദാനീ. 2:35, 44; 7:11-14, 21-22; 2തെസ്സ. 2:8). ചില വേദഭാഗങ്ങൾ ദൈവവും ജാതികളും തമ്മിലുള്ള യുദ്ധത്തെ നന്നായി പരാമർശിക്കുന്നുണ്ട്.

> "ഞാൻ യഹൂദയുടെയും യെരുശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും ഞാൻ **സകല ജാതികളെയും കൂട്ടി** യെഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും അന്റെ അവകാശമായ യിസ്രായേൽ നിമിത്തവും **അവരോടു വ്യവഹരിക്കുകയും ചെയ്യും**; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ച് എന്റെ ദേശത്തെ വിഭാഗിച്ചുകളഞ്ഞുവല്ലോ..... ഇതു ജാതികളുടെയിടയിൽ വിളിച്ചു പറയുവിൻ; വിശുദ്ധയുദ്ധത്തിന് ഒരുങ്ങിക്കൊള്ളുവിൻ! വീരന്മാരെ ഉദ്യോഗിപ്പിക്കുവിൻ, സകലയോദ്ധാക്കളും അടുത്തുവന്ന് പുറപ്പെടട്ടെ. നിങ്ങളുടെ കൊഴുക്കളെ വാളുകളായും വാക്കത്തികളെ കുന്തങ്ങളായും അടിപ്പിൻ; ദുർബ്ബലൻ തന്നെത്താൻ വീരനായി മതിക്കട്ടെ. ചുറ്റുമുള്ള സകലജാതികളുമായുള്ളോരേ, ബദ്ധപ്പെട്ടു

[44] Richard C. Trech, Synonyms of the New Testament, p. 322.

വന്നുകൂടുവിൻ; യഹോവേ അവിടേക്കു നിന്റെ വീരന്മാരെ ഇറങ്ങുമാറാക്കേണമേ. ജാതികൾ ഉണർന്നു യെഹോശാഫാത്ത് താഴ്വരയിലേക്കു പുറപ്പെടട്ടെ. **അവിടെ ഞാൻ ചുറ്റുമുള്ള സകല ജാതികളെയും ന്യായം വിധിക്കേണ്ടതിന് ഇരിക്കും. അരിവാൾ ഇടുവിൻ; കൊയ്ത്തിനു വിളഞ്ഞിരിക്കുന്നു; വന്നു ചവിട്ടുവിൻ; ചക്കു നിറഞ്ഞിരിക്കുന്നു;** തൊട്ടികൾ കവിഞ്ഞിരിക്കുന്നു; അവരുടെ ദുഷ്ടത വലുതല്ലോ. **വിധിയുടെ താഴ്വരയിൽ അസംഖ്യം സമൂഹങ്ങളെ കാണുന്നു; വിധിയുടെ താഴ്വരയിൽ യഹോവയുടെ ദിവസം അടുത്തിരിക്കുന്നു.** സൂര്യനും ചന്ദ്രനും ഇരുണ്ടുപോകും; നക്ഷത്രങ്ങൾ പ്രകാശം നൽകുകയുമില്ല. യഹോവ സീയോനിൽനിന്നു ഗർജ്ജിച്ചു, യെരൂശലേമിൽനിന്നു തന്റെ നാദം കേൾപ്പിക്കും; ആകാശവും ഭൂമിയും കുലുങ്ങിപ്പോകും; എന്നാൽ യഹോവ തന്റെ ജനത്തിനു ശരണവും യിസ്രായേൽമക്കൾക്കു ദുർഗ്ഗവുമായിരിക്കും. അങ്ങനെ ഞാൻ എന്റെ വിശുദ്ധപർവ്വതമായ സീയോനിൽ വസിക്കുന്നവനായി നിങ്ങളുടെ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയും. യെരൂശലേം വിശുദ്ധമായിരിക്കും; അന്യജാതിക്കാർ ഇനി അതിൽക്കൂടി കടക്കുകയുമില്ല(യോവേൽ 3:1-2, 9-17) (*ഇത് അന്ത്യകാലയുദ്ധത്തെ പരമാർശിക്കുന്നതാണെന്നുള്ള തെളിവിന്, മുൻപുള്ള സന്ദർഭം നോക്കുക).*

''ഞാൻ യെരുശലേമിനെ ചുറ്റുമുള്ള സകല ജാതികളിൾക്കും ഒരു പരിഭ്രമപാത്രമാക്കും; യെരുശലേമിന്റെ നിരോധനത്തിങ്കൽ അതു യഹൂദയ്ക്കു വരും. അന്നാളിൽ ഞാൻ യെരുശലേമിനെ സകലജാതികൾക്കും ഭാരമുള്ള കല്ലാക്കി വയ്ക്കും; അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേൽക്കും; **ഭൂമിയിലെ സകല ജാതികളും അതിനു വിരോധമായി കൂടിവരും**"(സെഖ. 12:2-3).

"അന്നാളിൽ യഹോവ യെരുശലേം നിവാസികളെ പരിചകൊണ്ടു മറയ്ക്കും; അവരുടെയിടയിൽ ഇടറിനടക്കുന്നവൻ അന്നാളിൽ ദാവീദിനെപ്പോലെ ആയിരിക്കും; ദാവീദ്ഗൃഹം ദൈവത്തെപ്പോലെയും അവരുടെ മുമ്പിലുള്ള യഹോവയുടെ ദൂതനെപ്പോലെയും ആയിരിക്കും. **അന്നാളിൽ ഞാൻ യെരൂശലേമിന്റെ നേരെ വരുന്ന സകല ജാതികളെയും നശിപ്പിക്കാൻ നോക്കും.** ഞാൻ ദാവീദ് ഗൃഹത്തിന്മേലും യെരുശലേം നിവാസികളുടെ മേലും കൃപയുടെ യും യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തീട്ടുള്ളവങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വ്യസനിക്കും. അന്നാളിൽ മെഗിദ്ദോ താഴ്വരയിലുള്ള ഹദദ്-രിമ്മോനിലെ വിലാപംപോലെ യെരൂശലേമിൽ ഒരു മഹാവിലാപം ഉണ്ടാകും (സെഖ. 12:8-11).

ഞാൻ സകല ജാതികളെയും യെരൂശലേമിനോടു യുദ്ധത്തിനായി കൂട്ടിവരുത്തും; നഗരം പിടിക്കപ്പെടുകയും വീടുകളെ കൊള്ളയിടുകയും സ്ത്രീകളെ വഷളാക്കുകയും നഗരത്തിന്റെ പാതി പ്രവാസത്തിലേക്കു പോവുകയും ചെയ്യും; ജനത്തിൽ ശേഷിപ്പുള്ളവരോ നഗരത്തിൽനിന്നു ഛേദിക്കപ്പെടുകയില്ല. **എന്നാൽ യഹോവ പുറപ്പെട്ടു, താൻ യുദ്ധദിവസത്തിൽ പൊരുതുന്നതുപോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ കാൽ യെരൂശലേമിനെതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും;** ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവേ പിളർന്നു പോകും; ഏറ്റവും വലിയോരു താഴ്വര ഉളവായ്വരും; മലയുടെ ഒരു പാതി വടക്കോട്ടും മറ്റേ പാതി തെക്കോട്ടും മാറിപ്പോകും. എന്നാൽ മലകളുടെ താഴ്വര ആസൽ വരെ എത്തുന്നതുകൊണ്ട് നിങ്ങൾ എന്റെ മലകളുടെ താഴ്വരയിലേക്ക് ഓടിപ്പോകും; യെഹൂദാ രാജാവായ ഉസ്സീയാവിന്റെ കാലത്തു നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതുപോലെ നിങ്ങൾ ഓടിപ്പോകും; **എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകലവിശുദ്ധന്മാരും വരും**(സെഖ. 14:2-5).

പിന്നെ ഞാൻ വെളുത്ത ഒരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രനു സദൃശനായ ഒരുത്തൻ തലയിൽ പൊൻകിരീടവും കയ്യിൽ മൂർച്ചയുള്ള അരിവാളുമായി ഇരിക്കുന്നതും കണ്ടു. മറ്റൊരു ദൂതൻ ദൈവാലയത്തിൽ നിന്നു പുറപ്പെട്ടു, മേഘത്തിൽ ഇരിക്കുന്നവനോട്: കൊയ്ത്തിനു സമയം വന്നതുകൊണ്ട് നിന്റെ അരിവാൾ അയച്ചു കൊയ്യുക: ഭൂമിയിലെ വിളവ് വിളഞ്ഞുണങ്ങിയിരിക്കുന്നുവെന്ന് വിളിച്ചുപറഞ്ഞു. മേഘത്തിന്മേൽ ഇരിക്കുന്നവൻ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞു, ഭൂമിയിൽ കൊയ്ത്തു നടന്നു. മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്ന് പുറപ്പെട്ടു; അവർ മൂർച്ചയുള്ളോരു കോങ്കത്തി പിടിച്ചിരുന്നു. തീയുടെ മേൽ അധികാരമുള്ള വേറൊരു ദൂതൻ യാഗപീഠത്തിങ്കൽനിന്നു പുറപ്പെട്ടു. മൂർച്ചയുള്ള കോങ്കത്തി പിടിച്ചിരുന്നവനോട്: ഭൂമിയിലെ മുന്തിരിങ്ങ പഴുത്തിരിക്കയാൽ നിന്റെ മൂർച്ചയുള്ള കോങ്കത്തി അയച്ചു മുന്തിരി

വള്ളിയുടെ കുല അറുക്കുക എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. **ദൂതൻ കോങ്കത്തി ഭൂമിയിലേക്ക് എറിഞ്ഞു, ഭൂമിയിലെ മുന്തിരിക്കുല അറുത്തു, ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ടു. ചക്കു നഗരത്തിന്റെ പുറത്തുവെച്ചു മെതിച്ചു; ചക്കിൽ നിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുന്നൂറു നാഴിക ദൂരത്തോളം ഒഴുകി**(വെളി. 14:14-20).

ആറാമത്തവൻ തന്റെ കലശം യൂഫ്രട്ടീസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കുനിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുങ്ങേണ്ടതിന് അതിലെ വെള്ളം വറ്റിപ്പോയി. മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുനന്നതു ഞാൻ കണ്ടു. ഇവ **സർവ്വ ഭൂതലത്തിന്മേലുമുള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനു കൂട്ടിച്ചേർക്കാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ട് അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നെ..... അവ അവരെ എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തു കൂട്ടിച്ചേർത്തു**(വെളി. 16:12-14,16).

ഒരു ദൂതൻ സൂര്യനിൽ നിൽക്കുന്നത് ഞാൻ കണ്ടു; അവൻ ആകാശമദ്ധ്യേ പറക്കുന്ന **സകല പക്ഷികളോടും: രാജാക്കന്മാരുടെ മാംസവും** സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും **തിന്നാൻ മഹാദൈവത്തിന്റെ അത്താഴത്തിനു വന്നുകൂടുവിൻ എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്വാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നുകൂടിയതു ഞാൻ കണ്ടു.** മൃഗത്തെയും അതിന്റെ മുമ്പാകെ ഞാൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു **മൃഗത്തിന്റെ മുദ്ര ഏല്പിക്കുകയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കുകയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി** ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു. ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന വാൾകൊണ്ടു കൊന്ന് അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തിവന്നു (വെളി. 19:17-21).

C. യുദ്ധഭൂമി [45]

ഹർമ്മഗെദ്ദോനിൽ യുദ്ധങ്ങളുടെ ഒരു പരമ്പര തന്നെ നടക്കുമെന്നാണു തോന്നുന്നത്. തെക്കുവടക്കായി 200 മൈൽ ദൂരത്തിൽ ഈ സ്ഥലം കിടക്കുന്നു.

(1). മെഗിദ്ദോമല

ലോകസൈന്യങ്ങൾ അന്ത്യകാല യുദ്ധത്തിനായി സംഗമിക്കുന്ന ഒരു സ്ഥലമാണ് മെഗിദ്ദോമലയെന്നു വേദപുസ്തകം പഠിപ്പിക്കുന്നു. ക്രിസ്തുവിനെതിരെ യുദ്ധം ചെയ്വാൻ മഹാസർപ്പം, മൃഗം, കള്ളപ്രവാചകൻ എന്ന സാത്താന്യത്രിത്വം "ലോകരാജാക്കന്മാരെ" കൂട്ടിവരുത്തുന്നു(വെളി. 16:13-16). സെഖ. 12:11 ഉം മെഗിദ്ദോ സമതലത്തെ പരാമർശിക്കുന്നുണ്ട്.

(2)യെഹോശാഫാത്ത് താഴ്വര (തീരുമാനത്തിന്റെ താഴ്വര)

യോവേൽ 3:2, 3:12-ൽ, "യെഹോശാഫാത്ത് താഴ്വര"യിൽ ലോകജാതികൾ അന്തിമയുദ്ധത്തിനായി വരുമെന്നു കാണുന്നു. യെഹോശാഫാത്ത് എന്നതിന അർത്ഥം "ദൈവം വിധിക്കുന്നു" എന്നാണ്. ദൈവം ലോകത്തെ വിധിക്കുന്ന സ്ഥലമായ "യെഹോശാഫാത്ത് താഴ്വര" പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത സ്ഥലത്തിനുള്ള പരാമർശമാണെന്നു വായനക്കാർ ഗ്രഹിക്കണമെന്നാണു യോവേലിന്റെ ഉദ്ദേശ്യം. ദൈവത്തിന്റെ ന്യായവിധിക്കാണ് ഊന്നൽ, സ്ഥലത്തിന് അവിടെയെടുക്കുന്ന തീരുമാനങ്ങളെക്കാൾ പ്രാധാന്യം കുറവാണ്.

''യെഹോശാഫാത്ത് താഴ്വര''യുടെ സ്ഥാനം ഭൂമിശാസ്ത്രപരമായി തിരിച്ചറിയാൻ കഴിയില്ലായിരിക്കാം. വിജയത്തിനുശേഷം യെഹൂദാരാജാവായ യെഹോശാഫാത്ത് കൂടിയ താഴ്വരയായ ബെരാഖാ(2 ദിന. 20:26)യാണ് അതെന്നാണ് ഒരാശയം. യെരൂശലേമിനു പുറത്തുള്ള കിദ്രോൻ താഴ്വരയാണതെന്നു മറ്റുള്ളവർ ഊഹിക്കുന്നു. സെഖ. 14:4-ൽ നൽകിയിട്ടുള്ള സ്ഥലത്തിനു യോജിക്കുന്നതാണിത്. ക്രിസ്തുവിന്റെ വരവിന്റെ സമയത്ത് നിർമ്മിക്കപ്പെടുന്ന ഒരു പുതിയ താഴ്വരയെന്നതാണ് അവസാന അഭിപ്രായം. യെരൂശലേമിനുള്ള സമീപമുള്ള സ്ഥലത്തിനാണ് അങ്ങേയറ്റം സാദ്ധ്യതയുള്ളതെങ്കിലും, ''യെഹോശാഫാത്ത് താഴ്വര''യെന്ന് ഇവയൊന്നും തെളിയിക്കാനാവില്ല.

(3). യെരൂശലേം

ദൈവവും ലോകരാഷ്ട്രങ്ങളും തമ്മിലുള്ള അന്ത്യകാല മഹായുദ്ധത്തിന്റെ സ്ഥലമായി യെരുശലേമിനെ സെഖര്യാപ്രവചനം കാണിക്കുന്നു.

---

[45] Dwight Pentecost, *Things to Come*, p. 341; Tim LaHaye, *Revelation*, p. 266ff.

ഞാൻ യെരൂശലേമിനെ ചുറ്റുമുള്ള സകലജാതികൾക്കും ഒരു പരിഭ്രമപാത്രമാക്കും; യെരൂശലേമിന്റെ നിരോധനത്തിൽ അതു യെഹൂദയ്ക്കു വരും..... അന്നാളിൽ യഹോവ യെരൂശലേംനിവാസികളെ പരിചകൊണ്ടു മറയ്ക്കും; അവരുടെയിടയിൽ ഇടറിനടക്കുന്നവൻ അന്നാളിൽ ദാവീദിനെപ്പോലെ ആയിരിക്കും; ദാവീദ്ഗൃഹം ദൈവത്തെപ്പോലെയും അവരുടെ മുമ്പിലുള്ള യഹോവയുടെ ദൂതനെപ്പോലെയും ആയിരിക്കും..... അന്നാളിൽ മോഗിദ്ദോതാഴ്വരയിലുള്ള ഹദദ്-രിമ്മോനിലെ വിലാപം പോലെ യെരൂശലേമിൽ ഒരു മഹാവിലാപം ഉണ്ടാകും (സെഖ. 12:2, 8, 11).

ഞാൻ സകല ജാതികളെയും യെരൂശലേമിനോടു യുദ്ധത്തിനായി കൂട്ടിവരുത്തും; നഗരം പിടിക്കപ്പെടുകയും വീടുകളെ കൊള്ളയിടുകയും സ്ത്രീകളെ വഷളാക്കുകയും നഗരത്തിന്റെ പാതി പ്രവാസത്തിലേക്കു പോവുകയും ചെയ്യും; ജനത്തിൽ ശേഷിപ്പുള്ളവരോ നഗരത്തിൽനിന്നു ഛേദിക്കപ്പെടുകയില്ല(സെഖ. 14:2).

(4) ഏദോം

വെളി 14 ഉം 17 ഉം സാമ്യമുള്ള ഭാഷയാണ്. യെശ. 63 ജാതികളോടുള്ള ദൈവത്തിന്റെ അന്തിമപ്രതികാരമാണു സൂചിപ്പിക്കുന്നതെന്നു തോന്നുന്നു(യെശ. 34-ഉം കാണുക). ഏദോമിൽ സമാപിച്ച ഒരു യുദ്ധത്തിൽനിന്നു മടങ്ങിവരുന്ന ദൈവത്തെയാണു യെശയ്യാവു ചിത്രീകരിക്കുന്നത്.

ഏദോമിൽ നിന്ന്, രക്താംബരം ധരിച്ചുകൊണ്ടു ബൊസ്രയിൽനിന്നു വരുന്നോരിവൻ ആര്? വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആര്? നീതിയെ അരുളിച്ചെയ്യുന്നവനും രക്ഷിക്കാൻ വല്ലഭനുമായ ഞാൻ തന്നേ. നിന്റെ ഉടുപ്പു ചുവന്നിരിക്കുന്നതെന്ത്? നിന്റെ വസ്ത്രം മുന്തിരിച്ചക്കു ചവിട്ടുന്നവന്റേതുപോലെ ഇരിക്കുന്നതെന്ത്? ഞാൻ ഏകനായി മുന്തിരിച്ചക്കു ചവിട്ടി, ജാതികളിൽ ആരും എന്നോടുകൂടെ ഉണ്ടായിരുന്നില്ല; എന്റെ കോപത്തിൽ ഞാനവരെ ചവിട്ടി, എന്റെ ക്രോധത്തിൽ അവരെ മെതിച്ചുകളഞ്ഞു; അവരുടെ രക്തം എന്റെ വസ്ത്രത്തിൽ തെറിച്ചു; എന്റെ ഉടുപ്പൊക്കെയും മലിനമായിരിക്കുന്നു. ഞാൻ ഒരു പ്രതികാര ദിവസം കരുതിയിരിക്കുന്നു; എന്റെ വിമുക്തന്മാരുടെ സംവത്സരം വന്നിരിക്കുന്നു (യെശ. 63:1-4).

(5) സമാപനം

മെഗിദ്ദോമലയ്ക്കടുത്ത് ഏദോം വരെ വടക്കുനിന്ന് 200 മൈൽ തെക്കോട്ട്, യെരൂശലേമിനു ചുറ്റുമുള്ള പ്രധാന കലഹസ്ഥലത്തോടെ ഹർമ്മഗെദ്ദോൻ യുദ്ധക്കളമായി കാണുന്നതിനു നീതീകരണമുണ്ട്. ഇതു വെളി 14:20 നോടു ബന്ധമുള്ളതാണ്, 200 മൈൽ ദൂരം ചിതറിത്തെറിക്കുന്ന രക്തത്തെക്കുറിച്ച് അതു പറയുന്നു. ഭൂമിശാസ്ത്രപരമായ അതിന്റെ ക്രമം അറിയുന്നതു ബുദ്ധിമുട്ടാണ്. എതിർക്രിസ്തുവിന്റെ പട പ്രാഥമികമായി മെഗിദ്ദോയിൽ കൂടിവരുമ്പോൾത്തന്നെ, യെരൂശലേമിനരികെയുള്ള ഒലിവുമലയിലേക്കാണു കർത്താവ് ആദ്യമായി ഇറങ്ങിവരുന്നത്. യെരൂശലേമിനെതിരായി അണിയറയിൽ ആക്രമണം ഒരുങ്ങുന്നതിനാൽ (സെഖ. 14), യെരൂശലേമിലെ ഏറ്റുമുട്ടലിനുമുമ്പ് മറ്റെങ്ങും ക്രിസ്തു യുദ്ധം ചെയ്യുകയില്ലെന്നാണു തോന്നുന്നത്.

ദൂതൻ കോങ്കത്തി ഭൂമിയിലേക്ക് എറിഞ്ഞു, ഭൂമിയിലെ മുന്തിരിക്കുല അറുത്തു, ദൈവക്രോധത്തിന്റെ വലിയ ചക്കിൽ ഇട്ടു. ചക്കു നഗരത്തിനു പുറത്തു വെച്ചു മെതിച്ചു; ചക്കിൽനിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി **ഇരുന്നൂറു നാഴിക ദൂരത്തോളം ഒഴുകി**(വെളി. 14:19-20).

d. ഹർമ്മഗെദ്ദോനിലെ പങ്കാളികൾ

(1) എതിർക്രിസ്തു നയിക്കുന്ന ലോകരാഷ്ട്രങ്ങൾ

കുറച്ചു രാഷ്ട്രങ്ങൾ ഉൾപ്പെടുന്ന, മാഗോഗിന്റെ യിസ്രായേൽ ആക്രമണംപോലെയല്ല, ലോകരാഷ്ട്രങ്ങൾ മുഴുവനും ഹർമ്മഗെദ്ദോനിൽ പങ്കെടുക്കുന്നതായാണു വേദപുസ്തകവിവരണം ചിത്രീകരിക്കുന്നത്.

'' ഞാൻ **സകല** ജാതികളെയും കൂട്ടി.....'' (യോവേൽ 3:2).

"..... ഞാൻ യെരൂശലേമിനെ **സകല** ജാതികൾക്കും ഭാരമുള്ള ഒരു കല്ലാക്കി വയ്ക്കും...." (സെഖ. 12:3).

'' ഞാൻ **സകല** ജാതികളെയും യെരൂശലേമിനോടു യുദ്ധത്തിനായി കൂട്ടിവരുത്തും....." (സെഖ. 14:2).

കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്വാൻ മൃഗവും **ഭൂരാജാക്കന്മാരും** അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നുകൂടിയതു ഞാൻ കണ്ടു (വെളി. 19:19).

(2) യിസ്രായേൽ

ഹർമ്മഗെദ്ദോനിന്റെ ആദ്യഘട്ടങ്ങൾ മനുഷ്യർ തമ്മിലുള്ള യുദ്ധമായിരിക്കാനാണു സാദ്ധ്യത, എതിർക്രിസ്തു സഖ്യങ്ങൾ യിസ്രായേലിനെതിരെ. യിസ്രായേലിലെ നരഹത്യക്കു രാഷ്ട്രങ്ങൾ ഏർപ്പെടുന്നതാണു സെഖ. 14:2ൽ കാണുന്നത്(മത്തായി. 24:22). യിസ്രായേലിന് ആ

കശാപ്പിൽ പിടിച്ചുനിൽക്കാൻ കഴിയില്ല, ദൈവം ഇടപെട്ടില്ലെങ്കിൽ അവർ തുടച്ചു നീക്കപ്പെടും(ദാനീ. 11:45–12:1 ഉം കാണുക).

> **ഞാൻ സകല ജാതികളെയും യെരുശലേമിനോടു** യുദ്ധത്തിനായി കൂട്ടിവരുത്തും; നഗരം പിടിക്കപ്പെടുകയും വീടുകളെ കൊള്ളയിടുകയും സ്ത്രീകളെ വഷളാക്കുകയും നഗരത്തിന്റെ പാതി പ്രവാസത്തിലേക്കു പോവുകയും ചെയ്യും; ജനത്തിന്റെ ശേഷിപ്പുള്ളവരോ നഗരത്തിൽനിന്നു ഛേദിക്കപ്പെടുകയില്ല. **എന്നാൽ യഹോവ പുറപ്പെട്ടു,** താൻ യുദ്ധദിവസത്തിൽ പൊരുതതു പോലെ **ആ ജാതികളോടു പൊരുതും** (സെഖ. 14:2–3).

> **മഹാസർപ്പം സ്ത്രീയോടു കോപിച്ചു;** ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി **അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു** യുദ്ധം ചെയ്യാൻ പുറപ്പെട്ടു (വെളി. 12:17)(വെളി. 12:5 കാണുക, അവിടെ സ്ത്രീ ആൺകുട്ടിയെ (ഭരിക്കുന്നവൻ) പ്രസവിക്കുന്നു. സ്ത്രീ യിസ്രായേലാണെന്നു ഗ്രഹിക്കുന്നതാണു ഭംഗി).

(3) ക്രിസ്തു ദൈവത്തിന്റെ കുഞ്ഞാട്

ഈ സമയത്ത് മനുഷ്യന്റെ വീക്ഷണത്തിൽ സ്ഥിതിഗതികൾ കൂടുതൽ വഷളാകുന്നില്ല, വെള്ളക്കുതിരമേൽ വരുന്ന വിശ്വസ്തനും സത്യവാനുമെന്നു വിളിക്കപ്പെടുന്ന കുഞ്ഞാട്, അവന്റെ ജനത്തെ വിടുവിക്കാനും എതിർപ്പുകളെയെല്ലാം നശിപ്പിക്കാനും വരും(വെളി. 19:11–20).

> "അവർ കുഞ്ഞാടിനോടു പോരാടും; താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ടു കുഞ്ഞാടു തന്നോടു കൂടെയുള്ള വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും"(വെളി. 17:14).

> കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നു കൂടിയതു ഞാൻ കണ്ടു(വെളി. 19:19).

e. സമയം

മഹോപദ്രവത്തിന്റെ ഒടുക്കത്തിൽ നിന്നു രാജ്യത്തിന്റെ തുടക്കത്തിലാകും ഈ അന്ത്യകാലമഹായുദ്ധം നടക്കുക (വെളി. 19–20).

f. പരിണിതഫലം

ദൈവത്തിന്റെ നോട്ടത്തിൽ ഹർമ്മഗെദ്ദോൻ യുദ്ധം യുദ്ധമേയല്ല. അധർമ്മമൂർത്തിയെ ഒറ്റ വാക്കുകൊണ്ടും തന്റെ പ്രത്യക്ഷതയുടെ പ്രഭാവംകൊണ്ടും ക്രിസ്തു കൊല്ലും(2 തെസ്സ. 2:8). എതിർക്രിസ്തുവിന്റെ ലോകസൈന്യം പക്ഷികൾക്ക് ഇരയായിത്തീരും(വെളി. 19:17–21). മൃഗവും കള്ളപ്രവാചകനും തീപ്പൊയ്കയിലേക്ക് എറിയപ്പെടും(വെളി. 19:20). ക്രിസ്തുവിന്റെ ഭൗമികവാഴ്ചക്കാലത്തെ 1000 വർഷത്തേക്കു സാത്താനെ അഗാധകൂപത്തിലേക്കു എറിയും(വെളി. 20:1–3). സാത്താന്റെ നോട്ടത്തിൽ, ഹർമ്മഗെദ്ദോന്റെ ഫലം സമ്പൂർണ്ണനാശമാണ്, ക്രിസ്തുവിന്റെ നോട്ടത്തിൽ സമ്പൂർണ്ണവിജയവുമാണ് (റോമർ 8:37; 1 കൊരി. 15:57).

> അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ **കർത്താവായ യേശു** തന്റെ വായിലെ ശ്വാസത്താൽ **ഒടുക്കി** തന്റെ പ്രത്യക്ഷതയുടെ **പ്രഭാവത്താൽ നശിപ്പിക്കും**(2 തെസ്സ. 2:8).

> അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവനു വിശ്വസ്തനും സത്യവാനും എന്നു പേർ. **അവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു.** അവന്റെ കണ്ണ് അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതപ്പെട്ട ഒരു നാമവും അവനുണ്ട്; അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേരു പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു. **ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയ്ക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു. രാജാധിരാജാവും കർത്താധികർത്താവും** എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു. ഒരു ദൂതൻ സൂര്യനിൽ നിൽക്കുന്നതു ഞാൻ കണ്ടു; അവൻ ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും; രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്നാൻ മഹാദൈവത്തിന്റെ അത്താഴത്തിനു വന്നുകൂടുവിൻ എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ

> സൈന്യങ്ങളും ഒന്നിച്ചുവന്നുകൂടിയതു ഞാൻ കണ്ടു. മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കുകയും അതിന്റെ പ്രതിമയെ നമസ്ക്കരിക്കുകയും ചെയ്ത **കള്ളപ്രവാചകനെയും പിടിച്ചുകെട്ടി** ഇരുവരെയും ഗന്ധകം കത്തുന്ന **തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു. ശേഷിച്ചവരെ** കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന **വാൾകൊണ്ടു കൊന്ന് അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തി വന്നു.** അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ **ചങ്ങലയും കയ്യിൽ** പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ച് ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിക്കാൻ അവനെ അഗാധത്തിൽ തള്ളിയിട്ട് അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്ക് അഴിച്ചുവിടേണ്ടതാകുന്നു(വെളി. 19:11–20:3).

D. മഹോപദ്രവത്തിൽ ദൈവവും വിശുദ്ധന്മാരും

മഹോപദ്രവകാലത്തെ ദൈവപ്രവൃത്തികൾ വിശദമായി വെളിപ്പാടുപുസ്തകത്തിൽ പഠിക്കാനാണു കഴിയുന്നത്. പൊതുവായ പഠനത്തിന് ഒരു സർവ്വേ പര്യാപ്തമാണ്. ലോകത്തിന്മേലുള്ള ന്യായവിധിയും സുവിശേഷീകരണവുമാണ് ഇക്കാലയളവിലെ ദൈവപ്രവൃത്തികളിൽ അടങ്ങിയിരിക്കുന്നത്. നേരിട്ടുള്ള ന്യായവിധിയിൽപ്പോലും ദൈവം കൃപ നൽകുന്നുണ്ട്.

1. മഹോപദ്രവത്തിൽ ദൈവത്തിന്റെ ന്യായവിധി

വെളിപ്പാടുപുസ്തകത്തിലെ "മുദ്രകൾ" "കാഹളങ്ങൾ" "കലശങ്ങൾ" എന്നിവയുടെ ന്യായവിധികൾ ദൈവക്രോധത്തിനു ധാരാളം ദൃഷ്ടാന്തങ്ങൾ നൽകുന്നുണ്ട്. മഹോപദ്രവ കാലത്ത് അവ ലോകത്തിനെതിരായി തുറന്നുവിടുന്നു. വെളിപ്പാട് 6- ലെ നാലു കുതിരക്കാരെ ക്രിസ്തുവിന്റെ ഒലിവുമലപ്രഭാഷ ണത്തിലെ യുദ്ധങ്ങൾ, ക്ഷാമങ്ങൾ, വ്യാധികൾ എന്നിവയുമായി പലരും തുലനം ചെയ്തിട്ടിണ്ട്(മത്തായി. 24, മർ. 13, ലൂക്കോസ് 21). വെളിപ്പാട് 5 ൽ ഏഴു മുദ്രകൾകൊണ്ട് മുദ്രയിടപ്പെട്ട ഒരു ചുരുൾ കാണുന്നു. ഇത് ലോകത്തിനു ഒരു "പ്രവൃത്തിനാമ"ത്തിനു സമാനമായതും ലോകചരിത്രത്തിന്മേലുള്ള നിയന്ത്രണത്തെക്കുറിച്ചു പറയുന്നതുമാണിത്. ഈ മുദ്രകൾ പൊട്ടിക്കാൻ അനുവാദം ലഭിച്ചവനാണു ലോകത്തിൽ നാശം വരുത്തുന്ന സംഭവങ്ങൾ അനുവദിക്കാനും മത്സരിക്കുന്ന ലോകചരിത്രത്തിന് അന്ത്യം വരുത്താനും അധികാരമുള്ളത്. അറുക്കപ്പെട്ട കുഞ്ഞാടിനല്ലാതെ മറ്റാർക്കും മുദ്രകൾ പൊട്ടിക്കാനും ലോകസംഭവങ്ങൾ വെളിപ്പെടുത്താനും അധികാരമില്ല. പിതാവായ ദൈവത്തിൽനിന്നു ചുരുൾ എടുക്കുകയും അതിന്റെ മുദ്രകൾ അവൻ പൊട്ടിക്കുകയും ചെയ്യുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ അവൻ ദുരന്തങ്ങൾ വെളിപ്പെടുത്തുകയും അനുവദിക്കുകയും ചെയ്യുന്നു. ദൈവത്തിനെതിരായി മത്സരിക്കുന്ന ഒരു ലോകവ്യവസ്ഥയ്ക്ക് അന്ത്യം വരുത്താൻ അത് ഉത്സാഹിപ്പിക്കുന്നു. ഒന്നാം മുദ്ര എതിർക്രിസ്തുവിനെ തുറന്നുവിടുന്നു. വെള്ളക്കുതിരപ്പുറത്തു വരുന്ന അവൻ ലോകത്തെ കീഴടക്കാനുള്ള ശ്രമത്തിൽ അനേകരെ കൊല്ലുന്നു. രണ്ടാം മുദ്ര ചുവന്ന കുതിരപ്പുറത്തിരിക്കുന്നവനെ യുദ്ധം വരുത്താൻ അനുവദിക്കുന്നു. മൂന്നാം മുദ്ര മൂന്നാമത്തെ കുതിരക്കാരനെ ക്ഷാമം വരുത്താൻ അനുവദിക്കുന്നു. നാലാമൻ മഞ്ഞ നിറത്തിലുള്ള കുതിരപ്പുറത്താണിരിക്കുന്നത്-(NASB ആസ്ഹിൻ ഗ്രീക്ക് (ക്ലോറോസ് - ക്ലോറോഫില്ലിലെപോലെ) അതു രോഗമായിരിക്കാം, ഒലിവുമല പ്രഭാഷണത്തിലെ ബാധകൾ(ലൂക്കോസ്. 21:11). അഞ്ചാം മുദ്ര വിശ്വാസം നിമിത്തം ഭൂമിയിൽ കൊല്ലപ്പെടുന്ന വിശ്വാസികളെക്കുറിച്ച് പറയുന്നു. ആറാം മുദ്ര ഭൂകമ്പവും ജ്യോതിർഗോളങ്ങളുടെ മാറ്റവുമാണ് (യോവേൽ 2:30–; മത്തായി 24:29). ഏഴാം മുദ്രയിലെ ന്യായവിധിയിൽ ഏഴു കാഹളങ്ങളുടെ ന്യായവിധിയുണ്ട് (വെളി. 6:8–9).

ഒന്നാം കാഹളം കന്മഴ, തീ, രക്തമഴ എന്നിവ ഭൂമിയിൽ വരുത്തുന്നു. രണ്ടാം കാഹളം തീ കത്തുന്ന വന്മല മൂന്നിലൊന്നു സമുദ്രത്തെ നശിപ്പിക്കുന്നതാണ്. മൂന്നാം കാഹളം കത്തിയെരിയുന്ന നക്ഷത്രം (ഉൽക്ക?) മൂന്നിലൊന്ന് ശുദ്ധജലത്തെ മലിനീകരിക്കുന്നതാണ്. നാലാം കാഹളം ഓരോ ദിവസത്തെയും മൂന്നിലൊന്ന് പകലിനെയും ഇരുട്ടാക്കുന്നതാണ്. അഞ്ചാം കാഹളം അഗാധകൂപത്തിൽ നിന്നു ഭൂതജന്തുക്കളുടെ ഒരു പടക്കൂട്ടത്തെ അഴിച്ചുവിടുന്നതാണ്. അവയ്ക്ക് അഞ്ചു മാസം ദണ്ഡിപ്പിക്കാൻ കഴിയും, കൊല്ലാനാവില്ല. ഇതിനെക്കാൾ നല്ലതു മരണമാണെന്നു കരുതി മനുഷ്യൻ മരണം അന്വേഷിക്കും. എന്നിട്ടും, ആറാം കാഹളം 200,000,000 കൂടുതൽ ഭൂതങ്ങളെ അഴിച്ചുവിടുന്നതായാണു കാണുന്നത്. ഇപ്പോൾ അവ കൊല്ലുന്നുണ്ട്.

ഏഴാം കാഹളം വിളിച്ചുപറയുന്നത്, "ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും" (വെളി.11:15) എന്നാണ്. അവസാനം അടുത്തിരിക്കുന്നുവെന്ന് ഈ അന്ത്യകാഹളം വിളിച്ചറിയിക്കുന്നതിനാൽ, ഏഴു കലശങ്ങളുടെ ന്യായവിധികൾ തുടർമാനമായി സംഭവിക്കുന്നുവെന്നു പറയുന്നതാണു നല്ലത്(വെളിപ്പാട് 16). ഒന്നാമത്തെ കലശം(വെളി.16) ഭൂമിയിൽ ഒഴിച്ചപ്പോൾ

അന്തിക്രിസ്തുവിനെ ആരാധിക്കുന്നവരുടെമേൽ വല്ലാത്ത ദുർവ്രണം ഉണ്ടായി. രണ്ടാമത്തെ കലശം മൂലം സമുദ്രം രക്തതുല്യമാകും, അതിലെ ജീവജന്തുക്കൾ നശിച്ചുപോകയും ചെയ്തു. മൂന്നാമത്തെ കലശം ലോകത്തെ കുടിവെള്ളത്തെ മലിനമാക്കി. നാലാമത്തെ കലശം സൂര്യന്റെ താപം വർദ്ധിപ്പിച്ചതിനാൽ മനുഷ്യൻ അത്യുഷ്ണത്താൽ വെന്തുപോയി. അഞ്ചാമത്തെ കലശം ആകമാനലോകത്തെ ഇരുളിൽ ആക്കി. ആറാമത്തെ കലശം മലിനമാക്കപ്പെട്ട യൂഫ്രാത്തേസിനെ വറ്റിച്ചുകളയുകയും ആ മാർഗ്ഗത്തിലൂടെ കിഴക്കുനിന്നുള്ള രാജാക്കന്മാർ ഹർമ്മഗെദ്ദോൻ യുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുകയും ചെയ്തു. അവസാനത്തെ കലശത്താൽ ഭൂകമ്പവും ഇടിമുഴക്കവും ഉണ്ടാകയും ലോകത്തിലെ പ്രധാനനഗരങ്ങൾ തകർക്കപ്പെടുകയും ദ്വീപുകൾ മുങ്ങിപ്പോകയും പർവ്വതങ്ങൾ നീങ്ങിപ്പോകയും ചെയ്തു. കൂടാതെ ഏഴാമത്തെ കലശത്താൽ ഏതാണ്ട് 100 പൗണ്ട് വലിപ്പമുള്ള കല്ലുകൾ കല്മഴയായി പെയ്തിറങ്ങുകയും ചെയ്തു. വെളിപ്പാടുപുസ്തകത്തിലെ കണക്കിൻ പ്രകാരം ലോകജനസംഖ്യയുടെ ഭൂരിഭാഗം മഹോപദ്രവത്തിൽ മരിക്കും.

> വെളിപ്പാട് **ആറിൽ നാലു കുതിരക്കാർക്കു അധികാരം കൊടുക്കയാൽ** അവർ ഭൂമിയിൽ നാലിൽ ഒന്നിനെ വാളുകൊണ്ടും, ക്ഷാമം കൊണ്ടും, മഹാവ്യാധികൊണ്ടും, കാട്ടുമൃഗങ്ങളെ കൊണ്ടും കൊന്നുകളഞ്ഞു(വെളി. 6:8).
>
> ഒന്നാമത്തെവൻ ഊതി; അപ്പോൾ രക്തം കലർന്ന കന്മഴയും തീയും ഭൂമിയിൽ ചൊരിഞ്ഞിട്ട് ഭൂമിയിൽ **മൂന്നിലൊന്നു വെന്തുപോയി**....(വെളി. 8:7).
>
> ഉടനെ മനുഷ്യരിൽ **മൂന്നിലൊന്നിനെ കൊല്ലുവാൻ ഇന്ന ആണ്ട്, മാസം, ദിവസം** നാഴികെക്കു ഒരുങ്ങിയിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചു വിട്ടു. അവരുടെ വായിൽനിന്നു പുറപ്പെട്ട തീയും, പുകയും, ഗന്ധകവും എന്നീ മൂന്നു ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്ന് മരിച്ചുപോയി [46] (വെളി. 9:15, 18).

[46] ഈ മഹാദുരന്തത്തെ രണ്ടു രീതിയിലൂടെ നമുക്ക് വീക്ഷിക്കാം. മൊത്തത്തിലുള്ള സംഖ്യയിൽ നിന്ന് കുറയ്ക്കുക (100%- 25%-33 1/3%-33 1/3%). ഇതിന്റെ അർത്ഥം ലോകജനസംഖ്യയു ടെ 90% ജനങ്ങൾ മൂന്ന് ന്യായവിധികൾ കൊണ്ട് മരിക്കും, ഒരിക്കലും ഒരു യുദ്ധം കൊണ്ടല്ല മരണം ഉണ്ടാകുന്നത്. അടുത്ത വീക്ഷണത്തിൽ ഇപ്രകാരം പറയുന്നു. ആദ്യത്തെ നാശത്തിനു ശേഷം ബാക്കിയുണ്ടായി രുന്ന 75% ജനങ്ങളും നിൽനിൽക്കുകയും 50% ൽ മൂന്നിൽ ഒരു ഭാഗവും ജനങ്ങൾ നശിക്കുകയും ചെയ്യുന്നു. നിലനിൽക്കുന്ന 50% യഥാർത്ഥ ജനസംഖ്യ. അവസാനത്തെ ഭീകരത മൂലം ശേഷിക്കുന്നവരെ 1/3 ആയി കുറക്കാൻ യഥാർത്ഥ ജനസംഖ്യയുടെ 33 1/3% ശേഷിക്കുന്നു. വീണ്ടും ഒരു ഭാഗം വെളിപ്പാട് 6-8 വരെ അദ്ധ്യായങ്ങളിൽ വിവരിക്കുന്ന നാശത്തിന്റെ കണക്ക് തീർച്ചയായും പുരാതനകാലത്തു കുതിരപ്പടയോടുകൂടി നടത്തിയ യുദ്ധരീതികളിലേക്കു മടങ്ങുവാൻ ഇടയാകും എന്നാൽ ഈ ലോകത്തെ പൂർണ്ണനാശത്തിൽ നിന്നു രക്ഷിക്കാൻ യേശുക്രിസ്തുവിന്റെ വരവോടുകൂടി മാത്രമേ സാധിക്കുകയുള്ളൂ. അതിനായി ദൈവം ആ നാളുകളിലും തന്റെ കൃപയുടെ ആഴംകൂട്ടി മനുഷ്യർക്ക് രക്ഷിക്കപ്പെടുവാൻ അവസരം നൽകും.

2. ദൈവികപദ്ധതി അനുസരിച്ച് മഹോപദ്രവകാലത്തിലെ ലോകസുവിശേഷീകരണം

സഭ എടുത്തുകൊള്ളപ്പെടുന്നതോടെ വിശ്വാസികൾ ഈ ഭൂമിയിൽനിന്ന് മാറ്റപ്പെടും. അതോടെ അവിശ്വാസികളുടേതായ ലോകത്തിൽ മഹോപദ്രവും ആരംഭിക്കും. എന്നിരുന്നാലും അന്ധകാരങ്ങളിൽ നിന്നു ആളുകളെ രക്ഷയിലേക്കു വിളിച്ചു വേർതിരിക്കുന്ന ദൈവത്തിന്റെ പ്രവർത്തനം തുടർന്നു കൊണ്ടിരിക്കും. ഭയങ്കരമായ ആ ന്യായവിധിയുടെ നടുവിലും ധാരാളം പേർ ദൈവത്തിന്റെ കൃപയെ സ്വീകരിക്കും.

മഹോപദ്രവവിഷയങ്ങളെ പ്രതിപാദിക്കുന്നിടത്തു "വിശുദ്ധന്മാരെ''ക്കുറിച്ചുള്ള പരാമർശങ്ങളും കാണാം (അടുത്തഭാഗത്ത് പ്രത്യേക റഫറൻസുകൾ കാണാവുന്നതാണ്). ''ദൈവരാജ്യത്തിന്റെ സുവിശേഷം'' ഘോഷിക്കുന്നതിലൂടെ ആയിരിക്കും യേശുക്രിസ്തുവിന്റെ രക്തം മൂലമുള്ള രക്ഷയും അവൻ രാജാവായി വേഗം വരുന്നു എന്ന കാര്യവും അവർ ഗ്രഹിക്കുന്നത്. ഈ സുവിശേഷം ലോകമെങ്ങും തുളച്ചുകയറുന്നതു മഹോപദ്രവകാലത്തായിരിക്കും.

> "രാജ്യത്തിന്റെ ഈ **സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും** പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും" (മത്താ. 24:14).
>
> ''എന്നാൽ **സുവിശേഷം മുമ്പേ സകലജാതികളോടും പ്രസംഗിക്കേണ്ടതാകുന്നു**'' (മർക്കോ. 13:10).

മഹോപദ്രവകാലത്ത് ദൈവം തന്റെ രണ്ടു പ്രത്യേക സാക്ഷികളെ ഭൂമിയിലേക്ക് അയയ്ക്കും(മിക്കവാറും മഹോപദ്രവത്തിന്റെ ആദ്യപകുതിയിലാരിക്കും). ഈ സാക്ഷികളെക്കുറിച്ച് വ്യക്തമായി ഒന്നും വെളിപ്പാടു 11ൽ പറയുന്നില്ലെങ്കിലും, അവരുടെ പ്രവൃത്തികൾ

നൽകുവാൻ ഇതിൽ മൂന്നു ന്യായവിധികൾ ഉൾപ്പെട്ടിരിക്കുന്നു. തുടർന്നുള്ള ന്യായവിധിയിലൂടെ കോടിക്കണക്കിന് ജനങ്ങൾ മരിക്കുകയും വലിയൊരു യുദ്ധം ഉണ്ടാകുകയും ന്യാവിധി നടപ്പാക്കുകയും ചെയ്യുന്നു. ഇപ്രകാരം ലോകജനസംഖ്യയിൽ വലിയൊരു സംഖ്യ ജനം മരിക്കുന്നു.

മോശെയുടെയും ഏലിയാവിന്റെയും പ്രവൃത്തികൾക്കു തുല്യമായിരിക്കും. അവർ മഴ പെയ്യിക്കാതിരിക്കുകയും ആകാശത്തുനിന്നു തീ തുപ്പുകയും ചെയ്യും(1 രാജാ. 17 –18; 2 രാജാ. 1; യാക്കോ. 5:17). അവർ വെള്ളം രക്തമാക്കുകയും ബാധകൾ വരുത്തുകയും ചെയ്യും(പുറ. 7–11). ഇതു കൂടാതെ അനേകവേദഭാഗങ്ങൾ ക്രിസ്തുവിന്റെ ശക്തിയോടെയുള്ള വരവിനു മുമ്പായി ഏലീയാവു ഭൂമിയിലേക്ക് വരുമെന്നു ചൂണ്ടിക്കാട്ടുന്നുണ്ട്(മലാ. 4:5; മത്താ. 17:10–11).

ദൈവികപദ്ധതിയെ പരിത്യജിക്കുന്ന ലോകത്തിന്മേൽ ഈ പ്രവാചകന്മാരുടെ പ്രവർത്തനഫലമായി വലിയ ശിക്ഷാവിധി ഉണ്ടാകുമെന്നത് സംശയമില്ലെന്ന കാര്യമാണ്. എന്നിട്ടും പലരും ക്രിസ്തുവിൽ വിശ്വസിക്കും. മറ്റൊരുപ്രത്യേകത ഈ മഹോപദ്രവകാലത്തു ഒരു "ദൂതൻ" ആകാശത്തുകൂടി സുവിശേഷം വിളംബരം ചെയ്യുവാൻ ദൈവം അനുവദിക്കുന്നുണ്ടെന്നതാണ് (വെളി. 14:6).

വെളിപ്പാട് 7:3–8 ഭാഗത്തു മഹോപദ്രവകാലത്തു 144,000 യഹൂദവിശ്വാസികളെ മുദ്രയിടുന്നതായി വായിക്കുന്നു. മഹോപദ്രവത്തിലെ അപകടങ്ങളിൽ നിന്നു അവർക്കു സംരക്ഷണം ലഭിക്കുന്നതായിരിക്കും (യെഹെ. 9:4–6). എന്നാൽ ഇവർ സുവിശേഷപ്രചരണത്തിൽ ഏർപ്പെടുന്നതായി ഈ പാഠഭാഗം വ്യക്തമാക്കുന്നില്ല. എന്നിരുന്നാലും, ഈ പ്രത്യേക സാഹചര്യത്തിൽ ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ സുവിശേഷം ഭൂലോകമെങ്ങും എത്തിക്കുന്നതിലേക്കു 144,000 'സമർപ്പിത ദാസന്മാരുടെ' സാക്ഷ്യപ്രവർത്തനം പ്രയോജകീഭവിച്ചു എന്ന് വിശ്വസിക്കാവുന്നതാണ്. മഹോപദ്രവകാലത്ത് ഒരു വലിയ ആത്മീയ ഉണർവ്വ് ഉണ്ടായി എന്നോ, മഹോപദ്രവം ഒരു അനുഗ്രഹമായിരുന്നെന്നോ ചിന്തിക്കുക പ്രയാസമാണെങ്കിലും എതിക്രിസ്തുവിനോടു ചേർന്നുനില്ക്കാനുള്ള സമ്മർദ്ദങ്ങളെ അവഗണിച്ച് അനേകർ രക്ഷിക്കപ്പെടുന്നുവെന്നതു സത്യമാണ്.

> "ഇതിന്റെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിൽനിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ള നിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നില്ക്കുന്നത് ഞാൻ കണ്ടു. രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് അവർ അത്യുച്ചത്തിൽ ആർത്തു കൊണ്ടിരുന്നു"..... അവൻ എന്നോടു പറഞ്ഞത്: ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ, കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു" (വെളി. 7:9,10,14).

3. മഹോപദ്രവകാലത്തിലെ വിശുദ്ധന്മാർ

മഹോപദ്രവകാലവിശുദ്ധന്മാരുടെ അനുഭവങ്ങൾ രണ്ടു വിപരീത വാക്കുകളിൽ ചുരുക്കാവുന്നതാണ്. "പീഡനം" ''പരിപാലനം'' എന്നിവയാണ്. മഹോപദ്രവകാല പീഡനങ്ങളെക്കുറിച്ചുള്ള പഠനം അന്തിക്രിസ്തു എന്ന പാഠത്തിൽ വിശദീകരിച്ചിട്ടുണ്ട്. ധാരാളം ഉദാഹരണങ്ങൾ ഇവിടെ ലഭ്യമാണ്. (യിരെ. 30:7; ദാനി. 12:1; സെഖ. 13:8–9; മത്താ. 24:16 ff; വെളി. 11:2; 7–8; 12:1–2; 13:10; 14:13 കാണുക).

> "വയോധികനായവൻ വന്നു അത്യുന്നതനായവന്റെ **വിശുദ്ധന്മാർക്കു ന്യായാധിപത്യം നൽകുകയും** വിശുദ്ധന്മാർ രാജത്വം കൈവശമാക്കുന്ന കാലം വരികയും ചെയ്യുവോളം ആ കൊമ്പ് വിശുദ്ധന്മാരോട് യുദ്ധം ചെയ്തു അവരെ ജയിക്കുന്നതു ഞാൻ കണ്ടു"..... "അവൻ അത്യുന്നതനു വിരോധമായി വമ്പു പറകയും അത്യുന്നതനായവന്റെ **വിശുദ്ധന്മാരെ ഒടുക്കിക്കളകയും** സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കുകയും ചെയ്യും. കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കൈയിൽ ഏല്പിക്കപ്പെട്ടിരിക്കും" (ദാനീ. 7:21,22; 25).
>
> "**വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ ജയിക്കാനും** അതിന്ന് അധികാരം ലഭിച്ചു; സകല ഗോത്രത്തിന്മേലും വംശത്തിന്മേലും, ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു".... മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയ്ക്കു ആത്മാവിനെ കൊടുക്കാൻ അതിന്നു ബലം ലഭിച്ചു. അത് ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്രകിട്ടുമാറും **മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്വാൻ സഹിക്കാതെയും ആക്കുന്നു**" (വെളി. 13:7, 15–17).

മഹോപദ്രവകാലത്ത് അനേകം വിശ്വാസികൾ രക്തസാക്ഷിത്വം വഹിക്കും. മുമ്പേ പ്രസ്താവിച്ച "മുദ്രയിടീൽ" എല്ലാ വിശ്വാസികൾക്കും ബാധകമല്ല. ദൈവം എല്ലാവരെയും മരണത്തിൽനിന്ന് രക്ഷിക്കുന്നില്ല (വെളി. 13:10 കാണുക). എന്നാൽ അവരുടെ മരണം എതിർക്രിസ്തുവിനെയും അവന്റെ അനുയായികളുടെയും മേൽ വലിയ ന്യായവിധി കൊണ്ടുവരും.

> "അവൻ അഞ്ചാംമുദ്ര പൊട്ടിച്ചപ്പോൾ ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ **സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ**

ഞാൻ യാഗപീഠത്തിൻകീഴിൽ കണ്ടു. വിശുദ്ധനും സത്യവാനും ആയ നാഥാ, ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താനിരിക്കും എന്ന് അവർ ഉറക്കെ നിലവിളിച്ചു. അപ്പോൾ അവരിൽ ഓരോരുത്തനും വെള്ള നിലയങ്കി കൊടുത്തു; അവരെപ്പോലെ കൊല്ലപ്പെടാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നുതികയുവോളം അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി" (വെളി. 6:9-11).

"അനന്തരം ഞാൻ സ്വർഗ്ഗത്തിൽ വലിയൊരു പുരുഷാരത്തിന്റെ മഹാഘോഷം പോലെ കേട്ടതു ഹല്ലേലൂയ്യാ: രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിനുള്ളതു വേശ്യാവൃത്തികൊണ്ടു ഭൂമിയെ വഷളാക്കിയ മഹാവേശ്യക്കു അവൻ ശിക്ഷ വിധിച്ചു. തന്റെ ദാസന്മാരുടെ രക്തം അവളുടെ കൈയ്യിൽനിന്നു ചോദിച്ചു പ്രതികാരം ചെയ്തുകൊണ്ട് അവന്റെ ന്യായവിധികൾ സത്യവും നീതിയുള്ളവ" (വെളി. 19:1,2).

മഹോപദ്രവകാലത്തെ സകല വിശുദ്ധന്മാർക്കും ദൈവികസംരക്ഷണം ലഭ്യമായില്ലെങ്കിലും, തീർച്ചയായും അവന്റെ പദ്ധതിപ്രകാരം കുറച്ചു പേർക്കു മരണത്തിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതാണ്. ഇതു 144,000 യഹൂദവിശ്വാസികളെ മുദ്രയിടുന്നതിനായുള്ള പദ്ധതിയുടെ ഭാഗമാണ്(വെളി. 7:3-8; യെഹെ. 9:4-6). വെളിപ്പാടു 12 ൽ "സ്ത്രീക്കു" കൊടുക്കുന്ന ഭാഗം നമ്മെ പഠിപ്പിക്കുന്നതു മഹാപീഡനത്തിന്റെ കാലത്തു ഭൂമിയിലുള്ള വിശ്വാസികളായ കുറച്ചു യിസ്രായേൽ ജനങ്ങൾക്കു സംരക്ഷണം നൽകുന്നതിനെയാണ്.

"അവൾ സകല ജാതികളെയും ഇരുമ്പുകോൽകൊണ്ട് മേയ്ക്കൊനുള്ളൊരു ആൺകുട്ടിയെ പ്രസവിച്ചു: കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്നു എടുക്കപ്പെട്ടു. **സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി. അവിടെ അവളെ ആയിരത്തിരു നൂറ്ററുപതു ദിവസം പോറ്റേണ്ടതിന് ദൈവം** ഒരുക്കിയോരു സ്ഥലം അവൾക്കുണ്ട്"..... തന്നെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു എന്ന മഹാസർപ്പം കണ്ടിട്ടു ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങി. അപ്പോൾ സ്ത്രീക്കു മരുഭൂമിയിൽ തന്റെ സ്ഥലത്തേക്ക് പറന്നു പോകേണ്ടതിന് വലിയ കഴുകന്റെ രണ്ട് ചിറകുകൾ ലഭിച്ചു; അവിടെ അവളെ സർപ്പത്തോടു അകലെ ഒരു കാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു. സർപ്പം സ്ത്രീയെ ഒഴുക്കിക്കളയേണ്ടതിന് അവളുടെ പിന്നാലെ തന്റെ വായിൽനിന്ന് നദിപോലെ വെള്ളം ചാടിച്ചു. എന്നാൽ **ഭൂമി സ്ത്രീക്കു തുണനിന്നു** മഹാസർപ്പം വായിൽ നിന്നുചാടിച്ച നദിയെ ഭൂമി വായ്തുറന്നു വിഴുങ്ങിക്കളഞ്ഞു. മഹാസർപ്പം സ്ത്രീയോട് കോപിച്ചു, ദൈവ കല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്വാൻ പുറപ്പെട്ടു; അവൻ കടപ്പുറത്തെ മണലിന്മേൽ നിന്നു" (വെളി. 12:5-6; 13-17).

മഹോപദ്രവത്തിലെ വിശുദ്ധന്മാരെ സംരക്ഷിക്കുന്ന ദൈവത്തിന്റെ പദ്ധതിയോടുകൂടെ നമ്മുടെ ചിന്തയെ ദൈവികഇടപെടലിന്റെ മറ്റൊരു പദ്ധതിയായ കർത്താവിന്റെ രണ്ടാം വരവിൽക്കൂടെയുള്ള സംരക്ഷണത്തിലേക്കു തിരിക്കേണ്ടതാണ്; എന്തെന്നാൽ ഇതിൽക്കൂടെയാണ് പൂർണ്ണനാശത്തിൽനിന്ന് അവർ മുക്തരാകുന്നത്.

"**ഞാൻ സകല ജാതികളെയും യുദ്ധത്തിനായി കൂട്ടിവരുത്തും**; നഗരം പിടിക്കപ്പെടുകയും വീടുകളെ കൊള്ളയിടുകയും സ്ത്രീകളെ വഷളാക്കുകയും നഗരത്തിന്റെ പാതി പ്രവാസത്തിലേക്ക് പോകുകയും ചെയ്യും; ജനത്തിൽ ശേഷിപ്പുള്ളവരോ നഗരത്തിൽനിന്ന് ഛേദിക്കപ്പെടുകയില്ല. എന്നാൽ യഹോവ പുറപ്പെട്ടു, താൻ യുദ്ധ ദിവസത്തിൽ പൊരുതതുപോലെ ആ ജാതികളോടും പൊരുതും. അന്നാളിൽ അവന്റെ കാൽ യെരൂശലേമിനെതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും; ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവേ പിളർന്നുപോകും; ഏറ്റവും വലിയൊരു താഴ്വര ഉളവായ് വരും ; മലയുടെ ഒരു പാതി വടക്കോട്ടും മറ്റേ പാതി തെക്കോട്ടും മാറിപ്പോകും. എന്നാൽ മലകളുടെ താഴ്വര ആസൽ വരെ എത്തുന്നതുകൊണ്ട് നിങ്ങൾ എന്റെ മലയുടെ താഴ്വരയിലേക്ക് ഓടിപ്പോകും; യെഹൂദാരാജാവായ ഉസ്സീയാവിന്റെ കാലത്തു നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതു പോലെ നിങ്ങൾ ഓടിപ്പോകും. എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകല വിശുദ്ധന്മാരും വരും. അന്നാളിൽ വെളിച്ചം ഉണ്ടാകയില്ല; ജ്യോതിർഗോളങ്ങൾ മറഞ്ഞുപോകും" (സെഖ. 14:2-6).

"ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും" (മത്തായി. 24:22).

XII. മഹോപദ്രവത്തിൽനിന്ന് രാജ്യത്തിലേക്കുള്ള മാറ്റം

മഹോപദ്രവം അവസാനിച്ചു സഹസ്രാബ്ദരാജ്യം ആരംഭിക്കുന്നതോടെയാണ് ഭാവിയെ സംബന്ധിച്ചുള്ള പല സംഭവങ്ങളും നിവൃത്തിയാകുന്നത്. പുനരാഗമനത്തിന്റെ ഫലം അർമ്മഗദ്ദോൻ യുദ്ധത്തിലാണു

കാണുക. ഈ സമയത്താണ് എതിർക്രിസ്തുവിനെ നശിപ്പിക്കുന്നതും സാത്താനെ ആയിരം വർഷത്തേക്കു ബന്ധിക്കുന്നതും, കൂടാതെ പഴയനിയമ വിശുദ്ധന്മാരുടെയും മഹോപദ്രവത്തിലെ രക്തസാക്ഷികളുടെ ഉയിർത്തെഴുന്നേല്പും നടക്കുന്നത്. തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നപ്രകാരം രണ്ട് ന്യായവിധികളുണ്ട്. ഇതിൽ വിശ്വാസികൾ അവിശ്വാസികളിൽ നിന്നു മാറ്റപ്പെടും. യിസ്രായേലിന്റെ ന്യായവിധിയും ജാതിക ളുടെ ന്യായവിധികളുമായി സകല രക്ഷിക്കപ്പെടാത്ത വരും ലോകത്തിൽ നീക്കപ്പെടുകയും, മഹോപദ്രവത്തിൽ നിന്ന് രക്ഷിക്കപ്പെട്ട സകല വിശുദ്ധന്മാരുടെയും രാജ്യത്തിലേക്കുള്ള പ്രവേശനം ആരംഭിക്കുകയും ചെയ്യും.

A. പുനരാഗമനം, അഥവാ ക്രിസ്തുവിന്റെ വെളിപ്പെടൽ

ഭാവിസംബന്ധമായ വളരെ വിവരങ്ങൾ കൂട്ടായ്മയിൽ ഭിന്നിപ്പുണ്ടാക്കത്തക്കവിധം പ്രാധാന്യം അർഹിക്കുന്നില്ല. എന്നിരുന്നാലും, ക്രിസ്തുവിന്റെ രണ്ടാംവരവു യഥാസ്ഥിതിക ക്രിസ്ത്യാനികളുടെ അടിസ്ഥാനത്തിന് യോജിക്കുന്നതാണ്. ആർക്കും തള്ളിക്കളയുവാൻ കഴിയാത്തവിധം അത്രയ്ക്കു തെളിവായ തിരുവെഴുത്തിന്റെ അടിസ്ഥാനോപദേശമാണ്. അവിശ്വാസത്തിന്റെയും ദുരുപദേശത്തിന്റെയും ശബ്ദം ഇല്ലാതാക്കുന്നു. താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ ഇതിനോടു ചേർത്തു കാണുക: ഇയ്യോ. 19:25; സെഖ. 12:10; 14:4; മത്തായി. 16:27; 24:42-44; മർക്കോ. 13:26-27; 1 തെസ്സ. 3:13; 2 തെസ്സ. 2:8; 2പത്രോ. 3:8-10; യൂദ. 14,15; വെളി. 19:11-21.

> ''രാത്രിദർശനങ്ങളിൽ **മനുഷ്യപുത്രനോടു** സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതുകണ്ടു; അവൻ വയോധികന്റെ അടുക്കൽചെന്നു; അവൻ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി. സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിനു അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചു പോകാത്തതും ആകുന്നു" (ദാനീ. 7:13,14).
>
> ''അപ്പോൾ **മനുഷ്യപുത്രന്റെ അടയാളം** ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടുംകൂടെ അയക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതിവരെയും നാലു ദിക്കിൽനിന്നു കൂട്ടിച്ചേർക്കും." (മത്താ. 24:30-31).
>
> "**മനുഷ്യപുത്രൻ തന്റെ തേജസ്സോടെ** സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും" (മത്താ. 25:31).
>
> "ഗലീലാപുരുഷന്മാരേ നിങ്ങൾ ആകാശത്തിലേക്കു നോക്കിനില്ക്കുന്നതു എന്തു? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ **യേശുവിനെ** സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു" (അപ്പോ. പ്രവൃ. 1:11).
>
> "**കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി** ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും" (2തെസ്സ. 1:7-8).
>
> **ഇതാ ഞാൻ മേഘാരൂഢനായി വരുന്നു**; ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെ ചൊല്ലി വിലപിക്കും. ഉവ്വ്, ആമേൻ (വെളി. 1:7).

1. ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ സമയം

മഹാപീഡനകാലം വെട്ടിച്ചുരുക്കുവാനായിട്ട് ദൈവം വരുന്നു എന്നു പഴയനിയമം വ്യക്തമായിട്ട് പഠിപ്പിക്കുന്നു. ചെറിയ കൊമ്പാകുന്ന എതിർക്രിസ്തുവിന്റെ രാജ്യത്തെ മനുഷ്യപുത്രൻ വന്ന് നശിപ്പിക്കും എന്ന് ദാനിയേലിന്റെ പുസ്തകത്തിലെ 7, 8 അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. മനുഷ്യപുത്രൻ ഈ ലോകത്ത് നിത്യമായ തന്റെ രാജ്യം സ്ഥാപിക്കും. യെരുശലേമിനെ രക്ഷിപ്പാനായി യഹോവ പുറപ്പെട്ടു, താൻ യുദ്ധദിവസത്തിൽ പൊരുതതുപോലെ ആ ജാതികളോടു പൊരുതും എന്നു സെഖര്യാവ് 14: 3-ൽ പറയുന്നു. അപ്പോൾ യിസ്രായേൽ "തങ്ങൾ കുത്തീട്ടുള്ള **വങ്ക**ലേക്കു അവർ നോക്കും" (സെഖ. 12:2-3, 10).

മശിഹാ രണ്ട് പ്രാവശ്യം വരുമെന്ന് പുതിയനിയമം വ്യക്തമായി പഠിപ്പിക്കുന്നു. അവന്റെ രണ്ടാം വരവോടെ മഹാപീഡനകാലം അവസാനിക്കും (മത്താ. 24:21, 29-31; മർക്കോ. 13:24-27; ലൂക്കോ. 21:25-28; വെളി. 19:11-21). ക്രിസ്തുവിന്റെ വരവോടെ മഹാപീഡനകാലം അവസാനിക്കുമെന്നത് എല്ലാ വേദചിന്തകന്മാരും ഒരുപോലെ സമ്മതിക്കുന്ന വസ്തുതയാണ്.

> "ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും..... **ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ** സൂര്യൻ

ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും; **അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും;** അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടും കൂടെ അയയ്ക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതി വരെയും നാലുദിക്കിൽ നിന്നും കൂട്ടിച്ചേർക്കും (മത്താ. 24:21; 29–31).

2. വരുന്ന സ്ഥലം

യെരുശലേമിനു സമീപത്തുള്ള ഒലിവു മലയിൽ ക്രിസ്തു വീണ്ടും വരും.

അന്നാളിൽ **അവന്റെ കാൽ** യെരൂശലേമിനെതിരെ കിഴക്കുള്ള **ഒലിവു മലയിൽ നില്ക്കും;** ഒലിവുമല കിഴക്കു പടിഞ്ഞാറായി നടുവെ പിളർന്നുപോകും; ഏറ്റവും വലിയൊരു താഴ്വര ഉളവായ്വരും; മലയുടെ ഒരുപാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും (സെഖ. 14:4).

രണ്ടു പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു: ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കിനില്ക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു. അവർ യെരൂശലേമിനു സമീപത്തു ഒരു ശബ്ബത്തുദിവസത്തെ വഴിദൂരമുള്ള **ഒലിവുമലവിട്ടു** യെരൂശലേമിലേക്കു മടങ്ങിപ്പോന്നു (അപ്പോ. 1:11, 12).

3. ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ പങ്കാളികൾ

a. വിശുദ്ധ ദൂതന്മാർ (മത്താ. 13:41–42; 24:30–31; 25:31; 2 തെസ്സ. 1:7; വെളി. 14:14 ഹർമ്മഗെദ്ദോൻ).

"അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും തേജസ്സോടുംകൂടെ മേഘങ്ങളിൽ വരുന്നതു അവർ കാണും. അന്നു അവൻ തന്റെ **ദൂതന്മാരെ** അയച്ചു, തന്റെ വൃതന്മാരെ ഭൂമിയുടെ അറുതിമുതൽ ആകാശത്തിന്റെ അറുതിവരെയും നാലുദിക്കിൽ നിന്നു കൂട്ടിച്ചേർക്കും" (മർക്കോ. 13: 26–27).

b. വിശുദ്ധന്മാർ (1 തെസ്സ. 3: 13 ന്റെ വിശദീകരണം നോക്കുക)

ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ച് "ഇതാ കർത്താവു എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകലനിഷ്ഠുരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം **വിശുദ്ധന്മാരോടു കൂടെ** വന്നിരിക്കുന്നു" എന്നു പ്രവചിച്ചു (യൂദാ. 14–15).

ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ (1 തെസ്സ. 3:13).

ഒരു പക്ഷേ സ്വർഗ്ഗത്തിലെ സൈന്യം (വെളി. 19:14) എന്ന് പറഞ്ഞിരിക്കുന്നത് തിരഞ്ഞെടുക്കപ്പെട്ട ദൂതന്മാരും തേജസ്സ്ക്കരിക്കപ്പെട്ട വിശുദ്ധന്മാരും കൂടെ ചേർന്നതാകാം (സെഖ. 14:5 കൂടെ നോക്കുക). ക്രിസ്തുവിന്റെ രണ്ടാം വരവിൽ എണ്ണമറ്റ വിശുദ്ധന്മാരെയും വർണ്ണനാതീതമായ ശക്തിയും തേജസ്സും കാണുവാൻ സാധിക്കും.

സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തുകയറി അവനെ അനുഗമിച്ചു (വെളി. 19:14).

4. ക്രിസ്തുവിന്റെ രണ്ടാം വരവിനോടനുബന്ധിച്ച സംഭവങ്ങൾ

a. യെരൂശലേമിന്റെ നാശം

ഈ ലോകസൈന്യം യരൂശലേമിനോടു യുദ്ധം ചെയ്യുവാൻ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്ത് കൂടിച്ചേരുവാൻ തുടങ്ങിയിരിക്കുന്നു (വെളി. 16:13–16). യെരൂശലേം എന്ന വിശുദ്ധനഗരത്തിന്റെ പ്രതിരോധത്തെ തകർത്ത് ഈ സൈന്യം ജനങ്ങളെ നശിപ്പിപ്പാൻ തുടങ്ങും (സെഖ. 14:1–4). യെരൂശലേമിന്റെ പാതി പ്രവാസത്തിലേക്കു പോകുന്നതിനൊപ്പം മൂന്നിൽ രണ്ടംശം മരിക്കുവാനും സാദ്ധ്യത ഉണ്ട് (സെഖ. 13:8–9; 14:1–4). യെരൂശലേമിന് പുറത്തുള്ള കിദ്രോൻ താഴ്വരയിൽ സാത്താനും അവന്റെ സൈന്യവും യെഹൂദന്മാരെ ഉന്മൂലനാശം ചെയ്വാൻ പദ്ധതി ഇട്ടിരിക്കുന്നു. ദൈവം ജാതികളെ ന്യായംവിധിക്കുവാൻ യഹോശാഫാത്ത് താഴ്വരയിൽ കൂട്ടിവരുത്തുന്നത് ഇതായിരിക്കാം (യോവേൽ 3:2, 12, 14). വിജയിക്കും എന്നുള്ള പ്രതീക്ഷയിൽ ജാതികൾ ദൈവത്തിനും അവന്റെ സൈന്യത്തിനും എതിരായി എഴുന്നേൽക്കുമെന്ന് സങ്കീർത്തനം 2-ൽ പറയുന്നു.

b. ആകാശത്തിലെ അത്ഭുതങ്ങൾ

ക്രിസ്തുവിന്റെ ക്രൂശു മരണത്തിൽ തനിക്കു വിജയിക്കാമെന്നു ചിന്തിച്ച സാത്താന് അതു തന്റെ നാശത്തിനായിത്തീർന്നെന്നു മനസ്സിലായി. ചില വിജയപ്രതീക്ഷകൾ ഉണ്ടെങ്കിലും ക്രിസ്തുവിന്റെ രണ്ടാം വരവ് തന്റെ അവസാനമെന്നു സാത്താന് നല്ലതുപോലെ അറിയാം (വെളി. 12:12). മാനുഷികവീക്ഷണത്തിൽ ഒരു പ്രത്യാശയും ഇല്ലെന്ന് തോന്നുന്ന സമയം സ്വർഗ്ഗം വളരെ നാടകീയമായ രീതിയിൽ ഇടപെടുന്നു.

> ''ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ **സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും;** ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലാപിച്ചുകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും (മത്താ. 24:29–30; മർക്കോ. 13:24–25; 28–29; ലൂക്കോ. 21:25–28).

c. മഹത്വമേറിയ വരവ്

മനുഷ്യപുത്രൻ (ദാനീയേൽ ഏഴിൽ കൊടുത്തിരിക്കുന്ന മശിഹായുടെ ഒരു നാമം) ആകാശമേഘങ്ങളിൽ മഹാശക്തിയോടും തേജസ്സോടും അഗ്നിയോടും കൂടെ വരും. അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചുംകൊണ്ട് വെള്ളക്കുതിരപ്പുറത്തു വരും. രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു. എണ്ണമറ്റ ദൂതന്മാരും വിശുദ്ധന്മാരും അവന്റെ കൂടെക്കാണും (വെളി. 19: 16; മത്താ. 24:30; മർക്കോ. 13:26; അപ്പോ. 1:9–11; 2 തെസ്സ. 2:8).

> "അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും മഹാതേജസ്സോടുംകൂടെ മേഘത്തിൽ വരുന്നതു അവർ കാണും" (ലൂക്കോ. 21:27).

> യേശു അവനോട്: ഞാൻ ആകുന്നു; ഇനി **മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും** നിങ്ങൾ കാണും എന്നു ഞാൻ പറയുന്നു എന്നു പറഞ്ഞു (മത്താ. 26:64; മർക്കോ. 14:62).

> കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു **അഗ്നിജ്വാലയിൽ** പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും, പീഡ അനുഭവിക്കുന്ന നിങ്ങൾക്കു തങ്ങളോടുകൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ (2 തെസ്സ. 1:7–8).

> അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു. **അവന്റെ കണ്ണ് അഗ്നിജ്വാല,** തലയിൽ അനേകം രാജമുടികൾ; എഴുതിയിട്ടുള്ള ഒരു നാമവും അവനുണ്ട്; അതു അവന്നല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു; അവന്നു ദൈവവചനം എന്നു പേർ പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു. ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽകൊണ്ടു അവരെ മേയ്ക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്കു അവൻ മെതിക്കുന്നു. **രാജാധിരാജാവും കർത്താധികർത്താവും** എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു (വെളി. 19:11–16).

d. ലോകത്തിന്റെ പ്രതികരണം: കണ്ണുനീർ

ക്രിസ്തുവിന്റെ രണ്ടാം വരവ് ഇടിമിന്നൽ പോലെ എല്ലാവർക്കും കാണത്തക്ക രീതിയിലായിരിക്കും (മത്താ. 24:27). ഈ പ്രപഞ്ചം മുഴുവൻ അവനെ കാണും. പരാജയഭീതിയിൽ കഴിയുന്ന യെരൂശലേമിലെ യഹൂദന്മാർ അവരുടെ രക്ഷയ്ക്കായി വരുന്ന കർത്താവിനെക്കണ്ടു കരഞ്ഞു നിലവിളിക്കും. എന്നിരുന്നാലും അനേകം യഹൂദന്മാർ രക്ഷിക്കപ്പെടാതെയും ദൈവരാജ്യത്തിൽ കടക്കാതെയും ഇരിക്കും.(ലൂക്കോസ്. 13:28) ഒരു കൂട്ടർ എതിർക്രിസ്തുവിൻ ഭരണത്തിൽ നിന്നു യെരുശലേമിനു സ്വാതന്ത്ര്യം ലഭിക്കുന്നതുകൊണ്ട് കണ്ണുനീർ പൊഴിക്കും. മറ്റൊരു കൂട്ടർ യഥാർത്ഥ മാനസാന്തരത്തിന്റെ അനുഭവത്തിലൂടെ കണ്ണുനീർ പൊഴിക്കും. ഒരു പക്ഷേ അന്ന് അനേകം യെഹൂദന്മാർ ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിങ്കൽ അവനെ കൈക്കൊള്ളാതെ തള്ളിക്കളഞ്ഞതുകൊണ്ട് ദു:ഖിക്കും.(യോഹ. 1:11) കൃപയുടെ ആത്മാവിനെ പകർന്നിരിക്കുന്നതുകൊണ്ട് ആത്മീയമായ പ്രതികരണം ഈ സമയത്തു യെഹൂദന്മാരിൽ നിന്നുണ്ടാകും. യെഹൂദന്മാരിൽ മൂന്നിൽ ഒരു ഭാഗം വിശ്വാസത്തിലേക്കു തിരിയുമെന്നു സെഖര്യാവ് 13:9-ൽ പറയുന്നു.

> "ഞാൻ ദാവീദ്ഗൃഹത്തിന്മേലും യെരുശലേം നിവാസികളുടെമേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തീട്ടുള്ളവങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ **അവർ അവനെക്കുറിച്ചു വിലപിക്കും;** ആദ്യജാതനെക്കുറിച്ച് വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വ്യസനിക്കും" (സെഖ. 12:10).

ജാതീയരാജ്യങ്ങളും ക്രിസ്തുവിനെ കാണുകയും കരയുകയും ചെയ്യും. നിശ്ചയമായും മൃഗത്തിന്റെ മുദ്ര ഏല്ക്കാതിരുന്നവർ സന്തോഷത്താൽ കരയും. ഭീതിയും ആകുലചിന്തയും നിമിത്തം ജനങ്ങൾ കരഞ്ഞു നിലവിളിക്കും എന്ന് വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുന്നു.

> "അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല **ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ട്,** മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും" (മത്താ. 24:30).

> "ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും; **ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും.** ഉവ്വ്, ആമേൻ" (വെളി. 1:7).

e. അവന്റെ കാൽ ഭൂമിയെ തൊടും

ക്രിസ്തുവിന്റെ കാൽ ഒലിവുമലമേൽ തൊടുമ്പോൾ, മല രണ്ടു താഴ്വരകളായിട്ടു പിളരും. ഒരു പക്ഷേ ഈ താഴ്വര സ്വർഗ്ഗീയസൈന്യങ്ങൾക്കുള്ള സ്ഥലമായിരിക്കാം. സമീപത്തുള്ള വിശ്വാസികൾ ക്രിസ്തുവിങ്കലേക്ക് ശരണത്തിനായി ഓടിച്ചെല്ലും.

> "അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും; **ഒലിവുമല കിഴക്കുപടിഞ്ഞാറായി** നടുവെ പിളർന്നു പോകും; ഏറ്റവും വലിയൊരു താഴ്വര ഉളവായ്വരും; മലയുടെ ഒരു പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും; എന്നാൽ മലകളുടെ താഴ്വര ആസൽവരെ എത്തുന്നതു കൊണ്ട് നിങ്ങൾ എന്റെ മലകളുടെ താഴ്വരയിലേക്കു ഓടിപ്പോകും; യെഹൂദാരാജാവായ ഉസ്സീയാവിന്റെ കാലത്തു നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതുപോലെ നിങ്ങൾ ഓടിപ്പോകും; എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകലവിശുദ്ധന്മാരും വരും" (സെഖ. 14:4, 5).

യോവേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന യഹോശാഫാത്ത് താഴ്വര യെരൂശലേമിനു അടുത്താണെങ്കിൽ ക്രിസ്തുവിന്റെ സൈന്യവും എതിർക്രിസ്തുവിന്റെ സൈന്യവും അല്പനിമിഷത്തേക്ക് എങ്കിലും മുഖാമുഖം കാണും.

> "അരിവാൾ ഇടുവിൻ; കൊയ്ത്തിനു വിളഞ്ഞിരിക്കുന്നു; വന്നു ചവിട്ടുവിൻ; ചക്കു നിറഞ്ഞിരിക്കുന്നു; തൊട്ടികൾ കവിഞ്ഞിരിക്കുന്നു; അവരുടെ ദുഷ്ടത വലുതല്ലോ. വിധിയുടെ താഴ്വരയിൽ അസംഖ്യ സമൂഹങ്ങളെ കാണുന്നു; വിധിയുടെ താഴ്വരയിൽ യഹോവയുടെ ദിവസം അടുത്തിരിക്കുന്നു" (യോവേൽ 3:13, 14).

f. സ്ഥിരമായുള്ള മറുതലിപ്പ്

ക്രിസ്തുവിന്റെ രണ്ടാം വരവിനെ പ്രതിരോധിക്കുവാനായി രാജ്യങ്ങൾ ഒത്തുകൂടുന്നു (വെളി. 16:13-16). അവർ ഭീതിയോടെ നിലവിളിക്കുന്നു എങ്കിലും അവരുടെ വെറുപ്പിനെ തടയുവാൻ ആർക്കും സാധ്യമല്ല. മൃഗം അപ്പോഴും ധിക്കാരത്തോടെ യുദ്ധത്തിനായിട്ട് ഒരുങ്ങുന്നു. സാത്താന്റെ അന്ധത എന്നുമാത്രമേ ഇതിനെ വിശേഷിപ്പാൻ സാധിക്കുകയുള്ളൂ. ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു (2 തെസ്സ. 2:11-12).

> "നീ കണ്ട പത്തു കൊമ്പ് പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടു ഒന്നിച്ചു ഒരുനാഴിക നേരത്തേക്കു രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കും താനും. ഇവർ ഒരേ അഭിപ്രായമുള്ളവർ; തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിന് ഏല്പിച്ചുകൊടുക്കുന്നു. **അവർ കുഞ്ഞാടിനോടു പോരാടും"** (വെളി. 17:12-14).

> "കുതിരപ്പുറത്തിരിക്കുന്നവരോടും അവന്റെ സൈന്യത്തോടും **യുദ്ധം ചെയ്വാൻ** മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നുകൂടിയതു ഞാൻ കണ്ടു" (വെളി. 19:19).

g. അദ്ധ്വാനമില്ലാത്ത വിജയം

ചരിത്രത്തിലെ ഏറ്റവും ഘോരമായ യുദ്ധം ക്രിസ്തുവിന്റെ വീക്ഷണത്തിൽ ഒരു ശ്വാസം മാത്രമാണ്. അവന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ സകലവും നശിപ്പിക്കപ്പെടും (2 തെസ്സ. 2:8). എതിർക്രിസ്തുവിന്റെ സൈന്യത്തെ മെഗിദ്ദോ മുതൽ ഏദോം വരെ ക്രിസ്തു നശിപ്പിക്കും. അവിടെ 200 മൈൽ നീളമുള്ള രക്തച്ചാൽ ഉണ്ടാകും. ക്രിസ്തു ഏദോമിൽ തന്റെ വിജയക്കൊടി നാട്ടുമെന്നു യെശയ്യാവ് 63-ൽ പറഞ്ഞിരിക്കുന്നു. വെളിപ്പാടു പുസ്തകം 19-ാം അദ്ധ്യായത്തിൽ സ്വർഗ്ഗീയസൈന്യം അവനെ അനുഗമിക്കുന്നതായിട്ടു പറഞ്ഞിരിക്കുന്നു, എന്നാൽ അവർ വാസ്തവമായി യുദ്ധത്തിൽ പങ്കെടു

ക്കുന്നതായി പഠിപ്പിക്കുന്നില്ല. ജാതികളുടെ സൈന്യത്തെ ക്രിസ്തു തന്നെ നശിപ്പിക്കും. എന്നാൽ ദൂതന്മാർക്കു അല്പം പങ്കാളിത്തം അവൻ കൊടുക്കും.

> സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു. ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരിമ്പുകോൽ കൊണ്ട് അവരെ മേയ്ക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു (വെളി. 19: 14–15).
>
> പിന്നെ ഞാൻ വെളുത്തോരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രനു സദൃശനായ ഒരുത്തൻ തലയിൽ പൊൻകിരീടവും കയ്യിൽ മൂർച്ചയുള്ള അരിവാളുമായി ഇരിക്കുന്നതും കണ്ടു. മറ്റൊരു ദൂതൻ ദൈവാലയത്തിൽ നിന്നു പുറപ്പെട്ടു, മേഘത്തിന്മേൽ ഇരിക്കുന്നവനോട്: കൊയ്ത്തിനു സമയം വന്നതുകൊണ്ട് നിന്റെ അരിവാൾ അയച്ചു കൊയ്ക; ഭൂമിയിലെ വിളവു വിളഞ്ഞുണങ്ങിയിരിക്കുന്നു എന്നു ഉറക്കെ വിളിച്ചുപറഞ്ഞു. മേഘത്തിന്മേൽ ഇരിക്കുന്നവൻ അരിവാൾ ഭൂമിയിലേക്കു എറിഞ്ഞു ഭൂമിയിൽ കൊയ്ത്തു നടന്നു. മറ്റൊരു ദൂതൻ സ്വർഗ്ഗത്തിലെ ആലയത്തിൽ നിന്നു പുറപ്പെട്ടു; അവൻ മൂർച്ചയുള്ളൊരു കോങ്കത്തി പിടിച്ചിരുന്നു. തീയുടെമേൽ അധികാരമുള്ള വേറൊരു ദൂതൻ യാഗപീഠത്തിങ്കൽ നിന്നു പുറപ്പെട്ടു, മൂർച്ചയുള്ള കോങ്കത്തി പിടിച്ചിരുന്നവനോട്; ഭൂമിയിലെ മുന്തിരങ്ങ പഴുത്തിരിക്കയാൽ നിന്റെ മൂർച്ചയുള്ള കോങ്കത്തി അയച്ചു മുന്തിരിവള്ളിയുടെ കുല അറുക്കുക എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. ദൂതൻ കോങ്കത്തി ഭൂമിയിലേക്കു എറിഞ്ഞു, ഭൂമിയിലെ മുന്തിരിക്കുല അറുത്തു, ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ടു. ചക്കു നഗരത്തിനു പുറത്തുവച്ചു മെതിച്ചു; ചക്കിൽ നിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുന്നൂറു നാഴിക ദൂരത്തോളം ഒഴുകി. (വെളി. 14:14–20).

എതിർക്രിസ്തുവിന്റെ സൈന്യത്തിലെ അവസാനത്തെ വ്യക്തിയും മരിക്കും. അവരുടെ ശവങ്ങൾ ആകാശത്തിലെ പക്ഷികൾക്ക് ആഹാരമായിത്തീരും. (വെളി. 19:17–18) മൃഗവും കള്ളപ്രവാചകനും മാത്രം അവശേഷിക്കും. അവരെ നിത്യമായ ദണ്ഡനത്തിന് ഏല്പിക്കും (വെളി. 19:20).

> മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കുകയും അതിന്റെ പ്രതിമയെ നമസ്ക്കരിപ്പിക്കുകയും ചെയ്ത കള്ള പ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു. ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽ നിന്നുപുറപ്പെടുന്ന വാൾകൊണ്ടു കൊന്നു അവരുടെ മാംസം[47] തിന്നു സകല പക്ഷികൾക്കും തൃപ്തി വന്നു (വെളി. 19:20–21).

h. ദൂതന്മാരുടെ അകമ്പടിയും, സാത്താന്റെ തടവും

മൃഗവും കള്ളപ്രവാചകനും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ നിത്യമായ ശിക്ഷാവിധി അനുഭവിക്കുന്നു. എന്നാൽ ഒരു ദൂതൻ സാത്താനെ അഗാധകൂപത്തിൽ ഇടുന്നു. അഗാധകൂപം ഗന്ധകം കത്തുന്ന തീപ്പൊയ്കപോലെ നിത്യമായ ശിക്ഷാവിധിയുടെ സ്ഥലമല്ല പിന്നെയോ വീണുപോയ ദൂതന്മാർ വരുവാനിരിക്കുന്ന നിത്യശിക്ഷാവിധിക്കുവേണ്ടി കാത്തിരിക്കുന്ന സ്ഥലം ആണ്. ദൈവം തന്റെ രാജ്യത്തിന്റെ അവസാന നാളുകളിൽ അല്പകാലത്തേക്ക് സാത്താനെ അഴിച്ചുവിടേണ്ടതിനു അഗാധത്തിലേക്കു മാറ്റുന്നു. അവിടെയും അവൻ തന്റെ ദുഷ്പ്രവൃത്തികൾ മാറ്റമില്ലാതെ തുടരുന്നു. ആയിരമാണ്ട് വാഴ്ചക്കാലം മുഴുവൻ സാത്താൻ ബന്ധിതനായിരിക്കും.

> അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽപിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു (വെളി. 20:1–3; 7–10).

ഹർമ്മഗെദ്ദോൻ യുദ്ധത്തോടെ എതിർക്രിസ്തുവിന്റെ രാജ്യത്തിനു നാശം ഭവിക്കും. എന്നാൽ രക്ഷിക്കപ്പെട്ടവരും അല്ലാത്തവരുമായ അനേകർ ജീവനോടെ ശേഷിക്കും. അവർ യെരൂശലേമിന്റെ ചുറ്റുപ്രാന്തങ്ങളിൽ നിന്നുള്ളവരായിരിക്കില്ല. യിസ്രായേലിന്റെ ന്യായവിധിയും ജാതികളുടെ ന്യായവിധിയുമായ രണ്ട് ന്യായ

[47]മൃഗവും കള്ളപ്രവാചകനും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ എറിയപ്പെടുന്നു. അവിടെ അവർക്ക് ശാരീരിക മരണം സംഭവിക്കുമെന്നു നമുക്ക് അനുമാനിക്കാം. ഇവരായിരിക്കും അവിടുത്തെ ആദ്യനിവാസികൾ. അവിശ്വാസികൾ വെള്ള സിംഹാസനത്തിന്റെ മുമ്പാകെ ഉള്ള ന്യായവിധിക്കു ശേഷം മാത്രമേ ഈ സ്ഥലത്തേക്കു മാറ്റപ്പെടുകയുള്ളൂ. അതുവരെ അവർ യാതനസ്ഥലത്തായിരിക്കും.

വിധികൾ നടക്കുന്ന സമയത്തു ദൈവം ദൂതന്മാരെ അയച്ചു തിരഞ്ഞെടുക്കപ്പെട്ടവരെ കൂട്ടിച്ചേർക്കുന്നു. മഹാപീഡനകാലത്തിനും ആയിരമാണ്ട് വാഴ്ചയ്ക്കും മദ്ധ്യേ ഉള്ള സമയത്തു ഇതു സംഭവിക്കും. മഹാപീഡനകാലത്തിന്റെ ശേഷിപ്പിനെ കൂട്ടിച്ചേർക്കലും ന്യായവിധിയും ദൂതന്മാർ വളരെ വേഗത്തിൽ ചെയ്തുതീർക്കും. മുമ്പോട്ടുള്ള ഭാഗങ്ങളിൽ ഓരോ ന്യായവിധിയെയും കുറിച്ച് പഠിക്കാം.

> "**മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും; അവർ അവന്റെ രാജ്യത്തിൽ നിന്നു എല്ലാ ഇടർച്ചകളെയും** അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയും, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്താ. 13:41-42).

> "അങ്ങനെ തന്നെ ലോകാവസാനത്തിൽ സംഭവിക്കും; **ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽ നിന്നു ദുഷ്ടന്മാരെ വേർതിരിച്ചു** തീച്ചൂളയിൽ ഇട്ടുകളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്താ. 13:49-50).

> "അവൻ തന്റെ **ദൂതന്മാരെ** മഹാകാഹളധ്വനിയോടും കൂടെ അയക്കും; **അവർ അവന്റെ വ്യതന്മാരെ** ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും (മത്താ. 24:31; മർക്കോ. 13:27).

i. മഹാപീഡനത്തിൽനന്ന് ആയിരമാണ്ടു വാഴ്ചയിലേക്കുള്ള മാറ്റത്തിന്റെ സമയം

എതിർക്രിസ്തു യിസ്രായേലിനോടുള്ള ഉടമ്പടിയിൽ നിന്നു പിൻമാറുന്നതുമുതൽ മഹാപീഡനം വരെ 1260 ദിവസം ആണ്. എതിർക്രിസ്തുവിന്റെ വാഴ്ചയുടെ കാലം 1,260 ദിവസം ആണെങ്കിലും, ദാനീ. 12:11-ൽ 1,290 ദിവസം എന്നു എഴുതിയിരിക്കുന്നു. 1,335 ദിവസം എന്ന പ്രത്യേക ഒരു കാലവും ദാനീയേൽ പറയുന്നുണ്ട്.

> "ആയിരത്തി മുന്നൂറ്റിമുപ്പത്തഞ്ചു ദിവസത്തോളം കാത്തു ജീവിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ" (ദാനീ. 12:12).

1,290-ാം ദിവസമോ 1,335-ാം ദിവസമോ എന്തു സംഭവിക്കും എന്നു വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുന്നില്ല. എന്നാൽ, നിരന്തരഹോമയാഗം നിർത്തലാക്കുന്ന ദിവസം മുതൽ 1,290 ഉം, 1,335-ാം ദിവസവും പ്രത്യേകത ഉള്ള ദിവസങ്ങളാണ്. കൃത്യമായി ഈ ദിവസങ്ങളെ വ്യാഖ്യാനിക്കുവാൻ സാധിക്കുകയില്ലെങ്കിലും, ചില കാര്യങ്ങൾ നമുക്ക് ഊഹിക്കാം. എതിർക്രിസ്തുവിന്റെ വാഴ്ച 1,260 ദിവസം കൊണ്ട് അവസാനിക്കുന്നു. പിന്നെ ഒരു 30 ദിവസം ഭൂമിയെ നാശത്തിൽ നിന്നു ശുദ്ധീകരിക്കുവാൻ എടുക്കുന്നു. ഒരുപക്ഷേ 1,290-ാം ദിവസം ദൈവാലയത്തിൽ സത്യാരാധന സ്ഥാപിക്കപ്പെടുകയും മറുതലിക്കുന്ന അവസാനത്തെ ആത്മാവിനെയും മാറ്റിക്കളയുകയും ചെയ്യും.

ഒരു പക്ഷേ ക്രിസ്തുവിന്റെ രാജ്യത്തിന്റെ ഉദ്ഘാടനമായിരിക്കാം 1,335-ാം ദിവസം. അതു ജൂലൈ 4-ാം തീയതി ആകാനും സാദ്ധ്യതയുണ്ട്. ഈ വ്യാഖ്യാനം ശരിയാണെങ്കിൽ, 30 ദിവസംകൊണ്ട് ഭൂമിയെ ശുദ്ധീകരിച്ച് യെഹൂദന്മാരെയും ജാതികളെയും ന്യായം വിധിക്കും. അടുത്ത 45 ദിവസം പഴയനിയമ രക്തസാക്ഷി വിശുദ്ധന്മാരും മഹാപീഡനകാലത്തെ രക്തസാക്ഷികളും അവരവരുടെ പ്രതിഫലം വാങ്ങും(ഇവർ മഹാപീഡനത്തിന്റെ അവസാനകാലത്തിൽ ഉയിർത്തെഴുന്നേറ്റവർ). കർത്താവ് തന്നെ അനുഗമിക്കുന്നവർക്ക് പ്രതിഫലവും പല പദവികളും തന്റെ രാജ്യത്തിൽ നൽകുകയും ചെയ്യും (മത്താ. 19:28; 2 തിമൊ. 2:12; വെളി. 1:6; 5:10; 20:4).

മഹാപീഡനകാലത്തിനും ആയിരമാണ്ട് വാഴ്ചയ്ക്കും ഇടയിലുള്ള കാലം ലോകം ഇതുവരെയും കണ്ടിട്ടില്ലാത്ത വലിയ ഒരു രൂപാന്തരം സംഭവിക്കും. ഇതു ഏകദേശം 75 ദിവസംകൊണ്ട് സാധിക്കും. പഴയനിയമ വിശുദ്ധന്മാരുടെ ഉയിർപ്പും മഹാപീഡനകാലത്തിലെ രക്തസാക്ഷികളുടെ ഉയിർപ്പും, യെഹൂദന്മാരുടെ ന്യായവിധിയും ജാതികളുടെ ന്യായവിധിയും പ്രത്യേകമായ ശ്രദ്ധ ആകർഷിക്കുന്നതാണ്.

B. പഴയനിയമവിശുദ്ധന്മാരുടെയും മഹാപീഡനകാല വിശുദ്ധന്മാരുടെയും ഉയിർപ്പ്

രക്ഷിക്കപ്പെട്ടവരുടെയും അല്ലാത്തവരുടെയും ഉയിർത്തെഴുന്നേല്പ് ഒരേ സമയം ഉണ്ടാകുമെന്നു ചില ദൈവശാസ്ത്രജ്ഞന്മാർ പഠിപ്പിക്കുന്നു. ദാനീയേൽ 12:2 ഉം, യോഹന്നാൻ 5:28, 29 ഉം പൊതുവായ ഉയിർത്തെഴുന്നേല്പിനെ സാധൂകരിക്കുന്നു. എന്നിരുന്നാലും മറ്റുപല വാക്യങ്ങളും മറ്റൊരു നിഗമനത്തിലെത്തിക്കുന്നു.

> "നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും" (ദാനീ. 12:2).

> "ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു" (യോഹ. 5:28, 29).

1. ജീവനായുള്ള പുനരുത്ഥാനത്തിനും ന്യായവിധിക്കായുള്ള പുനരുത്ഥാനത്തിനും മദ്ധ്യേ ഉള്ള സമയം

വെളിപ്പാടു പുസ്തകം 20-ാം അദ്ധ്യായത്തിൽ രണ്ടു തരം പുനരുത്ഥാനങ്ങൾ കാണുവാൻ സാധിക്കും. ഒന്നാമത്തെ

പുനരുത്ഥാനം രണ്ടാമത്തെ പുനരുത്ഥാനത്തെക്കുറിച്ച് സൂചന നല്കുന്നു. സഹസ്രാബ്ദപൂർവ്വവാഴ്ചയിൽ വിശ്വസിക്കുന്നവർ, പൂർവ്വപീഡനത്തിൽ വിശ്വസിക്കുന്നവരായാലും പീഡനാനന്തരത്തിൽ വിശ്വസിക്കുന്നവരായാലും, അവർ അംഗീകരിക്കുന്ന ഒരു കാര്യം ആണ് ജീവനായുള്ള പുനരുത്ഥാനത്തിനും ന്യായവിധിക്കായുള്ള പുനരുത്ഥാനത്തിനും മദ്ധ്യേ ആയിരം വർഷത്തെ സമയം ഉണ്ട് എന്ന കാര്യം. സഹസ്രാബ്ദവാഴ്ചയ്ക്കു മുമ്പ് സഭാവിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേല്പ് ഉദ്പ്രാപണത്തോടൊപ്പം നടക്കും. ഉദ്പ്രാപണത്തിന്റെ ഏതു വീക്ഷണമായാലും വെളിപ്പാട് പുസ്തകം 20-ൽ പറഞ്ഞിരിക്കുന്ന പ്രകാരം അവിശ്വാസികൾ ആയി മരിച്ചവർ ആയിരമാണ്ട് വാഴ്ചയ്ക്കുശേഷമേ ഉയിർത്തെഴുന്നേല്ക്കുകയുള്ളൂ **അതുകൊണ്ട് ജീവനായുള്ള പുനരുത്ഥാനവും ന്യായവിധിക്കായുള്ള പുനരുത്ഥാനവും ഒരേ സമയത്തു നടക്കുന്നില്ല.** പീഡനകാല രക്തസാക്ഷികളുടെ ഉയിർപ്പും അവിശ്വാസികളുടെ ഉയിർപ്പും തമ്മിൽ ആയിരം വർഷത്തെ ഇടവേള ഉണ്ടെന്ന് വെളിപ്പാട് 20-ൽ പറയുന്നു.

> ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയോ നമസ്ക്കരിക്കാതിരിക്കുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു. **മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല.** ഇതു ഒന്നാമത്തെ പുനരുത്ഥാനം. ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽ നിന്നു അഴിച്ചുവിടും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും. ഞാൻ വലിയൊരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു, പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി(വെളി. 20:4-5, 7, 10-12).

2. രണ്ടുവിധത്തിലുള്ള പുനരുത്ഥാനം

ദാനീയേൽ പ്രവചനം 12-ാം അദ്ധ്യായത്തിലും യോഹന്നാൻ 5-ലും വിവിധ തരത്തിലുള്ള ഉയിർത്തെഴുന്നേല്പിനെക്കുറിച്ചു പറയുന്നതല്ലാതെ സമയത്തെ കാണിക്കുന്നില്ല. ദാനി 12: 2 ലും യോഹന്നാൻ 5: 28, 29 ലും വിശ്വാസികളുടെയും അവിശ്വാസികളുടെയും പൊതുവായ പുനരുത്ഥാനസമയത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നതെന്ന് ചിന്തിച്ചാൽ നാം തെറ്റിപ്പോകും. ഈ വാക്യങ്ങൾ പുനരുത്ഥാനസമയത്തെ അല്ല കാണിക്കുന്നത്, പിന്നെയോ പുനരുത്ഥാനരീതിയെയാണു കാണിക്കുന്നത്. ഒന്ന് ജീവനായുള്ള പുനരുത്ഥാനം, രണ്ട് ന്യായവിധിക്കായുള്ള പുനരുത്ഥാനം അല്ലെങ്കിൽ രണ്ടാം മരണം (കൂടുതലായി). വേദഭാഗങ്ങൾ വിശ്വാസികളുടെയും അവിശ്വാസികളുടെയും പൊതുവായ പുനരുത്ഥാനം ഒരേ സമയത്തു നടക്കുന്നു എന്ന് പഠിപ്പിക്കാത്തപ്പോൾ അങ്ങനെ ഊഹിക്കുന്നതും ശരിയല്ല. എന്നാലും എല്ലാ വിശ്വാസികളും ജീവനായിട്ടും എല്ലാ അവിശ്വാസികളും ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യപ്പെടും. ദാനി 12 ഉം യോഹന്നാൻ 5 ഉം ഉയിർത്തെഴുന്നേല്പിന്റെ സമയത്തെക്കുറിച്ച് പഠിപ്പിക്കുന്നില്ല. രണ്ട് തരത്തിലുള്ള ഉയിർത്തെഴുന്നേല്പിനെ മാത്രം കാണിക്കുന്നു. വെളിപ്പാടു പുസ്തകം 20-ൽ വിശ്വാസികളും അവിശ്വാസികളും **ഒരേ സമയത്ത് ഉയിർക്കുന്നില്ല.** പൊതുവായ പുനരുത്ഥാനം ഒരേ സമയത്തു നടക്കുന്നില്ല. മറ്റു വേദഭാഗങ്ങളിൽ പുനരുത്ഥാനത്തിന്റെ സമയം പറഞ്ഞിരിക്കുന്നതുകൊണ്ട് ദാനീ. 12-ഉം യോഹന്നാൻ 5 ഉം ഒരുതടസ്സമായിട്ട് ഉന്നയിക്കുവാൻ സാധിക്കുന്നില്ല.

3. വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേല്പിന്റെ സമയം

a. സഭ

ക്രിസ്തുവിൽ മരിച്ചവർ ഉദ്പ്രാപണ സമയത്തു ഉയിർത്തെഴുന്നേല്ക്കും (1 തെസ്സ. 4: 16). മഹാപീഡനകാലത്തിനു മുമ്പ് ഉദ്പ്രാപണം നടക്കുന്നതിനാൽ **മരിച്ച സഭാവിശുദ്ധന്മാർ പീഡനത്തിനു മുമ്പ് ഉയിർത്തെഴുന്നേല്ക്കും.**

b. പീഡനകാല രക്തസാക്ഷികൾ

പീഡനകാല രക്തസാക്ഷികൾ പീഡനകാലം കഴിയുന്നതുവരെ ഉയിർക്കുന്നില്ല വെളി. 6:10, 11-ലും പീഡനകാലത്തെ രക്തസാക്ഷികളായ വിശുദ്ധന്മാരുടെ ആത്മാക്കൾ പ്രതികാരത്തിനായിട്ട് നിലവിളിക്കുന്നത് കാണാം. വെളി. 20:4-6 പ്രകാരം യേശുവിന്റെ സാക്ഷ്യവും ദൈവവചനം നിമിത്തം തല ഛേദിക്കപ്പെട്ടവർ പുനരുത്ഥാനം ചെയ്ത് ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാഴുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവിനും ഹർമ്മഗെദ്ദോൻ യുദ്ധത്തിനു ശേഷവുമാണ് ഈ പുനരുത്ഥാനം സംഭവിക്കുന്നത് (വെളി. 19:11). ഈ വിശുദ്ധന്മാരുടെ ആത്മാക്കൾക്കു

പ്രതിഫലം കൊടുക്കുന്ന സമയം വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലെങ്കിലും ആയിരമാണ്ട് വാഴ്ചയ്ക്കു മുമ്പ് ലഭിക്കുമെന്ന് നമുക്ക് അനുമാനിക്കാം.

c. പഴയനിയമ വിശുദ്ധന്മാർ

പഴയനിയമവിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേല്പ് പീഡനത്തിനു ശേഷമാണെന്ന് തെളിവുണ്ട്. ദാനീ. 12:1 പീഡനകാലത്തെയും ദാനീ. 12:2 പുനരുത്ഥാനത്തെയും കുറിച്ച് പഠിപ്പിക്കുന്നു. ദാനീ. 12-ൽ 'നിന്റെ ജനം' എന്ന് പറഞ്ഞിരിക്കുന്നത് യിസ്രായേലിനെക്കുറിച്ചാണ്. പീഡനത്തിനു ശേഷം അനേകം യെഹൂദന്മാർ ഉയിർത്തെഴുന്നേല്ക്കും. വിശ്വസിക്കാത്ത യെഹൂദന്മാർ ആയിരമാണ്ട് വാഴ്ച അനുഭവിക്കുവാൻ ഉയിർത്തെഴുന്നേല്ക്കയില്ല. അവർ മറ്റ് മരിച്ചവരെപോലെ വെള്ളസിംഹാസനത്തിനു മുമ്പിൽ നിൽക്കേണ്ടിവരും. എന്നാൽ വിശ്വസിച്ച യെഹൂദന്മാർ പീഡനത്തിനു ശേഷം ഉയിർത്തെഴുന്നേറ്റ് ദൈവരാജ്യം അനുഭവിക്കും.

> " ആ കാലത്തു **നിന്റെ സ്വജാതിക്കാർക്കു** തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത **കഷ്ടകാലം ഉണ്ടാകും;** അന്നു **നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നെ,** രക്ഷ പ്രാപിക്കും. **നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും** ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യ നിന്ദയ്ക്കുമായും ഉണരും (ദാനീ. 12:1-2).

പഴയനിയമവിശുദ്ധന്മാരുടെ പുനരുത്ഥാനത്തെക്കുറിച്ച് യെശയ്യാവ് 26-ൽ കാണാമെങ്കിലും ഇത് ദാനീ. 12-ലേതുപോലെ വ്യക്തമല്ല. പുനരുത്ഥാനത്തെക്കുറിച്ചുള്ള വാക്യങ്ങൾ ക്രിസ്തുവിന്റെ രണ്ടാം വരവിനും പീഡനകാലത്തിനും ഇടയ്ക്ക് അവ്യക്തമായി കിടക്കുന്നു.

> "ഞങ്ങൾ ഗർഭംധരിച്ചു **നോവുകിട്ടി പ്രസവിച്ചാറെ,** കാറ്റിനെ പ്രസവിച്ചതുപോലെ ഇരുന്നു; പിറന്നുവീണതുമില്ല. **നിന്റെ മൃതന്മാർ ജീവിക്കും; എന്റെ ശവങ്ങൾ എഴുന്നേല്ക്കും;** പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ; നിന്റെ മഞ്ഞുപ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു; ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ. **യഹോവ** ഭൂവാസികളെ അവരുടെ അകൃത്യം നിമിത്തം **സന്ദർശിപ്പാൻ** തന്റെ സ്ഥലത്തുനിന്നു ഇതാ, വരുന്നു. ഭൂമി താൻ കുടിച്ച രക്തം ഒക്കെയും വെളിപ്പെടുത്തും, തന്നിലുള്ള ഹതന്മാരെ ഇനി മൂടിവയ്ക്കുകയുമില്ല (യെശ. 26:18-19, 21).

യെഹെസ്കേൽ 37:12-ൽ ആലങ്കാരിക ഭാഷയിൽ യിസ്രായേൽ ഒരു രാജ്യമായി പുനഃസ്ഥാപിക്കപ്പെടും എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ഇതു ശാരീരികമായ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചാണെന്നും ചിന്തിക്കാം. രണ്ടാമതു പറഞ്ഞിരിക്കുന്നത് ശരിയെങ്കിൽ പഴയനിയമ വിശുദ്ധന്മാർ പീഡനകാലത്തിനും ആയിരമാണ്ട് വാഴ്ചയ്ക്കും ഇടയ്ക്കു പുനരുത്ഥാനം ചെയ്യും. യെഹ. 37:24-ൽ ദാവീദിന്റെ ഭരണം.

> "അതുകൊണ്ട് നീ പ്രവചിച്ചു അവരോട് പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിചെയ്യുന്നു: എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റി യിസ്രായേൽ ദേശത്തേക്കു കൊണ്ടുപോകും. അങ്ങനെ എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നു കയറ്റുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. നിങ്ങൾ ജീവിക്കേണ്ടതിനു സ്വദേശത്തു പാർപ്പിക്കും; യഹോവയായ ഞാൻ അരുളിച്ചെയ്തു നിവർത്തിച്ചുമിരിക്കുന്നു എന്നു നിങ്ങൾ അറിയും എന്നു യഹോവയുടെ അരുളപ്പാടു. എന്റെ ദാസനായ ദാവീദ് അവർക്കു രാജാവായിരിക്കും. അവർക്കെല്ലാവർക്കും ഒരേ ഇടയൻ ഉണ്ടാകും; അവർ എന്റെ വിധികളിൽ നടന്നു എന്റെ ചട്ടങ്ങളെ പ്രമാണിച്ച് അനുഷ്ഠിക്കും (യെഹെ. 37:12-14, 24).

പുതിയ നിയമവിശ്വാസികളുടെ ഉയിർപ്പ് ഉദ്പ്രാപണത്തോടൊപ്പവും പഴയനിയമ വിശ്വാസികളുടെ ഉയിർപ്പു പീഡനകാലത്തെ രക്തസാക്ഷികളോടൊപ്പം പീഡനകാലത്തിനുശേഷം സംഭവിക്കും എന്നു ചിന്തിക്കുന്നതായിരിക്കും ഏറ്റവും ഉചിതം. ഈ സമയത്തു തന്നെ വിശ്വാസികൾ അവരുടെ പ്രതിഫലം വാങ്ങുമെന്നും അനുമാനിക്കാം (ലൂക്കോ. 14:14). അവർ പീഡനകാലത്തിന്റെ ശേഷിപ്പായ യെഹൂദന്മാരുടെ ന്യായവിധിക്കും ജാതികളുടെ ന്യായവിധിക്കും മുമ്പ് ഉയിർത്തെഴുന്നേല്ക്കുമെന്നും അനുമാനിക്കാം, എന്തുകൊണ്ടെന്നാൽ കർത്താവ് വിശ്വസിക്കാത്ത യെഹൂദന്മാർക്ക് കൊടുത്ത മുന്നറിയിപ്പ്: "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും. രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുളിലേക്കു തള്ളിക്കളയും; അവിടെ കരച്ചിലും[48] പല്ലുകടിയും ഉണ്ടാകും" (മത്താ. 8:11-12; ലൂക്കോ. 13:28-29).

---

[48] കർത്താവിന്റെ ഈ മുന്നറിയിപ്പ് ദൈവരാജ്യത്തിന്റെ പ്രവേശനവുമായിട്ട് ചേർത്തു ചിന്തിക്കേണ്ടതാണ്. ഈ അവിശ്വാസികളായ **യെഹൂദന്മാർ പീഡനകാല ശേഷിപ്പിൽപ്പെട്ടവരെങ്കിൽ** ഗോത്രപിതാക്കന്മാരോടൊപ്പം ജാതികൾ നീണ്ട ദൈവരാജ്യവിരുന്നിൽ സന്തോഷിക്കുന്നത് അവർ കാണും. എന്നിരുന്നാലും, വെള്ളസിംഹാസന ന്യായവിധിയിങ്കൽ അവിശ്വാസികളായ യെഹൂദന്മാർ, വിശ്വാസികളായ ജാതികൾ

d. ആയിരമാണ്ടു വാഴ്ചയിലെ വിശുദ്ധന്മാർ

ആയിരമാണ്ട് വാഴ്ചയിൽ പാപത്തിന്റെ ശക്തി ഏറ്റവും ചെറുതായിരിക്കും എന്നാൽ പൂർണ്ണമായി തുടച്ചുമാറ്റപ്പെടുന്നില്ല. ആയുസ്സ് വർദ്ധിക്കുമെങ്കിലും മരണം ഒരു യാഥാർത്ഥ്യം ആയിരിക്കും (യെശ. 65: 20). ആയിരമാണ്ട് വാഴ്ചയിൽ വിശുദ്ധന്മാർ നൂറു കണക്കിനു വർഷങ്ങൾ ജീവിച്ചിരിക്കുമെങ്കിലും മരിക്കും എന്നു ചിന്തിക്കുകയായിരിക്കും ഉചിതം. അവരുടെ ഉയിർപ്പും പ്രതിഫലത്തിനെക്കുറിച്ചും വേദപുസ്തകം ഒന്നും പറയുന്നില്ല. മരണത്തോടൊപ്പം തന്നെ അവർക്ക് ഉയിർപ്പും പ്രതിഫലവും ലഭിക്കുമെന്നു ചിലർ വിശ്വസിക്കുന്നു. മറ്റു ചിലർ ആയിരമാണ്ട് വാഴ്ചയുടെ അവസാനം ഒരുകൂട്ടായ ഉയിർപ്പിക്കലാണു വിശ്വസിക്കുന്നത്.

C. യിസ്രായേലിന്റെ ന്യായവിധി

1. വാക്യങ്ങൾ

യെഹെസ്ക്കേൽ 20-ഉം മലാഖി 3 ഉം യിസ്രായേലിന്റെ ഭാവി ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പു നൽകുന്നു. ഇതോടൊപ്പം ക്രിസ്തുവിന്റെ ഉപമകളിൽ കർത്താവ് മടങ്ങിവന്ന് പ്രയോജനമില്ലാത്ത വേലക്കാരെ ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുമെന്ന് പറഞ്ഞിരിക്കുന്നു (ലൂക്കോ. 12:41, 46; 19:14, 27; മത്താ. 26:14, 30). ഈ പീഡനം അനുഭവിക്കുന്ന വേലക്കാർ സഭയുടെ അംഗങ്ങളല്ല, മറിച്ച് വിശ്വസിക്കാത്ത യെഹൂദരെന്ന് 'നിത്യമായ ഭദ്രത' എന്നു ഉപദേശിക്കുന്നവർ വിശ്വസിക്കുന്നു. യെഹൂദന്മാർ എല്ലാ വിധത്തിലും ദൈവത്തിന്റെ വേലക്കാർ തന്നെയാണ്. പക്ഷേ ക്രിസ്തു മടങ്ങിവരുമ്പോൾ ദൈവരാജ്യത്തിന്റെ അനുഗ്രഹത്തിൽ നിന്ന് ചില യെഹൂദന്മാർ തള്ളപ്പെടും. യെഹൂദന്മാരുടെ ഭാവിന്യായവിധിയെക്കുറിച്ച് പ്രധാനമായും പഴയനിയമത്തിലാണ് വിവരിച്ചിരിക്കുന്നത്.

> "എന്നാണ്, ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും ചൊരിയുന്ന ക്രോധംകൊണ്ടും ഞാൻ നിങ്ങളെ ഭരിക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും ചൊരിയുന്ന ക്രോധം കൊണ്ടും ഞാൻ നിങ്ങളെ ജാതികളിൽ നിന്നു പുറപ്പെടുവിക്കുകയും നിങ്ങൾ ചിതറിപ്പോയിരിക്കുന്ന രാജ്യങ്ങളിൽ നിന്നു ശേഖരിക്കുകയും ചെയ്യും. ഞാൻ നിങ്ങളെ ജാതികളുടെ മരുഭൂമിയിലേക്കു കൊണ്ടുചെന്നു അവിടെവച്ചു മുഖാമുഖമായി നിങ്ങളോടു വ്യവഹരിക്കും. മിസ്രയീംദേശത്തിന്റെ മരുഭൂമിയിൽ വച്ചു നിങ്ങളുടെ പിതാക്കന്മാരോടു ഞാൻ വ്യവഹരിച്ചതുപോലെ നിങ്ങളോടും വ്യവഹരിക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. ഞാൻ നിങ്ങളെ കോലിൻകീഴെ കടത്തി നിയമത്തിന്റെ ബന്ധനത്തിൽ ഉൾപ്പെടുത്തും. എന്നോടു മത്സരിച്ചു അതിക്രമിക്കുന്നവരെ ഞാൻ നിങ്ങളുടെ ഇടയിൽ നിന്നു നീക്കിക്കളയും; അവർ ചെന്നുപാർക്കുന്ന രാജ്യത്തിൽ നിന്നു ഞാൻ അവരെ പുറപ്പെടുവിക്കും; എങ്കിലും യിസ്രായേൽദേശത്തു അവർ കടക്കുകയില്ല; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. യിസ്രായേൽ ഗൃഹമേ, യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു; നിങ്ങൾ ചെന്നു ഓരോരുത്തൻ താന്താന്റെ വിഗ്രഹങ്ങളെ സേവിച്ചു കൊൾവിൻ; എന്നാൽ പിന്നെത്തേതിൽ നിങ്ങൾ എന്റെ വാക്കു കേൾക്കും; എന്റെ വിശുദ്ധനാമത്തെ നിങ്ങളുടെ വഴിപാടുകളെക്കൊണ്ടും വിഗ്രഹങ്ങളെക്കൊണ്ടും ഇനി അശുദ്ധമാക്കുകയും ഇല്ല. എന്റെ വിശുദ്ധപർവ്വതത്തിൽ യിസ്രായേലിന്റെ ഉന്നതപർവ്വതത്തിൽ തന്നെ, യിസ്രായേൽഗൃഹമൊക്കെയും ഒട്ടൊഴിയാതെ അവിടെ ദേശത്തു വച്ചു എന്നെ സേവിക്കുമെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്; അവിടെ ഞാൻ അവരെ സ്വീകരിക്കും; അവിടെ ഞാൻ നിങ്ങളുടെ വഴിപാടുകളെയും ആദ്യദാനങ്ങളെയും സകലനിവേദ്യങ്ങളെയും ആഗ്രഹിക്കും. ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ നിന്നു പുറപ്പെടുവിച്ചു, നിങ്ങൾ ചിതറിപ്പോയിരിക്കുന്ന രാജ്യങ്ങളിൽ നിന്നു ശേഖരിക്കുമ്പോൾ ഞാൻ നിങ്ങളെ സൗരഭ്യവാസനയായി സ്വീകരിക്കും; അങ്ങനെ ഞാൻ ജാതികൾ കാൺകെ നിങ്ങളിൽ വിശുദ്ധീകരിക്കപ്പെടും. നിങ്ങളുടെ പിതാക്കന്മാർക്കു കൊടുക്കുമെന്നു ഞാൻ കൈ ഉയർത്തി സത്യം ചെയ്ത ദേശമായ യിസ്രായേൽ ദേശത്തേക്കു നിങ്ങളെ കൊണ്ടുവരുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. അവിടെവച്ചു നിങ്ങൾ നിങ്ങളുടെ വഴികളെയും നിങ്ങളെത്തന്നെ മലിനമാക്കിയ സകല ക്രിയകളെയും ഓർക്കും. നിങ്ങൾ ചെയ്ത സകല ദോഷവും നിമിത്തം നിങ്ങൾക്കു നിങ്ങളോടു തന്നെ വെറുപ്പു തോന്നും. യിസ്രായേൽ ഗൃഹമേ, നിങ്ങളുടെ ദോഷമായുള്ള വഴികൾക്കു തക്കവണ്ണമല്ല, നിങ്ങളുടെ വഷളായുള്ള പ്രവൃത്തികൾക്കു തക്കവണ്ണവുമല്ല, എന്റെ നാമം നിമിത്തം തന്നെ ഞാൻ നിങ്ങളോടു പ്രവർത്തിക്കുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്" (യെഹെ. 20:33-44).

അബ്രഹാമിനോടും, യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സന്തോഷിക്കുന്നതു കർത്താവിന്റെ പ്രവചനനിവൃത്തിയായി കാണാം.

"എനിക്കു മുമ്പായി വഴി നിരത്തേണ്ടതിനു ഞാൻ എന്റെ ദൂതനെ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേക്കു വരും; ഇതാ, അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനില്ക്കും? അവൻ ഊതിക്കഴിക്കുന്നവന്റെ തീ പോലെയും അലക്കുന്നവരുടെ ചാരവെള്ളംപോലെയും ആയിരിക്കും. അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് ലേവീപുത്രന്മാരെ ശുദ്ധീകരിച്ചു പൊന്നു പോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും; അങ്ങനെ അവർ നീതിയിൽ യഹോവയ്ക്കു വഴിപാട് അർപ്പിക്കും. അന്നു യെഹൂദയുടെയും യെരൂശലേമിന്റെയും വഴിപാടു പുരാതനകാലത്തെന്നപോലെയും പണ്ടത്തെ ആണ്ടുകളിലെന്നപോലെയും യഹോവയ്ക്കു പ്രസാദകരമായിരിക്കും. ഞാൻ ന്യായവിധിക്കായി നിങ്ങളോടു അടുത്തുവരും; ഞാൻ ക്ഷുദ്രക്കാർക്കും വ്യഭിചാരികൾക്കും കള്ളസത്യം ചെയ്യുന്നവർക്കും കൂലിയുടെ കാര്യത്തിൽ കൂലിക്കാരനെയും വിധവയെയും അനാഥനെയും പീഡിപ്പിക്കുന്നവർക്കും എന്നെ ഭയപ്പെടാതെ പരദേശിയുടെ ന്യായം മറിച്ചുകളയുന്നവർക്കും വിരോധമായി ഒരു ശീഘ്രസാക്ഷിയായിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. യഹോവയായ ഞാൻ മാറാത്തവൻ; അതുകൊണ്ട് യാക്കോബിന്റെ പുത്രന്മാരേ, നിങ്ങൾ മുടിഞ്ഞുപോകാതിരിക്കുന്നു (മലാഖി 3:1-6).

2. യിസ്രായേലിന്റെ ന്യായവിധിയിലെ കക്ഷികൾ

യെഹെസ്ക്കേൽ 20 ലും മലാഖി 3 ലും യിസ്രായേലിന്റെ ന്യായവിധിയെക്കുറിച്ച്, പ്രത്യേകിച്ച് ജീവിക്കുന്നു എങ്കിലും ഉയിർത്തെഴുന്നേറ്റ യിസ്രായേലിനോട് എതിർമനോഭാവം ഉള്ളവരെക്കുറിച്ച് പറഞ്ഞിരിക്കുന്നു. യെഹ. 20: 39 ഉം 40 ഉം വാക്യങ്ങൾ 'യിസ്രായേൽ ഗൃഹത്തോടാണ്' പറഞ്ഞിരിക്കുന്നത്. 42-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് ന്യായം വിധിക്കപ്പെട്ടവരുടെ പൂർവ്വപിതാക്കന്മാരുടെ ദേശമായിട്ടാണ് യിസ്രായേൽ ദേശം കാണുന്നത്. വാക്യം 36-ൽ അവരുടെ പിതാക്കന്മാർ മിസ്രയിം ദേശത്തിന്റെ മരുഭൂമിയിലായിരുന്നു. ഇത് യിസ്രായേലിനെയാണ് അർത്ഥമാക്കുന്നത്. 34-ാം വാക്യത്തിൽ വിധിക്കപ്പെട്ടവരെ ജാതികളുടെ ഇടയിൽ നിന്നു ശേഖരിക്കുമെന്ന് എഴുതിയിരിക്കുന്നു. മലാഖി 3-ൽ വളരെ വ്യക്തമായിട്ട് 'ലേവീപുത്രന്മാരുടെയും' (വാക്യം 3), 'യെഹൂദയുടെയും യെരൂശലേമിന്റെയും' (വാക്യം 4), 'യാക്കോബിന്റെ പുത്രന്മാരുടെയും' (വാക്യം 6) ന്യായവിധിയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇങ്ങനെ യിസ്രായേലിന്റെ ന്യായവിധി നടക്കും.

ഈ രണ്ട് അധ്യായങ്ങളിലും മരിച്ചവരിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ യെഹസ്ക്കേലിന്റെ മനസ്സിലുണ്ടായിരുന്ന ജനം മറ്റു രാജ്യങ്ങളിൽ ജീവിച്ചിരുന്ന യെഹൂദർ ആയിരുന്നു (യെഹ. 20:34, 38). ഈ ന്യായവിധി **ജീവനോടെയുള്ള** യിസ്രായേൽ മക്കളെക്കുറിച്ചാകുന്നു, അല്ലാതെ ഉയിർത്തെഴുന്നേറ്റ പഴയ നിയമവിശ്വാസികളെക്കുറിച്ചല്ല.

3. ജീവിച്ചിരിക്കുന്ന യിസ്രായേൽമക്കളുടെ ന്യായവിധിയുടെ സമയം

യെഹെസ്ക്കേൽ 20: 34-38 വരെ ഉള്ള ഭാഗങ്ങളിൽ യിസ്രായേലിന്റെ പുന:സ്ഥാപനത്തിന്റെയും ചിതറിക്കപ്പെടുന്നതിന്റെയും സമയം രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം തന്നെ രാജാവായി (വാക്യം 33) മുഖാമുഖം (വാക്യം 35) ന്യായം വിധിക്കുന്ന ദൈവത്തിന്റെ നേരിട്ടുള്ള ഭരണകാലമാണിത്. യിസ്രായേലുമായി പുതിയ ഉടമ്പടി സ്ഥാപിക്കുന്ന സമയമാണിത് (വാക്യം 37). ഈ ന്യായവിധിക്ക് ശേഷം യിസ്രായേലിലെ ശേഷിപ്പെല്ലാവരും രക്ഷിക്കപ്പെടും, എന്തുകൊണ്ടെന്നാൽ '**യിസ്രായേൽഗൃഹമൊക്കെയും ഒട്ടൊഴിയാതെ അവിടെ ദേശത്തുവച്ചു**' എന്നെ സേവിക്കുമെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. അവിടെ ഞാൻ അവരെ സ്വീകരിക്കും (വാക്യം 40). കർത്താവിന്റെ വരവിങ്കൽ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടുമെന്ന് റോമ. 11:26 -ൽ പറയുന്നു. ജീവനോടെയുള്ള യഹൂദന്മാരുടെ ന്യായവിധി കർത്താവിന്റെ രണ്ടാംവരവിനും ആയിരമാണ്ട് വാഴ്ചയ്ക്കും മദ്ധ്യേ സംഭവിക്കുമെന്നു യെഹെസ്ക്കേൽ 20-ൽ ചൂണ്ടിക്കാണിക്കുന്നു.

കർത്താവിന്റെ വരവിങ്കൽ ജീവനോടെയുള്ള യെഹൂദന്മാരുടെ ന്യായവിധി ഉണ്ടെന്ന് മലാഖി 3:1-2-ലും പറയുന്നു. "....നിങ്ങൾ അന്വേഷിക്കുന്ന **കർത്താവും** നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേക്കുവരും; **ഇതാ അവൻ വരുന്നു** എന്നു സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു. എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനില്ക്കും? അവൻ ഊതിക്കഴിക്കുന്നവന്റെ തീ പോലെയും അലക്കുന്നവരുടെ ചാരവെള്ളംപോലെയും ആയിരിക്കും" (മലാ. 3:1-2).

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാകയാൽ ഒരു വിധത്തിൽ എല്ലാ യെഹൂദന്മാരും ദൈവത്തിന്റെ വേലക്കാരാണ്. കർത്താവ് പറഞ്ഞിട്ടുള്ള പല ഉപമകളിലും ദാസന്മാരെ പണി ഏല്പിച്ചിട്ട് ദൂരദേശത്തു പോയി മടങ്ങിവന്ന യജമാനൻ, ചിലർക്കു പ്രതിഫലവും ചിലർക്കു

അവിശ്വാസികളോടൊപ്പം ശിക്ഷയും നൽകുന്നു (മത്താ. 24:50–51; 25:30). ക്രിസ്തു മടങ്ങിവരുമ്പോൾ പീഡനകാലത്തിലെ ശേഷിപ്പായ യെഹൂദന്മാരെ ന്യായം വിധിക്കും. രക്ഷിക്കപ്പെട്ടവർ ദൈവരാജ്യത്തിൽ പ്രവേശിക്കും, അല്ലാത്തവർക്കു സാധ്യമല്ല. [49]

4. ജീവിച്ചിരിക്കുന്ന യിസ്രായേലിന്റെ ന്യായവിധിയുടെ ഉദ്ദേശ്യവും സ്ഥലവും

തിരഞ്ഞെടുക്കപ്പെട്ടവരെ കൂട്ടിചേർക്കുന്നതിനും അവിശ്വാസികളിൽ നിന്നു വേർതിരിക്കുന്നതിനും ദൂതന്മാർ പ്രവർത്തിക്കുന്നു (മത്താ. 24:31; 13:41–42; 49–50). യെഹെസ്ക്കേൽ 20:35–ൻ പ്രകാരം ക്രിസ്തു ജീവിച്ചിരിക്കുന്ന യിസ്രായേൽമക്കളെ ന്യായം വിധിക്കുന്നു: "മിസ്രയീം ദേശത്തിന്റെ മരുഭൂമിയിൽവച്ചു" എന്നുദ്ദേശിക്കുന്നതു യിസ്രായേലിന്റെ അതിർത്തിക്കു പുറത്തു ജാതികളുടെ അതിർത്തിയിലെന്നും വ്യക്തം. 36–ാം വാക്യത്തിൽ ഭാവി ന്യായവിധിയെ പിതാക്കന്മാരോടു ചെയ്ത ന്യായവിധിയോടു താരതമ്യം ചെയ്തിരിക്കുന്നു. ഇതിൽ നിന്ന് പ്രകടമാകുന്നത് ദൈവത്തിന്റെ വിധിനിർണ്ണയ സ്ഥാനങ്ങൾ യിസ്രായേലിന്റെ അതിർത്തിയിൽ വെയ്ക്കും എന്നുള്ളതാണ്. പീഡനകാലത്തിൽനിന്നു ആയിരമാണ്ട് വാഴ്ചയിലേക്കു മാറുമ്പോൾ രക്ഷിക്കപ്പെട്ട യെഹൂദന്മാർക്കു മാത്രമെ ക്രിസ്തു യെരൂശലേമിലേക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ.

ജീവിച്ചിരിക്കുന്ന യിസ്രായേൽമക്കളെ ന്യായം വിധിക്കുന്നതിന്റെ ഉദ്ദേശ്യം, മത്സരിച്ചവരെ നീക്കിക്കളയേണ്ടതിനു വീണ്ടും യിസ്രായേലിൽ പ്രവേശിക്കാതെ തടുക്കാനും ആകുന്നു എന്നു യെഹ. 20:38 പറയുന്നു. സോപ്പ് അഴുക്കു കളയുന്നതുപോലെയും, ലോഹം തീയിലൂടെ ശുദ്ധീകരിക്കുന്നതുപോലെയും ദൈവം യിസ്രായേലിനെ ശുദ്ധീകരിക്കുമെന്നു മലാഖി 3:3–ൽ പറയുന്നു.

> "എന്നോടു **മത്സരിച്ച് അതിക്രമിക്കുന്നവരെ ഞാൻ നിങ്ങളുടെ ഇടയിൽ നിന്നു നീക്കിക്കളയും;** അവർ ചെന്നു പാർക്കുന്ന രാജ്യത്തിൽ നിന്നു ഞാൻ അവരെ പുറപ്പെടുവിക്കും; എങ്കിലും **യിസ്രായേൽ ദേശത്തു അവർ കടക്കുകയില്ല;** ഞാൻ യഹോവയെന്നു നിങ്ങൾ അറിയും" (യെഹെ. 20:38).
>
> "എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനില്ക്കും? അവൻ **ഊതിക്കഴിക്കുന്നവന്റെ തീ** പോലെയും അലക്കുന്നവരുടെ ചാരവെള്ളം പോലെയും ആയിരിക്കും. അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് **ലേവി പുത്രന്മാരെ ശുദ്ധീകരിച്ചു,** പൊന്നു പോലെയും വെള്ളി പോലെയും നിർമ്മലീകരിക്കും" (മലാ. 3:2–3).

ദൈവത്തിന്റെ പ്രവർത്തനങ്ങൾക്കെല്ലാം ഒരു ഉദ്ദേശമുണ്ട്. ആട്ടിൻകൂട്ടത്തെ ഇടയൻ, കോലിൻ കീഴെ കടത്തി (യെഹ. 20:37) തന്റേത് ഏതെന്ന് തിരിച്ചറിയുന്നു.

5. യിസ്രായേലിന്റെ ന്യായവിധിയുടെ ഫലങ്ങൾ

a. ചീത്ത ഫലങ്ങൾ (നിഷേധാത്മകമായ ഫലങ്ങൾ)

പീഡനകാലത്തെ ശേഷിപ്പായ രക്ഷിക്കപ്പെടാത്ത യെഹൂദന്മാർ ആയിരമാണ്ട് വാഴ്ചയിൽനിന്ന് ഒഴിവാക്കപ്പെട്ട് നിത്യദണ്ഡനത്തിലേക്ക് പോകുന്നു (യെഹെ. 20:38). ഒരുപക്ഷേ മത്താ. 8:11, 12; ലൂക്കോ. 13:28–29 വെള്ള സിംഹാസനന്യായവിധിയെ മാത്രം കുറിക്കുന്നതല്ലെങ്കിൽ)

> " ആ ദാസൻ നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും യജമാനൻ വന്നു അവനെ ദണ്ഡിപ്പിച്ചു അവനു കപടഭക്തിക്കാരോടുകൂടെ പങ്കു കല്പിക്കും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്താ. 24:50, 51).
>
> "എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്താ. 25:30).
>
> "അവൻ നോക്കിയിരിക്കാത്ത നാളിലും അറിയാത്ത നാഴികയിലും ആ ദാസന്റെ യജമാനൻ വന്നു അവനെ ദണ്ഡിപ്പിക്കയും അവനു അവിശ്വാസികളോടുകൂടെ പങ്കു കല്പിക്കുകയും ചെയ്യും (ലൂക്കോ. 12:46).

b. നല്ല ഫലങ്ങൾ

പീഡനകാലത്തിലെ ശേഷിപ്പായ രക്ഷിക്കപ്പെട്ട യഹൂദന്മാർക്കു ന്യായവിധി ഒരു അനുഗ്രഹമായിരിക്കും. അവർക്കു ആയിരമാണ്ട് വാഴ്ചയിലേക്കു പ്രവേശിക്കാം. എല്ലാ യെഹൂദന്മാരും രക്ഷിക്കപ്പെടും എന്നുള്ള പ്രവചനനിവൃത്തിയാണ് മറ്റൊരു ഫലം (യെഹെ. 20:37–38 നോക്കുക).

[49] ഒരു ക്രമീകരണപ്രകാരം മഹാപീഡനത്തെ അതിജീവിച്ച യഹൂദന്റെ ന്യായവിധി മഹാപീഡനത്തെ അതിജീവിച്ച ജാതിയുടെ ന്യായവിധിക്ക് മുമ്പായിരിക്കും. ക്രിസ്തുവിന്റെ യഹൂദ സഹോദരന്മാരെ ജാതികൾ എങ്ങനെ സ്വീകരിച്ചു എന്നതിന്റെ വെളിച്ചത്തിലാണ് വിധിക്കപ്പെടുന്നത്. (മത്താ. 25:40, 45). ആയതിനാൽ ആണ് വിശ്വസിക്കുന്ന യഹൂദന്മാർ അവിശ്വാസികളിൽ നിന്ന് മാറ്റപ്പെടുകയും അവർ ജാതികളുടെ ന്യായവിധിയിൽ മാതൃകാപരമായ ജീവിതം കാഴ്ചവെയ്ക്കുകയും ചെയ്യുന്നു. എന്താണേലും വീണ്ടും ജനനം പ്രാപിക്കാത്ത യഹൂദന്മാർ ജാതികൾ ദൈവരാജ്യത്തിൽ പങ്കാളികളായിത്തീരുന്നതും സന്തോഷിക്കുന്നതും കണ്ട് നോക്കിനിൽക്കേണ്ടിവരും(മത്താ. 8:11–12; ലൂക്കോ. 13:28–29). ഇതിലൂടെ നമുക്ക് വാദിക്കാൻ സാധിക്കും രാജ്യങ്ങളുടെ നാശം സംഭവിച്ചതിനു ശേഷം യിസ്രായേലിന്റെ ന്യായവിധി സംഭവിക്കും.

"എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു; ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; **ഞാൻ അവർക്കു ദൈവമായും** അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാട്. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം **എല്ലാവരും എന്നെ അറിയും;** ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 31:33–34; എബ്രാ. 8:11–12 ഉം കൂടെ നോക്കുക).

"എന്റെ വിശുദ്ധപർവ്വതത്തിൽ യിസ്രായേലിന്റെ ഉന്നതപർവ്വതത്തിൽ തന്നെ, **യിസ്രായേൽ ഗൃഹമൊക്കെയും ഒട്ടൊഴിയാതെ** അവിടെ ദേശത്തു വച്ചു എന്നെ സേവിക്കുമെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്; അവിടെ ഞാൻ അവരെ സ്വീകരിക്കും; അവിടെ ഞാൻ നിങ്ങളുടെ വഴിപാടുകളെയും ആദ്യദാനങ്ങളെയും സകലനിവേദ്യങ്ങളെയും ആഗ്രഹിക്കും" (യെഹെ. 20:40).

"ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ നിന്നു കൂട്ടി സകലദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു സ്വന്തദേശത്തേക്കു വരുത്തും. ഞാൻ നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും; **നിങ്ങൾ നിർമ്മലരായിത്തീരും,** ഞാൻ നിങ്ങളുടെ സകലമലിനതയെയും സകലവിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും" (യെഹെ. 36:24–25 (26–ാം വാക്യവും നോക്കുക).

"മൂന്നിൽ ഒരംശം ഞാൻ തീയിൽക്കൂടി കടത്തി വെള്ളി ഊതിക്കഴിക്കുന്നതുപോലെ അവരെ ഊതിക്കഴിക്കും; പൊന്നു ശോധന കഴിക്കുന്നതുപോലെ അവരെ ശോധന കഴിക്കും; അവർ എന്റെ നാമത്തെ വിളിച്ചപേക്ഷിക്കുകയും ഞാൻ അവർക്കു ഉത്തരം അരുളുകയും ചെയ്യും; **അവർ എന്റെ ജനം** എന്നു ഞാൻ പറയും; **യഹോവ എന്റെ ദൈവം എന്നു** അവരും പറയും" (സെഖ. 13:9).

"**യഹോവ സർവ്വഭൂമിക്കും രാജാവാകും**; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും" (സെഖ. 14:9).

"ഇങ്ങനെ **യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും.** വിടുവിക്കുന്നവൻ സീയോനിൽ നിന്നുവരും, അവൻ യാക്കോബിൽ നിന്നു അഭക്തിയെ മാറ്റും" (റോമ. 11:26).

D. ജാതികളുടെ ന്യായവിധി

ക്രിസ്തുവിന്റെ രണ്ടാംവരവിനുശേഷം പഴയനിയമ വിശുദ്ധന്മാർ ഉയിർക്കുകയും ജീവനോടെ ശേഷിക്കുന്ന യെഹൂദന്മാർ ന്യായം വിധിക്കപ്പെടുകയും ചെയ്യും. പീഡനകാലത്തിന്റെ ശേഷിപ്പായ ജാതികളെ ക്രിസ്തു ന്യായം വിധിച്ചു ആയിരമാണ്ട് വാഴ്ചയിലേക്ക് പ്രവേശിപ്പിക്കണോ വേണ്ടയോ എന്നു തീരുമാനിക്കാം.

1. ജാതികളുടെ ന്യായവിധിയെ സംബന്ധിച്ചുള്ള വേദഭാഗങ്ങൾ

ക്രിസ്തുവിന്റെ രണ്ടാം വരവിനുശേഷം ജാതികളുടെ ന്യായവിധിയെക്കുറിച്ച് പ്രധാനമായും രണ്ടു വേദഭാഗങ്ങൾ ഉണ്ട്. (മത്താ. 13:41–43, 49 നോക്കുക).

> "ഞാൻ യെഹൂദയുടെയും യെരൂശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും കാലത്തിലും ഞാൻ സകലജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോട് വ്യവഹരിക്കുകയും ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ചു എന്റെദേശത്തെ വിഭാഗിച്ചുകളഞ്ഞുവല്ലോ. ജാതികൾ ഉണർന്നു യഹോശാഫാത്ത് താഴ്വരയിലേക്കു പുറപ്പെടട്ടെ. അവിടെ ഞാൻ ചുറ്റമുള്ള സകലജാതികളെയും ന്യായം വിധിക്കേണ്ടതിനു ഇരിക്കും. വിധിയുടെ താഴ്വരയിൽ അസംഖ്യസമൂഹങ്ങളെ കാണുന്നു, വിധിയുടെ താഴ്വരയിൽ യഹോവയുടെ ദിവസം അടുത്തിരിക്കുന്നു" (യോവേൽ 3:1–2, 12, 14). (ഈ വേദഭാഗം ഹർമ്മഗെദ്ദോൻ ദൈവത്തിന്റെ ന്യായവിധിയായി കാണിക്കുന്നു. എന്നാൽ ജാതികളുടെ ന്യായവിധിയും ഇതിനോടു ചേർന്നു ചിന്തിക്കാം).
>
> "മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകലജാതികളെയും അവൻ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിർത്തും. രാജാവു തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തു

കൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു. തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിനു നീതിമാന്മാർ അവനോട്; കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കുകയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നു ഉത്തരം പറയും. രാജാവ് അവരോട്: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു എന്നു അരുളിയ്യുന്നു. പിന്നെ അവൻ ഇടത്തുള്ളവരോട്: ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല; അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല; നഗ്നനനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല, രോഗിയും തടവിലും ആയിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല എന്നു അരുളിച്ചെയ്യും. അതിനു അവർ: കർത്താവേ ഞങ്ങൾ നിന്നെ വിശക്കുന്നവനോ, ദാഹിക്കുന്നവനോ അതിഥിയോ നഗ്നനോ രോഗിയോ തടവിലോ ആയി എപ്പോൾ കണ്ടു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നു എന്നു ഉത്തരം പറയും. അവൻ അവരോട്: ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാത്തേടത്തോളമെല്ലാം എനിക്കു ആകുന്നു ചെയ്യാഞ്ഞതു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു ഉത്തരം അരുളും. ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും" (മത്താ. 25: 31–46).

2. ജാതികളെ ന്യായം വിധിക്കുന്ന സമയം

ക്രിസ്തുവിന്റെ രണ്ടാം വരവോടു കൂടി ജാതികളുടെ ന്യായവിധി ആരംഭിക്കുമെന്ന് മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ നിന്നു മനസ്സിലാക്കാം. അന്ത്യകാല സംഭവങ്ങളോടും കർത്താവിന്റെ വരവിനോടും, രാജ്യം സ്ഥാപിക്കുന്നതിനോടും ചേർന്നു ഈ കാര്യങ്ങൾ സംഭവിക്കും (മത്താ. 24:30–31; 25:13). ക്രിസ്തുവിന്റെ ഈ ഭൂമിയിലേക്കുള്ള മടങ്ങിവരവിനു ശേഷം ജാതികളുടെ ന്യായവിധി സംഭവിക്കും (കാണുക മത്തായി 8:11–12; ലൂക്കോ. 13:28–29).

3. ജാതികളെ ന്യായം വിധിക്കുന്ന സ്ഥലം

കർത്താവിന്റെ മടങ്ങിവരവിനുശേഷം ഇത് ഭൂമിയിൽ സംഭവിക്കും. യോവേൽ 3-ൽ പറഞ്ഞിരിക്കുന്നപ്രകാരം ഇത് യെരൂശലേമിനു സമീപത്തുള്ള സ്ഥലമായിരിക്കും. എന്നിരുന്നാലും, യെഹോശാഫാത്ത് താഴ്വര ഉറപ്പായിട്ട് എടുക്കാൻ സാധ്യമല്ല.

4. ജാതികളുടെ ന്യായവിധിയിലെ കക്ഷികൾ

മത്തായിയുടെ സുവിശേഷം 24 ഉം 25 ഉം അദ്ധ്യായങ്ങളിൽ പുനരുത്ഥാനത്തെക്കുറിച്ചു പറഞ്ഞിട്ടില്ല, അതുകൊണ്ട് ഈ ന്യായവിധിയിലെ കക്ഷികൾ **പീഡനകാലത്തിലെ ശേഷിപ്പായിരിക്കും**. 'ജാതികൾ' എന്ന പദത്തിനു മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത് '*എത്നാ*' എന്ന വാക്കാണ്. KJVയിൽ '*എത്നാ*' എന്ന പദം തർജ്ജിമ ചെയ്തിരിക്കുന്നത് 61 പ്രാവശ്യം രാജ്യങ്ങൾ എന്നും, 93 പ്രാവശ്യം ജാതികൾ എന്നുമാണ്. ക്രിസ്തുവിന്റെ മടങ്ങിവരവിൽ അവൻ രാജാവായി എല്ലാ **ജാതികളെയും** ന്യായം വിധിക്കും. ഇതിന്റെ അർത്ഥം അവൻ രാജ്യങ്ങളെ ന്യായം വിധിക്കും എന്നല്ല. ഉദാഹരണമായി ബ്രസീലിനെയും ജർമ്മനിയെയും ന്യായം വിധിക്കും എന്നല്ല. ജാതികളുടെ ന്യായവിധി എന്നു വച്ചാൽ **പീഡനകാലത്തിന്റെ ശേഷിപ്പായ ഓരോ വ്യക്തിയെയും ന്യായം വിധിക്കും എന്നത്രെ.** ഈ ന്യായവിധിയോടുകൂടെ **ആരെല്ലാം ആയിരമാണ്ട് വാഴ്ചയിലേക്കു കടക്കണമെന്ന് ക്രിസ്തു തീരുമാനിക്കും** (വാക്യം 34). അതുപോലെ ആർക്കെല്ലാം നിത്യജീവൻ ഉണ്ട് എന്നും തീരുമാനിക്കപ്പെടും (വാക്യം 46). രക്ഷിക്കപ്പെടുകയും ദൈവരാജ്യത്തിലേക്കുള്ള പ്രവേശനവും വ്യക്തിപരമായ തീരുമാനത്തെ ആശ്രയിച്ചാണ്. അല്ലാതെ ഒരു രാഷ്ട്രത്തിന്റെ തീരുമാനം അല്ല. **അതുകൊണ്ട് ജാതികളുടെ ന്യായവിധി എന്നുപറയുന്നത് പീഡന കാലത്തെ ശേഷിപ്പായ വ്യക്തികളുടേതാണ്.**

5. ഉദ്ദേശ്യം.

രക്ഷിക്കപ്പെടാത്ത ആരും തന്നെ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല

> "യേശു അവനോട്: ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു, **പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല എന്നു ഉത്തരം പറഞ്ഞു**" (യോഹ. 3:3).

> "നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ് വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു" (മത്താ. 18:3).

ജാതികളുടെ ന്യായവിധിയിലൂടെ ആരെല്ലാം ദൈവരാജ്യത്തിൽ കടക്കണമെന്നും, ആരെല്ലാം ദൈവരാജ്യത്തിൽ കടക്കരുതെന്നും ക്രിസ്തു തീരുമാനിക്കും. അവൻ തന്റെദൂതന്മാരെ അയച്ച്, ചെമ്മരിയാടിനെയും, കോലാടി നെയും വേർതിരിച്ച്, ഗോതമ്പും പതിരും വേർതിരിച്ച് നല്ല മീനും ചീത്ത മീനും വേർ തിരിച്ച് ന്യായവിധിക്കായി കൊണ്ടുവരും (മത്താ. 25:32–34; 41, 46; 13:30, 36–43; 47–50).

6. ന്യായവിധിക്കുള്ള അടിസ്ഥാനം

കൃപയാൽ നാം വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. വീണ്ടും ജനനം എന്നതു ദൈവരാജ്യത്തിലേക്കുള്ള പ്രവേശനത്തിന്റെ യോഗ്യതയായി കർത്താവ് പഠിപ്പിക്കുന്നു (യോഹ. 3:3; മത്താ. 18:3). അതുകൊണ്ട് ആത്യന്തികമായി ജാതികളുടെ ന്യായവിധി എന്നു പറയുന്നതു വിശ്വാസികളെ അവിശ്വാസികളുടെ ഇടയിൽ നിന്നു വേർതിരിക്കലാണ്.

തന്റെ സഹോദരങ്ങളുടെ കഷ്ടതയിൽ അവർക്കു ഭക്ഷണം നല്കുകയും, അവരെ ഉടുപ്പിക്കുകയും, സന്ദർശിക്കുകയും സഹായിക്കുകയും ചെയ്തവരെ രാജാവ് നല്ലവരായി വിലയിരുത്തുന്നു. ഇവർക്കു ദൈവരാജ്യത്തിലേക്കു പ്രവേശനമുണ്ട് (വാക്യം 34, 46). മത്താ. 25:41–45 വരെയുള്ള ഭാഗങ്ങളിൽ, സഹോദരങ്ങളുടെ കഷ്ടതയിൽ അവർക്കു ഭക്ഷണം നല്കാതെയും, ഉടുപ്പിക്കാതെയും, സന്ദർശിക്കാതെയും സഹായിക്കാതെയും ഇരുന്നവരെ രാജാവ് മോശമായിട്ട് വിലയിരുത്തുന്നു. അവർ നിത്യദണ്ഡനത്തിലേക്കു പോകും (വാക്യം 41, 46). നിർഭാഗ്യവശാൽ ചില വേദോപദേശക്കാർ ഈ വേദഭാഗത്തെ കോട്ടിക്കളയുന്നത് സാധാരണമാണ്. അവർ ഈ വാക്യങ്ങളെ മനുഷ്യത്വപരമായ സഹായങ്ങൾക്കും ശാരീരിക കഷ്ടതയിലുള്ളവരെ സഹായിക്കുന്നതിനും മാത്രമാണെന്നു വ്യാഖ്യാനിക്കുന്നു. പ്രായോഗിക തലത്തിൽ ദൈവം ഈ കാര്യങ്ങളിൽ സന്തോഷിക്കുന്നു എന്നുള്ളത് സത്യമാണ്. എന്നിരുന്നാലും, ഈ വേദഭാഗത്തെ **രണ്ടാം വരവിന്റെ സന്ദർഭത്തിലും കൃപയാൽ വിശ്വാസം മൂലം രക്ഷ എന്ന വിഷയത്തിലും, ചേർന്നു ചിന്തിച്ചില്ലെങ്കിൽ നിത്യത പ്രവൃത്തിയെ മാത്രമാശ്രയിച്ചിരിക്കുന്നു.**

കൃപയാൽ വിശ്വാസം മൂലം രക്ഷ എന്ന അടിസ്ഥാന വിശ്വാസത്തോടു ചേർന്നു വേണം മത്താ 25:31 വ്യാഖ്യാനിക്കുവാൻ. മറ്റുള്ളവർക്കു ഭക്ഷണം നൽകുകയും അവരെ ഉടുപ്പിക്കുകയും, സന്ദർശിക്കുകയും സഹായിക്കുകയും ചെയ്തു രക്ഷ സമ്പാദിക്കാമെന്നു വ്യാഖ്യാനിക്കരുത്.

യഹൂദന്മാരാണ് ക്രിസ്തുവിൽ 'സഹോദരന്മാർ'. എതിർ ക്രിസ്തു യെഹൂദന്മാരെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന ഒരു കാലയളവാണിത്. പീഡനകാലത്ത് വിശ്വാസികളായ ജാതികൾ മാത്രമേ മൃഗത്തെ ആരാധിക്കാതിരിക്കു കയും യെഹൂദന്മാർക്കു വിരോധമായുള്ള പദ്ധതികളിൽ പങ്കാളികളാകാതിരിക്കുകയും ചെയ്കയുള്ളൂ. യെഹൂദന്മാരോട് ഭയത്തോടുകൂടി പെരുമാറി രക്ഷ സമ്പാദിക്കാൻ സാധ്യമല്ല, എന്നാൽ രക്ഷിക്കപ്പെട്ടവർ മഹാപീഡനകാലത്തു നിശ്ചയമായും **യെഹൂദന്മാരോടു ദയയോടെ പെരുമാറണം**. ഈ പീഡനകാലത്തു വിശ്വാസികൾ മാത്രമായിരിക്കും യെഹൂദന്മാരുടെ സ്നേഹിതർ. അതുകൊണ്ട് പീഡനകാലത്തു യെഹൂദന്മാരോടുള്ള സമീപനത്തിലൂടെ ഒരു വ്യക്തി **വിശ്വാസിയോ അല്ല യോ** എന്നു ക്രിസ്തുവിന് തിരിച്ചറിയുവാൻ സാധിക്കും. പ്രവൃത്തിയാൽ ദൈവം രക്ഷ നല്കുമെന്നല്ല, പിന്നെ യോ, യെഹൂദന്മാരോടുള്ള മനോഭാവവും പ്രവൃത്തിയും ഒരുവന്റെ വിശ്വാസം അളക്കുവാൻ ദൈവം ഉപയോഗിക്കും. എതിർക്രിസ്തുവിന്റെ ആജ്ഞ ധിക്കരിച്ചുകൊണ്ട് യെഹൂദന്മാരെ സംരക്ഷിക്കുന്നവർ വിശ്വാസികളാണ്. പീഡനകാലത്തു യെഹൂദന്മാർക്കു വിരോധമായി പ്രവർത്തിക്കുകയോ നിസംഗത പുലർത്തുകയോ ചെയ്യുന്നവർ അവരുടെ അവിശ്വാസം പ്രദർശിപ്പിക്കുകയാണ്.

7. ജാതികളുടെ ന്യായവിധിയുടെ ഫലങ്ങൾ

രാജാവിന്റെ വലത്തുഭാഗത്തുള്ള ചെമ്മരിയാടുകൾ (ജാതികൾ) യെഹൂദന്മാരോടുള്ള സൗഹൃദത്തിലൂടെ തങ്ങളുടെ വിശ്വാസം പ്രദർശിപ്പിക്കും. അവർ ദൈവരാജ്യത്തിൽ പ്രവേശിക്കുകയും നിത്യജീവൻ പ്രാപിക്കുകയും ചെയ്യും (മത്താ. 25:34, 46). അനേകം ജാതികൾ ദൈവരാജ്യത്തിൽ കടക്കുമെന്നു യേശു തന്റെ കാലത്തെ യഹൂദന്മാരോടു പറഞ്ഞിരുന്നു (മത്താ. 8:11–12, ലൂക്കോ. 13:28–29; യെശ. 2:3; 55:5, ദാനി. 7:14; മീഖാ. 4:2; സെഖ. 14: 16–17 രാജ്യത്തിലുള്ള ജാതികളെക്കുറിച്ച്).

രാജാവിന്റെ ഇടത്തുഭാഗത്തുള്ള കോലാടുകൾ (ജാതികൾ) എതിർക്രിസ്തുവിനോടു ചേർന്ന് യെഹൂദന്മാരെ പീഡിപ്പിച്ചു തങ്ങളുടെ അവിശ്വാസം പ്രകടിപ്പിക്കും. നിത്യാഗ്നിയിലേക്കു അവർ പ്രവേശിക്കുകയും ചെയ്യും (മത്താ. 25:41, 46). [50]

രാജ്യങ്ങളുടെയും ഇസ്രയേൽ രാഷ്ട്രത്തിന്റെ ഒന്നിച്ചുള്ള ന്യായവിധിയുടെ ഫലം **വീണ്ടും ജനിക്കപ്പെട്ട**

[50] മത്തായി 25:41, 46 ലെ വിവരണത്തിൽ പീഡനകാലത്തിലെ ശേഷിപ്പായ അവി ശ്വാസികൾ ന്യായവിധിക്കുശേഷം നിത്യ അഗ്നിയിലേക്കു പോകും. ഒരുപക്ഷെ അവർ അവിശ്വാസികളായി മരിച്ചു പോയവരുടെ ആത്മാക്കൾക്കായി വെള്ള സിംഹാസനത്തിങ്കൽ ന്യായവിധിക്കു മുമ്പ് ഒരുക്കിയിട്ടുള്ള സ്ഥലമായ പാതാളത്തിൽ ചെല്ലുന്നില്ല. ആയിരമാണ്ടു വാഴ്ചയ്ക്ക് ശേഷമുള്ള വെള്ള സിംഹാസന ന്യായവിധിയിങ്കൽ ഒരുപക്ഷെ യേശുക്രിസതുവിനാൽ വിധിക്കപ്പെട്ടവർ വീണ്ടും വരേണ്ടതില്ല.

ദൈവമക്കളും മാത്രം ആയിരിക്കും രാജ്യത്തിന്റെ ആരംഭത്തിൽ ഉണ്ടായിരിക്കുക(കാണുക യോഹന്നാൻ. 3:3; മത്താ. 13:41, 49, 18:3).

E. രാജ്യത്തിലെ അധികാര നിയമങ്ങൾ

ദാനി. 12:11-12-ന്റെ വ്യാഖ്യാനപ്രകാരം പീഡനകാലത്തെ അതിജീവിച്ച യഹൂദന്മാരേയും ജാതികളെയും ന്യായം വിധിക്കുവാൻ 30 ദിവസം എടുക്കും

എന്നാൽ നാല്പത്തിയഞ്ചു ദിസവങ്ങൾക്കുള്ളിൽ വിശ്വാസികൾക്ക് വിവിധ സ്ഥാനങ്ങളും അംഗീകാരങ്ങളും നൽകി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചുമതലകൾ കൊടുക്കുന്നു. ഇതിന് പ്രത്യേക സമയപരിധി പറയുവാൻ ബുദ്ധിമുട്ടാണ്, പീഡനത്തിൽനിന്നും ദൈവരാജ്യത്തിലേക്കു പ്രവേശിക്കുമ്പോൾ മുതൽ ക്രിസ്തുവിന്റെ വാഴ്ചയിൽ പങ്കുണ്ടാകത്തക്കവണ്ണം വിശുദ്ധന്മാരെ വിവിധ സ്ഥാനങ്ങളിൽ നിയമിക്കുന്നു. (കാണുക റോമ. 4:13-15).

> യേശു അവരോട് പറഞ്ഞത്: എന്നെ അനുഗമിക്കുന്ന നിങ്ങൾ പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരുന്ന് യിസ്രായേൽ ഗോത്രം **പന്ത്രണ്ടിനും ന്യായം വിധിക്കും** എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു(മത്താ. 19:28).
>
> വിശുദ്ധന്മാർ ലോകത്തെ വിധിക്കുമെന്ന് അറിയുന്നില്ലയോ?... (1 കൊരി. 6:2).
>
> സഹിക്കുന്നുവെങ്കിൽ കൂടെ **വാഴും** (2 തിമൊ. 2:12).
>
> 'ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കുകയും ചെയ്യുന്നവന് എന്റെ പിതാവ് എനിക്കു തന്നതുപോലെ **ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കും. അവൻ ഇരുമ്പുകോൽ കൊണ്ടു അവരെ മേയിക്കും;** അവർ കുശവന്റെ പാത്രങ്ങൾപോലെ നുറുങ്ങിപ്പോകും" (വെളി. 2:26-27).
>
> "ഞങ്ങളുടെ ദൈവത്തിനു അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവച്ചു. **അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ടു അവർ പാടുന്നു**" (വെളി. 5:10).
>
> "ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിനു അധികാരം ഇല്ല; **അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടുവാഴും** (വെളി. 20:6, 4-ാം വാക്യം കൂടെ കാണുക).

F. പീഡനകാലത്തിനും ആയിരമാണ്ടു വാഴ്ചയ്ക്കും മദ്ധ്യേ ഉള്ള സംഭവങ്ങളുടെ ചുരുക്കം

യേശുക്രിസ്തു പീഡനകാലത്തിന്റെ അവസാനം യെരൂശലേമിനു കിഴക്കുള്ള ഒലിവുമലയിൽ വരും. അവൻ എതിർക്രിസ്തുവിന്റെ സൈന്യത്തെ നശിപ്പിക്കും. ദൈവരാജ്യത്തിൽ സന്തോഷിക്കാനായി പഴയനിയമകാല വിശുദ്ധന്മാരും പീഡനകാലവിശുദ്ധന്മാരും ഉയിർത്തെഴുന്നേല്ക്കും. പീഡനകാലശേഷിപ്പായുള്ളവരെ ന്യായം വിധിച്ച് ആയിരമാണ്ടു വാഴ്ചയിൽ പ്രവേശിപ്പിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കും. വിശ്വസിക്കുന്ന യെഹൂദന്മാരെ അവിശ്വാസികളായ യെഹൂദന്മാരിൽ നിന്നു ക്രിസ്തു വേർതിരിക്കും. അതുപോലെ ജാതികളുടെ ന്യായവിധിയിൽ വിശ്വാസികളായ ജാതികളെ അവിശ്വാസികളായ ജാതികളിൽ നിന്നു വേർതിരിക്കും. അതിന്റെ ശേഷം ക്രിസ്തുവിന്റെ ശ്രേഷ്ഠമേറിയ ഭരണം ഈ ലോകത്തിൽ ആരംഭിക്കും. അവിടെ തേജസ്ക്കരിക്കപ്പെട്ട വിശ്വാസികൾ നേതൃസ്ഥാനം അലങ്കരിക്കും

XIII. ക്രിസ്തുരാജ്യം ഈ ഭൂമിയിൽ (സഹസ്രാബ്ദം)

വേദപുസ്തകത്തിൽ *രാജ്യം* എന്ന പദം വിവിധ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഇത് പ്രപഞ്ചത്തിന്മേലുള്ള ദൈവത്തിന്റെ അധികാരത്തെ കാണിക്കുന്നു (സങ്കീ. 103:19). സഭയും ദൈവ*രാജ്യ*ത്തിന്റെ മറ്റൊരു രൂപം ആണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ഇരുട്ടിന്റെ രാജ്യത്തിൽ നിന്നു "പുത്രന്റെ *രാജ്യ*ത്തിലേക്കു" മാറ്റപ്പെടുന്നു (കൊലൊ. 1:13). അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ, ക്രിസ്തു വീണ്ടും യെരൂശലേമിൽ വന്നു ലോകത്തെ ഭരിക്കും എന്നു വ്യാഖ്യാനിക്കുന്ന അനേകം വേദഭാഗങ്ങൾ ഉണ്ട്.

ദൈവരാജ്യമെന്നും സ്വർഗ്ഗരാജ്യമെന്നും പറഞ്ഞിരിക്കുന്ന അനേകം വേദഭാഗങ്ങൾ നമ്മുടെ കർത്താവിന്റെ വരാൻ പോകുന്ന ഭരണത്തെയാണ് കാണിക്കുന്നത് [51].

സഹസ്രാബ്ദപൂർവ്വവാഴ്ചാ സിദ്ധാന്തത്തിൽ വിശ്വസിക്കാത്ത അനേകം യാഥാസ്ഥിതിക പ്രോട്ടസ്റ്റെന്റുകാർ ഉള്ളതുകൊണ്ട്, ക്രിസ്തുവിന്റെ രാജ്യത്തിന്റെ നിയമങ്ങൾ നല്കുന്നതിനു മുമ്പ് രാജ്യം സ്ഥാപിക്കപ്പെടേണ്ടതായിട്ടുണ്ട് എന്ന് തെളിയിക്കേണ്ടിയിരിക്കുന്നു. ആക്ഷരികമായി പഴയനിയമം വ്യാഖ്യാനിച്ചാൽ, പൂർവ്വസഹസ്രാബ്ദവാഴ്ച ശരിയാണെന്നു ഉറപ്പിച്ചു പറയാൻ സാധിക്കും. ദൈവം അബ്രഹാമിനോടും ദാവീദിനോടും യിസ്രായേൽ ദേശത്തോടും ചെയ്ത ഉടമ്പടി പ്രകാരം യിസ്രായേലിനു ഒരു ഭാവിരാജ്യം ഉറപ്പാണ്.

---

[51] ദൈവരാജ്യമെന്നും സ്വർഗ്ഗരാജ്യമെന്നും പറയുന്നതിൽ വലിയ വ്യത്യാസം ഇല്ല. എന്തുകൊണ്ടെന്നാൽ യെഹൂദന്മാർ ദൈവം എന്ന പദം ആവർത്തിക്കുന്നതിൽ ഇഷ്ടപ്പെട്ടിരുന്നില്ല. മുടിയനായ പുത്രൻ ചെയ്തതുപോലെ അവർ 'സ്വർഗ്ഗം' എന്ന പദം ദൈവത്തിനു പകരം ഉപയോഗിക്കുന്നു (ലൂക്കോ. 15:21).

A. അബ്രഹാമിനോടുള്ള ഉടമ്പടിയും സഹസ്രാബ്ദപൂർവ്വ വാദവും

1. വേദഭാഗങ്ങൾ

ദൈവം അബ്രഹാമിനോടു ചെയ്ത ആദ്യ ഉടമ്പടി ഉല്പത്തി 12:1-3, 7 വാക്യങ്ങളിലും വീണ്ടും വിശദീകരണത്തോടുകൂടി ആവർത്തിച്ച് ഉല്പത്തി 13:14-17; 15:1-7; 18; 22-15-18 വരെ ഉള്ള ഭാഗങ്ങളിലും പറഞ്ഞിരിക്കുന്നു. ദൈവം യിസ്ഹാക്കിനോടു തന്റെ ഉടമ്പടി ആവർ ത്തിക്കുന്നു(ഉല്പ. 26:3-5). യാക്കോബിനോടും ആവർത്തിക്കുന്നു (ഉല്പ. 28:12-15; 35:9-12; 48:4).

2. വാഗ്ദത്തങ്ങൾ ലഭിച്ചവർ

അബ്രഹാമിനോടുള്ള ഉടമ്പടിയിൽ വാഗ്ദാനം ലഭിച്ചവർ മൂവർ ഉണ്ട്: അബ്രഹാം, അബ്രഹാമിന്റെ സന്തതി, സകല ജാതികളും

a. അബ്രഹാം

അബ്രഹാമിനെ ഒരു വലിയ ജാതി(സന്തതി)യുടെ പിതാവാക്കുമെന്നു ദൈവം വാഗ്ദാനം ചെയ്തു (ഉല്പ. 12:2; 13:15-16; 15:5). അവൻ പ്രധാന ജാതി കൂടാതെ ബഹു ജാതികൾക്കും രാജാക്കന്മാർക്കും പിതാവാകും (ഉല്പ. 17:6). അബ്രഹാം അനുഗ്രഹിക്കപ്പെടുകയും അവന്റെ പേർ വലുതാകുകയും ചെയ്യും, അവൻ ഒരു അനുഗ്രഹമായിരിക്കുകയും ചെയ്യും (ഉല്പ. 12:2).

b. അബ്രഹാമിന്റെ സന്തതി

അബ്രഹാമിന്റെ സന്തതി വലിയൊരു ജാതിയാകും (ഉല്പ. 12:2). അവർ യിസ്രായേൽദേശം ശാശ്വതമായി നേടും (ഉല്പ. 13:14-15, 17; 15:18; 17:8) . അവർ എണ്ണിക്കൂടാത്ത ഒരു ജനമായിത്തീരും (ഉല്പ. 15:5). അബ്രഹാമിന്റെ സന്തതി എന്നു പറയുന്നതു അവന്റെ തലമുറകളാണെന്നു ഉല്പ. 17:19-ൽ നിന്നും മറ്റു വേദഭാഗങ്ങളിൽ നിന്നും മനസ്സിലാക്കാം.

c. സകലജാതികളും

അബ്രഹാമിൽ സകലജാതികളും അനുഗ്രഹിക്കപ്പെടുമെന്ന് ഉല്പ. 12:3-ൽ പറയുന്നു. അബ്രഹാമിന്റെ സന്തതിയായ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും നീതികരണം ലഭിക്കുന്നു എന്നതാണ് ഏറ്റവും മുഖ്യമായ അനുഗ്രഹം (ഗലാ. 3:8) അബ്രഹാമിനെ അനുഗ്രഹിക്കുന്നവർ അനുഗ്രഹിക്കപ്പെടും, ശപിക്കുന്നവർ ശപിക്കപ്പെടും (ഉല്പ. 12:3).

3. അബ്രഹാമിനോട് ചെയ്ത ഉടമ്പടിയുടെ സ്വഭാവം

ഉല്പത്തിപ്പുസ്തകത്തിലെ വേദഭാഗങ്ങളിൽ നിന്നാണ് ഭാവികാലശാസ്ത്രം ഉടലെടുത്തിരിക്കുന്നത് എന്നതു ഒരു പ്രത്യേകതയായി തോന്നാം. എന്നിരുന്നാലും അബ്രഹാമിനോട് ചെയ്ത ഉടമ്പടി ഭാവികാലശാസ്ത്രത്തിലെ ഒരു മുഖ്യ വിഷയമാണ്.

അബ്രഹാമിനോടുള്ള ഉടമ്പടി നിബന്ധനയുള്ളതും താത്ക്കാലികവുമായിരുന്നു എങ്കിൽ യെഹൂദന്മാരുടെ ഭാവിയെക്കുറിച്ച് ചിന്തിക്കേണ്ടതായിട്ടില്ല. മറിച്ച് ദൈവിക വാഗ്ദത്തം നിബന്ധനയില്ലാത്തതും നിത്യവും ആണെങ്കിൽ, യെഹൂദന്മാർ യിസ്രായേൽ ദേശം ശാശ്വതവകാശമാക്കും. അത് കർത്താവിന്റെ ആയിരമാണ്ടു വാഴ്ചയിലായിരിക്കും.

അബ്രഹാമിനോടുള്ള വാഗ്ദത്തം വിശ്വാസത്താലാണ് അവകാശമാക്കുന്നതെന്നു സഹസ്രാബ്ദപൂർവ്വവാദക്കാർ വിശ്വസിക്കുന്നു. എന്നാലും ചിലരുടെ അനുസരണക്കേടു നിമിത്തം അബ്രഹാമിന്റെ വിശ്വാസികളായ സന്തതിക്ക് അനുഗ്രഹം നഷ്ടപ്പെടുന്നില്ല. അബ്രഹാമിനനോടുള്ള വാഗ്ദത്തം നിബന്ധനയില്ലാത്തതും ശാശ്വതവുമാണെങ്കിൽ അതു സഹസ്രാബ്ദപൂർവ്വവാദത്തെ അനുകൂലിക്കുന്നു.

a. ഒരു നിബന്ധന.

അബ്രഹാമിനോടുള്ള ഉടമ്പടിയിലുള്ള ഒരേ ഒരു നിബന്ധന താൻ സ്വന്തദേശത്തെയും പിതൃഭവനത്തെയും ഉപേക്ഷിക്കണം എന്നതായിരുന്നു. എബ്രായഭാഷയിൽ 'പുറപ്പെടുക' എന്ന ക്രിയ പറയുമ്പോൾത്തന്നെ നേരിട്ടല്ലാതെ അതിന്റെ ഫലത്തെയും സൂചിപ്പിക്കുന്നു. അതുകൊണ്ട് ഉല്പ. 12:1 ഇങ്ങനെയും തർജ്ജിമ ചെയ്യാം

"പുറപ്പെടുക..... ഇതിന്റെ ഫലമായി ഞാൻ നിന്നെ വലിയൊരു ജാതിയാക്കും... ഇതിന്റെ ഫലമായി ഞാൻ നിന്നെ അനുഗ്രഹിക്കും..... ഇതിന്റെ ഫലമായി ഞാൻ നിന്റെ പേർ വലുതാക്കും... ഇതിന്റെ ഫലമായി നീ ഒരു അനുഗ്രഹമായിരിക്കും".

ദൈവം ആവശ്യപ്പെട്ടപ്രകാരം അബ്രഹാം തന്റെ പിതൃഭവനം ഉപേക്ഷിച്ചതിനാൽ, അവന്റെ തലമുറകൾക്കു ദേശം അവകാശമാക്കി കൊടുത്തു (ഉല്പ.12). ഇതു വാസ്തവത്തിൽ ദൈവാനുഗ്രഹത്തിലേക്കു പ്രവേശിക്കുന്നതിനുള്ള ഒരു ക്ഷണത്തെക്കാൾ ഉപരിയായതല്ലായിരുന്നു. ഉല്പ. 13:14-17 ലും 15:5 ലും അബ്രഹാമിനോടു ചെയ്ത ഉടമ്പടിയോടു ചേർത്തിരിക്കുന്ന കാര്യങ്ങളും നിബന്ധനയില്ലാത്തതാണ്. ദൈവത്തിന്റെ ഉടമ്പടി യാഥാർത്ഥ്യമാക്കേണ്ടതിനുള്ള ഒരേ ഒരു നിബന്ധന അബ്രഹാം പാലിച്ചു. യിസ്രായേൽമക്കളോടു ഉടമ്പടി വാഗ്ദത്തങ്ങൾ ആവർത്തിച്ചപ്പോഴും അത് **അബ്രഹാമിന്റെ അനുസരണത്തെ** അടിസ്ഥാനപ്പെട്ടുള്ളതാണ് (ഉല്പ. 26:5). അതിനാൽ അബ്രഹാമിന്റെ സന്തതിയുടെ അനുസരണമോ അനുസരണക്കേടോ ദൈവത്തിന്റെ ഉടമ്പടിക്കു മാറ്റം വരുത്തുന്നില്ല. പിതൃദേശത്തെ വിട്ടു കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോയ അബ്രഹാമിന്റെ

അനുസരണത്തെ അടിസ്ഥാനപ്പെടുത്തിയാണ് അനുഗ്രഹം. [52]

b. അബ്രഹാമിനോടുള്ള അനുഗ്രഹത്തിന്റെ നിത്യ സ്വഭാവം

വേദപുസ്തകം അബ്രഹാമിനോടുള്ള ഉടമ്പടിയുടെ ശാശ്വതസ്വഭാവം (തകർക്കുവാനോ, മാറ്റുവാനോ സാധ്യമല്ലാത്ത) ഉറപ്പിക്കുന്നു. ശാശ്വതമെന്നു പറഞ്ഞിരിക്കുന്നത് **നിത്യമാണെങ്കിൽ,** ഉല്പത്തി 15:18- ൽ വാഗ്ദത്തം ചെയ്തിരിക്കുന്ന അതിരുകൾ അവർ ശാശ്വതവകാശമാക്കും. യെഹൂദന്മാരുടെ നൂറ്റാണ്ടുകളായിട്ടുള്ള പരാജയങ്ങളുടെ നടുവിലും, ഈ വാക്യങ്ങളിലൂടെ ദൈവം അബ്രഹാമിനോടു ആവർത്തിച്ചു ഉറപ്പാക്കിയ ഉടമ്പടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. യിസ്രായേലിന്റെ ആഴമേറിയ പരാജയങ്ങൾക്കു ശേഷവും ദൈവിക ഉടമ്പടിയോട് ചേർന്നുള്ള വാഗ്ദത്തങ്ങൾ ആവർത്തിക്കപ്പെടുന്നു.

> "നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും **ശാശ്വതമായി** തരും" (ഉല്പ. 13:15).
>
> "ഞാൻ നിമിത്തം നിന്റെശേഷം നിന്റെ സന്തതിക്കും ദൈവമായിരിക്കേണ്ടതിനു ഞാൻ നിനക്കും നിന്റെശേഷം തലമുറതലമുറയായി നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ **നിത്യനിയമമായി** സ്ഥാപിക്കും. .... നിന്റെ വീട്ടിൽ ജനിച്ച ദാസനും നീ വിലകൊടുത്തു വാങ്ങിയവനും പരിച്ഛേദന ഏറ്റേ കഴിയൂ. എന്റെ നിയമം നിങ്ങളുടെ ദേഹത്തിൽ **നിത്യനിയമമായിരിക്കേണം.....** അതിനു ദൈവം അരുളിച്ചെയ്തതു. അല്ല, നിന്റെ ഭാര്യയായ സാറാ തന്നെ നിനക്കൊരു മകനെ പ്രസവിക്കും; നീ അവനു യിസ്ഹാക്ക് എന്നു പേരിടേണം. ഞാൻ അവനോടും അവന്റെശേഷം അവന്റെ സന്തതിയോടും എന്റെ നിയമത്തെ **നിത്യനിയമമായി** ഉറപ്പിക്കും" (ഉല്പ. 17:7, 13,19).
>
> "എന്നോടു: ഞാൻ നിന്നെ സന്താനപുഷ്ടിയുള്ളവനാക്കി പെരുക്കി നിന്നെ ജനസമൂഹമാക്കുകയും നിന്റെശേഷം നിന്റെ സന്തതിക്കു ഈ ദേശം **ശാശ്വതാവകാശമായി** കൊടുക്കുകയും ചെയ്യും എന്നു അരുളിചെയ്തു" (ഉല്പ. 48:4).

അബ്രഹാമിനോടു അവൻ ചെയ്ത നിയമവും യിസ്ഹാക്കിനോടു ചെയ്ത സത്യവും തന്നെ. അതിനെ അവൻ യാക്കോബിനു ഒരു പ്രമാണമായും യിസ്രായേലിനൊരു **ശാശ്വതനിയമമായും** ഉറപ്പിച്ചു (1 ദിന. 16:16–17).

അവൻ തന്റെ നിയമത്തെ എന്നേക്കും താൻ കല്പിച്ച വചനത്തെ ആയിരം തലമുറയോളവും ഓർക്കും. അവൻ അബ്രഹാമിനോടു ചെയ്ത നിയമവും യിസ്ഹാക്കിനോടു ചെയ്ത സത്യവും തന്നെ. അതിനെ അവൻ യാക്കോബിനു ഒരു ചട്ടമായും യിസ്രായേലിനു ഒരു നിത്യനിയമമായും നിയമിച്ചു (സങ്കീ. 105:8–10).

"എങ്കിലും നിന്റെ യൗവനകാലത്തു നിന്നോടുള്ള എന്റെ നിയമം ഞാൻ ഓർത്തു ഒരു ശാശ്വതനിയമം നിന്നോടു ചെയ്യും. നിന്റെ ജ്യേഷ്ഠത്തിമാരും അനുജത്തിമാരുമായ സഹോദരിമാരെ നീ കൈക്കൊള്ളുമ്പോൾ, അന്നു നീ നിന്റെ വഴികളെ ഓർത്തു നാണിക്കും. ഞാൻ അവരെ നിനക്കു പുത്രന്മാരായി തരും. നിന്റെ നിയമപ്രകാരമല്ല താനും. നീ ചെയതതൊക്കെയും ഞാൻ നിന്നോട് ക്ഷമിക്കുമ്പോൾ നീ ഓർത്തു ലജ്ജിച്ചു നാണംനിമിത്തം ഇനി ഒരിക്കലും വായ്തുറക്കാതിരിക്കേണ്ടതിനു ഞാൻ നിന്നോടു എന്റെ നിയമം ചെയ്യും" (യെഹെ. 16:60–62).

"എന്റെ ദാസനായ യാക്കോബിനു ഞാൻ കൊടുത്തതും നിങ്ങളുടെ പിതാക്കന്മാർ പാർത്തിരുന്നതും ആയസ്വന്ത ദേശത്തു അവർ പാർക്കും; അവരും അവരുടെ മക്കളും മക്കളുടെ മക്കളും എന്നേക്കും അവിടെ വസിക്കും. എന്റെ ദാസനായ ദാവീദ് എന്നേക്കും അവർക്കു പ്രഭുവായിരിക്കും. ഞാൻ അവരോട് ഒരു സമാധാന നിയമം ചെയ്യും. അതു അവർക്കു ഒരു ശാശ്വതനിയമവും ആയിരിക്കും. ഞാൻ അവരെ ഉറപ്പിച്ചു പെരുക്കി അവരുടെ നടുവിൽ എന്റെ വിശുദ്ധമന്ദിരത്തെ സദാകാലത്തേക്കും സ്ഥാപിക്കും(യെഹെ. 37:25–26).

[52] പരിച്ഛേദനയുടെ കാര്യത്തിലും(ഉല്പ. 17:1) യിസ്ഹാക്കിനെ ബലികഴിക്കുവാൻ തയ്യാറായതിലും(ഉല്പ. 22:8) അബ്രഹാം ദൈവത്തെ പൂർണ്ണമായി അനുസരിച്ചു. അബ്രഹാം പിതൃഭവനത്തെ വിട്ടുപോരുന്നതിൽ അനുസരിച്ചതുപോലെ ജീവിതത്തിന്റെ എല്ലാദിശകളിലും അനുസരണം എന്ന സ്വഭാവം പ്രകടിപ്പിച്ചു. അബ്രഹാമിന്റെ അനുസരണത്തിലൂടെ ദൈവം അവനെ തിരഞ്ഞെടുത്തതിലെ ജ്ഞാനം മനസ്സിലാക്കാം. അതുപോലെ അബ്രഹാം തന്റെ വ്യക്തിപരമായ ജീവിതത്തിൽ ദൈവിക അനുഗ്രഹങ്ങളിൽ സന്തോഷിച്ച് ജീവിച്ചു. എന്നിരുന്നാലും, അബ്രഹാമിനോടുള്ള ഉടമ്പടി ഉല്പ. 17 നും 22 നും മുമ്പ് തന്നെ പ്രാവർത്തികമാക്കാൻ തുടങ്ങിയിരുന്നു. പിന്നീട് വന്ന പരീക്ഷകളെല്ലാം അവൻ ആദ്യം അനുസരിച്ചതുപോലെ തന്നെ അനുസരിക്കുന്നു എന്നു തെളിയിച്ചു. ഇവയെല്ലാം അബ്രഹാമിന്റെ ആദ്യത്തെ അനുസരണത്തെ വിശാലമാക്കി. ഉല്പ. 22:18–ൽ ദൈവം അബ്രഹാമിന്റെ അനുസരണത്തിൽ സംപ്രീതനായി താൻ തിരഞ്ഞെടുത്ത ദാസനു തലമുറയെ കൊടുക്കുമെന്നു അരുളിച്ചെയ്തതു വൈകാരികമായി ഉറപ്പിക്കുന്നു. അബ്രഹാം യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ വെയ്ക്കുന്നതിനു മുമ്പ് ഉടമ്പടിയിൽ സന്ദേഹമേതുമില്ലായിരുന്നു എങ്കിലും, അതിന്റെശേഷം ദൈവം അവനിൽ കൂടുതൽ സംപ്രീതനായി അനുഗ്രഹിക്കുന്നു.

c. അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും പരാജയങ്ങൾ

ദൈവം അബ്രഹാമിന് അനുഗ്രഹങ്ങൾ കൊടുത്തത് ദേശത്തെയും ചാർച്ചക്കാരെയും വിട്ടുപിരിയുക എന്ന നിബന്ധനയിലാണ്. അബ്രഹാം അതു അനുസരിച്ചു. അബ്രഹാമിന്റെ മുമ്പോട്ടുള്ള യാത്രയിൽ തന്റെ പല പരാജയങ്ങളുടെയും മദ്ധ്യേ ദൈവം തന്റെ വാഗ്ദത്തം വിസ്തൃതിപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യുന്നു. മിസ്രെയീമിൽ വെച്ച് അബ്രഹാം പാപം ചെയ്തപ്പോഴും (ഉല്പ. 12:10–20) ദൈവം തന്റെ വാഗ്ദത്തം ഉറപ്പിച്ചു (ഉല്പ. 13:14–17). ദൈവഹിതത്തിനു വെളിയിൽ അബ്രഹാം യിശ്മായേലിനെ ജനിപ്പിച്ചപ്പോഴും (ഉല്പ. 16:1–16) ദൈവം തന്റെ വാഗ്ദത്തം ഉറപ്പിച്ചു (ഉല്പ. 17:1–8).

യിസ്ഹാക്കിന്റെ പരാജയത്തിന്റെ നടുവിലും ദൈവം തന്റെ വാഗ്ദത്തം അതേ അദ്ധ്യായത്തിൽ തന്നെ ഉറപ്പിക്കുന്നു (ഉല്പ. 26:3–5). അതുപോലെ യാക്കോബിന്റെ വഞ്ചനയുടെ നടുവിലും ദൈവം വീണ്ടും തന്റെ വാഗ്ദത്തം അവനു പകർന്നുകൊടുക്കുന്നു (ഉല്പ. 28:12; 35:9–12; 48:4). യിസ്ഹാക്കിന്റെയും യാക്കോബിന്റെയും മേൽദൈവം ഒരു നിബന്ധനയും വെയ്ക്കുന്നില്ല[53] . അബ്രഹാമിനോടുള്ള ഉടമ്പടിയുടെ അടിസ്ഥാനം അനുസരണം എന്ന ഏകവിഷയത്തിന്മേൽ ആണ് ദേശം **ശാശ്വതാവകാശമായി** നല്കുമെന്നുള്ള ദൈവിക വാഗ്ദത്തം നിർവീര്യമാകുന്നില്ല.

d. ഏകപക്ഷീയമായ ഉടമ്പടി

അബ്രഹാമിനോടുള്ള ഉടമ്പടിയെ ഉറപ്പിക്കുന്ന ആചാരങ്ങൾ ആണ് ഉല്പ. 15:8–17 വരെ പറഞ്ഞിരിക്കുന്നത്. പ്രാചീന കാലത്തു ഉടമ്പടി ഉറപ്പിക്കുന്നതിനായിട്ട് ബലി നടത്തിയതിനുശേഷം കക്ഷികൾ ബലിമൃഗങ്ങളുടെ ശവങ്ങൾക്കിടയിലൂടെ മുഖാമുഖമായി നടക്കും (യിരെ. 34:18–19). ഒരുപക്ഷേ പ്രതീകാത്മകമായി ഉടമ്പടി ലംഘിക്കുന്ന ആൾ ഈ ബലിമൃഗങ്ങളെപ്പോലെ പറിച്ചുകീറിപ്പോകും എന്നതിന്റെ സൂചന ആയിരിക്കാം. അബ്രഹാമിനോടുള്ള ഉടമ്പടിയിൽ ദൈവം അബ്രഹാമിനു ഒരു ഗാഢനിദ്ര വരുത്തിയതിനുശേഷം ബലിമൃഗങ്ങളുടെ നടുവിലൂടെ ദൈവം മാത്രം നടന്നു. അബ്രഹാമിനു ഈ ഉടമ്പടി നിറവേറ്റുന്നതിനു ഒരു കടപ്പാടും ഇല്ല എന്നത്രെ ഇതിനർത്ഥം. മുമ്പോട്ടുള്ള യാത്രയിൽ അബ്രഹാമിനു തന്റേതായിട്ട് ഒന്നും ചെയ്യുവാനുണ്ടായിരുന്നില്ല. കാരണം, ഉടമ്പടി യാതൊരു നിബന്ധനയും ഇല്ലാത്തതായിരുന്നു. ദൈവത്തിന്റെ വാഗ്ദത്തം നിറവേറ്റുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം **ദൈവത്തിനായിരുന്നു.**

e. പുതിയനിയമത്തിൽ അബ്രഹാമിനോടുള്ള ഉടമ്പടി

അബ്രഹാമിനോടുള്ള ഉടമ്പടി മാറ്റമില്ലാത്തതാണെന്നു പുതിയ നിയമത്തിലെ കാതലായ രണ്ടു വേദഭാഗങ്ങൾ പഠിപ്പിക്കുന്നു. ദൈവം യിസ്രായേലിനെ മാറ്റിനിർത്തി സഭ ആരംഭിച്ചതിനുശേഷം അബ്രഹാമിനോടുള്ള ഉടമ്പടി മാറ്റമില്ലാത്തതാണെന്ന് പറയുന്നതു ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് അബ്രഹാമിന്റെ സന്തതിയായ യെഹൂദന്മാർ ഉല്പ. 15:18–ൽ പറയുന്ന അതിരുകൾ ശാശ്വതാവകാശമാക്കേണ്ടതാണ്.

> ഞാൻ പറയുന്നതിന്റെ താല്പര്യമോ: നാനൂറ്റിമുപ്പതു ആണ്ട് കഴിഞ്ഞുണ്ടായ ന്യായപ്രമാണം വാഗ്ദത്തത്തെ നീക്കുവാൻ തക്കവണ്ണം അതു ദൈവം മുമ്പു ഉറപ്പാക്കിയ നിയമത്തെ ദുർബലമാക്കുന്നില്ല(ഗലാ. 3:17).
>
> ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്യുമ്പോൾ **തന്നെക്കാൾ വലിയവനെക്കൊണ്ടു** സത്യം ചെയ്വാൻ ഇല്ലാഞ്ഞിട്ടു തന്നെക്കൊണ്ടു സത്യം ചെയ്തു. അതുകൊണ്ട് ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്കു **തന്റെ ആലോചന മാറാത്തതു** എന്നു അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു ഒരു ആണയാലും ഉറപ്പു കൊടുത്തു. അങ്ങനെ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ഭോഷ്ക്കു പറയുവാൻ കഴിയാത്തതുമായ **രണ്ടു കാര്യങ്ങളാൽ** ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു (എബ്രാ. 6:13, 17–18).

f. യിസ്രായേലിനോടു ചെയ്ത മറ്റു ഉടമ്പടികളിലൂടെയുള്ള അബ്രഹാമിനോടു ചെയ്ത ഉടമ്പടിയുടെ വിസ്താരപ്പെടൽ

മറ്റു പഴയനിയമ ഉടമ്പടികളുടെ എല്ലാം അടിസ്ഥാനം അബ്രഹാമിനോടുള്ള ഉടമ്പടിയാണ് (പാലസ്തീൻ, ദാവീദിനോടുള്ള, പുതിയ ഉടമ്പടി). മറ്റുള്ള ഉടമ്പടികൾ നിബന്ധനയില്ലാത്തതും നിറവേറാനുള്ളതും ആണെന്ന് താഴോട്ടുള്ള ഭാഗങ്ങളിൽ നിന്നു മനസ്സിലാക്കാം. ഈ ഉടമ്പടികൾ നിബന്ധനയില്ലാത്തതാണെങ്കിൽ അബ്രഹാമിനോടുള്ള ഉടമ്പടിയും നിബന്ധനയില്ലാത്തതാണ്. ദൈവം യിസ്രായേലിനുവേണ്ടി ഭാവി കാര്യങ്ങൾ ഒരുക്കുന്നുവെന്നു വേദഭാഗങ്ങൾ കാണിക്കുന്നുവെങ്കിൽ അബ്രഹാമിനോടുള്ള ഉടമ്പടി നിബന്ധനയില്ലാത്തതാണ്. താഴോട്ടുള്ള ഭാഗങ്ങളിൽ ഈ വാക്യങ്ങൾ ഉപയോഗിക്കുന്നതായിരിക്കും (യിരെ. 1:35; 37; മത്താ. 19:28; 20:20–23; ലൂക്കോ. 1:32–33; 22:29–30; അപ്പോ. 3:17–26; റോമ. 11:1, 25–27; വെളി. 7:3–8; 20:1–6).

[53] ഉല്പ. 26:3–ൽ ദൈവം അബ്രഹാമിനു കൊടുത്ത വാഗ്ദത്തപ്രകാരം യിസ്ഹാക്കിനോട് ഒരു നിബന്ധനയും വെയ്ക്കുന്നില്ല. ദൈവം തലമുറകൾക്ക് ഈ ദേശം കൊടുക്കുമെന്നുള്ള അടിസ്ഥാനത്തിന്മേൽ അവിടെ താമസിച്ചു. ദൈവിക ഉടമ്പടി ഉറപ്പുള്ളതായിരുന്നു. എങ്കിലും, യിസ്ഹാക്കിന് അനുസരണത്തോടെ കനാൻദേശത്തു താമസിച്ചുകൊണ്ട് വ്യക്തിപരമായ അനുഗ്രഹങ്ങൾ നേടുവാൻ സാധിച്ചു.

g. ആക്ഷരികമായ ഉടമ്പടി

അബ്രഹാമിനോടുള്ള ഉടമ്പടിയുടെ ചില ഭാഗങ്ങൾ ആക്ഷരികമായി നിവൃത്തിയായി. അതുകൊണ്ട് ഈ ഉടമ്പടിയുടെ മറ്റു ഭാഗങ്ങളും പ്രതീകാത്മകമായിട്ടല്ല അക്ഷരീകമായി തന്നെ നിറവേറുമെന്ന് നാം മുൻകൂട്ടി കാണണം. ഭൗതികമായും ആത്മികമായും അബ്രഹാം വളരെ സമ്പന്നനായി (ഉല്പ.13:2, 5–7; 24:34–35; 18:19; 22:10). അവൻ 'ദൈവത്തിന്റെ സ്നേഹിതൻ' എന്നു വിളിക്കപ്പെട്ടു (2 ദിന. 20:7; യെശ. 41:8; യാക്കോ. 2:23). അബ്രഹാമിനു വലിയ ഒരു പേരുണ്ടായി. ഇന്നും യെഹൂദന്മാരും ക്രിസ്ത്യാനികളും, മുസ്ലിങ്ങളും അവനെ ബഹുമാനിക്കുന്നു. അബ്രാഹം യിസ്രായേൽ എന്ന വലിയ ഒരു രാജ്യത്തിന്റെ പിതാവായി, അതുപോലെ രാജാക്കന്മാരുടെ പൂർവ്വികനുമായി, അവൻ മിദ്യാന്യർക്കും ഏദോമ്യർക്കും അമാലേക്യർക്കും എന്നിങ്ങനെ ബഹുജാതികൾക്ക് പിതാവായി. യിസ്രായേല്യരിലൂടെ ദൈവവചനം നല്കപ്പെട്ടതിനാലും, ജീവനുള്ള വചനം ഒരു യിസ്രായേല്യനെന്ന നിലയിൽ ജനിക്കയാലും, അബ്രഹാം ഭൂമിയിലെ സകലകുടുംബങ്ങൾക്കും ഒരു അനുഗ്രഹമായിത്തീർന്നു.

അബ്രഹാമിനോടുള്ള ഉടമ്പടിയിൽ പലതും ആക്ഷരികമായി നിറവേറിയതിനാൽ, ഉല്പ. 15:18-ൽ പറഞ്ഞിരിക്കുന്ന അതിരുകൾ യിസ്രായേൽ ശാശ്വതവകാശമാക്കും.

h. അബ്രഹാമിനോടുള്ള ഉടമ്പടിയുടെ പ്രകൃതത്തിന്റെ രത്നച്ചുരുക്കം

ഉല്പ. 15:18-ൽ പറഞ്ഞിരിക്കുന്ന കനാൻദേശത്തിന്റെ അതിരുകൾ യെഹൂദന്മാർ ശാശ്വതാവകാശമാക്കുമെന്നും ദൈവം അബ്രഹാമിന് വാഗ്ദത്തം ചെയ്തു. ഈ വാഗ്ദത്തം സദാകാലത്തേക്കുള്ളതും, സ്വഭാവത്തിൽ നിബന്ധനയില്ലാത്തതുമാണ്.(അത് അബ്രഹാം പിതൃദേശത്തെയും ചാർച്ചക്കാരെയും വിട്ടുപോന്ന അനുസരണത്തിനുശേഷം നിബന്ധനയില്ലാത്തതുമാണ്). അബ്രഹാമിനോടുള്ള വാഗ്ദത്തങ്ങൾ ആക്ഷരികമായി നിറവേറിയതുപോലെ, ശേഷിച്ചിരിക്കുന്ന വാഗ്ദത്തങ്ങളും ആക്ഷരികമായി നിറവേറും.

തന്റെ സന്തതി എന്നുപറഞ്ഞിരിക്കുന്നത്, അവന്റെ ജഡസംബന്ധമായ തലമുറയായ യിസ്രായേലാണെന്ന് അബ്രഹാമിനു മനസ്സിലായിക്കാണണം. യിസ്രായേൽമക്കൾ ഇനി കനാൻദേശം ശാശ്വതവകാശമായി കൈവശമാക്കേണ്ടതുണ്ട്. ഭാവികാല ഘടനപ്രകാരം **സഹസ്രാബ്ദപൂർവ്വവാദം ഒരു ജൂത സ്വഭാവത്തോടുകൂടിയ രാജ്യം വിഭാവനം ചെയ്യുന്നു.**

B. ദാവീദിനോടുള്ള ഉടമ്പടിയും സഹസ്രാബ്ദപൂർവ്വവാദവും

1. വേദഭാഗങ്ങൾ

ദൈവം ദാവീദിനോട് യാതൊരു നിബന്ധനകളുമില്ലാതെ ഉടമ്പടി ചെയ്തു (2 ശമു. 7:12–16; 1 ദിന. 17:11–14).

> "നിന്റെ ഉദരത്തിൽ നിന്നു പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്ക്കാലം തികഞ്ഞിട്ടു നിന്റെ പിതാക്കന്മാരോടുകൂടെ നീ നിദ്രകൊള്ളുമ്പോൾ ഞാൻ നിനക്കു പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും അവന്റെ രാജത്വം ഉറപ്പാക്കുകയും ചെയ്യും. അവൻ എന്റെ നാമത്തിനു ഒരു ആലയം പണിയും; ഞാൻ അവന്റെ രാജ്യത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും. ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും; അവൻ കുറ്റം ചെയ്താൽ ഞാൻ അവനെ മനുഷ്യരുടെ വടികൊണ്ടും മനുഷ്യ പുത്രന്മാരുടെ അടികൊണ്ടും ശിക്ഷിക്കും. എങ്കിലും നിന്റെ മുമ്പിൽ നിന്നു ഞാൻ തള്ളിക്കളഞ്ഞ ശൗലിങ്കൽ നിന്നു ഞാൻ എന്റെ ദയ നീക്കിയതുപോലെ അതു അവങ്കൽനിന്നു നീങ്ങിപ്പോകയില്ല. നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും; നിന്റെ സിംഹാസനവും എന്നേക്കും ഉറച്ചിരിക്കും." (2 ശമൂ. 7:12–16).
>
> "നീ നിന്റെ പിതാക്കന്മാരുടെ അടുക്കൽ പോകേണ്ടതിനു നിന്റെ ജീവകാലം തികയുമ്പോൾ ഞാൻ നിന്റെ ശേഷം നിന്റെ പുത്രന്മാരിൽ ഒരുവനായ നിന്റെ സന്തതിയെ എഴുന്നേല്പിക്കുകയും അവന്റെ രാജത്വം സ്ഥിരമാക്കുകയും ചെയ്യും. അവൻ എനിക്കു ഒരു ആലയം പണിയും, ഞാൻ അവന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും. ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും; നിന്റെ മുൻവാഴ്ചക്കാരനോടു ഞാൻ എന്റെ കൃപ എടുത്തുകളഞ്ഞതുപോലെ അവനോട് അതിനെ എടുത്തുകളയുകയില്ല. ഞാൻ അവനെ എന്റെ ആലയത്തിലും എന്റെ രാജത്വത്തിലും എന്നേക്കും നിലനിർത്തും; അവന്റെ സിംഹാസനവും എന്നേക്കും സ്ഥിരമായിരിക്കും" (1 ദിന. 17:11–14).

2. ദാവീദിനോടുള്ള ഉടമ്പടിയിലെ വാഗ്ദത്തങ്ങൾ

a. താത്ക്കാലിക വാഗ്ദത്തങ്ങൾ

ദാവീദിന്റെ സന്തതികളിൽ ഒരാളായ ശലോമോൻ സിംഹാസനത്തിലിരുന്ന് ദാവീദിന്റെ രാജ്യം സ്ഥാപിക്കുമെന്നു ദൈവം നാഥാൻ പ്രവാചകനിലൂടെ അരുളിച്ചയ്തു (2 ശമൂ. 7:12; 1 ദിന. 17:11). ദാവീദിനു പകരമായി ഈ

മകൻ ദേവാലയം പണിയും (2 ശമൂ. 7:13; 1 ദിന. 17:12). ദൈവം ദാവീദിന്റെ സന്തതികൾക്കു ബാലശിക്ഷ നൽകിയാലും, അവരുടെ കിരീടം ശൗലിനു സംഭവിച്ചതുപോലെ മാറ്റപ്പെടുന്നില്ല (2 ശമൂ. 7 14–15; 1 ദിന. 17:13). ഉടമ്പടി ഉണ്ടെങ്കിലും ദാവീദിന്റെ സന്തതികൾ ബലഹീനരായിത്തീരാൻ സാധ്യതയുണ്ട്. ഈ താത്ക്കാലിക വാഗ്ദത്തങ്ങൾ ആക്ഷരികമായി നിറവേറിയതുകൊണ്ട്, ദാവീദിനോടുള്ള ഉടമ്പടിയിലെ നിത്യമായ വാഗ്ദത്തങ്ങളും ആക്ഷരികമായി നിറവേറുമെന്ന് അതു സൂചിപ്പിക്കുന്നു.

b. നിത്യമായ വാഗ്ദത്തങ്ങൾ

ശലോമോന്റെ **സിംഹാസനം** എന്നേക്കും സ്ഥാപിക്കപ്പെടും

> "...ഞാൻ അവന്റെ രാജത്വത്തിന്റെ **സിംഹാസനം എന്നേക്കും** സ്ഥിരമാക്കും" (2 ശമൂ. 7:13).
>
> "...ഞാൻ അവന്റെ **സിംഹാസനം എന്നേക്കും** സ്ഥിരമാക്കും" (1 ദിന. 17:12).
>
> "...അവന്റെ **സിംഹാസനവും എന്നേക്കും** സ്ഥിരമായിരിക്കും" (1 ദിന. 17:14).

ദൈവം ദാവീദിന്റെ മകനായ ശലോമോനെ സംബന്ധിച്ചു പ്രത്യേക വാക്കുകൾ ഉപയോഗിച്ചു മുൻകൂട്ടി പറഞ്ഞിരിക്കുന്നു. **ശലോമോന്റെ സന്തതി എന്നേക്കും വാഴും എന്നു നാഥാൻ പ്രവാചകൻ പറഞ്ഞില്ല.** എന്നാൽ അവന്റെ **സിംഹാസനം** എന്നേക്കും നിലനിൽക്കും എന്നു പറഞ്ഞിരിക്കുന്നു. യിരെമ്യാപ്രവാചകൻ പറഞ്ഞിരിക്കുന്നതു പോലെ ശലോമോന്റെ സന്തതിയ്ക്കു വാഴുവാനുള്ള അധികാരം നഷ്ടപ്പെടും.

> "ഈ ആളെ മക്കളില്ലാത്തവൻ എന്നും ആയുഷ്ക്കാലത്തു ഒരിക്കലും ശുഭം വരാത്തൻ എന്നും എഴുതുവിൻ; ഇനി ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു യെഹൂദയിൽ വാഴുവാൻ അവന്റെ സന്തതിയിൽ യാതൊരുത്തനും ശുഭംവരികയില്ല എന്നു യഹോവ അരുളിചെയ്യുന്നു" ...."അതുകൊണ്ടു യെഹൂദാരാജാവായ ദാവീദിന്റെ സിംഹാസനത്തിൽ ഇരിപ്പാൻ ഒരുത്തനും ഉണ്ടാകയില്ല; അവന്റെ ശവം പകൽ വെയിലും രാത്രിയിൽ മഞ്ഞും ഏല്പാൻ എറിഞ്ഞുകളയും'' (യിരെ. 22:30; 36:30).

നമ്മുടെ കർത്താവിന്റെ അമ്മയായ മറിയ ദാവീദിന്റെ സന്തതിയായിരുന്നു. എന്നാൽ ശലോമോനിലൂടെ അല്ല (ലൂക്കോ. 3:31). യേശുക്രിസ്തുവും ദാവീദിന്റെ സന്തതിയാണ്, എന്നാൽ ശലോമോനിലൂടെ അല്ല (ഒരു പൂർവ്വികനായ അമ്മാവൻ ആയിരുന്നു) [55]. ശലോമോന്റെ സിംഹാസനം നിത്യമാണെന്ന് ദൈവം മുൻകൂട്ടി പറഞ്ഞു എങ്കിലും ഒരു മകൻ അതിൽ വാഴുമെന്നു പ്രത്യേകിച്ച് പറഞ്ഞില്ല. യിസ്രായേലിന്റെ നിത്യരാജത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുന്നതു ദാവീദ് മുതൽ അവന്റെ സന്തതിയായ യേശുക്രിസ്തുവരെയാണ് എന്നുള്ളത് അത്ഭുതകരമായ വസ്തുതയാണ്. യേശുക്രിസ്തുവിന്റെ പൂർവ്വപിതാക്കന്മാരിൽ യെരൂശലേം മുഴുവനായി ഭരിച്ചത് ദാവിദ് മാത്രമായിരുന്നു. ശലോമോന്റെ സിംഹാസനം നിത്യമാണെങ്കിലും, അവന്റെ സന്തതി അതിൽ ഇരിക്കണമെന്നില്ല എന്ന നിരീക്ഷണം വേദപുസ്തക പ്രവചനങ്ങളുടെ സൂക്ഷ്മസ്വഭാവം വ്യക്തമാക്കുന്നു. ഓരോ വാക്കിനും അതിന്റേതായ പ്രാധാന്യമുണ്ട്. സഹസ്രാബ്ദ വാഴ്ചയിൽ വിശ്വസിക്കാത്തവർ ആക്ഷരികമായി പ്രവചനം വ്യാഖ്യാനിക്കാതെ പ്രവചന വാക്യങ്ങൾക്കു കൊടുക്കേണ്ട പ്രാധാന്യം കൊടുക്കാതെയിരിക്കുന്നു.

ദൈവം ശലോമോനു നിത്യസിംഹാസനം വാഗ്ദത്തം ചെയ്തു (സന്തതി സിംഹാസനത്തിൽ ഇരിക്കണം എന്നില്ല). എന്നാൽ ദാവീദിനോട് അവന്റെ ഭവനവും, രാജ്യവും, സിംഹാസനവും നിത്യമാണെന്ന് വാഗ്ദത്തം ചെയ്തു. ഈ വാഗ്ദത്തത്തിലെ ഓരോ വിഷയവും വളരെ പ്രാധാന്യം അർഹിക്കുന്നതാണ്.

> "നിന്റെ **ഗൃഹവും** നിന്റെ **രാജത്വവും** എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും; നിന്റെ **സിംഹാസനവും എന്നേക്കും** ഉറച്ചിരിക്കും" (2 ശമൂ. 7:16) (1 ദിന. 17:14–ഉം നോക്കുക).

ദൈവം ദാവീദിനു ശാശ്വതമായൊരു ഭവനം വാഗ്ദാനം ചെയ്തപ്പോൾ, അത് ദൈവാലയത്തിന്റെ കെട്ടിടത്തെക്കുറിച്ചായിരുന്നില്ല. "ഭവനം" എന്നത് രാജകുലത്തെ, അല്ലെങ്കിൽ കുടുംബത്തെ കാണിക്കുന്നു (2 ശമൂ. 7:11, 16; 1 ദിന. 17:10, 14). ചരിത്രകാരൻമാർ "യോർക്ക് വീട്" അല്ലെങ്കിൽ "ലാൻകാസ്റ്റർ വീട്" എന്നു പറയുന്നതുപോലെ, വേദപുസ്തകം "ശൗലിന്റെ ഗൃഹം" എന്നും "ആഹാസിന്റെ ഗൃഹം'' എന്നും പറയുന്നതു രാജകുലത്തെ കാണിക്കാനാണ്. ദാവീദു''ഗൃഹം'' നിത്യമായിരിക്കുമെന്നതിനെക്കുറിച്ചുള്ള വാഗ്ദത്തം ഉറപ്പിക്കുന്നതു അവന്റെ തലമുറ അവസാനിക്കുന്നില്ല എന്നുള്ളതാണ്. ചിലപ്പോൾ ഒരു ദുഷ്ടരാജാവ് സിംഹാസനത്തിൽ നിന്നു നീക്കപ്പെടുമ്പോൾ അവന്റെ കുലം അവസാനിപ്പിക്കാനായി കുടുംബത്തിലുള്ള എല്ലാവരെയും

[55]യോസേഫ് ശലോമോന്റെ വംശാവലിയിൽപ്പെട്ടവനും യേശുക്രിസ്തുവിന്റെ നിയമപരമായ പിതാവും ആയിരുന്നു (മത്താ.1:7). എന്നിരുന്നാലും, യേശുവിനു ജഡസംബന്ധമായി യോസഫുമായി ബന്ധമുണ്ടായിരുന്നില്ല. അതുകൊണ്ട് യിരെമ്യാ പ്രവാചകന്റെ ശാപത്തിൽ നിന്ന് വിമുക്തനുമാണ്. See J.Dwight Pentecost, *The Words and Works of Jesus Christ* (Grand Rapids: Zondervan Publishing House, 1981), PP 33- 39 for support on these remarks about the Lord's genealogy.

കൊല്ലുന്നു. ആഹാബിന്റെ കാര്യത്തിൽ ഇങ്ങനെ സംഭവിച്ചു (2 രാജാ. 10:10–11). ദാവീദിന്റെ വംശത്തിന് അവസാനമുണ്ടാകയില്ല എന്ന് ദൈവം വാഗ്ദത്തം ചെയ്തു. അതുകൊണ്ട് അവന്റെ രാജഗൃഹത്തിനു അവസാനമുണ്ടാകയില്ല.

അടുത്തതായി, ദൈവം ദാവീദിനു ഒരു നിത്യരാജത്വം വാഗ്ദാനം ചെയ്തു. ഇതിന്റെ അർത്ഥം ഏതെങ്കിലുമൊരു സമയത്തു ദാവീദിന്റെ സന്തതി അധികാരത്തോടും ശക്തിയോടും സിംഹാസനത്തിൽ വരികയും, അന്നു മുതൽ ഒരു നിത്യരാജ്യത്വം ആയിരിക്കുകയും ചെയ്യുമെന്നാണ്.

അവസാനമായി, നിത്യമായ ഒരു സിംഹാസനം ദൈവം ദാവീദിനു വാഗ്ദാനം ചെയ്തു. അതുകൊണ്ട് ദാവീദിന്റെ തലമുറ എപ്പോഴും അധികാരത്തോടെ സിംഹാസനത്തിൽ ഇരിക്കണമെന്നില്ല. ഇതിന്റെ അർത്ഥം ദാവീദിന്റെ ഗൃഹത്തിനു ദൈവികമായ അധികാരവും നിയമപരമായ ശക്തിയും രാജ്യത്തിന്റെ മേൽ ഉണ്ട് എന്നതാണ്. താത്ക്കാലിക പരമാധികാരം മറ്റാർക്കും നൽക്കപ്പെടുന്നില്ല.[56]

ദാവീദിന്റെ ഗൃഹം എന്നേക്കും നിലനില്ക്കുമെന്ന കാര്യം ഉടമ്പടി ഉറപ്പിക്കുന്നു. സിംഹാസനത്തിൽ ഇരിക്കുവാൻ ധാർമ്മിക അവകാശമുള്ളവരും യഥാർത്ഥ രാജവംശവും അവരായിരിക്കും. കൂടാതെ ഒരിക്കലും നിന്നുപോകാത്ത ദാവീദിന്റെ രാജ്യവും സിംഹാസനവും ഒരു ദിവസം സ്ഥാപിക്കപ്പെടും.

ഇന്ന് യെരുശലേമിനെ ഭരിക്കുന്നതു ദാവീദിന്റെ വംശത്തിലുള്ളവർ അല്ല എന്ന യാഥാർത്ഥ്യം, ദാവീദിനോടുള്ള ഉടമ്പടിയിൽ പറഞ്ഞിരിക്കുന്ന നിത്യരാജത്വവും സിംഹാസനവും നിറവേറിയിട്ടില്ല എന്നുള്ളതിന്റെ തെളിവാണ്

സഹസ്രാബ്ദപൂർവ്വവാദക്കാർ ദാവീദിനോടുള്ള ഉടമ്പടി ഇപ്പോഴും പ്രസക്തമാണെന്നും അത് പൂർത്തീകരിക്കുവാൻ പോകുന്നു എന്നും വിശ്വസിക്കുന്നു. അവസാനിക്കാത്ത ഒരു രാജ്യത്തിലേക്കും സിംഹാസനത്തിലേക്കും ദാവീദിന്റെ സന്തതി ആനയിക്കപ്പെടും. ഇപ്പോൾ അങ്ങനെ ഒരു രാജത്വം നിലനില്ക്കാത്തതുകൊണ്ട് ദാവീദിന്റെ പുത്രനായ യേശുക്രിസ്തു തന്റെ രണ്ടാമത്തെ വരവിങ്കൽ മഹത്വമേറിയതും നിലനിൽക്കുന്നതുമായ തന്റെ രാജ്യം സ്ഥാപിക്കും.

C. ദാവീദിനോടുള്ള ഉടമ്പടിയും അറ്റുപോയ രാജഭരണവും

ദാവീദിന്റെ സന്തതി നിരന്തരം സിംഹാസനത്തിൽ ഇരിക്കാത്തതും അവന്റെ രാജ്യം അറ്റുപോയതും ദാവീദിനോടുള്ള ഉടമ്പടിയിലെ വാഗ്ദത്തങ്ങൾക്കു മങ്ങലേല്പിക്കുന്നില്ല. ദാവീദിന്റെ സന്തതി നിരന്തരം സിംഹാസനത്തിൽ വാഴണമെന്നു ദാവീദിനോടുള്ള ഉടമ്പടിയിൽ പറയുന്നില്ല. ഭരിക്കുവാനുള്ള അധികാരം ദാവീദ്ഗൃഹത്തിനു എപ്പോഴും ഉണ്ടായിരിക്കും, അങ്ങനെ ഒരു ദിവസം അവന്റെ സന്തതി നിത്യസിംഹാസനവും രാജത്വവും സ്ഥാപിക്കും. നിത്യമായ രാജ്യം സ്ഥാപിക്കുന്നതിനു മുൻപ് ദാവീദിന്റെ സന്തതികളിൽപെട്ട ഏതാനും ചിലർക്കു ഭരണാവകാശം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് ആദ്യത്തെ ഉടമ്പടിയിൽ പറയുന്നു. ദാവീദിന്റെ ഗൃഹം നിലനില്ക്കുമെന്നും ഒരു പ്രത്യേക സമയത്തു നിത്യമായ സിംഹാസനവും രാജ്യവും സ്ഥാപിക്കപ്പെടും എന്നുള്ള വാഗ്ദത്തം ദാവീദ് വിശ്വസിച്ചു. എന്നാൽ അവന്റെ തലമുറകൾക്കു നിരന്തരം സിംഹാസനത്തിൽ ഇരിയ്ക്കുവാൻ സാധിക്കില്ല എന്നുള്ള കാര്യവും ദാവീദ് മുൻകൂട്ടിക്കണ്ടു(സങ്കീ. 89:38–52). (ദാവീദിന്റെ ഉടമ്പടിയുടെ നിത്യസ്വഭാവം ഊന്നിപ്പറഞ്ഞിരിക്കുന്നു.

> അവന്റെ തേജസ്സിനെ നീ ഇല്ലാതാക്കി; അവന്റെ സിംഹാസനത്തെ നിലത്തു തള്ളിയിട്ടു (സങ്കീ. 89:44).

യഥാർത്ഥത്തിൽ ദാവീദിന്റെ സന്തതിയായ ക്രിസ്തുവിന്റെ രാജവംശത്തിനു പുരാതന യിസ്രായേൽ രാജ്യത്തിന്റെമേൽ യാതൊരു അധികാരവും ഇല്ലായിരുന്നു. ദാവീദ്, നാഥാൻ, മറിയ, യേശു എന്ന വംശാവലിയ്ക്കാണ് നിത്യമായ സിംഹാസനവും രാജ്യവും സ്ഥാപിക്കപ്പെടുമെന്നുള്ള വാഗ്ദത്തം ലഭിച്ചത്. ഈ വംശാവലിയിൽപ്പെട്ടവർ **ഒരിക്കലും** യിസ്രായേലിന്റെ ഭരണത്തിൽ ഇരുന്നിട്ടില്ല. നേരെമറിച്ച് ശലോമോൻ മുതൽ ബാബിലോൺ പ്രവാസത്തിലേക്ക് പോകുന്നതുവരെ യിസ്രായേലിനെയും യഹൂദയെയും ഭരിച്ച രാജവംശത്തിനു നിത്യമായ ദാവിദിന്റെ രാജ്യത്തിന്റെ വംശാവലിയുമായിട്ട് ബന്ധം **ഒന്നുമില്ല**. ഈ യാഥാർത്ഥ്യങ്ങൾ കാണിക്കുന്നത് ദാവീദിന്റെ കാലം മുതൽ നിത്യത വരെ അറ്റുപോകാത്ത ഒരു രാജവംശം ഉണ്ടാകയില്ല എന്നതാണ്. ദാവീദുഗൃഹം എന്നേക്കും നിലനില്ക്കും, രാജകീയ അധികാരവും സിംഹാസനവും അവർക്കുള്ളതായിരിക്കും എന്ന കാര്യം ഉടമ്പടി ഉറപ്പിക്കുന്നു. പാപം മൂലമോ പ്രവാസംമൂലമോ ചിതറപ്പെടുന്നതു മൂലമോ ദാവീദുവംശത്തിനു സിംഹാസനത്തിന്മേലുള്ള അധികാരം നഷ്ടപ്പെടുന്നില്ല. ദാവീദിന്റെ സന്തതി നിത്യമായ രാജ്യം സ്ഥാപിക്കും. എന്നാൽ അതിനു മുൻപ് ഇടമുറിയാതെയുള്ള ഒരു ഭരണം യെരുശലേമിൽ മൂല ഉടമ്പടിപ്രകാരം നടക്കണമെന്നില്ല. യഥാർത്ഥത്തിൽ ഗൃഹം, സിംഹാസനത്തിന്മേലുള്ള അധികാരം, രാജ്യം എന്നിവ നിത്യമാണ്. എന്നാൽ യെരുശലേമിന്റെ രാജസിംഹാസനത്തിൽ ഇരിക്കുവാനുള്ള പദവി രാജാവിന്റെ അനുസരണത്തെ ആശ്രയിച്ചാണ് (1 രാജാ. 8:25; 2 ദിന. 6:16; സങ്കീ.132:11–12).

[56] ദാവീദിന്റെ വംശാവലിയിൽ രാജാവ് ജനിച്ചിരിക്കുന്നു എന്ന വാർത്തകേട്ടു ഹെരോദാവു കുലുങ്ങുവാനുള്ള കാരണം ഇതാണ് (ഹെരോദാവു യഹൂദൻ അല്ലായിരുന്നു) (മത്താ. 2:1 ff).

ദാവീദിന്റെ സന്തതി സിംഹാസത്തിൽ ഇല്ലെങ്കിലും, ദാവീദിനോടുള്ള ഉടമ്പടി ദൈവം ഗൗരവമായിട്ടെടുക്കുന്നു എന്ന കാര്യം പ്രവാസത്തിനുശേഷമുള്ള(586 B.C) വാഗ്ദാനങ്ങളിൽ നിന്നു മനസ്സിലാക്കാം. പുതിയനിയമ കാലം വരെ ഏകദേശം 500- 600 വർഷങ്ങൾ ദാവീദിന്റെ സന്തതി യിസ്രായേലിന്റെ ഭരണം നടത്തിയിട്ടില്ല. എന്നിട്ടും പുതിയനിയമത്തിൽ ദാവീദിന്റെ സന്തതി നിത്യമായ ഭരണം സ്ഥാപിക്കും എന്നു പറയുന്നു. ദൈവം ദാവീദ്ഗൃഹത്തെ കാത്തുസൂക്ഷിച്ചു. ഈ ഗൃഹത്തിനു സിംഹസനത്തിനുമേൽ ശാശ്വതാവകാശമുണ്ട്. ദാവീദിന്റെ സന്തതിയായ ക്രിസ്തു ദാവീദിനോടുള്ള ഉടമ്പടി പ്രകാരം നിത്യമായ സിംഹാസനവും രാജ്യവും സ്ഥാപിക്കും. യെരുശലേമിൽ അവസാനമായി വാണ രാജാവിനുശേഷം ഏകദേശം 600 വർഷം കഴിഞ്ഞ് ദൈവം രാജവംശാവലിയിൽപ്പെടാത്തതും, എന്നാൽ ദാവീദിന്റെ ഗൃഹത്തിലുള്ള ഒരുവനെക്കുറിച്ച് ഇപ്രകാരം പറഞ്ഞു

> ''അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ **പിതാവായ ദാവീദിന്റെ സിംഹാസനം** അവനു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു" (ലൂക്കോ. 1:32, 33).

3. ദാവീദിനോടുള്ള ഉടമ്പടിയുടെ സ്വഭാവം

ദാവീദിനോടുള്ള ഉടമ്പടി നിബന്ധന ഇല്ലാത്തതും നിത്യമായതുമാണെന്നുമുള്ള സത്യം അവഗണിക്കാൻ പാടില്ലാത്തതാകുന്നു. ദാവീദിനോടുള്ള ഉടമ്പടി സഹസ്രാബ്ദ പൂർവ്വവാദത്തെ പിന്താങ്ങുന്നു. ക്രിസ്തു മടങ്ങിവന്നു യെരൂശലേം തലസ്ഥാനമായി തന്റെ രാജ്യം സ്ഥാപിക്കും.

a. ദാവീദിനോടുള്ള ഉടമ്പടി നിത്യമായത്

> ''അവൻ എന്റെ നാമത്തിന് ഒരു ആലയം പണിയും; ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം **എന്നേക്കും** സ്ഥിരമാക്കും... നിന്റെ ഗൃഹവും, നിന്റെ രാജത്വവും എന്റെ മുമ്പാകെ **എന്നേക്കും** സ്ഥിരമായിരിക്കും; നിന്റെ സിംഹാസനം **എന്നേക്കും** ഉറച്ചിരിക്കും" (2 ശമൂ. 7:13,16).
>
> "ദൈവസന്നിധിയിൽ എന്റെ ഗൃഹം അതുപോലെയല്ലയോ? അവൻ എന്നോടു ഒരു **ശാശ്വത**നിയമം ചെയ്തുവല്ലോ അതു എല്ലാറ്റിലും സ്ഥാപിതവും സ്ഥിരവുമായിരിക്കുന്നു. അവൻ എനിക്കു സകലരക്ഷയും വാഞ്ഛയും തഴെപ്പിക്കയില്ലയോ?" (2 ശമൂ. 23:5).
>
> "അവൻ എനിക്കു ഒരു ആലയം പണിയും, ഞാൻ അവന്റെ സിംഹാസനം **എന്നേക്കും** സ്ഥിരമാക്കും.. ഞാൻ അവനെ എന്റെ ആലയത്തിലും എന്റെ രാജത്വത്തിലും **എന്നേക്കും** നിലനിർത്തും; അവന്റെ സിംഹാനവും **എന്നേക്കും** സ്ഥിരമായിരിക്കും" (1 ദിന. 17:12, 14)
>
> "നിങ്ങൾ ചെവി ചായിച്ചു എന്റെ അടുക്കൽ വരുവിൻ; നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിനു കേട്ടുകൊൾവിൻ; **ദാവീദിന്റെ** നിശ്ചലകൃപകൾ എന്ന ഒരു **ശാശ്വത**നിയമം ഞാൻ നിങ്ങളോടു ചെയ്യും" (യെശ. 55:3).
>
> യിരെമ്യാവിനു യഹോവയുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ: യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. തക്കസമയത്തു പകലും രാവും ഇല്ലാതിരിക്കത്തക്കവണ്ണം **പകലിനോടുള്ള എന്റെ നിയമവും രാത്രിയോടുള്ള എന്റെ നിയമവും ദുർബലമാക്കുവാൻ നിങ്ങൾക്കു കഴിയുമെങ്കിൽ, എന്റെ ദാസനായ ദാവീദിനു അവന്റെ സിംഹാസനത്തിൽ ഇരുന്നു വാഴുവാൻ ഒരു മകൻ ഇല്ലാതെ വരത്തക്കവണ്ണം അവനോടും** എന്റെ ശുശ്രൂഷകന്മാരായ ലേവ്യാപുരോഹിതന്മാരോടുമുള്ള **എന്റെ നിയമവും ദുർബലമായ്വരാം. ആകാശത്തിലെ സൈന്യത്തെ എണ്ണുവാനും** കടല്പുറത്തെ മണൽ അളക്കുവാനും **കഴിയാത്തതുപോലെ ഞാൻ എന്റെ ദാസനായ ദാവീദിന്റെ സന്തതിയെയും എന്റെ** ശുശ്രൂഷകന്മാരായ ലേവ്യരെയും **വർദ്ധിപ്പിക്കും.** യഹോവയുടെ അരുളപ്പാട് യിരെമ്യാവിനുണ്ടായതെന്തെന്നാൽ: യഹോവ തിരഞ്ഞെടുത്തിരിക്കുന്ന രണ്ടു വംശങ്ങളെയും അവൻ തള്ളിക്കളഞ്ഞു എന്നു ഈ ജനം പറയുന്നതു നീ ശ്രദ്ധിക്കുന്നില്ലയോ? ഇങ്ങനെ അവൻ എന്റെ ജനത്തെ അതു ഇനി ഒരു ജാതിയല്ല എന്നു ദുഷിച്ചുപറയുന്നു. യഹോവ ഇപ്രകാരം അരുളിചെയ്യുന്നു; പകലിനോടും രാത്രിയോടും ഉള്ള എന്റെ നിയമം നിലനില്ക്കുന്നില്ലെങ്കിൽ, ഞാൻ ആകാശത്തിന്റെയും ഭൂമിയുടെയും വ്യവസ്ഥ നിയമിച്ചിട്ടില്ലെങ്കിൽ ഞാൻ യാക്കോബിന്റെയും എന്റെ ദാസനായ **ദാവീദിന്റെയും** സന്തതിയെ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും സന്തതിക്കു അധിപതിമാരായിരിപ്പാൻ അവന്റെ സന്തതിയിൽനിന്നു ഒരാളെ എടുക്കാതെവണ്ണം തള്ളിക്കളയും. അവരുടെ പ്രവാസികളെ ഞാൻ മടക്കിവരുത്തുകയും അവർക്കു കരുണ കാണിക്കുകയുംചെയ്യും" (യിരെ. 33:19-26).

b. ഒരു ആണയാൽ ഉറപ്പിക്കപ്പെട്ട ദാവീദിനോടുള്ള ഉടമ്പടി

> "**എന്റെ വൃതനോടു ഞാൻ ഒരു നിയമവും**

> **എന്റെ ദാസനായ** ദാവീദിനോടു സത്യവും ചെയ്തിരിക്കുന്നു. നിന്റെ സന്തതിയെ ഞാൻ **എന്നേക്കും** സ്ഥിരപ്പെടുത്തും; നിന്റെ സിംഹാസനത്തെ തലമുറ തലമുറയോളം ഉറപ്പിക്കും... ഞാൻ അവനു എന്റെ ദയയെ **എന്നേക്കും കാണിക്കും.** എന്റെ നിയമം അവനു സ്ഥിരമായി നില്ക്കും. ഞാൻ അവന്റെ സന്തതിയെ ശാശ്വതമായും അവന്റെ സിംഹാസനത്തെ ആകാശമുള്ള കാലത്തോളവും നിലനിർത്തും.... എങ്കിലും എന്റെ ദയയെ ഞാൻ അവങ്കൽനിന്നു നീക്കിക്കളയുകയില്ല; എന്റെ വിശ്വസ്തതയ്ക്കു ഭംഗം വരുത്തുകയുമില്ല. ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ എന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതിനു ഭേദം വരുത്തുകയോ ചെയ്കയില്ല. **ഞാൻ ഒരിക്കൽ എന്റെ വിശുദ്ധിയെക്കൊണ്ടു സത്യം ചെയ്തിരിക്കുന്നു**; ദാവീദിനോടു ഞാൻ ഭോഷ്ക്കു പറകയില്ല. അവന്റെ സന്തതി ശാശ്വതമായും **അവന്റെ സിംഹാസനം** എന്റെ മുമ്പിൽ സൂര്യനെപ്പോലെയും ഇരിക്കും. അതു ചന്ദ്രനെപ്പോലെയും ആകാശത്തിലെ വിശ്വസ്ത സാക്ഷിയെപ്പോലെയും **എന്നേക്കും** സ്ഥിരമായിരിക്കും" (സങ്കീ. 89:3–4; 28–29, 33–37).

യഥാർത്ഥത്തിൽ അബ്രഹാമിനോടുള്ള ഉടമ്പടി വിശാലമാക്കിയതാണ് ദാവീദിനോടുള്ള ഉടമ്പടി ഇവ രണ്ടും നിബന്ധനയില്ലാത്തതും നിത്യമായതുമാണ്. അബ്രഹാമിനോടുള്ള ഉടമ്പടി ആണയാൽ ഉറപ്പിച്ചതുപോലെ (എബ്രാ. 6:17–18) ദാവീദിനോടുള്ള ഉടമ്പടിയും ആണയാൽ ഉറപ്പിച്ചതും മാറ്റമില്ലാത്തതുമാണ്.

C. പാപം ചെയ്ത ശേഷം ഉറപ്പിക്കപ്പെട്ട ഉടമ്പടി

താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ പലതും മുമ്പു പറഞ്ഞിട്ടുള്ള വിഭാഗങ്ങളിൽപ്പെടുത്താം. എന്നിരുന്നാലും, തലമുറകളായുള്ള വിശ്വാസത്യാഗത്തിന്റെ സമയങ്ങളിലും ദൈവം ദാവീദിനോടുള്ള ഉടമ്പടി വീണ്ടും ഉറപ്പിക്കുന്നു എന്നുള്ളത് എടുത്തുപറയേണ്ടതാണ്. പ്രവാസത്തിലേക്കു പോകുമ്പോഴും പ്രവാസത്തിലും, പുതിയനിയമകാലങ്ങളിലും ദാവീദിനോടുള്ള ഉടമ്പടി പ്രവർത്തനനിരതമായിത്തുടർന്നത് ദൈവം അതിനെ ഗൗരവമായി എടുത്തതുകൊണ്ടാണ്. [57] മത്തായിയുടെ സുവിശേഷം 1:1 –ൽ ക്രിസ്തുവിനോടു ചേർത്തു പറഞ്ഞിരിക്കുന്ന ആദ്യ പൂർവ്വപിതാവ് ദാവീദാണ്. പുതിയ നിയമത്തിലെ ആദ്യത്തെ ഉദ്ധരണി, "ദാവീദിന്റെ മകനായ യോസേഫ്" എന്നാണ്. പുതിയ നിയമത്തിൽ ഉടനീളം പ്രവാസവും ദാവീദിന്റെ ഭരണവും അവസാനിച്ചിട്ട് വളരെ നാളുകൾ ക്കു ശേഷം ദാവീദിന്റെ പുത്രനായ ക്രിസ്തുവിന്റെ രാജ്യം എന്ന് പറഞ്ഞിരിക്കുന്നു (മത്താ. 3:2; 4:17; 10:7; 19:28; 20:20; 21:5, 9, 15; ലൂക്കോ. 10:9; അപ്പോ. പ്രവൃ. 1:6–7; 3:19; റോമ. 11:25–27; വെളി. 20:4).

> നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവനു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർദ്ധനയ്ക്കും സമാധാനത്തിനും അവസാനം ഉണ്ടാകയില്ല; **ദാവീദിന്റെ സിംഹാസനത്തിലും** അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നിലനിർത്തും; സൈന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെ നിവർത്തിക്കും (യെശ. 9:6–7).
>
> "**ഞാൻ ദാവിദിന്നു നീതിയുള്ളൊരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന** കാലം വരും; അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും. അവന്റെ കാലത്തു യെഹൂദാ രക്ഷിക്കപ്പെടും; യിസ്രായേൽ നിർഭയമായി വസിക്കും; അവനു യഹോവ നമ്മുടെ നീതി എന്നു പേർ പറയും എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 23:5–6).
>
> "അന്നു ഞാൻ അവന്റെ നുകം നിന്റെ കഴുത്തിൽ നിന്നു ഒടിച്ചു ബന്ധനങ്ങളെ അറുത്തുകളയും; അന്യന്മാർ ഇനി അവനെക്കൊണ്ടു സേവ ചെയ്യിക്കയുമില്ല എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്. അവർ തങ്ങളുടെ ദൈവമായ യഹോവയെയും ഞാൻ **അവർക്കു** എഴുന്നേല്പിപ്പാനുള്ള **രാജാവായ ദാവീദിനെയും** സേവിക്കും" (യിരെ. 30:8–9).
>
> "ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും അരുളിച്ചെയ്ത വചനം നിവർത്തിക്കുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാട്. ആ നാളുകളിലും ആ കാലത്തും **ഞാൻ ദാവീദിനു നീതിയുള്ളൊരു മുളയായവനെ മുളപ്പിക്കും;** അവൻ ദേശത്തു നീതിയും ന്യായവും നടത്തും. അന്നാളിൻ യെഹൂദാ രക്ഷിക്കപ്പെടും; യെരുശലേം നിർഭയമായി വസിക്കും; അതിനു യഹോവ നമ്മുടെ നീതി എന്നു പേർ പറയും. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: **യിസ്രായേൽ ഗൃഹത്തിന്റെ സിംഹാസനത്തിൽ**

[57] റോമർക്ക് എഴുതിയ ലേഖനം 11–ാം അദ്ധ്യായത്തിൽ ദാവീദിനോടുള്ള ഉടമ്പടിയെക്കുറിച്ചു പറഞ്ഞിട്ടില്ല. ഈ അദ്ധ്യായം എഴുതപ്പെട്ടത് പ്രവാസത്തിനു ശേഷവും ദാവീദിന്റെ രാജവംശത്തിന്റെ ഭരണം നിന്ന ശേഷവുമാണ്. യിസ്രായേലിന്റെ പല പരാജയങ്ങളുടെ മധ്യത്തിലും ഒരുനല്ല ഭാവി ഈ അദ്ധ്യായം വാഗ്ദാനം ചെയ്യുന്നു (റോമ. 15:25–29).

ഇരിപ്പാൻ ദാവീദിനു ഒരു പുരുഷൻ ഇല്ലാതെ വരികയില്ല....യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: തക്കസമയത്തു പകലുംരാവും ഇല്ലാതിരിക്കത്തക്കവണ്ണം **പകലിനോടുള്ള എന്റെ നിയമവും രാത്രിയോടുള്ള എന്റെ നിയമവും ദുർബലമാക്കുവാൻ നിങ്ങൾക്കു കഴിയുമെങ്കിൽ, എന്റെ ദാസനായ ദാവീദിന്നു** അവന്റെ സിംഹാസനത്തിൽ ഇരുന്നു വാഴുവാൻ ഒരു മകൻ ഇല്ലാതെ വരത്തക്കവണ്ണം **അവനോടും എന്റെ ശുശ്രൂഷകന്മാരായ ലേവ്യാപുരോഹിതന്മാരോടും ഉള്ള നിയമവും ദുർബ്ബലമായ്വരാം.** ആകാശത്തിലെ സൈന്യത്തെ എണ്ണുവാനും കടല്പുറത്തെ മണൽ അളക്കുവാനും കഴിയാത്തതുപോലെ ഞാൻ എന്റെ **ദാസനായ ദാവീദിന്റെ** സന്തതിയെയും എന്റെ ശുശ്രൂഷകന്മാരായ ലേവ്യരെയും വർദ്ധിപ്പിക്കും... യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: പകലിനോടും രാത്രിയോടും ഉള്ള എന്റെ നിയമം നിലനില്ക്കുന്നില്ലെങ്കിൽ, ഞാൻ ആകാശത്തിന്റെയും ഭൂമിയുടെയും വ്യവസ്ഥ നിയമിച്ചിട്ടില്ലെങ്കിൽ, ഞാൻ യാക്കോബിന്റെയും എന്റെ **ദാസനായ ദാവീദിന്റെയും** സന്തതിയെ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും സന്തതിക്കു അധിപതിമാരായിരിപ്പാൻ അവന്റെ സന്തതികളിൽ ഒരാളെ എടുക്കാതവണ്ണം തള്ളിക്കളയും. അവരുടെ പ്രവാസികളെ ഞാൻ മടക്കിവരുത്തുകയും കരുണ കാണിക്കുകയും ചെയ്യും" (യിരെ. 33:14–17, 20–22, 25–26).

"എന്റെ ദാസനായ **ദാവീദ് അവർക്കു രാജാവായിരിക്കും;** അവർക്കെല്ലാവർക്കും ഒരേ ഇടയൻ ഉണ്ടാകും; അവർ എന്റെ വിധികളിൽ നടന്നു എന്റെ ചട്ടങ്ങളെ പ്രമാണിച്ചനുഷ്ഠിക്കും. എന്റെ ദാസനായ യാക്കോബിനു ഞാൻ കൊടുത്തതും നിങ്ങളുടെ പിതാക്കന്മാർ പാർത്തിരുന്നതും ആയ ദേശത്തു അവർ പാർക്കും; അവരും മക്കളും മക്കളുടെ മക്കളും എന്നേക്കും അവിടെ വസിക്കും; **എന്റെ ദാസനായ ദാവീദ് എന്നേക്കും അവർക്കു പ്രഭുവായിരിക്കും"** (യെഹെ. 37:24–25).

ഈ വിധത്തിൽ യിസ്രായേൽ മക്കൾ ബഹുകാലം രാജാവില്ലാതെയും പ്രഭുവില്ലാതെയും യാഗമില്ലാതെയും പ്രതിഷ്ഠയില്ലാതെയും എഫോദില്ലാതെയും ഗൃഹബിംബമില്ലാതെയും ഇരിക്കും. പിന്നത്തേതിൽ യിസ്രായേൽമക്കൾ തിരിഞ്ഞു തങ്ങളുടെ ദൈവമായ യഹോവയെയും **തങ്ങളുടെ രാജാവായ ദാവീദിനെയും** അന്വേഷിക്കും; ഭാവികാലത്തു അവർ ഭയപ്പെട്ടുകൊണ്ടു യഹോവയിങ്കലേക്കും അവന്റെ നന്മയിങ്കലേക്കും വരും (ഹോശേയ 3:4–5).

> "**വീണുപോയ ദാവീദിൻ കൂടാരത്തെ ഞാൻ അന്നാളിൽ നിവിർത്തുകയും** അതിന്റെ പിളർപ്പുകളെ അടെക്കുകയും അവന്റെ ഇടിവുകളെ തീർക്കുകയും അതിനെ പുരാതനകാലത്തിൽ എന്നപോലെ പണിയുകയും ചെയ്യും എന്നാകുന്നു ഇതു അനുഷ്ഠിക്കുന്ന യഹോവയുടെ അരുളപ്പാട്" (ആമോ. 9:12).
>
> "നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും; അവനു യേശു എന്നു പേർ വിളിക്കേണം. അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; **കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനുകൊടുക്കും.** അവൻ യാക്കോബ് ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു" (ലൂക്കോ. 1:31–33).

ഭാഷയുടെ ധ്വനിയും ആവർത്തിച്ചുള്ള പ്രസ്താവനയുടെ സമയവും (യിസ്രായേലിന്റെ നിരവധി പാപങ്ങൾക്കുശേഷം) ദാവീദിനോടുള്ള ഉടമ്പടി ഏറ്റവും വ്യക്തമായി മാനുഷിക വാക്കുകളിലൂടെ ഉറപ്പിക്കുന്നു. **പ്രവാസത്തിനുശേഷവും ആറു നൂറ്റാണ്ടുകൾ ദാവീദിന്റെ സന്തതി സിംഹാസനത്തിൽ ഇല്ലാതിരുന്നിട്ടും ദാവീദിനു ഒരു രാജ്യം ദൈവം വാഗ്ദാനം ചെയ്തു. അങ്ങനെ എങ്കിൽ ഏത് കാര്യത്തിനു ദാവീദിനോടുള്ള ഉടമ്പടി റദ്ദാക്കുവാൻ സാധിക്കും?** യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവിങ്കൽ അവനെ തിരസ്ക്കരിച്ച യിസ്രായേലിനു ഒരു ഭാവി ഉണ്ടെങ്കിൽ (റോമ. 11:1, 25–27) ഏത് പാപത്തിനു നിത്യമായ സിംഹസനവും രാജ്യവും **എന്ന** വാഗ്ദത്തം നിർവീര്യം ആക്കുവാൻ സാധിക്കും? നിത്യമായ സിംഹാസനത്തിൽ ദാവീദിന്റെ ഒരു **സന്തതി** ഇരുന്നു വാഴുന്ന ഭാവി രാജ്യം നിശ്ചയമായും ഉണ്ടാകും. അബ്രഹാമിനോടും ദാവിദിനോടുമുള്ള ഉടമ്പടിയോടു നീതി പുലർത്തുവാൻ സഹസ്രാബ്ദപൂർവ്വവാദത്തിനേ സാധിക്കുകയുള്ളൂ.

സഹസ്രാബ്ദപൂർവ്വവാദത്തിന് അടിസ്ഥാനമായ മൂന്നാമത്തെ ഉടമ്പടി പുതിയനിയമം ആണ്.

C. പുതിയ ഉടമ്പടിയും സഹസ്രാബ്ദപൂർവ്വവാദവും

ദൈവം യിസ്രായേലിനോടു ഒരു പുതിയ ഉടമ്പടി ചെയ്തു മെന്നു വേദപുസ്തകം പറയുന്നു.

യിസ്രായേൽ ഒരു ഭാവി രാജ്യം അനുഭവിക്കുമെന്നുള്ളതിനു പുതിയ ഉടമ്പടി കൂടുതൽ ഉറപ്പു നൽകുന്നു. യിസ്രായേൽ ഇതുവരെയും പുതിയ ഉടമ്പടി പ്രകാരമുള്ള രാജ്യം അനുഭവിക്കാത്തതുകൊണ്ട്, കർത്താവിന്റെ രണ്ടാം വരവിനുശേഷം അത് അനുഭവിക്കും. (സഹസ്രാബ്ദപൂർവ്വവാഴ്ച).

1. പുതിയ ഉടമ്പടിയെ സംബന്ധിച്ചുള്ള വേദഭാഗങ്ങൾ

പഴയ ഉടമ്പടിയിൽ (മോശെയുടെ ന്യായപ്രമാണം) നിന്നു വ്യത്യസ്തമായി ദൈവം യിസ്രായേലിനോടു ഒരു ഭാവി ഉടമ്പടി ചെയ്യുമെന്നു അനേകം വേദഭാഗങ്ങൾ പറയുന്നു. ഈ ഭാവി ഉടമ്പടിയെ ചില അവസരങ്ങളിൽ പുതിയ ഉടമ്പടി എന്നും വിളിക്കുന്നു. "സമാധാനത്തിന്റെ ഉടമ്പടിയും" "നിത്യമായ ഉടമ്പടി"യും ഇതിനു സമാന പദങ്ങൾ ആണ്. [58] ഈ ഭാവി ഉടമ്പടി എന്നു പ്രത്യേകം എടുത്തു പറയാത്ത അനേകം വേദഭാഗങ്ങൾ ഉണ്ട്. യേശുക്രിസ്തുവിന്റെ അന്ത്യഅത്താഴസമയത്തെ പരാമർശിച്ചുകൊണ്ട് വേദശാസ്ത്രജ്ഞന്മാർ ഇതിനെ പുതിയ ഉടമ്പടി എന്നു വിളിക്കുന്നു. പുതിയനിയമ വേദഭാഗങ്ങളിൽ പുതിയ ഉടമ്പടി പ്രാവർത്തികമാണോ അല്ലയോ എന്നുള്ള ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നതു കാരണം അതു മറ്റൊരു ഭാഗത്തു വിശദമായി പഠിക്കുന്നതായിരിക്കും. [59]

> "ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും **പുതിയൊരു നിയമം** ചെയ്യുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയിംദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമംപോലെയല്ല; ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്നു യഹോവയുടെ അരുളപ്പാട്. എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാട്. ഇനി അവരിൽ ആരും തന്റെകൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കുകയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാട്. സൂര്യനെ പകൽ വെളിച്ചത്തിനും ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും വ്യവസ്ഥയെ രാത്രി വെളിച്ചത്തിനും നിയമിച്ചവനും കടലിലെ തിരകൾ അലറുവാൻ തക്കവണ്ണം അതിനെ ഇളക്കുന്നവനും സൈന്യങ്ങളുടെ യഹോവ എന്നു നാമമുള്ളവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഈ വ്യവസ്ഥ എന്റെ മുമ്പിൽ നിന്നു മാറിപ്പോകുന്നുവെങ്കിൽ, യിസ്രായേൽ സന്തതിയും സദാകാലം എന്റെ മുമ്പിൽ ഒരു ജാതിയാകാതവണ്ണം മുടിഞ്ഞുപോകും എന്നു യഹോവയുടെ അരുളപ്പാട്. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. മീതെ ആകാശത്തെ അളക്കുവാനും താഴെ ഭൂമിയുടെ അടിസ്ഥാനങ്ങളെ ശോധന ചെയ്വാ നും കഴിയുമെങ്കിൽ, ഞാനും യിസ്രായേൽ സന്തതിയെ ഒക്കെയും അവർ ചെയ്ത സകലവും നിമിത്തം തള്ളിക്കളയും എന്നു യഹോവയുടെ അരുളപ്പാട്... ശവങ്ങൾക്കും വെണ്ണീരിനും ഉള്ള താഴ്വര മുഴുവൻ കിദ്രോൻതോടുവരെയും കിഴക്കോട്ടു കുതിരവാതിലിന്റെ കോണുവരെയും ഉള്ള നിലങ്ങൾ മുഴുവനും യഹോവയ്ക്കു വിശുദ്ധമായിരിക്കും; അതിനെ ഇനി **ഒരുനാളും** പറിച്ചുകളയുകയില്ല, ഇടിച്ചുകളയുകയുമില്ല" (യിരെ. 31:31- 37, 40; (കാണുക യെഹെ. 36:25; 37:12-14).
>
> "ഞാൻ അവരെ വിട്ടുപിരിയാതെ അവർക്കു നന്മ ചെയ്തുകൊണ്ടിരിക്കും എന്നിങ്ങനെ ഞാൻ അവരോടു ഒരു **ശാശ്വതനിയമം** ചെയ്യും; അവർ എന്നെ വിട്ടുമാറാതെയിരിപ്പാൻ എങ്കലുള്ള ഭക്തി അവരുടെ ഹൃദയത്തിൽ ആക്കും" (യിരെ. 32:40).
>
> "പിന്നെ നീ അവരോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ യിസ്രായേൽ മക്കളെ അവർ ചെന്നു ചേർന്നിരിക്കുന്ന ജാതികളുടെ ഇടയിൽനിന്നു കൂട്ടി നാലുപുറത്തുനിന്നും സ്വരൂപിച്ചു സ്വദേശത്തേക്കു കൊണ്ടുവരും. ഞാൻ അവരെ ദേശത്തു, യിസ്രായേൽ പർവ്വതങ്ങളിൽ തന്നെ, ഏകജാതിയാക്കും; ഒരേ രാജാവു അവർക്കെല്ലാവർക്കും രാജാവായിരിക്കും; അവർ ഇനി രണ്ടു ജാതിയായിരിക്കുകയില്ല, രണ്ടു രാജ്യമായി പിരികയുമില്ല. അവർ ഇനി വിഗ്രഹങ്ങളാലും മ്ലേച്ഛതകളായും യാതൊരു അതിക്രമത്താലും തങ്ങളെത്തന്നെ മലിനമാക്കുകയില്ല; അവർ പാപം ചെയ്ത അവരുടെ സകല വാസസ്ഥലങ്ങളിലും നിന്നു ഞാൻ അവരെ രക്ഷിച്ചു ശുദ്ധീകരിക്കും; അങ്ങനെ അവർ എനിക്കു ജനമായും ഞാൻ അവർക്കു ദൈവമായും ഇരിക്കും. എന്റെ ദാസനായ ദാവീദ് അവർക്കു രാജാവായിരിക്കും. അവർക്കെല്ലാവർക്കും ഒരേ ഇടയൻ ഉണ്ടാകും; അവർ എന്റെ വിധികളിൽ നടന്നു എന്റെ ചട്ടങ്ങളെ പ്രമാണി

[58] യിരെമ്യാവ് 32:40; യെഹസ്കേൽ 37:26 കാണുക

[59] വരാൻ പോകുന്ന നിത്യമായ ഉടമ്പടിയെക്കുറിച്ച് യെഹസ്കേൽ 16:60-62; യെഹ. 55:3; 61:8; യിരെ. 50:5 എന്നിവിടങ്ങളിൽ കാണാം. യെഹ. 34: 25- 27 വരെ സമാധാനത്തിന്റെ ഉടമ്പടിയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. യെശ. 51:20-21 (റോമ. 11:25), ഹോശ. 2:18-20 പുതിയനിയമത്തിലെ പുതിയ ഉടമ്പടിയെ സംബന്ധിച്ച വേദഭാഗങ്ങൾ. ലൂക്കോ. 22:20; 1 കൊരി. 11:25; 2 കൊരി. 3:6; എബ്രാ. 8:8, 10-13; 9:15; 12:24 "പുതിയതു" എന്നു പറയാതെ, യിസ്രായേലിനോടുള്ള ഉടമ്പടി എന്നു പറയുന്ന വേദഭാഗങ്ങൾ: മത്താ. 26:28; മർക്കോസ് 14:24; റോമ. 11:27

ച്ചനുഷ്ഠിക്കും. എന്റെ ദാസനായ യാക്കോബിനു ഞാൻ കൊടുത്തതും നിങ്ങളുടെ പിതാക്കന്മാർ പാർത്തിരുന്നതുമായ ദേശത്തു അവർ പാർക്കും; അവരും മക്കളും മക്കളുടെ മക്കളും എന്നേക്കും അവിടെ വസിക്കും; എന്റെ ദാസനായ ദാവീദ് എന്നേക്കും അവർക്കു പ്രഭുവായിരിക്കും. ഞാൻ അവരോടു ഒരു **സമാധാനനിയമം** ചെയ്യും; അതു അവർക്കു ഒരു **ശാശ്വതനിയമമായിരിക്കും;** ഞാൻ അവരെ ഉറപ്പിച്ചു പെരുക്കി അവരുടെ നടുവിൽ എന്റെ വിശുദ്ധമന്ദിരത്തെ സദാകാലത്തേക്കും സ്ഥാപിക്കും. എന്റെ നിവാസം അവരോടുകൂടെ ഉണ്ടാകും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും. എന്റെ വിശുദ്ധമന്ദിരം സദാകാലത്തേക്കും അവരുടെ നടുവിൽ ഇരിക്കുമ്പോൾ ഞാൻ യിസ്രായേലിനെ വിശുദ്ധീകരിക്കുന്ന യഹോവയെന്നു ജാതികൾ അറിയും" (യെഹെ. 37: 21–28).

2. പുതിയ ഉടമ്പടിയിലെ വാഗ്ദത്തങ്ങൾ

a. എല്ലാ യഹൂദന്മാർക്കുമുള്ള രക്ഷ

ഭൂമിയുള്ള എല്ലാ യഹൂദന്മാരും ഒരു പ്രത്യേക സമയത്തു രക്ഷ പ്രാപിക്കും എന്നുള്ള പ്രവചനം സഹസ്രാബ്ദം ഇല്ല എന്നു പറയുന്നവർ എങ്ങനെ സ്വീകരിക്കും? ക്രിസ്തു യഹൂദന്മാരെ ന്യായം വിധിച്ച് രക്ഷ പ്രാപിക്കുന്നവർ മാത്രം ഭൂമിയിൽ വസിക്കുവാൻ അനുവദിക്കുമ്പോൾ സഹസ്രാബ്ദപൂർവ്വവാദം സാധൂകരിക്കപ്പെടുന്നു. മശീഹായെ പൂർണ്ണമായി അംഗീകരിക്കുന്ന ഒരു യിസ്രായേലിനെക്കുറിച്ചുള്ള വാഗ്ദത്തം പുതിയ ഉടമ്പടിയിൽ ഉൾപ്പെട്ടിരിക്കുന്നു.

> "ആ കാലത്തു **ഞാൻ യിസ്രായേലിന്റെ സകല വംശങ്ങൾക്കും ദൈവമായും** അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവ അരുളിചെയ്യുന്നു" (യിരെ. 31:1).

> "എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാട്. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കുകയില്ല; **അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും;** ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാട്." (യിരെ. 31:33–34, യെഹെ. 37:23 ഉം നോക്കുക).

> "ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും. **വിടുവിക്കുന്നവൻ സീയോനിൽ നിന്നു വരും; അവൻ യാക്കോബിൽ നിന്നു അഭക്തിയെ മാറ്റും.** ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം" എന്നു എഴുതിയിരിക്കുന്നുവല്ലോ" (റോമ. 11:26–27 (യെശ. 59: 20 ഉം നോക്കുക).

b. വിടുവിക്കുന്നവന്റെ മടങ്ങിവരവ്

സഭ വ്യക്തമായി പുതിയ ഉടമ്പടിയോട് ബന്ധിക്കപ്പെട്ടിരിക്കുന്നു എങ്കിലും പൂർണ്ണമായി പുതിയ ഉടമ്പടി നിവൃത്തിക്കുന്നു എന്നു കാണുവാൻ സാധിക്കുന്നില്ല. വിടുവിക്കുന്നവന്റെ മടങ്ങിവരവുവരെ അതു പൂർണ്ണമായി നിവൃത്തിക്കപ്പെടുകയുമില്ല (റോമ. 11:25; യെശ. 59:20). "ദാവീദ്" എന്നത് ഉയിർത്തെഴുന്നേറ്റ ദാവീദ് എന്നു വ്യാഖ്യാനിച്ചാലും, "ദാവീദുപുത്രൻ" എന്നത് ക്രിസ്തുവിന്റെ ഒരു പേരാണ് എന്നു വ്യാഖ്യാനിച്ചാലും, ദാവീദ് ഭരിക്കുമ്പോൾ ദൈവം യിസ്രായേലിനോട് ഉള്ള ഭാവി ഉടമ്പടി സ്ഥിരീകരിക്കുമെന്ന കാര്യം പഴയ ഉടമ്പടി പ്രവചിക്കുന്നു (യെഹെ. 36:23; 37:24 നോക്കുക). അതുകൊണ്ട് സഭയ്ക്ക് പുതിയ ഉടമ്പടി പൂർണ്ണമായി നിറവേറ്റുവാൻ സാധിക്കുന്നില്ല. ക്രിസ്തുവിന്റെ മടങ്ങിവരവിൽ മാത്രമേ അതു പൂർണ്ണമായി നിറവേറുകയുള്ളൂ.

c. പീഡനത്തിനുശേഷം ദേശത്തിന്റെ നിത്യമായ പുനസ്ഥാപനം

"വീണ്ടെടുപ്പുകാരൻ സീയോനിലേക്കു വരുമ്പോൾ" പുതിയ ഉടമ്പടി പൂർണ്ണമായി പ്രാവർത്തികമാക്കുകയും (യെശ. 59:20; റോമർ. 11:26–27) യിസ്രായേൽ ദൈവവുമായി ശരിയായ ബന്ധത്തിൽ വരികയും ചെയ്യും. ദേശത്തിന്റെ പുനഃസ്ഥാപനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ ബാബിലോന്യപ്രവാസത്തിൽ നിന്നുള്ള മടങ്ങിവരവിനെ സൂചിപ്പിക്കുന്നതാണ്, അല്ലാതെ ദേശത്തിന്റെ **നിത്യമായ** പുനഃസ്ഥാപനം തുടങ്ങിക്കഴിഞ്ഞു എന്നു പറയുവാൻ സാധ്യമല്ല. നിത്യമായ പുനഃസ്ഥാപനം ഭാവിയെക്കുറിച്ചുള്ള വാഗ്ദത്തം ആണ്. അത് കർത്താവിന്റെ രണ്ടാം വരവിൽ തന്റെ രാജ്യം സ്ഥാപിക്കുമ്പോൾ മാത്രം പൂർത്തീകരിക്കപ്പെടും. പുതിയ ഉടമ്പടിപ്രകാരം ദേശത്തിന്റെ പുനഃസ്ഥാപനം നടക്കുമ്പോൾ അത് യുദ്ധം ഇല്ലാതെ സമാധാനം ലഭിക്കുന്നതും പ്രവാസത്തെക്കുറിച്ചുള്ള ഭയം ഇല്ലാതെ സ്വാതന്ത്ര്യം ലഭിക്കുന്നതും ആകുന്നു. ഇത് പൂർവ്വ സഹസ്രാബ്ദ കാലസിദ്ധാന്തത്തെ അനുകൂലിക്കുന്നു.

> ....."അതിനെ ഇനി **ഒരുനാളും** പറിച്ചുകളയുകയില്ല, **ഇടിച്ചുകളകയുമില്ല"** (യിരെ. 31:40).

> **"**അവർ ഇനി **ജാതികൾക്കു കവർച്ച ആയിത്തീരുകയില്ല;** കാട്ടുമൃഗം അവരെ കടിച്ചു കീറു

കയില്ല; അവർ നിർഭയമായി വസിക്കും; ആരും അവരെ ഭയപ്പെടുത്തുകയില്ല" (യെഹെ. 34:28).

"എന്റെ ദാസനായ യാക്കോബിനു ഞാൻ കൊടുത്തതും നിങ്ങളുടെ പിതാക്കന്മാർ പാർത്തിരുന്നതുമായ ദേശത്തു അവർ പാർക്കും; അവരും മക്കളും മക്കളുടെ മക്കളും എന്നേക്കും അവിടെ വസിക്കും; എന്റെ ദാസനായ ദാവീദ് എന്നേക്കും അവർക്കു പ്രഭുവായിരിക്കും. ഞാൻ അവരോടു ഒരു **സമാധാനനിയമം** ചെയ്യും; അതു അവർക്കു ഒരു **ശാശ്വതനിയമമായിരിക്കും;** ഞാൻ അവരെ ഉറപ്പിച്ചു പെരുക്കി അവരുടെ നടുവിൽ എന്റെ വിശുദ്ധമന്ദിരത്തെ **സദാകാലത്തേക്കും** സ്ഥാപിക്കും. എന്റെ നിവാസം അവരോടുകൂടെ ഉണ്ടാകും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും. എന്റെ വിശുദ്ധമന്ദിരം സദാകാലത്തേക്കും അവരുടെ നടുവിൽ ഇരിക്കുമ്പോൾ ഞാൻ യിസ്രായേലിനെ വിശുദ്ധീകരിക്കുന്ന യഹോവയെന്നു ജാതികൾ അറിയും" (യെഹെ. 37:25–28).

"അന്നാളിൽ ഞാൻ അവർക്കുവേണ്ടി കാട്ടിലെ മൃഗങ്ങളോടും ആകാശത്തിലെ പക്ഷികളോടും നിലത്തിലെ ഇഴജാതികളോടും ഒരു നിയമം ചെയ്യും; ഞാൻ വില്ലും വാളും **യുദ്ധവും ഭൂമിയിൽ നിന്നു നീക്കി,** അവരെ നിർഭയം വസിക്കുമാറാക്കും" (ഹോശേ. 2:18).

ബാബിലോണ്യപ്രവാസത്തിൽ നിന്നുള്ള മടങ്ങിവരവു ഒരു നിത്യമായ മടങ്ങിവരവ് എന്ന വാഗ്ദത്തിന്റെ നിവൃത്തി അല്ല. സഭായുഗത്തിലും അത് നിറവേറപ്പെട്ടില്ല. പുതിയ ഉടമ്പടി എന്ന വാഗ്ദത്തത്തിന്റെ സന്ദർഭം പരിശോധിക്കുമ്പോൾ അതിന്റെ പൂർത്തീകരണം അവസാനകാലങ്ങളിൽ ആയിരിക്കും എന്നു മനസ്സിലാക്കാം (യിരെ. 30:8–9; 24). ക്രിസ്തുവിന്റെ മടങ്ങിവരവിൽ യിസ്രായേലിനു മഹത്വപൂർണ്ണമായ രാജ്യം ലഭിക്കുന്നതാണ്. (ഇത് സഹസ്രാബ്ദപൂർവ്വവാദം).

യിരെമ്യാവ് 31:31–ൽ ഒരു പീഡനകാലത്തെക്കുറിച്ചു പറയുന്നു. യാക്കോബിനു കഷ്ടകാലം (യിരെ. 30:7), യിസ്രായേലിന്റെ വൈരികളുടെ നാശം (യിരെ. 30:11, 16, 20), യിസ്രായേൽദേശത്തിന്റെ യഥാസ്ഥാനം (യിരെ. 30:3, 18–20; 31:8; 23–28), യെഹെ. 37:21–ൽ പറഞ്ഞിരിക്കുന്നത് പൂർണ്ണമായും വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചാണ്. യിസ്രായേലിന്റെ മടങ്ങിവരവിനെക്കുറിച്ചും. അവർ ഒരിക്കലും ശത്രുക്കൾക്കു ഇരയാകുകയില്ല എന്നും യെഹെ. 36:8–15, 30 വാക്യങ്ങളിൽ പറയുന്നു. യെഹെസ്കേൽ 37:12–ൽ മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചു പറയുന്നു. യെഹെസ്കേൽ 38 ഉം 39 ഉം അദ്ധ്യായങ്ങളിൽ വരാൻ പോകുന്ന കാര്യങ്ങളും (മാഗോഗ് യുദ്ധം) **യിസ്രായേലിന്റെ ഭാവിയെക്കുറിച്ചുള്ള** ഉടമ്പടിയും പറഞ്ഞിരിക്കുന്നു. (സഹസ്രാബ്ദ വാഴ്ചയില്ല എന്നു വിശ്വസിക്കുന്നവർ പറയുന്നതുപോലെ നിലവിലുള്ള സഭകൾ മാത്രമല്ല).

d. ഭൗതികമായ അനുഗ്രഹങ്ങൾ

യിസ്രായേലിനോടുള്ള പുതിയ ഉടമ്പടിയുടെ വാഗ്ദത്തത്തിനൊപ്പം അനേകം ഭൗതികമായ ഐശ്വര്യവും ഈ വേദഭാഗങ്ങളിൽ കാണാം. യെരുശലേം ദേവാലയം വീണ്ടും പണിയുകയും കാർഷികമായ ഐശ്വര്യം പ്രാപിക്കുകയും ചെയ്യും" (യെഹെ. 37:26, 28).

നാണത്തിനു പകരം നിങ്ങൾക്കു ഇരട്ടിയായി പ്രതിഫലം കിട്ടും; ലജ്ജെക്കു പകരം അവർ തങ്ങളുടെ ഓഹരിയിൽ സന്തോഷിക്കും; അങ്ങനെ അവർ തങ്ങളുടെ ദേശത്തു ഇരട്ടി അവകാശം പ്രാപിക്കും; നിത്യാനന്ദം അവർക്കു ഉണ്ടാകും. യഹോവയായ ഞാൻ ന്യായത്തെ ഇഷ്ടപ്പെടുകയും അന്യായമായ കവർച്ചയെ വെറുക്കുകയും ചെയ്യുന്നു; ഞാൻ വിശ്വസ്തതയോടെ അവർക്കു പ്രതിഫലം കൊടുത്ത് അവരോടു ഒരു ശാശ്വത നിയമം ചെയ്യും (യെശ. 61:7–8).

"ഞാൻ അവയെയും എന്റെ കുന്നിനും ചുറ്റുമുള്ള സ്ഥലങ്ങളെയും ഒരു അനുഗ്രഹമാക്കിവെക്കും; ഞാൻ തക്കസമയത്തു മഴ പെയ്യിക്കും; അത് അനുഗ്രഹമായ മഴ ആയിരിക്കും. വയലിലെ വൃക്ഷഫലം കായ്ക്കയും നിലം നന്നായി വിളകയും അവർ തങ്ങളുടെ ദേശത്തു നിർഭയമായി വസിക്കുകയും ഞാൻ അവരുടെ നുകക്കഴികളെ പൊട്ടിച്ചു, അവരെക്കൊണ്ടു പണി എടുപ്പിച്ചവരുടെ കയ്യിൽനിന്നു അവരെ വിടുവിക്കുകയും ചെയ്യുമ്പോൾ ഞാൻ യഹോവ എന്നു അവർ അറിയും. അവർ ഇനി ജാതികൾക്കു കവർച്ച ആയിത്തീരുകയില്ല; കാട്ടുമൃഗം അവരെ കടിച്ചു കീറുകയില്ല; അവർ നിർഭയമായി വസിക്കും; ആരും അവരെ ഭയപ്പെടുത്തുകയുമില്ല" (യെഹെ. 34:26–28). [60]

e. ആത്മിക അനുഗ്രഹങ്ങൾ

വിഭാഗം "a"യിൽ പുതിയ ഉടമ്പടിയുടെ വാഗ്ദത്തത്തിൻ പ്രകാരം എല്ലാ യിസ്രായേലും രക്ഷിക്കപ്പെടും എന്ന വിഷയം സമർത്ഥിച്ചിരിക്കുന്നു. പരിശുദ്ധാത്മാവു

[60] യെഹെ. 34:25 ഉം 28 ഉം പ്രകാരം പുതിയ ഉടമ്പടിടെ കാട്ടുമൃഗങ്ങൾക്കു കടിഞ്ഞാൺ ഇടുന്നതുമായി ബന്ധപ്പെടുത്തിയാൽ ശാപം ലഘൂകരിക്കാം. യെശയ്യാവ് 11:6–9 വരെയുള്ള വാക്യങ്ങളിൽ ഇത് കൂടുതൽ സ്പഷ്ടമായി കാണാം. തീർച്ചയായും കാട്ടുമൃഗങ്ങളെ ഇപ്പോൾ മെരുക്കാനാവില്ല. അതുകൊണ്ട് പുതിയ ഉടമ്പടിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ യിസ്രായേലിന്റെ ഭാവിരാജ്യത്തിൽ നിറവേറും.

നിവാസം ചെയ്യുന്ന അനുഭവവും പുതിയ ഉടമ്പടിയുടെ വാഗ്ദാനം ആണ് (യിരെ. 31:33; യെഹ. 36:27; 37:14). ഇതോടൊപ്പം എല്ലാവരും ദൈവത്തെക്കുറിച്ച് നല്ല പരിജ്ഞാനം ഉള്ളവരായിത്തീരും (യിരെ. 31:33-34). യിസ്രായേൽ നിത്യമായ പാപക്ഷമ പ്രാപിക്കും (യിരെ. 31:34). ബാബിലോൺ പ്രവാസത്തിൽ നിന്നു വന്നതു പോലെ ഉള്ള ഒരു മടങ്ങിവല്ല, **യിസ്രായേൽ ദേശത്തേക്കു** നിത്യമായ ഒരു മടങ്ങിവരവും, എല്ലാ യഹൂദന്മാരുടെ **രക്ഷയും** വിശ്വസിക്കുന്ന യെഹൂദന്മാരുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവിന്റെ നിവാസവും പുതിയ ഉടമ്പടി, വാഗ്ദാനം ചെയ്യുന്നു. വിശ്വസിക്കുന്ന യെഹൂദന്മാരുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവ് നിവാസം ചെയ്യുന്ന അനുഭവം, ഒരു ഭൂതകാലത്തിൽ ദേശത്ത് മടങ്ങിവന്നപ്പോൾ **സംഭവിച്ചതല്ല,** പിന്നെയോ കർത്താവിന്റെ രണ്ടാം വരവിനുശേഷം **ഭാവിയിൽ എല്ലാ യിസ്രായേലും കൂട്ടിച്ചേർക്കപ്പെടുമ്പോഴാണ്** (ഇത് സഹസ്രാബ്ദ പൂർവ്വവാദം)

f. പുതിയ ഉടമ്പടിയിലെ ദാനങ്ങളുടെ ചുരുക്കം

രക്ഷകന്റെ സീയോനിലേക്കുള്ള വരവും എല്ലാ യെഹൂദന്മാരുടെ രക്ഷയും പുതിയ ഉടമ്പടി വാഗ്ദാനം ചെയ്യുന്നു. ശത്രുക്കൾ പ്രവാസത്തിലേക്കു കൊണ്ടുപോകും എന്ന ഭയം ഇല്ലാത്ത നിത്യമായ വീണ്ടെടുപ്പു യിസ്രായേൽ ദേശത്തിനു സംഭവിക്കും. ആത്മികവും ഭൗതികവുമായ അനുഗ്രഹങ്ങൾ ചൊരിയപ്പെടുന്ന സമയമായിരിക്കും. **ആക്ഷരികമായ അർത്ഥത്തിൽ പുതിയ ഉടമ്പടി യിസ്രായേൽ ദേശത്തിന് ഒരു ഭാവി വാഗ്ദാനം ചെയ്യുന്നു.**

"ഭാവികാലത്തു നിങ്ങൾ അതു ഗ്രഹിക്കും" (യിരെ. 29:24). യിസ്രായേലിനോടുള്ള പുതിയ ഉടമ്പടിയുടെ എല്ലാ ഭാഗങ്ങളും പരിശോധിച്ചാൽ, അത് യിസ്രായേലിന്റെ ഭാവിയെ സംബന്ധിച്ചുള്ളതാണെന്നും, ഇന്നത്തെ സഭയ്ക്കു അത് പൂർത്തീകരിക്കുവാൻ സാധിക്കുകയില്ലെന്നും മനസ്സിലാക്കാം. [61]

3. നിബന്ധനയില്ലാത്തതും നിത്യവുമായ പുതിയ ഉടമ്പടിയുടെ സ്വഭാവം

പുതിയ ഉടമ്പടി ആക്ഷരികമായി സഹസ്രാബ്ദപൂർവ്വവാദത്തെ അനുകൂലിക്കുന്നു. ഈ ഉടമ്പടി താത്ക്കാലികം എന്നോ, അല്ലെങ്കിൽ നിബന്ധനയ്ക്കു വിധേയമായി മാറ്റപ്പെടുന്നതെന്നോ വാദിക്കുവാൻ സാധ്യമല്ല.

> "നിങ്ങൾ ചെവി ചായിച്ചു എന്റെ അടുക്കൽ വരുവിൻ; നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിനു കേട്ടുകൊൾവിൻ; ദാവീദിന്റെ നിശ്ചലകൃപകൾ എന്ന ഒരു **ശാശ്വതനിയമം** ഞാൻ നിങ്ങളോടു ചെയ്യും" (യെശ. 55:3).

> ".....ഞാൻ അവരോട് ഒരു ശാശ്വതനിയമം ചെയ്യും"(യെശ. 61:8).

സൂര്യനെ പകൽ വെളിച്ചത്തിനും ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും വ്യവസ്ഥയെ രാത്രി വെളിച്ചത്തിനും നിയമിച്ചിരിക്കുന്നവനും കടലിലെ തിരകൾ അലറുവാൻ തക്കവണ്ണം അതിനെ ഇളക്കുന്നവനും സൈന്യങ്ങളുടെ യഹോവ എന്നു നാമമുള്ളവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: **ഈ വ്യവസ്ഥ എന്റെ മുമ്പിൽ നിന്നു മാറിപ്പോകുന്നുവെങ്കിൽ, യിസ്രായേൽ സന്തതിയും സദാകാലം എന്റെ മുമ്പിൽ ഒരു ജാതിയാകാതെവണ്ണം മുടിഞ്ഞുപോകും** എന്നു യഹോവയുടെ അരുളപ്പാട്. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. "മീതെ ആകാശത്തെ അളക്കുവാനും താഴെ ഭൂമിയുടെ അടിസ്ഥാനങ്ങളെ ശോധന ചെയ്വാനും കഴിയുമെങ്കിൽ, ഞാനും യിസ്രായേൽ സന്തതിയെ ഒക്കെയും അവർ ചെയ്ത സകലവും നിമിത്തം തള്ളിക്കളയും എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 31:35-37).

> "ഞാൻ അവരെ വിട്ടുപിരിയാതെ അവർക്കു നന്മ ചെയ്തുകൊണ്ടിരിക്കും എന്നിങ്ങനെ ഞാൻ അവരോടു ഒരു **ശാശ്വതനിയമം** ചെയ്യും; അവർ എന്നെ വിട്ടുമാറാതെയിരിപ്പാൻ എങ്കലുള്ള ഭക്തി ഞാൻ അവരുടെ ഹൃദയത്തിൽ ആക്കും'' (യിരെ. 32:40).

> "അവർ സീയോനിലേക്കു മുഖം തിരിച്ചു അതിനെക്കുറിച്ചു ചോദിച്ചുകൊണ്ടു: വരുവിൻ; മറന്നുപോകാത്തതായ ഒരു **ശാശ്വതനിയമത്താൽ** നമുക്കു യഹോവയോടു ചേർന്നുകൊള്ളാം എന്നു പറയും" (യിരെ. 50:5).

> "എങ്കിലും നിന്റെ യൗവനകാലത്തു നിന്നോടുള്ള എന്റെ നിയമം ഞാൻ ഓർത്തു ഒരു **ശാശ്വതനിയമം** നിന്നോടു ചെയ്യും" (യെരെ. 16:60)

> "ഞാൻ അവരോടു ഒരു സമാധാനനിയമം ചെയ്യും; അതു അവർക്കു ഒരു **ശാശ്വതനിയമമായിരിക്കും**...." (യെഹെ. 37:26).

[61] ഒരു വീണ്ടെടുപ്പുകാരൻ സീയോനിലേക്കു വരുന്നു. എല്ലാ യിസ്രായേലിന്റെയും ശത്രുക്കളുടെ നാശവും, യിസ്രായേലിന്റെ ഉയിർത്തെഴുന്നേല്പും നിത്യമായ യഥാസ്ഥാപനവും ദേശത്തു നടക്കും. യാക്കോബിന്റെ കഷ്ടം (പീഡനകാലം) കഴിഞ്ഞശേഷം പുതിയ ഉടമ്പടി നിറവേറും. ദാവീദ് യിസ്രായേലിനെ ഭരിക്കും. പുതിയ ഉടമ്പടി നിറവേറുന്നതിന്റെ ഫലമായി യെരുശലേമിൽ ദൈവാലയം സ്ഥാപിക്കപ്പെടും. കാട്ടുമൃഗങ്ങളുടെ മേലുള്ള ശാപം കുറയും, പരിശുദ്ധാത്മാവിന്റെ നിവാസം യിസ്രായേലിൽ ഉണ്ടാകും. ഇതെല്ലാം ഈ സഭായുഗത്തിൽ നിറവേറിയെന്നോ, ബാബിലോൺ പ്രവാസത്തിൽ നിന്നു മടങ്ങിവന്നപ്പോൾ നിറവേറിയെന്നോ എങ്ങനെ ചിന്തിക്കാനാവും?

യിരെമ്യാവ് 31:31-34 വരെയുള്ള നാലു വാക്യങ്ങളിൽ "ഞാൻ ചെയ്യും" എന്ന പദം ഏഴു പ്രാവശ്യം പറഞ്ഞിരിക്കുന്നു. പുതിയ ഉടമ്പടി ഏകപക്ഷീയമായതും അതിന്റെ പൂർത്തീകരണം ദൈവത്തെ മാത്രം ആശ്രയിച്ചുമായിരിക്കും. മനുഷ്യനു യാതൊരു നിബന്ധനയും നല്കപ്പെട്ടിട്ടില്ല.

പാലസ്തീൻ ഉടമ്പടിക്കും, ദാവിദിനോടുള്ള ഉടമ്പടിക്കും, പുതിയ ഉടമ്പടിയ്ക്കുമുള്ള അടിസ്ഥാനം അബ്രഹാമിനോടുള്ള ഉടമ്പടിയാണ്. ദൈവം അബ്രഹാമിനോടുള്ള വാഗ്ദത്തത്തിൽ ദേശത്തെക്കുറിച്ചും സന്തതിയെക്കുറിച്ചും അനുഗ്രങ്ങളെക്കുറിച്ചും പറയുന്നു. അബ്രഹാമിനോടുള്ള ഉടമ്പടിയുടെ ഓരോ ഭാഗവും പിന്നീടുള്ള ഉടമ്പടികളിൽ വ്യക്തമാക്കുകയും, വിസ്താരമാക്കുകയും ചെയ്യുന്നു. പാലസ്തീൻ ഉടമ്പടി ദേശത്തെ സംബന്ധിച്ചും (ആവ. 30:1-10) ദാവീദിനോടുള്ള ഉടമ്പ ടി സന്തതിയെക്കുറിച്ചും, പുതിയ ഉടമ്പടി ഭാവി അനുഗ്രഹങ്ങളെ വിസ്താരമാക്കിയും പറഞ്ഞിരിക്കുന്നു. അബ്രഹാമിനോടുള്ള ഉടമ്പടി നിത്യമായതും നിബന്ധനയില്ലാത്തതും ആയതുപോലെ, പുതിയ ഉടമ്പടിയും നിത്യമായതും നിബന്ധനയില്ലാത്തതുമാണ്. ഇത് യിസ്രായേലിന് ഒരു ഭാവി ഉറപ്പാക്കുന്നു. അതുപോലെ സഹസ്രാബ്ദപൂർവ്വ വാദത്തെ അനുകൂലിക്കുകയും ചെയ്യുന്നു.

4. സഭയും പുതിയ ഉടമ്പടിയും

പുതിയനിയമത്തിലെ പുതിയ ഉടമ്പടിയെക്കുറിച്ചുള്ള വേദഭാഗങ്ങൾ സഭയും പുതിയ ഉടമ്പടിയുമായുള്ള ബന്ധത്തെക്കുറിച്ച് ചില ചോദ്യങ്ങൾ ഉയർത്തുന്നു (പുതിയ നിയമവും പുതിയ ഉടമ്പടിയും ഒന്നു തന്നെ ആണ്). പുതിയ ഉടമ്പടി ഇന്ന് സഭയിൽ നിറവേറിയിട്ടുണ്ടോ? ഭാവിയിൽ യിസ്രായേലിനോടുള്ള ബന്ധത്തിൽ ഇത് പൂർത്തീകരിക്കപ്പെടുമോ? സഹസ്രാബ്ദവാഴ്ചയില്ല എന്നുപറയുന്നവർ, പുതിയ ഉടമ്പടി ഇന്ന് സഭയിൽ നിറവേറുന്നു എന്നു വിശ്വസിക്കുന്നു. ഇതിന്റെ അർത്ഥം യിസ്രായേലിനു ഈ ഭൂമിയിൽ ഒരു ഭാവി രാജ്യം ഇല്ല എന്നത്രെ.

പുതിയ ഉടമ്പടിയിലെ ചില അനുഗ്രഹങ്ങൾ സഭ ഇന്ന് അനുഭവിക്കുന്നു എന്നത് സത്യമാണ്. എന്നിരുന്നാലും, പുതിയ ഉടമ്പടിയിലെ എല്ലാ കാര്യങ്ങളും ഇന്ന് സഭയിൽ നിറവേറുന്നു എന്നത് ശരിയല്ല. പുതിയ ഉടമ്പടിയുടെ പൂർണ്ണമായ പൂർത്തീകരണം ഭാവിയിൽ ആയിരിക്കും. അത് യിസ്രായേലിനെ ഉൾക്കൊണ്ടായിരിക്കും.

യിസ്രായേലിന്റെ പാപക്ഷമ പുതിയ ഉടമ്പടിയുടെ അനുഗ്രഹങ്ങളിൽ പ്രധാനമായതാണ്.(യിരെ. 31:34) യിസ്രായേലിന്റെ പാപക്ഷമയ്ക്കായിട്ട് ദൈവത്തിന്റെ കുഞ്ഞാട് അറുക്കപ്പെടേണ്ടതായിരുന്നു. പുതിയ ഉടമ്പടിപ്രകാരം **യിസ്രായേലിന്റെ ഭാവി അനുഗ്രങ്ങൾക്കു** അടിസ്ഥാനമായ ക്രൂശ് തന്നെയാണ് **ഇന്നു സഭയുടെ** അനുഗ്രഹങ്ങൾക്കും അടിസ്ഥാനം. അതുകൊണ്ട് പുതിയ ഉടമ്പടിയുടെ അനുഗ്രഹങ്ങൾ സഭയും പങ്കുവെയ്ക്കുന്നു. ക്രിസ്തുവിന്റെ അറുക്കപ്പെട്ട ശരീരത്തിന്റെയും ഒഴുക്കപ്പെട്ട രക്തത്തിന്റെയും അനുഗ്രഹങ്ങളിൽ നാം പങ്കാളികളാണ്. അതുപോലെ പുതിയ നിയമപ്രകാരം യിസ്രായേലിന്റെ ഭാവി അനുഗ്രഹങ്ങൾക്കു അടിസ്ഥാനം ഇതുതന്നെയാണ്.

പുതിയ ഉടമ്പടിയുടെ അനുഗ്രഹങ്ങൾ സഭ "ഇന്ന്" "ഭാഗികമായി" അനുഭവിക്കുന്നു എങ്കിലും അതിന്റെ എല്ലാ വശങ്ങളും പൂർണ്ണമായി അനുഭവിക്കണമെന്നില്ല. അതുപോലെ യിസ്രായേലിനു വാഗ്ദത്തം നഷ്ടപ്പെട്ടു എന്നും അർത്ഥമില്ല.

സഭയുടെ ഇപ്പോഴത്തെ അനുഗ്രഹങ്ങൾക്കൊപ്പം പുതിയ ഉടമ്പടി യിസ്രായേലിനോടുള്ള ബന്ധത്തിൽ ഉറപ്പിക്കപ്പെടേണ്ടതും കൂടാതെ സഭയ്ക്ക് പുതിയ ഉടമ്പടി പൂർണ്ണമായി നിറവേറുവാൻ കഴികയില്ല. എങ്കിലും പുതിയ ഉടമ്പടിയുടെ ചില അനുഗ്രഹങ്ങൾ സഭ ഇന്ന് അനുഭവിക്കും. യിസ്രായേലിനു പകരം നിൽക്കുന്നതും യിസ്രായേലിനോടു ചേർന്നു അനുഗ്രഹങ്ങൾ പങ്കുവയ്ക്കുന്നതും വ്യത്യസ്തമായ കാര്യങ്ങളാണ്.

a. പുതിയ ഉടമ്പടി യിസ്രായേലിനോട് ചേർന്നാണെന്നു പഴയനിയമം പറയുന്നു.

പുതിയ ഉടമ്പടിയുടെ വാഗ്ദത്തത്തിന്റെ യഥാർത്ഥ അവകാശികൾ യിസ്രായേലാണെന്ന് വ്യക്തമായി മനസ്സിലാക്കാം.

> "ഞാൻ **യിസ്രായേൽഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയൊരു നിയമം** ചെയ്യുന്ന കാലം വരും...." (യിരെ. 31:31) (നോക്കുക എബ്രാ. 8:8).
>
> "ആ നാളുകളിൽ, ആ കാലത്തു **യിസ്രായേൽമക്കളും യെഹൂദാമക്കളും** ഒരുമിച്ചു കരഞ്ഞും കൊണ്ടു വന്നു തങ്ങളുടെ ദൈവമായ യഹോവയെ അന്വേഷിക്കും എന്നു യഹോവയുടെ അരുളപ്പാട്: അവർ സീയോനിലേക്കു മുഖം തിരിച്ചു അതിനെക്കുറിച്ച് ചോദിച്ചുകൊണ്ട്: വരുവിൻ; മറന്നുപോകാത്തതായ ഒരു **ശാശ്വതനിയമത്താൽ** നമുക്കു യഹോവയോടു ചേർന്നുകൊള്ളാം എന്നു പറയും" (യിരെ. 50:4-5).
>
> "എങ്കിലും നിന്റെ യൗവനകാലത്തു **നിന്നോടുള്ള എന്റെ നിയമം ഞാൻ ഓർത്തു** ഒരു **ശാശ്വത നിയമം നിന്നോടു ചെയ്യും"** (യെഹെ. 16:60).

മുമ്പുള്ള എല്ലാ ഉടമ്പടികളും യിസ്രായേലിനോട് ആയിരുന്നു. സഭയോട് ആയിരുന്നില്ല. "നിന്നോട്" എന്ന് യെഹ. 16:60-ൽ പറയുന്നത് യിസ്രായേലിനെക്കുറിച്ചാണ്.

"പിന്നെ നീ അവരോടു പറയേണ്ടത് : യഹോവയായ കർത്താവു ഇപ്രകാരം അരുളിചെയ്യുന്നു: ഞാൻ **യിസ്രായേൽമക്കളെ** അവർ ചെന്നു ചേർന്നിരിക്കുന്ന ജാതികളുടെ ഇടയിൽനിന്നു കൂട്ടി നാലുപുറത്തു നിന്നും സ്വരൂപിച്ചു സ്വദേശത്തേക്കു കൊണ്ടുവരും" (യെഹെ. 37:21).

"എന്നാൽ സീയോനും **യാക്കോബിൽ** അതിക്രമം വിട്ടുതിരിയുന്നവർക്കും അവൻ വീണ്ടെടുപ്പുകാരനായി വരും എന്നു യഹോവയുടെ അരുളപ്പാട്: ഞാൻ **അവരോട് ചെയ്തിരിക്കുന്ന നിയമമോ** ഇതാകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു... (യെശ. 59:20–21).

ഇങ്ങനെ **യിസ്രായേൽ മുഴുവനും** രക്ഷിക്കപ്പെടും "വിടുവിക്കുന്നവൻ സീയോനിൽ നിന്നു വരും; അവൻ **യാക്കോബിൽ** നിന്നു അഭക്തിയെ മാറ്റും; ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന **നിയമം"** എന്നു എഴുതിയിരിക്കുന്നുവല്ലോ (റോമ. 11:26–27).

പുതിയ ഉടമ്പടിയുടെ അനുഗ്രഹങ്ങൾ സഭയ്ക്കു പങ്കുവെക്കുവാൻ പഴയ നിയമം അനുവദിക്കുന്നു എങ്കിലും പ്രാഥമികമായി അത് യിസ്രായേലിനുള്ളതാണ്. വാക്കുകൾക്കും വാഗ്ദത്തങ്ങൾക്കും വിലയുണ്ടെങ്കിൽ, സഭയല്ല യിസ്രായേലാണ് പുതിയ ഉടമ്പടിയിലെ അനുഗ്രങ്ങൾക്ക് അവകാശി. പുതിയ ഉടമ്പടി വിശദമായി പഠിച്ചാൽ അത് ഈ യുഗത്തിൽ ആക്ഷരികമായി നിറവേറിയിട്ടില്ലെന്നും നിറവേറുകയില്ലെന്നും മനസ്സിലാക്കാം (ഉദാ. എല്ലാ യിസ്രായേലും രക്ഷിക്കപ്പെടും, വിടുവിക്കുന്നവൻ സീയോനിൽ നിന്നു വരും, യിസ്രായേലിനു യുദ്ധം ഉണ്ടാകുകയില്ല).

കൂടുതലായി പുതിയ ഉടമ്പടി യിസ്രായേലിനോടുള്ള ബന്ധത്തിലാണെന്ന് അതിന്റെ പേരിൽ നിന്നുതന്നെ മനസ്സിലാക്കാം. പഴയ ഉടമ്പടി നിശ്ചയമായും യെഹൂദന്മാക്കു വേണ്ടിയുള്ളതായിരുന്നു (റോമ. 2:14; 9:4; എഫെ. 2:12; ലേവ്യ. 26:46; ആവ. 4:8). സഭ പുതിയ ഉടമ്പടി പൂർണ്ണമായും നിറവേറ്റിയില്ലെങ്കിൽ, സഭയും പുതിയ ഉടമ്പടിയും തമ്മിലുള്ള ബന്ധം എന്ത്?

b. പുതിയ ഉടമ്പടി പുതിയ നിയമത്തിൽ

യിസ്രായേലിനു ഒരു ഭാവിരാജ്യം ഇല്ലെന്നും പുതിയ ഉടമ്പടി സഭയിൽ നിവൃത്തിയാകുന്നുവെന്നും സഹസ്രാബ്ദവാഴ്ചയില്ലെന്നു വിശ്വസിക്കുന്നവർ അവകാശപ്പെടുന്നു. പഴയനിയമ വേദഭാഗങ്ങൾ മുഖവിലയ്ക്ക് എടുത്തു വ്യാഖ്യാനിച്ചാൽ ഇത് സത്യമാകുവാൻ തരമില്ല. എന്നിരുന്നാലും, പുതിയ ഉടമ്പടിയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള നിരവധി വേദഭാഗങ്ങൾ പുതിയ നിയമത്തിൽ ഉണ്ട്. പുതിയ ഉടമ്പടി സ്ഥാപിച്ചിട്ടും അത് പൂർണ്ണമായി നിറവേറിയില്ല എന്നു തോന്നും. പുതിയ ഉടമ്പടിയുടെ അടിസ്ഥാനം രക്ഷകന്റെ രക്തമാണ്, അതിൽ നിന്നുള്ള അനുഗ്രഹങ്ങൾ സഭ അനുഭവിക്കുന്നു. എങ്കിലും ഇത് പൂർണ്ണമായി നിറവേറുന്നത് ഭാവിയിൽ യിസ്രായേലുമായുള്ള ബന്ധത്തിൽ ഉറപ്പിക്കുമ്പോഴാണ്.

അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിൽ **പുതിയ നിയമം** ആകുന്നു" (ലൂക്കോ. 22:20).

അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു, "ഈ പാനപാത്രം എന്റെ രക്തത്തിലെ **പുതിയനിയമം** ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ എന്നു പറഞ്ഞു" (1 കൊരി. 11:25).

അവൻ ഞങ്ങളെ **പുതിയനിയത്തിൽ** ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി; അക്ഷരത്തിന്റെ ശുശ്രൂഷകന്മാരല്ല, ആത്മാവിന്റെ ശുശ്രൂഷകന്മാരത്രെ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു (2 കൊരി. 3:6).

....ഞാൻ യിസ്രായേൽഗൃഹത്തോടും യെഹൂദാഗൃഹത്തോടും **പുതിയൊരു നിയമം** ചെയ്യുന്ന "കാലം വരും" എന്നു കർത്താവിന്റെ അരുളപ്പാട്....ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെ ആകുന്നു. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും "കർത്താവിനെ അറിക" എന്നു ഉപദേശിക്കുകയില്ല; അവർ ആബാലവൃദ്ധം എല്ലാവരും അവനെ അറിയും. ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ചു കരുണയുള്ളവൻ ആകും; അവരുടെ പാപങ്ങളെ ഇനി ഓർക്കുകയുമില്ല എന്നു കർത്താവിന്റെ അരുളപ്പാട്: **പുതിയത്** എന്നു പറയുന്നതിനാൽ ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു; എന്നാൽ പഴയതാകുന്നതും ജീർണ്ണിക്കുന്നതും എല്ലാം നീങ്ങിപ്പോകുവാൻ അടുത്തിരിക്കുന്നു (എബ്രാ. 8:8, 10–13).

അതുനിമിത്തം ആദ്യനിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ടു നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിനു അവൻ **പുതിയ നിയമത്തിന്റെ** മദ്ധ്യസ്ഥൻ ആകുന്നു (എബ്രാ. 9:15).

> പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടുക്ക ലത്രേ നിങ്ങൾ വന്നിരിക്കുന്നത് (എബ്രാ. 12:24).

പുതിയ ഉടമ്പടിയുടെ അനുഗ്രഹങ്ങൾ സഭ അനുഭവിക്കും എന്ന വസ്തുത സഹസ്രാബ്ദപൂർവ്വവാദക്കാർ അംഗീകരിക്കുന്നു. എന്നാൽ യിസ്രായേൽ പുതിയ ഉടമ്പടിയുടെ എല്ലാ അനുഗ്രഹങ്ങളും വരാൻ പോകുന്ന രാജ്യത്തിൽ അനുഭവിക്കുമെന്ന കാര്യം ഊന്നിപ്പറയുന്നു. സഭയ്ക്കു പുതിയ ഉടമ്പടിയുമായുള്ള ബന്ധത്തെക്കുറിച്ച് പ്രധാനമായും മൂന്ന് വിധത്തിലുള്ള വീക്ഷണം സഹസ്രാബ്ദപൂർവ്വവാദികൾക്കിടയിലുണ്ട്. [62]

(1) സഭയ്ക്ക് പുതിയ ഉടമ്പടിയുമായി നേരിട്ടു ബന്ധമില്ല

ഡാർബിയുടെ വീക്ഷണത്തിൽ, സഭയ്ക്ക് ഒരു കാര്യത്തിലും പുതിയ ഉടമ്പടിയുമായി നേരിട്ട് ബന്ധമില്ല. സഭയ്ക്ക് പുതിയ ഉടമ്പടിയുമായുള്ള ഒരേ ഒരു ബന്ധം ക്രൂശിലെ രക്തം ആണ്. പുതിയ ഉടമ്പടിയിലൂടെ യിസ്രായേലിനു ലഭിക്കുന്ന അനുഗ്രഹങ്ങൾക്കും സഭയ്ക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾക്കും നിദാനം ക്രൂശിലെ രക്തമാണ്.

(2) രണ്ട് പുതിയ ഉടമ്പടികൾ

വേദപുസ്തകത്തിൽ രണ്ട് പുതിയ ഉടമ്പടികൾ ഉണ്ട് എന്ന ആശയം ചെയ്ഫറും വാൽവുഡും അംഗീകരിക്കുന്നു. ഒരു ഉടമ്പടി സഭയ്ക്കും മറ്റൊരു ഉടമ്പടി യിസ്രായേലിനും വേദപുസ്തകഎഴുത്തുകാർ ഉദ്ദേശിച്ചതു എന്തെന്നു സന്ദർഭം കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ.

(3) യിസ്രായേലിന്റെ ഭാവി ഉറപ്പിക്കൽ

ഒരു പുതിയ ഉടമ്പടിയെ ഉള്ളൂ എന്ന് സ്കോഫീൽഡ് വിശ്വസിക്കുന്നു. ഇന്നു ഇത് ഭാഗികമായി സഭയുമായുള്ള ബന്ധത്തിലാണ്. എന്നാൽ ഇത് പൂർണ്ണമായും നിറവേറപ്പെടുന്നതു യിസ്രായേലുമായുള്ള ബന്ധത്തിലാണ്. ഭാവിയിൽ യിസ്രായേൽദേശവുമായുള്ള ബന്ധത്തിൽ പുതിയ ഉടമ്പടിയിലെ വാഗ്ദത്തങ്ങൾ പൂർണ്ണമായി നിറവേറപ്പെടേണ്ടതുണ്ട്.

(4) വിലയിരുത്തൽ

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ വേദപണ്ഡിതന്മാരും വിശ്വസനീയരാണ്. എന്നാൽ ഇത് വിവാദം ആവശ്യമുള്ള വിഷയമല്ല. ഈ വാദങ്ങളുടെ എല്ലാം താത്പര്യം യിസ്രായേലിന്നു പുതിയ ഉടമ്പടിയുടെ അനുഗ്രഹങ്ങളെല്ലാം ലഭിക്കുന്നു എന്നുള്ളതാണ്.

മുൻഗണന കൊടുക്കുകയാണെങ്കിൽ മൂന്നാമത്തെ വാദം ആയിരിക്കും ഏറ്റവും അഭികാമ്യം. യിസ്രായേലും സഭയും വ്യത്യസ്തയുള്ളതാണ്. എന്നാൽ അവ ഒന്നിനുമീതെ ഒന്നായി വിവരിച്ചിരിക്കുന്ന കാര്യങ്ങൾ തള്ളിക്കളയുന്നതു കേവലം അത്യുത്സാഹം ആയിരിക്കും. വേദപുസ്തകത്തിൽ രണ്ട് പുതിയ ഉടമ്പടികൾ ഉണ്ട് എന്നു തെളിയിക്കുന്നതു വളരെ കഷ്ടകരമാണ്. എല്ലാ ശിഷ്യന്മാരും യെഹൂദരായിരുന്നു. ക്രിസ്തു "പുതിയ ഉടമ്പടിയുടെ രക്തം" എന്നു പറഞ്ഞപ്പോൾ അതു യിരെമ്യാവ് 31-ാം അദ്ധ്യായത്തിലെ പുതിയ ഉടമ്പടി ആണെന്നു നാം അനുമാനിക്കേണ്ടിയിരിക്കുന്നു (ഇതിനു വിരുദ്ധമായ തെളിവൊന്നും ഇല്ലെങ്കിൽ). 2 കൊരി. 3:6-ൽ "ഞങ്ങൾ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാർ" എന്നു പൗലോസ് പറയുന്നു. "പുതിയ ഉടമ്പടി" എന്ന പദം വേറെ വാക്യങ്ങളുമായി ബന്ധപ്പെടുത്താനില്ലെങ്കിൽ യെഹൂദനായ പൗലോസ്, തന്റെ വായനക്കാർ യിരെ. 31-ലെ പുതിയ ഉടമ്പടിയുമായി ബന്ധപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നതു നമ്മുടെ അനുമാനമാണ്. എബ്രായലേഖകൻ പുതിയ ഉടമ്പടി പ്രവർത്തനനിരതമാണെന്ന് പറയാതെ രണ്ടാമത്തെ ഉടമ്പടിയെക്കുറിച്ച് പറഞ്ഞ് പുതിയ ഉടമ്പടിയിലേക്കു വരികയും പഠിപ്പിക്കുകയും ചെയ്യുന്നു (എബ്രാ. 8). ഒരുപക്ഷേ പുതിയ ഉടമ്പടിയിലെ വാഗ്ദത്തം ഉപയോഗിച്ച് പഴയ ഉടമ്പടി (ന്യായപ്രമാണം) താത്ക്കാലികമാണെന്നു ഉറപ്പിക്കുന്നു. യിരെ. 31-ലെ പുതിയ ഉടമ്പടി ഇന്നു പ്രവർത്തന നിരതമാണെന്നു എബ്രാ. 8-ൽ കൂടെ മനസ്സിലാക്കാം. എന്തുകൊണ്ടെന്നാൽ, ലൂക്കോ. 22:20; 1 കൊരി. 11:25; 2 കൊരി. 3:6 എന്നീ വേദഭാഗങ്ങൾ പുതിയ ഉടമ്പടി പ്രവർത്തനനിരതമാണെന്നു കൂടുതലായി ഉറപ്പിക്കുന്നു.

സഭയെയും യിസ്രായേലിനെയും വെവ്വേറെ കാണുന്നത് അഭിനന്ദാർഹമാണ്. ഇവ രണ്ടും ഒന്നിനുമേൽ ഒന്ന് മൂടിക്കിടക്കുന്നതിനെ തള്ളിക്കളയേണ്ടകാര്യം സഹസ്രാബ്ദപൂർവ്വവാദത്തിനില്ല. യിസ്രായേലുമായുള്ള പുതിയ ഉടമ്പടിയുടെ അടിസ്ഥാനം ക്രിസ്തുവിന്റെ രക്തമാണ്. ക്രിസ്തുവിന്റെ രക്തത്താൽ സഭ പുതിയ ഉടമ്പടിയിൽ പങ്കാളിയായിത്തീർന്നതുകൊണ്ട് യിസ്രായേലുമായി ഭാവിയിൽ ഉടമ്പടി ഉറപ്പിക്കുന്ന കാര്യം തള്ളിക്കളയേണ്ടതില്ല. യിസ്രായേലുമായി അനുഗ്രഹം പങ്കുവെയ്ക്കുന്നതും, യിസ്രായേലിനെ തള്ളിക്കളയുന്നതും ഒരുപോലെയല്ല. "യിസ്രായേൽ ഗൃഹവും യെഹൂദാഗൃഹവും" (യിരെ. 31:31). പുതിയ ഉടമ്പടിയിൽ പൂർണ്ണമായി സന്തോഷിക്കുന്ന കാലം സഹസ്രാബ്ദ വാഴ്ചയിൽ വരും.

[62] J. Dwight pentecost, *Things to come* (Grand Rapids: Zondervan publishing House, 1976), PP 121- 127 എന്ന പുസ്തകത്തിൽ നിന്ന് എടുത്തിരിക്കുന്നു

D. ആക്ഷരികമായ വ്യാഖ്യാനവും സഹസ്രാബ്ദപൂർവ്വ വാദവും

അബ്രഹാമിനോടും ദാവീദിനോടുമുള്ള ഉടമ്പടികളും പുതിയ ഉടമ്പടിയും സഹസ്രാബ്ദപൂർവ്വവാദത്തെ അനുകൂലിക്കുന്നു. യിസ്രായേലിനു ഭാവി രാജ്യം ഉണ്ട് എന്ന ആശയത്തിന് തെളിവുകൾ തീരുന്നില്ല. പഴയനിയമം ആക്ഷരികമായി വ്യാഖ്യാനിച്ചാൽ അതു സഹസ്രാബ്ദ പൂർവ്വവാദത്തെ അനുകൂലിക്കുന്നുവെന്ന് എല്ലാ യാഥാസ്ഥിതികരും വിശ്വസിക്കുന്നു. താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങളുടെ ആക്ഷരികമായ വ്യാഖ്യാനം സഹസ്രാബ്ദപൂർവ്വവാദത്തെ അനുകൂലിക്കുന്നുവെന്നു വായനക്കാർ മനസ്സിൽ കരുതണം. യെരൂശലേം ലോകത്തിന്റെ തലസ്ഥാനമാകും, യുദ്ധം ഇല്ലാതെയാകും, പൂർണ്ണമായും നീതി നിറവേറപ്പെടും, ഭൂമിയിൽ വരുവാനുള്ള ദൈവരാജ്യം ഉറപ്പിക്കും എന്നീ വേദഭാഗങ്ങളും പുതിയ ഉടമ്പടിയെക്കുറിച്ച് പറഞ്ഞിരിക്കുന്ന മറ്റു ഭാഗങ്ങളും സഹസ്രാബ്ദപൂർവ്വവാദത്തെ സാധൂകരിക്കുന്നു. ആദ്യം വാഗ്ദത്തം ലഭിച്ചവർ എങ്ങനെ മനസ്സിലാക്കി എന്നുള്ളതിനു കൂടുതൽ പ്രാമുഖ്യം കൊടുക്കേണ്ടതുണ്ട്. അവർക്കു "യിസ്രായേൽ" എന്നു പറഞ്ഞപ്പോൾ *യിസ്രായേൽ* എന്നും, "യെരൂശലേം" എന്നു പറഞ്ഞപ്പോൾ *യെരൂശലേം എന്നും, "ദാവീദ്" എന്നു പറഞ്ഞപ്പോൾ ദാവീദ്* എന്നും മാത്രമാണ് അർത്ഥമാക്കിയിരുന്നത്. പദങ്ങൾ പുനർവ്യാഖ്യാനം ചെയ്ത് യിസ്രായേലിന് ഒരു രാജ്യം ഇല്ല എന്നു പറയുമ്പോൾ ദൈവത്തെ അസത്യവാദിയാക്കുന്നതിനു തുല്യമാണ്. ഇന്നത്തേക്ക് 2000 വർഷങ്ങൾക്കു ശേഷം ആരെങ്കിലും സഭയ്ക്കുള്ള വാഗ്ദത്തങ്ങൾ ക്രിസ്ത്യാനികൾക്കുള്ളതല്ല, കാരണം, സഭ എന്നതിന്റെ അർത്ഥം കേവലം ഇന്നു കാണുന്ന സഭയല്ല എന്നു വ്യാഖ്യാനിച്ചാൽ ആധുനിക ക്രിസ്ത്യാനികൾ എങ്ങനെ പ്രതികരിക്കും?

ദൈവം യിസ്രായേലിനോടു ചെയ്ത നിബന്ധനയില്ലാത്ത ഉടമ്പടിയും പഴയ നിയമത്തിന്റെ ആക്ഷരികമായ വ്യാഖ്യാനവും സഹസ്രാബ്ദപൂർവ്വവാദത്തിനു വ്യക്തതയും ദൃഢതയും മാനുഷിക വാക്കുകളിൽ നൽകുന്നു. മറ്റുള്ള വേദശാസ്ത്രവിഷയങ്ങളിൽ വിശ്വാസീയതയ്ക്കു ബഹുമാനം അർഹിക്കുന്ന സഹസ്രാബ്ദവാഴ്ച ഇല്ലെന്നു വിശ്വസിക്കുന്ന യാഥാസ്ഥിതികർ, വേദപുസ്തകത്തിൽ നിന്നും ദൈവശാസ്ത്രം മെനയാതെ കേവലം അവരുടെ ദൈവശാസ്ത്രവ്യവസ്ഥകളിൽ ഉറച്ചുനില്ക്കുന്നു. വേദപുസ്തകം ശരിയായി മനസ്സിലാക്കുന്നതിനു നവീകരണം വളരെ സഹായിച്ചു. ഈ പരിഷ്കർത്താക്കൾ വളരെ പ്രശംസ അർഹിക്കുന്നു. എന്നിരുന്നാലും, അവർക്കു അന്ധകാരം നിറഞ്ഞ മദ്ധ്യകാല കത്തോലിക്ക സഭയുടെ പശ്ചാത്തലത്തിൽ ദൈവശാസ്ത്രത്തിന്റെ എല്ലാ തലങ്ങളെയും നവീകരിക്കുവാനുള്ള സമ്മർദ്ദമുണ്ടായിരുന്നു. അവർ രക്ഷാശാസ്ത്രം നവീകരിച്ചു എന്നാൽ ഭാവി കാല ശാസ്ത്രം പൂർണ്ണമായി രൂപപ്പെടുത്തിയില്ല. അടിസ്ഥാനപരമായി, ഈ ലോകത്തിൽ ദൈവരാജ്യത്തിന്റെ പൂർത്തീകരണമാണ്. സഭ എന്നു കത്തോലിക്ക സഭയുടെയും, അഗസ്തിന്റെയും ഉപദേശത്തെ അവർ പിന്തുടർന്നു. അതുകൊണ്ട്, പ്രമുഖ പ്രൊട്ടസ്റ്റന്റ് സഭകൾക്കു കത്തോലിക്ക സഭയുടെ പാരമ്പര്യം ഉണ്ട്. പരിഷ്കർത്താക്കൾ ദൈവശാസ്ത്രത്തിന്റെ എല്ലാ വശങ്ങളും പരിഷ്ക്കരിച്ചില്ല. ആദിമ സഭ ആദ്യ മൂന്നു നൂറ്റാണ്ടുകൾ സഹസ്രാബ്ദപൂർവ്വവാദത്തെ അനുകൂലിച്ചിരുന്നു. അതുകൊണ്ട്, അതിനു വേദപുസ്തകത്തിന്റെയും സഭാചരിത്രത്തിന്റെയും പിൻബലം അവകാശപ്പെടാം. വചനാനുസരണം ആണെങ്കിലും അല്ലെങ്കിലും നവീകരണ ഭാവികാല ശാസ്ത്രത്തെ അടിസ്ഥാനപരമായി സഹസ്രാബ്ദ വാഴ്ച യില്ലെന്നു വിശ്വസിക്കുന്നവർ അനുകൂലിക്കുന്നു. ഇത് വചനാനുസരണമല്ല.

E. സഹസ്രാബ്ദപൂർവ്വവാദത്തിന് സഹസ്രാബ്ദവാഴ്ച നിഷേധികൾ ഉന്നയിക്കുന്ന തടസ്സങ്ങൾ.

സഹസ്രാബ്ദപൂർവ്വവാദം എന്തുകൊണ്ട് ശരിയായിക്കൂടാ എന്നതിനെ സംബന്ധിച്ച് സഹസ്രാബ്ദവാഴ്ചാനിഷേധികളുടെയിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. യിസ്രായേലിനു ഈ ഭൂമിയിൽ ഒരു ഭാവി രാജ്യം ഇല്ല എന്നുള്ളതു അവർ എല്ലാവരും ഒരുപോലെ അംഗീകരിക്കുന്നു.

സഹസ്രാബ്ദവാഴ്ചാനിഷേധികളായ യാഥാസ്ഥിതികർ മറ്റ് ദൈവശാസ്ത്രവിഷയങ്ങളിൽ കൃത്യത പുലർത്തുന്നവർ ആണ്. എങ്കിലും സഹസ്രാബ്ദപൂർവ്വവാദത്തിൽ നിങ്ങളുടെ വിഷയം നിങ്ങൾ നോക്കിക്കൊള്ളൂ എന്ന മനോഭാവക്കാരാണ്. സഹസ്രാബ്ദപൂർവ്വവാദത്തിനു സഹസ്രാബ്ദവാഴ്ച ഇല്ലെന്നു വിശ്വസിക്കുന്നവർ നാലോ അഞ്ചോ തടസ്സവാദങ്ങൾ ഉന്നയിക്കുന്നു. എന്നാൽ ഇവ പരസ്പരവിരുദ്ധവും സത്യമാകുവാൻ തരമില്ലാത്തതുമാണ്. അബ്രഹാമിനോടും ദാവീദിനോടുമുള്ള ഉടമ്പടികൾ, യോശുവ കനാൻദേശം പിടിച്ചടക്കിയപ്പോൾ, അല്ലെങ്കിൽ ശലോമോന്റെ മഹത്വപൂർണ്ണമായ രാജ്യത്തിൽ നിറവേറിയെന്നു സഹസ്രാബ്ദ വാഴ്ചയില്ലെന്നു വിശ്വസിക്കുന്നവർ അവകാശപ്പെടുന്നു. **ഉടമ്പടികൾ** ആക്ഷരികമായതും നിബന്ധനയില്ലാത്തതും ആണെങ്കിലും, നിത്യമായതല്ല എന്നാണ് ഇതിന്റെ അർത്ഥം. ക്രിസ്തുവിനു സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തുള്ള സ്ഥാനമാണു ദാവീദിന്റെ സന്തതി എന്നേക്കും സിംഹാസനത്തിൽ ഇരിക്കും എന്നുള്ള വാഗ്ദത്തത്തിന്റെ നിവൃത്തി എന്നു മറ്റുചിലർ ചിന്തിക്കുന്നു. ഉടമ്പടി നിത്യമായതും നിബന്ധനയില്ലാത്തതും ആണ്, എങ്കിലും ആക്ഷരികമല്ല എന്നാണ് ഇതിന്റെ അർത്ഥം. യിസ്രായേലിനോടുള്ള ഉടമ്പടി നിബന്ധനയുള്ളതാണ് എന്നു ചിലർ വാദിക്കുന്നു. അതുകൊണ്ട് യിസ്രായേലിനു നിബന്ധന പാലിക്കാൻ സാധിക്കാഞ്ഞതിനാൽ ഉടമ്പടി

റദ്ദാക്കപ്പെട്ടു. **ഉടമ്പടി നിത്യമായതും ആക്ഷരികവുമാണെങ്കിൽ നിബന്ധന ഉള്ളതായിരുന്നു എന്നാണ് ഇതിന്റെ അർത്ഥം**. അതുകൊണ്ട് സഹസ്രാബ്ദവാഴ്ച യില്ലെന്നു വിശ്വസിക്കുന്നവർ ഒരു ചുവട് മുമ്പോട്ടു വച്ച്, സഭ യിസ്രായേലിനു പകരമാകുന്നു എന്നു പഠിപ്പിക്കുന്നു. അതായത്, യിസ്രായേലിനോടുള്ള ഉടമ്പടി സഭയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. **ഉടമ്പടി നിത്യമായതും, ആക്ഷരികമല്ലാത്തതും, യിസ്രായേലിനോടുള്ള ബന്ധത്തിൽ നിബന്ധനയുള്ളതും, എന്നാൽ സഭയുമായുള്ള ബന്ധത്തിൽ നിബന്ധന ഇല്ലാത്തതും എന്നർത്ഥം.** ഈ വാദങ്ങളാൽ മറ്റാരെങ്കിലും ആശയക്കുഴപ്പത്തിലാണോ?[63]

1. യോശുവയുടെ, അല്ലെങ്കിൽ ശലോമോന്റെ കാലത്തെ പൂർത്തീകരണം

അബ്രഹാമിനോടും ദാവീദിനോടും ഉള്ള ഉടമ്പടി ദൈവം പൂർണ്ണമായി നിറവേറ്റി എന്നതാണ് സഹസ്രാബ്ദവാഴ്ച യില്ലെന്നു വിശ്വസിക്കുന്നവരുടെ പ്രധാന വാദം. അതുകൊണ്ട് യിസ്രായേലിനു ഒരു ഭാവി രാജ്യം ആവശ്യമില്ല. യോശുവയുടെ, അല്ലെങ്കിൽ ശലോമോന്റെ കാലത്ത് അത് നിറവേറി എന്നു വിശ്വസിക്കുന്നു.

> "യഹോവ യിസ്രായേലിനു താൻ അവരുടെ പിതാക്കന്മാർക്കു കൊടുക്കുമെന്നു സത്യം ചെയ്ത ദേശമെല്ലാം കൊടുത്ത ശേഷം അവർ അതു കൈവശമാക്കി അവിടെ കുടിപാർത്തു. യഹോവ അവരുടെ പിതാക്കന്മാരോടു സത്യം ചെയ്തതു പോലെ ഒക്കെയും ചുറ്റും അവർക്കു സ്വസ്ഥത നല്കി ശത്രുക്കളിൽ ഒരുത്തനും അവരുടെ മുമ്പിൽ നിന്നിട്ടില്ല യഹോവ സകല ശത്രുക്കളെയും അവരുടെ കയ്യിൽ ഏല്പിച്ചു. യഹോവ യിസ്രായേൽഗൃഹത്തോടു അരുളിച്ചെയ്ത വാഗ്ദത്തങ്ങളിൽ ഒന്നും വ്യർഥാവാകാതെ സകലവും നിവൃത്തിയായി (യോശു. 21: 43-45).
>
> നദി മുതൽ ഫെലിസ്ത്യദേശംവരെയും മിസ്രയീമിന്റെ അതിർവരെയും ഉള്ള സകല രാജ്യങ്ങളെയും ശലോമോൻ വാണു; അവർ കപ്പം കൊണ്ടുവന്നു ശലോമോനെ അവന്റെ ജീവപര്യന്തം സേവിച്ചു (1 രാജ. 4:21).
>
> നീ എന്റെ അപ്പനായ ദാവീദ് എന്ന നിന്റെ ദാസന്നു ചെയ്ത വാഗ്ദാനം പാലിച്ചിരിക്കുന്നു; തിരുവായ്കൊണ്ടു അരുളിചെയ്തതു ഇന്നു കാണുംപോലെ തൃക്കൈകൊണ്ടു നിവർത്തിച്ചു മിരിക്കുന്നു (2 ദിന. 6:15).

ഉല്പത്തി 15: 18-ൽ വാഗ്ദത്തനാടിന്റെ അതിരുകൾ നൽകിയിരിക്കുന്ന മിസ്രയീം നദിമുതൽ ഫ്രാത്ത് നദിയായ മഹാനദിവരെ എന്നു പറഞ്ഞിരിക്കുന്നു "മിസ്രയിം നദി" സീനായ് മലയിലെ വാദി-എൽ- അരീശ് ആയിരുന്നാലും, അല്ല നൈയിൽ നദി ആയിരുന്നാലും, ഉടമ്പടി ആവർത്തിച്ച് അനുശാസിക്കുന്നതുപോലെ, യോശുവയുടെയോ ശലോമോന്റെയോ കാലത്തു **പൂർണ്ണമായോ ശാശ്വതമായോ** വാഗ്ദത്തനാട് കൈവശമാക്കിയില്ല. യഥാർത്ഥത്തിൽ യോശുവ പൂർണ്ണമായും വാഗ്ദത്തനാട് കൈവശമാക്കിയില്ലെന്നു മറ്റു വേദഭാഗങ്ങൾ പഠിപ്പിക്കുന്നു.

> യോശുവയുടെ മരണശേഷം യിസ്രായേൽമക്കൾ: ഞങ്ങളിൽ ആരാകുന്നു കനാന്യരോട് യുദ്ധം ചെയ്വാൻ ആദ്യം പുറപ്പെടേണ്ടതു എന്നു യഹോവയോടു ചോദിച്ചു (ന്യായാ. 1:1).
>
> ബെന്യാമീൻമക്കൾ യെരൂശലേമിൽ പാർത്തിരുന്ന യെബൂസ്യരെ നീക്കിക്കളഞ്ഞില്ല; യെബൂസ്യർ ഇന്നുവരെ ബെന്യാമിൻ മക്കളോടു കൂടെ യെരൂശലേമിൽ പാർത്തുവരുന്നു (ന്യായാ. 1:21).
>
> മനശ്ശെ..... പാർത്തിരുന്നവരെ നീക്കിക്കളഞ്ഞില്ല (ന്യായാ. 1:27).
>
> എന്നാൽ യിസ്രായേലിന്നു ബലം കൂടിയപ്പോൾ അവർ കനാന്യരെ മുഴുവൻ നീക്കിക്കളയാതെ അവരെക്കൊണ്ടു ഊഴിയവേല ചെയ്യിച്ചു (ന്യായാ. 1:28).
>
> എഫ്രയീം ഗേസെരിൽ പാർത്തിരുന്ന കനാന്യരെ നീക്കിക്കളഞ്ഞില്ല (ന്യായാ. 1:29).
>
> സെബുലൂൻ... പാർത്തിരുന്നവരെ നീക്കിക്കളഞ്ഞില്ല (ന്യായാ. 1:30).
>
> ആശേർ... പാർത്തിരുന്നവരെ നീക്കിക്കളഞ്ഞില്ല (ന്യായാ. 1:31).
>
> നഫ്താലി .... പാർത്തിരുന്നവരെ നീക്കിക്കളയാതെ (ന്യായാ. 1:33).
>
> അമോര്യർ ദാൻമക്കളെ നീക്കിത്തള്ളി മലനാട്ടിൽ കയറ്റി; താഴ്വരയിലേക്കു ഇറങ്ങുവാൻ അവരെ സമ്മതിച്ചതുമില്ല (ന്യായാ. 1:34).
>
> അവരുടെ പിതാക്കന്മാർ അനുസരിച്ചുനടന്ന യഹോവയുടെ വഴിയിൽ ഇവരും അനുസരിച്ചു നടക്കുമോ ഇല്ലയോ എന്നു യിസ്രായേലിനെ പരീക്ഷിക്കേണ്ടതിനു ഞാനും, യോശുവ മരിക്കുമ്പോൾ വിട്ടേച്ചുപോയ ജാതികളിൽ ഒന്നിനെയും ഇനി അവരുടെ മുമ്പിൽ നിന്നു നീക്കികളയുകയില്ല എന്നു അവൻ അരുളിച്ചയ്തു. അങ്ങനെ

[63] Charls Ryrie, *Basic Theology* (Wheaton, IL: Victor Books, 1986). pp. 455- 56 (കൂടുതൽ വിശദീകരണത്തിനായി നോക്കുക)

> യഹോവ ആ ജാതികളെ വേഗത്തിൽ നീക്കിക്കള യാതെയും യോശുവയുടെ കയ്യിൽ ഏല്പിക്കാ തെയും വെച്ചിരുന്നു (ന്യായാ. 2:21–23).

യോശുവയുടെ കാലത്തു പൂർണ്ണമായും വാഗ്ദത്തനാട് കൈവശമാക്കിയില്ല എന്നുള്ളത് വളരെ സ്പഷ്ടമാണ്. യോശുവയുടെയോ ശലോമോന്റെയോ കാലത്തു **ശാശ്വതമായി** വാഗ്ദത്തനാട് കൈവശമാക്കിയിരുന്നില്ല. യോശുവയുടെയും ശലോമോന്റെയും കാലത്തിനുശേഷം ഉടമ്പടിയെക്കുറിച്ച് അനേകം വാഗ്ദത്തങ്ങൾ എന്തുകൊണ്ട് നല്കിയിരിക്കുന്നു? (യെശ. 9:6; ലൂക്കോ. 1:31–33 മുതലായവ). പഴയനിയമ വിശ്വാസവീരന്മാരെക്കുറിച്ച്, യോശുവയ്ക്കുശേഷം ഉള്ളവരെക്കുറിച്ചും, നേരിട്ടും അല്ലാതെയും പറഞ്ഞശേഷം എബ്രായലേഖകൻ ഇപ്രകാരം പറയുന്നു.

> അവർ എല്ലാവരും വിശ്വാസത്താൽ സാക്ഷ്യം ലഭിച്ചിട്ടും **വാഗ്ദത്തനിവൃത്തി പ്രാപിച്ചില്ല**. അവർ നമ്മെക്കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിനു ദൈവം നമുക്കുവേണ്ടി ഏറ്റവും നല്ലതൊന്നു മുൻകരുതിയിരുന്നു (എബ്രാ. 11:39–40).

ദൈവികവാഗ്ദത്തങ്ങൾ നിറവേറിയിരിക്കുന്നു എന്നു യോശുവ 21-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമായും വാഗ്ദത്തനാട് കീഴടക്കുവാൻ കഴിഞ്ഞില്ല എന്നു പറഞ്ഞിരിക്കുന്ന വേദഭാഗങ്ങളുമായി പൊരുത്തപ്പെടേണ്ടതുണ്ട്. യിസ്രായേൽ വാഗ്ദത്തനാട് പടിപടിയായി കീഴടക്കുമെന്ന് ദൈവം പറഞ്ഞിരിക്കുന്നു (പുറ. 23:29–30; ആവ. 7:22–24). യോശുവ 21:43–45 വരെയുള്ള വാക്യങ്ങൾ മനസ്സിലാക്കുന്നതിന് വിവിധ വശങ്ങളുണ്ട്. അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് തുടങ്ങി പിതാക്കന്മാരോടുള്ള വാഗ്ദത്തം പൂർണ്ണമായി നിറവേറപ്പെടുന്നില്ല. യോശുവയുടെ കാലത്തു പിതാക്കന്മാരോടുള്ള വാഗ്ദത്തം പൂർണ്ണമായും പൂർത്തീകരിക്കപ്പെട്ടില്ല. എന്നാൽ കാലത്തിനനുസരിച്ചുള്ള പടിപടിയായ ഉയർച്ച ദർശിക്കാം. യോശുവയ്ക്കു **ദൈവം വാഗ്ദത്തം ചെയ്ത ദേശം അവകാശമായി കൊടുത്തു** എന്നു അവകാശപ്പെടാം. അതു **കനാൻദേശം അവകാശമാക്കുന്ന സമയം വരെ** ചരിത്രത്തിൽ ദൈവോദ്ദേശ്യം നിറവേറ്റുന്നതിന്റെ ഭാഗമായിരുന്നു.

യോശുവ ദേശം അവകാശമാക്കിയപ്പോൾ അബ്രാഹാമിനോടുള്ള വാഗ്ദത്തം പൂർണ്ണമായി നിറവേറിയില്ല. എന്നാൽ അബ്രഹാം അപൂർണ്ണമായ ഫലം ദർശിച്ച വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ഒരു വാഗ്ദത്തനിവൃത്തിയായിക്കരുതാം. കൂടുതലായി, വാഗ്ദത്തം ഒരിക്കൽ പൂർണ്ണമായി നിറവേറും എന്നുള്ളതിന് ഒരു ഉറപ്പുള്ള അടയാളമായി ഇതിനെ കാണാം. യിസ്രായേലിന്റെ വീക്ഷണത്തിൽ ദൈവം വാഗ്ദത്തങ്ങൾ പൂർണ്ണമായി നിറവേറ്റുന്നതിനായി ശക്തിയോടെ അതിന്റെ ദിശയിൽ പ്രവർത്തിക്കുന്നു. എല്ലാ ദിശകളിലും അതിനായി ഉള്ള പ്രവർത്തനം നടക്കുന്നു എന്നു ഇപ്പോൾ നിസ്സംശയം പറയാം. അതുകൊണ്ട് യിസ്രായേലിനു ഇപ്രകാരം പറയാം: "ദൈവം വാഗ്ദത്തം ചെയ്തത് നിറവേറ്റിയിരിക്കുന്നു" എല്ലാം ആക്ഷരികമായി നിറവേറ്റി എന്ന് ഇതിനർത്ഥം കൽപ്പിക്കുവാൻ കഴിയുന്നില്ലെങ്കിലും വാഗ്ദത്തനിവൃത്തിക്കായി എല്ലാ വശങ്ങളിലും അവൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ അവന്റെ വിശ്വസ്തത നമുക്കു ദർശിക്കാം എന്നാണ്. യിസ്രായേലിനു വേണ്ടിയുള്ള ദൈവികപ്രവർത്തനങ്ങളുടെ ദിശയിൽ നമുക്കു സംശയിക്കേണ്ടതില്ല. പൂർത്തീകരണം സമയബന്ധിതമായി നടക്കും "ഒരു വാഗ്ദത്തം പോലും നഷ്ടമായില്ല, എല്ലാം പൂർത്തിയായി" എന്നു തറപ്പിച്ചു പറയുവാൻ സാധിക്കും. പിതാക്കന്മാർ കണ്ട പൂർത്തീകരണവുമായി താരതമ്യം ചെയ്താൽ പൂർത്തീകരണം സത്യമാണ്. (ദൈവം വൻകാര്യങ്ങളെ പ്രവർത്തിച്ചിരിക്കുന്നു. അതിനാൽ ആരും സംശയിക്കാതിരിക്കത്തക്കവണ്ണം, ചെയ്വാൻ ഇരിക്കുന്നതും ചെയ്തതുപോലെ ആകയാൽ വിശ്വാസീതയ ഉണ്ട്.) യോശുവയുടെ കാലം വരെയുള്ള കാര്യങ്ങൾ പടിപടിയായി കണ്ടാൽ ദൈവം പിതാക്കന്മാരോടു ചെയ്ത വാഗ്ദത്തം എല്ലാം നിറവേറി എന്നാൽ യിസ്രായേൽ ഭാവിയിൽ നേടാൻ പോകുന്നതു എല്ലാമായില്ല. വിശ്വാസികൾക്കു രക്ഷയും, ഉയിർത്തെഴുന്നേല്പും, സ്വർഗ്ഗവും ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. അവൻ പരാജയപ്പെട്ടോ, അതോ വാഗ്ദത്തം നിവർത്തിച്ചോ? "ദൈവിക വാഗ്ദത്തങ്ങളെല്ലാം എന്നിൽ നിറവേറ്റിയിരിക്കുന്നു" എന്നു വിശ്വാസി പറയുന്നതിൽ തെറ്റുണ്ടോ? എന്നിരുന്നാലും ചില കാര്യങ്ങൾ ഇപ്പോൾ നിറവേറിയിട്ടില്ല, ഭാവിയിൽ നിറവേറുകയേയുള്ളൂ.

അതുപോലെ ദൈവിക വാഗ്ദത്തങ്ങളെല്ലാം തന്റെ തലമുറയിൽ നിറവേറി എന്നു യോശുവ അവകാശപ്പെടുന്നു. എന്നാലും യിസ്രായേലിനു ലഭിക്കേണ്ടിയിരുന്ന സകല അനുഗ്രഹങ്ങളും ലഭിച്ചില്ല. ഈ ദിവസം വരെ അനേകം വാഗ്ദത്തങ്ങളുടെ പൂർത്തീകരണത്തിനായി യിസ്രായേൽ കാത്തിരിക്കുന്നു.

2. സ്വർഗ്ഗീയസിംഹാസനത്തിൽ ക്രിസ്തു ഇരുന്നതിനാലുള്ള പൂർത്തീകരണം.

സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് മഹത്വത്തിൽ ക്രിസ്തു ഇരിക്കുന്നു എന്ന കാര്യം എല്ലാ വേദപുസ്തകവിശ്വാസികളും അംഗീകരിക്കുന്നു (അപ്പോ. പ്രവൃ. 7:56; കൊലൊ. 3:1; എബ്രാ. 1:3; 8:1; 12:2). ഇത് യിസ്രായേലിനോടുള്ള ഉടമ്പടിയുടെ നിവൃത്തിയായി സഹസ്രാബ്ദവാഴ്ചാനിഷേധികളും സഹസ്രാബ്ദവാഴ്ചാനന്തരവാദികളും വ്യാഖ്യാനിക്കുന്നു.

ആക്ഷരികമായ വ്യാഖ്യാനവും മാർമ്മികം അഥവാ ആത്മീകവാദവ്യാഖ്യാനവും ആയുള്ള പോരാട്ടമാണ് ഈ

വിഷയം ''ദാവീദിന്റെ സിംഹാസനം'' സ്വർഗ്ഗത്തിലെ ദൈവികസിംഹാസനമായും, "ദാവീദുഗൃഹം" വിശ്വാസികളുടെ കൂട്ടമായും ഇവർ വാദിക്കുന്നു. ആക്ഷരികമായ വ്യാഖ്യാനം സഹസ്രാബ്ദപൂർവ്വവാദത്തെ അനുകൂലിക്കുന്നു. സഹസ്രാബ്ദ വാഴ്ചയില്ലെന്നു വാദിക്കുന്നവർ മറ്റു വേദഭാഗങ്ങളെ ആക്ഷരികമായി വ്യാഖ്യാനിക്കുകയും, ഭാവികാല ശാസ്ത്രവിഷയങ്ങളെ മാർമ്മികവാദ വ്യാഖ്യാനം, അല്ലെങ്കിൽ "ആത്മിക"മായി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. സഹസ്രാബ്ദവാഴ്ചയില്ലെന്ന സിദ്ധാന്തത്തിനു ചേരുംവിധം, ആക്ഷരികമായ വ്യാഖ്യാനം മറ്റു വേദഭാഗങ്ങളിൽ ചെയ്തശേഷം, ഭാവികാലശാസ്ത്രത്തിനു മാത്രം വിട്ടുകളയുന്നത് ക്രമരഹിതമായ പ്രവൃത്തി ആണ്. ഇതു പാരമ്പര്യ നവീകരണദൈവശാസ്ത്രമാണ്. ഏതെങ്കിലും വിഷയം ആക്ഷരികമായി വ്യാഖ്യാനിക്കേണ്ടതുണ്ടെങ്കിൽ, അതു ദേശത്തെ സംബന്ധിച്ച വാഗ്ദാനമാണെന്നു നാം ചിന്തിക്കും. തെറ്റിദ്ധാരണ ഒഴിവാക്കാൻ ദേശത്തെ സംബന്ധിച്ച തലക്കെട്ടുകളിലെ പദങ്ങൾ സൂക്ഷിച്ച് ഉപയോഗിച്ചിരിക്കുന്നു. ദേശത്തെ സംബന്ധിച്ച മാർമ്മികവാദവ്യാഖ്യാനം തെറ്റിൽ കൊണ്ടെത്തിക്കുന്നു.

ഉടമ്പടി ആദ്യം ലഭിച്ചവർക്കു വാഗ്ദത്തം എങ്ങനെ മനസ്സിലായി എന്നതിനു മുൻഗണന കൊടുക്കേണ്ടതുണ്ട്. തന്റെ സന്തതിക്കു ഭൂമിയിൽ ഒരു ദേശം ലഭിക്കുമെന്നു വിശ്വസിക്കുവാൻ തക്കവണ്ണം ദൈവം അബ്രഹാമിനെ വ്യക്തമായി നയിച്ചു (ഉല്പ. 13:14-15; 15:18) ''ഗൃഹം'' എന്ന വിഷയം തന്റെ വരുവാനുള്ള തലമുറ എന്നു ദാവീദ് ഗ്രഹിച്ചു (2 ശമു. 7:18-19; 25, 29; 1 ദിന. 17). അക്ഷരീകമായ സിംഹാസനവും രാജ്യവുമായി വാഗ്ദത്തത്തെ വ്യാഖ്യാനിച്ചു. (മശിഹാ സങ്കീർത്തനങ്ങളായ 2, 45, 48, 72, 89, 110, 132 കാണുക). ദാവീദിന്റെ സിംഹാസനം എന്നത് ദൈവികസിംഹാസനമെന്നും, ദാവീദ് ഗൃഹം എന്നത് വിശ്വാസികളുടെ കൂട്ടം എന്നും ദാവീദോ ശലോമോനോ മനസ്സിലാക്കിയിരുന്നില്ല. മറ്റു വേദപുസ്തക കഥാപാത്രങ്ങളും ഇതുപോലെ തന്നെ മനസ്സിലാക്കിയിരുന്നു. ദാവീദിന്റെ ഗൃഹം എന്നത് അവന്റെ തലമുറയാണെന്ന് അവൻ മനസ്സിലാക്കി. ദാവീദിന്റെ സിംഹാസനം യെരുശലേമിലാണെന്നും, സ്വർഗ്ഗത്തിൽ അല്ലെന്നും അവർ വിശ്വസിച്ചു(താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിൽ, യെരൂശലേം ലോകത്തിന്റെ തലസ്ഥാനമാകുന്നതും, ഉടമ്പടിയുടെ ലഭ്യതയെക്കുറിച്ചുള്ള പ്രവചനങ്ങളും ദർശിക്കാം).

> ''ഞാൻ നിന്നോടു കല്പിച്ചതൊക്കെയും ചെയ്വാൻ തക്കവണ്ണം എന്റെ മുമ്പാകെ ഹൃദയനിർമ്മലതയോടും പരമാർത്ഥതയോടും കൂടെ നിന്റെ അപ്പനായ ദാവീദ് നടന്നതുപോലെ നടക്കുകയും എന്റെ ചട്ടങ്ങളും വിധികളും പ്രമാണിക്കുകയും ചെയ്താൽ, **യിസ്രായേലിന്റെ രാജാസനത്തിൽ** ഇരിപ്പാൻ തക്ക ഒരു പുരുഷൻ നിനക്ക് ഇല്ലാതെപോകയില്ല എന്നു ഞാൻ **നിന്റെ അപ്പനായ ദാവീദിനോടു അരുളിച്ചെയ്തതുപോലെ യിസ്രായേലിലുള്ള നിന്റെ രാജത്വത്തിന്റെ സിംഹാസനം ഞാൻ എന്നേക്കും സ്ഥിരമാക്കും** (1 രാജാ. 9:4-5).
>
> ''ആകയാൽ യിസ്രായേലിന്റെ ദൈവമായ യഹോവേ, നീ എന്റെ അപ്പനായ ദാവീദ് എന്ന നിന്റെ ദാസനോട്: നീ എന്റെ മുമ്പാകെ നടന്നതുപോലെ നിന്റെ പുത്രന്മാരും എന്റെ ന്യായപ്രമാണപ്രകാരം നടക്കേണ്ടതിനു തങ്ങളുടെ വഴി സൂക്ഷിക്കമാത്രം ചെയ്താൽ **യിസ്രായേലിന്റെ സിംഹാസനത്തിൽ** ഇരിപ്പാൻ നിനക്കു ഒരു പുരുഷൻ എന്റെ മുമ്പാകെ ഇല്ലാതെ വരികയില്ല എന്നു **അരുളിച്ചെയ്തിരിക്കുന്നതു** നിവർത്തിക്കേണമേ (2 ദിന. 6:16).
>
> "നിന്റെ സന്തതിയെ ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും; നിന്റെ സിംഹാസനത്തെ തലമുറതലമുറയോളം ഉറപ്പിക്കും.... **ഞാൻ അവന്റെ സന്തതിയെ ശാശ്വതമായും അവന്റെ സിംഹാസനത്തെ** ആകാശമുള്ള കാലത്തോളവും **നിലനിർത്തും** അവന്റെ പുത്രന്മാർ എന്റെ ന്യായപ്രമാണം ഉപേക്ഷിക്കുകയും എന്റെ വിധികളെ അനുസരിച്ചു നടക്കാതെയിരിക്കുകയും എന്റെ ചട്ടങ്ങളെ ലംഘിക്കുകയും എന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്താൽ ഞാൻ അവരുടെ ലംഘനത്തെ വടികൊണ്ടും അവരുടെ അകൃത്യത്തെ ദണ്ഡനംകൊണ്ടും സന്ദർശിക്കും. എങ്കിലും എന്റെ ദയയെ ഞാൻ അവങ്കൽ നിന്നു നീക്കിക്കളയുകയില്ല; എന്റെ വിശ്വസ്തതയ്ക്കു ഭംഗം വരുത്തുകയുമില്ല. ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ എന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതിനു ഭേദം വരുത്തുകയോ ചെയ്കയില്ല. ഞാൻ ഒരിക്കൽ എന്റെ വിശുദ്ധിയെക്കൊണ്ടു സത്യം ചെയ്തിരിക്കുന്നു; ദാവീദിനോടു ഞാൻ ഭോഷ്ക്കു പറയുകയില്ല. അവന്റെ സന്തതി ശാശ്വതമായും അവന്റെ സിംഹാസനം എന്റെ മുമ്പിൽ സൂര്യനെപ്പോലെയും ഇരിക്കും''(സങ്കീ. 89:4, 29-34,36).
>
> "അതിനു നീ അവരോടു പറയേണ്ടത്: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഈ ദേശത്തിലെ സർവ്വനിവാസികളെയും **ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന രാജാക്കന്മാരെയും** പുരോഹിതന്മാരെയും പ്രവാചകന്മാരെയും യെരുശലേമിലെ സർവ്വനിവാസികളെയും ഞാൻ ലഹരികൊണ്ടു നിറയ്ക്കും" (യിരെ. 13:13).

ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്നവരും രഥങ്ങളിലും കുതിരപ്പുറത്തും കയറുന്നവരുമായ **രാജാക്കന്മാരും** രാജകുമാരന്മാരും അവരുടെ പ്രഭുക്കന്മാരായ യെഹൂദാപുരുഷന്മാരും യെരൂശലേം നിവാസികളും ഈ നഗരത്തിന്റെ വാതിലുകളിൽക്കൂടി, കടക്കുകയും ഈ നഗരം എന്നേക്കും നില്ക്കുകയും ചെയ്യുമെന്ന് യഹോവയുടെ അരുളപ്പാട് (യിരെ. 17:25).

നിങ്ങൾ ഈ വചനം അനുഷ്ഠിച്ചാൽ **ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്നവരും** രഥങ്ങളിലും കുതിരപ്പുറത്തും കയറുന്നവരുമായ **രാജാക്കന്മാരും** അവരുടെ ഭൃത്യന്മാരും പ്രജകളും ഈ അരമനയുടെ വാതിലുകളിൽക്കൂടി കടക്കും... ഈ ആളെ മക്കളില്ലാത്തവൻ എന്നും ആയുഷ്ക്കാലത്ത് ഒരിക്കലും ശുഭം വരാത്തവൻ എന്നും എഴുതുവിൻ; ഇനി ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്ന് ഇങ്ങനെ യെഹൂദയിൽ വാഴുവാൻ അവന്റെ സന്തതിയിൽ യാതൊരുത്തനും ശുഭം വരികയില്ല എന്നു യഹോവ അരുളിചെയ്യുന്നു (യിരെ. 22:4, 29).

"ആ നാളുകളിലും ആ കാലത്തും ഞാൻ ദാവീദിനു നീതിയുള്ളൊരു മുളയായവനെ മുളെപ്പിക്കും; അവൻ ദേശത്തു നീതിയും ന്യായവും നടത്തും. അന്നാളിൽ യെഹൂദാ രക്ഷിക്കപ്പെടും; യെരുശലേം നിർഭയമായി വസിക്കും; അതിനു യഹോവ നമ്മുടെ നീതി എന്നു പേർ പറയും. യഹോവ ഇപ്രകാരം അരുളിചെയ്യുന്നു: **യിസ്രായേൽ ഗൃഹത്തിന്റെ സിംഹാസനത്തിൽ ഇരിപ്പാൻ ദാവീദിനു ഒരു പുരുഷൻ ഇല്ലാതെ വരികയില്ല....** യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. തക്കസമയത്തു പകലും രാവും ഇല്ലാതിരിക്കത്തക്കവണ്ണം പകലിനോടുള്ള എന്റെ നിയമവും രാത്രിയോടുള്ള എന്റെ നിയമവും ദുർബലമാക്കുവാൻ നിങ്ങൾക്കു കഴിയുമെങ്കിൽ, എന്റെ ദാസനായ ദാവീദിനു അവന്റെ സിംഹാസനത്തിൽ ഇരുന്നു വാഴുവാൻ ഒരുമകൻ ഇല്ലാതെ വരത്തക്കവണ്ണം അവനോടു എന്റെ ശുശ്രൂഷകന്മാരായ ലേവ്യാപുരോഹിതന്മാരോടുമുള്ള എന്റെ നിയമവും ദുർബ്ബലമായ്വരാം... യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; പകലിനോടും രാത്രിയോടും ഉള്ള എന്റെ നിയമം നിലനില്ക്കുന്നില്ലെങ്കിൽ, ഞാൻ ആകാശത്തിന്റെയും ഭൂമിയുടെയും വ്യവസ്ഥ നിയമിച്ചിട്ടില്ലെങ്കിൽ, **ഞാൻ യാക്കോബിന്റെയും എന്റെ ദാസനായ ദാവീദിന്റെയും സന്തതിയെ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും സന്തതിക്കു അധിപതിമാരായിരിപ്പാൻ അവന്റെ സന്തതിയിൽ നിന്നു** ഒരാളെ എടുക്കാതെവണ്ണം തള്ളിക്കളയും. അവരുടെ പ്രവാസികളെ ഞാൻ മടക്കിവരുത്തുകയും അവർക്കു കരുണ കാണിക്കുകയും ചെയ്യും" (യിരെ. 33:15–17, 20–21, 25–26) (2 ശമു. 23:5; യെശ. 9:6; ലൂക്കോ. 1:31–32 ഈ വാക്യങ്ങളും നോക്കുക).

ദാവീദിന്റെ ഗൃഹം എന്നതു ദാവീദിന്റെ തലമുറ എന്നും ദാവീദിന്റെ സിംഹാസനം എന്നതു സ്വർഗ്ഗം അല്ല യെരൂശലേമിലെ സിംഹാസനമാണെന്നും വേദപുസ്തകകഥാപാത്രങ്ങൾക്കു വ്യക്തമായി മനസ്സിലായിരുന്നു. "ദാവീദിന്റെ സിംഹാസനം" സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സിംഹാസനമാണെന്നു പറയത്തക്കവണ്ണം യാതൊരു മാർഗ്ഗനിർദ്ദേശവും വേദപുസ്തക വായനക്കാർക്കു ലഭിക്കുന്നില്ല. അപ്പോ. പ്രവ. 2:29–36 വരെയുള്ള വാക്യങ്ങളിൽ വ്യക്തമായ ഉദാഹരണങ്ങൾ ഒന്നും നല്കുന്നില്ല. അപ്പോ. 2:32–ൽ പറയുന്ന "ഉയിർത്തെഴുന്നേല്പിച്ചു" എന്നത് പത്രോസ് സാക്ഷിയായി കണ്ട യേശുവിന്റെ മരണത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പ്പാണ് (അപ്പൊ. 5:30) സാക്ഷികൾ എന്നു അപ്പോസ്തലപ്രവൃത്തികളിൽ കാണുന്നത് പ്രാഥമികമായും യേശുവിന്റെ ഉയിർപ്പിന്റെ സാക്ഷികൾ എന്നതാണ് (അപ്പോ. 1:8; 22; 2:32; 3:15; 4:33; 5:30; 10:39–41; 13:31). 2 ശമു. 7:12–ൽ ശലോമോനെ "ഉയർത്തി" എന്നതു ചെറുപ്പും മുതൽ വളർത്തി, രാജ്യഭരണത്തിന്നും ആലയം പണിയുവാനും ഒരുക്കി എന്നതാണ്. ഇത് ക്രിസ്തുവിനെ മരണത്തിൽ നിന്ന് "ഉയർത്തി" എന്നതുമായി ബന്ധിപ്പിക്കാൻ പാടില്ല. ദാവീദിന്റെ ജീവിച്ചിരുന്ന മകനായ ക്രിസ്തു യെരൂശലേമിലേക്കു മടങ്ങിവന്നു സിംഹാസനം സ്ഥാപിക്കുവാൻ യോഗ്യനാണ് എന്നുറപ്പിക്കുകയാണ് പത്രോസിന്റെ മുഖ്യ ഉദ്ദേശം (സങ്കീ. 110:1). ഭൂമിയിലെ 'ദാവീദിന്റെ സിംഹാസനത്തിനു സമാന്തരമാണെന്നു അപ്പോസ്തലപ്രവൃത്തികൾ 2:34–35–ൽ കാണുന്നു. ക്രിസ്തുവിന്റെ ഇപ്പോഴത്തെ സ്വർഗ്ഗീയ ഭരണം പഴയനിയമ പ്രവചനത്തിന്റെ ഭാഗികമായ നിവൃത്തി എന്ന നിലയിൽ ദാവീദിന്റെ സന്തതിയുടെ ഭരണമെന്നു ചിലർ മനസ്സിലാക്കുന്നു (യോഹന്നാൻ സ്നാപകനും, ഏലിയാവും പോലെ) ദാവീദിന്റെ സന്തതി നിത്യമായി ജീവിച്ച് അധികാരത്തോടും ശക്തിയോടും കൂടെ ഭൂമിയിലേക്കു മടങ്ങിവന്നു വാഴും എന്നു പത്രോസ് പഠിപ്പിക്കുന്നു. ഭൂതകാലത്തിലെയും സഹസ്രാബ്ദവാഴ്ചയിലെയും ദാവീദിന്റെ സിംഹാസനം സ്വർഗ്ഗീയ ഭരണത്തിന്റെ വിപുലത എന്നും വീക്ഷിക്കാം. അടിസ്ഥാന സത്യത്തെ വാക്കുകളുടെ തിരിമറികൊണ്ട് മാറ്റിമറിക്കുവാൻ സാധ്യമല്ല. **ദാവീദിന്റെ നിത്യമായ സിംഹാസനം എന്നതിന്റെ പൂർണ്ണവും തൃപ്തികരവുമായ നിർവ്വചനം, ക്രിസ്തുവിന്റെ മടങ്ങിവരവും യെരുശലേമിൽ സിഹാസനത്തിൽ ഇരുന്നുള്ള ഭരണവും ആണ്.** പുതിയ നിയമത്തിൽ ദാവീദിനെപ്പറ്റി ഏകദേശം 59 പ്രാവശ്യം പറഞ്ഞിട്ടുണ്ട്. എങ്കിലും ഒരു

വചനം പോലും അവന്റെ ഗൃഹത്തെ സഭയ്ക്ക് പകരമായി പറഞ്ഞിട്ടില്ല. അതുപോലെ അവന്റെ സിംഹാസനത്തിനു പകരം ദൈവംസിംഹാസനം എന്നു പറഞ്ഞിട്ടില്ല. ദാവീദിന്റെ സിംഹാസനം, ക്രിസ്തു പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്ന പദവിക്കു തുല്യമാകുന്നു എങ്കിൽ, ശലോമോൻ എങ്ങനെ "ദാവീദിന്റെ സിംഹാസനത്തിൽ" ഇരുന്നു? ദാവീദിന്റെ സിംഹാസനം ദൈവിക സിംഹാസനത്തിനു തുല്യമാണെങ്കിൽ എന്തുകൊണ്ട് ഇത് സ്ഥാപിക്കപ്പെടണം? ഇത് നിത്യമായിട്ടുള്ളതല്ലേ?

ദുരുപദേശക്കാർ പ്രവചനവാക്യങ്ങൾ അവരുടെ തെറ്റായ വ്യവസ്ഥയ്ക്ക് ചേരുംവിധം പലപ്പോഴും വികൃതമായി വ്യാഖ്യാനിക്കാം. ആക്ഷരികമായ വ്യാഖ്യാനം ഉപേക്ഷിച്ചാൽ വ്യാഖ്യാനിക്ക് പ്രവചന വാക്യങ്ങൾ തന്റെ ഇഷ്ടം പോലെ വ്യാഖ്യാനിക്കാം. യാഥാസ്ഥിക സഹസ്രാബ്ദ വാഴ്ചയില്ല എന്നു വാദിക്കുന്നവർ പ്രവചന വാക്യങ്ങൾ ദുരുപദേശത്തിനു ഉപയോഗിക്കുന്നില്ല. എന്നാൽ "മാർമ്മികവാദ" വ്യാഖ്യാനക്കാർ പ്രവചന വാക്യങ്ങൾ വ്യാഖ്യാനിക്കുന്നതു എവിടെ എത്തിക്കും? യെരൂശലേം *യെരൂശലേം* അല്ലെങ്കിൽ സഭ എങ്ങനെ *സഭ* ആകും? സഭയുടെ ഉദ്പ്രാപണത്തെക്കുറിച്ചുള്ള ദൈവിക വാഗ്ദത്തം സഭയ്ക്ക് എങ്ങനെ ലഭിക്കും? ദാവീദിന്റെ ഗൃഹം വിശ്വാസത്തിന്റെ ഭവനമാണെങ്കിൽ ദാവീദിന്റെ സന്തതിയല്ലാത്ത ഒരാൾക്കു മശിഹാ ആയിക്കൂടേ?

ഉടമ്പടിയുടെ നിറവേറിയ ഭാഗങ്ങളെല്ലാം ആക്ഷരികമായി നിറവേറി. അതുകൊണ്ട് ഉടമ്പടിയുടെ എല്ലാ ഭാഗങ്ങളും ആക്ഷരികമായി നിറവേറുമെന്നു നോക്കിപ്പാർക്കുന്ന സഹസ്രാബ്ദപൂർവ്വവാദക്കാരെ ന്യായീകരിക്കാം. യെരൂശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു ഭരിക്കാനായി ക്രിസ്തു വീണ്ടും വരേണ്ടിയിരിക്കുന്നു. ഭൂമിയിൽ രാജ്യം സ്ഥാപിക്കാനായി അവൻ വരും.

3. റദ്ദാക്കപ്പെട്ട നിബന്ധനയുള്ള ഉടമ്പടികൾ

വേദപുസ്തകത്തിൽ അബ്രഹാമിനോടും ദാവീദിനോടും ഉള്ള ഉടമ്പടികളും പുതിയ ഉടമ്പടികളും എല്ലാം ഒരാൾ വായിച്ച് അതു നിബന്ധന ഉള്ളതാണെന്നും താത്ക്കാലികമാണെന്നും ഉപസംഹരിച്ചാൽ, വിശ്വസിക്കുവാൻ പ്രയാസം ആണ്. അനേകം വേദഭാഗങ്ങൾ, അതു തകർക്കുവാൻ കഴിയാത്ത വാഗ്ദത്തങ്ങളാണെന്നു വ്യക്തമാക്കുന്നു.

ഒരു പക്ഷേ ചിലർക്കു നിബന്ധനയില്ലാത്ത ഉടമ്പടിയിൽ എന്ത് അടങ്ങിയിരിക്കുന്നു എന്നതിനെക്കുറിച്ച് തെറ്റിദ്ധാരണകൾ ഉണ്ടായിരിക്കാം. നിബന്ധനയില്ലാത്ത ഉടമ്പടിയിലെ അനുഗ്രഹങ്ങൾ അനുഭവിക്കുവാൻ വ്യക്തികൾ ചില നിബന്ധനകൾ പാലിക്കേണ്ടതുണ്ടെന്ന യാഥാർത്ഥ്യം തള്ളിക്കളയുവാൻ സാദ്ധ്യമല്ല. ദൈവവുമായി പൂർണ്ണ ഉടമ്പടി ബന്ധത്തിലേക്കു വരുവാൻ പഴയനിയമ വിശുദ്ധന്മാർ വിശ്വാസികൾ ആയിരിക്കേണം എന്ന കാര്യം സഹസ്രാബ്ദപൂർവ്വവാദികൾ മനസ്സിലാക്കുന്നു. അവിശ്വാസികൾ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല (യോഹ. 3:3; മത്താ. 18:3). അബ്രഹാമിന്റെ സന്തതിയായതിനാൽ മാത്രം ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്നുമില്ല (മത്താ. 8:12). കൂടുതലായി, ദാവീദിന്റെ സിംഹാസനത്തിലിരുന്നു അനുഗ്രഹം ആസ്വദിക്കണമെങ്കിൽ, അവന്റെ സന്തതി വിശ്വസ്തരായിരിക്കണമെന്ന കാര്യം സത്യമാണ്. ദാവീദിന്റെ മകനായ ശലോമോന്റെ തലയിൽ നിന്നു കിരീടം എടുത്തു മാറ്റുകയില്ലെന്നു ദൈവം വാഗ്ദാനം ചെയ്തു. എന്നാൽ അവന്റെ സന്തതികൾക്ക് അധികാരം നഷ്ടപ്പെടും എന്നുള്ള മുന്നറിയിപ്പു ദൈവം നല്കി.

> ''ഞാൻ നിന്നോടു കല്പിച്ചതൊക്കെയും ചെയ്വാൻ തക്കവണ്ണം എന്റെ മുമ്പാകെ ഹൃദയനിർമ്മലതയോടും പരമാർത്ഥതയോടും കൂടെ നിന്റെ അപ്പനായ ദാവീദ് നടന്നതുപോലെ നടക്കുകയും എന്റെ ചട്ടങ്ങളും വിധികളും പ്രമാണിക്കയും ചെയ്താൽ യിസ്രായേലിന്റെ രാജാസനത്തിൽ ഇരിപ്പാൻ ഒരു പുരുഷൻ നിനക്കു ഇല്ലാതെപോകയില്ല എന്നു ഞാൻ നിന്റെ അപ്പനായ ദാവീദിനോടു അരുളിച്ചെയ്തതുപോലെ യിസ്രായേലിലുള്ള നിന്റെ രാജത്വത്തിന്റെ സിംഹാസനം ഞാൻ എന്നേക്കും സ്ഥിരമാക്കും. നിങ്ങളോ നിങ്ങളുടെ പുത്രന്മാരോ എന്നെ വിട്ടുമാറി നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്ന എന്റെ കല്പനകളും ചട്ടങ്ങളും പ്രമാണിക്കാതെ ചെന്നു അന്യദൈവങ്ങളെ സേവിച്ചു നമസ്ക്കരിച്ചാൽ ഞാൻ യിസ്രായേലിന്നു കൊടുത്തിരിക്കുന്ന ദേശത്തു നിന്നു അവരെ പറിച്ചുകളയും; എന്റെ നാമത്തിനു വേണ്ടി ഞാൻ വിശുദ്ധീകരിച്ചിരിക്കുന്ന ഈ ആലയവും ഞാൻ എന്റെ മുമ്പിൽ നിന്നു നീക്കിക്കളയും; യിസ്രായേൽ സകലജാതികളുടെയും ഇടയിൽ പഴഞ്ചൊല്ലും പരിഹാസവും ആയിരിക്കും" (1 രാജാ. 9:4-7).

> "ആകയാൽ യിസ്രായേലിന്റെ ദൈവമായ യഹോവേ, നീ എന്റെ അപ്പനായ ദാവീദ് എന്ന നിന്റെ ദാസനോടു: നീ എന്റെ മുമ്പാകെ നടന്നതുപോലെ നിന്റെ പുത്രന്മാരും എന്റെ ന്യായപ്രമാണപ്രകാരം നടക്കേണ്ടതിനു തങ്ങളുടെ വഴി സൂക്ഷിക്ക മാത്രം ചെയ്താൽ യിസ്രായേലിന്റെ സിംഹാസനത്തിൽ ഇരിപ്പാൻ നിനക്കു ഒരു പുരുഷൻ എന്റെ മുമ്പാകെ ഇല്ലാതെ വരികയില്ല എന്നു അരുളിച്ചെയ്തിരിക്കുന്നതു നിവർത്തിക്കേണമേ" (2 ദിന. 6:16).

> എങ്കിലും നീ ഉപേക്ഷിച്ചു തള്ളിക്കളകയും നിന്റെ അഭിക്ഷിക്തനോടു കോപിക്കുകയും ചെയ്തു. നിന്റെ ദാസനോടുള്ള നിയമത്തെ നീ വെറുത്തു കളഞ്ഞു; അവന്റെ കിരീടത്തെ നീ നിലത്തിട്ടു അശുദ്ധമാക്കിയിരിക്കുന്നു (സങ്കീ. 89:38–39).
>
> ഞാൻ നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഇരുത്തുമെന്നും നിന്റെ മക്കൾ എന്റെ നിയമത്തെയും ഞാൻ അവർക്കു ഉപദേശിച്ച സാക്ഷ്യത്തെയും പ്രമാണിക്കുമെങ്കിൽ അവരുടെ മക്കളും എന്നേക്കും നിന്റെ സിംഹാസനത്തിൽ ഇരിക്കുമെന്നും യഹോവ ദാവീദിനോടു ആണയിട്ടു സത്യം; അവൻ അതിൽ നിന്നു മാറുകയില്ല (സങ്കീ. 132: 11–12).
>
> "നിങ്ങൾ ഈ വചനം അനുഷ്ഠിച്ചാൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്നവരും രഥങ്ങളിലും കുതിരപ്പുറത്തും കയറുന്നവരുമായ രാജാക്കന്മാരും അവരുടെ ഭൃത്യന്മാരും പ്രജകളും ഈ അരമനയുടെ വാതിലുകളിൽക്കൂടി കടക്കും. ഈ വചനം കേട്ടനുസരിക്കയില്ലെങ്കിലോ, ഈ അരമന ശൂന്യമായ്പോകുമെന്നു ഞാൻ എന്നെച്ചൊല്ലി സത്യം ചെയ്യുന്നു എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 22:4–5; യിരെ. 17:24–25; വരെയും കാണുക).

ഉടമ്പടിയിലെ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ നിബന്ധനയും വ്യക്തികളുടെ പങ്കാളിത്തവും ഉണ്ടെന്നുള്ള യാഥാർത്ഥ്യം സഹസ്രാബ്ദപൂർവ്വവാദികൾ അംഗീകരിക്കുന്നു. ഉടമ്പടിയിലെ അനുഗ്രഹങ്ങൾ വ്യക്തികളുടെ വിശ്വാസവും അനുസരണവും മൂലം കൂടുതൽ വ്യക്തമാക്കപ്പെടുന്നു. എന്നിരുന്നാലും ഉടമ്പടി നിബന്ധനയുള്ളതാണെന്ന് ഇതിനർത്ഥമില്ല. യഥാർത്ഥ വിഷയം ഇതാണ്: വ്യക്തികളുടെ അവിശ്വാസത്താലും പാപത്താലും (ഭൂരിപക്ഷത്തിന്റെയും) രാജ്യത്തിനു(ദൈവഭക്തൻ ഉൾപ്പെടുന്ന) ലഭിച്ച വാഗ്ദത്തങ്ങൾ റദ്ദ് ചെയ്യപ്പെടുമോ? അനേകം യിസ്രായേല്യരുടെ പാപം മൂലം അബ്രഹാം, ദാവീദ്, എലീശാ, ദാനിയേൽ, യോഹന്നാൻ സ്നാപകൻ എന്നിവർ ഉടമ്പടിയിലെ അനുഗ്രഹങ്ങൾ പ്രാപിക്കാതിരിക്കുമോ? ഉടമ്പടിയിലെ വ്യക്തികളുടെ പങ്ക് നിബന്ധനയ്ക്കു വിധേയമാണെന്നു സഹസ്രാബ്ദപൂർവ്വവാദികൾ സമ്മതിക്കുന്നു, എന്നാൽ രാജ്യത്തോടുള്ള പൂർണ്ണമായ ഉടമ്പടി തകർക്കുവാൻ കഴിയാത്തതാണ്. വിശ്വസിക്കുന്നവർക്കു ദൈവം കൊടുക്കുന്ന വാഗ്ദത്തങ്ങൾ അവിശ്വാസത്തിന്റെ വലുപ്പം എത്രയാണെങ്കിലും തകർക്കുവാൻ സാധിക്കുകയില്ല. ദാവീദിന്റെ സന്തതി യിസ്രായേലിൽ ഒരു നിത്യമായ സിംഹാസനം സ്ഥാപിക്കുമെന്നുള്ളതിനു സംശയമൊന്നുമില്ല. എന്നാൽ പഴയനിയമകാലത്തു ദാവീദിന്റെ എല്ലാ തലമുറകളും സിംഹാസനത്തിലിരുന്നു വാഴും എന്നുള്ളതിന് ഉറപ്പു നല്കിയിട്ടില്ല. യിസ്രായേൽ ഒരു ഭാവി രാജ്യം അനുഭവിക്കുമെന്നതിനു സംശയമേയില്ല. ഏതു യഹൂദൻ ഇതിൽ പങ്കാളി ആകുന്നു എന്നുള്ളതാണ് വിഷയം.

അബ്രഹാമിനോടുള്ള ഉടമ്പടി നിബന്ധന ഉള്ളതാണെന്നു സ്ഥാപിക്കുവാൻ, ഉല്പ. 17:7–10–ൽ ദൈവം പരിഛേദന കൊടുത്തവിഷയം, സഹസ്രാബ്ദവാഴ്ചാനിഷേധികൾ ചിലപ്പോൾ ഉപയോഗിക്കാറുണ്ട്. ഉടമ്പടിയിലെ അനുഗ്രഹങ്ങൾക്കു പങ്കാളിയാകുന്ന വ്യക്തിയ്ക്കുള്ള നിബന്ധനയും, രാജ്യത്തിനുള്ള വാഗ്ദാനത്തിനു നിബന്ധനയില്ലാത്തും അവർക്കു ആശയക്കുഴപ്പം ഉണ്ടാക്കുന്നു. പരിഛേദന എന്നതു പൂർണ്ണമായും **വിശ്വാസത്തിന്റെ അടയാളവും** (റോമ. 4:11) ഒരു എബ്രായൻ അബ്രഹാമിന്റെ അനുഗ്രഹങ്ങളിൽ പങ്കാളി ആകുന്നതും ആകുന്നു. **എന്നിരുന്നാലും വിശ്വസിക്കുന്നവരുടെ അനുഗ്രഹങ്ങൾ അനേകരുടെ അവിശ്വാസംമൂലം നഷ്ടപ്പടുന്നില്ല.** ഉടമ്പടി വ്യക്തിപരമായ പങ്കാളിത്വത്തിൽ നിബന്ധന ഉള്ളതും, പൊതുസ്വഭാവത്തിൽ നിബന്ധന ഇല്ലാത്തതും ഈ വിഷയത്തിൽ സഹസ്രാബ്ദവാഴ്ചാനിഷേധികൾ ആശയക്കുഴപ്പത്തിലാണ്. വ്യക്തികൾ ഉടമ്പടിയുടെ അനുഗ്രഹത്തിനു പാത്രമായി കഴിയുമ്പോൾ, ഉടമ്പടി **നിബന്ധനയില്ലാത്തതും നിത്യവും** ആകും. യിസ്രായേലിനോടുള്ള ഉടമ്പടി പൂർത്തീകരിക്കപ്പെടുമെന്നതിനു യാതൊരു സംശയവുമില്ല. ഓരോ യഹൂദനും ഇതിൽ പങ്കാളിയാകുമോ ഇല്ലയോ എന്നതാണ് ഒരേയൊരു ചോദ്യം.

4. യിസ്രായേലിൽ നിന്നു സഭയിലേക്കു പകരപ്പെട്ട അനുഗ്രഹങ്ങൾ

ഉടമ്പടിയിലെ അനുഗ്രഹങ്ങൾ യിസ്രായേലിൽ നിന്നു സഭയിലേക്കു പകരപ്പെട്ടു എന്നതാണ് സഹസ്രാബ്ദവാഴ്ചയില്ലെന്നു വിശ്വസിക്കുന്നവരുടെ പ്രധാന വാദം. സഭ യിസ്രായേലിനു സമം ആണ് എന്നു ചില പുതിയ നിയമ വേദഭാഗങ്ങളിൽക്കൂടി വിശദീകരിക്കുന്നു. ഈ വേദഭാഗങ്ങളെ ഓരോന്നായി പരിശോധിക്കാം.

യിസ്രായേലിനെയും സഭയെയും രണ്ടായിക്കാണുവാൻ സഹസ്രാബ്ദപൂർവ്വവാദികൾ തീക്ഷ്ണതയുള്ളവരാണ്. ദൈവത്തിന്റെ ഈ രണ്ട് പ്രത്യേക കൂട്ടങ്ങൾ ഒന്നിനു മീതെ ഒന്നായി കൂടിക്കലർന്നുകിടക്കുന്നത് അവർ തള്ളിക്കളയുന്നു. യിസ്രായേൽ ഇഹലോകസംബന്ധമായ അനുഗ്രഹങ്ങൾ മാത്രം അനുഭവിക്കുന്നുവെന്നും, സഭ പരലോക സംബന്ധമായ അനുഗ്രഹങ്ങൾ അനുഭവിക്കുന്നു എന്നും സാധാരണ പറയുന്നു. യിസ്രായേലും സഭയും കൂടിക്കലർന്നിരുന്നു എന്നുള്ള കാര്യവും അംഗീകരിക്കുന്നതിൽ എഴുത്തുകാരനു യാതൊരു ഭയവുമില്ല. വരുവാനുള്ള രാജ്യത്തിൽ യിസ്രായേലിന്റെ പല അനുഗ്രഹങ്ങളിലും സഭ നിശ്ചയമായും പങ്കാളിയായിത്തീരും.

വിശ്വാസികൾ എല്ലാം "അബ്രഹാമിന്റെ മക്കളാണ്" വിശ്വാസികളാണ് "യഥാർത്ഥ പരിച്ഛേദനക്കാർ". എന്നിരുന്നാലും, യിസ്രായേലിനെ സഭയുമായി നേരെ ബന്ധിപ്പിക്കുന്ന കാര്യത്തിൽ വേദവാക്യങ്ങൾ കുറവാണ്. യഥാർത്ഥ യിസ്രായേലാണ് സഭ എന്നു ചില വേദപണ്ഡിതന്മാർ വാദിക്കുന്നു. ഇതിനായുള്ള ഭാഷ നിലവാരം പുലർത്തേണ്ടതുണ്ട്. മാത്രമല്ല, നിർബന്ധമായും വേദപുസ്തകപദം ആയിരിക്കണമെന്നുമില്ല. സഭയും യിസ്രായേലും രണ്ടാണ് എന്നുള്ള രീതിയിൽ താഴെ ക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ ഭംഗിയായി വ്യാഖ്യാനിക്കാം (എന്നിരുന്നാലും രണ്ടു വിഭാഗക്കാരും ചില സമയങ്ങളിൽ ഒരേ അനുഗ്രഹങ്ങൾ പങ്കുവെയ്ക്കും). സഭയെ "യിസ്രായേൽ" എന്നു ചില വേദഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇത് സഹസ്രാബ്ദ വാഴ്ചയില്ലെന്നുള്ള വാദത്തിനു ഒരു തെളിവാണോ? അല്ല. ഉടമ്പടിയിലെ എല്ലാ അനുഗ്രഹങ്ങളിലും സഭ പങ്കാളിയായാലും, യിസ്രായേലിന് അവളുടെ അനുഗ്രഹം നഷ്ടപ്പെടുമെന്ന് അർത്ഥമില്ല. [64]

ഒരു വിശ്വാസിയായ ഞാൻ ഭാവി രാജ്യത്തിൽ പങ്കാളിയായാൽ, അതുകൊണ്ട് യിസ്രായേലിനു ലഭിക്കുകയില്ല എന്നു അതിനു അർത്ഥമില്ല. യിസ്രായേലും, സഭയും തമ്മിലുള്ള വ്യത്യാസം പുതിയ നിയമത്തിലും ഉണ്ട് (ഉദാ. 1 കൊരി. 10:32). യിസ്രായേലിന് ഒരു ഭാവിയും ഇത് വാഗ്ദാനം ചെയ്യുന്നു (ഉദാ. റോമ. 11:25). ആദ്യം വചനം ലഭിച്ചപ്പോൾ അവർ അർത്ഥമാക്കിയതിനെ ആണ് സാധാരണ വ്യാഖ്യാതാക്കൾ ഊന്നൽ കൊടുക്കുന്നതു. അബ്രഹാമും ദാവീദും യിസ്രായേലിന് ഒരു നല്ല ഭാവി പ്രതീക്ഷിച്ചു. സഭയുടെ പങ്കാളിത്തം എത്രയായാലും യിസ്രായേലിനു ഒരു നല്ല ഭാവി ലഭിക്കും.

മുമ്പോട്ടുള്ള വാക്യങ്ങളിൽ സഭയെ "യിസ്രായേൽ" എന്നു വിളിക്കുന്നില്ല. **അവർ അങ്ങനെ ചെയ്താലും** യിസ്രായേലിന് ഒരു ഭാവി ഇല്ലെന്ന് ചിന്തിക്കാൻ തക്ക അടിസ്ഥാനം ഒന്നുമില്ല.

a. യിസ്രായേൽ എന്ന നിലയിൽ സഭ

റോമർ 9:6 ലെ പ്രധാന പദങ്ങളുടെ ആക്ഷരികമായ തർജ്ജിമ ഇപ്രകാരമാണ്, "യിസ്രായേലിൽ നിന്ന് ഉത്ഭവിച്ചവർ എല്ലാം യിസ്രായേല്യർ എന്നു വരികയില്ല". സഹസ്രാബ്ദവാഴ്ചയില്ല എന്നു വാദിക്കുന്നവർ ഈ വാക്യത്തിനു കൊടുക്കുന്ന അർത്ഥം ഇതാണ്: "യഥാർത്ഥ യിസ്രായേൽ എല്ലാം യിസ്രായേല്യരല്ല" മറ്റൊരു രീതിയിൽ പറഞ്ഞാൽ, വംശീയമായ യിസ്രായേല്യർ ആകുന്നതിനെക്കാളുപരിയായ അർത്ഥം യിസ്രായേലിനുണ്ട്. അതായത്, സഭ ഒരു യിസ്രായേലാണ്. യിസ്രായേലിനെ സഭയുമായി ബന്ധപ്പെടുത്തി എല്ലാ അനുഗ്രഹങ്ങളും കൈമാറുന്നു. സഹസ്രാബ്ദവാഴ്ചയില്ലെന്നു വാദിക്കുന്നവരുടെ ആഗ്രഹങ്ങൾ സാധിക്കുവാൻ തക്ക വ്യാഖ്യാനം ആണ് ഇത്. എന്നാൽ, ഇത് റോമ. 9:6-ന്റെ ഒരു നല്ല വ്യാഖ്യാനമല്ല. സഹസ്രാബ്ദ വാഴ്ചയില്ലെന്നുള്ള ആശയത്തോടെ ഒരാൾ വേദഭാഗത്തെ സമീപിച്ചാൽ ഇങ്ങനെയുള്ള വീക്ഷണം ലഭിക്കും.

അബ്രഹാമിന്റെ വംശത്തിൽ രണ്ടുതരത്തിലുള്ള യിസ്രായേല്യരെ കാണാമെന്നു റോമ. 9: 6-ൽ നിന്നു സഹസ്രാബ്ദപൂർവ്വവാദികൾ മനസ്സിലാക്കുന്നു. ആത്മികകരല്ലാത്ത വംശീയ യിസ്രായേല്യർ ഉണ്ട്. അതു പോലെ ആത്മികരായ വംശീയ യിസ്രായേല്യരുമുണ്ട്. ഈ വാക്യത്തിൽ സഭയെപ്പറ്റി ഒരു പരാമർശവും ഇല്ല. റോമ. 9:6-ൽ സഭയെക്കുറിച്ച് ഒന്നും പറയാതെ രണ്ടു തരത്തിലുള്ള യെഹൂദന്മാരെക്കുറിച്ച് മാത്രം പറഞ്ഞിരിക്കുന്നതായി NIV ബൈബിളിൽ കാണാം. "യിസ്രായേലിൽ നിന്ന് ഉത്ഭവിച്ചവർ എല്ലാം യിസ്രായേല്യർ എന്നു വരികയില്ല" (റോമ. 9:6 NIV). മറ്റൊരു വിധത്തിൽ പറഞ്ഞാൽ വംശീയമായി യെഹൂദൻ ആയതുകൊണ്ട് ഒരാൾ യഥാർത്ഥ യെഹൂദൻ ആകുന്നില്ല, വിശ്വാസവും ആവശ്യമാണ്.

യിസ്രായേലിനെ സഭയുമായി ബന്ധപ്പെടുത്താത്ത വ്യാഖ്യാനങ്ങൾ സ്വീകരിക്കുവാൻ അനേകം കാരണങ്ങളുണ്ട്. ഇവിടുത്തെ സന്ദർഭം വംശീയ യിസ്രായേലിനെ കാണിക്കുന്നു (റോമ. 9:1-5). "നിന്ന്" എന്ന വാക്കു (Greek ek, out of) ക്രിസ്തു ദാവീദിൽ നിന്ന് ഉത്ഭവിച്ചു എന്നു കാണിക്കുന്നു (വാക്യം 5). മാത്രമല്ല വാക്യം 6-ലെ "നിന്ന്" എന്ന പദം വംശീയ തലമുറകളെ കാണിക്കുന്നു എന്നു മനസ്സിലാക്കാം. യിസ്രായേലിൽ "നിന്ന്" ഉത്ഭവിച്ചവർ എല്ലാം യിസ്രായേല്യർ എന്നു വരികയില്ല. യിസ്രായേലിന്റെ **തലമുറകൾ** എല്ലാവരുമെന്ന് ഇതിനർത്ഥമില്ല. ഇത് സഹസ്രാബ്ദ വാഴ്ചയില്ലെന്നു വാദിക്കുന്നവർ പറയുന്നതുപോലെ ഒരു "ആത്മിക" യിസ്രായേലിനെക്കുറിച്ചല്ല (സഭ) പറഞ്ഞിരിക്കുന്നത്.

രണ്ടാമതായി റോമ. 9:7-13 വരെയുള്ള വിവരണത്തിൽ അബ്രഹാമിന്റെ വംശീയ തലമുറകളെക്കുറിച്ച് പറഞ്ഞിരിക്കുന്നു(യിസ്ഹാക്ക്, യിശ്മായേൽ, യാക്കോബ്, ഏശാവ്). ആറാമത്തെ വാക്യത്തിൽ വിശദീകരിച്ച സംഗതികളുടെ വെളിച്ചത്തിൽ അബ്രഹാമിൽ നിന്ന് ഉത്ഭവിക്കപ്പെട്ട രണ്ടു തരം സന്തതികളും സഭയെപ്പറ്റി പരാമർശിക്കാതെ തന്നെ യിസ്രായേൽജാതിയിൽ നിന്ന് ഉത്ഭവിച്ചിട്ടുള്ളതാണെന്നു വ്യക്തം.

മൂന്നാമതായി, ആത്മിക അവകാശമുള്ള ചെറിയ ഒരു കൂട്ടം വംശീയ യെഹൂദന്മാർ, വലിയൊരു കൂട്ടം വംശീയ യെഹൂദന്മാരിൽ നിന്നു വ്യത്യസ്തരാണ് എന്നു 7-13

[64] റോമ. 11-ാം അദ്ധ്യായം പഠിപ്പിക്കുന്നത്: യിസ്രായേലിനു ഒരു നല്ല ഭാവി ഉണ്ടെന്നും, ഒട്ടിച്ചു ചേർക്കപ്പെട്ട ജാതികൾ ഉടമ്പടിയുടെ അനുഗ്രഹങ്ങൾ യിസ്രായേലുമായി പങ്കുവയ്ക്കുകയും ചെയ്യുമെന്നാണ്.

വരെയുള്ള വാക്യങ്ങളിൽ കാണാം. റോമ. 9:6 നെക്കുറിച്ച് സഹസ്രാബ്ദവാദികൾ മനസ്സിലാക്കിയിരിക്കുന്നതിനോടു ഇത് നല്ലതുപോലെ ചേരും. വംശീയരായ യെഹൂദന്മാരുടെ വലിയ ഒരു കൂട്ടം ഉണ്ട്, എന്നാൽ ചെറിയ ഒരു വിഭാഗം മാത്രമാണ് യഥാർത്ഥ (ആത്മിക) യിസ്രായേല്യർ. [65]

സഹസ്രാബ്ദവാഴ്ചയില്ലെന്നു വാദിക്കുന്നവർ പറയുന്നതു റോമ. 9:6-ന്റെ അർത്ഥം ആത്മിക അവകാശികളാണെന്നാണ് (സഭയാണ് യഥാർത്ഥ യിസ്രായേൽ). ഇതു വംശീയ യെഹൂദന്മാരിൽ നിന്നു വളരെ വിശാലമാക്കപ്പെടേണ്ടതാണ്. എന്നാൽ 7-13 വരെയുള്ള വാക്യങ്ങളിലെ വിവരണത്തിൽ, അബ്രഹാമിന്റെ വംശീയ സന്തതിയെക്കുറിച്ചു മാത്രം പറഞ്ഞിരിക്കുന്നു. ചെറിയ ഒരു വംശീയ കൂട്ടത്തെക്കാൾ വലിയ ഒരു ആത്മിക കൂട്ടം ഉണ്ടെന്ന് ഇവർ വാദിക്കുന്നില്ല. ഈ വിവരണത്തിൽ നേരേമറിച്ചാണ് കാണുന്നത്, വലിയൊരു കൂട്ടം തലമുറയും ചെറിയ ഒരു കൂട്ടം ആത്മിക അവകാശികളും.

ഏതൊരു വ്യക്തിയും സഹസ്രാബ്ദവാഴ്ചയില്ലെന്നു ചിന്തിച്ച് റോമ. 9:6 വ്യാഖ്യാനിച്ചാൽ മാത്രമേ സഹസ്രാബ്ദ വാഴ്ചയില്ലെന്നുള്ള സിദ്ധാന്തത്തിൽ നില്ക്കുവാൻ സാധിക്കുകയുള്ളൂ.

സഭ യിസ്രായേലിനു പകരമായി എന്നു സഹസ്രാബ്ദ വാഴ്ചയില്ലെന്നു വിശ്വസിക്കുന്നവർ ഉറപ്പിക്കുന്ന മറ്റൊരു വേദഭാഗം ഗലാത്യർ 6:16 ആണ്.

> ഈ പ്രമാണം അനുസരിച്ചുനടക്കുന്ന ഏവർക്കും ദൈവത്തിന്റെ യിസ്രായേലിനും സമാധാനവും കരുണയും ഉണ്ടാകട്ടെ (ഗലാ. 6:16).

സഹസ്രാബ്ദവാഴ്ചയില്ലെന്നു വാദിക്കുന്നവർ ഗലാത്യർ 6:16 ലെ "ദൈവത്തിന്റെ യിസ്രായേലിനെ" സഭയാണെന്നും പഠിപ്പിക്കുന്നു. അവർ "and" (ഉം) എന്ന പദത്തിന് പകരം "even" (കൂടെ) എന്ന പദവും, അല്ലെങ്കിൽ ദൈവത്തിന്റെ യിസ്രായേലായ "എല്ലാവരും" എന്ന പരിഭാഷ ഇഷ്ടപ്പെടുന്നു. സഹസ്രാബ്ദവാഴ്ചയില്ലെന്ന വാദത്തിന് NIV ബൈബിൾ ആണ് കൂടുതൽ അഭികാമ്യം (ഇപ്പോഴും തെളിയിക്കപ്പെട്ടിട്ടില്ലെങ്കിലും). അതു ഇപ്രകാരമാണ്: "ഈ പ്രമാണം അനുസരിച്ചു നടക്കുന്ന ഏവർക്കും ദൈവത്തിന്റെ യിസ്രായേലിനും കൂടെ സമാധാനവും കരുണയും ഉണ്ടാകട്ടെ". ഗ്രീക്കിലുള്ള Kaiഎന്ന പദത്തിന്റെ സാധാരണ തർജ്ജിമ മലയാളത്തിൽ "ഉം" (and) ആണ്. ഗലാത്യർ 6:15-16-ൽ പൗലോസ് രണ്ടു കൂട്ടങ്ങളെക്കുറിച്ച് പറയുന്നു. ഒന്നാമത്തേതു പുതിയ സൃഷ്ടിയായ സഭ, രണ്ടാമത്തേതു ആകെയുള്ളതിന്റെ ഭാഗമായ, രക്ഷിക്കപ്പെട്ട യഹൂദന്മാർ. അവരെ "ദൈവത്തിന്റെ യിസ്രായേലെന്നു" പൗലോസ് വിളിക്കുന്നു. സഭയെ യിസ്രായേലെന്നു വിളിക്കാതെ ഗലാത്യർ 6: 16-ൽ സഭയുടെ ഭാഗമായ രക്ഷിക്കപ്പെട്ട യെഹൂദന്മാർക്കു മാത്രം ഈ അനുഗ്രഹം കൊടുത്തിരിക്കുന്നു. സന്ദർഭം വ്യക്തമായി രണ്ടാമതൊരർത്ഥം കാണിക്കുന്നില്ലെങ്കിൽ, ഏതു പദത്തിന്റെയും പ്രാഥമിക അർത്ഥം സ്വീകരിക്കേണ്ടതായിട്ടുണ്ട്. (ഇവിടെ "and" (ഉം). കൂടുതലായി, കൃപ അനുഭവിച്ചു രക്ഷിക്കപ്പെട്ട യെഹൂദന്മാരുടെ മേൽ ഈ സന്ദർഭം അനുഗ്രഹം ചൊരിയുന്നു. ഗലാത്യലേഖനത്തിൽ മുഴുവൻ ന്യായപ്രമാണവാദികളായ യെഹൂദന്മാരെ വിമർശിച്ചതിനുശേഷം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവരെ മാത്രം പൗലോസ് പുകഴ്ത്തുന്നു. "സമാധാനവും കരുണയും... ദൈവത്തിന്റെ യിസ്രായേലിന്റെ മേൽ..."

kai എന്ന പദത്തിനു വേറൊരു തർജ്ജിമ സ്വീകരിക്കാമെന്നു നാം വിചാരിക്കുക. എന്നാൽ രണ്ടാമത്തെ തർജ്ജിമയിലും, (*"even" or "also"*) സഭയെ യിസ്രായേലുമായി ബന്ധപ്പെടുത്തേണ്ട ആവശ്യമില്ല. ചുരുക്കിപ്പറഞ്ഞാൽ, "കൃപയോടു ചേർന്നുനിൽക്കുന്ന വിശ്വസിക്കുന്ന യെഹൂദന്മാരെ എല്ലാം ദൈവം അനുഗ്രഹിക്കുന്നു". എല്ലാ യെഹൂദന്മാരെയും വിമർശിക്കുന്നില്ല, കർമ്മമാർഗ്ഗത്തിൽ വിശ്വസിക്കുന്ന യെഹൂദന്മാരെ മാത്രമാണ് വിമർശിക്കുന്നതെന്നു കാണിക്കാനുള്ള പൗലോസിന്റെ ഒരു മാർഗ്ഗമാണിത്. ഗലാത്യർ 6:16 നെക്കുറിച്ച് അല്പം മാത്രം മനസ്സിലാക്കിയവർക്കേ സഹസ്രാബ്ദ വാഴ്ചയില്ലെന്നുള്ള സിദ്ധാന്തത്തെ അനുകൂലിക്കുവാൻ സാധിക്കുകയുള്ളൂ എന്നു റയ്റി പറയുന്നതു ശരിയാണ്. യിസ്രായേൽ സഭയാണെന്നു അധികം ആളുകളും വിശ്വസിക്കുന്നില്ല. [66]

വിവാദത്തിനു അവസരമുണ്ടാകുംവണ്ണം മറ്റൊരിടത്തും പൗലോസ് യിസ്രയേലിനെ സഭയായി വെളിപ്പെടുത്തിയിട്ടില്ല. മുമ്പുള്ള വിശദീകരണങ്ങൾ മനസ്സിലാക്കുവാൻ പ്രയാസമുള്ള വേദഭാഗമാണ് ഗലാത്യർ 6:16. രണ്ട് നാമങ്ങളുള്ള ഒരു കൂട്ടമല്ല (ദൈവത്തിന്റെ യിസ്രായേലായ പുതിയസൃഷ്ടി) രണ്ടു കൂട്ടം (സഭയും യിസ്രായേലിന്റെ ഒരു ഭാഗവും) തന്നെയായിരുന്നു പൗലോസിന്റെ മനസ്സിൽ "മേൽ" (upon) എന്ന ഗതിയുടെ(Preposition) ആവർത്തനം ഇത് സാധൂകരിക്കുന്നു. ഗലാത്യർ 6:15-16 ലും യിസ്രായേലിനെ സഭയുമായി ബന്ധപ്പെടുത്തുവാൻ തക്ക ആധാരം ഒന്നുമില്ല. അതിനു വേറെ ശക്തിയുള്ള വചനങ്ങൾ വേണ്ടിവരും. ഗലാ. 6:15-16 സഹസ്രാബ്ദവാഴ്ചയില്ലെന്നുള്ള വാദം തെളിയിക്കാൻ ദൈവശാസ്ത്രപരമായ മുൻഗണന മാത്രമേ ഉള്ളൂ, ഭാഷാപരമായോ സാന്ദർഭികമായോ ഉള്ള വശമൊന്നുമില്ല.

[65] റോമ. 2:28, 29-ലെ മാതൃകയും ഇതു തന്നെയാണ്

[66] Charles Ryrie, *Basic Theology*, P. 399

b. സഭ "അബ്രഹാമിന്റെ സന്തതികളായിട്ട്"

ഗലാത്യർ 3:7-ൽ വിശ്വാസികളെ "അബ്രഹാമിന്റെ മക്കൾ" ആയിട്ട് വിളിച്ചിരിക്കുന്നു.

> അതുകൊണ്ട് വിശ്വാസികൾ അത്രെ അബ്രഹാമിന്റെ മക്കൾ എന്നു അറിവിൻ (ഗലാ. 3:7).

ഇവിടെ "the" (Article)ഇല്ലാത്തതു ശ്രദ്ധിക്കുക: വിശ്വാസികളെ അബ്രഹാമിന്റെ "പ്രത്യേക സന്തതികളായിട്ടല്ല" (not **the** sons of Abraham),"സാധാരണ സന്തതികളായിട്ട്" എഴുതിയിരിക്കുന്നു. പൗലോസ് ഊന്നിപ്പറയുന്ന വിഷയം എന്തെന്നാൽ വിശ്വാസികൾക്ക് അബ്രഹാമിന്റെ മക്കൾ എന്ന യോഗ്യതയുണ്ട്. കാരണം, അബ്രഹാമിനെപ്പോലെ അവരും വിശ്വാസത്താൽ ജീവിക്കുന്നവരാണ്. എന്നാൽ പൗലോസ് വിശ്വാസികളെ പൂർണ്ണമായും അബ്രഹാമിന്റെ വംശീയ തലമുറയായ യിസ്രായേലിനോടു യോജിപ്പിക്കുന്നില്ല. വിശ്വാസികൾക്ക് അബ്രഹാമിന്റെ മക്കളുടെ ഗുണനിലവാരമുണ്ട്. എങ്കിലും യിസ്രായേലിനു പകരം ആകുകയോ, അവരുടെ അനുഗ്രഹങ്ങൾ സഭയ്ക്ക് കൈമാറുകയോ ചെയ്തിട്ടില്ല. അടുത്ത വാക്യത്തിൽ (ഗലാ. 3:8-9) പൗലോസ്: "നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും" എന്നു അബ്രഹാമിനോടുള്ള ഉടമ്പടിയിൽ വിശ്വാസികൾക്കുള്ള പങ്കു പഠിപ്പിക്കുന്നു. വിശ്വസിക്കുന്ന ജാതികൾ അബ്രഹാമിന്റെ മക്കളെപ്പോലെ ആദ്യം അനുഭവിക്കുന്ന അനുഗ്രഹം വിശ്വാസത്താലുള്ള നീതീകരണമാണ്. അബ്രഹാമിലൂടെ സകല ജാതികളും അനുഗ്രഹിക്കപ്പെടുമെന്നുള്ള വാഗ്ദത്ത നിവൃത്തിയാണ് വിശ്വാസത്താലുള്ള നീതീകരണമെന്ന അനുഗ്രഹം (ഉല്പ. 12:3). ഈ അർത്ഥത്തിലാണ് വിശ്വാസികളെ "അബ്രഹാമിന്റെ മക്കൾ" എന്നു അനുഗ്രഹിച്ചിരിക്കുന്നത്.

> എന്നാൽ ദൈവം **വിശ്വാസം മൂലം ജാതികളെ നീതീകരിക്കുന്നു** എന്ന തിരുവെഴുത്തു മുൻകണ്ടിട്ടു "**നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും"** എന്നുള്ള സുവിശേഷം അബ്രഹാമിനോട് മുമ്പുകൂട്ടി അറിയിച്ചു. അങ്ങനെ വിശ്വാസികൾ വിശ്വാസിയായ അബ്രഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു (ഗലാ. 3:8-9).

അബ്രഹാമിനോടുള്ള ഉടമ്പടി നിബന്ധനയില്ലാത്തതും മാറ്റമില്ലാത്തതുമാണെന്നു തെളിയിക്കുന്ന വേദഭാഗമാണ് ഗലാ. 3:15-16 "നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും" എന്നു അബ്രഹാമിനോടുള്ള ഉടമ്പടിയിൽ സഭ പങ്കാളിയാകുന്നു (മുഖ്യമായി ആത്മിക അനുഗ്രഹങ്ങൾ). ദേശത്തെ നിത്യമായി കൈവശമാക്കുന്ന അബ്രഹാമിനോടുള്ള വാഗ്ദത്തം യിസ്രായേൽ ഇനിയും പൂർണ്ണമായി കൈവശമാക്കി നിറവേറ്റും (അബ്രഹാമിനോടുള്ള ഉടമ്പടിയിലെ സകല ഭൗതികമായ അനുഗ്രഹങ്ങളും).

ഗലാത്യർ 3:29 നോട് സമമാണ് ഗലാത്യർ. 3:7. സഭയുടെ ഭാഗമായിട്ടുള്ളവർക്ക് (വിശ്വാസികൾ) അബ്രഹാമിന്റെ മക്കളുടെ **യോഗ്യതയുണ്ട്**. വീണ്ടും "the" എന്ന പദത്തിന്റെ കുറവുണ്ട്. ഇവിടെ പ്രത്യേകമായി "അബ്രഹാമിന്റെ സന്തതി" എന്നു പറഞ്ഞിട്ടില്ല. വിശ്വാസികൾ "അബ്രഹാമിന്റെ പ്രത്യേക സന്തതി" അല്ല. കാരണം, നാം എല്ലാവരും യിസ്രായേല്യരല്ലല്ലോ.[67] വിശ്വാസത്താൽ അബ്രഹാമിനോട് ചേർന്നു, അബ്രഹാമിന്റെ സന്തതിയുടെ ഗുണനിലവാരം ലഭിച്ചതു, നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്ന വാഗ്ദത്തത്താലാണ്. അബ്രഹാമിന്റെ പ്രഥമസന്തതിയായ ക്രിസ്തുവിനോടുള്ള ബന്ധത്തിൽക്കൂടെയാണ് സഭയ്ക്കു, അബ്രഹാമിനോടുള്ള ഉടമ്പടിയിൽ എന്തു പങ്കാളിത്തമാണോ ഉള്ളത്, അതു ലഭിച്ചത്. ക്രിസ്തു ആണ് അബ്രഹാമിന്റെ മുഖ്യ "**സന്തതി**" (ഗലാ. 3:16). അബ്രഹാമിനോടുള്ള ഉടമ്പടിയുടെ അനുഗ്രഹങ്ങൾ സഭ അനുഭവിക്കുന്നതു (നിശ്ചയമായും, ആത്മികാനുഗ്രഹങ്ങൾ അതായതു വിശ്വാസത്താലുള്ള നീതീകരണം, ക്രിസ്തുവിന്റെ രാജ്യത്തിൻ കൂട്ടവകാശികളായി ചില ഭൗതിക അനുഗ്രഹങ്ങളും) ക്രിസ്തുവുമായുള്ള ബന്ധത്തിലാണ്. അല്ലാതെ, യിസ്രായേലിനു പകരമായി ഉടമ്പടിയിലെ അനുഗ്രഹങ്ങൾ അനുഭവിക്കുകയല്ല. അബ്രഹാമിന്റെ സന്തതികളായ യിസ്രായേൽ, ദേശം കൈവശമാക്കി, സിംഹാസനവും നിത്യമായ രാജ്യത്തിൽ ഉടമ്പടിയിലെ അനുഗ്രഹങ്ങളും അനുഭവിക്കും.

ഗലാത്യർ 3-ാം അദ്ധ്യായത്തോട് സമാനമായ ചിന്തകൾ റോമാലേഖനത്തിൽ ഉണ്ട്. ഇവിടെ അബ്രഹാം വിശ്വസിക്കുന്ന എല്ലാവരുടെയും പിതാവെന്നു പൗലോസ് പഠിപ്പിക്കുന്നു.

> അഗ്രചർമ്മത്തിൽ വെച്ച് ഉണ്ടായിരുന്ന വിശ്വാസനീതിക്കു മുദ്രയായി പരിച്ഛേദന എന്ന അടയാളം അവനു ലഭിച്ചതു അഗ്രചർമ്മത്തോടെ **വിശ്വസിക്കുന്നവർക്കും കൂടെ** നീതി കണക്കിടപ്പെടുവാൻതക്കവണ്ണം താൻ അവക്ക് **എല്ലാവർക്കും പിതാവായിരിക്കേണ്ടതിനും** പരിച്ഛേദന മാത്രമുള്ളവരല്ല നമ്മുടെ പിതാവായ അബ്രഹാമിന് അഗ്രചർമ്മത്തിൽ വച്ച് ഉണ്ടായിരുന്ന വിശ്വാസത്തെ അനുഗമിക്കുന്നവരുമായ പരിച്ഛേദനക്കാർക്കു

[67] അബ്രഹാമിന്റെ സന്തതികൾ എന്ന ആശയം വേദപുസ്തകത്തിൽ നാലു വ്യത്യസ്ത അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. ഒന്നാമതായി, അബ്രഹാമിന്റെ മക്കളായ യെഹൂദന്മാർ (ഉല്പ. 15:4; 17:6; 16; യോഹ. 8:37). രണ്ടാമതായി ആത്മികരായ യെഹൂദന്മാർ (യോഹ. 8:39; റോമ. 2:28 29: 9:6; വെളി. 2:9; 3:9). മൂന്നാമതായി, അബ്രഹാമിന്റെ പ്രഥമസന്തതിയായ ക്രിസ്തു (ഗലാ. 3:16). നാലാമതായി, വിശ്വാസികളായ എല്ലാവരും അബ്രഹാമിന്റെ ആത്മിക മക്കളാണ് (മത്താ. 3:9; റോമ. 4:11-12; 16; ഗലാ. 3:7-9; ഗലാ. 3:29). ആത്മീയ സന്തതിയാണ്.

പിതാവായിരിക്കേണ്ടതിനും തന്നെ. ലോകാവകാശിയാകുമെന്നുള്ള വാഗ്ദത്തം അബ്രഹാമിനോ അവന്റെ സന്തതിക്കോ ന്യായപ്രമാണത്താലല്ല വിശ്വാസത്തിന്റെ നീതിയാലല്ലോ ലഭിച്ചത്. എന്നാൽ ന്യായപ്രമാണമുള്ളവർ അവകാശികൾ എങ്കിൽ വിശ്വാസം വ്യർത്ഥവും വാഗ്ദത്തം ദുർബലവും എന്നു വരും. ന്യായപ്രമാണമോ കോപത്തിനു ഹേതുവാകുന്നു; ന്യായപ്രമാണം ഇല്ലാത്തേടത്തു ലംഘനവുമില്ല. അതുകൊണ്ട് കൃപാദാനം എന്നു വരേണ്ടതിനു വിശ്വാസത്താലത്രേ അവകാശികൾ ആകുന്നു; **വാഗ്ദത്തം സകല സന്തതിക്കും** ന്യായപ്രമാണമുള്ളവർക്കു മാത്രമല്ല, അബ്രഹാമിന്റെ വിശ്വാസമുള്ളവർക്കുംകൂടെ ഉറപ്പാകേണ്ടതിനു തന്നെ. മരിച്ചവരെ ജീവിപ്പിക്കുകയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുകയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ **നമുക്കെല്ലാവർക്കും പിതാവാകേണ്ടതിനു** ("ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കി വെച്ചു" എന്നു എഴുതിയിരിക്കുന്നുവല്ലോ. (റോമ. 4:11–17).

റോമാലേഖനത്തിൽ ഈ വേദഭാഗത്തിലെ പ്രധാന വാദം വിശ്വാസത്താലുള്ള നീതീകരണമാണ്. 11 -ാം വാക്യത്തിൽ പകരപ്പെട്ട നീതി, അതായത് നീതീകരണം ആത്മീയപിതാവായ അബ്രഹാമിന്റെ വിശ്വാസത്തിൽ പങ്കാളിയാകുന്നതുമൂലം വിശ്വാസികൾക്കു ലഭിക്കുന്നു. ഗലാത്യർ 3-ാം അദ്ധ്യായത്തിൽ കാണുന്നതുപോലെ, അബ്രഹാമിന്റെ സന്തതിയായ ക്രിസ്തുവിലൂടെ ദൈവം സഭയ്ക്കു നൽകുന്ന പ്രാഥമിക അനുഗ്രഹം വിശ്വാസത്താലുള്ള നീതീകരണമാണ്.

അബ്രഹാമിന്റെ സന്തതിയായ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു രക്ഷ നല്കി ദൈവം ഭൂമിയിലെ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിച്ചു. 13-ാം വാക്യത്തിൽ അബ്രഹാം ''ലോകാവകാശി'' ആകും എന്നുള്ള വാഗ്ദത്തം ദൈവം നല്കി. വിശ്വസിക്കുന്നവർ ഈ അനുഗ്രഹങ്ങളിൽ പങ്കാളിയാകുമെന്നു 14 ഉം 16 ഉം വാക്യങ്ങൾ പഠിപ്പിക്കുന്നു. യിസ്രായേലിന്റെ ഭൗതികാനുഗ്രഹങ്ങൾ സഭയ്ക്കു കൈമാറിയെന്നു ഇതിനു അർത്ഥമുണ്ടോ? സഭ ക്രിസ്തുയേശുവുമായുള്ള ബന്ധത്തിൽ രാജ്യത്തിന്റെ ആത്മികവും ഭൗതികവുമായ അനുഗ്രഹങ്ങൾ പങ്കുവെയ്ക്കുമെന്നു മാത്രമാണ് ഇതിന്റെ അർത്ഥം (അവനോടു കൂട്ടവകാശികൾ, റോമ. 8:17). യിസ്രായേൽ ദേശത്തിനുള്ള വാഗ്ദത്തം റദ്ദു ചെയ്യപ്പെടുമെന്നു ഈ വാക്യത്തോടു കൂട്ടിവായിക്കേണ്ടതില്ല. വരാൻപോകുന്ന രാജ്യത്തിൽ സഭ പങ്കാളിയാകുമെന്ന ആശയത്തിനു യിസ്രായേലിന് അവളുടെ വാഗ്ദത്തം നഷ്ടപ്പെടുമെന്ന അർത്ഥം കൊടുക്കുവാൻ കഴികയില്ല.

കൂടുതലായി, ''ലോകാവകാശി'' എന്ന പദത്തിനു **ദേശവുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കയില്ല.** ദൈവം അബ്രഹാമിനു കനാൻദേശം വാഗ്ദാനം ചെയ്തപ്പോൾ, ഈ ലോകം മുഴുവനും എന്നു പ്രത്യേകം പറഞ്ഞില്ല. കൂടാതെ സന്ദർഭത്തിൽ നിന്നു മനസ്സിലാകുന്നതു ആത്മികാനുഗ്രഹങ്ങളാണ്, അല്ലാതെ ഭൗതികമല്ല. ചിലപ്പോൾ "ലോകം" എന്നു പറയുന്നതു ജനങ്ങൾ ആയിരിക്കാം. അല്ലാതെ ദേശം ആയിരിക്കയില്ല! ഒരു പക്ഷേ അബ്രഹാം ലോകാവകാശി ആകും എന്നതിന്റെ അർത്ഥം വിശ്വസിക്കുന്ന എല്ലാ ജനങ്ങളെയും ദൈവം അവന്റെ അവകാശമാക്കും എന്നതായിരിക്കാം. അബ്രഹാമിനു ദീർഘകാലം മക്കളില്ലായിരുന്നു. എന്നാൽ ദൈവം സകല ലോകത്തിലെയും വിശ്വാസികളെ അവന് അവകാശമായിക്കൊടുത്തു. മക്കളില്ലാത്തതിനു പകരമായി അബ്രഹാമിനു ലോകം മുഴുവൻ ആത്മിക സന്താനങ്ങളെ ലഭിച്ചു ലോകാവകാശിയായി. ഇവരും അബ്രഹാമിന്റെ അനുഗ്രഹത്തിന്റെ അവകാശികളാണ് (ഗലാ. 3:29; റോമ. 4:14, 16). പ്രാഥമികമായി "നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും" (ഉല്പ. 12:3, ഗലാ. 3:8). ഈ അവകാശം ക്രിസ്തുവിലൂടെ ലഭിക്കുന്ന വിശ്വാസത്താലുള്ള നീതീകരണം എന്ന ആത്മികാനുഗ്രഹം ഉൾപ്പെടുന്നു. അബ്രഹാമിനോടുള്ള ഉടമ്പടിയിലെ ആത്മികാനുഗ്രഹങ്ങൾ മാത്രം സഭ പങ്കുവയ്ക്കുന്നുവെന്നു റോമാലേഖനം 4-ാം അദ്ധ്യായം വ്യാഖ്യാനിക്കപ്പെടാം. ഭൗതികമായ അനുഗ്രഹങ്ങൾ ഉണ്ടെന്നു ഒരാൾ വിശ്വസിച്ചാലും, അതു യിസ്രായേലിനൊരു ഭാവിരാജ്യം ഉണ്ടെന്നുള്ള ആശയത്തെ നശിപ്പിക്കാൻ സാധ്യമല്ല. അതേ വിശ്വാസികൾ അബ്രഹാമിന്റെ മക്കളാണ്, എന്നാൽ ആത്മിക മക്കൾ തന്നെ. അബ്രഹാമിന്റെ സന്തതിയായ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതികരിക്കപ്പെടുക എന്നതാണ് അബ്രഹാമിനോടുള്ള ഉടമ്പടിയിലൂടെ ഇവർക്കു ലഭിക്കുന്ന അനുഗ്രഹം. ഭാവി രാജ്യത്തിലുള്ള പങ്കാളിത്തമെല്ലാം രാജാവിനോടുള്ള ബന്ധത്തിലാണ്, അല്ലാതെ യിസ്രായേലിനു പകരമായിട്ടല്ല.

C. സഭ യഥാർത്ഥ പരിച്ഛേദനയെന്ന നിലയിൽ

യഥാർത്ഥ പരിച്ഛേദനയും ജഡിക പരിച്ഛേദനയും തമ്മിലുള്ള വ്യത്യാസം പലവേദഭാഗങ്ങളിലും കാണാം. ഹൃദയത്തിൽ നിന്നു മാലിന്യം മുറിച്ചുമാറ്റുന്നതാണ് യഥാർത്ഥ പരിച്ഛേദന. ആത്മിക പരിച്ഛേദനയെന്ന ആശയം പൗലോസ് അപ്പോസ്തലൻ തുടങ്ങിയതല്ല. ഇതൊരു പഴയനിയമ ആശയം ആണ് (ആവ. 10:16; 30:6; യിരെ. 4:4; 9:25–26; യെഹെ. 44:7–9).

യെഹൂദന്മാർക്ക് ശാരീരിക പരിച്ഛേദന മാത്രമുള്ളപ്പോൾ വിശ്വാസികൾക്കു യഥാർത്ഥ പരിച്ഛേദന ഉണ്ടെന്നു പൗലോസ് ഫിലിപ്പിയർ 3:3-ൽ പറയുന്നു. കൊലൊ.

2:11-ൽ വിശ്വാസികൾക്കു ജഡത്തിന്റെ അധികാരത്തിൽ നിന്ന് ആത്മികമായ വേർപാട് ഉണ്ടെന്നു പറയുന്നു.

> നാമല്ലോ പരിച്ഛേദനക്കാർ; ദൈവത്തിന്റെ ആത്മാവുകൊണ്ടു ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കുകയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന നാം തന്നെ (ഫിലി. 3:3).
>
> അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ തന്നെ കൈക്കൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു (കൊലൊ. 2:11).

വിശ്വാസികൾക്കു യഥാർത്ഥ പരിച്ഛേദന ലഭിച്ചു എന്നു പറയുന്നതു അവർ യിസ്രായേല്യർ ആയി എന്നതിനു സമമല്ല. സഭ ദൈവിക പദ്ധതികളിൽ യിസ്രായേലിനു പകരമായി എന്നതും ശരിയല്ല. വിശ്വാസികളുടെ ഹൃദയത്തിനു പരിച്ഛേദന ലഭിച്ചതുകൊണ്ട്, അവർ പാപത്തിന്റെ നിയന്ത്രണത്തിൽ നിന്നും ചെത്തി മാറ്റപ്പെട്ടു എന്നർത്ഥം. ഈ യഥാർത്ഥ പരിച്ഛേദന വംശീയ യിസ്രായേലിന്റെ ശാരീരിക പരിച്ഛേദനയെക്കാൾ വളരെ മേൻമയേറിയതാണ്. യെഹൂദന്മാർക്കു ജഡസംബന്ധമായ പരിച്ഛേദനയ്ക്കു പുറമേ ആത്മികപരിച്ഛേദനയുടെ ആവശ്യമുണ്ട് എന്നതാണ് റോമർ 2:28-29 ലും പറഞ്ഞിരിക്കുന്ന വിഷയം.

> പുറമെ യെഹൂദനായവൻ യെഹൂദനല്ല; പുറമെ ജഡത്തിലുള്ളതു പരിച്ഛേദനയുമല്ല; അകമെ യെഹൂദനായവനത്രെ യെഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രെ പരിച്ഛേദന: അവന്നു മനുഷ്യരാലല്ല ദൈവത്താൽ തന്നെ പുകഴ്ച ലഭിക്കും (റോമ. 2:28-29).

റോമർ 2-ാം അദ്ധ്യായത്തിൽ പൗലോസ് സഭയെ യഥാർത്ഥ യിസ്രായേലുമായി ചിത്രീകരിച്ചിരിക്കുന്നു എന്നു ചിന്തിക്കുവാൻ പ്രത്യേകിച്ച് കാരണങ്ങൾ ഒന്നും ഇല്ല. 25 മുതൽ 27 വരെയുള്ള വാക്യങ്ങളിൽ സങ്കല്പത്തിലുള്ള ഒരു ജാതീയനെ പരിച്ഛേദന ഏറ്റ യെഹൂദനുമായി താരതമ്യം ചെയ്തിരിക്കുന്നു. അഗ്രചർമ്മി ദൈവിക കല്പനകൾ അനുസരിച്ചാൽ ആത്മിക പരിച്ഛേദനയുള്ളവനാകുന്നു. പരിച്ഛേദന ഏറ്റ യെഹൂദൻ കല്പനകൾ അനുസരിക്കുന്നില്ലെങ്കിൽ ആത്മിക പരിച്ഛേദന ഇല്ലാത്തവനാകുന്നു. ഇത് കേവലം സാങ്കല്പിക വിവരണം ആണ്. യഥാർത്ഥത്തിൽ അഗ്രചർമ്മിയോ യെഹൂദനോ ആരും ന്യായപ്രമാണം അനുസരിക്കുന്നില്ല. എന്നിരുന്നാലും, ആത്മിക പരിച്ഛേദനയെക്കാൾ (ഹൃദയത്തിലെ അഴുക്കു മുറിച്ചുമാറ്റൽ) വളരെ നിലവാരം കുറഞ്ഞതാണ് ശാരീരിക പരിച്ഛേദനയെന്നു പൗലോസ് പറയുന്നു. ഹൃദയത്തിനു പരിച്ഛേദനയില്ലാത്ത ശാരീരികപരിച്ഛേദനയ്ക്കു ഒരു വിലയുമില്ല. അതുകൊണ്ട്, യെഹൂദന്മാർക്കും ജാതികളെപോലെ ആത്മിക ആവശ്യം ഉള്ളവരാണ്. രണ്ടു കൂട്ടർക്കും വിശ്വാസത്തിലുള്ള നീതികരണം ആവശ്യമാണ്.

റോമ. 2:28-29 നെ ക്കുറിച്ച് സഹസ്രാബ്ദവാഴ്ചയില്ലെന്നു വാദിക്കുന്ന ചിലരുടെ കാഴ്ചപ്പാടിങ്ങനെയാണ്; വംശീയരായ യെഹൂദന്മാരെ (വാക്യം 28) "യഥാർത്ഥ യെഹൂദന്മാരായ" ക്രിസ്ത്യാനികളുമായി (വാക്യം 29) താരതമ്യം ചെയ്തിരിക്കുന്നു. യെഹൂദന്മാരും ജാതികളുമായുള്ള താരതമ്യം നിശ്ചയമായും ഈ സന്ദർഭത്തിൽ ഉണ്ട്. എന്നാൽ പൗലോസ് സഭയെ ഈ സംവാദത്തിലേക്ക് ഇതുവരെയും കൊണ്ടുവന്നിട്ടില്ല. റോമ. 2-ൽ സഭയെ ചിത്രീകരിക്കുന്നതിനു തക്ക കാരണങ്ങളൊന്നും ഇല്ല. 28 ഉം 29 ഉം വാക്യങ്ങളിൽ യിസ്രായേൽ ജനത്തെക്കുറിച്ച് മാത്രം പറഞ്ഞിരിക്കുന്നു. 28-ാം വാക്യത്തിൽ വംശീയ യെഹൂദന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അവർ പൂർണ്ണ അർത്ഥത്തിൽ "യെഹൂദൻ" അല്ല. കാരണം, അവർ രക്ഷിക്കപ്പെട്ടവരല്ല. കൂടാതെ ഹൃദയത്തിനു പരിച്ഛേദന ഏറ്റവരുമല്ല. യഥാർത്ഥ യഹൂദൻ (വാക്യം 29) ഹൃദയത്തിനു പരിച്ഛേദന ഏറ്റ വംശീയ യഹൂദനാണ്. അവൻ രക്ഷിക്കപ്പെട്ട യഹൂദനാണെന്ന് അർത്ഥം. വംശീയ യഹൂദനായതുകൊണ്ട് മാത്രം ദൈവത്തെ പ്രീതിപ്പെടുത്തുവാൻ സാദ്ധ്യമല്ല അല്ലെങ്കിൽ രക്ഷിക്കപ്പെടുകയില്ല എന്നാണ് ഈ വാക്യം പറയുന്നത്. ദൈവത്തോട് നിരക്കുവാൻ യെഹൂദ പശ്ചാത്തലം മാത്രം പോരാ, ഹൃദയത്തിന്റെ സമർപ്പണം ആവശ്യമാണ്. താഴോട്ടുള്ള അദ്ധ്യായങ്ങളിൽ ജാതികൾ എങ്ങനെ വിശ്വാസത്താൽ രക്ഷപ്രാപിക്കുമെന്നും യെഹൂദൻ എങ്ങനെ യഥാർത്ഥ യെഹൂദൻ ആകുമെന്നും പൗലോസ് വിവരിക്കുന്നു. ജാതികൾക്കു യഥാർത്ഥ പരിച്ഛേദന സാധിക്കും (എങ്ങനെയെന്നു പ്രത്യേകം പറയുന്നില്ല). എന്നാൽ രക്ഷിക്കപ്പെട്ട ജാതികളെ യെഹൂദജാതിയോടു ബന്ധിപ്പിക്കുന്നില്ല. ജഡിക പരിച്ഛേദനയുള്ള യെഹൂദനു പൂർണ്ണ യെഹൂദനാകുവാൻ കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ടെന്ന് ഈ വേദഭാഗം പറയുന്നു.

d. രാജ്യം സഭയ്ക്കു കൈമാറുന്നു

യിസ്രായേലിന് ഒരു ഭാവിരാജ്യമില്ലെന്നുറപ്പിക്കുവാൻ, സഹസ്രാബ്ദവാഴ്ചയില്ലെന്നു വാദിക്കുന്നവർ മത്താ. 21:43 -ാം വാക്യം ഉപയോഗിക്കുന്നു. യിസ്രായേലിനെ മാറ്റിനിർത്തി സഭയ്ക്ക് അനുഗ്രഹങ്ങൾ കൊടുക്കുന്നുവെന്ന് ഈ വേദഭാഗത്തുനിന്ന് ഊഹിക്കുന്നു.

> "അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്ന് എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു.... അവന്റെ ഉപമകളെ മഹാപുരോഹിതന്മാരും പരീശരും കേട്ടിട്ടു, തങ്ങളെക്കൊണ്ടു പറയുന്നു എന്നു അറിഞ്ഞു"(മത്താ. 21:43, 45).

സഹസ്രാബ്ദനിഷേധവാദത്തെ അനുകൂലിക്കാത്ത അനേകം വ്യാഖ്യാനങ്ങൾ ഈ ഭാഗത്തുനിന്നുണ്ടാകാം. "നിങ്ങൾ" എന്നു പറഞ്ഞിരിക്കുന്നത് മഹാപുരോഹിതന്മാരെയും പരീശന്മാരെയും കുറിച്ചാണെന്നു മത്താ. 21:45-ാം വാക്യത്തിൽ വ്യക്തമായിപ്പറഞ്ഞിരിക്കുന്നു. അവർ ക്രിസ്തുവിന്റെ രാജ്യം അനുഭവിക്കയില്ല. വേറൊരു "രാജ്യം" അനുഭവിച്ചേക്കാം.

അപ്പോഴുണ്ടായിരുന്ന യിസ്രായേൽ, മശിഹാരാജ്യം അവകാശമാക്കില്ലെന്നു കർത്താവ് സരളമായ ഭാഷയിൽ പറഞ്ഞതാണ്. എന്നാൽ ഭാവിയിൽ യിസ്രായേൽ ഒരു രാജ്യം അനുഭവിക്കും. മറ്റൊരുതരത്തിൽ പറഞ്ഞാൽ, അവന്റെ തലമുറയിലുണ്ടായിരുന്ന യിസ്രായേൽ രാജ്യം അനുഭവിക്കയില്ല. വ്യത്യസ്തമായ ഒരു തലമുറയുള്ള യിസ്രായേൽ വരുന്നതുവരെയും രാജ്യത്തിനു കാത്തിരിക്കേണ്ടിവരും. ആദ്യ നൂറ്റാണ്ടിലെ യെഹൂദ ജാതിക്കു ഭൂമിയിൽ ഒരു രാജ്യം അനുഭവിക്കാൻ സാധിച്ചില്ല. എന്നാൽ ഭാവിയിലെ യിസ്രായേൽജാതി അതനുഭവിക്കും.

"ജാതികൾ" എന്നതു സഭയാകാൻ സാധ്യതയുണ്ട്. ഇത് സഹസ്രാബ്ദവാഴ്ചയില്ലെന്നു വാദിക്കുന്നവരുടെ നിഗമനമല്ല. സഭ ദൈവരാജ്യത്തിന്റെ ഒരു രൂപം മാത്രമാണ്, അല്ലാതെ ആയിരമാണ്ട് വാഴ്ച നടക്കുന്ന ഒരു രാജ്യമല്ല (റോമ. 14:17; കൊലൊ. 1:13. മത്താ. 13-ാം അദ്ധ്യായത്തിൽ രാജ്യം എന്നതു ഒന്നാം വരവിനും രണ്ടാം വരവിനും ഇടയ്ക്കുള്ള സമയമാണ്). കൂടുതലായി, വേദപുസ്തകം വിശ്വാസികളെ തിരഞ്ഞെടുക്കപ്പെട്ട ജാതിയെന്നു വിളിക്കുന്നു (റോമ. 10:19; 1 പത്രൊ. 2:9-10; സങ്കീ. 118). ആദ്യ നൂറ്റാണ്ടിൽ യിസ്രായേലിനെ നയിച്ചവരിൽ നിന്നും രാജ്യം എടുത്ത് സഭയ്ക്കു കൊടുക്കുമെന്നായിരിക്കും കർത്താവു പറയുന്നത്. എന്നാൽ ഈ സത്യം ഭാവിയിൽ യിസ്രായേൽ ദൈവത്തിന്റെ പദ്ധതിയിലേക്കു മടങ്ങിവന്നു രാഷ്ട്രീയമായ രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കപ്പെടും എന്ന ആശയത്തിനു വിരുദ്ധമല്ല. യഥാർത്ഥത്തിൽ മത്താ. 21:43 നു ഇങ്ങനെ ഒരു വ്യാഖ്യാനം ചെയ്യുന്നതു റോമ. 11-ാം അദ്ധ്യായത്തിനു സമാന്തരം ആകുന്നു. ജാതികൾ (സഭയിലെ ജാതികളും കൂടെ) അനുഗ്രഹത്തിന്റെ അവകാശികളായി, എന്നാൽ അതേ വേദഭാഗം യിസ്രായേൽ ഇനിയും ദൈവിക അനുഗ്രഹത്തിലേക്കു മടങ്ങുമെന്നും പൗലോസ് റോമർ 11-ൽ വാദിക്കുന്നു. മത്താ. 21:43-ൽ പറഞ്ഞിരിക്കുന്ന "ജാതികൾ" യിസ്രായേലിന്റെ ഭാവി തലമുറയോ സഭയോ ആയാലും അതു രണ്ടാമത്തെ വിഷയം മാത്രമാണ്. എന്നാൽ ക്രിസ്തുവിന്റെ കാലത്തെ നേതാക്കന്മാരിൽ നിന്നു രാജ്യം എടുത്തുമാറ്റിയതു താത്ക്കാലികമോ നിത്യമോ എന്നതാണ് മുഖ്യവിഷയം. ആയിരമാണ്ട് വാഴ്ചസിദ്ധാന്തം മത്തായി 21-ാം അദ്ധ്യായത്തിൽ നിന്നു മാത്രം ക്രമപ്പെടുത്തരുത്. എന്തെന്നാൽ, യിസ്രായേലിനെ അനുഗ്രഹങ്ങളുടെ പദവികളിൽ നിന്നു മാറ്റിയതു താത്ക്കാലികം മാത്രമാണ്, നിത്യമല്ല.

5. സഹസ്രാബ്ദനിഷേധവാദം ഒരു വിലയിരുത്തൽ

സഹസ്രാബ്ദപൂർവ്വവാഴ്ച തെറ്റാണെന്നു സ്ഥാപിക്കാൻ, സഹസ്രാബ്ദനിഷേധവാദികൾ നിരത്തുന്ന വാദങ്ങൾ പരസ്പരവിരുദ്ധമാണ്. ഈ വാദങ്ങൾ എല്ലാം ഒരുപോലെ സത്യമല്ലാത്തതുകൊണ്ട് പടിപടിയായുള്ള വാദത്തിനു ബലമില്ല. ഓരോന്നും അതിൽതന്നെ ബലഹീനമാണ്. ഏതെങ്കിലും ഒരു വേദഭാഗത്തിന് സഹസ്രാബ്ദവാഴ്ചയില്ലെന്നുള്ള വ്യാഖ്യാനം ആരെങ്കിലും സ്വീകരിച്ചാലും, യിസ്രായേലിന് ഒരു ഭാവി രാജ്യം ഇല്ലെന്ന് സ്ഥാപിക്കാനാവില്ല. ചില വേദഭാഗങ്ങൾ സഭയെ "യഥാർത്ഥ യിസ്രായേൽ" എന്നു വിളിച്ചാലും, ദൈവം യിസ്രായേലിനോടുള്ള തന്റെ ഉടമ്പടി റദ്ദാക്കിയെന്നർത്ഥമില്ല. എന്നാലും, സഭയ്ക്ക് ഉടമ്പടിയിൽ ഒരു പങ്കുകാണും.

ഈ അദ്ധ്യായത്തിലെ ആദ്യഭാഗങ്ങളിൽ, 'യിസ്രായേലിനുള്ള വാഗ്ദത്തങ്ങൾ' എന്ന ഭാഗം വീണ്ടും വായിക്കാമെങ്കിൽ നന്നായിരുന്നു. വാഗ്ദത്തം നിബന്ധനയില്ലാത്തതും നിത്യവുമാണെന്ന് ഒരു ഭാഷയിലും ഇതിനെക്കാൾ ശക്തമായി പറയുവാൻ സാദ്ധ്യമല്ല. യിസ്രായേലും സഭയുമായുള്ള വ്യത്യാസം ഒരിക്കൽക്കൂടെ വായിക്കുന്നതു നന്നായിരിക്കും (11 അദ്ധ്യായം നോക്കുക).

സഭയും യിസ്രായേലുമായുള്ള വ്യത്യാസം പുതിയനിയമത്തിലും ഉണ്ട് (1 കൊരി. 10:32). ഇത് മാത്രം യിസ്രായേലിനു ഒരു ഭാവി രാജ്യം ഉണ്ടെന്നു തെളിയിക്കുന്നില്ല. എന്നാൽ ദൈവം യിസ്രായേലിനെയും സഭയെയും രണ്ടായിക്കാണുന്നുവെന്നു മനസ്സിലാക്കണം. ദൈവിക പദ്ധതിയിൽ യിസ്രായേലിനു ഒരു ഭാവി രാജ്യം ഉണ്ടാകുവാനുള്ള സാദ്ധ്യത ഇത് ഉറപ്പിക്കുന്നു. യിസ്രായേലിനോടുള്ള ഉടമ്പടിയിലെ നിത്യസ്വഭാവം താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങളോടു ചേർന്ന് ഉറപ്പിക്കപ്പെടുന്നു. പഴയനിയമകാലത്ത് യിസ്രായേൽ പരാജയപ്പെട്ടു, പുതിയനിയമകാലത്ത് അവൾ തന്റെ രാജാവിനെ തള്ളിക്കളഞ്ഞു. എന്നിട്ടും ദൈവം മഹത്വകരമായ ഒരു ഭാവി യിസ്രായേലിനു വാഗ്ദാനം ചെയ്തു (വെളി. 1:6; 5:10; 20:4, 6 തുടങ്ങിയ വേദഭാഗങ്ങൾ ഭൂമിയിലെ ഭാവി രാജ്യം കാണിക്കുന്നു).

> "നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവനു യേശു എന്നു പേർ വിളിക്കേണം. അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; **കർത്താവായ ദൈവം തന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും; അവൻ യാക്കോബുഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു;** (ലൂക്കോ. 1:31-33).

യേശു അവരോടു പറഞ്ഞത്: എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും **പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും** എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മത്താ. 19:28). (മത്താ. 16:18-ൽ സഭയെപ്പറ്റിയുള്ള പ്രവചനം ശ്രദ്ധിക്കുക).

അതു കണ്ടിട്ടു പത്രൊസ് ജനങ്ങളോട് പറഞ്ഞത്: യിസ്രായേൽ പുരുഷന്മാരേ, ഇതിങ്കൽ ആശ്ചര്യപ്പെടുന്നത് എന്ത്? ഞങ്ങളുടെ സ്വന്തശക്തി കൊണ്ടോ ഭക്തികൊണ്ടോ ഇവനെ നടക്കുമാറാക്കി എന്നപോലെ ഞങ്ങളെ ഉറ്റുനോക്കുന്നതും എന്തു? അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ നമ്മുടെ പിതാക്കന്മാരുടെ ദൈവം തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി; അവനെ നിങ്ങൾ ഏല്പിച്ചുകൊടുക്കയും അവനെ വിട്ടയപ്പാൻ വിധിച്ച പീലാത്തോസിന്റെ മുമ്പിൽ വച്ചു തള്ളിപ്പറയുകയും ചെയ്തു. പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു, കൊലപാതകനായവനെ വിട്ടുതരേണം എന്നു ചോദിച്ചു, ജീവനായകനെ കൊന്നുകളഞ്ഞു. അവനെ ദൈവം മരിച്ചവരിൽ നിന്നു എഴുന്നേല്പിച്ചു; അതിനു ഞങ്ങൾ സാക്ഷികൾ ആകുന്നു... സഹോദരന്മാരേ, നിങ്ങളുടെ പ്രമാണികളെപ്പോലെ നിങ്ങളും അറിയായ്മകൊണ്ട് പ്രവർത്തിച്ചു എന്നു ഞാൻ അറിയുന്നു. ദൈവമോ, തന്റെ ക്രിസ്തു കഷ്ടം അനുഭവിക്കും എന്നു സകല പ്രവാചകന്മാരും മുഖാന്തരം മുന്നറിയിച്ചതു ഇങ്ങനെ നിവർത്തിച്ചു. ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ; **എന്നാൽ കർത്താവിന്റെ സന്മുഖത്തുനിന്നു ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്കു മുൻ നിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയയ്ക്കുകയും ചെയ്യും.** ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധപ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതു ഒക്കെയും യഥാസ്ഥാനത്താകുന്ന കാലം വരുവോളം സ്വർഗ്ഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു (അപ്പൊ. പ്രവൃ. 3:12-15; 17-21). (ക്രൂശീകരണത്തിനു ശേഷവും പത്രൊസ് യെഹൂദന്മാർക്കു രാജ്യം വാഗ്ദാനം ചെയ്യുന്നു).

എന്നാൽ ദൈവം സ്വജനത്തെ തള്ളിക്കളഞ്ഞുവോ എന്നു ഞാൻ ചോദിക്കുന്നു. ഒരു നാളും ഇല്ല; ഞാനും യിസ്രായേല്യനല്ലോ; അബ്രഹാമിന്റെ സന്തതിയിൽ ബെന്യാമിൻ ഗോത്രത്തിൽ ജനിച്ചവൻ തന്നെ.... സഹോദരന്മാരേ, നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങൾക്കു തന്നെ തോന്നാതിരിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു. ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം യിസ്രായേലിന്നു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു. **ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും.** "വിടുവിക്കുന്നവൻ സീയോനിൽ നിന്നു വരും; അവൻ യാക്കോബിൽ നിന്ന് അഭക്തിയെ മാറ്റും. ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം എന്നു എഴുതിയിരിക്കുന്നുവല്ലോ. സുവിശേഷം സംബന്ധിച്ചു അവർ നിങ്ങൾ നിമിത്തം ശത്രുക്കൾ; തിരഞ്ഞെടുപ്പു സംബന്ധിച്ചോ പിതാക്കന്മാർ നിമിത്തം പ്രിയന്മാർ. **ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയുംകുറിച്ച് അനുതപിക്കുന്നില്ലല്ലോ** (റോമ. 11:1, 25-29).

മുദ്രയേറ്റവരുടെ എണ്ണവും ഞാൻ കേട്ടു; യിസ്രായേൽ മക്കളുടെ സകല ഗോത്രത്തിലും മുദ്രയേറ്റവർ നൂറ്റിനാല്പത്തിനാലായിരം പേർ (വെളി. 7:4).

അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നൊരു വന്മലയിൽ കൊണ്ടുപോയി, യെരുശലേമെന്ന വിശുദ്ധ നഗരം സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽ നിന്നു തന്നെ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചുതന്നു. അതിനു പൊക്കമുള്ള വൻമതിലും പന്ത്രണ്ടു ഗോപുരവും ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ട്; **യിസ്രായേൽ മക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളുടെയും** പേർ കൊത്തീട്ടും ഉണ്ട് (വെളി. 21:10, 12).

സഹസ്രാബ്ദപൂർവ്വവാദം പ്രശ്നസാദ്ധ്യതയില്ലാത്ത വചനാനുസരണമായ ഉപദേശമാണ്. ദൈവരാജ്യമെന്ന ആശയത്തിന്റെ തെളിവുകളിൽ നിന്നു ദൈവരാജ്യസ്വഭാവത്തെക്കുറിച്ച് ബൈബിൾ എന്തു പഠിപ്പിക്കുന്നു എന്നു നോക്കാം. ദൈവരാജ്യസ്വഭാവത്തെക്കുറിച്ചുള്ള വേദഭാഗങ്ങൾ, ദൈവരാജ്യം ഉണ്ടെന്നുള്ളതിനു തെളിവാണ്.

F. സഹസ്രാബ്ദവാഴ്ചയുടെ സ്വഭാവം

യിസ്രായേലിനോടുള്ള ഉടമ്പടി പാലിക്കുന്നതിനു ദൈവം ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കും. ദൈവത്തിന്റെ അധികാരം മനുഷ്യർ അംഗീകരിക്കുന്നതുമൂലം ലഭിക്കുന്ന അനുഗ്രഹം ഈ രാജ്യത്തിൽ വെളിപ്പെടും.

1. രാജ്യത്തിന്റെ കാലാവധി

ഭൂമിയിൽ ദൈവരാജ്യത്തിന്റെ കാലാവധി ആയിരമാണ്ട് ആണെന്നു ചില വേദഭാഗങ്ങൾ പറയുന്നു. വെളി. 20: 1-

7 വരെയുള്ള വാക്യങ്ങളിൽ ആറു പ്രാവശ്യം ആയിരമാണ്ടിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. *മില്ലേനിയം* എന്ന പദം ലത്തീൻ ഭാഷയിൽ നിന്നു ലഭിച്ചതാണ്. ആയിരം വർഷം എന്നതാണ് അതിന്റെ അർത്ഥം.

വെളിപ്പാട് 20-ാം അദ്ധ്യായത്തിൽ ആയിരമാണ്ട് വാഴ്ചയെക്കുറിച്ച് പറയുന്നെങ്കിലും, അനേകം വേദഭാഗങ്ങൾ ഭൂമിയിൽ മശിഹായുടെ നിത്യമായ രാജ്യത്തെക്കുറിച്ച് പറയുന്നുണ്ട് (ഉടമ്പടിയുടെ നിത്യമായസ്വഭാവത്തെക്കുറിച്ച് പറയുന്ന വേദഭാഗങ്ങൾ കാണുക 2 ശമൂ. 7:13; 28 29; 1 ദിന. 17:12, 14, 23; സങ്കീ. 72:5, 17; 89:3-4, 34-37; യെശ. 9:6-7; 55:3; 56:5; 60:19-21; 61:8; യിരെ. 32:40; 33: 14-17; 20-21; യെഹെ. 16:60; 43:7-9; ദാനി. 9:24; ഹോശേ. 2:19; ആമോ. 9:15; ലൂക്കോ. 1:30-33).

> ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു. അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ **ആയിരം ആണ്ടു** വാഴും (വെളി. 20:6).
>
> "നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ **എന്നേക്കും** സ്ഥിരമായിരിക്കും; നിന്റെ സിംഹാസനവും **എന്നേക്കും** ഉറെച്ചിരിക്കും (2 ശമു. 7:16).
>
> "രാത്രിദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു. അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവൻ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി. സകലവംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിനു അവനു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; **അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും** അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു.... എന്നാൽ അത്യുന്നതനായവന്റെ വിശുദ്ധന്മാർ രാജത്വം പ്രാപിച്ചു **എന്നേക്കും സദാകാലത്തേക്കും** രാജത്വം അനുഭവിക്കും.... പിന്നെ രാജത്വവും ആധിപത്യവും ആകാശത്തിൻ കീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിനു ലഭിക്കും; അവന്റെ രാജത്വം **നിത്യരാജത്വം** ആകുന്നു; സകല ആധിപത്യങ്ങളും അവനെ സേവിച്ചനുസരിക്കും" (ദാനീ. 7:13-14, 18, 27).
>
> യെഹൂദയ്ക്കോ **സദാകാലത്തേക്കും** യെരൂശലേമിനു തലമുറതലമുറയോളവും നിവാസികളുണ്ടാകും (യോവേ. 3:20).
>
> ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: ലോക രാജ്യത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; **അവൻ എന്നെന്നേക്കും വാഴും** എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി (വെളി. 11:15).

ദൈവരാജ്യം ആയിരം ആണ്ട് എന്നു പറയുന്നതും നിത്യമാണെന്നു പറയുന്നതും ഒരേ സമയം എങ്ങനെ സാധ്യമാകും? ഇവിടെ വൈരുദ്ധ്യം പാടില്ല. ക്രിസ്തുവിന്റെ ആയിരം ആണ്ട് വാഴ്ചയുടെ അവസാനം അപ്രകാരമുള്ള നാടകീയ മാറ്റങ്ങൾ സംഭവിക്കാം. ഒരു വിധത്തിൽ രാജ്യത്തിന്റെ അവസാനമാണെന്നു പറയാം, എന്നിരുന്നാലും ക്രിസ്തുവിന്റെ ഈ ഭൂമിയിലുള്ള വാഴ്ച നിത്യമായി തുടരും. യഥാർത്ഥത്തിൽ രാജ്യം നിത്യമാണ്. എങ്കിലും ആയിരം ആണ്ടിനുശേഷം പുതിയതും വ്യത്യസ്തവുമായ സ്ഥിതി വരും. ക്രിസ്തുവിന്റെ രാജ്യം 1000 ആണ്ടിനുശേഷം അവസാനിക്കുമെന്നും പിന്നെ നിത്യമായി തുടരുമെന്നും പറയുന്നതിന്റെ കാരണം, 1000 ആണ്ടു വാഴ്ചയോടുകൂടെ ഭൂമി പാപമില്ലാതെ, ദൈവത്തിനു പുന സമർപ്പണം ചെയ്യുകയും ദൈവത്തിന്റെ സാർവ്വദേശീയ രാജ്യത്തിൽ ലയിക്കുകയും ചെയ്യുമെന്നതാണ്.

യെരുശലേം തലസ്ഥാനമായി ക്രിസ്തു 1000 വർഷം ഈ ലോകത്തു ഭരിക്കും. ഈ കാലത്തു എല്ലായിടത്തും നീതിയും അനുഗ്രഹവും ഉണ്ടാകും. പാപം അപ്പോഴും ഉണ്ടായിരിക്കും. 1000മാണ്ട് വാഴ്ചസമയത്തു ജനിക്കുന്ന ചിലർ ക്രിസ്തുവിൽ വിശ്വസിക്കുന്നില്ല. ശാപത്തിന്റെ ശക്തി കുറഞ്ഞിരുന്നാലും, ഫലത്തിൽ അതു കാണും. 1000 ആണ്ടിന്റെ അവസാനം പഴയ ആകാശവും പഴയ ഭൂമിയും മാറിപ്പോകും. ഒന്നുകിൽ പഴയ ഭൂമിയെ പുതുക്കി ഏദന്റെ അവസ്ഥയിൽ പുനഃസ്ഥാപിക്കും. അല്ലെങ്കിൽ ദൈവം പൂർണ്ണമായും ഒരു പുതിയ ഭൂമി സൃഷ്ടിച്ച് രാജ്യം അവിടേക്കു മാറ്റും. ദാവീദിന്റെ മകനായ ക്രിസ്തുവിന്റെ സിംഹാസനം എന്നേക്കും നിലനില്ക്കും. എന്നാൽ 1000 വർഷത്തെ ഭരണത്തിന്റെ അവസാനം വലിയ മാറ്റങ്ങൾ ഉണ്ടാകും. ഒരർത്ഥത്തിൽ 1000 വർഷത്തിനുശേഷം രാജ്യത്തിനു അവസാനം ഉണ്ടാകും, മറ്റൊരർത്ഥത്തിൽ രാജ്യം എന്നേക്കും നില്ക്കും.

1000 വർഷത്തിന്റെ അവസാനം ഭൂസംബന്ധമായ രാജ്യം നിത്യരാജ്യത്തിൽലയിക്കും(1 കൊരി. 15: 24- 28). ഭൂമി മറുതലിക്കുന്ന ഒരു രാജ്യമാണെന്നു ചിന്തിക്കുന്നതു നന്നായിരിക്കും. രണ്ടാമത്തെ വരവിങ്കൽ ക്രിസ്തു ഇതിനെ കീഴടക്കി 1000 വർഷത്തേക്ക് അവന്റെ അധികാരത്തിലാക്കും. ക്രിസ്തു തന്റെ ഭരണം ഈ ഭൂമിയിൽ സ്ഥാപിച്ചു കഴിയുമ്പോൾ, ലോകം ദൈവത്തോടു വിധേയത്വം കാണിക്കും; അങ്ങനെ ഈ മറുതലിക്കുന്ന രാജ്യം ദൈവത്തിന്റെ സാർവ്വദേശീയരാജ്യത്തിൽ ലയിക്കും "പുതുക്കിപ്പണിയലിന്റെ" സമയമായാണ് 1000 വർഷം

ഭരണം അവസാനിക്കുന്നത്. അതിനുശേഷം ക്രിസ്തുവിന്റെ ഭരണത്തിന് അവസാനമില്ല. എന്നിരുന്നാലും, 1000 വർഷങ്ങൾക്കുശേഷം ഭൂമിക്കു വലിയ മാറ്റങ്ങൾ സംഭവിക്കും. പാപം പൂർണ്ണമായും നിത്യമായും മാറ്റപ്പെടും. ഭൂമി വേറൊരു രാജ്യമായിട്ട്, വ്യത്യസ്തമായ അസ്തിത്വമുള്ളതായ കാഴ്ചപ്പാടിനു മാറ്റം വരും. വലിയ കമ്പനികളുടെ ലയനം ഇതിനൊരു ഉദാഹരണമാണ്. പഴയ ഭരണം തുടരും, എന്നാൽ ലയനത്താൽ ഒരു രൂപാന്തരം സംഭവിക്കുന്നു. അതുകൊണ്ട് അവസാനിച്ചു എന്നും പറയാം. 1904-ൽ ബില്ലി ഡുറാന്റ് ബ്യൂക്ക് കോർപ്പറേഷൻ വാങ്ങിച്ചു. 1907 ൽ ഈ കമ്പനി ജനറൽ മോട്ടോഴ്സിൽ ലയിച്ചു. ജനറൽ മോട്ടോഴ്സിൽ ലയിച്ചതുകൊണ്ട് ബ്യൂക്ക് കോർപ്പറേഷൻ ഇല്ലാതെ വരുമോ? ഒരർത്ഥത്തിൽ ഇല്ലാതായി, എന്നാൽ മറ്റൊരർത്ഥത്തിൽ നിലനില്ക്കുന്നുണ്ട്. വെയിൽസ് യു. കെയിൽ ചേർന്നതുകൊണ്ടും റ്റെക്സസ് യു. എസിൽ ചേർന്നതുകൊണ്ടും ഇല്ലാതാകുമോ?

2. സഹസ്രാബ്ദ പൊതുവായ സ്ഥിതി

a. മെച്ചപ്പെട്ട ആരോഗ്യസ്ഥിതി

ചില രോഗങ്ങളും ചില മരണങ്ങളും 1000 ആണ്ട് ഭരണത്തിൽ സംഭവിക്കും. പാപത്തിന്റെ ശാപം വളര കുറഞ്ഞിരിക്കും. [68] നിത്യരാജ്യത്തിൽ രോഗം പൂർണ്ണമായും തുടച്ചുമാറ്റപ്പെടും (വെളി. 21:4). വരാൻ പോകുന്ന രാജ്യത്തിൽ 100 വയസ്സുള്ളവരുടെ മരണം ആയുസ്സു തികയാത്ത മരണമായി കണക്കാക്കും എന്നു യെശയ്യാവു പറയുന്നു (യെശ. 65:20). ക്രിസ്തുവിന്റെ ആദ്യ വരവിങ്കൽ രാജത്വം അംഗീകരിച്ചവരുടെ രോഗം വളരെ കുറച്ചിരുന്നു. അവൻ എല്ലാവരെയും സൗഖ്യമാക്കിയില്ലെങ്കിലും അവനെ രാജാവായി അംഗീകരിച്ചിരുന്നെങ്കിൽ അവൻ കൂടുതൽ ആളുകൾക്കു രോഗത്തിൽ നിന്നു സ്വാതന്ത്ര്യം കൊടുക്കുമായിരുന്നു എന്നു ഊഹിക്കാം. അവൻ രാജാവായി വാഴുമ്പോൾ ആയുസ്സു വളരെ അധികം വർദ്ധിക്കുകയും, രോഗത്താലുള്ള കഷ്ടതകൾ വളരെ അധികം കുറയുകയും ചെയ്യും. "വരുത്തിവയ്ക്കുന്ന രോഗങ്ങൾ" മാത്രമേ ആയിരമാണ്ടുവാഴ്ചയിൽ കാണുകയുള്ളൂ എന്നു ചില വേദപണ്ഡിതന്മാർ വിശ്വസിക്കുന്നു. മനഃപൂർവ്വമായുള്ള പാപത്തിന്റെ ഫലമായുള്ള രോഗമെന്നാകാം ഇതിനർത്ഥം (യിരെ. 31:30).

> അന്നാളിൽ **ചെകിടന്മാർ** പുസ്തകത്തിലെ വചനങ്ങളെ **കേൾക്കുകയും കുരുടന്മാരുടെ കണ്ണുകൾ** ഇരുളും അന്ധകാരവും നീങ്ങി **കാണുകയും** ചെയ്യും (യെശ. 29:18).
>
> **എനിക്കു ദീനം എന്നു ഒരു നിവാസിയും പറകയില്ല** ....(യെശ. 33:24).
>
> അന്നു **കുരുടന്മാരുടെ കണ്ണു തുറന്നുവരും; ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുകയുമില്ല. അന്നു മുടന്തൻ മാനിനെപ്പോലെ ചാടും; ഊമന്റെ നാവും ഉല്ലസിച്ചുഘോഷിക്കും;** മരുഭൂമിയിൽ വെള്ളവും നിർജ്ജനപ്രദേശത്തു തോടുകളും പൊട്ടിപ്പുറപ്പെടും (യെശ. 35:5-6).
>
> കുറെ ദിവസം മാത്രം ജീവിക്കുന്ന കുട്ടിയും ആയുസ്സു തികയാത്ത വൃദ്ധനും അവിടെ ഇനി ഉണ്ടാകയില്ല; ബാലൻ നൂറു വയസ്സു പ്രായമുള്ളവനായി മരിക്കും; **പാപിയോ നൂറു വയസ്സുള്ളവനായിരുന്നാലും ശപിക്കപ്പെട്ടവൻ എന്നേവരൂ"** (യെശ. 65:20).
>
> ... ഞാൻ നിന്റെ മുറിവുകളെ പൊറുപ്പിച്ചു **നിനക്ക് ആരോഗ്യം വരുത്തും** എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 30:17). ഇത് ആത്മിക സൗഖ്യം ആയിരിക്കാം.
>
> "കാണാതെ പോയതിനെ ഞാൻ അന്വേഷിക്കുകയും ഓടിച്ചുകളഞ്ഞതിനെ തിരിച്ചുവരുത്തുകയും **ഒടിഞ്ഞതിനെ മുറിവുകെട്ടുകയും ദീനം പിടിച്ചതിനെ ശക്തീകരിക്കുകയും ചെയ്യും....** (യെഹെ. 34:16).
>
> എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ **നീതിസൂര്യൻ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും;** നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാങ്ങളെപ്പോലെ തുള്ളിച്ചാടും (മലാ. 4:2).

b. വർദ്ധിച്ച പ്രത്യുല്പാദനം

മഹത്വീകരിക്കപ്പെട്ടവരും അല്ലാത്തവരും ആയിരമാണ്ടു വാഴ്ചയിൽ കാണും. ആരംഭത്തിൽ മഹത്വീകരിക്കപ്പെട്ട വിശുദ്ധന്മാർ (പഴയനിയമ വിശുദ്ധന്മാർ, സഭാ വിശുദ്ധൻ, രക്തസാക്ഷികളായ പീഡനകാലവിശുദ്ധർ) സാധാരണ ശരീരമുള്ള വിശ്വാസികളായ പീഡനകാലശേഷിപ്പുകാരെക്കാൾ അധികം ആയിരിക്കും. ആയിരമാണ്ടുവാഴ്ചയിൽ മഹത്വീകരിക്കപ്പെട്ട വിശുദ്ധന്മാരുടെ സംഖ്യ സ്ഥിരമായിരിക്കും (ലൂക്കോ. 20: 35), മഹത്വീകരിക്കപ്പെടാത്ത ആളുകളുടെ സംഖ്യ വളരെ വർദ്ധിക്കും. പീഡനകാലത്തിലെ നാശത്തിനുശേഷം ഭൂമി നിറയണമെന്നു ക്രിസ്തു ആഗ്രഹിക്കുന്നു. മരണം വളരെ കുറവായിരിക്കും. നല്ല ആരോഗ്യസ്ഥിതി ഉള്ളതുകൊണ്ട് പ്രസവമരണം വളരെ കുറവായിരിക്കും, സ്ത്രീകൾക്ക് നൂറ്റാണ്ടു

[68] ഉദ്പ്രാപണത്തിൽ സഭാവിശുദ്ധന്മാർ മഹത്വീകരിക്കപ്പെടുന്നതുകൊണ്ട് മരണത്തിനോ പാപത്തിനോ അവരുടെമേൽ അധികാരമില്ല. എന്നിരുന്നാലും പീഡനകാലത്തെ അതിജീവിക്കുന്ന വിശ്വാസികൾ ആയിരമാണ്ടുവാഴ്ചയിൽ കാണും. അവരുടെ മക്കളും നല്ല ആരോഗ്യമുള്ളവരായിരിക്കും. എന്നാലും, രോഗവും മരണവും അനുഭവിക്കും.

കളോളം മക്കളെ പ്രസവിക്കാൻ സാധിക്കും. ആയിരമാണ്ടുവാഴ്ചയുടെ ആരംഭത്തിൽ, മഹത്വീകരിക്കപ്പെട്ടവർ സാധാരണ പ്രജകളെക്കാൾ കൂടുതൽ ആയിരിക്കും. എന്നാൽ കാലക്രമേണ, മഹത്വീകരിക്കപ്പെട്ട വിശുദ്ധന്മാർ ഒരു വലിയ ജനസമൂഹത്തെ ഭരിക്കും.

> ''**നിന്റെ ദൈവമായ യഹോവ** നിന്റെ കൈകളുടെ സകല പ്രവൃത്തിയിലും **നിന്റെ ഗർഭഫലത്തിലും** മൃഗഫലത്തിലും കൃഷിഫലത്തിലും **നിനക്കു നന്മയ്ക്കായി അഭിവൃദ്ധി നല്കുകയും ചെയ്യും.** (ആവ. 30:9).
>
> **ഞാൻ അവരെ വർദ്ധിപ്പിക്കും;** അവർ കുറഞ്ഞു പോകയില്ല; ഞാൻ അവരെ മഹത്വീകരിക്കും; അവർ എളിമപ്പെടുകയുമില്ല. അവരുടെ മക്കളും പണ്ടെത്തെപ്പോലെയാകും; അവരുടെ സഭ എന്റെ മുമ്പാകെ നിലനില്ക്കും(യിരെ. 30:19-20).
>
> **ഞാൻ യിസ്രായേൽഗൃഹത്തിലും** യെഹൂദാഗൃഹത്തിലും **മനുഷ്യരുടെയും** മൃഗങ്ങളുടെയും **വിത്തു വിതെക്കുന്ന കാലം വരും** എന്നു യഹോവയുടെ അരുളപ്പാട് (യിരെ. 31:27).
>
> കുറെ ദിവസം മാത്രം ജീവിക്കുന്ന കുട്ടിയും..... അവിടെ ഇനി ഉണ്ടാകയില്ല.... (യെശ. 65:20).
>
> **ഞാൻ നിങ്ങളിൽ മനുഷ്യരെ,** യിസ്രായേൽ ഗൃഹം മുഴുവനെയും തന്നെ, **വർദ്ധിപ്പിക്കും;** പട്ടണങ്ങളിൽ നിവാസികൾ ഉണ്ടാകും; ശൂന്യപ്രദേശങ്ങളെയും പണിയും. **ഞാൻ നിങ്ങളിൽ മനുഷ്യരെയും മൃഗങ്ങളെയും വർദ്ധിപ്പിക്കും; അവർ പെരുകി സന്താനപുഷ്ടിയുള്ളവരാകും;** ഞാൻ നിങ്ങളിൽ പണ്ടെത്തെപ്പോലെ ആളെ പാർപ്പിക്കും; നിങ്ങളുടെ ആദ്യകാലത്തുണ്ടായിരുന്നതിനെക്കാൾ അധികം നന്മ ഞാൻ നിങ്ങൾക്കു ചെയ്യും; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും" (യെഹെ. 36:10-11).

c. അദ്ധ്വാനവും ഉല്പാദനക്ഷമതയും

ആയിരമാണ്ട് അവധിക്കാലമായിരിക്കയില്ല. എന്നാൽ "തേനീച്ചകളെ"പ്പോലെ അധ്വാനിക്കുന്ന സമയമായിരിക്കും. ക്രിസ്തുവിന്റെ ഭരണത്തിൽ, അനുസരണത്തിന്റെ അനുഗ്രഹങ്ങൾ എന്താണെന്നു അവൻ കാണിച്ചുതരും.

ഫലഭുഷ്ഠമല്ലാതിരുന്ന സ്ഥലങ്ങളിൽ ആവശ്യത്തിനു മഴ ലഭിക്കും. നല്ല വിള ലഭിക്കുന്നതിനായി സൂര്യനെപ്പോലും നന്നാക്കുവാൻ സാദ്ധ്യതയുണ്ട്.

> നീ നിലത്തു വിതെയ്ക്കുന്ന **വിത്തിനു മഴയും** നിലത്തിലെ വിളയായ അപ്പവും **അവൻ നിനക്കു തരും;** അതു പുഷ്ടിയും സമൃദ്ധിയും ഉള്ളതായിരിക്കും; അന്നു നിന്റെ കന്നുകാലികൾ വിസ്താരമായ മേച്ചിൽപ്പുറങ്ങളിൽ മേയും. നിലം ഉഴുന്ന കാളകളും കഴുതകളും മുറംകൊണ്ടും പല്ലികൊണ്ടും വീശി വെടിപ്പാക്കിയതും ഉപ്പു ചേർത്തതുമായ തീൻ തിന്നും. മഹാസംഹാരദിവസത്തിൽ ഗോപുരങ്ങൾ വീഴുമ്പോൾ, ഉയരമുള്ള എല്ലാമലയിലും പൊക്കമുള്ള എല്ലാകുന്നിന്മേലും തോടുകളും നീരൊഴുക്കുകളും ഉണ്ടാകും. യഹോവ തന്റെ ജനത്തിന്റെ മുറിവു കെട്ടുകയും അവരുടെ അടിപ്പിണർ പൊറുപ്പിക്കയും ചെയ്യുന്ന നാളിൽ **ചന്ദ്രന്റെ പ്രകാശം സൂര്യന്റെ പ്രകാശം പോലെയാകും;** സൂര്യന്റെ പ്രകാശം ഏഴു പകലിന്റെ **പ്രകാശം** പോലെ ഏഴിരട്ടിയായിരിക്കും (യെശ. 30:23-26).
>
> **മരുഭൂമിയിൽ വെള്ളവും നിർജ്ജനപ്രദേശത്തു തോടുകളും പൊട്ടിപ്പുറപ്പെടും** മരീചിക ഒരു പൊയ്കയായും വരണ്ടനിലം നീരുറവുകളായും തീരും; കുറുക്കന്മാരുടെ പാർപ്പിടത്തിൽ, അവ കിടന്ന സ്ഥലത്തു തന്നെ, പുല്ലും ഓടയും ഞാങ്ങണയും വളരും (യെശ. 35:6-7).
>
> ഞാൻ അവയെയും എന്റെ കുന്നിനു ചുറ്റുമുള്ള സ്ഥലങ്ങളെയും ഒരു അനുഗ്രഹമാക്കിവെക്കും; ഞാൻ തക്കസമയത്തു **മഴ പെയ്യിക്കും;** അതു **അനുഗ്രഹമായ** മഴ ആയിരിക്കും." (യെഹെ. 34:26).
>
> സീയോൻ മക്കളേ, ഘോഷിച്ചുല്ലസിച്ചു നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിപ്പിൻ! **അവൻ** തക്ക അളവായി നിങ്ങൾക്കു **മുൻമഴ തരുന്നു; അവൻ** മുമ്പെപ്പോലെ നിങ്ങൾക്കു മുൻമഴയും പിൻമഴയുമായ **വർഷം പെയ്യിച്ചു തരുന്നു** (യോവേ. 2:23).

കാലാവസ്ഥയിൽ മാറ്റം വരുത്തി, ദൈവകൃപ പകർന്ന് ഇതുവരെയും ലഭിക്കാത്ത കൊയ്ത്തു ലഭിക്കും; ക്ഷാമവും വിശപ്പും മനുഷ്യരാശി മറന്നുപോകും.

> മനോഹരമായ വയലുകളെയും ഫലപുഷ്ടിയുള്ള മുന്തിരിവള്ളിയെയും ഓർത്തു അവർ മാറത്ത് അടിക്കും. എന്റെ ജനത്തിന്റെ ദേശത്തു ഉല്ലസിത നഗരത്തിലെ സകല സന്തോഷഭവനങ്ങളിലും മുള്ളും പറക്കാരയും മുളെക്കും. അരമന ഉപേക്ഷിക്കപ്പെടും; ജനപുഷ്ടിയുള്ള നഗരം നിർജ്ജനമായിത്തീരും; കുന്നും കാവൽമാളികയും സദാകാലത്തേക്കും ഗുഹകളായി ഭവിക്കും; അവ കാട്ടു കഴുതകളുടെ സന്തോഷസ്ഥാനവും ആട്ടിൻകൂട്ടങ്ങളുടെ മേച്ചിൽപ്പുറങ്ങളും ആയിരിക്കും. ഉയരത്തിൽ നിന്നു ആത്മാവിനെ നമ്മുടെമേൽ പകരുവോളം തന്നെ; അപ്പോൾ **മരുഭൂമി ഉദ്യാനമായി**

ത്തീരും; ഉദ്യാനം വനമായി എണ്ണപ്പെടും (യെശ. 32:12-15).

മരുഭൂമിയും വരണ്ടനിലവും ആനന്ദിക്കും; **നിർജ്ജനപ്രദേശം ഉല്ലസിച്ചു പനിനീർപുഷ്പം പോലെ പൂക്കും.** അതു മനോഹരമായി പൂത്തു..... (യെശ. 35:1-2).

അവർ വന്നു സീയോൻ മുകളിൽ കയറി ഘോഷിച്ചുല്ലസിക്കും; ധാന്യം, വീഞ്ഞു, എണ്ണ, കുഞ്ഞാടുകൾ, കാളക്കുട്ടികൾ എന്നിങ്ങനെയുള്ള **യഹോവയുടെ നന്മയിലേക്കു** ഓടിവരും; അവരുടെ **പ്രാണൻ നനഞ്ഞിരിക്കുന്ന തോട്ടം പോലെയാകും;** അവർ ഇനി ക്ഷീണിച്ചു പോകയുമില്ല (യിരെ. 31:12).

വയലിലെ വൃക്ഷം ഫലം കായ്ക്കയും **നിലം നന്നായി വിളകയും** അവർ തങ്ങളുടെ ദേശത്തു നിർഭയമായി വസിക്കയും ഞാൻ അവരുടെ നുകക്കഴികളെ പൊട്ടിച്ചു, അവരെക്കൊണ്ടു പണി എടുപ്പിച്ചവരുടെ കയ്യിൽ നിന്നു അവരെ വിടുവിക്കുകയും ചെയ്യുമ്പോൾ ഞാൻ യഹോവ എന്നു അവർ അറിയും (യെഹെ. 34:27).

നിങ്ങളോ, **യിസ്രായേൽ പർവ്വതങ്ങളേ, എന്റെ ജനമായ യിസ്രായേൽ വരുവാൻ അടുത്തിരിക്കകൊണ്ടു കൊമ്പുകളെ നീട്ടി അവർക്കു വേണ്ടി ഫലം കായ്പിൻ**. ഞാൻ നിങ്ങൾക്കു അനുകൂലമായിരിക്കുന്നു; ഞാൻ നിങ്ങളുടെ അടുക്കലേക്കു തിരിയും; നിങ്ങളിൽ കൃഷിയും വിതെയും നടക്കും. ഞാൻ നിങ്ങളിൽ മനുഷ്യരെ, യിസ്രായേൽഗൃഹം മുഴുവനെയും തന്നെ, വർദ്ധിപ്പിക്കും; പട്ടണങ്ങളിൽ നിവാസികൾ ഉണ്ടാകും; ശൂന്യപ്രദേശങ്ങളെയും പണിയും. **ഞാൻ നിങ്ങളിൽ മനുഷ്യരെയും മൃഗങ്ങളെയും വർദ്ധിപ്പിക്കും.** അവർ പെരുകി സന്താനപുഷ്ടിയുള്ളവരാകും; ഞാൻ നിങ്ങളിൽ പണ്ടത്തെപ്പോലെ ആളെ പാർപ്പിക്കും; നിങ്ങളുടെ ആദികാലത്തുണ്ടായിരുന്നതിനെക്കാൾ അധികം നന്മ ഞാൻ നിങ്ങൾക്കു ചെയ്യും; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും (യെഹെ. 36:8-11).

ഞാൻ നിങ്ങളുടെ സകല മലിനതകളും നീക്കി നിങ്ങളെ രക്ഷിക്കും; ഞാൻ നിങ്ങളുടെമേൽ ക്ഷാമം വരുത്താതെ **ധാന്യം വിളിച്ചുവരുത്തി വർദ്ധിപ്പിക്കും;** നിങ്ങൾ ഇനിമേൽ ജാതികളുടെ ഇടയിൽ ക്ഷാമത്തിന്റെ നിന്ദ അനുഭവിക്കേണ്ടതിനു **ഞാൻ വൃക്ഷങ്ങളുടെ ഫലവും നിലത്തിന്റെ വിളവും വർദ്ധിപ്പിക്കും...** (യെഹെ. 36: 29-30).

"ദേശമേ ഭയപ്പെടേണ്ട; ഘോഷിച്ചുല്ലസിച്ചു സന്തോഷിക്ക; യഹോവ വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു. വയലിലെ മൃഗങ്ങളെ, ഭയപ്പെടേണ്ടാ; മരുഭൂമിയിലെ പുല്പ്പുറങ്ങൾ പച്ചവെക്കുന്നു വൃക്ഷം ഫലംകായ്ക്കുന്നു. അത്തിവൃക്ഷവും മുന്തിരിവള്ളിയും അനുഭവപുഷ്ടി നല്കുന്നു. സീയോൻമക്കളേ, ഘോഷിച്ചുല്ലസിച്ചു നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിപ്പിൻ! അവൻ തക്ക അളവായി നിങ്ങൾക്കു മുൻമഴ തരുന്നു; അവൻ മുമ്പേപ്പോലെ നിങ്ങൾക്കു മുൻമഴയും പിൻമഴയുമായ വർഷം പെയ്യിച്ചു തരുന്നു. അങ്ങനെ **കളപ്പുരകൾ ധാന്യം കൊണ്ടു നിറയും; ചക്കുകൾ വീഞ്ഞും എണ്ണയും കൊണ്ടു കവിയും;** ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നല്കും. **നിങ്ങൾ വേണ്ടുവോളം തിന്നു തൃപ്തരായി,** നിങ്ങളോടു അത്ഭുതമായി പ്രവർത്തിച്ചിരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ സ്തുതിക്കും; എന്റെ ജനം ഒരു നാളും ലജ്ജിച്ചുപോകയുമില്ല. ഞാൻ യിസ്രായേലിന്റെ നടുവിൽ ഉണ്ട്; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ, മറ്റൊരുത്തനുമില്ല എന്നു നിങ്ങൾ അറിയും; എന്റെ ജനം ഒരുനാളും ലജ്ജിച്ചുപോകയുമില്ല" (യോവേ. 2:21-27).

അന്നാളിൽ പർവ്വതങ്ങൾ പുതുവീഞ്ഞു പൊഴിക്കും; കുന്നുകൾ പാൽ ഒഴുക്കും; യഹൂദയിലെ എല്ലാ തോടുകളും വെള്ളം ഒഴുക്കും; യഹോവയുടെ ആലയത്തിൽ നിന്നു ഒരു ഉറവു പുറപ്പെട്ടു ശിത്തീം താഴ്വരയെ നനെക്കും. (യോവേ. 3:18)

"ഉഴുന്നവൻ കൊയ്യുന്നവനെയും മുന്തിരിപ്പഴം ചവിട്ടുന്നവൻ വിതെക്കുന്നവനെയും തുടർന്നെത്തുകയും പർവ്വതങ്ങൾ പുതുവീഞ്ഞു പൊഴിക്കയും എല്ലാ കുന്നുകളും ഉരുകിപ്പോകയും ചെയ്യുന്ന നാളുകൾ വരും എന്നു യഹോവയുടെ അരുളപ്പാട്: അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കിവരുത്തും" (ആമോ. 9:13-14).

"ഇപ്പോഴോ ഞാൻ ഈ ജനത്തിന്റെ ശേഷിപ്പുള്ളവരോടു മുമ്പിലത്തെ കാലത്തു എന്നപോലെയല്ല എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്; വിത സമാധാനത്തോടെ ആയിരിക്കും; മുന്തിരിവള്ളി ഫലംകായ്ക്കും; **ഭൂമി അനുഭവം നല്കും;** ആകാശം മഞ്ഞു പെയ്യിക്കും; ഈ ജനത്തിന്റെ ശേഷിപ്പുള്ളവർക്കു ഞാൻ ഇവയൊക്കെയും അവകാശമായി കൊടുക്കും(സെഖ. 8:11-12).

> അതിനു എത്ര ശ്രീത്വവും അതിനു എത്ര സൗന്ദര്യവും ഉണ്ട്; ധാന്യം യുവാക്കളെയും വീഞ്ഞു യുവതികളെയും പുഷ്ടീകരിക്കുന്നു (സെഖ. 9:17).

ആയിരമാണ്ടുവാഴ്ച ശാപമില്ലാത്ത സ്വർഗ്ഗത്തിനു തുല്യം ആയിരിക്കയില്ല. ഇത് പുനഃസ്ഥാപിക്കപ്പെട്ട ഏദെൻതോട്ടവും അല്ല; പാപവും മരണവും ഉള്ള അനുഭവം ആയിരിക്കും. ആയിരമാണ്ടിന്റെ അവസാനം അനേകം കുട്ടികൾ ക്രിസ്തുവിൽ വിശ്വസിക്കാതെ അവസാനത്തെ മറുതലിപ്പ് കാണിക്കും (വെളി. 20:7–10). ശാപം വളരെ മങ്ങിയതാണെങ്കിലും പൂർണ്ണമായി നീക്കപ്പെടുന്നില്ല. മനുഷ്യൻ ജീവിക്കുവാൻ വേണ്ടി അദ്ധ്വാനിക്കേണ്ടതുണ്ട്. ഇപ്പോൾ മനുഷ്യർ സമയവും ഊർജ്ജവും കൊടുത്തിരിക്കുന്ന പല കാര്യങ്ങളും ആയിരമാണ്ടുവാഴ്ചയിലും തുടരും. ലിയോൺ വുഡിന്റെ ഭാഷയിൽ ആയിരമാണ്ടുവാഴ്ച ഇങ്ങനെയാണ്.

> "സമൂഹത്തിലെ അടിസ്ഥാനഘടകങ്ങളും സ്ഥാപനങ്ങളും ഏകദേശം ഇതുപോലെ തന്നെ തുടരും. വ്യക്തിത്വ പ്രദർശനങ്ങളും ജീവിതക്രമവും ഇതുപോലെ തന്നെ ആയിരിക്കും. മനുഷ്യർ ആഹാരം കഴിച്ചും ഉറങ്ങിയും, സമ്പാദിച്ചും വിവാഹം കഴിച്ചും, മക്കളെ ജനിപ്പിച്ചും അവസാനം മരിക്കയും ചെയ്യുന്ന രീതി തുടരും. അവിടെ പട്ടണങ്ങളും കൃഷിയിടങ്ങളും സ്കൂളുകളും വ്യവസായ ശാലകളുമെല്ലാം ഉണ്ടായിരിക്കും. വ്യക്തികൾ തമ്മിലും, പ്രത്യേകിച്ച് ദൈവത്തോടും, ശരിയായതും സന്തോഷിക്കുന്നതുമായ ബന്ധം ഉണ്ടായിരിക്കും". [69]

യേശുക്രിസ്തുവിന്റെ ആദ്യവരവിങ്കൽ അവന്റെ രാജത്വം അംഗീകരിച്ചിരുന്നെങ്കിൽ ഭൂമി എങ്ങനെ ആയിത്തീരുമായിരുന്നുവെന്ന് ആയിരമാണ്ടുവാഴ്ച കാണിച്ചു തരും. പാപത്താൽ വീണുപോയ മാനവരാശി, ക്രിസ്തുവിന്റെ അധികാരത്തിനു സ്വയം പൂർണ്ണമായി സമർപ്പിക്കുന്നു എങ്കിൽ വലിയ അനുഗ്രഹം പ്രാപിക്കുന്നതിനു ശക്തിയുണ്ടെന്നു ആയിരമാണ്ടുവാഴ്ച തെളിയിക്കും. സാധാരണ മനുഷ്യരുടെ പണിയായ കൃഷിയും, കെട്ടിടനിർമ്മാണവും 1000 ആണ്ട് വാഴ്ചയിൽ ഉണ്ട് എന്നു പല വേദഭാഗങ്ങളിൽ നിന്നും മനസ്സിലാക്കാം (ആവ. 30: 9; യെശ. 62:8–9; 65:21–23; യിരെ. 31:5, 23–25). ഇപ്പോഴുള്ള പല ജോലികളും അപ്പോഴും കാണും. എന്നാൽ അവയിലൂടെയുള്ള അനുഗ്രഹങ്ങൾ പലകാരണങ്ങളാൽ വലുതായിരിക്കും. സാത്താൻ കെട്ടപ്പെട്ടിരിക്കും. ശാപം വളരെ മങ്ങിയിരിക്കും, മഴ വർദ്ധിക്കും, അവിടെ നല്ല വിദ്യാഭ്യാസപദ്ധതി ഉണ്ടായിരിക്കും, ഉറപ്പുള്ള കുടുംബങ്ങൾ കുറച്ചു മാത്രം കുറ്റകൃത്യങ്ങൾ യുദ്ധം ഇല്ല, സമൂഹത്തെ നശിപ്പിക്കുന്ന മടിയന്മാരും ഫലശൂന്യരുമായ പൗരന്മാർ കുറച്ചു മാത്രമായിരിക്കും. മരുന്നിനോ, നിയമപരമായ വിഷയങ്ങൾക്കോ പണം ആവശ്യമില്ല. ദൈവിക ജ്ഞാനം ലഭിക്കുന്നു, ദൂതന്മാരുടെ കാവൽ, മഹത്വീകരിക്കപ്പെട്ട ഭരണകർത്താക്കൾ എന്നിവ ഉണ്ടായിരിക്കും. എന്നിരുന്നാലും പാപം അപ്പോഴും ഉണ്ടായിരിക്കും. മനുഷ്യൻ അദ്ധ്വാനിക്കുകയും വേണം. ക്രിസ്തുവിന്റെ അധികാരത്തിനും അവന്റെ ജ്ഞാനത്തിനും വിധേയപ്പെടുന്നതുകൊണ്ട് ഭൗതിക അനുഗ്രഹത്തിനു ഒരു കുറവും ഉണ്ടാകയില്ല. ആവശ്യത്തിൽ അധികമായ വിളവ് ലഭിക്കും.

വളരെ ന്യായമായി ധനം പങ്കുവയ്ക്കപ്പെടുമെന്നു ദൈവവചനം ശക്തമായി പറയുന്നു. ക്രിസ്തുവിനെ ആരാധിക്കുവാൻ മടിക്കുന്നവർക്കു മാത്രമായിരിക്കും നഷ്ടം സംഭവിക്കുക (സെഖ. 14:16).

> **അവർ ഓരോരുത്തൻ താന്താന്റെ മുന്തിരിവള്ളിയുടെ കീഴിലും** അത്തിവൃക്ഷത്തിന്റെ കീഴിലും **പാർക്കും;** ആരും അവരെ ഭയപ്പെടുത്തുകയില്ല; സൈന്യങ്ങളുടെ യഹോവയുടെ വായ് അതു അരുളിച്ചെയ്തിരിക്കുന്നു (മീഖാ. 4:4).
>
> ഇനി ഞാൻ നിന്റെ ധാന്യം നിന്റെ ശത്രുക്കൾക്കു ആഹാരമായി കൊടുക്കയില്ല; നീ അദ്ധ്വാനിച്ചുണ്ടാക്കിയ വീഞ്ഞു അന്യജാതിക്കാർ കുടിച്ചുകളയുകയുമില്ല എന്നു യഹോവ തന്റെ വലങ്കയ്യും തന്റെ ബലമുള്ള ഭുജവും തൊട്ടു സത്യം ചെയ്തിരിക്കുന്നു. **അതിനെ ശേഖരിച്ചവർ തന്നെ അതു ഭക്ഷിച്ചു** യഹോവയെ സ്തുതിക്കും; അതിനെ സംഭരിച്ചവർ തന്നെ എന്റെ വിശുദ്ധപ്രാകാരങ്ങളിൽ വെച്ചു അതു പാനം ചെയ്യും (യെശ. 62:8–9).
>
> **"അവർ പണിക, മറ്റൊരുത്തൻ പാർക്ക എന്നു വരികയില്ല; അവർ നടുക; മറ്റൊരുത്തൻ തിന്നുക എന്നും വരികയില്ല;** എന്റെ ജനത്തിന്റെ ആയുസ്സു വൃക്ഷത്തിന്റെ ആയുസ്സുപോലെ ആകും; എന്റെ വ്യതന്മാർ തന്നെ തങ്ങളുടെ അദ്ധ്വാനഫലം അനുഭവിക്കും. **അവർ വ്യഥാ അദ്ധ്വാനിക്കയില്ല** ആപത്തിന്നായിട്ടു പ്രസവിക്കയുമില്ല; അവർ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവരുടെ സന്തതിയല്ലോ; അവരുടെ സന്താനം അവരോടുകൂടെ ഇരിക്കും." (യെശ. 65:22–23).

d. ശാപം ഭാഗികമായി മാറ്റപ്പെടുന്നു

ആയിരമാണ്ടുവാഴ്ചയിൽ ശാപം ഭാഗികമായി മാറ്റപ്പെടുന്നെന്നു മുമ്പുള്ള ഭാഗങ്ങളിൽ കണ്ടുവല്ലോ. ഇവിടെ ഈ ആശയം തെളിയിക്കപ്പെടുന്നു. ജീവിതകാലം വർദ്ധിക്കുന്നു, പ്രതുല്പാദനത്തിലെ വർദ്ധന കാര്യക്ഷമതയിലെ വർദ്ധന, രോഗം കുറയുന്നു, മൃഗങ്ങളുടെ സ്വഭാവത്തിനു മാറ്റം വരുന്നു, ഇവയെല്ലാം കാണിക്കുന്നതു

[69] Leon J. Wood, *The Bible and Future Events* (Grand Rapids: Zondevan Publishing House, (1973), P. 161.

പാപത്തിന്റെ ശക്തി കുറയുന്നു എന്നതാണ്. 1000 ആണ്ട് വാഴ്ചയിലും മരണം സംഭവിക്കുന്നതുകൊണ്ട് പൂർണ്ണ മായും പാപത്തിൽ നിന്നോ ശാപത്തിൽ നിന്നോ മുക്ത മായി എന്നു പറയുന്നതു ശരിയല്ല. ആ നാളുകളിൽ, പാപ ത്തിന്റെ ഫലമായ ദുഃഖത്തിനു വളരെ കുറവുണ്ടാകും. ഏദെനിലെ പാപത്തിനു മുമ്പ് മരണം ഇല്ലായിരുന്നു. ആദ്യം മൃഗങ്ങൾ മാംസം തിന്നിരുന്നില്ലെന്നും മനുഷ്യ രോട് ഇണങ്ങി ജീവിച്ചിരുന്നെന്നും നമുക്കു ഊഹിക്കാം. ആയിരമാണ്ടുവാഴ്ചയിൽ മൃഗങ്ങളുടെ സ്ഥിതി വീഴ്ച യ്ക്കു മുമ്പുള്ള അതേ സ്ഥിതി തന്നെ ആയിരിക്കും (യെശ. 35:9).

> **"ചെന്നായ് കുഞ്ഞാടിനോടുകൂടെ** പാർക്കും; പുള്ളിപ്പുലി കൊലാട്ടുകുട്ടിയോടുകൂടെ കിടക്കും; **പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും**; ഒരു ചെറിയകുട്ടി അവയെ നടത്തും. പശു **കരടിയോടുകൂടെ മേയും;** അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും; **സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും.** മുലകുടിക്കുന്ന **ശിശു സർപ്പത്തിന്റെ പോതികൾ കളിക്കും**; മുലകുടിമാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈ ഇടും. സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമാ യിരിക്കയാൽ എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല" (യെശ. 11:6–9).
>
> **"ചെന്നായും കുഞ്ഞാടും ഒരുമിച്ചു മേയും; സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും;** സർപ്പത്തിനു പൊടി ആഹാരമായി രിക്കും; എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല എന്നു യഹോവ അരുളിചെയ്യുന്നു" (യെശ. 6525). [70]
>
> "ഞാൻ അവയോടു ഒരു സമാധാനിയമം ചെയ്തു **ദുഷ്ടമൃഗങ്ങളെ ദേശത്തുനിന്നു നീക്കിക്ക ളയും;** അങ്ങനെ അവ മരുഭൂമിയിൽ നിർഭയമായി വസിക്കയും കാടുകളിൽ ഉറങ്ങുകയും ചെയ്യും (യെഹെ. 34:25).
>
> അന്നാളിൽ ഞാൻ അവർക്കുവേണ്ടി കാട്ടിലെ മൃഗ ങ്ങളോടും ആകാശത്തിലെ പക്ഷികളോടും നില ത്തിലെ ഇഴജാതികളോടും ഒരു നിയമം ചെയ്യും. ഞാൻ വില്ലും വാളും യുദ്ധവും ഭൂമിയിൽ നിന്നു നീക്കി, അവരെ നിർഭയം വസിക്കുമാറാക്കും" (ഹോശേ. 2:18).

e. മഹത്വം

മഹത്വപൂർണ്ണമായ നീതിയിൽ ക്രിസ്തു തിരികെ വന്നു ലോകത്തിനു മഹത്വം കൊടുക്കും. 1000 ആണ്ട് വാഴ്ച വർണ്ണനാതീതവും ഉജ്ജ്വലവും, ധനവും മാനവും ദൈവികശക്തിയുടെ പ്രദർശനവും ആയിരിക്കും.

> "യഹോവ സീയോൻ പർവ്വതത്തിലെ സകലവാ സസ്ഥലത്തിന്മേലും അതിലെ സഭായോഗങ്ങളി ന്മേലും പകലിന്നു ഒരു മേഘവും പുകയും രാത്രി ക്കു അഗ്നിജ്വാലയുടെ പ്രകാശവും സൃഷ്ടിക്കും; **സകലതേജസ്സിനും മീതെ ഒരു വിതാനം ഉണ്ടാ യിരിക്കും"** (യെശ. 4:5).
>
> സൈന്യങ്ങളുടെ യഹോവ സീയോൻ പർവ്വത ത്തിലും യെരുശലേമിലും വാഴുകയാലും അവന്റെ മൂപ്പന്മാരുടെ മുമ്പിൽ **തേജസ്സുണ്ടാകയാലും** ചന്ദ്രൻ നാണിക്കുകയും സൂര്യൻ ലജ്ജിക്കുകയും ചെയ്യും (യെശ. 24:23).
>
> അതു **മനോഹരമായി പൂത്ത്** ഉല്ലാസത്തോടും ഘോഷത്തോടുംകൂടെ ഉല്ലസിക്കും; ലെബാ നോന്റെ മഹത്വവും കർമ്മേലിന്റെയും ശാരോ ന്റെയും ശോഭയും അതിന്നു കൊടുക്കപ്പെടും; അവർ യഹോവയുടെ **മഹത്വവും** നമ്മുടെ ദൈവ ത്തിന്റെ **തേജസ്സും** കാണും (യെശ. 35:2).
>
> "**യഹോവയുടെ മഹത്വം വെളിപ്പെടും,** സകല ജഡവും ഒരുപോലെ അതിനെ കാണും; യഹോ വയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നത്" (യെശ. 40:5).
>
> "എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നി രിക്കുന്നു; **യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു.** അന്ധകാരം ഭൂമിയെയും കൂരി രുട്ടു ജാതികളെയും മൂടുന്നു; നിന്റെ മേലോ യഹോവ ഉദിക്കും; **അവന്റെ തേജസ്സും നിന്റെ മേൽ പ്രത്യക്ഷമാകും**. ജാതികൾ നിന്റെ പ്രകാ ശത്തിലേക്കും രാജാക്കന്മാർ നിന്റെ **ഉദയശോഭ യിലേക്കും വരും**" (യെശ. 60:1–3).
>
> "ഞാൻ അവരുടെ പ്രവൃത്തികളെയും വിചാരങ്ങ ളെയും അറിയുന്നു, ഞാൻ സകല ജാതികളെയും ഭാഷക്കാരെയും ഒന്നിച്ചുകൂട്ടുന്ന കാലം വരുന്നു; അവർ വന്ന് **എന്റെ മഹത്വം** കാണും'' (യെശ. 66:18).

[70] ആയിരമാണ്ടുവാഴ്ചയിൽ സർപ്പം നിലത്തു ഇഴഞ്ഞു നടക്കും എന്ന കാര്യം ശ്രദ്ധിക്കുക. ശാപം പൂർണ്ണമായും മാറ്റ പ്പെട്ടില്ല എന്നുള്ള ആശയം ഇതു സാധൂകരിക്കുന്നു.(ഉല്പത്തി. 3:14 കാണുക).

f. സന്തോഷം/ഉല്ലാസം

ആയിരമാണ്ടുവാഴ്ച സന്തോഷത്തിന്റെയും ഉല്ലാസത്തിന്റെയും സമയമായിരിക്കും. ശാരീരികവും മാനസികവുമായ വേദനകൾ മാറി സന്തോഷംകൊണ്ട് നിറയും. ഇത് രാജാവായ ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ നിന്നു ലഭിക്കുന്നതാണ്.

> **സർവ്വഭൂമിയും വിശ്രമിച്ചു സ്വസ്ഥമായിരിക്കുന്നു; അവർ ആർത്തു പാടുന്നു** (യെശ. 14:7).
>
> അവൻ മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും; **യഹോവയായ കർത്താവു സകലമുഖങ്ങളിലും നിന്നു കണ്ണുനീർ തുടെക്കയും** തന്റെ ജനത്തിന്റെ നിന്ദ സകലഭൂമിയിലും നിന്നു നീക്കികളകയും ചെയ്യും. യഹോവയല്ലോ അരുളിച്ചെയ്തിരിക്കുന്നത്. അന്നാളിൽ: **ഇതാ, നമ്മുടെ ദൈവം; അവനെയത്രേ നാം കാത്തിരുന്നത്;** അവൻ നമ്മെ രക്ഷിക്കും; അവൻ തന്നെ യഹോവ; അവനെയത്രേ നാം കാത്തിരുന്നത്; അവന്റെ രക്ഷയിൽ **നമുക്കു ആനന്ദിച്ചു സന്തോഷിക്കാം** എന്നു അവർ പറയും (യെശ. 25:8-9).
>
> നിങ്ങൾ ഉത്സവാഘോഷരാത്രിയിൽ എന്നപോലെ പാട്ടുപാടുകയും യഹോവയുടെ പർവ്വതത്തിൽ യിസ്രായേലിൻ പാറയായവന്റെ അടുക്കൽ ചെല്ലേണ്ടതിനു കുഴലോടുകൂടെ പോകുംപോലെ **ഹൃദയപൂർവ്വം സന്തോഷിക്കുകയും** ചെയ്യും (യെശ. 30:29).
>
> സമുദ്രത്തിൽ സഞ്ചരിക്കുന്നവരും അതിലുള്ള സകലവും ദ്വീപുകളും അവയിലെ നിവാസികളും ആയുള്ളോരേ, യഹോവയ്ക്കു ഒരു പുതിയ പാട്ടും **ഭൂമിയുടെ അറ്റത്തു നിന്നു അവനു സ്തുതിയും പാടുവിൻ.** മരുഭൂമിയും അതിലെ പട്ടണങ്ങളും കേദാർ പാർക്കുന്ന ഗ്രാമങ്ങളും ശബ്ദം ഉയർത്തട്ടെ; ശൈലനിവാസികൾ ഘോഷിച്ചുല്ലസിക്കുകയും മലമുകളിൽ നിന്നു ആർക്കുകയും ചെയ്യട്ടെ. അവൻ യഹോവയ്ക്കു മഹത്വം കൊടുത്തു അവന്റെ സ്തുതിയെ ദ്വീപുകളിൽ പ്രസ്താവിക്കട്ടെ (യെശ. 42:10-12).
>
> "ആരും കടന്നുപോകാതവണ്ണം നീ നിർജ്ജനവും ദ്വേഷവിഷയവും ആയിരുന്നതിനു പകരം ഞാൻ നിന്നെ നിത്യമാഹാത്മ്യവും തലമുറതലമുറയായുള്ള **ആനന്ദവും** ആക്കിത്തീർക്കും(യെശ. 60:15).
>
> നാണത്തിനു പകരം നിങ്ങൾക്കു ഇരട്ടിയായി പ്രതിഫലം കിട്ടും; ലജ്ജെക്കു പകരം അവർ തങ്ങളുടെ ഓഹരിയിൽ സന്തോഷിക്കും; അങ്ങനെ അവർ തങ്ങളുടെ ദേശത്തു ഇരട്ടി അവകാശം പ്രാപിക്കും; **നിത്യാനന്ദം** അവർക്കു ഉണ്ടാകും (യെശ. 61:7).
>
> "ഞാൻ സൃഷ്ടിക്കുന്നതിനെക്കുറിച്ചു നിങ്ങൾ സന്തോഷിച്ചു എന്നേക്കും ഘോഷിച്ചുല്ലസിപ്പിൻ; ഇതാ, ഞാൻ യെരുശലേമിനെ ഉല്ലാസപ്രദമായും അതിലെ ജനത്തെ ആനന്ദപ്രദമായും സൃഷ്ടിക്കുന്നു. ഞാൻ യെരുശലേമിനെക്കുറിച്ചു സന്തോഷിക്കയും എന്റെ ജനത്തെക്കുറിച്ചു ആനന്ദിക്കുകയും ചെയ്യും; **കരച്ചിലും നിലവിളിയും ഇനി അതിൽ കേൾക്കയില്ല** (യെശ. 65:18-19).
>
> "യെരുശലേമിനെ സ്നേഹിക്കുന്ന ഏവരുമായുള്ളോരെ, അവളോടുകൂടെ സന്തോഷിപ്പിൻ അവളെച്ചൊല്ലി **ഘോഷിച്ചുല്ലസിപ്പിൻ;** അവളെച്ചൊല്ലി ദുഃഖിക്കുന്ന ഏവരുമായുള്ളോരെ, അവളോടുകൂടെ **അത്യന്തം ആനന്ദിപ്പിൻ.** അവളുടെ സാന്ത്വനസ്തനങ്ങളെ പാനം ചെയ്തു തൃപ്തരാകയും, അവളുടെ തേജസ്സിൻ കുചാഗ്രങ്ങളെ നുകർന്നു രമിക്കുകയും ചെയ്വിൻ. നിങ്ങൾക്കു കുടിപ്പാൻ വേണ്ടി ഞാൻ അവൾക്കു നദിപോലെ സമാധാനവും കവിഞ്ഞൊഴുകുന്ന തോടുപോലെ ജാതികളുടെ മഹത്വവും നീട്ടിക്കൊടുക്കും; നിങ്ങളെ പാർശ്വത്തിൽ എടുത്തുകൊണ്ടു നടക്കയും മുഴങ്കാലിന്മേൽ ഇരുത്തി ലാളിക്കയും ചെയ്യും. അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും; നിങ്ങൾ യെരുശലേമിൽ ആശ്വാസം പ്രാപിക്കും; അതു കണ്ടിട്ടു **നിങ്ങളുടെ ഹൃദയം സന്തോഷിക്കും**; നിങ്ങളുടെ അസ്ഥികൾ ഇളമ്പുല്ലുപോലെ തഴെക്കും; യഹോവയുടെ കൈ തന്റെ ദാസന്മാർക്കു വെളിപ്പെടും; ശത്രുക്കളോടോ അവൻ ക്രോധം കാണിക്കും" (യെശ. 66:10-14).
>
> യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു : ഞാൻ യാക്കോബിൻ കൂടാരങ്ങളുടെ പ്രവാസംമാറ്റി അവന്റെ നിവാസങ്ങളോടു കരുണ കാണിക്കും; നഗരം അതിന്റെ കൽക്കുന്നിന്മേൽ പണിയപ്പെടും. അരമനയും യഥാസ്ഥാനപ്പെടും. അവയിൽ **നിന്നു സ്തോത്രവും സന്തോഷിക്കുന്നവരുടെ ഘോഷവും പുറപ്പെടും;** ഞാൻ അവരെ വർദ്ധിപ്പിക്കും; അവർ കുറഞ്ഞുപോകയില്ല; ഞാൻ അവരെ മഹത്വീകരിക്കും; അവർ എളിമപ്പെടുകയുമില്ല" (യിരെ. 30:18-19).
>
> "അന്നു കന്യകയും യൗവനക്കാരും വൃദ്ധന്മാരും ഒരുപോലെ നൃത്തം ചെയ്തു. സന്തോഷിക്കും; **ഞാൻ അവരുടെ ദുഃഖം മാറ്റി സന്തോഷമാക്കും;** ഞാൻ അവരെ ആശ്വസിപ്പിച്ചു; സങ്കടം പോക്കി **സന്തോഷിപ്പിക്കും.** ഞാൻ പുരോഹിതന്മാരുടെ

പ്രാണനെ പുഷ്ടിക്കൊണ്ടു തണുപ്പിക്കും; എന്റെ ജനം എന്റെ നന്മകൊണ്ടു തൃപ്തി പ്രാപിക്കുമെന്നു യഹോവയുടെ അരുളപ്പാട് (യിരെ. 31:13–14).

"സീയോൻ പുത്രിയേ, **ഘോഷിച്ചാനന്ദിക്ക;** യിസ്രായേലേ, ആർപ്പിടുക; യെരൂശലേം പുത്രിയേ, **പൂർണ്ണ ഹൃദയത്തോടെ സന്തോഷിച്ചുല്ലസിക്ക.** യഹോവ നിന്റെ ന്യായവിധികളെ മാറ്റി, നിന്റെ ശത്രുവിനെ നീക്കിക്കളഞ്ഞിരിക്കുന്നു യിസ്രായേലിന്റെ രാജാവായ യഹോവ നിന്റെ മദ്ധ്യേ ഇരിക്കുന്നു; ഇനി നീ അനർത്ഥം കാണുകയില്ല. അന്നാളിൽ അവർ യെരുശലേമിനോടു: ഭയപ്പെടരുതെന്നും സീയോനോടു: അധൈര്യപ്പെടരുതെന്നും പറയും. നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിന്റെ മദ്ധ്യേ ഇരിക്കുന്നു; അവൻ നിന്നിൽ അത്യന്തം സന്തോഷിക്കും; തന്റെ സ്നേഹത്തിൽ അവൻ മിണ്ടാതിരിക്കുന്നു; ഘോഷത്തോടെ അവൻ നിങ്കൽ **ആനന്ദിക്കും"** (സെഫ. 3:14–17).

g. ധനം

ലോകത്തിലെ സമ്പത്ത് അതിന്റെ ഉടമയായ ക്രിസ്തുവിനു നല്കിക്കൊണ്ട് യെരൂശലേമിലേക്ക് ഒഴുകും. [71]

"ജാതികൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും. നീ തല പൊക്കി ചുറ്റും നോക്കുക; അവർ എല്ലാവരും ഒന്നിച്ചുകൂടി നിന്റെ അടുക്കൽ വരുന്നു; നിന്റെ പുത്രന്മാർ ദൂരത്തു നിന്നു വരും; നിന്റെ പുത്രിമാരെ പാർശ്വത്തിങ്കൽ വഹിച്ചുകൊണ്ടു വരും. അപ്പോൾ നീ കണ്ടു ശോഭിക്കും; നിന്റെ ഹൃദയം പിടെച്ചു വികസിക്കും; സമുദ്രത്തിന്റെ ധനം നിന്റെ അടുക്കൽ ചേരും; **ജാതികളുടെ സമ്പത്തു നിന്റെ അടുക്കൽ ചേരും.** ഒട്ടകങ്ങളുടെ കൂട്ടവും മിദ്യാനിലെയും ഏഫയിലെയും ചിറ്റൊട്ടകങ്ങളും നിന്നെ മൂടും; ശേബയിൽ നിന്നു അവരൊക്കെയും വരും; **പൊന്നും കുന്തിരക്കവും അവർ കൊണ്ടുവന്നു** യഹോവയുടെ സ്തുതിയെ ഘോഷിക്കും. കേദാരിലെ ആടുകൾ ഒക്കെയും നിന്റെ അടുക്കൽ ഒന്നിച്ചുകൂടും; നെബായോത്തിലെ മുട്ടാടുകൾ നിനക്കു ശുശ്രൂഷ ചെയ്യും; അവ പ്രസാദമുള്ള യാഗമായി എന്റെ പീഠത്തിന്മേൽ വരും; അങ്ങനെ ഞാൻ എന്റെ മഹത്വമുള്ള ആലയത്തെ മഹത്വപ്പെടുത്തും. മേഘംപോലെയും തങ്ങളുടെ കിളിവാതിലുകളിലേക്കു പ്രാവുകളെപ്പോലെയും പറന്നുവരുന്ന ഇവർ ആർ? ദൂരത്തുനിന്നു നിന്റെ മക്കളെ അവരുടെ പൊന്നും വെള്ളിയുമായി നിന്റെ ദൈവമായ യഹോവയുടെ നാമത്തിനും അവൻ നിന്നെ മഹത്വപ്പെടുത്തിയിരിക്കകൊണ്ടു യിസ്രായേലിന്റെ പരിശുദ്ധനും കൊണ്ടുവരേണ്ടതിനു ദ്വീപുനിവാസികളും തർശീശ് കപ്പലുകൾ ആദ്യമായും എനിക്കായി കാത്തിരിക്കുന്നു. അന്യജാതിക്കാർ നിന്റെ മതിലുകളെ പണിയും; അവരുടെ രാജാക്കന്മാർ നിനക്കു ശുശ്രൂഷ ചെയ്യും; എന്റെ ക്രോധത്തിൽ ഞാൻ നിന്നെ അടിച്ചു; എങ്കിലും എന്റെ പ്രീതിയിൽ എനിക്കു നിന്നോടു കരുണതോന്നും. **ജാതികളുടെ സമ്പത്തിനെയും** യാത്രാസംഘത്തിൽ അവരുടെ രാജാക്കന്മാരെയും നിന്റെ അടുക്കൽ കൊണ്ടുവരേണ്ടതിനു **നിന്റെ വാതിലുകൾ രാവും പകലും അടെക്കപ്പെടാതെ എല്ലായ്പോഴും തുറന്നിരിക്കും.** നിന്നെ സേവിക്കാത്ത ജാതിയും രാജ്യവും നശിച്ചു പോകും; ആ ജാതികൾ അശേഷം ശൂന്യമായ്പ്പോകും. എന്റെ വിശുദ്ധമന്ദിരമുള്ള സ്ഥലത്തിനു ഭംഗി വരുത്തുവാനായി ലെബാനോന്റെ മഹത്വവും സരളവൃക്ഷവും പയിനും പുന്നയും ഒരുപോലെ നിന്റെ അടുക്കൽ വരും; അങ്ങനെ ഞാൻ എന്റെ പാദസ്ഥാനത്തെ മഹത്വീകരിക്കും. നിന്നെ ക്ലേശിപ്പിച്ചവരുടെ പുത്രന്മാർ നിന്റെ അടുക്കൽ വണങ്ങിക്കൊണ്ടു വരും; നിന്നെ നിന്ദിച്ചവരൊക്കെയും നിന്റെ കാൽ പിടിച്ചു നമസ്ക്കരിക്കും; അവർ നിന്നെ യഹോവയുടെ നഗരം എന്നും യിസ്രായേലിൻ പരിശുദ്ധന്റെ സീയോൻ എന്നും വിളിക്കും. ആരും കടന്നുപോകാതെവണ്ണം നീ നിർജ്ജനവും ദ്വേഷവിഷയവും ആയിരുന്നതിനുപകരം ഞാൻ നിന്നെ നിത്യമാഹാത്മ്യവും തലമുറ തലമുറയായുള്ള ആനന്ദവും ആക്കിത്തീർക്കും; നീ ജാതികളുടെ പാൽ കുടിക്കും; രാജാക്കന്മാരുടെ മുല കുടിക്കും; യഹോവയായ ഞാൻ നിന്റെ രക്ഷകൻ എന്നും യാക്കോബിന്റെ വല്ലഭൻ നിന്റെ വീണ്ടെടുപ്പുകാരൻ എന്നും നീ അറിയും. **ഞാൻ താമ്രത്തിനു പകരം സ്വർണ്ണം വരുത്തും. ഇരിമ്പിനു പകരം വെള്ളിയും** മരത്തിനു പകരം താമ്രവും കല്ലിനു പകരം ഇരിമ്പും വരുത്തും; ഞാൻ സമാധാനത്തെ നിനക്കു നായകന്മാരും നീതിയെ നിനക്കു അധിപതിമാരും ആക്കും (യെശ. 60:3–17).

" ഞാൻ സകല ജാതികളെയും ഇളക്കും; **സകല ജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും;** ഞാൻ ഈ ആലയത്തെ മഹത്വപൂർണ്ണമാക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (ഹഗ്ഗാ. 2:7).

[71] ദേശീയ വ്യത്യാസങ്ങൾ 1000 ആണ്ട് വാഴ്ചയിൽ ഉണ്ടാകുവാനിടയുണ്ട് (യെശ. 19:21–23; സെഖ. 14:18). വെളി. 21:24 ഉം 22:2 ഉം ആയിരമാണ്ട് വാഴ്ചയിലൊ നിത്യതയിലൊ ജാതികൾ ഉള്ളതായി ചൂണ്ടിക്കാണിക്കുന്നു.

യെഹൂദയും യെരുശലേമിൽ വെച്ചു യുദ്ധം ചെയ്യും; **ചുറ്റുമുള്ള സകലജാതികളുടെയും ധനമായ പൊന്നും വെള്ളിയും** വസ്ത്രവും അനവധിയായി **ശേഖരിക്കപ്പെടും** (സെഖ. 14:14).

3. ആയിരമാണ്ടിലെ രാഷ്ട്രീയസ്ഥിതി

പാപത്താൽ വീണുപോയ മനുഷ്യർ ലോകത്തെ ആയിരക്കണക്കിനു വർഷങ്ങൾ ഭരിച്ചുപോരുന്നു. രക്തച്ചൊരിച്ചിൽ ഒഴിവാക്കാൻ ക്രിസ്ത്യാനികളുടെ പ്രവർത്തനം അഭിനന്ദാർഹമാണ്. മനുഷ്യനും യുദ്ധം തുടച്ചുനീക്കാൻ കഴിയും എന്നതു യാഥാർത്ഥ്യബോധം ഇല്ലാത്ത പ്രതീക്ഷയാണ്. യുദ്ധം മനുഷ്യന്റെ സ്വാർത്ഥതയുടെ ഫലമാണ് (യാക്കോ. 4:1–2). മനുഷ്യന്റെ പാപസ്വഭാവത്തിനു മാറ്റം വരാതെ സമാധാനം ഉണ്ടാകുകയില്ല (യെശ. 57:21). അവസാന നാളുകളിൽ യുദ്ധം വർദ്ധിക്കുമെന്നു ക്രിസ്തു പറഞ്ഞിട്ടുണ്ട് (മത്താ. 24:6–7). "സമാധാനത്തിന്റെ പ്രഭു" വന്നതിനു ശേഷമേ ലോകത്തു സമാധാനം ഒരു നല്ല സർക്കാരിന്റെ കീഴിൽ ഉണ്ടാകയുള്ളൂ.

a. ലോകരാജ്യങ്ങൾക്കിടയിലെ പൂർണ്ണവും നിലനില്ക്കുന്നതുമായ സമാധാനം

അവന്റെ കാലത്തു നീതിമാന്മാർ തഴെക്കട്ടെ; ചന്ദ്രനുള്ളേടത്തോളം **സമാധാനസമൃദ്ധി** ഉണ്ടാകട്ടെ (സങ്കീ. 72:7).

അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു വിധി കല്പിക്കുകയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ **ഇനി യുദ്ധം അഭ്യസിക്കയും ഇല്ല.** (യെശ. 2:4).

... **സമാധാനപ്രഭു** എന്നു പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർദ്ധനയ്ക്കും **സമാധാനത്തിനും** അവസാനം ഉണ്ടാകയില്ല... (യെശ. 9:6–7).

നീതിയുടെ പ്രവൃത്തി **സമാധാനവും** ....എന്റെ ജനം **സമാധാനനിവാസത്തിലും** നിർഭയവസതികളിലും സ്വൈരമുള്ള വിശ്രാമസ്ഥലങ്ങളിലും പാർക്കും (യെശ. 32:17–18).

"നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും നിന്റെ മക്കളുടെ **സമാധാനം** വലിയതും ആയിരിക്കും. നീതിയാൽ നീ സ്ഥിരമായി നില്ക്കും; നീ പീഡനത്തോടു അകന്നിരിക്കും; നിനക്കു ഭയപ്പെടുവാനില്ലല്ലോ; ഭീഷണിയോടു നീ അകന്നിരിക്കും; അതു നിന്നോടു അടുത്തുവരികയില്ല" (യെശ. 54:13–14).

"ഇനി നിന്റെ ദേശത്തു **സാഹസവും** നിന്റെ അതിരിന്നകത്തു ശൂന്യവും നാശവും കേൾക്കയില്ല.. (യെശ. 60:18).

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾക്കു കുടിപ്പാൻ വേണ്ടി ഞാൻ **അവൾക്കു നദിപോലെ സമാധാനവും** കവിഞ്ഞൊഴുകുന്ന തോടുപോലെ ജാതികളുടെ മഹത്വവും നീട്ടിക്കൊടുക്കും... (യെശ. 66:12).

"അവർ അതിൽ **നിർഭയമായി** വസിക്കും; അതെ, അവർ വീടുകളെ പണിതു മുന്തിരിത്തോട്ടങ്ങളെ ഉണ്ടാക്കും... (യെഹെ. 28:26).

"ഞാൻ അവയോടു ഒരു **സമാധാനനിയമം** ചെയ്തു... അവർ തങ്ങളുടെ ദേശത്തു നിർഭയമായി വസിക്കയും.... അവർ ഇനി ജാതികൾക്കു കവർച്ച ആയിത്തീരുകയില്ല... (യെഹെ. 34:25, 27, 28).

...ഞാൻ **വില്ലും, വാളും യുദ്ധവും ഭൂമിയിൽ നിന്നു നീക്കി,** അവരെ നിർഭയം വസിക്കുമാറാക്കും (ഹോശേ. 2:18).

അവൻ അനേകജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു ദൂരത്തോളം വിധി കല്പിക്കയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരെ വാൾ ഓങ്ങുകയില്ല; **അവർ ഇനി യുദ്ധം അഭ്യസിക്കയുമില്ല;** (മീഖാ. 4:3).

സീയോൻപുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരുശലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു. ഞാൻ എഫ്രയീമിൽ നിന്നു രഥത്തെയും യെരൂശലേമിൽ നിന്നു കുതിരയെയും ഛേദിച്ചുകളയും; **പടവില്ലും ഒടിഞ്ഞുപോകും; അവൻ ജാതികളോടു സമാധാനം കല്പിക്കും;** അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദിമുതൽ ഭൂമിയുടെ അറ്റങ്ങളോളവും ആയിരിക്കും (സെഖ. 9:9–10).

നിശ്ചയമായും ലോകസമാധാനം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട രാജ്യമായ യിസ്രായേലിനു ഭദ്രതയും സുരക്ഷിതത്വവും നല്കുന്നു. യിസ്രായേലിന്റെ സമാധാനത്തെക്കുറിച്ച് പ്രവാചകന്മാർ തുടർച്ചയായി പ്രവചിച്ചിരിക്കുന്നു (താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ യിസ്രായേലിനു സുരക്ഷിതത്വവും ഭദ്രതയും ആശ്വാസവും നല്കുന്ന വാഗ്ദാനങ്ങളാണ്: യെശ. 12:1–2; 29:22; 30:26; 40:1–2; 49:13; 51:3; 60:21; 61:4, 7; 62:8,9; 65:21;

66:13 14; യിരെ. 23:6; യെഹെ. 34:27; യോവേ. 3:16–17; ആമോ. 9:15; സെഫെ. 3:18–20; സെഖ. 8:14–15;9: 8; 14:11).

> അങ്ങനെ ഞാൻ എന്റെ വിശുദ്ധപർവ്വതമായ സീയോനിൽ വസിക്കുന്നവനായി നിങ്ങളുടെ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയും. യെരുശലേം വിശുദ്ധമായിരിക്കും; **അന്യജാതിക്കാർ ഇനി അതിൽക്കൂടി കടക്കയുമില്ല** (യോവേ. 3:17).
>
> "ഞാൻ അവരെ അവരുടെ ദേശത്തു നടും; **ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തുനിന്നു അവരെ ഇനി പറിച്ചുകളകയുമില്ല** എന്നു നിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു (ആമോ. 9:15).
>
> ആരും പോക്കുവരത്തു ചെയ്യാതിരിക്കേണ്ടതിനു ഞാൻ ഒരു പട്ടാളമായി എന്റെ ആലയത്തിനു ചുറ്റും പാളയമിറങ്ങും; **ഇനി ഒരു പീഡകനും അവരുടെ ഇടയിൽക്കൂടി കടക്കയില്ല;** ഇപ്പോൾ ഞാൻ സ്വന്തകണ്ണാൽ കണ്ടുവല്ലോ (സെഖ. 9:8).
>
> അവർ അതിൽ പാർക്കും; ഇനി സംഹാരശപഥം ഉണ്ടാകയില്ല; യെരൂശലേം **നിർഭയം വസിക്കും** (സെഖ. 14:11).

b. ആയിരമാണ്ടുവാഴ്ചയിലെ നിയമവ്യവസ്ഥ

ക്രിസ്തു നിയമവ്യവസ്ഥയിലെ എല്ലാ വികടതകളും നീക്കം ചെയ്യും. പാവപ്പെട്ടവർക്ക് എത്രയും നല്ല പരിഗണന ലഭിക്കും. അവരെ പീഡിപ്പിക്കുന്നവർക്കു ശിക്ഷ ഉറപ്പായിരിക്കും. കോടതികളിലെ ക്രിസ്തുവിന്റെ ഭരണം ശരിയായ വിധികളും ശിക്ഷകളും ഉറപ്പാക്കും. കുറ്റവാളികളുടെയോ, മടിയന്മാരുടെയോ ഉപദ്രവം ഇല്ലാതെ ഓരോരുത്തനും തങ്ങളുടെ അധ്വാനത്തിന്റെ ഫലം അനുഭവിക്കുമെന്നു പ്രവാചകൻ പ്രവചിക്കുന്നു (യെശ. 62: 9; 65:22; മീഖ. 4:4).

"മതത്തിന്റെ" അടിസ്ഥാനത്തിലല്ലാതെ, വംശത്തിന്റെയോ സമ്പത്തിന്റെയോ അടിസ്ഥാനത്തിലുള്ള വേർതിരിവുകൾ ഒന്നും 1000 ആണ്ട് വാഴ്ചയിലെ കോടതികൾ അംഗീകരിക്കില്ല. ക്രിസ്തുവിനെ ആരാധിക്കുവാൻ മടിക്കുന്നവർക്കു അവൻ ചെറിയ ശിക്ഷ നല്കും(സെഖ. 14:16–19). ക്രിസ്തുവിനു ആത്മിക തലത്തിലും രാഷ്ട്രീയ തലത്തിലും അധികാരമുള്ളതുകൊണ്ട് "സഭയും രാഷ്ട്രവും തമ്മിൽ വേർതിരിവുണ്ടായിരിക്കില്ല." ലോകത്തിന്റെ രാഷ്ട്രീയതലസ്ഥാനം യെരൂശലേം ആയിരിക്കും. **എന്തുകൊണ്ടെന്നാൽ,** മനുഷ്യരുടെ ആരാധനയുടെ കേന്ദ്രസ്ഥാനവും ഇവിടെയായിരിക്കും.

ആയിരമാണ്ടുവാഴ്ചയിൽ കോടതികൾ ഉണ്ട് എന്നതിന്റെ അർത്ഥം മനുഷ്യർ അപ്പോഴും പാപം ചെയ്യും എന്നതാണ്. സാത്താൻ കെട്ടപ്പെട്ടിരുന്നാലും പാപസ്വഭാവം ചില മറുതലിപ്പുകാരെ ക്രിസ്തുവിനു വിരോധമായി എഴുന്നേല്പിക്കും. കുറ്റവാളികൾ ഉണ്ടാകുവാനുള്ള സാദ്ധ്യതയുമുണ്ട്. "ഇരിമ്പുകോൽ" കൊണ്ട് ക്രിസ്തു അവരെ മേയ്ക്കും. നല്ല ഭരണകൂടം കഠിനമായ ശിക്ഷാവിധി നടപ്പാക്കും (യെശ. 11: 4; യിരെ. 31:30; യെശ. 65:20; 66:24). ഇപ്പോഴുള്ള ലോകത്തിനു സമാധാനമില്ല, മാത്രമല്ല ഈ രീതിയിലുള്ള നീതിന്യായവ്യവസ്ഥയും ഇല്ല. പക്ഷാഭേദവും പീഡനവും നടക്കുന്നു. ദുഷ്ടന്മാർ ശിക്ഷിക്കപ്പെടാതെ പോകുന്നു. യഥാർത്ഥ ന്യായാധിപതിയായ ക്രിസ്തു എല്ലാ അന്യായങ്ങൾക്കും അറുതി വരുത്തി ശരിയായ നീതിന്യായവ്യവസ്ഥ സ്ഥാപിക്കും (സങ്കീ. 45: 6–7; 72:2, 4; 98:9; യെശ. 32:1; 54:14; 62:8–9; 65:22–23; യിരെ. 31:29–30)

> യഹോവയുടെ സന്നിധി തന്നെ; അവൻ വരുന്നു വല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; **അവൻ ഭൂലോകത്തെ നീതിയോടും** ജാതികളെ വിശ്വസ്തതയോടുംകൂടെ **വിധിക്കും.** (സങ്കീ. 96:13).
>
> ...സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും. **അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും** ബഹുവംശങ്ങൾക്കു വിധികല്പിക്കുകയും ചെയ്യും... " (യെശ. 2:3–4).
>
> അവന്റെ ആധിപത്യത്തിന്റെ വർദ്ധനെയ്ക്കും സമാധാനത്തിനും അവസാനം ഉണ്ടാകയില്ല. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നു മുതൽ എന്നെന്നേക്കും അവൻ അതിനെ **ന്യായത്തോടും നീതിയോടും** കൂടെ സ്ഥാപിച്ചു നിലനിർത്തും... (യെശ.. 9:7).
>
> .... അവൻ കണ്ണുകൊണ്ടു കാണുന്നതുപോലെ ന്യായപാലനം ചെയ്കയില്ല; ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കയുമില്ല. **അവൻ ദരിദ്രന്മാർക്കു നീതിയോടെ ന്യായം പാലിച്ചുകൊടുക്കയും ദേശത്തിലെ സാധുക്കൾക്കു നേരോടെ വിധി കല്പിക്കയും ചെയ്യും;** തന്റെ വായ് എന്ന വടിക്കൊണ്ടു അവൻ ഭൂമിയെ അടിക്കും; തന്റെ അധരങ്ങളുടെ ശ്വാസംകൊണ്ടു ദുഷ്ടനെ കൊല്ലും. നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും (യെശ. 11:3–5).
>
> അന്നു മരുഭൂമിയിൽ **ന്യായം** വസിക്കും; ഉദ്യാനത്തിൽ നീതി പാർക്കും; (യെശ. 32: 16).
>
> യഹോവ ഉന്നതനായിരിക്കുന്നു; ഉയരത്തിലല്ലോ അവൻ വസിക്കുന്നത്; **അവൻ സീയോനെ ന്യായവും നീതിയുംകൊണ്ടു നിറച്ചിരിക്കുന്നു** (യെശ. 33:5).

"ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെമേൽ വച്ചിരിക്കുന്നു; **അവൻ ജാതികളോടു ന്യായം പ്രസ്താവിക്കും.** അവൻ നിലവിളിക്കയില്ല, ഒച്ചയുണ്ടാക്കയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾക്കിപ്പിക്കയുമില്ല. ചതഞ്ഞ ഓട അവൻ ഒടിച്ചു കളകയില്ല; പുകയുന്ന തിരി കെടുത്തുകളകയില്ല; **അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും; ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ** അവൻ തളരുകയില്ല; അധൈര്യപ്പെടുകയുമില്ല; അവന്റെ ഉപദേശത്തിന്നായി ദ്വീപുകൾ കാത്തിരിക്കുന്നു" (യെശ. 42:1–4).

"ഞാൻ ദാവീദിനു നീതിയുള്ളൊരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും; **അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും.** അവന്റെ കാലത്തു യെഹൂദാ രക്ഷിക്കപ്പെടും; യിസ്രായേൽ നിർഭയമായി വസിക്കും; അവന്നു **യഹോവ നമ്മുടെ നീതി** എന്നു പേർ പറയും എന്നു യഹോവയുടെ അരുളപ്പാട് (യിരെ. 23:5–6).

ആ നാളുകളിലും ആ കാലത്തും ഞാൻ ദാവീദിന്നു നീതിയുള്ളൊരു മുളയായവനെ മുളെപ്പിക്കും; അവൻ **ദേശത്തു നീതിയും ന്യായവും നടത്തും**. (യിരെ. 33:15).

....സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും **പുറപ്പെടും. അവൻ അനേക ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും** ബഹുവംശങ്ങൾക്കു ദൂരത്തോളം വിധി കല്പിക്കുകയും ചെയ്യും. (മീഖാ 4:2–3).

c. വ്യക്തികളുടെ ക്ഷേമത്തിനു മുൻഗണന

നീതിയും നന്മയും തമ്മിൽ വ്യത്യാസം ഉണ്ട്. 1000 ആണ്ട് വാഴ്ച നീതി നിറഞ്ഞതു മാത്രമല്ല ദയവുള്ളതുമായിരിക്കും. ക്രിസ്തു തന്റെ പ്രജകളുടെ ക്ഷേമത്തിനും അനുഗ്രഹത്തിനും മുഖ്യസ്ഥാനം കൊടുക്കുന്നതുകൊണ്ട്, രാഷ്ട്രീയ അരാജകത്വം ജനങ്ങൾ മറന്നുപോകും. നീതിയും കരുണയും ഒരുപോലെ പ്രാവർത്തികമാകും. അതുപോലെ തന്നെ കർക്കശമായ അച്ചടക്കവും ലാളിത്യവും. ജനത്തിൽ ഓരോരുത്തരുടെയും ആവശ്യങ്ങൾക്കായി കരുതുന്ന ഒരേയൊരു ഏകാധിപതി ക്രിസ്തു ആയിരിക്കും.

ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻ കൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തു വഹിക്കയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും (യെശ. 40:11).

d. ആയിരമാണ്ടുവാഴ്ചയിലെ രീതി ഏകാധിപത്യവും അധികാരപരിധി ലോകം മുഴുവനുമെന്ന നിലയിൽ

ലോകം മുഴുവനുമുള്ള, ക്രിസ്തുവിന്റെ വരാൻ പോകുന്ന ഭരണത്തിലെ നന്മകൾക്കായി ക്രിസ്ത്യാനികൾ സന്തോഷിക്കും. അധികാരത്തിന്റെ വിഷയത്തിലും പരിധിയുടെ വിഷയത്തിലും ലോകം മുഴുവൻ ക്രിസ്തുവിന്റെ ഭരണത്തിലായിരിക്കും. പൂർണ്ണ അധികാരത്തോടെ ക്രിസ്തു ലോകം മുഴുവൻ ഭരിക്കും.

"എന്നോടു ചോദിച്ചുകൊൾക; ഞാൻ **നിനക്കു** ജാതികളെ അവകാശമായും **ഭൂമിയുടെ അറ്റങ്ങളെ കൈവശമായും** തരും; ഇരിമ്പുകോൽ കൊണ്ടു നീ അവരെ തകർക്കും; കുശവന്റെ പാത്രംപോലെ അവരെ ഉടയ്ക്കും; (സങ്കീ. 2:8–9).

ഭൂമിയുടെ അറുതികൾ ഒക്കെയും ഓർത്തു യഹോവയിങ്കലേക്കു തിരിയും; ജാതികളുടെ വംശങ്ങളൊക്കെയും നിന്റെ മുമ്പാകെ നമസ്ക്കരിക്കും; രാജത്വം യഹോവയ്ക്കുള്ളതല്ലോ; അവൻ ജാതികളെ ഭരിക്കുന്നു (സങ്കീ. 22:27–28).

അവൻ സമുദ്രംമുതൽ സമുദ്രം വരെയും നദിമുതൽ **ഭൂമിയുടെ അറ്റങ്ങൾവരെയും** ഭരിക്കട്ടെ (സങ്കീ. 72:8).

അവൻ **ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും** ബഹുവംശങ്ങൾക്കു വിധി കല്പിക്കുകയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല. (യെശ. 2:4).

..ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല. അന്നാളിൽ വംശങ്ങൾക്കു കൊടിയായി നില്ക്കുന്ന യിശ്ശായിവേരായവനെ ജാതികൾ അന്വേഷിച്ചുവരും; അവന്റെ വിശ്രാമസ്ഥലം മഹത്വമുള്ളതായിരിക്കും (യെശ. 11:9–10).

"ജാതികളുടെ സമ്പത്തിനെയും യാത്രാസംഘത്തിൽ അവരുടെ രാജാക്കന്മാരെയും നിന്റെ അടുക്കൽ കൊണ്ടുവരേണ്ടതിനു നിന്റെ വാതിലുകൾ രാവും പകലും അടയ്ക്കപ്പെടാതെ എല്ലായ്പോഴും തുറന്നിരിക്കും. **നിന്നെ സേവിക്കാത്ത ജാതിയും രാജ്യവും നശിച്ചുപോകും;** ആ ജാതികൾ അശേഷം ശൂന്യമായ്പോകും" (യെശ. 60: 11–12).

''ഇരിമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനല്ക്കാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാതവണ്ണം കാറ്റു അവയെ പറപ്പിച്ചുകൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ല് ഒരു മഹാപർവ്വതമായിത്തീർന്നു **ഭൂമിയിൽ ഒക്കെയും നിറഞ്ഞു**'' (ദാനീ. 2:35). (ഈ സന്ദർഭത്തിൽ ജാതീയ രാജ്യങ്ങളെ ആണ് ഉടഞ്ഞ വലിയ ബിംബം കാണിക്കുന്നത്. ഉരുണ്ടുവന്ന വലിയ കല്ലു മശിഹായെയും അവന്റെ രാജ്യത്തെയും കാണിക്കുന്നു).

''സകലവംശങ്ങളും ജാതികളും **ഭാഷക്കാരും അവനെ സേവിക്കേണ്ടതിനു** അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; **അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും** അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു... പിന്നെ രാജത്വവും ആധിപത്യവും **ആകാശത്തിൻ കീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിനു ലഭിക്കും; അവന്റെ രാജത്വം നിത്യരാജത്വം ആകുന്നു; സകല ആധിപത്യങ്ങളും അവനെ സേവിച്ചനുസരിക്കും** (ദാനീ. 7: 14, 27).

അനേകവംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കും യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കും കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരൂശലേമിൽ നിന്നു യഹോവുടെ വചനവും പുറപ്പെടും. **അവൻ അനേകജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു ദൂരത്തോളം വിധി കല്പിക്കുകയും ചെയ്യും;** അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും; ജാതി ജാതിക്കുനേരെ വാൾ ഓങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയുമില്ല (മീഖാ 4:2-3).

''നീയോ, ബേത്ത്‌ലഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ" (മീഖാ 5:2).

''വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ **ഭൂമി യഹോവയുടെ മഹത്വത്തിന്റെ പരിജ്ഞാനത്താൽ പൂർണ്ണമാകും"** (ഹബ. 2:14).

"അപ്പോൾ **സകല ജാതികളും** യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിച്ച് **ഏകമനസ്സോടെ അവനെ സേവിക്കേണ്ടതിനു ഞാൻ അവർക്കു** നിർമ്മലമായുള്ള അധരങ്ങളെ വരുത്തും'' (സെഫ. 3:9).

"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇനി ജാതികളും അനേകപട്ടണങ്ങളിലെ നിവാസികളും വരുവാൻ ഇടയാകും. ഒരു പട്ടണത്തിലെ നിവാസികൾ മറ്റൊന്നിലേക്കു ചെന്നു: വരുവിൻ, നമുക്കു യഹോവയെ പ്രസാദിപ്പിക്കേണ്ടതിന്നും സൈന്യങ്ങളുടെ യഹോവയെ അന്വേഷിക്കേണ്ടതിന്നും പോകാം; ഞാനും പോരുന്നു എന്നുപറയും. **അങ്ങനെ അനേക ജാതികളും ബഹുവംശങ്ങളും** യെരൂശലേമിൽ സൈന്യങ്ങളുടെ **യഹോവയെ അന്വേഷിപ്പാനും** യഹോവയെ പ്രസാദിപ്പിപ്പാനും **വരും.** സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു: ആ കാലത്തു ജാതികളുടെ സകല ഭാഷകളിലും നിന്നു പത്തുപേർ ഒരു യെഹൂദന്റെ വസ്ത്രാഗ്രം പിടിച്ചു: ദൈവം നിങ്ങളോടുകൂടെ ഉണ്ടെന്നു ഞങ്ങൾ കേട്ടിരിക്കയാൽ ഞങ്ങൾ നിങ്ങളോടുകൂടെ പോരുന്നു എന്നു പറയും " (സെഖ. 8:20-23).

ഞാൻ എഫ്രയിമിൽ നിന്നു രഥത്തെയും യെരൂശലേമിൽ നിന്നു കുതിരയെയും ഛേദിച്ചുകളയും; പടവില്ലും ഒടിഞ്ഞുപോകും; അവൻ ജാതികളോടു സമാധാനം കല്പിക്കും; **അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രംവരെയും** നദിമുതൽ **ഭൂമിയുടെ അറ്റങ്ങളോളവും ആയിരിക്കും** (സെഖ. 9:10).

യഹോവ **സർവ്വഭൂമിയ്ക്കും രാജാവാകും;** അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും (സെഖ. 14:9).

"ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കുകയും ചെയ്യുന്നവനു എന്റെ പിതാവു എനിക്കു തന്നതുപോലെ ഞാൻ **ജാതികളുടെമേൽ അധികാരം കൊടുക്കും.** അവൻ ഇരിമ്പുകോൽകൊണ്ട് അവരെ മേയിക്കും; അവർ കുശവന്റെ പാത്രങ്ങൾപോലെ നുറുങ്ങിപ്പോകും" (വെളി. 2:26-27).

ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: **ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും** എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി (വെളി. 11:15).

''അവർ കുഞ്ഞാടിനോടു പോരാടും; **താൻ**

> **കർത്താധികർത്താവും രാജാധിരാജാവും** ആക കൊണ്ടു കുഞ്ഞാടു തന്നോടുകൂടെയുള്ള വിളി ക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്ത രുമായി അവരെ ജയിക്കും" (വെളി. 17:14).
>
> ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; **അവൻ ഇരിമ്പു കോൽകൊണ്ട് അവരെ മേയ്ക്കും;** സർവ്വശ ക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവു മായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു. **രാജാധിരാജാവും കർത്താധികർത്താവും** എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴു തിയിരിക്കുന്നു (വെളി. 19:15–16).

4. രാജ്യത്തിൽ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും

a. രാജ്യത്തിലെ ഭരണകർത്താക്കൾ

(1) മശീഹാ ആയിരിക്കും ആയിരമാണ്ടുവാഴ്ചയിലെ പരമാധികാരി.

ക്രിസ്തുവിന്റെ ഭരണം അനേകം വേദഭാഗങ്ങളിലൂടെ സ്ഥാപിച്ചു കഴിഞ്ഞതാണ് (സങ്കീ. 2:6; യെശ. 9:6–7; ദാനി. 7:14; ലൂക്കോ. 1:31–33; മത്താ. 19:28; 25:31; 1 കൊരി. 15: 24). ക്രിസ്തുവിന്റെ പല പേരുകൾ 1000 ആണ്ടു വാഴ്ച യിലെ അവന്റെ അധികാരത്തെ ഉറപ്പിക്കുന്നു(മുള, നമ്മുടെ നീതിയായ കർത്താവ്, യഹോവ യിശ്ശായിയുടെ ചെങ്കോൽ, മനുഷ്യപുത്രൻ, രാജാവ്, ന്യായാധിപതി, നിയ മകർത്താവ്, അഭിഷേകം ചെയ്യപ്പെട്ടവൻ എന്നർത്ഥമുള്ള മശിഹാ, രാജാക്കന്മാരുടെ രാജാവ്, കർത്താധികർത്താ വ്, ഇടയൻ, വെളിച്ചം, ദാവീദിന്റെ പുത്രൻ, കല്ല്, വീണ്ടെ ടുപ്പുകാരൻ, നീതിസൂര്യൻ). വരാൻ പോകുന്ന ക്രിസ്തു വിന്റെ ഭരണത്തെ യെശയ്യാവ് 33: 22–ൽ ഇങ്ങനെ സംഗ്ര ഹിച്ചിരിക്കുന്നു:

> യഹോവ നമ്മുടെ ന്യായാധിപൻ; യഹോവ നമ്മു ടെ ന്യായദാതാവ്; യഹോവ നമ്മുടെ രാജാവ്; അവൻ നമ്മെ രക്ഷിക്കും (യെശ. 33:22).

ഇവിടെയുള്ള മൂന്നു വിവരണങ്ങളായ "ന്യായാധിപൻ" ന്യായദാതാവ്, രാജാവ്" എന്നിവ അമേരിക്കൻ ഭരണ ത്തിന്റെ മൂന്നു ശാഖകളെ ഓർപ്പിക്കുന്നു(ഭരണാധികാ രി, നിയമസഭ, നീതിന്യായക്കോടതി) ഏകാധിപത്യം തട യുവാനായി അമേരിക്കൻ ഭരണഘടന എന്ന പ്രത്യേക വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്. ആയിരമാണ്ടുവാഴ്ചയിൽ ഭര ണത്തിന്റെ ഈ മൂന്നു തലങ്ങളിലും ക്രിസ്തു തന്റെ പര മാധികാരം പ്രയോഗിക്കും. അവൻ നിയമനിർമ്മാണം നടത്തും. അവൻ നിയമം പ്രായോഗിക തലത്തിൽ ആക്കും അവൻ ന്യായം വിധിക്കും. വരാൻ പോകുന്ന രാജ്യത്തിൽ പൂർണ്ണമായും ഏകാധിപത്യഭരണം ആയി രിക്കും. സാങ്കേതികമായി വ്യക്തി കേന്ദ്രീകൃതമായിരി ക്കില്ല, പക്ഷേ പൂർണ്ണമായും ദൈവികഭരണം ആയി രിക്കും.

(2)ആയിരമാണ്ടുവാഴ്ചയിലെ ഭരണാധികാരിയായി ദാവീദു രാജാവ്

വരാൻപോകുന്ന രാജ്യം ദാവീദ് ഭരിക്കുമെന്നു പല വേദ ഭാഗങ്ങളും പഠിപ്പിക്കുന്നു (യെശ. 55:3–4; യിരെ. 33:15–17; ആമോ. 9:11).

> "അവർ തങ്ങളുടെ ദൈവമായ യഹോവയെയും ഞാൻ **അവർക്കു എഴുന്നേല്പിപ്പാനുള്ള രാജാ വായ ദാവീദിനെയും** സേവിക്കും" (യിരെ. 30:9).
>
> "അവയെ മേയിക്കേണ്ടതിനു **ഞാൻ ഒരേ ഇട യനെ അവയ്ക്കായി നിയമിക്കും; എന്റെ ദാസ നായ ദാവീദിനെത്തന്നെ;** അവൻ അവരെ മേയി ച്ചു അവയ്ക്കു ഇടയനായിരിക്കും. അങ്ങനെ യ ഹോവയായ ഞാൻ അവർക്കു ദൈവവും **എന്റെ ദാസനായ ദാവീദ് അവരുടെ മദ്ധ്യേ പ്രഭുവും ആയിരിക്കും;** യഹോവയായ ഞാൻ അതു അരു ളിച്ചെയ്തിരിക്കുന്നു" (യെഹെ. 34:23–24).
>
> പിന്നത്തേതിൽ യിസ്രായേൽമക്കൾ തിരിഞ്ഞു തങ്ങളുടെ ദൈവമായ യഹോവയെയും **തങ്ങ ളുടെ രാജാവായ ദാവീദിനെയും** അന്വേഷിക്കും; ഭാവികാലത്തു അവർ ഭയപ്പെട്ടുംകൊണ്ടു യഹോ വയിങ്കലേക്കും അവന്റെ നന്മയിങ്കലേക്കും വരും (ഹോശേ. 3:5).

"ദാവീദ്" എന്നു പറഞ്ഞിരിക്കുന്നതു "ദാവീദിന്റെ മക നായ" ക്രിസ്തുവിന്റെ ഒരു പേരാണെന്നു പലരും വിശ്വ സിക്കുന്നു. പഴയനിയമത്തിലെ ചരിത്രപുരുഷനായ ദാവീദ് ഉയിർത്തെഴുന്നേറ്റ് ക്രിസ്തുവിന്റെ ഭരണത്തിന്റെ ഉപഭരണാധികാരിയായി സേവനം അനുഷ്ഠിക്കുമെന്നു ചിലർ വിശ്വസിക്കുന്നു.

ആയിരമാണ്ടുവാഴ്ചയിൽ പരമാധികാരിയായ ഒരു ഭര ണാധികാരി ഉണ്ടെന്നു വേദഭാഗങ്ങളിൽ നിന്നു ഉറപ്പി ക്കാം. അതുകൊണ്ട് വേദവ്യാഖ്യാതാക്കൾ "ദാവീദ്" എന്നു പറഞ്ഞിരിക്കുന്നതു ക്രിസ്തുവിന്റെ ഒരു പേരാ ണെന്നു വിശ്വസിക്കുന്നു. എങ്കിലും, ഉയിർത്തെഴുന്നേറ്റ വേദപുസ്തക വിശുദ്ധന്മാർക്കു ദൈവരാജ്യത്തിൽ പദ വികൾ ലഭിക്കും (മത്താ. 8:11; 19:28; 20:23). ഉയിർത്തെഴു ന്നേല്ക്കുന്ന ദാവീദ് രാജാവിന്നു ആയിരമാണ്ടുവാഴ്ച യിൽ വളരെ വലിയ പദവി ഉണ്ടായിരിക്കുമെന്നു ഊഹി ക്കാം. *ദാവീദ്* എന്ന പേര് ആക്ഷരികമായിത്തന്നെ സ്വീക രിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ, ഇതിന്നു വിരു ദ്ധമായി ശക്തമായ തെളിവുകൾ വേദഭാഗങ്ങളിൽ ഇല്ല. വേദപുസ്തകം ക്രിസ്തുവിനെ ദാവീദുമായി ശക്തമായി ബന്ധിപ്പിക്കുന്നുണ്ട്, എങ്കിലും *ദാവീദ്* എന്നു വിളിക്കു ന്നതു ചുരുക്കമാണ് (ദാവീദിന്റെ *മുള* യിരെ. 23:5; ദാവീ ദിന്റെ *മകൻ* എന്നു 15 പ്രാവശ്യം എങ്കിലും പറഞ്ഞിരി ക്കുന്നു; ദാവീദിന്റെ *സന്തതി* യഹോ. 7:42; റോമ. 1:3, 2

തിമൊ. 2:8; ദാവീദിന്റെ *വേര്* വെളി. 5:5; ദാവീദിന്റെ *വേരും, വംശവും* വെളി. 22:16). ക്രിസ്തുവിന്റെ ഭരണത്തിൽ ദാവീദ് പ്രധാനമന്ത്രിയാകും എന്നു ഉപസംഗ്രഹിക്കുന്നതിൽ യാതൊരു എതിർപ്പും ഉണ്ടാകുകയില്ല. ദാവീദിന്നു ഉയർന്ന ഭരണം ഉണ്ട് എന്നു പറയുന്ന വേദഭാഗങ്ങൾ ദാവീദിനെ യിസ്രായേലിലെ ഏറ്റവും ഉയർന്ന അധികാരിയായിക്കണ്ടിരുന്നു (ലോക പരിമാധികാരത്തിനു വിരുദ്ധമായി). അല്ലെങ്കിൽ ആയിരമാണ്ടുവാഴ്ചയിൽ, പാപത്താൽ വീണുപോയ മനുഷ്യരുടെ ഇടയിൽ നിന്നുള്ള ഏറ്റവും ഉയർന്ന പദവി ദാവീദിനായിരിക്കും. അപ്പോൾ യേശുക്രിസ്തു രാജാധിരാജാവും, ദാവീദ് ഒരു രണ്ടാംനിര രാജാവും ആയിരിക്കാം. ഗോത്രഭരണാധികാരികളെക്കുറിച്ചും വേദപുസ്തകം പഠിപ്പിക്കുന്നു.

(3) പന്ത്രണ്ട് അപ്പോസ്തലൻമാർ

പന്ത്രണ്ട് അപ്പോസ്തലന്മാർ യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കും ന്യായാധിപന്മാർ ആയിരിക്കും. മനുഷ്യന്റെ അറിവിൽ, നഷ്ടപ്പെട്ട ഗോത്രങ്ങൾ നഷ്ടപ്പെട്ടിരിക്കാം. പക്ഷേ ദൈവത്തിനു നിശ്ചയമായും അവരെ അറിയാം.

> "യേശു അവരോടു പറഞ്ഞത്: എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജീവിതത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ **നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും എന്നു** ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്താ. 19:28).

(4) യിസ്രായേലിലെ മറ്റുള്ള ചെറിയ കുലീനന്മാരും ന്യായാധിപന്മാരും

അനേകം വേദഭാഗങ്ങളിൽ ആയിരമാണ്ടുവാഴ്ചയിലെ ചെറിയ നേതാക്കന്മാരെക്കുറിച്ച് പൊതുവായി പറയുന്നുണ്ട്. അവർ രാജകുമാരന്മാരും കുലീനന്മാരും, ന്യായാധിപന്മാരും പട്ടണത്തിലെ അധികാരികളും ആയിരിക്കാം. അന്നത്തെ ഭരണത്തിന്റെ ഘടന കൃത്യമായും നമുക്കറിയില്ല. **അനേകം** അധികാരികളുമായി വളരെ വിശാലമായ ഒരു ഭരണസംവിധാനം അന്ന് ഉണ്ടായിരിക്കണമെന്നു വേദപുസ്തകത്തിൽ നിന്നു നമുക്കു ഗ്രഹിക്കാം.

> ഒരു **രാജാവു നീതിയോടെ** വാഴും; *പ്രഭുക്കന്മാർ* ന്യായത്തോടെ അധികാരം നടത്തും (യെശ. 32:1).
>
> "അതു യിസ്രായേലിൽ അവന്നുള്ള സ്വത്തായിരിക്കേണം; **എന്റെ പ്രഭുക്കന്മാർ** ഇനി എന്റെ ജനത്തെ പീഡിപ്പിക്കാതെ ദേശത്തെ യിസ്രായേൽഗൃഹത്തിലെ അതതു ഗോത്രത്തിനു കൊടുക്കേണം" (യെഹെ. 45:8).
>
> ഏശാവിന്റെ പർവ്വതത്തെ ന്യായം വിധിക്കേണ്ടതിനു **രക്ഷകന്മാർ** സീയോൻപർവ്വതത്തിൽ കയറിച്ചെല്ലും; **രാജത്വം യഹോവയ്ക്ക് ആകും** (ഓബ. 21-ാം വാക്യം).
>
> "അവൻ അവനോട്: നന്നു നല്ല ദാസനേ; നീ അത്യല്പത്തിൽ വിശ്വസ്തൻ ആയതുകൊണ്ടു **പത്തു പട്ടണത്തിനു അധികാരമുള്ളവൻ ആയിരിക്ക** എന്നു കല്പിച്ചു... നീയും *അഞ്ചു പട്ടണത്തിനുമേൽ* വിചാരകൻ ആയിരിക്ക എന്നു അവൻ അവനോടു കല്പിച്ചു" (ലൂക്കോ. 19:17, 19).

ക്രിസ്തു ലോകം മുഴുവൻ ഭരിക്കുന്ന "**രാജാധിരാജാവായിരിക്കും"** (രണ്ടാം നിരയിലുള്ള രാജത്വം ഉണ്ടായിരിക്കും). ക്രിസ്തുവിന്റെ ഭരണത്തിൻ കീഴെ മറ്റു ഭരണാധിപന്മാരും കാണുമെന്നു പ്രതീക്ഷിക്കാം. ക്രിസ്തുവിന്റെ ഭരണത്തിൽ അനേകം മഹത്വീകരിക്കപ്പെട്ട സഭാവിശുദ്ധന്മാർക്ക് പങ്ക് കാണുമെന്നു വേദപുസ്തകം പഠിപ്പിക്കുന്നു (1 കൊരി. 6:2; 2 തിമൊ. 2:12; വെളി. 2:26-27; 5:10; 20:4, 6).

b. രാജ്യത്തിൽ ഭരിക്കപ്പെടുന്നവർ

(1) പുനഃസ്ഥാപിക്കപ്പെട്ട യിസ്രായേൽ

വാഗ്ദത്തനാട്ടിലെ യിസ്രായേൽമക്കളുടെ പുനഃസ്ഥാപനം വേദപുസ്തകപ്രവചനങ്ങളിലെ മുഖ്യവിഷയമാണ് (യെശ. 11:11; 27:12; 43:5-7; യിരെ. 30:18; 31:8-9; 32:36-40; 33:1; യെഹെ. 11:16; 20: 34, 42; 28:25-26; 34:12; 36:24; 37-ാം അദ്ധ്യായം; ഹോശേ. 1:11; യോവേ. 3:1; ആമോ. 9:14-15; ഓബ. 17-ാം വാക്യം; മീഖാ 4:6-7; സെഫ. 3:20; സെഖ. 8:8; 10:10). ബാബിലോൺ പ്രവാസത്തിൽ നിന്നു മടങ്ങിവന്നപ്പോൾ ഇതു പൂർണ്ണമായും നിറവേറിയില്ല. പുനസ്ഥാപനത്തെക്കുറിച്ചുള്ള കൂടുതൽ പ്രവചനങ്ങളും **നിത്യമായ പുനഃസ്ഥാപനത്തെക്കുറിച്ചാണ്.** എന്നാൽ അതിൽ അവസാന നാളുകളിലെ സംഭവങ്ങളും പറഞ്ഞിട്ടുണ്ട്.

> അന്നാളിൽ **കർത്താവു തന്റെ ജനത്തിൽ ശേഷിച്ചിരിക്കുന്ന ശേഷിപ്പിനെ** അശ്ശൂരിൽ നിന്നും മിസ്രയീമിൽ നിന്നും പത്രൊസിൽ നിന്നും കൂശിൽ നിന്നും ഏലാമിൽ നിന്നും ശിനാരിൽ നിന്നും ഹമാത്തിൽ നിന്നും സമുദ്രത്തിലെ ദ്വീപുകളിൽ നിന്നും **വീണ്ടുകൊൾവാൻ രണ്ടാം പ്രാവശ്യം കൈ നീട്ടും.** ജാതികൾക്കു ഒരു കൊടി ഉയർത്തി **യിസ്രായേലിന്റെ ഭ്രഷ്ടന്മാരെ ചേർക്കുകയും യെഹൂദായുടെ ചിതറിപ്പോയവരെ ഭൂമിയുടെ ദിക്കുകളിൽ നിന്നും ഒന്നിച്ചുകൂട്ടുകയും ചെയ്യും** (യെശ. 11:11-12).
>
> "എന്റെ കോപത്തിലും ക്രോധത്തിലും മഹാരോഷത്തിലും ഞാൻ അവരെ നീക്കിക്കളഞ്ഞ **സകല**

ദേശങ്ങളിൽ നിന്നും ഞാൻ അവരെ ശേഖരിക്കും; ഞാൻ അവരെ ഈ സ്ഥലത്തേക്കു **മടക്കിവരുത്തി** അതിൽ നിർഭയമായി വസിക്കുമാറാക്കും. അവർ എനിക്കു ജനമായും ഞാൻ അവർക്കു ദൈവമായും ഇരിക്കും" (യിരെ. 32:37, 38).

"ഒരു ഇടയൻ ചിതറിപ്പോയിരിക്കുന്ന തന്റെ ആടുകളുടെ ഇടയിൽ ഇരിക്കുന്ന നാളിൽ തന്റെ ആട്ടിൻകൂട്ടത്തെ അന്വേഷിക്കുന്നതുപോലെ ഞാൻ എന്റെ ആടുകളെ അന്വേഷിച്ചു, അവ കാറും കറുപ്പുമുള്ള ദിവസത്തിൽ ചിതറിപ്പോയ സകല സ്ഥലങ്ങളിലും നിന്നു അവയെ വിടുവിക്കും. **ഞാൻ അവയെ ജാതികളുടെ ഇടയിൽ നിന്നു പുറപ്പെടുവിച്ചു ദേശങ്ങളിൽ നിന്നു ശേഖരിച്ചു സ്വദേശത്തു കൊണ്ടു വന്നു** യിസ്രായേൽ മലകളിലും നദീതീരങ്ങളിലും ദേശത്തിലെ സകല വാസസ്ഥലങ്ങളിലും മേയിക്കും'' (യെഹെ. 34:12–13).

"അപ്പോൾ **ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കിവരുത്തും;** ശൂന്യമായിപ്പോയിരുന്ന പട്ടണങ്ങളെ അവർ പണിതു പാർക്കയും മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ വീഞ്ഞുകുടിക്കയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കുകയും ചെയ്യും. **ഞാൻ അവരെ അവരുടെ ദേശത്തു നടും; ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തു നിന്നു അവരെ ഇനി പറിച്ചുകളകയുമില്ല** എന്നു നിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു" (ആമോ. 9:14–15).

(2) കൂട്ടിച്ചേർക്കപ്പെട്ട യിസ്രായേൽ

യെഹൂദന്മാർ യിസ്രായേലിലേക്കു മടങ്ങിവരുമെന്നു മാത്രമല്ല, അവർ ഒരു ഐക്യരാജ്യമായിത്തീരും. ശലോമോന്റെ മരണശേഷം പത്തു ഗോത്രങ്ങളടങ്ങിയ യിസ്രായേലും രണ്ടു ഗോത്രങ്ങളടങ്ങിയ യെഹൂദയും രണ്ടായി വിഭജിക്കപ്പെട്ടു. പ്രവാചകന്മാർ പഠിപ്പിക്കുന്നതനുസരിച്ച് അന്ത്യനാളുകളിൽ യെഹൂദന്മാർ ദേശത്തിലേക്കു മടങ്ങിവരുമ്പോൾ ഈ വേർപാടിന്റെ മുറിവു ഉണങ്ങുകയും മറന്നുപോകുകയും ചെയ്യും.

"ആ കാലത്തു **യെഹൂദാഗൃഹം യിസ്രായേൽ ഗൃഹത്തോടു ചേർന്നു;** അവർ ഒന്നിച്ചു വടക്കെ ദിക്കിൽ നിന്നു പുറപ്പെട്ടു, ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു അവകാശമായക്കൊടുത്ത ദേശത്തേക്കു വരും" (യിരെ. 3:18) (യിരെ. 33:14 കാണുക).

"മനുഷ്യപുത്രാ, നീ ഒരു കോൽ എടുത്തു അതിന്മേൽ: യെഹൂദയ്ക്കും അവനോടു ചേർന്നിരിക്കുന്ന യിസ്രായേൽമക്കൾക്കും എന്നു എഴുതി വയ്ക്ക; പിന്നെ മറ്റൊരു കോൽ എടുത്തു അതിന്മേൽ: എഫ്രയീമിന്റെ കോലായ യോസേഫിന്നും അവനോടു ചേർന്നിരിക്കുന്ന യിസ്രായേൽഗൃഹത്തിനൊക്കെയും എന്നു എഴുതി വയ്ക്ക. പിന്നെ നീ അവയെ ഒരു കോലായി ഒന്നോടൊന്നു ചേർക്കുക; അവ നിന്റെ കയ്യിൽ ഒന്നായിത്തീരും; ഇതിന്റെ താല്പര്യം എന്തെന്നു നീ ഞങ്ങളെ അറിയിക്കയില്ലയോ എന്നു നിന്റെ സ്വജാതിക്കാർ നിന്നോടു ചോദിക്കുമ്പോൾ... പിന്നെ നീ അവരോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ യിസ്രായേൽമക്കളെ അവർ ചെന്നു ചേർന്നിരിക്കുന്ന ജാതികളുടെ ഇടയിൽ നിന്നു കൂട്ടി നാലുപുറത്തുനിന്നും സ്വരൂപിച്ചു സ്വദേശത്തേക്കു കൊണ്ടുവരും. **ഞാൻ അവരെ ദേശത്തു,** യിസ്രായേൽ പർവ്വതങ്ങളിൽ തന്നെ, **ഏകജാതിയാക്കും;** ഒരേ രാജാവു അവർക്കെല്ലാവർക്കും രാജാവായിരിക്കും; അവർ ഇനി രണ്ടു ജാതിയായിരിക്കയില്ല; രണ്ടു രാജ്യമായി പിരികയുമില്ല" (യെഹെ. 37:16–18; 21–22).

അതുകൊണ്ടു യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു **ഞാൻ യാക്കോബിന്റെ പ്രവാസികളെ മടക്കിവരുത്തി യിസ്രായേൽ ഗൃഹത്തോടൊക്കെയും കരുണ ചെയ്തു** എന്റെ വിശുദ്ധനാമം നിമിത്തം തീക്ഷ്ണത കാണിക്കും (യെഹെ. 39:25).

യെഹൂദാമക്കളും യിസ്രായേൽമക്കളും ഒന്നിച്ചു കൂട്ടി തങ്ങൾക്കു ഒരേ തലവനെ നിയമിച്ചു ദേശത്തു നിന്നു പുറപ്പെട്ടു പോകും; യിസ്രായേലിന്റെ നാൾ വലുതായിരിക്കുമല്ലോ (ഹോശേ.1:11).

(3) പുതുതായി ജനിച്ച യിസ്രായേൽ

യിസ്രായേൽ കൂട്ടിച്ചേർക്കപ്പെട്ട അവളുടെ ദേശത്തു പുനസ്ഥാപിക്കപ്പെടും. യിസ്രായേലിന്റെ അന്ത്യനാളിലെ പുനസ്ഥാപനവും, 1948 -ലെ യിസ്രായേൽ ദേശത്തിന്റെ രൂപീകരണവും തമ്മിലുള്ള മുഖ്യ വ്യത്യാസം, **വിശ്വാസികളുടെ** യിസ്രായേലിലേക്കുള്ള മടങ്ങിവരവാണെന്നു വേദപുസ്തകം പറയുന്നു. ആയിരമാണ്ടുവാഴ്ചയിൽ യിസ്രായേൽ അവളുടെ മശിഹായ്ക്കു പൂർണ്ണമായി സമർപ്പിച്ചിരിക്കും.

ഇങ്ങനെ **യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും,** ''നീ വിടുവിക്കുന്നവൻ സീയോനിൽനിന്നു വരും; അവൻ യാക്കോബിൽ നിന്നു അഭക്തിയെ മാറ്റും. ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം'' എന്നു എഴുതിയിരിക്കുന്നുവല്ലോ (റോമ. 11:26–27).

"ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; **അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും;** ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 31:34).

എന്നോടു മത്സരിച്ചു അതിക്രമിക്കുന്നവരെ ഞാൻ നിങ്ങളുടെ ഇടയിൽ നിന്നു നീക്കിക്കളയും; അവർ ചെന്നു പാർക്കുന്ന രാജ്യത്തുനിന്നു ഞാൻ അവരെ പുറപ്പെടുവിക്കും; എങ്കിലും **യിസ്രായേൽദേശത്തു അവർ കടക്കയില്ല;** ഞാൻ യഹോവ എന്നു നിങ്ങൾ അറിയും.... എന്റെ വിശുദ്ധപർവ്വതത്തിൽ യിസ്രായേലിന്റെ ഉന്നത പർവ്വതത്തിൽ തന്നെ, **യിസ്രായേൽഗൃഹമൊക്കെയും ഒട്ടൊഴിയാതെ അവിടെ ദേശത്തു വെച്ചു എന്നെ സേവിക്കുമെന്നു** യഹോവയായ കർത്താവിന്റെ അരുളപ്പാട്; അവിടെ ഞാൻ അവരെ സ്വീകരിക്കും; അവിടെ ഞാൻ നിങ്ങളുടെ വഴിപാടുകളെയും ആദ്യ ദാനങ്ങളെയും സകല നിവേദ്യങ്ങളെയും ആഗ്രഹിക്കും (യെഹെ. 20:38, 40).

(4). യിസ്രായേലിന്റെ പ്രാമുഖ്യം

ആയിരമാണ്ടുവാഴ്ചയിൽ ലോകത്തിലെ ഏറ്റവും ശക്തമായതും പ്രമുഖമായതുമായ രാജ്യം യിസ്രായേൽ ആയിരിക്കും. യിസ്രായേൽ ഒരു "ആത്യന്തികശക്തി"യുള്ള രാജ്യമായിരിക്കും. മറ്റെല്ലാ രാജ്യങ്ങളും യിസ്രായേലിന്റെ കീഴിലായിരിക്കുമെന്നു അനേകം വേദഭാഗങ്ങൾ പറയുന്നു.[72]

യഹോവ യാക്കോബിനോടു മനസ്സലിഞ്ഞു യിസ്രായേലിനെ വീണ്ടും തിരഞ്ഞെടുത്തു സ്വദേശത്ത് അവരെ പാർപ്പിക്കും; അന്യജാതിക്കാരും അവനോടു യോജിച്ചു യാക്കോബ് ഗൃഹത്തോടു ചേർന്നുകൊള്ളും. ജാതികൾ അവരെ കൂട്ടി അവരുടെ സ്ഥലത്തേക്കു കൊണ്ടുവരും; **യിസ്രായേൽഗൃഹം അവരെ യഹോവയുടെ ദേശത്തു ദാസന്മാരായും ദാസിമാരും അടക്കിക്കൊള്ളും; തങ്ങളെ ബദ്ധന്മാരാക്കിയവരെ അവർ ബദ്ധന്മാരാക്കുകയും തങ്ങളെ പീഡിപ്പിച്ചവരെ വാഴുകയും ചെയ്യും** (യെശ. 14:1-2).

യഹോവയായ കർത്താവു ഇപ്രകാരം അരുളിചെയ്യുന്നു: ഞാൻ ജാതികൾക്കു എന്റെ കൈ ഉയർത്തുകയും വംശങ്ങൾക്കു എന്റെ കൊടി കാണിക്കയും ചെയ്യും; അവർ നിന്റെ പുത്രന്മാരെ തങ്ങളുടെ മാർവ്വിൽ അണച്ചും പുത്രിമാരെ തോളിൽ എടുത്തുംകൊണ്ടുവരും. **രാജാക്കന്മാർ നിന്റെ പോറ്റപ്പന്മാരും അവരുടെ രാജ്ഞികൾ നിന്റെ പോറ്റമ്മമാരും ആയിരിക്കും; അവർ നിന്നെ സാഷ്ടാംഗം വണങ്ങി, നിന്റെ കാലിലെ പൊടി നക്കും;** ഞാൻ യഹോവ എന്നും എനിക്കായി കാത്തിരിക്കുന്നവർ ലജ്ജിച്ചു പോകയില്ല എന്നും നീ അറിയും (യെശ. 49:22-23).

''ദൂരത്തു നിന്നു നിന്റെ മക്കളെ അവരുടെ പൊന്നും വെള്ളിയുമായി നിന്റെ ദൈവമായ യഹോവയുടെ നാമത്തിനും അവൻ നിന്നെ മഹത്വപ്പെടുത്തിയിരിക്കകൊണ്ട് യിസ്രായേലിന്റെ പരിശുദ്ധന്നും കൊണ്ടുവരേണ്ടതിനു ദ്വീപുവാസികളും തർശീശ് കപ്പലുകൾ ആദ്യമായും എനിക്കായി കാത്തിരിക്കുന്നു. **അന്യജാതിക്കാർ** നിന്റെ മതിലുകളെ പണിയും; **അവരുടെ രാജാക്കന്മാർ നിനക്കു ശുശ്രൂഷചെയ്യും;** എന്റെ ക്രോധത്തിൽ ഞാൻ നിന്നെ അടിച്ചു; എങ്കിലും എന്റെ പ്രീതിയിൽ എനിക്കു നിന്നോടു കരുണതോന്നും. ജാതികളുടെ സമ്പത്തിനെയും യാത്രാസംഘത്തിൽ അവരുടെ രാജാക്കന്മാരെയും നിന്റെ അടുക്കൽ കൊണ്ടുവരേണ്ടതിന്നു നിന്റെ വാതിലുകൾ രാവും പകലും അടെക്കപ്പെടാതെ എല്ലായ്പ്പോഴും തുറന്നിരിക്കും. **നിന്നെ സേവിക്കാത്ത ജാതിയും രാജ്യവും നശിച്ചുപോകും;** ആ ജാതികൾ അശേഷം ശൂന്യമായ്പ്പോകും; എന്റെ വിശുദ്ധ മന്ദിരമുള്ള സ്ഥലത്തിനു ഭംഗി വരുത്തുവാനായി ലെബാനോന്റെ മഹത്വവും സരളവൃക്ഷവും പയിനും, പുന്നയും ഒരുപോലെ നിന്റെ അടുക്കൽ വരും; അങ്ങനെ ഞാൻ എന്റെ പാദസ്ഥാനത്തെ മഹത്വീകരിക്കും. **നിന്നെ ക്ലേശിപ്പിച്ചവരുടെ പുത്രന്മാർ നിന്റെ അടുക്കൽ വണങ്ങിക്കൊണ്ടു വരും; നിന്നെ നിന്ദിച്ചവരൊക്കെയും നിന്റെ കാൽ പിടിച്ചു നമസ്കരിക്കും;** അവർ നിന്നെ യഹോവയുടെ നഗരം എന്നും യിസ്രായേലിൻ പരിശുദ്ധന്റെ സീയോൻ എന്നും വിളിക്കും" (യെശ. 60:9-14) (15-17 വരെയുള്ള വാക്യങ്ങളും കാണുക)

അന്യജാതിക്കാർ നിന്നു നിങ്ങളുടെ ആട്ടിൻകൂട്ടങ്ങളെ മേയ്ക്കും; **പരദേശക്കാർ നിങ്ങൾക്കു ഉഴവുകാരും മുന്തിരിത്തോട്ടക്കാരും ആയിരിക്കും.** നിങ്ങളോ യഹോവയുടെ പുരോഹിതന്മാർ എന്നു വിളിക്കപ്പെടും; നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകന്മാർ എന്നും നിങ്ങൾക്കു പേരാകും; **നിങ്ങൾ ജാതികളുടെ സമ്പത്തു അനുഭവിച്ചു, അവരുടെ മഹത്വത്തിനു അവകാശികൾ ആയിത്തീരും** (യെശ. 61:5-6).

[72] യെശയ്യാവ് 19:21 ലും സെഖ. 14:18 ലും മിസ്രയീമിനെ പേരെടുത്തു പറഞ്ഞിട്ടുണ്ട്. അതുപോലെ യെശയ്യാവ് 19: 22- 25 വരെയുള്ള വാക്യങ്ങളിൽ അശ്ശൂരിനെക്കുറിച്ചും പറഞ്ഞിരിക്കുന്നു.

ജാതികൾ നിന്റെ നീതിയെയും സകല രാജാക്കന്മാരും നിന്റെ മഹത്വത്തെയും കാണും; യഹോവയുടെ വായ് കല്പിക്കുന്ന പുതിയ പേർ നിനക്കു വിളിക്കപ്പെടും. യഹോവയുടെ കയ്യിൽ നീ ഭംഗിയുള്ള കിരീടവും നിന്റെ ദൈവത്തിന്റെ കയ്യിൽ രാജമുടിയും ആയിരിക്കും. നിന്നെ ഇനി *അസൂബാ* (ത്യക്ത) എന്നു വിളിക്കയില്ല; നിന്റെ ദേശത്തെ *ശെമാമാ* (ശൂന്യം) എന്നു പറയുകയുമില്ല; നിനക്കു *ഹെഫ്സീബാ* (ഇഷ്ട) എന്നും നിന്റെ ദേശത്തുന്നു *ബെയൂലാ* (വിവാഹസ്ഥ) എന്നും പേർ ആകും; യഹോവയ്ക്കു നിന്നോടു പ്രിയമുണ്ടല്ലോ; നിന്റെ ദേശത്തിന്നു വിവാഹം കഴിയും. യൗവനക്കാരൻ കന്യകയെ വിവാഹം ചെയ്യുന്നതു പോലെ നിന്റെ പുത്രന്മാർ നിന്നെ വിവാഹം ചെയ്യും; മണവാളൻ മണവാട്ടിയിൽ സന്തോഷിക്കുന്നതുപോലെ നിന്റെ ദൈവം നിന്നിൽ സന്തോഷിക്കും (യെശ. 62:2–5).

അന്നാളിൽ അശ്ശൂരിൽ നിന്നും മിസ്രയീം പട്ടണങ്ങളിൽ നിന്നും മിസ്രയീം മുതൽ നദിവരെയും **സമുദ്രം മുതൽ സമുദ്രം** വരെയും **പർവ്വതം മുതൽ പർവ്വതം വരെയും** അവർ നിന്റെ **അടുക്കൽ വരും** (മീഖാ 7:12).

"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. ആ കാലത്തു **ജാതികളുടെ സകല ഭാഷകളിലും നിന്നു പത്തുപേർ ഒരു യെഹൂദന്റെ വസ്ത്രാഗ്രം പിടിച്ചു:** ദൈവം നിങ്ങളോടുകൂടെ ഉണ്ടെന്നു ഞങ്ങൾ കേട്ടിരിക്കയാൽ ഞങ്ങൾ നിങ്ങളോടുകൂടെ പോരുന്നു എന്നു പറയും" (സെഖ. 8:23).

മഹത്വീകരിക്കപ്പെട്ട വിശുദ്ധന്മാർ ആയിരമാണ്ടു വാഴ്ചയിലെ ഭരണകർത്താക്കളാണ്. മഹത്വീകരിക്കപ്പെടാത്ത ജനങ്ങളിൽ യെഹൂദന്മാരെ ജാതികൾ സേവിക്കും. യിസ്രായേലിന്റെ ഇടയിലുള്ള ദൈവികസാന്നിദ്ധ്യമാണ് അവൾക്കു പ്രാമുഖ്യം നല്കുന്നത്.

(5) യിസ്രായേലിൽ ദൈവികസാന്നിദ്ധ്യം

വരാൻപോകുന്ന രാജ്യത്തിൽ ദൈവം യിസ്രായേലിൽ വസിക്കുമെന്നു പ്രവാചകന്മാർ പ്രവചിച്ചിരിക്കുന്നു. ഈ വേദഭാഗങ്ങളെല്ലാം ക്രിസ്തുവിന്റെ ദൈവത്വത്തെ പരോക്ഷമായി ഉറപ്പിക്കുന്നു. ആയിരമാണ്ടുവാഴ്ചയിൽ ലോകരാജ്യങ്ങളുടെ മേൽ യിസ്രായേലിന്റെ അധികാരത്തെ ഈ വേദഭാഗങ്ങളിൽ വിശദീകരിക്കുന്നു. ദൈവം യിസ്രായേലിൽ വസിക്കും. [73]

അങ്ങനെ **ഞാൻ എന്റെ വിശുദ്ധപർവ്വതമായ സീയോനിൽ വസിക്കുന്നവനായി നിങ്ങളുടെ ദൈവമായ യഹോവ** എന്നു നിങ്ങൾ അറിയും; യെരൂശലേം വിശുദ്ധമായിരിക്കും; അന്യജാതിക്കാർ ഇനി അതിൽക്കൂടി കടക്കയുമില്ല (യോവേ. 3:17).

ഏശാവിന്റെ പർവ്വതത്തെ ന്യായംവിധിക്കേണ്ടതിനു രക്ഷകന്മാർ സീയോൻപർവ്വതത്തിൽ കയറിച്ചെല്ലും; **രാജത്വം യഹോവയ്ക്കു ആകും** (ഓബ. 21–ാം വാക്യം).

അനേകവംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കും യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കും കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. **സീയോനിൽ നിന്നു ഉപദേശവും യെരൂശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും.** അവൻ അനേകജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു ദൂരത്തോളം വിധി കല്പിക്കയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും; ജാതി ജാതിക്കുനേരെ വാൾ ഓങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയുമില്ല... യഹോവ സീയോൻപർവ്വതത്തിൽ ഇന്നുമുതൽ എന്നെന്നേക്കും അവർക്കു രാജാവായിരിക്കയും ചെയ്യും (മീഖാ. 4:2–3, 7) (യെശ. 2:2–4 കാണുക).

സീയോൻപുത്രിയേ, ഘോഷിച്ചാനന്ദിക്ക; യിസ്രായേലേ, ആർപ്പിടുക; യെരൂശലേം പുത്രിയേ, പൂർണ്ണഹൃദയത്തോടെ സന്തോഷിച്ചുല്ലസിക്ക; യഹോവ നിന്റെ ന്യായവിധികളെ മാറ്റി, നിന്റെ ശത്രുവിനെ നീക്കിക്കളഞ്ഞിരിക്കുന്നു; **യിസ്രായേലിന്റെ രാജാവായ യഹോവ നിന്റെ മദ്ധ്യേ ഇരിക്കുന്നു;** ഇനി നീ അനർത്ഥം കാണുകയില്ല. അന്നാളിൽ അവർ യെരൂശലേമിനോടു: ഭയപ്പെടരുതെന്നും സീയോനോടു: അധൈര്യപ്പെടരുതെന്നും പറയും. **നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിന്റെ മദ്ധ്യേ ഇരിക്കുന്നു** (സെഫ. 3:14 –17).

"സീയോൻപുത്രിയേ, ഘോഷിച്ചുല്ലസിച്ചു സന്തോഷിക്ക; **ഇതാ, ഞാൻ വരുന്നു; ഞാൻ നിന്റെ മദ്ധ്യേ വസിക്കും എന്നു യഹോവയുടെ അരുളപ്പാട്...** യഹോവ വിശുദ്ധദേശത്തു യെഹൂദയെ

[73] നേരിട്ടോ അല്ലാതെയോ ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചു പറയുന്ന മറ്റ് വേദഭാഗങ്ങൾ : സങ്കീ. 2:7, 12; 45:6–7; 72: 2–8, 17; 110:1; യെശ. 7:14; 9:6; 40:3, 10; യിരെ. 23:5–6; ദാനി. 7: 13–14; മീഖാ. 5:2; സെഖ. 12:10; മലാ. 3:1).

തന്റെ ഓഹരിയായി കൈവശമാക്കുകയും യെരൂശലേമിനെ വീണ്ടും തിരഞ്ഞെടുക്കുകയും ചെയ്യും" (സെഖ. 2:10, 12).

"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ മഹാതീക്ഷ്ണതയോടെ സീയോനുവേണ്ടി എരിയുന്നു; ഞാൻ അതിനുവേണ്ടി മഹാക്രോധത്തോടെ എരിയുന്നു. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: **ഞാൻ സീയോനിലേക്കു മടങ്ങിവന്നു യെരൂശലേമിന്റെ മദ്ധ്യേ വസിക്കും;** യെരൂശലേമിന്നു സത്യനഗരം എന്നും സൈന്യങ്ങളുടെ യഹോവയുടെ പർവ്വതത്തിനു വിശുദ്ധപർവ്വതം എന്നും പേർ പറയും" (സെഖ. 8:2-3).

എന്നാൽ **യഹോവ** പുറപ്പെട്ടു, താൻ യുദ്ധദിവസത്തിൽ പൊരുതതുപോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ **അവന്റെ കാൽ** യെരൂശലേമിന്നെതിരെ കിഴക്കുള്ള **ഒലിവുമലയിൽ നില്ക്കും;** ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും; ഏറ്റവും വലിയൊരു താഴ്വര ഉളവായ്വരും; മലയുടെ ഒരു പാതി വടക്കോട്ടും മറ്റേപാതി തെക്കോട്ടും വാങ്ങിപ്പോകും.... **യഹോവ സർവ്വഭൂമിക്കും രാജാവാകും;** അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും (സെഖ. 14:3-4, 9).

(6) യെരൂശലേം ലോകത്തിന്റെ തലസ്ഥാനമെന്ന നിലയിൽ

യെരുശലേം ആത്മികമായും രാഷ്ട്രീയമായും ലോകത്തിന്റെ ശക്തികേന്ദ്രമായിത്തീരും. യെരൂശലേം ലോകം മുഴുവൻ ഭരിക്കും.

അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും; അനേകം വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. **സീയോനിൽ നിന്നു ഉപദേശവും യെരൂശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും.** അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു വിധികല്പിക്കയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല (യെശ. 1:2-4; (മീഖാ 4:1-3 കാണുക).

യെരൂശലേമേ, ഞാൻ നിന്റെ മതിലുകളിന്മേൽ കാവല്ക്കാരെ ആക്കിയിരിക്കുന്നു; അവർ രാവോ പകലോ ഒരിക്കലും മിണ്ടാതെയിരിക്കയില്ല; യഹോവയെ ഓർപ്പിക്കുന്നവരേ, നിങ്ങൾ സ്വസ്ഥമായിരിക്കരുത്. **അവൻ യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തുവോളം ഭൂമിയിൽ അതിനെ പ്രശംസാവിഷയമാക്കുവോളവും** അവന്നു സ്വസ്ഥത കൊടുക്കയുമരുത് (യെശ. 62:6-7).

"ആ കാലത്തു **യെരൂശലേമിനു യഹോവയുടെ സിംഹാസനം എന്നു പേരാകും; സകലജാതികളും അവിടേക്കു, യെരൂശലേമിലേക്കു തന്നെ, യഹോവയുടെ നാമം നിമിത്തം വന്നുചേരും;** തങ്ങളുടെ ദുഷ്ടഹൃദയത്തിന്റെ ശാഠ്യപ്രകാരം ഇനി നടക്കയുമില്ല" (യിരെ. 3:17).

"അങ്ങനെ അനേക ജാതികളും **ബഹുവംശങ്ങളും യെരൂശലേമിൽ സൈന്യങ്ങളുടെ യഹോവയെ അന്വേഷിപ്പാനും യഹോവയെ പ്രസാദിപ്പിപ്പാനും വരും"** (സെഖ. 8:22).

എന്നാൽ യെരൂശലേമിന്നു നേരെ വന്ന സകല ജാതികളിലും ശേഷിച്ചിരിക്കുന്ന ഏവനും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്ക്കരിപ്പാനും കൂടാരപ്പെരുന്നാൾ ആചരിപ്പാനും ആണ്ടുതോറും വരും. ഭൂമിയിലെ സകലവംശങ്ങളിലും ആരെങ്കിലും സൈന്യങ്ങളുടെ **യഹോവയായ രാജാവിനെ നമസ്ക്കരിപ്പാൻ യെരൂശലേമിലേക്കു** വരാത്തപക്ഷം അവർക്കു മഴയുണ്ടാകയില്ല [74] (സെഖ. 14:16-17).

5. ആയിരമാണ്ടുവാഴ്ചയിലെ ആത്മികസ്ഥിതി

a. 1000 വർഷത്തേക്കു സാത്താൻ ബന്ധിതനായിരിക്കും (വെളി. 20:1-3). പാപസ്വഭാവം അപ്പോഴും നിലനില്ക്കും, എങ്കിലും സാത്താൻ അഗാധത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നതുമൂലം ആത്മിക നിലവാരം രാജ്യത്തിലെ ജനങ്ങളിൽ വർദ്ധിക്കും.

b. ശാപം ഭാഗികമായി മാറ്റപ്പെടും (1000 ആണ്ട് വാഴ്ചയിലെ പൊതുവായ സ്ഥിതിയിൽ "ശാപം ഭാഗികമായി മാറ്റപ്പെട്ടു" എന്ന ഭാഗം നോക്കുക)

c. പുത്രനായ ദൈവം ഭൂമിയിൽ നിവാസം ചെയ്യും (1000

[74] മിസ്രയിമിലും അശ്ശൂരിലും രക്ഷിക്കപ്പെട്ടവരെക്കുറിച്ചുള്ള വേദഭാഗങ്ങൾ വീണ്ടും ശ്രദ്ധിക്കുക (യെശ. 19:21-25; സെഖ. 14:18).

ആണ്ട് വാഴ്ചയിലെ രാഷ്ട്രീയ സ്ഥിതിയിൽ, "യിസ്രായേലിൽ ദൈവികസാന്നിദ്ധ്യം'' എന്ന ഭാഗം നോക്കുക).

d. ആയിരമാണ്ടുവാഴ്ചയുടെ ആരംഭത്തിൽ രക്ഷിക്കപ്പെടാത്ത എല്ലാ മനുഷ്യരെയും ഒഴിവാക്കും ("യിസ്രായേലിന്റെ ന്യായവിധി", "ജാതികളുടെ ന്യായവിധി", പീഡനത്തിൽ നിന്നു രാജ്യത്തിലേക്കുള്ള മാറ്റം എന്നീ ഭാഗങ്ങൾ കാണുക). ആയിരമാണ്ടുവാഴ്ചയിൽ ജനിക്കുന്ന ചിലർ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കില്ല എന്നതു സത്യം തന്നെ. ഇപ്പോൾ ലോകത്തിൽ ജീവിച്ചിരിക്കുന്ന വിശ്വാസികൾ ന്യൂനപക്ഷം ആണെങ്കിലും, ഇതിൽ നിന്നു വ്യത്യസ്തമായി ആയിരമാണ്ടുവാഴ്ചയിലെ ഭൂരിഭാഗവും ജനങ്ങളും രക്ഷിക്കപ്പെട്ടവരായിരിക്കും. ആയിരമാണ്ടുവാഴ്ചയിൽ ഭൂരിഭാഗം വിശ്വാസികളായതുകൊണ്ട് അവരുടെ സ്വാധീനത്താൽ മാനവചരിത്രത്തിലെ ഏറ്റവും നല്ല ആത്മിക കാലം അനുഭവിക്കും.

e. പരിശുദ്ധാത്മാവിന്റെ വലിയ പകർച്ചയുണ്ടാകും

ആയിരമാണ്ടുവാഴ്ചയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതു വളരെ രസകരമായിരിക്കും. നിയമ വാഴ്ചയിൽ നിന്നും സഭാ വാഴ്ചയിൽ നിന്നും വ്യത്യസ്തമായ ശുശ്രൂഷയാണ് പരിശുദ്ധാത്മാവിന്നു ആയിരമാണ്ടുവാഴ്ചയിൽ ഉള്ളതെന്നു തോന്നുന്നു. മശീഹായുടെ ഭരണത്തിൽ പരിശുദ്ധാത്മാവ് സഹായിക്കുമെന്നു യെശയ്യാവ് പ്രവചിച്ചിട്ടുണ്ട്.

> എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്നു ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പു ഫലം കായിക്കും. **അവന്റെമേൽ യഹോവയുടെ ആത്മാവു വസിക്കും (യെശ. 11:1-2).**

പരിശുദ്ധാത്മാവ് മശിഹായെ ജ്ഞാനത്തോടും നീതിയോടും കൂടെ ഭരിക്കുന്നതിനു സഹായിക്കുന്നതു കൂടാതെ രാജ്യത്തിലെ എല്ലാ വിശുദ്ധന്മാരുടെമേലും പകരപ്പെടും.

> ഉയരത്തിൽ നിന്നു **ആത്മാവിനെ നമ്മുടെമേൽ പകരുവോളം തന്നെ....** (യെശ. 32:15).
>
> "ദാഹിച്ചിരിക്കുന്നേടത്തു ഞാൻ വെള്ളവും വരണ്ട നിലത്തു നീരൊഴുക്കുകളും പകരും; **നിന്റെ സന്തതിമേൽ എന്റെ ആത്മാവിനെയും** നിന്റെ സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തെയും പകരും" (യെശ. 44:3).
>
> "ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. **ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി** നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ച് അനുഷ്ഠിക്കും" (യെഹെ. 36:26-27).
>
> ''ഞാൻ യിസ്രായേൽഗൃഹത്തിന്മേൽ **എന്റെ ആത്മാവിനെ പകർന്നിരിക്കയാൽ** ഇനി എന്റെ മുഖം അവർക്കു മറയ്ക്കയുമില്ല എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്" (യെഹെ. 39:29).

ആയിരമാണ്ടുവാഴ്ചയിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്ന പ്രധാനമായ വേദഭാഗം യോവേൽ 2:28-29 ഉം ആയിരിക്കാം. പത്രൊസ് ഈ വേദഭാഗത്തെ പെന്തക്കോസ്ത് നാളിൽ എടുത്തു പറഞ്ഞിരിക്കുന്നു (അപ്പോ. പ്രവൃ. 2:16). ഈ വാക്യങ്ങൾ അപ്പോസ്തലന്മാരുടെ പെന്തക്കോസ്ത് അനുഭവങ്ങളിൽ വിവരിക്കുന്നുണ്ട്, എങ്കിലും, യോവേൽ 2:28-29 ലും ഉള്ള പ്രവചനങ്ങൾ പ്രത്യേകമായും പൂർണ്ണമായും അപ്പോൾ നിറവേറുന്നില്ല. ആകാശത്തിലെ അടയാളങ്ങളും സൂര്യൻ ഇരുണ്ടുപോകുന്നതും ജാതികളുടെ ന്യായവിധിയും പെന്തക്കോസ്ത് ദിവസത്തിൽ സംഭവിക്കുന്നില്ല (യോവേൽ 2:28-29 ന്റെ സന്ദർഭം യോവേൽ 2:30-3:2-ൽ നോക്കുക). അതുകൊണ്ട്, യോവേ. 2:28-29-ൽ സഭാഭരണത്തെക്കുറിച്ചുള്ള പ്രവചനമൊന്നുമില്ല, മറിച്ച് ക്രിസ്തുവിന്റെ ഈ ഭൂമിയിലെ ഭാവി രാജ്യത്തെക്കുറിച്ചാണ്(ഈ പ്രവചനത്തിന്റെ സമയക്രമം മനസ്സിലാക്കുവാൻ യോവേൽ 2:30-3:2 കാണുക).

> "അതിന്റെ ശേഷമോ, **ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും;** നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെ മേലും ദാസിമാരുടെമേലും കൂടെ **ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും"** (യോവേ. 2:28-29).

വേദഭാഗങ്ങൾ വിരളമായതുകൊണ്ട് ഒന്നും ഉറപ്പിക്കുവാൻ സാധ്യമല്ലെങ്കിലും ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിങ്കൽ അവനെ രാജാവായി അംഗീകരിച്ചിരുന്നെങ്കിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എപ്രകാരം ആയിരുന്നുവോ അപ്രകാരമുള്ള ഒരു ശുശ്രൂഷ ആയിരമാണ്ടുവാഴ്ചയിലുണ്ടായിരിക്കും. സുവിശേഷത്തിലെ അത്ഭുതങ്ങൾ വരാൻപോകുന്ന രാജ്യത്തെക്കുറിച്ചുള്ള പരിജ്ഞാനം നല്കി. (എബ്രാ. 2:4, 6:5). കർത്താവിന്റെ സൗഖ്യദായക ശുശ്രൂഷ വരാൻപോകുന്ന രാജ്യത്തു സംഭവിക്കാനിരിക്കുന്ന വിഷയങ്ങളുടെ ഭാഗികമായ നിറവേറലാണ് (മത്താ. 8:15). ആ രാജ്യത്തിൽ അനേകം പ്രവാചകന്മാരും അത്ഭുതം പ്രവർത്തിക്കുന്നവരും, സൗഖ്യദാതാക്കളും

ഉണ്ടായിരിക്കും (ഇപ്പോൾ ഉള്ളതിൽ നിന്നു വ്യത്യസ്തമായി റോമ. 8:22). ക്രിസ്തുവിന്റെ ശരീരത്തോടു ചേർക്കപ്പെടുന്നതിനുള്ള ആത്മസ്നാനശുശ്രൂഷ ഉണ്ടായിരിക്കുമോ എന്നു നമുക്കു അറിയില്ല, എങ്കിലും പരിശുദ്ധാത്മ നിവാസത്തിലൂടെ (യെഹെ. 36:26), പുതുജനനം (യോഹ. 3:3) ഉണ്ടായിരിക്കും എന്ന വിഷയം ഉറപ്പാണ്. പരിശുദ്ധാത്മ ശക്തി പ്രദർശിപ്പിക്കുന്ന യോശുവാമാരും, ഗിദെയോൻമാരും ദാനീയേൽമാരും, ഏലിയാവുമാരും ഏലീശമാരും നിറഞ്ഞിരിക്കുന്ന ഒരു ലോകം ഊഹിച്ചു നോക്കുക (മത്താ. 11:11 കാണുക).

f. യെരൂശലേമിലെ ഐക്യാരാധന

യെരൂശലേം ലോകത്തിന്റെ രാഷ്ട്രീയ തലസ്ഥാനവും ആരാധനാകേന്ദ്രവും ആകും എന്നു അനേകം വേദഭാഗങ്ങൾ പഠിപ്പിക്കുന്നു. (യെശ. 2:2–4; മീഖാ 4:1; സെഫ. 3:9–10; സെഖ. 8:20–23; 14:16–21). 1000 ആണ്ട് വാഴ്ചയിൽ ലോകം "കൂടാരപ്പെരുന്നാൾ" ആചരിക്കുമെന്നു സെഖര്യാവിലെ രണ്ടു വേദഭാഗങ്ങൾ പഠിപ്പിക്കുന്നു. 1000 ആണ്ട് വാഴ്ചയിലെ ആത്മിക വ്യവസ്ഥ പഴയനിയമകാലത്തിലേതുപോലെ ആയിരിക്കുമെന്നുള്ള പല സൂചനകളിൽ ഒന്നു ഇതാണ്. മോശെയുടെ നിയമത്തിലെ പല ആചാരങ്ങളും പുനഃപ്രതിഷ്ഠിക്കും. ("1000 ആണ്ട് വാഴ്ചയിലെ ദേവാലയവും/ ആരാധനയും" കാണുക). 1000 ആണ്ട് വാഴ്ച നിശ്ചയമായും ഒരു "യെഹൂദ പശ്ചാത്തലത്തിൽ ആയിരിക്കും."

g. സമൃദ്ധമായ ആത്മീയത

ആയിരമാണ്ടുവാഴ്ചയിൽ കോടതിയും മരണശിക്ഷയും ഉള്ളത് സൂചിപ്പിക്കുന്നതു പാപം അപ്പോഴും നിലനില്ക്കുന്നു എന്നാണ് (യെശ. 11:4; യിരെ. 32:30). ജീവിതദൈർഘ്യം വർദ്ധിക്കുമെങ്കിലും മരണം അപ്പോഴും സംഭവിക്കും. ആയിരമാണ്ടുവാഴ്ചയിൽ മരണമുള്ളതു പാപം നിലനില്ക്കുന്നു എന്നതിന്റെ മറ്റൊരു സൂചനയാണ് (യെശ. 65:20). ആയിരമാണ്ടുവാഴ്ചയുടെ അവസാനത്തിൽ അഗാധത്തിൽ നിന്നു സാത്താനെ കുറച്ചു കാലത്തേക്ക് അഴിച്ചുവിടുമ്പോൾ, അവൻ ക്രിസ്തുവിനു വിരോധമായി ജനത്തെ ഇളക്കും (വെളി. 20:3, 7–10). 1000 ആണ്ട് വാഴ്ചയിൽ ജനിക്കുന്ന ചില ആളുകൾ എല്ലാ നല്ല അന്തരീക്ഷം ഉണ്ടായിട്ടും ക്രിസ്തുവിനെ തള്ളിക്കളയും എന്നതാണ് ഇതിനർത്ഥം.

പാപം നിലനില്ക്കയും അവിശ്വാസികളായ ഒരു ചെറിയകൂട്ടം ഉണ്ടായിരുന്നാലും, സമൃദ്ധമായി വിശുദ്ധിയും അനുസരണവും, നീതിയും സത്യവും ഉണ്ടായിരിക്കും. രാജ്യത്തിന്റെ ആരംഭത്തിൽ എല്ലാ പൗരന്മാരും രക്ഷിക്കപ്പെട്ടവരായിരിക്കും (മത്താ. 13:41–43, 49–50; 25:34, 41, 46 നോക്കുക "യിസ്രായേലിന്റെ ന്യായവിധി", "ജാതികളുടെ ന്യായവിധി" , "പീഡനകാലത്തിൽ നിന്നു രാജ്യത്തിലേക്കുള്ള മാറ്റം", എന്നീ ഭാഗങ്ങൾ വായിക്കുക). ഇവർ പീഡനകാലത്തിന്റെ ശേഷിപ്പോ, അല്ലെങ്കിൽ ഉയർത്തെഴുന്നേറ്റ മഹത്വീകരിക്കപ്പെട്ട വിശ്വാസികളോ ആയിരിക്കും. ആയിരമാണ്ട് വാഴ്ചയിൽ ജനിക്കുന്ന ഭൂരിപക്ഷം ജനങ്ങളും ക്രിസ്തുവിനെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യും.

ഇത് പൗരന്മാരുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും പ്രതിഫലിക്കും. ഉദാഹരണമായി, ധനവിനിയോഗത്തിലും കുറ്റകൃത്യത്തിലും, വിദ്യാഭ്യാസത്തിലും മറ്റെല്ലാ തലങ്ങളിലും.

> "ഞാൻ നിന്റെ ന്യായാധിപന്മാരെ ആദിയിങ്കൽ എന്നപോലെയും നിന്റെ ആലോചനക്കാരെ ആരംഭത്തിങ്കൽ എന്നപോലെയും ആക്കും; **അതിന്റെ ശേഷം നീ നീതിപുരം എന്നും വിശ്വസ്തനഗരം എന്നും വിളിക്കപ്പെടും.** സീയോൻ ന്യായത്താലും അതിൽ മനം തിരിയുന്നവർ നീതിയാലും വീണ്ടെടുക്കപ്പെടും" (യെശ. 1:26–27).
>
> **കർത്താവു** ന്യായവിധിയുടെ കാറ്റുകൊണ്ടും ദഹനത്തിന്റെ കാറ്റുകൊണ്ടും **സീയോൻപുത്രിമാരുടെ മലിനത കഴുകിക്കളയുകയും** യെരുശലേമിന്റെ രക്തപാതകം അതിന്റെ നടുവിൽ നിന്നു നീക്കി വെടിപ്പാക്കയും ചെയ്തശേഷം **സീയോനിൽ** മിഞ്ചിയിരിക്കുന്നവനും യെരുശലേമിൽ ശേഷിച്ചിരിക്കുന്നവനും, **ഇങ്ങനെ യെരുശലേമിൽ ജീവനുള്ളവരുടെ കൂട്ടത്തിൽ പേർ എഴുതിയിരിക്കുന്ന ഏവനും തന്നെ, വിശുദ്ധൻ എന്നു വിളിക്കപ്പെടും** (യെശ. 4:3–4).
>
> അവിടെ ഒരു പെരുവഴിയും പാതയും ഉണ്ടാകും; അതിന്നു **വിശുദ്ധവഴി എന്നു പേരാകും; ഒരു അശുദ്ധനും അതിൽകൂടി കടന്നുപോകയില്ല;** അവൻ അവരോടുകൂടെ ഇരിക്കും; വഴിപോക്കർ, **ഭോഷൻപോലും, വഴി തെറ്റിപ്പോകയില്ല.** ഒരു സിംഹവും അവിടെ ഉണ്ടാകയില്ല; ഒരുദുഷ്ടമൃഗവും അവിടെ കയറിവരികയില്ല; ആ വകയെ അവിടെ കാണുകയില്ല; വീണ്ടെടുക്കപ്പെട്ടവർ അവിടെ നടക്കും (യെശ. 35:8–9).
>
> സീയോനേ, ഉണരുക ഉണരുക; നിന്റെ ബലം ധരിച്ചുകൊൾക; **വിശുദ്ധ നഗരമായ യെരുശലേമേ,** നിന്റെ അലങ്കാരവസ്ത്രം ധരിച്ചുകൊൾക; **ഇനി മേലാൽ അഗ്രചർമ്മിയും അശുദ്ധനും നിന്നിലേക്കു വരികയില്ല** (യെശ. 52:1).
>
> "ഇനി നിന്റെ ദേശത്തു സാഹസവും നിന്റെ അതിരിന്നകത്തു ശൂന്യവും നാശവും കേൾക്കയില്ല; നിന്റെ മതിലുകൾക്കു രക്ഷ എന്നും **നിന്റെ വാതിലുകൾക്ക് സ്തുതി എന്നും പേർ**

പറയും..... നിന്റെ ജനമൊക്കെയും നീതിമാന്മാരാകും; ഞാൻ മഹത്വപ്പെടേണ്ടതിന്നു എന്റെ നടുതലയുടെ മുളയും എന്റെ കൈകളുടെ പ്രവൃത്തിയും ആയിട്ടു അവർ ദേശത്തെ സദാകാലത്തേക്കും കൈവശമാക്കും" (യെശ. 60:18, 21).

ഭൂമി തൈകളെ മുളപ്പിക്കുന്നതുപോലെ തോട്ടം അതിൽ വിതെച്ച വിത്തിനെ കിളുർപ്പിക്കുന്നതുപോലെയും **യഹോവയായ കർത്താവു സകല ജാതികളും നീതിയെയും സ്തുതിയെയും മുളപ്പിക്കും** (യെശ. 61:11).

"എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാട്. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; **അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും;** ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 31:33-34).

എന്നോടു മത്സരിച്ചു അതിക്രമിക്കുന്നവരെ ഞാൻ നിങ്ങളുടെ ഇടയിൽ നിന്നു നീക്കികളയും; അവർ ചെന്നുപാർക്കുന്ന രാജ്യത്തുനിന്നു ഞാൻ അവരെ പുറപ്പെടുവിക്കും; എങ്കിലും **യിസ്രായേൽദേശത്തു അവർ കടക്കയില്ല;** ഞാൻ യഹോവ എന്നു നിങ്ങൾ അറിയും.... എന്റെ വിശുദ്ധപർവ്വതത്തിൽ യിസ്രായേലിന്റെ ഉന്നതപർവ്വതത്തിൽ തന്നെ, **യിസ്രായേൽ ഗൃഹമൊക്കെയും ഒട്ടൊഴിയാതെ അവിടെ ദേശത്തു വെച്ചു എന്നെ സേവിക്കുമെന്നു** യഹോവയായ കർത്താവിന്റെ അരുളപ്പാട്; അവിടെ ഞാൻ അവരെ സ്വീകരിക്കും; അവിടെ ഞാൻ നിങ്ങളുടെ വഴിപാടുകളെയും ആദ്യദാനങ്ങളെയും സകലനിവേദ്യങ്ങളെയും ആഗ്രഹിക്കും.... അവിടെവച്ചു നിങ്ങൾ നിങ്ങളുടെ വഴികളെയും നിങ്ങളെത്തന്നെ മലിനമാക്കിയ സകല ക്രിയകളെയും ഓർക്കും; നിങ്ങൾ ചെയ്ത സകല ദോഷവും നിമിത്തം നിങ്ങൾക്കു നിങ്ങളോടു തന്നെ വെറുപ്പു തോന്നും (യെഹെ. 20:38, 40, 43).

"ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ നിന്നു കൂട്ടി സകലദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു സ്വന്തദേശത്തേക്കു വരുത്തും. ഞാൻ നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും; **നിങ്ങൾ നിർമ്മലരായി തീരും;** ഞാൻ നിങ്ങളുടെ സകലമലിനതയെയും സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; **നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും.** ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തു നിങ്ങൾ പാർക്കും; നിങ്ങൾ എനിക്കു ജനമായും ഞാൻ നിങ്ങൾക്കു ദൈവമായും ഇരിക്കും. ഞാൻ നിങ്ങളുടെ സകല മലിനതകളും നീക്കി നിങ്ങളെ രക്ഷിക്കും; ഞാൻ നിങ്ങളുടെ മേൽ ക്ഷാമം വരുത്താതെ ധാന്യം വിളിച്ചുവരുത്തി വർദ്ധിപ്പിക്കും. നിങ്ങൾ ഇനിമേൽ ജാതികളുടെ ഇടയിൽ ക്ഷാമത്തിന്റെ നിന്ദ അനുഭവിക്കാതിരിക്കേണ്ടതിനു ഞാൻ വൃക്ഷങ്ങളുടെ ഫലവും നിലത്തിന്റെ വിളവും വർദ്ധിപ്പിക്കും. അപ്പോൾ നിങ്ങൾ നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെയും നന്നല്ലാത്ത പ്രവൃത്തികളെയും ഓർത്തു നിങ്ങളുടെ അകൃത്യം നിമിത്തവും മ്ലേച്ഛതകൾ നിമിത്തവും നിങ്ങൾക്കു നിങ്ങളോടു തന്നെ വെറുപ്പു തോന്നും" (യെഹെ. 36:24-31).

"അവർ ഇനി വിഗ്രഹങ്ങളാലും മ്ലേച്ഛതകളാലും യാതൊരു അതിക്രമത്താലും തങ്ങളെത്തന്നെ മലിനമാക്കുകയില്ല; അവർ പാപം ചെയ്ത അവരുടെ സകല വാസസ്ഥലങ്ങളിലും നിന്നു ഞാൻ അവരെ രക്ഷിച്ചു ശുദ്ധീകരിക്കും; അങ്ങനെ അവർ എനിക്കു ജനമായും ഞാൻ അവർക്കു ദൈവമായും ഇരിക്കും. എന്റെ ദാസനായ ദാവീദ് അവർക്കു രാജാവായിരിക്കും; അവർക്കെല്ലാവർക്കും ഒരേ ഇടയൻ ഉണ്ടാകും; **അവർ എന്റെ വിധികളിൽ നടന്നു** എന്റെ ചട്ടങ്ങളെ പ്രമാണിച്ചനുഷ്ഠിക്കും" (യെഹെ. 37:23-34).

അവൻ എന്നോടു അരുളിച്ചെയ്തതു; മനുഷ്യപുത്രാ, ഇതു ഞാൻ എന്നേക്കും യിസ്രായേൽമക്കളുടെ മദ്ധ്യേ വസിക്കുന്ന എന്റെ സിംഹാസനത്തിന്റെ സ്ഥലവും എന്റെ കാലടികളുടെ സ്ഥലവും ആകുന്നു; **യിസ്രായേൽഗൃഹമെങ്കിലും അവരുടെ രാജാക്കന്മാരെങ്കിലും തങ്ങളുടെ പരസംഗംകൊണ്ടും** പൂജാഗിരികളിലെ തങ്ങളുടെ രാജാക്കന്മാരുടെ..... മനുഷ്യപുത്രാ, യിസ്രായേൽ ഗൃഹം തങ്ങളുടെ അകൃത്യങ്ങളെ

ക്കുറിച്ചു ലജ്ജിക്കേണ്ടതിനു നീ ഈ ആലയം അവരെ കാണിക്ക; അവർ അതിന്റെ മാതൃക അളക്കട്ടെ (യെഹെ. 43:7, 10).

"അന്നാളിൽ **ഞാൻ നിന്റെ മദ്ധ്യേനിന്നു നിന്റെ ഗർവ്വോല്ലസിതന്മാരെ നീക്കിക്കളയും** നീ എന്റെ വിശുദ്ധപർവ്വതത്തിൽ ഇനി ഗർവ്വിക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് നീ എന്നോടു അതിക്രമമായി ചെയ്തിരിക്കുന്ന സകല പ്രവൃത്തികളും നിമിത്തം നീ അന്നാളിൽ ലജ്ജിക്കേണ്ടിവരികയില്ല. **യിസ്രായേലിൽ ശേഷിപ്പുള്ളവർ നീതികേടു പ്രവർത്തിക്കയില്ല;** ഭോഷ്ക്കു പറയുകയുമില്ല; ചതിവുള്ള നാവു അവരുടെ വായിൽ ഉണ്ടാകയില്ല; അവർ മേഞ്ഞുകിടക്കും; ആരും അവരെ ഭയപ്പെടുത്തുകയുമില്ല" (സെഫ. 3:11, 13).

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ സീയോനിലേക്കു മടങ്ങിവന്നു യെരൂശലേമിന്റെ മദ്ധ്യേ വസിക്കും; യെരുശലേമിന്നു **സത്യനഗരം** എന്നും സൈന്യങ്ങളുടെ യഹോവയുടെ പർവ്വതത്തിനു **വിശുദ്ധ പർവ്വതം** എന്നും പേർ പറയും" (സെഖ. 8:3).

"അന്നാളിൽ ദാവീദ്ഗൃഹത്തിനും യെരുശലേം നിവാസികൾക്കും **പാപത്തിന്റെയും മാലിന്യത്തിന്റെയും** പരിഹാരത്തിനായി ഒരു **ഉറവു** തുറന്നിരിക്കും... മൂന്നിൽ ഒരംശം ഞാൻ തീയിൽക്കൂടി കടത്തി വെള്ളി ഊതിക്കഴിക്കുംപോലെ അവരെ ഊതിക്കഴിക്കും; പൊന്നുശോധന കഴിക്കുന്നതുപോലെ അവരെ ശോധന കഴിക്കും; **അവർ എന്റെ നാമത്തെ വിളിച്ചപേക്ഷിക്കുകയും** ഞാൻ അവർക്കു ഉത്തരം അരുളുകയും ചെയ്യും; **അവർ എന്റെ ജനം** എന്നു ഞാൻ പറയും; യഹോവ എന്റെ ദൈവം എന്നു അവരും പറയും" (സെഖ. 13:1, 9)

അന്നാളിൽ കുതിരകളുടെ മണികളിന്മേൽ യഹോവെക്കു വിശുദ്ധം എന്നു എഴുതിയിരിക്കും; യഹോവയുടെ ആലയത്തിലെ കലങ്ങളും യാഗപീഠത്തിൻ മുമ്പിലുള്ള കലശങ്ങൾപോലെ ആയിരിക്കും. യെരുശലേമിലും യെഹൂദയിലും ഉള്ള കലമൊക്കെയും സൈന്യങ്ങളുടെ യഹോവയ്ക്കു വിശുദ്ധമായിരിക്കും; യാഗം കഴിക്കുന്നവരൊക്കെയും വന്നു വാങ്ങി അവയിൽ വേവിക്കും; അന്നുമുതൽ **സൈന്യങ്ങളുടെ യഹോവയുടെ ആലയത്തിൽ ഒരു കനാന്യനും ഉണ്ടാകയില്ല** (സെഖ. 14:20-21).

ഇങ്ങനെ **യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും.** "വിടുവിക്കുന്നവൻ സീയോനിൽനിന്നു വരും; അവൻ **യാക്കോബിൽ നിന്നു അഭക്തിയെ മാറ്റും.** ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം" എന്നു എഴുതിയിരിക്കുന്നുവല്ലോ (റോമ. 11:26).

രക്ഷിക്കപ്പെട്ടവരെ മാത്രം ആയിരിക്കും യിസ്രായേൽ ദേശത്തേക്കു കടക്കുവാൻ അനുവദിക്കുന്നത് (യെശ. 52:1; 60:21; യെഹെ. 20:40). ജാതികൾക്കു വേണ്ടി സുവിശേഷീകരണപ്രവർത്തനങ്ങൾ വിജയകരമായി നടത്തുവാനും സാധ്യതയുണ്ട് (യെശ. 42:6; 60:3).

h. ദൈവവചനത്തിലുള്ള പൂർണ്ണ പരിജ്ഞാനവും അഭ്യസനവും

ക്രിസ്തു യെരൂശലേമിൽ വസിക്കയും, ദൈവമക്കളുടെ മേൽ പരിശുദ്ധാത്മാവ് പകരപ്പെടുകയും ചെയ്യുന്നതുകൊണ്ട് എല്ലാവർക്കും നല്ല ദൈവപരിജ്ഞാനം ഉണ്ടായിരിക്കും. ദൈവരാജ്യവുമായി തുലനം ചെയ്യുമ്പോൾ യോഹന്നാന്റെ ശുശ്രൂഷ ഗണ്യമല്ലാത്തതായിരിക്കുമെന്നു കർത്താവു പറഞ്ഞിട്ടുണ്ട് (മത്താ. 11:11). ജനങ്ങളുടെ കണ്ണു കുരുടാക്കുന്ന വേലയിൽ സാത്താൻ പ്രവർത്തനിരതൻ ആയിരിക്കയില്ല. (വെളി. 20:1-3). അതുപോലെ കള്ളപ്രവാചകന്മാർ ജനങ്ങളെ വഞ്ചിക്കാൻ ക്രിസ്തു അനുവദിക്കുകയില്ല. സാമൂഹ്യസംഘടനകൾ സുവിശേഷത്തെ മൂടിവയ്ക്കാതെ, അത് പ്രഘോഷിക്കും. ആ കാലത്തു ക്രിസ്തുവിനെ തള്ളിപ്പറയുന്നതു വലിയ വിഡ്ഢിത്തവും കുറ്റകരവും ആയിരിക്കും (യെശ. 2:2-4; മീഖാ 4:1).

> സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ **ഭൂമി യഹോവയുടെ പരിജ്ഞാനം കൊണ്ടു പൂർണ്ണമായിരിക്കയാൽ...** (യെശ. 11:9).
>
> "മനോവിഭ്രമമുള്ളവർ **ജ്ഞാനം ഗ്രഹിക്കയും** പിറുപിറുക്കുന്നവർ **ഉപദേശം പഠിക്കയും ചെയ്യും"** (യെശ. 29:24).
>
> ഓരോരുത്തൻ കാറ്റിനു ഒരു മറവും പിശറിന്നു ഒരു സങ്കേതവും ആയി വരണ്ടദേശത്തു നീർത്തോടുകൾ പോലെയും ക്ഷീണമുള്ള ദേശത്തു ഒരു വമ്പാറയുടെ തണൽപോലെയും ഇരിക്കും. കാണുന്നവരുടെ കണ്ണു ഇനി മങ്ങുകയില്ല; കേൾക്കുന്നവരുടെ ചെവി ശ്രദ്ധിക്കും. **അവിവേകികളുടെ ഹൃദയം പരിജ്ഞാനം ഗ്രഹിക്കും;** വിക്കന്മാരുടെ നാവു തടവില്ലാതെ വ്യക്തമായി സംസാരിക്കും (യെശ. 32:2-4).
>
> "**നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും** നിന്റെ മക്കളുടെ സമാധാനം വലിയതും **ആയിരിക്കും"** (യെശ. 54:13).

"ഞാൻ നിങ്ങൾക്കു എന്റെ മനസ്സിനൊത്ത ഇടയന്മാരെ നല്കും; അവർ നിങ്ങളെ **ജ്ഞാനത്തോടും ബുദ്ധിയോടും കൂടെ** മേയിക്കും. ... ആ കാലത്തു യെരൂശലേമിന്നു യഹോവയുടെ സിംഹാസനം എന്നു പേരാകും; സകലജാതികളും **അവിടേക്കു, യരൂശലേമിലേക്കു തന്നെ,** യഹോവയുടെ നാമം നിമിത്തം **വന്നുചേരും; തങ്ങളുടെ ദുഷ്ടഹൃദയത്തിന്റെ ശാഠ്യപ്രകാരം ഇനി നടക്കയുമില്ല"** (യിരെ. 3:15, 17).

"**അവയെ മേയിക്കേണ്ടതിനു ഞാൻ ഇടയന്മാരെ** നിയമിക്കും; അവ ഇനി പേടിക്കയില്ല, ഭ്രമിക്കയില്ല, കാണാതെപോകയുമില്ല എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 23:4).

"**ഇനി അവരിൽ ആരും** തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു **ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും;** ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 21:34) (എബ്രാ. 8:8 നോക്കുക).

"വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ **ഭൂമി യഹോവയുടെ മഹത്വത്തിന്റെ പരിജ്ഞാനത്താൽ പൂർണ്ണമാകും"** (ഹബ. 2:14).

i. ആയിരമാണ്ടുവാഴ്ചയിലെ ദൈവാലയം/ ആരാധന

യെരൂശലേമിൽ ദൈവാലയം വീണ്ടും പണിയുമെന്നു വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുന്നു (മത്താ. 24:15; 2 തെസ്സ. 2:4; വെളി. 11:1). ഈ ദൈവാലയം പീഡന കാലത്തു, അല്ലെങ്കിൽ ന്യായവിധിസമയത്തു നിശ്ചയമായും നശിപ്പിക്കപ്പെടും (ഒരു പക്ഷേ ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ, സെഖ. 14:2; വെളി. 11:2).

വാസ്തുശില്പപരമായ മഹത്വം ഈ ദൈവാലയത്തിനു ഉണ്ടായിരിക്കും (യെഹെ. 40:43), എന്നാൽ കൂടുതൽ താത്പര്യം പദ്ധതികൾക്കും, ലക്ഷ്യത്തിനും ദൈവാലയ കാര്യങ്ങളിൽ പങ്കെടുക്കുന്നവരുടെ ക്ഷേമത്തിനും ആയിരിക്കും. പ്രവാസത്തിനു മുമ്പ് (യെഹെ. 10:18–19; 11:23), ശലോമോന്റെ ദേവാലയത്തിനു നഷ്ടമായ ദൈവതേജസ്സ് ഈ ദേവാലയത്തിലേക്കു മടങ്ങിവരും (യെഹെ. 43:5–7).

"അവരിൽ നിന്നു ചിലരെ ഞാൻ **പുരോഹിതന്മാരായും ലേവ്യരായും** എടുക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു" (യെശ. 66:21).

"ദിനംപ്രതി **ഹോമയാഗം** കഴിപ്പാനും ഭോജനയാഗം ദഹിപ്പിപ്പാനും **ഹനനയാഗം** അർപ്പിപ്പാനും എന്റെ മുമ്പാകെ ലേവ്യ **പുരോഹിതന്മാർക്കു** ഒരു പുരുഷൻ ഇല്ലാതെ വരികയുമില്ല" (യിരെ. 33:18).

"എന്റെ വിശുദ്ധപർവ്വതത്തിൽ യിസ്രായേലിന്റെ ഉന്നത പർവ്വതത്തിൽ തന്നെ, യിസ്രായേൽ ഗൃഹമൊക്കെയും ഒട്ടൊഴിയാതെ അവിടെ ദേശത്തു വെച്ചു എന്നെ സേവിക്കുമെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്; അവിടെ ഞാൻ അവരെ സ്വീകരിക്കും; **അവിടെ ഞാൻനിങ്ങളുടെ വഴിപാടുകളെയും ആദ്യദാനങ്ങളെയും സകല നിവേദ്യങ്ങളെയും ആഗ്രഹിക്കും.** ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽനിന്നു പുറപ്പെടുവിച്ചു, നിങ്ങൾ ചിതറിപ്പോയിരിക്കുന്ന രാജ്യങ്ങളിൽ നിന്നു ശേഖരിക്കുമ്പോൾ ഞാൻ നിങ്ങളെ **സൗരഭ്യവാസനയായി** സ്വീകരിക്കും; അങ്ങനെ ജാതികൾ കാൺകെ നിങ്ങളിൽ വിശുദ്ധീകരിക്കപ്പെടും" (യെഹെ. 20:40–41).

എന്നാൽ യെരൂശലേമിനുനേരെ വന്ന സകല ജാതികളിലും ശേഷിച്ചിരിക്കുന്ന ഏവനും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്ക്കരിപ്പാനും **കൂടാരപ്പെരുന്നാൾ ആചരിപ്പാനും** ആണ്ടുതോറും വരും. ഭൂമിയിലെ സകലവംശങ്ങളിലും ആരെങ്കിലും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്ക്കരിപ്പാൻ യെരൂശലേമിലേക്കു വരാത്ത പക്ഷം അവർക്കു മഴയുണ്ടാകയില്ല. മിസ്രയീം വംശം വരാത്തപക്ഷം അവർക്കും ഉണ്ടാകയില്ല; **കൂടാരപ്പെരുന്നാൾ ആചരിക്കേണ്ടതിനു** വരാതിരിക്കുന്ന ജാതികളെ യഹോവ ശിക്ഷിപ്പാനുള്ള ശിക്ഷ തന്നെ അവർക്കുണ്ടാകും. **കൂടാരപ്പെരുന്നാൾ ആചരിക്കേണ്ടതിന്നു** വരാതിരിക്കുന്ന മിസ്രയീമിന്നുള്ള പാപശിക്ഷയും ഇതു തന്നെ.... യെരൂശലേമിലും യെഹൂദയിലും ഉള്ള കലമൊക്കെയും സൈന്യങ്ങളുടെ യഹോവയ്ക്കു വിശുദ്ധമായിരിക്കും; **യാഗം** കഴിക്കുന്നവരൊക്കെയും വന്നു വാങ്ങി അവയിൽ വേവിക്കും... (സെഖ. 14:16–19, 21).

ഗോപുരത്തിന്റെ പൂമുഖത്തു ഇപ്പുറത്തു രണ്ടു മേശയും അപ്പുറത്തു രണ്ടു മേശയും ഉണ്ടായിരുന്നു; അവയുടെ മേൽ **ഹോമയാഗവും പാപയാഗവും അകൃത്യയാഗവും** അറുക്കും (യെഹെ. 40:39).

പിന്നെ അവൻ എന്നോടു കല്പിച്ചത്: മുറ്റത്തിന്റെ മുമ്പിലുള്ള വടക്കെ മണ്ഡപങ്ങളും തെക്കെ മണ്ഡപങ്ങളും യഹോവയുടെ അടുത്തുചെല്ലുന്ന **പുരോഹിതന്മാർ** അതി വിശുദ്ധവസ്തുക്കളും **ഭോജനയാഗവും പാപയാഗവും അകൃത്യയാഗവും വെയ്ക്കേണം;** ആ സ്ഥലം വിശുദ്ധമല്ലോ (യെഹെ. 42:13).

പിന്നെ അവൻ എന്നോടു കല്പിച്ചതു: മനുഷ്യ പുത്രാ, യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു; അവർ **യാഗപീഠം** ഉണ്ടാക്കുന്ന നാളിൽ അതിന്മേൽ **ഹോമയാഗം കഴിക്കേണ്ട തിന്നും** രക്തം തളിക്കേണ്ടതിന്നും അതിനെക്കുറിച്ചുള്ള ചട്ടങ്ങൾ ആവിത്; എനിക്കു ശുശ്രൂഷ ചെയ്യേണ്ടതിന്നു എന്നോടു അടുത്തു വരുന്ന സാദോക്കിന്റെ സന്തതിയിലുള്ള **ലേവ്യരായ പുരോഹിതന്മാർക്കു** നീ **പാപയാഗമായി** ഒരു കാളക്കുട്ടിയെ കൊടുക്കേണം എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട് (യെഹെ. 43:18–19) (13–ാം വാക്യവും കാണുക).

"ഒന്നാം മാസം പതിന്നാലാം തീയതി മുതൽ നിങ്ങൾ ഏഴു ദിവസത്തേക്കു **പെസഹാപെരുന്നാൾ** ആചരിച്ചു **പുളിപ്പില്ലാത്ത അപ്പം** തിന്നേണം. അന്നു പ്രഭു തനിക്കുവേണ്ടിയും ദേശത്തിലെ സകല ജനത്തിനുവേണ്ടിയും **പാപയാഗമായി** ഒരു കാളയെ അർപ്പിക്കേണം. ഉത്സവത്തിന്റെ ഏഴു ദിവസവും അവൻ യഹോവയ്ക്കു **ഹോമയാഗമായി** ഊനമില്ലാത്ത ഏഴു കാളയെയും ഏഴു ആട്ടുകൊറ്റനെയും ആ ഏഴുദിവസവും ദിനംപ്രതി അർപ്പിക്കേണം; **പാപയാഗമായി** ദിനംപ്രതി ഓരോ കോലാട്ടിൻകുട്ടിയെയും അർപ്പിക്കേണം. കാള ഒന്നിന് ഒരു ഏഫയും ആട്ടുകൊറ്റൻ ഒന്നിന് ഒരു ഏഫയും ഏഫ ഒന്നിനു ഒരു ഹീൻ എണ്ണയും വീതം അവൻ **ഭോജനയാഗം** അർപ്പിക്കേണം. ഏഴാം മാസം പതിനഞ്ചാം തീയതിക്കുള്ള ഉത്സവത്തിൽ അവൻ ഈ ഏഴുദിവസം എന്നപോലെ **പാപയാഗത്തിനും ഹോമയാഗത്തിനും ഭോജനയാഗത്തിനും** എണ്ണയ്ക്കും തക്കവണ്ണം അർപ്പിക്കേണം" (യെഹെ. 45:21–25).

യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: അകത്തെ പ്രാകാരത്തിന്റെ കിഴക്കോട്ടു ദർശനമുള്ള ഗോപുരം വേലയുള്ള ആറു ദിവസവും അടെച്ചിരിക്കണം; **ശബ്ബത്തു നാളിലോ** അതു തുറന്നിരിക്കേണം; **അമാവാസ്യദിവസത്തിലും** അതു തുറന്നിരിക്കേണം (യെഹെ. 46:1).

"ഒരു വയസ്സു പ്രായമുള്ളതും ഊനമില്ലാത്തതുമായ ഒരു **കുഞ്ഞാടിനെ** നീ ദിനംപ്രതി യഹോവയ്ക്കു **ഹോമയാഗമായി അർപ്പിക്കേണം; രാവിലെതോറും അതിനെ അർപ്പിക്കേണം"** (യെഹെ. 46:13).

"എന്നാൽ അവൻ തന്റെ ദാസന്മാരിൽ ഒരുത്തനു തന്റെ അവകാശത്തിൽ നിന്നു ഒരു ദാനം കൊടുക്കുന്നുവെങ്കിൽ അതു **വിടുതലാണ്ടുവരെ** അവന്നുള്ളതായിരിക്കേണം...." (യെഹെ. 46:17).

മോശെയുടെ കാലത്തെ പല ആചാരങ്ങളുടെയും പുനഃസ്ഥാപനമായിരിക്കും ആയിരമാണ്ടുവാഴ്ചയിലെന്നു ഈ വേദഭാഗങ്ങൾ പഠിപ്പിക്കുന്നു (പുരോഹിതന്മാർ, യാഗങ്ങൾ, യെഹൂദ പെരുന്നാളുകൾ, മുതലായവ). നിയമപെട്ടകം, സ്വർണ്ണ നിലവിളക്ക്, കാഴ്ചയപ്പം വെയ്ക്കുന്ന മേശ, പാപപരിഹാര ദിവസം, പെന്തക്കോസ്ത് എന്നീ വിഷയങ്ങളെക്കുറിച്ച് നേരിട്ട് ഒന്നും പറഞ്ഞിട്ടില്ല. ആയിരമാണ്ടുവാഴ്ചയിലെ ആരാധന പൂർണ്ണമായും ലേവ്യാപൗരോഹിത്യ വ്യവസ്ഥയിലേക്കു മാറ്റപ്പെട്ടിട്ടില്ല. എന്നിരുന്നാലും, സഭയുടെ ആരാധനക്രമത്തെക്കാൾ കൂടുതൽ ന്യായപ്രമാണകാല ആരാധനയോടു സാദൃശ്യമുണ്ടായിരിക്കും.

ആയിരമാണ്ടുവാഴ്ചയിൽ മൃഗബലി എന്ന ആശയം ചിലർക്കു സ്വീകാര്യമല്ല. ക്രിസ്തുവിന്റെ പൂർണ്ണമായ ബലിയോടു മൃഗബലി ചേരില്ല എന്നു ചിലർ വിശ്വസിക്കുന്നു. ഈ കാലത്തു നടക്കുന്ന മൃഗബലി നിശ്ചയമായും പാപപരിഹാരത്തിനുള്ളതല്ല. ക്രിസ്തുവിന്റെ ബലി പൂർണ്ണവും മതിയായതും ആണ്. മൃഗബലി അപ്പോൾ ആവശ്യമില്ലാത്തതാണെന്നു അവൻ ഉറപ്പിച്ച് പറഞ്ഞു. പഴയനിയമകാലത്തെ മൃഗബലി പാപം താത്ക്കാലികമായി മറയ്ക്കുവാൻ വേണ്ടി മാത്രമായിരുന്നു (എബ്രാ. 7:27; 9:12; 26; 10:4, 10, 14, 26).

മൃഗബലി പുനസ്ഥാപിക്കുന്നതിലൂടെ പാപപരിഹാരം ഉണ്ടാകുമെന്നോ രക്ഷയ്ക്കു സഹായകമാകുമെന്നോ സഹസ്രാബ്ദപൂർവ്വവാദികൾ വിശ്വസിക്കുന്നില്ല. യഥാർത്ഥത്തിൽ ദൈവരാജ്യം ക്രിസ്തുവിന്റെ രക്തത്താലുള്ള പുതിയ ഉടമ്പടിയുടെ അടിസ്ഥാനത്തിലുള്ളതാണ് (യിരെ. 31:31; ലൂക്കോ. 22:20). ആയിരമാണ്ടുവാഴ്ചയിലെ ആചാരങ്ങൾ പഴയനിയമ ആചാരങ്ങളുടെ മാതൃകയിലാണെങ്കിലും, **ഇത് ക്രിസ്തുവിന്റെ പരമയാഗത്തെ ഓർക്കുവാൻ വേണ്ടിയുള്ളതാണ്.** സഭാകാലത്തിലെ വിശുദ്ധ സംസർഗ്ഗത്തിനു സമാനമായിരിക്കും ആയിരമാണ്ടു വാഴ്ചയിലെ മൃഗബലി. "കർത്താവു വരുന്നതുവരെയും" അവന്റെ മരണത്തെ കാണിക്കുന്നതിനാണ് വിശുദ്ധസംസർഗ്ഗം (1 കൊരി. 11:26). ഒരുപക്ഷേ കർത്താവു മടങ്ങിവന്ന ശേഷം ദൈവകുഞ്ഞാടിന്റെ പൂർണ്ണബലിയെ ഓർക്കുവാൻ വേണ്ടി വിശുദ്ധസംസർഗ്ഗത്തിനു പകരമായി മൃഗബലി സ്ഥാപിക്കും. കൂടാതെ ബലി മൂലം ലഭിക്കുന്ന മാംസം വലിയ വിരുന്നിനായി ഉപയോഗിക്കും.

6. ആയിരമാണ്ടുവാഴ്ചയുടെ ചുരുക്കം

വീണുപോയ മാനവരാശി ക്രിസ്തുവിൽ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ, ക്രിസ്തു അവരിലൂടെ എന്തു ചെയ്യുമെന്നു രാജ്യം കാണിച്ചു തരും. ചരിത്രത്തിൽ ആദ്യമായി സാമൂഹികവും രാഷ്ട്രീയവും, വിദ്യാഭ്യാസപരവും, നീതിപരവും ആയ ന്യായ വ്യവസ്ഥകൾ ദൈവഭക്തിയാൽ നിറഞ്ഞിരിക്കും. ക്രിസ്തുവി

നോടുള്ള സമർപ്പണജീവിതം കൂടുതൽ ദുർഘടമാക്കുമെന്ന് അവിശ്വാസികൾ ചിന്തിക്കുന്നു. എന്നാൽ അവസാനം ലോകം ക്രിസ്തുവിനു സമർപ്പിക്കുമ്പോൾ മാത്രമാണ് എത്രമാത്രം ഉയർന്ന സ്ഥിതിയും അനുഗ്രഹവും ആണെന്ന സത്യം മനസ്സിലാകുകയുള്ളൂ.

7. സാത്താന്റെ അവസാനത്തെ മൽസരം

ഭൂമിയിൽ ക്രിസ്തുവിന്റെ 1000 വർഷത്തെ ഭരണ സമയത്തു ദൈവം സാത്താനെ അഗാധത്തിൽ ബന്ധിച്ചിടും. ആയിരമാണ്ടുവാഴ്ചയുടെ അവസാനത്തിനും നിത്യതയ്ക്കും ഇടയിൽ അല്പകാലം സാത്താനെ തുറന്നു വിടുമെന്നു വെളിപ്പാട് 20-ാം അദ്ധ്യായം പഠിപ്പിക്കുന്നു. രാജാവായ ക്രിസ്തുവിന്നു വിരോധമായി മറുതലിക്കുവാൻ, തൃപ്തിയില്ലാത്ത ജനങ്ങളെ സാത്താൻ കണ്ടെത്തും. പാപത്തിന്റെ സുബോധമില്ലായ്മ എത്ര ഘോരമാണെന്ന് ഇവിടെക്കാണാം. സാത്താനും അവന്റെ ജനത്തിനും വിജയപ്രതീക്ഷ ഒട്ടും തന്നെ ഇല്ല. അവർ യെരൂശലേമിനെ വളയും. എങ്കിലും സ്വർഗ്ഗത്തിൽ നിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. അങ്ങനെ പിശാച് തന്റെ "പണി" ഉപേക്ഷിച്ച് മനസ്സില്ലാതെ നിത്യമായ തീപൊയ്കയിലേക്ക് പ്രവേശിക്കും. ഒരു പക്ഷേ ദൈവം ഈ അവസാനത്തെ മറുതലിപ്പ് അനുവദിക്കുന്നതിന്റെ കാരണം സാത്താന്റെ സുഖപ്പെടാത്ത ദുഷ്ടതയും, സാത്താനും അവന്റെ മനുഷ്യസൈന്യത്തിനും നിത്യശിക്ഷാവിധി കൊടുക്കുന്നതിലൂടെ ദൈവനീതിയും വെളിപ്പെടുത്തുവാനായിട്ടത്രേ. രക്ഷിക്കപ്പെടാത്തവർ, ക്രിസ്തു രാജാവായ ഉത്തമമായ ലോകത്തെക്കാൾ സാത്താനെയും നരകത്തെയും തിരഞ്ഞെടുക്കും. അവർ ജീവിതം ക്രമീകരിക്കുവാൻ ആഗ്രഹമില്ലാത്തവരും ശിക്ഷാവിധി അർഹിക്കുന്നവരും ആണ്.

> ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു പൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്യും. അതിന്റെശേഷം അവനെ അല്പകാലത്തേക്ക് അഴിച്ചുവിടേണ്ടതാകുന്നു... ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽ അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പ്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ്, എന്നിവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിനു വശീകരിപ്പാൻ പുറപ്പെടും. അവർ ഭൂമിയിൽ പരക്കെച്ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും; അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും. (വെളി. 20:3, 7-10). [75]

XIV. നിത്യത

നിത്യതയെക്കുറിച്ചുള്ള പഠനം സ്വർഗ്ഗവും നരകവും എന്നിങ്ങനെ രണ്ടായി തിരിക്കാം. നരകം ശിക്ഷാവിധിയും സ്വർഗ്ഗം ദൈവത്തോടുകൂടെയുള്ള നിത്യജീവിതവുമാണ്. സ്വർഗ്ഗത്തെയും നരകത്തെയും കുറിച്ചുള്ള വിശദമായ പഠനത്തിനു മുമ്പ് നിത്യനാശത്തിലേക്കുള്ള ന്യായവിധികളെക്കുറിച്ചു ക്രമപരമായി വിഷയങ്ങൾ കാണേണ്ടതുണ്ട്.

A. ദൂതന്മാർക്കുള്ള ന്യായവിധി

ദൂതന്മാർക്കു പ്രത്യേകിച്ച് വീണുപോയ ദൂതന്മാർക്കു അവസാന നാളുകളിൽ ന്യായവിധിയുണ്ടെന്നു വേദപുസ്തകം ശക്തമായി പഠിപ്പിക്കുന്നു.

> നാം **ദൂതന്മാരെ വിധിക്കും** എന്നു നിങ്ങൾ അറിയുന്നില്ലയോ? (1 കൊരി. 6:3).

> പാപം ചെയ്ത **ദൂതന്മാരെ** ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി **ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും** (2 പത്രൊ. 2:4).

> തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ **ദൂതന്മാരെ** മഹാദിവസത്തിന്റെ **വിധിക്കായി** എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു (യൂദാ. 6).

വീണുപോയ ദൂതന്മാരുടെ ന്യായവിധിയുടെ സമയത്തെക്കുറിച്ചു വേദപുസ്തകം ഒന്നും പറയുന്നില്ല. എങ്കിലും സാത്താനെ ബന്ധിച്ച് തീപ്പൊയ്കയിൽ (വെളി. 20:10) തള്ളുന്ന സയമത്തായിരിക്കും എന്നു ചിന്തിക്കുന്നത് ഉചിതമാണ്. കൂടാതെ "സമയം" ആക്ഷരികമായി നിന്നുപോകുകയും, നിത്യത ആരംഭിക്കുകയും ചെയ്യും. ദൂതന്മാരുടെ ന്യായവിധി ആയിരമാണ്ടുവാഴ്ചയ്ക്കും നിത്യതയ്ക്കും ഇടയിൽ ആണെന്നു പറയുവാൻ സാധ്യമല്ല. തീപ്പൊയ്ക മനുഷ്യർക്കു വേണ്ടി ഉണ്ടാക്കിയതല്ല. "സാത്താനും അവന്റെ ദൂതന്മാർക്കും" ഉള്ളതാണ്(മത്താ. 25:41). വെളിപ്പാടു പുസ്തകം 20-ാം അദ്ധ്യായം കാലത്തിലെ ഒരു പ്രത്യേക സമയമാണ്. ഇവിടെ ദൈവം പാതാളവും (വാക്യം 14) അഗാധവും (സാത്താൻ മാത്രം

[75] വെളിപ്പാട് 20-ൽ പറഞ്ഞിരിക്കുന്ന "ഗോഗ്, മാഗോഗ്" യെഹെ. 38:3 പോലെ ചിലപ്പോൾ റഷ്യയെ ആയിരിക്കും സൂചിപ്പിക്കുന്നത്. ചിലപ്പോൾ "ഗോഗ്, മാഗോഗ്" ഒരു യുദ്ധത്തിലെ നിലവിളിയായിട്ടും മനസ്സിലാക്കാം. വലിയ നാശത്തിന്റെയും പരാജയത്തിന്റെയും പദം ആയിട്ടും ചിന്തിക്കാം ('വാട്ടർലൂ' വിലെ പോലെ)

എങ്കിലും അഗാധം വിടുന്നു) ഒഴിപ്പിച്ച് മനുഷ്യരെയും ദൂതന്മാരെയും എല്ലാ ദുഷ്ടതയോടുകൂടെ തീപ്പൊയ്കയിൽ തള്ളിയിടും. വീണുപോയ ദൂതന്മാരുടെ ന്യായവിധി നടത്തുവാനുള്ള ഏറ്റവും ഉചിതമായ സമയം ഇതായിരിക്കും. 2 പത്രൊ. 2:4 ലും യൂദാ 6-ാം വാക്യത്തിലും ചങ്ങലയിൽ കിടക്കുന്ന ദൂതന്മാരുടെ ന്യായവിധിയെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ പ്രവർത്തന നിരതരായ പിശാചുക്കൾക്ക് ന്യായവിധിയും നിത്യമായ ശിക്ഷയും ഉറപ്പാണ്.

സഭാ വിശുദ്ധന്മാർക്കു ദൂതന്മാരുടെ ന്യായവിധിയിൽ ഒരു പങ്കുണ്ടെന്നു പൗലോസ് പഠിപ്പിക്കുന്നു. ഇത് വീണുപോയ ദൂതന്മാരെ കുറിച്ചായിരിക്കും പറഞ്ഞിരിക്കുന്നത് 1 കൊരി. 6:3 വ്യാഖ്യാനിക്കുമ്പോൾ, തിരഞ്ഞെടുക്കപ്പെട്ട ദൂതന്മാരെ ഉൾപ്പെടുത്തിയാൽ, പിന്നെ വേദപുസ്തകത്തിൽ വിശുദ്ധദൂതന്മാരുടെ ന്യായവിധിയെക്കുറിച്ച് ഒന്നും തന്നെ പഠിപ്പിക്കുന്നില്ല.

B. വലിയ വെള്ളസിംഹാസന ന്യായവിധി

ആയിരമാണ്ടുവാഴ്ചയിൽ നിന്നു നിത്യതയിലോട്ടുള്ള മാറ്റത്തിന്റെ ഇടവേളയിലെ വലിയ സംഭവമാണു വെള്ളസിംഹാസനന്യായവിധി. ഇപ്പോഴുള്ള ആകാശവും ഭൂമിയും നശിപ്പിക്കപ്പെട്ടതിനുശേഷവും പുതിയ ആകാശവും പുതിയ ഭൂമിയും നിർമ്മിക്കുന്നതിനു മുമ്പുള്ള സമയമാണ് വെളിപ്പാട് 20:11-ൽ സൂചിപ്പിക്കുന്നത്. പിതാവായ ദൈവം എല്ലാ ന്യായവിധിയും പുത്രനായ ദൈവത്തെ ഏല്പിച്ചിരിക്കുന്നു (യോഹ. 5:22; അപ്പോ. 17:31). അതുകൊണ്ട്, നഷ്ടപ്പെട്ടവരുടെ അവസാനത്തെ ന്യായവിധിയും ക്രിസ്തുവാണ് നടത്തുന്നതു എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. വലിയവരും ചെറിയവരുമായ മരിച്ചവരെല്ലാവരും ന്യായവിധിക്കായി ഉയിർത്തെഴുന്നേല്ക്കും. ദൈവം അവരുടെ എല്ലാ പ്രവൃത്തികളും അനേകം പുസ്തകങ്ങളിൽ എഴുതിവച്ചിട്ടുണ്ട്. എന്നിരുന്നാലും ജീവപുസ്തകത്തിൽ പേരുണ്ടോ ഇല്ലയോ എന്നതാണ് ഏറ്റവും മുഖ്യമായ വിഷയം. ക്രിസ്തുവിനെ തള്ളിപ്പറയുക എന്നതാണ് ശിക്ഷാവിധിയുടെ അടിസ്ഥാനകാരണം (യോഹ. 3:18; 2 തെസ്സ. 1:8). എങ്കിലും, "പ്രവൃത്തികളിൽ" താത്പര്യം ഉണ്ടാകുവാൻ അനേകം കാരണങ്ങൾ ഉണ്ട്. "ശിക്ഷയുടെ അളവു" എന്ന ഭാഗത്തു വിശദമായി ശിക്ഷകളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ക്രിസ്തുവിനെ തള്ളിക്കളയുക എന്നതാണ് തീപ്പൊയ്കയിലേക്കുള്ള പ്രവേശനത്തിനുള്ള അടിസ്ഥാനം, എന്നാൽ പ്രവൃത്തികൾക്കനുസരിച്ചായിരിക്കും ശിക്ഷയുടെ അളവു നിർണ്ണയിക്കപ്പെടുക. നിത്യജീവിതത്തിനു നല്ല പ്രവൃത്തികൾ മാത്രം മതിയാകില്ല എന്ന് ശിക്ഷ വിധിക്കപ്പെട്ടവർക്കു തെളിവിനായി ക്രിസ്തു ഓരോരുത്തരുടെയും പ്രവൃത്തികൾ പരിശോധിക്കും. ക്രിസ്തുവിന്റെ പേരിൽ വൻകാര്യങ്ങളെ ചെയ്തു എന്നു പലരും അവകാശപ്പെടും. എന്നാൽ അവർ അധർമ്മം പ്രവർത്തിച്ചവരാണെന്നും, സ്വർഗ്ഗം അർഹിക്കുന്നവരല്ലെന്നും പുസ്തകങ്ങൾ വെളിപ്പെടുത്തും (മത്താ. 7:22-23).

ക്രിസ്തുവിനെ തള്ളിക്കളയുക വഴി ജീവപുസ്തകത്തിൽ പേരു കാണാതെ ഇരിക്കുന്നതാണ് വെള്ളസിംഹാസനത്തിൽ നിന്നു ശിക്ഷ ലഭിക്കുവാൻ കാരണം എന്നതിനു സംശയമില്ല. വെള്ളസിംഹാസനത്തിനു മുമ്പിൽ വിധിക്കപ്പെടുന്നവരിൽ ഭൂരിപക്ഷവും (എല്ലാവരും അല്ലെങ്കിൽ) രണ്ടാം മരണമായ തീപ്പൊയ്കയിൽ തള്ളപ്പെടുന്ന ശിക്ഷ സമ്പാദിക്കും എന്നതു ഉറപ്പാണ്. സാക്ഷാൽ ശിക്ഷ ലഭിക്കുവാനുള്ള ന്യായവിധിയാണ് വെള്ളസിംഹാസനത്തിനു മുൻപിൽ നടക്കുക. ഇതാണ് ശിക്ഷാവിധിക്കുള്ള ഉയിർത്തെഴുന്നേല്പ് എന്നു ദാനീ. 12:2ലും യോഹ. 5:29 പറയുന്നത്. [76]

ആയിരമാണ്ട് വിശുദ്ധന്മാരുടെ ന്യായവിധി അല്ലെങ്കിൽ മഹത്വീകരണത്തെക്കുറിച്ചും, മരിക്കുന്നവരുടെ ന്യായവിധി അല്ലെങ്കിൽ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചും വേദപുസ്തകം ഒന്നും പഠിപ്പിക്കുന്നില്ല. ഒരു പക്ഷേ അവർ മരിച്ച ഉടൻ തന്നെ, അല്ലെങ്കിൽ വെള്ളസിംഹാസന ന്യായവിധിയുടെ സമയത്തു ഉയിർത്തെഴുന്നേല്ക്കും. ന്യായവിധിയുടെ സമയത്തു ഒരു ന്യൂനപക്ഷത്തിന്റെ പേര് ജീവപുസ്തകത്തിൽ കാണും.

വെള്ളസിംഹാസനത്തിനു മുമ്പിലുള്ള ന്യായവിധിക്കായി വരുന്ന അനേകം ആത്മാക്കൾ പാതാളത്തിൽ നിന്നായിരിക്കും (13-ാം വാക്യം). അവർ മരിച്ചവരായിരുന്നു ഇപ്പോൾ ന്യായവിധിക്കായി ഉയിർത്തെഴുന്നേറ്റിരിക്കുന്നു.

പീഡനകാല ശേഷിപ്പായ രക്ഷിക്കപ്പെടാത്തവർ വിധിക്കപ്പെട്ട് തീപ്പൊയ്കയിൽ ബന്ധിതരായതുകൊണ്ട് വീണ്ടും വെള്ള സിംഹാസനത്തിന്റെ മുമ്പിൽ നിൽക്കേണ്ട ആവശ്യമില്ല എന്നു ഉറപ്പാണ്(മത്താ. 25:41, 46). അവർ മരിച്ചു പാതാളത്തിൽ ബന്ധിതരായിക്കുന്നവരുടെ കൂട്ടത്തിലുള്ളവരല്ല (വെളി. 20:12). എന്തുകൊണ്ടെന്നാൽ, അവർ ശാരീരികമരണം സംഭവിക്കാതെ ശരീരത്തോടെ തീപ്പൊയ്കയിൽ പ്രവേശിക്കപ്പെട്ടവരാണ്. [77]

---

[76] അപ്പോ. 24:15; എബ്രാ. 9:27; വെളി. 20:5-6 കാണുക

[77] ഉദ്പ്രാപണത്തിൽ ഉയിർക്കപ്പെട്ട സഭാവിശുദ്ധന്മാരും പീഡനാനന്തര ഉയിർപ്പിക്കപ്പെട്ട പഴയനിയമ/ പീഡനകാല വിശുദ്ധന്മാരും വലിയ വെള്ളസിംഹാസനവിധിയുടെ മുൻപിൽ നിൽക്കേണ്ടയാവശ്യമില്ല. ആയിരാമാണ്ടുവാഴ്ചയുടെ വളരെ മുമ്പ് തന്നെ അവർ ഉയിർത്തെഴുന്നേറ്റ് പ്രതിഫലം വാങ്ങും. ഒരുപക്ഷേ മരിച്ച ചില ആയിരാമാണ്ടുവാഴ്ചകാല വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റ് ഈ സമയത്തു പ്രതിഫലം വാങ്ങും. എന്നാൽ ആയിരാമാണ്ടുവാഴ്ചകാല വിശുദ്ധർ എപ്പോൾ ഉയിർത്തെഴുന്നേല്ക്കുമെന്നു വേദപുസ്തകം ഒന്നും തന്നെ പ്രത്യേകിച്ച് പറയുന്നില്ല.

C. പീഡനസ്ഥലങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള പദങ്ങൾ

പ്രസംഗകർ ശ്രദ്ധയില്ലാതെ പദങ്ങൾ മാറിമാറി ഉപയോഗിക്കാറുണ്ട് എന്നാൽ വേദപുസ്തകത്തിൽ പീഡനസ്ഥലങ്ങളെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. വിശദമായ പഠനത്തിലൂടെ ഈ പദങ്ങൾ എല്ലാം ഒരുപോലെയല്ല എന്നു മനസ്സിലാക്കാം. നിത്യമായ ശിക്ഷയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുവാൻ വിശദമായി പഠിക്കേണ്ടതുണ്ട്.

1. നരകം

പീഡനത്തിനുള്ള സ്ഥലത്തിന്റെ പൊതുവായ പേരാണ് നരകം. ഇത് വളരെ പ്രയോജനമുള്ള പദമാണെങ്കിലും ആഴത്തിലുള്ള പഠനത്തിനു ഉതകുന്നതല്ല.

2. അഗാധകൂപം

abyss എന്ന ഗ്രീക്ക് പദത്തിന് പരിഭാഷ "കുഴി" അല്ലെങ്കിൽ "അഗാധം"(അടിയില്ലാക്കുഴി) എന്നതാണ്. ഇത് വീണുപോയ ദൂതന്മാർക്കു താത്ക്കാലിക തടവിനുള്ള സമയമാണ് (ലൂക്കോ. 8:31; വെളി. 9:1, 2, 11; 11:7; 17:8; 20: 1-3). ക്രിസ്തുവിന്റെ സമയത്തു പിശാചുക്കൾ സ്വതന്ത്രമായി വിഹരിച്ചിരുന്നു. അവർ അഗാധത്തിലേക്കു പോകുവാൻ ഇഷ്ടപ്പെട്ടാതെ പന്നിക്കൂട്ടങ്ങളിലേക്കു പോകുവാൻ അപേക്ഷിച്ചു (ലൂക്കോ. 8:31). ചില വീണുപോയ ദൂതന്മാർ ഇപ്പോൾ അഗാധത്തിലുണ്ട്. 2 പത്രോ. 2:4 ലും യൂദാ. 6-ാം വാക്യത്തിലും വീണുപോയ ദൂതന്മാരെ ചങ്ങലയിട്ട് ന്യായവിധിവരെ അഗാധകൂപത്തിൽ (പത്രോസ് അഗാധത്തെ "അന്ധകാരം" എന്നു വിളിക്കുന്നു) പാർപ്പിച്ച് ന്യായവിധിക്കു ശേഷം തീപ്പൊയ്കയിൽ തള്ളിയിടും. സ്ത്രീകളുമായി അവർ ഒന്നിച്ചു പാർപ്പാനുള്ള സാധ്യതകളെക്കുറിച്ച് 5-ാം അദ്ധ്യായത്തിലെ സാത്താൻ ശാസ്ത്രത്തിൽ വിവരിച്ചിട്ടുണ്ട്.[78] പീഡനകാലത്ത് ഭൂമിയെ പീഡിപ്പിക്കുവാനായിട്ട് അഗാധത്തിൽ നിന്നും ചില വീണുപോയ ദൂതന്മാരെ തുറന്നുവിടുമെന്നു ഉറപ്പാണ് (വെളി. 9:1).

പീഡനകാലത്തിന്റെ അവസാനം മൃഗവും കള്ളപ്രവാചകനും തീപ്പൊയ്കയിലേക്കു തള്ളപ്പെടും. എന്നാൽ സാത്താൻ കെട്ടപ്പെട്ടവനായി അഗാധത്തിൽ 1000 വർഷം കിടക്കും (വെളി. 20: 1-3). അല്പകാലം അഗാധത്തിൽ നിന്നും അഴിച്ചുവിട്ട ശേഷം (അല്പം മറുതലിപ്പിനും) സാത്താനെ തീപ്പൊയ്കയിൽ തള്ളിയിടും. അഗാധം വീണുപോയ ദൂതന്മാരുടെ താത്ക്കാലിക ശിക്ഷാസ്ഥലം ആയിരിക്കും; എന്നാൽ തീപ്പൊയ്ക, (സാത്താനും, അവന്റെ ദൂതന്മാർക്കുംവേണ്ടി ഒരുക്കിയതു. മത്താ. 25:41) അവരുടെ നിത്യവാസസ്ഥലം ആയിരിക്കും. അതുകൊണ്ട് ദൂതന്മാരുടെ ന്യായവിധിക്കു ശേഷം അഗാധം കാലിയാക്കി തീപ്പൊയ്കയിലേക്കു നിത്യമായ സ്ഥലം മാറ്റം കൊടുക്കും.

3. പാതാളം [79] (Sheol or Hades)

sheol ഒരു എബ്രായ പദം ആണ് ഇതിനു സമാനമായ ഗ്രീക്കു പദം *Hades* ആണ്. രണ്ടു പദങ്ങളും മരിച്ചുപോയ മനുഷ്യരുടെ ആത്മാക്കളുള്ള സ്ഥലത്തെ കാണിക്കുന്നു. അവിശ്വാസികളായി മരിക്കുന്നവരുടെ ആത്മാക്കൾ അപ്പോൾ ത്തന്നെ പാതാളത്തിലേക്കു പോയി വെള്ളസിംഹാസനത്തിന്റെ മുമ്പിൽ ശിക്ഷാവിധിക്കുള്ള ഉയിർപ്പുവരെ അവിടെ ആയിരിക്കും. അതുകൊണ്ട് അവിശ്വാസികളായി മരിച്ചുപോയവരുടെ ആത്മാക്കൾക്കു അവസാനത്തെ ഉയിർപ്പിനും, ന്യായവിധിക്കും, തീപ്പൊയ്കയിലേക്കുള്ള മാറ്റത്തിനു മുമ്പുള്ള താത്ക്കാലിക ശിക്ഷാ സ്ഥലമാണ് പാതാളം. ഇതിൽ നിന്നു വ്യത്യസ്തമായി അഗാധം വീണുപോയ ദൂതന്മാർക്കുള്ള (മനുഷ്യർക്കല്ല) താത്ക്കാലിക സ്ഥലമാണ്. എന്നാൽ മനുഷ്യരെയും ദൂതന്മാരെയും ന്യായം വിധിച്ചതിനു ശേഷം നിത്യശിക്ഷാ വിധിയുടെ സ്ഥാനമായ തീപ്പൊയ്കയിലേക്കു(ഗിഹെന്ന) തള്ളിയിടുന്നു. ഈ രണ്ടു കൂട്ടർക്കും പാതാളത്തിന്റെ പ്രത്യേക സ്വഭാവവ്യത്യാസങ്ങൾ മറ്റ് ശിക്ഷാസ്ഥലങ്ങളിൽ പ്രത്യേകമായി എടുത്തുപറയാം.

a. പാതാളം: മനുഷ്യർക്കുവേണ്ടി മാത്രം

വീണുപോയ ദൂതന്മാർ പാതാളത്തിൽ കയറി ന്യായവിധിക്കായി കാത്തിരിക്കുമെന്നു വേദപുസ്തകം പഠിപ്പിക്കുന്നില്ല. വീണുപോയ ദൂതന്മാരുടെ അവസാന ന്യായവിധിക്കു മുമ്പുള്ള താത്ക്കാലിക ബന്ധനസ്ഥലമാണ് "അഗാധം" അല്ലെങ്കിൽ "അന്ധതമസ്സ്." അവസാന വിധിക്കായി കാക്കുന്ന **രക്ഷിക്കപ്പെടാത്ത മനുഷ്യരുടെ** താത്ക്കാലിക ശിക്ഷാസ്ഥലമാണ് പാതാളം

[78] 5-ാം അദ്ധ്യായത്തിന്റെ 2-ാം ഭാഗം "പിശാചുക്കളുടെ ഉറവിടം" കാണുക.

[79] കർത്താവിന്റെ ക്രൂശുമരണത്തിനു മുമ്പ് പാതാളത്തിനു രണ്ട് വിഭാഗം ഉണ്ട് Shoel/ Hades എന്നുള്ള പദത്തിന് ഭാവി കാര്യങ്ങളെക്കുറിച്ചുള്ള പഠനത്തിന്റെ പരിധിയിൽ വരുന്നതല്ല. അതുകൊണ്ട് ഈ പഠനത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. പഴയനിയമവിശുദ്ധന്മാർ മരണശേഷം പാതാളത്തിലെ നീതിമാന്മാർക്കു വേണ്ടിയുള്ള സ്ഥലത്തേക്ക് പോയെന്ന് അനേകർ വിശ്വസിക്കുന്നു. കർത്താവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും മദ്ധ്യേ അവൻ പാതാളത്തിൽ ഇവരെ സന്ദർശിച്ചു അവരുടെ ആത്മാക്കളെ ഒരു പക്ഷേ സ്വർഗ്ഗാരോഹണ സമയത്തു സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയെന്നു വിശ്വസിക്കപ്പെടുന്നു. ഈ സിദ്ധാന്തത്താൽ താഴെപ്പറയുന്ന വേദഭാഗങ്ങൾ വ്യാഖ്യാനിക്കാം, എന്നാൽ മറ്റു വ്യാഖ്യാനങ്ങൾക്കും സാധ്യതയുണ്ട് (1 ശമൂ. 28:13, 15; മത്താ. 12:40; 27:51-53; ലൂക്കോ. 16: 19-31; യോഹ. 20:17; അപ്പോ. 2:27; എഫെ. 4:8-9; 1 പത്രോ. 3: 18-20).

b. പാതാളം: മനുഷ്യരുടെ ആത്മാക്കൾക്കു വേണ്ടി

നിശ്ചയമായും അവിശ്വാസികളുടെ മരണത്തിൽ അവരുടെ ശരീരം പൊടിയിലേക്കു മടങ്ങിപ്പോകും; ആത്മാക്കൾ പാതാളത്തിലേക്കും പോകും. അതുകൊണ്ടു പാതാളം, മരിച്ചവരും **ഉയിർത്തെഴുന്നേൽക്കാത്തവരുമായ മനുഷ്യരുടെ ആത്മാക്കൾക്കുള്ള** സ്ഥലമാണ്. അവർ ഉയിർത്തെഴുന്നേറ്റ് ന്യായവിധി അഭിമുഖീകരിച്ചശേഷം നിത്യാഗ്നിയിൽ ആയിരിപ്പാൻ തക്ക ഉയിർത്തെഴുന്നേറ്റ ശരീരം ലഭിക്കും (ദാനീ. 12:2; യോഹ. 5:29; വെളി. 20:12). തീപ്പൊയ്കയിലുള്ള മനുഷ്യർക്കു ശരീരവും ആത്മാവും ഉണ്ടായിരിക്കും (മത്താ. 10:28). എന്നാൽ പാതാളത്തിൽ ന്യായവിധിക്കായി കാത്തുകിടക്കുന്നവർക്ക് **ഉയിർത്തെഴുന്നേറ്റ ശരീരം ഉണ്ടായിരിക്കുകയില്ല** (81-ാം അടിക്കുറിപ്പു കാണുക)

c. പാതാളത്തിന്റെ സ്ഥാനം

തീപ്പൊയ്ക എവിടെയാണെന്നു നമുക്കറിയില്ല. വെള്ള സിംഹാസനന്യായവിധിക്കു "ആകാശവും ഭൂമിയും" ഒഴിഞ്ഞുപോകും (വെളി. 20:11). ഇപ്പോഴത്തെ ആകാശവും ഭൂമിയും നശിപ്പിക്കപ്പെടുവാൻ സാധ്യതയുണ്ട് (2 പത്രൊ. 3:10-13). തീപ്പൊയ്ക ഈ ഭൂമിയിൽ ആയിരിക്കില്ല, എന്നാൽ പാതാളം ഇപ്പോഴും ഭൂമിയുടെ നടുവിലാണെന്നു പല വേദഭാഗങ്ങളും പഠിപ്പിക്കുന്നു. [80] **മനുഷ്യന്റെ** അവസാന ന്യായവിധിയുടെ മുമ്പുള്ള **ശിക്ഷയുടെ താത്ക്കാലിക സ്ഥലമായ** പാതാളവും **വീണുപോയ ദൂതന്മാർക്കും, രക്ഷിക്കപ്പെടാത്ത മനുഷ്യർക്കും** നിത്യപീഡനത്തിനുള്ള സ്ഥലമായ തീപ്പൊയ്കയും വ്യത്യസ്തമാണെന്നു ഇത് കാണിക്കുന്നു.

> "അതു ആകാശത്തോളം ഉയരമുള്ളതു: നീ എന്തു ചെയ്യും? അതു **പാതാളത്തെക്കാൾ അഗാധമായതു; നിനക്കെന്തറിയാം?** (ഇയ്യോ. 11:8) (സ്വർഗ്ഗം മുകളിലാണെന്നും പാതാളം താഴെയാണെന്നുമുള്ള വ്യത്യാസം ഈ വേദഭാഗത്തു കാണാം).
>
> ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ട്; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട് (സങ്കീ. 139:8) (പാതാളത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു കയറുകയെന്നല്ല **ഇറങ്ങുകയെന്നാണ്).**
>
> ...അവളുടെ (അതായതു ബുദ്ധിഹീനയായ സ്ത്രീ) വിരുന്നുകാർ പാതാളത്തിന്റെ **ആഴത്തിൽ...** (സദൃ. 9:18).
>
> ബുദ്ധിമാന്റെ ജീവയാത്ര മേലോട്ടാകുന്നു; **കീഴെയുള്ള പാതാളത്തെ** അവൻ ഒഴിഞ്ഞുപോകും (സദൃ. 15:24).

"യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: **അതു പാതാളത്തിൽ ഇറങ്ങിപ്പോയ നാളിൽ** ഞാൻ ഒരു വിലാപം കഴിപ്പിച്ചു; അതിനുവേണ്ടി ആഴത്തെ മൂടി പെരുവെള്ളം കെട്ടിനില്പാൻ തക്കവണ്ണം അതിന്റെ നദികളെ തടുത്തു; അതു നിമിത്തം ഞാൻ ലെബോനോനെ കറുപ്പുടിപ്പിച്ചു; കാട്ടിലെ സകല വൃക്ഷങ്ങളും അതുനിമിത്തം ക്ഷീണിച്ചുപോയി. ഞാൻ അതിനെ **കുഴിയിൽ** ഇറങ്ങുന്നവരോടുകൂടെ **പാതാളത്തിൽ തള്ളിയിട്ടപ്പോൾ,** അതിന്റെ വീഴ്ചയുടെ മുഴക്കത്തിങ്കൽ ഞാൻ ജാതികളെ നടുക്കുമാറാക്കി; ഏദെനിലെ സകല പുഷ്പങ്ങളും ലെബാനോനിലെ ശ്രേഷ്ഠവും ഉത്തമവുമായി വെള്ളം കുടിക്കുന്ന സകല വൃക്ഷങ്ങളും **ഭൂമിയുടെ അധോഭാഗത്തു** ആശ്വാസം പ്രാപിച്ചു. അവയും അതിനോടുകൂടെ വാളാൽ നിഹതന്മാരായവരുടെ അടുക്കൽ **പാതാളത്തിൽ ഇറങ്ങിപ്പോയി;** അതിന്റെ തുണയായി അതിന്റെ നിഴലിൽ ജാതികളുടെ മദ്ധ്യേ പാർത്തവർ തന്നെ (യെഹെ 31:15-17).

"മനുഷ്യപുത്രാ, നീ മിസ്രയീമിലെ പുരുഷാരത്തെക്കുറിച്ചു വിലപിച്ച്, അതിനെയും ശ്രുതിപ്പെട്ട ജാതികളുടെ പുത്രിമാരെയും **കുഴിയിൽ ഇറങ്ങുന്നവരോടുകൂടെ** ഭൂമിയുടെ **അധോഭാഗത്തു തള്ളിയിടുക...** വീരന്മാരായി ബലവാന്മാരായവർ അവന്റെ സഹായക്കാരോടുകൂടെ **പാതാളത്തിന്റെ നടുവിൽ നിന്നു** അവനോടു സംസാരിക്കും; അഗ്രചർമ്മികളായി വാളാൽ നിഹതന്മാരായവർ **ഇറങ്ങിച്ചെന്നു അവിടെ കിടക്കുന്നു...** അവിടെ ഏലാമും അതിന്റെ ശവക്കുഴിയുടെ ചുറ്റും അതിന്റെ സകല പുരുഷാരവും ഉണ്ട്;

അഗ്രചർമ്മികളായി വാളാൽ നിഹതന്മാരായവർ **ഇറങ്ങിച്ചെന്നു അവിടെ കിടക്കുന്നു...** അവിടെ ഏലാമും അതിന്റെ ശവക്കുഴിയുടെ ചുറ്റും അതിന്റെ സകല പുരുഷാരവും ഉണ്ട്; അവർ എല്ലാവരും വാളാൽ നിഹതന്മാരായി വീണു അഗ്രചർമ്മികളായി **ഭൂമിയുടെ അധോഭാഗത്തു ഇറങ്ങിപ്പോയിരിക്കുന്നു;** ജീവനുള്ളവരുടെ ദേശത്തു അവർ നീതി പരത്തി; എങ്കിലും **കുഴിയിൽ ഇറങ്ങുന്നവരോടുകൂടെ** അവർ ലജ്ജ വഹിക്കുന്നു." (യെഹെ. 32:18, 21, 24).

"അവർ **പാതാളത്തിൽ തുരന്നു കടന്നാലും** അവിടെനിന്നു എന്റെ കൈ അവരെ പിടിക്കും; അവർ ആകാശത്തിലേക്കു കയറിപ്പോയാലും അവിടെ നിന്നു ഞാൻ അവരെ ഇറക്കും" (ആമോ. 9:2).

[80] ഈ വേദഭാഗത്തിനു പുറമെ യെശ്ശയ്യാവ് 14:9 നോക്കുക

"നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ **പാതാളംവരെ താണുപോകും;** നിന്നിൽ നടന്ന വീര്യപ്രവൃത്തികൾ സോദോമിൽ നടന്നിരുന്നു എങ്കിൽ അതു ഇന്നുവരെ നില്ക്കുമായിരുന്നു"(മത്താ. 11:23).

"നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ **പാതാളംവരെ താണുപോകും"** (ലൂക്കോ. 10:15).

വിശ്വസിക്കാത്തവരുടെ ആത്മാക്കൾ മരണശേഷം പാതാളത്തിലേക്കു പോകുന്നു എന്നു ചിന്തിക്കുന്നതു ശരിയാണ്. ശരീരം തിരികെ പൊടിയിലേക്കു ചേരുമ്പോൾ ആത്മാവു നശിക്കാതെ നിലനില്ക്കുന്നു. ചില ദുരുപദേശക്കാർ ആത്മാവ് ഉറങ്ങുകയാണെന്നു പഠിപ്പിക്കുന്നു. എന്നാൽ ആത്മാക്കൾ സുബോധത്തോടിരിക്കുന്നു എന്നു വേദപുസ്തകം പഠിപ്പിക്കുന്നു.

d. പാതാളത്തിൽ സുബോധത്തോടെ

മരണശേഷം വിശ്വാസികൾ സുബോധത്തോടിരിക്കുമെന്നു താഴോട്ടുള്ള ഭാഗങ്ങളിൽ നിന്നു മനസ്സിലാക്കാം. എന്നാൽ ഈ ഭാഗത്തു രക്ഷിക്കപ്പെടാത്തവരുടെ കാര്യം വിവരിക്കുന്നു. മരണശേഷം "ആത്മാക്കൾ ഉറങ്ങുന്നു" എന്ന ഉപദേശം അടിസ്ഥാനരഹിതവും മാപ്പർഹിക്കാത്തതുമാകുന്നു.

യെശയ്യാവിന്റെ പുസ്തകത്തിലെ ലൂസിഫറിനെ സാത്താനായിട്ട് വ്യാഖ്യാനിച്ചാലും, സോർ രാജാവായിട്ട് (സാത്താൻ പിൻതാങ്ങുന്ന) വ്യാഖ്യാനിച്ചാലും, മരിച്ചവർ പാതാളത്തിൽ സുബോധത്തോടെ ഇരിക്കുന്നു എന്നു 14-ാം അദ്ധ്യായം പഠിപ്പിക്കുന്നു. അവർ എല്ലാം അറിയുകയും സംസാരിക്കുകയും ചെയ്യുന്നു. പാതാളത്തിലുള്ളവർ ലൂസിഫറിന്റെ വരവിൽ പ്രതീകരിക്കുന്നതു 9, 10, 16 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കുക.

"നിന്റെ വരവിങ്കൽ നിന്നെ എതിരേല്പാൻ **താഴെ പാതാളം** നിന്റെ നിമിത്തം **ഇളകിയിരിക്കുന്നു;** അതു നിന്നെച്ചൊല്ലി സകല ഭൂപാലകരായ **പ്രേതന്മാരെ ഉണർത്തുകയും** ജാതികളുടെ സകല രാജാക്കന്മാരെയും സിംഹാസനങ്ങളിൽ നിന്നു എഴുന്നേല്പിക്കയും ചെയ്തിരിക്കുന്നു. **അവരൊക്കെയും നിന്നോട്:** നീയും ഞങ്ങളെപ്പോലെ ബലഹീനനായോ? നീയും ഞങ്ങൾക്കു തുല്യനായിത്തീർന്നുവോ? എന്നു പറയും. നിന്റെ ആഡംബരവും വാദ്യഘോഷവും പാതാളത്തിലേക്കു ഇറങ്ങിപ്പോയി; നിന്റെ കീഴെ പുഴുക്കളെ വിരിച്ചിരിക്കുന്നു. കൃമികൾ നിനക്കു പുതപ്പായിരിക്കുന്നു; അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! "ഞാൻ സ്വർഗ്ഗത്തിൽ കയറും എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു. എന്നാൽ നീ പാതാളത്തിലേക്കു, നാശകൂപത്തിന്റെ അടിയിലേക്കു തന്നെ വീഴും. **നിന്നെ കാണുന്നവർ നിന്നെ ഉറ്റുനോക്കി** ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കുകയും ഭൂതലത്തെ മരുഭൂമിയെപ്പോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളകയും തന്റെ ബദ്ധന്മാരെ വീട്ടിലേക്കു അഴിച്ചുവിടാതിരിക്കുകയും ചെയ്തവൻ ഇവനല്ലയോ എന്നു നീരൂപിക്കും" (യെശ. 14:9-17).

പാതാളത്തെക്കുറിച്ചു യെഹസ്കേൽ 31 ഉം 32 ഉം അദ്ധ്യായങ്ങളിൽ അനേകം വാക്യങ്ങളുണ്ട് നഷ്ടപ്പെട്ട് പാതാളത്തിലുള്ളവർ നല്ല ബോധത്തോടെ ഇരിക്കുന്നു എന്നു ഈ വാക്യങ്ങളിൽ നിന്നും മനസ്സിലാക്കാം. യെഹെ. 32:21-ൽ പാതാളത്തിലുള്ളവർ മിസ്രയീമിന്റെ നാശത്തോടു പ്രതികരിക്കുന്നതു കാണാം. പാതാളത്തിൽ ഫറവോൻ, നശിപ്പിക്കപ്പെട്ട രാജ്യങ്ങളിലെ നേതാക്കന്മാരെ കാണുന്നതുപോലെ 31-ാം വാക്യത്തിൽ പറയുന്നു.

"മനുഷ്യപുത്രാ, നീ മിസ്രയീമിലെ പുരുഷാരത്തെക്കുറിച്ചു വിലപിച്ചു അതിനെയും ശ്രുതിപ്പെട്ട ജാതികളുടെ പുത്രിമാരെയും കുഴിയിൽ ഇറങ്ങുന്നവരോടു കൂടെ ഭൂമിയുടെ അധോഭാഗത്തു തള്ളിയിടുക.... **വീരന്മാരിൽ ബലവാന്മാരായവർ അവന്റെ സഹായത്തോടുകൂടെ പാതാളത്തിന്റെ നടുവിൽ നിന്നു അവനോടു സംസാരിക്കും;** അഗ്രചർമ്മികളായി വാളാൽ നിഹതന്മാരായവർ ഇറങ്ങിച്ചെന്നു അവിടെ കിടക്കുന്നു" (യെഹെ. 32: 18, 2).

"**അവരെ ഫറവോൻ കണ്ടു** തന്റെ സകല പുരുഷാരത്തെയും കുറിച്ചു ആശ്വസിക്കും; ഫറവോനും അവന്റെ സകലസൈന്യവും വാളാൽ നിഹതന്മാരായിരിക്കുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്; ഞാനല്ലോ അവന്റെ ഭീതി ജീവനുള്ളവരുടെ ദേശത്തു പരത്തിയതു; ഫറവോനും അവന്റെ പുരുഷന്മാരൊക്കെയും വാളാൽ നിഹതന്മാരായവരോടുകൂടെ അഗ്രചർമ്മികളുടെ കൂട്ടത്തിൽ കിടക്കേണ്ടിവരും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട് " (യെഹെ. 32:31-32).

മരിച്ചവർ സുബോധത്തോടെ ഇരിക്കുന്നു എന്നതിനു

തെളിവായി ലൂക്കോ. 16:19-31 വരെയുള്ള വാക്യങ്ങളിൽ കർത്താവു ധനവാന്റെയും ലാസറിന്റെയും കഥ പറഞ്ഞിരിക്കുന്നു. ധനവാനു പാതാളത്തിൽ കാണുവാനും അനുഭവിക്കുവാനും, രുചിക്കുവാനും ചിന്തിക്കുവാനും പ്രതികരിക്കുവാനും കഴിഞ്ഞു . [81]

> ''ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനമ്പ്രതി ആഡംബരത്തോടു സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്നു പേരുള്ളൊരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരയ്ക്കൽ കിടന്നു, ധനവാന്റെ മേശയിൽനിന്നു വീഴുന്നതു തിന്നു വിശപ്പടക്കാൻ ആഗ്രഹിച്ചു; നായ്ക്കളും വന്നു അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു; **പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തു നിന്നു അബ്രഹാമിനെയും** അവന്റെ മടിയിൽ ലാസറിനെയും കണ്ടു: അബ്രഹാംപിതാവവേ, എന്നോടു കനിവുണ്ടാകേണമേ; ലാസർ **വിരലിന്റെ അറ്റം** വെള്ളത്തിൽ മുക്കി **എന്റെ നാവിനെ** തണുപ്പിക്കേണ്ടതിന് അവനെ അയയ്ക്കേണമേ; ഞാൻ ഈ **ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു** എന്നു വിളിച്ചുപറഞ്ഞു. അബ്രഹാം: മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവണ്ണം തിന്മയും പ്രാപിച്ചു എന്നു ഓർക്ക;, ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു: **നീയോ വേദന അനുഭവിക്കുന്നു.** അത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയൊരു പിളർപ്പുണ്ടാക്കിയിരിക്കുന്നു; ഇവിടെനിന്നു നിങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇച്ഛിക്കുന്നവർക്കു കഴിവില്ല; അവിടെനിന്നു ഞങ്ങളുടെ അടുക്കൽ കടന്നുവരുവാനും പാടില്ല എന്നു പറഞ്ഞു. അതിനു അവൻ: എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയയ്ക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു; എനിക്കു അഞ്ചു സഹോദരന്മാർ ഉണ്ട്; അവരും ഈ **യാതനാസ്ഥലത്തു** വരാതിരിപ്പാൻ അവൻ അവരോടു സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു. അബ്രഹാം അവനോടു: അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്കു അവർ കേൾക്കട്ടെ എന്നുപറഞ്ഞു. അതിനു അവൻ: അല്ലല്ല, അബ്രഹാം പിതാവേ, മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റു അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു. അവൻ അവനോട്: അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു (ലൂക്കോ. 16: 19-31).

e. പാതാളവും യാതനയും

പാതാളത്തിൽ ബോധത്തോടെ ഇരിക്കുകയും യാതന അനുഭവിക്കുകയും ചെയ്യുന്നുവെന്നു വേദപുസ്തകം സംശയാതീതമായി പറയുന്നു. **ക്രിസ്തുവിനെ തള്ളിക്കളയുന്നവർ** ജീവനോടിരിക്കുമ്പോൾ തന്നെ ശിക്ഷിക്കപ്പെട്ടവരാണ് (യോഹ. 3:18). **അവർ ആക്ഷരികമായി ബോധത്തോടുകൂടെയുള്ള നിത്യദണ്ഡനത്തിനു ഒരു ഹൃദയമിടിപ്പു മാത്രം അകലെയാണ്.** രക്ഷിക്കപ്പെടാതെ മരിച്ചവരുടെ ന്യായവിധിക്കായുള്ള കാത്തിരിപ്പിനുള്ള താത്ക്കാലിക സ്ഥലമാണ് പാതാളം. ഇവർക്കു വെള്ള സിംഹാസനത്തിന്റെ മുമ്പിലുള്ള ന്യായവിധിക്കുവേണ്ടി അല്പസമയം അഴിച്ചു വിടുന്നത് ഒരു ആശ്വാസവും നല്കില്ല, മാത്രമല്ല വിധിയും ശിക്ഷയും ഉറപ്പാണ്. പാതാളത്തിലുള്ളവർ ശിക്ഷാവിധിക്കായിട്ട് ഉയിർത്തെഴുന്നേറ്റ് തീപ്പൊയ്കയിലേക്കു മാറ്റപ്പെടും. "നരകം" പാതാളത്തെയും തീപ്പൊയ്കയെയും ഉൾക്കൊള്ളുന്ന വിശാലമായ പദമാണ്. അതുകൊണ്ട് അവിശ്വാസികൾ മരണാനന്തരം നരകത്തിൽപോകുമെന്നു പറയുന്നതു ശരിയാണ് (ലൂക്കോ. 16:22-23). പാതാളം പീഡനവും കഷ്ടതയുമുള്ള സ്ഥലമാണ്.

> എന്റെ കോപത്താൽ **തീ** ജ്വലിച്ചു **പാതാളത്തിന്റെ ആഴത്തോളം** കത്തും... (ആവ. 32:22).
>
> അവരെ പാതാളത്തിന് ആടുകളായി ഏല്പിച്ചിരിക്കുന്നു; മൃത്യു അവരെ മേയിക്കുന്നു; നേരുള്ളവൻ പുലർച്ചയ്ക്കു അവരുടെമേൽ വാഴും; അവരുടെ രൂപം ഇല്ലാതെയാകും; **പാതാളം** അവരുടെ പാർപ്പിടം (സങ്കീ. 49:14).
>
> ബുദ്ധിമാന്റെ ജീവയാത്ര മേലോട്ടാകുന്നു; കീഴെയുള്ള **പാതാളത്തെ അവൻ ഒഴിഞ്ഞുപോകും** (സദൃ. 15:24). (പാതാളത്തെ ഒഴിഞ്ഞുപോകേണ്ട ആവശ്യമുണ്ട്).
>
> "നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ **പാതാളം വരെ** താണുപോകും; നിന്നിൽ നടന്ന വീര്യപ്രവർത്തികൾ സോദോമിൽ നടന്നിരുന്നു എങ്കിൽ അതു ഇന്നുവരെ നില്ക്കുമായിരുന്നു. എന്നാൽ ന്യായവിധി ദിവസത്തിൽ നിന്നെക്കാൾ **സോദോമ്യരുടെ നാട്ടിനു സഹിക്കാവതാകും** എന്നു ഞാൻ നിങ്ങളോടു

[81] മരിച്ചുപോയ ആത്മാക്കൾക്കു താത്ക്കാലിക ശരീരം ഉണ്ടെന്നു തോന്നത്തക്ക വിധം ലൂക്കോസ് 16:19-31 വരെയുള്ള വാക്യങ്ങളിൽ ''കണ്ണുകൾ, വിരലുകൾ, നാവ്'' എന്നിവയെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

പറയുന്നു" (മത്താ. 11:23–24). (സോദോമിൽ വീണ തീയെക്കാളും ഭയങ്കരമായിരിക്കും പാതാളത്തിലെ അവസ്ഥ).

"ആ പട്ടണത്തെക്കാൾ **സോദോമ്യർക്കു ആ നാളിൽ സഹിക്കാവതാകും** എന്നു ഞാൻ നിങ്ങളോടു പറയുന്നു.... നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ **പാതാളത്തോളം** താണുപോകും" (ലൂക്കോ. 10:12,15).

"പാതാളത്തിൽ **യാതന** അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി.... ഞാൻ ഈ **ജ്വാലയിൽ** കിടന്നു **വേദന** അനുഭവിക്കുന്നു... നീയോ **വേദന** അനുഭവിക്കുന്നു... എനിക്കു അഞ്ചു സഹോദരന്മാർ ഉണ്ട്; അവരും ഈ **യാതനാസ്ഥലത്തു** വരാതിരിപ്പാൻ അവൻ അവരോടു സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു" (ലൂക്കോ. 16:23–25, 28).

f. പാതാളത്തിനു തീപ്പൊയ്കയോടുള്ള ബന്ധം

രക്ഷിക്കപ്പെടാത്ത മനുഷ്യരുടെ ആത്മാക്കൾ ശിക്ഷാവിധിക്കായുള്ള (യോഹ. 5:29) പുനരുത്ഥാനം കാത്തുകൊണ്ട് കിടക്കുന്ന താത്ക്കാലികസ്ഥലമാണ് പാതാളം. അതിനുശേഷം അവർ വെള്ളസിംഹാസനത്തിനു മുൻപിൽ നില്ക്കും. പാതാളം തന്നിലുള്ളവരെ ന്യായവിധിക്കായി ഏല്പിച്ചുകൊടുക്കുകയും അതിനുശേഷം തീപ്പൊയ്കയിലേക്കു മാറ്റപ്പെടുകയും ചെയ്യും. ഭൂമിയുടെ മദ്ധ്യേയുള്ള പാതാളം നിശ്ചയമായും പഴയ ഭൂമി നശിപ്പിക്കപ്പെടുമ്പോൾ ഇല്ലാതാകും.

സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും **പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു;** ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും **പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു;** ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുത്തിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും (വെളി. 20:13–15).

പുതിയനിയമത്തിൽ പാതാളത്തെക്കുറിച്ചു പത്തു വേദഭാഗങ്ങൾ ഉണ്ട് (മത്താ. 11:23; 16:18; ലൂക്കോ. 10:15; 16:23; അപ്പോ. പ്രവ. 2:27, 31; വെളി. 1:18; 6:8; 20:13–14). **പാതാളം എന്ന ആശയം അംഗീകരിക്കാത്തവർ ഈ വിഷയം ക്രിസ്തുവിന്റെ പഠിപ്പിക്കലുമായി ചേർത്തു ചിന്തിക്കേണ്ടതാണ്.** മറ്റെല്ലാവരെയുംപോലെ ഈ സ്ഥലത്തെക്കുറിച്ച് ക്രിസ്തുവും പഠിപ്പിച്ചു. മരണാനന്തരം അവിശ്വാസികൾ പാതാളത്തിലേക്കു പോകുന്നു. ന്യായവിധിവരെയും അവിടെ തടവിൽ കഴിയുകയും വിധിക്കുശേഷം തീപ്പൊയ്കയിലേക്കു മാറ്റപ്പെടുകയും ചെയ്യും. ഈ രണ്ടു സ്ഥലത്തും ബോധത്തോടെ പീഡനമനുഭവിക്കുന്ന നരകമാണ്.

4. ഗിഹെന്ന അല്ലെങ്കിൽ തീപ്പൊയ്ക

രക്ഷിക്കപ്പെടാതെ മരിച്ചുപോയവരുടെ ആത്മാക്കൾ ന്യായവിധിക്കായി കാത്തുകിടക്കുന്ന താത്ക്കാലിക ബന്ധനസ്ഥലമായ പാതാളംപോലെ അല്ല അവിശ്വാസികൾക്കു **നിത്യശിക്ഷാവിധിയുടെ** സ്ഥലമായ തീപ്പൊയ്ക അല്ലെങ്കിൽ ഗിഹെന്ന (മർക്കോ. 9:43–48). കൂടാതെ, പാതാളം പോലെ അല്ല, **രക്ഷിക്കപ്പെടാത്ത മനുഷ്യർക്കും ദൂതന്മാർക്കും** ശിക്ഷയ്ക്കുള്ള സ്ഥലമാണ് തീപ്പൊയ്ക (മത്താ. 25:41; വെളി. 20:10, 15).

വെന്തുപോകാത്തതും നിത്യമായ ദണ്ഡനത്തിനു ചേർന്നതുമായ **ഉയിർത്തെഴുന്നേറ്റ ശരീരമായിരിക്കും** തീപ്പൊയ്കയിൽ അവർക്കുണ്ടായിരിക്കുന്നതെന്ന് വ്യക്തമാണ് (മത്താ. 10:28; വെളി. 20:11–15; മത്താ. 5:29–30; 18:9, തീപ്പൊയ്കയിലെ ശരീരത്തെക്കുറിച്ചു പറയുന്നു). മരണത്തോടെ അവിശ്വാസികൾ പാതാളത്തിലേക്കു വേഗം മാറ്റപ്പെടുന്നു (ലൂക്കോ. 16:22–27), ന്യായവിധിക്കുശേഷം വരെ അവർ തീപ്പൊയ്കയിലേക്കു പോകുന്നില്ല (മത്താ. 25:41; വെളി. 20:14–15). തീപ്പൊയ്ക ഇപ്പോൾ ശൂന്യമാണെന്നു തോന്നുന്നു. ആദ്യം അതിലേക്കു പ്രവേശനം നേടുന്നതു മൃഗവും കള്ളപ്രവാചകനും ആയിരിക്കും, അതിനുശേഷം രക്ഷിക്കപ്പെടാത്ത പീഡനകാല ശേഷിപ്പായ മനുഷ്യരും (മത്താ. 25:41–56; വെളി. 19:20). [82] ആയിരമാണ്ട് വാഴ്ചയിൽ പാതാളത്തിലും തീപ്പൊയ്കയിലുംരക്ഷിക്കപ്പെടാത്ത ചില ആളുകൾ കാണും. മുമ്പുള്ള യുഗങ്ങളിൽ മരിച്ചവരും ദൈവിക ന്യായവിധിയെ അഭിമുഖീകരിക്കാത്തവരും പാതാളത്തിൽ കാണും. പീഡനകാലത്തു മരിക്കാത്തവർ തീപ്പൊയ്കയിൽ കാണും. അതുകൊണ്ട് ക്രിസ്തുവിന്റെ രണ്ടാം വരവിനുശേഷം ന്യായവിധിയെ അഭിമുഖീകരിക്കും. യിസ്രായേലിന്റെയും (യെഹെ. 20) ജാതികളുടെയും (മത്താ. 25) ന്യായവിധിക്കുശേഷം, രക്ഷിക്കപ്പെടാത്ത പീഡനകാലശേഷിപ്പിനെ തീപ്പൊയ്കയിലേക്കു തള്ളിക്കളയുന്നതിനാൽ അവർ പാതാളം അനുഭവിക്കേണ്ടിവരില്ല. മുകളിൽ പറഞ്ഞതുപോലെ പാതാളം ശൂന്യമാക്കി, രക്ഷിക്കപ്പെടാത്ത എല്ലാവരും (വീണുപോയ ദൂതന്മാരും) നിത്യത തീപ്പൊയ്കയിൽ ചെലവഴിക്കും (വെളി. 20:4).

a. "ഗിഹെന്ന" എന്ന പദത്തിന്റെ ഉത്ഭവം

എബ്രായഭാഷയിൽ "ഹിന്നോം താഴ്വര" എന്നർത്ഥമുള്ള ഗ്രീക്കു പദമാണ് ഗിഹെന്ന. ദുഷ്ടരാജാക്കന്മാരായിരുന്ന ആഹാസിന്റെയും മനശ്ശെയുടെയും കാലത്തുണ്ടായിരുന്ന നരബലിയെ യിരെമ്യാവ് ശാസിച്ചു.

[82] പാതാളത്തിലേക്കു പ്രവേശിക്കാൻ ഒരാൾക്ക് ശാരീരിക മരണം സംഭവിക്കണം. ഇതിനു വിരുദ്ധമായി, മൃഗവും കള്ളപ്രവാചകനും തീപ്പൊയ്കയിൽ ജീവനോടെ എറിയപ്പെടും.

"തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും അഗ്നിയിൽ ഇട്ടു ദഹിപ്പിക്കേണ്ടതിനു അവർ ബെൻഹിന്നോം താഴ്വരയിലുള്ള തോഫെത്തിലെ പൂജാഗിരികളെ പണിതിരിക്കുന്നു; അതു ഞാൻ കല്പിച്ചതല്ല; എന്റെ മനസ്സിൽ തോന്നിയതുമല്ല" (യിരെ. 7:31).

"ബാലിനു ഹോമബലികളായി തങ്ങളുടെ പുത്രന്മാരെ തീയിൽ ഇട്ടു ദഹിപ്പിപ്പാൻ ബാലിനു പൂജാഗിരികളെ പണികയും ചെയ്തിരിക്കുന്നു. അതു ഞാൻ കല്പിച്ചിട്ടില്ല, അരുളിച്ചെയ്തിട്ടില്ല, എന്റെ മനസ്സിൽ വന്നിട്ടുമില്ല. അതുകൊണ്ടു ഈ സ്ഥലത്തിനു ഇനി തേഫാത്ത് എന്നും ബെൻ ഹിന്നോം താഴ്വര എന്നും പേരുപറയാതെ കൊലത്താഴ്വര എന്നു പേരുപറയുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാട്" (യിരെ. 19:5-6).

നരബലി മറ്റൊരിക്കലും നടക്കാതവണ്ണം നല്ല രാജാവായ യോശീയാവ് ഈ താഴ്വര അശുദ്ധമാക്കി.

ആരും തന്റെ മകനെയോ മകളെയോ മോലേക്കിനു അഗ്നിപ്രവേശം ചെയ്യാതിരിക്കേണ്ടതിനു ബെൻ-ഹിന്നോം താഴ്വര ദഹനസ്ഥലവും അവൻ അശുദ്ധമാക്കി (2 രാജാ. 23:10).

അതിനുശേഷമുള്ള നൂറ്റാണ്ടുകളിൽ ബെൻ ഹിന്നോം (ഹിന്നോം താഴ്വര) യെരൂശലേമിലെ ചവറു നിക്ഷേപിക്കുന്ന സ്ഥലമായി മാറി. ഉണങ്ങിയ ചപ്പുചവറുകളും, മലിനവസ്തുക്കളും, ചത്ത മൃഗങ്ങളും കൊല്ലപ്പെട്ട കുറ്റവാളികളുടെ ശരീരവും ഇവിടെ കത്തിക്കൊണ്ടിരുന്നു. ഇതു തീ അണയാത്ത ഒരു ചവറുകൂന മാത്രമായിരുന്നില്ല, മാംസം പുഴുവരിച്ചു നാറുന്ന സ്ഥലമായിരുന്നു. ബി. സി. 200 നു അടുത്ത സമയങ്ങളിൽ റബ്ബിമാർ ഹിന്നോം താഴ്വരയെ നിത്യശിക്ഷയ്ക്കുള്ള ഒരു സ്ഥലമന്നെ നിലയിൽ പഠിപ്പിച്ചു.

യെരൂശലേമിന്നു പുറത്തുള്ള ചവറുകൂന നിത്യശിക്ഷയുടെ സ്ഥലമായി കർത്താവായ യേശുക്രിസ്തു ഒരിക്കലും പഠിപ്പിച്ചിട്ടില്ല "ഗിഹെന്ന" എന്ന പദം കൊണ്ട് കർത്താവ് പഠിപ്പിച്ചത്, യെരൂശലേമിന്നു പുറത്തു ഈ സ്ഥലവുമായി നിത്യശിക്ഷയുടെ സ്ഥലത്തിനു സാദൃശ്യം ഉണ്ട് എന്നതാണ്. ഈ രണ്ട് സ്ഥലത്തും ഒരിക്കലും തീ കെടുന്നില്ല. തീ കത്തിക്കൊണ്ടിരുന്നിട്ടും മാംസത്തിന്റെ ദ്രവത്വം തീരുന്നില്ല. യെരുശലേമിന്നു പുറത്തുള്ള ഗിഹെന്ന എന്ന സ്ഥലം നഷ്ടപ്പെട്ടുപോയവരുടെ ഭാവി വിധിയെ വിവരിക്കുവാൻ നല്ല ഒരു മാർഗ്ഗമായിരുന്നു. അവർ തീ ഒരിക്കലും അണയാത്ത ഒരു സ്ഥലത്തായിരിക്കും, എന്നാൽ ഈ കെടാത്ത തീ ഒരിക്കലും ഇവരുടെ ശരീരത്തെ ദഹിപ്പിച്ചുകളയുകയില്ല, ചീഞ്ഞനാറ്റം അവസാനിക്കുകയുമില്ല.

ഗിഹെന്ന എന്നതു തീകെടാത്ത സ്ഥലത്തിന്റെ പേരാണ് (മർക്കോ. 9:43-48). അതുകൊണ്ട് ഇത് എന്നെന്നേക്കും തീ കത്തിക്കൊണ്ടിരിക്കുന്ന "തീപ്പൊയ്ക" സമമാണ് (വെളി. 14:11, 20:10, 14). "ഗിഹെന്ന" യും "തീപ്പൊയ്ക" യും പര്യായപദങ്ങളാണെന്നു ഈ വിവരണങ്ങളിൽ നിന്നും മനസ്സിലാക്കാം.

b. *ഗിഹെന്ന* എന്ന പദത്തിന്റെ ഉപയോഗം

പുതിയ നിയമത്തിൽ ഗിഹെന്ന എന്ന പദം 12 പ്രാവശ്യം പറഞ്ഞിരിക്കുന്നു. ഒന്നൊഴികെ (യാക്കോ. 3:6). മറ്റെല്ലാ പ്രാവശ്യവും ക്രിസ്തുവിന്റെ നാവിൽ നിന്നാണ് ഈ പദം വന്നത് (മത്താ. 5:22, 29, 30:10; 28:18; 9:23, 15, 33; മർക്കോ. 9:43, 45, 47; ലൂക്കോ. 12:5).

ക്രിസ്തുവിന്റെ രക്ഷയെക്കുറിച്ചും സദാചാരത്തെക്കുറിച്ചുമുള്ള പഠിപ്പിക്കൽ ആധികാരികമാണെന്നു അംഗീകരിക്കുകയും നിത്യശിക്ഷാവിധിയെക്കുറിച്ചുള്ള പ്രസ്താവനകൾ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നതു ക്രമരഹിതമായ പ്രവൃത്തിയാണ്. ക്രിസ്തുവിനെ ബഹുമാനിക്കുന്നവർ ഒരു നിത്യമായ തീപ്പൊയ്ക ഉണ്ടെന്നു വിശ്വസിക്കും.

c. തീപ്പൊയ്കയെക്കുറിച്ചുള്ള പൊതുവിവരണം

അവിശ്വാസികളുടെ തീപ്പൊയ്കയിലെ അവസ്ഥ വിവരിക്കുന്നതാണ് താക്കൊടുത്തിരിക്കുന്ന ആശയങ്ങൾ

ശപിക്കപ്പെട്ടവർ

"പിന്നെ അവൻ ഇടത്തുള്ളവരോട്: **ശപിക്കപ്പെട്ടവരേ,** എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ" (മത്താ. 25:41).

"കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും **ശപിക്കപ്പെട്ടവൻ!** നമ്മുടെ കർത്താവു വരുന്നു" (1 കൊരി. 16:22).

എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ **ശപിക്കപ്പെട്ടവൻ.** ഞങ്ങൾ മുൻപറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു. നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ **ശപിക്കപ്പെട്ടവൻ** (ഗലാ. 1:8-9).

വിധിക്കപ്പെട്ടവരും ശിക്ഷിക്കപ്പെട്ടവരും

"വിശ്വസിക്കുകയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ **ശിക്ഷാവിധിയിൽ** അകപ്പെടും" (മത്താ. 16:16).

"അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാത നായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ **ന്യായവിധി വന്നുകഴിഞ്ഞു"** (യോഹ. 3:18).

"ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വ സിക്കുന്നവനു നിത്യജീവൻ ഉണ്ട്; അവൻ **ന്യായ വിധിയിൽ** ആകാതെ മരണത്തിൽ നിന്നു ജീവ ങ്കലേക്കു കടന്നിരിക്കുന്നു" (യോഹ. 5:24).

വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടു കൂടെ **ശിക്ഷാവിധിയിൽ** അകപ്പെടാതിരിക്കേണ്ട തിനു കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാ കുന്നു" (1 കൊരി. 11:32).

ദൈവികപ്രതികാരത്തിന്റെ പാത്രങ്ങൾ

ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താ വായ യേശുക്രിസ്തുവിന്റെ സുവിശേഷം അനു സരിക്കാത്തവർക്കും **പ്രതികാരം** കൊടുക്കു മ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവ സന്നിധിയിൽ നീതിയല്ലോ" (2 തെസ്സ. 1:7-8).

"**പ്രതികാരം** എനിക്കുള്ളത്, ഞാൻ പകരം വീട്ടും" എന്നു അരുളിച്ചയ്തവനെ നാം അറിയു ന്നുവല്ലോ (എബ്രാ. 10:30).

ദൈവകോപത്തിന്റെ പാത്രങ്ങൾ

അവനാൽ സ്നാനം ഏല്പാൻ വന്ന പുരുഷാര ത്തോട് അവൻ പറഞ്ഞതു: സർപ്പസന്തതികളേ, വരുവാനുള്ള **കോപത്തെ** ഒഴിഞ്ഞു ഓടിപ്പോകു വാൻ നിങ്ങൾക്കു ഉപദേശിച്ചു തന്നതു ആർ? (ലൂക്കോ. 3:7).

"പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവ**ക്രോധം** അവന്റെമേൽ വസി ക്കുന്നതേയുള്ളൂ" (യോഹ. 3:36).

അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ, നാം അവനാൽ എത്ര അധികമായി **കോപത്തിൽ** നിന്നു രക്ഷിക്കപ്പെടും (റോമ. 5:9).

അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള **കോപ**ത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു... (1 തെസ്സ. 1:9).

നാശം, നശിപ്പിക്കൽ (മത്താ. 7:13; 18:4; യോഹ. 10:28; റോമ. 9:22; 2 കൊരി. 2:15; ഫിലി. 1:28; 3:19; 2 പത്രോ. 3:9) .

"ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; ദേഹിയെയും ദേഹ ത്തെയും നരകത്തിൽ **നശിപ്പിപ്പാൻ** കഴിയുന്ന വനെത്തന്നെ ഭയപ്പെടുവിൻ" (മത്താ. 10:28).

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും **നശിച്ചുപോകാതെ** നിത്യജീവൻ പ്രാപി ക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്ക വണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16).

ക്രൂശിന്റെ വചനം **നശിച്ചുപോകുന്നവർക്കു** ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവ ശക്തിയും ആകുന്നു (1 കൊരി. 1:18).

സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു **നിത്യനാശം** എന്ന ശിക്ഷാ വിധി അനുഭവിക്കും (2 തെസ്സ. 1:10).

d. തീപ്പൊയ്കയെക്കുറിച്ചുള്ള പ്രത്യേക വിവരണങ്ങൾ

ദൈവത്തിൽ നിന്നുള്ള വേർപാട് (മത്താ. 25:30 "പുറ ന്തള്ളപ്പെടുന്നു")

"അന്നു ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കു ന്നവരേ, **എന്നെ വിട്ടുപോകുവിൻ** എന്നു തീർ ത്തു പറയും" (മത്താ. 7:23).

സുവിശേഷം അനുസരിക്കാത്തവർ **കർത്താ വിന്റെ സന്നിധാനവും** അവന്റെ വല്ലഭത്വത്തോ ടുകൂടിയ മഹത്വവും **വിട്ടകന്നു** നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസ്സ. 1:10)

തള്ളിപ്പറച്ചിൽ (കാണുക 2 തെസ്സ. 2:12)

"നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ **ലജ്ജയ് ക്കും** നിത്യനിന്ദയ്ക്കുമായും ഉണരും"(ദാനി. 12:2).

"അന്നു ഞാൻ അവരോട്: **ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല;** അധർമ്മം പ്രവർത്തി ക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തുപറയും" (മത്താ. 7:23) (ലൂക്കോ. 13:25).

"മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവ നെയോ എന്റെ പിതാവിന്റെ മുമ്പിൽ **ഞാനും തള്ളിപ്പറയും** " (മത്താ. 10:33). [83]

"വ്യഭിചാരവും പാപവും ഉള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യ

[83] തള്ളിക്കളയലിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി 9-ാം അദ്ധ്യായം കാണുക.

പുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ **നാണിക്കും''** (മത്താ. 8:38).

സ്വർഗ്ഗത്തിൽനിന്നുള്ള പുറത്താക്കൽ

"വീട്ടുടയവൻ എഴുന്നേറ്റു കതകു അടച്ചശേഷം നിങ്ങൾ പുറത്തു നിന്നു: **കർത്താവേ, തുറന്നു തരേണമേ** എന്നു പറഞ്ഞുകൊണ്ട് കതകിനു മുട്ടിത്തുടങ്ങുമ്പോൾ: **നിങ്ങൾ എവിടെനിന്നു എന്നു ഞാൻ അറിയുന്നില്ല,** എന്നു അവൻ ഉത്തരം പറയും" (ലൂക്കോ. 13:25).

കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും **അതിൽ കടക്കയില്ല** (വെളി. 21:27).

നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും **പുറത്തു തന്നെ** (വെളി. 22:15).

ചാകാത്ത "പുഴുക്കൾ"

യെരൂശലേമിനു പുറത്തുള്ള ഗെഹന്നയിലെ ചവറുകൂനകളിൽ അഴുകിയ മാംസം പുഴുവരിക്കുന്നതുപോലെ, തീപ്പൊയ്കയിലും അവസാനിക്കാത്ത വേദനയും അഴുകലും സംഭവിക്കും. തീ ഒരിക്കലും മാംസം ചാരമാക്കിത്തീർക്കുകയില്ല, എന്നാൽ നഷ്ടപ്പെട്ടവരുടെ ശരീരത്തിനു വേദനയും അഴുകലും (ദ്രവത്വവും) ഉണ്ടാകും. ജീവനുള്ളവരുടെ ശരീരത്തിൽ പുഴുവരിക്കുന്നതിലൂടെ ഉണ്ടാകുന്ന ദ്രവത്വവും വേദനയും സങ്കല്പിക്കാൻ ഒരു പക്ഷേ പ്രയാസം ഉണ്ടാകുകയില്ല. തീപ്പൊയ്കയിൽ യഥാർത്ഥത്തിൽ പുഴുക്കൾ ഉണ്ടായിരിക്കുമോ എന്നതു സംശയകരമായ വിഷയമാണ്, എന്നാൽ വൃത്തിഹീനത, ഭീതി, വേദന, പരോപജീവികളായ പുഴുക്കൾ ജീവനുള്ള മാംസത്തിൽ നുളഞ്ഞുണ്ടാകുന്ന ദുർഗന്ധം ഇവയെല്ലാം ഉള്ള നരകത്തെ ഇതിൽ കൂടുതലായി ഭാഷ ഉപയോഗിച്ച് വിശദീകരിക്കുവാൻ സാധ്യമല്ല.

"അവർ പുറപ്പെട്ടുചെന്നു, എന്നോടു അതിക്രമം ചെയ്ത മനുഷ്യരുടെ ശവങ്ങളെ നോക്കും; **അവരുടെ പുഴു ചാകയില്ല;** അവരുടെ തീ കെട്ടു പോകയില്ല; അവർ സകലജഡത്തിനും അറപ്പായിരിക്കും" (യെശ. 66:24).

"അവിടെ **അവരുടെ പുഴു ചാകുന്നില്ല; തീ കെടുന്നതുമില്ല''** (മർക്കോ. 9:48).

അന്ധകാരം

വിരുന്നുകളും സത്ക്കാരങ്ങളും, സൗഹൃദ കൂട്ടായ്മകളും ഉള്ള സ്ഥലമായിരിക്കില്ല "നരകം". തീ കത്തുന്ന സ്ഥലം "ഏറ്റവും പുറത്തുള്ള ഇരുട്ടിന്റെ" സ്ഥലമായിരിക്കുന്നതു എങ്ങനെയെന്നു ഒരുപക്ഷേ ദൈവത്തിനു മാത്രമേ അറിയൂ. ചിലപ്പോൾ തീപ്പൊയ്കയിലുള്ളവർ അന്ധരായിരിക്കാം! അന്ധകാരം എപ്പോഴും ഭീതിയും ഏകാന്തതയും, പരിഭ്രാന്തിയുമുള്ള അനുഭവത്തെക്കുറിച്ചു പറയുന്നു. അവിടെ വലിയ ഭയവും വലിയ ചിന്താക്കുഴപ്പങ്ങളും വലിയ ഏകാന്തതയും ഉണ്ടായിരിക്കും.

"രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള **ഇരുളിലേക്കു** തള്ളിക്കളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്താ. 8:12).

"രാജാവു ശുശ്രൂഷക്കാരോട്: ഇവനെ കയ്യും, കാലും കെട്ടി ഏറ്റവും പുറത്തുള്ള **ഇരുട്ടിൽ** തള്ളിക്കളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു" (മത്താ. 22:13).

''എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള **ഇരുട്ടിലേക്കു** തള്ളിക്കളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്താ. 25:30).

അവർ വെള്ളമില്ലാത്ത കിണറുകളും കൊടുങ്കാറ്റുകൊണ്ടു ഓടുന്ന മഞ്ഞുമേഘങ്ങളും ആകുന്നു; അവർക്കു **കൂരിരുട്ടു** സംഗ്രഹിച്ചിരിക്കുന്നു (2 പത്രോ. 2:17).

തങ്ങളുടെ നാണക്കേടു നുരച്ചുതള്ളുന്ന കൊടിയ കടൽത്തിരകൾ; സദാകാലത്തേക്കും **അന്ധതമസ്സു** സൂക്ഷിച്ചുവച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നെ (യൂദാ. 13).

കരച്ചിലും പല്ലുകടിയും

തീപ്പൊയ്കയിൽ ബോധത്തോടെ ആയിരിക്കുമെങ്കിലും സന്തോഷകരമായ അവസ്ഥ ആയിരിക്കുകയില്ല. പല്ലിനെക്കുറിച്ചുള്ള വേദഭാഗങ്ങൾ രസകരമാണ്. നഷ്ടപ്പെട്ടവർ നിത്യശിക്ഷാവിധിക്കു ചേർന്ന ശരീരവുമായി ഉയിർക്കും. ഇപ്രകാരമുള്ള ശരീരം കഷ്ടപ്പെടും, എന്നാൽ കത്തിത്തീരില്ല.

രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുളിലേക്കു തള്ളിക്കളയും; അവിടെ **കരച്ചിലും പല്ലുകടിയും** ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു (മത്താ. 8:12).

"... തീച്ചൂളയിൽ ഇട്ടുകളയും, അവിടെ **കരച്ചിലും പല്ലുകടിയും** ഉണ്ടാകും.... വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും; അവിടെ **കരച്ചിലും പല്ലുകടിയും** ഉണ്ടാകും" (മത്താ. 13:42, 50).

"രാജാവു ശുശ്രൂഷക്കാരോട്: ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ; അവിടെ **കരച്ചിലും പല്ലുകടിയും** ഉണ്ടാകും എന്നു പറഞ്ഞു" (മത്താ. 22:13).

"എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളിൻ; അവിടെ **കരച്ചിലും പല്ലുകടിയും** ഉണ്ടാകും" (മത്താ. 25:30).

അവിടെ അബ്രഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവ രാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ പറത്തു തള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ **കരച്ചിലും പല്ലുകടിയും** ഉണ്ടാകും (ലൂക്കോ. 13:28).

ദണ്ഡനം

ധനവാൻ പാതാളത്തിൽ യാതന അനുഭവിച്ചതുപോലെ, തീപ്പൊയ്കയും ഒരു യാതനാസ്ഥലമായിരിക്കും (ലൂക്കോ. 16:22–23).

"അവരുടെ **ദണ്ഡനത്തിന്റെ** പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകുകയില്ല" (വെളി. 14:11).

അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ **ദണ്ഡനം** സഹിക്കേണ്ടിവരും (വെളി. 20:10).

ഗന്ധകം

ഗന്ധകം കത്തുമ്പോൾ ഭയങ്കരമായ ദുർഗന്ധവും വിഷപ്പുകയും ഉണ്ടാകുന്നു. ഒരുപക്ഷേ നരകത്തിലുള്ളവർ ദുർഗ്ഗന്ധവും ശ്വാസം മുട്ടലും അനുഭവിക്കും.

... വിശുദ്ധന്മാർക്കും കുഞ്ഞാടിനും മുമ്പാകെ **അഗ്നിഗന്ധകങ്ങളിൽ** ദണ്ഡനം അനുഭവിക്കും (വെളി. 14:10).

....ഇരുവരെയും **ഗന്ധകം** കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു (വെളി. 19:20)

അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന **ഗന്ധകത്തീപ്പൊയ്കയിലേക്കു** തള്ളിയിടും (വെളി. 20:10).

"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കുപറയുന്ന ഏവർക്കും ഉള്ള ഓഹരി **തീയും ഗന്ധകവും** കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം" (വെളി. 21:8).

മരണം, പ്രത്യേകമായി രണ്ടാം മരണം

ഒരു തരത്തിൽ ദൈവത്തിൽ നിന്നുള്ള **നിത്യമായ** വേർപാടായ മരണമാണു തീപ്പൊയ്ക. അവിശ്വാസികൾ ശാരീരികമരണത്തിനു ശേഷം "നരകത്തിൽ" വീഴുന്നതു "രണ്ടാം മരണം" ആണ്. മരണത്തെക്കാൾ ഭയാനകമായതു ഒന്നുമില്ല. തീപ്പൊയ്ക അവസാനിക്കാത്ത മരണമാണ്.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെമേൽ **രണ്ടാം മരണത്തിനു** അധികാരമില്ല...(വെളി. 20:6).

മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക **രണ്ടാമത്തെ മരണം** (വെളി. 20:14).

"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു **രണ്ടാമത്തെ മരണം** (വെളി. 21:8)

തീ

നഷ്ടപ്പെട്ടവരുടെ നിത്യശിക്ഷയുടെ സ്ഥലത്തിന്റെ പൊതുവായ വിവരണമാണ് *തീ*. ഇത് ഒരു പക്ഷേ ആക്ഷരികമായ തീ തന്നെ ആയിരിക്കും. ക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിക്കാത്തവരുടെ വേദന വിവരിക്കാൻ മനുഷ്യന് അറിയാവുന്ന ഏറ്റവും നല്ല വസ്തു തീയാണ്. "ഗെഹന്ന" എന്നു പറഞ്ഞിരിക്കുന്ന വേദഭാഗങ്ങളെല്ലാം തീയെക്കുറിച്ചാണു പറഞ്ഞിരിക്കുന്നത്. [84] അതുപോലെ, താഴെ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിൽ നിന്നും "തീപ്പൊയ്ക" എന്ന പദം കാണാം (വെളി. 19:20; 20:10, 14, 15;21:8) വേറെ ചില ഭാഗങ്ങളിൽ "തീച്ചൂള" (മത്താ. 13:42) എന്നും, "കെടാത്ത തീ" (മത്താ. 3:12; മർക്കോ. 9:43, 48) എന്നും "നിത്യാഗ്നി" (മത്താ. 18:8; 25:41; യൂദാ. 7) എന്നും "ക്രോധാഗ്നി" (എബ്രാ. 10:27) എന്നും, വിശേഷണങ്ങൾ ഇല്ലാതെ "തീ" (മത്താ. 13:40; ലൂക്കോ. 3:9) എന്നും പറഞ്ഞിരിക്കുന്നു.

"....**തീച്ചൂളയിൽ** ഇട്ടുകളയും, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും...(മത്താ. 13:42, 50). അവിടെ അവരുടെ പുഴു ചാകുന്നില്ല; **തീ** കെടുന്നതുമില്ല. (മർക്കോ. 9:48).

e. ശിക്ഷയുടെ അളവ്

എല്ലാ പാപവും കുറ്റകരമാണ്, എന്നാൽ ചില പാപങ്ങൾ മറ്റു പാപങ്ങളെക്കാൾ കഠിനമാണെന്നു വേദപുസ്തകം

[84] "*ഗഹന്ന* അല്ലെങ്കിൽ തീപ്പൊയ്ക" എന്ന ഭാഗം കാണുക

പഠിപ്പിക്കുന്നു. യോഹ. 19:11-ൽ ക്രിസ്തു പീലാത്തോസിനോടു ഇപ്രകാരം പറഞ്ഞു: "അതുകൊണ്ടു എന്നെ നിന്റെ പക്കൽ ഏല്പിച്ചവന്നു **അധികം** പാപം ഉണ്ടു എന്നു ഉത്തരം പറഞ്ഞു" മറ്റു ചില ഭാഗങ്ങളിൽ കർത്താവു കല്പനയ്ക്കു വലിപ്പച്ചെറുപ്പം നല്കിയിട്ടുണ്ട് (മത്താ. 5:19; 22:37-40). നിത്യശിക്ഷയിലേക്കുള്ള പ്രവേശനത്തിന്റെ അടിസ്ഥാനം ക്രിസ്തുവിനെ തിരസ്ക്കരിക്കുക എന്നതാണ്, എന്നിരുന്നാലും, ശിക്ഷയുടെ അളവ് ഓരോരുത്തരുടെയും പ്രവൃത്തികളെ അശ്രയിച്ചായിരിക്കാൻ സാധ്യതയുണ്ട് (എല്ലാം തന്നെ ആലോചിക്കാൻ പറ്റാതവണ്ണം കഠിനമാണ്). വെള്ളസിംഹാസനത്തിന്റെ മുമ്പിൽ മനുഷ്യരുടെ പ്രവൃത്തികൾ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകം പരിശോധിക്കുന്നതിന്റെ കാരണം ഇതായിരിക്കും (വെളി. 20:12). [85]

നിത്യമായ നരകത്തിൽ എല്ലാവർക്കും വേദനയും കഷ്ടപ്പാടും ഉണ്ട്, എങ്കിലും ശിക്ഷയ്ക്കു പല തട്ടുകൾ ഉണ്ടെന്നു അനേകം വേദഭാഗങ്ങൾ പറയുന്നു. യേശു ക്രിസ്തുവിന്റെ ആളത്വത്തെ അംഗീകരിക്കാത്തവരും, ഇന്നു സത്യത്തെക്കുറിച്ചു നല്ല അറിവുണ്ടായിട്ടും അതു തള്ളിക്കളയുന്നവരും പ്രത്യേകിച്ചു കണക്കുകൊടുക്കേണ്ടിവരും. ഈ ഭൂമിയിൽ ക്രിസ്തുവിന്റെ പ്രവൃത്തികൾ കണ്ണുകൊണ്ട് കണ്ടിട്ടും അവനെ തള്ളിക്കളഞ്ഞവരുടെ കുറ്റം ഒന്നാലോചിക്കുക. അവന്റെ മക്കളെ കൊല ചെയ്തവരുടെ മേൽ പ്രത്യേക ന്യായവിധി അയയ്ക്കുമെന്നതിനു യാതൊരു സംശയവുമില്ല.

> "**ന്യായവിധിദിവസത്തിൽ ആ പട്ടണത്തെക്കാൾ** സോദോമ്യരുടെയും ഗമോര്യരുടെയും ദേശത്തിനു **സഹിക്കാവതാകും** എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്താ. 10:15).
>
> പിന്നെ അവൻ തന്റെ വീര്യപ്രവൃത്തികൾ മിക്കതും നടന്ന പട്ടണങ്ങൾ മാനസാന്തരപ്പെടായ്കയാൽ അവയെ ശാസിച്ചുതുടങ്ങി. 'കോരസീനേ, നിനക്കു ഹാ കഷ്ടം; ബേത്ത്സയിദേ, നിനക്കു ഹാ കഷ്ടം; നിങ്ങളിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടുതന്നെ രട്ടിലും വെണ്ണീറിലും മാനസാന്തരപ്പെടുമായിരുന്നു. എന്നാൽ **ന്യായവിധിദിവസത്തിൽ നിങ്ങളെക്കാൾ** സോരിനും സീദോനും **സഹിക്കാവതാകും** എന്നു ഞാൻ നിങ്ങളോടു പറയുന്നു.... എന്നാൽ **ന്യായവിധിദിവസത്തിൽ നിന്നെക്കാൾ** സൊദോമ്യരുടെ നാടിനു **സഹിക്കാവതാകും** എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്താ. 11:20, 22, 24).
>
> "**യജമാന്റെ ഇഷ്ടം അറിഞ്ഞിട്ടു** ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസന്നു **വളരെ അടി** കൊള്ളും. **അറിയാതെകണ്ടു** അടിക്കു യോഗ്യമായതു ചെയ്തവന്നോ **കുറയ** അടി കൊള്ളും; വളരെ ലഭിച്ചവനോടു വളരെ ആവശ്യപ്പെടും; അധികം ഏറ്റു വാങ്ങിയവനോടു അധികം ചോദിക്കും" (ലൂക്കോ. 12:47-48).
>
> വിശുദ്ധനും സത്യവാനും ആയ നാഥാ, ഭൂമിയിൽ വസിക്കുന്നവരോട് **ഞങ്ങളുടെ രക്തത്തെക്കുറിച്ചു** നീ എത്രത്തോളം **ന്യായവിധിയും പ്രതികാരവും** നടത്താതെയിരിക്കും എന്നു അവർ ഉറക്കെ നിലവിളിച്ചു (വെളി. 6:10).
>
> "അവൾ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങൾ അവൾക്കു പകരം ചെയ്‌വിൻ; അവളുടെ പ്രവൃത്തികൾക്കു തക്കവണ്ണം അവൾക്കു ഇരട്ടിച്ചു കൊടുപ്പിൻ,... സ്വർഗ്ഗമേ, വിശുദ്ധന്മാരും അപ്പോസ്തലന്മാരും പ്രവാചകന്മാരുമായുള്ളോരേ, **ദൈവംഅവളോടു നിങ്ങൾക്കുവേണ്ടി പ്രതികാരം നടത്തിയതുകൊണ്ടു** അവളെച്ചൊല്ലി ആനന്ദിപ്പിൻ..... **പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും** ഭൂമിയിൽ വെച്ചു കൊന്നുകളഞ്ഞ എല്ലാവരുടെയും **രക്തം** അവളിൽ അല്ലോ കണ്ടതു" (വെളി. 18:6, 20, 24).

f. തീപ്പൊയ്കയുടെ സ്ഥാനം

പാതാളത്തിന്റെ സ്ഥാനം "താഴെ" ആണെന്നു പറയുമ്പോൾ, തീപ്പൊയ്കയുടെ സ്ഥാനത്തെക്കുറിച്ച് അറിവില്ല. വെള്ളസിംഹാസനന്യായവിധിക്കു മുമ്പ് ഇപ്പോഴുള്ള ആകാശവും ഭൂമിയും നശിപ്പിക്കപ്പെടും എന്നു വെളി. 20:11 -ൽ നിന്നു മനസ്സിലാക്കാം. [86] നഷ്ടപ്പെട്ടവരെ തീപ്പൊയ്കയിലേക്കു തള്ളുന്നതുവരെ പുതിയ ആകാശവും പുതിയ ഭൂമിയും പ്രത്യക്ഷപ്പെടുന്നില്ല (വെളി. 20: 11; 21: 1- 5). അതുകൊണ്ട് തീപ്പൊയ്ക ഈ ഭൂമിയുടെ നടുവിൽ ആയിരിക്കാൻ സാധ്യതയില്ല. അതിന്റെ സ്ഥാനം രഹസ്യമാണ്.

g. നരകത്തിലേക്കൊരു എത്തിനോട്ടം

നരകത്തിൽ എന്തു സംഭവിക്കുന്നു എന്നു വിശുദ്ധന്മാർക്കു കാണുവാൻ സാധിക്കുമോ? നിശ്ചയമായും സ്വർഗ്ഗത്തിനും നരകത്തിനും ഇടയിൽ ഒരു വേർതിരിവുള്ളതുകൊണ്ട്, നിത്യശിക്ഷാവിധിയിൽ നിന്നു രക്ഷപ്പെടുന്നതിനോ ഒരു മാറ്റത്തിനോ സാധ്യമല്ല. എന്നാൽ ദൈവകൃപയാൽ വിശുദ്ധന്മാർക്ക് അവർ അനുഭവിക്കാതെ രക്ഷപ്പെട്ട ഭീകരത കാണുവാൻ കഴിയും(ഒരു പക്ഷേ താത്ക്കാലികമായി ഹർമ്മഗെദ്ദോന്റെ ഫലം).

[85] രക്ഷ നേടുവാൻ അവരുടെ നല്ല പ്രവൃത്തികൾ മാത്രം മതിയായതല്ലായിരുന്നുവെന്നു അവിശ്വാസികൾക്കു മനസ്സിലാക്കിക്കൊടുക്കുവാനും പ്രവൃത്തികൾ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകം ദൈവം ഉപയോഗിച്ചേക്കാം(മത്താ. 7:21-23).

[86] ഭൂമിയുടെ നാശത്തെക്കുറിച്ചുള്ള മറ്റു വേദഭാഗങ്ങൾ: മത്താ. 24:35; ലൂക്കോ. 21:33; 2 പത്രോ. 3:10-13;

> "അവർ **പുറപ്പെട്ടു ചെന്നു,** എന്നോടു അതിക്രമം ചെയ്ത മനുഷ്യരുടെ ശവങ്ങളെ **നോക്കും; അവരുടെ പുഴു ചാകുകയില്ല; അവരുടെ തീ കെട്ടു പോകയില്ല;** അവർ സകലജഡത്തിനും അറപ്പായിരിക്കും(യെശ. 66:24).
>
> ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും; **വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ** അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും (വെളി. 14:10).

ഈ വിഷയത്തിൽ ആധികാരികമായി ഒന്നും പറയാതിരിക്കുകയായിരിക്കും നല്ലത്. ഹെർമ്മഗെദ്ദോൻ യുദ്ധത്തിലെ ശവങ്ങക്കെുറിച്ചു മാത്രമായിരിക്കും യെശയ്യാവു പറയുന്നത്. വിശുദ്ധന്മാർക്കു നരകം കാണുവാൻ കഴിയുമെങ്കിൽ, അവരുടെ പ്രതികരണം ദുഃഖം ആയിരിക്കയില്ല, പിന്നെയോ ഈ വലിയ രക്ഷയ്ക്കായട്ടു ദൈവത്തോടു നന്ദിയുള്ളവർ ആയിരിക്കുമെന്ന് ഉറപ്പാണ്.[87]

5. ശിക്ഷയുടെ കാലാവധി

തീപ്പൊയ്കയിലെ അവസാനിക്കാത്ത ശിക്ഷ ഭയാനകം ആയതുകൊണ്ട്, മനുഷ്യർ ഈ ആശയം ചിലപ്പോൾ തള്ളിക്കളയും. നരകം ഉണ്ടെന്നു വിശ്വസിക്കുന്ന ചിലർ അതിന്റെ സന്തോഷകരമല്ലാത്ത അനുഭവങ്ങളിൽ നിന്നു മാറുന്നതിന്, തീപ്പൊയ്കയിൽവച്ചു രക്ഷിക്കപ്പെടുവാൻ രണ്ടാമതൊരവസരം ലഭിക്കുമെന്നു പഠിപ്പിക്കുന്നു. അവിശ്വാസികൾ ഈ ചെറിയ കാലം പീഡനം സഹിച്ചശേഷം പൂർണ്ണമായും ഇല്ലാതായിപ്പോകുമെന്നു മറ്റു ചിലർ പഠിപ്പിക്കുന്നു. വേദാനുസാരമല്ലാത്ത ശുദ്ധീകരണസ്ഥലം എന്ന സ്ഥലത്തെക്കുറിച്ചുള്ള ധാരണ ചിലർക്കുണ്ട്. ഇത് തീപ്പൊയ്കയെ കേവലം താത്ക്കാലിക ശിക്ഷാസ്ഥലം ആക്കുകയും, പാപഫലമായ അല്പകാല കഷ്ടപ്പാടിനു ശേഷം രക്ഷപ്പെടാമെന്നും പഠിപ്പിക്കുന്നു.

ന്യായവിധി ഭയാനകവും തിരസ്ക്കരിക്കത്തക്കതുമാണെന്നു സമ്മതിക്കുന്നതു വളരെ ഉചിതമാണ്, എന്നിരുന്നാലും ഇതു പൂർണ്ണമായും വേദാനുസാരമാണ്.

a. നരകത്തിന്റെ നിത്യത എന്ന വിഷയം

തീപ്പൊയ്കയിലുള്ള മനുഷ്യർക്കു രക്ഷിക്കപ്പെടുവാൻ രണ്ടാമതൊരവസരം ലഭിക്കുമോ? അല്പകാല കഷ്ടപ്പാടുകൾക്കുശേഷം അവർ ഇല്ലാതായിത്തീരുമോ? ഗ്രീക്ക് പദങ്ങൾ ഇംഗ്ലീഷിലേക്കു തർജ്ജിമ ചെയ്തപ്പോൾ 'നിത്യമായതു', 'നിലനില്ക്കുന്നതു' എന്നതിന്റെ അർത്ഥം 'അവസാനിക്കാത്തതു' എന്നാണോ? അങ്ങനെ എങ്കിൽ നഷ്ടപ്പെട്ടവരുടെ ആത്മാക്കൾക്കു നരകം വിടുവാൻ സാധിക്കയില്ലായെന്നു മാത്രമല്ല സ്വയം ഇല്ലാതായി വേദനയിൽ നിന്നു രക്ഷപ്പെടുവാനും കഴികയില്ല.

b. *Eon* എന്ന പദം

"നിത്യവും" "നിലനില്ക്കുന്നതും" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന അനേകം ഗ്രീക്കു പദങ്ങളിൽ ഒന്നാണ് *eon.* അനേകർക്കു ഇംഗ്ലീഷ് ഭാഷയിൽ *eon* എന്ന പദത്തിന്റെ അർത്ഥം പരിധിയുള്ള നീണ്ട കാലയളവു എന്നതാണ്. ഈ വാക്യം ശ്രദ്ധിക്കുക., "It was eons before the bus from St. Louis arrived" (സെന്റ് ലൂയ്സിൽ നിന്നു ബസ് വരുന്നതിനുമുമ്പു ദീർഘസമയങ്ങളു(eons) ണ്ടായിരുന്നു) ഇവിടെ *eon* ന്റെ അർത്ഥം പരിധിയുള്ള നീണ്ട കാലമാണ്. നിത്യമാണ് എന്ന അർത്ഥം ഇവിടെ വരുന്നില്ല. തീർച്ചയായും, പുതിയനിയമത്തിൽ 95 പ്രാവശ്യം *eon* എന്നു പറഞ്ഞിരിക്കുന്നിടത്ത് 37 പ്രാവശ്യമെങ്കിലും പരിധിയുള്ള കാലഘട്ടത്തെ കാണിക്കുന്നു.

> "അതു വിതച്ച ശത്രു പിശാച്; കൊയ്ത്തു ലോകാവസാനം (*eon*); കൊയ്യുന്നവർ ദൂതന്മാർ കള കൂട്ടി തീയിൽ ഇട്ടു ചുടുംപോലെ ലോകാവസാനത്തിൽ (*eon*) സംഭവിക്കും" (മത്താ. 13:39-40).
>
> "....അത് എപ്പോൾ സംഭവിക്കുമെന്നും നിന്റെ വരവിനും ലോകാവസാനത്തിനും (*eon*) അടയാളമെന്തെന്നും പറഞ്ഞുതരേണമെന്ന് അപേക്ഷിച്ചു" (മത്താ. 24:3).
>
> ഈ ലോകത്തിനു (*eon*) അനുരൂപമാകാതെ.. (റോമ. 12:2).
>
> ഇതു ദൃഷ്ടാന്തമായിട്ടു അവർക്കു സംഭവിച്ചു, ലോകാവസാനം (*eon*) വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു (1 കൊരി. 10:11).

ഈ വാക്യങ്ങളിൽ എല്ലാം *eon* എന്ന പദം പരിധിയുള്ള നീണ്ട കാലയളവിനെ കാണിക്കുന്നു. അങ്ങനെ എങ്കിൽ യഥാസ്ഥിതിക ദൈവശാസ്ത്രജ്ഞന്മാർ ഈ പദത്തിനു "നിത്യമായ" എന്ന അർത്ഥം നഷ്ടപ്പെട്ടവരുടെ ശിക്ഷാവിധിയുടെ സന്ദർഭത്തിൽ കൊടുക്കുന്നത് എന്തിനാണ്? (ഉദാ. യൂദാ 13; വെളി. 14:1; 19:3; 20:10) ഈ പ്രശ്നം പരിഹരിക്കുന്നതിന്റെ ആദ്യ പടി *eon* എന്ന പദത്തിനു നിത്യമായ സമയം എന്ന അർത്ഥവും ഉണ്ടെന്നുള്ളതിനു തെളിവുണ്ട്. "പരിധിയുള്ളതും എന്നാൽ നീണ്ടതും" എന്ന അർത്ഥം ഉള്ളതുപോലെ തന്നെ ഈ പദത്തിനു ചില സന്ദർഭങ്ങളിലും വിഷയങ്ങളിലും **നിത്യ**

[87] ദൈവസാന്നിദ്ധ്യത്തിൽ നിന്നു വേർപെട്ടവർ എന്നു പറയുമ്പോൾ, ഒരർത്ഥത്തിൽ അവർ ദൈവസാന്നിദ്ധ്യത്തെക്കുറിച്ചു അറിവുള്ളവരല്ല; മാത്രമല്ല ദൈവികപ്രവൃത്തികളെ അനുഭവിക്കുകയും ഇല്ല. **മാനുഷിക വീക്ഷണത്തിൽ** 2 തെസ്സ. 1:10 -ൽ നരകം ദൈവസാന്നിദ്ധ്യത്തിൽ നിന്നു വളരെ ദൂരെയും ദൈവത്തിൽ നിന്നു **വേർപിരിഞ്ഞ** സ്ഥിതിയുമാണ്. **ദൈവിക വീക്ഷണത്തിൽ** ശിക്ഷിക്കപ്പെട്ടവർ ശാശ്വതമായി അവന്റെ മുമ്പിലു ണ്ട് (വെളി. 14:10).

മായതു എന്ന അർത്ഥം കൊടുക്കുവാൻ കഴിവുണ്ട്. ഇതു തെളിയിക്കുവാൻ എളുപ്പമാണ്.

c. *Eon* എന്ന പദത്തിന്റെ അർത്ഥം- നിത്യമായത്

ചില സന്ദർഭങ്ങളിൽ *"eon"* എന്ന പദത്തിനു "പരിധിയുള്ള കാലഘട്ടം"എന്ന അർത്ഥം ഉള്ളതുപോലെ തന്നെ "അവസാനിക്കാത്തത്" "നിത്യമായത്" "നിലനില്ക്കുന്നത്" എന്നീ അർത്ഥങ്ങളും മറ്റു സന്ദർഭങ്ങളിൽ ഉണ്ട്. *Eon* എന്ന പദത്തിനു നിത്യമായത് എന്ന അർത്ഥം ഉറപ്പായും ഉണ്ട്. താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക.

ദൈവം

> **നിത്യ**രാജാവായി *eon* അക്ഷയനും.... (1 തിമൊ. 1:17)
>
> യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും (unto the *eons* or ages) അനന്യൻ തന്നെ(എബ്രാ. 13:8). [88]

ദൈവവചനം [89]

> "..... കർത്താവിന്റെ വചനമോ **എന്നേക്കും** (unto the *eons*) നിലനില്ക്കുന്നു (1 പത്രൊ. 1:25).

ദൈവരാജ്യം

> "അവൻ യാക്കോബ് ഗൃഹത്തിന് **എന്നേക്കും** (unto the *eons*) രാജാവായിരിക്കും; അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ല എന്നു പറഞ്ഞു" (ലൂക്കോ. 1:33).
>
> "....രാജ്യവും ശക്തിയും മഹത്വവും **എന്നേക്കും** (unto the *eons*) നിനക്കുള്ളതല്ലോ" (മത്താ. 6: 13).[90]

വിശ്വാസിയുടെ ജീവിതം

> "ഈ അപ്പം തിന്നുന്നവൻ എല്ലാം **എന്നേക്കും** (forthe *eons*) ജീവിക്കും....." (യോഹ. 6:51).
>
> "....എന്റെ വചനം പ്രമാണിക്കുന്നവൻ **ഒരു നാളും** (literally, not for the *eon*) മരണം കാണുകയില്ല..." (വാക്യം 53 ഉം നോക്കുക)
>
> "ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും **ഒരുനാളും** (not for the *eon*) മരിക്കയില്ല ..." (യോഹ. 11:26) (10:28 കാണുക).

ഗ്രീക്കുപദമായ *eon* നു നിത്യമായത്, അല്ലെങ്കിൽ നിലനില്ക്കുന്നതു എന്നീ അർത്ഥം കൊടുക്കാൻ സാധിക്കും എന്നതിനു ഈ വാക്യങ്ങൾ നല്ല ഉദാഹരണങ്ങളാണ്. ഈ പദത്തിനു ശിക്ഷയുടെ സന്ദർഭങ്ങളിൽ **നിലനില്ക്കുന്നത്** എന്നു അർത്ഥം കൊടുക്കുവാൻ സാധിക്കും എന്നു മനസ്സിലാക്കുവാനുള്ള വഴി തുറന്നു. **വചനത്തിന്റെ നിർമ്മിതിയിലുള്ള പ്രത്യേകതകൊണ്ടും മറ്റു വിവരണപദങ്ങളുടെ പ്രത്യേകതകൊണ്ടും നഷ്ടപ്പെട്ടവരുടെ ശിക്ഷയുടെ സന്ദർഭങ്ങളിൽ ഈ പദത്തിന് നിത്യമായതു എന്നു അർത്ഥം നല്കണം.**

d. "unto *eons* of *eons*" എന്ന ഭാഷാശൈലി

ചില സന്ദർഭങ്ങളിൽ യുഗം (*eon)* എന്ന പദം ഒരിക്കൽ മാത്രമെ ഉപയോഗിച്ചിട്ടുള്ളൂ എങ്കിലും ഇതിന്റെ പരിഭാഷ "നിത്യമായതു" ആണ് എന്നു നാം ഇതുവരെയും ഉള്ള പഠനത്തിൽ നിന്നു മനസ്സിലാക്കി. *eon* എന്ന പദമുള്ള ശിക്ഷയെ കുറിക്കുന്ന 4 വേദഭാഗങ്ങളിൽ 3 എണ്ണവും യോഹന്നാൻ അപ്പോസ്തലന്റെ പ്രത്യേകമായ വാക്യ നിർമ്മിതിയാണെന്നു മനസ്സിലാക്കേണ്ടത് മർമ്മപ്രധാനമാണ്. വെളി. 14:11; 19:3; 20:10 എന്നീ വേദഭാഗങ്ങളിൽ *eon* എന്ന പദത്തിന്റെ ഏതെങ്കിലും രൂപം ഭാഷാ ശൈലിയിലുള്ളതു unto *eons* of *eons* എന്നു പരിഭാഷപ്പെടുത്താം. ഏകദേശം ഇപ്രകാരമുള്ള 22 ഭാഷാശൈലിയുടെ ഉപയോഗങ്ങൾ കൂടുതലായി പഠിച്ചാൽ ഇതിന്റെ **അർത്ഥം എപ്പോഴും 'നിലനില്ക്കുന്നത്'** എന്നു ഉപസംഗ്രഹിക്കാം. റോമ. 16:27; ഗലാ. 1:5; എഫെ. 3:21; ഫിലി. 4:20; 1 തിമൊ. 1:17; 2 തിമൊ. 4:18; എബ്രാ. 13:21; 1 പത്രൊ. 4:11; 5:11; വെളി. 1:6, 18; 4:9, 10; 5:13; 7:12; 10:6; 15:7 എന്നീ വേദഭാഗങ്ങളിൽ ഇതുപയോഗിച്ചിരിക്കുന്നതു ദൈവത്തിന്റെ നിലനില്പ്, ഭരണം അല്ലെങ്കിൽ മഹത്വം എന്നിവ ദൈവരാജ്യത്തിന്റെ സമയം കാണിക്കാനും ഉപയോഗിച്ചിരിക്കുന്നു. ഇവ ആകെ 18 പ്രാവശ്യം പറഞ്ഞിരിക്കുന്നു. വെളി. 22:5-ൽ ഈ ഭാഷാശൈലി വിശ്വാസികളുടെ ജീവിതകാലത്തെ സൂചിപ്പിക്കുന്നു. വെളി. 14:11; 19:3; 20: 10 എന്നീ മൂന്നു വേദഭാഗങ്ങളിൽ ശിക്ഷാവിധിയുടെ ദൈർഘ്യത്തെ കാണിക്കുന്നു. *eon* എന്ന പദത്തിന്റെ പൊതുവായ അർത്ഥം നിത്യമായത് എന്നാകാം. unto *eons* of *eons* എന്ന ഭാഷാ ശൈലിയുടെ **അർത്ഥം എപ്പോഴും നിത്യമായത്** എന്നാണ്, നരകത്തിന്റെ കാലത്തെക്കുറിച്ചു പറയുമ്പോഴും അങ്ങനെ തന്നെ ആണ്. ഈ നിർവചനത്തിനു വ്യക്തമായ ഉദാഹരണങ്ങൾ താഴെക്കാടുത്തിരിക്കുന്നു.

> നമ്മുടെ ദൈവവും പിതാവുമായവനു **എന്നെന്നേക്കും** മഹത്വം ആമേൻ(ഫിലി. 4:20).

---

[88]ക്രിസ്തുവിന്റെ അനന്യത മനസ്സിലാക്കുവാൻ എബ്രാ. 1:12 കാണുക. എഴുത്തുകാരന്റെ എബ്രാ. 12:8 നെക്കുറിച്ചുള്ള ഉദ്ദേശവും ഇതുതന്നെ.

[89] മത്താ. 24:35-ൽ ദൈവവചനം നിത്യമാണെന്നു കാണിക്കുവാൻ വ്യത്യസ്ത പദങ്ങൾ ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക.

[90] മത്തായി 6:13 ലെ ഈ ഭാഗം മൂലഗ്രന്ഥത്തിൽ ഇല്ലായിരിക്കാം. എന്നിരുന്നാലും, ഇത് *eon* എന്ന പദത്തിന്റെ അർത്ഥം വിവരിക്കുന്നു.

....ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു.... ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, **എന്നെന്നേക്കും** ജീവിച്ചിരിക്കുന്നു... (വെളി. 1:17–18).

എന്നെന്നേക്കും ജീവിച്ചിരിക്കുന്നവായി സിംഹാസനത്തിൽ ഇരിക്കുന്നു.... (വെളി. 4:9).

"അവർ **എന്നെന്നേക്കും** രാജാക്കന്മാരായിരിക്കും" (വെളി. 22:5).

e. *eon* പഠനത്തിന്റെ ഉപസംഹാരം

"*eon*"എന്ന ഗ്രീക്കു പദത്തിനു ചില സന്ദർഭങ്ങളിൽ പരിധിയുള്ള നീണ്ട കാലയളവു എന്ന അർത്ഥം ഉണ്ട് എന്നതു സത്യം തന്നെ. (95-ൽ 37 പ്രാവശ്യവും അങ്ങനെ ആണ്). എന്നിരുന്നാലും ഈ പദത്തിനു "നിത്യമായതു" എന്നു അർത്ഥമുണ്ട്. കാരണം, ഇത് ദൈവത്തിന്റെ നിലനില്പ് അവന്റെ വചനം, അവന്റെ ഭരണം, വിശ്വാസികളുടെ ജീവിതകാലം എന്നീ വിഷയങ്ങളുടെ ദൈർഘ്യം കാണിക്കാൻ ഉപയോഗിച്ചിരിക്കുന്നു. **unto the *eons* of *eons* എന്ന ഭാഷാശൈലി ദൈവത്തെക്കുറിച്ചുള്ള 22 ഉപയോഗങ്ങളിൽ 18 ലും എപ്പോഴും നിത്യമായതിനെ കാണിക്കുന്നു. ബാക്കിയുള്ള മൂന്നു വേദഭാഗങ്ങളും ശിക്ഷയെ കാണിക്കുന്നു.** അവിശ്വാസികൾ നിത്യമായ ശിക്ഷ അനുഭവിക്കേണ്ടിവരും എന്നതാണ് വേദപുസ്തക വിവരങ്ങളിൽ നിന്നു ലഭിക്കുന്ന പ്രകടമായ ഉപസംഹാരം.

"അവരുടെ ദണ്ഡനത്തിന്റെ പുക **എന്നെന്നേക്കും** പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിൽ മുദ്ര ഏല്ക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല" (വെളി. 14:11).

ആദ്യം തന്നെ *eon* എന്ന പദത്തെക്കുറിച്ചു വിവരിച്ചതിന്റെ കാരണം, നരകത്തിന്റെ നിത്യമായ സ്വഭാവത്തെ തള്ളിക്കളയുന്നവർ എതിർപ്പിനു കാരണമായ ഒരേയൊരു വീക്ഷണകോണിലൂടെ മാത്രമേ കാണുകയുള്ളൂ എന്നതുകൊണ്ടാണ്. ഈ തെറ്റായ പഠിപ്പിക്കലിനെ പ്രതിരോധിക്കുവാൻ വിശദമായി വിവരിച്ചിരിക്കുന്നതുകൊണ്ട് നിത്യശിക്ഷാവിധിയുടെ ഉപദേശം ഈ ഒറ്റപ്പദത്തിന്റെ അർത്ഥത്തിൽ മാത്രം ആശ്രയിച്ചാണെന്ന് വായനക്കാർ ചിന്തിക്കരുത്. യഥാർത്ഥത്തിൽ, നിത്യശിക്ഷാവിധിയുടെ ഉപദേശത്തെ പിന്തുണയ്ക്കുന്ന കൂടുതൽ ശക്തമായ രണ്ട് വിഷയങ്ങൾ ഉണ്ട്.

f. നിത്യമായ ശിക്ഷാവിധിയെ സ്ഥാപിക്കുന്ന വിവരണങ്ങൾ

"നിലനില്ക്കുന്നതു" എന്ന പ്രത്യേക പദം കൂടാതെ തന്നെ അവസാനിക്കാത്ത കാലം എന്ന ആശയം പ്രകടിപ്പിക്കുവാൻ സാധിക്കും. "കെടാത്ത തീ" (മത്താ. 3:12; മർക്കോ. 9:43, 48), "ചാകാത്ത പുഴു" (മർക്കോ. 9:48) എന്ന ആശയം ഇവ ഒരിക്കലും കെട്ടുപോകാത്ത നിത്യമായ അഗ്നിയെക്കുറിച്ചു പറയുന്നു.

"നിന്റെ കൈ നിനക്കു ഇടർച്ച വരുത്തിയാൽ അതിനെ വെട്ടിക്കളക: ഊനനായി ജീവനിൽ കടക്കുന്നതു രണ്ടു കയ്യുമുള്ളവൻ ആയി **കെടാത്ത തീയായ** നരകത്തിൽ പോകുന്നതിനെക്കാൾ നിനക്കു നല്ലത്... നിന്റെ കണ്ണു നിനക്കു ഇടർച്ച വരുത്തിയാൽ അതിനെ ചൂന്നുകളക; ഒറ്റക്കണ്ണനായി ദൈവരാജ്യത്തിൽ കടക്കുന്നതു രണ്ടു കണ്ണുള്ളവനായി അഗ്നി നരകത്തിൽ വീഴുന്നതിനെക്കാൾ നിനക്കു നല്ലത്. അവിടെ അവരുടെ **പുഴു ചാകുന്നില്ല; തീ കെടുന്നതുമില്ല**" (മർക്കോ. 9:43–44, 47–48). [91]

g. നിത്യമായത് എന്നർത്ഥമുള്ള രണ്ടാമത്തെ ഗ്രീക്കുപദം

മുകളിൽ വിവരിച്ചിരിക്കുന്ന യുഗം *"eon"* എന്ന പദത്തെക്കൂടാതെ **വളരെ ശക്തമായി** നിത്യശിക്ഷയുടെ ഉപദേശത്തെ ഉറപ്പിക്കുന്ന രണ്ടാമതൊരു ഗ്രീക്ക് പദം ആണ് (eonios or aionios). **ശിക്ഷയെക്കുറിച്ചു പറയാത്ത 64 ഇടങ്ങളിൽ ഈ ഭാഷാശൈലി നിത്യമായതിനെക്കുറിച്ചു പറയുന്നു.** ഒരു വിശ്വാസിയുടെ ജീവിതദൈർഘ്യത്തെക്കുറിച്ചു 42 പ്രാവശ്യം പറഞ്ഞിരിക്കുന്നു (മൂന്നു പ്രാവശ്യം ഈ പദം അനാദികാലത്തെക്കുറിച്ചും, മൂന്നു പ്രാവശ്യം വരാൻ പോകുന്ന മഹത്വത്തെക്കുറിച്ചും, രണ്ടു പ്രാവശ്യം ദൈവത്തിന്റെ ജീവന്റെ ദൈർഘ്യത്തെക്കുറിച്ചും, രണ്ടു പ്രാവശ്യം പരിശുദ്ധാത്മാവിന്റെ ജീവനെക്കുറിച്ചും, ഒരു പ്രാവശ്യം ക്രിസ്ത്യാനിയുടെ നിത്യമായ അവകാശത്തെക്കുറിച്ചും ഒരു പ്രാവശ്യം നിത്യമായ രക്ഷയെക്കുറിച്ചും, ഒരു പ്രാവശ്യം നിത്യമായ വീണ്ടെടുപ്പിനെക്കുറിച്ചും ഒരു പ്രാവശ്യം നിത്യമായ ഉടമ്പടിയെക്കുറിച്ചും ഒരു പ്രാവശ്യം സ്വർഗ്ഗത്തിന്റെ കാലാവധിയെക്കുറിച്ചും, ഒരു പ്രാവശ്യം നിത്യമായ സുവിശേഷത്തെക്കുറിച്ചും, ഒരു പ്രാവശ്യം മഹത്വീകരിക്കപ്പെട്ട ശരീരത്തിന്റെ അനശ്വരതയെക്കുറിച്ചും, ഒരു പ്രാവശ്യം നിത്യമായ കൽപ്പനയെക്കുറിച്ചും, നാലു പ്രാവശ്യം മറ്റ് വിഷയങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നു). ശിക്ഷാവിധിയുടെ കാലാവധിയെക്കുറിച്ചു പറയുന്ന ബാക്കിയുള്ള ആറു പ്രയോഗങ്ങളുടെ അർത്ഥം മാറ്റുവാൻ ആർക്കും അവകാശമില്ല. തീപ്പൊയ്ക നിത്യമാണെന്നു സംശയാതീതമെന്യേ ഈ വാക്യങ്ങൾ പഠിപ്പിക്കുന്നു. **നരകത്തിലെ ശിക്ഷ ദൈവത്തിനു ജീവനുള്ള കാലത്തോളം കാണും. നിത്യമായ ജീവിതം വിശ്വാസികൾക്കു കൊടുത്തിരിക്കുന്നതുപോലെ നരകത്തിലെ ദണ്ഡനവും നിത്യമാണ്.**

[91] നരകത്തിലെ ശരീരത്തെക്കുറിച്ചുള്ള വിവരണങ്ങൾ വീണ്ടും നോക്കുക

"നിന്റെ കയ്യോ കാലോ നിനക്കു ഇടർച്ച ആയാൽ വെട്ടി എറിഞ്ഞുകളക; രണ്ടു കയ്യും രണ്ടു കാലും ഉള്ളവനായി **നിത്യാഗ്നിയിൽ** വീഴുന്നതിനെക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നതു നിനക്കു നന്നു"(മത്താ. 18:8).

"പിന്നെ അവൻ ഇടത്തുള്ളവരോട്: ശപിക്കപ്പെട്ട വരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന **നിത്യാഗ്നിയിലേക്കു** പോകുവിൻ.... ഇവർ **നിത്യദണ്ഡനത്തിലേക്കും** നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും" (മത്താ. 25:41, 46) (രക്ഷിക്കപ്പെട്ടവരുടെ ജീവിതകാലത്തിനും രക്ഷിക്കപ്പെടാത്തവരുടെ ശിക്ഷാകാലത്തിനും ദൈർഘ്യം ഒരുപോലെ ആണ്).

സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു **നിത്യനാശം** എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസ്സ. 1:9).

അതുപോലെ സോദോമും ഗോമോരയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്കു സമമായി ദുർന്നടപ്പു ആചരിച്ചു അന്യജഡം മോഹിച്ചു നടന്നതിനാൽ **നിത്യാഗ്നിയുടെ ശിക്ഷാവിധി** സഹിച്ചുകൊണ്ടു ദൃഷ്ടാന്തമായി കിടക്കുന്നു (യൂദാ 7).

..... സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുത്ഥാനം, **നിത്യശിക്ഷാവിധി** .... (എബ്രാ. 6:2).

വേദപുസ്കതത്തിലെ ഉപദേശങ്ങൾ അതിന്റെ പ്രസിദ്ധിയിലോ സൗകര്യങ്ങളുടെ അളവിനെയോ ആശ്രയിച്ചുള്ളതല്ല. വേദപുസ്തക ഉപദേശങ്ങൾ വീണുപോയ മനുഷ്യന്റെ നീതിയോ, തലതിരിഞ്ഞ യുക്തിയോ ആശ്രയിച്ചു സ്വീകരിക്കുവാനോ തള്ളിക്കളയുവാനോ ഉള്ള സ്വാതന്ത്ര്യം മനുഷ്യനു ഇല്ല. പ്രവൃത്തിയിലൂടെ രക്ഷവരുന്നു എന്നത് "ന്യായം ആണെന്ന്" അനേകർക്കു തോന്നും. എന്നാൽ വേദപുസ്തകം മറ്റൊരു രീതിയിൽ പഠിപ്പിക്കുന്നു. ക്രിസ്ത്യാനികൾക്കു രക്ഷ നഷ്ടമാകാം എന്നതു "ന്യായമാണെന്നു" ചിലർക്കു തോന്നാം, എന്നാൽ വേദപുസ്തകം നിത്യമായ ഭദ്രത ഉണ്ടെന്നു പഠിപ്പിക്കുന്നു. ഉപദേശത്തിനും പ്രയോഗിക ജീവിതത്തിനും അടിസ്ഥാനം ദൈവവചനമാണ്. ഒരു പ്രത്യേക വ്യക്തിക്കു നിത്യശിക്ഷ കൊടുക്കുന്നതു ന്യായമാണോ അല്ലയോ എന്നതിനെക്കാളും, ക്രിസ്തുവിനെ തള്ളിക്കളയുന്നവർക്കു നിത്യശിക്ഷ എന്നതു വേദപുസ്തക സത്യമാണ്. ദൈവപുത്രനെ തള്ളിക്കളയുന്നത് അനേകം ആളുകൾ മനസ്സിലാക്കിയിരുന്നതിലും വളരെ ഗൗരവമായ പാപമാണ്. **ദൈവപുത്രനെ വിലയില്ലാത്തതായിട്ടു എണ്ണുന്നതു ദൈവം ഒരിക്കലും സഹിക്കുകയില്ല. വായനക്കാരാ, സൂക്ഷിക്കുക: രക്ഷയ്ക്കായി ക്രിസ്തുവിനെ ആശ്രയിക്കുക; അല്ലെങ്കിൽ ദൈവക്രോധത്തെ അഭിമുഖീകരിക്കുക.**

D. രക്ഷിക്കപ്പെട്ടവരുടെ ഭാവി

"ഇടക്കാല അവസ്ഥ" എന്നതു മരണത്തിനു ശേഷവും ഉയർത്തെഴുന്നേല്പിനും ന്യായംവിധിക്കും മുമ്പുള്ള സമയമാണ്. ഇടക്കാലഅവസ്ഥ എന്നതു അന്ത്യകാല വിഷയം അല്ലെങ്കിലും വ്യക്തമായും ഇത് ഉദ്പ്രാപണത്തിനു മുമ്പു മരണം സംഭവിച്ച വ്യക്തിയുടെ ഭാവിയിലുള്ള വിഷയമാണ്. അതുകൊണ്ട് ഇത് സാധാരണമായി ഭാവികാല ശാസ്ത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടുതലായി വിശ്വാസികൾക്കു നിത്യതയിൽ ഒരു സ്വർഗ്ഗീയ പട്ടണം പുതിയ ഭൂമിയിൽ ലഭിക്കും. രണ്ട് വിഷയങ്ങളും "രക്ഷിക്കപ്പെടുന്നവരുടെ ഭാവി" എന്ന വിഭാഗത്തിൽ പെടും.

1. രക്ഷിക്കപ്പെട്ടവരുടെ ഇടക്കാല അവസ്ഥ

a. ക്രിസ്തുവിനോടുകൂടെ

മരണത്തിൽ ഒരു വിശ്വാസിയുടെ ആത്മാവു ക്രിസ്തുവിനോടു ചേരുന്നു. ക്രിസ്തു സ്വർഗ്ഗത്തിൽ വസിക്കുന്നു (അപ്പോ. പ്രവൃ. 7:56; കൊലൊ. 3:1; എബ്രാ. 1:3; 8:1; 12:2). വേദപുസ്തകം എന്തു പഠിപ്പിക്കുന്നില്ല എന്നും ചിലസമയങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്. പാതാളത്തിനും പറുദീസയ്ക്കും ഇടയിൽ ഒരു സ്ഥലവും ഉള്ളതായിട്ട് വേദപുസ്തകം പഠിപ്പിക്കുന്നില്ല. മരണത്തിൽ അവിശ്വാസികൾ പാതാളത്തിലേക്കു പോകുന്നു, വിശ്വാസികൾ ക്രിസ്തുസന്നിധിയിലക്കും പോകുന്നു. [92] ആത്മാക്കൾ സ്വർഗ്ഗത്തിലേക്കു പോകുന്നതിനു മുൻപ് ശിക്ഷയ്ക്കോ രൂപാന്തരത്തിനുവേണ്ടിയോ ഉള്ള ശുദ്ധീകരണസ്ഥലം എന്ന മൂന്നാമതൊരു സ്ഥലം ഇല്ല.

യേശു അവനോട്, "ഇന്നു **നീ എന്നോടുകൂടെ** പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു എന്നു പറഞ്ഞു (ലൂക്കോ. 23:43).

"കർത്താവായ യേശുവേ, **എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ"** എന്നു സ്തെഫാനോസ് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ കല്ലെറിഞ്ഞു (അപ്പോ. പ്രവൃ. 7:59).

ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു **ശരീരം വിട്ടു കർത്താവിനോടു കൂടെ വസിപ്പാൻ** അധികം ഇഷ്ടപ്പെടുന്നു (2 കൊരി. 5:8).

[92] ലൂക്കോസിന്റെ സുവിശേഷം 16:22-ൽ പറഞ്ഞിരിക്കുന്നതുപോലെ, ഒരു പക്ഷേ ദൂതന്മാർ ആത്മാക്കൾക്കു അകമ്പടി സേവിച്ചു ക്രിസ്തുസന്നിധിയിലേക്കു പോകും.

ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; **വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ** എനിക്കു കാംക്ഷയുണ്ട് ...(ഫിലി. 1:23).

b. ലോകം വിട്ടുപിരിഞ്ഞ വിശുദ്ധന്മാർ ജീവനുള്ളവരും സുബോധമുള്ളവരുമാണ്

വിശ്വാസികൾ മരിക്കുന്നില്ലെന്നു അനേകം വേദഭാഗങ്ങൾ പഠിപ്പിക്കുന്നു. നിശ്ചയമായും ക്രിസ്ത്യാനികൾ ശാരീരികമരണം അനുഭവിക്കും. എന്നാൽ ക്രിസ്ത്യാനികൾക്കു ആത്മികമരണം സംഭവിക്കുകയോ അവർ ഇല്ലാതെയായിത്തീരുകയോ ചെയ്യുന്നതു അസാദ്ധ്യമാണ്. ശരീരത്തിൽ നിന്നുള്ള ആത്മാവിന്റെ വേർപാടാണ് മരണം എന്നു വേദപുസ്തകം നിർവചിക്കുന്നു (യാക്കോ. 2: 26). ഇത് ആത്മാവിന്റെ നിലനില്പ് ഇല്ലാതായിത്തീരുകയല്ല, എന്നാൽ ആത്മാവിന്റെ വാസസ്ഥലത്തിനും ഒരു മാറ്റം മാത്രമാണ്.

"ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും ആകുന്നുവെന്ന് അവൻ അരുളിച്ചെയ്യുന്നു; എന്നാൽ അവർ മരിച്ചവരുടെ ദൈവമല്ല, **ജീവനുള്ളവരുടെ** ദൈവമത്രെ" (മത്താ. 22:32).

നൂറ്റാണ്ടുകൾക്കു മുമ്പ് മരിച്ചുപോയ അബ്രഹാമും യിസ്ഹാക്കും യാക്കോബും, മോശെയുടെ കാലത്തു ജീവനോടെ ഇരിക്കുന്നു എന്നതാണ്. ദൈവം മോശയോടു പറഞ്ഞ പ്രധാന വിഷയം.

"അബ്രഹാം പിതാവേ, എന്നോടു കനിവുണ്ടാകേണമേ; ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിനു അവനെ അയയ്ക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു..... അതിനു അവൻ: എന്നാൽ പിതാവേ, അവനെ (ലാസർ) എന്റെ അപ്പന്റെ വീട്ടിൽ അയയ്ക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു" (ലൂക്കോ. 16:24, 27).

നിശ്ചയമായും മരണത്തിനു ശേഷവും ലാസറിനു ബോധമുണ്ടായിരുന്നു

"ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം പ്രമാണിക്കുന്നവൻ **ഒരുനാളും മരണം കാണുകയില്ല** എന്നു ഉത്തരം പറഞ്ഞു" (യോഹ. 8:51).

"ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുവന്നവൻ ആരും **ഒരുനാളും മരിക്കയില്ല;** ഇതു നീ വിശ്വസിക്കുന്നുവോ എന്നു പറഞ്ഞു" (യോഹ. 11:26).

ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും **ആത്മാവു** നീതി നിമിത്തം **ജീവനാകുന്നു** (റോമ. 8:10).

ശരീരം മരിച്ചേക്കാം, എന്നാൽ ഒരു ക്രിസ്ത്യാനിയുടെ ആത്മാവിന് ഒരിക്കലും ഇല്ലാതായിത്തീരുവാൻ സാധിക്കുകയില്ല.

അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിങ്കൽ കണ്ടു; വിശുദ്ധനും സത്യവാനും ആയ നാഥാ, ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു **അവർ ഉറക്കെ നിലവിളിച്ചു.** അപ്പോൾ അവരിൽ ഓരോരുത്തനും വെള്ളനിലയങ്കി കൊടുത്തു; അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി (വെളി. 6:9-11)

മരിച്ചുപോയ പീഡനകാല വിശുദ്ധന്മാർ മരണശേഷവും ബോധമുള്ളരാണ്.

ലോകത്തിൽ നിന്നു മാറ്റപ്പെട്ട വിശുദ്ധന്മാർക്കു ഭൂമിയിലെ വിഷയങ്ങൾ കാണുവാൻ കഴിയുമോ എന്ന വിഷയത്തെക്കുറിച്ചു വേദപുസ്തകം ഒന്നുംപറയുന്നില്ല. ദൂതന്മാർ സഭയെ വീക്ഷിക്കുന്നുണ്ട് (എഫെ. 3:10). എബ്രാ. 12:1-ൽ മരിച്ചുപോയ വിശ്വാസവീരന്മാർ നമ്മെ ചില സമയങ്ങളിൽ വീക്ഷിക്കുന്നതായിത്തോന്നുന്നു. ലോകം വിട്ടുപോയ വിശുദ്ധന്മാർ ഭൂമിയിലെ ജീവിതത്തെക്കുറിച്ച് പൂർണ്ണമായും അജ്ഞരല്ല എന്ന കാര്യം ഉറപ്പാണ്. എന്നാൽ വിശദവിവരങ്ങൾ നമുക്കറിയില്ല. അടുത്തകാലത്തു മരിച്ചുപോയ വിശ്വാസികളിൽ നിന്ന് ലോകം വിട്ടുപോയ വിശുദ്ധന്മാർ വിവരങ്ങൾ ശേഖരിക്കുന്നു എന്നതിന് സംശയമില്ല. ധനവാന്റെ സഹോദരന്മാരോടു സംസാരിക്കുവാനായി ഭൂമിയിലേക്കു മടങ്ങിപ്പോകുവാൻ ദൈവം ലാസറിനെ സമ്മതിച്ചില്ല (ലൂക്കോ. 16:26-31). വേദപുസ്തകപരമായി, മരിച്ചവരോടുള്ള സംഭാഷണം മന്ത്രവാദം(necromancy) എന്ന വിഭാഗത്തിൽപ്പെടുന്നു. യഥാർത്ഥത്തിൽ മന്ത്രവാദത്തിലൂടെ മരിച്ചവരോടു സംസാരിക്കുവാൻ സാധിക്കുകയില്ല (വെളിച്ചപ്പാടത്തി ശമുവേലിന്റെ ശബ്ദം കേട്ടു ഭയപ്പെടുന്നതു ശ്രദ്ധിക്കുക. 1 ശമു. 28:12). യഥാർത്ഥത്തിൽ, ദുഷ്ടാത്മാക്കൾ മരിച്ചുപോയവരുടെ ശബ്ദത്തിൽ സംസാരിച്ച് വേഗത്തിൽ കബളിപ്പിക്കാൻ പറ്റിയവരെ കുടുക്കിലാക്കുന്നു. ക്രിസ്ത്യാനികൾ തങ്ങളുടെ മരിച്ചുപോയ പ്രിയപ്പെട്ടവരെ ദൈവകരുതലിൽ ഏല്പിച്ച്, സാത്താന്റെ ഇങ്ങനെയുള്ള കബളിപ്പിക്കലുകളിൽ നിന്നു പൂർണ്ണമായും മാറി നില്ക്കേണ്ടതുണ്ട്. മരിച്ചുപോയ വിശ്വാസികൾ ക്രിസ്തു സാന്നിദ്ധ്യത്തിൽ സന്തോഷിക്കുന്നു എന്നതിൽ നാം തൃപ്ത

രായിരിക്കേണ്ടതാണ്. മാത്രമല്ല, അവർ ഈ ദുഷ്ടലോകത്തിലേക്കു മടങ്ങിവരുവാൻ ആഗ്രഹിക്കുന്നതുമില്ല.

c. രക്ഷിക്കപ്പെട്ടവരുടെ ഇടക്കാല അവസ്ഥയിലെ സ്ഥിതി

രക്ഷിക്കപ്പെട്ടവരുടെ ഇടക്കാല അവസ്ഥയിലെ സ്ഥിതിയെക്കുറിച്ചു വേദപുസ്തകം ചില പ്രത്യേക കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. നമുക്കു എല്ലാ സത്യങ്ങളും അറിയില്ല. എങ്കിലും ചില പ്രധാനസത്യങ്ങൾ അറിയാം. ലോകം വിട്ടു പോയ ക്രിസ്ത്യാനികൾ ക്രിസ്തുവിനോടു കൂടെയാണ്. അവർ കൂടുതൽ മെച്ചപ്പെട്ട സ്ഥലത്താണ്. അവർ പറുദീസാ എന്ന സ്ഥലത്തു പറഞ്ഞറിയിക്കാൻ സാധ്യമല്ലാത്ത അത്ഭുതങ്ങൾ അനുഭവിക്കുന്നു.

നിശ്ചയമായും ക്രിസ്ത്യാനികളുടെ ശരീരം മരണത്തോടെ മണ്ണിലേക്കു തിരിച്ചേർന്നു ഉയിർപ്പിനായി കാത്തിരിക്കുന്നു. എങ്കിലും ഇടക്കാല അവസ്ഥയിലുള്ള ആത്മാക്കൾക്കു ഒരു പ്രത്യേക തരം "താത്ക്കാലിക ആത്മശരീരം" ഉണ്ടായിരിക്കുവാൻ ഇടയുണ്ട്. ലാസറിനു വെള്ളം കൊണ്ടുവരുവാൻ തക്ക "വിരലുകൾ" ഉണ്ടായിരുന്നു (ലൂക്കോ. 16:24). പീഡനകാലവിശുദ്ധന്മാരുടെ ആത്മാക്കൾ "വെള്ള നിലയങ്കി" ധരിക്കും (6:11).

> ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്; അതു **അത്യുത്തമമല്ലോ** (ഫിലി. 1:23).
>
> ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻഅറിയുന്നു; അവൻ പതിന്നാലു സംവത്സരം മുമ്പെ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു; ശരീരത്തോടെയോ എന്നു ഞാൻ അറിയുന്നില്ല; ശരീരം കൂടാതെയോ എന്നുമറിയുന്നില്ല; ദൈവം അറിയുന്നു. ആ മനുഷ്യൻ **പറുദീസയോളം** എടുക്കപ്പെട്ടു ശരീരത്തോടെയോ ശരീരം കൂടാതെയോ എന്നു ഞാൻ അറിയുന്നില്ല; ദൈവം അറിയുന്നു. മനുഷ്യനു ഉച്ചരിപ്പാൻ പാടില്ലാത്തതും പറഞ്ഞു കൂടാത്തതുമായ വാക്കുകളെ അവൻ കേട്ടു എന്നു ഞാൻ അറിയുന്നു (2 കൊരി. 12:2-4).

2. സ്വർഗ്ഗം

a. ഇപ്പോഴുള്ള പ്രപഞ്ചത്തിന്റെ നാശം

ആയിരമാണ്ടു വാഴ്ചയ്ക്കുശേഷം, ഒരു പക്ഷേ വെള്ള സിംഹാസന ന്യായവിധിക്കു മുമ്പ് ഇപ്പോഴുള്ള ഭൂമിയും നാം അറിയുന്ന പ്രപഞ്ചത്തെയും ദൈവം നശിപ്പിക്കും (ലൂക്കോ. 16:17 കാണുക).

> **"ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും;** എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല"(മത്താ. 24:35)
>
> **"ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും;** എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (ലൂക്കോ. 21:33).
>
> "കർത്താവേ, നീ പൂർവ്വകാലത്തു **ഭൂമിക്കു** അടിസ്ഥാനം ഇട്ടു, **ആകാശവും** നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. **അവ നശിക്കും,** നീയോ നിലനില്ക്കും; അവ എല്ലാം വസ്ത്രംപോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ ചുരുട്ടും; വസ്ത്രംപോലെ അവ മാറിപ്പോകും; നീയോ അനന്യൻ; നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല എന്നു പറയുന്നു(എബ്രാ. 1:10-12).
>
> കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു **ആകാശം** കൊടുമ്മുഴക്കത്തോടെ **ഒഴിഞ്ഞുപോകും** മൂലപദാർത്ഥങ്ങൾ കത്തിയഴികയും **ഭൂമിയും അതിലുള്ള പണികളും വെന്തുപോകുകയും ചെയ്യും (**2 പത്രൊ. 3:10).
>
> **ലോകവും** അതിന്റെ മോഹവും **ഒഴിഞ്ഞുപോകും;** ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു (1 യോഹ. 2:17).
>
> ഞാൻ വലിയൊരു വെള്ള സിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്നു **ഭൂമിയും ആകാശവും ഓടിപ്പോയി;** അവയെ പിന്നെ കണ്ടില്ല. (വെളി. 20:11).

b. പുതിയ ആകാശവും ഭൂമിയും

പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും കുറിച്ചു വേദപുസ്തകം പ്രവചിച്ചിരിക്കുന്നു. ഇവയെക്കുറിച്ചു വളരെ കുറച്ചുകാര്യങ്ങൾ മാത്രമേ നമുക്കു അറിവുള്ളൂ. പുതിയ ഭൂമിയിൽ സമുദ്രം ഇല്ലെന്നു വെളി. 21: 1-ൽ പറയുന്നു. ഒരു പുതിയ ഗൃഹത്തെ ദൈവം സൃഷ്ടിക്കുമെന്നു ചില വേദപണ്ഡിതന്മാർ വിശ്വസിക്കുന്നു. സമുദ്രം ഇല്ലാത്ത ഭൂമി ഒരു വലിയ വ്യത്യാസമായിരിക്കും. പൂർണ്ണമായും ഒരു പുതിയ ഗൃഹത്തെ സൃഷ്ടിക്കാതെ, പഴയ ഭൂമിയെ പുതുക്കി എടുക്കുകയാണെന്നു മറ്റു ചിലർ വിശ്വസിക്കുന്നു. ദൈവം ഈ ഭൂമിയെ കത്തിച്ച്, ശുദ്ധീകരിച്ച്, പുതുക്കി ഒരു പുതിയ ഭൂമി ആക്കി മാറ്റും. ഈ വിഷയത്തിൽ ആധികാരികമാകുവാൻ സാധ്യമല്ല. എന്നാൽ അബ്രഹാമിന്റെ സന്തതി യിസ്രായേൽ ദേശം എന്നേക്കും അവകാശമാക്കും എന്ന വിഷയം വിശദീകരിക്കുവാൻ പുതുക്കലിന്റെ ആശയത്തിനു സാധിക്കും.

> "ഇതാ, **ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു;** മുമ്പിലെത്തവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല" (യെശ. 65:17).

> "**ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും** എന്റെ മുമ്പാകെ നിലനില്ക്കുന്നതുപോലെ ... (യെശ. 66:22).
>
> എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന **പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു** കാത്തിരിക്കുന്നു (2 പത്രൊ. 3:13).
>
> **ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും** കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല (വെളി. 21:1).

c. സ്വർഗ്ഗീയപട്ടണം, പുതിയ യെരൂശലേം

നിത്യമായ വിഷയങ്ങളിൽ പുതിയ യെരുശലേമിനെക്കുറിച്ച് മറ്റെല്ലാറ്റിനെക്കാളും കൂടുതലും പൂർണ്ണവുമായ വെളിപ്പാടുകൾ ഉണ്ട് (വെളി. 21:2–22: 5 വരെ കാണുക). നിത്യതയിൽ ഒരു സ്വർഗ്ഗീയ പട്ടണം ഉണ്ടായിരിക്കും എന്നു വെളി. 21:1–8 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിട്ടുണ്ടെന്നു അനേകം വേദപണ്ഡിതന്മാർ സമ്മതിക്കുന്നു. എങ്കിലും, മറ്റു ചിലരുടെ വീക്ഷണത്തിൽ വെളി. 21:9 ലെ സ്വർഗ്ഗീയ പട്ടണം ആയിരമാണ്ട് വാഴ്ചയിലെ നഗരമായിട്ട് ചിത്രീകരിച്ചിരിക്കുന്നു. സ്വർഗ്ഗീയപട്ടണത്തിന്റെ വിവരണങ്ങൾ പഠിക്കുന്നതിനു മുമ്പ്, വെളി. 21:2–ൽ ഈ വിഷയത്തെക്കുറിച്ചുള്ള സമയക്രമം പഠിക്കേണ്ടതായിട്ടുണ്ട്; **താഴെക്കൊടുത്തിരിക്കുന്ന ഭാഗം (1) ലും ഭാഗം (2) ലും ആ വിഷയങ്ങളെക്കുറിച്ചുള്ള ശക്തിയേറിയ വാദങ്ങൾ നിരത്തിയിരിക്കുന്നു.** ഇതോടൊപ്പം മറ്റ് സാദ്ധ്യതകളും ഉണ്ട്.

> ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നന്ന്, ദൈവസന്നിധിയിൽ നിന്നു തന്നെ, ഇറങ്ങുന്നതു ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്ന് ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകുകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു. പിന്നെയും അവൻ എന്നോടു അരുളിച്ചെയ്തത്: സംഭവിച്ചു തീർന്നു; ഞാൻ അല്ഫയും ഒമേഗയും ആദിയും അന്തവും ആകുന്നു; ദാഹിക്കുന്നവനു ഞാൻ ജീവനീരുറവയിൽ നിന്നു സൗജന്യമായി കൊടുക്കും. ജയിക്കുന്നവനു ഇത് അവകാശമായി ലഭിക്കും. ഞാൻ അവനു ദൈവവും അവൻ എനിക്കു മകനുമായിരിക്കും. എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം (വെളി. 21:1–8).

(1) പുതിയ യെരൂശലേം ആയിരമാണ്ടുവാഴ്ചയിലെ ഒരു പട്ടണം

പുതിയ യെരൂശലേം ഇപ്പോൾത്തന്നെ ഉണ്ട് (യോഹ. 14:1–6; ഗലാ. 4:26; എബ്രാ. 11:16; 12:22 കാണുക). അതുകൊണ്ട് ആയിരമാണ്ടുവാഴ്ചയിൽ ഇതിനൊരു പങ്കുണ്ട് എന്ന വിഷയം തള്ളിക്കളയുവാൻ ആർക്കും സാധ്യമല്ല. വെളി. 21:1–8 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്ന പുതിയ യെരൂശലേം ഒരു നിത്യപട്ടണം ആയിരുന്നാലും ഒരുപക്ഷേ ആയിരമാണ്ടു വാഴ്ചയിൽ അതു ഭൂമിയിലേക്കു ഇറങ്ങിവരും. വെളി. 21:9–ൽ ചില പ്രത്യേക സൂചനകൾ ആയിരമാണ്ടു വാഴ്ചയിലെ ഘടനയിലേക്കു വിരൽ ചൂണ്ടുന്നു എന്നു ചിലർ വിശ്വസിക്കുന്നു.

രാജാക്കന്മാരെയും ജാതികളെയും കുറിച്ചു വെളി. 21:24–26 വരയുള്ള ഭാഗങ്ങളിൽ പറയുന്നു. യുക്തിപരമായി ചിന്തിച്ചാൽ ദൈവം അല്ലാതെ സ്വർഗ്ഗത്തിൽ മറ്റൊരു രാജാവും ഇല്ല. സർക്കാർ ഘടന തിന്മ ഉണ്ട് എന്നു സൂചിപ്പിക്കുന്നു. വെളി. 21:9–ൽ ആയിരമാണ്ട് വാഴ്ചയിലെ ദൈവരാജ്യത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നതെന്നും അല്ലാതെ സ്വർഗ്ഗത്തെക്കുറിച്ചല്ലെന്നും ചിലർ ചിന്തിക്കുന്നു.

> **ജാതികൾ** അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും.... **ജാതികളുടെ** മഹത്വവും ബഹുമാനവും അതിലേക്കു കൊണ്ടുവരും (വെളി. 21:24, 26).

ആയിരമാണ്ടുവാഴ്ചയിലാണ് പുതിയ യെരുശലേം എന്നതിനു മറ്റൊരു സൂചന "വൃക്ഷത്തിന്റെ ഇല ജാതികളുടെ **രോഗശാന്തിക്കു ഉതകുന്നു**" എന്ന വാക്യത്തിൽ നിന്നാണ് (വെളി. 22:2). നിത്യതയിൽ രോഗശാന്തിയുടെ ആവശ്യം ഇല്ലാത്തതുകൊണ്ട് ഈ പട്ടണം ആയിരമാണ്ട് വാഴ്ചയിലാണെന്നു ചിലർ ചിന്തിക്കുന്നു.

(2) പുതിയ യെരൂശലേം നിത്യതയിൽ

വെളി. 21:2 പൂർണ്ണമായും നിത്യതയെക്കുറിച്ചാണെന്നുള്ള വീക്ഷണം ഉണ്ട്. ഏദെൻതോട്ടത്തിൽ പാപമോ, രോഗമോ ഇല്ലായിരുന്നു എങ്കിലും ആരോഗ്യപരിരക്ഷയ്ക്കായി ഒരു ജീവവൃക്ഷം ഉണ്ടായിരുന്നു. ജീവവൃക്ഷത്തിന്റെ സാന്നിദ്ധ്യം ഉള്ളതുകൊണ്ടു മാത്രം സ്വർഗ്ഗീയ പട്ടണം ആയിരമാണ്ടുവാഴ്ചയിൽ ഭൂമിയിലാണെന്നു യോഹന്നാൻ വിവരിക്കുന്നില്ല. നിത്യമായ സ്വർഗ്ഗത്തിലുള്ളവരുടെ ജീവനെ സൂക്ഷിക്കുന്നതു ജീവവൃക്ഷം ആകാൻ സാദ്ധ്യതയുണ്ട്.

അതുപോലെ "ജാതികൾ" എന്നതിന്റെ അർത്ഥം വംശീയകൂട്ടങ്ങൾ എന്നാണ്. ഇതു സർക്കാർ ഘടനയിലെ ദുഷ്ടതയുമായി ബന്ധിപ്പിക്കേണ്ട ആവശ്യമില്ല. നിത്യതയിൽ വംശീയ കൂട്ടങ്ങൾ ഉണ്ടായിരിക്കും. വ്യക്തമായും ചിലർക്ക് മറ്റുള്ളവരേക്കാൾ വലിയ പദവി ഉണ്ടായിരിക്കും. ചിലരെ "രാജാക്കന്മാർ" എന്നും വിളിച്ചേക്കാം.

പുതിയ യെരുശലേം ആയിരമാണ്ടു വാഴ്ചയിലാണെന്നുള്ള ആശയം തള്ളിക്കളയുന്നതിനു ആവശ്യമായ വിവരണങ്ങൾ വെളി. 21-ഉം 22 ഉം അദ്ധ്യായങ്ങളിൽ ഉണ്ട്. വാസ്തവമായി, സ്വർഗ്ഗീയപട്ടണം നിത്യതയിലാണെന്നു കാണിക്കാൻ വെളി. 21:1- 8 വരെയുള്ള വാക്യങ്ങൾ ആണ് എല്ലാവരും എടുക്കുന്നതു. അതുകൊണ്ട് വെളി. 21: 9-ൽ സ്വർഗ്ഗീയനഗരം ആയിരമാണ്ടു വാഴ്ചയിലാണെന്നു പറയുവാൻ, ഒരാൾ ശക്തവും വ്യക്തവുമായ തെളിവുകൾ ആവശ്യപ്പെടണം.

സമുദ്രം ഇല്ലാത്ത പുതിയ ഒരു ഭൂമിയെക്കുറിച്ചു വെളി. 21:1-ൽ പറയുന്നു (വെളി. 20:11 കാണുക). എങ്കിലും, ആയിരമാണ്ടു വാഴ്ചയിൽ ക്രിസ്തു "സമുദ്രം മുതൽ സമുദ്രം വരെ" വാഴുമെന്നു അനേകം വേദഭാഗങ്ങൾ പറയുന്നു (സങ്കീ. 72:8; സെഖ. 9:10). വേദനയും ദുഃഖവും മരണവും ഇല്ലാത്ത ഒരു പട്ടണത്തെക്കുറിച്ച് വെളി. 21:5-ൽ പറയുന്നു. ആയിരമാണ്ടുവാഴ്ചയിൽ ജീവിതകാലം വർദ്ധിക്കുമെങ്കിലും, മരണം ഉണ്ടാകും (യെശ. 11:4; 65:20; യിരെ. 31:29-30). സ്വർഗ്ഗീയപട്ടണം നിത്യതയിലാണെന്നു കാണിക്കാൻ വെളിപ്പാട് 21:1-8 വരെയുള്ള വാക്യങ്ങൾ ആണ് എല്ലാവരും എടുക്കുന്നതു എന്നതിൽ യാതൊരു അത്ഭുതവും ഇല്ല. ഈ വേദഭാഗങ്ങളിൽ നാം മുമ്പോട്ട് വായിക്കുമ്പോൾ, ആശയത്തിൽ വ്യത്യാസം വരുന്നില്ല.

2-ഉം 10-ഉം വാക്യങ്ങളിലെ വിവരണങ്ങൾ ഒരുപോലെ ആണ്. 9-ാം വാക്യം ആയിരമാണ്ടു വാഴ്ചയെക്കുറിച്ചു ഒന്നുംപറയുന്നില്ല. പുതിയ യെരുശലേമിന്റെ വിവിധ അളവുകൾ ആയിരമാണ്ടു വാഴ്ചയുടെ ഘടനയുമായി ചേർന്നുപോകുവാൻ പ്രയാസമാണ്. സ്വർഗ്ഗീയപട്ടണത്തിന്റെ വിസ്തീർണ്ണം 1, 906, 300 ച. ശ്ര. മൈൽ ആണ് (വെളി. 21:6). ഈ ഒരു പട്ടണം റ്റെക്സാസിന്റെ ഏഴോ എട്ടോ മടങ്ങ് വലിപ്പം ഉണ്ട്. ഇത് ഇപ്പോഴുള്ള യെരുശലേമിന്റെ മുകളിലേക്ക് ആകാശത്തുനിന്ന് ഇറങ്ങിവരുന്നതു മനസ്സിൽ കാണുവാൻ പോലും പ്രയാസം ആണ്.

പുതിയ യെരൂശലേമിൽ ആലയം ഉണ്ടായിരിക്കുകയില്ലെന്നു വെളി. 21:22-ൽ പറയുന്നു. എന്നാൽ ആയിരമാണ്ടുവാഴ്ചയിൽ വ്യക്തമായും ഒരു ആലയത്തെക്കുറിച്ച് പറയുന്നുണ്ട് (യെഹെ. 40-48)

സ്വർഗ്ഗീയപട്ടണത്തിൽ സൂര്യനോ ചന്ദ്രനോ ഉണ്ടായിരിക്കുകയില്ല (വെളി. 21: 23), എന്നാൽ ആയിരമാണ്ടു വാഴ്ചയിൽ സൂര്യന്റെ ഉദയം മുതൽ അസ്തമനം വരെ ക്രിസ്തുവിനെ സ്തുതിച്ചുകൊണ്ടിരിക്കും (മലാ. 1:1), ഒരു അവിശ്വാസിയും സ്വർഗ്ഗീയ പട്ടണത്തിൽ കടക്കയില്ല (വെളി. 21:27). എന്നാൽ, ആയിരമാണ്ടു വാഴ്ചയിൽ ജനിക്കുന്ന ചിലർ ക്രിസ്തുവിനെ സ്വീകരിക്കുകയില്ല (വെളി. 20:7-9). ആയിരമാണ്ട് വാഴ്ചയിൽ അവിശ്വാസികളായ പൗരന്മാർക്ക് പരിധികളില്ലാത്ത ഒരു പട്ടണം നമുക്കു സങ്കല്പിക്കുവാൻ സാധിച്ചാൽ വെളിപ്പാട് 21-ാം അധ്യായത്തിലെ എല്ലാ വിഷയങ്ങളും നിത്യമായ അവസ്ഥയുമായി ബന്ധിപ്പിക്കുന്നതായിരിക്കും ഉചിതം.

(3) ഉപസംഹാരം

പുതിയ യെരൂശലേമിനെക്കുറിച്ചുള്ള യോഹന്നാന്റെ വിവരണങ്ങളിൽ നിന്നു ഒരാൾക്കു ആയിരമാണ്ടു വാഴ്ചയോ നിത്യമായ അവസ്ഥയോ തിരഞ്ഞെടുക്കണമെന്നുണ്ടെങ്കിൽ തെളിവുകൾ അനുകൂലിക്കുന്നതു നിത്യമായ അവസ്ഥയെ ആണ്. വെളി. 21-ാം അദ്ധ്യായത്തിലെ വിവരണങ്ങൾ എല്ലാം തന്നെ നിത്യമായ അവസ്ഥയെ കാണിക്കുന്നു. ജാതികളുടെ സാന്നിദ്ധ്യവും "രോഗസൗഖ്യത്തിനുള്ള" ജീവവൃക്ഷവും ഉൾപ്പെടെ എല്ലാ വാക്യങ്ങളും നിത്യമായ അവസ്ഥയെ അനുകൂലിക്കുന്നവയാണ്. സ്വർഗ്ഗീയപട്ടണത്തിനു ആയിരമാണ്ടുവാഴ്ചയിലും, നിത്യമായ അവസ്ഥയിലും ഒരു പങ്കുണ്ട് എന്നുള്ളതാണ് മൂന്നാമത്തെ ഒരു വീക്ഷണം. ഇത് യുക്തിയും ഊഹാപോഹങ്ങളും അടിസ്ഥാനമാക്കിയുള്ളതായാൽ വെളി. 21-ഉം, 22 ഉം അദ്ധ്യായത്തിന്റെ വ്യാഖ്യാനത്തിനു എതിരാണ്, എന്നാലും ഇത് ഉൾപ്പെടുത്തേണ്ടതുണ്ട്.

(4) ഉപഗ്രഹ വീക്ഷണം

രോഗസൗഖ്യത്തിനായി ഒരു വൃക്ഷവും, രാജാക്കന്മാരും/ജാതികളും പുതിയ യെരൂശലേമിനു ആയിരമാണ്ടു വാഴ്ചയിൽ സ്ഥാനം കൊടുക്കുന്നു എന്നു ചിന്തിക്കുന്നു എങ്കിൽ, ഉപഗ്രഹവീക്ഷണം പരിഗണിക്കുന്നതു നന്നായിരിക്കും. എന്നിരുന്നാലും ഈ വീക്ഷണത്തിന്റെ പ്രധാന കാരണം, ആയിരമാണ്ട് വാഴ്ചയിൽ ഇത് സഭയെ "സ്വർഗ്ഗീയ ഭവനങ്ങളിൽ" ഇരുത്തും എന്നതാണ്.

വിശ്വാസികൾക്കു ഒരു സ്ഥലം ഒരുക്കും എന്നു കർത്താവു വാഗ്ദത്തം ചെയ്തു (യോഹ. 14:2–3). സഭയുടെ നിത്യതയിലെ വാസസ്ഥലം പുതിയ യെരുശലേം ആയതിനാൽ (വെളി. 21:9; 22:5), ഈ സ്ഥലം തന്നെയായിരിക്കും ക്രിസ്തു സഭയ്ക്കായി ഒരുക്കുന്നത്. ഉദ്പ്രാപണത്തിനുശേഷം ക്രിസ്തു തന്റെ സഭയെ സ്വർഗ്ഗീയപട്ടണത്തിലേക്കു കൊണ്ടുപോകുന്നു. സഭാവിശുദ്ധന്മാർ തങ്ങളുടെ നിത്യമായ ഭവനം വിടുവാൻ നിർബന്ധിതരായി വീണ്ടും ഭൂമിയിലെ ആയിരമാണ്ടുവാഴ്ചയിലേക്കു വരുമോ? വിശ്വാസികൾ സ്വർഗ്ഗം വെടിഞ്ഞു ഭൂമിയിൽ ജീവിക്കുവാൻ വീണ്ടും വരുമോ? ഇത് അസാധ്യമല്ലെങ്കിലും, ഇങ്ങനെയുള്ള മാറ്റം അനുഗ്രഹക്കുറവാണെന്നു തോന്നും. പട്ടണത്തിന്റെ ഉപഗ്രവീക്ഷണം തെളിയിക്കുവാൻ സാധ്യമല്ലെങ്കിലും, ഇത് സഭയ്ക്കു നിത്യമായൊരു ഭവനം നിത്യതയിൽ കൊടുക്കുന്നു.

വെളി. 21–ഉം 22 ഉം അദ്ധ്യായങ്ങളിലെ പട്ടണം നിശ്ചയമായും നിത്യമായ പട്ടണമാണെന്നു ഇതിനോടു ചേർന്നു നില്ക്കുന്നവർ വിശ്വസിക്കുന്നു. വെളി. 21 ഉം 22ഉം അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നതു പുതിയ ഭൂമിയിലേക്കുള്ള ഇറങ്ങിവരവാണ്, അല്ലാതെ ആയിരമാണ്ട് വാഴ്ചയിലെ പട്ടണത്തിലേക്കല്ല, എങ്കിലും സ്വർഗ്ഗീയ പട്ടണത്തിനു 1000 ആണ്ട് വാഴ്ചയിൽ ഒരു പങ്കുണ്ടാകുവാൻ ഇടയുണ്ട്. സ്വർഗ്ഗീയപട്ടണം ആയിരമാണ്ടുവാഴ്ചയുടെ ആരംഭത്തിൽ ഭൂമിയുടെ നേർക്കു (ഭൂമിയിലേക്കല്ല) ഇറങ്ങി വരുമെന്നു "ഉപഗ്രഹ" സിദ്ധാന്തം പറയുന്നു. ഇത് ഭൂമിയുടെ ഭ്രമണപഥത്തിൽ വന്നു ഒരു ഉപഗ്രഹത്തെപ്പോലെ (ചന്ദ്രന്റെ 2/3 ഭാഗം) ചുറ്റി മഹത്വീകരിക്കപ്പെട്ട വിശുദ്ധന്മാരുടെ ഭവനമായിരിക്കും. അതുകൊണ്ട് ക്രിസ്ത്യാനികൾക്കു അവരുടെ സ്വർഗ്ഗീയ ഭവനം ഉപേക്ഷിച്ചു ഭൂമിയിൽ താമസിക്കേണ്ട ആവശ്യം വരുന്നില്ല. അവരുടെ വേഗത്തിലുള്ള ചിന്തയാൽ ഭൂമിയിൽ നല്കപ്പെട്ടിരിക്കുന്ന വേലകൾ ചെയ്യുവാൻ സാധിക്കും.

ഈ വീക്ഷണത്തിലൂടെ ആയിരമാണ്ടുവാഴ്ചയിലെ ജാതികൾക്കു പുതിയ യെരൂശലേമിന്റെ വെളിച്ചത്തിൽ ആക്ഷരികമായി നടക്കുകയും(വെളി. 21:24, 26) അതിന്റെ ജീവവൃക്ഷത്തിൽ നിന്നു സൗഖ്യവും ലഭിക്കുകയും ചെയ്യും (വെളി. 22:2). അതിനുശേഷം ഇപ്പോഴത്തെ ഭൂമിയുടെ നാശത്തിനായി പട്ടണം ഉയർത്തപ്പെടും. പിന്നെ പുതിയ ഭൂമിയിൽ വസിക്കാനായി വീണ്ടും ഇറങ്ങിവരും (വെളി. 21:1–8–ൽ ഈ ഇറക്കം വിവരിച്ചിട്ടുണ്ട്).

പുതിയ യെരൂശലേമിനെക്കുറിച്ചുള്ള ഉപഗ്രഹവീക്ഷണം ഒരു സിദ്ധാന്തം മാത്രമാണ്. ഇതിനു വ്യക്തമായും നേരിട്ടും വേദപുസ്തക പിൻബലം ഇല്ല. എന്നിരുന്നാലും, സഭാ വിശുദ്ധന്മാർക്കു അവരുടെ സ്വർഗ്ഗീയ ഭവനത്തിൽ ഇരുന്നുകൊണ്ടു ആയിരമാണ്ടുവാഴ്ചയിൽ സഹായിക്കാമെന്ന് ഇത് വിശദീകരിക്കുന്നു. ഉപഗ്രഹവീക്ഷണം വെളി. 22:2 ലെ "രോഗശാന്തിയെ" രോഗപ്രതിരോധമായല്ല, ചികിത്സിച്ചുള്ള (വെളി. 22:2–ൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം ഇതാണ്) സൗഖ്യമായി വിശദീകരിക്കുന്നു.

ആയിരമാണ്ടുവാഴ്ചയിൽ പുതിയ യെരുശലേമിന്റെ പങ്ക് എന്തായിരുന്നാലും അതു നിത്യമായ പട്ടണമായിരിക്കും. തുടർന്നുള്ള പഠനം ക്രിസ്ത്യാനികൾ "സ്വർഗ്ഗം" എന്നു വിളിക്കുന്ന പുതിയ യെരൂശലേമിനെക്കുറിച്ചുള്ള വിവരങ്ങളിൽ കേന്ദ്രീകരിക്കുന്നു.

(5) സ്വർഗ്ഗീയപട്ടണത്തെക്കുറിച്ചുള്ള മറ്റു വേദഭാഗങ്ങൾ

വെളി. 21–ഉം 22–ഉം അദ്ധ്യായങ്ങളിൽ നിത്യപട്ടണത്തിന്റെ **പുനഃസ്ഥാനനിർണ്ണയം അല്ലാതെ സൃഷ്ടിയല്ല** എന്ന യാഥാർത്ഥ്യം നാം അംഗീകരിക്കേണ്ടതാണ്. മഹത്വപൂർണ്ണമായ ഒരു പട്ടണം നേരത്തെ തന്നെ ഉള്ളതാണ്. ഈ പട്ടണം നേരത്തെ തന്നെയുള്ളതാണെന്നു അനേകം വേദഭാഗങ്ങൾ പഠിപ്പിക്കുന്നു.

> "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും'' (യോഹ. 14:2–3).
>
> മീതെയുള്ള യെരൂശലേമോ സ്വതന്ത്രയാകുന്നു; അവൾ തന്നെ നമ്മുടെ അമ്മ (ഗലാ. 4:26).
>
> (അബ്രഹാം) കൂടാരങ്ങളിൽ പാർത്തുകൊണ്ടു ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു... അവരോ അധികം നല്ലതിനോ സ്വർഗ്ഗീയമായതിനെ തന്നെ, കാംക്ഷിച്ചിരുന്നു; ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല; അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ (എബ്രാ. 11:10, 16). [93]

(6) പുതിയ യെരുശലേമിന്റെ വിവരങ്ങൾ

വെളി. 21:9 ന്റെ തെറ്റായ വ്യാഖ്യാനം, വെളിപ്പാടു 21–ാം അദ്ധ്യായം സഭയുടെ മഹത്വത്തെക്കുറിച്ചുള്ള വിവരണം ആണെന്നു ചിലർ വീക്ഷിക്കുവാൻ ഇടയായി.

> ....വരിക കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം എന്നു പറഞ്ഞു" (വെളി. 21:9).

ആക്ഷരികമായി ഒരു പട്ടണത്തെക്കുറിച്ച് ഒരു ഭാഷയ്ക്കും ഇതിൽപരമായി വിവരിക്കുവാൻ സാദ്ധ്യമല്ല. വളരെ

[93] എബ്രാ. 13:14 ഉം വെളി. 3:12 ഉം കാണുക.

കൃത്യമായ അളവുകൾ യോഹന്നാൻ തന്നിരിക്കുന്നു (വാക്യം 16). മതിലുകൾ, വാതിലുകൾ, അടിസ്ഥാനങ്ങൾ, വീഥികൾ എന്നിവയെക്കുറിച്ചു വിവരിക്കുന്നു (വാക്യം 11 കാണുക). ആക്ഷരികമായി ഈ പട്ടണത്തെ കാണുന്നത്, സഭയുടെ നിത്യമായ ഭവനത്തിന്റെ സ്ഥലവും മഹത്വത്തിലൂടെ സഭയുടെ ഭാവി കാണുന്നതുപോലെയാണ്. സ്വർഗ്ഗീയപട്ടണത്തെ കാണുന്നതു സഭയെ കാണുന്നതു പോലെയാണ് പ്രത്യേകിച്ച് സഭയുടെ അന്തിമഭാവി. വെളി. 21-ാം അദ്ധ്യായം ആക്ഷരികമായി ഒരു പട്ടണത്തെക്കുറിച്ചു പറയുന്നു എങ്കിൽ, വെളി. 21:9 അതുമായി ചേരാതെ വരത്തില്ല. ചുരുക്കി പറഞ്ഞാൽ, ദൂതൻ യോഹന്നാനോടു പറയുന്നു, "വരിക, ഞാൻ നിന്നെ സഭയുടെ നിത്യമായ ഭാവിയെ കാണിച്ചുതരാം" സഭയുടെ നിത്യമായ വാസസ്ഥലം യോഹന്നാനു കാണിച്ചുകൊടുത്താണ് ദൂതൻ സഭയുടെ ഭാവിയെ വെളിപ്പെടുത്തിയത്. ഈ **യഥാർത്ഥ പട്ടണത്തെ** കാണുന്നതിലൂടെ യോഹന്നാൻ സഭയുടെ ഭാവിയെക്കുറിച്ചു പഠിക്കുന്നു. എന്തുകൊണ്ടെന്നാൽ, സഭയുടെ നിത്യമായ വാസസ്ഥലം പുതിയ യെരൂശലേം ആയിരിക്കും.

(a) വലിപ്പം

പുതിയ യെരുശലേമിന്റെ "അതിരുകൾ" വെളി. 21:16-ൽ കൊടുത്തിരിക്കുന്നു.

> നഗരം സമചതുരമായി കിടക്കുന്നു; അതിന്റെ വീതിയും നീളവും സമം. അളവുകോൽക്കൊണ്ടു അവൻ നഗരത്തെ അളന്നു, ആയിരത്തിരുന്നൂറു നാഴിക കണ്ടു; അതിന്റെ നീളവും വീതിയും ഉയരവും സമം തന്നെ (വെളി. 21:6).

ഗ്രീക്കു ഭാഷയിൽ "12, 000 stadia" എന്ന വാക്യശൈലിയാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരു സ്റ്റേഡിയ 607 $^{1}/_{2}$അടി ആണെന്നു ഒരു പ്രധാന വേദപുസ്തകവിജ്ഞാനകോശത്തിൽ പറഞ്ഞിരിക്കുന്നു. [94] അതുകൊണ്ട് ഈ പട്ടണത്തിന്റെ നീളവും വീതിയും ഉയരവും ഏകദേശം 1, 380 മൈൽ ആണ്. ഈ പട്ടണം ഒരു ക്യൂബ് ആയോ പിരമിഡ് ആയോ ഇരിക്കുവാനാണ് സാദ്ധ്യത.[95] വാസസ്ഥലത്തിന്റെ വിവിധ നിരകളെയാണോ ഈ പട്ടണത്തിന്റെ ഉയരം സൂചിപ്പിക്കുന്നത്?

(b) നിർമ്മാണം

പുതിയ യെരൂശലേമിന്റെ മതിലുകൾ കാഴ്ചയിൽ രത്നത്തിനു തുല്യമായ സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തം കൊണ്ട് പണിതിരിക്കുന്നു (11-ാം വാക്യം കാണുക, സ്ഫടികസ്വച്ഛതയുള്ള). ഈ മതിലുകൾ 144 ക്യൂബിറ്റ് (അതായതു ഏകദേശം 216 അടി) ഉയരം (അല്ലെങ്കിൽ ഘനം) ഉണ്ടായിരിക്കും (വെളി. 21:17-18 കാണുക). "സ്വച്ഛസ്ഫടിക തുല്യമായ തങ്കംകൊണ്ടാണ് ഈ പട്ടണം ഉണ്ടായിരിക്കുന്നതു" (വെളി. 21:18). ഒരു പക്ഷേ ഈ പട്ടണത്തിലെ കെട്ടിടങ്ങളും തങ്കതുല്യമായ വസ്തുക്കൾക്കൊണ്ടായിരിക്കും എന്നത്രെ ഇതിന്റെ അർത്ഥം (വിശ്വാസികളുടെ വാസസ്ഥലം ഉൾപ്പെടെ). ഇതിന്റെ പണി സുതാര്യമായ സ്വർണ്ണംകൊണ്ടാണ്. പട്ടണത്തിന്റെ വീഥികളും ഈ വസ്തുകൊണ്ടായിരിക്കും പണിയുന്നതെന്നു 21-ാം വാക്യം പറയുന്നു. "നഗരത്തിന്റെ വീഥി സ്വച്ഛസ്ഫടികത്തിനു തുല്യമായ തങ്കവും ആയിരുന്നു" വീഥി ഏകവചനം ആണെങ്കിലും അവിടെയുള്ള വീഥികളെ ഉദ്ദേശിച്ചായിരിക്കും പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഈ വലിയ പട്ടണത്തിൽ അനേകം വീഥികൾ ഉണ്ട്.

ഈ പട്ടണത്തിന്റെ വാതിലുകൾക്കും അടിസ്ഥാനങ്ങൾക്കും യോഹന്നാൻ കൂടുതൽ ശ്രദ്ധ കൊടുത്തിരിക്കുന്നു. പുതിയ യെരൂശലേമിന്റെ മതിലുകളിൽ പന്ത്രണ്ടു ഗോപുരങ്ങളുണ്ട് (വാക്യം 12). ഓരോ ഗോപുരങ്ങളിലും ഓരോ ദൂതൻ വീതം കാവൽ ഉണ്ട് (വാക്യം 12), ഈ ഗോപുരങ്ങൾ സമാനമായി വിഭാഗിക്കപ്പെട്ട്, കിഴക്കുവശത്ത് മൂന്നു ഗോപുരവും വടക്കുവശത്തു മൂന്നു ഗോപുരവും, തെക്കു വശത്തു മൂന്നുഗോപുരവും, പടിഞ്ഞാറു വശത്തു മൂന്നുഗോപുരവും ഉണ്ട് (വാക്യം 13). ഓരോ ഗോപുരവും ഓരോ മുത്തുകൊണ്ടുള്ളതാണ് എന്ന് 21-ാം വാക്യം നമ്മെ പഠിപ്പിക്കുന്നു! ഈ പന്ത്രണ്ടു ഗോപുരങ്ങളിലും യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെയും പേർ കൊത്തിയിരിക്കുന്നതു എടുത്തു പറയത്തക്കതാണ് (വാക്യം 12). സ്വർഗ്ഗീയപട്ടണം സഭയുടെ നിത്യമായ വാസസ്ഥലം ആയിരിക്കാം (വാക്യം 9). എങ്കിലും യിസ്രായേലിനും അവിടെ സ്വാഗതം ഉണ്ട്. യിസ്രായേലിന്റെ ഗോത്രങ്ങൾ ഒന്നും ദൈവത്തിനു നഷ്ടപ്പെട്ടവയല്ല. ക്രിസ്തു സഭയ്ക്ക് ഒരു സ്ഥലം ഒരുക്കിയിരിക്കുന്നതുപോലെ (യോഹ. 14:2-3), ദൈവം ഹാബേലിനും ഹാനോക്കിനും, നോഹയ്ക്കും അബ്രഹാമിനും വേണ്ടി ഈ നഗരം ഒരുക്കിയിരിക്കുന്നു എന്നു എബ്രാ. 11:10-ഉം 16-ഉം പഠിപ്പിക്കുന്നു. ഈ ഗോപുരങ്ങൾ എപ്പോഴും തുറന്നു കിടക്കുന്നു (വാക്യം 25). എപ്പോഴുമുള്ള ഗതാഗതത്തെയും ദൈവവേലയിലുള്ള പങ്കാളിത്തത്തെയും തുറന്ന ഗോപുരം സൂചിപ്പിക്കുന്നു. ഈ പട്ടണം അവധിക്കാലം ചിലവഴിക്കാനുള്ള സ്ഥലമല്ല, തേനീച്ചകളെപ്പോലെ ദൈവദാസന്മാർ അധ്വാനിക്കാനുള്ള സ്ഥലമാണ് (വെളി. 22:3).

സൂര്യകാന്തം കൊണ്ടുള്ള മതിലിനു പന്ത്രണ്ടു അടി

---

[94] F.B. Huey, Jr., Weights and Measures, *The zondervan Pictorial Encylopedia of the Bible*, 5 Vols (Grand Rapids: The zonddevan Corporation, 1976), 5. 915. ഒരു സ്റ്റേഡിയ എന്നു പറയുന്നതു 202 1/2 ഗജം ആണ്, അത് 607 1/2 അടിക്കു തുല്യമാണ്.

[95] ഇത് ക്യൂബ് ആണെങ്കിൽ ഏകദേശം 2, 628, 000, 000 ക്യൂബിക മൈലുകൾ ആയിരിക്കും.

സ്ഥാക്കല്ലുകൾ ഉണ്ട് (വെളി. 21:4). ഇതിന്റെ അർത്ഥം 12 വലിയ കല്ലുകൾ എന്നായിരിക്കും (ഒരു പക്ഷേ യോഹന്നാൻ പറയുന്നതു മുത്തിനാൽ ഉള്ള ഗോപുരങ്ങളോട് വളരെ ചേർന്നതായിരിക്കും അടിസ്ഥാനക്കല്ലുകളുടെ വസ്തു, 19-21 വരെയുള്ള വാക്യങ്ങൾ). എങ്കിലും, മതിലിന് ചുറ്റും 12 നിരകളിൽ അടിസ്ഥാനക്കല്ലുകൾ ഉണ്ടായിരിക്കും എന്നു ചിന്തിക്കുന്നതു ആയിരിക്കും ഉചിതം (വാക്യം 19). ഓരോ നിരയിലും ഓരോ അപ്പോസ്തലന്റെ പേരുകൾ ഉണ്ട്. സഭയുടെ അടിസ്ഥാനം അപ്പോസ്തലന്മാർ ആയിരുന്നു (എഫെ. 2:20). സ്വർഗ്ഗീയപട്ടണത്തിന്റെ അടിസ്ഥാനങ്ങളുമായി ഇവരുടെ ബന്ധം സൂചിപ്പിക്കുന്നതു ഈ പട്ടണം സഭയുടെ നിത്യമായ വാസസ്ഥാനം ആണ്. ഇത് സഭയുടെ നിത്യമഹത്വമാണ്. സാങ്കേതികമായി രത്നക്കല്ലുകൾകൊണ്ട് 12 അടിസ്ഥാന നിരകൾ പണിതിരിക്കുന്നു എന്നു വെളിപ്പാട് പുസ്തകം പറയുന്നില്ല. ഈ അടിസ്ഥാനങ്ങൾ 12 വിലയേറിയ രത്നങ്ങൾകൊണ്ടു അലങ്കരിച്ചിരിക്കുന്നു എന്ന് (Greek *Kosmeo*, Cf. cosmetic) 19-ാം വാക്യം പറയുന്നു. ഈ മനോഹരമായ രത്നങ്ങളുടെ ഉപയോഗത്തെക്കുറിച്ചു സങ്കല്പിക്കുവാൻ നമുക്കു സ്വാതന്ത്ര്യം ഉണ്ട്. എല്ലാ രത്നങ്ങളെയുംകുറിച്ചു വ്യക്തമായി മനസ്സിലാക്കാനുള്ള തെളിവുകൾ ഇവിടെ കൊടുക്കുവാൻ സാധ്യമല്ല, എന്നാൽ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നു അവരുടെ സാധ്യമായ നിറം മനസ്സിലാക്കാം (വെളി. 21:19-20) [96]

പേര്	സാധ്യമായനിറം
സൂര്യകാന്തം	സ്ഫടികസ്വച്ഛതയുള്ള നിറം. വാ. 11
നീലരത്നം	നീല
മാണിക്യം	വരയുള്ള ആകാശനീല
മരതകം	കടും പച്ച
നഖ വർണ്ണി	ചുവപ്പും വെള്ളയും
ചുവപ്പുകല്ല്	ചുവപ്പ്, അല്ലെങ്കിൽ "തേനിന്റെ നിറം"
പീത രത്നം	സ്വച്ഛ സ്വർണ്ണം
ഗോമേദകം	കടൽപ്പച്ച
പുഷ്യരാഗം	സ്വച്ഛ മഞ്ഞ-പച്ച
വൈഡൂര്യം	പച്ച
പരമരാഗം	വയലറ്റ്
സുഗന്ധിക	പർപ്പിൾ

[96] അനേകം ഗവേഷണങ്ങളുടെ ഫലമായ പട്ടികയാണ് ഇത്. Mulholland, John, *Advanced Eschatology,* unpublished lecture notes, Capital Bible Seminary, 1982

(c) പുതിയ യെരൂശലേമിന്റെ പ്രത്യക്ഷത

പുതിയ യെരൂശലേം വാക്കുകൾക്കു വിവരിക്കുവാൻ കഴിയുന്നതിലും അപ്പുറം ത്രസിപ്പിക്കുന്ന കാഴ്ചയായിരിക്കും. വെളി. 21:2-ൽ ഭൂമിയിലെ ഏറ്റവും മനോഹരമുള്ള അലങ്കാരമായ വിവാഹദിവസത്തിനായി ഒരുങ്ങിയ മണവാട്ടിയോടു ഉപമിച്ചിരിക്കുന്നു. എങ്കിലും, വെളി. 21:11-ൽ **"ദൈവമഹത്വം ഉണ്ട്"** എന്ന് കൂടുതൽ കഴമ്പുള്ള ആശയം നല്കുന്നു.

ഈ പട്ടണം ദൈവതേജസ്സു പ്രസരിപ്പിക്കുന്നു (വാക്യം 23). 1, 400 മൈൽ നീളവും, വീതിയും, ഉയരമുള്ള ഒരു ക്യൂബോ, പിരമിഡോ സങ്കല്പിച്ചു നോക്കുക. ഈ പട്ടണം "രത്നത്തിനു തുല്യമായി സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തംപോലെ" ഇരിക്കും (വാക്യം 11). ഇത് ദൈവതേജസ്സു പ്രതിഫലിപ്പിക്കുന്നതിനാൽ 1, 400 മൈൽ അളവുകളുള്ള ഒരു വജ്രംപോലെ തിളങ്ങും! 2 കൊരി. 12:4-ൽ പൗലോസിനു പറുദീസാ വിശദീകരിക്കുവാൻ സാധിക്കാഞ്ഞതിൽ ഒരത്ഭുതവും ഇല്ല.

ഈ പട്ടണത്തിന്റെ മൊത്തമായുള്ള മഹത്വം വളരെ വലിയ ഒരു സ്ഫടികത്തിന്റെ പോലെ ആണെങ്കിലും തങ്കത്തിന്റെ ഭവനങ്ങളും വീഥികളും ആയതുകൊണ്ട് സ്വർണ്ണനിറമായിരിക്കും. (വാക്യം 18, 21). അവസാനമായി ദൈവമഹത്വത്തിന്റെയും, അടിസ്ഥാനത്തിന്റെ എണ്ണമില്ലാത്തതും വിഭിന്നവുമായ രത്നങ്ങളിൽ നിന്നുള്ള പ്രകാശവും കൂടിച്ചേരുമ്പോൾ, പൂർണ്ണശോഭ വർദ്ധിച്ചു പ്രതിഫലിക്കുന്നതു കാണാം. ഒരു പക്ഷേ ഈ പട്ടണം ദൂരെ നിന്നു നോക്കിയാൽ എരിയുന്ന പ്രകാശം കൊടുക്കുന്നു, എങ്കിലും അടുത്തു നോക്കിയാൽ വളരെ സമ്പന്നവും വിഭിന്നവുമായ നിറങ്ങൾ കാണാം. ഇതിനെ ശരിയായ രീതിയിൽ വിവരിക്കുവാൻ വാക്കുകളാൽ അസാദ്ധ്യമാണ്. ഭാവനാതീതമായ പട്ടണമാണിത് എങ്കിലും, ദൈവകുഞ്ഞാട് എല്ലാ ആകർഷണങ്ങളെക്കാളും വലിയവനാണ് എന്നു നാം ഓർത്തിരിക്കണം.

> എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ (എഫെ. 3:20, 21).

d. നദിയും ജീവവൃക്ഷവും

വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്; അതു പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും

> അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്ക് ഉതകുന്നു. യാതൊരു ശാപവും ഇനി ഉണ്ടാകുകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും; അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും. ഇനി രാത്രി ഉണ്ടാകുകയില്ല; ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നതുകൊണ്ടു വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്കു ആവശ്യമില്ല. അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും (വെളി. 22:1-5).

ദൈവസിംഹാസനത്തിൽ നിന്നും കുഞ്ഞാടിന്റെ സിംഹാസനത്തിൽ നിന്നും ജീവജല നദി ഒഴുകുന്നു. സ്ഫടികതുല്യമായ ജലമുള്ള ഒരു യഥാർത്ഥ ജീവനദി അവിടെയുണ്ട്. നിത്യമായ ജീവിതം ക്രിസ്തുവിൽ നിന്നു പൊങ്ങിവരുന്നു എന്ന പാഠവും ഈ പദശൈലി പഠിപ്പിക്കുന്നു. വെളി. 22:17-ൽ ദൈവത്തിൽ നിന്നു കുടിക്കുവാനുള്ള ക്ഷണം യഥാർത്ഥത്തിൽ രക്ഷയ്ക്കായുള്ള ക്ഷണമാണ്. മാത്രമല്ല പുതിയ യെരൂശലേമിൽ വസിക്കുന്നവർ നിശ്ചയമായും ജീവജലനദിയിൽ നിന്ന് കുടിക്കും. ഒരുപക്ഷേ ഇതു വെളിപ്പെടുത്താത്ത വിധത്തിൽ ജീവനെ നിലനിർത്തുവാനും/ ബലപ്പെടുത്തുവാനും ഇടയാകും.

ഉല്പ. 2:9-ലും 3:22-24-ലും പറഞ്ഞിരിക്കുന്ന ജീവവൃക്ഷത്തെക്കുറിച്ചു വേദപുസ്തക പഠിതാക്കൾ വളരെ പരിചിതരാണ്. ആരംഭത്തിലേക്കു തന്നെ ഉള്ള ഒരുമടങ്ങിവരവോടുകൂടെ വചനം അവസാനിക്കുന്നു. സ്വർഗ്ഗീയപട്ടണത്തിൽ പറുദീസാ നഷ്ടപ്പെട്ടു എന്നതിനെക്കാളും വലിയ വിഷയം അതു തിരികെ ലഭിച്ചു എന്നതാണ്.

വെളി. 22:2-ൽ ഭാവനാതീതമായ ഒരു വിവരണം തന്നിരിക്കുന്നു. തങ്കനിർമ്മിതവും (വെളി. 21:21). വിശാലവുമായ വീഥി ദൈവസിംഹാസനത്തിൽ നിന്നു പുറപ്പെടുന്നു. മധ്യസ്ഥിതിക്കു പകരമായി ദൈവസിംഹാസനത്തിൽ നിന്നുള്ള ജീവനദി വിശാലമായ വീഥിയുടെ നടുവിലൂടെ ഒഴുകി വീഥിയെ രണ്ടായി തിരിക്കുന്നു. "നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്" എന്നു യോഹന്നാൻ പറയുന്നു. ഒരു മരത്തിനു നദിയുടെ ഇരുവശങ്ങളിലും എങ്ങനെ നില്ക്കുവാൻ കഴിയും?

ചിലരുടെ വീക്ഷണത്തിൽ നദി വളരെ ഇടുങ്ങിയതാണ്. അല്ലെങ്കിൽ വൃക്ഷം വളരെ വലുതാണ്. ജീവവൃക്ഷം നദിയുടെ നടുവിലുള്ള ദ്വീപിലും അതിന്റെ വേരും ശാഖകളും നദിക്കിരുകരവരെയും നീട്ടിയിരിക്കുന്നതായി അവർ വീക്ഷിക്കുന്നു. ജീവവൃക്ഷത്തെ ശാഖകൾ കാലുകളിടുന്ന ആൽമരമായി വീക്ഷിക്കുക എന്നതാണ് മറ്റൊരു മാർഗ്ഗം (ഒരുപക്ഷേ ഇതു കാഴ്ചയിൽ വിലക്ഷണവും അപരിചിതവുമായി തോന്നാം). മൂന്നാമതൊരു വീക്ഷണം എഴുത്തുകാരന്റെ ഭാവനയിൽ "ജീവവൃക്ഷം" എന്ന പദശൈലി ഒറ്റ വൃക്ഷത്തെയല്ല പ്രത്യേകതരം വൃക്ഷത്തെ സൂചിപ്പിക്കുന്നു. "നദീതീരത്തു നിരനിരയായി മാപ്പിൾ മരം ഉണ്ട്" എന്നതിന്റെ അർത്ഥം മേപ്പിൾ എന്ന തരം വൃക്ഷമാണ്. ദൈവസിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന സ്വർണ്ണവീഥിയെ രണ്ടായി തിരിക്കുന്നതു ഒരുപക്ഷെ ഒരു വലിയ നദിയായിരിക്കും. ഈ സ്ഫടിക വീതിയുടെ ഇരുവശങ്ങളിലും മനോഹരവും നിരനിരയായും "ജീവവൃക്ഷ"ങ്ങൾ ഉണ്ട്. യഥാർത്ഥമായ കാഴ്ച എന്തായിരുന്നാലും സ്വർഗ്ഗത്തിലെ നദിയുടെയും മരങ്ങളുടെയും സൗന്ദര്യം എല്ലാ നാഷണൽ പാർക്കുകളെക്കാളും വനങ്ങളെക്കാളും വളരെ അധികമായിരിക്കും.

ഉയിർത്തെഴുന്നേറ്റ ശരീരത്തിനു ആഹാരം കഴിക്കുവാൻ സാധിക്കും എന്നു മുമ്പുള്ള പഠനങ്ങളിൽ വിവരിച്ചിരിക്കുന്നു. പുതിയ യെരൂശലേമിലെ നിവാസികൾ ജീവവൃക്ഷ ഫലങ്ങൾ അനുഭവിക്കും. വെളി. 22:19 ൽ "ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശ"ത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. വെളി. 22:2-ൽ ജീവവൃക്ഷത്തിന്റെ ഫലത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. വെളി. 2:7 -ൽ ജയിക്കുന്നവനു ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും എന്നു വാഗ്ദത്തം ഉണ്ട്. വിശ്വാസമുള്ളവരാണ് ജയിക്കുന്നതെന്നു യോഹന്നാൻ, 1 യോഹ. 5:4 ൽ എഴുതിയിരിക്കുന്നു

> "ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവനു ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും" (വെളി. 2:7).

ജീവവൃക്ഷം പന്ത്രണ്ടു വിധം ഫലം കായിച്ചു മാസം തോറും അതതു ഫലംകൊടുക്കുന്നു (വെളി. 22:2). സ്വർഗ്ഗത്തിലുള്ളവർക്ക് പുതിയതും പല തരത്തിലുള്ളതുമായ ഫലങ്ങൾ അനുഭവിക്കാം. ഓരോ മാസത്തിലും ഓരോ തരം ഫലം കൊടുക്കുന്നതോ അല്ലെങ്കിൽ ഒരു മരത്തിൽ തന്നെ 12 തരം ഫലം ഉണ്ടായിരിക്കുകയും, ഓരോ മാസവും ഓരോ പുതിയ ഫലം ലഭിക്കുകയോ ആവാം. "ജീവവൃക്ഷം" ഒറ്റ മരമല്ല, ഒരു തരം മരമാണ് എന്നുള്ളതാണ് മൂന്നാമതൊരു സാധ്യത. ഒരുപക്ഷേ "ജീവവൃക്ഷ"ത്തോട്ടത്തിൽ 12 തരത്തിലുള്ള ഫലങ്ങൾ അനേകം വൃക്ഷങ്ങളിൽ നിന്നും ലഭിക്കുമായിരിക്കും. ഒരു മരം ഒരു തരം ഫലം ഒരു മാസംതരും . മറ്റൊരു വൃക്ഷം മറ്റൊരു ഫലവും തരും. വിശദമായ വിവരങ്ങൾ എന്തു തന്നെയായിരുന്നാലും, സ്വർഗ്ഗത്തിലെ ഭക്ഷണം മഹത്വപൂർണ്ണമായിരിക്കും എന്ന കാര്യം നമുക്ക് ഉറപ്പിക്കാം ("നിത്യതയിൽ" മാസക്രമം ഉണ്ടെന്നുള്ളതു വളരെ രസകരമാണ്).

ജാതികളുടെ രോഗസൗഖ്യത്തിനു ഇലകൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് യോഹന്നാൻ പറയുന്നില്ല. ഇലകളുടെ ഛായയിൽ നിന്നാണോ, അതോ ഇലകളുടെ ചായ(tea)യിൽ നിന്നാണോ? ജനങ്ങൾ ഫലത്തോടൊപ്പം ഇലകളും ഭക്ഷിക്കുന്നതിലൂടെയാണോ? നമുക്കറിയില്ല.

പുതിയ യെരൂശലേമിൽ രോഗം ഉണ്ടായിരിക്കുകയില്ല (വെളി. 21:4; 22:3; ശാപം ഇല്ല). അങ്ങനെയെങ്കിൽ "രോഗസൗഖ്യത്തിന്റെ" ആവശ്യം എന്ത്? (Therapeutic എന്ന ഇംഗ്ലീഷ് പദം വന്നിരിക്കുന്നതു ഗ്രീക്കിൽ നിന്നാണ്). ഭൂമിയിലെ 1000 ആണ്ട് വാഴ്ചയിൽ രോഗികൾക്കു സൗഖ്യത്തിനായി ജീവവൃക്ഷം ഉതകുന്നു എന്നു സ്വർഗ്ഗീയ പട്ടണത്തെക്കുറിച്ചു ഉപഗ്രഹവീക്ഷണം ഉള്ളവർ ചിന്തിക്കണം. ആയിരമാണ്ടുവാഴ്ചയിൽ ജീവവൃക്ഷത്തിന്റെ പങ്കു എന്തായിരുന്നാലും, സ്വർഗ്ഗത്തിലുള്ളവരുടെ നിത്യജീവനായും അല്ലെങ്കിൽ ആരോഗ്യപരിരക്ഷയ്ക്കായും ഉപയോഗിക്കും എന്നു തോന്നുന്നു. ജീവവൃക്ഷത്തിന്റെ ഏറ്റവും ചെറിയ ഫലവും ഇലയും സ്വർഗ്ഗത്തിലെ ജീവിതനിലവാരത്തെ പരിപുഷ്ടിപ്പെടുത്തുന്നു.

(7) പുതിയ യെരൂശലേമിലെ സ്ഥിതി

(a) ശാപമില്ല/ കഷ്ടതയില്ല

നിത്യപട്ടണത്തിൽ പാപത്തിന്റെ അംശമോ അതിന്റെ ഉപദ്രവമോ ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് അവിടെ രോഗമോ, വേദനയോ മരണമോ ഉണ്ടാകാൻ സാധ്യയില്ല. ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ ഭൂമിയിലെ പരാജയങ്ങളിൽ നിന്നുള്ള ലജ്ജ ഉണ്ടാകുവാൻ ഇടയുണ്ട്. എന്നാൽ പുതിയ യെരൂശലേമിൽ കണ്ണുനീർ ഉണ്ടാകുവാൻ സാധ്യതയില്ല. ഈ ലോകസംബന്ധമായ എല്ലാ കഷ്ടതയും പൂർണ്ണമായി മറന്നുപോകും.

> "**അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും** ഇനി മരണം ഉണ്ടാകുകയില്ല; ദുഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകുകയില്ല; ഒന്നാമത്തേതു കഴിഞ്ഞു പോയി....." (വെളി. 21:4)
>
> **യാതൊരു ശാപവും ഇനി ഉണ്ടാകുകയില്ല** (വെളി. 22:3).

(b) സന്തോഷവും സകലതും കൈവശമാക്കലും

ക്രിസ്തു സകലത്തിന്റെയും അവകാശിയും (എബ്രാ. 1:2) ക്രിസ്ത്യാനികൾ അവന്റെ കൂട്ടവകാശികളും (റോമ. 8:17) ആണെന്നു വേദപുസ്തകം വാഗ്ദാനം ചെയ്യുന്നു. ക്രിസ്തുവിലൂടെ വിശ്വാസികൾ സകലത്തിന്റെയും ആത്യന്തികമായ അവകാശികളാണ് (1 കൊരി. 3:22; 1 തിമൊ. 6:17). സ്വർഗ്ഗത്തിൽ ഈ അവകാശം വിശ്വാസികൾക്കായി സൂക്ഷിച്ചിരിക്കുന്നു. (എഫെ. 1:11; 1 പത്രൊ. 1:3-4).

> തന്റെ **കൃപയുടെ അത്യന്തധനത്തെ** വരും കാലങ്ങളിൽ കാണിക്കേണ്ടതിനു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു (എഫെ. 2:7).
>
> ജയിക്കുന്നവനു **ഇതു അവകാശമായി ലഭിക്കും;** ഞാൻ അവനു ദൈവവും അവൻ എനിക്കു മകനുമായിരിക്കും. (വെളി. 21:7)(വിശ്വാസം ഉള്ളവരാണ് "ജയിക്കുന്നവൻ" എന്നു 1 യോഹ. 5:4 പഠിപ്പിക്കുന്നു).

(c) വിവാഹം ഇല്ല

നാം ജീവിക്കുന്ന കാലയളവിലുള്ള ഭൂസംബന്ധമായ ബന്ധം ആണ് വിവാഹം. സ്വർഗ്ഗത്തിൽ നാം കൂടുതൽ അന്യോന്യം സ്നേഹിക്കും. സ്വർഗ്ഗത്തിൽ ഒരു കുടുംബം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

> "പുനുരുത്ഥാനത്തിൽ **അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല;** സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു" (മത്താ. 22:30).
>
> "എങ്കിലും ആ ലോകത്തിനും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തിനും യോഗ്യരായവർ **വിവാഹം കഴിക്കയുമില്ല വിവാഹത്തിനുകൊടുക്കപ്പെടുകയുമില്ല;** അവർക്കു ഇനി മരിപ്പാനും കഴികയില്ല. അവൻ പുനരുത്ഥാനപുത്രന്മാരാകയാൽ ദൈവദൂതതുല്യരും ദൈവപുത്രന്മാരും ആകുന്നു" (ലൂക്കോ. 20:35-36).

(d) ശുശ്രൂഷ

വീഴ്ചയ്ക്കു മുമ്പുതന്നെ ദൈവം മനുഷ്യർക്കു വേല ഏർപ്പാടു ചെയ്തിരുന്നു (ഉല്പ. 2:15). നിശ്ചയമായും സ്വർഗ്ഗത്തിലെ വേലയ്ക്കു ശാപത്തിന്റെ ദുഖകരമായ വിഷയങ്ങളുമായി ഒരു ബന്ധവും ഉണ്ടായിരിക്കുകയില്ല (വെളി. 22:3). യഥാർത്ഥത്തിൽ പട്ടണത്തിന്റെ വാതിൽ ഒരിക്കലും അടയ്ക്കാത്തതു തുടർന്നുകൊണ്ടിരിക്കുന്ന വേലയെ സൂചിപ്പിക്കുന്നു. വിശ്വാസികൾ ഇപ്പോൾ പറഞ്ഞിട്ടില്ലാത്ത പല കാര്യങ്ങളിലും ക്രിസ്തുവിനെ സഹായിക്കും.

> അതിന്റെ ഗോപുരങ്ങൾ പകല്ക്കാലത്തു അടയ്ക്കുകയില്ല..... (വെളി. 21:25).
>
> യാതൊരു ശാപവും ഇനി ഉണ്ടാകുകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; **അവന്റെ ദാസന്മാർ അവനെ ആരാധിക്കും** (വെളി. 22:3).

(e) നേരിട്ടുള്ള ആരാധന

സ്വർഗ്ഗത്തിൽ ആലയം ഉണ്ടായിരിക്കുകയില്ല. നമുക്ക്

നേരിട്ട് ആരാധിക്കുവാൻ സാധിക്കുന്നതുകൊണ്ട് ആലയത്തിന്റെ ആവശ്യമില്ല. അവിടെ ദൈവവുമായി "മുഖാമുഖം" ഉള്ള ഇടപെടലായിരിക്കും.

> മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു (വെളി. 21:22).
>
> **അവർ അവന്റെ മുഖംകാണും;** അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും (വെളി. 22:4).

വെളിപ്പാട് 4-ഉം, 5-ഉം അദ്ധ്യായങ്ങളിൽ സ്വർഗ്ഗത്തിൽ ഉള്ളവർ ദൈവസിംഹാസനത്തിന്റെ മുമ്പിൽ ആരാധിക്കുന്നു. യെഹെസ്കേലിന്റെ പ്രവചനത്തിൽ, കീഴെ കറങ്ങുന്ന ചക്രങ്ങളോടുകൂടിയ കെരൂബുകളെ വിവരിച്ചിരിക്കുന്നതാകാം ദൈവസിംഹാസനത്തെക്കുറിച്ചുള്ള വേദപുസ്തക വിവരണം (യെഹെ. 1-ഉം, 10-ഉം അദ്ധ്യായങ്ങൾ). ദൈവത്തിന്റെ രഥം ഓടുന്നതു നാലു ചക്രങ്ങളായ കെരുബുകളിന്മേൽ ആണ്. കെരൂബുകളുടെ തലയ്ക്കുമീതെ പളുങ്കുപോലെയുള്ള ഒരു വിതാനത്തിന്റെ രൂപം ഉണ്ടായിരുന്നു (യെഹെ. 1:22). യെഹെ. 1:26-ന്റെ അർത്ഥം ദൈവത്തിന്റെ സിംഹാസനം നീലനിറം എന്നാണോ? സിംഹാസനത്തിന്റെ ചുറ്റും മഴവില്ലിന്റെ നിറങ്ങൾ ഉണ്ടെന്നു യെഹെ. 1:28-ഉം, വെളി. 4:3-ഉം പറയുന്നു.

(f) സൂര്യചന്ദ്രാദികളില്ല

പ്രകാശത്തിനു ദൈവതേജസ്സിന്റെ മഹത്വം മാത്രം ആവശ്യത്തിൽ അധികമായിരിക്കും. ഉയിർത്തെഴുന്നേറ്റ ശരീരത്തിനു വിശ്രമം ആവശ്യമില്ലെന്നതാണ് ഇരുട്ടില്ലായ്മ തെളിയിക്കുന്നത്.

> നഗരത്തിൽ പ്രകാശിപ്പിപ്പാൻ **സൂര്യനും ചന്ദ്രനും ആവശ്യമില്ല;** ദൈവതേജസ്സു അതിനെ പ്രകാശിപ്പിച്ചു; കുഞ്ഞാടു അതിന്റെ വിളക്കു ആകുന്നു (വെളി. 21:23).
>
> .....**രാത്രി** അവിടെ **ഇല്ലല്ലോ** (വെളി. 21:25).
>
> ഇനി രാത്രി ഉണ്ടാകുകയില്ല; ദൈവമായ കർത്താവു അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ടു **വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്കു ആവശ്യമില്ല** (വെളി. 22:5).

(g) നിത്യമായ വാഴ്ച

ക്രിസ്തുവിനോടുകൂടെ നിത്യമായ വാഴ്ചയിൽ വിശുദ്ധന്മാർ സന്തോഷിക്കും. നാം ഭരിക്കുന്നവരെങ്കിൽ, നമ്മുടെ പ്രജകൾ ആരായിരിക്കും? വിശ്വാസികൾ ദൂതന്മാരെക്കാൾ വലിയ പദവിയിൽ ആയിരിക്കും (എബ്രാ. 2:9-16; 1 കൊരി. 6:3). ഇപ്പോൾ നാം അറിയാത്ത ജീവികൾ അവിടെ ഉണ്ടായിരിക്കുമോ? അവർ **എന്നെന്നേക്കും** രാജാക്കന്മാരായിരിക്കും (വെളി. 22:5).

(8) പുതിയ യെരൂശലേമിലെ നിവാസികൾ

(a) രക്ഷിക്കപ്പെടാത്തവർ പുറന്തള്ളപ്പെടും

വിടുതലിന്റെ ദൈവശാസ്ത്രത്തിനു വിരുദ്ധമായി, എല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതപ്പെടാത്തവരെ ദൈവം ഒഴിവാക്കും. വെളി. 21:8-ലെ താക്കോൽ പദം **"അവിശ്വാസികൾ"** എന്നതാണ്. അവിശ്വാസികൾ പുതിയ യെരൂശലേമിൽ പ്രവേശിക്കുകയില്ല. വെളി. 21:8 ലെ പട്ടിക അവിശ്വാസികളുടെ സ്വഭാവശീലത്തെ വെളിപ്പെടുത്തിയിരിക്കുന്നതു വിവരിച്ചിരിക്കുന്നു. ഒരു നുണ പറയുന്നതു പോലെയുള്ള ഒറ്റപ്പെട്ട പാപം കൊണ്ടല്ല സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം ഇല്ലാതാകുന്നത് എന്നാൽ അവിശ്വാസികളായ അവരുടെ ജീവിതശൈലി വിവരിച്ചിരിക്കുന്നതു കൊലപാതകന്മാർ, ഭോഷ്ക്കുപറയുന്നവർ എന്നിങ്ങനെയാണ് (1 കൊരി. 6:9-10; ഗലാ. 5:19-21; എഫെ. 5:5). ഒരു പാപംകൊണ്ട് അവർ ശിക്ഷയ്ക്കു വിധിക്കപ്പെട്ടു എന്നു ഈ വേദഭാഗങ്ങൾ പറയുന്നില്ല, പക്ഷേ ഒരു ജീവിതം മുഴുവനുള്ള പ്രത്യേക പാപങ്ങൾ അവിശ്വാസത്തിന്റെ തെളിവാണ്. ജീവപുസ്തകത്തിൽ പേർ എഴുതപ്പെട്ടവർ മാത്രം സ്വർഗ്ഗത്തിൽ പ്രവേശിക്കും.

> "എന്നാൽ, ഭീരുക്കൾ, **അവിശ്വാസികൾ,** അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കുപറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പോയ്കയിലത്രേ; അതു രണ്ടാമത്തെ മരണം" (വെളി. 21:8).
>
> കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല (വെളി. 21:27).
>
> നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും പുറത്തു തന്നെ(വെളി. 22:15).

(b) ദൈവം തന്നെ

സ്വർഗ്ഗത്തിലെ ഏറ്റവും വലിയ അനുഗ്രഹം ദൈവം തന്നെ ആണ്. അവൻ അവന്റെ മക്കളോടുകൂടെ വസിക്കും. വിശ്വാസികൾ ക്രിസ്തുവിനെയും, ത്രിത്വത്തിലെ മറ്റു വ്യക്തികളുടെ ഭാഗികമായ വെളിപ്പെടുത്തലുകളും കാണും [97] (മത്താ. 5:8; 1 കൊരി. 13:12).

[97] ഇന്നത്തെ നിലയുമായി താരതമ്യം ചെയ്യുമ്പോൾ ദൈവത്തെ "പൂർണ്ണമായി" (1 കൊരി. 13:12). കാണുവാൻ സാധിക്കുമായിരിക്കും. എന്നാൽ ദൈവത്തിന്റെ അദൃശ്യമായ പ്രകൃതത്തിന്റെയർത്ഥം, അവനെ പൂർണ്ണമായി ഒരിക്കലും കാണാൻ കഴിയില്ലെന്നാണ്.

സിംഹാസനത്തിൽ നിന്ന് ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു; ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; **ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും** (വെളി. 21:3).

"ജയിക്കുന്നവനു ഇതു അവകാശമായി ലഭിക്കും; **ഞാൻ അവന്നു ദൈവവും** അവൻ എനിക്കു മകനുമായിരിക്കും (വെളി. 21:7).

വീഥിയുടെ നടുവിൽ **ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ** നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു (വെളി. 22:1).

.....ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും (വെളി. 22:3).

"**അവർ അവന്റെ മുഖം കാണും**..."(വെളി. 22:4)

(c). ദൂതന്മാർ

ദൈവം ദൂതന്മാരെ പുതിയ യെരുശലേമിന്റെ വാതിലിൽ നിറുത്തിയിരിക്കുന്നു(വെളി. 21:12). സ്വർഗ്ഗത്തിൽ ദൂതന്മാർ വസിക്കുന്നു എന്ന് എബ്രായർ 12:22-23ൽ പറയുമ്പോൾ തന്നെ അത് നിത്യമായിട്ട് വസിക്കുവാനുള്ള വാസസ്ഥാനമാണ്. എബ്രായർ 12:22 ൽ "അനേകായിരം" ദൂതന്മാർ ഉള്ളതായി പറയുന്നു.

(d). എല്ലാ യുഗങ്ങളിൽ നിന്നും രക്ഷിക്കപ്പെട്ടവർ

ക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷിക്കപ്പെട്ടവർക്കാണു സ്വർഗ്ഗീയപട്ടണം എന്നത് വളരെ വ്യക്തമാണ് (വെളി. 21:27; 22:17, 19). എല്ലാ യുഗങ്ങളിൽനിന്ന രക്ഷിക്കപ്പെടുന്നവർ സ്വർഗ്ഗീയ പട്ടണത്തിൽ ഉണ്ടായിരിക്കുമെന്നതാണു സത്യം

വിശ്വസിക്കുന്ന യിസ്രായേൽ

യിസ്രായേലിലെ ഗോത്രങ്ങളുടെ പേരുകൾ ഗോപുരങ്ങളിൽ കാണുവാൻ കഴിയുന്നു(വെളി. 21:12). പൂർവ്വപിതാക്കന്മാർ ഈ സ്വർഗ്ഗീയപട്ടണത്തിനായി കാത്തിരുന്നു (എബ്രാ. 11:10). ദൈവം ഒരിക്കലും അവരെ നിരാശപ്പെടുത്തത്തില്ല(എബ്രാ. 11:16). യിസ്രായേൽ തീർച്ചയായും പുതിയ യെരുശലേമിലേക്ക് സ്വാഗതം ചെയ്യപ്പെട്ടിരിക്കും.

"അതിന് പൊക്കമുള്ള മതിലും പന്ത്രണ്ട് ഗോപുരവും ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ട്; യിസ്രായേൽമക്കളുടെ **പന്ത്രണ്ടു ഗോത്രങ്ങളുടെയും** പേർ കൊത്തീട്ടും ഉണ്ട്'' (വെളി. 21:12).

"ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരത്തിനായി കാത്തിരുന്നു. അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെത്തന്നേ, കാംക്ഷിച്ചിരുന്നു, ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല; അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരുന്നുവല്ലോ" (എബ്രായർ 11:10, 16).

മറ്റു വിശുദ്ധന്മാർ

സ്വർഗ്ഗീയപട്ടണത്തെക്കുറിച്ചുള്ള യോഹന്നാന്റെ വിവരണത്തിൽ, ഭൂമിയിലെ "ജാതികൾക്കും" അനുഗ്രഹങ്ങൾ പറഞ്ഞിരിക്കുന്നു (വെളി. 21:24, 26). രക്ഷിക്കപ്പെട്ട എല്ലാവർക്കും, ഒരു പക്ഷേ അവർ വിശ്വസിക്കുന്ന യെഹൂദന്മാരുടെ കൂട്ടത്തിലോ സഭയിലോ അല്ലാതിരുന്നാലും, സ്വർഗ്ഗത്തിൽ സന്തോഷിക്കുവാൻ സാധിക്കും. യഥാർത്ഥത്തിൽ എബ്രാ. 11:16-ൽ ന്യായപ്രമാണം കൊടുക്കുന്നതിനു മുമ്പുള്ള വിശ്വാസികളായ ഹാബേൽ, ഹാനോക്ക്, നോഹ എന്നിവരെ ഉൾപ്പെടുത്തിയിരിക്കുന്നു. ന്യായപ്രമാണം മുമ്പുള്ള യുഗങ്ങളിലെ വിശ്വാസികളും, പീഡനകാല വിശുദ്ധന്മാരും, ആയിരമാണ്ടു വാഴ്ചയിലെ വിശുദ്ധന്മാരും സ്വർഗ്ഗത്തിൽ സന്തോഷിക്കും. എബ്രാ. 12:23 -ൽ "എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും" എന്ന് പറയുന്നതിലൂടെ എല്ലാവരെയും ഉൾപ്പെടുത്തിയിരിക്കുന്നു.

ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും; (വെളി. 21:24).

സഭാവിശുദ്ധന്മാർ

വിശ്വാസികൾക്കു വാസസ്ഥലങ്ങൾ ഒരുക്കുവാൻ പോകുന്നു എന്നു ക്രിസ്തു വാഗ്ദത്തം ചെയ്തു (യോഹ. 14:2-3). നമുക്കു "സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന അവകാശത്തിന്റെ" പേരിൽ പത്രോസ് പ്രശംസിക്കുന്നു (1 പത്രൊ. 1:4). പ്രത്യേക രീതിയിൽ സ്വർഗ്ഗീയപട്ടണം സഭ യ്ക്കു അവകാശപ്പെട്ടതാണ്. സഭയുടെ അടിസ്ഥാനമായ അപ്പോസ്തലന്മാരുടെ (എഫെ. 2:20). പേരുകൾ സ്വർഗ്ഗീയപട്ടണത്തിന്റെ അടിസ്ഥാനത്തിന്മേൽ കൊത്തിയിട്ടുണ്ട് (വെളി. 21:14). സഭയുടെ ഭാവിയും നിത്യപട്ടണത്തിന്റെ വിഷയങ്ങളും കൂടിക്കലർന്നുകിടക്കുന്നതിനാൽ, ആ പട്ടണത്തിന്റെ ദൃശ്യവും സഭയുടെ നിത്യമായ അവസ്ഥയും ഒരുപോലെയായിരിക്കും.

".... വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം എന്നു പറഞ്ഞു. അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നൊരു വൻ മലയിൽ കൊണ്ടുപോയി, യെരൂശലേമെന്നെ വിശുദ്ധനഗരം സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ

നിന്നു തന്നെ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചുതന്നു" (വെളി. 21:9, 10).

(e) ചുരുക്കം

എബ്രായർ 12-ാം അദ്ധ്യായത്തിൽ നിത്യപട്ടണത്തിലെ ഇപ്പോഴുള്ള നിവാസികളുടെ പട്ടിക പറയുന്നു. എങ്കിലും, നിത്യമായി ഇത് അനുഭവിക്കുന്നവരുടെ പട്ടിക അതോടൊപ്പം ഉണ്ടാകും. എബ്രാ. 12:22-24 എങ്ങനെ വ്യാഖ്യാനിച്ചാലും, സ്വർഗ്ഗത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ട വിശ്വാസികൾക്കും പ്രവേശനം ഉണ്ട്. പ്രവേശനത്തിനുള്ള മാർഗ്ഗം "മദ്ധ്യസ്ഥനായ യേശുവും" അവന്റെ "തളിക്കപ്പെട്ട രക്തവും" ആണ്. **കർത്താവായ യേശുക്രിസ്തു വിലുള്ള വിശ്വാസവും, അവൻ ചൊരിഞ്ഞ രക്തത്താലുള്ള പാപപരിഹാരവും ഉള്ളവർക്കു സ്വർഗ്ഗത്തിലേക്കു സ്വാഗതം ലഭിക്കും.**

പിന്നെയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരൂശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും, സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും യേശുവിനും ഹാബേലിന്റെ പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത് (എബ്രാ. 12:22-24).

Select Bibliography

Berkhof, L. *Systamatic Thelogy.* 4th ed. Grand Rapids : Wm B Eerdmans Publishing Co., 1977

Boice, James Montgomery ed.*The Foudation of Biblical Inerrancy*. Grand Rapids: Zondervan Publishing House 1978.

Chafer, Lewis Sperry. *Systamatic Theology.* 7 vols. Dallas: Dallas Theological Seminary Press, 1948.

DeHaan, Richard W. *Satan, Satanism and witchcraft*. Grand Rapids: Zondervan Publishing House 1972.

Dickson, C. Fred. *Angels Elect and Evil.* Chicago: Moody Press, 1975

Edger, Thomas *R. Miraculous gifts*. Neptune, NJ: Loizeaux Brothers, 1983.

Hodge, A.A. *Outlines of Theology.* reprent ed. Grand Rapids: Zondervan Publishing House, 1973.

Hodge, Zane C. *Absolutely Free: A Biblical Repaly to Lordship Salvation* . Grand Rapids and Dallas: Zondervan publishing House and Redencion Viva, 1989.

Lindsell, Harold . *The Battle for the Bible* . Gtand Rapids: Zondervan Publishing House, 1976.

Lindsell, Harold. *The Bible in the Balance.* Grand Rapids: Zondervan Publishing Co., 1979

Morris Leon. *The Apostolic Preaching of the cross*, 3rd ed. Grand Rapids: Wm. B. Eerdmans Publishing Co., 1980.

Pentecost, Dwight J. *Things to Come*. Reprinted ed Grand Rapids: Zondervan Publishing House, 1976.

Ryrie, Charles C. *Basis Theology*. Wheaton IL: Victor Books, 1988

Ryrie, Charles C. *So Great Salvation* Wheaton IL: Victor Books, 1989

Strong, Augustus H. *Systamatic Theology* . Rev. ed. Old Tappan , NJ: Fleming H. Revell Co., 1976.

Thiessen, Hentry C. *Lectures in Systamatic Theology*. Grand Rapids: Wm. B. Eerdmans Publishing Co., 1975.

Walvoord John F. *Jesus Christ Our Lord,* Chicago: Moody Press, 1969

Walvoord John F. *The Blessed Hope and the Tribulation*. Grand Rapids: Zondervan Publishing House, 1976.

Walvoord John F. *The Millenial Kingdom*. Rev. ed. Grand Rapids: Zondervan Publishing House, 1979.

Walvoord John F. *The Rapture Question*. Rev. ed. Grand Rapids: Zondervan Publishing House, 1979.

Warfield , Benjamin B. *Biblical and Theological studies*. Philadelphia: Presbyterian and Reformed Publishing Co., 1968.

Wood. Leon. *The Bible and Future Events*. Grand Rapids: Zondervan Publishing Co., 1973.

ഈ പുസ്തകം ഉപയോഗിക്കുന്നവരുടെ ശ്രദ്ധയ്ക്ക് :

1. ഈ പുസ്തകം പഠിക്കുവാൻ ആഗ്രഹിക്കുന്നവർ പ്രാർത്ഥനാപൂർവ്വം ബൈബിളും കൂടി ഉപയോഗിച്ചു മാത്രമേ പഠിക്കാവൂ

2. ഈ പുസ്തകം ബൈബിളിന് പകരമായി ഉപയോഗിക്കുവാനുള്ളതല്ല, മറിച്ച് ബൈബിൾ പഠിക്കുവാനുള്ള പഠനസഹായി മാത്രം

3. ഈ പുസ്തകം പഠിക്കുവാൻ ആഗ്രഹിക്കുന്നവർ സകല മുൻവിധികളും ഉപേക്ഷിച്ച് പ്രാർത്ഥനാപൂർവ്വം പഠിക്കുവാൻ ശ്രമിക്കുക

4. ഈ പുസ്തകം താങ്കളുടെ ലൈബ്രറിയിൽ സൂക്ഷിക്കുവാനായി ഉപയോഗിക്കരുത്

5. ഈ പുസ്തകം പഠിപ്പിക്കുവാനുള്ള ഒരു ട്രെയിനറായി താങ്കൾക്ക് ഞങ്ങളുമായി ചേർന്ന് പ്രവർത്തിക്കുവാൻ ആഗ്രഹമെങ്കിൽ ഞങ്ങളുമായി ബന്ധപ്പെട്ടാലും

6. ഈ പുസ്തകം **ഉപയോഗിച്ചു** കഴിഞ്ഞവർ ബൈബിൾ പഠിക്കുവാൻ താത്പര്യമുള്ളവർക്ക് **കൈമാറുകയും** അവരേയും എപ്രകാരം ബൈബിൾ പഠിക്കാമെന്ന് **പഠിപ്പിക്കുകയും** ചെയ്യുക

7. ഈ പുസ്തകത്തെപ്പറ്റിയുള്ള നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഞങ്ങളെ എഴുതി അറിയിച്ചാലും, ഈ പുസ്തകം നിങ്ങൾക്ക് എപ്രകാരം പ്രയോജനപ്പെട്ടു എന്നറിയുവാൻ ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

ദൈവവചനം **അറിയുക**, ദൈവവചനത്താൽ **വളരുക**, ദൈവവചനവുമായി **പുറപ്പെടുക** അതിനായി താങ്കളെ ദൈവം സഹായിക്കട്ടെ.

ഞങ്ങളുടെ വിലാസം :

Christian Mission Society
Post Box No. 230
Kottayam - 686 001
Kerala; India
Cell: 09447289458
E - mail: villagevoice2010@gmail.com